നവകേരളത്തിന് ജനകീയാസൂത്രണം

ജില്ലാ പദ്ധതി

തിരുവനന്തപുരം ജില്ല

(24 ജനുവരി 2018 ൽ കൂടിയ ജില്ലാആസൂത്രണസമിതി യോഗം അംഗീകരിച്ചത്)

ഭാഗം – I

ജില്ലാആസൂത്രണ സമിതി
തിരുവനന്തപുരം
മെയ് 2018

വി.കെ.മധു
ചെയർമാൻ
ജില്ലാആസൂത്രണസമിതി
തിരുവനന്തപുരം

കേരളത്തിന്റെ പ്രാദേശിക വികസനം പുതിയ ഘട്ടത്തിലേയ്ക്ക് പ്രവേശിക്കുകയാണ്. ഭരണഘടനയുടെ അനുച്ഛേദം 243 ZD പ്രകാരം രൂപീകരിക്കപ്പെട്ടിട്ടുള്ള ജില്ലാആസൂത്രണ സമിതിയുടെ മുഖ്യചുമതലയാണ് ഗ്രാമ-ബ്ലോക്ക്-ജില്ലാപഞ്ചായത്തുകളും നഗരസഭകളും തയ്യാറാക്കുന്ന പദ്ധതികൾ സംയോജിപ്പിക്കുകയും ജില്ലയ്ക്ക് മൊത്തത്തിൽ ബാധകമായ ജില്ലാപദ്ധതി തയ്യാറാക്കുകയും ചെയ്യുകയെന്നത്. ലഭ്യമായ മനുഷ്യ, പ്രകൃതി, ധനവിഭവങ്ങളെ പരമാവധി ഫലപ്രദമായി വിനിയോഗിച്ച്, ആവർത്തനങ്ങൾ ഒഴിവാക്കി, വികസന പ്രശ്നങ്ങൾ സംയുക്തമായി പരിഹരിക്കുന്നതിനുള്ള സാധ്യതകൾ പ്രയോജനപ്പെടുത്തുന്നതിനും ജില്ലാആസൂത്രണസമിതിയുടെ ഭരണഘടനാചുമതലകൾ നിറവേറ്റുന്നതിനുമുള്ള ഒരു സുപ്രധാന ഉപാധി കൂടിയാണ് ജില്ലാപദ്ധതി. ജില്ലയുടെ സംയോജിത വികസന കാഴ്ച്ചപ്പാട് വ്യക്തമാക്കുന്നതോടൊപ്പം വിവിധത്തട്ട് സർക്കാരുകൾ വികസനത്തിന്റെ മേഖലയിൽ നടത്തുന്ന ഇടപെടലുകൾക്ക് ദിശാബോധം നൽകുന്നതിനുള്ള സമഗ്രരേഖയായാണ് ജില്ലാപദ്ധതിയെ വിഭാവനം ചെയ്തിട്ടുള്ളത്. ജില്ലയുടെ വികസനം സംബന്ധിച്ച കാഴ്ച്ചപ്പാട് വ്യക്തമാക്കുന്ന ആദ്യഭാഗവും കേന്ദ്ര-സംസ്ഥാന സർക്കാർ നടപ്പിലാക്കുന്ന പദ്ധതികളും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നടപ്പ് വാർഷിക പദ്ധതി വിശകലനം ചെയ്ത് ഭാവിയിൽ മെച്ചപ്പെടുത്തുന്നതിനുള്ള നിർദ്ദേശങ്ങളുമടങ്ങിയ രണ്ടാം ഭാഗവുമാണ് ഇതിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

പദ്ധതികൾ തയ്യാറാക്കി നടപ്പിലാക്കുന്നതിൽ ജനകീയാസൂത്രണപ്രസ്ഥാനം (1996-97 മുതൽ) ആരംഭിച്ചത് മുതലുള്ള അനുഭവസമ്പത്ത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കുണ്ട്. ഒന്നാം ജനകീയാസൂത്രണത്തിൽ ജനാധിപത്യ അധികാരവികേന്ദ്രീകരണം തീവ്രവും വിശാലവുമായിരുന്നു. എന്നാൽ തുടർന്ന് ജനപങ്കാളിത്തം കുറഞ്ഞ് വരുന്നതായി കാണുന്നു. പതിമൂന്നാം പഞ്ചവൽസര പദ്ധതിയിലൂടെ സർക്കാർ രണ്ടാം ഘട്ട ജനകീയാസൂത്രണത്തിന് തുടക്കം കുറിച്ചിരിക്കുകയാണ്. ഈ പഞ്ചവൽസരപദ്ധതിക്കാലത്ത് കേരളത്തെ സാമ്പത്തിക വളർച്ചയുടെ ഉയർന്ന തലങ്ങളിലേയ്ക്ക് എത്തിക്കുന്നതിനോടൊപ്പം സാമൂഹ്യനീതിയും പരിസ്ഥിതി സുരക്ഷയും ഉറപ്പ് വരുത്തുന്നതിനും സർക്കാർ ലക്ഷ്യമിടുന്നു.

ലഭ്യമായ വിഭവങ്ങളെ പരമാവധി പ്രയോജനപ്പെടുത്താൻ സാധിക്കാതെ പോകുന്നത് വികസനത്തിനെയും വളർച്ചയേയും മുരടിപ്പിക്കുന്നു. സസ്യസമ്പത്തിന് ഏറെ പ്രശസ്തിയാർജ്ജിച്ച നമ്മുടെ ജില്ലയിൽ കൃഷി, അനുബന്ധമേഖലകളിലെ വളർച്ച ദിനംപ്രതി കുറഞ്ഞ് വരുന്നു. ജലസേചനസൗകര്യങ്ങളുടെ അപര്യാപ്തത, വ്യവസായരംഗത്തെ തകർച്ച എന്നിവയും ഉല്പാദന മേഖല നേരിടുന്ന പ്രധാനപ്രശ്നങ്ങളാണ്. വിദ്യാഭ്യാസസ്ഥാപനങ്ങളിലെ അടിസ്ഥാന സൗകര്യങ്ങളുടെ കുറവ്, ആരോഗ്യകേന്ദ്രങ്ങളിലെ കുടിവെള്ള-ശുചിത്വപ്രശ്നങ്ങൾ, സാംക്രമിക രോഗങ്ങളുടെ തിരിച്ചുവരവ്, കുടിവെള്ളക്ഷാമം എന്നിങ്ങനെയുള്ള പ്രശ്നങ്ങൾ സേവനമേഖല അഭിമുഖീകരിക്കുന്നുണ്ട്. അടിക്കടിയുണ്ടാകുന്ന പ്രകൃതിക്ഷോഭങ്ങളും സമ്പദ്വ്യവസ്ഥയെ പ്രതികൂലമായി ബാധിക്കുന്നു. ശാസ്ത്രീയമായ മാലിന്യനിർമ്മാർജ്ജന മാർഗ്ഗങ്ങളുടെ അഭാവം, മാലിന്യനിർമ്മാർജ്ജനത്തിൽ സമൂഹത്തിന്റെ പങ്കാളിത്തക്കുറവ്, തെറ്റായ സമീപനരീതി എന്നിവ പൊതുജനാരോഗ്യം, കുടിവെള്ള സ്രോതസ്സ്, അന്തരീക്ഷ മലിനീകരണം, ആവാസവ്യവസ്ഥ എന്നിവയെ പ്രതികൂലമായി ബാധിച്ചിരിക്കുന്നു. പട്ടികജാതി/പട്ടികവർഗ്ഗ കോളനികളുടെ സമഗ്ര വികസനത്തിലേയ്ക്ക് നാം മുന്നേറേണ്ടതുണ്ട്. കാലാവസ്ഥ വ്യതിയാനം സമസ്ത മേഖലകളെയും പ്രതികൂലമായി ബാധിക്കുന്ന അവസ്ഥയാണ് നിലനിൽക്കുന്നത്.

ഇത്തരം പ്രശ്നങ്ങൾ പരിഹരിക്കുന്നതിനാവശ്യമായ പ്രവർത്തനങ്ങളാണ് ജില്ലാപദ്ധതിയിലൂടെ ജില്ലാആസൂത്രണസമിതി ലക്ഷ്യമിടുന്നത്. ജില്ലയിൽ വ്യവസായമേഖല മെച്ചപ്പെടുത്തുന്നതിനും ജലാശയങ്ങൾ സംരക്ഷിച്ച് കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിനായി ജലശ്രീ, ജലസമൃദ്ധി പോലുള്ള പദ്ധതികൾ വ്യാപിപ്പിക്കുന്നതിനും ഊന്നൽ നൽകുന്നു. വിദ്യാഭ്യാസമേഖലയിലെ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിച്ച് കുട്ടികളുടെ കൊഴിഞ്ഞ്പോക്ക് നിയന്ത്രിക്കുന്നതിനും വനിതകൾ, ഭിന്നലിംഗക്കാർ, പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗക്കാർ എന്നിവരെ സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് എത്തിക്കുന്നതിന്റെ ഭാഗമായി വരുമാനദായകപ്രവർത്തനങ്ങൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കുന്നതിനും ശ്രമം നടത്തുന്നു. കാർഷിക, ക്ഷീര-മൃഗസംരക്ഷണ മേഖലകളിലെ ഉല്പാദനം

വർദ്ധിപ്പിക്കുന്നതിനുതകുന്ന പദ്ധതികൾ ആവിഷ്ക്കരിക്കുന്നതിനും ജില്ലാആസൂത്രണ സമിതി മുൻതൂക്കം നൽകുന്നതാണ്. ഇതിനായി എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും ജനപ്രതിനിധികളും ഒരുമയോടെ പ്രവർത്തിക്കേണ്ടതാണ്.

2018–19 വാർഷിക പദ്ധതി തയ്യാറാക്കിയപ്പോൾ ജില്ലാപദ്ധതിയിൽ ഉയർന്ന് വന്ന ചില നിർദ്ദേശങ്ങൾ കൂടി പരിഗണിച്ചാണ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വാർഷിക പദ്ധതി തയ്യാറാക്കി എന്നത് എടുത്തു പറയേണ്ടകാര്യമാണ്. സംസ്ഥാനത്തിന് തന്നെ മാതൃകയായി 2018–19 സാമ്പത്തിക വർഷം ജില്ലാആസൂത്രണ സമിതിയുടെ നേതൃത്വത്തിൽ ചില പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിനായി സംയുക്ത പ്രോജക്ടുകളും രൂപീകരിച്ചിരുന്നു. അവ ഇപ്പോൾ നിർവ്വഹണ ഘട്ടത്തിലാണ്.

ജില്ലാപദ്ധതി രൂപീകരണ പ്രവർത്തനങ്ങൾക്ക് നേതൃത്വവും പിന്തുണയും നൽകിയ എല്ലാ ജനപ്രതിനിധികൾക്കും ജില്ലാതല ഉദ്യോഗസ്ഥർക്കും ഉപസമിതി അംഗങ്ങൾക്കും വിദഗ്ദ്ധർക്കും സന്നദ്ധ പ്രവർത്തകർക്കും നന്ദി രേഖപ്പെടുത്തുന്നു. ജില്ലാ പദ്ധതി രൂപീകരണ പ്രക്രിയയുടെ ഭാഗമായി നിരവധി യോഗങ്ങൾ വിളിച്ചു ചേർക്കുകയും വിവിധ തലങ്ങളിൽ നിന്നും ലഭ്യമായ നിർദ്ദേശങ്ങൾ, ആശയങ്ങൾ എന്നിവ ക്രോഡ്രീകരിച്ച് കൊണ്ട് പദ്ധതിരേഖ പുറത്തിറക്കുന്നതിന് നേതൃത്വം നൽകിയ ജില്ലാആസൂത്രണ സമിതി അംഗങ്ങൾക്കും ജില്ലാപ്ലാനിംഗ് ഓഫീസർക്കും ജില്ലാആസൂത്രണ സമിതി സെക്രട്ടറിയേറ്റിനും പ്രത്യേകം നന്ദി രേഖപ്പെടുത്തുന്നു. ജില്ലാപദ്ധതിയിലുൾക്കൊള്ളിച്ചിട്ടുള്ള വിവരശേഖരണം വരും വർഷങ്ങളിൽ പരിഷ്ക്കരിച്ച് കൂടുതൽ മെച്ചപ്പെട്ട രീതിയിൽ പദ്ധതി ആസൂത്രണത്തിൽ പ്രയോജനപ്പെടുത്താൻ ജില്ലാആസൂത്രണസമിതി അതീവ പ്രാധാന്യം നൽകുന്നതാണ്. ഇതിനാവശ്യമായ സഹായസഹകരണങ്ങൾ സർക്കാരിൽ നിന്നും സംസ്ഥാനആസൂത്രണ ബോർഡിൽ നിന്നും ജനപ്രതിനിധികളിൽ നിന്നും പ്രതീക്ഷിക്കുന്നു.

വിശ്വസ്തതയോടെ,

വി.കെ.മധു

ജില്ലാആസൂത്രണസമിതി സെക്രട്ടറിയേറ്റ്
തിരുവനന്തപുരം
31.05.2018

ഡോ.കെ.വാസുകി,ഐ.എ.എസ്
ജില്ലാകളക്ടർ
&
മെമ്പർ സെക്രട്ടറി
ജില്ലാആസൂത്രണ സമിതി
തിരുവനന്തപുരം

പ്രാദേശിക സർക്കാരുകൾ വികസനത്തിന്റെ മേഖലയിൽ നടത്തുന്ന ഇടപെടലുകൾക്ക് ദിശാബോധം നൽകുന്നതിനോടൊപ്പം ജില്ലയുടെ സംയോജിത വികസന കാഴ്ച്ചപ്പാട് വ്യക്തമാക്കുന്ന രേഖയായ ജില്ലാപദ്ധതിയുടെ പൂർത്തീകരണ പ്രവർത്തനം ജില്ലാആസൂത്രണസമിതിയുടെ നേതൃത്വത്തിൽ പൂർത്തീകരിച്ച് കഴിഞ്ഞു. ജില്ലയുടെ സമഗ്ര വികസനത്തിന് ആക്കം കൂട്ടുന്ന നിരവധി നിർദ്ദേശങ്ങളും, പദ്ധതി ശുപാർശകളുമാണ് ഈ പദ്ധതിയിലൂടെ മുന്നോട്ട് വച്ചിട്ടുള്ളത്.

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി രൂപീകരണ–നിർവ്വഹണ പ്രവർത്തനങ്ങളിൽ ജില്ലാആസൂത്രണ സമിതി ശക്തമായ ഇടപെടലുകൾ നടത്തി ജനങ്ങൾക്ക് ഏറ്റവും പ്രയോജനപ്രദമായ പദ്ധതികൾ ജനങ്ങളിലേയ്ക്ക് എത്തിക്കുന്നതിന് നേതൃത്വം നൽകുന്നു.

23.09.2017 ലെ സർക്കാർ ഉത്തരവ് പ്രകാരം ജില്ലാപദ്ധതി രൂപീകരണത്തിന് ജില്ലാ ആസൂത്രണസമിതി തീരുമാനം എടുക്കുകയും 18.09.2017 ലെ ആസൂത്രണസമിതി യോഗതീരുമാനം പ്രകാരം വിവിധ വിഷയ മേഖലകളിലായി 28 ഉപസമിതികൾ രൂപീകരിക്കുകയും ചെയ്തു. ജില്ലയിലെ വിവിധ വകുപ്പുകളിലെ പ്രഗത്ഭരായ ഉദ്യോഗസ്ഥർ, സർവ്വീസിൽ നിന്നും വിരമിച്ച ഉദ്യോഗസ്ഥർ, സ്കൂൾ, കോളേജ്, ഗവേഷണ സ്ഥാപനങ്ങളിലെ അദ്ധ്യാപകർ/ഗവേഷകർ, ജനപ്രതിനിധികൾ എന്നിങ്ങനെ സമസ്ത മേഖലകളിൽ നിന്നും ഏകദേശം 560 –ഓളം പേർ ഈ ഉപസമിതികളിൽ അംഗങ്ങളായിരുന്നു. ഓരോ ഉപസമിതിയിലും വിഷയമേഖല വിദഗ്ദ്ധർ ഉൾപ്പെടെ കുറഞ്ഞത് 15 അംഗങ്ങളെങ്കിലും ഉൾപ്പെട്ടിട്ടുണ്ട്.

ഉപസമിതി അംഗങ്ങൾക്കുള്ള ഏകദിന പരിശീലനം 17.01.2017 ന് തിരുവനന്തപുരം ജില്ലാപഞ്ചായത്ത് കോൺഫറൻസ് ഹാളിൽ നടത്തുകയും തുടർന്ന് യോഗം കൂടി ജില്ലാപദ്ധതി രേഖ തയ്യാറാക്കുന്നതിനുള്ള ചുമതല ഉപസമിതി അംഗങ്ങൾക്ക് നൽകുകയും ചെയ്തു.

പദ്ധതിരേഖ തയ്യാറാക്കുന്നതിന്റെ ഭാഗമായുള്ള ജില്ലാതല കൂടിയാലോചന യോഗം ബഹു.എം.എൽ.എ–മാർ, ഉപസമിതി ചെയർമാൻ, വൈസ് ചെയർമാൻ, കൺവീനർ, ജില്ലാതല ഉദ്യോഗസ്ഥർ എന്നിവരുടെ സാന്നിദ്ധ്യത്തിൽ 13.11.2017 ൽ നടത്തുകയുണ്ടായി. ഉപസമിതികൾ നിരവധി തവണ യോഗം ചേരുകയും കരട് റിപ്പോർട്ട് തയ്യാറാക്കുകയും ചെയ്തു. 20.11.2017, 01.12.2017 എന്നീ തീയതികളിൽ ഈ സമിതികൾ തയ്യാറാക്കിയ കരട് റിപ്പോർട്ടുകളുടെ അവതരണം നടത്തുകയുണ്ടായി. ജില്ലാപദ്ധതി രേഖ അന്തിമമാക്കുന്നതിന്റെ ഭാഗമായുള്ള ജില്ലാവികസന സെമിനാർ 20.01.2018 ന് കളക്ടറേറ്റ് കോൺഫറൻസ് ഹാളിൽ നടത്തുകയും തുടർന്ന് 04.01.2018, 05.01.2018 എന്നീ തീയതികളിൽ വിവിധ വികസന മേഖലകളിലെ സ്റ്റേക്ക് ഹോൾഡർമാർ, വിഷയമേഖല വിദഗ്ദ്ധർ എന്നിവരുടെ നേതൃത്വത്തിൽ കരട് രേഖ വിശദമായി ചർച്ച ചെയ്യുകയും ഇതിൽ നിന്നും ഉരുത്തിരിഞ്ഞ ആശയങ്ങളും നിർദ്ദേശങ്ങളും കൂടി ജില്ലാപദ്ധതിയിൽ ഉൾക്കൊള്ളിക്കുവാൻ തീരുമാനിക്കുകയും ചെയ്തു.

24.01.2018 ന് കൂടിയ ജില്ലാആസൂത്രണസമിതി യോഗം കരട് ജില്ലാപദ്ധതി രേഖയ്ക്ക് അംഗീകാരം നൽകുകയും പ്രസ്തുത റിപ്പോർട്ട് 12.02.2018, 14.02.2018 എന്നീ തീയതികളിൽ സംസ്ഥാന ആസൂത്രണ ബോർഡ്, മസ്ക്കറ്റ് ഹോട്ടലിൽ സംഘടിപ്പിച്ച പരിപാടിയിൽ ബഹു.മുഖ്യമന്ത്രി, ബഹു. ധനകാര്യവകുപ്പ് മന്ത്രി, ബഹു.തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി, ജനപ്രതിനിധികൾ, ആസൂത്രണ ബോർഡ് മെമ്പർ സെക്രട്ടറി, വിഷയമേഖല വിദഗ്ദ്ധർ, സന്നദ്ധപ്രവർത്തകർ, ഉദ്യോഗസ്ഥർ എന്നിവരുടെ സാന്നിദ്ധ്യത്തിൽ അവതരിപ്പിക്കുകയും ചെയ്തു.

ജില്ലാപദ്ധതി രൂപീകരണ പ്രവർത്തനങ്ങൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് നേതൃത്വം നൽകിയ ജില്ലാതല ഉദ്യോഗസ്ഥർക്കും ഉപസമിതി അംഗങ്ങൾക്കും ജനപ്രതിനിധികൾക്കും വിദഗ്ദ്ധർക്കും സന്നദ്ധ പ്രവർത്തകർക്കും, കില പ്രതിനിധികൾക്കും നന്ദി രേഖപ്പെടുത്തുന്നു. ജില്ലാ പദ്ധതി രൂപീകരണ പ്രക്രിയയുടെ വിവിധ തലങ്ങൾ ഭംഗിയായി ഏകോപിപ്പിച്ച പദ്ധതിരേഖ പുറത്തിറക്കുന്നതിന് നേതൃത്വം നൽകിയ ജില്ലാആസൂത്രണ സമിതി അംഗങ്ങൾക്കും ജില്ലാപ്ലാനിംഗ് ഓഫീസർക്കും ജില്ലാആസൂത്രണ സമിതി സെക്രട്ടറിയേറ്റിനും പ്രത്യേകം നന്ദി രേഖപ്പെടുത്തുന്നു.

വിവിധ മേഖലകൾ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ, അവ പരിഹരിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ, പദ്ധതി ശുപാർശകൾ എന്നിവ ഉൾക്കൊള്ളിച്ച് കൊണ്ട് അന്തിമമാക്കിയിട്ടുള്ള ജില്ലാപദ്ധതി രേഖ ജില്ലയുടെ സമഗ്ര വികസനപ്രവർത്തനങ്ങൾക്ക് ഒരു മുതൽക്കൂട്ടാവുമെന്ന് പ്രതീക്ഷിക്കുന്നു. വരും വർഷങ്ങളിൽ പ്രസ്തുത രേഖയിൽ ആവശ്യം വേണ്ട പരിഷ്ക്കാരങ്ങൾ വരുത്തി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി രൂപീകരണ പ്രക്രീയ കൂടുതൽ സുഗമമാക്കുവാൻ കഴിയട്ടെ എന്ന് ആശംസിക്കുന്നു.

കളക്ടറേറ്റ്
തിരുവനന്തപുരം
31.05.2018

വിശ്വസ്തതയോടെ,

ഡോ.കെ. വാസുകി, ഐ.എ.എസ്

ജില്ലാആസൂത്രണ സമിതി
തിരുവനന്തപുരം

ശ്രീ.വി.കെ.മധു	ചെയർമാൻ, ജില്ലാആസൂത്രണ സമിതി
പ്രൊഫ.കെ.എൻ.ഗംഗാധരൻ	സർക്കാർ നോമിനി
ശ്രീമതി. വിചിത്ര.കെ.വി	അംഗം, ജില്ലാആസൂത്രണ സമിതി
ശ്രീ.ശോഭകുമാർ.വൈ.വി	”
ശ്രീമതി. മായാദേവി	”
അഡ്വ.എ.ഷൈലജ	”
ശ്രീമതി.സ്മിത. ഡി	”
ശ്രീ.വിജുമോഹൻ	”
ശ്രീ.ബി.പി.മുരളി	”
അഡ്വ.എസ്.കെ.ബെൻഡാർവിൻ	”
ശ്രീ.ചെറ്റച്ചൽ സഹദേവൻ	”
ശ്രീമതി.വി.ആർ.സിമി	”
ശ്രീമതി.ഷീജമധു	”
ശ്രീമതി.എം.വി.ജയലക്ഷ്മി	”

ജില്ലാആസൂത്രണ സമിതി സെക്രട്ടറിയേറ്റ്

ജില്ലാ പ്ലാനിംഗ് ഓഫീസ്	ജില്ലാ പ്ലാനിംഗ് ഓഫീസർ
ജില്ലാ ടൗൺപ്ലാനിംഗ് ഓഫീസ്	ടൗൺ പ്ലാനർ
ജില്ലാ സാമ്പത്തിക സ്ഥിതിവിവര ഓഫീസ്	ഡെപ്യൂട്ടി ഡയറക്ടർ

ഉള്ളടക്കം

അദ്ധ്യായം	വിഷയമേഖലകൾ	പേജ്
1	ആമുഖം	
2	വിഭവ ലഭ്യത	
3	വികസനത്തിന്റെ സ്ഥലമാനങ്ങൾ	
	4. വികസന മേഖലകൾ	
4.1	**ഉൽപ്പാദന മേഖല**	
4.1.1.	നീർത്തടാതിഷ്ഠിത വികസനം	
4.1.1 (1)	കൃഷി	
4.1.1 (2)	മണ്ണ് ജലസംരക്ഷണം	
4.1.1 (3)	ജലസേചനം	
4.1.2	മൃഗസംരക്ഷണം – ക്ഷീരവികസനം	
4.1.3	മത്സ്യ വികസനം	
4.1.4	പരിസ്ഥിതി–വനവികസനം, ജൈവവൈവിധ്യം	
4.1.5	വ്യവസായം, വാണിജ്യം, സ്വയം തൊഴിൽ സംരംഭങ്ങൾ, സഹകരണം	
4.2	**സേവന മേഖല**	
4.2.1	ആരോഗ്യം	
4.2.2	കുടിവെള്ളം	
4.2.3	ശുചിത്വം	
4.2.4	പാർപ്പിടം	
4.2.5	വിദ്യാഭ്യാസം	
4.2.6	കായികം – യുവജനക്ഷേമം, കല – സംസ്കാരം	
4.3	**പശ്ചാത്തല മേഖല**	
4.3.1	ഊർജ്ജം	
4.3.2	ഗതാഗതം – വാർത്താവിനിമയം	
4.3.3	വിനോദസഞ്ചാരം	
4.3.4	ദുരന്തനിവാരണം	
4.3.5	വിവരസാങ്കേതിക വിദ്യ	
4.4	**പ്രത്യേക പരിഗണന അർഹിക്കുന്ന വിഭാഗങ്ങൾ**	
4.4.1	സാമൂഹ്യ നീതി – സാമൂഹ്യസുരക്ഷിതത്വം (കുട്ടികൾ, ഭിന്നശേഷിക്കാർ, ഭിന്നലിംഗക്കാർ, വയോജനങ്ങൾ, വനിതകൾ)	
4.4.2	പട്ടികജാതി വികസനം	
4.4.3	പട്ടികവർഗ്ഗ വികസനം	

1. ആമുഖം

ജില്ലാ ആസ്ഥാനമായ തിരുവനന്തപുരം നഗരത്തിന് പുരാതനമായ ഒരു ചരിത്രമുണ്ട്. പതിനാലാം നൂറ്റാണ്ടിൽ രചിക്കപ്പെട്ട ഉണ്ണുനീലി സന്ദേശം, അനന്തപുരവർണ്ണനം എന്നീ കൃതികളിൽ തിരുവനന്തപുരത്തെക്കുറിച്ച് പ്രതിപാദിക്കുന്നുണ്ട്. ആയ് രാജാക്കൻമാരുടെ ഭരണത്തിലായിരുന്ന ഈ പ്രദേശം 10–ാം നൂറ്റാണ്ടോടെ വേണാട് രാജാക്കന്മാരുടെ അധീനതയിലായി. പതിനെട്ടാം നൂറ്റാണ്ടിൽ വേണാടിന്റെ തലസ്ഥാനം പത്മനാഭപുരത്തുനിന്നും തിരുവനന്തപുരത്തേയ്ക്ക് മാറ്റി. പിന്നീട് വേണാട്, തിരുവിതാംകൂറായി മാറിയപ്പോഴും തലസ്ഥാനം തിരുവനന്തപുരം തന്നെയായിരുന്നു. 1949 മുതൽ 1956 വരെ തിരു–കൊച്ചിയുടേയും 1956 നവംബർ 1 – കേരള പിറവി – മുതൽ സംസ്ഥാനത്തിന്റേയും തലസ്ഥാനമായി. നഗരത്തിൽ സ്ഥിതിചെയ്യുന്ന അനന്തശായിയായ മഹാവിഷ്ണുവിന്റെ പ്രതിഷ്ഠയുള്ള ശ്രീപദ്മനാഭസ്വാമി ക്ഷേത്രവുമായി ജില്ലയുടെ പേരിന് ബന്ധമുണ്ട്. ശ്രീപത്മനാഭനെ ആനന്ദൻ എന്ന് പണ്ട് വിശേഷിപ്പിച്ചിരുന്നു. അതിൽനിന്ന് പിന്നീട് ആനന്ദപുരം എന്ന പേര് ഉണ്ടായെന്നും ആനന്ദപുരത്തിനോട് തിരു എന്ന വിശേഷണം ചേർന്ന് തിരുവാനന്ദപുരം ആയെന്നും അത് ലോപിച്ച് തിരുവനന്തപുരം ആയെന്നുമാണ് ഒരഭിപ്രായം. ശ്രീ പത്മനാഭൻ ശയിക്കുന്ന നാഗരാജാവായ അനന്തന്റെ പുരം 'അനന്തപുരം' ആയി മാറിയെന്നും, അനന്തപുരം എന്ന പേരിനോട് തിരു എന്ന വിശേഷണം ചേർന്നപ്പോൾ തിരുവനന്തപുരം ആയി എന്നതുമാണ് മറ്റൊരഭിപ്രായം.

സാമൂഹ്യനവോത്ഥാന രംഗത്ത് നടുനായകത്വം വഹിച്ച അയ്യാവൈകുണ്ഠസ്വാമികൾ, ചട്ടമ്പിസ്വാമികൾ, ശ്രീനാരായണഗുരു, മഹാത്മാ അയ്യങ്കാളി എന്നിവരുടെ പ്രധാന കർമ്മമേഖല ഈ ജില്ലയായിരുന്നു.

കലാകാരന്മാരിലെ രാജാവും രാജാക്കന്മാരിലെ കലാകാരനുമായിരുന്ന സ്വാതിതിരുന്നാൾ മഹാരാജാവ്, വിശ്വപ്രസിദ്ധ ചിത്രകാരൻ രാജാരവിവർമ്മ, ആട്ടക്കഥകളും ഗാനങ്ങളും എഴുതിയ ഇരയിമ്മൻതമ്പി, ആധുനിക കവിത്രയത്തിലെ മഹാകവി കുമാരാനാശാൻ, നോവലിസ്റ്റുകളിലെ രാജശിൽപ്പി സി.വി രാമൻപിള്ള, ശബ്ദതാരാവലിയുടെ കർത്താവ് ശ്രീകണ്ഠേശ്വരം പദ്മനാഭപിള്ള, ചലച്ചിത്ര പ്രതിഭകളായിരുന്ന സത്യൻ, പ്രേംനസീർ, ഭരത്ഗോപി, സാമൂഹിക പരിഷ്കർത്താവും സ്വദേശാഭിമാനി പത്രത്തിന്റെ സ്ഥാപകനുമായ വക്കം അബ്ദുൾഖാദർ മൗലവി, പത്രാധിപരായിരുന്ന സ്വദേശാഭിമാനി രാമകൃഷ്ണപിള്ള തുടങ്ങിയവർ ജില്ലയിൽ നിന്ന് അതാത് മേഖലകളിൽ യശസ്വികളായിത്തീർന്ന പ്രമുഖരിൽ ചിലരാണ്.

കേരളപാണിനി എ.ആർ.രാജരാജവർമ്മ, മഹാകവി ഉള്ളൂർ.എസ്. പരമേശ്വര അയ്യർ, തിക്കുറുശ്ശി സുകുമാരൻ നായർ, ജ്ഞാനപീഠം അവാർഡ് ജേതാവ് ഒ.എൻ.വി. കുറുപ്പ് എന്നിവർ ജന്മം കൊണ്ട് മറ്റു ജില്ലക്കാരാണെങ്കിലും അവർ തിരുവനന്തപുരത്ത് താമസിച്ച് കൊണ്ട് കലാസാഹിത്യരംഗങ്ങളെ പരിപോഷിപ്പിച്ചവരാണ്. വൈദേശികാധിപത്യത്തിനും സാമൂഹികമായ അനാചാരങ്ങൾക്കും സ്വേച്ഛാഭരണത്തിനും എതിരായി തിരുവിതാംകൂറിൽ നടന്നിട്ടുള്ള മിക്ക സമരങ്ങളുടേയും രംഗവേദി തിരുവനന്തപുരം ആയിരുന്നു. ഈ സമരങ്ങളിൽ നിസ്വാർത്ഥതയോടെ പങ്കെടുത്ത നേതാക്കന്മാരേയും സാധാരണ ജനങ്ങളേയും കൃതജ്ഞതാപൂർവ്വം സ്മരിച്ചുകൊണ്ടല്ലാതെ ജനാധിപത്യത്തിന്റെ വെളളിവെളിച്ചത്തിൽ നമുക്ക് നിൽക്കാനാകില്ല.

തിരുവിതാംകൂറിലെ രാജഭരണകാലത്ത് ജനങ്ങളുടെ ക്ഷേമത്തിനും പുരോഗതിക്കും വേണ്ടി കൈക്കൊണ്ട നടപടികൾ ആധുനിക കേരളത്തിന്റെ സൃഷ്ടിക്ക് അടിത്തറ പാകി. അവർ നടപ്പിലാക്കിയ പരിഷ്കാരങ്ങളിൽ നല്ലൊരു പങ്ക് ആദ്യകാലങ്ങളിൽ തിരുവനന്തപുരം നഗരത്തേയും തിരുവനന്തപുരം ജില്ലയേയും കേന്ദ്രീകരിച്ചു കൊണ്ടായിരുന്നുയെന്ന് പറഞ്ഞാൽ രണ്ട് പക്ഷമുണ്ടാകില്ല.

ലോകപ്രസിദ്ധമായ ശ്രീപത്മനാഭസ്വാമി ക്ഷേത്രം, സ്ത്രീകളുടെ ശബരിമല എന്നറിയപ്പെടുന്ന ആറ്റുകാൽ ദേവീ ക്ഷേത്രം, പ്രസിദ്ധ മുസ്ലീം ആരാധനാലയമായ ബീമാപള്ളി, ക്രിസ്തീയദേവാലയമായ വെട്ടുകാട് പള്ളി, ശ്രീനാരായണഗുരുവിന്റെ സമാധിസ്ഥലമായ ശിവഗിരി എന്നിവ ജില്ലയിലെ പ്രമുഖ തീർത്ഥാടന കേന്ദ്രങ്ങളാണ്.

തിരുവിതാംകൂറിൽ ആദ്യത്തെ ലെജിസ്ലേറ്റീവ് കൗൺസിൽ 1888-ൽ ശ്രീമൂലം തിരുനാളിന്റെ കാലത്ത് നിലവിൽ വന്നു. 1904 ൽ ഈ സഭയെ വികസിപ്പിച്ച് ശ്രീമൂലം പ്രജാസഭ എന്നാക്കി. പിന്നീട് ശ്രീചിത്തിരതിരുനാളിന്റെ കാലത്ത് ശ്രിമൂലം പ്രജാസഭയെ ശ്രീമൂലം അസംബ്ലി, ശ്രീചിത്തിര സ്റ്റേറ്റ് കൗൺസിൽ എന്നിങ്ങനെ വിഭജിച്ചു. തിരുവിതാംകൂറിൽ പ്രായപൂർത്തി വോട്ടവകാശത്തിന്റെ അടിസ്ഥാനത്തിൽ 1948 മാർച്ച് 24 ന് പട്ടം താണുപിള്ളയുടെ നേതൃത്വത്തിൽ നിയമനിർമ്മാണ സഭ നിലവിൽ വന്നു.1949 ൽ തിരു-കൊച്ചി സംയോജനം നടന്നു. തിരു-കൊച്ചിയിലെ ആദ്യമന്ത്രിസഭയുടെ തലവനായത് പറവൂർ റ്റി.കെ. നാരായണപിള്ളയായിരുന്നു. തുടർന്ന് കേരളസംസ്ഥാന രൂപീകരണത്തിന് ശേഷം 1957 ഏപ്രിൽ-5 ന് ഇ.എം.എസ് നമ്പൂതിരിപ്പാടിന്റെ നേതൃത്വത്തിൽ ആദ്യ ജനകീയ മന്ത്രിസഭ അധികാരമേറ്റു.

ജില്ലയിൽ 2 ലോക്സഭാമണ്ഡലങ്ങളും (തിരുവനന്തപുരം, ആറ്റിങ്ങൽ) 14 നിയമസഭാ മണ്ഡലങ്ങളും ഉണ്ട്.

തിരുവനന്തപുരം ലോക്സഭ



ആറ്റിങ്ങൽ ലോക്സഭ

73 ഗ്രാമപഞ്ചായത്തുകളിലായി 1299 ഉം 11 ബ്ളോക്ക് പഞ്ചായത്തുകളിലായി 155 ഉം വാർഡുകളുണ്ട്. ജില്ലാ പഞ്ചായത്ത് ഡിവിഷനുകളുടെ എണ്ണം 26 ആണ്. ജില്ലയിലെ 4 മുനിസിപ്പാലിറ്റികളിലായി 147 ഉം തിരുവനന്തപുരം കോർപ്പറേഷനിൽ 100 ഉം വാർഡുകൾ ഉണ്ട്.

കേന്ദ്രീകൃതവും ഉദ്യോഗസ്ഥർക്ക് ആധിപത്യമുള്ളതുമായ സ്വയംഭരണ സ്ഥാപനങ്ങളാണ് ബ്രിട്ടീഷ് ഇൻഡ്യയിൽ നിലനിന്നത്. എന്നാൽ സ്വാതന്ത്ര്യം കിട്ടിയതോടെ വികേന്ദ്രീകൃത ജനാധിപത്യം പ്രധാന ലക്ഷ്യമായി അംഗീകരിച്ചു. അധികാര വികേന്ദ്രീകരണത്തിലൂടെ മാത്രമേ പുതിയ രാഷ്ട്രം കെട്ടിപ്പെടുക്കാനാകൂ എന്ന ഗാന്ധിയൻ ആദർശത്തോട് നീതിപുലർത്തുന്നതിന് വേണ്ടി ഭരണഘടനയുടെ 40-ാം അനുഛേദത്തിൽ സംസ്ഥാന സർക്കാരുകൾ ഗ്രാമപഞ്ചായത്തുകൾ രൂപീകരിക്കണമെന്ന് എഴുതിച്ചേർത്തു. എന്നാൽ സ്വാതന്ത്ര്യത്തിൻെറ ആദ്യ വർഷങ്ങളിൽ പഞ്ചായത്തീരാജ് സംവിധാനം ഫലപ്രദമായില്ല. ഇത് പരിഹരിക്കുന്നതിന് വിദഗ്ധസമിതികൾ പലതും രൂപീകരിക്കപ്പെട്ടെങ്കിലും മിക്കതും ജില്ലയെ അടിസ്ഥാന ഘടകമായി സ്വീകരിച്ചതിനാൽ ഫലപ്രദമായില്ല. എന്നാൽ ബൽവന്ത് റായി മേത്ത കമ്മിറ്റി ജില്ലാതലത്തിന് താഴെ ബ്ളോക്ക് സമിതികൾ, ഗ്രാമപഞ്ചായത്തുകൾ എന്നിങ്ങനെ തട്ടുകൾ വിഭാവനം ചെയ്തു.

കേരളത്തിൽ ജില്ലാതലത്തിൽ ആസൂത്രണം തുടങ്ങുന്നത് 1960 കളുടെ അവസാനവും എഴുപതുകളുടെ ആരംഭത്തിലുമാണ്. ഓരോ വകുപ്പും സംസ്ഥാന ആസൂത്രണ ബോർഡിന്റെ നിർദ്ദേശമനുസരിച്ച് ജില്ലാതലത്തിൽ പദ്ധതികൾ തയ്യാറാക്കാൻ തുടങ്ങി. ജില്ലാ പ്ലാനിംഗ് ഓഫീസുകൾ 1979 ൽ പ്രവർത്തനം ആരംഭിച്ചു. ഉദ്യോഗസ്ഥാനുദ്യോഗസ്ഥരും ജനപ്രതിനിധികളും ഉൾപ്പെടുന്ന ജില്ലാ വികസന സമിതികളും ഇതിന്റെ തുടർച്ചയായി ഉദ്യോഗസ്ഥാനുദ്യോഗസ്ഥരും പഞ്ചായത്ത് പ്രസിഡന്റുമാരും ഉൾപ്പെടുന്ന ബ്ളോക്ക്

വികസന സമിതികളും രൂപീകരിച്ചു. ഈ നടപടികളിലൂടെ വികേന്ദ്രീകൃതാസൂത്രണത്തിന് ഒരു തുടക്കം ലഭിച്ചുവെങ്കിലും 73, 74 ഭരണഘടനാഭേദഗതികളുടെ അടിസ്ഥാനത്തിൽ 1995 ൽ പഞ്ചായത്ത് – മുനിസിപ്പാലിറ്റി – നഗരസഭ എന്നിവിടങ്ങളിൽ തെരഞ്ഞെടുക്കപ്പെട്ട ഭരണസമിതികൾ നിലവിൽ വന്നതിനുശേഷമാണ് തദ്ദേശ സ്വയംഭരണസ്ഥാപനങ്ങൾക്ക് ശരിയായ ദിശാബോധം ലഭിക്കുന്നത്.

1894 ലെ ടൗൺ ഇപ്രൂവ്മെന്റ് ആന്റ് കൺസെർവൻസി റെഗുലേഷൻ ആക്ടിന്റെ അടിസ്ഥാനത്തിൽ തിരുവനന്തപുരത്ത് ടൗൺ ഇംപ്രൂവ്മെന്റ് കമ്മിറ്റി നിലവിൽ വരുകയും കരം ഒടുക്കുന്നവർക്കുമാത്രം വോട്ടവകാശം പരിമിതപ്പെടുത്തിക്കൊണ്ട് 1912 ൽ ഈ കമ്മിറ്റിയിലേയ്ക്ക് തെരഞ്ഞെടുപ്പ് നടക്കുകയും ചെയ്തു. നഗരശുചീകരണം, പൊതുകിണറുകളുടെ സംരക്ഷണം, റോഡുകളുടെ സംരക്ഷണം തുടങ്ങിയവ ഈ കമ്മിറ്റിയുടെ ചുമതലയിലായിരുന്നു. 1920 ലെ മുനിസിപ്പൽ ആക്ടിനുശേഷം വിദ്യാഭ്യാസ – ആരോഗ്യ രംഗങ്ങളിലേയ്ക്കുകൂടി പ്രവർത്തനം വ്യാപിപ്പിച്ചു. 1941 ൽ തെരഞ്ഞെടുക്കപ്പെട്ട മേയർ ഉൾപ്പെടുന്ന തിരുവനന്തപുരം കോർപ്പറേഷൻ നിലവിൽ വന്നു. കേരളത്തിലെ മറ്റ് കോർപ്പറേഷനുകളുമായി താരതമ്യം ചെയ്യുമ്പോൾ വിസ്തൃതിയിലും ജനസംഖ്യയിലും തിരുവനന്തപുരം കോർപ്പറേഷൻ ഒന്നാം സ്ഥാനത്താണ്. സംസ്ഥാനരൂപീകരണത്തിന് മുൻപ് നിലവിലുണ്ടായിരുന്ന മുനിസിപ്പാലിറ്റികളാണ് ആറ്റിങ്ങലും, നെയ്യാറ്റിൻകരയും. പഞ്ചായത്തുകളായ നെടുമങ്ങാടും, വർക്കലയും യഥാക്രമം 1978 ഏപ്രിലിലും 1980 മേയിലും മുനിസിപ്പാലിറ്റികളായി പ്രഖ്യാപിക്കപ്പെട്ടു.

സംസ്ഥാനരൂപീകരണത്തിന് നൂറ്റാണ്ടുകൾക്കു മുൻപുതന്നെ ഗ്രാമീണമേഖലയിൽ പ്രാദേശിക ഭരണ സംവിധാനം നിലനിന്നിരുന്നു. തറകൾ അല്ലെങ്കിൽ കൂട്ടങ്ങൾ ചേർന്ന് ദേശം അല്ലെങ്കിൽ നാട് എന്ന പേരിൽ നീതിന്യായം നടപ്പിലാക്കുന്നതുൾപ്പടെയുള്ള അധികാരത്തോടെയുള്ള ഭരണം നിലനിന്നിരുന്നു. ഇത് കേരളത്തിലെ സുസംഘടിതമായ പഞ്ചായത്തീരാജ് സംവിധാനത്തിന്റെ മുന്നോടിയായി കണക്കാക്കാം. ഇരുപതാം നൂറ്റാണ്ടിന്റെ തുടക്കത്തിൽ ചില നിർണ്ണായക ചുവടുവയ്പുകൾ ഇത് സംബന്ധിച്ചുണ്ടായി. 1925–ലെ തിരുവിതാംകൂർ വില്ലേജ് ആക്ട് അനുസരിച്ച് 1935–ൽ വില്ലേജ് അടിസ്ഥാനത്തിൽ തെരഞ്ഞെടുക്കപ്പെട്ടതോ നാമനിർദ്ദേശം ചെയ്യപ്പെട്ടതോ ആയ കമ്മിറ്റികൾ നിലനിന്നിരുന്നു. 1950–ലെ ട്രാവൻകൂർ–കൊച്ചിൻ പഞ്ചായത്ത് ആക്ട് പ്രകാരം 1953–ൽ തിരു–കൊച്ചി പ്രദേശത്തെ 495 വില്ലേജ് പഞ്ചായത്തുകളിലേക്ക് തെരഞ്ഞെടുപ്പ് നടന്നു. 1960–ലെ കേരള വില്ലേജ് പഞ്ചായത്ത് ആക്ട്, 1962 ജനുവരി മുതൽ പ്രാബല്യത്തിൽ വരികയും ഇതിന്റെ അടിസ്ഥാനത്തിൽ 922 വില്ലേജ് പഞ്ചായത്തുകളിൽ 1963–ൽ തെരഞ്ഞെടുപ്പ് നടത്തി ഭരണസമിതികൾ രൂപീകരിക്കുകയും ചെയ്തു. കുടുംബാസൂത്രണം, പൊതുജനാരോഗ്യം, ഗ്രാമീണ ഭരണം, വിദ്യാഭ്യാസം എന്നീ മേഖലകളിൽ പുരോഗതി കൈവരിക്കുന്നതിന് ഈ സംവിധാനം സഹായകരമായി. പൊതുചന്തകൾ, ഷോപ്പിംഗ് കോംപ്ലക്സുകൾ, മിനി ബസ്സ്റ്റാന്റുകൾ എന്നിവയുടെ നിർമ്മാണം ഏറ്റവും സജീവമായി നടന്നത് ഇക്കാലത്താണ്.

1949 ജൂലൈ 1 ന് നിലവിൽ വന്ന തിരുവനന്തപുരം ജില്ല ഉത്തര അക്ഷാംശം 8° 17’ നും 8° 54’ നും പൂർവ്വ രേഖാംശം 76° 41’ നും 77° 17’ നും ഇടയിലാണ്. ജില്ലയുടെ തെക്ക് കന്യാകുമാരിയും, കിഴക്ക് പശ്ചിമഘട്ടമലനിരകളും പടിഞ്ഞാറ് അറബിക്കടലും, വടക്ക് കൊല്ലം ജില്ലയുമാണ് അതിർത്തികൾ. ആകെ വിസ്തൃതി 2192 ച.കീ.മി. ആണ്. ഒരു റവന്യൂ ഡിവിഷനും നൂറ്റിഇരുപത്തിനാല് വില്ലേജുകളും ഉണ്ട്. നെയ്യാറ്റിൻകര, നെടുമങ്ങാട്, തിരുവനന്തപുരം, ചിറയിൻകീഴ് എന്നിങ്ങനെ നാല് താലൂക്കുകളാണ് ജില്ലയിൽ ഉണ്ടായിരുന്നത്. 2014–ൽ ഈ നാല് താലൂക്കുകൾ പുന:ക്രമീകരിച്ച് നെയ്യാറ്റിൻകര, നെടുമങ്ങാട്, കാട്ടാക്കട, തിരുവനന്തപുരം, ചിറയിൻകീഴ്, വർക്കല എന്നിങ്ങനെ ആറ് താലൂക്കുകൾ രൂപീകരിച്ചു. 78 കി.മീ നീളമുള്ള കടൽത്തീരവും 464 ച.കീ.മീ വനഭൂമി വിസ്തൃതിയും ജില്ലയുടെ സവിശേഷതകളാണ്.



നെയ്യാർ (56 കി.മീ), കരമനയാർ (68 കി.മീ), മാമംപുഴ (27 കി.മീ), വാമനപുരം നദി (88.കി.മീ), അയിരൂർപ്പുഴ (17 കി.മീ) എന്നിവ പ്രധാന നദികളും വേളിക്കായൽ, കഠിനംകുളം കായൽ, അഞ്ചുതെങ്ങ് കായൽ, ഇടവാ-നടയറക്കായൽ എന്നിവ കായലുകളുമാണ്. വെള്ളായണിക്കായൽ ശുദ്ധജലതടാകമാണ്.

ജില്ലയിലെ പ്രധാന നദികൾ

(അവലംബം: ഭൂവിനിയോഗ ബോർഡ്)

2011-ലെ സെൻസസ്സ് പ്രകാരം കേരള സംസ്ഥാനത്തിൻെറ ആകെ ജനസംഖ്യ 3,34,06,061 ആണ്. ഇതിൽ 1,60,27,412 പുരുഷൻമാരും 1,73,78,649 സ്ത്രീകളുമാണുള്ളത്. സ്ഥലവിസ്തൃതിയിൽ ഭാരതത്തിൻെറ 1% മാത്രമാണുള്ളതെങ്കിലും രാജ്യജനസംഖ്യയുടെ ഏകദേശം 3% ആളുകൾ സംസ്ഥാനത്ത് നിവസിക്കുന്നു. ജില്ലയിലെ ആകെ ജനസംഖ്യ 33,01,427 ആണ്. അതിൽ 17,19,749 പേർ സ്ത്രീകളും, 15,81,678 പേർ പുരുഷൻമാരുമാണ്. സംസ്ഥാനത്തിൻെറ ഭൂവിസ്തൃതിയുടെ 5.64% മാത്രമുള്ള തലസ്ഥാന ജില്ലയിൽ 9.88% ജനങ്ങൾ വസിക്കുന്നുണ്ട്. സമീപ ജില്ലകളുമായി താരതമ്യം ചെയ്യുമ്പോൾ തിരുവനന്തപുരം ജില്ലയിലാണ് ഏറ്റവും കൂടിയ ജനസംഖ്യ ഉള്ളത്.

Fig:1.1
ജനസംഖ്യ– 2011 സമീപ ജില്ലകളുമായുള്ള താരതമ്യം



ജനസാന്ദ്രത ചതുരശ്രകിലോമീറ്ററിന് 1508 ആണ്. സംസ്ഥാനത്ത് ഏറ്റവും ജനസാന്ദ്രത കൂടിയ ജില്ല തിരുവനന്തപുരമാണ്. മറ്റു ജില്ലകളുമായുള്ള ജനസാന്ദ്രതയുടെ താരതമ്യം ചാർട്ട് 1.2–ൽ കാണിച്ചിരിക്കുന്നു.

Fig: 1.2
ജനസാന്ദ്രത– സമീപ ജില്ലകളുമായുള്ള താരതമ്യം.



സാക്ഷരതാനിരക്ക് 93.02 ശതമാനമാണ്. ഇത് സംസ്ഥാനത്തിന്റെ സാക്ഷരതാ നിരക്കിനെക്കാൾ 0.08 ശതമാനം കുറവാണ്. ജനസംഖ്യയുടെ 11.3 ശതമാനം പട്ടികജാതി വിഭാഗത്തിലും 0.8 ശതമാനം പട്ടിക വർഗ്ഗ വിഭാഗത്തിലും ഉൾപ്പെട്ടവരാണ്. പട്ടികജാതി സാക്ഷരതാനിരക്ക് 89.13 ശതമാനവും പട്ടികവർഗ്ഗ സാക്ഷരതാനിരക്ക് 89.33 ശതമാനവുമാണ്.

സ്ത്രീപുരുഷാനുപാതം 1087:1000 ആണ്. പൂർണ്ണസമയ തൊഴിലാളികൾ 27.9 ശതമാനവും നാമമാത്ര തൊഴിലാളികൾ 9.4 ശതമാനവും മറ്റുള്ളവർ 62.7 ശതമാനവുമാണ്. തൊഴിൽമേഖലയിൽ പ്രവർത്തിക്കുന്നവരിൽ 70.16 ശതമാനം പുരുഷന്മാരും 29.84 ശതമാനം സ്ത്രീകളുമാണ്. ജനസംഖ്യയുടെ 7.67 ശതമാനം ആളുകൾ കാർഷിക മേഖലയിൽ ജോലി ചെയ്യുന്നവരാണ്. സംസ്ഥാനത്തിൻെറയും, സമീപത്തെ ജില്ലകളുടേയും തൊഴിൽപങ്കാളിത്തനിരക്കുമായി താരതമ്യം ചെയ്യുമ്പോൾ ആലപ്പുഴ ജില്ലയ്ക്കാണ് കൂടുതൽ തൊഴിൽപങ്കാളിത്ത നിരക്ക്. 2011 സെൻസസ്സ് പ്രകാരം, തിരുവനന്തപുരം ജില്ലയ്ക്കും

ആലപ്പുഴ ജില്ലയുമായി കിടപിടിക്കുന്ന തൊഴിൽപങ്കാളിത്തനിരക്കാണുള്ളത്. ഇത് സംസ്ഥാനത്തിൻെറ ശരാശരി തൊഴിൽപങ്കാളിത്തനിരക്കിനേക്കാൾ 34.78% കൂടുതലാണ്.

Fig: 1.3
സംസ്ഥാനത്തിൻെറയും, സമീപ ജില്ലകളുടേയും
തൊഴിൽ പങ്കാളിത്ത നിരക്കുമായുള്ള താരതമ്യം



ജില്ലയിൽ നിന്ന് വിദേശരാജ്യങ്ങളിലേയ്ക്ക് ആളുകൾ ജോലിക്ക് പോകുന്ന പ്രവണത കഴിഞ്ഞ നൂറ്റാണ്ടിന്റെ ആരംഭം മുതൽ തുടങ്ങിയതാണ്. ആദ്യ കാലങ്ങളിൽ ശ്രീലങ്ക, മലയ, സിംഗപൂർ തുടങ്ങിയ രാജ്യങ്ങളിലേയ്ക്കാണ് തൊഴിൽ തേടിപോയതെങ്കിൽ പിന്നീട് തൊഴിലന്വേഷകരുടെ കുത്തൊഴുക്കുണ്ടായത് ഗൾഫ് രാജ്യങ്ങളിലേയ്ക്കാണ്. ഐ.റ്റി മേഖല വികസിതമായ ആധുനിക കാലത്ത് അമേരിക്കയിലേയ്ക്കും യു.കെ, കാനഡ തുടങ്ങിയ രാജ്യങ്ങളിലേയ്ക്കും നിരവധിപേർ ജോലിക്കായി പോയിട്ടുണ്ട്. സാമ്പത്തികസ്ഥിതിവിവരക്കണക്ക് വകുപ്പിന്റെ പ്രവാസി മലയാളി സെൻസസ് – 2013 പ്രകാരം ജില്ലയിലെ 95539 വീടുകളിൽ നിന്നായി 122305 പേർ പ്രവാസികളായുണ്ട്. ഇതിൽ ജോലിയുള്ളവർ 110420 ഉം അവരോടൊപ്പം കഴിയുന്നവർ 11885 ഉം ആണ്. പ്രവാസികളുടെ സമ്പാദ്യം ജനങ്ങളുടെ ജീവിതനിലവാരം ഉയർത്തുന്നതിൽ വലിയ പങ്ക് വഹിക്കുന്നു.

Fig:1.4
ജില്ലയിലെ പ്രവാസികൾ



കാർഷിക മേഖല

ജില്ലയുടെ ആകെ വിസ്തൃതി, സംസ്ഥാനത്തിന്റെ ആകെ വിസ്തൃതിയുടെ 5.64% ആണ്. ജില്ലയിലെ കർഷകരുടെ എണ്ണം 3,96,199 ആണ്. 1,53,037 പേർ കാർഷിക മേഖലയിൽ തൊഴിൽ ചെയ്ത് ജീവിക്കുന്നു. മൂന്ന് ലക്ഷത്തോളം പേർ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെട്ടിട്ടുണ്ട്. 2010–11 ൽ ജില്ലയുടെ വിസ്തൃതിയുടെ 61% (133559 ഹെക്ടർ) ആയിരുന്നു കൃഷി ഭൂമി വിസ്തൃതി 2015–16 ൽ 58% (126580 ഹെക്ടർ) ആയി കുറഞ്ഞു.

ഭക്ഷ്യവിളകളും ഭക്ഷ്യേതര വിളകളും ജില്ലയിൽ കൃഷി ചെയ്തുവരുന്നു. ഭക്ഷ്യവിളകളിൽ ധാന്യങ്ങൾ, പച്ചക്കറികൾ, പഴവർഗ്ഗങ്ങൾ മുതലായവയും ഭക്ഷ്യേതര വിളകളിൽ നാണ്യവിളകളും മറ്റു വൃക്ഷലതാദികളും ഉൾപ്പെടുന്നു. ജില്ലയിൽ ഏറ്റവും കൂടുതൽ സ്ഥലത്ത് കൃഷി ചെയ്യുന്ന വിള തെങ്ങും അതുകഴിഞ്ഞാൽ റബ്ബറുമാണ്. തെങ്ങ് കഴിഞ്ഞാൽ ഏറ്റവും കൂടുതൽ സ്ഥലത്ത് കൃഷി ചെയ്യുന്ന ഭക്ഷ്യവിള മരച്ചീനി ആണ്. കിഴങ്ങുവർഗ്ഗങ്ങൾ, വാഴ, മാവ്, പ്ലാവ്, കുരുമുളക് എന്നിവയും വ്യാപകമായി കൃഷി ചെയ്തുവരുന്നു. പച്ചക്കറിയെ സംബന്ധിച്ച് മട്ടുപ്പാവിലെ കൃഷി, പോളിഹൗസ് മഴമറ കൃഷി എന്നിവ പ്രോത്സാഹനം അർഹിക്കുന്നു.

2015–16 വർഷത്തിൽ വിരിപ്പ്–മുണ്ടകൻ–പുഞ്ച സീസണുകളിലായി 2119 ഹെക്ടർ സ്ഥലത്ത് നെൽകൃഷി ഉണ്ടായിരുന്നു. കഴിഞ്ഞ 25 വർഷത്തെ കണക്കെടുത്താൽ നെൽകൃഷിയുടെ വിസ്തൃതി ഗണ്യമായ തോതിൽ കുറഞ്ഞിട്ടുണ്ട്. ലഭ്യമായ നെൽവയലുകൾ സംരക്ഷിക്കുകയും ഉത്പാദനക്ഷമത ഉയർത്തുകയും ചെയ്യേണ്ടത് അനിവാര്യമാണ്. നെൽകൃഷിയ്ക്ക് ഉപയുക്തമായ നിലംഭൂമി തരിശിടുകയോ, മരച്ചീനി, വാഴ, പച്ചക്കറികൾ തുടങ്ങിയ മറ്റുവിളകൾ കൃഷിചെയ്യുകയോ ചെയ്യുന്ന പ്രവണതയാണ് കണ്ടുവരുന്നത്. ജില്ലയിൽ നെൽകൃഷി ഏറ്റവും കൂടുതലുള്ളത് കിളിമാനൂർ ബ്ളോക്ക് പ്രദേശത്താണ്. പയർവർഗ്ഗങ്ങൾ, ഇഞ്ചി, എള്ള് എന്നിവ കൃഷി ചെയ്യുന്ന വിസ്തൃതിയും പിന്നോക്കം പോയി. വാഴയുടെ കാര്യത്തിൽ വർദ്ധനവുണ്ടായി.

കാർഷിക മേഖലയ്ക്ക് അനുവദിക്കുന്ന തുക പാടങ്ങളിലേയ്ക്കുള്ള വഴികൾ, ബണ്ടുനിർമ്മാണം, തണ്ണീർത്തടവികസനം തുടങ്ങിയവയുടെ മറവിൽ റോഡുനിർമ്മാണം നടത്തി ഇരുവശങ്ങളിലുമുള്ള നിലം നികത്തുന്ന പ്രവണതയാണ് കണ്ടുവരുന്നത്. കുടിവെള്ള ദൗർലഭ്യം, പരിസര മലിനീകരണം, കീടനാശിനി വിമുക്തമായ പച്ചക്കറികളുടെ ദൗർലഭ്യം എന്നിവയ്ക്കുള്ള ശാശ്വതപരിഹാരം ജാഗ്രതയോടെയുള്ള കാർഷികവൃത്തികളാണ്. ജില്ലയിൽ ജൈവകൃഷി ചെയ്യുന്നവരുടെ എണ്ണം കൂടിവരുന്നു എന്നുള്ളത് ആശ്വാസകരമാണ്. സമഗ്ര കൃഷിയിലൂടെ സമഗ്ര ആരോഗ്യപരിരക്ഷ – എന്ന ലക്ഷ്യം കാർഷികമേഖലയ്ക്ക് ഊർജ്ജം നൽകും. വിപണന സൗകര്യങ്ങളൂടെ അപര്യാപ്തത കാർഷികമേഖലയെ കൂടുതൽ തളർച്ചയിലേയ്ക്ക് നയിക്കുന്നു. കാർഷികോത്പ്പന്നങ്ങൾക്കായി പ്രത്യേക വിപണികൾ ആരംഭിച്ചാൽ മാത്രമെ അവയ്ക്ക് അർഹമായ വില ലഭിക്കുകയുള്ളു. വ്യാപാരത്തിന്റേയും വിലയുടേയും അനിശ്ചിതത്വവും കാലാവസ്ഥാ വ്യതിയാനവും ചെറുകിട കർഷകരെ ബാധിക്കുന്നു. ശരിയായ ഇൻഷ്വറൻസ് സംവിധാനം ഏർപ്പെടുത്തുകയും കൃഷിയോടുള്ള ആഭിമുഖ്യം കൂട്ടുന്നതിന് ആത്മാർത്ഥമായ നടപടികൾ തദ്ദേശ സ്വയംഭരണസ്ഥാപനങ്ങൾ സ്വീകരിക്കുകയും ചെയ്യേണ്ടത് അനിവാര്യമാണ്.

സഹകരണമേഖല

1914–ൽ ആയില്യം തിരുനാൾ മഹാരാജാവിന്റെ കാലത്ത് തിരുവിതാംകൂറിൽ സഹകരണ പ്രസ്ഥാനത്തിന് നാന്ദി കുറിച്ചു. അക്കാലത്ത് രൂപീകരിച്ച തിരുവനന്തപുരം സെൻട്രൽ കോ–ഓപ്പറേറ്റീവ് ബാങ്ക് ആണ് ഇന്നത്തെ സംസ്ഥാന സഹകരണബാങ്ക്. സഹകരണ പ്രസ്ഥാനം കടന്നുചെല്ലാത്ത ഒരു മേഖലയും ജില്ലയിലില്ല. കാർഷിക വായ്പാ സഹകരണ സംഘങ്ങൾ, ക്ഷീരോത്പാദന സഹകരണ സംഘങ്ങൾ, എംപ്ലോയീസ്

സഹകരണ സംഘങ്ങൾ, ഫിഷറീസ് സഹകരണ സംഘങ്ങൾ,പട്ടികജാതി–പട്ടികവർഗ്ഗ സഹകരണ സംഘങ്ങൾ, കൈത്തറി സഹകരണ സംഘങ്ങൾ തുടങ്ങിയവ ചില ഉദാഹരണങ്ങളാണ്. ജില്ലയിൽ 524 വായ്പാ സംഘങ്ങളും 2139 വായ്പേതര സംഘങ്ങളും 3142 മറ്റു സംഘങ്ങളും പ്രവർത്തിക്കുന്നു. സാധാരണ ജനങ്ങളുടെ ജീവിത നിലവാരം ഉയർത്തുന്നതിനും സാമ്പത്തികാവശ്യങ്ങൾ നിറവേറ്റുന്നതിനും വലിയ സംഭാവനയാണ് ജില്ലയിലെ സഹകരണമേഖല നൽകുന്നത്. സഹകരണസംഘങ്ങളുടെ കൺസോർഷ്യം രൂപീകരിച്ചാൽ ജില്ലയിലെ വിവിധ വികസന പ്രവർത്തനങ്ങൾക്ക് സാമ്പത്തിക സഹായം നൽകാൻ സാധിക്കും.

മത്സ്യബന്ധനം

നീണ്ട തീരപ്രദേശമുള്ളതിനാൽ മത്സ്യമേഖലയ്ക്ക് വലിയ പ്രാധാന്യമാണുള്ളത്. ആകെ 43230 മത്സ്യ തൊഴിലാളി കുടുംബങ്ങളാണ് ജില്ലയിലുള്ളത്. 49717 പേർ മത്സ്യബന്ധനത്തിലും 7297 പേർ മത്സ്യവ്യാപാരത്തിലും ഏർപ്പെട്ടിരിക്കുന്നു. ഈ മേഖലയിൽ 94 സഹകരണ സംഘങ്ങൾ പ്രവർത്തിക്കുന്നു. 42 മത്സ്യം ഇറക്ക് കേന്ദ്രങ്ങളും 12 ലേല കേന്ദ്രങ്ങളും 2 മത്സ്യ സംസ്കരണ യൂണിറ്റുകളും പ്രവർത്തിക്കുന്നുണ്ട്. ചെറിയ ജലാശയങ്ങൾ നിരവധിയുള്ളതിനാൽ ശുദ്ധജല മത്സ്യകൃഷിയ്ക്കും വലിയ സാധ്യതയാണുള്ളത്. അലങ്കാര മത്സ്യകൃഷിയും വിജയകരമായി നടത്താവുന്ന സംരംഭമാണ്.

ആരോഗ്യമേഖല

ആരോഗ്യരംഗത്ത് അന്യാദൃശമായ പുരോഗതി കൈവരിച്ച രാജ്യത്തെ ചുരുക്കം ചില സംസ്ഥാനങ്ങളിൽ ഒന്നാണ് കേരളം. കേരളത്തിലെ ഏറ്റവും കൂടുതൽ ചികിത്സാ സൗകര്യമുള്ള ജില്ലകളിൽ ഒന്നാണ് തിരുവനന്തപുരമെന്നത് എടുത്ത പറയേണ്ടതാണ്. 1811 ൽ റാണി ലക്ഷ്മിഭായിയുടെ ഭരണകാലത്താണ് പാശ്ചാത്യ വൈദ്യ സമ്പ്രദായത്തിന് തിരുവിതാംകൂറിൽ തുടക്കം കുറിച്ചത്. ആയില്യം തിരുനാളിന്റെ കാലത്ത് ഇന്നത്തെ ജനറൽ

ആശുപത്രിക്ക് മുന്നോടിയായി ഒരു സിവിൽ ആശുപത്രിയും മാനസികരോഗ ചികിത്സാകേന്ദ്രവും സ്ഥാപിച്ചു. 1951 ൽ പ്രശസ്തമായ തിരുവനന്തപുരം മെഡിക്കൽ കോളേജ് ആശുപത്രി പ്രവർത്തനം ആരംഭിച്ചു. അലോപ്പതി, ആയുർവ്വേദം, സിദ്ധ, ഹോമിയോ തുടങ്ങിയ എല്ലാ ചികിത്സാസാമ്പ്രദായങ്ങളുടേയും മെഡിക്കൽ കോളേജുകൾ ജില്ലയിൽ പ്രവർത്തിക്കുന്നുണ്ട്. 34 ശതമാനം രോഗികൾ സർക്കാർ ആശുപത്രികളിൽ ഇപ്പോൾ ചികിത്സ തേടുന്നുണ്ട്. സംസ്ഥാന സർക്കാർ രൂപം കൊടുത്തിട്ടുള്ള 'ആർദ്രം' പദ്ധതി സർക്കാർ ആശുപത്രികളിലെ ചികിത്സയുടെ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനും രോഗികൾക്ക് സൗഹാർദ്ദപരമായ അന്തരീക്ഷം പ്രദാനം ചെയ്യുന്നതിനും ലക്ഷ്യം വെച്ചുകൊണ്ടുള്ളതാണ്. സർക്കാർ മേഖലയിൽ (മെഡിക്കൽ കോളേജ് ഒഴികെ) 80 ആശുപത്രികളോട് ചേർന്ന് ക്ലിനിക്കൽ ലാബ് പ്രവർത്തിക്കുമ്പോൾ, സ്വകാര്യ മേഖലയിൽ ആശുപത്രികളുമായി ബന്ധപ്പെടാതെ 410 മെഡിക്കൽ ലാബുകൾ പ്രവർത്തിക്കുന്നു. 109 സർക്കാർ ആശുപത്രികളിൽ ഫാർമസികൾ പ്രവർത്തിക്കുന്നുണ്ട്. സ്വകാര്യ മേഖലയിൽ 2285 മെഡിക്കൽ സ്റ്റോറുകളുണ്ട്. കുറഞ്ഞ വിലയ്ക്ക് മരുന്നുകൾ ലഭ്യമാക്കാൻ സർക്കാർ/ സഹകരണ മേഖലകളിൽ ന്യായവില മെഡിക്കൽ സ്റ്റോറുകളും പ്രവർത്തിക്കുന്നുണ്ട്. ഇവയുടെ എണ്ണം വർദ്ധിപ്പിക്കേണ്ടത് അത്യാവശ്യമാണ്.

അന്യ സംസ്ഥാന തൊഴിലാളികളുടെ വൻകുടിയേറ്റം ജില്ലയിലുള്ളതിനാൽ മന്ത്, മലേറിയ, കുഷ്ഠം, കോളറ തുടങ്ങിയ പകർച്ച വ്യാധികൾ അടുത്ത കാലത്ത് കൂടുതലായി റിപ്പോർട്ട് ചെയ്യുന്നുണ്ട്. ഇതിനെതിരെ ശക്തമായ പ്രതിരോധമാർഗ്ഗങ്ങൾ അവലംബിക്കണം. മാനസികരോഗ വിമുക്തരായവരുടെ പുനരധിവാസം ഒരു കീറാമുട്ടിയായി ഇപ്പോഴും തുടരുന്നു. രോഗം മാറുന്നവരെ അവരുടെ കുടുംബങ്ങൾ സ്വീകരിക്കാത്തതാണ് പ്രശ്നം. ഇത് പരിഹരിക്കപ്പെടേണ്ടതാണ്.

ഹൃദ്രോഗം, കരൾ രോഗം, കിഡ്നി തകരാർ, ക്യാൻസർ തുടങ്ങിയവയ്ക്കുള്ള ചികിത്സകൾ വളരെ ചിലവേറിയതാണ്. ഇത്തരം രോഗങ്ങൾക്കുള്ള വിദഗ്ധ ചികിത്സാ സൗകര്യങ്ങൾ എല്ലാ താലൂക്ക് ആസ്ഥാനങ്ങളിലും വ്യാപിപ്പിക്കേണ്ടത് അത്യാവശ്യമാണ്. ജീവിതശൈലീരോഗങ്ങളുടെ ആധിക്യവും പകർച്ചവ്യാധികളുടെ വ്യാപനവും അതീവ ഗൗരവത്തോടെ കൈകാര്യം ചെയ്യേണ്ടതാണ്.

കലാസാംസ്കാരികം

ഇന്ത്യയിലെ പഴക്കംചെന്ന ലൈബ്രറികളിൽ ഒന്നായ സ്റ്റേറ്റ് സെൻട്രൽ ലൈബ്രറി സ്ഥാപിതമായത് 1829-ലാണ്. ജില്ലയിലൊട്ടാകെ ഗ്രന്ഥശാലാസംഘത്തിൽ രജിസ്റ്റർ ചെയ്തിട്ടുള്ള 532 ലൈബ്രറികൾ ഇപ്പോൾ പ്രവർത്തിച്ചുവരുന്നു. കൂടാതെ നിരവധി ആർട്സ് ആന്റ് സ്പോർട്സ് ക്ലബ്ബുകളും കലാസാംസ്കാരിക സംഘടനകളും പ്രവർത്തിക്കുന്നു.

കുട്ടികളുടെ നാടകവേദിയായ രംഗപ്രഭാത്, കഥകളി, കൂടിയാട്ടം, കൂത്ത് തുടങ്ങിയ കേരളീയ നൃത്തരൂപങ്ങളുടെ കേന്ദ്രമായ മാർഗ്ഗി, ഗുരുഗോപിനാഥ് നടനഗ്രാമം എന്നിവ കലാരംഗത്തെ പ്രശസ്ത സംരംഭങ്ങളാണ്. അന്താരാഷ്ട്ര ചലച്ചിത്രോത്സവത്തിന്റെ (ഐ.എഫ്.എഫ്.കെ) സ്ഥിരം വേദികൂടിയാണ് തിരുവനന്തപുരം.

ഗ്രന്ഥാലയങ്ങൾ ആവശ്യത്തിനുണ്ടെങ്കിലും ജനങ്ങളുടെ വായനാശീലം കുറഞ്ഞുവരികയാണ്. കുട്ടികളുടെ ഇടയിലാണ് വായനാശീലം കുറേയെങ്കിലും അവശേഷിക്കുന്നത്. ടെലിവിഷൻ ഉൾപ്പെടെയുള്ള ദൃശ്യ-ശ്രവ്യ മാധ്യമങ്ങളും, ഫെയ്സ്ബുക്ക്, വാട്ട്സ്ആപ്പ് തുടങ്ങിയ നവമാധ്യമങ്ങളുടെ അതിപ്രസരണമാണ് ഇതിനു കാരണം. സാമൂഹിക പുരോഗതിയ്ക്ക് ഗ്രാമ- നഗര ഭേദമില്ലാതെ കലാസാംസ്കാരിക പ്രവർത്തനങ്ങളും നല്ല വായനയും ജനകീയമാക്കേണ്ടത് അത്യന്താപേക്ഷിതമാണ്.

ഓറിയന്റൽ റിസർച്ച് ഇൻസ്റ്റിസ്യൂറ്റ് ആന്റ് മാനുസ്ക്രിപ്റ്റ് ലൈബ്രറി

വിദ്യാഭ്യാസമേഖല

സമൂഹത്തിന്റെ പുന:സൃഷ്ടിയിൽ വിദ്യാഭ്യാസത്തിന് വലിയ പങ്കുണ്ട്. ജില്ലയുടെ വിദ്യാഭ്യാസപുരോഗതിക്ക് അടിസ്ഥാനം ക്രിസ്ത്യൻ മിഷണറിമാരുടെ പ്രവർത്തനങ്ങളും തിരുവിതാംകൂർ രാജാക്കൻമാർ വിദ്യാഭ്യാസത്തോടു കാണിച്ച ആഭിമുഖ്യവുമാണ്. 19-ാം നൂറ്റാണ്ടിന്റെ ആദ്യദശകങ്ങൾ മുതൽ വിദ്യാഭ്യാസ സ്ഥാപനങ്ങൾ പ്രവർത്തിച്ചു തുടങ്ങി. റാണി ഗൗരി പാർവ്വതീഭായിയുടെ കാലത്ത് വിദ്യാലയങ്ങളെ സർക്കാർ നിയന്ത്രണത്തിൽ കൊണ്ടുവരികയും അതിനായി ഒരു വകുപ്പിന് രൂപം നൽകുകയും ചെയ്തു. അതിന്റെ വികസിത രൂപമാണ് ഇന്നത്തെ വിദ്യാഭ്യാസ വകുപ്പ്. സ്വാതിതിരുനാളിന്റെ കാലത്ത് ഇംഗ്ലീഷ് വിദ്യാഭ്യാസം സാർവ്വത്രികമാക്കി. താലൂക്കുകൾ തോറും നാട്ടുഭാഷാ വിദ്യാലയങ്ങൾ സ്ഥാപിച്ചു.

ബ്രിട്ടീഷ് സമ്പ്രദായത്തിലുള്ള കലാശാലാ വിദ്യാഭ്യാസം 19-ാം നൂറ്റാണ്ടിന്റെ അവസാനത്തോടെ തിരുവിതാംകൂറിൽ നിലവിൽ വന്നു. തിരുവിതാംകൂർ യൂണിവേഴ്സിറ്റി സ്ഥാപിതമാകുന്നത് 1937-ലാണ്. ഇത് പിന്നീട് കേരള സർവ്വകലാശാലയായി മാറി.

1939 വരെ ജില്ലയിൽ സാങ്കേതിക കലാലയങ്ങൾ ഉണ്ടായിരുന്നില്ല. ശ്രീചിത്തിര തിരുനാൾ മഹാരാജാവാണ് തിരുവനന്തപുരത്ത് ഒരു എഞ്ചിനീയറിംഗ് കോളേജ് സ്ഥാപിക്കുന്നത്. ജില്ലയിൽ ഇരുപത് ആർട്ട്സ് ആന്റ് സയൻസ് കോളേജുകളും സ്വാശ്രയ മേഖലയിലേതുൾപ്പടെ 15 എഞ്ചിനീയറിംഗ് കോളേജുകളും ഉണ്ട്. സ്വാതി തിരുന്നാൾ

സംഗീതകോളേജ്, കോളേജ് ഓഫ് ഫൈൻ ആർട്സ്, ഐസർ, വെള്ളായണി കാർഷിക കോളേജ് എന്നിവയും പ്രമുഖ വിദ്യാഭ്യാസ സ്ഥാപനങ്ങളാണ്. തിരുവനന്തപുരത്ത് സ്ഥിതിചെയ്യുന്ന നിയമകലാലയങ്ങളിലൊന്നാണ് ഗവ: ലോ കോളേജ്.

ലോവർ പ്രൈമറി വിഭാഗത്തിൽ 505 ഉം അപ്പർപ്രൈമറി വിഭാഗത്തിൽ 218 ഉം ഹൈസ്കൂൾ വിഭാഗത്തിൽ 272 ഉം സ്കൂളുകൾ ജില്ലയിലുണ്ട്. ഇവയ്ക്കുപുറമെ 15 ഐ.സി.എസ്.ഇ സ്കൂളുകളും 121 സി.ബി.എസ്.ഇ സ്കൂളുകളും പ്രവർത്തിച്ചുവരുന്നു. ജില്ലയിൽ 3 ടെക്നിക്കൽ ഹൈസ്കൂളുകളും 5 കേന്ദ്രീയ വിദ്യാലയങ്ങളും ഒരു ജവഹർ നവോദയ വിദ്യാലയവും ശ്രവണ–കാഴ്ച വൈകല്യമുള്ളവർക്കായി രണ്ട് സ്കൂളുകളും മാനസികവെല്ലുവിളി നേരിടുന്നവർക്കായി 22 സ്കൂളുകളും നടത്തപ്പെടുന്നു. 541 വിദ്യാലയങ്ങളിൽ സംസ്കൃതം, അറബിക് എന്നിവ പഠിക്കുന്നതിനുള്ള സൗകര്യം അധികമായി ഏർപ്പെടുത്തിയിട്ടുണ്ട്. ശ്രവണ–കാഴ്ച വൈകല്യമുള്ള കുട്ടികൾക്കായുള്ള സ്ഥാപനമായ 'നിഷ്' ജില്ലയിലെ ആക്കുളത്ത് പ്രവർത്തിക്കുന്നു. ജില്ലയിൽ ആകെ 3061 അംഗനവാടികൾ ഉണ്ട്. 13,961 പേർ ഗവൺമെന്റ്, എയ്ഡഡ്, അൺഎയ്ഡഡ് സ്കൂളുകളിൽ അധ്യാപകരായി ജോലി ചെയ്യുന്നു. ഇതിൽ 10,794 പേർ സ്ത്രീകളും 3,167 പേർ പുരുഷന്മാരുമാണ്.

1–ാം ക്ളാസ് മുതൽ +2 വരെയുള്ള സ്കൂൾ വിദ്യാഭ്യാസം മെച്ചപ്പെടുത്തുന്നതിനു വേണ്ടി 2017 ജൂൺ മുതൽ 2021 മാർച്ച് വരെ ഓരോ വിദ്യാലയവും നേടേണ്ട നിലവാരം സംബന്ധിച്ച് കേരള സർക്കാർ തയ്യാറാക്കിയ കേരളാ എഡ്യൂക്കേഷൻ മിഷൻ അജണ്ട 2021 പദ്ധതി നമ്മുടെ സ്കൂൾ വിദ്യാഭ്യാസത്തെ അന്തർദേശീയ നിലവാരത്തിലേയ്ക്ക് ഉയർത്തുമെന്നാണ് പ്രതീക്ഷിക്കുന്നത്.

ജനാധിപത്യം, അവസരസമത്വം, ചൂഷണരാഹിത്യം, പ്രകൃതി സംരംക്ഷണം തുടങ്ങിയവ മൂല്യങ്ങളായിക്കാണുന്ന ഒരു സമൂഹത്തിനുവേണ്ടി വിദ്യാർത്ഥികളെ സജ്ജരാക്കണം. ഗണിതം, സയൻസ് എന്നിവയ്ക്ക് അഖിലേന്ത്യാതലത്തിൽ ഒരു പൊതു സിലബസ് അനിവാര്യമാണ്.

കലോത്സവങ്ങളും ശാസ്ത്ര–ഗണിത–പ്രവൃത്തിപരിചയ മേളകളും അനാവശ്യ മത്സരങ്ങളുടെ വേദിയാകതെ നേക്കേണ്ടത് അത്യാവശ്യമാണ്. അദ്ധ്യാപക പരിശീലനം അർഹിക്കുന്ന ഗൗരവത്തോടെ നടത്തണം. നമ്മുടെ പ്രീസ്കൂളുകളിൽ പലയിടത്തും ശാസ്ത്രീയമായ പഠനരീതിയല്ല അവലംബിക്കുന്നത്. ഇതിന് മാറ്റമുണ്ടാകണം. സ്കൂൾ കോളേജ് വിദ്യാഭ്യാസ രംഗവും സാങ്കേതിക വിദ്യാഭ്യാസ രംഗവും ഇന്ന് നേരിടുന്ന പ്രധാന വെല്ലുവിളി നിലവാര തകർച്ചയാണ്. സ്കൂൾ വിദ്യാർത്ഥികൾ മദ്യത്തിനും ലഹരി വസ്തുക്കൾക്കും അടിമപ്പെട്ടുപോകുന്ന പ്രവണത അത്യന്ത ഗൗരവത്തോടെ കാണണം. മൊബൈൽ ഫോൺ, മോട്ടോർ ബൈക്ക്, ആവശ്യത്തിലധികം പണം എന്നിവ നൽകുന്നതിലെ അപകടം സംബന്ധിച്ച് രക്ഷാകർത്താക്കളെ ബോധ്യപ്പെടുത്തണം. സ്കൂൾ, കോളേജ്, പ്രൊഫഷണൽ കോളേജ് മറ്റ് വിദ്യാഭ്യാസ സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ പൗരധർമ്മം, പരിസ്ഥിതി സംരംക്ഷണം എന്നിവ സിലബസിന്റെ ഭാഗമാക്കണം. ഉന്നത വിദ്യാഭ്യാസ കേന്ദ്രങ്ങളെ മികവിന്റെ കേന്ദ്രങ്ങളാക്കണം. നൈപുണിവിദ്യാഭ്യാസത്തെയും പരിശീലനത്തെയും ഹയർ സെക്കന്ററി തലം മുതൽ പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തണം.

വ്യവസായമേഖല

വ്യവസായ രംഗത്ത് ജില്ലയുടെ സുവർണ്ണകാലം ശ്രീ ചിത്തിരതിരുന്നാൾ മഹാരാജാവിന്റെ ഭരണകാലം മുതൽ ആരംഭിക്കുന്നു. എഫ്.എ.സി.റ്റി പോലെയുള്ള പ്രമുഖ വ്യവസായങ്ങൾക്കൊപ്പമാണ് തിരുവനന്തപുരത്ത് ട്രാവൻകൂർ ടൈറ്റാനിയം പ്രോഡക്റ്റ്സ്, വിജയമോഹിനി മിൽസ് എന്നിവ ആരംഭിച്ചത്. അന്തർദേശീയ പ്രശസ്തമായ തുറമുഖമാണ് വിഴിഞ്ഞം. തുറമുഖത്തിന്റെ പണി പൂർത്തിയാകുന്നതോടെ ജില്ലയുടെ വ്യവസായക്കുതിപ്പിന് ആക്കം കൂടും. കഴക്കൂട്ടത്തുള്ള ടെക്നോപാർക്ക് ഇൻഡ്യയിലെ തന്നെ ഐ.റ്റി വ്യവസായ രംഗത്തെ പ്രമുഖ കേന്ദ്രങ്ങളിൽ ഒന്നാണ്.

ടെക്നോപാർക്ക്

ടെക്നോസിറ്റി കൂടി പ്രവർത്തനം ആരംഭിക്കുന്നതോടെ ഐ.റ്റി മേഖലയിലും അനുബന്ധമേഖലകളിലും കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കപ്പെടും. 2021–ഓടെ ഐ.റ്റി മേഖല നേരിട്ട് ഒരു ലക്ഷത്തോളം പേർക്കും പരോക്ഷമായി നാല് ലക്ഷത്തോളം പേർക്കും തൊഴിൽ നൽകാൻ പ്രാപ്തമാകുമെന്നാണ് പ്രതീക്ഷിക്കുന്നത്. ഈ ലക്ഷ്യം മുന്നിൽ കണ്ടുകൊണ്ടാണ് ടെക്നോപാർക്ക് മുതൽ ടെക്നോസിറ്റി വരെ നീളുന്ന ഐ.റ്റി ഇടനാഴി പ്രവർത്തന സജ്ജമാകുന്നത്. കഴക്കൂട്ടത്തെ കിൻഫ്രാ പാർക്കിൽ പൊതുമേഖലയിലും സ്വകാര്യമേഖലയിലും നിരവധി തൊഴിൽ സംരംഭങ്ങൾ വിജയകരമായി പ്രവർത്തിച്ചുവരുന്നു. കേരളത്തിലെ ഏറ്റവും പ്രസിദ്ധമായ കൈത്തറി നിർമ്മാണ കേന്ദ്രമാണ് ബാലരാമപുരം.

തൊഴിലാളികളുടെ കൂലിക്കുറവും വിപണന പ്രശ്നങ്ങളും ഉത്പന്നങ്ങളുടെ വൈവിദ്ധ്യവത്കരണമില്ലായ്മയും കൈത്തറിമേഖലയെ പിറകോട്ടടിക്കുന്ന കാരണങ്ങളാണ്. കയർമേഖലയും ഇതിന് സമാനമായ പ്രശ്നങ്ങളാണ് ഇപ്പോൾ അഭിമുഖീകരിക്കുന്നത്. ഒരു കാലത്ത് കേരളത്തിന്റെ യശസ്സുയർത്തിയ ഈ വ്യവസായങ്ങൾ ആധുനികവത്കരിച്ച് പുനരുജ്ജീവിപ്പിക്കാൻ കഴിയണം. കശുവണ്ടി വ്യവസായരംഗവും തകർച്ചയിലാണ്.

കെ.എ.എൽ –ന്റെ പ്രവർത്തനത്തിൽ പഴയ പ്രതാപം ഇപ്പോഴില്ല. കെൽട്രോണിന് ഇനിയും വലിയ വികസന സാധ്യതകളുണ്ട്.

2016 സെപ്തംബർ വരെയുള്ള കണക്കനുസരിച്ച് ജില്ലയിൽ 1,95,968 പുരുഷന്മാരും 3,24,585 സ്ത്രീകളും തൊഴിൽ അന്വേഷകരായുണ്ട്. പുരുഷന്മാരിൽ 26,132 പേരും സ്ത്രീകളിൽ 26,766 പേരും സാങ്കേതിക പരിജ്ഞാനം നേടിയവരാണ്. ചെറുതും ഇടത്തരവുമായ വ്യവസായ യൂണിറ്റുകളുടെ ശൃംഖല വികസിപ്പിച്ച് തൊഴിലവസരങ്ങൾ സൃഷ്ടിക്കേണ്ടത് വളരെ അത്യാവശ്യമാണ്.

ഗതാഗതം

19–ാം നൂറ്റാണ്ടിന്റെ ഉത്തരാർദ്ധം വരെ വാഹനഗതാഗത യോഗ്യമായ റോഡുകൾ തിരുവനന്തപുരത്തോ പ്രാന്തപ്രദേശങ്ങളിലോ ഉണ്ടായിരുന്നില്ല. കാൽനടയായും പല്ലക്കിലുമായാണ് യാത്ര ചെയ്തിരുന്നത്. ദിവാൻ സർ ടി മാധവറാവുവിന്റെ കാലത്താണ് വലിയ പാതകൾക്ക് തുടക്കമിട്ടത്. തിരുവനന്തപുരത്തുനിന്ന് കൊല്ലത്തേയ്ക്കും ചെങ്കോട്ടയ്ക്കും കൊട്ടാരക്കരയ്ക്കും ആരുവാമൊഴിയിലേയ്ക്കും അദ്ദേഹം പാതകൾ നിർമ്മിച്ചു. 19–ാം നൂറ്റാണ്ടിന്റെ പകുതിയോടെ ഇംഗ്ലീഷുകാർ തിരുവനന്തപുരത്ത് താമസമാക്കിയത് നഗരവികസനത്തിനും ഒപ്പം പാതകളുടെ നിർമ്മാണത്തിനും കാരണമായി.

കനാൽ മുഖേന കൊച്ചിയേയും തിരുവനന്തപുരത്തേയ്ക്കും ബന്ധിപ്പിക്കാനുള്ള ശ്രമത്തിന്റെ ഭാഗമായി റാണി ഗൗരിപാർവ്വതിഭായിയുടെ കാലത്ത് വള്ളക്കടവ് മുതൽ കഠിനംകുളം വരെ കനാൽ നിർമ്മിച്ചു. 1877 ൽ വർക്കല തുരുത്തുകളുടെ പണി പൂർത്തിയായതോടെ തിരുവനന്തപുരം മുതൽ കൊച്ചി വരെയുള്ള ജലയാത്ര സുഗമമായി. ഉത്രം തിരുന്നാൾ മാർത്താണ്ഡ വർമ്മ തിരുവനന്തപുരം മുതൽ കന്യാകുമാരി വരെ കനാൽ നിർമ്മിക്കാൻ പദ്ധതിയിട്ടെങ്കിലും പൂർത്തിയാക്കാൻ കഴിഞ്ഞില്ല.

റോഡ്, റെയിൽ, ജല–ഗതാഗത മാർഗ്ഗങ്ങൾക്കുപുറമെ വ്യോമ ഗതാഗത സൗകര്യത്തിലും തിരുവനന്തപുരം ജില്ല മുന്നിട്ടു നിൽക്കുന്നു. 121 കി.മീ നീളത്തിൽ നാഷണൽ ഹൈവേയും 180 കി.മീ നീളത്തിൽ സ്റ്റേറ്റ് ഹൈവേയും 2377 കി.മീ നീളത്തിൽ പി.ഡബ്ല്യു.ഡി റോഡുകളും ഏകദേശം 9500 കി.മീ നീളത്തിൽ തദ്ദേശഭരണസ്ഥാപനങ്ങളുടെ കീഴിലുള്ള റോഡുകളും ജില്ലയിലുണ്ട്. 194 പാലങ്ങളാണ് ജില്ലയിലുള്ളത്. 78 കി.മീ നീളത്തിൽ റെയിൽവേ ലൈൻ ജില്ലയിലൂടെ കടന്നുപോകുന്നു.

സ്റ്റേറ്റ് ട്രാൻസ്പോർട്ട് സർവ്വീസ് പ്രവർത്തനമാരംഭിച്ചത് ശ്രീചിത്തിരതിരുന്നാളിന്റെ കാലത്താണ്. അതാണ് പിന്നീട് കെ.എസ്.ആർ.ടി.സി ആയി മാറിയത്. ജില്ലയിൽ 9 ഡിപ്പോകളും 7 സബ്ഡിപ്പോകളും 4 ഓപ്പറേറ്റിംഗ് സ്റ്റേഷനുകളും കെ.എസ്.ആർ.ടി.സിയ്ക്ക് ഇപ്പോഴുണ്ട്. കെ.എസ്.ആർ.ടി.സിയുടേതായി ഏകദേശം 1300–ഓളവും സ്വകാര്യമേഖലയിൽ ഏകദേശം 500–ഓളവും ബസുകൾ ജില്ലയിൽ സർവ്വീസ് നടത്തുന്നുണ്ട്. ഇത് ഒരു പരിധി വരെ ജനങ്ങളുടെ യാത്ര സുഗമമാക്കുന്നുണ്ടെങ്കിലും പൊതുഗതാഗത സൗകര്യത്തിന്റെ കാര്യത്തിൽ ഇനിയും അധികദൂരം പോകാനുണ്ട്. വിഴിഞ്ഞത്തെ അന്താരാഷ്ട്ര തുറമുഖ നിർമ്മാണം പൂർത്തിയായി കഴിഞ്ഞാൽ ഇവിടേയ്ക്കുള്ള കണ്ടെയ്നറുകളും ട്രെയിലറുകളും എത്തിച്ചേരുന്നതിനായി റെയിൽ/റോഡ് ഗതാഗത ശൃംഖല പൂർത്തീകരിക്കേണ്ടതുണ്ട്.

തിരുവനന്തപുരം അന്താരാഷ്ട്ര വിമാനത്താവളത്തിലൂടെ പ്രതിവർഷം ഏകദേശം 5000–ത്തോളം ആഭ്യന്തര വിമാന സർവ്വീസുകളും ഏകദേശം 14000–ത്തോളവും അന്തർദേശീയ വിമാന സർവ്വീസുകളും നടന്നുവരുന്നു. ആഭ്യന്തര യാത്രക്കാരുടെ എണ്ണം 10 ലക്ഷത്തിലധികവും അന്തർദേശീയ യാത്രക്കാരുടെ എണ്ണം 20 ലക്ഷത്തിലധികവുമാണ്.

ഉൾനാടൻ ജലഗതാഗതത്തിന്റെ ഭാഗമായ പൂന്തുറ മുതൽ ഇടവ വരെയുള്ള കനാലിന്റെ വികസനം അത്യാവശ്യമാണ്.

ജില്ലയിലെ പ്രധാന ജംഗ്ഷനുകളെല്ലാം വാഹനതിരക്കുകൊണ്ട് ബുദ്ധിമുട്ടുകയാണ്. വർഷങ്ങൾക്കുമുൻപ് നഗരഹൃദയത്തിലേയ്ക്ക് ഒരു മണിക്കൂർ കൊണ്ട് എത്താവുന്ന ദൂരം തരണം ചെയ്യണമെങ്കിൽ ഇപ്പോൾ (പീക്ക് ടൈം) രണ്ടു മണിക്കൂർ വേണം എന്ന സ്ഥിതിയിലാണ്.

ട്രാഫിക് തിരക്കുള്ള ജംഗ്ഷനുകളിലെല്ലാം മേൽപാലങ്ങളോ, ഫ്ളൈഓവറുകളോ, ബൈപാസുകളോ നിർമ്മിക്കേണ്ടത് അനിവാര്യമാണ്. കൂടാതെ പൊതുഗതാഗത സംവിധാനം ശക്തിപ്പെടുത്തുകയും, അത് ഉപയോഗിക്കാനുള്ള മാനസികാവസ്ഥ പൗരന്മാരിൽ വളർത്തുകയും വേണം. അമിതവേഗതയിൽ വാഹനം ഓടിക്കുന്നവരും മദ്യപിച്ചുകൊണ്ട് വാഹനം ഓടിയ്ക്കുന്നവരും ട്രാഫിക് നിയമങ്ങൾ തെറ്റിക്കുന്നവരും പ്രായപൂർത്തിയാകാത്ത ഡ്രൈവർമാരും അപകടങ്ങൾക്ക് വഴിയൊരുക്കുന്നുണ്ട്. ബോധവൽക്കരണവും നിയമങ്ങളുടെ കാർക്കശ്യവും കൊണ്ട് ഇതിനെ തടയാനാകും.

1918–ലാണ് കൊല്ലത്ത് നിന്ന് ചാക്ക വരെ റെയിൽവേ ഗതാഗതം തുടങ്ങുന്നത്. 1931–ൽ അത് തമ്പാനൂർ വരെ നീട്ടി. ഇപ്പോൾ ജില്ലയുടെ പടിഞ്ഞാറൻ തീരത്തുകൂടിയാണ് റെയിൽവേ ലൈൻ കടന്നുപോകുന്നത്. ഇത് ഒരു ചെറിയ ശതമാനത്തിനു മാത്രമാണ് പ്രയോജനം ചെയ്യുന്നത്. ഈ സാഹചര്യത്തിൽ എം.സി റോഡിനു സമാന്തരമായി തിരുവനന്തപുരം – കിളിമാനൂർ–കൊട്ടാരക്കര–ചെങ്ങന്നൂർ റെയിൽപാതയും സബർബൻ റെയിൽവേ ലൈനുകളും ജില്ലയിലെ ജനങ്ങളുടെ ചിരകാല സ്വപ്നമാണ്. കൂടാതെ നിലവിലുള്ള പാതകൾ പൂർണ്ണമായും ഇരട്ടിപ്പിക്കണം.

മണ്ണ് സംരക്ഷണം, കുടിവെള്ളം, ജലസേചനം

ഭൂവിജ്ഞാനീയമായി ജില്ലയെ മലമടക്കുകൾ, ശിലാസ്തരങ്ങൾ, ലാറ്ററൈറ്റ് മേഖല, തീരപ്രദേശം എന്നിങ്ങനെ നാലും ഭൂപ്രകൃതി അനുസരിച്ച് തീരപ്രദേശം, ഇടനാട്, ഇടമലനാട്, മലനാട്, പർവ്വതപ്രദേശം എന്നിങ്ങനെ അഞ്ച് ആയും വിഭജിച്ചിരിക്കുന്നു. ജില്ലയിലെ ഭൂരിഭാഗം മണ്ണിലും കളിമണ്ണിന്റെ അംശം കൂടുതലാണ്. മറ്റ് താലൂക്കുകളുമായി താരതമ്യം ചെയ്യുമ്പോൾ നെയ്യാറ്റിൻകര താലൂക്കിലാണ് മണ്ണൊലിപ്പ് കൂടുതലുള്ളത്.

ഭൂജല ലഭ്യത 296.24 മില്യൺ ക്യൂബിക് മീറ്ററും, ഉപയോഗം 178.54 മില്യൺ ക്യൂബിക് മീറ്ററുമാണ്. കോർപ്പറേഷൻ, മുനിസിപ്പാലിറ്റി, ഗ്രാമപഞ്ചായത്ത് പ്രദേശങ്ങളിലായി ഏകദേശം 1991 ഭൂജലാധിഷ്ഠിത കുടിവെള്ള സ്രോതസ്സുകൾ നിലവിലുണ്ട്. ഇതിൽ 457 എണ്ണം ചെറുകിട കുടിവെള്ള പദ്ധതികളാണ്. 1534 എണ്ണം കൈപ്പമ്പ് ഘടിപ്പിച്ചവയുമാണ്.

ജില്ലയിലെ പ്രധാന ജലസ്രോതസ്സുകൾ നദികൾ, കിണറുകൾ, കുഴൽകിണറുകൾ, കുളങ്ങൾ, തോടുകൾ, അരുവികൾ, കായലുകൾ എന്നിവയാണ്. നഗരപ്രദേശങ്ങളിലെ ജനങ്ങൾ പൈപ്പുവെള്ളവും ഗ്രാമീണർ കിണർ വെള്ളവുമാണ് കൂടുതലായി ആശ്രയിക്കുന്നത്. കാലാവാസ്ഥയിലുണ്ടായ വ്യതിയാനം കുടിവെള്ളസ്രോതസ്സുകൾ വറ്റി വരളുന്നതിനു കാരണമായിട്ടുണ്ട്.

നഗരവത്കരണം മൂലം ഒരു വശത്ത് വെള്ളത്തിന്റെ ആവശ്യം അനുദിനം വർദ്ധിക്കുമ്പോൾ മറുവശത്ത് ഭൂവിനിയോഗത്തിൽ വന്ന മാറ്റം ഭൂമിയുടെ ജലസംഭരണശേഷി ഗണ്യമായി കുറയ്ക്കുന്നു. ഭൂഗർഭജലവിതാനം അനുദിനം താഴുന്നതായി പഠനങ്ങൾ തെളിയിക്കുന്നു. ഏറ്റവുംകൂടുതൽ മലിനപ്പെടുന്ന മനുഷ്യന്റെ നിത്യോപയോഗ വസ്തു

ജലമാണ്. അലക്ഷ്യമായി കൈകാര്യം ചെയ്യുന്ന ജൈവ–ഖര–രാസ–ഇ–ആശുപത്രി–മാലിന്യങ്ങൾ പരിമിതമായി ലഭിക്കുന്ന ജലത്തെ മലിനപ്പെടുത്തുന്നു.

വീടുകളിൽ നിന്നുള്ള മലിനജലം പുറത്തേയ്ക്കൊഴുക്കുന്ന പൈപ്പുകളും, ഹോട്ടലുകളിലെ മാലിന്യ പൈപ്പുകളും തോടുകളിലേയ്ക്കും നദികളിലേയ്ക്കും തുറന്നുവിട്ടിരിക്കുന്ന കാഴ്ച എമ്പാടും കാണാം. ഇവയ്ക്കെല്ലാമെതിരെ ബോധവത്കരണത്തോടൊപ്പം തന്നെ കർശന നിയമങ്ങളും അനിവാര്യമാണ്. ജലത്തിന്റെ വിനിയോഗം പരിമിതപ്പെടുത്തുന്നതിനും ദുരുപയോഗം തടയുന്നതിനും ജലസാക്ഷരത അത്യാവശ്യമാണ്. മഴവെള്ളവും പാറ ക്വാറികളിലെ വെള്ളവും ശുദ്ധീകരിച്ച് കുടിവെള്ളമായും മറ്റാവശ്യങ്ങൾക്കും ഉപയോഗിക്കുന്ന പദ്ധതികൾ ആവിഷ്കരിക്കേണ്ടതാണ്. പുതുതായി വീടുകളോ കെട്ടിടങ്ങളോ നിർമ്മിക്കുന്നതിനോടൊപ്പം മഴവെള്ള സംഭരണികളുടെ നിർമ്മാണവും ഉറപ്പാക്കണം. ജില്ലയിലെ നദികളിലും വലിയ തോടുകളിലും തടയണകൾ നിർമ്മിച്ചാൽ കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിനും ജലസേചനത്തിനും സഹായകമാകും. ജില്ലയിലെ എല്ലാ സർക്കാർ – സർക്കാരിതര സ്ഥാപനങ്ങളിലും വീടുകളിലും കിണർ സംപോഷണ പദ്ധതികൾ നടപ്പിലാക്കണം. ജില്ലയിലെ സ്വകാര്യ പൊതു ജലസ്രോതസ്സുകൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ രജിസ്റ്റർ ചെയ്യുന്നതിനും വിശദമായ സർവ്വേ നടത്തി അവയുടെ കൃത്യമായ എണ്ണവും നിലവിലെ അവസ്ഥയും രേഖപ്പെടുത്തുന്നതിനും നടപടികൾ എടുക്കണം.

12,789 ഹെക്ടർ സ്ഥലത്ത് ജില്ലയിൽ ജലസേചനം നടക്കുന്നുണ്ട്. നെയ്യാർ ജലസേചന പദ്ധതി കൂടാതെ മറ്റ് നദികളിലേയും തോടുകളിലേയും തടയണകളും ക്രോസ് ബാറുകളും ഇതിന് സഹായിക്കുന്നു. ജലസ്രോതസ്സുകളിൽ വേനൽകാലത്ത് ഉപ്പുവെള്ളം കയറുന്നത് ജലസേചനം അസാധ്യമാക്കുന്നു. കൂടാതെ തടയണകളുടേയും ക്രോസ് ബാറുകളുടേയും അറ്റകുറ്റ പണികൾ യഥാസമയം നടക്കാത്തതും ജലസേചനത്തെ ബാധിക്കുന്നു.

പാർപ്പിടം

2011–ലെ സെൻസസ് പ്രകാരം 828774 വീടുകൾ ജില്ലയിലുണ്ട്. അവയിൽ 98438 എണ്ണം പട്ടികജാതിക്കാരുടേതും 9651 എണ്ണം പട്ടികവർഗ്ഗക്കാരുടേയുമാണ്. ജില്ലയിലെ 8 ശതമാനം

വീടുകൾ പുതുക്കിപണിയേണ്ട അവസ്ഥയിലാണ്. പട്ടികജാതിക്കാരുടെ 8.4 ശതമാനവും പട്ടിക വർഗ്ഗക്കാരുടെ 14.7 ശതമാനവും ഭവനങ്ങൾ പുതുക്കിപ്പണിയൽ ആവശ്യമുള്ളവയാണ്. സംസ്ഥാനത്ത് ഏറ്റവും കൂടുതൽ അടുക്കളയില്ലാവീടുകൾ ജില്ലയിലാണുള്ളത്. 10 ശതമാനം വീടുകൾ ഒറ്റമുറി വീടുകളാണ്. 6 ശതമാനം വീടുകളിൽ കക്കൂസ് ഇല്ല. ഭൂമിയുണ്ടായിട്ടും ഭവനരഹിതരായ 23846 കുടുംബങ്ങളും ഭൂരഹിത – ഭവനരഹിതരായി 55379 കുടുംബങ്ങളും ഉണ്ട്. എല്ലാഭൂരഹിത ഭവനരഹിത കുടുംബങ്ങൾക്കും 5 വർഷം കൊണ്ട് വീടുകൾ നിർമ്മിച്ചു നൽകുന്നതിന് ജീവനം (ലൈഫ്) എന്ന പദ്ധതിപൂർണ്ണമായും നടപ്പിലാക്കണം. ജനനം കൊണ്ട് വിദേശി ആണെങ്കിലും തിരുവനന്തപുരത്ത് സ്ഥിരതാമസമാക്കിക്കൊണ്ട് കേരളത്തിന്റെ പരിസ്ഥിതിക്കിണങ്ങുന്ന തരത്തിൽ നമ്മുടെ പാരമ്പര്യത്തിന് അനുയോജ്യമായ വിധം ലളിതമായ ഒരു കെട്ടിടനിർമ്മാണരീതിയ്ക്ക് തുടക്കം കുറിച്ച ആളാണ് ലാറി ബേക്കർ. ആദ്യകാലത്ത് ഈ കെട്ടിടനിർമ്മാണ രീതി സമൂഹത്തിൽ വലിയ അലകൾ ഉണ്ടാക്കിയെങ്കിലും വൻതോതിൽ ധനം ചെലവഴിച്ചുകൊണ്ടുള്ള കെട്ടിട നിർമ്മാണ ശൈലി അതിവേഗം തിരിച്ചുവന്നുകൊണ്ടിരിക്കുകയാണ്. ഈ സാഹചര്യത്തിൽ പരിസ്ഥിതിക്ക് അനുയോജ്യമായ തരത്തിൽ ചെലവ് കുറഞ്ഞ കെട്ടിട നിർമ്മാണ രീതി പ്രോത്സാഹിപ്പിക്കുന്നത് ഉചിതമായിരിക്കും.

പട്ടികജാതി വികസനം

പട്ടികജാതി വിഭാഗത്തിൽ ജില്ലയിൽ 372927 പേരാണുള്ളത്. സാക്ഷരതാ നിരക്ക് 89.13 ശതമാനമാണ്. പട്ടികജാതി സങ്കേതങ്ങളുടെ എണ്ണം 2978 ആണ്. ഏറ്റവും കൂടുതൽ പട്ടികജാതിക്കാർ കിളിമാനൂർ, വാമനപുരം ബ്ളോക്ക് പ്രദേശങ്ങളിലാണ് ഉള്ളത്. പട്ടികജാതിക്കാർ വിദ്യാഭ്യാസകാര്യങ്ങളിൽ പിന്നോക്കമാണെങ്കിലും അടുത്തകാലത്ത് അവർക്കിടയിൽ ആശാവഹമായ മാറ്റങ്ങൾ ഉണ്ടാകുന്നുണ്ട്. പട്ടികജാതി വകുപ്പിനു കീഴിൽ 9 ഐ.റ്റി.സി/ഐ.റ്റി.ഐ–കളും ഒരു മോഡൽ റെസിഡൻഷ്യൽ സ്കൂളും 10 നഴ്സറി സ്കൂളുകളും ഐ.എ.എസ്–നുള്ള ഒരു പ്രീ–എക്സാമിനേഷൻ ട്രെയിനിംഗ് സെന്ററും ഇപ്പോൾ പ്രവർത്തിക്കുന്നുണ്ട്. 6 പ്രീ–മെട്രിക് ഹോസ്റ്റലുകളും 2 പോസ്റ്റ്–മെട്രിക് ഹോസ്റ്റലുകളും ഉണ്ട്. ആരോഗ്യകാര്യങ്ങളിൽ പൊതുവെ മെച്ചമാണെങ്കിലും മയക്കുമരുന്നിന്റേയും മദ്യത്തിന്റേയും മറ്റ് ലഹരി വസ്തുക്കളുടേയും ഉപയോഗം കൂടി വരുന്നത് ആശങ്ക ഉയർത്തുന്നു.

പട്ടികവർഗ്ഗവികസനം

251 പട്ടികവർഗ്ഗസങ്കേതങ്ങൾ ജില്ലയിലുണ്ട്. 26759 ആണ് ആകെ ജനസംഖ്യ. സാക്ഷരതാ നിരക്ക് 80.36 ശതമാനമാണ്. പട്ടികവർഗ്ഗ വകുപ്പിന് കീഴിൽ ജില്ലയിൽ 11 വിദ്യാഭ്യാസ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു. എസ്.എസ്.എൽ.സി മുതൽ ബിരുദവും ബിരുദാനന്തര ബിരുദവും മറ്റ് സാങ്കേതിക വിദ്യാഭ്യാസ യോഗ്യതകളും നേടിയിട്ടുള്ള പട്ടികവർഗ്ഗക്കാരിൽ തൊഴിൽരഹിതരുടെ എണ്ണം 1229 ആണ്. മദ്യം, മയക്കുമരുന്ന്, മറ്റ് ലഹരിവസ്തുക്കൾ എന്നിവയുടെ ഉപയോഗം നിരവധി ആരോഗ്യപ്രശ്നങ്ങൾക്ക് വഴി തെളിക്കുന്നു. ആത്മഹത്യ പ്രവണത വർദ്ധിച്ചുവരുന്നത് തടയുന്നതിന് ഫലപ്രദമായ നടപടികൾ സ്വീകരിക്കേണ്ടത് വളരെ അത്യാവശ്യമാണ്.

പട്ടികവർഗ്ഗക്കാരിൽ അർഹരായ 60% പേർക്കും സാമൂഹ്യ സുരക്ഷാ പെൻഷൻ കിട്ടുന്നില്ല എന്നത് വലിയൊരു പോരായ്മയാണ്. പട്ടികവർഗ്ഗക്കാരുള്ള എല്ലാ

പഞ്ചായത്തുകളിലും കിന്റർഗാർട്ടനുകൾ സ്ഥാപിക്കണം. പാരമ്പര്യ ചികിത്സ പ്രോത്സാഹിപ്പിക്കുന്നതിനോടൊപ്പം ആധുനിക ചികിത്സയും ലഭ്യമാക്കണം. പരമ്പരാഗതമായി നിർമ്മിക്കുന്ന ഉൽപ്പന്നങ്ങൾ ബ്രാൻഡ് ചെയ്ത് വിൽപ്പനയ്ക്കുള്ള അവസരങ്ങൾ ലഭ്യമാക്കണം. സമൂഹത്തിന്റെ മുഖ്യധാരയിലേയ്ക്ക് അവരെ ആനയിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ഉണ്ടാകണം.

സാമൂഹ്യനീതി, വനിതാവികസനം

സ്ത്രീകൾ, കുട്ടികൾ, ഭിന്നശേഷിക്കാർ, ഭിന്നലിംഗക്കാർ, മറ്റ് പ്രത്യേക പരിഗണന അർഹിക്കുന്ന ജനവിഭാഗങ്ങൾ എന്നിവർക്ക് സാമൂഹ്യനീതി ഉറപ്പുവരുത്തേണ്ടത് ഏതൊരു പരിഷ്കൃത സമൂഹത്തിന്റേയും പ്രധാന ചുമതലയാണ്. ജില്ലയിൽ മോഡൽ അംഗനവാടികൾ സ്ഥാപിക്കണം. വൈകല്യമുള്ള കുഞ്ഞുങ്ങളുള്ള അച്ഛനമ്മമാർക്ക് അവരെ പരിപാലിക്കുന്നതിന് പ്രത്യേക പരിശീലനം നൽകണം.

മാതൃമരണ നിരക്കിലെ കുറവും സ്ത്രീകളുടെ വിദ്യാഭ്യാസ മുന്നേറ്റവും മതിപ്പുളവാക്കുന്നതാണെങ്കിലും കുടുംബത്തിലും ജോലി സ്ഥലത്തും സ്ത്രീകൾ ചൂഷണവും വിവേചനവും ഇപ്പോഴും നേരിടുന്നു. അസംഘടിത മേഖലയിൽ വേതനത്തിന്റെ കാര്യത്തിൽ വലിയ അസമത്വം ഇപ്പോഴും നിലനിൽക്കുന്നു. വിവാഹിതരായ സ്ത്രീകളുടെ കുടുംബ പ്രശ്നങ്ങൾ ആത്മഹത്യയിലേയ്ക്ക് വരെ എത്തുന്നുണ്ട്. അതുകൊണ്ട് ഫാമിലി കൗൺസിലർമാരുടെ സേവനം ഗ്രാമപഞ്ചായത്തുകൾ വരെ ലഭ്യമാക്കണം. സമൂഹത്തിൽ സ്ത്രീ - പുരുഷ സമത്വം ഉറപ്പുവരുത്തി പുരോഗതിയിലേയ്ക്കുള്ള പ്രയാണത്തിന് ആക്കം കൂട്ടേണ്ടത് വളരെ അത്യാവശ്യമാണ്.

ഭിന്നലിംഗക്കാരെ പരിഹാസത്തോടെ കാണുന്ന സമൂഹത്തിന്റെ മാനസികാവസ്ഥ മാറി വരികയാണ്. എല്ലാ ജോലികളും ആത്മാഭിമാനത്തോടെ ചെയ്യുന്നതിന് അവരെ അനുവദിക്കണം. വൃദ്ധജനങ്ങളേയും രോഗികളേയും ബാധ്യതയായി കാണുന്ന പ്രവണത പരിഷ്കൃത സമൂഹത്തിന് ഒട്ടും യോജിച്ചതല്ല. അവരെ കുടുംബാംഗങ്ങൾ തന്നെ ശ്രദ്ധിക്കുകയും പരിചരിക്കുകയും ചെയ്യേണ്ടതാണ്.

അന്യസംസ്ഥാന തൊഴിലാളികളുടെ വാസകേന്ദ്രങ്ങൾ നിരീക്ഷിക്കുകയും അവർക്ക് ആരോഗ്യ പരിശോധന നടത്തി ഹെൽത്ത്കാർഡുകൾ നൽകുകയും ചെയ്യുന്നത് അവരുടേയും അതുവഴി നമ്മുടേയും ആരോഗ്യ പരിപാലനത്തിന് അത്യന്താപേക്ഷിതമാണ്.

പരിസ്ഥിതി

മനുഷ്യനിർമ്മിത മാലിന്യങ്ങളാണ് ജില്ലയിലെ പരിസ്ഥിതിയെ പ്രധാനമായും ബാധിക്കുന്നത്. തദ്ദേശഭരണ സ്ഥാപനങ്ങളും സാമൂഹ്യസംഘടനകളും വിദ്യാർത്ഥികളും പൊതുസമൂഹവും ജനപ്രതിനിധികളും ഒരുമിച്ച് പ്രവർത്തിച്ചാൽ മാത്രമേ ഇതിന് പരിഹാരം കാണാൻ കഴിയുകയുള്ളു. ഒരു കാലത്ത് പ്ളാസ്റ്റിക് മാത്രമായിരുന്നു മാലിന്യമെങ്കിൽ ഇന്ന് ആളുകളുടെ ഉപഭോഗശേഷി വർദ്ധിച്ചതനുസരിച്ച് അതിന്റെ എണ്ണം എത്രയോ മടങ്ങ് വർദ്ധിച്ചു. ബോൾപേനകൾ, മൊബൈൽഫോണുകൾ, സി.എഫ് ലാമ്പുകൾ, എൽ.ഇ.ഡി ലൈറ്റുകൾ, ട്യൂബ്ലൈറ്റുകൾ, ടെലിവിഷനുകൾ, കമ്പ്യൂട്ടറുകൾ, തുടങ്ങിയ വസ്തുക്കൾ എത്ര ലാഘവത്തോടെയാണ് ഉപയോഗിച്ചുകഴിഞ്ഞ ശേഷം വലിച്ചെറിയുന്നത്. ഇവ പരിസ്ഥിതിയ്ക്ക് ഏൽപ്പിക്കുന്ന ആഘാതം വിവരണാതീതമാണ്. മോട്ടോർ വാഹനങ്ങളുടെ അമിത ഉപയോഗം അന്തരീക്ഷമലിനീകരണത്തിന് കാരണമാകുന്നു. മലിനമാകാത്ത അപൂർവ്വം ശുദ്ധജലസ്രോതസ്സുകളെ ജില്ലയിലുള്ളു.

ജൈവ മാലിന്യങ്ങൾ ഉറവിടത്തിൽതന്നെ സംസ്കരിക്കണം. പൗൾട്രിഫാമുകൾക്കും അറവുശാലകൾക്കും മാത്രമായി മാലിന്യ സംസ്കരണം സംബന്ധിച്ച് നിയമനിർമ്മാണം നടത്തുന്നത് ഉചിതമായിരിക്കും. ആശുപത്രി മാലിന്യങ്ങൾ ഏറ്റവും കൂടുതലുള്ള ജില്ലകളിലൊന്നാണ് തിരുവനന്തപുരം. നിയമ നിർമ്മാണവും ബോധവത്ക്കരണവും ഒരേ പോലെ നടപ്പിലാക്കേണ്ട മേഖലയാണ് പരിസ്ഥിതി സംരക്ഷണം. തിരുവനന്തപുരം നഗരത്തിലെ വെള്ളക്കെട്ട് ജില്ലയുടെ തന്നെ പൊതു പ്രശ്നമാണ്. സാങ്കേതികതികവാർന്ന നിവാരണ പ്രവർത്തനങ്ങൾ അടിയന്തിര പ്രാധാന്യം അർഹിക്കുന്നു.

പാറ, കളിമണ്ണ്, മണൽ എന്നിവ സ്വകാര്യ വ്യക്തികൾ ഭീമമായ നിലയിൽ ഖനനം ചെയ്തു വരികയാണ്. അടുത്ത തലമുറയ്ക്കുവേണ്ടിക്കൂടിയുള്ള നിക്ഷേപങ്ങളാണ് യാതൊരു ദീർഘവീക്ഷണവുമില്ലാതെ ചൂഷണം ചെയ്യുന്നത്. അതുകൊണ്ട് പാറ, കളിമണ്ണ്, മണൽ തുടങ്ങി എല്ലാ ഖനനങ്ങളും പൊതുമേഖലയിലാക്കണം. അവ പരിസ്ഥിതിയ്ക്കും ജനങ്ങളുടെ സ്വൈരജീവിതത്തിനും ക്ഷതമേൽപ്പിക്കാത്ത വിധത്തിൽ ഖനനം ചെയ്യണം.

സംസ്ഥാനതലസ്ഥാനമായതിനാൽ തിരുവനന്തപുരം നഗരത്തിലേയ്ക്കുള്ള കുടിയേറ്റം വൻതോതിലാണ്. അതിനാൽ നഗരപരിധി അനുദിനം വികസ്വരമാവുകയാണ്. ഈ സാഹചര്യത്തിൽ ഉപനഗരങ്ങൾ രൂപപ്പെടുത്തേണ്ടത് അനിവാര്യമാണ്.

മൃഗസംരക്ഷണവും ക്ഷീരവികസനവും

രാജഭരണകാലത്ത് 1905–ൽ പേട്ടയിൽ മൃഗചികിത്സാകേന്ദ്രം ആരംഭിച്ചു. 1949 – ലാണ് തിരു–കൊച്ചിയിൽ മൃഗസംരക്ഷണവകുപ്പ് സ്ഥാപിതമാകുന്നത്. സംസ്ഥാനരൂപീകരണത്തിന് ശേഷം 1962 ൽ ക്ഷീരവികസനവകുപ്പും 1980–ൽ മിൽമയും സ്ഥാപിതമായി.

2012–ലെ സെൻസസ് പ്രകാരം വിദേശസങ്കരയിനം കന്നുകാലികളുടെ എണ്ണം 105153 ഉം നാടൻ കന്നുകാലികളുടെ എണ്ണം 866 ഉം പൗൾട്രി എണ്ണം 1743232 ഉം ആയിരുന്നു. ജില്ലയിലെ ക്ഷീരസംഘങ്ങളുടെ എണ്ണം 348 ആണ്. ആകെ പാലുൽപാദനം 233135.525 മെട്രിക് ടൺ ആണ്. ആഭ്യന്തര പാലുൽപ്പാദനത്തിലെ കുറവ് 121597.268 മെട്രിക് ടൺ ആണ്. മുട്ടയുടെ ഉൽപ്പാദനത്തിലും കുറവുണ്ട്. 2016–17 വർഷത്തിൽ 22.5 കോടിയോളം മുട്ട ചെക്ക്പോസ്റ്റ് വഴി ജില്ലയിലേയ്ക്കെത്തി. ആകെ മാംസോൽപ്പാദനം 33202.27 മെട്രിക് ടൺ ആണ്. ഇതിൽ പൗൾട്രി മേഖലയിൽ നിന്നുള്ള 20249.96 മെട്രിക് ടണ്ണും കന്നുകാലികളിൽ നിന്നുള്ള 8580.57 മെട്രിക് ടണ്ണും ഉൾപ്പെടുന്നു. അന്യസംസ്ഥാനങ്ങളിൽ നിന്നുള്ള കന്നുകാലികളും പൗൾട്രിയുമാണ് ഇപ്പോൾ ജില്ലയിലെ മാംസാവശ്യം നിറവേറ്റുന്നത്. പാൽ, മുട്ട, മാംസം എന്നിവയുടെ ഉൽപ്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കുന്നതിനുവേണ്ടി പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കേണ്ടതാണ്.

വിനോദ സഞ്ചാരം

'ഗോഡ്സ് ഓൺ കൺട്രി' എന്നാണ് അന്താരാഷ്ട്ര ടൂറിസം മേഖലയിൽ കേരളം വിളംബരം ചെയ്തിട്ടുള്ളത്. വിദേശ സഞ്ചാരികൾ ഏറെ ഇഷ്ടപ്പെടുന്ന ഇന്ത്യൻ നഗരങ്ങളിൽ ഒന്നാണ് തിരുവനന്തപുരം. വിദേശവിനോദ സഞ്ചാരികളുടെ എണ്ണത്തിൽ രണ്ടാം സ്ഥാനവും ആഭ്യന്തര വിനോദസഞ്ചാരികളുടെ എണ്ണത്തിൽ മൂന്നാം സ്ഥാനവുമാണ് ജില്ലയ്ക്കുള്ളത്. കോവളം, വർക്കല, എന്നീ കടൽത്തീരങ്ങൾ അന്തർദേശീയ പ്രസിദ്ധിയാർജ്ജിച്ച ടൂറിസ്റ്റ് കേന്ദ്രങ്ങളാണ്. പൊന്മുടി അറിയപ്പെടുന്ന ഒരു സുഖവാസ കേന്ദ്രമാണ്. നെയ്യാർ വന്യമൃഗസംരക്ഷണകേന്ദ്രം, കോട്ടൂർ–കാപ്പുകാട് ആനസംരക്ഷണകേന്ദ്രം, ജൈവവൈവിധ്യം കൊണ്ട് അനുഗൃഹീതമായ അഗസ്ത്യാർകൂടം വനപ്രദേശം, അരുവിക്കര, പേപ്പാറ, നെയ്യാർ ഡാമുകൾ എന്നിവ ഈ ജില്ലയിലാണ്. ഉൾനാടൻ ജലഗതാഗതത്തിന്റെ ഭാഗമായി 19–ാം നൂറ്റാണ്ടിൽ നിർമ്മിച്ച റ്റി.എസ് കനാലിൽ ഉൾപ്പെടുന്ന വർക്കല തുരത്തുകൾ പ്രസിദ്ധമാണ്.

കുതിരമാളിക, കനകക്കുന്ന്, കവടിയാർ, കിളിമാനൂർ, കോയിക്കൽ, ശ്രീപാദം എന്നീ പേരുകളിൽ അറിയപ്പെടുന്ന കൊട്ടാരങ്ങൾ ഏറെ പ്രസിദ്ധങ്ങളാണ്. ബ്രിട്ടീഷുകാർ നിർമ്മിച്ച അഞ്ചുതെങ്ങ് കോട്ട, രാജഭരണകാലത്ത് നിർമ്മിച്ച കിഴക്കേക്കോട്ട, പടിഞ്ഞാറേക്കോട്ട എന്നിവ സംരക്ഷിത സ്മാരകങ്ങളാണ്.

അഞ്ചുതെങ്ങ് ***കോട്ട***

കവടിയാർ കെട്ടാരം

ടൂറിസത്തെ പരിമിതപ്പെടുത്തുന്ന ഏറ്റവും വലിയ ഘടകം അന്താരാഷ്ട്ര നിലവാരത്തിലുള്ള ശുചിത്വവും സൗകര്യങ്ങളും ഉറപ്പുവരുത്തുന്നതിനുള്ള പ്രൊഫഷണലിസം പ്രകടിപ്പിക്കുന്നില്ല എന്നുള്ളതാണ്. ഈ വ്യവസായം തഴച്ചുവളരാൻ പ്രേരകമായ നിരവധി ഘടകങ്ങൾ ഇവിടെ ഉണ്ടെങ്കിലും അതിലേക്കെത്താൻ നമുക്കാവുന്നില്ല. വിനോദസഞ്ചാരമേഖലയിൽ പ്രവർത്തിക്കുന്ന എല്ലാവർക്കും ഉന്നതനിലവാരമുള്ള പരിശീലനം നൽകണം. നിയമവാഴ്ച കർക്കശമാക്കി ടൂറിസ്റ്റുകൾക്ക് സുരക്ഷിതരാണെന്നുള്ള ബോധം ഉണ്ടാക്കണം. നമ്മുടെ റോഡുകളുടെ പാർശ്വങ്ങളും ടൂറിസ്റ്റ് കേന്ദ്രങ്ങളും മലിനമാക്കുന്നതിനെതിരെ പൊതുജനങ്ങളിൽ അവബോധം വളർത്തണം.

ഉയർന്ന തൊഴിൽ സാധ്യതയും വരുമാനവും ലഭ്യമാകുന്ന ഈ രംഗം പ്രത്യേക പരിഗണന അർഹിക്കുന്നു. പുതിയ വിനോദസഞ്ചാരകേന്ദ്രങ്ങൾ അടയാളപ്പെടുത്തുകയും നിലവിലുള്ളവ വിപുലീകരിക്കുകയും ചെയ്യണം.

ജില്ലാ വരുമാനം

സംസ്ഥാനത്തിന്റെ ഭൗതിക അതിർത്തിയ്ക്കുള്ളിലെ സമ്പദ്വ്യവസ്ഥയിൽ ഒരു നിശ്ചിത കാലയളവിനുള്ളിൽ ഉത്പാദിപ്പിക്കപ്പെടുന്ന ഉൽപ്പന്നങ്ങളുടേയും സേവനങ്ങളുടേയും ആകെ തുക രൂപയിൽ പ്രസ്താവിക്കുന്നതാണ് സംസ്ഥാന വരുമാനം. ഇത് കണക്കാക്കുമ്പോൾ സാധനസേവനങ്ങളുടെ മൂല്യങ്ങൾ ഇരട്ടിപ്പുവരാതെ നോക്കേണ്ടതാണ്. ഇതേ മാനദണ്ഡങ്ങൾ വെച്ചുകൊണ്ട് ജില്ലാതലത്തിൽ കണക്കാക്കുന്നതാണ് ജില്ലാ വരുമാനം

അടിസ്ഥാന വർഷത്തെ ആധാരമാക്കിയാണ് ദേശീയ/സംസ്ഥാന/ജില്ലാ വരുമാനങ്ങൾ കണക്കാക്കുന്നത്. ഇപ്പോഴത്തെ അടിസ്ഥാന വർഷം 2004–05 ആണ്. 2016–17 സാമ്പത്തിക വർഷത്തിൽ ജില്ലയുടെ ആകെ വരുമാനം 51,19,355 ലക്ഷം രൂപയാണ്. ഇത് സംസ്ഥാന വരുമാനത്തിന്റെ 10.15 ശതമാനമാണ്. ജില്ലയുടെ ആകെ വരുമാനത്തിന്റെ 7 ശതമാനം പ്രാഥമിക മേഖലയിൽ നിന്നും 27 ശതമാനം ദ്വിതീയ മേഖലയിൽ നിന്നും 66 ശതമാനം തൃതീയ മേഖലയിൽ നിന്നുമാണ് ലഭിക്കുന്നത്.

Fig: 1.5

ജില്ലാ വരുമാനം – ജില്ലയുടെ മൊത്ത ആഭ്യന്തര ഉത്പാദനം



സ്മാർട്ട് സിറ്റി

കേന്ദ്ര ഗവൺമെന്റ് മൂന്നാം ഘട്ടമായി സ്മാർട്ട്സിറ്റി പദ്ധതിയിൽ 30 നഗരങ്ങൾ പുതുതായി ഉൾപ്പെടുത്തിയപ്പോൾ അതിൽ ഒന്നാമതായി പരിഗണിക്കപ്പെട്ടത് തിരുവനന്തപുരം നഗരത്തെയാണ്. ഈ പദ്ധതി പ്രകാരം ഏര്യാ അടിസ്ഥാനത്തിലുള്ള വികസനത്തിന് വേണ്ടി 1386 കോടി രൂപയും പാൻസിറ്റി സൊല്യൂഷൻസ്-നുവേണ്ടി 152 കോടി രൂപയും ചേർത്ത് ആകെ 1538 കോടി രൂപയാണ് വകയിരുത്തിയിട്ടുള്ളത്.

ഏര്യാ അടിസ്ഥാനത്തിലുള്ള വികസനത്തിൽ 5 പ്രോജക്ടുകളാണുള്ളത്. ഒന്നാമത്തെ പ്രോജക്ടിൽ പാളയം മാർക്കറ്റ്, റെയിൽവേ സ്റ്റേഷൻ സമീപത്തെ വാണിജ്യ സമുച്ചയങ്ങൾ എന്നിവയുടെ വികസനവും കിഴക്കേക്കോട്ട ബസ്സ് സ്റ്റാൻഡ് പുനർ നിർമ്മാണവും, ചാലയിൽ ഒരു വെയർ ഹൗസ്, പുത്തരിക്കണ്ടത്ത് ഒരു ഓപ്പൺ എയർ തിയേറ്റർ തുടങ്ങിയവയുടെ നിർമ്മാണവും ഉൾപ്പെടുന്നു. രണ്ടാമത്തെ പ്രോജക്ടിൽ ചരിത്രപരവും സാംസ്കാരികവുമായ ആസ്തികളുടെ സംരക്ഷണം, വിദ്യാഭ്യാസം, വിനോദസഞ്ചാരം എന്നിവയുടെ ശാക്തീകരണം എന്നിവ ഉൾപ്പെടുന്നു. മൂന്നാമത്തെ പ്രോജക്ടിൽ അടിസ്ഥാനസൗകര്യം മെച്ചപ്പെടുത്തൽ, സുരക്ഷിതവും നല്ല ഗതാഗത ബന്ധവുമുള്ള നഗരമധ്യം എന്നിവയാണ് ഉൾപ്പെടുന്നത്. പരിസ്ഥിതി സൗഹൃദമായ ദൃഢതയാണ് നാലാമത്തെ പ്രോജക്ട്. സാമൂഹികവും സാമ്പത്തികവുമായി പിന്നോക്കം നിൽക്കുന്നവരെ ഉൾകൊള്ളിച്ചുകൊണ്ടുള്ള വികസനവും തെരുവോര ചന്തകളുമാണ് അഞ്ചാമത്തെ പ്രോജക്ടിൽ ഉള്ളത്. പാൻസിറ്റി സൊല്യൂഷൻസിൽ ഉൾപ്പെടുന്നത് വിവിധ നഗരസേവന പ്രവർത്തനങ്ങളെ സംയോജിപ്പിക്കുകയും നിരീക്ഷിക്കുകയും ഭരണനിർവ്വഹണം മെച്ചപ്പെടുത്തുകയും ചെയ്യുന്നതിനുള്ള പദ്ധതികളാണ്. തിരുവനന്തപുരം നഗരഹൃദയത്തെ ലോകോത്തര നഗരങ്ങളോട് കിടപിടിക്കുന്നതാക്കുന്നതിന് സ്മാർട്ട്സിറ്റി പ്രോജക്ട് സഹായകരമാകും

കേന്ദ്ര-സംസ്ഥാനസർക്കാരുകൾ, വിവിധ തട്ട് ഗവൺമെന്റുകൾ, സന്നദ്ധ സംഘടനകൾ എന്നിവയുടേയും എം.പി.മാർ, എം.എൽ.എ.മാർ, മറ്റ് ജനപ്രതിനിധികൾ, പൊതു പ്രവർത്തകൾ, ഉദ്യോഗസ്ഥർ എന്നിവരുടേയും ഭാവനാപൂർണ്ണമായ പ്രവർത്തനങ്ങളിലൂടെ വികസനപ്രവർത്തനങ്ങൾക്ക് പ്രശംസാർഹമായ തുടർച്ചയാണ് നാളിതുവരെ ജില്ലയിൽ ഉണ്ടായിട്ടുള്ളത്. നേട്ടങ്ങൾ നിലനിർത്തുകയും വിപുലീകരിക്കുകയും ചെയ്യുന്നതിനൊപ്പം ഒരു പരിഷ്കൃത സമൂഹം കെട്ടിപ്പടുക്കുന്നതിനുള്ള ഭാവനാപൂർണ്ണമായ പ്രവർത്തനങ്ങൾ നടത്തുകയാണ് കാലം നമ്മിൽ ഏൽപ്പിച്ചിട്ടുള്ള ദൗത്യം.

അനുബന്ധം 1.1

കേരളം, തിരുവനന്തപുരം – അടിസ്ഥാന വിവരങ്ങൾ – ഒറ്റനോട്ടത്തിൽ

ഇനങ്ങൾ	കേരളം	തിരുവനന്തപുരം
എ. പൊതുവിവരങ്ങൾ		
ആകെ വിസ്തീർണ്ണം	38,863 ച.കീ.മി (15,005 ച.മൈൽ)	2192 ച.കീ.മി
താലൂക്കുകൾ	75	6
റവന്യൂ ഡിവിഷനുകൾ	21	1
റവന്യൂ വില്ലേജുകൾ	1453	124
നിയമസഭാ മണ്ഡലങ്ങൾ	140	14
ലോകസഭാ മണ്ഡലങ്ങൾ	20	2
ബി. തദ്ദേശസ്വയംഭരണസ്ഥാപന വിശദാംശങ്ങൾ		
ഗ്രാമപഞ്ചായത്തുകൾ	941	73
ബ്ളോക്ക് പഞ്ചായത്തുകൾ	152	11
ജില്ലാ പഞ്ചായത്തുകൾ	14	1
മുനിസിപ്പാലിറ്റികൾ	87	4
കോർപ്പറേഷൻ	6	1
സി. ഭൂപ്രകൃതി		
തീരദേശ ദൈർഘ്യം	580 കീ.മി	78 കീ.മി
നദികൾ	44	5
കായലുകൾ	34	5
വനവിസ്തൃതി	11309.5032 ച.കീ.മി	464
പൊതുകുളങ്ങൾ	18681	1655
ജലസംഭരണികൾ	53	3
വന്യജീവി സങ്കേതങ്ങൾ	18	2

അണക്കെട്ടുകൾ	41	3
ബയോസ്ഫിയർ റിസർവ്വ്	2	1
ഡി. ജനസംഖ്യ		
ആകെ	33387677	3301427
പുരുഷന്മാർ	16021290	1581678
സ്ത്രീകൾ	17366387	1719749
പട്ടികജാതി ജനസംഖ്യ ആകെ	3039573	372977
പുരുഷന്മാർ	1477808	178589
സ്ത്രീകൾ	1561765	194388
പട്ടികവർഗ്ഗ ജനസംഖ്യ ആകെ	484839	26759
പുരുഷന്മാർ	238201	12624
സ്ത്രീകൾ	246436	14135
ജനസാന്ദ്രത	859 (ഒരു.ച.കീ.മി)	1508
സ്ത്രീ-പുരുഷ അനുപാതം	1084	1087
ഗ്രാമം	1077	1111
നഗരം	1091	1068
സാക്ഷരത	93.90%	93.02%
പുരുഷന്മാർ	96.02%	95.06%
സ്ത്രീകൾ	92.98%	91.17%
ആയുർദൈർഘ്യം	73.8	71
0 മുതൽ 6 വയസ്സ് വരെയുള്ളവർ	3472955	307061
ഗ്രാമം	1823664	147990
നഗരം	1649291	159071
ബാല ആൺ-പെൺ അനുപാതം	951	964
ഇ. തൊഴിൽശക്തി		
ആകെ	10291258	1231669
മുഖ്യ തൊഴിലാളികൾ	8236741	921282
മാർജിനൽ തൊഴിലാളികൾ	2054517	310387
നോൺ വർക്കേഴ്സ്	21547361	2069758
തൊഴിലാളി വിഭാഗങ്ങൾ (മുഖ്യ+മാർജിനൽ)		
കൃഷിക്കാർ	740403	11940
കർഷക തൊഴിലാളികൾ	1653601	23951
ഗാർഹിക തൊഴിലാളികൾ	364770	6034
മറ്റുള്ളവർ	7532483	184484
എഫ്. പ്രവാസികൾ		
ആകെ		122305
യു.എസ്.എ		5591
കാനഡ		604
യൂറോപ്യൻ രാജ്യങ്ങൾ		2834
ആഫ്രിക്കൻ രാജ്യങ്ങൾ		364
ഗൾഫ് രാജ്യങ്ങൾ		108824
മറ്റു രാജ്യങ്ങൾ		4088
യൂറോപ്യൻ രാജ്യങ്ങൾ		2834
പ്രവാസികൾ ഉള്ള വീടുകളുടെ എണ്ണം		95539
ജോലിയുള്ള പ്രവാസികളുടെ എണ്ണം		110420
പുരുഷന്മാർ		104353
സ്ത്രീകൾ		6067
ജോലി ഉള്ളവരുടെ കൂടെ താമസിക്കുന്നവർ		11885

അവലംബം:- സെൻസസ് ഡേറ്റാ 2001, 2011, പഞ്ചായത്ത് ലെവൽ സ്റ്റാറ്റിസ്റ്റിക്സ് 2011, ഇൻലാന്റ് ഫിഷറീസ് സ്റ്റാറ്റിസ്റ്റിക്സ് 2010, കേരള ജലവിഭവ വകുപ്പ്, എക്നോമിക് റിവ്യൂ 2010, 2015.

2. വിഭവ ലഭ്യത

മനുഷ്യ, പ്രകൃതി, ധന, സ്ഥാപന വിഭവങ്ങളാൽ സമ്പന്നമായതും ഇന്ത്യയുടെ തെക്കു പടിഞ്ഞാറ് ഭാഗത്ത് സ്ഥിതി ചെയ്യുന്നതുമായ കേരള സംസ്ഥാനം 1956 ലെ ഇന്ത്യൻ സംസ്ഥാന പുനസംഘടനാ നിയമത്തിന്റെ അടിസ്ഥാനത്തിലാണ് രൂപം കൊണ്ടത്. സസ്യ സമ്പത്തിന്റെയും ജൈവവൈവിധ്യത്തിന്റെയും നാടെന്നറിയപ്പെടുന്ന കേരളം ഇന്ത്യയിലെ മറ്റേത് സംസ്ഥാനങ്ങളെക്കാളും ജാതി മതസമഭാവനയും സാമൂഹ്യനീതി ബോധവും കൂടുതലായി വച്ചുപുലർത്തുന്നു. ഭൂമി ശാസ്ത്രപരമായ സ്ഥാനം, സമുദ്ര നിരപ്പിൽ നിന്നുള്ള ഉയരം, സമുദ്ര സാമീപ്യം, പർവ്വതങ്ങൾ, മലകൾ, കാടുകൾ, കാറ്റ് എന്നിവയാൽ പ്രകൃതി കനിഞ്ഞ് അനുഗ്രഹിച്ച ഒരു സംസ്ഥാനം കൂടിയാണ്. 580 കിലോ മീറ്ററോളം (360 മൈൽ) കടൽത്തീര പ്രദേശവും, മലനാട്, ഇടനാട്, തീരപ്രദേശം എന്നീ മൂന്ന് ഭൂവിഭാഗങ്ങളും കിഴക്ക് നിന്ന് പടിഞ്ഞാറോട്ട് ഒഴുകുന്ന 41 നദികളും കിഴക്കോട്ട് ഒഴുകുന്ന 3 നദികളും കായലുകൾ, ചതുപ്പുനിലങ്ങൾ, തോടുകൾ, അരുവികൾ എന്നിങ്ങനെ പരിസ്ഥിതി സന്തുലിതമായ ഒരു പ്രദേശമാണെന്ന കാര്യം എടുത്തു പറയേണ്ട ഒന്നാണ്.

കേരളത്തിലെ ജനസംഖ്യ 2011 സെൻസസ് പ്രകാരം ഇന്ത്യൻ ജനസംഖ്യയുടെ 2.57 ശതമാനമാണ്. സ്ത്രീ–പുരുഷ അനുപാതത്തിൽ ഒന്നാം സ്ഥാനത്ത് നിൽക്കുന്നതിനോടൊപ്പം ആയുർദൈർഘ്യം, സാക്ഷരത എന്നിവയുടെ കാര്യത്തിലും മറ്റ് ഇന്ത്യൻ സംസ്ഥാനങ്ങളെ അപേക്ഷിച്ച് മുൻപന്തിയിലാണ്. ആരോഗ്യ–വിദ്യാഭ്യാസ രംഗത്തുണ്ടായ അദ്ഭുതപൂർവമായ വളർച്ചയുടെയും ജീവിത നിലവാരത്തിലുണ്ടായ മാറ്റങ്ങളുടേയും ഫലമായി ആയുർദൈർഘ്യവും, രോഗാതുരതയും കൂടുകയും മരണനിരക്ക് കുറയുകയും ചെയ്തിട്ടുണ്ട്. തൽഫലമായി മറ്റ് ഇന്ത്യൻ സംസ്ഥാനങ്ങളെ അപേക്ഷിച്ച് കേരളത്തിൽ വൃദ്ധരുടെ എണ്ണം കൂടുതലാണ്. 2001 കണക്ക് അനുസരിച്ച് 60 വയസ്സിന് മുകളിൽ പ്രായമുള്ളവർ വെറും 33 ലക്ഷം മാത്രമാണ്. എന്നാൽ 2021 ൽ ഇത് 57 ലക്ഷവും 2061 ൽ ഏകദേശം 120 ലക്ഷവുമാകുമെന്നുമാണ് (ആകെ ജനസംഖ്യയുടെ 40 ശതമാനം) വിവിധ പഠന റിപ്പോർട്ടുകൾ സൂചിപ്പിക്കുന്നത്.

കാർഷിക സമ്പദ്വ്യവസ്ഥയായ കേരളം കൃഷി, വ്യവസായം എന്നീ മേഖലകളെ പിൻതള്ളികൊണ്ട് സേവന മേഖലയുടെ അതിവേഗ വളർച്ചയ്ക്ക് സാക്ഷ്യം വഹിക്കുകയാണ്. തൊഴിലില്ലായ്മ, ദാരിദ്ര്യം, പാർപ്പിടം, കുടിവെള്ളം, മാലിന്യ സംസ്ക്കരണം, ഉൽപ്പാദനക്ഷമത എന്നീ രംഗങ്ങളിൽ നാം ധാരാളം വെല്ലുവിളികൾ നേരിടുന്നുണ്ട്. എന്നാൽ ഇത്തരം പ്രശ്നങ്ങൾക്ക് പ്രാദേശിക സാമ്പത്തിക വികസനത്തിലൂടെ പരിഹാരം കണ്ടെത്തുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ക്രിയാത്മകമായ ഇടപെടലുകൾ ഉണ്ടാകേണ്ടത് വളരെ അത്യാവശ്യമാണ്. മത്സരാധിഷ്ഠിതമായി മുന്നേറുന്ന ലോകത്തിന്റെ ഗതിവേഗത്തിനൊപ്പമുള്ള സമ്പദ്വളർച്ചയും ദുർബല വിഭാഗക്കാർക്ക് പ്രത്യേക പരിഗണനയും നൽകിക്കൊണ്ടുള്ള പദ്ധതികൾ രൂപീകരിക്കുവാൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ തയ്യാറാകുകയും ചെയ്യേണ്ടതാണ്. പരമ്പരാഗത വികസന മേഖലയും, ആധുനിക വികസന സംരംഭങ്ങളും തുല്യപ്രാധാന്യത്തോടെ മുന്നോട്ട് കൊണ്ട് പോകേണ്ടത് നാടിന്റെ വികസനത്തിന് വളരെ പ്രധാനപ്പെട്ട ഒന്നാണ്.

കേരളത്തിന്റെ തെക്കേ അറ്റത്ത് സ്ഥിതി ചെയ്യുന്ന തിരുവനന്തപുരം ജില്ല സംസ്ഥാനത്തിന്റെ തലസ്ഥാന നഗരം കൂടിയാണ്. കാർഷിക മേഖലയ്ക്ക് പ്രാധാന്യമുള്ള സമ്പത്ത് വ്യവസ്ഥയിൽ ആകെ ജനസംഖ്യയുടെ 50% പേരും കൃഷിയെ ആശ്രയിച്ചാണ് ജീവിക്കുന്നത്. ജനസംഖ്യയിൽ രണ്ടാം സ്ഥാനത്ത് നിൽക്കുന്ന തലസ്ഥാന നഗരം ജനസാന്ദ്രതയിൽ ഒന്നാമതാണ്. ജില്ലയിലെ നഗരജനസംഖ്യ ഗ്രാമജനസംഖ്യയെക്കാളും കൂടുതലാണെന്നത് വളരെ അധികം പ്രാധാന്യം അർഹിക്കുന്ന ഒന്നാണ്. നഗരവത്ക്കരണത്തിന്റെ ഭാഗമായി ധാരാളം പ്രശ്നങ്ങൾ ഇന്ന് അനുഭവപ്പെടുന്നുണ്ട്. മാലിന്യ സംസ്ക്കരണം, കുടിവെള്ളം, വിദ്യാസമ്പന്നരുടെ തൊഴിലില്ലായ്മ എന്നിവ ജില്ല അഭിമുഖീകരിക്കുന്ന അതീവ ഗുരുതര പ്രശ്നങ്ങളിൽ ചിലതാണ്. അന്യ സംസ്ഥാന തൊഴിലാളികളുടെ അമിതമായ കുടിയേറ്റം എടുത്തു പറയത്തക്ക മറ്റൊരു കാര്യമാണ്. ലഭ്യമായ മനുഷ്യ വിഭവങ്ങളേയും പരിമിതമായ പ്രകൃതി വിഭവങ്ങളേയും കൂട്ടി യോജിപ്പിച്ച് പരിപൂർണ്ണമായി വിനിയോഗിക്കത്തക്ക രീതിയിൽ (പ്രകൃതിയുടെ സന്തുലിതാവസ്ഥയ്ക്ക് കോട്ടം തട്ടാത്ത രീതിയിൽ) പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കി ജില്ലയുടെ വികസനത്തിന് ആക്കം കൂട്ടുവാൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ പ്രത്യേകം ശ്രദ്ധ ചെലുത്തേണ്ടതാണ്.

2.1 മനുഷ്യ വിഭവങ്ങൾ

2.1.1 ജനസംഖ്യ

ഒരു രാജ്യത്തിന്റെ വളർച്ചയെയും പുരോഗതിയെയും തളർച്ചയെയും നിയന്ത്രിക്കുന്നതിൽ അതിപ്രധാനമായ പങ്ക് വഹിക്കുന്ന ഒരു ഘടകമാണ് ജനസംഖ്യ. ചൈന കഴിഞ്ഞാൽ ഏറ്റവും കൂടുതൽ ജനസംഖ്യയുള്ള രണ്ടാമത്തെ ലോകരാഷ്ട്രമാണ് ഇന്ത്യ. യുണൈറ്റഡ് നേഷൻസിന്റെ കണക്ക് പ്രകാരം ഒക്ടോബർ 2017 ലെ ലോകജനസംഖ്യ 760 കോടിയാണ്. ഇന്ത്യയിലേത് 132 കോടിയും. അതായത് ലോകജനസംഖ്യയുടെ 17.6 ശതമാനം. ഭൂമിയിൽ ഏകദേശം ആറിൽ ഒരാൾ ഭാരതീയനാണ്.

2001 സെൻസസ് പ്രകാരം 102.7 കോടിയാണ് ഇന്ത്യൻ ജനസംഖ്യ. ഇതിൽ 53.13 കോടി പുരുഷന്മാരും 49.57 കോടി സ്ത്രീകളുമാണ്. കേരള ജനസംഖ്യ പരിശോധിച്ചാൽ ആകെ 318.41 ലക്ഷത്തിൽ 154.69 ലക്ഷം പുരുഷന്മാരും 163.72 ലക്ഷം സ്ത്രീകളുമാണ്. ജില്ലയുടെ കണക്കുകൾ സൂചിപ്പിക്കുന്നത് ആകെ 32.34 ലക്ഷത്തിൽ 15.69 ലക്ഷം പുരുഷന്മാരും 16.64 ലക്ഷം സ്ത്രീകളുമാണ്. ഇന്ത്യയിലെ മറ്റ് സംസ്ഥാനങ്ങളെ അപേക്ഷിച്ച് സ്ത്രീകളുടെ എണ്ണം പുരുഷന്മാരുടെ എണ്ണത്തേക്കാൾ കൂടുതലാണ്. ഇന്ത്യൻ യൂണിയന്റെ 1.18% മാത്രമുള്ള ഈ സംസ്ഥാനത്ത് ഇന്ത്യയിലെ ആകെ ജനസംഖ്യയുടെ 2.57% ജനങ്ങളെ ഉൾക്കൊള്ളുന്നുണ്ട്. 2011 ലെ സെൻസസ് പ്രകാരം ഇന്ത്യൻ ജനസംഖ്യ 121.01 കോടിയാണ്. ഇതിൽ 61.73 കോടി പുരുഷന്മാരും 51.71 കോടി സ്ത്രീകളുമാണ്. കേരളത്തിൽ ആകെ ജനസംഖ്യയായ 334.06 ലക്ഷത്തിൽ 160.27 ലക്ഷം പുരുഷന്മാരും 173.78 ലക്ഷം സ്ത്രീകളുമാണ്. ജില്ലയിലെ ആകെ ജനസംഖ്യയായ 33.01 ലക്ഷത്തിൽ 15.81 ലക്ഷം പുരുഷന്മാരും 17.19 ലക്ഷം സ്ത്രീകളുമാണ്. ജനസംഖ്യയിൽ മലപ്പുറം ജില്ല കഴിഞ്ഞാൽ രണ്ടാം സ്ഥാനത്ത് നിൽക്കുന്ന തിരുവനന്തപുരം ജില്ല കേരളത്തിലെ ആകെ ജനസംഖ്യയുടെ 9.88 ശതമാനമാണ്. 1991 മുതൽ 2001 വരെയുള്ള കാലയളവിലെ ദശവർഷ ജനസംഖ്യാ വളർച്ച നിരക്ക് പരിശോധിച്ചാൽ കേരളത്തിൽ വെറും 9.45% മാത്രമാണ്. 2001–2011 കാലയളവിൽ വളർച്ച നിരക്ക് വെറും 4.90% മാത്രമാണ്. ജില്ലയിലും ദശവർഷ ജനസംഖ്യ വളർച്ച നിരക്ക് കുറവാണെന്നാണ് കണക്കുകൾ സൂചിപ്പിക്കുന്നത്. 1981–1991 കാലയളവിൽ 13.5 ശതമാനമായിരുന്നത് 1991–2001 ൽ 9.78 ശതമാനവും 2001–2011 ൽ 2.1 ശതമാനവുമാണ്. അതായത് ജനസംഖ്യ വളർച്ച നിരക്ക് വർദ്ധിക്കുന്നുവെങ്കിലും കുറഞ്ഞ തോതിൽ മാത്രമാണെന്ന് സാരം.

പട്ടിക 2.1.1.1

ജനസംഖ്യ – കേരളം, തിരുവനന്തപുരം

സെൻസസ് വർഷം	കേരളം – ജനസംഖ്യ (ലക്ഷത്തിൽ)					തിരുവനന്തപുരം – ജനസംഖ്യ (ലക്ഷത്തിൽ)				
	ആകെ	പുരുഷന്മാർ	സ്ത്രീകൾ	ശതമാനം (ഇന്ത്യയിലെ ആകെ ജനസംഖ്യയുടെ അടിസ്ഥാനത്തിൽ)	ദശവർഷ വളർച്ച (%)	ആകെ	പുരുഷന്മാർ	സ്ത്രീകൾ	ശതമാനം (കേരളത്തിലെ ആകെ ജനസംഖ്യയുടെ അടിസ്ഥാനത്തിൽ)	ദശവർഷ വളർച്ച (%)
1991	290.9	142.88	148.09	3.45	14.30	29.46	14.47	14.99	10.12	13.5
2001	318.4	154.68	163.72	3.1	9.45	32.34	15.69	16.64	10.15	9.78
2011	334.06	160.27	173.78	2.57	4.90	33.01	15.81	17.19	9.88	2.1

(അവലംബം:– സെൻസസ് ഡേറ്റാ 2001, 2011, എക്നോമിക് റിവ്യൂ 2010, 2015)

ജില്ലയിലെ താലൂക്കുകളിൽ തിരുവനന്തപുരം താലൂക്കിലാണ് 2011 സെൻസസ് പ്രകാരം ജനസംഖ്യ (34.5%) ഏറ്റവും കൂടുതലുള്ളത്. ഏറ്റവും കുറവ് ചിറയിൻകീഴ് താലൂക്കിലാണ് (19.2%). താലൂക്ക് അടിസ്ഥാനത്തിലെ ജനസംഖ്യ പട്ടിക 2.1.1.2 ൽ ചുവടെ ചേർക്കുന്നു.

പട്ടിക 2.1.1.2

ജനസംഖ്യ – താലൂക്ക് അടിസ്ഥാനത്തിൽ

താലൂക്കിന്റെ പേര്	ജനസംഖ്യ		ജനസംഖ്യ ശതമാനം (ജില്ലയിലെ ആകെ ജനസംഖ്യയുടെ അടിസ്ഥാനത്തിൽ)		ദശവർഷ വളർച്ച (ശതമാനത്തിൽ)
	2001	2011	2001	2011	
ചിറയിൻകീഴ്	628874	634270	19.4	19.2	0.9
നെടുമങ്ങാട്	632173	645326	19.6	19.6	2.1
തിരുവനന്തപുരം	1114318	1140845	34.4	34.5	2.4
നെയ്യാറ്റിൻക്കര	858991	880986	26.6	26.7	2.6
ആകെ	3234356	3301427	100	100	

(അവലംബം:– സെൻസസ് ഡേറ്റാ 2001, 2011)

പാർശ്വവത്ക്കരിക്കപ്പെട്ടതും പ്രത്യേക പരിഗണന അർഹിക്കുന്നതുമായ ഒരു വിഭാഗമാണ് പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗം. ഇന്ത്യയിലെ ഇതര സംസ്ഥാനങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ കേരളത്തിലെ പട്ടികജാതിക്കാർ സാമാന്യം നല്ലനിലയിലുള്ള സാമൂഹ്യ ജീവിതം നയിക്കുന്നവരാണ്. എന്നാൽ ജനസംഖ്യയിൽ തീരെ താഴെയുള്ള പട്ടികവർഗ്ഗക്കാരുടെ അവസ്ഥയിൽ വലിയ പുരോഗതിയുള്ളതായി കാണാൻ കഴിയില്ല. 2011 ലെ സെൻസസ് കണക്കുകൾ പ്രകാരം ഇന്ത്യയിലെ ആകെ ജനസംഖ്യയുടെ 25.24 ശതമാനം പട്ടികജാതി-പട്ടികവർഗ്ഗക്കാരാണ്. ഇതിൽ 16.63 ശതമാനം പട്ടികജാതിക്കാരും 8.61 ശതമാനം പട്ടികവർഗ്ഗക്കാരുമാണ്. 2011 ലെ സെൻസസ് പ്രകാരം കേരളത്തിൽ 3039573 ആണ് പട്ടികജാതി ജനസംഖ്യ. അതായത് സംസ്ഥാന ജനസംഖ്യയുടെ 9.09 ശതമാനം മാത്രം. ജില്ലയിൽ ആകെ ജനസംഖ്യയുടെ 11.92 ശതമാനം പട്ടികജാതി വിഭാഗക്കാരാണ്. കേരളത്തിൽ പട്ടികവർഗ്ഗ ജനസംഖ്യ 2011 സെൻസസ് പ്രകാരം 484839 ആണ്. അതായത് ആകെ ജനസംഖ്യയുടെ 1.45 ശതമാനം മാത്രമാണ്. ജില്ലയിൽ 0.8 ശതമാനം മാത്രമാണ് പട്ടികവർഗ്ഗ ജനസംഖ്യ. പട്ടികജാതി-പട്ടികവർഗ്ഗ ജനസംഖ്യ പട്ടിക 2.1.1.3 ൽ ചുവടെ ചേർക്കുന്നു.

പട്ടിക 2.1.1.3

പട്ടികജാതി-പട്ടികവർഗ്ഗ ജനസംഖ്യ

സംസ്ഥാനം/ ജില്ല		ജനസംഖ്യ - 2011			
		ആകെ	പുരുഷന്മാർ	സ്ത്രീകൾ	ശതമാനം (ആകെ ജനസംഖ്യയുടെ അടിസ്ഥാനത്തിൽ)
എ. പട്ടികജാതി വിഭാഗം					
കേരളം	ആകെ	3039573	1477808	1561765	9.09
	ഗ്രാമം	1818281	883819	934462	
	നഗരം	1221292	593989	627303	
തിരുവനന്തപുരം	ആകെ	372972	178589	194388	11.29
	ഗ്രാമം	179917	85280	94637	
	നഗരം	193060	93309	99757	
ബി. പട്ടികവർഗ്ഗ വിഭാഗം					
കേരളം	ആകെ	484839	238203	246636	1.45
	ഗ്രാമം	433092	213208	219884	
	നഗരം	51747	24995	26752	
തിരുവനന്തപുരം	ആകെ	26759	12624	14135	0.8
	ഗ്രാമം	20022	9359	10663	
	നഗരം	6737	3265	3472	

(അവലംബം:- സെൻസസ് ഡേറ്റാ 2011)

ഗ്രാമ-നഗര ജനസംഖ്യ

ജനസംഖ്യയിലുണ്ടാകുന്ന വർദ്ധനവ് നഗരവത്ക്കരണത്തിന്റെ ഒരു പ്രധാന കാരണമാണ്. 2007 ലെ ആഗോള ജനസംഖ്യ റിപ്പോർട്ട് പ്രകാരം 2030 ആകുമ്പോഴേക്കും ഇന്ത്യയിൽ 40.76 ശതമാനം ജനങ്ങൾ നഗരങ്ങളിൽ അധിവസിക്കുന്നവരായിരിക്കുമെന്നാണ് കണക്കാക്കപ്പെടുന്നത് 2001 മുതൽ 2011 വരെയുള്ള കാലയളവിൽ ഇന്ത്യയിലെ മറ്റ് സംസ്ഥാനങ്ങളെ അപേക്ഷിച്ച് കേരളം ഉയർന്ന നഗരവത്ക്കരണത്തിന് വിധേയമായിട്ടുണ്ട്. 2001 സെൻസസ് പ്രകാരം ഇന്ത്യൻ സംസ്ഥാനങ്ങളിൽ 19-ാം സ്ഥാനമായിരുന്ന കേരളം 2011 ൽ 9-ാം സ്ഥാനത്ത് എത്തിയതായി കണക്കുകൾ സൂചിപ്പിക്കുന്നു. നഗരവത്ക്കരണം ധ്രുതഗതിയിൽ നടക്കുന്ന ഒരു ജില്ലയാണ് തിരുവനന്തപുരം. ഒരു മുൻസിപ്പൽ കോർപ്പറേഷനും 4 മുൻസിപ്പാലിറ്റികളും ചേർന്നതാണ് ജില്ലയിലെ നഗര പ്രദേശം. 2001 ലെ കണക്കുകൾ പ്രകാരം കേരളത്തിൽ 74.04 ശതമാനം ജനങ്ങൾ ഗ്രാമപ്രദേശങ്ങളിലും 25.96 ശതമാനം ജനങ്ങൾ നഗരപ്രദേശങ്ങളിലുമാണ് വസിക്കുന്നത്. ജില്ലയിൽ ഇത് യഥാക്രമം 66.25 ശതമാനം, 37.25 ശതമാനം എന്നിങ്ങനെയാണ്. 2011 സെൻസസ് പ്രകാരം ജില്ലയിലെ ആകെ ജനസംഖ്യയുടെ 46.34 ശതമാനം ജനങ്ങൾ ഗ്രാമങ്ങളിലും 53.66 ശതമാനം ജനങ്ങൾ നഗരങ്ങളിലും വസിക്കുന്നു. ജില്ലയിൽ നഗരപ്രദേശങ്ങളിൽ ജനസംഖ്യ വർദ്ധിക്കുന്നത് നഗരവത്ക്കരണത്തിന് ആക്കം കൂടുന്നുയെന്ന സൂചനയാണ് ഇത് നൽകുന്നത്. ഗ്രാമ-നഗര ജനസംഖ്യ വിവരങ്ങൾ പട്ടിക 2.1.1.4 ൽ ചുവടെ ചേർക്കുന്നു.

പട്ടിക 2.1.1.4
ഗ്രാമ–നഗര ജനസംഖ്യ – 2001, 2011

സംസ്ഥാനം/ ജില്ല		ജനസംഖ്യ – 2001				ജനസംഖ്യ – 2011			
		ആകെ	%	പുരുഷന്മാർ	സ്ത്രീകൾ	ആകെ	%	പുരുഷന്മാർ	സ്ത്രീകൾ
കേരളം	ആകെ	31841374	100	15468614	16372760	33406061	100	16027412	17378649
	ഗ്രാമം	23574449	74.04	11451282	12123167	17471135	52.29	8408054	9063081
	നഗരം	8266925	25.96	4017332	4249593	15934926	47.70	7619358	8315568
തിരുവനന്തപുരം	ആകെ	3234356	100	1569917	1664439	3301427	100	1581678	1719749
	ഗ്രാമം	2142695	66.25	1035265	1107430	1529831	46.34	724864	804967
	നഗരം	1091661	33.75	534652	557009	1771596	53.66	856814	914782

(അവലംബം:– സെൻസസ് ഡേറ്റാ 2001, 2011)

Fig:2.1
ഗ്രാമ–നഗര ജനസംഖ്യ – തിരുവനന്തപുരം – 2001, 2011



ജനസാന്ദ്രത

കേരളത്തിലെ ജനസാന്ദ്രത 2001 സെൻസസ് പ്രകാരം ചതുരശ്ര കിലോ മീറ്ററിന് 819 ആണ്. എന്നാൽ 2011 സെൻസസ് പ്രകാരം 860 ആയി വർദ്ധിക്കുകയുണ്ടായി. ജില്ലയിൽ ഇത് 1476 നിന്നും 1508 ആയി ഉയർന്നിട്ടുണ്ട്. ഇത് സംസ്ഥാന ജനസാന്ദ്രതാ നിരക്കിനേക്കാൾ വളരെ ഉയർന്നതാണ്. താലൂക്കുകളിൽ തിരുവനന്തപുരം താലൂക്കിലാണ് ജനസാന്ദ്രത ഏറ്റവും കൂടുതൽ (3709–2011 സെൻസസ് പ്രകാരം). ഏറ്റവും കുറവ് നെടുമങ്ങാട് (696). ജനസാന്ദ്രത വിവരങ്ങൾ പട്ടിക 2.1.1.5 ൽ ചുവടെ ചേർക്കുന്നു.

പട്ടിക 2.1.1.5
ജനസാന്ദ്രത

സംസ്ഥാനം/ ജില്ല/ താലൂക്ക്	2001	2011
കേരളം	819	860
തിരുവനന്തപുരം	1476	1508
താലൂക്കുകൾ		
ചിറയിൻകീഴ്	1652	1666
നെടുമങ്ങാട്	682	696
തിരുവനന്തപുരം	3623	3709
നെയ്യാറ്റിൻക്കര	1505	1543

(അവലംബം:– സെൻസസ് ഡേറ്റാ 2001, 2011)

സ്ത്രീ–പുരുഷ അനുപാതം

സ്ത്രീ–പുരുഷ അനുപാതത്തിൽ ഇന്ത്യയിൽ ഒന്നാം സ്ഥാനത്ത് നിൽക്കുന്ന സംസ്ഥാനമാണ് കേരളം. 1901 ലെ കണക്കുകൾ പ്രകാരം സ്ത്രീ–പുരുഷ അനുപാതം 1004 ആണ്. 1951 ൽ ഇത് 1028 ആയി വർദ്ധിക്കുകയുണ്ടായി. 1981 ൽ 1032 ആകുകയും തുടർന്ന സെൻസസ് വർഷങ്ങളിൽ ഈ അനുപാതം യഥാക്രമം 1036, 1058, 1084 എന്നിങ്ങനെ കണക്കാക്കപ്പെടുകയും ചെയ്തിട്ടുണ്ട്. 2011 ലെ സെൻസസ് പ്രകാരം ജില്ലയിലെ സ്ത്രീ–പുരുഷ അനുപാതം 1087 ആണ്. 1901 മുതൽ 2011 വരെയുള്ള കാലയളവിൽ സ്ത്രീ–പുരുഷ അനുപാതം സംസ്ഥാനത്ത് 80 ശതമാനവും ജില്ലയിൽ 91 ശതമാനവും

വർദ്ധനവാണ് കാണിക്കുന്നത്. ജില്ലയിലെ ഗ്രാമ-നഗര പ്രദേശങ്ങളിലെ സ്ത്രീ-പുരുഷ അനുപാതവും വർദ്ധിക്കുന്നുണ്ട്. 2011 സെൻസസ് പ്രകാരം ഗ്രാമപ്രദേശങ്ങളിൽ 1111 നഗരപ്രദേശങ്ങളിൽ 1068 എന്നിങ്ങനെയാണ് സ്ത്രീ-പുരുഷ അനുപാതം. സ്ത്രീ-പുരുഷ അനുപാത വിവരങ്ങൾ പട്ടിക 2.1.1.6 ൽ ചുവടെ ചേർക്കുന്നു.

പട്ടിക 2.1.1.6

സ്ത്രീ-പുരുഷ അനുപാതം

സംസ്ഥാനം/ ജില്ല/ താലൂക്ക്		ജനസംഖ്യ - 2001	ജനസംഖ്യ - 2011
കേരളം	ആകെ	1058	1084
	ഗ്രാമം	1059	1078
	നഗരം	1058	1091
തിരുവനന്തപുരം	ആകെ	1060	1087
	ഗ്രാമം	1070	1111
	നഗരം	1042	1068
താലൂക്കുകൾ			
ചിറയിൻകീഴ്	ആകെ	1139	1195
	ഗ്രാമം	1141	1188
	നഗരം	1128	1210
നെടുമങ്ങാട്	ആകെ	1073	1105
	ഗ്രാമം	1074	1113
	നഗരം	1060	1069
തിരുവനന്തപുരം	ആകെ	1039	1058
	ഗ്രാമം	1045	1109
	നഗരം	1037	1053
നെയ്യാറ്റിൻക്കര	ആകെ	1024	1041
	ഗ്രാമം	1026	1041
	നഗരം	1012	1041

(അവലംബം:- സെൻസസ് ഡേറ്റാ 2001, 2011)

Fig : 2.2

സ്ത്രീ-പുരുഷ അനുപാതം - തിരുവനന്തപുരം - 2011



ബാലജനസംഖ്യ

കേരളത്തിൽ ബാലജനസംഖ്യ കുറഞ്ഞു വരുന്നതായാണ് കണക്കുകൾ സൂചിപ്പിക്കുന്നത്. 2001 സെൻസസ് പ്രകാരം ബാലജനസംഖ്യ കേരളത്തിൽ 12 ശതമാനമായിരുന്നത് 2011 ൽ 10 ശതമാനമായി കുറഞ്ഞിട്ടുണ്ട്. കേരളത്തിലെ എല്ലാ ജില്ലകളിലും ഈ പ്രവണത കണ്ടു വരുന്നുണ്ട്. 2001 ലെ കണക്കുകൾ പ്രകാരം ജില്ലയിൽ 11 ശതമാനമായിരുന്ന ബാലജനസംഖ്യ 2011 ൽ 9 ശതമാനമായി കുറഞ്ഞിട്ടുണ്ട്. കുട്ടികളുടെ ആൺ-പെൺ അനുപാതം സംസ്ഥാനത്തും ജില്ലയിലും ഏറെക്കുറെ സ്ഥിരമാണ്. വിശദാംശങ്ങൾ പട്ടിക 2.1.1.7 ൽ ചുവടെ ചേർക്കുന്നു.

പട്ടിക 2.1.1.7

ബാലജനസംഖ്യ, ബാല ആൺ-പെൺ അനുപാതം

സംസ്ഥാനം/ ജില്ല	ബാലജനസംഖ്യ (0-6) - 2001		ബാലജനസംഖ്യ (0-6) - 2011		ബാല ആൺ/ പെൺ അനുപാതം	
	ആകെ	ശതമാനം	ആകെ	ശതമാനം	2001	2011
കേരളം	3793146	12	3472955	10	960	964
തിരുവനന്തപുരം	368515	11	307061	9	962	964

(അവലംബം:- സെൻസസ് ഡേറ്റാ 2011, എക്നോമിക് റിവ്യൂ 2015)

വൃദ്ധ ജനസംഖ്യ

ലോകത്ത് 60 വയസ്സും അതിനു മുകളിൽ ഉള്ളവരുടെ എണ്ണം ക്രമാതീതമായി വർദ്ധിച്ചു വരുന്ന പ്രവണതയാണ് കാണാൻ കഴിയുന്നത്. വികസ്വര രാഷ്ട്രങ്ങളെ അപേക്ഷിച്ച് വികസിത രാഷ്ട്രങ്ങളിൽ വൃദ്ധ ജനസംഖ്യ നിരക്ക് വളരെ കൂടുതലാണ്. 2000 ത്തിൽ 600 മില്യൺ ആയിരുന്നത് 2009 ൽ 700 മില്യൺ ആയി ഉയർന്നിട്ടുണ്ട്. 2050 ൽ 2 ബില്യൺ ആകുമെന്നാണ് വിവിധ പഠന റിപ്പോർട്ടുകൾ സൂചിപ്പിക്കുന്നത്. ഓരോ വർഷവും വൃദ്ധരുടെ ജനസംഖ്യ 2.6% നിരക്കിലാണ് ലോകത്തിൽ ഉയർന്നു കൊണ്ടിരിക്കുന്നതെന്ന വസ്തുത അതീവ പ്രാധാന്യം അർഹിക്കുന്നയൊന്നാണ്. വൃദ്ധജനസംഖ്യയുടെ കാര്യത്തിൽ ചൈന കഴിഞ്ഞാൽ രണ്ടാം സ്ഥാനം ഇന്ത്യക്കാണ്. ലോകത്തിലെ ആകെ വൃദ്ധരുടെ 10% ഇന്ത്യയിലാണെന്നാണ് കണക്കുകൾ സൂചിപ്പിക്കുന്നത്. 1981 ൽ 4.3 കോടി ആയിരുന്ന വൃദ്ധ ജനസംഖ്യ (6.5%) 1991 ൽ 5.7 കോടിയായി വർദ്ധിക്കുയും 2001 ൽ ഇത് 7 കോടിയായി ഉയരുകയും ചെയ്തിട്ടുണ്ട്. കേരളത്തിലും വൃദ്ധരുടെ എണ്ണം വർദ്ധിച്ചു വരുന്നതായി കാണാൻ സാധിക്കും. 1961 ൽ ആകെ ജനസംഖ്യയുടെ 5.9 ശതമാനമായിരുന്നു. 1971 ൽ 6.2 ശതമാനവും 1981 ൽ 7.5 ശതമാനവും 1991 ൽ 8.8 ശതമാനവും 2001 ൽ 10.5 ശതമാനവും 2011 ൽ 12.55 ശതമാനവുമാണ് വളർച്ച നിരക്ക് കാണിക്കുന്നത്. ജില്ലയുടെ അവസ്ഥ പരിശോധിച്ചാൽ 1961 ൽ 4.8 ശതമാനമായിരുന്നത് 1991 ൽ 8.6 ശതമാനവും 2011 ൽ 13.01 ശതമാനവുമായി ഉയർന്നിട്ടുണ്ട്. വിശദാംശങ്ങൾ പട്ടിക 2.1.1.8 ൽ ചുവടെ ചേർക്കുന്നു.

പട്ടിക 2.1.1.8

വൃദ്ധ ജനസംഖ്യ (ശതമാനത്തിൽ)

സെൻസസ് വർഷം	കേരളം	തിരുവനന്തപുരം
1961	5.9	4.8
1971	6.2	5.5
1981	7.5	7.1
1991	8.8	8.6
2001	10.5	10.4
2011	12.55	13.01

(അവലംബം:- സെൻസസ് ഡേറ്റാ 2011, എക്നോമിക് റിവ്യൂ)

വൃദ്ധജനങ്ങളുടെ ജീവിതവിധാനം

ജില്ലയിലെ വൃദ്ധജനങ്ങളിൽ 38.7ശതമാനം പേരും ജീവിത പങ്കാളിയോടൊപ്പം താമസിക്കുന്നവരാണ്. 3.6 ശതമാനം മാത്രം ഒറ്റയ്ക്ക് താമസിക്കുവരുമാണ്. കേരളത്തിലെ കണക്കുകൾ സൂചിപ്പിക്കുന്നത് പുരുഷൻമാരെ അപേക്ഷിച്ച് സ്ത്രീകൾ ഒറ്റപ്പെട്ട് താമസിക്കുന്നൂവെന്നാണ്. ആയതിനാൽ ഇത്തരം വിഭാഗത്തിൽപ്പെട്ട വൃദ്ധരായ സ്ത്രീകൾക്ക് സാമൂഹ്യ പരിരക്ഷ, ആരോഗ്യ പരിരക്ഷ, സാമ്പത്തിക പരിരക്ഷ എന്നിവ ഉറപ്പുവരുത്തേണ്ടത് വളരെ അത്യാവശ്യമാണ്. പട്ടിക 2.1.1.9 ൽ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

പട്ടിക 2.1.1.9

വൃദ്ധജനങ്ങളുടെ ജീവിതവിധാനം

ജില്ല/സംസ്ഥാനം	പങ്കാളിയോടൊപ്പം ജീവിക്കുന്നവർ (ശതമാനത്തിൽ)			ഒറ്റയ്ക്ക് താമസിക്കുന്നവർ (ശതമാനത്തിൽ)		
	സ്ത്രീകൾ	പുരുഷൻമാർ	ആകെ	സ്ത്രീകൾ	പുരുഷൻമാർ	ആകെ
കേരളം	30.1	29.8	29.9	4.3	1.2	3.0
തിരുവനന്തപുരം	38.7			3.6		

(അവലംബം:-കേരള ഏജിംഗ് സർവ്വെ 2013, സി.ഡി.എസ്)

പ്രായഘടന

പ്രായവിഭാഗത്തിലെ വളർച്ചയിലുണ്ടായ മാറ്റങ്ങൾ പ്രത്യേകമായി ശ്രദ്ധിക്കപ്പെടേണ്ട ഒരു വസ്തുതയാണ്. കേരളത്തിൽ 0-14 വരെയുള്ള വിഭാഗക്കാരുടെ എണ്ണം 1961 ൽ 43 ശതമാനമായിരുന്നത് 1991 ൽ 29.78 ശതമാനവും 2011 ൽ 23 ശതമാനമായി മാറി ക്രമമായി കുറയുന്ന ഒരു പ്രവണതയാണ് കാണാൻ സാധിക്കുന്നത്. 15 മുതൽ 59 വയസ്സ് വരെയുള്ളവരുടെ എണ്ണത്തിൽ കുറഞ്ഞ നിരക്കിൽ വർദ്ധനവ് കാണിക്കുന്നുണ്ട്. എന്നാൽ 60 വയസ്സിനു മുകളിലുള്ള ആളുകളുടെ എണ്ണത്തിൽ ക്രമാതീതമായ വർദ്ധനവാണ് സൂചിപ്പിക്കുന്നത്. 1961 ൽ 5.9 ശതമാനമായിരുന്നത് 2011 ൽ 12.55 ശതമാനമായി വർദ്ധിക്കുകയുണ്ടായി. സംസ്ഥാനത്തെ ജില്ലകളിൽ തിരുവനന്തപുരം ജില്ലയ്ക്ക് ഇക്കാര്യത്തിൽ അഞ്ചാം സ്ഥാനമാണുള്ളത്. ആരോഗ്യ രംഗത്തുണ്ടായ അദ്ഭുതപൂർണ്ണമായ വളർച്ചയും ആയുർദൈർഘ്യത്തിലുണ്ടായ വർദ്ധനവും വൃദ്ധ ജനസംഖ്യ കൂടുന്നതിന് കാരണമായിട്ടുണ്ട്. നിലവിൽ രോഗാതുരതയുടെ നിരക്ക് കേരളത്തിലും ജില്ലയിലും വളരെ

കൂടുതലുമാണ്. വൃദ്ധ ജനസംഖ്യയുടെ വർദ്ധനവ് ആശ്രയത്വ അനുപാതം കൂടുന്നതിന് കാരണമായിട്ടുണ്ട്.

പട്ടിക 2.1.1.10
പ്രായഘടന

വയസ്സ്	ജനസംഖ്യ – 1991 (ലക്ഷത്തിൽ)		ജനസംഖ്യ – 2001 (ലക്ഷത്തിൽ)		ജനസംഖ്യ – 2011 (ലക്ഷത്തിൽ)	
	കേരളം	തിരുവനന്തപുരം	കേരളം	തിരുവനന്തപുരം	കേരളം	തിരുവനന്തപുരം
0–14	86.47 (29.72%)	8.18 (27.79 %)	82.96 (26.06%)	7.99 (24.73%)	78.30 (23.44%)	7.07 (21.42%)
15–59	178.12 (61.22%)	18.72 (63.54%)	201.82 (63.39%)	20.93 (64.73%)	213.47 (63.90%)	21.60 (65.46%)
60 നു മുകളിൽ	25.67 (8.82%)	2.49 (8.47%)	33.35 (10.48%)	3.37 (10.43%)	41.93 (12.55%)	4.29 (13.01%)
ആകെ	290.98 (100%)	29.46 (100%)	318.41 (100%)	32.34 (100%)	334.06 (100%)	33.01 (100%)

(അവലംബം:– സെൻസസ് ഡേറ്റാ)

Fig:2.3
ജനസംഖ്യ പിരമിഡ് – തിരുവനന്തപുരം 2011



(അവലംബം:– സെൻസസ് ഡേറ്റാ 2011)

0 മുതൽ 9 വയസ്സ് വരെയുള്ള ജനസംഖ്യയിൽ പെൺകുട്ടികളുടെ എണ്ണം ആൺകുട്ടികളെ അപേക്ഷിച്ച് കുറവാണെന്നാണ് സൂചിപ്പിക്കുന്നത്. എന്നാൽ 25 നും 49 നും ഇടയിൽ പ്രായമുള്ളവരുടെ കണക്ക് പരിശോധിച്ചാൽ സ്ത്രീകളുടെ എണ്ണം പുരുഷന്മാരുടെ എണ്ണത്തെ അപേക്ഷിച്ച് കൂടുതലാണ്. വൃദ്ധജനസംഖ്യയിലും സ്ത്രീകളുടെ എണ്ണം പുരുഷന്മാരുടെ എണ്ണത്തെ അപേക്ഷിച്ച് കൂടുതലാണ്.

ചേരി ജനസംഖ്യ (Slum Population)

നഗരവൽക്കരണത്തിന്റെ അനന്തര ഫലങ്ങളിലൊന്നാണ് വർദ്ധിച്ചു വരുന്ന ചേരി പ്രദേശങ്ങൾ. 2011 സെൻസസ് കണക്കുകൾ പ്രകാരം തിരുവനന്തപുരം ജില്ലയിലെ വർക്കല, ആറ്റിങ്ങൽ, നെടുമങ്ങാട്, നെയ്യാറ്റിൻക്കര മുനിസിപ്പാലിറ്റികൾ, തിരുവനന്തപുരം കോർപ്പറേഷൻ എന്നിവയുൾപ്പെടുന്ന പ്രദേശങ്ങളിലെ ആകെ ജനസംഖ്യയായ 9,70,940 ൽ 26,475 ഉം ചേരി പ്രദേശങ്ങളിൽ താമസിക്കുന്നവരാണ്. വൃത്തിഹീനമായ ചുറ്റുപ്പാടുകൾ, അടിസ്ഥാന സൗകര്യങ്ങളുടെ അഭാവം, ദാരിദ്ര്യം തുടങ്ങിയവ ഈ വിഭാഗം ജനതയുടെ ആരോഗ്യത്തെയും സാമൂഹ്യ സാമ്പത്തിക സ്ഥിതിയെയും പ്രതികൂലമായി ബാധിക്കുന്നു.

2011 സെൻസസ് പ്രകാരമുള്ള ജില്ലയിലെ ചേരി നിവാസികളുടെ എണ്ണം പട്ടിക 2.1.1.11 ൽ ചുവടെ ചേർക്കുന്നു.

പട്ടിക 2.1.1.11

ചേരി നിവാസികൾ

മുനിസിപ്പാലിറ്റി/ കോർപ്പറേഷൻ	ആകെ ജനസംഖ്യ	ചേരി പ്രദേശങ്ങളിലെ ജനസംഖ്യ	ശതമാനം (%)
വർക്കല	40048	2226	5.56
ആറ്റിങ്ങൽ	37346	1728	4.63
നെടുമങ്ങാട്	60161	3826	6.36
നെയ്യാറ്റിൻക്കര	70850	3671	1.97
തിരുവനന്തപുരം കോർപ്പറേഷൻ	762535	15024	5.18
ആകെ	970940	26475	2.73

(അവലംബം:- സെൻസസ് ഡേറ്റാ)

ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർ (Physically and Mentally Challenged Population)

ജില്ലയിൽ ശാരിരിക മാനസിക വെല്ലുവിളി നേരിടുന്നവരുടെ അംഗസംഖ്യ സ്ത്രീകളെ അപേക്ഷിച്ച് പുരുഷന്മാരിൽ കൂടുതലാണ്. 2011 ലെ കണക്കുകൾ പ്രകാരം ശാരിരിക മാനസിക വെല്ലുവിളി നേരിടുന്ന ആകെ ആളുകളുടെ എണ്ണം 80822 ആണ്. ഇതിൽ 41877 പുരുഷന്മാരും 38945 സ്ത്രീകളുമാണ്. നിലവിലെ കണക്കുകൾ സൂചിപ്പിക്കുന്നത് ചലനവൈകല്യം ബാധിച്ച ആളുകളുടെ എണ്ണം ജില്ലയിൽ വർദ്ധിച്ചു വരുന്നു എന്നാണ്. വിശദാംശങ്ങൾ പട്ടിക 2.1.1.12 ൽ ചുവടെ ചേർക്കുന്നു.

പട്ടിക 2.1.1.12

അംഗവൈകല്യ ജനസംഖ്യ – തിരുവനന്തപുരം – 2011

വിവിധതരം അംഗവൈകല്യം ബാധിച്ചവരുടെ എണ്ണം	പുരുഷന്മാർ			സ്ത്രീകൾ			ആകെ അംഗവൈകല്യ ജനസംഖ്യ (4+7)
	ഗ്രാമം	നഗരം	ആകെ	ഗ്രാമം	നഗരം	ആകെ	
(1)	(2)	(3)	(4)	(5)	(6)	(7)	(8)
കാഴ്ചവൈകല്യം	2747	2720	5467	3299	2991	6290	11757
ശ്രവണ വൈകല്യം	2372	2776	5148	2721	3143	5864	11012
ബധിരർ	1129	1405	2534	1000	1164	2164	4698
ചലന വൈകല്യം	5446	5680	11126	3887	4082	7969	19095
മാനസിക വളർച്ചയില്ലാത്തവർ	1701	1824	3525	1368	1403	2771	6296
മാനസിക അസുഖം ബാധിച്ചവർ	1702	1598	3300	1855	1695	3550	6850
മറ്റുള്ളവ	2633	3282	5915	2560	3132	5692	11607
മൾട്ടിപ്പിൾ ഡിസെബിലിറ്റി	2449	2413	4862	2327	2318	4645	9507
ആകെ	20179	21698	41877	19017	19928	38945	80822

(അവലംബം:- സാമ്പത്തിക സ്ഥിതിവിവര വകുപ്പ്)

ജനസംഖ്യയും സാക്ഷരതനിരക്കും

മാനവ വികസനത്തിൽ അതിപ്രധാനമായ പങ്കുവഹിക്കുന്ന ഒരു ഘടകമാണ് സാക്ഷരത. 1951 ൽ വെറും 47.18% മാത്രമായിരുന്ന കേരളത്തിലെ സാക്ഷരത നിരക്ക് 2011 ൽ 93.91% ആയി വർദ്ധിച്ചു. സാക്ഷരതയുടെ കാര്യത്തിൽ മറ്റു സംസ്ഥാനങ്ങളെ അപേക്ഷിച്ച് ഏറ്റവും മുൻപന്തിയിൽ നിൽക്കുന്ന ഒരു ഇന്ത്യൻ സംസ്ഥാനം കൂടിയാണ് കേരളം. ജില്ലയിൽ സാക്ഷരത നിരക്ക് 93.02 ശതമാനമാണ്. ഇതിൽ പുരുഷന്മാരുടെ സാക്ഷരത നിരക്ക് (95.06%) സ്ത്രീകളുടെ സാക്ഷരത നിരക്കിനേക്കാൾ കൂടുതലാണ് (91.17%). ജില്ല, താലൂക്ക് അടിസ്ഥാനത്തിലുള്ള സാക്ഷരത നിരക്ക്, സാക്ഷരർ, നിരക്ഷരരർ എന്നിവരുടെ എണ്ണം എന്നിവ പട്ടിക 2.1.1.13 ൽ ചുവടെ ചേർക്കുന്നു.

പട്ടിക 2.1.1.13

സാക്ഷരതനിരക്ക്, സാക്ഷരർ, നിരക്ഷരർ – തിരുവനന്തപുരം ജില്ല 2011

ജില്ല/ താലൂക്ക്	ആകെ/ ഗ്രാമം/ നഗരം	സാക്ഷരത നിരക്ക്			സാക്ഷരർ (എണ്ണം)			നിരക്ഷരർ (എണ്ണം)			സ്ത്രീ-പുരുഷ സാക്ഷരത നിരക്കിലെ വിടവ് (%)
		പുരുഷന്മാർ	സ്ത്രീകൾ	ആകെ	പുരുഷന്മാർ	സ്ത്രീകൾ	ആകെ	പുരുഷന്മാർ	സ്ത്രീകൾ	ആകെ	
തിരുവനന്തപുരം	ഗ്രാമം	94.04	89.66	91.72	610856	656566	1267422	114008	148401	262409	4.38
	നഗരം	95.91	92.49	94.15	744001	773985	1517986	112813	140797	253610	3.42
	ആകെ	95.06	91.17	93.02	1354857	1430551	2785408	226821	289198	516019	3.89

താലൂക്ക് അടിസ്ഥാനത്തിൽ											
ചിറയിൻകീഴ്	ഗ്രാമം	95.07	90.72	92.68	168129	195165	363294	31339	41875	73214	4.35
	നഗരം	95.55	90.93	92.99	75734	89312	165046	13743	18973	32716	4.62
	ആകെ	95.22	90.78	92.78	243863	284477	528340	45082	60848	105930	4.44
നെടുമങ്ങാട്	ഗ്രാമം	94.95	89.8	92.22	213483	227991	441474	36571	50356	86927	5.15
	നഗരം	95.78	91.49	93.55	48966	50580	99546	7550	9829	17379	4.29
	ആകെ	95.1	90.1	92.46	262449	278571	541020	44121	60185	104306	5.0
തിരുവനന്തപുരം	ഗ്രാമം	92.98	88.87	90.8	36074	39001	75075	7813	9674	17487	4.11
	നഗരം	96.55	93.57	95.02	448032	461381	909413	62546	76324	138870	2.98
	ആകെ	96.27	93.19	94.68	484106	500382	984488	70359	85998	156357	3.08
നെയ്യാറ്റിൻക്കര	ഗ്രാമം	92.39	88.62	90.46	193170	194409	387579	38285	46496	84781	3.77
	നഗരം	94.47	90.8	92.59	171269	172712	343981	28974	35671	64645	3.67
	ആകെ	93.36	89.64	91.45	364439	367121	731560	67259	82167	149426	3.72

(അവലംബം:– സെൻസസ് ഡേറ്റാ)

ജനസംഖ്യയും തൊഴിൽ സേനയും

തൊഴിൽ ചെയ്യുന്ന ഓരോരുത്തർക്കും സുരക്ഷിതവും ആരോഗ്യകരവുമായ തൊഴിൽ സാഹചര്യങ്ങൾ നൽകുന്ന കാര്യത്തിൽ കേരളം എപ്പോഴും ശ്രദ്ധിക്കുന്നുണ്ട്. രാജ്യത്തിന്റെ മറ്റു ഭാഗങ്ങളെ അപേക്ഷിച്ച് തൊഴിൽ നിയമങ്ങളും തൊഴിലാളിക്ഷേമ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്ന കാര്യത്തിൽ കേരളം വളരെ മുന്നിലാണ്. എന്നിരുന്നാലും വർദ്ധിച്ച തൊഴിയില്ലായ്മ ഉത്പാദന തൊഴിലുകളുടെ ഗണ്യമായ കുറവ്, തൊഴിൽ നൈപുണ്യശേഷി സൃഷ്ടിക്കുന്നതിലെ അപര്യാപ്തത, കുറഞ്ഞ തൊഴിൽ സേന – തൊഴിലാളി പങ്കാളിത്ത നിരക്കുകൾ എന്നിങ്ങനെയുള്ള വെല്ലുവിളികൾ കേരളം നേരിട്ടുകൊണ്ടിരിക്കുന്നു. ഇത്തരം പ്രശ്നങ്ങളുടെ ശാസ്ത്രീയവും സ്പഷ്ടവുമായ അവലോകനം വളരെ അത്യാവശ്യമാണ്.

മാനവികവിഭവ വികസനത്തിന്റെ കാര്യത്തിൽ തിരുവനന്തപുരം താരതമ്യേന മുന്നിലാണ്. ഈ അധിക സാധ്യതയെ എത്രത്തോളം പ്രയോജനപ്പെടുത്താനാവും എന്നത് ചിന്തനീയമാണ്.

തൊഴിൽ പങ്കാളിത്ത നിരക്ക്

സാമ്പത്തിക പ്രക്രിയയിൽ സജീവമായ ജനസംഖ്യ ഏതൊരു പ്രദേശത്തിന്റെയും സാമ്പത്തിക–സാമൂഹ്യ പുരോഗതി നിർണ്ണയിക്കുന്നതിൽ കാര്യമായ പങ്കുവഹിക്കുന്നു. അതുകൊണ്ട് തന്നെ ജില്ലയുടെ സമഗ്രപദ്ധതി തയ്യാറാക്കുന്നതിലേയ്ക്ക് പരിഗണിക്കേണ്ട പ്രസക്ത ഘടകമാണ് തൊഴിൽ പങ്കാളിത്ത നിരക്ക്. 100 വ്യക്തികളിൽ എത്രപേർ തൊഴിലിൽ ഏർപ്പെടുന്നതാണ് തൊഴിൽ പങ്കാളിത്ത നിരക്ക്കൊണ്ട് ഉദ്ദേശിക്കുന്നത്.

എൻ.എസ്.എസ്.ഒ–യുടെ 66–ാം റൗണ്ട് അനുസരിച്ച് (കേന്ദ്ര സംസ്ഥാന സംയുക്ത ഡേറ്റ) തിരുവനന്തപുരത്തിന്റെ തൊഴിൽ സേന പങ്കാളിത്ത നിരക്ക് സംസ്ഥാന ശരാശരിയേക്കാൾ പൊതുവിൽ കൂടുതലാണ്. ജില്ലയുടെ തൊഴിൽ പങ്കാളിത്ത നിരക്ക് ഗ്രാമപ്രദേശങ്ങളിൽ 4.9 ശതമാനവും നഗര പ്രദേശങ്ങളിൽ 6.8 ശതമാനവും വീതം സംസ്ഥാന ശരാശരിയേക്കാൾ അധികമാണ്.

Fig: 2.4

തൊഴിൽ പങ്കാളിത്ത നിരക്ക്



(അവലംബം:– എൻ.എസ്.എസ്.ഒ, 66–ാം റൗണ്ട് (കേന്ദ്ര സംസ്ഥാന സംയുക്ത ഡേറ്റ)

ഗ്രാമപ്രദേശങ്ങളിൽ 40.5 ശതമാനവുമായി സംസ്ഥാനത്ത് 5–ാം സ്ഥാനത്തും നഗര പ്രദേശങ്ങളിൽ 41.6 ശതമാനവുമായി മൂന്നാം സ്ഥാനത്തുമാണ് തിരുവനന്തപുരം ജില്ലയുടെ തൊഴിൽ പങ്കാളിത്ത നിരക്ക്. എന്നിരുന്നാലും ഇക്കാര്യത്തിൽ സ്ത്രീ–പുരുഷ വിടവ്

ജില്ലയിലും സാരമായി തന്നെ നിലനിൽക്കുന്നുണ്ട്. ഗ്രാമപ്രദേശങ്ങളിൽ സ്ത്രീകളുടെ തൊഴിൽസേന പങ്കാളിത്ത നിരക്ക് 26.5 ശതമാനമാണ്. ഇത് പുരുഷൻമാരുടേതിനേക്കാൾ 30.7 ശതമാനം കുറവാണ്. അതുപോലെതന്നെ നഗരപ്രദേശങ്ങളിലെ സ്ത്രീകളുടെ തൊഴിൽ പങ്കാളിത്ത നിരക്ക് 30.3 ശതമാനമാണ്. തൊഴിൽ പങ്കാളിത്ത നിരക്കിലെ സ്ത്രീ – പുരുഷ വിടവ് കൂടുതലായി നിലനിൽക്കുന്നതും ഗ്രാമപ്രദേശങ്ങളിലാണെന്നും കാണാം. സ്ത്രീകളുടെ സാമ്പത്തിക സ്വാതന്ത്ര്യത്തിനും സാമൂഹ്യ ഉന്നമനത്തിനും നിർണ്ണായക ഘടകമായ തൊഴിൽ പങ്കാളിത്തം സംസ്ഥാനത്ത് പൊതുവിലും ജില്ലയിൽ പ്രത്യേകിച്ചും കുറഞ്ഞുപോകുന്നത് തീർച്ചയായും ചർച്ചയ്ക്കും ഇടപെടലിനും വിധേയമാക്കേണ്ടതാണ്.

സംസ്ഥാനത്തും ജില്ലയിലും തൊഴിൽ പങ്കാളിത്തത്തിൽ നിലനിൽക്കുന്ന സ്ത്രീ–പുരുഷ വിടവാണ് ചുവടെ കാണിച്ചിരിക്കുന്നത്.

Fig: 2.5

തൊഴിൽ പങ്കാളിത്തത്തിലെ സ്ത്രീ – പുരുഷ വിടവ്



(അവലംബം:– എൻ.എസ്.എസ്.ഒ, 66–ാം റൗണ്ട് (കേന്ദ്ര സംസ്ഥാന സംയുക്ത ഡേറ്റ)

ഇതിനേക്കാൾ പ്രധാനം ജില്ലയിൽ പ്രച്ഛന്ന തൊഴിലില്ലായ്മ വളരെ കൂടുതലാണ് എന്നതാണ്. എൻ.എസ്.എസ്.ഒ യുടെ 66–ാം റൗണ്ട് അനുസരിച്ച് (കേന്ദ്ര –സംസ്ഥാന സംയുക്ത ഡേറ്റ) ജില്ലയിലെ പ്രച്ഛന്ന തൊഴിലില്ലായ്മ 70 ശതമാനമാണ്. തൊഴിലാളിയുടെ തൊഴിൽ സമയവും ഉല്പാദനക്ഷമതയും മുഴുവൻ ഉപയോഗിക്കാൻ കഴിയാത്ത അവസ്ഥയാണ് പ്രച്ഛന്ന തൊഴിലില്ലായ്മ എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത്. ഇത് കുറഞ്ഞ ഉല്പാദനക്ഷമതയിലേക്കും കുറഞ്ഞ വേതനത്തിലേക്കും നയിക്കുന്നു.

ജില്ലയിലെ തൊഴിൽ വിഭാഗങ്ങൾ

2011–ലെ സെൻസസ് അനുസരിച്ച് മൊത്തം തൊഴിലാളികളിൽ 75 ശതമാനവും പ്രധാന തൊഴിലാളികളാണ്. ആറുമാസവും അതിലധികവും ജോലി ചെയ്യുന്നവരെയാണ് പ്രധാന തൊഴിലാളികൾ എന്നുപറയുന്നത്. ആറുമാസത്തിൽ കുറഞ്ഞ് തൊഴിൽ ലഭിക്കുന്നവരെ തൊഴിൽ കുറവുള്ള തൊഴിലാളികൾ എന്നും, ഒട്ടും തൊഴിൽ ലഭിക്കാതെ തൊഴിൽ അന്വേഷിക്കുന്നവരെ തൊഴിൽരഹിതർ എന്നും പറയുന്നു. ജില്ലയിലെ ഈ മൂന്നു വിഭാഗത്തിൽപ്പെട്ടവരുടെയും കണക്ക് പട്ടിക 2.1.1.14 ൽ ചുവടെ ചേർക്കുന്നു.

പട്ടിക 2.1.1.14

തൊഴിലാളികൾ – തൊഴിൽ ഇനം തിരിച്ച്

വിഭാഗം	തിരുവനന്തപുരം (ഗ്രാമം)		കേരളം (ഗ്രാമം)		തിരുവനന്തപുരം (നഗരം)		കേരളം (നഗരം)	
	പുരുഷൻ	സ്ത്രീ	പുരുഷൻ	സ്ത്രീ	പുരുഷൻ	സ്ത്രീ	പുരുഷൻ	സ്ത്രീ
സ്വയം തൊഴിൽ	19.9	50.3	33.2	43.4	31.1	49.9	31.6	37.7
സ്ഥിര/കൂലി/ ശമ്പള തൊഴിലാളികൾ	16.3	20.1	16.8	19.7	37.5	45.4	26.8	43
അസ്ഥിര തൊഴിലാളികൾ	63.8	29.6	50	36.9	31.4	4.7	41.6	19.3
ആകെ	100	100	100	100	100	100	100	100

(അവലംബം:– ഇക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ് വിഭാഗം – സാമ്പത്തിക സർവ്വേ, 2013)

സ്ഥിര– അസ്ഥിര തൊഴിലാളികളുടെ അനുപാതം

ജില്ലയിലെ മൊത്തം തൊഴിലാളികളുടെ ഭൂരിഭാഗവും അസ്ഥിര തൊഴിലാളികളാണ്. ഗ്രാമീണമേഖലയിൽ അസ്ഥിരതൊഴിലിൽ ഏർപ്പെടുന്നവരുടെ മൊത്തം അനുപാതം 52 ശതമാനവും നഗരപ്രദേശങ്ങളിൽ 21.5 ശതമാനവുമാണ്. ഗ്രാമീണ മേഖലയെ അപേക്ഷിച്ച് സ്ഥിര തൊഴിലിൽ ഏർപ്പെടുന്നവരുടെ അനുപാതം ജില്ലയിൽ നഗരപ്രദേശത്ത് കൂടുതലാണെന്ന് (40.4%) കാണാം.

പുരുഷ തൊഴിലാളികളിൽ ഗ്രാമീണ മേഖലയിൽ 63 ശതമാനവും നഗരപ്രദേശങ്ങളിൽ 31.45 ശതമാനവും അസ്ഥിരതൊഴിലാളികളാണ്. നഗരപ്രദേശങ്ങളിൽ വേതനത്തിലും ജോലിയിലും സ്ഥിരതയുള്ള തൊഴിലാളികളുടെ അനുപാതം താരതമ്യേന കൂടുതലാണ്. പക്ഷേ സ്ത്രീകൾ കൂടുതലായി ഏർപ്പെടുന്നത് സ്വയംതൊഴിലിൽ ആണെന്ന് കാണാം. അസ്ഥിര തൊഴിലിൽ ഏർപ്പെടുന്ന സ്ത്രീകളുടെ ശതമാനം പുരുഷൻമാരെ അപേക്ഷിച്ച് താരതമ്യേന കൂറവാണ്. ഗ്രാമപ്രദേശങ്ങളിൽ 50 ശതമാനം സ്ത്രീകൾ സ്വയംതൊഴിലിലും 45 ശതമാനം പേർ സ്ഥിരംതൊഴിലിലും ഏർപ്പെടുന്നുണ്ട്. 31.03.2014– ലെ കണക്കനുസരിച്ച് പൊതു–സ്വകാര്യ മേഖലകളിലായി 1.5 ലക്ഷം സംഘടിത തൊഴിലാളികളാണ് ജില്ലയിൽ ഉള്ളത്. സ്വകാര്യ മേഖലയിലെ സ്ത്രീ പങ്കാളിത്തം 56.6 ശതമാനവും പൊതു മേഖലയിൽ 29.01 ശതമാനവും ആണെന്ന് കാണാം. കേരളത്തിലെ മൊത്തം സംഘടിത തൊഴിലാളികളുടെ 13.33 ശതമാനവും തിരുവനന്തപുരം ജില്ലയിലാണ്.

പട്ടിക 2.1.1.15

സ്വകാര്യ – പൊതുമേഖലയിലെ തൊഴിൽ അവസ്ഥ എണ്ണത്തിൽ (31.03.2014)

സംസ്ഥാനം/ജില്ല	സ്വകാര്യ മേഖല			പൊതുമേഖല			സ്വകാര്യ മേഖല+ പൊതുമേഖല		
	പുരുഷൻ	സ്ത്രീ	ആകെ	പുരുഷൻ	സ്ത്രീ	ആകെ	പുരുഷൻ	സ്ത്രീ	ആകെ
തിരുവനന്തപുരം	14590	19105	33695	82983	33920	116903	97573	53025	150598
കേരളം	265859	284515	550374	385965	193407	579372	651824	477922	1129746

(അവലംബം:– സ്റ്റാറ്റിസ്റ്റിക്സ് ഫോർ പ്ലാനിംഗ്, 2014)

സ്ത്രീകളിൽ മാസവരുമാനം ലഭിക്കുന്നവരുടെ അനുപാതം കൂടുതലാണെങ്കിലും ഏതുതരം സ്ഥാപനങ്ങളിലാണ് സ്ത്രീകൾ ജോലി ചെയ്യുന്നത് എന്നത് പരിശോധനയ്ക്ക് വിധേയമാക്കേണ്ടതാണ്. കുറഞ്ഞ വരുമാനത്തിന് കടകളിൽ സെയിൽസ് ഗേളായും മറ്റ് കുറഞ്ഞ ശമ്പളം ലഭിക്കുന്ന ജോലി ചെയ്യുന്നവരിലും കൂടുതൽ സ്ത്രീകളാണ്. ഈ സന്ദർഭത്തിൽ സ്വകാര്യ സ്ഥാപനങ്ങളിലെ തൊഴിലിടങ്ങളിൽ സ്ത്രികൾക്ക് സുരക്ഷിതത്വവും സൗകര്യങ്ങളും ഉറപ്പാക്കുക എന്നത് നിർണ്ണായകമാണ്.

തൊഴിൽ വളർച്ച

പൊതു–സ്വകാര്യ മേഖലകളിലെ തൊഴിൽ വളർച്ചാനിരക്ക് 2011 മുതൽ 2014 വരെയുള്ളത് ചിത്രം 2.6–ൽ കാണിച്ചിരിക്കുന്നത്. 2014–ൽ സ്വകാര്യമേഖലയിലെ വളർച്ചാനിരക്ക് കുത്തനെ താഴുന്നതായി കാണുന്നു. ചെറിയൊരു ശതമാനം വളർച്ച പൊതുമേഖലയിൽ സംഭവിച്ചിട്ടുണ്ടെന്ന് കാണാം.

Fig-2.6

പൊതു – സ്വകാര്യ മേഖലകളിലെ തൊഴിൽ വളർച്ചാനിരക്ക് 2011-12 മുതൽ 2013-2014 വരെ



(അവലംബം:– സ്റ്റാറ്റിസ്റ്റിക്സ് ഫോർ പ്ലാനിംഗ്, 2014)

എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ രജിസ്റ്റർ ചെയ്തിട്ടുള്ള തൊഴിൽ അന്വേഷകർ

ജില്ലയിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ പേര് രജിസ്റ്റർ ചെയ്തിട്ടുള്ള ആളുകളുടെ എണ്ണം പട്ടിക 2.1.1.16 ൽ ചുവടെ ചേർക്കുന്നു. പൊതു തൊഴിൽ അന്വേഷകരിലും പ്രൊഫഷണൽ ജോലി അന്വേഷിക്കുന്നവരിലും കൂടുതൽ സ്ത്രീകളാണ് എന്ന് കാണാം. ജില്ലയിൽ രണ്ടു ലക്ഷത്തോളം പുരുഷൻമാരും മൂന്ന് ലക്ഷത്തിലേറെ സ്ത്രീകളും തൊഴിൽ അന്വേഷകരായി എംപ്ലോയ്മെന്റ് എക്സ്ചെഞ്ചിൽ പേര് രജിസ്റ്റർ ചെയ്തിട്ടുണ്ട്.

പട്ടിക 2.1.1.16

തൊഴിൽ അന്വേഷകർ

പൊതു തൊഴിൽ അന്വേഷകർ		പ്രൊഫഷണൽ/ സാങ്കേതികതൊഴിൽ അന്വേഷകർ		ആകെ	
പുരുഷൻ	സ്ത്രീ	പുരുഷൻ	സ്ത്രീ	പുരുഷൻ	സ്ത്രീ
169836	287819	26132	36766	95968	324585

(അവലംബം: എംപ്ലോയ്മെന്റ് ഡയറക്ടറേറ്റ്)

കുടിയേറ്റ തൊഴിലാളികൾ

2014 ലെ കുടിയേറ്റ തൊഴിലാളികളെ കുറിച്ചുള്ള പഠനറിപ്പോർട്ട് അനുസരിച്ച് ജില്ലയിൽ നിരവധി അന്യസംസ്ഥാന തൊഴിലാളികൾ ജോലി ചെയ്യുന്നുണ്ട്. ഇതിൽ ഭൂരിഭാഗവും പശ്ചിമബംഗാളിൽ നിന്നുള്ളവരാണ്. ആസാം, ബീഹാർ, ചാർഖണ്ഡ്, ഒറീസ, ഉത്തർപ്രദേശ് എന്നീ സംസ്ഥാനങ്ങളിൽ നിന്നുള്ളവരും ഇതിൽപ്പെടുന്നു. സംസ്ഥാന ഗവൺമെന്റ് അന്യസംസ്ഥാന തൊഴിലാളികളുടെ തൊഴിലിടങ്ങളിലെ സുരക്ഷിതത്വവും, ആരോഗ്യകരമായ ജീവിതവും ഉറപ്പാക്കുന്നതിന് ധാരാളം ഇടപെടലുകൾ നടത്തുന്നുണ്ട്. സംസ്ഥാന സാക്ഷരാമിഷൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പങ്കാളിത്തത്തോടെ അന്യസംസ്ഥാന തൊഴിലാളികളുടെ വിശദസർവ്വേയും പഠന ക്യാമ്പുകളും ആരോഗ്യ പഠനക്ലാസ്സുകളും സംഘടിപ്പിക്കുന്നുണ്ട്. സംസ്ഥാന സർക്കാരിന്റെ പ്രവർത്തനങ്ങളോട് ചേർന്നുകൊണ്ട് തിരുവനന്തപുരം ജില്ലയിൽ അന്യസംസ്ഥാന തൊഴിലാളികളുടെ ക്ഷേമവും തൊഴിൽസാഹചര്യങ്ങളും മെച്ചപ്പെടുത്തുന്നതിനുള്ള പ്രാദേശിക ഇടപെടലുകൾ കൂടുതൽ ഫലപ്രദമായി നടത്തേണ്ടതുണ്ട്.

Fig-2.7
ഇതര സംസ്ഥാന കുടിയേറ്റ തൊഴിലാളികൾ - തിരുവനന്തപുരം



ജില്ലയിൽ നിന്നുള്ള വിദേശ മലയാളികളുടെ വിശദാംശങ്ങൾ ചിത്രം 2.8–ൽ ചുവടെ ചേർക്കുന്നു.

Fig-2.8
തിരുവനന്തപുരത്ത് നിന്ന് വിദേശത്തേക്ക് കുടിയേറുന്ന പ്രവാസികൾ



സമീപവർഷങ്ങളിൽ വിദേശത്തേക്കുള്ള കുടിയേറ്റം കുറഞ്ഞുവരുന്നതായും വിദേശത്ത് നിന്ന് തിരിച്ചുവരുന്നവരുടെ എണ്ണം കൂടുന്നതായും കാണാം. 1998 ൽ 118878 പേരാണ് തിരിച്ചുവന്നിരുന്നതെങ്കിൽ 2014 ആയപ്പോഴേക്കും തിരിച്ചുവന്ന വിദേശമലയാളികളുടെ എണ്ണം ഏകദേശം ഇരട്ടിയായതായി കാണാം (218945 എണ്ണം) അതേസമയം 2008 ൽ 308481 പേരിൽ നിന്ന് 2014 ൽ 241727 ആയി കുടിയേറ്റ തൊഴിലാളികളുടെ എണ്ണം കുറഞ്ഞതായും കാണാം.

Fig-2.9
തിരിച്ചുവന്ന പ്രവാസി തൊഴിലാളികൾ



ഗൾഫ് മേഖലയിൽ പ്രത്യേകിച്ച് സൗദി അറേബ്യയിൽ നടപ്പിലാക്കിവരുന്ന സ്വദേശിവൽക്കരണവും (നിതാഖത്ത്) സാമ്പത്തിക മാന്ദ്യവും ഈ പ്രതിസന്ധിക്ക് കാരണങ്ങളാണ്.

Fig-2.10
വിദേശമലയാളികൾ നാട്ടിലേക്കയച്ച പണം



(അവലംബം:– കുടിയേറ്റ സർവ്വേ 2014, സംസ്ഥാന ആസൂത്രണ ബോർഡ്)

ജില്ലയിലെ നൈപുണ്യ വികസനം– വിടവുകളും സാദ്ധ്യതകളും

കേരളത്തിലെ ജില്ലാതല നൈപുണ്യ വികസന വിടവിനെക്കുറിച്ചുള്ള (ദേശീയ നൈപുണ്യ വികസന കോർപ്പറേഷന്റെ പഠന റിപ്പോർട്ട്) ജില്ലയിലെ മേഖല തിരിച്ചുള്ള തൊഴിൽ പങ്കാളിത്തവും ഭാവിയിൽ നൈപുണ്യ വികസനത്തിന്റെ സാദ്ധ്യതകളും ചൂണ്ടികാണിക്കുന്നു.

2011–12 ലെ കണക്കനുസരിച്ച് ജില്ലയിൽ ജോലി ചെയ്യുന്നവരിൽ 52.3 ശതമാനം സേവന മേഖലയിലും 33.2 ശതമാനം വ്യവസായ മേഖലയിലും 14.5 ശതമാനം കാർഷിക മേഖലയിലുമാണുള്ളത്. സേവന മേഖലയിൽ കച്ചവടം, ഹോട്ടൽ എന്നിവയിൽ 28.5 ശതമാനവും മറ്റ് സേവനങ്ങളിലും പൊതുഭരണത്തിലുമായി 18 ശതമാനവും ജോലി ചെയ്യുന്നു. വ്യവസായ മേഖലയിൽ നിർമ്മാണ മേഖലയാണ് ഏറ്റവും വലിയ തൊഴിൽ ദാതാവ് (48%) ജില്ലയിൽ കാർഷിക മേഖലയിൽ നിന്നുള്ള തൊഴിലും വരുമാനവും 2021–22 ആകുമ്പോഴേക്കും കുറയുമെന്നും സേവന വ്യവസായ മേഖലകൾ 60.3 ശതമാനവും 32.5 ശതമാനവും വീതം കൂടുമെന്നും പഠനം ചൂണ്ടി കാണിക്കുന്നു. ഏറ്റവും കൂടുതൽ തൊഴിൽ നൽകുന്ന മേഖലയായി നിർമ്മാണ മേഖലയെ (16.6 ശതമാനം) എടുത്തുകാണിക്കുന്നു. ഈ സാഹചര്യത്തിർ 2012 മുൽ 2022 വരെയുള്ള കാലയളവിൽ ആവശ്യമായി വരുന്ന മനുഷ്യവിഭവം 3.74 ലക്ഷമായി കണക്കാക്കപ്പെട്ടിരിക്കുന്നു. ഇതിൽ 33 ശതമാനവും നിർമ്മാണ വാർത്താവിനിമയ മേഖലയിൽ ആവശ്യമായി വരും. പൊതുഭരണം, ബാങ്കിംഗ്, ഇൻഷുറൻസ്, മറ്റ് സാമ്പത്തിക സേവനങ്ങൾ എന്നിവയിലും കാര്യമായ വർദ്ധനവ് പ്രതീക്ഷിക്കുന്നുണ്ട്. 25000 ലേറെയുള്ള തൊഴിൽ സേന കാർഷിക മേഖലയിൽ നിന്ന് പിൻമാറുമെന്നും ഇവർക്ക് പുനർ നൈപുണ്യശേഷി

സൃഷ്ടിക്കേണ്ടിവരുമെന്നും പഠനം കണക്കാക്കുന്നു. നൈപുണ്യ തൊഴിലുകൾ സൃഷ്ടിക്കുന്നതിൽ വിദ്യാഭ്യാസമേഖല പ്രധാനപ്പെട്ട മേഖലയായി നിലനിൽക്കുന്നു. 2017 ആകുമ്പോഴേക്കും ജില്ലയിലെ ജനസംഖ്യ 34.3 ലക്ഷവും 2022 ആവുമ്പോൾ 35.4 ലക്ഷവും ആകുമെന്ന് കണക്കാക്കുന്നു. 2012 മുതൽ 2022 വരെയുള്ള കാലയളവിൽ 2.95 ലക്ഷം അധിക മനുഷ്യ വിഭവ ശേഷിയും കണക്കാക്കപ്പെട്ടിരിക്കുന്നു. ഈ കാലയളവിൽ കുറഞ്ഞ നൈപുണ്യ ശേഷിയുള്ള മനുഷ്യവിഭവ ശേഷിയുടെ ശതമാനം വിദ്യാഭ്യാസമേഖയിലെ നൈപുണ്യ ഇടപെടലുകൾ കൊണ്ട് കുറയുമെന്ന് പ്രതീക്ഷിക്കുന്നു.

തൊഴിൽ മേഖലയിലെ വ്യതിയാനവും കുടിയേറ്റ തൊഴിലിൽ നടക്കുന്ന മാറ്റങ്ങളും കണക്കിലെടുത്ത് മനുഷ്യ വിഭവ ശേഷിയുടെ ചോദന–പ്രധാന വിടവ് നൈപുണ്യ വികസന മേഖലയിൽ 78501 പേരുടെ അധിക ആവശ്യവും കുറഞ്ഞ നൈപുണ്യം ആവശ്യമുള്ള മേഖലയിൽ മനുഷ്യവിഭവ ശേഷിയുടെ കൂടുതലാവും ഉണ്ടാകുകയെന്ന് കണക്കാക്കപ്പെട്ടിരിക്കുന്നു.

പട്ടിക 2.1.1.17

സാമ്പത്തിക മേഖലയിലെ തൊഴിൽ സാദ്ധ്യതകൾ

സാമ്പത്തിക മേഖല	തൊഴിൽ സാദ്ധ്യതകൾ മേഖല തിരിച്ച്
കൃഷിയും അനുബന്ധ പ്രവൃത്തികളും	6.9%
ഖനനം	0.3%
വ്യവസായം	15.4%
ഊർജ്ജം	0.6%
നിർമ്മാണം	16.6%
കച്ചവടം, ഹോട്ടലുകൾ	13.4%
റെയിൽവേ	0.1%
ഗതാഗതം	5.1%
വാർത്താവിനിമയം	8.0%
ബാങ്കിംഗ് & ഇൻഷ്വറൻസ്	5.7%
റിയൽ എസ്റ്റേറ്റ്	7.4%
പൊതുഭരണം	8.7%
മറ്റ് സേവനങ്ങൾ	11.9%

(അവലംബം:– നാഷണൽ സ്കിൽ ഡെവല്പ്മെന്റ് കോർപ്പറേഷന്റെ പഠന റിപ്പോർട്ട്)

സമീപ ഭാവിയിൽ തന്നെ തൊഴിൽരംഗത്തും നൈപുണ്യ വികസന മേഖലയിലും ഉണ്ടായേക്കാവുന്ന ഇത്തരം മാറ്റങ്ങളും കൂടി മുന്നിൽ കണ്ട് വേണം ജില്ലയുടെ തൊഴിലും തൊഴിലാളി ക്ഷേമവും സംബന്ധിച്ച പരിപാടികളും പദ്ധതികളും ആവിഷ്കരിക്കേണ്ടത്.

ജനസംഖ്യയും ആരോഗ്യവും

ജനനനിരക്ക്, മരണനിരക്ക്, ശിശുമരണനിരക്ക്, ആയുർദൈർഘ്യം എന്നീ ആരോഗ്യ സൂചികകളിൽ വൻകുതിപ്പ് നടത്തിയ ഇന്ത്യൻ സംസ്ഥാനമാണ് കേരളം. ജനനനിരക്ക് ആയിരം പേർക്ക് 14.3 എന്ന നിലയിലാണ്. മരണനിരക്ക് താഴ്ന്ന നിലയിലാണ്. അതായത് 6.90 ശതമാനം മാത്രം.

ഒരു വയസിൽ താഴെയുള്ള കുട്ടികളുടെ മരണനിരക്ക് കേരളത്തിൽ ആയിരം കുട്ടികളിൽ 10 എന്ന നിലയിലാണ്. ഇന്ത്യയിൽ ഇത് 34 ആണ്. കേരളത്തിൽ ഇനിയും ഈ നിരക്ക് കുറയുവാൻ സാധ്യതയുണ്ട്.

കുട്ടികളുടെ ശരാശരി എണ്ണം രണ്ടിൽ താഴെയെത്തിയ ആദ്യത്തെ സംസ്ഥാനം കേരളമാണ്. 1991 മുതൽ ഇത് 2–ൽ താഴെയാണ്. ഒരു കുട്ടി മാത്രമുള്ള കുടുംബങ്ങൾ ഇപ്പോൾ കേരളത്തിൽ കൂടി വരുന്ന സാഹചര്യമാണ് കാണാൻ കഴിയുന്നത്.

കേരളത്തിലെ മറ്റു ജില്ലകളെ അപേക്ഷിച്ച് തിരുവനന്തപുരം മിക്ക സൂചകങ്ങളിലും വ്യത്യസ്ഥത പുലർത്തുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

പട്ടിക 2.1.1.18

ആരോഗ്യ സൂചകങ്ങൾ

സൂചികകൾ	തിരുവനന്തപുരം	കേരളം
ഡോക്ടർ–ബെഡ് അനുപാതം	10.09	7.56
ബെഡ്–പോപ്പുലേഷൻ അനുപാതം	681	873
ഹോം ഡെലിവറി	0.05%	0.20%
പബ്ലിക് ഹോസ്പിറ്റൽ ഡെലിവറി	56.49%	30.42%
പ്രൈവറ്റ് ഹോസ്പിറ്റൽ ഡെലിവറി	43.44%	69.38%
സിസ്സേറിയൻ ഡെലിവറി (ആകെ)	41.28%	39.86%
സിസ്സേറിയൻ ഡെലിവറി (പബ്ലിക് ഹോസ്പിറ്റൽ)	20.15%	11.59%

സിസ്സേറിയൻ ഡെലിവറി (പ്രൈവറ്റ് ഹോസ്പിറ്റൽ)	21.13%	28.26%
മാതൃ മരണനിരക്ക്	32/1000	37/1000
ശിശു മരണനിരക്ക്	6.4	6.5
ഇമ്മ്യൂണൈസേഷൻ (പൂർണ്ണമായും)	96.6%	82.5%
പെൺകുട്ടികളുടെ വിവാഹപ്രായം	22.4	22.6
ആൺകുട്ടികളുടെ വിവാഹപ്രായം	28.1	28.2
കോൺട്രാസെപ്റ്റീവ് പ്രിവലൻസ് നിരക്ക് (ഏതെങ്കിലും രീതി)	69.7%	57.9%
കോൺട്രാസെപ്റ്റീവ് പ്രിവലൻസ് നിരക്ക് (ആധുനിക രീതി)	61.1%	59.9%
ഫീമെയിൽ സെർലൈസേഷൻ	55.3%	38.9%
ടോട്ടൽ അൺമെറ്റ് നീഡ്	12.7%	19.0%

(അവലംബം:– ഹെൽത്ത് അറ്റ് എ ഗ്ലാൻസ് (2014), ഹെൽത്ത് ഡയറക്ടറേറ്റ്, കേരള സർക്കാർ)

നിർദ്ദേശങ്ങൾ

- ജില്ലയിൽ നഗര ജനസംഖ്യ വർദ്ധിക്കുന്നതിന്റെ ഫലമായി നഗരവത്ക്കരണം ക്രമാതീതമാകുന്നു. ഇത് മാലിന്യ സംസ്ക്കരണം, വിവിധതരം മലിനീകരണം എന്നീ പ്രശ്നങ്ങൾക്ക് വഴിതെളിക്കുന്നു. ഇവ പരിഹരിക്കുന്നതിന് പ്രത്യേക പരിഗണന തദ്ദേശഭരണ സ്ഥാപനങ്ങൾ കൈക്കൊള്ളേണ്ടതാണ്.
- വൃദ്ധ ജനസംഖ്യയുടെ വർദ്ധനവ് ഓൾഡ് ഏജ് ഹോമുകൾ, അഗതി മന്ദിരങ്ങൾ എന്നിവയുടെ എണ്ണം ക്രമീതീതമായി വർദ്ധിക്കുന്നതിന് കാരണമാകുന്നു. ഇവരുടെ സംരക്ഷണവും പരിപാലനവും വളരെയധികം പ്രാധാന്യം അർഹിക്കുന്ന ഒന്നാണ്. അറിവും അനുഭവ സമ്പത്തും കൂടുതലുള്ള ഈ വിഭാഗം ആളുകളെ സമൂഹത്തോട് ബന്ധിപ്പിച്ച് കൊണ്ടു പോകേണ്ടത് വളരെ അത്യാവശ്യമാണ്. ഇതിനായി പ്രത്യേക പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ പ്രത്യേക പരിഗണന നൽകേണ്ടതാണ്.
- ചേരിനിവാസികൾക്ക് പ്രത്യേക പരിഗണന നൽകി കൊണ്ട് അവരുടെ സാമൂഹിക സാമ്പത്തിക ആരോഗ്യ മേഖലകളിൽ ഉന്നതി കൈവരിക്കുന്നതിനായി നിരന്തരം ബോധവത്ക്കരണ പരിപാടികൾ, സ്വയംതൊഴിൽ സംരഭങ്ങൾ തുടങ്ങിയ പ്രവർത്തനങ്ങളിൽ നിർബന്ധമായും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുൻകൈ എടുക്കേണ്ടതാണ്.
- വിദേശത്ത് നിന്ന് തിരിച്ചു വരുന്ന തൊഴിലാളികളുടെ കഴിവും വിദേശ മലയാളികളുടെ നിക്ഷേപ താത്പര്യങ്ങളും ഫലപ്രദമായി പ്രയോജനപ്പെടുത്തുന്നതിനുള്ള പദ്ധതികൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കുവാൻ പ്രത്യേക പരിഗണന നൽകേണ്ടതാണ്.

2.2. പ്രകൃതി വിഭവങ്ങൾ

പ്രകൃതി വിഭവങ്ങളെ അടിസ്ഥാനമാക്കിയാണ് എല്ലാ വികസന പ്രവർത്തനങ്ങളും നടക്കുന്നതെന്നതിനാൽ, നിലവിൽ ലഭ്യമായ വിഭവങ്ങളുടെ വിതരണം, പരിമിതികൾ, സാധ്യതകൾ എന്നിവ മനസ്സിലാക്കേണ്ടതുണ്ട്. മണ്ണ്, ജലം, ജൈവസമ്പത്ത് എന്നിവ ഉൾപ്പെടുന്നതാണ് ജൈവ–ഭൗതിക വിഭവങ്ങൾ. വിഭവങ്ങളുടെ സ്ഥലപരമായ സവിശേഷതകൾ പരിഗണിച്ചുകൊണ്ടുള്ള ദീർഘകാല പദ്ധതികളിലൂടെ മാത്രമേ സുസ്ഥിരമായ വികസനം ലക്ഷ്യപ്രാപ്തിയിൽ എത്തുകയുള്ളൂ. ജൈവ–ഭൗതിക വിഭവങ്ങളുടെ ശരിയായ വിനിയോഗവും ശാസ്ത്രീയമായ ആസൂത്രണവും ജില്ലാ പദ്ധതിയുടെ ഭാഗമായി രൂപപ്പെടുത്തേണ്ടതുണ്ട്. നിലവിലുള്ള അവസ്ഥ, വികസന സാധ്യത, പുനരുപയോഗത്തിനുള്ള സാധ്യതകൾ എന്നിവ ഉൾപ്പെടുത്തി ജൈവ–ഭൗതിക വിഭവങ്ങളുടെ ശരിയായ വിലയിരുത്തൽ അത്യാവശ്യമാണ്. സ്വന്തമായി പ്രവർത്തന രൂപരേഖയുള്ള സംസ്ഥാന പദ്ധതിക്കും പഞ്ചായത്തു പദ്ധതികൾക്കുമിടയിലായി ജില്ലാ പദ്ധതിയെ കാണാവുന്നതാണ്. പക്ഷെ ഇത് സംസ്ഥാന പദ്ധതിയുടെ ഒരു ഘടകമോ, പഞ്ചായത്ത് പദ്ധതിയുടെ വിപുലീകരണമോ ആകുന്നില്ല. അതുകൊണ്ടു തന്നെ ജൈവ ഭൗതിക വിഭവങ്ങളുടെ ജില്ലാതല വിലയിരുത്തൽ വളരെയധികം പ്രാധാന്യമർഹിക്കുന്നു.

പൊതു ഭൂമിശാസ്ത്രം

സംസ്ഥാനത്തിന്റെ തെക്ക് ഭാഗത്തായി അറബിക്കടലിനോട് ചേർന്ന് സ്ഥിതി ചെയ്യുന്ന തിരുവനന്തപുരം ജില്ല $8^{\circ}17'$– $8^{\circ}54'$ ഉത്തര അക്ഷാംശത്തിനും $76^{\circ}41'$ – $77^{\circ}17'$ കിഴക്ക് രേഖാംശത്തിനും ഇടയിൽ സ്ഥിതി ചെയ്യുന്നു. സംസ്ഥാനത്തിന്റെ തലസ്ഥാന ജില്ല കൂടിയായ

തിരുവനന്തപുരത്തിന്റെ തെക്ക് കിഴക്ക് ഭാഗങ്ങളിൽ തമിഴ്നാടും വടക്ക് കൊല്ലം ജില്ലയും പടിഞ്ഞാറ് അറബിക്കടലും സ്ഥിതി ചെയ്യുന്നു. സമുദ്രനിരപ്പ് മുതൽ 1866 മീറ്റർ വരെ ഉയരമുള്ള നിമ്നോന്നത പ്രത്യേകതകളുള്ള ഭൂവിഭാഗങ്ങൾ ജില്ലയിൽ കാണപ്പെടുന്നു. ജില്ലയിൽ 6 നദീതടങ്ങളുടെ വൃഷ്ടിപ്രദേശങ്ങൾ ഉൾപ്പെടുന്നു. കരമന, വാമനപുരം, നെയ്യാർ എന്നീ നദികൾ ഉന്നതനിരകളിൽ നിന്നു ഉൽഭവിക്കുകയും വ്യത്യസ്തമായ ഭൂപ്രകൃതികളെ സമൃദ്ധമാക്കുകയും ചെയ്യുന്നു. തിരുവനന്തപുരം ജില്ല ഒരു കാർഷിക മേഖലയാണ്: നെല്ല്, മരച്ചീനി, പയറുവർഗങ്ങൾ, കായ്കറികൾ, കിഴങ്ങുവർഗ്ഗങ്ങൾ തുടങ്ങിയവയും റബ്ബർ, തെങ്ങ്, കുരുമുളക് എന്നീ നാണ്യവിളകളും കൃഷി ചെയ്യപ്പെടുന്നു.

കാലാവസ്ഥ

കഠിനമായ ചൂടും തുടർന്നു വരുന്ന മഴക്കാലവും ഉൾപ്പെടുന്ന ഉഷ്ണമേഖല ആർദ്ര കാലാവസ്ഥയാണ് ജില്ലയിൽ അനുഭവപ്പെടുന്നത്. തെക്ക് പടിഞ്ഞാറൻ മൺസൂൺ എന്നറിയപ്പെടുന്ന കാലവർഷവും (ജൂൺ, ആഗസ്റ്റ്), വടക്ക് കിഴക്കൻ മൺസൂൺ എന്നറിയപ്പെടുന്ന തുലാവർഷവും (സെപ്തംബർ, നവംബർ) ആണ് ജില്ലയിൽ അനുഭവപ്പെടുന്ന രണ്ട് പ്രധാന വർഷകാലങ്ങൾ. ഇടവപ്പാതിയും തുലാവർഷവും സാധാരണ നിലയിൽ ലഭിക്കുന്ന ജില്ലയിലെ ശരാശരി വർഷപാതം 2400 മി.മി. ആണ്. കാലാവസ്ഥ വിഭാഗത്തിൽ നിന്നും ലഭിച്ച കണക്കനുസരിച്ച് 2004–2016 കാലയളവിൽ ലഭിച്ച ശരാശരി വർഷപാതം 2422.75 മി. മി. ആണ്. ജില്ലയിൽ ലഭിക്കുന്ന കൂടിയ ശരാശരി വർഷപാതമായ 385.50 മി.മി. ജൂൺ മാസത്തിലും കുറഞ്ഞ ശരാശരി വർഷപാതമായ 14.1 മി.മി. ജനുവരി മാസത്തിലും ലഭിക്കുന്നു. ലഭിക്കുന്ന മഴയുടെ ഭൂരിഭാഗവും കാലവർഷത്തിലാണ്. ജൂൺ – ആഗസ്റ്റ് വരെ ലഭിക്കുന്ന ശരാശരി വർഷപാതം 1336.00 മി.മി. (48.71 ശതമാനം) ആണ്. ജില്ലയിലെ 2004–2016 കാലയളവിലെ വാർഷിക വർഷപാതത്തെക്കുറിച്ചുള്ള വിവരങ്ങൾ പട്ടിക 2.2.1 –ൽ ചുവടെ ചേർക്കുന്നു.

പട്ടിക 2.2.1

തിരുവനന്തപുരം ജില്ല – ശരാശരി വർഷപാതം

വർഷം	ശരാശരി വർഷപാതം (മി. മി.)
2004	2427
2005	2532
2006	2831
2007	2743
2008	2831
2009	1482.9
2010	2140.8
2011	1509.2
2012	1154.4
2013	1845.1
2014	1911.7
2015	2243.3
2016	1197.80

(അവലംബം:– ഇന്ത്യൻ മെറ്റീരിയോളജിക്കൽ ഡിപ്പാർട്ട്മെന്റ്, തിരുവനന്തപുരം)

മലനിരകളിൽ തണുത്ത കാലാവസ്ഥയും തീരപ്രദേശങ്ങളിൽ ചൂടുമാണ് അനുഭവപ്പെടുന്നത്. ഉയർന്ന താപനില ശരാശരി 38 ഡിഗ്രി സെൽഷ്യസും കുറഞ്ഞ താപനില 20 ഡിഗ്രി സെൽഷ്യസുമാണ്. ജില്ലയുടെ പടിഞ്ഞാറ് ഭാഗത്ത് അറബിക്കടൽ ആയതിനാൽ ആപേക്ഷിക ആർദ്രത വളരെ കൂടുതലായി കാണപ്പെടുന്നു. പടിഞ്ഞാറൻ മൺസൂണിന്റെ സമയത്ത് ഇത് 95% വരെ ഉയരും. ഡിസംബർ മുതൽ ഫെബ്രുവരി വരെ തണുപ്പുകാലമാണ്. ഈ മാസങ്ങളിൽ ശരാശരി താപനില 20 ഡിഗ്രി സെൽഷ്യസിലേക്ക് താഴുന്നു. വേനൽക്കാലം ഫെബ്രുവരിയിൽ തുടങ്ങി മേയ് മാസം വരെ നീണ്ടു നിൽക്കുന്നു.

മഴ

ഇടവപ്പാതിയും തുലാവർഷവുമാണ് പ്രധാന മഴക്കാലങ്ങൾ. ലഭിക്കുന്ന മഴയുടെ ഭൂരിഭാഗവും ഇടവപ്പാതിയിൽ നിന്നാണ്. ഭൂജലനിരപ്പ് മഴയെ നിർണ്ണായകമായി സ്വാധീനിക്കുന്നു. കിണറുകളിലെയും മറ്റ് ഉപരിതല ജല സ്രോതസ്സുകളിലെയും ജലലഭ്യത മഴയെ ആശ്രയിച്ചിരിക്കുന്നു.

2016 ൽ ഏറ്റവും മഴകുറവുള്ള ജില്ലകളിൽ രണ്ടാമത്തേത് തിരുവനന്തപുരമായിരുന്നു. ആകെ ലഭിച്ച മഴയിൽ 583.7 മി.മീ. ഇടവപ്പാതിയിലും 543.5 മി.മീ. തുലാവർഷത്തിലുമാണ് ലഭിച്ചത്. ഓരോ മാസത്തിലും ലഭിച്ച മഴയുടെ അളവ് ചുവടെ ചേർക്കുന്നു.

പട്ടിക 2.2.2

തിരുവനന്തപുരം ജില്ല – 2015, 2016 ഓരോ മാസവും ലഭിച്ച മഴ

മാസം	വർഷപാതം (മി. മി)	
	2015	2016
ജനുവരി	9.6	3.2
ഫെബ്രുവരി	0.4	3.7
മാർച്ച്	50.6	19.0
ഏപ്രിൽ	257.3	57.9
മെയ്യ്	336.8	429.1
ജൂൺ	358.7	395.0
ജൂലൈ	60.6	119.4
ആഗസ്റ്റ്	71.4	42.2
സെപ്തംബർ	307.1	15.7
ഒക്ടോബർ	367.0	43.4
നവംബർ	275.9	69.0
ഡിസംബർ	147.9	
ആകെ	2243.3	1197.80

(അവലംബം:– ഇന്ത്യൻ മെറ്റീരിയോളജിക്കൽ ഡിപ്പാർട്ട്മെന്റ്, തിരുവനന്തപുരം)

ശരാശരി മഴലഭ്യതയും 2016 ൽ ലഭിച്ച മഴയും – താരതമ്യം

2016 ലെ ഓരോ സീസണിലും ലഭിച്ച മഴയും ദീർഘകാല ശരാശരിയും താരതമ്യപ്പെടുത്തി ശരാശരിയിൽ നിന്നുമുള്ള വ്യതിയാനം പട്ടികപ്പെടുത്തിയിരിക്കുന്നു.

പട്ടിക 2.2.3

വിവിധ സീസണുകളിൽ ലഭിച്ച മഴയിലെ വ്യതിയാനം (2016)

സീസൺ	മാസം	ലഭിച്ച മഴ (മി.മീ.)	ദീർഘകാല ശരാശരി (മി.മീ)	ശരാശരിയിൽ നിന്നുള്ള മാറ്റം (%)
ശൈത്യകാലം	ജനുവരി – ഫെബ്രുവരി	6.9	40.4	–83
വേനൽക്കാലം	മാർച്ച് – മേയ്	506.1	368.8	–37
ഇടവപ്പാതി	ജൂൺ – സെപ്റ്റംബർ	572.4	871.3	–34
തുലാവർഷം	ഒക്ടോബർ –ഡിസംബർ	112.4	522.7	–79

(അവലംബം:– ഇന്ത്യൻ മെറ്റീരിയോളജിക്കൽ ഡിപ്പാർട്ട്മെന്റ്, തിരുവനന്തപുരം)

ജനുവരി മുതൽ ഫെബ്രുവരി വരെയുള്ള കാലത്ത് ദീർഘകാല ശരാശരിയിൽ നിന്നും 83% മഴ കുറച്ച് ലഭിച്ചതായി കാണുന്നു. വേനൽക്കാലത്തും ഇടവപ്പാതിക്കാലത്തും യഥാക്രമം 37%, 34% മഴ കുറച്ച് മാത്രമാണ് ലഭിച്ചിട്ടുള്ളത്. തുലാവർഷക്കാലത്ത് ശരാശരിയേക്കാൾ 79% മഴ കുറച്ച് ലഭിച്ചതായും പട്ടികയിൽ നിന്നും വ്യക്തമാണ്. 2016 വർഷത്തിലെ വിവിധ സീസണുകളിലെ മഴ ലഭ്യത ചുവടെ ചേർക്കുന്നു.

പട്ടിക 2.2.4

വാർഷിക വർഷപാതം – വിവിധ സീസണുകളിൽ(2016)

സീസൺ	മാസം	ലഭിച്ച മഴ (മി.മീ.)	(%)
ശൈത്യകാലം	ജനുവരി – ഫെബ്രുവരി	6.9	0.58
വേനൽക്കാലം	മാർച്ച് – മേയ്	506.1	42.25
ഇടവപ്പാതി	ജൂൺ – സെപ്റ്റംബർ	572.4	47.79
തുലാവർഷം	ഒക്ടോബർ – ഡിസംബർ	112.4	9.38

(അവലംബം:– മൈനർ ഇറിഗേഷൻ ഡിപ്പാർട്ട്മന്റ്)

കേരളത്തിന്റെ തെക്കൻ ജില്ലകളിലെ പൊതുവായ മഴ ലഭ്യതയാണ് ജില്ലയിലും കാണുന്നത്. ആകെ ലഭിച്ച മഴയുടെ 47.79.6% (572.4 മി.മീ.) ഇടവപ്പാതിയിലൂടെയും 42.25 % വേനൽക്കാലമഴയായും ശേഷിക്കുന്ന 9.38% തുലാ വർഷത്തിലൂടെയും ലഭിച്ചിരിക്കുന്നു.

മഴലഭ്യത – മുൻകാലവുമായുള്ള താരതമ്യം

2015, 2016 എന്നീ വർഷത്തിലെ വിവിധ സീസണുകളിൽ ലഭിച്ച താരതമ്യം ചെയ്യുമ്പോൾ വലിയ വ്യതിയാനമാണ് കാണുന്നത്.

പട്ടിക 2.2.5

2015, 2016 വർഷങ്ങളിലെ മഴലഭ്യത

സീസൺ	മാസം	2015	2016	ഏറ്റക്കുറച്ചിൽ (%)
ശൈത്യകാലം	ജനുവരി – ഫെബ്രുവരി	10	6.9	–31
വേനൽക്കാലം	മാർച്ച് – മേയ്	644.7	506.1	–22
ഇടവപ്പാതി	ജൂൺ – സെപ്റ്റംബർ	797.8	572.4	–28
തുലാവർഷം	ഒക്ടോബർ – ഡിസംബർ	790.8	112.4	–86
		2243.3	**1197.8**	**–46**

(അവലംബം:– മൈനർ ഇറിഗേഷൻ ഡിപ്പാർട്ട്മന്റ്)

മുൻവർഷത്തെ അപേക്ഷിച്ച് 2016 ൽ തുലാവർഷത്തിൽ 86 ശതമാനത്തിന്റെയും ഇടവപ്പാതിയിൽ 28 ശതമാനത്തിന്റെയും കുറവ് വന്നിട്ടുണ്ട്. വേനൽ മഴയിലും 22–31 % കുറവ് രേഖപ്പെടുത്തിയിട്ടുണ്ട്. മുൻവർഷത്തെ അപേക്ഷിച്ച് ശരാശരി വാർഷിക വർഷപാതത്തിൽ 46% കുറവ് കാണുന്നു.

അന്തരീക്ഷ ഊഷ്മാവ്

ഇടവം, തുലാം, വൃശ്ചികം മാസങ്ങളിലാണ് ജില്ലയിൽ നല്ല മഴ ലഭിക്കുന്നത്. വരൾച്ച അനുഭവപ്പെടുന്നത് മകരം, കുംഭം മാസങ്ങളിലാണ്. ജില്ലയിലെ ശരാശരി ഉയർന്ന ഊഷ്മാവായ 38 ഡിഗ്രി സെൽഷ്യസ് മാർച്ച് മാസത്തിലും ശരാശരി താഴ്ന്ന ഊഷ്മാവായ 19.9 ഡിഗ്രി സെൽഷ്യസ് ജനുവരി മാസത്തിലുമാണ് അനുഭവപ്പെടുന്നത്. 2016 വർഷത്തിലെ വിവിധ മാസങ്ങളിൽ ജില്ലയിൽ അനുഭവപ്പെട്ട ഊഷ്മാവിന്റെ വിവരങ്ങൾ പട്ടിക: 2.2.6 – ൽ ഉൾപ്പെടുന്നു.

പട്ടിക 2.2.6

തിരുവനന്തപുരം ജില്ല – ഊഷ്മാവ്

മാസം	ഊഷ്മാവ് (ഡിഗ്രി സെൽഷ്യസിൽ)	
	ഉയർന്നത്	താഴ്ന്നത്
ജനുവരി	35.2	19.9
ഫെബ്രുവരി	36.0	20.5
മാർച്ച്	38.0	22.4
ഏപ്രിൽ	36.1	24.3
മെയ്	34.7	24.3
ജൂൺ	31.9	23.2
ജൂലൈ	29.7	22.8
ആഗസ്റ്റ്	31.6	23.1
സെപ്റ്റംബർ	31.3	23.0
ഒക്ടോബർ	30.5	23.1
നവംബർ	31.7	22.3
ഡിസംബർ	31.0	21.8
ശരാശരി	33.1	22.5

(അവലംബം:–ഇന്ത്യൻ മെറ്റീരിയോളജിക്കൽ ഡിപ്പാർട്ട്മെന്റ്, തിരുവനന്തപുരം)

മർദ്ദം

ശരത്കാലങ്ങളിൽ നിന്നും മർദ്ദം കുറഞ്ഞ് മൺസൂൺ കാലാവസ്ഥയാകുമ്പോൾ ഏറ്റവും കുറഞ്ഞ മർദ്ദം അനുഭവപ്പെടുന്നു. ജനുവരി മാസത്തിലാണ് ഏറ്റവും കൂടുതൽ മർദ്ദം അനുഭവപ്പെടുന്നത്. (1012.7 Mb) ഏറ്റവും കുറഞ്ഞ മർദ്ദം മെയ്– ജൂൺ മാസങ്ങളിലാണ്. (1009.3 Mb/1009.4 Mb)

കാറ്റിന്റെ ദിശയും വേഗതയും (വായു വേഗത)

വാർഷിക കണക്കിൽ മണിക്കൂറിൽ 8 കിലോമീറ്റർ വേഗതയിലാണ് കാറ്റ് സഞ്ചരിക്കുന്നത്. വടക്കു കിഴക്കൻ മൺസൂൺ അനുഭവപ്പെടുന്ന സമയം മുതൽ (5.3) കാറ്റിന്റെ വേഗത കൂടിക്കൂടി വരുന്നുണ്ട് (10.5). സമുദ്രത്തിൽ തെക്ക് – പടിഞ്ഞാറൻ മൺസൂൺ കാലയളവിൽ ഏറ്റവും കുറഞ്ഞത് 24 കിലോമീറ്റർ (മണിക്കൂറിൽ) ഉം ഏറ്റവും കൂടിയത് 66 കിലോമീറ്ററുമാണ്.

ശരത്കാലങ്ങളിൽ രാവിലെ കാറ്റ്, വടക്കു കിഴക്കായും വൈകുന്നേരം പടിഞ്ഞാറോട്ടും, തെക്കു പടിഞ്ഞാറോട്ടുമായി വീശുന്നു. പടിഞ്ഞാറും വടക്കും ദിശകൾക്കിടയിലായി രാവിലെ കാറ്റു വീശുകയും തുടർന്ന് വൈകുന്നേരം പടിഞ്ഞാറോട്ട് വീശുകയും ചെയ്യുന്നു. ഏറ്റവും കൂടിയ കാറ്റിന്റെ വേഗത 11.5 ഉം (ആഗസ്റ്റ്) കുറഞ്ഞത് 5.1 ഉം (ജനുവരി) ആണ്.

ആപേക്ഷിക ആർദ്രത

ഉയർന്ന ആർദ്രത വർഷം മുഴുവൻ അനുഭവപ്പെടുന്നു. (76%) വടക്കു – കിഴക്കൻ മൺസൂൺ കാലയളവിൽ (ഡിസംബർ മുതൽ മെയ് വരെ) ആപേക്ഷിക ആർദ്രത മറ്റു മാസങ്ങളെ അപേക്ഷിച്ച് നേരിയ തോതിൽ കുറവാണ്.

പട്ടിക 2.2.7

സാധാരണ മഴ (മി.മീ)

പ്രദേശം	ജനു	ഫെ.	മാർച്ച്	ഏപ്രി	മെയ്	ജൂൺ	ജൂലൈ	ആഗസ്റ്റ്	സെപ്തം	ഒക്ടോ	നവം	ഡിസം
ആറ്റിങ്ങൽ	20.6	17.5	38.6	106.4	218.9	421.4	277.6	189.7	138.9	289.8	177.8	58.4
തിരുവനന്തപുരം	22.9	20.8	38.6	105.7	207.8	356.4	223	145.5	137.9	273.3	205.3	74.7
നെയ്യാറ്റിൻകര	31.7	17.8	40.4	103.9	185.7	298.5	188.7	119.4	126.7	260.1	235.2	74.4
പാറശ്ശാല	18.3	16.5	45.2	97.5	169.4	270.6	143	101.3	103.1	250.2	200.1	63.7
നെടുമങ്ങാട്	27.2	22.1	65.5	172.5	227.8	408.7	277.6	190.5	181.4	342.4	246.6	78.5

(അവലംബം:– ഇന്ത്യൻ മെറ്റീരിയോളജിക്കൽ ഡിപ്പാർട്ട്മെന്റ്, തിരുവനന്തപുരം)

Fig - 1



Fig - 2



Fig - 3



The graph shows average amount of days (24h) with precipitation during a month. When precipitation has surpassed 1mm per day (24h) it is defined as a day with precipitation. The mean period is 1961–1990

Fig 4



ഭൂപ്രകൃതി

കിഴക്കു നിന്ന് പടിഞ്ഞാറേക്ക് ഉയരം കൂടിയ കുന്നുകളേയും അവയ്ക്കിടയിലെ താഴ്വാരങ്ങളേയും ഉൾക്കൊള്ളുന്ന മലനാട്, മലമ്പ്രദേശത്തു നിന്ന് ചാഞ്ഞിറങ്ങുന്ന മട്ടിൽ നിന്മോന്നതമായിക്കിടക്കുന്ന ഇടനാട്, വിസ്തൃതി കുറഞ്ഞതെങ്കിലും നിരന്ന പ്രദേശമായ തീരമേഖല എന്നിങ്ങനെ ജില്ലയുടെ ഭൂപ്രകൃതിയെ സംഗ്രഹിക്കാം. വടക്കും വടക്ക് കിഴക്കും അതിരുകളിൽ സഹ്യപർവ്വതസാനുക്കളാണ്. ജില്ലയുടെ കിഴക്ക് ഭാഗത്ത് ക്രമേണ ഉയരം കുറഞ്ഞ നിലയിൽ കാണപ്പെടുന്ന ഇവ തെക്ക് കിഴക്കരികിൽ എത്തുമ്പോഴേക്കും താരതമ്യേന ഉയരം കുറഞ്ഞ മേടുകളായിത്തീരുന്നു. മലമടക്കുകളുടെ തുടർച്ചയായുള്ള

കുന്നിൻ നിരകളും താഴ്വാരങ്ങളും തീരസമതലത്തോളം വ്യാപിച്ചുകിടക്കുന്നു. മറ്റു ജില്ലകളെ അപേക്ഷിച്ച് തിരുവനന്തപുരത്തിന്റെ തീരമേഖല നന്നേ വീതി കുറഞ്ഞതാണ്. ജില്ലയുടെ തെക്ക് ഭാഗത്തേയ്ക്ക് നീങ്ങുന്തോറും ഭൂമിയുടെ ചായ്മാനത്തിൽ കുറവുണ്ടായി ഏതാണ്ട് സമതല പ്രകൃതി കൈവരിക്കുന്നു.



ജില്ലയിലെ ഭൂവിഭാഗങ്ങൾ

നെയ്യാറ്റിൻകര താലൂക്കിൽ മലനാട്, ഇടനാട്, തീരമേഖല എന്നീ മൂന്നു ഭൂവിഭാഗങ്ങളേയും അനുക്രമമായ നിലയിൽ കാണാവുന്നതാണ്. നെടുമങ്ങാട്, കാട്ടാക്കട താലൂക്കുകളിൽ മൊത്തത്തിൽ നിമ്നോന്നത പ്രകൃതിയാണ്; സഹ്യപർവ്വത ശൃംഗങ്ങളിൽ നിന്നു തെക്ക് പടിഞ്ഞാറേക്കു ചാഞ്ഞിറങ്ങുന്ന മട്ടിലാണ് കിടപ്പ്. തിരുവനന്തപുരം പൊതുവേ ഉച്ചാവചം കുറഞ്ഞ മേഖലയാണ്. ചിറയിൻകീഴ്, വർക്കല താലൂക്കുകൾ കിഴക്കേപ്പകുതി ഇടനാട്ടിലും പടിഞ്ഞാറേപ്പകുതി തീരമേഖലയിലും ഉൾപ്പെട്ടിരിക്കുന്നു. ഈ താലൂക്കുകളിൽ തീരത്തോടടുത്ത് ചെറുതും വലുതുമായ കായലുകളുടെ നിരയുമുണ്ട്.

ഗിരിശൃംഗങ്ങളിൽ നിന്ന് കടലിറമ്പിലേക്കുള്ള ഏറ്റവും കൂടിയ ദൂരം 56 കി.മീ. ആണ്. ജില്ലാതിർത്തിക്കുള്ളിൽ സഹ്യപർവ്വതനിരകളുടെ ശരാശരി ഉയരം 914 മീ. ആണ്. അഗസ്ത്യകൂടം (1,869 മീ.) ആണ് ഏറ്റവും പൊക്കം കൂടിയ കൊടുമുടി. തിരുവനന്തപുരം നഗരപ്രാന്തത്തിൽ ഒറ്റപ്പെട്ടു നിൽക്കുന്ന സാമാന്യം ഉയരത്തിലുള്ള ചെറിയ കുന്നാണ് മൂക്കുന്നിമല (1,074 മീ.). കടലിലേക്ക് ഉന്തിനിൽക്കുന്ന കോവളം, വർക്കല തുടങ്ങി ഏതാനും ഭാഗങ്ങളെ ഒഴിവാക്കിയാൽ പൊതുവേ ഋജുവായ കടലോരമാണ് ജില്ലയ്ക്കുള്ളത്.

ഭൂവിഭാഗങ്ങൾ

വ്യത്യസ്തങ്ങളായ ഭൂമിശാസ്ത്ര പ്രത്യേകതകളെ പരിഗണിച്ച് സൂക്ഷ്മതലത്തിൽ ജില്ലയിലെ ഭൂവിഭാഗങ്ങളെ 5 ഭാഗങ്ങളായി തരം തിരിച്ചിട്ടുണ്ട്.

1. തീരദേശം /സമതലങ്ങൾ

10 മീറ്റർ വരെ ഉയരമുള്ള പ്രദേശങ്ങളാണിത്. പാറപ്രദേശങ്ങൾ ചില മേഖലയിൽ കാണപ്പെടുന്നു. കോവളം പ്രദേശത്ത് 40 മീറ്റർ വരെ ഉയരമുള്ള പാറ പ്രദേശങ്ങളുണ്ട്. വിസ്താരമേറിയ മണൽ പ്രദേശങ്ങളിലുൾപ്പെടുന്നു. കഴക്കൂട്ടത്തിന് സമീപം തീരത്തിന് സമാന്തരമായി 2 നദികൾ ഒഴുകുന്നുണ്ട്. വേളികായൽ, കഠിനകുളം കായൽ, കഴക്കൂട്ടം നടയറ കായലുകൾ, വെള്ളായണി കായലുകൾ എന്നിവയാണ് പ്രധാന തണ്ണീർത്തടങ്ങൾ. ആകെ വിസ്തൃതിയുടെ 14 % പ്രദേശം ഈ വിഭാഗത്തിലുൾപ്പെടുന്നു.

2. ഇടനാട്

10 മീറ്റർ മുതൽ 100 മീറ്റർവരെ ഉയരത്തിൽ ഇടനാട് കാണപ്പെടുന്നു. 54% പ്രദേശവും ഈ മേഖലയിലുൾപ്പെടുന്നു. ശരാശരി ചരിവ് പടിഞ്ഞാറ് ദിശയിലാണ്. മണ്ണൊലിപ്പിന്റെ വിവിധ ചക്രങ്ങൾ ഇത്തരം പ്രദേശങ്ങളിൽ കാണാവുന്നതാണ്. മിതമായ നിമ്നോന്നതി ചില പ്രദേശങ്ങളിലുണ്ട്. ചിലയിടങ്ങളിൽ ഇവ തീരപ്രദേശം വരെ വ്യാപിച്ചു കിടക്കുന്നു.

3. മലനാട്

100 മീറ്റർ മുതൽ 300 മീറ്റർ വരെയുള്ള ഉയര വ്യത്യാസത്തിൽ പ്രസ്തുത പ്രദേശം കാണപ്പെടുന്നു. പടിഞ്ഞാറൻ ഇടനാട് പ്രദേശങ്ങളുമായി ചേർന്ന് കിഴക്കു പടിഞ്ഞാറായി കാണപ്പെടുന്ന ലാറ്ററൈറ്റ് കുന്നിൻ നിരകളാണിവ. കുത്തനെയുള്ള ചരിവ്, ഇടുങ്ങിയ താഴ്വരകൾ, കുന്നിൻ നിരകൾ എന്നിവ ഭൂപ്രകൃതിയെ സ്വാധീനിക്കുന്നു.

നിമ്നോന്നതി മിതമായ തോതിൽ നിന്ന് ഉയർന്ന തോതിലേക്ക് പോകുന്നുണ്ട്. വ്യത്യസ്ത ഉയരങ്ങളിൽ നിരവധി ഒറ്റപ്പെട്ട കുന്നുകൾ കാണപ്പെടുന്നു. ആകെ വിസ്തൃതിയുടെ 17% ഈ മേഖലയിലുൾപ്പെടുന്നു.

4. ചരിഞ്ഞ കുന്നിൻപ്രദേശങ്ങൾ

300 മുതൽ 600 മീറ്റർ വരെ ഉയരത്തിൽ പ്രസ്തുത പ്രദേശം ഉൾപ്പെടുന്നു. പശ്ചിമഘട്ട മലനിരകളുടെ ചരിവ് പ്രദേശങ്ങളാണിവ. തുടർച്ചയായ നിരകളായി പശ്ചിമഘട്ടത്തെ ചുറ്റി ഇവ കിടക്കുന്നു. അഗാധമായ ഗർത്തങ്ങളും കാണപ്പെടുന്നു. ആകെ വിസ്തൃതിയുടെ 6% ഈ മേഖലയിലുൾപ്പെടുന്നു.

5. പശ്ചിമഘട്ട മലനിരകൾ

600 മീറ്ററിനു മുകളിൽ ഉയരമുള്ള പ്രദേശങ്ങളാണിത്. ആഴമുള്ള താഴ്‌വരകൾ, ഉയർന്ന ചരിവ് പ്രദേശങ്ങൾ, ഉയർന്ന പർവ്വതങ്ങൾ എന്നിവ ഈ വിഭാഗത്തിലുൾപ്പെടുന്നു. കിഴക്കൻ തീരത്ത് ജില്ലാതിർത്തി പശ്ചിമഘട്ട മലനിരകളിൽ സന്ധിക്കുന്നു. അഗസ്ത്യമല (1869 മീറ്റർ) ചെമ്മുഞ്ചി മല (1713 മീറ്റർ) പേരംകോട്ട മല (1079 മീറ്റർ) എന്നിവയാണ് പ്രധാന ഉയർന്ന കുന്നിൻ പ്രദേശങ്ങൾ, ആപേക്ഷിക നിമ്നോന്നത 1200 മീറ്റർ വരും. ആകെ വിസ്തൃതിയുടെ 9% ഈ മേഖലയിലുൾപ്പെടുന്നു.

ഉന്നതി

ശരാശരി സമുദ്രനിരപ്പിൽ നിന്നുള്ള ഉയരത്തെ അടിസ്ഥാനമാക്കി തീരപ്രദേശം, ഇടനാട്, മലനാട് എന്നിങ്ങനെ മൂന്ന് ഭൂമിശാസ്ത്ര മേഖലകളായി തരം തിരിച്ചിരിക്കുന്നു. ഇടവിട്ട കുന്നുകളും താഴ്‌വരകളും കൊണ്ട് നിബിഡമായ ഒരു നിമ്നോന്നത ഭൂപ്രകൃതിയാണ് ജില്ലയിൽ കണ്ട് വരുന്നത്. ജില്ലയിലെ ഭൂപ്രദേശങ്ങൾ ശരാശരി സമുദ്ര നിരപ്പിൽ നിന്നും 1869 മീറ്റർ വരെ ഉയരത്തിൽ സ്ഥിതിചെയ്യുന്നു. ശരാശരി സമുദ്ര നിരപ്പിൽ നിന്നും 20–100 മീറ്റർ വരെ ഉയരത്തിൽ സ്ഥിതി ചെയ്യുന്ന പ്രദേശങ്ങളാണ് ഈ ജില്ലയിലെ ഏറ്റവും കൂടുതൽ പ്രദേശങ്ങൾ. ഇത് ജില്ലയുടെ മൊത്തം വിസ്തൃതിയുടെ 52.67 ശതമാനമാണ് (115451.28 ഹെക്ടർ). ജില്ലയിലെ വളരെ കുറച്ച് പ്രദേശങ്ങൾ മാത്രമേ സമുദ്രനിരപ്പിൽ നിന്നും 1800 മീറ്ററിന് മുകളിൽ സ്ഥിതി ചെയ്യുന്നുള്ളൂ. കൂടുതൽ ഉയരമുള്ള പ്രദേശങ്ങൾ കൂടുതലായി കാണപ്പെടുന്നത് കിഴക്ക് ഭാഗത്താണ്. ശരാശരി സമുദ്ര നിരപ്പിൽ നിന്നും 20 മീറ്റർ വരെ ഉയരത്തിൽ സ്ഥിതിചെയ്യുന്ന 32982.35 ഹെക്ടർ (15.05 ശതമാനം) പ്രദേശമാണുള്ളത്. 67708.54 ഹെക്ടർ (30.89 ശതമാനം) പ്രദേശം 20–60 വരെ വിഭാഗത്തിലും 47742.74 ഹെക്ടർ (21.78 ശതമാനം) പ്രദേശം 60–100 വരെ വിഭാഗത്തിലും, 39761.42 ഹെക്ടർ (18.14 ശതമാനം) പ്രദേശം 100–200 വരെ വിഭാഗത്തിലും പെടുന്നു. ശരാശരി സമുദ്ര നിരപ്പിൽ നിന്നും 200–600 വരെ ഉയരമുള്ള 19618.50 ഹെക്ടർ (8.95 ശതമാനം) പ്രദേശമാണ് ജില്ലയിലുള്ളത്. ജില്ലയിലെ ഉന്നതി വിവരങ്ങൾ പട്ടികയിൽ നൽകിയിരിക്കുന്നു.

പട്ടിക 2.2.8

ഉന്നതി – തിരുവനന്തപുരം ജില്ല

ശരാശരി സമുദ്രനിരപ്പിൽ നിന്നുള്ള ഉയരം	വിസ്തൃതി (ഹെക്ടർ)	ശതമാനം
< 20 മീ.	32982.35	15.05
20 – 60 മീ.	67708.54	30.89
60 – 100 മീ.	47742.74	21.78
100 – 200 മീ.	39761.42	18.14
200 – 600 മീ.	19618.50	8.95
600 – 1000 മീ.	7764.72	3.54
1000 – 1400 മീ.	3399.74	1.55
1400 – 1800 മീ.	184.69	0.08
> 1800 മീ.	37.30	0.02
ആകെ	219200.00	100.00



ചരിവ്

ഒരു പ്രദേശത്തിന്റെ ചരിവ് സൂചിപ്പിക്കുന്നത് ഉപരിതലത്തിലുള്ള ഏറ്റക്കുറച്ചിലുകളെയാണ്. ഓരോ സ്ഥലത്തിന്റെയും ചരിവ് വിഭാഗങ്ങളെ രേഖപ്പെടുത്തുമ്പോൾ അവിടുത്തെ ചരിവിന്റെ മാനം, രൂപം, സങ്കീർണ്ണത, വ്യാപ്തി എന്നിവയെല്ലാം കണക്കിലെടുക്കാറുണ്ട്. ചരിവിന്റെ മാനം എന്നത് കൊണ്ട് ഉദ്ദേശിക്കുന്നത് പ്രസ്തുത ഉപരിതലം നിരപ്പായ പ്രതലവുമായി പരസ്പരം ഛേദിക്കുമ്പോൾ ഉണ്ടാകുന്ന കോണിന്റെ ഒരു രൂപമാണ്. രണ്ട് ബിന്ദുക്കൾ തമ്മിലുള്ള ഉയരവ്യത്യാസത്തെ ആ ബിന്ദുക്കൾ തമ്മിലുള്ള അകലത്തിന്റെ ശതമാനമായിട്ടാണ് രേഖപ്പെടുത്തുന്നത്. 100 മീറ്റർ അകലത്തിലുള്ള 2 ബിന്ദുക്കൾ തമ്മിൽ ഒരു മീറ്ററിന്റെ ഉയരവ്യത്യാസമുണ്ടെങ്കിൽ അത് ഒരു ശതമാനം ചരിവായിട്ടാണ് കണക്കാക്കുന്നത്. ഒരോ പ്രദേശത്തുമുണ്ടാകുന്ന മണ്ണൊലിപ്പ് ചരിവിന്റെ സങ്കീർണ്ണതയുമായി ബന്ധപ്പെട്ടതാണ്. ഉപരിതലത്തിൽ ഏത് ദിശയിലേയ്ക്കാണ് ചരിവ് എന്നതാണ് ചരിവിന്റെ രൂപം കൊണ്ട് ഉദ്ദേശിക്കുന്നത്. സാധാരണഗതിയിൽ ചരിവ് വർദ്ധിക്കുന്നതിനനുസരിച്ച് മണ്ണൊലിപ്പ് വർദ്ധിക്കാൻ സാധ്യതയുണ്ട്.

ജില്ലയിൽ 6 ചരിവ് വിഭാഗങ്ങളാണ് വേർതിരിച്ച് രേഖപ്പെടുത്തിയിട്ടുള്ളത്. ലഘുവായ ചരിവ് വിഭാഗത്തിൽ 243.02 ച. കി.മി. (11.09 ശതമാനം) ഭൂപ്രദേശവും, വളരെ മിതമായ ചരിവ് വിഭാഗത്തിൽ (5–10 ശതമാനം) 205.65 ച. കി.മി. (9.38 ശതമാനം) ഭൂപ്രദേശവും, മിതമായ ചരിവ് വിഭാഗത്തിൽ (10–15 ശതമാനം) 408.38 ച. കി.മി. (18.63 ശതമാനം) ഭൂപ്രദേശവും ഉൾപ്പെടുന്നു. ശക്തമായ ചരിവ് വിഭാഗത്തിൽ (15–35 ശതമാനം) 1000.19 ച. കി.മി. (45.63 ശതമാനം) ഭൂപ്രദേശം ഉൾപ്പെടുന്നു. ഈ വിഭാഗത്തിലാണ് ഏറ്റവും കൂടുതൽ പ്രദേശങ്ങൾ ഉൾക്കൊള്ളുന്നത്. മിതമായ കുത്തനെയുള്ള ചരിവ് വിഭാഗത്തിൽ (35–50 ശതമാനം) 212.34 ച. കി.മി. (9.69 ശതമാനം) ഭൂപ്രദേശവും ഉൾപ്പെടുന്നു. കുത്തനെയുള്ള ചരിവ് (>50 ശതമാനം) വിഭാഗത്തിൽ 90.50 ച. കി.മി. (4.13 ശതമാനം) ഭൂപ്രദേശവും ഉൾപ്പെടുന്നു. 5 ശതമാനത്തിൽ കൂടുതൽ ചരിവുള്ള ഭൂപ്രദേശങ്ങളിലാണ് ശരിയായ മണ്ണ്–ജല സംരക്ഷണ പ്രവർത്തനങ്ങൾ മുൻഗണനാ ക്രമത്തിൽ നടപ്പിലാക്കേണ്ടത്. ചരിവ് സംബന്ധമായ വിവരങ്ങൾ പട്ടികയിൽ ചേർത്തിരിക്കുന്നു.

പട്ടിക 2.2.9

ചരിവ് – തിരുവനന്തപുരം ജില്ല

ചരിവ് വിഭാഗം	വിസ്തൃതി (ച.കി.മി.)	ശതമാനം
ലഘുവായ ചരിവ് (0–5 ശതമാനം)	243.02	11.09
വളരെ മിതമായ ചരിവ്(5–10 ശതമാനം)	205.65	9.38
മിതമായ ചരിവ്(10–15 ശതമാനം)	408.38	18.63
ശക്തമായ ചരിവ്(15–35 ശതമാനം)	1000.19	45.63
മിതമായ കുത്തനെയുള്ള ചരിവ് (35–50ശതമാനം)	212.34	9.69
കുത്തനെയുള്ള ചരിവ്(>50 ശതമാനം)	90.50	4.13
ജലാശയം	31.92	1.46
ആകെ	2192.00	100.00



ജില്ലയിലെ ചരിവ്

ഭൂവിജ്ഞാനീയം

ഭൂവിജ്ഞാനപരമായി ഈ ജില്ലയെ നാല് ഉപമേഖലകളായി വിഭജിക്കാം. പരൽശിലകളുടെ അടരുകൾ അട്ടിയിട്ടിട്ടുള്ള മലമടക്കുകൾ, ടെർഷ്യറി നിക്ഷേപങ്ങൾക്കു പ്രാമാണ്യമുള്ള പ്ളീസ്റ്റോസീൻ ശിലാസ്തരങ്ങൾ, ലാറ്ററൈറ്റ് മേഖല, നന്നേ പ്രായം കുറഞ്ഞ അവസാദങ്ങൾക്ക് മുൻതൂക്കമുള്ള തീരപ്രദേശം എന്നിവയാണ് ഈ ഉപമേഖലകൾ. മലമ്പ്രദേശത്തെ ശിലകൾ ആർക്കിയൻ വ്യവസ്ഥയിൽപ്പെട്ടവയാണ്. ലെപ്റ്റിനൈറ്റുകൾക്കൊപ്പം ചാർണൊക്കൈറ്റ്, ഹോൺബ്ളെൻഡ്, ബയോട്ടൈറ്റ്നൈസ്, ഷിസ്റ്റ്, ഗ്രാനുലൈറ്റ് തുടങ്ങിയയിനം ശിലകളും സ്ഥാനീയ പ്രാമുഖ്യം പ്രദർശിപ്പിക്കുന്നവയാണ്. ഉയർന്ന നതിയോടെ, വടക്കു പടിഞ്ഞാറ് തെക്കുകിഴക്ക് ദിശയിലോ വടക്ക് വടക്കുപടിഞ്ഞാറ് തെക്ക് തെക്കുകിഴക്ക് ദിശയിലോ നതിലംബമുള്ളവയും ശല്ക്കിത ഘടനയുള്ളവയുമാണ് ഇവ. ഗ്രാഫൈറ്റ് ഉൾക്കൊള്ളുന്ന ഗാർണെറ്റ്സില്ലിമനൈറ്റ് നൈസ്, ഗാർണെറ്റ്ബയോട്ടൈറ്റ് നൈസ്, കുറഞ്ഞയളവിൽ കാൽക്ഗ്രാനുലൈറ്റ് എന്നിവ പ്രായം കുറഞ്ഞവയോ നവജാതങ്ങളോ ആയ ഗാർണെറ്റ് കലർന്ന ക്വാർട്ട്സ്, ഫെൽസ്പാർ എന്നിവയുമായി സമ്മിശ്രാവസ്ഥയിൽ വർത്തിക്കുന്ന ശിലാപടലങ്ങളെയാണ് ലെപ്റ്റിനൈറ്റ് എന്നു വിശേഷിപ്പിക്കുന്നത്. നൈസ്ശിലകൾ പുനഃക്രിസ്റ്റലീകരണത്തിനു വിധേയമായി വലിപ്പമേറിയ പരുക്കൻ പരലുകളായി ഉത്പാദിതമാകുന്ന ഫെൽസ്പാത്തിക ഗ്രാനുലൈറ്റുകളാണ് ലെപ്റ്റിനൈറ്റുകൾ; നൈസ് ശിലകൾ ഉൾക്കൊണ്ടിരുന്ന ബയോട്ടൈറ്റ് ഗാർണെറ്റ് ആയി പരിവർത്തിതമാകുന്നു. വ്യത്യസ്ത തോതിൽ ഗ്രാഫൈറ്റും നേരിയ അളവിൽ ക്വാർട്ട്സ്, ഓർതോക്ളേസ് എന്നിവയും അടങ്ങിയിട്ടുള്ള ഗാർണെറ്റ്സില്ലിമനൈറ്റ് നൈസുകളെ ഖോൻഡലൈറ്റ് എന്ന് വിശേഷിപ്പിക്കുന്നു. തിരുവനന്തപുരം ജില്ലയിലെ വാമനപുരം, പേപ്പാറ, കല്ലാർ, പൊന്മുടി തുടങ്ങിയയിടങ്ങളിൽ ഖോൻഡലൈറ്റിന്റെ താരതമ്യേന കനംകുറഞ്ഞ അടരുകൾ അവസ്ഥിതമാണ്; ഇവയിൽ കല്ലാറിലേത് ഗ്രാഫൈറ്റ് സമ്പുഷ്ടമാണ്. കീഴായിക്കോണം, വാഴിച്ചൽ, മടത്തറ, അമ്പൂരി എന്നിവിടങ്ങളിലും ഖോൻഡലൈറ്റ് ആധിക്യം ദർശിക്കാം. ഗാർണെറ്റ്സില്ലിമനൈറ്റ് നൈസുകൾ ജില്ലയിലെ മിക്കഭാഗങ്ങളിലും ചിതറിയ മട്ടിൽ അനാച്ഛാദിതമായിരിക്കുന്നു; ഏതാനും സെ.മീ. മുതൽ അനേകശതം മീറ്ററുകൾ വരെ കനത്തിലുള്ളവയാണ് ഇവ. പൊതുവേ ശല്കിതമായി കാണപ്പെടുന്ന ചാർണൊക്കൈറ്റുകളിലെ പ്രധാന ഘടകങ്ങൾ ക്വാർട്ട്സ്, മൈക്രോക്ളൈൻ, പ്ളേജിയോക്ളേസ്, ഹോൺബ്ളെൻഡ് എന്നിവയാണ്; ബയോട്ടൈറ്റ്, ഗാർണൈറ്റ് എന്നിവയേയും ഉൾക്കൊണ്ടിരിക്കാം. ധാതുസംഘടനത്തെ അടിസ്ഥാനമാക്കി ചാർണൊക്കൈറ്റുകളെ അധിസിലികം, മധ്യതമസിലികം, അല്പസിലികം എന്നിങ്ങനെ തരംതിരിക്കാം. അല്പസിലിക വിഭാഗത്തിൽപ്പെട്ടവ പൈറോക്സിൻ ഗ്രാനുലൈറ്റ്, ഹോൺബ്ളെൻഡ്, നോറൈറ്റ് എന്നിവയെയാണ് ഉൾക്കൊണ്ടിരിക്കുക; സാധാരണയായി അധിസിലിക ചാർണൊക്കൈറ്റിലോ നൈസ്ശിലകളിലോ കടന്നുകയറിയമട്ടിൽ, കനംകുറഞ്ഞ പടലങ്ങളായോ ഡൈക്കുകളായോ അവസ്ഥിതമായിരിക്കും. അഭ്രം, മാഗ്നട്ടൈറ്റ് തുടങ്ങിയവയുടെ സാന്നിധ്യത്തോടെ, ക്വാർട്ട്സിന്റേയോ ഫെൻസ്പാറിന്റേയോ വലിയ പരലുകളായി വർത്തിക്കുന്ന പെഗ്മട്ടൈറ്റ്, ലെപ്റ്റിനൈറ്റ് നൈസ് എന്നീയിനം ശിലകളിലേക്ക്

പടലങ്ങളായോ സിരാരൂപത്തിലോ തുളഞ്ഞുകയറിയമട്ടിൽ കാണപ്പെടുന്നു. ജില്ലയിലെമ്പാടും സാന്നിധ്യമുള്ള ഇവയ്ക്ക് നിയതമായ ദിശയോ ഗണ്യമായ വലിപ്പമോ ഇല്ല.

വർക്കല ശ്രേണി എന്നു വിശേഷിപ്പിക്കപ്പെടുന്ന ടെർഷ്യറിശിലാസ്തരങ്ങളുടെ മാതൃകാസ്തരങ്ങൾ കടലിറമ്പത്തുള്ള വർക്കലകുന്നുകളിലാണ് കാണപ്പെടുന്നത്. കോഴിത്തോട്ടം, ഇടവ, പള്ളിപ്പുറം, തോന്നയ്ക്കൽ, മംഗലപുരം, കഴക്കൂട്ടം, അരുമാനൂർ, കുളത്തൂർ, അമരവിള, കോവിലൂർ തുടങ്ങിയയിടങ്ങളിലും ഇവ അവസ്ഥിതമാണ്. നിറത്തിലും പ്രകൃതിയിലും വൈവിധ്യമാർന്ന പരുക്കൻ മണൽക്കല്ലുകളുടേയും കളിമണ്ണിന്റേയും ഒന്നിടവിട്ടുള്ള അട്ടികളാണ് വർക്കല ശ്രേണിയിലുള്ളത്. മിക്കപ്പോഴും ലിഗ്നൈറ്റിന്റെ നേരിയ പടലങ്ങളെയും ഉൾക്കൊണ്ടിരിക്കും. വർക്കലയിലുള്ള മാതൃകാസ്തരങ്ങളിൽ ഏറ്റവും താഴത്തെ അടരിലെ ഊതനിറത്തിലുള്ള കളിമണ്ണിനുള്ളിൽ അങ്ങിങ്ങായി പരിവർത്തനദശ പൂർണമായും താണ്ടിയിട്ടില്ലാത്ത ലിഗ്നൈറ്റ്കണ്ടാമരം സഞ്ചയങ്ങൾ ഉൾപ്പെട്ടിരിക്കുന്നു; റെസിൻ, മാർക്കസൈറ്റ് എന്നിവയുടെ ചെറുതും വലുതുമായ കഷ്ണങ്ങളുടെ സാന്നിദ്ധ്യം മറ്റൊരു പ്രത്യേകതയാണ്.



ജില്ലയിലെ ഭൂവിജ്ഞാനീയം

ലാറ്റെറൈറ്റ് ശിലാസഞ്ചയങ്ങൾ ജില്ലയിലെ മിക്ക ഭാഗങ്ങളിലും, വിശിഷ്യ സസ്യാവരണം നഷ്ടപ്പെട്ടയിടങ്ങളിൽ വ്യാപിച്ചുകാണുന്നു. മാതൃശിലകൾക്ക് അപക്ഷയം സംഭവിച്ച് ഇരുമ്പിന്റേയോ അലൂമിനീയത്തിന്റേയോ, രണ്ടിന്റേയുമോ ഓക്സൈഡുകളുടെ പ്രാമാണ്യത്തോടെ ഉരുത്തിരിയുന്ന ശിലാപദാർഥമാണ് ലാറ്റെറൈറ്റ്. പ്രീകാമ്പ്രിയൻ മുതൽ ടെർഷ്യറി വരെ വിവിധ യുഗങ്ങളിലേതായ ശിലാസ്തരങ്ങൾക്കുപരി ലാറ്റെറൈറ്റുകൾ വിന്യസിക്കപ്പെട്ടുകാണുന്നതിൽ നിന്ന് ഇവയുടെ ഉത്പാദനം ആവർത്തന പ്രക്രിയകളിലൂടെയായിരുന്നുവെന്ന് അനുമാനിക്കാം. കേരളത്തിലും ഒന്നിലധികം ജിയോളജീയ ഘട്ടങ്ങളിലേതായ ലാറ്റെറൈറ്റ് അവസ്ഥിതമാണ്. തിരുവനന്തപുരം ജില്ലയിലുള്ളവയെ വർക്കല ശ്രേണിക്കു മുൻപുണ്ടായവയെന്നും പിൻപുണ്ടായവയെന്നും തരംതിരിക്കാം. പ്രതലത്തിൽ നിന്ന് 100 മീറ്റർ വരെ ആഴത്തിൽ എത്തുന്ന ലാറ്റെറൈറ്റ് പടലങ്ങൾ ജില്ലയിൽ കണ്ടെത്തിയിട്ടുണ്ട്. പരിഘടനയുള്ള ശിലകളിൽ നിന്ന് ഉരുത്തിരിഞ്ഞവയാകയാൽ ഇവ ശല്കിതമായും മാതൃശിലകളിലെ ധാതുഘടകങ്ങളെ ഉൾക്കൊണ്ടവയായും കാണപ്പെടുന്നു. പാടലം, ഊത, ചുവപ്പ്, തവിട്ട് എന്നീ നിറങ്ങളിലോ ഇവയുടെ സങ്കരവർണങ്ങളിലോ ഇവ രൂപം കൊണ്ടിരിക്കാം. സസ്യാവരണത്തിനടിയിലുള്ള ലാറ്റെറൈറ്റുകൾ രന്ധ്രമയവും ഭൂജലം ഊർന്നിറങ്ങുന്നതിനു നന്നേ അനുയോജ്യങ്ങളുമാണ്. എന്നാൽ സൂര്യതാപം നേരിട്ട് ഏൽക്കുന്ന ലാറ്റെറൈറ്റുകൾ അവയിലെ രന്ധ്രങ്ങൾ മൂടിപ്പോകാവുന്ന വിധത്തിൽ ഈരടുപ്പമുണ്ടായി കഠിനശിലകളായി മാറുന്നു. തരിശുഭൂമികളിലൊട്ടാകെ കടുപ്പമേറിയ ലാറ്റെറൈറ്റ് ആവരണം വ്യാപിക്കുന്നത് ജില്ലയിൽ പൊതു പ്രതിഭാസമായിത്തീർന്നിരിക്കുന്നു.

തീരമേഖല കടലിലേക്കിറങ്ങി നില്ക്കുന്ന ഏതാനും ഭാഗങ്ങളെ ഒഴിവാക്കിയാൽ പൊതുവേ മണൽപ്പരപ്പുകളാണ്. ആവർത്തിച്ചുണ്ടായ കടലേറ്റങ്ങളുടെ പരിണതഫലമായി മാതൃശിലകൾക്കുമേൽ അട്ടിയിട്ടുള്ള സമുദ്രജന്യ നിക്ഷേപങ്ങളാണ് ഇവ. ക്വാർട്ട്സിന്റെ

അംശം സാമാന്യത്തിലധികമുള്ള പരുക്കനോ തരിമയമോ ആയ ചൊരിമണലാണ് പൊതുവേയുള്ളത്.

മണ്ണിനങ്ങൾ

ഭൂപ്രകൃതി, മണ്ണിന്റെ രാസ ഭൗതീക സ്വഭാവങ്ങൾ, പ്രത്യേകതകൾ, പരിമിതികൾ എന്നിവയുടെ അടിസ്ഥാനത്തിൽ ജില്ലയിലെ മണ്ണിനങ്ങളെ പൊതുവായും ശാസ്ത്രീയമായും തരംതിരിച്ചിട്ടുണ്ട്. പൊതുവായ വർഗ്ഗീകരണത്തിൽ ജില്ലയിൽ പ്രധാനമായും ആറ് തരത്തിലുള്ള മണ്ണിനങ്ങളാണ് കണ്ടുവരുന്നത്. തീരദേശമണ്ണ്, എക്കൽമണ്ണ്, ചെമ്മണ്ണ്, മലയോരമണ്ണ്, വനമണ്ണ് എന്നിവയാണ് ഇവ.

➢ തീരദേശമണ്ണ്

സമുദ്ര തീരത്തും അതിനോട് ചേർന്നു കിടക്കുന്ന സമതല പ്രദേശത്തും കണ്ടുവരുന്നു (സമുദ്ര നിരപ്പിൽ നിന്നും 20 മീറ്റർ വരെ ഉയരത്തിൽ). നല്ല ആഴമുള്ളതും മഞ്ഞ കലർന്ന തവിട്ടു നിറം മുതൽ കടുത്ത തവിട്ടു നിറത്തോടുകൂടിയ ഈ മണ്ണിൽ 80% മുകളിൽ മണിലിന്റെ അംശമാണ്. പൂവാർ, കഴക്കൂട്ടം എന്നീ മൺശ്രേണികളിലായി 8486 ഹെക്ടറിൽ തിരുവനന്തപുരം, ചിറയിൻകീഴ്, നെയ്യാറ്റിൻകര എന്നീ താലൂക്കുകളിൽ കാണപ്പെടുന്നു.

പരിമിതികൾ

- ജൈവാംശകുറവ്, വലിയ തോതിലുള്ള നീർവാർച
- സസ്യാഹാര മൂലകങ്ങൾ വളരെ കുറവ്
- ഉയർന്ന ജലനിരപ്പ് ഈ മണ്ണിന്റെ പ്രത്യേകതയാണെങ്കിലും ഈർപ്പം നിലനിർത്താനുള്ള കഴിവ് വളരെ കുറവ്.

പരിപാലന മുറകൾ

- ജൈവ വളങ്ങളും ജൈവ പദാർത്ഥങ്ങളും അധികമായി ചേർക്കുക.
- ചെടിയുടെ ചുവട്ടിൽ ചെളി കലർന്ന മണ്ണ് ഇടുക. തൊണ്ട്, ചകിരിച്ചോറ് എന്നിവ ചേർക്കുക.
- വേനൽക്കാലത്ത് ഡ്രിപ്പ് ഇറിഗേഷൻ നടത്തുക.
- രാസവളങ്ങൾ തവണകളായി ചേർക്കുക.
- ധാരാളം മഴയുള്ളപ്പോൾ വളപ്രയോഗം ഒഴിവാക്കുക
- പ്രധാന വിള – തെങ്ങ്

➢ എക്കൽ മണ്ണ്

പുഴയോരങ്ങളിലും അതിനോട് ബന്ധപ്പെട്ട സമതല പ്രദേശത്തും കണ്ടു വരുന്നു. മഞ്ഞ കലർന്ന തവിട്ടു നിറം മുതൽ തവിട്ടു നിറത്തോടു കൂടിയ ഈ മണ്ണ് വളരെ ആഴമുള്ളതും കടുത്ത അമ്ള സ്വഭാവമുള്ളവയുമാണ്. താരതമ്യേന ജൈവാംശം ഉള്ളവയും നല്ല ഫലപുഷ്ടിയുള്ളവയുമാണ്. ജില്ലയിൽ കരമന, നാഞ്ചല്ലൂർ, അമരവിള, കോരാണി, ശ്രീകാര്യം, കുറ്റിച്ചൽ, വെമ്പായം, മുദാക്കൽ എന്നീ മൺശ്രേണികളിലായി 11,039 ഹെക്ടറിൽ തിരുവനന്തപുരം, നെടുമങ്ങാട്, നെയ്യാറ്റിൻകര, ചിറയിൻകീഴ്, കാട്ടാക്കട എന്നീ താലൂക്കുകളിൽ കാണപ്പെടുന്നു.

പരിമിതികൾ

- മഴക്കാലത്ത് വെള്ളപ്പൊക്ക ഭീഷണി
- ഉയർന്ന ജലനിരപ്പ്
- നീർവാർച്ചക്കുറവ്
- പുഴക്കരയിലെ കരയിടിച്ചിൽ മൂലമുള്ള മണ്ണൊലിപ്പിന് സാദ്ധ്യത

പരിപാലന മുറകൾ

- പുഴയോരങ്ങളിൽ കരിങ്കൽ ഭിത്തികെട്ടി സംരക്ഷണം.
- വേനൽക്കാലത്ത് ജലസേചനം.
- ജലാംശത്തിന്റെ തോത് നോക്കി വർഷത്തിൽ രണ്ടോ മൂന്നോ തവണകളായുള്ള രാസവള പ്രയോഗം.
- നീർവാർച്ച സൗകര്യം മെച്ചപ്പെടുത്തുക.
- പ്രധാന വിളകൾ – നെല്ല്, തെങ്ങ്, കമുക്, വാഴ, പച്ചക്കറികൾ.

➢ വെട്ടുകൽമണ്ണ്

സമുദ്ര നിരപ്പിൽ നിന്നും 20 മുതൽ 100 മീറ്റർ വരെ ഉയരമുള്ള പ്രദേശങ്ങളിൽ കാണപ്പെടുന്നു. മഞ്ഞ കലർന്ന തവിട്ടു നിറം മുതൽ ചുവപ്പു കലർന്ന തവിട്ടുനിറത്തോടു കൂടിയ മണ്ണിന് മറ്റു മണ്ണിനങ്ങളെ അപേക്ഷിച്ച് താഴ്ച കുറവാണ്. ചരൽ കലർന്നപശിമരാശി

മുതൽ ചരൽ കലർന്ന കളിമണ്ണ് രചനയിൽ കാണുന്നു. ജില്ലയിൽ തിരുവനന്തപുരം, വർക്കല, പാങ്ങപ്പാറ, വിഴിഞ്ഞം എന്നീ മൺശ്രേണികളിലായി 87440 ഹെക്ടറിൽ തിരുവനന്തപുരം, നെയ്യാറ്റിൻകര, ചിറയിൻകീഴ്, കാട്ടാക്കട താലൂക്കുകളിൽ കാണപ്പെടുന്നു.

പരിമിതികൾ

- അമ്ലത്വം (PH 5.0–6.2)
- കുറഞ്ഞ ധനായണ വിനിമയശേഷി
- സസ്യാഹാര മൂലകങ്ങളുടെ ലഭ്യതക്കുറവ്.
- ഇരുമ്പിന്റേയും അലുമിനിയത്തിന്റേയും ഹൈഡ്രീകൃത ഓക്സൈഡുകളുടേയും അധികരിച്ച തോത്.
- വർദ്ധിച്ച തോതിലുള്ള ചരലിന്റെ അളവ് കാരണം ഫലപുഷ്ടിയുള്ള മണ്ണിന്റെ തോത് കുറവ്, വർദ്ധിച്ച മണ്ണൊലിപ്പ്

പരിപാലന മുറകൾ

- മൊത്തത്തിൽ ഫലപുഷ്ടി കുറഞ്ഞതാണെങ്കിലും സമീകൃത വളപ്രയോഗം കൊണ്ട് ഈ മണ്ണിന്റെ ഉല്പാദനശേഷി വർദ്ധിപ്പിക്കാം .
- കുമ്മായം ചേർക്കുക.
- ജൈവ വളങ്ങളോടൊപ്പം രാസവളങ്ങളും ചേർക്കുക.
- മണ്ണിന്റെ ജലാഗിരണശേഷി കൂട്ടാൻ ചാലുകളിൽ തൊണ്ട് അടുക്കുക.
- വേനൽക്കാലത്തിന് മുൻപ് മേൽമണ്ണ് ഇളക്കിയിടുകയും ഉണങ്ങിയ ഇലകൾ കൊണ്ട് പുതയിടുകയും ചെയ്യുക.
- സമോച്ച രേഖയിൽകൂടി മണ്ണ്/കല്ല് കയ്യാലകെട്ടി മണ്ണൊലിപ്പ് തടയുക.
- ജല സംഭരണത്തിനു വേണ്ടി സമോച്ച രേഖയിൽ കിടങ്ങുകളും കുഴികളും എടുക്കുക.
- വേനൽക്കാലത്ത് ജലസേചനം നടത്തുക.
- പ്രധാന വിളകൾ – തെങ്ങ്, കുരുമുളക്, വാഴ, കശുമാവ്, മരച്ചീനി മുതലായവ.

➢ ചെമ്മണ്ണ്

സമുദ്രനിരപ്പിൽ നിന്നും 20 മുതൽ 100 മീറ്റർ വരെ ഉയരത്തിൽ തിരുവനന്തപുരം, നെയ്യാറ്റിൻകര താലൂക്കുകളിൽ കാണപ്പെടുന്നു. നല്ല താഴ്ചയുള്ളതും മണൽ കലർന്ന പശിമരാശി രചനയും മഞ്ഞ കലർന്ന ചുവപ്പു നിറവും ഉള്ളവയാണ്. വെള്ളായണി ശ്രേണിയിൽപ്പെട്ട ഈ മൺവർഗ്ഗം 4840 ഹെക്ടറിൽ കാണപ്പെടുന്നു.

പരിമിതികൾ

- കുറഞ്ഞ ധനായണ വിനിമയ ശേഷി.
- കുറഞ്ഞ ഫലപുഷ്ടി.
- മണ്ണൊലിപ്പ് സാദ്ധ്യത കൂടുതൽ.
- ഭൂഗർഭ ജലത്തിന്റെ ലഭ്യത കുറവുമൂലം വേനൽക്കാലത്ത് കടുത്ത വരൾച്ച അനുഭവപ്പെടുന്നു.

പരിപാലന മുറകൾ

- ജൈവ വളങ്ങളും രാസവളങ്ങളും ചേർക്കുക.
- മണ്ണിന്റെ ജലാഗിരണശേഷി കൂട്ടാൻ ചാലുകളിൽ തൊണ്ട് അടുക്കുക.
- വേനൽക്കാലത്തിന് മുൻപ് മേൽമണ്ണ് ഇളക്കിയിടുകയും ഉണങ്ങിയ ഇലകൾ കൊണ്ട് പുതയിടുകയും ചെയ്യുക.
- സമോച്ച രേഖയിൽകൂടി മണ്ണ്/കല്ല് കയ്യാല കെട്ടി മണ്ണൊലിപ്പ് തടയുക.
- വേനൽക്കാലത്ത് ജലസേചനം നടത്തുക.
- പ്രധാന വിളകൾ– തെങ്ങ്, കുരുമുളക്, വാഴ, കശുമാവ്, മരച്ചീനി, കൈതച്ചക്ക, പച്ചക്കറികൾ, തീറ്റപുല്ല് മുതലായവ.

➢ മലയോരമണ്ണ്

ചരിവുമാനം കൂടിയ മലകളിൽ കണ്ടു വരുന്നു. ചരൽ കലർന്ന പശിമരാശി മണ്ണ്. മഞ്ഞ കലർന്ന തവിട്ടുനിറം മുതൽ കടും തവിട്ടുനിറത്തോടുകൂടിയ ഈ മണ്ണിൽ ചരലിന്റെ അംശം വെട്ടുകൽ മണ്ണിനെ അപേക്ഷിച്ച് കുറവാണെങ്കലും ഉരുളൻ കല്ലുകൾ കാണപ്പെടുന്നു. വിളപ്പിൽ, മുക്കുന്നി, പാലോട് എന്നീ ശ്രേണികളിലായി 16300 ഹെക്ടറിൽ തിരുവനന്തപുരം, നെയ്യാറ്റിൻകര, നെടുമങ്ങാട്, കാട്ടാക്കട എന്നീ താലൂക്കുകളിൽ കാണപ്പെടുന്നു.

പരിമിതികൾ

- അമ്ലസ്വഭാവ കുറവ്
- നല്ല നീർവാർച

- വെട്ടുകൽ മണ്ണിനെ അപേക്ഷിച്ച് ഫലപുഷ്ടിയുള്ള മണ്ണാണെങ്കിലും താഴ്ന്ന ജലനിരപ്പ്
- മണ്ണൊലിപ്പ്

പരിപാലന മുറകൾ

- മണ്ണൊലിപ്പ് തടയുക
- ജൈവ പുതയിടുക
- ജല സംഭരണത്തിനായി സമോച്ച രേഖയിൽ കിടങ്ങുകളും കുഴികളും എടുക്കുക.
- വേനൽക്കാലത്ത് ജലസേചനം നടത്തുക.

➢ വനമണ്ണ്

ജില്ലയിൽ കല്ലാർ, കോട്ടൂർ, പൊൻമുടി എന്നീ മൺ ശ്രേണികളിലായി 22520 ഹെക്ടറിൽ നെടുമങ്ങാട്, കാട്ടാക്കട താലൂക്കുകളിൽ കാണപ്പെടുന്നു. ഇളം തവിട്ടു നിറം മുതൽ കടും തവിട്ടു നിറത്തോടുകൂടിയ മണ്ണിന് പശിമരാശി മുതൽ കളിമണ്ണ് രചനയാണ്. നല്ല ഫലപുഷ്ടിയും ആഴവും നീർവാർച്ചയും ഉണ്ട്.

പരിമിതികൾ

- വനനശീകരണം മൂലമുള്ള മണ്ണൊലിപ്പ്

പരിപാലന മുറകൾ

- വനസംരക്ഷണവും വനവൽക്കരണവും വഴി ഈ മണ്ണിനെ സംരക്ഷിക്കാം.

അടിസ്ഥാന പ്രകൃതി വിഭവങ്ങളിലൊന്നായ മണ്ണിന്റെ ഘടന, രചന, ആഴം, മണ്ണൊലിപ്പ്, ഭൂക്ഷമത, ജലസേചനക്ഷമത എന്നിവയെക്കുറിച്ചുള്ള സൂക്ഷമതലത്തിലുള്ള അറിവ് സമഗ്രമായ ദീർഘകാല വികസന പദ്ധതികളുടെ ആവിഷ്കാരഘട്ടത്തിൽ നിർണ്ണായകവും അത്യാന്താപേക്ഷിതവുമാണ്.

കാർഷിക പാരിസ്ഥിതിക മേഖല

ജില്ലയെ സ്ഥാനം, ഉയരം, മണ്ണ്, ജലസേചനം എന്നിവയെ അടിസ്ഥാനമാക്കി വിവിധ കാർഷിക പാരിസ്ഥിതികാവസ്ഥകളിലായി ഉൾപ്പെടുത്താവുന്നതാണ്. തെക്കൻ മേഖലയിൽ വരുന്ന വ്യത്യസ്തമായ വിഭാഗങ്ങൾ താഴെ പറയുന്നു.

എ. തീരപ്രദേശം

1. തീരദേശ തണ്ണീർത്തടങ്ങൾ
2. തീരദേശ വരണ്ട പ്രദേശങ്ങൾ
3. നികത്തപ്പെട്ട കായൽ പ്രദേശങ്ങൾ

ബി. ഇടനാട്

1. ഇടനാട് –ഈർപ്പാവസ്ഥ
2. ഇടനാട് –വരണ്ട അവസ്ഥ
3. ഇടനാട് –വരണ്ട അവസ്ഥ (ചുവന്ന പശിമരാശി മണ്ണ്)

സി. മലനാട്

1. മലനാട് –ഈർപ്പാവസ്ഥ
2. മലനാട് –വരണ്ട അവസ്ഥ
3. ഗാർഹിക കാർഷികാവസ്ഥ

ഉന്നത പ്രദേശങ്ങളിലെ ഉപമേഖലകൾ

1. ഇടനാട് – മിതമായ ഉയരം, മിതമായ വർഷപാതം – വനപ്രദേശം ഇല്ല
2. തണ്ണീർത്തടം – മിതമായ വർഷപാതം, മിതമായ ഉയരം – വനപ്രദേശം
3. വനപ്രദേശം

തീരപ്രദേശം

തീരദേശ തണ്ണീർത്തടവും തീരദേശ വരണ്ട പ്രദേശവും പടിഞ്ഞാറൻ ഭാഗത്തായി സമുദ്രത്തിന്റെ വടക്കു കിഴക്ക് ദിശയിൽ തീരത്തു നിന്നും 1 മുതൽ 1.5 കിലോമീറ്റർ വരെ വീതിയിൽ ഉള്ള പ്രദേശങ്ങളാണ്. മോണസൈറ്റ്, ഇൽമനൈറ്റ് എന്നിവയുടെ നിക്ഷേപങ്ങൾ കാണപ്പെടുന്ന പ്രസ്തുത പ്രദേശങ്ങളിൽ വളരെ താഴ്ന്ന ചരിവാണുള്ളത്. കരമന, നെയ്യാർ, വാമനപുരം നദികൾ കിഴക്കുപടിഞ്ഞാറു ദിശയിലൊഴുകി സമുദ്രത്തിലെത്തിച്ചേരുന്നു. 1750 മി.മീ. മുതൽ 3000 മി.മീ. വരെ ശരാശരി വാർഷിക മഴ രണ്ട് പ്രാവശ്യവും ചിലപ്പോൾ 3 പ്രാവശ്യവും കൃഷി ചെയ്യുന്നതിന് സഹായിക്കുന്നു. തെങ്ങ്, മരച്ചീനി, റബ്ബർ മുതലായവയും കൃഷി ചെയ്യപ്പെടുന്നു.

ഇടനാട് – ഈർപ്പമുള്ളതും വരണ്ടതും

ചില സാഹചര്യങ്ങളിൽ ചെറിയ വ്യത്യാസത്തോടെ ഇവ രണ്ടും കൂടി കാണാവുന്നതാണ്. ജനസാന്ദ്രത കൂടിയ പ്രദേശമാണിത്. നെയ്യാറ്റിൻകരയുടെ കിഴക്കൻ പ്രദേശങ്ങൾ, തിരുവനന്തപുരം, ചിറയിൻകീഴ് താലൂക്കുകൾ, നെടുമങ്ങാട് താലൂക്കിന്റെ പടിഞ്ഞാറൻ ഭാഗങ്ങൾ എന്നിവ ഈ മേഖലയിൽപ്പെടുന്നു. ചെറു ചരിവു പ്രദേശങ്ങൾ മുതൽ മിതമായ കുത്തനെയുള്ള പ്രദേശം വരെ നീളുന്നു. 7.5 മീറ്റർ മുതൽ 75 മീറ്റർ വരെ ഉയരത്തിൽ കാണപ്പെടുന്ന നിമ്നോന്നതിയോടു കൂടിയ ചെറുകുന്നുകൾ, കുത്തനെയുള്ള ചരിവ് പ്രദേശങ്ങൾ, ഇടുങ്ങിയ താഴ്വരകൾ, കിഴക്കൻ തീരപ്രദേശവുമായി ബന്ധപ്പെട്ട നിമ്നോന്നത സമതലങ്ങൾ എന്നിവ ഈ വിഭാഗത്തിലുൾപ്പെടുന്നു. ഭൂപ്രദേശത്തിന്റെ ഉയരം പടിഞ്ഞാറ് നിന്ന് കിഴക്കോട്ടേക്ക് കൂടി വരുന്നു. ചൂടുള്ള ആർദ്രതയോടുകൂടിയ ഉഷ്ണമേഖല കാലാവസ്ഥയും ശരാശരി 1875 മി.മീ. മഴയും ലഭിക്കുന്നു. നെല്ലാണ് പ്രധാനവിള. അതിയന്നൂർ, കഴക്കൂട്ടം, ബ്ലോക്ക് പ്രദേശത്ത് പച്ചക്കറി കൃഷി ചെയ്തു വരുന്നു. തെങ്ങ് ഏകവിളയായി മരച്ചീനി, വാഴ, കൊക്കോ, കുരുമുളക്, ഇഞ്ചി എന്നിവ കൃഷി ചെയ്യുന്നു. കുന്നിൻ ചരിവിൽ മരച്ചീനി കൃഷി ചെയ്യുന്നു. ഗാർഹിക വിളകളും കണ്ടു വരുന്നുണ്ട്.

ഇടനാട്–മിതമായ ഉയരപ്രദേശങ്ങൾ – ചുവന്ന പശിമരാശി മണ്ണ്

ജില്ലയിലെ തെക്കൻ മേഖല ഈ വിഭാഗത്തിലുൾപ്പെടുന്നു. പാറശ്ശാല, അതിയന്നൂർ, നേമം ബ്ലോക്കുകൾ, നെയ്യാറ്റിൻകര നഗരസഭ, അതിർത്തി പ്രദേശങ്ങൾ എന്നിവ ഈ മേഖലയിലാണ്. സവിശേഷതകൾ പ്രകടമായ കാണുന്നത് തിരുവല്ലം, കല്ലിയൂർ, വെങ്ങാനൂർ, ബാലരാമപുരം, ചെങ്കൽ, കരുംകുളം, കാരോട്, തിരുപുറം, അതിയന്നൂർ, പള്ളിച്ചൽ, പെരുമ്പുഴുതൂർ പഞ്ചായത്ത് പ്രദേശങ്ങളിലാണ്. സമുദ്രനിരപ്പിൽ നിന്നും 7 മീറ്റർ മുതൽ 100 മീറ്റർ വരെ ഉയരമുള്ള പ്രദേശമാണിത്. ഇടനാട് ഭൂവിഭാഗത്തോട് ഏറെ സാമ്യമുള്ളതും അതേ സമയം ചെറുകുന്നുകളും നിമ്നോന്നത താഴ്വരകളും ഈ മേഖലയിൽ ഉൾപ്പെടുന്നു. റബ്ബർ, തെങ്ങ് എന്നിവയാണ് പ്രധാന വിളകൾ. അടയ്ക്ക, കുരുമുളക്, കശുമാവ് എന്നിവയും കൃഷി ചെയ്യപ്പെടുന്നു. കൊക്കോ, മറ്റ് വിളകൾ എന്നിവ ഇടവിളയായി കണ്ടുവരുന്നു. ചുവപ്പ്, മഞ്ഞ എന്നീ നിറങ്ങളിൽ മണ്ണ് കാണാവുന്നതാണ്. ഉപരിതലചരലിന്റെ അംശം കുറവാണ്. താഴ്വരകളിലെ ജലസേചനത്തിനായി നെയ്യാർ കനാലിന്റെ ഉപകനാലുകൾ ഉപയോഗിക്കുന്നു. വെള്ളായണി, പള്ളിച്ചൽ, വെങ്ങാനൂർ പ്രദേശങ്ങളിലെ കായൽ മേഖലയിൽ പുഞ്ചകൃഷി ചെയ്ത് വരുന്നു. കല്ലിയൂർ പ്രദേശങ്ങളിൽ നേന്ത്രവാഴ കൃഷി ചെയ്യുന്നു. ഒന്നാം നെൽവിളക്കുശേഷം മരച്ചീനി പാടങ്ങളിൽ കൃഷി ചെയ്യുന്നു. വരണ്ട പ്രദേശങ്ങളിൽ തെങ്ങാണ് പ്രധാന കൃഷി. വാഴ, മരച്ചീനി. പുൽകൃഷി എന്നിവ കാണാവുന്നതാണ്.

മലനാട് മേഖല വരണ്ടതും ഈർപ്പമുള്ളതും

ഇടനാടിന് പടിഞ്ഞാറു ഭാഗത്തായി ഉന്നത നിരകളുടെ കിഴക്കൻ അതിർത്തിയുമായി ബന്ധപ്പെട്ട് ജില്ലയുടെ കിഴക്കൻ തീരത്ത് ഈ മേഖല കാണപ്പെടുന്നു. ചെറിയ താഴ്വരകളും ഉൾപ്പെടുന്നു. റബ്ബർ തോട്ടങ്ങൾ വ്യാപകമായി കാണാവുന്നതാണ്. 75 മീറ്റർ മുതൽ 750 മീറ്റർ വരെ ഉയരത്തിൽ പ്രസ്തുത പ്രദേശം സ്ഥിതി ചെയ്യുന്നു. ഒറ്റപ്പെട്ട നിരവധി കുന്നുകളും 50% ചരിവുള്ള പ്രദേശങ്ങളും ചെറു ചരിവോടുകൂടിയ നിമ്നോന്നത പ്രദേശങ്ങളും ഉൾപ്പെടുന്നു. ആർദ്ര ഉഷ്ണ മേഖലാ കാലാവസ്ഥ അനുഭവപ്പെടുന്നു. ശരാശരി വാർഷിക മഴ 2500 മി.മീ. മുതൽ 4000 മി.മീ. വരെയാണ്. ആർദ്രത നിരക്ക് കുറവാണെങ്കിലും നീണ്ട കാലയളവിൽ ലഭിക്കുന്നുണ്ട്. ഭൂപ്രത്യേകതകൾ മൂലം നെൽപ്രദേശങ്ങൾ കുറവാണ്. തെങ്ങ് പ്രധാനമായും കൃഷി ചെയ്യപ്പെടുന്നു.

ഗാർഹിക കൃഷി രീതികൾ

കന്നുകാലി വളർത്തൽ, പട്ടുനൂൽപ്പുഴു വളർത്തൽ, കോഴി വളർത്തൽ, മത്സ്യബന്ധനം എന്നിവ ഈ വിഭാഗത്തിലുൾപ്പെടുന്നു. കൃഷിക്കാരന്റെ ഗാർഹികാവശ്യങ്ങളുമായി ബന്ധപ്പെടുത്തി ലഭ്യമായ ഭൂപ്രദേശങ്ങളിൽ ഇവ ചെയ്യപ്പെടുന്നു. കേരളത്തിന്റെ പൊതുസ്ഥിതിയും ഇതു തന്നെയാണ്. പ്രധാനപ്പെട്ട എല്ലാ ഉപമേഖലകളിലും ഇവ വ്യാപകമായി കാണാവുന്നതാണ്.

ഉയർന്ന പ്രദേശങ്ങളിലെ വ്യത്യസ്തമായ ഉപമേഖലകൾ ചുവടെ ചേർക്കുന്നു.

ഉയർന്ന പ്രദേശം : മിതമായ ഉയരം, മിതമായ മഴ, വനപ്രദേശങ്ങൾ ഒഴികെ

വൈവിധ്യങ്ങളായ വിളകളും കൃഷി സമ്പ്രദായവും ഈ മേഖലയിൽ കാണാവുന്നതാണ്. ശരാശരിയിൽ നിന്ന് വളരെ കുത്തനെയുള്ള ചരിവ് പ്രദേശം വരെ

ഇതിൽ ഉൾപ്പെടുന്നു. 2000 മി.മീ. മുതൽ 3000 മി.മീ. വരെ മഴ ലഭിക്കുന്ന ഇത്തരം പ്രദേശങ്ങളിൽ ഉഷ്ണ കാലാവസ്ഥ അനുഭവപ്പെടുന്നു. തെക്കു പടിഞ്ഞാറൻ മൺസൂൺ കാലയളവിൽ ഉയർന്ന മഴയും സെപ്റ്റംബർ–നവംബർ മാസങ്ങളിൽ മിതമായ മഴയും ലഭിക്കുന്നു. തോട്ടവിളകൾ പ്രധാനമായും കൃഷി ചെയ്യപ്പെടുന്നു. കാപ്പി, തേയില, ഏലം, അടയ്ക്ക, ഇഞ്ചി, വാഴ എന്നിവ കൃഷി ചെയ്യപ്പെടുന്നു. തേയിലയും റബ്ബറും ഏകവിളകളായി കൃഷി ചെയ്യുന്നു.

തണ്ണീർത്തടങ്ങൾ – മിതമായ ഉയരം, മിതമായ മഴ, വനപ്രദേശങ്ങൾ ഒഴികെ

തണ്ണീർത്തടങ്ങൾ പ്രധാനമായും കുന്നിൻ താഴ്വരകൾക്കും നദീതീരങ്ങൾക്ക് ഇടയിലുമായി കാണപ്പെടുന്നു. ശരാശരി വർഷപാതം 2000 മി.മീ. മുതൽ 3000 മി.മീ. വരെയാണ്. ആഴം കൂടിയ മണ്ണ്, കളിമണ്ണ്, ലാറ്റനൈറ്റ് എന്നിവ കണ്ടു വരുന്നു. താഴ്വരയിൽ നെൽകൃഷി ചെയ്യപ്പെടുന്നു. ഇഞ്ചി, വാഴ, പച്ചക്കറികൾ എന്നിവയും പ്രധാന കാർഷിക വിളകളാണ്.

നദികൾ

കേരളത്തിലെ മറ്റു ഭാഗങ്ങളെ അപേക്ഷിച്ച് വീതി കുറവുള്ള മേഖലയാണ് ജില്ലയിലുള്ളത്. ഇക്കാരണത്താൽ ജില്ലയിലെ നദികൾ താരതമ്യേന നീളം കുറഞ്ഞവയാണ്. വാമനപുരം ആറ്, കരമനയാറ്, നെയ്യാറ്, മാമം ആറ് എന്നിവയാണ് പ്രധാന നദികൾ. ആറ്റിങ്ങലാറ് എന്നും അറിയപ്പെടുന്ന വാമനപുരം ആറ് പശ്ചിമഘട്ടനിരകളിലെ ചെമ്മുഞ്ചിമൊട്ട (1,860 മീ.)യിൽ ഉത്ഭവിച്ച് പടിഞ്ഞാറോട്ടൊഴുകി അഞ്ചുതെങ്ങുകായലിൽ പതിക്കുന്നു. ഈ നദിയുടെ നീളം 80 കി.മീ ആണ്. ചിറ്റാർ കലൈപ്പാറ, പന്നിവടി, പൊൻമുടി എന്നീ ആറുകൾ സംയോജിച്ച് ഒഴുകുന്ന നദിയിൽ പാലോടിന് മൂന്ന് കി.മീ. താഴെ മീൻമുട്ടിയിൽ 13 മീ. പൊക്കത്തിലുള്ള ഒരു ജലപാതമുണ്ട്. നെടുമങ്ങാട്, ചിറയിൻകീഴ്, വർക്കല താലൂക്കുകളിലായി വ്യാപിച്ചുകിടക്കുന്ന ഈ നദീതടത്തിന് 687 ച.കി.മീ. വിസ്തീർണമാണുള്ളത്. രണ്ടാമത്തെ നദിയായ കരമനയാറിന്റെ പ്രഭവസ്ഥാനവും ചെമ്മുഞ്ചിമൊട്ടയുടെ പാർശ്വത്തിലാണ് (1,605 മീ.). കവിയാർ, അട്ടയാർ, വയ്യാപ്പടിയാർ, തോടയാർ തുടങ്ങിയ ചെറു അരുവികൾ സംഗമിച്ചാണ് കരമനയാറ് രൂപം കൊള്ളുന്നത്. എടമൺവരെ തെക്കു പടിഞ്ഞാറൻ ദിശയിൽ ഒഴുകുന്ന നദി, തുടർന്ന് ഏതാണ്ട് പതന സ്ഥാനത്തോളവും തെക്കോട്ടാണ് ഒഴുകുന്നത്. അന്ത്യപാദത്തിൽ തിരുവനന്തപുരത്തെ തഴുകിയൊഴുകുന്ന ഈ നദി, പാച്ചല്ലൂരിനു സമീപമുള്ള തോട്ടുമുക്കിൽ വച്ച് കടലിൽച്ചേരുന്നു. തിരുവനന്തപുരത്തെ ആദ്യത്തെ ശുദ്ധജലപദ്ധതി നഗരത്തിന് 13 കി.മീ. വടക്ക് അരുവിക്കരയിൽ കരമനയാറിനു കുറുകെ നിർമ്മിക്കപ്പെട്ടിരിക്കുന്ന കൃത്രിമ തടാകത്തെ ആശ്രയിച്ചുള്ളതാണ്. കരമനയാറിന്റെ പ്രധാന പോഷകനദി കിള്ളിയാറ് ആണ്. നെടുമങ്ങാടിനടുത്ത് കുന്നിൻ ചരിവുകളിൽ പിറവിയെടുക്കുന്ന ഈ നദി 24 കി.മീ. ഒഴുകി, തിരുവനന്തപുരം നഗരം മുറിച്ചുകടന്ന് നടുക്കരയിൽ വച്ച് കരമനയാറിൽ ലയിക്കുന്നു. 702 ച.കി.മീ. തടവിസ്തൃതിയുള്ള കരമനയാറിന്റെ നീളം 68 കി.മീ ആണ്. സംസ്ഥാനത്തിലേയും ജില്ലയിലേയും തെക്കേ അറ്റത്തുള്ള നദിയാണ് നെയ്യാറ്. അഗസ്ത്യമല (1,860 മീ.) യിൽ നിന്നാണ് ഇതിന്റെ ഉദ്ഭവം. മലനിരകൾക്കിടയിൽ ദ്രുതഗതിയായി തെക്കുപടിഞ്ഞാറേക്കൊഴുകുന്ന ഈ നദി മണിയക്കാണി മുതൽ കള്ളിക്കാടു വരെ പടിഞ്ഞാറോട്ടും തുടർന്ന് ഒറ്റശേഖരമംഗലം വരെ തെക്കോട്ടും വീണ്ടും തെക്കു പടിഞ്ഞാറൻ ദിശ അവലംബിച്ചും ഒഴുകി പൂവാറിനടുത്തു വച്ച് കടലിൽ പതിക്കുന്നു. ഈ നദിയുടെ നീളം 56 കി.മീ. ആണ്. തടപ്രദേശം നെടുമങ്ങാട്, കാട്ടാക്കട, നെയ്യാറ്റിൻകര എന്നീ താലൂക്കുകളിലായി 497 ച.കി.മീ. വ്യാപ്തിയിൽ കിടക്കുന്നു. ഈ നദിയിൽ കള്ളിക്കാട്ട് ജലസേചനം ലക്ഷ്യമാക്കി ഒരു അണക്കെട്ട് നിർമിച്ചിട്ടുണ്ട്. പടിഞ്ഞാറോട്ടൊഴുകുന്ന രണ്ട് ചെറുനദികൾ കൂടി ഈ ജില്ലയെ ജലശക്തമാക്കുന്നു. ഇവയിൽ ആദ്യത്തേതായ മാമം ആറ് പന്തലക്കോട്ടുകുന്നുകളിൽ ഉത്ഭവിച്ച് 27 കി.മീ. ഒഴുകി അഞ്ചുതെങ്ങ് കായലിൽ പതിക്കുന്നു. ഈ നദിയിൽ നിന്ന് കൂന്തളൂർ വച്ചു പിരിയുന്ന ഒരു കൈവഴി വാമനപുരം ആറ്റിലേക്ക് ഒഴുകുന്നുണ്ട്. മാമം ആറിന്റെ തടവിസ്തൃതി 114 ച.കി.മീ. ആണ്. 66 ച.കി.മീ. മാത്രം തടവിസ്തീർണതയുള്ള അയിരൂർ ആറ് നാവായിക്കുളത്ത് ഉദ്ഭവിച്ചൊഴുകി 17 കി.മീ. താണ്ടി നടയറക്കായലിൽ പതിക്കുന്നു.

ജില്ലയിലെ ജലവിഭവങ്ങൾ

പട്ടിക 2.2.10

നദികൾ

നദീതടം	നീളം കി.മീ.	ക്യാച്ച്മെ പ്രദേശം ച.കി.മീ.	നദീതടം ച.കി.മീ.	ശതമാനം	വാർഷിക ജലം റ്റി.എം.സി	വെള്ളം (എം.എം)
വാമനപുരം	88	687	1272	3.4	45.75	132
കരമന	68	702	469	1.2	29.54	836
നെയ്യാർ	56	497	642	1.7	15.30	433
മാമം	27	114	114	0.3	–	–

(അവലംബം:- ലാന്റ് യൂസ് ബോർഡ്)

കാർഷികാവശ്യങ്ങൾക്കും ഇതരോപഭോഗങ്ങൾക്കും ഉതകുന്ന ജലസമൃദ്ധങ്ങളായ കുളങ്ങൾ ജില്ലയിലെമ്പാടും സംരക്ഷിക്കപ്പെട്ട് കാണാം. ആറുകളും അവയുടെ വിവിധ കൈവഴികളും അന്യഥായുള്ള ജലസമ്പന്നങ്ങളായ തോടുകളും ജില്ലയെ ജലശക്തമാക്കുന്നു. നേരിയ തോതിൽ മഴക്കുറവും ജല ദൗർല്ലഭ്യവും അനുഭവിച്ചുപോന്ന ജില്ലയിലെ തെക്കൻ ഭാഗങ്ങളുടെ വികസനത്തിനായി ഇപ്പോൾ ജലസേചന സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്.

കായൽ

ഭൂജലനിക്ഷേപം സമൃദ്ധമായുള്ള ഒരു മേഖലയിലാണ് ജില്ലയുടെ കിടപ്പ്. നഗരത്തിന്റെ ദക്ഷിണപ്രാന്തത്തിലുള്ള വെള്ളായണിക്കായലാണ് ജില്ലയിലെ ഏക ശുദ്ധജലതടാകം. കടലോരത്ത് തെക്കു നിന്നു വടക്കോട്ട് വേളികായൽ, കഠിനംകുളം കായൽ, അഞ്ചുതെങ്ങുകായൽ, ഇടവാനടയറക്കായൽ എന്നീ ജലാശയങ്ങൾ കാണാം. ഇവ മനുഷ്യ നിർമ്മിത കനാലുകളിലൂടെ പരസ്പരം ബന്ധിപ്പിക്കപ്പെട്ടിരിക്കുന്നു. തിരുവനന്തപുരം മുതൽ വടക്ക് തിരൂർ വരെ 365 കി.മീ. ദൂരത്തിൽ നിലവിലുണ്ടായിരുന്ന ജലപാതയുടെ ദക്ഷിണപാദമായിരുന്നു ഈ കായൽതോട് ശൃംഖല. വർക്കലയിൽ കുന്നുകൾക്കടിയിലൂടെ നിർമ്മിക്കപ്പെട്ടിരുന്ന യഥാക്രമം 282 മീ., 720 മീ. എന്നീ നീളങ്ങളിലുള്ള രണ്ട് തുരങ്കങ്ങളിലൂടെയാണ് ഈ ജലപാത കടന്നു പോയിരുന്നത്. വർക്കലത്തുരപ്പുകൾ മണ്ണിടിച്ചിൽ മൂലം നിർബാധമായ ജല ഗതാഗതത്തിനു തടസ്സം സൃഷ്ടിച്ചിരിക്കയാൽ തീരദേശ ജലപാത ഇപ്പോൾ ഉപയോഗത്തിലില്ല. ഇവയ്ക്കു പുറമെ നിരവധി ചെറുകനാലുകൾ (4 മീറ്റർ മുതൽ 30 മീറ്റർ വരെ നീളവും 0.5 മീറ്റർ മുതൽ 3 മീറ്റർ വരെ ആഴമുള്ളവ) പ്രധാന കനാലുകളെ മുറിച്ചു കടക്കുന്നു.

തണ്ണീർത്തടങ്ങൾ

ഭൂമിയിലെ വൈവിധ്യമാർന്ന ഏറ്റവും ഉൽപ്പാദകക്ഷമതയുള്ള പരിസ്ഥിതി വ്യൂഹങ്ങളാണ് തണ്ണീർത്തടങ്ങൾ, ജലം ഭക്ഷണം, മത്സ്യബന്ധനം, പക്ഷി, ജന്തുജാലങ്ങൾ, മത്സ്യങ്ങൾ, മൃഗങ്ങൾ എന്നിവയുടെ വികസനവുമായി ബന്ധപ്പെടുത്തി ഈ പ്രദേശങ്ങളുടെ സംരക്ഷണത്തിനും നിലനിറുത്തലിനും അതിയായ പ്രാധാന്യമുള്ളത്. വ്യത്യസ്തങ്ങളായ കായലുകൾ, നദീമുഖങ്ങൾ, അഴിമുഖങ്ങൾ, കണ്ടൽക്കാടുകൾ, ഉപ്പളങ്ങൾ, നദികൾ, ചതുപ്പുകൾ, വയലുകൾ, കുളങ്ങൾ, നനവാർന്ന പുൽപ്രദേശങ്ങൾ എന്നിവ ഈ വിഭാഗത്തിലുൾപ്പെടുന്നു. കാലാവസ്ഥ, ഭൂപ്രകൃതി എന്നിവയുടെ പ്രത്യേകതകൾ കാരണം കേരളത്തിൽ ധാരളമായി ഇത്തരത്തിലുള്ള പ്രദേശങ്ങളുണ്ട്. ആഴം കുറഞ്ഞ ജലനിരപ്പോടു കൂടിയ ഭൗമോപരിതല-സമുദ്ര വ്യവസ്ഥയുടെ ഇടയിൽ വരുന്ന പ്രദേശങ്ങളാണിവ. കരയും

ജലവുമായി മുഖാമുഖം വരുന്ന സസ്യങ്ങളുള്ളതോ സസ്യരഹിതമോ, നിശ്ചലമോ, ഊർജ്ജസ്വലമോ, താല്ക്കാലികമോ, സ്ഥിരമോ, കരഭാഗമോ, തീരപ്രദേശമോ, മനുഷ്യ നിർമ്മിതമോ, പ്രകൃതിദത്തമോ ജലം കെട്ടിക്കിടക്കുന്നതോ ഉയർന്നു വന്നിട്ടുള്ളതോ ആയ എല്ലാ പ്രദേശങ്ങളെയും തണ്ണീർത്തടങ്ങൾ എന്നുപറയാം (പരിഷ്ക്കരിച്ചത് IUCN 1994).

വ്യത്യസ്ത തലങ്ങളിലും വിഭാഗത്തിലുംപ്പെട്ട തണ്ണീർത്തടങ്ങൾ, ഭൂവിസ്തൃതി, സ്ഥലീയവും കാലികവുമായ വ്യത്യാസങ്ങൾ എന്നിവയെ കുറിച്ചുള്ള വിവരങ്ങൾ സമഗ്രമായ സ്ഥല-ജല ജൈവപരിപാലനത്തിന് അത്യാവശ്യമാണ്. കേന്ദ്ര പരിസ്ഥിതി-വനം മന്ത്രാലയം 1994 ൽ ദേശീയതലത്തിൽ തണ്ണീർത്തടങ്ങളെ വേർതിരിച്ചിട്ടുണ്ട്. അത് പ്രകാരം ജലസംഭരണികൾ, കുളങ്ങൾ, ഉപേക്ഷിക്കപ്പെട്ട ഖനികൾ എന്നിവയും തണ്ണീർത്തടങ്ങളിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. കേരളത്തിലെ പ്രകൃതിദത്തമോ മനുഷ്യനിർമ്മിതമോ ആയ തണ്ണീർത്തടങ്ങളെ തീരദേശം, ഉൾനാടൻ എന്നീ രണ്ടു പ്രധാന വിഭാഗങ്ങളിലായി ഉൾപ്പെടുത്തിയിരിക്കുന്നു. തണ്ണീർത്തടങ്ങളെ തരംതിരിച്ചിരിക്കുന്ന വ്യവസ്ഥ പട്ടിക 2.2.11 ൽ ചേർത്തിരിക്കുന്നു.

പട്ടിക 2.2.11

തിരുവനന്തപുരം ജില്ലയിലെ തണ്ണീർത്തടങ്ങൾ

നീർത്തട സ്വഭാവം	എണ്ണം	വിസ്തീർണ്ണം (ഹെ)
തടാകം	1	350.00
റിസർവ്വോയർ	3	1420.74
എസ്റ്റുറി	1	87.00
കായൽ	3	1080.00
മണൽ/കടൽ തീരം		2570.00
പാറക്കെട്ട് തീരം	2	667.00

(അവലംബം:- ലാന്റ് യൂസ് ബോർഡ്)

സസ്യജാലം

ഏതാനും ദശകങ്ങൾ മുമ്പ് വരെ സസ്യസമൃദ്ധങ്ങളായിരുന്ന അവസ്ഥയാണ് തിരുവനന്തപുരത്തെങ്കിൽ ജനാധിവാസം ശതഗുണീഭവിച്ച പശ്ചാത്തലത്തിൽ നൈസർഗ്ഗിക സസ്യപ്രകൃതി പാടേ തുടച്ചുമാറ്റപ്പെട്ട അവസ്ഥയിൽ എത്തിയിരിക്കുന്നു. നെടുമങ്ങാട് താലൂക്കിലെ മലനിരകളിൽ ഒരു ഭാഗത്ത് മാത്രമാണ് വനങ്ങൾ അവശേഷിച്ചിട്ടുള്ളത്. വ്യാപകമായ വനനശീകരണത്തോടൊപ്പം റബ്ബർ, തേയില, കുരുമുളക് തുടങ്ങിയ നാണ്യവിളകളുടെ അധിനിവേശവും ചേർന്ന് വനഭൂമി ചുരുക്കപ്പെട്ടിരിക്കുകയാണ്. അല്പമാത്രമായി അവശേഷിക്കുന്ന വനമേഖലയിൽപ്പോലും മികച്ച സമ്പദ് പ്രാധാന്യമുള്ള പലയിനങ്ങളും വംശനാശത്തിന് ഇരയായി കഴിഞ്ഞിരിക്കുന്നു. മുൻകാലത്ത് ഇടനാടുപ്രദേശത്തെ കുന്നിൻപുറങ്ങളിലുൾപ്പെടെ സമ്പദ് പ്രാധാന്യമുള്ള വൃക്ഷങ്ങൾ സമൃദ്ധമായി വളർന്നിരുന്നു. തേക്ക്, ഈട്ടി, തമ്പകം, മരുത്, ഇലവ്, കുമ്പി, വേങ്ങ, അകിൽ, പൂവം, തേമ്പാവ്, പൂമരുത്, തെള്ളിമരം, ആഞ്ഞിലി, ചന്ദനം, കാഞ്ഞിരം, വാക, മഹാഗണി തുടങ്ങിയ തടിയിനങ്ങൾക്കൊപ്പം പ്ലാവ്, മാവ്, പുന്ന, പുളി, പിണർ, മരവെട്ടി, ഇലിപ്പ, വേപ്പ് എന്നിവയും സമൃദ്ധമായി വളർന്നിരുന്നു. മുളവർഗത്തിൾപ്പെട്ട ഇല്ലിമുള, കല്ലൻമുള, ഈറ്റ, ചൂരൽ തുടങ്ങിയവയുടേയും പുൽവർഗങ്ങളിൽ രാമച്ചം, ഇഞ്ചിപ്പുല്ല്, കർപ്പൂരപ്പുല്ല്, ദർഭ, കൈത എന്നിവയുടേയും ഇടതൂർന്ന സഞ്ചയങ്ങൾ ജില്ലയെമ്പാടും ഉണ്ടായിരുന്നു. സർപ്പഗന്ധി,, കൊടഗപ്പാല, കച്ചോലം, വയമ്പ്, അശോകം, കുന്നി, ഞെരിഞ്ഞിൽ, കറിവേപ്പ്, നൊച്ചി, ആടലോടകം, കീഴാനെല്ലി, കുറുന്തോട്ടി, കരിങ്ങാലി, കുപ്പമേനി, നീർബ്രഹ്മി, നറുനണ്ടി, തിപ്പലി, ശതാവരി, കരിഞ്ഞോട്ട, വാതംകൊല്ലി, കൊടുവേലി, വേലിപ്പരുത്തി, കടലാടി തുടങ്ങിയ ഔഷധ സസ്യങ്ങളുടെ കലവറയായിരുന്നു തിരുവനന്തപുരം ജില്ല. തീരപ്രദേശത്തെ കായലോരങ്ങളിൽ കണ്ടൽ സസ്യങ്ങൾ ധാരാളമായി ഉണ്ടായിരുന്നു. പുഷ്പശബളങ്ങളായ തണൽ മരങ്ങൾ, വേലിച്ചെടികൾ, വിവിധയിനം മുൾച്ചെടികൾ, കിഴങ്ങുവർഗങ്ങൾ, പുഷ്പഫലസസ്യങ്ങൾ എന്നിവയ്ക്കൊക്കെ ഏറെ പ്രാമാണ്യമുണ്ടായിരുന്നു. ഒറ്റത്തടി വൃക്ഷങ്ങളിൽ തെങ്ങിനോടൊപ്പം ബാഹുല്യം പുലർത്തി കവുങ്ങ്, ചൂണ്ടപ്പന, കുടപ്പന എന്നീയിനങ്ങളും നിലകൊണ്ടിരുന്നു. കാർഷികവിളകളിൽ മുന്തിയ സ്ഥാനം നെല്ലിനായിരുന്നുവെങ്കിലും കൂവരക്, പയറുവർഗങ്ങൾ, എള്ള് തുടങ്ങിയവയും പ്രാമാണ്യം പുലർത്തിപ്പോന്നു. പരമ്പരാഗതവിളകളായ തെങ്ങും നെല്ലും റബ്ബർ പോലുള്ള നാണ്യവിളകൾക്ക് നിലമൊഴിഞ്ഞു കൊടുക്കുന്ന അവസ്ഥ വിപുലമായിട്ടുണ്ട്. നെൽപാടങ്ങൾ പാടെ നികത്തി ഭവന നിർമ്മാണത്തിനും കുറഞ്ഞ പരിചരണത്തിലൂടെ കൂടുതൽ നേട്ടമുണ്ടാക്കാവുന്ന വാഴ, പച്ചക്കറിവർഗ്ഗങ്ങൾ, മരച്ചീനി തുടങ്ങിയവ കൃഷിചെയ്യുന്നതിനും ഉപയോഗപ്പെടുത്തുന്ന പ്രവണത അനുദിനം

വർദ്ധിക്കുന്നു. ജനനിബിഡത ഏറുകയും അശാസ്ത്രീയമായ കൃഷി സമ്പ്രദായങ്ങൾ അവലംബിക്കുകയും ചെയ്തതിനെത്തുടർന്ന് നൈസർഗിക സസ്യജാലം ഏറെക്കുറെ ലുപ്തമായ ഒരു അവസ്ഥയാണ് ഇപ്പോഴുള്ളത്.

ജന്തുജാലം

നിബിഡവനങ്ങളും ഇടതൂർന്ന സസ്യസഞ്ചയങ്ങളും നിലനിന്നിരുന്നകാലത്ത് തിരുവനന്തപുരം ജില്ല ഹിംസ്രജന്തുക്കൾ ഉൾപ്പെടെയുള്ള വന്യമൃഗങ്ങൾ, പറവക്കൂട്ടങ്ങൾ, ഉരഗങ്ങൾ തുടങ്ങിയവയുടെ ആവാസകേന്ദ്രമായിരുന്നു. വന്യജീവികളിൽ കാട്ടാന, കരടി, കടുവ, പുള്ളിപ്പുലി, കഴുതപ്പുലി, കാട്ടുപോത്ത്, മ്ലാവ്, കാട്ടുപൂച്ച, കാട്ടുനായ, കുറുനരി, വെരുക്, മരപ്പട്ടി, മുള്ളൻപന്നി, കാട്ടുപന്നി, പുള്ളിമാൻ, കുരമാൻ തുടങ്ങിയവ ഉൾപ്പെട്ടിരുന്നു. വാനരവർഗങ്ങളിൽ വെള്ളക്കുരങ്ങ്, സിംഹവാലൻ, കുട്ടിത്തേമാങ്ങ് എന്നിവയ്ക്കായിരുന്നു അംഗബലം. വിവിധയിനം കീരികൾ ജില്ലയിലെമ്പാടും ഇപ്പോഴും അവശേഷിക്കുന്നു. ധാരാളമായി കണ്ടുപോന്ന മറ്റൊരു ജീവിയാണ് അളുങ്ക് അഥവാ ഉറുമ്പുതീനി. അണ്ണാൻ, കുഴിപ്പന്നി, പെരുച്ചാഴി, പന്നിയെലി, ചുണ്ടെലി തുടങ്ങിയ കരണ്ടുതിന്നുന്ന ജീവികളും എൺപതോളം ഇനം പാമ്പുകളും ബഹുലമായി ഉണ്ടായിരുന്നു. ഇപ്പോൾ ഇവ നന്നെ വിരളമായിട്ടുണ്ടെങ്കിലും എലികളുടെ എണ്ണത്തിൽ സാമാന്യത്തിലേറെ വർധനവാണ് കാണുന്നത്. വംശനാശം സംഭവിച്ചുകൊണ്ടിരിക്കുന്ന വരയാടുകൾ പൊന്മുടിയിൽ ഉണ്ടെന്നത് ഒരു സവിശേഷതയാണ്. പക്ഷിവർഗങ്ങളിൽ പ്രാവ്, കാക്ക, കുയിൽ, പൊന്മാൻ, മരംകൊത്തി, കാക്കത്തമ്പുരാട്ടി, തത്ത, മാടത്ത, മൈന, കുരുവി, തൂക്കണംകുരുവി, വാലൻകിളി, പുള്ള്, ചകോരം, മഞ്ഞക്കിളി തുടങ്ങിയവയുടെ സാന്നിധ്യം ജില്ലയിലെമ്പാടും ഉണ്ടായിരുന്നു. ഇരപിടിയന്മാരായ കഴുകൻ, പരുന്ത്, പ്രാപ്പിടിയൻ, എറിമുള്ള് തുടങ്ങിയവയും സാമാന്യമായ തോതിൽ കാണപ്പെട്ടിരുന്നു. കാട, കുളക്കോഴി, കാട്ടുകോഴി, വാത്ത, കൊക്ക്, വേഴാമ്പൽ തുടങ്ങിയവയും ധാരാളമുണ്ടായിരുന്നു. വാവൽ വർഗമായിരുന്നു പ്രാമാണ്യമുണ്ടായിരുന്ന മറ്റൊരിനം. വൃക്ഷസഞ്ചയങ്ങളുടേയും കാവുകളുടേയും ഉന്മൂലനത്തെത്തുടർന്ന് പറവകളിൽ നല്ലൊരുപങ്കും അപ്രത്യക്ഷമായി. വനമേഖലകൾ ഇപ്പോഴും ഇവയുടെ വിഹാരകേന്ദ്രമാണ്. കായലോരങ്ങളിലും നദീമുഖങ്ങളിലും സാധാരണമായുണ്ടായിരുന്ന നീർനായ, ചീങ്കണ്ണി, കടൽപ്പന്നി, ആമ, ഞണ്ട് തുടങ്ങിയവയും അപ്രത്യക്ഷമായിക്കൊണ്ടിരിക്കുകയാണ്.

കൃഷി

തിരുവനന്തപുരം ജില്ല ഒരു കാർഷിക മേഖലയാണ്. നെല്ല്, മരച്ചീനി, പയറുവർഗ്ഗങ്ങൾ, പച്ചക്കറികൾ, കിഴങ്ങുവർഗ്ഗങ്ങൾ തുടങ്ങിയവയും റബ്ബർ, തെങ്ങ്, കുരുമുളക് എന്നീ നാണ്യവിളകളും നഗരാതിർത്തിക്കുള്ളിൽ പോലും വ്യാപകമായി കൃഷിചെയ്യുന്നു.

ഇന്ന് കർഷകത്തൊഴിലാളികളുടെ അംഗസംഖ്യ ദിനംപ്രതി ശോഷിച്ചുവരുന്നു. ചെറുകിട കർഷകർ പോലും പരമ്പരാഗത വിളകളായ നെല്ല്, മരച്ചീനി, പയറുവർഗ്ഗങ്ങൾ തുടങ്ങിയവയെ ഉപേക്ഷിച്ച് റബ്ബറിനും നാണ്യവിളകൾക്കും പ്രാമുഖ്യം നൽകുന്നു. തെങ്ങിനുള്ള രോഗഭീഷണി റബ്ബർ കൃഷിയുടെ വികസനത്തിന് കളമൊരുക്കി. നിലവിൽ ദൈനംദിനാവശ്യങ്ങൾക്കുള്ള പച്ചക്കറികൾ, പഴവർഗ്ഗങ്ങൾ തുടങ്ങിയവയ്ക്ക് തമിഴ്നാടിനെ ആശ്രയിക്കേണ്ട സ്ഥിതിവിശേഷമാണ് ഉള്ളത്. സ്ഥിതിവിവരകണക്കുകൾ പ്രകാരം ജില്ലയിലെ 42% ഇപ്പോഴും കാർഷിക വൃത്തിയിലൂടെ ഉപജീവനം നടത്തുന്നു.

കൃഷിഭൂമിയെ നീർമയം, ജലസേചിതം, തോട്ടങ്ങൾ, തോപ്പുകൾ എന്നിങ്ങനെ മൂന്നായി തിരിക്കാം. നീർമയം പ്രദേശത്ത് നെല്ലാണ് മുഖ്യവിള. വരണ്ടയിടങ്ങളിൽ മരച്ചീനി, പയറു വർഗ്ഗങ്ങൾ, കുരുമുളക് എന്നിവയ്ക്കാണ് മുൻതൂക്കം. ജില്ലയിൽ 84,308 ഹെ തെങ്ങിൻ തോപ്പുകളാണ്. പ്രതിവർഷ ഉൽപ്പാദനം 516 ദശലക്ഷം നാളികേരവും. റബ്ബർ കൃഷി 26,999 ഹെക്ടറും വാർഷികോൽപ്പാദനം 30,715 ടണ്ണായും കണക്കാക്കപ്പെട്ടിരിക്കുന്നു. ജില്ലയിൽ വർഷത്തിൽ 1745 ടൺ കശുവണ്ടിയും, 1824 ടൺ കുരുമുളകും ഉത്പാദിപ്പിക്കുന്നു. പച്ചക്കറികളുടെ ഉത്പാദന ക്ഷമത വർദ്ധിപ്പിക്കുന്നതിനായും, വിഷ മുക്തമായ പച്ചക്കറികൾ ലഭിക്കുന്നതിനും ഉത്പാദനക്ഷമത ഇരട്ടിപ്പിക്കുന്നതിനുള്ള പദ്ധതികൾ പുരോഗമിക്കുന്നു.

മൃഗസമ്പത്ത്

ജില്ലയിൽ കാലികളും മഹിഷങ്ങളും ആടുകളും പന്നികളും വളർത്തപ്പെടുന്നു. പഞ്ചായത്ത് പ്രദേശങ്ങളിലെ കുടികളിൽ ചെറിയ തോതിലും ജില്ലയെമ്പാടുമുള്ള ചെറുകിട ഫാമുകളിൽ സാമാന്യമായ തോതിലും കോഴിക്കൃഷി നടന്നുവരുന്നു.

വനസമ്പത്ത്

കുളത്തുപുഴ, പാലോട്, പരുത്തിപ്പള്ളി എന്നീ മൂന്ന് റേഞ്ചുകളിലായി സംരക്ഷിത വനങ്ങളും നിക്ഷിപ്ത വനഭൂമിയുമാണ് അവശേഷിച്ചിട്ടുള്ളത്. നിത്യഹരിതം, അർദ്ധഹരിതം, ആർദ്രപത്രപാതി എന്നീ വിഭാഗങ്ങളിൽപ്പെടുത്താവുന്ന വനങ്ങളാണുള്ളത്.

മത്സ്യസമ്പത്ത്

ജില്ലയുടെ 59 കി.മീ. നീളത്തിലുള്ള കടലോരമേഖല മത്സ്യസമൃദ്ധമാണ്. വർക്കല, അഞ്ചുതെങ്ങ്, പള്ളിത്തുറ, പൂന്തുറ, വിഴിഞ്ഞം, പൂവാർ എന്നിവിടങ്ങളാണ് പ്രധാന മത്സ്യബന്ധന കേന്ദ്രങ്ങൾ. ജില്ലയെമ്പാടുമുള്ള കുളങ്ങളിൽ മത്സ്യം വളർത്തി ഉൾനാടൻ മത്സ്യവികസനം പദ്ധതികൾ പുരോഗമിക്കുന്നു.

ജൈവവൈവിദ്ധ്യം

ഭൂമിയിലെ വ്യത്യസ്ത ജീവജാലങ്ങളും അവ രൂപം നൽകുന്ന പ്രകൃതിയുടെ ക്രമവുമാണ് ജൈവവൈവിദ്ധ്യം. എല്ലാം ജീവജാതികളും പലതരത്തിലുള്ള ജീവനുള്ള ജീവജാലങ്ങളിൽ ഉൾപ്പെടുന്നു. ഭൂമിയിൽ ജൈവവൈവിദ്ധ്യത്തെ പ്രധാനമായും മൂന്നായി തരം തിരിച്ചിട്ടുണ്ട്. ജനിതക വൈവിദ്ധ്യം, ജീവജാതി വൈവിദ്ധ്യം, ആവാസവ്യവസ്ഥ എന്നിങ്ങനെ മൂന്നായാണ് ജൈവവൈവിദ്ധ്യത്തെ തരം തരിച്ചിരിക്കുന്നത്. നേരിട്ടോ അല്ലാതയോ ഉള്ള ഇടപെടലുകൾകൊണ്ട് ഭൂമിയിലെ അവരുടെ നിലനിൽപ്പ് ഭീക്ഷണിയായി കൊണ്ടിരിക്കുകയാണ്. ഭക്ഷണം, ഇന്ധനം, വാസസ്ഥലം, മരുന്നുകൾ മുതലായ നമ്മുടെ നമ്മുടെ നിലനിൽപ്പിന് ആവശ്യമായ അവശ്യ വസ്തുക്കൾ അടങ്ങുന്നതാണ് ജൈവവൈവിദ്ധ്യം എന്നതുകൊണ്ട് അർത്ഥമാക്കുന്നത്. മിക്ക വിള കീടങ്ങളെയും നിയന്ത്രിക്കുന്നത് പ്രാണികൾ, പക്ഷികൾ, പൂപ്പൽ എന്നിവയിൽപ്പെട്ട ജീവജാലങ്ങളാണ്. ജനിതക വൈവിദ്ധ്യം എന്നത് ചെടികൾ, മൃഗങ്ങൾ, സൂക്ഷ്മ ജീവികൾ എന്നിങ്ങനെ എല്ലാ ജീവജാലങ്ങളും അവയുടെ പലതരത്തിലുള്ള ജനിതകപരമായ വിവരങ്ങളും അടങ്ങുന്നതാണ്. ജീവജാതി വൈവിദ്ധ്യം എന്നതുകൊണ്ട് അർത്ഥമാക്കുന്നത് പലതരത്തിലുള്ള ഭൂമിയിലുള്ള ഉപവർഗ്ഗങ്ങൾ ഉൾപ്പെടുന്നതാണ്. തന്നിരിക്കുന്ന മേഖലയിൽ സമയ ബന്ധിതമായി ഉൾപ്പെടുന്ന ജീവജാതികളുടെ എണ്ണവും അവയുടെ ആപേക്ഷികമായ സമൃദ്ധിയും ഉപയോഗിച്ചാണ് ജീവജാതി വൈവിദ്ധ്യം കണക്കാക്കുന്നത്. വ്യത്യസ്ത രീതിയിലുള്ള വാസസ്ഥലങ്ങളും, ജീവനുള്ളവയുടെ വർഗ്ഗീകരണവും, അവയുടെ പരിസ്ഥിതിയെയും പറ്റി പ്രതിപാദിക്കുന്നതാണ് ആവാസവ്യവസ്ഥ വൈവിദ്ധ്യം .

കേരളത്തിൽ പ്രധാനമായും ജൈവവൈവിദ്ധ്യം പ്രകടമാകുന്നതും സംരക്ഷിക്കപ്പെടേണ്ടതുമായ മേഖല പശ്ചിമഘട്ടമാണ്. ഇന്ത്യയിൽ കാണപ്പെടുന്ന ചെടികളുടെ നാലിലൊന്ന് ഏകദേശം 10000 ഓളം ചെടികളും ഉപവിഭാഗങ്ങളും കേരളത്തിലാണ് കാണപ്പെടുന്നത്. അതിൽ തന്നെ 4000 ഓളം പുഷ്പിക്കുന്ന സസ്യങ്ങളും (1272 എണ്ണം കേരളത്തിൽ മാത്രം കണ്ടു വരുന്നതും 159 എണ്ണം വംശനാശ ഭീക്ഷണി നേരിടുന്നതും) ഏകദേശം 900 ഓളം ഉപവർഗ്ഗങ്ങൾ ആയുർവേദ ചെടികളുമാകുന്നു.

ജില്ലയുടെ മൊത്തം ഭൂവിസ്തതിയായ 2192 ചതുരശ്ര കിലോമീറ്ററിൽ 18.39% വനമേഖലയാണ്. വനമേഖലയും 56% പലതരത്തിലുള്ള നശീകരണത്തിന്റെ മേഖലകളായി കാണപ്പെടുന്നു. ജില്ലയിൽ പ്രധാനമായും സംരക്ഷിക്കപ്പെടേണ്ട രണ്ട് വനമേഖലകളാണ് കപപ്പാറയും, നെമന്മാറയും. ഇവ ഉൾപ്പെടുന്ന വനമേഖല 181 ചതുരശ്ര കിലോമീറ്റർ വിസ്തൃതിയിൽ വ്യാപിച്ചു കിടക്കുന്നു. ജില്ലയിലെ പ്രകൃത്യാലുള്ള സസ്യജാലങ്ങളെ പടിഞ്ഞാറൻ തീരദേശ ഉഷ്ണമേഖല നിത്യഹരിതം, പടിഞ്ഞാറൻ തീരദേശ അർദ്ധ നിത്യഹരിതം, ദക്ഷിണേന്ത്യൻ ഇലപൊഴിയും കാടുകൾ, പുൽമേടുകൾ എന്നിങ്ങനെ തരം തിരിച്ചിരിക്കുന്നു.

ഭൂവിനിയോഗം

ഒരു പ്രദേശത്തിന്റെ സുസ്ഥിരമായ വികസനത്തിന് ഭൂവിനിയോഗവും സസ്യസമ്പത്തും നിർണ്ണായകമായ പങ്ക് വഹിക്കുന്നു. കാർഷിക മേഖലയിലുള്ള ആസൂത്രണത്തിനും പാരിസ്ഥിതിക പഠനങ്ങൾക്കും, വ്യവസായിക ദുരന്ത നിവാരണ പ്രവർത്തനങ്ങൾക്കും, കാലാവസ്ഥാ വ്യതിയാനം സംബന്ധിച്ച പഠനങ്ങൾക്കും മാർഗ്ഗരേഖ തയ്യാറാക്കുന്നതിന് ഭൂവിനിയോഗ ഭൂപടം ഒഴിച്ചുകൂടാനാവാത്ത ഒന്നാണ്. ഒരു പ്രദേശത്തിന്റെ വികസനം സംബന്ധിച്ച ആസൂത്രണത്തിന് ആവശ്യമായ പ്രധാന വിവരങ്ങളായ ആ പ്രദേശത്തെ നിലനിൽക്കുന്ന കൃഷി രീതി, തരിശു ഭൂമി, ജലാശയങ്ങൾ. വനഭൂമി, പുൽമേടുകൾ, ചതുപ്പുനിലങ്ങൾ എന്നിവയുടെ സ്ഥാനം, വിസ്തൃതി, അതിരുകൾ എന്നിവ കൃത്യമായി നിർണ്ണയിക്കാൻ ഭൂവിനിയോഗ ഭൂപടം സഹായകരമാവുന്നു. ദേശീയ

ഭൂവിനിയോഗ നയത്തിന്റെ കരടുരേഖ പ്രധാനമായും ഊന്നൽ നൽകുന്നത് ഉചിതമായ ഭൂവിനിയോഗ ആസൂത്രണത്തിനും അതിലൂടെ കൈവരിക്കാവുന്ന സുസ്ഥിരമായ സാമ്പത്തിക വികസനത്തിനുമാണ്. പ്രകൃതി വിഭവങ്ങൾ സാമൂഹിക സാമ്പത്തിക വിഭവങ്ങൾ എന്നിവയെ കുറിച്ചുള്ള വ്യാപ്തിയും ഗുണമേൻമയും അനുസരിച്ചായിരിക്കും ഭൂവിനിയോഗാസൂത്രണത്തിന്റെ വിജയം



ജില്ലയിലെ ഭൂവിനിയോഗം

ജില്ലയിൽ കാണപ്പെടുന്ന പ്രധാന ഭൂവിനിയോഗ രീതിയിൽ ചുവടെ ചേർക്കുന്നു.

പട്ടിക 2.2.12

ഭൂവിനിയോഗം

ഭൂവിനിയോഗം	വിസ്തൃതി (ഹെക്ടർ)	ശതമാനം
നിർമ്മിതി പ്രദേശം	42056.62	19.19
നെല്ല്	5183.63	2.36
വയൽ നികത്തി നിർമ്മിതി പ്രദേശം	723.94	0.33
വയൽ നികത്തി – വാർഷികവിളകൾ	1424.94	0.65
വയൽ നികത്തി – ദീർഘകാല വിളകൾ	5001.78	2.28
വയൽ നികത്തി മിശ്രിതവിളകൾ	4542.65	2.07
വയൽ തരിശുഭൂമി	726.16	0.33
കാർഷിക വിളകൾ	54595.21	24.91
തോട്ട വിളകൾ	46501.50	21.21
വനം	301.46	0.14
റിസർവ്വ് വനം	51013.52	23.27
തണ്ണീർത്തടങ്ങൾ	59.09	0.03
തരിശുഭൂമി	2313.73	1.06
ക്വാറി	364.69	0.17
ജലാശയങ്ങൾ	4391.21	2.00
ആകെ	219200.00	100.00

(അവലംബം:– ലാന്റ് യൂസ് ബോർഡ്)

നിർമ്മിതി പ്രദേശം (നഗരവൽക്കരിക്കപ്പെട്ട പ്രദേശങ്ങൾ)

മാനുഷിക ഇടപെടൽ മൂലം കൃഷി യോഗ്യമല്ലാതായി തീർന്ന ഭൂപ്രദേശങ്ങൾ ആണ് ഈ വിഭാഗത്തിൽ ഉൾപ്പെടുന്നത്. ഉദാഹരണം കെട്ടിടങ്ങൾ, റോഡുകൾ വ്യവസായ സ്ഥാപനങ്ങൾ വാണിജ്യ സമുച്ചയങ്ങൾ, കളിസ്ഥലങ്ങൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ. ജില്ലയുടെ മൊത്തം ഭൂവിസ്തൃതിയുടെ 19.19% (42056.62 ഹെക്ടർ) ഭൂപ്രദേശം ഈ വിഭാഗത്തിൽ ഉൾപ്പെടുന്നു.

കൃഷിഭൂമി

നിലവിൽ വയൽ, വയൽ പ്രദേശങ്ങളിലെ ഹ്രസ്വകാല വിളകൾ, കരകൃഷി, പുരയിട കൃഷി, തോട്ട വിള കൃഷി ചെയ്യുന്നതുമായ പ്രദേശങ്ങളാണ് ഈ വിഭാഗത്തിൽ ഉൾപ്പെടുന്നത്. ഇതിൽ മഴയെ ആശ്രയിച്ച് കൃഷി ചെയ്യുന്ന പ്രദേശങ്ങളും ജലസേചിത പ്രദേശങ്ങളും ഉൾപ്പെടുന്നു. ജില്ലയുടെ മൊത്തം ഭൂവിസ്തൃതിയുടെ 54.14 ശതമാനം (118699.81 ഹെക്ടർ) ഭൂപ്രദേശത്ത് ഈ വിഭാഗത്തിൽപ്പെട്ട ഭൂവിനിയോഗ രീതിയാണ്

കാണപ്പെടുന്നത്. ഇതിൽ 5183.63 ഹെക്ടർ വയൽ പ്രദേശത്ത് നിലവിൽ നെൽ കൃഷിയും 11693.31 ഹെക്ടർ വയൽ നികത്തി മറ്റു വിളകളും കൃഷി ചെയ്യുന്ന രീതിയാണ് അവലംബിച്ചു വരുന്നത്. തെങ്ങ്, കവുങ്ങ്, വാഴ, മാവ്, മരച്ചീനി പ്ലാവ് എന്നിവ ഒരേ സ്ഥലത്ത് കൃഷി ചെയ്യുന്ന മിശ്രിത വിള കൃഷി സംമ്പ്രദായം 54595.21 ഹെക്ടർ പ്രദേശത്തായി ജില്ലയിൽ വ്യാപിച്ചു കിടക്കുന്നു. 46501.50 ഹെക്ടർ ഭൂപ്രദേശത്ത് വിവിധ തോട്ടവിളകൾ കൃഷി ചെയ്യുന്നു

വനഭൂമി

ഉഷ്ണമേഖല നിത്യഹരിത വനങ്ങൾ, അർദ്ധ നിത്യഹരിത വനങ്ങൾ, ഉഷ്ണമേഖല ഇലകൊഴിയും വനങ്ങൾ, ചോല വനങ്ങളും സ്തൂപികാഗ്ര വനങ്ങൾ എന്നിവയാണ് കാണപ്പെടുന്നത്. ജില്ലയുടെ മൊത്തം ഭൂവിസ്തൃതിയുടെ 23.27% (51013.52 ഹെക്ടർ) ഭൂപ്രദേശം ഈ വിഭാഗത്തിൽ ഉൾപ്പെടുന്നു.

തരിശ്ഭൂമി

പ്രകൃതിദത്തമായ പരിമിതികൾ കൊണ്ടും കാര്യമായ ഇടപെടൽ പ്രവർത്തനങ്ങളും ഭൂസംരക്ഷണ പ്രവർത്തനങ്ങളും നടപ്പിലാക്കാത്തത് കൊണ്ടും വികസന പ്രവർത്തനങ്ങൾ നടപ്പിലാക്കാൻ പറ്റാത്തതുമായ പ്രദേശങ്ങളാണ് ഈ വിഭാഗത്തിൽ ഉൾപ്പെടുന്നത്. ജില്ലയുടെ മൊത്തം വിസ്തൃതിയുടെ 1.23% (2678.42 ഹെക്ടർ) തരിശു ഭൂമിയാണ്. ഇടപെടൽ പ്രവർത്തനങ്ങളുടെ അടിസ്ഥാനത്തിൽ മൂന്നായി തരംതിരച്ചിരിക്കുന്നു.

- പ്രകൃതിദത്തമായ കാരണങ്ങൾ (ഉയർന്ന ഉന്നതി, ചരിവ്, പാറക്കെട്ട്) മൂലം തരിശായി മാറിയ പ്രദേശങ്ങൾ
- വനനശീകരണം /പ്രകൃതി ദുരന്തങ്ങൾ എന്നിവ മൂലം തരിശായവ.
- പാറക്കെട്ടുകൾ വെട്ടുകൽ പ്രദേശങ്ങൾ കൃഷിയോഗ്യമല്ലാത്ത പ്രദേശങ്ങൾ. ഉപേക്ഷിക്കപ്പെട്ട ഖനികൾ മാനുഷിക ഇടപെടൽ മൂലം തരിശായവ

ജലാശയങ്ങൾ

നിലവിൽ ജില്ലയിൽ സ്ഥിതിചെയ്യുന്ന പ്രകൃതിദത്തവും മനുഷ്യനിർമ്മിതവുമായ ജലാശയങ്ങളാണ് ഈ വിഭാഗത്തിൽ ഉൾപ്പെടുന്നത്. പുഴ, തടാകങ്ങൾ, ജലസംഭരണികൾ, കായലുകൾ, മുതലായവ. ജില്ലയുടെ മൊത്തം ഭൂവിസ്തൃതിയുടെ 4391.21 ഹെക്ടറിൽ ഇത്തരം ഭൂപ്രദേശങ്ങൾ കണ്ടുവരുന്നു.

ഖനിജസമ്പത്ത്

ജില്ലയിൽ അനുവദിച്ചിട്ടുള്ള ക്വാറിയിങ്ങ് പെർമിറ്റ്, ക്വാറിയിങ്ങ് ലീസ് എന്നിവയുടെ അടിസ്ഥാനത്തിൽ ഖനനം നടത്തുന്ന ധാതുക്കൾ ഗ്രാനൈറ്റ്, ബിൽഡിംഗ് സ്റ്റോൺ, ഗ്രാനൈറ്റ് ഡൈമൻഷൻ സ്റ്റോൺ,ചൈനാ ക്ലേ, ഇഷ്ടിക ചെളി, സാധാരണ മണൽ, സാധാരണ മണ്ണ്,വെട്ടുകല്ല് എന്നിവയാണ്.

മെറ്റൽ ക്രഷർ യൂണിറ്റുകൾ, എം-സാന്റ് യൂണിറ്റുകൾ, ചൈനാ ക്ലേ പ്രോസസ്സിംഗ് യൂണിറ്റുകൾ, ഇഷ്ടിക ചൂളകൾ, ധാതു - സംഭരണ വിതരണ കേന്ദ്രങ്ങൾ എന്നിവയാണ് പ്രധാനപ്പെട്ട വ്യവസായങ്ങൾ. ഇവയിൽ മെറ്റൽ ക്രഷർ യൂണിറ്റുകളും എം-സാന്റ് യൂണിറ്റുകളും അതുമായി ബന്ധപ്പെട്ടുള്ള ക്വാറികളും സ്വകാര്യ വ്യക്തികളുടെയോ, സ്വകാര്യ കമ്പിനികളുടെയോ ഉടമസ്ഥതയിലുള്ളവയാണ്.

ചൈന ക്ലേ പ്രോസസ്സിംഗ് യൂണിറ്റുകൾക്കാവശ്യമായ ധാതുവിന്റെ ലഭ്യതയിൽ കുറവ് വന്നിട്ടുണ്ട്. ചൈനാ ക്ലേ ലഭ്യമായിരുന്ന ഭൂമി കുറെയേറെ ലൈഫ് സയൻസ് പാർക്കിനും മറ്റുമായി സർക്കാർ ഏറ്റെടുത്തിട്ടുള്ളതും ചൈനാ ക്ലേ ഉള്ള കുറേ ഭൂമി ജനസാന്ദ്രത കൂടിയ പ്രദേശത്തായതിനാലും നിലവിലുള്ള ലീസുകൾ സംബന്ധിച്ച് പരിസ്ഥിതി സംബന്ധമായ പരാതികൾ പരിസരവാസികൾ ഉന്നയിക്കുന്നതിനാലും പുതിയ ഖനന മേഖലകൾക്ക് ദൗർലഭ്യം നേരിടുന്നു. ചൈനാ ക്ലേ പ്രോസസ്സ് ചെയ്യുന്ന യൂണിറ്റല്ലാതെ കളിമൺ പാത്രനിർമ്മാണ യൂണിറ്റുകളൊന്നും ജില്ലയിൽ ഇല്ല.

ഇഷ്ടിക ചൂള ധാതു ലഭ്യത പ്രതിസന്ധി നേരിടുകയാണ്. ഇഷ്ടിക ചെളി കൂടുതലും നദീ തീരങ്ങളിലും വയൽ തണ്ണീർത്തടപ്രദേശങ്ങളിലുമാണ് ലഭ്യമാക്കിയിട്ടുള്ളത്. 2008-ലെ നെൽവയൽ തണ്ണീർത്തടസംരക്ഷണനിയമം നിലവിൽ വന്നതോടെ ഇഷ്ടിക ചെളി ലഭ്യത വളരെ കുറഞ്ഞു. കൂടാതെ ഇഷ്ടിക ഖനനത്തിന് കളക്ടറുടെ എൻ.ഒ.സി, എൻവയോൺമെന്റിൽ ക്ലിയറൻസ് എന്നിവ നിർബന്ധമാക്കിയിട്ടുണ്ട്. ഇഷ്ടിക ചെളി ഖനനം മൂലം കൃഷിനാശം, ജലദൗർലഭ്യം മുതലായ പരിസ്ഥിതി പ്രശ്നങ്ങൾ ഉണ്ടാകുന്നതിനാൽ ജില്ലാ കളക്ടറുടെ എൻ.ഒ.സി എൻവയോൺമെന്റൽ ക്ലിയറൻസ് എന്നിവ അനുവദിക്കുന്നത് വിരളമാണ്. എൻവയോൺമെന്റൽ ക്ലിയറൻസ് ലഭ്യമാകുന്നതിന് മൈനിങ് പ്ലാൻ

തയ്യാറാക്കേണ്ടതായിട്ടുണ്ട്. ആയത് സാമ്പത്തികമായി ബുദ്ധിമുട്ടുള്ള ഈ മേഖലയിലുള്ളവർക്ക് അപ്രായോഗികമായി തീർന്നിട്ടുണ്ട്. എന്നാലും വാമനപുരം, നെയ്യാറ്റിൻകര നദീതീര മേഖലകളിൽ ഇഷ്ടിക ചൂളകൾ പ്രവർത്തിക്കുന്നുണ്ട്. കുളങ്ങളുടെ ശുചീകരണത്തിന്റെ ഭാഗമായി ലഭിക്കുന്ന ചെളിയാണ് ഇവർ ഉപയോഗിക്കുന്നത്. അനധികൃത ഇഷ്ടികചെളി ഖനനവും ശ്രദ്ധയിൽപ്പെട്ടുള്ളതിനൊക്കെ ചട്ടപ്രകാരമുള്ള നിയമനടപടികൾ സ്വീകരിച്ചുവരുന്നു. എന്നാൽ പരമ്പരാഗത കരകൗശല മൺപാത്രനിർമ്മാണം നടത്തുന്ന വ്യക്തികൾക്കും സൊസൈറ്റികൾക്കും ഒരു വർഷം 50 മെട്രിക് ടൺ ചെളി ഖനനം ചെയ്യുന്നതിന് യാതൊരു നിയമനിബന്ധനകളുമില്ലാതെ അനുമതി നൽകുന്നതിന് 2015-ലെ കേരള മൈനർ മിനറൽ കൺസെഷൻ ചട്ടങ്ങളിൽ റൂൾ 106(5) പ്രകാരം വ്യവസ്ഥ ചെയ്തിട്ടുള്ളതും ആയതുപ്രകാരം അനുമതി നൽകിയിട്ടുള്ളതുമാണ്.

ധാതു സംഭരണ-വിതരണ കേന്ദ്രങ്ങൾ എല്ലാ സ്വകാര്യ വ്യക്തികളുടെയും സ്വകാര്യ കമ്പനികളുടെയോ ഉടമസ്ഥതയിലുള്ളവയാണ്. ഇതിൽ ഭൂരിഭാഗവും നല്ല രീതിയിൽ പ്രവർത്തിക്കുന്നവയാണ്.

മൈനിംഗ് & ജിയോളജി വകുപ്പിൽ നിന്നും ലഭ്യമായ ഖനനാനുമതികളുടെയും ധാതു സംഭരണ-വിതരണ യൂണിറ്റുകളുടെയും വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

പട്ടിക 2.2.13

ജില്ലയിൽ ഖനനാനുമതി നൽകിയിട്ടുള്ള വിശദാംശങ്ങൾ

താലൂക്ക്	ആകെ		
	എണ്ണം	വിസ്തൃതി (ഹെക്ടറിൽ)	ശതമാനം
ചിറയിൻകീഴ്	5	8.2898	9.49
നെടുമങ്ങാട്	33	42.0113	48.10
തിരുവനന്തപുരം	9	12.9776	14.86
നെയ്യാറ്റിൻകര	18	24.0696	27.56
ജില്ല	65	87.3483	100

(അവലംബം:- മൈനിംഗ് & ജിയോളജി ഡിപ്പാർട്ട്മെന്റ്)

പട്ടിക 2.2.14

ഗ്രാനൈറ്റ് ഡൈമൻഷൻ സ്റ്റോൺ ഖനനാനുമതി നൽകിയിട്ടുള്ള വിശദാംശങ്ങൾ

താലൂക്ക്	ആകെ		
	എണ്ണം	വിസ്തൃതി (ഹെക്ടറിൽ)	ശതമാനം
ചിറയിൻകീഴ്	4	4.6716	65.81
നെടുമങ്ങാട്	1	2.427	34.19
തിരുവനന്തപുരം	–	–	ണ്ഡ
നെയ്യാറ്റിൻകര	–	–	ണ്ഡ
ജില്ല	5	7.0986	100

(അവലംബം:- മൈനിംഗ് & ജിയോളജി ഡിപ്പാർട്ട്മെന്റ്)

പട്ടിക 2.2.15

ഗ്രാനൈറ്റ് ബിൽഡിംഗ് സ്റ്റോൺ ഖനനാനുമതി നൽകിയിട്ടുള്ള വിശദാംശങ്ങൾ

താലൂക്ക്	ആകെ		
	എണ്ണം	വിസ്തൃതി (ഹെക്ടറിൽ)	ശതമാനം
ചിറയിൻകീഴ്	2	0.344	7.55
നെടുമങ്ങാട്	9	1.6592	36.40
തിരുവനന്തപുരം	–	–	–
നെയ്യാറ്റിൻകര	6	1.2661	27.78
വർക്കല	3	0.4196	9.21
കാട്ടാക്കട	5	0.8692	19.07
ജില്ല	25	4.5581	100.00

(അവലംബം:- മൈനിംഗ് & ജിയോളജി ഡിപ്പാർട്ട്മെന്റ്)

പട്ടിക 2.2.16

ചൈന ക്ലേ ഖനനാനുമതി നൽകിയിട്ടുള്ള വിശദാംശങ്ങൾ

താലൂക്ക്	ആകെ		
	എണ്ണം	വിസ്തൃതി (ഹെക്ടറിൽ)	ശതമാനം
ചിറയിൻകീഴ്	–	–	–
നെടുമങ്ങാട്	–	–	–
തിരുവനന്തപുരം	32	97.1786	100
നെയ്യാറ്റിൻകര	–	–	–
വർക്കല	–	–	–
കാട്ടാക്കട	–	–	–
ജില്ല	32	97.1786	100

(അവലംബം:- മൈനിംഗ് & ജിയോളജി ഡിപ്പാർട്ട്മെന്റ്)

ഭൂഗർഭ ജലം

പ്രകൃതിയിലെ രണ്ടു പ്രധാന ജലസ്രോതസ്സുകളിൽ നിന്നും ഉണ്ടാകുന്ന ഭൂഗർഭ ജല വിഭവങ്ങളെയാണ് ഉപരിതല ജലവിഭവങ്ങളായി കാണക്കാക്കപ്പെടുന്നത്. മഴയും ഉപരിതല ജലസ്രോതസ്സുമാണവ. ഭൂഗർഭ ശാസ്ത്ര രൂപീകരണമനുസരിച്ചുള്ള ഉപോപരിതലത്തിലാണ് പ്രധാനമായും ഭൂഗർഭജലം ശേഖരിക്കുന്നത്. കിണറുകളിലൂടെ പുറത്തേക്ക് എടുക്കുമ്പോഴാണ് അവ ഉപയോഗയോഗ്യമാകുന്നത്. ഭൂമിയിലെ ആകെ ജലത്തിന്റെ 0.61% ഭൂഗർഭജലമാണ് സംഭാവന ചെയ്യുന്നത്. കേരളത്തിൽ വാർഷിക ഭൂഗർഭ ജലവിഭവതോത് 7900 റ്റി.എം.സി. ആണ്. അവയിൽ 6500 റ്റി.എം.സി ജലസേചനത്തിനായി ഉപയോഗിക്കുന്നു. ജലസേചനത്തിന്റെ 15% ഭൂഗർഭ ജലത്തെ ആശ്രയിച്ചാണ് കേരളത്തിൽ നടക്കുന്നത്. ആകെ ബ്ലോക്കുകളിൽ നാലു ബ്ലോക്കുകളിലായി 45% ൽ കൂടുതൽ ഭൂഗർഭജലം ഉപയോഗിക്കുന്നതായി കണക്കുകൾ സൂചിപ്പിക്കുന്നു.

ജില്ലയിലെ ഭൂഗർഭജല വിതാനം ശരിയായി മനസിലാക്കുന്നതിനായി അവയെ തീരദേശത്തുള്ളവ, ഇടനാട്ടിലുള്ളവ, മലനാട്ടിലുള്ളവ എന്നിങ്ങനെ വേർതിരിച്ചിട്ടുണ്ട്.

തീരദേശത്തുള്ളവ

ഈ മേഖലയിലെ ജലവിതാനത്തിന്റെ സ്വഭാവം എക്കൽ നിക്ഷേപങ്ങളുമായി ബന്ധപ്പെട്ട് കാണപ്പെടുന്നു. വളരെ കുറഞ്ഞ ആഴത്തിലാണ് ഇവ കാണപ്പെടുന്നത്. തുറന്ന കിണറുകൾക്ക് 2 മീറ്റർ വിസ്തൃതി കാണപ്പെടുന്നു. ചില പ്രദേശങ്ങളിൽ മണൽ മേഖലകൾ 10 മീറ്റർ വരെ ആഴത്തിൽ കാണപ്പെടുന്നു. അവിടങ്ങളിൽ ഫിൽറ്റർ പോയിന്റ് കിണറുകളാണുത്തമം. ചില മേഖലകളിൽ വർക്കലനിരകളുമായി ബന്ധപ്പെടുത്തി കാണപ്പെടുന്നു. ഇവിടങ്ങളിലെ ജലവിതാനം സമുദ്രനിരപ്പിൽ നിന്നും 0.5 മുതൽ 14.3 മീറ്റർ വരെ വ്യത്യാസത്തിൽ കാണപ്പെടുന്നു.

ഇടനാട് മേഖലയിലുള്ളവ

ഈ മേഖലയിൽ ജലവിതാനം ലാറ്ററൈറ്റ് പ്രദേശത്ത് കാണപ്പെടുന്നു. 10 മുതൽ 20 മീറ്റർ വരെ ആഴത്തിൽ കാണപ്പെടുന്നു. 4 മുതൽ 6 മീറ്റർ വരെ വിസ്തൃതിയിൽ കിണറുകൾ കാണപ്പെടുന്നു. ഇടനാട്ടിലെ താഴ്ന്ന പ്രദേശങ്ങളിലെ ക്രിസ്റ്റലൈൻ പാറപ്രദേശങ്ങളിൽ നല്ല ജല സ്രോതസ്സുകൾ ഉണ്ട്.

മലനാട് മേഖലയിലുള്ളവ

ഉയർന്ന അപക്ഷയം സംഭവിച്ച പാറകൾ കാണപ്പെടുന്നു. ജലവിതാനത്തനു താഴെ ഭൂഗർഭജലം കാണപ്പെടുന്നു. കിണറുകളിലൂടെ ജലം ലഭിക്കുന്നു. പാറപ്രദേശങ്ങളിൽ നിന്നും കുഴൽ കിണർ വഴി ഭൂഗർഭ ജലം പുറത്തു കൊണ്ടുവരുന്നു.

ഭൂഗർഭജല ഗുണനിലവാരം

കായൽ പ്രദേശങ്ങളും മലിനീകരണ പ്രദേശങ്ങളും ഒഴിച്ച് പൊതുവെ ഗുണനിലവാരമുള്ള ഭൂഗർഭജലമാണ് ലഭിക്കുന്നത്. തീരപ്രദേശത്തെ ജലത്തിൽ ഗണനീയമായ തോതിൽ ക്ലോറൈഡും അടങ്ങിയിരിക്കുന്നു. കടയ്ക്കാവൂർ, മീനംകുളം എന്നിവിടങ്ങളിൽ പുളിപ്പും പൂവാർ, കടകംപള്ളി, പാൽക്കളങ്ങര എന്നിവിടങ്ങളിൽ ഇരുമ്പിന്റെ അംശവും ജലത്തിൽ കാണപ്പെടുന്നു. തീരത്തുനിന്നും 500 മീറ്റർ വരെ കടൽവെള്ളത്തിന്റെ സ്വാധീനമുണ്ട്. താഴ്ചയിൽ നിന്നും എടുക്കുന്ന ജലം പരിശുദ്ധമാണ്.

ദേശീയ ശരാശരിയുമായി താരതമ്യപ്പെടുത്തുമ്പോൾ കേരളം ദേശീയ തലത്തിലുള്ളതിനേക്കാൾ 2.5 ഇരട്ടി കൂടുതൽ മഴ ലഭിക്കുന്ന പ്രദേശമാണ്. അതേസമയം ജനസംഖ്യ 3.6 ഇരട്ടി കൂടുതലാണ്. ദേശിയ ശരാശരിയുമായി കണക്കാക്കുമ്പോൾ 3.6 ഇരട്ടി ഭക്ഷണം, ജൈവസമ്പത്ത് എന്നിവ ഉണ്ടാക്കണം. കുടിവെള്ളത്തിന്റെ ആവശ്യവും ധാരളമാണ്. ആയതിനാൽ ജലസംരക്ഷണത്തിനും പരിപാലനത്തിനുമായി സമഗ്രമായ പദ്ധതികൾ ഉണ്ടാകേണ്ടത് വളരെ അത്യാവശ്യമാണ്.

പട്ടിക 2.2.17

ഭൂഗർഭ ജലക്ഷാമം അനുഭവപ്പെടുന്ന പ്രദേശം (2013)

യൂണിറ്റ് /ബ്ലോക്ക്	കമാൻഡ് / നോൺ കമാൻഡ് / ആകെ	ആകെ ഭൂജല ലഭ്യത	നിലവിലുള്ള ജലസേചന ഉപയോഗം	നിലവിലുള്ള ഗാർഹിക, വ്യാവസായിക ഭൂജല ഉപയോഗം	നിലവിലുള്ള ആകെ ഭൂജല ഉപയോഗം (11 +12)	ഗാർഹിക വ്യാവസായിക ആവശ്യങ്ങൾക്ക് 2025 വരെയുള്ള നീക്കിയിരിപ്പ്	ഭാവി ജലസേചനത്തിനുള്ള ഭൂജലലഭ്യത (10–11–14)	നിലവിലെ ഭൂജലവികസന തോത്
അതിയന്നൂർ	നോൺ കമാൻഡ്	1417.47	334.68	883.69	1218.37	907.40	175.38	85.95
ചിറയിൻകീഴ്	നോൺ കമാൻഡ്	1744.00	333.27	972.85	1306.12	998.90	411.83	74.89

കിളിമാനൂർ	നോൺ കമാൻഡ്	3037.98	437.78	1055.67	1493.45	1084.05	1516.16	49.16
നെടുമങ്ങാട്	നോൺ കമാൻഡ്	2074.11	462.64	1041.14	1503.78	1069.13	542.34	72.50
നേമം	നോൺ കമാൻഡ്	5241.93	525.88	3325.30	3851.18	3414.68	1301.37	73.47
പാറശ്ശാല	നോൺ കമാൻഡ്	1693.30	666.96	791.91	1458.87	813.20	213.14	86.16
പെരുങ്കടവിള	നോൺ കമാൻഡ്	3590.29	576.45	993.29	1569.74	1019.98	1993.86	43.72
പോത്തൻകോട്	നോൺ കമാൻഡ്	1567.72	588.75	643.80	1232.55	648.70	330.26	78.62
വാമനപുരം	നോൺ കമാൻഡ്	3601.57	483.42	951.31	1434.73	976.88	2141.27	39.84
വർക്കല	നോൺ കമാൻഡ്	1819.78	305.22	879.48	1184.70	903.12	611.44	65.10
വെള്ളനാട്	നോൺ കമാൻഡ്	3835.92	575.62	1024.75	1600.37	1052.30	2208.00	41.72
ആകെ (ഹെക്ടർ മീറ്റർ)	നോൺ കമാൻഡ്	29624.07	5290.67	12563.19	17853.86	12888.34	11445.05	60.27
ആകെ (മില്ല്യൻ ക്യൂബിക് മീറ്റർ)	നോൺ കമാൻഡ്	296.24	52.91	125.63	178.54	128.88	114.45	60.27

(അവലംബം:- ഭൂജല വകുപ്പ്)

പട്ടിക 2.2.18

വിലയിരുത്തൽ നടത്തിയ വർഷം	2013	മഴയ്ക്കു മുൻപ്		മഴയ്ക്കു ശേഷം		
വിലയിരുത്തപ്പെട്ട യൂണിറ്റ്	ഭൂജല വികസനത്തിന്റെ തോത്	ഭൂജലനിലയുടെ ദീർഘകാല സ്വഭാവം (വർദ്ധനവ് (-)/ കുറവ് (+)) സെ.മീ	പ്രസക്തമായ കുറവ് രേഖപ്പെടുത്തിയിട്ടുണ്ടോ (ഉണ്ട്/ ഇല്ല)	ഭൂജലനിലയുടെ ദീർഘകാല സ്വഭാവം (വർദ്ധനവ് (-)/ കുറവ് (+)) സെ.മീ	പ്രസക്തമായ കുറവ് രേഖപ്പെടുത്തിയിട്ടുണ്ടോ (ഉണ്ട്/ ഇല്ല)	വിഭാഗം (സുരക്ഷിതം/ ഭാഗിക - ഗുരുതരം/ ഗുരുതരം/ അമിതചൂഷിതം)
അതിയന്നൂർ	85.95	2.08	ഇല്ല	2.08	ഇല്ല	ഭാഗിക-ഗുരുതരം
ചിറയിൻകീഴ്	74.89	9.47	ഉ്	4.64	ഇല്ല	ഭാഗിക-ഗുരുതരം
കിളിമാനൂർ	49.16	3.08	ഇല്ല	7.64	ഇല്ല	സുരക്ഷിതം
നെടുമങ്ങാട്	72.50	1.56	ഇല്ല	13.52	ഇല്ല	സുരക്ഷിതം
നേമം	73.47	7.97	ഇല്ല	32.37	ഇല്ല	സുരക്ഷിതം
പാറശ്ശാല	86.16	13.00	ഇല്ല	27.14	ഇല്ല	ഭാഗിക-ഗുരുതരം
പെരുങ്കടവിള	43.72	17.37	ഇല്ല	8.82	ഇല്ല	സുരക്ഷിതം
പോത്തൻ കോട്	78.62	0.95	ഇല്ല	9.69	ഇല്ല	സുരക്ഷിതം
വാമനപുരം	39.84	0.50	ഇല്ല	0.76	ഇല്ല	സുരക്ഷിതം
വർക്കല	65.10	22.95	ഇല്ല	14.01	ഇല്ല	സുരക്ഷിതം
വെള്ളനാട്	41.72	7.21	ഇല്ല	5.72	ഇല്ല	സുരക്ഷിതം

(അവലംബം:- ഭൂജല വകുപ്പ്)

വനം

വനം പ്രതിനിദാനം ചെയ്യുന്നതെന്തെന്നാൽ എല്ലാ വനമേഖലയും വനവിസ്തൃതിയും വനാതിർത്തി നിർണ്ണയവും ഭരണപരമായ ഘടനയ്ക്ക് അനുസരിച്ചുള്ള വനത്തിനു കീഴിൽ വരുന്ന ഏത് നിയമവും ഈ ഭൂമേഖലയിൽ ഉൾപ്പെടുന്നു.

കേരളം പ്രകൃതി വിഭവങ്ങളുടെ സമ്പുഷ്ടമായ ഒരു സംസ്ഥാനമാണ്. കേരളത്തിലെ വനങ്ങളെ ജൈവസമ്പന്നമാക്കുന്നതിൽ ഉഷ്ണ മേഖല കാലാവസ്ഥ നല്ല പങ്കുവഹിക്കുന്നു. സംസ്ഥാനത്തിന്റെ മൊത്തം ഭൂപ്രദേശത്തിന്റെ 29.09 ശതമാനം (11309.47ച.കി.മീ) വന മേഖലയാണ്. ഇത് ദേശീയ വനവിസ്തൃതീയായ 19.50 ശതമാനത്തേക്കാളും കൂടുതലാണ്. കേരളത്തിലെ മൊത്തം വനവിസ്തൃതിയുടെ 9307.20 ച. കി. മി. നിർദ്ദിഷ്ട സംരക്ഷിത വനമേഖലയും 1837.79 ച. കി. മി. നിക്ഷിപ്ത വനമേഖല പരിസ്ഥിതി ലോല പ്രദേശങ്ങളായും കാണപ്പെടുന്നു. കേരളത്തിലെ വനമേഖലയെ പ്രകൃതിദത്ത വനമേഖലയെന്നും മനുഷ്യ നിർമ്മിത വനമേഖലയെന്നും രണ്ടായി തരംതിരിച്ചിരിക്കുന്നു. മനുഷ്യനിർമ്മിത വനമേഖലയിൽ യൂക്കാലി, തേക്ക്, റബ്ബർ, കശുമാവ്, സോഫ്റ്റ് വുഡ് തുടങ്ങിയ മറ്റു തോട്ടവിളകളും ഉൾപ്പെടുന്നു.

ജില്ലയിലെ വനമേഖല ദക്ഷിണ ഉഷ്ണ മേഖല നിത്യഹരിത വനങ്ങൾ, ദക്ഷിണ ഉഷ്ണ മേഖല അർദ്ധ നിത്യഹരിത വനങ്ങൾ, ദക്ഷിണ ഉഷ്ണമേഖല ഇലപൊഴിയും വനങ്ങൾ എന്നിങ്ങനെ മൂന്നായി തരംതിരിച്ചിരിക്കുന്നു. പ്രസ്തുത വനമേഖല പ്രദേശങ്ങൾ നെടുമങ്ങാട്,

നെയ്യാറ്റിൻകര താലൂക്കുകളുടെ കിഴക്കൻ പ്രദേശങ്ങളിൽ കാണപ്പെടുന്നു. വനമേഖലയിലെ പ്രധാന ഉത്പന്നം തടിയും ഉപോൽന്നങ്ങളായി മുള, ഈറ്റ, പൾപ്പ് വ്യവസായത്തിനാവശ്യമായ വിവിധതരം മരങ്ങൾ, ചൂരൽ കൂടാതെ കറുവപ്പട്ട, തേൻ, മെഴുക്, ഔഷധസസ്യങ്ങൾ, എണ്ണക്കുരുക്കൾ, കൂവ, കാട്ടുമരങ്ങൾ, ഇഞ്ച എന്നിവയും കണ്ടുവരുന്നു. തേക്ക്, ഈട്ടി, നങ്ങ്, മരുത്, ആഞ്ഞിലി, വെൻതേക്ക്, മഞ്ഞകടമ്പ, ഇരൂൾ എന്നിവ വനമേഖലയിൽ കണ്ടുവരുന്ന മരങ്ങളാണ്. ജില്ലയിലെ നെടുമങ്ങാട്, നെയ്യാറ്റിൻകര താലൂക്കുകളിലായി തിരുവനന്തപുരം വന്യജീവി ഡിവിഷൻ, അഗസ്ത്യാവനം, ജൈവോദ്യാനം എന്നിവ സ്ഥിതിചെയ്യുന്നു.

2.3. ധനവിഭവങ്ങൾ

ഒരു സമ്പദ്‌വ്യവസ്ഥയുടെ നിലനിൽപ്പിന്റെ അനിവാര്യ ഘടകമായ ധനവിഭവങ്ങൾ ഒരു രാജ്യത്തിന്റെ പുരോഗതിക്കു വേണ്ട അടിസ്ഥാന ഘടകം കൂടിയാണ്. ആസ്തികളും ബാധ്യതകളും എങ്ങനെ പ്രയോജനപ്പെടുത്താമെന്നത് കണ്ടെത്തുകയാണ് ധനവിഭവങ്ങളുടെ പ്രധാന ലക്ഷ്യം. ധനവിഭവങ്ങൾ കൈകാര്യം ചെയ്യുന്നതിലെ മികവ് അനുസരിച്ചാണ് ഒരു രാജ്യത്തിന്റെ പുരോഗതി നിശ്ചയിക്കപ്പെടുന്നത്.

ബാങ്കുകൾ

സാമ്പത്തിക ധനവിഭവത്തിലെ ഏറ്റവും പ്രധാനപ്പെട്ട ഉറവിടങ്ങളിലൊന്നാണ് ബാങ്കുകൾ. സാമ്പത്തിക സേവനങ്ങൾ പ്രദാനം ചെയ്യുന്ന ധനകാര്യ സ്ഥാപനങ്ങളായ ബാങ്കുകൾ നിക്ഷേപങ്ങൾ സ്വീകരിക്കുകയും വായ്പ നൽകുകയും ചെയ്യുന്നു. സമ്പദ്‌വ്യവസ്ഥയിൽ ധനവിഭവങ്ങളുടെ മേൽനോട്ടവും കൈകാര്യവും ബാങ്കുകളുടെ നിയന്ത്രണത്തിലായതിനാൽ ബാങ്കിംഗ് സമ്പ്രദായത്തിന്റെ കാര്യക്ഷമതയെ അനുസരിച്ചാണ് സമ്പദ്‌വ്യവസ്ഥ നിയന്ത്രിക്കപ്പെടുന്നത്. ബാങ്കുകളുടെ മൂലധന സമാഹരണ ശേഷിയും, ധനവിനിയോഗവും സമ്പദ്‌വ്യവസ്ഥയുടെ വളർച്ചയ്ക്കും തളർച്ചയ്ക്കും നേരിട്ടും അല്ലാതെയും സ്വാധീനം ചെലുത്തുന്നുണ്ട്. രാജ്യത്ത് വിവിധ വികസന മേഖലകളിൽ വായ്പ ലഭ്യമാക്കുന്നത് ബാങ്കുകളാണ്. 70% ത്തിൽ അധികം പേരും കാർഷികവൃത്തിയിൽ ഏർപ്പെട്ടിരിക്കുന്ന ജനതയായിരുന്നതിനാൽ പ്രാഥമിക കാർഷിക സഹകരണ ബാങ്കുകളുടെ പരിഷ്ക്കാരങ്ങൾ രാജ്യത്തിന്റെ നേട്ടങ്ങൾ താഴെത്തട്ടിൽ പ്രതിഫലിപ്പിക്കുവാൻ സഹായിക്കും. പൊതുമേഖല, സ്വകാര്യമേഖല ബാങ്കുകളുടെ പ്രവർത്തന ശേഷി രാജ്യത്തിന്റെ വൻകിട ചെറുകിട വ്യവസായ മേഖലകളെ വളർത്തുന്നു. ബാങ്കുകളുടെ പ്രവർത്തനം ഇനിയും പുതിയ തലങ്ങളിൽ എത്തേണ്ടതായിട്ടുണ്ട്. ജനകിയാസൂത്രണത്തിന്റെ ആദ്യ ഘട്ടങ്ങളിൽ ബാങ്ക് വായ്പയും ത്രിതല പഞ്ചായത്തുകളുടെ പദ്ധതികളുടെ ധനസ്രോതസ്സായി പരിഗണിച്ചിരുന്നു. കാർഷിക, മൃഗസംരക്ഷണ, വ്യാവസായിക, ദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതികൾക്ക് വായ്പകൾ ലഭ്യമാക്കുവാൻ ബാങ്കുകൾക്ക് കഴിയുന്നുണ്ട്. ജില്ലയിലെ ബാങ്കുകളുടെ വാർഷിക വായ്പ പദ്ധതി തയ്യാറാക്കി ലക്ഷ്യം നേടുന്നതിന് ചുക്കാൻപിടിക്കുന്നത് ലീഡ് ബാങ്കാണ്. ബാങ്ക് വായ്പ ഒരു ധനസ്രോതസ്സായി കാർഷിക-ഉത്പാദന-സേവന മേഖലകളിൽ പരിഗണിക്കാവുന്നതാണ്. ബ്ലോക്ക്-ജില്ലാ-സംസ്ഥാനതല ബാങ്കേഴ്സ് സമിതികളിൽ സമർപ്പിച്ച് അംഗീകാരം നേടിയാൽ വായ്പ ബന്ധിത പരിപാടികളും ത്രിതല പഞ്ചായത്തുകളുടെ പദ്ധതിയുടെ ഭാഗമാക്കാം.

ജില്ലയിൽ പ്രധാനമായും എസ്.ബി.ഐ, ദേശസാൽകൃത ബാങ്കുകൾ, സ്വകാര്യ ബാങ്കുകൾ, സഹകരണ ബാങ്കുകൾ എന്നിവയാണുള്ളത്. ജില്ലയിലെ പ്രധാന ധനകാര്യ സ്ഥാപനങ്ങളുടെ വിശദാംശങ്ങൾ പട്ടിക 2.3.1 ൽ ചുവടെ ചേർക്കുന്നു.

പട്ടിക 2.3.1

ജില്ലയിലെ പ്രധാന ധനകാര്യ സ്ഥാപനങ്ങൾ

ധനകാര്യ സ്ഥാപനങ്ങൾ	എണ്ണം
വാണിജ്യ ബാങ്ക്	701
പ്രാദേശിക ഗ്രാമീണ ബാങ്ക് ശാഖകൾ	43
സംസ്ഥാന സഹകരണ ബാങ്ക് ശാഖകൾ	9
ജില്ലാ സഹകരണ ബാങ്ക് ശാഖകൾ	76
അർബൻ സഹകരണ ബാങ്ക് ശാഖകൾ	8
സഹകരണ കാർഷിക ഗ്രാമീണ ശാഖകൾ	13
പ്രാഥമിക സഹകരണ സംഘങ്ങൾ	1136
സർവ്വീസ് സഹകരണ ബാങ്കുകൾ	192
പ്രൈമറി നോൺക്രെഡിറ്റ് സൊസൈറ്റികൾ	1097
സൊസൈറ്റികൾ	16

(ഒരു കോടിയിൽ കൂടുതൽ നിക്ഷേപം ഉള്ളവ)	
പ്രാഥമിക കാർഷിക വായ്പ സംഘങ്ങൾ	117
ഹരിജൻ സൊസൈറ്റികൾ	103
ഗിരിജൻ സൊസൈറ്റികൾ	15
മാർക്കറ്റിംഗ് സഹകരണ സംഘങ്ങൾ	12

(അവലംബം:- ജില്ലാ ക്രെഡിറ്റ് പ്ലാൻ 2016-17)

ജില്ലയിലെ പൊതുമേഖല ബാങ്കുകൾ, സ്വകാര്യമേഖല ബാങ്കുകൾ, പ്രദേശിക ഗ്രാമീണ ബാങ്കുകൾ, സഹകരണ മേഖല ബാങ്കുകൾ എന്നിവയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

പട്ടിക 2.3.2

പൊതുമേഖല ബാങ്കുകൾ

വർഷം	സ്റ്റേറ്റ് ബാങ്ക് ഗ്രൂപ്പ്				ദേശസാൽക്കൃത ബാങ്കുകൾ				പ്രാദേശിക ഗ്രാമീണ ബാങ്കുകൾ				ആകെ പൊതുമേഖലാ ബാങ്കുകളുടെ എണ്ണം (4+8+12)
	ഗ്രാമം	അർദ്ധ നഗരം	നഗരം	ആകെ	ഗ്രാമം	അർദ്ധ നഗരം	നഗരം	ആകെ	ഗ്രാമം	അർദ്ധ നഗരം	നഗരം	ആകെ	
	(1)	(2)	(3)	(4)	(5)	(6)	(7)	(8)	(9)	(10)	(11)	(12)	(13)
2012-13	6	69	77	152	5	103	121	229	0	20	4	24	405
2013-14	6	78	76	160	4	107	135	246	0	30	0	30	436
2014-15	6	77	88	171	5	128	132	265	0	33	0	33	469
2015-16	6	77	94	177	5	128	151	284	0	33	6	39	500
2016-17	6	78	95	179	9	133	157	299	0	37	6	43	521

(അവലംബം:- ജില്ലാ ക്രെഡിറ്റ് പ്ലാൻ വിവിധ വർഷങ്ങളിലെ കണക്കുകൾ)

പട്ടിക 2.3.3

സ്വകാര്യമേഖല ബാങ്കുകൾ

വർഷം	ഗ്രാമം	അർദ്ധ നഗരം	നഗരം	ആകെ
2012-13	13	65	70	148
2013-14	12	72	72	156
2014-15	10	78	77	165
2015-16	9	81	85	175
2016-17	9	81	91	191

(അവലംബം:- ജില്ലാ ക്രെഡിറ്റ് പ്ലാൻ വിവിധ വർഷങ്ങളിലെ കണക്കുകൾ)

പട്ടിക 2.3.4

സഹകരണ ബാങ്കുകൾ

വർഷം	ഗ്രാമം	അർദ്ധ നഗരം	നഗരം	ആകെ
2012-13	54	8	32	94
2013-14	55	8	32	95
2014-15	54	8	34	96
2015-16	55	8	34	97
2016-17	55	11	32	98

(അവലംബം:- ജില്ലാ ക്രെഡിറ്റ് പ്ലാൻ വിവിധ വർഷങ്ങളിലെ കണക്കുകൾ)

2012-13 ൽ സ്റ്റേറ്റ് ബാങ്ക് ഗ്രൂപ്പിലെ ബാങ്കുകളുടെ 152 ശാഖകളും, ദേശസാൽകൃത ബാങ്കുകളുടെ 229 ശാഖകളും, പ്രാദേശിക ഗ്രാമീണ ബാങ്കുകളുടെ 524 ശാഖകളുമാണ് ജില്ലയിൽ ഉണ്ടായിരുന്നത് 2016-17 ൽ അത് യഥാക്രമം 179 ശാഖകൾ 299 ശാഖകൾ, 43 ശാഖകൾ എന്ന നിലവിൽ വർദ്ധിച്ചിട്ടുണ്ട്. ആകെ ശാഖകൾ 405 ആയിരുന്നത് 521 ആയി. സ്വകാര്യ ബാങ്ക് ശാഖകൾ 2012-13 ൽ 148 എന്ന നിലയിൽ നിന്നും 181 എന്ന നിലയിൽ കൂടുകയുണ്ടായി.

2012-13 ൽ സഹകരണ ബാങ്കുകളുടെ ആകെ ശാഖകൾ 2016-17 ൽ നേരിയ തോതിൽ വർദ്ധിച്ച് 94-ൽ നിന്നും 98 എന്ന നിലയിലായി. ജില്ലയിൽ ആകെ 1126 എ.റ്റി.എം-കൾ ഇപ്പോൾ പ്രവർത്തിക്കുന്നുണ്ട്.

പട്ടിക 2.3.5

നിക്ഷേപം, വായ്പ നീക്കിയിരിപ്പ് - (2013 മുതൽ 2017 വരെ)

(രൂപ കോടിയിൽ)

ഘടകങ്ങൾ	31.03.2013	31.03.2014	31.03.2015	31.03.2016	31.03.2017
ആഭ്യന്തര നിക്ഷേപം	33029	34340	39943	45788	54293
എൻ.ആർ.ഐ നിക്ഷേപം	7675	11356	12637	14333	16420
ആകെ നിക്ഷേപം	40704	45696	52580	60121	71713
ആകെ വായ്പ	28895	30144	33950	34098	38060
വായ്പാനിക്ഷേപാനുപാതം	71	77	65	57	65

കാർഷിക മേഖല	6981	8238	10725	6112	6099
എം.എസ്.എം.ഇ മേഖല	3000	3058	3191	5791	6030
മറ്റു മുൻഗണനാമേഖലകൾ					
ഗൃഹവായ്പ	2484	2529	2610	3330	3923
വിദ്യാഭ്യാസ വായ്പ	695	1139	725	761	819
പലവക	32	1011	1051	1169	1655
ആകെ മറ്റ് മുൻഗണനാമേഖലകൾ	3911	4679	4386	5260	6397
ആകെ മുൻഗണനാമേഖല	13892	15975	18302	17163	18526
ആകെ മുൻഗണനേതരമേഖല	15003	14169	15648	16935	19534

(അവലംബം:- ലീഡ് ബാങ്ക് റിപ്പോർട്ട്, വിവിധ വർഷങ്ങളിലെ കണക്കുകൾ)

ജില്ലയിലെ ബാങ്കുകളിലുള്ള മൊത്തം നിക്ഷേപം എല്ലാവർഷവും ക്രമാനുഗതമായി വർദ്ധിക്കുന്നുണ്ട്. 2013 മാർച്ചിൽ ആകെ ആഭ്യന്തര നിക്ഷേപം 33029 കോടി രൂപയായിരുന്നത് 2017 മാർച്ചിൽ 54293 കോടി രൂപയായി വർദ്ധിച്ചു. 64 ശതമാനമാണ് ഈ കാലയളവിലെ വർദ്ധന. 2016–17 സാമ്പത്തിക വർഷം ബാങ്ക് ആഭ്യന്തര നിക്ഷേപത്തിന് മുൻവർഷത്തേക്കാൾ ഉണ്ടായ വർദ്ധനവ് 18.5% മാണ്. ജില്ലയിലെ പ്രവാസി നക്ഷേപം 2013 മാർച്ച് മുതൽ 2017 വരെയുള്ള 5 വർഷ കാലയളവിൽ 7675 കോടി രൂപയിൽ നിന്ന് 16420 കോടി രൂപയായി വർദ്ധിച്ചിട്ടുണ്ട്. 114 ശതമാനം വർദ്ധനവാണ് എൻ.ആർ.ഇ നിക്ഷേപത്തിൽ ഈ കാലയളവിൽ ഉണ്ടായത്. 2016–17 സാമ്പത്തിക വർഷം എം.ആർ.ഐ നിക്ഷേപത്തിൽ മുൻ വർഷത്തെക്കാൾ 14.5 % വർദ്ധനവ് ഉണ്ടായിട്ടുണ്ട്. ജില്ലയിലെ മൊത്തം നിക്ഷേപം 2013 മാർച്ചിൽ 40704 കോടി രൂപയായിരുന്നത് 2017 മാർച്ചിൽ 71713 രൂപ കോടി രൂപയായി വർദ്ധിച്ചു. 76 ശതമാനത്തിലധികമാണ് ഈ കാലയളവിലെ വർദ്ധനവ്. 2016–17 സാമ്പത്തിക വർഷം ആകെ നിക്ഷേപത്തിൽ മുൻവർഷത്തേക്കാൾ 19.28 ശതമാനം വർദ്ധനവ് രേഖപ്പെടുത്തി.

ജില്ലയിലെ ആകെ വായ്പ നീക്കിയിരിപ്പ് 2013 മാർച്ചിൽ 28895 കോടി രൂപയായിരുന്നത് 2017 മാർച്ചിൽ 38060 കോടി രൂപയായി വർദ്ധിച്ചു. 31.7% മാണ് ഈ കാലയളവിലെ വർദ്ധനവ്. 2016–17 ൽ 2015–16 നേക്കാൾ 11.6% വർദ്ധനവാണ് രേഖപ്പെടുത്തിയിരിക്കുന്നത്.

വായ്പ നിക്ഷേപ അനുപാതം 2013 മാർച്ചിൽ 71% എന്നത് 2017 മാർച്ചിൽ 65% മായി കുറഞ്ഞു.എന്നാൽ 2016–17 ൽ അത് മുൻവർഷത്തേക്കാൾ 8% വർദ്ധിച്ചിട്ടുണ്ട്. നിക്ഷേപ വളർച്ചയിലുണ്ടായ ക്രമാതീതമായ വർദ്ധനവാണ് വായ്പ നിക്ഷേപാനുപാതത്തിലെ കുറവിന് ഒരു കാരണം. മറ്റു സംസ്ഥാനങ്ങളെ അപേക്ഷിച്ച് കേരളത്തിൽ വ്യവസായ സ്ഥാപനങ്ങളുടെയും സംരംഭങ്ങളുടെയും കുറവ് വായ്പ വിതരണത്തിന്റെ കുറവിന് കാരണമായിട്ടുണ്ട്.

കാർഷിക വായ്പ നീക്കിയിരിപ്പ് 2013–ൽ 6981 കോടി രൂപയായിരുന്നത് 2015–ൽ 10725 കോടി രൂപയായി വർദ്ധിച്ചു. എന്നാൽ 2017 മാർച്ചിൽ 6099 കോടി രൂപയായി കുറഞ്ഞു. കാർഷിക ആവശ്യങ്ങൾക്കുള്ള സ്വർണ്ണപ്പണയ വായ്പയുടെ വിതരണത്തിലുണ്ടായിരുന്ന മാനദണ്ഡങ്ങൾ കർശനമായി നടപ്പാക്കി തുടങ്ങിയതാണ് ഈ കുറവിന് കാരണം. യഥാർത്ഥ കാർഷിക വായ്പയുടെ ആവശ്യകത ജില്ലയില വർദ്ധിക്കുന്നില്ലായെന്നത് പ്രത്യേകം പ്രസ്താവ്യമാണ്.

സൂക്ഷ്മ ചെറുകിട ഇടത്തര സംരംഭങ്ങളുടെ മേഖല (എം.എസ്.എം.ഇ) യിൽ 2013 മാർച്ചിൽ 3000 കോടി രൂപ വായ്പയുണ്ടായിരുന്നത് 2017 മാർച്ചിൽ 6030 കോടി രൂപയായി കൂടിയിട്ടുണ്ട്. നൂറിലധികം ശതമാനത്തിന്റെ വർദ്ധനവാണു കാണുന്നത്. നൈപുണ്യ സംരംഭകത്വ പരിശീലനം വ്യാപകമാക്കേണ്ടത് ഈ മേഖലയിലെ വായ്പാവിതണം കൂടുതൽ വർദ്ധിപ്പിക്കാൻ ആവശ്യമാണ്. ഗൃഹവായ്പ 2013 മാർച്ചിൽ 248 കോടി രൂപയായിരുന്നത് 2017 മാർച്ചിൽ 3923 കോടി രൂപയായി വർദ്ധിച്ചു. 60% ആണ് വർദ്ധന. 2016–17 ൽ മുൻവർഷത്തേക്കാൾ 17.8% വർദ്ധന രേഖപ്പെടുത്തി.

വിദ്യാഭ്യാസ വായ്പ നീക്കിയിരിപ്പ് 2013 മാർച്ചിൽ 695 കോടി രൂപയായിരുന്നത് 2017 മാർച്ചിൽ 819 കോടി രൂപയായി വർദ്ധിക്കുകയുണ്ടായി. ഇതര മുൻഗണന മേഖല സേവന വായ്പകളുടെ നീക്കിയിരിപ്പ് 2013 മാർച്ചിൽ 732 കോടി രൂപയായിരുന്നത് 2017 മാർച്ചിൽ 1655 കോടി രൂപയായി കൂടിയിട്ടുണ്ട്. 126% വർദ്ധനവാണ് ഈ കാലയളവിൽ രേഖപ്പെടുത്തിയത്. 2016–17 ൽ മുൻവർഷത്തെക്കാൾ 486 കോടി രൂപ വർദ്ധിച്ചു. 41.6% മാണ് വർദ്ധനവ്.

മുൻഗണനാമേഖലയിലെ ആകെ വായ്പ നീക്കിയിരിപ്പ് 2013 മാർച്ചിൽ 13892 കോടി രൂപയായിരുന്നത് 2017 മാർച്ചിൽ 18526 കോടി രൂപയായി വർദ്ധിച്ചു. 33.4% മാണ് വർദ്ധനവ്.

2016–17 കാലയളവിൽ വർദ്ധനവ് മുൻവർഷത്തേതുമായി തട്ടിച്ച് നോക്കുമ്പോൾ 8% മാണെന്ന് കാണാം.

മുൻഗണനേതര മേഖലയിലെ വായ്പാ നീക്കിയിരിപ്പ് 2013 മാർച്ചിൽ 15003 കോടി രൂപയായിരുന്നത് 2017 മാർച്ചിൽ 18526 കോടി രൂപയായി വർദ്ധിച്ചു. 33.4% മാണ് വർദ്ധന. 2016–17 ൽ മുൻവർഷത്തെക്കാൾ 8% വർദ്ധനയാണ് രേഖപ്പെടുത്തിയിരിക്കുന്നത്.

പട്ടിക 2.3.6

വിവിധ സാമ്പത്തിക വർഷങ്ങളിലെ വായ്പാവിതരണം

(രൂപ കോടിയിൽ)

വർഷം	കാർഷിക മേഖല		എം.എസ്.എം.ഇ	മറ്റ് മുൻഗണനാ മേഖല	ആകെ മുൻഗണനാ മേഖല	മുൻഗണനേതര മേഖല
	മൊത്തം	അനുബന്ധ മേഖല				
2012–13	2421	79	363	3641	6425	7275
2013–14	3891	194	682	2819	7392	5557
2014–15	5666	383	993	2311	8970	6285
2015–16	3870	766	1666	3689	9225	5885
2016–17	4168	832	1263	3823	9254	5641

(അവലംബം:– ലീഡ് ബാങ്ക് റിപ്പോർട്ട് വിവിധ വർഷങ്ങൾ)

ജില്ലയിലെ ബാങ്കുകളുടെ മുൻഗണനാ മേലഖയിലെ വാർഷിക വായ്പാ വിതരണം 2012–13 ൽ 6425 കോടി രൂപയായിരുന്നത് 2016–17 ൽ 9254 കോടി രൂപയായി വർദ്ധിച്ചു. 5 വർഷകാലയളവിലെ വർദ്ധനവ് 2829 കോടി രൂപയാണ്. 44% മാണ് വർദ്ധനവ്.

കാർഷികവായ്പാ വിതരണം 2012–13 ൽ 2421 കോടി രൂപയായിരുന്നത് 2016–17 ൽ 4168 കോടി രൂപയായി വർദ്ധിച്ചു. 72% മാണ് വർദ്ധന. കാർഷിക അനുബന്ധ മേഖലയിൽ വായ്പാ വിതരണം 2012–13 ൽ 79 കോടി രൂപയായിരുന്നത് 2016–17 ൽ 832 കോടി രൂപയായി വർദ്ധിച്ചു. 953 ശതമാനമാണ് വർദ്ധനവ്.

എം.എസ്.എം.ഇ വായ്പാ വിതരണം 2012–13 ൽ 363 കോടി രൂപയായിരുന്നത് 2016–17 ൽ 1263 കോടി രൂപയായി വർദ്ധിച്ചു. 24.8% മാണ് വർദ്ധനവ്. എന്നാൽ 2016–17 ൽ ഇത് മുൻവർഷത്തെക്കാൾ 24% കുറഞ്ഞതായി കാണുന്നു.

മറ്റ് മുൻഗണനാമേഖലാ വായ്പകൾ 2012–13 ലെ 3641 കോടി രൂപയിൽ നിന്നും 2016–17 ൽ 3823 കോടി രൂപയായി വർദ്ധിച്ചു. 182 കോടി രൂപയുടെ വർദ്ധനവ് രേഖപ്പെടുത്തിയത്. അതായത് 5 ശതമാനം.

നിർദ്ദേശങ്ങൾ

- ത്രിതല പഞ്ചായത്തുകളും അതാത് പ്രദേശത്തെ ബാങ്കുകളും തമ്മിൽ പദ്ധതി രൂപീകരണത്തിനു മുമ്പുതന്നെ ബാങ്ക് വായ്പാ ലഭ്യമാക്കേണ്ട പ്രോജക്ടുകളെ സംബന്ധിച്ച് കൂടിയാലോചന ഉണ്ടാകേണ്ടതും വ്യക്തത വരുത്തേണ്ടതുമാണ്.
- ജില്ലാ പഞ്ചായത്തിന്റെയും തിരുവനന്തപുരം കോർപ്പറേഷന്റേയും ബാങ്ക് വായ്പാബന്ധിത പദ്ധതികൾ ജില്ലാതല ബാങ്കിംഗ് അവലോകന സമിതിയുടെയും, ബ്ലോക്ക് പഞ്ചായത്ത് തല പദ്ധതികൾ അതാത് ബ്ലോക്ക് തല ബാങ്കിംഗ് സമിതിയുടെയും അംഗീകാരത്തോടു കൂടി നടപ്പാക്കേണ്ടതാണ്.
- ബാങ്ക് വായ്പാ ഉൾപ്പെടുത്തുന്ന പദ്ധതികളെ നിർബന്ധമായും സംരഭകത്വ വികസന പരിശീലനം ഉറപ്പാക്കേണ്ടതാണ്. ഇതിനായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഒരു നിശ്ചിത തുക മാറ്റിവെക്കുന്നത് ഉചിതമായിരിക്കും.
- നടപ്പിലാക്കുന്ന പദ്ധതികളിൽ അതാത് വകുപ്പുകളിലെ സാങ്കേതിക വിദഗ്ദ്ധരുടെ പിന്തുണ സംവിധാനം ഉറപ്പാക്കേണ്ടതാണ്.
- മൃഗസംരക്ഷണ മേഖലയിലെ പദ്ധതികളിൽ ഗുണമേന്മയുള്ള കാലികളെയും മറ്റും സുഗമമായി ലഭ്യമാക്കാനുള്ള ഹ്രസ്വ, ദീർഘകാല നടപടികൾ സ്വീകരിക്കേണ്ടതാണ്.
- വായ്പാ തിരിച്ചടവ് സംസ്കാരം വളർത്തുവാൻ ഉതകുന്ന അവബോധന പരിപാടികൾക്ക് (ബോധവത്ക്കരണ ക്ലാസ്സുകൾ) രൂപം നൽകേണ്ടതാണ്.
- പ്രാദേശിക സാമ്പത്തിക സാക്ഷരത–വായ്പാ കൗൺസിലർമാരുടെ സേവനം ഫലപ്രദമായി ഉപയോഗപ്പെടുത്തേണ്ടതാണ്.

എം.പി ഫണ്ട്

കുടിവെള്ളം, വിദ്യാഭ്യാസം, ആരോഗ്യം, ശുചിത്വം, അടിസ്ഥാന സൗകര്യങ്ങൾ (റോഡ്, പാലങ്ങൾ എന്നിവ ഉൾപ്പെടെ) എന്നിങ്ങനെ വിവിധ മേഖലകളുടെ സമഗ്ര വികസനം

ലക്ഷ്യമാക്കി ജനങ്ങളുടെ ആവശ്യങ്ങൾക്ക് പ്രാധാന്യം നൽകി കൊണ്ട് പാർലമെന്റിലേക്ക് തെരഞ്ഞെടുക്കപ്പെടുന്ന അംഗങ്ങൾക്ക് തങ്ങളുടെ മണ്ഡലങ്ങളിലെ വികസന പ്രവർത്തനങ്ങൾക്ക് ആക്കം കൂട്ടുന്നതിന് വേണ്ടിയാണ് എം.പി മാരുടെ പ്രാദേശിക വികസന പദ്ധതി ആരംഭിച്ചത്. 1993–94 ൽ ഒരു പാർലമെന്റ് അംഗത്തിന് അഞ്ച് ലക്ഷം രൂപയായിരുന്നത് 1994–95 ൽ ഒരു കോടിയും 1998–99 ൽ രണ്ട് കോടിയും 2011–12 മുതൽ അഞ്ച് കോടിയായും വർദ്ധിപ്പിച്ചിട്ടുണ്ട്.ജില്ലയിൽ നിലവിൽ 3 ലോക്സഭ എം.പി മാരും (ഒരു നോമിനേറ്റഡ് അംഗം) 2 രാജ്യസഭ എം.പിമാരുമാണ് (ഒരു നോമിനേറ്റഡ് അംഗം) ഉള്ളത്. മറ്റ് ജില്ലകളിലെ രാജ്യസഭാ എം.പി മാർ തങ്ങളുടെ ഫണ്ട് വിനിയോഗിച്ചുള്ള പ്രവർത്തനങ്ങളും നടത്തുന്നുണ്ട്. ജില്ലയിലെ എം.പി മാരുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

പട്ടിക 2.3.7

ജില്ലയിലെ നിലവിലെ എം.പി മാർ

എം.പി യുടെ പേര്	ലോക്സഭ/ രാജ്യസഭ
ഡോ.എ സമ്പത്ത്	ലോക്സഭ – ആറ്റിങ്ങൽ മണ്ഡലം
ഡോ.ശശി തരൂർ	ലോക്സഭ – തിരുവനന്തപുരം മണ്ഡലം
പ്രൊഫ.റിച്ചാർഡ് ഹേ	ലോക്സഭ – നോമിനേറ്റഡ്
ശ്രീ.ബിനോയ് വിശ്വം	രാജ്യസഭ
ശ്രീ.സുരേഷ് ഗോപി	രാജ്യസഭ – നോമിനേറ്റഡ്
എം.പി ഫണ്ട് ലഭ്യമാക്കുന്ന മറ്റ് ജില്ലകളിലെ എം.പി മാർ	
ശ്രീ.പി.ജെ കുര്യൻ (എക്സ് എം.പി)	രാജ്യസഭ
ശ്രീ.വയലാർ രവി	രാജ്യസഭ
ശ്രീ.എ.കെ ആന്റണി	രാജ്യസഭ
ശ്രീ. സോമപ്രസാദ്	രാജ്യസഭ
ശ്രീ. എളമരം കരീം	രാജ്യസഭ

(അവലംബം:– ജില്ലാ പ്ലാനിംഗ് ഓഫീസിലെ റിക്കോർഡുകൾ)

ഈ പദ്ധതിയിൽ പാർശ്വവത്ക്കരിക്കപ്പെട്ടതും പ്രത്യേക പരിഗണന അർഹിക്കുന്നതുമായ പട്ടികജാതി പട്ടികവിഭാഗക്കാർക്കും ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്കും പ്രത്യേക പരിഗണന നൽകുന്നുണ്ട്. എം.പി മാർ തങ്ങൾക്ക് അനുവദിക്കുന്ന ഫണ്ടിന്റെ 15% (75 ലക്ഷം രൂപ) പട്ടികജാതിക്കാർക്കും 7.5 ശതമാനം (37.5 ലക്ഷം രൂപ) പട്ടികവർഗ്ഗകാർക്കും നിർബന്ധമായും നീക്കി വയ്ക്കേണ്ടതാണ്. 15, 16–ാം ലോകസഭകളിൽ ജില്ലയിലെ എം.പി മാർക്ക് അനുവദിച്ച തുക, ചെലവഴിച്ച തുക എന്നിവ ചുവടെ ചേർക്കുന്നു.

പട്ടിക 2.3.8

ലോക്സഭ

എം.പിയുടെ പേര്	15–ാം ലോക്സഭ (2009–10 മുതൽ 2013–14 വരെ) (തുക ലക്ഷത്തിൽ)				16–ാം ലോക്സഭ (2014–15 മുതൽ 2018–19 ജൂലൈ വരെ) (തുക ലക്ഷത്തിൽ)			
	ലഭ്യമായ തുക	ഭരണാനുമതി നൽകിയ തുക	ചെലവഴിച്ച തുക	ചെലവഴിച്ച തുകയുടെ %	ലഭ്യമായ തുക	ഭരണാനുമതി നൽകിയ തുക	ചെലവഴിച്ച തുക	ചെലവഴിച്ച തുകയുടെ %
ഡോ.എ സമ്പത്ത്	2127.38	2062.01	2016.59	94.79	2148.32	2681.03	1705.83	79.49
ഡോ.ശശി തരൂർ	2177.18	1974.65	1937.89	89	2043.80	2316.16	1681.93	82.24
പ്രൊഫ.റിച്ചാർഡ് ഹേ*	–		–	–	1250.00	516.97	292.04	56.49

രാജ്യസഭ

എം.പിയുടെ പേര്	ലഭ്യമായ തുക	ഭരണാനുമതി നൽകിയ തുക	ചെലവഴിച്ച തുക	ചെലവഴിച്ച തുകയുടെ %
ശ്രീ.സുരേഷ് ഗോപി* (2016–17 മുതൽ 2018–19)	750	715	322.46	45.09
മറ്റ് ജില്ലകളിൽ നിന്നും എം.പി ഫണ്ട് മുഖേന ജില്ലയ്ക്ക് ലഭിച്ച തുകയും ചെലവ് വിവരങ്ങളും				
ശ്രീ.പി.ജെ കുര്യൻ (2011–12 മുതൽ 2017–18)	98.2	89.2	67.89	69.13
ശ്രീ.വയലാർ രവി (2012–13 മുതൽ 2018–19)	198	133	101.83	51.43
ശ്രീ.എ.കെ ആന്റണി (2006–07 മുതൽ 2018–19)	1675.25	1620	1187.4	70.88

(അവലംബം:– എംപിലാഡ്സ് മാസ പുരോഗതി റിപ്പോർട്ട് , ജില്ലാ പ്ലാനിംഗ് ഓഫീസ്, തിരുവനന്തപുരം)

(*നോമിനേറ്റഡ് എം.പി മാർക്ക് (ലോകസഭ, രാജ്യസഭ) രാജ്യത്തെവിടെയും, നോഡൽ രാജ്യസഭ എം.പിമാർക്ക് സംസ്ഥാനത്തെവിടെയും പദ്ധതി ശുപാർശകൾ നൽകാവുന്നതാണ്. ആയതിനാൽ തിരുവനന്തപുരം ജില്ലയ്ക്ക് വേണ്ടി എം.പി മാർ സമർപ്പിച്ച പദ്ധതികളുടെ തുകയാണ് ലഭ്യമായ തുകയായി രേഖപ്പെടുത്തിയിരിക്കുന്നത്.)

പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗക്കാർക്കായി നീക്കിവച്ച തുക, ചെലവഴിച്ച തുക എന്നിവയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

പട്ടിക 2.3.9

ലോകസഭ

എം.പിയുടെ പേര്	വിഭാഗം	15–ാം ലോക്സഭ (2009–10 മുതൽ 2013–14 വരെ) (തുക ലക്ഷത്തിൽ)			16–ാം ലോകസഭ (2014–15 മുതൽ 2018–19) (തുക ലക്ഷത്തിൽ)		
		അനുവദിക്കേണ്ട തുക	ഭരണാനുമതി നൽകിയ തുക	ചെലവഴിച്ച തുക	അനുവദിക്കേണ്ട തുക	ഭരണാനുമതി നൽകിയ തുക	ചെലവഴിച്ച തുക
ഡോ.എ സമ്പത്ത്	പട്ടികജാതി	285.00	302.60	285.53	375.00	392.93	217.61
	പട്ടികവർഗ്ഗം	142.50	155.63	153.75	187.5	135.85	71.28
ഡോ.ശശി തരൂർ	പട്ടികജാതി	285.00	273.16	263.13	375.00	289.43	167.44
	പട്ടികവർഗ്ഗം	142.50	154.50	145.99	187.5	155.9	104.78
പ്രൊഫ.റിച്ചാർഡ് ഹേ	പട്ടികജാതി	–	–	–	200.66	57.18	3.43
	പട്ടികവർഗ്ഗം	–	–	–	18.30	4.50	–
രാജ്യസഭ							
ശ്രീ.സുരേഷ് ഗോപി	പട്ടികജാതി	–	–	–	34.92	32.97	15.46
	പട്ടികവർഗ്ഗം	–	–	–	58.25	58.25	–

(അവലംബം:– എംപിലാഡ്സ് മാസ പുരോഗതി റിപ്പോർട്ട്, ജില്ലാ പ്ലാനിംഗ് ഓഫീസ്, തിരുവനന്തപുരം)

ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്കായി പ്രത്യേക പരിഗണന നൽകുന്നതിലേക്കായി ഈ പദ്ധതി പ്രകാരം 38.48 ലക്ഷം രൂപയുടെ ഭരണാനുമതിയും നൽകിയിട്ടുണ്ട്. ഇതിൽ 22.51 ലക്ഷം രൂപ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്.

എം.എൽ.എ ഫണ്ട് (എം.എൽ.എ എസ്.ഡി.എഫ്)

2001 ജൂലൈ 13–ാം തീയതിയാണ് എം.എൽ.എ എസ്.ഡി.എഫ് പദ്ധതി നിലവിൽ വന്നത്. ഒരു എം.എൽ.എ യ്ക്ക് 25 ലക്ഷം രൂപയെന്ന കണക്കിലാണ് ആദ്യം അനുവദിച്ചിരുന്നത്. 2003–04 മുതൽ 50 ലക്ഷം രൂപ ആക്കുകയും ചെയ്തു. നിലവിൽ ഒരു കോടി രൂപയാണ് എം.എൽ.എ മാർക്ക് തങ്ങളുടെ നിയോജക മണ്ഡലത്തിലെ വികസന പ്രവർത്തനങ്ങൾക്ക് വിനിയോഗിക്കുന്നത് അനുവദിച്ചിട്ടുള്ളത്. 2016–17, 2017–18 സാമ്പത്തിക വർഷങ്ങളിലെ ലഭ്യമായ ഫണ്ട്, ഭരണാനുമതി തുക, ചെലവഴിച്ച തുക എന്നിവ ചുവടെ ചേർക്കുന്നു.

പട്ടിക 2.3.10

എം.എൽ.എ എസ്.ഡി.എഫ് പദ്ധതി

മണ്ഡലം	2016–17				2017–18			
	ലഭ്യമായ ഫണ്ട്	ഭരണാനുമതി നൽകിയ തുക	ചെലവഴിച്ച തുക	ചെലവഴിച്ച തുകയുടെ %	ലഭ്യമായ ഫണ്ട് (മുൻ വർഷത്തെ ബാക്കി തുക + സേവിംഗ്സ്	ഭരണാനുമതി നൽകിയ തുക	ചെലവഴിച്ച തുക	ചെലവഴിച്ച തുകയുടെ %
ആറ്റിങ്ങൽ	10000000	8828230	8828230	100	11308561	9314926	7434270	79.81
ചിറയിൻകീഴ്	10000000	8036247	5278127	65.68	13711920	12659549	8462455	66.85
കാട്ടാക്കട	10000000	9648314	6329876	65.61	10775891	9249718	8021016	86.72
കഴക്കൂട്ടം	10000000	9715455	7486955	77.06	10638545	10270700	9811211	95.53
നെടുമങ്ങാട്	10000000	9137500	3056889	33.45	12472834	10319640	109820	1.06
നേമം	10000000	7684450	4149350	54	13662458	3550000	2849144	80.26
വാമനപുരം	10000000	5168800	3109800	60.16	16752656	13795160	4973321	36.05
അരുവിക്കര	10000000	9134100	7538752	82.53	15979639	13499261	5221301	38.68
കോവളം	10000000	6095280	4652232	76.33	16988029	12746460	8936557	70.11
നെയ്യാറ്റിൻക്കര	10000000	5062301	1162940	22.97	16158995	14992622	5234363	34.91
പാറശ്ശാല	10000000	9950386	7768775	78.08	12115314	11965393	7581671	63.36
തിരുവനന്തപുരം	10000000	8884501	5807434	65.37	13003686	5941558	3489320	58.73
വർക്കല	10000000	4560071	2570307	56.37	19391662	12772840	7634147	59.77
വട്ടിയൂർക്കാവ്	10000000	9972245	8333940	83.57	12587260	6720692	4667649	69.45
ആകെ	140000000	111877880	76073607	68	195547450	147798519	84426245	57.12

(അവലംബം:– അസിസ്റ്റന്റ് ഡെവലപ്മെന്റ് കമ്മീഷണർ (ജനറൽ) ഓഫീസിൽ നിന്നും ലഭ്യമായ ഡേറ്റാ, മാർച്ച് 2018 വരെയുള്ളത്)

എൽ.എ.സി – അസറ്റ് ഡെവലപ്മെന്റ് ഫണ്ട്

2012–13 മുതൽ ആരംഭിച്ച പദ്ധതിയാണ് എൽ.എ.സി – അസറ്റ് ഡെവലപ്മെന്റ് ഫണ്ട് സ്കീം. ഒരു എം.എൽ.എ യ്ക്ക് ഒരു വർഷം 5 കോടി രൂപ വീതം നിയോജക മണ്ഡലത്തിലെ അടിസ്ഥാന സൗകര്യ വികസനത്തിനായി അനുവദിക്കുന്ന തുകയാണിത്. ഇതുപ്രകാരം ഒരു

വർഷം ജില്ലയ്ക്ക് 70 കോടി രൂപ ലഭ്യമാകുന്നുണ്ട്. പ്രധാനമായും കെട്ടിടങ്ങൾ, റോഡുകൾ, പാലങ്ങൾ, കുടിവെള്ള വിതരണം, ശുചിത്വം, ജലസേചനം എന്നിവയ്ക്കാണ് ഈ ഫണ്ട് വിനിയോഗിക്കുന്നത്. നിലവിൽ ജില്ലാ കളക്ടർ മുഖേനയാണ് ഈ പദ്ധതിയുടെ ഭരണാനുമതി നൽകുന്നത്.

കേന്ദ്ര–സംസ്ഥാന ഫണ്ടുകൾ

ജില്ലയുടെ ധനവിഭവങ്ങളെടുത്താൽ പ്രധാനമായും കേന്ദ്രസർക്കാരിൽ നിന്നുള്ള ഫണ്ടുകൾ, സംസ്ഥാന സർക്കാരിൽ നിന്നുള്ള വിഹിതം, ബാങ്കുകളിൽ നിന്ന് ലഭിക്കുന്ന വിഹിതം എന്നിവ ഒരു ഉറവിടമായി കാണാവുന്നതാണ്. 2017–18 സാമ്പത്തിക വർഷത്തിൽ സംസ്ഥാനാവിഷ്കൃത പദ്ധതികൾക്കായി 20272.5 കോടി രൂപയാണ് സംസ്ഥാനത്ത് നീക്കിവച്ചിട്ടുള്ളത്. ഇതിൽ 9918.26 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. അതായത് 48.92 ശതമാനം മാത്രം. കേന്ദ്രാവിഷ്കൃത പദ്ധതികൾക്കായി 8038.95 കോടി രൂപ വകയിരുത്തിയിട്ടുള്ളതിൽ 2350.48 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. പദ്ധതി ചെലവ് 29.24 ശതമാനം മാത്രം. 2017–18 സാമ്പത്തിക വർഷം ജില്ലയ്ക്ക് ലഭ്യമായിട്ടുള്ള കേന്ദ്ര–സംസ്ഥാനാവിഷ്കൃത പദ്ധതികളുടെ ഫണ്ട്, ചെലവ് എന്നിവയുടെ വിശദാംശങ്ങൾ പട്ടിക 2.3.11 ൽ ചുവടെ ചേർക്കുന്നു.

പട്ടിക 2.3.11

കേന്ദ്ര–സംസ്ഥാനാവിഷ്കൃത പദ്ധതികൾ – തിരുവനന്തപുരം ജില്ല – 2017–18

(രൂപ ലക്ഷത്തിൽ)

കാറ്റഗറി	വകയിരുത്തൽ (outlay)	ചെലവ്	ചെലവിന്റെ ശതമാനം
സംസ്ഥാനാവിഷ്കൃത പദ്ധതികൾ	50870.5077	17148.2944	33.71
100% കേന്ദ്രാവിഷ്കൃത പദ്ധതികൾ	384.83	282.9879	73.54
മറ്റ് കേന്ദ്രാവിഷ്കൃത പദ്ധതികൾ	32207.6086	19746.0238	61.31
ആകെ	83462.9463	37177.3061	44.54

(അവലംബം:– പ്ലാൻസ്പേസ്, സംസ്ഥാന ആസൂത്രണ ബോർഡ്)

2018–19 സാമ്പത്തിക വർഷം മുതൽ 2021–22 വരെ ജില്ലയ്ക്ക് ലഭ്യമാകാവുന്ന കേന്ദ്രസംസ്ഥാനാവിഷ്കൃത ഫണ്ടുകളുടെ വിശദാംശങ്ങൾ പട്ടിക 2.3.12 ചുവടെ ചേർക്കുന്നു.

പട്ടിക 2.3.12

കേന്ദ്ര–സംസ്ഥാനാവിഷ്കൃത പദ്ധതികൾ – തിരുവനന്തപുരം ജില്ല

പ്രതീക്ഷിക്കുന്ന പദ്ധതി വിഹിതം

(രൂപ ലക്ഷത്തിൽ)

കാറ്റഗറി	പ്രതീക്ഷിക്കുന്ന പദ്ധതി വിഹിതം			
	2018–19	2019–20	2020–21	2021–22
സംസ്ഥാനാവിഷ്കൃത പദ്ധതികൾ	55957.55847	61553.31431	67708.64574	74479.51031
100% കേന്ദ്രാവിഷ്കൃത പദ്ധതികൾ	423.31	465.64	512.20	563.42
മറ്റ് കേന്ദ്രാവിഷ്കൃത പദ്ധതികൾ	35428.36946	38971.20640	42868.32704	47155.15974

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി വിഹിതം

പ്രാദേശിക വികസന പദ്ധതികൾ തയ്യാറാക്കുകയും നടപ്പിലാക്കുകയും ചെയ്യുകയെന്നത് പ്രദേശിക സർക്കാരുകളിൽ നിയമപ്രകാരം നിക്ഷിപ്തമായ അധികാരവും ഉത്തരവാദിത്തവുമാണ്. ഒരു ജില്ലയുടെ വികസനത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി പുരോഗതി അതീവ പ്രാധാന്യമർഹിക്കുന്ന ഒന്നാണ്. സംസ്ഥാനത്ത് 60227.5 കോടി രൂപയാണ് പ്രാദേശിക സർക്കാരുകൾക്കുള്ള വിഹിതമായി 2017–18 സാമ്പത്തിക വർഷത്തിൽ അനുവദിച്ചിട്ടുള്ളത്. വികസന ഫണ്ട്, 13–ാം ധനകാര്യ കമ്മീഷൻ, ലോക ബാങ്ക് വിഹിതം, സ്പെഷ്യൽ ഗ്രാന്റ്, അഡീഷണൽ റോഡ് ഫണ്ട്, മെയിന്റനൻസ് ഗ്രാന്റ് റോഡ്, മെയിന്റനൻസ് ഗ്രാന്റ് നോൺ റോഡ്, തനത് ഫണ്ട് എന്നിവയാണ് പ്രധാനമായും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ലഭ്യമാകുന്നത്. പതിനൊന്ന്, പന്ത്രണ്ട്, പതിമൂന്ന് (2017–18 സാമ്പത്തിക വർഷം) പഞ്ചവത്സര കാലയളവിൽ ജില്ലയിലെ വിവിധ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ലഭ്യമായിട്ടുള്ള ഫണ്ടുകളുടെ ക്രോഡീകരിച്ച പട്ടിക ചുവടെ ചേർക്കുന്നു.

പട്ടിക 2.3.13

തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെ പദ്ധതി വിഹിതം

(രൂപ ലക്ഷത്തിൽ)

വിവിധതരം ഫണ്ടുകൾ	11-ാം പഞ്ചവത്സര പദ്ധതി		12-ാം പഞ്ചവത്സര പദ്ധതി		13-ാം പഞ്ചവത്സര പദ്ധതി	
	അനുവദിച്ചിട്ടുള്ള തുക	ചെലവഴിച്ച തുക	അനുവദിച്ചിട്ടുള്ള തുക	ചെലവഴിച്ച തുക	അനുവദിച്ചിട്ടുള്ള തുക	ചെലവഴിച്ച തുക
വികസന ഫണ്ട്	11732.439453	9258.029810	22690.613082	1601.1347425	64237.84	15254.18
13-ാം ധനകാര്യ കമ്മീഷൻ	482.044000	394.922430	737.1788740	447.1678342	29479.52	6282.47
ലോക ബാങ്ക് വിഹിതം	1256.97000	8.5512581	198.5445673	99.7386478	2950.19	1625.10
സ്പെഷ്യൽ ഗ്രാന്റ്	1.0000000	4695803	0	0	1.0	0
അഡീഷണൽ റോഡ് ഫണ്ട്	21.9825299	17.4301432	0	0	0	0
മെയിന്റനൻസ് ഗ്രാന്റ് റോഡ്	158.2913384	119.9161741	685.5681336	455.8684761	25960.80	4522.15
മെയിന്റനൻസ് ഗ്രാന്റ് നോൺ റോഡ്	150.4899136	112.9417087	382.4725107	252.1131790	9971.04	2772.13
തനത് ഫണ്ട്	283.7870764	82.6254493	242.7124739	89.2765725	157018	–
മറ്റുള്ളവ	316.1389190	99.3127428	–	–	–	–
ആകെ	32876.557115	17123.022079	58834.892827	30310.059083		

(അവലംബം:- സുലേഖ സോഫ്റ്റ്‌വെയർ, ഐ.കെ.എം)

2.4. സ്ഥാപന വിഭവങ്ങൾ

1. കാർഷിക മേഖലയുമായി ബന്ധപ്പെട്ട സ്ഥാപനങ്ങൾ

പട്ടിക 2.4.1

സ്ഥാപനങ്ങൾ	എണ്ണം
കൃഷി ഭവനുകൾ	
ഗ്രാമ പഞ്ചായത്ത്	73
കോർപ്പറേഷൻ	11
നഗരസഭകൾ	5
ആകെ	89
കാർഷിക കർമ്മസേനകൾ	16
നടീ വസ്തുക്കളുടെ ഉൽപ്പാദനം - ഫാമുകൾ/ നേഴ്സറികൾ (സർക്കാർ)	6
സർക്കാർ അംഗീകൃത നേഴ്സറികൾ	6
കുരുമുളക് വികേന്ദ്രീകൃത നേഴ്സറി	1
ബ്ലോക്ക് ലെവൽ അംഗീകൃത നേഴ്സറി	2
അഗ്രികൾച്ചറൽ എഞ്ചിനീയറിംഗ് വിംഗ്	1
അഗ്രികൾച്ചറൽ കോളേജ്	1
ലബോറട്ടറികൾ (മണ്ണ്/ വളം/ കീടനാശിനി/ വിത്ത്/ അഗ്മാർക്ക്/ ബയോഫെർട്ടിലൈസ്ഡ് ലാബ്/ പാരസൈറ്റ് ബ്രീഡിംഗ് സ്റ്റേഷൻ)	7
കാർഷിക പരിശീലന കേന്ദ്രങ്ങൾ	3
റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടുകൾ	5
ആഗ്രോ സർവീസ് സെന്ററുകൾ	2
മാർക്കറ്റിംഗ്	
സർക്കാർ മൊത്തവ്യാപാര കേന്ദ്രം	2
എസ്.എച്ച്.എം റൂറൽ മാർക്കറ്റ്	5
സ്വാശ്രയ വിപണികൾ (വി.എഫ്.പി.സി.കെ)	27
ഹോർട്ടികോർപ്പ് സംഭരണ വിപണന കേന്ദ്രം	138
ബ്ലോക്ക് ലെവൽ ഫെഡറേറ്റ് ഓർഗനൈസേഷൻ	2
ഇക്കോ ഷോപ്പുകൾ	13

(അവലംബം:- പ്രിൻസിപ്പൽ കൃഷി ഓഫീസ്)

2.ആരോഗ്യമേഖല

എ) അലോപ്പതി

പട്ടിക 2.4.2

ക്രമ നം.	സ്ഥാപനങ്ങൾ	എണ്ണം
1.	ആകെ സർക്കാർ ആശുപത്രികൾ	117
എ)	കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകൾ	22
ബി)	പ്രൈമറി ഹെൽത്ത് സെന്ററുകൾ	64
സി)	ഫാമിലി ഹെൽത്ത് സെന്ററുകൾ	16
ഡി)	താലൂക്ക് ആശുപത്രികൾ	8
ഇ)	ജില്ലാ ആശുപത്രികൾ	1
എഫ്)	ആർദ്രം ജില്ലാ ആശുപത്രികൾ	1
ജി)	സ്പെഷ്യാലിറ്റി ആശുപത്രികൾ	7
എച്ച്)	പ്രത്യേക ഡിസ്പെൻസറികൾ	7
2.	സ്വകാര്യ ആശുപത്രികൾ	209
	ആകെ	452

(അവലംബം:- തിരുവനന്തപുരം ജില്ലാ മെഡിക്കൽ ഓഫീസറുടെ കാര്യാലയം)

ക്ലിനിക്കൽ ലാബുകൾ

പട്ടിക 2.4.3

തദ്ദേശസ്വയംഭരണ സ്ഥാപനം	എണ്ണം
ബ്ലോക്ക് പഞ്ചായത്ത്	
അതിയന്നൂർ	14
ചിറയിൻകീഴ്	22
കിളിമാനൂർ	20
നെടുമങ്ങാട്	14
നേമം	30
പാറശ്ശാല	17
പെരുങ്കടവിള	26
പോത്തൻകോട്	9
വാമനപുരം	30
വർക്കല	11
വെള്ളനാട്	33
മുനിസിപ്പാലിറ്റി	
ആറ്റിങ്ങൽ	11
നെടുമങ്ങാട്	12
നെയ്യാറ്റിൻക്കര	14
വർക്കല	13
തിരുവനന്തപുരം കോർപ്പറേഷൻ	134
ആകെ	410

(അവലംബം:- സാമ്പത്തിക സ്ഥിതിവിവര വകുപ്പ്)

ബി) ഹോമിയോ

പട്ടിക 2.4.4

സ്ഥാപനങ്ങൾ	എണ്ണം
ഗവ.ഡിസ്പെൻസറികൾ	67
ഗവ. ആശുപത്രികൾ	3
ജില്ലാ ആശുപത്രികൾ	1
ആകെ	71

(അവലംബം:- സാമ്പത്തിക സ്ഥിതിവിവര വകുപ്പ്)

സി) ആയുർവേദം

പട്ടിക 2.4.5

ക്രമ നം.	സ്ഥാപനങ്ങൾ	എണ്ണം
1.	ആയുർവേദ ഡിസ്പെൻസറികൾ	67
എ)	ആയുർവേദ ആശുപത്രികൾ	15
	ആകെ	82

(അവലംബം:- സാമ്പത്തിക സ്ഥിതിവിവര വകുപ്പ്)

2. വിദ്യാഭ്യാസ മേഖല

എ) സ്കൂളുകൾ

പട്ടിക 2.4.6

വിഭാഗം	പ്രൈമറി സ്കൂളുകൾ	അപ്പർ പ്രൈമറി സ്കൂളുകൾ	ഹൈ സ്കൂളുകൾ	ഹയർ സെക്കന്ററി സ്കൂളുകൾ	വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂളുകൾ	ടെക്നിക്കൽ ഹൈ സ്കൂളുകൾ
ഗവൺമെന്റ്	306	97	126	82	30	3
പ്രൈവറ്റ് എയ്ഡഡ്	172	94	94	54	11	–
പ്രൈവറ്റ് അൺ എയ്ഡഡ്	27	27	43	42	0	–
ആകെ	505	218	263	178	41	3

(അവലംബം:– ഇക്കണോമിക് റിവ്യൂ സംസ്ഥാന ആസൂത്രണ ബോർഡ്–2015, സാമ്പത്തിക സ്ഥിതിവിവര വകുപ്പ്)

- ജില്ലയിലെ ഐ.സി.എസ്.ഇ സ്കൂളുകളുടെ എണ്ണം – 15
- സി.ബി.എസ്.ഇ സ്കൂളുകളുടെ എണ്ണം – 121
- കേന്ദ്രീയ വിദ്യാലയങ്ങളുടെ എണ്ണം – 5
- ജവഹർ നവോദയ വിദ്യാലയങ്ങളുടെ എണ്ണം – 1
- ബധിരർക്കുള്ള വിദ്യാലയങ്ങളുടെ എണ്ണം – 1
- അന്ധരായ കുട്ടികൾക്കുള്ള വിദ്യാലയങ്ങളുടെ എണ്ണം – 2
- മാനസിക വൈകല്യം ബാധിച്ചവർക്കുള്ള വിദ്യാലയങ്ങൾ – 22

ബി) കോളേജുകൾ

പട്ടിക 2.4.7

ക്രമ നം.	വിഭാഗം	ഗവൺമെന്റ് (എസ്.സി/എസ്.റ്റി ഉൾപ്പെടെ)	ഗവൺമെന്റ് നിയന്ത്രണത്തിലുള്ള സെൽഫിനാൻസിംഗ് കോളേജുകൾ	പ്രൈവറ്റ്	ആകെ
1	ആർട്സ് & സയൻസ് കോളേജുകൾ	10		12	22
2	എഞ്ചിനീയറിംഗ് കോളേജുകൾ	2	3	26	31
3	പോളിടെക്നിക്കുകൾ	5		1	6
4	ഇൻഡസ്ട്രിയൽ ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ടുകൾ (ഐ.റ്റി.ഐ)	18		4	22
5	നിയമം	1		1	2
6.	കൊമേഷ്യൽ ഇൻസ്റ്റിറ്റ്യൂട്ടുകൾ	1			1
	ആകെ	37	3	44	84

(അവലംബം:– ഇക്കണോമിക് റിവ്യൂ സംസ്ഥാന ആസൂത്രണ ബോർഡ്–2015, സാമ്പത്തികസ്ഥിതിവിവര വകുപ്പ്)

3. ധനകാര്യ മേഖല

പട്ടിക 2.4.8

ക്രമ നം.	ബാങ്കുകൾ	2015 – 2016 ശാഖകളുടെ എണ്ണം				2016 – 2017 ശാഖകളുടെ എണ്ണം			
		ഗ്രാമം	അർദ്ധനഗരം	നഗരം	ആകെ	ഗ്രാമം	അർദ്ധനഗരം	നഗരം	ആകെ
1	സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ	6	78	93	177	6	78	95	179
2	നാഷണലൈസ്ഡ് ബാങ്ക്	5	128	151	284	9	133	157	299
3	കേരള ഗ്രാമീൺ ബാങ്ക്	–	33	6	39	–	37	6	43
	ആകെ പൊതുമേഖലാ ബാങ്കുകളുടെ എണ്ണം (SBI+Nationalised Bank)	11	206	244	461	15	211	252	478
4	ആകെ സ്വകാര്യ ബാങ്കുകളുടെ എണ്ണം	9	81	85	175	9	81	91	181
	ആകെ വാണിജ്യ ബാങ്കുകളുടെ എണ്ണം (1+2+3+4)	21	320	335	675	24	329	349	702
5	ആകെ കോ–ഓപ്പറേറ്റീവ് ബാങ്കുകളുടെ എണ്ണം	55	8	25	88	55	32	11	98
	മറ്റുള്ളവ	–	–	1	1	–	–	1	1
	ആകെ ബാങ്കുകളുടെ എണ്ണം	75	328	361	764	79	340	382	801

(അവലംബം:– ഡിസ്ട്രിക്ട് ക്രെഡിറ്റ് പ്ലാൻ, ലീഡ് ബാങ്ക് റിപ്പോർട്ട് 2015–16, 2016–17)

4.വ്യവസായ മേഖല

ജില്ലാ വ്യവസായ കേന്ദ്രത്തിന്റെ കീഴിൽ വരുന്ന വ്യവസായ സംരംഭങ്ങളുടെ വിശദാംശങ്ങൾ ചുവടെ പ്രതിപാദിക്കുന്നു.

പട്ടിക 2.4.9

കാറ്റഗറി	രജിസ്റ്റർ ചെയ്ത സംരഭങ്ങളുടെ വിശദാംശങ്ങൾ		
	എണ്ണം	മുതൽമുടക്ക് (ലക്ഷത്തിൽ)	തൊഴിൽ
മൈക്രോ സംരംഭങ്ങൾ	17799	84979.57	59486
ചെറുകിട സംരംഭങ്ങൾ	1216	39710.5	32603
മീഡിയം സംരംഭങ്ങൾ	63	20234	13134
ആകെ	19068	144919.1	105237

(അവലംബം:– ജില്ലാ വ്യവസായ കേന്ദ്രം തിരുവനന്തപുരം)

- കിൻഫ്രാ പാർക്കുകൾ (ചെറുകിട വ്യവസായ പാർക്ക്, ഇൻർനാഷണൽ അപ്പാരൽ പാർക്ക്, ഫിലിം ആന്റ് വീഡിയോ പാർക്ക്) – 3
- ജില്ലാ വ്യവസായ കേന്ദ്രത്തിന്റെ കീഴിൽ 6 ഇൻസ്ട്രിയൽ എസ്റ്റേറ്റുകളാണ് ഉള്ളത്. ഇതിൽ 43 സ്മോൾ സ്കെയിൽ ഇൻസ്ട്രിയൽ യൂണിറ്റുകളിൽ 31 എണ്ണം പ്രവർത്തനക്ഷമമാണ്.

കൈത്തറി മേഖല

ജില്ലയിൽ കൈത്തറി വ്യവസായത്തിന്റെ ഈറ്റില്ലം ബാലരാമപുരമാണ്. നെയ്യാറ്റിൻക്കര താലൂക്കിലാണ് ഈ മേഖലയിലെ സഹകരണ സംഘങ്ങൾ ഏറ്റവും കൂടുതൽ പ്രവർത്തിക്കുന്നത്. നിലവിൽ 287 സംഘങ്ങളിലായി 21410 അംഗങ്ങളാണുള്ളത്. ഇതിൽ 15746 സ്ത്രീകളും 5664 പുരുഷന്മാരുമാണുള്ളത്.

ഖാദി ഗ്രാമ വ്യവസായം

ഖാദി ഗ്രാമ വ്യവസായത്തിന് വളരെയധികം പ്രാധാന്യം ഉള്ള ഒരു ജില്ലയാണ് തിരുവനന്തപുരം. നിലവിൽ ജില്ലാ ഖാദി വ്യവസായത്തിന്റെ കീഴിൽ 14 നെയ്ത്ത് യൂണിറ്റുകളും 18 നൂൽനൂല്പ് യൂണിറ്റുകളും പ്രവർത്തിക്കുന്നുണ്ട്. ഇതിൽ ഒരെണ്ണം സിൽക്ക് യൂണിറ്റും രണ്ടെണ്ണം മസ്ലിൻ തുണി ഉല്പാദന യൂണിറ്റുമാണ്. വെള്ള മുണ്ടുകൾ കാവി മുണ്ടുകൾ, പുളിയിലക്കര മുണ്ടുകൾ സ്പെഷ്യൽ മുണ്ടുകൾ, ഷർട്ടിംഗ് തുണികൾ എന്നിവയാണ് ഉൽപ്പാദിപ്പിക്കപ്പെടുന്നത്. ഖാദി ഗ്രാമ വ്യവസായത്തിന്റെ കീഴിലുള്ള നൂൽ നൂല്പ് കേന്ദ്രങ്ങളുടെയും നെയ്ത്ത് കേന്ദ്രങ്ങളുടെയും എണ്ണം ചുവടെ ചേർക്കുന്നു.

പട്ടിക 2.4.10

വർഷം	നൂല്പ് കേന്ദ്രങ്ങളുടെ എണ്ണം	നൂല്പ് തൊഴിലാളികളുടെ എണ്ണം	നെയ്ത്ത് കേന്ദ്രങ്ങളുടെ എണ്ണം	നെയ്ത്ത് തൊഴിലാളികളുടെ എണ്ണം
2013–14	19	216	11	88
2014–15	19	205	13	85
2015–16	18	201	13	97
2016–17	18	242	13	115

(അവലംബം:– ഖാദി വ്യവസായ ഓഫീസ്, തിരുവനന്തപുരം)

- അഞ്ച് ഖാദി ഗ്രാമ സൗഭാഗ്യയും ഒരു ഖാദി സൗഭാഗ്യവും ഒരു ഖാദി റിഡക്ഷൻ സെയിൽസ് കൗണ്ടറും ഒരു സെയിസ് വാൻ എന്നിങ്ങനെയാണ് വിൽപ്പന കേന്ദ്രങ്ങൾ.
- ഖാദി ബോർഡിന്റെ കീഴിൽ രജിസ്റ്റർ ചെയ്ത കേരള സ്റ്റേറ്റ് ബീ–കീപ്പിംഗ് ഇൻഡസ്ട്രിസ് ഫെഡറേഷനിലെ (ബീഫെഡ്) 28 അംഗസ്ഥാപനങ്ങളുടെയും പ്രവർത്തനം മന്ദീഭവിച്ചതിനാൽ നിലവിൽ ഈ സ്ഥാപനം പ്രവർത്തനരഹിതമാണ്.
- ഖാദി & വില്ലേജ് ഗ്രാമ വ്യവസായത്തിന്റെ കീഴിൽ വരുന്ന നോട്ട് ബുക്ക് നിർമ്മാണ യൂണിറ്റ് മുഴുവൻ കപ്പാസിറ്റിയിൽ പ്രവർത്തനം ആരംഭിച്ചിട്ടില്ല.
- വട്ടിയൂർക്കാവ് എണ്ണയാട്ട് യൂണിറ്റ് മുഴുവൻ കപ്പാസിറ്റിയിൽ ഇതുവരെ പ്രവർത്തിച്ചിട്ടില്ല. സ്ഥലപരിമിതി മൂലം യൂണിറ്റ് വിപുലപ്പെടുത്താനും പ്രവർത്തനങ്ങൾ എകോപിപ്പിക്കുന്നതിനും സാധിച്ചിട്ടില്ല.

പ്രത്യേക തൊഴിൽദാന പദ്ധതികൾ

പട്ടിക 2.4.11

വർഷം	പ്രധാനമന്ത്രി തൊഴിൽദായക പദ്ധതി (പി.എം.ഇ.ജി.പി)		എന്റെ ഗ്രാമം പദ്ധതി (കേരള സർക്കാർ)	
	വ്യവസായ യൂണിറ്റുകളുടെ എണ്ണം	തൊഴിലവസരം (എണ്ണം)	വ്യവസായ യൂണിറ്റുകളുടെ എണ്ണം	തൊഴിലവസരം (എണ്ണം)
2013–14	140	676	23	81
2014–15	101	678	32	85
2015–16	119	611	25	42
2016–17	110	754	9	28

(അവലംബം:– ഖാദി & വില്ലേജ് ഗ്രാമ ഓഫീസ്, തിരുവനന്തപുരം)

കയർ വ്യവസായം

പട്ടിക 2.4.12

ജില്ലയിലെ കയർ യൂണിറ്റുകളുടെ വിശദാംശങ്ങൾ

ഘടകങ്ങൾ	ആകെ എണ്ണം	തൊഴിലാളികളുടെ എണ്ണം		
		സ്ത്രീകൾ	പുരുഷൻമാർ	ആകെ
കയർ യൂണിറ്റുകൾ	10			
പ്രവർത്തിക്കുന്നവ	10	396	36	447
കയർ കോ–ഓപ്പറേറ്റീവ് സൊസൈറ്റികൾ	105	22506	9984	32490
പ്രവർത്തിക്കുന്നവ	49			
പ്രവർത്തിക്കാത്തവ	17			
പുതിയതായി രജിസ്റ്റർ ചെയ്തവ	15			
ലിക്യുഡേഷൻ	24			
ലാഭത്തിൽ പ്രവർത്തിക്കുന്ന സൊസൈറ്റികൾ	0			

(അവലംബം:– കയർ പ്രോജക്ട് ഓഫീസ്, തിരുവനന്തപുരം)

5. തൊഴിൽ മേഖല

തിരുവനന്തപുരം ജില്ല എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിന്റെ കീഴിൽ നെയ്യാറ്റിൻക്കര, നെടുമങ്ങാട്, ആറ്റിങ്ങൽ, കാട്ടാക്കട, കിളിമാനൂർ, കഴക്കൂട്ടം എന്നീ സ്ഥലങ്ങളിലായി 6 ഓഫീസുകൾ പ്രവർത്തിക്കുന്നു. യൂണിവേഴ്സറ്റി എംപ്ലോയ്മെന്റ് ഇൻഫർമേഷൻ ആന്റ് ഗൈഡൻസ് ബ്യൂറോ മികച്ച നൈപുണ്യ വികസന കേന്ദ്രമാണ്. പ്രധാനമായും 4 സ്വയംതൊഴിൽ സംരംഭങ്ങളാണ് ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി നടപ്പിലാക്കുന്നത്. കെസ്റു, മൾട്ടി പർപ്പസ് സർവ്വീസ് സെന്റേഴ്സ്/ജോബ് ക്ലബ്, ശരണ്യ, കൈവല്യ എന്നിവയാണവ.

പട്ടിക 2.4.13

തൊഴിൽ മേഖലയുമായി ബന്ധപ്പെട്ട സ്വയംതൊഴിൽ പദ്ധതികൾ – സംരംഭങ്ങളുടെ വിശദാംശങ്ങൾ

വർഷം	കെസ്റു[1]		മൾട്ടി പർപ്പസ് സർവ്വീസ് സെന്റേഴ്സ്/ ജോബ് ക്ലബ്[2]		ശരണ്യ[3]		കൈവല്യ[4]	
	സംരംഭങ്ങളുടെ എണ്ണം	പ്രവർത്തിക്കുന്നവ	യൂണിറ്റ്	പ്രവർത്തിക്കുന്നവ	സംരംഭങ്ങളുടെ എണ്ണം	പ്രവർത്തിക്കുന്നവ	സംരംഭങ്ങളുടെ എണ്ണം	പ്രവർത്തിക്കുന്നവ
2012–13	46	32	1	1	240	152	–	–
2013–14	33	21	0	0	172	109	–	–
2014–15	27	18	2	2	360	251	–	–
2015–16	24	21	2	2	519	441	–	–
2016–17	19	19	0	0	219	219	49	–
2017–18	24	24	0	0	256	256	17	–

(അവലംബം:– ജില്ലാ എംപ്ലോയ്മെന്റ് ഓഫീസ്, തിരുവനന്തപുരം)

[1]കെസ്റു:– എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ പേര് രജിസ്റ്റർ ചെയ്തിട്ടുള്ള തൊഴിൽരഹിതരായ ഉദ്യോഗാർത്ഥികൾക്ക് സ്വയം തൊഴിൽ ചെയ്യുന്നതിന് ബാങ്കുമായി ബന്ധപ്പെട്ട് നടപ്പിലാക്കുന്ന വ്യക്തിഗത സംയുക്ത സ്വയംതൊഴിൽ പദ്ധതി.

[2]മൾട്ടി പർപ്പസ് സർവ്വീസ് സെന്റേഴ്സ്/ജോബ് ക്ലബ്:– എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ പേര് രജിസ്റ്റർ ചെയ്തിട്ടുള്ള തൊഴിൽരഹിതരായ ഉദ്യോഗാർത്ഥികൾക്ക് സ്വയം തൊഴിൽ ചെയ്യുന്നതിന് വായ്പ അനുവദിക്കുന്നതിന് ബാങ്കുമായി ബന്ധപ്പെട്ട് നടപ്പിലാക്കുന്ന സംയുക്ത സ്വയം തൊഴിൽ പദ്ധതി.

[3]ശരണ്യ:– എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ പേര് രജിസ്റ്റർ ചെയ്തിട്ടുള്ള തൊഴിൽരഹിതരായ വിധവകൾ വിവാഹമോചനം നേടിയ സ്ത്രീകൾ, ഭർത്താവ് ഉപേക്ഷിക്കുകയോ/ ഭർത്താവിനെ കാണാതാവുകയോ

ചെയ്തവർ, 30 വയസ്സ് കഴിഞ്ഞ അവിവാഹിതകൾ, ഭിന്നശേഷിക്കാരായ വനിതകൾ, ശയ്യാലംബരും നിത്യരോഗികളുമായ ഭർത്താക്കന്മാരുള്ള വനിതകൾ

[4]കൈവല്യ:- ഭിന്നശേഷിക്കാർക്കായി എംപ്ലോയ്മെന്റ് വകുപ്പ് നേരിട്ട് നടപ്പാക്കുന്ന സമഗ്ര തൊഴിൽ പുനരധിവാസ പദ്ധതി. കൃഷി. മൃഗപരിപാലനം, മൊബൈൽ റീ-ചാർജ്ജിംഗ് ഷോപ്പ്, പ്രൊവിഷണൽ സ്റ്റോർ, കോഴി വളർത്തൽ, ഇലക്ട്രോണിക് മെക്കാനിക് ഷോപ്പ്, മെഴുകുതിരി നിർമ്മാണം, തയ്യൽ, ലോട്ടറി കച്ചവടം എന്നിങ്ങനെയുള്ള സംരഭങ്ങൾക്കാണ് പ്രാധാന്യം നൽകുന്നത്.)

6.സഹകരണ മേഖല

പട്ടിക 2.4.14

സൊസൈറ്റികൾ	എണ്ണം	പ്രവർത്തിക്കുന്നവ	പ്രവർത്തനരഹിതം	ലിക്യൂഡേഷനിലുള്ളവ
അപ്പക്സ് സൊസൈറ്റികൾ/ ബാങ്കുകൾ	7	7	0	0
ഫെഡറൽ സൊസൈറ്റികൾ	0	0	0	0
ജില്ലാ കോ-ഓപ്പറേറ്റീവ് ബാങ്ക്	1	1	0	0
ക്രെഡിറ്റ് സൊസൈറ്റികൾ/ ബാങ്കുകൾ	515	417	77	21
കൺസ്യൂമർ സൊസൈറ്റികൾ	3	2	0	1
പ്രൈമറി കൺസ്യൂമർ സ്റ്റോറുകൾ	143	46	59	38
കോളേജ് കോ-ഓപ്പറേറ്റീവ് സ്റ്റോറുകൾ	18	11	5	2
സ്കൂൾ കോ-ഓപ്പറേറ്റീവ് സ്റ്റോറുകൾ	321	267	54	0
മാർക്കറ്റിംഗ് & പ്രോസസിംഗ് സൊസൈറ്റികൾ	37	12	22	3
മറ്റുള്ളവ	1075	670	349	56
ആകെ	2120	1433	566	121

(അവലംബം:- സഹകരണസംഘം രജിസ്ട്രാർ കാര്യാലയം)

6.ക്ഷീര വികസനം

പട്ടിക 2.4.15

സ്ഥാപനങ്ങൾ	എണ്ണം
ക്ഷീര പരിശീലന കേന്ദ്രങ്ങൾ	1
സ്വീവേജ് ഫാം	1
ക്വാളിറ്റി കൺട്രോൾ യൂണിറ്റ്	1
ഡയറി എക്സ്റ്റൻഷൻ കേന്ദ്രങ്ങൾ	12

(അവലംബം:- ഡെപ്യൂട്ടി ഡയറക്ടർ ക്ഷീര വികസന വകുപ്പിന്റെ കാര്യാലയം)

പട്ടിക 2.4.16

ക്ഷീര സഹകരണ സംഘങ്ങളുടെ വിശദാംശങ്ങൾ

ബ്ലോക്ക്	സൊസൈറ്റീസ്			
	രജിസ്റ്റർ ചെയ്തവ	പ്രവർത്തിക്കുന്നവ	പ്രവർത്തനരഹിതമായവ	പ്രവർത്തിക്കുന്നവയുടെ %
അതിയന്നൂർ	40	35	5	87.50
ചിറയിൻകീഴ്	37	26	11	70.27
കഴക്കൂട്ടം	22	17	5	77.27
കിളിമാനൂർ	37	35	2	94.59
നേമം	27	25	2	92.59
നെടുമങ്ങാട്	29	26	3	89.66
തിരുവനന്തപുരം (റൂറൽ)	50	22	28	44.00
പാറശ്ശാല	34	32	2	94.12
പെരുങ്കടവിള	46	45	1	97.83
വാമനപുരം	35	31	4	88.57
വർക്കല	28	19	9	67.86
വെള്ളനാട്	37	34	3	91.89
ആകെ	422	347	75	82.23

(അവലംബം:- ഡെപ്യൂട്ടി ഡയറക്ടർ ക്ഷീര വികസന വകുപ്പിന്റെ കാര്യാലയം)

7.മൃഗസംരക്ഷണം

പട്ടിക 2.4.17

സ്ഥാപനങ്ങൾ	എണ്ണം
ലൈവ് സ്റ്റോക്ക് ഫാമുകൾ (കോഴി, പന്നി, ആട്, പശു മുതലായവ)	7
ഡയഗ്നോസ്റ്റിക് ലബോറട്ടറീസ്	1
ട്രെയിനിംഗ് സെന്ററുകൾ	1
വെറ്റിനറി ഡിസ്പെൻസറി	72
വെറ്റിനറി ആശുപത്രി	23
ജില്ലാ വെറ്റിനറി കേന്ദ്രം	1
പ്രാദേശിക മൃഗസംരക്ഷണ കേന്ദ്രങ്ങൾ	5
വികേന്ദ്രീകൃത വെറ്റിനറി യൂണിറ്റുകൾ	12

(അവലംബം:- ജില്ലാ മൃഗസംരക്ഷണ ഓഫീസ്)

8.സോഷ്യൽ വെൽഫെയർ

പട്ടിക 2.4.18

ക്രമ നം.	സ്ഥാപനങ്ങൾ	എണ്ണം
1.	ആകെ അംഗനവാടികൾ	3061
2.	ക്രഷ്	
എ)	സർക്കാർ	112
ബി)	പ്രൈവറ്റ്	307
3.	ഓർഫനേജുകൾ/ കെയർ ഹോമുകൾ	
എ	സർക്കാർ	20
ബി	സാമൂഹ്യനീതിവകുപ്പിന്റെ കീഴിൽ രജിസ്റ്റർ ചെയ്തിട്ടുള്ളത് എൻ.ജി.ഒ കൾ	42
സി	ഓർഫനേജ് കൺട്രോൾ ബോർഡിന്റെ കീഴിൽ രജിസ്റ്റർ ചെയ്തിട്ടുള്ളത് എൻ.ജി.ഒ കൾ	108
ഡി	എൻ.ജി.ഒ യുടെ കീഴിൽ വരുന്ന സ്ഥാപനങ്ങൾ (അംഗീകൃതമല്ലാത്തത്)	14
ഇ	പ്രൊപ്രൈറ്റർഷിപ്പ്	15
	ആകെ	199

(അവലംബം:- ഐ.സി.ഡി.എസ്, സാമ്പത്തിക സ്ഥിതിവിവര വകുപ്പ്)

9. ഫിഷറീസ്

പട്ടിക 2.4.20

സ്ഥാപനങ്ങൾ	എണ്ണം
മത്സ്യ ഭവൻ	18
ഫിഷ് ലാന്റിംഗ് സെന്റർ	6
ഐസ് പ്ലാന്റ്സ്	21
ഗവ./ പബ്ലിക് സെക്ടർ ഫിഷ് ഫാംസ്	2
ഫിഷ് സീഡ് പ്രൊഡക്ഷൻ സെന്റർ	2
ബോട്ട് ബിൽഡിംഗ്സ് യാർഡ്സ്	2
ഫ്രഷ് വാട്ടർ ഫിഷ് ഫാം	9
എക്സ്പോർട്ട് യൂണിറ്റ്	2
ഇംപോർട്ട് യൂണിറ്റ്	2
ഫിഷറീസ് ഡിസ്പെൻസറീസ്/ ആശുപത്രികൾ	2
ഫിഷറീസ് കോ-ഓപ്പറേറ്റീവ്സ്	82
ഫിഷറീസ് വിദ്യാഭ്യാസ സ്ഥാപനങ്ങൾ	3
ഫിഷ് മാർക്കറ്റുകൾ	326
പൊതുമേഖല അക്വാറിയങ്ങൾ	3
വ്യാസ സ്റ്റോറുകൾ	2
ഓർണമെന്റൽ ഫിഷ് ട്രേഡ് യൂണിറ്റുകൾ	50

(അവലംബം:- ഫിഷറീസ് ഡിപ്പാർട്ട്മെന്റ്)

10. വനം വകുപ്പ്

പട്ടിക 2.4.21

സ്ഥാപനങ്ങൾ	എണ്ണം
വനസംരക്ഷണ സമിതികൾ	20
വനശ്രീ ഇക്കോഷോപ്പുകൾ	2
മൊബൈൽ വനശ്രീ യൂണിറ്റുകൾ	1
ഇക്കോ ഡെവലപ്മെന്റ് കമ്മിറ്റി	31
ട്രൈബൽ കോ-ഓപ്പറേറ്റീവ് സൊസൈറ്റീസ്	2
ടിംബർ ടിപ്പോട്സ്	5
ഇക്കോ ടൂറിസം സെന്ററുകൾ	6
ട്രെയിനിംഗ് സെന്റർ	1

(അവലംബം:- ഫോറസ്റ്റ് സ്റ്റാറ്റിസ്റ്റിക്സ് 2014, 2016)

11. പട്ടികജാതി വികസനം

സ്ഥാപനങ്ങൾ	എണ്ണം
പട്ടികജാതി വികസന ഓഫീസുകൾ	17
ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ടുകൾ	9
മോഡൽ റസിഡൻഷ്യൽ സ്കൂളുകൾ	1
നേഴ്സറി സ്കൂളുകൾ	10
പ്രി-മെട്രിക് ഹോസ്റ്റലുകൾ	6
പോസ്റ്റ് മെട്രിക് ഹോസ്റ്റലുകൾ	3
സബ്ഡിവൈഡഡ് ഹോസ്റ്റലുകൾ	1

(അവലംബം:- പട്ടികജാതി വികസന വകുപ്പ്)

12. പട്ടികവർഗ്ഗ വികസനം

സ്ഥാപനങ്ങൾ	എണ്ണം
പോസ്റ്റ് മെട്രിക് ഹോസ്റ്റലുകൾ	1
മോഡൽ റസിഡൻഷ്യൽ/ സി.ബി.എസ്.ഇ സ്കൂളുകൾ	3
വൊക്കേഷണൽ ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ടുകൾ	1
ഉൽപ്പാദന പരിശീലന കേന്ദ്രം	1
സഞ്ചരിക്കുന്ന മൊബൈൽ യൂണിറ്റുകൾ	1
ആയുർവേദ ഡിസ്പെൻസറികൾ	2
നേഴ്സറി സ്കൂളുകൾ	2
ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസുകൾ	3
പ്രി-മെട്രിക് ഹോസ്റ്റലുകൾ	2

(അവലംബം:- പട്ടികവർഗ്ഗ വികസന വകുപ്പ്)

13. ഊർജ്ജമേഖല

ജില്ലയിൽ നിലവിൽ 12.83 ലക്ഷം ഉപഭോക്താക്കളാണ് വൈദ്യുതി ഉപയോഗിച്ചു വരുന്നത്. ഇതിൽ 10.45 ലക്ഷം ഗാർഹിക ഉപഭോക്താക്കളും 1.7 ലക്ഷം വാണിജ്യ ഉപഭോക്താക്കളുമാണ്. ജില്ലയിലെ വിതരണ, പ്രസരണ, ഉല്പാദന മേഖലയിലെ സ്ഥാപന വിഭവങ്ങളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

പട്ടിക 2.4.23

മേഖല	എണ്ണം
വിതരണം	78 സെക്ഷൻ ഓഫീസുകൾ
പ്രസരണം	33 സബ് സ്റ്റേഷനുകൾ
ഉല്പാദനം	2 ജനറേറ്റിംഗ് സ്റ്റേഷനുകൾ

(അവലംബം:- കേരളാ സംസ്ഥാന വൈദ്യുതി ബോർഡ്)

14. ജില്ലയിലെ ട്രെയിനിംഗ്/ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടുകൾ

1. ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് ഇൻ ഗവൺമെന്റ്, വികാസ് ഭവൻ
2. സെന്റർ ഫോർ മാനേജ്മെന്റ് ഡെവലപ്മെന്റ്, തൈക്കാട്
3. കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലേബർ & എംപ്ലോയ്മെന്റ്, തൊഴിൽ ഭവൻ, വികാസ് ഭവൻ
4. പോലീസ് ട്രെയിനിംഗ് കേളേജ്, തൈക്കാട്
5. സ്റ്റേറ്റ് കൗൺസിൽ ഓഫ് എഡ്യൂക്കേഷണൻ റിസർച്ച് & ട്രെയിനിംഗ്, പൂജപ്പുര
6. സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹെൽത്ത് & ഫാമിലി വെൽഫെയർ, തൈക്കാട്
7. ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലാൻഡ് മാനേജ്മെന്റ്, പി.റ്റി.പി നഗർ
8. കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടൂറിസം & ട്രാവൽ സ്റ്റഡീസ്, തൈക്കാട്
9. ലൈവ് സ്റ്റോക്ക് മാനേജ്മെന്റ് ട്രെയിനിംഗ് സെന്റർ, കുടപ്പനക്കുന്ന്
10. റീജണൽ അഗ്രികൾച്ചറൽ ടെക്നോളജി ട്രെയിനിംഗ് സെന്റർ, കഴക്കൂട്ടം
11. റീ-എക്സാമിനേഷൻ ട്രെയിനിംഗ് സെന്റർ, മണ്ണന്തല
12. ഡയറ്റ്, ആറ്റിങ്ങൽ
13. യു.ജി.സി അക്കാഡമിക് സ്റ്റാഫ് കോളേജ്, കേരള യൂണിവേഴ്സിറ്റി ക്യാമ്പസ്, കാര്യവട്ടം
14. കോ-ഓപ്പറേറ്റീവ് ട്രെയിനിംഗ് സെന്റർ, കവടിയാർ
15. ഡയറി ട്രെയിനിംഗ് സെന്റർ, പട്ടം
16. ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കോ-ഓപ്പറേറ്റീവ് മാനേജ്മെന്റ്, പൂജപ്പുര
17. കോ-ഓപ്പറേറ്റീവ് സ്റ്റാഫ് ട്രെയിനിംഗ് സെന്റർ, കുളത്തൂർ
18. നാഷണൽ ട്രാൻസ്പോർട്ടേഷൻ പ്ലാനിംഗ് & റിസർച്ച് സെന്റർ (എൻ.എ.റ്റി.പി.എ.സി), പട്ടം
19. കേരള റൂറൽ വാട്ടർ സപ്ലൈ & സാനിട്ടേഷൻ ഏജൻസി, തമ്പാനൂർ

20. കേരള സ്റ്റേറ്റ് നിർമ്മിതി കേന്ദ്രം, പി.റ്റി.പി നഗർ
21. ഐ.എച്ച്.ആർ.ഡി, വട്ടിയൂർക്കാവ്
22. ഇൻസ്റ്റിറ്റ്യൂട്ട് ഫോർ സിവിൽ സർവീസസ് എക്സാമിനേഷൻ & ട്രെയിനിംഗ് സൊസൈറ്റീസ്, പി.റ്റി.പി നഗർ
23. കേരള ഹൈവേ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്, കാര്യവട്ടം
24. എനർജി മാനേജ്മെന്റ് സെന്റർ, ശ്രീകാര്യം
25. നാഷണൽ സെന്റർ ഫോർ എർത്ത് സയൻസ് സ്റ്റഡീസ് (എൻ.സി.ഇ.എസ്.എസ്), ആക്കുളം
26. ഡെമോൺസ്ട്രേഷൻ കം ട്രെയിനിംഗ് സെന്റർ, നാലാഞ്ചിറ
27. രാജീവ് ഗാന്ധി സെന്റർ ഫോർ ബയോടെക്നോളജി, ജഗതി
28. അനർട്ട്, തിരുവനന്തപുരം
29. ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഇൻഫർമേഷൻ ടെക്നോളജി & മാനേജ്മെന്റ് കേരള, ടെക്നോപാർക്ക് ക്യാമ്പസ്, കഴക്കൂട്ടം
30. ഗുലാത്തി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിനാൻസ് & ടാക്സേഷൻ, ശ്രീകാര്യം
31. സ്റ്റേറ്റ് അഗ്രികൾച്ചറൽ മാനേജ്മെന്റ് & എക്സറ്റൻഷൻ ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ട്, ആനയറ
32. സെൻട്രൽ ഫോർ ഡെവലപ്മെന്റ് സ്റ്റഡീസ്, തിരുവനന്തപുരം
33. സ്കിൽ അപ്ഡേറ്റിംഗ് ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ഇൻഡസ്ട്രിയൽ ട്രെയിനിംഗ്, കഴക്കൂട്ടം
34. പോപ്പുലേഷൻ റിസർച്ച് സെന്റർ, ഡിപ്പാർട്ട്മെന്റ് ഓഫ് ഡെമോഗ്രാഫി, കേരള യൂണിവേഴ്സിറ്റി
35. സെൻസസ് വർക്ക് സ്റ്റേഷൻ, ഡിപ്പാർട്ട്മെന്റ് ഓഫ് ഡെമോഗ്രാഫി, കേരള യൂണിവേഴ്സിറ്റി
36. ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ്, കേരള യൂണിവേഴ്സിറ്റി
37. ഡിപ്പാർട്ട്മെന്റ് ഓഫ് ബയോകെമിസ്ട്രി, കേരള യൂണിവേഴ്സിറ്റി
38. ഡിപ്പാർട്ട്മെന്റ് ഓഫ് ഒപ്റ്റോ–ഇലക്ട്രോണിക്സ്, കേരള യൂണിവേഴ്സിറ്റി
39. ഡിപ്പാർട്ട്മെന്റ് ഓഫ് കമ്പ്യൂട്ടർ സയൻസ്, കേരള യൂണിവേഴ്സിറ്റി
40. ഡിപ്പാർട്ട്മെന്റ് ഓഫ് ലോ, കേരള യൂണിവേഴ്സിറ്റി
41. ഡിപ്പാർട്ട്മെന്റ് ഓഫ് ഫ്യൂച്ചർ സ്റ്റഡീസ്, കേരള യൂണിവേഴ്സിറ്റി
42. ഇൻസ്ട്രമെന്റേഷൻ സെന്റർ, കേരള യൂണിവേഴ്സിറ്റി
43. സെൻട്രൽ ടൂബർ ക്രോപ്സ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് (ഐ.സി.എ.ആർ), ശ്രീകാര്യം
44. നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ഇന്റർഡിസിപ്ലിനറി സയൻസ് & ടെക്നോളജി, ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് പി.ഒ, തിരുവനന്തപുരം
45. ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയൻസ് എഡ്യൂക്കേഷൻ & റിസർച്ച്, തിരുവനന്തപുരം
46. കേരള കൗൺസിൽ ഫോർ ഹിസ്റ്റോറിക്കൽ റിസർച്ച് (കെ.സി.എച്ച്.ആർ), തിരുവനന്തപുരം
47. ഒറിയന്റൽ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് & ലൈബ്രറി, കേരള യൂണിവേഴ്സിറ്റി, കാര്യവട്ടം
48. ജവഹർലാൽ നെഹ്റു ട്രോപ്പിക്കൽ ബൊട്ടാണിക്കൽ ഗാർഡൻ & റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്, പാലോട്
49. ഗ്രാമീണ സ്വയംതൊഴിൽ സംരംഭകത്വം വികസന പരിശീലന കേന്ദ്രം, വഴുതക്കാട്, തിരുവനന്തപുരം
50. ശ്രീചിത്ര തിരുനാൾ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ മെഡിക്കൽ സയൻസസ് & ടെക്നോളജി, മെഡിക്കൽ കോളേജ്
51. റീജണൽ കാൻസർ സെന്റർ (ആർ.സി.സി) തിരുവനന്തപുരം
52. വിക്രം സാരാഭായി സ്പേസ് സെന്റർ (വി.എസ്.എസ്.സി), തുമ്പ
53. കേരള സ്റ്റേറ്റ് കൗൺസിൽ ഫോർ സയൻസ്, ടെക്നോളജി & എൻവിയോൺമെന്റ്
54. പബ്ലിക് പോളിസി റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്, കൈമനം, പാപ്പനംകോട്
55. നാഷണൽ കയർ റിസർച്ച് & മാനേജ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ട്, കുടപ്പനക്കുന്ന്
56. ബയോമെഡിക്കൽ ടെക്നോളജി വിംഗ്, പൂജപ്പുര
57. അമിറ്റി ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ഹെർബൽ & ബയോടെക് പ്രോഡക്സ് ഡെവലപ്മെന്റ്, പേരൂർക്കട
58. കേരള അഗ്രികൾച്ചറൽ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം
59. കോക്കനട്ട് റിസർച്ച് സ്റ്റേഷൻ, ബാലരാമപുരം

60. ക്രോപ്പിംഗ് സിസ്റ്റംസ് റിസർച്ച് സെന്റർ, കരമന
61. ഇൻസ്ട്രക്ഷണൽ ഫാം, വെള്ളായണി
62. റീജണൽ റിസർച്ച് ലബോറട്ടറി, ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് പി.ഒ, പാപ്പന

മറ്റുള്ളവ

- പോസ്റ്റ് ഓഫീസുകൾ

ഡിവിഷൻ	ഹെഡ് ഓഫീസ്		ഡി.എസ്.ഒ		ഇ.ഡി.ബി.ഒ		ആകെ		ആകെ
	നഗരം	ഗ്രാമം	നഗരം	ഗ്രാമം	നഗരം	ഗ്രാമം	നഗരം	ഗ്രാമം	
തിരുവനന്തപുരം നോർത്ത്	2	0	27	41	5	143	34	184	218
തിരുവനന്തപുരം സൗത്ത്	2	0	32	43	17	102	51	145	196

(അവലംബം:– ഇക്കണോമിക്ക് റിവ്യൂ 2015, സംസ്ഥാന ആസൂത്രണ ബോർഡ്)

- ടെലഫോൺ എക്ചേഞ്ചുകളുടെ എണ്ണം – 93
- അക്ഷയ സെന്ററുകളുടെ എണ്ണം (30.09.2017 വരെയുള്ള കണക്ക്) – 252
- കേരള സ്റ്റേറ്റ് റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷൻ:
  - ബസ്സ് ഡിപ്പോകൾ – 28
  - സബ് ഡിപ്പോകൾ – 45
  - ഓപ്പറേറ്റിംഗ് സെന്ററുകൾ – 4

മാനവ വികസനത്തിന്റെയും ദാരിദ്ര്യലഘൂകരണത്തിന്റെയും അടിസ്ഥാനത്തിൽ ഉന്നതസ്ഥാനങ്ങളിൽ നിൽക്കുന്ന ഇന്ത്യൻ സംസ്ഥാനങ്ങളിലൊന്നാണ് കേരളം. നൂതന ആശയങ്ങൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നത് സമ്പദ്വ്യവസ്ഥയുടെ വളർച്ചയ്ക്ക് അനിവാര്യമാണ്. മത്സരക്ഷമതയുള്ള ഒരു സാമ്പത്തിക അന്തരീക്ഷം പടുത്തുയർത്തുന്നതിലൂടെ സംസ്ഥാനത്തിന്റെയും ജില്ലയുടെയും സാമ്പത്തിക അവസ്ഥ കൂടുതൽ മെച്ചപ്പെടുകയും ഇത് സുസ്ഥിര വികസനത്തിന് വഴി തെളിക്കുകയും ചെയ്യും.

3. വികസനത്തിന്റെ സ്ഥലമാനങ്ങൾ

നമ്മുടെ സംസ്ഥാനം വികേന്ദ്രീകൃത വികസനത്തിലും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി നിർവ്വഹണത്തിലും മാതൃകാ സ്ഥാനം വഹിക്കുന്നുവെങ്കിലും ദീർഘ വീക്ഷണത്തോടെയുള്ള ഒരു ഭാവി പരിപ്രേക്ഷ്യത്തിന്റെ അഭാവം എല്ലാ മേഖലയിലും ദർശിക്കാവുന്നതാണ്. സാമൂഹ്യ രംഗത്ത് ഉയർന്ന വികസനം കൈവരിച്ചിട്ടുണ്ടെങ്കിലും സാമ്പത്തിക രംഗത്തിലും ആളോഹരി വരുമാനത്തിലും സംസ്ഥാനം പിന്നോക്കം നിൽക്കുന്ന അവസ്ഥയാണുള്ളത്. പദ്ധതി രൂപീകരണത്തിലെ പൊതു നയത്തിന്റെ അഭാവവും നടത്തിപ്പിലെ ഏകോപനമില്ലായ്മയും ഈ ഒരു സ്ഥിതി വിശേഷത്തിന് പ്രധാന കാരണമാണ്. വിവിധ വികസന മേഖലകളിലെ സർക്കാർ വകുപ്പുകളുടെ പദ്ധതികളുടെയും തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളുടെ വാർഷിക വികസനപദ്ധതികളുടെയും സമന്വയത്തിന്റെ അഭാവം പലപ്പോഴും പദ്ധതികളുടെ നടത്തിപ്പിനെയും അതുകൊണ്ടുണ്ടാകുന്ന ഗുണഫലങ്ങളെയും പിന്നിലേക്കടിക്കുന്നുണ്ട്.

സംസ്ഥാന തലസ്ഥാന പ്രദേശം ആയതിനാൽ സംസ്ഥാനതലത്തിലെ ഭരണ നിർവ്വഹണ കേന്ദ്രമെന്ന നിലയ്ക്കാണ് തിരുവനന്തപുരം ജില്ല പ്രാധാന്യമർഹിക്കുന്നത്. പ്രകൃതി വിഭവങ്ങളാലും, മനുഷ്യ വിഭവശേഷിയിലും സമ്പന്നമാണ് തിരുവനന്തപുരം ജില്ല. നിലവിലുള്ള പ്രാദേശിക റോഡ് ശൃംഖല ജില്ലയെ മറ്റു പ്രധാന കേന്ദ്രങ്ങളുമായി ബന്ധിപ്പിക്കുന്നുണ്ടെങ്കിലും അടിസ്ഥാന സൗകര്യ വികസനത്തിന്റെ അഭാവം റോഡുകളെ ബാധിക്കുന്നുണ്ട്. സംസ്ഥാനതലത്തിൽ അറിവിന്റെയും ഗവേഷണത്തിന്റെയും കേന്ദ്രമെന്ന നിലയിലും നൈപുണ്യ തൊഴിൽ അവസരങ്ങളുടെ കാര്യത്തിലും ജില്ല പ്രഥമ സ്ഥാനം വഹിക്കുന്നു. വിക്രം സാരാഭായി സ്പേസ് സെന്റർ, ലിക്വിഡ് പ്രൊപ്പൽഷൻ സിസ്റ്റംസ് സെന്റർ, നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയൻസ് ആന്റ് ടെക്നോളജി, നാഷണൽ എർത്ത് സയൻസസ് സ്റ്റഡീസ്, ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയൻസ് ആന്റ് ടെക്നോളജി, ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയൻസ് എജ്യുക്കേഷൻ ആന്റ് റിസർച്ച് തുടങ്ങിയവ ദേശീയതലത്തിൽ തന്നെ പ്രശസ്തമായ ഗവേഷണ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ചിലതാണ്. സാങ്കേതിക പരിജ്ഞാനവും നൈപുണ്യമുള്ള ഗവേഷകരേയും തൊഴിൽ അന്വേഷകരെയും ആകർഷിക്കുന്ന സ്ഥാപനങ്ങളാണിവ. നൂതന സാങ്കേതിക ജ്ഞാനവും ഉയർന്ന പരിജ്ഞാനവും ആവശ്യമുള്ള ജോലി സാധ്യതകൾ ജില്ലയുടെ പ്രത്യേകതയാണ്. സോഫ്ട്‌വെയർ, അനുബന്ധ മേഖലകളിൽ തൊഴിൽ നൽകുന്ന ടെക്നോപാർക്ക് പുതുതായി ജില്ലയിൽ നടപ്പിൽ വരുത്തിക്കൊണ്ടിരിക്കുന്ന ടെക്നോസിറ്റി, ബയോ-ലൈഫ് സയൻസസ് പാർക്ക്, വിഴിഞ്ഞം കണ്ടെയ്നർ ട്രാൻസ്ഷിപ്പ്മെന്റ് തുറമുഖം തുടങ്ങിയവ സമീപ ഭാവിയിൽ തന്നെ വൈദഗ്ദ്ധ്യം നേടിയ തൊഴിലാളികളെ ആവശ്യമായവയാണ്. ടൂറിസം, പച്ചമരുന്നുകളുടെ വിപണന സാധ്യത, കാർഷിക മേഖലയുടെ വൈവിധ്യവത്കരണവും മാർക്കറ്റിംഗ് സാധ്യതയും പരിഗണിക്കേണ്ടതുണ്ട്. ഭാവിയിലെ സാദ്ധ്യതകളും വെല്ലുവിളികളും ഏറ്റെടുത്ത് സമീപ പ്രദേശങ്ങളെ ഒന്നാകെ ആസൂത്രിത വികസനത്തിലേയ്ക്ക് നയിക്കാൻ ചിട്ടയായൊരു സമീപനം ജില്ലയ്ക്ക് ആവശ്യമാണ്.

2011 ലെ സെൻസസ് അനുസരിച്ച് കേരളത്തിലെ നഗരജനസംഖ്യ ഏതാണ്ട് 47.16 ശതമാനത്തോളമാണ്. തലസ്ഥാന ജില്ലയിലിത് 53.38ശതമാനമാണ്. കേരളത്തിലെ നഗരവത്ക്കരണ രീതി മറ്റിടങ്ങളിൽ നിന്നും വ്യത്യസ്തമായി വലിയ നഗരങ്ങളെ കേന്ദ്രീകരിച്ചുള്ളതല്ല. ഗ്രാമ-നഗര ഭേദം തിരിച്ചറിയാൻ പ്രയാസമാകുന്ന വിധത്തിൽ സാമാന്യം ഏകീകൃതമായ രീതിയിലാണ് നാഗരിക സ്വഭാവം കാണപ്പെടുന്നത്. വടക്ക്-കിഴക്ക് ഭാഗങ്ങളിലെ മലയോര മേഖലയൊഴികെ ജില്ലയിലാകമാനം ജനവാസ കേന്ദ്രങ്ങളും നിർമ്മിത ഉപയോഗങ്ങളും വ്യാപിച്ചു കിടക്കുന്നു. ജനസംഖ്യയിൽ കാര്യമായ വർദ്ധനവ് ഉണ്ടാകുന്നില്ലെങ്കിലും നിർമ്മിത ഉപയോഗങ്ങൾക്കായി കാർഷിക ഭൂമി ഉൾപ്പെടെയുള്ളവയുടെ തരംമാറ്റൽ അനസ്യൂതം നടക്കുന്നുണ്ട്. നഗരവത്ക്കരണത്തിന് അനുസൃതമായി നാഗരിക സൗകര്യങ്ങളും പശ്ചാത്തലസൗകര്യങ്ങളും പൗരന്മാർക്ക് ലഭ്യമാക്കേണ്ടതുണ്ട്.

കേരളത്തിലെ തൊഴിൽ ശക്തിയുടെ വലിയൊരു ഭാഗം കുടിയേറ്റം നടത്തുന്നതായി ബോധ്യപ്പെട്ടിട്ടുണ്ട്. നൈപുണ്യമുള്ളവരും അല്ലാത്തവരുമായ തൊഴിലാളികൾ മെച്ചപ്പെട്ട തൊഴിലവസരങ്ങൾക്കായി സംസ്ഥാനത്തിനു പുറത്തും രാജ്യത്തിനു പുറത്തും ജോലി നോക്കി വരുന്നു. കേരളത്തിന്റെ സാമ്പത്തിക സ്ഥിതി ഒരു പരിധി വരെ വിദേശ നാണ്യത്തെ ആശ്രയിച്ചിരിക്കുന്നു. അന്താരാഷ്ട്ര തലത്തിലുണ്ടാകുന്ന സാമ്പത്തിക മാന്ദ്യവും മറ്റു പ്രശ്നങ്ങളും കേരളത്തിന്റെ ധനസ്ഥിതിയെ വളരെയധികം സ്വാധീനിക്കുന്നുണ്ട്. സാമൂഹ്യ

രംഗത്തെ മുന്നോക്കാവസ്ഥയോടൊപ്പം ധനസ്ഥിതിയിലും മെച്ചപ്പെടുത്തേണ്ടതുണ്ടെങ്കിൽ അഭ്യസ്തവിദ്യരായ തൊഴിലാളികളുടെ മാനവശേഷി ഉപയോഗിക്കാൻ തക്കവണ്ണം തൊഴിലവസരങ്ങൾ സൃഷ്ടിക്കേണ്ടതുണ്ട്. അതിനാൽ നിലവിൽ കാർഷിക അനുബന്ധ മേഖലകളിലും വ്യവസായ മേഖലയിലും സേവന മേഖലയിലും തൊഴിലവസരങ്ങൾ മെച്ചപ്പെടുത്തുന്നതിനോടൊപ്പം നൂതനവും നവീനവുമായ മേഖലകളിൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കാൻ ബോധപൂർവ്വമായ ഒരു ശ്രമവും നയരൂപീകരണവും വരേണ്ടതുണ്ട്. സാമ്പത്തിക ആസൂത്രണത്തോടൊപ്പം സ്ഥലപരമായ ആസൂത്രണവും ഏകോപനവും ഉൾക്കൊണ്ടുകൊണ്ടു മാത്രമേ ഈ ലക്ഷ്യം കൈവരിക്കാനാവുകയുള്ളൂ. ഭൂവിനിയോഗവും സാമൂഹ്യ-സാമ്പത്തികവുമായ പ്രത്യേകതകളും, വിഭവങ്ങളും പുതുതായി ആരംഭിക്കുന്ന വൻകിട പദ്ധതികളും അടിസ്ഥാനമാക്കി വികസന പ്രവണതയെ ഗ്രഹിക്കുന്നതോടൊപ്പം സ്ഥാനീയമായ പ്രത്യേകതകൾക്കനുസൃതമായി ഭാവി മുന്നിൽ കണ്ടുകൊണ്ട് ഏത് തരത്തിലുള്ള വികസനമാണ് സുസ്ഥിരമായിട്ടുള്ളത് എന്ന നിലയിൽ മാർഗ്ഗനിർദ്ദേശം നൽകുന്നതിനുതകും വിധമാണ് 'വികസനത്തിന്റെ സ്ഥലമാനങ്ങൾ' എന്ന അദ്ധ്യായത്തിലൂടെ ലക്ഷ്യമാക്കുന്നത്.

ജില്ലയുടെ ഭൗതികമായ പ്രത്യേകതകൾ

ജില്ലയിലെ ചിറയിൻകീഴ്, വർക്കല, തിരുവനന്തപുരം താലൂക്കുകൾ ഇടനാട്ടിലും തീരപ്രദേശത്തുമായി സ്ഥിതി ചെയ്യുന്നു. നെടുമങ്ങാട്, കാട്ടാക്കട താലൂക്കുകൾ ഇടനാട്ടിലും മലനാടിന്റെ ഭാഗത്തും നെയ്യാറ്റിൻകര താലൂക്ക് മേൽ സൂചിപ്പിച്ച മൂന്ന് മേഖലകളിലും ഉൾപ്പെട്ടു വരുന്നു.

വനമേഖല കൂടുതലുള്ളത് കാലാവസ്ഥയെ സ്വാധീനിക്കുകയും കൂടുതൽ മഴ ലഭ്യമാകുന്നതിന് കാരണമാകുകയും ചെയ്യുന്നുണ്ട്. മഴ ലഭ്യതയുടെ ശരാശരി നിരക്ക് പ്രതിവർഷം 150 സെ.മീ ആണ്. ശരാശരി ഉയർന്ന ഊഷ്മാവ് 32 ഡിഗ്രി സെൽഷ്യസും ആണ്. മൺസൂൺ മഴയെയാണ് ജലലഭ്യതയ്ക്കായി പ്രധാനമായും ആശ്രയിക്കുന്നത്. ഡിസംബർ, ജനുവരി, ഫെബ്രുവരി മാസങ്ങളിൽ തണുപ്പു കൂടുതലായി കാണുന്നു. മാർച്ച്, ഏപ്രിൽ, മെയ് മാസങ്ങളിൽ ചൂട് കൂടുതലാണ്. ഏപ്രിൽ, മെയ്, മാസങ്ങളിൽ താപനില 35 ഡിഗ്രി സെൽഷ്യസ് വരെ ഉയരുകയും ഡിസംബർ-ജനുവരി മാസങ്ങളിൽ താപനില 25 ഡിഗ്രി സെൽഷ്യസ് വരെ താഴുകുകയും ചെയ്യുന്നുണ്ട്.

ജില്ലയുടെ ഉയർന്ന പ്രദേശങ്ങൾ മലനിരകളാൽ സമ്പന്നമാണ്. കിഴക്ക്, വടക്ക്-കിഴക്കൻ ഭാഗങ്ങളിൽ പശ്ചിമഘട്ട മലനിരകളുടെ ഭാഗമായ മലനിരകൾ സ്ഥിതി ചെയ്യുന്നു. മലമ്പ്രദേശങ്ങളിൽ നാണ്യവിളകളായ റബ്ബർ, തേയില, കുരുമുളക് ഉൾപ്പെടുന്ന നാണ്യവിളകളും സുഗന്ധവിളകളും, തേക്ക്, റോസ് വുഡ് തുടങ്ങിയവയും വളരുന്നുണ്ട്. പശ്ചിമഘട്ട മലനിരകളുടെ തെക്കേ മുനമ്പായ അഗസ്ത്യാർകൂട മലനിരകളുടെ ഭാഗങ്ങൾ പ്രധാനമായും തിരുവനന്തപുരം ജില്ലയിൽ ഉൾപ്പെടുന്നു.

2100 ൽ പരം വൈവിദ്ധ്യമാർന്ന ചെടികളും, മരുന്നു വർഗ്ഗങ്ങളും, ഓർക്കിഡ് ഉൾപ്പെടെയുള്ളവയും ഈ മലനിരകളുടെ താഴ്വാരങ്ങളിൽ വളരുന്നുണ്ട്.

പശ്ചിമഘട്ട മലനിരകൾക്കും തീരപ്രദേശത്തിനും ഇടയ്ക്കുള്ള ഇടനാട് കാർഷിക പ്രാധാന്യമേറിയ പ്രദേശമാണ്. നെല്ല്, മരച്ചീനി, പച്ചക്കറികൾ, കശുവണ്ടി തുടങ്ങിയവ ഈ മേഖലയിൽ കൃഷി ചെയ്യുന്നു. തീരപ്രദേശങ്ങളിൽ നദികളും നദീതട പ്രദേശങ്ങളും കടൽത്തീരങ്ങളും സ്ഥിതി ചെയ്യുന്നു. ഇവിടെ തെങ്ങുകളാൽ സമൃദ്ധമാണ്.

കേരളത്തിന്റെ തെക്കേ അറ്റത്തുള്ള നദിയായ നെയ്യാർ (56 കി.മീ) അഗസ്ത്യാർകൂട മലനിരകളിൽ നിന്നുത്ഭവിക്കുന്നു. ജില്ലയിലെ മറ്റു നദികളായ കരമനയാർ (67 കി.മീ) വഴുവന്തോളിൽ നിന്നും വാമനപുരം നദി പശ്ചിമഘട്ട മലനിരകളിലെ തന്നെ ചെമുഞ്ഞിമൊട്ടയിൽ നിന്നും ഉദ്ഭവിക്കുന്നു. നദികളും, കായലുകളും, തെങ്ങിൻതോപ്പുകളാലും സമ്പന്നമാണ് ജില്ലയുടെ ഭൂപ്രകൃതി. വേളി, കഠിനംകുളം, അഞ്ചുതെങ്ങ്, കാപ്പിൽ, അകത്തുമുറി, ഇടവ-നടയറ കായലുകൾ എന്നിവയാണ് പ്രധാന ജലാശയങ്ങൾ. ഒപ്പം തന്നെ വെള്ളായണി ശുദ്ധജല തടാകവും തിരുവനന്തപുരം ജില്ലയിൽ സ്ഥിതി ചെയ്യുന്നു. മുൻ കാലങ്ങളിൽ ഗതാഗത ആവശ്യങ്ങൾക്കായി ഉപയോഗിച്ചിരുന്ന ടി.എസ് കനാൽ (ട്രാവൻകൂർ-ഷൊർണ്ണൂർ കനാൽ) ജില്ലയിലൂടെ ഒഴുകുന്നു. തിരുവനന്തപുരത്തു നിന്നും ആരംഭിച്ച് പാലക്കാട് ജില്ലയിലെ ഷൊർണ്ണൂരിൽ അവസാനിക്കുന്ന ടി.എസ് കനാൽ നിരവധി കായലുകളെ തമ്മിൽ ബന്ധിപ്പിക്കുന്നുണ്ട്. കൊല്ലം ജില്ലയെ കോട്ടപ്പുറം (കൊടുങ്ങല്ലൂർ)-മായി ബന്ധിപ്പിക്കുന്ന ദേശീയ ജലപാത-3

ഇതിലുൾപ്പെടുന്നുണ്ട്. വിനോദ സഞ്ചാര വികസനത്തിന് സാധ്യതയുള്ള നിരവധി പ്രദേശങ്ങൾ ജില്ലയിലുണ്ട്. വർക്കല, കോവളം, പൊൻമുടി എന്നിവ ഇവയിൽ ചിലതാണ്.

പ്രാദേശിക ഗതാഗത ബന്ധം

തലസ്ഥാന ജില്ല കൊല്ലം ജില്ലയുമായും തമിഴ്നാട് സംസ്ഥാനത്തെ തിരുനെൽവേലി, കന്യാകുമാരി ജില്ലകളുമായും അതിർത്തി പങ്കിടുന്നു. ഇവയെ ബന്ധിപ്പിച്ചുകൊണ്ട് വിപുലമായ റോഡ് – റെയിൽ ശൃംഖല ജില്ലയിലുണ്ട്.

റോഡു മാർഗ്ഗം തിരുവനന്തപുരത്തു നിന്നും സംസ്ഥാനത്തെ പ്രധാന നഗര കേന്ദ്രങ്ങളായ കൊച്ചിയിലേയ്ക്കും കോഴിക്കോട്ടേയ്ക്കും യഥാക്രം 222 കി.മീ ഉം 446 കി.മീ ഉം ദൂരമുണ്ട്. റെയിൽ മാർഗ്ഗം യഥാക്രം 221 കി.മീ ഉം 411 കി.മീ ദൂരം. കന്യാകുമാരിയിലേയ്ക്കും, നാഗർകോവിലിലേയ്ക്കും റെയിൽ മാർഗ്ഗം 89 കി.മീ ഉം 71 കീ.മീ ദൂരമുണ്ട്.

ദേശീയപാത എൻ.എച്ച്–66, സംസ്ഥാന പാതകൾ എന്നിവ ജില്ലയെ മറ്റു ജില്ലാ ആസ്ഥാനങ്ങളുമായി റോഡ് മാർഗ്ഗം ബന്ധിപ്പിച്ചിരിക്കുന്നു. ജില്ലയിലെ ഭൂരിഭാഗം താലൂക്ക് ആസ്ഥാനങ്ങളെയും മുനിസിപ്പാലിറ്റികളെയും തമ്മിൽ ബന്ധിപ്പിച്ചു കൊണ്ട് പ്രധാന ജില്ലാ റോഡുകളുമുണ്ട്. വാഹന ഗതാഗതത്തിരക്ക് കാരണവും അടിസ്ഥാന സൗകര്യങ്ങളുടെ കുറവുകാരണവും ചില പ്രദേശങ്ങളിൽ ചില പ്രത്യേക സമയങ്ങളിൽ ഗതാഗതക്കുരുക്ക് അനുഭവപ്പെടുന്നുണ്ട്.

തിരുവനന്തപുരം സെൻട്രൽ, കൊച്ചുവേളി എന്നിവയാണ് പ്രധാന റെയിൽവേ ടെർമിനലുകൾ ഇവിടങ്ങളിൽ നിന്നും ദീർഘ–ഹ്രസ്വദൂര തീവണ്ടികൾ സർവ്വീസ് നടത്തുന്നു. അയൽ ജില്ലകളിൽ നിന്നും തമിഴ്നാടിന്റെ തെക്കൻ ഭാഗത്തു നിന്നും ദൈനംദിന ആവശ്യങ്ങൾക്കായി തീവണ്ടിയെ ആശ്രയിക്കുന്ന വളരെയധികം യാത്രക്കാരുണ്ട്.

നദികളും, കായലുകളും, കനാലുകളും ജില്ലയിലുടനീളം ഉണ്ടെങ്കിലും ജല ഗതാഗത മാർഗ്ഗം ഒരു പ്രധാന ഗതാഗത സംവിധാനമായി നിലവിൽ ഉപയോഗിച്ചു വരുന്നില്ല.

തിരുവനന്തപുരം അന്താരാഷ്ട്ര വിമാനത്താവളത്തിൽ നിന്നും കൊളംബോ, മാലി, ദുബായ്,സിംഗപ്പൂർ,മസ്കറ്റ്, മലേഷ്യ, അബുദാബി, സൗദി അറേബ്യ, കുവൈത്ത് എന്നിവിടങ്ങളിലേയ്ക്ക് അന്താരാഷ്ട്ര വിമാന സർവ്വീസുകളുണ്ട്. ഒപ്പം തന്നെ ആഭ്യന്തര വിമാന സർവ്വീസുകളും ഇവിടെ നിന്നുണ്ട്.

മാനവ വിഭവ ശേഷി.

2011–ലെ സെൻസസ്സ് പ്രകാരം കേരള സംസ്ഥാനത്തിൻെറ ആകെ ജനസംഖ്യ 3,34,06,061 ആണ്. അതിൽ 1,60,27,412 പുരുഷൻമാരും 1,73,78,649 സ്ത്രീകളുമാണുള്ളത്. സ്ഥലവിസ്തൃതിയിൽ ഭാരതത്തിൻെറ 1% മാത്രമാണുള്ളതെങ്കിലും രാജ്യജനസംഖ്യയുടെ ഏകദേശം 3% ആളുകൾ സംസ്ഥാനത്ത് നിവസിക്കുന്നു. 1971 മുതൽ 2001 വരെയുള്ള കാലഘട്ടത്തിൽ സ്ഥിരതയാർന്ന താരതമ്യേന ഏകീകൃതമായ വളർച്ചയാണ് ജനസംഖ്യയിൽ ഉണ്ടായിരുന്നതെങ്കിലും 2001 മുതൽ 2011 വരെയുള്ള ദശകത്തിൽ ജനസംഖ്യാ വളർച്ചാനിരക്ക് കുറയുന്ന പ്രവണതയാണ് കാണുന്നത്.

ജില്ലയിലെ ആകെ ജനസംഖ്യ കണക്കിലെടുക്കുമ്പോൾ കഴിഞ്ഞ ദശകങ്ങളിലെല്ലാം തന്നെ ആകെ ജനസംഖ്യ വർദ്ധിക്കുന്നുവെങ്കിലും വളർച്ചാനിരക്ക് കുറയുന്നതായാണ് കാണപ്പെടുന്നത്. ജില്ലയിലെ തീരദേശ മേഖലകളിലും ഇടനാടിലുമാണ് പ്രധാനമായും ജനസംഖ്യാ കേന്ദ്രീകരണമുള്ളത്. ജില്ലയിലെ വിവിധ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ആകെ ജനസംഖ്യയിൽ ഉണ്ടായ മാറ്റം ചിത്രം 3.1–ൽ കാണിച്ചിരിക്കുന്നു.

Fig:3.1

ജനസംഖ്യാ താരതമ്യം

ജില്ലയിലെ വിവിധ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ–1981–2011



ജനസംഖ്യാ വളർച്ചയുടെ തോത് കുറഞ്ഞു വരുന്ന പ്രവണതയാണ് സംസ്ഥാനത്താകമാനമുള്ളത്. തെക്കൻ ജില്ലകളിൽ തലസ്ഥാന ജില്ലയിലാണ് ഏറ്റവും കൂടുതൽ വളർച്ചാനിരക്ക് ഉള്ളത്. സംസ്ഥാനത്തിൻെറ ശരാശരി വളർച്ചാ നിരക്കായ 4.91 നേക്കാൾ കുറവായി 2.25 ആണ് തലസ്ഥാന ജില്ലയിലെ ജനസംഖ്യാ വളർച്ചാനിരക്ക്.

Fig: 3.2

ജനസംഖ്യാ വളർച്ചാനിരക്കിന്റെ കാലികമായ വ്യതിയാനം –

ജില്ലയും സംസ്ഥാനവുമായുള്ള താരതമ്യം



1971 മുതൽ 2001 വരെയുള്ള കാലഘട്ടത്തിൽ ഏകദേശം ഒരേരീതിയിലുള്ള വ്യതിയാനമാണ് സംസ്ഥാനത്തിനും ജില്ലക്കുമുണ്ടായിരുന്നത്. എന്നാൽ 2001 മുതൽ 2011 വരെയുള്ള ദശകത്തിൽ ജില്ലയിലെ ജനസംഖ്യാ വളർച്ചാ നിരക്ക് സംസ്ഥാന ശരാശരിയുടെ ഏകദേശം പകുതിയായി കുറഞ്ഞിട്ടുണ്ട്. സംസ്ഥാനത്തിൻെറ പൊതു പ്രവണത പരിശോധിക്കുമ്പോൾ ഗ്രാമങ്ങളിൽ നിന്ന് പട്ടണ പ്രദേശങ്ങളിലേക്കുള്ള കുടിയേറ്റം കൂടുതലായി കണക്കാക്കാവുന്നതല്ല. ജില്ലയിലെ തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളുടെ സ്ഥിതിയും വിഭിന്നമല്ല.

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ജനസംഖ്യ വളർച്ചാ നിരക്കിൽ ഉണ്ടായ മാറ്റം ചിത്രം 3.3 എന്നിവയിൽ കാണിച്ചിരിക്കുന്നു.

Fig: 3.3

ജനസംഖ്യ വളർച്ചാ നിരക്ക് 2001 –2011



തിരുവനന്തപുരം നഗരപ്രദേശത്തിന് തൊട്ടടുത്തുള്ള കരകുളം. വിളവൂർക്കൽ, കല്ലിയൂർ തുടങ്ങിയ എന്നീ ഗ്രാമപഞ്ചായത്തുകളിലാണ് ഏറ്റവും കൂടുതൽ ജനസംഖ്യ വളർച്ചാ നിരക്ക് കാണുന്നത്. നഗരപ്രദേശത്തേക്ക് വളരെ വേഗം എത്തിച്ചേരാവുന്ന വിധത്തിൽ ഗതാഗത ഇടനാഴികളാൽ ബന്ധിക്കപ്പെട്ടിട്ടുള്ള ഗ്രാമീണ തദ്ദേശ സ്വയംഭരണ പ്രദേശങ്ങളിലേക്ക് കുടിയേറ്റം നടക്കുന്നതായി ഇതിൽ നിന്ന് അനുമാനിക്കാം.

ഇന്ത്യയുടെ ജനസാന്ദ്രതയായ ഒരു ചതുരശ്ര കി.മീറ്ററിൽ 340 ആളുകൾ എന്നതുമായി താരതമ്യം ചെയ്യുമ്പോൾ കേരളം ച.കി.മീ.ൽ 860 ആളുകൾ എന്ന തോതിൽ ജനസാന്ദ്രതയിൽ കൂടിയ ജനസാന്ദ്രതയുള്ള സംസ്ഥാനങ്ങളുടെ ഗണത്തിൽപ്പെടുന്നു. കേരളത്തിൻെറ ജനസാന്ദ്രതയുമായി തട്ടിച്ചുനോക്കുമ്പോൾ തിരുവനന്തപുരം ജില്ലയാണ് അധികം ജനസാന്ദ്രതയുള്ളതായി കാണുന്നത്. സംസ്ഥാന ശരാശരിയുടെ ഏതാണ്ട് 1.75 മടങ്ങ്, ച.കി.മീ.ൽ 1506 പേർ.

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ജനസാന്ദ്രതയിൽ ഉണ്ടായ മാറ്റം (1981 – 2011) ചിത്രം 3.4, 3.5, 3.6, 3.7 എന്നിവയിൽ കാണിച്ചിരിക്കുന്നു.

Fig:3.4

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ജനസാന്ദ്രത – 1981



ജില്ലയിലെ തന്നെ തീരദേശ തദ്ദേശസ്വയംഭരണ പ്രദേശങ്ങളിലാണ് ഏറ്റവും കൂടിയ ജനസാന്ദ്രത കാണപ്പെടുന്നത്. കിഴക്ക് ഉയരം കൂടിയ മേഖലയിലേക്ക് ജനസാന്ദ്രത കുറഞ്ഞുവരുന്നുണ്ട്. ച.കി.മീറ്ററിന് 5177 ജനങ്ങളുള്ള അഞ്ചുതെങ്ങ് ഗ്രാമപഞ്ചായത്ത് ഏറിയ ജനസാന്ദ്രത കാണിക്കുന്നു.

Fig:3.5

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ജനസാന്ദ്രത – 1991



Fig: 3.6

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ജനസാന്ദ്രത – 2001



Fig: 3.7

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ജനസാന്ദ്രത – 2011



ജനസാന്ദ്രതയുടെ കാലികമായ വ്യതിയാനം 1971 മുതൽ 2011 വരെയുള്ള കാലഘട്ടത്തിൽ 1003 മുതൽ 1506 വരെ ക്രമാനുഗതമായ വളർച്ചയാണ് കാണപ്പെടുന്നത്. ജനസാന്ദ്രതയിൽ ഉണ്ടായ മാറ്റം (1971–2011) ചിത്രം 3.8 ൽ കാണിച്ചിരിക്കുന്നു.

Fig: 3.8

ജനസാന്ദ്രതയുടെ കാലികമായ വ്യതിയാനം



ഭാവി ജനസംഖ്യാ നിർണ്ണയം

ജില്ലയിലെ ജനസംഖ്യാ വളർച്ചയുടെ പ്രവണത കണക്കാക്കി ഭാവി ജനസംഖ്യ നിർണ്ണയിക്കുമ്പോൾ അടുത്ത ദശാംബ്ദത്തിൽ പൂജ്യത്തിൽ താഴെയുള്ള വളർച്ചാ നിരക്കിനാണ് സാധ്യതയുള്ളത്. എന്നാൽ ഭാവിയിലെ തൊഴിൽ സാധ്യതകൾ, കുടിയേറ്റം, ജില്ലയിൽ ലഭ്യമായ മറ്റ് സേവനങ്ങൾ എന്നിവ പരിഗണിക്കുമ്പോൾ ജനസംഖ്യ കുറയാനുള്ള പ്രവണത വിരളമാണ്.

Fig: 3.9
ഭാവി ജനസംഖ്യ നിർണ്ണയം



Fig: 3.10
ഭാവി ജനസംഖ്യാ വളർച്ച നിരക്ക്



തൊഴിൽ ശക്തി

2011 സെൻസസ്സ് പ്രകാരം ജില്ലയിലെ മൊത്തം തൊഴിലാളികളുടെ എണ്ണം 12,31,669 ആണ്. ഇത് സംസ്ഥാനത്തെ ആകെ തൊഴിലാളികളുടെ (1,16,19,063)10.6% വരും. തൊഴിൽ പങ്കാളിത്ത നിരക്ക് ജില്ലയുടെ തൊഴിൽ ശക്തിയെ സൂചിപ്പിക്കുന്നു. 2011 സെൻസസ്സ് പ്രകാരം ജില്ലയുടെ തൊഴിൽ പങ്കാളിത്ത നിരക്ക് 37% ആണ്. അതായത് ജില്ലയിൽ 12.31 ലക്ഷം ആളുകൾ തൊഴിൽ ചെയ്യുന്നു.

തൊഴിൽ പങ്കാളിത്ത നിരക്കിൻെറ കാലികമായ വ്യതിയാനം ചാർട്ട് 3.11 ൽ നൽകിയിരിക്കുന്നു. തൊഴിൽ പങ്കാളിത്ത നിരക്ക് 2001–ൽ അൽപം കുറഞ്ഞുവെങ്കിലും പൊതുവെ ഉയരുന്നതായി ചാർട്ടിൽ നിന്നും മനസ്സിലാക്കാം.

Fig: 3.11
തൊഴിൽ പങ്കാളിത്ത നിരക്കിൻെറ കാലികമായ വ്യതിയാനം



തൊഴിലാളികളുടെ എണ്ണം ഓരോ ദശാബ്ദത്തിലും കൂടിവരുന്നതായി പട്ടിക 3.1 ൽ നിന്നും മനസ്സിലാക്കാൻ സാധിക്കും.

പട്ടിക: 3.1

തൊഴിലാളികളുടെ എണ്ണം (1971 – 2011)

ദശാബ്ദം	1971	1981	1991	2001	2011
മൊത്തം തൊഴിലാളികൾ	628293	784275	960726	1047935	1231669

എന്നാൽ തൊഴിലാളികളുടെ വളർച്ചാ നിരക്ക് പരിശോധിക്കുമ്പോൾ 1971–81 കാലഘട്ടം മുതൽ വളർച്ചാ നിരക്ക് കുറയുന്ന പ്രവണതയാണ് കാണുന്നത്. 1991–2001 കാലഘട്ടത്തിൽ ഈ വളർച്ചാനിരക്കിൽ കുത്തനെയുള്ള ഇടിവ് കാണുന്നു. തുടർന്ന് 2001–2011 കാലഘട്ടത്തിൽ വളർച്ചാനിരക്ക് വർദ്ധിക്കുന്ന പ്രവണതയാണ് കാണുന്നത്. തൊഴിൽ ഘടനയുടെ കൂടി അടിസ്ഥാനത്തിൽ നോക്കുമ്പോൾ 1971–81 കാലഘട്ടം മുതൽക്കേ ഉള്ള കാർഷിക മേഖലയിൽ നിന്നുള്ള തൊഴിലാളികളുടെ കൊഴിഞ്ഞുപോക്കും, തൃതീയ മേഖലയിലുള്ള തൊഴിലാളികളുടെ വർദ്ധനവുമായി ഇതിന് സാമ്യമുണ്ടെന്ന് മനസ്സിലാക്കാൻ സാധിക്കും. നിലവിൽ ഇൻഫർമേഷൻ ടെക്നോളജി, മറ്റു സേവന മേഖലകൾ എന്നിവയിൽ വന്നിട്ടുള്ള തൊഴിൽ സാദ്ധ്യതകളുടെ മുന്നേറ്റമാകാം, 2001–2011 കാലഘട്ടങ്ങളിലെ തൊഴിൽ നിരക്ക് വർദ്ധനവിൻെറ കാരണം.

Fig: 3.12

തൊഴിലാളികളുടെ വളർച്ചാനിരക്കിലെ കാലികമായ വ്യതിയാനം

വിഭവങ്ങൾ

1. കാർഷിക വിഭവങ്ങൾ

നെല്ല്, മരച്ചീനി, അടയ്ക്ക, നാളികേരം, കുരുമുളക്, ജാതി, ഗ്രാമ്പൂ, ചക്ക, മാങ്ങ, കശുവണ്ടി, പുളി, ഇഞ്ചി, മഞ്ഞൾ, മറ്റുവാഴ, ഏത്തവാഴ, വെറ്റില, പച്ചക്കറികൾ, പയറു വർഗ്ഗങ്ങൾ, മറ്റു കിഴങ്ങു വർഗ്ഗങ്ങൾ, മറ്റു ഫല വൃക്ഷങ്ങൾ എന്നിവ ജില്ലയിൽ കൃഷി ചെയ്തു വരുന്നു. പ്രധാന വിളകളായ നെല്ല് 2119.04 ഹെക്ടറിലും, 60006 ഹെക്ടർ ഭൂമിയിൽ നാളികേരവും കൃഷി ചെയ്തു വരുന്നു.

Fig :3.13

ബ്ലോക്ക് തലത്തിലുള്ള കൃഷിഭൂമി



ബ്ലോക്ക് തലത്തിൽ ഏറ്റവും കൂടുതൽ നെല്ല് കൃഷി ചെയ്യുന്നതും, ഉല്പ്പാദിപ്പിക്കുന്നതും കിളിമാനൂരിലാണ്. ഇതു കൂടാതെ മരച്ചീനി, കുരുമുളക്, ചക്ക, കശുവണ്ടി, ഇഞ്ചി, മഞ്ഞൾ, വാഴപ്പഴം എന്നീ വിഭവങ്ങളും കൂടുതൽ ഉത്പാദിപ്പിക്കുന്നത് കിളിമാനൂർ ബ്ലോക്കിലാണ്. നാളികേരം, മാമ്പഴം എന്നിവയുടെ ഉത്പാദനത്തിൽ തിരുവനന്തപുരം നഗരം മുന്നിട്ടു നിൽക്കുന്നു. വെറ്റില കൃഷി ഏറ്റവും കൂടുതൽ ഉത്പാദിപ്പിക്കുന്നത് നെടുമങ്ങാട് ബ്ലോക്കിലാണ്.

2. വനവിഭവങ്ങൾ

തിരുവനന്തപുരം ജില്ലയുടെ വന വിസ്തൃതി 463.8341 ച.കി.മീ ആണ്. വനമേഖലയിൽ ഈടുള്ള തടിത്തരങ്ങളും, ഉറപ്പ് കുറഞ്ഞ തടിത്തരങ്ങളും, മറ്റിനം തടിത്തരങ്ങളും, തേക്ക്, അക്കേഷ്യ, മാഞ്ചിയം, യൂക്കാലി, ഔഷധ സസ്യങ്ങൾ, പൈൻ, ആഞ്ഞിലി, കമ്പകം തുടങ്ങിയവയും കാണപ്പെടുന്നു.

3. മൃഗങ്ങളിൽ നിന്നുള്ള ഭക്ഷ്യോത്പന്നങ്ങൾ

ജില്ലയിലെ പാൽ, മുട്ട, മാംസം എന്നീ പ്രധാന ഭക്ഷ്യോത്പന്നങ്ങളെപ്പറ്റിയുള്ള വിവരങ്ങൾ ചേർക്കുന്നു. ആകെ പാലുല്പാദനം രണ്ടു ലക്ഷത്തി മുപ്പത്തി മൂന്നായിരം മെട്രിക് ടണ്ണാണ്. 28000 മെട്രിക് ടൺ പാലാണ് ജില്ലയുടെ പുറത്തു നിന്ന് വരുന്നത്. ആകെ വാർഷിക മാംസ ഉത്പാദനം 33202.27 മെട്രിക് ടണാണ്. തദ്ദേശീയമായി പ്രതിവർഷം ഏകദേശം 21 കോടി മുട്ടകളാണ് ഉത്പാദിപ്പിക്കപ്പെടുന്നത്. ഇതിനു പുറമെ ജില്ലയ്ക്ക് പുറത്തു നിന്ന് ഏകദേശം ഇതേ അളവിൽ മുട്ടകൾ എത്തുന്നു.

4. മത്സ്യോത്പന്നങ്ങൾ

13 തീരദേശ പഞ്ചായത്തുകൾ, കോർപ്പറേഷൻ, വർക്കല മുനിസിപ്പാലിറ്റി എന്നിവയാണ് തീരദേശ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ. ജില്ലയിലെ ആകെ മത്സ്യോത്പാദനത്തിന്റെ 93% കടലിൽ നിന്നും 7% ഉൾനാടൻ മത്സ്യ ബന്ധനത്തിൽ നിന്നുമാണ്.

ഭൂപ്രകൃതി

തിരുവനന്തപുരം ജില്ലയിലെ നിമ്നോന്നത പ്രദേശങ്ങളെ വിശദമായി പ്രതിപാദിക്കുന്ന മാപ്പ് താഴെ നൽകിയിരിക്കുന്നു.

Fig : 3.14

തിരുവനന്തപുരം ജില്ല– ഉയര വ്യതിയാനം



തീരത്തിൽ നിന്നുള്ള അകലത്തിനും, സമുദ്ര നിരപ്പിൽ നിന്നുള്ള ഉയരത്തിനും അനുസൃതമായി ഒരു പ്രദേശത്തിന്റെ ചരിവ് വ്യത്യാസപ്പെടുന്നതായി കണക്കാക്കാൻ

സാധിക്കുകയില്ലായെങ്കിലും, തിരുവനന്തപുരം ജില്ലയിലെ സ്ഥിതി പരിഗണിക്കുമ്പോൾ തീര പ്രദേശത്തിൽ നിന്നും അകലുന്നതിനനുസരിച്ച് ഭൂമിയുടെ ചരിവും, ഉയരവും വർദ്ധിക്കുന്നതായി കാണാൻ സാധിക്കും. ഇത് ചിത്രം 3.14 ൽ കാണിച്ചിരിക്കുന്നു. കൂടാതെ ജില്ലയൊട്ടാകെ പരിഗണിച്ച് ഇവയെ നാലായി തരംതിരിച്ചിരിക്കുന്നു (0 – 50 മീ, 50–100മീ, 100–200മീ, 200 ന് മുകളിൽ). ഇവയ്ക്ക് യോജിച്ച ഭൂഉപയോഗം പട്ടിക 3.2 ൽ നൽകിയിരിക്കുന്നു.

പട്ടിക: 3.2

ഉയരത്തിന് യോജിച്ച ഭൂഉപയോഗം

ഉയരം (മീറ്റർ)	യോജിച്ച ഭൂഉപയോഗം
0 – 50	വാസഗൃഹങ്ങൾ
50 – 100	കൃഷി
100 – 200	പഴം,പച്ചക്കറി കൃഷി
200 ന് മുകളിൽ	നിയന്ത്രിതം (വനം)

ജില്ലയുടെ ഏറിയ ഭാഗവും 250 മീറ്റർ ഉയരത്തിനുള്ളിൽ തന്നെ ഉൾപ്പെടുന്നതായി കാണാൻ സാധിക്കും. മേഖലകളെ തുല്യമായി വിഭജിക്കുകയാണെങ്കിൽ, ഭൂ ഉപയോഗങ്ങളായ പഴം–പച്ചക്കറി കൃഷി, നിയന്ത്രിത ഉപയോഗമായ വനം എന്നിവയ്ക്ക് വളരെ കുറച്ചു പങ്ക് മാത്രമേ ഉള്ളൂ എന്നു കാണാൻ സാധിക്കും.

ഒരു പ്രദേശത്തിന്റെ ചരിവ് വിശകലനം ചെയ്യുന്നതിലൂടെ ഭൂപ്രകൃതി ഒരു പരിധി വരെ മനസ്സിലാക്കാൻ സാധിക്കും. ജില്ലയിലെ ഭൂപ്രദേശത്തിന്റെ ചരിവ് തരംതിരിച്ച് ചിത്രം 3.15 ൽ നൽകിയിരിക്കുന്നു. ഇവയുടെ വിഭജനം പട്ടിക 3.3 ൽ പ്രതിപാദിക്കുന്നു. ജില്ലയുടെ ഏകദേശം മുഴുവൻ ഭാഗവും ആദ്യ രണ്ട് ഗണത്തിൽ ഉൾപ്പെടുന്നതായി ഇതിൽ നിന്നും മനസ്സിലാക്കാൻ സാധിക്കും. അതിനാൽ ജില്ലയ്ക്ക് യോജിക്കുന്ന രീതിയിൽ സമാനമായ വ്യതിയാനം വിശദമാക്കുന്ന പുതുക്കിയ ചരിവ് കണക്കാക്കി പട്ടിക 3.3 ൽ ഉൾപ്പെടുത്തിയിരിക്കുന്നു.

Fig: 3.15

ജില്ലയിലെ ഭൂപ്രദേശത്തിന്റെ ചരിവ്



Fig: 3.16
ജില്ലയിലെ ഭൂപ്രദേശത്തിന്റെ പുതുക്കിയ ചരിവ്



പുതുക്കിയ ചരിവിന് അനുസരിച്ചുള്ള മാപ്പ് ചിത്രം 3.16 ൽ നൽകിയിരിക്കുന്നു. ഈ മാപ്പിൽ ഉയരത്തിന്റെ വിഭജനം കൂടി ഉൾപ്പെടുത്തി ചിത്രം 3.17 ൽ കാണിച്ചിരിക്കുന്നു.

പട്ടിക: 3.3
ജില്ലയിലെ ഭൂപ്രദേശത്തിന്റെ പുതുക്കിയ ചരിവ്

ചരിവ് (ഡിഗ്രി)	പുതിയ ചരിവ് (ഡിഗ്രി)	അനുയോജ്യമായ ഭൂ ഉപയോഗം
0 – 5	0 – 5	വാസഗൃഹം
15 – 30	5 – 15	കാർഷികം
30 – 50	15 – 35	പഴം-പച്ചക്കറി കൃഷി
50 ന് മുകളിൽ	35 ന് മുകളിൽ	വനം/ നിയന്ത്രിതം

Fig: 3.17
ഉയരത്തിന്റെ വിഭജനം ഉൾപ്പെടുത്തിയ പുതുക്കിയ ചരിവ്



ജില്ലയുടെ പകുതിയോളം ഭാഗവും താഴ്ന്ന ചരിവ് പ്രകടമാക്കുന്ന പ്രദേശങ്ങളാണ്. ഉയർന്ന പ്രദേശങ്ങളിലേയ്ക്ക് ക്രമാനുഗതമായ വളർച്ചയാണ് ($15–35^0$) ഇടനാട്ടിൽ

പ്രകടമാകുന്നത്. ഒപ്പം തന്നെ മലയോര പ്രദേശത്തേയ്ക്ക് കുത്തനെ വലിയൊരു മാറ്റവും (35^0) വെളിവാകുന്നു. സമതല പ്രദേശത്തോടടുത്ത ഉയരം കുറഞ്ഞ പ്രദേശങ്ങൾ വാസഗൃഹമേഖലയ്ക്ക് അനുയോജ്യമാണ്. വളരെ ഉയരക്കൂടുതലുള്ളതും കുന്നുകളാൽ സമൃദ്ധമായതുമായ പ്രദേശങ്ങൾ ഭൂരിഭാഗം ഭൂഉപയോഗങ്ങൾക്കും അനുയോജ്യമല്ലാത്തതായി കാണുന്നു. ഇവയെ നിയന്ത്രിത ഉപയോഗത്തിൽപ്പെടുത്തി വനഭൂമിയായി സംരക്ഷിച്ചിരിക്കുന്നു.

വിശകലനത്തിൽ നിന്നും ജില്ലയിലെ മിക്ക തദ്ദേശസ്വയംഭരണ സ്ഥാപന പ്രദേശങ്ങളും (തിരുവനന്തപുരം കോർപ്പറേഷൻ, നെടുമങ്ങാട്, നെയ്യാറ്റിൻകര, ആറ്റിങ്ങൽ, വർക്കല) കാർഷിക വൃത്തിയ്ക്കും, വാസഗൃഹ അനുബന്ധ ഉപയോഗങ്ങൾക്കും അനുയോജ്യമാണ്. എന്നിരിക്കിലും തിരുവനന്തപുരം കോർപ്പറേഷൻ പ്രദേശം വാസഗൃഹ ഉപയോഗങ്ങൾക്ക് കൂടുതൽ അനുയോജ്യമാണെന്നു കാണാം.

ജില്ലയിലെ ശേഷിക്കുന്ന പ്രദേശങ്ങൾ പഴം – പച്ചക്കറി കൃഷിക്കും മറ്റു കാർഷിക ഉപയോഗങ്ങൾക്കും അനുയോജ്യമാണ്. വനപ്രദേശത്തോട് ചേർന്ന് ഹോർട്ടികൾച്ചർ കൂടുതൽ അനുയോജ്യമായി കാണുന്നു. നഗര പരിധിക്ക് പുറത്തായി 200 മീ. ഉയരത്തിനുള്ളിൽ കാർഷിക മേഖലകൾ വ്യാപിച്ചു കിടക്കുന്നു. ഇതിനോടൊപ്പം തന്നെ പഴം–പച്ചക്കറി ഉല്പാദനം നിലവിലുള്ളതായി കാണുന്നു. എന്നാൽ നിയന്ത്രിത വനഭൂമിയ്ക്ക് പുറത്ത് അതിനോട് ചേർന്നുള്ള പ്രദേശങ്ങളും, മലയോര മേഖല ഉൾപ്പെടുന്ന വിതുര, ആര്യനാട്, പെരിങ്ങമ്മല, കുറ്റിച്ചൽ, കള്ളിക്കാട്, അമ്പൂരി എന്നീ പഞ്ചായത്തുകളും പഴം–പച്ചക്കറി കൃഷിക്ക് കൂടുതൽ അനുയോജ്യമായി കാണുന്നു.

നിമ്നോന്നതമായ മലയോര പ്രദേശങ്ങൾ കാർഷികാവശ്യങ്ങൾക്കായി ഉപയോഗിക്കുന്നതിനേക്കാൾ വനഭൂമിയായി സംരക്ഷിക്കപ്പെടുന്നതാണ് അഭികാമ്യം.

ഭൂവിനിയോഗം

കാർഷിക ഭൂമി, നിർമ്മിത മേഖല, വന പ്രദേശം, ക്വാറി മുതലായ പാഴ് ഭൂമികൾ, നെൽ കൃഷിക്കുപയോഗിക്കുന്ന താഴ്ന്ന പ്രദേശങ്ങൾ, ജല സ്രോതസ്സുകൾ, തണ്ണീർത്തടം എന്നിങ്ങനെ വിശാലമായ ഭൂവിനിയോഗമാണ് സൂചിപ്പിച്ചിട്ടുള്ളത്. ഭൂവിനിയോഗത്തിന്റെ വിന്യാസം വിശകലനം ചെയ്തതിൽ നിന്ന് ജില്ലയുടെ വിസ്തൃതിയുടെ ഏതാണ്ട് പകുതിയോളം ഭൂമി കാർഷിക ഉപയോഗത്തിൽ പെടുന്നതായാണ് കാണുന്നത്. 19% നിർമ്മിത ഉപയോഗത്തിനായും 23% വനപ്രദേശമായും കാണുന്നു. 8% നെൽകൃഷിക്ക് ഉപയോഗിക്കാവുന്ന താഴ്ന്ന പ്രദേശങ്ങളും കൂടി ഉൾപ്പെടുത്തുമ്പോൾ കാർഷിക ഭൂമി 54% വരുന്നുണ്ട്.

Fig: 3.18
ഭൂവിനിയോഗ വിതരണം



Fig: 3.19
സമഗ്ര ഭൂവിനിയോഗ വിതരണം



കൂടുതൽ വിശദാംശങ്ങളോടെയുള്ള ഭൂവിനിയോഗ പഠനം, നിർമ്മിത ഉപയോഗങ്ങളിൽ തന്നെ പാർപ്പിട ഉപയോഗം, വാണിജ്യ, വ്യാവസായികം, പൊതു ഉപയോഗം, വിനോദ ഉപയോഗം എന്നിങ്ങനെ സമഗ്രമായ ഒരു ചിത്രം നൽകാൻ സഹായകമാണ്. ഇത്തരത്തിൽ സമഗ്രമായ ഭൂവിനിയോഗം ചിത്രം 3.20 ൽ നൽകിയിരിക്കുന്നു.

Fig: 3.20
സമഗ്രമായ ഭൂവിനിയോഗം



സമഗ്ര ഭൂവിനിയോഗത്തിന്റെ വിതരണം സംബന്ധിച്ച വിശദാംശങ്ങൾ പ്രകാരം 54%ത്തോളം ഭൂമി കൃഷി ആവശ്യത്തിനായും 23% ഭൂമി വനമേഖലയായും ഉപയോഗിക്കപ്പെടുന്നു എന്ന് മനസ്സിലാക്കാം. നിർമ്മിത ഉപയോഗത്തിൽ 6.43% വാസ ഉപയോഗത്തിലും 9.77% സമ്മിശ്ര ഉപയോഗത്തിലും പെടുന്നതായി കാണുന്നു. 1.4% ഭൂമി

വാണിജ്യ ഉപയോഗത്തിലും 0.83% പൊതു ഉപയോഗത്തിലും 1.29% വിനോദ ഉപയോഗത്തിനും ഉപയോഗിക്കപ്പെടുന്നു.

കാർഷിക ഉപയോഗ ഭൂമിയുടെ വിന്യാസം

കാർഷിക ഭൂമിയുടെ വിന്യാസം വിശകലനം ചെയ്യുമ്പോൾ ഇത്തരം ഭൂമി ജില്ലയിലാകമാനം വ്യാപിച്ചു കിടക്കുന്നതായി കാണാൻ സാധിക്കും (ചിത്രം 3.21) വടക്കു കിഴക്കു ഭാഗത്തെ വനമേഖലയൊഴികെയുള്ള എല്ലാ പ്രദേശങ്ങളിലും കൃഷി ഭൂമി ഉള്ളതായി കാണുന്നു.

Fig:3.21
കാർഷിക ഭൂമിയുടെ വിന്യാസം



നിർമ്മിത ഉപയോഗ ഭൂമിയുടെ വിന്യാസം

ഭൂവിനിയോഗത്തിലെ നിർമ്മിത ഭൂമിയുടെ വിന്യാസത്തിൽ വടക്കു കിഴക്കു ഭാഗത്തെ വനഭൂമി ഒഴികെയുള്ള ഭാഗങ്ങളിൽ നിർമ്മാണ പ്രവർത്തനങ്ങൾ നടത്തിയിട്ടുള്ളതായി ചിത്രം 3.22 ൽ നിന്നും വ്യക്തമാകുന്നു. പ്രധാന റോഡുകളുടെ സമീപമായാണ് നിർമ്മിത ഉപയോഗങ്ങൾ വികസിച്ചിട്ടുള്ളതായി കാണുന്നത്. നഗര പ്രദേശങ്ങളിൽ നിർമ്മിത ഉപയോഗങ്ങളുടെ കേന്ദ്രീകരണം കാണാവുന്നതാണ്. തിരുവനന്തപുരം നഗരത്തിലാണ് ഏറ്റവുമധികം നിർമ്മിത ഉപയോഗ കേന്ദ്രീകരണമുള്ളത്. ഇതു കൂടാതെ ജില്ലയുടെ തെക്കേ അറ്റത്തും വടക്കേ അറ്റത്തും നിർമ്മിത ഉപയോഗഭൂമി വളരെയധികം ഉള്ളതായി മനസ്സിലാക്കാം.

Fig: 3.22
നിർമ്മിത ഭൂമിയുടെ വിന്യാസം



ഭൂവിനിയോഗ കേന്ദ്രീകരണ സൂചിക

ഓരോ തദ്ദേശസ്വയം ഭരണ സ്ഥാപനത്തിന്റെ ഭൂഉപയോഗവും ജില്ലയുടെ അതത് ഭൂഉപയോഗവുമായി താരതമ്യപ്പെടുത്തുമ്പോൾ ലഭിക്കുന്ന അനുപാതത്തിനുസൃതമായാണ് കേന്ദ്രീകരണ സൂചിക കണക്കാക്കുന്നത്.

ഉദാഹരണത്തിന് കാർഷിക ഉപയോഗത്തിന്റെ കേന്ദ്രീകരണ സൂചിക കണക്കാക്കുന്നതിനായി ഒരു പ്രത്യേക തദ്ദേശസ്വയം ഭരണ സ്ഥാപനത്തിന്റെ ആകെ വിസ്തൃതിയിൽ എത്രത്തോളം കാർഷിക ഉപയോഗത്തിലുള്ള ഭൂമിയുണ്ടോ അതും ജില്ലയുടെ ആകെ വിസ്തൃതിയിൽ ആകമാനം എത്രത്തോളം കാർഷിക ഭൂമിയുണ്ട് എന്നതും തമ്മിലുള്ള അനുപാതമാണ് കണക്കാക്കുന്നത്.

കാർഷിക കേന്ദ്രീകരണ സൂചിക

മേൽ പറഞ്ഞ മാതൃകയിൽ കാർഷിക കേന്ദ്രീകരണം പരിശോധിക്കുമ്പോൾ വനപ്രദേശങ്ങളുൾപ്പെടുന്ന തദ്ദേശ ഭരണ സ്ഥാപനങ്ങളും തിരുവനന്തപുരം നഗരസഭയുമൊഴികെ, ജില്ലയിലാകമാനം കാർഷിക കേന്ദ്രീകരണ സൂചിക ഉയർന്നു നിൽക്കുന്നു. ഭൂരിഭാഗം കടലോര തദ്ദേശ സ്ഥാപനങ്ങളിലും ഇടനാടിൽ ഉൾപ്പെടുന്ന ഭാഗങ്ങളിലും കാർഷിക കേന്ദ്രീകരണം ജില്ലാ ശരാശരിയേക്കാൾ കൂടുതലായാണ് കാണുന്നത് (ചിത്രം 3.23). ജില്ലയിൽ കാർഷിക / കാർഷികാധിഷ്ഠിത മേഖലയ്ക്ക് പ്രാമുഖ്യം നൽകാനാകുമെന്നതാണ് ഇതിൽ നിന്ന് മനസ്സിലാക്കാവുന്നത്.

Fig: 3.23
കാർഷിക കേന്ദ്രീകരണ സൂചിക



നിർമ്മിത കേന്ദ്രീകരണ സൂചിക

നിർമ്മിത കേന്ദ്രീകരണ മാപ്പ് (ചിത്രം 3.24) പരിശോധിക്കുന്നതിൽ നിന്ന് ജില്ലാ ശരാശരിയേക്കാൾ കൂടിയ നിർമ്മിത ഉപയോഗ കേന്ദ്രീകരണം തീരദേശ മേഖലയിലാണ് പ്രധാനമായും നടന്നിട്ടുള്ളത് എന്നു കാണാം. മലയോര പ്രദേശങ്ങളും അവയ്ക്കു തൊട്ടടുത്തുള്ള മേഖലയുമൊഴികെ മറ്റു പ്രദേശങ്ങളെല്ലാം കൂടിയ നിർമ്മിത ഉപയോഗ കേന്ദ്രീകരണം കാണിക്കുന്നുണ്ട്.

Fig: 3.24
നിർമ്മിത കേന്ദ്രീകരണ സൂചിക



വനമേഖല കേന്ദ്രീകരണ സൂചിക

പെരിങ്ങമ്മല, വിതുര, ആര്യനാട്, കുറ്റിച്ചൽ, കള്ളിക്കാട്, നന്ദിയോട്, തൊളിക്കോട് എന്നീ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലാണ് വനമേഖലയുടെ കേന്ദ്രീകരണമുള്ളത് എന്ന് ചിത്രം 3.28 ൽ നിന്ന് വ്യക്തമാകുന്നതാണ്.

Fig: 3.28
വനമേഖലയുടെ കേന്ദ്രീകരണ സൂചിക



കാർഷിക തൊഴിലാളികളുടെ കേന്ദ്രീകരണം

കാർഷിക തൊഴിലാളികളുടെ കേന്ദ്രീകരണ മാപ്പ് (ചിത്രം 3.29) വിശകലനം ചെയ്തതിൽ നിന്ന് തിരുവനന്തപുരം നഗരവും കടലോര മേഖലയിലെ പഞ്ചായത്തുകളും ഒഴികെ മറ്റു ഭാഗങ്ങളിൽ കാർഷിക തൊഴിലാളികളുടെ കേന്ദ്രീകരണം ഉള്ളതായി കാണുന്നു.

Fig: 3.29
കാർഷിക തൊഴിലാളികളുടെ കേന്ദ്രീകരണ സൂചിക



കാർഷിക ഭൂമിയുടെ കേന്ദ്രീകരണവും കാർഷിക തൊഴിലാളികളുടെ കേന്ദ്രീകരണവും യോജിച്ചു പോകുന്ന രീതിയിലാണുള്ളത് എന്നു കാണുന്നു (ചിത്രം 3.30).

Fig: 3.30
കാർഷിക ഭൂമിയുടെയും കാർഷിക തൊഴിലാളികളുടെയും കേന്ദ്രീകരണം.



ജനസംഖ്യയുടെ കേന്ദ്രീകരണം

ജനസാന്ദ്രത, നിർമ്മിത ഉപയോഗം എന്നിവ കാർഷിക ഭൂമിയുടെ കേന്ദ്രീകരണവുമായുള്ള താരതമ്യം ചിത്രം 3.31 ൽ കാണാവുന്നതാണ്. കടലോര മേഖലയിലെ തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളും നഗര തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളും അവയ്ക്കു തൊട്ടടുത്ത പ്രദേശങ്ങളും പൊതുവെ ഉയർന്ന ജനസാന്ദ്രത കാണിക്കുന്നുണ്ട്. ഇവയിൽ തന്നെ 50% അധികം കൃഷി ഭൂമിയുള്ള തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളുണ്ട്. ആറ്റിങ്ങൽ പട്ടണം തിരുവനന്തപുരം നഗരം എന്നിവയിൽ മാത്രമാണ് 50 ശതമാനത്തിലധികം നിർമ്മിത ഉപയോഗങ്ങൾ ഉള്ളത്.

Fig: 3.31
ജനസംഖ്യയുടെ കേന്ദ്രീകരണം



തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പ്രവർത്തന സ്വഭാവം

ഒരു പ്രദേശത്ത് നിലവിലുള്ളതും ഭാവിയിൽ കൊണ്ടു വരാവുന്നതുമായ പ്രവർത്തനങ്ങൾ ആ പ്രദേശത്തെ നിലവിലെ ഭൂവിനിയോഗവുമായി ബന്ധപ്പെട്ടിരിക്കുന്നു.

വികസന സ്വഭാവം വിശകലനം ചെയ്യുന്നതു വഴി തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളുടെ പ്രവർത്തന രീതി മനസ്സിലാക്കാൻ സാധിക്കും.

നിലവിലെ ഭൂവിനിയോഗത്തിന്റെ വിശകലനത്തിലൂടെ ഭൂമി എന്തിനൊക്കെ ഉപയോഗിക്കുന്നു എന്നതും ഭാവിയിൽ എന്തൊക്കെ പ്രവർത്തനങ്ങൾക്കായി ഭൂമി കണ്ടെത്താനാകും എന്നതും മനസ്സിലാക്കാവുന്നതാണ്. നിലവിൽ കൃഷി ഭൂമി കൂടുതലുള്ള (പകുതിയോ അതിൽ കൂടുതലോ) പ്രദേശങ്ങളുടെ പ്രവർത്തന സ്വഭാവം ഗ്രാമീണം എന്നും വാണിജ്യം, വ്യവസായം, ആശുപത്രി, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, മറ്റു പൊതു ആവശ്യത്തിനുള്ള സ്ഥലങ്ങൾ മുതലായവ കൂടുതലുള്ള (പകുതിയോ അതിൽ കൂടുതലോ) പ്രദേശങ്ങളെ നാഗരിക സ്വഭാവം കാണിക്കുന്ന പ്രദേശങ്ങളെന്നും പറയാം. ചില പ്രദേശങ്ങളിൽ ഇങ്ങനെ നഗര-ഗ്രാമ സ്വഭാവങ്ങളെ വ്യക്തമായി വേർതിരിച്ചെടുക്കുവാൻ സാധിക്കാത്ത വിധം പ്രധാന ഭൂവിനിയോഗം വാസ സ്ഥലവും കൃഷി ഭൂമിയുമായി കൂടി കലർന്ന് സമ്മിശ്ര സ്വഭാവത്തോടെ കാണപ്പെടുന്നു. ഈ പ്രദേശങ്ങളിലെ ശരാശരി പുരയിട വിസ്തീർണ്ണം കണക്കിലെടുത്തുകൊണ്ട് ഈ പ്രദേശങ്ങളെ പൂർണ്ണതോതിലുള്ള വാസഗൃഹ മേഖല, കാർഷിക-വാസഗൃഹ മേഖല, കാർഷിക പ്രവർത്തനത്തിനു മുൻതൂക്കമുള്ള വാസമേഖല, പൂർണ്ണ തോതിലുള്ള കാർഷിക പ്രവർത്തനം സാധ്യമായ വാസമേഖല എന്നിങ്ങനെ തരംതിരിക്കുന്നു. പൂർണ്ണതോതിലുള്ള വാസമേഖലയെ നാഗരിക സ്വഭാവമുള്ള പ്രദേശമെന്നും, കാർഷിക-വാസഗൃഹ മേഖലകളെ അർദ്ധ നഗര സ്വഭാവമുള്ള പ്രദേശമെന്നും, കാർഷിക പ്രവർത്തനത്തിന് മുൻതൂക്കമുള്ള വാസഗൃഹ മേഖലയെ അർദ്ധ ഗ്രാമീണ സ്വഭാവമുള്ള പ്രദേശമെന്നും പൂർണ്ണതോതിൽ കാർഷിക പ്രവർത്തനം സാധ്യമായ വാസമേഖലയെ ഗ്രാമീണ സ്വഭാവമുള്ള പ്രദേശമെന്നും പറയാം. ശരാശരി പുരയിട വിസ്തീർണ്ണത്തിന്റെ അടിസ്ഥാനത്തിൽ വാസസ്ഥലവും കൃഷി സ്ഥലവും കൂടി കലർന്ന് കാണുന്ന പ്രദേശത്തെ ഏത് തരത്തിൽപെടുത്താം എന്ന് പട്ടികയിൽ കാണിച്ചിരിക്കുന്നു.

പട്ടിക: 3.4

വാർഡുകളുടെ പ്രവർത്തന സ്വഭാവം നിർണ്ണയിക്കുന്ന രീതി

വാസഗൃഹമേഖലയിലെ ശരാശരി പുരയിട വിസ്തീർണ്ണം	വാസഖേലയുടെ തരംതിരിവ്	പ്രവർത്തന സ്വഭാവം
25 സെന്റിന് താഴെ	പൂർണ്ണതോതിലുള്ള വാസമേഖല	നഗര സ്വഭാവം
25-50 സെന്റ്	കാർഷിക വാസമേഖല	അർദ്ധ നഗര സ്വഭാവം
50-70 സെന്റ്	കാർഷിക പ്രവർത്തനത്തിന് മുൻതൂക്കമുള്ള വാസമേഖല	അർദ്ധ ഗ്രാമീണ സ്വഭാവം
70 സെന്റിന് മുകളിൽ	പൂർണ്ണതോതിൽ കാർഷിക പ്രവർത്തനം സാധ്യമായ വാസമേഖല	ഗ്രാമീണ സ്വഭാവം

(സ്രോതസ്: ഐ.ഡി.ഡി.പി, കൊല്ലം)

ഒരു തദ്ദേശസ്വയംഭരണസ്ഥാപന പ്രദേശത്തിന്റെ പ്രവർത്തന സ്വഭാവം നിശ്ചയിക്കുന്നതിനായി അവിടുത്തെ മൊത്തം ഭൂവിനിയോഗത്തെ മൂന്നായി തരംതിരിച്ചിരിക്കുന്നു - പൂർണ്ണമായും നഗരസ്വഭാവം കാണിക്കുന്ന പ്രദേശങ്ങൾ, പൂർണ്ണമായും ഗ്രാമീണ സ്വഭാവം കാണിക്കുന്ന പ്രദേശങ്ങൾ, സമ്മിശ്ര സ്വഭാവം കാണിക്കുന്ന വാസമേഖല. സമ്മിശ്ര സ്വഭാവം കാണിക്കുന്ന വാസമേഖലയെ പട്ടിക 3.4 പ്രകാരം തരംതിരിക്കുകയും, അത് നഗര സ്വഭാവമാണെങ്കിൽ പൂർണ്ണ നഗര സ്വഭാവം കാണിക്കുന്ന പ്രദേശത്തിന്റെ വിസ്തൃതിയോട് കൂട്ടുകയും, അങ്ങനെ ലഭിക്കുന്ന വിസ്തീർണ്ണം 50% ൽ കൂടുതലാണെങ്കിൽ ആ പ്രദേശത്തിന്റെ മൊത്തത്തിലെ പ്രവർത്തന സ്വഭാവം നഗര സ്വഭാവമാണെന്ന് കണക്കാക്കാം.

മറിച്ച് സമ്മിശ്ര സ്വഭാവം കാണിക്കുന്ന വാസമേഖലയുടെ പ്രവർത്തന സ്വഭാവം ഗ്രാമീണ സ്വഭാവമാണെങ്കിൽ പൂർണ്ണതോതിലെ ഗ്രാമീണ സ്വഭാവം കാണിക്കുന്ന പ്രദേശത്തിന്റെ വിസ്തൃതിയോട് കൂട്ടുകയും അങ്ങനെ ലഭിക്കുന്ന വിസ്തീർണ്ണം 50% ൽ കൂടുതലാണെങ്കിൽ ആ പ്രദേശത്തിന്റെ മൊത്തത്തിലുള്ള പ്രവർത്തന സ്വഭാവം ഗ്രാമീണ സ്വഭാവമാണെന്ന് കണക്കാക്കാം. സമ്മിശ്ര സ്വഭാവം കാണിക്കുന്ന വാസമേഖലയുടെ വിസ്തീർണ്ണം 50% കൂടുതലാണെങ്കിൽ ഈ സമ്മിശ്ര സ്വഭാവം കാണിക്കുന്ന വാസമേഖലയുടെ സ്വഭാവം തന്നെയായിരിക്കും ആ പ്രദേശത്തിന്റെ മൊത്തത്തിലുള്ള പ്രവർത്തന സ്വഭാവം.

Fig: 3.32
ജില്ലയിലെ തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളുടെ പ്രവർത്തന സ്വഭാവം



തിരുവനന്തപുരം നഗരം പൂർണ്ണമായും നാഗരിക സ്വഭാവം കാണിക്കുന്നു എന്നു കാണാം. ഇതിനു പുറമെ ആറ്റിങ്ങൽ, വർക്കല പട്ടണങ്ങളും നാഗരിക സ്വഭാവം പ്രകടിപ്പിക്കുന്നു. നെയ്യാറ്റിൻകര അർദ്ധ ഗ്രാമീണ സ്വഭാവം കാണിക്കുന്നു. ജില്ലയിലെ മറ്റ് തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളെല്ലാം ഗ്രാമീണ സ്വഭാവം പ്രകടിപ്പിക്കുന്നതായാണ് വിശകലനത്തിൽ നിന്ന് വ്യക്തമാകുന്നത്.

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വികസന ശ്രേണിയിലെ ക്രമം

വിവിധ പ്രദേശങ്ങളിൽ നിലവിലുള്ള ഭൗതിക-സാമൂഹിക പശ്ചാത്തല സൗകര്യങ്ങളുടെ അടിസ്ഥാനത്തിലാണ് തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളുടെ വികസന ശ്രേണിയിലെ ക്രമം നിർണ്ണയിക്കുന്നത്. ഓരോ തദ്ദേശസ്വയം ഭരണ സ്ഥാപനത്തിനെയും ഓരോ അധിവാസ കേന്ദ്രമായി കണക്കാക്കിയാണ് ഭൗതിക-സാമൂഹിക സൗകര്യങ്ങളുടെ വെയിറ്റേജ് കണക്കാക്കുന്നത്. വിദ്യാഭ്യാസ സ്ഥാപനങ്ങൾ, ആരോഗ്യ സംരക്ഷണ സൗകര്യങ്ങൾ, ധനകാര്യ സ്ഥാപനങ്ങൾ, കായിക-വിനോദ സൗകര്യങ്ങൾ, ഗതാഗത സൗകര്യങ്ങൾ തുടങ്ങിയ പശ്ചാത്തല സൗകര്യങ്ങളുടെ എണ്ണം, വിന്യാസം, വിതരണം എന്നിവ പരിഗണിച്ചു കൊണ്ടാണ് ഈ സ്ഥാനം നിർണ്ണയിക്കപ്പെടുന്നത്. ഇതോടൊപ്പം ജനസംഖ്യാ വളർച്ചാ നിരക്ക്, ജനസാന്ദ്രത എന്നിവ കൂടി കണക്കിലെടുത്താണ് വികസന ശ്രേണിയിലെ ക്രമം നിർണ്ണയിച്ചിരിക്കുന്നത്.

അധിവാസ കേന്ദ്രങ്ങളുടെ നിലവിലെ ക്രമം

സൂചിപ്പിച്ച പ്രകാരം മൂന്നു മാനദണ്ഡങ്ങൾക്കു വിധേയമായാണ് വികസന ശ്രേണിയിലെ ക്രമത്തിലേക്ക് എത്തപ്പെട്ടിരിക്കുന്നത്.

മാനദണ്ഡം 1: സംയുക്ത പശ്ചാത്തല വികസന സൂചിക

മാനദണ്ഡം 2: ജനസംഖ്യാ വളർച്ചാ നിരക്ക്

മാനദണ്ഡം 3: ജനസാന്ദ്രത

മാനദണ്ഡം 1: സംയുക്ത പശ്ചാത്തല വികസന സൂചിക

സംയുക്ത പശ്ചാത്തല വികസന സൂചിക ഒരു തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ നിലവിലുള്ള സാമൂഹിക-ഭൗതിക സൗകര്യങ്ങളെ ആധാരമാക്കി അവയെ ക്രമപ്പെടുത്താൻ സഹായിക്കുന്നു. സൗകര്യങ്ങളുടെ വെയിറ്റേജ് കണക്കാക്കിയാണ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വികസന ശ്രേണിയിലെ ക്രമം കണ്ടെത്തുന്നത്.

പട്ടിക: 3.5

സി.എഫ്.ഐ കണക്കാക്കുന്നതിന് പരിഗണിച്ച സൗകര്യങ്ങൾ

സൗകര്യങ്ങൾ	വെയിറ്റേജ്
പോലീസ് സ്റ്റേഷൻ	1.70
ഫയർ സ്റ്റേഷൻ	3.55
ഫോറസ്റ്റ് സ്റ്റേഷൻ	7.09
പോസ്റ്റ് ഓഫീസ്	1.03
ടെലഫോൺ എക്സ്ചേഞ്ച്	3.90
സിനിമ തീയേറ്റർ	3.90
പബ്ലിക് ലൈബ്രറി	1.56
ബസ് സ്റ്റേഷൻ	3.39
ഓപ്പൺ സ്റ്റേഡിയം/ സ്റ്റേഡിയം/ പ്ലേ ഗ്രൗണ്ട്	7.09
സ്വിവറേജ് ട്രീറ്റ്മെന്റ് പ്ലാന്റ്/ സോളിഡ് വേസ്റ്റ്	7.09
മാർക്കറ്റ്	1.05
വെറ്ററിനറി സബ് സെന്റർ/ ആശുപത്രി	1.42
പബ്ലിക് ഹെൽത്ത് സെന്റർ/ ചൈൽഡ് ഹെൽത്ത് സെന്റർ	1.07
ആശുപത്രികൾ	4.59
ആയുർവേദ ആശുപത്രികൾ	1.30
ഹോമിയോ	1.37
ബാങ്ക്	1.05
ടൂറിസം ഫെസിലിറ്റി	4.59
റെയിൽവേ സ്റ്റേഷൻ	15.60
എൽ.പി/ യു.പി/ ഹൈസ്കൂൾ	1.08
എച്ച്.എസ്.എസ്/ വി.എച്ച്.എസ്.സി	1.15
ഐ.റ്റി.സി/ ഐ.റ്റി.ഐ/ റ്റി.റ്റി.സി/ റ്റി.റ്റി.ഐ/ പോളിടെക്നിക്	7.80
എഞ്ചിനീയറിംഗ് കോളേജ്	5.57
മെഡിക്കൽ കോളേജ്	19.50
ആയുർവേദ / സിദ്ധ/ ഹോമിയോ മെഡിക്കൽ കോളേജ്	26.00
കൃഷി ഭവൻ	1.00
ബി.എഡ് കോളേജ്/ ആർട്സ് & സയൻസ് കോളേജ്	4.59

ഇത്തരത്തിൽ സി.എഫ്.ഐ കണക്കാക്കുന്നത് ജില്ലയിൽ നിലവിൽ പശ്ചാത്തല സൗകര്യങ്ങൾ എപ്രകാരം വിന്യസിച്ചിരിക്കുന്നു എന്നതിന് അനുസൃതമായാണ്. വികസന ശ്രേണിയിലെ ക്രമം കണ്ടെത്തുന്നതിന് ഇത് ഉപയോഗപ്പെടുത്തിയിരിക്കുന്നു.

Fig: 3.33

സംയുക്ത പശ്ചാത്തല വികസന സൂചിക പ്രകാരമുള്ള ക്രമം



തിരുവനന്തപുരം നഗരസഭയാണ് ഏറ്റവും കൂടിയ സി.എഫ്.ഐ കാണിക്കുന്നത്. ജില്ലയിലെ മറ്റു നാലു നഗര തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾ 100 നും 199 നും ഇടയ്ക്ക് സി.എഫ്.ഐ ഉള്ളവയാണ്. 50 മുതൽ 100 വരെ മൂല്യം ഉള്ള 33 തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളുണ്ട്. ഇതിൽ തന്നെ 10 എണ്ണം 75 നു മുകളിൽ സി.എഫ്.ഐ യുടെ മൂല്യം ഉള്ളവയാണ്. അരുവിക്കര, പെരിങ്ങമല, കാഞ്ഞിരംകുളം, കാട്ടാക്കട, കല്ലിയൂർ, പാറശ്ശാല, അണ്ടൂർക്കോണം, വിതുര, കരകുളം, നന്ദിയോട് എന്നിവയാണ് അവ.

മാനദണ്ഡം 2: ജനസംഖ്യാ വളർച്ചാ നിരക്ക്

സംസ്ഥാന ശരാശരിയായ 5% ത്തേക്കാൾ ജനസംഖ്യാ വളർച്ചാ നിരക്ക് കാണിക്കുന്ന തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളെയാണ് കണക്കിലെടുത്തിരിക്കുന്നത്. ഇത് ചിത്രം 3.34 ൽ രേഖപ്പെടുത്തിയിരിക്കുന്നു.

Fig: 3.34

ജനസംഖ്യാ വളർച്ചാ നിരക്ക് പ്രകാരമുള്ള അധിവാസ കേന്ദ്രങ്ങളുടെ ക്രമം



5% ൽ അധികം ജനസംഖ്യാ വളർച്ചാ നിരക്കുള്ള പഞ്ചായത്തുകൾ കുന്നത്തുകാൽ, നെല്ലനാട്, മുദാക്കൽ, വിളപ്പിൽ, പോത്തൻകോട്, നാവായിക്കുളം, മംഗലപുരം, വെങ്ങാനൂർ, വെള്ളനാട്, അണ്ടൂർക്കോണം, കാട്ടാക്കട, വെമ്പായം, മലയിൻകീഴ്, കല്ലിയൂർ, കരകുളം, വിളവൂർക്കൽ എന്നിവ ജില്ലയുടെ ശരാശരി വളർച്ചാ നിരക്കിന്റെ (2.25%) ഇരട്ടിയേക്കാൾ കൂടുതൽ വളർച്ചാ നിരക്ക് കാണിക്കുന്നു.

മാനദണ്ഡം 3:ജനസാന്ദ്രത

ശരാശരി ജനസാന്ദ്രത ച.കി.മീ ന് 2000 ൽ കൂടുതലുള്ള തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളെയാണ് ഇതിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. ഇത് മാപ്പ് ചെയ്തിരിക്കുന്നത് ചിത്രം 3.35 ൽ കാണാവുന്നതാണ്.

Fig: 3.35

ജനസാന്ദ്രത അനുസരിച്ചുള്ള ക്രമം



വികസന ശ്രേണിയിലെ അധിവാസ കേന്ദ്രങ്ങൾ

മേൽ സൂചിപ്പിച്ച മൂന്നു മാനദണ്ഡങ്ങളെയും പരിഗണിച്ചുകൊണ്ട് വികസന ശ്രേണിയിലെ അധിവാസ കേന്ദ്രങ്ങൾ ക്രമപ്പെടുത്തിയിരിക്കുന്നു. അത്തരത്തിൽ ഒന്നാം നിര മുതൽ 4–ാം നിര വരെ 29 തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളെ ക്രമപ്പെടുത്തിയിരിക്കുന്നത് ചിത്രം 3.36 ലും പട്ടിക 3.6 ലും കാണാവുന്നതാണ്.

Fig: 3.36

അധിവാസ കേന്ദ്രങ്ങളുടെ വികസന ശ്രേണിയിലെ ക്രമം



പട്ടിക: 3.6

അധിവാസ കേന്ദ്രങ്ങളുടെ വികസന ശ്രേണിയിലെ ക്രമം

തദ്ദേശസ്വയം ഭരണ സ്ഥാപനത്തിന്റെ പേര്	അധിവാസ കേന്ദ്രങ്ങളുടെ വികസന ശ്രേണിയിലെ ക്രമം	അധിവാസ കേന്ദ്രങ്ങളുടെ സ്വഭാവം
തിരുവനന്തപുരംകോർപ്പറേഷൻ	I	നഗരം
നെയ്യാറ്റിൻകര	II	അർദ്ധ ഗ്രാമം
ആറ്റിങ്ങൽ	II	നഗരം
നെടുമങ്ങാട്	II	ഗ്രാമം
വർക്കല	II	നഗരം
കാട്ടാക്കട	II	ഗ്രാമം
നെല്ലനാട്	III	ഗ്രാമം
വെള്ളനാട്	III	ഗ്രാമം
അണ്ടൂർക്കോണം	III	ഗ്രാമം
വിതുര	III	ഗ്രാമം
കാഞ്ഞിരംകുളം	III	ഗ്രാമം
പെരിങ്ങമ്മല	III	ഗ്രാമം
കരകുളം	III	ഗ്രാമം
അരുവിക്കര	III	ഗ്രാമം
വെങ്ങാനൂർ	III	ഗ്രാമം
പാറശ്ശാല	III	ഗ്രാമം
കല്ലിയൂർ	III	ഗ്രാമം
നാവായിക്കുളം	IV	ഗ്രാമം
കുന്നത്തുകാൽ	IV	ഗ്രാമം
മുദാക്കൽ	IV	ഗ്രാമം
വക്കം	IV	ഗ്രാമം
മംഗലാപുരം	IV	ഗ്രാമം
പോത്തൻകോട്	IV	ഗ്രാമം
വെമ്പായം	IV	ഗ്രാമം
വിളപ്പിൽ	IV	ഗ്രാമം
വിളവൂർക്കൽ	IV	ഗ്രാമം
മലയിൻകീഴ്	IV	ഗ്രാമം
ബാലരാമപുരം	IV	ഗ്രാമം
നന്ദിയോട്	IV	ഗ്രാമം

നഗരവത്ക്കരണം

സംസ്ഥാനത്തിന്റെ നഗരവത്ക്കരണ സ്ഥിതി

2001 ലെ സെൻസസ് പ്രകാരം കേരളത്തിലെ ജനസംഖ്യയുടെ 74% അധിവസിച്ചിരുന്നത് ഗ്രാമപ്രദേശങ്ങളിലാണ്. എന്നാൽ 2011 ലെ സെൻസസ് പ്രകാരം ഇത് 53 ശതമാനമായി കുറഞ്ഞിട്ടുണ്ട്. ത്വരിതഗതിയിലുള്ള നഗരവത്ക്കരണ പ്രവണതയാണ് ഇതിൽ നിന്ന് മനസ്സിലാക്കാവുന്നത്. നഗര ജനസംഖ്യ ഈ കാലഘട്ടത്തിൽ 26% ൽ നിന്ന് 47% മായി ഉയർന്നു. കേരളത്തിന്റെ പൊതുവായ സ്ഥിതി പരിശോധിക്കുമ്പോൾ ജനസംഖ്യാ വളർച്ചാ നിരക്ക് കുറഞ്ഞു വരുന്നത് വ്യക്തമാണ്. എന്നാൽ നഗര ജനസംഖയയിൽ വൻ വർദ്ധനവ് കാണപ്പെടുന്നു. പട്ടിക 3.7 ൽ സംസ്ഥാനത്തിന്റെ നഗരവത്കരണ പ്രവണതയെ സംബന്ധിച്ച വിവരങ്ങൾ ചേർത്തിരിക്കുന്നു.

പട്ടിക: 3.7

കേരളത്തിലെ നഗരവത്ക്കരണ പ്രവണത – 1981–2011

വർഷം	ആകെ ജനസംഖ്യ	ആകെ നഗര ജനസംഖ്യ	നഗര ജനസംഖ്യയുടെ ശതമാനം	ആകെ ജനസംഖ്യ സംഖ്യയുടെ വളർച്ചാ നിരക്ക്	നഗര ജനസംഖ്യയുടെ വളർച്ചാ നിരക്ക്
1981	25453680	4771275	18.74	19.24	37.64
1991	29098518	7680924	26.39	14.32	60.97
2001	31838619	8267135	25.97	9.42	7.64
2011	33406061	15934926	47.7	4.92	83.67

2011 സെൻസസ് പ്രകാരം നഗര ജനസംഖ്യ മുൻ ദശകത്തെ അപേക്ഷിച്ച് 83.67% ഉയർന്നതായാണ് കാണുന്നത്. ആകെ ജനസംഖ്യ 5% ൽ താഴെ മാത്രം ഉയർന്ന സാഹചര്യത്തിലാണിത് വീക്ഷിക്കേണ്ടത്. 2001 നെ അപേക്ഷിച്ച് പല ഗ്രാമീണ തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളും നഗര സ്വഭാവം കാണിക്കുന്നതായി ഇതിൽ നിന്ന് അനുമാനിക്കാം. കേരളത്തിന്റെ സവിശേഷതയായ ഗ്രാമ–നഗര വേർതിരിവില്ലായ്മ പരിഗണിച്ചു കൊണ്ട് ഗ്രാമ പ്രദേശങ്ങൾക്കും പശ്ചാത്തല സൗകര്യങ്ങളും സാമ്പത്തിക അടിത്തറയും മെച്ചപ്പെടുത്തേണ്ട ആവശ്യകത വ്യക്തമാകുന്നു.

തിരുവനന്തപുരം ജില്ലയുടെ നഗര പ്രദേശങ്ങൾ

സെൻസസ് നിർവ്വചനം അനുസരിച്ച് നിയമാനുസൃതം പ്രഖാപിക്കപ്പെട്ട നഗര സ്വയംഭരണ സ്ഥാപനങ്ങളും 5000 – ൽ കൂടുതൽ ജനസംഖ്യ, ഒരു ച.കി.മീ ൽ 400 ആളുകൾ, തൊഴിലാളികളായ പുരുഷന്മാരിൽ 75% തൃതീയ മേഖലയിൽ ജോലി ചെയ്യുക എന്നീ മാനദണ്ഡങ്ങൾ പാലിക്കുന്ന അധിവാസ കേന്ദ്രങ്ങളും നഗര പ്രദേശമായി കണക്കാക്കുന്നുണ്ട്. അത്തരത്തിൽ പരിഗണിക്കുമ്പോൾ ജില്ലയിലെ മിക്ക തദ്ദേശസ്വയംഭരണ സ്ഥാപനവും നഗരസ്വഭാവം പ്രകടിപ്പിക്കുന്നതായി കാണാവുന്നതാണ്. എന്നാൽ സെൻസസ് പ്രകാരം ഭരണപരമായ നഗര തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾക്കു പുറമെ സെൻസസ് ടൗണുകൾ, നഗരസഞ്ചയം എന്നിങ്ങനെ നഗര സ്വഭാവമുള്ള കേന്ദ്രങ്ങളെ വിവക്ഷിക്കുന്നുണ്ട്. 2011 ലെ സെൻസസ് പ്രകാരം ടൗണുകളും, നഗരസഞ്ചയങ്ങളുമുണ്ട്.

ജില്ലയിൽ ഒരു കോർപ്പറേഷനും 4 മുനിസിപ്പാലിറ്റികളും ഉൾപ്പെടെ ഭരണപരമായി 5 നഗര പ്രദേശങ്ങളാണ് ഉള്ളത്.

തിരുവനന്തപുരം കോർപ്പറേഷൻ, വർക്കല, ആറ്റിങ്ങൽ, നെടുമങ്ങാട്, നെയ്യാറ്റിൻകര എന്നീ മുനിസിപ്പാലിറ്റികൾ ഇവയാണ് നഗര തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ. ഇവയോടൊപ്പം നഗരസ്വഭാവമുള്ള കേന്ദ്രങ്ങളിലെയും കൂടി ജനസംഖ്യ കണക്കിലെടുത്ത് ആകെ ജനസംഖ്യയുടെ 53.66% നഗര ജനസംഖ്യയായി വ്യക്തമാക്കിയിരിക്കുന്നു.

കേരളത്തിലെ വിവിധ ജില്ലകളുടെ നഗരവത്ക്കരണം പരിശോധിക്കുമ്പോൾ തലസ്ഥാന ജില്ല 6–ാം സ്ഥാനത്ത് നിൽക്കുന്നു. ജില്ലയിലെ നഗരവത്ക്കരണ പ്രവണത പട്ടിക 3.8 ൽ കാണിച്ചിരിക്കുന്നു.

പട്ടിക: 3.8

ജില്ലയിലെ നഗരവത്ക്കരണ പ്രവണത 1981 – 2011

വർഷം	ആകെ ജനസംഖ്യ	നഗര ജനസംഖ്യ	നഗര ജനസംഖ്യയുടെ ശതമാനം
1981	2596112	655761	25.26
1991	2946650	998243	33.88
2001	3234356	1091661	33.75
2011	3301427	1771596	53.66

നഗര ജനസംഖ്യയുടെ വളർച്ചാ നിരക്ക്

ആകെ ജനസംഖ്യയുടെയും നഗര ജനസംഖ്യയുടെയും വളർച്ചാ നിരക്കിന്റെ താരതമ്യം ചിത്രം 3.37 ൽ കാണിച്ചിരിക്കുന്നു.

Fig: 3.37
ജില്ലയിലെ ആകെ ജനസംഖ്യയുടെയും നഗര ജനസംഖ്യയുടെയും
വളർച്ചാ നിരക്കിന്റെ താരതമ്യം



നിലവിലെ നഗര പ്രദേശത്തിനു സമീപമുള്ള ഗ്രാമ പ്രദേശങ്ങളെ പട്ടണ പ്രദേശത്തോട് കൂട്ടി ചേർക്കുന്നത് നഗര ജനസംഖ്യാ വർദ്ധനവിന് ഒരു പ്രധാന കാരണമാണ്.

ജില്ലയിലെ ഭാവി നഗര രൂപരേഖ

നിലവിലെ നഗര ഭരണ പ്രദേശങ്ങൾ 2011 ലെ സെൻസസ് അനുസരിച്ച് നഗര സ്വഭാവമുള്ള മറ്റ് ഭരണ സ്ഥാപനങ്ങൾ, വൻകിട വികസന പദ്ധതി നിർദ്ദേശിച്ചിട്ടുള്ള പ്രദേശങ്ങൾ, വികസന ശ്രേണിയിലെ ക്രമം എന്നിങ്ങനെ വിവിധ മാനദണ്ഡങ്ങൾ കണക്കിലെടുത്താണ് നഗര ഘടന രൂപപ്പെടുത്തിയിരിക്കുന്നത്.

Fig:3.38
നിലവിലെ നഗര പ്രദേശങ്ങൾ



മാനദണ്ഡം 1: നിലവിലെ നഗര പ്രദേശങ്ങൾ

തിരുവനന്തപുരം കോർപ്പറേഷൻ, ആറ്റിങ്ങൽ, വർക്കല, നെടുമങ്ങാട്, നെയ്യാറ്റിൻകര മുനിസിപ്പാലിറ്റികൾ എന്നിവ ഈ വിഭാഗത്തിൽ ഉൾപ്പെടുന്നു (ചിത്രം 3.38). താലൂക്ക് ആസ്ഥാനങ്ങൾ കൂടി ഭാവിയിൽ ഇതിൽ ഉൾപ്പെടുത്തേണ്ടതുണ്ട്.

മാനദണ്ഡം 2: സെൻസസ് 2011 പ്രകാരമുള്ള മറ്റു നഗര പ്രദേശങ്ങൾ

2011 സെൻസസിൽ 'സെൻസസ് ടൗണുകൾ' എന്ന വിഭാഗത്തിൽ ഉൾപ്പെടുത്തിയിട്ടുള്ള പ്രധാന തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളെ രേഖപ്പെടുത്തിയത് ചിത്രം 3.39 ൽ കാണാവുന്നതാണ്.

Fig: 3.39

സെൻസസ് 2011 പ്രകാരമുള്ള മറ്റു നഗരപ്രദേശങ്ങൾ



Fig: 3.40

വൻകിട പദ്ധതികൾ നിർദ്ദേശിച്ചിട്ടുള്ള പ്രദേശങ്ങൾ



മാനദണ്ഡം 3: വൻകിട പദ്ധതികൾ നിർദ്ദേശിച്ചിട്ടുള്ള പ്രദേശങ്ങൾ

വിഴിഞ്ഞം തുറമുഖ പദ്ധതി, ടെക്നോപാർക്കിന്റെ 4–ാം ഘട്ടമായ ടെക്നോസിറ്റി, ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സ്പേസ് ടെക്നോളജി, ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയൻസ് എഡ്യൂക്കേഷൻ ആന്റ് റിസർച്ച് തുടങ്ങിയ ദേശീയ തലത്തിലുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങൾ, ടൂറിസം പ്രാമുഖ്യമുള്ള മേഖലകൾ തുടങ്ങിയവ കണക്കിലെടുത്തിരിക്കുന്നു. കോട്ടുകാൽ, വെങ്ങാനൂർ, അണ്ടൂർക്കോണം, മംഗലപുരം, കഠിനംകുളം, പൂവാർ, വെള്ളനാട് തുടങ്ങിയ പഞ്ചായത്തുകൾ ഈ വിഭാഗത്തിൽപെടുന്നു. (ചിത്രം 3.40)

മാനദണ്ഡം 4: തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളുടെ വികസന ശ്രേണിയിലെ ക്രമം

മുൻ അദ്ധ്യായത്തിൽ രൂപപ്പെടുത്തിയിട്ടുള്ള വികസന ശ്രേണിയിലെ ക്രമം കൂടി (ചിത്രം 3.41) പരിഗണിച്ചു കൊണ്ടാണ് ഭാവി വികസന കേന്ദ്രങ്ങൾ കണ്ടെത്തിയത്.

Fig: 3.41

ഭാവി വികസന കേന്ദ്രങ്ങൾ



ഭാവി നഗര ഘടന

മേൽ സൂചിപ്പിച്ചിട്ടുള്ള മാനദണ്ഡങ്ങൾക്കു വിധേയമായി പരിഗണിക്കപ്പെട്ട താഴെപ്പറയുന്ന തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നാണ് ഭാവി വികസന കേന്ദ്രങ്ങൾ കണ്ടെത്തിയത്. വികേന്ദ്രീയമായി സൗകര്യങ്ങൾ ലഭിക്കും വിധം ഇവയെ പുന:ക്രമീകരിച്ചിരിക്കുന്നു. 8 കി.മീ നുള്ളിൽ അവശ്യം വേണ്ട സൗകര്യങ്ങൾ ലഭിക്കത്തക്ക വിധവും വിവിധ ശ്രേണി ക്രമങ്ങളിലെ കേന്ദ്രങ്ങൾ തമ്മിലുള്ള പാരസ്പര്യം സാധ്യമാക്കും വിധവും ജനവിന്യാസം കണക്കാക്കിയും ഭാവി വികസന കേന്ദ്രങ്ങൾ മുന്നോട്ട് വച്ചിരിക്കുന്നു. ഇവയിൽ പശ്ചാത്തല വികസനവും നഗര സൗകര്യങ്ങളുടെ ലഭ്യതയും ഉറപ്പ് വരുത്തേണ്ടതുണ്ട്. പരിഗണിക്കപ്പെട്ട മാനദണ്ഡങ്ങൾക്കു വിധേയമായി രൂപപ്പെടുത്തിയ നഗരഘടന ചിത്രം 3.42 ലും പട്ടിക 3.9 ലും ചേർത്തിരിക്കുന്നു.

പട്ടിക 3.9

ഭാവി വികസന കേന്ദ്രങ്ങൾ

തദ്ദേശസ്വയം ഭരണ സ്ഥാപനത്തിന്റെ പേര്	അധിവാസ കേന്ദ്രങ്ങളുടെ വികസന ശ്രേണിയിലെ ക്രമം	അധിവാസ കേന്ദ്രങ്ങളുടെ സ്വഭാവം
തിരുവനന്തപുരം കോർപ്പറേഷൻ	I	നഗരം
നെയ്യാറ്റിൻകര	II	അർദ്ധ ഗ്രാമം
ആറ്റിങ്ങൽ	II	നഗരം
നെടുമങ്ങാട്	II	ഗ്രാമം
വർക്കല	II	നഗരം
കാട്ടാക്കട	II	ഗ്രാമം
നെല്ലനാട്	II	ഗ്രാമം
വെള്ളനാട്	II	ഗ്രാമം
പഴയകുന്നുമ്മേൽ	III	ഗ്രാമം
മംഗലപുരം	III	ഗ്രാമം
വിതുര	III	ഗ്രാമം
കുന്നത്തുകാൽ	III	ഗ്രാമം
കാഞ്ഞിരംകുളം	III	ഗ്രാമം
നന്ദിയോട്	III	ഗ്രാമം
പാറശ്ശാല	III	ഗ്രാമം

Fig:3.42
ഭാവി നഗരഘടന



തിരുവനന്തപുരം നഗരം ഒന്നാം ശ്രേണിയിലെ അധിവാസ കേന്ദ്രമായും നെയ്യാറ്റിൻകര, ആറ്റിങ്ങൽ, വർക്കല, നെടുമങ്ങാട്, കാട്ടാക്കട, നെല്ലനാട് എന്നീ തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളെ രണ്ടാം ശ്രേണിയിലും പഴയകുന്നുമ്മേൽ, മംഗലപുരം, വിതുര, കുന്നത്തുകാൽ, കാഞ്ഞിരംകുളം, നന്ദിയോട്, പാറശ്ശാല എന്നിവ മൂന്നാം ശ്രേണിയിലും വികസിക്കേണ്ടതുണ്ട്. മറ്റ് തദ്ദേശ ഭരണ സ്ഥാപനങ്ങളിലും സൗകര്യങ്ങളുടെ നിലവാരമുയർത്തേണ്ടതുണ്ട്.

വികസന നിയന്ത്രണ മേഖലകൾ

സുസ്ഥിരമായ വികസനം സാധ്യമാക്കണമെങ്കിൽ പരിസ്ഥിതിക്കും ആവാസവ്യവസ്ഥക്കും ദോഷം വരാത്ത തരത്തിലുള്ള വികസന പ്രക്രിയ ആവിഷ്ക്കരിക്കേണ്ടതുണ്ട്. അശാസ്ത്രീയമാ വികസന പ്രവർത്തനങ്ങൾ ജൈവവ്യവസ്ഥയെത്തന്നെ ബാധിക്കുന്ന വിധത്തിലാണ് നടന്നു വരുന്നത്. കാലാവസ്ഥാ വ്യതിയാനവും ആഗോള താപനവും, വികസന പ്രവർത്തനങ്ങളും പരിസ്ഥിതിയും തമ്മിലുള്ള സന്തുലിതാവസ്ഥ നഷ്ടമാകുന്നതിന്റെ പരിണിത ഫലങ്ങളാണ്. അതിനാൽ അത്തരം പരിസ്ഥിതി പ്രാധാന്യമുള്ള സ്ഥലങ്ങളിൽ വികസന നിയന്ത്രണങ്ങൾ അത്യാവശ്യമാണ്.

ജില്ലയിലെ പരിസ്ഥിതി ലോല പ്രദേശങ്ങൾ

ജില്ലയിൽ വികസന നിയന്ത്രണം ആവശ്യമായ പരിസ്ഥിതി ലോല പ്രദേശങ്ങൾ താഴെ നൽകിയിരിക്കുന്നു.

- ഉയർന്ന പ്രദേശങ്ങൾ
- കുത്തനെ ചരിവുള്ള പ്രദേശങ്ങൾ
- തണ്ണീർത്തടങ്ങൾ, ജലാശയങ്ങൾ, നെൽപ്പാടങ്ങളും
- തീരദേശ നിയന്ത്രണ മേഖല
- താഴ്ന്ന പ്രദേശങ്ങൾ

ഉയർന്ന പ്രദേശങ്ങൾ

ജില്ലയിൽ സമുദ്ര നിരപ്പിൽ നിന്നും 200 മീ. ൽ അധികം ഉയരത്തിലുള്ള പ്രദേശങ്ങൾ പശ്ചിമഘട്ടത്തിനോട് വളരെ ചേർന്നാണ് സ്ഥിതി ചെയ്യുന്നത്. ഇവയിൽ വനപ്രദേശങ്ങളും ഉയര വ്യതിയാനം ഉള്ള ഭൂപ്രകൃതിയോട് കൂടിയ പ്രദേശങ്ങളും ഉൾപ്പെടുന്നതിനാൽ ഈ മേഖലയിൽ വികസന നിയന്ത്രണം ആവശ്യമാണ്.

ചിത്രം 3.43 ൽ ജില്ലയിലെ ഉയരം കൂടിയ പ്രദേശങ്ങൾ ചുവന്ന നിറത്തിൽ കാണിച്ചിരിക്കുന്നു. ഇവയിൽ ഭൂരിഭാഗവും കുന്നിൻ പുറങ്ങളുടെ ഭാഗമായതിനാൽ വലിയ വികസനത്തിന് യോജിച്ചവയല്ല.

കുത്തനെ ചരിവുള്ള പ്രദേശങ്ങൾ

മണ്ണൊലിപ്പ്, മണ്ണിടിച്ചിൽ എന്നിവയ്ക്ക് സാധ്യത ഉള്ളതിനാൽ വാസഗൃഹങ്ങൾ വ്യവസായ ശാലകൾ എന്നിവ നിർമ്മിക്കുന്നതിന് കുത്തനെ ചരിവുള്ള പ്രദേശങ്ങൾ യോജിച്ചവയല്ല. 35 ഡിഗ്രിയിൽ കൂടുതൽ ചരിവുള്ള പ്രദേശങ്ങൾ നിർമ്മാണത്തിന് ഉപയോഗിക്കാതിരിക്കുന്നതാണ് അഭികാമ്യം. ജില്ലയിലെ വടക്കു കിഴക്ക് ഭാഗത്തെ മലമ്പ്രദേശങ്ങളാണ് പ്രധാനമായും ഇത്തരത്തിലുള്ള ചരിവ് പ്രകടമാക്കുന്നത്. അവിടെയും ഉയർന്ന ചരിവുള്ള മറ്റു പ്രദേശങ്ങളിലും പാരിസ്ഥിതിക പഠനത്തിനു ശേഷം നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നതാണ് ഉചിതം.

Fig: 3.43

തിരുവനന്തപുരം ജില്ല– ഉയര വ്യതിയാനം



Fig: 3.44

ജില്ലയിലെ ഭൂപ്രദേശത്തിന്റെ ചരിവ്



തണ്ണീർത്തടങ്ങൾ, ജലാശയങ്ങൾ, നെൽപ്പാടങ്ങൾ

വികസന പ്രവർത്തനങ്ങൾ, അവയെ തുടർന്നുള്ള മാലിന്യ പ്രശ്നങ്ങൾ എന്നിവ കൂടുതൽ ബാധിക്കുന്നത് നെൽവയലുകൾ, തണ്ണീർത്തടങ്ങൾ, ജലാശയങ്ങൾ എന്നിവയെയാണ്. കൂടാതെ ഇത്തരം പ്രദേശങ്ങളിൽ ഭൂഗർഭ ജലവിതാനം ഉയർന്നിരിക്കുന്നതിനാൽ, ഇവയിൽ നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നത്

ഭൂഗർഭജല ത്തിന്റെ അളവ് കുറയുന്നതിന് കാരണമായിത്തീരുന്നുണ്ട്. പ്രാദേശിക കാലാവസ്ഥ നിയന്ത്രിക്കുന്നതിനും ജലവിതാനം നിലനിറുത്തുന്നതിനും ഇത്തരത്തിലുള്ള മേഖലകളുടെ സംരക്ഷണം അത്യാവശ്യമാണ്. നീരൊഴുക്ക് തടസ്സപ്പെടുന്ന രീതിയിലുള്ള പ്രവർത്തനങ്ങൾ ഇത്തരം സ്ഥലങ്ങളിൽ നടത്തുന്നത് വെള്ളപ്പൊക്കത്തിനും കാരണമായിത്തീരാറുണ്ട്.

Fig: 3.45

പരിസ്ഥിതി ലോല പ്രദേശങ്ങൾ – തിരുവനന്തപുരം ജില്ല



തീരദേശ നിയന്ത്രണ മേഖല

തീരദേശ പരിപാലന മേഖലാ ചട്ടങ്ങൾ പ്രകാരം തീരപ്രദേശത്ത് വേലിയേറ്റ രേഖയിൽ നിന്നും 500 മീറ്ററിനുള്ളിൽ വരുന്ന ഭൂപ്രദേശത്തെ സോൺ I, II, III, IV എന്നീ നാല് മേഖലകളായി തിരിച്ചിരിക്കുന്നു. ഈ മേഖലയിൽ തീരദേശ പരിപാലന നിയമ പ്രകാരം വികസന നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്.

താഴ്ന്ന പ്രദേശങ്ങൾ

ഭൂപ്രകൃതിയിൽ ഏറ്റവും താഴ്ന്ന നിലയിൽ ഉള്ള പ്രദേശങ്ങൾ ഇതിൽ ഉൾപ്പെടുന്നു. ഇത്തരം പ്രദേശങ്ങളിൽ ഭൂമിയുടെ ചരിവ് കുത്തനെ താഴുന്നതായും, പരിസ്ഥിതി ലോല പ്രദേശമായും കാണപ്പെടുന്നു. അതിനാൽ ഇത്തരം പ്രദേശങ്ങളിൽ വികസന നിയന്ത്രണം ആവശ്യമാണ്.

Fig: 3.46

താഴ്ന്ന പ്രദേശങ്ങൾ – തിരുവനന്തപുരം ജില്ല



ഗതാഗത ശൃംഖല

നിലവിലെ ഗതാഗത ശൃംഖല

ജില്ലയിലെ പ്രധാന റോഡുകളെ ദേശീയപാത, സംസ്ഥാന പാത, പ്രധാന ജില്ലാ റോഡുകൾ, മൈനർ റോഡുകൾ എന്നിങ്ങനെ നാലായി തരംതിരിച്ചിരിക്കുന്നു. ചിത്രം 3.47 ൽ നിലവിലെ ഗതാഗത ശൃംഖല രേഖപ്പെടുത്തിയിരിക്കുന്നു.

Fig: 3.47

നിലവിലെ ഗതാഗത ശൃംഖല



ദേശീയപാത

- ദേശീയപാത 66
- ദേശീയപാത 66 ബൈപ്പാസ്

സംസ്ഥാന പാത

- എസ്.എച്ച്1 – എം.സി.റോഡ്
- എസ്.എച്ച്2 – തിരുവനന്തപുരം–തെന്മല
- എസ്.എച്ച്3 – നെടുമങ്ങാട്–വെള്ളറട
- എസ്.എച്ച്45 – തിരുവനന്തപുരം–പൊന്മുടി
- എസ്.എച്ച്46 – ആറ്റിങ്ങൽ–കിളിമാനൂർ
- എസ്.എച്ച്47 – നെടുമങ്ങാട്–വെമ്പായം–വെഞ്ഞാറമൂട്–ആറ്റിങ്ങൽ
- എസ്.എച്ച്64 – വർക്കല–മടത്തറ

മേൽ റോഡുകളിലെ 55 ജംഗ്ഷനുകളെ പ്രധാനപ്പെട്ട നോഡുകളായി അടയാളപ്പെടുത്തിയിരിക്കുന്നു (ചിത്രം 3.47)

നിലവിലെ ഗതാഗത ശൃംഖലയുടെ ശ്രേണി

Fig: 3.48

നിലവിലെ ഗതാഗത ശൃംഖലയുടെ ശ്രേണി



നിലവിലെ റോഡ് ശൃംഖലയുടെ ശ്രേണിയ്ക്ക് അനുസൃതമായി നോഡുകളുടെ ശ്രേണി നിർണ്ണയിക്കുന്നു. ഉയർന്ന തലത്തിലുള്ള റോഡുകൾ യോജിക്കുന്ന ജംഗ്ഷനുകളെ ഉയർന്ന ശ്രേണിയിലും, മറ്റുള്ളവയെ അനുസൃതമായ ശ്രേണികളിലും ഉൾപ്പെടുത്തിയിരിക്കുന്നു.

രണ്ടു ദേശീയപാതകൾ ചേരുന്ന ജംഗ്ഷനുകളെയും, ദേശീയപാതയും സംസ്ഥാന പാതയും ചേരുന്നവയേയും, സംസ്ഥാന പാതകൾ തമ്മിൽ ചേരുന്നവയും, ഒന്നാം തലത്തിൽ രേഖപ്പെടുത്തിയിരിക്കുന്നു. ദേശീയ പാതയും ജില്ലാ റോഡുകളും ചേരുന്ന ജംഗ്ഷനുകളെ രണ്ടാം തലത്തിലും, സംസ്ഥാന പാതയും ജില്ലാ റോഡുകളും ചേരുന്ന ജംഗ്ഷനുകളെ മൂന്നാം തലത്തിലും മറ്റുള്ളവയെ നാലാം തലത്തിലും ഉൾപ്പെടുത്തിയിരിക്കുന്നു. ചിത്രം 3.48 ൽ ഈ വിവരങ്ങൾ രേഖപ്പെടുത്തിയിരിക്കുന്നു.

55 ജംഗ്ഷനുകളിൽ നിന്നും 27 ജംഗ്ഷനുകളെ പ്രധാനപ്പെട്ട നോഡുകളായി രേഖപ്പെടുത്തിയിരിക്കുന്നു. (ചിത്രം: 3.48)

നിർദ്ദിഷ്ട ഗതാഗത ശൃംഖലയുടെ ശ്രേണി

നിലവിലെ ഗതാഗത ശൃംഖലയുടെ ശ്രേണിയും, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വികസനശ്രേണിയുടെ ക്രമവും അനുസരിച്ച് നിർദ്ദിഷ്ട ഗതാഗത ശൃംഖലയുടെ ശ്രേണി നിർണ്ണയിച്ചിരിക്കുന്നു.

നോഡുകളുടെ ശ്രേണി

ഇതിൻ പ്രകാരം നോഡുകളുടെ ശ്രേണി പുനരവലോകനം നടത്തുകയും, ശ്രേണി മാറ്റങ്ങൾ വരുത്തുകയും, പുതിയ ശ്രേണി നിർണ്ണയിക്കുകയും ചെയ്തിരിക്കുന്നു. ഇതിൻ പ്രകാരം ഉയർന്ന ശ്രേണിയിലുള്ള നോഡുകളുടെ വിവരങ്ങൾ പട്ടിക:3.10 ൽ നൽകിയിരിക്കുന്നു.

പട്ടിക: 3.10

നോഡുകളുടെ ശ്രേണി

ജംഗ്ഷന്റെ പേര്	ഭാവി ശ്രേണി
തമ്പാനൂർ	1
കിളിമാനൂർ	2
വെഞ്ഞാറമൂട്	2
കാട്ടാക്കട	2
വെള്ളനാട്	2
കച്ചേരി	2
നെയ്യാറ്റിൻകര	2
മംഗലാപുരം	2
11–ാം കല്ല്	2
വിഴിഞ്ഞം	2
വർക്കല	2
കല്ലമ്പലം	3
കാരേറ്റ്	3
പാറശ്ശാല	3
ആര്യനാട്	3
വെള്ളറട	3
കേശവദാസപുരം	3
വെമ്പായം	3
പൂവാർ	3
കോവളം	3
പാലോട്	3
വിതുര	3
കാഞ്ഞിരംകുളം	3
വട്ടപ്പാറ	3
ബാലരാമപുരം	3
ശാർക്കര	3
വെങ്ങാനൂർ	3

റോഡുകളുടെ ശ്രേണി

നിലവിലെ റോഡുകളുടെ ശ്രേണിയോടൊപ്പം ഭാവിയിലെ വികസന കേന്ദ്രങ്ങളുടെ ബന്ധിപ്പിക്കലും പരിഗണിച്ചു കൊണ്ട് നിർദ്ദിഷ്ട റോഡുകളുടെ ശ്രേണി നിർണ്ണയിച്ചിരിക്കുന്നു. പുതുതായി നിർദ്ദേശിച്ചിട്ടുള്ള തീരദേശ പാത, മലയോര പാത, റിംഗ്

റോഡ്, ദേശീയ പാതയുടെ വികസനം എന്നിവ പരിഗണിച്ചിട്ടുണ്ട്. ഇതു പ്രകാരം നിർദ്ദിഷ്ട റോഡ് ശൃംഖലയുടെ ശ്രേണി ചുവടെ നൽകിയിരിക്കുന്നു.

ഒന്നാം തലത്തിലുള്ളവ

- ദേശീയപാത 66
- ദേശീയപാത ബൈപ്പാസ്
- സംസ്ഥാന പാത 1, 2

രണ്ടാം തലത്തിലുള്ളവ

- സംസ്ഥാന പാത 3, 45, 46, 47, 64,
- നിർദ്ദിഷ്ട ഔട്ടർ റിംഗ് റോഡ് (മംഗലാപുരം–വട്ടപ്പാറ–മാറനല്ലൂർ–ബാലരാമപുരം–വിഴിഞ്ഞം), നിർദ്ദിഷ്ട മലയോര പാത (പാലോട്–വിതുര–ആര്യനാട്–കള്ളിക്കാട്–വെള്ളറട– പാറശ്ശാല),
- നിർദ്ദിഷ്ട തീരദേശ പാത (പൂവാർ–കോവളം–വർക്കല),
- വർക്കല–ആറ്റിങ്ങൽ–നെല്ലനാട്–നെടുമങ്ങാട്–വെള്ളനാട്–കാട്ടാക്കട–നെയ്യാറ്റിൻകര–പൂവാർ എന്നീ രണ്ടാം ശ്രേണിയിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ ബന്ധിപ്പിച്ചു കൊണ്ടുള്ള പാത

മൂന്നാം തലത്തിലുള്ളവ

- നെയ്യാറ്റിൻകര–കീഴാറൂർ–വെള്ളറട–മാറനല്ലൂർ
- കരമന–തിരുമല–മലയിൻകീഴ്–കാട്ടാക്കട
- മംഗലപുരം–ചിറയിൻകീഴ്–ആറ്റിങ്ങൽ–പെരുമാതുറ
- വർക്കല–കല്ലമ്പലം–കിളിമാനൂർ–കാരേറ്റ്–പാലോട്

മറ്റുള്ള റോഡുകളെ നാലാം തലത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നു.

Fig: 3.49

നിർദ്ദിഷ്ട ഗതാഗത ശൃംഖലയുടെ ശ്രേണി



നിലവിലെ റോഡ്, നോഡ് ശൃംഖലകളെ കുറിച്ചുള്ള വിവരങ്ങൾ സമാഹരിച്ച് പ്രത്യേക മാനദണ്ഡങ്ങൾക്കു അനുസൃതമായി ഇവയുടെ ശ്രേണി നിർണ്ണയിക്കുകയും ആദ്യം പ്രതിപാദിച്ചിട്ടുള്ള തദ്ദേശസ്വയം ഭരണ പ്രദേശങ്ങളുടെ വികസന ശ്രേണിയുടെ ക്രമം കണക്കിലെടുത്തുകൊണ്ട് നിർദ്ദിഷ്ട ഗതാഗത ശൃംഖലയുടെ ശ്രേണി രൂപീകരിക്കുകയും ചെയ്തിരിക്കുന്നു. തദ്ദേശസ്വയംഭരണ പ്രദേശങ്ങളെ കാര്യക്ഷമമായി ബന്ധിപ്പിക്കുവാൻ ഉതകുംവിധമാണ് ഗതാഗത ശൃംഖല നിർണ്ണയിച്ചിരിക്കുന്നത്.

അപഗ്രഥനവും വികസന വീക്ഷണവും

സ്ഥലപര ഘടന

ഗതാഗത ശൃംഖല പഠനത്തിൽ നിന്നും ഉരുത്തിരിഞ്ഞ ഭാവി ഗതാഗത ശൃംഖലയുടെ ശ്രേണിയും, ഭാവി വികസന കേന്ദ്രങ്ങളും സമന്വയിപ്പിച്ച് രൂപപ്പെടുത്തിയ സ്ഥലപര ഘടന ചിത്രം 3.50 ൽ രേഖപ്പെടുത്തിയിരിക്കുന്നു. വികേന്ദ്രീകൃത മാതൃകയിൽ രൂപപ്പെടുത്തിയെടുത്തിട്ടുള്ള വികസന കേന്ദ്രങ്ങളുടെ വളർച്ചയെ ത്വരിതപ്പെടുത്തുവാൻ ഉതകും വിധമാണു നിർദ്ദിഷ്ട സ്ഥലപര ഘടന മുന്നോട്ടു വച്ചിരിക്കുന്നത്.

Fig: 3.50

സ്ഥലപര ഘടന



സ്ഥലപര ഘടനയും വികസന നിയന്ത്രിത മേഖലകളും

സുസ്ഥിര വികസനം സാധ്യമാക്കും വിധം പരിസ്ഥിതി സംരക്ഷണത്തിനും ഊന്നൽ നൽകേണ്ടതാണ്. ഇതിനായി വികസന നിയന്ത്രിത മേഖലകളും, ഭാവി വികസന ഘടനയും ഏകോപിപ്പിച്ചു കൊണ്ടുള്ള ഒരു നയമാണു സ്വീകരിക്കുന്നത്. (ചിത്രം 3.51)

Fig: 3.51

സ്ഥലപര ഘടനയും വികസന നിയന്ത്രിത മേഖലകളും



പരിസ്ഥിതി പ്രാധാന്യമുള്ള ഉയർന്ന ചരിവുള്ള പ്രദേശങ്ങൾ, താഴ്ന്ന പ്രദേശങ്ങൾ, തീരദേശ നിയന്ത്രണ മേഖലകൾ, ജല സ്രോതസ്സുകൾ എന്നിവയാണ് പരിഗണിച്ചിരിക്കുന്നത്. വികസന പരിപ്രേക്ഷ്യത്തിൽ ഭാവി വികസന കേന്ദ്രങ്ങളിൽ നടപ്പിലാക്കേണ്ട വികസനം, പരിസ്ഥിതി ലോല പ്രദേശങ്ങളെയും കണക്കിലെടുത്തുകൊണ്ടാകണം. ഇതിനായി വിശദ നീർത്തട പഠനങ്ങൾ, കാലാവസ്ഥാ വ്യതിയാന പഠനങ്ങൾ തുടങ്ങിയവ ആവശ്യമാണ്. ഇതിലൂടെ പ്രകൃതിയുമായി സന്തുലിതമായ ഒരു വികസനനയ രൂപീകരണം സാധ്യമാകുന്നതാണ്.

വികസന വീക്ഷണം

'സംസ്ഥാനത്തിന്റെ തലസ്ഥാന മേഖല എന്ന നിലയിലും ഭൂമി ശാസ്ത്രപരമായും, കാലാവസ്ഥയിലുമുള്ള അനുകൂല സാഹചര്യങ്ങളെ പരമാവധി ഉപയോഗപ്പെടുത്തിക്കൊണ്ട് ഒരു മാനവ വിഭവ വികസന മേഖലയായും, ഒരു സാമ്പത്തിക നിക്ഷേപ ആകർഷണ കേന്ദ്രമായും വളർത്തുക'. വികസന വീക്ഷണ സാക്ഷാത്കാരത്തിനായി പശ്ചാത്തല സൗകര്യങ്ങളുടെ വികസനവും, ശുചിത്വമുള്ള പരിസരവും നൽകി, ആരോഗ്യവും നൈപുണ്യവുമുള്ള ഊർജ്ജസ്വലമായ പൗരസഞ്ചയത്തെ സജ്ജീകരിക്കുക എന്ന കാഴ്ചപ്പാട് സ്വീകരിക്കുന്നു.

വികസന നയങ്ങൾ

വികസന വീക്ഷണത്തിന് അനുപൂരകമായി രൂപപ്പെടുത്തിയിരിക്കുന്ന വികസന നയങ്ങൾ മുന്നോട്ടു വയ്ക്കുന്നു. മാനവശേഷി വികസനം, സാമ്പത്തിക വികസനം, അടിസ്ഥാന സൗകര്യ വികസനം, പരിസ്ഥിതി സംരക്ഷണം എന്നീ വിഷയങ്ങളെ സംബന്ധിച്ചുള്ള പൊതു വികസന നയങ്ങളാണു രൂപപ്പെടുത്തിയിരിക്കുന്നത്.

വികസന നയങ്ങൾ

മാനവശേഷി വികസനത്തിലൂടെ സാമ്പത്തിക വികസനം

- തൊഴിലുകളുടെ വൈവിധ്യകരണം
- പരമ്പരാഗതവും നൂതനവുമായ തൊഴിലവസരങ്ങൾ സൃഷ്ടിക്കുക
- (ഉദാ: വിഴിഞ്ഞം, ടെക്നോപാർക്ക്, ടെക്നോസിറ്റി, ടൂറിസം)

അടിസ്ഥാന സൗകര്യ വികസനം

- റോഡുകൾ
- വൈദ്യുതി
- ഖരമാലിന്യ സംസ്കരണം
- ജലവിതരണം
- സ്വിവറേജ്

പരിസ്ഥിതി സംരക്ഷണം

- ജലാശയങ്ങളുടെയും, താഴ്ന്ന പ്രദേശങ്ങളുടെയും
- മലയോര മേഖലയുടെ / വന പ്രദേശത്തിന്റെ
- മാലിന്യ സംസ്കരണം

പ്രാദേശിക വികസന പരിപ്രേക്ഷ്യം

നിർദ്ദിഷ്ട സ്ഥലപര ഘടനയുടെ അടിസ്ഥാനത്തിൽ രൂപീകരിച്ചിരിക്കുന്ന പ്രാദേശിക വികസന പരിപ്രേക്ഷ്യത്തിനെ കുറിച്ച് ഈ ഭാഗത്തിൽ വിശദീകരിച്ചിരിക്കുന്നു. തിരുവനന്തപുരം നഗരത്തെ കേന്ദ്രപ്രദേശമായും, സമീപത്തുള്ള ഉയർന്ന ശ്രേണിയിൽപ്പെടുന്ന പ്രദേശങ്ങളെ ഉപകേന്ദ്രങ്ങളായും, താഴ്ന്ന ശ്രേണിയിൽപ്പെടുന്ന പ്രാന്തപ്രദേശങ്ങളെ പ്രാദേശിക ഉപകേന്ദ്രങ്ങളായും വികസിപ്പിക്കേണ്ട ഒരു കാഴ്ചപ്പാടാണ് സ്വീകരിച്ചിരിക്കുന്നത്. ഇതിൻ പ്രകാരം വർക്കല, ആറ്റിങ്ങൽ, നെല്ലനാട്, നെടുമങ്ങാട്, കാട്ടാക്കട, നെയ്യാറ്റിൻകര എന്നിവയെ നഗരത്തിന്റെ ഉപകേന്ദ്രങ്ങളായും കാഞ്ഞിരംകുളം, വെള്ളനാട്, പഴയകുന്നുമ്മേൽ, പാറശ്ശാല, കുന്നത്തുകാൽ, വിതുര, നന്ദിയോട്, മംഗലപുരം എന്നിവയെ ഉപകേന്ദ്രങ്ങളെ ആശ്രയിക്കുന്ന പ്രാദേശിക ഉപകേന്ദ്രങ്ങളായും നിശ്ചയിച്ചിരിക്കുന്നു. പ്രാദേശിക ഉപകേന്ദ്രങ്ങൾക്കു ഉയർന്ന ശ്രേണിയിൽ ഉള്ള ഉപകേന്ദ്രങ്ങളുമായുള്ള ബന്ധം ചിത്രം 3.52 ൽ രേഖപ്പെടുത്തിയിരിക്കുന്നു.

Fig: 3.52
പ്രാദേശികവികസനപരിപ്രേക്ഷ്യം



ചിത്രം 3.53 ൽ നിർദ്ദിഷ്ട പ്രാദേശിക വികസന കേന്ദ്രങ്ങളെ ബ്ലോക്ക്തല ഭൂപടവുമായി താരതമ്യം ചെയ്തിരിക്കുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ പ്രാദേശിക ഉപകേന്ദ്രങ്ങൾ, നാഗരിക തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾ ഒഴികെയുള്ള ബ്ലോക്കുകളുടെ പ്രതിരൂപമായി വർത്തിക്കുന്നുവെന്ന് മനസ്സിലാക്കാം.

Fig: 3.53
വികസന കേന്ദ്രങ്ങളുടെ പരസ്പര ബന്ധം



പ്രാദേശിക ഉപകേന്ദ്രങ്ങളായ കാഞ്ഞിരംകുളം, ഉയർന്ന ശ്രേണിയിൽ ഉള്ള തിരുവനന്തപുരം നഗരത്തിനായോ, നെയ്യാറ്റിൻകര മുനിസിപ്പൽ പ്രദേശത്തിനെയോ ആശ്രയിച്ചു വർത്തിക്കുന്നു. ഇതേ മാതൃകയിൽ, വെള്ളനാട്, നെടുമങ്ങാട് മുനിസിപ്പൽ പ്രദേശത്തിനെയോ, കാട്ടാക്കട ഉപകേന്ദ്രത്തിനെയോ ആശ്രയിക്കുന്നു.

മറ്റു ഉദാഹരണങ്ങൾ, മംഗലപുരം–തിരുവനന്തപുരം നഗരം, ആറ്റിങ്ങൽ മുനിസിപ്പൽ പ്രദേശം;പഴയകുന്നുമ്മേൽ–ആറ്റിങ്ങൽ മുനിസിപ്പൽ പ്രദേശം, നെല്ലനാട് ഉപകേന്ദ്രം; നന്ദിയോട്–നെടുമങ്ങാട് മുനിസിപ്പൽ പ്രദേശം; കാട്ടാക്കട ഉപകേന്ദ്രം; കുന്നത്തുകാൽ–നെയ്യാറ്റിൻകര മുനിസിപ്പൽ പ്രദേശം, കാട്ടാക്കട ഉപകേന്ദ്രം; പാറശ്ശാല–നെയ്യാറ്റിൻകര മുനിസിപ്പൽ പ്രദേശം.

ഇത്തരത്തിലുള്ള ഭരണ നിർവ്വഹണ കേന്ദ്രങ്ങളുടെ ഒരു വികസന ശ്രേണി രൂപീകരണത്തിലൂടെ, ഈ കേന്ദ്രങ്ങളുടെ വികസന സാധ്യതകൾ നിർവ്വഹിക്കപ്പെടുന്ന. ചിത്രം 3.54 ൽ ഇത് രേഖപ്പെടുത്തിയിരിക്കുന്നു. വികസന ശ്രേണിയുടെ അടിസ്ഥാനത്തിൽ, ഓരോ കേന്ദ്രങ്ങളും നടപ്പിലാക്കേണ്ട മേഖലാതല വികസന മുന്നേറ്റത്തിന്റെ ഒരു

സൂചികയായി ഇതിനെ കണക്കാക്കണം. ഇത്തരത്തിലുള്ള വികസനം നടപ്പിലാക്കിയിട്ടുള്ളവയാണെങ്കിലും അവയുടെ മുന്നോട്ടുള്ള വികസന പ്രവർത്തികളിൽ ഈ പ്രാദേശിക വികസന കാഴ്ചപ്പാട് കൂടി ഉൾപ്പെടുത്തേണ്ടതാണ്. ഉദാഹരണം ജില്ലാ ആശുപത്രികൾ ഉപകേന്ദ്രതലത്തിൽ നിലവിൽ ഉണ്ടെങ്കിലും അവയുടെ ഭാവി വികസന പ്രവർത്തികൾ അവയെ പ്രാദേശിക ഉപകേന്ദ്രങ്ങൾക്കു കൂടി പ്രയോജനപ്പെടുത്തും വിധമാകേണ്ടതാണ്.

Fig: 3.54

പ്രാദേശിക മേഖലാതല വികസന കാഴ്ചപ്പാട്



വികസന പദ്ധതികൾ

ജില്ലയുടെ ഭാവി വികസന സാധ്യതകൾ കണക്കിലെടുത്തു കൊണ്ട് രൂപപ്പെടുത്തിയിട്ടുള്ള വികസന നയത്തിന്റെ അടിസ്ഥാനത്തിൽ നിർദ്ദേശിക്കുന്ന ചില മേഖലാതല പദ്ധതികൾ വിശദീകരിച്ചിരിക്കുന്നു.

വികസന പദ്ധതികൾ–ഗതാഗതം

ചിത്രം 3.56 ൽ ഗതാഗത മേഖലയിലെ പ്രധാന പദ്ധതികൾ രേഖപ്പെടുത്തിയിരിക്കുന്നു. റോഡ് ഗതാഗതം–മൂന്നു ശ്രേണികളിലൂടെ ജില്ലയെ മേഖലാതലത്തിലും പ്രാദേശികവുമായി ബന്ധിപ്പിച്ചു കൊണ്ടുള്ള ഒരു റോഡ് ശൃംഖല രൂപപ്പെടുത്തിയിരിക്കുന്നു.

Fig: 3.56

വികസന നിർദ്ദേശങ്ങൾ – ഗതാഗതം



ഒന്നാം തലത്തിൽ ദേശീയപാതയും, പ്രധാനപ്പെട്ട സംസ്ഥാന പാതയും ഉൾപ്പെടുന്നു. സംസ്ഥാന പാത 1,2 എന്നിവ ഒന്നാം ശ്രേണിയായി വികസിപ്പിക്കുന്നതിലൂടെ ദേശീയ പാത 66 നു പുറമെ 744 (കൊല്ലം–തെങ്കാശി) മായി ജില്ലയെ ബന്ധിപ്പിക്കുന്നു. രണ്ടാം ശ്രേണിയിൽ നഗര ഉപ കേന്ദ്രങ്ങളും, മൂന്നാം തലത്തിൽ പ്രാദേശിക ഉപകേന്ദ്രങ്ങൾ ബന്ധിപ്പിച്ചിരിക്കുന്നു.

കാട്ടാക്കട ഉപകേന്ദ്രത്തിൽ നിന്നും കോട്ടൂർ–അംബാസമുദ്രം പാത പുനരുജ്ജീവിപ്പിക്കുവാനുള്ള പദ്ധതിയും നിർദ്ദേശിക്കുന്നു. പാലോട് നിന്നും കാരേറ്റ് വരെ പോകുന്ന മൂന്നാം തലത്തിൽ ഉള്ള റോഡ് ശ്രേണിയിൽ നിർദ്ദിഷ്ട മലയോര പാതയും ഉൾപ്പെടുത്തിയിരിക്കുന്നു. ഇതിനു പുറമെ മംഗലപുരം–വട്ടപ്പാറ–മാറനല്ലൂർ വഴി ബാലരാമപുരം ബന്ധിപ്പിക്കുന്ന "ഔട്ടർ റിംഗ് റോഡ്" പദ്ധതിയും പൂവാർ മുതൽ വർക്കല വരെ നീളുന്ന തീരദേശപാത പദ്ധതിയും റോഡ് വികസന പദ്ധതികളിൽ ഉൾപ്പെടുത്തിയിരിക്കുന്നു. വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്തിനെ ഒന്നാം ശ്രേണി റോഡുമായി ബന്ധിപ്പിച്ചിരിക്കുന്നു.

ബസ് ടെർമിനലുകൾ–തിരുവനന്തപുരം നഗരത്തിൽ ഒരു കേന്ദ്രീകൃത മേഖലാതല ബസ് ടെർമിനൽ നിർദ്ദേശിക്കുന്നു. ഇതിനു പുറമെ വികേന്ദ്രീകൃത മാതൃകയിൽ ബസ് ടെർമിനലുകൾ സ്ഥാപിക്കുവാനും നിർദ്ദേശിക്കുന്നു. ഇവയെ ബന്ധിപ്പിച്ചു കൊണ്ട് ഉപകേന്ദ്രങ്ങളിലും, പ്രാദേശിക ഉപകേന്ദ്രങ്ങളിലും ടെർമിനലുകൾ നിർദ്ദേശിക്കുന്നു.

റെയിൽ ഗതാഗതം: നിലവിലെ റെയിൽ ശൃംഖല മെച്ചപ്പെടുത്തുന്നതിനു പുറമെ, പ്രധാനപ്പെട്ട റെയിൽവേ സ്റ്റേഷനുകളുടെ വികസനവും നിർദ്ദേശിക്കുന്നു (പാറശ്ശാല, നെയ്യാറ്റിൻകര, ബാലരാമപുരം, നേമം, തിരുവനന്തപുരം, കൊച്ചുവേളി, ചിറയിൻകീഴ്, വർക്കല). മേഖലാതലത്തിൽ തമിഴ്നാട്ടിലേക്കുള്ള റെയിൽ പാത ഇരട്ടിപ്പിക്കേണ്ടതും, വൈദ്യുതീകരിക്കേണ്ടതുമാണ്. ഇതിനു പുറമെ നിർദ്ദിഷ്ട ശബരി റെയിൽ നഗരവുമായി ബന്ധിപ്പിക്കുവാനും നിർദ്ദേശിക്കുന്നു. ഇതിന്റെ ഭാഗമായി നെടുമങ്ങാട് ഒരു റെയിൽവേ സ്റ്റേഷനും നിർദ്ദേശിക്കുന്നു. വിഴിഞ്ഞം പദ്ധതിയുടെ ഭാഗമായി നിർദ്ദേശിച്ചിരിക്കുന്ന റെയിൽ പാത, ബാലരാമപുരം റെയിൽവേ സ്റ്റേഷനുമായി ബന്ധിപ്പിക്കുവാനും നിർദ്ദേശിക്കുന്നു.

വ്യോമഗതാഗതം: തിരുവനന്തപുരം അന്താരാഷ്ട്ര വിമാനത്താവളത്തിന്റെ വികസനത്തിനാവശ്യമുള്ള പദ്ധതികൾ തയ്യാറാക്കേണ്ടതും, "എയ്റോപോളിസ്", പോലുള്ള വൻകിട പദ്ധതികളും നടപ്പിലാക്കേണ്ടതാണ്.

ജലഗതാഗതം: ദേശീയ ജലപാത–3 നെ ജില്ലയുമായി ബന്ധിപ്പിക്കുവാനുള്ള പദ്ധതികൾ ആവിഷ്ക്കരിക്കേണ്ടതാണ്. ജില്ലയിലെ റ്റി.എസ് കനാലിന്റെ ഭാഗവും, എ.വി.എം കനാലിന്റെ ഭാഗവും ദേശീയ ജലപാതയുമായി ബന്ധിപ്പിച്ചു ഒരു മേഖലാതല ജല ഗതാഗത ശൃംഖല രൂപപ്പെടുത്താവുന്നതാണ്. ഇതിലേക്കു ബന്ധിപ്പിച്ച് ഉൾനാടൻ ജല ഗതാഗത സംവിധാനവും മെച്ചപ്പെടുത്തേണ്ടതാണ്.

വായു, ജല, റോഡ്, റെയിൽ മാർഗ്ഗങ്ങളെ ഏകോപിപ്പിച്ചു കൊണ്ടുള്ള ഒരു നൂതന യാത്ര സംവിധാനമായ "മൾട്ടി മോഡൽ ഹബ്ബ്" പദ്ധതി വേളി ഭാഗത്തു നടപ്പിലാക്കേണ്ടതാണ്.

വികസന നയങ്ങൾ–വിനോദ സഞ്ചാരം

Fig: 3.57

വികസന നിർദ്ദേശങ്ങൾ – വിനോദ സഞ്ചാരം

ദൈവത്തിന്റെ സ്വന്തം നാട് എന്ന വിശേഷണമുള്ള സംസ്ഥാനത്തിന്റെ തലസ്ഥാന ജില്ലയിലെ വിനോദ സഞ്ചാര സാധ്യതകൾ പുനരവലോകനം നടത്തേണ്ടതായിട്ടുണ്ട്. നിലവിലെ വിനോദ സഞ്ചാര പ്രദേശങ്ങളുടെ സുസ്ഥിര വികസനത്തിനു പുറമെ പുതിയ വിനോദ സഞ്ചാര സാധ്യതകൾ അവലോകനം ചെയ്യുകയും പുതിയ കേന്ദ്രങ്ങൾ വികസിപ്പിക്കേണ്ടതുമുണ്ട്.

പ്രധാനമായും മൂന്നു തലത്തിലാണ് വിനോദ സഞ്ചാര പ്രദേശങ്ങളെ തരം തിരിച്ചിരിക്കുന്നത്. ഇവയുടെ വികസനത്തിനുതകുന്ന പദ്ധതികളുടെ ഒരു സംക്ഷിപ്ത രൂപം ചേർക്കുന്നു.

കടലോര / ബീച്ച് വിനോദ സഞ്ചാര മേഖല: ഏകദേശം 70കി.മീ വ്യാപ്തിയിൽ ജില്ലയിൽ കടലോര പ്രദേശമാണ്. വിനോദ സഞ്ചാര പ്രദേശങ്ങളും (പ്രധാനമായും പൂവാർ, കോവളം, വർക്കല) മത്സ്യബന്ധനമേഖലകളും, കായൽ പ്രദേശങ്ങളും ഇടകലർന്ന രീതിയിലാണ് കാണപ്പെടുന്നത്. ഇതിൽ വിനോദസഞ്ചാര മേഖലയായി സുസ്ഥിരമായി വികസിപ്പിച്ചിരിക്കുന്ന പ്രദേശങ്ങൾ നാമമാത്രമാണ്. ഈ മേഖലയുടെ വികസനത്തിനുതകും വിധം ചില പദ്ധതികൾ വിശദീകരിച്ചിരിക്കുന്നു.

ബീച്ച് വികസനം: നിലവിലെ പ്രദേശങ്ങളുടെ വികസനം, ഇവയിൽ തന്നെ പ്രയോജനപ്പെടുത്താത്ത പ്രദേശങ്ങളുടെ വികസനം (ഉദാ: വർക്കല ബീച്ചിൽ നിലവിൽ ഉപയോഗിക്കാത്ത വിനോദ സഞ്ചാര സാധ്യതയുള്ള ബീച്ച് പ്രദേശങ്ങളുണ്ട്, സൗകര്യങ്ങളുടെ അഭാവം മൂലം ഇവിടേക്കു സഞ്ചാരികൾ എത്തപ്പെടുന്നില്ല) എന്നിവയാണ് നിർദ്ദേശിക്കുന്നത്. സഞ്ചാരികൾക്ക് ലഭ്യമാകേണ്ട സൗകര്യങ്ങൾ നൽകുകയും ഇവയിൽ അശാസ്ത്രീയ വികസനം ഒഴിവാക്കി ഇവയുടെ നൈസർഗിമായ ഭംഗി ചോർന്നു പോകാതെയുള്ള നിർമ്മാണ പ്രവർത്തികൾ നടത്തേണ്ടിയിരിക്കുന്നു. നിലവിലെ ബീച്ചുകളിൽ നടപ്പാതകളും നിർദ്ദേശിക്കുന്നു. ഇതിനു പുറമെ സ്ക്യൂബാ ഡൈവിങ്, മറ്റു സാഹസിക വിനോദ സാധ്യതകളും (ഉദാ: സർഫിങ്) നിർദ്ദേശിക്കുന്നു. കടലിനുള്ളിൽ സ്ഥിതിചെയ്യുന്ന "മറൈൻ പാർക്ക്" വികസന പദ്ധതിയും ആവിഷ്ക്കരിക്കാവുന്നതാണ്.

വർക്കല ബീച്ചിൽ നിലനിൽക്കുന്ന "ക്ലിഫ്" നെ ലോക ഭൗമ പൈതൃക പ്രദേശമായി വികസിപ്പിക്കാനുള്ള പദ്ധതി ആവിഷ്ക്കരിക്കേണ്ടതാണ്.

പൂവാർ മേഖല കേന്ദ്രീകരിച്ചു കണ്ടൽക്കാടുകളെയും, ദേശാടന പക്ഷികളുടെ സങ്കേതവും സംരക്ഷിച്ചു കൊണ്ട് വിനോദ സഞ്ചാര സാധ്യതകൾ നടപ്പിലാക്കേണ്ടതാണ്.

ജില്ലയിൽ വിവിധ പ്രദേശങ്ങളിൽ സ്ഥിതി ചെയ്യുന്ന കായൽ, പൊഴി തുടങ്ങിയ പ്രകൃത്യാലുള്ള വിനോദസഞ്ചാര സാധ്യതകളെ പ്രയോജനപ്പെടുത്തുകയും, ഇവയുടെ സംഗ്രഹവും സുസ്ഥിരവുമായ വികസനം നടപ്പിലാക്കാനുള്ള പദ്ധതികളും നിർദ്ദേശിക്കുന്നു. പ്രധാന കായലുകളായ കഠിംകുളം, വേളി, ആക്കുളം, കാപ്പിൽ, നടയറ എന്നിവയെ വിനോദസഞ്ചാര കേന്ദ്രങ്ങളായി വികസിക്കുകയും ഇവയിൽ ബോട്ടിംഗ് സൗകര്യങ്ങൾ ഏർപ്പെടുത്തുകയും ചെയ്യാൻ നിർദ്ദേശിക്കുന്നു.

പൈതൃക വിനോദ സഞ്ചാര മേഖല: തിരുവിതാംകൂർ രാജവംശത്തിന്റെ ആസ്ഥാനമായി വർത്തിച്ച തിരുവനന്തപുരം ജില്ല പൈതൃക വിനോദ സഞ്ചാരത്തിന് സാധ്യതയുള്ള മേഖലയാണ്. ശ്രീ പത്മനാഭ സ്വാമി ക്ഷേത്രം, തിരുവിതാംകൂർ കൊട്ടാരങ്ങൾ, മറ്റു കേന്ദ്ര സംസ്ഥാന പൗരാണിക പ്രാധാന്യമുള്ള സ്ഥലങ്ങൾ തുടങ്ങിയവയെ ബന്ധിപ്പിച്ചു കൊണ്ടുള്ള ഒരു പൈതൃക ഇടനാഴി വിഭാവനം ചെയ്യുന്നു. ഇതിലേക്കായി എല്ലാ പൈതൃക ജില്ലാതല പൈതൃക പ്രദേശങ്ങളുടെയും, കെട്ടിടങ്ങളുടെയും സംരക്ഷണവും പരിപാലനവും ഉൾപ്പെടുത്തിയുള്ള ഒരു ജില്ലാതല പദ്ധതിയും ഇവയെ ഏകോപിപ്പിക്കുവാനായി ഒരു പ്രത്യേക സംവിധാനവും നിർദ്ദേശിക്കുന്നു.

നാടൻ കലകളുടെ പരിപോഷണത്തിനായി ജില്ലാതലത്തിൽ ഒരു "കലാ ഗ്രാമം" വിഭാവനം ചെയ്യുന്നു. ഇതിനു പുറമെ കലാ-സാംസ്കാരിക പ്രദർശന, വിനിമയ (സിനിമ, ഫൈൻ ആർട്സ്, സംഗീതം, നൃത്തം) പ്രവർത്തനങ്ങളെ സമന്വയിപ്പിച്ചു കൊണ്ട് പല വേദികളിലായി നടത്താവുന്ന ഒരു കാലികമായ പ്രദർശനോത്സവം സംഘടിപ്പിക്കുവാനും നിർദ്ദേശിക്കുന്നു.

മലയോര വിനോദ സഞ്ചാര മേഖല: മലയോര വിനോദ സഞ്ചാര പ്രവർത്തനങ്ങൾക്കു അനുയോജ്യമായ നിരവധി പ്രദേശങ്ങൾ ജില്ലയിൽ സ്ഥിതി ചെയ്യുന്നു. ഈ പ്രദേശങ്ങൾക്ക് അനുയോജ്യമായ ചില വികസന പദ്ധതികൾ വിശദീകരിക്കുന്നു. നിലവിലെ മലയോര ടൂറിസം പ്രദേശങ്ങളുടെ സമഗ്ര വികസനത്തിനുള്ള മാർഗ്ഗരേഖ തയ്യാറാക്കുകയും (ഉദാ:

പൊന്മുടി മാസ്റ്റർപ്ലാൻ), ഇതിനനുസൃതമായ വികസന പദ്ധതികൾ രൂപീകരിക്കേണ്ടതുമാണ്. ഇക്കോ ടൂറിസം പദ്ധതികളും അതിനോട് അനുബന്ധിച്ചുള്ള ഇക്കോ വാക് വേ, റോപ് വേ, നിരീക്ഷണ ഗ്യാലറി തുടങ്ങിയവ സജ്ജമാക്കാവുന്നതാണ്. കൂടാതെ ഈ മേഖലയിൽ സാഹസിക വിനോദ സാധ്യതകൾ പരിശോധിച്ചു നടപ്പിലാക്കാവുന്നതാണ്.

വനമേഖല സംരക്ഷണത്തിന്റെ ഭാഗമായി, ചെറുകിട വന്യജീവി സങ്കേതങ്ങൾ നിർദ്ദേശിക്കുന്നു. ജില്ലയിലുള്ള ഉപയോഗ ശൂന്യമായ നിരവധി പാറ മടകളെ, "ക്വാറി പാർക്കുകളായി" വികസിപ്പിക്കാവുന്നതാണ്.

വികസന നയങ്ങൾ–പരിസ്ഥിതി

Fig:3.58

വികസന നിർദ്ദേശങ്ങൾ – പരിസ്ഥിതി



പരിസ്ഥിതിലോല പ്രദേശങ്ങളെ വികസന നിയന്ത്രിത മേഖലകളായി കണക്കാക്കിയിരിക്കുന്നു. താഴ്ന്ന പ്രദേശങ്ങൾ, ഉയർന്ന ചരിവുള്ള പ്രദേശങ്ങൾ, ജലാശയങ്ങൾ, ജല സ്രോതസ്സുകൾ, തീരദേശ സംരക്ഷണ മേഖല, ഉയർന്ന പ്രദേശങ്ങൾ എന്നിവയ്ക്കാണ് പ്രാധാന്യം നൽകിയിരിക്കുന്നത്. പഠനങ്ങളിൽ നിന്നും വികസന കേന്ദ്രങ്ങളിൽ ഇവയുടെ സ്വാധീനം പരിഗണിച്ചു കൊണ്ടുള്ള ചില നിർദ്ദേശങ്ങൾ മുന്നോട്ടു വയ്ക്കുന്നു.

ഏകദേശം 25% ത്തോളം വരുന്ന വനപ്രദേശങ്ങളുടെ സംരക്ഷണം വികസന പദ്ധതികളിൽ മുൻതൂക്കം അർഹിക്കുന്നു. ഇതിനായി വിശദ പഠനങ്ങളിലൂടെ വനപ്രദേശങ്ങളെ വികസന നിയന്ത്രിത മേഖലകളായി പ്രഖ്യാപിക്കാവുന്നതാണ്. ടൂറിസവുമായി ബന്ധപ്പെടുത്തി വന്യജീവി സംരക്ഷണ കേന്ദ്രപദ്ധതി നടപ്പിലാക്കാവുന്നതാണ്.

70 കി.മീ. നീളത്തിൽ വ്യാപിച്ചു കിടക്കുന്ന കടലോര പ്രദേശത്തിന്റെ സംരക്ഷണത്തിനായി തീരദേശ പരിപാലന നിയമത്തിന് വിധേയമായ വികസന നിയന്ത്രണങ്ങൾ നടപ്പിലാക്കേണ്ടതുണ്ട്. സർവ്വെ നമ്പർ അടിസ്ഥാനത്തിൽ തീരദേശ പരിപാലന രൂപരേഖ തയ്യാറാക്കുകയും വികസന പ്രവർത്തനങ്ങൾ ഇതിനനുസൃതമായി നടപ്പിലാക്കേണ്ടതുമാണ്.

എല്ലാ ജല സ്രോതസ്സുകളും, ജലാശയങ്ങളും, പ്രകൃത്യാലുള്ള നിർഗമന പാതകളും സംരക്ഷിക്കുന്നതിന്റെ ഭാഗമായി ഒരു ജില്ലാ തല നീർത്തട പഠനവും സൂക്ഷ്മ നിർത്തട പഠനവും നടത്തുകയും ഇതിലൂടെ എല്ലാ ജലാശയങ്ങളുടെയും പരിപാലനത്തിനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ രൂപപ്പെടുത്തുകയും ഇതിനെ നടപ്പിലാക്കേണ്ടതുമാണ്. ചെറുകിട ജലാശയങ്ങളെ ഉപയോഗപ്രദമാകും വിധം മത്സ്യകൃഷി, ജലവിതരണ പദ്ധതികൾ, വിനോദ ഉപയോഗങ്ങൾ എന്നീ പദ്ധതികൾ ആവിഷ്ക്കരിക്കേണ്ടതാണ്. ജില്ലയിലെ തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളെ ഈ വിവരങ്ങൾ ശേഖരിക്കുകയും ഈ അടിസ്ഥാനത്തിൽ കാലോചിതമായ പദ്ധതികൾ നടപ്പിലാക്കേണ്ടതുമാണ്.

ഭൂഗർഭ ജല വിതാനം ഉയർത്തുവാനും, പ്രാദേശിക കാലാവസ്ഥയെ ഒരു പരിധി വരെ സ്വാധീനിക്കുവാനും താഴ്ന്ന ഭൂപ്രദേശങ്ങൾക്കു സാധിക്കുന്നതാണ്. ഇവയുടെ പരിപാലനത്തിനായി ഒരു ജില്ലാതല പൊതുനയത്തിന് പുറമെ സ്ഥാനീയമായ പ്രത്യേകതകൾ കൂടി കണക്കിലെടുത്ത് വികസന പ്രവർത്തനങ്ങൾ ആവിഷ്ക്കരിക്കാവുന്നതാണ്.

വികസന നയങ്ങൾ – സാമ്പത്തികം

Fig:3.59

വികസന നിർദ്ദേശങ്ങൾ – സാമ്പത്തിക വികസനം



നിലവിലെ മാനവ വിഭവ ശേഷി വിവരങ്ങളിൽ പ്രകാരം കാർഷിക വൃത്തിയിൽ നിന്നും ത്രിതീയ മേഖലയിലേക്കുള്ള തൊഴിൽ കുടിയേറ്റം നടക്കുന്നതായി മനസ്സിലാക്കാവുന്നതാണ്. ജില്ലയുടെ തൊഴിൽ പങ്കാളിത്ത നിരക്ക് 37% മാണ്. കൂടുതൽ തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കേണ്ട ഒരു സാഹചര്യം നിലവിലുണ്ട്. ഐ.ടി വ്യവസായങ്ങൾക്കു പുറമെ സാമ്പത്തിക മുന്നേറ്റം സാധ്യമാകുന്ന മറ്റ് നൂതനവും നവീനവുമായ മേഖലകൾ തിരിച്ചറിയപ്പെടേണ്ടതാണ്. ഇതിന്റെ ഭാഗമായി ജില്ലയിൽ നടപ്പിലാകാൻ സാധ്യതയുള്ള വൻകിട പദ്ധതികളെയും വിഭവങ്ങളെയും കണക്കിലെടുത്തു കൊണ്ട് ചില ഭാവി വികസന പദ്ധതികളിൽ നിർദ്ദേശിക്കുന്നു. സാമ്പത്തിക നേട്ടവും ഇതിലൂടെ തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കാനും ലക്ഷ്യമിടുന്നു.

ഗോത്ര വർഗ്ഗ വികസന കേന്ദ്രം–മലയോര മേഖലയിലാണു ഈ പദ്ധതി വിഭാവനം ചെയ്യുന്നത്. അവഗണിക്കപ്പെടുന്ന ഇത്തരം സമൂഹത്തിന്റെ ഉന്നമനത്തിനായി ഇത്തരം ഒരു കേന്ദ്രം വർത്തിക്കേണ്ടതാണ്. സാമൂഹിക സാമ്പത്തിക നേട്ടങ്ങൾ ഇവർക്ക് ലഭ്യമാക്കാൻ ഉതകും വിധമുള്ള പ്രവർത്തനങ്ങൾ ഈ കേന്ദ്രം വഴി നടപ്പിലാക്കേണ്ടതാണ്. ഇവരുടെ സാംസ്കാരിക മൂല്യങ്ങൾ പുറംലോകത്തിന് തിരിച്ചറിയുവാനുള്ള ഒരു വേദിയായും ഈ കേന്ദ്രത്തിനെ വളർത്താവുന്നതാണ്.

മലയോര ടൂറിസം മേഖല: ടൂറിസത്തിലൂടെ സാമ്പത്തിക നേട്ടം കൈവരിക്കാനുള്ള അവസരം ഇത്തരം പദ്ധതികളിലൂടെ സാധ്യമാകുന്നു.

സുഗന്ധവ്യഞ്ജനങ്ങളുടെ വ്യാപാര കേന്ദ്രം: മലയോര മേഖലയിൽ ഉല്പ്പാദിപ്പിക്കുന്ന സുഗന്ധവ്യഞ്ജനങ്ങളുടെ ഒരു മൊത്ത വ്യാപാര വിപണന കേന്ദ്രം വിഭാവനം ചെയ്തിരിക്കുന്നു.

സംസ്ഥാന തല ഔഷധ സസ്യത്തോട്ടവും ഗവേഷണ കേന്ദ്രവും: ആയുഷ് മാതൃകയിലുള്ള ഒരു ഗവേഷണ കേന്ദ്രവും ഇതിനോടനുബന്ധിച്ചുള്ള ഒരു ഔഷധ സസ്യ കേന്ദ്രവും അഗസ്ത്യാർകൂട പ്രദേശത്തിനു സമീപമായി നിർദ്ദേശിക്കുന്നു.

ഇലക്ട്രോണിക് ഹബ്ബ്: നൂതന സാങ്കേതിക വിദ്യകളായ നാനോ ടെക്നോളജി, ആർട്ടിഫിഷ്യൽ ഇന്റലിജൻസ് മുതലായവയെ അടിസ്ഥാനമാക്കിയുള്ള ഒരു ഗവേഷണ കേന്ദ്രമാണ് വിഭാവനം ചെയ്തിട്ടുള്ളത്. ജില്ലയുടെ തെക്ക്–കിഴക്ക് ഭാഗത്തായാണ് ഈ പദ്ധതിയുടെ സ്ഥലം നിർണ്ണയിച്ചിരിക്കുന്നത്.

വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ മേഖല: ജില്ലയുടെ വികസനത്തിന് ആക്കം കൂട്ടാൻ സാധിക്കുന്ന പദ്ധതിയാണ് വിഴിഞ്ഞം തുറമുഖം. ഇതിന്റെ ഭാഗമായി വരാൻ സാധ്യതയുള്ള വികസന പദ്ധതികൾ ഈ മേഖലയിൽ വിഭാവനം ചെയ്യുന്നു.

കോവളം–പൂവാർ ടൂറിസം മേഖല: കോവളം–പൂവാർ ടൂറിസം മേഖലാ വികസനം.

ടെക്നോസോൺ: ടെക്നോപാർക്ക്, നിർദ്ദിഷ്ട പദ്ധതിയായ ടെക്നോസിറ്റി, കിൻഫ്ര പാർക്ക് എന്നിവ ഉൾപ്പെടുന്ന ടെക്നോ സോൺ ജില്ലയിലെ വിവര സാങ്കേതികാധിഷ്ഠിത വികസന മേഖലയായി വിഭാവനം ചെയ്യുന്നു.

ബയോ–സയൻസ് പാർക്ക്: ജൈവ സാങ്കേതിക വിദ്യയുടെ ഗവേഷണ കേന്ദ്രം.

ജില്ലാ മത്സ്യ ബന്ധന തുറമുഖം: വിഴിഞ്ഞം തുറമുഖത്തിനു പുറമെ ഒരു മത്സ്യ ബന്ധന തുറമുഖം ജില്ലാതലത്തിൽ വികസിപ്പിക്കേണ്ടതാണ്.

മറൈൻ ഫുട്പാർക്ക്: മത്സ്യ വിഭവങ്ങളുടെ ശേഖരണം, സംസ്കരണം, മൂല്യവർദ്ധിത ഉല്പ്പന്നങ്ങളുടെ ഉല്പ്പാദനം, വിപണനം എന്നിവ ഈ കേന്ദ്രത്തിൽ വിഭാവനം ചെയ്യുന്നു.

മറൈൻ പാർക്ക്: കടലിനുള്ളിൽ സ്ഥിതി ചെയ്യുന്ന ഒരു "മറൈൻ പാർക്ക്" വികസന പദ്ധതി വർക്കല പ്രദേശത്ത് നിർദ്ദേശിച്ചിരിക്കുന്നു.

ജില്ലയുടെ വികസനത്തിന്റെ സ്ഥലമാനങ്ങളും വികസന കേന്ദ്രങ്ങളുടെ ശ്രേണിയും ഭാവി ഗതാഗത ശൃംഖലയും നിർവ്വഹണപരമായ സ്ഥാനങ്ങളും നിർണ്ണയിച്ചിരിക്കുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ ജില്ലയുടെ ഒരു ഭാവി വികസന വീക്ഷണവും വികസന നയങ്ങളും രൂപപ്പെടുത്തിയിരിക്കുന്നു. വികസന നയങ്ങൾക്ക് അനുസൃതമായി വികസന പദ്ധതികൾ ചില മേഖലകളിൽ നിർദ്ദേശിച്ചിരിക്കുന്നു. ജില്ലയ്ക്കായി ഒരു സമ്പൂർണ്ണ വികസന പരിപ്രേക്ഷ്യം തയ്യാറാക്കുന്നതിന് വിവിധ വികസന മേഖലകളെ ഏകോപിപ്പിച്ചു കൊണ്ടുള്ള ഒരു സംയോജിത പ്രവർത്തനം ആവശ്യമാണ്.

4. വികസനമേഖലകൾ

4.1. ഉല്പാദന മേഖല

4.1.1. നീർത്തടാതിഷ്ഠിത വികസനം

4.1.1 (1) കൃഷി

നാഗരികവും ഗ്രാമീണവുമായ സവിശേഷതകൾ ഇഴചേർന്ന് നിൽക്കുന്ന തലസ്ഥാന ജില്ലയായ തിരുവനന്തപുരത്തിന് തനതായ കാർഷിക പാരമ്പര്യവും രീതികളും പ്രത്യേകതകളുമുണ്ട്. തലസ്ഥാന ജില്ല ആയതിനാൽ തന്നെ സർക്കാർ സ്ഥാപനങ്ങളും, വിദ്യാഭ്യാസ സ്ഥാപനങ്ങളും, വിവിധ വകുപ്പുകളുടെ ആസ്ഥാന മന്ദിരങ്ങളും, കേന്ദ്ര ഗവൺമെന്റ് സ്ഥാപനങ്ങളും മറ്റു ജില്ലകളെ അപേക്ഷിച്ച് കൂടുതലാണ്. വികസന പ്രവർത്തനങ്ങൾ വളരെ ദ്രുതഗതിയിൽ നടക്കുന്നതിനാൽ മറ്റു ഭാഗങ്ങളിൽ നിന്ന് ജില്ലയിലേയ്ക്കുള്ള കുടിയേറ്റം കൂടുതലായുണ്ട്. തിരുവനന്തപുരം സിറ്റി വളരെ വേഗം വികസിച്ചു കൊണ്ടിരിക്കുന്നു. ഇത് കാർഷിക മേഖലയിൽ അനുകൂലവും പ്രതികൂലവുമായ ഘടകങ്ങളായി വർത്തിക്കുന്നു.

അഭ്യസ്ഥവിദ്യരായ കർഷകസമൂഹം, എല്ലാ സ്ഥലങ്ങളിലേയ്ക്കുമുള്ള ഗതാഗത സൗകര്യം, കാർഷിക കോളേജ്, കേന്ദ്ര കിഴങ്ങുവിള ഗവേഷണ കേന്ദ്രം, വിമാനത്താവളം, വിഴിഞ്ഞം കണ്ടെയ്നർ ടെർമിനൽ തുടങ്ങിയവ ഈ ജില്ലയെ കാർഷിക തലസ്ഥാനമാക്കി മാറ്റാൻ ഉതകുന്ന അനുകൂല ഘടകങ്ങളാണ്. പശ്ചിമഘട്ട പ്രദേശങ്ങളും തീരപ്രദേശങ്ങളും ഉൾപ്പെട്ട ഈ ജില്ലയിൽ എല്ലാതരം കൃഷി ചെയ്യുന്നതിനുള്ള അനുകൂല കാലാവസ്ഥയാണുള്ളത്. 7 നദികൾ, ഒരു ശുദ്ധജല കായൽ, മറ്റ് അനേകം കായലുകൾ, തോടുകൾ എന്നിവയാൽ സമൃദ്ധമാണ് ജില്ല. എന്നിരുന്നാലും വരൾച്ചയെ പ്രതിരോധിക്കാനും ജലം വേണ്ടവിധം സംഭരിക്കാനും പ്രയോജനപ്പെടുത്താനും സാധിച്ചിട്ടില്ല.

ഭൂവിനിയോഗം

ജില്ലയുടെ ആകെ ഭൂവിസ്തൃതിയുടെ 58 ശതമാനം കൃഷിയോഗ്യമായ ഭൂമിയാണ്. ജില്ലയിൽ 2912 ഹെക്ടർ സ്ഥലം നിലവിൽ തരിശ്ശായി കിടപ്പുണ്ട്. ഇത് കൂടാതെ വർഷങ്ങളായി തരിശ് കിടക്കുന്ന 1072 ഹെക്ടർ സ്ഥലവും ഉണ്ട്. ജില്ലയിലെ ഭൂവിനിയോഗം സംബന്ധിച്ച് വിശദാംശങ്ങൾ പട്ടിക: 4.1.1 (1) 1 ൽ ചേർക്കുന്നു. ജില്ലയിലെ മുൻവർഷങ്ങളിലെ ഭൂവിനിയോഗം ചിത്രം 1–ലും വിശദാംശങ്ങൾ പട്ടിക 4.1.1(1) 2–ലും ചേർത്തിട്ടുണ്ട്. യഥാർത്ഥത്തിൽ കൃഷി ചെയ്യുന്ന ഭൂമിയുടെ വിസ്തൃതി മുൻവർഷങ്ങളേക്കാൾ കുറവാണെങ്കിലും ആകെ വിളവെടുക്കുന്ന സ്ഥലം വർദ്ധിച്ചിട്ടുണ്ട്. വിള തീവ്രതയിലും വർദ്ധനവ് കാണാവുന്നതാണ്.

പട്ടിക 4.1.1 (1) 1

ഭൂവിനിയോഗം – തിരുവനന്തപുരം ജില്ല

ഇനം	ഹെക്ടർ
ആകെ വിസ്തീർണ്ണം	218781
വനഭൂമി	49861
കാർഷികേതര ആവശ്യത്തിന് ഉപയോഗിക്കുന്ന ഭൂമി	33161
കൃഷിയോഗ്യമല്ലാത്ത ഭൂമി	243
പലവിധ വൃക്ഷവിളകൾ കൃഷി ചെയ്യുന്ന ഭൂവിസ്തൃതി	18
കൃഷിയോഗ്യമായ പാഴ് ഭൂമി	438
നിലവിലെ തരിശു ഭൂമി	2912
വർഷങ്ങളായി തരിശുകിടക്കുന്ന ഭൂവിസ്തൃതി	1072
ചതുപ്പ് നിലം	6
നിശ്ചല ജലാശയം	4342
വെള്ളകെട്ട് പ്രദേശം	88
സാമൂഹ്യവനം	60
യഥാർത്ഥ കൃഷി ഭൂമി	126580
ഒന്നിൽ കൂടുതൽ കൃഷി ചെയ്യുന്ന ഭൂവിസ്തൃതി	36268

(അവലംബം:– സാമ്പത്തിക സ്ഥിതിവിവര വകുപ്പ്)

പട്ടിക 4.1.1 (1) 2
ഭൂവിനിയോഗം – മുൻവർഷങ്ങളിൽ

വർഷം	യഥാർത്ഥത്തിൽ കൃഷി നടക്കുന്ന സ്ഥലം (ഹെക്ടർ)	ഒന്നിൽ കൂടുതൽ തവണ കൃഷി ചെയ്യുന്ന സ്ഥലം (ഹെക്ടർ)	ആകെ വിള വെടുക്കുന്ന സ്ഥലം (ഹെക്ടർ)	വിള തീവ്രത %
2010–11	133559	20551	154110	115
2011–12	130758	24307	155065	119
2012–13	130360	23962	154322	118
2013–14	129750	29467	159217	123
2014–15	128290	34458	162748	127
2015–16	126580	36268	162848	129

(അവലംബം– സാമ്പത്തിക സ്ഥിതിവിവര വകുപ്പ്)

Fig.1
ഭൂവിനിയോഗം – മുൻവർഷങ്ങളിൽ



ജില്ലയിലെ കർഷകരുടെയും കർഷക തൊഴിലാളികളുടെയും എണ്ണം

2011–ലെ സെൻസസ് പ്രകാരം കർഷകരുടെ എണ്ണം 1991 നേക്കാൾ 3 മടങ്ങ് വർദ്ധിച്ചതായി കാണാം. എന്നാൽ കർഷകതൊഴിലാളികളുടെ എണ്ണം ഗണ്യമായി കുറയുകയാണ് ചെയ്തത്. ഇത് രൂക്ഷമായ തൊഴിലാളി ദൗർല്ലഭ്യത്തിന് കാരണമായിട്ടുണ്ട്. കർഷക തൊഴിലാളി ദൗർല്ലഭ്യം ഏറ്റവുമധികം ബാധിച്ചിരിക്കുന്നത് നെൽകൃഷിയാണ്.

പട്ടിക 4.1.1 (1) 3
ജില്ലയിലെ കർഷകരുടെയും കർഷക തൊഴിലാളികളുടെയും എണ്ണം

വർഷം	കർഷകർ	കർഷക തൊഴിലാളികൾ
1971	88,308	1,86,687
1981	61,141	2,34,663
1991	1,01,965	2,63,851
2011	3,96,199	1,53,037

(അവലംബം– സാമ്പത്തിക സ്ഥിതിവിവര വകുപ്പ്)

ജില്ലയിലെ കൃഷിയിടങ്ങൾ

95 ശതമാനം ഭൂവുടമകളുടെയും ശരാശരി ഭൂവിസ്തൃതി 0.14 ഹെക്ടർ ആണ്. കേവലം 2735 പേർക്കാണ് 10 ഹെക്ടറിന് മുകളിൽ ഭൂമിയുള്ളത്. ജില്ലയിലെ ശരാശരി ഹോൾഡിംഗ് സൈസ് 0.22 ഹെക്ടർ (55 സെന്റ്) ആണ്.

പട്ടിക 4.1.1 (1) 4

ജില്ലയിലെ കൃഷിയിടങ്ങളുടെ വിവരങ്ങൾ

ഹോൾഡിംഗിന്റെ സൈസ് (വിസ്തീർണ്ണം)	എണ്ണം	വിസ്തൃതി (ഹെക്ടർ)	ശരാശരി വിസ്തൃതി
1 ഹെക്ടറിനു താഴെ	6335428	882502	0.14
1.00–1.99	226810	299767	1.32
2.00–3.99	75651	190527	2.52
4.00–9.99	16008	84759	5.29
10.00 ഹെക്ടറിനു മുകളിൽ	2735	111933	40.93
ആകെ	6656632	1569488	0.22

(അവലംബം– സാമ്പത്തിക സ്ഥിതിവിവര വകുപ്പ്)

പ്രധാന വിളകളുടെ കൃഷി മുൻ വർഷങ്ങളിൽ ഭൂവിസ്തൃതിയനുസരിച്ച് (ഹെക്ടർ)

ജില്ലയിലെ നെൽകൃഷിയുടെ ഭൂവിസ്തൃതി 2010 മുതൽ 2013 വരെ കുറഞ്ഞു വന്നിരുന്നെങ്കിലും തുടർന്നുള്ള വർഷങ്ങളിൽ കൃഷിസ്ഥലത്തിന്റെ വിസ്തൃതിയിൽ നേരിയ വർദ്ധനവ് ഉണ്ടായിട്ടുണ്ട്. സംസ്ഥാന സർക്കാരിന്റെയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയും നെൽകൃഷി വികസന പദ്ധതികൾ നെൽകൃഷിയുടെ വിസ്തൃതി വർദ്ധിപ്പിക്കാൻ കാരണമായിട്ടുണ്ട്. തെങ്ങ് കൃഷിയുടെ ഭൂവിസ്തൃതിയിലും വർദ്ധനവ് ഉണ്ടായതായി കാണാം. വാഴ, മരച്ചീനി എന്നീ വിളകളുടെ വിസ്തൃതിയിൽ നേരിയ ഏറ്റക്കുറച്ചിലുകൾ ഉണ്ടെങ്കിലും പൊതുവെ വിള വിസ്തൃതിയിൽ നേരിയ വർദ്ധനവ് കാണാം. സുഗന്ധവ്യഞ്ജനവിളകളുടെ കാര്യത്തിൽ കാര്യമായ മാറ്റം സംഭവിച്ചിട്ടില്ല.

പട്ടിക 4.1.1 (1) 5

പ്രധാന വിളകളുടെ കൃഷി മുൻ വർഷങ്ങളിൽ ഭൂവിസ്തൃതിയനുസരിച്ച് (ഹെക്ടർ)

പ്രധാന വിളകൾ	2010–11	2011–12	2012–13	2013–14	2014–15	2015–16
നെല്ല്	2919	2395	1816	2001	2093	2119
തെങ്ങ്	69668	71424	70233	71320	73079	72340
വാഴ	8532	7137	9167	8503	8807	9796
പച്ചക്കറികൾ	2709	2658	2988	3177	3446	3805
മരച്ചീനി	14261	14947	13625	14210	15754	14585
കിഴങ്ങുവർഗ്ഗങ്ങൾ	1111	1007	942	986	1185	1358
സുഗന്ധവ്യഞ്ജനങ്ങൾ	6673	4518	4733	4798	4601	4513
പയർ വർഗ്ഗങ്ങൾ	43	190	27	61	65	125

(അവലംബം– സാമ്പത്തിക സ്ഥിതിവിവര വകുപ്പ്)

Fig:2

വിളകളുടെ ഭൂവിസ്തൃതി വർഷം തിരിച്ച് (ഹെക്ടർ)



പ്രധാന വിളകളുടെ കൃഷിവിന്യാസം

ആകെ കൃഷി സ്ഥലത്തിന്റെ 44% സ്ഥലത്തും തെങ്ങാണ് കൃഷി ചെയ്യുന്നത്. റബ്ബർ 20% സ്ഥലത്ത് കൃഷി ചെയ്യുമ്പോൾ മരച്ചീനി, വാഴ എന്നിവ യഥാക്രമം 9, 6% സ്ഥലത്ത് കൃഷി ചെയ്യുന്നു. നെല്ല് കേവലം 1.29 % സ്ഥലത്താണ് കൃഷി ചെയ്യുന്നത്.

പട്ടിക 4.1.1 (1) 6

പ്രധാന വിളകളുടെ കൃഷിവിന്യാസം

വിളകൾ	കൃഷി ചെയ്യുന്ന സ്ഥലം (ഹെക്ടർ)	ആകെ കൃഷി ചെയ്യുന്നതിന്റെ ശതമാനം
നെല്ല്	2119	1.3
തെങ്ങ്	72340	44.4
വാഴ	9796	6.0
പച്ചക്കറി	3805	2.3
മരച്ചീനി	14585	9.0
സുഗന്ധ വൃഞ്ജനങ്ങൾ	4513	2.8
റബ്ബർ	32160	19.7
കശുമാവ്	1213	0.7
മറ്റു ഫലവർഗ്ഗങ്ങൾ	14125	8.7
മറ്റുവിളകൾ	5143	5.0

(അവലംബം- സാമ്പത്തിക സ്ഥിതിവിവര വകുപ്പ്)

പ്രധാന വിളകളുടെ ഉല്പാദനവും ഉല്പാദനക്ഷമതയും

സംസ്ഥാനതല ഉല്പാദനക്ഷമതയുമായി താരതമ്യം ചെയ്യുമ്പോൾ തെങ്ങൊഴികെ ജില്ലയിലെ മറ്റ് വിളകളുടെ ഉല്പാദനക്ഷമത കുറവാണെന്ന് കാണാം. തെങ്ങിന്റെ ഉല്പാദനക്ഷമത സംസ്ഥാന ശരാശരിയെക്കാളും കൂടുതലാണ്.

പട്ടിക 4.1.1 (1) 7

പ്രധാന വിളകളുടെ ഉത്പാദനവും ഉല്പാദനക്ഷമതയും

പ്രധാന വിളകൾ	ആകെ വിസ്തൃതി (ഹെക്ടർ)	ഉല്പാദനം (ടണ്ണിൽ)	ജില്ലാതല ഉല്പാദന ക്ഷമത (കിലോഗ്രാം/ ഹെക്ടർ)	സംസ്ഥാനതല ഉല്പാദന ക്ഷമത (കിലോഗ്രാം/ ഹെക്ടർ)
നെല്ല്	2119	5452	2573	2790
തെങ്ങ്	72340	6329 ലക്ഷം എണ്ണം	8750 എണ്ണം/ഹെക്ടർ	7432 എണ്ണം/ഹെക്ടർ
വാഴ	9796	78044	7967	8048
മരച്ചീനി	14585	536290	36770	38363
റബ്ബർ	32160	25084	780	796

(അവലംബം- സാമ്പത്തിക സ്ഥിതിവിവര വകുപ്പ്)

Fig: 4

വിളകളുടെ ഉല്പാദന ക്ഷമത (കിലോഗ്രാം/ഹെക്ടർ



കാർഷിക യന്ത്രങ്ങൾ

പവർ ടില്ലർ, ഗാർഡൻ ടില്ലർ, ട്രാക്ടർ/മിനി ട്രാക്ടർ, കൊയ്ത്ത് യന്ത്രം, കറ്റമെതി യന്ത്രം, കൊയ്ത്ത് മെതി യന്ത്രം, പറിച്ചു നടീൽ യന്ത്രം എന്നീ യന്ത്രോപകരണങ്ങൾക്ക് പുറമേ മറ്റു ചെറുകാർഷിക യന്ത്രങ്ങൾ ഉണ്ടെങ്കിലും അവ പര്യാപ്തമല്ല.

പട്ടിക 4.1.1 (1) 8

കാർഷിക യന്ത്രങ്ങളുടെ ലഭ്യത

ഇനം	എണ്ണം
പവർ ടില്ലർ	140
ഗാർഡൻ ടില്ലർ	*45*
ട്രാക്ടർ/മിനി ട്രാക്ടർ	*39*
കൊയ്ത്ത് യന്ത്രം	5
കറ്റമെതി യന്ത്രം	7
കൊയ്ത്ത് മെതി യന്ത്രം	2
പറിച്ചു നടീൽ യന്ത്രം	5

(അവലംബം- കൃഷി ഭവനുകളിൽ നിന്നും ക്രോഡീകരിച്ചത്)

വിപണന സംവിധാനങ്ങൾ

പട്ടിക 4.1.1 (1) 9

വിപണന സ്ഥാപനങ്ങൾ

സ്ഥാപനങ്ങളുടെ പേര്	എണ്ണം
സർക്കാർ മൊത്തവ്യാപാര കേന്ദ്രം	2
എസ്.എച്ച്.എം. റൂറൽ വിപണി	5
വി.എഫ്.പി.സി.കെ. സ്വാശ്രയവിപണി	27
ഹോർട്ടികോർപ്പ് സംഭരണവിപണനകേന്ദ്രം	138
ബി.എൽ.എഫ്.ഒ.	2
ഇക്കോഷോപ്പ്	12
കുടുംബശ്രീ കാർഷിക വിപണന യൂണിറ്റുകൾ	33

(അവലംബം- പ്രിൻസിപ്പൽ കൃഷി ഓഫീസറുടെ അടിസ്ഥാന വിവര രജിസ്റ്റർ)

കാർഷിക സേവന കേന്ദ്രങ്ങൾ

പാറശ്ശാല, കഴക്കൂട്ടം ബ്ലോക്കുകളിലായി 2 അഗ്രോ സർവ്വീസ് സെന്ററുകൾ പ്രവർത്തിക്കുന്നു. 11 ബ്ലോക്കുകളിലുമായി 16 കാർഷിക കർമ്മസേനകളും പ്രവർത്തിക്കുന്നുണ്ട്.

പട്ടിക 4.1.1 (1) 10

കാർഷിക സേവന കേന്ദ്രങ്ങൾ

സ്ഥിതിചെയ്യുന്ന ബ്ലോക്കുകൾ	**സ്ഥിതി ചെയ്യുന്ന പഞ്ചായത്ത്**
അഗ്രോ സർവ്വീസ് സെന്റർ	
1. പാറശ്ശാല	ചെങ്കൽ
2. കഴക്കൂട്ടം	അണ്ടൂർക്കോണം
കാർഷിക കർമ്മസേന	
1. പാറശ്ശാല	കാരോട്
2. നെയ്യാറ്റിൻകര	വെങ്ങാനൂർ
3. ആര്യങ്കോട്	കൊല്ലയിൽ
4. പള്ളിച്ചൽ	കല്ലിയൂർ, മലയിൻകീഴ്
5. കാട്ടാക്കട	തൊളിക്കോട്
6. നെടുമങ്ങാട്	പനവൂർ, കുടപ്പനക്കുന്ന്
7. കഴക്കൂട്ടം	ഉള്ളൂർ
8. ആറ്റിങ്ങൽ	കടയ്ക്കാവൂർ
9. വാമനപുരം	പെരിങ്ങമല, വാമനപുരം
10. വർക്കല	ചെറുന്നിയൂർ, ഇടവ
11. പുളിമാത്ത്	കരവാരം, മടവൂർ

(അവലംബം- പ്രിൻസിപ്പൽ കൃഷി ഓഫീസറുടെ അടിസ്ഥാന വിവര രജിസ്റ്റർ)

ജലസ്ത്രോതസ്സുകൾ

നിലവിലെ ജലസ്ത്രോതസ്സുകൾ വഴി ഏകദേശം 7689 ഹെക്ടർ സ്ഥലം മുഴുവനായും 7368 ഹെക്ടർ ഭാഗീകമായും ജലസേചനം നടത്തുന്നുണ്ട്. ഇത് ആകെ കൃഷി സ്ഥലത്തിന്റെ 6 % മാത്രമാണ്.

പട്ടിക 4.1.1 (1) 11
ജലസ്ത്രോതസ്സുകൾ

സ്ത്രോതസ്സുകൾ	എണ്ണം
നദികൾ	7
സർക്കാർ കനാലുകൾ	102
പൊതുകുളങ്ങൾ	1605
സ്വകാര്യ കുളങ്ങൾ	693
പൊതു കിണറുകൾ	1156
സ്വകാര്യ കിണറുകൾ	242226
കുഴൽ കിണറുകൾ	17762
തോടുകൾ	2651

(അവലംബം–ജില്ലാ ഇറിഗേഷൻ പ്ലാൻ– പി.എം.കെ.എസ്.വൈ)

വിളകൾ തിരിച്ചുള്ള ഭൂവിനിയോഗക്രമം

1. നെല്ല്

കേരളത്തിലെ ജനങ്ങളുടെ മുഖ്യഭക്ഷ്യവിഭവമാണ് അരിയെങ്കിലും നെൽ കൃഷി ചെയ്യുന്ന സ്ഥലത്തിന്റെ വിസ്തൃതി സ്ഥിരമായി കുറഞ്ഞുവരികയാണ്. എന്നാൽ കഴിഞ്ഞ 2 വർഷമായി നേരിയ തോതിലുള്ള വർദ്ധന ജില്ലയിൽ കാണുന്നുണ്ട്. നെൽകൃഷി നിലവിൽ ചെയ്ത് വരുന്നത് ചെറുതും വലുതുമായ 132 പാടശേഖരങ്ങളിലാണ്. ജില്ലയിൽ 5 ഹെക്ടറിൽ കൂടുതൽ വിസ്തീർണ്ണം വരുന്ന 90 പാടശേഖരങ്ങളാണ്. ബാക്കിയുള്ളത് 0.2 ഹെക്ടർ മുതൽ 5 ഹെക്ടർ വരെ വിസ്തീർണ്ണം വരുന്ന ഏലാകളുമാണ്. സംസ്ഥാന സർക്കാരിന്റെയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും നെൽകൃഷി വികസന പദ്ധതികൾ വശേഷിക്കുന്ന നെൽപാടങ്ങളിൽ നെൽകൃഷി നിലനിർത്തുന്നതിനും കൂടുതൽ തരിശ് നിലങ്ങളെ നെൽകൃഷിയിലേയ്ക്ക് കൊണ്ടുവരുന്നതിനും വളരെയധികം സഹായിക്കുന്നുണ്ട്.

പട്ടിക 4.1.1 (1) 12
നെൽകൃഷി– ബ്ലോക്ക്തല വിസ്തീർണ്ണവും ഉല്പാദനവും

ക്രമ നം	ബ്ലോക്കിന്റെ പേര്	വിസ്തീർണ്ണം (ഹെ.)				ഉല്പാദനം (ടൺ)				ഉല്പാദന ക്ഷമത (കി.ഗ്രാം/ ഹെ.)
		വിരിപ്പു	മുണ്ടകൻ	പുഞ്ച	ആകെ	വിരിപ്പു	മുണ്ടകൻ	പുഞ്ച	ആകെ	
1	കിളിമാനൂർ	404.78	444.94	0.08	849.8	1093.547	1227.183	0.075	2320.805	2731
2	വർക്കല	168.26	238.26	0.61	407.13	436.328	615.033	1.231	1052.592	2585
3	പാറശ്ശാല	165.24	17.44	75.45	258.13	410.973	38.997	200.265	650.235	2519
4	ചിറയിൻകീഴ്	73.15	71.76	9.94	154.85	190.027	180.712	24.47	395.209	2552
5	വാമനപുരം	54.54	61.18	7.03	122.75	142.507	169.262	23.161	334.93	2729
6	പോത്തൻകോട്	57.32	30.05	4.14	91.51	143.976	54.964	7.951	206.891	2261
7	പെരുങ്കടവിള	59.87	4.83	12.77	77.47	115.739	7.774	21.062	144.575	1866
8	നേമം	16.09	0.86	23.55	40.5	34.885	2.374	34.534	71.793	1773
9	വെള്ളനാട്	15.93	5.5	3.73	25.16	40.765	19.712	11.564	72.041	2863
10	നെടുമങ്ങാട്	14.03	9.04	0.53	23.6	37.783	28.289	1.59	67.662	2867
11	അതിയന്നൂർ	0	0.2	0.09	0.29		0.65	0.072	0.722	2490
ആകെ ബ്ലോക്കുകൾ		1029.21	884.06	137.92	2051.19	2646.53	2344.95	325.98	5317.46	2592
12	മുനിസിപ്പാലിറ്റി	4.44	5.62	0.48	10.54	9.159	14.292	0.988	24.439	2319
13	കോർപ്പറേഷൻ	40.45	13.09	3.77	57.31	90.098	15.168	5.582	110.848	1934
ആകെ ജില്ലാതലം		1074.1	902.77	142.17	2119.04	2745.79	2374.41	332.55	5452.74	2573

(അവലംബം– സാമ്പത്തിക സ്ഥിതിവിവര വകുപ്പ്)



ജില്ലയിൽ കിളിമാനൂർ, വർക്കല, ചിറയിൻകീഴ്, പാറശ്ശാല എന്നീ ബ്ലോക്കുകളിലാണ് നെൽകൃഷി അധികം ഉള്ളത്. എന്നിരുന്നാലും അതിയന്നൂർ ബ്ലോക്ക് ഒഴികെ ജില്ലയിലെ മറ്റ് ബ്ലോക്കുകളിലും നെൽകൃഷി നേരിയ തോതിൽ നിലവിലുണ്ട്. നെടുമങ്ങാട്, വെള്ളനാട് ബ്ലോക്കുകളിലാണ് നെല്ലിന്റെ ഉല്പാദന ക്ഷമത കൂടുതലെങ്കിലും ജില്ലയിൽ ഏറ്റവും കൂടുതൽ നെല്ല് ഉല്പാദിപ്പിക്കുന്നത് കിളിമാനൂർ ബ്ലോക്ക് പ്രദേശത്താണ്. മുനിസിപ്പാലിറ്റി, കോർപ്പറേഷൻ പ്രദേശങ്ങളിലും നേരിയ തോതിൽ നിലവിൽ നെൽ കൃഷി ചെയ്യുന്നുണ്ട്. പാറശ്ശാല, നേമം ബ്ലോക്കുകളിൽ താമസിച്ചിറക്കുന്ന രണ്ടാംവിള പുഞ്ചയായി കണക്കാക്കുന്നു.

പ്രശ്നങ്ങൾ

- വർദ്ധിച്ച കൂലിചെലവും തൊഴിലാളി ദൗർല്ലഭ്യവും കർഷകരെ ലാഭകരമായ മറ്റ് വിളകളായ വാഴ, പച്ചക്കറി, മരച്ചീനി മുതലായവ കൃഷി ചെയ്യാൻ പ്രേരിപ്പിക്കുന്നു.
- ജലസേചന/നിർഗ്ഗമന സൗകര്യങ്ങളുടെ അപര്യാപ്തത കൃഷി ഇറക്കുന്നതിന് തടസ്സമാകുന്നു.
- മഴയെ ആശ്രയിച്ചുള്ള കൃഷിയായതിനാൽ യഥാസമയം കൃഷി ഇറക്കാൻ സാധിക്കുന്നില്ല.
- തുണ്ടുവല്ക്കരണം യന്ത്രവത്കരണ സാധ്യത കുറയ്ക്കുന്നു.
- പാടശേഖര ഉടമകൾ സ്ഥലത്തില്ലാത്തതുകാരണം നിലം തരിശിടുന്നു.
- നെല്ല് സംസ്കരണത്തിനുള്ള സംവിധാനങ്ങളുടെ അപര്യാപ്തത.

2. നാളികേരം

നാളികേരമാണ് ജില്ലയിലെ പ്രധാന വിളയായി കാണുന്നത്. ജില്ലയിലെ ആകെ കൃഷി വിസ്തൃതിയുടെ 44.9 ശതമാനവും നാളികേരം കൃഷി ചെയ്യാൻ ഉപയോഗിക്കുന്നു.

പട്ടിക 4.1.1 (1) 13

തെങ്ങ്കൃഷി– ബ്ലോക്ക്തല വിസ്തീർണ്ണവും ഉല്പാദനവും

ബ്ലോക്കിന്റെ പേര്	വിസ്തീർണ്ണം (ഹെ.)	ഉല്പാദനം (ലക്ഷം എണ്ണം)	ഉല്പാദന ക്ഷമത (എണ്ണം/ഹെ.)
അതിയന്നൂർ	4787	360	7520
ചിറയിൻകീഴ്	4881	390	7990
കിളിമാനൂർ	7408	740	9989
നെടുമങ്ങാട്	3442	300	8716
നേമം	6200	500	8065
പാറശ്ശാല	4895	470	9602

പെരുങ്കടവിള	4571	400	8751
പോത്തൻകോട്	5463	430	7871
വാമനപുരം	4181	360	8610
വർക്കല	6040	630	10430
വെള്ളനാട്	4861	340	6994
ആകെ ബ്ലോക്കുകൾ	56729	4920	8673
മുനിസിപ്പാലിറ്റി	4067	380	9343
കോർപ്പറേഷൻ	11544	1030	8922
ആകെ ജില്ലാതലം	72340	6330	8750

(അവലംബം- സാമ്പത്തിക സ്ഥിതിവിവര വകുപ്പ്)

Fig: 6
തെങ്ങ് കൃഷി വിസ്തൃതി



ജില്ലയിലെ ആകെ തെങ്ങ് കൃഷിയുടെ 16 ശതമാനം വിസ്തൃതിയും തിരുവനന്തപുരം കോർപ്പറേഷൻ പ്രദേശത്താണ്. ബ്ലോക്ക്പ്രദേശങ്ങളിൽ കിളിമാനൂരിലാണ് ഏറ്റവും കൂടുതൽ തെങ്ങ് കൃഷിയുള്ളത്. പ്രത്യേകിച്ച് പരിചരണം നൽകാതെ തന്നെ സ്ഥിരവരുമാനം തെങ്ങിൽ നിന്നും കിട്ടുമെങ്കിലും വിലയിലെ ഏറ്റക്കുറച്ചിൽ കർഷകരെ ബുദ്ധിമുട്ടിലാക്കാറുണ്ട്. തെങ്ങിന്റെ വിസ്തൃതി കൂടി വരുന്നതായിട്ടാണ് കാണുന്നത്. സംസ്ഥാന ശരാശരിയുമായി താരതമ്യം ചെയ്യുമ്പോൾ ജില്ലയുടെ ഉത്പാദന ക്ഷമത കൂടുതലാണ്.

നിലവിലെ പ്രശ്നങ്ങൾ

- നാളികേര കൃഷി 90 ശതമാനവും മഴയെ ആശ്രയിച്ചുള്ളതാണ്. എന്നാൽ ജലസേചനത്തിലൂടെ മാത്രം തെങ്ങിന്റെ ഉത്പാദനം 50 ശതമാനം വർദ്ധിപ്പിക്കാൻ കഴിയും.
- ഉത്പാദന ക്ഷമത കുറഞ്ഞതും പ്രായം ചെന്ന തെങ്ങുകളുമാണ് ജില്ലയിൽ കൂടുതലും.
- ഇടവിള കൃഷിയുടെ അഭാവംമൂലം തെങ്ങിന് ലഭിക്കേണ്ട പരിചരണങ്ങൾ നൽകുന്നില്ല.
- തെങ്ങുകയറ്റ തൊഴിലാളികളുടെ ദൗർല്ലഭ്യം തെങ്ങിന്റെ കീടരോഗ നിയന്ത്രണ മാർഗ്ഗങ്ങൾ യഥാസമയം അവലംബിക്കുന്നതിന് തടസ്സമാകുന്നു.
- പുരയിടകൃഷിയ്ക്ക് അനുയോജ്യമായ ചെറുയന്ത്രങ്ങളുടെ ലഭ്യത കുറവ്.
- തൊഴിലാളി ദൗർലഭ്യവും വർദ്ധിച്ച കൂലി ചെലവും.

ഫലവർഗ്ഗ വിളകൾ

ജില്ലയുടെ ആകെ വിള വിസ്തൃതിയുടെ 18 ശതമാനം സ്ഥലത്ത് വിവിധ ഫലവർഗ്ഗ വിളകൾ കൃഷി ചെയ്തുവരുന്നു. വാഴ, പ്ലാവ്, മാവ്, പൈനാപ്പിൾ, പപ്പായ മുതലായവയാണ് ജില്ലയിലെ പ്രധാന ഫലവർഗ്ഗവിളകൾ. ഫലവർഗ്ഗവിള കൃഷിയ്ക്ക് ഏറ്റവും

അനുയോജ്യമായ കാലാവസ്ഥയാണ് ജില്ലയിലുള്ളത്. വിവിധയിനം ഫലവർഗ്ഗവിളകളിൽ വച്ച് വാഴയിനങ്ങളാണ് ഏറ്റവും കൂടുതലായി കാണുന്നത്. ഏത്തൻ, ചുവന്നകപ്പ, രസകദളി, പാളയൻകോടൻ, തുടങ്ങിയ വാഴപ്പഴ ഇനങ്ങൾ വ്യാപകമായി ജില്ലയിൽ കൃഷിചെയ്തു വരുന്നതായി കാണാം. കറിക്കായ ഇനങ്ങളായ പേയൻ, മൊന്തൻ മുതലായവയും ധാരാളമായി കൃഷി ചെയ്യുന്നുണ്ട്. വാഴ കഴിഞ്ഞാൽ പ്ലാവ്, മാവ് എന്നീ ഫലവിളകൾ വ്യാപകമായി ജില്ലയിൽ കൃഷി ചെയ്യുന്നു. മഴയെ ആശ്രയിച്ചുള്ള വാഴ കൃഷി മുഖ്യമായും നെൽപ്പാടങ്ങളിലാണ് ചെയ്തുവരുന്നത്. വാഴ കൃഷി ഏറെ ലാഭകരമായി ചെയ്യുന്ന ഒന്നാണെങ്കിലും പ്രകൃതിക്ഷോഭങ്ങൾ വഴി വ്യാപകമായ വിളനാശം കർഷകരെ പ്രതിസന്ധിയിലാക്കുന്നു. വെള്ളായണി മുട്ടൻ വരിക്ക, പാലോടൻ തേൻ വരിക്ക എന്നീ ഇനങ്ങൾ കർഷകരുടെ ഇടയിൽ ഏറെ പ്രിയപ്പെട്ടതാണ്. അതുപോലെ കോട്ടുകോണം മാവിനവും ജില്ലയുടെ തനത് വിളയായി കണക്കാക്കാം.

പട്ടിക 4.1.1 (1) 14

ഫലവർഗ്ഗ വിളകൾ-ബ്ലോക്ക്തല വിസ്തീർണ്ണം(ഹെ.)

ബ്ലോക്കിന്റെ പേര്	പ്ലാവ്	മാവ്	വാഴ (പഴം)	വാഴ (കറിക്കായ)	പൈനാപ്പിൾ	പപ്പായ
അതിയന്നൂർ	431.94	258.78	212.59	211.32	5.3	105.12
ചിറയിൻകീഴ്	376.16	313.68	66.03	483.16	5.61	97.13
കിളിമാനൂർ	1108.92	836.08	196.38	791.45	18.76	216.99
നെടുമങ്ങാട്	220.11	133.57	119.84	311.28	22.68	61.39
നേമം	598.46	339.55	583.33	845.54	5.43	203.18
പാറശ്ശാല	543.66	422.49	334.68	522.47	11.67	124.78
പെരുങ്കടവിള	479.48	276.7	447.67	1315.02	22.07	210.39
പോത്തൻകോട്	463.58	334.94	45.57	257.74	2.68	99.38
വാമനപുരം	487	202.91	290.41	570.22	16.22	99.29
വർക്കല	564.19	505.81	22.08	401.04	8.12	95.66
വെള്ളനാട്	471.32	280.61	199.56	586.5	17.46	153.55
ആകെ ബ്ലോക്കുകൾ	5744.82	3905.12	2518.14	6295.74	136	1466.86
മുനിസിപ്പാലിറ്റി	343.29	216.54	115.71	304.53	4.66	76.24
കോർപ്പറേഷൻ	764.55	585.27	41.97	520.21	0.78	243.91
ആകെ ജില്ലാതലം	6852.66	4706.93	2675.82	7120.48	141.44	1787.01

(അവലംബം– സാമ്പത്തിക സ്ഥിതിവിവര വകുപ്പ്)

Fig :8

ഫലവർഗ്ഗ വിളകൾ -ബ്ലോക്ക്തല വിസ്തീർണ്ണവം (ഹെ.)



ജില്ലയിൽ പെരുങ്കടവിള, പാറശ്ശാല, കിളിമാനൂർ എന്നീ ബ്ലോക്കുകളിലാണ് വാഴ താരതമ്യേന വിപുലമായി കൃഷി ചെയ്തുവരുന്നത്. പൈനാപ്പിൾ കൃഷി

ലാഭകരമാണെങ്കിലും ജില്ലയിലെ വിളവിസ്തൃതി വളരെ കുറവാണ്. പപ്പായ കൃഷിക്ക് കൂടുതൽ പ്രചാരം നേടിയിട്ടുണ്ട്. നിലവിൽ കിളിമാനൂർ, പെരുങ്കടവിള, കോർപ്പറേഷൻ, നേമം എന്നീ ബ്ലോക്ക് പ്രദേശങ്ങളിൽ ഫലവർഗ്ഗവിളകൾ താരതമ്യേന കൂടുതലായി കൃഷി ചെയ്യുന്നുണ്ട്.

നിലവിലെ പ്രശ്നങ്ങൾ

- വാഴക്കുലയ്ക്ക് ഓണം വിപണി ഒഴികെ പലപ്പോഴും കർഷകർക്ക് ന്യായവില ലഭിക്കുന്നില്ല
- മഴയെ ആശ്രയിച്ചുള്ള കൃഷിയായതിനാൽ വർഷം മുഴുവനും വാഴകൃഷിയിൽ നിന്നും സ്ഥായിയായ വരുമാനം കർഷകർക്ക് ലഭിക്കുന്നില്ല.
- രോഗവിമുക്തമായ വാഴക്കന്നുകളുടെ ലഭ്യത കുറവ്.
- വാണിജ്യാടിസ്ഥാനത്തിൽ വാഴകൃഷി ചെയ്യുന്നവരിൽ ഭൂരിഭാഗം പേരും പാട്ടഭൂമിയിലാണ് കൃഷി ചെയ്യുന്നത്. ഇത് കൃഷി ചെലവ് വർദ്ധിപ്പിക്കുന്നു.
- പ്രകൃതിക്ഷോഭം, വന്യമൃഗങ്ങൾ എന്നിവ മൂലം ഏറ്റവും കൂടുതൽ നാശനഷ്ടമുണ്ടാവുന്ന വിളയാണ് വാഴ.
- സംയോജിത രോഗകീടനിയന്ത്രണത്തിന്റെ അഭാവം.
- സൂക്ഷ്മമൂലകങ്ങളടങ്ങിയ വളങ്ങളുടെ ലഭ്യത കുറവ്.

പച്ചക്കറി

ആകെ വിള വിസ്തൃതിയിൽ 2.3 ശതമാനം മാത്രമാണ് പച്ചക്കറി കൃഷി ചെയ്യുന്നത്. എന്നിരുന്നാലും കർഷകർക്ക് ഏറെ വരുമാനം നൽകുന്ന ഒരു വിളയാണ് പച്ചക്കറി. നിലവിൽ നമുക്കാവശ്യമായ പച്ചക്കറികളിൽ ജില്ലയുടെ കാലാവസ്ഥയ്ക്ക് അനുയോജ്യ ഇനങ്ങളായ ചീര, വെണ്ട, പാവൽ, പടവലം, വെള്ളരി, പയർ, കത്തിരി മുതലായവ മാത്രമാണ് ഇവിടെ കൃഷി ചെയ്തുവരുന്നത്. മറ്റുള്ള ശീതകാല പച്ചക്കറി ഇനങ്ങളായ കാബേജ്, കാരറ്റ് മുതലായവ മറ്റു ജില്ലകളിൽ നിന്നും അന്യസംസ്ഥാനങ്ങളിൽ നിന്നുമാണ് കണ്ടെത്തുന്നത്. ഇതിനുപുറമേ ദീർഘകാല ഇനമായ മുരിങ്ങയും കൃഷി ചെയ്യുന്നുണ്ട്. പച്ചക്കറി കൃഷി മുഖ്യമായും നെൽപ്പാടങ്ങളിലാണ് ചെയ്തുവരുന്നത്.

പട്ടിക 4.1.1 (1) 15

വിവിധയിനം പച്ചക്കറികളുടെ വിള വിസ്തൃതി (ഹെക്ടർ)

ക്രമ നം	ബ്ലോക്കിന്റെ പേര്	മുരിങ്ങ	ചീര	പാവൽ	പടവലം	വെണ്ട	വഴുതന	മുളക്	ചുരയ്ക്ക	പയർ	കോവൽ	കുമ്പളം	മത്തൻ	വെള്ളരി	ആകെ
1	അതിയന്നൂർ	96.5	16.88	2.62	4.84	3.69	2.41	9.31	0	18.21	2.67	0.24	5.04	10.87	173.28
2	ചിറയിൻകീഴ്	158.73	14.52	5.15	2.78	3.78	6.89	17.83	0.84	20.51	6.16	0.45	2.51	2.78	242.93
3	കിളിമാനൂർ	341.73	19.45	9.31	3.08	6.38	10.12	35.16	0.31	29.32	9.22	1.34	2.2	2.66	470.28
4	നെടുമങ്ങാട്	87.85	21.95	24.31	27.45	1.85	1.79	6.11	0.05	28.09	2.18	0.46	3.02	15.63	220.74
5	നേമം	342.54	50.36	20.88	13.88	17.62	10.47	17.41	0.08	50.91	4.69	0.11	0.67	37.05	566.67
6	പാറശ്ശാല	90.31	28.42	2.87	11.69	21.19	18.47	24.54	0	39.71	6.72	0.55	0.5	56.95	301.92
7	പെരുങ്കടവിള	93.32	45.17	3.08	3.1	11.74	13.23	34.34	0	39.14	4.73	0.24	1.02	33.35	282.46
8	പോത്തൻകോട്	172.86	9.21	6.54	8.08	1.86	2.88	6.92	0.13	12.04	2.12	0.07	0.53	4.25	227.49
9	വാമനപുരം	138.17	14.26	11.82	15.18	3.67	7.86	16.75	0	25.81	4.15	0.72	2.23	14.57	255.19
10	വർക്കല	167.14	12.04	4.47	3.61	4.26	9.32	31.02	0	16.64	3.35	0.37	1.05	1.19	254.46
11	വെള്ളനാട്	143.82	12.76	11.1	9.55	5.24	6.65	13.97	0.09	24.44	3.31	0.1	1.24	14.28	246.55
12	മുനിസിപ്പാലിറ്റി	95	27.45	18.92	17.1	5.15	4.39	13.76	0.04	40.43	2.62	0.36	1.75	21.41	248.38
13	കോർപ്പറേഷൻ	248.71	8.41	3.37	4.06	2.77	3.91	7.55	0.05	9.9	2.48	0.31	1.65	5.69	298.86
ആകെ ജില്ലാതലം		2176.68	280.88	124.44	124.4	89.2	98.39	234.7	1.59	355.15	54.4	5.32	23.41	220.68	3789.2

(അവലംബം- സാമ്പത്തിക സ്ഥിതിവിവര വകുപ്പ്)

Fig: 9
ബ്ലോക്കടിസ്ഥാനത്തിലുള്ള പച്ചക്കറി കൃഷി വിസ്തൃതി (ഹെക്ടർ)



ജില്ലയിൽ ഏറ്റവും കൂടുതൽ പച്ചക്കറി കൃഷി ചെയ്യുന്ന ബ്ലോക്കുകൾ നേമം, കിളിമാനൂർ, പാറശ്ശാല എന്നിവയാണ്.കോർപ്പറേഷൻ പ്രദേശത്തും താരതമ്യേന കൂടുതൽ സ്ഥലത്ത് പച്ചക്കറി കൃഷി ചെയ്യുന്നു. മറ്റെല്ലാ ബ്ലോക്കുകളിലും ആകെ വിള വിസ്തൃതിയുടെ 10 ശതമാനത്തോളം സ്ഥലത്ത് പച്ചക്കറി കൃഷി ചെയ്യുന്നുണ്ടെങ്കിലും ഏറ്റവും കുറവുള്ളത് അതിയന്നൂർ ബ്ലോക്ക് പ്രദേശത്താണ്.

Fig:10
പച്ചക്കറി ഇനങ്ങൾ



പച്ചക്കറി വിളകളിൽ ദീർഘകാല വിളയായ മുരിങ്ങ കഴിഞ്ഞാൽ ജില്ലയിൽ ഏറ്റവും കൂടുതൽ കൃഷി ചെയ്യുന്ന പച്ചക്കറി ഇനങ്ങൾ പയർ, ചീര, വെള്ളരി, മുളക്, പാവൽ, പടവലം, വെണ്ട മുതലായവയാണ്.

നിലവിലെ പ്രശ്നങ്ങൾ

- ഗുണമേന്മയുള്ള നടീൽവസ്തുക്കളുടെ ലഭ്യത കുറവ്
- ജലസേചന സൗകര്യത്തിന്റെ അപര്യാപ്തത
- ഓണവിപണി ലക്ഷ്യമാക്കിയുള്ള ചില ഇനങ്ങളായ പടവലം, വെള്ളരി എന്നിവയുടെ കൃഷി അമിത ഉത്പാദനത്തിനും വില തകർച്ചയ്ക്കും ഇടയാക്കുന്നു.

- കർഷകരുടെ ഉത്പന്നങ്ങൾ യഥാസമയം സംഭരിച്ച് വിപണനം നടത്തി വരുമാനം നൽകാനുള്ള സംവിധാനം ജില്ലയിൽ ഇപ്പോഴും അപര്യാപ്തമാണ്.
- ജില്ലയിലെ ഭൂരിഭാഗം പച്ചക്കറി കർഷകരും പാട്ടക്കൃഷിക്കാരായതിനാൽ ജലസേചനത്തിനും നൂതന കൃഷി സമ്പ്രദായങ്ങൾക്കും ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുവാൻ സാധിക്കുന്നില്ല.

കിഴങ്ങുവർഗ്ഗവിളകൾ

ജില്ലയിൽ തെങ്ങ് കഴിഞ്ഞാൽ ഏറ്റവും കൂടുതൽ കൃഷിയുള്ള വിളയാണ് മരച്ചീനി. മരച്ചീനിയ്ക്കു പുറമേ മറ്റ് കിഴങ്ങുവർഗ്ഗവിളകളായ ചേന, ചേമ്പ്, കാച്ചിൽ, മധുരക്കിഴങ്ങ് മുതലായവയും കൃഷി ചെയ്തുവരുന്നു. കിഴങ്ങുവർഗ്ഗവിളകൾ കൂടുതലും വയലുകളിലും തെങ്ങിനിടവിളയായിട്ടുമാണ് കൃഷി ചെയ്യുന്നത്. അനുയോജ്യമായ കാലാവസ്ഥയും കുറഞ്ഞ കൃഷി ചെലവും ഈ കൃഷിയെ കർഷകർക്ക് ഏറെ പ്രിയമുള്ള വിളയാക്കി മാറ്റിയിരിക്കുന്നു.

പട്ടിക 4.1.1 (1) 16

കിഴങ്ങുവർഗ്ഗവിളകളുടെ ബ്ലോക്ക് തല വിസ്തൃതി

ബ്ലോക്കിന്റെ പേര്	ആകെ വിസ്തൃതി (ഹെക്ടർ)						
	മരച്ചീനി	ചേന	ചേമ്പ്	കാച്ചിൽ	മധുരക്കിഴങ്ങ്	മറ്റുള്ളവ	ആകെ
അതിയന്നൂർ	481.31	16.01	17.29	2	0.5	12.85	529.96
ചിറയിൻകീഴ്	1365.91	30.44	91.64	2.55	0.8	7.98	1499.3
കിളിമാനൂർ	3019.46	84.34	163.81	8.45	0.24	15.41	3291.7
നെടുമങ്ങാട്	495.4	12.27	12.08	3.77	0.33	3.88	527.73
നേമം	1087.13	44.85	37.24	4.73	3.55	13.39	1190.9
പാറശ്ശാല	649.08	31.87	82.58	6.09	6.58	44.19	820.39
പെരുങ്കടവിള	1038.56	69.57	129.32	12.65	2.55	37.45	1290.1
പോത്തൻകോട്	795.74	9.37	12.57	1.35	0.28	1.56	820.87
വാമനപുരം	1286.55	20.42	31.09	5.81	0.76	9.3	1353.9
വർക്കല	1729.07	26.51	67.31	2.36	0.14	3.56	1829
വെള്ളനാട്	902.57	27.56	22.37	5.6	0.35	10.74	969.19
മുനിസിപ്പാലിറ്റി	1146.83	20.48	32.57	2.89	1.01	8.52	1212.3
കോർപ്പറേഷൻ	587.28	4.47	14.3	1.16	0.08	1.06	608.35
ആകെ	14584.89	398.16	714.17	59.41	17.17	169.89	15944

(അവലംബം- സാമ്പത്തിക സ്ഥിതിവിവര വകുപ്പ്)

Fig: 11

കിഴങ്ങുവർഗ്ഗവിളകളുടെ ബ്ലോക്ക്തല വിസ്തൃതി (ഹെക്ടർ)



കിഴങ്ങുവർഗ്ഗവിളകളുടെ വിസ്തൃതിയിൽ മുൻപന്തിയിൽ നിൽക്കുന്നത് കിളിമാനൂർ, വർക്കല, ചിറയിൻകീഴ് ബ്ലോക്കുകളാണ്. ഏറ്റവും കുറവ് അതിയന്നൂർ ബ്ലോക്ക് പ്രദേശത്താണ്.

Fig: 12

കിഴങ്ങുവർഗ്ഗവിളകളുടെ ഇനം തിരിച്ചുള്ള വിസ്തൃതി (ഹെക്ടർ)



കിഴങ്ങുവർഗ്ഗവിള വിസ്തൃതിയുടെ 91 ശതമാനം സ്ഥലത്തും മരച്ചീനിയാണ് കൃഷി ചെയ്യുന്നത്. ചേമ്പ്, ചേന, മധുരക്കിഴങ്ങ്, നനകിഴങ്ങ് മുതലായവയാണ് ജില്ലയിൽ കൃഷി ചെയ്യുന്ന മറ്റു കിഴങ്ങുവർഗ്ഗവിളകൾ.

നിലവിലെ പ്രശ്നങ്ങൾ

- ഗുണമേന്മയുള്ളതും ഉല്പാദന ക്ഷമതയുള്ളതുമായ നടീൽ വസ്തുക്കളുടെ ലഭ്യതക്കുറവ്.
- ശാസ്ത്രീയ കൃഷിമുറകളുടെ അഭാവവും
- കിഴങ്ങുവർഗ്ഗങ്ങളുടെ വിലയിലുണ്ടാകുന്ന ഏറ്റക്കുറച്ചിൽ
- മൂല്യവർദ്ധിത യൂണിറ്റുകളുടെ അഭാവം
- മാർക്കറ്റിംഗ് സംവിധാനത്തിന്റെ അപര്യാപ്തത
- ജൈവവളങ്ങളുടെ ലഭ്യതക്കുറവ്

സുഗന്ധവ്യഞ്ജനവിളകൾ

ജില്ലയിൽ സുഗന്ധവ്യഞ്ജനവിളകളായി കുരുമുളക്, ഇഞ്ചി, മഞ്ഞൾ എന്നിവയാണ് കൃഷി ചെയ്തുവരുന്നത്. ഇതിൽ കുരുമുളകാണ് ജില്ലയിൽ വ്യാപകമായി കൃഷി ചെയ്യുന്നത്.

പട്ടിക 4.1.1 (1) 17

സുഗന്ധവ്യഞ്ജനവിളകളുടെ വിസ്തൃതി (ഹെക്ടർ)

ബ്ലോക്കിന്റെ പേര്	കുരുമുളക്	ഇഞ്ചി	മഞ്ഞൾ	ഗ്രാമ്പു	ജാതി	പുളി	കമുക്	ആകെ
അതിയന്നൂർ	85.86	0.11	0.4	0.06	6.58	16.75	77.83	187.59
ചിറയിൻകീഴ്	101.33	11.21	7.2	2.47	6.76	82.6	44.68	256.25
കിളിമാനൂർ	441.71	29.99	26.52	1.64	5.18	167.02	105.11	777.17
നെടുമങ്ങാട്	151.55	3.77	3.4	1.48	9.19	86.49	57.76	313.64
നേമം	125.31	2.21	0.97	0.71	22.97	84.75	103.3	340.22
പാറശ്ശാല	128.63	5.61	2.29	1.24	5.99	16.59	120.41	280.76
പെരുങ്കടവിള	284.08	10.76	2.22	5.63	20.74	105.96	94.65	524.04
പോത്തൻകോട്	81.95	2.9	2.26	0.2	4.05	27.86	28.71	147.93
വാമനപുരം	238.64	10.57	10.95	6.28	14.47	133.44	30	444.35
വർക്കല	180.43	6.95	7.08	0.25	5.73	71.97	48.36	320.77
വെള്ളനാട്	244.81	7.6	7.54	2.84	15.55	145.63	63.7	487.67
ആകെ	**2064.3**	**91.68**	**70.83**	**22.8**	**117.21**	**939.06**	**774.51**	**4080.39**
മുനിസിപ്പാലിറ്റി	148.29	2.35	2.1	0.42	2.16	54.98	31.41	241.71
കോർപ്പറേഷൻ	80.33	1.15	0.49	0.71	12.81	41.49	43.22	180.2
ആകെ	**2292.92**	**95.18**	**73.42**	**23.93**	**132.18**	**1035.5**	**849.14**	4502.3

(അവലംബം– സാമ്പത്തിക സ്ഥിതിവിവര വകുപ്പ്)

Fig:13

സുഗന്ധ വ്യഞ്ജനവിളകളുടെ ബ്ലോക്ക്തല വിസ്തൃതി (ഹെക്ടർ)



സുഗന്ധവ്യഞ്ജന വിളകളുടെ വിസ്തൃതിയുടെ കാര്യത്തിൽ മുൻപന്തിയിൽ നിൽക്കുന്നത് കിളിമാനൂർ, പെരുങ്കടവിള, വെള്ളനാട് ബ്ലോക്കുകളാണ്. വിള വിസ്തൃതിയിൽ ഏറ്റവും കുറവ് പോത്തൻകോട്, അതിയന്നൂർ ബ്ലോക്കുകളാണ്.

Fig: 14

സുഗന്ധ വ്യഞ്ജന വിളകളുടെ ഇനം തിരിച്ചുള്ള വിസ്തൃതി (ഹെക്ടർ)



നിലവിലെ പ്രശ്നങ്ങൾ

ഗുണമേന്മയുള്ള നടീൽ വസ്തുക്കളുടെ അഭാവം, കുറഞ്ഞ ഉത്പാദന ക്ഷമത, രോഗകീടബാധ, കാലാവസ്ഥാ വ്യതിയാനം, വിളവെടുപ്പിനുശേഷമുള്ള നഷ്ടം, വിപണിയിലെ വില സ്ഥിരത ഇല്ലായ്മ, വിപണികളുടെ അഭാവം എന്നിവയാണ് കുരുമുളക് കൃഷിയിൽ ജില്ലയിലെ കർഷകർ നേരിടുന്ന പ്രധാന പ്രശ്നങ്ങൾ.

പുഷ്പ കൃഷി

പുഷ്പകൃഷിയ്ക്ക് വളരെ സാദ്ധ്യതയുള്ള ജില്ലയാണ് തിരുവനന്തപുരം. ആന്തൂറിയം, ഓർക്കിഡ്, ഹെലിക്കോണിയ, ജർബറ തുടങ്ങിയവ വാണിജ്യാടിസ്ഥാനത്തിൽ കൃഷി ചെയ്യുവാൻ അനുകൂല കാലാവസ്ഥയാണുള്ളത്. നിലവിൽ എസ്.എച്ച്.എം. വഴി നടപ്പിലാക്കിയ നൂറിൽപരം പുഷ്പകൃഷി യൂണിറ്റുകൾ നല്ലരീതിയിൽ പ്രവർത്തിച്ചുവരുന്നു.

നിലവിലെ പ്രശ്നങ്ങൾ

- മെച്ചപ്പെട്ട നടീൽ വസ്തുക്കളുടെ അഭാവം
- ആസൂത്രിത വിപണന സംവിധാനത്തിന്റെ അഭാവം
- കയറ്റുമതി ലക്ഷ്യമാക്കി ഗുണമേന്മയുള്ള പൂക്കൾ ഉത്പാദിപ്പിക്കാനുള്ള പരിജ്ഞാനക്കുറവ്
- പുഷ്പകൃഷിയിലെ നൂതന സാങ്കേതികവിദ്യ ഉപയോഗിച്ച് ഉത്പാദനം വർദ്ധിപ്പിക്കുന്നതിനുള്ള പരിജ്ഞാനക്കുറവ്

ഔഷധസസ്യ കൃഷി

ആയുർവേദ ചികിത്സയ്ക്ക് പ്രചാരം വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ ഔഷധ സസ്യ കൃഷിയ്ക്ക് ഏറെ പ്രാധാന്യമുണ്ട്. ജില്ലയിൽ തെങ്ങിൻതോട്ടങ്ങളിൽ ഇടവിള കൃഷിയായും ഔഷധ സസ്യ കൃഷി ചെയ്യാനുള്ള സാധ്യതകൾ വളരെയാണെങ്കിലും നിലവിൽ കാര്യമായി ഈ കൃഷി ചെയ്യുന്നില്ല.

നിലവിലെ പ്രശ്നങ്ങൾ

- ഗുണമേന്മയുള്ള നടീൽ വസ്തുക്കൾ മിതമായ വിലയ്ക്ക് ലഭ്യമല്ല
- ഉത്പാദിപ്പിക്കുന്ന ഔഷധസസ്യങ്ങൾ മെച്ചപ്പെട്ട വില നൽകി വാങ്ങുന്നതിനുള്ള സംവിധാനം ഇല്ല
- കർഷകർ അസംഘടിതരും ചെറുകിട രീതിയിൽ കൃഷി ചെയ്യുന്നവരുമാണ്
- അന്യസംസ്ഥാനമായ തമിഴ്നാട്ടിൽ നിന്നും തുച്ഛമായ വിലയ്ക്ക് ഔഷധസസ്യ ഉത്പന്നങ്ങൾ ലഭ്യമാണ്

ഫാമുകൾ

ജില്ലയിൽ 6 ഫാമുകളാണ് ഉള്ളത്. അതിൽ പെരിങ്ങമ്മല ബനാനാ നഴ്സറി ഒഴിച്ച് ബാക്കി 5 ഫാമുകളും തിരുവനന്തപുരം ജില്ലാ പഞ്ചായത്തിന് കൈമാറിയവയാണ്. തെങ്ങിൻതൈ വളർത്തൽ കേന്ദ്രങ്ങളിലും, വിത്തുല്പാദന കേന്ദ്രങ്ങളിലും വിസ്തീർണ്ണം കുറവായതിനാൽ ഇനിയുള്ള വികസന സാധ്യത കുറവാണ്. എന്നാൽ ജില്ലാ ഫാമിലും ബനാനാ നഴ്സറിയിലും ആവശ്യത്തിന് സ്ഥലം ലഭ്യമായതിനാൽ വികസന പ്രവർത്തനങ്ങൾക്ക് വളരെ സാധ്യതകളാണ് ഉള്ളത്.

നിലവിലെ അവസ്ഥ

- തെങ്ങിൻതൈ ഉല്പാദന കേന്ദ്രങ്ങളിൽ നിലവിൽ ഇപ്പോൾ ഇവിടെ നാടൻ ഇനമായ ഡബ്ല്യു.സി.റ്റി.യും അത്യുല്പാദന ശേഷിയുള്ള റ്റി. x ഡി., ഡി x റ്റി, എന്നീ ഇനങ്ങളും കുള്ളൻ ഇനങ്ങളായ ഓറഞ്ച് ഡ്വാർഫ്/ഗ്രീൻ ഡ്വാർഫും മാത്രമാണ് ഉത്പാദിപ്പിക്കുന്നത്.
- വിത്തുല്പാദന കേന്ദ്രങ്ങളിലെ ജലസേചന സൗകര്യക്കുറവ് നെല്ലുല്പാദനത്തെ കാര്യമായി ബാധിക്കുന്നു.
- ഉള്ളൂർ വിത്തുല്പാദന കേന്ദ്രത്തിലെ നെൽപ്പാടങ്ങളിൽ നല്ലൊരു ഭാഗം ചതുപ്പുനിലമായതിനാൽ യന്ത്രം ഉപയോഗിച്ചുള്ള കൃഷിയ്ക്ക് സാധ്യതയില്ല. കൂടാതെ സമീപ പ്രദേശത്തെ വീടുകളിൽ നിന്നുള്ള മാലിന്യങ്ങൾ ഫാമിന്റെ വക തോടുകളിലേയ്ക്ക് ഒഴുക്കിവിടുന്നതിനാൽ തൊഴിലാളികൾക്ക് നിരന്തരം ത്വക്ക് രോഗങ്ങൾ ഉണ്ടാകുന്നു.
- കഴക്കൂട്ടം കോക്കനട്ടു നഴ്സറിയിൽ ഓഫീസ് ജീവനക്കാരുടെയും തൊഴിലാളികളുടെയും അപര്യാപ്തത ഫാമിന്റെ പ്രവർത്തനങ്ങളെ സാരമായി ബാധിക്കുന്നു.
- ബനാനാ നഴ്സറി, ജില്ലാ ഫാം എന്നിവിടങ്ങളിൽ വേനൽ കാലത്ത് ജലദൗർല്ലഭ്യം അനുഭവപ്പെടുന്നു.

- ബനാനാ നഴ്സറിയുടെ പ്രവർത്തനങ്ങൾക്ക് ആവശ്യമായ ഫണ്ട് സർക്കാരിൽ നിന്നും യഥാസമയം കിട്ടുന്നില്ല.
- വൈവിദ്ധ്യങ്ങളായ ഫാം ഉല്പന്നങ്ങൾ ഉണ്ടാക്കുന്നതിന് സാദ്ധ്യതകൾ ഏറെയാണെങ്കിലും അത് വേണ്ടവിധത്തിൽ പ്രാവർത്തികമാക്കുന്നില്ല.
- ഫാമുകളുടെ വരവും ചെലവും താരതമ്യം ചെയ്യുമ്പോൾ കഴക്കൂട്ടം കോക്കനട്ട് നഴ്സറി ഒഴിച്ച് ബാക്കി ഫാമുകൾ നഷ്ടത്തിലാണ് പ്രവർത്തിക്കുന്നത്.
- വനത്തോട് ചേർന്ന് കിടക്കുന്ന ജില്ലാ ഫാം, ബനാനാ നഴ്സറി എന്നിവിടങ്ങളിൽ വന്യമൃഗങ്ങളുടെ ശല്യം വളരെ കൂടുതലാണ്. പലപ്പോഴും വിളവെടുപ്പിന് മുമ്പ് കൃഷി പൂർണ്ണമായും വന്യമൃഗങ്ങളാൽ നശിപ്പിക്കപ്പെടുന്നു.

വിപണനം

ജില്ലയിൽ സർക്കാർ സംവിധാനം വഴി ആനയറയും നെടുമങ്ങാടും പ്രവർത്തിക്കുന്ന രണ്ട് മൊത്ത വ്യാപാര മാർക്കറ്റുകൾ കൃഷിക്കാരുടെ ഉല്പന്നങ്ങൾ സംഭരിക്കുകയും മെച്ചപ്പെട്ട വില ലഭിക്കുന്നതിനുള്ള സംവിധാനത്തിലൂടെ വിപണനം നടത്തുകയും ചെയ്യുന്നു. ഇതിനു പുറമെ ജില്ലയിൽ എസ്.എച്ച്.എം. റൂറൽ വിപണി, വി.എഫ്.പി.സി.കെ. സ്വാശ്രയവിപണി, ഹോർട്ടികോർപ്പ്, ബി.എൽ.എഫ്.ഒ., ഇക്കോഷോപ്പ്, കുടുംബശ്രീ വിപണന യൂണിറ്റുകളും പ്രവർത്തിക്കുന്നുണ്ട്. വെള്ളനാട് സ്വാശ്രയ വിപണി മാതൃകയാക്കി എല്ലാ കൃഷി ഭവനുകളിലും സ്വാശ്രയ വിപണന കേന്ദ്രം ആരംഭിക്കുകയാണെങ്കിൽ തദ്ദേശീയമായി ഉല്പന്നങ്ങൾക്ക് താമസം കൂടാതെ കർഷകന് വില ലഭിക്കുകയും ഉപഭോക്താക്കൾക്ക് പുതുമയോടുകൂടി വിഭവങ്ങൾ ലഭ്യമാവുകയും ചെയ്യാം.

ജൈവകൃഷി

സുരക്ഷിത കാർഷിക വിഭവങ്ങൾ ലഭ്യമാക്കുന്നതിന് നല്ല കൃഷിമുറകൾ വഴിയുള്ള (ജി.എ.പി.) പ്രവർത്തനങ്ങൾക്ക് ജില്ല മുൻതൂക്കം നൽകുന്നുണ്ട്. ജൈവകൃഷിയ്ക്ക് ഊന്നൽ നൽകികൊണ്ടുള്ള പ്രവർത്തനങ്ങൾ നടക്കുന്നുണ്ടെങ്കിലും വാണിജ്യാടിസ്ഥാനത്തിലുള്ള ജൈവകൃഷി ഫലപ്രദമായും കർശനമായും നടപ്പാക്കാൻ സാധിച്ചിട്ടില്ല.ജി.എ.പി. പച്ചക്കറി കൃഷി ജില്ലയിൽ 1000 ഹെക്ടർ സ്ഥലത്ത് നടപ്പിലാക്കുന്നുണ്ട്. ഇതിന് കർഷകരിൽ നിന്നും മികച്ച പ്രതികരണമാണ് ലഭിക്കുന്നത്. പി.കെ.വി.വൈ. പദ്ധതി വഴി മാതൃക ജൈവകൃഷി തോട്ടങ്ങൾ, പരിശീലനങ്ങൾ, വിപണന സംവിധാനങ്ങൾ എന്നിവയ്ക്ക് ആനുകൂല്യം നൽകി വരുന്നു. ഇതിലൂടെ 100 ശതമാനം നല്ല പരിചരണമുറകൾ വഴിയുള്ള പച്ചക്കറി ഉത്പാദനം ലക്ഷ്യമിടുന്നു. ജൈവകൃഷിയിൽ മുഖ്യ ഇടപെടലുകൾ നടന്ന വിളകൾ പച്ചക്കറിയും വാഴയുമാണ്. വിജയം കുറിച്ച മേഖല വീട്ടുവളപ്പിലെ കൃഷിയാണ്. ജില്ലയിലെ നന്ദിയോട് ഗ്രാമപഞ്ചായത്ത് തുടർച്ചയായി രണ്ടാം വർഷവും സംസ്ഥാനത്തെ മികച്ച ജൈവഗ്രാമമായി തെരഞ്ഞെടുത്തിട്ടുണ്ട്. മറ്റ് പഞ്ചായത്തുകളിൽ കൂടി ഇത് മാതൃകയാക്കാവുന്നതാണ്.

4.1.1 (2) മണ്ണ് ജല സംരക്ഷണം

ഉയരം കൂടിയ കുന്നുകളെയും അവയ്ക്കിടയിലെ താഴ്വരകളെയും ഉൾക്കൊള്ളുന്ന മലനാട്, നിമ്നോന്നതമായിക്കിടക്കുന്ന ഇടനാട്, നിമ്ന പ്രദേശമായ തീരമേഖല എന്നിങ്ങനെയാണ് ജില്ലയുടെ ഭൂപ്രകൃതി. മറ്റു ജില്ലകളിലേതിനെ അപേക്ഷിച്ച് ജില്ലയുടെ തീരമേഖല നന്നേ വീതി കുറഞ്ഞതാണ്. ഭൂജലനിക്ഷേപം സമൃദ്ധമായിട്ടുള്ള ഒരു മേഖലയിലാണ് ജില്ലയുടെ കിടപ്പ്. കാർഷികാവശ്യങ്ങൾക്കും ഇതരോപഭോഗങ്ങൾക്കും ഉതകുന്ന ജലസമൃദ്ധങ്ങളായ കുളങ്ങൾ ജില്ലയിലെമ്പാടും നിലവിലുണ്ട്. ആറുകളും അവയുടെ വിവിധ കൈവഴികളും, ജലസമ്പന്നങ്ങളായ തോടുകളും ജില്ലയെ ജലസമ്പുഷ്ടമാക്കുന്നു.

ഭൂവിജ്ഞാനീയമായി ജില്ലയെ നാല് ഉപമേഖലകളായി വിഭജിക്കാം. മലമടക്കുകൾ, ശിലാസ്തരങ്ങൾ, ലാറ്ററൈറ്റ് മേഖല, തീരപ്രദേശം എന്നിവയാണ് ഈ ഉപമേഖലകൾ. ലെപ്മനൈറ്റുകൾക്കൊപ്പം ചാർണൊക്കൈറ്റ്, ബയോട്ടൈറ്റ്, ഹോൺബ്ളെൻസ്, നൈസ്, ഷിസ്റ്റ്, ഗ്രാനുലൈറ്റ് തുടങ്ങിയയിനം ശിലകളുടെ സ്ഥാനീയ പ്രാമുഖ്യമുള്ളതാണ്. ജില്ലയിലെ പല ഭാഗങ്ങളിലും വിശിഷ്യ സസ്യാവരണം നഷ്ടപ്പെട്ടയിടങ്ങളിൽ ലാറ്ററൈറ്റ് ശിലാവപചയങ്ങൾ വ്യാപിച്ചു കിടക്കുന്നു. പ്രതലത്തിൽ നിന്ന് നൂറ് മീറ്റർ ആഴത്തിൽ എത്തുന്ന ലാറ്ററൈറ്റ് പാടങ്ങളും ജില്ലയിൽ കണ്ടെത്തിയിട്ടുണ്ട്.

ഭൂക്ഷമത

മണ്ണിന്റെ സ്വാഭാവിക സവിശേഷതകൾ, ഭൂമിയുടെ ഉപയോഗത്തെ സ്വാധീനിക്കുന്ന ബാഹ്യവും പാരിസ്ഥിതികവുമായ ഘടകങ്ങൾ എന്നിവയെ അടിസ്ഥാനമാക്കി മണ്ണിനെ വിവിധ ഭൂക്ഷമതാ വിഭാഗങ്ങളായി വേർതിരിച്ചിട്ടുണ്ട്. മണ്ണിന്റെ ആന്തരിക സ്വഭാവ ഘടകങ്ങളായ പ്രധാന വസ്തു, നിറം, മണ്ണിന്റെ ഘടന, ആഴം, പ്രതികരണ ശേഷി എന്നിവയും ചരിവ്, മണ്ണൊലിപ്പ്, നീരൊഴുക്ക് തുടങ്ങി ബാഹ്യഘടകങ്ങളും ചേർന്നാണ് മണ്ണിന്റെ സ്വഭാവങ്ങൾ തീരുമാനിക്കപ്പെടുന്നത്. ഉൽപ്പാദനക്ഷമതാ കുറവും മണ്ണിന്റെ ശേഷിക്കുറവും നാശവും മനസ്സിലാക്കുവാൻ വിവിധങ്ങളായ ഭൂക്ഷമതാ വിഭാഗങ്ങളായി വേർതിരിക്കുന്നതിലൂടെ സാധിക്കുന്നു. വൈവിധ്യവും വൻതോതിൽ ഉൽപ്പാദനം നൽകുന്നതുമായ മണ്ണിനെ നല്ല വിഭാഗത്തിലുൾപ്പെടുത്തുന്നു.

Fig: 1

ഭൂക്ഷമത വിഭാഗങ്ങൾ



(അവലംബം: മണ്ണ് പര്യവേഷണ വിഭാഗം)

ഭൂക്ഷമതയ്ക്കനുസരിച്ച് മണ്ണിനെ 8 വിഭാഗങ്ങളായി വേർതിരിക്കാവുന്നതാണ്. അവയിൽ പ്രധാനമായും 5 വിഭാഗങ്ങളാണ് നമ്മുടെ ജില്ലയിൽ കാണപ്പെടുന്നത്. അവയുടെ വിശദാംശം ചുവടെ ചേർക്കുന്നു.

ഭൂക്ഷമതാ വിഭാഗം		സവിശേഷതകൾ
II	–	നല്ല കൃഷിയോഗ്യമായ ഭൂമി
III	–	മിതമായ നല്ല കൃഷി യോഗ്യമായ ഭൂമി
IV	–	പ്രത്യേകവിളകൾക്ക് അനുയോജ്യമായ ഭൂമി
VI	–	വനപ്രദേശം/പുൽപ്രദേശം
VIII	–	വന്യജീവികൾക്കനുയോജ്യം

താഴെപ്പറയുന്ന പരിമിതികളെക്കൂടി പരിഗണിച്ചുകൊണ്ട് ഭൂരക്ഷാ വിഭാഗങ്ങളെ ഉപവിഭാഗങ്ങളായി തരംതിരിക്കാവുന്നതാണ്.

1. E	–	മണ്ണൊലിപ്പ്/നീരൊഴുക്ക്
2. S	–	മണ്ണിന്റെ പരിമിതികൾ
3. W	–	ഈർപ്പ സ്വാധീനം, ജലനിരപ്പ്,വെള്ളപ്പൊക്കം, നീർക്കെട്ട്

ജില്ലയിലെ പ്രധാന ഭൂക്ഷമതാ വിഭാഗങ്ങൾ താഴെപ്പറയുന്നു.

1. II S- II W

മണ്ണിന്റെ പരിമിതികൾ, മണലിന്റെ കൂടിയ അളവ്, ഉയർന്ന ജലവിതാനം, നീരൊഴുക്ക് പ്രശ്നങ്ങൾ എന്നിവ ഉണ്ടെങ്കിലും നല്ല കാർഷിക ഭൂമിയാണ്. പൂവാർ, കഠിനംകുളം, ഇടവ, കരുംകുളം എന്നീ പഞ്ചായത്തുകളിൽ ഇത്തരം ഭൂവിഭാഗങ്ങൾ പ്രധാനമായും കാണപ്പെടുന്നു.

2. III SW

മണ്ണിന്റെ പരിമിതികൾ, ഈർപ്പവുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ, ഉയർന്ന ജലവിതാനം, വെള്ളപ്പൊക്കം, നീരൊഴുക്കു പ്രശ്നങ്ങൾ എന്നിവ ഉണ്ടെങ്കിലും താരതമ്യേന നല്ല കാർഷിക ഭൂമിയാണ്. ഇലകമൺ, ചെമ്മരുതി, ഒറ്റൂർ, നാവായിക്കുളം, അണ്ടൂർക്കോണം, കഠിനംകുളം എന്നീ പഞ്ചായത്തുകളിൽ ഇത്തരം ഭൂവിഭാഗങ്ങൾ പ്രധാനമായും കാണാവുന്നതാണ്. ഈർപ്പ പ്രദേശത്തിനനുയോജ്യമായ കാർഷിക വിളകളുടെ തെരഞ്ഞെടുപ്പും ശരിയായ പരിപാലനവും ആവശ്യമാണ്. ശരിയായ നീരൊഴുക്ക് സംവിധാനങ്ങൾ അനിവാര്യമാണ്. മെച്ചപ്പെട്ട ജലസേചന സൗകര്യങ്ങളും മണ്ണ് സംരക്ഷണവും ആവശ്യമാണ്.

3. III ES

മണ്ണൊലിപ്പ്, നീരൊഴുക്ക്, മണ്ണിന്റെ പരിമിതികൾ എന്നിവ ഈ വിഭാഗത്തിലെ പ്രശ്നങ്ങളാണ്. മിതമായ നല്ല കൃഷിയോഗ്യമായ പ്രദേശമാണിത്. ഇടനാട് പ്രദേശത്തെ 50 ഗ്രാമപഞ്ചായത്തുകൾ ഈ വിഭാഗത്തിലുൾപ്പെടുന്നു.(1095 ചതുരക്ര കിലോമീറ്റർ പ്രദേശം–50%) മിതമായ ചരിവ് പ്രദേശങ്ങളിൽ ജലത്തിന്റെ സ്വാധീനത്താലും മണ്ണൊലിപ്പുണ്ടാകുന്നു. മിതമായ ആഴം, ചരൽ, ക്ഷാരം എന്നിവ പ്രശ്നങ്ങളാണ്. സ്ഥിരമായി ഭൂക്ഷയം സംഭവിക്കാത്തതും മണ്ണിന്റെ പരിമിതികൾ കണ്ടുകൊണ്ടുള്ളതുമായ കൃഷി രിതികൾ അവലംബിക്കേണ്ടതായി വരും. മണ്ണിന്റെ പരിമിതികൾ മറികടക്കുവാനുള്ള പരിപാടികളും ജലസംരക്ഷണ പ്രവർത്തനങ്ങളും മണ്ണൊലിപ്പ് നിവാരണ പ്രവർത്തനങ്ങളും അനിവാര്യമാണ്.

4. III-ES-IV ES

മിതമായ വിഭാഗത്തിൽ നിന്ന് നല്ല ഭൂമിയിലേയ്ക്കുള്ള പ്രദേശമാണിത്. മണ്ണൊലിപ്പ്, നീരൊഴുക്ക്, മണ്ണിന്റെ പരിമിതികൾ എന്നിവ അനുഭവപ്പെടുന്നു. 333 ചതുരശ്ര കിലോ മീറ്റർ വിസ്തൃതിയുണ്ട്. പെരിങ്ങമ്മല, നന്ദിയോട്, വിതുര, പാങ്ങോട്, നെല്ലനാട്, ആര്യനാട്, കുറ്റിച്ചൽ, കള്ളിക്കാട് എന്നീ ഗ്രാമപഞ്ചായത്തുകൾ ഈ മേഖലയിൽ വരുന്നതാണ്. സ്ഥിരമായ മണ്ണിന്റെ ശോഷണം സംഭവിപ്പിക്കാത്ത നിലയിലുള്ള മുൻകരുതലുകൾ ആവശ്യമാണ്. മണ്ണിന്റെ ഉപരിതലം സംരക്ഷിക്കുന്ന രീതിയിലുള്ള വിളകൾ മാത്രമേ കൃഷി ചെയ്യാവൂ.

5. IV E

താരതമ്യേന നല്ല കൃഷി ഭൂമിയാണ്. അതേ സമയം മണ്ണൊലിപ്പ്, നീരൊഴുക്ക് എന്നീ പ്രശ്നങ്ങളുണ്ട്. കള്ളിക്കാട്, അമ്പൂരി ഗ്രാമപഞ്ചായത്തുകൾ ഈ മേഖലയിലുൾപ്പെടുന്നു. മിതമായ കുത്തനെ ചരിവുള്ള ഭൂമിയാണിത്. മണ്ണൊലിപ്പ് ധാരാളമായി ഉണ്ടാകുന്നു.

മണ്ണിന്റെ സ്ഥിരമായ സംരക്ഷണത്തിനുതകുന്ന കൃഷികൾ ചെയ്യേണ്ടതാണ്. മണ്ണ് സംരക്ഷണ പ്രവർത്തനം അനിവാര്യമാണ്.

6. IV-SW-IVS

നല്ല കാർഷിക യോഗ്യമായ പ്രദേശമാണിത്. അതേ സമയം ഈർപ്പ പ്രശ്നങ്ങൾ, ഉയർന്ന ജലവിതാനം, നീരൊഴുക്ക് പ്രശ്നങ്ങൾ എന്നിവ കണ്ടു വരുന്നു. ആറ്റിപ്ര, കഠിനംകുളം, എന്നീ തീര പഞ്ചായത്തുകൾ ഈ വിഭാഗത്തിലുൾപ്പെടുന്നു. വേനൽക്കാല വിളകൾക്ക് മുൻതൂക്കം നൽകേണ്ടതാണ്. ചെറിയ തോതിൽ വെള്ളക്കെട്ട് പ്രശ്നങ്ങളുണ്ട്. ജലനിർഗ്ഗമന സംവിധാനങ്ങൾ അനിവാര്യമാണ്. കാർഷിക വിത്ത് വിതയ്ക്കലും വിളവെടുപ്പുകാലവും പ്രത്യേകം ശ്രദ്ധിക്കണം.

7. IV ES

നല്ല കാർഷിക ഭൂമിയാണ്. മണ്ണൊലിപ്പ്, നീരൊഴുക്ക് എന്നീ പ്രശ്നങ്ങളുണ്ട്. 450 ചതുരശ്ര കിലോ മീറ്റർ പ്രദേശം ഈ മേഖലയിലുൾപ്പെടുന്നു. വാമനപുരം, പുല്ലമ്പാറ, തൊളിക്കോട്, ഒറ്റശേഖരമംഗലം ഉൾപ്പെടെ 12 ഗ്രാമപഞ്ചായത്തുകൾ ഈ വിഭാഗത്തിലുൾപ്പെടുന്നു. മിതമായ കുത്തനെയുള്ള പ്രദേശമാണിത്. ആയതിനാൽ സമഗ്രമായ മണ്ണൊലിപ്പ് നിവാരണ പ്രവർത്തനങ്ങൾ ഇവിടെ ആവശ്യമാണ്.

8. VI E- VI ES

പുൽപ്രദേശങ്ങൾക്കും വനപ്രദേശങ്ങൾക്കും അനുയോജ്യമായ വിഭാഗമാണിത്. പെരിങ്ങമ്മല പഞ്ചായത്തുൾപ്പെടെ ഈ മേഖലയിൽ വരുന്നുണ്ട്. പുൽമേടുകൾക്കും വനവൽക്കരണത്തിനും ഇത്തരം പ്രദേശങ്ങൾ ഉപയോഗിക്കാവുന്നതാണ്.

9. VIE-VIII

വനപ്രദേശം മുതൽ വന്യജീവി മേഖല വരെ വ്യാപിച്ചു കിടക്കുന്നു. ജല സംരക്ഷണം, വന്യജീവി സങ്കേതം എന്നിവയ്ക്കായി ഉപയോഗിക്കാവുന്നതാണ്. പെരിങ്ങമ്മല, വിതുര, ആര്യനാട്, കുറ്റിച്ചൽ, കള്ളിക്കാട് തുടങ്ങിയ ഗ്രാമപഞ്ചായത്തുകളിൽ ഇത്തരം വിഭാഗങ്ങൾ കാണാവുന്നതാണ്. ഗർത്തങ്ങൾ, ഉപയോഗശൂന്യമായ പ്രദേശങ്ങൾ, മൺകൂനകൾ എന്നിവ ഉൾപ്പെടുന്ന വന്യജീവി മേഖലയാണിത്. വന്യജീവി സങ്കേതങ്ങളുടെ വികസനവും മണ്ണൊലിപ്പ് നിവാരണ പ്രവർത്തനങ്ങളും അനിവാര്യമാണ്.

വിവിധയിനം മണ്ണിനങ്ങൾ

ജില്ലയിൽ വ്യാപകമായി ലാറ്ററൈറ്റ് ഇനത്തിൽപ്പെട്ട മണ്ണാണ് കാണപ്പെടുന്നത് ചുവപ്പു കലർന്ന തവിട്ടു മുതൽ മഞ്ഞ കലർന്ന ചുവപ്പുനിറം വരെ വിവിധ നിറങ്ങളിൽ കാണപ്പെടുന്ന ഈ മണ്ണിൽ തെങ്ങ്, റബ്ബർ, കവുങ്ങ്, കുരുമുളക്, മരച്ചീനി, കശുമാവ് തുടങ്ങിയവ സമൃദ്ധമായി വളരുന്നു നദീതടങ്ങളിലും നീർച്ചാലുകളുടെ ഇരുപുറങ്ങളിലും പോഷകസമൃദ്ധമായ എക്കൽമണ്ണാണുള്ളത്. ജില്ലയിലെ നെൽപാടങ്ങൾ മൊത്തമായും എക്കൽ നിറഞ്ഞ താഴ്വാരങ്ങളിലാണ്. എല്ലായിനം വിളകൾക്കും അനുയോജ്യമായ മണ്ണാണിത്. കടലിനോടടുത്ത് സമുദ്ര നിക്ഷേപിതമായ പരുക്കൻ എക്കൽമണ്ണ് കാണപ്പെടുന്നു. ലവണാംശം കൂടുതലുള്ളതിനാൽ അധികമായി ഈ മണ്ണിനെ കൃഷിക്കാശ്രയിക്കാറില്ല. കായലോരങ്ങളിലും കായൽ നികത്തിയെടുത്ത ഭാഗങ്ങളിലും നീർവാർച്ച കുറഞ്ഞ ചെളിമണ്ണാണ് ഉള്ളത്. എക്കൽ ഇനത്തിൽപ്പെട്ട ഇവയ്ക്ക് കടും തവിട്ടുനിറമാണ്. മലയോരത്ത് വൃക്ഷമേലാപ്പിന് കീഴിൽ സസ്യാംശങ്ങൾ ജീർണ്ണിച്ച് ജൈവാംശ സമൃദ്ധമാക്കിയ കടുംതവിട്ടു മുതൽ കരിനിറം വരെയുള്ള പശിമരാശിമണ്ണ് കാണപ്പെടുന്നു. മാതൃശിലകൾക്ക് നേർമുകളിൽ വ്യത്യസ്ത കനങ്ങളിൽ അട്ടിയിടുന്ന ഇവ പൊതുവേ ധാതുംശങ്ങൾ കുറഞ്ഞവയാണ്.

അടിസ്ഥാന പ്രകൃതി വിഭവങ്ങളിലൊന്നായ മണ്ണിന്റെ ഘടന, രചന, ആഴം, മണ്ണൊലിപ്പ്, ഭൂക്ഷമത, ജലസേചനക്ഷമത എന്നിവയെക്കുറിച്ചുള്ള സൂക്ഷമ തലത്തിലുള്ള അറിവ് സമഗ്രമായ ദീർഘകാല വികസന പദ്ധതികളുടെ ആവിഷ്കാര ഘട്ടത്തിൽ നിർണ്ണായകവും അത്യാന്താപേക്ഷിതവുമാണ്.

മണ്ണ് ശ്രേണികൾ

ഭൂപ്രകൃതിയനുസരിച്ച് ജില്ലയെ പ്രധാനമായും തീരപ്രദേശം, ഇടനാട്, ഇടമലനാട്, മലനാട്, പർവ്വത പ്രദേശം എന്നിങ്ങനെ തരം തിരിച്ചിട്ടുണ്ട്. ഭൂപ്രകൃതിയും മണ്ണിനങ്ങളുടെ വ്യത്യാസവും അനുസരിച്ച് നിരവധി മണ്ണു ശ്രേണികൾ ജില്ലയിൽ കണ്ടെത്തിയിട്ടുണ്ട്. ഭൂപ്രകൃതിയനുസരിച്ചുള്ള മണ്ണ് വർഗ്ഗങ്ങളും ഓരോ മണ്ണ് വർഗ്ഗങ്ങളിലും ഉൾപ്പെട്ട

മണ്ണുശ്രേണികളുടെ ചരിവ്, ഉയരം, ഭൂപ്രകൃതി മുതലായ സ്വഭാവ സവിശേഷതകൾ പട്ടിക:4.1.1(2)1 ചേർത്തിട്ടുണ്ട്.

ചെടികളുടെ വിളവ് നിശ്ചയിക്കുന്നതിൽ പ്രധാന ഘടകം മണ്ണിന്റെ ഫലഭൂയിഷ്ഠതയാണ്. ഭൂരിഭാഗം മണ്ണിലും ക്ഷാരം കുറവാണ്. നൈട്രജനും ഫോസ്ഫറസും മധ്യമമായി കാണപ്പെടുന്നു. നെൽപ്പാടങ്ങളിൽ കാണപ്പെടുന്ന മറുകിൽ ശ്രേണിയിലും മലയോര പ്രദേശങ്ങളിൽ കാണപ്പെടുന്ന മുക്കുന്നി ശ്രേണിയിലും നൈട്രജൻ കുറവാണ്.

Fig: 2

മണ്ണിനങ്ങൾ



(അവലംബം: മണ്ണ് പര്യവേഷണ വിഭാഗം)

ഭൂരിഭാഗം മണ്ണിനങ്ങളും അമ്ലസ്വഭാവമുള്ളതാണ് (പി.എച്ച്<6). കടുത്ത അമ്ലതയുള്ള മണ്ണിനങ്ങളും കണ്ടുവരുന്നു (പി.എച്ച്<4.5). മഴയുടെ ആധിക്യത്താൽ ക്ഷാര സ്വഭാവമുള്ള പോഷകങ്ങൾ ഒലിച്ചുപോകുന്നതും അമ്ലത വർദ്ധിപ്പിക്കാൻ കാരണമാകുന്നു. വളപ്രയോഗത്തിനു മുൻപ് കുമ്മായം ചേർത്ത് മണ്ണിന്റെ അമ്ലത ക്രമീകരിക്കേണ്ടതാണ്.

ജില്ലയിലെ ഭൂരിഭാഗം മണ്ണു ശ്രേണികളിലും കളിമണ്ണിന്റെ അംശം കൂടുതലാണ്. പൊതുവായി മണ്ണ് ആഴമുള്ളതു മുതൽ വളരെ കൂടുതൽ ആഴം ഉള്ളതുമാണ്.

പട്ടിക:4.1.1 (2) 1

ജില്ലയിലെ വിവിധ മണ്ണ്ശ്രേണികളുടെ ചരിവ്, ഉയരം, ഭൂപ്രകൃതി മുതലായവ

യൂണിറ്റ്	മണ്ണ് വർഗ്ഗം	ചരിവ്	ഭൂപ്രകൃതി	ഉയരം (മീ)
തീരപ്രദേശം	പൂവാർ–കഴക്കൂട്ടം	0–1%	തീരസമതലം	0–20
	കരമന	1–3%	വെള്ളപ്പൊക്കമുണ്ടാകുന്ന സമതലം	
	നഞ്ചല്ലൂർ	3–5%	കുറഞ്ഞ ചരിവുള്ള സ്ഥലങ്ങൾ	
	അമരവിള			
	കോരാണി			
	ശ്രീകാര്യം			
ഇടനാട്	തിരുവനന്തപുരം–വിഴിഞ്ഞം	5–25%	ഇടയ്ക്ക് സമതലങ്ങളോടു കൂടിയ നിമ്നോന്നതങ്ങളായ ഭൂഭാഗങ്ങൾ	20–100 മീ
	നെയ്യാറ്റിൻകര–വെള്ളായണി	3–15%	നിമ്നോതങ്ങളായ സമതലങ്ങൾ	
	മറുകിൽ–അമരവിള	1–3%	വളരെ മിതമായ ചരിവുള്ള പ്രദേശങ്ങൾ	
	നെടുമങ്ങാട്–വാമനപുരം–കുറ്റിച്ചൽ	5–50%	ഇടയ്ക്കിടെ ചെറിയ കുന്നുകളും സമതലങ്ങളും ഉൾപ്പെട്ട നിമ്നോന്നതങ്ങളായ ഭൂഭാഗങ്ങൾ	

	വിളപ്പിൽ–മുക്കുന്നി	10–50%	ചെങ്കുത്തായ ചരിവുകളും ഒറ്റപ്പെട്ട കുന്നുകളും ഇടയ്ക്കിടെയുള്ള സമതലങ്ങളും ഉൾപ്പെട്ട ഭൂഭാഗങ്ങൾ	
ഇടമല നാട്	കല്ലാർ–പാലോട്	15–50%	പശ്ചിമഘട്ടത്തിന്റെ താഴ്ന്ന കുന്നിൻ പ്രദേശങ്ങളിൽ ചെങ്കുത്തായ ചരിവുകളും ഇടയ്ക്കിടെയുള്ള സമതലങ്ങളോടു കൂടിയ ഭൂഭാഗങ്ങൾ	100–300 മീ
മലനാട്	കോട്ടൂർ	>50%	പശ്ചിമഘട്ട പ്രദേശങ്ങളിൽ ചെങ്കുത്തായ ചരിവുകളോടു കൂടി കാണപ്പെടുന്നു	300–600 മീ
പർവ്വത പ്രദേശം	പൊൻമുടി	>40%	പശ്ചിമഘട്ടത്തിന്റെ മുകൾഭാഗത്തും ചെങ്കുത്തായ ചരിവുകളിലും കാണപ്പെടുന്നു	>600മീ

(അവലംബം: മണ്ണ് പര്യവേഷണ വിഭാഗം)

Fig:3
മണ്ണൊലിപ്പ്



(അവലംബം: മണ്ണ് പര്യവേഷണ വിഭാഗം)

നെയ്യാറ്റിൻകര താലൂക്കിൽ മണ്ണൊലിപ്പ് മധ്യമമായി കാണപ്പെടുന്നു. താലൂക്കിന്റെ കിഴക്കുഭാഗത്തുള്ള പഞ്ചായത്തുകളായ പെരുങ്കടവിള, കുന്നത്തുകാൽ, വെള്ളറട എന്നിവിടങ്ങളിൽ മണ്ണൊലിപ്പ് കൂടുതലാണ്. കാട്ടാക്കട താലൂക്കിന്റെ ഭൂരിഭാഗം പ്രദേശങ്ങളിലും മണ്ണൊലിപ്പ് കൂടുതലാണ്. മണ്ണൊലിപ്പ് വളരെ കൂടുതലായ പ്രദേശങ്ങൾ താലൂക്കിലെ ഭൂരിഭാഗം പഞ്ചായത്തുകളിലും ഉണ്ട്. നെടുമങ്ങാട് താലൂക്കിലാണ് മണ്ണൊലിപ്പ് കൂടുതൽ മുതൽ – വളരെ കൂടുതൽ വരെ ഉള്ള (e3-þe4) പ്രദേശങ്ങൾ അധികമായി കാണപ്പെടുന്നത്. നെടുമങ്ങാട് താലൂക്കിൽ പൊതുവെ മണ്ണൊലിപ്പ് കൂടുതലാണ്. ചിറയിൻകീഴ് താലൂക്കിൽ മണ്ണൊലിപ്പ് മധ്യമമായി കൂടുതൽ സ്ഥലത്ത് കാണപ്പെടുന്നു. കൂടാതെ മധ്യമം മുതൽ കൂടുതൽ വരെ (e2-þe3) എന്ന തോതിലും കാണപ്പെടുന്നു. തിരുവനന്തപുരം താലൂക്കിലെ കൂടുതൽ ഭാഗങ്ങളിലും മണ്ണൊലിപ്പ് മധ്യമം മുതൽ കൂടുതൽ വരെ (e2-þe3) എന്ന തോതിലാണ്.

ജല സംരക്ഷണം

1. ഭൂജലം

നിരീക്ഷണ കിണറുകളിൽ നിന്നും ശേഖരിക്കുന്ന ജലവ്യതിയാനത്തിന്റെയും ഭൂജലവിനിയോഗ അവസ്ഥയുടെയും അടിസ്ഥാനത്തിൽ കേരളത്തിലെ ഓരോ ബ്ലോക്കിനേയും അതീവ ഗുരുതരം, ഗുരുതരം, ഭാഗീക ഗുരുതരം, സുരക്ഷിതം എന്നീ വിഭാഗങ്ങളായി വിഭജിച്ചിട്ടുണ്ട്. 100% ത്തിലേറെ ഭൂജലവിനിയോഗം ഉള്ള ബ്ലോക്കുകളെ അമിത ചൂഷിതം, 90 മുതൽ 100% വരെ ഉള്ളവയെ ഗുരുതരം, 70 മുതൽ 90% വരെയുള്ളവയെ ഭാഗീക ഗുരുതരം, 70 ശതമാനത്തിനു താഴെയുള്ളവയെ സുരക്ഷിത വിഭാഗത്തിലും ഉൾപ്പെടുത്തിയിട്ടുണ്ട്. ഓരോ 2 വർഷം കൂടുന്തോറും ലഭിക്കുന്ന ഡാറ്റകൾ അപഗ്രഥനം നടത്തിയാണ് ഓരോ ബ്ലോക്കിന്റേയും ഭൂജലശേഷിയും അവസ്ഥയും നിർണ്ണയിക്കുന്നത്.

ഇപ്രകാരം 2013 ൽ തയ്യാറാക്കിയ റിപ്പോർട്ട് പ്രകാരം ജില്ലയിൽ 3 ബ്ലോക്കുകൾ ഭാഗീക ഗുരുതരം എന്ന വിഭാഗത്തിലും ബാക്കി 8 ബ്ലോക്കുകൾ സുരക്ഷിത വിഭാഗത്തിലും ഉൾപ്പെടുന്നു. അതിയന്നൂർ, പാറശ്ശാല, ചിറയിൻകീഴ് എന്നീ ബ്ലോക്കുകളാണ് ഭാഗീക ഗുരുതര വിഭാഗത്തിൽപ്പെടുന്നത്. ഈ ബ്ലോക്കുകളിൽ ജലസംരക്ഷണ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിന് മുന്തിയ പരിഗണന നൽകേണ്ടതുണ്ട്. കൂടാതെ, നിലവിൽ സുരക്ഷിതമായ 8 ബ്ലോക്കുകളിൽ ഇതേ അവസ്ഥയിൽ നിലനിർത്തുന്നതിനാവശ്യമായ ജലസംരക്ഷണ പ്രവർത്തനങ്ങളും നടപ്പിലാക്കേണ്ടതാണ്. ജില്ലയിലെ ആകെ ഭൂജലലഭ്യത 296.24 മില്യൻ ക്യുബിക്ക് മീറ്ററും ആകെ ഭൂജല ഉപയോഗം 178.54 ക്യുബിക്ക് മീറ്ററും ആണ്.

നാഷണൽ ഹൈഡ്രോളജി പ്രോജക്ടിന്റെ ഭാഗമായി ഭൂജല വകുപ്പ് ജില്ലയിലെ വിവിധ സ്ഥലങ്ങളിലുള്ള 26 കുഴൽകിണറുകളിലേയും 24 തുറന്ന കിണറുകളിലേയും മാസംതോറുമുള്ള ജലവ്യതിയാനം ശേഖരിച്ചു വരുന്നു. കഴിഞ്ഞ 10 വർഷത്തെ ഡാറ്റ പരിശോധിച്ചതിൽ 26 നീരീക്ഷണ കുഴൽ കിണറുകൾ ഉള്ളതിൽ 5 സ്ഥലങ്ങളിലൊഴികെ ബാക്കി എല്ലാ സ്ഥലങ്ങളിലും ഭൂനിരപ്പിൽ നിന്നുള്ള ജലവ്യതിയാനം കൂടുന്നതായി കാണാം. പത്ത് വർഷത്തെ ശരാശരി ജലനിരപ്പ് 2017 ജൂലൈ മാസത്തെ ജലനിരപ്പുമായി താരതമ്യം ചെയ്യുമ്പോൾ മലയിൻകീഴ്, അമ്പൂരി, ആര്യനാട്, കുളത്തുമ്മൽ, വട്ടിയൂർക്കാവ് എന്നീ സ്ഥലങ്ങളിലെ കുഴൽകിണറുകളിൽ ജലവ്യതിയാനം ചെറിയനിരക്കിൽ താഴുന്നതായി കാണുന്നു. (50 സെ.മീറ്ററിൽ താഴെ) എന്നാൽ ആകെയുള്ള 24 നിരീക്ഷണ തുറന്ന കിണറുകളിൽ 9 സ്ഥലങ്ങളിൽ ജലനിരപ്പ് താഴുന്നതായി കാണുന്നു. ആര്യനാട് 94 സെന്റിമീറ്ററോളം താഴ്ച രേഖപ്പെടുത്തിയിട്ടുണ്ട്. കൂടാതെ, തിരുവല്ലം-കോവളം, വെള്ളറട, കള്ളിക്കാട്, കുളത്തൂർ, ശാർക്കര-ചിറയിൻകീഴ്, ഇടവ, പഴയകുന്നുമ്മേൽ, കരവാരം, കടകംപള്ളി എന്നീ സ്ഥലങ്ങളിലും ജലനിരപ്പ് കുറയുന്നുണ്ട്.

2. ഉപരിതല ജലസ്രോതസ്സുകൾ

ഈ വിഭാഗത്തിൽ നാം പ്രധാനമായും കാണുന്നവ നദികൾ, നദീതടങ്ങൾ, അരുവികൾ, കായലുകൾ, തടാകങ്ങൾ, കനാലുകൾ, കുളങ്ങൾ, നീരുറവകൾ മുതലായവയാണ്.

നദികൾ

കിഴക്കോട്ടൊഴുകുന്ന മൂന്നും, പടിഞ്ഞാറേയ്ക്കൊഴുകുന്ന നാല്പത്തിയൊന്നും നദികളാണ് നമ്മുടെ ജലവിഭവത്തിന്റെ അടിത്തറ. ഇതിൽ ജില്ലയിലെ പ്രധാന നദികൾ നെയ്യാർ, കരമനയാർ, വാമനപുരം നദി എന്നിവയാണ്.

നെയ്യാർ നദീതടം (1 എൻ): നെയ്യാർ നദീത്തടത്തിന്റെ വടക്കേ അതിർത്തിയിൽ നെയ്യാറ്റിൻകരയും നെടുമങ്ങാട് താലൂക്കും, പടിഞ്ഞാറേ അതിർത്തിയിൽ അറബിക്കടലും കിഴക്കും തെക്കും അതിർത്തികളിൽ തമിഴ്നാടും ആകുന്നു. 18 വില്ലേജുകളിലും, 24 പഞ്ചായത്തിലും 5 ബ്ലോക്കിലുമായി വ്യാപിച്ചു കിടക്കുന്ന ഈ നീർത്തടത്തിന്റെ മൊത്തം വിസ്തൃതി 500 ചതുരശ്ര കിലോമീറ്ററാണ്. നെയ്യാർ നദീതടം 27 സബ് നീർത്തടങ്ങളായും 41 മൈക്രോ നീർത്തടങ്ങളായും വിഭജിച്ചിരിക്കുന്നു.

മുഖ്യപ്രശ്നങ്ങൾ

ഭൂവിനിയോഗ ബോർഡ് തയ്യാറാക്കിയ നീർത്തട അറ്റ്ലസ് പ്രകാരം നദീതടത്തിലെ പ്രധാന പ്രശ്നങ്ങൾ താഴെ പറയുന്നവയാണ്.

- നെയ്യാറ്റിൻകര താലൂക്കിലെ കൊമ്പൈകാണി ഗ്രാമത്തിൽ ഉരുൾപ്പൊട്ടൽ.
- ഉയർന്ന പ്രദേശങ്ങളിലെ തീവ്രമായമണ്ണൊലിപ്പ്.

കരമന നദീതടം (2 കെ): 689.59 ചതുരശ്ര കിലോമീറ്റർ വിസ്തൃതിയുള്ള കരമന നീർത്തടം ജില്ലയിലെ 32 പഞ്ചായത്തുകളിലും 34 വില്ലേജുകളിലുമായി വ്യാപിച്ചിരിക്കുന്നു. ആറ്

ബ്ലോക്കുകളിലും തിരുവനന്തപുരം കോർപ്പറേഷനിലുമായി സ്ഥിതിചെയ്യുന്ന കരമന നീർത്തടത്തിന്റെ ഭാഗത്ത് തെക്ക് തിരുവനന്തപുരം താലൂക്കും വടക്ക് ഭാഗത്ത് നെടുമങ്ങാട് താലൂക്കും പടിഞ്ഞാറ് ഭാഗത്ത് അറബിക്കടലും കിഴക്ക് തമിഴ്നാടിന്റെ ഭാഗങ്ങളുമാണ്. നടകരയ്ക്കടുത്ത് കരമനയാറുമായി ചേരുന്ന കിള്ളിയാറാണ് കരമനയാറിന്റെ പ്രധാന കൈവഴി. കരമന നദീതടത്തെ 31 ഉപ നീർത്തടങ്ങളായും 31 ചെറു നീർത്തടങ്ങളായും വിഭജിച്ചിരിക്കുന്നു.

പ്രധാന പ്രശ്നങ്ങൾ

ഭൂവിനിയോഗ ബോർഡ് തയ്യാറാക്കിയ നീർത്തട അറ്റ്ലസിൽ നദീതടത്തിൽ അനുഭവപ്പെടുന്ന പ്രധാന പരിസ്ഥിതി പ്രശ്നങ്ങൾ

- വെള്ളനാട്
  ബ്ലോക്കിലെ കുറ്റിയിൽ,തൊളിക്കോട് വില്ലേജുകളിൽ ഉരുൾപൊട്ടൽ സാധ്യത ഉണ്ട്.
- ഉയർന്ന പ്രദേശങ്ങൾ രൂക്ഷമായ മണ്ണൊലിപ്പിന് വിധേയമാണ്.
- മധ്യമേഖലയിലെ വനങ്ങൾ ശുഷ്കമാണ്.
- നദിയുടെ മധ്യഭാഗങ്ങളിലും, താഴേക്കുള്ള ഭാഗങ്ങളിലും നദീതീരമണ്ണൊലിപ്പ് വളരെ രൂക്ഷമാണ്.

വാമനപുരം നദീതടം

ജില്ലയിലെ ഏറ്റവും വിസ്തൃതിയുള്ള നീർത്തടമാണ് വാമനപുരം നീർത്തടം. രണ്ട് ജില്ലകളിലും 8 ബ്ലോക്ക് പഞ്ചായത്തുകളിലും 33 ഗ്രാമപഞ്ചായത്തുകളിലുമായി വ്യാപിച്ച് കിടക്കുന്ന ഈ നീർത്തടത്തിന്റെ വിസ്തൃതി 766.89 ചതുരശ്ര കിലോമീറ്റർ (76689 ഹെക്ടർ) ആണ്. തിരുവനന്തപുരം, കൊല്ലം ജില്ലയിലായി വ്യാപിച്ചു കിടക്കുന്ന വാമനപുരം നീർത്തടം $8^0 35'$ മുതൽ $8^0 50'$ വരെ ഉത്തര അക്ഷാംശത്തിനും $76^0 40'$ മുതൽ $77^0 15'$ കിഴക്ക് രേഖാംശത്തിനും ഇടയിലായി സ്ഥിതി ചെയ്യുന്നു. വടക്ക് കൊല്ലം ജില്ലയിലെ കൊട്ടാരക്കര താലൂക്കും കിഴക്ക് തമിഴ്നാട് സംസ്ഥാനവും, തെക്ക് നെടുമങ്ങാട് താലൂക്കും പടിഞ്ഞാറ് അറബിക്കടലുമാണ് വാമനപുരം നീർത്തടത്തിന്റെ അതിരുകൾ.

വാമനപുരം നദീതടത്തെ 30 സബ് വാട്ടർഷെഡുകളായും 52 മൈക്രോ വാട്ടർഷെഡുകളായും വിഭജിച്ചിരിക്കുന്നു. അതിൽ നദീതടത്തിലെ ഉയർന്ന ഭാഗത്ത് സ്ഥിതി ചെയ്യുന്ന 3 ചെറുനീർത്തടങ്ങളാണ് (മൈക്രോ വാട്ടർഷെഡ്) ഈ പദ്ധതി നടപ്പിലാക്കുന്നതിനായി തെരഞ്ഞെടുത്തിട്ടുള്ളത്.

പ്രശ്നങ്ങൾ

ഭൂവിനിയോഗ ബോർഡ് തയ്യാറാക്കിയ നീർത്തട അറ്റ്ലസ് പ്രകാരം നദീതടത്തിലെ പ്രധാന പ്രശ്നങ്ങൾ താഴെ പറയുന്നവയാണ്.

- വാമനപുരം ബ്ലോക്കിലെ പാങ്ങോട്, പുല്ലമ്പാറ, കല്ലറ, പെരിങ്ങമ്മല വില്ലേജുകളിലും ചിറയിൻകീഴ് ബ്ലോക്കിൽ വെള്ളല്ലൂർ വില്ലേജിലും ഉരുൾപൊട്ടൽ സാധ്യതയുള്ള പ്രദേശങ്ങൾ കാണപ്പെടുന്നു.
- നദീതടത്തിൽ സാമാന്യം മണ്ണൊലിപ്പ് മുതൽ ശക്തമായ മണ്ണൊലിപ്പ് വരെ കണ്ടുവരുന്നു.
- നദീതടത്തിലെ മദ്ധ്യഭാഗത്തിന് മുകളിലായി കാണപ്പെടുന്ന വനപ്രദേശങ്ങളിൽ ചില സ്ഥലങ്ങൾ നാശോന്മുഖമായി കൊണ്ടിരിക്കുന്നു. നദിയോരങ്ങളിൽ ശക്തമായ മണ്ണിടിച്ചിൽ അനുഭവപ്പെടുന്നു. ഇതിന്റെ തീവ്രത മദ്ധ്യഭാഗത്തിന് പടിഞ്ഞാറാണ് കൂടുതലായി കാണപ്പെടുന്നത്.

തടാകങ്ങൾ, ജലസംഭരണികൾ, കനാലുകൾ

ജില്ലയുടെ തീരപ്രദേശത്ത് കാണുന്ന സ്ഥിരമായതും താല്ക്കാലികമായതുമായ നിരവധി സൂക്ഷ്മ വേലിയേറ്റ പ്രദേശങ്ങൾ, പ്രകൃതിദത്ത തടാകങ്ങൾ എന്നിവയ്ക്ക് സമാന്തരമായി ധാരാളം പ്രകൃതിദത്ത ജലപ്രദേശങ്ങളുടെ നിര തന്നെ കാണാവുന്നതാണ്. വെള്ളായണി കായലാണ് ഏകശുദ്ധജലതടാകം. നെയ്യാർ, അരുവിക്കര, പേപ്പാറ എന്നിവിടങ്ങളിൽ ജലസംഭരണികളുണ്ട്. പൂവാർ, പനത്തുറ, ആക്കുളം, കഠിനംകുളം, ഇടവ, അഞ്ചുതെങ്ങ്, കോഴിത്തോട്ടം എന്നിവ കായൽ ശൃംഖലയിൽപ്പെടുന്നു. ക്ഷാരം മുതൽ ഉപ്പുരസം വരെയുള്ള പ്രത്യേകതകൾ ഇവയ്ക്കുണ്ട്. എല്ലാ ജലപ്രദേശവും ഉപ്പുരസം, ജലമലിനീകരണം എന്നിവയുടെ ഭീഷണി നേരിടുന്നുണ്ട്. പടിഞ്ഞാറോട്ടൊഴുകുന്ന നദികളുടെ വ്യാപനത്താൽ കനാലിലൂടെ താഴ്ന്ന തീരപ്രദേശങ്ങളിൽ നദീജലഗതാഗതം സാധ്യമാണ്. ചാക്കാ, ചാന്നാങ്കര, അഞ്ചുതെങ്ങ്, വർക്കല, പരവൂർ എന്നീ കനാലുകൾ ഉൾനാടൻ ജലഗതാഗതത്തിന്

അനുയോജ്യമാണ്. ഇവയ്ക്കു പുറമേ നിരവധി ചെറുകനാലുകൾ ഉൾനാടൻ ജലഗതാഗതത്തിന് അനുയോജ്യമാണ്. ഇവയ്ക്കു പുറമേ നിരവധി ചെറു കനാലുകൾ (4 മീറ്റർ മുതൽ 30 മീറ്റർ വരെ നീളവും 0.5 മീറ്റർ മുതൽ 3 മീറ്റർ വരെ ആഴമുള്ളവ) പ്രധാന കനാലുകളെ മുറിച്ചു കടക്കുന്നു.

മണ്ണ് പര്യവേഷണ വിഭാഗത്തിന്റെ സേവനങ്ങൾ

- പഞ്ചായത്ത് തല വിശദ മണ്ണു പര്യവേഷണം
- ഭൂവിഭവ റിപ്പോർട്ടുകളും മാപ്പുകളും തയ്യാറാക്കുക
- നീർത്തടാധിഷ്ടിത മാപ്പുകൾ തയ്യാറാക്കുക
- പഞ്ചായത്തു തലത്തിൽ മണ്ണ് സാമ്പിളുകൾ പരിശോധിച്ച് കർഷകർക്ക് സോയിൽ ഹെൽത്ത് കാർഡ് വിതരണം എന്നിവയാണ്.

നീർത്തടാടിസ്ഥാനത്തിൽ മണ്ണ് ജല സംരക്ഷണത്തിനായി നടപ്പിലാക്കാവുന്ന പ്രവർത്തനങ്ങൾ

(1) കാർഷിക/കാർഷികേതര ഭൂമിയിൽ നടപ്പിലാക്കുന്ന പ്രവർത്തനങ്ങൾ

കല്ലുകയ്യാല, പുല്ല് വച്ച് പിടിപ്പിക്കൽ, മഴക്കുഴി, റബ്ബർത്തടം, ചെറുകുളങ്ങൾ, കിണർ നിർമ്മാണം, കിണർ റീച്ചാർജ്ജിങ്ങ്, ജൈവവേലി, മൺകയ്യാല, തെങ്ങിൻതടം, ബണ്ടോടുകൂടിയ ട്രഞ്ചുകൾ, ഇടവിളകൃഷി, സസ്യതരണികൾ, ബഹുനിലകൃഷി, ഇടവരികൃഷി, കോണ്ടൂർ കൃഷി, ഗള്ളി പ്ളഗ്ഗിങ്ങ് എന്നിവ.

(2) നീർച്ചാലുകളുടെ സംരക്ഷണത്തിന് നടപ്പിലാക്കുന്ന പ്രവർത്തനങ്ങൾ

ബ്രഷ് വുഡ് തടയണകൾ, ജൈവ തടയണകൾ, ഗാബിയൻ തടയണകൾ, ലൂസ്ബോൾഡർ തടയണകൾ, നീർച്ചാലുകളുടെ പാർശ്വ സംരക്ഷണത്തിനായി മുളവച്ച് പിടിപ്പിക്കൽ തുടങ്ങിയ ബയോ എഞ്ചിനീയറിങ്ങ് മാർഗ്ഗങ്ങളും അത്യാവശ്യ സ്ഥലങ്ങളിൽ കല്ലു കൊണ്ടുള്ള പാർശ്വഭിത്തി നിർമ്മാണവും, കയർഭൂവസ്ത്രം തുടങ്ങിയവ.

പട്ടിക:4.1.1 (2) 2

നീർത്തട പദ്ധതികൾ

പദ്ധതിയുടെ പേര്	നീർത്തടങ്ങളുടെ എണ്ണം	വിസ്തീർണ്ണം (ഹെക്ടർ)	നടപ്പിലാക്കിയ പ്രവർത്തനങ്ങൾ
ആർ.ഐ.ഡി.എഫ്	32	14947	മണ്ണ് ജല സംരക്ഷണ പ്രവർത്തനങ്ങൾ
ശുദ്ധജല സംഭരണികളുടെ വൃഷ്ടി പ്രദേശങ്ങളുടെ സംരക്ഷണം	2	1288	മണ്ണ് ജല സംരക്ഷണ പ്രവർത്തനങ്ങൾ
ദേശീയ നീർമറി വികസന പദ്ധതി	4	9160	സംയോജിത നീർത്തട പദ്ധതി
രാഷ്ട്രീയ കൃഷി വികാസ് യോജന	2	103	മണ്ണ് ജല സംരക്ഷണം
പശ്ചിമഘട്ട വികസന പദ്ധതി	30	14452	സംയോജിത നീർത്തട പദ്ധതി
സംയോജിത നീർത്തട പരിപാലന പരിപാടി	4 ബ്ളോക്കുകൾ	2662	സംയോജിത നീർത്തട പദ്ധതി
ഹരിയാലി	2ബ്ളോക്കുകൾ	1913	സംയോജിത നീർത്തട പദ്ധതി
	ആകെ	**44525**	

(അവലംബം: വിവിധ വകുപ്പുകൾ)

Fig:4

കഴിഞ്ഞ 10 വർഷക്കാലം തിരുവനന്തപുരം ജില്ലയിൽ നടപ്പിലാക്കിയ നീർത്തട പദ്ധതികളുടെ ഭൂപടം



(അവലംബം: മണ്ണ് പര്യവേഷണ വിഭാഗം)

മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

2005 ൽ പാർലമെന്റ് പാസ്സാക്കിയ മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമത്തിന്റെ അടിസ്ഥാനത്തിൽ രൂപം കൊടുത്തിട്ടുള്ള പദ്ധതിയാണ് മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി. അവിദഗ്ദ്ധ കായിക തൊഴിലിൽ ഏർപ്പെടാൻ സന്നദ്ധതയുള്ള ഗ്രാമപ്രദേശങ്ങളിൽ അധിവസിക്കുന്ന ഏതൊരു കുടുംബത്തിനും ഒരു സാമ്പത്തിക വർഷം 100 ദിവസത്തിൽ കുറയാത്ത തൊഴിൽ ഉറപ്പാക്കുന്നതോടൊപ്പം അതുവഴി നിഷ്കർഷിക്കപ്പെട്ട ഗുണമേന്മയുള്ളതും സ്ഥായിയായിട്ടുള്ളതുമായ ഉല്പാദനക്ഷമമായ ആസ്തികളുടെ സൃഷ്ടിയുമാണ് ഈ പദ്ധതിയുടെ മുഖ്യമായ ലക്ഷ്യം. കാലാകാലങ്ങളിൽ കേന്ദ്രസർക്കാർ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾക്ക് അനുസരിച്ചായിരിക്കും പദ്ധതിയുടെ നടത്തിപ്പ്.

പട്ടിക:4.1.1 (2) 3

എം.എൻ.ആർ.ഇ.ജി.എസ്സ് ചെയ്ത പ്രകൃതിവിഭവ പരിപാലനവുമായി ബന്ധപ്പെട്ട പ്രവൃത്തികളുടെ വിവരങ്ങൾ

ഇനം	ഏറ്റെടുത്ത പ്രവൃത്തികളുടെ എണ്ണം
കിണർ നിർമ്മാണം	2245
കിണർ റീചാർജ്ജ്	370
ഫാം പോണ്ട്	460

(അവലംബം: എം.എൻ.ആർ.ഇ.ജി.എസ്സ്)

കൂടാതെ നിരവധി ഫാം/ബണ്ട് റോഡുകൾ, തടയണകൾ, റോഡ് കോൺക്രീറ്റിംഗ്, കുളം/തോട് പുനരുദ്ധാരണം, നെയ്യാർ ഇറിഗേഷൻ കനാലിന്റെ നവീകരണം, ഭൂവികസന പ്രവൃത്തികൾ, പാതയോരങ്ങളിൽ വൃക്ഷത്തൈ വച്ചു പിടിപ്പിക്കൽ, ഒരു ലക്ഷം മഴക്കുഴികൾ എന്നിവയും ഏറ്റെടുത്ത് പൂർത്തീകരിച്ചിട്ടുണ്ട്.

ഭൂജലമേഖലയിൽ നടപ്പിലാക്കിയ പദ്ധതികൾ

(1) ഭൂജലസംപോഷണ സംവിധാനം നടപ്പിലാക്കൽ

ഭൂജലവകുപ്പ് മുഖേന സ്കൂളുകളിൽ ഭൂജലസംപോഷണ പദ്ധതികൾ നടപ്പിലാക്കി വരുന്നുണ്ട്. കെട്ടിടത്തിന്റെ മേൽക്കൂരയിൽ നിന്നും മഴവെള്ളം പൈപ്പുകൾ വഴി കുഴികളിലേക്കു കടത്തി വിട്ട് ഭൂജലത്തിന്റെ അളവ് കൂട്ടുന്ന രീതിയാണ് നടപ്പിലാക്കുന്നത്. ഇതിനായി 1.6 മീറ്റർ വ്യാസവും 2.4 മീറ്റർ ആഴവുമുള്ള കുഴികൾ നിർമ്മിച്ച് 1.5 മീറ്റർ വ്യാസമുള്ള കോൺക്രീറ്റ് റിംഗുകൾ കുഴികളിൽ സ്ഥാപിക്കുന്നു. കുഴികൾക്കുള്ളിൽ 50 സെ.മീ കനത്തിൽ ചെറിയ പാറക്ഷണങ്ങൾ ഇടുന്നു. മേൽക്കൂരയിൽ ലഭിക്കുന്ന മഴവെള്ളം പൈപ്പുകളിലൂടെ ഈ കുഴിയിലെത്തിക്കുന്നു. കുഴിയുടെ മുകൾഭാഗത്ത് 1.6 മീറ്റർ വ്യാസവും 10 സെ.മീ കനവുമുള്ള സ്ലാബ് സ്ഥാപിക്കുന്നു. കെട്ടിടത്തിന്റെ എണ്ണവും വിസ്തീർണ്ണവും അനുസരിച്ച് 1 മുതൽ 3 കുഴികൾ വരെ ഒരു സ്കൂളിൽ നിർമ്മിക്കുന്നു.

ഇത്തരത്തിലുള്ള ഒരു കുഴിയുടെ ശേഷി 3400 ലിറ്റർ ആണ്. ഇപ്രകാരം 1 വർഷം ഏകദേശം 3 ലക്ഷത്തോളം ലിറ്റർ മഴവെള്ളം ഓരോ കുഴികളിലൂടെയും ഭൂജലത്തിലേയ്ക്ക് കടത്തി വിടാനാകും. കഴിഞ്ഞ 10 വർഷങ്ങളിലായി ഭൂജലവകുപ്പ് 25 സ്കൂളുകൾ/ പൊതുസ്ഥാപനങ്ങളിലായി 40 ഭൂജലസംപോഷണ പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്. ഭൂജല വകുപ്പിന് അനുവദിച്ചിട്ടുള്ള ഫണ്ടിന്റെ അപര്യാപ്തത പദ്ധതി നടപ്പിലാക്കുന്നതിന് തടസ്സം നേരിടുന്നു.

ജില്ലയിൽ പ്രൈവറ്റ് സ്കൂളുകൾ ഉൾപ്പെടെ ആകെ 505 സ്കൂളുകൾ ഉണ്ട്. ഭൂജലസംപോഷണ പ്രവർത്തനങ്ങൾ നടപ്പിലാക്കുമ്പോൾ സർക്കാർ / പ്രൈവറ്റ് എന്നീ വേർതിരിവ് ഇല്ലാതെ എല്ലാ സ്കൂളുകളിലും നടപ്പിലാക്കേണ്ടതാണ്.

(2) **ഭൂജലാധിഷ്ഠിത പൊതുകുടിവെള്ള പദ്ധതികൾ**

ജില്ലയിലെ കോർപ്പറേഷൻ, മുനിസിപ്പാലിറ്റി, ഗ്രാമപഞ്ചായത്തുകളിലായി 2016 ലെ കണക്കിൻ പ്രകാരം ഏകദേശം 1991 ഭൂജലാധിഷ്ഠിത കുടിവെള്ളസ്രോതസുകൾ നിലവിലുണ്ട്. ഇതിൽ 457 എണ്ണം ചെറുകിട കുടിവെള്ള പദ്ധതികളും, 1534 കൈപ്പമ്പ് ഘടിപ്പിച്ചവയുമാണ്. 2016–17, 2017–18 സാമ്പത്തികവർഷങ്ങളിൽ ഏകദേശം 1131 കൈപ്പമ്പ് ഘടിപ്പിച്ച കുഴൽക്കിണറുകളും 37 ചെറുകിട കുടിവെള്ള പദ്ധതികളും റിപ്പയർ ചെയ്ത് പ്രവർത്തനക്ഷമമാക്കിയിട്ടുണ്ട്.

മണ്ണ് ജല സംരക്ഷണ മേഖലയിലെ പ്രശ്നങ്ങൾ

- മണ്ണൊലിപ്പ് – ഫലഭൂയിഷ്ടമായ മേൽമണ്ണ് നഷ്ടപ്പെടുന്നു.
- വരൾച്ച– മണ്ണിലെ ആഴത്തിലുള്ള ജലാംശത്തിന്റെ അഭാവം.
- കാലാവസ്ഥാ വ്യതിയാനം –മഴയുടെ ഏറ്റക്കുറച്ചിൽ
- വനനശീകരണം ,കുന്നിടിക്കൽ ,മണ്ണിടിച്ചിൽ
- വെള്ളപ്പൊക്കം
- തോടുകളുടേയും ജലാശയങ്ങളുടേയും ജലസംഭരണശേഷിയിലെ കുറവ്.
- മണ്ണിലെ ജൈവാംശത്തിന്റെ ശോഷണം

ജലക്ഷാമത്തിനുള്ള കാരണങ്ങൾ

- ജനസാന്ദ്രത
- ചെങ്കുത്തായ ചരിവോടുകൂടിയ ഭൂപ്രകൃതി
- കാലാവസ്ഥയിലെ ഏറ്റകുറച്ചിൽ
- വനനശീകരണവും കാവുകളുടെ നാശവും
- ശാസ്ത്രീയ ജലസംരക്ഷണ മാർഗ്ഗങ്ങളുടെ അഭാവം
- തണ്ണീർത്തടം/വയൽ/കുളങ്ങൾ മുതലായവയുടെ നികത്തൽ
- ജലസ്രോതസ്സുകളുടെ അമിത ചൂഷണം
- പുഴകളിലെ മണൽ വാരൽ
- അശാസ്ത്രീയമായ കൃഷി രീതികൾ
- ഭൂഗർഭ സ്ഥിതി വിശേഷം – മണ്ണിന്റെ ഘടന
- ജലസ്രോതസ്സുകളുടെ മലിനീകരണം
- രാസവളങ്ങളുടെയും കീടനാശിനികളുടെയും അമിതോപയോഗം
- നഗരവൽക്കരണം
- അശാസ്ത്രീയമായ ധാതുഖനനം
- മലകൾ കുന്നുകൾ എന്നിവയുടെ ഇടിച്ചു നികത്തൽ

മണ്ണ് ജല സംരക്ഷണ പ്രവർത്തികൾ നടപ്പിലാക്കുവാനായി മണ്ണ് സംരക്ഷണ വിഭാഗം തയ്യാറാക്കിയിട്ടുള്ള പദ്ധതികൾ

11,505 ഹെക്ടർ പ്രദേശത്ത് മണ്ണുജല സംരക്ഷണ പ്രവർത്തനങ്ങൾ നടപ്പിലാക്കാനായി ആർ.ഐ.ഡി.എഫ്ൽ പരിഗണിക്കുന്നതിനായി 19 നീർത്തട പദ്ധതികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കി ജില്ലാ ഇറിഗേഷൻ പ്ളാനിൽ ചേർത്തിട്ടുണ്ട്. കൂടാതെ ആർ.ഐ.ഡി.എഫ്–ൽ പരിഗണിക്കുന്നതിനായി 62 കുളങ്ങളുടെ നവീകരണ പ്രവർത്തനങ്ങളുടെ എസ്റ്റിമേറ്റും വകുപ്പ് തയ്യാറാക്കിയിട്ടുണ്ട്.

അടുത്ത 10 വർഷങ്ങളിലേയ്ക്കായി ഭൂജലവകുപ്പ് തയ്യാറാക്കിയിട്ടുള്ള ഭൂജലസംപോഷണ സംവിധാനങ്ങൾ

ഭൂജലസംപോഷണ സംവിധാനങ്ങൾ അതാതിടങ്ങളിൽ ഭൂജലനിരപ്പ് വർദ്ധിപ്പിക്കുന്നതിനുള്ളവയാണ്. ജില്ലയിലെ എല്ലാ സർക്കാർ/സർക്കാരിതര സ്ഥാപനങ്ങളിലെ കിണർ സമ്പോഷണ പദ്ധതി നടപ്പിലാക്കുന്നതാണ്. അടുത്ത 10 വർഷത്തിൽ ജില്ലയിലെ 505 സ്കൂളുകളിലായി ഭൂജല സമ്പോഷണ പദ്ധതി നടപ്പിലാക്കുന്നതാണ്. പൊതുജനങ്ങൾ/ പൊതുസ്ഥാപനങ്ങൾ/സ്കൂളുകൾ ഇവയിൽ ജലസംരക്ഷണത്തെക്കുറിച്ച് അവബോധം സൃഷ്ടിക്കുന്നതിന് സെമിനാർ സംഘടിപ്പിക്കുകയും ചെയ്യുന്നതാണ്.

മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ പ്രകൃതി വിഭവപരിപാലനവുമായി ബന്ധപ്പെട്ട അടുത്ത 10 വർഷത്തേക്കുള്ള പ്രവർത്തനങ്ങൾ

- 2017–18 സാമ്പത്തിക വർഷം മുതൽ 2018–19, 2019–20 വരെയുള്ള കാലയളവിൽ ജില്ലയിലെ 73 ഗ്രാമപഞ്ചായത്തുകളിലെയും (11 ബ്ളോക്കുകളിലേയും) നീർത്തട അടിസ്ഥാനത്തിലുള്ള മാസ്റ്റർ പ്ളാൻ തൊഴിലുറപ്പ് പദ്ധതിയിലെ സാങ്കേതിക വിദഗ്ധരെ ഉപയോഗിച്ച് തയ്യാറാക്കുന്നതാണ്. 2017–18–ൽ ആദ്യപടിയായി പെരിങ്ങമ്മല, നന്ദിയോട്, പാങ്ങോട്, വിതുര, അമ്പൂരി, ആര്യനാട്, കുറ്റിച്ചൽ, കള്ളിക്കാട്, ഒറ്റശേഖരമംഗലം എന്നീ ഒമ്പത് മലയോര പഞ്ചായത്തുകളുടെ നീർത്തടാധിഷ്ഠിത പ്ലാൻ കേരള ലാന്റ്യൂസ്

ബോർഡിന്റെ ഭൂപടങ്ങളുടെ അടിസ്ഥാനത്തിൽ തൊഴിലുറപ്പ് പദ്ധതി സംസ്ഥാന മിഷന്റെ മേൽനോട്ടത്തിൽ തയ്യാറാക്കുന്നതാണ്.

- മുഴുവൻ ജലസ്രോതസ്സുകളും സംരക്ഷിക്കുന്നതിനും, നീർത്തട പരിപാലന പ്രവർത്തികൾ, പരമ്പരാഗത ജലസ്രോതസ്സുകളുടെ പുനരുദ്ധാരണം, കംപോസ്റ്റ് പിറ്റ്, കൃഷിക്കാർക്ക് കാർഷിക ആവശ്യത്തിനുള്ള കുളങ്ങളുടെ നിർമ്മാണം (ഫാം പോണ്ട്), പൊതുകുളങ്ങളുടെ നവീകരണം, ജില്ലയിലെ എല്ലാ കുളങ്ങളുടെയും നീർച്ചാലുകളുടെയും സംരക്ഷണം സംഘകൃഷിക്ക് ആവശ്യമായ ഒറ്റത്തവണ ഭൂവികസനം തുടങ്ങിയവയും ഈ പദ്ധതി പ്രകാരം ഏറ്റെടുക്കാൻ സാധിക്കുന്നതാണ്.
- 2017–18–ൽ ജില്ലയിൽ 20 ലക്ഷം ഫലവൃക്ഷതൈകൾ വച്ച് പിടിപ്പിച്ച് അതിന്റെ പരിപാലനം തൊഴിലുറപ്പ് പദ്ധതിയിൽ ഏറ്റെടുത്ത് നടപ്പിലാക്കുന്നതാണ്.

വികസന പരിപ്രേക്ഷ്യം

കാർഷിക വികസന പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുമ്പോൾ പ്രഥമമായും പരിഗണിക്കപ്പെടേണ്ട ഘടകങ്ങളാണ് മണ്ണും ജലവും. കാർഷിക വികസനം, പരിസ്ഥിതി പുനരുദ്ധാരണം എന്നീ മേഖലകളിലെ വികസന പദ്ധതികളുടെ വിജയം ആത്യന്തികമായി ഈ വിഭവങ്ങളുടെ ഗുണകരമായ വിനിയോഗക്രമത്തെ ആശ്രയിച്ചിരിക്കുന്നു. അതുകൊണ്ടു തന്നെ മണ്ണിന്റേയും ജലത്തിന്റേയും സസ്യജന്തു സമ്പത്തിന്റേയും സ്വതസിദ്ധമായ പ്രകൃതവിശേഷങ്ങൾ സമരസപ്പെട്ടുണ്ടാകുന്ന ഒരവസ്ഥയെ ഉൾക്കൊള്ളുന്നതും പ്രകൃത്യാ തന്നെയുള്ള അതിർത്തികൾ കൊണ്ട് വേർതിരിക്കപ്പെടുന്നതുമായ നീർത്തടങ്ങൾ തന്നെയാണ് ശാസ്ത്രീയമായ കാർഷിക വികസന പ്രവർത്തനങ്ങൾക്ക് അനുയോജ്യമായ യൂണിറ്റെന്ന് നാം മനസ്സിലാക്കേണ്ട സമയം അധികരിച്ചിരിക്കുന്നു. അതിനാൽ ഇനിമേൽ നടപ്പിലാക്കുന്ന എല്ലാ കാർഷിക വികസന പദ്ധതികളും നീർത്തടാടിസ്ഥാനത്തിൽ തയ്യാറാക്കി സമഗ്ര വികസന കാഴ്ചപ്പാടോടുകൂടി നടപ്പിലാക്കേണ്ടത് അത്യന്താപേക്ഷിതമാണ്.

ജില്ലയിൽ ശരാശരി 1785 മി.മീ മഴ ലഭ്യമാകുന്നുണ്ടെങ്കിലും ഇക്കഴിഞ്ഞ വർഷം ലഭ്യമാകേണ്ട മഴയുടെ ലഭ്യതയിൽ കാലവർഷത്തിൽ 34% ഉം തുലാവർഷത്തിൽ 61% ഉം കുറവാണ് ലഭ്യമായത്. എന്നാൽ ലഭ്യമാകുന്ന മഴയുടെ 60% ത്തോളം ലാഭകരമായി നമുക്ക് ഉപയോഗപ്പെടുത്താൻ കഴിയുന്നതാണ്. മഴവെള്ളം ഭൂമിയിൽ പതിച്ച് ഉപരിതല പ്രവാഹമായി ഒഴുകി, ജലാശയങ്ങളിൽ എത്തിച്ചേരുന്നതിനുള്ള സമയദൈർഘ്യം വർദ്ധിപ്പിച്ച് പരമാവധി വെള്ളം ഭൂമിയിൽ ആഗീരണം ചെയ്യപ്പെടാൻ അവസരമൊരുക്കിയാൽ മാത്രമേ ഭൂഗർഭ പാളികളിലും ഉറവകളിലും ഇത് ക്രമാനുഗതമായ ഉപയോഗത്തിനു ലഭ്യമാകുകയുള്ളൂ. എന്നാൽ ജലസംരക്ഷണ പ്രവർത്തനങ്ങളിലെ അശ്രദ്ധ മൂലം അമൂല്യമായ ജലവും ഒപ്പം ഫലപുഷ്ടമായ മേൽമണ്ണും നമുക്ക് നഷ്ടപ്പെട്ടുകൊണ്ടിരിക്കയാണ്. ഇത് നമ്മെയും ഭാവിതലമുറയെയും വളരെയേറെ ദോഷകരമായി ബാധിക്കും. മഴവെള്ളത്തെ തക്കസമയത്ത് വേണ്ട രീതിയിൽ അതിന്റെ ഒഴുക്കിന്റെ ദിശയും വേഗതയും മനസ്സിലാക്കി ശാസ്ത്രീയമായി തൽസ്ഥല ജലസംരക്ഷണപ്രവർത്തനങ്ങൾ നീർത്തടാടിസ്ഥാനത്തിൽ നടപ്പിലാക്കിയാൽ നമ്മുടെ ജില്ലയുടെ കാർഷികരംഗത്തെ സമഗ്രവികസനം ഉറപ്പാക്കുവാനും രൂക്ഷമായ കുടിവെള്ളക്ഷാമത്തിൽ നിന്നും നമുക്ക് ഒരു പരിധി വരെ രക്ഷനേടാനും സാധ്യമാകുന്നതാണ്.

ജില്ലയിലെ പ്രധാന നദികളായ കരമനയാർ, നെയ്യാർ, വാമനപുരം നദി എന്നിവയുടെ വൃഷ്ടിപ്രദേശങ്ങളെ ചെറു നീർത്തടങ്ങളായി തിരിച്ച് പഞ്ചായത്ത് അടിസ്ഥാനത്തിൽ ഓരോ ചെറുനീർത്തടങ്ങൾക്കും നീർത്തട ഗ്രാമസഭകൾ ചേർന്ന് വിശദമായ ചർച്ചകൾ നടത്തി നിലവിലുള്ള നീർത്തട മാസ്റ്റർ പ്ളാനിൽ ഒഴിവാക്കലുകളും കൂട്ടിച്ചേർക്കലുകളും ഉൾപ്പെടുത്തി ശാസ്ത്രീയമായി അപഗ്രഥിച്ച് മുൻഗണനാക്രമങ്ങൾ നിശ്ചയിച്ച് ഒരു സമഗ്ര വികസന കാഴ്ച്ചപ്പാടോടുകൂടിയുള്ള പഞ്ചായത്ത് തല നീർത്തട മാസ്റ്റർപ്ലാനുകൾ തയ്യാറാക്കേണ്ടതാണ്. ഇങ്ങനെ തയ്യാറാക്കുന്ന പഞ്ചായത്തുതല നീർത്തട മാസ്റ്റർപ്ലാനുകൾ ബ്ളോക്കുതലത്തിൽ ഒരു വിദഗ്ദ്ധ സംഘം പരിശോധിച്ച് വേണ്ട ഒഴിവാക്കലുകളോ കൂട്ടിച്ചേർക്കലുകളോ നടത്തി ശാസ്ത്രീയ അടിത്തറയോടുകൂടി ക്രോഡീകരിച്ച് ഒരു ബ്ളോക്ക്തല നീർത്തട മാസ്റ്റർപ്ലാൻ തയ്യാറാക്കാവുന്നതാണ്. ഈ പ്ലാനുകൾ ജില്ലാപഞ്ചായത്ത് സമാഹരിച്ച് ജില്ലാതല വിദഗദ്ധ സമിതി പരിശോധിച്ച് ക്രോഡീകരണം നടത്തി യാഥാർത്ഥ്യ ബോധത്തോടെ ജില്ലയുടെ സമഗ്രവികസന കാഴ്ച്ചപ്പാടോടുകൂടിയുള്ള ഒരു ജില്ലാ നീർത്തട മാസ്റ്റർ പ്ലാൻ തയ്യാറാക്കാവുന്നതാണ്. ഇതിന് ജില്ലാ പഞ്ചായത്തിന്റെ വ്യക്തമായ നിർദ്ദേശങ്ങൾ എല്ലാ ഗ്രാമപഞ്ചായത്തുകൾക്കും ബ്ളോക്ക് പഞ്ചായത്തുകൾക്കും

നൽകി സമയബന്ധിതമായി ഈ പ്രവർത്തനങ്ങൾ പൂർത്തീകരിച്ച് മുൻഗണനാക്രമത്തിൽ നീർത്തടങ്ങളെ തെരഞ്ഞെടുത്ത് നീർത്തടാടിസ്ഥാനത്തിൽ ഒരു സമഗ്ര വികസന മാതൃക ഉണ്ടാക്കേണ്ടത് വളരെ അത്യാവശ്യമാണ്. ജില്ലയുടെ കാർഷികാഭിവൃദ്ധിയ്ക്കും ജലസുരക്ഷയ്ക്കും പ്രകൃതിവിഭവങ്ങളുടെ അവശ്യാധിഷ്ഠിത ഉപയോഗത്തിനും അതിലുപരി മാലിന്യ സംസ്ക്കരണത്തിനും ഇത്തരം മാതൃകകൾ നമുക്ക് ഉപയോഗപ്പെടുത്താവുന്നതാണ്. കുറഞ്ഞ കാലത്തേക്ക് ലഭിക്കുന്ന ശക്തമായ മഴ, അതുമൂലമുണ്ടാകുന്ന വർദ്ധിച്ച ഉപരിതല ഒഴുക്ക്, മണ്ണൊലിപ്പ് തുടങ്ങിയ പ്രശ്നങ്ങൾ സംസ്ഥാനത്തിന്റെ ഭൂവിസ്തൃതിയിലേറെയുള്ള ചരിവ് കൂടിയ മലനാട് ഇടനാട് പ്രദേശങ്ങൾ, പരിസ്ഥിതിലോലപ്രദേശങ്ങൾ പോലും കൃഷിക്കും മനുഷ്യവാസത്തിനും ഉപയോഗിക്കേണ്ടി വന്ന സാഹചര്യം ഉണ്ടാക്കിയ ജനസാന്ദ്രത വർദ്ധന, നദികളുടെ ഉത്ഭവ സ്ഥാനങ്ങളിൽ സംഭവിക്കുന്ന പരിസ്ഥിതി ശോഷണം, ഭൂവിനിയോഗമാറ്റം, കൃഷിരിതിയിലുള്ള മാറ്റം, നിലം നികത്തൽ, കുന്നിടിക്കൽ, തുടങ്ങിയ അശാസ്ത്രീയമായ മനുഷ്യ ഇടപെടലുകൾ, ഇടവിട്ടുള്ള വരൾച്ചയും വെള്ളപ്പൊക്കവും, ഭൂജലശോഷണം തുടങ്ങിയവയൊക്കെ നീർത്തടാധിഷ്ടിത വികസനത്തിന്റെ ആവശ്യകതയിലേക്ക് വിരൽചൂണ്ടുന്നു. മേൽ പറഞ്ഞ പ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ ശരിയായ രീതിയിൽ ആസൂത്രണം ചെയ്ത് നടപ്പിലാക്കുന്ന നീർത്തടാധിഷ്ഠിത വികസന പരിപാടിയിലൂടെ സാധ്യമാകുന്നതാണ്.

ജില്ലയിൽ പ്രകൃതി വിഭവങ്ങളുടെ സംരക്ഷണവും കാർഷിക മേഖലയുടെ അഭിവൃദ്ധിയും ലക്ഷ്യമിട്ടുകൊണ്ട് വിവിധ വകുപ്പുകളുടെ വികസന പ്രവർത്തനങ്ങൾ കാലങ്ങളായി നടന്നുവരുന്നു. എന്നാൽ ഇവയുടെ ഏകോപനമില്ലായ്മ മൂലം നാം ഉദ്ദേശിച്ച രീതിയിലുള്ള കാർഷികാഭിവൃദ്ധി നേടുവാനോ, വരൾച്ച, കുടിവെള്ള ക്ഷാമം എന്നീ പ്രകൃതി വിപത്തുകളിൽ നിന്ന് രക്ഷനേടുവാനോ നമുക്ക് സാധ്യമായിട്ടില്ല എന്നുള്ളത് വസ്തുതയാണ്. ആയതിനാൽ കാർഷികമേഖലയുടെ ഉന്നമനം ലക്ഷ്യമിട്ടുകൊണ്ടും പ്രകൃതി വിഭവങ്ങളെ പരസ്പരപൂരകങ്ങളായി പരിപാലിച്ച് നിലനിർത്തിക്കൊണ്ട് മുന്നോട്ടുപോകേണ്ട കാലം അധികരിച്ചിരിക്കുന്നു.

സ്ഥായിയായ വികസനം ലക്ഷ്യമാക്കി ഭൂവിഭവങ്ങളെ സംരക്ഷിക്കുകയും പരിപോഷിപ്പിക്കുകയും പരിസ്ഥിതി സന്തുലനത്തിന് കോട്ടം വരാത്ത രീതിയിൽ അവയെ ശാസ്ത്രീയമായി വിനിയോഗിക്കുകയും ചെയ്യേണ്ടതാണ്. മണ്ണു ജല സംരക്ഷണം, ചെറുകിട ജലസേചനം, കാർഷികവികസനം, ക്ഷീരവികസനം, മൃഗസംരക്ഷണം, മത്സ്യവികസനം, ചെറുകിട വ്യവസായം, സാമൂഹ്യ വനവത്ക്കരണം, ടൂറിസം തുടങ്ങി വിവിധ വിഷയമേഖലകളിലെ വികസന സാധ്യതകൾ സംയോജിപ്പിച്ചുകൊണ്ടുള്ള സമഗ്രവികസനം ലക്ഷ്യമാക്കുന്നതാവണം നീർത്തട വികസന പരിപാടികൾ. പരിസ്ഥിതിയുടെ സന്തുലനം, വിഭവങ്ങളുടെ യുക്തിസഹമായ പരിപാലന വിനിയോഗങ്ങൾ, വരൾച്ചയ്ക്കും വെള്ളപ്പൊക്കത്തിനുമെതിരെയുള്ള പ്രതിരോധം എന്നിവയും നീർത്തട വികസനത്തിന്റെ ലക്ഷ്യങ്ങളാണ്. ഇങ്ങനെയുള്ള നീർത്തടാടിസ്ഥാനത്തിലുള്ള വികസനമാണ് കാർഷിക വികസനത്തിനുള്ള സ്ഥായിയായ മാതൃക. എന്നാൽ നീർത്തടാടിസ്ഥാനത്തിലുള്ള സമഗ്ര വികസനം അതിന്റെ ഉദ്ദേശ്യലക്ഷ്യം കൈവരിച്ചിട്ടില്ലായെന്നുള്ള സത്യം നാം മനസ്സിലാക്കേണ്ട സമയം അധികരിച്ചിരിക്കുന്നു. നിലവിൽ മണ്ണു സംരക്ഷണ പദ്ധതികൾ, പശ്ചിമഘട്ട വികസന പദ്ധതികൾ എന്നിവയാണ് നീർത്തടാടിസ്ഥാനത്തിൽ നടന്നു വരുന്നത്.

ഒരു നീർത്തടത്തിന്റെ സമഗ്ര വികസനം എന്ന കാഴ്ച്ചപ്പാടിലേയ്ക്ക് എത്തണമെങ്കിൽ എല്ലാ വകുപ്പുകളും സ്ഥായിയായ നീർത്തടാടിസ്ഥാന വികസനത്തിലൂന്നിയ കാർഷിക വികസന മാതൃകാ പ്രവർത്തനങ്ങളിലേർപ്പെടേണ്ടതാണ്. എന്നാൽ മാത്രമേ ജലസംരക്ഷണം, ഉത്പാദനം, ഉത്പാദനക്ഷമത വർദ്ധിപ്പിക്കൽ തുടങ്ങിയ ഉദ്ദേശ്യലക്ഷ്യങ്ങൾ നേടാൻ സാധിക്കുകയുള്ളൂ. ഉപരിതല ജലത്തിന്റേയും, അധോജലത്തിന്റേയും ഒഴുക്കിനെ അടിസ്ഥാനമാക്കി തൽസ്ഥല ജലസംരക്ഷണ പ്രവർത്തനങ്ങൾ നടത്തുകയും അതുവഴി കാർഷികമേഖലയെ പോഷിപ്പിക്കുകയും നീർത്തടപ്രദേശത്തെ ജനങ്ങൾക്ക് ജീവനോപാധികൾ നൽകി ആ പ്രദേശത്തെ ജനങ്ങളുടെ സാമ്പത്തിക, സാമൂഹിക ഉന്നമനത്തിലൂടെ സമഗ്രവികസനം നേടാൻ സാധിക്കുകയും ചെയ്യുകയുള്ളൂ. ശരിയായ രീതിയിലുള്ള സമഗ്ര നീർത്തടവികസനം ഇതുവരേയും സാധ്യമാകാത്തതിന്റെ പ്രധാന കാരണം വിവിധ വകുപ്പുകളുടെ ഏകോപനമില്ലായ്മയാണ്. നദിയുടേയും തോടിന്റേയും തണ്ണീർത്തടങ്ങളുടേയും വൃഷ്ടിപ്രദേശത്തിൽ തൽസ്ഥല ജലസംരക്ഷണ പ്രവർത്തനങ്ങൾ നടപ്പിലാക്കേണ്ടത് അത്യാവശ്യമാണ്. തൽസ്ഥല ജലസംരക്ഷണത്തിന്റെ കുറവാണ്

നീരുറവകൾ വറ്റിപ്പോകുന്നതിന്റേയും ഉപ്പുവെള്ളം തള്ളിക്കയറുന്നതിന്റേയും പ്രധാന കാരണം. നീർത്തടപ്രദേശത്തിനുള്ളിലെ ജലവ്യവസ്ഥയും മണ്ണും ജൈവസമ്പത്തും പരസ്പരപൂരകങ്ങളായി നിലകൊള്ളുന്നതാണ് നീർത്തടത്തിന്റെ പ്രാധാന്യം. ആയതിനാൽ കൃഷി, ജലസേചനം, മൃഗസംരക്ഷണം, മത്സ്യക്കൃഷി, സാമൂഹ്യവനവത്ക്കരണം, മണ്ണ്സംരക്ഷണം തുടങ്ങിയ പ്രവർത്തനങ്ങൾ കൂട്ടിയിണക്കി മാത്രമേ ജില്ലയുടെ കാർഷികരംഗത്തെ സുസ്ഥിര വികസനം സാധ്യമാക്കാൻ സാധിക്കൂ.

നീർത്തടാധിഷ്ഠിത വികസനം

നീർത്തടങ്ങൾ

വലിപ്പ വ്യത്യാസമനുസരിച്ച് വാട്ടർഷെഡുകളെ മാക്രോ വാട്ടർഷെഡ്(>50000 ഹെക്ടർ), സബ് വാട്ടർഷെഡ് (10000–50000 ഹെക്ടർ), മില്ലി വാട്ടർഷെഡ് (1000–10000 ഹെക്ടർ), മൈക്രോ വാട്ടർഷെഡ് (100–1000 ഹെക്ടർ), മിനി വാട്ടർഷെഡ് (1–100 ഹെക്ടർ) എന്നിങ്ങനയാണ് തരംതിരിച്ചിരിക്കുന്നത്.

മൈക്രോ വാട്ടർഷെഡ് അടിസ്ഥാനത്തിൽ വികസനം അസൂത്രണം ചെയ്യുന്നതും നടപ്പാക്കുന്നതുമാണ് ഏറ്റവും സൗകര്യപ്രദം. നമ്മുടെ സംസ്ഥാനത്ത് 44 നദികളുണ്ട്. അതിനാൽ സംസ്ഥാനത്ത് 44 മാക്രോ വാട്ടർഷെഡുകളുണ്ടെന്നു പറയാം. കൂടാതെ 151 സബ് വാട്ടർഷെഡുകളും 960 മില്ലി വാട്ടർഷെഡുകളും സംസ്ഥാനത്ത് ഭൂവിനിയോഗ ബോർഡും മണ്ണുസംരക്ഷണ വകുപ്പും ചേർന്ന് നിർണ്ണയിച്ചിട്ടുണ്ട്.

Fig:5

മണ്ണു പര്യവേഷണ വിഭാഗം തയ്യാറാക്കിയ തിരുവനന്തപുരം ജില്ലയിലെ ചെറുനീർത്തടങ്ങളുടെ മുൻഗണനാക്രമം അനുസരിച്ചുള്ള ഭൂപടം



(അവലംബം: മണ്ണ് പര്യവേഷണ വിഭാഗം)

നിലവിലെ നിർത്തട പദ്ധതികളുടെ പ്രായോഗികത

- നീർത്തട പദ്ധതികൾ വകുപ്പുകളുടെ സംയോജനമില്ലായ്മ മൂലം പൂരിതമാകുന്നില്ല. ഫണ്ടിന്റെ അപര്യാപ്തത, ഗുണഭോക്താക്കളുടെ സഹകരണമില്ലായ്മ, നിലവിലുള്ള കൃഷി രീതികൾ തുടങ്ങിയവ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിന് വിഘാതമാകുന്നു.
- ജനങ്ങളുടെ നീർത്തട പദ്ധതികളോടുള്ള താല്പര്യമില്ലായ്മ.
- സബ്സിഡി രീതികളിലെ പോരായ്മ. വിവിധ പദ്ധതികൾ നടപ്പിലാക്കുന്നതിനുള്ള മാനദണ്ഡങ്ങളും സബ്സിഡി നിരക്കുകളും വ്യത്യസ്തമാണ്. ഇത് പദ്ധതികളുടെ വിജയകരമായ നടത്തിപ്പിന് തടസ്സം സൃഷ്ടിക്കുന്നു.

- പദ്ധതികൾ നടപ്പിലാക്കുന്നതിനു മുൻപായി വിലയിരുത്തൽ നടപ്പാക്കാത്തതിനാൽ പദ്ധതിയുടെ അനന്തര ഫലം മനസ്സിലാക്കാൻ സാധിക്കുന്നില്ല.
- സ്വകാര്യ/വ്യക്തികളുടെ കൈവശഭൂമിയിൽ മാത്രമേ മണ്ണ് ജല സംരക്ഷണ പദ്ധതികൾ നടപ്പിലാക്കാൻ വകുപ്പ് പദ്ധതികളിലൂടെ സാധിക്കുന്നുള്ളൂ. എന്നാൽ പൊതു സ്ഥലങ്ങളിലും ഇവ നടപ്പിലാക്കേണ്ടതുണ്ട്.
- വകുപ്പ് നടപ്പിലാക്കുന്ന പദ്ധതികളിലൂടെ സൃഷ്ടിക്കപ്പെടുന്ന ആസ്തികളുടെ സംരക്ഷണം ഏറ്റെടുക്കാൻ വകുപ്പിന് തുകയോ സംവിധാനമോ ഇല്ല. ഇതിനുള്ള സംവിധാനം തീർച്ചയായും ഉണ്ടാകണം.
- നിലവിലെ ഭൂസ്ഥിതി മാറ്റുന്നതിനുള്ള വിമുഖത
- പൊതുവേ ജനങ്ങൾക്ക് കൃഷിയോട് താല്പ്പര്യം കുറവാണ്. ലാഭകരമായ വിളകളാണ് ജനങ്ങൾക്ക് താല്പ്പര്യം.
- അവശ്യാധിഷ്ടിത പദ്ധതികളല്ലാ പകരം ധനാധിഷ്ടിത പദ്ധതികളാണ് നിലവിൽ നടപ്പിലാക്കുന്നത്.
- മണ്ണറിഞ്ഞ് കൃഷി ചെയ്യുന്ന രീതി നിലവിലില്ല.

ജില്ലയിൽ നബാർഡിന്റെ സാമ്പത്തിക സഹായത്തോടെ നടപ്പിലാക്കുന്ന നീർത്തടാടിസ്ഥാനത്തിലുള്ള മണ്ണ് ജല സംരക്ഷണ പദ്ധതികൾ (ആർ.ഐ.ഡി.എഫ്) അരുവിക്കര ശുദ്ധജല വിതരണ പദ്ധതിയുടെ വൃഷ്ടി പ്രദേശങ്ങളിൽ നടപ്പിലാക്കുന്ന മണ്ണ് ജല സംരക്ഷണ പദ്ധതികൾ, ദേശീയ നീർമറി വികസന പദ്ധതി, രാഷ്ട്രീയ കൃഷി വികാസ് യോജന, പശ്ചിമഘട്ട വികസന പദ്ധതി, സംയോജിത നീർത്തട പരിപാലന പരിപാടി, ഹരിയാലി തുടങ്ങിയ നീർത്തട പദ്ധതികളാണ് നടപ്പിലാക്കിയിട്ടുള്ളത്. വിവിധ പദ്ധതി പ്രവർത്തനങ്ങൾ വഴി ജില്ലയിലെ കാർഷിക ഉത്പാദനം വർദ്ധിപ്പിക്കുന്നതിന്, കാർഷിക ഭൂമിയുടെ വിസ്തൃതി വർദ്ധിപ്പിക്കുന്നതിനും ഭൂഗർഭജലത്തിന്റെ നിരപ്പ് ഉയർത്തുന്നതിനും തൊഴിൽ ദിനങ്ങൾ വർദ്ധിപ്പിക്കുന്നതിനും ഇവയിലൂടെ കഴിഞ്ഞിട്ടുണ്ട്.

4.1.1 (3) ജലസേചനം

2008 ൽ കേരളം അംഗീകരിച്ച ജലനയം 'ജലം മനുഷ്യാവകാശമാണ്' എന്ന പുരോഗമനപരമായ ആശയമാണ്. സാമ്പത്തിക മൂല്യമുള്ള പൊതു പൈതൃക സമ്പത്ത് എന്ന നിലയിൽ ജലസംരക്ഷണം സമൂഹത്തിൽ പൊതുവായും ഓരോ വ്യക്തിയിൽ പ്രത്യേകിച്ചും ഈ നയം നിക്ഷിപ്തമായിരിക്കുന്നു. എന്നാൽ സമീപകാല ചരിത്രം നമുക്ക് നൽകുന്നത് വ്യത്യസ്തമായ കാഴ്ചകളും കണക്കുകളുമാണ്. വരൾച്ചയുടെ ഇടവേളകൾ കുറയുന്നു. ജല ലഭ്യത പ്രത്യേകിച്ച് ശുദ്ധജല ലഭ്യത കുറയുന്നു. ജലമലിനീകരണ തോത് വർദ്ധിക്കുന്നു. പ്രകൃതിദത്ത ജലസ്രോതസ്സുകൾ നാശത്തിലേയ്ക്ക് നിങ്ങുന്നു. ആകെ ലഭിക്കുന്ന മഴയുടെ അളവിൽ കാര്യമായ കുറവില്ലെങ്കിലും മഴയുടെ ലഭ്യതയിലുള്ള സ്ഥലകാല വ്യതിയാനം വർദ്ധിക്കുന്നു. ഭൂവിനിയോഗത്തിൽ വന്ന മാറ്റം ജലസംഭരണ ശേഷി ഗണ്യമായി കുറച്ചു ഇത് നീരൊഴുക്കിനെ പ്രതികൂലമായി ബാധിക്കുന്നു. ഇതോടൊപ്പം നഗരവത്കരണം ജലാവശ്യം അനുദിനം വർദ്ധിപ്പിക്കുകയും ചെയ്യുന്നു. കുടിവെള്ളത്തിനും കൃഷിക്കും നാം പ്രധാനമായും ആശ്രയിക്കുന്ന നദികളിലെ നീരൊഴുക്ക് വേനൽകാലമാകുന്നതോടെ വലിയതോതിൽ കുറഞ്ഞ്, പുഴയുടെ പാരിസ്ഥിതിക ധർമ്മം പോലും നിറവേറ്റാനാവാതെ മാറുന്നു.

ജല ലഭ്യതയിലെ ഈ കുറവ് ജില്ലയിലെ കാർഷികോത്പാദനത്തെ കാര്യമായി ബാധിച്ചിട്ടുണ്ട് ജില്ലയിൽ ലഭ്യമാകുന്ന മഴയിൽ 90% വും തെക്ക് പടിഞ്ഞാറൻ, വടക്ക് കിഴക്കൻ കാലവർഷങ്ങളിലൂടെയാണ്. ഇതു തന്നെ ജൂൺ മുതൽ നവംബർ വരെയുള്ള ആറ് മാസങ്ങളിലായി ചുരുങ്ങിയിരിക്കുന്നു. ഈ കാലയളവിൽ തന്നെ സെപ്തംബർ ഒക്ടോബർ മാസങ്ങളിൽ വരണ്ട കാലാവസ്ഥയാണ്. ജൂൺ ജൂലൈ മാസങ്ങളിൽ മഴയുടെ തീവ്രത വളരെ കൂടുതലും ഡിസംബർ മുതൽ മെയ് വരെയുള്ള മാസങ്ങളിൽ തീരെ മഴയില്ലാത്ത അവസ്ഥയുമാണ്. മഴ ലഭ്യതയിലെ ഈ ഏറ്റക്കുറച്ചിലുകൾ മൂലം മഴക്കാലങ്ങളിൽ പോലും ജലസേചന ആവശ്യകത വർദ്ധിക്കുന്നു.

കാലാവസ്ഥ വകുപ്പിന്റെ (ഐ.എം.ഡി) കണക്കനുസരിച്ച് 2016 ൽ തെക്ക് പടിഞ്ഞാറൻ കാലവർഷത്തിൽ ജില്ലയിൽ ലഭിക്കേണ്ട മഴയിൽ 34% ന്റെ കുറവാണ് കാണിക്കുന്നത്. 2016 ജൂൺ മുതൽ സെപ്തംബർ വരെയുള്ള സമയത്ത് ജില്ലയിൽ തീക്ഷണമായ വരണ്ട കാലാവസ്ഥയാണ് അനുഭവപ്പെട്ടത്. 2016 ഒക്ടോബർ മുതൽ ഡിസംബർ 31 വരെയുള്ള കണക്കനുസരിച്ച് കേരളത്തിൽ വടക്ക് കിഴക്കൻ കാലവർഷ സമയത്ത് പെയ്ത മഴയിൽ 79% കുറവാണ് രേഖപ്പെടുത്തിയിട്ടുള്ളത്.

പട്ടിക : 4.1.1.(3)1

ജില്ലയിൽ ശരാശരി മഴ ലഭ്യതയും അതിന്റെ വ്യതിയാനവും

ജില്ല	തെക്ക് പടിഞ്ഞാറൻ കാലവർഷം (ജൂൺ മുതൽ സെപ്തംബർ വരെ)			വടക്ക് കിഴക്കൻ കാലവർഷം (ഒക്ടോബർ മുതൽ ഡിസംബർ വരെ)		
	ലഭ്യമായ മഴ(മി.മീ)	സാധാരണ മഴ (മി.മീ)	വ്യതിയാനം ശതമാനത്തിൽ	ലഭ്യമായ മഴ(മി.മീ)	സാധാരണ മഴ (മി.മീ)	വ്യതിയാനം ശതമാനത്തിൽ
തിരുവനന്തപുരം	572.40	871.30	34%	112.40	522.70	79

(അവലംബം: ഐ.എം.ഡി)

ലഭ്യമായ മഴയിൽ കാര്യമായ കുറവ് സംഭവിക്കുന്നത് മൂലവും, ലഭിക്കുന്ന മഴയെ സംരക്ഷിക്കുകയും ഫലപ്രദമായി വിനിയോഗിക്കുകയും ചെയ്യാത്തത് മൂലവും നമ്മുടെ കാർഷികമേഖലയ്ക്ക് ആവശ്യമായ ജലം ലഭിക്കാത്ത അവസ്ഥയാണുള്ളത്. മഴയിലുണ്ടായ കുറവ് കാർഷിക മേഖലയെ ബാധിക്കാത്ത തരത്തിൽ മതിയായ ജലം നൽകുന്നതിനാവശ്യമായ ജലസേചന പദ്ധതികളുടെ അഭാവം ജില്ലയിലെ കാർഷികോല്പാദനത്തെ കാര്യമായി ബാധിച്ചിട്ടുണ്ട്.

നിലവിലെ അവസ്ഥ

സാമ്പത്തിക സ്ഥിതി വിവര വകുപ്പിന്റെ 2010–11 മുതൽ 2015–16 വരെയുള്ള കാലഘട്ടത്തിലെ കണക്കനുസരിച്ച് ജില്ലയിലെ ഭൂവിനിയോഗ രീതി പരിശോധിച്ചാൽ കൃഷി ചെയ്യുന്ന പ്രദേശത്തിന്റെ വിസ്തൃതി (നെറ്റ് സോൺ ഏരിയ) ക്രമാനുഗതമായി കുറഞ്ഞ് വരുന്നതായി കാണാം. എന്നാൽ ആവർത്തന കൃഷി ചെയ്യുന്ന പ്രദേശത്തിന്റെ വിസ്തീർണ്ണം കൂടി വരുന്നതിനാൽ ആകെ വിളവെടുക്കുന്ന സ്ഥലം (ഗ്രോസ് ക്രോപ്പ്ഡ് ഏരിയ) വർദ്ധിച്ചുവരുന്നു. ഈ മാറ്റം സൂചിപ്പിക്കുന്നത് കൃഷി ഭൂമി തരിശ്ശിടുന്ന പ്രവണത ജില്ലയിൽ കൂടി വരുന്നു എന്നതാണ്. ജില്ലയിൽ നടത്തിയിട്ടുള്ള പഠനങ്ങളിൽ ജലസേചന

സൗകര്യങ്ങളുടെ അപര്യാപ്തത മൂലം ഉത്പ്പാദനക്ഷമത കുറയുന്നത് തരിശിടുന്ന പ്രവണത വർദ്ധിപ്പിക്കുന്നതിന് ഒരു പ്രധാന കാരണമായി ചൂണ്ടി കാണിക്കപ്പെടുന്നത്.

പട്ടിക : 4.1.1.(3) 2

ഭൂവിനിയോഗ രീതിയിലെ വ്യത്യാസം

വർഷം	യഥാർത്ഥത്തിൽ കൃഷി നടക്കുന്ന സ്ഥലം (ഹെക്ടറിൽ)	ഒന്നിൽ കൂടുതൽ തവണ കൃഷി ചെയ്യുന്ന സ്ഥലം (ഹെക്ടറിൽ)	ആകെ വിളയെടുക്കുന്ന സ്ഥലം (ഹെക്ടറിൽ)	വിള തീവ്രത
2010 - 11	133559	20551	154110	115
2011 - 12	130758	24307	155065	119
2012 - 13	130360	23962	154322	118
2013 - 14	129750	29467	159217	123
2014 - 15	128290	34458	162748	127
2015 - 16	126580	36268	162848	129

(അവലംബം: സാമ്പത്തിക സ്ഥിതി വിവര വകുപ്പ്)

Fig: 1

നെറ്റ് സോൺ ഏരിയ(ഹെക്ടറിൽ)



സാമ്പത്തിക സ്ഥിതി വിവര വകുപ്പിന്റെ 2015–16 ലെ കണക്കുകൾ പ്രകാരം ജില്ലയിലെ മൊത്തം ഭൂവിസ്തൃതിയുടെ 58% കൃഷി ഇറക്കിയിട്ടുള്ള പ്രദേശമാണ് (നെറ്റ് സോൺ ഏരിയ). ആകെ കൃഷി ചെയ്യപ്പെടുന്ന സ്ഥലത്തിന്റെ 28.6% ഒന്നിൽ കൂടുതൽ തവണ കൃഷി ചെയ്തിട്ടുള്ളതാണ്. ഇതിൽ തന്നെ ജലസേചിത പ്രദേശത്തിന്റെ വിസ്തീർണ്ണം 7.85% മാത്രമാണ്. ഇത് സംസ്ഥാന ശരാശരിയായ 18.41% ശതമാനത്തേക്കാളും വളരെയധികം കുറവാണ്. ജലസേചിത പ്രദേശത്തിൽ തന്നെ ഏറിയ പങ്കും പച്ചക്കറി കൃഷിയിടമാണ് (26%) ശേഷം തെങ്ങ് (21.4%), വാഴ (20.8%), നെൽവയലുകൾ (16.6%) എന്നിങ്ങനെയാണ്.

ജില്ലയിലെ വിവിധ സ്രോതസ്സുകൾ വഴിയുള്ള ജലസേചിത വിസ്തൃതി, വിളയടിസ്ഥാനത്തിലുള്ള ജലസേചിത വിസ്തൃതി എന്നിവ താഴെ പറയുന്ന പട്ടികകളിൽ (പട്ടിക : 4.1.1 (3)3, പട്ടിക : 4.1.1(3) 4) സൂചിപ്പിച്ചിരിക്കുന്നു.

പട്ടിക : 4.1.1 (3) 3

വിവിധ സ്രോതസ്സുകൾ വഴിയുള്ള ജലസേചിത വിസ്തൃതി (2015–16)

സ്രോതസ്സ്	ജലസേചിത വിസ്തൃതി ഹെക്ടറിൽ
ചെറിയ കനാലുകൾ	
സർക്കാർ	3883
സ്വകാര്യം	
കുളങ്ങൾ	
സർക്കാർ	588
സ്വകാര്യം	21
കിണറുകൾ	
സർക്കാർ	1
സ്വകാര്യം	3254
കുഴൽ കിണർ	111
മറ്റ് സ്രോതസ്സുകൾ	439
ആകെ	8247

(അവലംബം: സാമ്പത്തിക സ്ഥിതി വിവര വകുപ്പ്)

പട്ടിക : 4.1.1 (3) 4

വിളയടിസ്ഥാനത്തിലുള്ള മൊത്തം ജലസേചിതവിസ്തൃതി(2015–16)

വിളയുടെ പേര്	ജലസേചിത വിസ്തൃതി (ഹെക്ടറിൽ)
നെല്ല്	2119
പച്ചക്കറികൾ	3325
നാളികേരം	2742
അടയ്ക്ക	6
ഗ്രാമ്പൂ	0
ജാതിക്ക	19
വാഴ	2669
വെറ്റില	18
മറ്റ് വിളകൾ	1891
ആകെ	12789

(അവലംബം: സാമ്പത്തിക സ്ഥിതി വിവര വകുപ്പ്)

നിലവിലെ ജലസേചനപദ്ധതികളും അവയിൽ ജില്ലയുടെ സാദ്ധ്യതകളും

വൻകിട ജലസേചന പദ്ധതികൾ

1. നെയ്യാർ ജലസേചന പദ്ധതി

ഒന്നാം പഞ്ചവത്സര പദ്ധതിയിൽ ഉൾപ്പെടുത്തി തിരു–കൊച്ചി സംസ്ഥാനത്ത് ആദ്യം നടപ്പിലാക്കിയ പദ്ധതിയാണ് നെയ്യാർ ജലസേചന പദ്ധതി. അഗസ്ത്യാർകൂടത്തിൽ നിന്നും ആരംഭിച്ച് ഏകദേശം 40 കിലോമീറ്റർ ഒഴുകി അറബിക്കടലിൽ പതിക്കുന്ന നെയ്യാർ നദിയിൽ കള്ളിക്കാട് പഞ്ചായത്തിൽ ചെമ്പിലാമൂട് എന്ന സ്ഥലത്താണ് ഈ ഡാം സ്ഥിതി ചെയ്യുന്നത്. ജില്ലയിലെ കാട്ടാക്കട, നെയ്യാറ്റിൻകര, തിരുവനന്തപുരം എന്നീ താലൂക്കുകളിലായി ഇതിന്റെ പദ്ധതി പ്രദേശം വ്യാപിച്ചു കിടക്കുന്നു. പ്രധാനമായും നെൽകൃഷിക്ക് മുൻതൂക്കം നൽകിയാണ് ഈ പദ്ധതി വിഭാവന ചെയ്തത്. ഇതിന്റെ പദ്ധതി പ്രദേശത്ത് നെല്ല് കൂടാതെ മരച്ചീനി, തെങ്ങ്, വാഴ, കുരുമുളക് മുതലായവയും മലയടിവാരങ്ങളിൽ റബ്ബറും കൃഷി ചെയ്യുന്നു. പദ്ധതിയിൽ 2 കനാൽ സംവിധാനം നിലവിലുണ്ട്

1. വലതുകര പ്രധാന കനാലും അതിന്റെ കൈവഴികളും
2. ഇടതുകര പ്രധാനകനാലും അതിന്റെ കൈവഴികളും

വലതുകര പ്രധാനകനാലും അതിന്റെ കൈവഴികളും : സമുദ്രനിരപ്പിൽ നിന്ന് +54.86 മീറ്ററിൽ നിന്നാണ് വലതുകര പ്രധാന കനാൽ ആരംഭിക്കുന്നത്. ഇതിന്റെ നീളം 33.33 കി.മീറ്റർ ആണ്. ഇതിന്റെ പരാമവധി ശേഷി 300 ക്യൂസസ്സ് ആണ്. ഇതിൽ നിന്നും 1375 ഹെക്ടറിൽ നേരിട്ട് ജലസേചനം നടത്തുന്നു. കള്ളിക്കാട്, പൂവച്ചൽ, കാട്ടാക്കട, മാറനല്ലൂർ, ബാലരാമപുരം, അതിയന്നൂർ, കല്ലിയൂർ, വെങ്ങാനൂർ, മലയിൻകീഴ്, പള്ളിച്ചൽ, കോട്ടുകാൽ, തിരുപുറം, കാഞ്ഞിരംകുളം, കരുംകുളം, പൂവാർ എന്നീ പഞ്ചായത്തുകളും തിരുവനന്തപുരം കോർപ്പറേഷനിലെ നേമവും, നെയ്യാറ്റിൻകര മുനിസിപ്പാലിറ്റിയും ഉൾപ്പെടുന്ന പ്രദേശങ്ങളിലൂടെയാണ് വലതുകര പ്രധാന കനാലും അതിന്റെ കൈവഴികളും കടന്നുപോകുന്നത്

ഇടതുകര പ്രധാനകനാലും അതിന്റെ കൈവഴികളും: സമുദ്രനിരപ്പിൽ നിന്ന് +57.91 മീറ്ററിൽ നിന്നാണ് ഇത് ആരംഭിക്കുന്നത്. ഇതിന്റെ നീളം 33.82 കി.മീറ്റർ ആണ്. ഇതിന്റെ പരമാവധി

ശേഷി 270 ക്യൂസസ്സ് ആണ്. കള്ളിക്കാട്, ഒറ്റശേഖരമംഗലം, ആര്യനാട്, വാഴിച്ചൽ, പെരുങ്കടവിള, കുന്നത്തുകാൽ, കൊല്ലയിൽ, പാറശ്ശാല, കാരോട്, കുളത്തൂർ, ചെങ്കൽ എന്നീ പഞ്ചായത്തുകളും നെയ്യാറ്റിൻകര മുനിസിപ്പാലിറ്റിയുടെ നെയ്യാറിന് ഇടതുവശത്തെ ഉൾപ്പെടുന്ന പ്രദേശങ്ങളിലൂടെയാണ് ഇടതുകര പ്രധാന കനാലും അതിന്റെ കൈവഴികളും കടന്നുപോകുന്നത്.

പട്ടിക : 4.1.1 (3) 5

വലതുകര പ്രധാന കനാലും അതിന്റെ കൈവഴികളും

ബ്രാഞ്ച് കനാലിന്റെ പേര്	നീളം (കി.മീ.)	വില്ലേജുകൾ
വിഴിഞ്ഞം ബ്രാഞ്ച്	21.0	പള്ളിച്ചൽ, കല്ലിയൂർ, വെങ്ങാനൂർ
മറുകിൽ	8.45	പള്ളിച്ചൽ, ഊരൂട്ടമ്പലം
വെള്ളായണി നോർത്ത്	9.32	പള്ളിച്ചൽ, നേമം
വെള്ളായണി ഈസ്റ്റ്	3.42	കല്ലിയൂർ
വെള്ളായണി വെസ്റ്റ്	11.05	വെങ്ങാനൂർ
ചൊവ്വര	21.0	അതിയന്നൂർ, ബാലരാമപുരം
പൂവാർ ഈസ്റ്റ് ബ്രാഞ്ച്	18.0	അതിയന്നൂർ, തിരുപുറം, പൂവാർ,കരുംകുളം
പൂവാർ വെസ്റ്റ് ബ്രാഞ്ച് കനാൽ	21.0	അതിയന്നൂർ, കോട്ടുകാൽ, കാഞ്ഞിരംകുളം, കരുംകുളം,പൂവാർ,
വടകോട് ബ്രാഞ്ച് കനാൽ	8.0	ബാലരാമപുരം, നെയ്യാറ്റിൻകര, പെരുംപഴുതൂർ, മാറനല്ലൂർ
ഓലത്താന്നി ബ്രാഞ്ച്	7.0	അതിയന്നൂർ, നെയ്യാറ്റിൻകര

പട്ടിക : 4.1.1 (3) 6

ഇടതുകര പ്രധാന കനാലും അതിന്റെ കൈവഴികളും

ബ്രാഞ്ച് കനാലിന്റെ പേര്	നീളം (കി.മീ.)	വില്ലേജുകൾ
ഇടവൽ ബ്രാഞ്ച്	5.0	ഒറ്റശേഖര മംഗലം
കുളത്തമൽ ബ്രാഞ്ച്	2.5	പെരുംകടവിള
പെരുംകടവിള ബ്രാഞ്ച്	4.0	പെരുംകടവിള
വിയന്നൂർ ബ്രാഞ്ച്	2.0	പെരുംകടവിള
വടകര ബ്രാഞ്ച്	3.0	പെരുംകടവിള
ചുള്ളിയൂർ ബ്രാഞ്ച്	2.5	പെരുംകടവിള
ചൈക്കോട്ട് കോണംബ്രാഞ്ച്	8.0	കൊല്ലയിൽ, നെയ്യാറ്റിൻകര
കൊല്ലയിൽ ബ്രാഞ്ച്	12.0	കൊല്ലയിൽ, ചെങ്കൽ
നൊച്ചിയൂർ ബ്രാഞ്ച്	3.5	ചെങ്കൽ
മരിയപുരം ബ്രാഞ്ച്	3.5	ചെങ്കൽ
ചെങ്കൽ മൈനർ	4.3	ചെങ്കൽ, പാറശ്ശാല
ചെങ്കൽ മേജർ	7.6	പാറശ്ശാല, ചെങ്കൽ
കരുമാനൂർ റൈറ്റ്	7.9	ചെങ്കൽ, കുളത്തൂർ
കരുമാനൂർ ലെഫ്റ്റ്	2.0	കാരോട്
കൊല്ലംകോട് ബ്രാഞ്ച്	24.0	പാറശ്ശാല, കാരോട് കുളത്തൂർ

(അവലംബം: നെയ്യാർ ജലസേചന വിഭാഗം, ജലവിഭവ വകുപ്പ്)

ചെറുകിട ജലസേചന പദ്ധതികൾ

2000 ഹെക്ടറിന് താഴെ വിസ്തൃതിയുള്ള പ്രദേശത്ത് ജലസേചനം എത്തിക്കുന്ന പദ്ധതികളെയാണ് ചെറുകിട ജലസേചന പദ്ധതികളിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. തടയണകളുടെ നിർമ്മാണം, ജലസേചന കുളങ്ങളുടെ നിർമ്മാണവും പുനരുദ്ധാരണവും റഗുലേറ്ററുകൾ, ബണ്ടുകൾ, ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികൾ മുതലായവ ഇതിൽപ്പെടുന്നു. ചെറുകിട ജലസേചന പദ്ധതികൾക്ക് 1995-96 കാലം മുതൽ ആർ.ഐ.ഡി.എഫ് ഘട്ടം I മുതൽ XXI വരെയുള്ള പദ്ധതികളിൽ കൂടി നബാർഡ് വായ്പ അനുവദിക്കുന്നുണ്ട്. ചെറുകിട ജലസേചനത്തിൽ താഴെ പറയുന്നവ സംസ്ഥാന പദ്ധതിയിൽ നടപ്പിലാക്കി വരുന്നു.

ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികൾ

പുഴകൾ, നദികൾ, കുളങ്ങൾ ഉൾപ്പെടെയുള്ള ജലസ്രോതസുകളിൽ നിന്നും സ്വഭാവിക രീതിയിൽ ജലം ജലസേചനത്തിന് സാധ്യമാകാത്ത അവസരത്തിൽ പമ്പ് ഉപയോഗിച്ച് ലിഫ്റ്റ് ചെയ്ത് ജലസേചനത്തിനുപയോഗിക്കുന്ന പദ്ധതികളാണ് ഈ വിഭാഗത്തിൽ വരുന്നത്.

പദ്ധതിയുടെ മാനദണ്ഡ പ്രകാരം കുറഞ്ഞത് 40.0 ഹെക്ടർ കൃഷി പ്രദേശത്തിന് പ്രയോജനകരമായ പദ്ധതികൾ ഈ വിഭാഗത്തിൽ ഉൾപ്പെടുത്താവുന്നതാണ്. ജില്ലയിൽ ജലസേചന വകുപ്പിൻെറ മേൽനോട്ടത്തിൽ ഇത്തരത്തിലുള്ള ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികൾ നിലവിലില്ല.

ചെറുകിട ജലസേചനം ക്ലാസ് I പദ്ധതികൾ

50 ഹെക്ടർ മുതൽ 2000 ഹെക്ടർ വരെയുള്ള കൃഷി പ്രദേശത്തിന് പ്രയോജനം ലഭിക്കുന്ന തരത്തിൽ കുളങ്ങളുടെ നിർമമാണവും പുനരുദ്ധാരണവും തടയണകളുടെ നിർമ്മാണം, ക്രോസ്സ് ബാർ നിർമ്മാണം എന്നിവ ഈ വിഭാഗത്തിൽ പെടുന്നു.

ചെറുകിട ജലസേചനം ക്ലാസ് II പദ്ധതികൾ

50 ഹെക്ടറിൽ താഴെ വരുന്ന കൃഷി പ്രദേശത്തിന് പ്രയോജനം ലഭിക്കുന്ന തരത്തിൽ ചെറുകുളങ്ങൾ, തോടുകൾ, തടയണകൾ, ക്രോസ്സ് ബാർ എന്നിവയുടെ നിർമ്മാണം ഈ വിഭാഗത്തിൽപ്പെടുന്നു.

ചെറുകിട ജലസേചന നിർമ്മിതികളുടെ പുനരുദ്ധാരണ പദ്ധതികൾ**:** കാലപഴക്കം മൂലം നവീകരണം ആവശ്യമായ ക്രോസ്സ് ബാറുകൾ, തടയണകൾ, മറ്റ് ചെറുകിട ജലസേചന നിർമ്മിതികൾ എന്നിവയുടെ പുനരുദ്ധാരണം ഈ വിഭാഗത്തിൽ ഉൾപ്പെടുത്തി ഏറ്റെടുക്കാവാന്നതാണ്.

കുളങ്ങളുടെയും ചിറകളുടെയും നവീകരണം

പൊതു ഉടമസ്ഥതയിലുള്ള ജലസ്രോതസ്സുകളായ കുളങ്ങൾ, ചിറകൾ മുതലായവ നവീകരിക്കുന്നതിനും അവയെ പ്രാദേശിക ജലസേചനസ്രോതസ്സുകളായി ഉപയോഗിക്കുന്നതിനുമുള്ള സംസ്ഥാന പദ്ധതിയാണ് ഇത്.

ജലവിഭവ സ്ഥിതി

നദികളിലെ നീരൊഴുക്ക് മഴയെ മാത്രം ആശ്രയിച്ചിട്ടുള്ളതാണ്. ചെങ്കുത്തായ ചരിവോടുകൂടിയ ഭൂപ്രകൃതി നദികളിലെ നീരൊഴുക്ക് ദ്രുതഗതിയിലാക്കുന്നു. മഴക്കാലങ്ങളിൽ ഒഴുകി വരുന്ന ജലം സംഭരിച്ചു നിർത്താൻ മതിയായ തടയണകളോ മറ്റ് സംഭരണികളോ നിലവിൽ ഇല്ലാത്തത് മൂലം ലഭിക്കുന്ന മഴയുടെ നല്ലൊരു ശതമാനവും സംരക്ഷിക്കാൻ ആവാതെ ഏതാനും മണിക്കൂറുകൾക്കുള്ളിൽ അറബികടലിൽ എത്തുന്നു. കൂടാതെ വനവിസ്തൃതിയിൽ വന്ന കുറവും നദീതീരങ്ങളിലെ സസ്യങ്ങളിലെ ശോഷണവും മൂലം ജലസംഭരണശേഷിയിൽ കുറവ് വരുന്നുണ്ട്.

നദികൾ കൂടാതെ ഇവയിലേയ്ക്ക് എത്തിച്ചേരുന്ന നിരവധി തോടുകൾ കൃഷി ആവശ്യത്തിനും കുടിവെള്ളസ്രോതസ്സുകളായും ഉപയോഗിച്ച് വരുന്നു കൂടാതെ ഈ നദിയിലൊന്നും ചേരാതെ നേരിട്ട് കായലിലോ കടലിലോ എത്തിച്ചേരുന്ന നിരവധി തോടുകളും ജലസേചനത്തിനായി പ്രയോജനപ്പെടുന്നുണ്ട്.

കുളങ്ങൾ

ഒരു പ്രദേശത്തിൻെറ വികസനത്തിൽ നല്ലൊരു പങ്ക് കുളങ്ങൾ വഹിക്കുന്നു. പാരമ്പര്യ ജലസ്രോതസ്സുകളാണ് ഇവയിൽ ഭൂരിഭാഗവും. മഴക്കാലങ്ങളിൽ ജലസംഭരണികളായും ഇവ പ്രവർത്തിക്കുന്നു. എന്നാൽ ശരിയായ സംരക്ഷണവും പരിപാലനവും നൽകാത്തതിനാലും വ്യാവസായിക ഗാർഹിക ആവശ്യങ്ങൾക്കായി മണ്ണിട്ടു മൂടുന്നതിനാലും കുളങ്ങൾ വളരെയധികം നശിച്ചു പോയിരിക്കുന്നു. ജില്ലയിലെ മിക്ക പാടശേഖരങ്ങളിലും നിലവിൽ ഉണ്ടായിരുന്ന തലകുളങ്ങൾ ഇന്ന് മൂടപ്പെട്ടിരിക്കുന്നു. ജല വിഭവ വകുപ്പിൻെറ കണക്കിൻ പ്രകാരം ജില്ലയിൽ 1612 കുളങ്ങൾ നിലവിലുണ്ട്.

പട്ടിക : 4.1.1 (3) 7

ജില്ലയിലെ കുളങ്ങളുടെ ബ്ലോക്ക് തിരിച്ചുള്ള സ്ഥിതിവിവരകണക്കുകൾ

ബ്ലോക്ക് / മുനിസിപ്പാലിറ്റിയുടെ പേര്	കുളങ്ങളുടെ എണ്ണം
ബ്ലോക്ക് പഞ്ചായത്ത്	
അതിയന്നൂർ	20
ചിറയിൻകീഴ്	96
കിളിമാനൂർ	212
നെടുമങ്ങാട്	69
നേമം	102

പാറശ്ശാല	261
പെരുംകടവിള	177
പോത്തൻകോട്	94
വാമനാപുരം	109
വർക്കല	124
വെള്ളനാട്	88
മുനിസിപ്പാലിറ്റി	
ആറ്റിങ്ങൽ	32
വർക്കല	13
നെയ്യാറ്റിൻകര	38
നെടുമങ്ങാട്	20
തിരുവനന്തപുരം കോർപ്പറേഷൻ	157
ആകെ	1612

(അവലംബം: ജലവിഭവ വകുപ്പ്)

മേൽ സൂചിപ്പിച്ച 1612 കുളങ്ങളിൽ 75% ലധികവും സമയബന്ധിതമായ സംരക്ഷണ പ്രവർത്തികളുടെ അഭാവത്താൽ നാശത്തിന്റെ വക്കിലാണ്. ആയതിനാൽ ഇവയെ സംരക്ഷിച്ച് നിലനിർത്തുന്നതിനായി പ്രത്യേക കർമ്മ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കേണ്ടതുണ്ട്. ഈ കുളങ്ങളുടെ നവീകരണം യുദ്ധകാലാടിസ്ഥാനത്തിൽ പൂർത്തിയാക്കുന്നതിന് തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളും സർക്കാർ വകുപ്പുകളും ഏകോപിപ്പിച്ചുള്ള നടപടികൾ ആവശ്യമാണ്.

തോടുകൾ

ജില്ലയിലെ മറ്റൊരു പ്രധാന ജലസ്രോതസ്സാണ് ചെറുതും വലുതുമായ നിരവധി തോടുകൾ. വിവിധ പഞ്ചായത്ത് മുനിസിപ്പൽ പ്രദേശങ്ങളിലൂടെ ഒഴുകുന്ന 200 ലധികം തോടുകൾ ജില്ലയിലുണ്ട്. വിവധ കാരണങ്ങളാൽ ഈ തോടുകളും നാശത്തിന്റെ വക്കിലാണ്. കൈയ്യേറ്റം അതിൽ ഒരു പ്രധാന കാരണമായി കാണാവുന്നതാണ്. ഇത് കൂടാതെ കാടും പടർപ്പും വളർന്നിറങ്ങിയും എക്കലും മണ്ണും അടിഞ്ഞു കൂടിയും പലയിടങ്ങളിലും ഒഴുക്ക് തടസ്സപ്പെടുന്നുണ്ട്. കൂടാതെ മലിനീകരണം മൂലവും ഇവ നാശോൻമുഖമായിക്കൊണ്ടിരിക്കുകയാണ്. ഈ തോടുകളെ സംരക്ഷിച്ച് നിലനിർത്തുന്നതിനായി പ്രത്യേക കർമ്മ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കേണ്ടതാകുണ്ട്.

മേൽ സൂചിപ്പിച്ച നദികളും കുളങ്ങളും തോടുകളും കൂടാതെ പൂവാർ, പൂന്തുറ വെള്ളായണി, വേളി, കഠിനംകുളം, അഞ്ചുതെങ്ങ്, ഇടവാ നടയറ കായലുകളും ജില്ലയിലുണ്ട്.

വെള്ളായണി കായൽ

ജില്ലയിലെ പ്രധാന ജലസ്രോതസാണ് വെള്ളായണി കായൽ കേരളത്തിലെ ഏറ്റവും വലിയ രണ്ടാമത്തെ ശുദ്ധജല തടാകമാണിത്. 2014 ലെ റവന്യൂ ഡിപ്പാർട്ട്മെൻറിൻെറ കണക്കുകൾ പ്രകാരം 257.51 ഹെക്ടർ വിസ്തൃതിയാണ് ഇതിനുള്ളത്. ഇതിൻെറ അനുബന്ധ പ്രദേശങ്ങളിലെ ജനങ്ങളുടെ ജീവിത രീതിയും വലിയൊരു വിഭാഗം ജനങ്ങളുടെ നിത്യവൃത്തിയും ഈ കായലുമായി ബന്ധപ്പെട്ട് കിടക്കുന്നു. കല്ലിയൂർ, വെങ്ങാനൂർ ഗ്രാമപഞ്ചായത്ത് പ്രദേശങ്ങളിലെയും തിരുവനന്തപുരം കോർപ്പറേഷനിലെ വിഴിഞ്ഞം, കോവളം, തിരുവല്ലം പ്രദേശങ്ങളിലെയും വിവിധ കുടിവെള്ള പദ്ധതികളുടെ സ്രോതസാണ് ഈ കായൽ.

ഈ കായലിനോടനുബന്ധിച്ച് കാഞ്ഞിരത്തടി (15 ഹെക്ടർ), നിലമക്കരി (30 ഹെക്ടർ), മാങ്കിളിക്കരി (35 ഹെക്ടർ), പണ്ടാരക്കരി (70 ഹെക്ടർ) എന്നീ നാല് പാടശേഖരങ്ങൾ സ്ഥിതി ചെയ്യുന്നു. ഈ പാടശേഖരങ്ങളിലെ ജലനിരപ്പ് താഴത്തിയാണ് ഇവിടെ കൃഷി ചെയ്ത് വരുന്നത്.

കേന്ദ്ര ഭൂജല വകുപ്പിൻെറ കണക്കു പ്രകാരം നെയ്യാർ, കരമന, വാമനപുരം, അയിരൂർ, മാമം, കല്ലട, ഇത്തിക്കര നദീതടങ്ങളിലുൾപ്പെട്ട വിവിധ സ്രോതസ്സുകളിലൂടെ ജില്ലയിൽ ലഭ്യമായ ഉപരിതല ജലത്തിൻെറ അളവ് 1603 മില്യൻ ക്യൂബിക് മീറ്റർആണ്.

പട്ടിക : 4.1.1 (3) 8
ജില്ലയിലെ ഉപരിതല ജല ലഭ്യത

നദീതടത്തിന്റെ പേര്	നദീതടത്തിന്റെ വിസ്തീർണ്ണം (ചതു.കി.മീ)	ലഭ്യമായ ജലത്തിന്റെ അളവ് (മില്യൻ ക്യൂബിക് മീറ്റർ)	ജില്ലയിൽ ലഭ്യമായ ജലത്തിന്റെ അളവ് (മില്യൻ ക്യൂബിക് മീറ്റർ)
നെയ്യാർ	493.30	229.0	229.0
കരമന	694.30	462.0	462.0
മാമം	56.90	53.10	53.10
വാമനാപുരം	770.30	719.60	678.10
അയിരൂർ	124.50	116.30	85.00
ഇത്തിക്കര	663.90	429.00	20.00
കല്ലട	1616.00	1138.50	76.00
ആകെ	4419.20	2200.50	1603.00

(അവലംബം: കേന്ദ്ര ഭൂജല വകുപ്പ്, കേരളാ ഘടകം പ്രസിദ്ധീകരണം, ജനുവരി 2015)

ജില്ലാ ജലസേചന പദ്ധതിയിലെ കണക്കുകൾ പ്രകാരം ലഭ്യമായ 1603 മില്യൻ ക്യൂബിക് മീറ്റർ ജലത്തിൽ വിവിധ ആവശ്യങ്ങൾക്ക് ഉപയോഗിക്കാവുന്ന തരത്തിൽ സംഭരിക്കുന്ന ജലത്തിന്റെ അളവ് 0.9618 മില്യൻ ക്യൂബിക് മീറ്റർ മാത്രമാണ്.

ഭൂജലസമ്പത്ത്

ജലസേചനം, ഗാർഹികം, വ്യവസായം മുതലായ മേഖലകളിൽ ആവശ്യമായ ജലം ലഭ്യമാക്കുന്നതിനുള്ള മറ്റൊരു പ്രധാന സ്രോതസ് ഭൂജലമാണ്. പുനരുജ്ജീവിപ്പിക്കാവുന്ന വിഭവമാണെങ്കിലും സ്ഥല-കാല ഭേദങ്ങൾ അനുസരിച്ച് ഇതിന്റെ ലഭ്യത വ്യത്യാസപ്പെട്ടിരിക്കുന്നു. ഒരു പ്രദേശത്തെ ഭൂജലത്തിന്റെ വാർഷിക അളവ് കണക്കാക്കുന്നത് കാലവർഷത്തിൽ ലഭ്യമായ മഴയുടെ തോത്, റീച്ചാർജിംഗിലൂടെ ലഭിക്കുന്ന ഭൂജല ലഭ്യത, ഭൂജല ഉപയോഗം എന്നിവയെ ആശ്രയിച്ചാണ്. കേന്ദ്ര ഭൂജല ബോർഡും, സംസ്ഥാന ഭൂജലവകുപ്പുമാണ് നിരീക്ഷണ പഠനങ്ങൾ നടത്തി ഭൂജല സ്ഥിതി തിട്ടപ്പെടുത്തുന്നത്.

2013 ലെ ഏറ്റവും പുതിയ കണക്കുകൾ പ്രകാരം ജില്ലയിലെ ഭൂജലത്തിന്റെ ആകെ വാർഷിക റീച്ചാർജ് 323.89 എം.സി.എം ആയും ജില്ലയിലെ വാർഷിക ഭൂജല ലഭ്യത 296.24 എം.സി.എം ആയും കണക്കാക്കപ്പെട്ടിരിക്കുന്നു. സംസ്ഥാനത്ത് ഭാവി ജലസേചന വികസനത്തിനാവശ്യമായി ലഭ്യമായിരിക്കുന്ന ഭൂജലം 114.45 എം.സി.എം ആണ്. ജില്ലയിലെ നിലവിലുള്ള ഭൂജല വികസന ശരാശരി 60.29 ശതമാനം എത്തി നിൽക്കുന്നു. ബ്ലോക്ക്തലത്തിൽ ഏറ്റവും കൂടുതൽ ഭൂജല ഉപയോഗം പാറശ്ശാല ബ്ലോക്കിലും (86.16%) ഏറ്റവും കുറവ് വാമനപുരം ബ്ലോക്കിലുമാണ് (39.84%) എന്നാണ് കണ്ടെത്തിയിരിക്കുന്നു.

ഭൂജല വികസനതോതിന്റേയും, ആകെ മഴയിലൂടെ ലഭിക്കുന്ന ഭൂജല ലഭ്യതയുടെയും അടിസ്ഥാനത്തിൽ ആകെ ഭൂജല വികസനം 70 ശതമാനത്തിന് താഴെ എത്തി നിൽക്കുന്ന ബ്ലോക്കുകളെ സുരക്ഷിത ബ്ലോക്കുകളായും ആകെ വികസനം 70-90% എത്തി നിൽക്കുന്ന ബ്ലോക്കുകളെ ഭാഗീക-ഗുരുതരം വിഭാഗത്തിലും 90-100% എത്തി നിൽക്കുന്നവയെ ഗുരുതര വിഭാഗത്തിലും ഉൾപ്പെടുത്തിയിരിക്കുന്നു. ലഭ്യമായ മഴയെക്കാൾ ഉപയോഗം 100% എത്തി നിൽക്കുന്ന ബ്ലോക്കുകളെ അമിത ചൂഷിത ബ്ലോക്കുകളായി കണക്കാക്കിയിരിക്കുന്നു.

ഭൂജല വകുപ്പിന്റെ കണക്കുകൾ പ്രകാരം ജില്ലയിലെ അതിയന്നൂർ, ചിറയിൻകീഴ്, പാറശ്ശാല ബ്ലോക്കുകൾ സെമി ക്രിട്ടിക്കൽ വിഭാഗത്തിൽപ്പെടുന്നു. മറ്റെല്ലാ ബ്ലോക്കുകളും സുരക്ഷിത കാറ്റഗറിയാണ്.

ജല ആവശ്യകത

കൃഷി, കുടിവെള്ളം, മൃഗപരിപാലനം, വ്യവസായം, ഊർജ്ജോത്പാദനം എന്നീ ആവശ്യങ്ങൾക്കാണ് ജലം മുഖ്യമായും ഉപയോഗിക്കുന്നത്. ജല ഉപഭോഗത്തിൽ മുന്നിൽ നിൽക്കുന്നത് കാർഷിക മേഖലയാണ്. പി.എം.കെ.എസ്സ്.വൈ പദ്ധതിയുടെ ഭാഗമായി ജില്ലയിലെ കൃഷി, ജലസേചനം, ഗ്രാമവികസനം, മണ്ണ് സംരക്ഷണം എന്നീ വകുപ്പുകൾ സംയോജിപ്പിച്ചു കൊണ്ട് ജില്ലാ ജലസേചന പദ്ധതി 2016 ൽ തയ്യാറാക്കുകയുണ്ടായി. ഇതിൻപ്രകാരം 2020 ആകുമ്പോഴേക്കും എല്ലാ ആവശ്യങ്ങൾക്കുമായി ജില്ലയിൽ ആവശ്യമായി വരുന്ന ജലത്തിന്റെ അളവ് 1.823 ബില്ല്യൻ ക്യൂബിക് മീറ്ററാണ്.

പട്ടിക : 4.1.1 (3) 9

വിവിധ ആവശ്യങ്ങൾക്കായി 2020 ൽ ആവശ്യമായ ജലത്തിന്റെ അളവ്

ജലത്തിന്റെ അളവ് ബില്യൻ ക്യൂബിക് മീറ്ററിൽ					
ഗാർഹിക ആവശ്യം	കൃഷി ആവശ്യം	കന്നുകാലി പരിപാലനം	വ്യാവസായിക ആവശ്യം	ഊർജ്ജോത്പാദന ആവശ്യം	ആകെ
0.1734	1.697	0.0058	0.0367	ഇല്ല	1.8229

{അവലംബം: ജില്ലാ ജലസേചന പദ്ധതി(2015-2020)}

ലക്ഷ്യം

ജില്ലാ ജലസേചന പദ്ധതിയുടെ ഭാഗമായി ജില്ലയിലെ ജലആവശ്യകതയും ജലലഭ്യതയും പരിഗണിച്ചുകൊണ്ട് ജലബഡ്ജറ്റ് തയ്യാറാക്കുകയുണ്ടായി. ഇതനുസരിച്ച് നിലവിൽ ജലസേചനം, കുടിവെള്ളം, കന്നുകാലി പരിപാലനം, ഊർജ്ജോത്പാദനം എന്നീ ആവശ്യങ്ങൾക്കായി വേണ്ട ജലത്തിന്റെ അളവിൽ 0.550 ബില്യൻ ക്യൂബിക് മീറ്ററിന്റെ കുറവുണ്ട്. 2020 ആകുമ്പോഴേക്കും ഇത് 0.565 ബില്യൻ ക്യൂബിക് മീറ്ററായി വർദ്ധിക്കുന്നു. ഈ വിടവ് നികത്തുന്നതിലേയ്ക്കായി വിവിധ വകുപ്പുകളെ ഏകോപിപ്പിച്ചുകൊണ്ട് തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ നടത്തുന്നതിനായുള്ള പ്രവർത്തനങ്ങൾക്കാണ് നാം ഊന്നൽ നൽകേണ്ടത്.

പട്ടിക : 4.1.1 (3) 10

ജില്ലാ ജലസേചന പദ്ധതിയുടെ ഭാഗമായി തയ്യാറാക്കിയ ജല ബഡ്ജറ്റ്

ജല ലഭ്യത (ബി. സി.എം)			ജല ആവശ്യകത (ബി. സി.എം)		ജലലഭ്യതയിലെ വിടവ് (ബി. സി.എം)	
ഉപരിതല ജലം	ഭൂജലം	ആകെ	നിലവിൽ	2020 ആകുമ്പോൾ	നിലവിൽ	2020 ആകുമ്പോൾ
0.9618	0.2962	1.2580	1.8083	1.8230	0.550	0.565

{അവലംബം: ജില്ലാ ജലസേചന പദ്ധതി(2015-2020)}

ജലസാന്നിധ്യം സ്രോതസ്സുകളിൽ എല്ലാ സമയവും ഉറപ്പാക്കാൻ ആവശ്യമുള്ള പ്രവർത്തനങ്ങൾ കണ്ടെത്തി നിർവ്വഹിക്കുന്നതിനും, വകുപ്പുകളെയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെയും ഏകോപിപ്പിച്ച് കൊണ്ട് മഴവെള്ള സംഭരണം, ഭൂജല പരിപോഷണം എന്നിവ ഉറപ്പാക്കുന്നതിനും താഴെപ്പറയുന്ന രീതിയിലുള്ള പ്രവർത്തനങ്ങൾ അടിയന്തിരമായി ഏറ്റെടുക്കേണ്ടതുണ്ട്.

ഹ്രസ്വകാലത്തിനുള്ളിൽ നടപ്പിലാക്കേണ്ട പ്രവർത്തനങ്ങൾ

1. കുളങ്ങൾ, ചിറകൾ, അരുവികൾ, തോടുകൾ എന്നിവ പുനരുദ്ധരിക്കണം. ഹരിത കേരളം പദ്ധതിയിൽ സംസ്ഥാന സർക്കാർ വിഭാവനം ചെയ്യുന്നത് പോലെ ജൈവ മാർഗ്ഗങ്ങൾക്ക് മുൻഗണന നൽകി വേണം പുനരുദ്ധാരണ പ്രവർത്തനങ്ങൾ നടപ്പിലാക്കുവാൻ കുളങ്ങളിലും തോടുകളിലും അടിഞ്ഞു കൂടിയിട്ടുള്ള എക്കലും ചെളിയും കോരിമാറ്റി സംഭരണശേഷി വർദ്ധിപ്പിക്കാവുന്നതാണ്.
2. മഴവെള്ള സംഭരണത്തിലൂടെ കിണറുകളിലെ ജലലഭ്യത ഉറപ്പാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ തദ്ദേശ സ്വയം ഭരണാടിസ്ഥാനത്തിൽ നടപ്പിലാക്കുക. ഇതിനായി ഇപ്പോൾ ജില്ലാപഞ്ചായത്തിന്റെ നേതൃത്വത്തിൽ നടക്കുന്ന "ജലശ്രീ" പദ്ധതിയുടെ സാധ്യത പരമാവധി പ്രയോജനപ്പെടുത്താൻ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ ശ്രദ്ധിക്കേണ്ടതാണ്.
3. മഴക്കുഴികൾ, കിണർ റീച്ചാർജ്ജിംഗ് എന്നിവയ്ക്ക് പൊതുജനങ്ങൾക്ക് "ജലശ്രീ"ഭാഗമായി നൽകുന്ന പരിശീലനങ്ങൾ വാർഡ് അടിസ്ഥാനത്തിൽ ജലവിഭവ, ഭൂജല, മണ്ണ് സംരക്ഷണ, കൃഷി ഉദ്യോഗസ്ഥരെ കൂടി പങ്കെടുപ്പിച്ചു കൊണ്ട് വിപുലമാക്കി നടപ്പിലാക്കുക.
4. ഉപയോഗശൂന്യമായിക്കിടക്കുന്ന ക്വാറികൾ, കുളങ്ങൾ, കളിമണ്ണ് ഖനനത്തോടനുബന്ധിച്ചുണ്ടായ കുളങ്ങൾ എന്നിവ നവീകരിച്ച് അവയിൽ സംഭരണശേഷി വർദ്ധിപ്പിക്കാവുന്നതാണ്.
5. ജലസേചന സൗകര്യങ്ങൾ ഏർപ്പെടുത്തുന്ന മേൽപ്പറഞ്ഞ തരം കുളങ്ങളെ പരിപോഷിപ്പിക്കുന്നതിനായി മഴവെള്ള സംഭരണം ഉൾപ്പെടെയുള്ള രീതികൾ അവലംബിക്കാവുന്നതാണ്.

6. നെയ്യാർ ജലസേചന കനാലുകളിലൂടെ ഒഴുകി വരുന്ന ജലം സമീപത്ത് സാധ്യമായ കുളങ്ങളുമായി ബന്ധിപ്പിച്ച് വേനൽക്കാലത്ത് ജലലഭ്യത ഉറപ്പാക്കുന്ന പ്രവർത്തനങ്ങൾ ഏറ്റെടുക്കുക. ഇതിനായി തദ്ദേശ സ്വയം ഭരണസ്ഥാപനങ്ങൾ, തൊഴിലുറപ്പ്, ജലവിഭവ വകുപ്പ് എന്നീ വകുപ്പുകളിലെ ഉദ്യോഗസ്ഥർ യോജിച്ച് പ്രവർത്തനങ്ങളിൽ ഏർപ്പെടുക.
7. നെയ്യാർ ഉൾപ്പെടെയുള്ള അനുയോജ്യമായ സ്ഥലങ്ങൾ കണ്ടെത്തി നദിയിലെ ജലം പമ്പ് ചെയ്ത് നിലവിലുള്ള കനാൽ സംവിധാനത്തിലൂടെയോ വാട്ടർഷെഡിലൂടെയോ വിതരണം ചെയ്യുക.
8. വറ്റിപ്പോയതോ പുനരുജ്ജീവിപ്പിക്കാൻ സാധ്യമായതോ ആയ നീർത്തടങ്ങൾ കണ്ടെത്തി നദിയിൽ നിന്നോ കുളങ്ങളിൽ നിന്നോ പമ്പിംഗ് മുഖേന ജലം എത്തിക്കുക.
9. നെയ്യാർ ജലസേചന കനാലിന് സമീപമുള്ള കുളങ്ങൾ അടിയന്തിരമായി നവീകരിച്ച് അവ തലക്കുളങ്ങളായി നിലനിർത്തി ജലസംഭരണം സാധ്യമാക്കുക.
10. നെയ്യാർ കനാലുകളുടെ ജലവിതരണ നഷ്ടം കുറയ്ക്കുന്നതിനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കുക.
11. ലഭ്യമായ ഉപരിതലജലവും, ഭൂജലവും മലിനമാകാതിരിക്കണമെങ്കിൽ മലിനീകരണ നിയന്ത്രണ വകുപ്പ് , ആരോഗ്യം, തദ്ദേശ സ്വയം ഭരണവകുപ്പ് , ജലവിഭവവകുപ്പ് എന്നീ ഉദ്യോഗസ്ഥരുടെ കൂട്ടായ പ്രവർത്തനം നടത്തേണ്ടതുണ്ട്. ഇതിനായി തദ്ദേശ സ്വയം ഭരണാടിസ്ഥാനത്തിൽ തന്നെ ഈ വകുപ്പുകളുടെ ഒരു കർമ്മസേന രൂപീകരിക്കാവുന്നതാണ്.
12. ജലസ്രോതസ്സുകളുടെ പുനരുദ്ധാരണത്തിന് ശേഷം പ്രസ്തുത സ്രോതസ്സിന്റെ പരിപാലനം ജനകീയ കൂട്ടായ്മകൾ രൂപീകരിച്ച് കൈമാറുന്നത് നന്നായിരിക്കും. ഇതുമൂലം നവീകരണത്തിന് ശേഷം ജലസ്രോതസ്സ് വീണ്ടും മലിനമാകാതിരിക്കുന്നതിനും ഉദ്ദേശിച്ച ലക്ഷ്യം വേഗത്തിൽ കൈവരിക്കുന്നതിനും സാധിക്കാം.

ദീർഘ കാല അടിസ്ഥാനത്തിൽ നടപ്പിലാക്കേണ്ട പ്രവർത്തനങ്ങൾ

ജല ലഭ്യത വർദ്ധിപ്പിക്കുന്ന മണ്ണ്–ജല സംരക്ഷണ പ്രവർത്തനങ്ങൾ ചെറു നീർത്തടാടിസ്ഥാനത്തിൽ നിർവ്വഹിക്കുകയും അവയെ നദീതടാടിസ്ഥാനത്തിൽ സംയോജിപ്പിച്ച് ഓരോ നദിയിലേയും നീരൊഴുക്ക് വർദ്ധിപ്പിച്ച് സ്ഥായിയായി നിലനിർത്തുനാവശ്യമായ പ്രവർത്തനങ്ങൾ വിവിധ വകുപ്പുകളുടെ സഹകരണത്തോടെ ദീർഘകാലാടിസ്ഥാനത്തിൽ നടപ്പിലാക്കേണ്ടതാണ്

1. വാമനാപുരം നദിയിൽ ഒരു സ്റ്റോറേജ് ഡാമിന്റെ നിർമ്മാണം അതുവഴി നദിയെ എല്ലാ സീസണിലും ജലസമ്പുഷ്ടമായി നിലനിർത്താൻ കഴിയുന്നതാണ്.
2. അനുയോജ്യമായ ഇടങ്ങൾ കണ്ടെത്തി അടിയണകൾ നിർമ്മിച്ച് ഭൂജലപോഷണം സാധ്യമാക്കുക.
3. കുളങ്ങൾ, തോടുകൾ, നദീതടങ്ങൾ എന്നിവയിലെ കൈയ്യേറ്റങ്ങൾ കണ്ടെത്തി അവ ഒഴിപ്പിക്കുക.
4. ഭാവിയിൽ കൈയ്യേറ്റങ്ങൾ തടയുന്നതിനായി വാർഡ് തലത്തിൽ കർമ്മ സമിതികൾ രൂപീകരിക്കുക.
5. തോടുകളുടെയും കുളങ്ങളുടെയും പാർശ്വ ഭിത്തി സംരക്ഷണം ആവശ്യമുള്ളയിടങ്ങൾ കണ്ടെത്തി സംരക്ഷണഭിത്തികൾ നിർമ്മിച്ച് അവയെ സംരക്ഷിക്കുക.
6. ജലസ്രോതസ്സുകളുടെ മലിനീകരണം തടയുന്നതിനുള്ള നടപടികൾ ശക്തിപ്പെടുത്തുക. മലിനീകരണം നടത്തുന്നവർക്ക് കർശന ശിക്ഷ നൽകുന്നതിനുള്ള നിയമനിർമ്മാണവും ആയതിന്റെ ശക്തമായ നടപ്പാക്കലും ഉറപ്പ് വരുത്തുക.
7. കൂടുതൽ പ്രവർത്തന ക്ഷമതയുള്ള ജലസേചന രീതികളായ സ്പ്രിംഗ്ളർ ഇറിഗേഷൻ, ഡ്രിപ് ഇറിഗേഷൻ മുതലായ മാർഗ്ഗങ്ങൾ അവലംബിച്ച് ജലത്തിന്റെ ഉപഭോഗം കുറച്ച് കൊണ്ട് വരുന്നതിനായി ഇവ കൂടുതൽ ജനകീയമാക്കുകയും കർഷകർക്ക് ഇവ പരിചയപ്പെടുത്തുന്ന പരിശീലന പരിപാടികൾ സംഘടിപ്പിക്കുകയും ചെയ്യുക.
8. അനുയോജ്യമായ സ്ഥലങ്ങൾ കണ്ടെത്തി ലിഫ്റ്റ് ഇറിഗേഷൻ സ്കീമുകൾ നടപ്പിലാക്കുന്നതിനുള്ള പര്യവേഷണ പ്രവർത്തനങ്ങളും തുടർ നടപടികളും.
9. നെൽ കൃഷി നില നിന്നു വരുന്ന ഏലാകളിൽ നവീകരണ ആവശ്യമുള്ളവ കണ്ടെത്തി അവയുടെ ജല സേചന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ.
10. വർഷകാലത്തിന് ശേഷവും നദികളിലും തോടുകളിലും ജലലഭ്യത ഉറപ്പ് വരുത്തുന്നതിനായി വനവൽക്കരണം, ജൈവ മാർഗ്ഗളിലൂടെയുള്ള തീരസംരക്ഷണം,

അനുയോജ്യമായ സ്ഥലങ്ങളിൽ ചെക്ക് ഡാമുകൾ, റെഗുലേറ്ററുകൾ, വി.സി.ബികൾ മുതലായവയുടെ നിർമ്മാണം എന്നിവ ഏറ്റെടുക്കുക.

11. പ്രകൃതി വിഭവ പരിപാലനവുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന കൃഷി, ജലസേചനം, മണ്ണ് സംരക്ഷണം, തദ്ദേശ സ്വയം ഭരണം, തൊഴിലുറപ്പ് , ഭൂജലം എന്നീ വകുപ്പുകളെ ഏകോപിപ്പിക്കുന്ന തരത്തിൽ ഗ്രാമപഞ്ചായത്ത് അദ്ധ്യക്ഷൻമാരുടെ നേതൃത്വത്തിൽ ഗ്രാമപഞ്ചായത്ത് തലത്തിലും ഈ വകുപ്പുകളിലെ ബ്ളോക്ക് തല ഉദ്യോഗസ്ഥൻമാരെ യോജിപ്പിക്കുന്ന സമിതി ബ്ളോക്ക് പഞ്ചായത്ത് അദ്ധ്യക്ഷൻമാരുടെ നേതൃത്വത്തിലും ജില്ലാ ആസൂത്രണ സമിതിയുടെ മാതൃകയിൽ രൂപീകരിക്കേണ്ടതാണ്.
12. ഗ്രാമപഞ്ചായത്ത് അടിസ്ഥാനത്തിൽ രൂപീകൃതമാകുന്ന ഈ സമിതിയുടെ നേതൃത്വത്തിൽ ലഭ്യമായ എല്ലാ ജലസ്രോതസ്സുകളുടേയും വിവരശേഖരണം പൂർത്തീകരിക്കുക.
13. ഈ വിവരശേഖരണത്തിൽ ഓരോ ജലസ്രോതസ്സിന്റെയും (കുളങ്ങൾ, ചിറകൾ,തോടുകൾ, മറ്റ് ജലസ്രോതസ്സുകൾ) സ്ഥാനം, ജലലഭ്യത, നിലവിലെ അവസ്ഥ, ഇപ്പോഴുള്ള ഉപയോഗം, നവീകരണത്തിന് ശേഷമുള്ള ഉപയോഗം, തൊഴിലുറപ്പ് പദ്ധതികൾ ഉൾപ്പെടുത്തി നവീകരിക്കാനാവുമോ, ജലസംഭരണ ശേഷി വർദ്ധിപ്പിക്കുവാൻ എന്തെല്ലാം പ്രവർത്തനങ്ങൾ ആവശ്യമാണ് എന്നുള്ളവ കൃത്യമായി രേഖപ്പെടുത്തുക.
14. തദ്ദേശ സ്വയം ഭരണസ്ഥാപനത്തിന് കീഴിൽ വരുന്ന വിവിധ കൃഷി മേഖലയിൽ ലഭ്യമായ ജലസേചന സൗകര്യങ്ങളുടെ സ്ഥിതിവിവരകണക്ക് കൂടി ശേഖരിക്കേണ്ടതാണ്. ഇതിനായി തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിന് കീഴിൽ വിവിധ വകുപ്പുകൾ നിർമ്മിച്ചിട്ടുള്ള തടയണകൾ, പമ്പ് സെറ്റുകൾ, ക്രോസ് ബാറുകൾ എന്നിവയുടെ നിലവിലെ സ്ഥിതിയും, നവീകരത്തിന്റെ ആവശ്യകതയും ജലവിഭവ പരിപോഷണത്തിന് ആവശ്യമായ പ്രവർത്തനങ്ങൾ എന്നിവയും കൃത്യമായി രേഖപ്പെടുത്തേണ്ടതാണ്.
15. മേൽ സൂചിപ്പിച്ചവ കൂടാതെ ഓരോ തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിലും ജലക്ഷാമം (കൃഷി, കുടിവെള്ളം, ജലസേചനം) എന്നിവ പരിഗണിച്ച് പുതിയതായി നിർമ്മിക്കേണ്ട കുളങ്ങൾ, കിണറുകൾ എന്നിവയുടെ സ്ഥാനം പരിശോധിച്ച് സാധ്യതകൾ വിലയിരുത്തി രേഖപ്പെടുത്തുക.
16. മേൽസൂചിപ്പിച്ച വിവരശേഖരണത്തിന്റെ അടിസ്ഥാനത്തിലും ഗ്രാമസഭകളുടെയും പഞ്ചായത്ത് സമിതിയുടെയും അഭിപ്രായം പരിഗണിച്ചുകൊണ്ടും പുതുതായി നിർമ്മിക്കേണ്ടതോ, നവീകരിക്കേണ്ടതോ ആയ കുളങ്ങൾ, ചിറകൾ, തോടുകൾ, കനാലുകൾ, പൊതു കിണറുകൾ എന്നിവയുടെ മുൻഗണന നിശ്ചയിക്കുക.
17. തൊഴിലുറപ്പ് പദ്ധതി, നബാർഡ് സഹായത്തോടുകൂടിയുള്ള പദ്ധതികൾ, ജലവിഭവം, മണ്ണ് സംരക്ഷണം, കൃഷി, ഭൂജലം തുടങ്ങിയ വകുപ്പുകളുടെ പദ്ധതികൾ, ജനകീയാസൂത്രണ പദ്ധതി എന്നിവയുടെ മാനദണ്ഡങ്ങളും, സാമ്പത്തിക ലഭ്യതയും പരിഗണിച്ച് മുൻഗണനാ പട്ടികയിൽ ഉൾപ്പെട്ട ഓരോ പ്രവൃത്തിയും ഏത് ഏജൻസി നിർവ്വഹിക്കുന്നതാണ് ഉത്തമം എന്ന് തീരുമാനിക്കുകയും അതത് ഏജൻസി പ്രവൃത്തികൾ ഏറ്റെടുക്കുകയും ചെയ്യുക.
18. പദ്ധതിയുടെ പ്രയോജനം സംബന്ധിച്ചും തുടർ പരിപാലനത്തിന്റെ ആവശ്യകതയും ജനങ്ങളെ ബോധ്യപ്പെടുത്തുക.
19. വെള്ളായണി കായൽ റിസർവോയർ ഭാഗം ഡ്രഡ്ജ് ചെയ്ത് കായലിന്റെ ആഴം വർദ്ധിപ്പിക്കണം 250 ഹെക്ടർ ഭാഗത്തെ ചെളി 1 മീറ്റർ ആഴത്തിൽ മാറ്റിയാൽ തന്നെ 250 ലക്ഷം ഘന മീറ്റർ (25000 ലക്ഷം ലിറ്റർ) വെള്ളം അധികമായി ശേഖരിക്കാൻ സാധിക്കും.
20. പഠനനിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ മണ്ണ് ജല സംരക്ഷണ പ്രവർത്തനങ്ങളിലൂടെയും, സംരക്ഷണ ഭിത്തികളുടെ നിർമ്മാണത്തിലൂടെയും ഭാവിയിൽ ചെളി അടിഞ്ഞുകൂടുന്നത് തടയാൻ സാധിക്കും.
21. നിലവിൽ കന്നുകാലിച്ചാൽ തോടിൽ വന്നു ചേരുന്ന പല തോടുകളും ഇപ്പോൾ മാലിന്യ വാഹിനികളാണ്. ഇത് വെള്ളായണി കായലുമായി കലരുന്നത് തടയാൻ വേണ്ടി ഒരു റെഗുലേറ്റർ വെള്ളായണി കായൽ കന്നുകാലിച്ചാലുമായി ചേരുന്ന ഭാഗത്ത് ചെയ്യേണ്ടതാണ്. ഇങ്ങനെ ചെയ്യുന്നത് വഴി വെള്ളായണി കായലിലെ ജലം തുടർന്ന് അധികം മലിനമാകാതെ സൂക്ഷിക്കാവുന്നതാണ്.
22. കന്നുകാലിച്ചാലിലെ ചെളി മാറ്റുന്ന സമയത്ത് ഇവിടെ നിർമ്മിച്ചിട്ടുള്ള കാലപ്പഴക്കം ചെന്ന കരിങ്കൽ ഭിത്തികൾക്ക് ബലക്ഷയം ഉണ്ടാകാൻ സാധ്യതയുണ്ട്. അതിനാൽ സംരക്ഷണഭിത്തി ഇല്ലാത്ത ഭാഗത്ത് സംരക്ഷണഭിത്തി നിർമ്മിക്കുന്നതിനും,

സംരക്ഷണഭിത്തി ഉള്ള സ്ഥലങ്ങളിൽ കോൺക്രീറ്റ് ലൈനിംഗ് നൽകി ബലപ്പെടുത്താവുന്നതും ആണ്.

23. കായലിന് ചുറ്റും കൃഷിചെയ്യുവാൻ കഴിയാതെ വെള്ളത്താൽ മൂടിക്കിടക്കുന്ന നിലങ്ങൾ കൃഷിക്കാരിൽ നിന്നും ന്യായവില നൽകി ഏറ്റെടുത്ത് റിസർവോയറിന്റെ ഭാഗമായി നിലനിർത്തുക.
24. ഇപ്പോൾ നിലവിലുള്ള പമ്പ് ഹൗസുകൾ നവീകരിക്കുന്നതിനും പമ്പുകളും മോട്ടോറുകളും 24 മണിക്കൂറും പ്രവർത്തന സജ്ജമാക്കി നിലനിർത്തുന്നതിനും വേണ്ട നടപടികൾ സ്വീകരിക്കുക.
25. നെയ്യാർ കനാലുകളുടെ സമ്പൂർണ്ണ നവീകരണം. ഒന്നാം പഞ്ചവത്സര പദ്ധതിയിൽ പൂർത്തിയാക്കിയ പ്രസ്തുത പദ്ധതിയുടെ ഇപ്പോഴത്തെ ശോച്യാവസ്ഥ പരിഹരിക്കുന്നതിനുള്ള നവീകരണ പദ്ധതികൾ നടപ്പിലാക്കുക.

വിവിധ വകുപ്പുകളുടെ ഏകോപന സംയോജന സാധ്യതകൾ

ഒരേ ലക്ഷ്യത്തിനുവേണ്ടി പ്രവർത്തിക്കുന്ന വിവിധ വകുപ്പുകളുടെ കൂട്ടായ പ്രവർത്തനം സാധ്യമാക്കുന്നതു വഴി ലക്ഷ്യ പ്രാപ്തി വളരെ വേഗം കൈവരിക്കാൻ സാധിക്കുന്നു. ഇത് തന്നെയാണ് ഏകോപനത്തിന്റെ അടിസ്ഥാന ലക്ഷ്യം. കാർഷിക വികസനം ലക്ഷ്യമിട്ട് പ്രവർത്തിക്കുന്ന കൃഷി, ജലസേചനം, മണ്ണ് സംരക്ഷണം, ഗ്രാമ വികസനം, തൊഴിലുറപ്പ് എന്നീ വകുപ്പുകളുടെ ഏകോപനം മൂലം ജല സ്രോതസ്സുകളുടെ നവീകരണവും ശുദ്ധീകരണവും ഉറപ്പാക്കുന്നതിനും അതുവഴി പ്രാദേശിക തലത്തിൽ തന്നെ ജലസേചനത്തിനും കുടിവെള്ളത്തിനും ആവശ്യമായ ജലം കണ്ടെത്താനാവുന്നതുമാണ്. ഏതൊരു പദ്ധതിയിലും വിവധ വകുപ്പുകളുടെ ഏകോപനം രണ്ട് ഘട്ടങ്ങളിൽ സാധ്യമാണ്. ഒന്ന് പദ്ധതി രൂപീകരണ നിർവ്വഹണ ഘട്ടത്തിലും, രണ്ടാമത്തേത് പദ്ധതി പൂർത്തീകരിച്ചതിനു ശേഷവും.

പദ്ധതി രൂപീകരണ നിർവ്വഹണ ഘട്ടം

ജലസേചന പദ്ധതിയുടെ രൂപീകരണ ഘട്ടത്തിൽ സംയോജന സാധ്യത കൂടുതലുള്ളത് കൃഷി വകുപ്പുമായാണ്. ഏതൊരു ജലസേചന പദ്ധതിയും ആരംഭിക്കുന്നത് കർഷകരുടെ ആവശ്യത്തിൽ നിന്നാണ്. ജില്ലയിലെ ഭൂരിഭാഗം തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിലും കർഷക കൂട്ടായ്മയോ, കാർഷിക കർമ്മസേനകളോ, പാടശേഖര സമിതികളോ പ്രവർത്തിക്കുന്നുണ്ട്. ഇവയെ കൂടാതെ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ പദ്ധതി രൂപീകരണത്തിന് മുമ്പായി വാർഡ് തലങ്ങളിലെ ഗ്രാമസഭകളിലും ജലലഭ്യതാ പ്രശ്നങ്ങൾ ഉയർന്ന് വരുന്നുണ്ട്. മേൽ നിർദ്ദേശങ്ങളെല്ലാം പരിഗണിച്ചുകൊണ്ട് വിവിധ വകുപ്പുകളുടെ ഏകോപനത്തിലൂടെ അടിയന്തിര ജല ലഭ്യതാ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് താഴെപ്പറയുന്ന ഏകോപന മാതൃക സ്വീകരിക്കാവുന്നതാണ്.

- തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ പദ്ധതി രൂപീകരണത്തിനു മുമ്പായി ഇത്തരത്തിലുള്ള കാർഷിക കർമ്മസേനകളുടെയും പാടശേഖര സമിതികളുടെയും യോഗം കൃഷി ഓഫീസറുടെ നേതൃത്വത്തിൽ ചേരുകയും ഈ യോഗത്തിൽ ജലസേചനം, മണ്ണ് സംരക്ഷണം, തൊഴിലുറപ്പ് എന്നീ വകുപ്പുകളിലെ ഉദ്യോഗസ്ഥരെ പങ്കെടുപ്പിക്കുകയും വേണം.
- ഓരോ പ്രദേശത്തെയും ആവശ്യകതയനുസരിച്ച് കർഷകരുടെയും, പഞ്ചായത്ത് സമിതിയുടെയും, ഗ്രാമസഭയുടെയും അഭിപ്രായം പരിഗണിക്കുകയും, പുനരുജ്ജീവിപ്പിക്കുന്നതും, പുതുതായി നിർമ്മിക്കേണ്ടതുമായ കുളങ്ങൾ, ചിറകൾ, കനാലുകൾ, തോടുകൾ, കിണറുകൾ എന്നിവയുടെ മുൻഗണന നിശ്ചയിക്കുകയും ചെയ്യുക.
- വിവിധ വകുപ്പുകളുടെ ഏകോപനത്തോടെ തിരഞ്ഞെടുക്കുന്ന ജലസംരക്ഷണം/ ജലസേചന പദ്ധതികളിൽ തന്നെ വിവിധ വകുപ്പുകളുടെ ഏകോപനത്തോടെ ചെയ്യേണ്ടുന്ന പ്രവർത്തനങ്ങളും വകുപ്പുകൾ സ്വതന്ത്രമായി ചെയ്യേണ്ടുന്ന പ്രവർത്തനങ്ങളും ഉണ്ടാകും. ഉദാഹരണമായി ഒട്ടു മിക്ക ജലസേചന പദ്ധതിയിലും ജലസ്രോതസ്സുകളുടെ നവീകരണമോ നിർമ്മാണമോ ആവശ്യമായി വരുന്നുണ്ട്. അതായത് പദ്ധതികളുടെ ഡി.പി.ആർ ന്റെ ഒരു ഭാഗം അവിദഗ്ദ തൊഴിലാളികളെ ഉപയോഗിച്ചുള്ള നിർമ്മാണ പ്രവർത്തനമായിരിക്കും. ഈ പ്രവർത്തനങ്ങൾ ദേശീയ ഗ്രാമീണ തൊഴിലുറപ്പ്

പദ്ധതിയുമായി സംയോജിപ്പിച്ച് കൊണ്ട് നടപ്പിലാക്കിയാൽ പദ്ധതി ചെലവ് വളരെയധികം കുറയ്ക്കുന്നതിന് സാധിക്കുന്നു.

- ഓരോ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും പദ്ധതി രൂപീകരണം സാധ്യമാക്കിയാൽ പദ്ധതി രൂപീകരണത്തിലെ ഇരട്ടിപ്പ്, നിർവ്വഹണത്തിലെ കാലതാമസം, പദ്ധതിചെലവ് എന്നിവ കുറയ്ക്കുന്നതിനും സാധിക്കുന്നു.
- കൂടാതെ വിവിധ വകുപ്പുകൾ യോജിച്ചുള്ള പദ്ധതി രൂപീകരണം മൂലം നബാർഡ്, മറ്റ് കേന്ദ്ര സംസ്ഥാന ഏജൻസികൾ എന്നിവയ്ക്ക് അനുമതിക്കായി സമർപ്പിക്കുന്ന ഡി.പി.ആറുകൾക്ക് ആവശ്യമായ അടിസ്ഥാന വിവര ശേഖരണം എളുപ്പത്തിലാക്കുന്നതിനും സാധിക്കുന്നു.

ജില്ലയിലെ ഏകോപന മാതൃകകൾ

ജലവിഭവ സെക്രട്ടറിയുടെ നിർദ്ദേശ പ്രകാരം നെയ്യാർ ജലസേചന പദ്ധതിയുടെ കനാലുകളിൽ കൂടി പ്രയോജനം ലഭിക്കുന്നതും ലഭ്യമാക്കാവുന്നതുമായ പ്രദേശങ്ങളെ സംബന്ധിച്ച് ജില്ലാതലത്തിൽ നെയ്യാർ ജലസേചന പദ്ധതിയിലെ ഉദ്യോഗസ്ഥർ, കൃഷി വകുപ്പിലെ ഉദ്യോഗസ്ഥർ, റവന്യൂ ഉദ്യോഗസ്ഥർ, എന്നിവരുടെ ടീം രൂപീകരിക്കുകയും ഓരോ വില്ലേജ് അടിസ്ഥാനത്തിൽ ഇടത്, വലത് കരകളിലെ ജലസേചന ലഭ്യതയും കൃഷി ഏരിയയും സംയുക്തമായി രേഖപ്പെടുത്തുകയും ചെയ്ത് വരുന്നു.

- ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ ലേബർ എസ്റ്റിമേറ്റും ഷെൽഫ് ഓഫ് വർക്കും തയ്യാറാക്കുന്നതിന് മുമ്പായി ഓരോ തദ്ദേശസ്വയം ഭരണ സ്ഥാപനത്തിലുള്ള പ്രകൃതി വിഭവപരിപാലനവുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന കൃഷി, ജലവിഭവം, മണ്ണ്സംരക്ഷണം, ഭൂജലം എന്നീ വകുപ്പുകളിലെ ഉദ്യോഗസ്ഥരുടെ സേവനം പരമാവധി പ്രയോജനപ്പെടുത്തേണ്ടതാണ്. ഇതുമൂലം തൊഴിലുറപ്പിലൂടെ തൊഴിൽ ദിനങ്ങൾ വർദ്ധിപ്പിക്കുന്നതിനോടൊപ്പം പരമാവധി ആസ്തികൾ സൃഷ്ടിക്കുന്നതിനും സാധിക്കുന്നു.

ജില്ലയിലെ ഏകോപന മാതൃകകൾ

ജലവിഭവ വകുപ്പിലെ സർക്കാർ ഉത്തരവ് നം. 933/2016/ഡബ്ല്യൂ.ആർ.ഡി., തീയതി. 29.11.2016 പ്രകാരം ജില്ലയിലെ നെയ്യാർ ജലസേചന പദ്ധതിയുടെ കനാലുകളുടെ നവീകരണം ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുമായി സംയോജിപ്പിച്ച്കൊണ്ട് നടപ്പിലാക്കുകയുണ്ടായി. ഇതിനായി കനാൽ നവീകരണം സംബന്ധിച്ച് വിശദമായ ഡി.പി.ആർ ജലവിഭവവകുപ്പിന്റെ മേൽനോട്ടത്തിൽ തയ്യാറാക്കി. ഡി.പി.ആറിൽ പദ്ധതി പൂർത്തീകരണത്തിന് ലക്ഷ്യമിടുന്ന പ്രയോജനങ്ങൾ രേഖപ്പെടുത്തുകയും ആയത് ബന്ധപ്പെട്ട തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്ക് അനുമതിക്കായി നൽകുകയും ചെയ്തു.

പദ്ധതി നിർവ്വഹണത്തിന് ശേഷം

ജലസേചന പദ്ധതികളിൽ ഭൂരിഭാഗത്തിലും പൂർത്തീകരണത്തിനു ശേഷം സമയബന്ധിതമായി അറ്റകുറ്റപ്പണികൾ നടത്താത്തതുമൂലം പദ്ധതിയുടെ പ്രയോജനം വിഭാവനം ചെയ്തിരിക്കുന്നതു പോലെ ലഭ്യമാകാത്ത അവസ്ഥയിലാണുള്ളത്. ഈ അവസ്ഥയ്ക്ക് മാറ്റം വരുത്തണമെങ്കിൽ ജലസേചന നിർമ്മിതികളുടെ പരിപാലനം പ്രാദേശികമായി തന്നെ നടക്കണം. ആയതിനാൽ ഓരോ പ്രവൃത്തികളുടെയും നിർവ്വഹണ ഘട്ടത്തിൽ തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളുടെ പങ്കാളിത്തം ഉറപ്പു വരുത്തുകയും തദ്ദേശസ്വയംഭരണം, ജലസേചനം, കർഷക കൂട്ടായ്മ എന്നിവയുടെ ഏകോപനത്തിലൂടെ നിർമ്മിതികളുടെ പരിപാലനം സാധ്യമാക്കേണ്ടതുമാണ്. ഉദാഹരണമായി ജലസേചന വകുപ്പ് തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിന് കീഴിൽ നിർമ്മാണം പൂർത്തിയാക്കിയ തടയണയുടെ മുകൾഭാഗത്ത് നിശ്ചിത തറ നിരപ്പിനു മുകളിൽ അടിഞ്ഞു കൂടുന്ന മണ്ണ് ഈ തദ്ദേശസ്വയംഭരണ സ്ഥാപനത്തിലെ തൊഴിലുറപ്പ് തൊഴിലാളികളെ കൊണ്ട് നീക്കം ചെയ്യുന്നതിന് ആവശ്യമായ പദ്ധതി തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്താൻ അതായത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ശ്രദ്ധിക്കേണ്ടതാണ്.

4.1.2.മൃഗസംരക്ഷണവും ക്ഷീരവികസനവും

1949-ൽ തിരുകൊച്ചി രാജ്യത്ത് ഡിപ്പാർട്ട്മെന്റ് ഓഫ് വെറ്ററിനറി സർവ്വീസ് എന്ന പേരിൽ മൃഗസംരക്ഷണ വകുപ്പും 1962 മുതൽ ക്ഷീരവികസന വകുപ്പും നിലവിൽ വന്നു. കേരളത്തിൽ ആദ്യമായി ക്രോസ് ബ്രീഡിംഗ് പ്രോഗ്രാം ആറാലുംമൂട് കേന്ദ്രീകരിച്ച് ആരംഭിച്ചു. 1905 ൽ രാജ്യഭരണകാലത്ത് ആദ്യത്തെ മൃഗ ചികിത്സാ കേന്ദ്രം പേട്ടയിൽ ആരംഭിച്ചു. കേരളത്തിൽ ആദ്യമായി സങ്കര പ്രജനനം തുടങ്ങിയത് തിരുവനന്തപുരം ജില്ലയിലെ ആറാലുംമൂടും തൃശ്ശൂർ ജില്ലയിലെ ചാലക്കുടിയിലുമാണ്. പാലുല്പാദനത്തിൽ ജില്ലയ്ക്ക് 4-ാം സ്ഥാനമാണുള്ളത്. പാൽ, മുട്ട, മാംസം എന്നിവയുടെ ഉല്പാദന രംഗത്ത് സ്വയംപര്യാപ്തത കൈവരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ വകുപ്പുകളും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും നടത്തി വരുന്നു. ഈ ലക്ഷ്യം കൈവരിക്കുന്നതിന് ഉപയുക്തമായ ജില്ലാ പദ്ധതിയാണ് തയ്യാറാക്കിയിട്ടുള്ളത്.

1. പാലുൽപ്പാദന മേഖല

പട്ടിക : 4.1.2.1

കറവപശുക്കളുടെ എണ്ണം

ഇനം	2007 സെൻസസ്	2012 സെൻസസ്	സാമ്പിൾ സർവ്വേ (ഏറ്റവും പുതിയത്)
കറവ പശു	75138	52950	56381
എരുമ	1818	1983	740

(അവലംബം-സെൻസസ് റിപ്പോർട്ട്)

Fig:1

ആകെ കന്നുകാലികൾ (വിദേശ/സങ്കര ഇനം) 2007,2012 സെൻസസ്



Fig: 2

ആകെ കന്നുകാലികൾ (നാടൻ) 2007,2012 സെൻസസ്



Fig: 3
ആകെ എരുമകളും പോത്തുകളും 2007, 2012 സെൻസസുകൾ



Fig:4
ആകെ ആടുകൾ 2007, 2012 സെൻസസുകൾ



പ്രതിശീർഷ പാൽ ആവശ്യകത – 300 gm/പ്രതിദിനം

പ്രതിശീർഷ പാൽ ലഭ്യത – 197 gm/പ്രതിദിനം)
(ആഭ്യന്തര ഉൽപാദന അടിസ്ഥാനത്തിൽ)

ആഭ്യന്തര ഉൽപാദനത്തിന്റെ വിടവ് (2016–17) – 121597.268 (M.T)

ആകെ പാലുൽപാദനം (2016–17) – 233135.525 (M.T)

ക്ഷീരസംഘങ്ങൾ വഴിയുള്ള പാൽ സംഭരണം – 71227 (M.T)
(ക്ഷീര സംഘങ്ങൾ –348 2017-18 കാലയളവിൽ)

പാറശ്ശാല ചെക്ക് പോസ്റ്റ് വഴി ജില്ലയിൽ എത്തിയ പാൽ – 28653.808 (M.T)
(2016–17)

പട്ടിക : 4.1.2.2

പാൽ സംഭരണം വിപണന റിപ്പോർട്ട് ഓഗസ്റ്റ്–2017

ബ്ലോക്ക്	ക്ഷീരസംഘങ്ങൾ		പാൽ സംഭരണം (ലിറ്റർ)			
	രജിസ്റ്റർ ചെയ്തത്	പ്രവർത്തിക്കുന്നവ	പ്രതിദിനം	പ്രാദേശിക വിൽപ്പന	മേഖലാ യൂണിയനു നൽകിയത്	ആകെ
അതിയന്നൂർ	40	35	29355.35	135488.00	774528.00	910016.00
ചിറയിൻകീഴ്	37	26	7315.12	97672.55	129096.00	226768.85
കഴക്കൂട്ടം	22	17	9737.58	151936.00	149929.00	301865.00
കിളിമാനൂർ	37	35	12257.26	223606.00	156369.00	379975.00
നേമം	27	25	18667.19	226914.00	351769.00	578683.00
നെടുമങ്ങാട്	29	26	8599.24	107387.65	159188.70	266576.35
തിരുവനന്തപുരം	50	22	6345.89	125602.70	71119.90	196722.60
പാറശ്ശാല	34	32	29342.48	236801.00	672816.00	909617.00
പെരുങ്കടവിള	46	45	35924.38	317110.50	796545.30	1113655.80

വാമനപുരം	35	31	10053.00	125624.15	186018.93	311643.08
വർക്കല	28	19	6810.84	81353.00	129783.00	211136.00
വെള്ളനാട്	37	34	17064.26	160131.00	368861.00	528992.00
ആകെ	422	347	191472.60	1989626.55	3946024.13	5935650.68

പട്ടിക : 4.1.2.3

പാൽ സംഭരണം 2016–17

മാസം	പാൽ
ഏപ്രിൽ	4377620
മേയ്	4674816
ജൂൺ	4701004
ജൂലൈ	4849715
ഓഗസ്റ്റ്	4816545
സെപ്റ്റംബർ	4710588
ഒക്ടോബർ	5066185
നവംബർ	5017619
ഡിസംബർ	5245637
ജനുവരി	5222491
ഫെബ്രുവരി	4515226
മാർച്ച്	4984815

തീറ്റപ്പുൽ

2016 ൽ പ്രസിദ്ധീകരിച്ച എൻ.ഡി.ഡി.ബി പ്രൊഫൈൽ പ്രകാരം ജില്ലയിലെ തീറ്റപ്പുൽ കൃഷി സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു.

കൃഷിസ്ഥലത്തിന്റെ വിസ്തീർണ്ണം – 300.18 ഹെക്ടർ

പരുഷാഹാര ആവശ്യകത – 791000 M.T
(ഖര പദാർത്ഥ അടിസ്ഥാനത്തിൽ)

പരുഷാഹാര ലഭ്യത – **100000** M.T
(ഖര പദാർത്ഥ അടിസ്ഥാനത്തിൽ)

കുറവ് – 691000 M.T

പുൽകൃഷി വികസിപ്പിക്കേണ്ട സ്ഥല വിസ്തീർണ്ണം 16528 ഹെക്ടറും നിലവിലെ തരിശുഭൂമി 4000 ഹെക്ടറുമാണ്.

പ്രശ്നങ്ങൾ

- തീറ്റപ്പുല്ലിന്റെ ദൗർലഭ്യവും കാലിത്തീറ്റയുടെ നിത്യേനയുള്ള വിലവർദ്ധനവും
- വേനൽക്കാലത്തുള്ള ജലക്ഷാമം
- വർദ്ധിച്ചുവരുന്ന കന്നുകാലി രോഗങ്ങൾ, ചികിത്സാ ചെലവ്, മൃഗചികിത്സാ സേവനത്തിലെ അപര്യാപ്തത
- പാലിൽ വർദ്ധിച്ചു വരുന്ന ആന്റിബയോട്ടിക്, രാസപദാർത്ഥ ഘടകങ്ങൾ മൂലമുള്ള പൊതുജനാരോഗ്യ പ്രശ്നങ്ങൾ
- ഉല്പാദന ചെലവിനനുപാതികമായി ഉൽപ്പന്നത്തിന് വില ലഭിക്കുന്നില്ല.
- മാലിന്യ നിർമ്മാർജ്ജനത്തിനും സംസ്ക്കരണത്തിനുമുള്ള സംവിധാനങ്ങളുടെ അപര്യാപ്തത
- തൊഴിലാളികളുടെ അപര്യാപ്തത
- നാടൻ പശുക്കളുടെ സംരക്ഷണത്തിനുവേണ്ട പദ്ധതികളുടെ അഭാവം

പട്ടിക : 4.1.2.4

കറവപ്പശുക്കൾ, എരുമകൾ, തീറ്റപ്പുൽകൃഷി സംബന്ധിച്ച വിവരങ്ങൾ

വിവരണം	എണ്ണം (31.03.2017)
100 ൽ കൂടുതൽ കറവപ്പശു/എരുമ	1
51–100 കറവപ്പശു/എരുമ	11
21–50 കറവപ്പശു/എരുമ	61
11–20 കറവപ്പശു/എരുമ	199

5–10 കറവപ്പശു/എരുമ	834
എക്കറിൽ കൂടുതൽ തീറ്റപ്പുൽകൃഷിയുള്ള പ്ലോട്ടുകൾ	7
2.5–5 എക്കറിൽ കൂടുതൽ തീറ്റപ്പുൽകൃഷിയുള്ള പ്ലോട്ടുകൾ	18
1–2.5 എക്കറിൽ കൂടുതൽ തീറ്റപ്പുൽകൃഷിയുള്ള പ്ലോട്ടുകൾ	91

പട്ടിക : 4.1.2.5

ഫാമുകളുടെ എണ്ണം (ഏറ്റവും പുതിയ കണക്കുകൾ പ്രകാരം)

ഡയറി	ആട്	പന്നി	കോഴി	താറാവ്
1396	20	**56**	**335**	**8**

2. മാംസോല്പാദന മേഖല

3. പട്ടിക : 4.1.2.6

വാർഷിക മാംസ ഉൽപ്പാദനം (2016–17)

ഇനം	ഉൽപ്പാദനം
കന്നുകാലികൾ	8580.57 M.T
എരുമ/പോത്ത്	3110.44 M.T
ആട്	1213.43 M.T
പന്നി	47.87 M.T
പൗൾട്രി	20249.96 M.T
ആകെ	33202.27 M.T

(അവലംബം–മൃഗസംരക്ഷണവകുപ്പ്)

- അംഗീകൃത അറവുശാലകൾ – ഇല്ല
- കശാപ്പുശാലകൾ (അംഗീകാരമില്ല) – 105
- ബ്രോയിലർ ഡ്രസിംഗ് യൂണിറ്റുകൾ – 202

(ജില്ലാ സ്റ്റാറ്റസ് റിപ്പോർട്ട്)

മാംസ ഉൽപ്പാദനം – ഐ.സി.എം.ആർ ശുപാർശ

- ആളോഹരി പ്രതിദിന മാംസ ആവശ്യകത – 30 gm
- ആളോഹരി പ്രതിദിന മാംസ ലഭ്യത – 28.12 gm

പ്രശ്നങ്ങൾ

- മാംസാവശ്യത്തിനുള്ള ഉരുക്കളുടെ ദൗർലഭ്യം
- ആധുനികവും ശാസ്ത്രീയവുമായ അറവുശാലകളുടെ അഭാവം
- അടിസ്ഥാന സൗകര്യമുള്ള ചെക്ക് പോസ്റ്റുകളുടെയും കാലിച്ചന്തകളുടെയും അഭാവം
- പാറശ്ശാല ചെക്ക് പോസ്റ്റ് നവീകരിക്കുകയും അതിനോടനുബന്ധിച്ച് ആധുനിക അറവുശാല സ്ഥാപിക്കുകയും ഉപോൽപ്പന്ന നിർമ്മാണ വ്യവസായങ്ങൾ സ്ഥാപിക്കുകയും ചെയ്യുക.

3. മുട്ടയുൽപ്പാദന മേഖല

Fig:5

ആകെ പൗൾട്രി 2007, 2012 സെൻസസുകൾ



പട്ടിക : 4.1.2.7

മുട്ടയുൽപ്പാദനം

ഇനം	സാമ്പിൾ സർവ്വേ (2016-17)
ദേശി	60083908
മേൽത്തരം	152299574
ആകെ	219986431

(അവലംബം-മൃഗസംരക്ഷണവകുപ്പ്)

മുട്ടയുൽപ്പാദനം - ഐ.സി.എം.ആർ ശുപാർശ

പ്രതിവർഷം ആളോഹരി വിഹിതം	–	180
പ്രതിശീർഷ ആളോഹരി ലഭ്യത (ആഭ്യന്തര ഉൽപ്പാദനത്തിന്റെ അടിസ്ഥാനത്തിൽ)	–	68
ചെക്ക് പോസ്റ്റ് വഴി എത്തിയവ	–	224933314
അധികമായി ആവശ്യമുള്ള മുട്ടക്കോഴികളുടെ എണ്ണം	–	268000

പ്രശ്നങ്ങൾ

- മേൽത്തരം മുട്ടക്കോഴികളുടെ എണ്ണത്തിലെ കുറവ്
- വിരിയിക്കാവുന്ന കോഴിമുട്ടകളുടെ ദൗർലഭ്യം
- പേരന്റ് സ്റ്റോക്കിന്റെ അപര്യാപ്തത
- നഗരപ്രദേശങ്ങളിൽ സ്ഥലത്തിന്റെ ദൗർലഭ്യം
- ഗുണനിലവാരമുള്ള കോഴിത്തീറ്റയുടെ ദൗർലഭ്യം
- കോഴിത്തീറ്റയുടെ നിത്യേനയുള്ള വിലക്കയറ്റം
- കോഴിത്തീറ്റയുടെ ഗുണനിലവാരം പരിശോധിക്കാനുള്ള സംവിധാനങ്ങളുടെ അപര്യാപ്തത

പട്ടിക : 4.1.2.8

പശു, എരുമ,, ആട്,, പന്നി, നായ്ക്കൾ,, കോഴി മറ്റ് വളർത്തുപക്ഷികൾ എന്നിവയുടെ ബ്ലോക്ക്തലസ്ഥിതി വിവരകണക്കുകൾ

ബ്ലോക്ക്	പശു	എരുമ	ആട്	പന്നി	നായ്ക്കൾ	കോഴി, മറ്റ് വളർത്തു പക്ഷികൾ
പാറശ്ശാല ബ്ലോക്ക്						
പാറശ്ശാല	1612	20	2438	159	1950	19863
കാരോട്	1532	20	3543	3	1612	12887
കുളത്തൂർ	1382	89	2424	45	998	14400
ചെങ്കൽ	1771	72	3778	10	470	27040
തിരുപുറം	1114	62	1474	117	1125	13845
പൂവ്വാർ	491	31	694	22	555	10000
ആകെ	7902	294	14351	356	6710	98035
പെരുംകടവിള ബ്ലോക്ക്						
വെള്ളറട	1918	53	2503	10	2019	26161
കുന്നത്തുകാൽ	2125	28	2217	15	1672	17050
കൊല്ലയിൽ	1185	68	1607	1	1476	10399
പെരുങ്കടവിള	1068	24	1500	0	1308	12998
ആര്യങ്കോട്	1283	32	1998	120	1553	14362
ഒറ്റശേഖരമംഗലം	922	43	1762	330	1159	9807
കള്ളിക്കാട്	661	46	983	60	851	7351
അമ്പൂരി	765	56	1248	381	775	8089
ആകെ	9927	350	13818	917	10813	106217
അതിയന്നൂർ ബ്ലോക്ക്						
അതിയന്നൂർ	1176	30	1705	0	1508	14660
കാഞ്ഞിരംകുളം	1175	11	1964	21	942	17138
കരുംകുളം	348	3	380	0	388	5260
കോട്ടുകാൽ	1339	31	2033	36	1233	19580

വെങ്ങാനൂർ	1431	64	1956	64	2268	16871
ആകെ	5469	139	8038	121	6339	73509
നേമം ബ്ലോക്ക്						
മാറനല്ലൂർ	1455	25	2621	88	1754	16222
ബാലരാമപുരം	1035	32	1377	0	1280	13904
പള്ളിച്ചൽ	898	34	1570	6	1557	13090
മലയിൻകീഴ്	671	38	1312	0	1733	8863
വിളപ്പിൽ	1034	16	1640	2	2417	13365
വിളവൂർക്കൽ	532	37	972	2	1492	10005
കല്ലിയൂർ	1179	69	1817	25	1685	17092
ആകെ	6804	251	11309	123	11918	92541
പോത്തൻകോട് ബ്ലോക്ക്						
പോത്തൻകോട്	1151	27	1840	0	1317	9966
മംഗലപുരം	1244	86	2281	0	1588	8908
അണ്ടൂർക്കോണം	739	64	1238	0	629	6748
കഠിനംകുളം	755	47	722	22	1235	9504
അഴൂർ	951	41	1747	0	832	10630
ആകെ	4840	265	7828	22	5601	45756
വെള്ളനാട് ബ്ലോക്ക്						
കാട്ടാക്കട	1269	48	2718	235	2332	18994
വെള്ളനാട്	1218	30	1612	45	1267	11851
പൂവച്ചൽ	1367	54	2900	377	2585	22367
ആര്യനാട്	745	34	1574	168	1228	8903
വിതുര	1111	105	1188	10	1908	9539
കുറ്റിച്ചൽ	657	29	1136	159	1250	9881
ഉഴമലയ്ക്കൽ	698	17	1356	26	1199	10480
തൊളിക്കോട്	752	32	1380	7	1039	8232
ആകെ	7817	349	13864	1027	12808	100247
നെടുമങ്ങാട് ബ്ലോക്ക്						
കരകുളം	1102	11	1748	3	2993	14878
അരുവിക്കര	1144	13	1391	4	1499	10525
വെമ്പായം	1101	14	2124	4	2083	16000
ആനാട്	842	23	1405	14	1444	8734
പനവൂർ	587	44	1003	0	795	6778
ആകെ	4776	105	7671	25	8814	56915
വാമനപുരം ബ്ലോക്ക്						
വാമനപുരം	742	13	1244	0	1263	6200
മാണിക്കൽ	1449	46	2322	51	1300	10983
നെല്ലനാട്	869	17	1666	0	1012	8931
പുല്ലമ്പാറ	754	48	1474	11	853	5088
നന്ദിയോട്	949	40	1250	0	1421	9050
പെരിങ്ങമ്മല	840	51	1720	5	1349	9328
കല്ലറ	989	35	1639	0	993	8000
പാങ്ങോട്	1264	88	2283	0	1399	21780
ആകെ	7856	338	13598	67	9590	79360
കിളിമാനൂർ ബ്ലോക്ക്						
പുളിമാത്ത്	1197	29	1629	2	1119	6411
കരവാരം	1373	50	2237	0	800	6644
നഗരൂർ	842	39	1782	0	1178	7823
പഴയകുന്നുമ്മൽ	655	25	1910	0	1163	7197
കിളിമാനൂർ	765	18	1697	4	1114	5834
നാവായിക്കുളം	1453	60	3036	0	1142	14079
മടവൂർ	894	14	1623	0	1017	5152
പള്ളിക്കൽ	779	44	1274	0	561	8034
ആകെ	7958	279	15188	6	8094	61174
ചിറയിൻകീഴ് ബ്ലോക്ക്						
ചിറയിൻകീഴ്	730	39	746	0	807	4443

കടയ്ക്കാവൂർ	618	18	1173	5	1079	5260
വക്കം	337	7	718	0	830	3620
അഞ്ചുതെങ്ങ്	179	6	120	27	282	1400
കിഴുവിലം	765	18	1293	4	788	6023
മുദാക്കൽ	976	73	2419	0	1601	9040
ആകെ	3605	161	6469	36	5387	29786
വർക്കല ബ്ലോക്ക്						
വെട്ടൂർ	326	3	934	0	508	6100
ചെറുന്നിയൂർ	573	26	853	0	607	3870
ഇടവ	532	20	1142	0	561	9005
ഇലകമൺ	1026	59	1495	14	926	6844
ചെമ്മരുതി	928	52	1709	0	1523	9661
മണമ്പൂർ	944	17	1879	0	738	8851
ഒറ്റൂർ	664	15	1061	68	1041	7000
വർക്കല മുനിസിപ്പാലിറ്റി	552	19	1486	1269	1269	5622
ആകെ	5545	211	10559	1351	7173	56953
കോർപ്പറേഷൻ	7773	322	1019	309	20214	71147
ആകെ	7773	322	1019	309	20214	71147

4.മൃഗചികിത്സ മേഖല – മൃഗചികിത്സാ കേന്ദ്രങ്ങൾ

- വെറ്ററിനറി ഡിസ്പെൻസറി – 72
- വെറ്ററിനറി ഹോസ്പിറ്റലുകൾ – 23
- വെറ്ററിനറി പോളിക്ലിനിക്കുകൾ – 2
- മൊബൈൽ വെറ്ററിനറി പോളിക്ലിനിക്ക് – 1
- ജില്ലാ വെറ്ററിനറി കേന്ദ്രം – 1
- വെറ്ററിനറി സബ് സെന്ററുകൾ – 144
- വികേന്ദ്രീകൃത വെറ്ററിനറി യൂണിറ്റുകൾ – 12
- ആർ. പി ചെക്ക്പോസ്റ്റ് പാറശ്ശാല – 1
- പ്രാദേശിക മൃഗസംരക്ഷണ കേന്ദ്രങ്ങൾ – 5
- ഊർജ്ജിത കന്നുകാലി വികസന കേന്ദ്രം – 1
- ജില്ലാ മൃഗസംരക്ഷണ ഓഫീസ് – 1
- എസ്.എൽ.ബി.പി. ജില്ലാ ആസ്ഥാനം – 1
- എസ്.എൽ.ബി.പി. സർക്കിൾ ഓഫീസുകൾ – 10
- ഗോരക്ഷാ പദ്ധതി ജില്ലാ കോ–ഓർഡിനേറ്ററുടെ ഓഫീസ് – 1
- രാത്രികാല വെറ്ററിനറി സർവ്വീസ് സെന്റേഴ്സ് ഉള്ള തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ (പെരുങ്കടവിള, നേമം, വാമനപുരം, അതിയന്നൂർ, നെടുമങ്ങാട്, വെള്ളനാട്, തിരുവനന്തപുരം കോർപ്പറേഷൻ) – 7
- എ.ബി.സി സെന്ററുകൾ – 10

പേവിഷ പ്രതിരോധം 2016–17

പട്ടിക : 4.1.2.9

വളർത്തു നായ്ക്കളുടെ എണ്ണം

വളർത്തു നായ്ക്കൾ	2007 കനേഷുമാരി	2012 കനേഷുമാരി
	1,15,325	1,43,168

(അവലംബം–മൃഗസംരക്ഷണവകുപ്പ്)

അലഞ്ഞു തിരിയുന്ന നായ്ക്കൾ – 31,749 (2012 സെൻസസ്)
പേവിഷ പ്രതിരോധ കുത്തി വയ്പുകൾ – 58,638
വന്ധ്യംകരണ ശസ്ത്രക്രിയകൾ 3243 (2016–17) – 5269 (നവംബർ 2017 വരെ)
എ.ബി.സി.സെന്ററുകൾ – 10 എണ്ണം

ബ്ലോക്ക്	സ്ഥാപനം
പാറശ്ശാല	വെറ്ററിനറി പോളിക്ലിനിക്, പാറശ്ശാല
അതിയന്നൂർ	വെറ്ററിനറി ഹോസ്പിറ്റൽ, നെയ്യാറ്റിൻകര
വെള്ളനാട്	വെറ്ററിനറി ഹോസ്പിറ്റൽ ആര്യനാട്
നെടുമങ്ങാട്	വെറ്ററിനറി ഹോസ്പിറ്റൽ കൊയ്തൂർക്കോണം,
വാമനപുരം	വെറ്ററിനറി ഹോസ്പിറ്റൽ, വാമനപുരം
ചിറയിൻകീഴ്	വെറ്ററിനറി ഹോസ്പിറ്റൽ, ആറ്റിങ്ങൽ
വർക്കല	വെറ്ററിനറി ഡിസ്പെൻസറി, ഇലകമൺ
കിളിമാനൂർ	വെറ്ററിനറി ഹോസ്പിറ്റൽ, കിളിമാനൂർ
തിരുവനന്തപുരം കോർപ്പറേഷൻ	ജില്ലാ വെറ്ററിനറി കേന്ദ്രം, തിരുവനന്തപുരം, വെറ്ററിനറി ഹോസ്പിറ്റൽ, പേട്ട

പ്രധാന രോഗചികിത്സാ വിവരങ്ങൾ (2016–2017)

രോഗങ്ങൾ	പശു	എരുമ	ആട്
അകിടുരോഗം	11608	90	5524
ഗർഭാശയരോഗങ്ങൾ	15330	106	1949
ദഹനരോഗങ്ങൾ	72686	2829	63311
പോഷക ആഹാരക്കുറവ്	4339	35	2781
ഉപാപചയരോഗങ്ങൾ	9646	375	1368
വിവിധ ഇനത്തിൽപ്പെട്ട മൃഗങ്ങൾക്ക് നൽകിയ ആകെ ചികിത്സ			589135

കൃത്രിമ ബീജദാന വിവരങ്ങൾ (2016 –2017)

	പശു	എരുമ	ആട്
പ്രഥമ ബീജദാനം	99866	1248	1168
ആവർത്തന ബീജദാനം	26853	152	45
ആകെ	126719	1400	1213

മൃഗാശുപത്രിയിൽ നടത്തിയ ലബോറട്ടറി പരിശോധനകൾ (2016–17)

ചാണകം	4440
മൂത്രം	2397
രക്തം	902
പാൽ	7803
മറ്റുള്ളവ	578

ന്യൂനതകൾ

- കർഷകർക്ക് മുഴുവൻ സമയ സേവനം നൽകുന്ന സർക്കാർ സംവിധാനം നിലവിലില്ല.
- രോഗനിർണ്ണയ ലബോറട്ടറികളുടെ അപര്യാപ്തത
- വീട്ടുപടിക്കൽ മൃഗചികിത്സാ സേവനം എത്തിക്കുന്നതിനുള്ള സംവിധാനങ്ങളുടെ അപര്യാപ്തത
- രോഗം ബാധിച്ച ഉരുക്കളെ മൃഗാശുപത്രിയിൽ എത്തിച്ച് ചികിത്സിക്കുന്നതിനുള്ള സംവിധാനങ്ങളുടെ അഭാവം
- തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട ഉത്തരവാദിത്തങ്ങൾ ഡോക്ടർമാർ ചെയ്യേണ്ടിവരുന്നതിനാൽ കർഷകർക്ക് ആവശ്യമായ മൃഗചികിത്സാ സേവനം നൽകാൻ കഴിയാതെ വരുന്നു.
- നിർദ്ദിഷ്ട യോഗ്യതയില്ലാത്തവരുടെ അശാസ്ത്രീയവും അമിതവുമായ ആന്റിബയോട്ടിക്കുകളുടെയും ഹോർമോണുകളുടെയും ദുരുപയോഗം
- ആശുപത്രികളിൽ മൃഗചികിത്സയ്ക്കുള്ള അവശ്യ മരുന്നുകളുടെ അപര്യാപ്തത നിലനിൽക്കുന്നു.
- മൃഗചികിത്സ സ്ഥാപനത്തിലെ അടിസ്ഥാന സൗകര്യങ്ങളുടെയും ജീവനക്കാരുടെയും അപര്യാപ്തത
- ആവശ്യമുള്ള സ്ഥലങ്ങളിൽ അധികം ജീവനക്കാരെ നിയമിക്കുന്നതിന് നടപടികൾ സ്വീകരിക്കുക, ബ്ലോക്ക്തലത്തിൽ രാത്രികാല മൃഗചികിത്സ സേവനത്തിന് ആവശ്യമുള്ള ബ്ലോക്കിൽ ഒന്നിലധികം ഡോക്ടർമാരെ നിയമിക്കുക.

- ടെലി വെററിനറി യൂണിറ്റ്:- എഴുന്നേൽക്കാൻ സാധിക്കാതെ കിടക്കുന്ന മൃഗങ്ങളെ ഉയർത്തുന്നതിനു വേണ്ട സംവിധാനങ്ങളോടു കൂടിയ ആംബുലൻസ് സേവനം ഏർപ്പെടുത്തുക.

മൃഗസംരക്ഷണ വകുപ്പ് – ഫാമുകളെ സംബന്ധിക്കുന്ന വിവരങ്ങൾ

1. ജില്ലാ കന്നുകാലി വളർത്തൽ കേന്ദ്രം, കുടപ്പനക്കുന്ന് – 30 ഏക്കർ

പുൽകൃഷി ചെയ്ത സ്ഥലം	– 11 ഏക്കർ
പാൽ ഉൽപ്പാദനം	– (മെട്രിക് ടൺ 237) ലക്ഷം ലിറ്റർ 2.37
ജനിച്ച പശുക്കുട്ടികൾ	– 35
ജനിച്ച കാളക്കുട്ടികൾ	– 3
ആട്ടിൻ കുട്ടികൾ	– 8
പന്നിക്കുഞ്ഞുങ്ങൾ	– 170
ആകെ വിറ്റുവരവ്	– 1,00,43,829

നിലവിലെ കന്നുകാലികളുടെ എണ്ണം

പശു	180
കന്നുകുട്ടികൾ	48
ആട്	24
ആട്ടിൻകുട്ടികൾ	16
പന്നി	22
മുയൽ	9

2. ജഴ്സിഫാം എക്സ്റ്റെൻഷൻ യൂണിറ്റ്, ചെറ്റച്ചൽ - 98 ഏക്കർ

തീറ്റപ്പുൽകൃഷിക്കുള്ള സ്ഥലം	-	18.4 ഹെക്ടർ

ഉൽപ്പാദനം

പാൽ	-	287.297 മെട്രിക് ടൺ
പശുക്കുട്ടികൾ	-	43
കാളക്കുട്ടികൾ	-	45
വിറ്റുവരവ്	-	1,00,59.979/–

നിലവിലെ കന്നുകാലികളുടെ എണ്ണം

പശു	–	161
കന്നുകുട്ടികൾ/കിടാരികൾ	-	78
ആകെ	-	239

3. ജഴ്സിഫാാം, വിതുര –92 ഏക്കർ

പാൽ ഉൽപ്പാദനം	-	281.621 മെട്രിക് ടൺ
ജനിച്ച പശുക്കുട്ടികൾ	-	51
ജനിച്ച കാളക്കുട്ടികൾ	-	42
ചാണകം(ജൈവവളം)	-	11.8 മെട്രിക് ടൺ

4. മേഖലാ കോഴിവളർത്തൽ കേന്ദ്രം, കുടപ്പനക്കുന്ന് – 5.4 ഏക്കർ

ഉൽപ്പാദിപ്പിച്ച കോഴിക്കുഞ്ഞുങ്ങളുടെ എണ്ണം

പിടകൾ	-	1,67,961
പൂവൻ	-	1,42,567
ആകെ	-	3,10,528
കോഴി മുട്ടകളുടെ എണ്ണം(ടേബിൾ മുട്ടകൾ)	-	1,72,189
ആകെ ഉൽപ്പാദനം കോഴിമുട്ടകൾ	-	4,80,717
ഉൽപ്പാദിപ്പിച്ച കോഴി വളം	-	43,176 **കി.ഗ്രാം**
വിറ്റുവരവ് (മുട്ട, കോഴി കുഞ്ഞുങ്ങൽ, വളം	-	62,59.069/–
നിലവിലെ പേരന്റ് സ്റ്റോക്ക്	-	5960

5. പാറശ്ശാല പന്നി വളർത്തൽ കേന്ദ്രം – 52 സെന്റ്

2016–17 വർഷത്തെ ഉൽപ്പാദനം

പന്നികുഞ്ഞുങ്ങളുടെ എണ്ണം	–	569
കർഷകർക്ക് വിതരണ നടത്തിയത്	–	538
ആകെ വിറ്റുവരവ്	–	13,88,579/– രൂപ

നിലവിലെ സ്റ്റോക്ക് പൊസിഷൻ

പ്രായപൂർത്തിയായവ	–	53(43+10)
പന്നികുഞ്ഞുങ്ങൾ	–	72
ആകെ	–	125

6. ആട് വളർത്തൽ കേന്ദ്രം, പാറശ്ശാല – 5 ഏക്കർ

തീറ്റപ്പുൽകൃഷിക്കുള്ള സ്ഥലം	–	4 ഏക്കർ

ഉൽപ്പാദനം

ആട്ടിൻകുട്ടികൾ	–	211
തീറ്റപ്പുൽ	–	2,39,470 കി.ഗ്രാം
വളം	–	25,480 കി.ഗ്രാം
ആകെ വിറ്റുവരവ്	–	3,27,591/–
നിലവിലെ ആടുകളുടെ എണ്ണം	–	180

നിലവിൽ 300 ആടുകളെ പാർപ്പിക്കുവാനുള്ള സ്ഥല സൗകര്യമുണ്ട്. 150 ആടുകളെ അധികമായി വളർത്തുവാനുള്ള സാഹചര്യവും ഫാമിൽ നിലവിലുണ്ട്.

മേൽത്തട്ട് നിർദ്ദേശം

1. നിലവിൽ മേഖലാ കോഴി വളർത്തൽ കേന്ദ്രത്തിൽ 21400 മുട്ടക്കോഴികുഞ്ഞുങ്ങളെ ഉൽപ്പാദിപ്പിക്കുവാനുള്ള ശേഷിയാണ് ഉള്ളത്. ഇതിൽ ഏകദേശം 11000 പിടക്കോഴികുഞ്ഞുങ്ങൾ ഉണ്ടാകും. ജില്ലാ ഫാമിന്റെ മുഴുവൻ ഉൽപ്പാദനശേഷിയും ഉപയോഗപ്പെടുത്തുകയാണെങ്കിൽ ഉൽപ്പാദനം ഇരട്ടിയാക്കാൻ സാധിക്കും.
2. ജില്ലാ കന്നുകാലി വളർത്തൽകേന്ദ്രം, കുടപ്പനക്കുന്ന്, മേഖല കോഴി വളർത്തൽ കേന്ദ്രം കുടപ്പനക്കുന്ന്, ആട് വളർത്തൽ കേന്ദ്രം, പാറശ്ശാല എന്നീ ഫാമുകൾ ജില്ലാപഞ്ചായത്തിന് കൈമാറേണ്ടതാണ്. ഇതുവഴി ഫാമുകളുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കാവുന്നതാണ്.

ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അനിമൽ ഹെൽത്ത് ആന്റ് വെറ്ററിനറി ബയോളജിക്കൽസ്, പാലോട്

1979 ൽ സ്ഥാപിതമായ ഈ സ്ഥാപനം 46.526 ഏക്കർ സ്ഥലത്ത് പാലോടാണ് സ്ഥിതി ചെയ്യുന്നു. ഇവിടെ പക്ഷിമൃഗാദികൾക്ക് ആവശ്യമായ ബാക്ടീരിയൽ, വൈറൽ വാക്സിനുകൾ ഉൽപ്പാദിപ്പിക്കുന്നു. കൂടാതെ കർഷകർക്ക് ആവശ്യമായ രോഗനിയന്ത്രണ കിറ്റ് എന്നിവ സൗജന്യമായി മൃഗസംരക്ഷണ സ്ഥാപനങ്ങൾവഴി വിതരണം ചെയ്യുന്നു. ഈ സ്ഥാപനം ഇന്ത്യയിലെ തന്നെ മുൻനിര വാക്സിൻ ഉൽപ്പാദനകേന്ദ്രമായി അംഗീകരിക്കപ്പെട്ടിട്ടുള്ളതാണ്. 1987 ൽ ഈ സ്ഥാപനം പുറത്തിറക്കിയ കാലിവസന്ത വാക്സിൻ മൃഗങ്ങളിൽ ഉപയോഗിച്ചതുവഴി 1997 ൽ ഈ മാരകരോഗങ്ങൾ പൂർണ്ണമായും നിർമ്മാർജ്ജനം ചെയ്യുവാൻ സാധിച്ചു.

വൈറൽ വാക്സിൻ

- ❖ കോഴി വസന്ത വാക്സിൻ (എഫ്, കെ, ആർ2ബി തരങ്ങൾ)
- ❖ താറാവ് വസന്ത വാക്സിൻ
- ❖ കോഴി വസൂരി വാക്സിൻ
- ❖ പന്നിപ്പനി വാക്സിൻ
- ❖ ആട് വസന്ത വാക്സിൻ

ബാക്റ്റീരിയൽ വാക്സിൻ

- ➢ അടപ്പൻ
- ➢ കുരലടപ്പൻ
- ➢ ഡക്ക് പാസറ്റുറെല്ല
- ➢ കരിങ്കാൽ

രോഗനിർണ്ണയ പ്രതിരോധ കിറ്റുകൾ

- കാലിഫോർണിയ മാസ്റ്റൈറ്റിസ് റീയേജന്റ്

- അകിട്‌വീക്ക നിയന്ത്രണ കിറ്റ്
- ആന്റിബയോട്ടിക് സെൻസിറ്റിവിറ്റി കിറ്റ്
- റോസ് ബംഗാൾ പ്ലേറ്റ് ടെസ്റ്റ് ആന്റിജൻ
- സാൾമൊണെല്ലപുള്ളോറം ആന്റിജൻ

മൃഗങ്ങൾക്കും മനുഷ്യർക്കുമുള്ള പേവിഷബാധ പ്രതിരോധ മരുന്ന് ഉൽപ്പാദിപ്പിക്കുന്നതിനുള്ള ബൃഹത്പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടികൾക്ക് തുടക്കമിട്ടുകഴിഞ്ഞു.

മേൽത്തട്ട് നിർദ്ദേശം

കന്നുകാലികളിലെ കുളമ്പുരോഗ പ്രതിരോധ കുത്തിവയ്പ് പദ്ധതിക്ക് ആവശ്യമായ വാക്സിൻ ഇപ്പോൾ ഇന്ത്യൻ ഇമ്മ്യൂണോളജിക്കൽസ് എന്ന സ്ഥാപനത്തിൽ നിന്നാണ് വാങ്ങുന്നത്. ഐ.എച്ച് ആന്റ് എ.ബി യിലെ സൗകര്യങ്ങൾ മെച്ചപ്പെടുത്തി ഇവിടെത്തന്നെ കുളമ്പരോഗ പ്രതിരോധ മരുന്ന് ഉൽപ്പാദിപ്പിക്കാവുന്നതാണ്.

സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ആനിമൽ ഡിസീസസ്

തൃശൂർ മണ്ണുത്തിയിലെ വെറ്ററിനറി കോളേജിൽ പ്രവർത്തിച്ചിരുന്ന ഈ സ്ഥാപനം 1982 ൽ വെറ്ററിനറി ബയോളജിക്കൽ ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിതമായതോടെ പാലോടിലേക്ക് മാറ്റി സ്ഥാപിക്കപ്പെട്ടു. 16 ഏക്കർ സ്ഥലത്ത് സ്ഥിതി ചെയ്യുന്ന ഈ സ്ഥാപനം മൃഗസംരക്ഷണ വകുപ്പിന്റെ സംസ്ഥാന റഫറൽ കേന്ദ്രമായി പ്രവർത്തിച്ചു വരുന്നു.

സേവനങ്ങൾ

1. രോഗ പരിശോധന, നിർണ്ണയം, വിലയിരുത്തൽ
2. ജില്ലാതല മേഖലാതല ലബോറട്ടറികളുടെ പ്രവർത്തന ഏകോപനം
3. ഗവേഷണവും വിദഗ്ധോപദേശവും
4. വിജ്ഞാന വ്യാപനം

കന്നുകാലികൾ, വളർത്തുപക്ഷികൾ, ഓമന മൃഗങ്ങൾ, വന്യമൃഗങ്ങൾ എന്നിവയെ ബാധിക്കുന്ന രോഗങ്ങളുടെ പരിശോധനയും നിർണ്ണയവും നടത്തുന്നതിനുള്ള ആധുനിക ബയോസേഫ്റ്റി ലെവൽ രണ്ട് സൗകര്യമുള്ള ലബോറട്ടറി ഇവിടെ സജ്ജമാണ്. രാജ്യാന്തര നിലവാരമുള്ള ഈ സ്ഥാപനത്തിൽ മനുഷ്യരിലെ പേവിഷബാധ നിർണ്ണയവും ഇതോടൊപ്പം നടന്നു വരുന്നു. കുളമ്പുരോഗം നിർണ്ണയിക്കുന്നതിനുള്ള പ്രത്യേക യൂണിറ്റ് നിലവിലുണ്ട്. പാല്, മുട്ട, മാംസം തുടങ്ങിയ മൃഗോൽപ്പന്നങ്ങളിൽ ആന്റി ബയോട്ടിക്, കീടനാശിനികൾ എന്നിവയുടെ സാന്നിദ്ധ്യം കണ്ടെത്തുന്നതിനുള്ള റെസിഡ്യൂ അനലറ്റിക്കൽ ലബോറട്ടറിയും പ്രവർത്തിച്ചു വരുന്നു. സംസ്ഥാന തലത്തിൽ കർഷകരുടെ വീട്ടുപടിക്കൽ രോഗപരിശോധനയും നിർണ്ണയവും നടത്തുന്നതിനുള്ള സഞ്ചരിക്കുന്ന ലബോറട്ടറി ഇവിടെ പ്രവർത്തിക്കുന്നു.

ലൈവ്സ്റ്റോക്ക് മാനേജ്മെന്റ് ട്രെയിനിംഗ് സെന്റർ

മൃഗസംരക്ഷണ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരിക്കുന്ന കർഷകർ, ദുർബല ജനവിഭാഗങ്ങൾ, വനിതകൾ, സ്വയംതൊഴിൽ സംരംഭകർ എന്നിവർക്ക് വിവിധ മൃഗസംരക്ഷണ വിഷയങ്ങളിൽ ശാസ്ത്രീയ പരിശീലനം നൽകിവരുന്നു.

പരിശീലന വിവരങ്ങൾ 2015–16

ആകെ പരിശീലനങ്ങൾ	35
ഇൻ ക്യാമ്പസ്	21
ഓഫ് ക്യാമ്പസ്	14
പരിശീലനങ്ങൾക്ക് പങ്കെടുത്ത ആകെ കർഷകർ	2172
പങ്കെടുത്ത ആകെ സ്ത്രീകൾ	1122
പരിശീലനങ്ങൾക്ക് പങ്കെടുത്ത എസ്.സി./എസ്.റ്റി വിഭാഗക്കാർ	257

താഴെ പറയുന്ന വിഷയങ്ങളിൽ കുടപ്പനക്കുന്ന് ലൈഫ് ഓഫ് മാനേജ്മെന്റ് സെന്ററിൽ വച്ചും ഓഫ് ക്യാമ്പസ് പ്രോഗ്രാമിലൂടെ ജില്ലയിലെ മറ്റ് പ്രദേശങ്ങളിൽ വച്ചും പരിശീലനങ്ങൾ നൽകി വരുന്നു.

പട്ടിക : 4.1.2.10

പരിശീലന വിശദാംശങ്ങൾ

വിഷയം	പരിശീലനകാലം
പശുപരിപാലനം	5 ദിവസം
മുട്ടക്കോഴി വളർത്തൽ	4 ദിവസം
ഇറച്ചിക്കോഴി വളർത്തൽ	4 ദിവസം

വീട്ടുപരിസരത്തെ കോഴി വളർത്തൽ	2 ദിവസം
താറാവ് വളർത്തൽ	2 ദിവസം
ടർക്കി വളർത്തൽ	1 ദിവസം
കാട വളർത്തൽ	1 ദിവസം
ആട് വളർത്തൽ	2 ദിവസം
പന്നി വളർത്തൽ	2 ദിവസം
മുയൽ വളർത്തൽ	1 ദിവസം
തീറ്റപ്പുൽകൃഷി	2 ദിവസം

മേൽത്തട്ട് നിർദ്ദേശം

മൃഗസംരക്ഷണ പരിശീലന കേന്ദ്രം വഴി സംരംഭകത്വ പരിശീലനം സംഘടിപ്പിക്കുകയും സന്നദ്ധതയുള്ള സംരംഭകർക്ക് ക്യാപ്പിറ്റൽ ഇൻവെസ്റ്റ്മെന്റ് സബ്സിഡി നൽകുകയും ചെയ്യുക.

ഗോരക്ഷാ പദ്ധതി

കന്നുകാലികളെ ബാധിക്കുന്ന പകർച്ചവ്യാധിയായ കുളമ്പുരോഗം നിയന്ത്രിക്കുന്നതിന് വേണ്ടിയുള്ള ഒരു സമഗ്ര പദ്ധതിയാണ് കേരള സർക്കാർ നടപ്പിലാക്കി വരുന്ന ഗോരക്ഷാ പദ്ധതി. ദേശീയ ക്ഷീരവികസന ബോർഡിന്റെയും ഭാരത സർക്കാരിന്റെയും സാമ്പത്തികവും സാങ്കേതികവുമായ സഹായം ഈ പദ്ധതിക്ക് ലഭിക്കുന്നുണ്ട്. കന്നുകാലി സമ്പത്തിന്റെ ഏറ്റവും ഭീഷണിയാവുന്ന ഒരു പകർച്ചവ്യാധിയാണ് കുളമ്പുരോഗം. മറ്റ് പകർച്ചവ്യാധികളുടെ പരിശോധനയും നിയന്ത്രണവും ഗോരക്ഷയിലൂടെ നടപ്പിലാക്കുന്നതോടൊപ്പം കുളമ്പരോഗ നിയന്ത്രണം ഏറ്റവും പ്രാധാന്യം നൽകി നടപ്പിലാക്കിവരുന്നു. 2004 ഒക്ടോബർ മുതൽ ഗോരക്ഷാപദ്ധതി 14 ജില്ലകളിലും നടപ്പിലാക്കിവരുന്നു. കർഷകരുടെയും മറ്റ് പൊതുജനങ്ങളുടെയും ബോധവൽക്കരണം, അന്യസംസ്ഥാനങ്ങളിൽ നിന്നും കൊണ്ടുവരുന്ന കന്നുകാലികളെ ചെക്ക്പോസ്റ്റുകളിൽ രോഗപരിശോധനക്ക് വിധേയമാക്കുക, കുത്തിവയ്പിന് വിധേയമാക്കിയ കന്നുകാലികളുടെ രോഗപ്രതിരോധശേഷി പരിശോധന, ചിട്ടയായ രോഗപ്രതിരോധ കുത്തിവയ്പ് നടത്തുക, ഏതെങ്കിലും സ്ഥലത്ത് കുളമ്പ രോഗ ലക്ഷണങ്ങൾ കാണുന്നപക്ഷം വളരെ പെട്ടെന്നു തന്നെ വിദഗ്ദ്ധ പരിശോധന നടത്തുകയും രോഗം പകരാതെ നിയന്ത്രിക്കാനുള്ള സംവിധാനം ഏർപ്പെടുത്തുകയും ചെയ്യുക. 2016–17 വർഷം ജില്ലയിലുണ്ടായ പകർച്ച രോഗബാധയെക്കുറിച്ചുള്ള വിവരങ്ങൾ ചുവടെ ചേർക്കുന്നു.

പട്ടിക : 4.1.2.11

പകർച്ചാരോഗ ബാധിത വിശദാംശങ്ങൾ

രോഗത്തിന്റെ പേര്	രോഗബാധയേറ്റ മൃഗങ്ങൾ	മരണനിരക്ക്
കുളമ്പ് രോഗം	515	5
പേവിഷബാധ	27	27
കുരലടപ്പൻ	1	–
ആട് വസന്ത	135	52
ക്ഷയരോഗം	4	–
പന്നി വസൂരി	9	–
ബൊവൈൻവൈറൽ ഡയേറിയ	1	–

ഈ സ്ഥാപനത്തോട് അനുബന്ധിച്ച് സ്റ്റേറ്റ് അനിമൽ എമർജൻസി കൺട്രോൾ റൂം 24 മണിക്കൂറും പ്രവർത്തിക്കുന്നു.

മേൽത്തട്ട് നിർദ്ദേശം

പ്രകൃതിക്ഷോഭങ്ങൾ മൂലമുണ്ടാക്കുന്നത് ഉൾപ്പെടെയുള്ള ദുരന്തങ്ങൾ സംഭവിക്കുമ്പോൾ സത്വര നടപടികൾ സ്വീകരിക്കുന്നതിന് മൃഗസംരക്ഷണമേഖലയിൽ ജില്ലാതലത്തിൽ ഒരു ദുരന്തനിവാരണസെൽ രൂപീകരിക്കേണ്ടതാണ്.

സേവനമേഖല – ക്ഷീരവികസനം

ഡെപ്യൂട്ടി ഡയറക്ടർ (ജില്ലാ രജിസ്ട്രാർ ഡെയറി)

ക്വാളിറ്റി കൺട്രോൾ ഓഫീസർ	– 1
ടെക്നിക്കൽ അസി.ഡയറക്ടർ ക്ഷീരവികസന ആഫീസർ	– 12 (ബ്ലോക്ക്തലം)
ഡെയറിഫാം ഇൻസ്ട്രക്റ്റേഴ്സ്	– 24 ബ്ലോക്ക്തലം
പഞ്ചായത്ത്തല ഉദ്യോഗസ്ഥർ	– ഇല്ല

സംഘങ്ങൾ (രജിസ്റ്റേർഡ്)

- ആനന്ദ് മാതൃക സംഘങ്ങൾ – 344
- പരമ്പരാഗത സംഘങ്ങൾ – 78
- പ്രവർത്തിക്കുന്ന സംഘങ്ങൾ – 313
- പരമ്പരാഗത സംഘങ്ങൾ – 35
- ആകെ – 348

കേരള സംസ്ഥാന പൗൾട്രി വികസന കോർപ്പറേഷൻ

സംസ്ഥാനത്തെ ഇറച്ചികോഴിവളർത്തൽ, മുട്ടകോഴിവളർത്തൽ എന്നിവ പ്രോത്സാഹിപ്പിക്കുന്നതിനായി പേട്ട ആസ്ഥാനമായി പ്രവർത്തിക്കുന്ന കെപ്കോ എന്ന പൊതുമേഖല സ്ഥാപനത്തിന് കീഴിൽ താഴെപറയുന്ന അനുബന്ധ യൂണിറ്റുകൾ പേട്ടയിൽ പ്രവർത്തിച്ചുവരുന്നു.

മാംസ സംസ്കരണയൂണിറ്റ്

കേന്ദ്രസർക്കാരിന്റെ എം.എഫ്.പി.ഒ ലൈസൻസ് ലഭിച്ചിട്ടുള്ള ഈ സ്ഥാപനത്തിന് പ്രതിദിനം 2400 കോഴികളുടെ മാംസം സംസ്കരിക്കുന്നതിനുള്ള ശേഷിയുണ്ട്.

മൂല്യവർദ്ധിത ഉൽപ്പന്ന നിർമ്മാണ യൂണിറ്റും വിപണനശാലയും

അത്യാധുനിക രീതിയിൽ യന്ത്രവൽകൃത സംവിധാനങ്ങളുടെ സഹായത്തോടെ പ്രവർത്തിക്കുന്ന ഈ യൂണിറ്റിൽ മാരിഗേറ്റഡ് ചിക്കൻ, സോസേജ്, കട്‌ലെറ്റ്, ലാലിപോപ്പ് തുടങ്ങിയ മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ ഉൽപ്പാദിപ്പിച്ച് വിതരണം നടത്തിവരുന്നു.

കെപ്കോ വിതരണ കേന്ദ്രങ്ങൾ/വിതരണശൃംഖലകൾ

പേട്ടയിൽ പ്രവർത്തിക്കുന്ന വിപണന കേന്ദ്രം രാവിലെ എട്ടുമണിമുതൽ രാത്രി എട്ടുമണിവരെ കെപ്കോ ചിക്കനും അനുബന്ധ ഉൽപ്പന്നങ്ങളും മിതമായ നിരക്കിൽ വിപണനം നടത്തുന്നു. കൂടാതെ ജില്ലയിൽ 30 കെപ്കോ ഏജൻസികളും ഇതിനോടൊപ്പം പ്രവർത്തിക്കുന്നു.

ടെക്നിക്കൽ സർവീസ് സെന്റർ/ട്രെയിനിംഗ് സെന്റർ/ഇഗോസ്റ്റഡി സെന്റർ

കോഴി വളർത്തൽ മേഖലയിലെ കർഷകർ നേരിടുന്ന സാങ്കേതികവും ശാസ്ത്രീയവുമായ പ്രശ്നങ്ങൾക്ക് പരിഹാര നിർദ്ദേശങ്ങൾ ടെക്നിക്കൽ സർവ്വീസ് സെന്റർ നൽകുന്നു. കോഴി, താറാവ്, കാട വളർത്തൽ സംബന്ധിച്ച കർഷർക്ക് ട്രെയിനിംഗ് സെന്റർ വഴി പരിശീലനം നൽകിവരുന്നു. ദേശീയ അംഗീകാരം ലഭിച്ച ഇഗോ സ്റ്റഡി സെന്റർ മുഖേന ആറുമാസം ദൈർഘ്യമുള്ള സർട്ടിഫിക്കറ്റ് കോഴ്സ് ഇൻ പൗൾട്രി ഫാം, ഒരു വർഷത്തെ ഡിപ്ലോമ ഇൻ മീറ്റ് ടെക്നോളജി എന്നീ കോഴ്സുകൾ നടത്തിവരുന്നു.

ന്യായവില മെഡിക്കൽ സ്റ്റോർ

പൗൾട്രി കർഷകർക്കും വളർത്തുമൃഗങ്ങൾക്കും ആവശ്യമായ മരുന്നുകൾ ഈ കേന്ദ്രം വഴി ന്യായവിലയ്ക്ക് വിതരണം ചെയ്യുന്നു.

കെപ്കോ എ.സി.ചിക്കൻ റസ്റ്റോറന്റ്

2010 മേയ് മാസത്തിൽ ആരംഭിച്ച ഈ റസ്റ്റോറന്റിൽ നിന്നും ഗുണമേന്മയുള്ള സ്വാദിഷ്ടമായ ചിക്കൻ വിഭവങ്ങൾ മിതമായ നിരക്കിൽ ലഭ്യമാക്കുന്നു.

ബ്രോയിലർ ബ്രീഡിംഗ് ഫാം കുടപ്പനക്കുന്ന്

കുടപ്പനക്കുന്നിൽ 43 ½ ഏക്കർ സ്ഥലത്ത് വ്യാപിച്ചുകിടക്കുന്ന ഈ ഫാമിൽ ഇറച്ചിക്കോഴി കുഞ്ഞുങ്ങളുടെ ഉൽപ്പാദനം നടക്കുന്നു. ഇവിടെ ഉൽപ്പദനക്ഷമത കൂടിയ കോബ് 400 വൈ ഇനത്തിൽപ്പെട്ട 15000 മാതൃപിതൃ ശേഖരത്തെ ശാസ്ത്രീയമായി പരിപാലിക്കുന്നു. പൊതുമേഖലയിലെ സംസ്ഥാനത്തെ ഏക ഹൈടെക് ബ്രോയിലർ യൂണിറ്റാണിത്. മുട്ടകളുടെ വിരിയിപ്പിക്കൽ ശേഷി വർദ്ധിപ്പിക്കുന്നതിനുവേണ്ടി കോഴികളിൽ കൃത്രിമ ബീജദാന സമ്പ്രദായം പ്രായോഗികമാക്കിയിരിക്കുന്നു. പ്രതിമാസം പരമാവധി 9,77,000 വിരിപ്പു മുട്ടകളും ഒരു ലക്ഷം ബ്രോയിലർ കോഴിക്കുഞ്ഞുങ്ങൾ ഉൽപ്പാദിപ്പിക്കപ്പെടുന്നു. ബയോഗ്യാസ് പ്ലാന്റിൽ നിന്നും വൈദ്യുതി ഉൽപ്പാദിപ്പിക്കുകയും കോഴിവളം സംസ്കരിച്ചു ജൈവവളം നിർമ്മിക്കുന്നതിനായി ഒരു ഓർഗാനിക് ട്രീറ്റ്മെന്റ് പ്ലാന്റും പ്രവർത്തിച്ചുവരുന്നു.

തുറന്ന ജയിൽ നെട്ടുകാൽത്തേരി

(276 ഏക്കർ –കോട്ടൂർ, 200 ഏക്കർ – തേവൻകോട്)

ഏകദേശം 476 ഏക്കറോളം ഭൂമിയിൽ സ്ഥിതിചെയ്യുന്ന തുറന്ന ജയിലിൽ ഒരു സമ്മിശ്രഫാം സ്ഥിതിചെയ്യുന്നു. ഇവിടെ 38 പശുക്കൾ, 16 എരുമകൾ, 132 ആടുകൾ 600 താറാവുകൾ, 5000 ബ്രോയിലർ കോഴികൾ എന്നിവയുണ്ട്. 76 ഏക്കറിൽ മാത്രമാണ് കൃഷിയുള്ളത്. ഇതിൽ അഞ്ച് ഏക്കറിൽ തീറ്റപ്പുൽകൃഷി ഉണ്ട്. ഇവിടെ തരിശായിക്കിടക്കുന്ന ഭൂമിയിൽ തീറ്റപ്പുൽകൃഷി ചെയ്തു ആവശ്യക്കാർക്ക് വില ഈടാക്കി വിതരണം നടത്താവുന്നതാണ്. ഇതിനായി ജലസേചന സൗകര്യങ്ങളും മറ്റും ഏർപ്പാടാക്കുന്നതിനുള്ള സർക്കാർ ഫണ്ട് വകയിരുത്തുകയും ജയിലിൽ അന്തേവാസികളുടെ മനുഷ്യപ്രയത്നം ഉപയോഗിക്കുകയും ചെയ്താൽ ഫലപ്രദമായി സമീപപ്രദേശങ്ങളിലെ തീറ്റപ്പുൽ ദൗർലഭ്യം പരിഹരിക്കാൻ കഴിയും.

മൃഗശാല

1857 ൽ ആരംഭിച്ച ഇത് വലിയ മൃഗശാലകളുടെ പട്ടികയിലാണ് ഉൾപ്പെട്ടിട്ടുള്ളത്. 55 ഏക്കർ വിസ്തീർണ്ണമുള്ള ഇവിടെ 82 തരം മൃഗങ്ങളും, 18 തരം ഇഴജന്തുക്കളും, 32 തരം പക്ഷികളും നിലവിലുണ്ട്. പ്രതിവർഷം ഏകദേശം 11,82,000 സന്ദർശകർ മൃഗശാല സന്ദർശിക്കുന്നുണ്ട്.

വിജയകരമായി നടപ്പിലാക്കുന്ന മാതൃക

ജില്ല വെറ്ററിനറി കേന്ദ്രത്തിലെ ന്യായവില മെഡിക്കൽ സ്റ്റോർ

മൃഗസംരക്ഷണ മേഖലയിൽ പ്രവർത്തിക്കുന്ന എല്ലാ കർഷകർക്കും അവരുടെ മൃഗങ്ങൾക്ക് ആവശ്യമുള്ള മരുന്നുകളും പ്രതിരോധ കുത്തിവയ്പ്പുകളും ഗുണനിലവാരം ഉറപ്പുവരുത്തി ന്യായവിലയ്ക്ക് വിതരണം ചെയ്യുകയും അതുവഴി കർഷകന്റെ ഉൽപ്പാദന ചെലവ് കുറയ്ക്കുകയും ചെയ്യുക എന്ന ലക്ഷ്യത്തോടെയാണ് തിരുവനന്തപുരം ജില്ലാപഞ്ചായത്ത് ജനകീയാസൂത്രണത്തിന്റെ പതിനൊന്നാം പദ്ധതിക്കാലത്ത് (2009–10 ൽ) ന്യായവില മെഡിക്കൽ സ്റ്റോർ ആരംഭിച്ചത്. പദ്ധതിയുടെ ആദ്യവർഷത്തിൽ ജില്ല വെറ്ററിനറി കേന്ദ്രത്തിനോട് അനുബന്ധിച്ചാണ് ന്യായവില മെഡിക്കൽ സ്റ്റോർ പ്രവർത്തിക്കുന്നത്. പദ്ധതിയുടെ ആദ്യവർഷത്തിൽ പശ്ചാത്തലം ഒരുക്കുന്നതിനും തുടർ പ്രവർത്തനങ്ങൾക്കുമായി 2.3 ലക്ഷം രൂപയാണ് വകയിരുത്തിയിട്ടുണ്ടായിരുന്നത്. തുടർന്നുള്ള വർഷങ്ങളിൽ ന്യായവില മെഡിക്കൽ സ്റ്റോറിന്റെ വരുമാനത്തിൽ നിന്നു തന്നെ ചെലവിനുള്ള തുക കണ്ടെത്താൻ കഴിഞ്ഞിട്ടുണ്ട്.

നാളിതുവരെയുള്ള പ്രവർത്തനത്തിന്റെ ഫലമായി 34.46 ലക്ഷം രൂപ നിക്ഷേപ ബാക്കിയായി ന്യായവില മെഡിക്കൽ സ്റ്റോറിന്റെ അക്കൗണ്ടിൽ ഉണ്ട്. കൂടാതെ മെഡിക്കൽ സ്റ്റോറിന്റെ വരുമാനത്തിൽ നിന്നും രണ്ട് ഫാർമസിസ്റ്റുകൾ, ഒരു എക്സ്റേ ടെക്നീഷ്യൻ, ഒരു സെക്യൂരിറ്റി ഗാർഡ്, ഒരു ഓപ്പറേഷൻ തിയേറ്റർ അസിസ്റ്റന്റ്, രണ്ട് ഒ.പി.രജിസ്ട്രേഷൻ അസിസ്റ്റന്റുമാർ, രണ്ട് ശുചീകരണ തൊഴിലാളികൾ എന്നിവരെ നിയമിക്കാനും ഇവരുടെ സേവനം ജില്ലാ വെറ്ററിനറി കേന്ദ്രത്തിന് ഉപയോഗിക്കുവാനും കഴിയുന്നുണ്ട്. 2016–17 സാമ്പത്തിക വർഷത്തെ വരുമാനം 38.19 ലക്ഷം രൂപയും ചെലവ് 36.21 ലക്ഷം രൂപയുമാണ്.

പച്ചപ്പാൽ

1957 മുതൽ മൃഗസംരക്ഷണ വകുപ്പിന്റെ കീഴിൽ പ്രവർത്തനം നടത്തുന്ന ജഴ്സി ഫാം എക്സറ്റൻഷൻ യൂണിറ്റ്, ചെറ്റച്ചൽ ഇപ്പോൾ ജില്ലാ പഞ്ചായത്തിന്റെ ഭാഗമാണ്. ഗുണഭോക്താക്കൾക്ക് നറുംപാലിന്റെ മണവും രുചിയും ഗുണവും നഷ്ടപ്പെടാതെ എത്തിച്ചുകൊടുക്കുന്നതിന് 2017 മാർച്ച് മാസത്തിൽ ലൈസൻസോടുകൂടി 13,95,000/– (പതിമൂന്ന് ലക്ഷത്തി തൊണ്ണൂറ്റി അയ്യായിരം രൂപ മാത്രം) മുതൽ മുടക്കിൽ 1000 ലിറ്റർ ശീതീകരണ സൗകര്യത്തോടുകൂടി പച്ചപ്പാൽ എന്ന ലോഗോ അടിച്ച കവറിൽ യന്ത്രസഹായത്തോടെ 500ml വീതം നിറച്ച് ഫാം പരിസരത്തും ചുറ്റുമുള്ള പഞ്ചായത്തുകളിലും തിരുവനന്തപുരം പട്ടണപ്രദേശത്തും വിജയകരമായി വിപണനം ചെയ്തു വരുന്നു. മുൻപ് മേഖലാ ക്ഷീരോല്പാദക യൂണിറ്റിന് നേരിട്ട് നൽകിയിട്ടുള്ളതിനേക്കാൾ സാമ്പത്തികലാഭം നേരിട്ടുള്ള വിൽപ്പനയിൽ നിന്നും കവറിൽ നിറച്ച് വിൽപ്പന നടത്തുന്ന ചിലവു കഴിച്ചതിനുശേഷവും ലഭിക്കുന്നുണ്ട്. മറ്റ് ഫാമുകളിലും വിജയകരമായി നടത്താവുന്ന ഒരു പദ്ധതിയാണ്. സാങ്കേതികജ്ഞാനം വേണ്ടുന്ന ജോലിയായതിനാൽ കവറിൽ നിറയ്ക്കുന്നതും വാഹനത്തിൽ ശീതീകരിച്ച സൗകര്യത്തോടുകൂടി വിതരണം നടത്തുന്നതും കരാറടിസ്ഥാനത്തിലാണ്.

4.1.3.മത്സ്യ വികസനം

ജില്ലയിലെ മത്സ്യബന്ധനം പ്രധാനമായും കടൽ മേഖലയെ ആശ്രയിച്ചുള്ളതാണ്. കേരളത്തിന്റെ തെക്ക്–പടിഞ്ഞാറ് ഭാഗത്ത് സ്ഥിതിചെയ്യുന്ന പരുത്തിയൂർ മുതൽ ചിലക്കൂർ വരെയുള്ള കടൽത്തീരത്തിന് 78 കിലോ മീറ്റർ ദൈർഘ്യമുണ്ട്. വീതികുറഞ്ഞ ഭൂഖണ്ഡ സോപാനവും ശക്തിയേറിയ തിരമാലയും മൂലം എല്ലാ കാലാവസ്ഥയിലും മത്സ്യമിറക്കാവുന്ന മത്സ്യഗ്രാമങ്ങൾ ജില്ലയിൽ കുറവാണ്. എന്നാൽ മത്സ്യവിഭവകളുടെയും മത്സ്യബന്ധന വൈദഗ്ദ്ധ്യത്തിന്റെയും കാര്യത്തിൽ വളരെയധികം വൈവിധ്യമുള്ള ജില്ലയാണെന്നത് എടുത്ത് പറയേണ്ട ഒന്നാണ്. കേരളത്തിലെ കടൽ മത്സ്യമേഖലാ ഭൂപടത്തിൽ നിർണ്ണായകമായ പങ്കാണ് ജില്ലയ്ക്ക് ഉള്ളതെന്ന് ചുവടെ കൊടുത്തിരിക്കുന്ന വിവരങ്ങളിൽ നിന്നും വ്യക്തമാകും.

ഭൂമിശാസ്ത്രപരമായ കാര്യങ്ങൾ

കേരളത്തിലെ മൊത്തം തീരദേശ ദൈർഘ്യത്തിന്റെ 13 ശതമാനവും തീരദേശ വിസ്തീർണത്തിന്റെ 10 ശതമാനവും ഭൂഖണ്ഡ സോപാനത്തിന്റെ 10% ഉം ജില്ലയിലാണ്.

പട്ടിക : 4.1.3.1

ഭൂമി ശാസ്ത്രപരമായ കാര്യങ്ങൾ

	കേരളം	തിരുവനന്തപുരം	%
വിസ്തീർണ്ണം (ചതു: കി.മീ.)			
ആകെ	38863[3]	2192[2]	5.64
തീരദേശം[3]	3594	362	10.07
തീരദേശ ദൈർഘ്യം (കി.മീ.)[4]	590	78	13.22
ഭൂഖണ്ഡ സോപാനം (ചതു: കി.മീ.)[1]	39139[1]	3939[1]	10.06
നദികൾ – എണ്ണം[5]	44	5	9.09
കുളങ്ങൾ (ദൈർഘ്യം – കി.മീ.)[2]	3220	256	
പഞ്ചായത്ത് കുളങ്ങൾ (എണ്ണം)	6848	1706	24.91
പഞ്ചായത്ത് കുളങ്ങളുടെ വിസ്തൃതി (ഹെക്ടർ)	1486.69	297.25	19.99
സ്വകാര്യ കുളങ്ങൾ / ക്ഷേത്ര കുളങ്ങൾ[2]	40368	221	0.55
അണക്കെട്ട്: വിസ്തൃതി (ഹെക്ടർ)[2]	34180	2340	6.85
അഴിമുഖങ്ങൾ എണ്ണം	54	6	5.95
അഴിമുഖങ്ങൾ വിസ്തീർണ്ണം	46128	1177.28	5.95
കണ്ടൽ കാട് (ഹെക്ടർ)	2189	1375	62.81

{അവലംബം : 1. കേരള സർക്കാർ, 2015, 2.കേരള സർക്കാർ, 2013, 3.കേരള സർക്കാർ, 1995, 4. കേരള സർക്കാർ, 2016, 5. കേരള സർക്കാർ, 2013(എ)}

കടലിലേക്ക് ഒഴുകുന്ന 5 നദികളും, 6 അഴിമുഖങ്ങളും ജില്ലയിലാണെന്നത് ഇവിടുത്തെ കടൽ മത്സ്യ സമ്പത്തിനെ സമ്പുഷ്ടമാക്കുന്നു. ചില മത്സ്യങ്ങളുടെ പ്രജനനത്തിന് നിദാനമായ കണ്ടൽ കാടുകളും തീരക്കടലിലെ സ്വാഭാവിക പാറുകളും ജില്ലയുടെ പ്രത്യേകതയാണ്. കൂടാതെ സംസ്ഥാനത്തെ ആകെയുള്ള പഞ്ചായത്ത് കുളങ്ങളിൽ 25 ശതമാനവും ജില്ലയിലാണ്.

കേരളത്തിലെ പ്രധാന മത്സ്യ സങ്കേതങ്ങളായ വാഡ്ജ് ബാങ്ക്, കൊല്ലം ബാങ്ക് എന്നിവയുടെ സാമിപ്യം മൂലവും കടലിലെ മറ്റു പ്രത്യേകതകൾ മൂലവും ജില്ലയിൽ മത്സ്യ ജൈവവൈവിധ്യം വളരെ കൂടുതലാണ്.

ജില്ലയിലെ മത്സ്യത്തൊഴിലാളികളും താരതമ്യേന മെച്ചപ്പെട്ട മത്സ്യബന്ധന വൈദഗ്ദ്ധ്യം ഉള്ളവരാണ്. കടൽപ്പാലത്ത് നിന്നും കട്ടമരവുമായി ചാടി മത്സ്യബന്ധനത്തിന് പോകുന്ന വലിയതുറ ഗ്രാമം ജില്ലയുടെ സവിശേഷതയാണ്.

ജനസംഖ്യ – വിശദാംശങ്ങൾ

ജില്ലയിൽ 48 കടൽ മത്സ്യഗ്രാമങ്ങളും 4 ഉൾനാടൻ മത്സ്യഗ്രാമങ്ങളും ഉണ്ട്.

പട്ടിക : 4.1.3.2

മത്സ്യഗ്രാമങ്ങളും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും

മത്സ്യ വകുപ്പ് പ്രകാരമുള്ള മത്സ്യബന്ധന ഗ്രാമങ്ങൾ	തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ		കർമ്മോന്മുഖ മത്സ്യ തൊഴിലാളികൾ	മത്സ്യ തൊഴിലാളി കുടുംബങ്ങൾ	മത്സ്യ തൊഴിലാളി ജനസംഖ്യ
	പേര്	വാർഡുകൾ			
കടൽമേഖല					
കൊല്ലംകോട്	കുളത്തൂർ	8,9,10,11,12,13		2554	12690
പരുത്തിയൂർ		9,12,13,14		3108	15640
പൂവാർ	പൂവാർ	9,10,11,12		2304	11420
കൊച്ചുതുറ	കരുംകുളം	3,10,11,12		994	4920
പുതിയതുറ		3,10,11,12		2548	124902
കരുംകുളം		9		415	2000
പള്ളം		14		504	2597
പുല്ലുവിള		1,15,16,17,18		3485	17513
അടിമലത്തുറ	കോട്ടുകാൽ			2187	10880
ചൊവ്വര				218	1049
വിഴിഞ്ഞം സൗത്ത്	തിരുവനന്തപുരം കോർപ്പറേഷൻ			4036	20086
വിഴിഞ്ഞം നോർത്ത്		63		1710	8477
കോവളം		63		188	912
പനത്തുറ		64		190	1022
പൂന്തുറ		69		2255	11167
ഭീമാപള്ളി		76,77		680	3423
ചെറിയതുറ		76,77		75	349
വലിയതുറ		76,77		826	4006
കൊച്ചുതോപ്പ്		79		725	3679
വലിയതോപ്പ്		80		235	1203
വെട്ടുകാട്		90		280	1473
കൊച്ചുവേളി		90		214	947
കണ്ണാംതുറ		89		151	725
ശംഖുമുഖം		89		100	474
പള്ളിത്തുറ		100		133	640
വലിയവേളി		99		290	1300
തുമ്പ	കഠിനംകുളം				
പുതുക്കുറിച്ചി		22,23,1		1209	5982
പുത്തൻതോപ്പ്		14,15,8		314	1622
വെട്ടിയതുറ		16,18		288	1295
വെട്ടുതുറ (സെന്റ് ആൻഡ്രൂസ്)		12,13		591	2896
മരിയനാട്		19,20		1450	7325
പെരുമാതുറ	ചിറയിൻകീഴ്			331	1599
പൂത്തുറ		13,14		249	1322
താഴംപള്ളി		13,14		412	2118
അഞ്ചുതെങ്ങ്	അഞ്ചുതെങ്ങ്	6,7,8,9,10,11,12		2100	10350
മാംപള്ളി		4,5,6,11,12,13,14		2011	9909
പൂത്തുറ		8,9		250	1322
കായിക്കര		3,4		129	699
നെടുങ്ങണ്ടം		14		34	141
ഇടവ	ഇടവ	14,15,16,17,2		200	950
ഓടയം	വർക്കല മുനിസിപ്പാലിറ്റി	11,12,13		415	2127
വെട്ടൂർ	വെട്ടൂർ	1,2,310,11,13,14		810	3924
ചിലക്കൂർ		19,20,22,23		620	3051
			ആകെ	41818	207714

ഉൾനാടൻ മേഖല

ആറ്റിപ്ര	തിരുവന്തപുരം കോർപ്പറേഷൻ
ഹരിഹരപുരം	അയിരൂർ
ചിറയിൻകീഴ്	ചിറയിൻകീഴ്
വെള്ളായണി	കല്ലിയൂർ

{അവലംബം : 1. കേരള സർക്കാർ, 201 2. കേരള സർക്കാർ, 2013 (എ)}

ജില്ലയിലെ ആകെ 43,230 കടൽ മത്സ്യത്തൊഴിലാളി കുടുംബങ്ങളിലായുള്ള ജനസംഖ്യ 1,69,153 പേർ ആണ്. എന്നാൽ ഉൾനാടൻ മേഖലയിൽ 70 കുടുംബങ്ങളിലായുള്ള ആകെ ജനസംഖ്യ 1,405 പേർ മാത്രമാണ്. സംസ്ഥാനത്തെ കടൽ മത്സ്യഗ്രാമങ്ങളിൽ 22 ശതമാനവും കടൽ മത്സ്യത്തൊഴിലാളി കുടുംബങ്ങളിൽ 30 ശതമാനവും കടൽ മത്സ്യത്തൊഴിലാളികളിൽ 21 ശതമാനവും തിരുവനന്തപുരം ജില്ലയിലാണ്.

പട്ടിക : 4.1.3.3

മത്സ്യത്തൊഴിലാളി വിഭാഗം – ജനസംഖ്യാപരമായ കാര്യങ്ങൾ

വിഭാഗം	കേരളം[1]	തിരുവനന്തപുരം[2]	%
മത്സ്യഗ്രാമങ്ങൾ[1]			
കടൽ	222	48	21.62
ഉൾനാടൻ	113	4	3.54
ആകെ	335	52	15.52
മത്സ്യത്തൊഴിലാളി കുടുംബങ്ങൾ (2015–16)[2]			
കടൽ	143409	43230	30.14
ഉൾനാടൻ	28469	70	0.25
ആകെ	171878	43300	25.19
മത്സ്യത്തൊഴിലാളി ജനസംഖ്യ (2015–16)[1]			
കടൽ	788324	168701	21.40
ഉൾനാടൻ	235472	1413	0.60
ആകെ	1023796	170114	16.62

(അവലംബം : 1കേരള സർക്കാർ, 2016, 2കേരള സർക്കാർ, 2015)

മത്സ്യമേഖലയിലെ സ്ത്രീ–പുരുഷ അനുപാതം സ്ത്രീകൾക്ക് പ്രതികൂലമാണ്. ഇത് പ്രധാനമായും കടൽ മത്സ്യമേഖലയിലുമാണ്. സംസ്ഥാനതലത്തിലെ മത്സ്യത്തൊഴിലാളി സ്ത്രീ–പുരുഷ അനുപാതവുമായി താരതമ്യപ്പെടുത്തുമ്പോൾ ജില്ലയിലെ സ്ത്രീ–പുരുഷ അനുപാതം കൂടുതൽ പ്രതികൂലമാണ് – സംസ്ഥാനത്ത് 907 എങ്കിൽ ജില്ലയിൽ 885 ആണ്.

പട്ടിക : 4.1.3.4

മത്സ്യത്തൊഴിലാളി വിഭാഗം – സ്ത്രീ–പുരുഷ അനുപാതം

മേഖല	വിഭാഗം	കേരളം		തിരുവനന്തപുരം	
		ജനസംഖ്യ[1] (മത്സ്യ ത്തൊഴിലാളി)	സ്ത്രീ–പുരുഷ അനുപാതം[2] (മത്സ്യ ത്തൊഴിലാളി)	ജനസംഖ്യ[1]	സ്ത്രീ–പുരുഷ അനുപാതം[2]
കടൽ	പുരുഷൻ	307717	892	62857	883
	സ്ത്രീ	274337		55527	
	കുട്ടികൾ	201846		49370	
	ആകെ	783900		167754	
ഉൾനാടൻ	പുരുഷൻ	90919	963	445	1162
	സ്ത്രീ	87470		517	
	കുട്ടികൾ	55762		443	
	ആകെ	234151		1405	
മൊത്തം	പുരുഷൻ	398636	907	63302	885
	സ്ത്രീ	361807		56044	
	കുട്ടികൾ	257608		49813	
	ആകെ	1018051		169159	

{അവലംബം : 1കേരള സർക്കാർ, 2015, 2തിട്ടപ്പെടുത്തിയത്. (കുട്ടികളെ ഉൾപ്പെടുത്തിയിട്ടില്ല)}

മത്സ്യത്തൊഴിലാളികൾ

കേരളത്തിലെ കടൽ മേഖലയിലെ കർമ്മോന്മുഖ മത്സ്യത്തൊഴിലാളികളിൽ 27 ശതമാനവും ജില്ലയിലാണ്. ആകെ കടൽ മത്സ്യത്തൊഴിലാളികൾ 49,929 പേരും അനുബന്ധ മത്സ്യതൊഴിലാളികൾ 1514 പേരും ആണ്.

പട്ടിക : 4.1.3.5

മത്സ്യതൊഴിലാളികൾ

മത്സ്യതൊഴിലാളികൾ	കേരളം	തിരുവനന്തപുരം	%
കർമ്മോന്മുഖ മത്സ്യതൊഴിലാളികൾ– ആകെ (2015–16)[1]	233126	50986	28.08
കടൽ	186832	50899	27.84
ഉൾനാടൻ	46294	87	0.24
അനുബന്ധ മത്സ്യതൊഴിലാളികൾ – ആകെ (2014–15)[2]	79347	1514	1.91
ആൺ	17089	534	3.12
പെൺ	62258	980	1.57

(അവലംബം : 1കേരള സർക്കാർ,2016, കേരള സർക്കാർ,2015)

ജില്ലയിൽ മത്സ്യ വിപണനത്തിൽ ഏർപ്പെടുന്ന സ്ത്രീകൾ 1607 പേരും പുരുഷന്മാർ 299 പേരും ആണ്.

പട്ടിക : 4.1.3.6

മത്സ്യവിപണന തൊഴിലാളികൾ

വിഭാഗം	കേരളം	തിരുവനന്തപുരം	%
സ്ത്രീകൾ	9750	1308	13.42
പുരുഷന്മാർ	6255	299	4.78
ആകെ	16005	1607	100.00

(അവലംബം : കേരള സർക്കാർ, 2015)

മത്സ്യബന്ധന ഉരുക്കളും ഉപകരണങ്ങളും

കടൽ മത്സ്യമേഖലയിലെ ആധുനികവത്കരണത്തിന് ശേഷവും ചെറുകിട മത്സ്യബന്ധന രീതികൾ അനുവർത്തിച്ചുവരുന്ന ഒരു ജില്ലയാണ് തിരുവനന്തപുരം. പരമ്പരാഗത ഉരുക്കളും ഉപകരണങ്ങളും ഇന്നും അന്യം നിന്നിട്ടില്ലായെന്നത് ഈ ജില്ലയുടെ പ്രത്യേകതയാണ്.

പട്ടിക : 4.1.3.7

മത്സ്യബന്ധന ഉരുക്കളും ഉപകരണങ്ങളും

ഉരുക്കൾ, ഉപകരണങ്ങൾ	കേരളം	തിരുവനന്തപുരം	%
മത്സ്യബന്ധന ഉരുക്കൾ	35135	9896	28.17
പരമ്പരാഗത ഉരുക്കൾ മോട്ടോർ ഘടിപ്പിക്കാത്തവ	2281[1]	36	1.58
പരമ്പരാഗത ഉരുക്കൾ മോട്ടോർ ഘടിപ്പിച്ചവ	29035[1]	9860	33.96
യന്ത്രവത്കൃതം	3819[1]	0	0
ഔട്ട്ബോർഡ് മോട്ടോർ (ഒ.ബി.എം)			
ആകെ പരിശോധനക്ക് വിധേയമാക്കിയത്	21048	8450	40.15
ആകെ പെർമിറ്റ് നൽകിയത്	20314	8175	40.24

(അവലംബം : 1കേരള സർക്കാർ, 2015)

വിവിധയിനം ഗിൽനെറ്റുകൾ, കമ്പിവല, തട്ടുമടി, ഡിസ്കോ വല, വിവിധയിനം ചൂണ്ടകൾ എന്നിവയാണ് ജില്ലയിലെ മത്സ്യബന്ധന ഉപകരണങ്ങൾ. മത്സ്യ ഉപകരണങ്ങൾ സംബന്ധിച്ച് ഇപ്പോഴത്തെ കൃത്യമായ കണക്ക് ലഭ്യമല്ല. എന്നാൽ 1991 ലും 1998 ലും സിഫ്സ് പ്രസിദ്ധീകരിച്ച റിപ്പോർട്ടുകളിൽ നിന്നുള്ള വിവരങ്ങൾ പട്ടിക : 4.1.3.8 ൽ കൊടുത്തിരിക്കുന്നു.

പട്ടിക : 4.1.3.8

മത്സ്യബന്ധന ഉപകരണങ്ങൾ

ഇനം	കേരളം		തിരുവനന്തപുരം	
	1991[1]	1998[2]	1991[1]	1998[2]
മോട്ടോർവൽകൃതമല്ലാത്ത ഉരുക്കളിൽ				
ഗിൽനെറ്റുകൾ	17790	18950	7472	5517
കരമടി	900	1115	610	872
തട്ടുമടി	898	486	898	486
ഡിസ്കോവല	2567	1823	2108	1644
ചൂണ്ടകൾ	3974	1661	3800	1661
മറ്റുള്ളവ	1351	1	–	–

ആകെ (1)	27480	24036	14888	10180
മോട്ടോർവൽകൃത ഉരുക്കളിൽ				
ഗിൽനെറ്റുകൾ	14575	17602	3400	5080
റിങ്ങ് വല	2259	2277	–	–
മിനിട്രോൾ	1648	4351	400	–
തട്ടുമടി	763	1908	75	683
ഡിസ്കോവല	1012	2904	–	2280
ചൂണ്ടകൾ	2115	2634	1400	1986
മറ്റുള്ളവ	47	–	–	–
ആകെ മൊത്തം (1) + (2)	49899	55712	20838	2029

(അവലംബം : 1. സിഫ്സ്, 1991, 2. സിഫ്സ്, 1998.)

1991 നും 1998 നും ഇടയിൽ മാത്രം മത്സ്യബന്ധന ഉപകരണങ്ങളുടെ കാര്യത്തിൽ മോട്ടോർവൽകൃത ഉരുക്കളിൽ ഉപയോഗിക്കുന്നവയിൽ ഗണ്യമായ വർദ്ധനവും മോട്ടോർവൽകൃതമല്ലാത്തവയിൽ ഗണ്യമായ കുറവും കാണുന്നു.എന്നാൽ സംസ്ഥാനവുമായി താരതമ്യപ്പെടുത്തുമ്പോൾ അചാലക വലകളാണ് ജില്ലയിൽ കൂടുതൽ എന്നത് ആശാവഹമാണ്.

മത്സ്യോൽപ്പാദനം

സംസ്ഥാനത്തെ മൊത്തം കടൽ മത്സ്യോൽപ്പാദനത്തിന്റെ (അളവും വിലയും) 12 ശതമാനം ജില്ലയുടെ സംഭാവനയാണ്. മത്സ്യവിലയുടെ കാര്യത്തിൽ സംസ്ഥാന ശരാശരിയേക്കാൾ കുറവാണ് ജില്ലയിൽ. സംസ്ഥാനത്തെ മത്സ്യമേഖലയിൽ നിന്നുള്ള മൊത്തം ആഭ്യന്തര ഉൽപ്പാദനത്തിന്റെ 7 ശതമാനം ജില്ലയുടെ സംഭാവനയാണ്.

പട്ടിക : 4.1.3.9

സാമ്പത്തിക ഘടകങ്ങൾ

ഘടകങ്ങൾ	മേഖല	കേരളം	തിരുവനന്തപുരം	%
അളവ് (മെട്രിക് ടൺ)[1] (2015 –16)	കടൽ	516745	63518	12.29
	ഉൾനാടൻ	210762	5562	2.64
	ആകെ	727507	69080	9.50
വില (ലക്ഷം രൂപ)[1] (2015 –16)	കടൽ	627451	72463	11.55
	ഉൾനാടൻ	288866	6383	2.21
	ആകെ	916317	78846	8.61
ശരാശരി മത്സ്യ വില (രൂ/കിലോ) (2015 –16)	കടൽ	121	114	–
	ഉൾനാടൻ	137	115	–
	ആകെ	126	114	–
മൊത്തം ആഭ്യന്തര ഉല്പാദനം (ലക്ഷം രൂപ) 2011–12		371778[2]	24276[2]	6.53

(അവലംബം : 1.കേരള സർക്കാർ, 2016, 2. തിട്ടപ്പെടുത്തിയത്)

കഴിഞ്ഞ 5 വർഷത്തെ കണക്ക് പ്രകാരം ജില്ലയിലെ മത്സ്യോൽപ്പാദനം മുൻ വർഷങ്ങളേക്കാൾ വർദ്ധിച്ചിട്ടുണ്ട്. അഞ്ച് വർഷക്കാലത്തെ ശരാശരി വർദ്ധനവ് 17 ശതമാനമാണ്. ഇത് പ്രധാനമായും കടൽ മത്സ്യ ഉൽപ്പാദനം മൂലമാണ്. ഇതേ കാലയളവിൽ കേരളത്തിന്റെ മത്സ്യോൽപ്പാദന വർദ്ധനവ് ശരാശരി 4 ശതമാനം മാത്രമാണ്.

പട്ടിക : 4.1.3.10

ഉൾനാടൻ മത്സ്യമേഖല

മത്സ്യ ഉല്പാദനം (2012–2017)

വർഷം	തിരുവനന്തപുരം ജില്ല (മെട്രിക് ടൺ)			കേരളം (മെട്രിക് ടൺ)		
	കടൽ	ഉൾനാടൻ	ആകെ	കടൽ	ഉൾനാടൻ	ആകെ
201213	44310	2565	46875	553177	135936	689113
201314	43600	2720	46320	544740	162569	707309
201415	33308	4944	38252	524468	201545	726013
201516	63518	5562	69080	516745	210762	727507
201617	69428	5233	74661	524754	210624	735378
ശരാശരി	50832	4205	55038	532777	184287	717064

ജില്ലയിലെ മൊത്തം മത്സ്യോൽപ്പാദനത്തിന്റെ 80 ശതമാനത്തിലേറെയും ചാള, പാര, അയല, ചൂര, നെത്തോലി, തിരണ്ടി, മാന്തൽ എന്നീ പത്തോളം മത്സ്യയിനങ്ങളിൽ നിന്ന്

മാത്രമാണ്. ഇതിൽ തന്നെ 85 ശതമാനത്തോളം ഉപരിതല മത്സ്യങ്ങളാണ്. അടിത്തട്ട് മത്സ്യങ്ങൾ 15 ശതമാനമേയുള്ളൂ. പ്രധാന ഉപരിതല മത്സ്യങ്ങളുടെയും അടിത്തട്ട് മത്സ്യങ്ങളുടെയും ഉൽപ്പാദനം പട്ടിക : 4.1.3.11 ൽ കൊടുത്തിരിക്കുന്നു.

പട്ടിക : 4.1.3.11

ഇനം തിരിച്ചുള്ള മത്സ്യ ഉൽപ്പാദനം*

ഉപരിതല മത്സ്യയിനം	അളവ് (ടൺ)	അടിത്തട്ട് മത്സ്യയിനം	അളവ് (ടൺ)
ചാള, മത്തി, നെയ്ചാള	9936	തിരണ്ടി	1848
പാര	9994	മാന്തൽ, കണവ, കൂന്തൽ	2729
അയല	3870	കോര	443
ചൂര	5675	ആവോലി	440
നെത്തോലി	2097	നരിമീൻ	403
വാള	445	ചെമ്മീൻ	369
നെയ്മീൻ	425	ഞണ്ട്	291
വങ്കട	224		
ചീലാവ്	103		
ആകെ	32769		6523

(അവലംബം : സി.എം.എഫ്.ആർ.ഐ. വിഴിഞ്ഞം, ഓഫീസ്)

*ആകെ 83 ഇനങ്ങൾ സി.എം.ആർ.ഐ. പട്ടികപ്പെടുത്തിയിട്ടുള്ളതിൽ, 44 ഇനങ്ങൾ മാത്രമാണ് ഉൽപ്പാദനമുള്ളത്. അവയിൽ തന്നെ 11 ഇനങ്ങൾ രണ്ടക്ക് സംഖ്യ ഉൽപ്പാദനം മാത്രമാണ്. മൂന്നക്ക സംഖ്യയോ അതിനു മുകളിലോ ഉൽപ്പാദനമുള്ള പ്രധാനയിനങ്ങളാണ് പട്ടികയിൽ കൊടുത്തിരിക്കുന്നത്.

സ്ഥാപന സംവിധാനങ്ങൾ

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ

ജില്ലയിൽ ഒരു കോർപ്പറേഷനും (തിരുവനന്തപുരം), ഒരു മുനിസിപ്പാലിറ്റിയും (വർക്കല), 10 ഗ്രാമപഞ്ചായത്തുകളും തീരദേശം ഉൾക്കൊള്ളുന്നതാണ്.

മത്സ്യഭവനുകൾ

ജില്ലയിലെ കടൽമേഖലയിൽ പ്രവർത്തിക്കുന്ന ആകെ 18 മത്സ്യഭവനുകളിലൂടെ മത്സ്യവകുപ്പ്, മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ്, മത്സ്യഫെഡ് എന്നീ സ്ഥാപനങ്ങളുടെ ഗ്രാമതല പ്രവർത്തനങ്ങൾ നിർവഹിച്ചു വരുന്നു.

പട്ടിക : 4.1.3.12

മത്സ്യഭവനുകൾ

മത്സ്യഭവനുകളും ജീവനക്കരും					തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ
	എഫ്.ഒ	പി.ഒ	എം.ബി.ഒ	അസിസ്റ്റന്റ്	
പൊഴിയൂർ	–	–	1	1	കുളത്തൂർ
പൂവ്വാർ	1	–	1	––	പൂവ്വാർ
പള്ളം	1	1	1	1	കരിംകുളം
അടിമലത്തുറ	–	–	1	–	കോട്ടുകാൽ
വിഴിഞ്ഞം	1	1	1	1	തിരുവനന്തപുരം കോർപ്പറേഷൻ
പനത്തുറ	–	–	–	–	
പൂന്തുറ	1	–	1	1	
ബീമാപള്ളി	–	–	–	–	
വള്ളക്കടവ്	–	–	–	–	
വലിയതുറ	1	1	1	–	
വെട്ടുകാട്	1	1	1	–	
പള്ളിത്തുറ	–	–	–	–	
പുത്തൻത്തോപ്പ്	1	1	1	–	
ചിറയിൻകീഴ്	–	–	1	–	കഠിനംകുളം
അഞ്ചുതെങ്ങ്	–	–	1	1	അഞ്ചുതെങ്ങ്
ഇടവ	–	–	1	–	ഇടവ
വെട്ടൂർ					വെട്ടൂർ
ആകെ	**7**	**5**	**12**	**5**	

എഫ്.ഒ – ഫിഷറീസ് ഓഫീസർ (മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ്)
പി.ഒ – പ്രോജക്ട് ഓഫീസർ (മത്സ്യഫെഡ്)
എം.ബി.ഒ – മത്സ്യഭവൻ ഓഫീസർ (മത്സ്യവകുപ്പ്)

സഹകരണ സംഘങ്ങൾ

മത്സ്യമേഖലയിലെ സഹകരണ പ്രസ്ഥാനത്തിന് ചരിത്രപരമായ സംഭാവന നൽകിയിട്ടുള്ള ജില്ലയിലെ മത്സ്യത്തൊഴിലാളി സഹകരണ സംഘങ്ങളുടെ വിവരങ്ങൾ പട്ടിക 4.1.3.13 ൽ കൊടുത്തിരിക്കുന്നു.

പട്ടിക : 4.1.3.13

മത്സ്യതൊഴിലാളി സഹകരണസംഘങ്ങൾ

	കേരളം	തിരുവനന്തപുരം	%
മത്സ്യഫെഡ്			
കടൽ	346	68	19.65
വനിതാ	116	18	15.52
ഉൾനാടൻ	204	1	0.49
ആകെ	666	87	13.06
മറ്റുള്ള സഹകരണ സ്ഥാപനങ്ങൾ	114	7	6.14
ആകെ	780	94	12.05

(അവലംബം : കേരള സർക്കാർ, 2015)

മത്സ്യത്തൊഴിലാളി സഹകരണ സംഘങ്ങളെ കൂടാതെ ജില്ലയിൽ പ്രവർത്തിക്കുന്ന മത്സ്യത്തൊഴിലാളി വനിതാ സംരംഭങ്ങളും പട്ടിക : 4.1.3.14 ൽ കൊടുത്തിരിക്കുന്നു.

പട്ടിക : 4.1.3.14

മത്സ്യത്തൊഴിലാളി വനിതാ സംരംഭങ്ങൾ

മത്സ്യകച്ചവടം	6352
മത്സ്യം ഉണക്കൽ	2361
ഇതര മേഖല	266
സാഫ് യൂണിറ്റുകൾ	126
കുടുംബശ്രീ യൂണിറ്റുകൾ	2178
ആകെ	11283

(അവലംബം : കേരള സർക്കാർ, 2015)

ഇതര സ്ഥാപനങ്ങൾ

ജില്ലയിലെ തീരപ്രദേശത്തുള്ള ഇതര സ്ഥാപനങ്ങളുടെ എണ്ണം പട്ടിക:4.1.3.15 ൽ കൊടുത്തിരിക്കുന്നു.

പട്ടിക : 4.1.3.15

ഇതര സ്ഥാപനങ്ങൾ

പി.എച്ച്.സി.	26
വിദ്യാലയങ്ങൾ	143 (എയ്ഡഡ് കോളേജുകൾ – 2) (എഞ്ചിനീയറിംഗ് കോളേജുകൾ – 3)
വായനശാല	46
സാംസ്കാരിക കേന്ദ്രങ്ങൾ	46
വ്യവസായ കേന്ദ്രങ്ങൾ	8

(അവലംബം : കേരള സർക്കാർ, 2015)

സന്നദ്ധ സംഘടനകൾ

തിരുവനന്തപുരം സോഷ്യൽ സർവീസ് സൊസൈറ്റി (ടി.എസ്.എസ്.എസ്.), തിരുവനന്തപുരം ഡിസ്ട്രിക്ട് ഫിഷർമെൻ ഫെഡറേഷൻ (ടി.ഡി.എഫ്.എഫ്.), ഫിഡെസ്, സെന്റർ ഫോർ ഫിഷറീസ് സ്റ്റഡീസ് (സി.എഫ്.എസ്.), ലയോള പൂവാർ, ചെറുരശ്മി സെന്റർ, പാദുവ സെന്റർ, ഫ്രണ്ട്സ് ഓഫ് മറൈൻ ലൈഫ് തുടങ്ങീ സന്നദ്ധ–സാമൂഹ്യ സംഘടനകളും മത്സ്യമേഖലയിൽ പ്രവർത്തിക്കുന്നുണ്ട്.

മാർക്കറ്റുകൾ

ജില്ലയിലെ മാർക്കറ്റുകളുടെ എണ്ണം പട്ടിക 4.1.3.16 ൽകൊടുത്തിരിക്കുന്നു.

പട്ടിക : 4.1.3.16

മത്സ്യ മാർക്കറ്റുകൾ

പ്രധാന മാർക്കറ്റുകൾ	117
വഴിയോര മാർക്കറ്റുകൾ	159
ആകെ	276

(അവലംബം : കേരള സർക്കാർ, 2015)

മത്സ്യമേഖല-പ്രശ്നവിശകലനം

1. തീരദേശ ആവാസ വ്യവസ്ഥയുടെ അപകടകരമായ മാറ്റം

കടൽ മേഖലയിൽ 200 ൽ പരം ഇനം മത്സ്യങ്ങൾ ലഭിച്ചതായി മത്സ്യത്തൊഴിലാളികൾ സാക്ഷ്യപ്പെടുത്തുന്നു. (ആൻഡ്രൂസ് എന്ന മത്സ്യത്തൊഴിലാളിയുടെ കടൽമുത്ത് എന്ന പുസ്തകത്തിൽ). എന്നാൽ ഇന്ന് ലഭിക്കുന്ന മത്സ്യ ഇനങ്ങളുടെ എണ്ണം 50 ൽ താഴെയാണെന്ന് കണക്കുകൾ സൂചിപ്പിക്കുന്നു. ഇത് മത്സ്യജൈവവൈവിധ്യത്തിന്റെ ശോഷണത്തിലേക്കാണ് വിരൽ ചൂണ്ടുന്നത്. അതിനുള്ള പ്രധാന കാരണം തീരദേശ ആവാസ വ്യവസ്ഥയുടെ അപകടകരമായ മാറ്റമാണ്.

കടൽ മത്സ്യ സമ്പുഷ്ടതക്ക് നിദാനമായ സ്വാഭാവിക പാരുകൾ തീരകടലിൽ നിരവധി ഉണ്ടായിരുന്നതായി മത്സ്യത്തൊഴിലാളികൾ പറയുന്നു. എന്നാൽ അവയുടെ എണ്ണം 35 ആയി കുറഞ്ഞിട്ടുണ്ട്. കൂടാതെ 370 ഓളം കൃത്രിമപ്പാരുകളും വിവിധ ഗ്രാമങ്ങളിലായി വിന്യസിച്ചിട്ടുണ്ട്. അവയും സംരക്ഷിക്കപ്പെടേണ്ടതുണ്ട്.

പട്ടിക : 4.1.3.17

മത്സ്യ ആവസ വ്യവസ്ഥ- പാരുകൾ

മത്സ്യ ഗ്രാമം	സ്വാഭവിക പാരുകൾ		കൃത്രിമ പാരുകൾ	
	എണ്ണം	പേരുകൾ	എണ്ണം	നിക്ഷേപിച്ച വർഷം
കൊല്ലംകോട്	8	പുത്തൻപാര്, ഉള്ളിക്കൽ, മാതേയികെട്ട്, മാണാൽ ചൊവ്വാപ്പാര്, മുടക്കൻപാര്	50	
പരുത്തിയൂർ	5		50	
പൂവാർ	1	ഓച്ചൻപ്പാര്		
കരുംകുളം	3	ഓച്ചൻപ്പാര്, ഒറ്റക്കലല്, ചീലാന്തിപ്പാര്		
പുതിയതുറ	1			
കൊച്ചുതുറ	1	ഓച്ചൻപ്പാര്	50	
പള്ളം	1	ചൊവ്വാപ്പാര്		
പുല്ലുവിള	1			
അടിമലത്തുറ	5	പൊഴിപ്പാര്, കൽകുഞ്ഞിപ്പാര്, ഉള്ളിപ്പാര്, ചൊവ്വാപ്പാര്, ഉരുണ്ടകോൺ	120	
വലിയവേളി	1			
തുമ്പ			50	
പുതുകുറിച്ചി	1			
മര്യനാട്	1		50	
അഞ്ചുതെങ്ങ്	1			
മാമ്പള്ളി	2	കപ്പൽപ്പാര്,ചമ്മന്തിപ്പാര്		
പൂത്തുറ	2	കറയത്തപ്പാര്, പത്തരപ്പാര്		
ഇടവ	2	ഏരിയൽപ്പാര്, വെഷ്ഷക്കടപ്പാര്		
ഓടയം	1	പള്ളിപ്പാര്		
വെട്ടൂർ	11	ഏണിപ്പാര്, വെട്ടൂർക്കാല്, കൊച്ചുപ്പാര്, വലിയപ്പാര്, കപ്പപ്പാര്, തുഴപ്പാര്, റെയിൽകുറ്റിപ്പാര്, മണിയാങ്കല്ല്, വർക്കലപ്പാര്, അരിയിട്ടകുഞ്ഞപ്പാര്, കട്ടപ്പാര്		

(അവലംബം : ദ്രുത ഗ്രാമ വിശകലനം – 2017, മത്സ്യ വകുപ്പ് ഉദ്യോഗസ്ഥർ)

കടൽ മേഖലയിൽ മത്സ്യ സമ്പുഷ്ടതയ്ക്ക് നിദാനമായ പൊഴികളുടെ വിസ്തൃതി വിവിധ കാരണങ്ങളാൽ ഗണ്യമായി കുറഞ്ഞിട്ടുണ്ട്. ഇത് മത്സ്യ ആവാസവ്യവസ്ഥയെ സാരമായി ബാധിക്കുന്നു. കടലിലേക്ക് ജലപ്രവാഹം ഉറപ്പുവരുത്തുന്ന തരത്തിൽ പൊഴികൾ പുന:രുദ്ധരിക്കേണ്ടതു

പട്ടിക : 4.1.3.18
സംരക്ഷിക്കപ്പെടേണ്ട പൊഴികൾ

പഞ്ചായത്ത്	പൊഴിയുടെ പേര്	പൊഴിമുഖത്തിന്റെ നീളം (മീ.)
ചിറയിൻകീഴ്	മുതലപ്പൊഴി	200
തിരുവനന്തപുരം	വേളിപ്പൊഴി	150
തിരുവനന്തപുരം	പൂന്തുറപ്പൊഴി	100
കോട്ടുകാൽ	കാരിച്ചൽപ്പൊഴി	75
പൂവാർ	പൂവ്വാർപ്പൊഴി	75
	ആകെ	600

കൈയ്യേറ്റവും മാലിന്യ നിക്ഷേപവും മൂലം പർവ്വതീപുത്തനാറിലും (പൂന്തുറ), കരിച്ചൽ കായലിലും (അടിമലത്തുറ) മറ്റു സ്ഥലങ്ങളിലും അഴിമുഖങ്ങളുടെ ശോഷണം സംഭവിച്ചു കൊണ്ടിരിക്കുകയാണ്.

Fig: 1

കൊഞ്ചുകളുടെയും ഞണ്ടിന്റെയും ചിലയിനം മത്സ്യങ്ങളുടെയും പ്രജനനത്തിന് നിദാനമായ കണ്ടൽക്കാടുകൾ അപ്രത്യക്ഷമാകുന്നതാണ് മറ്റൊരു പ്രശ്നം.

പുല്ലുവിള കേന്ദ്രമാക്കി 2013 ൽ നടത്തിയ പഠനത്തിൽ ഡിസ്കോ വല ഉപയോഗിച്ചുള്ള മത്സ്യബന്ധനം പൂർണ്ണമായി നിലച്ചതായും അതിനുള്ള കാരണം ചെമ്മീനിന്റെ കുറവാണെന്നും കണ്ടെത്തിയിട്ടുണ്ട്. (രാജൻ. ജെ.ബി. & ബിജു. എസ്.കെ., 2014).

പൊഴിയൂർ, പൂവാർ, അടിമലത്തുറ, പാണത്തൂർ, പൂന്തുറ, പുതുകുറിച്ചി, അഞ്ചുതെങ്ങ്, ചിറയിൻകീഴ് എന്നിവിടങ്ങളിൽ കണ്ടൽക്കാടുകൾ ചെറിയ തോതിൽ കാണാം. പ്രധാനമായും പൂക്കണ്ടൽ, കുറ്റിക്കണ്ടൽ, പികണ്ടൽ, കമ്മട്ടി, ചക്കരകണ്ടൽ, ചെറുകണ്ടൽ എന്നീ ഇനങ്ങളാണിവ.

Fig: 2
കണ്ടൽ കാടുകൾ

പൂവ്വാർ പൊഴിക്കരയിൽ സൈബീരിയൻ കൊക്കുകളുടെ സാന്നിദ്ധ്യമുണ്ട്.

Fig:3

2. കാലാവസ്ഥാ വ്യതിയാനവും പ്രകൃതി ദുരന്തവും

കാലാവസ്ഥാ വ്യതിയാനത്തിന്റെ ദുരന്തങ്ങൾ പ്രത്യക്ഷത്തിൽ അനുഭവിക്കുന്ന മേഖലയാണ് തീരപ്രദേശം. തീരദേശത്തെ ദൂഷ്യ സാധ്യത ഏറ്റവും കൂടുതൽ അനുഭവപ്പെടുന്ന ഗ്രാമങ്ങൾ പട്ടിക:4.1.3.19 ൽ കൊടുത്തിരിക്കുന്നു. പ്രകൃതിദുരന്തവും

കടലാക്രമണവും മത്സ്യത്തൊഴിലാളികളുടെ ജീവനും സ്വത്തിനും ഭീഷണിയാണെന്ന് മാത്രമല്ല വളരെ അസ്വസ്ഥതയും നിറഞ്ഞതാണ് ഇവരുടെ ജീവിതം. എല്ലാ മൺസൂൺ കാലയളവിലും കടൽ മത്സ്യഗ്രാമങ്ങൾ കടലാക്രമണത്തിന് വിധേയമാകുന്നത് മൂലം മത്സ്യത്തൊഴിലാളികളുടെ ആവാസവും തൊഴിൽ ദിനങ്ങളും നഷ്ടപ്പെടുന്നു. ജീവിതം അത്യന്തം ദുസ്സഹവുമാകുന്നു.

പട്ടിക : 4.1.3.19

തീരദേശ ദൂഷ്യ സാധ്യത ഏറ്റവും കൂടുതലുള്ള മത്സ്യഗ്രാമങ്ങൾ

1.	ബീമാപള്ളി	7.	പെരുമാതുറ
2.	ചെറിയതുറ	8.	താഴാപ്പള്ളി
3.	വലിയതുറ	9.	പൂന്തുറ
4.	കൊച്ചുതോപ്പ്	10.	അഞ്ചുതെങ്ങ്
5.	വലിയതോപ്പ്	11.	മാമ്പള്ളി
6.	ശംഖുമുഖം	12.	കായിക്കര

(അവലംബം : കേരള സർക്കാർ, 2017)

2017 നവംബർ 30 ന് രൂപം കൊണ്ട 'ഓഖി' കൊടുങ്കാറ്റ് മൂലമുള്ള മരണവും കാണാതായവരുടെയും കണക്കുകൾ ഇനിയും തിട്ടപ്പെടുത്താനുണ്ട്. 2017 ഡിസംബർ 12 വരെയുള്ള കണക്ക് പട്ടിക: 4.1.3.20 ൽ കൊടുത്തിരിക്കുന്നു.

പട്ടിക : 4.1.3.20

'ഓഖി' ചുഴലിക്കാറ്റ് ദുരന്തം – തിരുവനന്തപുരം ജില്ല

മരണപ്പെട്ട മത്സ്യത്തൊഴിലാളികൾ	13
ഇനിയും കണ്ടെത്താനുള്ളവർ	
പരമ്പരാഗത ഉരുവിൽ പോയവർ	93
യന്ത്രവൽകൃത ഉരുവിൽ പോയവർ	13
ആകെ	106

(അവലംബം: മത്സ്യവകുപ്പ്, 2017 ഡിസംബർ 12 വരെ)

Fig: 4

കഴിഞ്ഞ 3 വർഷത്തെ അടിസ്ഥാനത്തിൽ കടൽ ഭിത്തി നിർമ്മാണത്തിന് ഒരു വർഷം ശരാശരി 81 ലക്ഷം രൂപ ചെലവഴിക്കുന്നുണ്ടെങ്കിലും പ്രസ്തുത മുതൽ മുടക്ക് വ്യഥാവിലാവുകയാണ്. വലിയതുറ, പാണത്തൂർ, പൂന്തുറ, അഞ്ചുതെങ്ങ്, മാമ്പള്ളി, താഴംപള്ളി, പൂത്തുറ എന്നീ മത്സ്യഗ്രാമങ്ങളിലാണ് വളരെ കൂടുതലായി കടലാക്രമണം ഉണ്ടാകുന്നത്.

Fig: 5

പട്ടിക:4.1.3.21

കടൽഭിത്തി നിർമ്മാണം – മുതൽമുടക്ക്

വർഷം	മുതൽമുടക്ക് (ലക്ഷം രൂപ)
2014–15	102.35
2015–16	49.84
2016–17	90.82
ആകെ (3 വർഷം)	243.01
പ്രതിവർഷ ശരാശരി	81.00

(അവലംബം : ഡിവിഷണൽ ഫീസ് – ഇറിഗേഷൻ ഡിപ്പാർട്ട്മെന്റ്, കേരള സർക്കാർ)

3. കടൽ അപകടങ്ങൾ

മത്സ്യത്തൊഴിലാളികളുടെ ജീവനും സ്വത്തിനും ഭീഷണിയാകുന്ന മറ്റൊരു പ്രശ്നമാണ് മത്സ്യ ബന്ധനത്തിനിടെ ഉണ്ടാകുന്ന കടൽ അപകടങ്ങൾ. കഴിഞ്ഞ വർഷം മാത്രം ജില്ലയിൽ 23 കടൽ അപകട മരണം റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

പട്ടിക : 4.1.3.22

കടൽ അപകടങ്ങൾ – തിരുവനന്തപുരം ജില്ല

വർഷം	എണ്ണം	മരണം	കാണാതായവർ
2015–16	73	10	3
2016–17	76	23	15
2017–18*	56	15	1
ശരാശരി	68	16	6

(* ലിസ്റ്റ് അപൂർണ്ണം)

4. മലീമസമാകുന്ന ജലാശയങ്ങൾ

തീരദേശ മേഖലയിലെ ജലാശയങ്ങൾ വിവിധ കാരണങ്ങളാൽ മലീമസമാകുന്നത് മത്സ്യ ആവാസവ്യവസ്ഥയെയും കുടിവെള്ള സ്രോതസ്സുകളെയും സാരമായി ബാധിക്കുന്നു. മാത്രമല്ല ജലജന്യ രോഗങ്ങൾക്കും കാരണമാകുന്നു.

വർദ്ധിച്ച തോതിൽ മാലിന്യകൂമ്പാരമുള്ള ജലാശയങ്ങൾ

- പാർവതി പുത്തനാർ – ഹോസ്പിറ്റൽ മാലിന്യങ്ങൾ/ഹോട്ടൽ മാലിന്യങ്ങൾ
- കരിച്ചൽ കായൽ – ഗാർഹിക മാലിന്യങ്ങൾ
- എ.വി.എം കനാൽ – ഗാർഹിക മാലിന്യങ്ങൾ, കല്ല്യാണമണ്ഡപ മാലിന്യങ്ങൾ, മത്സ്യമാർക്കറ്റ് മാലിന്യങ്ങൾ
- ഏലതോട് വെട്ടൂരിലെ ടി.എസ് കനാൽ – ഗാർഹിക മാലിന്യങ്ങൾ

Fig: 6

മലീമസമായ തീരദേശത്തെ ജലസ്രോതസ്സുകൾ

പനത്തറ

എ.വി.എം കനാൽ

പരുത്തിയൂർ, പള്ളം, പുല്ലുവിള, പൂന്തുറ, അഞ്ചുതെങ്ങ് എന്നിവിടങ്ങളിലെ കരപ്രദേശങ്ങളിൽ ടി.ടി.പി, ഇംഗ്ലീഷ് ഇന്ത്യൻ ക്ലേ എന്നീ ഫാക്ടറികളിലെ ദ്രവ മാലിന്യങ്ങളാൽ തീരകടൽ പ്രദേശം മലീമസമാണ്.

5. മത്സ്യ ബന്ധനമേഖലയിലെ അടിസ്ഥാന സൗകര്യ കുറവ്

ആകെ 43 മത്സ്യഗ്രാമങ്ങൾ ഉള്ളതിൽ അടിസ്ഥാന സൗകര്യങ്ങൾ ഉള്ളവയുടെ എണ്ണം കുറവാണെന്നത് പട്ടിക : 4.1.3.23 ൽ കൊടുത്തിരിക്കുന്ന കണക്കുകളിൽ നിന്നും വ്യക്തമാണ്.

പട്ടിക : 4.1.3.23

മത്സ്യഗ്രാമത്തിലെ അടിസ്ഥാനസൗകര്യങ്ങൾ

അടിസ്ഥാനസൗകര്യങ്ങൾ	എണ്ണം
മത്സ്യമിറക്ക് കേന്ദ്രം	12
മത്സ്യസംസ്കരണം	0
മത്സ്യവിപണനം	3
ലേല കേന്ദ്രങ്ങൾ	1

മത്സ്യമുണക്ക്	5
മത്സ്യഗതാഗതം	37
മത്സ്യ വിപണന സ്ത്രീകൾക്ക് വിശ്രമകേന്ദ്രം	1
ആകെ മത്സ്യ ഗ്രാമങ്ങൾ	43

(അവലംബം : ദ്രുത ഗ്രാമ വിശകലനം, 2017)

6. സുരക്ഷിതമായ വാസസൗകര്യമില്ലാത്ത മത്സ്യത്തൊഴിലാളി കുടുംബങ്ങൾ

ആകെ 43,230 മത്സ്യത്തൊഴിലാളി കുടുംബങ്ങളിൽ 38 ശതമാനത്തോളം കുടുംബങ്ങൾ സുരക്ഷിതമായ വാസസൗകര്യം ഇല്ലാത്തവയാണ്.

പട്ടിക : 4.1.3.24

വാസസൗകര്യമില്ലാത്ത മത്സ്യത്തൊഴിലാളി കുടുംബങ്ങൾ

ഭവന സ്ഥിതി	എണ്ണം	%
ഭൂരഹിത കുടുംബങ്ങൾ	5111	11.83
വാസയോഗ്യമായ ഭവനമില്ലാത്തവർ	5045	11.67
ഭാഗികമായ ഭവനങ്ങൾ	2382	5.51
50 മീറ്ററിനുള്ളിൽ താമസിക്കുന്നവർ	3339	7.72
ഉപയോഗയോഗ്യമായ കക്കൂസ് ഇല്ലാത്ത കുടുംബങ്ങൾ	442	1.02
വൈദ്യുതി ഇല്ലാത്ത കുടുംബങ്ങൾ	56	0.13
ആകെ	16375	37.88
ആകെ കുടുംബങ്ങൾ	43230	100.00

(അവലംബം : ദ്രുത ഗ്രാമ വിശകലനം, 2017)

മറ്റു പ്രദേശങ്ങളെ അപേക്ഷിച്ച് തീരപ്രദേശങ്ങളിൽ ജനസാന്ദ്രത വളരെ കൂടുതലാണ്. വർദ്ധിച്ച ജനസാന്ദ്രത മത്സ്യത്തൊഴിലാളികളുടെ സ്വൈര്യ ജീവിതത്തിന് വെല്ലുവിളിയാണെന്നത് ജനസാന്ദ്രതയുടെ കണക്കുകളിൽ നിന്ന് വ്യക്തമാണ്.

പട്ടിക : 4.1.3.25

ജനസാന്ദ്രത (1995)*

ജനസാന്ദ്രത	കേരളം	തിരുവനന്തപുരം
മൊത്തം	860.00	1506.00
തീരപ്രദേശം മാത്രം	2162.00	3342.00

(അവലംബം : കേരള സർക്കാർ, 1995)

(*നിലവിലെ തീരപ്രദേശത്തിന്റെ കണക്ക് ലഭ്യമല്ല)

സംസ്ഥാനത്തിന്റെ മൊത്തത്തിലുള്ള ജനസാന്ദ്രത ചതുരശ്ര കിലോ മീറ്ററിന് 860 പേരാണെങ്കിൽ സംസ്ഥാനത്തെ തീരപ്രദേശത്തെ ജനസാന്ദ്രത 2,162 പേരാണ്. എന്നാൽ ജില്ലയിൽ മൊത്തത്തിലും തീരദേശത്ത് പ്രത്യേകിച്ചും ജനസാന്ദ്രത സംസ്ഥാന ശരാശരിയേക്കാൾ വളരെ കൂടുതലാണ്.

7. വെല്ലുവിളികൾ നേരിടുന്ന മത്സ്യത്തൊഴിലാളി കുടുംബങ്ങൾ

ആകെ മത്സ്യത്തൊഴിലാളി കുടുംബങ്ങളിൽ 17% ത്തോളം കുടുംബങ്ങൾ ഏതെങ്കിലും തരത്തിലുള്ള വെല്ലുവിളികൾ നേരിടുന്ന അംഗങ്ങൾ ഉള്ളവരാണ്.

പട്ടിക : 4.1.3.26

വെല്ലുവിളികൾ നേരിടുന്ന മത്സ്യത്തൊഴിലാളി കുടുംബങ്ങൾ

ഇനം	തിരുവനന്തപുരം
മാറാരോഗങ്ങൾ ബാധിച്ചവർ	175 (0.41)
അംഗവൈകല്യമുള്ളവർ	1619 (3.75)
പോഷകാഹാരക്കുറവുള്ളവർ	244 (0.56)
മദ്യം,മയക്കുമരുന്ന് എന്നിവയ്ക്കടിമയായവർ	4417 (10.22)
പ്രകൃതി ദുരന്തത്തിന് ഇരയായവർ	703 (1.63)
ആകെ	7158 (16.56)
ആകെ കുടുംബങ്ങൾ	43230 (100.00)

(അവലംബം : ദ്രുത ഗ്രാമ വിശകലനം, 2017)

8. ആരോഗ്യനില

ദീർഘസ്ഥായി രോഗങ്ങൾ, ജലജന്യ രോഗങ്ങൾ, വായുജന്യരോഗങ്ങൾ എന്നിവയുടെ രൂക്ഷത അനുഭവിക്കുന്ന വിഭാഗമാണ് മത്സ്യത്തൊഴിലാളി ജനത.

മാറാരോഗങ്ങൾ ബാധിച്ച അംഗങ്ങളുള്ള 175 കുടുംബങ്ങൾ ജില്ലയിൽ ഉള്ളതായി പട്ടിക: 4.1.3.27 ൽ നിന്നും വ്യക്തമാണ്.

തിരുവനന്തപുരം കോർപ്പറേഷനിലെ 12 തീരദേശ വാർഡുകൾ കേന്ദ്രമാക്കി നടത്തിയ പഠനത്തിൽ നിന്നും അവിടുത്തെ ആകെ 45009 മത്സ്യത്തൊഴിലാളി ജനസംഖ്യയിൽ 5772 പേരും (12.82 ശതമാനം) ദീർഘസ്ഥായി രോഗബാധിതർ ആണെന്ന് വെളിവാകുന്നു.

പട്ടിക : 4.1.3.27

ദീർഘകാല രോഗബാധിതർ – തിരുവനന്തപുരം കോർപ്പറേഷൻ മത്സ്യത്തൊഴിലാളി വിഭാഗം

രോഗങ്ങൾ	രോഗബാധിതർ
ക്യാൻസർ	215
ഹൃദയസ്തംഭനം	755
രക്തസമ്മർദ്ദം	1641
പ്രമേഹം	835
ഡങ്കി പനി	6
എലിപ്പനി	14
ചിക്കൻഗുനിയ	45
ട്യൂബർക്യുലോസിസ്	135
തളർവാതം	82
എലഫന്റൈസിസ്	13
ആസ്മ	583
മലേറിയ	14
ടൈഫോയിഡ്	10
ചിക്കൻപോക്സ്	15
കുഷ്ഠരോഗം	11
അപകടം മൂലം അസുഖമുള്ളവർ	293
രക്തസമ്മർദ്ദവും പ്രമേഹവുമുള്ളവർ	844
ഹൃദയസംബന്ധവും രക്തസമ്മർദ്ദവുമുള്ളവർ	47
എയിഡ്സ്	3
തൈറോയിഡ്	211
ആകെ	5772

(അവലംബം : രാജൻ. ജെ.ബി., 2010)

തിരുവനന്തപുരം കോർപ്പറേഷനിലെ സർവ്വേ പ്രകാരം തീരദേശ മേഖലയിൽ 2 ശതമാനം പേർ ഭിന്നശേഷിയുള്ളവരാണ്.

പട്ടിക: 4.1.3.28

ഭിന്നശേഷിയുള്ളവർ – തിരുവനന്തപുരം കോർപ്പറേഷൻ മത്സ്യത്തൊഴിലാളി ജനവിഭാഗം

ശാരീരിക വെല്ലുവിളികൾ	എണ്ണം
ബധിരരും മൂകരും	136
അന്ധർ	102
കൂനുള്ളവർ	67
കൈകൾക്ക് വൈകല്യം	69
കാലുകൾക്ക് വൈകല്യം	257
ആകെ	714 (01.59)
മാനസിക വെല്ലുവിളികൾ	
മാനസിക വൈകല്യം	113
മനോരോഗം	117
ആകെ	259 (00.58)
ആകെ ജനസംഖ്യ	45009 (100.00)

(അവലംബം : രാജൻ. ജെ.ബി., 2010)

പി.എച്ച്.സി.യിലെയും സി.എച്ച്.സി.യിലെയും അടിസ്ഥാന സൗകര്യക്കുറവും ചികിത്സാ സൗകര്യ കുറവും മൂലം പര്യാപ്തമായ ആരോഗ്യ പരിപാലന സേവനം ലഭിക്കുന്നില്ല.

9. കുടിവെള്ള ക്ഷാമം

കുടിവെള്ള ക്ഷാമമാണ് തീരദേശജനത അനുഭവിക്കുന്ന മറ്റൊരു പ്രധാന വിഷയം. തിരുവനന്തപുരം കോർപ്പറേഷനിലെ 12 തീരേദശ വാർഡുകൾ കേന്ദ്രമാക്കി നടത്തിയ പഠനത്തിൽ 4670 കുടുംബങ്ങൾ കുടിവെള്ളത്തിനായി പരാശ്രിതരും 3615 കുടുംബങ്ങൾ ഗാർഹിക ജലാവശ്യത്തിനായി പരാശ്രിതരും ആണെന്ന് കണ്ടെത്തിയിട്ടുണ്ട്.

പട്ടിക: 4.1.3.29

കുടിവെള്ളവും ഗാർഹിക ആവശ്യ വെള്ളവും – തിരുവനന്തപുരം കോർപ്പറേഷനിലെ മത്സ്യത്തൊഴിലാളി കുടുംബങ്ങൾ

	സ്വന്ത മായി	ഇതര സ്രോതസ്സ്	ആകെ മത്സ്യത്തൊഴിലാളി കുടുംബങ്ങൾ
കുടിവെള്ളം	3626	4670	8296
ഗാർഹിക ആവശ്യത്തിന്	4681	3615	

(അവലംബം : രാജൻ. ജെ.ബി., 2010)

Fig: 7

കുടിവെള്ള പ്രശ്നം പരിഹരിക്കുന്നതിന് നിലവിലുള്ള പൊതു കിണറുകൾ സംരക്ഷിക്കുകയും ഉപയോഗക്ഷമമല്ലാത്തവ പുന:രുദ്ധരിക്കുകയും വേണം. മത്സ്യവകുപ്പിലെ കമ്മ്യൂണിറ്റി മോട്ടിവേറ്റർമാർ ശേഖരിച്ച കണക്ക് പ്രകാരം തീരപ്രദേശത്തെ 58 പൊതു കിണറുകൾ പുന:രുദ്ധരിക്കുകയും 39 പൊതു കിണറുകൾ സംരക്ഷിക്കപ്പെടേണ്ടതുമുണ്ട്.

പട്ടിക: 4.1.3.30

തീരപ്രദേശത്തെ പൊതു കിണറുകൾ (2017)

മത്സ്യഗ്രാമങ്ങൾ	പുന:രുദ്ധരിക്കേണ്ടവ	സംരക്ഷിക്കേണ്ടവ
പൊഴിയൂർ	2	1
പൂവ്വാർ	1	–
പള്ളം	26	16
അടിമലത്തുറ	1	1
വിഴിഞ്ഞം	16	10
വലിയതുറ	3	3
പൂന്തുറ	1	1
പുത്തൻതോപ്പ്	4	4
അഞ്ചുതെങ്ങ്	4	3
ആകെ	**58**	**39**

{അവലംബം : പ്രാഥമിക വിവരശേഖരണം – കമ്മ്യൂണിറ്റി മോട്ടിവേറ്റേഴ്സ്, മത്സ്യവകുപ്പ് (2017)}

10. ശുചിത്വമില്ലാത്ത പരിസരം

ഗാർഹിക മാലിന്യ നിക്ഷേപവും, സമീപപ്രദേശങ്ങളിലെ വിവിധ സ്ഥാപനങ്ങളിൽ നിന്നും പുറന്തള്ളപ്പെടുന്ന മാലിന്യങ്ങൾ മൂലവും തീരദേശത്തെ പരിസരങ്ങൾ ശുചിത്വമില്ലാത്ത അവസ്ഥയിലാണ്. കരപ്രദേശത്ത് മാലിന്യ കൂമ്പാരങ്ങളും ജലാശയങ്ങളിൽ

മാലിന്യ നിക്ഷേപത്താൽ നഷ്ടപ്പെട്ട ഒഴുക്കും മൂലമുള്ള ദുർഗന്ധവും അനുബന്ധ ആരോഗ്യപ്രശ്നങ്ങളും വളരെ രൂക്ഷമാണ്. ഡ്രെയിനേജ് സംവിധാനത്തിന്റെ അപര്യാപ്തത മൂലം ദുർഗന്ധം വഹിക്കുന്ന മലിനജലവും ഈ പ്രശ്നത്തിന്റെ ആക്കം കൂട്ടുന്നു.

11. വിദ്യാഭ്യാസ പിന്നോക്കാവസ്ഥ

വിദ്യാഭ്യാസപരമായി ഉന്നതിയിൽ നിൽക്കുന്ന കേരള സംസ്ഥാനത്ത് തീരദേശ ജനതയുടെ വിദ്യാഭ്യാസ നിലവാരം വളരെ പിന്നാക്കമാണ്. ജില്ലയിലെ സ്കൂൾതല കൊഴിഞ്ഞുപോക്ക് 917 പേരാണ്. സ്കൂളിൽ പോകുന്ന പ്രായത്തിലുള്ള കുട്ടികളിൽ 970 (10.87 ശതമാനം) കുട്ടികൾ തൊഴിൽനിരതരുമാണ്.

പട്ടിക: 4.1.3.31

വിദ്യാഭ്യാസം

കൊഴിഞ്ഞുപോക്ക് (വയസ്സ് : 5–18)	തിരുവനന്തപുരം	ശതമാനം
ആൺ	597	
പെൺ	320	
ആകെ	**917**	**10.28**
തൊഴിൽ ചെയ്യുന്ന കുട്ടികൾ		
ആൺ	597	
പെൺ	373	
ആകെ	**970**	**10.87**
സ്കൂളിൽ പോകുന്ന പ്രായത്തിലുള്ള കുട്ടികൾ	**8924**	**100.00**

തീരദേശ മേഖലയിലെ സ്കൂളുകളുടെ പശ്ചാത്തല സൗകര്യങ്ങളുടെ അപര്യാപ്തത പട്ടിക: 4.1.3.32 ൽ നിന്നും വ്യക്തമാണ്.

പട്ടിക: 4.1.3.32

തീരദേശ മേഖലയിലെ സ്കൂളുകളും പശ്ചാത്തല സൗകര്യങ്ങളും

സ്കൂളുകൾ	എൽ.പി.	യു.പി.	എച്ച്.എസ്.	എച്ച്.എസ്.എ.	ആകെ
സർക്കാർ	24	4	8	0	36
എയിഡഡ്	16	5	15	0	36
അൺ എയിഡഡ്	1	0	8	0	9
ആകെ	41	9	31	0	81
പശ്ചാത്തല സൗകര്യങ്ങൾ					
കളിസ്ഥലം ഇല്ലാത്തത്	11	2	2	0	15
ടോയ്‌ലറ്റ് ഇല്ലാത്തത്	0	0	0	0	0
ലൈബ്രറി ഇല്ലാത്തത്	25	1	0	0	26
സയൻസ് ലാബ് ഇല്ലാത്തത്	29	1	0	0	30
കമ്പ്യൂട്ടർ ലാബ് ഇല്ലാത്തത്	25	1	1	0	27
സ്മാർട്ട് ക്ലാസ്സ് റൂം ഇല്ലാത്തത്	35	4	1	0	40

12. ഉൾനാടൻ മത്സ്യ ഉൽപ്പാദന സാധ്യതകൾ പ്രയോജനപ്പെടുത്തുന്നില്ല.

ഉൾനാടൻ ജലാശയ സമ്പത്ത് സംബന്ധിച്ച വിവരങ്ങൾ പട്ടിക:4.1.5.33 ലും നദികൾ സംബന്ധിച്ച വിവരങ്ങൾ പട്ടിക: 4.1.3.33 ലും കൊടുത്തിരിക്കുന്നു. ഇത് ഉൾനാടൻ മത്സ്യോൽപ്പാദനത്തിന്റെ സാധ്യതകൾ വെളിവാകുന്നു.

പട്ടിക: 4.1.3.33

ഉൾനാടൻ ജലാശയ സമ്പത്ത്

ജലസമ്പത്ത്	എണ്ണം	ഏരിയ (ഹെക്ടർ)	ജലസമ്പത്ത്	എണ്ണം	ഏരിയ (ഹെക്ടർ)
(എ) ശുദ്ധജലം			(ബി) ഓരുജലം		
സ്വകാര്യ കുളങ്ങൾ/ടാങ്കുകൾ	1642	133	ഓരുജല പ്രദേശം		1424
പഞ്ചായത്ത് കുളങ്ങൾ	1918	379	ഓരുജല കുളങ്ങൾ	70	100
ക്വാറികൾ (ജലമുള്ളവ)	89	5.46	ബാക്ക്വാട്ടേഴ്സ്	6	1177.28
ഹോളി പോണ്ട്സ്	96	8.2	അഴി/പൊഴി	6	
ശുദ്ധജല അരുവികൾ	6	20.03	കണ്ടൽക്കാടുകൾ		19.8
ശുദ്ധജല തടാകങ്ങൾ	1	357			

വാട്ടർ ഫാൾസ്	9				
നദികൾ	6	2013.5			
റിസോർവോയർ	3	2340			
ഇറിഗേഷൻ ടാങ്ക്, ചെക്ക് ഡാമുകൾ, കനാലുകൾ, മറ്റുള്ളവ	1448	28.2			
ആകെ		5284.39			2727.28
					8011.67

പട്ടിക: 4.1.3.34

നദികൾ

തദ്ദേശസ്വയംഭരണ സ്ഥാപനം	ജലാശയത്തിന്റെ പേര്	നീളം (കി.മീ.)	വിസ്തീർണ്ണം (ച.കി.മീ.)	പ്രധാനപ്പെട്ട മത്സ്യയിനങ്ങൾ
നെയ്യാറ്റിൻകര മുനിസിപ്പാലിറ്റി	നെയ്യാർ	18.5	497	കട്ല, രോഹു, മൃഗല, മറ്റ് കാർപ്പ്, പൂവാലി, ആറ്റുവള, വരാൽ, കൂരി തുടങ്ങിയവ
തിരുവനന്തപുരം കോർപ്പറേഷൻ	കരമന	68	702	വരാൽ, കാരി, നന്ദൻ, പൂവാലി, മൂഷി, കരിമീൻ, പള്ളത്തി, ആറ്റുവാള
വാമനപുരം	വാമനപുരം നദി	88	687	നന്ദൻ, മഞ്ഞക്കൂരി, വരാൽ, കരിമീൻ, പള്ളത്തി, പൂവാലി
ഇലകമൺ	അയിരൂർ നദി	17	66	വരാൽ, നന്ദൻ, പൂവാലി, കരിമീൻ, പള്ളത്തി
ആറ്റിങ്ങൽ മുനിസിപ്പാലിറ്റി	മാനം നദി	27	114	കല്ലേമുട്ടി, നന്ദൻ, പൂവാലി, കരിമീൻ, പള്ളത്തി
പള്ളിക്കൽ	ഇത്തിക്കര നദി	47.5	642	കാരി, അയിറ, വരാൽ, ഉടതല, കുറുവ, ഞണ്ട്, പരൽ, ആറ്റുവാല, കരട്ടി, പൊത്ത, മാനത്തുകണ്ണി, പാറനക്കി
ആകെ വിസ്തൃതി : 2013.5 ചി.കി.മീ.				

എന്നാൽ ഉൾനാടൻ മത്സ്യ ഉല്പാദന സാധ്യതകൾ പ്രയോജനപ്പെടുത്തുന്നില്ലായെന്നത് ജില്ലയിലെ മത്സ്യ ഉല്പാദന കണക്കുകളിൽ നിന്നും വ്യക്തമാണ്.

പട്ടിക: 4.1.3.35

ശരാശി മത്സ്യോൽപ്പാദനം

മേഖല	ശരാശരി വാർഷിക ഉൽപ്പാദനം (2012–13 : 2016–17) മെട്രിക് ടൺ
കടൽ	50832 (92)
ഉൾനാടൻ	4205 (08)
മൊത്തം	55037 (100)

(അവലംബം : പട്ടിക : 4.1.5.10 ൽ നിന്നും തിട്ടപ്പെടുത്തിയത്)

ജില്ലയിലെ കഴിഞ്ഞ 5 വർഷത്തെ ശരാശരി മത്സ്യോൽപ്പാദനത്തിന്റെ 8 ശതമാനം മാത്രമാണ് ഉൾനാടൻ മേഖലയുടെ വിഹിതം. ഉൾനാടൻ ജലാശയങ്ങൾ പ്രയോജനപ്പെടുത്തുന്നതിലൂടെ ഉൾനാടൻ മത്സ്യോൽപ്പാദനം വർദ്ധിപ്പിക്കാവുന്നതാണ്.

റഫറൻസ്

കേരള സർക്കാർ, 2017 — ക്ലൈമറ്റ് ചേഞ്ച് അഡാപ്റ്റബിലിറ്റി ഫോർ ലോക്കൽ സെൽഫ് ഗവണ്മെന്റ്സ് ഇൻ കോസ്റ്റൽ കേരള, ഡയറക്ടറേറ്റ് ഓഫ് എൻവേൺമെന്റ് & ക്ലൈമറ്റ് ചേഞ്ച്, നവംബർ 2017

കേരള സർക്കാർ, 2016 — കേരള ഫിഷറീസ് സ്റ്റാറ്റിസ്റ്റിക്സ് : അറ്റ് എ ഗ്ലാൻസ് – 2016, ഡയറക്ടറേറ്റ് ഓഫ് ഫിഷറീസ്, വികാസ് ഭവൻ, തിരുവനന്തപുരം

കേരള സർക്കാർ, 2015 — കേരള – മറൈൻ ഫിഷറീസ് സ്റ്റാറ്റിസ്റ്റിക്സ് (2015), ഡയറക്ടറേറ്റ് ഓഫ് ഫിഷറീസ്, വികാസ് ഭവൻ, തിരുവനന്തപുരം

കേരള സർക്കാർ, 2013	പഞ്ചായത്ത് ലെവൽ സ്റ്റാറ്റിസ്റ്റിക്സ്–2011 : തിരുവനന്തപുരം ജില്ല, ഡിപ്പോർട്ട്മെന്റ് ഓഫ് ഇക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ്, വികാസ് ഭവൻ, തിരുവനന്തപുരം
കേരള സർക്കാർ, 2013(എ)	കേരള ഇൻലാന്റ് ഫിഷറീസ് സ്റ്റാറ്റിസ്റ്റിക്സ് – 2013, ഡയറക്ടർ ഓഫ് ഫിഷറീസ്, വികാസ് ഭവൻ, തിരുവനന്തപുരം
കേരള സർക്കാർ, 1995	കോസ്റ്റൽ സോൺ മാനേജ്മെന്റ് പ്ലാൻ ഓഫ് കേരള, സെന്റർ ഫോർ എർത്ത് സയൻസ് സ്റ്റഡീസ്, ആക്കുളം, തിരുവനന്തപുരം
രാജൻ. ജെ.ബി. 2010	ഹൗസ് ഹോൾഡ് സർവ്വേ ഓഫ് കോസ്റ്റൽ വാർഡ്, തിരുവനന്തപുരം കോർപ്പറേഷൻ, തിരുവനന്തപുരം
ആൻഡ്രൂസ്, ...	കടൽമുത്ത്, എം.ജെ.എം. സെന്റർ, മാവേലിക്കര
രാജൻ. ജെ.ബി. & ബിജു. എസ്.കെ., 2014	ലൈഫ് & ലേബർ ഓഫ് ഫിഷ് വെൻഡിംഗ് വിമൺ ഇൻ കേരള : എ കേസ് സ്റ്റഡി ഓഫ് പുല്ലുവിള, തിരുവനന്തപുരം ജില്ല, കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലേബർ & എംപ്ലോയ്മെന്റ്, തിരുവനന്തപുരം
സിഫ്സ്, 1991	എ സെൻസസ് ഓഫ് ദി ആർട്ടിസണൽ മറൈൻ ഫിഷിംഗ് ഫ്ളീറ്റ് ഓഫ് കേരള – 1991, സൗത്ത് ഇന്ത്യൻ ഫെഡറേഷൻ ഓഫ് ഫിഷർമാൻ സൊസൈറ്റീസ്, തിരുവനന്തപുരം
സിഫ്സ്, 1991	എ സെൻസസ് ഓഫ് ദി ആർട്ടിസണൽ മറൈൻ ഫിഷിംഗ് ഫ്ളീറ്റ് ഓഫ് കേരള – 1991, സൗത്ത് ഇന്ത്യൻ ഫെഡറേഷൻ ഓഫ് ഫിഷർമാൻ സൊസൈറ്റീസ്, തിരുവനന്തപുരം

4.1.4. പരിസ്ഥിതി–കാലാവസ്ഥ വ്യതിയാനം–വന വികസനം

രാജ്യത്തിന്റെ ഇതരഭാഗങ്ങളെ പോലെ പലവിധ പരിസ്ഥിതി പ്രശ്നങ്ങൾ നേരിടുന്ന സംസ്ഥാനമാണ് കേരളം. ദൈർഘ്യമേറിയ തീരപ്രദേശം, നദികൾ ഉൾപ്പെടെയുള്ള ജലവ്യവസ്ഥയുടെ പാരിസ്ഥിതിക ആരോഗ്യം നിലനിർത്തുക എന്നത് ഇന്നത്തെ പ്രധാന വെല്ലുവിളിയാണ്. ഇത്തരം പ്രശ്നങ്ങളുടെ ഉത്ഭവം പല തലത്തിലുള്ളതും പലതരം സാമൂഹിക, സാമ്പത്തിക മേഖലകൾ ഉൾക്കൊള്ളുന്നതുമാണ്. ആരോഗ്യകരവും സുസ്ഥിരവുമായ പരിസ്ഥിതി ദേശീയതലത്തിലും ആഗോള തലത്തിലും ജനങ്ങളുടെ അടിസ്ഥാന ആവശ്യമായി അംഗീകരിക്കപ്പെട്ടിട്ടുണ്ട്. പരിസ്ഥിതി സംരക്ഷണത്തിലൂടെ പ്രകൃതിവിഭവങ്ങളായ ഭൂമിയും ജലവും പരിപാലിക്കുകയും, സംരക്ഷിക്കുകയും ചെയ്യുക എന്നത് നമ്മുടെ ഭാരതീയ സംസ്ക്കാരത്തിന്റെ അവിഭാജ്യഘടകമാണ്.

പരിസ്ഥിതി നേരിടുന്ന വെല്ലുവിളികൾ

- **ശുദ്ധജല ദൗർലഭ്യവും ജലമലിനീകരണവും**

ശുദ്ധജല ലഭ്യത ഏറ്റവും പ്രധാന വിഭവ ദാരിദ്ര്യമായി മാറിക്കൊണ്ടിരിക്കുന്നു. ചെറുതും, പാരിസ്ഥിതികമായി അതിലോലവുമായ ആവാസവ്യവസ്ഥകളായ കിണറുകൾ, കുളങ്ങൾ എന്നിവ തെറ്റായ വിനിയോഗ രീതികളിലൂടെ തകിടം മറിച്ചത് തിരുത്തുക വഴി വലിയ ഒരളവുവരെ മഴയില്ലാത്ത മാസങ്ങളിൽ ജലക്ഷാമത്തെ പ്രതിരോധിക്കാം

- **വനനശീകരണം**

ജനപ്പെരുപ്പത്തിന്റെയും വ്യാവസായിക വളർച്ചയുടെയും പ്രത്യാഘാതങ്ങൾ നേരിട്ടുകൊണ്ടിരിക്കുന്നത് വനങ്ങളാണ്. പ്രകൃതിയുടെ ശ്വാസകോശങ്ങളായ മരങ്ങൾ നശിപ്പിക്കുന്നത് ആത്മഹത്യാപരമാണ്. ആയിരംപേർക്ക് ശ്വസിക്കാനുള്ള ശുദ്ധവായു ലഭിക്കുന്നതിന് രണ്ട് ഹെക്ടർ വനമെങ്കിലും വേണമെന്നാണ് ആധുനികശാസ്ത്രം പറയുന്നത്. 25 മരങ്ങൾ ഒരുവർഷം കൊണ്ട് ഒരു ടൺ കാർബൺഡൈയോക്സൈഡിനെ വലിച്ചെടുക്കുന്നുണ്ട്.

- **കാലാവസ്ഥാ വ്യതിയാനം**

കാലം തെറ്റിയ കാലാവസ്ഥയ്ക്കും സമുദ്രനിരപ്പുയരുന്നതിനും ധ്രുവപ്രദേശങ്ങളിലെ വർദ്ധിച്ച മഞ്ഞ് ഉരുക്കത്തിനുമെല്ലാം കാരണം കാലാവസ്ഥാവ്യതിയാനമാണ്. പെട്രോൾ, ഡീസൽ തുടങ്ങിയ ഫോസിൽ ഇന്ധനങ്ങളുടെ ഉപയോഗം വഴി അന്തരീക്ഷത്തിലേയ്ക്ക് പുറന്തള്ളപ്പെട്ടുകൊണ്ടിരിക്കുന്ന കാർബൺഡയോക്സൈഡ് വാതകമാണ് അന്തരീക്ഷത്തെ ചൂടുപിടിപ്പിക്കുന്നതിന്റെ പ്രധാന ഉത്തരവാദി.

- **വംശനാശഭീക്ഷണി**

ആവാസ വ്യവസ്ഥകളിലേയ്ക്കുള്ള മനുഷ്യന്റെ അനിയന്ത്രിതമായ കടന്നുകയറ്റം കാരണം വർഷംതോറും ആയിരകണക്കിന് ജീവിവർഗ്ഗങ്ങൾക്ക് വംശനാശം സംഭവിക്കുന്നു.

- **ആണവമലിനീകരണങ്ങൾ, ഖനനത്തിനുവേണ്ടി മണ്ണ് നീക്കം ചെയ്യുന്നത് എന്നിവയും പ്രധാന പാരിസ്ഥിതിക പ്രശ്നങ്ങളാണ്.**

അവസ്ഥാവിശകലനം

2011 സെൻസസ് പ്രകാരം ഭൂവിസ്തൃതി (2192 ച..കി.) യിൽ മലപ്പുറം ജില്ലയ്ക്ക് താഴെ ആണെങ്കിലും ജനസാന്ദ്രതയിൽ തിരുവനന്തപുരം ജില്ലക്ക് ഒന്നാം സ്ഥാനമാണുള്ളത് (1509 ച.കി.). അതുകൊണ്ടുതന്നെ പരിസ്ഥിതിയിൽ ഊന്നിയുള്ള പ്രവർത്തനങ്ങളാണ് ജില്ലയ്ക്ക് അത്യാവശ്യം. ജില്ലയിലെ ഭൂപ്രകൃതിയുടെ പ്രത്യേകത മൂലം പല പ്രദേശങ്ങളിലും വേനൽക്കാലത്ത് കടുത്ത ജലക്ഷാമം അനുഭവപ്പെടാറുണ്ട്. ലഭ്യമായ ജലസമ്പത്ത് ഭാവിയിൽ നിയന്ത്രിക്കുന്നതിനും ഉപയോഗിക്കുന്നതിനും കൃത്യമായ ആസൂത്രണം ആവശ്യമാണ്. അതുകൊണ്ട് ജലവിഭവങ്ങളുടെ അളവും ഗുണവും നിർണ്ണയിക്കേണ്ടത് ആവശ്യമാണ്. നദികൾ ഉൾപ്പെടെയുള്ള ജലവ്യവസ്ഥകളുടെ പാരിസ്ഥിതിക ആരോഗ്യം നിലനിർത്തുന്നതിന് നദീതീരത്തേയും നീർത്തടങ്ങളിലേയും ശുചീകരണവും മലിന ജലത്തിന്റെ ഒഴുക്കും തടയുന്ന രീതിയിലുള്ള സമഗ്രമായ സമീപനം ആവശ്യമാണ്.

തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെ തലത്തിൽ ലളിതവും, ചെലവു കുറഞ്ഞതുമായ ചെറിയ പദ്ധതികൾക്കുള്ള പ്രാധാന്യം നാം കാര്യമായി എടുക്കാറില്ല. ഓരോ ഗ്രാമവും അടിസ്ഥാനമാക്കി അതതു ഗ്രാമവാസികളെ പങ്കാളികളാക്കിക്കൊണ്ട് ജലവിഭവസംരക്ഷണ വിനിയോഗസമ്പ്രദായം ഇവിടെ നിലനിന്നിരുന്നു. എന്നാൽ കേന്ദ്രീകൃത പദ്ധതികളുടെ

വരവോടെ പരമ്പരാഗതമായി പരിചരണം ലഭിച്ചിരുന്ന കുളങ്ങളെയും കിണറുകളെയും ശ്രദ്ധിക്കാതായി. പ്രാദേശികമായി കുടിവെള്ളക്ഷാമപരിഹാരത്തിനും ഭൂഗർഭജല സംരക്ഷണത്തിനും അന്തരീക്ഷത്തിലെ ആർദ്രത നിലനിർത്തുന്നതിനും പ്രാദേശിക ജൈവവിധ്യ പരിപാലനത്തിനും ഇത്തരം ജലസ്രോതസ്സുകൾ വഹിക്കുന്ന പാരിസ്ഥിതിക ധർമ്മം നാം തിരിച്ചറിയുന്നില്ല. കാലാവസ്ഥ വ്യതിയാനത്തിന്റെയും ആഗോളതാപനത്തിന്റെയും കൂടി പശ്ചാത്തലം കണക്കിലെടുത്തുകൊണ്ട് ഇതുവരെ അനുഭവിച്ച കുടിവെള്ള ക്ഷാമത്തേക്കാൾ അതിരൂക്ഷമായവയാണ് ഇനി വരാനിരിക്കുന്നത് എന്ന് ഓർമ്മിക്കേണ്ടിയിരിക്കുന്നു.

നമ്മുടെ ജല ഉപയോഗരീതിയിൽ വളരെയധികം മാറ്റങ്ങൾ ഉണ്ടായിട്ടുണ്ട്. ഇത് ജല ഉപയോഗ വ്യവസ്ഥകളെ പ്രതികൂലമായി ബാധിച്ചിട്ടുണ്ട്. എല്ലാവിധത്തിലുള്ള ജലസമ്പത്തുകൾ പുനരുദ്ധരിക്കുന്നതിനും പ്രകൃതി വിഭവങ്ങൾ സ്ഥായിയായും തുല്യമായും ലഭിക്കുന്ന രീതിയിൽ ഉപയോഗിക്കുന്നതിനും ലക്ഷ്യമിട്ടുകൊണ്ട് ഒരു സമഗ്രമായ പ്രവർത്തനം നടപ്പാക്കേണ്ടതാണ്. നദീതടങ്ങളുമായി സംയോജിച്ചുകൊണ്ടുള്ള ഒരു പ്രവർത്തന ശൈലിയാണ് അഭികാമ്യം.

തണ്ണീർത്തടങ്ങൾ

ഭാരതസർക്കാർ 2010–ൽ പുറത്തിറക്കിയ തണ്ണീർത്തടങ്ങൾ ഭൂപടപ്രകാരം കേരളത്തിലെ തണ്ണീർത്തടങ്ങളുടെ വിസ്തൃതി 11722 ഹെക്ടറും, തീരദേശ തണ്ണീർത്തടങ്ങളുടെ വിസ്തൃതി 40876 ഹെക്ടറും ചെറിയ തണ്ണീർത്തടങ്ങളുടെ വിസ്തൃതി 2592 ഹെക്ടറും ആണ്. ജില്ലയിലെ തണ്ണീർത്തടങ്ങളുടെ വിവരങ്ങൾ (1:50000 സ്കെയിൽ) ചുവടെ ചേർക്കുന്നു.

പട്ടിക:4.1.4.1

തണ്ണീർത്തടങ്ങൾ

നീർത്തട ഇനം	നീർത്തടങ്ങൾ എണ്ണം	നീർത്തടങ്ങളുടെ വിസ്തീർണ്ണം	നീർത്തടം ശതമാനത്തിൽ	ജലപരപ്പ്	
				മൺസൂണിന് ശേഷം (ഹെക്ടർ)	മൺസൂണിന് മുമ്പ് (ഹെക്ടർ)
ഉൾനാടൻ നീർത്തടങ്ങൾ – സ്വാഭാവികം					
കുളങ്ങൾ / തടാകങ്ങൾ	1	247	4.16	247	246
ചതുപ്പുകൾ	14	41	0.69	24	25
നദികൾ / തോടുകൾ	24	1590	26.76	1506	1232
ഉൾനാടൻ നീർത്തടങ്ങൾ – മനുഷ്യ നിർമ്മിതം					
ജലസംഭരണികൾ/ ഡാമുകൾ	4	1501	25.26	1199	1231
ടാങ്കുകൽ / കിണറുകൾ	51	104	1.75	41	22
ആകെ – ഉൾനാടൻ	94	3483	58.62	3017	2756
തീരദേശ നീർത്തടങ്ങൾ – സ്വാഭാവികം					
ലഗൂണുകൾ	19	1531	25.77	1392	1324
തീരം / മണൽ	15	543	0	0	0
ആകെ കടൽ തീരം	34	2074	34.9	1392	1324
ആകെ	128	5557	93.52	4409	4080
നീർത്തടങ്ങൾ (<2.25 ഹെ) പ്രധാന്യമായി ടാങ്കുകൾ	385	385	6.48	0	0
ആകെ	513	5942	100	4409	4080
ജലസസ്യങ്ങൾ നിറഞ്ഞ പ്രദേശം				496	289
ചെളി നിറഞ്ഞ പ്രദേശങ്ങൾ					
താഴ്ന്നത്				2105	2439
ഇടത്തരം				2069	1297
ഉയർന്നത്				235	344

ഇടവപ്പാതിയും തുലാവർഷവും കൊണ്ടുവരുന്ന മഴവെള്ളം സംഭരിച്ച് നിർത്തുകയും ഭൂഗർഭജല സമ്പത്ത് റീച്ചാർജ് ചെയ്യുകയും ചെയ്തിരുന്ന പ്രകൃതിദത്ത സംവിധാനങ്ങളാണ് പുഴകളും, തടാകങ്ങളും, കുളങ്ങളും കിണറുകളുമെല്ലാം. ഇവയെ നശിപ്പിക്കുകയും മൂടുകയും ചെയ്യുന്നിടത്താണ് കുടിവെള്ള പ്രശ്നത്തിന്റെ കാതൽ. നദീതടങ്ങൾ പോലെ വിപുലമായ മേഖലകളെ അടിസ്ഥാനപ്പെടുത്തിയാവണം പരിഹാരമാർഗ്ഗങ്ങൾ.

ഭൂഗർഭജലവിതാനം

ജില്ലയിലെ ഭൂഗർഭജലത്തിന്റെ അവസ്ഥ മനസിലാക്കുന്നതിന് ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റ് ഏതാണ്ട് 79 ഓളം മോണിറ്ററിംഗ് വെൽസ് നിർമ്മിച്ചിട്ടുണ്ട്. ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റിന്റെ 1999, 2004, 2009 വർഷങ്ങളിലെ ഡ്രാഫ്റ്റ് പരിശോധിച്ചാൽ ഗ്രൗണ്ട് വാട്ടർ ഡ്രാഫ്റ്റ് 178.79 മീറ്ററിൽ നിന്നും 171.01 ആയി കുറഞ്ഞതായി കാണുന്നു. കൂടാതെ അതിയന്നൂർ, പാറശ്ശാല, നെടുമങ്ങാട്, നേമം, തിരുവനന്തപുരം എന്നീ ജില്ലകളിൽ ഭൂഗർഭജലം ഉപയോഗിക്കുന്നതിന് നിയന്ത്രണം ആവശ്യമാണ്. ജലസേചനം, ഗാർഹികം, വ്യവസായം മുതലായ മേഖലകളിൽ ആവശ്യമായ ജലം ലഭ്യമാക്കുന്നതിനുള്ള ഒരു പ്രധാന സോത്രസ്സ് ഭൂഗർഭജലമാണ്.

വായുമലിനീകരണം

വാഹനങ്ങളും, വ്യവസായശാലകളുമാണ് വായുമലിനീകരണത്തിന്റെ പ്രധാന കാരണങ്ങൾ. വാഹനങ്ങളിൽ നിന്നുള്ള എമിഷനും ശബ്ദവും കേരളത്തിലെ മൂന്ന് പ്രധാനപ്പെട്ട നഗരങ്ങളായ തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് എന്നിവിടങ്ങളിൽ കൂടുതലാണ്. അന്തരീക്ഷ വായുവിന്റെ തൽസമയ ഗുണനിലവാരം അളക്കുന്നതിനായി സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് ജില്ലയിലെ പ്ലാമൂടിൽ ഒരു മോണിറ്ററിംഗ് സ്റ്റേഷൻ ഏർപ്പെടുത്തിയിട്ടുണ്ട്. പി.എം 2.5, പി.എം 10, സൾഫർഡൈഓക്സൈഡ് എന്നിവയാണ് മോണിറ്റർ ചെയ്യുന്നത്. 2016-ലെ വാർഷിക ഗുണനിലവാര റിപ്പോർട്ട് ചുവടെ ചേർക്കുന്നു.

പട്ടിക:4.1.4.2

സൾഫർ ഡൈ ഓക്സൈഡ്, നൈട്രജൻ ഡൈ ഓക്സൈഡ്,
റെസ്പിറബിൾസസ്പെന്റഡ് പർട്ടിക്കുലേറ്റ് മാറ്റർ എന്നിവയുടെ വാർഷിക ഗുണനിലവാരം

ഇനം	പരാമീറ്റർ					
	സൾഫർ ഡൈ ഓക്സൈഡ് (SO_2)		നൈട്രജൻ ഡൈ ഓക്സൈഡ് (NO_x)		റെസ്പിറബിൾസസ്പെന്റഡ് പർട്ടിക്കുലേറ്റ് മാറ്റർ (RSPM)	
	മൂല്യം ($\mu g/m^3$)	പരിധി ($\mu g/m^3$)	മൂല്യം ($\mu g/m^3$)	പരിധി ($\mu g/m^3$)	മൂല്യം ($\mu g/m^3$)	പരിധി ($\mu g/m^3$)
വ്യവസായികം (ഫിലാറ്റക്സ്- വേളി)	17.60	50	24.04	40	53	60
സെൻസിറ്റീവ് (എസ്.എം.വി സ്കൂൾ-ഓവർ ബ്രിഡ്ജ്)	7.79	20	26.42	30	53	60
സെൻസിറ്റീവ് (കോസ്മോപോളിറ്റൻ ആശുപത്രി)	7.30	20	25.84	30	53	60
പേട്ട	7.36	50	24.99	40	51	60

(അവലംബം : വാട്ടർ ആൻഡ് എയർ ക്വാളിറ്റി ഡയറക്ടറി 2016, സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ്)

ഇതിൻ പ്രകാരം പി.എം 10, പി.എം 2.5 എന്നിവയുടെ അളവ് നവംബർ, ഡിസംബർ, ജനുവരി, ഫെബ്രുവരി എന്നീ മാസങ്ങളിൽ നിർദ്ദിഷ്ട പരിധിയേക്കാൾ കൂടുതലാണ്. ജില്ലയിൽ ശ്വാസകോശസംബന്ധമായ അസുഖങ്ങൾ കൂടുന്നതിന് കാരണം പി.എം 2.5ന്റെ അളവിലുള്ള കൂടുതലാണ്. വായു മലിനീകരണം കുറയ്ക്കുന്നതിനുതകുന്ന പദ്ധതികൾ ആസൂത്രണം ചെയ്യേണ്ടതാണ്.

കാലാവസ്ഥ വ്യതിയാനം

കാലാവസ്ഥ വ്യതിയാനം ഇന്ന് സാമൂഹിക സാമ്പത്തിക വികസനത്തെയും, ഭക്ഷ്യസുരക്ഷയെയും, പൊതു പാരിസ്ഥിതിക ആവാസവ്യവസ്ഥകളെയും അവയുടെ സുസ്ഥിരതയെയും പ്രതികൂലമായി ബാധിക്കുന്ന വളരെ പ്രധാനപ്പെട്ടതും നാം പെട്ടെന്ന് അഭിമുഖീകരിക്കേണ്ടതുമായ ഒരു പ്രതിഭാസമായി ലോകമൊട്ടുക്കും മാറിയിരിക്കുന്നു.

കാലാവസ്ഥ വ്യതിയാനം എന്നത് നാളത്തെ പ്രശ്നമല്ല ഇന്നു തന്നെ നാം അഭിമുഖീകരിച്ചുകൊണ്ടിരിക്കുന്ന ഒന്നാണ്. പെട്ടെന്നുള്ള വെള്ളപ്പൊക്കം മൂലം നഗര പ്രദേശങ്ങളിലും താഴ്ന്ന പ്രദേശങ്ങളിലും വെള്ളം കയറി വീടുകൾ നശിക്കുന്നു. വരൾച്ച

മൂലം കൃഷികൾ നശിക്കുന്നു. കാലാവസ്ഥ മാറുന്നതിന്റെ ശക്തമായ ലക്ഷണങ്ങളായി ഇപ്പോൾ തന്നെ ലോകത്ത് മിക്ക സ്ഥലങ്ങളിലും പ്രകടമായിട്ടുണ്ട്. കരയിലെയും കടലിലെയും ചൂട്, മഞ്ഞുമലകൾ ഉരുകുന്നത്, കൊടുങ്കാറ്റുകൾ ശക്തിമത്താകുന്നത് മുതലായവ. കേരളത്തിലും ഇതിന്റെ പല പ്രതിഫലനങ്ങളും കണ്ടു തുടങ്ങിയിട്ടുണ്ട്. മഴക്കാലം കുറയുന്നു, മഴയില്ലാത്ത ദിവസങ്ങളുടെ എണ്ണം കൂടുന്നു, വേനൽക്കാലത്തെ താപനില സാധാരണ നിലയിൽ നിന്നും വളരെ കൂടുന്നു. അതിനനുസരിച്ച് മുൻപ് കേട്ടിട്ടില്ലാത്തവിധം ഹീറ്റ് സ്ട്രോക്ക് ഉണ്ടാകുന്നു. ചിക്കുൻ ഗുനിയ, ഡെങ്കി തുടങ്ങി മുൻപരിചയമില്ലാത്ത പല സാംക്രമിക രോഗങ്ങളും പൊട്ടിപ്പുറപ്പെടുന്നു. വരണ്ട പ്രദേശങ്ങളിൽ കാണുന്ന മയിലുകൾ കൂടുതലായി മറ്റു പ്രദേശങ്ങളിലും കാണുവാൻ തുടങ്ങുന്നു. ഇപ്രകാരമുള്ള ജൈവ സൂചനകൾ ഉൾപ്പെടെ അനേക സൂചനകൾ നാം കണ്ടുകൊണ്ടിരിക്കുന്നു. കാലാവസ്ഥ വ്യതിയാനം എന്നത് സത്യമാണോ? ആണെങ്കിൽ അതിന് ഉത്തരവാദികൾ മനുഷ്യരാണോ? അങ്ങനെയെങ്കിൽ അതിനെ തടുക്കാൻ മനുഷ്യന് കഴിയുമോ? എന്നിങ്ങനെ 3 കാര്യങ്ങളിലുള്ള തർക്കത്തിന് ഔദ്യോഗിക സംവിധാനമായ Intergovernmental Panel on Climate Change (IPCC) ഗഹനമായി പരിശോധിച്ച് എല്ലാ ചോദ്യങ്ങൾക്കും 'അതെ' എന്ന ഉത്തരമാണ് നൽകിയിരിക്കുന്നത്. ആഗോള താപനത്തിന്റെ പ്രത്യാഘാതങ്ങൾ ലോകത്തെല്ലായിടത്തും ഉണ്ടാകുമെന്നും അതിനെ നേരിടാൻ നമ്മുടെ രാജ്യങ്ങളും സംസ്ഥാനങ്ങളും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും ഓരോ ഭരണതലങ്ങളും തയ്യാറെടുക്കണം.

സ്വാഭാവിക കാലാവസ്ഥ വ്യതിയാനത്തിനുപരിയായി, മനുഷ്യജന്യമായ ഹരിത വാതകങ്ങളുടെ നിർഗ്ഗമനവും മറ്റും ആവാസവ്യവസ്ഥകളുടെ താപനില സ്വാഭാവിക നിലയിൽ നിന്നും വളരെക്കൂടുതൽ ആക്കുന്ന നിലയിൽ എത്തിച്ചിരിക്കുന്നു. നമ്മുടെ രാജ്യം കാലാവസ്ഥ വ്യതിയാനജന്യമായ ദുരന്തങ്ങൾക്ക് (വെള്ളപ്പൊക്കം, വരൾച്ച മുതലായവ) അങ്ങേയറ്റം തുറന്നിരിക്കുന്ന ഭൂപ്രകൃതിയുള്ള ഒരു രാജ്യവും, കേരള സംസ്ഥാനവും അതിലെ ഒരു ജില്ലയായ തിരുവനന്തപുരം വളരെ കൂടുതൽ സാധ്യതയുള്ള സ്ഥലങ്ങളുമായിരിക്കുന്നു. ഇക്കാരണത്താൽ ജില്ലയുടെ സമഗ്ര വികസന പദ്ധതി രൂപീകരണത്തിൽ കാലാവസ്ഥാ വ്യതിയാനത്തിന് അനുയോജ്യമായ വികസനപദ്ധതികൾ മാത്രം ഉൾപ്പെടുത്തുകയോ പദ്ധതികളിൽ അനുസൃതമായ ലഘൂകരണം/ അനുരൂപപ്പെടൽ പ്രവർത്തനങ്ങൾ ഉൾപ്പെടുത്തുകയോ ചെയ്യണം.

കേരള സംസ്ഥാനത്തിന് ഒരു സംസ്ഥാനതല കർമ്മ പരിപ്രേക്ഷ്യം നിലവിൽ ഉണ്ട്. സംസ്ഥാന സമ്പദ് വ്യവസ്ഥയിലെ എട്ട് രംഗത്ത് കാലാവസ്ഥ വ്യതിയാനം ഉണ്ടാക്കാൻ പോകുന്ന പ്രത്യാഘാതങ്ങളെപ്പറ്റിയും അതിനെ നേരിടാനുള്ള കർമ്മ പദ്ധതിയെയും അതിന് പ്രതീക്ഷിക്കുന്ന ചെലവിനെക്കുറിച്ചും ഇതിൽ സമഗ്രമായി പ്രതിപാദിക്കുന്നുണ്ട്.

മഴയെ അടിസ്ഥാനമാക്കിയുള്ള സംസ്ഥാനത്തിന്റെ ജല സുരക്ഷയും ഊർജ്ജ സുരക്ഷയും കാലാവസ്ഥാമാറ്റം ബാധിക്കും. നമ്മൾ ഇപ്പോൾ കൃഷി ചെയ്യുന്ന പല വിളകളുടെയും വിളവു കുറയുകയും വിള ഇനങ്ങൾ തന്നെ മാറ്റേണ്ടിയതായും വന്നേക്കാം. വളർത്തു മൃഗങ്ങളുടെ ഉത്പാദനക്ഷമതയും കുറഞ്ഞേക്കാം. ഇപ്പോൾ രോഗങ്ങളില്ലാത്ത പല കൃഷികൾക്കും പുതിയ പല രോഗങ്ങൾ വരികയോ നിലവിലുള്ള രോഗങ്ങളുടെ ശമനമില്ലാതെ വരുകയോ ചെയ്തേക്കാം. സമുദ്ര നിരപ്പ് ഉയരുന്നതിനാൽ തീരപ്രദേശങ്ങളിൽ കടലാക്രമണം കൂടുകയും വെള്ളക്കെട്ടും വെള്ളപ്പൊക്കവും കാരണം ആളുകൾ മാറി താമസിക്കേണ്ടതായും വരും. ചൂടു കൂടുന്നതോടെ വനത്തിലും ജീവികളിലും മാറ്റങ്ങൾ ഉണ്ടാകുകയും കാട്ടുതീ ഇപ്പോഴത്തേതിലും കൂടുകയും ചെയ്യും. മാറുന്ന കാലാവസ്ഥ കേരളത്തിലേക്കുള്ള മറുനാടൻ തൊഴിലാളികളുടെ വരവ് കൂട്ടുകയും തിരിച്ചുപോക്ക് കുറയ്ക്കുകയും ചെയ്യും. ഫോസിൽ ഫ്യൂവലിൽ നിന്നും റിന്യൂവബിൾ ഊർജ്ജത്തിലേക്ക് മാറുമ്പോൾ എണ്ണ ഉത്പാദനത്തിലൂടെ നിലനിൽക്കുന്ന ഗൾഫ് സമ്പദ് വ്യവസ്ഥക്ക് കോട്ടം തട്ടുകയും മറുനാടൻ മലയാളികളെല്ലാം കാലാവസ്ഥ അഭയാർത്ഥികളായി വൻതോതിൽ തിരിച്ചു വരികയും ചെയ്യും. ഇത് സംസ്ഥാന സമ്പദ് സാമൂഹിക വ്യവസ്ഥയെ സമ്മർദ്ദത്തിലാക്കും.

ഇടയ്ക്കിടെ അതിവർഷം ഉണ്ടാകുകയും വെള്ളപ്പൊക്കം മൂലം വൻ ആൾനാശവും അർത്ഥനാശവും ഉണ്ടാകുകയും ചെയ്യും. സംസ്ഥാന തലസ്ഥാനം ഉൾപ്പെടുന്ന ജില്ലയിലും ഇത് വളരെ ഭയാനക പ്രത്യാഘാതങ്ങൾ ഉണ്ടാക്കിയേക്കാം.

കാലാവസ്ഥാ വ്യതിയാനം – അവസ്ഥാ വിശകലനം

കേരളത്തിൽ പൊതുവെ കാലാവസ്ഥാ വ്യതിയാനം മൂലം മുൻപു പറഞ്ഞ ലക്ഷണങ്ങളെല്ലാം കാണുന്നുണ്ടെങ്കിലും ജില്ലകൾ തമ്മിൽ ഇക്കാര്യത്തിൽ വ്യത്യസം ഉണ്ട്.

കഴിഞ്ഞ വർഷം ജൂലൈയിൽ പ്രസിദ്ധീകരിച്ച ഒരു പഠനകണ്ടെത്തലിൽ ജില്ലയിൽ 1969 മുതൽ 2012 വരെയുള്ള കാലയളവിൽ രേഖപ്പെടുത്തിയ താപനിലയുടെ വിശകലന പ്രകാരം കുറഞ്ഞ താപനിലയായ 24° സെൽഷ്യസ് താഴെയുള്ള നിലയുടെ രേഖപ്പെടുത്തൽ 11.78% ൽ നിന്നും ഓരോ ദശവർഷത്തിലും കുറഞ്ഞു കുറഞ്ഞ് 5.18% ആകുകയും കൂടിയ താപനിലയായ 31° സെൽഷ്യസ് കൂടുതലുള്ള നിലയുടെ രേഖപ്പെടുത്തൽ ഓരോ ദശവർഷ കാലയളവിലും 6.49% ൽ നിന്നും കൂടിക്കൂടി 11.44 ൽ എത്തിനിൽക്കുകയും ചെയ്യുന്നു. ഓരോ 10 വർഷം കൂടും തോറും കുറഞ്ഞ താപനില (24° സെൽഷ്യസ് താഴെ) നിലനിൽക്കുന്ന സമയത്തിന്റെ തോത് 1.45% വച്ച് കുറയുകയും അതേസമയം കൂടിയ താപനില (31° സെൽഷ്യസിൽ കൂടുതൽ) നിലനിൽക്കുന്ന സമയം 1.19% വച്ച് കൂടുകയും ചെയ്യുന്നു. അടുത്ത ദശവർഷ കാലയളവായ 2013 മുതൽ 2022 വരെ ശരാശരി വാർഷിക താപനില 27.76° സെൽഷ്യസ് ആയിരിക്കും എന്നും പറയുന്നു. ഒരോ ദശവർഷവും 0.16° സെൽഷ്യസ് എന്ന തോതിൽ ശരാശരി വാർഷിക താപനിലയിൽ വർദ്ധനവ് ഉണ്ടാകും.

2017 ഒക്ടോബർ 1 മുതൽ നവംബർ 9 വരെയുള്ള കാലയളവിൽ കൂടിയ താപനില കൂടുതൽ ദിവസങ്ങളിലും സ്വാഭാവിക നിലയിൽ 2 ഡിഗ്രി സെൽഷ്യസ് വരെ കൂടുതലാണ്. കുറഞ്ഞ താപനിലയും കൂടുതൽ ദിവസങ്ങളിലും 1.5 ഡിഗ്രി സെൽഷ്യസ് വരെ കുടുതലാണ്.

2007 മുതൽ 2016 വരെയുള്ള കാലയളവിൽ നവംബർ മാസത്തെ കാലാവസ്ഥാ ഘടകങ്ങളായ താപനില, മഴയുടെ അളവ് എന്നിവയിൽ കാര്യമായ മാറ്റങ്ങൾ നമുക്ക് കാണാൻ കഴിയും. ഏറ്റവും കൂടിയ താപനിലയായ 34.8 ഡിഗ്രി സെൽഷ്യസ് 2016 നവംബർ 17–ാം തീയതി രേഖപ്പെടുത്തിയിരിക്കുന്നു. ഈ മൂല്യം കഴിഞ്ഞ കാലയളവിലെ ഏറ്റവും കൂടിയ അളവാണ്. നവംബർ മാസത്തിൽ ഏറ്റവും കുറഞ്ഞ മാസവർഷ പാതം 359 mm നിന്ന് കുറഞ്ഞു കുറഞ്ഞ് വെറും 40.5 mm ആയി 2016 ൽ രേഖപ്പെടുത്തി.

1981–2010 വരെയുള്ള 30 വർഷകാലയളവിലെ ജില്ലയിൽ രേഖപ്പെടുത്തിയ ശരാശരി വാർഷിക വർഷപാതം 1761.1 mm ആണ്. ഇത് സംസ്ഥാന ശരാശരിയായ 3000 mm ൽ നിന്നും വളരെ താഴ്ന്നു നിൽക്കുന്നു.

2017 ൽ പ്രസിദ്ധീകരിച്ച മറ്റൊരു പഠന റിപ്പോർട്ട് പ്രകാരം സാധാരണ വർഷപാതത്തിൽ നിന്ന് ജില്ലയിൽ 1986 മുതൽ 2016 വരെയുള്ള 30 വർഷക്കാലയളവിൽ ഏറ്റവും കൂടുതൽ മാറ്റം സംഭവിച്ചിരിക്കുന്നത് 2003 ലും (–75.6 mm), 2012 ലും (–531.1 mm), 2016 ലും (–487.7 mm) ആണ്. ഈ 30 വർഷക്കാലയളവിൽ Standard Precipitation Index (SPI) അനുസരിച്ച് 31 പ്രാവശ്യം മധ്യ വരൾച്ചയും 1 പ്രാവശ്യം തീവ്ര വരൾച്ചയും 5 പ്രാവശ്യം അതിതീവ്ര വരൾച്ചയും ജില്ലയിൽ ഉണ്ടായിട്ടുണ്ട്. ഇത്തരം വരൾച്ചാ അവസ്ഥകളിൽ കൂടുതൽ തവണയും 2016 ലാണ് ഉണ്ടായിരിക്കുന്നത്.

പട്ടിക: 4.1.4.3

കാലാവസ്ഥവ്യതിയാനം – നവംബർ 2007 മുതൽ 2016 വരെ

വർഷം	താപനില (ഡിഗ്രി സെൽഷ്യസ്)		മഴ (mm)	
	ഏറ്റവും ഉയർന്നത്	ഏറ്റവും താഴ്ന്നത്	24 –മണിക്കൂർ ഉയരം	മാസംതോറും ഉള്ള ആകെ
2016	34.8	22.9	17.3	40.5
2015	33.2	23.2	41.0	242.1
2014	33.5	22.7	23.4	115.4
2013	34.0	22.9	88.9	275.2
2012	34.0	22.2	40.9	179.8
2011	33.5	21.0	68.6	275.9
2010	32.6	22.0	51.5	278.0
2009	33.9	21.2	103.6	359.3
2008	33.1	21.9	54.8	266.3
2007	33.7	20.0	110.5	209.3
സർവ്വകാല റിക്കോർഡ്	34.8	18.9	234.7	722.0

(അവലംബം: ഐ.എം.ഡി)

ജൈവവൈവിധ്യം

ഭൂമിയിലെ ജീവന്റെ ആകെ തുകയാണ് ജൈവവൈവിധ്യം. ലോകത്തിന്റെ പന്ത്രണ്ട് പ്രധാന വൈവിധ്യ മേഖലകളിലൊന്നായി ഇന്ത്യയെ കണക്കാക്കിയിരിക്കുന്നു. വലിപ്പത്തിൽ ഭൂമിയുടെ മൊത്തം കരപ്രദേശത്തിന്റെ 2.5% മാത്രമേ ഇന്ത്യവരുന്നുള്ളുവെങ്കിലും ഇതുവരെ തിരിച്ചറിഞ്ഞിട്ടുള്ള സ്പീഷീസുകളിൽ 7.8 ശതമാനവും ഈ രാജ്യത്തിൽ കാണപ്പെടുന്നു. ലോകത്തിലെ ജൈവവൈവിധ്യത്തിന്റെ പ്രധാനപ്പെട്ട നാല് ഹോട്ട് സ്പോട്ടുകൾ ഇന്ത്യയിലാണ് കാണപ്പെടുന്നത്. അവ ഹിമാലയം, പശ്ചിമഘട്ടം, വടക്ക് കിഴക്കൻ പർവ്വത നിരകൾ, നിക്കോബാർ ദ്വീപുകൾ എന്നിവയാണ്.

ഇന്ത്യയിലെ പ്രധാനപ്പെട്ട മേഖലയായ പശ്ചിമഘട്ടം ഗുജറാത്തിലെ താപ്തീ നദീതടം മുതൽ തെക്ക് കന്യാകുമാരി വരെ 1600 കി.മീ നീളത്തിൽ കേരളമുൾപ്പെട്ട അഞ്ച് സംസ്ഥാനങ്ങളിലായി സ്ഥിതിചെയ്യുന്നു. ഈ മേഖല ലോകത്തിലെ തദ്ദേശീയവും അപൂർവ്വവുമായ സസ്യജന്തുജാലങ്ങളുടെ കലവറയുമാണ്. ഇന്ത്യയുടെ ഭൂവിസ്തൃതിയുടെ 1.18 ശതമാനം മാത്രം വിസ്തൃതിയുള്ള കേരളത്തിൽ ഏതാണ്ട് 25.69% സപുഷ്പികൾ കാണപ്പെടുന്നു.

കേരളത്തിന്റെ തെക്കേയറ്റത്തായി സ്ഥിതിചെയ്യുന്ന തിരുവനന്തപുരം ജില്ലയുടെ ആകെ വിസ്തൃതിയുടെ (2192 ച.കി.മീ) 495 ച.കി.മീ വനമേഖലയും 1257.732 ച.കി.മീ കടൽത്തീരവും കാണപ്പെടുന്നു. പശ്ചിമ ഘട്ടത്തിന്റെ രണ്ടാമത്തെ ഉയരം കൂടിയ മലനിരയായ അഗസ്ത്യാർകൂടം (1890 മീ ഉയരം) കുറ്റിച്ചൽ പഞ്ചായത്തിലാണ് കാണപ്പെടുന്നത്. തിരുവനന്തപുരത്തിന്റെ തദ്ദേശയിനങ്ങളായ ആരോഗ്യപച്ച, കോട്ടുക്കോണം മാവ്, ഇടവ തെങ്ങ് എന്നീ സസ്യങ്ങൾ ഇവിടെ ധാരാളമായി കാണപ്പെടുന്നു.

കേരളത്തിലെ അതീവ ജൈവവൈവിധ്യ പ്രാധാന്യമുള്ള പ്രദേശമാണ് തിരുവനന്തപുരം. സാംസ്ക്കാരികമായും തീർത്ഥാടനവുമായി ബന്ധപ്പെട്ടും ഈ പ്രദേശം ജനജീവിതവും വർദ്ധിച്ച് വരുന്ന വനനശീകരണവും ഭൂമികയ്യേറ്റവും ക്വാറികൾ ഉണ്ടാക്കുന്ന ആരോഗ്യ പാരിസ്ഥിതിക പ്രശ്നങ്ങൾ, മണലൂറ്റ്, പരിസ്ഥിതി മലിനീകരണം പാരിസ്ഥിതികവും ജൈവവൈവിധ്യ ശോഷണവും സംഭവിച്ച് കൊണ്ടിരിക്കുന്നു. ആയതിനാൽ അതീവ ജൈവവൈവിധ്യ പ്രാധാന്യമുള്ള ഈ മേഖലയെ സംരക്ഷിക്കുന്നതിനും അതിലൂടെ ജനജീവിതം കൂടുതൽ മെച്ചപ്പെടുത്തുന്നതിനും ആവശ്യമായ പദ്ധതികൾ ആവിഷ്കരിക്കേണ്ടതുണ്ട്.

പട്ടിക: 4.1.4.4

ജൈവവൈവിധ്യം – ഇന്നത്തെ അവസ്ഥ

സസ്യവൈവിധ്യം	ഇനം	ജന്തുവൈവിധ്യം	ഇനം
ആൽഗ	184	ഷഡ്പദങ്ങൾ	155
ഫംഗസ്	537	മത്സ്യങ്ങൾ	96
ലൈക്കൻസ്	20	ഉഭയജീവികൾ	48
ബ്രയോഫൈറ്റ്സ്	11	ഇഴജന്തുക്കൾ	91
പന്നലുകൾ	152	പക്ഷികൾ	351
നഗ്നബീജസസ്യങ്ങൾ	3	സസ്തനികൾ	86
സപുഷ്പികൾ	2013		
ആകെ	2926	ആകെ	2216

ജില്ലയിലെ പഞ്ചായത്തുകളുടെ നിർദ്ദേശമനുസരിച്ച് കണ്ടെത്തിയ ജൈവവൈവിധ്യ സമ്പന്ന പ്രദേശങ്ങൾ

ഈ പ്രദേശങ്ങൾ വനമേഖലയ്ക്കു പുറത്തായി കാണപ്പെടുന്നവയും അതീവ ജൈവവൈവിധ്യ സംരക്ഷണം ആവശ്യമുള്ളവയുമാണ്. അന്താരാഷ്ട്രതലത്തിൽ പരിസ്ഥിതി പ്രാധാന്യമുള്ള സ്ഥലങ്ങൾ സംരക്ഷിക്കുന്നതിനോടൊപ്പം ജനവാസമേഖലയോട് ചേർന്നുള്ള പ്രദേശങ്ങൾ ജനപങ്കാളിത്തത്തോടുകൂടി ജൈവവൈവിധ്യ സംരക്ഷണ കേന്ദ്രങ്ങളാക്കി മാറ്റാം.

1. **കടലുകാണിപ്പാറ**: പുളിമാത്ത് പഞ്ചായത്തിലെ താളിക്കുഴി എന്ന സ്ഥലത്ത് 8 ഏക്കറിൽ വ്യാപിച്ചു കിടക്കുന്ന കടലുകാണിപാറ ഇക്കോടൂറിസം പദ്ധതിക്ക് അനുയോജ്യമാണ്. ഇതിനോടനുബന്ധിച്ച് ഒരു ശിവക്ഷേത്രവും സ്ഥിതി ചെയ്യുന്നു. ഈ പ്രദേശത്ത് അപൂർവ്വയിനത്തിൽപ്പെട്ട ഓർക്കിഡുകൾ, വള്ളിച്ചെടികൾ, കുറ്റിച്ചെടികൾ, വൃക്ഷങ്ങൾ എന്നിവ കാണപ്പെടുന്നു. ഇവ കൂടാതെ ചിത്രശലഭങ്ങൾ, തുമ്പികൾ, ഷഡ്പദങ്ങൾ, ഉരഗങ്ങൾ, പക്ഷികൾ, സസ്തനികൾ എന്നിവയും

കാണപ്പെടുന്നു. ഈ പാറമുകളിൽ നിന്നാൽ അഞ്ചുതെങ്ങ് കോട്ട വരെയുള്ള ഭാഗങ്ങൾ ദർശിക്കാവുന്നതാണ്. അതിനാലാണ് കടലുകാണിപാറ എന്ന പേരു കിട്ടിയത്.

2. **കക്കോട്ടുപാറ:** കുന്നത്തുകാൽ പഞ്ചായത്തിലെ മണവാരി (വാർഡ്–2) വാർഡിൽ കാണപ്പെടുന്ന കക്കോട്ടുപാറയുടെ വിസ്തീർണ്ണം 9 ഏക്കറാണ് നിലവിൽ ഈ സ്ഥലത്ത് എത്തിച്ചേരാൻ പൊതുവഴി ഇല്ല. ഈ പ്രദേശം വനയാത്രയ്ക്ക് അനുയോജ്യമാണ്.
3. **കൊണ്ടകെട്ടി കൂനിച്ചി:** 250 ഏക്കർ സ്ഥലത്ത് വെള്ളറട അമ്പൂരി പഞ്ചായത്തുകളിലായി വ്യാപിച്ചു കിടക്കുന്ന കൊണ്ടകെട്ടി കൂനിച്ചി മലനിരകൾ അതീവ ജൈവവൈവിധ്യ പ്രാധാന്യമുള്ളതാണ്. ഇതിൽ 150 ഏക്കർ പരിസ്ഥിതി ലോല പ്രദേശം അമ്പൂരി പഞ്ചായത്തിലുൾപ്പെടുന്നതാണ്. നെയ്യാർ വന്യജീവി സങ്കേതം, നെയ്യാർ ഡാം, കുരിശുമല തീർത്ഥാടന കേന്ദ്രം എന്നിവയ്ക്കടുത്താണ് ഈ പ്രദേശം സ്ഥിതി ചെയ്യുന്നത്. ഇതിനു മുകളിലായി ഭാരതാംബയുടെ കാവ് സ്ഥിതിചെയ്യുന്നു.
4. **തോണിക്കടവ്/ പൊഴിക്കര:** പൂവാർ പഞ്ചായത്തിലുൾപ്പെടുന്ന തോണിക്കടവ് മുതൽ പൊഴിക്കര വരെയുള്ള ഭാഗം ടൂറിസം പദ്ധതി ഉള്ള സ്ഥലമാണ്. ഇവിടെ അത്യപൂർവ്വ കണ്ടൽ സസ്യങ്ങളും അനുബന്ധ സസ്യങ്ങളും ധാരാളമായി കാണുന്നു. കോവളം പൂവ്/ സമുദ്രക്കായ എന്നറിയപ്പെടുന്ന കണ്ടൽ സസ്യം ഇവിടെ മാത്രം കാണുന്നതാണ്.
5. **പാണ്ഡവൻപാറ** : പെരുങ്കടവിള പഞ്ചായത്തിൽ ഏകദേശം $3^1/_2$ ഏക്കർ സ്ഥലത്തായി പഞ്ചപാണ്ഡവൻമാർ വനവാസകാലത്തു ഇവിടെ വന്നു താമസിച്ചു എന്ന ഐതീഹ്യവുമായി ബന്ധപ്പെട്ട പാണ്ഡവൻപാറ സ്ഥിതിചെയ്യുന്നു. നിലവിൽ ഇവിടെത്തേയ്ക്ക് വഴിയില്ല. പാറയുടെ അടിയിലായി കാണുന്ന ഗുഹയിൽ പുരാതനകാലത്ത് ചുമർചിത്രങ്ങൾ കാണപ്പെടുന്നു എങ്കിലും ഇപ്പോൾ നശിക്കപ്പെട്ട നിലയിലാണ് നിലവിൽ ഈ പ്രദേശം പുരാവസ്തു വകുപ്പിന്റെ കീഴിലാണ്.
6. **വെള്ളാണിക്കൽ പാറ:** മാണിക്കൽ പഞ്ചായത്തിലും പോത്തൻകോട് പഞ്ചായത്തിലുമായി സ്ഥിതി ചെയ്യുന്ന നയനമനോഹരമായ വെള്ളാണിക്കൽപാറ ഇക്കോടൂറിസത്തിന് അനുയോജ്യമായ പ്രദേശമാണ്. ഇതിനോടനുബന്ധിച്ചു കാണുന്ന പുൽമേടുകളും അതീവ മനോഹരമാണ്. ഇവിടെ അത്യപൂർവ്വമായ ഔഷധസസ്യങ്ങൾ കാണപ്പെടുന്നു. പുലിച്ചാണി ഗുഹ എന്നറിയപ്പെടുന്ന ഗുഹാ പ്രദേശവും ഇവിടെ കാണാവുന്നതാണ്.
7. **വെള്ളായണി തടാകം:** കേരളത്തിലെ ജൈവവൈവിധ്യ സമ്പന്നമേഖലയായ ശുദ്ധജലതടാകങ്ങളിൽ ഒന്നായ വെള്ളായണി തടാകം തിരുവനന്തപുരം പട്ടണത്തിൽ നിന്ന് വളരെ ദൂരത്തല്ലാതെയാണ് സ്ഥിതി ചെയ്യുന്നത്. കായലിന്റെ ചുറ്റുപാടുള്ള കല്ലിയൂർ, വെങ്ങാന്നൂർ, വിഴിഞ്ഞം എന്നീ ഗ്രാമപഞ്ചായത്തുകളുടെയും തിരുവനന്തപുരം കോർപ്പറേഷനിലെ ചില സ്ഥലങ്ങളുടെയും കുടിവെള്ള സ്രോതസ്സാണ്. വെള്ളായണി കായൽ 243.39 ഹെക്ടറാണ്. താമരകൾ നിറഞ്ഞ അതിമനോഹരമായ ചുറ്റുമുള്ള ചതുപ്പുകളും, നിലങ്ങളും, പുപ്പാടങ്ങളും വെള്ളായണി കായലിന്റെ സവിശേഷതയാണ്. ഈ വേറിട്ട ഭൂമിശാസ്ത്ര ഘടന കാരണം കായലിന്റെ ചുറ്റുപാടും എപ്പോഴും ജലസാന്നിദ്ധ്യം കാണപ്പെടുന്നു. മഴവെള്ളമാണ് ഈ തടാകത്തിന്റെ മുഖ്യ സ്രോതസ്സ്. ഈ തണ്ണീർത്തടം വിവിധയിനം സസ്യജന്തു ജീവജാലങ്ങളുടെ അഭയകേന്ദ്രമാണ്. വെള്ളായണി – പൂഞ്ചക്കരിയിൽ വിവിധയിനം പക്ഷികൾ കാണപ്പെടുന്നു. ഇതിൽ ദേശാടനപക്ഷികളും ഉൾപ്പെടുന്നു.

ഈ തണ്ണീർത്തടത്തിന്റെ ജൈവവൈവിധ്യ രജിസ്റ്റർ തയ്യാറാക്കിയിട്ടുണ്ട്. ഇതിൽ 182 ഇനം സസ്യങ്ങൾ 134 ഇനം പക്ഷികൾ, 42 ഇനം മത്സ്യങ്ങൾ 6 ഇനം ഉഭയജീവികൾ, 9 ഇനം ഉരഗങ്ങൾ, 10 ഇനം സസ്തനികൾ, 60 ഇനം ചിത്രശലഭങ്ങൾ, 25 ഇനം തുമ്പികൾ, 20 ഇനം മറ്റു പ്രാണികൾ, 18 ഇനം കാർഷിക വിളകൾ എന്നിവ ഉൾപ്പെടുന്നു. IUCN കണക്കുപ്രകാരം വംശനാശ ഭീഷണി നേരിടുന്ന 'Pallid Harrier' എന്ന പക്ഷിയുടെ കണ്ടെത്തലും, Great Bittern എന്ന പക്ഷിയുടെ ആദ്യത്തെ ഫോട്ടോ ഡോക്യുമെന്റേഷനും ഈ ജൈവവൈവിധ്യ പഠനത്തിന്റെ ഫലങ്ങളാണ്. കായൽ ഉൾകൊള്ളുന്ന പഞ്ചായത്തുകളുടെ പദ്ധതി രൂപീകരണത്തിൽ കായലിന്റെ ജൈവവൈവിദ്ധ്യസംരക്ഷണത്തിന് ഉതകുന്ന നിർദ്ദേശങ്ങൾ ഉൾകൊള്ളിക്കേണ്ടതുണ്ട്.

കണ്ടൽചെടികൾ

ജില്ലയിലെ തെക്കേ അറ്റത്തുള്ള പൂവാർ പഞ്ചായത്ത് മുതൽ വടക്ക് പടിഞ്ഞാറ് പഞ്ചായത്തായ ഇടവ വരെ ഒരു മാലപോലെ 14 തീരദ്ദേശ പഞ്ചായത്തുകളിലായി കണ്ടൽചെടികൾ കാണപ്പെട്ടിരുന്നു. എന്നാൽ 2017-ൽ നടത്തിയ സർവ്വേയിൽ പല സ്ഥലങ്ങളിലും കണ്ടൽ ചെടികൾക്ക് നാശം സംഭവിക്കുകയും കണ്ടൽ അനുബന്ധ സസ്യങ്ങൾ ധാരാളമായി കാണപ്പെടുകയും ചെയ്യുന്നു. നിലവിലെ സാഹചര്യത്തിൽ യാതൊരുവിധ സംരക്ഷണ പ്രവർത്തനങ്ങളും ഇല്ലാത്ത അവസ്ഥയിലാണ്. ഇവിടെ കണ്ടൽ സസ്യങ്ങൾ വച്ച് പിടിപ്പിക്കാൻ അനുയോജ്യമാണ്. ഇവയിൽ ഇടവ, അഞ്ചുതെങ്ങ് പഞ്ചായത്തുകളിൽ പഞ്ചായത്തിന്റെ നേതൃത്വത്തിൽ കുറച്ചു ഭാഗങ്ങളിൽ കണ്ടൽ വച്ചുപിടിപ്പിച്ചിട്ടുണ്ട്.

പട്ടിക: 4.1.4.5

കണ്ടൽചെടികൾ-നിലവിലെ അവസ്ഥ

പഞ്ചായത്തിന്റെ പേര്	കാണപ്പെടുന്ന വാർഡുകൾ	ദൂരം	നിലവിലെ അവസ്ഥ
ഇടവ	1,13,14,15,16	$2^1/_2$ കി.മി	സംരക്ഷണം ആവശ്യമാണ്
കഠിനംകുളം	1,2,5,11,21,18	$2^1/_2$ കി.മി	സംരക്ഷണം ആവശ്യമാണ്
കടയ്ക്കാവൂർ	7,8,9,10,11	10 കി.മി	സംരക്ഷണം ആവശ്യമാണ്
അണ്ടൂർക്കോണം	16, 17, 18	15 കി.മി	സംരക്ഷണം ആവശ്യമാണ്
ചെറുന്നിയൂർ	10	200 മി	സംരക്ഷണം ആവശ്യമാണ്
കുളത്തൂർ	1,15,16,20	6 കി.മി	സംരക്ഷണം ആവശ്യമാണ്
പൂവാർ	5,7,8	8.25 കി.മി	സംരക്ഷണം ആവശ്യമാണ്
വർക്കല	21,22,27,28	5 കി.മി	സംരക്ഷണം ആവശ്യമാണ്
വക്കം	10	2 കി.മി	നശിച്ചു പോയവ
ചിറയിൻകീഴ്	7	3 കി.മി	സംരക്ഷണം ആവശ്യമാണ്
ഒറ്റൂർ	12	2 കി.മി	സംരക്ഷണം ആവശ്യമാണ്
മണമ്പൂർ	12,13	3 കി.മി	സംരക്ഷണം ആവശ്യമാണ്
അഞ്ചുതെങ്ങ്	7	10 സെന്റ്	സംരക്ഷണം ആവശ്യമാണ്
തിരുവനന്തപുരം കോർപ്പറേഷൻ		2 കി.മി	സംരക്ഷണം ആവശ്യമാണ്

പാറമടകൾ

ജില്ലയിലെ പാറമടകൾ മാലിന്യ നിക്ഷേപത്താലും വേണ്ടത്ര സംരക്ഷണം ഇല്ലാതെയും നാശത്തിന്റെ വക്കിലാണ്. ഇവയെ സംരക്ഷിച്ച് ഉപയോഗപ്രദമാക്കേണ്ടത് അത്യാവശ്യമാണ്.

പട്ടിക: 4.1.4.6

പാറമടകൾ (ഉപേക്ഷിക്കപ്പെട്ടവ)

പഞ്ചായത്തിന്റെ പേര്	വാർഡ്	വില്ലേജ് ബ്ലോക്ക് താലൂക്ക്	സ്ഥിതിചെയ്യുന്ന സ്ഥലം	വിസ്തീർണ്ണം
നഗരൂർ	17	നഗരൂർ - കിളിമാനൂർ ചിറയിൻകീഴ്	വിളയിൽക്കട	5 ഏക്കർ
പൂവച്ചൽ	23	പെരുംകുളം	കരിയംകോട്	1 ഏക്കർ
അമ്പൂരി	13	വാഴിച്ചൽ	കണ്ടംതിട്ട	
കള്ളിക്കാട്	13	വാഴിച്ചൽ	-	
കാട്ടാക്കട	21	കുളത്തുമ്മൽ	കൊല്ലോട്	1 ഏക്കർ
കാട്ടാക്കട	21	കുളത്തുമ്മൽ	പനയംമൂട്	4 ഏക്കർ
പെരുംകടവിള	16	പെരുംങ്കടവിള	ആലത്തൂർ	1.8 ഏക്കർ
നെയ്യാറ്റിൻകര	44	നെയ്യാറ്റിൻകര	-	3 ഏക്കർ
നെയ്യാറ്റിൻകര	44	നെയ്യാറ്റിൻകര	-	10 ഏക്കർ
വിളപ്പിൽ	20	വിളപ്പിൽ	വെള്ളായിക്കടവ്	2 ഏക്കർ
വിളപ്പിൽ	20	വിളപ്പിൽ	കുന്നുകുഴി	80 സെൻറ്
വിളപ്പിൽ	20	നേമം	മണലി	2 ഏക്കർ
വിളപ്പിൽ	20	നേമം	കാരോട്	11 ഏക്കർ
വെള്ളനാട്	18	വെള്ളനാട്	കണ്ണംപള്ളി	5 ഏക്കർ
മാറനല്ലൂർ	21	മാറനല്ലൂർ	മലവിള	12 ഏക്കർ
ബാലരാമപുരം	20	നേമം	എരുത്താവൂർ	1 ഏക്കർ
മലയിൻകീഴ്	20	നേമം	അണപ്പാട്	
മാണിക്കൽ	21	മാണിക്കൽ	കോലിയക്കോട്	1 ഏക്കർ
വെള്ളറട	23	വെള്ളറട	സർവ്വേനമ്പർ:506/ 42, 2,11,4-1, 4-2	1 ഏക്കർ

- ഉപയോഗശൂന്യമായ പാറമടകൾ മഴവെള്ള കൊയ്ത്തിനായി ഉപയോഗിക്കാം. പാറമടകൾക്കു ചുറ്റും രാമച്ചം നട്ടുപിടിപ്പിക്കാവുന്നതാണ്.
- ഔഷധ സസ്യതോട്ടം, ശലഭ പാർക്ക് എന്നിവയുടെ നിർമ്മാണം ഇതിനോടനുബന്ധിച്ചുള്ള പ്രദേശങ്ങളിൽ നടത്താവുന്നതാണ്.
- ഉപേക്ഷിക്കപ്പെട്ട സ്ഥലം പാർക്കുകളുടെ നിർമ്മാണത്തിന് ഉപയോഗിക്കാവുന്നതാണ്.

കാവുകളുടെയും കണ്ടൽക്കാടുകളുടെയും സംരക്ഷണം

കാവുകളുടെയും കണ്ടൽക്കാടുകളുടെയും പുനരുദ്ധാരണത്തിനായി ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനത്തിന് പദ്ധതികൾ രൂപീകരിക്കാവുന്നതാണ്. ഇതിന്റെ മേൽനോട്ടം ജൈവവൈവിധ്യ പരിപാലന സമിതിയുടെ ചുമതലയിൽ നടത്തണം. പദ്ധതി നിർവ്വഹണം പൂർത്തിയാകുന്ന മുറയ്ക്ക് ആകെ ചെലവിന്റെ 75% തദ്ദേശ സ്ഥാപനം നൽകണം (GO(MS)No.80/2017/Isgd dated 03.04.2017).

ജൈവവൈവിധ്യത്തിന്റെ കലവറയാണ് കാവുകൾ. അപൂർവ്വവും തദ്ദേശീയമായതും വംശനാശ ഭീഷണിയുള്ളതുമായ നിരവധി സസ്യ ജന്തുജാലങ്ങളുടെ ആവാസ കേന്ദ്രം കൂടിയാണ് കാവുകൾ. കാവുകളുടെ സസ്യവിന്യാസം ഏതാണ്ട് നിത്യഹരിതവനങ്ങൾക്ക് സമാനമാണ്. മാനുഷിക ഇടപെടൽ തീരെ കുറവായ മേഖലകളിൽ അപൂർവ്വവും ഔഷധഗുണമുള്ളതുമായ സസ്യങ്ങൾ സ്വാഭാവിക ജീൻ കലവറകളായി നിലനിൽക്കുന്നു. ഭൂഗർഭ ജലനിരപ്പ് നിലനിർത്തുന്നതിൽ കാവുകൾ സുപ്രധാന പങ്ക് വഹിക്കുന്നു. 722 സ്പീഷ്യസ് സസ്യങ്ങളും നിരവധി ഷഡ്പദങ്ങൾ, ഉരഗങ്ങൾ, ഉഭയജീവികൾ, പക്ഷികൾ, സസ്തനികൾ മുതലായവയുടെ ആവാസകേന്ദ്രമാണ് കാവുകൾ.

പ്രകൃതിയുടെ അമൂല്യ ജൈവ സമ്പത്തായ നീരുറവകളാണ് കുളങ്ങൾ. മഴവെള്ളത്തെ നഷ്ടപ്പെടുത്താതെ സംഭരിച്ച് വയ്ക്കുന്ന ജലസംഭരണികളായ കുളങ്ങൾ സംഭരിക്കുന്ന ജലത്തെ നഷ്ടപ്പെടാതെ ഭൂഗർഭ ജലത്തിലോ ഉപരിതലത്തിലോ ചേർക്കുകയും പ്രകൃതിയുടെ ജലസ്രോതസ്സുകളെ റീചാർജ്ജ് ചെയ്യുകയും ചെയ്യുന്നു. ജൈവവൈവിധ്യത്തിന്റെ ഈറ്റില്ലമായ കുളങ്ങൾ മത്സ്യങ്ങൾ, ഉഭയ ജീവികൾ, ദേശാടനപക്ഷികൾ, ജലസസ്യങ്ങൾ, ആൽഗകൾ മറ്റ് ജലജീവികൾ എന്നിവയുടെ ആവാസ കേന്ദ്രം കൂടിയാണ്. കാലാവസ്ഥാവ്യതിയാനത്തെ തുടർന്ന് വർദ്ധിച്ച് വരുന്ന വരൾച്ചയെ പ്രതിരോധിക്കാൻ നിലവിലുള്ള കുളങ്ങൾ സംരക്ഷിക്കപ്പെടേണ്ടത് അത്യന്താപേക്ഷിതമാണ്.

പട്ടിക: 4.1.4.7

കാവുകൾ, കുളങ്ങൾ (പഞ്ചായത്തിന്റെ അധീനതയിലുള്ളവ)

താലൂക്ക്	കാവുകളുടെ എണ്ണം	കുളങ്ങളുടെ എണ്ണം
തിരുവനന്തപുരം	159	359
നെയ്യാറ്റിൻകര	174	627
നെടുമങ്ങാട്	128	191
കാട്ടാക്കട	86	243
വർക്കല	90	79
ചിറയിൻകീഴ്	190	176
ആകെ	827	1675

(അവലംബം:കെ.എസ്.ബി.ബി സർവ്വെ 2017)

തീരദേശ ജൈവവൈവിധ്യ സംരക്ഷണം

പൂവാർ കായൽ, പൂന്തുറ കായൽ, കഠിനംകുളം കായൽ, വേളി കായൽ, അഞ്ചുതെങ്ങ്, കാരിച്ചൽ, ഇടവ-നടയറ കായൽ എന്നിവയാണ് ജില്ലയിലെ പ്രധാന കായലുകൾ. കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയം പരവൂർ-കഠിനംകുളം കായലുകളെ പ്രധാനപ്പെട്ട തീരദേശം ജൈവവൈവിധ്യ കേന്ദ്രങ്ങളായി കണ്ടെത്തിയിട്ടുണ്ട്.

- ജില്ലക്കുവേണ്ടി തീരദേശ മേഖല സംരക്ഷണ പദ്ധതി ഉണ്ടാകണം.
- ഇടവ-വർക്കല ക്ലിഫ് സംരക്ഷണം.

പട്ടിക: 4.1.4.8
പരിസ്ഥിതി പുന:സ്ഥാപനം ആവശ്യമായ കുളങ്ങൾ

ബ്ലോക്ക്	കുളങ്ങളുടെ എണ്ണം
പെരുങ്കടവിള	18
പാറശ്ശാല	32
അതിയന്നൂർ	18
വെള്ളനാട്	14
നേമം	41
നെടുമങ്ങാട്	19
വാമനപുരം	4
കഴക്കൂട്ടം	15
കിളിമാന്നൂർ	8
ചിറയിൻകീഴ്	41
വർക്കല	3
തിരുവനന്തപുരം കോർപ്പറേഷൻ	13

നഗര ജൈവവൈവിധ്യം

- നഗര ജൈവവൈവിധ്യത്തിലെ പ്രധാന ഘടകങ്ങളാണ് വീടുകളിലെ പുന്തോട്ടങ്ങൾ, സ്വകാര്യ പാർക്കുകൾ, പൊതു സ്ഥലങ്ങളിലെ പാർക്കുകൾ, റോഡുവക്കിലെ വൃക്ഷങ്ങൾ.
- നഗരത്തിൽ മാത്രം ഏകദേശം 15 കാവുകൾ, 24 പച്ചപ്പുകൾ/പാർക്കുകൾ എന്നിവ കാണപ്പെടുന്നു.
- നഗര പ്രദേശങ്ങളിൽ വൃക്ഷങ്ങളുടെ കണക്കെടുപ്പ് നടത്തുക.
- വൃക്ഷങ്ങൾക്ക് ആരോഗ്യ ഇൻഷ്വറൻസ് പരിരക്ഷ നടപ്പിലാക്കുക.
- തുറസ്സായ പ്രദേശങ്ങളിൽ വൃക്ഷങ്ങൾ നട്ടുപിടിപ്പിക്കുക.

വനവികസനം

കാർബൺ ആഗിരണം, ഓക്സിജൻ ഉല്പാദനം, മണ്ണ് സംരക്ഷണം, ജലസുരക്ഷ ഉറപ്പ് വരുത്തൽ തുടങ്ങി പ്രകൃതിയുടെ സന്തുലിതാവസ്ഥ നിലനിർത്തുന്നതിൽ വനങ്ങളുടെ പ്രാധാന്യത്തെക്കുറിച്ച് രണ്ട് അഭിപ്രായമില്ല. സുസ്ഥിരവും സമഗ്രവുമായ വികസനം ലക്ഷ്യമാക്കിക്കൊണ്ടുള്ള പദ്ധതികളിൽ വനസംരക്ഷണത്തിന് ഏറെ പ്രാധാന്യം നൽകുന്നുണ്ടെങ്കിലും ഇനിയുമേറെ ദൂരം പോകേണ്ടതുണ്ട്. ഈ ലക്ഷ്യത്തിലേയ്ക്കുള്ള ഒരു വലിയ ചുവട് വയ്പ്പാണ് സംസ്ഥാന സർക്കാർ നടപ്പിലാക്കി വരുന്ന ഹരിതകേരളം മിഷൻ. രാജ്യത്തെ വനവും വന്യജീവികളും പരിസ്ഥിതിയും രാജ്യത്തിന്റെ ഉത്തരവാദിത്വമാണെന്ന് ഭരണഘടന അതിന്റെ മാർഗ്ഗനിർദ്ദേശകതത്വങ്ങളിൽ പറയുന്നുണ്ടെങ്കിലും എല്ലാം സർക്കാരിന്റെ മാത്രം ഉത്തരവാദിത്വമായി കാണാതെ ഭരണഘടനയുടെ 51(A) വകുപ്പിൽ പറയുന്ന പ്രകൃതിയെ സംരക്ഷിക്കാൻ സഹജീവികളോട് സഹാനുഭൂതി പുലർത്തുവാനും ഓരോ ഇന്ത്യൻ പൗരനും കടമയുണ്ട് എന്ന തിരിച്ചറിവ് ഓരോരുത്തരിലും ഉണ്ടാകേണ്ടത് അത്യന്താപേക്ഷിതമാണ്.

നഗരാസൂത്രണത്തിന്റെ ഭാഗമായി പദ്ധതികൾ വിഭാവനം ചെയ്യുമ്പോൾ പ്രത്യേകിച്ച് ദീർഘകാലടിസ്ഥാനത്തിലുള്ള ആസൂത്രണം നടത്തുമ്പോൾ വനം/പരിസ്ഥിതി സംരക്ഷണം സംയോജിപ്പിച്ചിട്ടുള്ള പദ്ധതികളായിരിക്കണം വിഭാവനം ചെയ്യേണ്ടത്. ദ്രുതഗതിയിലുള്ള നഗരവൽക്കരണം ഈ നൂറ്റാണ്ടിന്റെ സവിശേഷതയാണ്. എല്ലാ ഭാഗത്തും നിന്നുമുള്ള സമ്മർദ്ദങ്ങളോട് പ്രതികരിക്കുകയും അതേ സമയം സാമൂഹിക, സാമ്പത്തിക, പാരിസ്ഥിതിക ആവശ്യങ്ങളെ സമനിലയിൽ പരിപാലിക്കുകയും ചെയ്യുമ്പോഴാണ് സുസ്ഥിരമായ നഗര വികസനം സാധ്യമാകുന്നത്. ഇതിൽ നിന്നും ജില്ലയ്ക്ക് എന്ന് അല്ല സംസ്ഥാനത്തിനോ, രാഷ്ട്രത്തിനോ പിറകിലേയ്ക്ക് പോകാൻ കഴിയില്ല. സ്വാഭാവികമായി ഇത് ഉയർത്തുന്ന പാരിസ്ഥിതിക വെല്ലുവിളികളെ നേരിട്ട് വനത്തെയും പരിസ്ഥിതിയെയും കണക്കിലെടുത്തുള്ള സുസ്ഥിതരമായ വികസനം വിഭാവനം ചെയ്ത് ഫലവത്താവണമെങ്കിൽ ദീർഘകാലാടിസ്ഥാത്തിലുള്ള ആസൂത്രണത്തിലൂടെ മാത്രമെ സാധിക്കുകയുള്ളു.

മനുഷ്യജീവിതത്തെ നേരിട്ടും പരോക്ഷമായും ബാധിക്കുന്ന നാല് മേഖലകളിൽ സുസ്ഥിര വികസനം കൊണ്ടു വരുന്നത് ലക്ഷ്യമാക്കിയാണ് സംസ്ഥാന സർക്കാർ

ഹരിതകേരളം, ആർദ്രം, ലൈഫ്, വിദ്യാഭ്യാസം എന്നീ മിഷനുകൾ പ്രഖ്യാപിച്ച് നടപ്പിലാക്കി വരുന്നത്. മാലിന്യ സംസ്ക്കരണം, ജൈവകൃഷി, ജലവിഭവ പരിപാലനം എന്നിവ സംയോജിപ്പിച്ചാണ് ഹരിത കേരളം മിഷൻ പ്രഖ്യാപിച്ചിട്ടുള്ളത്.

ജില്ലയിൽ ഏതാണ്ട് 463 ച.കി.മീ വനമാണ് ഉള്ളത്. ജൈവവൈവിധ്യത്താൽ സമ്പുഷ്ടമായ ഈ വനമേഖലയെ ജില്ലയുടെ ശ്വാസകോശമെന്ന് വിശേഷിപ്പിക്കാവുന്നതാണ്. പൊതുജനപങ്കാളിത്തത്തോടെ വനമേഖലയുടെ സംരക്ഷണത്തിനായി വനം വകുപ്പ് വനസംരക്ഷണസമിതികളും ഇക്കോ ഡെവലപ്പ്മെന്റ് കമ്മിറ്റികളും രൂപീകരിച്ചു പ്രവർത്തിച്ചു വരുന്നു. ജില്ലയിലെ വനം സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു.

പട്ടിക: 4.1.4.9

വനം – വിവരങ്ങൾ

വന വിസ്തൃതി	463.8341 ച.കി.
പാരിസ്ഥിതിദുർബലപ്രദേശം	11.0728 ച.കി
വനാതിർത്തിയുടെ നീളം	617.39 കി.മി
ഇക്കോടൂറിസം കേന്ദ്രങ്ങൾ	6 എണ്ണം

(അവലംബം:, ഫോറസ്റ്റ് സ്റ്റാറ്റിസ്റ്റിക്സ് 2015)

ഭൂവിസ്തൃതി	2189 ച.കി
നിബിഡ വനങ്ങൾ	60 ച.കി
അർദ്ധ നിബിഡ വനങ്ങൾ	718 ച.കി
ശുഷ്ക വനങ്ങൾ	539 ച.കി
ആകെ	1317 ച.കി

ജില്ലയിലെ 73 പഞ്ചായത്തുകളിൽ 13 പഞ്ചായത്തുകളിലാണ് സംരക്ഷിത വനപ്രദേശം ജനവാസമേഖലയുമായി അതിർത്തി പങ്കിടുന്നത്. അവ താഴെ പറയുന്നവയാണ്.

1. മടവൂർ 2. പനവൂർ 3. അമ്പൂരി 4. കള്ളിക്കാട്
5. കല്ലറ 6. നന്ദിയോട് 7. പാങ്ങോട് 8. പെരിങ്ങമ്മല
9. ആര്യനാട് 10. കുറ്റിച്ചൽ 11. തൊളിക്കോട് 12. ഉഴമലയ്ക്കൽ
13. വിതുര

ആയതിന്റെ ഭൂമിശാസ്ത്ര വിവരവിനിമയ സാങ്കേതികവിദ്യയിൽ തയ്യാറാക്കിയ ഭൂപടം ചുവടെ ചേർക്കുന്നു.

Fig:1

ജില്ലയിൽ ലഭ്യമായ തരിശ് ഭൂമിയുടെ കണക്കുകൾ പട്ടിക:4.1.4.10 ചുവടെ ചേർക്കുന്നു.

പട്ടിക: 4.1.4.10

ജില്ലയിലെ പാഴ്നിലങ്ങളുടെ കണക്ക്

പാഴ്നിലം	2008–09 Area (SqKm)	2015– 16 Area (SqKm)
ഇടതൂർന്ന കുറ്റികാടുകളോടു കൂടിയ ഭൂമി	8.391385	7.424738
തുറസായ കുറ്റികാടുകളോടു കൂടിയ ഭൂമി	3.181543	2.593662
പരീക്ഷണ വനം	145.539071	130.752271
പരീക്ഷണ മേച്ചിൽ സ്ഥലം	0.302896	0.302896
തോട്ടവിളകൾ വളരുന്ന പരീക്ഷണ ഭൂമി	0.062491	–
തീരപ്രദേശം	0.106658	4.386838
ഖനനം നടന്ന പാഴ്നിലം	0.410593	2.718127
പാറത്തരിശ്	8.234651	8.483861
പാഴ്നിലത്തിന് പുറമേയുള്ള ഭൂമി	2053.003493	2062.53
വ്യാവസായിക പാഴ്നിലം	–	0.03775
ആകെ	**2219.232781**	**2219.230143**

(അവലംബം:; കെ.എസ്.ആർ.ഇ.സി വേയ്സ്റ്റ് ലാന്റ് പ്രോജക്ട്, എൻ.ആർ.എസ്.സി)

മേൽപ്പറഞ്ഞ വനാതിർത്തി പങ്കിടുന്ന 13 പഞ്ചായത്തുകളിൽ അടുത്ത കാലത്തായി മനുഷ്യ–വന്യജീവി സംഘർഷം വർദ്ധിച്ചു വരുന്നതായി കണ്ടുവരുന്നു. ഈ പറഞ്ഞ 13 പഞ്ചായത്തുകൾക്ക് പുറമേ സമീപത്തുള്ള മറ്റ് പഞ്ചായത്തുകളിലേക്കും ഇത് വ്യാപിക്കുന്നതിൽ നിന്നും പ്രശ്നത്തിന്റെ വ്യാപ്തി വ്യക്തമാണ്. പ്രധാനമായും കാട്ടുപന്നിയും കുരങ്ങന്മാരും ചിലയിടങ്ങളിൽ ആനയുമാണ് വനത്തിന് പുറത്ത് ജനവാസ മേഖലകളിലെത്തിപ്പെടുകയും ജനങ്ങൾക്ക് പ്രശ്നങ്ങൾ സൃഷ്ടിക്കുകയും ചെയ്യുന്നതായി കണ്ടു വരുന്നത്. പ്രശ്നം ലഘൂകരിക്കുന്നതിനായി വനം വകുപ്പ് നിലവിൽ സ്വീകരിച്ചു വരുന്ന സൗരോർജ്ജ കമ്പിവേലി, ആനക്കിടങ്ങുകൾ തുടങ്ങിയ പ്രതിരോധ മാർഗ്ഗങ്ങൾക്ക് പുറമേ സർക്കാർ ഉത്തരവ് (GO(Rt) 51/2017/F&WLD dt. 07.02.2017) പ്രകാരം പ്രശ്ന ബാധിത മേഖലകളിലെ പഞ്ചായത്ത് പ്രസിഡന്റ് അധ്യക്ഷനായി ജനജാഗ്രത സമിതികൾ (വാർഡ് തലത്തിൽ) രൂപീകരിക്കുവാൻ നിർദ്ദേശിക്കുകയും ആയത് പ്രകാരം ജില്ലയിൽ നാളിതുവരെ 12 ജനജാഗ്രത സമിതികൾ രൂപീകരിച്ച് പ്രവർത്തനം നടത്തി വരുകയുമാണ്. വന്യജീവി ആക്രമണത്തിൽ ജീവഹാനി/പരിക്ക്/കൃഷി നാശം/വസ്തു നഷ്ടം എന്നിവ ഉണ്ടാകുന്ന സാഹചര്യത്തിൽ അർഹരായവർക്ക് Kerala Rules for Payment of Compensation of Victims of Wildlife Attack 1980 പ്രകാരം വനംവകുപ്പ് നഷ്ടപരിഹാരം നൽകി വരുന്നുണ്ട്. ജില്ലയിൽ നഷ്ടപരിഹാരമായി 2016 വരെയുള്ള 5 വർഷങ്ങളിലായി 35,60,604/ രൂപയാണ് വനംവകുപ്പ് നൽകിയിട്ടുള്ളത്. 2015–16 സാമ്പത്തിക വർഷത്തിൽ കൃഷി നാശത്തിന് മാത്രം 10,61,940/– രൂപ നഷ്ടപരിഹാരം നൽകിയിട്ടുണ്ട്.

വനത്തിനുള്ളിലുള്ള പ്രവർത്തനങ്ങൾ പ്രധാനമായും വനസംരക്ഷണ സമിതി/ ഇക്കോ ഡെവലപ്പ്മെന്റ് കമ്മിറ്റി മുഖാന്തിരവും വനംവകുപ്പ് നേരിട്ടും നടത്തുമ്പോഴും വനത്തിന് പുറത്ത് വിവിധ പ്രവർത്തികൾ പഞ്ചായത്തുകളും മറ്റ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ/മറ്റ് സർക്കാർ വകുപ്പുകൾ എന്നിവരുമായി ചേർന്ന് നടപ്പിലാക്കുന്നത്. ഇവയിൽ ഏറ്റവും പ്രധാനപ്പെട്ടത് വനസംരക്ഷണത്തേയും പ്രകൃതി സംരക്ഷണത്തെയും സംബന്ധിച്ച് അവബോധം സൃഷ്ടിക്കുന്നതിനായുള്ള ക്ലാസ്സുകൾ, സെമിനാർ എന്നിവ നടത്തുന്നതാണ്. കാവ് സംരക്ഷണത്തിനായി നൽകുന്ന ഇൻസെന്റീവ്, വൃക്ഷം നട്ടു വളർത്തുന്നതിനുള്ള ഇൻസെന്റീവ് എന്നിവയ്ക്ക് പുറമെ വഴിയോരത്തണൽ, ഹരിത തീരം എന്നീ പദ്ധതികൾ വനംവകുപ്പ് സോഷ്യൽ ഫോറസ്ട്രി വിഭാഗം വഴി നടപ്പിലാക്കുന്നത് ബന്ധപ്പെട്ട തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെയാണ്. ചാല കമ്പോളത്തിൽ 'കുരുവിക്കൊരു കൂട്' എന്ന പദ്ധതി മുൻപ് നടപ്പിലാക്കിയപ്പോഴും എന്റെ മരം, കുട്ടിവനം, പൊതു സ്ഥാപനങ്ങളുടെ ഭൂമിയിൽ മരം വെച്ചു പിടിപ്പിക്കൽ, മുന്തിയ ഇനം തേക്കിന്റെ നടീൽ വസ്തുക്കളുടെ വിതരണം എന്നിവയിലും സോഷ്യൽ ഫോറസ്ട്രി വിഭാഗം തദ്ദേശ ഭരണസ്ഥാപനങ്ങൾ/വിദ്യാഭ്യാസ വകുപ്പ്/ മറ്റ് സർക്കാർ വകുപ്പുകൾ എന്നിവയുടെ സഹകരണം തേടാറുണ്ട്. വർഷം തോറും നടത്തുന്ന 'ലോക പരിസ്ഥിതി ദിനാചരണം' വന്യജീവി വാരാഘോഷം എന്നിവയും വൻ ജനപങ്കാളിത്തത്തോടെയാണ് നടത്തി വരുന്നത്. വനം വകുപ്പിലെ സോഷ്യൽ ഫോറസ്ട്രി വിഭാഗം കഴിഞ്ഞ 10 വർഷങ്ങളായി ഉല്പാദിപ്പിച്ച് വിതരണം ചെയ്ത തൈകളുടെ വിശവിവരം ചുവടെ പറയുന്നവയാണ്.

പട്ടിക: 4.1.4.11

സോഷ്യൽ ഫോറസ്ട്രി വിഭാഗം കഴിഞ്ഞ 10 വർഷങ്ങളായി ഉല്പാദിപ്പിച്ച് വിതരണം ചെയ്ത തൈകളുടെ വിവരങ്ങൾ

വർഷം	ഉല്പാദിപ്പിച്ച് വിതരണം ചെയ്ത തൈകൾ
2007 – 08	713000 തൈകൾ
2008 – 09	690000 തൈകൾ
2009 – 10	725000 തൈകൾ
2011 – 12	690000 തൈകൾ
2012 – 13	719732 തൈകൾ
2013 – 14	953085 തൈകൾ
2014 – 15	827710 തൈകൾ
2015 – 16	665000 തൈകൾ
2016 – 17	642580 തൈകൾ
2017 – 18	471000 തൈകൾ

വനംസംരക്ഷണം/പരിസ്ഥിതി സംരക്ഷണത്തിൽ ഉണ്ടാകുന്ന വികസന വീടവുകൾ

1. പദ്ധതികൾ രൂപീകരിക്കുമ്പോൾ പലപ്പോഴും ദീർഘകാല ലക്ഷ്യങ്ങൾ വിസ്മരിച്ചുകൊണ്ട് വാർഷിക പദ്ധതികളിലെ ഹ്രസ്വകാല ലക്ഷ്യങ്ങളിൽ ഒതുങ്ങി പോകുന്നത് വനം/പരിസ്ഥിതി വിഷയങ്ങളെ സംബന്ധിച്ച് ഒട്ടും അശാസ്യമായ കാര്യമല്ല. മിക്ക വികസന പദ്ധതികളിലെയും ഏറ്റവും പ്രധാനപ്പെട്ട പോരായ്മ ഇതു തന്നെയാണ്.
2. നിലവിൽ പദ്ധതികൾക്ക് അംഗീകാരം നൽകുമ്പോൾ വലിയ പദ്ധതികൾ ഒഴികെ മറ്റ് പദ്ധതികൾ കൊണ്ട് ഉണ്ടാകുന്ന പരിസ്ഥിതി പ്രശ്നങ്ങൾ/വനത്തിന് മേൽ ഉണ്ടാകുന്ന സമ്മർദ്ദം എത്രയെന്ന് വിലയിരുത്തുന്നില്ല.
3. പദ്ധതി ആസൂത്രണം ചെയ്യുമ്പോൾ പ്രാദേശിക തലത്തിൽ തന്നെ ചെയ്യേണ്ടതുണ്ടെങ്കിലും വനം/പരിസ്ഥിതി വിഷയങ്ങളിൽ വിശാലമായ ചിന്തയും മറ്റ് തദ്ദേശഭരണ സ്ഥാപനങ്ങൾ/ ബ്ലോക്ക്/ജില്ല തലത്തിലുള്ള ചർച്ചകളും വിലയിരുത്തലുകളും വനം/പരിസ്ഥിതി വകുപ്പുമായി കൂടിയാലോചന വളരെ കുറച്ച് മാത്രമേ നടക്കുന്നുള്ളൂ.
4. പദ്ധതികൾ ആസൂത്രണം ചെയ്യുമ്പോൾ ദീർഘകാല കാഴ്ചപ്പാടോടുകൂടിയല്ല വിഭാവനം ചെയ്തു വരുന്നത്. 20–30 വർഷത്തിനു ശേഷം മേഖലയിൽ വികസനം കൊണ്ട് ഉണ്ടാകുന്ന മാറ്റം കണക്കിലെടുത്താവണം പദ്ധതികൾ വിഭാവനം ചെയ്യാൻ. നിലവിൽ ഇത്തരത്തിലുള്ള ആസൂത്രണം ഉണ്ടാവുന്നില്ല.
5. റോഡ് പണികൾ ഉൾപ്പെടെയുള്ള മരാമത്ത് പണികൾ നടപ്പിലാക്കുമ്പോൾ മരങ്ങൾ മുറിച്ചു മാറ്റേണ്ടി വരുന്ന സാഹചര്യം നിലവിലുണ്ട്. വർഷങ്ങൾ കൊണ്ട് വളർന്നു വന്ന വൃക്ഷങ്ങൾ മുറിച്ചു മാറ്റുന്നതിന് പകരം മരങ്ങൾ മാറ്റി സ്ഥാപിക്കുന്നതിനുള്ള മാർഗ്ഗങ്ങൾ വിലയിരുത്തുന്നില്ല.
6. പൊതു സ്ഥലങ്ങളിലെ വൃക്ഷങ്ങൾ കൃത്യമായി പരിപാലിക്കുന്നതിന് നിലവിൽ സംവിധാനങ്ങളില്ല. കൃത്യമായ പരിപാലന പ്രവൃത്തികൾ ചെയ്താൽ വൃക്ഷം/ ശിഖരം വീണുണ്ടാകുന്ന അപകടവും ഒഴിവാക്കാം. ഇത്തരത്തിലുള്ള അപകടങ്ങളാണ് പലപ്പോഴും പൊതുസ്ഥലത്ത് വൃക്ഷവൽക്കരണത്തിന് എതിരെയുള്ള വികാരം ഉണ്ടാക്കുന്നത്.
7. പദ്ധതി ആസൂത്രണം നടത്തുന്ന സമയത്ത് പൊതു സമൂഹത്തിൽ വനംസംരക്ഷണത്തിലും പരിസ്ഥിതി സംരക്ഷണത്തിലും അവബോധം സൃഷ്ടിക്കുന്നതിനായുള്ള ഒരു ഘടകം ഉൾപ്പെടുത്തി കാണുന്നില്ല.
8. വനം/പരിസ്ഥിതി സംരക്ഷണവുമായി ബന്ധപ്പെട്ട് നടത്തുന്ന ദിനാചരണങ്ങളിൽ തദ്ദേശഭരണ സ്ഥാപനങ്ങൾ വലിയ തോതിൽ ശ്രദ്ധ നൽകുന്നതായി കാണുന്നില്ല.
9. കാവ്, കുളങ്ങൾ, തോടുകൾ, മറ്റ് ജലസ്രോതസ്സുകൾ എന്നിവയുടെ സംരക്ഷണത്തിന് ചില തദ്ദേശഭരണ സ്ഥാപനങ്ങൾ താൽപ്പര്യപൂർവ്വം മുന്നിട്ട് ഇറങ്ങുമ്പോൾ മറ്റ് ചില തദ്ദേശഭരണസ്ഥാപനങ്ങൾ ഇതിനായി താൽപ്പര്യം കാട്ടുന്നതായി കാണുന്നില്ല.
10. വനം/പരിസ്ഥിതി സംരക്ഷണത്തിനായുള്ള ഘടകങ്ങൾ പദ്ധതികളിൽ ഉൾപ്പെടുത്തുന്നത് പലപ്പോഴും ഓരോ തദ്ദേശഭരണ സ്ഥാപനങ്ങളിലെ ഭരണസാരഥികൾ/ഉദ്യോഗസ്ഥരുടെ പ്രകൃതി സ്നേഹത്തിന്റെയും താല്പര്യങ്ങളുടെയും

അടിസ്ഥാനത്തിലാണ്. ഇതിന് വ്യക്തമായ മാനദണ്ഡങ്ങളോ കർമ്മപരിപാടികളോ നിലവിൽ ഇല്ല.

11. പദ്ധതി ആസൂത്രണ വേളകളിൽ വനം/ പരിസ്ഥിതി സംരക്ഷണം പലപ്പോഴും വൃക്ഷതൈ നടീലിലും സംരക്ഷണത്തിലും മാത്രം ഒതുങ്ങുന്നു. നഗര മേഖലകളിലെ പക്ഷികൾ ഉൾപ്പെടെയുള്ള വന്യജീവികളുടെ സംരക്ഷണത്തിൽ ഊന്നൽ നൽകുന്നതായി കാണുന്നില്ല.
12. കന്നുകാലി വളർത്തൽ പ്രോത്സാഹിപ്പിക്കുന്നുണ്ടെങ്കിലും അവയ്ക്ക് ആവശ്യമായ തീറ്റപുല്ലുകളോ പച്ചിലകളോ ഉത്പാദിപ്പിക്കുന്നതിനുള്ള പദ്ധതികൾക്ക് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ പ്രാധാന്യം കൊടുത്തുകാണുന്നില്ല. ഇതുമൂലം കാലികളെ കാട്ടിൽ മേയാൻ വിടുന്നത് വൻതോതിൽ വനശോഷണത്തിന് ഇടയാക്കുന്നു.
13. ജനവാസ മേഖലകളിൽ വന്യജീവികൾ പ്രത്യേകിച്ച് പാമ്പുകളെ കണ്ടെത്തിയാൽ നിലവിൽ വനംവകുപ്പ് ഉദ്യോഗസ്ഥർ എത്തി രക്ഷപ്പെടുത്തി അതിന്റെ സ്വാഭാവിക ആവാസ വ്യവസ്ഥയിൽ കൊണ്ടുവിടുകയാണ് ചെയ്തു വരുന്നത്. ചില സമയങ്ങളിലെങ്കിലും ഇതിന് കാലതാമസം ഉണ്ടാകുകയും അതിന്റെ ഫലമായി പൊതുജനത്തിന് വന്യജീവികളോട് പക ഉണ്ടാകുന്ന സാഹചര്യം ഉണ്ടാകുകയും ചെയ്യുന്നുണ്ട്. ഇതിനൊരു പ്രതിവിധി കണ്ടെത്തേണ്ടതുണ്ട്.
14. സ്വകാര്യ വ്യക്തികൾ/ സൊസൈറ്റികൾ എന്നിവർക്ക് സംഘടിത വൃക്ഷ കൃഷി നടത്തുന്നതിന് വേണ്ട പ്രോത്സാഹനം നിലവിൽ നൽകി വരുന്നില്ല.
15. ടൂറിസം പദ്ധതികൾ ആസൂത്രണം ചെയ്യുമ്പോൾ വനം/പരിസ്ഥിതിയ്ക്കുണ്ടാകുന്ന ദോഷങ്ങൾ വിശദമായി പഠിച്ച് വിലയിരുത്തിയല്ല നിലവിൽ അനുമതികൾ നൽകി വരുന്നത്.

ജില്ലാ പദ്ധതി പരിപ്രേക്ഷ്യം

തദ്ദേശഭരണ സ്ഥാപനങ്ങൾ പുതുതായി പദ്ധതികൾ തയ്യാറാക്കുമ്പോഴും നിലവിലെ പദ്ധതികൾ മുന്നോട്ട് കൊണ്ടുപോകുമ്പോഴും ഈ പദ്ധതികൾ വനമേഖലയെയും പരിസ്ഥിതിയെയും എത്ര കണ്ട് ബാധിക്കുമെന്ന് തുടക്കത്തിൽ തന്നെ വിലയിരുത്തണം. ഇതിനായി ചെറിയ തോതിലെങ്കിലും ഒരു ആഘാത പഠനം നടത്തേണ്ടത് ആവശ്യമാണ്.

ജില്ലയിൽ വനാതിർത്തി പങ്കിടുന്ന 13 പഞ്ചായത്തുകളും അതിനോടു ചേർന്നുള്ള മറ്റ് പഞ്ചായത്തുകളിലും പദ്ധതികൾ നടപ്പിലാക്കാൻ തദ്ദേശഭരണസ്ഥാപനങ്ങളോ മറ്റ് സർക്കാർ ഏജൻസികളോ തയ്യാറെടുക്കുമ്പോൾ താഴെ പറയുന്ന വസ്തുതകൾ വിലയിരുത്തണം.

1. തദ്ദേശീയരായ ജനങ്ങളുടെ പങ്കാളിത്തം ഉറപ്പുവരുത്തുകയും നടപ്പിലാക്കുന്ന പദ്ധതികളിലെ ഒരു ഘടകം തദ്ദേശീയരായ ജനങ്ങളുടെ വനാശ്രയത്വം കുറച്ച് ഉപജീവനമാർഗ്ഗം വർദ്ധിപ്പിക്കുന്ന തരത്തിലാകണം.
2. വനം വകുപ്പുമായി ചേർന്ന് കാട്ടുതീ തടയുന്നതിന് സംവിധാനങ്ങൾ സ്ഥാപിക്കുന്നതിന് അതത് തദ്ദേശ ഭരണ സ്ഥാപനം മുൻകൈ എടുക്കുന്നത് ഉചിതമാവും.
3. പദ്ധതികളിലെ ഒരു ഘടകം പൊതു ജനങ്ങളിൽ വനസംരക്ഷണത്തെക്കുറിച്ചുള്ള അവബോധം സൃഷ്ടിക്കുന്ന ക്ലാസ്സുകൾ, സെമിനാറുകൾ എന്നിവ നടത്തുന്നതായിരിക്കണം.
4. മനുഷ്യ–വന്യമൃഗ സംഘർഷം നിലനിൽക്കുന്ന മേഖലകളിൽ സ്വീകരിക്കേണ്ട കൃഷി രീതി, വിളകൾ എന്നിവ സംബന്ധിച്ച് കർഷകരിൽ അവബോധം സൃഷ്ടിക്കാൻ ഉതകുന്ന നടപടികൾ കൈകൊള്ളണം.
5. വനാതിർത്തി പങ്കിടുന്ന മേഖലകളിലെ തദ്ദേശഭരണ സ്ഥാപനങ്ങൾ പുതുതായി പദ്ധതികൾ രൂപീകരിക്കുമ്പോൾ വനംവകുപ്പുമായി കൂടിയാലോചന നടത്തുന്നത് ഉചിതമായിരിക്കും.

വനാതിർത്തി പങ്കിടുന്നതോ അല്ലാത്തതോ ആയ പഞ്ചായത്തുകൾ/മുനിസിപ്പാലിറ്റി/കോർപ്പറേഷൻ എന്നിവിടങ്ങളിൽ പുതിയ വികസന പദ്ധതികൾ നടപ്പിലാക്കുമ്പോൾ സാധ്യമായ മേഖലകളിൽ വൃക്ഷതൈ വച്ച് പിടിപ്പിച്ച് വളർത്തുന്ന ഒരു ഘടകം ഉൾപ്പെടുത്താവുന്നതാണ്. ഇത്തരത്തിൽ വൃക്ഷതൈ വച്ചുപിടിപ്പിക്കുമ്പോൾ ചുരുങ്ങിയത് 5 വർഷമെങ്കിലും പരിപാലിക്കുന്നതിനുള്ള ചെലവുകൾ പദ്ധതിയിൽ വിഭാവനം ചെയ്യാവുന്നതാണ്.

1. വനാതിർത്തി പങ്കിടുന്നതോ അല്ലാത്തതോ ആയ പഞ്ചായത്തുകൾ/ മുനിസിപ്പാലിറ്റി/ കോർപ്പറേഷൻ എന്നിവിടങ്ങളിൽ ലഭ്യമായ സ്ഥലങ്ങളിൽ വൃക്ഷതൈ വച്ചുപിടിപ്പിച്ച് പരിപാലിക്കുന്നതിന് പൊതുജനങ്ങൾക്ക് പ്രോത്സാഹനം നൽകുന്നതിനായി ഇൻസെന്റീവ് നൽകാവുന്നതാണ്.
2. സ്കൂളുകൾ, ആശുപത്രികൾ മറ്റ് സർക്കാർ സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ ലഭ്യമായ സ്ഥലത്ത് പരമാവധി വൃക്ഷതൈകൾ വച്ച് പിടിപ്പിച്ച് പരിപാലിക്കുന്നതിന് തദ്ദേശഭരണ സ്ഥാപനങ്ങൾ പദ്ധതി തയ്യാറാക്കി നടപ്പിലാക്കാവുന്നതാണ്.
3. സ്കൂളുകളിൽ പരിസ്ഥിതി സംരക്ഷണത്തിന്റെ ഭാഗമായി നടപ്പിലാക്കുന്ന പദ്ധതികളുടെ ഭാഗമായി ''**ഹരിത ക്ലാസ്റൂം**'' പദ്ധതി പരിഗണിക്കാവുന്നതാണ്. സാധ്യമായ സമയത്ത് മരത്തിന്റെ തണലിൽ ക്ലാസ്സുകൾ എടുക്കുന്ന രീതിയാണ് ഇതിലൂടെ വിഭാവനം ചെയ്യുന്നത്. ഇതിനായി വർഷത്തിൽ ഒരു തദ്ദേശഭരണ സ്ഥാപനം ഒരു സ്കൂളിൽ ഒരു പുതിയ ഹരിത ക്ലാസ് തുടങ്ങുന്നത് നല്ലതായിരിക്കും.
4. പദ്ധതികൾ തയ്യാറാക്കുമ്പോൾ ജില്ലയിലെ നിലവിലെ കണക്കുകൾ പ്രകാരം ലഭ്യമായ ഏകദേശം 149 കി.മീ. തരിശുഭൂമിയിൽ സാധ്യമായ സ്ഥലങ്ങളിൽ വൃക്ഷതൈകൾ വെച്ച് പിടിപ്പിക്കുന്നതിനായി ഒരു ഘടകം ഉൾപ്പെടുത്താവുന്നതാണ്.
5. സ്വകാര്യഭൂമിയിൽ തൈകൾ വച്ച് പിടിപ്പിച്ച് വളർത്തിയെടുക്കുന്നതിന് ഇൻസെന്റീവ് നൽകുന്ന പദ്ധതി നടപ്പിലാക്കുകയോ മറ്റേതെങ്കിലും പദ്ധതിയിലെ ഒരു ഘടകമായി ഇത് ഉൾപ്പെടുത്തുകയോ ചെയ്യാവുന്നതാണ്.

അർബൻ ഫോറസ്ട്രി

- വഴിയോരങ്ങളിൽ ഉചിതമായ ഇനം വൃക്ഷതൈകൾ വച്ച് പിടിപ്പിക്കുന്നതിനുള്ള ഒരു ഘടകം പദ്ധതികളിൽ ഉൾപ്പെടുത്താവുന്നതാണ്.
- കോർപ്പറേഷനിലും/ മുനിസിപ്പാലിറ്റികളിലും ഓരോ അർബൻ ഫോറസ്ട്രി യൂണിറ്റ് സ്ഥാപിക്കുന്നതിനെ കുറിച്ച് ആലോചിക്കാവുന്നതാണ്. ഈ യൂണിറ്റിന്റെ പ്രധാന ദൗത്യം 20 മുതൽ 30 വർഷം വരെയുള്ള വികസനം മുന്നിൽ കണ്ട് വഴിയോര വൃക്ഷതൈ നടീൽ, വൃക്ഷങ്ങൾ മാറ്റി സ്ഥാപിക്കുക വൃക്ഷങ്ങളുടെ ശിഖരങ്ങൾ ആവശ്യാനുസരണം മുറിച്ച് മാറ്റുക, കൃത്യമായ ഇടവേളകളിൽ പ്രൂണിംഗ് നടത്തുക നഗരമേഖലകളിൽ വനം വകുപ്പിന്റെ സഹകരണത്തോടെ കുട്ടിവനങ്ങൾ വെച്ച് പിടിപ്പിക്കുക എന്നിവയൊക്കെയാകാം.
- ടെക്നോപാർക്ക്, ടെക്നോസിറ്റി, മറ്റ് സ്വകാര്യ കോർപ്പറേറ്റ് സ്ഥാപനങ്ങൾ, ബാങ്കുകൾ, ഫ്ളാറ്റുകൾ മറ്റ് വൻകെട്ടിട സമുച്ചയങ്ങൾ എന്നിവയിൽ നിർബന്ധമായും Tree landscaping ഉണ്ടാവണമെന്നതും പരമാവധി Interior plants/vertical garden എന്നിവ പ്രോത്സാഹിപ്പിക്കുകയും ചെയ്യാവുന്നതാണ്. പൊതുസ്ഥാപനങ്ങളിൽ തദ്ദേശഭരണ സ്ഥാപനങ്ങൾ പുതിയ പദ്ധതികൾ രൂപീകരിച്ച് നടപ്പിലാക്കുമ്പോഴും ഇത് പരിഗണിക്കാവുന്നതാണ്.
- നഗരമേഖലകളിലെ പദ്ധതികളിൽ മലിനമായ ജലസ്രോതസ്സുകൾ വൃത്തിയാക്കുന്നതും കുട്ടിവനങ്ങൾ സ്ഥാപിച്ച് പരിപാലിക്കുന്നതും ഉൾപ്പെടുത്താവുന്നതാണ്.
- നദീതട സംരക്ഷണത്തിനായി തദ്ദേശഭരണ സ്ഥാപനങ്ങൾ തദ്ദേശീയരായ വിദ്യാർത്ഥികൾ/സർക്കാർ ഇതര സംഘടനകൾ എന്നിവരുടെ സഹായത്തോടെ നദീതീരങ്ങളിൽ ഉചിതമായ തൈകൾ വച്ചുപിടിപ്പിക്കുക എന്നത് ഇതുമായി ബന്ധപ്പെട്ട് അംഗീകരിക്കുന്ന പദ്ധതികളിൽ ഉൾപ്പെടുത്താവുന്നതാണ്. ഇത് കേരള സർക്കാർ നടപ്പിലാക്കി വരുന്ന ഹരിതകേരളം മിഷനുമായി ഒത്തുപോകുന്ന പദ്ധതിയായി കാണേണ്ടതാണ്.
- തദ്ദേശഭരണ സ്ഥാപനങ്ങൾ നടപ്പിലാക്കുന്ന പദ്ധതികളിൽ കാവുകളുടെയും, കുളങ്ങളുടെയും മറ്റ് ജലസ്രോതസ്സുകളുടെയും സംരക്ഷണം ഒരു പ്രധാന ഘടകമാക്കാവുന്നതാണ്.
- സംസ്ഥാനത്ത് തന്നെ ഇതുവരെ വേരു പിടിച്ചിട്ടില്ലാത്ത ഒരു പദ്ധതിയാണ് Organized tree farming. തമിഴ്നാട്ടിലും ഇതര സംസ്ഥാനങ്ങളിലും വ്യാപകമായി ചെയ്തു വരുന്ന ഇത്തരം tree faming ലൂടെ തടിയധിഷ്ഠിത വ്യവസായങ്ങൾക്ക് ആവശ്യമായി വരുന്ന തടി നൽകുവാനും അതിലൂടെ ഇത്തരം വ്യവസായങ്ങൾ പ്രോത്സാഹിപ്പിക്കുവാനും

കഴിയും. തടി ഉൽപ്പന്നങ്ങൾ ഉപയോഗിക്കുന്നത് കാർബൺ ആഗീകരണത്തിന് സഹായിക്കുമെന്നതിനാൽ ഭാവിയിൽ തടി ഉൽപ്പന്നങ്ങളുടെ ഉപയോഗം കൂടാനാണ് സാധ്യത.

- തദ്ദേശഭരണ സ്ഥാപനങ്ങൾ മുഖാന്തിരം തദ്ദേശിയരായ ജനങ്ങളിൽ നിന്നും താൽപ്പര്യമുള്ളവരെ തെരഞ്ഞെടുത്ത് പരിശീലിപ്പിച്ച് വനംവകുപ്പിനു വേണ്ടി wildlife rescuers ആയി നിയമിക്കുന്നത് വനംവകുപ്പുമായി ആലോചിച്ച് തീരുമാനിക്കാവുന്നതാണ്. ഇതുമൂലം ഇന്ന് നാട്ടിൻപ്രദേശത്ത് വന്യജീവികൾ, പ്രത്യേകിച്ച് പാമ്പുകളെ പിടികൂടുന്നതിനുണ്ടാകുന്ന കാലതാമസം ഒഴിവാക്കാനും അതുമൂലം ജനങ്ങൾക്ക് വന്യജീവികളോട് ഉണ്ടാകുന്ന ഭീതിയും വിദ്വേഷവും അകറ്റുവാനും കഴിയും.
- തദ്ദേശഭരണ സ്ഥാപനങ്ങൾ നടപ്പിലാക്കുന്ന വികസന പദ്ധതികളിൽ നഗര മേഖലകളിൽ കാണപ്പെടുന്ന വന്യജീവികൾക്ക് ദോഷമുണ്ടാകുന്നില്ലായെന്ന് ഉറപ്പ് വരുത്തേണ്ടതുണ്ട്. പദ്ധതികൾ ആസൂത്രണം ചെയ്യുമ്പോൾ ഇത് പ്രത്യേകം ശ്രദ്ധിക്കേണ്ടതുണ്ട്.
- കടലോര മേഖലകളിൽ നടപ്പിലാക്കുന്ന പദ്ധതികളിൽ തീരപ്രദേശത്ത് അനുയോജ്യമായ വൃക്ഷതൈകൾ വെച്ച് പിടിപ്പിക്കുന്നതിനും കടലിൽ കാണപ്പെടുന്ന ജീവജാലങ്ങൾക്ക് നാശം സംഭവിക്കുന്നില്ലായെന്ന് ഉറപ്പു വരുത്തുന്ന ഘടകങ്ങളും ഉൾപ്പെടുത്താവുന്നതാണ്.
- നാട്ടാന പരിപാലനത്തെ സംബന്ധിച്ച് ഉത്സവങ്ങളിലും മറ്റ് ചടങ്ങുകളിലും ആന എഴുന്നെള്ളിപ്പ് നിരുത്സാഹപ്പെടുത്തുന്ന നടപടികൾ തദ്ദേശഭരണ സ്ഥാപനങ്ങൾ സ്വീകരിക്കുന്നത് ഉചിതമാണ്.
- മനുഷ്യ–വന്യമൃഗ സംഘർഷം തടയുന്നതിനായി രൂപീകരിച്ചിട്ടുള്ള ജന ജാഗ്രത സമിതിയുടെ പ്രവർത്തനം ഊർജ്ജിതപ്പെടുത്താനും മെച്ചപ്പെടുത്താനും ഇതുമായി ബന്ധപ്പെട്ട പദ്ധതികളായ കിടങ്ങുകൾ, സൗരോർജ്ജ വേലികൾ, സംരക്ഷണ ഭിത്തികൾ എന്നിവ ആസൂത്രണം ചെയ്ത് വനംവകുപ്പിന്റെ അനുമതിയോടെ നടപ്പാക്കാവുന്നതാണ്.
- കൃഷിഭൂമിയിലും പൊതുതരിശുഭൂമിയിലും തീറ്റപ്പുൽ കൃഷി ചെയ്യുന്നതിന് പദ്ധതികൾ രൂപീകരിച്ച് നടപ്പിലാക്കാവുന്നതാണ്.

പരിപ്രേക്ഷ്യം നടപ്പിലാക്കിയാൽ ഉണ്ടാകുന്ന ദീർഘകാല ഫലങ്ങൾ

പരിപ്രേക്ഷ്യത്തിൽ ഊന്നി പദ്ധതികൾ നടപ്പിലാക്കിയാൽ താഴെ പറയുന്ന ദീർഘകാല ഫലങ്ങൾ ഉണ്ടാകുമെന്നാണ് കണക്കാക്കുന്നത്.

- വനത്തിന് പുറത്തുള്ള വൃക്ഷാവരണം വർദ്ധിക്കുകയും അത് മൂലം ശുദ്ധവായു, വെള്ളം എന്നിവയുടെ ലഭ്യത കൂടുകയും മലിനീകരണം കുറയുകയും ചെയ്യും.
- മനുഷ്യ വന്യജീവി സംഘർഷം ലഘൂകരിക്കപ്പെടും.
- കൂടുതൽ പച്ചപ്പാർന്ന വാസയോഗ്യമായ തലസ്ഥാന നഗരിയും ജില്ലയും.
- ദീർഘകാല വീക്ഷണത്തോടെയുള്ള ദീർഘകാല ആസൂത്രണം മൂലം വനം പരിസ്ഥിതിക്ക് ഉണ്ടാകുന്ന ദോഷം വൻതോതിൽ കുറക്കാൻ കഴിയും.
- തടിയതിഷ്ഠിത വ്യവസായങ്ങൾക്കാവശ്യമായ തടികൾ വനത്തിനുപുറത്തുനിന്നു തന്നെ ലഭ്യമാക്കുന്നതുവഴി വനാശ്രയത്വം കുറഞ്ഞുവരും.
- വനത്തിനുള്ളിലെ കാലിമേച്ചിൽ ഒഴിവാക്കുന്നതോടെ വനങ്ങളും, തോട്ടങ്ങളും പുഷ്ടി പ്രാപിക്കും.

4.1.5.(A) വ്യവസായം, വാണിജ്യം, സ്വയംതൊഴിൽ സംരംഭങ്ങൾ

കേരളത്തിന്റെ ഭരണ സിരാകേന്ദ്രമായ തിരുവനന്തപുരം ജില്ലയുടെ സാമ്പത്തികവും ഭൗതികവുമായ പുരോഗതിയിൽ വ്യവസായ വാണിജ്യ മേഖലയ്ക്ക് സുപ്രധാന പങ്കാണുള്ളത്. കാർഷിക ഭക്ഷ്യ സംസ്കരണം, വസ്ത്രനിർമ്മാണം, ലഘു എൻഞ്ചിനീയറിംഗ്, ഐറ്റി & ഇലക്ട്രോണിക്സ് തുടങ്ങിയ മേഖലകളിലെ ചെറുകിട-ഇടത്തരം സംരംഭങ്ങൾ, വൻകിട വ്യവസായ സ്ഥാപനങ്ങൾ, പൊതുമേഖലാ സ്ഥാപനങ്ങൾ, കയർ കൈത്തറി കരകൗശലം എന്നീ പരമ്പരാഗത വ്യവസായങ്ങൾ, ആധുനിക സേവന സംരംഭങ്ങൾ എന്നിവയാണ് ജില്ലയിലെ പ്രമുഖ വ്യവസായ മേഖലകൾ. ചെറുകിട വ്യവസായ വാണിജ്യ വികസനത്തിന് ഉപയുക്തമായ വളരെയധികം സ്ഥാപനങ്ങൾ ജില്ലയിൽ പ്രവർത്തിച്ചു വരുന്നുണ്ട്. ഇന്ത്യയിലെ തന്നെ ആദ്യത്തെ ഐ ടി പാർക്ക് (ടെക്നോ പാർക്ക്) തിരുവനന്തപുരത്താണ് സ്ഥിതി ചെയ്യുന്നത്. രാജ്യത്തെ പ്രധാനപ്പെട്ട ഐ.ടി ഹബ്ബുകളിൽ ഒന്നാണ് തിരുവനന്തപുരം. വ്യവസായ രംഗത്ത് സുപ്രധാന സംഭാവനകൾ നൽകി വരുന്ന കെൽട്രോൺ, ഹിന്ദുസ്ഥാൻ ലാറ്റക്സ്, ടൈറ്റാനിയം പ്രോഡക്ട്സ്, ഐ. എസ്സ്.ആർ.ഒ, ബ്രഹ്മോസ്, വിക്രം സാരാഭായി സ്പേസ് സെന്റർ, കിൻഫ്രാ അപ്പാരൽ പാർക്ക്, ഇംഗ്ലീഷ് ഇന്ത്യൻ ക്ലേ, മിൽമ, വലിയമലയിലെ ഐസർ തുടങ്ങി വളരെയധികം പ്രമുഖ സ്ഥാപനങ്ങൾ ഇവിടെ പ്രവർത്തിച്ച് വരുന്നുണ്ട്. വ്യവസായ അടിസ്ഥാന സൗകര്യങ്ങൾ നൽകുന്നതിനായി വ്യവസായ വകുപ്പിന്റെ കീഴിലും സിഡ്കോ, കിൻഫ്രാ, കെ.എസ്.ഐ.ഡി.സി. എന്നീ ഏജൻസികളുടെ കീഴിലും വ്യവസായ പാർക്കുകളും, ഇൻഡസ്ട്രിയൽ എസ്റ്റേറ്റുകളും മിനി വ്യവസായ എസ്റ്റേറ്റുകളും പ്രവർത്തിച്ച് വരുന്നുണ്ട്.

വ്യവസായ പ്രോത്സാഹന ഏജൻസികളായ കെ.എസ്.ഐ.ഡി.സി, കിൻഫ്രാ, സിഡ്കോ, ഇൻകെൽ, ജില്ലാ വ്യവസായ കേന്ദ്രം, കേരള ഫിനാൻഷ്യൽ കോർപ്പറേഷൻ, സി-ഡിറ്റ്, സി.എം.ഡി, കെ-ബിപ്, കിറ്റ്കോ തുടങ്ങിയ ഏജൻസികളുടെ പ്രവർത്തനങ്ങൾ ജില്ലയുടെ വ്യവസായ വികസനത്തിന് അനുയോജ്യമാണ്. രാജീവ് ഗാന്ധി ഇൻസ്റ്റിട്യൂട്ട് ഓഫ് ബയോ ടെക്നോളജി, സി.ടി.സി.ആർ.ഐ, കാർഷിക സർവ്വകലാശാല, മൾട്ടി ഡിസിപ്ലിനറി റിസർച്ച് സെന്റർ, പാപ്പനംകോട് തുടങ്ങിയ ഗവേഷണ സ്ഥാപനങ്ങൾ വികസിപ്പിച്ചെടുക്കുന്ന സാങ്കേതിക ജ്ഞാനവും വ്യവസായ വികസനത്തിന് ഉപയോഗപ്പെടുത്താൻ കഴിയുന്നതാണ്. വിഴിഞ്ഞം തുറമുഖ പ്രോജക്ട്, സ്മാർട്ട് സിറ്റി പ്രോജക്ട്, ലൈറ്റ് മെട്രോ പദ്ധതി തുടങ്ങി ഉടൻ നടപ്പിലാകാൻ പോകുന്ന പ്രോജക്ടുകൾ ജില്ലയുടെ സമഗ്ര വികസനത്തിന് വളരെയധികം പ്രയോജനപ്രദമായിരിക്കും.

പൊതു വ്യവസായം, വാണിജ്യം, കൈത്തറി, കയർ, ഖാദി, കരകൗശലം എന്നീ മേഖലകളിലായി നിരവധി സംരംഭങ്ങൾ ആരംഭിച്ചിട്ടുണ്ട്. ഈ മേഖലകളിൽ സർക്കാർ, അർദ്ധ സർക്കാർ, സ്വകാര്യ സംരംഭങ്ങളിലൂടെ ഉല്പാദന സേവന മേഖലകളിൽ ധാരാളം നിക്ഷേപവും അതുവഴി തൊഴിലവസരങ്ങളും സൃഷ്ടിക്കപ്പെട്ടിട്ടുണ്ട്. കേന്ദ്ര സംസ്ഥാന സർക്കാർ പദ്ധതികളെ കൂടാതെ ത്രിതല പഞ്ചായത്തുകൾ വഴി നടപ്പാക്കി വരുന്ന പദ്ധതികളും ഈ മേഖലയുടെ വളർച്ചയ്ക്ക് ഊന്നൽ നൽകിയിട്ടുണ്ട്.

വ്യവസായം, വാണിജ്യം, സ്വയം തൊഴിൽ സംരംഭങ്ങൾ എന്നിങ്ങനെ ഒരോ മേഖലയിലും ലഭ്യമായ പ്രൈമറി/സെക്കന്ററി ഡേറ്റകൾ ശേഖരിച്ച് അവലോകനം നടത്തി ഓരോ മേഖലയിലുമുള്ള വികസന പ്രശ്നങ്ങൾ, ആവശ്യങ്ങൾ, വിടവുകൾ എന്നിവ വിശകലനം ചെയ്തതിന്റെ അടിസ്ഥാനത്തിൽ ആണ് ജില്ല വികസന പരിപ്രേക്ഷ്യം തയ്യാറാക്കിയിരിക്കുന്നത്.

1. വ്യവസായം

വികസന കാഴ്ചപ്പാട്

"2022 ഓടെ ജില്ലയുടെ സുസ്ഥിരമായ വ്യവസായ വികസനം വഴി ത്വരിതഗതിയിലുള്ള സാമ്പത്തിക വളർച്ച സാധ്യമാകുന്ന വിധത്തിൽ സംരംഭകരെ സജ്ജരാക്കുക."

ജില്ലയിലെ വ്യവസായ സംരംഭങ്ങളുടെ എണ്ണം, മൂലധന നിക്ഷേപം, തൊഴിലവസരങ്ങളുടെ സൃഷ്ടി എന്നിവയിൽ കാര്യമായ പുരോഗതി കൈവന്നിട്ടുണ്ട്. ജില്ലയുടെ പ്രത്യേക ഭൂമിശാസ്ത്രഘടനയും നഗരവൽക്കരണവും കാരണം ഉല്പാദന മേഖലയെക്കാളുപരി സേവന മേഖലയിലാണ് കൂടുതൽ നിക്ഷേപം വരുന്നതായി കാണുന്നത്. വിവര സാങ്കേതിക വിദ്യ, ഇലക്ട്രോണിക്സ് എന്നീ ഉല്പാദന മേഖലകളിലും വലിയ

മുന്നേറ്റം ആവശ്യമാണ്. എന്നാൽ നിലവിലെ രജിസ്ട്രേഷൻ പ്രക്രിയയായ ഉദ്യോഗ് ആധാർ സംരംഭങ്ങൾക്ക് നിർബന്ധമല്ലാത്തതിനാലും തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിലുള്ള അനുമതിപത്രം നൽകുമ്പോൾ ഉല്പാദന സേവന സംരംഭങ്ങളുടെ വിവരശേഖരണം കൃത്യമായി രേഖപ്പെടുത്താത്തതിനാലും സംരംഭങ്ങളുടെ സ്ഥിതി വിവരക്കണക്കുകളിൽ കൃത്യത കാണുന്നില്ല. എന്നാൽ വ്യവസായ വാണിജ്യ വകുപ്പ് യൂണിറ്റുകളുടെ കൃത്യമായ വിവരശേഖരണത്തിനായി വെർചൽ ജിയോടാഗിംഗ് സംവിധാനം ആവിഷ്ക്കരിച്ച് നടപ്പിലാക്കി തുടങ്ങിയതോടെ വിവര ലഭ്യത ഏറെക്കുറെ ഉറപ്പിക്കാൻ കഴിഞ്ഞിട്ടുണ്ട്.

സംസ്ഥാനത്തെയും വിശിഷ്യാ തിരുവനന്തപുരം ജില്ലയുടെയും സ്ഥലലഭ്യതയുടെ അപര്യാപ്തതയും ഉയർന്ന ജനസാന്ദ്രതയും കാരണം വ്യവസായ സംരംഭങ്ങൾ ആരംഭിക്കുന്നതിനായി അനുയോജ്യമായ സ്ഥലം ലഭ്യമല്ലാത്തതാണ് മേഖല അഭിമുഖികരിക്കുന്ന മുഖ്യപ്രശ്നം. നിലവിലുള്ള വ്യവസായ വികസന ഏരിയകളിലും പ്ലോട്ടുകളിലും മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റുകളിലൊന്നും തന്നെ പുതിയ വ്യവസായങ്ങൾക്ക് സ്ഥലം നൽകാൻ കഴിയാത്ത സാഹചര്യമാണുള്ളത്. കൂടുതൽ വ്യവസായങ്ങളെ ഒന്നിച്ച് പ്രവർത്തിപ്പിക്കുവാൻ കഴിയുന്ന ബഹുനില വ്യവസായ സമുച്ചയങ്ങൾ നിർമ്മാണമാരംഭിച്ചിട്ടുണ്ടെങ്കിലും ഇവയും അപര്യാപ്തമാകുന്ന സ്ഥിതി വിശേഷമാണുള്ളത്. അതിനാൽ ഈ ആവശ്യത്തിലേയ്ക്കായി കൂടുതൽ അനുയോജ്യമായ സ്ഥലം കണ്ടെത്തി വികസിപ്പിച്ചെടുക്കുവാൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മുന്നോട്ടു വരേണ്ടതാണ്. കൂടാതെ വ്യവസായ വാണിജ്യ വകുപ്പിന്റെ കീഴിൽ സ്വകാര്യ വ്യവസായ എസ്റ്റേറ്റുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. ഈ ജില്ലയിൽ ലഭ്യമാകുന്ന കാർഷിക വിഭവങ്ങൾ മൂല്യവർദ്ധിത ഉല്പന്നങ്ങളാക്കി മാറ്റുന്നതിനുള്ള മതിയായ സംരംഭങ്ങൾ കുറവാണ്.

വികസനത്തിന്റെ കാര്യത്തിൽ ഏറ്റവും മുന്തിയ പരിഗണന നൽകേണ്ട ഒരു മേഖലയാണ് വ്യവസായം. ഈ വിഷയത്തിൽ കൂടുതൽ വ്യക്തത നൽകുന്നതിലേക്കായി ഈ മേഖലയെ അഞ്ചു സബ് മേഖലകളായി തിരിച്ചാണ് വിശകലനം നടത്തിയിരിക്കുന്നത്.

- പൊതു വ്യവസായ മേഖല
- കൈത്തറി വ്യവസായ മേഖല
- കയർ വ്യവസായ മേഖല
- ഖാദി വ്യവസായ മേഖല
- കരകൗശല മേഖല

- **പൊതു വ്യവസായ മേഖല**

പൊതു വ്യവസായ മേഖലയിലെ കഴിഞ്ഞ അഞ്ച് വർഷത്തെ വ്യവസായ വികസന ത്തിന്റെ വിശദാംശങ്ങൾ താഴെ കൊടുത്തിട്ടുള്ള ചാർട്ടിൽ നിന്നും വ്യക്തമാണ്.

Fig: 1

കഴിഞ്ഞ അഞ്ച് വർഷത്തെ വ്യവസായ വികസനം



മേൽ സൂചിപ്പിച്ച കണക്കുകളുടെ അടിസ്ഥാനത്തിൽ ജില്ലയുടെ വ്യവസായ വികസന വളർച്ച വിലയിരുത്തുമ്പോൾ ഉദ്ദേശിച്ച രീതിയിലുള്ള ഒരു സുസ്ഥിര വികസനം ഈ രംഗത്ത് ഉണ്ടായതായി കാണുവാൻ കഴിയുന്നില്ല. ജില്ലയുടെ വ്യവസായ വികസനത്തിന് പ്രതികൂലമായി നിൽക്കുന്ന പല ഘടകങ്ങളിൽ പ്രധാനപ്പെട്ടവ താഴെ കൊടുക്കുന്നു.

- ❖ വ്യവസായം തുടങ്ങുവാൻ അനുയോജ്യമായ സ്ഥലത്തിന്റെ ദൗർലഭ്യം
- ❖ ഭൂമിയുടെ ഉയർന്ന വില
- ❖ ഉയർന്ന തോതിലുള്ള ജനസാന്ദ്രത
- ❖ അടിസ്ഥാന സൗകര്യങ്ങളുടെ അപര്യാപ്തത
- ❖ ലൈസൻസ്/ക്ലിയറൻസ് തുടങ്ങിയവ ലഭിക്കുന്നതിനുള്ള ബുദ്ധിമുട്ടുകളും കാലതാമസവും
- ❖ വായ്പകൾ ലഭിക്കുന്നതിനുള്ള തടസ്സങ്ങൾ
- ❖ സംരംഭക മനോഭാവത്തിന്റെ അഭാവം

വ്യവസായ വികസനത്തിന് തടസ്സമായി നിൽക്കുന്ന കാര്യങ്ങൾ പരിഹരിച്ചാലേ സുസ്ഥിരമായ ഒരു വികസനം സാധ്യമാകുകയുള്ളൂ.

ജില്ലയുടെ സാധ്യതാ വ്യവസായ മേഖലകൾ ചുവടെ ചേർക്കുന്നു.

- അഗ്രോ ഫുഡ് പ്രോസസിംഗ്
- ലൈറ്റ് എഞ്ചിനീയറിംഗ് & ഫാബ്രിക്കേഷൻ
- ടെക്സ്റ്റൈൽസ് & ഗാർമെന്റ്സ്
- ഐ. റ്റി. & ഐ. റ്റി. ഇ. എസ്
- ഇലക്ട്രോണിക്സ്
- സോളാർ ആന്റ് അദർ റിന്യൂവബിൾ എനർജി പ്രോഡക്റ്റ്സ്
- ഫർണിചർ & ഫർണിഷിംഗ്
- ബിൽഡിംഗ് കൺസ്ട്രക്ഷൻ മെറ്റീരിയൽസ് & ബിൽഡിംഗ് ഹാർഡ് വെയർ
- പ്ലാസ്റ്റിക് റീപ്രോസസിംഗ്
- മീഡിയ & എന്റർടെയ്ൻമെന്റ്
- ടൂറിസം & ഹോസ്പിറ്റിലാറ്റി
- ട്രാൻസ്പോർട്ടേഷൻ & ലോജിസ്റ്റിക്സ്

പട്ടിക: 4.1.5.(a) 1

ജില്ലയിൽ നിലവിൽ വിവിധ സെക്ടറുകളിലുള്ള യൂണിറ്റുകൾ

വ്യവസായ സംരംഭങ്ങൾ	യൂണിറ്റുകളുടെ എണ്ണം	നിക്ഷേപം (ലക്ഷത്തിൽ)	തൊഴിൽ
ആഗ്രോ ഫൂഡ് പ്രോസസ്സിംഗ് യൂണിറ്റ്	4356	23425.41	13360
സോഡാ വാട്ടർ/കുടിവെള്ളം കുപ്പിയിൽ നിറയ്ക്കൽ	67	8480.08	296
കോട്ടൻ ടെക്സ്റ്റയിൽസ്	52	196.11	255
കമ്പിളി, സിൽക്ക്, ആർട്ടിഫിഷ്യൽ തുണിത്തരങ്ങൾ	1	55.86	12
റെഡിമെയ്ഡ് ഗാർമെന്റ്സ് & എംബ്രോയിഡറി	2368	11868.9	11761
തടി/തടി ഉല്പന്നങ്ങൾ	808	4357.52	3401
പേപ്പർ ഉല്പന്നങ്ങൾ	120	1112.58	895
ലെതർ ഉല്പന്നങ്ങൾ	50	325.22	167
കെമിക്കൽ യൂണിറ്റ്	55	1287.7	183
റബ്ബർ, പ്ലാസ്റ്റിക്ക്, പെട്രോളിയം ഉല്പന്നങ്ങൾ	298	3807.22	1016

മിനറൽ യൂണിറ്റുകൾ	76	4726	722
മെറ്റൽ യൂണിറ്റ് (സ്റ്റീൽ ഫേബ്രിക്കേഷൻ)	200	1311.08	715
ഇഞ്ചിനീയറിംഗ് യൂണിറ്റ്	1715	8576.3	5955
ഇലക്ട്രിക്കൽ മെഷിനറി & ട്രാൻസ്പോർട്ട് എക്ക്യൂമെന്റ്സ്	182	1189.02	709
റിപ്പയറിംഗ് & സർവ്വീസിംഗ്	768	4933.82	2312
ജെം ഡിസൈനിംഗ്	11	29.5	23
ഫാഷൻ ഡിസൈനിംഗ്	173	775	469
മറ്റുള്ളവ	7698	63173.03	62723
കരകൗശല യൂണിറ്റ്	70	5288.72	263
ആകെ	19068	144919.1	105237

ജില്ലയിൽ നിലവിൽ 3000-ഓളം യൂണിറ്റുകൾ വനിതകളുടെ നേതൃത്വത്തിൽ പ്രവർത്തിക്കുന്നുണ്ട്. ഇതിൽ 18,000-ൽ അധികം തൊഴിലാളികൾ ജോലി ചെയ്യുന്നു. വനിതകളെ മുഖ്യധാരയിൽ എത്തിക്കാൻ ഒരു പൊതു രജിസ്ട്രേഷൻ പദ്ധതിയുണ്ടായിരുന്നത് 2012-ൽ സംരംഭക പദ്ധതിയുടെ ആവിഷ്കാരത്തോട് കൂടി പുതുതായി തുടങ്ങിയ സംരംഭക സഹായ പദ്ധതിയിൽ ലയിപ്പിച്ചു. സംരംഭക സഹായ പദ്ധതിയിലും പി. എം. ഇ. ജി. പി. പദ്ധതിയിലും അധിക ധനസഹായം വനിതാ സംരംഭകർക്ക് നൽകുന്നുണ്ട്. കൂടാതെ വനിതാ വികസന കോർപറേഷൻ, കെ.എസ്.ഐ.ഡി.സി., കെ.എഫ്.സി എന്നീ സ്ഥാപനങ്ങൾ വഴിയും വനിതാസംരംഭകർക്ക് കൂടുതൽ ആനുകൂല്യങ്ങൾ ലഭിക്കുന്നു. വനിതാശാക്തീകരണത്തിന് ഒരു പൊതു രജിസ്ട്രേഷൻ സംവിധാനം ബ്ലോക്ക്, നഗര, ജില്ലാപഞ്ചായത്ത് വഴി ആവിഷ്കരിക്കുന്നത് ഉചിതമായിരിക്കും.

വ്യവസായ അടിസ്ഥാന സൗകര്യങ്ങൾ

വ്യവസായത്തിനനുയോജ്യമായ ഭൂമിയുടെ ലഭ്യതക്കുറവും ഉയർന്ന വിലയുമാണ് അടിസ്ഥാന സൗകര്യ മേഖലയിൽ ജില്ല നേരിടുന്ന പ്രധാന പ്രശ്നങ്ങൾ. വേളിയിലെ ഡവലപ്മെന്റ് ഏരിയ, മൺവിളയിലെ ഡവലപ്മെന്റ് പ്ലോട്ട് എന്നിവ വ്യവസായ വകുപ്പ് നേരിട്ട് നടത്തി വരുന്നു. ഈ രണ്ട് വ്യവസായ മേഖലകളിലും പുതിയ സംരംഭകർക്ക് സ്ഥലമോ ഷെഡോ അനുവദിക്കാൻ ലഭ്യമല്ലാത്ത അവസ്ഥയാണ്. ഇത് കൂടാതെ കെ.എസ്.ഐ.ഡി.സി, കിൻഫ്രാ,സിഡ്കോ എന്നീ ഏജൻസികൾ വ്യവസായ പാർക്കുകൾ വ്യവസായ എസ്റ്റേറ്റുകൾ എന്നിവ സ്ഥാപിച്ചു നടത്തി വരുന്നു. ഈ ഏജൻസികളിൽ സ്ഥലത്തിന്റെ ഉയർന്ന വില സൂക്ഷ്മ ചെറുകിട സംരംഭകർക്ക് അപ്രാപ്യമാണ്.

വ്യവസായ വികസന ഏരിയ വേളി

വേളിയിൽ ആകെ 108.64 ഏക്കറിൽ ആണ് അതിൽ 20.35 ഏക്കർ സ്ഥലം വികസനത്തിനായി ഉപയോഗിച്ചു. വിവിധ വ്യവസായങ്ങൾക്കായി 88.29 ഏക്കർ സ്ഥലം അനുവദിച്ചിട്ടുണ്ട്. വിവിധ വ്യവസായ ആവശ്യത്തിനായി 179 യൂണിറ്റുകൾ അനുവദിക്കാവുന്നതിൽ 140 യൂണിറ്റുകൾ പ്രവർത്തിക്കുന്നുണ്ട്. കൂടാതെ 10 എസ്സ്.സി ഷെഡുകളും പ്രവർത്തനം നടത്തി വരുന്നു.

നിലവിൽ വ്യവസായ ആവശ്യത്തിന് ഭൂമി ഇല്ലായെങ്കിലും ധാരാളം സംരംഭകർ ഭൂമിക്കായി അപേക്ഷ നൽകി കാത്തിരിക്കുന്നു. ഇതിനു പരിഹാരമായി ഡി.എ വേളിയിൽ 5 ഏക്കർ സ്ഥലത്ത് 150000 സ്ക്വയർ ഫീറ്റ് വിസ്തൃതിയിൽ ബഹുനില വ്യവസായ സമുച്ചയത്തിന് ശിലാ സ്ഥാപനം നടത്തിയിട്ടുണ്ട്. ഈ കെട്ടിടത്തിന്റെ നിർമ്മാണം 2019 മാർച്ചിൽ പൂർത്തിയാക്കുവാനും ആവശ്യമുള്ളവർക്ക് സ്ഥലം അനുവദിക്കാനും കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്. എച്ച്.എൽ.എൽ.ലൈഫ് കെയറിനാണ് നിർമ്മാണ ചുമതലയുള്ളത്.

വ്യവസായ വികസന പ്ലോട്ട് മൺവിള

മൺവിളയിൽ ആകെ 27.53 ഏക്കറിൽ 4.84 ഏക്കർ പൊതു വികസനത്തിനായി ഉപയോഗിച്ചു. വ്യവസായ ആവശ്യത്തിനായി 22.69 ഏക്കറിൽ ആകെ അനുവദിച്ച 73 യൂണിറ്റുകളിൽ 55 യൂണിറ്റുകൾ പ്രവർത്തിക്കുന്നു. കൂടാതെ 10 എസ്സ്.സി ഷെഡുകളും പ്രവർത്തിക്കുന്നു. വ്യവസായ വികസന ഏരിയ വേളിയിലും പ്ലോട്ട് മൺവിളയിലും പ്രവർത്തനരഹിതമായി കിടക്കുന്ന യൂണിറ്റുകൾ പുനരാരംഭിക്കാൻ സാധ്യതയുള്ളവ

പുനരാരംഭിക്കുവാൻ ബാക്കിയുള്ളവ തിരിച്ചെടുത്ത് അർഹരായ സംരംഭകർക്ക് നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

സ്വകാര്യ മേഖലയിൽ 5 ഏക്കറിൽ കുറയാതെ സ്ഥലം ലഭ്യമാക്കിയാൽ സർക്കാർ സഹായത്തോടെ റോഡ്, വൈദ്യുതി, ജലം എന്നീ അടിസ്ഥാന സൗകര്യങ്ങൾ എത്തിച്ച് പ്രൈവറ്റ് ഇൻഡസ്ട്രീൽ എസ്റ്റേറ്റ് സ്ഥാപിക്കുന്നതിനുള്ള ശ്രമങ്ങൾ നടത്തി വരുന്നു.

മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റ്(എം.ഐ.ഇ)

വിവിധ പഞ്ചായത്തുകളിൽ വ്യവസായ എസ്റ്റേറ്റുകൾ സ്ഥാപിക്കുക എന്ന ഉദ്ദേശ്യത്തോടെ കേരള സംസ്ഥാന വ്യവസായ വാണിജ്യ വകുപ്പിന്റെ നിയന്ത്രണത്തിൽ 19.6.1976 ൽ രൂപീകൃതമായ സഹകരണ സ്ഥാപനമാണ് തിരുവനന്തപുരം ജില്ലാ മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് കോ–ഓപ്പറേറ്റീവ് സൊസൈറ്റി. സൊസൈറ്റിയുടെ കീഴിലുള്ള മിനി വ്യവസായ എസ്റ്റേറ്റുകളിൽ സംരംഭം നടത്തുന്നവർക്കാണ് സൊസൈറ്റിയിൽ അംഗത്വം നൽകുന്നത്. സൊസൈറ്റിയുടെ ഉടമസ്ഥതയിൽ 7 മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റുകൾ പ്രവർത്തിക്കുന്നു, വിശദവിവരങ്ങൾ താഴെ കൊടുക്കുന്നു.

മലയിൻകീഴ് ഗ്രാമപഞ്ചായത്തിലെ മറുകിൽ, കാട്ടാക്കട ഗ്രാമപഞ്ചായത്തിലെ കിള്ളി, ഉഴമലയ്ക്കൽ ഗ്രാമപഞ്ചായത്തിലെ ചക്രപാണിപുരം, അണ്ടൂർക്കോണം ഗ്രാമപഞ്ചായത്തിലെ കണിയാപുരം, ചെമ്മരുതി ഗ്രാമപഞ്ചായത്തിലെ ചെമ്മരുതി, മാണിക്കൽ ഗ്രാമപഞ്ചായത്തിലെ കൊപ്പം (വെമ്പായം) എന്നീ സ്ഥലങ്ങളിലൊണ് ഇപ്പോൾ മിനി എസ്റ്റേറ്റുകളുള്ളത്. 6 എസ്റ്റേറ്റുകളിലായി 76 ഷെഡ്ഡുകൾ 52 സംരംഭങ്ങൾക്കായി അനുവദിച്ചിട്ടുണ്ട്. വെമ്പായം എസ്റ്റേറ്റിൽ ഷെഡ് നിർമ്മിക്കാനുള്ള നടപടികൾ നടന്നു വരുന്നു. ബേക്കറി യൂണിറ്റുകൾ, ക്ലേ യൂണിറ്റുകൾ, ഇന്റീരിയർ ഡെക്കറേഷൻ, എയ്റോസ്പെയിസ് ഉത്പന്നങ്ങൾ, എഞ്ചിനീയറിംഗ് യൂണിറ്റുകൾ, ജൈവ വളം, ഫർണിച്ചർ, എഞ്ചിൻ ഓയിൽ, പോർട്ടബിൽ ബയോഗ്യാസ് പ്ലാന്റ്, തലയിണ നിർമ്മാണം, തുടങ്ങിയ യൂണിറ്റുകൾ വിവിധ എസ്റ്റേറ്റുകളിൽ പ്രവർത്തിക്കുന്നു.

കേരള സിഡ്കോ, പാപ്പനംകോട്

കേരള സിഡ്കോയുടെ വ്യവസായ എസ്റ്റേറ്റുകളിൽ ഒന്നാണ് തിരുവനന്തപുരം പാപ്പനംകോട് പ്രവർത്തിക്കുന്ന സിഡ്കോ വ്യവസായ എസ്റ്റേറ്റ്. ഇതു കൂടാതെ 4 മിനി വ്യവസായ എസ്റ്റേറ്റുകളും ഇതിന്റെ കീഴിൽ പ്രവർത്തിച്ച് വരുന്നു. ആനാട്, വെള്ളനാട്, ഉള്ളൂർ, വർക്കല തുടങ്ങിയ സ്ഥലങ്ങളിലാണ് ഈ മിനി വ്യവസായ എസ്റ്റേറ്റുകൾ പ്രവർത്തിച്ച് വരുന്നത്. ഏതാണ്ട് 18 1/2 ഏക്കറോളം വ്യാപിച്ചു കിടക്കുന്ന പാപ്പനംകോട് വ്യവസായ എസ്റ്റേറ്റിൽ. 88 ഓളം വ്യവസായ യൂണിറ്റുകളാണുള്ളത്. ഇതിൽ 4 യൂണിറ്റുകൾ വർഷങ്ങളായി പൂട്ടിയ നിലയിലാണ്. കൂടാതെ രണ്ട് യൂണിറ്റുകൾ ജില്ലാവ്യവസായ കേന്ദ്രത്തിന്റെ കീഴിലാണ് ഉള്ളത്. മറ്റെല്ലാ യൂണിറ്റുകളും നല്ല രിതിയിൽ പ്രവർത്തിച്ച് വരുന്നു. ഇവർക്ക് വേണ്ടുന്ന എല്ലാ അടിസ്ഥാന സൗകര്യങ്ങൾ സിഡ്കോയാണ് ചെയ്തു വരുന്നത്. സിഡ്കോയുടെ കീഴിൽ വരുന്ന പാപ്പനംകോട് വ്യവസായ എസ്റ്റേറ്റിന്റെയും മറ്റു വിവരങ്ങൾ ചുവടെ ചേർക്കുന്നു.

പട്ടിക: 4.1.5.(a) 2

മേജർ ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് (സിഡ്കോ)

പ്ലോട്ടിന്റെ പേര്	വിസ്തീർണം ഏക്കറിൽ	അനുവദിച്ചിരിക്കുന്ന സ്ഥലത്തിന്റെ വിസ്തീർണം	യൂണിറ്റുകളുടെ എണ്ണം	പ്രവർത്തിക്കുന്ന യൂണിറ്റുകളുടെ എണ്ണം	പ്രവർത്തിക്കുന്ന യൂണിറ്റുകളുടെ എണ്ണം	ആകെ തൊഴിൽ വസരങ്ങൾ
പാപ്പനംകോട്	854	515	80	76	4	820

പട്ടിക: പട്ടിക: 4.1.5.(a) 3

മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് (സിഡ്കോ)

പ്ലോട്ടിന്റെ പേര്	വിസ്തീർണം ഏക്കറിൽ	അനുവദിച്ചിരിക്കുന്ന സ്ഥലം സെന്റിൽ	പ്രവർത്തിക്കുന്ന യൂണിറ്റുകളുടെ എണ്ണം	പ്രവർത്തിക്കാത്ത യൂണിറ്റുകളുടെ എണ്ണം	തൊഴിലവസരങ്ങൾ
ഉള്ളൂർ	1	93	9	1	60
ആനാട്	1	92	5	2	54
വെള്ളനാട്	1	92	10	2	42
വർക്കല	1	52.5	7	0	35

ഐ.ടി (വിവര സാങ്കേതിക വിദ്യ) പാർക്ക്

തിരുവനന്തപുരം ടെക്നോപാർക്ക് ഘട്ടം ഒന്ന് കേരള സർക്കാർ പ്രോത്സാഹനം നൽകി സ്ഥാപിച്ച ഒരു സ്വയംഭരണ സംഘമാണ്. ഇത് ഇന്ത്യയിലെ തന്നെ ആദ്യത്തെ വിവരസാങ്കേതിക വിദ്യപാർക്കാണ്. കൂടാതെ ഇന്ത്യയിലിപ്പോൾ നിലവിലുള്ള മൂന്നു വലിയ ഐ.ടി പാർക്കുകളിലൊന്ന് കൂടിയാണിത്. ഏകദേശം 326.54 ഏക്കറിൽ 4.5 ദശലക്ഷം ചതുരശ്ര അടി അളവിൽ കെട്ടിടങ്ങളുള്ള ടെക്നോപാർക്കിൽ 225 ലേറെ IT/ITES കമ്പനികളിൽ 30000 ലേറെ ഐ.ടി പ്രൊഫഷണലുകൾ ജോലി ചെയ്യുന്നു.

കൂടാതെ ടെക്നോപാർക്ക് ഘട്ടം 2, 3 എന്നിവകൾക്കായി 178 ഏക്കറോളം ഭൂമി വികസിപ്പിച്ചെടുത്തിട്ടുണ്ട്. ഇവിടെയും ഐ.ടി കമ്പനികൾ പ്രവർത്തിക്കുന്നു.

കിൻഫ്ര

കേരള വ്യാവസായിക പശ്ചാത്തല വികസന കോർപറേഷന്റെ തീം പാർക്കുകളും വിവിധോദ്ദേശ പാർക്കുകളും ജില്ലയിലുണ്ട്.

കിൻഫ്ര ചെറുകിട വ്യവസായ പാർക്ക്, തുമ്പ

ഈ പാർക്ക് എൻ എച്ച് 66 ൽ നിന്ന് ഏകദേശം 2.5 കീ.മി അകലെയാണ്. ഇടതടവില്ലാതെ വൈദ്യുതിയും ജലവിതരണവും ഉറപ്പാക്കിയിട്ടുള്ള വ്യവസായ പ്ലോട്ടുകളായാണ് ഇവിടെ പൂർണമായും വികസിപ്പിച്ചിട്ടുള്ളത്. വിപണന–പ്രദർശന കേന്ദ്രം, കസ്റ്റംസ് സേവനം, ബിസിനസ് കേന്ദ്രം, ആരോഗ്യ കേന്ദ്രം, പൊതു ആവശ്യകേന്ദ്രം, കാന്റീൻ, ഹോസ്റ്റൽ, ബാങ്ക്, പോസ്റ്റ് ഓഫീസ്, ശുചിത്വ പൂർണ്ണമായ മാലിന്യ നിർമ്മാർജ്ജന സംവിധാനം എന്നിങ്ങനെയുള്ള പൊതുസൗകര്യങ്ങളെല്ലാം പാർക്കിൽ ലഭ്യമാണ്. വസ്ത്ര നിർമ്മാണ യൂണിറ്റുകളും, റബ്ബർ, പ്ലാസ്റ്റിക്, ഔഷധങ്ങൾ, ഭക്ഷ്യവസ്തുക്കൾ, പാനീയങ്ങൾ, ലഘു എഞ്ചിനീയറിംഗ്, റിപ്പയറും സേവനങ്ങളും എന്നിവയാണ് പ്രധാന സംരംഭ മേഖലകൾ. നിലവിലെ പാട്ടവരിത്തുക ഏക്കറിന് 35.13 ലക്ഷം രൂപയാണ്.

കിൻഫ്ര ഫിലിം & വീഡിയോ പാർക്ക്, കഴക്കൂട്ടം

സംഘടിതമായ വിവിധ ഫിലിം പ്രവർത്തനങ്ങളുടെ ഒരു കേന്ദ്രമാണ് തിരുവനന്തപുരം. കേരള സംസ്ഥാന ഫിലിം വികസന കോർപ്പറേഷൻ, കേരള സംസ്ഥാന ചലച്ചിത്ര അക്കാദമി, ചിത്രാഞ്ജലി സ്റ്റുഡിയോ തുടങ്ങി പല അംഗീകൃത സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട് ഒരു പ്രത്യേക മേഖല സ്ഥാപിക്കുന്നതിനുള്ള സംസ്ഥാന സർക്കാരിന്റെ ഒരു സംരംഭമാണ് കിൻഫ്ര ഫിലം & വീഡിയോ പാർട്ട്. അനിമേഷൻ, മൾട്ടി മീഡിയ, പോസ്റ്റ് പ്രൊഡക്ഷൻ, മീഡിയയുമായി ബന്ധപ്പെട്ടമറ്റ് പ്രവർത്തനങ്ങൾ എന്നിവയെ സംബന്ധിച്ചിടത്തോളം അതിവേഗം വികസിച്ച് വരുന്ന ഒരു കേന്ദ്രമാണ് ഈ പാർക്ക്. അതിനൂതനമായ ഒരു അനിമേഷൻ മേഖലയുടെ പ്രത്യേക സാമ്പത്തിക മേഖലയും ഇവിടെ സ്ഥാപിച്ചിട്ടുണ്ട്. പ്രസാദ് ലാബ്സ്, ആക്സൽ, കോംപാക്ട് ഡിസ്ക് ഇന്ത്യ, വിസ്മയ തുടങ്ങിയ പ്രമുഖ വ്യവസായ സ്ഥാപനങ്ങൾ ഇവിടെ പ്രവർത്തിക്കുന്നുണ്ട്. ഇന്ത്യയിലെ ആദ്യത്തെ അനിമേഷൻ പ്രത്യേക സാമ്പത്തിക മേഖല കിൻഫ്ര ഫിലിം & വീഡിയോ പാർക്കിനകത്താണുള്ളത്. അനിമേഷൻ മേഖലയ്ക്കകത്തെ 25 എക്കർ ഭൂമിക്ക് പ്രത്യേക സാമ്പത്തിക മേഖല എന്ന പദവി നൽകാൻ കേന്ദ്ര സർക്കാർ തീരുമാനിച്ചിട്ടുണ്ട്. ഡി.റ്റി.എസ്സ്. ഡോൾബി, ഡിജിറ്റൽ സൗകര്യങ്ങളോടുകൂടിയ ഇവിടത്തെ പ്രിവ്യൂ തീയറ്റർ സംസ്ഥാനത്ത് മറ്റെങ്ങും തന്നെ ഇല്ലാത്ത തരത്തിലുള്ളതാണ്. ബിസിനസ് കേന്ദ്രം, ഹോട്ടൽ കോംപ്ലക്സ്, പാർപ്പിടങ്ങൾ, ഗസ്റ്റ് ഹൗസ്, വാണിജ്യ കോംപ്ലക്സ്, ബാങ്ക്, ഭക്ഷണശാലകൾ, വിനോദ കേന്ദ്രങ്ങൾ തുടങ്ങിയ പൊതു സൗകര്യങ്ങൾ ഇവിടെയുണ്ട്. പാർക്ക് പ്രദേശത്തിന്റെ ആകെ വിസ്തീർണ്ണം 75 ഏക്കറാണ്. ഇതിൽ 10.1 ഏക്കർ അനിമേഷനും ഗെയിമിങ്ങിനും വേണ്ടിയുള്ള പ്രത്യേക സാമ്പത്തിക മേഖലയ്ക്കായി കരുതി വച്ചിരിക്കുന്നു. കെട്ടിടങ്ങളുടെ ആകെ വിസ്തീർണ്ണം 80000 ചതുരശ്ര അടി ആണ്.

കേരള സംസ്ഥാന വ്യവസായ വികസന കോർപറേഷൻ (കെ. എസ്. ഐ. ഡി. സി.)

സംസ്ഥാനത്തെ വൻകിട വ്യവസായങ്ങളുടെ പശ്ചാത്തല സാമ്പത്തിക വികസനത്തിനായി 1961 ൽ രൂപീകൃതമായ സംസ്ഥാന ഗവൺമെന്റിന്റെ അധീനതയിലുള്ള ഒരു സ്ഥാപനമാണ് കെ. എസ്. ഐ. ഡി. സി. വലുതും ഇടത്തരവുമായ വ്യവസായ സംരംഭങ്ങളുടെ ഉന്നമനത്തിനായി പ്രവർത്തിക്കുന്ന കെ. എസ്. ഐ. ഡി. സി. ബിസിനസ് ആശയങ്ങൾ വിപുലീകരിക്കുന്നതിനും പ്രോജക്ടുകളുടെ വയബിലിറ്റി ചെക്ക് ചെയ്യുന്നതിനും പശ്ചാത്തല സൗകര്യം ഒരുക്കുന്നതിനുമായി പ്രവർത്തിക്കുന്നു. ഇതുവരെ 750 ൽ അധികം പ്രോജക്ടുകൾ ചെയ്തിട്ടുണ്ട്.

കേരള സ്റ്റാർട്ടപ്പ് മിഷൻ

സംസ്ഥാന സർക്കാരിന്റെ സാങ്കേതിക സ്റ്റാർട്ടപ്പ് നയം നടപ്പിലാക്കാനുള്ള നോഡൽ ഏജൻസിയാണ് സ്റ്റാർട്ടപ്പ് മിഷൻ. സാങ്കേതിക സ്റ്റാർട്ടപ്പ് രംഗത്ത് ആഗോള നിലവാരമുള്ള ആവാസ വ്യവസ്ഥ സൃഷ്ടിക്കലാണ് കേരള സ്റ്റാർട്ടപ്പ് മിഷന്റെ ലക്ഷ്യം. ഈ പ്രാപ്തിക്കായി വിവിധ ഘടകങ്ങൾ ഉൾപ്പെട്ട യുവസംരഭകത്വ വികസന പദ്ധതി നടപ്പിലാക്കി വരുന്നു. ഇന്നവേഷൻ ഫണ്ട്, സീഡ് ഫണ്ട്, ഫ്യൂച്ചർ ലാബ്, മെന്റർഷിപ്പ്/കണക്ട് പ്രോഗ്രാം, ഓപ്പൺ ഇന്നവേഷൻ കോളാബറേഷൻ സ്പേസ്, സ്റ്റാർട്ടപ്പ് ബോക്സ്, സ്റ്റാർട്ടപ്പ് ബ്യൂട്ട് ക്യാംപ്, ലീഡർഷിപ്പ് അക്കാദമി & ട്രെയിനിംഗ് പ്രോഗ്രാം, അന്തർദേശീയ സംരംഭകത്വ വിനിമയ പദ്ധതി ഫാബ് ലാബ്, എന്റർപ്രണർ സപ്പോർട്ട് സർവ്വീസസ്, എന്റർപ്രണർഷിപ്പ് ഡ്രൈവിംഗ് പ്രോഗ്രാം, പേറ്റന്റ് സപ്പോർട്ട് സ്കീം എന്നിവയാണ് ഈ പദ്ധതിയുടെ പ്രധാന ഘടകങ്ങൾ.

സ്കൂൾ തലം മുതൽ നൂതന സാങ്കേതികതയുമായി പരിചയപ്പെടുന്നതിനും സംരംഭകരാകുന്നതിനും ഉള്ള പദ്ധതി മുതൽ സാങ്കേതിക പ്രൊഫണലുകൾക്ക് സംരംഭകരാകുന്നതിനുള്ളതു വരെയുള്ള വിവിധ ഘടകങ്ങളാണ് കേരള സ്റ്റാർട്ടപ്പ് മിഷൻ നടപ്പിലാക്കി വരുന്ന യുവജന സംരംഭകത്വ വികസന പദ്ധതിയിലുള്ളത്. നിലവിലുള്ള പദ്ധതികൾ കൂടാതെ താഴെ പറയുന്ന പദ്ധതികൾ തിരുവനന്തപുരം ജില്ലാ പഞ്ചായത്തിന്റെ ദീർഘകാല ആസൂത്രണത്തിൽ ഉൾപ്പെടുത്തുവാൻ പരിഗണിക്കാവുന്നതാണ്.

- **തെരഞ്ഞെടുക്കപ്പെട്ട സ്കൂളുകളിൽ മിനി ഫ്യൂച്ചർ ലാബുകൾ സ്ഥാപിക്കൽ**

മാതൃകകൾ സൃഷ്ടിക്കുന്നതിനായുള്ള അടൽ ടിങ്കറിംഗ് ലാബുകൾ തെരഞ്ഞെടുത്ത സ്കൂളുകളിൽ സ്ഥാപിക്കുന്ന കേന്ദ്ര സർക്കാരിന്റെ പദ്ധതി ആരംഭിച്ചിട്ടുണ്ട്. പട്ടം കേന്ദ്രീയ വിദ്യാലയം ഉൾപ്പെടെ ജില്ലയിലെ ചില സ്കൂളുകളിൽ അടൽ ടിങ്കറിംഗ് ലാബുകൾ ഇതിനകം സ്ഥാപിച്ചു കഴിഞ്ഞു. എന്നാൽ ഈ പദ്ധതിയിൽ ലാബുകൾ സ്ഥാപിച്ചിട്ടുള്ള സംസ്ഥാന സർക്കാർ സ്കൂളുകൾ വിരളമാണ്. ഇതുമായി സാമ്യവുമുള്ള എന്നാൽ മറ്റൊരു മേഖലയിലെ ലാബുകൾ സ്ഥാപിക്കുന്നതിതാണ് ഇപ്പോൾ നിർദ്ദേശിക്കുന്ന പദ്ധതിയിലൂടെ വിഭാവനം ചെയ്യുന്നത്. ഭാവി സാങ്കേതികതയായ ആർട്ടിഫിഷ്യൽ ഇന്റലിജൻസ്, ഓഗ്മെന്റസ് റിയാലിറ്റി വെർച്ചൽ റിയാലിറ്റി IOT തുടങ്ങിയ മേഖലയുമായി ബന്ധപ്പെട്ട ഉപകരണങ്ങളാകും ഈ ലാബിൽ സ്ഥാപിക്കുക. ഇതിലൂടെ സ്കൂൾ തലത്തിൽ ഭാവി സാങ്കേതികതയുമായി അടുത്തിടപഴകുന്നതിനുള്ള അവസരം നൽകാനാകും. തെഞ്ഞെടുക്കപ്പെടുന്ന സ്കൂളിൽ 500 ചതുരശ്ര അടി സജ്ജമാക്കിയ സ്ഥലം ലഭ്യമാക്കണം. ആവശ്യമായ ഉപകരണങ്ങൾ സംബന്ധിച്ച നിർദ്ദേശങ്ങൾ, അവ സംഭരിക്കുന്നതിനുള്ള സഹായം, പരിശീലനം നൽകുന്നതിനുള്ള സഹായം എന്നിവ നൽകി സ്റ്റാർട്ടപ്പ് മിഷൻ അറിവിന്റെ പങ്കാളിയായി പദ്ധതി നടത്തിപ്പിന് സഹായിക്കും. 15 ലക്ഷം രൂപയോളം ഓരോ ലാബിനും വേണ്ടി വരുന്ന ഈ പദ്ധതി ഘട്ടം ഘട്ടമായി നടപ്പിലാക്കാനാകും. ആദ്യ വർഷം അഞ്ച് സ്കൂളുകളിൽ പരീക്ഷണാർത്ഥം തുടങ്ങുന്ന പദ്ധതി തുടർന്നുള്ള വർഷങ്ങളിൽ വർദ്ധിപ്പിച്ച് 15 വർഷം കൊണ്ട് 125 ഓളം സ്കൂളുകളിൽ വ്യാപിപ്പിക്കും. നിലവിൽ ഈ പദ്ധതി നടപ്പിലാക്കാൻ കഴിയാത്ത സാഹചര്യത്തിൽ പദ്ധതിക്കായി മുന്നോട്ട് വരുന്ന സ്വകാര്യ സ്കൂളുകളെയും എയ്ഡഡ് സ്കൂളുകളെയും സർക്കാർ സ്കൂളുകളോടൊപ്പം പരിഗണിക്കാവുന്നതാണ്. ആദ്യവർഷം പദ്ധതിക്കും അനുബന്ധ സൗകര്യങ്ങൾക്കുമായി ഒരു കോടി രൂപ ജില്ലാപഞ്ചായത്ത് വകയിരുത്തേണ്ടതുണ്ട്.

- **റൂറൽ ഇന്നവേഷൻ ഹബ്ബ്**

കൃഷി, ഫിഷറീസ്, വ്യവസായം തുടങ്ങിയ മേഖലകളിൽ ലോകോത്തര നിലവാരമുള്ള സാങ്കേതിക കർഷകർക്കും മറ്റു ബന്ധപ്പെട്ടവർക്കും നേരിട്ട് അനുഭവിച്ച് പരിജ്ഞാനം പ്രാവർത്തികമാക്കുന്നതിനുള്ള സംവിധാനമാണ് ഈ പദ്ധതിയിലൂടെ വിഭാവനം ചെയ്യുന്നത്. ഇതിനായി 10 ഏക്കർ സ്ഥലം ആവശ്യമാണ്. ജില്ലയിലെ ഗ്രാമീണ മേഖലയിൽ ഗ്രാമപഞ്ചായത്ത് സ്ഥലം ലഭ്യമാക്കുകയും പ്രസ്തുത സംവിധാനത്തിനാവശ്യമായ തുക ലഭ്യമാക്കുകയും ചെയ്താൽ ഈ പദ്ധതി പ്രാവർത്തികമാക്കാൻ സാധിക്കും. സ്ഥലം കൂടാതെ അഞ്ചു കോടി രൂപ ജില്ലാ പഞ്ചായത്ത് പദ്ധതിക്കായി മുടക്കേണ്ടി വരും എന്നാണ് പ്രാഥമികമായി വിലയിരുത്തിയിട്ടുള്ളത്. കർഷകർക്കും മറ്റു ബന്ധപ്പെട്ടവർക്കും 10–15 ദിവസം വരെ താമസിച്ച് പുതിയ സാങ്കേതികത്വം പരിചയപ്പെടാനും പിന്നീട് സ്വയം പ്രാവർത്തികമാക്കുവാനും കഴിയും വിധമാണ് പദ്ധതി വിഭാവനം ചെയ്തിട്ടുള്ളത്. സ്റ്റാർട്ടപ് മിഷൻ പദ്ധതികൾ കൂടുതലും സ്കൂളുമായി ബന്ധപ്പെട്ടതായതിനാൽ ഈ നിർദ്ദേശങ്ങൾക്ക് വിദ്യാഭ്യാസ മേഖലയിലെ വിദഗ്ദ്ധരുടെ അഭിപ്രായം കൂടി തേടേണ്ടതാണ്.

സ്റ്റാർട്ടപ്പ് സംരംഭങ്ങൾ തുടങ്ങുമ്പോൾ പ്രവാസികളെ കൂടി ഉൾപ്പെടുത്തി സംരംഭങ്ങൾ തുടങ്ങുവാൻ അവരെ പ്രോത്സാഹിപ്പിക്കേണ്ടതാണ്.

➢ **കൈത്തറി വ്യവസായ മേഖല**

ജില്ലയിൽ ബാലരാമപുരമാണ് കേരള കൈത്തറി വ്യവസായത്തിന്റെ ഈറ്റില്ലമായി അറിയപ്പെടുന്നത്. കൈത്തറി വ്യവസായ സഹകരണ സംഘങ്ങൾ ഏറ്റവും കൂടുതൽ പ്രവർത്തിക്കുന്നത് ജില്ലയിലെ നെയ്യാറ്റിൻകര താലൂക്കിലാണ്. സഹകരണ മേഖലയ്ക്ക് പുറമെ നിരവധി തൊഴിലാളികൾ സ്വകാര്യ മേഖലയിലും തൊഴിൽ ചെയ്യുന്നുണ്ട്.

ഔദ്യോഗിക രേഖകൾ പ്രകാരം ജില്ലയിൽ 287 സംഘങ്ങളിലായി ആകെ 21410 അംഗങ്ങൾ കൈത്തറി തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നു. കൂടാതെ ധാരാളം പേർ വീടുകളിൽ സ്ഥാപിച്ചിട്ടുള്ള തറികളിലും തൊഴിലെടുക്കുന്നുണ്ട്. 2012–13 മുതൽ 2016–17 വരെ വിവിധ സർക്കാർ പദ്ധതികൾ വഴി 17.26 കോടി രൂപ കൈത്തറി മേഖലയുടെ വികസനത്തിനായി ചെലവഴിച്ചിട്ടുണ്ട്. കൂടാതെ ഈ കാലയളവിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മുഖേന 59.47 ലക്ഷം രൂപയും ഈ ഇനത്തിൽ ചെലവഴിച്ചിട്ടുണ്ട്. ശരാശരി 300 രൂപയിൽ കൂടുതൽ ഒരു സാധാരണ നെയ്ത്തുകാരന് ദിവസവരുമാനം ലഭിക്കാത്തതാണ് കൂടുതൽ പേർ ഈ മേഖലയിലേയ്ക്ക് കടന്ന് വരാത്തതിന്റെ യഥാർത്ഥ കാരണം.

പട്ടിക: 4.1.5.(a) 4

കഴിഞ്ഞ 5 വർഷക്കാലം വിവിധ പദ്ധതികളിലൂടെ കൈത്തറി മേഖലയിലുണ്ടായിട്ടുള്ള വികസനം

വർഷം	കൈത്തറി സംഘങ്ങൾക്കുള്ള സർക്കാർ ഓഹരി പങ്കാളിത്തം		ഉല്പാദന പ്രചോദന പരിപാടി		വരുമാനം ഉറപ്പാക്കൽ പദ്ധതി		നൈപുണ്യശേഷി വികസനം	
	തുക (ലക്ഷത്തിൽ)	ആനുകൂല്യം ലഭിച്ച സൊസൈറ്റികളുടെ എണ്ണം	തുക (ലക്ഷത്തിൽ)	ആനുകൂല്യം ലഭിച്ച വരുടെ എണ്ണം	തുക (ലക്ഷത്തിൽ)	ആനുകൂല്യം ലഭിച്ച നെയ്ത്തുകാരുടെ എണ്ണം	തുക (ലക്ഷത്തിൽ)	ആനുകൂല്യം ലഭിച്ച സൊസൈറ്റികളുടെ എണ്ണം
2012– 13	89.9	27	1.1	10	165.2	222	0	0
2013– 14	88.6	22	40.28	194	82.71	56	0	0
2014– 15	87.87	26	100	522	55.78	31	45.7	35
2015– 16	98.1	22	40	293	253.28	119	10.38	4
2016– 17	13.28	3	1.08	577	158.1	116	11.67	1
ആകെ	377.75	100	182.46	1596	715.07	544	67.75	40

പട്ടിക: 4.1.5.(a) 5

വർഷം	ഉല്പാദന വികസന പദ്ധതി		ഷോറൂം നവീകരണം		നെയ്ത്തുകാർക്കുള്ള വർക്ക് ഷെഡ്		ഉല്പാദന വികസനത്തിനുള്ള സഹായം	
	തുക (ലക്ഷത്തിൽ)	ആനുകൂല്യം ലഭിച്ച സൊസൈറ്റികളുടെ എണ്ണം	തുക (ലക്ഷത്തിൽ)	ആനുകൂല്യം ലഭിച്ച സൊസൈറ്റികളുടെ എണ്ണം	തുക (ലക്ഷത്തിൽ)	നെയ്ത്തുകാരുടെ എണ്ണം	തുക (ലക്ഷത്തിൽ)	ആനുകൂല്യം ലഭിച്ച നെയ്ത്തുകാരുടെ എണ്ണം
2012– 13	8.9	4	1.36	5	0	0	.45	6
2013– 14	9.2	3	.36	11	0	0	.13	10
2014– 15	27.18	10	0.34	7	52.5	350	.85	6
2015– 16	28.5	12	8.98	4	6.8	40	.89	4
2016– 17	0	0	.09	3	0	0	1	3
ആകെ	73.78	29	9.13	30	59.3	390	3.32	29

പട്ടിക: 4.1.5.(a) 6

വർഷം	മാസ്റ്റർ വീവർ		സ്വയം തൊഴിൽ	
	തുക (ലക്ഷത്തിൽ)	ആനുകൂല്യം ലഭിച്ച നെയ്ത്തുകാരുടെ എണ്ണം	തുക (ലക്ഷത്തിൽ)	സംരംഭകരുടെ എണ്ണം
2012 – 13	10.94	12	9.6	6
2013 – 14	23.53	24	30.46	24
2014 – 15	12.34	14	11.02	12
2015 – 16	2.5	3	11	10
2016 – 17	0	0	0	0
ആകെ	49.31	53	62.08	52

നെയ്യാറ്റിൻകര താലൂക്കിലെ ബാലരാമപുരവും പ്രാന്തപ്രദേശങ്ങളുമാണ് കൈത്തറി വ്യവസായത്തിന്റെ പ്രാധാന കേന്ദ്രങ്ങൾ. ഭൂരിപക്ഷം കൈത്തറി വ്യവസായ സംരംഭ സഹകരണ മേഖലയിൽ ആണ്. സ്വകാര്യ സംരംഭകരും ഈ മേഖലയിൽ വ്യവസായം നടത്തി വരുന്നുണ്ട്. ബാലരാമപുരം കൈത്തറി ഒരു ആഗോള പ്രശസ്ത ബ്രാന്റായി അംഗീകരിക്കപ്പെടുകയും ഭൗമ സൂചിക സർട്ടിഫിക്കറ്റ് ലഭിക്കുകയും ചെയ്തിട്ടുണ്ട്.

പരമ്പരാഗത വ്യവസായമെന്ന നിലയിൽ സർക്കാർ വളരെയധികം സഹായങ്ങൾ നൽകി വരുന്നുണ്ടെങ്കിലും ഈ മേഖലയിലും സംരംഭകർ വളരെയധികം പ്രശ്നങ്ങൾ നേരിടുന്നുണ്ട്.

- തൊഴിലാളിക്ക് ലഭ്യമായ കുറഞ്ഞ വേതനം
- വിപണന സംബന്ധമായ പ്രശ്നങ്ങൾ
- ഉല്പന്ന വൈവിധ്യ വൽക്കരണം നടത്തുന്നതിനുള്ള വിമുഖതയും പ്രായോഗിക വിഷമതകളും
- അടിസ്ഥാന സൗകര്യങ്ങളുടെ കുറവ്

2016–17 വർഷം മുതൽ സർക്കാർ വിദ്യാലയങ്ങളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് സൗജന്യ കൈത്തറിയൂണിഫോം പദ്ധതിയും ജില്ലയിൽ നടപ്പിലാക്കിവരുന്നുണ്ട്. ഈ പദ്ധതി പ്രകാരം 30/09/2017–ൽ കണക്ക് പ്രകാരം 1140 തറികളിലായി 1200 ഓളം നെയ്ത്തുകാർ തൊഴിലെടുക്കുന്നുണ്ട്. 01/03/2017 മുതൽ 30/09/2017 വരെ ഏകദേശം 6 കോടി രൂപ തൊഴിലാളികളുടെ വേതനമായും സംഘത്തിലുള്ള വിഹിതമായും സർക്കാർ അനുവദിച്ചിട്ടുണ്ട്. ഈ പദ്ധതിയിലൂടെ വർഷം മുഴുവനും തൊഴിലാളികൾക്ക് തൊഴിൽ നൽകുന്നതിന് കഴിഞ്ഞിട്ടുണ്ട്. കൈത്തറി മേഖലയിൽ ആവശ്യമായ സർക്കാർ സഹായങ്ങൾ കൈത്തറി & ടെക്സ്റ്റയിൽസ് ഡയറക്ടറേറ്റിന്റെ നേതൃത്വത്തിൽ ജില്ലാവ്യവസായകേന്ദ്രം മുഖാന്തിരം നൽകി വരുന്നുണ്ട്.

ജില്ലാതലത്തിൽ കൈത്തറി മേഖലയിൽ സ്വീകരിക്കേണ്ട നടപടികളെ സംബന്ധിച്ച ശുപാർശ

- സർക്കാർ നൽകുന്ന ധനസഹായങ്ങൾ വേണ്ട രീതിയിൽ സുതാര്യമായി വിനിയോഗിക്കപ്പെടുന്നോയെന്നുള്ള പരിശോധനയ്ക്കായി ഒരു ജില്ലാതല മോണിട്ടറിഗ് കമ്മിറ്റി രൂപീകരിക്കുക.
- വളരെയേറെ സംഘങ്ങൾ പ്രവർത്തനം നടത്തി വരുന്ന പ്രദേശങ്ങളിൽ സംഘങ്ങൾക്ക് ഫലപ്രദമായി പ്രവർത്തനം നടത്തുന്നതിലേയ്ക്കായി സംയോജനം നടത്തുന്നതിനുള്ള സാധ്യതകൾ പരിശോധിക്കണം.
- സഹകരണമേഖലയെ പ്രോൽസാഹിപ്പിക്കുന്നതോടൊപ്പം പുതിയ സ്വകാര്യ സംരഭകരെ ഈ മേഖലയിലേയ്ക്ക് കൊണ്ട് വരുന്നതിനുള്ള നടപടികൾ സ്വീകരിക്കണം
- മൂല്യവർദ്ധിത ഉല്പന്നങ്ങൾ/വൈവിധ്യവൽക്കരണം എന്നിവയ്ക്ക് മുൻഗണന നൽകണം.
- ബാലരാമപുരം കേന്ദ്രമാക്കി ടൂറിസം സാധ്യതകൾ കണക്കിലെടുത്ത് ഒരു '**കൈത്തറി ഗ്രാമം**' രൂപകല്പന ചെയ്യണം.

➢ **കയർ വ്യവസായ മേഖല**

കേരളത്തിലെ മറ്റൊരു പ്രധാന പരമ്പരാഗത മേഖലയാണ് കയർ വ്യവസായം. സഹകരണ മേഖലയിലും സ്വകാര്യ മേഖലയിലും കയർ വ്യവസായ സംരംഭങ്ങൾ പ്രവർത്തിച്ചുവരുന്നുണ്ട്. ജില്ലയിൽ ഇപ്പോൾ 5000-ൽ താഴെ തൊഴിലാളികൾ മാത്രമാണ് ജോലി ചെയ്യുന്നത്. ഇതിൽ 1750 തൊഴിലാളികൾ സഹകരണ മേഖലയിലും ബാക്കിയുള്ളവർ സ്വകാര്യ മേഖലയിലുമാണ്. കയർ വ്യവസായ മേഖലയുടെ സ്വകാര്യ മേഖലയിലെ സംരംഭങ്ങൾ സംബന്ധിച്ച് കൃത്യമായ കണക്ക് ലഭ്യമല്ല. പട്ടിക: 4.1.5.(a).7 നിൽ നിന്നും കയർ സഹകരണ മേഖലയെ സംബന്ധിച്ച് ഒരു ചിത്രം വ്യക്തമാകും.

പട്ടിക: 4.1.5.(a) 7

വർഷം	തൊഴിലാളികളുടെ എണ്ണം	തൊണ്ടു വാങ്ങൽ പദ്ധതി		ഉപഭോഗം	ചകിരി നാര് വാങ്ങൽ		ഉല്പാദനം		വിപണനം	
		അളവ്	മൂല്യം	അളവ്	അളവ്	മൂല്യം	അളവ്	മൂല്യം	അളവ്	മൂല്യം
2011-12	1768	4047443	5090567	3428629	525.4	986253	2961	18601596	2847	15143130
2012-13	1124	3319894	5619642	3983709	392.55	1097650	3501	20467501	3270	17914177
2013-14	1412	3375772	5397440	4490783	1094	3746072	4489	32063540	4658.26	33297242
2014-15	1365	3687543	6497104	3709266	1591.3	5624518	4432.3	33984494	4141.13	31551151
2015-16	1353	3640388	6600809	3544139	1081.7	3984286	4351.7	34097186	4531.529	35511933
2016-17	1419	5509832	8621447	4333114	1160.97	4444540	4770	41402799	4635	35820321

പട്ടിക: 4.1.5.(a) 8

ലഭിച്ച ഗ്രാന്റ്	ഉല്പാദനവും വിപണനവുമായി നൽകുന്ന സഹായങ്ങൾ	വിപണി വികസന സഹായം	വരുമാനം ഉറപ്പാക്കൽ പദ്ധതി	അടിസ്ഥാന സൗകര്യ വികസനം	പ്രവർത്തന മൂലധനം	തൊണ്ട് സബ്സിഡി	ആകെ
2011-12	1415097	343211		236460	4496375		6491143
2012-13	1967401	637650	7842306	765000	11923112		23135469
2013-14	2942528	725249	15490053	4063951			23221781
2014-15	3065629	664372	17810330	1916000			23456331
2015-16	4712608	406092	18453302	3200000		2000000	28772002
2016-17	3656330		21775951	1333046		3000000	29765327
ആകെ	17759593	2776574	81371942	11514457	16419487	5000000	134842053

കയർ വ്യവസായ മേഖല നേരിടുന്ന പ്രധാന പ്രശ്നങ്ങൾ താഴെപ്പറയുന്നവയാണ്.

❖ അസംസ്കൃത വസ്തുവായ ചകിരിയുടെ ദൗർലഭ്യം

ചകിരിയുടെ ക്ഷാമം പരിഹരിക്കുന്നതിന് സംസ്ഥാനത്ത് ലഭ്യമായ മുഴുവൻ തൊണ്ടും ശേഖരിക്കുവാൻ ഉള്ള ഒരു സംവിധാനം ഉണ്ടാകണം. ഇത്തരത്തിൽ ശേഖരിക്കുന്ന തൊണ്ടിൽ നിന്നും ചകിരി ഉൽപ്പാദിപ്പിക്കുന്നതിന് ഡിഫൈബറിംഗ് യൂണിറ്റുകൾ സ്ഥാപിക്കണം. കയർ മേഖലയിൽ വളരെയധികം പ്രാധാന്യമുള്ള കയർ ഭൂവസ്ത്ര നിർമ്മാണം ജില്ലയിൽ നടക്കുന്നില്ല. ഈ മേഖലയിൽ തൊഴിൽ വൈദഗ്ദ്ധ്യം ഉള്ള ആൾക്കാരാരും തന്നെയില്ലായെന്നത് എടുത്തു പറയേണ്ട ഒന്നാണ്. കയർ ഭൂവസ്ത്ര നിർമ്മാണത്തിൽ ആവശ്യമായ പരിശീലനം നൽകി ഈ മേഖലയിൽ ജില്ലയിൽ സംരംഭകങ്ങൾ ആരംഭിക്കാൻ കഴിയും. കേരളത്തിൽ ലഭ്യമാകുന്ന തൊണ്ടിനെ അതത് മേഖലകളിലെ കുടുംബശ്രീ മാതൃകയിലെ സ്ഥാപനങ്ങൾ വഴി ശേഖരിച്ച് അവർക്ക് ഡി ഫൈബറിംഗ് യൂണിറ്റ് ലഭ്യമാക്കി തൊണ്ട് സംഭരിച്ച് ചകിരി ഉല്പാദിപ്പിക്കാം. കൂടാതെ കൃഷിയും തൊണ്ട് സംഭരണവും തമ്മിൽ ബന്ധിപ്പിച്ചുകൊണ്ടുള്ള പദ്ധതി ആവിഷ്കരിക്കാവുന്നതാണ്. യന്ത്രവൽക്കരണം വഴി ഉല്പാദനം വർദ്ധിപ്പിക്കുവാനും അതുവഴി ഉല്പന്നങ്ങൾ കുറഞ്ഞ വിലക്ക് വിൽക്കാനും കൂടുതൽ വിപണി പിടിച്ചെടുക്കുവാനും കഴിയും.

പരമ്പരാഗത വ്യവസായമെന്ന നിലയിൽ ഈ മേഖലയ്ക്ക് സർക്കാർ വളരെ പ്രാധാന്യം നൽകി പദ്ധതികൾ നടപ്പിലാക്കി വരുന്നുണ്ട്.

❖ പുതുതലമുറ തൊഴിലാളികളുടെ അഭാവം

ഈ മേഖലയിൽ നിലനിൽക്കുന്ന അനാരോഗ്യ പശ്ചാത്തലവും കുറഞ്ഞ വേതനവും പുതുതലമുറ തൊഴിലാളികളെ ഈ മേഖലയിൽ നിന്നും അകറ്റി നിർത്തുന്നു. ഈ രണ്ടു ഘടകങ്ങൾ പരിഹരിച്ചും യന്ത്രവത്കരണം സാധ്യമാക്കി പുതുതലമുറ തൊഴിലാളികളെ ഈ മേഖലയിലേയ്ക്ക് ആകർഷിക്കാവുന്നതാണ്.

കയർ മേഖലയിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികൾ

2-ാം പുനസംഘടന പദ്ധതി പ്രകാരം ജില്ലയിൽ യന്ത്രവത്ക്കരണത്തിലൂടെ അടുത്ത 5 വർഷത്തിൽ 10000 തൊഴിലവസരങ്ങളും പുതിയ ഡിഫൈബറിംഗ് മില്ലുകൾ സ്ഥാപിക്കുന്നതിനും, ആഭ്യന്തരവിപണി കണ്ടെത്തുന്നതിനും ജില്ലയിൽ ഉൽപ്പാദിപ്പിക്കുന്ന കയർ ഉൽപ്പന്നങ്ങൾ മറ്റ സംസ്ഥാനങ്ങളിൽ ഫ്രാഞ്ചൈസികൾ മുഖേന വിപണി കണ്ടെത്തുന്നതിനും ചിറയിൻകീഴ് ആസ്ഥാനമായി ഉൽപ്പാദിപ്പിക്കുന്ന ഗോൾഡൺ ഫൈബർ നിലനിർത്തി കൊണ്ട് യന്ത്രവത്കരണത്തിലൂടെ ജില്ലയിൽ നിലവിൽ ഉൽപ്പാദിപ്പിക്കാത്ത വൈക്കം കയർ ഉൽപ്പാദനവും അതിനായുള്ള പരിശീലനവും കയർ പിത്ത് ഉപയോഗിച്ച് അനുബന്ധ ഉല്പന്നങ്ങളുടെ നിർമാണവും വിഭാവനം ചെയ്യുന്നു. ജില്ലയിൽ പുതുതായി ഉൽപ്പാദിപ്പിക്കപ്പെടുന്ന വൈക്കം കയർ ഉപയോഗിച്ച് കയർ ഭൂവസ്ത്ര നിർമ്മാണ യൂണിറ്റുകൾ സ്ഥാപിക്കുവാനും ആയതിന് വേണ്ട പരിശീലനവും നൽകേണ്ടതാണ്. കൂടാതെ ജില്ലയിൽ പ്രവർത്തനരഹിതമായി കിടക്കുന്ന കയർ സഹകരണ സംഘങ്ങളുടെ സംയോജനവും ഏകീകരണവും വഴി അവയെ പുനരുജ്ജീവിപ്പിച്ച് കയറുൽപ്പാദനം വർദ്ധിപ്പിക്കാവുന്നതാണ്.

➢ **ഖാദി വ്യവസായ മേഖല**

ജില്ലയിലെ പരമ്പരാഗത വ്യവസായ മേഖലയിൽ ഖാദി ഗ്രാമവ്യവസായം സുപ്രധാന പങ്ക് വഹിക്കുന്നു. ജില്ലാ ഖാദി ഗ്രാമ വ്യവസായ ഓഫീസിന്റെ കീഴിൽ 14 നെയ്ത്ത് യൂണിറ്റുകളും 18 നൂല് യൂണിറ്റുകളും പ്രവർത്തിക്കുന്നു. നെയ്ത്ത് യൂണിറ്റുകളിൽ ഒരെണ്ണം പൂഴിക്കുന്ന് സിൽക്ക് യൂണിറ്റാണ്. ചെറിയകൊണ്ണി, നാടുകാണി യൂണിറ്റുകളിൽ മസ്ലിൻ തുണി ഉല്പാദിപ്പിക്കുന്നുണ്ട്. നൂല്പ് യൂണിറ്റുകളിൽ 9 എണ്ണം എൻ.എം.സി നൂലും 9 എണ്ണം മസ്ലിൻ നൂലുമാണ് ഉല്പാദിപ്പിക്കുന്നത്. പ്രോജക്ടിൽ 244 നൂല്പ് തൊഴിലാളികളും 130 നെയ്ത്ത് തൊഴിലാളികളും പണി ചെയ്യുന്നു. വെള്ള മുണ്ടുകൾ, കാവി മുണ്ടുകൾ, പുളിയിലക്കര മുണ്ടുകൾ, സ്പെഷ്യൽ കര മുണ്ടുകൾ, ഷർട്ടിംഗ് തുണികൾ എന്നിവയാണ് പ്രധാന ഉല്പന്നങ്ങൾ.

228 തൊഴിലാളികൾ ഇതിനകം ഖാദി ക്ഷേമനിധി ബോർഡിൽ അംഗത്വം എടുത്തിട്ടുണ്ട്. ഇവർക്ക് ക്ഷേമനിധിൽ നിന്നും വിവിധ ആനുകൂല്യങ്ങൾ ലഭിക്കുന്നുണ്ട്. ഖാദി കമ്മിഷന്റെ ജനശ്രീ ബീമ യോജന ഇൻഷ്വറൻസ് വഴി തൊഴിലാളികളുടെ മക്കൾക്ക് സ്കോളർഷിപ്പ് ലഭ്യമാക്കുന്നുണ്ട്. 2015-16 വർഷം ഒരു കുട്ടിയ്ക്ക് 1200 രൂപ ക്രമത്തിൽ 67 കുട്ടികൾക്ക് സ്കോളർഷിപ്പ് തുക ലഭിച്ചിട്ടുണ്ട്. ഈ പദ്ധതിപ്രകാരം 2016-17 വർഷം 97 വിദ്യാർത്ഥികളുടെ അപേക്ഷ എൽ.ഐ.സിയ്ക്ക് അയച്ചു കൊടുത്തിട്ടുണ്ട്.

കേരള സർക്കാരിൽ നിന്നും ലഭ്യമായ തുക ഉപയോഗിച്ച് 83 ചർക്കകൾ 68 തറികൾ എന്നീ ഉപകരണങ്ങൾ പ്രോജക്ടിനും ഖാദി സ്ഥാപനങ്ങൾക്കും നല്കിയിട്ടുണ്ട്. പഴയ കെട്ടിടങ്ങളുടെ അറ്റകുറ്റപ്പണികൾ, പുതിയ വർക്ക്ഷെഡ് എന്നിവയ്ക്കും തുക ലഭിച്ചിട്ടുണ്ട്. ഖാദി റെഡിമെയ്ഡ് വാർപ്പ് യൂണിറ്റ് പ്രവർത്തിപ്പിക്കുവാൻ നടപടി സ്വീകരിച്ചു വരുന്നു. ഖാദി & വില്ലേജ് ഇൻഡസ്ട്രീസ് അസോസിയേഷൻ ആവണിശ്ശേരി എന്ന ഖാദി സ്ഥാപനത്തിന് ഉഴമലയ്ക്കൽ ഖാദി ഉൽപാദന കേന്ദ്രത്തിൽ സ്ഥാപിച്ചിട്ടുള്ള റെഡിമെയ്ഡ് പാവ് യൂണിറ്റിന്റെ ട്രയൽ റൺ നടത്തിയശേഷം നൽകാനായി മാറ്റിവച്ചിരിക്കുന്നു.

ഖാദി വ്യവസായ മേഖലയുടെ വികസനത്തിനായി സംസ്ഥാന ആവിഷ്കൃത പദ്ധതി പ്രകാരം വളരെയധികം പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്. ഖാദി വ്യവസായ മേഖലയെ സംബന്ധിച്ച വിശദമായ കണക്കുകൾ താഴെ കൊടുത്തിട്ടുള്ള പട്ടികയിൽ ഉൾക്കൊള്ളിച്ചിരിക്കുന്നു.

പട്ടിക: 4.1.5.(a) 9
ഖാദി വ്യവസായ മേഖല

വർഷം	നൂൽപ്പു കേന്ദ്രങ്ങളു ടെ എണ്ണം	തൊഴിലാളി കളുടെ എണ്ണം	നെയ്ത്തു കേന്ദ്രങ്ങളുടെ എണ്ണം	നെയ്ത്തു കാരുടെ എണ്ണം	തുണിയുടെ ഉല്പാദനം (ചതുരശ്ര മീറ്ററിൽ)	നൂലിന്റെ ഉല്പാദനം (കിഴികളുടെ എണ്ണത്തിൽ
2013 – 14	19	216	11	88	32537	371434
2014 – 15	19	205	13	85	35840	442300
2015 – 16	18	201	13	97	36631	459780
2016 – 17	18	242	13	115	43115	544674

- **കരകൗശല മേഖല**

കരകൗശല മേഖലയെ ഒരു പരമ്പരാഗത വ്യവസായമായി സർക്കാർ അംഗീകരിച്ചിട്ടില്ല. അതുകൊണ്ട് തന്നെ പരമ്പരാഗത മേഖലകൾക്ക് ലഭിക്കുന്ന ആനുകൂല്യങ്ങളൊന്നും കരകൗശല മേഖലയ്ക്ക് ലഭിക്കുന്നില്ല. നമ്മുടെ നാടിന്റെ പൈതൃകത്തെയേും കരവിരുതിനേയും പ്രകടിപ്പിക്കുന്നവയാണ് കരകൗശല ശില്പങ്ങൾ. ടൂറിസവുമായി ബന്ധപ്പെടുത്തിയാൽ വളരെയധികം വിപണന സാധ്യതയുള്ള മേഖലയാണിത്. വിലപിടിപ്പുള്ള ഉപകരണങ്ങൾ ഒന്നും ഈ വ്യവസായത്തിന് ആവശ്യമില്ല. തൊഴിലാളികളുടെ കരവിരുതാണ് ഇതിന്റെ പ്രധാനപ്പെട്ട കാര്യം. തൊഴിലാളികൾക്ക് ശില്പങ്ങൾ തീർക്കുന്നതിന് വിലപിടിപ്പുള്ള തടിയിനങ്ങളും ലോഹങ്ങളും ആവശ്യമാണ്. ഈ മേഖലയിൽ പ്രവർത്തന മൂലധനമാണ് കൂടുതൽ വേണ്ടത്. എന്നാൽ മിക്ക പദ്ധതികളിലും സ്ഥിരം ആസ്തികൾക്കാണ് ധനസഹായം ലഭിക്കുക. ഉയർന്ന തോതിൽ പ്രവർത്തനമൂലധനം ലഭിക്കുകയുമില്ല. അതുകൊണ്ടുതന്നെ ഇത്തരം സംരംഭകർക്ക് പ്രവർത്തനമൂലധനം നൽകാനോ, അല്ലെങ്കിൽ അവർക്ക് ആവശ്യമായ അസംസ്കൃത സാധനങ്ങൾ നൽകുന്നതിനുള്ള സംവിധാനമോ ഉണ്ടായാൽ മാത്രമേ ഈ മേഖലയുടെ വികസനം യാഥാർത്ഥ്യമാകൂ.

പല ഏജൻസികൾ വഴിയും നാമമാത്രമായ ചില ആനുകൂല്യങ്ങൾ ഈ മേഖലയ്ക്ക് നൽകി വരുന്നുണ്ട്. ഇത് ഒരു അസംഘടിത മേഖല ആയതിനാൽ ഇത്തരം സംരംഭങ്ങളെ സംബന്ധിച്ച് വ്യക്തമായ കണക്കുകൾ ഇപ്പോൾ ലഭ്യമല്ല.

ഈ മേഖലയിൽ തൊഴിൽ ചെയ്യുന്ന തൊഴിലാളികളെ പരമ്പരാഗത തൊഴിലാളികളായി കണക്കാക്കുന്നുണ്ട്. കൈത്തറി, കയർ മേഖലയിൽ ലഭിക്കുന്ന ആനുകൂല്യങ്ങൾ ഒന്നുംതന്നെ ആർട്ടിസാൻസ്/കരകൗശല മേഖലകൾക്ക് ലഭിക്കുന്നില്ല. വ്യവസായ വകുപ്പിൽ നിന്ന് ആകെ ലഭിക്കുന്ന ധനസഹായങ്ങൾ കരകൗശല തൊഴിലാളികൾക്കുള്ള വാർദ്ധക്യകാല പെൻഷനും ആശാ പദ്ധതിയുമാണ്. ആർട്ടിസാൻ/ കരകൗശല തൊഴിലാളികളെ സംബന്ധിച്ച് വിവരങ്ങൾ ജില്ലയിൽ നാളിതുവരെ ശേഖരിച്ചതായി കാണുന്നില്ല.

കേരളത്തിലെ കരകൗശല മേഖലയ്ക്കാവശ്യമായ സഹായങ്ങൾ നൽകുന്നതിലേയ്ക്കായി ഹാന്റിക്രാഫ്റ്റ്സ് ഡെവലപ്മെന്റ് കോർപ്പറേഷനും (കൈരളി) പനകയറ്റ തൊഴിലാളികളുടെ ഉന്നമനത്തിനായി രൂപീകരിച്ചിട്ടുള്ള കേരള സ്റ്റേറ്റ് പാൽമിറ പ്രൊഡക്ട്സ് ഡെവലപ്മെന്റ് & വർക്കേഴ്സ് വെൽഫയർ കോർപ്പറേഷന്റേയും (കെൽപാം) ആസ്ഥാനം ജില്ലയിലാണ്. കരകൗശല മേഖലയെ പരമ്പരാഗത മേഖലയായി സർക്കാർ അംഗീകരിക്കുന്നതോടൊപ്പം അവർക്ക് സ്ഥിര ആസ്തിയും പ്രവർത്തന മൂലധനവും ഉൾപ്പെടുത്തിക്കൊണ്ടുള്ള ധനസഹായ പദ്ധതി ഈ മേഖലയുടെ ഉന്നമനത്തിന് സഹായകരമാണ്.

കരകൗശലം ഒരു പരമ്പരാഗത വ്യവസായ മേഖലയായി അംഗീകരിക്കുകയും അവർക്കാവശ്യമായ ആസ്തികളും പ്രവർത്തന മൂലധനവും ലഭ്യമാക്കുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിക്കുക.

- **വാണിജ്യം**

വ്യവസായ സംരംഭകരുടെ ഉല്പന്ന വിപണനവുമായി ബന്ധപ്പെട്ട് വിവിധ പദ്ധതികൾ കേന്ദ്ര സംസ്ഥാന സർക്കാരുകൾ ആവിഷ്കരിച്ചിട്ടുണ്ട്. അവയിൽ പ്രധാനപ്പെട്ടവയാണ്.

- എം. എസ്. എം. ഇ – ജില്ലാതല വ്യാവസായിക പ്രദർശന വിപണന മേള
- വ്യാപാർ (ബി 2 ബി)– സംസ്ഥാനതലം
- ഐ. ഐ. റ്റി. എഫ്– ദേശീയതലം

ഇതുവഴി സൂക്ഷ്മ ചെറുകിട സംരംഭകർക്ക് അവരുടെ ഉല്പന്നങ്ങൾ പൊതുജനങ്ങൾക്കിടയിൽ പ്രദർശിപ്പിക്കുവാനും അതുവഴി അവർക്ക് സ്വദേശത്തും വിദേശത്തുമായി നിരവധി വിപണന സാധ്യതകൾ ലഭിക്കുകയും ചെയ്യുന്നു.

➢ **സ്വയം തൊഴിൽ സംരംഭങ്ങൾ**

മനുഷ്യ വിഭവശേഷിയുടെ പരിപോഷണത്തിനായും നൈപുണ്യവികസനത്തിനുമുള്ള പരിശീലനം നൽകി സ്വയം തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിലേയ്ക്ക് ജില്ലയിൽ ജില്ലാ വ്യവസായ കേന്ദ്രം, ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച്, ഖാദി ഗ്രാമവ്യവസായം എന്നീ വിവിധ ഏജൻസികൾ വഴി പദ്ധതികൾ നടപ്പിലാക്കി വരുന്നു. പ്രധാന പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

1. **പി.എം.ഇ.ജി.പി**

സൂക്ഷ്മ സംരംഭങ്ങൾ ആരംഭിച്ച് കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുക എന്ന ലക്ഷ്യത്തോടെ 2008–09 മുതൽ പ്രോജക്ട് തുകയുടെ 25% മുതൽ 35% വരെ മാർജിൻ മണിഗ്രാന്റ് അനുവദിച്ച് കൊണ്ട് കേന്ദ്ര സർക്കാർ നടപ്പിലാക്കി വരുന്ന പ്രധാനമന്ത്രിയുടെ തൊഴിൽദായക പദ്ധതി അഥവാ പി.എം.എ.ജി.പി പദ്ധതി ജില്ലാ വ്യവസായ കേന്ദ്രം, ഖാദി ഗ്രാമ വ്യവസായ കമ്മീഷൻ എന്നിവ വഴി നടപ്പിലാക്കി വരുന്നു. ഖാദി ഗ്രാമവ്യവസായ ബോർഡ് കഴിഞ്ഞ അഞ്ചു വർഷത്തെ ഈ പദ്ധതി പ്രകാരമുള്ള പ്രവർത്തന പുരോഗതി ചുവടെ ചേർക്കുന്നു.

പട്ടിക: 4.1.5.(a) 10
ഖാദി ഗ്രാമവ്യവസായ ബോർഡ്–പ്രവർത്തന പുരോഗതി

വർഷം	യൂണിറ്റുകളുടെ എണ്ണം	മാർജിൻ മണിഗ്രാന്റ്	തൊഴിൽ
2012–13	131	158.13	648
2013–14	140	145.93	676
2014–15	101	176.22	678
2015–16	119	151.9	611
2016–17	110	182.46	754

2. **എംപ്ലോയ്മെന്റ് വകുപ്പ് മുഖേന നടപ്പാക്കുന്ന സ്വയം തൊഴിൽ പദ്ധതികൾ**

- കെസ്റു (കേരള സ്റ്റേറ്റ് സെൽഫ് എംപ്ലോയ്മെന്റ് സ്കീം ഫോർ ദി രജിസ്റ്റേർഡ് അൺ എംപ്ലോയ്ഡ്)

  എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ പേര് രജിസ്റ്റർ ചെയ്തിട്ടുള്ള തൊഴിൽ രഹിതരായ ഉദ്യോഗാർത്ഥികൾക്ക് സ്വയം തൊഴിൽ ചെയ്യുന്നതിന് ബാങ്കുമായി ബന്ധപ്പെട്ട് നടപ്പിലാക്കുന്ന വ്യക്തിഗത/സംയുക്ത സ്വയം തൊഴിൽ പദ്ധതിയാണിത്. വായ്പ തുക പരമാവധി 1,00,000/– രൂപയാണ്. വായ്പ തുകയുടെ 20% സബ്സിഡി. തിരിച്ചടവും പലിശയും ധനകാര്യ സ്ഥാപനങ്ങളുടെ നിയമങ്ങൾക്ക് വിധേയമായിരിക്കും. ഈ പദ്ധതി പ്രകാരം ജില്ലയിൽ 1999 മുതൽ 2017 വരെ 759 യൂണിറ്റുകൾ ആരംഭിച്ചിട്ടുണ്ട്.

- മൾട്ടി പർപ്പസ് സർവ്വീസ് സെൻേഴ്സ്/ ജോബ് ക്ലബ്ബ്

  ഓരോ ജോബ് ക്ലബ്ബിലും തെരഞ്ഞെടുക്കുന്ന തൊഴിൽ അനുസരിച്ച് 2 പേരിൽ കുറയാത്ത അംഗങ്ങൾ വീതം ഉണ്ടായിരിക്കണം. മൾട്ടി പർപ്പസ് സർവ്വീസ് സെന്റേഴ്സ്/ ജോബ് ക്ലബ്ബ് പ്രകാരം 2007 മുതൽ 2017 വരെ 25 യൂണിറ്റുകൾ ഉണ്ട്. ഒരു ജോബ് ക്ലബ്ബിന് പരമാവധി 10 ലക്ഷം രൂപ വരെ വായ്പ അനുവദിക്കുന്നതാണ്. പദ്ധതി ചെലവിന്റെ 25% (പരമാവധി 2 ലക്ഷം രൂപ) സബ്സിഡിയായി അനുവദിക്കുന്നതാണ്.

- ശരണ്യ

  എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ രജിസ്ട്രേഷനുള്ള നിരാലംബരായ സ്ത്രീകൾക്കുവേണ്ടി (വിധവകൾ, വിവാഹ മോചനം നേടിയവർ, 30 വയസ്സ് കഴിഞ്ഞ അവിവാഹിതകൾ, പട്ടികവർഗ്ഗത്തിൽപ്പെട്ട അവിവാഹിതരായ അമ്മമാർ, ഭർത്താവ് ഉപേക്ഷിച്ച/ കാണാതാവുകയോ ചെയ്ത സ്ത്രീകൾ) വകുപ്പ് നേരിട്ട് നടത്തുന്ന സ്വയം തൊഴിൽ പദ്ധതി. പരമാവധി 50000/– രൂപയ്ക്ക് 50% സബ്സിഡി അനുവദിക്കുന്നു. ശരണ്യ ലോൺ മുഖേന 2010 മുതൽ 2017 വരെ 1873 യൂണിറ്റുകൾ ഉണ്ട്.

- കൈവല്യ

  എക്സ്ചേഞ്ചിൽ പേര് രജിസ്റ്റർ ചെയ്തവർക്കായി എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നടത്തുന്ന സമഗ്ര തൊഴിൽ പുനരധിവാസ പദ്ധതി. 2016–ൽ ആരംഭിച്ച ഈ പദ്ധതിയിൽ നിലവിൽ 66 യൂണിറ്റുകൾ പ്രവർത്തിച്ചു വരുന്നു.

- നവജീവൻ

  തൊഴിലും നൈപുണ്യവും (എംപ്ലോയ്മെന്റ്) വകുപ്പ് മുഖേന നടപ്പിലാക്കാൻ ലക്ഷ്യമിടുന്ന പുതിയ സ്വയം തൊഴിൽ പദ്ധതിയാണ് നവജീവൻ. സംസ്ഥാന സർക്കാരിന്റെ വയോജന നയത്തിന്റെ ഭാഗമായി നടപ്പിലാക്കുന്ന ഈ പദ്ധതിയിലൂടെ സംസ്ഥാനത്തെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ രജിസ്റ്റർ ചെയ്തിട്ടുള്ള തൊഴിൽ ലഭിക്കാത്ത 50– 65 പ്രായ പരിധിയ്ക്കുള്ളിലുള്ള പൗരന്മാർക്ക് അവർക്ക് അനുയോജ്യമായ സ്വയം തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിന് ലളിതമായ വ്യവസ്ഥകളോടെ പലിശരഹിത വായ്പ നല്കുന്നു.

➢ **ഖാദി ഗ്രാമവ്യവസായം**

ജില്ലാ ഖാദി ഗ്രാമ വ്യവസായ ഓഫീസിനു കീഴിൽ ഒരു തേൻ സംസ്കരണ യൂണിറ്റ് പാപ്പനംകോട് പ്രവർത്തിക്കുന്നുണ്ട് (ബീ ഫെഡ്). വട്ടിയൂർക്കാവിൽ നല്ലെണ്ണ ഉല്പാദന യൂണിറ്റും വെഞ്ഞാറമൂടിൽ ഒരു നോട്ട് ബുക്ക് നിർമ്മാണ യൂണിറ്റും ചെറുകിട രീതിയിൽ പ്രവർത്തിക്കുന്നു. ഇവ വിപുലീകരിക്കേണ്ടതുണ്ട്.

ഖാദി മേഖല – നിർദ്ദേശങ്ങൾ

- ഖാദി മേഖല സിൽക്കിന്റെ ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിനായി പുതിയ സിൽക്ക് നെയ്ത്ത് യൂണിറ്റുകൾ ആരംഭിക്കേണ്ടതുണ്ട്.
- നെയ്ത്തിന്റ സുഗമമായ പ്രവർത്തനത്തിന് റെഡിമെയ്ഡ് പാവ് ആവശ്യമാണ്. റെഡിമെയ്ഡ് പാവ് നൽകിയാൽ ഉൽപ്പാദനം വർദ്ധിപ്പിക്കാൻ സാധിക്കും. ആയതിനാൽ റെഡിമെയ്ഡ് പാവ് നിർമ്മാണയൂണിറ്റ് ജില്ലയിൽ ആവശ്യമാണ്.
- ഖാദി തുണിത്തരങ്ങൾ ബ്ലീച്ചിംഗ്, പ്രിന്റിംഗ് എന്നിവ അന്യസംസ്ഥാനങ്ങളിൽ ചെയ്യുന്നതുമൂലം വലിയ തുക ഇതിനായി നൽകേണ്ടി വരുന്നുണ്ട്. ആയതിനാൽ ബ്ലീച്ചിംഗ്, പ്രിന്റിംഗ് എന്നിവ ചെയ്യുന്നതിനുള്ള യൂണിറ്റ് ജില്ലയിൽ ആരംഭിക്കുക.
- നിലവിലുള്ള ചർക്കകൾ പഴയതും റിപ്പയർ ആവശ്യമുള്ളതുമാണ്. ജില്ലയിൽ ഒരു ചർക്ക റിപ്പയർ യൂണിറ്റ് ആരംഭിച്ചാൽ ഈ പ്രശ്നത്തിന് പരിഹാരമാകും.

ഗ്രാമവ്യവസായ മേഖല – നിർദ്ദേശങ്ങൾ

- ഖാദി ബോർഡിന്റെ നിയന്ത്രണത്തിലുള്ള കെട്ടിടങ്ങളിൽ ചിലത് ഒഴിഞ്ഞ് കിടപ്പുണ്ട്. അവിടെ പരിസ്ഥിതി സൗഹൃദ ഉൽപ്പന്നങ്ങളായ പേപ്പർ ക്യാരി ബാഗ്, ഫയൽ ബോർഡ് എന്നിവയുടെ ഉൽപ്പാദന യൂണിറ്റുകൾ ആരംഭിക്കാവുന്നതാണ്.
- നിലവിലുള്ള എള്ളെണ്ണ ഉൽപ്പാദന യൂണിറ്റ്, നോട്ട് ബുക്ക് നിർമ്മാണ യൂണിറ്റ് എന്നിവ വപുലീകരിക്കാൻ ഉദ്ദേശിക്കുന്നു.
- ജില്ലയിൽ തേനീച്ച കർഷകർ ധാരാളമുള്ളതിനാൽ തേനീച്ചപ്പെട്ടി നിർമ്മാണ യൂണിറ്റും തേൻ സംസ്ക്കരണ യൂണിറ്റും ആരംഭിക്കാവുന്നതാണ്.

വിപണനമേഖല

- ഖാദി ഉൽപ്പന്നങ്ങൾ വിറ്റഴിക്കുന്നതിന് വേണ്ടത്ര വിൽപ്പന കേന്ദ്രങ്ങൾ ജില്ലയിൽ ഇല്ല. ആയതിനൽ പുതിയ വിൽപ്പനകേന്ദ്രങ്ങൾ തുടങ്ങുന്നത് നല്ലതാണ്. ടൂറിസം മേഖലയായ കോവളം, വിഴിഞ്ഞം എന്നിവിടങ്ങളിൽ പുതിയ ഖാദി വിൽപ്പന കേന്ദ്രം ആരംഭിക്കാൻ ഉദ്ദേശിക്കുന്നു. കൂടാതെ പേരൂർക്കട, ടെക്നോപാർക്ക് എന്നിവിടങ്ങളിലും വിൽപ്പന കേന്ദ്രങ്ങൾ ആരംഭിക്കാൻ ഉദ്ദേശിക്കുന്നു.
- ഖാദി ഉൽപ്പന്നങ്ങൾ വിറ്റഴിക്കുന്നതിന് സഞ്ചരിക്കുന്ന വിൽപ്പന ശാല ആരംഭിക്കാൻ ഉദ്ദേശിക്കുന്നു.
- ഖാദി റെഡിമെയ്ഡ് വസ്ത്രങ്ങൾക്ക് വിണിയിൽ നല്ല ഡിമാന്റ് ഉണ്ട്. ആയതിനാൽ ഖാദി റെഡിമെയ്ഡ് വസ്ത്ര നിർമ്മാണ യൂണിറ്റ് ജില്ലയിൽ ആരംഭിക്കാൻ ഉദ്ദേശിക്കുന്നു.

ആവശ്യമുള്ളതും ജില്ലയിൽ ഇല്ലാത്തുമായ പദ്ധതി നിർദ്ദേശങ്ങൾ – ത്രിതല പഞ്ചായത്ത് മുഖേന നടപ്പിലാക്കാവുന്നത്.

- പരുത്തിയിൽ നിന്നും ഖാദി നൂൽ നൂൽപ്പിനുള്ള സ്പൈവർ പ്ലാന്റ് സ്ഥാപിക്കൽ
- സിൽക്ക് റെഡിമെയ്ഡ് പാവ് നിർമ്മാണ യൂണിറ്റ് ആരംഭിക്കൽ.
- ചർക്ക നിർമ്മാണ യൂണിറ്റ് ആരംഭിക്കൽ
- മാനസിക വെല്ലുവിളികൾ നേരിടുന്നവർ, മാനസിക ആരോഗ്യ കേന്ദ്രത്തിലെ രോഗം മാറിയ അന്തേവാസികൾ തുടങ്ങിയവർക്ക് നൂൽപ്പിലും നെയ്ത്തിലും പരിശീലനം നൽകൽ.

വിപണനം

ജില്ലാ ഖാദി വ്യവസായ ഓഫീസിന് കീഴിൽ 7 വിൽപന കേന്ദ്രങ്ങളും ജില്ലാ പഞ്ചായത്തിന്റെ സഹായത്തോടെ ഒരു സഞ്ചരിക്കുന്ന വില്പനശാലയും പ്രവർത്തിക്കുന്നുണ്ട്.

വികസനത്തിന്റെ സ്ഥലമാനങ്ങൾ

സംസ്ഥാനത്ത് വിശിഷ്യ തിരുവനന്തപുരം ജില്ല വളരെ ജനസാന്ദ്രതയേറിയ പ്രദേശമാണ്. അതുകൊണ്ടുതന്നെ ഈ മേഖലയിൽ വ്യക്തമായ അതിസൂക്ഷ്മ– ചെറുകിട സംരംഭങ്ങൾ ആരംഭിക്കുന്നതിനാണ് കൂടുതൽ സാധ്യത. ഇതോടൊപ്പം സ്ഥലപരിമിതി പരിഗണിച്ച് ഗൃഹാധിഷ്ഠിത (നാനോ) വ്യവസായങ്ങൾ തുടങ്ങുന്നതിനുള്ള ആലോചനകളും ഗൗരവമായി നടന്നു വരുന്നുണ്ട്. ഈ സാഹചര്യത്തിൽ വ്യവസായ മേഖലയിൽ സ്പെഷ്യൽ മാപ്പിംഗ് വഴിയുള്ള സ്ഥല പരാസൂത്രണം നടത്തേണ്ട പദ്ധതികൾ തുലോം കുറവായിരിക്കും. ടൗൺ പ്ലാനിംഗ് ഡിപ്പാർട്ട്മെന്റ് വ്യവസായ എസ്റ്റേറ്റ് സ്ഥാപിക്കുന്നതിനായി ഇതുവരെ സോണിംഗ് നടത്തിയതായി കാണുന്നില്ല. ആയതിനാൽ സ്ഥല പരാസൂത്രണം ആവശ്യമായി ഏതെങ്കിലും പദ്ധതി നിർദ്ദേശങ്ങൾ ഉണ്ടായാൽ ടൗൺ പ്ലാനിംഗ് ഡിപ്പാർട്ട്മെന്റുമായി ബന്ധപ്പെട്ട് സ്പെഷ്യൽ മാപ്പിംഗ് നടത്തി പദ്ധതി നടപ്പിലാക്കാവുന്നതാണ്.

വികസന പരിപ്രേക്ഷ്യ ലക്ഷ്യം

13–.ാം പഞ്ചവത്സര പദ്ധതിക്കാലത്ത് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികളുടെ അടിസ്ഥാനത്തിൽ ജില്ലയുടെ സമ്പൂർണവും സുസ്ഥിരവുമായ വികസനത്തെ ലാക്കാക്കിയുള്ള വികസന പരിപ്രേക്ഷ്യമാണ് വിഭാവനം ചെയ്തിരിക്കുന്നത്. പരിപ്രേഷ്യ ലക്ഷ്യത്തെ ഹ്രസ്വകാല ലക്ഷ്യങ്ങൾ, ദീർഘകാല ലക്ഷ്യങ്ങൾ എന്ന് രണ്ടായി തരം തിരിച്ചാണ് നൽകിയിരിക്കുന്നത്.

ഹ്രസ്വകാല ലക്ഷ്യങ്ങൾ

അടുത്ത അഞ്ചു വർഷത്തേയ്ക്ക് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന വ്യവസായ/ സർവീസ് രേഖകളുടെ വികസനത്തെ അടിസ്ഥാനമാക്കിയാണ് ഹ്രസ്വകാല ലക്ഷ്യങ്ങൾ രൂപപ്പെടുത്തിയിരിക്കുന്നത്. ജില്ലയുടെ സമഗ്രവും സുസ്ഥിരവുമായ വ്യവസായ വികസനം ലക്ഷ്യമിട്ട് ഇവിടെ ലഭ്യമാകുന്ന വിഭവങ്ങളെ അടിസ്ഥാനമാക്കി അടുത്ത 5 വർഷത്തിനകം 15000 ൽ അധികം എണ്ണം സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭങ്ങൾ ആരംഭിക്കാൻ ലക്ഷ്യമിടുന്നു. ഇതിലൂടെ 5000 കോടി രൂപയുടെ നിക്ഷേപവും 20000 തൊഴിലവസരങ്ങളും സൃഷ്ടിക്കുന്നതാണ്.

തിരുവനന്തപുരം അന്താരാഷ്ട്ര വിമാനത്താവളത്തിന്റെ സാന്നിദ്ധ്യവും ത്വരിതഗതിയിൽ നിർമ്മാണം പുരോഗമിക്കുന്ന വിഴിഞ്ഞം തുറമുഖത്തിന്റെ ആവിർഭാവവും വ്യവസായവളർച്ചയെ ത്വരിതഗതിയിലാക്കും. ഈ കാലയളവിൽ വ്യവസായത്തിനാവശ്യമായ പശ്ചാത്തല സൗകര്യ വികസനത്തിന്റെ ഭാഗമായി ത്രിതല പഞ്ചായത്തുകളുടെ ഏകോപിത പദ്ധതികളായി എല്ലാ പഞ്ചായത്തിലും മിനി വ്യവസായ എസ്റ്റേറ്റുകൾ ആരംഭിക്കുന്നതിലൂടെ വ്യവസായമേഖലയുടെ വളർച്ച കൂടുതൽ വേഗത്തിലാക്കും.

വിഴിഞ്ഞം തുറമുഖ പദ്ധതിയുമായി ബന്ധപ്പെട്ട് താഴെപ്പറയുന്ന വികസന പദ്ധതികൾക്ക് സാധ്യതയുണ്ട്.

- ചെറുകിട ബോട്ടുകളുടെ നിർമ്മാണവും റിപ്പയറിംഗും
- ലോജിസ്റ്റിക്സ് സേവനങ്ങൾ നൽകുന്ന സ്ഥാപനങ്ങളുടെ സ്ഥാപനം
- ഹോട്ടൽ വ്യവസായം
- കയറ്റുമതി ഇറക്കുമതി അനുബന്ധ സേവന സ്ഥാപനങ്ങൾ

- യാത്രാസൗകര്യ സേവനങ്ങൾ നൽകുന്ന സ്ഥാപനങ്ങൾ
- കേരളത്തിന്റെയും ജില്ലയുടെയും പൊതുവിലുള്ള പ്രധാന സഞ്ചാര കേന്ദ്രങ്ങളെ സംബന്ധിച്ച സുവനീറുകൾ, മാസ്കുകൾ എന്നിവയുടെ നിർമ്മാണം
- ലൈറ്റ് എഞ്ചിനിയറിംഗ് & ആട്ടോമൊബൈൽ യൂണിറ്റുകളുടെ സ്ഥാപനം

ദീർഘകാല ലക്ഷ്യങ്ങൾ

വിഴിഞ്ഞം അന്താരാഷ്ട്ര ആഴക്കടൽ വിവിധോദ്ദേശ്യ തുറമുഖം, പുതിയ അന്താരാഷ്ട്ര വിമാനത്താവള ടെർമിനൽ, ലൈറ്റ് മെട്രോ പദ്ധതി തുടങ്ങിയ പുതിയ വികസനങ്ങളും തിരുവനന്തപുരം സ്മാർട്ട് സിറ്റി പദ്ധതിയും പുതിയ സംരംഭങ്ങൾ സ്ഥാപിക്കുന്നതിനുള്ള സാധ്യതകൾ വർദ്ധിപ്പിക്കുന്നു. ടെക്നോളജി സോഫ്റ്റ്‌വെയർ ഔട്ട് സോർ സിംങ്ങും, ബ്രഹ്മോസ്, എയ്റോ സ്പേയ്സ് എന്നീ ദേശീയ തലത്തിലുള്ള കമ്പനികളും ആരംഭിക്കുന്ന നൂതന വ്യവസായങ്ങളുടെ സാന്നിദ്ധ്യവും ജില്ലയെ ഹൈടെക് വ്യവസായ നഗരമാക്കുവാൻ കഴിയുന്നതാണ്. മുൻകൂട്ടി നിശ്ചയിച്ച പദ്ധതിയനുസരിച്ച് നടന്നുകൊണ്ടിരിക്കുന്ന പ്രോജക്ട് പൂർത്തീകരിക്കുന്നതോടെ ടെക്നോപാർക്ക് ഏഷ്യയിലെ ഏറ്റവും വലിയ ഐടി പാർക്കുകളിലൊന്നായി മാറും. കിൻഫ്ര ആകട്ടെ കോർപ്പറേഷൻ പ്രദേശത്ത് മൂന്ന് പ്രധാന പ്രോജക്ടുകൾ പൂർത്തിയാക്കി കഴിഞ്ഞു. സൂക്ഷ്മ ഭക്ഷോല്പ്പന്നങ്ങൾ, പ്രിന്റിംഗ് പ്രസ്, ഐ.ടി, ഐസ് പ്ലാന്റ്, ഇലക്ട്രോണിക്സ്, കൈത്തറിയും കരകൗശലവും പോലുള്ള പരമ്പരാഗത വ്യവസായങ്ങൾ തുടങ്ങിയ ഹരിത വിഭാഗം സൂക്ഷ്മ സംരംഭങ്ങൾ നഗരത്തിനുള്ളിൽ സ്ഥാപിക്കാൻ കഴിയും. വിഴിഞ്ഞത്ത് ഒരു വ്യവസായ പാർക്ക് സ്ഥാപിക്കാനുള്ള സാദ്ധ്യതയും കാണുന്നുണ്ട്. കൂടാതെ പൗഡിക്കോണം പ്രദേശത്ത് ഒരു കാർഷിക വ്യവസായ കേന്ദ്രം വികസിപ്പിക്കാനും കഴിയുന്നതാണ്. ജില്ലയ്ക്കുള്ളിൽ ഒരു സ്ഥിരം വ്യാവസായിക പ്രദർശന – വ്യാപാര കേന്ദ്രവും കിൻഫ്രയ്ക്കുള്ളിൽ ഒരു അന്താരാഷ്ട്ര ഫിലിം നഗരവും ഐടി അടിസ്ഥാന വ്യവസായ സംരംഭങ്ങളുടെ വികസനത്തിന് വൻ സാദ്ധ്യത കാണുന്നുണ്ട്.

ആക്കുളം, വേളി കായലുകൾ, വിഴിഞ്ഞം തുറമുഖം, ടെക്നോപാർക്ക് എന്നിവ ഉൾപ്പെടുത്തി വിനോദ സഞ്ചാര ഹബ് വികസനവും ടി സ്ഥലങ്ങൾ ബന്ധപ്പെടുത്തി സ്ഥിരം വ്യാപാര കേന്ദ്രവും ആരംഭിക്കാവുന്നതാണ്.

ജില്ലയിലെ ലഭ്യമായ വിവിധ ഉൽപന്നങ്ങളുടെ ഗുണമേന്മ നിർണ്ണയിക്കുന്നതിനും ഉറപ്പാക്കുന്നതിനും ആവശ്യമായ ഗുണമേന്മാ പരിശോധന കേന്ദ്രങ്ങൾ ത്രിതല പഞ്ചായത്തുകൾ, സംസ്ഥാന സർക്കാർ സംയുക്ത സംരംഭമായി ആരംഭിക്കേണ്ടതാണ്. വിഴിഞ്ഞം തുറമുഖം, തിരുവനന്തപുരം അന്തർദേശീയ വിമാനത്താവളം എന്നിവയുടെ സാമീപ്യം കൂടുതൽ ഉൽപന്നങ്ങളുടെ കയറ്റുമതിക്ക് പ്രോത്സാഹനപരമാണ്. കോവളം – ആറ്റിങ്ങൽ എൻ എച്ച് ബൈപാസ്സ് കേന്ദ്രീകരിച്ച് വ്യവസായ വ്യാപാര ഇടനാഴിക്ക് വളരെയധികം സാധ്യതയുണ്ട്.

4.1.5.(B) സഹകരണ മേഖല

കേരളത്തിൻെറ സാമൂഹിക സാമ്പത്തിക മേഖലയിൽ പ്രത്യേകിച്ച് ഗ്രാമീണ ജനതയുടെ വികസനത്തിൽ സഹകരണപ്രസ്ഥാനം അർത്ഥവത്തായ പങ്കാണ് വഹിച്ചുകൊണ്ടിരിക്കുന്നത്. കേരളീയ ജനജീവിതത്തിൻെറ സമസ്തമേഖലകളിലും ഗുണപരമായ മാറ്റത്തിന് നേതൃത്വം നൽകികൊണ്ടിരിക്കുന്ന സഹകരണമേഖല ഇന്ത്യയ്ക്ക് തന്നെ മാതൃകയാണ്.

ചില പ്രത്യേക തത്വങ്ങളുടെ അടിസ്ഥാനത്തിൽ ഉദയം ചെയ്തിട്ടുള്ള ഒന്നാണ് സഹകരണ പ്രസ്ഥാനം. അന്തർദേശീയ സഹകരണസഖ്യം സഹകരണ പ്രസ്ഥാനത്തിനു നൽകിയ നിർവചനം ഇപ്രകാരമാണ്: ''തങ്ങളെ സംബന്ധിക്കുന്ന പൊതുവായ സ്വഭാവമുള്ളതും സാമ്പത്തികവും സാമൂഹികവും സാംസ്കാരികവുമായ ആവശ്യങ്ങളും ആഗ്രഹങ്ങളും നേടിയെടുക്കുന്നതിന് സ്വമേധയാ സംഘടിതരായ വ്യക്തികളുടെ സ്വയംഭരണാവകാശവും ജനാധിപത്യസ്വഭാവമുള്ളവരുടെയും മാത്രം അവകാശമുള്ള കൂട്ടായ്മ.'' ഈ നിർവചനത്തെ സാധൂകരിക്കുന്ന നിലയിലാണ് കേരളത്തിലെ സഹകരണപ്രസ്ഥാനം. എല്ലാ വിഭാഗക്കാരുടെയും സാമൂഹികവും സാമ്പത്തികവും സാംസ്കാരികവുമായ ആവശ്യങ്ങളും ആഗ്രഹങ്ങളും നേടിയെടുക്കുന്നതിന് കഴിയുന്ന തരത്തിൽ ഇവിടെ സഹകരണ പ്രസ്ഥാനം വളർന്നു വരുന്നു.

ഏതെങ്കിലും പ്രത്യേക മേഖലകളെ കേന്ദ്രീകരിച്ചുള്ള വളർച്ചയല്ല കേരളത്തിലെ സഹകരണ പ്രസ്ഥാനത്തിനുള്ളത്. വ്യവസായം, സാമൂഹികക്ഷേമം, സാങ്കേതിക

വിദ്യാഭ്യാസം, കൃഷി, പൊതുജനാരോഗ്യം, പൊതുവിതരണരംഗം, ഉന്നതവിദ്യാഭ്യാസം, പാർപ്പിടം, പട്ടികജാതി/പട്ടികവർഗ്ഗക്ഷേമം, സ്ത്രീശാക്തീകരണം തുടങ്ങി വിവിധ മേഖലകളിൽ സഹകരണ പ്രസ്ഥാനം ശക്തമായ സ്വാധീനം ചെലുത്തിയിട്ടുണ്ട്. പ്രൈമറി അഗ്രികൾച്ചറൽ ക്രെഡിറ്റ് സംഘങ്ങൾ, അർബൻ ബാങ്കുകൾ, കാർഷിക ഗ്രാമവികസന സംഘങ്ങൾ, പട്ടികജാതി/പട്ടികവർഗ്ഗ സഹകരണ സംഘങ്ങൾ, എംപ്ലോയീസ് സംഘങ്ങൾ, മാർക്കറ്റിംഗ് സംഘങ്ങൾ, കൺസ്യൂമർ സംഘങ്ങൾ, എന്നിവയ്ക്ക് പുറമെ സ്കൂൾ സംഘങ്ങൾ, ഭവന നിർമ്മാണ സംഘങ്ങൾ, ലേബർ കോൺട്രാക്ട് സംഘങ്ങൾ, ട്രാൻസ്പോർട്ട് സംഘങ്ങൾ, വനിതാ സംഘങ്ങൾ, ടൂറിസം സംഘങ്ങൾ, പ്രിന്റിംഗ് സഹകരണസംഘങ്ങൾ, ചെത്ത് തൊഴിലാളി സഹകരണസംഘങ്ങൾ, തയ്യൽ തൊഴിലാളി സഹകരണ സംഘങ്ങൾ, കാൻറീൻ സഹകരണ സംഘങ്ങൾ, സാമൂഹ്യക്ഷേമ സഹകരണ സംഘങ്ങൾ തുടങ്ങി വിവിധ മേഖലകളിൽ പ്രവർത്തിക്കുന്ന സംഘങ്ങൾ നിലവിലുണ്ട്.

കേരളത്തിൽ വിവിധ മേഖലകളിലായി 22884 സഹകരണസംഘങ്ങൾ പ്രവർത്തിക്കുന്നു. അവയിൽ സഹകരണസംഘം രജിസ്ട്രാറുടെ കീഴിൽ തന്നെ 15428 സംഘങ്ങളുണ്ട്. ജില്ലയിൽ പ്രവർത്തിക്കുന്ന വിവിധതരം സഹകരണ സംഘങ്ങൾ പട്ടിക: 4.5.(b).1 ൽ ചേർത്തിരിക്കുന്നു.

പട്ടിക: 4.1.5.(b).1

വിവിധതരം സഹകരണസംഘങ്ങൾ

ക്രമ. നം	സംഘങ്ങൾ	കേരളം	തിരുവനന്തപുരം
ജോയിന്റ് രജിസ്ട്രാറുടെ കീഴിൽ പ്രവർത്തിക്കുന്നവ			
എ)	വായ്പാ സംഘങ്ങൾ		
	അപ്പക്സ് സഹകരണ സ്ഥാപനങ്ങൾ/ബാങ്കുകൾ	12	7
	ഫെഡറൽ സൊസൈറ്റികൾ	4	
	ജില്ലാ സഹകരണ സംഘങ്ങൾ	14	1
	വിവിധതരം വായ്പാ സംഘങ്ങൾ	4048	516
	ആകെ	4078	524
ബി)	വായ്പേതര സംഘങ്ങൾ		
	കൺസ്യൂമർ സഹകരണ സംഘങ്ങൾ	20	3
	പ്രാഥമിക സഹകരണ സംഘങ്ങൾ	4645	483
	മാർക്കറ്റിംഗ് & പ്രോസ്സസിംഗ് സംഘങ്ങൾ	616	37
	മറ്റ് വിവിധതരം സഹകരണ സംഘങ്ങൾ	6069	1092
	ആകെ	11350	1615
	ആകെ	15428	2139
മറ്റ് വകുപ്പുകളുടെ കീഴിൽ പ്രവർത്തിക്കുന്നവ			
സി)	മറ്റ് സംഘങ്ങൾ		
	ക്ഷീരം സഹകരണ സംഘങ്ങൾ	3239	422
	കയർ സഹകരണ സംഘങ്ങൾ	1007	105
	ഒ്യവസായം	1816	107
	കൈത്തറി	758	287
	മത്സ്യം	665	82
	ആകെ	7656	1003
ആകെ		22884	3142

(അവലംബം: സഹകരണ സംഘം രജിസ്ട്രാറുടെ കാര്യാലയം –31.03.2017)

കേരളത്തിൽ 4078 വായ്പാ സംഘങ്ങൾ പ്രവർത്തിക്കുന്നവയിൽ 524 എണ്ണം തിരുവനന്തപുരം ജില്ലയിലാണ്. ജില്ലയിലെ 524 വായ്പാ സംഘങ്ങളിൽ 112 പ്രാഥമിക കാർഷിക വായ്പാസംഘങ്ങളും 222 എംപ്ലോയീസ് വായ്പാ സഹകരണസംഘങ്ങളും 22 റൂറൽ ക്രഡിറ്റ് സംഘങ്ങളും 32 കാർഷിക വികസന സൊസൈറ്റികളും, 86 പ്രാഥമിക ഭവനനിർമ്മാണ സഹകരണ സംഘങ്ങളും ഉൾപ്പെടുന്നു.

സംസ്ഥാനത്തെ 11,350 വായ്പേതരസംഘങ്ങളിൽ 1615 സംഘങ്ങൾ തിരുവനന്തപുരം ജില്ലയിൽ ഉൾപ്പെട്ടതാണ്. ജില്ലയിലെ 483 പ്രാഥമിക സംഘങ്ങളിൽ 143 പ്രാഥമിക കൺസ്യൂമർ സ്റ്റോറുകളും 19 കോളേജ് സഹകരണ സ്റ്റോറുകളും 321 സ്കൂൾ സഹകരണ സ്റ്റോറുകളും ഉൾപ്പെട്ടിട്ടുണ്ട്. ജില്ലയിൽ 37 മാർക്കറ്റിഗ് & പ്രോസ്സസിംഗ് സൊസൈറ്റികൾ പ്രവർത്തിക്കുന്നു. ജില്ലയിൽ പ്രവർത്തിക്കുന്ന 1092 വായ്പേതര സംഘങ്ങളിൽ 31 കൂട്ടുകൃഷി സഹകരണ സംഘങ്ങൾ, 96 ലേബർ കോൺട്രാക്ട് സഹകരണ സംഘങ്ങൾ, 19 ട്രാൻസ്പോർട്ട് സഹകരണ സംഘങ്ങൾ, 118 പട്ടികജാതി സഹകരണ സംഘങ്ങൾ, 16 പട്ടിക വർഗ്ഗ സഹകരണസംഘങ്ങൾ, 105 വനിതാസഹകരണസംഘങ്ങൾ, 14 ഹോസ്പ്പിറ്റൽ &

ഡിസ്പെൻസറി കോപ്പറേറ്റീവ് സൊസൈറ്റികൾ, 382 സോഷ്യൽ വെൽഫയർ സഹകരണസംഘങ്ങൾ, 231 കാർഷികേതര സഹകരണ സംഘങ്ങൾ, 7 പൗൾട്രി സഹകരണസംഘങ്ങൾ, 4 ലൈവ് സ്റ്റോക്ക് സഹകരണസംഘങ്ങൾ എന്നിവ ഉൾപ്പെട്ടിട്ടുണ്ട്.

സംസ്ഥാനത്ത് ക്ഷീരം, കയർ, മത്സ്യം, ഹാൻറ്ലൂം, വ്യവസായം, ഖാദി മേഖലകളിലായി 7656 സഹകരണ സംഘങ്ങൾ പ്രവർത്തിക്കുന്നു. ജില്ലയിൽ 422 പ്രാഥമിക ക്ഷീര സംഘങ്ങളും, 105 കയർ സംഘങ്ങളും, 82 ഫിഷറീസ് സഹകരണ സംഘങ്ങളും, 369 സംഘങ്ങൾ വ്യവസായം കൈത്തറി മേഖലയിലും പ്രവർത്തിച്ചു വരുന്നു.

കേരളത്തിലെ സഹകരണ സംഘം രജിസ്ട്രാറുടെ കീഴിൽ രജിസ്റ്റർ ചെയ്യപ്പെട്ട ആകെ സഹകരണ സംഘങ്ങളിൽ 11966 എണ്ണം നന്നായി പ്രവർത്തിക്കുന്നവയാണ്. ജില്ലയിൽ 2139 സഹകരണസംഘങ്ങളിൽ 1424 എണ്ണം പ്രവർത്തിക്കുന്നവയാണ്.

പട്ടിക: 4.1.5.(b).2

സഹകരണ സംഘം രജിസ്ട്രാറുടെ കീഴിൽ പ്രവർത്തിക്കുന്ന സഹകരണ സംഘങ്ങൾ – പ്രവർത്തനക്ഷമതയുടെ അടിസ്ഥാനത്തിൽ

വിവരങ്ങൾ	കേരളം		തിരുവനന്തപുരം	
	എണ്ണം	ശതമാനം	എണ്ണം	ശതമാനം
പ്രവർത്തിക്കുന്ന സംഘങ്ങൾ	11966	77.56	1424	66
പ്രവർത്തനം മന്ദീഭവിച്ചവ	2786	18.05	597	27.9
പ്രവർത്തന രഹിതം	680	4.4	118	5.51
ആകെ	15428	100	2139	100

(അവലംബം – സഹകരണ സംഘം രജിസ്ട്രാറുടെ കാര്യാലയം –31.03.2017)

കേരളത്തിൽ ആകെയുള്ള സഹകരണസംഘങ്ങളിൽ 77.56 ശതമാനം പ്രവർത്തിക്കുന്ന സംഘങ്ങളാണ്. എന്നാൽ ജില്ലയിൽ ഇത് ആകെയുള്ള സംഘങ്ങളുടെ 66 ശതമാനം മാത്രമാണ്. കേരളത്തിൽ പ്രവർത്തനം മന്ദീഭവിച്ചവ 18.05 ശതമാനം മാത്രം ഉള്ളപ്പോൾ ജില്ലയിൽ ഇത് 27.9 ശതമാനം ആണ്. വിവിധ മേഖലയിൽ 118 (5.51 ശതമാനം) സംഘങ്ങൾ അടച്ചുപൂട്ടൽ ഭീഷണി നേരിടുന്നു. പ്രവർത്തനരഹിതമായ സംഘങ്ങളുടെ കാര്യത്തിൽ ജില്ല സംസ്ഥാനത്ത് ഒന്നാം സ്ഥാനത്താണ്.

പട്ടിക: 4.1.5.(b).3

വിവിധ മേഖലയിലെ സഹകരസംഘങ്ങൾ പ്രവർത്തക്ഷമതയുടെ അടിസ്ഥാനത്തിൽ

സംഘങ്ങൾ	പ്രവർത്തിക്കുന്നവ	പ്രവവർത്തനം മന്ദീഭവിച്ചവ/ പ്രവർത്തനരഹിതമായവ	ആകെ	പ്രവർത്തിക്കുന്നവ %
പ്രാഥമിക കാർഷിക വികസന ബാങ്ക്	6	0	6	100
പ്രാഥമിക കാർഷിക വികസന സൊസൈറ്റി	117	1	118	99.15
അർബൺ ബാങ്ക്	8	0	8	100
എംപ്ലോയീസ് വായ്പ സഹകരണ സംഘങ്ങൾ	165	72	237	69.62
പ്രാഫമിക കൺസ്യൂമർ സ്റ്റോർസ്	24	132	156	15.38
കോളേജ്	12	9	21	57.14
സ്കൂൾ	266	55	321	82.86
വനിതാ സംഘങ്ങൾ	51	54	105	48.57
ഹോസ്പിറ്റൽ സംഘങ്ങൾ	4	9	13	30.76
വിദ്യാഭ്യാസ സംഘങ്ങൾ	2	8	10	20
ക്യാന്റീൻ സഹകരണ സംഘങ്ങൾ	4	13	17	23.53
ക്ഷീരം സഹകരണ സംഘങ്ങൾ	347	75	422	82.23
കയർ സഹകരണ സംഘങ്ങൾ	49	56	105	46.67

(അവലംബം – സഹകരണ സംഘം രജിസ്ട്രാറുടെ കാര്യാലയം 2017)

ജില്ലയിലെ സഹകരണ സംഘം രജിസ്ട്രാറുടെ കീഴിൽ പ്രവർത്തിക്കുന്ന വായ്പാസംഘങ്ങളിൽ പ്രാഥമിക സംഘങ്ങൾ എല്ലാം തന്നെ പ്രവർത്തനക്ഷമതയുള്ളവയാണ്. എന്നാൽ 30.38 ശതമാനം എംപ്ലോയീസ് വായ്പാ സംഘങ്ങൾ, 84.61 ശതമാനം വായ്പേതര സംഘങ്ങളിൽ പ്രാഥമിക കൺസ്യൂമർ സ്റ്റോഴ്സ്, 42.86 ശതമാനം കോളേജ് സംഘങ്ങൾ, 17.13 ശതമാനം സ്കൂൾ സംഘങ്ങൾ, 51.43 ശതമാനം വനിതാസംഘങ്ങൾ, 71.43 ശതമാനം ഹോസ്പിറ്റൽ സംഘങ്ങൾ, 76.46 ശതമാനം ക്യാന്റീൻ

സഹകരണ സംഘങ്ങൾ എന്നിവ പ്രവർത്തനം മന്ദീഭവിച്ചവയോ പ്രവർത്തനരഹിതമോ ആണ്.

തിരുവനന്തപുരം താലൂക്കിൽ സഹകരണ സംഘം രജിസ്ട്രാറുടെ കീഴിൽ പ്രവർത്തിക്കുന്ന സംഘങ്ങളിൽ 21 ശതമാനവും പ്രവർത്തനം മന്ദീഭവിച്ചയും 27 ശതമാനം അടച്ചുപൂട്ടൽ ഭീഷണി നേരിടുന്നവയുമാണ്. ചിറയിൻകീഴ്, നെടുമങ്ങാട് താലൂക്കുകളിൽ താരതമേന്യ അടച്ചുപൂട്ടൽ ഭീഷണി നേരിടുന്നവയുടെ എണ്ണം കുറവാണ്.

പട്ടിക: 4.1.5.(b).4

സഹകരണ സംഘം രജിസ്ട്രാറുടെ കീഴിലെ പ്രവർത്തന ക്ഷമതയുള്ള വിവിധ സഹകരണ സംഘങ്ങൾ – താലൂക്ക് അടിസ്ഥാനത്തിൽ

സഹകരണ സ്ഥാപനങ്ങൾ	തിരുവനന്തപുരം		നെടുമങ്ങാട്		നെയ്യാറ്റിൻകര		ചിറയിൻകീഴ്	
	ആകെ	പ്രവർത്തിക്കുന്നവ	ആകെ	പ്രവർത്തിക്കുന്നവ	ആകെ	പ്രവർത്തിക്കുന്നവ	ആകെ	പ്രവർത്തിക്കുന്നവ
പ്രാഥമിക കാർഷിക വികസന ബാങ്ക്	1	1	1	1	2	2	2	2
പ്രാഥമിക കാർഷിക വികസന സൊസൈറ്റി	24	23	23	23	45	45	26	26
അർബൺ ബാങ്ക്	3	3	2	2	1	1	2	2
എംപ്ലോയീസ് വായ്പ സഹകരണ സംഘങ്ങൾ	190	142	12	7	25	13	10	3
പ്രാഥമിക കൺസ്യൂമർ സ്റ്റോർസ്	79	19	19	1	40	1	18	3
കോളേജ്	13	6	3	3	2	1	3	2
സ്കൂൾ	93	83	67	67	89	63	72	53
വനിതാ സംഘങ്ങൾ	23	14	23	8	42	22	7	7
ഹോസ്പിറ്റൽ സംഘങ്ങൾ	5	2	3	0	3	1	3	1
വിദ്യാഭ്യാസ സംഘങ്ങൾ	1	1	2	1	6	0	1	0
ക്യാന്റീൻ സഹകരണ സംഘങ്ങൾ	14	3	3	1	–	–	–	–

(അവലംബം – സഹകരണ സംഘം രജിസ്ട്രാറുടെ കാര്യാലയം 2017)

തിരുവനന്തപുരം താലൂക്കിൽ 37 എംപ്ലോയീസ് വായ്പാസംഘങ്ങളും 2 ഹോസ്പിറ്റൽ സംഘങ്ങളും 17 വനിതാസംഘങ്ങളും 47 പ്രാഥമിക കൺസ്യൂമർ സ്റ്റോറുകളും 15 സ്കൂൾ/കോളേജ് സംഘങ്ങളും 7 ക്യാന്റീൻ സംഘങ്ങളും പ്രവർത്തനം മന്ദീഭവിച്ചവയാണ്. എന്നാൽ താലൂക്കിൽ 11 എംപ്ലോയീസ് വായ്പാസംഘങ്ങൾ 13 കൺസ്യൂമർ സ്റ്റോറുകളും 2 വനിതാസംഘങ്ങൾ 4 ക്യാന്റീൻ സഹകരണ സംഘങ്ങൾ എന്നിവ അടച്ചുപൂട്ടൽ ഭീഷണി നേരിടുന്നവയാണ്.

നെടുമങ്ങാട് താലൂക്കിൽ 5 എംപ്ലോയീസ് വായ്പാസംഘങ്ങളും 17 പ്രാഥമിക കൺസ്യൂമർ സ്റ്റോറുകളും 15 വനിതാസംഘങ്ങളും 2 ഹോസ്പിറ്റൽ സംഘങ്ങളും 2 ക്യാന്റീൻ സഹകരണ സംഘങ്ങളും ഉൾപ്പെടുന്നു. ഒരു പ്രാഥമിക കൺസ്യൂമർ സ്റ്റോറും 1 ഹോസ്പിറ്റൽ സംഘവും മാത്രമാണ് അടച്ചുപൂട്ടൽ ഭീഷണി നേരിടുന്നത്.

നെയ്യാറ്റിൻകര താലൂക്കിൽ 9 എംപ്ലോയീസ് വായ്പാസംഘങ്ങളും 20 കൺസ്യൂമർ സ്റ്റോറുകളും 27 സ്കൂൾ/ കോളേജ് സംഘങ്ങളും 20 വനിതാസംഘങ്ങളും 5 വിദ്യാഭ്യാസ സംഘങ്ങളും ഉൾപ്പെടുന്നു. കൂടാതെ 19 പ്രാഥമിക സംഘങ്ങൾ 3 എംപ്ലോയീസ് സംഘങ്ങൾ 2 ഹോസ്പിറ്റൽ സംഘങ്ങൾ 1 വിദ്യാഭ്യാസസംഘം എന്നിവ അടച്ചുപൂട്ടൽ ഭീഷണി നേരിടുന്നവയാണ്.

ചിറയിൻകീഴ് താലൂക്കിൽ 5 എംപ്ലോയീസ് വായ്പാസംഘങ്ങളും 10 പ്രാഥമിക കൺസ്യൂമർ സ്റ്റോറുകളും 20 സ്കൂൾ/ കോളേജ് സംഘങ്ങളും 1 ഹോസ്പിറ്റൽ സംഘവും ഒരു വിദ്യാഭ്യാസ സംഘവും പ്രവർത്തനം മന്ദീഭവിച്ചവയാണ്. അതിൽ 2 എംപ്ലോയീസ് സംഘങ്ങളും 5 പ്രാഥമിക കൺസ്യൂമർ സ്റ്റോറുകളും 1 ഹോസ്പിറ്റൽ സംഘവും പ്രവർത്തനരഹിതമായവയാണ്.

സംസ്ഥാനത്തും ജില്ലയിലും പ്രവർത്തിക്കുന്ന ഫാർമേഴ്സ് സഹകരണ സംഘങ്ങൾ, അർബൻ സഹകരണ സംഘങ്ങൾ, സർവ്വീസ് സഹകരണ സംഘങ്ങൾ, മറ്റ് ക്രെഡിറ്റ് സഹകരണ സംഘങ്ങൾ എന്നിവ ഭേദപ്പെട്ട നിലയിൽ പ്രവർത്തിച്ച് വരുന്നുണ്ട്.

പട്ടിക: 4.1.5.(b).5
സഹകരണ സംഘം രജിസ്ട്രാറുടെ കീഴിൽ ലാഭത്തിൽ പ്രവർത്തിക്കുന്ന വിവിധ മേഖലയിലെ സംഘങ്ങൾ

പ്രാഥമിക സഹകരണ സംഘങ്ങൾ	കേരളം			തിരുവനന്തപുരം		
	എണ്ണം	ലാഭത്തിൽ പ്രവർത്തിക്കുന്നവ	%	എണ്ണം	ലാഭത്തിൽ പ്രവർത്തിക്കുന്നവ	%
ഫാർമേഴ്സ് സഹകരണ സംഘങ്ങൾ	37	24	64.86	6	5	83.33
അർബൻ സഹകരണ സംഘങ്ങൾ	168	138	82.14	8	5	62.50
കാർഷിക വികസന ബാങ്കുകൾ	79	30	37.97	6	1	16.67
സർവ്വീസ് സഹകരണ സംഘങ്ങൾ	1610	1038	64.47	112	71	63.39
എംപ്ലോയീസ് സഹകരണ സംഘങ്ങൾ	1117	655	58.64	223	142	63.68
പട്ടികജാതി സഹകരണ സംഘങ്ങൾ	730	29	3.97	118	1	0.84
പട്ടികവർഗ്ഗ സഹകരണ സംഘങ്ങൾ	96	7	7.29	16	0	0.00
മറ്റ് ക്രെഡിറ്റ് സഹകരണ സംഘങ്ങൾ	638	232	36.36	75	26	34.67
വിപണന സഹകരണ സംഘങ്ങൾ	581	66	11.36	37	5	13.51
കൂട്ടുകൃഷി സഹകരണ സംഘങ്ങൾ	83	11	13.25	31	4	12.90
പ്രാഥമിക ഉപഭോക്തൃ സംഘങ്ങൾ	614	69	11.24	143	17	11.89
സ്കൂൾ കോളേജ് സഹകരണ സംഘങ്ങൾ	4031	1810	44.90	340	80	23.53
ഭവന സഹകരണ സംഘങ്ങൾ	399	131	32.83	86	34	39.53
ലേബർ കോൺട്രാക്റ്റ് സഹകരണ സംഘങ്ങൾ	652	87	13.34	96	12	12.50
പ്രിന്റിംഗ് സഹകരണ സംഘങ്ങൾ	71	7	9.86	10	0	0.00
വനിതാ സഹകരണ സംഘങ്ങൾ	1160	334	28.79	113	1	0.88

(അവലംബം – സഹകരണ സംഘം രജിസ്ട്രാറുടെ കാര്യാലയം 2017)

പട്ടികജാതി–പട്ടികവർഗ്ഗ സഹകരണ സംഘങ്ങൾ

ജില്ലയിൽ 118 പട്ടികജാതി സഹകരണ സംഘങ്ങളും 16 പട്ടികവർഗ്ഗ സംഘങ്ങളും രജിസ്റ്റർ ചെയ്തിട്ടുണ്ട്. 118 പട്ടികജാതി സംഘങ്ങൾ ജില്ലയിൽ രജിസ്റ്റർ ചെയ്തിട്ടുള്ളവയിൽ ഒരെണ്ണം (0.84%) മാത്രമാണ് ലാഭത്തിൽ പ്രവർത്തിക്കുന്നത്. സംസ്ഥാനത്തും പട്ടികജാതി സഹകരണ സംഘങ്ങളിൽ ലാഭത്തിൽ പ്രവർത്തിക്കുന്നവ 3.97% മാത്രമാണ്. പട്ടികവർഗ്ഗ സഹകരണ സംഘങ്ങളിൽ സംസ്ഥാനത്തെ 96 സംഘങ്ങളിൽ 16 എണ്ണം തിരുവനന്തപുരം ജില്ലയിലാണുള്ളത്. ഇതിൽ ഒരുസംഘം പോലും ലാഭത്തിൽ പ്രവർത്തിക്കുന്നില്ല. പട്ടികജാതി–പട്ടികവർഗ്ഗ സംഘങ്ങളുടെ ബിസിനസ്സ് ഉൾപ്പെടെയുള്ള പല പ്രവർത്തനങ്ങളിലും ഇടപെടുന്ന സംഘാംഗങ്ങളുടെ എണ്ണം കുറയുന്നതും ആവശ്യത്തിന് പ്രവർത്തന മൂലധനമില്ലാത്തതും മതിയായ ജീവനക്കാരില്ലാത്തതും സംഘങ്ങളുടെ പ്രവർത്തനത്തെ പ്രതികൂലമായി ബാധിക്കുന്നു. സെക്രട്ടറി തസ്തികയിൽ ജോലി ചെയ്യുന്നവരുടെ ശമ്പളം 2000 രൂപയിൽ താഴെയാണ്. അതു കൊണ്ട് തന്നെ വരുമാന വർദ്ധനവ് ഉൾപ്പെടെയുള്ള ലക്ഷ്യങ്ങൾ മുന്നിൽ കണ്ടുകൊണ്ട് നടപ്പിലാക്കാൻ ശ്രമിക്കുന്ന പല പദ്ധതികളും ഫലപ്രാപ്തിയിലെത്തുന്നില്ല.

കാർഷിക സഹകരണ സംഘങ്ങൾ

ജില്ലയിലെ കാർഷിക മേഖലയിൽ 6 കാർഷിക ഗ്രാമവികസനബാങ്കുകൾ പ്രവർത്തിക്കുന്നവയിൽ ഒന്നു മാത്രമാണ് (16.67%) ലാഭത്തിൽ പ്രവർത്തിക്കുന്നത്. കൂടാതെ ജില്ലയിലെ കൂട്ടുകൃഷി സഹകരണ സംഘങ്ങളിൽ 31 എണ്ണം പ്രവർത്തിക്കുന്നതിൽ 4 എണ്ണം മാത്രമാണ് (12.90%) ലാഭത്തിലുള്ളത്.

വിദ്യാഭ്യാസ സഹകരണ സംഘങ്ങൾ

ഗുണനിലവാരമുള്ള വിദ്യാഭ്യാസം സാധാരണക്കാർക്കും ലഭ്യമാക്കുക എന്നതാണ് വിദ്യാഭ്യാസ മേഖലയിലെ സഹകരണ സംഘങ്ങളുടെ ലക്ഷ്യം. വളരെയധികം വളർച്ചാ സാധ്യതയുള്ള ജില്ലയിലെ സ്കൂൾ കോളേജ് സഹകരണ സംഘങ്ങളിൽ 80 എണ്ണം (23.53%) മാത്രമാണ് ലാഭത്തിൽ പ്രവർത്തിക്കുന്നത്. സ്കൂൾ ടെക്സ്റ്റുകളിൽ നിന്നും ലഭിക്കുന്ന കമ്മീഷൻ ആയിരുന്നു സ്കൂൾ സഹകരണ സംഘങ്ങളുടെ പ്രധാന വരുമാന മാർഗ്ഗം. ടെക്സ്റ്റ് ബുക്ക് സൗജന്യമായതോടെ അതിൽ നിന്നുള്ള ലാഭം ഇല്ലാതെ പോയി. കുട്ടികളെ ആകർഷിക്കുന്ന പദ്ധതികളിലൂടെ മാത്രമേ ഇത് സജീവമാക്കാനാകൂ. സർക്കാർ ധനസഹായം

പരിമിതമായി മാത്രമാണ് ലഭിക്കുന്നത്. മിക്ക സംഘങ്ങളിലും 5000 രൂപയിൽ താഴെയാണ് ഓഹരി മൂലധനം. ഇത് ധനസഹായം ലഭിക്കുന്നതിന് ഒരു തടസ്സമാണ്.

ലേബർ കോൺട്രാക്റ്റ് സൊസൈറ്റികൾ

1957-ലെ സർക്കാരാണ് ലേബർ കോൺട്രാക്റ്റ് സൊസൈറ്റികൾ ആരംഭിച്ചത്. ലേബർ കോൺട്രാക്ട് സംഘങ്ങൾ 652 എണ്ണം കേരളത്തിൽ പ്രവർത്തിക്കുന്നതിൽ 96 എണ്ണം മാത്രമാണ് ജില്ലയിലാണുള്ളത്. എന്നാൽ ഈ 96 സംഘങ്ങളിൽ 12 എണ്ണം (12.50%) മാത്രമാണ് ലാഭത്തിൽ പ്രവർത്തിക്കുന്നത്. മരാമത്ത് പണികൾ നടത്തുന്നതിൽ നിലനിൽക്കുന്ന ചട്ടങ്ങൾ ഇത്തരം സൊസൈറ്റികളുടെ പ്രവർത്തനങ്ങൾക്ക് തടസ്സമാകുന്നുണ്ട്. അതുകൊണ്ട് തന്നെ അംഗങ്ങളുടെ താല്പര്യമില്ലായ്മ വർദ്ധിക്കുന്നു. ആവശ്യത്തിന് ഗവൺമെന്റ് ധനസഹായമില്ലാത്തതും പ്രവർത്തന മൂലധനമില്ലത്തതും പ്രവർത്തന വൈവിധ്യമില്ലാത്തതും ഇവയുടെ പ്രവർത്തനത്തിന് പ്രതികൂലമായി ബാധിക്കുന്നു.

വനിത സഹകരണ സംഘങ്ങൾ

പ്രാഥമിക വനിതാസഹകരണ സംഘങ്ങളുടെ അപ്പക്സ് സ്ഥാപനമായ കേരള സംസ്ഥാന വനിത സഹകരണ ഫെഡറേഷൻ (വനിതാ ഫെഡ്) സ്വയം സഹായം, ത്രീഫ്റ്റ് നിക്ഷേപം, ചെറുകിട പദ്ധതികൾ എന്നിവ വഴി ഗ്രാമീണ മേഖലയിലെ സ്ത്രീജനങ്ങളുടെ അത്താണിയായി നിലകൊള്ളുന്നു. ജില്ലയിൽ 113 വനിതാസംഘങ്ങൾ ഉള്ളതിൽ ഒരു സംഘം മാത്രമാണ് ലാഭത്തിൽ പ്രവർത്തിക്കുന്നത്. വനിതാ സഹകരണ സംഘങ്ങൾക്ക് പ്രവർത്തന മൂലധനം ഇല്ലാത്തതാണ് പ്രവർത്തനം മന്ദീഭവിക്കുന്നതിനുള്ള പ്രധാന കാരണം

ആശുപത്രി/ ഡിസ്പെൻസറി സഹകരണസ്ഥാപനങ്ങൾ

ആരോഗ്യരംഗത്തെ സ്വകാര്യസ്ഥാപനങ്ങളുടെ ചൂഷണത്തിൽ നിന്നും സാധാരണക്കാരെ സഹായിക്കാൻ സഹകരണ ആശുപത്രികൾക്ക് സാധിക്കും. 13 ലധികം സഹകരണ ആശുപത്രികൾ ഈ രംഗത്ത് രജിസ്ററർ ചെയ്ത് പ്രവർത്തിക്കുന്നു. അവയിൽ 4 എണ്ണം മാത്രമാണ് പ്രവർത്തനക്ഷമമായിട്ടുള്ളത്. 5 എണ്ണം പ്രവർത്തനം മന്ദീഭവിച്ചവയും 5 എണ്ണം അടച്ചുപൂട്ടൽ ഭീഷണി നേരിടുന്നവയുമാണ്. എന്നിരുന്നാലും കുറഞ്ഞ നിരക്കിൽ ആരോഗ്യസേവനം സഹകരണ ആശുപത്രികൾ വഴി നല്കുന്നു. ആശുപത്രി/ ഡിസ്പെൻസറി സഹകരണ സംഘങ്ങൾക്ക് ആവശ്യമായിട്ടുള്ള ഫണ്ട് ലഭിക്കാത്തതാണ് പ്രവർത്തനം കൂടുതൽ വ്യാപിപ്പിക്കാൻ സാധിക്കാത്തതിനുള്ള കാരണം.

കയർ സഹകരണസംഘങ്ങൾ

ജില്ലയിലെ 105 കയർ സഹകരണസംഘങ്ങളിൽ 49 എണ്ണം പ്രവർത്തനക്ഷമത ഉള്ളവയാണ്. 41 കയർ സഹകരണസംഘങ്ങൾ പ്രവർത്തനം മന്ദീഭവിച്ചവയാണ്. ഇവയെല്ലാം തന്നെ നഷ്ടത്തിൽ പ്രവർത്തിക്കുന്നവയാണ്. അസംസ്കൃത വസ്തുക്കളുടെ ലഭ്യതക്കുറവ് ഈ രംഗത്തെ പ്രതിസന്ധിയിലാക്കുന്നു.

ക്ഷീര സഹകരണസംഘങ്ങൾ

ജില്ലയിൽ 422 ആനന്ദ് മാതൃകാ സഹകരണ സംഘങ്ങൾ പ്രവർത്തിക്കുന്നുണ്ട്. ജില്ലയിലെ എട്ടു ലക്ഷത്തിൽപ്പരം കർഷകരെ പ്രതിനിധീകരിക്കുന്ന അപ്പെക്സ് സ്ഥാപനമാണിത്. പ്രതിദിനം 9.4 ലക്ഷം ലിറ്റർ പാൽ മിൽമയിലൂടെ കൈകാര്യം ചെയ്യുന്നു. ക്ഷീരകർഷകർക്ക് ആശ്വാസമെത്തിക്കാൻ ഈ രംഗത്തെ സഹകരണ സംഘങ്ങൾക്ക് സാധിച്ചിട്ടുണ്ടെങ്കിലും പാലിന്റെ ഉൽപ്പാദനച്ചെലവിന് അനുസരിച്ച് വില ലഭിക്കുന്നില്ല എന്ന പരാതിയുണ്ട്. ക്ഷീര സംഘങ്ങളുടെ വിശദാംശങ്ങൾ പട്ടിക: 4.1.5.(b).6 ൽ ചേർത്തിരിക്കുന്നു.

പട്ടിക: 4.1.5.(b).6

ക്ഷീര സഹകരണ സംഘങ്ങളുടെ വിശദാംശങ്ങൾ

ബ്ലോക്ക്/നഗരം	രജിസ്റ്റർ ചെയ്തവ	പ്രവർത്തിക്കുന്നവ	പ്രവർത്തനരഹിതമായവ	പ്രവർത്തിക്കുന്നവയുടെ %
അതിയന്നൂർ	40	35	5	87.5
ചിറയിൻകീഴ്	37	26	11	70.27
കഴക്കൂട്ടം	22	17	5	77.27
കിളിമാനൂർ	37	35	2	94.59
നേമം	27	25	2	92.59
നെടുമങ്ങാട്	29	26	3	89.66
പാറശ്ശാല	34	32	2	94.12

പെരുങ്കടവിള	46	45	1	97.83
വാമനപുരം	35	31	4	88.57
വർക്കല	28	19	9	67.86
വെള്ളനാട്	37	34	3	91.89
തിരുവനന്തപുരം കോർപ്പറേഷൻ	50	22	28	44
ആകെ	422	347	75	82.23

(അവലംബം:– ഡെപ്യൂട്ടി ഡയറക്ടർ ക്ഷീര വികസന വകുപ്പിന്റെ കാര്യാലയം 2017)

ജില്ലയിലെ 422 ക്ഷീരസഹകരണസംഘങ്ങളിൽ 347 എണ്ണം പ്രവർത്തനക്ഷമവും 75 എണ്ണം പ്രവർത്തനരഹിതവുമാണ്. ഏറ്റവും കൂടുതൽ സഹകരണസംഘങ്ങൾ പ്രവർത്തനരഹിതമായത് തിരുവനന്തപുരം നഗരപ്രാന്തത്തിലാണ് (66%).

ജില്ലയിലെ ഖാദി ഗ്രാമവ്യവസായ സഹകരണസംഘങ്ങൾ

ജില്ലയിൽ രജിസ്റ്റർ ചെയ്തിട്ടുള്ള ഗ്രാമവ്യവസായ സംഘങ്ങൾ എല്ലാംതന്നെ വ്യവസായ സഹകരണ സംഘങ്ങളാണ്. പ്രധാനമായും ഈറ, മുള, തീപ്പെട്ടി, ചന്ദനതിരി, മൺപാത്രം, പനംചക്കര, തേൻ സംസ്കരണം, ചുണ്ണാമ്പ്, കുമ്മായ വ്യവസായം, കൊല്ലപ്പണി, ആശാരിപ്പണി, ഫർണിച്ചർ, കുട നിർമ്മാണം തുടങ്ങിയ ഖാദി വ്യവസായങ്ങൾ അസംസ്കൃത വസ്തുക്കളുടെ ദൗർല്ലഭ്യവും കുത്തക വ്യവസായങ്ങളുടെ കടന്നുകയറ്റവും കാരണം ഭൂരിഭാഗവും പ്രവർത്തനരഹിതമാണ്. ജില്ലയിൽ 259 സംഘങ്ങൾ രജിസ്റ്റർ ചെയ്തിട്ടുള്ളതിൽ 27 സംഘങ്ങൾ പ്രവർത്തിക്കുന്നവയാണ്. ഇതിൽ 15 എണ്ണം വ്യവസായ വകുപ്പിൽ നിന്നും കൈമാറി കിട്ടിയവയാണ്. 60 സംഘങ്ങൾ സെറിഫെഡിൽ അഫിലിയേറ്റ് ചെയ്ത സംഘങ്ങളാണ്. 2 എണ്ണം ഇലക്ട്രോണിക് സംഘങ്ങളാണ്. ലിക്വിഡേഷൻ നടപടി പൂർത്തീകരിച്ച സംഘം ഒന്നു മാത്രമാണ്. അസംസ്കൃത വസ്തുക്കളുടെ ദൗർല്ലഭ്യവും കുത്തക വ്യവസായങ്ങളുടെ കടന്നുകയറ്റവും ഈ മേഖലയെ പ്രതികൂലമായി ബാധിക്കുന്നു.

പ്രാഥമിക കാർഷിക സഹകരണ സംഘങ്ങൾ

കൃഷിക്കാരുടെ ഉന്നമനത്തിന് ശക്തമായ സഹായി ആയിട്ടാണ് പ്രാഥമിക കാർഷിക സഹകരണ സംഘങ്ങൾ പ്രവർത്തിക്കുന്നത്. ഗ്രാമീണ സമ്പദ്വ്യവസ്ഥയുടെ നട്ടെല്ലാണ് ഈ പ്രാഥമിക കാർഷിക സഹകരണ സംഘങ്ങൾ. ധനസഹകരണമേഖലയിൽ 114 പ്രാഥമിക കാർഷിക സഹകരണ സംഘങ്ങളും ഗ്രാമീണമേഖലയിലെ ഉന്നമനത്തിനായാണ് പ്രവർത്തിക്കുന്നത്.

പട്ടിക: 4.1.5.(b).7

പ്രാഥമിക കാർഷിക വായ്പാസംഘങ്ങളുടെയും ഫാർമേഴ്സ് സഹകരണ സംഘങ്ങളുടെയും പ്രവർത്തനസൂചകങ്ങൾ – 2016–17

(തുക ലക്ഷത്തിൽ)

സൂചനകങ്ങൾ	കേരളം	തിരുവനന്തപുരം
ശരാശരി മൂലധനം /സംഘം	109.46	162.539
ശരാശരി നിക്ഷേപം/സംഘം	5049.02	7999.689
ശരാശരി പ്രവർത്തന മൂലധനം/സംഘം	8578.35	7223.06
ശരാശരി വായ്പ /സംഘം	32011.09	14937.9

(അവലംബം – സഹകരണ സംഘം രജിസ്ട്രാറുടെ കാര്യാലയം 2017)

ജില്ലയിലെ പ്രാഥമിക കാർഷിക വായ്പാസംഘങ്ങളുടെയും ഫാർമേഴ്സ് സഹകരണ സംഘങ്ങളുടെയും സൂചകങ്ങളിൽ ജില്ലയിലെ ശരാശരി മൂലധനനിക്ഷേപം സംസ്ഥാനത്തേക്കാൾ 48.49 ശതമാനം കൂടുതലാണ്. കൂടാതെ നിക്ഷേപത്തിന്റെ സൂചകത്തിൽ സംസ്ഥാന സൂചകത്തെക്കാൾ 58.44 ശതമാനം കൂടുതലാണ്. എന്നാൽ ജില്ലയിലെ സംഘങ്ങൾ വായ്പ നൽകുന്നതിൽ 53.34 ശതമാനം സംസ്ഥാന സൂചകത്തെക്കാൾ കുറവാണ്. ഇതിൽ നിന്നും ജില്ലയിലെ വായ്പ പ്രവർത്തനങ്ങൾ പിന്നിലാണെന്ന് മനസ്സിലാക്കാം.

പട്ടിക: 4.1.5.(b).8

പ്രാഥമിക കാർഷിക വായ്പാസംഘങ്ങളുടെയും ഫാർമേഴ്സ് സഹകരണ സംഘങ്ങളുടെയും വായ്പ പ്രവർത്തനങ്ങളുടെ സൂചകങ്ങൾ 2016–17

(തുക കോടിയിൽ)

സൂചകങ്ങൾ	കേരളം	തിരുവനന്തപുരം	%
മൂലധനം	1802.81	183.67	10.19
നീക്കിയിരുപ്പ്	6811.14	381.58	5.60
നിക്ഷേപം	83157.38	9039.64	10.87
വായ്പ	75350.9	5937.45	7.88
a) ഹ്രസ്വകാലവായ്പ	47704.96	1232.67	2.58
b) മദ്ധ്യകാലവായ്പ	22751.98	1934.16	8.50
c) ദീർഘകാലവായ്പ	2977.02	57.44	1.93
നിക്ഷേപ വായ്പ അനുപാതം	90.61	65.68	

(അവലംബം – സഹകരണ സംഘം രജിസ്ട്രാറുടെ കാര്യാലയം 2017)

ജില്ലയിലെ പ്രാഥമിക കാർഷിക വായ്പാസംഘങ്ങളുടെയും ഫാർമേഴ്സ് സഹകരണ സംഘങ്ങളുടെയും ആകെ മൂലധനം സംസ്ഥാന മൂലധന സ്വരൂപണത്തിന്റെ 10.19 ശതമാനം മാത്രമാണ്. എന്നാൽ നിക്ഷേപ സമാഹരണം 10.87 ഉം നീക്കിയിരുപ്പ് സംസ്ഥാന വിഹിതത്തിന്റെ 5.6 ശതമാനവുമാണ്. ഹ്രസ്വകാല വായ്പ 2.58 ഉം ദീർഘകാല വായ്പ 1.93 ഉം ആണ്. ജില്ലയിലെ നിക്ഷേപ വായ്പ അനുപാതം സംസ്ഥാനത്തിനേക്കാൾ 24.93 ശതമാനം കുറവാണ്. ജില്ലയിലെ വായ്പയുടെ ആവശ്യകത സംസ്ഥാന വായ്പ ചോദനത്തിന്റെ 5.87 മാത്രമാണുള്ളത്.

പട്ടിക: 4.1.5.(b).9

ജില്ലാസഹകരണ ബാങ്കിന്റെയും പ്രാഥമിക കാർഷിക സഹകരണ ബാങ്കിന്റെയും നിക്ഷേപം

(തുക ആയിരത്തിൽ)

വർഷം	തുക	നിക്ഷേപ വളർച്ച (ശതമാനം)
2013–14	20706000	
2014–15	35328600	41.39
2015–16	41964400	15.81
ശരാശരി നിക്ഷേപ വളർച്ച നിരക്ക്		19 %

(അവലംബം – നബാർഡ് – പ്രൊഡൻഷ്യൻ ലിങ്ക്ഡ് ക്രഡിറ്റ് പ്ലാൻ 2016–17)

സഹകരണ മേഖലയിലെ നിക്ഷേപം 2014–15 കാലഘട്ടത്തിൽ 41.39 ശതമാനം മുൻവർഷത്തെ അപേക്ഷിച്ച് കൂടുതലായിരുന്നു. എന്നാൽ ഇത് 2015–16 വർഷത്തിൽ 15.81 ലേക്ക് താഴുകയാണുണ്ടായത്. 3 വർഷത്തെ ശരാശരി നിക്ഷേപ വളർച്ച 19 ശതമാനമാണ്. എന്നാൽ നിക്ഷേപവായ്പ അനുപാതം ഓരോ വർഷവും കൂടുകയാണ് ചെയ്യുന്നത്.

പട്ടിക: 4.1.5.(b).10

ജ ില്ലാസഹകരണ ബാങ്കിന്റെയും പ്രാഥമിക കാർഷിക സഹകരണ ബാങ്കിന്റെയും വായ്പാ നിക്ഷേപ അനുപാതം

വർഷം	വായ്പാ നിക്ഷേപ അനുപാതം
2013–14	53
2014–15	71
2015–16	71

(അവലംബം – നബാർഡ് – പ്രൊഡൻഷ്യൻ ലിങ്ക്ഡ് ക്രഡിറ്റ് പ്ലാൻ 2016–17)

വായ്പാ നിക്ഷേപ അനുപാതം 2013–14 കാലഘട്ടത്തിനേക്കാൾ കൂടിയ നിരക്കാണ് 2014–15 ൽ കാണുന്നത്. 2015–16 കാലയളവിൽ വായ്പ നിക്ഷേപ അനുപാതനിരക്ക് 71 ശതമാനമാണെന്ന് കാണാം.

പട്ടിക: 4.1.5.(b).11

ജില്ലാസഹകരണ ബാങ്കിന്റെയും പ്രാഥമിക കാർഷിക സഹകരണ ബാങ്കിന്റെയും മേഖലാ വായ്പ വിലയിരുത്തൽ

(തുക ലക്ഷത്തിൽ)

മേഖല	2014–15		2015–16		2016–17	
	തുക	ശതമാനം	തുക	ശതമാനം	തുക	ശതമാനം
പ്രാഥമികം	46.87	46.60	54.40	34.49	85.90	54.95
ദ്വിതീയം	7.37	7.32	6.68	4.24	11.39	7.29
തൃതീയം	46.35	46.08	96.65	61.27	59.03	37.76

(അവലംബം – ലീഡ് ബാങ്ക് – ജില്ലാ ക്രെഡിറ്റ് പ്ലാൻ)

ജില്ലയിലെ സഹകരണ പ്രസ്ഥാനം 2016–17 വർഷത്തിൽ 54.95 ശതമാനം തുക പ്രാഥമിക മേഖലയിൽ ചെലവഴിച്ചു. എന്നാൽ 2014–15, 2015–16 വർഷങ്ങളിൽ പ്രാഥമിക മേഖലയിലെ വായ്പയുടെ അനുപാതം തൃതീയ മേഖലയെക്കാൾ കുറവായിരുന്നു. ഇതേ സമയം സഹകരണ സ്ഥാപനങ്ങൾക്ക് നൽകിയിരുന്ന വായ്പ ലക്ഷ്യം നിറവേറാൻ ഈ മേഖലകൾക്കായിട്ടില്ല. 2016–17 വർഷത്തിൽ പ്രാഥമിക മേഖലയിൽ 84.49 ശതമാനവും ദ്വിതീയ മേഖലയിൽ 51.59 ശതമാനവും തൃതീയ മേഖലയിൽ 59.55 ശതമാനവും വായ്പ ലക്ഷ്യം നിറവേറിയതായി കാണാം.

4.2 സേവനമേഖല

4.2.1 ആരോഗ്യം

കേരളത്തിലെ അധികാര വികേന്ദ്രീകരണം മറ്റ് വികസന മേഖലകളിൽ എന്ന പോലെ പൊതുജനാരോഗ്യ രംഗത്തും കാര്യമായ മാറ്റങ്ങൾ വരുത്തിയിട്ടുണ്ട്. അടിസ്ഥാന ആവശ്യങ്ങളായ കുടിവെള്ളം, കക്കൂസ്, പാർപ്പിടം എന്നീ മേഖലകളിലും പി.എച്ച്.സി, സി.എച്ച്.സി, താലൂക്കാശുപത്രി, ജില്ലാ ആശുപത്രി, ആയുഷ് വിഭാഗത്തിലെ ഡിസ്പെൻസറികൾ എന്നീ സ്ഥാപനങ്ങളിലെ അടിസ്ഥാന സൗകര്യങ്ങളിലും ഒരു കുതിച്ചുചാട്ടം സാധ്യമായി.

പകർച്ചവ്യാധികളുടെ പുനരാവിർഭാവത്തോടൊപ്പം പകർച്ചേതര വ്യാധികളുടെ ഭയാനകമായ വളർച്ചയും വ്യാപനവുമാണ് ആരോഗ്യരംഗത്ത് നാം ഇന്ന് നേരിടുന്ന പ്രധാന ഭീഷണികൾ. ശുദ്ധമായ കുടിവെള്ളത്തിന്റെ ലഭ്യതക്കുറവ്, അശാസ്ത്രീയമായ ഖര-ദ്രവ-മാലിന്യ പരിപാലനം, ആരോഗ്യകരമല്ലാത്ത ഭക്ഷണരീതി, ജീവിത ശൈലി, വ്യായാമക്കുറവ്, പൊതുഇടങ്ങളിലെ ശുചിത്വമില്ലായ്മ, ലഹരിവസ്തുക്കളുടെ ഉപയോഗം, മരുന്നുകളുടെ ദുരുപയോഗം, വ്യാജ ചികിത്സകരുടെ ഇടപെടൽ, ചികിത്സാരംഗത്ത് വർദ്ധിച്ചുവരുന്ന ചെലവുകൾ (ഔട്ട് ഓഫ് പോക്കറ്റ് എക്സ്പെന്റിച്ചർ) തുടങ്ങിയ ഒട്ടേറെ പ്രശ്നങ്ങൾ ഇതിന് കാരണങ്ങളാണ്. ഇതിനുപുറമെ പ്രായമായവർ അനുഭവിക്കുന്ന ആരോഗ്യ പ്രശ്നങ്ങളും, മാനസികാരോഗ്യ പ്രശ്നങ്ങളും റോഡപകടങ്ങളും നാം അഭിമുഖീകരിക്കുന്നു. ആരോഗ്യ മേഖലയിലെ പ്രവർത്തനങ്ങൾ കാര്യക്ഷമവും പ്രാമാണികവും ആകുന്നതോടൊപ്പം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ആരോഗ്യ - ഇതര മേഖലകളിലുള്ള ഇടപെടലുകൾ ശക്തമാക്കേണ്ടത് പ്രശ്നപരിഹാരത്തിന് അത്യന്താപേക്ഷിതമാണ്.

ജില്ലയുടെ ആരോഗ്യ അവസ്ഥാ വിശകലനം

സംസ്ഥാനത്തെ ഏറ്റവും കൂടുതൽ ജനസാന്ദ്രതയുള്ള ജില്ലയാണ് തിരുവനന്തപുരം. ജനസംഖ്യാടിസ്ഥാനത്തിൽ രണ്ടാം സ്ഥാനത്ത് നിൽക്കുന്ന ജില്ലയിൽ 1508 ആളുകൾ ഒരു ചതുരശ്ര കിലോമീറ്റർ സ്ഥലത്ത് വസിക്കുന്നു. ഇതിൽ തിരുവനന്തപുരം താലൂക്കിലെ ജനസാന്ദ്രത ചതുരശ്രകീലോമീറ്ററിന് 3109 ആണ്. ജനസാന്ദ്രത കുറവ് നെടുമങ്ങാട് താലൂക്കിൽ ആണ്. ജനസാന്ദ്രത ഏറ്റവും കൂടുതലുള്ള ജില്ലകളിൽ ഒന്നായതിനാൽ നഗരാസൂത്രണ തലത്തിൽ ജനസാന്ദ്രത മൂലമുള്ള പ്രശ്നങ്ങൾ നിയന്ത്രിക്കുകയും ഒഴിവാക്കുകയും ചെയ്യുന്നതിലേക്കുള്ള മാർഗ്ഗങ്ങൾ അവലംബിക്കേണ്ടതുണ്ട്. വർദ്ധിച്ചു വരുന്ന ജനസാന്ദ്രത കണക്കിലെടുത്ത് നിലവിലുള്ള ആരോഗ്യ സ്ഥാപനങ്ങളുടെ അടിസ്ഥാന സൗകര്യവും സേവനലഭ്യതയും വികസിപ്പിക്കുകയും ശക്തിപ്പെടുത്തുകയും ചെയ്യേണ്ടതുണ്ട്.

ജനസംഖ്യയിൽ 3.9% പേർ 60 വയസ്സിനു മുകളിൽ പ്രായമുള്ളവരാകയാൽ ആരോഗ്യ മേഖലയുടെ എല്ലാ തലങ്ങളിലും വാർദ്ധക്യ സുരക്ഷാപദ്ധതികൾ രൂപീകരിക്കുകയും നടപ്പിലാക്കുകയും ചെയ്യേണ്ടതുണ്ട്. ജനനമരണ രജിസ്ട്രേഷൻ സംവിധാനത്തിൽ നൂതനമായ മാറ്റങ്ങൾ കൊണ്ടുവരുകയും എല്ലാ മരണങ്ങളും മെഡിക്കൽ സർട്ടിഫിക്കേഷൻ നടത്തേണ്ടതുമാണ്. നിലവിൽ അംഗീകൃത ഡോക്ടർ സ്ഥിരീകരിച്ചിട്ടുള്ള മരണങ്ങൾ മാത്രമാണ് രജിസ്റ്റർ ചെയ്യുന്നത്.

ജില്ലയിൽ ശിശു മരണനിരക്ക് 2016 ൽ 5.5/1000 ഉം നവജാതശിശുമരണനിരക്ക് 2016-ൽ 3.9/1000 ഉം ക്രൂഡ് മരണനിരക്ക് (കേരള) എസ്.ആർ.എസ് 2015 ലെ കണക്കു പ്രകാരം 6.6 ഉം ആണ്. നിലവിലെ സ്ഥിതി പരിശോധിച്ചതിൽ നിന്നും ശിശുമരണത്തിന്റെ പ്രധാനകാരണം ഹൃദയസംബന്ധമായ അസുഖങ്ങളും ജനിതകവൈകല്യങ്ങളും ആണ്. 13 ശതമാനം നവജാത ശിശുക്കൾക്ക് ജനനത്തൂക്കം കുറവാണ് (<2.5kg). എന്നാൽ ഹൃദ്രോഗങ്ങളും ജനിതക വൈകല്യങ്ങളും ഗർഭാവസ്ഥയിൽത്തന്നെ കണ്ടെത്തുന്നതിനുള്ള സംവിധാനങ്ങളുടെ അപര്യാപ്ത നിലനിൽക്കുന്നു. അഞ്ച് വയസ്സിൽ താഴെയുള്ള കുട്ടികളുടെ ഇടയിൽ പെൺകുട്ടികളുടെ അനുപാതം കുറഞ്ഞു വരുന്നത് ആശങ്കാജനകമാണ്. കുട്ടികളിലെ വയറിളക്കരോഗങ്ങൾ, ശ്വാസകോശ സംബന്ധമായ രോഗങ്ങൾ, പോഷകാഹാരക്കുറവ് എന്നീ പ്രശ്നങ്ങൾക്ക് അർഹമായ പരിഗണനയും പരിചരണവും ലഭിക്കുന്നുവെന്ന് ഉറപ്പു വരുത്തേണ്ടതുണ്ട്. കാര്യക്ഷമമായ റഫറൽ സേവനങ്ങൾ Failure to Thrive പോലെയുള്ള കേസുകളിൽ സമയോചിതമായി ലഭ്യമാക്കേണ്ടതുണ്ട്. കുട്ടികളിലെ വൈകല്യങ്ങൾ നേരത്തേ കണ്ടെത്തി ചികിത്സ ഉറപ്പു വരുത്തുന്നതിനായി പ്രസവം നടക്കുന്ന എല്ലാ ആശുപത്രികളിലും സ്ക്രീനിംഗ്/സ്കാനിംഗ് സംവിധാനം ഏർപ്പെടുത്തേണ്ടതുണ്ട്.

DEIC (District Early Intervention Centres) മുഖാന്തിരം ഭിന്നശേഷിയുള്ള എല്ലാ കുട്ടികളുടെയും പുനരധിവാസം ഉറപ്പാക്കേണ്ടതാണ്.

ജില്ലയിലെ കണക്കുകൾ പ്രകാരം 2016 ലെ മാതൃമരണ നിരക്ക് 33.9/1000 Live Births ആണ്. 14 മാതൃമരണങ്ങൾ ഉണ്ടായതിൽ ഏറിയവയും ഗർഭകാല രക്താതിമർദ്ദം മൂലം ആയിരുന്നു. നിലവിൽ ഗർഭകാല ആരോഗ്യപരിരക്ഷ എല്ലാ തലത്തിലുള്ള ആശുപത്രികളിലും ഉറപ്പാക്കേണ്ടതാണ്. മാതൃമരണനിരക്ക് കുറയ്ക്കുന്നതിനായി സബ്സെന്റർ തലത്തിൽ ഗർഭകാല സേവനങ്ങൾ നൽകി വളരെ നേരത്തേ തന്നെ അപകട സാധ്യതകൾ കണ്ടെത്തി കൃത്യസമയത്ത് റഫർ ചെയ്യേണ്ടതുമാണ്. ആദിവാസി തീരദേശ മേഖലകളിൽ സമഗ്രമായ ഗർഭകാലപരിചരണം, സ്കാനിംഗ് ഉൾപ്പെടെയുള്ള ടെസ്റ്റുകളുടെ ലഭ്യത ഉറപ്പാക്കൽ, അടിയന്തിര പ്രസവ ശസ്ത്രക്രിയാ സൗകര്യം, രക്തഘടക സൂക്ഷിപ്പു കേന്ദ്രം, ആംബുലൻസ് സൗകര്യം എന്നിവ ഉറപ്പു വരുത്തേണ്ടതാണ്. നിലവിൽ ആ പ്രദേശങ്ങളിൽ സ്ഥിതി ചെയ്യുന്ന ആശുപത്രികളിൽ അടിയന്തിര പ്രസവ ചികിത്സയ്ക്കും റഫറലിനും സൗകര്യം ഉറപ്പാക്കേണ്ടതാണ്.

ജില്ലയിൽ തിരുവനന്തപുരം കോർപ്പറേഷനിലും നാല് മുനിസിപ്പാലിറ്റികളിലും 16 പഞ്ചായത്തുകളിലും മാത്രമേ സർക്കാർ, സ്വകാര്യ മേഖലകളിൽ പ്രസവചികിത്സാ സൗകര്യം ലഭ്യമാകുന്നുള്ളൂ. പ്രസവചികിത്സാ സൗകര്യം ലഭ്യമാക്കുന്ന എല്ലാ സ്ഥാപനങ്ങളിലും യഥാസമയം രക്തഘടകങ്ങൾ ലഭ്യമാക്കാനുള്ള സൗകര്യങ്ങളില്ല. പ്രസവവുമായി ബന്ധപ്പെട്ട സേവനങ്ങൾ മിക്ക പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിലും നൽകപ്പെടുന്നില്ല. പ്രസവസൗകര്യമുള്ള സർക്കാർ ചികിത്സാ സ്ഥാപനങ്ങളിൽ എത്തിചേരുന്നതിന് ആദിവാസി മേഖലകളിൽ രോഗികൾക്ക് 40 കിലോമീറ്റർ വരെ സഞ്ചരിക്കേണ്ട അവസ്ഥ നിലനിൽക്കുന്നു. തീരപ്രദേശത്താകട്ടെ വലിയതുറയിൽ പ്രസവ സൗകര്യമുള്ള ഒരു സ്പെഷ്യാലിറ്റി ആശുപത്രിയുണ്ട്. എന്നാൽ പ്രസവവുമായി ബന്ധപ്പെട്ട സേവനങ്ങൾ ഒന്നും നൽകപ്പെടുന്നില്ല. തീരപ്രദേശത്ത് വർക്കല, ചിറയിൻകീഴ് താലൂക്ക് ആശുപത്രികളിൽ മാത്രമാണ് പ്രസവ ശുശ്രൂഷ നൽകുന്നത്.

കേരളത്തിൽ സമീപകാലത്ത് നടന്ന ഗുലാത്ത് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിനാൻസ് ആന്റ് ടാക്സിയേഷന്റെ (ഗിഫ്റ്റ്) പഠനങ്ങൾ പ്രകാരം ആകെ 40 ലക്ഷം ഇതര സംസ്ഥാന തൊഴിലാളികൾ പണിയെടുക്കുന്നു. അതിൽ 18% പേർ ജില്ലയിലാണ്. അന്യസംസ്ഥാന തൊഴിലാളികളുടെ അമ്പരപ്പിക്കുന്ന വർദ്ധനവ് ഇവരുടെ സുരക്ഷിതത്വം ഉറപ്പു വരുത്തുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കേണ്ട ആവശ്യകതയിലേക്ക് വിരൽ ചൂണ്ടുന്നു. അവർക്കായി ആരോഗ്യ ക്ലാസ്സുകൾ, ആരോഗ്യ ഇൻഷൂറൻസ് പദ്ധതികൾ, ആരോഗ്യ സേവനങ്ങൾ എന്നിവ നൽകേണ്ടതാണ്. കൂടാതെ ഇതര സംസ്ഥാന തൊഴിലാളികളുടെ രോഗനിർണ്ണയ പരിശോധനാക്യാമ്പുകളും രോഗ ചികിത്സയും ആരോഗ്യ ക്ലാസ്സുകളും ആരോഗ്യ ഇൻഷൂറൻസ് പദ്ധതികളും ആരോഗ്യസദ്ധത സേവനങ്ങളും ശരിയാം വിധം നടത്തുന്നുവെന്ന് ഉറപ്പുവരുത്തുകയും വേണം.

ആരോഗ്യ പ്രശ്നങ്ങൾ

- പകർച്ചാവ്യാധികളായ ഡെങ്കിപ്പനി, എലിപ്പനി, മലമ്പനി മുതലായവയുടെ പ്രാചുര്യം.
- ജീവിതശൈലീ രോഗങ്ങളുടെ വർദ്ധനവ്.
- ആദിവാസി മേഖലയിലെ പ്രത്യേക ആരോഗ്യ പ്രശ്നങ്ങൾ
- ആരോഗ്യ സ്ഥാപനങ്ങളിലെ ഭൗതിക ചികിത്സാ സൗകര്യങ്ങളുടെ അപര്യാപ്തത.
- അന്യസംസ്ഥാന തൊഴിലാളികൾ ഉയർത്തുന്ന ആരോഗ്യ പ്രശ്നങ്ങൾ
- വർദ്ധിച്ചുവരുന്ന മാനസികാരോഗ്യ പ്രശ്നങ്ങൾ
- ലഹരിവസ്തുക്കളുടെ വർദ്ധിച്ചുവരുന്ന ഉപഭോഗം മൂലമുള്ള ആരോഗ്യ പ്രശ്നങ്ങൾ
- റോഡപകടങ്ങളുടെ വർദ്ധനവ്
- വയോജനങ്ങളുടെ ആരോഗ്യപ്രശ്നങ്ങൾ
- സാന്ത്വന പരിചരണ സംവിധാനങ്ങളുടെ അപര്യാപ്തത.
- ട്രോമാകെയർ യൂണിറ്റുകളുടെ കുറവ്.
- ആരോഗ്യ പരിപാടികളുടെ കാര്യക്ഷമമായ നടത്തിപ്പിന് ആവശ്യമായ ഫണ്ടുകളുടെ അപര്യാപ്തത.
- തീരദേശ വാസികൾ നേരിടുന്ന പ്രശ്നങ്ങൾ
- ഭിന്നശേഷിക്കാരുടെ ആരോഗ്യപ്രശ്നങ്ങൾ

വികസനപ്രശ്നങ്ങൾ

ജില്ലയിൽ ജനസംഖ്യാ വളർച്ചാനിരക്ക് കുറഞ്ഞു വരുന്നതായി കാണപ്പെടുന്നു. സ്ത്രീ–പുരുഷ ലിംഗാനുപാതം അഞ്ച് വയസ്സിൽ താഴെയുള്ള കുട്ടികളുടെ ഇടയിൽ പെൺകുട്ടികളുടെ അനുപാതം കുറഞ്ഞു വരുന്നത് ആശങ്കാജനകമാണ്. ജനസാന്ദ്രത ഏറ്റവും കൂടുതലുള്ള ജില്ലകളിൽ ഒന്നായതിനാൽ നഗരാസൂത്രണ തലത്തിൽ ജനസാന്ദ്രത മൂലമുള്ള പ്രശ്നങ്ങൾ നിയന്ത്രിക്കുകയും ഒഴിവാക്കുകയും ചെയ്യുന്നതിലേക്കുള്ള മാർഗ്ഗങ്ങൾ അവലംബിക്കേണ്ടതുണ്ട്. വർദ്ധിച്ചു വരുന്ന ജനസംഖ്യ–സാന്ദ്രത കണക്കിലെടുത്ത് നിലവിലുള്ള ആരോഗ്യ സ്ഥാപനങ്ങളുടെ അടിസ്ഥാന സൗകര്യവും സേവനലഭ്യതയും വികസിപ്പിക്കുകയും ശക്തിപ്പെടുത്തുകയും ചെയ്യേണ്ടതുണ്ട്. 13.9% ജനസംഖ്യ 60 വയസ്സിനു മുകളിലുള്ള പ്രായപരിധിയിൽപ്പെട്ടവരാകയാൽ ആരോഗ്യ മേഖലയുടെ എല്ലാ തലങ്ങളിലും വാർദ്ധക്യ സുരക്ഷാപദ്ധതികൾ രൂപീകരിക്കുകയും നടപ്പിലാക്കുകയും ചെയ്യേണ്ടതുണ്ട്. ജനനമരണ രജിസ്ട്രേഷൻ സംവിധാനത്തിൽ നൂതനമായ മാറ്റങ്ങൾ കൊണ്ടുവരുകയും എല്ലാ മരണങ്ങളും മെഡിക്കൽ സർട്ടിഫിക്കേഷൻ നടത്തേണ്ടതും ആണ്. നിലവിൽ അംഗീകൃത ഡോക്ടർ സ്ഥിരീകരിച്ചിട്ടുള്ള മരണങ്ങളുടെ അടിസ്ഥാനത്തിൽ 12.87% മരണങ്ങൾ മാത്രമാണ് രജിസ്റ്റർ ചെയിതിട്ടുള്ളത്. ഇക്കാര്യത്തിൽ കേരളം 24–ാം സ്ഥാനത്താണ്. ഗോവയിൽ ഇത് 100% ആണ്.

വിടവുകൾ

- മാതൃകാ ജില്ലാആശുപത്രി ആയ തിരുവനന്തപുരം ജനറൽ ആശുപത്രി നാളിതുവരെ ഒരു തദ്ദേശസ്വയംഭരണ സ്ഥാപനത്തിനും കൈമാറപ്പെട്ടിട്ടില്ല ആയതിനാൽ നടത്തിപ്പ്/ പ്രവർത്തനം എന്നിവയിൽ നിലവാരമോ ഏകോപനമോ സാധ്യമായിട്ടില്ല.
- ജില്ലയിൽ ഏറ്റവും ജനസാന്ദ്രതയുള്ള കോർപ്പറേഷൻ വാർഡുകൾക്ക് കുടുംബക്ഷേമ ഉപകേന്ദ്രതല സേവനങ്ങൾ ലഭ്യമല്ല. ആരോഗ്യപ്രവർത്തകർ ഇതര തൊഴിലുകൾ ചെയ്തുവരുന്നു.
- സി.ഡി.ബ്ലോക്കുകളും, ഹെൽത്ത് ബ്ലോക്കുകളും ഒന്നല്ലാത്തതിനാൽ പല ബ്ലോക്കുകൾക്കും ഒന്നിലേറെ സാമൂഹികാരോഗ്യ കേന്ദ്രങ്ങളുടെ ചുമതലയുണ്ട്.
- കുടുംബാരോഗ്യകേന്ദ്രങ്ങൾ, സാമൂഹികാരോഗ്യ കേന്ദ്രങ്ങൾ എന്നിവയ്ക്കു വേണ്ട മാനവവിഭവ ശേഷി ഉറപ്പാക്കാനുള്ള പദ്ധതികൾ നാളിതുവരെ അതതു തദ്ദേശസ്വയം ഭരണസ്ഥാപനങ്ങൾ റിവിഷൻ ചെയ്തു കാണുന്നില്ല.
- പകർച്ചവ്യാധി, പകർച്ചേതര വ്യാധികൾ എന്നിവയുടെ രീതിക്രമം, ചികിത്സാമാനദണ്ഡങ്ങൾ, സെറോളജി എന്നിവയുടെ അക്കാദമിക് വിടവുകൾ നികത്താനായി പ്രാദേശിക പഠനങ്ങൾ നിർബന്ധമാക്കുക.
- സംസ്ഥാന ആരോഗ്യ വകുപ്പിനു കീഴിൽ ജില്ലയിൽ പ്രാഥമിക അർബുദ നിർണ്ണയ യൂണിറ്റ് ജില്ലാപഞ്ചായത്തിനു കീഴിൽ ലഭ്യമല്ല.
- ക്യാൻസർ സമഗ്രചികിത്സയ്ക്ക് റേഡിയേഷൻ/ കീമോതെറാപ്പി ഉൾപ്പെടെയുള്ള സംവിധാനങ്ങൾ ജില്ലയിൽ ആരോഗ്യവകുപ്പിനു കീഴിൽ ലഭ്യമല്ല.
- ജനറൽ ആശുപത്രിയിൽ ന്യൂറോ സർജറി, സി.റ്റി.വി.എസ്, ഇൻഫക്ഷ്യസ് ഡിസീസ്, റുമറ്റോളജി/ ഇമ്മ്യൂണോളജി എന്നീ വിഭാഗങ്ങൾ നിലവിലില്ല.
- സാമൂഹികാരോഗ്യ കേന്ദ്രങ്ങളുടെയും കുടുംബാരോഗ്യ കേന്ദ്രങ്ങളുടെയും നിലവാര ഉയർച്ച തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾ നേരിട്ട് നടപ്പിലാക്കേണ്ടതാണ്.

പകർച്ചവ്യാധികൾ

കഴിഞ്ഞ സാമ്പത്തിക വർഷം കേരളം നേരിട്ടത് ഭീകരമായ ഒരു പകർച്ചവ്യാധി കാലത്തിനെയാണ്. 2016 നെ അപേക്ഷിച്ച് ഏതാണ്ട് 10 മടങ്ങിൽ കൂടുതൽ രോഗബാധിതരായിരുന്ന അസാധാരണമായ പനിക്കാലം ജനുവരി മുതൽ ആഗസ്റ്റ് വരെ നീണ്ടുനിന്നു. കോർപ്പറേഷനിലും, ചുറ്റുമുള്ള പഞ്ചായത്തിലുമായി നിരവധി മരണങ്ങളും പ്രാണിജന്യ രോഗങ്ങളുടെ എണ്ണവും പതിൻമടങ്ങ് വർദ്ധിച്ചു. ഇവർക്ക് അടിയന്തിര ചികിത്സ നല്കാൻ ആരോഗ്യവകുപ്പ് സ്ഥാപനങ്ങൾ ഏറെ പ്രയാസപ്പെട്ടു. മാലിന്യ സംസ്കരണത്തിന്റെ അഭാവം മൂലം എലിശല്യം, പട്ടിശല്യം, ഓടകളുടെ ഒഴുക്ക് തടസ്സപ്പെട്ടതിനാൽ കൊതുക് ശല്യം എന്നിവ ഈ രോഗാവസ്ഥ വരും വർഷങ്ങളിലും ആവർത്തിക്കാൻ കാരണമാകും.

കോർപ്പറേഷൻ മേഖലയിൽ ഉപകേന്ദ്രതല പ്രവർത്തനങ്ങൾ നടക്കാത്ത വാർഡുകളിലാണ് പകർച്ച വ്യാധികളുടെ ദുരിതഫലമനുഭവിക്കുന്നത്.

2017–ൽ തിരുവനന്തപുരം കോർപ്പറേഷനുകളിലെയും മുനിസിപ്പാലിറ്റികളിലെയും ഗ്രാമപഞ്ചായത്തുകളിലെയും വിവിധ വാർഡുകളിൽ ഉണ്ടായ പകർച്ചവ്യാധികളുടെ കണക്ക് താഴെപ്പറയും പ്രകാരമാണ്.

പട്ടിക: 4.2.1.1

പകർച്ചവ്യാധികൾ –2017 – കോർപ്പറേഷൻ, മുനിസിപ്പാലിറ്റി, ഗ്രാമപഞ്ചായത്തുകൾ

വാർഡ് നം.	സ്ഥാപനത്തിന്റെ പേര്	യു.പി.എച്ച്.സി	വാർഡിന്റെ പേര്	ഡെങ്കി	ചിക്കൻ കുനിയ	മലേറിയ	ലപ്റ്റോ	സ്ക്രബ്	ഹെപ്പ. എ	എച്ച്1 എൻ1
7	കോർപ്പറേഷൻ		ഇടവക്കോട്	14						
11			ഞാണ്ടൂർക്കോണം	12						
15			കേശവദാസപുരം	12			1	1		
16			മെഡിക്കൽകോളേജ്	126			1	1		2
17			പട്ടം	163	1		2	2		
22		യു.പി.എച്ച്.സി, വട്ടിയൂർക്കാവ്	ശാസ്തമംഗലം	81			1			1
41			വലിയവിള	21						
38			പി.റ്റി.പി നഗർ	43			3	1		
36			വട്ടിയൂർക്കാവ്	141			1			
24		യു.പി.എച്ച്.സി, നന്തൻകോട്	കുറവൻകോണം	26						
25			നന്തൻകോട്	27						
39			പാങ്ങോട്	35						
47		യു.പി.എച്ച്.സി, തൃക്കണ്ണാപുരം	മുടവൻമുഗൾ	30			2			
48			തൃക്കണ്ണാപുരം	159	1		2			
51			പുന്നയ്ക്കാമുകൾ	74	1					
40			തിരുമല	380	4	2	3	2		2
55		യു.പി.എച്ച്.സി, കല്ലടിമുഖം	കാലടി	29				1		
67			അമ്പലത്തറ	95						
68		യു.പി.എച്ച്.സി, കളിപ്പാൻകുളം	കമലേശ്വരം	35						
69			കളിപ്പാൻകുളം	19						
72			മണക്കാട്	298			7	1		1
71		യു.പി.എച്ച്.സി, ചാല	ചാല	66	5	2	1			1
54			നെടുങ്കാട്	8						
46			ആറന്നൂർ	7						
73		യു.പി.എച്ച്.സി, കുര്യാത്തി	കുര്യാത്തി	16		1				
70			ആറ്റുക്കാൽ	39						
45			കരമന	341			2	1		
74			പുത്തൻപള്ളി	8						
79			ശ്രീവരാഹം	9			1			
81		യു.പി.എച്ച്.സി, സെക്രട്ടറിയേറ്റ്	തമ്പാനൂർ	46				1		
44			ജഗതി	36						
27			പാളയം	52		1		1		
29			വഴുതയ്ക്കാട്	19			3	1		
76		യു.പി.എച്ച്.സി, പാൽകുളങ്ങര	ബീമാപള്ളി ഈസ്റ്റ്	25						
83			ശ്രീകണ്ഠേശ്വരം	11						1
84			പെരുന്താന്നി	14						
85			പാൽകുളങ്ങര	21						
86		യു.പി.എച്ച്.സി, ചാക്ക	ചാക്ക	50						
82			വഞ്ചിയൂർ	94	1		1			
93			പേട്ട	74				1		
94		യു.പി.എച്ച്.സി, കണ്ണമ്മൂല	കണ്ണമ്മൂല	48						
18			മുട്ടട	100						
23			കവടിയാർ	110		1		1		
30			കാഞ്ഞിരംപാറ	25			3	2		
26			കുന്നുക്കുഴി	29				1		1
96			ആക്കുളം	14						
43	പി.പി.യൂണിറ്റ്, തൈക്കാട്		ഒലിയശാല	12						
28			തൈക്കാട്	41						
31	പി.പി.യൂണിറ്റ്, പേരൂർക്കട		പേരൂർക്കട	310		1	16	8		
42	പി.പി.യൂണിറ്റ്, പൂജപ്പുര		പൂജപ്പുര	211	5		6	2	1	
78	പി.പി.യൂണിറ്റ്, ഫോർട്ട്		മുട്ടത്തറ	25	2	1	2			
80			ഫോർട്ട്	42				1		
88			വളളക്കടവ്	297			4	2		

90		യു.പി.എച്ച്.സി, വെട്ടുക്കാട്	വെട്ടുക്കാട്	43			1			
89			ശംഖുമുഖം	27						
87			വലിയതുറ	185		2	7	2		
77			ബീമാപള്ളി വെസ്റ്റ്	358			9	1		
57	തിരുവല്ലം		പുഞ്ചക്കരി	39			1			1
58			പൂങ്കുളം	32				1		1
64			വെള്ളാർ	67			1			
65			തിരുവല്ലം	289			6	5	1	
75	പൂന്തുറ		മാണിക്ക്യവിളാകം	105				1		
66			പൂന്തുറ	335		1	5			
4	പാങ്ങപ്പാറ		ശ്രീകാര്യം	153			2	1		
5			ചെറുവയ്ക്കൽ	16				1		1
6			ഉള്ളൂർ	91	1		2			2
8			ചെല്ലമംഗലം	17						
9			ചെമ്പഴന്തി	47						
10			പൗഡിക്കോണം	80		1				1
13			മണ്ണന്തല	31			1	1		
14			നാലാഞ്ചിറ	90			4	1		
1	പുത്തൻ തോപ്പ്		കഴക്കൂട്ടം	205			3	2		1
2			ചന്തവിള	28			1		1	
3			കാട്ടായിക്കോണം	75			2	1		
49	നേമം		പൊന്നുമംഗലം	228			1			
50	നേമം സോൺ		നേമം	389			2	3		
52			പാപ്പനംകോട്	395			2	1		2
53			ഈസ്റ്റ്	288			8	1		
56			മേലാങ്കോട്	28						
19	ചെട്ടിവിളാകം		കുടപ്പനക്കുന്ന്	90	2		2	1		
20			പാതിരപ്പള്ളി	22						
21			ചെട്ടിവിളാകം	76			5	2		
12			കിണവൂർ	10						
32	വട്ടിയൂർക്കാവ്		തുരുത്തും മൂല	24			2			
33			നെട്ടയം	302		1	5	3		
34			കാച്ചാണി	54						
35			വാഴോട്ടുകോണം	167	1		5	2		
37			കൊടുങ്ങാനൂർ	122			5	1		
91	കടകംപള്ളി		കരിക്കകം	131	1		5	2	2	
92			കടകംപള്ളി	105		2	3	1	4	2
95			അണമുഖം	21						
60	മുക്കോല		മുളളൂർ	88		2		3		
61			കോട്ടപ്പുറം	48		1	3	2		
62			വിഴിഞ്ഞം	28				1		
63			ഹാർബർ	117		1	1	1		
59			വെങ്ങാനൂർ	17						
97	വേളി		കുളത്തൂർ	47			1	1		1
98			ആറ്റിപ്ര	12						
99			പൗണ്ട് ക്കടവ്	111			2	3		1
100			പള്ളിത്തുറ	17						
ആകെ				9270	25	20	159	75	9	22

നഗരസഭാടിസ്ഥാനത്തിൽ

ക്രമ നം	നഗരസഭ	ഡെങ്കി	ചിക്കൻ കുനിയ	മലേറിയ	സ്ക്രബ്	ലപ്റ്റോ	എച്ച്1 എൻ 1	ഹെപ്പ. എ
1	നെടുമങ്ങാട്	191			11	10	2	
2	നെയ്യാറ്റിൻകര	275			1	5		
3	വർക്കല	160		2	1		3	
4	ആറ്റിങ്ങൽ	246				1	3	2
ആകെ		872	0	2	13	16	8	2

പഞ്ചായത്തടിസ്ഥാനത്തിൽ

ക്രമ നം	ഗ്രാമ പഞ്ചായത്ത്	ഡെങ്കി	ചിക്കൻ കുനിയ	മലേറിയ	സ്ക്രബ്	ലപ്റ്റോ	എച്ച്1 എൻ 1	ഹെപ്പ. എ
1	പാറശ്ശാല	78		1		4		
2	കാരോട്	20		1		1		
3	കുളത്തൂർ	48		4	1		1	
4	ചെങ്കൽ	52		1		1		
5	തിരുപുറം	36						
6	പൂവ്വാർ	80					2	
7	വെള്ളറട	37				1		
8	കുന്നത്തുകാൽ	25		1	1	2		
9	കൊല്ലയിൽ	72			2	2		

10	പെരുങ്കടവിള	74				2	2	
11	ആര്യങ്കോട്	17					1	
12	ഒറ്റശേഖരമംഗലം	32				1	1	
13	കള്ളിക്കാട്	28						
14	അമ്പൂരി	11				1		
15	അതിയന്നൂർ	117			2	3		
16	കാഞ്ഞിരംകുളം	46						
17	കരുംകുളം	85				3		
18	കോട്ടുകാൽ	123			2	4		
19	വെങ്ങാനൂർ	592			4	7	1	
20	മാറനല്ലൂർ	183				4		
21	ബാലരാമപുരം	466	1		1	6		
22	പള്ളിച്ചൽ	620	3		3	21	1	1
23	മലയിൻകീഴ്	227			4	9	1	
24	വിളപ്പിൽ	287	1		1	9		4
25	വിളവൂർക്കൽ	509	2		3	4		
26	കല്ലിയൂർ	471	1		1	16		
27	പോത്തൻകോട്	145		1	3	2		
28	മംഗലപുരം	88			1	2	2	
29	അണ്ടൂർക്കോണം	87		1		1		
30	കഠിനംകുളം	114						
31	കാട്ടാക്കട	197			3	7	3	
32	വെള്ളനാട്	88	2	1	8	7		
33	പൂവച്ചൽ	63			1	1		
34	ആര്യനാട്	56			2	4		
35	വിതുര	56		4	3	8	2	
36	കുറ്റിച്ചൽ	22		1	1	1		
37	ഉഴമലയ്ക്കൽ	15						
38	തൊളിക്കോട്	24			1	2		1
39	കരകുളം	402	1		16	22	1	
40	അരുവിക്കര	153	2	1	8	17		
41	വെമ്പായം	118	1	3	9	3	1	
42	ആനാട്	59			7	7		
43	പനവൂർ	27			1	1		
44	വാമനപുരം	132			4	4	1	1
45	മാണിക്കൽ	28				1	4	
46	നെല്ലനാട്	5						
47	പുല്ലമ്പാറ	10						
48	നന്ദിയോട്	24		1		1		
49	പെരിങ്ങമ്മല	35				2		
50	കല്ലറ	41				2	1	
51	പാങ്ങോട്	15	1			3		
52	പുളിമാത്ത്	44		1	1			
53	കരവാരം	78						
54	നഗരൂർ	102				1	1	
55	പഴയകുന്നുമ്മൽ	47						
56	കിളിമാനൂർ	60					1	1
57	നാവായിക്കുളം	75				2	1	
58	മടവൂർ	10		1			1	
59	പള്ളിക്കൽ	20					2	
60	അഴൂർ	67			1		2	
61	കടയ്ക്കാവൂർ	76				1		
62	വക്കം	40					1	1
63	കിഴുവിലം	88		1				
64	മുദാക്കൽ	118						
65	വെട്ടൂർ	50		1		1		
66	ചെറുന്നിയൂർ	24					1	
67	ഇലകമൺ	12		2				
68	ചെമ്മരുതി	39					1	
69	മണമ്പൂർ	21						
70	അഞ്ചുതെങ്ങ്	25						
71	ചിറയിൻകീഴ്	254			1	1		
72	ഇടവ	37						
73	ഒറ്റൂർ	22						
ആകെ		7674	15	27	96	205	38	9

ജില്ലയിൽ 2017–ൽ ഏറ്റവും കൂടുതലായി കാണപ്പെട്ട പകർച്ച വ്യാധികളുടെ സ്പോട്ട് പ്രസന്റേഷൻ ചുവടെ കാണിക്കുന്നു.

Fig: 1
ഡെങ്കിപ്പനി – ജൂൺ, ജൂലൈ മാസം



Fig: 2
ലെപ്റ്റോ – എലിപ്പനി – ജൂലൈ



Fig: 3
സ്ക്രെബ് ടൈഫസ്-ചെള്ള് പനി - ജൂലൈ



Fig: 4
ചിക്കുൻ ഗുനിയ - ജൂലൈ



ജലജന്യരോഗങ്ങൾ (ഹെപ്പറ്റൈറ്റിസ് A. മുതലായവ)

ജില്ലയിൽ തീരദേശമേഖലകളിലാണ് ജലജന്യരോഗങ്ങൾ കൂടുതലായി കാണപ്പെടുന്നത്. അടുത്തിടെ നടന്ന സെസ്സിന്റെ പഠനത്തിൽ അശാസ്ത്രീയമായ ഖര ദ്രവ മാലിന്യ നിർമ്മാർജ്ജനം കൊണ്ട് ഭൂഗർഭജലം മലിനമാകുന്നത് ത്വരിതപ്പെടുകയാണ്. ഈ പഠനത്തിൽ ജില്ലയിലെ ജല സാമ്പിളുകൾ പരിശോധിച്ചതിൽ ഏതാണ്ട് 40% സാമ്പിളുകളിൽ Faecal Coliforms ന്റെ സാന്നിദ്ധ്യം ഉണ്ടായിരുന്നു. ജില്ലയിലെ 90% ഭൂഗർഭജല സാമ്പിളുകളിലും പി.എച്ച് മൂല്യം 6.5 ൽ (Minimum BIS/WHO Standard for drinking water) താഴെയായിരുന്നു.

കുഷ്ഠരോഗം

ലോകത്താകമാനമുള്ള കുഷ്ഠരോഗ ബാധിതരുടെ 40% വും ഇന്ത്യയിലാണ്. കേരളത്തിൽ പത്തനംതിട്ട, ഇടുക്കി, വയനാട് എന്നിവിടങ്ങളിൽ കുറഞ്ഞ നിരക്കിലും മറ്റ് ജില്ലകളിൽ ഏറിയ തോതിൽ കുഷ്ഠരോഗബാധ കണ്ടു വരുന്നു. തിരുവനന്തപുരം ജില്ലയിൽ, പ്രാചുര്യം 0.24 ഉം, ആനുവൽ ന്യൂ കേസ് ഡിറ്റക്ഷൻ റേറ്റിൽ 1,00,000 പേരിൽ 2.41 ശതമാനമാണ്. കുഷ്ഠരോഗ ബാധിതരുടെ ലിംഗാനുപാതം 26:69 ആണ്. കുഷ്ഠരോഗ ബാധമൂലമുള്ള രണ്ടാം തരം വൈകല്യം ജില്ലയിൽ 19.4% ആണ്. ഇത് ലോക ശരാശരി 6.6% നേക്കാൾ വളരെ കൂടുതലാണ്.

നിലവിൽ കുഷ്ഠരോഗവുമായി കഴിയുന്ന 100% രോഗികളെ ചികിത്സയിലേയ്ക്ക് എത്തിക്കാൻ കഴിയാത്ത സാഹചര്യമാണുള്ളത്. പല ആദിവാസി ഊരുകളിലും ചികിത്സയ്ക്ക്

വിമുഖത കാട്ടുന്ന ആളുകൾ ഇന്നും ഉണ്ട്. നിലവിൽ റീ-കൺസ്ട്രക്റ്റീവ് സർജറി സംസ്ഥാനത്തിൽ നടത്തുന്നത് കേന്ദ്രസർക്കാരിന്റെ അനുമതിയുള്ള ഒരു എൻ.ജി.ഒ മാത്രമാണുള്ളത്. ഈ സർജറിക്ക് വേണ്ടി കാത്തിരിക്കുന്നവർ 59-ഓളം ഉണ്ട്. എല്ലാ സ്കൂളുകളിലും അംഗൻവാടികളിലും സ്പെഷ്യൽ ലെപ്രസി ക്യാമ്പുകൾ നടത്തി തുടക്കത്തിലേ രോഗം കണ്ടുപിടിക്കേണ്ടതുണ്ട്. ഇൻകുബേഷൻ പീരീഡിൽ രോഗിയുമായി സമ്പർക്കം പുലർത്തുന്നവരേയും അയൽവാസികളേയും സ്ക്രീൻ ചെയ്യേണ്ടതാണ്. കൂടാതെ ആദിവാസികൾ, തീരദേശവാസികൾ, നഗരവാസികൾ, ചേരിനിവാസികൾ എന്നിവരെ ഉൾപ്പെടുത്തി സ്പെഷ്യൽ ലെപ്രസി ക്യാമ്പുകൾ സംഘടിപ്പിക്കേണ്ടതുണ്ട്.

മന്ത് രോഗം

ജില്ലയിൽ മന്ത് രോഗം നിർമ്മാർജ്ജന അവസ്ഥയിലാണ്. എങ്കിലും ഇതര സംസ്ഥാന തൊഴിലാളികൾക്കിടയിൽ മന്ത് രോഗികളുടെ എണ്ണം (24/1300) കൂടുതലാണ്. മന്ത് രോഗം പരത്തുന്ന കൊതുകുകളുടെ സാന്നിദ്ധ്യം നിലനിൽക്കുന്നത് മൂലം ഈ അവസ്ഥയിൽ ഇതര സംസ്ഥാന തൊഴിലാളികളിൽ നിന്നും പൊതുജനാരോഗ്യത്തിന് ഹാനികരമായി രീതിയിൽ മന്ത് രോഗം പിടിപെടാനുള്ള സാധ്യത നിലനിൽക്കുന്നു.

ക്ഷയരോഗം

2016 ൽ ഏകദേശം 1069 കഫത്തിൽ അണുക്കൾ ഉള്ള ക്ഷയരോഗം സ്ഥിരീകരിക്കപ്പെട്ടിട്ടുണ്ട് . 2014 മുതൽ 2016 വരയെുള്ള കാലഘട്ടം പരിശോധിച്ചാൽ രോഗനിർണ്ണയം കുറഞ്ഞുവരുന്നു. ഇത് ക്ഷയരോഗം നിർമ്മാർജ്ജനം ചെയ്യുന്നതിന് കേരളം എന്തുകൊണ്ടും അനുയോജ്യമായ അവസ്ഥയിൽ ആണെന്നാണ് കാണിക്കുന്നത്. എന്നിരുന്നാലും കൃത്യമായ ചികിത്സ പിന്തുടരാത്തതുമൂലം മരുന്ന് ഫലിക്കാത്തവരുടെ എണ്ണം കൂടിവരുകയും, മരണനിരക്ക് കൂടിവരികയും ചെയ്യുന്നു. വീടുകളിലുള്ള ക്ഷയരോഗികളുമായി സമ്പർക്കം പുലർത്തുന്ന ആൾക്കാരെ കണ്ടുപിടിച്ച് അവരുടെ അസുഖം നേരത്തേ തിരിച്ചറിയാത്തത് രോഗനിരക്ക് കൂട്ടാനിടയായിട്ടുണ്ട്.

എച്ച്.ഐ.വി./എയ്ഡ്സ്

2014 മുതൽ 2017 വരെയുള്ള കാലഘട്ടത്തിൽ ജില്ലയിൽ 802 എച്ച്.ഐ.വി. അണുബാധിതർ ഉള്ളതായി കണക്കാക്കിയിട്ടുണ്ട്. രോഗനിർണ്ണയം ചെയ്ത മുഴുവൻ പേരെയും എ.ആർ.റ്റി. ചികിത്സയിലേയ്ക്ക് കൊണ്ടുവരുവാൻ കഴിയുന്നില്ല. ഭിന്നലിംഗക്കാരെ കേന്ദ്രീകരിച്ച് പ്രത്യേക പ്രവർത്തനങ്ങൾ സജ്ജമാക്കുക, എ.ആർ.റ്റി രജിസ്ട്രഷൻ കൂട്ടുക, എച്ച്.ഐ.വി. രോഗികൾക്ക് മതിയായ ആരോഗ്യസേവനങ്ങൾ ഉറപ്പു വരുത്തുക എന്നിങ്ങനെയുള്ള പ്രവർത്തനങ്ങൾ നടത്തേണ്ടതുണ്ട്.

മാനസികാരോഗ്യം

കഴിഞ്ഞ ദേശീയ മാനസികാരോഗ്യ സർവ്വേ പ്രകാരം മാനസികരോഗങ്ങളുടെ പ്രാചുര്യം 11.4% ഉണ്ട്. അതിൽ തന്നെ നഗരങ്ങളിൽ 13.5%-ഉം ഗ്രാമ പ്രദേശങ്ങളിൽ 6.9%-ഉം ആണ്. വിഷാദരോഗം, ബൈപോളാർ മൂഡ് ഡിസോഡേർസ്, ഡില്യൂഷണൽ ഡിസോഡേർസ്, ലഹരി മരുന്നുകളുടെ ദുരുപയോഗം, സൈക്കോ സെക്ഷ്വൽ ഡിസോഡേർസ്, ഉറക്ക സംബന്ധമായ അസുഖങ്ങൾ എന്നിവയാണ് പ്രധാനമായും കണ്ടുവരുന്നത്. ജില്ലയിൽ അധികമായി കാണുന്നത് ഇടയ്ക്കിയ്ക്ക് വരുന്ന വിഷാദരോഗങ്ങൾ ആണ്. പേരൂർക്കട മാനസികാരോഗ്യ കേന്ദ്രം, ജനറൽ ആശുപത്രികൾ, ജില്ലാആശുപത്രികൾ, ജില്ലാമാനസികാരോഗ്യ പരിപാടി (ഡി.എം.എച്ച്.പി) എന്നിവ മുഖാന്തിരമാണ് ജില്ലയിൽ ചികിത്സ ലഭ്യമാക്കുന്നത്. ഒരു മാസം ഏതാണ്ട് 20 മുതൽ 25 വരെ ക്ലിനിക്കുകൾ ജില്ലയുടെ വിവിധ ഭാഗങ്ങളിലായി നടത്തി വരുന്നുണ്ട്. ഓരോ മാസവും 110 മുതൽ 150 വരെ പുതിയ രോഗികൾ രജിസ്റ്റർ ചെയ്യുന്നു. കൂടാതെ പ്രതിമാസം 700-ൽ അധികം രോഗികൾ സ്ഥിരമായി ക്ലിനിക്കുകളിൽ തുടർ ചിത്സയ്ക്ക് എത്തുന്നുണ്ട്.

ജീവിതശൈലീ രോഗങ്ങൾ

ജില്ലയിൽ ഹൃദയസംബന്ധമായ അസുഖബാധിതരുടെ എണ്ണം 2011-ലെ കണക്കുകൾ പ്രകാരം 3.5% ആയി കണക്കാക്കപ്പെട്ടിരിക്കുന്നു (1993 ൽ 1.4%). 5.9% പുരുഷന്മാരിലും 4% സ്ത്രീകളിലും ശ്വാസകോശചുരുക്കം കാണപ്പെടുന്നു. ഗ്രാമപ്രദേശങ്ങളിലെ പ്രമേഹത്തിന്റെ സാധ്യത 20.6 % ആണ്. 45 നും 69 നും ഇടയിലുള്ള മൂന്നിൽ രണ്ട് ഭാഗം ആൾക്കാർക്കും പ്രമേഹമോ പ്രീഡയബറ്റിക് ആണെന്നാണ് കണക്കാക്കപ്പെട്ടിരിക്കുന്നത്. വിദ്യാഭ്യാസപരമായി പിന്നാക്കം നിൽക്കുന്ന ആൾക്കാരിലാണ് പ്രമേഹം കൂടുതലായും

സ്ഥിരീകരിക്കപ്പെട്ടിട്ടുള്ളത്. വ്യായാമരാഹിത്യം, പൊണ്ണത്തടി എന്നിവയാണ് ഒട്ടുമിക്ക ജീവിതശൈലീ രോഗങ്ങൾക്കും കാരണമാകുന്നത്.

മദ്യവും മറ്റ് ലഹരി പദാർത്ഥങ്ങളുടെ ഉപയോഗം

കേരളത്തിലെ കണക്കുകൾ പ്രകാരം 18 വയസ്സിനു മുകളിൽ 22.4 % ജനത മദ്യവും ലഹരി പദാർത്ഥങ്ങളും ഉപയോഗിക്കുന്നതായി കണക്കാക്കപ്പെട്ടിരിക്കുന്നു. ക്രൈം റിക്കോർഡ് ബ്യൂറോയുടെ കണക്ക് പ്രകാരം 205157 കേസുകൾ (കോട്പാ) രജിസ്റ്റർ ചെയ്തിട്ടുണ്ട്. എന്നാൽ 2012 ലെ കണക്ക് പ്രകാരം ഇത് 6270 ആയിരുന്നു. മദ്യത്തിന്റെ ഉപഭോഗം കുറയ്ക്കുന്നതിലേക്കായി ആരോഗ്യ സംഘങ്ങളെ ഉപയോഗിച്ചുകൊണ്ടുള്ള പ്രോജക്ടുകൾ ത്രിതല പഞ്ചായത്തുകൾ ഏറ്റെടുക്കേണ്ടതാണ്. താലൂക്ക് തലത്തിൽ മദ്യാസക്തിയിൽ നിന്ന് ജനങ്ങളെ വിടുതൽ ചെയ്യുന്നതിനുള്ള ഡീ-അഡിക്ഷൻ സേവനങ്ങൾ ഉറപ്പ് വരുത്തേണ്ടതുമാണ്

അർബുദം

കേരളത്തിലെ ഒരു ലക്ഷം ആൾക്കാരിൽ 172.2 ആണ് അർബുദ നിരക്ക്. ജില്ലയിലെ അർബുദ പരിചരണ യൂണിറ്റിൽ കീമോതെറാപ്പി, റേഡിയോതെറാപ്പി സേവനങ്ങൾ ലഭ്യമല്ല. അശാസ്ത്രീയമായ മാലിന്യ സംസ്കരണം അർബുദ സാധ്യത കൂട്ടുന്നതിന് കാരണമാകുന്നു.

റോഡ് അപകടങ്ങൾ

2016 ൽ കേരളത്തിൽ 39420 റോഡ് അപകടങ്ങൾ ഉണ്ടായിട്ടുണ്ട്. ഇതിൽ 4287 പേർ മരണപ്പെട്ടു. ജില്ലയിൽ 2453 അപകടങ്ങൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ദ്വിതല ട്രോമാ കെയർ സംവിധാനം, ഫാസ്റ്റ് എന്നിവ നടപ്പിലാക്കുക, 24 മണിക്കൂറും പ്രവർത്തിക്കുന്ന ഹെൽപ്പ് ലൈൻ സംവിധാനത്തിൽ ആശുപത്രികളെയും ആംബുലൻസിനെയും സംയോജിപ്പിക്കുക, അപകടത്തിൽപ്പെടുന്ന രോഗിയെ തിരിച്ചറിയുന്നതിനും അത്യാഹിത ചികിത്സ ലഭ്യമാക്കുന്നതിനും ഇ-ഹെൽത്ത് സംവിധാനം ഉപയോഗപ്പെടുത്തുക തുടങ്ങിയ പ്രവർത്തനങ്ങൾ അടിയന്തിരമായി നടത്തേണ്ടതാണ്.

പാലിയേറ്റീവ് കെയർ

നിലവിൽ എല്ലാ ഗ്രാമ പഞ്ചായത്തുകളിലും ബ്ലോക്ക്-ജില്ലാ പഞ്ചായത്തുകളുടെ കീഴിലും പാലിയേറ്റീവ് കെയർ പദ്ധതി നടപ്പിലാക്കുന്നുണ്ട്. താലൂക്ക് ആശുപത്രികളുടെ കീഴിൽ സെക്കന്ററി ലെവൽ പാലിയേറ്റീവ് പരിചരണം നടത്തി വരുന്നു. ജില്ലയിലെ എല്ലാ ഗ്രാമപഞ്ചായത്ത് പ്രദേശങ്ങളിലും പ്രതിമാസം 16-ഓളം പാലിയേറ്റീവ് ഹോം കെയർ വിസിറ്റുകൾ നടന്നു വരുന്നു. നിലവിൽ എല്ലാ പഞ്ചായത്തുകളിലും 150-ൽ അധികം കേസുകളിൽ പാലിയേറ്റീവ് കെയർ വേണ്ടി വരുന്നു. എന്നാൽ എല്ലാ പഞ്ചായത്തുകളിലും ഒരു പാലിയേറ്റീവ് കെയർ നേഴ്സ് മാത്രമാണ് നിലവിലുള്ളത്. ഇത് അവരുടെ ജോലി ദുർഘടമാക്കുന്നു. കഴിഞ്ഞ കാലങ്ങളിൽ കെ.എം.എസ്.സി.എൽ മുഖാന്തിരം പാലിയേറ്റീവ് കെയറിന് മരുന്ന് വാങ്ങുന്നതിന് വേണ്ടി ഗ്രാമപഞ്ചായത്തുകൾ പ്രോജക്റ്റുകളിലൂടെ വകയിരുത്തി തുക നൽകിയിട്ടും മരുന്നു ലഭ്യമാകാത്ത അവസ്ഥയാണ് നിലവിലുള്ളത്. വരും വർഷങ്ങളിൽ സാമൂഹികാരോഗ്യ കേന്ദ്രങ്ങളിൽ സെക്കന്ററി പാലിയേറ്റീവ് പരിചരണം നൽകുന്നതിനുള്ള സംവിധാനം കൊണ്ടുവരേണ്ടതാണ്.

വയോജന പരിപാലനം

വാർദ്ധക്യത്തിലോ മാറാരോഗങ്ങളിലോ ക്ലേശിക്കുന്നവർക്കും അവരുടെ കുടുംബങ്ങൾക്കും ആശ്വാസങ്ങൾ നൽകി ജീവിതനിലവാരം മെച്ചപ്പെട്ടതാക്കുന്നതിനുള്ള പരിപാടിയാണ്. നിലവിൽ ജനറൽ ആശുപത്രിയിൽ മാത്രമാണ് 4 കിടക്കകളുള്ള ജെറിയാട്രിക് കെയർ യൂണിറ്റും ആഴ്ചയിൽ ഒരു ഒ.പിയും നടന്നു വരുന്നത്. ജില്ലയിലെ മറ്റൊരു ആശുപത്രിയിലും വയോജന പരിപാലനത്തിനുള്ള സൗകര്യങ്ങൾ നിലവിലില്ല.

ജില്ലയിലെ എല്ലാ ആശുപത്രികളിലും ജെറിയാട്രിക് ഒ.പി. സംവിധാനം കൊണ്ടുവരികയും ജനറൽ ആശുപത്രികളിലും താലൂക്ക് ആശുപത്രികളിലും 10 കിടക്കകൾ വീതമുള്ള ജെറിയാട്രിക് ഒ.പി/ഐ.പി. സംവിധാനവും ഡോക്ടർമാർക്കും നേഴ്സുമാർക്കും ജെറിയാട്രിക്സിൽ വിദഗ്ദ്ധ പരിശീലനവും നൽകേണ്ടതുണ്ട്.

ആദിവാസി ആരോഗ്യം

അടിയന്തിര ചികിത്സയും വിദഗ്ദ ചികിത്സയും പ്രസവ ശുശ്രൂഷാ സൗകര്യവും ലഭ്യമാക്കാൻ പര്യാപ്തമായ 24 മണിക്കൂറും പ്രവർത്തിക്കുന്ന പ്രാഥമികാരോഗ്യകേന്ദ്രങ്ങളും റഫറൽ ആശുപത്രികളും കുറ്റിച്ചൽ, അമ്പൂരി, പെരിങ്ങമ്മല മുതലായ സ്ഥലങ്ങളിൽ വനപ്രദേശത്തോട് ചേർന്ന് ലഭ്യമല്ലാത്തത് കാരണം വീട്ടിലെ പ്രസവം, മന്ത്രവാദം,

നാട്ടുചികിത്സ തുടങ്ങിയ ജീവന് ഹാനികരമായേക്കാവുന്ന ചികിത്സാ രീതികൾ സ്വീകരിക്കൽ എന്നിവയ്ക്ക് ആദിവാസികളെ നിർബന്ധിതരാക്കുന്നു. കുറ്റിച്ചൽ, അമ്പൂരി, കള്ളിക്കാട് എന്നീ പഞ്ചായത്ത് പ്രദേശങ്ങളിലെ ആദിവാസി ഊരുകളിൽപ്പെട്ട ഗർഭിണികൾക്ക് പ്രസവ ചികിത്സാ സൗകര്യമുള്ള നെടുമങ്ങാട് ജില്ലാ ആശുപത്രയിൽ എത്തിച്ചേരുന്നതിന് 3–4 മണിക്കൂർ വരെ യാത്ര ചെയ്യേണ്ടതായി വരുന്നു.

കുറ്റിച്ചൽ മേഖലയിലേക്ക് ഒരു ട്രൈബൽ മൊബൈൽ മെഡിക്കൽ യൂണിറ്റ് മാത്രമാണുള്ളത്. എല്ലാ ട്രൈബൽ സെറ്റിൽമെന്റുകളിലും മാസംതോറുമുള്ള മെഡിക്കൽ ക്യാമ്പുകളുടെ സംഘാടനം മൊബൈൽ മെഡിക്കൽ യൂണിറ്റുകളുടെ അഭാവം കാരണം കൃത്യമായി നടത്തുവാൻ സാധിക്കുന്നില്ല. ഗുരുതരാവസ്ഥയിലുള്ള രോഗികൾക്ക് അടിയന്തിര ചികിത്സ നൽകി ഉയർന്ന ആശുപത്രികളിലേക്ക് കൊണ്ടുപോകുന്നതിന് പര്യാപ്തമായ ആധുനിക സൗകര്യങ്ങളുള്ളതും ഫോർവീൽ ഡ്രൈവ് സംവിധാനമുള്ളതുമായ ആംബുലൻസുകൾ ഇല്ല എന്നതും പ്രധാന പ്രശ്നമാണ്.

മദ്യപാനം, പുകവലി, വെറ്റിലമുറുക്ക്, പാൻ മസാല, കഞ്ചാവ് മുതലായവയുടെ ഉപയോഗം കൊണ്ടുള്ള പ്രശ്നങ്ങൾ ആദിവാസി മേഖലയിൽ വ്യാപകമാണ്. നിലവിൽ ആദിവാസി കേന്ദ്രങ്ങളിൽ ലഹരിവസ്തുക്കളുടെ അനിയന്ത്രിതമായ ലഭ്യതയും ലഹരി വിരുദ്ധ ബോധവത്ക്കരണ പ്രവർത്തനങ്ങൾക്ക് തുടർച്ചയില്ലാത്തതും യുവാക്കളെ ആകർഷിക്കാൻ കഴിയാത്തതും ലഹരി വിമോചന ചികിത്സാ സൗകര്യങ്ങൾ സമീപ ആശുപത്രികളിൽ ലഭ്യമല്ലാത്തതും ഇതിന് ആക്കം കൂട്ടുന്നു. ലഹരി വിമോചന ചികിത്സാ സൗകര്യം സർക്കാർ മേഖലയിൽ പേരൂർക്കട മാനസികാരോഗ്യകേന്ദ്രത്തിൽ മാത്രമാണ് ഉള്ളത്. മാനസികാരോഗ്യമില്ലായ്മ, വർദ്ധിച്ച ആത്മഹത്യാ പ്രവണത, വിഷാദം, ഉത്കണ്ഠാ രോഗം എന്നിവയ്ക്ക് കാരണമാകുന്നു.

ആദിവാസിമേഖലയിലെ ആധുനിക ശുചിത്വ അവബോധമില്ലായ്മ, പോഷകാഹാരത്തിന്റെ ലഭ്യതക്കുറവ്, തനത് വിഭവങ്ങളുടെ ഉപയോഗക്കുറവ് എന്നിവ വിളർച്ച പോലുള്ള രോഗങ്ങൾക്ക് കാരണമാകുന്നു.

വിദ്യാഭ്യാസത്തിന്റേയും കൗൺസിലിങ്ങിന്റേയും അപര്യാപ്തത, കുടുംബങ്ങളിലെ അസ്വാരസ്യം എന്നിവ കാരണം സ്ത്രീകൾ മാനസികവും ശാരീരികവുമായ പീഢനം നേരിടുന്നതിനും കുട്ടികൾ പഠനത്തിലും മറ്റ് എല്ലാ മേഖലകളിലും പിന്നോക്കാവസ്ഥയിലേക്ക് എത്തുന്നതിനും കാരണമാകുന്നു.

തീരദേശ ആരോഗ്യം

അഞ്ചുതെങ്ങു മുതൽ പൂവ്വാർ വരെയുള്ള തീരപ്രദേശങ്ങളിൽ 9 ആരോഗ്യ സ്ഥാപനങ്ങൾ ഉണ്ട് എന്നാൽ പ്രസവുമായി ബന്ധപ്പെട്ട സേവനങ്ങൾ നൽകപ്പെടുന്നില്ല. പകുതിയിൽ താഴെ സ്ഥാപനങ്ങൾക്കു മാത്രമേ ഒ. പി. രജിസ്ട്രേഷൻ കൗണ്ടറുകളും ടോക്കൺ സംവിധാനവും ക്യു സംവിധാനവും നിലവിലുള്ളൂ. മാത്രവുമല്ല ഏറെയാളുകളും ഉച്ചയ്ക്ക് ശേഷം മാത്രം ആശ്രയിക്കുന്ന ഈ സ്ഥാപനങ്ങളിൽ പലതും ഉച്ചയ്ക്ക് ശേഷം പ്രവർത്തിക്കുന്നുമില്ല.

തീരദേശത്ത് ഏറെ ബാധിക്കുന്ന കുടിവെള്ള ലഭ്യതകുറവ്, മദ്യം, മയക്കുമരുന്ന്, വെറ്റിലമുറുക്ക്, പുകയില എന്നിവയുടെ ഉപഭോഗം ലഹരി വിമുക്തിക്കായുള്ള ഇടപെടലുകളുടെ ആവശ്യകത ഉറപ്പിക്കുന്നു.

ആരോഗ്യ മേഖലയിലെ സ്ഥാപന വിഭവങ്ങളുടെ അവസ്ഥാ വിശകലനം

ജില്ലയിൽ നിലവിൽ 483 കുടുംബക്ഷേമകേന്ദ്രങ്ങളാണ് ഉള്ളതിൽ 151 കുടുംബക്ഷേമ കേന്ദ്രത്തിന് സ്വന്തമായി കെട്ടിടം നിലവിലില്ലാത്ത സ്ഥിതിവിശേഷമുണ്ട്.

പട്ടിക: 4.2.1.2

ആരോഗ്യ സേവന സ്ഥാപനങ്ങളുടെ അവസ്ഥാ വിശകലനം

ക്രമ നം	ആരോഗ്യ സ്ഥാപനങ്ങൾ	എണ്ണം
1.	മെഡിക്കൽ കോളേജ്	4
	സർക്കാർ	1
	സ്വകാര്യം	3
2.	നേഴ്സിംഗ് കോളേജുകൾ	16
	സർക്കാർ	3
	സ്വകാര്യം	13

3.	പാരാമെഡിക്കൽ ഇൻസ്റ്റിറ്റ്യൂട്ട്	39
	സർക്കാർ	2
	സ്വകാര്യം	37
4.	ഡീ-അഡിക്ഷൻ സെന്റർ	5
	സർക്കാർ	1
	സ്വകാര്യം	4
5	ജില്ലാ ആശുപത്രി	2
6	ജനറൽ ആശുപത്രി	2
7	സ്പെഷ്യാലിറ്റി ആശുപത്രികൾ	7
8	താലൂക്ക് ആശുപത്രികൾ	8
9	സാമൂഹികാരോഗ്യ കേന്ദ്രം	22
10	പ്രാഥമികാരോഗ്യ കേന്ദ്രം	64
11	സ്പെഷ്യൽ ഡിസപെൻസറി	7
12	24 X 7 പ്രാഥമികാരോഗ്യ കേന്ദ്രം	6
13	കുടുംബക്ഷേമ കേന്ദ്രം	483
14	സൂപ്പർ സ്പെഷ്യാലിറ്റി സൗകര്യമുള്ള സ്വകാര്യ ആശുപത്രികൾ	8
15	മറ്റ് സ്വകാര്യ ആശുപത്രികൾ	209

മലയോരമേഖലകളിൽ 2000 ജനസംഖ്യയ്ക്ക് ഒരു ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടറും ഒരു ജൂനിയർ പബ്ലിക് ഹെൽത്ത് നേഴ്സും എന്ന ക്രമം ഏറെക്കുറെ നടപ്പിൽ വരുന്നു. നിലവിൽ കുടുംബക്ഷേമകേന്ദ്രങ്ങൾ കേന്ദ്രീകരിച്ച് 1000 ജനസംഖ്യയ്ക്ക് ഒരു ആശ എന്ന ക്രമത്തിൽ നിലവിലുണ്ട്. ഇവർക്ക് 7 ലെവൽ ട്രെയിനിംഗുകൾ ലഭിച്ചിട്ടുണ്ട്. എന്നാൽ പല ഗ്രാമപഞ്ചായത്ത് പ്രദേശങ്ങളിലും തുടക്കത്തിൽ ഉണ്ടായിരുന്ന പല ആശമാരും ജനപ്രതിനിധികളായും മറ്റ് ജോലികൾ തേടിപ്പോകുകയും ചെയ്തതിനാൽ 1000 ജനസംഖ്യയ്ക്ക് ഒരു ആശ എന്ന നിയമം പാലിക്കപ്പെടുന്നില്ല. അതിനാൽ ഫീൽഡ് വിഭാഗം പ്രവർത്തനങ്ങൾ മന്ദഗതിയിലാണ്. പല പദ്ധതികളിലും സമയക്രമം പാലിച്ച് കൊണ്ടുള്ള പരിശീലന പരിപാടികളുടെ അഭാവവും മിഡിൽ ലെവൽ സൂപ്പർവൈസിങ്ങിന്റെ അഭാവവും കുടുംബക്ഷേമകേന്ദ്രങ്ങളുടെ പ്രവർത്തനത്തെ മന്ദഗതിയിലാക്കുന്നു.

ജില്ലയിൽ ജനസംഖ്യ 33,01,427 ആണെന്നിരിക്കേ 5000-ന് ഒന്ന് എന്ന നിരക്കിൽ ഒരു ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ, ഒരു ജൂനിയർ പബ്ലിക് ഹെൽത്ത് നേഴ്സ് എന്ന ക്രമത്തിൽ 660 ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർമാരും 660 ജൂനിയർ പബ്ലിക് ഹെൽത്ത് നേഴ്സുമാരും വേണ്ടിടത്ത് ആകെ 312 ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർമാരും 527 ജൂനിയർ പബ്ലിക് ഹെൽത്ത് നേഴ്സുമാരും മാത്രമാണ് നിലവിലുള്ളത്. അതിനാൽ ഫീൽഡ്തല പ്രവർത്തനങ്ങൾ യഥാവിധി നടക്കുന്നില്ല.

ഏറ്റവും ഉയർന്ന നിലവാരത്തിലുള്ള വൈദ്യപരിചരണം ഇപ്പോൾ തിരുവനന്തപുരം ജനറൽ ആശുപത്രിയിൽ മാത്രമേ നടപ്പിലാക്കാൻ കഴിയുന്നുള്ളൂ. ട്രോമ കെയർ സംവിധാനം, സ്ട്രോക്ക് ക്ലിനിക്ക്, പ്രമേഹ ക്ലിനിക്ക്, പ്രമേഹ പാദസംരക്ഷണ ക്ലിനിക്ക്, കണ്ണ് പരിശോധന, ഡി-അഡിക്ഷൻ ക്ലിനിക്ക് മുതലായവ ജനറൽ ആശുപത്രി ഒഴികെ മറ്റ് ഒരു പൊതുജനാരോഗ്യ സ്ഥാപനത്തിലും നിലവിലില്ല.

നിലവിലുള്ള സ്ഥാപനങ്ങളിൽ 50%ൽ കുറഞ്ഞ സ്ഥലങ്ങളിൽ മാത്രമേ ഒ.പി. രജിസ്ട്രേഷൻ കൗണ്ടറുകളും ടോക്കൺ സംവിധാനവും നിലവിലുള്ളൂ. ജൈവ മാലിന്യങ്ങൾ കൈകാര്യം ചെയ്യുന്നതിനുള്ള ശാസ്ത്രീയ സംവിധാനങ്ങൾ 10 കേന്ദ്രങ്ങളിലേ നിലവിലുള്ളു. അടിസ്ഥാന സൗകര്യങ്ങളുടെ അഭാവം മൂലം സാമൂഹ്യ ആരോഗ്യ കേന്ദ്രങ്ങൾ എല്ലാം തന്നെ റഫറൽ കേന്ദ്രങ്ങൾ എന്ന നിലയിൽ പ്രവർത്തിക്കുന്നില്ല. ആദിവാസി മേഖലകളിലും തീരപ്രദേശങ്ങളിലുമുള്ള രോഗികൾക്ക് പ്രത്യേക ചികിത്സാ പരിഗണനകൾ നൽകേണ്ടതാണ്.

ജില്ലയിലെ പൊതുജനാരോഗ്യ സ്ഥാപനങ്ങളുടെ ശരിയല്ലാത്ത വിന്യാസങ്ങൾ

ത്രിതല റഫറൽ സംവിധാനം നിലവിൽ ഉണ്ടെങ്കിലും അത് പൂർണ്ണമായി പ്രവർത്തനക്ഷമമല്ല. എല്ലാ ഗ്രാമപഞ്ചായത്തുകളുടെയും കീഴിൽ ഓരോ പ്രാഥമികാരോഗ്യ കേന്ദ്രം പ്രവർത്തിക്കുന്നുണ്ടെങ്കിലും വേണ്ടത്ര യാത്രാസൗകര്യങ്ങൾ ഇല്ലാത്തതിനാൽ പൊതുജനങ്ങൾക്ക് വേണ്ട രീതിയിൽ ഉപകാരപ്രദമല്ല.

Fig:5





അടിസ്ഥാന സൗകര്യങ്ങളുടെ അഭാവം മൂലം സാമൂഹ്യ ആരോഗ്യ കേന്ദ്രങ്ങൾ എല്ലാം തന്നെ റഫറൽ കേന്ദ്രങ്ങൾ എന്ന നിലയിൽ പ്രവർത്തിക്കുന്നില്ല. 2012 ൽ നൽകപ്പെട്ട രോഗികളുടെ കിടത്തി ചികിത്സ സംബന്ധിച്ചുള്ള മാർഗ്ഗരേഖ ഉയർന്ന റഫറൽ സ്ഥാപനങ്ങളിൽ 2020– ഓടുകൂടി നടപ്പിലാക്കേണ്ടതാണ്. ആദിവാസി മേഖലകളിലും തീരപ്രദേശങ്ങളിലുമുള്ള രോഗികൾക്ക് പ്രത്യേക ചികിത്സാ പരിഗണനകൾ നൽകപ്പെടേണ്ടതാണ്.

ജനറൽ, ജില്ലാ, താലൂക്ക് ആശുപത്രികളിൽ നിന്നും ശേഖരിക്കപ്പെട്ട വിവരങ്ങളുടെ അടിസ്ഥാനത്തിൽ നിലവിലുള്ള സേവനങ്ങളും സൗകര്യങ്ങളും ചുവടെ ചേർക്കുന്നു.

- ആശുപത്രികളുടെ ശരാശരി ത്രിതല ആശുപത്രികളുമായുള്ള അകലം 1 കി.മീ. മുതൽ 43 കി.മീ. വരെയുണ്ട്. ഇതിൽ നിന്നും 5 കി.മീറ്ററിൽ കൂടുതൽ ദൂരമുള്ള ആശുപത്രികിളൽ സ്ട്രോക്ക് ക്ലിനിക്ക്, ട്രോമ കെയർ സംവിധാനം, പ്രമേഹ സംബന്ധമായ അത്യാഹിത പരിചരണ സംവിധാനം മുതലായവ ഒരുക്കേണ്ടതാണ്.
- 20% ആശുപത്രികളിൽ മാത്രമേ ഒ.പി.യിൽ രോഗികൾക്കാവശ്യമായ വെയിറ്റിംഗ് സ്ഥലം, ടി.വി, റേഡിയോ തുടങ്ങിയ സംവിധാനങ്ങൾ നിലവിൽ ഉള്ളൂ.

- അത്യാഹിത വിഭാഗത്തിൽ വരുന്നവരെ തരംതിരിച്ച് ചികിത്സ കൊടുക്കുന്നതിനുള്ള സംവിധാനം നിലവിലില്ല. (ട്രയാജ്)
- എല്ലാ പ്രമുഖ ആശുപത്രികളിലും ഇമേജ് എന്ന ഏജൻസി വഴിയാണ് ബയോ മെഡിക്കൽ വേയ്സ്റ്റ് കൈകാര്യം ചെയ്യുന്നത്. എന്നാൽ മറ്റ് മാലിന്യങ്ങൾ സംസ്കരിക്കുന്നതിന് സംവിധാനങ്ങൾ അപര്യാപ്തവും അപൂർണവുമാണ്.
- 80% സ്ഥാപനങ്ങളിലും മരുന്ന് സംഭരണ മുറികൾ ശീതീകരിച്ചിട്ടില്ല. മരുന്നിന്റെ ഗുണനിലവാരം നിലനിർത്തുന്നതിന് ഇത് അത്യന്താപേക്ഷിതമാണ്.
- നാല് പ്രമുഖ ആശുപത്രികളിൽ മാത്രമേ അൾട്രാ സൗണ്ട് സേവനം ലഭ്യമായിട്ടുള്ളു. അത് വിപുലീകരിക്കേണ്ടതാണ്.
- സി.ടി. സ്കാൻ, മാമോഗ്രാം എന്നിവ ജനറൽ ആശുപത്രിയിൽ മാത്രമേ നിലവിലുള്ളു. എം.ആർ.ഐ. ഒരിടത്തും ലഭ്യമല്ല.
- രക്തത്തിലെ വേർതിരിച്ച ഘടകങ്ങളുടെ ലഭ്യത ജനറൽ ആശുപത്രിയിൽ മാത്രമേ നിലവിലുള്ളു. അരമണിക്കൂറിൽ കൂടുതൽ ഇവ ഫ്രിഡ്ജിൽ നിന്നും പുറത്തുവയ്ക്കാൻ പാടില്ലാത്ത സാഹചര്യത്തിൽ മറ്റുള്ള പ്രമുഖ ആശുപത്രികളിൽ കൂടി ഇവ ലഭ്യമാക്കേണ്ടത് അത്യാവശ്യമാണ്. പ്രത്യേകിച്ച് ഡെങ്കിപ്പനി പോലുള്ള അസുഖത്തിന് ഇവ ഒഴിച്ചുകൂടാനാവാത്തതാണ്. രക്തസംഭരണ യൂണിറ്റുകൾ എല്ലാ പ്രമുഖ ആശുപത്രികളിലും ഉണ്ടായിരിക്കേണ്ടതാണ്.
- അംഗപരിമിതർക്ക് വേണ്ടിയുള്ള സൗകര്യങ്ങൾ 40 ശതമാനം പ്രമുഖ ആശുപത്രികളിൽ മാത്രമേ നിലവിലുള്ളു.
- ദ്വീതല സാന്ത്വന പരിചരണ സംവിധാനം രണ്ട് പ്രമുഖ ആശുപത്രികളിൽ നിലവിലില്ല.
- ആശുപത്രി ഉപകരണങ്ങളുടെ കേടുപാടകൾ നീക്കുന്നതിന് കിർലോസ്കർ ഏജൻസിയുടെ സേവനം തൃപ്തികരമല്ല. ഉപകരണങ്ങൾ കാലിബ്രേഷൻ (ഉൾവിസ്താരം) ചെയ്യാനുള്ള സംവിധാനം അപര്യാപ്തമാണ്.
- ഫിസിക്കൽ മെഡിസിൻ വിഭാഗത്തിന്റെ സേവനം 2 ആശുപത്രികളിലേ നിലവിലുള്ളു.
- കീമോതെറാപ്പി സേവനം ഇൻഡ്യൻ പബ്ലിക് ഹെൽത്ത് സ്റ്റാൻഡേർഡ് അനുസരിച്ച് എല്ലാ പ്രമുഖ ആശുപത്രികളിലും വേണ്ടതാണ്. ജനറൽ ആശുപത്രിയിൽ മാത്രമേ നിലവിലുള്ളു.
- പ്രസവ സംബന്ധമായ സേവനം ലഭ്യമാക്കുന്നത് 13 മേജർ ആശുപത്രികളിൽ 5 എണ്ണത്തിൽ മാത്രമാണ്. 3 ആശുപത്രികളിൽ മാത്രമെ ലാപ്പറോസ്കോപ്പിക് സേവനങ്ങൾ നിലവിലുള്ളു.
- കേൾവിക്കുറവിനുള്ള പരിശോധ സംവിധാനം ഒരു ആശുപത്രികളിലും നിലവിലില്ല.
- മോർച്ചറി സൗകര്യം 40% പ്രമുഖ ആശുപത്രികളിലെ നിലവിലുള്ളു.
- സി.എസ്.എസ്.ഡി. സൗകര്യം 2 പ്രമുഖ ആശുപത്രികളിൽ നിലവിൽ ഉണ്ട്.
- ഡയറ്റീഷ്യന്റെ സേവനം 2 ആശുപത്രികളിൽ മാത്രമാണ് ഉള്ളത്.
- മാനസികാരോഗ്യ ക്ലിനിക്കുകൾ കൗൺസിലിംഗ് തുടങ്ങിയവ 3 ആശുപത്രികളിൽ മാത്രമെ നിലവിലുള്ളു.
- ദ്വിതല ആശുപത്രികളിലെ എൻ.സി.ഡി. (ജീവിതശൈലി ക്ലിനിക്ക്) ക്ലിനിക്കുകൾ ആഴ്ചയിലൊരിക്കലാണ് നടക്കുന്നത്.
- ലബോറട്ടറി സേവനങ്ങൾ ഓരോ തരത്തിലുള്ള ആശുപത്രികളിലും ഒരുപോലെ കൊടുക്കേണ്ടതാണ്.
- എല്ലാ പ്രമുഖ ആശുപത്രികളിലും ഗൈനക്കോളജിസ്റ്റിന്റെ സേവനം ലഭ്യമല്ല.
- നെഞ്ചുരോഗ വിഭാഗവും (30%) ത്വക്ക് രോഗവിഭാഗവും (20%) ആശുപത്രികളിലേ നിലവിലുള്ളു. എല്ലാ പ്രമുഖ ആശുപത്രികളിലും ഈ വിഭാഗങ്ങളുടെ സേവനം ഉൾപ്പെടുത്തേണ്ടതാണ്.

- ശിശുരോഗ വിദഗ്ദ്ധന്റെ 24 മണിക്കൂർ നവജാതശിശു പരിരക്ഷ തൈയ്ക്കാട് സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രിയിൽ മാത്രമേ നിലവിലുള്ളു.
- അസ്ഥി സംബന്ധമായ അത്യാഹിത ഓപ്പറേഷനുകൾ ചെയ്യുന്ന സ്ഥാപനങ്ങൾ അപര്യാപ്തമാണ്.
- സ്പെഷ്യൽ ദന്തയൂണിറ്റ് 2 ആശുപത്രികളിലേ നിലവിലുള്ളു.

ജില്ലാ ആരോഗ്യ നയ രൂപീകരണ നിർദ്ദേശങ്ങൾ 2018–2030

- എല്ലാ ആരോഗ്യ സ്ഥാപനങ്ങളും 'ക്യാഷ്' (കേരള അക്രഡിറ്റേഷൻ സ്റ്റാൻഡേർഡ്സ് ഫോർ ഹോസ്പിറ്റൽസ്) നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതിന് വേണ്ടിയുള്ള പദ്ധതികൾ അതാതു തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സഹായത്തോട് കൂടി രൂപീകരിച്ച് നടപ്പിലാക്കുക.
- ആരോഗ്യ മേഖലയിലെ അലോപ്പതി–ആയുർവേദ–ഹോമിയോ–സിദ്ധ–യൂനാനി തുടങ്ങിയ വിഭാഗങ്ങളിലെ എല്ലാ ആരോഗ്യ സ്ഥാപനങ്ങളും 'ആർദ്രം' പദ്ധതിയിൽ ഉൾപ്പെടുത്തി രോഗീ സൗഹൃദ സ്ഥാപനങ്ങളായി മാറ്റുന്നതിന് വേണ്ടിയുള്ള പദ്ധതികൾ ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണസ്ഥാപനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതാണ്.
- സ്വന്തമായി സ്ഥലവും കെട്ടിടവും ഇല്ലാത്ത ആരോഗ്യ സ്ഥാപനങ്ങൾ – ഹോമിയോപ്പതി വിഭാഗത്തിലെ വട്ടിയൂർക്കാവ്, ബീമാപള്ളി, പോത്തൻകോട്, വിതുര, പൂവച്ചൽ, പാങ്ങോട്, വെട്ടുകാട് ആശുപത്രികൾക്കും ആയുർവേദ വിഭാഗത്തിലെ അരുവിക്കര, വിളവൂർക്കൽ, പേരയം, പെരിങ്ങമല, കടകം, പള്ളിക്കൽ, കരകുളം, പൂവാർ, ചെറുന്നിയൂർ, വെട്ടൂർ, പോത്തൻകോട്, മംഗലപുരം എന്നീ ആശുപത്രികൾക്കും അലോപ്പതി വിഭാഗത്തിൽ ഉള്ളൂർ പി.എച്ച്.സി.യും നിരവധി കുടുംബക്ഷേമ കേന്ദ്രങ്ങൾക്കും സ്ഥലവും കെട്ടിടവും ലഭ്യമാക്കുന്നതിനുള്ള പദ്ധതികൾ ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണസ്ഥാപനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതാണ്.
- എല്ലാ ആരോഗ്യ സ്ഥാപനങ്ങളും ഭിന്നശേഷി – ബാല – വയോജന – സ്ത്രീ – ആദിവാസി സൗഹൃദ സ്ഥാപനങ്ങളാക്കുക.
- എല്ലാ വിഭാഗം ആരോഗ്യ സ്ഥാപനങ്ങളും ഇ–ഹെൽത്ത് സംവിധാനത്തിലേക്ക് മാറുവാൻ അനുയോജ്യമായ പദ്ധതികൾ ത്രിതല പഞ്ചായത്ത് തലത്തിൽ സംയോജിത പദ്ധതിയായി നടപ്പിലാക്കുക.
- ആയുഷ് വകുപ്പും ടൂറിസം വകുപ്പും തദ്ദേശ സ്വയംഭരണവകുപ്പുമായി സംയോജിച്ച് വിദേശികൾക്ക് കൂടി ചികിത്സ ലഭിക്കുന്ന തരത്തിൽ അന്താരാഷ്ട്ര നിലവാരത്തിലുള്ള ആയുർവേദ സെന്ററുകൾ കോവളം, വർക്കല, പൂവാർ എന്നിവിടങ്ങളിൽ ആരംഭിക്കുക.
- ഔഷധ സസ്യകൃഷി പ്രോത്സാഹിപ്പിക്കുക – വഴിയോരത്ത് ഒരു വരവൃക്ഷം എന്ന പദ്ധതിയും തരിശിടങ്ങളിൽ ഔഷധകൃഷിയും പ്രോത്സാഹിപ്പിക്കുക.
- ആയുർവേദമേഖലയിൽ എല്ലാ ബ്ലോക്കിലും കിടത്തി ചികിത്സാസൗകര്യം – കുറഞ്ഞത് 4 സ്പെഷ്യാലിറ്റികളും 50 കിടക്കകളും ഉള്ള ആശുപത്രികൾ സജ്ജമാക്കുക. 10 കിടക്കകൾ ഉള്ള ആശുപത്രികളെ 30 കിടക്കകൾ ഉള്ള ആശുപത്രികൾ ആയി ഉയർത്തുക.
- 'സ്പോർട്സ് ആയുർവേദ' എന്ന പ്രോജക്ടിൻ കീഴിൽ ആയുർവേദ സൂപ്പർസ്പെഷ്യാലിറ്റി ആശുപത്രികൾ സ്ഥാപിക്കുകയും നിലവിലുള്ള സ്പോർട്സ് സ്കൂളുകളിൽ ദിവസേന ഒ.പി. ക്ലിനിക്കുകൾ നടപ്പിൽ വരുത്തുകയും ചെയ്യുക.
- പാലിയേറ്റീവ് കെയർ കേന്ദ്രങ്ങളിൽ ചികിത്സയിലുള്ള രോഗികൾക്ക് ആയുഷ് വകുപ്പിന്റെ സേവനങ്ങൾ കൂടി പ്രയോജനപ്പെടുത്തുന്നതിനുള്ള നടപടികൾ.
- ഭിന്നശേഷിക്കാരായ കുട്ടികൾക്ക് വേണ്ടി നിലവിലുള്ളതും നടന്നുവരുന്നതുമായ പദ്ധതികൾ വിപുലീകരിക്കാനും എല്ലാ ഗ്രാമപഞ്ചായത്തുകളിലേയ്ക്കും എത്തിക്കാനും വേണ്ട നടപടികൾ.
- ജില്ലാ ആശുപത്രിയെ 24 മണിക്കൂറും പ്രവർത്തിക്കുന്ന ആശുപത്രി ആയി ഉയർത്തുക.
- ഹോമിയോപ്പതി വിഭാഗത്തിലുള്ള പ്രത്യേക പദ്ധതികൾക്ക് (ജനനി, സീതാലയം, ലഹരി മോചനം) ഐ.പി. സൗകര്യം ഒരുക്കുക.

- തീരദേശ മേഖലയിൽ തൈറോയ്ഡ് ക്യാൻസർ രോഗം പ്രതിരോധിക്കുന്നതിന് ഹോമിയോ ആശുപത്രികൾ സ്ഥാപിക്കുക.
- ഹോമിയോപ്പതിയിൽ നടപ്പിലാക്കി വരുന്ന സവിശേഷ പദ്ധതികൾ താലൂക്ക് ആശുപത്രികളിലേക്കും വ്യാപിപ്പിക്കുക.

പകർച്ചവ്യാധികൾ

- ജില്ലയിലെ പ്രധാന പ്രശ്നമായ പകർച്ചവ്യാധികൾ തടയുന്നതിന് വേണ്ടിയുള്ള പ്രതിരോധ പ്രവർത്തനങ്ങൾ, ഉറവിട നശീകരണം, മാലിന്യ സംസ്കരണം, ബോധവത്കരണം, ശുദ്ധജല ലഭ്യത ഉറപ്പുവരുത്തൽ, ശുചിമുറി, പ്രതിരോധ മരുന്ന് വിതരണം എന്നിവ തദ്ദേശ സ്വയംഭരണസ്ഥാപനങ്ങൾ ആസൂത്രണം ചെയ്ത് നിർബന്ധിത പദ്ധതികളായി നടപ്പിലാക്കേണ്ടതാണ്.
- കോർപ്പറേഷൻ പ്രദേശത്ത് ആണ് കൂടുതലായും മാലിന്യ സംസ്കരണത്തിന്റെ അഭാവത്താൽ പകർച്ചവ്യാധികൾ അധികമായി കാണപ്പെടുന്നത്. ആകയാൽ കോർപ്പറേഷൻ ഹെൽത്ത് ഓഫീസറെയും ഫീൽഡ് വിഭാഗം ജീവനക്കാരെയും ഉൾപ്പെടുത്തി ജില്ലാ മെഡിക്കൽ ഓഫീസറുടെ കീഴിൽ സംയോജിതമായിട്ടുള്ള ഒരു ടീം വർക്കിന് രൂപം കൊടുക്കുക. വാർഡടിസ്ഥാനത്തിൽ ഉപകേന്ദ്രതല സേവനങ്ങൾ ഉറപ്പു വരുത്തണം.
- പകർച്ചവ്യാധികളുടെ ചികിത്സയ്ക്ക് വേണ്ടി വരുന്ന ഔഷധങ്ങൾ, ഉപകരണങ്ങൾ, മറ്റ് അനുബന്ധ സൗകര്യങ്ങൾ എന്നിവയുടെ ലഭ്യത ത്രിതല പഞ്ചായത്ത് സംവിധാനത്തിലൂടെ ഉറപ്പ് വരുത്തുക.
- ജീവിതശൈലീ രോഗങ്ങൾ (പകർച്ചേതര വ്യാധികൾ) – പ്രമേഹം, രക്താതിമർദ്ദം, അമിതവണ്ണം, പക്ഷാഘാതം, ശ്വാസകോശ രോഗങ്ങൾ, ഹൃദ്രോഗം മുതലായവ മുൻകൂർ കണ്ടെത്തുന്നതിനും പ്രതിരോധിക്കുന്നതിനും സമയബന്ധിതമായി ചികിത്സിക്കുന്നതിനും രോഗ സങ്കീർണതകൾ തടയുന്നതിനും വേണ്ടിയുള്ള പദ്ധതികൾ എല്ലാ ആരോഗ്യ സ്ഥാപനങ്ങളിലും ലഭ്യമാക്കുക.
- അർബുദ നിർണ്ണയം, അർബുദ ചികിത്സ എന്നിവയ്ക്ക് വേണ്ട സൗകര്യങ്ങൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ജില്ലാ ആശുപത്രികളിലും താലൂക്ക് ആശുപത്രികളിലും ഉറപ്പുവരുത്തേണ്ടതാണ്.

ആദിവാസി ആരോഗ്യം

ആദിവാസി മേഖലയിലെ ആരോഗ്യ പ്രശ്നങ്ങൾ പ്രത്യേക പരിഗണന കൊടുത്ത് പരിഹരിക്കുന്നതിന് ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണസ്ഥാപനങ്ങൾ പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതാണ്.

- ആദിവാസി മേഖലകളായ വിതുര, കുറ്റിച്ചൽ, അമ്പൂരി, പെരിങ്ങമ്മല പ്രദേശങ്ങളിൽ അടിയന്തിര ചികിത്സാ സംവിധാനങ്ങൾ നടപ്പിൽ വരുത്തുവാൻ വേണ്ടി ഫോർ വീൽ ഡ്രൈവ് സംവിധാനത്തോടെയുള്ള ആംബുലൻസ് സൗകര്യം ഏർപ്പെടുത്തുക.
- കുറ്റിച്ചൽ പ്രാഥമികാരോഗ്യ കേന്ദ്രത്തിൽ പുതുതായി പ്രസവ ചികിത്സാ സൗകര്യം ഏർപ്പെടുത്തുന്നത് ദുർഘട മേഖലയായ കോട്ടൂർ വനമേഖലയിലെ 27 സെറ്റിൽമെന്റിലുമുള്ള ആദിവാസികൾക്ക് വളരെ പ്രയോജനപ്രദമാകും. പാലോട് സാമൂഹികാരോഗ്യ കേന്ദ്രത്തിലും പ്രസവ വിഭാഗവും ശിശുരോഗവിഭാഗവും ഉറപ്പ് വരുത്തേണ്ടതുണ്ട്.
- അർബുദ നിയന്ത്രണ പരിപാടികൾ ആദിവാസി കോളനികളിൽ കൃത്യമായി നടപ്പിലാക്കുക.
- ആദിവാസി മേഖലയിൽ പ്രവർത്തിക്കുന്ന ഇടിഞ്ഞാർ, ചെട്ടിയാംപാറ എന്നീ 2 ആയുർവേദ ഡിസ്പെൻസറികളെ കുറഞ്ഞത് 30 കിടക്കകൾ ഉള്ള ആശുപത്രികളായി ഉയർത്തുക.
- ഹോമിയോ ഡി.എം.ഒ. യുടെ കീഴിൽ ആദിവാസി മേഖലകളിൽ (എസ്.റ്റി) ഹോമിയോ ചികിത്സാ സ്ഥാപനങ്ങൾ ആരംഭിക്കുക.

തീരദേശ ആരോഗ്യം

- തീരദേശപ്രദേശങ്ങളിൽ ലഹരി വിമുക്തിക്കുള്ള സേവനങ്ങൾ, കുടിവെള്ള ലഭ്യത എന്നിവ ഉറപ്പാക്കേണ്ടതാണ്.
- വലിയതുറ, പൂന്തുറ, അഞ്ചുതെങ്ങ്, പൂവ്വാർ എന്നീ സ്ഥലങ്ങളിൽ ഉച്ചയ്ക്ക് ശേഷം ഒ.പി സൗകര്യങ്ങൾ ലഭ്യമാകേണ്ടത് അനിവാര്യമാണ്.
- അർബുദ സാധ്യതയും ഗർഭാശയം സംബന്ധിച്ച മറ്റ് രോഗസാധ്യതകളും കണ്ടെത്തിയതിനാൽ തീരദേശപ്രദേശത്ത് ഗൈനക്കോളജിസ്റ്റിന്റെ സേവനം ഉറപ്പാക്കേണ്ടതാണ്.
- ലഹരി വസ്തുക്കളുടെയും വെറ്റിലയുടെയും ഉപയോഗം വളരെ കൂടുതലായതിനാൽ ആരോഗ്യ അവബോധ ക്ലാസ്സുകൾ ഒരുക്കേണ്ടതാണ്.
- തീരദേശ മേഖലയിൽ മത്സ്യ തുറമുഖ വകുപ്പുകളുമായി സംയോജിപ്പിച്ച് വിഴിഞ്ഞത്ത് 50 കിടക്കകളുള്ള ആയുർവേദ ആശുപത്രി നിർമ്മിക്കുക.

റോഡ് അപകടങ്ങൾ

- ദ്വിതല ട്രോമാ കെയർ സംവിധാനം, ഫാസ്റ്റ് എന്നിവ നടപ്പിലാക്കുക.
- 24 മണിക്കൂറും പ്രവർത്തിക്കുന്ന ഹെൽപ്പ് ലൈൻ സംവിധാനത്തിൽ ആശുപത്രികളെയും ആംബുലൻസിനെയും സംയോജിപ്പിച്ച് നടപ്പിലാക്കുക.
- നിലവിലുള്ള 108 ശൃംഖലയെ മറ്റ് 24x7 പ്രവർത്തന ശേഷിയുള്ള ആംബുലൻസുകളുമായി ജില്ലാ പഞ്ചായത്ത് മുഖേന കരാർ അടിസ്ഥാനത്തിൽ ബന്ധിപ്പിച്ച് അടിയന്തിര സേവനം ഉറപ്പ് വരുത്തുക.
- റോഡപകമരണം കുറയ്ക്കുന്നതിനായി ജില്ലയിലെ അനുയോജ്യമായ സ്ഥലങ്ങൾ കേന്ദ്രീകരിച്ച് (അപകടം നടന്നാൽ 15 മിനിറ്റിനകം എത്തപ്പെടാവുന്ന സ്ഥലങ്ങളിൽ) ഒരു മോഡേൺ ട്രോമാ കെയർ സംവിധാനം ഏർപ്പെടുത്തുക.
- അന്യസംസ്ഥാന തൊഴിലാളികളുടെ ആരോഗ്യ പ്രശ്നങ്ങൾ നേരിടുന്നതിന് സ്ഥിരം സംവിധാനം ഒരുക്കുക. ഹെൽത്ത് കാർഡ് സംവിധാനം എല്ലാ മേഖലയിലെയും തൊഴിലാളികൾക്ക് നിർബന്ധമാക്കുക.
- അന്യസംസ്ഥാന തൊഴിലാളികളുടെ താമസസ്ഥലങ്ങൾ കേന്ദ്രീകരിച്ച്, പ്രതിരോധ കുത്തിവയ്പുകൾ, മാലിന്യ സംസ്കരണം, കുടിവെള്ളം, വ്യക്തിശുചിത്വം, പകർച്ചവ്യാധി നിയന്ത്രണം (ക്ഷയം, കുഷ്ഠം, മലേറിയ, മന്ത് തുടങ്ങിയവയുടെ വർദ്ധിച്ച തോത്), പകർച്ചേതര വ്യാധി നിയന്ത്രണം (വർദ്ധിച്ച പുകയില ഉപഭോഗവും അർബുദ തോതും) എന്നിവയ്ക്ക് പ്രത്യേക പരിഗണന നൽകി പദ്ധതികൾ ആസൂത്രണം ചെയ്യുകയും നിർബന്ധമായും നടപ്പിലാക്കുകയും ചെയ്യണം.
- എൻ.എച്ച്/എം.സി. റോഡുമായി അടുത്ത് നിൽക്കുന്ന സ്ഥാപനങ്ങൾ ആധുനിക സംവിധാനങ്ങളോടുകൂടിയ (FAST, Blood Bank, Ventillatory support) ട്രോമാ കെയർ കേന്ദ്രങ്ങളായി ഉയർത്തുക.

മേൽത്തട്ട് നിർദ്ദേശങ്ങൾ

- തിരുവനന്തപുരം ജില്ലാ, ജനറൽ ആശുപത്രികളെ ജില്ലാ പഞ്ചായത്തിന് കൈമാറുകയും മാനവവിഭവശേഷി വർദ്ധിപ്പിച്ച് കാര്യക്ഷമമായ പ്രവർത്തനം ഉറപ്പ് വരുത്തുകയും ചെയ്യണം.
- ജില്ലാ മാനസികാരോഗ്യ പരിപാടി, ജില്ലാ അർബുദനിർണ്ണയ പരിപാടി എന്നിവയുടെ നടത്തിപ്പ് ഉത്തരവുകളിലൂടെ ഉറപ്പ് വരുത്തുക.
- പകർച്ചവ്യാധി പ്രതിരോധ പ്രവർത്തനത്തിന് പൊതുജനങ്ങളുടെ പങ്കാളിത്തവും ഉത്തരവാദിത്തവും ഉറപ്പു വരുത്താനുള്ള നിയമനിർമ്മാണം നടത്തുക.
- കോർപ്പേറേഷൻ ഹെൽത്ത് സ്റ്റാഫുകളുടെ ഉത്തരവാദിത്തങ്ങൾ ആരോഗ്യ കുടുംബക്ഷേമ പകർച്ചവ്യാധി പ്രതിരോധ പ്രവർത്തനങ്ങൾക്ക് ഊന്നൽ നല്കി പുനർ നിർവചിക്കുക.
- കേരള സർക്കാർ ആരോഗ്യവകുപ്പിനു കീഴിൽ ഒരു 4 വീൽ ഡ്രൈവുള്ള ആംബുലൻസ് സൗകര്യത്തോടെ ട്രൈബൽ മൊബൈൽ യൂണിറ്റ്, ഒരു ഡോക്ടർ, 2 ഫാർമസിസ്റ്റ്, ഒരു സ്റ്റാഫ് നേഴ്സ് എന്നിവ സജ്ജമാക്കുക.

കീഴ്ത്തട്ട് നിർദ്ദേശങ്ങൾ

- ആരോഗ്യ മേഖലയിലെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്താനായി ആർദ്രം പദ്ധതിയിലുൾപ്പെടുന്ന കുടുംബാരോഗ്യ കേന്ദ്രങ്ങളുടെ മാതൃക അനുകരിക്കുകയും ഉപകേന്ദ്രതല പ്രവർത്തനങ്ങൾ ഉറപ്പുവരുത്തുകയും വേണം.

ഗ്രാമപഞ്ചായത്ത്

- സുസ്ഥിര വികസന ലക്ഷ്യങ്ങൾക്കായുള്ള പ്രവർത്തനങ്ങൾ രൂപകല്പന ചെയ്ത് ആരോഗ്യസേന പ്രവർത്തനം ത്വരിതപ്പെടുത്തി ലക്ഷ്യപുരോഗതി ഉറപ്പാക്കുക.
- കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കുന്നതിനും, ആവശ്യമായ മാനവവിഭവശേഷിയും വാഹനസൗകര്യവും ഫീൽഡ് പ്രവർത്തനങ്ങൾക്കായി ലഭ്യമാക്കുന്നതിന് നിർബന്ധിത പദ്ധതികൾ രൂപീകരിക്കുക.

കോർപ്പറേഷൻ

- പകർച്ചവ്യാധി, പകർച്ചേതര വ്യാധി കുടുംബക്ഷേമ പ്രതിരോധത്തിനായി ഓരോ വാർഡിലും ഓരോ സബ്സെന്റർ പ്രവർത്തനം ഉറപ്പുവരുത്തണം. സ്വന്തം/വാടക കെട്ടിടം ഇതിലേക്കായി കൃത്യമായി കണ്ടെത്തേണ്ടതാണ്.
- കൈമാറപ്പെട്ട സ്ഥാപനങ്ങളിൽ ഏറ്റവും മുതിർന്ന ഉദ്യോഗസ്ഥൻ പകർച്ചവ്യാധി/ പകർച്ചേതരവ്യാധി/കുടുംബക്ഷേമ പ്രവർത്തനങ്ങളുടെ അവലോകനവും പ്രവർത്തനക്ഷമത എന്നിവയും ഉറപ്പ് വരുത്തേണ്ടതാണ്.
- സർക്കാർ സ്ഥാപിച്ച ട്രോമകെയർ യൂണിറ്റിന്റെ പ്രവർത്തന വിടവുകൾ കാലികമായി പരിഹരിക്കുകയും (ജി.എച്ച്, നെയ്യാറ്റിൻകര, വിഴിഞ്ഞം/ ആറ്റിങ്ങൽ) എം.സി. റോഡ് കേന്ദ്രീകരിച്ച് കന്യാകുളങ്ങര, കേശവദാസപുരം, നെടുമങ്ങാട് എന്നിവിടങ്ങളിലേക്ക് പുതുതായി സ്ഥാപിക്കാനും മുൻകൈ എടുക്കേണ്ടതാണ്.
- എല്ലാ താലൂക്കാശുപത്രികളിലും ഡെലിവറി പേഷ്യന്റ്സ് ട്രോമ കെയർ സെന്റർ പ്രവർത്തനമാരംഭിക്കേണ്ടതാണ്.
- 2030–ഓടെ എല്ലാ സാമൂഹികാരോഗ്യ കേന്ദ്രങ്ങളിലും പ്രസവ/അനുബന്ധ സേവനങ്ങൾ ഉറപ്പ് വരുത്തേണ്ടതുണ്ട്. കുറ്റിച്ചൽ ആദ്യ ഘട്ടത്തിൽ തന്നെ പ്രസവ/അനുബന്ധ സേവനങ്ങൾ നടപ്പിലാക്കേണ്ടതുണ്ട്. ട്രൈബൽ സ്പെഷ്യാലിറ്റി ആശുപത്രിയായി കുറ്റിച്ചൽ ആരോഗ്യകേന്ദ്രത്തെ ഉയർത്തേണ്ടതുണ്ട്.
- വന്ധ്യതാ ചികിത്സ സൗജന്യമായി ഉറപ്പുവരുത്തുന്ന ഒന്നിലധികം സ്ഥാപനങ്ങളുടെ ആവശ്യകതയുണ്ട്.
- 4 വീൽ ഡ്രൈവുള്ള പൊതുവിതരണ സംവിധാനം എല്ലാ കോളനികളിലും സമയം ലഭ്യമാക്കുക
- കുടിവെള്ള ലഭ്യത ഉറപ്പാക്കുക
- ഓരോ പഞ്ചായത്തിലും ആരോഗ്യപ്രവർത്തനങ്ങൾ വാർഡ് തലത്തിലും വാർഡ് തലത്തിൽ നടക്കുന്ന പ്രവർത്തനങ്ങൾ ഉപകേന്ദ്രതലത്തിലും ഉപകേന്ദ്രതലത്തിൽ നടക്കുന്ന പ്രവർത്തനങ്ങൾ പഞ്ചായത്ത് തലത്തിലും ഏകോപിപ്പിക്കേണ്ടതുണ്ട്. അവയുടെ നിലവാരമുയർത്തുകയും സാങ്കേതിക സഹായം നൽകുകയും ചെയ്യണം. ഉദാ. സന്നദ്ധ പ്രവർത്തകർക്കും മറ്റു ലഘുസേവന ദാതാക്കൾക്കും ആവശ്യമായ സാങ്കേതിക സഹായവും പരിശീലനങ്ങളും നൽകുക.
- ഉപകേന്ദ്രങ്ങൾ സേവനകേന്ദ്രങ്ങളായി മാറണം. എല്ലാത്തരം പ്രാഥമികാരോഗ്യ സേവന ങ്ങളും ഇവിടെ ലഭ്യമാക്കണം. ആയതിനാവശ്യമായ സാധന സാമഗ്രികൾ, ഡ്രസിംഗ്, കുടുബക്ഷേമ സേവനങ്ങൾക്കുള്ള മരുന്നുകൾ, എയർബെഡ്, വീൽചെയർ, വാക്കർ, എല്ലാത്തരം അപേക്ഷാഫോറം, ട്രെയിനിംഗ് സാമഗ്രികൾ, പകർച്ചവ്യാധി നിയന്ത്രണത്തിനാവശ്യമായ സാധനസാമഗ്രികൾ, കമ്പ്യൂട്ടർ, ഇന്റർനെറ്റ് കണക്ടിവിറ്റി തുടങ്ങിയവ ലഭ്യമാക്കേണ്ടതാണ്.

സുസ്ഥിര വികസന ലക്ഷ്യങ്ങൾ (2020)

1. മാതൃമരണം

(1) എസ്.ഡി.ജി സംസ്ഥാന ലക്ഷ്യങ്ങൾ: മാതൃമരണനിരക്ക് 66 ൽ നിന്നും 30 ആക്കുക

(2) തദ്ദേശ സ്വയംഭരണ സ്ഥാപനം: മാതൃമരണമില്ലാത്ത മുനിസിപ്പാലിറ്റി/ നഗരസഭ

(3) നഗരസഭ തല പ്രവർത്തനങ്ങൾ:

- 100% കൗമാരക്കാർക്കും പ്രജനന ആരോഗ്യ സാക്ഷരത നൽകുക
- കൗമാരക്കാരിലെ വിളർച്ച 100% കണ്ടെത്തുക/ തടയുക
- നവദമ്പതികൾ/ വിവാഹം നിശ്ചയിച്ചവർക്ക് ഒരു മാസത്തിനുള്ളിൽ 100% പേർക്കും വൈവാഹിക കൗൺസലിംഗ് നൽകുക.
- എല്ലാ ഗർഭിണികളെയും മൂന്നു മാസത്തിനു മുമ്പ് രജിസ്ററർ ചെയ്യിപ്പിക്കുകയും ജെ.പി.എച്ച്.എൻ നേരിട്ട് സന്ദർശിച്ച് ആവശ്യമായ നിർദ്ദേശങ്ങൾ നൽകുകയും ചെയ്യണം.
- ഗർഭിണികൾക്ക് കൃത്യമായ ഇടവേളകളിൽ ഭാരം, ബി.പി., ഹീമോഗ്ലോബിൻ, ഷുഗർ, മറ്റു രക്ത പരിശോധനകൾ, അൾട്രാസൗണ്ട് സ്കാൻ എന്നിവ നടത്തി വേണ്ട നിർദ്ദേശങ്ങളും ചികിത്സകളും കിട്ടിയെന്ന് ഉറപ്പുവരുത്തുക
- വാക്സിനേഷൻ 100% സമയബന്ധിതമായി ലഭ്യമാക്കുക
- ഗർഭിണികൾ കഴിക്കേണ്ടതായ അളവിൽ ഫോളിക് ആസിഡും, അയൺ ഗുളികകളും കഴിച്ചു എന്ന് ഉറപ്പ് വരുത്തുക
- ഗർഭിണികളിൽ അപായ സാധ്യത ഉള്ളവരെ കണ്ടെത്തുകയും അവരുടെ ആശുപത്രി പ്രസവം സുരക്ഷിതമാക്കി 100% പൂരക പോഷണം ഉറപ്പാക്കുക
- പ്രസവം കഴിഞ്ഞ എല്ലാ അമ്മമാർക്കും തുടർപരിചരണം ഉറപ്പാക്കുക
- സ്ത്രീകൾക്ക് ആരോഗ്യ സംരക്ഷണത്തിന് വേണ്ടി അനുയോജ്യമായ രീതിയിൽ ബർത്ത് പ്ലാൻ തയ്യാറാക്കുക
- ഒറ്റപ്പെട്ട ഭൂപ്രദേശങ്ങളിൽ നിന്നും ആദിവാസി പട്ടിക വർഗ്ഗ സങ്കേതങ്ങളിൽ നിന്നും വരുന്നവർക്ക് സ്ഥാപന തല പ്രസവത്തിന് സഹായിക്കുന്നതിനുള്ള മെറ്റേണിറ്റി ഹോം സ്ഥാപിക്കുക.

2. ശിശുമരണം

(1) എസ്.ഡി.ജി സംസ്ഥാന ലക്ഷ്യങ്ങൾ:

- ശിശുമരണ നിരക്ക് 12 ൽ നിന്ന് 8 ആക്കുക
- നവജാത ശിശു മരണനിരക്ക് 7 ൽ നിന്നും 5 ആക്കുക
- 5 വയസ്സിനു താഴെയുള്ള കുട്ടികളുടെ മരണനിരക്ക് (u5mr) 14 ൽ നിന്നും 9 ആയി കുറയ്ക്കുക

(2) തദ്ദേശ സ്വയംഭരണ സ്ഥാപനം: ശിശു മരണമില്ലാത്ത മുനിപ്പാലിറ്റി/ നഗരസഭ

(3) നഗരസഭ തല പ്രവർത്തനങ്ങൾ:

- ഗർഭധാരണത്തിന് മുമ്പ് 100% സ്ത്രീകളും ഫോളിക് ആസിഡ് ഗുളിക കഴിച്ചു എന്ന് ഉറപ്പ് വരുത്തുക.
- അപായ സാധ്യതയുള്ള അമ്മമാരെ 100% കാലേ കൂട്ടി കണ്ടെത്തുക.
- ഭ്രൂണത്തിന് വളർച്ചക്കുറവ് കണ്ടെത്തിയ അമ്മമാർക്ക് അധികപൂരക പോഷണം ഉറപ്പാക്കുക. അതിൽ അന്യസംസ്ഥാന തൊഴിലാളി സ്ത്രീകളെയും ഉൾപ്പെടുത്തുക
- പ്രതിരോധ കുത്തിവെപ്പ് 100% നൽകുക.
- കുഞ്ഞുങ്ങളിലെ വയറിളക്കരോഗങ്ങൾ, ന്യൂമോണിയ മരണങ്ങൾ എന്നിവ 100% തടയുക
- ശിശുക്കൾക്ക് ആദ്യത്തെ ആറുമാസം മുലപ്പാൽ മാത്രവും 2 വയസ്സുവരെ മറ്റാഹാരത്തോടൊപ്പം മുലപ്പാലും കിട്ടിയെന്ന് ഉറപ്പുവരുത്തുക.
- സാമൂഹ്യപരമായും കുടുംബപരമായും പാർശ്വവൽക്കരിക്കപ്പെവരുടെ (ആദിവാസികൾ, തീരപ്രദേശങ്ങളിൽ താമസിക്കുന്നവർ, ചേരിയിൽ താമസിക്കുന്നവർ തുടങ്ങിയവർ) കുട്ടികൾക്ക് അധിക ശ്രദ്ധ നൽകുക.
- വളർച്ച മോണിറ്ററിംഗ് 100% ഉറപ്പാക്കുക.

3. മഞ്ഞപിത്തവും ജലജന്യ രോഗങ്ങളും

(1) എസ്.ഡി.ജി സംസ്ഥാന ലക്ഷ്യങ്ങൾ:

- വാർഷിക രോഗ ബാധ 50% കുറയ്ക്കുക.
- ഹെപ്പറ്റൈറ്റിസ് കുത്തിവെയ്പ് ജനനത്തോടെ 100% കുട്ടികൾക്കും ലഭ്യമാക്കുക.
- വാർഷിക രോഗ ബാധ 75% കുറയ്ക്കുക.
- കോളറ മരണം തടയുക.

(2) നഗരസഭ തല പ്രവർത്തനങ്ങൾ:

- ശുദ്ധവും അണുവിമുക്തവുമായ കുടിവെള്ളം ലഭ്യമാക്കുക
- കൃത്യമായ ഇടവേളകളിൽ പൊതുകിണറുകളും കുടിവെള്ളസംഭരണികളും ക്ലോറിനേഷൻ ചെയ്യുക. ജലഗുണനിലവാരം പരിശോധനയിലൂടെ ഉറപ്പു വരുത്തുക
- ഭക്ഷണം കൈകാര്യം ചെയ്യുന്ന സ്ഥാപനങ്ങളുടെ ശുചിത്വവും അവിടുത്തെ ജീവനക്കാരുടെ ശുചിത്വവും ആരോഗ്യവും ഉറപ്പു വരുത്തുക (ഹെൽത്ത് കാർഡ്)
- വ്യക്തിശുചിത്വവും പരിസരശുചിത്വവും ബോധവൽക്കരണത്തിലൂടെ മെച്ചപ്പെടുത്തുക
- കുടിവെള്ള സ്രോതസ്സിൽ നിന്നും നിശ്ചിത അകലം പാലിച്ച് മാത്രം കക്കൂസ്, മലിനജല ടാങ്ക് നിർമ്മാണത്തിന് അനുമതി നൽകുക.
- ശാസ്ത്രീയമായ മലിനജല മാനേജ്മെന്റ്
- Dangerous & offensive ട്രേഡ് ഇൻസ്പെക്ഷൻ ശക്തമാക്കുക
- ശാസ്ത്രീയമായ കൈകഴുകൽ രീതി പരിശീലിപ്പിക്കുക
- ഉത്സവ കേന്ദ്രങ്ങളിലെ ഭക്ഷ്യസുരക്ഷ ഉറപ്പാക്കുക

4. കുഷ്ഠം

(1) എസ്.ഡി.ജി സംസ്ഥാന ലക്ഷ്യങ്ങൾ:

- കുഷ്ഠരോഗ ബാധ നിരക്ക് 0.1 നും താഴെയാക്കുക.
- കുട്ടികളിലെ കുഷ്ഠരോഗബാധ നിരക്ക് 10 ലക്ഷത്തിൽ 1.17 എന്നത് 0.6 ൽ താഴെയാക്കുക.
- കുഷ്ഠരോഗ ബാധ മൂലം കുട്ടികളിൽ അംഗവൈകല്യം ഉണ്ടാക്കാതെ നോക്കുക.
- ഗ്രേഡ് ii അംഗ വൈകല്യം 10 ലക്ഷത്തിൽ 1.2 ൽ നിന്നും 1 ൽ താഴെയാക്കുക.
- കുഷ്ഠരോഗം നേരത്തെ കണ്ടെത്തി ചികിത്സ നൽകലും അംഗവൈകല്യം ഉള്ളവരുടെ പുനരധിവാസവും.

(2) നഗരസഭ തല പ്രവർത്തനങ്ങൾ:

- സ്കൂൾതല, സമൂഹതല സ്ക്രീനിംഗ് ശക്തിപ്പെടുത്തുക
- മുനിസിപ്പാലിറ്റി / നഗരസഭ തലത്തിന് രോഗികളുടെ ലിസ്റ്റ് തയ്യാറാക്കുക
- രോഗം മൂലം ഉണ്ടായ അംഗവൈകല്യങ്ങൾ തുടർ ചികിത്സയും പുനരധിവാസവും ഉറപ്പാക്കുക

5. മന്ത്

(1) എസ്.ഡി.ജി സംസ്ഥാന ലക്ഷ്യങ്ങൾ:

- രക്തത്തിലെ മൈക്രോ ഫൈലേറിയ നിരക്ക് 2020 ഓടു കൂടി 1% ന് താഴെ ആക്കുക.
- ഫൈലേറിയ രോഗബാധ 100% തടയുക
- നിലവിലുള്ള രോഗികൾക്ക് 100% വും പരിചരണം ഉറപ്പാക്കൽ

(2) നഗരസഭ തല പ്രവർത്തനങ്ങൾ:

- രാത്രികാല രക്തപരിശോധനയിലൂടെ സമൂഹത്തിലെ മന്ത് വിരയുടെ നിരക്ക് കണ്ടെത്തുക
- രോഗം മൂർച്ഛിച്ച അവസ്ഥയിലുള്ള രോഗികൾക്ക് പരിചരണം പ്രാഥമികാരോഗ്യ തലത്തിൽ ലഭ്യമാക്കുക

- ➢ അപകട സാധ്യതയുള്ള വിഭാഗക്കാർക്ക് മുൻകൂർ ചികിത്സ നൽകൽ.
- ➢ കൊതുകിന്റെ ഉറവിടം നീക്കം ചെയ്യുക
- ➢ സമഗ്ര കൊതുക് നിയന്ത്രണ പരിപാടി ആരംഭിക്കുക

6. മലമ്പനി

(1) എസ്.ഡി.ജി സംസ്ഥാന ലക്ഷ്യങ്ങൾ:

- ▪ തദ്ദേശീയ മലമ്പനി രോഗബാധ 100% തടയുക
- ▪ മലമ്പനി മരണം 100% തടയുക

(2) നഗരസഭ തല പ്രവർത്തനങ്ങൾ:

- ➢ തദ്ദേശീയരുടെയും ഇതരസംസ്ഥാന യാത്രക്കാരുടെയും ഇതര സംസ്ഥാന തൊഴിലാളികളുടെയും പനി നിരീക്ഷണം ഊർജ്ജിതമാക്കുക
- ➢ കൊതുക് നിരീക്ഷണ നിയന്ത്രിത പ്രവർത്തനങ്ങൾ ഊർജ്ജിതപ്പെടുത്തുക
- ➢ മലമ്പനി നേരത്തെ കണ്ടെത്തി ചികിത്സിക്കുക
- ➢ നിർമ്മാണ പ്രവർത്തനം നടക്കുന്ന കേന്ദ്രങ്ങളിലെ കൊതുക് നിയന്ത്രണ പ്രവർത്തനങ്ങൾ നിർമ്മാതാവിന്റെ ചുമതലയിൽ തന്നെ നടക്കുന്നുവെന്ന് ഉറപ്പുവരുത്തുക
- ➢ രോഗപകർച്ചാ സാധ്യത കൂടുതലുള്ള ആൾക്കാരുടെ സ്ക്രീനിംഗ് നടത്തുക
- ➢ പാഴ് വസ്തു പരിപാലനം കുറ്റമറ്റതാക്കുക
- ➢ സമഗ്ര കൊതുക് നിയന്ത്രണപരിപാടി നടപ്പിലാക്കുക

7. ക്ഷയം

(1) എസ്.ഡി.ജി സംസ്ഥാന ലക്ഷ്യങ്ങൾ:

- ❖ ടി. ബി. മരണനിരക്ക് പ്രതിവർഷം 1000 ൽ നിന്നും 650 ആയി കുറയ്ക്കുക
- ❖ പുതുതായി ടി. ബി. ബാധിക്കുന്നവരുടെ നിരക്ക് നിലവിലുള്ളതിൽ നിന്നും 25% കുറയ്ക്കുക
- ❖ ക്ഷയരോഗ മരണം ഒഴിവാക്കൽ
- ❖ എം. ഡി. ആർ. ടി. ബി. യുടെ വ്യാപനം തടയുക
- ❖ ക്ഷയരോഗ ചികിത്സാഭാരം 2020 ഓട് കൂടി ഇല്ലാതാക്കുക

(2) നഗരസഭ തല പ്രവർത്തനങ്ങൾ:

- ➢ 2 ആഴ്ചയിൽ കൂടുതൽ സമയം ചുമയുള്ള എല്ലാവരുടെയും കഫപരിശോധന
- ➢ നിലവിലുള്ള മുഴുവൻ കേസുകളും കണ്ടെത്തൽ
- ➢ കണ്ടെത്താവുന്ന രോഗികൾക്ക് dots ചികിത്സ നൽകൽ
- ➢ രോഗികളുടെ വീടുകളിലെ കുട്ടികൾക്ക് മുൻകൂർ ചികിത്സ നൽകൽ
- ➢ കൂടെ താമസിക്കുന്നവരുടെ സ്ക്രീനിംഗും പൊതു സ്ക്രീനിംഗും
- ➢ ആസ്ത്മ രോഗികളെ കണ്ടെത്തി ഇൻഹൈലർ ചികിത്സ നൽകൽ

8. എച്ച്.ഐ.വി/എയ്ഡ്സ്

(1) എസ്.ഡി.ജി സംസ്ഥാന ലക്ഷ്യങ്ങൾ:

- ❖ ചികിത്സ 90% രോഗികൾക്കും 2020 ഓടെ ലഭിക്കുക
- ❖ 90% എച്ച്.ഐ.വി രോഗികളെയും കണ്ടുപിടിക്കൽ
- ❖ എച്ച്.ഐ.വി/എയ്ഡ്സ് രോഗബാധ തടയുക
- ❖ രോഗികൾക്ക് സാന്ത്വനവും പിന്തുണയും നൽകി ജീവിത ഗുണനിലവാരം മെച്ചപ്പെടുത്തുക, മരണം തടയുക

(2) നഗരസഭ തല പ്രവർത്തനങ്ങൾ:

- ➢ FICTC എല്ലാ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിലെ ബോധവൽക്കരണം
- ➢ രോഗികൾക്കും കുടുംബത്തിനും ചികിത്സയും പിന്തുണയും

- ➢ ജനനേന്ദ്രിയ രോഗങ്ങളും ലൈംഗിക രോഗങ്ങളും ഉള്ളവർക്ക് ചികിത്സയും പരിചരണവും നൽകുക
- ➢ കൗമാര ആരോഗ്യ വിദ്യാഭ്യാസം സ്കൂളുകളിൽ ഉറപ്പു വരുത്തുക

9. മാനസികാരോഗ്യം

(1) എസ്.ഡി.ജി സംസ്ഥാന ലക്ഷ്യങ്ങൾ:

- വിദ്യാർത്ഥികളുടെ വൈകാരിക പ്രശ്നങ്ങളും പെരുമാറ്റത്തിലുമുള്ള പ്രശ്നങ്ങൾ 30% ൽ നിന്നും 10% താഴെ ആക്കുക
- ആത്മഹത്യ നിരക്ക് 24.9 ലക്ഷത്തിൽ നിന്നും 16 ൽ താഴെ ആയി കുറയ്ക്കുക
- സ്ട്രെസ് 70% ത്തിൽ നിന്നും 25% ആയി കുറയ്ക്കുക
- വിഷാദരോഗം മൂലമുള്ള രോഗാതുരത പുരുഷൻമാരിൽ ഇപ്പോഴുള്ള 5.8% വും സ്ത്രീകളിലെ 9.5% വും യഥാക്രമം 3% ൽ താഴെയും 5% ൽ താഴെയുമായി കുറയ്ക്കുക
- രോഗം ഭേദമായവരിൽ 50% പേരെ പുനരധിവസിപ്പിക്കുക
- സാമൂഹിക മാനസികാരോഗ്യ പരിപാടി ബ്ലോക്ക് തലത്തിൽ വ്യാപിപ്പിക്കുക

(2) നഗരസഭ തല പ്രവർത്തനങ്ങൾ:

- ➢ സ്കൂളുകളിൽ പഠനത്തോടൊപ്പം മാനസികോല്ലാസത്തിനുള്ള സാഹചര്യങ്ങൾ ഉറപ്പ് വരുത്തുക
- ➢ പൊതുജനങ്ങളുടെ മെച്ചപ്പെട്ട മാനസികാരോഗ്യത്തിനു വേണ്ടി വായനശാല, ക്ലബ്ബുകൾ കേന്ദ്രീകരിച്ച് മേളകൾ സംഘടിക്കുകയും വർഷത്തിലൊരിക്കലെങ്കിലും മുനിസിപ്പാലിറ്റി/ നഗരസഭ മേള സംഘടിക്കുകയും ചെയ്യുക.
- ➢ തൊഴിൽ കേന്ദ്രങ്ങളിൽ ജോലിയോടൊപ്പം മാനസിക സംഘർഷങ്ങൾ ഒഴിവാക്കുന്നതിന് വേണ്ടിയുള്ള ഉല്ലാസ പരിപാടികൾ ഉടമയുടെ ഉത്തരവാദിത്തത്തിൽ നിർബന്ധമായും ഏർപ്പെടുത്തേണ്ടതാണ്.
- ➢ മുനിസിപ്പാലിറ്റി/നഗരസഭ മാനസിക രോഗികളുടെ പട്ടിക തയ്യാറാക്കി ചികിത്സ ഉറപ്പാക്കുക
- ➢ സംരക്ഷിക്കാൻ ആളുകളില്ലാത്ത മാനസിക രോഗികളുടെ പുനരധിവാസം ഉറപ്പാക്കുക
- ➢ കൗമാരക്കാരിലെ വിഷാദ രോഗം കണ്ടുപിടിക്കുന്നതിനുള്ള പ്രാഥമിക പരിശോധനാ ശേഷി അദ്ധ്യാപകരിൽ വളർത്തുക

10. ഹൃദ്രോഗം. പക്ഷാഘാതം, COPD/ ആസ്ത്മ, പ്രമേഹം, പൊണ്ണത്തടി

(1) എസ്.ഡി.ജി സംസ്ഥാന ലക്ഷ്യങ്ങൾ:

- 30 വയസ്സിനു മുകളിലുള്ള രക്താതി മർദ്ദരോഗികളുടെ പ്രാചുര്യം ഇപ്പോഴുള്ളതിൽ നിലനിർത്തുക.
- സമൂഹത്തിൽ പൊണ്ണത്തടിയുള്ളവരുടെയും പ്രമേഹരോഗികളുടെയും എണ്ണം കൂടാതിരിക്കാനുള്ള നടപടികൾ സ്വീകരിക്കുക.
- പുകയിലയുടെ ഉപയോഗം ഇപ്പോഴത്തേതിൽ നിന്നും 30% എങ്കിലും കുറയ്ക്കണം.
- ജനങ്ങളുടെ പഴം, പച്ചക്കറി ഉപയോഗം 20% എങ്കിലും ഉയർത്തുക.
- ഉപ്പിന്റെ ഉപയോഗം 10% എങ്കിലും കുറയ്ക്കുക.
- ഹൃദ്രോഗം വരാൻ സാധ്യതയുള്ള ആളുകളെ പരിശോധിച്ച് 60% എങ്കിലും കുറയ്ക്കുക.
- COPD രോഗികളുടെ എണ്ണം കുറയ്ക്കാനായി വിറകടുപ്പിന്റെ ഉപയോഗം 50% കുറയ്ക്കുക.
- ഹൃദയാഘാതവും പക്ഷാഘാതവും തടയുന്നതിനുള്ള ചികിത്സ 50% വർദ്ധിപ്പിക്കുക.
- ജീവിതശൈലി രോഗങ്ങൾ കണ്ടെത്തുകയും ജീവിതശൈലി നവീകരണവും ചികിത്സയും ഉറപ്പാക്കുക, രോഗാതുരത 80% കുറയ്ക്കുക

(2) നഗരസഭ തല പ്രവർത്തനങ്ങൾ:

- മുനിസിപ്പാലിറ്റി/ നഗരസഭ സ്ഥിരതാമസക്കാരിൽ പകർച്ചേതര വ്യാധികൾ പിടിപെട്ട മുഴുവൻ ആളുകളെയും പട്ടികപ്പെടുത്തുക.
- മേൽ പട്ടികയിൽ പെടാത്ത 15 നും 70 നും ഇടയിൽ പ്രായമുള്ള മുഴുവൻ ആളുകളെയും രക്താതി മർദ്ദം, രക്തത്തിലെ പഞ്ചസാര, BMI എന്നിവയുടെ നിർണ്ണയത്തിന് വിധേയമാക്കുക.
- നിർണ്ണയത്തിന് വിധേയമാക്കിയ ആൾക്കാരിൽ രോഗം വരാൻ സാധ്യതയുള്ളവർക്ക് ജീവിതശൈലീ മാറ്റത്തെക്കുറിച്ചുള്ള ബോധവൽക്കരണം നൽകുക.
- മേൽ സൂചന പ്രകാരം രക്താതി മർദ്ദം, പ്രമേഹം എന്നിവ കണ്ടെത്തിയവർക്ക് മരുന്നു നൽകുക. പുനരധിവാസ പ്രവർത്തനം നടത്തുക. പരിശോധനാ ഡയറി നൽകുക. തുടർ പരിശോധന ചികിത്സ നൽകുക
- രോഗ സങ്കീർണ്ണത കണ്ടെത്തുന്നതിനും ചികിത്സിക്കുന്നതിനും സ്പെഷ്യാലിറ്റി ക്യാമ്പുകൾ നടത്തുക
- .മേൽ സൂചന പ്രകാരം രക്താതി പ്രമേഹം എന്നിവ കണ്ടെത്തിയവർക്ക് മരുന്ന് നൽകുക. പുനരധിവാസ പ്രവർത്തനം നടത്തുക.
- മേൽ പ്രവർത്തനങ്ങൾക്കായി 500 ആരോഗ്യ സന്നദ്ധ പ്രവർത്തകരെ പരിശീലിപ്പിച്ചെടുക്കുക
- നഗര പി. എച്ച്. സി. ലാബുകൾ ശക്തിപ്പെടുത്തുക
- ജനങ്ങൾക്ക് വ്യായാമം നടത്തുന്നതിനാവശ്യമായ ഭൗതിക സാഹചര്യം ഒരുക്കുക
- വർഷത്തിലൊരിക്കൽ നേത്രനിർണ്ണയം ഉറപ്പ് വരുത്തണം എല്ലാ ജനങ്ങൾക്കും സ്ക്രീനിംഗ്

11. മദ്യവും ലഹരി വസ്തുക്കളുടെ ഉപയോഗവും

(1) എസ്.ഡി.ജി സംസ്ഥാന ലക്ഷ്യങ്ങൾ:

- 100% ആശുപത്രികളിലും മരുന്നും പരിശോധനാ സൗകര്യങ്ങളും ഉറപ്പാക്കുക.
- മദ്യത്തിന്റെ ആളോഹരി ഉപയോഗം 5% കുറയ്ക്കുക.
- 25 വയസ്സിൽ താഴെയുള്ള വരുടെ അപകടകരമായ മദ്യപാനം ഇല്ലാതാക്കുക.
- മയക്കുമരുന്ന് ഉപയോഗത്തിനും കള്ളക്കടത്തിനും എതിരെയുള്ള കേസുകളുടെ രജിസ്ട്രേഷൻ ഇരട്ടിയാക്കുക.

(2) നഗരസഭ തല പ്രവർത്തനങ്ങൾ:

- വിദ്യാർത്ഥികളിലും പൊതുജനങ്ങളിലുമുള്ള പുകവലി, മദ്യപാനം, വെറ്റില മുറുക്ക്, മയക്കുമരുന്ന് ഉപയോഗം തുടങ്ങിയ ദുശ്ശീലങ്ങളെ ഇല്ലാതാക്കുക.
- വിദ്യാർത്ഥികളുടെ BMI കണ്ടെത്തി ജീവിതശൈലി നവീകരണം നടത്തുക.
- സ്കൂൾ ഹെൽത്ത് ക്ലബ്ബ്, ഹരിത ക്ലബ്ബ്, വായനശാല, പഞ്ചായത്ത് ക്ലബ്ബുകൾ, കുടുംബശ്രീ എന്നിവയുടെ സഹായത്തോടെ ജൈവകൃഷി പ്രോത്സാഹിപ്പിക്കുക.
- ആരോഗ്യ വകുപ്പിന്റെ ചികിത്സാ മാർഗ്ഗനിർദ്ദേശരേഖ പ്രകാരം ചികിത്സ നൽകുന്നു എന്ന് ഉറപ്പു വരുത്തുക.
- മദ്യപാനം പുകവലി ശീലമുള്ളവരെ ഡീ-അഡിക്ഷന് വിധേയമാക്കാൻ സഹായിക്കുക.

ആർദ്രം പദ്ധതി

കേരളത്തിലെ ആരോഗ്യ മേഖല നേരിടുന്ന പ്രശ്നങ്ങളെയും, ശാസ്ത്രീയമായി ഇവയെ നേരിടാനുള്ള പദ്ധതികൾ രൂപീകരിച്ച് ഒരു കുടകീഴിൽ കൊണ്ടു വരികയാണ്.

സമഗ്ര പുരോഗതി ലക്ഷ്യമിട്ട് രൂപികൃതമായ നവകേരളമിഷന്റെ ആർദ്രം പദ്ധതി പ്രകാരം പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളെ നവീകരിക്കുകയും അധിക മനുഷ്യ വിഭവശേഷി പ്രധാനം ചെയ്തും ലബോറട്ടറി സൗകര്യങ്ങൾ വിപുലപ്പെടുത്തിയും വിവര സാങ്കേതിക വിദ്യകൾ ഉപയോഗിച്ച് വാർഡ്തല ആരോഗ്യ പരിചരണങ്ങൾ ശക്തിപ്പെടുത്തിയും പകർച്ചവ്യാധികൾക്കെതിരെ ബോധവൽകരണ പരിപാടികൾ സംഘടിപ്പിച്ചും ഇതിനായി ആരോഗ്യസേനയെ സജ്ജമാക്കിയും പ്രാഥമിക ചികിത്സാരംഗത്തു മെച്ചപ്പെട്ട സേവനങ്ങൾ

പ്രദാനം ചെയ്ത് ആരോഗ്യ സുസ്ഥിര വികസനം ഉണ്ടാക്കുക എന്നതാണ് പദ്ധതികൊണ്ട് ഉദ്ദേശിക്കുന്നത്.

- പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളായി മാറ്റുകയും, തസ്തികകളും ഉത്തരവാദിത്തങ്ങളും പുനർനിർണ്ണയിക്കുകയും ചെയ്യുന്നു, ഫീൽഡ് തല പ്രവർത്തനങ്ങൾ ഊർജ്ജിതപ്പെടുത്തുന്നു.
- താലൂക്കാശുപത്രികളെ മാതൃകാ താലൂക്കാശുപത്രികളാക്കുന്നു. എല്ലാ മേജർ വിഭാഗങ്ങളുടെയും രണ്ട് യൂണിറ്റ് മൈനർ വിഭാഗങ്ങളുടെ ഒരു യൂണിറ്റും
- സൂപ്പർ സ്പെഷ്യാലിറ്റി സൗകര്യങ്ങളോട് കൂടിയ മാതൃകാ ആശുപത്രി
- രോഗീ സൗഹൃദം എല്ലാ തലത്തിലും ഉറപ്പ് വരുത്തുന്നു.
- കുടുംബഡോക്ടർ എന്ന നിലയിൽ പ്രവർത്തനം ലഭ്യമാകുന്നു.

ജില്ലയിൽ 16 കുടുംബാരോഗ്യ കേന്ദ്രങ്ങൾ ഈ സാമ്പത്തിക വർഷം പ്രവർത്തനമാരംഭിക്കും. ഇവിടങ്ങളിലെ ഫീൽഡ് തല പ്രവർത്തനങ്ങളിലെ വിടവുകൾ നികത്താനായി പുതുതായി ആരോഗ്യസേന രൂപകല്പന ചെയ്തിട്ടുണ്ട്.

ആദ്യഘട്ടത്തിൽ സർക്കാർ നേരിട്ട് 110 കുടുംബാരോഗ്യ കേന്ദ്രങ്ങളും ഒരു ജില്ലയിൽ ഒരു മാതൃകാ ജില്ലാ ആശുപത്രിയും മാതൃകാ താലൂക്കാശുപത്രികളും സൃഷ്ടിക്കും. രണ്ടാം ഘട്ടത്തിൽ ബാക്കിയുള്ള സ്ഥാപനങ്ങൾ അതാതു തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളുടെ ഇടപെടലോടെ ചികിത്സാ സാഹചര്യം മെച്ചപ്പെടുത്തണമെന്നാണ് വിഭാവനം ചെയ്തിരിക്കുന്നത്. മാനവവിഭവശേഷി മാത്രമായിരിക്കും സർക്കാർ നേരിട്ട് നല്കുന്നത്.

4.2.2. കുടിവെള്ളം

എല്ലാ ജലസ്രോതസ്സുകളുടെയും അടിസ്ഥാന സ്രോതസ്സ് മഴ ആയതിനാൽ ഇതിന്റെ ലഭ്യതയിലുണ്ടാകുന്ന കുറവുകൾ ജില്ലയിലെ കുടിവെള്ള ശേഷിയെ പ്രതികൂലമായി ബാധിക്കുന്നു. കിഴക്കൻ മേഖലകളെ അപേക്ഷിച്ച് തീരദേശമേഖലയിൽ മഴലഭ്യത കുറവാണ്. രണ്ട് മഴക്കാലങ്ങളാണ് കേരളത്തിന് പ്രതിവർഷം ലഭിക്കുന്നത്. തെക്ക് കിഴക്കൻ മൺസൂണിന്റെ പാതയിൽ കിടക്കുന്ന ആദ്യത്തെ ജില്ലയായ തിരുവനന്തപുരത്ത് ജൂൺ ആദ്യം തന്നെ മഴ തുടങ്ങും. ഒക്ടോബർ മാസത്തിൽ വടക്ക്-കിഴക്ക് മൺസൂൺ മൂലം മഴ പെയ്യുന്നു. ഡിസംബർ മാസത്തോടെ വരണ്ട കാലാവസ്ഥ തുടങ്ങുന്ന ഇവിടെ ഡിസംബർ, ജനുവരി, ഫെബ്രുവരി മാസങ്ങൾ ഏറ്റവും തണുപ്പുള്ളതായിരിക്കും. മാർച്ച്, ഏപ്രിൽ, മേയ് മാസങ്ങൾ ഏറ്റവും ചൂടുള്ളവയും. ഭൂപ്രകൃതി അനുസരിച്ച് ജലം വളരെ പെട്ടെന്ന് തന്നെ കടലിലേക്ക് ഒലിച്ചു പോകുന്നു. ജില്ലയിൽ ലഭിക്കുന്ന ശരാശരി മഴ 2035 മില്ലി മീറ്ററാണ്. മഴ ലഭ്യതക്കുറവ് മൂലം ജില്ലയിലെ വിവിധ ഭാഗങ്ങളിൽ കഴിഞ്ഞ കാലങ്ങളിൽ വരൾച്ച ബാധിച്ചിരുന്നു.

പട്ടിക: 4.2.2.1

ജില്ലയിലെ പ്രതിമാസ മഴലഭ്യത 2006 മുതൽ 2016 വരെ

വർഷം	2006	2007	2008	2009	2010	2011	2012	2013	2014	2015	2016
ജനുവരി	19	0	0	5	108	44	14.4	10.5	45.8	9.6	3.2
ഫെബ്രുവരി	0	2	25	0	0	71	35.1	63.1	13.1	0.4	3.7
മാർച്ച്	69	4	276	60	73	15	26.1	46.8	35.1	50.6	19
ഏപ്രിൽ	100	213	158	45	109	170	164.7	31.7	136.4	257.3	58.1
മെയ്	496	197	90	207	217	80	88.7	120.9	272.6	336.8	429.1
ജൂൺ	444	349	116	183	237	272	99.1	525.3	142.4	358.7	395
ജൂലൈ	437	307	286	204	235	99	146.2	247.9	118.7	60.6	119.4
ആഗസ്റ്റ്	389	177	181	87	119	83	169.7	115.8	458.6	71.4	42.2
സെപ്റ്റംബർ	380	279	203	183	114	131	77.77	219.7	189.4	307.1	15.7
ഒക്ടോബർ	430	328	364	119	414	140	159.3	155.9	288.3	367	43.4
നവംബർ	259	214	195	346	326	242	140.7	273.9	128.6	275.8	47.2
ഡിസംബർ	40	12	38	43	188	169	32.7	33.6	83	156.8	21.8
ആകെ	3063	2082	1932	1483	2141	1516	3166.5	3858.1	3926	4267.1	3213.8

Fig:-1

വാർഷിക മഴ ലഭ്യത



ഉഷ്ണമേഖല പ്രദേശമായ ജില്ലയുടെ ശരാശരി ഉയർന്ന താപനില 34 ഡിഗ്രി സെൽഷ്യസും കുറഞ്ഞ താപനില 21 ഡിഗ്രി സെൽഷ്യസുമാണ്. വായുവിലെ ഈർപ്പം താരതമ്യേന ഉയർന്ന ഇവിടെ മഴക്കാലത്ത് 90% വരെ ആകുന്നു.

Fig:-2

വാർഷിക താപനില വ്യത്യാനം – തിരുവനന്തപുരം ജില്ല



ജലസ്രോതസ്സുകൾ

നദികൾ, തുറന്ന കിണറുകൾ, കുഴൽ കിണറുകൾ, കുളങ്ങൾ, തോടുകൾ, അരുവികൾ, ഉറവകൾ, കായലുകൾ എന്നിവയാണ് ജില്ലയിലെ പ്രധാന ജലസ്രോതസ്സുകൾ.

ഉപരിതല ജലസ്രോതസ്സുകൾ

കേരളത്തിലെ മറ്റു ഭാഗങ്ങളെ അപേക്ഷിച്ച് വീതി കുറവുള്ള മേഖലയാണ് ജില്ലയിലുള്ളത്. ഇക്കാരണത്താൽ ജില്ലയിലെ നദികൾ താരതമ്യേന നീളം കുറഞ്ഞവയാണ്. വാമനപുരം ആറ്, കരമനയാറ്, നെയ്യാറ്, മാമം നദി എന്നിവയാണ് പ്രധാന നദികൾ. തദ്ദേശസ്വയംഭരണസ്ഥാപനാടിസ്ഥാനത്തിലുള്ള കുളങ്ങളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

പട്ടിക: 4.2.2.2

ജില്ലയിലെ കുളങ്ങൾ

പഞ്ചായത്ത്/ മുനിസിപ്പാലിറ്റി/കോർപ്പറേഷൻ	കുളങ്ങളുടെ എണ്ണം
തിരുവനന്തപുരം കോർപ്പറേഷൻ	177
മുനിസിപ്പാലിറ്റി	
വർക്കല മുനിസിപ്പാലിറ്റി	16
ആറ്റിങ്ങൽ മുനിസിപ്പാലിറ്റി	31
നെടുമങ്ങാട് മുനിസിപ്പാലിറ്റി	7
നെയ്യാറ്റിൻകര മുനിസിപ്പാലിറ്റി	21
ഗ്രാമപഞ്ചായത്ത്	
അമ്പൂരി	2
ആനാട്	11
അഞ്ചുതെങ്ങ്	3
അണ്ടൂർക്കോണം	24
അരുവിക്കര	13
ആര്യനാട്	7
ആര്യങ്കോട്	8
അതിയന്നൂർ	12
അഴൂർ	9
ബാലരാമപുരം	6
ചെമ്മരുതി	22
ചെങ്കൽ	17
ചെറുണിയൂർ	17
ചിറയിൻകീഴ്	4
ഇടവ	8
ഇലകമൺ	12
കടയ്ക്കാവൂർ	2
കഠിനംകുളം	1
കല്ലറ	10
കള്ളിക്കാട്	2
കല്ലിയൂർ	6
കാഞ്ഞിരംകുളം	5

കരകുളം	15
കരവാരം	18
കാരോട്	31
കാട്ടാക്കട	34
കിളിമാനൂർ	40
കീഴ്‌വില്ലം	36
കൊല്ലായിൽ	6
കുളത്തൂർ	12
കുന്നത്തുകാൽ	10
കുറ്റച്ചൽ	5
മടവൂർ	14
മലയിൻകീഴ്	5
മണമ്പൂർ	20
മംഗലപുരം	4
മണിക്കൽ	25
മാറനല്ലൂർ	24
മുദാക്കൽ	23
നഗരൂർ	52
നന്ദിയോട്	5
നവായികുളം	40
നെല്ലനാട്	25
ഒറ്റൂർ	22
പള്ളിച്ചൽ	14
പള്ളിക്കൽ	4
പനവൂർ	6
പാങ്ങോട്	8
പാറശ്ശാല	19
പഴയക്കുന്നുമേൽ	10
പെരിങ്ങമല	8
പെരുങ്കടവിള	10
പൂവച്ചൽ	15
പൂവാർ	9
പോത്തൻകോട്	34
പുളിമാത്ത്	34
പുല്ലമ്പാറ	7
തിരുപുറം	2
തൊളിക്കോട്	9
ഉഴമലയ്ക്കൽ	3
വക്കം	14
വാമനപുരം	14
വെള്ളനാട്	12
വെള്ളറട	12
വെമ്പായം	22
വെങ്ങാനൂർ	8
വെട്ടൂർ	3
വിളപ്പിൽ	11
വിളവൂർക്കൽ	23
വിതുര	6
ആകെ	1236

ഭൂഗർഭ ജല സ്രോതസ്സുകൾ

തുറന്ന കിണറുകൾ, കുഴൽ കിണറുകൾ എന്നിവയാണ് പ്രധാന ഭൂഗർഭ ജലസ്രോതസ്സുകൾ. ജില്ലയിലെ എല്ലാ ഭാഗങ്ങളിലും ഭൂഗർഭ ജലം ലഭ്യമാണ്. കേന്ദ്രബോർഡിന്റെ കണക്കനുസരിച്ച് മൺസൂണിന് മുൻപ് ശരാശരി ജലനിതാനം 1.90 – 15.03 മീറ്ററും (ബി.ജി.എൽ) മൺസൂണിന് ശേഷം ശരാശരി ജലവിതാനം 0.82 – 18.22 മീറ്ററും (ബി.ജി.എൽ) ആണ്. ജില്ലയുടെ ഭൂരിപക്ഷം പ്രദേശങ്ങളിലും മൺസൂണിന് മുൻപ് ശരാശരി ജലവിതാനം 5–10 മീറ്ററും (ബി.ജി.എൽ) മൺസൂണിന് ശേഷം ശരാശരി ജലവിതാനം 2–5 മീറ്ററും (ബി.ജി.എൽ) ആണ്. ജില്ലയിലെ മൺസൂണിന് മുൻപും ശേഷവുമുള്ള ശരാശരി ജലവിതാനം താഴെയുള്ള രണ്ട് ചിത്രങ്ങളിൽ നൽകിയിട്ടുണ്ട്.

Fig:-3

മൺസൂണിനു മുൻപുള്ള ശരാശരി ഭൂഗർഭ ജലവിതാനം (2002–11)



(അവലംബം:സി.ഡബ്ല്യൂ.ജി.ബി)

തെക്കൻ മേഖലകളായ അതിയന്നൂർ, നേമം, നെയ്യാറ്റിൻകര, തിരുവനന്തപുരം കോർപ്പറേഷൻ, വർക്കല എന്നിവടങ്ങളിൽ 10 മീ. കൂടുതൽ ജലവിതാനം ലഭ്യമാണെന്ന് കാണാം. ഋതുക്കൾ മാറുന്നതിനനുസരിച്ച് ചില പ്രദേശങ്ങളിലൊഴികെ 0 – 5 മീറ്റർ വരെ ജലവിതാനം ഉയരുന്നതായി കാണുന്നു.

Fig:-4

മൺസൂണിനു ശേഷമുള്ള ഭൂഗർഭ ജലവിതരണം (2002 – 11)



(അവലംബം:സി.ഡബ്ല്യൂ.ജി.ബി)

ജനസംഖ്യയിലുള്ള വർദ്ധന, ധ്രുതഗതിയിലുള്ള നഗരവത്കരണം, വ്യവസായവൽക്കരണം എന്നിവ മൂലം സംസ്ഥാനത്ത് കഴിഞ്ഞ ഏതാനും ദശകങ്ങളായി

ഭൂഗർഭ ജലസ്രോതസ്സുകളുടെ ചൂഷണം വർദ്ധിച്ചിട്ടുണ്ട്. കേന്ദ്ര ഭൂഗർഭജല ബോർഡിന്റെ റിപ്പോർട്ട് പ്രകാരം ജില്ലയിലെ ഭൂഗർഭജലത്തിന്റെ ഗുണനിലവാരം തീരദേശ മേഖല, കായൽ, വ്യവസായ മേഖലകൾക്കടുത്തുള്ള പ്രദേശങ്ങളിലൊഴികെ പൊതുവെ കുടിവെള്ളയാഗ്യമാണ്. സ്ഥിതി വിവരക്കണക്കനുസരിച്ച് ജില്ലയിൽ ഒരു ച.കി.മീറ്ററിന് 267 കിണറുകളാണ് നിലവിൽ ഉള്ളത്.

ജല ലഭ്യത

(എ) നദികളിലെ ജല ലഭ്യത

തിരുവനന്തപുരം നഗരത്തിലെ കുടിവെള്ള വിതരണം പൂർണമായും ആശ്രയിക്കുന്നത് കരമനയാർ സ്രോതസ്സായുള്ള അരുവിക്കരയിലെ ജലശുദ്ധികരണ ശാലകളെയാണ്. 2017 – ലെ കടുത്ത വരൾച്ചയിൽ കരമന നദിയിലെ പേപ്പാറ ഡാമിന്റെ ജലനിരപ്പ് ക്രമാതീതമായി താഴ്ന്നു. ഒടുവിൽ നെയ്യാർ ഡാമിൽ നിന്നും അരുവിക്കരയിൽ വെള്ളം എത്തിച്ചാണ് ജലവിതരണം സുഗമമാക്കിയത്. കരമനയാറിലെ നീരൊഴുക്ക് കുറഞ്ഞതിനെ തുടർന്ന് തിരുവല്ലം മുതൽ ചൂഴാറ്റുകോട്ട വരെയുള്ള ഭാഗങ്ങളിൽ ഉപ്പുരസം കലർന്നിരുന്നു. ഈ മേഖലയിലുള്ള കുടിവെള്ള പദ്ധതികളെ ഇതു സാരമായി ബാധിച്ചു. വാമനപുരം നദി, നെയ്യാർ തുടങ്ങിയവയുടെയും സ്ഥിതി വ്യത്യസ്തമല്ല. വാമനപുരം ആറിൽ നിലവിൽ ഡാമുകളൊന്നും ഇല്ല. അതിനാൽ കാലവർഷത്തിലെ ഏറ്റകുറച്ചിലുകൾ വേനൽക്കാലത്തെ സ്ഥിതി ഗുരുതരമാക്കുന്നു.

(ബി) കുടിവെള്ള ലഭ്യത

ജില്ലയിൽ കുടിവെള്ളത്തിനായി നഗര മേഖലകളിൽ പൈപ്പുവെള്ളവും ഗ്രാമീണ മേഖലകളിൽ കിണർ വെള്ളവുമാണ് പ്രധാനമായും ആശ്രയിക്കുന്നത്. 71.87% ആളുകൾക്ക് നഗരപ്രദേശങ്ങളിലും, ഗ്രാമീണമേഖലകളിലുമായി നിലവിലുള്ള കുടിവെള്ള പദ്ധതികൾ വഴി ജലം ലഭ്യമാക്കുന്നുണ്ട്. ഇത് നഗരമേഖലയിൽ 76.44% വും ഗ്രാമീണ മേഖലയിൽ 66.56% ആണ്.

പട്ടിക: 4.2.2.3

ജില്ലയിൽ കുടിവെള്ള പദ്ധതി വഴിയുള്ള കുടിവെള്ള ലഭ്യത – ജനസംഖ്യ അടിസ്ഥാനത്തിൽ

2011 സെൻസസ് അനുസരിച്ചുള്ള ഗ്രാമീണ ജനസംഖ്യ	3/2017 ലെ കണക്കനുസരിച്ച് പ്രയോജനം ലഭിക്കുന്ന ജനസംഖ്യ	ശതമാനം (%)	2011 സെൻസസ് അനുസരിച്ചുള്ള നഗര ജന സംഖ്യ	3/2017–ലെ കണക്കനുസരിച്ച് പ്രയോജനം ലഭിക്കുന്ന ജനസംഖ്യ	ശതമാനം (%)	ആകെ പ്രയോജനം ലഭിക്കുന്ന ജന സംഖ്യ	ആകെ ശതമാനം (%)
1528030	1017000	66.56	1779254	1360000	76.44	2377000	71.87

(അവലംബം: കെ.ഡബ്ല്യൂ.എ)

ജില്ലയിൽ കേരള വാട്ടർ അതോറിറ്റിയുടെ 28 സമഗ്ര കുടിവെള്ള പദ്ധതികളിലൂടെ 386.30 ദശ ലക്ഷം ലിറ്റർ ജലം ജില്ലയിലെ കോർപ്പറേഷൻ, മുനിസിപ്പാലിറ്റികൾ, ഗ്രാമപഞ്ചായത്തുകൾ എന്നിവിടങ്ങളിൽ വിതരണം ചെയ്യുന്നു.

ഇത് കൂടാതെ പരമ്പരാഗത ശുദ്ധീകരണ ശാലകൾ ഇല്ലാത്ത 84 കുടിവെള്ള പദ്ധതികൾ വഴി 53.95 ദശ ലക്ഷം ലിറ്റർ ജലം ജില്ലയിലെ ഗ്രാമീണ മേഖലകളിൽ വിതരണം ചെയ്യുന്നുണ്ട്. ഗ്രാമ പ്രദേശങ്ങളിൽ ജനങ്ങൾ പ്രധാനമായും കിണറുകളെയാണ് കുടിവെള്ളത്തിനായി ആശ്രയിക്കുന്നത്. ഗ്രാമപഞ്ചായത്തുകളിൽ കേരളാ വാട്ടർ അതോറിറ്റിയുടെ ജലവിതരണ പദ്ധതികളും നിലവിലുണ്ട്. മാണിക്കൽ പഞ്ചായത്തിൽ ജലനിധി വഴിയും ജലവിതരണം നടത്തുന്നുണ്ട്. തീരദേശ മേഖലകളിൽ ശുദ്ധജല ലഭ്യത കുറഞ്ഞ് വരികയാണ്. കാലവർഷം പലപ്പോഴും താമസിക്കുന്നത് കുടിവെള്ള വിതരണത്തെ ബാധിക്കുന്നു. വേനൽക്കാലത്ത് ഉയർന്ന പ്രദേശങ്ങളിൽ ടാങ്കർ ലോറി വഴി ജലവിതരണം നടത്തേണ്ടതായി വരുന്നുണ്ട്.

കുടിവെള്ള മേഖല നേരിടുന്ന പ്രധാന പ്രശ്നങ്ങൾ

- **ജല മലിനീകരണം**

ശുദ്ധജല മേഖല അഭിമുഖീകരിക്കുന്ന പ്രധാന പ്രശ്നം ജല മലിനീകരണമാണ്. അശാസ്ത്രീയമായ ശുചിത്വ ശീലങ്ങളും വിവേചനരഹിതമായ മാലിന്യ നിർമ്മാർജനവും ജലസ്രോതസ്സുകളിൽ മാലിന്യം വലിച്ചെറിയുന്നതും മൂലം നമ്മുടെ ഭൂരിപക്ഷ കുടിവെള്ള സ്രോതസ്സുകളും മലിനീകരിക്കപ്പെട്ടിരിക്കുന്നു. ഈകോളി, കോളിഫോം തുടങ്ങിയ

ബാക്ടീരിയകളുടെയും രാസവസ്തുക്കളുടെയും സാന്നിധ്യം നിമിത്തം കുടിവെള്ള സ്രോതസ്സുകൾ മലിനമായി കൊണ്ടിരിക്കുന്നു.

➢ **വരൾച്ചയും കുടിവെള്ള ക്ഷാമവും**

കാലാവസ്ഥ വ്യതിയാനവും മഴയുടെ ലഭ്യതക്കുറവും ഭൂമിയിലെ ജലവിതാനം താഴ്ത്തിയത് വരൾച്ചയും തദ്വാര കുടിവെള്ള ക്ഷാമത്തിനും കാരണമാകുന്നു.

➢ **ജല സ്രോതസുകളുടെ നാശവും കൈയ്യേറ്റവും**

ജലസ്രോതസ്സുകളിലെ അതിർത്തിയിലെ അവ്യക്തതയും തൻമൂലമുള്ള കൈയ്യേറ്റവും സ്രോതസ്സ് സംരക്ഷിക്കുന്നതിൽ ഭീഷണി നേരിടുന്നു. പായലുകളുടെയും പോളകളുടെയും വളർച്ച നദികളിലെ സ്വാഭാവിക നീരൊഴുക്ക് തടസ്സപ്പെടുത്തി ജലസ്രോതസ്സുകളുടെ നാശത്തിന് ആക്കം കൂട്ടുന്നു.

➢ **വയലുകൾ, തണ്ണീർത്തടങ്ങൾ എന്നിവയുടെ വ്യാപ്തിയിലുണ്ടാകുന്ന കുറവ്.**

വയലുകളും തണ്ണീർത്തടങ്ങളും അവയുടെ സ്വാഭാവിക അവസ്ഥകളിൽ നിന്നും വ്യതിചലിച്ച് മറ്റ് ആവശ്യങ്ങൾക്കായി ഉപയോഗപ്പെടുത്തുന്നത് മൂലം പ്രദേശത്തെ ജലവിതാനത്തിൽ ഗണ്യമായ കുറവ് വരുന്നത് കടുത്ത ജലക്ഷാമത്തിന് കാരണമാവുന്നു.

➢ **നദികളിലെ നീരൊഴുക്ക് കുറയുന്ന അവസ്ഥ**

നദികളിലെ നീരൊഴുക്കിൽ വരുന്ന കുറവ് അതുമായി ബന്ധപ്പെട്ട് പ്രവൃത്തിച്ചു വരുന്ന ജലവിതരണ പദ്ധതികളെ സാരമായി ബാധിക്കുന്നു.

➢ **ഏകോപനമില്ലായ്മ**

കുടിവെള്ള പദ്ധതി നിർവ്വഹണത്തിൽ വിവിധ സർക്കാർ–അർദ്ധ സർക്കാർ ഏജൻസികളുടെ ഏകോപനമില്ലായ്മ പദ്ധതികളുടെ സമയബന്ധിതമായ പൂർത്തീകരണത്തെ ബാധിക്കുന്നു.

➢ **ജല ദുർവിനിയോഗവും ജലചൂഷണവും**

ജലമേഖലയിലെ വികസന പരിപ്രേക്ഷ്യം

സമീപനം

- ഉപരിതല സ്രോതസ്സുകൾ പരമാവധി പ്രയോജനപ്പെടുത്തി നിലവിലെ കുടിവെള്ള പദ്ധതികളുടെ നവീകരണവും വിപുലീകരണവും.
- ഭൂഗർഭ ജല സ്രോതസ്സുകളുടെ ഉപയോഗം പരമാവധി പരിമിതപ്പെടുത്തുക.
- പരമ്പരാഗത ജലസ്രോതസ്സുകളുടെ സംരക്ഷണവും പരിപാലനവും

ബ്ലോക്ക് തല അവലോകനം

(1) നെടുമങ്ങാട് ബ്ലോക്ക്

കരകുളം, പനവൂർ, വെമ്പായം, അരുവിക്കര, ആനാട് എന്നീ അഞ്ച് ഗ്രാമപഞ്ചായത്തുകളാണ് നെടുമങ്ങാട് ബ്ലോക്കിലുള്ളത്.

പട്ടിക: 4.2.2.4

ബ്ലോക്കിൽ നിലവിലെ കുടിവെള്ള പദ്ധതികൾ

പദ്ധതിയുടെ പേര്	സ്ഥലം	ശേഷി (എം. എൽ.ഡി)	സ്രോതസ്സ്	പഞ്ചായത്ത്/ മുനിസിപ്പാലിറ്റി / കോർപ്പറേഷൻ
കരകുളം ഗ്രാമീണ ശുദ്ധ ജല വിതരണ പദ്ധതി	കുമ്മി	4.5	കരമന നദി	കരകുളം
പനവൂർ, പുല്ലമ്പാറ, വെമ്പായം ഗ്രാമീണ ശുദ്ധജല വിതരണ പദ്ധതി മുതൽ	തെങ്ങിൻകോട്	3.5/10	വാമനപുരം നദി	പനവൂർ, പുല്ലമ്പാറ, വെമ്പായം
അരുവിക്കര ഗ്രാമീണ ശുദ്ധജല വിതരണ പദ്ധതി	അരുവിക്കര	2	കരമന നദി	അരുവിക്കര
ആനാട് ഗ്രാമീണ ശുദ്ധ ജല വിതരണ പദ്ധതി	നെടുമങ്ങാട്	0.50	ആരപ്പളിതോട്	ആനാട്

കീഴ്ത്തട്ട് നിർദ്ദേശങ്ങൾ

- ആനാട് പഞ്ചായത്തിന് വേണ്ടിയുള്ള സമഗ്ര പദ്ധതിയുടെ പ്രവർത്തനങ്ങൾ നടന്നു വരുന്നു. ഇത് സമയ ബന്ധിതമായി പൂർത്തികരിക്കുന്നതിന് മുൻഗണന നൽകണം. കൂടാതെ പദ്ധതി പൂർത്തിയാക്കുന്ന മുറയ്ക്ക് പഞ്ചായത്തിലെ വിവിധ

ഭാഗങ്ങളിലേയ്ക്ക് ജലവിതരണ ശൃംഖല വിപുലീകരിക്കുന്നതിനുള്ള പദ്ധതികൾ തയ്യാറാക്കാവുന്നതാണ്.

- പനവൂർ, വെമ്പായം പഞ്ചായത്ത് പ്രദേശങ്ങളിൽ ജല അതോറിറ്റിയുടെ വിതരണ ശൃംഖലയിലെ പഴയ എ.സി. പെപ്പുകൾക്ക് പകരം ശേഷി കൂടിയ പുതിയ പൈപ്പുകൾ മാറ്റി സ്ഥാപിക്കുന്നത് ഈ പഞ്ചായത്തുകളിലെ ജലലഭ്യത മെച്ചപ്പെടുത്താൻ സഹായിക്കും.
- നെടുമങ്ങാട് ബ്ലോക്കിന് കീഴിൽ 67 കുളങ്ങൾ നിലവിലുണ്ട്. ഇവ സംരക്ഷിക്കുന്നതിനും ആവശ്യമെങ്കിൽ നവീകരിക്കുന്നതിനും മുൻഗണന നൽകണം.
- കേന്ദ്ര ഭൂഗർഭജല ബോർഡിന്റെ റിപ്പോർട്ട് പ്രകാരം നെടുമങ്ങാട് ബ്ലോക്ക് അർദ്ധ സുരക്ഷിത വിഭാഗത്തിൽപ്പെടുന്നതിനാൽ ഭൂഗർഭ ജല ചൂഷണം ഒഴിവാക്കുന്നതിന് ഈ മേഖലയിൽ നിയന്ത്രണം കൊണ്ട് വരേണ്ടതാണ്.
- അരുവിക്കര പഞ്ചായത്തിൽ രൂക്ഷ ജലക്ഷാമമുള്ള കരുമരക്കോട്, സലാമത്ത് നഗർ, മണമ്പൂർ ഭാഗങ്ങളിൽ കുടിവെള്ള വിതരണം മെച്ചപ്പെടുത്തുന്നതിന് പദ്ധതി തയ്യാറാക്കണം.

മേൽത്തട്ട് നിർദ്ദേശങ്ങൾ

- കരകുളം പഞ്ചായത്തിലെ 4.5 mld ശേഷിയുള്ള നിലവിലെ പ്ലാന്റ് അപര്യാപ്തമാണ്. ഇതിന്റെ വിപുലീകരണം അടിയന്തരമായി ചെയ്യുന്നതിന് മുൻഗണന നൽകണം. കരകുളം, അരുവിക്കര പഞ്ചായത്തുകളിലെ ജല വിതരണം മെച്ചപ്പെടുത്തുന്നതിനായി കേരള വാട്ടർ അതോറിറ്റി കരമന നദി സ്രോതസ്സായി 10 ദശ ലക്ഷം ലിറ്റർ ശേഷിയുള്ള പദ്ധതി തയ്യാറാക്കിയിട്ടുണ്ട്. ഇത് നടപ്പിലാക്കുന്നതിന് പ്രാമുഖ്യം നൽകണം.

(2) വാമനപുരം ബ്ലോക്ക്

മാണിക്കൽ, വാമനപുരം, നെല്ലനാട്, പുല്ലമ്പാറ, കല്ലറ, പാങ്ങോട്, നന്ദിയോട്, പെരിങ്ങമ്മല എന്നീ എട്ട് ഗ്രാമപഞ്ചായത്തുകളാണ് വാമനപുരം ബ്ലോക്കിലുള്ളത്.

പട്ടിക: 4.2.2.5

ബ്ലോക്കിൽ നിലവിലെ കുടിവെള്ള പദ്ധതികൾ

പദ്ധതിയുടെ പേര്	സ്ഥലം	ശേഷി (എം.എൽ.ഡി)	സ്രോതസ്സ്	പഞ്ചായത്ത്/ മുനിസിപ്പാലിറ്റി /കോർപ്പറേഷൻ
പനവൂർ, പുല്ലമ്പാറ, വെമ്പായം ഗ്രാമീണ ശുദ്ധജല വിതരണ പദ്ധതി	തെങ്ങിൻ കോട്	3.5 / 10	വാമനപുരം നദി	പനവൂർ, പുല്ലമ്പാറ, വെമ്പായം
കല്ലറ, പാങ്ങോട് ഗ്രാമീണ ശുദ്ധ ജല വിതരണ പദ്ധതി		3.5 / 10	വാമനപുരം നദി	കല്ലറ, പാങ്ങോട്
പെരിങ്ങമ്മല ഗ്രാമീണ ശുദ്ധജല വിതരണ പദ്ധതി	പെരിങ്ങമല	2	വാമനപുരം നദി	പെരിങ്ങമ്മല
പൊൻമുടി ഗ്രാമീണ ശുദ്ധജല വിതരണ പദ്ധതി	പൊൻമുടി	0.02	അരുവി	പെരിങ്ങമ്മല
വാമനപുരം ഗ്രാമീണ ശുദ്ധജല വിതരണ പദ്ധതി	വാമനപുരം	0.50	വാമനപുരം നദി	വാമനപുരം
നെല്ലനാട് ഗ്രാമീണ ശുദ്ധജല വിതരണ പദ്ധതി	നെല്ലനാട്	1.00	വാമനപുരം നദി	നെല്ലനാട്
വെഞ്ഞാറമൂട് ഗ്രാമീണ ശുദ്ധ ജല വിതരണ പദ്ധതി	വെഞ്ഞാറമൂട്	0.10	കുളം	നെല്ലനാട്
ചെമ്മനംകുന്നു ഗ്രാമീണ ശുദ്ധ ജല വിതരണ പദ്ധതി	ചെമ്മനംകുന്നു	0.10	മീന്മൂട് നദി	പുല്ലമ്പാറ
പലോട് ഗ്രാമീണ ശുദ്ധജല വിത രണ പദ്ധതി	പലോട്	0.65	മീന്മൂട് നദി	നന്ദിയോട്

കീഴ്ത്തട്ട് നിർദ്ദേശങ്ങൾ

- കല്ലറ, പാങ്ങോട്, പുല്ലമ്പാറ പഞ്ചായത്തുകളിൽ നിലവിലുള്ള കുടിവെള്ള പദ്ധതിയുടെ ട്രാൻസ്മിഷൻ ലൈനുകൾക്ക് പകരമായി പ്രത്യേക ട്രാൻസ്മിഷൻ ലൈൻ സ്ഥാപിച്ചാൽ ഈ പഞ്ചായത്തുകളിലെ ജലവിതരണം മെച്ചപ്പെടുത്താൻ സാധിക്കും.
- നന്ദിയോട് പഞ്ചായത്തിന് വേണ്ടിയുള്ള സമഗ്ര കുടിവെള്ള പദ്ധതി നടന്നുവരുന്നു. പദ്ധതിയിൽ നിന്നും പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിലേക്ക് വിതരണ ശൃഖല വിപുലികരണത്തിന് പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിന് മുൻഗണ നൽകണം.

- വാമനപുരം ബ്ലോക്കിന് കീഴിൽ 89 കുളങ്ങൾ ഉണ്ട്. ഇവ സംരക്ഷിക്കുന്നതിനും ആവശ്യമെങ്കിൽ നവീകരിക്കുന്നതിനും മുൻഗണന നൽകണം.

മേൽത്തട്ട് നിർദ്ദേശങ്ങൾ

- മാണിക്കൽ, വാമനപുരം, നെല്ലനാട് എന്നീ പഞ്ചായത്തുകൾക്ക് വാമനപുരം നദി സ്രോതസ്സായി ഒരു സമഗ്ര പദ്ധതി തയ്യാറാക്കേണ്ടതാണ്.
- പെരിങ്ങമ്മല പഞ്ചായത്തിലെ ഗ്രാമീണ കുടിവെള്ള പദ്ധതിയിൽ ജല ശുദ്ധീകരണശാല സ്ഥാപിക്കുന്നതിന് മുൻഗണന കൊടുക്കണം.

(3) വെള്ളനാട് ബ്ലോക്ക്

വിതുര, തൊളിക്കോട്, കാട്ടാക്കട, വെള്ളനാട്, പൂവച്ചൽ, ആര്യനാട്, കുറ്റിച്ചൽ, ഉഴമലയ്ക്കൽ എന്നീ എട്ട് ഗ്രാമപഞ്ചായത്തുകളാണ് വെള്ളനാട് ബ്ലോക്കിലുള്ളത്.

പട്ടിക: 4.2.2.6

ബ്ലോക്കിൽ നിലവിലെ കുടിവെള്ള പദ്ധതികൾ

പദ്ധതിയുടെ പേര്	സ്ഥലം	ശേഷി (എം. എൽ.ഡി)	സ്രോതസ്സ്	പഞ്ചായത്ത്/ മുനിസിപ്പാലിറ്റി /കോർപ്പറേഷൻ
കാളിപ്പാറ ശുദ്ധജല വിതരണ പദ്ധതി	കാളിപ്പാറ	10	നെയ്യാർ	കാട്ടാക്കട
വിതുര ഗ്രാമീണ ശുദ്ധജല വിതരണ പദ്ധതി	വിതുര	1.25	വാമനപുരം നദി	വിതുര
പന്നികുഴി ഗ്രാമീണ ശുദ്ധജല വിതരണ പദ്ധതി	പന്നികുഴി	0.03	കിണർ	വിതുര
തൊളിക്കോട് ഗ്രാമീണ ശുദ്ധജല വിതരണ പദ്ധതി	തൊളിക്കോട്	1.00	വാമനപുരം നദി	തൊളിക്കോട്
കുളത്തുമേൽ ഗ്രാമീണ ശുദ്ധജല വിതരണ പദ്ധതി	കുളത്തുമേൽ	0.88	നെയ്യാർ	കാട്ടാക്കട
വെള്ളനാട് ഗ്രാമീണ ശുദ്ധജല വിതരണ പദ്ധതി	വെള്ളനാട്	1.80	കരമന നദി	വെള്ളനാട്
നാവെട്ടികോണം ഗ്രാമീണ ശുദ്ധ ജല വിതരണ പദ്ധതി	നാവെട്ടി കോണം	0.12	കുളം	പൂവച്ചൽ
വീരണകാവ് ഗ്രാമീണ ശുദ്ധജല വിതരണ പദ്ധതി	വീരണകാവ്	1.20	നെയ്യാർ	പൂവച്ചൽ
പറമ്പിൽമേല് കോണം ഗ്രാമീണ ശുദ്ധജല വിതരണ പദ്ധതി	പറമ്പിൽമേല്	0.02	കുളം	പൂവച്ചൽ
ആര്യനാട് ഗ്രാമീണ ശുദ്ധജല വിതരണ പദ്ധതി	ആര്യനാട്	1.40	കരമന നദി	ആര്യനാട്
ഈഞ്ചപുരി ഗ്രാമീണ ശുദ്ധജല വിതരണ പദ്ധതി	ഈഞ്ചപുരി	0.14	കരമന നദി	ആര്യനാട്
പുറുത്തിപ്പാറ ഗ്രാമീണ ശുദ്ധജല വിതരണ പദ്ധതി	പുറുത്തിപ്പാറ	0.15	തോട്	ആര്യനാട്
കുറ്റിച്ചൽ ഗ്രാമീണ ശുദ്ധജല വിതരണ പദ്ധതി	കുറ്റിച്ചൽ	0.69	കരമന നദി	കുറ്റിച്ചൽ
ഉഴമലയ്ക്കൽ ഗ്രാമീണ ശുദ്ധജല വിതരണ പദ്ധതി	ഉഴമലയ്ക്കൽ	1.30	കരമന നദി	ഉഴമലയ്ക്കൽ

കീഴ്ത്തട്ട് നിർദ്ദേശങ്ങൾ

- വിതുര, തൊളിക്കോട് പഞ്ചായത്തുകൾക്കുള്ള സമഗ്ര കുടിവെള്ളപദ്ധതി നിർമ്മാണഘട്ടത്തിലാണ്. ഇത് സമയബന്ധിതമായി പൂർത്തികരിക്കുന്നതിന് മുൻഗണന നൽകണം. പദ്ധതി പൂർത്തീകരിക്കുന്ന മുറയ്ക്ക് ഈ പഞ്ചായത്തുകളിലെ ജലവിതരണ ശൃംഖല വിപുലീകരിക്കുന്നതിന് പദ്ധതി തയ്യാറാക്കാവുന്നതാണ്.
- പൂവച്ചൽ, കുറ്റിച്ചൽ പഞ്ചായത്തുകൾക്കുള്ള സമഗ്ര കുടിവെള്ളപദ്ധതി നിർമ്മാണഘട്ടത്തിലാണ്. ഇത് പൂർത്തികരിക്കുന്ന മുറയ്ക്ക് ഈ പഞ്ചായത്തുകളിലെ ജലവിതരണ ശൃംഖല വിപുലീകരിക്കുന്നതിന് പദ്ധതികൾ തയ്യാറാക്കാവുന്നതാണ്.
- വെള്ളനാട് പഞ്ചായത്തിൽ നിലവിലെ ഗ്രാമീണ ശുദ്ധജല പദ്ധതിയിൽ വിതരണം ചെയ്യുന്ന ജലത്തിന്റെ ഗുണനിലവാരം വർദ്ധിപ്പിക്കാൻ പ്രഷർ ഫിൽട്ടർ പോലുള്ള ഹ്രസ്വകല സംവിധാനങ്ങൾ ഏർപ്പെടുത്തുന്നത് ആലോചിക്കാവുന്നതാണ്.
- ആര്യനാട് ഈഞ്ചപ്പുരിയിലെ പമ്പ്ഹൗസിൽ മഴവെള്ള സംരക്ഷണം നടപ്പിലാക്കാവുന്നതാണ്.

- വെള്ളനാട് ബ്ലോക്കിന് കീഴിൽ 91 കുളങ്ങൾ ഉണ്ട്. ഇവ സംരക്ഷിക്കുന്നതിനും ആവശ്യമെങ്കിൽ നവീകരിക്കുന്നതിനും മുൻഗണന നൽകണം.
- കാട്ടാക്കട പഞ്ചായത്തിലെ എല്ലാ പ്രദേശങ്ങളിലും ജലലഭ്യത ഉറപ്പാക്കുന്നതിന് നിലവിലെ ജലവിതരണ ശൃഖല വിപുലീകരിക്കേണ്ടതാണ്.
- ആര്യനാട് പഞ്ചായത്തിലെ തേവിയാർകുന്ന് മേഖലകളിൽ കുടിവെള്ളം ലഭ്യമാക്കാൻ പുതിയ പദ്ധതി തയ്യാറാക്കണം.
- വിതുരയിലെ പട്ടികവിഭാഗ കോളനികളിലേക്ക് കുടിവെള്ള വിതരണത്തിന് ലഭ്യമായ സ്രോതസ്സുകൾ പ്രയോജനപ്പെടുത്തി സമഗ്ര പദ്ധതി തയ്യാറാക്കണം.

മേൽത്തട്ട് നിർദ്ദേശങ്ങൾ

- നെടുമങ്ങാട് മുനിസിപ്പാലിറ്റി, വെള്ളനാട് പഞ്ചായത്ത് എന്നിവിടങ്ങളിലേക്ക് ജലവിതരണം നടത്തുന്നതിന് 26 ദശ ലക്ഷം ലിറ്റർ ശേഷിയുള്ള കുടിവെള്ള പദ്ധതി കേരള വാട്ടർ അതോറിറ്റി തയ്യാറാക്കിയിട്ടുണ്ട്. ഇത് നടപ്പിലാക്കുന്നതിന് മുൻഗണന നൽകണം.
- ആര്യനാട്, ഉഴമലയ്ക്കൽ പഞ്ചായത്തുകൾക്ക് വേണ്ടി പുതിയ സമഗ്ര കുടിവെള്ളപദ്ധതി തയ്യാറാക്കേണ്ടതാണ്.
- ഉഴമലയ്ക്കൽ കുടിവെള്ള പദ്ധതിയിലെ സ്രോതസ്സിനോടനുബന്ധിച്ച് തടയണ നിർമ്മിച്ചാൽ വേനൽക്കാലത്തെ ജലക്ഷാമം ഒഴിവാക്കാൻ കഴിയും.

(4) ചിറയിൻകീഴ് ബ്ലോക്ക്

അഴൂർ, വക്കം, അഞ്ചുതെങ്ങ്, കടയ്ക്കാവൂർ, ചിറയിൻകീഴ്, കിഴ്വിലം, മുദാക്കൽ എന്നീ എട്ട് ഗ്രാമപഞ്ചായത്തുകളാണ് ചിറയിൻകീഴ് ബ്ലോക്കിലുള്ളത്.

പട്ടിക: 4.2.2.7

ബ്ലോക്കിൽ നിലവിലെ കുടിവെള്ള പദ്ധതികൾ

പദ്ധതിയുടെ പേര്	സ്ഥലം	ശേഷി (എം. എൽ.ഡി)	സ്രോതസ്സ്	പഞ്ചായത്ത്/ മുനിസിപ്പാലിറ്റി/ കോർപ്പറേഷൻ
ആറ്റിങ്ങൽ ശുദ്ധജല വിതരണ പദ്ധതി	വലിയ കുന്ന്	11	വാമനപുരം നദി	അഴൂർ, കീഴുവിലം, കടയ്ക്കാവൂർ
വക്കം,അഞ്ചുതെങ്ങ് ശുദ്ധജല വിതരണ പദ്ധതി	വലിയ കുന്ന്	8	വാമനപുരം നദി	വക്കം,അഞ്ചുതെങ്ങ്, കീഴുവിലം, കടയ്ക്കാവൂർ, ചിറയിൻകീഴ്
ഇടക്കോട് ശുദ്ധജല വിതരണ പദ്ധതി	വേളംങ്കോട്	9.00	വാമനപുരം നദി	മുദാക്കൽ
അയിലം ഗ്രാമീണ ശുദ്ധജല വിതരണ പദ്ധതി	അയിലം	0.80	വാമനപുരം നദി	മുദാക്കൽ

കീഴ്ത്തട്ട് നിർദ്ദേശങ്ങൾ

- നിലവിലെ കുടിവെള്ള പദ്ധതികൾ വഴി മുദാക്കൽ ഒഴികെയുള്ള പഞ്ചായത്തുകളിൽ ഒന്നിടവിട്ടുള്ള ദിവസങ്ങളിലാണ് ജലവിതരണം നടത്തുന്നുണ്ട്. നിലവിലെ ജലവിതരണ ശൃംഖല വിപുലീകരിച്ചാൽ കൂടുതൽ കാര്യക്ഷമതയോടെ ജലവിതരണം നടത്താവുന്നതാണ്. ഇതിനായുള്ള പദ്ധതികൾ ആവിഷ്ക്കരിക്കാവുന്നതാണ്.
- ചിറയിൻകീഴ് ബ്ലോക്കിന് കീഴിൽ ഏകദേശം 91 കുളങ്ങൾ ഉണ്ട്. ഇവ സംരക്ഷിക്കുന്നതിനും ആവശ്യമെങ്കിൽ നവീകരിക്കുന്നതിനും മുൻഗണന നൽകണം.

മേൽത്തട്ട് നിർദ്ദേശങ്ങൾ

- ചിറയിൻകീഴിലെ തീരദേശ പഞ്ചായത്തുകളിലേക്ക് ജലവിതരണം നടത്തുന്നതിനായി വാമനപുരം നദി സ്രോതസ്സായി 15 ദശലക്ഷം ലിറ്റർ ശേഷിയുള്ള കുടിവെള്ള പദ്ധതി കേരള വാട്ടർ അതോറിറ്റി തയ്യാറാക്കിയിട്ടുണ്ട്. ഇത് നടപ്പിലാക്കുന്നതിന് മുൻഗണന നൽകണം.
- തീരദേശ പഞ്ചായത്തായ അഞ്ചുതെങ്ങിൽ രൂക്ഷമായ കുടിവെള്ളക്ഷാമം അനുഭവപ്പെടുന്നുണ്ട്. ഈ പഞ്ചായത്തിന് മാത്രമായി ഒരു പദ്ധതി തയ്യാറാക്കേണ്ടതാണ്. ഡീസാലിനേഷൻ പ്ലാന്റ് സ്ഥാപിച്ച് കുടിവെള്ളവിതരണം മെച്ചപ്പെടുത്തുന്നതിന് പദ്ധതി തയ്യാറാക്കാവുന്നതാണ്.

- വലിയക്കുന്നിൽ സ്ഥാപിച്ചിട്ടുള്ള നിലവിലെ ജല ശുദ്ധീകരണശാലയുടെ ശേഷി വർദ്ധിപ്പിച്ചില്ലെങ്കിൽ വരും വർഷങ്ങളിൽ ഈ പദ്ധതികളിൽ നിന്നും ജലം ലഭ്യമാകുന്ന പഞ്ചായത്തുകളിൽ ജലക്ഷാമം രൂക്ഷമാകും.

(5) കിളിമാനൂർ ബ്ലോക്ക്

കിളിമാനൂർ, നഗരൂർ, പുളിമാത്ത്, പള്ളിക്കൽ, നാവായികുളം, മടവൂർ, കരവാരം, പഴയകുന്നുമ്മേൽ എന്നീ എട്ട് ഗ്രാമപഞ്ചായത്തുകളാണ് കിളിമാനൂർ ബ്ലോക്കിലുള്ളത്.

പട്ടിക: 4.2.2.7

ബ്ലോക്കിൽ നിലവിലെ കുടിവെള്ള പദ്ധതികൾ

പദ്ധതിയുടെ പേര്	സ്ഥലം	ശേഷി (എം. എൽ.ഡി)	സ്രോതസ്സ്	പഞ്ചായത്ത്/ മുനിസിപ്പാലിറ്റി /കോർപ്പറേഷൻ
വർക്കല ശുദ്ധജല വിതരണ പദ്ധതി	മുല്ലശ്ശേരി ക്കുന്ന്	17	വാമനപുരം നദി	നാവായികുളം
കിളിമാനൂർ ഗ്രാമീണ ശുദ്ധ ജല വിതരണ പദ്ധതി	കിളിമാനൂർ	0.2	ചിറ്റാർ	പഴയകുന്നുമേൽ
ദേവേശ്വരം ഗ്രാമീണ ശുദ്ധ ജല വിതരണ പദ്ധതി	ദേവേശ്വരം	0.10	കുളം	കിളിമാനൂർ
നഗരൂർ ഗ്രാമീണ ശുദ്ധജല വിതരണ പദ്ധതി	നഗരൂർ	0.40	വാമനപുരം നദി	നഗരൂർ
വെള്ളല്ലൂർ ഗ്രാമീണ ശുദ്ധ ജല വിതരണ പദ്ധതി	വെള്ളല്ലൂർ	0.10	കിണർ	നഗരൂർ
കൊടുവഴുനൂർ ഗ്രാമീണ ശുദ്ധജല വിതരണ പദ്ധതി	കൊടുവഴുനൂർ	0.10	കിണർ	നഗരൂർ
മഞ്ഞപ്പാറ ഗ്രാമീണ ശുദ്ധജല വിതരണ പദ്ധതി	മഞ്ഞപ്പാറ	0.10	കിണർ	പുളിമാത്ത്
പുളിമാത്ത് ഗ്രാമീണ ശുദ്ധ ജല വിതരണ പദ്ധതി	പുളിമാത്ത്	0.80	വാമനപുരം നദി	പുളിമാത്ത്
പള്ളിക്കൽ ഗ്രാമീണ ശുദ്ധ ജല വിതരണ പദ്ധതി	പള്ളിക്കൽ	0.10	കിണർ	പള്ളിക്കൽ
മടവൂർ ഗ്രാമീണ ശുദ്ധജല വിതരണ പദ്ധതി	മടവൂർ	0.05	കിണർ	മടവൂർ
കാക്കോട് ഗ്രാമീണ ശുദ്ധജല വിതരണ പദ്ധതി	കാക്കോട്	0.05	കിണർ	മടവൂർ
കരവാരം ഗ്രാമീണ ശുദ്ധജല വിതരണ പദ്ധതി	കരവാരം	0.03	കിണർ	കരവാരം

കീഴ്ത്തട്ട് നിർദ്ദേശങ്ങൾ

- കിളിമാനൂർ, പഴയകുന്നുമ്മേൽ, മടവൂർ എന്നീ പഞ്ചായത്തുകളിലേക്ക് വേണ്ടിയുള്ള കുടിവെള്ള പദ്ധതി സമീപ ഭാവിയിൽ തന്നെ പ്രവർത്തനമാരംഭിക്കുന്നതാണ്. ഇതോടനുബന്ധിച്ച് നിലവിലെ ജലവിതരണ ശൃംഖല വിപുലീകരിക്കുന്നതിനും നവീകരിക്കുന്നതിനും പദ്ധതികൾ വിഭാവനം ചെയ്യേണ്ടതാണ്.
- ജില്ലയിൽ ഏറ്റവും കൂടുതൽ കുളങ്ങൾ (212 എണ്ണം) ഉള്ള ബ്ലോക്കാണ് കിളിമാനൂർ ബ്ലോക്ക്. ഇവ സംരക്ഷിക്കുന്നതിനും ആവശ്യമെങ്കിൽ നവീകരിക്കുന്നതിനും മുൻഗണന നൽകണം.

മേൽത്തട്ട് നിർദ്ദേശങ്ങൾ

- നഗരൂർ, പുളിമാത്ത്, കരവാരം എന്നീ പഞ്ചായത്തുകൾക്ക് വേണ്ടി ഒരു സമഗ്ര കുടിവെള്ള പദ്ധതി കേരള വാട്ടർ അതോറിറ്റി തയ്യാറാക്കിയിട്ടുണ്ട്. ഇത് നടപ്പിലാക്കുന്നതിന് മുൻഗണന നൽകണം.
- മടവൂർ, പള്ളിക്കൽ പഞ്ചായത്തുകളിലേക്കായി ഇത്തിക്കര നദിയെ സ്രോതസ്സാക്കി കേരള വാട്ടർ അതോറിറ്റി പദ്ധതി തയ്യാറാക്കിയിട്ടുണ്ട്. ഇത് നടപ്പിൽ വരുത്തുന്നതിന് പ്രാമുഖ്യം നൽകണം.

(6) പോത്തൻകോട് ബ്ലോക്ക്

മംഗലപുരം, പോത്തൻകോട്, അണ്ടൂർകോണം, കഠിനംകുളം എന്നീ നാല് ഗ്രാമപഞ്ചായത്തുകളാണ് കിളിമാനൂർ ബ്ലോക്കിലുള്ളത്.

പട്ടിക: 4.2.2.8

ബ്ലോക്കിൽ നിലവിലെ കുടിവെള്ള പദ്ധതികൾ

പദ്ധതിയുടെ പേര്	സ്ഥലം	ശേഷി (എം.എൽ. ഡി)	സ്രോതസ്സ്	പഞ്ചായത്ത്/ മുനിസിപ്പാലിറ്റി / കോർപ്പറേഷൻ
ഇടക്കോട് ശുദ്ധജല വിതരണ പദ്ധതി	വേളം കോട്	9.00	വാമനപുരം നദി	മംഗലാപുരം, പോത്തൻകോട്, അണ്ടൂർക്കോണം, കഠിനംകുളം
കഴക്കൂട്ടം, മേനംകുളം ശുദ്ധ ജല വിതരണ പദ്ധതി				
കഴക്കൂട്ടം ഓ.ജി. ശുദ്ധജല വിതരണ പദ്ധതി				
കഠിനംകുളം ഗ്രാമീണ ശുദ്ധജല വിതരണ പദ്ധതി	കഠിനംകുളം	0.40	കിണർ	കഠിനംകുളം
അണ്ടൂർക്കോണം ഗ്രാമീണ ശുദ്ധജല വിതരണ പദ്ധതി	ആനതഴ്ചിറ	0.20	കുളം	അണ്ടൂർക്കോണം

കീഴ്ത്തട്ട് നിർദ്ദേശങ്ങൾ

- മംഗലപുരം, പോത്തൻകോട്, അണ്ടൂർക്കോണം, കഠിനംകുളം, പഞ്ചായത്തുകൾക്ക് സമഗ്ര കുടിവെള്ള പദ്ധതി നിലവിൽ വന്നെങ്കിലും ജലവിതരണ ശൃംഖല എല്ലാ മേഖലകളിലും എത്തിയിട്ടില്ല. ഇത് വിപുലീകരിക്കുന്നതിന് പദ്ധതികൾ അതാത് ഗ്രാമപഞ്ചായത്തുകൾക്ക് നടപ്പിലാക്കാവുന്നതാണ്.
- കഴക്കൂട്ടം ബ്ലോക്കിലെ 64 കുളങ്ങൾ സംരക്ഷിക്കുന്നതിനും നവീകരിക്കുന്നതിനും മുൻഗണന നൽകണം.

മേൽത്തട്ട് നിർദ്ദേശങ്ങൾ

- തീരദേശ പഞ്ചായത്തായ കഠിനംകുളത്തെ ജലക്ഷാമത്തിന് ശാശ്വത പരിഹാരം എന്ന നിലയ്ക്ക് ഒരു ഡിസാലിനേഷൻ പ്ലാന്റ് സ്ഥാപിക്കേണ്ടതിന്റെ സാധ്യത പരിശോധിക്കണം.

(7) വർക്കല ബ്ലോക്ക്

ഇലകമൺ, ഇടവ, ചെമ്മരുതി, ചെറുന്നിയൂർ, മണമ്പൂർ, വെട്ടൂർ, ഒറ്റൂർ എന്നീ അഞ്ച് ഗ്രാമപഞ്ചായത്തുകളാണ് വർക്കല ബ്ലോക്കിലുള്ളത്.

പട്ടിക: 4.2.2.9

ബ്ലോക്കിൽ നിലവിലെ കുടിവെള്ള പദ്ധതികൾ

പദ്ധതിയുടെ പേര്	സ്ഥലം	ശേഷി (എം.എൽ. ഡി)	സ്രോതസ്സ്	പഞ്ചായത്ത്/ മുനിസിപ്പാലിറ്റി/ കോർപ്പറേഷൻ
വർക്കല ശുദ്ധജല വിത രണ പദ്ധതി	മുല്ലശ്ശേരി ക്കുന്ന്	17.00	വാമനപുരം നദി	ഇലകമൺ,ഇടവ, ചെമ്മരുതി, ചെറുന്നിയൂർ, മണമ്പൂർ, വെട്ടൂർ, ഒറ്റൂർ
ഇലകമൺ, കായൽപുരം ഗ്രാമീണ ശുദ്ധജല വിത രണ പദ്ധതി	ഇലകമൺ	1.00	കിണർ	ഇലകമൺ
ആലുവിള ഗ്രാമീണ ശുദ്ധ ജല വിതരണ പദ്ധതി	ഇലകമൺ	0.20	കുളം	ഇലകമൺ
ഇടവ ഗ്രാമീണ ശുദ്ധജല വിതരണ പദ്ധതി	ഇടവ	1.45	കുളം	ഇടവ
ശ്രീനിവാസപുരം ഗ്രാമീണ ശുദ്ധജല വിതരണ പദ്ധതി	ഇലകമൺ	0.40	കുളം	ചെമ്മരുതി
വെട്ടൂർ ഗ്രാമീണ ശുദ്ധജല വിതരണ പദ്ധതി	വെട്ടൂർ	0.35	കുളം	വെട്ടൂർ
വെട്ടിമാങ്കോണം ഗ്രാമീണ ശുദ്ധജല വിതരണ പദ്ധതി	ഒറ്റൂർ	0.03	കുളം	ഒറ്റൂർ

കീഴ്ത്തട്ട് നിർദ്ദേശങ്ങൾ

- നിലവിലെ 17.00 ദശലക്ഷം ലിറ്റർ ശേഷിയുള്ള വർക്കല ശുദ്ധജല വിതരണ പദ്ധതി അപര്യാപ്തമായതിനാൽ പ്ലാന്റിന്റെ ശേഷി വർദ്ധിപ്പിക്കുന്നതിനുള്ള പദ്ധതി ബ്ലോക്ക് പഞ്ചായത്തിന്റെ നേതൃത്വത്തിൽ തയ്യാറാക്കേണ്ടതാണ്. വർക്കല ബ്ലോക്കിൽ ഉൾപ്പെട്ട 104 കുളങ്ങൾ സംരക്ഷിക്കുന്നതിനും നവീകരിക്കുന്നതിനും മുൻഗണന നൽകണം.

മേൽത്തട്ട് നിർദ്ദേശങ്ങൾ

- തീരദേശ പഞ്ചായത്തായ ഇടവയിൽ ഒരു ഡിസാലിനേഷൻ പ്ലാന്റ് സ്ഥാപിക്കാവുന്നതാണ്.

- ഇലകമൺ പഞ്ചായത്തിലെ ലഭ്യമായ പ്രകൃതി സ്രോതസ്സുകൾ ഉപയോഗപ്പെടുത്തണം.

(8) നേമം ബ്ലോക്ക്

നേമം ബ്ലോക്കിന് കീഴിൽ പളളിച്ചൽ, മലയിൻകീഴ്, വിളവൂർക്കൽ, കല്ലിയൂർ, മാറനല്ലൂർ, ബാലരാമപുരം, വിളപ്പിൽ എന്നീ ഏഴ് ഗ്രാമപഞ്ചായത്തുകളാണ് ഉള്ളത്.

പട്ടിക: 4.2.2.10

ബ്ലോക്കിൽ നിലവിലെ കുടിവെള്ള പദ്ധതികൾ

പദ്ധതിയുടെ പേര്	സ്ഥലം	ശേഷി (എം. എൽ.ഡി)	സ്രോതസ്സ്	പഞ്ചായത്ത്/ മുനിസിപ്പാലിറ്റി / കോർപ്പറേഷൻ
പളളിച്ചൽ, വിളവൂർക്കൽ, ബാലരാമപുരം പഞ്ചായത്തുകൾ സമഗ്ര ശുദ്ധജല വിതരണ പദ്ധതി	ചൂഴാറ്റുകോട്ട	8	കരമന നദി	പളളിച്ചൽ, ബാലരാമപുരം, വിളവൂർക്കൽ പഞ്ചായത്ത്
പാറശ്ശാല സമഗ്ര ശുദ്ധജല വിതരണ പദ്ധതി	കാളിപ്പാറ	10	നെയ്യാർ നദി	മലയിൻകീഴ്, മാറനല്ലൂർ, കാട്ടാക്കട പഞ്ചായത്ത് & നെയ്യാറ്റിൻകര മുനിസിപ്പാലിറ്റി
കല്ലിയൂർ, വെങ്ങാന്നൂർ, വിഴിഞ്ഞം & കോവളം ടൂറിസം ഏരിയ സമഗ്ര ശുദ്ധജല വിതരണ പദ്ധതി	വെളളയാണി കാർഷിക കോളേജ്	10.00	വെളളയാണി കായൽ	കല്ലിയൂർ, വെങ്ങാന്നൂർ & തിരുവനന്തപുരം കോർപ്പറേഷൻ (ഭാഗം)
വിളപ്പിൽ ഗ്രാമീണ ശുദ്ധ ജല വിതരണ പദ്ധതി	കാവിൻപുറം	3	കരമന നദി	വിളപ്പിൽ പഞ്ചായത്ത്
വിളവൂർക്കൽ ഗ്രാമീണ ശുദ്ധജല വിതരണ പദ്ധതി	വിളവൂർക്കൽ	1.6	നെയ്യാർ നദി	വിളവൂർക്കൽ
മൂക്കുന്നിമല ഗ്രാമീണ ശുദ്ധജല വിതരണ പദ്ധതി	മൂക്കുന്നിമല	0.36	അരുവി കുഴൽ കിണർ	പളളിച്ചൽ (വാർഡ്-1)
വെങ്ങാന്നൂർ ഗ്രാമീണ ശുദ്ധജല വിതരണ പദ്ധതി	വെങ്ങാന്നൂർ	1.78	അരുവി	വെങ്ങാന്നൂർ, വിഴിഞ്ഞം, (കോർപ്പറേഷൻ സോൺ) കല്ലീയൂർ

കീഴ്ത്തട്ട് നിർദ്ദേശങ്ങൾ

- നിലവിൽ പളളിച്ചൽ, മലയിൻകീഴ്, വിളവൂർക്കൽ, ബാലരാമപുരം ഗ്രാമപഞ്ചായത്തുകളിൽ 15.50 ദശലക്ഷം ലിറ്റർ ശേഷിയുളള സമഗ്ര കുടിവെള്ള പദ്ധതി വഴി ജലവിതരണം നടത്തുന്നുണ്ട്. പുതിയ പദ്ധതി നിലവിൽ വന്നെങ്കിലും ഈ പഞ്ചായത്തുകളിൽ ജലവിതരണ ശൃംഖല എല്ലാ മേഖലകളിലും എത്തിയിട്ടില്ല. ജലവിതരണ ശൃംഖല വിപുലീകരിക്കുന്നതിനും ചൂഴാറ്റുകോട്ട പമ്പ് ഹൗസിലെ പമ്പിംഗ് ശേഷി വർദ്ധിപ്പിക്കുന്നതിനും ഉള്ള പദ്ധതികൾക്ക് പഞ്ചായത്തുകൾ മുൻഗണന നൽകണം.
- കൂടാതെ നിലവിലെ ശേഷി കുറഞ്ഞ ജല വിതരണ പൈപ്പുകൾ ഘട്ടം ഘട്ടമായി മാറ്റി പുതിയവ സ്ഥാപിക്കുന്നതിന് പദ്ധതി ആസൂത്രണം ചെയ്യാവുന്നതാണ്.
- മലയിൻകീഴ് പഞ്ചായത്തിലെ ജലദൗർല്ലഭ്യം പരിഹരിക്കുന്നതിന് പുതിയ ജലസംഭരണി നിർമ്മിക്കേണ്ടതായിട്ടുണ്ട്.
- മാറനല്ലൂർ പഞ്ചായത്തിൽ നിലവിൽ കാളിപ്പാറ ജലവിതരണപദ്ധതി വഴിയാണ് ജലവിതരണം നടത്തുന്നത്. നിലവിൽ പഞ്ചായത്തിലെ ജലവിതരണ ശൃംഖല വിപുലീകരിക്കുന്നതിനും കാലപ്പഴക്കം ചെന്ന പൈപ്പുകൾ ഘട്ടം ഘട്ടമായി മാറ്റുന്നതിനും പദ്ധതി തയ്യാറാക്കേണ്ടതാണ്.

മേൽത്തട്ട് നിർദ്ദേശങ്ങൾ

- വിളവൂർക്കൽ പഞ്ചായത്തിലുളള നിലവിലെ ഗ്രാമീണ ശുദ്ധജലപദ്ധതി ജലശുദ്ധീകരണ ശാല സ്ഥാപിച്ച് നവീകരിക്കുന്നതിനുളള പദ്ധതി പരിഗണിക്കാവുന്നതാണ്.
- പിടാരത്ത് പുതിയതായി നിർമ്മിക്കുന്ന ഉന്നത ജലസംഭരണി പൂർത്തിയാകുന്ന മുറയ്ക്ക് ജലവിതരണ ശൃംഖല പഞ്ചായത്തിലെ എല്ലാ ഭാഗത്തേയ്ക്കും വിപുലീകരിക്കുന്നതിനുളള പദ്ധതി തയ്യാറാക്കേണ്ടതാണ്.

- വിളപ്പിൽ പഞ്ചായത്തിൽ നിലവിലുള്ള 3.30 ദശലക്ഷം ലിറ്റർ ശേഷിയുള്ള ജലവിതരണ പദ്ധതിയിൽ പുതിയ ജലശുദ്ധീകരണശാല നിർമ്മിച്ച് ജലവിതരണം മെച്ചപ്പെടുത്തുന്നതിന് മുൻഗണന നൽകേണ്ടതാണ്.
- മാറനല്ലൂർ പഞ്ചായത്തിൽ നിലവിൽ കാളിപ്പാറ ജലവിതരണ പദ്ധതി വഴിയാണ് ജലവിതരണം നടത്തുന്നത്. നിലവിൽ പഞ്ചായത്തിലെ ജലവിതരണ ശൃംഖല വിപുലീകരിക്കുന്നതിനും കാലപ്പഴക്കം ചെന്ന പൈപ്പുകൾ ഘട്ടം ഘട്ടമായി മാറ്റുന്നതിനും പദ്ധതി തയ്യാറാക്കേണ്ടതാണ്.

(9) പാറശ്ശാല ബ്ലോക്ക്

പാറശ്ശാല, കാരോട്, കുളത്തൂർ, ചെങ്കൽ, തിരുപുറം, പൂവാർ എന്നീ ആറ് ഗ്രാമപഞ്ചായത്തുകളാണ് നിലവിലുള്ളത്.

പട്ടിക: 4.2.2.11

ബ്ലോക്കിൽ നിലവിലെ കുടിവെള്ള പദ്ധതികൾ

പദ്ധതിയുടെ പേര്	സ്ഥലം	ശേഷി (എം. എൽ. ഡി)	സ്രോതസ്സ്	പഞ്ചായത്ത്/ മുനിസിപ്പാലിറ്റി / കോർപ്പറേഷൻ
നെയ്യാറ്റിൻകര നഗര ശുദ്ധ ജല വിതരണ പദ്ധതി	നെയ്യാറ്റിൻകര	4.5	നെയ്യാർ നദി	നെയ്യാറ്റിൻകര മുനിസിപ്പാലിറ്റി, കൊല്ലയിൽ, ചെങ്കൽ, അതിയന്നൂർ പഞ്ചായത്ത്
പാറശ്ശാല ഗ്രാമീണ ശുദ്ധ ജല വിതരണ പദ്ധതി	പാറശ്ശാല	2.5	കുളം	പാറശ്ശാല, ചെങ്കൽ, കാരോട്, കൊല്ലയിൽ
വിരളി-ഉച്ചക്കട ഗ്രാമീണ ശുദ്ധജല വിതരണ പദ്ധതി	ഉച്ചക്കട	0.06	കുളം	കാരോട്, കുളത്തൂർ
വലിയകുളം ഗ്രാമീണ ശുദ്ധജല വിതരണ പദ്ധതി	വലിയ കുളം	0.48	നെയ്യാർ നദി	ചെങ്കൽ
കുഴിഞ്ഞാൻവിള ഗ്രാമീണ ശുദ്ധജല വിതരണ പദ്ധതി	കുഴി ഞ്ഞാൻവിള	0.019	മൂടിയില്ലാത്ത കിണർ	കാരോട്
ധനുവച്ചപുരം ഗ്രാമീണ ശുദ്ധജല വിതരണ പദ്ധതി	ധനുവച്ച പുരം	0.096	കുഴൽ കിണർ	ചെങ്കൽ, കൊല്ലയിൽ
പൂഴിക്കുന്നു ഗ്രാമീണ ശുദ്ധജല വിതരണ പദ്ധതി	പൂഴി ക്കുന്നു	0.4	കുളം	കാരോട്, കുളത്തൂർ, ചെങ്കൽ
കുമിളി ഗ്രാമീണ ശുദ്ധജല വിതരണ പദ്ധതി	കുമിളി	2.8	അരുവി	കാഞ്ഞിരകുളം, തിരുപുറം, അതിയന്നൂർ
തിരുപുറം ഗ്രാമീണ ശുദ്ധ ജല വിതരണ പദ്ധതി	തിരുപുറം	1.7	നെയ്യാർ നദി	തിരുപുറം, പൂവാർ, കരുംകുളം
പൂവാർ-കരിച്ചൽ ഗ്രാമീണ ശുദ്ധജല വിതരണ പദ്ധതി	കരിച്ചൽ	2.68	കായൽ	പൂവാർ, കരുംകുളം, കോട്ടുകാൽ, തിരുപുറം

കീഴ്ത്തട്ട് നിർദ്ദേശങ്ങൾ

- നിലവിൽ പാറശ്ശാല പഞ്ചായത്തിലുള്ള ഗ്രാമീണ ശുദ്ധജല പദ്ധതി വഴിയാണ് ജലവിതരണം നടത്തുന്നത്. ഈ പദ്ധതി നവീകരിച്ച് ജല ശുദ്ധീകരണശാലയും ജലവിതരണ ശൃംഖല വിപുലീകരണവും നടന്നുവരുന്നു. എന്നാൽ പഞ്ചായത്തിൽ പൂർണ്ണതോതിൽ ജലവിതരണം ഉറപ്പാക്കുന്നതിന് കാളിപ്പാറ പദ്ധതിയിൽ വിഭാവനം ചെയ്തതനുസരിച്ച് ജലം പാറശ്ശാല പഞ്ചായത്തിൽ എത്തിക്കുന്നതിനുള്ള പദ്ധതികൾ ആവിഷ്ക്കരിക്കേണ്ടതാണ്. ഇതോടനുബന്ധിച്ച് നിലവിലെ ജലവിതരണ ശൃംഖല വിപുലീകരിക്കുന്നതിനും നവീകരിക്കുന്നതിനും പദ്ധതികൾ വിഭാവനം ചെയ്യേണ്ടതാണ്.
- കാഞ്ഞിരംകുളം, പൂവാർ, തിരുപുറം പഞ്ചായത്തുകൾക്കുള്ള സമഗ്ര കുടിവെള്ള പദ്ധതിയുടെ നിർമ്മാണം പുരോഗമിക്കുന്നുണ്ട്. ഇത് പൂർത്തിയാകുമ്പോൾ നിലവിലുള്ള ജലവിതരണ ശൃംഖല നവീകരിക്കുന്നതിനും വിപുലപ്പെടുത്തുന്നതിനും പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട്.

മേൽത്തട്ട് നിർദ്ദേശങ്ങൾ

- കാരോട്, ചെങ്കൽ, കുളത്തൂർ പഞ്ചായത്തുകളിൽ നിലവിൽ ഗ്രാമീണ ശുദ്ധജല പദ്ധതികളാണ് ഉള്ളത്. ഈ പഞ്ചായത്തുകൾക്ക് പൂർണ്ണതോതിൽ ജലവിതരണം നടത്താൻ ഇവ പര്യാപ്തമല്ല. നെയ്യാർ സ്രോതസ്സായി പുതിയ സമഗ്ര കുടിവെള്ള പദ്ധതി ഈ പഞ്ചായത്തുകൾക്കായി ആസൂത്രണം ചെയ്യേണ്ടതാണ്. കൂടാതെ

നിലവിലെ ഗ്രാമീണ ശുദ്ധജല പദ്ധതികൾ ശുദ്ധീകരണശാല നിർമ്മിച്ച് നവീകരിക്കുന്നതിനും പദ്ധതി ആസൂത്രണം ചെയ്യേണ്ടതാണ്.

- തിരുപുറം, പൂവ്വാർ പഞ്ചായത്തിൽ നിലവിൽ ഗ്രാമീണ ശുദ്ധജല പദ്ധതിയാണ് നിലവിലുള്ളത്. തീരപ്രദേശമായ പൂവ്വാർ പഞ്ചായത്ത് കടുത്ത ജലക്ഷാമം നേരിടുന്ന ഈ പ്രദേശത്തെ പരമ്പരാഗത ജലസ്രോതസ്സുകളുടെ ഗുണനിലവാരം കുടിവെള്ളത്തിന് യോഗ്യമല്ല. പൂവ്വാർ പഞ്ചായത്തിന് മാത്രമായി പുതിയ കുടിവെള്ള പദ്ധതി നെയ്യാർ സ്രോതസ്സായി നടപ്പിലാക്കുന്നതിന് പദ്ധതി തയ്യാറാക്കാവുന്നതാണ്.

(10) പെരുങ്കടവിള ബ്ലോക്ക്

വെള്ളറട, കുന്നത്തുകാൽ, കൊല്ലയിൽ, പെരുങ്കടവിള, ആര്യങ്കോട്, ഒറ്റ ശേഖരമംഗലം, കള്ളിക്കാട്, അമ്പൂരി എന്നീ എട്ട് ഗ്രാമപഞ്ചായത്തുകളാണ് പെരുങ്കടവിള ബ്ലോക്കിൽ നിലവിലുള്ളത്.

പട്ടിക: 4.2.2.12

ബ്ലോക്കിൽ നിലവിലെ കുടിവെള്ള പദ്ധതികൾ

പദ്ധതിയുടെ പേര്	സ്ഥലം	ശേഷി(എം.എൽ.ഡി)	സ്രോതസ്സ്	പഞ്ചായത്ത്/മുനിസിപ്പാലിറ്റി/കോർപ്പറേഷൻ
ഒറ്റശേഖരമംഗലം ശുദ്ധജല വിതരണ പദ്ധതി	കാളിപ്പാറ	10	നെയ്യാർ ഡാം	കള്ളിക്കാട്, ഒറ്റശേഖരമംഗലം, വെള്ളറട & അമ്പൂരി പഞ്ചായത്ത്
കുന്നത്തുകാൽ ഗ്രാമീണ ശുദ്ധജല വിതരണ പദ്ധതി	മണവാരി	3	നെയ്യാർ നദി	കുന്നത്തുകാൽ പഞ്ചായത്ത്
നെയ്യാറ്റിൻകര നഗര ശുദ്ധജല വിതരണ പദ്ധതി	നെയ്യാറ്റിൻകര	4.5	നെയ്യാർ നദി	നെയ്യാറ്റിൻകര മുനിസിപ്പാലിറ്റി, കൊല്ലയിൽ, ചെങ്കൽ, അതിയന്നൂർ പഞ്ചായത്ത്
ആര്യങ്കോട് ഗ്രാമീണ ശുദ്ധജല വിതരണ പദ്ധതി	ആര്യങ്കോട്	0.9	നെയ്യാർ നദി	ആര്യങ്കോട്, വെള്ളറട, ഒറ്റശേഖരമംഗലം
ചെമ്പൂര്-ചിലമ്പാറ ഗ്രാമീണ ശുദ്ധജല വിതരണ പദ്ധതി	ചെമ്പൂര്	0.216	നെയ്യാർ നദി	ആര്യങ്കോട്
പാറശ്ശാല ഗ്രാമീണ ശുദ്ധജല വിതരണ പദ്ധതി	പാറശ്ശാല	2.5	കുളം	പാറശ്ശാല, ചെങ്കൽ, കാരോട്, കൊല്ലയിൽ
കൊടുതൂക്കിമല ഗ്രാമീണ ശുദ്ധജല വിതരണ പദ്ധതി	കൊടുതൂക്കിമല	0.12	നെയ്യാർ നദി	പെരുങ്കടവിള പഞ്ചായത്ത് & നെയ്യാറ്റിൻകര മുനിസിപ്പാലിറ്റി - ഭാഗികം
മാരായമുട്ടം ഗ്രാമീണ ശുദ്ധജല വിതരണ പദ്ധതി	മാരായമുട്ടം	1.2	നെയ്യാർ നദി	പെരുങ്കടവിള പഞ്ചായത്ത്
ഒറ്റശേഖരമംഗലം ഗ്രാമീണ ശുദ്ധജല വിതരണ പദ്ധതി	ഒറ്റശേഖര മംഗലം	0.38	നെയ്യാർ നദി	ഒറ്റശേഖരമംഗലം

കീഴ്ത്തട്ട് നിർദ്ദേശങ്ങൾ

- വെള്ളറട, അമ്പൂരി, കള്ളിക്കാട്, ഒറ്റശേഖരമംഗലം പഞ്ചായത്തുകൾക്കായുള്ള കാളിപ്പാറ കുടിവെള്ള പദ്ധതി നിലവിൽ വന്നെങ്കിലും ജലവിതരണ ശൃംഖലയുടെ അപര്യാപ്തത മൂലം ഇത് പൂർണ്ണമായും പ്രയോജനം ചെയ്യുന്നില്ല. നിലവിൽ പഴയ ഗ്രാമീണ ശുദ്ധജല പദ്ധതിയുടെ വിതരണ ശൃംഖലകളാണ് കൂടുതൽ പ്രദേശത്തും നിലവിലുള്ളത്. ഈ പഞ്ചായത്തുകളിൽ ജലവിതരണശൃംഖല വിപുലീകരിക്കുന്നതിനും നവീകരിക്കുന്നതിനും മുൻഗണന നൽകി പദ്ധതി തയ്യാറാക്കണം.
- അമ്പൂരി, വെള്ളറട പഞ്ചായത്തിലെ ഉയർന്ന പ്രദേശങ്ങളിൽ കുടിവെള്ളം ലഭ്യമാക്കാൻ താഴ്ന്ന പ്രദേശങ്ങളിൽ സംഭരണികൾ നിർമ്മിച്ച് പമ്പിംഗ് നടത്തി ജലവിതരണം നടത്തുന്നതിനുള്ള പദ്ധതികൾ ആസൂത്രണം ചെയ്യാവുന്നതാണ്.
- കൊല്ലയിൽ പഞ്ചായത്തിൽ ധനുവച്ചപുരത്തുള്ള കുഴൽ കിണർ സ്രോതസ്സായുള്ള കുടിവെള്ള പദ്ധതിയാണ് നിലവിലുള്ളത്. കാളിപ്പാറ ശുദ്ധജല പദ്ധതിയിൽ നിന്നും ഈ പഞ്ചായത്തിലേക്ക് ജലം എത്തിക്കുന്നതിനുള്ള പദ്ധതിക്ക് മുൻഗണന നൽകണം.

അതോടൊപ്പം നിലവിലെ ജലവിതരണ ശൃംഖല ഈ പദ്ധതിക്ക് അനുയോജ്യമായി നവീകരണത്തിനും വിപുലീകരണത്തിനുമുള്ള പദ്ധതികൾ തയ്യാറാക്കുന്നു.

മേൽത്തട്ട് നിർദ്ദേശങ്ങൾ

- പെരുങ്കടവിള പഞ്ചായത്തിൽ നിലവിൽ മാരായമുട്ടത്തും കൊടിതൂക്കി മലയിലും ഗ്രാമീണ ശുദ്ധജലവിതരണ പദ്ധതികളാണ് ഉള്ളത്. പെരുങ്കടവിള പഞ്ചായത്തിലേക്ക് മാത്രമായി നെയ്യാർ സ്രോതസ്സായി പുതിയ പദ്ധതി തയ്യാറാകേണ്ടതാണ്. നിലവിലുള്ള ഗ്രാമീണ ശുദ്ധജലപദ്ധതിയുടെ പമ്പിംഗ് ശേഷി വർദ്ധിപ്പിക്കുന്നതിനും ജലവിതരണശൃംഖല നവീകരിക്കുന്നതിനും പദ്ധതി തയ്യാറാക്കി നടപ്പിലാക്കേണ്ടതാണ്.
- കുന്നത്തുകാൽ പഞ്ചായത്തിൽ മണവാരിയിലുള്ള 5.50 ദശലക്ഷം ലിറ്റർ ശേഷിയുള്ള കുടിവെള്ള പദ്ധതി നിലവിൽ വന്നിട്ടുണ്ട്. എന്നാൽ ജലവിതരണം കാര്യക്ഷമമാക്കുന്നതിന് ജല സംഭരണികൾ നിർമ്മിക്കേണ്ടതുണ്ട്. ഇതിന് മുൻഗണന കൊടുത്ത് പദ്ധതി തയ്യാറാക്കണം. കൂടാതെ നിലവിലെ ജലവിതരണശൃംഖല നവീകരിക്കുന്നതിനും വിപുലീകരിക്കുന്നതിനും പദ്ധതി തയ്യാറാക്കി ഘട്ടം ഘട്ടമായി നടപ്പിൽ വരുത്തണം.
- പെരുങ്കടവിള, ആര്യങ്കോട് പഞ്ചായത്തിൽ നെയ്യാർ സ്രോതസ്സായി ഒരു ഗ്രാമീണ ശുദ്ധജലപദ്ധതിയാണ് നിലവിലുള്ളത്. ഈ പദ്ധതി വഴിയുള്ള ജലവിതരണം പ്രസ്തുത പഞ്ചായത്തുകളിൽ അപര്യാപ്തമാണ്. നെയ്യാർ സ്രോതസ്സായി പുതിയ സമഗ്ര കുടിവെള്ള പദ്ധതി വിഭാവനം ചെയ്യേണ്ടതാണ്. കൂടാതെ നിലവിലെ ജലവിതരണശൃംഖല വിപുലീകരിക്കുന്നതിനും നവീകരിക്കുന്നതിനും പദ്ധതികൾ തയ്യാറാക്കാവുന്നതാണ്.

(11) അതിയന്നൂർ ബ്ലോക്ക്

അതിയന്നൂർ, കാഞ്ഞിരംകുളം, കരുംകുളം, കോട്ടുകാൽ, വെങ്ങാനൂർ എന്നീ അഞ്ച് ഗ്രാമപഞ്ചായത്തുകളാണ് അതിയന്നൂർ ബ്ലോക്കിലുള്ളത്.

പട്ടിക: 4.2.2.13

ബ്ലോക്കിൽ നിലവിലെ കുടിവെള്ള പദ്ധതികൾ

പദ്ധതിയുടെ പേര്	സ്ഥലം	ശേഷി (എം. എൽ.ഡി)	സ്രോതസ്സ്	പഞ്ചായത്ത്/മുനിസിപ്പാലിറ്റി /കോർപ്പറേഷൻ
നെയ്യാറ്റിൻകര നഗര ശുദ്ധജല വിതരണ പദ്ധതി	നെയ്യാറ്റിൻകര	4.5	നെയ്യാർ നദി	നെയ്യാറ്റിൻകര മുനിസിപ്പാലിറ്റി, കൊല്ലയിൽ, ചെങ്കൽ, അതിയന്നൂർ പഞ്ചായത്തുകൾ
കല്ലിയൂർ, വെങ്ങാന്നൂർ, വിഴിഞ്ഞം & കോവളം ടൂറിസം ഏരിയ സമഗ്ര ശുദ്ധജല വിതരണ പദ്ധതി	വെള്ളയാണി കാർഷിക കോളേജ്	10.00	വെള്ളയാണി കായൽ	കല്ലിയൂർ, വെങ്ങാന്നൂർ & തിരുവനന്തപുരം കോർപ്പറേഷൻ (ഭാഗം)
കുമളി ഗ്രാമീണ ശുദ്ധ ജല വിതരണ പദ്ധതി	കുമളി	2.8	അരുവി	കാഞ്ഞിരംകുളം, തിരുപുറം, അതിയന്നൂർ
അതിയന്നൂർ & കൊല്ലങ്കോണം ഗ്രാമീണ ശുദ്ധജല വിതരണ പദ്ധതി	അതിയന്നൂർ	2.16	അരുവി കുഴൽ കിണർ	കോട്ടുകാൽ, അതിയന്നൂർ
പരച്ചക്കുളം ഗ്രാമീണ ശുദ്ധജല വിതരണ പദ്ധതി	പരച്ചക്കുളം	0.21	കുളം	അതിയന്നൂർ
ചാവടി ഗ്രാമീണ ശുദ്ധ ജല വിതരണ പദ്ധതി	ചാവടി	0.76	കുഴൽ കിണർ	കരിംകുളം, കാഞ്ഞിരംകുളം
തിരുപുറം ഗ്രാമീണ ശുദ്ധജല വിതരണ പദ്ധതി	തിരുപുറം	1.7	നെയ്യാർ നദി	തിരുപുറം, പൂവാർ, കരിംകുളം
പൂവ്വാർ – കരിച്ചൽ ഗ്രാമീണ ശുദ്ധജല വിതരണ പദ്ധതി	കരിച്ചൽ	2.68	കായൽ	പൂവാർ, കരിംകുളം, കോട്ടുകാൽ, തിരുപുറം
ചൊവ്വര (പഴയത് & പുതിയത്) ഗ്രാമീണ ശുദ്ധജല വിതരണ പദ്ധതി	ചൊവ്വര	0.96	കുഴൽ കിണർ	കോട്ടുകാൽ

പുളിങ്കുടി (& വളവു നട) ഗ്രാമീണ ശുദ്ധ ജല വിതരണ പദ്ധതി	പുളിങ്കുടി	1.8	അരുവി കുഴൽ കിണർ	കോട്ടുകാൽ, കോർപ്പറേഷൻ സോൺ
അറ്റാരമൂല ഗ്രാമീണ ശുദ്ധജല വിതരണ പദ്ധതി		0.84	കുഴൽ കിണർ	കോട്ടുകാൽ, കോർപ്പറേഷൻ സോൺ
ഉച്ചക്കട (പയറ്റു വിള/പൂത്താലം)		1.8	അരുവി	കോട്ടുകാൽ, വെങ്ങാന്നൂർ, ബാലരാമപുരം, കോർപ്പറേഷൻ സോൺ
കോട്ടുകാൽ ഗ്രാമീണ ശുദ്ധജല വിതരണ പദ്ധതി	കോട്ടുകാൽ	0.97	അരുവി കുഴൽ കിണർ	കോട്ടുകാൽ
വെങ്ങാന്നൂർ ഗ്രാമീണ ശുദ്ധജല വിതരണ പദ്ധതി	വെങ്ങാന്നൂർ	1.78	അരുവി	വെങ്ങാന്നൂർ, വിഴിഞ്ഞം (കോർപ്പറേഷൻ സോൺ) കല്ലിയൂർ

കീഴ്ത്തട്ട് നിർദ്ദേശങ്ങൾ

- കാഞ്ഞിരംകുളം, കരുംകുളം പഞ്ചായത്തുകൾക്കുള്ള സമഗ്ര കുടിവെള്ള പദ്ധതിയുടെ നിർമ്മാണം പുരോഗമിച്ചു വരുന്നു. എന്നാൽ നിലവിൽ ഗ്രാമീണ ശുദ്ധജല പദ്ധതിയിൽ സ്ഥാപിച്ചിട്ടുള്ള ജലവിതരണശൃംഖല പുതിയ പദ്ധതിക്ക് അപര്യാപ്തമാണ്. അതിനാൽ ടി പഞ്ചായത്തുകളിൽ ജലവിതരണശൃംഖല നവീകരിക്കുന്നതിനും വിപുലീകരിക്കുന്നതിനും പദ്ധതികൾ മുൻകൂട്ടി വിഭാവനം ചെയ്യാവുന്നതാണ്.
- വെങ്ങാനൂർ പഞ്ചായത്തിൽ നിലവിൽ പുതിയതായി ആരംഭിച്ച സമഗ്ര കുടിവെള്ള പദ്ധതിയിലൂടെയാണ് ജലവിതരണം നടത്തുന്നത്. പഞ്ചായത്തിന്റെ എല്ലാ ഭാഗത്തും ജലവിതരണശൃംഖല എത്തിയിട്ടില്ലാത്തതിനാൽ ജലവിതരണശൃംഖല വിപുലീകരിക്കുന്നതിന് ആവശ്യമായ പദ്ധതികൾക്ക് മുൻഗണന നൽകണം.

മേൽത്തട്ട് നിർദ്ദേശങ്ങൾ

- അതിയന്നൂർ പഞ്ചായത്തിൽ നിലവിൽ രണ്ട് ഗ്രാമീണ ശുദ്ധജല പദ്ധതി മുഖേനയും നെയ്യാറ്റിൻകര ശുദ്ധജല പദ്ധതി മുഖേനയുമാണ് ജല വിതരണം നടത്തുന്നത്. ഇത് നിലവിൽ അപര്യാപ്തമായതിനാൽ നെയ്യാർ സ്രോതസ്സായി പുതിയ പദ്ധതി തയ്യാറാക്കാവുന്നതാണ്. നിലവിലെ ജലസംഭരണികൾ ഈ പദ്ധതിക്ക് വേണ്ടി പ്രയോജനപ്പെടുത്താം.
- കോട്ടുകാൽ പഞ്ചായത്തിൽ നിലവിൽ അഞ്ചോളം ഗ്രാമീണ ശുദ്ധജല പദ്ധതികൾ വഴിയാണ് ജലവിതരണം നടത്തുന്നത്. എന്നിരുന്നാലും ജലവിതരണം പര്യാപ്തമല്ല. കോട്ടുകാൽ പഞ്ചായത്തിലേക്കു മാത്രമായി ഒരു സമഗ്ര കുടിവെള്ള പദ്ധതി നെയ്യാർ സ്രോതസ്സായി വിഭാവനം ചെയ്യാവുന്നതാണ്. നിലവിലെ ജലവിതരണ ശൃംഖലയും ജലസംഭരണികളും നവീകരിച്ച് ഇതിനായി പ്രയോജനപ്പെടുത്താവുന്നതാണ്.

മുനിസിപ്പാലിറ്റികൾ

1. നെടുമങ്ങാട് മുനിസ്സിപ്പാലിറ്റി

പട്ടിക: 4.2.2.14

നെടുമങ്ങാട് മുനിസിപ്പാലിറ്റിയിലെ കുടിവെള്ള പദ്ധതികൾ

പദ്ധതിയുടെ പേര്	സ്ഥലം	ശേഷി (എം. എൽ.ഡി)	സ്രോതസ്സ്	മുനിസിപ്പാലിറ്റി
നെടുമങ്ങാട് ഗ്രാമീണ ശുദ്ധ ജല വിതരണ പദ്ധതി	പേരുമല	10.5	കരമന നദി	നെടുമങ്ങാട് മുനിസിപ്പാലിറ്റി

കീഴ്ത്തട്ട് നിർദ്ദേശങ്ങൾ

- മുനിസിപ്പൽ പ്രദേശത്ത് നിലവിലുള്ള എ.സി. പൈപ്പുകൾക്ക് പകരം പുതിയ പൈപ്പുകൾ സ്ഥാപിക്കുന്നതിന് പുറമേ ചെറിയ പൈപ്പുകൾക്ക് പകരം വലിയ പൈപ്പുകൾ സ്ഥാപിച്ചാലേ ഉയർന്ന പ്രദേശങ്ങളിൽ ജലലഭ്യത കൂട്ടാൻ കഴിയൂ. ഇതിനായുള്ള പദ്ധതികൾ തയ്യാറാക്കാവുന്നതാണ്.
- മുനിസ്സിപ്പാലിറ്റിയിലെ ചുടുകാടുമുകൾ, പാളയത്തിൻമുകൾ പോലുള്ള ഭാഗങ്ങളിലെ ജലവിതരണത്തിന് പുതിയ പദ്ധതി തയ്യാറാക്കണം.

മേൽത്തട്ട് നിർദ്ദേശങ്ങൾ

- 13.75 ദശലക്ഷം ലിറ്റർ ശേഷിയുള്ള നിലവിലെ പ്ലാന്റ് സംവിധാനം മുനിസിപ്പാലിറ്റിയിലെ മുഴുവൻ ഭാഗത്തും വിതരണത്തിന് പര്യാപ്തമല്ല. ആയതിനാൽ ഇത് വിപുലികരിക്കുന്നതിനായി 26 ദശലക്ഷം ലിറ്റർ ശേഷിയുള്ള പുതിയ പദ്ധതി തയ്യാറാക്കിയിട്ടുണ്ട്. ഇത് നടപ്പിലാക്കുന്നതിന് മുൻഗണന നൽകണം.

2. വർക്കല മുനിസ്സിപാലിറ്റി

പട്ടിക: 4.2.2.15

വർക്കല മുനിസിപ്പാലിറ്റിയിലെ കുടിവെള്ള പദ്ധതികൾ

പദ്ധതിയുടെ പേര്	സ്ഥലം	ശേഷി (എം. എൽ. ഡി)	സ്രോതസ്സ്	പഞ്ചായത്ത്/മുനിസിപ്പാലിറ്റി/ കോർപ്പറേഷൻ
വർക്കല സമഗ്ര ശുദ്ധജല വിതരണ പദ്ധതി	മുല്ലശ്ശേരിക്കുന്ന്	17	വാമനപുരം നദി	വർക്കല മുനിസിപ്പാലിറ്റി, ഇടവ, ഇലകമൺ, മണമ്പൂർ, ഒറ്റൂർ, നാവായികുളം, വെട്ടൂർ, ചെമ്മരുതി & ചെറുന്നിയൂർ പഞ്ചായത്തുകൾ

കീഴ്ത്തട്ട് നിർദ്ദേശങ്ങൾ

- നിലവിലെ 19.75 ദശലക്ഷം ലിറ്റർ ശേഷിയുള്ള വർക്കലയിലെ കുടിവെള്ള പദ്ധതി പര്യാപ്തമല്ലാത്തതുകാരണം എല്ലാ ദിവസങ്ങളിലും മുഴവൻ പ്രദേശങ്ങളിലും ജലവിതരണം നിലവിൽ നടക്കുന്നില്ല. ആയതിനാൽ പദ്ധതി വിപൂലീകരണം നടത്തുന്നതിനായുള്ള പദ്ധതി ആസൂത്രണം ചെയ്യേണ്ടതാണ്.

മേൽത്തട്ട് നിർദ്ദേശങ്ങൾ

- മുനിസ്സിപ്പാലിറ്റിയുടെ തീരപ്രദേശങ്ങളിൽ ജലവിതരണം മെച്ചപ്പെടുത്തുന്നതിന് ഡിസാലിനേഷൻ പദ്ധതികൾ ആവിഷ്കരിക്കാവുന്നതാണ്.

3. ആറ്റിങ്ങൽ മുനിസ്സിപാലിറ്റി

പട്ടിക: 4.2.2.16

ആറ്റിങ്ങൽ മുനിസിപ്പാലിറ്റിയിലെ കുടിവെള്ള പദ്ധതികൾ

പദ്ധതിയുടെ പേര്	സ്ഥലം	ശേഷി (എം. എൽ.ഡി)	സ്രോതസ്സ്
ആറ്റിങ്ങൽ നഗര ശുദ്ധജല വിതരണ പദ്ധതി	വലിയക്കുന്ന്	11	വാമനപുരം
	അവനവഞ്ചേരി	3	വാമനപുരം

കീഴ്ത്തട്ട് നിർദ്ദേശങ്ങൾ

- മുനിസിപ്പൽ പ്രദേശങ്ങളിൽ നിലവിലുള്ള പഴയ ജലവിതരണ പൈപ്പുകൾക്ക് പകരം കൂടുതൽ വ്യാസമുള്ള പുതിയ പൈപ്പുകൾ സ്ഥാപിക്കുന്നതിനുള്ള പദ്ധതി തയ്യാറാക്കണം.

മേൽത്തട്ട് നിർദ്ദേശങ്ങൾ

- 25 വർഷത്തിലേറെ കാലപ്പഴക്കമുള്ള ആറ്റിങ്ങൽ കുടിവെള്ള പദ്ധതിയുടെ ശുദ്ധജല വിതരണ സംവിധാനത്തിലെ ഗുണമേൻമ മെച്ചപ്പെടുത്തുന്നതിനായി പ്ലാന്റ് സംവിധാനങ്ങൾ നവീകരിക്കുന്നതിന് പദ്ധതി തയ്യാറാക്കണം.

തിരുവനന്തപുരം കോർപ്പറേഷൻ

തിരുവനന്തപുരം കോർപ്പറേഷന്റെ കീഴിൽ 100 വാർഡുകൾ നിലവിലുണ്ട്. അരുവിക്കരയിലുള്ള മൂന്ന് ശുദ്ധീകരണ ശാലകളിൽ നിന്നും വെള്ളയമ്പലം, പി.റ്റി.പി നഗർ, പാറമല എന്നീ ശുദ്ധീകരണ ശാലകളിൽ നിന്നുമുള്ള ജലം നഗരത്തിന്റെ വിവിധ ജലസംഭരണികളിലെത്തിച്ച് അവിടെ നിന്നുമാണ് വിതരണം നടത്തുന്നത്.

പട്ടിക: 4.2.2.17

തിരുവനന്തപുരം കോർപ്പറേഷനിലെ കുടിവെള്ള പദ്ധതികൾ

പദ്ധതിയുടെ പേര്	സ്ഥലം	ശേഷി (എം. എൽ.ഡി)	സ്രോതസ്സ്	പഞ്ചായത്ത്/മുനിസിപ്പാലിറ്റി /കോർപ്പറേഷൻ
തിരുവനന്തപുരം ശുദ്ധജല വിതരണ പദ്ധതി	അരുവിക്കര	63	കരമന നദി	തിരുവനന്തപുരം കോർപ്പറേഷൻ
തിരുവനന്തപുരം ശുദ്ധജല വിതരണ പദ്ധതി	അരുവിക്കര	86	കരമന നദി	തിരുവനന്തപുരം കോർപ്പറേഷൻ
തിരുവനന്തപുരം ശുദ്ധജല വിതരണ പദ്ധതി	അരുവിക്കര	74	കരമന നദി	തിരുവനന്തപുരം കോർപ്പറേഷൻ & വെങ്ങാന്നൂർ പഞ്ചായത്ത്

തിരുവനന്തപുരം ശുദ്ധജല വിതരണ പദ്ധതി	പി.റ്റി.പി	12	കരമന നദി	തിരുവനന്തപുരം കോർപ്പറേഷൻ
തിരുവനന്തപുരം ശുദ്ധജല വിതരണ പദ്ധതി	പി.റ്റി.പി	15	കരമന നദി	തിരുവനന്തപുരം കോർപ്പറേഷൻ
തിരുവനന്തപുരം ശുദ്ധജല വിതരണ പദ്ധതി	പാറമല	3	കരമന നദി	തിരുവനന്തപുരം കോർപ്പറേഷൻ
വില്ലിംഗ്ടൺ വാട്ടർ വർക്സ്	വെള്ളയമ്പലം	33	കരമന നദി	തിരുവനന്തപുരം കോർപ്പറേഷൻ

കീഴ്ത്തട്ട് നിർദ്ദേശങ്ങൾ

- തിരുവനന്തപുരം കോർപ്പറേഷനിൽ അവസാനമായി കൂട്ടിചേർത്ത കഴക്കൂട്ടം, കുടപ്പനക്കുന്ന്, വിഴിഞ്ഞം എന്നീ പഞ്ചായത്തുകളിലും പള്ളിത്തുറ, പൗണ്ട്കടവ്, വലിയതുറ എന്നീ തീരദേശ മേഖലകളിലെ എല്ലാ ഭാഗത്തും ജലവിതരണ ശൃംഖല എത്തിയിട്ടില്ലാത്തതിനാൽ ജലവിതരണ ശൃംഖല വിപുലീകരിക്കുന്നതിന് ആവശ്യമായ പദ്ധതികൾക്ക് മുൻഗണന നൽകണം.
- കരമന നദിയാണ് തിരുവനന്തപുരം നഗരത്തിന്റെ പ്രധാന ജല സ്രോതസ്സ്. ഇതിലെ മലിനീകരണം തടയുന്നതിന് പ്രാമുഖ്യം നൽകണം. നിലവിലെ സ്വീവറേജ് സംവിധാനങ്ങൾ വിപുലീകരിച്ചാൽ കക്കൂസ് മാലിന്യങ്ങൾ മൂലമുള്ള മലിനീകരണം കുറയ്ക്കാൻ സാധിക്കും. മലിനീകരണത്തിന് മറ്റൊരു പ്രധാന കാരണം ഖരമാലിന്യങ്ങൾ നദിയിൽ നിക്ഷേപിക്കുന്നതാണ്. തിരുവനന്തപുരം നഗരത്തിൽ ഖരമാലിന്യം സംസ്കരണത്തിന് ആവശ്യമായ പദ്ധതികൾ തയ്യാറാക്കേണ്ടതാണ്.
- ഫ്ളാറ്റുകളുടെ അതിപ്രസരണം അമിത ഭൂഗർഭ ജല ചൂഷണത്തിന് കാരണമാവുന്നുണ്ട്. കേന്ദ്ര ഭൂഗർഭജല ബോർഡിന്റെ റിപ്പോർട്ട് പ്രകാരം തിരുവനന്തപുരം ബ്ലോക്ക് അർദ്ധ സുരക്ഷിത വിഭാഗത്തിൽപെടുന്നതിനാൽ ഭൂഗർഭ ജല ചൂഷണം ഒഴിവാക്കുന്നതിനു ഈ മേഖലയിൽ നിയന്ത്രണം കൊണ്ട് വരേണ്ടതാണ്.
- കാലപഴക്കം ചെന്ന പഴയ പൈപ്പുകൾ മാറ്റി ജലവിതരണ ശൃംഖല ഘട്ടം ഘട്ടമായി നവീകരിക്കുന്നതിനുള്ള പദ്ധതികൾ തയ്യാറാക്കാവുന്നതാണ്.

മേൽത്തട്ട് നിർദ്ദേശങ്ങൾ

- വർദ്ധിച്ചു വരുന്ന നഗരവൽക്കരണത്തിന്റെ ഭാഗമായി നഗരത്തിലേക്ക് ആവശ്യമായ കുടിവെള്ളത്തിന്റെ തോത് ഓരോ വർഷവും കൂടിവരുന്നു. ഇത് മുൻകൂട്ടി കണ്ട് നഗരത്തിലേക്ക് പുതിയ കുടിവെള്ള പദ്ധതി തയ്യാറാക്കിയിട്ടുണ്ട്.

4.2.3.ശുചിത്വം

കേരളത്തിന്റെ വളരുന്ന സാമൂഹ്യ–സാമ്പത്തിക സ്ഥിതി, നഗരവത്ക്കരണം, ജനസംഖ്യാ വർദ്ധനവ്, പാർപ്പിട സംസ്ക്കാരവും അതിന്റെ ഭാഗമായി വർദ്ധിച്ചുവരുന്ന പാർപ്പിടങ്ങൾ, പാർപ്പിട സമുച്ചയങ്ങൾ, വ്യാപാര കേന്ദ്രങ്ങൾ, ഉപഭോഗ സംസ്ക്കാരം എന്നിവ വിവിധ തരത്തിലുള്ള മാലിന്യങ്ങളുടെ ഉല്പാദനത്തിന്റെ അളവുകൾ ദൈനംദിനം കൂടുന്നതിന് കാരണമായിട്ടുണ്ട്. അശാസ്ത്രീയമായ നിർമ്മാണ രീതികൾ, ശാസ്ത്രീയമായ മാലിന്യ നിർമ്മാർജ്ജന മാർഗ്ഗങ്ങളുടെ അഭാവം, മാലിന്യ നിർമ്മാർജ്ജനത്തിൽ സമൂഹത്തിന്റെ പങ്കാളിത്ത കുറവ്, തെറ്റായ സമീപന രീതി തുടങ്ങിയവ കേരളത്തിന്റെ പൊതുജനാരോഗ്യം, കുടിവെള്ള സ്രോതസ്സ്, അന്തരീക്ഷ മലിനീകരണം, കാലാവസ്ഥ, ആവാസ വ്യവസ്ഥ എന്നിവയെ പ്രതികൂലമായി ബാധിച്ചിരിക്കുകയാണ്. ഇത് കേരളത്തിന്റെ പാരിസ്ഥിതിക തകർച്ചയ്ക്കും സമൂഹത്തിന്റെ വർദ്ധിച്ച രോഗാവസ്ഥയ്ക്കും കാരണമാകുന്നു. നിലനിൽക്കുന്നതും ആരോഗ്യകരവുമായ അന്തരീക്ഷം (ആവാസവ്യവസ്ഥ) സംജാതമാക്കുവാൻ ഈ രംഗത്ത് പ്രവൃത്തിക്കുന്ന സ്ഥാപനങ്ങളുടെയും ത്രിതലപഞ്ചായത്തുകളുടെയും കൂട്ടായ പ്രവർത്തനവും സൂക്ഷ്മവും ദീർഘകാല പദ്ധതികളുടെ ആവിഷ്ക്കരണവും കുറ്റമറ്റ നടത്തിപ്പും തുടർ നടത്തിപ്പും പരിപാലനവും ആവശ്യമാണ്.

മാലിന്യപരിപാലനത്തിലെ അശാസ്ത്രീയ സമീപനം നമ്മളെ പ്രത്യക്ഷവും പരോക്ഷവുമായി ബാധിക്കുവാൻ തുടങ്ങിയിട്ട് ഏറെ നാളുകളായി. വലിച്ചെറിയപ്പെട്ട മാലിന്യങ്ങൾക്ക് മേലെ കൊതുക്, ഈച്ച, എലി തെരുവ്നായ എന്നിവ വളരാൻ തുടങ്ങി. പടർന്ന് പിടിക്കുന്ന പകർച്ച വ്യാധികൾ, നിർമ്മാർജ്ജനം ചെയ്ത രോഗങ്ങളുടെ തിരിച്ചുവരവ്, ശ്വാസകോശ – ത്വക്ക് – ജല ജന്യരോഗങ്ങളുടെ വ്യാപനം തുടങ്ങിയവ ഇതിന്റെ തുടർച്ചയാണ്. ഇത് പൊതുസമൂഹത്തിന്റെ വിഭവ ശേഷിയെയും ബാധിച്ചു തുടങ്ങി. അതുകൊണ്ട് തന്നെ ഇവയ്ക്ക് പരിഹാരം കാണാതെ മുന്നോട്ട് പോകാൻ നമുക്കാവില്ല. ഈ രംഗത്തെ പ്രവർത്തനത്തിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നേതൃത്വപരമായി പങ്ക് വഹിക്കാൻ കഴിയും. ഇത്തരം പ്രവർത്തനങ്ങൾ സമ്പൂർണ്ണവും സ്ഥായിയുമാകണമെങ്കിൽ ജനകീയ പങ്കാളിത്തവും മോണിറ്ററിംഗും വിലയിരുത്തലും ബോധനവും ഒരു പരിധിവരെ ക്രിയാത്മക നടപടികളും അനിവാര്യമാണ്. ജില്ലയിലെ ശുചിത്വമാലിന്യ പരിപാലന പ്രവർത്തനങ്ങൾ സംസ്ഥാനത്തെ മറ്റു ജില്ലകൾക്കും മാതൃകയാകുന്ന തരത്തിൽ നാം പുന:നിർണ്ണയിക്കുകയും പദ്ധതികൾ തയ്യാറാക്കുകയും വേണം. ആയതിന് ആവശ്യമായ അവസ്ഥാവിശകലനവും ലക്ഷ്യങ്ങളും കർമ്മ പരിപാടികളുമാണ് ഇതിൽ ഉൾപ്പെടുത്തിയിട്ടുള്ളത്.

(എ) ശൗചാലയങ്ങൾ – വ്യക്തിഗതം

കേരള സർക്കാരിന്റെയും, ശുചിത്വമിഷന്റെയും, ത്രിതല പഞ്ചായത്തുകളുടെയും കൂട്ടായ പ്രവർത്തനത്തിന്റെ ഫലമായി നമ്മുടെ സംസ്ഥാനം സമ്പൂർണ്ണ വെളിയിട വിസർജ്ജനമുക്ത (ഒ.ഡി.എഫ്) സംസ്ഥാനം എന്ന പദവിയിലേയ്ക്ക് എത്തിയിരിക്കുകയാണ്. ജില്ലയിലെ തിരുവനന്തപുരം കോർപ്പറേഷനിലും, 4 മുനിസിപ്പാലിറ്റികളിലും, 73 ഗ്രാമപഞ്ചായത്തുകളിലുമായി 2011 സെൻസസ് പ്രകാരം 10,55,149 എണ്ണം കെട്ടിടങ്ങൾ നിലവിൽ വാസയോഗ്യമായിട്ടുണ്ട്. എന്നാൽ ഇപ്പോൾ ഉപയോഗത്തിലുള്ള 8,18,930 വാസഗൃഹങ്ങളിലെ 95% ഗൃഹങ്ങളിലും ശൗചാലയ സൗകര്യങ്ങൾ നിലവിലുണ്ട്. എൻ.ആർ.ഐ.എഫ് ന്റെ പഠനപ്രകാരം കേരളത്തിലെ തിരുവനന്തപുരം ജില്ല ഉൾപ്പെടെ തെരഞ്ഞെടുക്കപ്പെട്ട 5 ജില്ലകളിലെ പഠനത്തിന്റെ അടിസ്ഥാനത്തിൽ വെളിയിട വിസർജ്ജമുക്ത പദ്ധതി (ഒ.ഡി.എഫ്) നല്ല രീതിയിൽ നടപ്പാക്കിയെന്നും വ്യക്തിഗത ശൗചാലയങ്ങളും, പൊതു ശൗചാലയങ്ങളും പൂർണ്ണമായ ഉപയോഗത്തിലാണെന്നുമാണ് കണ്ടെത്തിയിരിക്കുന്നത്.

ജില്ലാ ശുചിത്വ മിഷന്റെ കണക്കുകൾ പ്രകാരം തിരുവനന്തപുരം നഗരത്തിലെ 16% വീടുകൾ മാത്രം സുരക്ഷിതമായ സ്വിവറേജ് പദ്ധതിയുമായി ബന്ധിപ്പിച്ചിരിക്കുന്നു. 43% വീടുകൾക്ക് സെപ്റ്റിക് ടാങ്ക് സൗകര്യവും ബാക്കി 41% വീടുകൾക്ക് വിവിധതരത്തിലുള്ള (ഇരട്ടക്കുഴി, ഒറ്റക്കുഴി, തുറന്നകുഴി) ശൗചാലയ സൗകര്യങ്ങളുമാണുള്ളത്.

ഭാരതത്തിലെ ഏറ്റവും ഉയർന്ന ജനസാന്ദ്രതയുള്ള (1508 കി.മി) ഒരു സംസ്ഥാനമാണ് കേരളം. കേരള ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിലിന്റെ കണക്ക് പ്രകാരം

കേരളത്തിലെ 62% വീടുകളും കുടിവെള്ളത്തിനായി ആശ്രയിക്കുന്നത് കിണറുകളെയാണ്. UNICEF, CWRDM, IIS Banglore, SEUF മുതലായ സ്ഥാപനങ്ങൾ കേരളത്തിൽ നടത്തിയ കുടിവെള്ള സ്രോതസ്സുകളുടെ ഗുണനിലവാര പഠനങ്ങൾ സൂചിപ്പിക്കുന്നത് ഉയർന്ന അളവിലുള്ള ഇ-കോളി (മലജന്യമായ അണുക്കൾ) സാന്നിദ്ധ്യം വളരെ ഗൗരവത്തോടെ കണക്കിലെടുക്കേണ്ടതാണ്. ഉയർന്ന സുരക്ഷിതമല്ലാത്ത കുഴികക്കൂസുകളുടെ ജലസ്രോതസ്സിന്റെ സാമീപ്യവും, മണ്ണിന്റെ ഘടനയും, ജലസ്രോതസ്സുകളുടെ മലിനീകരണത്തിന് മുഖ്യ കാരണങ്ങളാണ്.

ജില്ലയിലെ ഒരു പ്രധാന ജലസ്രോതസ്സായ പാർവ്വതീപുത്തനാറിന്റെ മലിനീകരണ അവസ്ഥയെപ്പറ്റി പഠിക്കാൻ കേരളാ മലിനീകരണ നിയന്ത്രണ ബോർഡിനു വേണ്ടി SEUF നടത്തിയ പഠനത്തിൽ പുഴയുടെ ഇരുകരയിലുമായി വസിക്കുന്ന 1766 വീടുകളിൽ 343 വീടുകളിലെയും ശൗചാലയങ്ങളിലെയും മാലിന്യ കുഴലുകൾ പുഴയിലേയ്ക്കാണ് ഇട്ടിരിക്കുന്നത്. കൂടാതെ സെപ്റ്റിക് ടാങ്ക്, കക്കൂസുകളുടെ സോക്ക്പിറ്റ് കുഴലുകളും, കുളിമുറിയിലും അടുക്കളയിലും നിന്നുള്ള മലിനജലം പുഴയിലേയ്ക്ക് ഒഴുക്കുന്നതാണ് പാർവ്വതീപുത്തനാറിൽ വർദ്ധിച്ച മലിനീകരണത്തിന്റെ ഒരു കാരണം. ഇതുപോലെ ജില്ലയിലെ മറ്റ് പുഴകളുടെ അവസ്ഥയും വിഭിന്നമായിരിക്കില്ല. കേരളം അടിയന്തിരമായി ഇടപ്പെടേണ്ട പ്രധാന പ്രശ്നമാണ് സുരക്ഷിതമല്ലാത്ത കുഴികക്കൂസുകളിൽ നിന്നും സുരക്ഷിതമായ സെപ്ടിക് ടാങ്കുകളിലേയ്ക്ക് ഉള്ള മാറ്റം. അല്ലാത്ത പക്ഷം കുടിവെള്ള സ്രോതസ്സുകളുടെ മാലിന്യാവസ്ഥ തുടരുന്നതാണ്.

പൊതുശൗചാലയങ്ങൾ

നഗര-ഗ്രാമ പ്രദേശങ്ങളിലെ പൊതു സ്ഥലങ്ങളിൽ പൊതുശൗചാലയങ്ങളുടെ ആവശ്യകത വർദ്ധിച്ചിരിക്കുകയാണ്. സർക്കാർ ആശുപത്രികൾ, ബസ്കാത്തിരിപ്പ് കേന്ദ്രങ്ങൾ, പാർക്കുകൾ, നാഷണൽ സ്റ്റേറ്റ് ഹൈവേകളുടെ ഓരം, വിനോദ കേന്ദ്രങ്ങൾ, ജനങ്ങൾ തിങ്ങിപാർക്കുന്ന തീരദേശപ്രദേശങ്ങൾ, ചേരികൾ, ചന്തകൾ, പൊതുജനങ്ങൾക്ക് സുരക്ഷിതമായി ഉപയോഗിക്കാവുന്നതും ആവശ്യമായ അറകൾ (യൂണിറ്റുകൾ) ഉള്ളതും, വൃത്തിയുള്ളതുമായ പൊതുശൗചാലയങ്ങൾ നിർമ്മിക്കേണ്ടതാണ്. സ്കൂളുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ പൊതുശൗചാലയങ്ങൾ നിർമ്മിക്കുന്നതിനും പരിപാലിക്കുന്നതിനുമുള്ള പദ്ധതികൾ ജില്ലയിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ആവിഷ്ക്കരിക്കേണ്ടതുണ്ട്. സ്വകാര്യസ്ഥാപനങ്ങൾ ഈ സൗകര്യം ഉറപ്പു വരുത്തുകയും ചെയ്യണം. ദേശീയപാതയിൽ 2 കി.മീ. അകലത്തിലുള്ളലെങ്കിലും ഒരു പൊതുശൗചാലയ സൗകര്യം ഉണ്ടാകേണ്ടതുണ്ട്.

ജൈവമാലിന്യ സംസ്കരണം

ഹരിതകേരളം മിഷന്റെ നേതൃത്വത്തിൽ നടന്ന മാലിന്യത്തിൽ നിന്നും സ്വാതന്ത്ര്യം ക്യാമ്പയിനിന്റെ ഭാഗമായുള്ള സർവ്വേ പ്രകാരം ജില്ലയിലെ ഒരു പ്രധാന സാമൂഹ്യ പ്രശ്നമാണ് ഉത്തമ രീതിയിലുള്ള ജൈവമാലിന്യ സംസ്കരണത്തിന്റെ അഭാവം. സാങ്കേതിക വിദ്യകൾ പലതുണ്ടെങ്കിലും ഉത്തരവാദിത്ത സംസ്കരണ രീതികൾ പിന്തുടരുന്നത് 20 ശതമാനത്തിൽ താഴെ മാത്രമാണെന്ന് കണക്കുകൾ സൂചിപ്പിക്കുന്നു. മാലിന്യ സംസ്കരണത്തിനായി കൂടുതൽ പേരും ആശ്രയിക്കുന്നത് പലവിധ കമ്പോസ്റ്റിംഗ് രീതികളെയാണ്. എന്നാൽ ജില്ലയിൽ 36 ശതമാനം ആളുകൾക്കും 3 സെന്റിൽ താഴെ മാത്രം സ്ഥലമുള്ളവരാണ് എന്നുള്ളത് വലിയ പരിമിതിയാണ്. സ്വകാര്യ ഏജൻസികളുടെ പങ്കാളിത്തം വലുതാണെങ്കിലും പഞ്ചായത്തുകളുടെയും മറ്റും മേൽനോട്ടത്തിലുള്ള പൊതുസംസ്കരണ പ്ളാന്റുകൾ തീരെ അപര്യാപ്തമാണ്. കാര്യക്ഷമമായ മാലിന്യസംസ്കരണത്തിന് ദീർഘകാലാടിസ്ഥാനത്തിലും അതിസൂക്ഷ്മതയോടെയും പദ്ധതികൾ ആവിഷ്കരിച്ച് വമ്പിച്ച ജനപങ്കാളിത്തത്തോടെ നടപ്പിലാക്കേണ്ടതാണ്.

വർദ്ധിച്ചു വരുന്ന മാലിന്യ ഉല്പാദനം

2011 ലെ സെൻസസ് കണക്കനുസരിച്ച് ജില്ലയിലെ 73 ഗ്രാമ പഞ്ചായത്തുകളിലും നാല് മുനിസിപ്പാലിറ്റികളിലും കോർപ്പറേഷനിലുമായി 33,07284 ആണ് ജനസംഖ്യ. 2001 ൽ ഇത് 32,34,356 ആയിരുന്നു. അതായത് 2.2 ശതമാനം വർദ്ധന. ജൈവമാലിന്യ ഉല്പാദനത്തിലും ഇതിന് അനുസൃതമായ വർദ്ധന കാണാം.

ഉറവിടത്തിൽ തരം തിരിക്കൽ

ജില്ലയിൽ ആകെ നോക്കിയാൽ കാര്യക്ഷമമായ രീതിയിൽ മാലിന്യം തരം തിരിച്ച് സംഭരിക്കുന്നത് നഗരങ്ങളെ അപേക്ഷിച്ച് ഗ്രാമപ്രദേശങ്ങളിലാണെന്നു കാണാം. ഗ്രാമപഞ്ചായത്തുകളിൽ 18 ശതമാനം വീടുകളിലും മാലിന്യത്തെ കാര്യക്ഷമമായി തരംതിരിച്ച് സൂക്ഷിക്കുന്നതിൽ ജാഗ്രത കാണിക്കുമ്പോൾ മുനിസിപ്പാലിറ്റി/കോർപ്പറേഷനുകളിൽ ഇത് 2.5% മാത്രമാണ് എന്നത് പരിതാപകരമാണ്. ഇതിൽ തന്നെ ഏറ്റവും മുൻപന്തിയിൽ നില്ക്കുന്നത് ചിറയിൻകീഴ്, പാറശ്ശാല ബ്ളോക്കുകളാണ്. ജനസംഖ്യയുടെ കാര്യത്തിലും ചിറയിൻകീഴും പാറശ്ശാലയും മുൻപിലാണ്. ഈ രണ്ടു കാര്യങ്ങളിലും വാമനപുരം, നെടുമങ്ങാട് ബ്ളോക്കുകൾ തൊട്ടുപിറകിലുണ്ട്. ഉറവിടത്തിൽ തരംതിരിക്കൽ ഒട്ടും കാര്യക്ഷമമല്ലാത്തത് നേമം ബ്ളോക്കിലാണ്. ഈ രംഗത്ത് അടിയന്തിരമായി ബോധവത്കരണം നടത്തേണ്ടതിന്റെ ആവശ്യകതയാണ് ഇത് കാണിക്കുന്നത്.

സംസ്കരണ രീതികൾ

ലഭ്യമായ കണക്കുകൾ സൂചിപ്പിക്കുന്നത് ഉറവിടമാലിന്യത്തേക്കാൾ പലപ്പോഴും ആളുകൾ താല്പര്യം കാണിക്കുന്നത് ഇതര ഏജൻസികൾക്ക് കൈമാറുന്നതിനോ, വലിച്ചെറിയുന്നതിനോ ആണെന്നത് പ്രത്യേകം എടുത്ത് പറയേണ്ട ഒന്നാണ്.

പട്ടിക: 4.2.3.1

ജില്ലയിലെ ജൈവമാലിന്യ സംസ്ക്കരണ രീതികൾ

ബ്ളോക്ക് പഞ്ചായത്ത്	ആകെ വീടുകൾ	കമ്പോസ്റ്റ്	ബയോഗ്യാസ്	പൈപ്പ് കമ്പോസ്റ്റ്	പക്ഷി മൃഗാദികൾക്ക് തീറ്റയായി കൊടുക്കുന്നു	പൊതു ഇടങ്ങളിൽ വലിച്ചെറിയുന്നു	പൊതു ഇടങ്ങളിൽ നിക്ഷേപിക്കുന്നു	സ്വകാര്യ ഏജൻസികളെ ഏൽപ്പിക്കുന്നു
കിളിമാനൂർ	46406	1716	465	692	14782	1613	829	650
വർക്കല	38186	1041	316	139	15898	784	633	1394
നേമം	57389	3509	3077	1871	14048	3164	2407	467
ചിറയിൻകീഴ്	42457	603	204	154	5211	6861	5333	147
വാമനപുരം	55192	2205	824	1276	21433	3752	2603	548
നെടുമങ്ങാട്	54280	6993	597	820	16235	970	1289	305
പോത്തൻകോട്	42748	2235	144	140	8921	1147	2073	532
വെള്ളനാട്	57172	5651	1035	682	14702	4499	3895	1087
അതിയന്നൂർ	36045	2153	409	311	15628	2106	3726	740
പെരുങ്കടവിള	43608	1431	556	456	23038	380	349	844
പാറശ്ശാല	50887	1594	347	305	27683	982	2994	579
എണ്ണം	524370	29131	7974	6846	177579	26258	26131	7293
മുനിസിപ്പാലിറ്റി/ കോർപ്പറേഷൻ	167700	17566	6431	22814	28526	6720	7232	28497
ആകെ എണ്ണം	692070	46697	14405	29660	206105	32978	33363	35790

അശ്രദ്ധയായി വലിച്ചെറിയുന്നത് മുതൽ ബയോഗ്യാസ് തുടങ്ങി പുനരുപയോഗം സാധ്യമാകുന്ന സംസ്കരണ രീതികൾ വരെ അവംലബിച്ച് കാണുന്നു. എന്നാൽ ഉത്തരവാദിത്ത സംസ്കരണ രീതികൾ നടപ്പിലാക്കുന്നവർ 20 ശതമാനത്തിൽ താഴെ മാത്രമാണെന്ന് കാണാം. നല്ലൊരു ശതമാനം ആളുകളും പൊതുയിടങ്ങളിൽ മാലിന്യങ്ങൾ നിക്ഷേപിക്കുകയാണ് ചെയ്യുന്നത്. പൊതുയിടങ്ങളിൽ മാലിന്യം നിക്ഷേപിക്കുന്നവർ ഏറ്റവും കൂടുതലുള്ളത് ചിറയിൻകീഴാണ്. ഏറ്റവും കുറവ് പെരുങ്കടവിളയിലും. 21 ശതമാനം ആളുകൾ മാലിന്യം കത്തിച്ചുകളയുന്നുയെന്നതും അപകടം നിറഞ്ഞ കാര്യമാണ്. കത്തിച്ചുകളയുന്നതിൽ ഏറ്റവും മുമ്പിൽ വെള്ളനാട് പഞ്ചായത്താണ്. പാറശ്ശാല, പെരുങ്കടവിള പഞ്ചായത്തുകളിൽ പക്ഷി മൃഗാദികൾക്ക് തീറ്റയായി കൊടുക്കുന്നതാണ് ഏറ്റവും കൂടുതൽ വീടുകളും ചെയ്യുന്നത്. ഉത്തരവാദിത്തത്തോടെ മാലിന്യം സംസ്കരിക്കുന്നവർ കൂടുതലായി ആശ്രയിക്കുന്നത് കമ്പോസ്റ്റിംഗ് രീതികളെയാണ് എന്ന് കാണാം. വീടുകളുടെ കാര്യമെടുത്താൽ ശാസ്ത്രീയവും ഫലപ്രദവുമായി കമ്പോസ്റ്റിംഗ് സാധ്യമാകുന്നത് വീടിനു ചുറ്റും സ്ഥലമുള്ളവർക്കാണ്. ഏറ്റവും അധികം കമ്പോസ്റ്റ് കുഴികൾ ഉണ്ടാക്കിയിട്ടുള്ളത് വാമനപുരം, നെടുമങ്ങാട് ബ്ളോക്കുകളിലാണ്. ഇവിടെ 10 സെന്റിൽ കൂടുതൽ സ്ഥലമുള്ളവർ മറ്റുള്ള പഞ്ചായത്ത്/ബ്ളോക്കുകളെ അപേക്ഷിച്ച് കൂടുതലാണ്. പട്ടിക 4.2.3.2 ലെ കണക്ക് പ്രകാരം ജില്ലയിൽ പൊതുവേ 10 സെന്റിൽ താഴെ സ്ഥലമുള്ളവരാണ് കൂടുതലും. 3 സെന്റിൽ താഴെ മാത്രം സ്ഥലമുള്ളവർ ഇതിന്റെ

36 ശതമാനം ആണെന്നുള്ളതും പ്രത്യേകം ശ്രദ്ധിക്കേണ്ട കാര്യമാണ്. 3 സെന്റിൽ താഴെ മാത്രം സ്ഥലമുള്ള വീടുകൾ ഏറ്റവും കൂടുതലുള്ളത് വർക്കലയും നേമത്തും ആണ്. ചുരുക്കത്തിൽ മാലിന്യത്തിന്റെ തോത് വർദ്ധിച്ചുവരുകയും സംസ്കരണത്തിനായി മാറ്റിവെക്കാവുന്ന സ്ഥലത്തിന്റെ ലഭ്യത കുറഞ്ഞു വരികയും ചെയ്യുന്നുവെന്ന് കാണാം. പാർപ്പിടങ്ങൾക്കും മറ്റാവശ്യങ്ങൾക്കും സ്ഥലദൗർലഭ്യം രൂക്ഷമായ നമ്മുടെ സംസ്ഥാനത്ത് മാലിന്യ സംസ്കരണത്തിനായി സ്ഥലം മാറ്റിവെക്കാൻ പരിമിതികളേറെയാണ്. ഇതൊക്കെയാണെങ്കിലും ഗ്രാമപ്രദേശങ്ങളിൽ 35 ശതമാനത്തിൽ കൂടുതലും മുനിസിപ്പാലിറ്റി/കോർപ്പറേഷനുകളിൽ 28 ശതമാനവും മാലിന്യം പൊതുയിടങ്ങളിൽ വലിച്ചെറിയുകയോ കത്തിക്കുകയോ ചെയ്യുന്നുയെന്നുള്ളത് ഗൗരവമായി കണക്കിലെടുക്കേണ്ട വസ്തുതയാണ്. പൊതുവേ ഉണ്ടാകാവുന്ന പരിസ്ഥിതി മലിനീകരണത്തിലേക്കാണ് ഇത് വിരൽ ചൂണ്ടുന്നത്. ആരോഗ്യരംഗത്തും ഗുരുതരമായ ഭവിഷ്യത്തുകൾക്ക് ഇത് കാരണമായേക്കാമെന്നത് നമ്മുടെ അനുഭവമാണ്.

അജൈവമാലിന്യ പരിപാലനം

മാലിന്യ സംസ്ക്കരണത്തെ കുറിച്ച് ചിന്തിക്കുമ്പോഴും പദ്ധതികൾ തയ്യാറാക്കുമ്പോഴും ഏറെ വെല്ലുവിളി ഉയർത്തുന്ന ഒന്നു തന്നെയാണ് അജൈവ മാലിന്യ പരിപാലനം. പേപ്പർ, പ്ലാസ്റ്റിക്, തുകൽ, റബ്ബർ, തടി, ലോഹങ്ങൾ, ചില്ല് ഗ്ലാസ്, ഇലക്ട്രോണിക് മാലിന്യങ്ങൾ എന്നിവയെല്ലാം അടങ്ങിയ അജൈവ മാലിന്യ കുടുംബത്തെ മെരുക്കാനും ഒതുക്കാനും കൃത്യമായും ചിട്ടയായുമുള്ള മുന്നൊരുക്കവും ആസൂത്രണവും ആവശ്യമാണ്. ബോധവൽക്കരണത്തിന്റെ തലത്തിൽ നിന്നും ശീലവൽക്കരണത്തിലേക്കുള്ള മാറ്റമാണ് ഇതിൽ പ്രധാനം. ജില്ലയിൽ ഹരിതകേരളം മിഷന്റെ ആഭിമുഖ്യത്തിൽ 2017 ഓഗസ്റ്റ് 6 മുതൽ 13 വരെ സംഘടിപ്പിച്ച ഗൃഹതല സന്ദർശനവും സർവ്വേയും ഈ രംഗത്തേയ്ക്കുള്ള പുതിയ ചുവട് വയ്പിന് വഴി ഒരുക്കിയിട്ടുണ്ട്.

പട്ടിക: 4.2.3.2

ഹരിതകേരളം മിഷന്റെ ആഭിമുഖ്യത്തിൽ 2017 ഓഗസ്റ്റ് 6 മുതൽ 13 വരെ സംഘടിപ്പിച്ച ഗൃഹതല സന്ദർശനവും സർവ്വേയും

ബ്ളോക്ക് / ഗ്രാമപഞ്ചായത്ത്	കണക്കെടുത്ത വീടുകൾ	ജനസംഖ്യ	<3 സെന്റ്	<10 സെന്റ്	>10 സെന്റ്
കിളിമാനൂർ	46406	170498	4884	19177	20882
വർക്കല	38186	146049	15201	16444	17477
നേമം	57389	202683	14315	24003	11240
ചിറയിൻകീഴ്	42457	147358	8744	20679	15062
വാമനപുരം	55192	196285	5713	21121	24992
നെടുമങ്ങാട്	54280	188024	7987	27600	18541
പോത്തൻകോട്	42748	155386	8922	21552	14141
വെള്ളനാട്	57172	185562	8834	22862	23502
അതിയന്നൂർ	36045	144452	11834	15388	8531
പെരുങ്കടവിള	43608	150088	8616	24502	9161
പാറശ്ശാല	50887	195991	9606	21975	11388
എണ്ണം	524370	1882376	104656	235303	174917
മുനിസിപ്പാലിറ്റി/ കോർപ്പറേഷൻ	167700	597322	71141	71679	35605
ആകെ എണ്ണം	692070	2479698	175797	306982	210522

സർവ്വേ നടന്ന ആറ് ലക്ഷത്തിലേറെ വീടുകളിൽ മാലിന്യം തരം തിരിച്ച് കമ്പോസ്റ്റാക്കുകയും പാഴ്വസ്തു വ്യാപരികൾക്കോ/തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കോ കൈമാറുകയോ ചെയ്യുന്നവർ ഒരു ലക്ഷത്തിൽ താഴെയാണ് (98,033). ഇത് വെളിപ്പെടുത്തുന്ന തരംതിരിക്കൽ പ്രക്രിയ വീടുകളിൽ നടക്കുന്നില്ലായെന്നതാണ്. അതുതന്നെയാണ് നാം നേരിടുന്ന പ്രധാന വെല്ലുവിളിയെന്നതും.

പട്ടിക: 4.2.3.3

ജില്ലയിലെ അജൈവമാലിന്യ സംസ്ക്കരണ രീതികൾ

ബ്ളോക്ക് / ഗ്രാമപഞ്ചായത്ത്	ആകെ വീടുകൾ	കത്തിക്കുന്നു	സ്വകാര്യ ഏജൻസികളെ ഏൽപ്പിക്കുന്നു	പൊതു ഇടങ്ങളിൽ നിക്ഷേപിക്കുന്നു	പൊതു ഇടങ്ങളിൽ വലിച്ചെറിയുന്നു
കിളിമാനൂർ	46406	8024	650	829	1613
വർക്കല	38186	7109	1394	633	784
നേമം	57389	6925	467	2407	3164
ചിറയിൻകീഴ്	42457	883	147	5333	6861
വാമനപുരം	55192	6447	548	2603	3752
നെടുമങ്ങാട്	54280	10750	305	1289	970
പോത്തൻകോട്	42748	4602	532	2073	1147
വെള്ളനാട്	57172	15714	1087	3895	4499
അതിയന്നൂർ	36045	4189	740	3726	2106
പെരുങ്കടവിള	43608	5647	844	349	380
പാറശ്ശാല	50887	6150	579	2994	982
എണ്ണം	**524370**	**524370**	**7293**	**26131**	**26258**
മുനിസിപ്പാലിറ്റി/ കോർപ്പറേഷൻ	167700	167700	28497	7232	6720
ആകെ എണ്ണം	**692070**	**692070**	**35790**	**33363**	**32978**

ഈ പട്ടിക പ്രകാരം ആകെ സർവ്വേ നടന്ന 6,92,070 വീടുകളിൽ 2,08,011 വീടുകളിലെ അജൈവ മാലിന്യ പരിപാലനത്തെ കുറിച്ചുള്ള വിവരങ്ങളെ ലഭ്യമായിട്ടുള്ളൂ. ഇത് തന്നെ വെളിപ്പെടുത്തുന്ന കാര്യം തികച്ചും അനഭിലക്ഷണീയമായ രീതികളാണ് ഇവർ പിന്തുടരുന്നത് എന്നാണ്. ഈ പശ്ചാത്തലത്തിലാണ് ശുചിത്വ മിഷനും, ഹരിതകേരളം മിഷനും നടത്തിയ പ്രവർത്തനങ്ങളുടെ ഫലമായി അജൈവ മാലിന്യ പരിപാലന കാര്യത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ 2017–18 വർഷത്തെ പ്രോജക്ടുകൾ പരിശോധിക്കപ്പെടേണ്ടത്.

പട്ടിക: 4.2.3.4

അജൈവ മാലിന്യ പരിപാലനം

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ 2017–18 വർഷത്തെ പ്രോജക്ടുകൾ

ഘടകങ്ങൾ	ഗ്രാമ പഞ്ചായത്തുകളുടെ എണ്ണം	പ്രോജക്ടുകളുടെ എണ്ണം	നഗരസഭകളുടെ എണ്ണം	പ്രോജക്ടുകളുടെ എണ്ണം	ബ്ളോക്കു പഞ്ചായത്തുകളുടെ എണ്ണം	പ്രോജക്ടുകളുടെ എണ്ണം
എം.സി.എഫ്	73	56	5	24	11	0
ആർ.ആർ.എഫ്	73	1	5	5	11	7
തുമ്പൂർമൂഴി	73	11	5	20	11	0
ബയോഗ്യാസ് പ്ളാന്റ് (കമ്മ്യൂണിറ്റിതലം)	73	28	5	4	11	4
വി.ജി.എഫ്	73	32	5	2	11	2
ഐ.ഇ.സി	73	32	5	2	11	2
ഗൃഹതല സംസ്ക്കരണ സംവിധാനങ്ങൾ	73	19	5	8	11	ഇല്ല
ഗൃഹതല ബയോഗ്യാസ് പ്ളാന്റ്	73	36	5	3	11	ഇല്ല
നിലവിലുള്ളതിന്റെ പുനരുദ്ധാരണം	73	6	5	0	11	2
മറ്റുള്ളവ	73	0	5	0	11	0

ജില്ലയിൽ ശുചിത്വമിഷൻ നടത്തിയ പ്രാഥമിക അന്വേഷണത്തിൽ ലഭിച്ച വിവരങ്ങളുടെ അടിസ്ഥാനത്തിൽ താഴെ പറയുന്ന എണ്ണം സ്ക്രാപ്പ് ഡീലർമാരും, സ്ക്രാപ്പ് പിക്കർമാരും ജില്ലയിൽ ഉണ്ട് (ഇവരുടെ വിവരം ഒട്ടും തന്നെ കൃത്യമായി ലഭിച്ചിട്ടില്ല)

പട്ടിക: 4.2.3.5

ജില്ലയിൽ നിലവിലുള്ള സ്ക്രാപ്പ്ഡീലർമാരെ സംബന്ധിച്ച വിവരങ്ങൾ

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ	സ്ക്രാപ്പ് ഡീലർ	സ്ക്രാപ്പ് പിക്കേഴ്സ്
തിരുവനന്തപുരം കോർപ്പറേഷൻ	41	30
നെയ്യാറ്റിൻകര നഗരസഭ	9	16
ആറ്റിങ്ങൽ നഗരസഭ	7	13
നെടുമങ്ങാട് നഗരസഭ	8	14
വർക്കല നഗരസഭ	4	13
പാറശ്ശാല ബ്ളോക്ക്	8	17
പെരുങ്കടവിള ബ്ളോക്ക്	14	12
അതിയന്നൂർ ബ്ളോക്ക്	8	17
നേമം ബ്ളോക്ക്	18	15
വെള്ളനാട് ബ്ളോക്ക്	13	23
വർക്കല ബ്ളോക്ക്	3	14
പോത്തൻകോട് ബ്ളോക്ക്	4	17
നെടുമങ്ങാട് ബ്ളോക്ക്	13	18

പ്രധാന ശുപാർശകൾ

ലഭ്യമായ വിവരങ്ങളുടെയും ഹരിതകേരള മിഷൻ നിർവ്വഹണ മാർഗ്ഗ നിർദ്ദേശങ്ങളുടെയും അടിസ്ഥാനത്തിൽ ചുവടെ സൂചിപ്പിക്കുന്ന പ്രവർത്തന പരിപാടികൾ ജില്ലയിലെ അജൈവ മാലിന്യ സംസ്ക്കരണ രംഗത്ത് ഏറ്റെടുക്കേണ്ടതുണ്ട്.

- ഓരോ തദ്ദേശസ്വയംഭരണ സ്ഥാപനത്തിലും 2500 മുതൽ 3000 വരെ വീടുകൾക്ക് ഒരു എം.സി.എഫ് നിലവിൽ വരിക.
- ഒരു ബ്ളോക്കിൽ ഒന്ന് എന്ന നിലയിലെങ്കിലും ആർ.ആർ.സി സ്ഥാപിക്കണം.
- നഗരസഭകളിലും ആവശ്യമെങ്കിൽ ആർ.ആർ.സികൾ സ്ഥാപിക്കുകയും പ്രവൃത്തിക്കുകയും ചെയ്യുക.
- ആർ.ആർ.സി-കളുടെ പ്രവർത്തനം ക്ലീൻ കേരള കമ്പനി/മറ്റ് ലിസ്റ്റ് ചെയ്യപ്പെട്ട ഏജൻസികളെയോ ഏല്പിക്കുക
- തദ്ദേശസ്വയംഭരണ സ്ഥാപനതലത്തിൽ ചുരുങ്ങിയത് 500 വീടുകൾക്ക് ഒരാൾ എന്ന നിലയിലുള്ള ഫീൽഡു പ്രവർത്തകരെയും അവരുടെ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്ന സൂപ്പർവൈസർമാരെയും (510 പേർക്ക് 1 ആൾ) ഹരിത കർമ്മസേനയിൽ ഉൾപ്പെടുത്തുകയും അവർക്ക് ചിട്ടയായ പരിശീലനം നൽകുകയും ചെയ്യുക.
- എം.സി.എഫ്-കളിലും തുടർന്ന് ആർ.ആർ.സി-കളിലും എത്തുന്ന അജൈവമാലിന്യങ്ങൾ അതാത് സമയങ്ങളിൽ പുന:ചംക്രമണത്തിനും കൈമാറുക എന്നതിനാവശ്യമായ ക്രമീകരണം വളരെ പ്രധാനമാണ്.
- തദ്ദേശസ്വയംഭരണ തലത്തിലും, ബ്ളോക്കുതലങ്ങളിലും, ജില്ലയിലാകെയും തയ്യാറാക്കുന്ന ഐ.ഇ.സി. പ്രവർത്തനങ്ങൾ ശക്തമായി നടപ്പാക്കേണ്ടത്.
- മേൽ പട്ടികയുടെ അടിസ്ഥാനത്തിൽ ജില്ലയിൽ പ്രവൃത്തിക്കുന്നതും ഇനി കണ്ടെത്തുന്നതുമായ സ്ക്രാപ്പ് ഡീലർമാരെ അജൈവ മാലിന്യ പരിപാലന പദ്ധതിയുമായി ബന്ധപ്പെടുത്തേണ്ടതാണ്.
- സംസ്ഥാന ശുചിത്വമിഷന്റെ നിർദ്ദേശമനുസരിച്ച് വർക്കല നഗരസഭ ബീക്കൺ മുനിസിപ്പാലിറ്റിയായി പ്രവർത്തനങ്ങൾ ഏറ്റെടുക്കുകയും ഒരു പ്രൊഫഷണൽ പാർട്ട്ണറുടെ സഹായത്തോടെ നൂതന മാലിന്യ നിർമ്മാർജ്ജന പദ്ധതി ഏറ്റെടുത്ത് നടപ്പാക്കുന്നത് മറ്റുള്ളവർക്ക് മാതൃകയായി സ്വീകരിക്കാവുന്നതാണ്.

ദ്രവമാലിന്യം

1. തിരുവനന്തപുരം സ്വിവറേജ് പദ്ധതി

തിരുവനന്തപുരം സ്വിവറേജ് പദ്ധതി ആസൂത്രണം ചെയ്തത് 1931-കളിലാണ്. വീടുകളിലെയും മറ്റും സ്വീവേജ് മാലിന്യം (ടോയ്‌ലെറ്റിൽ നിന്നും അടുക്കളയിൽ നിന്നുമുള്ള മാലിന്യം) ശേഖരിച്ച് സംസ്കരിക്കുവാനായി 'സപ്പറേറ്റ്' സിസ്റ്റം രീതിയിലാണ് തിരുവനന്തപുരം നഗരത്തിനുള്ള സ്വീവറേജ് സംവിധാനം ആസൂത്രണം ചെയ്തത്. ഇത്തരം സിസ്റ്റത്തിൽ ടോയ്‌ലറ്റിൽ നിന്നുള്ള സ്വീവേജ് മാലിന്യവും അടുക്കളയിൽ നിന്നുള്ള

മാലിന്യവും മാത്രമാണ് സ്വിവറേജ് കണക്ഷനിൽ ഒഴുക്കേണ്ടത്. വീടുകളിൽ നിന്നും മഴവെള്ളവും മറ്റും ഈ സിസ്റ്റത്തിലേക്ക് ഒഴുക്കുവാൻ പാടുള്ളതല്ല.

വിവിധ കുന്നുകളും താഴ്‌വാരങ്ങളും നിറഞ്ഞതാണ് തിരുവനന്തപുരം നഗരത്തിന്റെ ഭൂപ്രകൃതി. തിരുവനന്തപുരം നഗരത്തിന്റെ ഭൂമിശാസ്ത്രപരമായ പ്രത്യേകത മൂലം ഈ പദ്ധതി 1931 ൽ ആസൂത്രണം ചെയ്തത് അന്നത്തെ നഗരപ്രദേശത്തെ എ, ബി, സി, ഡി, ഇ, എഫ്, ജി എന്നീ ഏഴ് ബ്ളോക്കുകളായി തിരിച്ചാണ്.

ഓരോ ബ്ളോക്കിലും അതിന് കീഴിലുള്ള പ്രദേശത്തെ സ്വീവേജ് മാലിന്യം ബ്രാഞ്ച്, ഇന്റർസെപ്റ്റിംഗ്, മെയിൻ സ്വിവർപൈപ്പ് ലൈനുകളിലൂടെ ശേഖരിച്ച് ആ പ്രദേശത്തെ ഏറ്റവും താഴ്ന്ന സ്ഥലത്ത് സ്ഥിതി ചെയ്യുന്ന പമ്പിംഗ് സ്റ്റേഷനിലെ കിണറിലെത്തിക്കുകയും അവിടെ നിന്നും സ്വീവേജ് മാലിന്യം പമ്പ് ചെയ്ത് മുട്ടത്തറയിൽ സ്ഥാപിച്ചിട്ടുള്ള സ്വീവേജ് ട്രീറ്റ്മെന്റ് പ്ളാന്റിൽ സംസ്കരണത്തിനായി എത്തിക്കുകയുമാണ് ചെയ്യുന്നത്.

മേൽ സൂചിപ്പിച്ച ബ്ളോക്കുകളിൽ ആദ്യം കമ്മിഷൻ ചെയ്തത് എ ബ്ളോക്കാണ്. 1945–ലാണ് എ–ബ്ളോക്കിലെ സ്വീവറേജ് സംവിധാനം കമ്മീഷൻ ചെയ്തത്. പിന്നീട് 1965–ൽ ബി–ബ്ളോക്ക് ആയും 1970–ൽ ബ്ളോക്ക് സി –യായും കമ്മീഷൻ ചെയ്യുകയുണ്ടായി. ബ്ളോക്ക് ഡി – യും ഇ–യും യഥാക്രമം 1994 ലും 1990 ലും ഭാഗികമായി കമ്മിഷൻ ചെയ്യപ്പെടുകയുണ്ടായി. എഫ്, ജി എന്നീ ബ്ളോക്കുകളിൽ ഇനിയും സ്വിവറേജ് സംവിധാനം ഒരുക്കിയിട്ടില്ല.

2013–ൽ 107 എം.എൽ.ഡി ശേഷിയുള്ള പുതിയ സ്വിവേജ് ട്രീറ്റ്മെന്റ് പ്ളാന്റ് മുട്ടത്തറയിൽ സ്ഥാപിതമാകുന്നതു വരെ 'സ്വീവേജ് ഫാമിംഗ്' രീതിയിലായിരുന്നു സ്വീവേജ് ട്രീറ്റ്മെന്റ് നടത്തിയിരുന്നത്.

തിരുവനന്തപുരം സ്വിവറേജ് സ്കീം പഴയ തിരുവനന്തപുരം കോർപ്പറേഷൻ പരിധിയിലെ 50– ഓളം വാർഡുകൾ ഉൾപ്പെടുന്ന പ്രദേശത്തെ ഏകദേശം 74.93 ചതുരശ്ര കിലോമീറ്റർ ചുറ്റളവിലാണ് നിലവിലുള്ളത്. എ മുതൽ ബി വരെയുള്ള ബ്ളോക്കുകളിലായി ഏദേശം 50,000 സ്വിവർ കണക്ഷനുകൾ തിരുവനന്തപുരം സ്വിവറേജ് ഡിവിഷനു കീഴിലുണ്ട്.

കൂട്ടിച്ചേർത്ത പഞ്ചായത്തുകളുൾപ്പെടെ നിലവിലെ തിരുവനന്തപുരം കോർപ്പറേഷൻ പരിധിയിലെ മറ്റു പ്രദേശങ്ങളിലും സ്വിവറേജ് സംവിധാനം വ്യാപിപ്പിക്കുവാനായി പുതിയ 11 ബ്ളോക്കുകൾകൂടി ജെ.എൻ.എൻ.യു.ആർ.എം പദ്ധതിയിൽപ്പെടുത്തി ആസൂത്രണം ചെയ്യപ്പെട്ടിരുന്നു. എച്ച്, ഐ, ജെ, കെ, എൽ, എം, എൻ, ഒ, പി, ക്യൂ, ആർ എന്നീ ബ്ളോക്കുകളാണിവ. കൂടാതെ എഫ്, ജി ബ്ളോക്കുകളിലെ സ്വീവറേജ് സംവിധാനം ഒരുക്കുവാനായി ഈ ബ്ളോക്കുകളുടെ ചുമതല കെ.എസ്.യു.ഡി.പി-യെ ഏൽപ്പിക്കുകയുണ്ടായി. എന്നാൽ വിവിധ കാരണങ്ങളാൽ ഇത് നടപ്പിലായില്ല. ഈ ബ്ളോക്കുകളുടെയെല്ലാം പൂർണ്ണ കമ്മിഷനോടു കൂടി മാത്രമേ 107 mld ശേഷിയുള്ള മുട്ടത്തറ സ്വീവേജ് ട്രീറ്റ്മെന്റ് പ്ളാന്റ് പൂർണ്ണതോതിൽ പ്രവർത്തിപ്പിക്കുവാൻ കഴിയുകയുള്ളു. ഇപ്പോൾ ഏകദേശം 45 mld മാത്രമാണ് മുട്ടത്തറ സ്വീവേജ് ട്രീറ്റ്മെന്റ് പ്ളാന്റിൽ ദിനംപ്രതി സംസ്കരണത്തിനെത്തുന്നത്.

സ്വീവേജ് ട്രീറ്റ്മെന്റ് പ്ളാന്റ് (STP).

107 mld ശേഷിയുള്ള പുതിയ സ്വീവേജ് ട്രീറ്റ്മെന്റ് പ്ളാന്റ് 2013–ൽ മുട്ടത്തറയിൽ സ്ഥാപിച്ചു. തിരുവനന്തപുരം സ്വിവറേജ് പദ്ധതിയിലെ എ മുതൽ ആർ വരെ വിഭാവനം ചെയ്തിട്ടുള്ള 18 ബ്ളോക്കിലെ സ്വീവേജ് മാലിന്യം സംസ്ക്കരിക്കുവാനുതകുന്ന വിധത്തിലാണ് 107 mld ശേഷിയുള്ള സ്വീവേജ് ട്രീറ്റ്മെന്റ് പ്ളാന്റ് സ്ഥാപിച്ചിട്ടുള്ളത്. നിലവിൽ പൂർണ്ണമായോ ഭാഗികമായോ കമ്മീഷൻ ചെയ്യപ്പെട്ടിട്ടുള്ള എ മുതൽ ഇ വരെയുള്ള 5 ബ്ളോക്കുകളിൽ നിന്നുള്ള 45 mld സ്വീവേജ് മാലിന്യം മാത്രമാണ് ഈ പ്ലാന്റിൽ സംസ്കരണത്തിനായി എത്തിചേരുന്നത്. ഡി മുതൽ ആർ വരെയുള്ള ബ്ളോക്കുകളുടെ പൂർണ്ണമായ കമ്മീഷനിങ്ങോടെ മാത്രമേ സ്വീവേജ് ട്രീറ്റ്മെന്റ് പ്ളാന്റിന്റെ സ്ഥാപിത ശേഷി പൂർണ്ണമായി പ്രയോജനപ്പെടുത്താൻ കഴിയുകയുള്ളൂ. എസ്.റ്റി.പി.യിൽ സ്വീവേജ് മാലിന്യം 'ആക്റ്റിവേറ്റഡ് സ്ളഡ്ജ്' പ്രോസ്സസ് മുഖാന്തിരം സംസ്കരിക്കപ്പെടുന്നു. പുറന്തള്ളുന്ന മാലിന്യാംശം കുറഞ്ഞ വെള്ളം പാർവ്വതിപുത്തനാറിലൂടെ കടലിലെത്തുന്നു. സംസ്കരണത്തിന്റെ ഭാഗമായുണ്ടാകുന്ന സ്ളഡ്ജ് നിലവിൽ എസ്.റ്റി.പി പരിസരത്ത് ശേഖരിക്കുന്നു. ഇത് വളമായും മറ്റാവശ്യങ്ങൾക്കായും പുനരുപയോഗം ചെയ്യേണ്ടതുണ്ട്.

പുറന്തള്ളപ്പെടുന്ന വെള്ളവും വ്യാവസായിക ആവശ്യങ്ങൾക്കും മറ്റുമായി പുനരുപയോഗം ചെയ്യാവുന്നതാണ്.

നിലവിൽ നടപ്പിലായി വരുന്ന പദ്ധതികൾ

(1) അമൃത് സ്വിവറേജ് പദ്ധതി

കേന്ദ്രാവിഷ്കൃത പദ്ധതിയായ അമൃതിൽ ഉൾപ്പെടുത്തി കഴക്കൂട്ടം നിയോജക മണ്ഡലത്തിന്റെ താഴ്ന്ന പ്രദേശങ്ങളായ കടകംപള്ളി, ആക്കുളം, കരിമണൽ, കുളത്തൂർ എന്നിവിടങ്ങളിൽ പമ്പിംഗ് സ്റ്റേഷൻ സ്ഥാപിച്ച് പ്രധാന സ്വിവർ ലൈനുകൾ സ്ഥാപിക്കാനുള്ള നിർമ്മാണ പ്രവർത്തനങ്ങൾക്ക് വേണ്ടി ഭരണാനുമതി ലഭിച്ചിട്ടുണ്ട്. 2020–21 വർഷത്തിനുള്ളിൽ ഈ പ്രദേശങ്ങളിൽ ഭാഗീകമായി സ്വിവറേജ് സംവിധാനം സ്ഥാപിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. കൂടാതെ തിരുവനന്തപുരം മെഡിക്കൽ കോളജിന് വേണ്ടി ഒരു 5 mld എസ്.റ്റി.പി നിർമ്മിക്കുവാനുള്ള പ്രാരംഭ നടപടികളും നടന്നു വരുന്നു.

(2) JNNURM സ്വിവറേജ് പദ്ധതി

JNNURM പദ്ധതിയിൽപെടുത്തി പുത്തൻപള്ളി, ബീമാപള്ളി, മുട്ടത്തറ, വെട്ടുകാട് തുടങ്ങിയ സ്ഥലങ്ങളിൽ നിലവിൽ പദ്ധതി പ്രവർത്തനം നടന്നുവരുന്നു.

നിർദ്ദേശങ്ങൾ

- തിരുവനന്തപുരം നഗരസഭയിൽ 30% സ്ഥലങ്ങളിൽ മാത്രമാണ് നിലവിൽ സ്വിവറേജ് സംവിധാനമുള്ളത്. അത് ഇപ്പോൾ ആവിഷ്ക്കരിച്ചിട്ടുള്ള പദ്ധതികൾ അടിയന്തിരമായി പൂർത്തിയാക്കി എല്ലാ സ്ഥലങ്ങളിലേയ്ക്കും എത്തിക്കേണ്ടതാണ്.
- ജില്ലയിൽ നഗരത്തിന് പുറത്ത് മറ്റ് മുനിസിപ്പാലിറ്റികളിലും ഗ്രാമപഞ്ചായത്തുകളിലും നിലവിൽ സ്വിവറേജ് സംവിധാനമില്ല. ഇവിടങ്ങളിൽ സ്വിവറേജ് സംവിധാനമൊരുക്കുന്നതിന് പുതിയ പദ്ധതികൾ ആസൂത്രണം ചെയ്യേണ്ടതുണ്ട്.
- നഗരസ്വഭാവമുള്ള പഞ്ചായത്ത് കേന്ദ്രങ്ങളിൽ മലിനജലം പരിപാലിക്കുന്നതിനുള്ള സംവിധാനങ്ങൾ ആദ്യഘട്ടത്തിൽ തന്നെ ആരംഭിക്കേണ്ടതുണ്ട്.
- ആറ്റിങ്ങൽ, വർക്കല, നെടുമങ്ങാട്, നെയ്യാറ്റിൻകര എന്നീ നഗരസഭകളിൽ വരുന്ന 3 വർഷത്തിനുള്ളിൽ മലിനജലം ശേഖരിക്കുവാനും, പരിപാലിക്കുവാനുമുള്ള സംവിധാനം സൃഷ്ടിക്കപ്പെടണം. അതോടൊപ്പം കിളിമാനൂർ, വെഞ്ഞാറമൂട്, വെള്ളനാട്, കാട്ടാക്കട, ബാലരാമപുരം പോത്തൻകോട്, നന്ദിയോട്, വിതുര, കുറ്റിച്ചൽ തുടങ്ങിയ ചെറുപട്ടണങ്ങളും മലിനജല പരിപാലന പദ്ധതിയുടെ ഭാഗമാകണം.
- മറ്റു പ്രദേശങ്ങളിൽ ഗാർഹിക സോക്കേജ് പിറ്റുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ തദ്ദേശസ്വയംഭരണ സ്ഥാപന തലത്തിൽ ആവിഷ്ക്കരിക്കപ്പെടണം.

4.2.4. പാർപ്പിടം

മനുഷ്യന്റെ അടിസ്ഥാനാവശ്യങ്ങളിലൊന്നാണ് പാർപ്പിടം. ഇതൊരു മൗലികമായ മനുഷ്യാവകാശമായി പരിഷ്കൃത സമൂഹം തിരിച്ചറിഞ്ഞിട്ടുണ്ട്. നമ്മുടെ രാജ്യത്ത് സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന ഗണ്യമായ വിഭാഗം കുടുംബങ്ങൾക്ക് സ്വന്തമായൊരു വീട് എന്ന സ്വപ്നം ഇനിയും യാഥാർത്ഥ്യമായിട്ടില്ല.

പാർപ്പിട നിർമ്മാണ മേഖലയിൽ മറ്റ് സംസ്ഥാനങ്ങളെ അപേക്ഷിച്ച് കേരളം ഗണ്യമായ നേട്ടം കൈവരിച്ചിട്ടുണ്ട്. ഭാവനാപൂർണ്ണമായ പൊതു ഇടപെടലുകളുടെ പരിണിത ഫലമാണ് ഈ നേട്ടം. സമഗ്രമായ ഭൂപരിഷ്കരണത്തിന്റെ ഫലമായി ലക്ഷക്കണക്കിന് കുടുംബങ്ങൾക്ക് ഭൂമി ലഭിച്ചപ്പോൾ വീട് നിർമ്മാണത്തിന്റെ ഗതിവേഗം വർദ്ധിച്ചു. എം.എൻ. ലക്ഷംവീട് പദ്ധതി, എം.എൻ. ലക്ഷംവീട് പുനരുദ്ധാരണ പദ്ധതി, സുനാമി പുനരധിവാസ പദ്ധതി, സുരക്ഷാ പുനരധിവാസ പദ്ധതി, ഗൃഹശ്രീ പദ്ധതി, ഇന്നവേറ്റീവ് ഹൗസിംഗ് സ്കീം തുടങ്ങിയ ഭവന നിർമ്മാണ പദ്ധതികളും ജില്ലയിൽ നടപ്പിലാക്കിയ തണൽ ഭവന പദ്ധതിയും ശ്രദ്ധേയമാണ്. ഗ്രാമവികസന വകുപ്പ് മുഖേന മുൻകാലങ്ങളിൽ നടപ്പിലാക്കിയ വില്ലേജ് ഹൗസിംഗ് സ്കീം, എൻ.ആർ.ഇ.പി, ആർ.എൽ.ഇ.ജി.പി, ഇ.ജി.പി, ജവഹർ റോസ്ഗാർ യോജന, ഇന്ദിരാ ആവാസ് യോജന തുടങ്ങിയ പാർപ്പിട പദ്ധതികളും ഗ്രാമീണ മേഖലകളിലെ ഭവനനിർമ്മാണത്തിന് ഗണ്യമായ സംഭാവന നൽകിയിട്ടുണ്ട്. നഗരസഭകൾ നടപ്പിലാക്കിയ സി.ബി.എസ്.യു.പി., ഐ.എച്ച്.എസ്.ഡി.പി, ജെ.എൻ.എൻ.യു.ആർ.എം, വാംപേ പാർപ്പിട പദ്ധതി, രാജീവ് ആവാസ് യോജന, പ്രധാനമന്ത്രി നഗര ആവാസ് യോജന എന്നിവയ്ക്കു പുറമെ ഇതര വകുപ്പുകളുടെയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയും തനത് ഭവന പദ്ധതികളും പാർപ്പിട നിർമ്മാണത്തിന് ആക്കംകൂട്ടി. ഇ.എം.എസ്.സമ്പൂർണ്ണ ഭവന പദ്ധതി ഭവന നിർമ്മാണ രംഗത്ത് കുതിച്ചുചാട്ടം ഉണ്ടാക്കി. ജില്ലയിൽ കഴിഞ്ഞ 5 വർഷ കാലയളവിനുള്ളിൽ മാത്രം വിവിധ ഏജൻസികൾ മുഖേന അമ്പതിനായിരത്തിലധികം വീടുകൾ നിർമ്മിക്കുകയുണ്ടായി.

പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങൾ, മത്സ്യതൊഴിലാളികൾ, തോട്ടം തൊഴിലാളികൾ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന മറ്റ് വിഭാഗങ്ങൾ എന്നിവരുടെ ഭവനരാഹിത്യത്തിനും യഥാകാലം അറ്റകുറ്റപ്പണികൾ ഏറ്റെടുക്കാൻ കഴിയാതെ ജീർണ്ണാവസ്ഥയിലെത്തിയ വീടുകൾക്കും പരിഹാരം കാണേണ്ടതായിട്ടുണ്ട്. സംസ്ഥാന സർക്കാർ 2021–ാം ആണ്ടോടുകൂടി എല്ലാവർക്കും വീട് എന്ന ലക്ഷ്യം സാക്ഷാത്ക്കരിക്കുന്നതിലേക്കായി നിലവിലുള്ള ഭവന പദ്ധതികളെ സംയോജിപ്പിച്ച് ഏറ്റെടുത്തിട്ടുള്ള ലൈഫ് മിഷൻ–സമ്പൂർണ്ണ പാർപ്പിട സുരക്ഷാപദ്ധതി സമഗ്രമായ ഇടപെടലിലൂടെ പ്രശ്ന പരിഹാരത്തിനുള്ള വൻ സാദ്ധ്യതയാണ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് തുറന്ന് തരുന്നത്.

അവസ്ഥാ വിശകലനവും നിഗമനങ്ങളും

ജില്ലയിൽ ആകെ 8,28,774 ഭവനങ്ങളാണ് നിലവിലുള്ളത്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു

പട്ടിക: 4.2.4.1

ആകെ ഭവനങ്ങൾ – തിരുവനന്തപുരം ജില്ല

വിഭാഗം	ഗ്രാമം	നഗരം	ആകെ
പട്ടികജാതി	48944	49494	98438
പട്ടികവർഗ്ഗം	7,061	2,590	9,651
പൊതുവിഭാഗം	334,602	386,083	720,685
ആകെവീടുകൾ	390607	438167	828774

(അവലംബം : 2011 സെൻസസ്)

സംസ്ഥാനത്ത് പൊതുവിൽ ജനസംഖ്യ നിരക്ക് കുറഞ്ഞുവെങ്കിലും ഭവന നിർമ്മാണ നിരക്ക് വർദ്ധിക്കുന്നതായി കണക്കുകൾ സൂചിപ്പിക്കുന്നു. സംസ്ഥാനത്തിന്റെ ആഭ്യന്തര ഉൽപ്പാദനത്തിന്റെ 15 മുതൽ 20 ശതമാനം നിക്ഷേപവും ഭവന നിർമ്മാണ മേഖലയിലാണ് നടത്തുന്നത്.

പട്ടിക: 4.2.4.2

ജില്ലയിലെ കഴിഞ്ഞ 5 വർഷക്കാലത്തെ ഭവന നിർമ്മാണം – വിവിധ പദ്ധതികളിലൂടെ

പദ്ധതിയുടെ പേര്	അനുവദിച്ച വീടുകൾ					പൂർത്തിയാക്കിയവീടുകൾ					പൂർത്തിയാക്കാനുള്ളവ	ശരാശരി
	എസ്.സി	എസ്.ടി	ന്യൂനപക്ഷം	ജനറൽ	ആകെ	എസ്.സി	എസ്.ടി	ന്യൂനപക്ഷം	ജനറൽ	ആകെ		
ഗ്രാമപഞ്ചായത്ത് ഭവനപദ്ധതി	947	138		1260	2345	806	91		1041	1938	407	82.644
ഐ.എ.വൈ,	8444	667	3031	5641	17783	7892	625	2921	5514	16952	831	
പി.എം.എ. വൈ	877	48	799	452	2176	247	3	319	191	760	1416	34.926
പട്ടികജാതി വികസന വകുപ്പ്	4570				4570	3253				3253	1317	71.182
പട്ടികവർഗ്ഗ വികസന വകുപ്പ്		1309			1309		672			672	637	51.337
ബി.എസ്.യു.പി	902			8274	9176	808			6854	7662	1514	83.5
ഇ.എം.എസ്. ഭവനം	322			902	1224	298			850	1148	76	93.791
സമ്പൂർണ്ണ ഭവന പദ്ധതി	2006			2052	4058	1251			1437	2688	1370	66.24
നഗര പട്ടികജാതി വകുപ്പ്	526				526	376				376	150	71.483
ഫിഷറീസ് ഭവന പദ്ധതി			2129		2129			1903		1903	226	89.385
മുനിസിപ്പാലിറ്റി ഭവന പദ്ധതി	1805	42		3013	4860	1452	29		2766	4247	613	87.387
ആകെ	20399	2204	5959	21594	50156	16383	1420	5143	18653	41599	8557	

മേൽപറഞ്ഞ പദ്ധതികൾ പ്രകാരം അനുവദിച്ച വീടുകളിൽ 18.27 ശതമാനം പൂർത്തീകരിക്കാൻ അവശേഷിക്കുന്നു. ഇതിൽ 47.28 ശതമാനം എസ്.സി മേഖലയിലും 8 ശതമാനം എസ്.റ്റി മേഖലയിലും 9 ശതമാനം ന്യൂനപക്ഷവും ആണെന്നുള്ളത് ശ്രദ്ധേയമാണ്. അതായത് പൂർത്തീകരിക്കേണ്ട വീടുകളിൽ 64 ശതമാനം പിന്നോക്ക ദുർബല വിഭാഗങ്ങളിലാണ്.

പട്ടിക: 4.2.4.3

ജീർണ്ണാവസ്ഥയിലുള്ള ഭവനങ്ങൾ

വിഭാഗം	ജില്ലയിലെ ജീർണ്ണഭവനങ്ങളുടെ എണ്ണം	ജില്ലയിലെ ജീർണ്ണഭവനങ്ങളുടെ എണ്ണം (ശതമാനത്തിൽ)	സംസ്ഥാനത്തെ ആകെ ജീർണ്ണഭവന ങ്ങളുടെ എണ്ണം	ജില്ലയുടെ സംഭാവന (ശതമാനത്തിൽ)
പട്ടികജാതി	8242	8.4	54049	15.2
പട്ടികവർഗ്ഗം	1421	14.7	20812	6.8
പൊതു വിഭാഗം	56837	7.9	331559	17.1
ആകെ	66500	8.0	406420	16.4

(അവലംബം : 2011 ലെ സെൻസസ്)

പട്ടിക: 4.2.4.4

ജില്ലയിലെ വീടുകളിലെ അടിസ്ഥാന സൗകര്യങ്ങളുടെ പൊതുസ്ഥിതി

അടസ്ഥാന സൗകര്യങ്ങൾ	നേട്ടം (ശതമാനത്തിൽ)		സ്ഥാനം	
	ജില്ല	സംസ്ഥാനം	ജില്ല	
കുടിവെള്ളത്തിനുള്ള ടാപ്പ്	38.2	29.3	3	സംസ്ഥാന ശരാശരിക്ക് മുകളിൽ
വെളിച്ചത്തിനായുള്ള വൈദ്യുതി കണക്ഷൻ	95	70	4	
കോൺക്രീറ്റ് റൂഫിംഗ്	53.7	47.80	4	
3 മുറി വീടുകൾ	32.3	32.2	5	
മൊസെക്ക് / ടൈലുകൾ ഉപയോഗിച്ചുള്ള തറ	24.8	22.9	6	
പ്രത്യേകം അടുക്കളയുള്ള വീടുകൾ	97	97.3	8	
ചുടുകട്ട ഉപയോഗിച്ചുള്ള ചുവരുകൾ	28.78	24.5	9	
രണ്ട് മുറി വീടുകൾ	24.8	25.1	9	സംസ്ഥാന ശരാശരിയിൽ താഴെ
ശുചിമുറിയുള്ള വീടുകൾ	94.2	95.2	8	
വാട്ടർ ക്ലോസറ്റ്	62.2	66.7	10	
കുടിവെള്ളത്തിനായി സ്വന്തം കിണർ ആശ്രയിക്കുന്നവർ	56.9	62	10	
തൃപ്തികരമായ അവസ്ഥയിലുള്ള വീടുകൾ	62	66.3	11	
കുളിമുറിയുള്ള വീടുകൾ	74	85.5	13	
ക്ലോസ്ഡ് ട്രയിനേജ് സിസ്റ്റം	11.6	25.2	14	

പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങളുടെ വീടുകളുടെ അവസ്ഥ

ജില്ലയിൽ ആകെ എസ്.സി ഭവനങ്ങളുടെ 15.2 ശതമാനവും എസ്.റ്റി ഭവനങ്ങളുടെ 6.8 ശതമാനവും ജീർണ്ണാവസ്ഥയിലുള്ള ഭവനങ്ങളാണ്. എസ്.സി വിഭാഗത്തിന്റെ ഭവനങ്ങളിൽ 17 ശതമാനം ഒറ്റമുറി വീടുകളും എസ്.റ്റി യുടേത് 20 ശതമാനവുമാണ്. അടുക്കളയില്ലാത്ത 7325 എസ്.സി ഭവനങ്ങളും 705 എസ്.റ്റി ഭവനങ്ങളുമുണ്ട്. ഇക്കാര്യങ്ങളിൽ ഗ്രാമ – നഗരങ്ങൾ തമ്മിൽ വലിയ വ്യത്യാസം കാണുന്നില്ല.

പൂർത്തിയാകാത്ത വീടുകൾ

ജില്ലയിൽ സർക്കാർ സഹായം ലഭിച്ചിട്ടും വീടുകൾ യഥാസമയം പൂർത്തിയാകാതിരുന്നതിന് ഭൗതികവും സാമൂഹികവും പാരിസ്ഥിതികവും സാങ്കേതികവും നിർവ്വഹണപരവുമായ കാരണങ്ങൾ കണ്ടെത്തിയിട്ടുണ്ട്. നിശ്ചിതസമയത്തിനുള്ളിൽ വീടുകൾ പൂർത്തീയാക്കാൻ കഴിയാത്തതിന്റെ കാരണങ്ങൾ താഴെ പറയും പ്രകാരമാണ്.

- ഗതാഗതസൗകര്യം ഇല്ലാത്തതിനാൽ നിർമ്മാണസാമഗ്രികൾ ദീർഘദൂരത്ത് നിന്ന് സ്ഥലത്ത് എത്തിക്കുന്നതിന് നല്ലൊരു ശതമാനം തുക ചെലവഴിച്ചതിനാൽ 35% ഗുണഭോക്താക്കളുടെ വീടുകൾ പൂർത്തീകരിച്ചിട്ടില്ല.
- 23 ശതമാനം ഗുണഭോക്താക്കൾ അനുവദനീയ പ്ലാനിൽ ആഗ്രഹത്തിനനുസരിച്ച് മാറ്റം വരുത്തിയത് കാരണം നിർമ്മാണ ചെലവ് കൂടുകയും നിർമ്മാണം തടസ്സപ്പെടുകയും ചെയ്തു.
- 14% ഗുണഭോക്താക്കൾ വീട് നിർമ്മിക്കാൻ അനുവദിച്ച തുക വിവാഹം പോലുള്ള മറ്റ് സ്വകാര്യ ആവശ്യങ്ങൾക്ക് ഉപയോഗിച്ചതിനാൽ നിർമ്മാണം യഥാസമയം പൂർത്തീകരിക്കാൻ കഴിഞ്ഞിട്ടില്ല.
- ഭൂമിയുടെ കിടപ്പ്, ചരിവ്, പ്രതികൂലമായ കാലാവസ്ഥ, പ്രകൃതിക്ഷോഭം എന്നിവ കാരണം നിർമ്മാണ ചെലവ് വർദ്ധിക്കുകയും വീട് നിർമ്മാണം തടസ്സപ്പെടുകയും ചെയ്ത ഗുണഭോക്തൃ കുടുംബങ്ങളുടെ എണ്ണം 20 ശതമാനത്തോളം വരും. 7 ശതമാനത്തോളം ഗുണഭോക്താക്കളുടെ ഭൂമി വീട് നിർമ്മാണത്തിന് അനുയോജ്യമല്ല.
- നിർമ്മാണ സാമഗ്രികളുടെ ഉയർന്ന നിരക്ക്, ബദൽ സാങ്കേതിക വിദ്യകളുടെ വ്യാപനമില്ലായ്മ എന്നിവയും മേൽനോട്ടത്തിന്റെയും സാങ്കേതിക സഹായങ്ങളുടെയും അഭാവവും സാധന സാമഗ്രികളുടെ വിലയായി 60 ശതമാനത്തോളം തുക ചെലവഴിക്കേണ്ട സാഹചര്യമുണ്ടാക്കുന്നു.
- ഗുണഭോക്താക്കളെ കണ്ടെത്തുന്നതിൽ വരുന്ന അപാകത പദ്ധതി നടത്തിപ്പിൽ വരുന്ന കാലതാമസം എന്നിവ നിർമ്മാണ പൂർത്തീകരണത്തെ ബാധിച്ചു.
- ഭവന നിർമ്മാണത്തിന് വകുപ്പുകൾ വ്യത്യസ്ത യൂണിറ്റ് കോസ്റ്റാണ് നിശ്ചയിച്ചിരുന്നത്. ഇത് കുറഞ്ഞ തുക നൽകുന്ന വകുപ്പുകളുടെ ഭവനനിർമ്മാണ പൂർത്തീകരണത്തെ സാരമായി ബാധിച്ചു.

പട്ടിക: 4.2.4.5

ഭവനരഹിതരുടെയും ഭൂരഹിത ഭവനരഹിതരുടെയും നിലവിലെ സ്ഥിതി വിവരം

വിഭാഗം	ഭൂരഹിതർ	ഭവന രഹിതർ	ആകെ
എസ്.റ്റി	746	520	1266
എസ്.സി	10053	3009	13062
ദുർബല വിഭാഗങ്ങൾ	11639	6365	18004
തോട്ടം തൊഴിലാളികൾ	165	65	230
മത്സ്യതൊഴിലാളികൾ	4885	742	5627
മറ്റുള്ളവർ	27891	13145	41036
ആകെ	55379	23846	79225

ജില്ലയിൽ ഭവനരഹിതരുടെയും ഭൂരഹിത – ഭവനരഹിതരുടെയും എണ്ണം എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും ഒരേ നിരക്കിലല്ല. ഇത് മലയോര പ്രദേശങ്ങളിലും തീരദേശ മേഖലയിലും വളരെ കൂടുതലാണ്. ആയതിനാൽ പ്രസ്തുത പ്രദേശങ്ങളിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് കൂടുതൽ പരിഗണനയും വിഭവലഭ്യതയും ഉറപ്പ് വരുത്തേണ്ടത് അനിവാര്യമാണ്. ഇക്കാര്യത്തിൽ നിലിവലുള്ള കേന്ദ്ര ഭവന നിർമ്മാണ പദ്ധതിയായ പ്രധാൻമന്ത്രി ആവാസ് യോജനയുടെ (ഗ്രാമീണം/നഗരം) പ്രയോജനം പരമാവധി

നേടിയെടുക്കുന്നതിനുള്ള ശ്രമങ്ങൾ നടത്തേണ്ടതുണ്ട്. 2022–ാമാണ്ടോടു കൂടി എല്ലാവർക്കും വീട് ലഭ്യമാക്കുകയെന്ന ലക്ഷ്യമാണ് പി.എം.എ.വൈ പദ്ധതിക്കുമുള്ളത്. സാമൂഹ്യ സാമ്പത്തിക ജാതി സെൻസസിലൂടെ കണ്ടെത്തിയ ഗുണഭോക്താക്കൾക്ക് മാത്രമേ ഈ പദ്ധതിയുടെ ആനുകൂല്യങ്ങൾ ലഭിക്കുകയുള്ളൂ. എന്നാൽ വിവിധ കാരണങ്ങളാൽ ഭൗതിക ലക്ഷ്യമനുസരിച്ചുള്ള മതിയായ എണ്ണം ഗുണഭോക്താക്കളെ പ്രസ്തുത ലിസ്റ്റിൽ നിന്നും കണ്ടെത്താൻ കഴിയാതെ വന്നിട്ടുണ്ട്. ലൈഫ് മിഷന്റെ അർഹതാ മാനദണ്ഡങ്ങൾ പ്രകാരം കണ്ടെത്തിയ ഗുണഭോക്താക്കളെ ഈ പദ്ധതിയുടെ ഗുണഭോക്തൃ ലിസ്റ്റിൽ കൂട്ടിച്ചേർത്താൽ മാത്രമേ പി.എം.എ.വൈ യുടെ ഭൗതിക ലക്ഷ്യം പൂർത്തീകരിക്കാൻ കഴിയുള്ളൂ.

സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന വിഭാഗങ്ങളുടെ പാർപ്പിടരാഹിത്യത്തിന് പരിഹാരമായി താഴെ പറയുന്ന നടപടികൾ സ്വീകരിക്കേണ്ടതുണ്ട്.

- നിർമ്മാണം ആരംഭിച്ച വളരെക്കാലമായി പൂർത്തീകരിക്കാതെ അവശേഷിക്കുന്ന വീടുകളുടെ പൂർത്തീകരണം.
- ജീർണ്ണാവസ്ഥയിലായ വീടുകളുടെ അറ്റകുറ്റപ്പണികൾ നടത്തി വാസയോഗ്യമാക്കുക.
- ഭൂമിയുള്ള കുടുംബങ്ങൾക്ക് ഭവനനിർമ്മാണത്തിന് സഹായമനുവദിക്കുക.
- ഭൂരഹിത ഭവനരഹിതർക്ക് ഭൂമി കണ്ടെത്തി ഭവന സമുച്ചയങ്ങൾ നിർമ്മിച്ചു നൽകൽ.

വിഭവ സമാഹരണം

സ്വന്തമായ സമ്പാദ്യം, ബാങ്കിംഗ് സ്ഥാപനങ്ങളിൽ നിന്നുള്ള വായ്പ, സർക്കാർ സഹായം എന്നിവയിൽ നിന്നുള്ള വിഭവ സമാഹരണമാണ് മുഖ്യമായും ഭവന നിർമ്മാണത്തിന് ഉപയോഗിച്ചു വരുന്നത്. സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന വിഭാഗങ്ങളുടെ ഭവന നിർമ്മാണത്തിന്റെ 90 ശതമാനവും സർക്കാർ സഹായത്തെ മാത്രം ആശ്രയിച്ചുള്ളതാണ്. കേന്ദ്ര–സംസ്ഥാനാവിഷ്കൃത പദ്ധതികളുടെ ഭാഗമായുള്ള ഫണ്ട്, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി വിഹിതം, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ പ്രാദേശികമായി സ്വരൂപിക്കുന്ന ഭവനനിധി, സി.എസ്.ആർ ഫണ്ട്, ബാങ്കിംഗ് സ്ഥാപനങ്ങൾക്കുള്ള വായ്പ, ഗുണഭോക്തൃ വിഹിതം, വിവിധ പദ്ധതികളുടെ/ ഏജൻസികളുടെ കൺവേർജൻസിലൂടെ ഗുണഭോക്താക്കൾക്ക് ലഭ്യമാക്കാൻ കഴിയുന്ന സേവനങ്ങളും സഹായങ്ങളും പ്രയോജനപ്പെടുത്തുന്ന രീതിയിൽ സമഗ്രവും ആസൂത്രിതവുമായ സമീപനം ഇക്കാര്യത്തിൽ അനുപേക്ഷണീയമാണ്.

പട്ടിക: 4.2.4.6

വിവിധ പദ്ധതികളുമായുള്ള സംയോജനം

പദ്ധതി	അധിക ധനസഹായം
എം.ജി.എൻ.ആർ.ഇ.ജി.എസ്	90 അവിദഗ്ധ തൊഴിൽ ദിനങ്ങൾ
	നിർമ്മാണ വസ്തുക്കൾ
	ശുചിമുറി പരമാവധി (12000 രൂപ)
	മഴവെള്ള സംഭരണി / കിണർ റീചാർജ്ജിംഗ് / കുടിവെള്ള കിണർ
	വെർമി കമ്പോസ്റ്റ് / സോക്ക് പിറ്റ് നിർമ്മാണം
	ഉപജീവന പ്രവർത്തനങ്ങൾക്കുള്ള അടിസ്ഥാന സൗകര്യങ്ങൾ (കാലിതൊഴുത്ത്, ആട്ടിൻകൂട്, കോഴിക്കൂട്)
	ഫലവൃക്ഷതൈകൾ നട്ടുപിടിപ്പിക്കൽ, ജൈവ വേലി
പ്രധാൻ മന്ത്രി ഉജ്ജ്വൽ യോജന	പാചക വാതക കണക്ഷൻ
സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതി (ഡി.ഡി.യു – ജി.ജെ.വൈ)	വൈദ്യുതി കണക്ഷൻ
തദ്ദേശ ഭരണ സ്ഥാപനം	വീട് വയറിംഗ്, കുടിവെള്ള കണക്ഷൻ
എൻ.ആർ.എൽ.എം	മേസ്തിരി പരിശീലനം, ജീവനോപാധികൾ
ഡി.ഡി.യു – ജി.കെ.വൈ	
കുടുംബശ്രീ	

നിർദ്ദേശങ്ങൾ

എ) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ

- പൂർത്തീകരിക്കാത്ത വീടുകളുടെ പൂർത്തീകരണത്തിനായി വാർഷിക പദ്ധതി തയ്യാറാക്കുക
- ഏകീകൃത ഗുണഭോക്തൃ ലിസ്റ്റ് തയ്യാറാക്കൽ

- ഭൂരഹിതർക്ക് പാർപ്പിട സമുച്ചയത്തിനുള്ള സ്ഥലം കണ്ടെത്തൽ
- തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ ഭവന സാക്ഷരതാ യജ്ഞം, ഐ.ഇ.സി പ്ലാൻ, ചെലവ് കുറഞ്ഞ സാങ്കേതിക വിദ്യയുടെ വ്യാപനം
- വിവിധ പദ്ധതികളുടെ സമന്വയത്തിലൂടെ അധിക വിഭവ സമാഹരണം, ഗുണഭോക്തൃ സേവനങ്ങൾ ഉറപ്പാക്കൽ
- കെട്ടിട നിർമ്മാണവുമായി ബന്ധപ്പെട്ട സാങ്കേതിക തൊഴിലാളികളെ ഉൾപ്പെടുത്തി ലേബർ ഗ്രൂപ്പുകളും ഹൗസിംഗ് സൊസൈറ്റികളും രൂപീകരിക്കുന്നതിന് മുൻകൈയെടുക്കുക.
- ഖര-ജല-മാലിന്യ സംസ്കരണത്തിന് പദ്ധതി തയ്യാറാക്കുക
- മൈക്രോ പ്ലാൻ (ഗുണഭോക്തൃ / വാർഡ് തലത്തിൽ) തയ്യാറാക്കൽ
- വാർഷിക കർമ്മ പദ്ധതി തയ്യാറാക്കൽ
- സോഷ്യൽ ഓഡിറ്റിനുള്ള ക്രമീകരണങ്ങൾ ചെയ്യുക

ബി) ബ്ലോക്ക് പഞ്ചായത്ത്

- ഗ്രാമപഞ്ചായത്ത്തല പദ്ധതികളുടെ ക്രോഡീകരണം
- ബ്ലോക്ക്തല ഐ.ഇ.സി പ്ലാൻ തയ്യാറാക്കൽ
- വിവിധ വികസന വകുപ്പുകളും/ ഏജൻസികളും കേന്ദ്രപദ്ധതികളുമായുള്ള സമന്വയം ഉറപ്പാക്കൽ
- ലേബർ ഗ്രൂപ്പുകൾക്ക് മേസ്തിരി പരിശീലനം, വിന്യാസം
- മുൻപിൻ ബന്ധങ്ങൾ, സഹായ സംവിധാനങ്ങൾ എന്നിവ ഉറപ്പാക്കൽ
- സാങ്കേതിക സ്ഥാപനങ്ങളെയും, എഞ്ചിനിയറിംഗ് വിദഗ്ധരെയും ഉൾപ്പെടുത്തി ചെലവു കുറഞ്ഞ സാങ്കേതിക വിദ്യയുടെ വ്യാപനം
- ബ്ലോക്കുതല ലേബർ കോൺട്രാക്ട് സൊസൈറ്റികൾ രൂപീകരിക്കുക
- സോഷ്യൽ ഓഡിറ്റിംഗ്
- നിർമ്മാണ സാമഗ്രികളുടെ ലഭ്യത ഉറപ്പുവരുത്തുക
- ഗ്രാമ പഞ്ചായത്തുകളിലെ സഹായ സംവിധാനങ്ങൾ ബ്ലോക്ക്തലത്തിൽ ഏകോപിപ്പിക്കുക

സി) ജില്ലാ പഞ്ചായത്ത്

- ബ്ലോക്ക്തല പദ്ധതികളുടെ ക്രോഡീകരണം
- ജില്ലയുടെ സമഗ്ര-സംയോജിത ഭവന നിർമ്മാണ പദ്ധതി രൂപീകരണം
- സാങ്കേതിക സ്ഥാപനങ്ങൾ/ഏജൻസികൾ/സാങ്കേതിക പ്രവർത്തകർ എന്നിവരെ ഉൾപ്പെടുത്തി ജില്ലാതല വിഭവസേന രൂപീകരിക്കുക
- കേന്ദ്ര പദ്ധതികളുടെ വിവിധ വകുപ്പുകളുമായുള്ള സമന്വയം ഉറപ്പാക്കുക
- പിൻതുണ സംവിധാനങ്ങൾ ഏകോപിപ്പിക്കുക
- ഭവന സമുച്ചയ നിർമ്മാണത്തിനുള്ള ഭൂമി ലഭ്യത ഉറപ്പാക്കുക
- ജില്ലയിലെ ഭവന നിർമ്മാണത്തിനുള്ള വിഭവ ലഭ്യത ഉറപ്പാക്കുക
- ചെലവ് കുറഞ്ഞ ടെണ്ടർ സാങ്കേതിക വിദ്യകളുടെ വ്യാപനത്തിനായി ഇടപെടൽ നടത്തുക
- നിർമ്മാണ സാമഗ്രികളുടെ ലഭ്യതയും വില നിയന്ത്രണവും ഉറപ്പാക്കുക
- പ്രാദേശിക വിഭവസമാഹരണത്തിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ സഹായിക്കുക
- മോണിറ്ററിംഗ് ശക്തിപ്പെടുത്തുന്നതിന് ഇടപെടൽ നടത്തുക
- സോഷ്യൽ ഓഡിറ്റ് റിപ്പോർട്ടിൻ മേൽ തുടർനടപടികൾ സ്വീകരിക്കുക

ഡി) സംസ്ഥാനതലം

- ദാരിദ്ര്യരേഖയ്ക്ക് മുകളിലുള്ള പരിമിത വരുമാനക്കാർക്ക് തിരിച്ചടവ് ശേഷിയുള്ള കുടുംബങ്ങൾക്ക് ഹൗസിംഗ് പലിശ സബ്സിഡി പദ്ധതി
- ദാരിദ്ര്യരേഖയ്ക്ക് മുകളിലുള്ള പരിമിത വരുമാനക്കാർക്കായി ഹൗസിംഗ് - ഇന്ററസ്റ്റ് സബ്സിഡി സ്കീം രൂപീകരിക്കുക

- ഫണ്ട് ലഭ്യത കാലാനുസൃതമായി ഉറപ്പു വരുത്തുക. വരുമാനം കുറഞ്ഞ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് അധികസഹായം അനുവദിക്കുക
- സാങ്കേതിക സ്ഥാപനങ്ങൾ/ഏജൻസികളുടെ പങ്കാളിത്തം ഉറപ്പ് വരുത്തുന്നതിനുള്ള നിർദ്ദേശങ്ങൾ നൽകുക
- സംയോജന സാധ്യതകൾ ഉറപ്പുവരുത്തുന്നതിനുള്ള നിർദ്ദേശങ്ങൾ
- ലൈഫ് മിഷൻ മാനദണ്ഡങ്ങൾ പ്രകാരം കണ്ടെത്തിയ കുടുംബങ്ങളെ എസ്.ഇ.സി.സി ലിസ്റ്റിൽ ചേർക്കുന്നതിനുള്ള അനുമതി കേന്ദ്ര സർക്കാരിൽ നിന്നും ലഭ്യമാക്കുക.
- സോഷ്യൽ ഓഡിറ്റിംഗിന് വ്യവസ്ഥാപിത സംവിധാനം
- ഭവന ഇൻഷ്വറൻസ് സ്കീം നടപ്പിലാക്കുക

4.2.5 വിദ്യാഭ്യാസം

ഭൂമിശാസ്ത്രപരമായി വേണാട്, കുട്ടനാട്, പൂഴിനാട്, കാർക്കനാട് എന്നിങ്ങനെ വിഭജിക്കപ്പെട്ടിരുന്ന തിരുവിതാംകൂറിന്റെ വിദ്യാഭ്യാസ ചരിത്രം സംഘകാലത്തോടെ ആരംഭിക്കുന്നു. വിദ്യാഭ്യാസം സവർണ്ണർക്കും ബ്രാഹ്മണർക്കും മാത്രമായി നിജപ്പെടുത്തിയിരുന്ന കാലഘട്ടത്തിൽ അബ്രാഹ്മണർക്കായി എഴുത്തുപള്ളികൾ ഉണ്ടായിരുന്നു. കളരികളും എല്ലാ ഗ്രാമത്തിലും ഏർപ്പെടുത്തിയിരുന്നു.

ക്രിസ്ത്യൻ മിഷണറിമാർ കേരളത്തിൽ എത്തുകയും ആരാധനാലയങ്ങളോടു ചേർന്ന് പള്ളിക്കൂടം എന്ന പ്രാഥമിക വിദ്യാലയങ്ങൾ സ്ഥാപിക്കാനും തുടങ്ങി. ഇവയിൽ ചിലതിന് തിരുവിതാംകൂർ രാജവംശം സഹായവും നൽകി. 1817 ഏപ്രിൽ 2–ാം തീയതി പാറശ്ശാലയിൽ ചെറുവാരക്കോണത്താണ് ജില്ലയിൽ ഔപചാരികമായി ഒരു വിദ്യാലയം സ്ഥാപിക്കപ്പെട്ടത്. 1854–ൽ പെൺകുട്ടികൾക്കായി പ്രത്യേക സ്കൂളുകൾ സ്ഥാപിക്കപ്പെട്ടു. 1869–ൽ സ്കൂളുകൾക്ക് ഗ്രാൻ ഇൻ എയ്ഡ് വ്യവസ്ഥ പ്രകാരം ധനസഹായം നൽകി.

1894–ൽ ട്രാവൻകൂർ എഡ്യൂക്കേഷൻ റൂൾസ് നിലവിൽ വന്നു. 1904–ൽ പ്രാഥമിക വിദ്യാഭ്യാസം സൗജന്യമാക്കി. 1907–ൽ ഈഴവർക്ക് സ്കൂൾ പ്രവേശനം സാധ്യമായി. 1910–ൽ അന്നത്തെ വിദ്യാഭ്യാസ കോഡിന് രൂപം നൽകി. എല്ലാ മാനേജ്മെന്റ് സ്കൂളുകളും വിദ്യാഭ്യാസ ഡിപ്പാർട്ട്മെന്റിന്റെ കീഴിലായി. എല്ലാ സ്വകാര്യ സ്കൂളുകളും ഗ്രാന്റ് സ്കൂളുകളായി. 1905–ൽ അയ്യങ്കാളി വെങ്ങാനൂരിൽ സ്ഥാപിച്ച കുടിപ്പള്ളിക്കൂടം സവർണ്ണജാതിക്കാർ തീവച്ച് നശിപ്പിച്ചു. 1910–ൽ മിച്ചൽ അയിത്തജാതിക്കാരായ കുട്ടികൾക്ക് സ്കൂൾ പ്രവേശനം നൽകി ഉത്തരവായി.

ഐക്യകേരളം നിലവിൽ വന്ന ശേഷം ആദ്യത്തെ കമ്മ്യൂണിസ്റ്റ് മന്ത്രിസഭയിൽ വിദ്യാഭ്യാസവകുപ്പ് മന്ത്രിയായിരുന്ന പ്രൊഫ.ജോസഫ് മുണ്ടശ്ശേരി വിദ്യാഭ്യാസ രംഗത്ത് ഒട്ടനവധി മാറ്റങ്ങൾ വരുത്തി. ഗവൺമെന്റിൽ നിന്നും അനുമതി നേടി അതാത് പ്രദേശങ്ങളുടെ വളർച്ചയ്ക്കും വികാസത്തിനും ആയി നിരവധി സ്കൂളുകൾ ഉയർന്നു വന്നു. 1957 സെപ്തംബറിലാണ് കെ.ഇ.ആർ പാസാക്കിയത്. 2015–ൽ കേരളം സമ്പൂർണ്ണ പ്രാഥമിക വിദ്യാഭ്യാസം നേടിയ രാജ്യത്തെ ആദ്യ സംസ്ഥാനമായി മാറി.

ഗുണമേന്മയുള്ള വിദ്യാഭ്യാസം കുട്ടികളുടെ അവകാശം എന്ന മുദ്രാവാക്യത്തിലൂന്നി 2030–ഓടെ കേരളം സമഗ്രവികസനത്തിന്റെ ഏറ്റവും സന്തുലിതമായ അവസ്ഥയിൽ എത്തിചേരുമെന്നാണ് നാം വിഭാവന ചെയ്യുന്നത്. ലോകത്തിനാകെ ഇപ്പോൾ തന്നെ മാതൃകയായ ഈ സംസ്ഥാനം 'സ്വാവലംബിത വികസന സമീപന'മാണ് കാഴ്ചപ്പാടായി സ്വീകരിച്ചിരിക്കുന്നത്. നമ്മുടെ വിദ്യാലയങ്ങളെയും കുട്ടികളെയും അധ്യാപകരെയും അന്താരാഷ്ട്ര നിലവാരത്തിലേക്ക് എത്തിക്കുന്നതിനു വേണ്ടി പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞവുമായി കേരളം മുന്നോട്ട് കുതിക്കുകയാണ്. മനുഷ്യനെ പൂർണ്ണ മനുഷ്യനാക്കുക എന്ന ദൗത്യമാണ് വിദ്യാഭ്യാസത്തിനുള്ളത്. അതിനായുള്ള വിഭവ സമാഹരണവും അതിന്റെ ഫലപ്രദമായുള്ള വിനിയോഗിക്കലും വിലയിരുത്തലും സാമൂഹിക പ്രയോഗവുമാണ് ഈ രംഗത്ത് നവകേരള മുദ്ര പതിപ്പിക്കുന്നതിനുള്ള സൂക്ഷ്മപ്രക്രിയ.

മാനവശേഷി വികസനം ഏറ്റവും കൂടുതൽ ഉപയോഗപ്പെടുത്തുന്ന ഈ മേഖലയിൽ 2017–ലെ വിവര സൂചിക നൽകുന്ന ഉയർച്ച 2030 ലേക്കുള്ള പ്രയാണത്തിന് അടിത്തറ പാകുന്നു. ഭരണഘടന ഉറപ്പാക്കുന്ന വിദ്യാഭ്യാസ അവകാശം കേരളം ചരിത്രപരമായി നിർവ്വഹിക്കുന്നു. ഓരോ കുട്ടിയേയും ഓരോ യൂണിറ്റായി കണക്കാക്കിയിട്ടുള്ള അക്കാദമിക് പ്രവർത്തനങ്ങൾ വിവിധ ഏജൻസികൾ കാര്യമായി നടപ്പാക്കുന്നുണ്ട്.

കൂടുതൽ ജാഗ്രതയായും ഭൗതികചിന്തകളാൽ അടിത്തറ പണിതും പ്രായോഗിക സവിശേഷതകൾ ആവിഷ്കരിക്കുന്നതും മതനിരപേക്ഷതയിൽ പുലരുന്നതുമായ സാർവ്വത്രിക വിദ്യാഭ്യാസത്തിന്റെ പൂർണ്ണതയിലേക്കുള്ള ചുവടുവയ്പ് ആകുകയാണ് ജില്ലാ വിദ്യാഭ്യാസ പദ്ധതി.

ജില്ലയിലെ വിദ്യാലയങ്ങളുടെ ഭരണ ചുമതല നിരവധി ഏജൻസികളാണ് കൈകാര്യം ചെയ്യുന്നത്.

എൽ.പി & യു.പി. സ്കൂളുകൾ	-	ഗ്രാമപഞ്ചായത്തുകൾ
എച്ച്.എസ്, എച്ച്.എസ്.എസ്. & വി.എച്ച്.എസ്.എസ്	–	ജില്ലാ പഞ്ചായത്ത്

കോർപ്പറേഷനിലും മുനിസിപ്പാലിറ്റികളിലും ഉൾപ്പെടുന്ന സ്കൂളുകളുടെ ചുമതല അതാത് ഭരണ സംവിധാനങ്ങളുടെ മേൽനോട്ടത്തിലാണ്.

വിദ്യാഭ്യാസഘടനയും ഭരണസംവിധാനവും

കേരളത്തിലെ വിദ്യാഭ്യാസ വകുപ്പിന്റെ ചുമതല വിദ്യാഭ്യാസ മന്ത്രിയുടെ നിയന്ത്രണത്തിലാണ്. വിദ്യാഭ്യാസ വകുപ്പിന്റെ പ്രവർത്തനങ്ങളുടെ ചുക്കാൻ പിടിക്കുന്നത് പൊതു വിദ്യാഭ്യാസ സെക്രട്ടറി, ഡയറക്ടർ ഓഫ് പബ്ലിക് ഇൻസ്ട്രഷൻ എന്നിവരാണ്.

ജില്ലയിലെ വിദ്യാഭ്യാസ ഭരണപരമായ കർത്തവ്യങ്ങൾ നിർവ്വഹിക്കുന്നത് വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടറാണ്. തുടർന്ന് ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർ, ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർ, ഹെഡ്മാസ്റ്റർമാർ, അദ്ധ്യാപകർ എന്നിങ്ങനെയാണ് വകുപ്പിലെ ഉദ്യോഗസ്ഥരുടെ ഘടന.

അക്കാദമികമായ നേതൃത്വം നൽകുന്നത് ഡയറ്റും സംഘാടനം എസ്.എസ്.എയും ആർ.എം.എസ്.എ യും ആണ്. എസ്.എസ്.എയുടെ ജില്ലാ ഓഫീസിന്റെ പ്രവർത്തനം നിർവ്വഹിക്കുന്നത് ജില്ലാ പ്രോജക്ട് ഓഫീസറാണ്. അദ്ദേഹത്തിനോടൊപ്പം പ്രോഗ്രാം ഓഫീസർമാരും പ്രവർത്തിക്കുന്നു. ആർ.എം.എസ്.എ യുടെ ജില്ലയുടെ പ്രവർത്തനങ്ങൾ നിർവ്വഹിക്കുന്നത് അസിസ്റ്റന്റ് പ്രോഗ്രാം ഓഫീസറാണ്.

കെ.ഇ.ആർ നിർദ്ദേശങ്ങൾ പ്രകാരം ജില്ലയിലെ വിദ്യാലയങ്ങളെ നാലായി തരം തിരിച്ചിരിക്കുന്നു.

1. പൊതു വിദ്യാഭ്യാസം
2. സ്പെഷ്യൽ എഡ്യൂക്കേഷൻ
3. പ്രത്യേക വിഭാഗത്തിൽപ്പെട്ട വിദ്യാഭ്യാസ സ്ഥാപനങ്ങൾ
4. പൊതു വിദ്യാഭ്യാസവുമായി ബന്ധപ്പെട്ട മറ്റു സ്ഥാപനങ്ങൾ

1. പൊതു വിദ്യാഭ്യാസം

പ്രീ-പ്രൈമറി, പ്രൈമറി, അപ്പർപ്രൈമറി, സെക്കണ്ടറി, ഹയർ സെക്കണ്ടറി, വൊക്കേഷണൽ ഹയർ സെക്കണ്ടറി, സാങ്കേതിക വിദ്യാഭ്യാസം

2. സ്പെഷ്യൽ എഡ്യൂക്കേഷൻ സ്കൂളുകൾ

ഐ.ടി.ഐ-കൾ, ഫിഷറീസ് സ്കൂൾ, സ്പോർട്സ് സ്കൂൾ, ട്രൈബൽ സ്കൂൾ, റസിഡൻഷ്യൽ സ്കൂൾ, ജുവനൈൽ ജസ്റ്റിസ് സ്ഥാപനങ്ങൾ

3. പ്രത്യേക വിഭാഗത്തിൽപ്പെട്ട വിദ്യാഭ്യാസ സ്ഥാപനങ്ങൾ

ഡഫ് ആന്റ് ഡംപ് സ്കൂൾ, ബ്ലൈന്റ് സ്കൂൾ, എം.ആർ സ്കൂൾ

4. പൊതു വിദ്യാഭ്യാസവുമായി ബന്ധപ്പെട്ട മറ്റു സ്ഥാപനങ്ങൾ

ഭാരത് സ്കൗട്സ് & ഗൈഡ്സ്, എൻ.സി.സി, ജെ.ആർ.സി,എസ്.പി.സി

ജില്ലയിൽ ആകെ 988 സ്കൂളുകളാണുള്ളത്. ഇതിൽ 531 ഗവൺമെന്റ് സ്കൂളുകളും 360 എയ്ഡഡ് സ്കൂളുകളും 97 അൺ എയ്ഡഡ് സ്കൂളുകളുമാണ്.

പട്ടിക: 4.2.5.1

ജില്ലയിലെ സ്കൂളുകൾ

ഹൈസ്കൂൾ				യു.പി സ്കൂൾ				എൽ.പി സ്കൂൾ				ആകെ സ്കൂളുകൾ			
ഗവ	എയ്ഡഡ്	അൺ എയ്ഡഡ്	ആകെ	ഗവ	എയ്ഡഡ്	അൺ എയ്ഡഡ്	ആകെ	ഗവ	എയ്ഡഡ്	അൺ എയ്ഡഡ്	ആകെ	ഗവ	എയ്ഡഡ്	അൺ എയ്ഡഡ്	ആകെ
126	94	43	263	98	94	27	219	307	172	27	506	531	**360**	97	988

ഇതിൽ ഗവൺമെന്റ് തലത്തിൽ 126 ഹൈസ്കൂൾ, 98 യു.പി സ്കൂളുകളും 307 എൽ.പി സ്കൂളുകളും ഉണ്ട്. എയ്ഡഡ് തലത്തിൽ 94 ഹൈസ്കൂൾ, 94 യു.പി സ്കൂളുകളും 172 എൽ.പി സ്കൂളുകളും ഉണ്ട്. ഈ സ്കൂളുകളുടെ (സർക്കാർ + എയ്ഡഡ്) എണ്ണമാണ് താഴെ കൊടുത്തിരിക്കുന്നത്.

പട്ടിക: 4.2.5.2

സ്കൂളുകളുടെ എണ്ണം

ലോവർ പ്രൈമറി സ്കൂൾ	486
അപ്പർ പ്രൈമറി ഉൾപ്പെടെയുള്ള ലോവർ പ്രൈമറി സ്കൂൾ	158
സെക്കണ്ടറി ഉൾപ്പെടെയുള്ള ലോവർ പ്രൈമറി സ്കൂൾ	59
അപ്പർ പ്രൈമറി സ്കൂൾ	67
സെക്കണ്ടറി ഉൾപ്പെടെയുള്ള അപ്പർ പ്രൈമറി സ്കൂൾ	122
ഹയർ സെക്കണ്ടറി ഉൾപ്പെടെയുള്ള അപ്പർ പ്രൈമറി സ്കൂൾ	19
സെക്കണ്ടറി സ്കൂൾ	15
ഹയർ സെക്കണ്ടറി സ്കൂൾ	3
സെക്കണ്ടറി ഉൾപ്പെടെയുള്ള ഹയർ സെക്കണ്ടറി സ്കൂൾ	2

കുട്ടികളുടെ സ്ഥിതിവിവരം

ജില്ലയിൽ എല്ലാ വിഭാഗത്തിൽ നിന്നുമായി 578075 കുട്ടികൾ പഠനം നടത്തുന്നു. പ്രീപ്രൈമറി മുതൽ 12 വരെയുള്ള ക്ലാസ്സുകളിലെ കുട്ടികളുടെ സ്ഥിതി വിവരമാണിത്. തിരുവനന്തപുരം പട്ടണം ഉൾപ്പെടുന്ന പ്രദേശങ്ങളിലുള്ള സ്കൂളുകളിലാണ് ഗ്രാമീണ മേഖലയേക്കാൾ കുട്ടികൾ പഠിക്കുന്നത്.

പട്ടിക: 4.2.5.3

കുട്ടികളുടെ സ്ഥിതിവിവരം

പ്രീപ്രൈമറി മുതൽ 12 വരെ	ഗ്രാമം			നഗരം			ആകെ		
	ആൺ	പെൺ	ആകെ	ആൺ	പെൺ	ആകെ	ആൺ	പെൺ	ആകെ
	154923	151750	306673	44814	51968	96782	293031	285044	578075

പട്ടിക: 4.2.5.4

കുട്ടികളുടെ സ്ഥിതിവിവരം- വിഭാഗം തിരിച്ച്.

ക്ലാസ്സ്	എല്ലാ വിഭാഗത്തിലെയും കുട്ടികൾ			എസ്.സി			എസ്.റ്റി		
	ആൺ	പെൺ	ആകെ	ആൺ	പെൺ	ആകെ	ആൺ	പെൺ	ആകെ
പ്രീപ്രൈമറി	29330	28573	57903	3346	3247	6593	204	199	403
ആകെ	29330	28573	57903	3346	3247	6593	204	199	403
1	22124	21484	43608	2688	2612	5300	237	170	407
2	21772	20977	42749	2728	2563	5291	192	178	370
3	22318	21437	43755	2659	2678	5337	187	177	364
4	22325	21235	43560	2724	2643	5367	172	187	359
ആകെ	88539	85133	173672	10799	10496	21295	788	712	1500
5	22260	21215	43475	2825	2567	5392	190	212	402
6	22776	21524	44300	2818	2636	5454	198	211	409
7	22712	21707	44419	2742	2642	5384	190	199	389
ആകെ	67748	64446	132194	8385	7845	16230	578	622	1200
8	23339	21828	45167	2812	2647	5459	219	198	417
9	23204	22475	45679	2779	2668	5447	200	185	385
10	23996	22969	46965	2874	2756	5630	179	182	361
ആകെ	70539	67272	137811	8465	8071	16536	966	1032	1998
11	18764	19880	38644	2360	2398	4758	173	249	422
12	18111	19740	37851	2285	2542	4827	143	209	352
ആകെ	36875	39620	76495	4645	4940	9585	316	458	774
ആകെ എണ്ണം	293031	285044	578075	35640	34599	70239	2852	3023	5875

സി.ഡബ്ല്യൂ.എസ്.എൻ (പ്രത്യേക പരിഗണന അർഹിക്കുന്ന) കുട്ടികൾ

ജില്ലയിൽ വിവിധ സ്കൂളുകളിൽ 1 മുതൽ 12 വരെ ക്ലാസ്സുകളിൽ പഠിക്കുന്ന പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

പട്ടിക: 4.2.5.5

പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികൾ

ഉപജില്ല	ഭിന്നശേഷി കുട്ടികളുടെ എണ്ണം		
	ആൺ	പെൺ	ആകെ
ആറ്റിങ്ങൽ	565	365	930
ബാലരാമപുരം	491	588	1079
കണിയാപുരം	364	192	556
കാട്ടാക്കട	501	392	893
കിളിമാനൂർ	455	331	786
നെടുമങ്ങാട്	659	480	1139
നെയ്യാറ്റിൻകര	254	231	485
പാലോട്	457	386	843
പാറശ്ശാല	477	366	843
തിരുവനന്തപുരം നോർത്ത്	487	447	934
തിരുവനന്തപുരം സൗത്ത്	476	644	1120
വർക്കല	303	260	563
ആകെ	5489	4682	10171

ആകെയുള്ള കുട്ടികളിൽ 1.75% കുട്ടികൾ പ്രത്യേക പരിഗണന അർഹിക്കുന്ന വിഭാഗത്തിൽപ്പെടുന്നു. ഇത്തരം കുട്ടികളുടെ പഠനസൗകര്യങ്ങൾ സ്കൂളുകളിൽ ഒരുങ്ങേണ്ടതായിട്ടുണ്ട്

പട്ടിക: 4.2.5.6

പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികളുടെ യൂറിനലുകളും റാമ്പുകളും

തിരുവനന്തപുരം	എൽ.പി	യു.പി	എച്ച്.എസ്	ആകെ
	25	56	119	200

സ്പെഷ്യൽ സ്കൂളുകളുടെ വിശദാംശങ്ങൾ

പട്ടിക: 4.2.5.7

(i) കേൾവി വൈകല്ല്യമുള്ളവർക്കുള്ള സ്കൂൾ

സ്കൂളിന്റെ പേര്		കുട്ടികളുടെ എണ്ണം			അദ്ധ്യാപകരുടെ എണ്ണം		
		ആൺ	പെൺ	ആകെ	ആൺ	പെൺ	ആകെ
ഗവ.വി.എച്ച്.എസ്.എസ്., ബധിര വിദ്യാലയം, ജഗതി	എൽ.പി. മുതൽ എച്ച്.എസ്.വരെ	28	27	55	6	15	21
	വി.എച്ച്.എസ്.സി	13	11	24	3	10	13
	എച്ച്.എസ്സ്.എസ്സ്	10	12	22	3	12	15
ആകെ		51	50	101	12	37	49

പട്ടിക: 4.2.5.8

(ii) കാഴ്ച വൈകല്ല്യമുള്ളവർക്കുള്ള സ്കൂൾ

സ്കൂളിന്റെ പേര്	കുട്ടികളുടെ എണ്ണം			അദ്ധ്യാപകരുടെ എണ്ണം		
	ആൺ	പെൺ	ആൺ	പെൺ	ആൺ	പെൺ
ഗവ.അന്ധവിദ്യാലയം, വഴുതയ്ക്കാട് , തിരുവനന്തപുരം 1 മുതൽ 7 വരെ	15	19	34	8	5	13
ലൈറ്റ് റ്റു ബ്ലൈന്റ് സ്ക്കൂൾ വർക്കല	20	14	34	5	10	15
ആകെ	35	33	68	13	15	28

പട്ടിക: 4.2.5.9

ബഡ്സ് സ്കൂൾ ഉൾപ്പെടെ മാനസിക വെല്ലുവിളി നേരിടുന്നവർക്കുള്ള സ്കൂളുകൾ

സ്കൂൾ തരം	സ്കൂളുകളുടെ എണ്ണം	കുട്ടികളുടെ എണ്ണം			അദ്ധ്യാപകരുടെ എണ്ണം		
		ആൺ	പെൺ	ആൺ	പെൺ	ആൺ	പെൺ
ഗവൺമെന്റ്	1	110	20	130	32	28	60
അൺ എയ്ഡഡ്	21	1089	690	1779	33	206	239
ആകെ	22	1199	710	1909	65	234	299

പട്ടിക: 4.2.5.10

ആദിവാസി വിദ്യാഭ്യാസം

	ക്ലാസ്സ്	ആൺ / പെൺ	ഉൾക്കൊള്ളാവുന്ന കുട്ടികളുടെ എണ്ണം	നിലവിലെ കുട്ടികളുടെ എണ്ണം
ഡോ.എം.എം.ആർ.എച്ച്.എസ്.എസ്., കട്ടേല	5 മുതൽ 12 വരെ	പെൺ	354	350
ഡോ.എ.വി.എൻ. സി.ബി.എസ്.ഇ എം.ആർ.എസ്, ഞാറനീലി	1 മുതൽ 12 വരെ	ആൺ + പെൺ	480	422
ജി.കാർത്തികേയൻ മെമ്മോറിയൽ സി.ബി.എസ്.ഇ എം.ആർ.എസ്, കുറ്റിച്ചൽ	1 മുതൽ 4 വരെ	ആൺ + പെൺ	120	74

ആദിവാസി മേഖലയിലെ കുട്ടികളിൽ മുഴുവൻ പേരും സ്കൂളിലെത്തുന്നില്ല. യാത്രാസൗകര്യം, താമസസൗകര്യം, വിദ്യാഭ്യാസത്തിനോടുള്ള കാഴ്ചപ്പാട് എന്നിവ ഈ മേഖലയിലെ പ്രധാന പ്രശ്നങ്ങളായി കണക്കാക്കുന്നു. ആദിവാസി മേഖലയിലെ സ്കൂളുകളിൽ ഉൾക്കൊള്ളാവുന്ന കുട്ടികളുടെ എണ്ണത്തിന് ആനുപാതികമായി കുട്ടികൾ വിദ്യാഭ്യാസത്തിന് തയ്യാറാകാത്തതിന്റെ കാരണം അടിയന്തിരമായി കണ്ടെത്തേണ്ടതുണ്ട്. ഇവയുടെ പ്രാഥമിക വിശകലനത്തിൽ ഗാർഹികമായ പ്രശ്നങ്ങളാണ് ഇവർ സ്കൂളുകളിലെത്താത്തതും കൊഴിഞ്ഞു പോകുന്നതിനുള്ള കാരണമായി കണ്ടെത്തിയത്.

പട്ടിക: 4.2.5.11

ആകെയുള്ള കൊഴിഞ്ഞുപോക്ക് കുട്ടികളുടെ കണക്ക്

ക്ലാസ്	ആകെ			ഗവൺമെന്റ്			എയ്ഡഡ്			അൺ എയ്ഡഡ്		
	ആൺ	പെൺ	ആകെ	ആൺ	പെൺ	ആകെ	ആൺ	പെൺ	ആകെ	ആൺ	പെൺ	ആകെ
1	21	24	45	17	14	31	3	8	11	1	2	3
2	43	42	85	28	24	52	13	12	25	2	6	8
3	33	19	52	20	14	34	8	4	12	5	1	6
4	20	10	30	10	6	16	6	3	9	4	1	5
5	26	7	33	5	3	8	17	4	21	4	0	4
6	19	18	37	7	10	17	10	8	18	2	0	2
7	20	7	27	11	5	16	9	2	11	0	0	0
8	31	20	51	14	5	19	13	15	28	4	0	4
9	68	36	104	26	14	40	40	22	62	2	0	2
10	86	35	121	27	21	48	59	14	73	0	0	0
ആകെ	367	218	585	165	116	281	178	92	270	24	10	34

ലഭ്യമായ കണക്കുകൾ പ്രകാരം ജില്ലയിൽ ആകെ 585 കുട്ടികൾ കൊഴിഞ്ഞുപോയതായി മനസ്സിലാക്കാവുന്നതാണ്. ഇതിൽ 367 ആൺ കുട്ടികളും 218 പെൺ കുട്ടികളും ഉൾപ്പെടുന്നു. ജനനസർട്ടിഫിക്കറ്റ് മാത്രം നൽകി റ്റി.സി ഇല്ലാതെ തന്നെ മറ്റ് സ്കൂളുകളിൽ അഡ്മിഷൻ ലഭിക്കുമെന്നതിനാൽ കൊഴിഞ്ഞു പോയ കുട്ടികൾ മറ്റ് സ്കൂളുകളിൽ അഡ്മിഷൻ നേടിയിട്ടുണ്ടോയെന്ന് പരിശോധിക്കേണ്ടതാണ്. ഇത് വസ്തുതാപരമായി ശരിയാണെന്ന് പ്രധാന അദ്ധ്യാപകർ പറയുന്നു.

പട്ടിക: 4.2.5.12

ഏകധ്യാപക വിദ്യാലയങ്ങൾ

സ്കൂളിന്റെ എണ്ണം	കുട്ടികളുടെ എണ്ണം	സബ് ജില്ലയിലെ ഏകാധ്യാപിക വിദ്യാലയങ്ങൾ	ആകെ കുട്ടികളുടെ എണ്ണം
15	143	ആറ്റിങ്ങൽ – 3 പാലോട് – 5 കാട്ടാക്കട – 2 കണിയാപുരം – 3 വർക്കല – 1 പാറശ്ശാല – 1	60 31 13 22 7 10
ആകെ		10	143

ഏകാധ്യാപക വിദ്യാലയങ്ങളിൽ കുട്ടികൾ നിരവധി പരിമിതികൾ അനുഭവിക്കുന്നു. കൃത്യമായ മോണിട്ടറിംഗ് നടക്കുകയും കുട്ടികളുടെ പഠന വിലയിരുത്തൽ അതിന്റെ ഭാഗമാക്കുകയും വേണം. ഭൗതിക സാഹചര്യങ്ങളുടെ കാര്യത്തിലും കെട്ടിടം, യാത്രാസൗകര്യം, വായന, പാചകപ്പുര എന്നിവയിലും പ്രശ്നങ്ങൾ നിലനിൽക്കുന്നു.

പട്ടിക: 4.2.5.13

ജില്ലയിലെ സി.ബി.എസ്.ഇ/ ഐ.സി.എസ്.ഇ/ നവോദയ/ കേന്ദ്രീയ വിദ്യാലയങ്ങളുടെയും കുട്ടികളുടെയും വിവരം

സ്കൂളുകൾ	സ്കൂളുകളുടെ എണ്ണം	കുട്ടികളുടെ എണ്ണം			അദ്ധ്യാപകരുടെ എണ്ണം		
		ആൺ	പെൺ	ആകെ	ആൺ	പെൺ	ആകെ
ഐ.സി.എസ്.ഇ	15	8835	8615	17450	73	724	797
സി.ബി.എസ്.ഇ	121	58360	48827	107187	583	4311	4894
കേന്ദ്രീയ വിദ്യാലയം	5	5053	4954	10007	59	181	240
നവോദയ വിദ്യാലയം	1	194	193	387	15	9	24

275 സ്കൂളുകളിലെ കുട്ടികൾ പരീക്ഷയ്ക്കിരുന്നപ്പോൾ വിജയശതമാനം പട്ടികാരൂപത്തിൽ ചുവടെ ചേർക്കുന്നു.

പട്ടിക: 4.2.5.14

വിജയശതമാനം

100	90–99	80–89	70–79	70 തിൽ താഴെ
99	153	20	2	1

85 ൽ താഴെ വിജയശതമാനം വന്ന സ്കൂളുകളെ പ്രത്യേക പരിഗണന സ്കൂളുകളായി പ്രഖ്യാപിച്ച് പിന്തുണ സംവിധാനം ഉൾപ്പെടെയുള്ള പ്രവർത്തനങ്ങൾ നടത്തേണ്ടതാണ്.

85% ൽ താഴെ വിജയശതമാനം ലഭിച്ച സ്കൂളുകൾ

1. ഗവ.എച്ച്.എസ്.എസ് വെട്ടൂർ
2. ശിവഗിരി എച്ച്.എസ്.എസ് വർക്കല
3. എസ്.എസ്.പി.ബി.എച്ച്.എസ് കടയ്ക്കാവൂർ
4. വിക്ടറി വി.എച്ച്.എസ്.എസ് ഓലത്താന്നി
5. ജി.എച്ച്.എസ്.എസ് ഉത്തരംകോട്
6. പി.എസ്.എൻ.എം.ഗവ.എച്ച്.എസ്.എസ് പേരൂർക്കട
7. ഗവ.ഗേൾസ് വി.എച്ച്.എസ്.എസ് പേട്ട

പ്രീ–പ്രൈമറി

പട്ടിക: 4.2.5.15
പ്രീ–പ്രൈമറി

ഗവൺമെന്റ്	പി.റ്റി.എയുടെ കീഴിലുള്ളത്	എയ്ഡഡ്	അൺ എയ്ഡഡ്
7	384	157	21

ജില്ലയിൽ 7 ഗവ. പ്രീ–പ്രൈമറി സ്കൂളുകൾ മാത്രമാണ് നിലവിലുള്ളത്. 384 പ്രീ–പ്രൈമറി സ്കൂളുകൾ പി.ടി.എ യുടെ നേതൃത്വത്തിൽ പ്രവർത്തിക്കുന്നു. 28,573 ആൺകുട്ടികളും 29330 പെൺകുട്ടികളും അടക്കം 57903 കുട്ടികൾ ഈ വിഭാഗത്തിൽ പഠിക്കുന്നുവെങ്കിലും കുട്ടികളുടെ ആവശ്യാനുസരണം സ്കൂളുകൾ നിലവിലില്ല എന്ന സത്യം ഇപ്പോഴും തുടരുന്നു.

ക്രഷുകൾ, ഡേകെയറുകൾ എന്നിവ യാതൊരു രജിസ്ട്രേഷനുമില്ലാതെ തുടങ്ങുന്നു. മോണിട്ടറിംഗ് സമ്പ്രദായത്തിനു പുറത്താണ് ഇത്തരം സ്ഥാപനങ്ങൾ.

നിലവിലെ അവസ്ഥ

- കെട്ടിടമോ, സുരക്ഷയോ, ശിശുപരിചരണ സൗകര്യങ്ങളോ ഇല്ല.
- ഭക്ഷണശീലങ്ങൾ, പോഷകങ്ങൾ, സമയക്രമം എന്നിവ ഉറപ്പാക്കുന്നില്ല.
- ശിശുക്കളുടെ മാനസിക ശാരീരിക വികാസത്തിനനുയോജ്യമായ കളി ഉപകരണങ്ങളുടെ കുറവ്.
- പരിശീലനം നേടിയ അദ്ധ്യാപകരെ ശിശു പരിചരണമേറ്റെടുക്കൽ എന്നത് ജോലി മാത്രമായി കാണാൻ പ്രേരിപ്പിക്കുന്നു.
- സർക്കാർ തയ്യാറാക്കിയ സിലബസ് നിലവിലുള്ളപ്പോൾ മിക്ക സ്കൂളുകളിലും കുട്ടികൾ അംഗീകാരമില്ലാത്ത സിലബസിന്റെ ഭാരം പേറാൻ ബാദ്ധ്യസ്ഥരാകുന്നു.
- ആരോഗ്യകരമായ ഗൃഹസംവിധാനം വിദ്യാലയത്തിന്റെ പരിധിയിൽ വരുന്നില്ല.
- കുട്ടികളുടെ എണ്ണക്കൂടുതൽ പരിചരണത്തെ ബാധിക്കുന്നു.
- പ്രീ–സ്കൂൾ ബോധനത്തെക്കുറിച്ച് അദ്ധ്യാപകർക്ക് വിദഗ്ദ്ധ രീതിയിലുള്ള പരിശീലനം ലഭ്യമാകുന്നില്ല. കലാകായിക പ്രവർത്തനങ്ങളിൽ ഈ കുട്ടികളുടെ വികാസം കാര്യമായി പരിഗണിക്കപ്പെടുന്നില്ല.

പ്രൈമറി വിഭാഗം

ജില്ലയിലെ പ്രൈമറി സ്കൂളുകൾ മികവിന്റെ പാതയിലാണ്. എസ്.എസ്.എ നടപ്പാക്കുന്ന വിവിധ പദ്ധതികളും ഗ്രാമ പഞ്ചായത്തുകൾ ആവിഷ്ക്കരിക്കുന്ന തനതു പ്രവർത്തനങ്ങളും ശിശുകേന്ദ്രിതമായ വിദ്യാഭ്യാസ രീതിയും മികവിന്റെ മാറ്റു കൂട്ടുന്നു. സ്കൂൾ പി.ടി.എ, എസ്.എം.സി, പൂർവ്വ വിദ്യാർത്ഥി, അദ്ധ്യാപക സംഘടനകളും പൊതു വിദ്യാലയ മികവിനായി ഒത്തു ചേരുന്നു. ഓരോ കുട്ടിക്കും ഓരോ യൂണിറ്റ് എന്ന ലക്ഷ്യത്തിലേക്കെത്തുമ്പോൾ ഇനിയും നിരവധി പ്രശ്നങ്ങൾ വിവിധ തലങ്ങളിൽ പരിഹരിക്കേണ്ടതുണ്ട്. ഹൈടെക്ക് സാഹചര്യങ്ങളുടെ പൂർണ്ണമായ നടപ്പാക്കൽ പ്രക്രിയ പൂർത്തീകരിച്ചിട്ടില്ല. നിശ്ചിത ക്ലാസിൽ കുട്ടി നിശ്ചിത പഠനനേട്ടങ്ങൾ നേടിയെന്ന് ഉറപ്പുവരുത്താൻ കഴിയുന്നില്ല.

- ശിശുകേന്ദ്രിത വിദ്യാഭ്യാസ ബോധന പ്രക്രിയ ചിലപ്പോഴെങ്കിലും നടപ്പാക്കുന്നില്ല.
- കലാകായിക പ്രവൃത്തിപഠന വിദ്യാഭ്യാസത്തിൽ ധാരാളം വിടവുകൾ ഉണ്ട്. മാതൃഭാഷയുടെ പ്രാധാന്യം ഉറപ്പാക്കാൻ കഴിയുന്നില്ല. വിദ്യാർത്ഥികളുടെ എണ്ണക്കൂടുതൽ ക്ലാസ് പ്രവർത്തനങ്ങൾ തടസ്സമാകുന്നു.
- കളിസ്ഥലങ്ങളുടെ അപര്യാപ്തത
- നിലവാരമില്ലാത്ത ശുചിമുറികൾ
- പരിസ്ഥിതി സൗഹൃദ അന്തരീക്ഷം നിലനിർത്താൻ കഴിയാതിരിക്കുക.
- ശുദ്ധ ജല ലഭ്യത കുറവ്
- കുട്ടികളുടെ സുരക്ഷ വീട്ടിൽ ഉറപ്പാക്കാൻ കഴിയാതെ വരുന്നു
- കുരുന്നിലെ ലഹരി പദാർത്ഥങ്ങളുടെ ഉപയോഗത്തിന് അടിമപ്പെട്ടുപോകുന്നത് തടയാൻ കഴിയുന്നില്ല.
- ഫലപ്രദമായ കൗൺസലിങ്ങ് നൽകാൻ തടസ്സങ്ങൾ ഉണ്ട്
- ലാബ്, ലബോറട്ടറി, ലൈബ്രറി സൗകര്യങ്ങൾ കുട്ടിയുടെ സൗകര്യത്തിനനുസരിച്ച് ഉറപ്പാക്കാൻ കഴിയുന്നില്ല.
- ഭിന്നശേഷിക്കാരായ കുട്ടികൾക്ക് ഹോംട്യൂഷൻ പോലുള്ള സംവിധാനങ്ങൾ ഫലപ്രദമാകുന്നില്ല.
- റിസോഴ്സ് അദ്ധ്യാപകരുടെ ഇടപെടൽ അപര്യാപ്തമാണ്.
- കായികമായ ഒഴിവുകൾ വികസിപ്പിക്കുന്നതിൽ അങ്ങേയറ്റം പ്രതിബന്ധങ്ങൾ നേരിടുന്നു.
- പോക്സോ പോലുള്ള നിയമങ്ങൾ, വിദ്യാഭ്യാസ അവകാശ നിയമം ഇവയൊന്നും പൂർണ്ണ അർത്ഥത്തിൽ പാലിക്കപ്പെടുന്നില്ല.
- രക്ഷാകർതൃ ബോധവൽക്കരണ പ്രക്രിയ ഫലവത്താകുന്നില്ല.

ഹൈസ്കൂൾ വിഭാഗം

ജില്ലയിലെ ഹൈസ്കൂൾ വിഭാഗത്തിൽ 2016–17 നേക്കാൾ 2.67% ന്റെ കുറവ് 2017–18 ൽ ഉണ്ടായിട്ടുണ്ട്. ഇതിൽ ആൺകുട്ടികളുടേത് 0.45% ആയപ്പോൾ പെൺകുട്ടികളുടേത് 5.33% ആണ്. ഇത് ചർച്ചയ്ക്ക് വിധേയമാക്കേണ്ട ഒന്നാണ്.

നിലവിലെ അവസ്ഥ

- അവരവരുടെ ജന്മസിദ്ധമായ കഴിവുകൾ എന്ത് എന്ന് തിരിച്ചറിവ് നേടാനാകുന്നില്ല.
- പാഠ്യപദ്ധതി വിഭാവനം ചെയ്യുന്ന കഴിവുകൾ കുട്ടികൾക്ക് പൂർണ്ണമായും ലഭിക്കുന്നില്ല.
- ശിശുകേന്ദ്രീകൃതമെന്ന് പറയുമ്പോഴും അദ്ധ്യാപക കേന്ദ്രീകൃതമായ പഠനമാണിപ്പോഴും നടക്കുന്നത്.
- അദ്ധ്യാപക–വിദ്യാർത്ഥി അനുപാതം 1:45 ആണ്. ഇത് കൂടുതൽ ആണ്.
- പാഠ്യേതര പദ്ധതികൾ പരിപോഷിപ്പിക്കപ്പെടുന്നില്ല.
- അദ്ധ്യാപകരുടെ പരിശീലനം ഫലപ്രദമാകുന്നില്ല.

ഹയർ സെക്കണ്ടറി വിഭാഗം

ഹൈസ്കൂൾ പഠനത്തിനും ഉന്നത വിദ്യാഭ്യാസത്തിനുമിടയിലുള്ള പാലമായാണ് ഹയർ സെക്കണ്ടറി നിലകൊള്ളുന്നത്. അതുകൊണ്ട് തന്നെ പഠനം പൂർത്തിയാക്കി പുറത്തു വരുന്ന ഏതൊരു വിദ്യാർത്ഥിയും പൊതുവിൽ പ്രതീക്ഷിക്കപ്പെടുന്ന ശേഷികളും ഗുണങ്ങളും നേടുന്ന തരത്തിലായിരിക്കണം വിദ്യാഭ്യാസ പ്രവർത്തനങ്ങൾ വിഭാവനം ചെയ്യപ്പെടേണ്ടത്.

പട്ടിക: 4.2.5.16

ജില്ലയിലെ എച്ച്.എസ്.എസ് സ്കൂളുകളുടെ എണ്ണം

ഗവൺമെന്റ്	എയ്ഡഡ്	അൺ–എയ്ഡഡ്	സ്പെഷ്യൽ	റസിഡൻഷ്യൽ	ടെക്നിക്കൽ	ആകെ
69	54	40	1	2	2	178

നിലവിലെ അവസ്ഥ

- തിങ്ങിനിറയുന്ന ക്ലാസ്സ്മുറികൾ, ഓരോ ക്ലാസ്സിലും 60 ഉം അതിലേറെയും വിദ്യാർത്ഥികൾ
- കൗമാരപ്രായത്തിന്റെ പാരമ്യത്തിൽ എത്തിനിൽക്കുന്ന ഹയർ സെക്കണ്ടറി വിദ്യാർത്ഥികൾക്ക് കായിക വിദ്യാഭ്യാസം നിക്ഷേധിക്കപ്പെടുന്ന അവസ്ഥ.
- വേണ്ടത്ര ലൈബ്രറി, റീഡിംഗ് റൂം, ലബോറട്ടറി എന്നിവയുടെ കുറവ്
- പാഠ്യേതര പ്രവർത്തനങ്ങളുടെ ഗുണം മുഴുവൻ കുട്ടികൾക്ക് ലഭ്യമാകുന്നില്ല.
- സ്കൂളുകളിൽ രാഷ്ട്രീയം നിരോധിക്കപ്പെട്ട അവസ്ഥയിൽ അവരിൽ പൗരബോധം വളർത്തിയെടുക്കാനുള്ള സംവിധാനം ഇല്ല. സ്കൂൾ പാർലമെന്റ് പ്രവർത്തനസജ്ജമല്ല.
- മാതൃഭാഷാപഠനം, ഇംഗ്ലീഷ് ഭാഷാ പഠനം എന്നിവ കാര്യക്ഷമമല്ല.
- അദ്ധ്യാപക ശാക്തീകരണ പരിപാടികൾ കാര്യക്ഷമമല്ല.
- മോണിറ്ററിംഗ് സംവിധാനം കാര്യക്ഷമമല്ല.

വി.എച്ച്.എസ്.സി മേഖല

സമൂഹത്തിന് ആവശ്യമായ സാങ്കേതിക പരിജ്ഞാനം ലഭിച്ച ഒരു തൊഴിൽ ശക്തിയെ ലഭ്യമാക്കുന്നതിനാണ് കേരളത്തിൽ തൊഴിലധിഷ്ഠിത ഹയർ സെക്കണ്ടറി വിദ്യാഭ്യാസ പദ്ധതിക്ക് തുടക്കം കുറിച്ചത്. തൊഴിൽ പഠനത്തോടൊപ്പം പ്ലസ് ടു പഠനവും എന്നതാണ് വി.എച്ച്.എസ്.സി യെ ഹയർ സെക്കണ്ടറിയിൽ നിന്നും വേറിട്ട് നിർത്തുന്നത്.

നിലവിലെ അവസ്ഥ

- പ്രാദേശിക/ദേശീയ സാദ്ധ്യതകൾക്കനുസൃതമായ കോഴ്സുകൾ തെരഞ്ഞെടുക്കാൻ വേണ്ട ഗൈഡൻസിന്റെ അഭാവം
- നിലവിലെ സാമ്പ്രദായിക ക്ലാസ്റൂം സങ്കൽപം തൊഴിലധിഷ്ഠിത വിദ്യാഭ്യാസത്തിന് അനുയോജ്യമല്ല.
- പരീക്ഷണശാലകൾ സുസജ്ജമല്ല.
- പ്രൊഡക്ഷൻ-കം-ട്രെയിനിംഗ് സെന്ററുകൾ എല്ലാ സ്കൂളുകളിലും ഇല്ല.
- അപ്രന്റീസ്ഷിപ്പ് സൗകര്യങ്ങളും പര്യാപ്തമല്ല.
- പ്ലെയിസ്മെന്റ് സൗകര്യങ്ങൾ ഇല്ല.
- ഫിനിഷിംഗ് സ്കൂൾ സംവിധാനം ഇല്ല.
- സംരംഭകത്വം പ്രോത്സാഹിപ്പിക്കുന്നതിനുള്ള പദ്ധതികൾ ഇല്ല.

പട്ടിക: 4.2.5.17

2017 മാർച്ച് പരീക്ഷയിൽ പങ്കെടുത്ത കുട്ടികളുടെ വിശദാംശങ്ങൾ

പങ്കെടുത്ത കുട്ടികളുടെ ആകെ എണ്ണം	പാസ്സായ കുട്ടികളുടെ എണ്ണം		തോറ്റ വിദ്യാർത്ഥികളുടെ എണ്ണം	
	ആകെ	%	ആകെ	%
3160	2802	88.67	358	11.33

സാങ്കേതിക വിദ്യാഭ്യാസം

കേരളത്തിന്റെ വിദ്യാഭ്യാസ മേഖലയിൽ സാങ്കേതിക വിദ്യാഭ്യാസത്തിന് പ്രമുഖമായ ഒരു സ്ഥാനമാണുള്ളത്. കേരളത്തിന്റെ സാമൂഹിക സാമ്പത്തിക വികസനത്തിന് ഈ മേഖല വഹിക്കുന്ന പങ്ക് നിസ്തുലമാണ്. ജില്ലയിൽ 2 സർക്കാർ എഞ്ചിനീയറിംഗ് കോളേജുകളും, 4 സർക്കാർ നിയന്ത്രിത എഞ്ചിനീയറിംഗ് കോളേജുകളും, 5 സർക്കാർ പോളിടെക്നിക്കുകളും, ഒരു സ്വകാര്യ പോളിടെക്നിക്കും, 8 സർക്കാർ ഐ.ടി.ഐ കളും, 1 കൊമേഴ്സ്യൽ ഇൻസ്റ്റിറ്റ്യൂട്ടുകളും, 3 ടെക്നിക്കൽ ഹൈസ്കൂളുകളും നിലവിലുണ്ട്. ജില്ലയിലെ എഞ്ചിനീയറിംഗ് കേളേജുകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

പട്ടിക: 4.2.5.18

എഞ്ചിനീയറിംഗ് കോളേജുകൾ

ഗവൺമെന്റ്	ഗവ:നിയന്ത്രിത സ്വാശ്രയം	സ്വകാര്യ സ്വാശ്രയം
2 കോളേജുകൾ	4 കോളേജുകൾ	14 കോളേജുകൾ
940 സീറ്റുകൾ	1236 സീറ്റുകൾ	4671 സീറ്റുകൾ

ഗവ:മേഖലയിൽ ഉയർന്ന നിലവാരമുള്ള ലാബ് സൗകര്യങ്ങളും മെച്ചപ്പെട്ട അദ്ധ്യാപകരുടെ സേവനവും വിദ്യാർത്ഥികൾക്ക് യഥാസമയം ലഭിക്കുന്നില്ലായെന്നത് സാങ്കേതിക വിദ്യാഭ്യാസ മേഖലയിലെ ഒരു പ്രധാന പോരായ്മയാണ്

നിലവിലെ അവസ്ഥ

- സ്വകാര്യ എഞ്ചിനീയറിംഗ് കോളേജുകൾ അടച്ചുപൂട്ടൽ ഭീഷണി നേരിടുമ്പോഴും പോളിടെക്നിക്കുകളും, ഐ.ടി.ഐ-കളിലും പഠിക്കാനായി വരുന്ന കുട്ടികളുടെ എണ്ണത്തിൽ ഇടിവുണ്ടായിട്ടില്ല.
- അക്കാദമിക് മാസ്റ്റർ പ്ലാനിന്റെ അഭാവം നിലനിൽക്കുന്നു.
- ഫിനിഷിംഗ് സ്കൂളുകൾ, സ്കിൽ ട്രെയിനിംഗ് സെന്ററുകൾ മറ്റടിസ്ഥാന പരിശീലനങ്ങൾ എന്നിവയുടെ അഭാവം.
- കരിയർ ഗൈഡൻസ് യൂണിറ്റുകൾ എല്ലാ സ്ഥാപനങ്ങളിലും ഇല്ല.
- സ്ഥാപനങ്ങളുടെ ഓഫീസുകളിൽ ഇ-ഗവേണൻസ് സംവിധാനം ഇല്ല.
- ലൈബ്രറി സംവിധാനം പര്യാപ്തമല്ല.
- എൻ.എസ്.ക്യൂ.എഫ് ന്റെ കോഴ്സുകൾ നടത്തുന്നതിനാവശ്യമായ ഫാക്കൽറ്റി ട്രെയിനിംഗ് സെന്ററുകൾ ഇല്ല.

ഇവിടെ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് നൂറുശതമാനം പ്ലേസ്മെന്റ് ലഭിക്കുന്നില്ല. പഠനത്തോടൊപ്പം സ്കിൽ ലെവൽ വർധിപ്പിക്കാനാവശ്യമായ പരിശീലനത്തിനായി അക്കാദമിക് മാസ്റ്റർ പ്ലാൻ നിലവിലില്ല. സാമൂഹിക പ്രതിബദ്ധതയുള്ള പ്രോജക്ടുകളും മിനിപ്രോജക്ടുകളും ആവശ്യത്തിനില്ല. ടെക്നോളജി ട്രാൻസ്ഫർ നടത്താനാവശ്യമായ സൗകര്യങ്ങളില്ല.

അദ്ധ്യാപക വിദ്യാഭ്യാസം

വിദ്യാഭ്യാസ ലക്ഷ്യങ്ങൾ നിർവചിക്കുന്നതിൽ പ്രധാന പങ്കുള്ള ഒന്നാണ് അദ്ധ്യാപക വിദ്യാഭ്യാസം സ്കൂൾ വിദ്യാഭ്യാസ പരിഷ്ക്കരണങ്ങൾക്ക് മുന്നേ സഞ്ചരിക്കേണ്ട ഈ മേഖലയ്ക്ക് വേണ്ടത്ര പരിഗണന നൽകാൻ കഴിഞ്ഞിട്ടില്ല. 1986-ലെ ദേശീയ വിദ്യാഭ്യാസ നയം അദ്ധ്യാപക വിദ്യാഭ്യാസത്തിനു വേണ്ടി ദിശാബോധം നൽകുന്നുവെങ്കിലും നൂതനമായ പലതും ഇവിടെ ആവിഷ്കരിക്കേണ്ടിയിരിക്കുന്നു. വിവര സാങ്കേതിക വിദ്യയും ഹൈടെക് വിദ്യാലയങ്ങളും പഠനബോധന പരിഷ്ക്കരണ തന്ത്രങ്ങളും അദ്ധ്യാപനാനുഭവവും ചേർന്ന് രൂപപ്പെടുത്തിയ സർഗധനരായ അദ്ധ്യാപക വിദ്യാർത്ഥികളെ സൃഷ്ടിക്കുന്ന പരിശീലന കേന്ദ്രങ്ങളാകണം ബി.എഡ് സെന്ററുകൾ.

പ്രധാന പ്രശ്നങ്ങൾ

- പാഠ്യപദ്ധതി പരിഷ്ക്കരണം കാലാനുസൃതമല്ല.
- സ്കൂളുകളിൽ നടപ്പാക്കുന്ന പഠനതന്ത്രങ്ങളുടെ ട്രൈ ഔട്ട് കേന്ദ്രങ്ങളാകാൻ കഴിയുന്നില്ല.
- മികച്ച ലാബ് ലൈബ്രറി സംവിധാനങ്ങൾ അപര്യാപ്തമാണ്
- ഇന്റേണൽ അസ്സെസ്സ്മെന്റ് സമ്പ്രദായത്തിൽ നിലനിൽക്കുന്ന പോരായ്മകൾ
- അഭിരുചി നിർണ്ണയം നടത്താതെയുള്ള വിദ്യാർത്ഥി പ്രവേശനം
- ഐ.സി.ടി മേഖലയിലുള്ള പരിചയക്കുറവ്
- വ്യക്തിത്വ വികാസത്തിനുള്ള അവസരങ്ങൾ ഇല്ല.
- കലാകായിക പ്രവർത്തനങ്ങൾ വിരളം
- ശാരീരിക മാനസിക ആരോഗ്യ വിദ്യാഭ്യാസത്തിൽ ഉയർന്ന ശേഷികൾ ലഭ്യമാകുന്നില്ല.
- സ്ഥലപരിമിതിമൂലം കളിസ്ഥലങ്ങൾ ഇല്ലാത്ത അവസ്ഥ
- ആധുനിക വിദ്യാഭ്യാസത്തിനു ചേരാത്ത കെട്ടിട സംവിധാനം
- തൊഴിലിൽ വിന്യസിക്കപ്പെടാനുള്ള കാലതാമസം

- പൊതു വിദ്യാഭ്യാസത്തിൽ ഏർപ്പെട്ടിരിക്കുന്ന മറ്റു ഏജൻസികളുമായുള്ള ഏകോപനമില്ലായ്മ
- മൂല്യാധിഷ്ഠിത അധ്യാപനം എന്നതിലേക്കുള്ള വളർച്ചക്കുറവ്
- റിസോഴ്സ് സെന്ററുകളുടെ അഭാവം
- പ്രത്യേക പരിഗണന അർഹിക്കുന്ന അദ്ധ്യാപക വിദ്യാർത്ഥികൾക്ക് വേണ്ട സൗകര്യങ്ങളുടെ അഭാവം.
- പാരിസ്ഥിതിക അവബോധം ഇല്ലാത്ത ക്യാമ്പസ്
- ലിംഗസമത്വ പാഠങ്ങൾ ഇല്ലാത്ത സിലബസ്സും പ്രയോഗവും
- മികവുകൾ അളക്കലും മെച്ചപ്പെടുത്തലും നിരന്തര പ്രക്രിയാകാത്ത അവസ്ഥ.

സാക്ഷരതയും തുടർവിദ്യാഭ്യാസവും

1991 ഏപ്രിൽ 18 ന് കേരളം സമ്പൂർണ്ണ സാക്ഷരത കൈവരിച്ചു. എന്നാൽ 2011 സെൻസസ് പ്രകാരം 18 ലക്ഷം നിരക്ഷരരർ കേരളത്തിൽ നിലവിലുണ്ട്. സാമൂഹികമായി പിന്നോക്കാവസ്ഥ നേരിടുന്ന ആദിവാസി, തീരദേശം, പട്ടികജാതി, പട്ടികവർഗ്ഗം, മറ്റു പിന്നാക്ക വിഭാഗങ്ങൾ എന്നിവയിലും പ്രത്യേകം പരിഗണിക്കുന്നവർക്കും സാക്ഷരത പൂർണ്ണമായും കൈവരിക്കാനുള്ള അവസ്ഥ ഉണ്ടാകേണ്ടതാണ്.

2011 സെൻസസ് പ്രകാരം ജില്ലയിൽ സാക്ഷരതാ ശതമാനം 92.66 ആണ്. ജില്ലയുടെ ആകെ ജനസംഖ്യയിൽ 242754 പേർ നിരക്ഷരരാണ്. 2011 ന് ശേഷം സാക്ഷരതാമിഷൻ നടത്തിയ പ്രവർത്തനങ്ങളിലൂടെ 76548 പേർ സാക്ഷരരായി. എന്നാൽ ചില പരിമിതികൾ നേരിടുന്നത് പരിഹരിക്കേണ്ടിയിരിക്കുന്നു.

- നിരക്ഷരരെ കണ്ടെത്തി സാക്ഷരരാക്കാനും തുല്യതാപഠിതാക്കളെ കണ്ടെത്താനും സമഗ്ര സാക്ഷരതാ സർവ്വെ നടത്താൻ കഴിഞ്ഞില്ല.
- അനൗപചാരിക വിദ്യാഭ്യാസമെന്ന ലക്ഷ്യം പൂർണ്ണത കൈ വന്നിട്ടില്ല.
- സാക്ഷരതാ പ്രവർത്തനം കൂടാതെ 4, 7, +1, +2 തുല്യതാ പരിപാടികൾക്ക് വേണ്ടത്ര പ്രാമുഖ്യം നൽകാൻ കഴിയുന്നില്ല.

വികസന ലക്ഷ്യം

2018–19 ൽ സമ്പൂർണ്ണ ഏഴാംതരം തുല്യത, 2019–20 സമ്പൂർണ്ണ പത്താംതരം തുല്യത, 2021–22 ൽ സമ്പൂർണ്ണ ഹയർ സെക്കണ്ടറി തുല്യത എന്നിവ കൈവരിക്കുന്ന ജില്ലയായി തിരുവനന്തപുരം മാറണം.

പട്ടിക: 4.2.5.19

സാക്ഷരതാ തുടർ വിദ്യാഭ്യാസം

വിഭാഗം	പദ്ധതി	പ്രാരംഭ പ്രവർത്തനം പഞ്ചായത്ത്	കാലയളവ്
തീരദേശം	അക്ഷര സാഗരം	ഇടവ, കഠിനംകുളം, കരുംകുളം, അഞ്ചുതെങ്ങ്, കാരോട്, കുളത്തൂർ, ചിറയിൻകീഴ്, കടയ്ക്കാവൂർ	6 മാസം
പൊതു വിഭാഗം	അക്ഷര ലക്ഷം	വിതുര ഗ്രാമപഞ്ചായത്ത് (പൈലറ്റ്)	ഒരു വർഷം
പട്ടികജാതി	നവചേതന	അഴൂർ, കിളിമാനൂർ, പള്ളിച്ചൽ, കഴക്കൂട്ടം പഞ്ചായത്തുകൾ	8 മാസം
ഇതര സംസ്ഥാന തൊഴിലാളികൾ	ചങ്ങാതി	തെരഞ്ഞെടുത്ത വാർഡ്	6 മാസം
ഭിന്നലിംഗക്കാർ	സമന്വയ	തിരുവനന്തപുരം ജില്ല പഞ്ചായത്ത്	ഒരു വർഷം
പരിസ്ഥിതി സാക്ഷരത	ജലസ്രോതസ്സുകളുടെ സ്ഥിതി വിവര ശേഖരണം	177 വാർഡുകൾ	14 ദിവസം

വിവിധ കാലയളവിൽ നിശ്ചയിച്ചിട്ടുള്ള തുടർ പഠന രീതികൾ ഉണ്ടെങ്കിൽപ്പോലും സാമൂഹിക സമ്പൂർണ്ണ സാക്ഷരതയുടെ ഗുണനിലവാരത്തിലേക്കുയരാൻ സാധിച്ചിട്ടില്ല. ഭൗതിക സാഹചര്യങ്ങളുടെ കുറവ് ഒരു പ്രധാന കാരണമായി നിലനിൽക്കുന്നു.

പട്ടിക: 4.2.5.20

ജില്ലയിലെ സാക്ഷരതാ തുല്യതാ പരീക്ഷ എഴുതിയവരുടെയും വിജയിച്ചവരുടെയും വിവരം

വിഭാഗം	സാക്ഷരത	നാലാം തരം തുല്യത	ഏഴാം തരം തുല്യത	പത്താം തരം തുല്യത	ഹയർ സെക്കണ്ടറി തുല്യത
പരീക്ഷ എഴുതിയവർ	81068	54348	19947	17898	1148
വിജയിച്ചവർ	80968	51147	1836	16155	ഫലം കാത്തിരിക്കുന്നു

ആവശ്യങ്ങൾ

1. ഭൗതികം
   - മുഴുവൻ വിദ്യാകേന്ദ്രങ്ങൾക്കും കെട്ടിടം.
   - ജില്ലാ സാക്ഷരതാഭവൻ സാക്ഷരതാമ്യൂസിയം.
   - മുഴുവൻ വിദ്യാകേന്ദ്രങ്ങൾക്കും ഇന്റർനെറ്റ് ഉൾപ്പെടെ കമ്പ്യൂട്ടർ പ്രിന്റർ.
   - സാക്ഷരതാ തുടർവിദ്യാഭ്യാസം – രജിസ്ട്രേഷൻ ഫീസ്, കോഴ്സ് ഫീസ്, പരീക്ഷാ ഫീസ്

2. അക്കാദമിക്
   - വിവിധ ഘട്ടങ്ങളിലുള്ള പരിശീലനം.
   - വിഭവ ലഭ്യത വിവര സാങ്കേതിക വിദ്യ പഠനോപകരണങ്ങൾ.

3. സാമൂഹ്യം
   - തൊഴിൽ പരിശീലനം ഉൾപ്പെടുത്തൽ, തൊഴിലവസരം നൽകാൻ കലാസാംസ്കാരിക പ്രവർത്തനങ്ങളിലെ ഇടപെടൽ ഉറപ്പാക്കൽ.

പട്ടിക: 4.2.5.21

ഭൗതിക സാഹചര്യങ്ങൾ നിലവിലുള്ള വിദ്യാകേന്ദ്രങ്ങൾ

ആകെ	സ്വന്തം കെട്ടിടം	തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ പ്രവർത്തിക്കുന്നു.	വായനശാലകൾ/ അംഗൻവാടികൾ സാംസ്കാരിക നിലയത്തിൽ പ്രവർത്തിക്കുന്നു	വാടകയ്ക്ക് പ്രവർത്തിക്കുന്നത് പ്രൈവറ്റ് കെട്ടിടം/ ഓഫീസ് ഇല്ലാത്തത്
171	11	85	73	8

സ്വന്തം കെട്ടിടത്തിന്റെ അഭാവം സാക്ഷരതാ തുടർ പ്രവർത്തനങ്ങളെ ബാധിക്കുന്നുണ്ട്. പ്രവർത്തന താരതമ്യ പഠനത്തിൽ ഈ വസ്തുത ബോധ്യപ്പെട്ടു.

പ്രത്യേക പരിഗണന അർഹിക്കുന്നവരുടെ വിദ്യാഭ്യാസം

വിദ്യാഭ്യാസ അവകാശ നിയമ പ്രകാരം ഉള്ള പരിഗണനകളും അവകാശങ്ങളും ഈ വിഭാഗത്തിൽപ്പെടുന്നവർക്കു ലഭ്യമാകുന്നുണ്ട്.

- റിസോഴ്സ് അദ്ധ്യാപകരുടെ സേവനം
- ഗൃഹ വിദ്യാഭ്യാസം
- പരിമിതമായ സാമ്പത്തിക സഹായം
- ഉപകരണ വിതരണം
- ഫിസിയോതെറാപ്പി
- സംയോജിത വിദ്യാഭ്യാസം എന്നിവയൊക്കെ നിലവിലുണ്ട്.

എന്നാൽ ഇവരുടെ പുനരധിവാസം, പൂർണ്ണമായ സ്കൂൾ പ്രവേശനം, രക്ഷിതാക്കളുടെ ആശങ്ക എന്നിവ പരിഹരിക്കാൻ ഇതുവരെ കഴിഞ്ഞിട്ടില്ല. വീട്ടിനകത്ത് വിദ്യാഭ്യാസം നേടാതെ പുറംലോകം കാണാതെ തങ്ങൾക്ക് യോജിച്ച് തൊഴിലിൽ പ്രവേശിക്കാനാകാതെ സാമൂഹികമായ അവഗണന നേരിടുന്നുണ്ട്.

നിലവിലുള്ള പ്രശ്നങ്ങൾ

- റിസോഴ്സ് അദ്ധ്യാപകരുടെ സേവനം പൂർണ്ണമായും ഫലപ്രദമാക്കാൻ കഴിയുന്നില്ല.
- കൗൺസിലറുടെ സേവനം ലഭ്യമല്ല.
- നിരവധിപേർ മുഖ്യധാരയിൽ എത്തപ്പെടാനാകാതെ അവശേഷിക്കുന്നു.
- തൊഴിൽ പരിശീലനവും തൊഴിൽ സാധ്യതയും വേണ്ടത്ര ലഭിക്കുന്നില്ല.

- ഇത്തരം കുട്ടികളെ പിന്തുടരാനുള്ള സംവിധാനങ്ങൾ നിലവിലില്ല.
- രക്ഷിതാക്കൾക്ക് വരുമാനവും അറിവും തുച്ഛമായതിനാൽ ഒട്ടനവധി വീഴ്ചകൾ സംഭവിക്കുന്നു.
- ലൈംഗികാതിക്രമത്തിന് വിധേയമാകുന്നു.
- സംയോജിത വിദ്യാഭ്യാസത്തിൽ ഉൾക്കൊള്ളിച്ചിട്ടുള്ള പഠനബോധന പ്രക്രിയ ഫലപ്രദമാകുന്നില്ല.
- അവർക്കാവശ്യമായ പ്രത്യേക പഠനോപകരണങ്ങൾ തയ്യാറായിട്ടില്ല.
- പഞ്ചായത്ത്തലത്തിലുള്ള കണക്കുകളിൽപ്പെടാതെ ഇനിയും ഈ വിഭാഗം കുട്ടികൾ അവശേഷിക്കുന്നു.
- പ്രശ്നങ്ങളിൽ ഒട്ടേറെ വൈവിധ്യമുള്ളതിനാൽ വ്യക്തിഗത ശ്രദ്ധ പൂർണ്ണമാക്കാനാവുന്നില്ല.
- പഠനബോധന പ്രക്രിയകളെ വിലയിരുത്തുന്നതിനുള്ള സാങ്കേതിക മാർഗങ്ങൾ നിലവിലില്ല.
- ആരോഗ്യ, ശുചിത്വ സംരക്ഷണവും തൃപ്തികരമല്ല.
- ഇവർക്ക് സൗകര്യപ്രദമായ ടോയ്‌ലറ്റുകളും റാമ്പ് സൗകര്യവും നിലവിൽ ഉണ്ട്. എന്നാൽ ഇത് അപര്യാപ്തവും പല പോരായ്മകൾ ഉള്ളതുമാണ്.

വിവിധ കാലങ്ങളായി സി.എസ്.ഡബ്ല്യു.എൻ.കുട്ടികൾക്ക് ടോയ്‌ലറ്റുകൾ വിദ്യാലയത്തിൽ അനുവദിച്ചിട്ടുണ്ട്. എന്നാൽ ഈ കുട്ടികൾക്കായുള്ള ടോയ്‌ലറ്റുകൾ ഇനിയും എല്ലാ സ്കൂളുകളിലും പൂർത്തിയാക്കേണ്ടതുണ്ട്. നിർമ്മിച്ച ടോയ്‌ലറ്റുകൾ പോലും ശുചിത്വക്കുറവും നിർമ്മാണത്തിലെ പാകപ്പിഴയും കാരണം ഉപയോഗശൂന്യമായി കിടക്കുന്നു.

പട്ടിക: 4.2.5.22

സി.എസ്.ഡബ്ല്യു.എൻ.കുട്ടികൾക്കു വേണ്ടിയുള്ള ടോയ്‌ലറ്റ് സംവിധാനം

	സ്കൂളുകളുടെ എണ്ണം	നിലവിൽ ടോയ്‌ലറ്റ് ഉള്ളത്	ഇനി വേണ്ടത്
എൽ.പി	307	25	282
യു.പി	98	56	42
എച്ച്.എസ്	130	119	11

ടോയ്‌ലെറ്റുകൾ ധാരാളമായി വിവിധ ഭരണസംവിധാനങ്ങൾ അനുവദിക്കാറുണ്ടെങ്കിലും 1:20 എന്ന അനുപാതത്തിൽ ടോയ്‌ലെറ്റുകൾ ഇല്ല എന്നതാണ് യാഥാർത്ഥ്യം. നിലവിലുള്ള ടോയ്‌ലെറ്റുകളിൽ പലതും നിർമ്മാണ പിഴവു മൂലവും വെള്ളമില്ലായ്മ കൊണ്ടും ഉപയോഗശൂന്യവുമാണ്. ഇത് പരിഹരിക്കപ്പെടേണ്ടതുണ്ട്.

പട്ടിക: 4.2.5.23

ടോയ്‌ലറ്റുകളുടെ പ്രാഥമിക വിവരം

	വിഭാഗം	കുട്ടികളുടെ എണ്ണം		നിലവിലുള്ള ടോയ്‌ലെറ്റുകൾ		ഇനിയും നിർമ്മിക്കേണ്ടവ	
		ആൺ	പെൺ	ആൺ	പെൺ	ആൺ	പെൺ
ഗവൺമെന്റ്	എച്ച്.എസ്	36911	40522	692	1351	1154	675
	യു.പി	15647	14094	292	372	490	332
	എൽ.പി	12104	12830	518	627	87	14
എയ്ഡഡ്	എച്ച്.എസ്	41943	36906	639	1171	1458	674
	യു.പി	10348	9324	200	258	317	208
	എൽ.പി	9582	9263	276	344	203	119

വിഷയാടിസ്ഥാന ലാബുകൾക്ക് സൗകര്യങ്ങൾ ഇനിയും ഉണ്ടാകേണ്ടിയിരിക്കുന്നു. പ്രത്യേകിച്ച് പ്രൈമറി ക്ലാസ്സുകളിൽ ആവശ്യത്തിന് കെട്ടിടങ്ങളില്ലാത്തതിനാൽ ലാബ് ഉപകരണങ്ങൾ ഓഫീസ് മുറിയിലെ ഒരു അലമാരയിൽ ഒതുങ്ങുന്നു.

കമ്പ്യൂട്ടർ ലാബ് സംവിധാനം കൂടുതൽ മെച്ചപ്പെടുത്തണം. ഹൈസ്കൂളിനോടൊപ്പമുള്ള പ്രൈമറി സ്കൂളുകളിൽ കമ്പ്യൂട്ടർ ലാബ് ഉപയോഗത്തിന് പരിമിതികൾ ഉണ്ട്.

പട്ടിക: 4.2.5.24

വിഷയാടിസ്ഥാന ലാബ്–ജില്ലയിലെ പൊതുവിവരം

വിഷയം	ലാബുകൾ ഉള്ളത്					ലാബുകൾ വേണ്ടത്				
	എൽ. പി	യു. പി	എച്ച്. എസ്	എച്ച്.എസ്.എസ്.	വി.എച്ച്. എസ്.സി	എൽ. പി	യു. പി	എച്ച്. എസ്	എച്ച്.എ സ.എസ്	വി.എച്ച്. എസ്.സി
ശാസ്ത്രം	80	75	120	86	30	225	23	10	0	0
ഗാമൂഹ്യ ശാസ്ത്രം	24	20	25	86	30	281	78	105	0	0
ഗണിതം	64	25	75	86	130	241	73	55	0	0
ഭാഷ	6	10	24	–	–	301	88	106	–	–
കമ്പ്യൂട്ടർ	164	18	125	86	30	141	80	5	0	0

ആകെ സ്ക്കൂൾ–എൽ.പി–305,യു.പി.–98,എച്ച്.എസ്സ്–130,എച്ച്.എസ്സ്.എസ്സ്–186, വി,എച്ച്.എസ്സ്.സി–30

ആകെയുള്ള 931 വിദ്യാലയങ്ങളിൽ കളിസ്ഥലത്തിന്റെ അഭാവമുള്ള 655 വിദ്യാലയങ്ങൾ ഉണ്ടെന്നത് ഗൗരവമായി കാണണം

പട്ടിക: 4.2.5.25

കളിസ്ഥലം

സബ് ജില്ലയുടെ പേര്	ആകെ വിദ്യാലയം	കളിസ്ഥലമുള്ള വിദ്യാലയം	കളിസ്ഥലം വേണ്ട വിദ്യാലയം
ആറ്റിങ്ങൽ	79	25	54
ബാലരാമപുരം	68	32	36
കണിയാപുരം	76	32	44
കാട്ടാക്കട	97	21	76
കിളിമാനൂർ	74	15	59
നെടുമങ്ങാട്	72	30	42
നെയ്യാറ്റിൻകര	74	13	59
പാലോട്	82	28	54
പാറശ്ശാല	80	18	64
വർക്കല	73	13	60
തിരുവനന്തപുരം സൗത്ത്	78	28	50
തിരുവനന്തപുരം നോർത്ത്	78	21	57
ആകെ	931	276	655

ഇനിയും 168 സ്കൂളുകൾക്കും കൂടി ചുറ്റുമതിൽ പണിത് ഒരു സാമൂഹ്യസ്ഥാപനം എന്ന നിലയിൽ സ്കൂൾ സുരക്ഷിതമാക്കേണ്ടതുണ്ട്.

പട്ടിക: 4.2.5.26

ചുറ്റുമതിൽ

ആകെ സ്കൂളുകൾ (ഗവ.)	ചുറ്റുമതിൽ ഉള്ളത്	ചുറ്റുമതിൽ ഇല്ലാത്തത്
531	363	168

ചുറ്റുമതിൽ ഇല്ലാത്ത സ്കൂളുകളുടെ എണ്ണം എ.ഇ.ഒ അടിസ്ഥാനത്തിൽ.

എ.ഇ.ഒ അടിസ്ഥാനത്തിൽ	എണ്ണം
ആറ്റിങ്ങൽ	17
ബാലരാമപുരം	7
കണിയാപുരം	26
കാട്ടാക്കട	15
കിളിമാനൂർ	12
നെടുമങ്ങാട്	18
നെയ്യാറ്റിൻകര	4
പാലോട്	16
പാറശ്ശാല	11
തിരുവനന്തപുരം നോർത്ത്	11
തിരുവനന്തപുരം സൗത്ത്	22
വർക്കല	9
ആകെ	**168**

896 സ്കൂളുകളിലും ലൈബ്രറി പ്രവർത്തിക്കുന്നുണ്ട്. എന്നാൽ ലൈബ്രറി കെട്ടിടം പ്രത്യേകം സജ്ജീകരിച്ചിട്ടില്ലാത്തതും ലൈബ്രറി എന്ന നമ്മുടെ സങ്കല്പത്തിനനുസരിച്ച് വളർച്ചയുള്ളതുമല്ല. 165 ഗവൺമെന്റ് സ്കൂളിലും 76 എയ്ഡഡ് സ്കൂളിലും ഇനിയും ലൈബ്രറി കെട്ടിടങ്ങൾ പണിയേണ്ടതുണ്ട്. ലൈബ്രറി കെട്ടിടങ്ങളുള്ള ലൈബ്രറികളിൽ ശിശുസൗഹൃദ ഫർണിച്ചറുകളും ഡിജിറ്റൽ ലൈബ്രറിയും ഉണ്ടാകേണ്ടത് വളരെ അത്യാവശ്യമാണ്.

പട്ടിക: 4.2.5.27

ലൈബ്രറി

സ്കൂളുകളുടെ എണ്ണം			സർക്കാർ മേഖലയിൽ ലൈബ്രറി ഇല്ലാത്ത സ്കൂളുകൾ				എയിഡഡ് മേഖലയിൽ ലൈബ്രറി ഇല്ലാത്ത സ്കൂളുകൾ			
സർക്കാർ	എയിഡഡ്	ആകെ	എൽ.പി	യു.പി	എച്ച്.എസ്	ആകെ	എൽ.പി	യു.പി	എച്ച്.എസ്	ആകെ
531	365	896	136	20	9	165	54	22	0	76

അണ്ടൂർക്കോണം, ബാലരാമപുരം, ചെങ്കൽ, ചെറുന്നിയൂർ, ഇടവ, കല്ലറ, കോട്ടുകാൽ, കരവാരം, കിളിമാനൂർ, മംഗലപുരം, നഗരൂർ, നെയ്യാറ്റിൻകര, പള്ളിച്ചൽ, പെരിങ്ങമ്മല, പെരുങ്കടവിള, പൂവച്ചൽ, പൂവാർ, തിരുപുറം, തൊളിക്കോട്, വക്കം, വർക്കല, വെമ്പായം, വിതുര തുടങ്ങിയ 23 പഞ്ചായത്തുകളിൽ കിണർ വെള്ളമാണ് കുടിവെള്ള സ്രോതസ്സ്. ഇത് വറ്റിപ്പോയാൽ കുടിവെള്ള പ്രശ്നം രൂക്ഷമാകും. മാത്രമല്ല വെള്ളത്തിന്റെ ശുദ്ധത പരിശോധിക്കാനുള്ള കൃത്യമായ സംവിധാനങ്ങൾ ഇപ്പോൾ ഇല്ല.

പട്ടിക: 4.2.5.28

കുടിവെള്ള പദ്ധതി

വിഭാഗം	ഗവ.	കിണർ	പൊതുടാപ്പ്	കിണർ + പൊതുടാപ്പ്
എൽ.പി	307	187	66	39
യു.പി	98	52	21	23
എച്ച്.എസ്	130	59	24	45
എച്ച്.എസ്.എസ്	69	–	–	–

ആകെ 531 ഗവൺമെന്റ് സ്കൂളുകളിൽ ഓടുമേഞ്ഞ വിദ്യാലയങ്ങൾ 107 ആണ്. ഓലമേഞ്ഞ കെട്ടിടങ്ങൾ ഇല്ല. എന്നാൽ ഷീറ്റ് ഇട്ട 18 സ്കൂളുകൾ നിലവിലുണ്ട്. ഇവിടെ പഠിക്കുന്ന കുട്ടികളുടെ ആരോഗ്യ പ്രശ്നം വളരെ ഗുരുതരമായി കാണേണ്ടതാണ്.

പട്ടിക: 4.2.5.29

വിദ്യാലയങ്ങളിലെ കെട്ടിടങ്ങൾ

ആകെ സ്കൂൾ	കോൺക്രീറ്റ് കെട്ടിടങ്ങൾ		ഓട് മേഞ്ഞത്	കോൺക്രീറ്റ് + ഓട്	അധികം ക്ലാസ്മുറി വേണ്ടത്
	പഞ്ചായത്ത്	കോർപ്പറേഷൻ			
531	116	55	107	233	20

അധികം ക്ലാസ് മുറികൾ വേണ്ടി വരുന്ന വിദ്യാലയങ്ങൾ എ.ഇ.ഒ അടിസ്ഥാനത്തിൽ.

എ.ഇ.ഒ അടിസ്ഥാനത്തിൽ	എണ്ണം
ആറ്റിങ്ങൽ	6
കണിയാപുരം	2
കാട്ടാക്കട	1
കിളിമാനൂർ	1
നെടുമങ്ങാട്	1
പാലോട്	2
പാറശ്ശാല	1
വർക്കല	1
തിരുവനന്തപുരം നോർത്ത്	2
തിരുവനന്തപുരം സൗത്ത്	3

വൈദ്യുതീകരണം

അന്താരാഷ്ട്ര നിലവാരത്തിനനുയോജ്യമായ രീതിയിൽ സംവിധാനങ്ങൾ ഒരുക്കൽ പര്യാപ്തമായ വൈദ്യുതസംവിധാനം അനുബന്ധമായി ചേർത്തിരിക്കുന്ന സ്കൂളുകളിൽ ഇല്ലായെന്നത് സ്കൂളുകളുടെ ശോചനീയ അവസ്ഥ സൂചിപ്പിക്കുന്ന ഒന്നാണ്.

മിക്ക സ്കൂളുകളിലും അടുക്കള പണിതിട്ടുണ്ട്. എന്നാൽ തിരുവനന്തപുരം നോർത്തിൽ 4 സ്കൂളിലും കിളിമാനൂരിൽ 5 സ്കൂളിലും അടുക്കള പണിയേണ്ടതായിട്ടുണ്ട്. അതോടൊപ്പം പണിത അടുക്കളയിൽ ആധുനിക സൗകര്യങ്ങൾ ഒരുക്കേണ്ടതും അത്യാവശ്യമാണ്.

ഊട്ടുപുര സൗകര്യം വളരെ കുറച്ച് സ്കൂളുകളിൽ മാത്രമേയുള്ളൂ. വൃത്തിയും ഭക്ഷണം കഴിക്കാനുള്ള സൗകര്യവും പലയിടത്തും വളരെ പരിമിതമാണ്. പൂർണ്ണതോതിലുള്ള സജ്ജീകരണങ്ങൾ പൂർത്തിയായ ഊട്ടുപുരകളിൽ ഇനിയും ആവശ്യമുണ്ട്.

പട്ടിക: 4.2.5.30

അടുക്കള/ ഊട്ടുപുര

സബ് ജില്ല	ആകെ സ്കൂൾ (സർക്കാർ/എയ്ഡഡ്)	ഊട്ടുപുര		അടുക്കള	
		ഉള്ളത്	വേണ്ടത്	ഉള്ളത്	വേണ്ടത്
കണിയാപുരം	76	17	59	76	0
തിരുവനന്തപുരം നോർത്ത്	78	19	59	74	4
കാട്ടാക്കട	97	4	93	97	0
കിളിമാനൂർ	74	13	61	69	5
ആറ്റിങ്ങൽ	79	15	64	79	0
ബാലരാമപുരം	68	18	50	68	0
നെടുമങ്ങാട്	72	17	55	72	0
നെയ്യാറ്റിൻകര	74	12	62	74	0
പാലോട്	82	10	72	82	0
പാറശ്ശാല	80	13	67	80	0
തിരുവനന്തപുരം സൗത്ത്	78	18	60	78	0
വർക്കല	73	15	58	73	0

പഴയ കെട്ടിടങ്ങളിലും ആവശ്യത്തിനു സൗകര്യങ്ങളില്ലാത്തതും ആധുനികമല്ലാത്തതുമായ കെട്ടിടങ്ങളിലാണ് പട്ടിക: 4.2.5.31 ൽ പരാമർശിക്കുന്ന സ്കൂളുകൾ പ്രവർത്തിക്കുന്നത്. ഇവർക്ക് പൂർണ്ണ സജ്ജീകരണത്തോടുകൂടിയ ക്ലാസ്സ് മുറികൾ അനുവദിക്കേണ്ടത് അത്യാവശ്യമാണ്.

പട്ടിക: 4.2.5.31

ക്ലാസ് മുറികളില്ലാത്ത വിദ്യാലയങ്ങൾ

സ്കൂളിന്റെ എണ്ണം	സ്കൂളിന്റെ പേര്	തദ്ദേശഭരണ സ്ഥാപനം	വേണ്ട ക്ലാസ് മുറി
5	ഗവ.യു.പി.എസ്., ഫോർട്ട്	തിരുവനന്തപുരം കോർപ്പറേഷൻ	8
	ഗവ.എൽ.പി.എസ്, പാങ്ങോട്		6
	ഗവ.എൽ.പി.എസ്, പൂങ്കുളം		6
	ഗവ.എൽ.പി.എസ്, ത്രിവിക്രമംഗലം		6
	എം.എസ്.സി.എൻ.ആർ.എസ്., ത്രിവിക്രമംഗലം		5
ആകെ			29

നിർദ്ദേശങ്ങൾ

- ജില്ലാതല കലാകായിക ഇൻസ്റ്റിറ്റ്യൂട്ട് ഗവേഷണാടിസ്ഥാനത്തിൽ നിർമ്മിക്കുക.
- സ്കൂളുകളിലെ ക്ലബ് പ്രവർത്തനങ്ങളുടെ ഏകീകരണം
- കായിക പരിശീലനങ്ങളുടെ കലണ്ടർ രൂപീകരണം, ഏകീകരണം
- പഞ്ചായത്തുതല (സ്കൂൾ) കലാകായിക ക്ലബ് പ്രവർത്തനങ്ങളുടെ വിലയിരുത്തൽ
- ഗ്രാമപഞ്ചായത്തുകളിൽ സോഷ്യൽ ഓഡിറ്റ് വഴി മികച്ച അദ്ധ്യാപകരെ കണ്ടെത്തൽ
- ജന്റർ സെന്റർ നിർമ്മിക്കുക
- കരിക്കുലവുമായി ബന്ധപ്പെട്ട് പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനാവശ്യമായ ജന്റർ പാഠങ്ങൾ രൂപീകരിക്കുക.
- പ്രാദേശികമായ വായന കാർഡുകൾ, പുസ്തകങ്ങൾ, ചരിത്ര രചന ഇവ പ്രസിദ്ധീകരിക്കുക.

- സി.എസ്.ഡബ്ല്യൂ.എൻ കുട്ടികൾക്കാവശ്യമായ അനുരൂപീകരണ പാഠങ്ങൾ (പ്രാദേശികം) നിർമ്മിക്കുക.
- ഷോർട്ട് ഫിലിം, ഡോക്യൂമെന്ററി എന്നിവ നിർമ്മിക്കുമ്പോൾ അക്കാദമിക് ലക്ഷ്യങ്ങൾ മുൻനിർത്തിയുള്ളവർക്ക് ധനസഹായം നൽകുക.
- ജീവിതശൈലി രോഗ വിമുക്തി, ലഹരി വിരുദ്ധ ജീവിതം, പ്ലാസ്റ്റിക് വിമുക്ത പരിസരം എന്നിവ വിദ്യാലയങ്ങളിൽ പൂർണ്ണമാക്കുക
- ആരോഗ്യകാർഡ് പഞ്ചായത്തടിസ്ഥാനത്തിൽ കുട്ടികൾക്ക് നൽകുക
- ആരോഗ്യ ഇൻഷുറൻസ് കുട്ടികൾക്ക് പൂർത്തിയാക്കുകയും സ്കൂളുകൾ തമ്മിൽ ബന്ധിപ്പിച്ച് കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകൾ സ്ഥാപിക്കുകയും ചെയ്യുക.
- കുട്ടികളിൽ കാണുന്ന പല രോഗങ്ങളും ചിലപ്പോൾ അവഗണിക്കപ്പെടാറുണ്ട്. സമയത്തിനു ചികിൽസയും ലഭിക്കില്ല. ഇതു പരിഹരിക്കപ്പെടാൻ കുട്ടികളുടെ ആരോഗ്യ കേന്ദ്രങ്ങൾ സഹായിക്കും.
- ഗാന്ധി ഗ്രാം യൂണിറ്റ് സ്ഥാപിക്കുക.
  ഗാന്ധിയൻ ആദർശങ്ങൾ ചെറുപ്പം മുതൽ തന്നെ കുട്ടികളിൽ വിശ്വമാനവ ബോധം ഉറപ്പിക്കും. അതിനാൽ ചർക്ക, ഗാന്ധിയൻ ബുക്സ് വീഡിയോകൾ ഇവയടങ്ങിയ യൂണിറ്റ് സ്കൂളിൽ പ്രവർത്തനമാരംഭിക്കണം.
- ജില്ലാതല ശാസ്ത്ര ചരിത്ര, ഗണിത മ്യൂസിയങ്ങളുടെ പ്രവർത്തനം.
  പഞ്ചായത്ത്തലത്തിൽ സ്ഥാപിക്കുന്ന ശാസ്ത്ര, ചരിത്ര, ഗണിത, ശില്പ-ചിത്ര മ്യൂസിയത്തിന്റെ നേതൃത്വമായി പ്രവർത്തിക്കുന്ന തരത്തിൽ ജില്ലാ കേന്ദ്രം വേണം. അതു ഗവേഷണ പ്രദർശന ഇടമായി നിലനിന്നാൽ ബാലപ്രതിഭകൾക്ക് വലിയ സഹായമാകും.
- ജില്ലാ ലൈബ്രറി
  ഇ-ജേർണലുകൾ, ദേശീയ അന്താരാഷ്ട്ര പുസ്തകങ്ങൾ, റഫറൻസ് ഗ്രന്ഥങ്ങൾ, പ്രൊജക്ടർ സൗകര്യമുള്ള വായനമുറി എന്നിവ ഉൾപ്പെടുത്തി ജില്ലാതല ലൈബ്രറി സ്ഥാപിക്കണം. സ്കൂൾ ലൈബ്രറി, ജില്ലാ ലൈബ്രറി കൗൺസിൽ എന്നിവയുടെ സഹായത്തോടെ പുസ്തക സമാഹരണം, വായന കൂട്ടായ്മകൾ, പുസ്തക പ്രസിദ്ധീകരണം എന്നിങ്ങനെയുള്ള പരിപാടികൾ നടപ്പാക്കണം.
- പൂർവ്വ വിദ്യാർത്ഥികളുടെ പുനരധിവാസം
  കൊഴിഞ്ഞു പോകുന്നതും തൊഴിൽ കണ്ടെത്താനാകാത്തതുമായ പൂർവ്വ വിദ്യാർത്ഥികളെ ആവശ്യമായ പരിശീലനം നൽകി പഞ്ചായത്തുതല വിദ്യാലയങ്ങളിൽ മെന്റർമാരായി നിയമിക്കണം.
- വിദ്യാർത്ഥികൾക്ക് റസിഡൻഷ്യൽ സൗകര്യം
  പല പ്രശ്നങ്ങളാൽ വീട്ടിൽ കഴിയാൻ പ്രയാസമായി വരുന്ന കുട്ടികൾക്ക് താല്കാലികമായി റസിഡൻഷ്യൽ സൗകര്യം അവർ പഠിക്കുന്ന വിദ്യാലയങ്ങളിൽ ഏർപ്പെടുത്തണം.

(എ) അക്കാദമിക്ക്

- ഹൈടെക് ക്ലാസ്സ്മുറികൾ
  1. പ്രൊജക്ടർ, ലാപ്ടോപ്പ്, ഇന്ററാക്ടീവ് റോളിംഗ് ബോർഡ്
  2. ഇലക്ട്രിഫിക്കേഷൻ
  3. കബോർഡ്
  4. ക്ലാസ്സ് ലൈബ്രറി
  5. ശിശു സൗഹൃദ ഫർണിച്ചറുകൾ
- ലൈബ്രറി
  1. ലൈബ്രറി കെട്ടിടം
  2. പുസ്തകങ്ങൾ
  3. ആവശ്യമായ ഫർണിച്ചറുകൾ
  4. ലൈബ്രേറിയന്റെ സേവനം

- വിഷയാടിസ്ഥാന ലാബ്
    1. ശാസ്ത്രലാബിനാവശ്യമായ മുറികളും ശാസ്ത്ര പരീക്ഷണത്തിനും നിരീക്ഷണത്തിനും ആവശ്യമായ വസ്തുക്കളും
    2. ഗണിതലാബിനാവശ്യമായ മുറികളും ഗണിതോപകരണങ്ങളും
    3. ഐ.റ്റി.ലാബിന് ആവശ്യമായ കമ്പ്യൂട്ടറുകൾ
    4. ഭാഷാലാബിന് ആവശ്യമായ വായനസാമഗ്രികൾ വിവരസാങ്കേതികവിദ്യ ഉപയോഗപ്പെടുത്തുന്നതിന് ആവശ്യമായ കമ്പ്യൂട്ടറുകൾ
- ഭിന്നശേഷി കുട്ടികൾക്ക് മുഴുവൻ സമയ പ്രത്യേക പരിശീലനം ലഭിച്ച അദ്ധ്യാപക നിയമനം
- കലാകായിക വിദ്യാഭ്യാസം
    1. പഞ്ചായത്തടിസ്ഥാനത്തിൽ സാംസ്ക്കാരിക കേന്ദ്രങ്ങൾ അത് സ്കൂളുമായി ബന്ധിപ്പിക്കൽ
    2. സ്കൂളുകൾ കലാഗ്രാമം എന്ന സങ്കൽപത്തിലേക്ക്
    3. പ്രീ–പ്രൈമറി മുതലുള്ള കുട്ടികൾക്ക് നീന്തൽ പരിശീലനത്തിനുള്ള സൗകര്യം ഒരുക്കൽ
    4. കലാകായിക രംഗത്ത് പ്രാഗൽഭ്യം തെളിയിച്ചിട്ടുള്ള തൊഴിൽ രഹിതർക്ക് മെന്റർ ആയി നിയമനം
    5. എല്ലാ സ്കൂളിലും കലാകായിക അദ്ധ്യാപക നിയമനം

(ബി) അടിസ്ഥാന സൗകര്യങ്ങൾ

- കക്കൂസ്
    1. ഓട്ടോമാറ്റിക് സെൻസർ ഫ്ളഷ് സിസ്റ്റമുള്ള കക്കൂസുകൾ
    2. ഗേൾസ് ഫ്രെൻഡ്ലി ടോയ്ലെറ്റുകൾ
    3. ഇൻസിനേറ്റർ സംവിധാനമുള്ള കക്കൂസുകൾ
    4. പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികൾക്കായുള്ള കക്കൂസുകൾ
- കുടിവെള്ളം
    1. ചൂട്/തണുത്തവെള്ളം ലഭ്യമാക്കുന്നതിനാവശ്യമായ കൂളർ/ഹീറ്റർ എന്നിവ സ്ഥാപിക്കുക
    2. എല്ലാ സ്കൂളിലും മഴവെള്ള സംഭരണികൾ സ്ഥാപിക്കുക/കേടുപാടുകൾ സംഭവിച്ചവ അറ്റകുറ്റപ്പണി നടത്തുക
    3. കുട്ടികളുടെ പൊക്കത്തിനനുസൃതമായ രീതിയിൽ ടാപ്പുകൾ സ്ഥാപിക്കുക
    4. 1:23 എന്ന അനുപാതത്തിൽ കുടിവെള്ള ടാപ്പുകൾ

(സി) കളിസ്ഥലം

1. വിദ്യാലയത്തിനോട് ചേർന്ന് കളിസ്ഥലത്തിനായി സ്ഥലം കണ്ടെത്തൽ
2. മിനി സ്റ്റേഡിയം
3. ഇൻഡോർ/ഔട്ട്ഡോറിന് ആവശ്യമായ കളിയുപകരണങ്ങൾ ലഭ്യമാക്കുകയും പഞ്ചായത്ത്/ജില്ലാടിസ്ഥാനത്തിൽ പ്രത്യേക പരിശീലനം നൽകുകയും ചെയ്യുക.

(ഡി) അടുക്കള/ ഡൈനിംഗ് ഹാൾ

1. ആധുനിക സജ്ജീകരണത്തോടു കൂടിയായ അടുക്കളയും അടുക്കള ഉപകരണങ്ങളും
2. ശുചിത്വ പൂർണ്ണമായ ഡൈനിംഗ് ഹാൾ

(ഇ) പരിസ്ഥിതി സൗഹൃദ പരിസരം

1. ജൈവവൈവിധ്യ പാർക്കുകൾ
2. ഫലവൃക്ഷാലംകൃതമായ ക്യാമ്പസ്സ്
3. കൃഷി
4. പ്ലാസ്റ്റിക് വിമുക്ത പരിസരം
5. മാലിന്യ സംസ്ക്കരണം
6. മാലിന്യ നിർമ്മാർജ്ജനം

4.2.6 കായികം–യുവജനക്ഷേമം, കല–സംസ്ക്കാരം

കായിക യുവജനക്ഷേമ മേഖലയിൽ ഇന്ന് കേരളത്തിന്റെ പ്രകടനം ഇന്ത്യയിലെ മറ്റേതൊരു സംസ്ഥാനത്തെക്കാളും മുമ്പിലാണ്. കായികവിനോദം കുട്ടികളിലും യുവാക്കളിലും സമഗ്ര വികസന ഉദ്ദേശ്യങ്ങൾ നേടിയെടുക്കുന്നതിന് വളരെ ചെലവ് കുറഞ്ഞതും ഫലപ്രദവുമാണെന്ന് സാർവ്വത്രികമായി അംഗീകരിച്ചിട്ടുണ്ട്. കേരളത്തിലെ കായികരംഗത്ത് അതികായനായിരുന്ന കേണൽഗോദവർമ്മ രാജ കുട്ടികൾക്ക് കായിക വിനോദത്തിനായി ഒട്ടേറെ സ്പോർട്സ് സ്ഥാപനങ്ങൾക്ക് രൂപം നൽകിയിട്ടുണ്ട്. ജി.വി.രാജസ്റ്റേഡിയം, ട്രിവാൻഡ്രം ടെന്നീസ് ക്ലബ്, ട്രാവൻകൂർ അക്വാട്ടിക് അസോസിയേഷൻ, ട്രാവൻകൂർ ടേബിൾടെന്നീസ് അസോസിയേഷൻ എന്നിവ അവയിൽ ചിലതാണ്. കേരള സ്പോർട്സ് കൗൺസിൽ രൂപികരിക്കാൻ നേതൃത്വം നൽകിയതും അദ്ദേഹമാണ്.

കായികരംഗത്തും യുവജനക്ഷേമ മേഖലയിലും അത്യുജ്ജലമായ ഒരു പാരമ്പര്യമാണ് ജില്ലയ്ക്കുള്ളത്. ഗ്രാമങ്ങളിൽ നിലനിന്നിരുന്ന കളിത്തട്ട്കളി, കബഡി, കുട്ടിയും കോലും, സെവന്റീസ്, നാടൻപന്ത് കളി തുടങ്ങിയ പരമ്പരാഗത കായിക ഇനങ്ങിൽ നിന്ന് മാറി ക്രിക്കറ്റിലേക്കും, ഫുട്ബോളിലേക്കും ആധുനിക തലമുറയുടെ താൽപര്യം വളർന്നിട്ടുണ്ട്. ഇന്ത്യയുടെ ദേശീയ ഫുട്ബോൾ മേളയായ സന്തോഷ് ട്രോഫി, അന്താരാഷ്ട്ര ഫുട്ബോൾ ടൂർണമെന്റായ നെഹ്റുകപ്പ് എന്നിവയ്ക്ക് അനന്തപുരി ആതിഥ്യം വഹിക്കുകയും ഹോക്കിയുടെയും രഞ്ജിട്രോഫി ക്രിക്കറ്റിന്റെയും ദേശീയ മത്സരങ്ങൾക്ക് വേദിയാകുകയും ചെയ്തിട്ടുണ്ട്.

പട്ടിക: 4.2.6.1

കൗമാരക്കാരും യുവജനങ്ങളും – തിരുവനന്തപുരം ജില്ല

(ലക്ഷത്തിൽ)

ഇനം	ഗ്രൂപ്പ്	ആൺ	പെൺ	ആകെ
കൗമാരക്കാർ	10–14	1.340	1.29	2.63
	15–19	1.287	1.266	2.55
	ആകെ	2.627	2.556	5.18
യുവജനങ്ങൾ	20–24	1.28	1.39	2.67
	25–29	1.20	1.39	2.59
	30–34	1.147	1.31	2.45
	35–39	1.18	1.39	2.57
	ആകെ	4.807	5.48	10.28

സാമൂഹിക ആരോഗ്യവും കായിക വികസനവും

സംസ്ഥാനം പൊതുജനാരോഗ്യ രംഗത്ത് വളരെ മുമ്പിൽ നിൽക്കുന്നതിനാൽ കായിക ക്ഷമതയുള്ള ഒരു സമൂഹത്തെ വാർത്തെടുക്കാൻ കഴിഞ്ഞിട്ടുണ്ട്. എന്നിരുന്നാലും ഇന്നും സാമൂഹികമായി പല ഇടപെടലുകളും ആവശ്യമുള്ളതായി നമുക്ക് കാണാം.

➢ **ജീവിത ശൈലീ രോഗങ്ങൾ**

ദീർഘകാലം നിലനിൽക്കുന്നതും ജീവിതക്രമത്തിലെ ശക്തമായ ഇടപെടലിലൂടെ നിയന്ത്രണ വിധേയമാക്കാൻ കഴിയുന്ന രോഗങ്ങളെ ഈ വിഭാഗത്തിൽ ഉൾപ്പെടുത്താം. യുവജനങ്ങളെ കൂടുതലായി ബാധിക്കുന്ന ഇത്തരം രോഗങ്ങളിൽ പൊതുവായി കാണുന്നത് പ്രമേഹം, അമിത രക്തസമ്മർദ്ദം, അമിതകൊഴുപ്പ്, തൈറോയ്ഡ് പ്രശ്നങ്ങൾ, അമിത വണ്ണം, സന്ധിവാത രോഗങ്ങൾ, മാനസിക സമ്മർദ്ദം എന്നിവയാണ്. ജില്ലയിൽ പ്രമേഹ സാദ്ധ്യത 2011 സെൻസസ് പ്രകാരം 17 ശതമാനമാണ്. എന്നാൽ ഇന്ത്യയിൽ ഇത് വെറും 8 ശതമാനം മാത്രമാണ്. കൂടാതെ കൊറോണറി ഹൃദയ രോഗങ്ങൾക്കുള്ള സാധ്യതയും വളരെ കൂടുതലാണെന്ന് ആരോഗ്യവകുപ്പിന്റെ റിപ്പോർട്ടുകൾ സൂചിപ്പിക്കുന്നു. ശാരീരിക വ്യായാമത്തിലൂടെയും യോഗയിലൂടെയും ജീവിതശൈലീ രോഗങ്ങൾ ഉണ്ടാകുന്നതിന്റെ സാധ്യത ഒരു പരിധി വരെ കുറയ്ക്കുവാൻ സാധിക്കും.

- **പോഷകാഹാരക്കുറവ്**

ജില്ലയിൽ സാമൂഹ്യ നീതി വകുപ്പിന്റെ ഡിസെബിലിറ്റി സർവ്വെ 2015 പ്രകാരം 0–5 വയസ്സിനിടയിൽ 230 കുട്ടികൾ ഭാരക്കുറവ് ഉള്ളവരാണ്. കൂടാതെ 20.5 ശതമാനം കുട്ടികൾ വിളർച്ചാരോഗം ബാധിച്ചവരും 59.4 ശതമാനം കുട്ടികൾ വയസ്സിന് ആനുപാതികമായി ഭാരം ഇല്ലാത്തവരുമാണ്. കൂടാതെ 15 മുതൽ 49 വയസ്സ് വരെയുള്ള സ്ത്രീകളിൽ 22.5 ശതമാനം പേരും വിളർച്ചാരോഗമുള്ളവരും 9 ശതമാനം പേർ ഭാരക്കുറവ് ഉള്ളവരും 33.6 ശതമാനം പേർ അധികഭാരം ഉള്ളവരുമാണ്. 15 മുതൽ 49 വയസ്സ് വരെ പ്രായമുള്ള പുരുഷൻമാരിൽ 6.2 ശതമാനം പേർ ഭാരക്കുറവ് ഉള്ളവരും 25.2 ശതമാനം പേർ അമിത ഭാരം ഉള്ളവരുമാണ്. കേരള സംസ്ഥാനത്തെ യു.പി ഹൈസ്കൂൾ വിദ്യാർത്ഥികളിൽ 86% പേരും കായികക്ഷമത കുറഞ്ഞവരാണെന്ന് പഠന റിപ്പോർട്ടുകൾ സൂചിപ്പിക്കുന്നു. ഇത് ശരിയായ ഭക്ഷണക്രമം പാലിക്കാത്തതിന്റെയും (മൈക്രോന്യൂട്രിയൻസിന്റെ അഭാവം) ശരിയായ വ്യായാമ മുറകൾ അനുവർത്തിക്കാത്തതിന്റെയും പോരായ്മയായി കണക്കാക്കാം.

- **ഭിന്നശേഷി/ ഭിന്നലിംഗക്കാർ**

2015 ഡിസെബിലിറ്റി സ്റ്റഡി റിപ്പോർട്ട് പ്രകാരം 34,823 സ്ത്രീകളും 42,188 പുരുഷൻമാരും 153 ഭിന്നലിംഗക്കാരും ഉൾപ്പെടെ 77,164 ഭിന്നശേഷി/ഭിന്നലിംഗക്കാർ ജില്ലയിലുണ്ട്. ഇതിൽ 28,444 പേർ ചലനവൈകല്യം ഉള്ളവരാണ്. ഇത് ജില്ലയിലെ മൊത്തം അംഗപരിമിതരുടെ 36.86 ശതമാനം മാണ്. ആകെ അംഗപരിമിതരിൽ 10,587 പേർ എസ്.സി വിഭാഗത്തിലും 763 പേർ എസ്.റ്റി വിഭാഗത്തിലും ഉൾപ്പെടുന്നു. 38,493 പേർക്ക് വികലാംഗപെൻഷൻ ലഭിക്കുന്നുണ്ട്. ഭിന്നശേഷി/ഭിന്നലിംഗക്കാർക്കായി കുടുംബശ്രീയുടെ കീഴിൽ പാരാലിംപിക്സ് സംഘടിപ്പിക്കാവുന്നതാണ്. ജില്ലയിൽ ഒരു പാരാലിംപിക്സ് പവർ ലിഫ്റ്റിംഗ് അസോസിയേഷൻ പ്രവർത്തിക്കുന്നുണ്ട്. ദേശീയ പാരാലിംപിക്സ് മത്സരങ്ങളിൽ വ്യക്തികളെ ശുപാർശ ചെയ്യുന്നത് കേരള സ്പോർട്സ് കൗൺസിലാണ്.

- **സ്ത്രി സുരക്ഷാ കായിക പരിപാടികൾ**

ജില്ലയിൽ 2016 ൽ നഗര പ്രദേശങ്ങളിൽ 571 ഉം ഗ്രാമപ്രദേശത്ത് 1134 ഉൾപ്പെടെ 1705 അതിക്രമങ്ങൾ നടന്നിട്ടുണ്ട്. കൂടാതെ കുട്ടികൾക്കെതിരെ തിരുവനന്തപുരം നഗരത്തിൽ 93 ഉം ഗ്രാമത്തിൽ 238 ഉൾപ്പെടെ 331 കേസുകളും റിപ്പോർട്ട് ചെയ്തിട്ടുണ്ട്. സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെയുള്ള അതിക്രമങ്ങൾ തടയുന്നതിനും സ്ത്രീ സുരക്ഷയ്ക്കുമായി സർക്കാർ വിവിധ പദ്ധതികൾ നടപ്പിലാക്കുന്നുണ്ട്. പോലീസ് വകുപ്പ് കുട്ടികൾക്കായി സ്റ്റുഡന്റ് പോലീസ്, സ്ത്രീകൾക്കായി കരാട്ടേ പരിശീലനം എന്നിവ ജില്ലയിൽ നടപ്പിലാക്കുന്നുണ്ട്. കുടുംബശ്രീയുടെ നേതൃത്വത്തിൽ സ്ത്രീകളുടെ സുരക്ഷയ്ക്കായി കരാട്ടേ, ജൂഡോ, കളരിപ്പയറ്റ് തുടങ്ങിയവ നൽകുന്നുണ്ട്.

കായിക സംസ്ക്കാരവും സാമൂഹിക ഇടപെടലുകളും

- **കായിക യുവജനക്ഷേമ ക്ലബുകൾ**

യുവാക്കളുടെ കൂട്ടായ്മയായ കായിക ക്ലബുകൾ നാടിന്റെ പൊതുവളർച്ചയിൽ പങ്കാളികളാക്കുന്നതിന് സഹായിക്കാറുണ്ട്. ജില്ലാ സ്പോർട്സ് കൗൺസിലിന്റെ കീഴിലും ജില്ലയിലെ എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ കീഴിലും 2017–18 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി യുവജന/കായിക ക്ലബുകൾ രൂപീകരിച്ചിട്ടുണ്ട്. ജില്ലയിൽ നിലനിൽക്കുന്ന ക്ലബുകൾ രക്തദാന പ്രവർത്തനങ്ങളിൽ സജീവമായി പങ്കെടുക്കാറുണ്ട്. എന്നിരുന്നാലും ആധുനിക ദൃശ്യ/ശ്രവ്യ മാധ്യമങ്ങളും സാമൂഹിക മാധ്യമങ്ങളുടെ അമിത ഉപയോഗം യുവാക്കളിലെ രാഷ്ട്രീയവും സാമൂഹികമായ ക്രീയാത്മക ഇടപെടലുകൾക്ക് വിഘാതം സൃഷ്ടിക്കാറുണ്ട്.

- **യൂത്ത് ക്ലബുകളും കേരളോത്സവും**

ജില്ലയിലെ എല്ലാ പ്രദേശങ്ങളിലും വിവിധ യുവജന ക്ലബുകൾ പ്രവർത്തിച്ചുവരുന്നു. ഇപ്പോഴത്തെ കേരളോത്സവം യുവജന ക്ലബുകൾക്ക് പ്രാധാന്യം ലഭിക്കുന്ന തരത്തിലാണ് ആസൂത്രണം ചെയ്തിട്ടുള്ളത്.

കേരളോത്സവവും യുവോത്സവവുമാണ് ഇപ്പോൾ ഈ മേഖലയിൽ വിവിധ പദ്ധതികളായി ത്രിതല പഞ്ചായത്തുകൾ നടപ്പാക്കിവരുന്നത്. ഏകദേശം ഒരു കോടി രൂപ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വഴിയും മുപ്പതുലക്ഷത്തോളം രൂപ യുവജനക്ഷേമബോർഡും കേരളോത്സവത്തിന്റെ നടത്തിപ്പിന് ജില്ലയിൽ ചെലവഴിക്കുന്നുണ്ട്.

➢ **കായികവും തൊഴിൽ സാധ്യതകളും**

ജില്ലയിൽ മിക്കവാറും എല്ലാ അത്‌ലറ്റിക് ഇനങ്ങൾക്കും ഗെയിംസ് ഇനങ്ങൾക്കും അക്വാട്ടിക് ഇനങ്ങൾക്കും ദേശീയ അന്തർദേശീയ ശ്രദ്ധ നേടിയ കായികതാരങ്ങളുണ്ട്. അവരിൽ മിക്കവരും സ്വന്തം നിലയിലുള്ള കഴിവുകൾ വികസിപ്പിച്ചും പ്രാദേശികമായ സഹായം കൊണ്ടും ഉയർന്നുവന്നവരാണ്. കൂടാതെ മിക്കവാറും എല്ലാ കായിക ഇനങ്ങൾക്കും മികച്ച പരിശീലനം നൽകുന്ന കോച്ചുമാരും ജില്ലയിലുണ്ട്. അവരുടെ സേവനം ജില്ലയുടെ എല്ലാ പ്രദേശത്തും എത്തുന്ന തരത്തിലുള്ള ഒരു പദ്ധതി തയ്യാറാക്കേണ്ടതുണ്ട്. ജില്ലയിലെ തൊഴിലന്വേഷകരുടെ ആകെ എണ്ണം 5.2 ലക്ഷമാണ്. അതിൽ 3.24 ലക്ഷം സ്ത്രീകളും 1.96 ലക്ഷം പുരുഷൻമാരും ഉൾപ്പെടുന്നു. കായികമേഖലയിൽ പ്രവർത്തിക്കുന്ന ഉദ്യോഗാർത്ഥികൾക്ക് വിവിധ വകുപ്പുകളിൽ (ഇന്ത്യൻ റെയിൽവേ, ബാങ്കുകൾ, പോസ്റ്റൽ സർവ്വീസ്, കെ.എസ്.ഇ.ബി, പോലീസ്) ജോലി സാധ്യത വളരെ കൂടുതലാണ്. കേരള പി.എസ്.സിയുടെയും ഇന്ത്യൻ റെയിൽവേയുടെയും വിവിധ മേഖലകളിൽ ജില്ലയിലെ നീന്തൽ താരങ്ങൾക്ക് അവസരം ലഭിച്ചിട്ടുണ്ട്. വ്യക്തിഗത മത്സരങ്ങളിലോ ടീം ഇനങ്ങളിലോ മികവ് തെളിയിച്ച കായികതാരങ്ങളെ വിവിധ സർക്കാർ ജോലിക്കായി സ്പോർട്സ് കൗൺസിൽ ഒരു വർഷത്തിൽ 50 പേർക്ക് എന്ന ക്രമത്തിൽ ശുപാർശ ചെയ്യാറുണ്ട്.

ലക്ഷ്യാധിഷ്ഠിത വികസനം

➢ **കായിക യുവജനക്ഷേമ രംഗത്തെ സ്ഥാപനങ്ങളും പ്രവർത്തനങ്ങളും**

കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ, കേരള സ്റ്റേറ്റ് യൂത്ത് വെൽഫയർ ബോർഡ്, കേരള സ്റ്റേറ്റ് ഭാരത് സ്കൗട്ട് & ഗൈഡ്സ്, യുവജനകാര്യ ബോർഡ്, നെഹ്റു യുവജനക്ഷേമ മേഖലയിൽ പ്രവർത്തിക്കുന്ന വിവിധ സ്ഥാപനങ്ങൾ, ദേശീയ അന്തർ ദേശീയ തലങ്ങളിൽ വ്യത്യസ്ത മത്സര ഇനത്തിൽ മികവ് നേടുന്നതിനും കായിക വിനോദങ്ങളിൽ പ്രാപ്തി വർദ്ധിപ്പിക്കുന്നതിനും വിവിധ പദ്ധതികൾ നടപ്പിലാക്കി വരുന്നു.

ജില്ലാ സ്പോർട്സ് കൗൺസിൽ

കായിക മേഖലയിൽ ഭരണനിയന്ത്രണമുള്ള ഒരു സംഘടനയാണ് സ്പോർട്സ് കൗൺസിൽ. കേരള സ്പോർട്സ് ആക്ട് 2000 അനുസരിച്ച് സ്പോർട്സ് കൗൺസിലിന്റെ പ്രവർത്തനങ്ങളെ തദ്ദേശസ്വയംഭരണസ്ഥാപനങ്ങളിലേക്ക് വ്യാപിപ്പിച്ചു. ജില്ല സ്പോർട്സ് കൗൺസിലിനു കീഴിൽ 39 അത്‌ലറ്റിക് അസോസിയേഷനുകൾ നിലവിലുണ്ട്. അവയിൽ ജി.വി.രാജ സ്പോർട്സ് സ്കൂൾ, എസ്.എ.എം.ജി.എം റസിഡൻഷ്യൻ സ്കൂൾ, വെള്ളായണി, തുമ്പ വി.എസ്.എസ്.സി സെൻട്രൽ സ്കൂൾ, സായി ട്രെയിനിംഗ് സെന്റർ കാര്യവട്ടം കേരള പോലീസ് സെൻട്രൽ അത്‌ലറ്റിക് സ്പോർട്സ് ടീം എന്നിവ ഉൾപ്പെടുന്നു. കൂടാതെ 19 ബാസ്ക്കറ്റ് ബോൾ ടീം, 10 ജിംനാസ്റ്റിക് അസോസിയേഷനുകൾ 8 ആർച്ചറി അസോസിയേഷനുകൾ, 23 ജില്ലാ സോഫ്റ്റ് ബോൾ അസോസിയേഷനുകൾ, 28 ഖോ–ഖോ അസോസിയേഷനുകൾ, 45 വോളിബോൾ അസോസിയേഷനുകൾ, 25 അക്വാട്ടിക് അസോസിയേഷനുകൾ എന്നിവയും ഉൾപ്പെടുന്നു.

ജില്ലാ സ്പോർട്സ് കൗൺസിലിന് കീഴിൽ 6 കേന്ദ്രീകൃത സ്പോർട്സ് ഹോസ്റ്റലുകൾ പ്രവർത്തിക്കുന്നു. വിദഗ്ദ്ധ പരിശിലനവും ഭക്ഷണവും സ്റ്റൈപ്പെന്റും ഇവിടെ തെരഞ്ഞെടുക്കുന്ന വിദ്യാർത്ഥികൾക്ക് നൽകുന്നു. കൂടാതെ ഡേ ബോർഡിംഗ് സെന്ററുകളും പ്രാദേശിക കോച്ചിംഗും ഇവിടെ നടത്തുന്നു. ജില്ലയിൽ ക്രിക്കറ്റിനും ഫുട്ബോളിനും വോളിബോളിനും ജില്ലാ അസോസിയേഷനുകൾ പ്രവർത്തിച്ച വരുന്നു. 2024–ൽ ഒളിമ്പിക് ലക്ഷ്യമിട്ട് 2017–ൽ കേരള സ്റ്റേറ്റ് സ്പോർട്ട്സ് കൗൺസിൽ ഓപ്പറേഷൻ ഒളിമ്പിയ എന്ന പ്രോജക്ട് ആരംഭിച്ചിട്ടുണ്ട്.

ജില്ലാ സ്പോർട്സ് കൗൺസിലിന്റെ കീഴിൽ മുരുക്കുംമ്പുഴയിൽ സൈക്ലിംഗ്, നീന്തൽ, കനോയിംഗ് എന്നിവയുടെ പരിശീലനം നൽകിയിരുന്നു. എന്നാൽ ഹോസ്റ്റൽ സൗകര്യത്തിന്റെ അഭാവം ഉള്ളതിനാൽ ഇപ്പോൾ പ്രവർത്തിക്കുന്നില്ല. ഹോസ്റ്റൽ നിർമ്മിക്കുന്നതിന് ആവശ്യമായ സ്ഥലം ലഭ്യമായതിനാൽ ഇതിന്റെ നിർമ്മാണത്തിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതാണ്.

പട്ടിക: 4.2.6.2

ജില്ലാ സ്പോർട്സ് കൗൺസിലിന്റെ പരിശീലന കേന്ദ്രം

പരിശീലന കേന്ദ്രം	മത്സര ഇനം	ഹോസ്റ്റൽ	ഭൂമി
നന്ദിയോട്	നീന്തൽ	വാടക കെട്ടിടം	ഉണ്ട്
മുരുക്കുംമ്പുഴ (ഹോസ്റ്റലിന്റെ അഭാവത്തിൽ പ്രവർത്തിക്കുന്നില്ല)	സൈക്ലിംഗ്, കനോയിംഗ്, നീന്തൽ	–	ഉണ്ട്
ചെമ്പഴന്തി	സൈക്ലിംഗ്	വാടക കെട്ടിടം	ഇല്ല
വെള്ളായണി	കനോയിംഗ്, സൈക്ലിംഗ്	വാടക കെട്ടിടം	ഇല്ല

(അവലംബം: ജില്ലാ സ്പോർട്സ് കൗൺസിൽ)

കേരള ഇൻസ്റ്റ്യൂട്ട് ഓഫ് സ്പോർട്സ്

കായിക മേഖലയിൽ നിന്നും സഹായങ്ങളൊന്നും ലഭിക്കാത്തതിന്റെ പേരിൽ പ്രശ്നങ്ങൾ നേരിടുന്ന ടീമംഗങ്ങൾക്കും അത്‌ലറ്റുകൾക്കും അവരുടെ വിഷമതകൾ നേരിടുവാനും അതിജീവിക്കുവാനും ഉപകരിക്കുന്നതും സ്പോർട്സ് സയൻസിനും ഗവേഷണത്തിനും സഹായകരമാകുന്നതുമായ ഒരു സമഗ്രസ്ഥാപനമാണിത്. പരിശീലന ക്യാമ്പ്, തെരഞ്ഞെടുത്ത സ്പോർട്സ് വിഷയങ്ങളിൽ വേനൽക്കാല പരിശീലന ക്യാമ്പ്, പരിശീലകർക്കുള്ള പരിശീലന ശേഷി വിനിമയ പരിപാടി സെമിനാറുകൾ, വർക്ക്ഷോപ്പുകൾ തുടങ്ങിയവ സംഘടിപ്പിക്കുന്നു.

കേരള ക്രിക്കറ്റ് അസോസിയേഷന്റെ മുഖ്യകാര്യലയം ജില്ലയിലാണ്. ഇതിനോട് ചേർന്ന് പരിശീലനത്തിന് വേണ്ടിയുള്ള നെറ്റുകൾ, ബൗളിംഗ് യന്ത്രങ്ങൾ, മൾട്ടി ജിം എയറോബിക്സ് സൗകര്യത്തോടുകൂടിയ ജിംനേഷ്യം, ലക്ച്ചർ ഹാൾ, ലൈബ്രറി, ഇൻഡോർ പരിശീലന സൗകര്യങ്ങൾ, ഫിസിയോതെറാപ്പി ക്ലിനിക് എന്നീ സൗകര്യങ്ങൾ ഉണ്ട്.

കേരള സംസ്ഥാന യുവജന ബോർഡ്

യുവജനശാക്തീകരണ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിനും സമന്വയിപ്പിക്കുന്നതിനുമുള്ള ഉന്നതതല സമിതിയാണ് കേരള സംസ്ഥാന യുവജന ബോർഡ്. തൊഴിൽരഹിതരായ യുവജനങ്ങൾക്ക് സ്വയംതൊഴിൽ കണ്ടെത്തുന്നതിനും പരിശീലനം നൽകുന്നതിനുമുള്ള യൂത്ത് ക്ലബ്, യുവജന സംഘടനകൾ എന്നിവയ്ക്ക് ബോർഡ് സഹായം നൽകുന്നു. 13–ാം പഞ്ചവത്സര പദ്ധതിയുടെ പ്രധാനലക്ഷ്യം കേരളത്തിൽ മെച്ചപ്പെട്ട കായിക സംസ്കാരം വളർത്തിയെടുക്കുക എന്നതാണ്.

ഗ്രാമപഞ്ചായത്ത് തലം മുതൽ സംസ്ഥാനതലം വരെ യുവജനങ്ങൾക്കു വേണ്ടി സാംസ്ക്കാരിക മത്സരങ്ങൾ സംഘടിപ്പിക്കുന്നു. ഇതിലേക്കായി ഗ്രാമ - ബ്ലോക്ക് - മുനിസിപ്പാലിറ്റികൾ - ജില്ലാതലങ്ങൾ എന്നിങ്ങനെ മത്സരങ്ങൾ സംഘടിപ്പിക്കുന്നു. യുവജനങ്ങൾക്കായി സംരഭകത്വ വികസന പദ്ധതി, യുവജനസാക്ഷരതാ ക്യാമ്പ്, നീന്തൽ പരിശീലനം, യുവാക്കൾക്ക് കായിക വികസന പദ്ധതി എന്നിവ ഉൾപ്പെടുത്തി വജ്രയുവത്വം എന്ന പദ്ധതി നടപ്പിൽ വരുത്തുന്നു. കൂടാതെ യുവകേന്ദ്രങ്ങളും യുവാക്കളുടെ ഏകോപന കമ്മിറ്റി ശക്തിപ്പെടുത്തുന്നതിനും യുവാക്കൾക്ക് നാടൻ കലകളിൽ പരിശീലനം നൽകുന്നതിനും പെൺകുട്ടികൾക്ക് സ്വയം പ്രതിരോധ പരിശീലനം നൽകുന്നതിനുമായി യുവശക്തി എന്ന പദ്ധതിയും യുവജനക്ഷേമ ബോർഡ് നടപ്പിലാക്കുന്നു.

കേരള സംസ്ഥാന യുവജന കമ്മീഷൻ

യുവജനങ്ങളുടെ ക്ഷേമം മുൻനിർത്തികൊണ്ട് ഒരു മാർഗ്ഗദർശിയായും സഹായിയായും യുവജനകാര്യ സംബന്ധിയായ വിഷയങ്ങളിൽ ഇടപ്പെട്ട് ഉത്തവാദിത്തത്തോടെ സംരക്ഷിക്കുകയും നല്ല വിദ്യാഭ്യാസവും തൊഴിലവസരങ്ങളും പ്രദാനം ചെയ്തുകൊണ്ട് തൊഴിലിന്റെ മേന്മയെകുറിച്ച് അറിവ് നൽകുകയും യുവാക്കൾക്ക് തൊഴിലിലുള്ള മികവിനെ വികസിപ്പിക്കുകയും ചെയ്യുന്ന പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നു. മദ്യം, മയക്കുമരുന്ന്, റാഗിംഗ്, വർഗ്ഗീയത, തീവ്രവാദം എന്നിവയ്ക്കെതിരെയുള്ള ബോധവൽക്കരണ പരിപാടി സംഘടിപ്പിക്കുന്നു. കൂടാതെ പട്ടികജാതി പട്ടികവർഗ്ഗ സങ്കേതങ്ങളിൽ ബോധവൽക്കരണ പരിപാടി സംഘടിപ്പിക്കുന്നു. സെമിനാർ, സിംപോസിയം, വർക്ക്ഷോപ്പ് തുടങ്ങിയ പ്രവർത്തനങ്ങളെ ഏകോപിപ്പിക്കുന്നു.

കായികയുവജനക്ഷേമവും വിദ്യാഭ്യാസവും

- **കായിക വിദ്യാഭ്യാസം**

ഉന്നത വിദ്യാഭ്യാസ രംഗത്ത് കായികവുമായി ബന്ധപ്പെട്ട് വിവിധ സ്ഥാപനങ്ങൾ നിലവിലുണ്ട്. തിരുവനന്തപുരം വിമൻസ് കോളേജിലും കേരള യൂണിവേഴ്സിറ്റിയുടെ വിദ്യാഭ്യാസ വകുപ്പിലും കായിക വിദ്യാഭ്യാസ രംഗത്തെ ബിരുദ ബിരുദാന്തര കോഴ്സുകൾ നിലവിലുണ്ട്. കൂടാതെ ഭാരത സർക്കാരിന്റെ മാനവവിഭവ വികസന മന്ത്രാലയത്തിന്റെ കീഴിൽ കാര്യവട്ടത്ത് സ്ഥാപിച്ചിരിക്കുന്ന കായിക വിദ്യാഭ്യാസ കോളേജാണ് ലക്ഷ്മീബായി നാഷണൽ കോളേജ് ഓഫ് ഫിസിക്കൽ എഡുക്കേഷൻ.

സ്കൂൾ വിഭ്യാഭ്യാസവും കായികവും

സ്കൂൾ വിദ്യാഭ്യാസത്തിൽ കായിക വിദ്യാഭ്യാസത്തിന് വളരെ പ്രാധാന്യം ഉണ്ട്. ദേശീയ അന്തർദേശീയ താരങ്ങളെ വളർത്തിയെടുക്കുന്നതിന് സ്കൂൾ കായിക മേളകൾ വളരെയധികം പങ്ക് വഹിക്കുന്നുണ്ട്. സ്കൂൾ കായികമേളകളിൽ തിരുവനന്തപുരം ജില്ല വിവിധ സംസ്ഥാന റിക്കോർഡുകൾ നേടിയിട്ടുണ്ട്. കൂടാതെ ബി.എൻ.വി.വി ആന്റ് എച്ച്.എസ്.എസ് തിരുവല്ലം, ഗവ.ഗേൾസ് എച്ച്.എസ്.എസ് കന്യാകുളങ്ങര, ഗവ.എച്ച്.എസ്.എസ് പൂവത്തൂർ, എച്ച്.എസ്.എസ് കമലേശ്വരം, എസ്.എൻ.വി എച്ച്.എസ്.എസ് ആനാട്, ഗവ. എച്ച്.എസ്. വെഞ്ഞാറമൂട്, ഗവ.ഗേൾസ് എച്ച്.എസ്.എസ് നെടുമങ്ങാട്, ഗവ.വി.എച്ച്.എസ്.എസ് പിരപ്പിൻകോട്, എസ്.കെ.വി എച്ച്.എസ്.എസ് നന്ദിയോട് എന്നീ സ്കൂളുകളുടെ കായികമേഖലയിലെ സംഭാവന എടുത്തുപറയേണ്ടതാണ്. കൂടാതെ ജില്ലയിലെ പ്രധാന കായിക പരിശീലനകേന്ദ്രങ്ങളായ സ്പോർട്സ് ഡയറക്ടറേറ്റിന് കീഴിൽ പ്രവർത്തിക്കുന്ന ജി.വി രാജ സ്പോർട്സ് സ്കൂൾ, പട്ടികജാതി/പട്ടികവർഗ്ഗ വികസന വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന അയ്യങ്കാളി മെമ്മോറിയൽ ഗവ.മോഡൽ റസിഡൻഷ്യൽ സ്പോർട്സ് സ്കൂൾ എന്നിവ കായികരംഗത്തിന്റെ വളർച്ചയ്ക്കായി മികച്ച സൗകര്യങ്ങൾ ഒരുക്കി കൊടുക്കുന്നു. ജില്ലയിലെ സ്കൂളുകളിലെ കായികവുമായി ബന്ധപ്പെട്ട വിവരങ്ങൾ താഴെ ചേർക്കുന്നു.

പട്ടിക: 4.2.6.3

സ്കൂൾ കായികം – തിരുവനന്തപുരം ജില്ല – അടിസ്ഥാന വിവരങ്ങൾ

സ്കൂളുകളുമായി ബന്ധപ്പെട്ട വിവരം	എണ്ണം
ജില്ലയിലെ ആകെ ഗവൺമെന്റ് സ്കൂളുകൾ	530
ജില്ലയിലെ ആകെ എയ്ഡഡ് സ്കൂളുകൾ	366
കളിസ്ഥലമുള്ള ഗവ.സ്കൂളുകൾ	287
കളിസ്ഥലമുള്ള എയ്ഡഡ് സ്കൂളുകൾ	322
പ്രത്യേക കായിക അദ്ധ്യാപകരുള്ള സ്കൂളുകൾ	204
പ്രത്യേക കായിക അദ്ധ്യാപകരുള്ള എയ്ഡഡ് സ്കൂളുകൾ	189

(അവലംബം: ഡി.ഡി. ഇ, തിരുവനന്തപുരം)

ജില്ലയിലെ 147 ഗവ. എൽ.പി സ്കൂളുകളും 52 ഗവ.യു.പി. സ്കൂളുകളും 44 ഗവ.ഹൈസ്കൂളുകളും ഉൾപ്പെടെ 243 ഗവൺമെന്റ് സ്കൂളുകൾക്കും 44 എയ്ഡഡ് സ്കൂളുകൾക്കും മതിയായ കളിസ്ഥലത്തിന്റെ അഭാവമുണ്ട്.

പട്ടിക: 4.2.6.4

2016 സ്കൂൾ മീറ്റിൽ പങ്കെടുത്ത കുട്ടികളുടെ വിവരങ്ങൾ

വിഭാഗം	പങ്കെടുത്തവരുടെ എണ്ണം	പോയിന്റ്		
		അത്‌ലറ്റിക്	അക്വാട്ടിക്	ഗെയിംസ്
സബ്ജൂനിയർ ബോയ്സ്	21	7	124	
സബ്ജൂനിയർ ഗേൾസ്	20	12	74	
ജൂനിയർ ബോയ്സ്	38	14	110	77
ജൂനിയർ ഗേൾസ്	34	12	135	86
സീനിയർ ബോയ്സ്	43	15	110	102
സീനിയർ ഗേൾസ്	37	13	130	80
ആകെ	193	73	683	320

(അവലംബം: ഡി.ഡി. ഇ, തിരുവനന്തപുരം)

2016 സംസ്ഥാന സ്കൂൾ മീറ്റിൽ ജില്ല 683 പോയിന്റാണ് നേടിയത്. അക്വാട്ടിക്കിൽ ഓവർഓൾ കിരീടം നേടുകയും ചെയ്തു. ബാഡ്മിന്റൻ, ഫുട്ബോൾ, ഹാൻഡ് ബോൾ, കബഡി, ഖൊ-ഖോ, ടേബിൾ ടെന്നീസ്, ഹോക്കി, ബാസ്ക്കറ്റ് ബോൾ എന്നീ വിഭാഗങ്ങളിൽ നിന്ന് 320 പോയിന്റോടുകൂടി ഗെയിംസിൽ ഓവർ ഓൾ കിരീടം നേടി. അത്‌ലറ്റിക്സിൽ ജില്ല നാലാം സ്ഥാനത്താണ്. 2017 സംസ്ഥാന സ്കൂൾ മീറ്റിൽ ഗെയിംസിൽ ജില്ല 330 പോയിന്റോടെ ഓവർ ഓൾ കിരീടം നേടുകയും ചെയ്തു. അക്വാട്ടിക്കിൽ 698 പോയിന്റ് നേടി ഓവർ ഓൾ കിരീടം നിലനിർത്തി.

കലാലയങ്ങളും കായികവും

പട്ടിക: 4.2.6.5

ജില്ലയിലെ ഉന്നത വിദ്യാഭ്യാസ കേന്ദ്രങ്ങളിലെ അടിസ്ഥാന സൗകര്യങ്ങൾ

കോളേജുമായി ബന്ധപ്പെട്ട വിവരം	എണ്ണം
കോളേജുകളുടെ എണ്ണം (ഗവൺമെന്റ്, എയ്ഡഡ്, സെൽഫ് ഫിനാൻസിംഗ്, മെഡിക്കൽ ലോ കോളേജ്	95
ചെറിയ കളിസ്ഥലമുള്ള കോളേജുകൾ	72
ഇൻഡോർ സൗകര്യമുള്ള കോളേജുകൾ	5
ജിംനേഷ്യം/ഫിറ്റ്നസ് സെന്ററുകൾ ഉള്ള കോളേജുകൾ	53
400 മീറ്റർ അത്‌ലറ്റിക് ട്രാക്ക് ഉള്ള കോളേജുകൾ	5
2മീറ്റർ അത്‌ലറ്റിക് ട്രാക്ക് ഉള്ള കോളേജുകൾ	16

(അവലംബം: ഉന്നതവിദ്യാഭ്യാസവകുപ്പ്)

ജില്ലയിലെ കോളേജുകളിൽ നിന്നും ഇന്റർകോളേജിയേറ്റ് മത്സരങ്ങൾക്കുള്ള പങ്കാളിത്തം ഉണ്ടാകാറുണ്ടെങ്കിലും ജില്ലാതലത്തിൽ കടന്നുകൂടാൻ കഴിയുന്നത് വളരെ ചുരുക്കം ചിലർക്ക് മാത്രമാണ്. കൂടാതെ ആകെ കുട്ടികളുടെ എണ്ണത്തിന്റെ 10 ശതമാനം മാത്രമാണ് കായിക മേഖലയുമായി ബന്ധപ്പെടുന്നത്. പെൺകുട്ടികളുടെ പങ്കാളിത്തം 2 ശതമാനം മുതൽ 3 ശതമാനം വരെ മാത്രമാണ്. പ്രധാനമായും അത്‌ലറ്റിക്സ്, ഫുട്ബോൾ, ക്രിക്കറ്റ്, ബാഡ്മിന്റൻ, വോളിബോൾ, കബഡി, ഖോ-ഖോ എന്നീ കായിക മത്സര ഇനങ്ങൾ കോളേജ് തലത്തിൽ പ്രോത്സാഹിപ്പിക്കപ്പെടുന്നില്ല. ആൺകുട്ടികൾ ഫുട്ബോൾ, കബഡി, അത്‌ലറ്റിക്സ്, ക്രിക്കറ്റ്, അക്വാട്ടിക്, ബാഡ്മിന്റൺ എന്നിവയിൽ മികവ് പുലർത്താറുണ്ട്. പെൺകുട്ടികൾ നീന്തൽ, അത്‌ലറ്റിക്സ്, ഖോ-ഖോ, ടെന്നീസ് എന്നിവയിൽ ഭേദപ്പെട്ട പ്രകടനം കാഴ്ച വെയ്ക്കുന്നു.

യൂണിവേഴ്സിറ്റി കോളേജ്, എം.ജി. കോളേജ്, മാർ ഇവാനിയോസ് കോളേജ്, ഗവ. കോളേജ് ആറ്റിങ്ങൽ, ഗവ.വിമൻസ് കോളേജ്, എൻ.എസ്.എസ് കോളേജ് കരമന, സെന്റ് സേവിയേഴ്സ് കോളേജ്, തുമ്പ, വി.ടി.എം എൻ.എസ്.എസ് കോളേജ് ധനുവച്ചപുരം എന്നീ വിദ്യാഭ്യാസ സ്ഥാപനങ്ങൾ മികച്ച നിലവാരം പുലർത്തുന്നു.

സ്ഥലലഭ്യത കുറവ്, അടിസ്ഥാന സൗകര്യങ്ങളുടെ അപര്യാപ്തത, കൺസ്യൂമബിൾ സ്പോർട്സ് ഉപകരണങ്ങളുടെ അഭാവം എന്നിവ വിദ്യാഭ്യാസകേന്ദ്രങ്ങളിലെ കായിക മേഖലയെ പ്രതിസന്ധിയിലാക്കുന്നു. കൂടാതെ സ്പോർട്സിന് ആവശ്യമായ ദൈനംദിന പ്രവർത്തനങ്ങളുടെ ഫണ്ടിന്റെ അപര്യാപ്തതയും ഈ മേഖലയിലെ പ്രധാന പ്രശ്നമാണ്.

സാഹസിക വിനോദങ്ങൾ

പാരാഗ്ലൈഡിംഗ് സർഫിംഗ്, പാരാസെയിലിംഗ്, റോപ്പ് ക്ലൈമ്പിംഗ് എന്നിവ യുവജനക്ഷേമ ബോർഡ് രണ്ട് അക്കാഡമികളിലായി നടത്തി വരുന്നുണ്ട്. പാരാഗ്ലൈഡിംഗിനും സർഫിംഗിനും വർക്കല വളരെ പ്രശസ്തമാണ്.

ഇന്ത്യയിലെ ആദ്യത്തെ സർഫിംഗ് ഷോപ്പാണ് കോവളം ടൂറിസം മേഖല. കൂടാതെ സ്കൂബാ ഡൈവിംഗിനും കോവളം മേഖലയിൽ സൗകര്യം ഒരുക്കിയിരിക്കുന്നു.

കായിക വിനോദവും അടിസ്ഥാന സൗകര്യങ്ങളും

- **സ്റ്റേഡിയങ്ങൾ**

നിലവാരമുള്ള സ്റ്റേഡിയങ്ങളും കളിസ്ഥലങ്ങളും മൈതാനങ്ങളും നഗര പ്രദേശങ്ങളിൽ കാണാൻ കഴിയും. എന്നാൽ ഗ്രാമപ്രദേശങ്ങൾ ഇക്കാര്യങ്ങളിൽ ഇനിയും ഏറെ ദൂരം മുന്നേറാനുണ്ട്.

ഗ്രീൻഫീൽഡ് ഇന്റർ നാഷണൽ സ്റ്റേഡിയം

ഒരേ സമയം ക്രിക്കറ്റിനും ഫുട്ബോളിനും വേദിയാകാൻ അനുയോജ്യമായ ഏക അന്താരാഷ്ട്ര സ്റ്റേഡിയമാണിത്. 50,000-ൽപ്പരം കാണികളെ ഉൾക്കൊള്ളുന്ന സ്റ്റേഡിയം

ഫിഫയുടെ മാനദണ്ഡങ്ങൾക്കനുസരിച്ച് 2012–2016 കാലയളവിലാണ് നിർമ്മിച്ചത്. 35–ാം മത് ദേശീയ കായികമേളയോടനുബന്ധിച്ച് അടിസ്ഥാന സൗകര്യങ്ങളുടെ നിലവാരം ഉയർത്തുന്നതിന്റെ ഭാഗമായി ഗ്രീൻഫീൽഡ് സ്റ്റേഡിയം, ഷൂട്ടിംഗ് റേഞ്ച്, സ്ക്വാഷ് കോർട്ട്, ടെന്നീസ് കോർട്ട് എന്നിവയും നിർമ്മിച്ചു. മേനംകുളത്ത് ഗെയിംസ് വില്ലേജ് സ്ഥാപിക്കുകയുണ്ടായി. നാഷണൽ ഗെയിംസ്, സാഫ് ചാമ്പ്യൻഷിപ്പ്, ഇന്ത്യ–ന്യൂസിലാന്റ് 20–20, 50–ാം അന്താരാഷ്ട്ര ക്രിക്കറ്റ് എന്നിവയുടെ വേദികൂടിയായ സ്റ്റേഡിയത്തിൽ രണ്ട് സ്ക്വാഷ്, വോളിബോൾ കോർട്ട്, ഒളിമ്പിക് രീതിയിലുള്ള നീന്തൽകുളം എന്നിവയ്ക്കായുള്ള സൗകര്യവും വിപുലമാക്കിയിട്ടുണ്ട്.

ജിമ്മി ജോർജ്ജ് സ്പോർട്സ് ഹബ്

അന്തർദേശീയ ഗുണനിലവാരത്തിന് തുല്യമായ സൗകര്യങ്ങൾ നൽകുന്ന ജിമ്മിജോർജ്ജ് സ്പോർട്സ് ഹബ് കേരളത്തിലെ കായിക വിഭാഗത്തെ ആധുനിക നിലയിൽ എത്തിച്ചിരിക്കുന്നു. ഇതിഹാസ വോളിബോൾ കളിക്കാരനായ ജിമ്മിജോർജ്ജിന്റെ പേരിലുള്ള ഈ സ്റ്റേഡിയം ദേശീയതലത്തിൽ തന്നെ പ്രാധാന്യമർഹിക്കുന്നുണ്ട്. ഇൻഡോർ സ്റ്റേഡിയം, സ്വിമ്മിംഗ് പൂൾ, രാജീവ് ഗാന്ധി സ്പോർട്സ് മെഡിസിൻ സെന്റർ, അസ്ത്ര ഇൻഡോർ സ്റ്റേഡിയത്തിൽ നിലവിൽ ബാഡ്മിന്റൺ, ജിംനാസ്റ്റിക് എന്നിവയ്ക്ക് പരിശീലനവും ടേബിൾ ടെന്നീസ്, വോളിബോൾ, ബാസ്ക്കറ്റ്ബോൾ, ഹാൻഡ് ബോൾ എന്നിവ കളിക്കുന്നതിനുള്ള സൗകര്യവും ഇൻഡോർ സ്റ്റേഡിയത്തിലുണ്ട്. രാജീവ്ഗാന്ധി സ്പോർട്സ് മെഡിസിൻ സെന്റർ കായികരംഗത്തെ ചികിത്സസൗകര്യമുള്ള ഏക സ്പോർട്സ് മെഡിസിൻ സെന്ററാണ്. ജില്ലയിലെ ജിമ്മി ജോർജ്ജ് സ്റ്റേഡിയത്തിൽ കേരളത്തിലെ അത്‌ലറ്റുകളെ അന്തർദേശീയ നിലവാരത്തിലേക്ക് ഉയർത്തുന്നതിനും മനോബലവും ഏകാഗ്രതയും വർദ്ധിപ്പിക്കുന്നതിനും പരിക്കുകളിൽ നിന്ന് പെട്ടെന്ന് സുഖം പ്രാപിക്കുന്നതിനും സഹനശക്തി കൂട്ടുന്നതിനും കായിക പ്രകടനം മെച്ചപ്പെടുത്തുന്നതിനുമാണ് ആധുനിക രീതിയിലുള്ള (മിതമായ നിരക്കിൽ ഓക്സിജൻ ലഭ്യമാക്കുന്ന) അസ്ത്ര എന്ന പദ്ധതി വിഭാവനം ചെയ്തിരിക്കുന്നത്.

ചന്ദ്രശേഖരൻനായർ സ്പോർട്സ് **സ്റ്റേഡിയം**

ദേശീയവും അന്തർദേശീയവുമായ മത്സരങ്ങൾ നടക്കാറുള്ള ഫുട്ബോൾ സ്റ്റേഡിയമാണ് ചന്ദ്രശേഖരൻനായർ സ്പോട്സ് സ്റ്റേഡിയം

ജി.വി.രാജ പവലിയൻ (യൂണിവേഴ്സിറ്റി സ്റ്റേഡിയം)

ഫുട്ബോളിനും അത്‌ലറ്റിക്സിനും ഒരുപോലെ ഉപയോഗിക്കാൻ കഴിയുന്ന വിവിധോദ്ദേശ സ്റ്റേഡിയമാണിത്. ഇന്റർനാഷണൽ ക്രിക്കറ്റ് മത്സരങ്ങൾ നടന്നിട്ടുള്ള ഈ സ്റ്റേഡിയത്തിൽ അത്‌ലറ്റിക്സിനായി സിന്തറ്റിക് ട്രാക്കും ഉണ്ട്.

ശ്രീപാദം സ്റ്റേഡിയം, ആറ്റിങ്ങൽ

കേരള സ്പോർട്സ് കൗൺസിലിന്റെ ഉടമസ്ഥതയിൽ ആറ്റിങ്ങൽ മുനിസിപ്പാലിറ്റിയിൽ പ്രവർത്തിക്കുന്ന ഈ സ്റ്റേഡിയം ദേശീയ ഗെയിംസിൽ ഖോ–ഖോ, കബഡി മത്സരങ്ങൾക്ക് വേദിയായിരുന്നു.

ലയോള ഇൻഡോർ സ്റ്റേഡിയം

രണ്ട് ബാസ്ക്കറ്റ് ബോൾ കോർട്ടും ഒരു സ്റ്റേജും ഉൾപ്പെടെ 500 കാണികളെ ഉൾക്കൊള്ളാൻ കഴിയുന്ന ജില്ലയിലെ വലിയ സ്റ്റേഡിയമാണിത്

അഗ്രിക്കൾച്ചറൽ കോളേജ് ഇൻഡോർ സ്റ്റേഡിയം

നൈറ്റ് ബോൾ, തായ്ക്കോണ്ട എന്നീ ദേശീയ മത്സര ഇനങ്ങൾക്ക് വേദിയായ ഈ സ്റ്റേഡിയം കേരള അഗ്രിക്കൾച്ചർ യൂണിവേഴ്സിറ്റിയുടെ നിയന്ത്രണത്തിലുള്ളതാണ്.

ഡോ. ബി.ആർ. അംബേദ്കർ സ്വിമ്മിംഗ് കോപ്ലക്സ്

വട്ടിയൂർക്കാവ് ഷൂട്ടിംഗ് റേഞ്ച്, സ്ക്വാഷ് സെന്റർ, തിരുവനന്തപുരം ടെന്നീസ് ക്ലബ് എന്നീ സ്റ്റേഡിയങ്ങൾ 35–ാം ദേശീയ അത്‌ലറ്റിക് മത്സരങ്ങളുടെ വേദിയായിരുന്നു..

➢ **തദ്ദേശസ്വയംഭരണസ്ഥാപനങ്ങളിലെ അടിസ്ഥാനസൗകര്യങ്ങൾ**

കായിക മത്സരങ്ങൾ സംഘടിപ്പിക്കുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനാടിസ്ഥാനത്തിലുള്ള കളിസ്ഥലങ്ങളുടെ അഭാവം ഗ്രാമീണ മേഖലയിലെ കായിക വളർച്ചയ്ക്ക് തടസ്സം നിൽക്കുന്നു. ജില്ലയിൽ 34 ഗ്രാമപഞ്ചായത്തുകളിലാണ് പൊതുകളിസ്ഥലങ്ങൾ ഉള്ളത്. അവയിൽ വെള്ളറട ഗ്രാമപഞ്ചായത്തിന് കളിസ്ഥലം ഒരുക്കുന്നതിനാവശ്യമായ ഭൂമി ലഭ്യമാണ്. മറ്റ് പഞ്ചായത്തുകൾക്ക് പൊതുകളിസ്ഥലത്തിനാവശ്യമായ ഭൂമി ലഭ്യമല്ല. കരവാരം, പോത്തൻകോട്

ഗ്രാമപഞ്ചായത്തുകളിൽ പരിശീലനം നൽകുന്ന നിലവാരത്തിലേക്കുയർത്തേണ്ട നീന്തൽ കുളങ്ങൾ നിലവിലുണ്ട്.

പട്ടിക: 4.2.6.6

തദ്ദേശസ്വയംഭരണസ്റ്റേഡിങ്ങൾ

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ	ആകെ എണ്ണം	പൊതുകളി സ്ഥലങ്ങൾ	സ്വകാര്യ കളിസ്ഥലങ്ങൾ
ഗ്രാമപഞ്ചായത്ത്	73	34	92
മുനിസിപ്പാലിറ്റി	4	4	–
കോർപ്പറേഷൻ	1	7	–

(അവലംബം : തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ)

ജില്ലയിലെ എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും 2017–18 വർഷത്തെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി കായിക പരിപാടികൾ സംഘടിപ്പിച്ചിട്ടുണ്ട്. ജില്ലാ ആസൂത്രണസമിതിയുടെ നേതൃത്വത്തിൽ ജില്ലാതല മത്സരം മാർച്ച് മാസത്തിൽ സംഘടിപ്പിച്ചിട്ടുണ്ട്.

നന്ദിയോട് ഗ്രാമപഞ്ചായത്തിലെ നീന്തൽ കുളത്തിനോട് അനുബന്ധിച്ചുള്ള ഹോസ്റ്റൽ വാടകകെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. ജില്ലാ സ്പോർട്സ് കൗൺസിലിന് ഹോസ്റ്റൽ നിർമ്മിക്കുവാൻ സ്വന്തമായി ഭൂമിയുണ്ട്. ഹോസ്റ്റൽ നിർമ്മിക്കുന്നതിന് ആവശ്യമായ നടപടിക്രമങ്ങൾ ജില്ലാ സ്പോർട്സ് കൗൺസിൽ കൈക്കൊള്ളേണ്ടത് വളരെ അത്യാവശ്യമാണ്.

2016 സ്കൂൾ മീറ്റിൽ അത്‌ലറ്റിക്സിൽ 73 പോയിന്റ് നേടി നാലാം സ്ഥാനത്താണ് ജില്ല. ജില്ലയിലെ സ്കൂളുകൾക്ക് അത്‌ലറ്റിക്സിൽ ഉയർന്ന നിലവാരം കാഴ്ച വെയ്ക്കാൻ കഴിയാത്തതിന് കാരണം അടിസ്ഥാന സൗകര്യങ്ങളുടെയും സ്പോർട്സ് ഉപകരണങ്ങളുടെയും അഭാവമാണ്. ഇതുമൂലം കുട്ടികളെ അവരുടെ അഭിരുചിക്കനുസരിച്ച് കായിക ഇനങ്ങളിൽ പരിശീലനം നൽകാൻ കഴിയുന്നില്ല.

ഹ്രസ്വകാല പരിപ്രേക്ഷ്യം

"ജില്ലയിലെ മുഴുവൻ സ്കൂളുകളിലെയും കായികശേഷിയുള്ള വിദ്യാർത്ഥികളെ തദ്ദേശസ്വയംഭരണസ്ഥാപനാടിസ്ഥാനത്തിൽ പരിശീലിപ്പിച്ച് 2022 ഒളിമ്പിക്സിന് 100 പേരെയെങ്കിലും പങ്കെടുപ്പിക്കാൻ ജില്ലയെ പ്രാപ്തമാക്കണം".

ദീർഘകാല പരിപ്രേക്ഷ്യം

ജില്ലാപഞ്ചായത്തിന് ഒരു ഇന്റർ നാഷണൽ സ്റ്റേഡിയം, ബ്ലോക്ക് അടിസ്ഥാനത്തിൽ ഒരു ഇൻഡോർ സ്റ്റേഡിയം, ഗ്രാമപഞ്ചായത്ത് തലത്തിൽ എല്ലാവിധ സജ്ജീകരണങ്ങളോടും കൂടിയ കളിസ്ഥലം എന്നിവ നിർമ്മിക്കുന്നതിന് പ്രാധാന്യം നൽകണം.

മേൽത്തട്ട് നിർദ്ദേശങ്ങൾ

- വിവിധ പ്രവർത്തനങ്ങളെ ഏകീകരിച്ച് സംഘടിപ്പിക്കുക. പ്രവർത്തനങ്ങളുടെ വിവിധതലങ്ങളിലുള്ള ഏകോപനം വളരെ അത്യാവശ്യമാണ്.
- പാരാലിംപിക്സ് മത്സരങ്ങൾ സംഘടിപ്പിക്കുന്നതിനും അവർക്ക് പരിശീലനം നൽകുന്നതിനും പ്രത്യേകം ഏജൻസി ആവശ്യമാണ്
- തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾ വാർഷിക പദ്ധതിയിൽ അത്‌ലറ്റിക്സിന് അർഹമായ പരിഗണന നൽകേണ്ടതാണ്.
- ഗ്രാമീണ മേഖലയിലെ 10 വയസ്സിന് മുകളിൽ പ്രായമുള്ള കുട്ടികൾക്ക് അത്‌ലറ്റിക്സിന് പ്രാധാന്യം നൽകുകയും ഒളിമ്പിക്സിന് തയ്യാറാക്കത്തക്ക വിധത്തിൽ പരിശീലനം നൽകുന്നതിലേക്കായി മാർഗ്ഗരേഖയിൽ മാറ്റം വരുത്തുകയും ചെയ്യുക.
- കായികമേഖലയിലേക്ക് സ്വകാര്യസംഘടനകളെയും വ്യക്തികളെയും ആകർഷിക്കുന്ന തരത്തിൽ ക്ലബുകൾ രൂപീകരിച്ച് മത്സരങ്ങൾ സംഘടിപ്പിക്കണം.
- തദ്ദേശസ്വയംഭരണ സ്ഥാപനതലത്തിൽ കായിക ഉപകരണങ്ങൾ നിർമ്മിക്കുന്നതിന് കായികതാരങ്ങൾക്ക് സംരഭകത്വ പ്രോജക്ട് വഴി ധനസഹായം നൽകുക.
- കായികവുമായി ബന്ധപ്പെട്ട് വിവിധ വകുപ്പുകളിൽ ഉദ്യോഗത്തിൽ ഇരിക്കുന്ന യുവാക്കൾക്ക് സ്പെഷ്യൽ കാഷ്യൽ ലീവ് അനുവദിക്കുക.

- എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളെ ആധുനീകരിച്ച് യുവജനങ്ങളുടെ കഴിവും വൈദഗ്ദ്ധ്യവും വിദ്യാഭ്യാസ യോഗ്യതയും തിരിച്ചുള്ള ഡാറ്റാ ബേസ് കേന്ദ്രങ്ങളാക്കി സ്വകാര്യ മേഖലയിലെ തൊഴിലവസരങ്ങളിൽ നിയമനം ഉറപ്പാക്കുക.
- വിവരസാങ്കേതികവിദ്യയുടെയും ബയോടൊക്നോളജിയുടെയും നേട്ടങ്ങൾ കാർഷികമേഖലയിൽ ഉപയോഗപ്പെടുത്തുന്നതിനും സംരംഭകത്വ സ്വഭാവമുള്ള കാർഷിക സാങ്കേതിക വിദ്യകളിലേയ്ക്ക് യുവജനങ്ങളെ ആകർഷിക്കുകയും ശാക്തീകരിക്കുകയും ചെയ്യുന്നതിനുള്ള പദ്ധതികൾ രൂപീകരിക്കുക.

കീഴ്ത്തട്ട് നിർദ്ദേശങ്ങൾ

- ജില്ലയിൽ പ്രവർത്തിച്ചുവരുന്ന അമ്പതോളം റോളർ സ്കേറ്റിംഗ് ക്ലബുകൾക്ക് പോണ്ടിച്ചേരി മാതൃകയിൽ കേന്ദ്രീകൃതമായി പരിശീലന സൗകര്യം ഒരുക്കുക
- ജില്ലാ അത്‌ലറ്റിക് ടീമിനെ വാർത്തെടുക്കുക. തീരദേശ കായിക വികസനം പ്രോത്സാഹിപ്പിക്കുക. ഹൈറേഞ്ച് കേന്ദ്രീകരിച്ച് അഡ്വഞ്ചർ സ്പോർട്സ് പരിപോഷിപ്പിക്കുക
- തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ രൂപീകരിച്ച യുവജനക്ലബുകളെ യുവജനക്ഷേമ ബോർഡുമായി ഏകോപിപ്പിച്ച് തദ്ദേശസ്വയംഭരണ സ്ഥാപന അടിസ്ഥാനത്തിൽ പ്രവർത്തനം ആരംഭിക്കുക
- തൊഴിൽ നഷ്ടപ്പെടുന്ന പ്രവാസികൾക്ക് ജില്ലാവ്യവസായ കേന്ദ്രത്തിന്റെയും യുവജനക്ഷേമ ബോർഡിന്റെയും നോർക്കയുടെയും സഹായത്തോടുകൂടി സ്റ്റാർട്ടപ്പ് സംരംഭങ്ങൾ തുടങ്ങുന്നതിനുള്ള സാങ്കേതിക-സാമ്പത്തിക സഹായം ലഭ്യമാക്കണം
- പെൺകുട്ടികളുടെ കായിക പരിശീലനം ഉറപ്പാക്കുക. കരാട്ടേ, ജൂഡോ, കളരി തുടങ്ങിയ ആയോധനകലകൾ പോലീസ് ഡിപ്പാർട്ട്മെന്റിന്റെയും കുടുംബശ്രീയുടെയും സഹായത്തോട് കൂടി പരിശീലിപ്പിക്കുക.
- ലഹരി വിരുദ്ധ പ്രവർത്തനങ്ങൾക്കായി ബ്ലോക്കുതലത്തിൽ കൗൺസിലിംഗ് സെന്ററുകൾ ആരംഭിക്കുന്നതിനുള്ള പദ്ധതികൾ.
- യുവജനങ്ങൾക്കായി പരമ്പരാഗത തൊഴിൽ മേഖലയെ ആധുനിക സാങ്കേതികവിദ്യയുടെ സഹായത്തോടെ ശക്തിപ്പെടുത്തുന്നതിനുള്ള പദ്ധതികൾ.
- യുവജനങ്ങൾക്കിടയിൽ രക്തദാനം, അവയവദാനം എന്നിവ പ്രോത്സാഹിപ്പിക്കുന്നതിനുള്ള പദ്ധതികൾ. സാമ്പത്തികമായി പിന്നോക്കാവസ്ഥ നേരിടുന്ന ഓരോ പ്രദേശത്തിന്റെയും സാധ്യതക്കനുസരിച്ച് കലാ-കായിക പരിശീലന പദ്ധതികൾ രൂപീകരിക്കുക.
- സാമൂഹിക സാമ്പത്തിക കാരണങ്ങളാൽ പഠനം ഉപേക്ഷിക്കേണ്ടി വന്ന യുവജനങ്ങൾക്ക് തുടർ പഠനത്തിനുള്ള പദ്ധതികൾ
- വിദ്യാഭ്യാസ സ്ഥാപനങ്ങളും തൊഴിൽ സംരംഭ സ്ഥാപനങ്ങളുമായി ഏകോപനം സാധ്യമാക്കികൊണ്ട് നൈപുണ്യവികസനം, സ്വയം സംരംഭകത്വ പരിശീലനം എന്നിവ കാര്യക്ഷമമാക്കുന്നതിനുള്ള പദ്ധതികൾ
- ഗ്രാമീണ മേഖലയിൽ ഗ്രൗണ്ടുകളെ ഉന്നതനിലവാരമുള്ള സ്റ്റേഡിയങ്ങളാക്കുക. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി ഉപയോഗപ്പെടുത്തി മികച്ച മാതൃകാ സ്റ്റേഡിയങ്ങൾ വിവിധ സ്പോർട്സ് മത്സരങ്ങൾക്ക് അനുയോജ്യമായി നിർമ്മിക്കുക. മുദാക്കൽ ഗ്രാമപഞ്ചായത്തിന്റെ ചെമ്പൂര് മാർക്കറ്റ് ഗ്രൗണ്ട് ഉപയോഗയോഗ്യമാക്കി ഷട്ടിൽ, വോളിബോൾ, ഖോ-ഖോ എന്നിവയ്ക്ക് പരിശീലനം നൽകാവുന്നതാണ്.
- കുളങ്ങൾ നവീകരിച്ച് നീന്തൽക്കുളങ്ങളാക്കി ജില്ലയിലെ മുഴുവൻ കുട്ടികൾക്കും നീന്തൽ പരിശീലനം നൽകുക. സാഹസിക മനോഭാവമുള്ള കുട്ടികളെ കണ്ടെത്തി കടൽ വിനോദങ്ങൾക്ക് ആവശ്യമായ പരിശീലനം നൽകുക. മുദാക്കൽ ഗ്രാമപഞ്ചായത്തിലെ പാറയടി ചിറ, മുദ്ദാക്കൽ, പേരാൽ ചിറ എന്നിവ നീന്തൽ പരിശീലനത്തിന് അനുയോജ്യമായ രീതിയിൽ പുനരുദ്ധരിക്കേണ്ടതാണ്.

- തീരദേശത്തെ കുട്ടികൾക്ക് സ്കൂബെ ഡൈവിംഗ്, കനോയിംഗ് കയാഖിംഗ് പോലെയുള്ള പരിശീലനങ്ങൾ നൽകുന്നതിന് പ്രോജക്ടുകൾ തയ്യാറാക്കുക.
- വൃദ്ധജനങ്ങൾക്കും സ്ത്രീകൾക്കും ആവശ്യമായ മാനസിക ശാരീരികക്ഷമത വർദ്ധിപ്പിക്കുന്നതിനുതകുന്ന കായിക വിനോദങ്ങൾ ഏർപ്പെടുത്തി ജീവിതശൈലീ രോഗങ്ങളുടെ തോത് ഗണ്യമായി കുറയ്ക്കുക. അയൽക്കൂട്ടതലം മുതൽ യോഗപരിശീലന പരിപാടി നടപ്പിലാക്കുക.
- ആദിവാസിമേഖലയിലെ സ്കൂളുകളിൽ സ്പോർട്സിന് പ്രത്യേക മുൻഗണന നൽകണം.
- കാരോട് ഗ്രാമപഞ്ചായത്തിലെ വരാലി കബഡി ഗ്രൗണ്ട് പരിശീലനത്തിനുതകുന്ന രീതിയിൽ നിർമ്മിക്കേണ്ടതാണ്.
- അത്‌ലറ്റിക്സ് ഇനങ്ങളിൽ തിരുവനന്തപുരം മറ്റ് ജില്ലകളെ അപേക്ഷിച്ച് പിന്നിലാണ്. എന്നാൽ മികച്ച നിലവാരം പുലർത്തുകയും ദേശീയതാരങ്ങളെ സൃഷ്ടിക്കുകയും ചെയ്യുന്ന സ്കൂളുകൾക്ക് മതിയായ സഹായം ലഭിക്കാത്തതിനാൽ കായികപരിശീലനത്തിൽ ബുദ്ധിമുട്ട് നേരിടുന്നുണ്ട്. അത്തരം സ്കൂളുകളിൽ പരിശീലനോപകരണങ്ങൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സഹായത്തോടുകൂടി നൽകാവുന്നതാണ്.
- പൂവാർ ഗ്രാമപഞ്ചായത്തിലെ എം.വി ഹയർ സെക്കന്ററി സ്കൂളിലെ കുട്ടികൾക്ക് കാര്യക്ഷമമായ രീതിയിൽ അത്‌ലറ്റിക്സ് പരിശീലനം നടത്തുന്നുണ്ട്. പക്ഷേ അത്‌ലറ്റിക്സുമായി ബന്ധപ്പെട്ട സ്പോർട്സ് ഉപകരണങ്ങളുടെ അഭാവം പരിശീലനത്തെ കാര്യമായി ബാധിക്കുന്നു.
- കാഞ്ഞിരംകുളം പി.കെ.എച്ച്.എസ് സ്കൂളിലെ കുട്ടികളുടെ അത്‌ലറ്റിക്സ് പരിശീലനത്തിനാവശ്യമായ സ്പോർട്സ് ഉപകരണങ്ങൾ (ഹർഡിൽസ്– 50, സ്റ്റാർട്ടിംങ് ബ്ലോക്ക്– 5, ത്രോസ് ജാവലിൻ ത്രോ, പോൾവാൾട്ട് നെറ്റ്, ഷോട്ട് പുട്ട്, ഡിസ്ക്കസ് ത്രോ, ഹൈജമ്പ് നെറ്റ് എന്നിവ) തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെ സഹായത്തോടെ ലഭ്യമാക്കാവുന്നതാണ്.
- പൂഴനാട് എം.ജി.എം എച്ച്.എസ് ൽ റസിലിംഗിന് പരിശീലനം നൽകുന്നുണ്ട്. അവിടെ പരിശീലനത്തിനാവശ്യമായ റസിലിംഗ് മാറ്റ് വിത്ത് കവറിന്റെ അഭാവം നേരിടുന്നുണ്ട്.
- ആര്യങ്കോട് ഗ്രാമപഞ്ചായത്തിലെ ഗവ.എച്ച്.എസ് കിഴാറൂർ സ്കൂളിൽ പോൾവാൾട്ട്, ഹാർഡിൽസ്, ഹാമർ, ഹൈജമ്പ്, ക്രോസ് ബാർ, ഹൈജമ്പ് സ്റ്റാന്റ് എന്നിവയുടെ അഭാവം നേരിടുന്നുണ്ട്. ഇവ തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെ സഹായത്തോടെ ലഭ്യമാക്കാവുന്നതാണ്.
- ആര്യനാട് ഗ്രാമപഞ്ചായത്തിലെ ഗവ.എച്ച്.എസ്.എസ് ൽ കബഡി, ഹാർഡിൽസ് എന്നിവയ്ക്ക് വേണ്ടുന്ന ഉപകരണങ്ങൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സഹായത്തോടെ ലഭ്യമാക്കാവുന്നതാണ്.

സംയോജന സാധ്യതകൾ

- കാർഷികോൽപ്പന്നങ്ങളെ മൂല്യവർദ്ധിത ഉൽപ്പന്നങ്ങളാക്കുന്നതിനുള്ള അറിവും സാങ്കേതിക പരിശീലനവും ലഭ്യമാക്കി വിപണ സൗകര്യങ്ങൾ യുവജനങ്ങൾക്കും സ്ത്രീകൾക്കും ഒരുക്കുന്നതിന് കൃഷിവകുപ്പിന്റെയും ജില്ലാവ്യവസായ കേന്ദ്രത്തിന്റെയും സഹകരണത്തോടെ തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾ പദ്ധതികൾ രൂപീകരിക്കുകയും തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെ ബ്രാൻഡ് നെയിമിൽ ഇ–മാർക്കറ്റിംഗ് ഉപയോഗപ്പെടുത്തുകയും ചെയ്യേണ്ടതാണ്.
- യുവജന കൂട്ടായ്മയിലൂടെയും കൃഷി വകുപ്പിന്റെ സഹകരണത്തോടുകൂടിയും സഹകരണകൃഷി, കൂട്ടുകൃഷി, ഫാം കൺസൾട്ടൻസി സർവ്വീസ് എന്നിവയുമായി ബന്ധപ്പെട്ട പദ്ധതികൾ രൂപീകരിക്കാവുന്നതാണ്.
- മത്സ്യകൃഷി, അലങ്കാര മത്സ്യകൃഷി, മുയൽ വളർത്തൽ, പക്ഷി വളർത്തൽ, തേനീച്ച വളർത്തൽ, ആടുവളർത്തൽ എന്നിവയ്ക്കുള്ള പദ്ധതികൾ യുവജനങ്ങൾക്കായി മൃഗസംരക്ഷണവകുപ്പിന്റെയും ബന്ധപ്പെട്ട മറ്റ് വകുപ്പുകളുടെയും സഹായത്തോടെ ആവിഷ്ക്കരിക്കാവുന്നതാണ്.

- തീരദേശമേഖല/ടൂറിസം പ്രദേശങ്ങളിൽ അഭ്യസ്തവിദ്യരായിട്ടുള്ളവർക്ക് ഡി.റ്റി.പി.സിയുടെ സഹായത്തോടെ ടൂറിസ്റ്റ് ഗൈഡ് ആകുന്നതിനുള്ള പരിശീലനം നൽകാവുന്നതാണ്.

കല –സംസ്ക്കാരം

ചിരപുരാതനമായ സാംസ്ക്കാരിക പാരമ്പര്യമുള്ള ജില്ലയാണ് തിരുവനന്തപുരം. ഒരു സമൂഹത്തിന്റെ സംസ്ക്കാരത്തിൽ അവിടത്തെ കലയും സാഹിത്യവും മനുഷ്യരുടെ ധാർമ്മിക വിശ്വാസങ്ങളും മൂല്യബോധവും വാസനകളും, അഭിരുചിയും, വൈദഗ്ദ്ധ്യവും നൈപുണ്യവും ആചാരാനുഷ്ഠാനങ്ങളും ദിനചര്യകളും എല്ലാം ഭാഗമാണ്. ജില്ല നേടിയെടുത്ത കലയും സംസ്ക്കാരവും ആവശ്യത്തിന് പോഷണമില്ലാതെ അന്യംനിന്നു പോവുകയോ അന്യം നിൽക്കുന്ന അവസ്ഥയിലോ ആണ്. കല–സംസ്ക്കാര–പൈതൃക സമ്പത്തിന്റെ സംരക്ഷണത്തിനായി വിവിധ പദ്ധതികൾ ഉണ്ടെങ്കിലും വേണ്ടത്ര ശ്രദ്ധയില്ലാതെയും പദ്ധതികളുടെ ഏകോപനമില്ലാതെയും പരമ്പരാഗതമായി നേടിയെടുത്തവയെല്ലാം മറഞ്ഞുക്കൊണ്ടിരിക്കുന്ന സാഹചര്യത്തിലാണ് പദ്ധതി രൂപീകരണത്തെപ്പറ്റി ചിന്തിക്കേണ്ടത്.

തിരുവിതാംകൂർ രാജകുടുംബം നൽകിയ കലാപ്രോത്സാഹനം കലാസാംസ്കാരിക പാരമ്പര്യത്തിന് മുതൽകൂട്ടായിരുന്നു. മാർത്താണ്ഡവർമ്മ മഹാരാജാവ്, കാർത്തിക തിരുനാൾ ബാലരാമവർമ്മ മഹാരാജാവ്, സ്വാതി തിരുനാൾ രാമവർമ്മ മഹാരാജാവ് എന്നിവർ കലാസാംസ്ക്കാരിക രംഗത്ത് നൽകിയ സംഭാവനകൾ എടുത്തുപറയേണ്ടതാണ്. സ്വാതിതിരുനാൾ മഹാരാജാവിന്റെ സദസ്സിൽ പ്രമുഖനായിരുന്നു ഇരയിമ്മൻ തമ്പി സാഹിത്യലോകത്തെ കെടാവിളക്കാണ്. സംഗീത–സാഹിത്യ–ശിൽപ്പകല–കരകൗശല മണ്ഡലങ്ങളിൽ ഈടുറ്റ സംഭാവനകൾ നൽകുവാൻ ജില്ലയിലെ കടന്നുപോയ തലമുറയ്ക്ക് കഴിഞ്ഞിട്ടുണ്ട്.

രാമകഥപ്പാട്ടിന്റെ രചയിതാവായ അയ്യിപ്പിള്ള ആശാൻ, ഇരയിമ്മൻ തമ്പി, കേരളവർമ്മ വലിയകോയിത്തമ്പുരാൻ, എ.ആർ.രാജരാജവർമ്മ, കുമാരനാശാൻ, സി.വി. രാമൻപിള്ള, ഉള്ളൂർ. എസ്. പരമേശ്വരയ്യർ തുടങ്ങി ഒട്ടനവധി സാഹിത്യാചാര്യന്മാരുടെ രചനാശാലയായിരുന്നു തിരുവനന്തപുരം. മഹാകവി കെ.സി. കേശവപിള്ള, മഹാകവി കുമാരനാശാൻ, ചങ്ങമ്പുഴ കൃഷ്ണപിള്ള, വെണ്ണിക്കുളം ഗോപാലക്കുറുപ്പ്, പാലാനാരായണൻ നായർ, സാഹിത്യപഞ്ചാനനൻ പി.കെ. നാരായണൻപിള്ള, കേസരി ബാലകൃഷ്ണപിള്ള, പി.കേശവദേവ്, ശബ്ദതാരാവലി എന്ന മലയാള നിഘണ്ടുവിന്റെ കർത്താവായ ശ്രീകണ്ഠേശ്വരം ജി.പത്മനാഭപിള്ള എന്നിവരോട് സാഹിത്യലോകം ഏറ്റവും കടപ്പെട്ടിരിക്കുന്നു.

കൂടിയാട്ടത്തിൽ നിന്ന് മലയാള നാടകത്തിലേക്ക് കാൽവെപ്പിന് തുടക്കം കുറിച്ചത് തിരുവനന്തപുരത്തുകാരാണ്. ആയില്യം തിരുനാളിന്റെ ഭാഷാശാകുന്തളവും കേരളവർമ്മ വലിയക്കോയിത്തമ്പുരാന്റെ മണിപ്രവാള ശാകുന്തളവും, സംസ്കൃത നാടകങ്ങളുടെ വിവർത്തനങ്ങളും അനുകരണങ്ങളും നാടകരംഗത്തുണ്ടായി. കെ.സി. കേശവപിള്ളയുടെ സദാരാമ എന്ന നാടകം ജനപ്രീതി നേടി. നാടകത്തിലെ പ്രഹസന വിഭാഗത്തിന്റെ തുടക്കക്കാരൻ സി.വി.രാമൻപിള്ളയായിരുന്നു. തിക്കുറിശ്ശി സുകുമാരൻ നായർ, ജഗതി. എൻ.കെ.ആചാരി, സി.എൻ. ശ്രീകണ്ഠൻ നായർ, ഇ.വി.കൃഷ്ണപിള്ള, കലാനിലയം കൃഷ്ണൻ നായർ, ഓമനക്കുഞ്ഞമ്മ, എൻ.ഗോപിനാഥൻ നായർ തുടങ്ങിയവർ നാടകവേദിയ്ക്ക് ജില്ലയുടെ സംഭാവനകളാണ്.

ശ്രീപത്മനാഭസ്വാമി ക്ഷേത്രത്തെയും കാന്തള്ളൂർ ശാല എന്ന വിദ്യാപീഠത്തെയും കേന്ദ്രീകരിച്ചു വളർന്ന ജില്ല ഒരു വിദ്യാഭ്യാസകേന്ദ്രം എന്ന നിലയിൽ പ്രശസ്തമാണ്. നിരവധി വിദ്യാഭ്യാസസ്ഥാപനങ്ങൾക്കൊപ്പം ധാരാളം ഗ്രന്ഥശാലകളും ജില്ലയുടെ എടുത്തുപറയത്തക്ക സാംസ്ക്കാരിക സമ്പത്തുകളാണ്. പബ്ലിക് ലൈബ്രറി, കേരള യൂണിവേഴ്സിറ്റിയുടെ ലൈബ്രറി ആന്റ് ഇൻഫർമേഷൻ വകുപ്പ്, ശ്രീചിത്തിര തിരുനാൾ ഗ്രന്ഥശാല എന്നിവ സാംസ്ക്കാരിക വളർച്ചയ്ക്ക് ആക്കം കൂട്ടി. കൂടാതെ കേരള യൂണിവേഴ്സിറ്റിയുടെ നിയന്ത്രണത്തിലുള്ള ഹസ്തലിഖിത ഗ്രന്ഥശാല അറിയപ്പെടാതെ കിടന്ന അനേകം ഗ്രന്ഥങ്ങൾ പ്രസിദ്ധീകരിച്ചിട്ടുണ്ട്.

അന്യദേശ വാസ്തുവിദ്യ വിളിച്ചോതുന്ന കെട്ടിടങ്ങൾ ജില്ലയിലുണ്ട്. പത്മനാഭസ്വാമി ക്ഷേത്രം, സെക്രട്ടറിയേറ്റ്, പഴവങ്ങാടി ക്ഷേത്രം, എൽ.എം.എസ് കെട്ടിടം, വിക്ടോറിയ ജൂബിലി ഠൗൺ, രാജ്ഭവൻ, ക്ലിഫ്ഹൗസ്, കന്റോൺമെന്റ് ഹൗസ്, മേത്തൻമണി, കുതിരമാളിക, നവരാത്രി മണ്ഡപം, ഭക്തിവിലാസം ബംഗ്ലാവ്, കോയിക്കലുകൾ, നൃത്തമണ്ഡപം, പട്ടംകൊട്ടാരം, ഇരയിമ്മൻ തമ്പിയുടെ സ്മരണ നിലനിർത്തുന്നതിനുള്ള ഗവേഷണ കേന്ദ്രം, ശ്രീചിത്ര ഹോം എന്നീ മന്ദിരങ്ങൾ ഇതിനുദാഹരണമാണ്. ചരിത്രപ്രാധാന്യവും പഴക്കവുമുള്ള വിവിധ കോയിക്കലുകളും കൊട്ടാരങ്ങളും ജില്ലയിൽ വിവിധ പ്രദേശങ്ങളിലുണ്ട്.

പത്മനാഭസ്വാമി ക്ഷേത്രത്തിലെയും കോയിക്കൽ കൊട്ടാരത്തിലെയും ചുമർ ചിത്രങ്ങൾ, ദാരുശില്പനിർമ്മിതി കൊട്ടാരങ്ങളിലും കുതിരമാളികയിലും പത്മനാഭക്ഷേത്രവും ശില്പകലയുടെ മകുടോദാഹരണമാണ്. ഭാരതീയ ചിത്രകലയെ പാശ്ചാത്യവൽക്കരിച്ച രാജാരവിവർമ്മയുടെ ചിത്രങ്ങൾ ശ്രീചിത്ര ആർട്ട് ഗ്യാലറിയിൽ സൂക്ഷിച്ചിരിക്കുന്നു. വി.ജെ.ടി ഹാളിന് മുന്നിലെ പട്ടം താണുപിള്ളയുടെ പ്രതിമയും ശ്രീചിത്തിര തിരുനാളിന്റെ പ്രതിമയും മസ്കറ്റ് സ്വകയറിലെ സുഭാഷ്ചന്ദബോസിന്റെ പ്രതിമയും വേളിയിലെയും ശംഖുമുഖത്തെയും ലാൻഡ് സ്കേപ്പിംഗും കാനായി കുഞ്ഞിരാമന്റെ അതിപ്രശസ്തങ്ങളായ നിർമ്മിതികളാണ്. പ്രതിമകളുടെ നഗരം എന്ന് വിശേഷിപ്പിക്കപ്പെടുന്ന നഗരമാണ് തിരുവനന്തപുരം. കർമ്മം കൊണ്ട് സമൂഹത്തെ നവോത്ഥാനത്തിലേക്ക് കൈപിടിച്ചുയർത്തിയ ഒട്ടേറെ വ്യക്തികളുടെ 25 ൽ പരം പ്രതിമകളാണ് തലസ്ഥാന നഗരിയിൽ സംരക്ഷിക്കപ്പെടുന്നത്. നഗരത്തിന്റെ സാംസ്ക്കാരിക പൈതൃകത്തിന്റെ അടയാളം കൂടിയാണ് പ്രതിമകൾ. ശ്രീചിത്തിര തിരുനാൾ മഹാരാജാവിന്റെ പ്രതിമ കേരളത്തിലെ ഉയരം കൂടിയ പ്രതിമയാണ്.

നാടൻകലകൾ

ജില്ലയിലെ പലഭാഗത്തും പരമ്പരാഗത കൈത്തൊഴിലുകളും കുടിൽ വ്യവസായങ്ങളും നിലനിന്നിരുന്നു. ദന്തദാരുശില്പ നിർമ്മാണം, ഓട്ടുപാത്രങ്ങൾ, ലോഹസാമഗ്രികൾ, കൈത്തറിവസ്ത്രങ്ങൾ തുടങ്ങിയ ഉൽപ്പന്നങ്ങൾ ലോകപ്രശസ്തമായിരുന്നു. ജില്ലയിലെ ദൃശ്യകലകൾ ക്ഷേത്രങ്ങളിലെ ഉത്സവത്തോടനുബന്ധിച്ച് ഉള്ളതാണ്. നൃത്തം, കഥകളി, ഞാണിന്മേൽ കളി, ഓട്ടൻതുള്ളൻ, അമ്മാനാട്ടം, കഴക്കൂത്താട്ടം, ചെമ്പടിവിദ്യ, പരിശമുട്ട്, വാൾപയറ്റ്, ഗുസ്തി ചാക്യാർകൂത്ത്, ശീതങ്കൽ തുള്ളൽ, തിരുവാതിരക്കളി, ചിലമ്പം, വാളേറ്റ്, ഗരുഡൻ പറപ്പ്, പൊയ്ക്കോലാട്ടം, കുറത്തിക്കളി, പാവക്കൂത്ത്, കയർപിരിക്കളി, തോറ്റംപ്പാട്ട് എന്നീ കലകൾക്ക് പ്രത്യേകം വേദികൾ ഉണ്ടായിരുന്നു.

തൊഴിലും സംസ്ക്കാരവും

തെക്കൻ തിരുവിതാംകൂറിന്റെ പരമ്പരാഗത വ്യവസായം കൈത്തറിയായിരുന്നു. ആയോധനകലയുടെയും മർമ്മ ചികിത്സയുടെ ഈറ്റില്ലമായിരുന്നു കാഞ്ഞിരംകുളം. വടക്കൻ തിരുവിതാംകൂർ ഭാഗത്ത് കയർവ്യവസായത്തിനാണ് പ്രാധാന്യം നൽകിയിരുന്നത്. സംസ്കൃതം, വൈദ്യശാസ്ത്രം എന്നിവ അഭ്യസിക്കുന്നതിന് വിദൂരങ്ങളിൽ നിന്നും കടയ്ക്കാവൂർ പ്രദേശത്ത് വിദ്യാർത്ഥികൾ എത്തിയിരുന്നു. ഗ്രാഫൈറ്റ് ഖനനം നടന്നിരുന്ന പ്രദേശമാണ് വെള്ളനാട് പള്ളിക്കൽ പ്രദേശത്തെ പ്രധാന വ്യവസായരംഗം കശുവണ്ടി മേഖലയാണ്. ഗോത്രവർഗ്ഗക്കാരുടെ വനവിഭവശേഖരണം ഉപജീവനകർമ്മമെന്ന നിലയിൽ ശ്രദ്ധേയമാണ്. ജില്ലയിൽ കളരിപ്പയറ്റിനും മർമ്മ ചികിത്സയ്ക്കുമായി സി.വി.എൻ കളരിസംഘം വഹിക്കുന്ന പങ്ക് വളരെ വലുതാണ്

ബാലരാമപുരം കൈത്തറി

ഭൂമിശാസ്ത്ര സൂചക (ജ്യോഗ്രഫിക്കൽ ഇൻഡിക്കേഷൻ) നിയമപ്രകാരം ഭൗതിക സ്വത്തവകാശം ലഭിച്ച കേരളത്തിലെ ആദ്യ കൈത്തറി ഉൽപ്പന്നമാണ് ബാലരാമപുരം കൈത്തറി സാരി. പ്രകൃതിദത്ത രീതിയിൽ പരുവപ്പെടുത്തിയെടുക്കുന്ന ഗുണനിലവാരമേറിയ നൂലാണ് കൈത്തറിയിലെ നെയ്ത്തിനായി ഉപയോഗിക്കുന്നത്. ബാലരാമപുരം കൈത്തറിയെ വ്യത്യസ്തമാക്കുന്നത് കൈകൊണ്ട് മെനയുന്ന ഡിസൈനുകളാണ്.

ഗോത്ര വർഗ്ഗകലകളും സംസ്ക്കാരവും

ജില്ലയിലെ പ്രധാന പട്ടികവർഗ്ഗ വിഭാഗമാണ് കാണിക്കാർ. ചാറ്റുപ്പാട്ട്, തുങ്കിപാട്ട്, കല്ല്യാണപോർ പാട്ട്, മയിലാട്ടം തുടങ്ങി നിരവധി അനുഷ്ഠാന കലകൾ ഇവരുടെ സംസ്ക്കാരവുമായി ബന്ധപ്പെട്ട് കിടക്കുന്നു.

നാഗാലാന്റിലെ "ഹോൺബിൽ ഫെസ്റ്റിവെൽ", മണിപ്പൂരിലെ "സാംഗായ് ഫെസ്റ്റിവെൽ" എന്നിവയെ പോലെ ജില്ലയിലെ ഗോത്രവർഗ്ഗകലകളെയും ആചാരങ്ങളെയും ജീവിതരീതിയെയും അറിവുകളെയും പരിചയപ്പെടുത്തുന്ന തരത്തിൽ ആഘോഷങ്ങൾ സംഘടിപ്പിക്കണം. ആദിവാസി–പട്ടികജാതി ജനവിഭാഗങ്ങൾക്കിടയിൽ നിലനിൽക്കുന്ന ഗോത്ര –ജാതി കലകൾ, ആചാരങ്ങൾ, വൈദ്യം, കൃഷി എന്നിവ പുതിയ തലമുറയ്ക്ക് പകർന്ന് കിട്ടേണ്ടതാണ്. കരകുളം കലാഗ്രാമം പോലെയുള്ള കേന്ദ്രങ്ങളിൽ നാടൻ കലാമേള സംഘടിപ്പിക്കപ്പെടുന്നുണ്ട്.

സാംസ്ക്കാരിക നായകൻമാർ

സാംസ്ക്കാരിക രംഗത്തെ പോലെ ആത്മീയ മേഖലയിലും അത്യത്ഭുത പ്രതിഭാസമായിരുന്ന മഹാപുരുഷൻമാരുടെ പ്രവർത്തന കേന്ദ്രമെന്ന നിലയിലും തിരുവനന്തപുരം പ്രാധാന്യം അർഹിക്കുന്നു. വിദ്യാധിരാജ ചട്ടമ്പിസ്വാമികളുടെ ജന്മസ്ഥലമായ കണ്ണമ്മൂല, ശ്രീനാരായണഗുരുവിന്റെ ജന്മസ്ഥലമായ ചെമ്പഴന്തി, സമാധിസ്ഥലമായ ശിവഗിരി, അയ്യങ്കാളിയുടെ ജന്മസ്ഥലമായ വെങ്ങാനൂർ എന്നിങ്ങനെ ഒട്ടേറെ പ്രമുഖരുമായ ബന്ധപ്പെട്ട പ്രദേശങ്ങൾ ജില്ലയിലുണ്ട്.

ഭാഷാവൈവിധ്യം

ജില്ലയിലെ സംസ്ക്കാരത്തിൽ ഭാഷയ്ക്കുള്ള പങ്ക് എടുത്തുപറയേണ്ട ഒന്നാണ്. തിരുവിതാംകൂറിൽ നിലനിന്നിരുന്ന അതിപുരാതന ലിപിയാണ് വട്ടെഴുത്ത്. ജില്ലയിൽ സംസ്കൃത ഭാഷ പഠിപ്പിക്കുന്ന 213 സ്കൂളുകളും 20298 വിദ്യാർത്ഥികൾ ഉണ്ട്. അറബിയിൽ 321 സ്കൂളുകളും 23765 കുട്ടികളും ഉറുദ്ദു ഭാഷ പഠിപ്പിക്കുന്ന 7 സ്കൂളുകളും 305 കുട്ടികളും, കന്നട ഭാഷ പഠിപ്പിക്കുന്ന 185 സ്കൂളുകളും 23200 കുട്ടികളും ഉണ്ട്. വിവിധ മതവിഭാഗങ്ങളായ ഹിന്ദു, മുസ്ലീം, ക്രിസ്ത്യൻ, സിക്ക്, ബുദ്ധിസം, ജൈനിസം എന്നിവയുടെ ആചാരാനുഷ്ഠാനങ്ങളുടെയും തത്വങ്ങളുടെയും ഒരു സ്വാംശീകരണം സംസ്ക്കാരത്തിൽ ദൃശ്യമാണ്. വിവിധ മതവിഭാഗക്കാരുടെ ആരാധാനാലയങ്ങളും അനുഷ്ഠാനങ്ങളും ജീവിതരീതിയും ഒത്തുചേർന്ന സംസ്ക്കാരമാണ് ജില്ലയുടേത്.

ജനകീയമുന്നേറ്റങ്ങൾ

ഇന്ത്യൻ ദേശീയ പ്രസ്ഥാനത്തിലും സ്വാതന്ത്ര്യസമരത്തിലും നിർണ്ണായകമായ പങ്കുവഹിച്ച തിരുവനന്തപുരം ജില്ല സ്വാതന്ത്ര്യസമരത്തിന്റെ ഭാഗമായി അരങ്ങേറിയ വമ്പിച്ച ജനകീയ പ്രക്ഷോഭങ്ങളുടെയെല്ലാം സിരാകേന്ദ്രം കൂടിയായിരുന്നു. ബ്രിട്ടീഷ് ഭരണത്തിനെതിരെ തിരുവിതാംകൂറിൽ നടന്ന ആസൂത്രിത മുന്നേറ്റമായിരുന്നു ആറ്റിങ്ങൽ കലാപം. ഉത്തരവാദ ഭരണ പ്രക്ഷോപത്തിന്റെ ഭാഗമായി നടന്ന കല്ലറ പാങ്ങോട് സമരം പ്രാധാന്യം അർഹിക്കുന്നു. ചരിത്ര പ്രസിദ്ധമായ വട്ടിയൂർക്കാവ് സമ്മേളനം നടന്നതും തിരുവനന്തപുരം ജില്ലയിലാണ്. സ്വാതന്ത്ര്യ സമരത്തിൽ പ്രവർത്തിച്ച ഠൗൺ ദാമോദരൻ, ജി. കൃഷ്ണപിള്ള, അഡ്വ.മാധവൻ തുടങ്ങിയ സ്വാതന്ത്ര്യ സമര സേനാനികൾ ആറ്റിങ്ങൽ കേന്ദ്രീകരിച്ച് പ്രവർത്തിച്ചവരാണ്. ആറ്റിങ്ങൽ പ്രദേശത്തെ ഈഴവ സമാജത്തിന് രൂപം കൊടുത്തുകൊണ്ട് അയിത്തത്തിനെതിരെയുള്ള പ്രവർത്തനത്തിന് രാമൻ നേതൃത്വം നൽകി.

ആരാധാനാലയങ്ങൾ

ജില്ലയിലെ ഉൽപ്പത്തിയും വളർച്ചയും പ്രസിദ്ധമായ ക്ഷേത്രങ്ങളും മുസ്ലീം ദേവാലയങ്ങളും ക്രിസ്ത്യൻ ആരാധാനാലയങ്ങളുമായി ബന്ധപ്പെട്ടിരിക്കുന്നു. ഹൈന്ദവദേവാലയങ്ങളായ ശ്രീപത്മനാഭസ്വാമിക്ഷേത്രം, തിരുവല്ലം പരശുരാമക്ഷേത്രം, സ്ത്രീകളുടെ ശബരിമല എന്നറിയപ്പെടുന്ന ആറ്റുകാൽ ക്ഷേത്രം, പാളയം ആഞ്ജനേയ ക്ഷേത്രം, മുസ്ലീം ദേവാലയങ്ങളായ ബീമാപള്ളി, പാളയം ജുമാഅത്ത് പള്ളി, മണക്കാട് വലിയപള്ളി, ക്രൈസ്തവ ദേവാലയങ്ങളായ പാളയം സെന്റ് ജോസഫ് കത്തീഡ്രൽ, സെന്റ് ആന്റണീസ് ഫെറോന, വെട്ടുകാട് പള്ളി, ലൂർദ്ദ് ഫെറോന പള്ളി എന്നിവ പുരാതന ചരിത്രപാരമ്പര്യം ഉൾക്കൊള്ളുന്നവയാണ്.

കല–സാഹിത്യ സാംസ്ക്കാരിക ഇൻസ്റ്റിറ്റ്യൂട്ടുകൾ

ജില്ലയിലെ പ്രമുഖ സാംസ്ക്കാരിക സ്ഥാപനങ്ങളാണ് കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട്, സംസ്ഥാന സർവ്വവിജ്ഞാനകോശം ഇൻസ്റ്റിറ്റ്യൂട്ട് ലക്സിക്കൺ, ഹസ്തലിഖിത ഗ്രന്ഥശാല, വലിയകൊട്ടാരം ഗ്രന്ഥപുര, കെ.സി.എച്ച്.ആർ, ശ്രമിക് വിദ്യാപീഠം എന്നിവ. പൊതുമേഖലയിലുള്ള മറ്റൊരു സാംസ്ക്കാരിക കലാകേന്ദ്രമാണ് വൈലോപ്പിള്ളി സംസ്കൃതിഭവൻ. പരമ്പരാഗത കലാരൂപങ്ങൾക്കായുള്ള മാർഗ്ഗി, മൗലിക നാടകാന്വേഷണങ്ങൾ നടത്തുന്ന സോപാനം, ബാലനാടകവേദിയിൽ ഏറെ പ്രാധാന്യം

അർഹിക്കുന്ന വെഞ്ഞാറമൂട് രംഗപ്രഭാത് എന്നിവ ജില്ലയിലെ പ്രമുഖ കലാസംഘങ്ങളാണ്. അന്തർദേശീയ പ്രശസ്തി നേടിയ മറ്റൊരു കലാസാംസ്കാരിക സംഘടനയാണ് സൂര്യ. ബേക്കറി ജംഗ്ഷനിൽ പ്രവർത്തിക്കുന്ന റഷ്യൻ നയതന്ത്ര കാര്യാലയത്തിന് കീഴിൽ റഷ്യൻ സാംസ്കാരിക കേന്ദ്രം പ്രവർത്തിക്കുന്നു. സ്വതോസ്ലാവ് ഗോറിച്ചിന്റെ പേരിൽ ഒരു ആർട്ട് ഗ്യാലറി പ്രവർത്തിക്കുന്നു. ഗുരുഗോപിനാഥ് നൃത്തവിദ്യാലയം, കഥകളി ക്ലബ്, മാർഗ്ഗി–കഥകളി വിദ്യാലയം, ദൃശ്യവേദി എന്നിവ കലാസാംസ്ക്കാരിക രംഗത്ത് മുതൽകൂട്ടാണ്. കാവ്യനാടകരംഗത്ത് 1960 ൽ കാവാലം നാരായണപ്പണിക്കരുടെ നേതൃത്വത്തിൽ നാടകകളരി രൂപം കൊണ്ടു. സംസ്കൃത നാടകങ്ങളും നാടോടി ശൈലിയിലുള്ള നാടക അവതരണങ്ങളും സോപാനത്തിന്റെ കീഴിൽ നടക്കുന്നു. രംഗപ്രഭാത് വെഞ്ഞാറമൂടിന് സമീപം 5–14 മധ്യേ പ്രായമുള്ള കുട്ടികൾക്ക് പഴയ കലാരൂപങ്ങൾ, കഥപറച്ചിൽ, കവിതചൊല്ലൽ, അഭിനയം, സംഭാഷണം എന്നിവയിൽ പരിശീലനം നൽകുന്നതിന് ആരംഭിച്ചു. മഹാകവി കുമാരനാശാന്റെ സ്മരണയ്ക്കായി തോന്നയ്ക്കലിൽ നിർമ്മിച്ചതാണ് ആശാൻ സ്മാരകം. കുമാരനാശാൻ സാംസ്ക്കാരിക ഇൻസ്റ്റിറ്റ്യൂട്ട് എന്ന നിലയിൽ ഈ സ്ഥാപനം അറിയപ്പെടുന്നു. ഗാന്ധിയൻ വിശ്വനാഥൻ ഒരു സാംസ്ക്കാരിക കേന്ദ്രം എന്ന നിലയിൽ മിത്രനികേതൻ വെള്ളനാട് സ്ഥാപിച്ചു.

ലൈബ്രറി

ജില്ലയിലെ 530 സ്കൂളുകളിൽ 165 സ്കൂളുകളിൽ ലൈബ്രറി സൗകര്യം ലഭ്യമല്ല. എയിഡഡ് മേഖലയിൽ 366 സ്കൂളുകളിൽ 76 സ്കൂളുകൾക്ക് മാത്രമേ വായനശാല സൗകര്യം ലഭ്യമുള്ളൂ. ജില്ലയിലെ ലൈബ്രറി കൗൺസിലിന് കീഴിലുള്ള ഗ്രന്ഥശാലയുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

പട്ടിക: 4.2.6.7

ഗ്രന്ഥശാലകൾ

താലൂക്ക്	ആകെ
ചിറയിൻകീഴ്	51
കാട്ടാക്കട	60
നെടുമങ്ങാട്	110
നെയ്യാറ്റിൻകര	124
തിരുവനന്തപുരം	141

(അവലംബം : ലൈബ്രറി കൗൺസിൽ)

മേൽത്തട്ട് നിർദ്ദേശങ്ങൾ

- നാഗാലാന്റിലെ "ഹോൺബിൽ ഫെസ്റ്റിവെൽ", മണിപ്പൂരിലെ "സാംഗായ് ഫെസ്റ്റിവെൽ" എന്നിവയെ പോലെ ജില്ലയിലെ ഗോത്രവർഗ്ഗകലകളെയും ആചാരങ്ങളെയും ജീവിതരീതിയെയും അറിവുകളെയും പരിചയപ്പെടുത്തുന്ന തരത്തിൽ ആഘോഷങ്ങൾ സംഘടിപ്പിക്കണം.
- പട്ടികജാതി/പട്ടികവർഗ്ഗ ജനവിഭാഗങ്ങൾക്കിടയിൽ നിലനിൽക്കുന്ന ജാതികലകൾ – ഗോത്രാചാരങ്ങൾ, വൈദ്യം, കൃഷി എന്നീ മേഖലകളിലെ സാംസ്ക്കാരികയിനങ്ങൾ കണ്ടെത്തുവാനും പ്രോത്സാഹിപ്പിക്കാനും ഡോക്യുമെന്റ് ചെയ്യാനും പദ്ധതികൾ ഉണ്ടാകണം.
- നാടൻകലാരൂപങ്ങളായ ചാറ്റുപ്പാട്ട്, കോൽകളി, മുടിയാട്ടം, ചോനാംകളി തുടങ്ങിയവ പുതിയ തലമുറയ്ക്ക് പകർന്നുകൊടുക്കുന്നതിനായി പ്രധാനപ്പെട്ട ആഘോഷങ്ങളിലും സർക്കാർ സംഘടിപ്പിക്കുന്ന പ്രധാന പരിപാടികളിലും അവതരിപ്പിക്കുന്നതിനുള്ള അവസരം നൽകി.
- സാമ്പത്തികമായി പിന്നോക്കാവസ്ഥ നേരിടുന്ന ഓരോ പ്രദേശത്തിന്റെയും സാധ്യതക്കനുസരിച്ച് കലാപരിശീലന പദ്ധതികൾ രൂപീകരിക്കുക
- സർക്കാർ പ്രസിദ്ധീകരണങ്ങൾ ഗ്രന്ഥശാലകൾക്ക് സൗജന്യമായി നൽകുക.
- പുരാതന തറവാടുകൾ, വീടുകൾ, ആരാധനാലയങ്ങൾ, ചരിത്ര സ്മാരകങ്ങൾ എന്നിവരുടെ പ്രാദേശിക മാപ്പിംഗ് നടത്തണം. എഴുത്തുകാരുടെ കൈപ്പടകൾ, താളിയോലകൾ, ഗ്രന്ഥങ്ങൾ എന്നിവ ഏറ്റെടുത്ത് സംരക്ഷിക്കണം.

കീഴ്ത്തട്ട് നിർദ്ദേശങ്ങൾ

- സർഗ്ഗാത്മകതയെ പരിപോഷിപ്പിക്കുന്നതിന് തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾ മാഗസീനുകൾ, ബ്ലോഗുകൾ, വെബ്സൈറ്റുകൾ എന്നിവ തയ്യാറാക്കുക
- ഓപ്പൺഎയർ തീയേറ്ററുകൾ, മിനിതിയേറ്ററുകൾ എന്നിവയുടെ നിർമ്മാണം, ആയോധനകലകൾ പ്രോത്സാഹിപ്പിക്കൽ എന്നിവയ്ക്കായി പദ്ധതി തയ്യാറാക്കുക.
- ശിലാസനങ്ങൾ, ശിലാക്ഷേത്രങ്ങൾ എന്നിവ സംരക്ഷിക്കുന്നതിനും പഞ്ചായത്തുകളുമായി ബന്ധപ്പെട്ട ഐതിഹ്യം, കഥകൾ, ചരിത്രങ്ങൾ, വായ്മൊഴികൾ എന്നിവ ഡോക്യുമെന്റ് ചെയ്യുന്നതിന് ആവശ്യമായ സംവിധാനങ്ങൾ ഒരുക്കുക.
- പ്രാദേശിക ഭാഷയിലുള്ള വരമൊഴിയായും വാമൊഴിയായുമുള്ള സാഹിത്യ രൂപങ്ങൾ ശേഖരിക്കണം. ഇവയെല്ലാം തന്നെ ഡിജിറ്റലൈസ് ചെയ്ത് സംരക്ഷിക്കണം.
- കാളീ സങ്കല്പങ്ങൾ, കതിരുകാള, മുടിയേറ്റ്, ഗരുഡൻതൂക്കം, കുത്തിയോട്ടം, ഭദ്രക്കാളിപ്പാട്ട്, കോലാട്ടം, ചരടുപിന്തികളളി, കമ്പടവുകളി, കാക്കാരിശ്ശി നാടകം എന്നിവ നെടുമങ്ങാട് ബ്ലോക്കിൽ കാണപ്പെടുന്ന കലാരൂപങ്ങളാണ്. ഇവയെ പരിപോക്ഷിപ്പിക്കുന്നതിന് പ്രോജക്ടുകൾ രൂപീകരിക്കാവുന്നതാണ്.
- നാടൻകലകൾ, നാടൻ പാട്ടുകൾ, പ്രാദേശിക ചരിത്രം, പ്രാദേശികകലകൾ അനുഷ്ഠാന കലകൾ എന്നിവയെ കുറിച്ച് ഡോകുമെന്റേഷൻ തയ്യാറാക്കുക.
- സ്കൂൾ/കോളേജ് തലങ്ങളിൽ നാടക കളരികൾ, കലാക്യാമ്പുകൾ തുടങ്ങിയവ സംഘടിപ്പിക്കുക
- ഓരോ പഞ്ചായത്തിലും പ്രദേശത്തിന്റെ പ്രത്യേകതകൾ രേഖപ്പെടുത്തിയ ചരിത്രപ്രാധാന്യം വിളിച്ചോതുന്ന ഫലകങ്ങൾ സ്ഥാപിക്കുക. കേരള നവോത്ഥാനത്തിന്റെ ചരിത്രത്തിൽ ഒരു വിപ്ലവ ഏട് എഴുതി ചേർത്ത അരുവിപ്പുറം സവർണ്ണമേധാവിത്വത്തിനെതിരെ നടന്ന നിശബ്ദ വിപ്ലവത്തെ അരുവിപ്പുറം വിപ്ലവത്തിന്റെ ചരിത്രപ്രാധാന്യത്തെ കുറിച്ച് ഫലകങ്ങൾ സ്ഥാപിക്കാവുന്നതാണ്.
- ഓരോ വാർഡിലും സാംസ്ക്കാരിക സർവ്വെ നടത്തി കലാ-കായിക സമിതിയുടെയും സാംസ്ക്കാരിക പ്രതിഭകളുടെയും പട്ടിക തയ്യാറാക്കുക.
- മദ്ധ്യവേനലവധിക്ക് കുട്ടികൾക്ക്/യുവാക്കൾക്കും കല/കായിക/ചരിത്ര പ്രത്യേകതകൾ മനസിലാക്കുന്നതിന് ക്യാമ്പുകൾ സംഘടിപ്പിക്കുകയും ക്ലബുകൾ രൂപീകരിക്കുകയും ചെയ്യുക.
- സ്കൂൾതല ലൈബ്രറികളുടെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിന് സ്കൂൾതലത്തിൽ വായനാമത്സരങ്ങൾ സംഘടിപ്പിക്കുക
- ഗ്രന്ഥശാലകൾ ആധുനികവത്കരിക്കുകയും അവ കേന്ദ്രീകരിച്ച് കലാസാംസ്ക്കാരിക സമിതികൾ രൂപീകരിക്കുകയും ചെയ്യുക. ഈ സമിതികളിലൂടെ കല-സാംസ്ക്കാരം എന്നിവയെ പരിപോഷിപ്പിക്കുന്നതിനുള്ള അവതരണങ്ങൾ, സെമിനാറുകൾ, ചർച്ചകൾ എന്നിവ സംഘടിപ്പിക്കണം. പ്രശസ്തരുടെ കൈപ്പടകൾ ശേഖരിക്കുകയും സംരക്ഷിക്കുകയും വേണം.
- പൈതൃകങ്ങളെ ബന്ധിപ്പിച്ചു കെണ്ട് പൈതൃക യാത്രകൾ സംഘടിപ്പിക്കണം വിദ്യാർത്ഥികൾക്കായി പ്രത്യേക പൈതൃക സംരക്ഷണ യാത്രകൾ സംഘടിപ്പിക്കണം.
- ഗ്രന്ഥശാലകളിൽ ഫിലിം ക്ലബ്ബുകൾ രൂപീകരിക്കണം. പുസ്തകങ്ങൾ വീടുകളിൽ എത്തിക്കുവാനുള്ള സംവിധാനമൊരുക്കണം.
- ഗ്രന്ഥശാലകൾ കേന്ദ്രീകരിച്ച് പ്രാദേശിക സാംസ്കാരിക സാമൂഹിക പ്രവർത്തനങ്ങൾ സംഘടിപ്പിക്കണം. "യുണൈറ്റഡ് ലൈബ്രറി, ഇരിഞ്ചയം സംഘടിപ്പിക്കുന്ന മഴനടത്തം" ഇതിനൊരുദാഹരണമായി എടുത്തുകാട്ടാം.

4.3 പശ്ചാത്തല മേഖല

4.3.1 ഊർജ്ജം

2011 സെൻസസ് പ്രകാരം 33 ലക്ഷം ജനങ്ങൾ വസിക്കുന്ന തിരുവനന്തപുരം ജില്ലയിൽ 12.83 ലക്ഷം ഉപഭോക്താക്കൾ വൈദ്യുതി ഉപയോഗിച്ച് വരുന്നു. ഇതിന്റെ ഭൂരിഭാഗം വൈദ്യുതി ഉപഭോഗവും കെ.എസ്.ഇ.ബി. ലിമിറ്റഡ് മുഖേനയാണ് നിർവഹിക്കുന്നത്. ജില്ലയുടെ ഇപ്പോഴുള്ള വൈദ്യുതി ആവശ്യകത 450 മെഗാ വാട്ട് (500 MVA) ആണ്. പ്രതിദിന ശരാശരി വൈദ്യുതി ഉപഭോഗം 6.6 മില്യൻ യൂണിറ്റും പ്രതിമാസ ഉപഭോഗം 197 മില്യൻ യൂണിറ്റും ആണ്. ആഭ്യന്തരമായി 6.5 മെഗാ വാട്ട് ജലവൈദ്യുതിയും 5.78 MWP സൗരോർജ്ജ വൈദ്യുതിയും ഇപ്പോൾ ഉത്പാദിപ്പിക്കപ്പെടുന്നു. ബാക്കിയുള്ള ഉപഭോഗ ആവശ്യകത നിറവേറ്റുന്നത് മറ്റു ജില്ലകളിലെ പദ്ധതികളിൽ നിന്നുള്ള വൈദ്യുതിയും കേന്ദ്രവിഹിതവും പുറമേ നിന്നും വാങ്ങുന്ന വൈദ്യുതിയും ഉപയോഗിച്ചാണ്.

നിലവിൽ ജില്ലയിലെ വൈദ്യുതി ആവശ്യം നിറവേറ്റുന്നത് ഇനി പറയും പ്രകാരമാണ്.

നിലവിലെ വൈദ്യുതി ലഭ്യത

PGCIL 400 കെ.വി. സബ് സ്റ്റേഷൻ (സ്ഥാപിത ശേഷി 945 MVA) ൽ നിന്നും (തിരുനെൽവേലി– പോത്തൻകോട് 400 കെ.വി. ലൈൻ) പോത്തൻകോട് 220 കെ.വി. സബ്സ്റ്റേഷൻ കാട്ടാക്കട 220 കെ.വി. സബ്സ്റ്റേഷൻ എന്നിവ വഴി	945 എം.വി.എ
പരുത്തിപ്പാറ 110 കെ.വി. സബ് സ്റ്റേഷൻ	42 എം.വി.എ.
പാറശ്ശാല 110 കെ.വി. സബ് സ്റ്റേഷൻ	13 എം.വി.എ.
ജില്ലയിലെ ആഭ്യന്തര ഉൽപാദനം വഴി (സോളാർ ജലവൈദ്യുതി)	9.75 എം.വി.എ.
ആകെ.(908 MW)	1009.75 എം.വി.എ

നിലവിലെ ആഭ്യന്തര ഉത്പാദനം

മീൻമുട്ടി പദ്ധതി (നന്ദിയോട് പഞ്ചായത്ത്)	
ശേഷി	3.5 മെഗാവാട്ട്
വാർഷിക ഉത്പാദനശേഷി	7.63 മില്യൻ യൂണിറ്റ്
പേപ്പാറ പദ്ധതി (വിതുര പഞ്ചായത്ത്)	
ശേഷി	3 മെഗാവാട്ട്
വാർഷിക ഉത്പാദനശേഷി	26.28 മില്യൻ യൂണിറ്റ്
സൗരോർജ്ജ പദ്ധതി	(മേൽക്കൂര പദ്ധതി)
ആകെ ശേഷി	5.78 MWP
ഓൺ ഗ്രിഡ്	0.96 MWP
ഓഫ് ഗ്രിഡ്	1.82 MWP
കെ.എസ്.ഇ.ബി. ലിമിറ്റഡ്	3 MWP

വൈദ്യുതി പ്രസരണ മേഖല

ജില്ലയിലൊട്ടാകെ ആഭ്യന്തര ഉത്പാദനം പരിമിതമായതിനാൽ പുറത്തുനിന്നുള്ള വൈദ്യുതി സ്വീകരിക്കുന്നതിന് പ്രസരണരംഗം ശക്തിപ്പെടുത്തേണ്ടതുണ്ട്.

പട്ടിക: 4.3.1.1

ജില്ലയിലെ സബ്സ്റ്റേഷനുകൾ

വോൾട്ടേജ്	എണ്ണം
220 കെ.വി.	2
110 കെ.വി.	12
66 കെ.വി.	8
33 കെ.വി.	10
400 കെ.വി. (പി.ജി.സി.എൽ)	1
ആകെ	33 എണ്ണം

ഇ.എച്ച്.റ്റി. ലൈൻ

ജില്ലയിലൊട്ടാകെ വിവിധ വോൾട്ടതയിലുള്ള 573.34 കി.മീ. പ്രസരണ ലൈനുകൾ ഉണ്ട്.

പട്ടിക: 4.3.1.2

ഇ.എച്ച്.റ്റി. ലൈൻ

വോൾട്ടേജ്	ദൂരം
220 കെ.വി. ലൈൻ	52.69 കി.മീ
110 കെ.വി. ലൈൻ	222.24 കി.മീ
66 കെ.വി. ലൈൻ	131.95 കി.മീ
33 കെ.വി. ലൈൻ	142.46 കി.മീ
400 കെ.വി. ലൈൻ (പി.ജി.സി.എൽ)	24 കി.മീ
ആകെ ദൂരം	573.34 കി.മീ

വിതരണമേഖല

ജില്ലയിൽ നിലവിൽ 12.83 ലക്ഷം ഉപഭോക്താക്കൾ വൈദ്യുതി ഉപയോഗിച്ച് വരുന്നു. ഇതിൽ 10.45 ലക്ഷം ഗാർഹിക ഉപഭോക്താക്കളും 1.7 ലക്ഷം വാണിജ്യ ഉപഭോക്താക്കളും 10247 വ്യവസായിക യൂണിറ്റുകളും 15469 കാർഷിക യൂണിറ്റുകളും ഇതിനു പുറമെ തെരുവുവിളക്കുകൾ, എച്ച്.റ്റി., ഇ.എച്ച്.റ്റി. എന്നീ വിഭാഗങ്ങളിലായി 42000 ത്തോളം ഉപഭോക്താക്കളും ആണ് ഉള്ളത്. വിവരങ്ങൾ ചുവടെ ചേർക്കുന്നു.

പട്ടിക: 4.3.1.3

ഉപഭോക്താക്കളുടെ വിവരങ്ങൾ

ഉപഭോക്താക്കൾ	എണ്ണം
ഗാർഹികം	10,45,596
വാണിജ്യം	170030
വ്യവസായികം	10247
കാർഷികം	15469
മറ്റുള്ളവ	41370
എച്ച്.റ്റി	639
ഇ.എച്ച്.റ്റി	6

ഈ മേഖലകളിൽ സുഗമമായി വൈദ്യുതി എത്തിക്കുന്നതിലേക്കായി 5823 വിവിധ ശേഷികളിലുള്ള വിതരണ ട്രാൻസ്ഫോർമറുകളും 5314 കി.മീ. 11 കെ.വി. ലൈനും (ഒ.എച്ച്.,യു.ജി & എ.ബി.സി) 28.530 കി.മീ. എൽ.റ്റി. ലൈനും (ഒ.എച്ച്.& എ.ബി.സി) നിലവിൽ കെ.എസ്.ഇ.ബി. ഉപയോഗിച്ചു വരുന്നു.

പട്ടിക: 4.3.1.4

വിതരണശൃംഖല

എച്ച്.റ്റി	ദൂരം	എൽ.റ്റി	ദൂരം
ഒ.എച്ച്	4484.95	ഒ.എച്ച്	28438.16
യു.ജി	817.82	എ.ബി.സി	93.4
എ.ബി.സി	12	സിംഗിൾ ഫേയ്സ്	15401.4
		ത്രീ ഫേയ്സ്	13130.16
ആകെ	5314.76	ആകെ	28531.56

പട്ടിക: 4.3.1.5

വിതരണ ട്രാൻസ്ഫോർമറുകളുടെ എണ്ണം

ശേഷി (കെ.വി.എ)	എണ്ണം	
25	179	മൊത്തം ശേഷി 827575 (കെ.വി.എ) (827.58 എം.വി.എ)
50	3	
63	35	
100	3681	
160	1002	
250	589	
315	125	
500	206	
900	3	

നിലവിലെ പ്രതിമാസ വൈദ്യുതി ഉപഭോഗം 197 MU (ശരാശരി 6.6 MU/day) ആണ്. ഇതിന്റെ സുഗമമായ പ്രവർത്തനത്തിനുവേണ്ടി ജില്ലയിൽ മാത്രം വിതരണമേഖലയിൽ 90 ഓഫീസുകളും, പ്രസരണമേഖലയിൽ 35 ഓഫീസുകളും, ഉൽപാദനമേഖലയിൽ 2 ഓഫീസുകളും പ്രവർത്തിച്ചുവരുന്നു.

ദിനംപ്രതിയുള്ള വൈദ്യുതി ഉപഭോഗത്തിൽ ഭൂരിഭാഗവും ജലവൈദ്യുതിയും കൂടാതെ പാരമ്പര്യേതരസ്രോതസ്സുകളായ സൗരോർജ്ജം, കാറ്റ്, മാലിന്യം എന്നിവയും അയൽ സംസ്ഥാനങ്ങളിൽ നിന്നും, കേരളത്തിന് ലഭിക്കുന്ന കേന്ദ്രവിഹിതത്തിൽ നിന്നുമാണ്. ജില്ലയിലെ വൈദ്യുതി ഉപഭോക്താക്കളുടെ എണ്ണം അടുത്ത അഞ്ച് വർഷത്തിനുള്ളിൽ 1620835 ഉം 15 വർഷത്തിനുള്ളിൽ 2585368 ഉം ആയി വർദ്ധിക്കാൻ സാധ്യതയുണ്ട്.

നിലവിലെ സ്ട്രീറ്റ് ലൈറ്റുകൾ എൽ.ഇ.ഡി. ലൈറ്റുകൾ ആയി മാറ്റിയാൽ കുറഞ്ഞ വൈദ്യുതി ഉപയോഗം, കൂടുതൽ പ്രകാശം, കുറഞ്ഞ അറ്റകുറ്റപണി ചെലവ്, ദീർഘകാല പ്രവർത്തനശേഷി, കുറഞ്ഞ താപം പുറപ്പെടുവിക്കുന്നതിനാൽ ആഗോളതാപനം കുറയ്ക്കുന്നു, ഉയർന്ന കാര്യക്ഷമത എന്നീ നേട്ടങ്ങൾ നമുക്ക് കൈവരിക്കാൻ സാധിക്കും. നിലവിൽ എൽ.ഇ.ഡി. അല്ലാതെയുള്ള തെരുവ് വിളക്കുകൾ ഉപയോഗിക്കുന്ന ഊർജ്ജം 15.7 മെഗാവാട്ടാണ്. ഈ വിളക്കുകൾ എൽ.ഇ.ഡി. ആകുമ്പോൾ ആവശ്യമായ ഊർജ്ജം വെറും 9.6 മെഗാവാട്ടാണ്. ഇതുവഴി ലഭിക്കുന്ന ഊർജ്ജം 6.1 മെഗാവാട്ടുമാണ്. ഈ വൈദ്യുതി ഭാവിയിലേയ്ക്കുള്ള ഉപയോഗത്തിന് ഉപകരിക്കുകയും ചെയ്യും.

പട്ടിക: 4.3.1.6

ജില്ലയിൽ തെരുവുവിളക്കുകളുടെ വിശദാംശങ്ങൾ

തെരുവു വിളക്കുകൾ	എണ്ണം
സോഡിയം / മെർക്കുറി വേപ്പർ	16127
ഡബിൾ / സിംഗിൾ ട്യൂബ്	147725
സാധാരണ ബൾബ്	35448
സി.എഫ്.എൽ.	40175
എൽ.ഇ.ഡി.	5309

മുകളിൽ പരാമർശിച്ചിരിക്കുന്ന തെരുവ് വിളക്കുകൾക്ക് ആവശ്യമായ ആകെ ഊർജ്ജത്തിന്റെ കണക്കുകൾ പട്ടിക:4.3.1.7 ൽ സൂചിപ്പിക്കുന്നു.

പട്ടിക: 4.3.1.7

തെരുവ് വിളക്കുകൾക്ക് ആവശ്യമായ ഊർജ്ജം

തെരുവു വിളക്കുകൾ	മെഗാവാട്ട്
സോഡിയം / മെർക്കുറി വേപ്പർ	3.63
ഡബിൾ / സിംഗിൾ ട്യൂബ്	9.454
സാധാരണ ബൾബ്	7.8
സി.എഫ്.എൽ.	.8
എൽ.ഇ.ഡി.	.21

നിലവിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടുകൂടിയാണ് തെരുവുവിളക്കുകൾ സ്ഥാപിക്കുന്ന ജോലികൾ നടത്തുന്നത്. 2017–18 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയ 3.28 കോടി രൂപയുടെ പദ്ധതി പ്രവർത്തനങ്ങൾ പുരോഗമിച്ച് വരുന്നു. കൂടാതെ ഊർജ്ജ സംരക്ഷണത്തിന്റെ ഭാഗമായി തെരുവുവിളക്കുകൾ എൽ.ഇ.ഡി.യിലേയ്ക്ക് മാറ്റുന്നതിനായി 9 കോടി രൂപ തിരുവനന്തപുരം കോർപ്പറേഷൻ, കെ.എസ്.ഇ.ബി. ലിമിറ്റഡിന് നൽകിയിട്ടുണ്ട്. ഇതിന്റെ പ്രവർത്തനങ്ങളും പുരോഗമിക്കുന്നു. എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും തെരുവ് വിളക്കുകൾ എൽ.ഇ.ഡി.യിലേയ്ക്ക് മാറ്റാനുള്ള ശ്രമങ്ങൾ നടത്തുന്നപക്ഷം മേൽപ്പറഞ്ഞ വൈദ്യുതി ലാഭം ജില്ലയിൽ ഉണ്ടാക്കാൻ സാധിക്കും. വൈദ്യുതി എത്താൻ ബുദ്ധിമുട്ടുള്ള സ്ഥലങ്ങളിൽ സൗരോർജ്ജ തെരുവ്വിളക്കുകൾ സ്ഥാപിക്കാവുന്നതാണ്.

ദീർഘകാല ആവശ്യകത

ജില്ലയിലെ നിലവിലെ ആവശ്യകത 450 മെഗാവാട്ടാണ്. അടുത്ത 5 വർഷം കൊണ്ട് ഉണ്ടാകാവുന്ന പുരോഗതി കണക്കിലെടുത്ത് 170 മെഗാവാട്ടിന്റെ വർദ്ധനവും 15 വർഷം കൊണ്ട് ഉണ്ടാകുന്ന പുരോഗതി കണക്കിലെടുത്ത് 690 മെഗാവാട്ടിന്റെ വർദ്ധനവും ആണ് പ്രതീക്ഷിക്കുന്നത്. ഇതിൽ പ്രധാനമായും വിഴിഞ്ഞം അമ്പൂരി, വർക്കല, കിൻഫ്ര ഫിലിം വീഡിയോ പാർക്ക്, ടെക്സോസിറ്റി/സ്മാർട്ട് സിറ്റി, ടെക്നോപാർക്ക് വികസനം, ലൈറ്റ് മെട്രോ, ലൈഫ് സയൻസ് പാർക്ക്, കിൻഫ്ര തുടങ്ങിയ സ്ഥാപനങ്ങളിൽ/സ്ഥലങ്ങളിൽ സമീപഭാവിയിൽ വികസന പ്രവർത്തനങ്ങൾ ആരംഭിക്കുമെന്ന് പ്രതീക്ഷിക്കുന്നു. ഇതിന്റെ ആവശ്യകതകൾ പരിഗണിച്ച് പ്രതിവർഷം 6% വർദ്ധനവ് പ്രതീക്ഷിക്കുന്നു. മേൽപ്പറഞ്ഞ ആവശ്യകതകൾ ഉൾപ്പെടെ ആണ് 690 മെഗാവാട്ട് വർദ്ധനവ് പ്രതീക്ഷിക്കുന്നത്.

നിലവിൽ ലഭ്യമായിക്കൊണ്ടിരിക്കുന്ന ജലവൈദ്യുതി, പാരമ്പര്യേതര ഊർജ്ജസ്രോതസ്സുകൾ, മറ്റ് അയൽസംസ്ഥാനങ്ങളിൽ നിന്നും കെ.എസ്.ഇ.ബി. ലിമിറ്റഡിന് ലഭ്യമാകുന്ന വൈദ്യുതി, ഇതിനു പുറമേ അടുത്ത 5 വർഷം കൊണ്ട് കെ.എസ്.ഇ.ബി. ലിമിറ്റഡും മറ്റ് ഏജൻസി (അനെർട്ട്, ഇ.എം.സി., കോർപ്പറേഷൻ) മുഖാന്തരവും നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികളിൽ നിന്നും ലഭ്യമാകുന്ന വൈദ്യുതിയും ഉപയോഗിച്ച് വരുന്ന 5 വർഷത്തെ അധിക ആവശ്യകത (170MW) നിറവേറ്റാവുന്നതാണ്. എന്നാൽ ജില്ലയിലെ ഉത്പാദനശേഷി വർദ്ധിപ്പിക്കേണ്ടതായിട്ടുണ്ട്. ഇതിന്റെ ഭാഗമായി അനെർട്ട്, ഇ.എം.സി. കോർപ്പറേഷൻ, കെ.എസ്.ഇ.ബി. ലിമിറ്റഡ് എന്നീ ഏജൻസികൾ സാധ്യതാപഠനം നടത്തിക്കൊണ്ടിരിക്കുന്നതും നിലവിൽ പ്രാവർത്തികമാക്കാൻ സാധിക്കുന്നതുമായ പദ്ധതികൾ നടപ്പിലാക്കേണ്ടതുണ്ട്.

ജലവൈദ്യുത പദ്ധതികൾ

വൈദ്യുതി ഉത്പാദനരംഗത്ത് വളരെ ലാഭകരവും, പരിസ്ഥിതി മലിനീകരണം ഉണ്ടാക്കാത്തതും, പ്രകൃതിക്ക് അനുയോജ്യമായ രീതിയിലുള്ളതുമായ വൈദ്യുതി ലഭ്യമാകുന്നത് ജലവൈദ്യുത പദ്ധതികളിൽ നിന്നുമാണ്. അതുകൊണ്ട് തന്നെ ജലവൈദ്യുതി പദ്ധതി വളരെയേറെ പ്രാധാന്യം അർഹിക്കുന്നതാണ്. എന്നാൽ ജില്ലയിലെ ഭൂപ്രകൃതി അനുസരിച്ച് ജലവൈദ്യുതി പദ്ധതികൾ നിർമ്മിക്കുന്നതിനനുയോജ്യമായ സ്ഥലങ്ങൾ വിരളമാണ്. ജില്ലയിലെ കരമനയാർ, നെയ്യാർ, വാമനപുരം നദികളിലെ മിനി ജലവൈദ്യുത പദ്ധതികളുടെ സാധ്യതാപഠനം 2018 ഫെബ്രുവരിയോടുകൂടി കെ.എസ്.ഇ.ബി. പൂർത്തിയാക്കുന്നതാണ്.

സാധ്യമായ പദ്ധതികൾ

- നിലവിലുള്ള പേപ്പാറ പദ്ധതിയിൽ നിന്നും പുറത്തുവിടുന്ന ജലം ഉപയോഗിച്ച് വൈദ്യുതി ഉത്പാദിപ്പിക്കുന്ന പദ്ധതി.
- മീൻമുട്ടി പദ്ധതിയുടെ രണ്ടാം ഭാഗം കല്ലാർ മീൻമുട്ടി.
- നെയ്യാർഡാമിന്റെ ഇടതുകര വലതുകര കനാലുകൾ ഉപയോഗിച്ച് ജലവൈദ്യുതി പദ്ധതിയുടെ സാധ്യത.
- എനർജി മാനേജ്മെന്റ് സെന്ററിന്റെ അധീനതയിൽ കാടുവെട്ടി (തിരുവനന്തപുരം കോർപ്പറേഷനിൽ ശാസ്തമംഗലത്ത്) എന്ന സ്ഥലത്ത് 20 KW ന്റെ മൈക്രോ ജലവൈദ്യുത പദ്ധതി.
- മരുതംകുഴിയിൽ 10 KW ന്റെ മൈക്രോ ജല വൈദ്യുത പദ്ധതി നടപ്പിലാക്കുന്നതിനുള്ള പഠനങ്ങൾ പൂർത്തിയായി വരുന്നു.

➢ **ഹൈമാസ്റ്റ്/ മിനിമാസ്റ്റ് ലൈറ്റുകൾ**

ജില്ലയിൽ വ്യാപകമായി ഘടിപ്പിച്ചിട്ടുള്ള തെരുവ് വിളക്കുകളാണ് ഹൈമാസ്റ്റ്, മിനിമാസ്റ്റ് ലൈറ്റുകൾ ആദ്യഘട്ടത്തിൽ രാത്രികാലങ്ങളിൽ പൊതുജനങ്ങൾക്ക് വളരെയധികം പ്രയോജനപ്പെടുന്ന സ്ഥലങ്ങളിലാണ് സ്ഥാപിച്ചിരുന്നത്. എന്നാൽ ക്രമേണ ജില്ലയിൽ ആവശ്യകത കണക്കിലെടുക്കാതെ വ്യാപകമായി ഇവ സ്ഥാപിച്ച് കാണുന്നു. വളരെയേറെ ചെലവ് വരുന്ന ഈ ലൈറ്റുകൾ പല സ്ഥലങ്ങളിലും പ്രകാശിക്കാതിരിക്കുന്നത് കാണാം. സാധാരണയായി ഇവ എം.എൽ.എ., എം.പി. ഫണ്ടുകൾ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വഴിയാണ് സ്ഥാപിക്കുന്നത്. കൂടാതെ എം.പി., എം.എൽ.എ. ഫണ്ട് ഉപയോഗിച്ച് സ്ഥാപിച്ച് കഴിഞ്ഞാൽ വൈദ്യുതി ചാർജ് നൽകേണ്ടതും, ഭാവിയിലെ അറ്റകുറ്റപണികളുടെ ചുമതല വഹിക്കേണ്ടതും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളാണ്. എന്നാൽ ഇത് യഥാസമയം

നടക്കാത്തതുകൊണ്ടാണ് പല സ്ഥലങ്ങളിലും ഇത്തരം തെരുവ്വിളക്കുകൾ പ്രവർത്തിക്കാതിരിക്കുന്നത്.

ഇതിനുപുറമെ ഇത്തരം ലൈറ്റുകൾ സ്ഥാപിച്ചതിന് സമീപമുള്ള സാധാരണ തെരുവ് വിളക്കുകളും പ്രകാശിക്കുന്നതായി കാണാം. ഇതുവഴി വളരെയധികം ഊർജ്ജ നഷ്ടവും സംഭവിക്കുന്നുണ്ട്.

പ്രശ്നപരിഹാരമായി

- ഇത്തരം തെരുവ് വിളക്കുകൾ ഒഴിച്ച് കൂടാനാവാത്ത സ്ഥലങ്ങളിൽ മാത്രം സ്ഥാപിക്കുക.
- അറ്റകുറ്റപണികളുടെ ചുമതല ആദ്യാ–അവസാനം സ്ഥാപിക്കുന്ന കമ്പനികളെ തന്നെ ഏൽപ്പിക്കുക.
- ഹൈമാസ്റ്റ്, മിനിമാസ്റ്റ് ലൈറ്റുകൾ സ്ഥാപിക്കുമ്പോൾ നിലവിൽ ഇതിന് സമീപം സ്ഥിതി ചെയ്യുന്ന സാധാരണ തെരുവ് വിളക്കുകൾ മാറ്റി സ്ഥാപിക്കുന്നതിന് വേണ്ടുന്ന നടപടികൾ അതത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ സ്വീകരിക്കുക.

ഊർജ്ജ മേഖലയുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ

- ഊർജ്ജോത്പാദനത്തിൽ സ്വയംപര്യാപ്തത നേടുക.
- ഉല്പാദനം ചെയ്യപ്പെടുന്ന വൈദ്യുതി തടസ്സം കൂടാതെ ഉപഭോക്താക്കൾക്ക് എത്തിക്കുക.
- ഇടയ്ക്കിടെ ഉണ്ടാകുന്ന വൈദ്യുത അപകടങ്ങൾ
- റോഡുകൾ പുനർ നിർമിക്കുമ്പോൾ മാറ്റി സ്ഥാപിക്കേണ്ടി വരുന്ന ഭൂഗർഭ കേബിളുകൾ
- പ്രകൃതിക്ഷോഭം മൂലമുണ്ടാകുന്ന വൈദ്യുതി തകരാറുകൾ.

ഊർജ്ജ സംരക്ഷണം

ജില്ലയിൽ ഇതുവരെ 12 ലക്ഷം എൽ.ഇ.ഡി. ബൾബുകൾ ഡൊമസ്റ്റിക് എനർജി എഫിഷ്യന്റ് ലൈറ്റിംഗ് പദ്ധതി പ്രകാരം വിതരണം ചെയ്തിട്ടുണ്ട്. ഇതുവഴി 29.48 മെഗാവാട്ട് വൈദ്യുതി ലാഭിക്കാൻ സാധിച്ചിട്ടുണ്ട്. വൈദ്യുതി ബോർഡിന്റെ എസ്കോർട്ട് വിഭാഗം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും ലഭ്യമാകുന്ന ഫണ്ട് ഉപയോഗിച്ച് ഊർജ്ജ ഓഡിറ്റിംഗ് നടത്തുകയും അതിന്റെ നിർദ്ദേശങ്ങൾ പ്രാവർത്തികമാക്കുകയും ചെയ്തുവരുന്നു. ഇതിനോടനുബന്ധിച്ച് തിരുവനന്തപുരം ഗവ. മെഡിക്കൽ കോളേജ് എനർജി ഓഡിറ്റിംഗ് നടത്തുകയും ആവശ്യമായ നിർദ്ദേശങ്ങൾ നല്കുകയും ചെയ്തിട്ടുണ്ട്. കെ.എസ്.ഇ.ബി. യിലെ ഡി.എസ്.എം. സെല്ലുകളുടെ ആഭിമുഖ്യത്തിൽ ഉപഭോക്താക്കളെയും വിദ്യാർത്ഥികളെയും കാര്യക്ഷമമായ ഊർജ്ജ ഉപഭോഗത്തെക്കുറിച്ച് ബോധവൽക്കരിക്കുകയും ഊർജ്ജ ക്ഷമത കൂടിയ ഉത്പന്നങ്ങളെ പരിചയപ്പെടുത്തുകയും ചെയ്തുവരുന്നു.

സർക്കാരുമായി സഹകരിച്ച് പേയാട് ഇലക്ട്രിക്കൽ സെക്ഷന്റെ പരിധിയിൽ ഹൈവോൾട്ടേജ് ഡിസ്ട്രിബ്യൂഷൻ സമ്പ്രദായം നടപ്പിലാക്കി. വെള്ളായണി കാർഷിക കോളേജിലുണ്ടായിരുന്ന 50 എച്ച്.പി. പെട്ടി–പറയ്ക്ക് പകരമായി 7.5 എച്ച്.പി.യുടെ ഉയർന്ന ഊർജ്ജക്ഷമതയുള്ള നാല് സബ് ഇമേഴ്സബിൾ പമ്പുകൾ സ്ഥാപിക്കുകയുണ്ടായി. കെ.എസ്.ഇ.ബി.യും സർക്കാരും ചേർന്ന് പൊതുജനങ്ങൾക്ക് ഇലക്ട്രിക് വാഹനങ്ങൾ സുപരിചിതമാക്കുകയും, എനർജി സേവ് ചെയ്യുക, മലിനീകരണം തടയുക എന്നീ ലക്ഷ്യങ്ങൾക്കായി ജില്ലയിൽ രണ്ട് പോയിന്റുകളിലായി (വൈദ്യുതി ഭവൻ, ടെക്നോപാർക്ക്) നാല് കാറുകൾ മണിക്കൂറിന് 100 രൂപ നിരക്കിൽ നൽകുന്നതിനുള്ള പദ്ധതികൾ എന്നിവ തയ്യാറാക്കി വരുന്നു. തിരുവനന്തപുരം വൈദ്യുതി ഭവനിലും പ്രസരണ വിതരണവിഭാഗം കെട്ടിടങ്ങളുടെ മേൽക്കൂരയിലുമായി 295 കെ.ഡബ്ല്യൂ.പി റൂഫ് ടോപ്പ് സൗരോർജ്ജനിലയങ്ങൾ സ്ഥാപിച്ചു.

വർദ്ധിച്ചുവരുന്ന ജനസംഖ്യാനുപാതത്തിനനുസരിച്ച് വൈദ്യുതി ഉപയോഗവും വർദ്ധിക്കുന്നുണ്ട്. എന്നാൽ ഇതിന് ആനുപാതികമായുള്ള വൈദ്യുതി ഉത്പാദനം നമ്മുടെ ജില്ലയിൽ ഉണ്ടാക്കാൻ സാധിക്കുന്നില്ല. അതുകൊണ്ട് തന്നെ ഊർജ്ജസംരക്ഷണത്തിന്റെ പ്രസക്തിയ്ക്ക് വളരെയധികം പ്രാധാന്യം അർഹിക്കുന്നു. പാരമ്പര്യേതര ഊർജ്ജ സ്രോതസ്സുകളിൽ നിന്നും കൂടുതൽ വൈദ്യുതി ഉത്പാദിപ്പിക്കുകയും നിലവിലുള്ള ഉത്പാദനം ആവശ്യാനുസരണം ഫലപ്രദമായി ഉപയോഗിക്കുകയും വേണം. ഇതിനുവേണ്ടി

കെ.എസ്.ഇ.ബി.യും എനർജി മാനേജ്മെന്റ് സെന്ററും ജില്ലയിൽ പല പദ്ധതികളും ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു.

എനർജി ഓഡിറ്റ് നടത്തേണ്ടതിന്റെ ആവശ്യകത

2001 ലെ എനർജി കൺസർവേഷൻ ആക്റ്റ് പ്രകാരമാണ് എനർജി ആഡിറ്റ് നടപ്പിലാക്കി വരുന്നത്. ഒരു സ്ഥാപനത്തിൽ എനർജി ഓഡിറ്റ് നടപ്പിലാക്കുന്നതിനായി വൈദ്യുതി ഉപയോഗത്തിന്റെ പരിശോധന, വീക്ഷണം, വിശകലനം തുടങ്ങി സാങ്കേതിക റിപ്പോർട്ട് സമർപ്പണം വരെയുള്ള പല തലങ്ങളുണ്ട്. ഇതിന്റെ പ്രധാന ലക്ഷ്യം വൈദ്യുതി പാഴാക്കാതെ കാര്യക്ഷമമായി, ലാഭകരമായി എങ്ങനെ ഒരു സ്ഥാപനത്തിൽ ഉപയോഗിക്കാം എന്നുള്ളതാണ്. എനർജി ഓഡിറ്റ് ഒരു വ്യവസായ നടത്തിപ്പിന്റെ ആസൂത്രണത്തിലെ നാഴികല്ലാണ്.

ജില്ലയിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നിലവിലുള്ള 244784 എണ്ണം തെരുവ് വിളക്കുകൾ എൽ.ഇ.ഡി. യിലേയ്ക്കു മാറ്റുമ്പോൾ 6.104 മെഗാവാട്ട് വൈദ്യുതി ലാഭിക്കുവാൻ സാധിക്കും. ഇതിനുവേണ്ടി കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ സഹായത്തോടെ നിരവധി പദ്ധതികൾ തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾ ആരംഭിച്ചു കഴിഞ്ഞു. ഇതിന് പുറമെ സംസ്ഥാനത്തുടനീളമുള്ള തെരുവ് വിളക്കുകൾ എൽ.ഇ.ഡി. ആക്കുന്നതിനുള്ള 538 കോടി രൂപയുടെ ഒരു ബൃഹത് പദ്ധതി വൈദ്യുതി ബോർഡ് കേരള സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. ജില്ലയിലെ വിതുര ഗ്രാമപഞ്ചായത്തിൽ എനർജി മാനേജ്മെന്റ് സെന്ററിന്റെ ആഭിമുഖ്യത്തിൽ എൽ.ഇ.ഡി. വില്ലേജ് പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. ഈ പദ്ധതി പ്രകാരം 25 വാട്ട്സിന്റെ 50 എൽ.ഇ.ഡി. തെരുവ് വിളക്കുകൾ പഞ്ചായത്തിലെ വിവിധ ഭാഗങ്ങളിൽ സ്ഥാപിച്ചു കഴിഞ്ഞു. ഗാർഹികഉപഭോക്താക്കൾക്ക് സാധാരണ ഫിലമെന്റ് ബൾബുകൾക്ക് പകരം എൽ.ഇ.ഡി. ഉപയോഗിക്കുന്നതിനുള്ള വിവിധ പദ്ധതികൾ കെ.എസ്.ഇ.ബി. ലിമിറ്റഡിന്റെ ഡിമാന്റ് എഫിഷ്യന്റ് ലൈറ്റിംഗ് പദ്ധതി പ്രകാരം ജില്ലയിൽ നടപ്പിലാക്കി. ഈ പദ്ധതി പ്രകാരം എൽ.ഇ.ഡി. സ്ഥാപിക്കുമ്പോഴുണ്ടാകുന്ന ലാഭം വരുന്ന വൈദ്യുതിയുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

എൽ.ഇ.ഡി. ബൾബിന്റെ ശേഷി	9 വാട്ട്
ഇതുവരെ നൽകിയ എൽ.ഇ.ഡി. ബൾബുകളുടെ എണ്ണം	1200000
എൽ.ഇ.ഡി. ഉപയോഗിച്ച് മാറ്റാവുന്ന ഏകദേശം ട്യൂബ് ലൈറ്റുകൾ	397051
എൽ.ഇ.ഡി. ഉപയോഗിച്ച് മാറ്റാവുന്ന ഏകദേശം സാധാ ബൾബുകൾ	352949
എൽ.ഇ.ഡി. ഉപയോഗിച്ച് മാറ്റാവുന്ന ഏകദേശം സി.എഫ്. എൽ	450000
മാറുന്ന ട്യൂബ്ലൈറ്റ്, സാധാ ബൾബ്, സി.എഫ്.എൽ. എന്നിവ ഉപയോഗിക്കുന്ന ഊർജ്ജം (397051 X 40 + 352949 X 60 + 450000 X 15 (15.88 മെഗാവാട്ട്സ് + 21.17 മെഗാവാട്ട്സ് + 6.75 മെഗാവാട്ട്സ്)	ആകെ 43. 8 മെഗാ വാട്ട്സ്
എൽ.ഇ.ഡി. ആകുമ്പോൾ ഉപയോഗിക്കുന്ന വൈദ്യുതി	1200000 X 9 = 10800000 (10.8 മെഗാവാട്ട്സ്)
ലാഭിക്കുന്ന ഊർജ്ജം	43.8 – 10.8 33 മെഗാവാട്ട്സ്

ഊർജ്ജക്ഷമത കൂടിയ ഉപകരണങ്ങൾ സ്ഥാപിച്ച് ഊർജ്ജം സംരക്ഷിക്കുന്നതിന്റെ പ്രധാന വേദിയാണ് വീടുകൾ. ഊർജ്ജ കാര്യക്ഷമത കൂടിയ വൈദ്യുതി ഉപകരണങ്ങളുടെ ഉപയോഗം പ്രോത്സാഹിപ്പിക്കുന്നതിനായി ബ്യൂറോ ഓഫ് എനർജി എഫിഷ്യൻസി സ്റ്റാർ ലേബലിംഗ് പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. ഇവയുടെ പ്രചാരം വർദ്ധിപ്പിക്കുന്നതിനായി എനർജി മാനേജ്മെന്റ് സെന്ററിന്റെ ആഭിമുഖ്യത്തിൽ നിരവധി ബോധവത്കരണ പരിപാടികൾ നടത്തി വരുന്നു.

ഊർജ്ജ മേഖലയുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ

ഊർജ്ജ മേഖല നേരിടുന്ന പ്രശ്നങ്ങൾ നിരവധിയാണ്.

- ഊർജ്ജോത്പാദനത്തിൽ സ്വയം പര്യാപ്തത നേടുക.
- ഉത്പാദനം ചെയ്യപ്പെടുന്ന വൈദ്യുതി തടസ്സം കൂടാതെ ഉപഭോക്താക്കൾക്ക് എത്തിക്കുക.
- ഗുണമേന്മയുള്ള വൈദ്യുതി ഉപഭോക്താക്കൾക്ക് എത്തിക്കുക.
- ഇടയ്ക്കിടെ ഉണ്ടാകുന്ന വൈദ്യുത അപകടങ്ങൾ

- റോഡുകൾ പുനർ നിർമിക്കുമ്പോൾ മാറ്റി സ്ഥാപിക്കേണ്ടി വരുന്ന ഭൂഗർഭ കേബിളുകൾ
- പ്രകൃതിക്ഷോഭം മൂലമുണ്ടാകുന്ന വൈദ്യുതി തകരാറുകൾ.

വൈദ്യുതി അപകടങ്ങൾ

ജില്ലയിൽ 2016 വർഷത്തിൽ ആകെ 47 വൈദ്യുതി അപകടങ്ങൾ സംഭവിക്കുകയുണ്ടായി. ഈ വൈദ്യുതി അപകടങ്ങളിൽ 21 പേർക്ക് ജീവൻ നഷ്ടപ്പെടുകയും 26 പേർക്ക് അംഗവൈകല്യം സംഭവിക്കുകയുമുണ്ടായി. കൂടാതെ 2017 വർഷത്തിൽ ഇതുവരെ 34 വൈദ്യുതി അപകടങ്ങൾ സംഭവിച്ചതിൽ 17 പേർക്ക് ജീവൻ നഷ്ടപ്പെടുകയും 17 പേർക്ക് അംഗവൈകല്യം സംഭവിക്കുകയും ചെയ്തിട്ടുണ്ട്. മുകളിൽ പറഞ്ഞ വൈദ്യുതി അപകടകാരണങ്ങൾ പരിശോധിച്ചതിൽ പൊതുജനങ്ങളുടെയും, വൈദ്യുതി ബോർഡ് ജീവനക്കാരുടെയും, കരാർ തൊഴിലാളികളുടെയും ശ്രദ്ധക്കുറവാണ് പ്രധാനകാരണമെന്ന് മനസ്സിലാക്കാം. കൂടാതെ പ്രകൃതിക്ഷോഭം മൂലം വൈദ്യുതി അപകടങ്ങൾ സംഭവിച്ചിട്ടുണ്ട്. ഇത് പരിഹരിക്കുന്നതിനായി കെ.എസ്.ഇ.ബി.യുടെയും ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റിന്റെയും നേതൃത്വത്തിൽ നിരവധി ട്രെയിനിംഗ് പ്രോഗ്രാമുകളും പൊതുജന ബോധവത്ക്കരണ പരിപാടിയും നടപ്പിലാക്കി വരുന്നുണ്ട്. ഇത്തരം ബോധവത്കരണ പരിപാടികളിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയും റസിഡൻസ് അസ്സോസിയേഷനുകളുടെയും പങ്കാളിത്തം ഉറപ്പ് വരുത്തുന്നത് ഉചിതമായിരിക്കും. വൈദ്യുതി പ്രതിഷ്ഠാപനങ്ങളിൽ പണിയെടുക്കുന്ന ജീവനക്കാർക്കും, തൊഴിലാളികൾക്കും വേണ്ടുന്ന സുരക്ഷാ ഉപകരണങ്ങൾ വാങ്ങി നല്കുന്നുണ്ട്. കൂടാതെ വൈദ്യുതി ബോർഡ് കാലാകാലങ്ങളിൽ വൈദ്യുതി ലൈനിൽ മുട്ടി നിൽക്കുന്ന മരത്തിന്റെ ശിഖരങ്ങൾ മുറിച്ച് മാറ്റുകയും കാലപഴക്കം ചെന്ന വൈദ്യുതികമ്പികൾ മാറ്റി സ്ഥാപിക്കുകയും ചെയ്യുന്നുണ്ട്.

ഭാവിയിൽ വൈദ്യുതി അപകടങ്ങൾ ഒഴിവാക്കുന്നതിനായി പ്രധാനമായും കവചിത വൈദ്യുതി ലൈനുകളും ഭൂഗർഭ കേബിളുകളും സ്ഥാപിക്കേണ്ടതായിട്ടുണ്ട്. ഇതിനുവേണ്ടി വരുന്ന മൂലധനം വളരെ കൂടുതലാണ്. കൂടാതെ വൈദ്യുതി പ്രതിഷ്ഠാപനങ്ങളിൽ പണിയെടുക്കുന്ന എല്ലാ തൊഴിലാളികൾക്കും ആധുനിക സുരക്ഷ ഉപകരണങ്ങൾ നല്കുകയും അവ യഥാക്രമം ഉപയോഗിക്കുന്നതിനുവേണ്ടിയുള്ള പരിശീലനം നൽകുകയും ഉപയോഗിക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തുകയും ചെയ്യേണ്ടതായിട്ടുണ്ട്.

ഇ.എം.സി. & അനെർട്ട് എന്നിവയുടെ വിശദാംശങ്ങൾ

ഇ.എം.സി.

ഊർജ്ജ സംരക്ഷണ നിയമം പ്രാവർത്തികമാക്കുന്നതിന് സർക്കാരുമായി ചേർന്ന് പ്രവർത്തിക്കുന്ന സ്റ്റേറ്റ് ഡെസിഗ്നേറ്റഡ് ഏജൻസിയാണ് എനർജി മാനേജ്മെന്റ് സെന്റർ. ഊർജ്ജ രംഗത്ത് പുതിയ പദ്ധതികൾ കൊണ്ടുവരുന്നതിനും ഊർജ്ജ സംരക്ഷണത്തിനുമായി നടത്തുന്ന പ്രവർത്തനങ്ങൾ ചുവടെ ചേർക്കുന്നു.

- എനർജി മാനേജ്മെന്റ് സെന്ററിന്റെ അധീനതയിൽ കാടുവെട്ടി (തിരുവനന്തപുരം കോർപ്പറേഷനിൽ ശാസ്തമംഗലത്ത്) എന്ന സ്ഥലത്ത് 20 കിലോ വാട്ട്സിന്റെ മൈക്രോ ജലവൈദ്യുത പദ്ധതി.
- എനർജി മാനേജ്മെന്റ് സെന്ററിന്റെ നേതൃത്വത്തിൽ മരുതംകുഴിയിൽ 10 കിലോ വാട്ട്സിന്റെ മൈക്രോ ജല വൈദ്യുത പദ്ധതി – സാധ്യതാ പഠനം നടക്കുന്നു.
- നിലവിലുള്ള പേപ്പാറ പദ്ധതിയിൽ നിന്നും പുറത്തുവിടുന്ന ജലം ഉപയോഗിച്ച് വൈദ്യുതി ഉത്പാദിപ്പിക്കുന്ന പദ്ധതി.
- മീൻമുട്ടി പദ്ധതിയുടെ രണ്ടാം ഭാഗം കല്ലാർ മീൻമുട്ടി.
- നെയ്യാർഡാമിന്റെ ഇടതുകര വലതുകര കനാലുകൾ ഉപയോഗിച്ച് ജലവൈദ്യുതി പദ്ധതിയുടെ സാധ്യത
- കോർപ്പറേഷൻ പരിധിയ്ക്കുള്ളിൽ വരുന്ന ആറ്റുകാൽ ഭാഗത്ത് 45 വാട്ട്സിന്റെ 100 എൽ.ഇ.ഡി. തെരുവ് വിളക്കുകൾ സ്ഥാപിച്ച് പ്രവർത്തനക്ഷമമാക്കിയിട്ടുണ്ട്.
- വഴുതക്കാട് വെള്ളയമ്പലം റോഡിൽ 100 വാട്ട്സിന്റെ 70 എൽ.എ.ഡി. തെരുവ് വിളക്കുകൾ സ്ഥാപിച്ച് പ്രവർത്തനക്ഷമമാക്കിയിട്ടുണ്ട്.

- ശ്രീകാര്യം കുളത്തൂർ റോഡിൽ 45 വാട്ട്സിന്റെ 226 എൽ.ഇ.ഡി. തെരുവ് വിളക്കുകൾ സ്ഥാപിച്ച് പ്രവർത്തനക്ഷമമാക്കിയിട്ടുണ്ട്.
- പുല്ലംമ്പാറ ഗ്രാമപഞ്ചായത്തിനെ 2017–18 സാമ്പത്തിക വർഷത്തിലെ മാതൃകാ ഊർജ്ജ സംരക്ഷണ ഗ്രാമപഞ്ചായത്ത് പദ്ധതി നടപ്പിലാക്കുന്നതിനായി തെരഞ്ഞെടുത്തിട്ടുണ്ട്.
- ഊർജ്ജ സംരക്ഷണത്തെക്കുറിച്ചുള്ള ബോധവൽക്കരണം നൽകുന്നതിനായി ക്ലാസ്സുകൾ നടത്തുകയും ലഘുലേഖകൾ വിതരണം ചെയ്യുകയും ചെയ്യുന്നു.
- സ്കൂൾ വിദ്യാർത്ഥികൾക്കായുള്ള സ്മാർട്ട് എനർജി പ്രോഗ്രാമിൽ ജില്ലയിലെ 345 സ്കൂളുകൾ എൻറോൾ ചെയ്തിട്ടുണ്ട്. ഈ സ്കൂളിലെ വിദ്യാർത്ഥികൾക്കായി ഊർജ്ജസംരക്ഷണത്തെക്കുറിച്ചുള്ള ബോധവൽക്കരണ ക്ലാസ്സുകൾ നടത്താറുണ്ട്.
- ഊർജ്ജോത്സവം പരിപാടിയുടെ ഭാഗമായി വിദ്യാർത്ഥികൾക്കായുള്ള പെയിന്റിംഗ്, ഉപന്യാസ മത്സരം, ക്വിസ് മത്സരം എന്നിവ നടത്തുകയും സമ്മാനങ്ങൾ വിതരണം ചെയ്യുകയും ചെയ്യുന്നു.
- 2015–16 വർഷത്തിൽ 5 സ്കൂളുകൾക്ക് 5 സ്റ്റാർ മുദ്രയുള്ള ഫാനുകൾ, 5 എൽ.ഇ.ഡി. ട്യൂബ് ലൈറ്റുകൾ, 5 എൽ.ഇ.ഡി. ബൾബുകൾ, 1 സ്ട്രീറ്റ് ലൈറ്റ് എന്നിവ വിതരണം ചെയ്തു.
- 2016–17 സാമ്പത്തിക വർഷത്തിൽ 36 സ്കൂളുകൾക്ക് 5 സ്റ്റാർ മുദ്രയുള്ള ഫാനുകൾ , 8 എൽ.ഇ.ഡി. ട്യൂബ് ലൈറ്റുകൾ, 5 എൽ.ഇ.ഡി. ബൾബുകൾ എന്നിവ വിതരണത്തിനായി തയ്യാറാക്കിയിട്ടുണ്ട്.
- ജില്ലയിലെ വിതുര ഗ്രാമപഞ്ചായത്തിൽ ഇ.എം.സി.യുടെ ആഭിമുഖ്യത്തിൽ എൽ.ഇ.ഡി. വില്ലേജ് പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. ഈ പദ്ധതി പ്രകാരം 25 വാട്സിന്റെ 50 എൽ.ഇ.ഡി. തെരുവ് വിളക്കുകൾ പഞ്ചായത്തിലെ വിവിധ ഭാഗങ്ങളിൽ സ്ഥാപിച്ചു കഴിഞ്ഞു. കൂടാതെ 750 കുടുംബങ്ങൾക്ക് സൗജന്യമായി 9 വാട്സിന്റെ 2 വീതം എൽ.ഇ.ഡി. ബൾബുകൾ നൽകുന്നതിന് തയ്യാറായിട്ടുണ്ട്.
- 2017–18 സാമ്പത്തിക വർഷത്തിൽ ഓരോ വിദ്യാഭ്യാസ ജില്ലയിലെ തെരഞ്ഞെടുക്കപ്പെട്ട ഒരു സ്കൂളിൽ അനെർട്ടിന്റെ സഹായത്തോടുകൂടി 2 കിലോ വാട്ടിന്റെ സോളാർ പവർ പ്ലാന്റ് സ്ഥാപിക്കാനുള്ള പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്.

അനെർട്ട്

പാരമ്പര്യേതര ഊർജ്ജ ഉത്പാദന രംഗത്ത് കുറെയേറെ സംഭാവനകൾ നൽകിയിട്ടുള്ള ഒരു സ്ഥാപനമാണ് അനെർട്ട്. ഇതിന്റെ പ്രധാനപ്പെട്ട രണ്ടു പദ്ധതികളാണ് സൗരോർജ്ജ മേൽക്കൂര പദ്ധതിയും ബയോഗ്യാസ് പദ്ധതിയും. ഇതിൽ സൗരോർജ്ജ മേൽക്കൂര പദ്ധതി തന്നെ രണ്ടു തരത്തിലുണ്ട്.

1. ശൃംഖലാബന്ധിത സൗര മേൽക്കൂര വൈദ്യുത പദ്ധതി
2. ശൃംഖലാബന്ധിതമല്ലാത്ത സൗര മേൽക്കൂര വൈദ്യുത പദ്ധതി

- ശൃംഖലാ ബന്ധിത സൗര മേൽക്കൂര പദ്ധതി പ്രകാരം 2 കിലോ വാട്ട്സ് മുതൽ 100 കിലോ വാട്ട്സ് വരെ ശേഷിയുള്ള വൈദ്യുത നിലയങ്ങൾ സ്ഥാപിക്കാവുന്നതാണ്. ഒരു കിലോ വാട്ട്സിൽ നിന്നും പ്രതിദിനം ഏകദേശം 3 മുതൽ 4 യൂണിറ്റ് വരെ വൈദ്യുതി ലഭിക്കുന്നതാണ്. ഉപഭോക്താവിന് അധികം ഉത്പാദിപ്പിക്കുന്ന വൈദ്യുതിയ്ക്ക് വില ലഭിക്കുകയോ മറ്റ് ഏതെങ്കിലും സ്ഥലത്ത് ഉപയോഗിക്കുന്നതിനോ സാധിക്കും. ഇത് പ്രകാരം ജില്ലയിൽ ആകെ 794 കിലോ വാട്ട്സ് ശേഷിയുള്ള **75** സൗരോർജ്ജ നിലയങ്ങൾ ഉണ്ട്.
- ശൃംഖലാ ബന്ധിതമല്ലാത്ത സൗരമേൽക്കൂര പദ്ധതി പ്രകാരം 1 കിലോ വാട്ട്സ് മുതൽ 5 കിലോ വാട്ട്സ് വരെ ശേഷിയുള്ള വൈദ്യുത നിലയങ്ങൾ സ്ഥാപിക്കാം. ഒരു കിലോവാട്ടിൽ നിന്ന് പ്രതിദിനം ഏകദേശം 3 യൂണിറ്റ് വൈദ്യുതി ലഭിക്കുന്നതാണ്. ഇത് പ്രകാരം ജില്ലയിൽ ആകെ 1182 കിലോവാട്ട്സ് ശേഷിയുള്ള 1152 സൗരോർജ്ജ നിലയങ്ങൾ ഉണ്ട്. ഇത് കൂടാതെ താഴെ പറയുന്ന പദ്ധതികളും അനെർട്ട് നടപ്പിലാക്കി വരുന്നുണ്ട്.

- കൈയിൽ കൊണ്ടു നടക്കാവുന്ന സൗര റാന്തൽ
- സൗര ഗാർഹിക വിളക്ക് സംവിധാനം
- സോളാർ തെരുവുവിളക്കുകൾ
- സോളാർ വേലി
- സോളാർ വാട്ടർ ഹീറ്റർ

പാചക ഇന്ധനം

ജില്ലയിൽ പ്രധാനമായും ഗ്രാമപ്രദേശങ്ങളിൽ വിറക് അടുപ്പുകളും പുകയില്ലാ അടുപ്പുകളും ഉപയോഗിച്ച് വരുന്നു. കൂടാതെ പാചകവാതക ഇന്ധനം ഉപയോഗിച്ചുള്ള അടുപ്പുകൾ ഗ്രാമനഗര വ്യത്യാസമില്ലാതെ വ്യാപകമായി ഉപയോഗിച്ച് വരുന്നു. വളരെ ചുരുക്കം ആളുകൾ ഇന്ധന ക്ഷമതയുള്ള ചൂടാറപ്പെട്ടിയും, ബയോഗ്യാസ് പ്ലാന്റും ഉപയോഗിച്ചു വരുന്നു. ജില്ലയിൽ ആകെ 870 ചൂടാറപ്പെട്ടികൾ ഉപയോഗിക്കുന്നു.

ബയോഗ്യാസ് പ്ലാന്റുകൾ

കേരളത്തിലെ സാമൂഹിക ആരോഗ്യപ്രശ്നമായി മാറിയിരിക്കുന്ന ഖരമാലിന്യ സംസ്കരണത്തോടൊപ്പം ഗ്യാസ് ഉത്പാദിപ്പിക്കുന്ന പദ്ധതിയാണ് ബയോഗ്യാസ് പ്ലാന്റുകൾ. ഉത്പാദിപ്പിക്കപ്പെടുന്ന ഗ്യാസിന്റെ അളവനുസരിച്ച് 0.65 ഘന. മീറ്റർ മുതൽ 6 ഘനമീറ്റർ വരെ പ്രതിദിന ഉത്പാദന ശേഷിയുള്ള ബയോഗ്യാസ് പ്ലാന്റുകൾ നിലവിലുണ്ട്. ഇത് പ്രകാരം ജില്ലയിൽ 1269 ബയോഗ്യാസ് പ്ലാന്റുകൾ സ്ഥാപിച്ചിട്ടുണ്ട്. അനെർട്ട് വഴി നടപ്പിലാക്കുന്ന പദ്ധതികൾക്ക് വായ്പാ/സബ്സിഡിസൗകര്യം ലഭിക്കുന്നതാണ്. ഇതുകൂടാതെ കെ.എസ്.ഇ.ബി.യുമായി സഹകരിച്ച് അനർട്ട് തിരുവനന്തപുരം കളക്ടറേറ്റ് മന്ദിരത്തിന് മുകളിൽ 53 KWP സ്ഥാപിത ശേഷിയുള്ള സൗരോർജ്ജ നിലയത്തിന്റെ രൂപരേഖ തയ്യാറാക്കിയിട്ടുണ്ട്.

ശ്രീകാര്യം മാർക്കറ്റ്, പാറശ്ശാല, പഴയകുന്നുമ്മേൽ, കരവാരം, കിളിമാനൂർ, അമ്പൂരി, വക്കം, ബാലരാമപുരം, കല്ലിയൂർ, നെയ്യാറ്റിൻകര, നെടുമങ്ങാട്, ആറ്റിങ്ങൽ മുൻസിപ്പാലിറ്റികൾ, തിരുവനന്തപുരം കോർപ്പറേഷനിലെ പാളയം മാർക്കറ്റുകൾപ്പെടെ ആറ് സ്ഥലങ്ങളിലും നിലവിൽ മാർക്കറ്റുകൾ കേന്ദ്രീകരിച്ചുള്ള തെരുവ് വിളക്കുകൾ പ്രകാശിപ്പിക്കുന്ന ബയോഗ്യാസ് പ്ലാന്റുകൾ സ്ഥാപിച്ചിട്ടുണ്ട്. ബയോഗ്യാസ് പ്ലാന്റുകൾ രണ്ട് തരത്തിൽ സമൂഹത്തിന് പ്രയോജനപ്പെടുന്നുണ്ട്. ഖരമാലിന്യം സംസ്കരണം കൂടാതെ വൈദ്യുതോർജ്ജം ലഭിക്കുന്നു. ബയോഗ്യാസ് പ്ലാന്റുകൾ ജില്ലയുടെ വിവിധ പ്രദേശങ്ങളിൽ സ്ഥാപിച്ചാൽ മാലിന്യ സംസ്കരണം വളരെ ഭംഗിയായി നടക്കുന്നതോടൊപ്പം വൈദ്യുതോർജ്ജമുപയോഗിച്ച് തെരുവ് വിളക്കുകൾ പ്രകാശിപ്പിക്കുന്നതിനും സാധിക്കും.

നൂതനാശയങ്ങൾ

- റോഡുകൾ നിർമ്മിക്കുമ്പോൾ തന്നെ വൈദ്യുതി, വാർത്താവിനിമയം എന്നിവയ്ക്ക് വേണ്ടുന്ന ട്രഞ്ചുകൾ സ്ഥാപിക്കുക. വൈദ്യുതി തടസ്സം, ഇടയ്ക്കിടെ റോഡ് കുഴിക്കുന്നത് ഒഴിവാക്കുക, ലാഭകരമായി കേബിളുകൾ സ്ഥാപിക്കുക, അപകടങ്ങൾ ഒഴിവാക്കുക, സൗകര്യപ്രദമായി കൈകാര്യം ചെയ്യുക എന്നിവയ്ക്ക് വേണ്ടി വൈദ്യുതി ട്രഞ്ചുകൾ സ്ഥാപിക്കേണ്ടത് വളരെ അത്യാവശ്യമാണ്.
- വൈദ്യുതി സുരക്ഷ, അപകടങ്ങൾ എന്നിവയെ മുൻനിർത്തി കെ.എസ്.ഇ.ബി. നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന ബോധവത്കരണ പരിപാടികൾക്ക് പുറമെ പൊതുജനങ്ങളുടെ ഇടയിൽ ത്രിതല പഞ്ചായത്ത്തലങ്ങളിൽ ബോധവത്കരണം നടപ്പിലാക്കുക.
- മലിനീകരണം ഒഴിവാക്കുക, ഊർജ്ജസംരക്ഷണം എന്നിവയുടെ ലക്ഷ്യപ്രാപ്തിക്കായി ഇന്ധനത്തിലും–വൈദ്യുതിയിലും പ്രവർത്തിക്കുന്ന വാഹനങ്ങളുടെ ഉപയോഗം വ്യാപകമാക്കുക.

ഏകോപന സംയോജന സാദ്ധ്യതയുള്ള പദ്ധതികൾ

1. മാർക്കറ്റുകൾ കേന്ദ്രീകരിച്ചുള്ള ബയോഗ്യാസ് പ്ലാന്റുകൾ

ഒരു ദിവസം 10 കിലോ ഗ്രാം ഖരമാലിന്യം ഉപയോഗിച്ച് ഒരു ക്യൂബിക് മീറ്റർ ബയോഗ്യാസ് ഉത്പാദിപ്പിക്കാൻ സാധിക്കും. അനർട്ട്, ശുചിത്വമിഷൻ പോലുള്ള ഏജൻസികൾ വഴി പോർട്ടബിൾ ബയോഗ്യാസ് പ്ലാന്റിന്റെ പ്രചാരം വർദ്ധിപ്പിക്കാവുന്നതാണ്. കൂടാതെ 10 കിലോ ഗ്രാം ഖരമാലിന്യം ഉപയോഗിച്ച് 1 KWH

വൈദ്യുതിയും ഉത്പാദിപ്പിക്കാവുന്നതാണ്. പുതുതായി ആരംഭിക്കുന്ന വൈദ്യുതി ഉത്പാദന ബയോഗ്യാസ് പ്ലാന്റിന് ഗ്യാസ് ഉത്പാദിപ്പിക്കുന്ന പ്ലാന്റിനെ അപേക്ഷിച്ച് ഇരട്ടിയിലേറെ രൂപ ചെലവഴിക്കേണ്ടി വരും. ഈ പദ്ധതി മാർക്കറ്റുകൾ കേന്ദ്രീകരിച്ച് നടപ്പിലാക്കുകയാണെങ്കിൽ മാലിന്യനിർമ്മാർജ്ജനത്തോടൊപ്പം തെരുവ് വിളക്കുകൾ പ്രകാശിപ്പിക്കുന്നതിനുള്ള വൈദ്യൂതി ഉത്പാദിപ്പിക്കുന്നതിനും സാധിക്കും.

2. **എനർജി കൺസർവേഷന്റെ ഭാഗമായി നടത്തുന്ന സോളാർ പീക്ക്ലോഡ് മിനിമൈസർ (സൺ ഷിഫ്റ്റ്) പദ്ധതി.**

ഈ പദ്ധതി പ്രകാരം 100 വാൾട്ട്സിന്റെ രണ്ട് സോളാർ പാനൽ 500 വാൾട്ടിന്റെ ഇൻവെർട്ടർ എന്നിവ ഉപയോഗിച്ച് പകൽ സമയത്ത് ബാറ്ററി ചാർജ് ചെയ്യുകയും പീക്ക് ലോഡ് സമയത്ത് (വൈകിട്ട് 6 മുതൽ 10 വരെയുള്ള സമയം), സംഭരിച്ചു വയ്ക്കുന്ന വൈദ്യുതി വീടുകളിൽ ഉപയോഗിക്കാനുമാകും. ഇത്തരം പതിനായിരം എണ്ണം സ്ഥാപിക്കുന്നതിലൂടെ രണ്ട് മെഗാവാട്ട് വൈദ്യുതി ലാഭിക്കാനാകും. അറുപതിനായിരം രൂപ ചെലവുവരുന്ന ഈ പദ്ധതിക്ക് കേന്ദ്രമാനദണ്ഡമനുസരിച്ചുള്ള സബ്സിഡിയും ലഭ്യമാണ്. ഉപഭോക്താവിനെ സംബന്ധിച്ച് കറന്റ് ചാർജിൽ ഗണ്യമായ കുറവും ഉത്പാദിപ്പിക്കപ്പെടുന്ന ഓരോ യൂണിറ്റ് വൈദ്യുതിക്കും 1 രൂപ നിരക്കിൽ സബ്സിഡിയും ലഭിക്കും.

3. **കാർബൺ രഹിത സ്ഥാപനങ്ങൾ / ഓഫീസുകൾ–ഓഫീസുകളിലും, പബ്ലിക് പ്രൈവറ്റ് സ്ഥാപനങ്ങളിലും ശൃംഖലാബന്ധിത സൗരോർജ്ജ പദ്ധതി.**

ഈ പദ്ധതി പ്രകാരം 2 kwp മുതൽ 500 kwp വരെ ശേഷിയുള്ള വൈദ്യുതനിലയങ്ങൾ സ്ഥാപിക്കാവുന്നതാണ്. കെട്ടിടങ്ങളുടെ മേൽക്കൂര, തുറസ്സായ സ്ഥലങ്ങൾ എന്നിവിടങ്ങളിൽ ഇവ സ്ഥാപിക്കാവുന്നതാണ്. 1 kwp നിലയത്തിൽ നിന്നും പ്രതിദിനം ഏകദേശം 3 മുതൽ 4 യൂണിറ്റുവരെ വൈദ്യുതി ലഭിക്കുന്നതാണ്. ഉപഭോക്താവിന് അധികം ഉത്പാദിപ്പിക്കുന്ന വൈദ്യുതിയ്ക്ക് വില ലഭിക്കുകയോ മറ്റ് ഏതെങ്കിലും സ്ഥലത്ത് ഉപയോഗിക്കുന്നതിനോ സാധിക്കും. നിലവിൽ ഇത് പ്രകാരം ജില്ലയിൽ 794 kwp ശേഷിയുള്ള വൈദ്യുത നിലയങ്ങൾ ഉണ്ട്. 1 kwp സൗരോർജ്ജനിലയം സ്ഥാപിക്കുന്നതിന് 10 സ്ക്വയർ മീറ്റർ സ്ഥലം ആവശ്യമാണ്. 10 kwp വരെയുള്ള നിലയം സ്ഥാപിക്കുന്നതിന് 70000 രൂപയും 100 kwp വരെ 65000 രൂപയും 500 kwp വരെ 60000 രൂപയുമാണ് ചെലവ് വരുന്നത്. ഗ്രൗണ്ട് മൗണ്ടഡ് 1 mwp നിലയം സ്ഥാപിക്കുന്നതിന് 5 ഏക്കർ സ്ഥലവും 5.3 കോടി രൂപയും ആവശ്യമാണ്. ഇത് സ്ഥാപിക്കുന്നതിനുവേണ്ടി കെ.എസ്.ഇ.ബി.യെയൊ, അനർട്ടിനെയൊ സമീപിക്കാവുന്നതാണ്. MNRE പ്രകാരമുള്ള സബ്സിഡിയും ലഭ്യമാകുന്നതാണ്.

നിർദ്ദേശങ്ങൾ

- വൈദ്യുതി എത്തിക്കാൻ സാധിക്കാത്ത സ്ഥലങ്ങളിൽ സോളാർ പാനൽ സ്ഥാപിച്ച് വൈദ്യുതി നല്കുകയും വാർഷിക അറ്റകുറ്റപണികൾ ഉൾപ്പെടെയുള്ള ചെലവുകൾ ഉൾപ്പെടുത്തി നടപ്പാക്കുന്നതിനുള്ള തീരുമാനം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ കൈക്കൊള്ളുകയും ചെയ്യുക.
- ഊർജ്ജസംരക്ഷണത്തിന്റെയും സുരക്ഷയുടെയും ഭാഗമായി എല്ലാ വ്യവസായ/ വ്യവസായേതര /സർക്കാർ സ്ഥാപനങ്ങളിലും എനർജി ആഡിറ്റിംഗ് നിർബന്ധമാക്കുക.
- വൈദ്യുതി തടസ്സങ്ങൾ ഒഴിവാക്കുന്നതിന് അറ്റകുറ്റപ്പണികൾ നടത്തുന്നതിനുള്ള സൗകര്യത്തിനും ലൈനുകൾ മൂലം പൊതുജനങ്ങൾക്ക് ഉണ്ടാകുന്ന അസൗകര്യം ഒഴിവാക്കുന്നതിനും പുരയിടങ്ങളിലൂടെ കടന്നുപോകുന്ന വൈദ്യുതി ലൈനുകൾ പൊതുനിരത്തിന്റെ വശങ്ങളിലേക്ക് മാറ്റി സ്ഥാപിക്കുന്നതിനും നൂതന സാങ്കേതികവിദ്യ നടപ്പിലാക്കുന്നതിനും വേണ്ടുന്ന സഹായ സഹകരണങ്ങൾ അതത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, ജനപ്രതിനിധികൾക്ക് ലഭ്യമാകുന്ന ഫണ്ട് എന്നിവ മുഖേന നടപ്പിലാക്കുക.
- ഓൺലൈൻ പേയ്മെന്റ്, വൈദ്യുതി കണക്ഷൻ ലഭിക്കുന്നതിനുള്ള അപേക്ഷ ഉൾപ്പെടെയുള്ള വൈദ്യുതി ബോർഡിന്റെ വിവിധ ഓൺലൈൻ സംരംഭങ്ങൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ അധീനതയിൽ വരുന്ന അക്ഷയ സെന്റർ പോലുള്ള സ്ഥാപനങ്ങൾ മുഖേന പൊതുജനങ്ങൾക്ക് ലഭ്യമാക്കുന്നതിന് വേണ്ടുന്ന പ്രചാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നൽകുക.

- റോഡ് നിർമ്മിക്കുമ്പോൾ കേബിൾ ട്രഞ്ചുകൾ സ്ഥാപിക്കുന്നതിലേക്കായി യഥാസമയം പൊതുമരാമത്ത് വകുപ്പ് വൈദ്യുതി ബോർഡുമായി ധാരണയിലെത്തുക.
- വൈദ്യുതി ദുരുപയോഗം തടയുക.
- സുരക്ഷ മുൻനിറുത്തി വൈദ്യുതി പ്രതിഷ്ഠാപനങ്ങൾ കൈകാര്യം ചെയ്യുമ്പോഴുണ്ടാകുന്ന അപകടങ്ങളെക്കുറിച്ച് പൊതുജനങ്ങളെ ബോധവത്കരിക്കുക.
- പാരമ്പര്യ–പാരമ്പര്യേതര ഊർജ്ജ സ്രോതസുകളുപയോഗിച്ച് വൈദ്യുതി ഉത്പാദിപ്പിക്കുന്നവർക്ക് വേണ്ടുന്ന പ്രോത്സാഹനവും, സഹായവും നൽകുക.
- ഊർജ്ജ സ്രോതസ്സുകളെ സംരക്ഷിക്കുക
- ഊർജ്ജക്ഷമത കൂടിയ ഉപകരണങ്ങൾ ഉപയോഗിക്കുന്നതിനുവേണ്ടുന്ന ബോധവത്കരണം നടപ്പിലാക്കുക.
- പാരമ്പര്യ–പാരമ്പ്യേതര ഊർജ്ജ ഉത്പാദനത്തിന് അനുയോജ്യമായ പദ്ധതി പ്രദേശങ്ങൾ നിർദ്ദേശിക്കുക.

4.3.2 ഗതാഗതം, വാർത്താവിനിമയം

റോഡ് ശൃംഖലയുടെ കാര്യത്തിൽ ലോകത്തിൽ മൂന്നാം സ്ഥാനത്ത് നിൽക്കുന്ന ഇന്ത്യയിൽ റോഡ് വഴിയുള്ള ഗതാഗതം പ്രതിവർഷം 7 മുതൽ 10 ശതമാനം വരെ കൂടുന്നുയെന്ന വസ്തുത രാജ്യത്തിന്റെ വളർച്ച സാധ്യമാക്കുന്നതിലും അത് നിലനിർത്തുന്നതിലും റോഡ് ശൃംഖലയ്ക്കുള്ള പ്രാധാന്യം എടുത്ത് കാണിക്കുന്നു. കേരള ഭൂപടത്തിൽ ഏറ്റവും പ്രാധാന്യമർഹിക്കുന്ന ജില്ലയിൽ 121 കി.മീ നാഷണൽ ഹൈവേയും 180 കി. മീ. സ്റ്റേറ്റ് ഹൈവേയും 2377 കി. മീ. മറ്റു റോഡുകളുമുണ്ട്. റോഡ് ഗതാഗത സാന്ദ്രത പരിശോധിച്ചാൽ രാജ്യത്തിന്റേത് 100 ച.കി.മീറ്ററിന് 387 കി.മീറ്ററും സംസ്ഥാനത്തിന്റേത് 529 കി.മി. ഉം ആണെന്നിരിക്കെ ജില്ലയുടേത് 556 കി.മീ.ആണ്. ഇതിൽ നിന്നും ജില്ലയിലെ റോഡ് ശൃഖല എല്ലാ പ്രദേശങ്ങളെയും തമ്മിൽ ബന്ധിപ്പിക്കുന്നതിൽ മികച്ച നിലവാരം പുലർത്തുന്നുവെന്ന് വ്യക്തമാകുന്നുണ്ട്. നിലവിലെ കണക്കുകൾ പ്രകാരം ചരക്ക് ഗതാഗതത്തിന്റെ 65%വും മൊത്തം യാത്രക്കാരുടെ 85% ഉം ഗതാഗതത്തിനായി റോഡ് ശൃംഖലയെയാണ് ആശ്രയിക്കുന്നത്.

ദീർഘകാല ലക്ഷ്യം

നിലവിലുള്ള പലവിധ റോഡുകൾ, പാലങ്ങൾ, റെയിൽവേകൾ, വിമാനത്താവളം, തുറമുഖങ്ങൾ, കായലുകൾ, നദികൾ, പോസ്റ്റൽ സൗകര്യങ്ങൾ, ടെലികമ്മ്യൂണിക്കേഷൻ സാധ്യതകൾ എന്നിവ കൂടുതൽ കാര്യക്ഷമമാക്കുക. നിലവിലുള്ള പോരായ്മകൾ പരിഹരിക്കുക, മികവുകളെ നിലനിറുത്തുക, ആധുനികവൽക്കരിക്കുക, പരമാവധി വികസനോന്മുഖമാക്കി മാറ്റുക തുടങ്ങിയ പ്രവർത്തനങ്ങളിലൂടെ ഗതാഗത വാർത്താ വിനിമയ മേഖലയുടെ വികസനം ലക്ഷ്യമാക്കുന്നു. കേന്ദ്ര സംസ്ഥാന ഗവൺമെന്റുകൾ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, പൊതുജനപങ്കാളിത്തം എന്നിവയിലൂടെ ആവശ്യമായ ധനം സ്വരൂപിക്കുകയും അംഗീകൃത പദ്ധതി നടത്തിപ്പ് നിബന്ധനകൾക്കും പ്രവർത്തന കലണ്ടറിനും അനുസൃതമായി ചെലവഴിക്കുകയും ചെയ്യുന്നതിലൂടെ നിർദ്ദിഷ്ട ലക്ഷ്യം നിറവേറാൻ കഴിയും.

ഹ്രസ്വകാല ലക്ഷ്യം

തലസ്ഥാന ജില്ലയായതിനാൽ തിരുവനന്തപുരത്തിന് മറ്റു ജില്ലകളിൽ നിന്നും വ്യത്യസ്തമായൊരു പശ്ചാത്തല വികസനമാണാവശ്യം. ഭരണസിരാകേന്ദ്രത്തെ കൂടുതൽ ശക്തിപ്പെടുത്തുന്നതിനും ജനങ്ങളുടെ യാത്രാസൗകര്യങ്ങളും കമ്മ്യൂണിക്കേഷൻ സാധ്യതകളും സമയബന്ധിതമായി വികസിപ്പിക്കുന്നതിനും സാമ്പത്തിക സാമൂഹ്യ സംസ്കാരിക സംവിധാനങ്ങളെ ഗതാഗത വികസന സൗകര്യമൊരുക്കി മാതൃകപരമായി മാറ്റുകയുമാണ് പ്രധാനവും പ്രഖ്യാപിതവുമായ ദൗത്യം.

നിലവിലെ അവസ്ഥ

റോഡ് ശൃംഖലയിൽ കേരളത്തിന്റെ സ്ഥിതി പരിശോധിച്ചാൽ മൊത്തം ഗതാഗതത്തിന്റെ 60 ശതമാനവും ദേശീയ പാതയിലൂടെയാണ് കടന്നു പോകുന്നത്. ദിനംപ്രതി വാഹനങ്ങളുടേയും യാത്രക്കാരുടേയും എണ്ണത്തിൽ സ്ഫോടനാത്മകമായ വർദ്ധനവാണ് ഉണ്ടാകുന്നത്. കഴിഞ്ഞ 10 വർഷത്തെ ജില്ലയിലെ വാഹനപ്പെരുപ്പത്തിന്റെ കണക്ക് പരിശോധിച്ചാൽ വർദ്ധനവ് രണ്ടര ഇരട്ടിയിൽ അധികമാണെന്ന് കാണാം.

ജില്ലയിലെ പ്രധാന ഗതാഗത മാർഗ്ഗമാണ് റോഡുകളെന്നിരിക്കെ അവയുടെ നിർമ്മാണം, പരിപാലനം, വികസനം എന്നിവയിൽ അധികം മാറ്റങ്ങൾ വർഷാവർഷങ്ങളിൽ വരുന്നില്ല. ജില്ലയിൽ 23 കി.മി ദേശീയപാത നാലുവരിപ്പാതയും 98 കി.മി. ഇരട്ട വരിപ്പാതയുമാണ്. സംസ്ഥാന പാതകളിൽ 12 കി.മി നാലുവരിപാതയും 115 കി.മി ഇരട്ടവരിയും ബാക്കിയുള്ളവ ഇതിലും കുറഞ്ഞ വീതിയിലുള്ളതുമാണ്. മറ്റ് ജില്ലാ റോഡുകളുടെ കാര്യത്തിലാണെങ്കിൽ പകുതിയിലധികം റോഡുകളും ഇരട്ടവരിയും ബാക്കിയുള്ളതിൽ 10% ഒറ്റവരിപ്പാതകളുമാണെന്നുമിരിക്കെ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ ഏറിയ പങ്ക് റോഡുകളും ഒറ്റവരിപ്പാതകൾ മാത്രമായാണ് നിലനിൽക്കുന്നത്. നിലവിലെ വാഹന സാന്ദ്രത റോഡിന് ഉൾക്കൊള്ളാവുന്നതിലുമധികമാണ്. ഇത് റോഡുകളിലെ അരക്ഷിതാവസ്ഥ സൃഷ്ടിക്കുന്നതിനും റോഡപകടങ്ങളുടെ എണ്ണം വർദ്ധിക്കുന്നതിനും കാരണമാകുന്നു. ഇത് റോഡ്ശൃഖലയിൽ അപകട മേഖലകൾ (ബ്ലാക് സ്പോട്സ്) സൃഷ്ടിക്കുന്നുണ്ട്.

ജില്ലയിലെ പൊതു–റോഡ്ഗതാഗത സംവിധാനങ്ങൾ

കെ.എസ്.ആർ.ടി.സി ബസ് സർവ്വീസുകൾ

പൊതുഗതാഗതത്തിനായി ജില്ലയിൽ നിലവിലുള്ള 1883 ബസ്സുകളിൽ 1383 ബസ്സുകൾ കെ.ഐസ്.ആർ.ടി.സി–യുടെ അധീനതയിലും ബാക്കിയുള്ള 500 ബസ്സുകൾ സ്വകാര്യ മേഖലയിലുമാണ്. ജില്ലയിൽ കെ.എസ്.ആർ.ടി.സിയുടെ കീഴിൽ 28 ബസ് ഡിപ്പോകളും 45 സബ് ഡിപ്പോകളും 4 ഓപ്പറേറ്റിംഗ് സെന്ററുകളുമാണ് ഉള്ളത്. 2015–16 വർഷത്തെ കണക്ക് പരിശോധിച്ചാൽ 2982 ലക്ഷം യാത്രക്കാർ ഈ സംവിധാനം ഉപയോഗിച്ചിട്ടുണ്ട്. ഇതിനായി കെ.എസ്.ആർ.ടി.സി 2313 റൂട്ടുകളിലായി 1125 ലക്ഷം കി.മീ. സർവ്വീസ് നടത്തേണ്ടതുണ്ട്. മറ്റ് സംസ്ഥാനങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ കേരളത്തിൽ ശരാശരി 1 ലക്ഷം ആൾക്കാർക്ക് 73 ബസുകളാണുള്ളതെങ്കിൽ ജില്ലയിൽ ഇത് 57 മാത്രമാണ്. ഇതിൽ നിന്നും ജില്ലയിലെ പൊതു ഗതാഗത സംവിധാനം വർദ്ധിപ്പിക്കേണ്ടത് അത്യന്താപേക്ഷിതമാണെന്ന് വ്യക്തമായിരിക്കുകയാണ്.

ഇൻർ മീഡിയേറ്റ് പബ്ലിക് ട്രാൻസ്പോർട്ട് സംവിധാനം

പൊതു ഗതാഗത വാഹനങ്ങളും സ്വകാര്യ വാഹനങ്ങളും കൂടാതെ ഇന്റർ മീഡിയേറ്റ് പബ്ലിക് ട്രാൻസ്പോർട്ട് എന്ന വിഭാഗത്തിൽ ഉൾപ്പെടുന്ന ടാക്സികളും, ഓട്ടോകളും, മിനിബസുകളും ജില്ലയുടെ പൊതു ഗതാഗത മേഖലയ്ക്ക് ഉണർവ് നൽകുന്നുണ്ട്. ഇത് അസംഘടിതമായ ഗതാഗത വിഭാഗമാണ്. ഇവ ഫസ്റ്റ് മൈൽ ലാസ്റ്റ് മൈൽ കണക്ടിവിറ്റിയിൽ 10 ശതമാനത്തോളം ഭാഗമാകുന്നുണ്ട്.

പാലങ്ങൾ

നീരൊഴുക്കിന് തടസ്സമാകാത്തവിധം റോഡ് ഗതാഗതത്തിന് സൗകര്യം ഉണ്ടാക്കുകയാണ് പാലങ്ങളുടെ ധർമ്മം. ജില്ലയിലെ പാലങ്ങളിൽ ഏറിയ പങ്കും പൊതുമരാമത്ത് വകുപ്പിന്റെ അധീനതയിലാണ്. നിലവിൽ ജില്ലയിൽ 194 പാലങ്ങൾ പൊതുമരാമത്ത് വകുപ്പിന്റെ അധീനതയിലുണ്ട്. ഇപ്പോഴും യാത്രയ്ക്കായി കടത്തുകളെ ആശ്രയിക്കുന്ന പല സ്ഥലങ്ങളും ജില്ലയിലുണ്ട്. ഈ സ്ഥലങ്ങളിൽ പുതിയ പാലങ്ങൾ നിർമ്മിക്കുന്നതിന് ആവശ്യമായ പദ്ധതികൾ സംസ്ഥാന സർക്കാർ ആവിഷ്ക്കരിക്കേണ്ടതാണ്.

റെയിൽ ശൃംഖല

ഇന്ത്യൻ റെയിൽവേയുടെ 78 കി.മി റെയിൽപാത ജില്ലയിലൂടെ കടന്നു പോകുന്നുണ്ട്. 20 റെയിൽവേ സ്റ്റേഷനുകളാണ് ജില്ലയിൽ നിലവിലുള്ളത്. ഇതിൽ തിരുവനന്തപുരം മുതൽ കൊല്ലം വരെ വൈദ്യുതീകരിച്ച ഇരട്ട റെയിൽപാതയും തിരുവനന്തപുരം മുതൽ കന്യാകുമാരി വരെയുള്ള റെയിൽപാത ഒറ്റവരിപാതയുമാണ്. ഏകദേശം 70,000 യാത്രക്കാർ നിത്യേന ഈ സംവിധാനം ഉപയോഗിച്ച് ജില്ലയിൽ യാത്ര ചെയ്യുന്നുണ്ട്. പള്ളിപ്പുറം മുതൽ കരമന വരെയുള്ള 23 കി.മി ഭാഗത്ത് ലൈറ്റ് മെട്രോ റയിൽപാത പദ്ധതി ആവിഷ്കരണഘട്ടത്തിലാണ്.

ഉൾനാടൻ ജലഗതാഗതം

ഉൾനാടൻ ജലഗതാഗതം ഏറ്റവും കാര്യക്ഷമവും പാരിസ്ഥിതികാനുസൃതവുമായ രീതിയിൽ നടപ്പാക്കാൻ സാധിക്കുന്ന ഒന്നാണ്. കൃത്രിമ ജലപാത, പ്രകൃത്യായുള്ള തോടുകൾ, കായലുകൾ, തടാകങ്ങൾ എന്നിവയുടെ വികസനം ജലഗതാഗതത്തിൽ നല്ലൊരു പങ്കുവഹിക്കുന്നു. ജില്ലയിൽ ജലഗതാഗതത്തിന് അനുയോജ്യമായ മേഖലകൾ ചുവടെ ചേർക്കുന്നു.

1. കോവളം മുതൽ നടയറ കായൽ വരെ 55.17 കി.മി വരുന്ന ടി.എസ് കനാൽ
2. കോവളം–കുളച്ചൽ തമ്മിൽ ബന്ധിപ്പിക്കുന്ന 23.5 കി.മീ. ദൈർഘ്യമുള്ള എ.വി.എം കനാൽ

വ്യോമ ഗതാഗതം

ജില്ലയിൽ നിലവിൽ ഒരു അന്താരാഷ്ട്ര വിമാനത്താവളം പ്രവർത്തിച്ച് വരുന്നുണ്ട്. ഇതിലൂടെ പ്രതിവർഷം കടന്നുപോകുന്ന വിമാനങ്ങളുടേയും യാത്രക്കാരുടേയും വിവരങ്ങൾ ചുവടെ ചേർക്കുന്നു.

ആഭ്യന്തര സർവ്വീസുകൾ	–	5221 എണ്ണം
അന്താരാഷ്ട്ര സർവ്വീസുകൾ	–	14867 എണ്ണം
യാത്രക്കാരുടെ എണ്ണം (ആഭ്യന്തരം)	–	10,08,691 എണ്ണം
യാത്രക്കാരുടെ എണ്ണം (അന്താരാഷ്ട്രം)	–	20,58,714 എണ്ണം

തുറമുഖം

ജില്ലയിൽ വിഴിഞ്ഞത്ത് ഒരു അന്താരാഷ്ട്ര തുറമുഖത്തിന്റെ നിർമ്മാണം പൊതു-സ്വകാര്യ പങ്കാളിത്തത്തോടെ പൂർത്തീകരിച്ച് വരികയാണ്. മുഖ്യമായും കണ്ടെയ്നർ നീക്കമാണ് ഇവിടെ ഉദ്ദേശിക്കുന്നത്. കഴിഞ്ഞ വർഷത്തെ കണക്ക് പരിശോധിച്ചാൽ കേരളത്തിലെ തുറമുഖങ്ങളിലെ ആകെ ചരക്ക് ഗതാഗതത്തിന്റെ 5 ശതമാനം വിഴിഞ്ഞം തുറമുഖത്തിൽ കൂടിയാണ് നടന്നതെന്ന് കാണാം.

വാർത്താവിനിമയ സംവിധാനം

ജില്ലയിൽ വാർത്താവിനിമയ സംവിധാനം നടപ്പിലാക്കുന്നത് പ്രധാനമായും തപാലാഫീസുകൾ, ആകാശവാണി, ദൂരദർശൻ, ടെലിഫോൺ, ഇന്റർനെറ്റ് മുതലായ സംവിധാനങ്ങളിലൂടെയാണ്. ജില്ലയിൽ 415 പോസ്റ്റോഫീസുകൾ നിലവിൽ ഉണ്ട്. ടെലിഫോൺ സംവിധാനങ്ങൾ ജില്ലയിൽ ബി.എസ്.എൻ.എൽ ന്റെ 94 എക്സ്ചേഞ്ചുകൾ മുഖേനയാണ് നടന്നുവരുന്നത്. ഇതിനായി 53 കസ്റ്റമർ കെയർ യൂണിറ്റുകളും പ്രവർത്തിക്കുന്നുണ്ട്. കൂടാതെ സ്വകാര്യ കമ്പനികളും ജില്ലയിൽ ടെലിഫോൺ കണക്ടിവിറ്റി നൽകി വരുന്നു. സർക്കാർ സംവിധാനങ്ങൾക്കു പുറമെ സ്വകാര്യ ദൃശ്യമാധ്യമ ചാനലുകളും പത്രങ്ങളും ജില്ലയിലെ വാർത്താ വിനിമയ സംവിധാനത്തിൽ പ്രധാന പങ്ക് വഹിക്കുന്നു.

വികസന സൂചികകൾ

ജില്ലയിലെ ഗതാഗത വാർത്താവിനിമയ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് താഴെപ്പറയുന്ന വസ്തുതകൾക്ക് ഊന്നൽ നൽകേണ്ടതാണ്.

1. ഗതാഗതകുരുക്ക് നിയന്ത്രണം
2. പൊതു ഗതാഗത സംവിധാനം വർദ്ധിപ്പിക്കൽ
3. വാഹന സാന്ദ്രത കുറയ്ക്കൽ
4. പാതയോരങ്ങളിലെ പാർക്കിംഗുകൾ നീക്കം ചെയ്യൽ
5. റോഡ് സുരക്ഷാ സംവിധാനങ്ങൾ കാൽ നടയാത്രക്കാർക്കും മോട്ടോർ വാഹന യാത്രക്കാർക്കും ഒരുക്കുക.
6. ഗതാഗത ക്രമീകരണം ശാസ്ത്രീയവും സുരക്ഷിതവുമാക്കുക
7. ആധുനിക രീതിയിലുള്ള റയിൽവേ ലൈൻ വികസനം
8. വ്യോമഗതാഗതം മറ്റ് ഗതാഗതസംവിധാനങ്ങളുമായി കൂട്ടിയോജിപ്പിക്കൽ
9. ഉൾനാടൻ ജലഗതാഗതം ദേശീയ നിലവാരത്തിൽ ആക്കുക.
10. റോഡ് സുരക്ഷാ സംവിധാനങ്ങൾ സംബന്ധിച്ച അവബോധം ജനങ്ങളിൽ വളർത്തണം.
11. നൂതന സാങ്കേതിക സംവിധാനങ്ങൾ ഉപയോഗിച്ച് പൊതു ഗതാഗത നിയന്ത്രണം നടത്തണം.
12. വാർത്താ വിനിമയ സംവിധാനങ്ങൾ ബലപ്പെടുത്തുന്നതിന് പ്രസരണികളുടെ ശേഷി വർദ്ധിപ്പിക്കുക

ജില്ലയിലെ ഗതാഗതമേഖലയിൽ പ്രധാന പങ്കുവഹിക്കുന്ന റോഡുകൾ ഉന്നത നിലവാരത്തിൽ ഡിസൈൻ ചെയ്ത് നിർമ്മിക്കുന്നതിനായി ഏകദേശം ഒരു കി.മീറ്ററിന് ഒരു കോടി രൂപ എന്ന നിരക്കിൽ 2000 കോടി രൂപയാണ് ആവശ്യമുള്ളത്. ഇതിൽ റിക്ക്, സി.ആർ.എഫ്, സി.ആർ.ഡി.പി, കിഫ്ബി എന്നിവയിലുൾപ്പെടുത്തി വികസിപ്പിക്കുന്ന റോഡുകൾ ഏകദേശം 500 കി.മീ. വരും. റെയിൽ, വ്യോമഗതാഗതം എന്നിവ മെച്ചപ്പടുത്തുന്നതിനായി പ്രോജക്ടുകൾ തയ്യാറാക്കി കേന്ദ്രസർക്കാരിൽ നിന്ന് അംഗീകാരം ലഭ്യമാക്കേണ്ടതാണ്.

തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെ അടിസ്ഥാന സൗകര്യ വികസനം

തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾ അടിസ്ഥാന സൗകര്യ വികസനവുമായി ബന്ധപ്പെട്ട് പ്രധാനമായും പരിഗണിക്കുന്നത് റോഡ്, സ്കൂളുകൾ, കുളങ്ങൾ, പൊതു ശ്മശാനങ്ങൾ, ടോയ്‌ലറ്റ് സംവിധാനങ്ങൾ, മെറ്റീരിയൽറിക്കവറി സംവിധാനങ്ങൾ, പ്രാദേശിക വിനോദസഞ്ചാരകേന്ദ്രങ്ങളുടെ വികസനം എന്നിവയാണ്.

റോഡുകൾ



സംസ്ഥാനത്തെ റോഡുകളിൽ തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെ നിയന്ത്രണത്തിൽ വരുന്നത് മറ്റ് ജില്ലാറോഡുകൾ, ഗ്രാമീണ റോഡുകൾ എന്നിവയാണ്. ആകെ വീതി 6 മീറ്ററും അതിൽ കൂടുതലുമുള്ള 1374 റോഡുകൾ ഗ്രാമീണ മേഖലയിൽ ജില്ലയിൽ ഉണ്ട്. ഈ റോഡുകൾക്കെല്ലാം കൂടി ആകെ 1608.639 കിലോമീറ്റർ ദൈർഘ്യമുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

പട്ടിക.4.3.2.1

6 മീറ്ററും അതിന് മുകളിലുമുള്ള റോഡുകൾ – ബ്ലോക്ക് അടിസ്ഥാനത്തിൽ

ബ്ലോക്ക് പഞ്ചായത്ത്	റോഡുകളുടെ എണ്ണം	നീളം (കി.മി)
അതിയന്നൂർ	84	116.96
ചിറയിൻകീഴ്	68	107.53
പോത്തൻകോട്	59	38.91
കിളിമാനൂർ	193	73.05
നെടുമങ്ങാട്	179	239.45
നേമം	62	86.867
പാറശ്ശാല	129	149
പെരുങ്കടവിള	110	171.05
വാമനപുരം	248	427.4
വർക്കല	72	65.16
വെള്ളനാട്	170	133.262
ആകെ	1374	1608.639

ജില്ലയിൽ ഗ്രാമീണ മേഖലയിലെ ആകെ റോഡുകളുടെ നീളം താഴെപ്പറയും പ്രകാരമാണ്.

മൺറോഡ്	5367.50 കി.മീ
3 മീറ്ററിന് മുകളിൽ ആകെ വീതിയുള്ള റോഡ്	8232.06 കി.മീ
കോൺക്രീറ്റ് റോഡ്	1489.28 കി.മീ
നടപ്പാത	1918.76 കി.മീ

കൂടാതെ ജില്ലയിൽ നഗരസഭകളുടെ നിയന്ത്രണത്തിലുള്ള റോഡുകളുടെ നീളം താഴെപ്പറയും പ്രകാരമാണ്.

മൺറോഡ്	625.23 കി.മീ
3 മീറ്ററിന് മുകളിൽ വീതിയുള്ള ടാർ റോഡ്	2773.60 കി.മീ
കോൺക്രീറ്റ് റോഡ്	1114.93 കി.മീ
നടപ്പാത	1086.73 കി.മീ

പ്രശ്നങ്ങൾ

- ലഭ്യമായ വിഭവം വാർഡടിസ്ഥാനത്തിൽ വീതിയ്ക്കുക
- വീതിച്ചു കിട്ടുന്ന വിഭവം ഉപയോഗിച്ച് അശാസ്ത്രീയമായ പ്രവർത്തനങ്ങൾ
- ഒരു റോഡ് പൂർണ്ണമായും ഏറ്റെടുക്കാൻ സാധിക്കാത്ത അവസ്ഥ സംജാതമാകുക
- പുതിയ സാങ്കേതിക വിദ്യകളോട് മുഖം തിരിയ്ക്കുന്ന നിലപാടുകൾ.

നിർദ്ദേശങ്ങൾ

മുൻഗണന നിശ്ചയിച്ച് സമീപകാലങ്ങളിൽ ചെയ്യാവുന്നതും ദീർഘകാലയളവിൽ ചെയ്യാവുന്നതുമായ റോഡുകളെ പട്ടികപ്പെടുത്തേണ്ടത് അടിസ്ഥാനസൗകര്യ വികസനത്തിന് വളരെ അത്യാവശ്യമാണ്.

മുൻഗണനാ മാനദണ്ഡം

1. പൊതുമരാമത്ത് റോഡുകളുമായി ബന്ധപ്പെടുന്ന റോഡുകൾ
2. ആശുപത്രികളുമായി ബന്ധപ്പെടുന്ന റോഡുകൾ
3. സ്കൂളുകളുമായി ബന്ധപ്പെടുന്ന റോഡുകൾ
4. വ്യവസായം, മത്സ്യബന്ധനം എന്നീ കേന്ദ്രങ്ങളെ മറ്റ് നിരത്തുകളുമായി ബന്ധിപ്പിക്കുന്ന റോഡുകൾ
5. വിനോദസഞ്ചാരകേന്ദ്രങ്ങളെ മറ്റ് പ്രധാന റോഡുകളുമായി ബന്ധിപ്പിക്കുന്ന റോഡുകൾ
6. റസിഡൻഷ്യൽ കോളനികളുമായി ബന്ധപ്പെടുന്ന റോഡുകൾ
7. പാർശ്വവല്കൃത വിഭാഗങ്ങൾ താമസിക്കുന്ന ഇടങ്ങളുമായി ബന്ധിപ്പിക്കുന്ന റോഡുകൾ
8. കൃഷിയിടങ്ങളെ ബന്ധിപ്പിക്കുന്ന റോഡുകൾ

ഹ്രസ്വകാല വികസന പരിപ്രേക്ഷ്യം

- ആശുപത്രികൾ, സ്കൂളുകൾ തുടങ്ങിയ സ്ഥാപനങ്ങൾക്ക് മുന്നിൽ കൂടി പോകുന്ന റോഡുകൾ പലപ്പോഴും അമിതമായ വാഹനഗതാഗതം കാരണം ഗതാഗത സ്തംഭനം വരെ ഉണ്ടാകാറുണ്ട്. ഇതു കാരണം രോഗികൾക്ക് യഥാസമയം ആശുപത്രിയിൽ എത്തുന്നതിന് സാധിക്കുന്നില്ല. അതുപോലെ അമിത വാഹന ഗതാഗതം കാരണം സ്കൂളുകൾക്ക് മുന്നിലും ഗതാഗതകുരുക്ക് അനുഭവപ്പെടാറുണ്ട്. ഹ്രസ്വകാല ഇടപെടലുകൾ കൊണ്ട് ഈ റോഡുകൾ 7 മീറ്റർ വീതിയിൽ ടാർ ചെയ്തു രണ്ട് ലെയിൻ റോഡുകളായി മാറണം.
- മിക്ക ഗ്രാമീണ റോഡുകളും ഇപ്പോൾ 3 മീറ്റർ വീതിക്കാണ് ടാർ ചെയ്യുന്നത്. അതുകൊണ്ടു തന്നെ എതിരെ ഒരു വണ്ടി വരികയാണെങ്കിൽ രണ്ടു വണ്ടികളും ടാർ ചെയ്ത പ്രതലം കഴിഞ്ഞ് വശത്തേയ്ക്ക് ഇറങ്ങേണ്ടി വരുന്നു. അതുകാരണം ടാർ റോഡിന്റെ വശം പൊളിഞ്ഞ് റോഡ് നശിക്കാൻ തുടങ്ങുന്നു. ഹ്രസ്വകാല സമീപനം എന്ന നിലയിൽ ഗ്രാമീണ റോഡുകൾ 4 മീറ്റർ വീതിയിൽ ടാർ ചെയ്യണം.

ദീർഘകാല വികസന പരിപ്രേക്ഷ്യം

- ആശുപത്രികൾ, സ്കൂളുകൾ എന്നിവയുടെ സമീപത്തുകൂടി പോകുന്ന റോഡുകൾക്ക് നടപ്പാതയുൾപ്പെടെ 10 മീറ്റർ വീതി ഉണ്ടാകണം. മറ്റ് റോഡുകൾക്ക് 8 മീറ്ററെങ്കിലും ആകെ വീതിയുണ്ടാകണം. കൂടാതെ റോഡിന്റെ ദൈർഘ്യം സൂചിപ്പിക്കുന്ന കല്ലുകൾ, സൈൻ ബോർഡുകൾ, വേസ്റ്റ് ബിന്നുകൾ, തണൽ മരങ്ങൾ, സോളാർ സ്ട്രീറ്റ് ലൈറ്റുകൾ തുടങ്ങിയവയും റോഡിന്റെ അനുബന്ധഘടകങ്ങളായി ഉണ്ടാകണം.
- എല്ലാത്തരം റോഡുകളിലും ആസൂത്രിത റോഡ് എന്ന കാഴ്ചപ്പാടിൽ പൈപ്പ് ലൈൻ, കേബിൾ എന്നിവ സ്ഥാപിക്കുന്നതിന് conduit pipe –കൾ മുൻകൂട്ടി സ്ഥാപിക്കണം. റോഡുകൾ സന്ധിക്കുന്ന സ്ഥലങ്ങളിൽ ജംഗ്ഷൻ വികസനം ആസൂത്രിതമായി തന്നെ നടപ്പാക്കണം.

വികസന കാഴ്ചപ്പാട്

- അരുവിക്കര പഴനിലം റോഡ്

  അരുവിക്കര പഴനിലം റോഡ് റിസർവോയറിന്റെ വശത്തുകൂടി കൂവക്കുടി പാലത്തിനടുത്ത് എത്തിച്ചാൽ പ്രദേശത്തിന്റെ വികസന സാധ്യതകൾ ചുവടെ ചേർക്കുന്നു.

(i) പ്രദേശത്തുകാർക്ക് റോഡ് കണക്ടിവിറ്റി.
(ii) ടൂറിസം സാധ്യത – ഫണ്ടിനും സാധ്യത.
(iii) പരോക്ഷമായ തൊഴിൽ സാധ്യത.
(iv) പ്രാദേശികമായ വികസനം.
(v) ഗ്രാമപഞ്ചായത്തിന് വരുമാനം.

➢ പൂവാർ ബീച്ച് റോഡ്

വികസന സാധ്യതകൾ

(i) പ്രാദേശിക ടൂറിസത്തിന് പുത്തൻ ഉണർവ്.
(ii) പ്രാദേശികമായ വികസനം.
(iii) പരോക്ഷമായ തൊഴിൽ സാധ്യത.
(iv) പ്രകൃതിയേയും കണ്ടൽകാടുകളെയും മനസ്സിലാക്കുന്നതിന് വിദ്യാർത്ഥികൾക്കും പഠിതാക്കൾക്കും അവസരം.
(v) ഗ്രാമപഞ്ചായത്തിന് വരുമാനം.



➢ ബോണക്കാട് പോസ്റ്റ് ഓഫീസ് യു.പി. സ്കൂൾ ജംഗ്ഷൻ റോഡ്

പ്രദേശത്തിന്റെ സിംഹഭാഗവും മഹാവീർ പ്ലാന്റേഷന്റെ ഉടമസ്ഥതയിലാണ്. 8 മീറ്റർ വീതിയിലുള്ള പ്രസ്തുത റോഡ് ഗ്രാമപഞ്ചായത്ത് സംരക്ഷിക്കുന്നു.

വികസന സാധ്യതകൾ

(എ) ഹ്രസ്വകാലം

700 മീറ്റർ ദൂരം റോഡ് ടാറിംഗ്.

(ബി) ദീർഘകാലം

❖ മികച്ച ടൂറിസം സാധ്യത.
❖ ചെറുകിട ജലവൈദ്യുത പ്രോജക്ടിന് സാധ്യത.

- ❖ വിതുര ഗ്രാമപഞ്ചായത്തിന് ആകെ ആവർത്തന ചെലവില്ലാതെ കുടിവെള്ളം ലഭിക്കും.
- ❖ പ്രദേശത്തിന്റെ സമഗ്രവികസനത്തിന് സാധ്യത.
- ❖ ബോണക്കാട് യു.പി. സ്കൂളിന് പുത്തൻ ഉണർവ്.

2. കുളങ്ങൾ – പ്രശ്നങ്ങൾ

- ➢ നിലവിലുള്ള ജലാശയങ്ങൾ ഒന്നുംതന്നെ വേണ്ടവിധം സംരക്ഷിക്കപ്പെടുന്നില്ല. അത് പൂർണ്ണമായും നിലനിർത്തുന്നതിനും സംരക്ഷിക്കപ്പെടുന്നതിനും കീഴ്ത്തട്ടുതലത്തിലും മേൽത്തട്ട് തലത്തിലും പദ്ധതികൾ രൂപീകരിക്കേണ്ടതാണ്.
- ➢ വെള്ളായണി കായലും കന്നുകാലിചാൽ തോടും സംരക്ഷിക്കുന്നതിനുള്ള അടിയന്തര നടപടികൾ എടുക്കണം.

നിർദ്ദേശങ്ങൾ

- ➢ ആന്ധ്രാപ്രദേശിൽ വിജയിച്ച 'വാട്ടർ യൂസേഴ്സ് അസോസിയേഷൻ' മോഡൽ കുളങ്ങളെ സംബന്ധിച്ചും അവലംബിക്കാവുന്നതാണ്. കുളങ്ങളെ അതാത് പ്രദേശത്തെ ഗുണഭോക്തൃ സമിതികൾക്ക് കീഴിലാക്കി ചുമതല നൽകാവുന്നതാണ്.
- ➢ സർക്കാരിന്റെ/പഞ്ചായത്തിന്റെ ഒറ്റത്തവണ ഇടപെടലിനുശേഷം കൈമാറിയാൽ തുടർനടത്തിപ്പ് വാട്ടർ യൂസേഴ്സ് അസോസിയേഷന് ആയിരിക്കും. ഇതിന് മഴവെള്ളത്തെ ഫലപ്രദമായി നിയന്ത്രിച്ച് വെള്ളപ്പൊക്കം നിയന്ത്രിക്കുന്നതിന് കഴിയും.

3. സ്കൂളുകൾ

സ്കൂളുകളിലെ കെട്ടിടങ്ങൾ മിക്കവയും കാലപ്പഴക്കത്താൽ ജീർണ്ണിച്ചവയാണ്. എൽ.പി./യു.പി സ്കൂളുകൾക്ക് ടോയ്‌ലറ്റ് ഉൾപ്പെടെ ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ കുറവാണ്. സ്കൂളുകളുടെ യഥാർത്ഥ അവസ്ഥ നിർണ്ണയിക്കുന്നതിന് താഴെത്തട്ടിൽ ഫീൽഡ് പരിശോധന നടത്തി വിവരങ്ങൾ ശേഖരിച്ച് ക്രോഡീകരിക്കുകയും അതാത് സ്കൂളുകൾക്ക് മാസ്റ്റർ പ്ലാനുകൾ തയ്യാറാക്കുകയും ചെയ്യണം. അതിനുശേഷം മാത്രം പുതിയ നിർമ്മാണ പ്രവൃത്തികൾ ഏറ്റെടുക്കാവൂ. കുട്ടികളുടെ മാനസികവും ശാരീരികവുമായ വളർച്ചയ്ക്ക് കെ.ഇ.ആർ പ്രകാരം ആവശ്യമായ പ്ലേ ഗ്രൗണ്ട് ഉറപ്പുവരുത്തേണ്ടതാണ്. കൂടാതെ ആവശ്യത്തിന് മരങ്ങൾ, പൂന്തോട്ടം തുടങ്ങിയവയും ഉറപ്പു വരുത്തേണ്ടതാണ്.

നിലവിലെ അവസ്ഥ

(i) ചെറിയ ചെറിയ കെട്ടിടങ്ങൾ/ടോയ്‌ലെറ്റുകൾ എന്നിവ കൊണ്ട് സ്കൂൾ കോമ്പൗണ്ട് നിറഞ്ഞു നിൽക്കുന്നു.

(i) ക്ലാസ് മുറികൾ കാലാനുസൃതമായി പരിഷ്ക്കരിച്ചിട്ടില്ല.

(ii) മാലിന്യം കൂടിക്കിടക്കുന്നു.

(iii) കുടിവെള്ളത്തിന്റെ കുറവ്.

(iv) വൈദ്യുതിയുടെ അപര്യാപ്തത.

ഹ്രസ്വകാല കാഴ്ചപ്പാട്

(i) ക്ലാസ് മുറികൾ ഹൈടെക് ആക്കുന്നതിന്റെ ഭാഗമായി പൊടി ഒഴിവാക്കുന്നതിന് ടൈൽസ്.

(ii) പലഭാഗങ്ങളിൽ സ്ഥിതിചെയ്യുന്ന ചെറിയ കെട്ടിടങ്ങൾ/ ടോയ്‌ലെറ്റുകൾ തുടങ്ങിയവ പൊളിച്ചു മാറ്റി കാലാനുസൃതമായിട്ടുള്ള ബഹുനില കെട്ടിടങ്ങൾ.

(iii) മാലിന്യ നിർമ്മാർജ്ജന പാർക്കുകൾ – എല്ലാവിധ മാലിന്യ നിർമ്മാർജ്ജന സംവിധാനങ്ങളുടെയും പ്രദർശനം.

(iv) മഴവെള്ള റീചാർജ്ജിംഗ്.

(v) ഓപ്പൺ എയറിൽ മരത്തിന് ചുറ്റും ക്ലാസ്.

ദീർഘകാല കാഴ്ചപ്പാട്

(i) ഓട്/ഷീറ്റ് മേഞ്ഞ കെട്ടിടങ്ങൾ പൊളിച്ചുമാറ്റി ബഹുനില കെട്ടിടങ്ങൾ.

(ii) ഹൈടെക് ക്ലാസ് മുറികൾ.

(iii) ക്യാന്റീൻ/ഡൈനിംഗ് ഹാൾ

(iv) ആധുനിക ടോയ്‌ലെറ്റ്

(v) കുടിവെള്ളം

(vi) ഇൻഡോർ സ്റ്റേഡിയം

(vii) ഓഡിറ്റോറിയം.

(viii) സൗരോർജ്ജ പ്ലാന്റ്

ഭാവിയിലെ സാധ്യതകൾ

അവധി ദിവസങ്ങളിൽ ഓഡിറ്റോറിയം/സ്റ്റേഡിയം തുടങ്ങിയവ വാടകയ്ക്ക് നൽകാവുന്നതാണ്. വരുമാനം തദ്ദേശ സ്വയംഭരണ സ്ഥാപന വികസനത്തിന് ഉപയോഗിക്കാവുന്നതാണ്.

ഗ്രാമപഞ്ചായത്ത് ഓഫീസുകൾ

നിലവിലെ സ്ഥിതി

പ്രാദേശിക ഭരണത്തിന്റെ സെക്രട്ടേറിയറ്റ് എന്ന നിലയിൽ ഗ്രാമപഞ്ചായത്ത് ഓഫീസുകളുടെ അടിസ്ഥാന സൗകര്യങ്ങൾ ഇനിയും മെച്ചപ്പെടുത്തേണ്ടതായിട്ടുണ്ട്. ജില്ലയിൽ 90 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഉണ്ട്. അതിൽ 12 സ്ഥാപനങ്ങൾക്ക് മാത്രമേ ഐ.എസ്.ഒ സർട്ടിഫിക്കറ്റ് ലഭിച്ചിട്ടുള്ളൂ.

ലക്ഷ്യം

ഐ.എസ്.ഒ സർട്ടിഫിക്കറ്റ് ലഭിക്കാനുള്ള തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഐ.എസ്.ഒ സർട്ടിഫിക്കേഷൻ ശ്രമിക്കുന്നതോടുകൂടി അവയുടെ അടിസ്ഥാന സൗകര്യ പ്രശ്നങ്ങളും പരിഹരിക്കപ്പെടും.

ജി.ഐ.എസ്/വെബ് അധിഷ്ഠിത റോഡ് കണക്ടിവിറ്റി മാപ്പിംഗും അസറ്റ് ഡേറ്റാ ബാങ്ക് തയ്യാറാക്കലും

ജില്ലയിലെ എല്ലാ റോഡുകളും വിവിധ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ അധീനതയിലുള്ള ആസ്തികളുടെയും വിവരങ്ങൾ സംക്ഷിപ്ത രൂപത്തിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ, ജനപ്രതിനിധികൾ, പൊതുജനങ്ങൾ എന്നിവർക്ക് അവരവരുടെ തലത്തിലുള്ള ആവശ്യങ്ങൾക്കനുസരിച്ച് ലഭ്യമാക്കുന്നതിനും അതുവഴി മികച്ച ആസൂത്രണം നടത്തി നൂതനമായ പദ്ധതികൾ രൂപപ്പെടുത്തുന്നതിലേയ്ക്കുമായിട്ട് ജി.ഐ.എസ് സഹായത്തോടെ വെബ് അധിഷ്ഠിതമായ ഒരു റോഡ് കണക്ടിവിറ്റി മാപ്പിംഗ് ആന്റ് അസറ്റ് ഡേറ്റാ ബാങ്ക് തയ്യാറാക്കുന്നതിനുള്ള നടപടികൾ ജില്ലാതലത്തിൽ സ്വീകരിക്കേണ്ടതാണ്. ഇതിനായി കേരള റിമോട്ട് സെൻസിംഗ് ആന്റ് എൻവിറോൺമെന്റ് സെന്ററിന്റെ സഹായം തേടാവുന്നതാണ്. ഇതിനുള്ള സോഫ്ട്‌വെയർ, മൊബൈൽ ആപ്ലിക്കേഷൻ, വെബ് അധിഷ്ഠിത interface എന്നിവ കെ.എസ്.ആർ.ഇ.സി യ്ക്ക് നൽകും. ആതിനായി ഒരു തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന് 12000 രൂപയിൽ താഴെ മാത്രമേ ചെലവ് വരുകയുള്ളൂ. ഡേറ്റാ ശേഖരണം എൽ.എസ്.ജി.ഡി എൻജിനീയറിംഗ് വിഭാഗം, തൊഴിലുറപ്പ് എൻജിനീയറിംഗ് വിഭാഗം എന്നിവരെ കൊണ്ട് ചെയ്യിക്കാവുന്നതാണ്.

ജില്ലയിലെ ഗതാഗത വാർത്താവിനിമയസംവിധാനങ്ങൾക്കായി അടുത്ത 15 വർഷ കാലയളവിലേയ്ക്ക് അവലംബിക്കാവുന്ന നിർദ്ദേശങ്ങൾ

➢ **കേന്ദ്രാവിഷ്കൃത പദ്ധതികളുമായി ബന്ധപ്പെട്ടുള്ള വികസന നിർദ്ദേശങ്ങൾ**

1. പ്രധാന സംസ്ഥാന പാതയായ തിരുവനന്തപുരം തെന്മല റോഡ് ദേശീയപാതയായി വികസിപ്പിക്കുക.
2. തിരുവനന്തപുരം – നാഗർകോവിൽ റെയിൽപാത ഇരട്ടിപ്പിക്കലും വൈദ്യുതീകരണവും.
3. വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ വികസനത്തോടനുബന്ധിച്ച് ചരക്ക് ഗതാഗതത്തിന് മാത്രമായി ഒരു റെയിൽപ്പാതയുടെ നിർമ്മാണം.
4. ലൈറ്റ് മെട്രോ പാത കൂടുതൽ സ്ഥലങ്ങളിലേയ്ക്ക് നീട്ടൽ
5. ചെങ്ങന്നൂർ മുതൽ കന്യാകുമാരി വരെ സബർബൻ റെയിൽവേ സംവിധാനം നടപ്പിലാക്കൽ.
6. തിരുവനന്തപുരം–കൊട്ടാരക്കര–ശബരിമല റെയിൽപാതയുടെ നിർമ്മാണം.
7. അന്താരാഷ്ട്ര വിമാനത്താവളത്തിനോടനുബന്ധിച്ച് വിവിധ പൊതുഗതാഗത സംവിധാനങ്ങൾ ആയ റോഡ്, റെയിൽ, ഉൾനാടൻ ജലപാത എന്നിവ ബന്ധിപ്പിച്ചു കൊണ്ടുള്ള വിവിധോദ്ദേശ്യ ടെർമിനൽ നിർമ്മിക്കുക.
8. ടൂറിസം മേഖലയ്ക്ക് ഉണർവ് പകരുന്നതിനായി ദേശീയ ജലപാതയുടെ നിലവാരത്തിൽ നിലവിലുള്ള കനാലുകൾ വികസിപ്പിക്കുക. ഇതിനായി നടയറ കനാലും, കുളച്ചൽ കനാലും ദേശീയ നിലവാരത്തിൽ ഉയർത്തുക.

9. സമീപഭാവിയിൽ ജില്ലയിൽ അന്താരാഷ്ട്ര നിലവാരമുള്ള ഒരു തുറമുഖം പ്രവർത്തനക്ഷമമാക്കേണ്ടതാണ്.

- **സംസ്ഥാന സർക്കാർ പദ്ധതികളുമായി ബന്ധപ്പെട്ടുള്ള വികസന നിർദ്ദേശങ്ങൾ**

1. തിരുവനന്തപുരം നഗരത്തിൽ റോഡ് ശൃംഖല ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി രണ്ടാം ഘട്ട വികസനം നടപ്പിലാക്കണം.
2. ജില്ലയിലെ സാറ്റലൈറ്റ് ടൗണുകളായ കഴക്കൂട്ടം, വെഞ്ഞാറമൂട്, നെടുമങ്ങാട്, കാട്ടാക്കട, നെയ്യാറ്റിൻകര എന്നിവിടങ്ങളെ ബന്ധിപ്പിച്ചുകൊണ്ട് കടന്നുപോകുന്ന ഒരു റിംഗ് റോഡ് നിർമ്മിക്കേണ്ടതുണ്ട്. ഈ റോഡിലേക്ക് ഉൾനാടൻ പ്രദേശങ്ങളിലുള്ള ചെറിയ റോഡുകളെ ബന്ധിപ്പിച്ച് ജില്ലയിലെ റോഡ് പൊതുഗതാഗത സംവിധാനം മെച്ചപ്പെടുത്താവുന്നതാണ്.
3. തദ്ദേശഭരണ സ്ഥാപനങ്ങളുടെ അധികാര പരിധിയിലുള്ള റോഡ് ശൃംഖലയുടെ വിവരങ്ങൾ ഉൾപ്പെടുത്തിക്കൊണ്ടുള്ള ഒരു ഡേറ്റാ ബാങ്ക് സംവിധാനം ആവിഷ്ക്കരിക്കേണ്ടതുണ്ട്. കൂടാതെ റോഡ് സേഫ്റ്റി ആഡിറ്റ് എല്ലാവർഷവും സംസ്ഥാന സർക്കാരിന്റെ നേതൃത്വത്തിൽ എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും നടത്തേണ്ടതാണ്. ഇതിന്റെ കണ്ടെത്തലുകൾ ആസ്പദമാക്കി റോഡ് സുരക്ഷ പദ്ധതികൾ എല്ലാ തലത്തിലും ആവിഷ്ക്കരിക്കേണ്ടതാണ്.
4. എല്ലാ റെയിൽവേ സ്റ്റേഷനുകളിലേക്കും കെ.എസ്.ആർ.ടി.സി കണക്ഷൻ സർവ്വീസ് നടത്തേണ്ടതാണ്.
5. കടത്തുകളെ ആശ്രയിക്കുന്ന സ്ഥലങ്ങളിൽ പാലം പണിയുന്നതിനുള്ള പദ്ധതികൾ സംസ്ഥാന സർക്കാർ ആവിഷ്ക്കരിക്കേണ്ടതാണ്.

- **തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി – വികസന നിർദ്ദേശങ്ങൾ**

1. തിരുവനവന്തപുരം നഗരത്തിൽ സ്റ്റാച്യൂ, മെഡിക്കൽ കോളേജ്, പട്ടം, ചാല, കിഴക്കേകോട്ട, പാളയം, കിള്ളിപ്പാലം, ആയുർവേദകോളേജ്, പേരൂർക്കട, വെള്ളയമ്പലം, കഴക്കൂട്ടം, വഴുതക്കാട്, വട്ടിയൂർക്കാവ്, കരമന, പള്ളിപ്പുറം, കേശവദാസപുരം, ഉള്ളൂർ, ശ്രീകാര്യം, കാര്യവട്ടം, തൈക്കാട് മുതലായ പ്രധാന സ്ഥലങ്ങളിൽ മൾട്ടിലെവൽ പാർക്കിംഗ് സംവിധാനം അത്യാവശ്യമായി നടപ്പിലാക്കേണ്ടതാണ്.
2. ഷെയർ പാർക്കിംഗ് സംവിധാനം സ്വാതി തിരുനാൾ സംഗീത കോളേജ്, ധന്യ/രമ്യ തീയേറ്റർ, എസ്.എൽ.തീയേറ്റർ, വി.ജെ.ടി ഹാൾ, പബ്ലിക് ലൈബ്രറി, പട്ടം എൽ.ഐ.സി കോമ്പൗണ്ട്, പബ്ലിക് ഓഫീസ് കോമ്പൗണ്ട് മുതലായ സ്ഥലങ്ങളിൽ നടപ്പിലാക്കാവുന്നതാണ്.
3. റോഡ് കൈയ്യേറ്റങ്ങളും അനധികൃതപാർക്കിംഗുകളും തടയുക, പരസ്യബോർഡുകൾ നീക്കം ചെയ്യൽ എന്നിങ്ങനെയുള്ള പ്രവർത്തനങ്ങൾക്കായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മുഖേന കമ്മിറ്റി രൂപീകരിക്കുകയും അവ നടപ്പിലാക്കുന്നതിനായി പ്രോജക്ടുകൾ ആവിഷ്ക്കരിക്കുകയും ചെയ്യണം.
4. റോഡിന് ഇരുവശങ്ങളിലുള്ള ഓടകളുടെ നീരൊഴുക്ക് സുഗമമാക്കുന്നതിന് ഒരു സ്ഥിരം സംവിധാനം ഉറപ്പാക്കുന്നതിനായി തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾ പദ്ധതി രൂപീകരിക്കേണ്ടതാണ്. റോഡ് പുറമ്പോക്കിലുള്ള കാടുകൾ നീക്കം ചെയ്യുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിക്കേണ്ടതാണ്.
5. ട്രാൻസ്പോർട്ട് സംവിധാനത്തിലെ സുരക്ഷ സംബന്ധിച്ചുള്ള ക്ലാസ്സുകൾ, സെമിനാറുകൾ, ബോധവൽക്കരണം മുതലായവ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മുഖേന നടപ്പിലാക്കുന്നതിനായി പ്രോജക്ടുകൾ ആവിഷ്ക്കരിക്കണം. ഇത്തരത്തിലുള്ള പ്രവർത്തനങ്ങൾ സ്കൂളുകൾ, കോളേജുകൾ, പൊതുസ്ഥലങ്ങൾ മുതലായ സ്ഥലങ്ങളിൽ സംഘടിപ്പിക്കേണ്ടതുണ്ട്.
6. റോഡ് യാത്രക്കാരുടേയും കാൽനട യാത്രക്കാരുടേയും സുരക്ഷയ്ക്കായി ദിശാ ബോർഡുകളും റോഡ് മാർക്കിംഗുകളും, ക്രാഷ് ബാരിയറുകളും ഗ്രാമീണ റോഡുകളിൽ സ്ഥാപിക്കുന്നതിനുള്ള പദ്ധതി ആവിഷ്ക്കരിക്കേണ്ടതാണ്. കാൽനട യാത്രക്കാരുടെ സുരക്ഷയ്ക്കായി ഗ്രാമീണ റോഡുകളിൽ ഫുട്ട്പാത്ത് നിർമ്മിക്കണം.
7. റെയിൽവേസ്റ്റേഷനുകളും ബസ് സ്റ്റേഷനുകളുമായി ബന്ധപ്പെട്ട് പ്രീ പെയ്ഡ് ഓട്ടോ/കാർ സംവിധാനം തദ്ദേശ സ്ഥാപനങ്ങൾ മുഖാന്തിരം നടപ്പിലാക്കാവുന്നതാണ്.

കൊച്ചുവേളി, കഴക്കൂട്ടം, നെയ്യാറ്റിൻകര, വർക്കല തുടങ്ങിയ സ്ഥലങ്ങളിൽ ഇവ ഉടൻ നടപ്പിലാക്കേണ്ടതുണ്ട്.

8. റോഡ് യാത്ര സുരക്ഷയുടെ ഭാഗമായി എല്ലാ തദ്ദേശഭരണസ്ഥാപനങ്ങളും മാലിന്യം റോഡിലേയ്ക്ക് നിക്ഷേപിക്കുന്നതിനെതിരെ കർശന നിയന്ത്രണം ഏർപ്പെടുത്തണം. ഇതിന്റെ ഭാഗമായി മാലിന്യ കളക്ഷൻ ബിന്നുകൾ റോഡരികിൽ സ്ഥാപിക്കണം. അവ സമയബന്ധിതമായി നീക്കം ചെയ്യാനും സംസ്കരിക്കാനുമുള്ള പദ്ധതി ആവിഷ്ക്കരിക്കണം. ഈ പ്രവർത്തനങ്ങൾ കുടുംബശ്രീ മുഖേന നടപ്പിലാക്കാവുന്നതാണ്.
9. വരും വർഷങ്ങളിൽ തദ്ദേശ സ്വയംഭരണ വകുപ്പിന്റെ പദ്ധതികളിൽ വാർത്താ വിനിമയ സംവിധാനങ്ങൾ കൂടുതൽ ജനങ്ങളിലേയ്ക്ക് എത്തിക്കുന്നതിനായി നെറ്റ് വർക്കിംഗ് സംവിധാനങ്ങൾ ബലപ്പെടുത്തുന്നതിനുള്ള പദ്ധതികൾ ഉൾക്കൊള്ളിക്കണം.
10. പ്രകൃതിദത്തമായ കാരണങ്ങളാലോ മറ്റു സാഹചര്യങ്ങളിലോ റോഡുകളിൽ തകരാറുകളായാൽ അവ കണ്ടുപിടിക്കുന്നതിനും അടിയന്തിരമായി അനുയോജ്യമായ അറ്റകുറ്റപ്പണികൾ ചെയ്ത് സംരക്ഷിക്കുന്നതിനുമുള്ള സംവിധാനങ്ങൾ ഒരുക്കേണ്ടതുണ്ട്
11. ദുരന്ത നിവാരണത്തിന്റെ ഒരു സെൽ എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും പ്രവൃത്തിക്കേണ്ടതുണ്ട്. എല്ലാ മൂന്നു മാസത്തിലൊരിക്കൽ തദ്ദേശ സ്ഥാപനങ്ങളിലെ പ്രതിനിധികളും ഓഫീസ് മേലധികാരികളും ഉൾപ്പെടുന്ന ഒരു അവലോകന യോഗം കൂടണം. ഈ യോഗങ്ങളിൽ റോഡുകളിൽ നിൽക്കുന്ന അപകടകരമായി നിൽക്കുന്ന വൃക്ഷങ്ങളും കൊമ്പുകളും നീക്കം ചെയ്യുന്നതിനുള്ള തീരുമാനം എടുത്ത് നടപ്പിലാക്കേണ്ടത് ഒരു പ്രധാന അജണ്ട ആയി മാറ്റണം.

- **നൂതന ആശയങ്ങൾ**

1. വാഹന സാന്ദ്രത കുറയ്ക്കുന്നതിന് ആവശ്യമുള്ള സ്ഥലങ്ങളിൽ കാർ പൂളിംഗ് സംവിധാനം അവലംബിക്കാവുന്നതാണ്.
2. നഗരത്തിലെ ഗതാഗതകുരുക്ക് ഒഴിവാക്കുന്നതിന് തദ്ദേശസ്വയംഭരണ വകുപ്പ് മുഖാന്തിരം കൺജക്ഷൻ പ്രൈസിംഗ് എന്ന പ്രവേശന നികുതി സംവിധാനം ഏർപ്പെടുത്താവുന്നതാണ്.
3. തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ പ്രധാന റെയിൽവേ സ്റ്റേഷനുകളിൽ മൾട്ടിലെവൽ പാർക്കിംഗ് സംവിധാനം ഉൾപ്പെടെയുള്ള നൂതന പെയ്ഡ് പാർക്കിംഗ് സംവിധാനങ്ങൾ നടപ്പിലാക്കേണ്ടതാണ്.

- **സംയോജിത പദ്ധതികളുടെ നിർദ്ദേശങ്ങൾ**

1. റോഡ് സുരക്ഷയുമായി ബന്ധപ്പെട്ട എല്ലാ വകുപ്പുകളെയും ഏകോപിപ്പിച്ച് നഗരത്തിന്റെ ഉപഗ്രഹ നഗരങ്ങളായ കണിയാപുരം, പരുത്തിപ്പാറ, വഴയില, തിരുമല, വട്ടിയൂർക്കാവ്, പാപ്പനംകോട് എന്നിവിടങ്ങളിൽ പെരിഫറൽ പാർക്കിംഗ് സംവിധാനം നടപ്പിലാക്കാവുന്നതാണ്.
2. ജില്ലയിലെ പ്രധാന വിനോദ സഞ്ചാര കേന്ദ്രങ്ങൾ തമ്മിൽ ബന്ധിപ്പിച്ച് റെയിൽ, റോഡ് ശൃംഖല ആധുനികവത്ക്കരിക്കേണ്ടതാണ്. ഇതിനായി ഒരു സംയുക്ത പദ്ധതി പഞ്ചായത്ത് തലത്തിലും ബ്ലോക്ക് തലത്തിലും ജില്ലാ തലത്തിലും സംസ്ഥാന തലത്തിലും ആവിഷ്ക്കരിക്കേണ്ടതാണ്. കൂടാതെ വിനോദസഞ്ചാര മേഖലയിൽ നിലവിലുള്ള സംവിധാനം മെച്ചപ്പെടുത്തേണ്ടതുമാണ്. ജില്ലയുടെ വിനോദസഞ്ചാര മേഖല വഴിയുള്ള വരുമാനം വർദ്ധിപ്പിക്കുന്നതിന് ഇത് പ്രധാന പങ്ക് വഹിക്കും.

റോഡ് യാത്രാ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി എല്ലാ അടിസ്ഥാന സൗകര്യങ്ങളും ഉൾക്കൊള്ളിച്ചുകൊണ്ടുള്ള വിശ്രമ കേന്ദ്രങ്ങളുടെ പദ്ധതി എല്ലാ തദ്ദേശഭരണസ്ഥാപനങ്ങളും രൂപീകരിക്കണം. ഈ കേന്ദ്രങ്ങളിൽ നൂതന സാങ്കേതിക ആശയ വിനിമയ സംവിധാനങ്ങളും, ഭക്ഷണശാലകളും മറ്റു സൗകര്യങ്ങളും വാണിജ്യാടിസ്ഥാനത്തിൽ ഉൾപ്പെടുത്താവുന്നതാണ്. ഇത്തരത്തിലുള്ള കേന്ദ്രങ്ങളുടെ നടത്തിപ്പുചുമതല കുടുംബശ്രീ യൂണിറ്റുകൾക്ക് നൽകാവുന്നതാണ്. ഇത്തരം കേന്ദ്രങ്ങളിൽ ആരോഗ്യ വകുപ്പിന്റെ നേതൃത്വത്തിലുള്ള ഒരു പ്രാഥമിക കേന്ദ്രവും പോലീസ് വകുപ്പിന്റെ ഒരു യൂണിറ്റും ഉണ്ടാകണം.

4.3.3 വിനോദസഞ്ചാരം

തിരുവനന്തപുരം ജില്ലയുടെ വികസനത്തിൽ കാര്യമായ മുതൽക്കൂട്ട് നടത്തുവാൻ കഴിയുന്ന ഒരു മേഖലയാണ് വിനോദസഞ്ചാരം. പ്രകൃതി വിഭവങ്ങൾ, ഭൂമിശാസ്ത്രപരമായ പ്രത്യേകതകൾ, സംസ്ക്കാരം, ജീവിതരീതി, ഗതാഗതം, പാർപ്പിടം, വാർത്താവിനിമയം, ഹോട്ടലുകൾ, ഉത്സവങ്ങൾ, ആഘോഷങ്ങൾ, ഉല്ലാസപരിപാടികൾ തുടങ്ങി ഒട്ടനവധി മേഖലകളെ സ്വാംശീകരിച്ച് നിലകൊള്ളുന്ന ബഹുമുഖ വ്യവസായമായ ടൂറിസത്തിൽ തങ്ങളുടെ അറിവ് നൈപുണ്യം, സാമ്പത്തികശേഷി തുടങ്ങിയവ വിനിയോഗിച്ച് താത്പര്യമുള്ള ഏതൊരു വ്യക്തിയ്ക്കും പ്രായഭേദമന്യേ പ്രവർത്തിക്കുവാനുള്ള അവസരം പ്രദാനം ചെയ്യുന്നത് ഈ മേഖലയുടെ മാത്രം പ്രത്യേകതയാണ്. സുസ്ഥിര വികസന തത്വത്തിൽ അധിഷ്ഠിതമായി വികസിപ്പിക്കുവാൻ സാധ്യത ഏറെയുള്ള ഈ മേഖല സർവ്വാശ്ലേഷീയവളർച്ച കൈവരിയ്ക്കുവാൻ ഏറെ സഹായിക്കുകയും ചെയ്യും. സംസ്ഥാനത്തിന്റെ മൊത്ത വരുമാനത്തിൽ 29658.56 കോടി രൂപ നേടിത്തരുന്ന ടൂറിസംമേഖല മൊത്തം ആഭ്യന്തരവരുമാനത്തിന്റെ 10 ശതമാനം മുതൽക്കൂട്ടുകയും പതിമൂന്ന് ലക്ഷത്തിൽപ്പരം പേർക്ക് പ്രത്യക്ഷവും പരോക്ഷവുമായ തൊഴിൽ നൽകുകയും ചെയ്യുന്നു. എന്നാൽ ടൂറിസം സാധ്യത പ്രയോജനപ്പെടുത്തുന്ന കാര്യത്തിൽ കേരളം ശൈശവദശ ഇപ്പോഴും കടന്നിട്ടില്ല. ആഗോളതലത്തിൽ ടൂറിസം രംഗത്ത് വരുന്ന പുത്തൻ പ്രവണതകൾ വിശിഷ്ടാ, പ്രത്യേക താല്പര്യാധിഷ്ടിത ടൂറിസം, അനുഭവവേദ്യ ടൂറിസം എന്നിവയ്ക്ക് കൂടുതൽ ഊന്നൽ നൽകി സംസ്ഥാനത്ത് ഉടനീളം ടൂറിസം വികസിപ്പിക്കുന്നതിനുള്ള ക്രിയാത്മക പരിപാടികൾ ഇനിയും കൂടുതൽ വ്യാപിപ്പിക്കേണ്ടതുണ്ട്. തികച്ചും ആസൂത്രിതമായി നടപ്പാക്കുകയാണെങ്കിൽ സംസ്ഥാനത്ത് തൊഴിലും വരുമാനവും സൃഷ്ടിക്കുന്നതിൽ കാര്യമായ മുതൽക്കൂട്ട് നടത്തുന്ന മേഖലയായി ടൂറിസത്തെ ഉയർത്തുവാൻ കഴിയും.

2192 ചതുരശ്ര കിലോമീറ്റർ വിസ്തൃതിയുള്ള ജില്ല വൈവിധ്യമായ ടൂറിസം ആകർഷണങ്ങളുടെ ഇരിപ്പിടമാണ്. കായലും, കടലും,. ഹിൽസ്റ്റേഷനും സമന്വയിക്കുന്ന പ്രതിഭാസം ജില്ലയ്ക്കു മാത്രം സ്വന്തമാണ്. പകൽ സന്ദർശകരോടൊപ്പം വിനോദ സഞ്ചാരികൾക്കും തങ്ങളുടെ ഇഷ്ടാനുസരണം തെരഞ്ഞെടുക്കാവുന്ന വൈവിധ്യമായ ആകർഷണങ്ങൾ വികസിപ്പിക്കുവാനുള്ള സാധ്യത ഏറെയുണ്ട്. തലസ്ഥാന നഗരി എന്ന നിലയിലും വിവിധതരം മ്യൂസിയങ്ങളും പാർക്കുകളും നഗര-പൈതൃക കാഴ്ചകൾ ആസ്വദിക്കുവാൻ ഈ നഗരത്തിൽ എത്തുന്ന പകൽ സന്ദർശകർ എന്നിവർ തിരുവനന്തപുരത്തിന്റെ പ്രത്യേകതയാണ്. ടൂറിസം മേഖലയുടെ പൊതുവായ വളർച്ചയ്ക്ക് ഇത് ഏറെ അനുഗ്രഹമാണ്.

മെച്ചപ്പെട്ട റോഡുകൾ, വാർത്താ വിനിമയ സൗകര്യം, വിവിധതരം ഹോട്ടലുകൾ, റസ്റ്റോറന്റുകൾ. ട്രാവൽ ഏജൻസികൾ, ടൂർ ഓപ്പറേറ്റർമാർ, കേന്ദ്ര-സംസ്ഥാന ഓഫീസുകൾ, ഇൻഫർമേഷൻ കേന്ദ്രങ്ങൾ, സുരക്ഷാസംവിധാനങ്ങൾ തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങളുടെ ലഭ്യത വിനോദ സഞ്ചാരികളുടെ തിരുവനന്തപുരത്തേയ്ക്കുള്ള വരവിനെ പ്രോത്സാഹിപ്പിക്കുന്നു. ജില്ലയുടെ പ്രത്യേകതകളുടെ പശ്ചാത്തലത്തിൽ ഉത്തരവാദിത്ത ടൂറിസം തത്വങ്ങളെ അടിസ്ഥാനപ്പെടുത്തി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ടൂറിസം മേഖലയിൽ ഒറ്റയ്ക്കും ജില്ലാ ടൂറിസം പ്രമോഷൻ കൗൺസിലുമായി ചേർന്നും നടപ്പാക്കുന്ന വികസന പരിപ്രേക്ഷ്യമാണ് ഈ അധ്യായത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

ജില്ലയിലെ ടൂറിസം കേന്ദ്രങ്ങളുടെ പ്രധാന പ്രശ്നങ്ങൾ

- റോഡുകളുടെ ശോച്യാവസ്ഥ
- നടപ്പാതകളുടെ അഭാവം/ പരിപാലനമില്ലായ്മ
- പാർക്കിംഗ് സൗകര്യത്തിന്റെ കുറവ്
- തിരക്കുള്ള സ്ഥലങ്ങളിൽ പാർക്കിംഗ് നിയന്ത്രിക്കുവാനുള്ള സംവിധാനമില്ലായ്മ
- ഇൻഫർമേഷൻ കൗണ്ടർ/ ടിക്കറ്റ് കൗണ്ടർ എന്നിവയുടെ അഭാവം. ഉള്ളത് വേണ്ടവിധം പ്രവർത്തിപ്പിക്കുന്നില്ല.
- സൈനേജിന്റെ അഭാവം
- തെരുവ് വിളക്ക് ഇല്ല /പ്രകാശിക്കുന്നില്ല.
- ഇരിപ്പിടങ്ങളുടെ അഭാവം

- പകൽ യാത്രികർക്ക് വേണ്ടത്ര ലഘുഭക്ഷണ സൗകര്യമല്ല
- മാലിന്യനിർമ്മാർജ്ജനം നടക്കുന്നില്ല
- കടൽ/കായൽ തീരങ്ങളിൽ സെക്യൂരിറ്റി ഗാർഡുകളുടെ അഭാവം
- ശൗചാലയങ്ങളുടെ അഭാവം/ ഉള്ളത് വേണ്ടവണ്ണം പരിപാലിക്കപ്പെടുന്നില്ല.
- പരിശീലനം ലഭിച്ച ജീവനക്കാരുടെ അഭാവം
- വിവിധ വകുപ്പുകൾ തമ്മിൽ ഏകോപനമില്ലായ്മ
- സന്ദർശ മാനേജ്മെന്റില്ലായ്മ

(അവലംബം: ഫീൽഡ് തല വിവര ശേഖരണം)

പ്രധാന വിനോദ സഞ്ചാര കേന്ദ്രങ്ങൾ

ബീച്ചുകൾ, ആയുർവേദം, ഇക്കോ ടൂറിസം എന്നിവയാണ് ജില്ലയിലെ പ്രധാന ടൂറിസം ആകർഷണങ്ങൾ. ഇതിനുപരി പകൽ സഞ്ചാരികളെ ആകർഷിക്കുന്നതിനായി മ്യൂസിയം, ആരാധനാലയങ്ങൾ, പാർക്കുകൾ തുടങ്ങിയവയും നിലവിലുണ്ട്. ജില്ലയിലെത്തുന്ന ടൂറിസം സഞ്ചാരികളുടേയും താമസസൗകര്യങ്ങളുടെ സ്ഥിതിവിവരകണക്കുകളും മാത്രമാണ് ടൂറിസം വകുപ്പിൽ ലഭ്യമായിട്ടുള്ളത്. പകൽ സഞ്ചാരികൾ, ഹെൽത്ത് ടൂറിസ്റ്റുകൾ, ഇക്കോ ടൂറിസ്റ്റുകൾ തുടങ്ങിയവരുടെ കണക്കുകൾ ശേഖരിക്കുന്നതിന് ശക്തമായ സംവിധാനം നിലവിലില്ല. അതിനാൽ ഇതുമായി ബന്ധപ്പെട്ട കണക്കുകൾ ശേഖരിക്കുന്നതിന് ഒരു സംവിധാനം നടപ്പാക്കേണ്ടതുണ്ട്. നിലവിലുള്ള ടൂറിസം കേന്ദ്രങ്ങളിലെ പൊതുസൗകര്യങ്ങളുടെ ലഭ്യതയും പോരായ്മയും ഫീൽഡ് തലത്തിൽ ഡി.റ്റി.പി.സി.യുടെ സഹായത്തോടുകൂടി ശേഖരിച്ച വിവരങ്ങളും നടപ്പാക്കാവുന്ന പദ്ധതികളും സ്ഥിതിവിവരകണക്കുകളുടെ ഭാഗമായി ഉൾക്കൊള്ളിക്കുന്നു.

(i) കോവളം ബീച്ച്

കേരളം അന്താരാഷ്ട്ര ടൂറിസം ഭൂപടത്തിൽ സ്ഥാനം കൈവരിക്കുന്നത് എഴുപതുകളുടെ അവസാനം ആരംഭിച്ച കോവളം ബീച്ച് റിസോർട്ടിന്റെ പേരിലാണ്. വിദേശ സഞ്ചാരികൾക്ക് ഏറെ പ്രിയങ്കരമായ സമുദ്ര, ഹവ്വ ബീച്ചുകൾ കേരളത്തെ സഞ്ചാരികളുടെ ഇടയിൽ പ്രചരിപ്പിക്കുന്നതിൽ പ്രധാന പങ്ക് വഹിച്ചു. ഈ ബീച്ചുകളെ കേന്ദ്രീകരിച്ച് പഞ്ചനക്ഷത്ര സൗകര്യം ഉൾപ്പെടെയുള്ള വിവിധതര നക്ഷത്ര/സാധാരണ ഹോട്ടലുകളും റസ്റ്റോറന്റുകളും മറ്റും പ്രവർത്തിച്ചുവരുന്നു. സഞ്ചാരികളുടെ എണ്ണം വർദ്ധിക്കുന്നതിനനുസരിച്ച് കടലോരത്തെ കേന്ദ്രീകരിച്ച് തെക്കു ഭാഗത്തേയക്ക് ബീച്ച് ടൂറിസം വികസിച്ചു. ഇന്ന് കോവളത്ത് നിന്നും ചൊവ്വര, പൂവ്വാർ പ്രദേശം വരെ ബീച്ച് ടൂറിസം വ്യാപിച്ചു. സഞ്ചാരികളുടെ എണ്ണത്തിൽ ക്രമാനുഗതമായ വളർച്ച കൈവരിക്കുകയും ചെയ്തു. 2012 മുതൽ 2016 വരെയുള്ള കാലയളവിൽ കോവളത്ത് തങ്ങിയ സ്വദേശി, വിദേശി വിനോദ സഞ്ചാരികളുടെ എണ്ണം പട്ടിക:–4.3.3.1 ൽ ചേർക്കുന്നു.

പട്ടിക:–4.3.3.1

സഞ്ചാരികൾ

വർഷം	വിദേശികൾ	സ്വദേശികൾ
2012	139996	479450
2013	151998	558743
2014	162169	553399
2015	191643	568279
2016	178423	740778

(അവലംബം : ടൂറിസം വകുപ്പ്)

ഈ കാലയളവിൽ വിദേശ സഞ്ചാരികളുടെ വരവിൽ ശരാശരി 9.03 ശതമാനവും ആഭ്യന്തര സഞ്ചാരികളുടെ വരവിൽ 12.14 ശതമാനവും വളർച്ചാ നിരക്കാണ് കോവളം കൈവരിച്ചത്.

വിടവുകൾ

ലൈഫ് ഗാർഡുകൾ, മാലിന്യ നിർമ്മാർജ്ജനം, തെരുവ് വിളക്കുകൾ, ശൗചാലയം, ഇൻഫർമേഷൻ സെന്റർ എന്നിവ കോവളം ടൂറിസം കേന്ദ്രത്തിന്റെ ഭാഗമായി പ്രവർത്തിച്ചു വരുന്നു. എന്നാൽ എണ്ണത്തിലും ഗുണത്തിലും ഇവ വളരെ അപര്യാപ്തമാണ്.

നിർദ്ദേശങ്ങൾ

- സഞ്ചാരികളെ ആകർഷിക്കുന്നതിന്റെ ഭാഗമായി കൂടുതൽ ശൗചാലയം, വിശ്രമകേന്ദ്രം, സൈൻബോർഡുകൾ, വാട്ടർ കിയോസ്ക്കുകൾ, സി.സി.ടി.വി എന്നിവ സ്ഥാപിക്കാം.

- സാഹസിക ജലകേളി, ബോട്ടിംഗ് എന്നിവ ആരംഭിക്കാം.
- കുട്ടികൾക്കും മുതിർന്നവർക്കും വേണ്ടി കായിക-കലാ-വിനോദ പരിപാടികൾ ആരംഭിക്കുന്നതും ഗ്രാമീണ ടൂറിസം പാക്കേജുകൾ ആരംഭിക്കുന്നതും കൂടുതൽ സഞ്ചാരികളെ ഈ പ്രദേശത്തേയ്ക്ക് ആകർഷിക്കും.
- സഞ്ചാരികൾക്ക് സൗകര്യം ലഭ്യമാക്കുന്നതിന്റെ ഭാഗമായി തദ്ദേശീയരുടെ പങ്കാളിത്തത്തോടെ പാർക്കിംഗ് സൗകര്യം, ഹോംസ്റ്റേ സൗകര്യങ്ങൾ എന്നിവ പ്രോത്സാഹിപ്പിക്കാവുന്നതാണ്.

(ii) പൂവാർ ബീച്ച്

കോവളം കേന്ദ്രീകരിച്ച് ആരംഭിച്ച ബീച്ച് ടൂറിസം ഇപ്പോൾ ചൊവ്വര, പൂവാർ ഭാഗത്തേയ്ക്ക് വ്യാപിപ്പിക്കുകയും പൂവാർ കേന്ദ്രീകരിച്ച് പുതിയ ടൂറിസം ഡെസ്റ്റിനേഷൻ വളർന്നുവരികയും ചെയ്യുന്നു.

വിടവുകൾ

ടൂറിസം വകുപ്പിന്റെ നേതൃത്വത്തിൽ പുതിയ സൗകര്യങ്ങൾ ഒന്നും തന്നെ ഇവിടെ ആരംഭിച്ചിട്ടില്ല. സഞ്ചാരികളുടെ കണക്കുകൾ ലഭ്യമല്ല.

നിർദ്ദേശങ്ങൾ

- ലൈഫ് ഗാർഡുകളുടെ സേവനം, പൊതു ശൗചാലയം, മാലിന്യ നിർമ്മാർജ്ജന പരിപാടികൾ, സുരക്ഷാ സേനയുടെ ലഭ്യത, തെരുവ് വിളക്ക്, ഇൻഫർമേഷൻ സെന്റർ, നാടൻ ഭക്ഷണശാല, ഹോംസ്റ്റേ സൗകര്യങ്ങൾ എന്നിവ വികസിപ്പിക്കണം.
- ഗ്രാമീണ ടൂറിസം പാക്കേജുകൾ, ജല അധിഷ്ടിത വിനോദ - സാഹസിക പരിപാടികൾ എന്നിവ ലഭ്യമാക്കുന്നത് കൂടുതൽ സഞ്ചാരികളെ ഈ പ്രദേശത്തേയ്ക്ക് ആകർഷിക്കുകയും കേവളത്തെ സമ്മർദ്ദം കുറയ്ക്കുകയും ചെയ്യും. പൂവാർ ഗ്രാമപഞ്ചായത്തിന്റെ നേതൃത്വത്തിൽ മേൽപ്പറഞ്ഞ പദ്ധതികൾ നടപ്പാക്കാവുന്നതാണ്.

(iii) വർക്കല ബീച്ച്

കോവളം ബീച്ച് വളർച്ചയുടെ പാരമ്യതയിൽ എത്തിയപ്പോഴാണ് സഞ്ചാരികൾ കുറച്ചുകൂടി തിരക്കൊഴിഞ്ഞ ബീച്ചുകൾ അന്വേഷിക്കുവാൻ തുടങ്ങിയത്. അങ്ങനെ സ്വാഭാവികമായി ഉദയം ചെയ്തു വികസിച്ച മറ്റൊരു ബീച്ചാണ് വർക്കല. ആദ്യകാലങ്ങളിൽ പൂർവ്വികർക്ക് ബലിതർപ്പണം നടത്തുന്നതുമായി ബന്ധപ്പെട്ടാണ് വർക്കല ബീച്ച് അറിയപ്പെടുന്നത്. ക്രമേണ സഞ്ചാരികൾ എത്താൻ ആരംഭിച്ചതോടെ വർക്കല ബീച്ച് കേന്ദ്രീകരിച്ചും ടൂറിസം വളരുവാൻ തുടങ്ങി. ഇന്ന് സഞ്ചാരികളുടെ ഇടയിൽ കേവളം പോലെ തന്നെ പ്രസിദ്ധമാണ് വർക്കലയും. വർക്കല ബീച്ച്, പാപനാശം, ക്ലിഫ് എന്നിവയിൽ നിന്ന് വടക്കോട്ട് തിരുവമ്പാടി-ഇടവ-കാപ്പിൽ ബീച്ചുകളിലേയക്ക് വ്യാപിക്കുകയാണ്. ഈ പ്രദേശങ്ങൾ കാര്യമായ തോതിൽ ടൂറിസം കാഴ്ചപ്പാടിൽ വികസിപ്പിച്ചിട്ടില്ല. 2012 മുതൽ 2016 വരെയുള്ള കാലയളവിൽ കോവളത്ത് തങ്ങിയ സ്വദേശി, വിദേശി വിനോദ സഞ്ചാരികളുടെ എണ്ണം പട്ടിക:-4.3.3.2 ചേർത്തിട്ടുണ്ട്.

പട്ടിക:-4.3.3.2

സഞ്ചാരികൾ

വർഷം	വിദേശികൾ	സ്വദേശികൾ
2012	47569	136248
2013	58105	135922
2014	61311	136441
2015	51599	186147
2016	121508	183482

(അവലംബം : ടൂറിസം വകുപ്പ്)

ഈ കാലയളവിൽ വിദേശ സഞ്ചാരികളിൽ 27.33 ശതമാനവും ആഭ്യന്തര സഞ്ചാരികളിൽ 8.79 ശതമാനവും ശരാശരി വളർച്ചാ നിരക്കാണ് രേഖപ്പെടുത്തിയത്.

നിർദ്ദേശങ്ങൾ

- വർക്കല ബീച്ചിൽ എത്തുന്ന സഞ്ചാരികൾക്ക് കാപ്പിൽ, ഇടവ, ഹരിഹരപുരം എന്നിവിടങ്ങളിലെ കായൽ, കഥകളി കേന്ദ്രം, പ്രകൃതി ചികിത്സാ കേന്ദ്രം, അക്വേറിയം, ജനാർദ്ദനസ്വാമിക്ഷേത്രം, ശിവഗിരിമഠം, അഞ്ചുതെങ്ങ് കോട്ട, കായിക്കര ആശാൻ

സ്മാരകം എന്നിവ കേന്ദ്രീകരിച്ച് പുതിയ ആകർഷണങ്ങൾ വികസിപ്പിക്കുന്നതോടൊപ്പം പാരാഗ്ലൈഡിംഗിന്റെ സാധ്യതകളും പ്രയോജനപ്പെടുത്താവുന്നതാണ്.

- മുനിസിപ്പാലിറ്റിയുടെ നേതൃത്വത്തിൽ കൂടുതൽ പൊതു ശൗചാലയങ്ങൾ, ലൈഫ് ഗാർഡുകളുടെ സേവനം, മാലിന്യ നിർമ്മാർജ്ജനം, തെരുവ് വിളക്ക് സെക്യൂരിറ്റി/ലൈഫ് ഗാർഡ് ജീവനക്കാരുടെ ലഭ്യത എന്നിവ ഉറപ്പാക്കാം. പ്രകൃതി ചികിത്സാ കേന്ദ്രം, കഥകളി കേന്ദ്രം, കായൽ എന്നിവയെ അടിസ്ഥാനമാക്കി കൂടുതൽ വിനോദ ആരോഗ്യപരിപാടികൾ നടപ്പാക്കുന്നതിന് മുനിസിപ്പാലിറ്റിക്ക് മുൻകൈ എടുക്കാവുന്നതാണ്.
- ഗ്രാമീണടൂറിസം പാക്കേജുകളുടെ വികസനം ശിവഗിരി, ജനാർദ്ദനസ്വാമിക്ഷേത്രം എന്നിവയുമായി ബന്ധപ്പെട്ട പ്രത്യേക പാക്കേജുകൾ എന്നിവ സഞ്ചാരികളുടെ വരവ് കൂടുതൽ പ്രോത്സാഹിപ്പിക്കും.

(iv) തിരുവനന്തപുരം നഗരം

ട്രാവൽ കണക്ടിവിറ്റിയും, തലസ്ഥാന നഗരി എന്ന പേരും താമസമുൾപ്പെടെയുള്ള അടിസ്ഥാന സൗകര്യലഭ്യതയും തിരുവനന്തപുരം നഗരത്തിലേയ്ക്ക് സഞ്ചാരികളെ ആകർഷിയ്ക്കുന്നു. പകൽ യാത്രികർ, വിനോദ സഞ്ചാരികൾ എന്നിവർക്ക് വൈവിധ്യമാർന്ന ആകർഷണങ്ങൾ നഗരത്തിൽ ലഭ്യമാണ്. 2012 മുതൽ 2016 വരെയുള്ള കാലയളവിൽ കോവളത്ത് തങ്ങിയ സ്വദേശി, വിദേശി വിനോദ സഞ്ചാരികളുടെ എണ്ണം പട്ടിക:4.3.3.3–ൽ ചേർക്കുന്നു.

പട്ടിക:4.3.3.3
സഞ്ചാരികൾ

വർഷം	വിദേശികൾ	സ്വദേശികൾ
2012	50568	761832
2013	52774	827973
2014	56499	981647
2015	62285	1008083
2016	62715	1023272

(അവലംബം : ടൂറിസം വകുപ്പ്)

നഗരത്തിൽ തങ്ങിയ സഞ്ചാരികളുടെ കണക്കുകൾ പരിശോധിച്ചാൽ സഞ്ചാരികളുടെ ശരാശരി വാർഷിക വളർച്ചാ നിരക്ക് വിദേശികളുടേത് 7.55 ശതമാനവും സ്വദേശികളുടേത് 7.93 ശതമാനവുമാണ്. നഗരത്തിലെ പ്രധാന പകൽ സന്ദർശന കേന്ദ്രങ്ങളിൽ ശംഖുമുഖം – വേളി ബീച്ചുകൾ, ആക്കുളം–വേളി കായൽ, നേപ്പിയർ മ്യൂസിയം, മൃഗശാല, ശാസ്ത്ര സാങ്കേതിക മ്യൂസിയം, പ്ലാനറ്റേറിയം, കുതിരമാളിക, നിയമസഭാ മന്ദിരം, സെക്രട്ടേറിയറ്റ്, ശ്രീപത്മനാഭസ്വാമി ക്ഷേത്രം, ആറ്റുകാൽ ദേവീക്ഷേത്രം, പാളയം സെൻറ് ജോസഫ് പള്ളി, പാളയം ജുമാ മസ്ജിദ്, കനകക്കുന്ന് കൊട്ടാരം എന്നിവ ഉൾപ്പെടുന്നു. എന്നാൽ ഇവിടെ എത്തുന്ന പകൽ സഞ്ചാരികളുടെ കൃത്യമായ കണക്ക് ശേഖരിക്കുന്നതിനുള്ള സംവിധാനം നിലവിലില്ല.

നിർദ്ദേശങ്ങൾ

- നിലവിലുള്ള ആകർഷണങ്ങളും സൗകര്യങ്ങളും ക്രമീകരിച്ച് വൈവിധ്യമാർന്ന പാക്കേജുകൾ (അര ദിവസം/ഒരു ദിവസം) വികസിപ്പിക്കുന്നത് നഗരത്തിൽ എത്തുന്ന സഞ്ചാരികൾക്ക് ഏറെ പ്രയോജനപ്രദമാകും. ഇതിനായി ബഹുഭാഷാ പ്രവീണ്യമുള്ള ടൂർ ഗൈഡുകൾ, ടൂർ ഓപ്പറേറ്റർമാർ, യാത്രാ സൗകര്യങ്ങൾ എന്നിവ വികസിപ്പിക്കേണ്ടതുണ്ട്.
- ശംഖുംമുഖം, വേളി, ആക്കുളം, മ്യൂസിയം, പദ്മനാഭസ്വാമി ക്ഷേത്രം തുടങ്ങിയ സ്ഥലങ്ങളിൽ വരുന്ന സഞ്ചാരികളുടെ എണ്ണം ശേഖരിക്കുന്നതിന് പ്രത്യേക സംവിധാനം ഉണ്ടാക്കണം.
- നഗരത്തിലെ പ്രധാന ടൂറിസം ആകർഷണങ്ങൾ കേന്ദ്രീകരിച്ച് പൊതു സൗകര്യങ്ങളായ ശൗചാലയം, പാർക്കിംഗ്, കഫറ്റേരിയ, നാടൻ ഭക്ഷണശാല, ഗൈഡുകളുടെ സേവനം എന്നിവ ഉറപ്പാക്കുന്നത് കൂടുതൽ തോതിൽ സൗകര്യം സൃഷ്ടിക്കുന്നതിന് സഹായകമാകും.

(v) ഇക്കോ ടൂറിസം

വന്യജീവി സങ്കേതം, സംരക്ഷിത പ്രദേശങ്ങൾ എന്നിവ കേന്ദ്രീകരിച്ച് ഇക്കോ ടൂറിസം പദ്ധതി ജില്ലയിൽ നടന്നു വരുന്നു. ബീച്ചും ഹിൽ സ്റ്റേഷനും മണിക്കൂറിനുള്ളിൽ എത്താൻ കഴിയുന്ന പ്രദേശമാണ് തിരുവനന്തപുരം. പൊന്മുടി, നെയ്യാർ വന്യ ജീവി സങ്കേതം, പേപ്പാറ വന്യജീവി സങ്കേതം, കോട്ടൂർ ആന പുനരധിവാസ കേന്ദ്രം, കല്ലാർ, മങ്കയം, ബ്രൈമൂർ, ബോണക്കാട്, അരിപ്പ എന്നിവയാണ് ജില്ലയിലെ പ്രധാന ഇക്കോ ടൂറിസം കേന്ദ്രങ്ങൾ. ഇതിനുപരി രാജ്യത്തെ ആദ്യത്തെ ആസൂത്രിത ഇക്കോ ടൂറിസം പ്രോജക്ടായ തെന്മല ജില്ലയുടെ അതിർത്തി പ്രദേശത്താണ് നിലകൊള്ളുന്നത്. വനം വകുപ്പിന്റെ നേരിട്ടുള്ള നിയന്ത്രണത്തിൽ വരുന്ന ജില്ലയിലെ ഇക്കോ ടൂറിസം കേന്ദ്രങ്ങൾ പരിസ്ഥിതി സ്നേഹികളെയും സംരക്ഷകരേയും ഉൾപ്പെടെ ഒട്ടനവധി ഇക്കോ ടൂറിസ്റ്റുകളെ ആകർഷിച്ചു വരുന്നു. പരിസ്ഥിതി, സംസ്ക്കാരം എന്നിവ സംരക്ഷിച്ചുകൊണ്ട് പ്രാദേശിക ജനവിഭാഗത്തിന് അവരുടെ ജീവിത രീതിയുമായി ഒത്തിണങ്ങുന്ന ഒട്ടനവധി ജീവനോപാധികൾ ടൂറിസം വകുപ്പുമായി ചേർന്ന് ഇക്കോടൂറിസത്തെ അടിസ്ഥാനമാക്കി വികസിപ്പിക്കാവുന്നതാണ്.

ജില്ലയിലെ പ്രധാന ഇക്കോ ടൂറിസം കേന്ദ്രങ്ങളും വികസന സാധ്യതകളും

➢ നെയ്യാർ വന്യജീവി സങ്കേതം

കള്ളിക്കാട് പഞ്ചായത്തിൽ വരുന്ന ഈ പ്രദേശത്തെ പ്രധാനപ്പെട്ട ആകർഷണങ്ങൾ ബോട്ടിംഗ്, ട്രക്കിംഗ്, ലയൺ സഫാരി പാർക്ക്, ചീങ്കണ്ണി പാർക്ക്, ക്യാമ്പിംഗ് എന്നിവയാണ്. കൂടുതൽ സഞ്ചാരികളെ ആകർഷിക്കുന്നതിന്റെ ഭാഗമായി നാടൻ ഭക്ഷണശാലകൾ, സൈക്കിൾ, ഓട്ടോ– ടാക്സി സൗകര്യങ്ങൾ, ഹോംസ്റ്റേ സൗകര്യം, ഇൻഫർമേഷൻ സെന്റർ, സെക്യൂരിറ്റി ജീവനക്കാരുടെ സേവനം, ഗ്രാമീണ ടൂറിസം പാക്കേജുകൾ, ക്യാമ്പിംഗിന് ആവശ്യമായ എക്സ്കോർട്ടുകൾ, ടൂർ ഗൈഡുകൾ എന്നിവ വികസിപ്പിക്കാവുന്നതാണ്. വനം വകുപ്പ്, ജലസേചന വകുപ്പ്, വിനോദ സഞ്ചാര വകുപ്പ് എന്നിവയുടെ സംയോജനം വഴിയാകണം പദ്ധതികൾ നടപ്പാക്കേണ്ടത്.

➢ പേപ്പാറ വന്യജീവി സങ്കേതം

വിതുര പഞ്ചായത്തിന്റെ കീഴിൽ വരുന്ന ഈ പ്രദേശത്തെ പ്രധാനപ്പെട്ട ആകർഷണങ്ങളിൽ ബാംബു റാഫ്റ്റിംഗ്, ട്രക്കിംഗ്, വാഴ്വാൻതോൾ, ബോണാഫാൾസ്, മീൻമുട്ടി എന്നീ വെള്ളച്ചാട്ടങ്ങളും ആദിവാസി ഊരുകളിലേയ്ക്കുള്ള സന്ദർശനം, വനത്തിനുള്ളിലെ ക്യാമ്പിംഗ് എന്നിവ ഉൾക്കൊള്ളുന്നു. സഞ്ചാരികൾക്ക് സഹായകമായി പ്രാദേശിക തലത്തിൽ യാത്രാ സൗകര്യങ്ങൾ, ഗുണമേന്മയുള്ള ഭക്ഷണശാലകൾ, വന ഉൽപ്പന്നങ്ങളെ അടിസ്ഥാനമാക്കി സ്മരണികകൾ, ട്രക്കിംഗിനും ക്യാമ്പിംഗിനും വേണ്ടി സഹായം നൽകുന്ന പരിശീലനം ലഭിച്ച ടൂർ ഗൈഡുകൾ, നാച്യുറലിസ്റ്റുകളുടെ സേവനം, ഫോട്ടോഗ്രാഫർമാരുടെ സേവനം എന്നിവ ഉറപ്പാക്കുന്നത് കൂടുതൽ തൊഴിലവസരം സൃഷ്ടിക്കും. വനവുമായി ബന്ധപ്പെട്ട് കൂടുതൽ ട്രക്കിംഗ് മേഖലകൾ സൃഷ്ടിക്കുന്നത് സാഹസിക ടൂറിസത്തെ പ്രോത്സാഹിപ്പിക്കും. വാട്ടർ അതോറിറ്റി, വിനോദ സഞ്ചാര വകുപ്പ്, വനവകുപ്പ്, ഗ്രാമപഞ്ചായത്ത് എന്നിവ ഒത്തുചേർന്നുള്ള പ്രവർത്തനമാണ് ഏറെ അഭികാമ്യം.

➢ കോട്ടൂർ ആന പുനരധിവാസ കേന്ദ്രം

കുറ്റിച്ചൽ പഞ്ചായത്തിന്റെ കീഴിൽ വരുന്ന ഈ പ്രദേശത്തെ പ്രധാന ആകർഷണങ്ങളിൽ ബോട്ടിംഗ്, ട്രക്കിംഗ്, ആന സവാരി, ആന പുനരധിവാസ കേന്ദ്രം സന്ദർശനം എന്നിവ ഉൾക്കൊള്ളുന്നു. ഇൻഫർമേഷൻ സെന്റർ, പാർക്കിംഗ് സൗകര്യം, ശൗചാലയം, ഭക്ഷണശാല, ഇക്കോ ഷോപ്പ് എന്നിവയുടെ അഭാവം സഞ്ചാരികൾക്ക് ഏറെ പ്രയാസമുണ്ടാക്കുന്നു. ഗ്രാമപഞ്ചായത്തിന്റെ നേതൃത്വത്തിൽ ഈ സൗകര്യങ്ങൾ ഉറപ്പാക്കുന്നതിനോടൊപ്പം ടൂർഗൈഡ്, നാച്യുറലിസ്റ്റ് എന്നിവരുടെ സേവനം ഉറപ്പാക്കുന്നതും സഞ്ചാരികളുടെ വരവിനെ പ്രോത്സാഹിപ്പിക്കും. ആദിവാസി ഊരുകളിലേയ്ക്കുള്ള സന്ദർശനം, തനത് കലാരൂപങ്ങളുടെ പ്രദർശനം, ഗ്രാമീണ–വന ആകർഷണ പാക്കേജുകൾ എന്നിവയും ടൂറിസം പദ്ധതിയുടെ ഭാഗമായി ആലോചിക്കാം. വനം, ജലസേചനം, വിനോദസഞ്ചാരം എന്നീ വകുപ്പുകളെ ഏകോപിപ്പിച്ച് ഗ്രാമപഞ്ചായത്തുകൾക്ക് ഈ പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കാം.

➢ അഗസ്ത്യമല

വിതുര ഗ്രാമപഞ്ചായത്തിന്റെ കീഴിൽ വരുന്ന ഈ പ്രദേശത്ത് ട്രക്കിംഗാണ് പ്രധാന ആകർഷണം. പ്രദേശത്തിന്റെ ആവാസവ്യവസ്ഥ കണക്കിലെടുത്ത് സസ്യലതാദികൾ,

മൃഗങ്ങൾ എന്നിവയെ പരിചയപ്പെടുത്തുന്നതിനുവേണ്ടി നാച്യുറലിസ്റ്റുകൾ, ഫോട്ടോഗ്രാഫർമാർ എന്നിവരുടെ സേവനങ്ങളെ അടിസ്ഥാനമാക്കി പ്രത്യേക പദ്ധതികൾ നടപ്പാക്കാം. സ്ഥലത്തെത്തുന്ന സഞ്ചാരികളുടെ സൗകര്യാർത്ഥം പൊതു സൗകര്യങ്ങളായ ഇൻഫർമേഷൻ സെന്റർ, പാർക്കിംഗ്, ശൗചാലയം, ഭക്ഷണശാല, ഇക്കോ ഷോപ്പ്, സൈക്കിൾ സഫാരി, ട്രക്കിംഗിനാവശ്യമായ ഉപകരണങ്ങൾ എന്നിവ ലഭ്യമാക്കുന്നതിന് വനം വകുപ്പ്, വിനോദസഞ്ചാര വകുപ്പ്, പഞ്ചായത്ത് എന്നിവർ ഒന്നുചേർന്ന് പ്രവർത്തിക്കാവുന്നതാണ്.

➢ കല്ലാർ

പെരിങ്ങമ്മല ഗ്രമപഞ്ചായത്തിന്റെ കീഴിൽ വരുന്ന ഈ പ്രദേശത്ത് ഒട്ടനവധി ദിവസങ്ങളിൽ ശരാശരി അഞ്ഞൂറോളം സഞ്ചാരികൾ എത്താറുണ്ട്. വെള്ളച്ചാട്ടം, ട്രക്കിംഗ്, നദിയിലെ കുളി എന്നിവയാണ് പ്രധാന ആകർഷണം. ഡി.റ്റി.പി.സി.യുടേയും കെ.എഫ്.ഡി.സി.യുടേയും മൂന്ന് കോട്ടേജുകൾ താമസ സൗകര്യത്തിനായി ലഭ്യമാണ്. തദ്ദേശപങ്കാളിത്തത്തോടെ ഈ താമസ സൗകര്യങ്ങൾ ഗുണമേന്മയോടെ ലഭ്യമാക്കുന്നതിനുള്ള പദ്ധതികൾ ആവിഷ്ക്കരിക്കണം. ഇതോടൊപ്പം ഹോംസ്റ്റേ/സർവീസ്ഡ് വില്ല എന്നിവയും ആരംഭിക്കാം. ഇൻഫർമേഷൻ സെന്റർ, പാർക്കിംഗ്, ശൗചാലയം, ഭക്ഷണശാല, ഇക്കോ ഷോപ്പുകൾ, ടൂർഗൈഡുകൾ, നാച്യുറലിസ്റ്റ് എന്നിവ കാര്യമായി നിലവിലില്ല. ഇത് വികസിപ്പിക്കുന്നതിനുള്ള നടപടികൾ കൈക്കൊള്ളേണ്ടിയിരിക്കുന്നു. വനം, വിനോദസഞ്ചാരം, ഗ്രാമപഞ്ചായത്ത്, കെ.റ്റി.ടി.സി എന്നിവ ഒന്നുചേർന്ന് ഈ മേഖലയിൽ പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കാം.

➢ മങ്കയം

പെരിങ്ങമ്മല പഞ്ചായത്തിന്റെ കീഴിൽ വരുന്ന ഈ പ്രദേശത്ത് വനവുമായി ബന്ധപ്പെട്ട ആകർഷണങ്ങൾ, വെള്ളച്ചാട്ടം, കുട്ടികളുടെ കളിസ്ഥലം എന്നിവ ലഭ്യമാണ്. ഇൻഫർമേഷൻ സെന്ററുകൾ, പാർക്കിംഗ്, ശൗചാലയം, ഇക്കോ ഷോപ്പ് എന്നിവ വികസന പദ്ധതിയിൽ ഉൾപ്പെടുത്തേണ്ടതുണ്ട്. ഗ്രാമപ്രദേശത്ത് ഹോംസ്റ്റേകൾ വികസിപ്പിച്ചുകൊണ്ട് സഞ്ചാരികൾക്ക് താമസസൗകര്യം ഒരുക്കാം. ഗ്രാമീണ സന്ദർശന പാക്കേജുകൾ, ട്രക്കിംഗ് എന്നിവ വികസിപ്പിക്കുന്നതിനുള്ള സാധ്യതകൾ വളരെ കൂടുതലാണ്. ടൂർഗൈഡുകൾ, നാച്യുറലിസ്റ്റുകൾ, ലൈഫ് ഗാർഡുകൾ എന്നിവയ്ക്ക് വേണ്ട പരിശീലനം നൽകി തദ്ദേശവാസികളെ ടൂറിസം സംരംഭവുമായി ബന്ധപ്പെടുത്താം.

➢ അരിപ്പ

ചിതറ ഗ്രാമപഞ്ചായത്തിന്റെ കീഴിൽ വരുന്ന ഈ പ്രദേശത്തെ പ്രധാന ആകർഷണങ്ങളിൽ ട്രക്കിംഗ്, പക്ഷി നിരീക്ഷണം എന്നിവ ഉൾപ്പെടുന്നു. നിലവിൽ ടെന്റ് ക്യാമ്പ്, ജംഗിൾ ലോഡ്ജ് എന്നിവ താമസ സൗകര്യം പ്രദാനം ചെയ്യുന്നു. പരിശീലനം ലഭിച്ച ഗൈഡുകൾ, നാച്യുറലിസ്റ്റുകൾ, അഡ്വഞ്ചർ ടൂർ പ്രമോട്ടർമാർ എന്നിവരുടെ സേവനം വികസിപ്പിക്കേണ്ടതായിട്ടുണ്ട്. പൊതു സൗകര്യങ്ങളായ പാർക്കിംഗ്, ശൗചാലയം, ഇക്കോ ഷോപ്പുകൾ എന്നിവ ഇവിടെയും ഉറപ്പാക്കണം. വനം, വിനോദസഞ്ചാരം, കെ.എഫ്.ഡി.സി, ഗ്രമപഞ്ചായത്ത് എന്നിവർക്ക് സംയോജിപ്പിച്ച് പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പാക്കാം.

ഇക്കോ ടൂറിസം – പൊതു നിർദ്ദേശങ്ങൾ

- ❖ ഇക്കോ ടൂറിസം കേന്ദ്രങ്ങളിൽ സഞ്ചാരികളുടെ എണ്ണം വർദ്ധിപ്പിക്കുന്നതിനേക്കാൾ ഗുണമേന്മയുള്ള സഞ്ചാരികളെ ആകർഷിക്കുന്നതിനും അവർ കൂടുതൽ ദിവസം തങ്ങുന്നതിനെ പ്രോത്സാഹിപ്പിക്കുന്ന പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പാക്കുന്നതുമാണ് ഏറെ പ്രധാനം.
- ❖ പരിസ്ഥിതി ലോല പ്രദേശമായ ഇക്കോ ടൂറിസം കേന്ദ്രങ്ങളിൽ കൂടുതൽ നിർമ്മാണ പ്രവർത്തനങ്ങൾ, മറ്റ് ടൂറിസം വികസന പദ്ധതികൾ എന്നിവ വികസിപ്പിക്കാത്തതാണ് കൂടുതൽ അഭികാമ്യം.
- ❖ തദ്ദേശപങ്കാളിത്തത്തോടെ കലാ–കായിക–വിനോദ പരിപാടികൾ, ഭക്ഷണശാലകൾ, സ്മരണിക വില്പന, താമസ സൗകര്യം എന്നിവ ഉറപ്പാക്കുന്നത് ഇക്കോ ടൂറിസം കേന്ദ്രം എന്ന നിലയിൽ കൂടുതൽ സഞ്ചാരികൾക്ക് പ്രയോജനപ്രദമാകും.

സ്വദേശി, വിദേശി സഞ്ചാരികളുടെ താമസ സൗകര്യം

നക്ഷത്ര ഹോട്ടലുകൾ, റിസോർട്ടുകൾ, പൈതൃക ഹോട്ടലുകൾ, സർവ്വീസ്ഡ് വില്ലകൾ, ഹോം സ്റ്റേകൾ, ലോഡ്ജുകൾ തുടങ്ങി വിവിധതരം സഞ്ചാരികൾക്ക് തങ്ങളുടെ

ബജറ്റിനനുസരിച്ച് താമസിക്കുവാനുള്ള സൗകര്യം തിരുവനന്തപുരത്ത് ലഭ്യമാണ്. സർക്കാർ–സ്വകാര്യ മേഖലയിലുള്ള അതിഥി മന്ദിരങ്ങൾ, ഔദ്യോഗികാവശ്യങ്ങൾക്കുള്ള പ്രത്യേക താമസ സൗകര്യവും ലഭ്യമാക്കുന്നു.

പട്ടിക:4.3.3.4

അംഗീകൃത താമസ സൗകര്യം

താമസ സൗകര്യം	എണ്ണം
ഹോട്ടൽ	162
റിസോർട്ട്	167
ഹോംസ്റ്റേ	43
ആയുർവ്വേദ റിസോർട്ട്	23
ഗസ്റ്റ് ഹൗസ്	18
റസ്റ്റ് ഹൗസ്	08
സർവ്വീസ്ഡ് വില്ല	15
യാത്രിനിവാസ്	0.1
മറ്റുള്ളവ	198
ആകെ	735

(അവലംബം : ടൂറിസം വകുപ്പ്)

ടൂറിസം വകുപ്പിൽ രജിസ്റ്റർ ചെയ്യാത്ത ഒട്ടനവധി താമസ സൗകര്യവുമായി ബന്ധപ്പെട്ട് വിശദമായ കണക്കെടുപ്പ് ഇനിയും നടത്തേണ്ടിയിരിക്കുന്നു. എന്നിരുന്നാലും മെച്ചപ്പെട്ട താമസ സൗകര്യം സഞ്ചാരികൾക്ക് പ്രദാനം ചെയ്യുവാൻ ജില്ലയ്ക്ക് കഴിയുന്നുണ്ട്. തദ്ദേശ പങ്കാളിത്തത്തോടെ ഹോംസ്റ്റേ, സർവ്വീസ്ഡ് വില്ല, ടെന്റഡ് അക്കോമഡേഷൻ, നാടൻ ഭക്ഷണശാലകൾ, സ്മരണികകൾ, ഗ്രാമീണടൂറിസം പാക്കേജുകൾ എന്നിവ വികസിപ്പിക്കാം. ടൂർഗൈഡ്, നാച്യുറലിസ്റ്റ്, ലൈഫ് ഗാർഡ് തുടങ്ങിയ മേഖലകളിൽ പരിശീലനം നൽകി യുവതീയുവാക്കൾക്ക് തൊഴിലവസരം സൃഷ്ടിക്കാം.

തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്ക് ഏറ്റെടുത്ത് നടപ്പാക്കാവുന്ന പദ്ധതികൾ

സംസ്ഥാന ടൂറിസം വികസനത്തിന്റെ രണ്ടാംഘട്ടമായ ഗുണമേന്മ വർദ്ധനവിലേയ്ക്ക് കടക്കുന്ന കാലമാണിത്. നിലവിലുള്ള ടൂറിസം കേന്ദ്രങ്ങളെ കുറ്റമറ്റതും പരാതിരഹിതവും, ഗുണനിലവാരമുള്ള കേന്ദ്രങ്ങളാക്കി മാറ്റുന്നതിനോടൊപ്പം സുസ്ഥിര ടൂറിസം വികസന കാഴ്ച്ചപ്പാടിൽ പുതിയ കേന്ദ്രങ്ങൾ വികസിപ്പിക്കുകയും വേണം. അടിസ്ഥാന സൗകര്യങ്ങൾ ഉറപ്പുവരുത്തുന്നതിൽ വിവിധ വകുപ്പുകളുമായുള്ള ഏകോപനം അനിവാര്യമാണ്. അതുപോലെ അടിയന്തിരമായ പരാതി പരിഹാരത്തിനും, അറ്റകുറ്റ പണികൾക്കും പ്രത്യേക സംവിധാനം ഉറപ്പാക്കേണ്ടതാണ്. പഞ്ചായത്തുകളുടെ നേതൃത്വത്തിൽ ഡി.റ്റി.പി.സി.യുടെ സഹകരണത്തോടുകൂടി ഡെസ്ററിനേഷൻ മാനേജ്മെന്റ് കൗൺസിലുകളുടെ പ്രവർത്തനം ഇതിനായി ശക്തിപ്പെടുത്തണം. സീസൺ ആരംഭിക്കുന്നതിന് മുൻപ് തന്നെ ടൂറിസം കേന്ദ്രങ്ങൾ ഒരുക്കി നിർത്തുന്നതിന് ആവശ്യമായ നടപടികൾ ഈ കൗൺസിൽ ഏറ്റെടുക്കണം. പൊതുജനങ്ങൾ, ടൂറിസം സംരംഭകർ, ടൂറിസം വകുപ്പ് തുടങ്ങിയവയുടെ പങ്കാളിത്തത്തോടെ ഇത് നടപ്പാക്കാം. അറ്റകുറ്റ പണികൾക്കാവശ്യമായ ചെലവ് എത്രയെന്ന് തിട്ടപ്പെടുത്തി ടൂറിസം സംരംഭകരും ടൂറിസം വകുപ്പും ചേർന്ന് നൽകുന്ന (മാച്ചിംഗ് ഗ്രാന്റ്) സംവിധാനം ഓരോ ഡെസ്റ്റിനേഷനിലും നടപ്പാക്കുന്നത് കൂടുതൽ പങ്കാളിത്തവും മെച്ചപ്പെട്ട മേൽ നോട്ടവും ഉറപ്പാക്കും.

ഏറ്റവും കൂടുതൽ ലിങ്കേജ് ഇഫക്ടുള്ള വ്യവസായമാണ് ടൂറിസം. ഓരോ ടൂറിസം കേന്ദ്രങ്ങളിലേയും ആകർഷണങ്ങൾ/ബിസിനസ് എന്നിവയുടെ ലിങ്കേജ് ഇഫക്ട് വിലയിരുത്തി പ്രത്യേക തൊഴിൽ സൃഷ്ടി പദ്ധതികൾ ആവിഷ്ക്കരിക്കുവാൻ കഴിയും. എന്നിരുന്നാലും ടൂറിസം കേന്ദ്രങ്ങൾക്ക് പൊതുവിൽ ആവശ്യമായ ഘടകങ്ങളെ അടിസ്ഥാനമാക്കി തൊഴിൽ സൃഷ്ടിക്കുന്നതിനുള്ള പ്രധാന മേഖലകൾ ഇനിപറയുന്ന ഹോംസ്റ്റേ, സർവ്വീസ്ഡ് വില്ല, സ്മരണിക നിർമ്മാണം, ഗ്രാമീണടൂറിസം പാക്കേജുകൾ, ലോക്കൽ ട്രാൻസ്പോർട്ട്, നാടൻ ഭക്ഷണശാലകൾ, ഭക്ഷ്യ സംസ്ക്കരണം, ടൂർ ഗൈഡിംഗ്, നാചറൽ ലിസ്റ്റ്, ലൈഫ് ഗാർഡ്, സാഹസിക ടൂറിസം പ്രമോഷൻ,വിനോദ പരിപാടികളുടെ ലഭ്യത, ഹോട്ടലുകളുടെ പുറം ജോലി കരാർ തുടങ്ങിയ മേഖലകളിൽ തദ്ദേശവാസികളെ പ്രോത്സാഹിപ്പിക്കുന്ന പദ്ധതികൾ നടപ്പാക്കാം. ടൂറിസം സംരംഭങ്ങളും ദൈനംദിന പ്രവർത്തനങ്ങൾക്ക് ആവശ്യമായ സാധന സാമഗ്രികൾ, അസംസ്കൃത പദാർത്ഥങ്ങൾ എന്നിവ പരമാവധി തദ്ദേശീയമായി ഉത്പാദിപ്പിച്ച് നൽകുന്ന പദ്ധതികളും ഉത്തരവാദിത്ത

ടൂറിസം മിഷനുമായി ചേർന്ന് പഞ്ചായത്തുകൾക്ക് നടപ്പാക്കാം. ടൂറിസം കേന്ദ്രങ്ങളുടെ സ്വഭാവം, ആവശ്യം എന്നിവയുമായി ബന്ധപ്പെട്ട് ഓരോ ടൂറിസം കേന്ദ്രത്തിനും അനുയോജ്യമായ പദ്ധതികളാകണം ആവിഷ്ക്കരിക്കേണ്ടത്. വികസനപദ്ധതികൾ തയ്യാറാക്കുമ്പോൾ വിദഗ്ധരുടെ സേവനം ഇതിനായി പ്രയോജനപ്പെടുത്താം.

ടൂറിസം ആകർഷണം വിവിധ ഉത്പ്പാദന സേവന മേഖലകളിലായി വ്യാപിച്ചു കിടക്കുകയാണ്. അതിനാൽ വിവിധ വകുപ്പുകളുടെ ഏകോപനത്തോടുകൂടി മാത്രമെ വിജയകരമായി പദ്ധതികൾ നടപ്പാക്കുവാൻ കഴിയുകയുള്ളു. വനം, പരിസ്ഥിതി, കൃഷി, പരമ്പരാഗത വ്യവസായം, മത്സ്യബന്ധനം, സാംസ്ക്കാരികം, പുരാവസ്തു, ആരോഗ്യം, വിദ്യാഭ്യസം, ഗതാഗതം, ഐ.ടി.തുടങ്ങി ഒട്ടനവധി വകുപ്പുകളുമായി ബന്ധപ്പെട്ടാണ് ടൂറിസം മേഖല നിലകൊള്ളുന്നത്. അതിനാൽ തയ്യാറാക്കുന്ന പദ്ധതിയുടെ പ്രത്യേകതയിൽ ഊന്നി ബന്ധപ്പെട്ട വകുപ്പുമായുള്ള ഏകോപനം പ്രാദേശിക തലത്തിലും സംസ്ഥാന തലത്തിലും നടപ്പാക്കേണ്ടതാണ്. ഇതിനായി പഞ്ചായത്ത് തലത്തിൽ ടൂറിസം കർമ്മ സമിതികൾ രൂപീകരിക്കുവാനാകും.

മേൽത്തട്ട് – കീഴ്ത്തട്ട് നിർദ്ദേശങ്ങൾ:

സാമൂഹിക–സാമ്പത്തിക–പാരിസ്ഥിതിക മേഖലകളിൽ അനുകൂലവും പ്രതികൂലവുമായ പ്രത്യാഘാതങ്ങൾ സൃഷ്ടിക്കുവാൻ കഴിയുന്ന മേഖലയാണ് ടൂറിസം. അനുകൂല ഘടകങ്ങൾ പരമാവധി പ്രയോജനപ്പെടുത്തുന്നതിനോടൊപ്പം പ്രതികൂല ഘടകങ്ങൾ കഴിയുന്നത്ര കുറച്ചു കൊണ്ടുവരുന്ന സമീപനമായിരിക്കണം ഇതിനായി പിൻതുടരേണ്ടത്. ടൂറിസം വകുപ്പ് – ജില്ലാ പഞ്ചായത്ത് – ഗ്രാമപഞ്ചായത്ത് എന്നിവ ഒന്നു ചേർന്ന പ്രവർത്തനങ്ങൾ ഇതിനായി നടപ്പാക്കണം.

- പുതുതായി ആരംഭിക്കുന്ന ടൂറിസം കേന്ദ്രങ്ങൾക്ക് വേണ്ടി സമഗ്രമായ മാസ്റ്റർ പ്ലാനുകൾ ടൂറിസം വകുപ്പിന് തയ്യാറാക്കാം.
- ടൂറിസം വികസന സാധ്യതകൾ കണക്കാക്കി ജില്ലയിലെ പഞ്ചായത്തുകളുടെ സഹകരണത്തോടുകൂടി ജില്ലാ പഞ്ചായത്തുകൾക്ക് ടൂറിസം മാസ്റ്റർപ്ലാനുകൾ തയ്യാറാക്കാം. ഇതിൽ ടൂറിസം വകുപ്പ് നടപ്പാക്കേണ്ട പദ്ധതി ഏകോപനം ആവശ്യമായി വരുന്ന വകുപ്പുകൾ ജില്ലാ പഞ്ചായത്തിനും, ഗ്രാമപഞ്ചായത്തിനും നടപ്പാക്കാവുന്ന പദ്ധതി എന്നിവ പ്രത്യേകം വേർതിരിച്ച് നൽകണം. ജില്ലാ പഞ്ചായത്തുകൾ തയ്യാറാക്കുന്ന മാസ്റ്റർ പ്ലാൻ ദീർഘകാല പരിപ്രേക്ഷ്യത്തിന്റെ പശ്ചാത്തലത്തിലും, സർക്കാരിന്റെ ടൂറിസം നയത്തിന്റെ പശ്ചാത്തലത്തിലും അവലോകനം നടത്തി ടൂറിസം വകുപ്പ് അംഗീകരിക്കണം. ഏകോപനം–സംയോജനം, വിവിധ വകുപ്പുകളുടെ ഉത്തരവാദിത്വം, പ്രോജക്ടിന്റെ നേട്ടങ്ങൾ എന്നിവ രേഖപ്പെടുത്തണം. പരിസ്ഥിതി, ഊർജ്ജം തുടങ്ങിയവയുമായി ബന്ധപ്പെട്ട നിയമങ്ങളും നടപടികളും കണക്കിലെടുത്താകും ടൂറിസം വകുപ്പ് ജില്ലയിലെ മാസ്റ്റർ പ്ലാൻ അംഗീകരിക്കേണ്ടത്. ഇങ്ങനെ അംഗീകരിക്കപ്പെടുന്ന മാസ്റ്റർ പ്ലാനിന്റെ അടിസ്ഥാനത്തിൽ പുതിയ പദ്ധതികൾ ബന്ധപ്പെട്ടവരുടെ നേതൃത്വത്തിൽ നടപ്പാക്കുന്നത് സുസ്ഥിര വികസനത്തിന് സഹായകമാകും. ഗ്രാമപഞ്ചായത്ത്, ജില്ലാ പഞ്ചായത്ത്, ടൂറിസം വകുപ്പ്, മറ്റ് വകുപ്പുകൾ എന്നിവയുടെ ഉത്തരവാദിത്തം പ്രത്യേകം തിരിച്ചറിയുന്നതുമൂലം വേണ്ടവിധം സംയോജിതമായി പ്രവർത്തനങ്ങളുടെ ഏകോപനം ഡെസ്റ്റിനേഷൻ മാനേജ്മെന്റ് കൗൺസിലുകൾക്ക് അനായാസേന നടപ്പാക്കുവാൻ കഴിയും.

നൂതന ആശയങ്ങൾ

ലോകോത്തര നിലവാരമുള്ള പ്രത്യേക താല്പര്യാധിഷ്ടിത ടൂറിസം കേന്ദ്രമായി ജില്ലയെ മാറ്റുക എന്നതാണ് അടിസ്ഥാന ലക്ഷ്യം. സുസ്ഥിര ടൂറിസം വികസനം ഉറപ്പാക്കുന്നതിലേയ്ക്കായി ഉത്തരവാദിത്ത ടൂറിസത്തിന്റെ അടിസ്ഥാന ശിലകളായ സാമൂഹിക–സാമ്പത്തിക–പാരിസ്ഥിതിക ഘടകങ്ങൾക്ക് ഊന്നൽ നൽകി തദ്ദേശ പങ്കാളിത്തത്തോടെയാകണം വികസന പരിപാടികൾ നടപ്പാക്കേണ്ടത്. ജില്ലാപഞ്ചായത്തിന്റെ നേതൃത്വത്തിലും മറ്റ് പഞ്ചായത്തുകൾക്ക് ഒറ്റയ്ക്കും കൂട്ടായും നടപ്പാക്കാവുന്ന പദ്ധതികളും സ്വകാര്യ പങ്കാളിത്തത്തോടെ നടപ്പാക്കാവുന്നതുമാകും ഏറ്റെടുക്കപ്പെടുന്നവ. ഓരോ മേഖലയ്ക്കും ടൂറിസം വകുപ്പിന്റെ നേതൃത്വത്തിൽ മാസ്റ്റർപ്ലാൻ തയ്യാറാക്കുകയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് നടപ്പാക്കുവാനുള്ള പ്രത്യേകം നിജപ്പെടുത്തി കർമ്മപദ്ധതികൾ ആവിഷ്ക്കരിക്കുകയും വേണം.

മാസ്റ്റർപ്ലാനിൽ വിവിധ വകുപ്പുകളുടെ ഏകോപനം ആവശ്യമായി വരുന്നവ പ്രത്യേകം കണ്ടെത്തി ബന്ധപ്പെട്ട വകുപ്പുകളുടെ സഹകരണത്തോടുകൂടി നടപ്പാക്കാവുന്നതാണ്.

ഉദാഹരണമായി കൃഷി, പരമ്പരാഗത വ്യവസായം, ആയുർവ്വേദം, അലോപ്പതി, സ്പോർട്സ് തുടങ്ങിയ വകുപ്പുമായി ചേർന്ന് നടപ്പാക്കാവുന്ന പ്രത്യേക താല്പര്യാധിഷ്ടിത ടൂറിസം ഉത്പന്നങ്ങൾ വികസിപ്പിയ്ക്കാം. ജില്ലയിൽ ടൂറിസം വികസന സാധ്യതകൾ വിലയിരുത്തിയതിന്റെ അടിസ്ഥാനത്തിൽ തിരുവനന്തപുരത്തെ പ്രത്യേക താല്പര്യാധിഷ്ടിത ടൂറിസം കേന്ദ്രമായി മാറ്റുവാൻ കഴിയുമെന്നാണ് കണ്ടെത്തിയത്. നിലവിലുള്ള ബീച്ച്, ഇക്കോ ടൂറിസം ഉത്പന്നങ്ങൾക്ക് ഉപരിയായി ടൂറിസം ഉത്പന്ന വികസന രംഗത്ത് കണ്ടെത്തിയ 12 മേഖലകളും അവ വികസിപ്പിക്കുന്നതിന് ലഭ്യമായ സുപ്രധാന വിഭവ സ്രോതസ്സുകളും തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്ക് ഊന്നൽ കൊടുക്കാവുന്ന തലങ്ങളും വിവിധ വകുപ്പുകളുടെ ഏകോപന സാധ്യതകളും നോക്കാം.

❖ ജലാധിഷ്ഠിത ടൂറിസം

കായലുകൾ, നദികൾ എന്നിവയെ കേന്ദ്രീകരിച്ച് ജില്ലയിൽ കാര്യമായ ടൂറിസം പദ്ധതികളൊന്നും ഇപ്പോൾ നിലവിലില്ല. നാടൻവഞ്ചി, പുരവഞ്ചി, പെഡൽ ബോട്ടുകൾ, യന്ത്രബോട്ടുകൾ, ജലകേളി എന്നിവയ്ക്ക് പ്രാധാന്യം നൽകി ജലാധിഷ്ടിത ടൂറിസം വികസിപ്പിക്കുവാൻ സാധ്യതകൾ ഏറെയാണ്. ഈ രംഗത്ത് കഠിനംകുളം കായൽ, ഇടവ-കാപ്പിൽ കായൽ, വെള്ളായണി കായൽ, കരമനയാർ, കിള്ളിയാർ, വാമനപുരം നദി, പാർവ്വതി പുത്തനാർ എന്നീ വിഭവങ്ങൾ കാര്യമായി പ്രയോജനപ്പെടുത്താം. ടൂറിസം ജലവിഭവം, തുറമുഖം എന്നീ വകുപ്പുകൾ സംയോജിച്ചുവേണം പദ്ധതി നടപ്പാക്കേണ്ടത്.

❖ പൈതൃക ടൂറിസം

ചരിത്രം, പാരമ്പര്യം, സംസ്ക്കാരം എന്നിവയാൽ സമ്പന്നമായ തിരുവനന്തപുരത്ത് പൈതൃക ടൂറിസം വികസനത്തിന് സാധ്യത ഇനിയും വികസിപ്പിക്കേണ്ടതുണ്ട്. പത്മനാഭപുരം കൊട്ടാരം, കവടിയാർ കൊട്ടാരം, കോയിക്കൽ കൊട്ടാരം, നെടുമങ്ങാട് കൊട്ടാരം, കൊല്ലമ്പുഴ, കിളിമാനൂർ കൊട്ടാരം, തെക്കെ കൊട്ടാരം, ശംഖുംമുഖം ബീച്ച്, ശംഖുംമുഖം തൂണില്ലാ കൊട്ടാരം, ശംഖുംമുഖം ശ്രീപാദ കൊട്ടാരം, കിഴക്കേകോട്ട, പടിഞ്ഞാറേകോട്ട, വെട്ടിമുറിച്ച കോട്ട, അഗ്രഹാരം - കിഴക്കേകോട്ട, അമ്മവീടുകൾ, എസ്.എം.എസ്.എം.ഇൻസ്റ്റിറ്റ്യൂട്ട്, യൂണിവേഴ്സിറ്റി കോളേജ്, പബ്ലിക് ലൈബ്രറി, വിക്ടോറിയ ജൂബിലി ഠൗൺ ഹാൾ, കണ്ണിമേറ മാർക്കറ്റ്, ഫൈൻ ആർട്സ് കോളേജ്, പബ്ലിക് ആഫീസ്, ആർട്സ് കോളേജ്, സ്റ്റാംപ് ഡിപ്പോ, കിറ്റ്സ്, മഹത്വ്യക്തികളുടെ പ്രതിമകൾ എന്നിവയെ കേന്ദ്രീകരിച്ച് പ്രത്യേക പൈതൃക ടൂറിസം പദ്ധതി ജില്ലയിൽ വികസിപ്പിക്കാം.

ടൂറിസം, പുരാവസ്തു എന്നീ വകുപ്പുകൾ ബന്ധപ്പെട്ട സ്ഥാപനങ്ങൾ എന്നിവയുമായി ചേർന്ന് പങ്കാളിത്ത സ്വഭാവത്തോടെ ആവിഷ്ക്കരിച്ച് നടപ്പാക്കുന്ന പൈതൃക ടൂറിസം പദ്ധതി ജില്ലയിൽ വ്യത്യസ്തമായ ഒരു അനുഭവമാക്കി മാറ്റാം.

❖ മ്യൂസിയം

വ്യത്യസ്തമായ മ്യൂസിയങ്ങൾ കൊണ്ട് സമ്പന്നമായ ജില്ലയാണ് തിരുവനന്തപുരം. കുറഞ്ഞ സമയം കൊണ്ട് കൂടുതൽ അനുഭവം, വിജ്ഞാനം എന്നിവ സമ്പാദിക്കുന്നതിനുള്ള ഉപാധിയായി സഞ്ചാരികൾ മ്യൂസിയങ്ങളെ പരിഗണിക്കുന്നു. നിലവിൽ ജില്ലയിലെ മ്യൂസിയങ്ങൾ ടൂറിസം കാഴ്ചപ്പാടിൽ വികസിപ്പിച്ച് പ്രവർത്തനക്ഷമമാക്കിയിട്ടില്ല. നേപ്പിയർ മ്യൂസിയം, ശ്രീചിത്ര ആർട്ട് ഗാലറി, നാചറൽ ഹിസ്റ്ററി മ്യൂസിയം, കെ.സി.എസ്.പണിക്കർ ഗാലറി, പുത്തൻമാളിക, സയൻസ് & ടെക്നോളജി മ്യൂസിയം, ചിൽഡ്രൻസ് മ്യൂസിയം തൈയ്ക്കാട്, നിയമസഭ മ്യൂസിയം. ട്രാവൽ ഹെറിറ്റേജ് മ്യൂസിയം, സ്പെയ്സ് മ്യൂസിയം, ജിയോളജി സർവ്വേ ഓഫ് ഇന്ത്യ മ്യൂസിയം, ഫോറസ്റ്റ് മ്യൂസിയം, കേരളം-മ്യൂസിയം ഓഫ് ഹിസ്റ്ററി & ഹെറിറ്റേജ്, ക്രൈം മ്യൂസിയം, സ്റ്റേറ്റ് സോയിൽ മ്യൂസിയം എന്നിവയുമായി കേന്ദ്രീകരിച്ച് പ്രത്യേകം മ്യൂസിയം ടൂറിസം പദ്ധതി വികസിപ്പിക്കാം. കോർപ്പറേഷനോടൊപ്പം സാംസ്ക്കാരികം, ടൂറിസം എന്നീ വകുപ്പുകൾ സഹകരിച്ചാകണം പദ്ധതികൾ നടപ്പാക്കേണ്ടത്.

❖ വെൽനസ് ടൂറിസം

ആയുർവേദ ടൂറിസത്തിന് പ്രാധാന്യമുള്ള തിരുവനന്തപുരത്ത് പഴക്കവും പരിചയ സമ്പന്നവും പേരുകേട്ടതുമായ ധാരാളം ഗവേഷണ സ്ഥാപനങ്ങൾ നിലവിലുണ്ട്. ഇവ വേണ്ടവണ്ണം പ്രയോജനപ്പെടുത്തിയാൽ വെൽനസ് ടൂറിസം കാര്യമായി വികസിപ്പിക്കാം. ആയുർവേദ കോളേജ്, പൂജപ്പുര ആയുർവേദ ഗവേഷണകേന്ദ്രം, പ്രകൃതി ചികിത്സാകേന്ദ്രം വർക്കല, സ്വകാര്യ സ്ഥാപനങ്ങൾ-ശാന്തിഗിരി, കോട്ടയ്ക്കൽ, വാസുദേവ വിലാസം,

ശിവനന്ദ യോഗ കേന്ദ്രം, നെയ്യാർ എന്നിവയെ കേന്ദ്രീകരിച്ചാവണം വെൽനെസ് ടൂറിസം പദ്ധതി വികസിപ്പിക്കേണ്ടത്. ടൂറിസം, ഇന്ത്യൻ സിസ്റ്റം ഓഫ് മെഡിസിൻ എന്നീ വകുപ്പുകളും ബന്ധപ്പെട്ട സ്ഥാപനങ്ങളുമായുള്ള ഏകോപനത്തിലൂടെയാകണം പദ്ധതി നടപ്പാക്കേണ്ടത്.

❖ സാംസ്ക്കാരിക ടൂറിസം

കേരളത്തിന്റെ സാംസ്ക്കാരിക തലസ്ഥാനമായി തൃശൂർ ജില്ലയാണ് അറിയപ്പെടുന്നതെങ്കിലും സാംസ്ക്കാരിക സ്ഥാപനങ്ങളുടെ നിലനിൽപ്പും പ്രവർത്തനങ്ങളും കൊണ്ട് സമ്പന്നമായ തിരുവനന്തപുരത്ത് സാംസ്ക്കാരിക ടൂറിസം വികസനത്തിനുള്ള സാധ്യത ഏറെയാണ്. ടൂറിസവും സാംസ്ക്കാരിക വകുപ്പും ബന്ധപ്പെട്ട സ്ഥാപനങ്ങളും ഏകോപിച്ചാൽ ഈ രംഗത്ത് പ്രത്യേകം ടൂറിസം പദ്ധതി നടപ്പിലാക്കാം.

സാംസ്ക്കാരിക ടൂറിസം പദ്ധതി നടപ്പാക്കുമ്പോൾ ഭാരത് ഭവൻ, വൈലോപ്പിള്ളി സംസ്കൃതി ഭവൻ, തീർത്ഥപാദ മണ്ഡപം, കിഴക്കേക്കോട്ട, മാർഗ്ഗി തിയറ്റർ പടിഞ്ഞാറേകോട്ട, സി.വി.എൻ.കളരി, നടനഗ്രാമം, കൂടിയാട്ട കേന്ദ്രം, വഞ്ചിയൂർ, ഫൈൻആർട്സ് കോളേജ്, സ്വാതി തിരുനാൾ സംഗീത കോളേജ്, മാനവീയം വീഥി എന്നിവയെ വേണ്ടവിധം പ്രയോജനപ്പെടുത്തേണ്ടതുണ്ട്.

❖ തീർത്ഥാടന ടൂറിസം

ജില്ലയിൽ വികസിപ്പിക്കാവുന്ന മറ്റൊരു മേഖലയാണ് തീർത്ഥാടന ടൂറിസം, ശ്രീ പദ്മനാഭ സ്വാമിക്ഷേത്രം, ആറ്റുകാൽ ദേവീക്ഷേത്രം, പരശുരാമക്ഷേത്രം, ശ്രീമഹാദേവ ക്ഷേത്രം, കഴക്കൂട്ടം, പഴവങ്ങാടി ഗണപതി ക്ഷേത്രം, അനന്തൻകാട് നാഗരാജക്ഷേത്രം, ശ്രീകണ്ഠേശ്വരം ക്ഷേത്രം, ശ്രീവരാഹം ക്ഷേത്രം, കരിയ്ക്കകം ശ്രീ ചമുണ്ഡീ ദേവീ ക്ഷേത്രം, ഒ.ടി.സി ശ്രീ ഹനുമാൻ സ്വാമി ക്ഷേത്രം, തൊഴുവൻകോട് ചാമുണ്ഡീ ദേവീ ക്ഷേത്രം, വേട്ടയ്ക്കൊരുമകൻ ചാമുണ്ഡീ ദേവീ ക്ഷേത്രം, മിത്രാനന്ദപുരം ത്രിമൂർത്തീ ചാമുണ്ഡീ ദേവീ ക്ഷേത്രം, അരുവിപ്പുറം, ചെമ്പഴന്തി ഗുരുകുലം, ശിവഗിരി മഠം, സെന്റ് ജോസഫ്സ് പള്ളി പാളയം, സെന്റ് ജോർജ്ജ് ഓർത്തോഡോക്സ് സിറിയൻ പള്ളി, സ്പെൻസർ മറ്റീർ മെമ്മോറിയൽ ചർച്ച്, എൽ എം.എസ്, മദർ ഓഫ് ഗോഡ് ചർച്ച്, വെട്ടുകാട്, ശാന്തിഗിരി ആശ്രമം, ബീമാപള്ളി, പാളയം ജുമാ മസ്ജിദ്, ജനാർദ്ദന സ്വാമി ക്ഷേത്രം, വർക്കല, ശാർക്കര ദേവീക്ഷേത്രം, ചിറയിൻകീഴ് എന്നിവയെ കേന്ദ്രീകരിച്ച് ടൂറിസം തീർത്ഥാടന പദ്ധതി ആവിഷ്ക്കരിച്ച് നടപ്പിലാക്കാം. ദേവസ്വം ബോർഡ്, മതസ്ഥാപനങ്ങൾ, സാംസ്ക്കാരിക വകുപ്പ്, ടൂറിസം വകുപ്പ് എന്നവ സമന്വയിച്ച് വേണം പദ്ധതി നടപ്പാക്കേണ്ടത്.

❖ ഫെസ്റ്റിവൽ ടൂറിസം

വൈവിധ്യമായ വർണ്ണ ആഘോഷങ്ങളുടേയും ഉത്സവങ്ങളുടേയും ഒരു കേന്ദ്രമാണ് തിരുവനന്തപുരം. പ്രത്യേക താല്പര്യമുള്ള സഞ്ചാരികളെ ആകർഷിക്കുന്നതിന് ഫെസ്റ്റിവൽ ടൂറിസം എന്ന മേഖല നമുക്ക് വികസിപ്പിക്കാം. ആറ്റുകാൽ പൊങ്കാല, ആറാട്ട്, അൽപ്പശി ഉത്സവം, ലക്ഷദീപം, നവരാത്രി ഉത്സവം, ബലിതർപ്പണം, വെട്ടുകാട് പെരുനാൾ, ബീമാപള്ളി ഉറൂസ്, സ്വാതി സംഗീതോത്സവം, നിശാഗന്ധി ഫെസ്റ്റിവൽ, സൂര്യാഫെസ്റ്റിവൽ, ഇന്റർ നാഷണൽ ഫിലിം ഫെസ്റ്റിവൽ ഓഫ് കേരള, ഇന്റർ നാഷണൽ ഡോക്യുമെന്ററി & ഷോർട്ട് ഫിലിം ഫെസ്റ്റിവൽ ഓഫ് കേരള, ഓണം വാരാഘോഷം, പുഷ്പോത്സവം എന്നിവയ്ക്ക് പ്രാമുഖ്യം നൽകി ഫെസ്റ്റിവൽ ടൂറിസം വികസിപ്പിക്കാം. ആരാധനാലയങ്ങൾ ബന്ധപ്പെട്ട ഏജൻസികൾ, ടൂറിസം വകുപ്പ് എന്നിവ ഒന്നു ചേർന്നുവേണം പദ്ധതികൾ നടപ്പാക്കേണ്ടത്.

❖ ഫാം ടൂറിസം

ഗ്രാമീണജീവിതത്തിന്റെ എല്ലാ സൗകുമാര്യങ്ങളും പ്രദാനം ചെയ്യുന്ന ഒരു ജില്ലയാണ് തിരുവനന്തപുരം. വിവിധ ഗവേഷണ സ്ഥാപനങ്ങളുടെ നിലനിൽപ്പും പ്രവർത്തനവും സംസ്ഥാനത്തെ കാർഷിക മേഖലയെ വികസിപ്പിക്കുന്നതിന് തിരുവനന്തപുരത്ത് ലഭ്യമാണ്. ഇവിടെ കേന്ദ്രീകരിച്ച് കൃഷി വകുപ്പിന്റെ പങ്കാളിത്തത്തോടെ വിനോദ സഞ്ചാരികൾക്ക് വ്യത്യസ്തമായ അനുഭവം പ്രദാനം ചെയ്യുന്ന ഫാം ടൂറിസം പദ്ധതി നടപ്പിലാക്കാം. അഗ്രിഫാം പാലോട്, ജേഴ്സിഫാം വിതുര, റീജിയണൽ പൗൾട്രി ഫാം കുടപ്പനക്കുന്ന്, വെള്ളായണി കാർഷിക കോളേജ്, ജവഹർലാൽ നെഹ്റു ട്രോപ്പിയ്ക്കൽ ബൊട്ടാണിയ്ക്കൽ ഗാർഡൻ പാലോട് എന്നിവയുടെ സേവനം ഫാം ടൂറിസം വികസിപ്പിക്കുന്നതിൽ പ്രാധാന്യമർഹിക്കുന്നു.

❖ മെഡിക്കൽ വാല്യു ട്രാവൽ

അനുദിനം വികസിച്ചുവരുന്ന ഒരു മേഖലയാണ് മെഡിക്കൽ വാല്യൂട്രാവൽ, തിരുവനന്തപുരം മെഡിക്കൽ കോളേജിന് ഉപരി ദേശീയ അന്തർദേശീയ തലത്തിൽ ഖ്യാതി നേടിയിട്ടുള്ള മെഡിക്കൽ ഗവേഷണ സ്ഥാപനങ്ങൾ ഉന്നത നിലവാരം പുലർത്തുന്ന സ്വകാര്യ മെഡിക്കൽ ഹോസ്പിറ്റലുകൾ എന്നിവയും തിരുവനന്തപുരത്തുണ്ട്. കിംസ് ഹോസ്പിറ്റൽ, അനന്തപുരി ഹോസ്പിറ്റൽ, ശ്രീ ഉത്രാടം തിരുനാൾ ഹോസ്പിറ്റൽ എന്നിവയെ കേന്ദ്രീകരിച്ച് ഇന്ന് മെഡിക്കൽ ടൂറിസം നടപ്പാക്കുന്നുണ്ടെങ്കിലും ഇതുമായി ബന്ധപ്പെട്ട സ്ഥിതിവിവര കണക്കുകൾ ലഭ്യമല്ല. ഈ മേഖലയിൽ വർദ്ധിച്ചുവരുന്ന ഡിമാൻഡ് കണക്കിലെടുത്ത് പ്രത്യേക ടൂറിസം പദ്ധതിയായി ഈ മേഖലയെ വളർത്താവുന്നതാണ്. ടൂറിസം, ആരോഗ്യം എന്നീ വകുപ്പുകളും സ്വകാര്യ സ്ഥാപനങ്ങളും ഒന്നു ചേർന്ന് പ്രവർത്തിച്ചാൽ ഏറെ വികസിപ്പിക്കാവുന്ന ഒരു മേഖലയാണിത്.

❖ സ്പോർട്സ് ടൂറിസം

സ്പോർട്സുമായി ബന്ധപ്പെട്ട് മാനവശേഷിയും അടിസ്ഥാന സൗകര്യങ്ങളും ലഭ്യമാണങ്കിലും ജില്ലയിൽ ടൂറിസം കാഴ്ചപ്പാടിൽ സ്പോർട്സ് ഇനിയും വികസിപ്പിക്കേണ്ടിയിരിക്കുന്നു. സ്പോർട്സ് വകുപ്പ്, ടൂറിസം വകുപ്പ് എന്നിവ സംയോജിപ്പിച്ചാൽ വളരെ പെട്ടെന്നുതന്നെ ഈ മേഖല നമുക്ക് വികസിപ്പിക്കുവാനാകും. ലക്ഷ്മിഭായി നാഷണൽ കോളേജ് ഓഫ് ഫിസിക്കൽ എഡ്യുക്കേഷൻ, ഗ്രീൻഫീൽഡ് സ്റ്റേഡിയം, ചന്ദ്രശേഖരൻ നായർ സ്റ്റേഡിയം, യൂണിവേഴ്സിറ്റി സ്റ്റേഡിയം, സെൻട്രൽ സ്റ്റേഡിയം, ജിമ്മിജോർജ്ജ് ഇൻഡോർ സ്റ്റേഡിയം, ഇന്റർ നാഷണൽ അക്വാട്ടിക് കോംപ്ലക്സ് പിരപ്പൻകോട്, ഷൂട്ടിംഗ് റെയ്ഞ്ച് വട്ടിയൂർക്കാവ്, ട്രിവാൻട്രം ടെന്നീസ് ക്ലബ്, ട്രിവാൻഡ്രം ഗോൾഫ് ക്ലബ്ബ് എന്നിവയുടെ അടിസ്ഥാനസൗകര്യങ്ങൾ കേന്ദ്രീകരിച്ചാകണം പദ്ധതി വികസിപ്പിക്കേണ്ടത്.

❖ എഡ്യൂക്കേഷൻ ടൂർ

രാജ്യാന്തര തലത്തിൽ പ്രചാരം കൈവരിച്ചിട്ടുള്ള ധാരാളം വിദ്യാഭ്യാസ–ഗവേഷണ സ്ഥാപനങ്ങളുടെ ഇരിപ്പിടമാണ് തിരുവനന്തപുരം. ജില്ലയിൽ ലഭ്യമായ സൗകര്യങ്ങൾ വേണ്ടവിധം വിനിയോഗിച്ചാൽ വിദ്യാർത്ഥികൾ, അദ്ധ്യാപകർ, ഗവേഷകർ എന്നിവർക്ക് ഏറെ പ്രയോജനം ചെയ്യുന്ന എഡ്യൂക്കേഷൻ ടൂർ പദ്ധതി നടപ്പാക്കാം. എല്ലാ വർഷവും എക്സ്കർഷനുവേണ്ടി സംസ്ഥാനത്തിന് അകത്തും പുറത്തും നിന്ന് വരുന്ന വിദ്യാർത്ഥികൾക്ക് പ്രത്യേക സന്ദർശന അനുഭവം നൽകുവാനും ഈ പദ്ധതിയ്ക്ക് കഴിയും.

കേരള സർവ്വകലാശാല, കാർഷിക കോളേജ്, വെള്ളായണി, ശ്രീ ചിത്തിര തിരുനാൾ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസ്, ആയുർവേദ ഗവേഷണകേന്ദ്രം പൂജപ്പുര, റീജിയണൽ ആയുർവേദ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ലൈഫ്സ്റ്റൈൽ ഡിസോർഡേഴ്സ്, രാജീവ്ഗാന്ധി സെന്റർ ഫോർ ബയോടെക്നോളജി, വിക്രം സാരാഭായി സ്പെയ്സ് സെന്റർ, സി.എസ്.ഐ.ആർ പാപ്പനംകോട്, ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡയബറ്റീസ്, പുലയനാർകോട്ട, സെൻട്രൽ ടൂബർ ക്രോപ്സ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് ശ്രീകാര്യം, കോക്കനട്ട് റിസർച്ച് സ്റ്റേഷൻ ബാലരാമപുരം, സി.ഡി.എസ് പ്രശാന്ത് നഗർ, ഗുലാത്തി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിനാൻസ് ആന്റ് ടാക്സേഷൻ, സെസ് ആക്കുളം, നാറ്റ്പാക്ക്, ജവഹർലാൽ നെഹ്റു ട്രോപ്പിക്കൽ ബൊട്ടാണിക്കൽ ഗാർഡൻ പാലോട്, ടെക്നോപാർക്ക്, ടെക്നോസിറ്റി എന്നിവ പ്രധാനമാണ്. വിദ്യാഭ്യാസ ഗവേഷണ സ്ഥാപനങ്ങൾ, ടൂറിസം വകുപ്പ് എന്നിവയുടെ കാര്യമായ പങ്കാളിത്തത്തോടുകൂടി വേണം പദ്ധതി നടപ്പാക്കേണ്ടത്.

❖ എന്റർടെയിൻമെന്റ് & ഷോപ്പിംഗ്

ടൂറിസം കാഴ്ചപ്പാടിൽ ഇതുവരെ പരിഗണിക്കപ്പെടാതെ കിടക്കുന്ന ഒരു മേഖലയാണിത്. എന്നാൽ സമീപകാലത്ത് മനുഷ്യനിർമ്മിത ആകർഷണങ്ങൾ, സൗകര്യങ്ങൾ, വ്യത്യസ്തമായ ഷോപ്പിംഗ് സൗകര്യങ്ങൾ എന്നിവയുടെ ലഭ്യത ജില്ലയിൽ എന്റർടെയിൻമെന്റ് ടൂറിസം വികസിപ്പിക്കുന്നതിന് ധാരാളം സാധ്യതകളാണ് പ്രദാനം ചെയ്യുന്നത്. ഹാപ്പിലാന്റ് വാട്ടർ തീം പാർക്ക്, മാജിക് പ്ലാനറ്റ്, സിനിമ തിയറ്ററുകൾ, ജൂവലറികൾ, ടെക്സ്റ്റൈൽസ്, ഷോപ്പിംഗ് മാളുകൾ (ലുലു, ആർട്ടക്, മലബാർ) തുടങ്ങിയവ ഇതിനുള്ള അടിസ്ഥാന സൗകര്യങ്ങളാണ്. പൊതുമേഖല, സ്വകാര്യ സ്ഥാപനങ്ങൾ, ടൂറിസം വകുപ്പ് എന്നിവ സമന്വയിപ്പിച്ച് ഈ മേഖല വികസിപ്പിക്കാം.

4.3.4 ദുരന്തനിവാരണം

കേരളം ഒന്നിലേറെ പ്രകൃതി ദുരന്തങ്ങൾ ഉണ്ടാകാനിടയുള്ള ബഹുമുഖ അപകട മേഖലയാണ്. പ്രകൃതിയിൽ സ്വഭാവികമായുണ്ടാകുന്ന വ്യതിയാനങ്ങൾ കൂടാതെ മനുഷ്യന്റെ കൈക്കടത്തലുകൾ മൂലമുണ്ടാകുന്ന വനനശീകരണം, അശാസ്ത്രീയമായ ഭൂവിനിയോഗം, അനിയന്ത്രിതമായ നഗരവൽക്കരണം, പരിസ്ഥിതി സന്തുലിതാവസ്ഥയിലുണ്ടാകുന്ന ആഘാതം എന്നിവയെല്ലാം ദുരന്തങ്ങളുടെ ആവൃത്തിയും തീവ്രതയും കൂട്ടുന്നതോടൊപ്പം നാശനഷ്ടങ്ങളുടെ തോത് വർദ്ധിപ്പിക്കുകയും ചെയ്യുന്നു. കൂടാതെ കാലാവസ്ഥാ വ്യതിയാനം ഇവയുടെ ആക്കം കൂട്ടുന്നു.

വെള്ളപ്പൊക്കം, ശക്തമായ കാറ്റ്, ഉരുൾപൊട്ടൽ/മലയിടിച്ചിൽ, ഭൂമികുലുക്കം, വരൾച്ച, ഇടിമിന്നൽ, കടലാക്രമണം, രാസദുരന്തങ്ങൾ തുടങ്ങിയവ ജില്ലയിലും അനുഭവപ്പെടുന്നു. ദുരന്തസാദ്ധ്യതാ പ്രദേശങ്ങളുടെ വിശദവിവരം പട്ടികയിൽ ചേർത്തിട്ടുണ്ട്.

പട്ടിക:4.3.4.1

ജില്ലയിലെ പ്രധാന കാലാവസ്ഥാ – ഭൗമ പ്രതിഭാസ ദുരന്തപ്രദേശങ്ങൾ

താലൂക്ക്	വില്ലേജ്	മലയിടിച്ചിൽ/ ഉരുൾപൊട്ടൽ	കടലാക്രമണം/തീരശോഷണം	വെള്ളപ്പൊക്കം	ഇടിമിന്നൽ	ഭൂകമ്പം ശക്തി റിച്ചർ സ്കെയിൽ സ്
ചിറയിൻകീഴ്	ഇടവ		കുന്നിടിച്ചിൽ (കടലോരം)	നടയറകായൽ തീരം, വെൺകുളം	ലഘു	
	അയിരൂർ			നടയറകായൽ തീരം, എളകമൺ നെൽപാടം, അയിരൂർ നദീതീരം	ലഘു	
	വർക്കല		കുന്നിടിച്ചിൽ (കടലോരം)	പാർവ്വതി പുത്തനാർ തീരം (ടി.എസ്.കനാൽ) കടൽതീരം	ലഘു	
	ചെമ്മരുതി			അയിരൂർ നദീതീരം	ലഘു	
	നാവായിക്കുളം			അയിരൂർ നദീതീരം; വെട്ടിയറ, കുളമട, നാവായിക്കുളം നെൽപാടം	ലഘു	
	പള്ളിക്കൽ			ഇത്തിക്കര നദീതീരം, പകൽക്കുറി, വിളക്കാട്, മൂലഭാഗം നെൽപാടം	ലഘു	
	മടവൂർ			മടവൂർതോട്തീരം; ആനക്കുന്നം, പുലിയൂർക്കോണം, ചാത്തൻകോണം, തുമ്പോട് നെൽപാടം	ലഘു	
	കിളിമാനൂർ			കിളിമാനൂർ നദീതീരം; പോങ്ങനാട്, തകരപ്പറമ്പ് നെൽപാടം	ഉയരന്നത്	<3
	പഴയകുന്നുമ്മേൽ			കിളിമാനൂർ നദീതീരം; കിളിമാനൂർ അടയമൺ നെൽപാടം	ലഘു	
	പുളിമാത്ത്			വാമനപുരം നദിയുടെയും കിളിമാനൂർ തോടിന്റെയും തീരം	ലഘു	<3
	കൊടുവഴന്നൂർ			വാമനപുരം നദിയുടെയും കിളിമാനൂർ തോടിന്റെയും തീരം	ലഘു	
	നഗരൂർ			വാമനപൂരം നദീതീരം, കാരിക്കോട് തീരം	ലഘു	
	വെളാവൂർ			കാരിത്തോട് തീരം, വെള്ളാലൂർ നെൽപാടം	ലഘു	
	കരവാരം			തോട്ടക്കാട്, കരവാരം നെൽപാടം	ലഘു	
	മണമ്പൂർ			കോഴിത്തോട്ടം കായൽ തീരം, മണമ്പൂർ, കാവല്ലൂർ നെൽ പാടം	ലഘു	
	ഒറ്റൂർ			കോഴിത്തോട്ടം കായൽതീരം, ഒറ്റൂർ, വടശ്ശേരിക്കോണം	ലഘു	

താലൂക്ക്	വില്ലേജ്	മലയിടിച്ചിൽ/ ഉരുൾപൊട്ടൽ	കടലാക്രമണം/തീരശോഷണം	വെള്ളപ്പൊക്കം	ഇടിമിന്നൽ	ഭൂകമ്പം ശക്തി റിച്ചർ സ്കെയിൽ സ്
				നെൽപാടം		
	വെട്ടൂർ–ചെറുന്നിയൂർ		സ്ഥിരത	കോഴിത്തോട്ടം കായൽ, ചെറുന്നിയൂർ പാടശേഖരം	ലഘു	<3
	കടക്കാവൂർ		ലഘു	കോഴിത്തോട്ടം കായൽതീരം, കടക്കാവൂർ പാടശേഖരം	ലഘു	
	ശാർക്കര–ചിറയിൻകീഴ്		കടൽഭിത്തി വരെ	വാമനപുരം, ശാർക്കര നദീതീരം	ലഘു	
	കീഴാറ്റിങ്ങൽ			വാമനപുരം നദീതീരം, മണനാക്ക് പാടശേഖരം	ലഘു	
	ആലംകോട്			വാമനപുരം നദീതീരം, വഞ്ചിയൂർ, കാട്ടുപുറം പാടശേഖരം	ലഘു	
	എളമ്പ–മുദാക്കൽ			വാമനപുരം , ശാർക്കര നദീതീരം; ചെമ്പൂർ, കോനാട്ട് പാടശേഖരം	ലഘു	4.3
	എടക്കോട്			ശാർക്കര നദീതീരം, പോരുട്ടി പാടശേഖരം	ലഘു	
	ആറ്റിങ്ങൽ–അവനവഞ്ചേരി			വാമനപുരം നദീതീരം, അവനഞ്ചേരി പാടശേഖരം	ലഘു	3.6
	കിഴുവിലം–കുന്തൂർ			ശാർക്കര, മാമം നദീതീരം	ലഘു	
	അഴൂർ			കഠിനംകുളം കായൽതീരം മാമം നദീതീരം	ലഘു	
നെയ്യാറ്റിൻകര	വിളപ്പിൽ			കരമന നദീതീരം വിളപ്പിൽശാല പാടശേഖരം	ലഘു	
	വിളവൂർക്കൽ			കരമന നദീതീരം, കൂത്താട്ടുകാൽദേശം പാടശേഖരം	ലഘു	
	പള്ളിച്ചൽ	ലഘു (മൂക്കുന്നിമല)		കരമന നദീതീരം, കോട്ടൂർകോണം പാടശേഖരം	മിതം	
	മലയിൻകീഴ്			വടിയാഞ്ചിലകോണം പാടശേഖരം, ഇടനാട്ടുകോണം	ലഘു	
	കുളത്തുമ്മേൽ			നെയ്യാർതീരം, ആമച്ചൽ, കുളത്തുമ്മേൽ പാടശേഖരം		
	മാറനല്ലൂർ			നെയ്യാർ തീരം, മാറനല്ലൂർ, പോങ്ങമ്മൂട്, അരുമനല്ലൂർ		
	കള്ളിക്കാട്			നെയ്യാർതീരം		
	വാഴിച്ചൽ	ഉയർന്ന (വനം)			ലഘു	
	അമ്പൂരി	ഉയർന്ന			ഉയർന്നത്	
	വെള്ളറട	ലഘു		വെള്ളറട പാടശേഖരം	മിതം	
	ആനാവൂർ	ലഘു		കോട്ടക്കൽ പാടശേഖരം	ലഘു	
	കുന്നത്തുകാൽ			അരുവിക്കോട് തോട് തീരം;കുന്നത്തുകാൽ പാടശേഖരം	ലഘു	
	കൊല്ലയിൽ			അമരവിള നടൂർകൊല്ലപാടം	ലഘു	
	പരശുവയ്ക്കൽ			പാറശ്ശാല ഇഞ്ചിവിൽ പാടശേഖരം	ലഘു	
	പാറശ്ശാല			പരശുവൈക്കൽ, പുല്ലൂർകോണം പാടം	ലഘു	
	ചെങ്കൽ			നെയ്യാർ നദീതീരം; ചെങ്കൽ, അയിരൂർ പാടശേഖരം	ലഘു	
	കാഞ്ഞിരംകുളം			കാരിച്ചൽതോട് തീരം	ലഘു	
	കരിംകുളം		സ്ഥിരത	കാരിച്ചൽതോട് തീരം	ലഘു	
	തിരുപുറം			നെയ്യാർതീരം, അരുമാനൂർ പാടശേഖരം	ലഘു	
	പെരുമ്പഴുതൂർ			നെയ്യാർ തീരം, പെരുമ്പഴുതൂർ, വടക്കോട് മഞ്ചാടിത്തല	ലഘു	

താലൂക്ക്	വില്ലേജ്	മലയിടിച്ചിൽ/ ഉരുൾപൊട്ടൽ	കടലാക്രമണം/തീരശോഷണം	വെള്ളപ്പൊക്കം	ഇടിമിന്നൽ	ഭൂകമ്പം ശക്തി റിച്ചർ സ്കെയിൽ സ്
				പാടശേഖരം		
	പെരുങ്കടവിള	ലഘു		മാരായമുട്ടം, പെരുങ്കടവിള, മുന്നൂർ പാടശേഖരം	ലഘു	
	നെയ്യാറ്റിൻകര			നെയ്യാർ, മതിരൂർതോട് തീരം	ലഘു	
	അതിയന്നൂർ			വെണ്ണക്കൽ, പുതുവീടുപാലം	ലഘു	
	കുളത്തൂർ		ലഘു	നെയ്യാർ തീരം; കോട്ടക്കകം പാടശേഖരം	ലഘു	
	കാരോട്			ചെറുമലപഴനി, എറിച്ചല്ലൂർ, വെങ്കടമ്പ നെൽപാടം	ലഘു	
	കീഴാറൂർ			നെയ്യാർതീരം, മൈലച്ചൽ, അരിയൻകോട് പാടം	ലഘു	
	ഒറ്റശേഖരമംഗലം			നെയ്യാർതീരം, ഒറ്റശേഖരമംഗലം, പുഴനാട് പാടം	ലഘു	
	വിഴിഞ്ഞം		ഉയർന്ന	കരിംപള്ളി, വിഴിഞ്ഞം പാടം	ലഘു	
	കോട്ടുകാൽ		ഉയർന്ന	കാരിച്ചൽതോട് തീരം	ലഘു	
തിരുവനന്തപുരം	കീഴ്തോന്നക്കൽ			വേങ്കോട്, തച്ചപ്പള്ളി, പുലിവീടുനെൽപാടശേഖരം	ലഘു	
	മേലേതോന്നക്കൽ			ശാർക്കര നദീതീരം, കുടവൂർ, വേതംപള്ളിക്കോണം, നെൽപാടം	ലഘു	
	വെയ്ലൂർ			കഠിനംകുളം കായൽതീരം; മുരുക്കുംപുഴ, വെയിലൂർ, കോരാണി, കുരക്കോട് നെൽപാടം	ലഘു	
	കഠിനംകുളം		ലഘു	കഠിനംകുളം കായൽതീരം	ലഘു	
	പള്ളിപ്പുറം			കഠിനംകുളം കായൽതീരം, പള്ളിപ്പുറം, കാണിയാപുരം പാടം	ലഘു	
	അണ്ടൂർക്കോണം			തിരുവെള്ളൂർ, കീഴാവൂർ, അണ്ടൂർക്കോണം പാടം	ലഘു	
	കഴക്കൂട്ടം–മേനംകുളം			കഴക്കൂട്ടം മേനംകുളം ചന്തവിള പാടം	ലഘു	
	ആറ്റിപ്ര		ലഘു	കുളത്തൂർ തോട്, ആക്കുളം കായൽ തീരം	മിതം	
	പാങ്ങപ്പാറ			പാങ്ങപ്പാറ, പേരൂർ, കാര്യവട്ടം, വെഞ്ചാവോട്, കരിയം നെൽപാടങ്ങളും താഴ്ന്ന തലങ്ങളും	ലഘു	
	അയിരൂർപ്പാറ			ശാസ്തവട്ടം, പട്ടുവിളാകം നെൽപാടവും താഴ്ന്ന തലങ്ങളും	ലഘു	
	ഉളിയാഴ്ത്തുറ			ഉളിയാഴ്ത്തുറ, അണിയൂർ, കേരളാദിത്യപുരം നെൽപാടവും താഴ്ന്ന തലങ്ങളും	ലഘു	
	ചെറുവയ്ക്കൽ			ആക്കുളം കായൽ, ഉള്ളൂർ തോട് തീരം, തുറുവിയ്ക്കൽ, ചെറുവയ്ക്കൽ നെൽപാടവും താഴ്ന്ന തലങ്ങളും	ലഘു	
	ഉള്ളൂർ			ഉള്ളൂർ തോട് തീരം, കരിയം നെൽപാടവും താഴ്ന്ന തലങ്ങളും	ലഘു	
	കടകംപള്ളി		ഉയർന്ന	ഉള്ളൂർ തോട്, പാർവ്വതി പുത്തനാർ തീരം	ലഘു	
	പേട്ട		ഉയർന്ന	പാർവ്വതീ പുത്തനാർ തീരം	ലഘു	
	പട്ടം			ഉള്ളൂർ തോട് തീരം	ലഘു	
	കുടപ്പനകുന്ന്			മുട്ടട, പാതിരപ്പള്ളി, ചെട്ടിവിളാകം നെൽപാടവും	ലഘു	

താലൂക്ക്	വില്ലേജ്	മലയിടിച്ചിൽ/ ഉരുൾപൊട്ടൽ	കടലാക്രമണം/തീരശോഷണം	വെള്ളപ്പൊക്കം	ഇടിമിന്നൽ	ഭൂകമ്പം ശക്തി റിച്ചർ സ്കെയിൽ സ്
				താഴ്ന്ന തലവും		
	കവടിയാർ			കുറവൻകോണം, പ്ലാമൂട് നെൽപാടവും താഴ്ന്ന തലങ്ങളും	ലഘു	
	പേരൂർക്കട			പാർവ്വതീ പുത്തനാർ, കരമന നദീ തീരങ്ങൾ, മുട്ടത്തറ നെൽപാടവും താഴ്ന്ന തലങ്ങളും	ലഘു	
	വഞ്ചിയൂർ				ലഘു	
	മുട്ടത്തറ		കടൽഭിത്തി		മിതം	
	മണക്കാട്			കരമന, കിള്ളിയാർ തീരം, അട്ടക്കുളങ്ങര നെൽപാടം താഴ്ന തലങ്ങൾ	ലഘു	
	തൈക്കാട്			കിള്ളിയാർ തീരം, തമ്പാനൂർ, ചെങ്കൽചൂള, പനവിള നെൽപാടങ്ങളും താഴ്ന്ന പ്രദേശങ്ങളും	ലഘു	
	ശാസ്തമംഗലം			കരമന, കിള്ളിയാർ തീരം, അട്ടക്കുളങ്ങര നെൽപാടം, താഴ്ന്ന തലങ്ങൾ	ലഘു	
	വട്ടിയൂർക്കാവ്			കരമന നദീ തീരം, അഞ്ചാമട നെൽപാടം	ലഘു	
	തിരുമല			കരമന നദീ തീരം, പൂജപ്പുര, ചെങ്ങല്ലൂർ, നെൽപാടങ്ങളും താഴ്ന്ന പ്രദേശങ്ങളും	ലഘു	
	നേമം			കരമന നദി, വെള്ളായണി കായൽ തീരങ്ങൾ, പൊന്നുമംഗലം, നേമം നെൽപാടങ്ങൾ	ലഘു	
	തിരുവല്ലം		കടൽഭിത്തി	കരമന നദീ തീരം, പാച്ചല്ലൂർ നെൽപാടങ്ങൾ	ലഘു	
	വെങ്ങാനൂർ			വെള്ളായണി കായൽ തീരം, വണ്ണിയൂർ നെൽപാടം	ലഘു	
	കല്ലിയൂർ			വെള്ളായണി കായൽ തീരം, കല്ലിയൂർ, പുന്നമുട് നെൽപാടങ്ങൾ	ലഘു	
നെടുമങ്ങാട്	വീരൻകാവ്			നെയ്യാർ നദിതീരം, അരിയക്കോട്, മുതിയാവിള	ലഘു	
	പെരുങ്കുളം			കരമന നദി തീരം, അരുവിക്കര തീരം, പെരുങ്കുളം, പൂവച്ചാൽ നെൽപാടം	ലഘു	
	മണ്ണൂർക്കര	ഉയർന്ന		കോട്ടൂർ തോട് തീരം	ലഘു	
	ആര്യനാട്			കരമന നദി തീരം, മന്നാരം, പറന്തോട്, മീനാങ്കൽ നെൽപാടം	ലഘു	
	വെള്ളനാട്			കരമന നദി, അരുവിക്കര തീരങ്ങൾ, വെള്ളനാട്, ചാങ്ങ നെൽപാടം	ലഘു	
	ഉളമലക്കർ			കരമന നദി, അരുവിക്കര തീരങ്ങൾ, വെള്ളനാട്, ചങ്ങ നെൽപാടം	ലഘു	
	അരുവിക്കര	ലഘു		കരമന നദി, കിള്ളിയാർ, അരുവിക്കര നദി തീരം	ലഘു	
	കരകുളം			കിള്ളിയാർ തീരം	ലഘു	
	വട്ടപ്പാറ			മരുതൂർ, കഴിനാട്, വട്ടപ്പാറ, കുറ്റിയാനി നെൽപാടം	ലഘു	
	വെമ്പായം			വേറ്റിനാട്, നന്നാട്ടുകാവ്, നെടുവേലി, നെൽപാടം	ലഘു	
	കോലിയക്കോട്			ശാർക്കര നദീതീരം, തൈക്കാട്, കോലിയക്കോട്, മാതനാട് നെൽപാടങ്ങൾ	ലഘു	
	നെല്ലനാട്			വാമനപുരം, നദീതീരം, പുല്ലമ്പാറ, കുതിരകുളം,	ലഘു	

താലൂക്ക്	വില്ലേജ്	മലയിടിച്ചിൽ/ ഉരുൾപൊട്ടൽ	കടലാക്രമണം/തീരശോഷണം	വെള്ളപ്പൊക്കം	ഇടിമിന്നൽ	ഭൂകമ്പം ശക്തിറിച്ചർസ്കെയിൽസ്
				മിതൃമ്മല നെൽപാടങ്ങളും താഴ്ന്ന തലങ്ങളും		
	വാമനപുരം			വാമനപുരം നദീതീരം, കളമച്ചൽ നെൽപാടം	ലഘു	
	പുല്ലമ്പാറ			ശാർക്കര, വാമനപുരം നദീതീരങ്ങൾ, ആലന്തറ, മടാക്കൽ, നെൽപാടങ്ങളും താഴ്ന്ന തലങ്ങളും	ലഘു	
	കല്ലറ			കല്ലറ നെൽപാടം	ലഘു	
	പാങ്ങോട്	ലഘു		പാങ്ങോട്, ഭരതന്നൂർ, ഊളൻകുഴ് നെൽപാടം, താഴ്ന്ന തലങ്ങൾ	ലഘു	
	പെരങ്ങമ്മല	ഉയർന്ന		ചിറ്റാർ നദീതീരം, പെരിങ്ങമല, മാന്തുരുത്തി നെൽപാടം	മിതം	
	പാലോട്			വാമനപുരം നദീതീരം, നന്നിയോട്, പുലിയൂർ, പാലുവള്ളി നെൽപാടം	ലഘു	
	കരുപ്പൂഴ			കുരൂപ്പുഴ, താന്നിമൂട്, പച്ച നെൽപാടം	ഉയർന്നത്	
	പനവൂർ				ലഘു	
	തേക്കട			വെമ്പായം, പുവത്തൂർ, മൂന്നാംകുഴി നെൽപാട	മിതം	
	മാണിക്കൽ			ശാർക്കര നദിതീരം, പിരപ്പൻകോട്, കൊപ്പം, ആമ്പല്ലൂർ നെൽപാടങ്ങൾ	ഉയർന്നത്	
	നെടുമങ്ങാട്			കിള്ളിയാർതീരം, ചെല്ലംകോട്, ഇരിഞ്ചയം, അരശുമ്പറമ്പ് നെൽപാടങ്ങൾ	ലഘു	
	ആനാട്			കിള്ളിയാർ തീരം, വെട്ടംപള്ളി, വെങ്ങാവിള, പനയം നെൽപാടങ്ങൾ	ഉയർന്നത്	
	കരിപൂർ			കിള്ളിയാർ തിരം, കരിപ്പൂർ, ഇരുമരം, കൊല്ലംകാവ് നെൽപാടങ്ങൾ		
	തൊളിക്കോട്	മിതം		തോളിക്കോട്, പനക്കോട്, ചായം, തോട്ടുമുക്ക്, നെൽപാടങ്ങൾ		
	വിതുര	ഉയർന്ന		വിതുര, പന്നിക്കുഴി, മരുതമല, നെൽപാടങ്ങൾ, കല്ലാർ നദീതീരം		
	തെന്നൂർ	ഉയർന്ന		കല്ലാർ നദീതീരം, തെന്നൂർ, ദൈവപുരം നെൽപാടങ്ങൾ		

(അവലംബം: ജില്ല ദുരന്തനിവാരണ വകുപ്പ്)

2011 സെൻസസ്സ് പ്രകാരം ജില്ലയിൽ ഒരു ച.കി.മീറ്ററിൽ 1509 പേർ താമസിക്കുന്നു. അതേസമയം തിരുവനന്തപുരം നഗരത്തിൽ 4500 ആൾക്കാരാണ് ഒരു ച.കി.മിറ്ററിൽ താമസിക്കുന്നത്. ജനസാന്ദ്രത കൂടിയ ഇത്തരം പ്രദേശങ്ങളിൽ ചെറിയ തോതിലുള്ള ദുരന്തങ്ങൾ പോലും ധാരാളം ജനങ്ങളെ ബാധിക്കുന്നു. കാലാവസ്ഥാ വ്യതിയാനം ഇവയുടെ ആക്കം കൂട്ടുന്നതിന് കാരണമാവുകയും ചെയ്യുന്നു.

ദുരന്തനിവാരണം

ദേശീയ ദുരന്തനിവാരണ ആക്ടിന് അനുസൃതമായി സംസ്ഥാന സർക്കാർ സംസ്ഥാന ദുരന്തനിവാരണ അതോറിറ്റിയും ജില്ലാ ദുരന്തനിവാരണ അതോറിറ്റികൾക്കും രൂപം നൽകുകയുണ്ടായി.

സംസ്ഥാനത്തെ ദുരന്തനിവാരണവുമായി ബന്ധപ്പെട്ട വിഷയങ്ങൾ കൈകാര്യം ചെയ്യുന്നത് റവന്യൂ–ദുരന്തനിവാരണ വകുപ്പാണ്. മനുഷ്യപ്രേരിത ദുരന്തങ്ങൾ കൈകാര്യം ചെയ്യുന്നത് ആഭ്യന്തരവകുപ്പും, രാസദുരന്തങ്ങളെ ഫാക്ടറീസ് ആന്റ് ബോയിലേഴ്സ് ഡിപ്പാർട്ടുമെന്റും, പകർച്ചവ്യാധി മുതലായ ആരോഗ്യ പ്രശ്നങ്ങളെ ആരോഗ്യ വകുപ്പും, വരൾച്ച, കൃഷിനാശം എന്നിവയെ കൃഷിവകുപ്പുമാണ് നോഡൽ ഡിപ്പാർട്ടുമെന്റുകൾ. ഓരോ

നോഡൽ ഡിപ്പാർട്ടുമെന്റുകളും വകുപ്പുതല ദുരന്തനിവാരണ പ്ലാനുകൾ തയ്യാറാക്കുകയും സംസ്ഥാന അതോറിറ്റിക്ക് അവലോകനത്തിനായി നൽകുകയും ചെയ്യേണ്ടതാണ്.

പട്ടിക: 4.3.4.2

നോഡൽ ഡിപ്പാർട്ട്മെന്റുകൾ (എസ്.ഡി.എം.എ പോളിസി 2010)

റവന്യൂ & ഡി.എം.	കാലാവസ്ഥയും/ഭൗഭശാസ്ത്രപരമായുള്ള ദുരന്തങ്ങൾ
ഹോം	റോഡ് / റെയിൽ
ആരോഗ്യം/കുടുംബക്ഷേമം	ജൈവ / രാസ / റോഡിയോളജിക്കൽ / ന്യൂക്ലിയർ ദുരന്തങ്ങൾ
ഫാക്ടറീസ്/ബോയിലേസ്	വ്യാവസായിക ദുരന്തങ്ങൾ
കൃഷി വകുപ്പ്	അണു/ കീട ബാധകൾ
മൃഗ സംരക്ഷണം	സാംക്രമികമായ മൃഗരോഗങ്ങൾ
ജലവിഭഗം	ഡാമിന്റെ ബലക്ഷയം / ചോർച്ച
പി. ഡബ്ല്യൂ.ഡി.	കെട്ടിടങ്ങളുടെ തകർച്ച
വനം	കാട്ടുതീ
എയർപോർട്ട് / സിവിൽ ഏവിയേഷൻ	വ്യോമഗതാഗത ദുരന്തങ്ങൾ

(അവലംബം: ജില്ല ദുരന്തനിവാരണ വകുപ്പ്)

ദേശീയ ദുരന്തനിവാരണ ആക്ട് 2005 പ്രകാരം ദേശീയതലത്തിലും സംസ്ഥാന തലത്തിലും ജില്ലാതലത്തിലും ദുരന്തനിവാരണ അതോറിറ്റികൾ രൂപീകരിച്ചിട്ടുണ്ട്. ദേശീയതലത്തിൽ പ്രധാനമന്ത്രി അദ്ധ്യക്ഷനായും സംസ്ഥാനതലത്തിൽ മുഖ്യമന്ത്രി അദ്ധ്യക്ഷനായുമാണ് പ്രവർത്തനം നടക്കുന്നത്. ജില്ലയിലെ ദുരിതാശ്വാസ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നത് ജില്ലാ ദുരന്തനിവാരണ അതോറിറ്റിയാണ്. ജില്ലാ കളക്ടർ അദ്ധ്യക്ഷനായിട്ടുള്ള (ചെയർമാൻ) ഈ അതോറിറ്റിയിൽ 7 അംഗങ്ങളാണ് ഉള്ളത്.

ജില്ലയിൽ സംഭവിക്കാൻ സാദ്ധ്യതയുള്ള ദുരന്തങ്ങളെ അവ സംഭവിക്കാൻ സഹായിക്കുന്ന കാരണങ്ങളെ അടിസ്ഥാനമാക്കി തരംതിരിക്കാം.

പട്ടിക:4.3.4.3

ജില്ലയിൽ സംഭവിക്കാൻ സാദ്ധ്യതയുള്ള ദുരന്തങ്ങൾ

കാലാവസ്ഥയുമായി ബന്ധപ്പെട്ട് ഉാകുന്ന ദുരന്തങ്ങൾ	ഭൗമപ്രതിഭാസങ്ങളുമായി ബന്ധപ്പെട്ട് ഉണ്ടാകുന്ന ദുരന്തങ്ങൾ	ജൈവപരമായ കാരണങ്ങളാൽ ഉണ്ടാകുന്ന ദുരന്തങ്ങൾ	മനുഷ്യ ഇടപെടലുകൾ മൂലം ഉണ്ടായേക്കാവുന്ന ദുരന്തങ്ങൾ
• വെള്ളപ്പൊക്കം • വരൾച്ച • ഇടിമിന്നൽ • കള്ളക്കടലും കാലവർഷകടലും • കടലാക്രമണം • തീരവിനോദ അപകടം • ചുഴലികൊടുംകാറ്റ് /ചുഴലിക്കാറ്റ്	• മലയിടിച്ചിൽ / ഉരുൾപൊട്ടൽ • ഭൂചലനം • സുനാമി	• പകർച്ച വ്യാധികൾ • ഭക്ഷ്യവിഷ ബാധ • മനുഷ്യ-മൃഗ സംഘർഷം • കീടാണു ബാധ (കൃഷി)/ pest attack	1. വ്യവസായിക അപകടങ്ങൾ 2. കെമിക്കൽസ്/ പെട്രോകെമിക്കൽസ് ചരക്കുനീക്കം 3. ഡാം തകർച്ച/ ചോർച്ച 4. പടക്കങ്ങൾ മൂലം ഉണ്ടാകുന്നവ 5. റോഡ് അപകടങ്ങൾ 6. കാട്ടുതീ 7. അനിയന്ത്രിതമായ ആൾകൂട്ടം 8. തീപിടുത്തം 9. കെട്ടിടങ്ങൾ തകർന്നു വീഴുന്നത് 10. മുങ്ങിമരണങ്ങൾ 11. വ്യോമഗതാഗത അപകടങ്ങൾ 12. റെയിൽ ഗതാഗത അപകടങ്ങൾ 13. റെയിൽ മണ്ണിടിച്ചിൽ 14. വ്യാജ മദ്യദുരന്തങ്ങൾ

(അവലംബം: ജില്ല ദുരന്തനിവാരണ വകുപ്പ്)

വെള്ളപ്പൊക്കം

ജില്ലയുടെ 12 ശതമാനം ഭൂപ്രദേശവും വെള്ളപ്പൊക്ക സാധ്യതയുള്ളതാണ്. തിരുവനന്തപുരം താലൂക്കിലെ 21 ശതമാനവും ചിറയിൻകീഴ് താലൂക്കിലെ 16 ശതമാനം പ്രദേശങ്ങളും പ്രളയ സാധ്യത പ്രദേശങ്ങൾ ആകുമ്പോൾ നെയ്യാറ്റിൻകര, നെടുമങ്ങാട്

താലൂക്കുകളിൽ യഥാക്രമം 13 ശതമാനം, 7 ശതമാനം പ്രദേശങ്ങൾ വെള്ളപ്പൊക്ക സാധ്യതയുള്ളതായി കാണുന്നു. ജില്ലയിലെ 24 വില്ലേജുകളെ രൂക്ഷ പ്രളയസാധ്യത പ്രദേശങ്ങളായി കണക്കാക്കിയിട്ടുണ്ട്. നെയ്യാർ, കരമന, വാമനപുരം, കിള്ളിയാർ, മാമം നദി, കാരിച്ചൽ തോട്, ആമയിഴഞ്ചാൻ തോട് തുടങ്ങിയ പ്രധാനപ്പെട്ട നദികളുടെയും അവയിൽ വന്നു ചേരുന്ന പോഷക നദികൾ, തോടുകൾ എന്നിവയുടെയും തീരം ഉൾപ്പെട്ട താഴ്ന്ന പ്രദേശങ്ങളാണ് കൂടുതൽ വെള്ളപ്പൊക്ക ഭീഷണി നേരിടുന്നത്. ഇവ കൂടാതെ ഇടവ-നടയറ, അഞ്ചുതെങ്ങ്, കഠിനംകുളം, അകത്തുമുറി, കോഴിതോട്ടം, ആക്കുളം, പൂന്തുറ, പൂവ്വാർ കായലുകളും വെള്ളായണി തടാകവും മഴക്കാലത്ത് കരകവിഞ്ഞ് ഒഴുകി നാശനഷ്ടങ്ങൾ വരുത്താറുണ്ട്.

എന്നാൽ ചെറിയ മഴയിൽപ്പോലും വെള്ളപ്പൊക്കം ജില്ലയുടെ വിവിധ ഭാഗങ്ങളിൽ പ്രത്യേകിച്ച് തിരുവനന്തപുരം നഗരത്തിൽ രൂപപ്പെടുന്നു എന്ന വസ്തുത ഗൗരവമേറിയ ഒന്നാണ്. ഇത്തരത്തിലുണ്ടാകുന്ന വെള്ളപ്പൊക്കങ്ങൾ കൂടുതൽ മനുഷ്യനിർമ്മിതമാണ്. നദികൾ, തോടുകൾ, ചാലുകൾ എന്നിവയുടെ തീരങ്ങൾ കൈയ്യേറുന്നതും മാലിന്യം നിക്ഷേപിക്കുന്നതും യഥാസമയം മഴക്കാല പൂർവ്വ ശുചീകരണം നടത്താത്തതും അവയുടെ സ്വാഭാവിക ഒഴുക്ക് തടഞ്ഞ് ചെറിയ മഴയിൽപ്പോലും മിന്നൽ പ്രളയം സൃഷ്ടിക്കുന്നുണ്ട്. കൂടാതെ മണ്ണിലേയ്ക്കുള്ള ജലത്തിന്റെ ആഴ്ന്നിറക്കം തടയുന്ന കോൺക്രീറ്റ് തറകൾ വ്യാപകമായത് ഭൂപ്രതലത്തിലൂടെയുള്ള നീരൊഴുക്കും വ്യാപനവും വർദ്ധിപ്പിക്കുകയും വെള്ളപ്പൊക്കത്തിലേയ്ക്ക് നയിക്കുകയും ചെയ്യുന്നു.

2005 ലെ ദുരന്ത നിവാരണ നിയമത്തെ അടിസ്ഥാനമാക്കി തിരുവനന്തപുരം നഗരത്തിൽ 2015 ൽ നടപ്പിലാക്കിയ ഓപ്പറേഷൻ അനന്ത എന്ന പ്രളയ ലഘൂകരണ പദ്ധതി ഹ്രസ്വകാല പ്രവർത്തനത്തിനുദാഹരണമാണ്. എന്നാൽ ഇത്തരത്തിലുള്ള പദ്ധതികൾ വെള്ളപ്പൊക്ക ലഘുകരണം ദീർഘകാല അടിസ്ഥാനത്തിൽ സാധ്യമാക്കാൻ വികസിപ്പിക്കുന്ന സമഗ്ര കർമ്മ പദ്ധതി രേഖയുടെ പരിധിയിൽ നിന്നുവേണം നടപ്പിലാക്കുവാൻ.

നിർദ്ദേശങ്ങൾ

- മഴക്കാല പൂർവ്വ തയ്യാറെടുപ്പുകൾ നടത്തുന്നതിനും വെള്ളപ്പൊക്കത്തെ തടയുന്നതിനും ആവശ്യമായ മുന്നൊരുക്കത്തിന് കൂടുതൽ പ്രാധാന്യം നൽകുക.
- മഴവെള്ളം ഒഴുകിപ്പോകേണ്ട ചാലുകളിലെ മാലിന്യം, ചെളി എന്നിവ സമയബന്ധിതമായി നീക്കം ചെയ്യാൻ ഇറിഗേഷൻ വകുപ്പും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും മുൻകൈയെടുക്കുക.
- നദികൾ, തോടുകൾ, കനാലുകൾ എന്നിവയുടെ തീരങ്ങൾ കയ്യേറി നിർമ്മിച്ചിരിക്കുന്ന നിർമ്മിതികൾ 2005 ലെ ദുരന്ത നിവാരണ നിയമം പ്രകാരം നീക്കം ചെയ്യുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുവാൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കും റവന്യൂ വകുപ്പിനും നിർദ്ദേശം നൽകുക.

വരൾച്ച

വരൾച്ചയുടെ കാഠിന്യം ഏറ്റവും കൂടുതൽ അനുഭവിക്കുന്ന ഒരു ജില്ലയാണ് തിരുവനന്തപുരം. ഓരോ വർഷവും ഉണ്ടാകുന്ന വരൾച്ചയുടെ തീവ്രത കൂടിവരുന്നു. കാലാവസ്ഥ വ്യതിയാനം ഒരു കാരണമാകാം.

പട്ടിക:4.3.4.4

വരൾച്ചയുടെ രൂക്ഷത-പോയ വർഷങ്ങളിലൂടെ

വർഷം	വരൾച്ചാ വർഷങ്ങൾ	വർഷങ്ങളുടെ എണ്ണം
1801-25	1801,04,06,12,19,25	6
1826-50	1832,33,37	3
1851-75	1853,60,62,66,68,73	6
1876-1900	1877* + ,91,99*-	3
1901-25	1901*,04.05*9,07.11,13,15,18*+,20.25	10
1926-50	1939.41*	2
1951-75	195.65*,66.68,72*+,74	6
1976-09	1979*,82,85,87+,2002*,2009*	6

* രൂക്ഷമായ വരൾച്ചാ വർഷങ്ങൾ =10 (>39.5% ബാധിത പ്രദേശങ്ങൾ

\+ അസാധരനം വരൾച്ചാവർഷങ്ങൾ=5 (.49.5% ബാധിത പ്രദേശങ്ങൾ)

(അവലംബം: ഐ.എം.ഡി)

മഴക്കുഴികൾ നിർമ്മിച്ചും കിണറുകൾ നവീകരിച്ചും മഴവെള്ളസംഭരണികൾ സ്ഥാപിച്ചും കനാലുകളിൽ താത്കാലിക ബണ്ടുകൾ നിർമ്മിച്ചും ജലസമൃദ്ധി, ഹരിതകേരളം പദ്ധതികളിലൂടെയും വരൾച്ചയെ നേരിടാൻ ശ്രമം നടക്കുന്നു. ഏറ്റവും അവസാനം ജില്ലയെ ദുരന്തബാധിതമായി പ്രഖ്യാപിച്ചത് 2016 ൽ ആണ്. വരൾച്ച ഏറ്റവും കൂടുതൽ ബാധിക്കുന്നത് കുടിവെള്ള ലഭ്യതയെയാണ്. കൂടാതെ ഭൂഗർഭ ജല വിതാനത്തിൽ കുറവുണ്ടാകുന്നു. വരൾച്ച കാലത്ത് അരുവിക്കര, പേപ്പാറ ഡാമുകളിലെ ജലസംഭരണം വളരെ കുറയുന്നത് തിരുവനന്തപുരം കോർപ്പറേഷനിലെ ജലവിതരണത്തെ സാരമായി ബാധിക്കാം. അതുപോലെ ഭൂഗർഭജലത്തിലുണ്ടാകാവുന്ന വൻകുറവ് ജില്ലയെ കുടിവെള്ളക്ഷാമത്തിലേക്ക് നയിക്കും.

നിർദ്ദേശങ്ങൾ

- ഹരിതകേരളം, ജലസമൃദ്ധി തുടങ്ങിയ പദ്ധതികളിൽ സജീവമായി പങ്കെടുത്ത് ജലസ്രോതസ്സുകൾ നിലനിർത്താനും പോഷിപ്പിക്കാനും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ തയ്യാറാവുക
- തണ്ണീർത്തടങ്ങൾ നികത്താതിരിക്കാൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ശക്തമായ നടപടികൾ സ്വീകരിക്കുക.
- അനുയോജ്യമായ സ്ഥലങ്ങളിൽ മഴക്കുഴികൾ നിർമ്മിക്കുക
- മരങ്ങൾ നട്ടുവളർത്താൻ പ്രോത്സാഹിപ്പിക്കുക
- വീടുകളിലും മറ്റ് കെട്ടിടങ്ങളിലും മഴവെള്ള സംഭരണികൾ സ്ഥാപിക്കുന്നത് പ്രോത്സാഹിപ്പിക്കുക
- മരങ്ങൾ നട്ടുവളർത്താൻ പ്രോത്സാഹിപ്പിക്കുകയും അതിന് നേതൃത്വം കൊടുക്കാനും തദ്ദേശ സ്വയം ഭരണസ്ഥാപനങ്ങൾ തയ്യാറാകണം
- ദുരന്തനിവാരണ അതോറിറ്റിയുടെ വരൾച്ച നേരിടാനുള്ള നടപടിക്രമങ്ങൾ തദ്ദേശസ്ഥാപനങ്ങളുടെ പദ്ധതികളിൽ ഉൾപ്പെടുത്തുക

ഇടിമിന്നൽ

കേരളത്തിൽ ഒക്ടോബർ 15 മുതൽ ജൂൺ 1 വരെയുള്ള കാലയളവിലാണ് സാധാരണയായി ഇടിമിന്നൽ ഏറെ ഉണ്ടാകാറുള്ളത്. ഇടിമിന്നൽ ഒരു ദിവസത്തിൽ എപ്പോൾ വേണമെങ്കിലും ഉണ്ടാകാമെങ്കിലും ഉച്ചയ്ക്ക് ശേഷമാണ് കൂടുതൽ അനുഭവപ്പെടാറുള്ളത്. കാലാവസ്ഥയുമായി ബന്ധപ്പെട്ട ദുരന്തങ്ങളിൽ ഏറ്റവുമധികം ജീവഹാനി ഉണ്ടാക്കുന്ന ദുരന്തമാണ് ഇടിമിന്നൽ. കേരളത്തിൽ ഇടിമിന്നൽ കൊണ്ടുള്ള ദുരന്തങ്ങൾ വർദ്ധിച്ച് വരികയാണ്. ഇടിമിന്നലേറ്റ് ഏറ്റവും അധികം മരണവും വസ്തുവകകൾക്ക് നാശവും സംഭവിക്കുന്ന സംസ്ഥാനങ്ങളിൽ ഒന്നാണ് കേരളം.

നിർദ്ദേശങ്ങൾ

- കെട്ടിടസമന്വയങ്ങൾ, ഫാക്ടറികൾ തുടങ്ങിയ ഇടിമിന്നലിൽ നിന്നും സംരക്ഷിക്കുവാൻ ലൈറ്റ്നിംഗ് കണ്ടക്ടറുകൾ സ്ഥാപിക്കേണ്ടതുണ്ട്. ബി.ഐ.എസ്.എ അംഗീകരിച്ചിട്ടുള്ള നിബന്ധനയ്ക്കനുസൃതമായിരിക്കണം.
- ഗാർഹികാവശ്യമായുള്ള എർത്തിംഗ് സംവിധാനം ഇടിമിന്നലിനെ ചെറുക്കുവാൻ പ്രാപ്തമല്ല, ഇടിമിന്നലുകളെ പ്രതിരോധിക്കാൻ കൂടുതൽ തോതിലുള്ള വൈദ്യുതപ്രവാഹത്തെ ഉൾക്കൊള്ളാൻ കഴിവുള്ള എർത്തിംഗ് തന്നെ നൽകുവാൻ നിഷ്ക്കർഷിക്കണം.
- ഇടിമിന്നൽ കവചത്തിന്റെ സുരക്ഷകോൺ ഒരു ഇടിമിന്നൽ രക്ഷാകവചം (ദണ്ഡ്) നൽകുന്ന സുരക്ഷിതത്വം അതിന്റെ ഉയരവും അത്ര തന്നെ വ്യാസമുള്ള ഒരു കോൺ ആകൃതിയിലുള്ള പ്രദേശവുമാണ്. വളരെ വിസ്താരം കൂടിയ കെട്ടിടങ്ങളിൽ ഒന്നിലധികം ഇടിമിന്നൽ കവചം ഉപയോഗിക്കേണ്ടിവരും.

  കട്ടികൂടിയ ചെമ്പ്/പിച്ചള അല്ലെങ്കിൽ GI stips ഉപയോഗിച്ച് ഈ ദണ്ഡുകളെ കൂട്ടിയോജിപ്പിച്ച് എർത്തിംഗ് നൽകേണ്ടതാണ്.



ജില്ലയിലെ പ്രദേശങ്ങൾ പ്രത്യേകിച്ച് നഗരാതിർത്തിയിലും മറ്റ് ഗ്രാമ-മലമ്പ്രദേശങ്ങളിലും പ്രകൃതി മരങ്ങളും മറ്റു സസ്യാവരണങ്ങൾ കൊണ്ടും നിറഞ്ഞതാണ്. ഇത്തരം മരങ്ങൾ സാധാരണയായി കെട്ടിടങ്ങളേക്കാളും ഉയരം കൂടിയവയാണ്. അതുകൊണ്ട് വീടിന്റെയോ കെട്ടിടങ്ങൾക്ക് മുകളിലുള്ള മിന്നൽ കവചം (ദണ്ഡ്) മിന്നലിന് പര്യാപ്തമല്ല. ഇതിന് വേണ്ടി വീടിന് ചുറ്റും ഒരു ring conductor സ്ഥാപിക്കേണ്ടതാണ്. വീടിന് ചുറ്റും ഒരു മീറ്റർ അകലത്തിൽ 1.5 മീറ്റർ ആഴത്തിൽ വേണം ഈ ring conductor കുഴിച്ചിടേണ്ടത്. ഇതിലേക്ക് വേണം lighting Conductor ന്റെ earthing കൊടുക്കേണ്ടത്.

പ്രാഥമികചികിത്സ

ഒരു സ്ഥലത്ത് മേഘങ്ങളും ഇടിമിന്നലും സാധാരണയായി ഒരു മണിക്കൂറിൽ കൂടുതൽ സമയം പ്രഭാവമുള്ളതായിരിക്കില്ല. മിന്നലാഘാതമേൾക്കുന്നവരിൽ പൊള്ളലേറ്റു മരിക്കുന്നവർ കുറവാണ് കൂടുതൽ പേർ ഹൃദയാഘാതത്തിലാണ് മരിക്കുന്നത്. കൃത്രിമ ശ്വാസോച്ഛ്വാസം നൽകുകയാണെങ്കിൽ വളരെയധികം ജീവൻ രക്ഷിക്കുവാൻ സാധിക്കും.

കാലവർഷ കടലും കള്ളക്കടലും കടലാക്രമണവും

കാലവർഷകാലത്തെ ശക്തിയേറിയ തിരമാലകൾ, രൂക്ഷമായ കടലാക്രമണം, കാലവർഷ ഇടവേളകളിലെ ഉൾവലിവ് തീരശോഷണം, കാലവർഷേതര കാലത്ത് കള്ളക്കടൽ മൂലമുണ്ടാകുന്ന വെള്ളക്കയറ്റം എന്നിവയാണ് തീരദേശത്തെ പ്രധാന കടൽകയറ്റ പ്രശ്നങ്ങൾ. പ്രകൃത്യ അസ്ഥിരസ്വാഭാവമുള്ള പൊഴികൾ, കടൽഭിത്തിയും പുലിമുട്ടുകളും ഉൾപ്പെടെയുള്ള നിർമ്മിതികളുടെ വശങ്ങളിലെ അഗ്രശോഷണം, ഹാർബർ പുലിമുട്ടുകളുടെ കീഴ്ഭാഗ ശോഷണം, പൊഴികളിൽ നിന്നുള്ള മണൽവാരൽ തുടങ്ങിയ പ്രവർത്തനങ്ങൾ തീരശോഷണത്തിന് കാരണമാകുന്നു. കടൽനികത്തിയും വലിയ പുലിമുട്ടുകൾ നിർമ്മിച്ചും സ്ഥാപിക്കുന്ന വിഴിഞ്ഞം ഇന്റർനാഷണൽ തുറമുഖം അതിനോടു ചേർന്ന തീരമേഖലയ്ക്ക് സാരമായ വ്യതിയാനങ്ങൾ വരുത്താനും കടലാക്രമണവും തീരശോഷണവും കൂടുതൽ ഭാഗത്തേക്കു വ്യാപിക്കാനും ഇടവരുത്താം. കടൽ ജലവിതാനത്തിന്റെ ഉയർച്ച ഭാവിയിൽ കടലാക്രമണം രൂക്ഷമാകാനുള്ള ഒരു കാരണമായേക്കാം. മണൽതീരം കുറവായ തീരപ്രദേശങ്ങളിലാണ് ആഘാതം രൂക്ഷമായി അനുഭവപ്പെടുന്നത്.

പട്ടിക:4.3.4.5

വെള്ളപ്പൊക്കസാദ്ധ്യതാ പ്രദേശങ്ങൾ-തിരുവനന്തപുരം

താലൂക്ക്	വിസ്തീർണ്ണം	വിസ്തീർണ്ണം
തിരുവനന്തപുരം	268.09	12.23
നെയ്യാറ്റിൻകര	72.56	12.68
നെടുമങ്ങാട്	63.38	7.39
തിരുവനന്തപുരം	65.85	21.32
ചിറയിൻകീഴ്	61.28	15.92

പട്ടിക:4.3.4.6

തീര രേഖാവ്യതിയാനം (മീറ്റർ)

സ്ഥലം	കാലയളവ്		
	1989-2006	2006-2011	1989-2011
പൊഴിയൂർ	27.00	+5	22.00
പൂവാർ	+3.00	4.00	1.00
അടിമലത്തുറ	+81.00	+9.00	+90.00
വിഴിഞ്ഞം ഹാർബർ തെക്കുവശം	70.00		
കോവളം ബീച്ച്	70.00	+10	60.00
പനത്തുറ	120.00	+18	102.00

പൂന്തുറ (പുലിമുട്ടുതെക്ക് വശം)	80.00	30.00	110.00
പൂന്തുറ (പുലമുട്ടുകൾക്ക് ഉൾവശം)	50.00	+15.00	35.00
പൂന്തുറ (പുലിമുട്ട് വടക്ക്)	47.00	31.00	78.00
ബീമാപള്ളി	26.00	37.00	63.00
വലയതുറ	15.00	25	40.00
ശംഖുമുഖം	23.00	8.00	31.00
വേളി പൊഴി	14.00	+4.00	10.00
സെന്റ് ആൻഡ്രൂസ്	+7.00	+6.00	+13.00
പെരുമാതുറ	+78.00	+14.00	+92.00
താഴംപള്ളി	20.00	32.00	52.00
ചിലക്കൂർ	18.00	+6.00	12.00
വർക്കല	14.00	–	–
ഇടവ	+10	20	10.00

തിരുവനന്തപുരം നഗരസഭയിലുള്ള പനത്തുറ, പൂന്തുറ, ബീമാപള്ളി, ചെറിയതുറ, വലിയതുറ എന്നീ പ്രദേശങ്ങളും അഞ്ചുതെങ്ങു പഞ്ചായത്തിലുള്ള താഴംപള്ളി, പൂത്തുറ എന്നീ തീരപ്രദേശങ്ങളിലുമാണ് എല്ലാവർഷവും രൂക്ഷമായ കടലാക്രമണവും നാശനഷ്ടങ്ങളും സംഭവിക്കുന്നത്. കാലവർഷേതരകാലത്ത് അടിമലത്തുറയിൽ ഏതാനും ദിവസങ്ങൾ നീണ്ടു നിൽക്കുന്ന കടൽക്കയറ്റവും വെള്ളക്കെട്ടും അനുഭവപ്പെടാറുണ്ട്. വർക്കല കുന്നുകളും കോട്ടപ്പുറം കുന്നുകളും (വിഴിഞ്ഞം) മണ്ണിടിച്ചിൽ അനുഭവപ്പെടുന്നവയാണ്. മണൽ സമൃദ്ധമായ തീരം നിലനില്ക്കുന്ന ശംഖുമുഖം തൊട്ട് വടക്ക് അഞ്ചുതെങ്ങുവരെയുള്ള തീരത്ത് ഉൾവലിവ് തീരശോഷണം അനുഭവപ്പടുന്നുണ്ട്. കാലവർഷത്തിന്റെ ഇടവേളകളിലാണ് ഇത് കണ്ടുവരുന്നത്.

ജില്ലയിലെ തീരസംരക്ഷണ (കടലാക്രമണ പ്രതിരോധ) സംവിധാനങ്ങൾ സംസ്ഥാന ഇറിഗേഷൻ വകുപ്പാണ് നടപ്പിലാക്കിക്കൊണ്ടിരിക്കുന്നത്. തദ്ദേശസ്ഥാപനങ്ങൾക്ക് ഈ പ്രവർത്തനങ്ങളുടെ ഉത്തരവാദിത്വം ഒന്നും തന്നെ ഇതുവരെ നൽകിയിട്ടില്ല.

നിർദ്ദേശങ്ങൾ

- നിലവിലുള്ള കടൽ ഭിത്തികളും പുലിമുട്ടുകളും സംരക്ഷിച്ചു നിലനിർത്തുക. കോവളം– പനത്തുറ– പൂന്തുറ– വലിയതുറ താഴംപള്ളി– പൂന്തുറ സെക്ടറുകളിൽ ഇതാവശ്യമാണ്.
- അഗ്രശോഷണം, ഉൾവലിവ് തീരശോഷണം, ഫിഷിംഗ് ഗ്യാപ് ശോഷണം മേഖലകളിൽ ചാക്കുകളിൽ മണൽ നിറച്ച് താല്ക്കാലിക സംരക്ഷണം എല്ലാ വർഷവും കാലവർഷത്തിനും മുമ്പായി തയ്യാറാക്കിവെയ്ക്കുകയും ശോഷണത്തിന്റെ ആരംഭദിശയിൽ തന്നെ ഉപയോഗിക്കുകയും ചെയ്യുക.
- മണൽതീരം നിലനിൽക്കുന്ന മേഖലകളിൽ കടൽഭീത്തി, പുലിമുട്ട് മുതലായവ ദൃഢസംരക്ഷണ സംവിധാനങ്ങൾ നിർമ്മിക്കുന്നത് നിരുത്സാഹപ്പെടുത്തുക.
- കള്ളക്കടൽ മൂലം വെള്ളക്കയറ്റം ഉണ്ടാകുന്ന അടിമലത്തുറിയിൽ കാരിത്തോടിന്റെ കടൽഭാഗം ഡ്രഡ്ജ് ചെയ്ത് കടലിലേക്ക് ഒഴുകി പോകാനുള്ള മുൻകരുതൽ നടത്തുക.
- തുറമുഖ നിർമ്മാണം മൂലം ഉണ്ടാകാൻ സാദ്ധ്യതയുള്ള തീരശോഷണം പദ്ധതിയുടെ ഭാഗമായി തന്നെ പഠിക്കുകയും പ്രതിവിധി നടപ്പാക്കുകയും ചെയ്യുക.
- തുമ്പയിൽ നടത്തുന്ന കടൽഭിത്തി ഉൾപ്പെടെയുള്ള നിർമ്മാണ പ്രവർത്തനങ്ങൾ സമീപ തീരപ്രദേശങ്ങളിൽ സൃഷ്ടിക്കുന്ന ആഘാതം പഠനവിധേയമാക്കാനും ഇറിഗേഷൻ, പരിസ്ഥിതി, ശാസ്ത്രസാങ്കേതിക വകുപ്പുകളും പഞ്ചായത്തുമായും ചർച്ചചെയ്ത് പരിഹാരമാർഗ്ഗങ്ങൾ നിർദ്ദേശിച്ച് നടപ്പാക്കണമെന്നും വി.എസ്.എസി.സി അധികൃതരോട് ആവശ്യപ്പെടണം.
- അവസാദ കള്ളികൾ അടിസ്ഥാനത്തിൽ തീരസംരക്ഷണ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുക.

- തീരദേശ നിയന്ത്രണ നിയമം നടപ്പാക്കുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ശ്രദ്ധിക്കുക.

ചുഴലിക്കാറ്റും സുനാമിയും

തീരക്കടലിൽ 6 മീറ്ററിൽ അധികം ഉയരമുള്ളതും ഇടവേള 6 തൊട്ട് 8 സെക്കന്റ് വരെയുള്ള തിരമാലകൾ (ഒരു മിനിറ്റിൽ 8 മുതൽ 10 വരെ തിരകൾ) കാലവർഷക്കാലത്ത് ഉണ്ടാകാറുണ്ട്. പരമ്പരാഗത മത്സ്യത്തൊഴിലാളികൾ ഉപജീവനാർത്ഥം കാലവർഷക്കാലത്തും ചെറുവള്ളങ്ങളിലും ചെറുബോട്ടുകളിലും കടലിൽ പോകുന്നവരാണ്. മുതലപ്പൊഴിപോലുള്ള മത്സ്യബന്ധന തുറമുഖത്തും അപകടങ്ങൾ പതിവാണ്. 2004ൽ ഉണ്ടായ സുനാമിയും 2017 നവംബറിൽ ഉണ്ടായ ഓഖി ചുഴലിക്കാറ്റും കൂടുതൽ ദുരന്തസാദ്ധ്യതകൾ തുറന്നു.

നിർദ്ദേശങ്ങൾ

- മത്സ്യത്തൊഴിലാളികളുടെ കടലിലെ വൈദഗ്ദ്ധ്യവും കൂടി കണക്കിലെടുത്ത് ജില്ലയിലെ മത്സ്യത്തൊഴിലാളികൾ മാത്രമായ പ്രാദേശിക കാലാവസ്ഥാ മുന്നറിയിപ്പുകൾ നൽകണം.
- ഉപഗ്രഹബന്ധിതമായ വയർലസ് വാർത്താവിനിമയ സംവിധാനങ്ങൾ മത്സ്യത്തൊഴിലാളികൾക്ക് ലഭ്യമാക്കണം.
- ചുഴലിക്കാറ്റു പ്രഭാവമേഖലയിലുള്ള പ്രക്ഷുബ്ദ്ധ കടലിൽ അകപ്പെടുന്ന മത്സ്യബന്ധനതൊഴിലാളികളെ സംരക്ഷിക്കാനുള്ള കൃത്യമായ നടപടിക്രമം അടിയന്തിരമായി തയ്യാറാക്കണം
- നിലവിലുള്ള കടൽഭിത്തികൾ അറ്റകുറ്റപ്പണി നടത്തി ബലപ്പെടുത്തുക
- ഫിഷിംഗ് ഗ്യാപ്പുകളിൽ ഉണ്ടാകുന്ന തീവ്ര വെള്ളക്കയറ്റം നിയന്ത്രിക്കാൻ താല്ക്കാലിക സംവിധാനങ്ങൾ ഇറിഗേഷൻ വകുപ്പ്, തദ്ദേശസ്വയം ഭരണസ്ഥാപനങ്ങൾ എന്നിവയുടെ സഹകരണത്തോടെ തയ്യാറാക്കുക.
- തീരത്തോട് ചേർന്നുള്ള നിർമ്മാണ പ്രവർത്തനങ്ങൾ നിരുത്സാഹപ്പെടുത്താൻ തീരദേശനിയമം പരമാവധി നടപ്പാക്കാൻ നടപടിയെടുക്കുക.

തീരവിനോദ അപകടം

തീരക്കടലിൽ കുളിക്കാനിറങ്ങുന്ന വിനോദസഞ്ചാരികൾ തിരയിലും ഒഴുക്കിലും പെട്ട് അപകടത്തിൽപ്പെടുന്നതും മുങ്ങിമരിക്കുന്നതും ജില്ലയിൽ കണ്ടുവരുന്നു. കോവളം, ശംഖുമുഖം, പെരുമാതുറ, വർക്കല, പൂവാർ, അടിമലത്തുറ, ആഴിമല തുടങ്ങിയ തീരക്കടലിലാണ് ഇത്തരത്തിലുള്ള അപകടങ്ങൾ ഉണ്ടാകാൻ സാദ്ധ്യത കൂടുതൽ. തിരകളും കടലിലേക്ക് ഒഴുകുന്ന 'റിപ്' ധാരകളും തീരക്കടലിന്റെ അടിത്തട്ടിൽ രൂപപ്പെടുന്ന തിട്ടകളുമാണ് അപകടങ്ങൾ ഉണ്ടാക്കുന്നത്.

നിർദ്ദേശങ്ങൾ

- തിരമുറിക്കടലിന്റെ തരവും ഉയരം, റിപ്ധാരകളുടെ സ്ഥാനം, കടലോരധാരകളുടെ ശക്തിയും ദിശയും, തീരക്കടൽ തിട്ടകളുടെ സ്ഥാനം തുടങ്ങിയവയെക്കുറിച്ചു വിവരം ശേഖരിച്ച് പഠിക്കുക.
- മുൻകൂട്ടിയുള്ള പ്രവചനത്തെ അടിസ്ഥാനമാക്കിയുള്ള അറിയിപ്പുകൾ ഡിജിറ്റൽ ബോർഡുകൾ സ്ഥാപിച്ച് പ്രദർശിപ്പിക്കുക.

ഭൗമ പ്രതിഭാസങ്ങളുമായി ബന്ധപ്പെട്ട് ഉണ്ടാകുന്ന ദുരന്തങ്ങൾ

എ). മലയിടിച്ചിൽ

ജില്ലയുടെ 7.3 ശതമാനം (165.5 ചി. കി. മി.) സ്ഥലത്തും മണ്ണിടിച്ചിൽ ഉണ്ടാകാൻ സാദ്ധ്യത ഉള്ളതായി പഠനങ്ങൾ തെളിയിക്കുന്നു. ഇതിൽ 2.1 ശതമാനം (45.6 ച.കി.മി) സ്ഥലത്ത് മണ്ണിടിച്ചിൽ ഉണ്ടാകാൻ സാദ്ധ്യത വളരെ കൂടുതലാണ്. നെടുമങ്ങാട്, കാട്ടാക്കട താലൂക്കുകളാണ് മലയിടിച്ചിൽ പ്രധാനമായും അനുഭവപ്പെടുന്നത്. വർക്കല താലൂക്കിൽ പാപനാശം കടൽക്കരയിലെ വർക്കല കുന്നുകുളം മണ്ണിടിച്ചിൽ ഭീഷണി നേരിടുന്നു. നെയ്യാറ്റിൻകര താലൂക്കിലൂടെ കടന്നുപോകുന്ന റെയിൽവേ ലൈനിന്റെ പാർശ്വ പ്രദേശങ്ങളിലുള്ള കട്ടിംഗ് മഴക്കാലത്ത് ഇടിഞ്ഞുവീഴാൻ സാദ്ധ്യതയുള്ള പ്രദേശമാണ്. തിരുവനന്തപുരം സെൻട്രൽ സ്റ്റേഷനിൽ നിന്നും കന്യാകുമാരി ഭാഗത്തേയ്ക്ക് പോകുന്ന റെയിൽവേ ലൈനിൽ വർഷകാലങ്ങളിൽ മണ്ണിടിച്ചിൽ ഉണ്ടാകാറുണ്ട്.

തിരുവനന്തപുരത്തിനടുത്ത് വലിയശാലയിലും, നേമം–ബാലരാമപുരം, നെയ്യാറ്റിൻകര–പാറശ്ശാല സെക്ഷനിലുമാണ് വർഷകാലങ്ങളിൽ മണ്ണിടിച്ചിൽ ഉണ്ടാകാറുള്ളത്. പൊൻമുടി റോഡിലും ബോണക്കാട് റോഡിലും ഇത്തരം മണ്ണിടിച്ചിലുകൾ ഉണ്ടാകാറുണ്ട്.

ചെറുതും വലുതുമായ ഒട്ടേറെ മലയിടിച്ചിൽ ജില്ലയുടെ പലഭാഗത്തും ഉണ്ടാകാറുണ്ട്. സംസ്ഥാനത്തെ തന്നെ ഏറ്റവും വലുതും ഭീകരവുമായ ഉരുൾപൊട്ടലാണ് 2001 നെയ്യാർഡാമിന് സമീപത്തുള്ള അമ്പൂരിയിൽ നടന്നത്. ഒരു നീർച്ചാലിനെ കെട്ടിയടച്ചുകൊണ്ടുള്ള റോഡുനിർമ്മാണമാണ് ഈ ഉരുൾപൊട്ടലിന് കാരണമായി തീർന്നത്.

നിർദ്ദേശങ്ങൾ

1. സ്വഭാവിക നീർച്ചാലുകളെ സംരക്ഷിച്ച് സുഗമമായി ഒഴുകാൻ അനുവദിക്കുക. റോഡുകളും കെട്ടിടങ്ങളും നിർമ്മിക്കുമ്പോൾ ചരിവിന് ബലക്ഷയം ഉണ്ടാകാതെ വേണ്ടുന്ന പ്രവർത്തനങ്ങൾ ചെയ്യുക.
2. ചരിവിലുള്ള സസ്യാവരണത്തെ സംരക്ഷിക്കുക.
3. ചരിവ് കൂടിയ പ്രദേശമാണെങ്കിൽ മഴക്കുഴികളോ, വൃക്ഷക്കുഴി/തടങ്ങളോ ഒഴിവാക്കുക. ഇത്തരം പ്രദേശങ്ങളിൽ മഴവെള്ളം വശങ്ങളിലുള്ള നീർച്ചാലിലേക്ക് ഒഴുക്കാൻ സൗകര്യമൊരുക്കുക.
4. പാറക്കൂട്ടങ്ങൾ മലമുകളിൽ/മലചരിവിൽ ഉള്ള പ്രദേശമാണെങ്കിൽ താഴ്വാരത്ത് സ്ഥിതിചെയ്യുന്നവയെ സംരക്ഷിക്കുന്നതിനായി കിടങ്ങുകളോ അതിനായി രൂപപ്പെടുത്തിയ നെറ്റുകളോ മറ്റ് നിർമ്മാണപ്രവർത്തനങ്ങളോ നടത്തുക.
5. മലയിടിച്ചിലിന് സാദ്ധ്യതയുള്ള പ്രദേശങ്ങൾ വിദഗ്ദ്ധരുടെ സഹായത്താൽ കണ്ടെത്തുകയും അവിടെ താമസിക്കുന്നവരെ ബോധവൽക്കരിക്കുകയും വേണം.

ബി). ഭൂചലനം / ഭൂകമ്പം

തിരുവനന്തപുരം ഉൾപ്പെടെയുള്ള കേരളമേഖല ഭൂകമ്പസോൺ III ൽ വരുന്നതാണ്. ഭൂകമ്പശക്തിയുടെ അളവുതോതായ റിക്ടർ സ്കെയിലിൽ 5.5 വരെ ശക്തിയുള്ള ഭൂകമ്പം വരെ സംഭവിക്കാവുന്നതാണ് എന്നാണ് ഇത് സൂചിപ്പിക്കുന്നത്. സാരമായ നാശനഷ്ടം വരുത്താൻ സാദ്ധ്യതയുള്ളതല്ല ഇത്തരത്തിലുള്ള ഭൂകമ്പങ്ങൾ. റിക്ടർ സ്കെയിലിൽ 3 മുതൽ 4.3 വരെയുള്ള 8 ഭൂകമ്പങ്ങൾ ജില്ലയിൽ ഉണ്ടായിട്ടുള്ളതായി രേഖകൾ കാണിക്കുന്നു.

നിർദ്ദേശങ്ങൾ

- ബ്യൂറോ ഓഫ് ഇന്ത്യൻ സ്റ്റാൻഡേർഡ്സ് നിർദ്ദേശിച്ചിട്ടുള്ള മുൻകരുതലുകൾ കെട്ടിടങ്ങൾ ഉൾപ്പെടെയുള്ള നിർമ്മാണങ്ങൾക്ക് നടപ്പാക്കുന്നുവെന്ന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഉറപ്പാക്കുക.
- ഭൂകമ്പം ഉണ്ടായാൽ സുരക്ഷയ്ക്ക് സ്വീകരിക്കേണ്ട പൊതുവായ കാര്യങ്ങൾ ജനങ്ങളിൽ എത്തിക്കുക.

സി). മനുഷ്യന്റെ ഇടപെടലുകൾ മൂലമുണ്ടാകുന്ന ദുരന്തങ്ങൾ

മനുഷ്യ സൃഷ്ടിയും മനുഷ്യ പ്രചോദിതമായ ദുരന്തങ്ങളിൽ കാട്ടുതീ, നഗര ഗ്രാമീണ തീപിടുത്തം, ആഘോഷങ്ങളുമായി ബന്ധപ്പെട്ട ദുരന്തങ്ങൾ, റോഡ്, റെയിൽ, വ്യോമ അപകടങ്ങൾ, വള്ളം മുങ്ങൽ, കടൽ അപകടങ്ങൾ, എണ്ണ/വാതക ടാങ്കർ ദുരന്തങ്ങൾ, വലിയ കെട്ടിട തകർച്ചകൾ, തുടർ ബോംബ് സ്ഫോടനം, വ്യാജമദ്യദുരന്തം, ജലം, വായു, മണ്ണ് മലിനീകരണം, പാരിസ്ഥിതിക ദുരന്തങ്ങൾ, മൃഗങ്ങളുടെ വിരണ്ടോട്ടം മുതലായ ദുരന്തങ്ങളെ ഉൾപ്പെടുത്തിയിരിക്കുന്നു. ട്രാവൻകൂർ ടൈറ്റാനിയം ഫാക്ടറിയും പെട്രോളിയം സംഭരണ കേന്ദ്രങ്ങളും ടാങ്കറുകളും അപകടസാദ്ധ്യതകൾ വർദ്ധിപ്പിക്കുന്നു. ആറ്റുകാൽ പൊങ്കാല, വെട്ടുകാട് പള്ളിതിരുനാൾ, ബീമാപള്ളി ഉറൂസ് തുടങ്ങിയവയോടനുബന്ധിച്ച് ഉണ്ടാകുന്ന വലിയ ആൾക്കൂട്ടങ്ങൾ ദുരന്തസാദ്ധ്യത വർദ്ധിപ്പിക്കുന്നവയാണ്. ഫയർ ആന്റ് സെക്യൂരിറ്റി സർവ്വീസ് വിഭാഗമാണ് ഇത്തരം ദുരന്തങ്ങൾ നേരിടാൻ നിലവിലുള്ള സംവിധാനം.

നിർദ്ദേശങ്ങൾ

- തിരക്കേറിയ പാതകളിലെ അപകടാവസ്ഥയിലുള്ള മരങ്ങൾ മുറിച്ചു മാറ്റുകയും, കാലപ്പഴക്കമുള്ള കെട്ടിടങ്ങൾ പൊളിച്ചു നീക്കുകയും ചെയ്യേണ്ടതാണ്.
- തണൽ മരങ്ങളായി പുളി മരങ്ങൾ വച്ച് പിടിപ്പിക്കേണ്ടതാണ്.
- നഗരത്തിലെ ഇട റോഡുകൾക്ക് 5 മീറ്റർ വീതി ഉണ്ടാകണം

- പ്രധാന കവലകളിൽ Fire Hydrant സ്ഥാപിക്കണം.
- ഷോപ്പിംഗ് മാളുകളിൽ നിന്നും 15 മീറ്റർ അകലത്തായിരിക്കണം അവയുടെ ഗോഡൗണുകൾ.
- High Rise Buildings, തിയേറ്ററുകൾ, സൂപ്പർമാർക്കറ്റുകൾ, ഷോപ്പിംഗ് മാളുകൾ എന്നിവയുടെ ഇരു വശങ്ങളിൽ 5 മീ വീതി നിലനിർത്തണം.
- ഓരോ 15 കിലോമീറ്റർ പരിധിയിലും ഒരു ഫയർ & റസ്ക്യൂ സ്റ്റേഷൻ സ്ഥാപിക്കണം.
- ജില്ലയിൽ നിലനില്ക്കുന്ന സ്വിമ്മിംഗ് പൂളുകൾ ഫയർ ആന്റ് റെസ്ക്യൂ സർവ്വീസസിന് ലഭ്യമാക്കി മുഴുവൻ സ്കൂൾ വിദ്യാർത്ഥികളെയും നീന്തൽ പഠിപ്പിക്കണം.
- കേരളാ ഫയർ ആന്റ് റെസ്ക്യൂ സർവ്വീസ്സ് സ്കൂബാ ഡൈവിംഗ് ടീമിനെ ശക്തിപ്പെടുത്തി ഉപയോഗിക്കുക

പൊതു നിർദ്ദേശങ്ങൾ

- ഒരു ഫയർ & റസ്ക്യൂ സ്റ്റേഷൻ സ്ഥാപിക്കണം എല്ലാ നിയോജക മണ്ഡലങ്ങളിലും സ്ഥാപിക്കേണ്ടതാണ്.

  കാലപ്പഴക്കമുള്ള കെട്ടിടങ്ങൾ പൊളിച്ചു നീക്കുകയും തിരക്കേറിയ പാതകളിലെ അപകടാവസ്ഥയിലുള്ള മരങ്ങൾ മുറിച്ചു മാറ്റുകയും ചെയ്യേണ്ടതാണ്. മഴക്കാലങ്ങളിൽ വൃക്ഷങ്ങൾ കടപുഴകി വീണും ശിഖരങ്ങൾ ഒടിഞ്ഞുവീണും പൊതുജനങ്ങളുടെ ജീവനും സ്വത്തും നഷ്ടപ്പെടുകയും ഗതാഗത തടസ്സം വരുകയും ചെയ്യുന്നത് ഒഴിവാക്കേണ്ടതാണ്.
- അപകടാവസ്ഥയിലുള്ളതും ആഴമുള്ളതുമായ പുഴകളുടെ ഭാഗങ്ങൾ, മണ്ണിടിച്ചിലിന് സാദ്ധ്യതയുള്ള പ്രദേശങ്ങൾ എന്നിവയിൽ സുരക്ഷാ മുന്നറിയിപ്പ് ബോർഡുകൾ സ്ഥാപിക്കുകയും മഴക്കാലങ്ങളിൽ അപകട മുന്നറിയിപ്പ് നൽകുകയും ചെയ്യേണ്ടതാണ്.
- പാതകൾക്ക് ഇരുവശവും വച്ച് പിടിപ്പിച്ചിരിക്കുന്ന തണൽ മരങ്ങളുടെ ശിഖരങ്ങൾ പെട്ടെന്ന് ഒടിയുന്നവയും അത് അപകട സാദ്ധ്യത വർദ്ധിപ്പിക്കുകയും ചെയ്യുന്നു. ആയതിനാൽ തണൽ മരങ്ങളായി പുളിമരങ്ങൾ വച്ച് പിടിപ്പിക്കേണ്ടതാണ്. ഇവ അപകട സാദ്ധ്യത കുറയ്ക്കുകയും, തദ്ദേശസ്ഥാപനങ്ങൾക്ക് വരുമാനവും ലഭിക്കാനിടയാക്കുകയും ചെയ്യുന്നു. കൂടാതെ അന്യം നിന്നു പോകുന്ന പുളിമരങ്ങൾ സംരക്ഷിക്കപ്പെടുകയും ചെയ്യും.
- നഗരത്തിലെ ഇട റോഡുകൾക്ക് 5 മീറ്റർ വീതി ഉണ്ടാകേണ്ടതും വളവുകളിലെ മതിൽ ഭാഗം വളഞ്ഞ രീതിയിൽ പണികഴിപ്പിച്ചിരിക്കേണ്ടതും ആണ്. കൂടാതെ പ്രധാന കവലകളിൽ Fire Hydrant സ്ഥാപിച്ച് അഗ്നിരക്ഷാപ്രവർത്തനങ്ങൾക്ക് ആവശ്യമായ ജലം എളുപ്പത്തിൽ ലഭ്യമാക്കണം.
- മൂന്ന് നിലകൾക്ക് മുകളിലുള്ള പഴയ കെട്ടിങ്ങളിൽ Fire Extinguisher സ്ഥാപിച്ച് അഗ്നി സുരക്ഷ ഉറപ്പുവരുത്തേണ്ടതും പ്രാഥമിക അഗ്നിരക്ഷ ഉപകരണങ്ങൾ സ്ഥാപിക്കേണ്ടതുമാണ്.
- എല്ലാ ബഹുനില മന്ദിരങ്ങളിലും സ്ഥാപിച്ചിരിക്കുന്ന Fixed Fire Fighting Installations മൂന്ന് മാസത്തിലൊരിക്കൽ പരിശോധിച്ച് കാര്യക്ഷമത ഉറപ്പാക്കേണ്ടതാണ്.
- ഗ്യാസ് ഗോഡൗണുകൾ, പെട്രോൾ പമ്പുകൾ, സ്ഥിരം പടക്ക ലൈസൻസ് ലഭിച്ച സ്ഥാപനങ്ങൾ എന്നിവയിൽ പരിശോധന നടത്തുമ്പോൾ ഈ വകുപ്പിന്റെ സാന്നിദ്ധ്യം ഉറപ്പാക്കേണ്ടതാണ്.
- ഷോപ്പിംഗ് മാളുകളിൽ നിന്നും 15 മീറ്റർ അകലത്തായിരിക്കണം അവയുടെ ഗോഡൗണുകൾ. പല തീപിടുത്തങ്ങളും ആരംഭിക്കുന്നത് ഗോഡൗണുകളിൽ നിന്നുമാണ്.
- High Rise Buildings, തിയേറ്ററുകൾ, സൂപ്പർമാർക്കറ്റുകൾ, ഷോപ്പിംഗ് മാളുകൾ എന്നിവയുടെ ഇരു വശങ്ങളിൽ എങ്കിലും 5 മീറ്റർ വീതി നിലനിർത്തേണ്ടതാണ്. വലിയ ഫയർ എഞ്ചിനുകൾക്ക് യഥേഷ്ടം കടന്നുചെല്ലാൻ ഇതുമൂലം കഴിയും.

- കിഴക്കേകോട്ട, തമ്പാനൂർ എന്നിവിടങ്ങളിലെ വെള്ളക്കെട്ടിനുള്ള ശാശ്വതപരിഹാരം എന്ന നിലയ്ക്ക് ഈ പ്രദേശങ്ങളെക്കാൾ താഴ്ന്ന ഭാഗമായ കിള്ളിയാറ്റിലേയ്ക്ക് ശക്തമായ മഴയത്തുണ്ടാകുന്ന മഴവെള്ളം ഒഴുക്കിവിടാൻ സൗകര്യപ്രദമായ ഓട നിർമ്മിക്കുന്നത് വെള്ളക്കെട്ടിന് ശാശ്വത പരിഹാരമാകുന്നതാണ്. നെടുമങ്ങാട് ഭാഗത്തുണ്ടാകുന്ന മഴയിൽ മാത്രമേ കിള്ളിയാർ നിറഞ്ഞ് ഒഴുകുകയുള്ളൂ എന്നതാണ് സത്യം. സിറ്റിയിൽ എത്ര കനത്ത മഴ ഉണ്ടായാലും കിള്ളിയാറിനെ ബാധിക്കാറില്ല.
- തിയേറ്ററുകളിലും ദൃശ്യമാധ്യമങ്ങളിലും 101 ന്റെയും ദുരന്ത നിവാരണ സേനയുടെയും നമ്പർ പ്രദർശിപ്പിക്കാൻ വേണ്ട നടപടി സ്വീകരിക്കേണ്ടതാണ്.

4.3.5 – വിവര സാങ്കേതിക വിദ്യ

ഐ.ടി. ലോകത്തിലെ ഏറ്റവും വേഗതയേറിയ മുന്നേറ്റം നടത്തുന്ന സാമ്പത്തിക പ്രതിഭാസമാണ്. മണ്ണിനും പരിസ്ഥിതിക്കും മറ്റു വിഭവ സമൃദ്ധിക്കും അധികം കോട്ടം സംഭവിക്കാതെ വികസനത്തെ മുന്നോട്ടുകൊണ്ടുപോകാൻ കേരളത്തിന്റെ സാഹചര്യത്തിൽ ഐ.ടി. വലിയ പങ്കുവഹിക്കുന്നു. കേരളത്തിൽ സാമ്പത്തിക വളർച്ചയ്ക്കും തൊഴിലവസരങ്ങൾക്കും ഐ.ടി.യുടെ സാധ്യത ഏറെ ആണ്. പരിസ്ഥിതി – മനുഷ്യ സൗഹൃദപരമായ വികസന സാധ്യതകളിൽ ആധുനിക കാലത്ത് മികച്ചു നിൽക്കുന്നത് ഐ ടി. തന്നെ. വിവരസാങ്കേതിക വിദ്യ വികസനത്തിന് അനിവാര്യമാണെന്ന വസ്തുത കണക്കിലെടുത്ത് സംസ്ഥാന സർക്കാർ കേരളസംസ്ഥാനത്തെ ഐ ടി വികസനത്തിന് വേണ്ടി ഊന്നൽ നൽകി വളരെയധികം പദ്ധതികൾ ആവിഷ്കരിക്കുന്നു. ഐ.ടി.യുടെ സാദ്ധ്യതകൾ ജനങ്ങൾക്ക് വേണ്ടിയുള്ള സേവനങ്ങൾ എന്നതിനെക്കാൾ അടിസ്ഥാനസൗകര്യങ്ങളിലേക്കും നേരിട്ടും അല്ലാതെയും ഉള്ള ജോലിസാധ്യതകളിലേക്കും വിപുലീകരിച്ച് നിൽക്കുന്നു. അതിൽ സംസ്ഥാന തലസ്ഥാനം എന്ന രീതിയിൽ വിവരസാങ്കേതിക വിദ്യയുടെ സൗകര്യങ്ങളുടെ വളർച്ചക്ക് തിരുവനന്തപുരം നഗരം വലിയ പങ്ക് വഹിച്ചിട്ടുണ്ട്. കേരള പശ്ചാത്തലത്തിൽ ഐ.ടി മേഖലയ്ക്ക് ഇ–ഗവേർണൻസ് മെച്ചപ്പെടുത്തുന്നതിനും തൊഴിൽ സാധ്യതകൾ നൽകുന്നതിനേക്കാളും മെച്ചപ്പെട്ട ജീവിതസാഹചര്യം ജനങ്ങൾക്കായി ഒരുക്കുവാനും സാധിക്കും. ഒപ്പം റെസ്പോൺസിബിൾ സിറ്റിസൺഷിപ്പിലേക്ക് പൊതുജനങ്ങളെ നയിക്കുവാനും സാധിക്കുന്നു. ടെക്നോപാർക്ക് മുതൽ ടെക്നോസിറ്റി വരെ നീണ്ടുനിൽക്കുന്ന ഐ.ടിയുടെ ഇടനാഴിയും സ്റ്റാർട്ട്പ്പ് മിഷൻ തുടങ്ങി ഐ ടി ജോലി സാധ്യതകളിലേക്കും നീളുന്ന സംരംഭങ്ങൾ വരെ നമ്മുടെ തലസ്ഥാനനഗരിയുടെ അഭിമാനമായി നിലകൊള്ളുന്നു. ജനങ്ങളിലേയ്ക്ക് ഓൺലൈൻ സേവനങ്ങൾ എത്തിക്കുന്നതിൽ ഐ.ടി മിഷൻ, അക്ഷയ, ഐ.കെ.എം, എൻ ഐ സി തുടങ്ങി സർക്കാർ ഐ ടി സംരംഭങ്ങളുടെ സാന്നിധ്യം ജില്ലയിൽ നിർണ്ണായക പങ്ക് വഹിച്ചിട്ടുണ്ട്. ഐ ടി – വിഭവ അടിസ്ഥിത സമ്പദ്വ്യവസ്ഥകളെ അറിവ് അടിസ്ഥിത സമ്പാദ്യവ്യവസ്ഥ ആക്കുവാനും, ഇൻഫർമേഷൻ സേവനങ്ങളെ ഉൽപന്നങ്ങൾ, ഉല്പാദന പ്രവർത്തി എന്നീ രീതിയീൽ തീവ്ര മാറ്റങ്ങൾ കൊണ്ടുവരാനും സാധിച്ചു. കൂടാതെ സാമ്പത്തിക ഇടപാടുകൾ, നൈപുണ്യ വികസനം, ബഹുജന സമ്പർക്കം, വ്യാവസായിക മുന്നേറ്റം, ഡിസൈൻ മാതൃകകൾ, പ്രസിദ്ധീകരണം, ഗതാഗതം, ആരോഗ്യം, കൃഷി, വ്യാവസായിക ഉൽപാദനക്ഷമത, സാമ്പത്തിക അടിസ്ഥാന സൗകര്യം, മാനേജ്മെന്റ് കാര്യക്ഷമത എന്നിവ ഉറപ്പുവരുത്തുന്നു. വിവര സാങ്കേതിക വിദ്യയുടെ ഫലപ്രദമായ ഉപയോഗം സംസ്ഥാനത്തിന്റെ ഭരണനിർവഹണം ജനസൗഹൃദപരമായ വികസനത്തിനും ജനജീവിതത്തിന്റെ അടിസ്ഥാന സാഹചര്യങ്ങൾ മാറ്റുന്നതിലും സഹായിക്കും.

ജില്ലയിലെ ഐ.ടി./ഐ.ടി.ഇ.എസ്. അടിസ്ഥാന സൗകര്യങ്ങൾ

എ. ടെക്നോപാർക്ക്

തിരുവനന്തപുരത്തെ ടെക്നോപാർക്കാണ് രാജ്യത്തെ ആദ്യത്തെ ഇലക്ട്രോണിക്/ ഐടി പാർക്ക്. മൂന്ന് ഘട്ടങ്ങളായി പ്രവർത്തിക്കുന്ന ടെക്നോപാർക്ക് 760 ഏക്കറിൽ വ്യാപിച്ച് കിടക്കുന്നു. 370 കമ്പനികൾ പ്രവർത്തിക്കുന്ന ടെക്നോപാർക്കിലെ ജീവനക്കാർ 53000 ൽ ഏറെയാണ്. പരോക്ഷമായി ടെക്നോപാർക്ക് ജോലി നൽകുന്നത് ഇതിന്റെ നാലിരട്ടി പേർക്കാണ്. എഫ്.ഡി.ഐ നിക്ഷേപത്തിലൂടെ സാക്ഷാത്കരിക്കപ്പെടുന്ന വോക് ടു വർക്ക് ഡൗൺ ടൗൺ എന്ന പദ്ധതിയുടെ നിർമ്മാണം വർഷാവസാനത്തോടെ പാർക്കിന്റെ മൂന്നാമത്തെ ഫേസിൽ ആരംഭിക്കും.

25 വർഷങ്ങൾക്ക് മുമ്പ് സ്ഥാപിക്കപ്പെട്ട ടെക്നോപാർക്കാണ് രാജ്യത്തെ ഏറ്റവും വലിയ ഐടി പാർക്കും ലോകത്തെ ഏറ്റവും ഹരിതാഭമായ സാങ്കേതിക വിദ്യാനഗരവും. ടൂറിസത്തിനും ആരോഗ്യസംരക്ഷണ രംഗത്തും പേരുകേട്ട തിരുവനന്തപുരം ജില്ലയിൽ വിവര സാങ്കേതിക വിദ്യക്ക് പ്രാമുഖ്യം നൽകുന്ന ഒരു സംരംഭം എന്നത് ഒരുപാട് വൻകിട കമ്പനികളെ ആകർഷിച്ച ഒരു ഘടകമാണ്. 1,2,3 ഫേസുകളും, ടെക്നോപാർക്ക് കൊല്ലം, ടെക്നോസിറ്റി എന്നിങ്ങനെ വിപുലമായ ക്യാമ്പസുകളിൽ പ്രവർത്തിക്കുന്ന ടെക്നോപാർക്ക് എംബെഡഡ് സോഫ്റ്റ്‌വെയർ ഡെവലപ്മെന്റ് സമാർട്ട് കാർഡ് ടെക്നോളജി, എന്റർപ്രൈസ് റിസോഴ്സ് പ്ലാനിംഗ്, പ്രോസസ്സ് കൺട്രോൾ സോഫ്റ്റ്‌വെയർ ഡിസൈൻ, എഞ്ചിനീയറിംഗ്

അനിമേഷൻ ഇ–ബിസിനിസ് തുടങ്ങിയ മേഖലകളിൽ പ്രവർത്തിക്കുന്ന രാജ്യാന്തര ആഭ്യന്തര കമ്പനികളുടെ പ്രവർത്തന കേന്ദ്രമാണ്.

ലക്ഷങ്ങളോളം പേർക്ക് ഉപജീവന മാർഗ്ഗമാവുന്നതിനൊപ്പം അവരുടെ വരുമാനത്താൽ പ്രാദേശിക വ്യവസായങ്ങളും സൗകര്യങ്ങളും മെച്ചപ്പെടാനും ടെക്നോപാർക്ക് സഹായകമാകുന്നു.

നിലവിൽ ടെക്നോപാർക്കിൽ 20 ഓളം കെട്ടിടസമുച്ചയങ്ങളുണ്ട്. 9.33 ദശലക്ഷം ചതുശ്ര അടി സ്ഥലത്താണ് ടെക്നോപാർക്ക് സ്ഥിതി ചെയ്യുന്നത്. ഇൻക്യുബേഷൻ സൗകര്യം സ്മാർട്ട് ബിസിനസ് സെന്റർ, പ്ലഗ് & പ്ലേ സൗകര്യം, വാം ഷെൽ ഐ ടി സ്പേസ് ലീസ് ഔട്ട്, 30 വർഷത്തേയ്ക്ക് ലാന്റ് ലീസ് മോഡൽ, ബിൾട്ട് ടു – സ്യൂട്ട് മോഡൽ എന്നിവയാണ് ടെക്നോപാർക്ക് മുന്നോട്ട് വയ്ക്കുന്ന ബിസിനസ് മോഡലുകൾ. 1200 കോടി മുതൽ മുടക്കി ടെക്നോപാർക്ക് ക്യാമ്പസിൽ യു.എസ്. അധിഷ്ഠിത ടോറസ് ഇൻവെസ്റ്റ്മെന്റ് ഹോൾഡിംഗ്സ് എൽ.എൽ.സി. എന്ന കമ്പനി 9.73 ഏക്കർ നോൺ–സെസ്സ് വാണിജ്യ സമുച്ചയവും, 10 ഏക്കർ 1.8 ദശലക്ഷം ചതുരശ്ര അടി വിസ്തീർണ്ണമുള്ള ഐ.ടി. സമുച്ചയവും സ്ഥാപിക്കുവാൻ കരാറായി.

രാജ്യത്തെ ഏറ്റവും സജീവമായ ഐടി കാമ്പസ്, സ്വന്തം ഇൻ–ഹൗസ് പവർ ഡിസ്ട്രിബ്യൂഷൻ, സുസ്ഥിരമായ സൗകര്യങ്ങൾ, സംരക്ഷിതമായ ക്യാമ്പസ്, മികച്ച ഡാറ്റാ കണക്ടിവിറ്റി, കുറഞ്ഞ പ്രവർത്തന ചെലവുകൾ, സ്റ്റാർട്ടപ്പുകൾ & ഇൻകുബേഷൻ പിന്തുണ എന്നിവ ടെക്നോപാർക്കിനെ വേറിട്ടു നിർത്തുന്ന സവിശേഷതകളാണ്. ആർക്കും ഇണങ്ങുന്ന ജീവിതശൈലിയാണ് ടെക്നോപാർക്ക് നൽകുന്നത്. ബാംഗ്ലൂർ, ചെന്നൈ, ഹൈദരാബാദ് തുടങ്ങിയ ഐടി ഹബ്ബുകളിലേയ്ക്ക് ബിസിനസ് വ്യാപനത്തിനും പര്യവേഷണ പ്രവർത്തനങ്ങൾക്കുമായി എളുപ്പത്തിൽ വിമാനയാത്രാ സൗകര്യം ലഭ്യമാക്കുന്നുവെന്നതാണ് ഇവിടത്തെ മറ്റൊരു പ്രത്യേകത.

ബി. ടെക്നോസിറ്റി

ടെക്നോസിറ്റിക്ക് വേണ്ടി 400 ഏക്കറോളം ഭൂമി സർക്കാർ ഏറ്റെടുത്തു കഴിഞ്ഞു. ടെക്നോസിറ്റിക്കു വേണ്ടി മംഗലപുരം പഞ്ചായത്തിലെ പള്ളിപുറത്തു നിർമ്മാണ പ്രവർത്തനങ്ങളും ആരംഭിച്ചു. ടി.സി.എസ്., സൺടെക്, ഐ.ഐ.ഐ.ടി.എം.കെ. കെയ്സ് തുടങ്ങിയ വമ്പന്മാർക്കൊപ്പം 100 ഏക്കറിൽ പ്രവർത്തിക്കുന്ന നോളേജ് സിറ്റിയും പദ്ധതിയുടെ ഭാഗമാകും. കോഗ്നിറ്റീവ് അനലിറ്റിക്സ്, സൈബർ സെക്യൂരിറ്റി, ബ്ളോക്ക് ചെയിൻ, ഇ–മൊബിലിറ്റി, സ്പേസ് സയൻസ് എന്നീ മേഖലകളെ പ്രോത്സാഹിക്കുന്നതിനൊപ്പം എസ്.എം.ഇ സ്റ്റാർട്ട്അപ്പ് കമ്പനികൾക്കും ടെക്നോസിറ്റി പിന്തുണയേകും. 2019 ഓടെ പൂർത്തിയാകുന്ന ഇവിടുത്തെ ആദ്യത്തെ ഐടി ബിൽഡിംഗിൽ ചെറുതും വലുതുമായ അനേകം കമ്പനികളെ ഉൾക്കൊള്ളാൻ കഴിയുന്നതാണ്.

ഐ.റ്റി./ഐ.റ്റി.ഇ.എസ്. ബിസിനസിൽ വിജയകരമായി വ്യാപൃതരാകാൻ യുവസംരംഭകരെ പ്രോത്സാഹിപ്പിക്കുന്നതിന് ടെക്നോപാർക്ക് ഇൻകുബേഷൻ സൗകര്യങ്ങളോടെയുള്ള കേരള സ്റ്റാർട്ടപ്പ് മിഷന് ആതിഥ്യം വഹിക്കുന്നു. ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഫർമേഷൻ ടെക്നോളജി & മാനേജ്മെന്റ്, കേരള, (ഐ.ഐ.ഐ.ടി.എം.കെ) ഏഷ്യൻ സ്കൂൾ ഓഫ് ബിസിനസ് എന്നിവ ടെക്നോപാർക്കിൽ പ്രവർത്തിക്കുന്നു എന്നതും അഭിമാനകരമാണ്. ചുരുക്കത്തിൽ 2021 ഓടെ ടെക്നോപാർക്ക് നേരിട്ട് 120000 പേർക്ക് നേരിട്ടും 480000 അല്ലാതെയും തൊഴിൽ നൽകാൻ പ്രാപ്തമാകും.

ഇന്ത്യയിലെ ആദ്യത്തെ ഡിജിറ്റൽ സംസ്ഥാനമായി പ്രഖ്യാപിക്കപ്പെട്ട കേരളത്തിന്റെ തലസ്ഥാനം – ഇന്ത്യയിലെ ആദ്യത്തെ ഡിജിറ്റൽ തലസ്ഥാനമായി അറിയപ്പെടുവാൻ നമ്മുടെ ടെക്നോസിറ്റിയും ടെക്നോപാർക്കും വഴിയൊരുക്കുന്നു.

സി. കേരള സ്റ്റാർട്ട് അപ്പ് മിഷൻ

പുതുസംരംഭങ്ങളെ വളർത്തിയെടുക്കുവാൻ ഐ.ടി./ഐ.ടി.ഇ.എസ്. ബിസിനസിൽ വിജയകരമായി വ്യാപൃതരാകാൻ യുസംരംഭകരെ പ്രോത്സാഹിപ്പിക്കുന്നതിനും കേരള സ്റ്റാർട്ട് അപ്പ് മിഷൻ ആതിഥ്യം വഹിക്കുന്നു. ജില്ലയിൽ നിലവിൽ 25 പുതുസംരംഭങ്ങൾ സ്റ്റാർട്ടപ്പ് മിഷന്റെ സഹായത്തോടെ ആരംഭിക്കുകയുണ്ടായി. സോഫ്റ്റ്‌വെയർ ഹാർഡ്‌വെയർ മേഖലയിൽ പതിനൊന്നും കൃഷി, ആരോഗ്യം തുടങ്ങിയ മറ്റ് മേഖലകളിൽ നിന്നും പതിനാല് എണ്ണവുമാണ് ആരംഭിച്ചത്. കൂടാതെ അതിനൂതനമായ ഒരു ഫാബ് ലാബ് സംവിധാനവും തിരുവനന്തപുരത്ത് ഐ.ഐ.ഐ.ടി.എം.കെ കാമ്പസിൽ സജീകരിച്ചിരിക്കുന്നു.

ഡി. കെ ഫോൺ

കേരള ഫൈബർ ഒപ്റ്റിക്കൽ നെറ്റ്‌വർക്ക് ഒപ്റ്റിക്കൽ ഫൈബർ നെറ്റ്‌വർക്ക് സംവിധാനം ഉപയോഗിച്ച് ധ്രുതവേഗത്തിൽ കണക്ടിവിറ്റി എല്ലാ ഗവൺമെന്റ് വിദ്യാഭ്യാസ സ്ഥാപനങ്ങളിലേയ്ക്കും എത്തിക്കുന്ന പദ്ധതിയാണ്. ആദ്യ ഘട്ടത്തിൽ 10 മുതൽ 100 എം.ബി.പി.എസ്. പരിധിവരെ എല്ലാ ഗവൺമെന്റ് വിദ്യാഭ്യാസ സ്ഥാപനങ്ങളിലും പിന്നീട് ഗ്രാമ നഗര ഭേദമന്യേ എല്ലാ വീടുകളിലേയ്ക്കും ഇന്റർനെറ്റ് സേവനം നൽകുന്ന പദ്ധതിയാണ് ഇത്. കെ.ഫോൺ പദ്ധതി വഴി ഗ്രാമപ്രദേശങ്ങളിലെ ഗവൺമെന്റ് ഓഫീസുകൾക്കും തന്മൂലം ധ്രുതവേഗത്തിൽ ഓൺലൈൻ സേവനങ്ങളും ജനങ്ങൾക്ക് ലഭ്യമാക്കാൻ സാധിക്കുന്നതുമാണ്.

ഇ. പബ്ലിക് വൈ-ഫൈ ഹോട്ട് സ്പോട്

പബ്ലിക് വൈ-ഫൈ പദ്ധതിയുമായി ബന്ധപ്പെട്ട് ജില്ലയിലെ സർക്കാർ സ്ഥാപനങ്ങൾ, ജനസേവന കേന്ദ്രങ്ങൾ, പൊതുസ്ഥലങ്ങൾ, പാർക്കുകൾ, ടൂറിസ്റ്റ് ഇടങ്ങൾ ഉൾപ്പെടുന്ന 150 പൊതുയിടങ്ങളിൽ പബ്ലിക് വൈ-ഫൈ സംവിധാനം ആരംഭിക്കുന്നതിനുള്ള തീരുമാനം നടപ്പിലാക്കാൻ പോകുകയാണ്. ജനങ്ങൾക്ക് ഉപയോഗപ്രദമായി 300 എം ബി വരെ സൗജന്യമായി ഇന്റർനെറ്റ് ഈ ഹോട്ട് സ്പോട്ട് ഇടങ്ങളിൽ നിന്നും മൊബൈൽ ഫോൺ, ലാപ് ടോപ്പ് തുടങ്ങിയ ഉപകരണങ്ങളിൽ ഉപയോഗിക്കുവാൻ സാധിക്കുന്നതാണ്. പബ്ലിക് വൈ-ഫൈയുടെ പ്രധാന ഉദ്ദേശം ജനങ്ങൾക്ക് ഇ-ഗവേണൻസ് മൊബൈൽ ഗവേണൻസ് സേവനങ്ങൾ ലഭിക്കുവാനും ടൂറിസ്റ്റുകൾക്ക് വേണ്ടി അത്യാവശ്യമായി വരുന്ന വിവരങ്ങളും ഗവൺമെന്റ് ഇതര സേവനങ്ങളും പെട്ടെന്ന് എത്തിക്കുവാൻ വേണ്ടിയാണ്.

എഫ്. സ്മാർട്ട് സിറ്റി

സ്മാർട്ട് സിറ്റി പദ്ധതിയുമായി ബന്ധപ്പെട്ട് തിരുവനന്തപുരം നഗരത്തിൽ ഒരു വലിയ ചുവട് വയ്പാണ് നടത്തുവാൻ പോകുന്നത്. സ്മാർട്ട് സിറ്റി പദ്ധതിയിൽ വിവര സാങ്കേതിക വിദ്യയുമായി ബന്ധപ്പെട്ട് തിരുവനന്തപുരം നഗരപരിധിയും സൗജന്യ വൈ-ഫൈ സംവിധാനം, സ്മാർട്ട് ബസ് സ്റ്റോപ്പുകൾ തുടങ്ങി കേന്ദ്രീകരിച്ച് നിയന്ത്രണ സംവിധാനങ്ങൾ ഏർപ്പെടുത്താവുന്നതാണ്. ജനങ്ങൾക്ക് ആവശ്യമായ എല്ലാ ഇ-ഗവേണൻസും ഒരു ഏകീകൃത പോർട്ടലിൽ ലഭ്യമാക്കാവുന്ന പദ്ധതിയും ആവിഷ്കരിക്കും.

ജി. അക്ഷയ പദ്ധതി

അക്ഷയ പദ്ധതിയുടെ തുടക്കം 2002 നവംബർ 18ന് മലപ്പുറം ജില്ലയിലാണ്. പ്രാരംഭ ഘട്ടത്തിൽ 7 ജില്ലകളിൽ ആരംഭം കുറിച്ച പ്രസ്തുത പദ്ധതിയുടെ ലക്ഷ്യം ഒരു കുടുംബത്തിലെ ഒരു അംഗത്തെ എങ്കിലും കംപ്യൂട്ടർ സാക്ഷരരാക്കുക എന്നതായിരുന്നു. തുടർന്ന് 7 ജില്ലകളിലും ഇ-ലിറ്ററസി എന്ന ലക്ഷ്യത്തോടെ അക്ഷയ പദ്ധതിക്ക് തുടക്കം കുറിച്ചു.

ജില്ലയിൽ 2007 ൽ അക്ഷയ പദ്ധതിക്ക് തുടക്കം കുറിച്ചു. വിവര സാങ്കേതിക വിദ്യയുടെ സഹായത്തോടെ ജനങ്ങളിൽ സർക്കാർ സർക്കാർ ഇതര സേവനങ്ങൾ എത്തിക്കുന്നതിന് അക്ഷയ പദ്ധതി വഹിക്കുന്ന പങ്ക് വളരെ വലുതാണ്. സാങ്കേതിക പരിജ്ഞാനമുള്ള ജീവനക്കാർ, ഇന്റർനെറ്റ് കണക്ടിവിറ്റി എന്നിങ്ങനെ ആധുനിക സൗകര്യങ്ങളോടെയാണ് അക്ഷയ സെന്ററുകൾ പ്രവർത്തിക്കുന്നത്.

ജില്ലയിൽ 265 അക്ഷയ കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നുണ്ട്. ഇതിൽ 45 അക്ഷയ സെന്ററുകൾ കോർപ്പറേഷൻ പരിധിയിലുള്ളവയാണ്. 500 ൽ പരം ഉദ്യോഗസ്ഥരുള്ള 10 ആശുപത്രികളിൽ ഇ-ഹെൽത്ത് ട്രെയിനിംഗ് നൽകുകയുണ്ടായി. ഓൺലൈൻ പോക്കുവരവ് പ്രോജക്ടിന്റെ ഡാറ്റാ എൻട്രി ജോലികൾ അക്ഷയയുടെ സഹായത്തോടെ പൂർത്തീകരിക്കുവാൻ സാധിച്ചു. അക്ഷയയുടെ സഹായത്തോടെ ആധാർ എൻട്രോൾമെന്റ് 100 ശതമാനം പൂർത്തീകരിക്കുവാൻ കഴിഞ്ഞു. പാപ്പനംകോട് വാർഡിനെ ഡിജിറ്റൽ വാർഡാക്കി മാറ്റുകയും അവിടുള്ള വ്യാപാരികളെ ഡിജിറ്റൽ പണമിടപാട് നടത്താൻ പ്രാപ്തരാക്കുകയും ചെയ്തു. 1000 ത്തോളം ആളുകൾക്ക് ഡിജിറ്റൽ പണമിടപാടിനെക്കുറിച്ച് പരിശീലനം നൽകാൻ കഴിഞ്ഞു. പ്രശ്നബാധിത ബൂത്തുകളിൽ തത്സമയ വെബ്കാസ്റ്റിംഗ് നടത്താനും കഴിഞ്ഞു. 183 അക്ഷയ കേന്ദ്രങ്ങൾ വഴി 68079 അക്കൗണ്ടുകൾ തുറക്കാനും 161289 ക്രയവിക്രയങ്ങൾ നടത്താനും കഴിഞ്ഞു.

എല്ലാ അക്ഷയ കേന്ദ്രങ്ങളും നൂതനമായ സാങ്കേതിക വിദ്യകൊണ്ട് ജനങ്ങൾക്ക് ഉപയോഗപ്രദമായ രീതിയിൽ പ്രവർത്തിക്കണം. നിലവിലെ സർക്കാർ, സർക്കാർ ഇതര എല്ലാ ഓൺലൈൻ സേവനങ്ങളും അക്ഷയ വഴി നൽകി വരുന്നു. സർക്കാർ നിർദ്ദേശപ്രകാരം എല്ലാ

സർക്കാർ സേവനങ്ങളും അക്ഷയ മുഖേന നൽകേണ്ടതാകുന്നു എന്ന ഉത്തരവും നിലനിൽക്കുന്നു.

ജില്ലയിലെ വിവിധ വകുപ്പുകളുടെ പ്രധാന ഇ-ഗവേണൻസ്/ ഐ.റ്റി. അധിഷ്ഠിത സേവനങ്ങൾ

ഇൻഫർമേഷൻ കേരള മിഷൻ : ലോക്കൽ സെൽഫ് ഗവൺമെന്റ്

ജില്ലയിലെ 73 ഗ്രാമപഞ്ചായത്തുകൾ 11 ബ്ലോക്ക്പഞ്ചായത്തുകൾ, 4 മുൻസിപ്പാലിറ്റികൾ, കോർപ്പറേഷൻ, ജില്ലാപഞ്ചായത്ത്, തദ്ദേശസ്ഥാപനങ്ങളുടെ ഘടക സ്ഥാപനങ്ങൾ, ജില്ലാ പ്ലാനിംഗ് ഓഫീസ്, സർക്കാർ ഉടമസ്ഥതയിലുള്ള സിനിമാ തീയേറ്ററുകൾ എന്നിവയുടെ കമ്പ്യൂട്ടർ പ്രവർത്തനങ്ങളാണ് നിലവിൽ ഐ.കെ.എം. നടത്തി വരുന്നത്.

സാമൂഹ്യ സുരക്ഷാ പെൻഷൻ കമ്പ്യൂട്ടർവത്ക്കരണം.

ജില്ലയിലെ 449523 പേരുടെ അടക്കം സാമ്പത്തികമായി പിന്നാക്കം നിൽക്കുന്നവർക്ക് നൽകുന്ന ഇന്ദിരാഗാന്ധി വാർദ്ധക്യകാല പെൻഷൻ (226759 എണ്ണം) കർഷകതൊഴിലാളി പെൻഷൻ (45936 എണ്ണം) വിധവാ പെൻഷൻ (133631 എണ്ണം) ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്കുള്ള പെൻഷൻ (37343, 1150) 50 വയസ് കഴിഞ്ഞ അവിവാഹിതർക്കുള്ള പെൻഷൻ (4704) സമ്പൂർണ്ണ കമ്പ്യൂട്ടർ വൽക്കരണം വഴി അനർഹരായ 7 ലക്ഷത്തോളം പേരെ ഒഴിവാക്കാനും ജീവനക്കാരുടെ ജോലി ഭാരം ഗണ്യമായി കുറയ്ക്കുവാനും കഴിഞ്ഞു.

റവന്യൂ വകുപ്പ് : ഇ-ഡിസ്ട്രിക്ട്

ജനങ്ങൾക്ക് പൊതു സേവന കേന്ദ്രങ്ങൾ വഴിയും വെബ് പോർട്ടൽ വഴിയും സർക്കാരിന്റെ സേവനങ്ങൾ നൽകുവാൻ വേണ്ടി ഉദ്ദേശിച്ചു നടപ്പിലാക്കുന്ന പദ്ധതിയാണ് ഇ-ഡിസ്ട്രിക്ട്. വിവിധ ഡിപ്പാർട്ടമെന്റുകളിൽ നിന്നുള്ള സേവനങ്ങൾ ഏതൊരു സേവന കേന്ദ്രത്തിൽ കൂടിയും ലഭ്യമാകുന്നതാണ്. ചില സേവനങ്ങൾ ഓൺലൈൻ വെബ് പോർട്ടൽ വഴിയും ലഭ്യമാകുന്നതാണ്. അതാത് വകുപ്പുകളിൽ നടപ്പിലാക്കിയ കമ്പ്യൂട്ടർവത്ക്കരണം പരമാവധി പ്രയോജനപ്പെടുത്തി സുതാര്യമായും നിഷ്പക്ഷമായും വേഗതയിലും സേവനങ്ങൾ ലഭ്യമാക്കുകയാണ് ഇതുകൊണ്ട് ഉദ്ദേശിക്കുന്നത്. ഇതിനാവശ്യമായ നടപടി ക്രമങ്ങളിലെ ലഘൂകരണവും ഇതു വഴി നടപ്പിലാക്കുന്നു. ചുരുക്കത്തിൽ ആയാസരഹിതമായും കുറഞ്ഞ സമയത്തിനുള്ളിലും സേവനങ്ങൾ ലഭ്യമാക്കുന്നതിനു പ്രത്യേകം തയ്യാറാക്കിയ പദ്ധതിയാണ് ഇ-ഡിസ്ട്രിക്ട്.

ഇ-ഡിസ്ട്രിക്ട് നിലവിൽ 24 റവന്യൂ സർട്ടിഫിക്കറ്റ്, കെ.എസ്.ഇ.ബി /കെ.ഡബ്ലിയു.എ/ ബി.എസ്.എൻ.എൽ. ബില്ല് പണമടക്കൽ സൗകര്യം തുടങ്ങിയവ ലഭ്യമാണ്. ഇ-ഡിസ്ട്രിക്ട് പദ്ധതിയിൽ തന്നെ പൊതുജന പ്രശ്നപരിഹാര സംവിധാനവും ഏർപ്പെടുത്തിയിട്ടുണ്ട്. ജനങ്ങളുടെ എല്ലാ പരാതികളും ഇ-ഡിസ്ട്രിക്ട് മുഖേന സ്വീകരിക്കാനും തീർപ്പാക്കാനും കഴിയുന്നതാണ്. തിരുവനന്തപുരം ആർ.ഡി.ഒ. ഓഫീസിൽ ആർ.സി.സി./ഓൺലൈൻ സംവിധാനം ഏർപ്പെടുത്തുന്നത് വഴി ഇ-ഡിസ്ട്രിക്ട് മുഖേന ആർ.സി.സി പരാതികൾക്ക് ഓൺലൈനായി തീർപ്പ് കൽപിക്കാൻ സാധിക്കുന്നു. നമ്മുടെ ജില്ലയിൽ ഇതുവരെ 18,87,011 റവന്യൂ സർട്ടിഫിക്കറ്റ് ഇ-ഡിസ്ട്രിക്ട് പദ്ധതിയിലൂടെ നൽകാൻ സാധിച്ചു. മറ്റു ഡിപ്പാർട്ട്മെന്റുകളുടെ സേവനങ്ങളും ഇ-ഡിസ്ട്രിക്ട് പദ്ധതിയിലൂടെ ലഭ്യമാക്കാൻ കഴിയുന്നവയാണെന്നും ഞങ്ങൾ നടത്തിയ പഠനങ്ങളിലൂടെ മനസിലാക്കാൻ കഴിഞ്ഞു. അവയിൽ ചിലത് ചുവടെ ചേർക്കുന്നു.

1. കേരള സാമൂഹ്യ സുരക്ഷാ മിഷൻ
2. സൈനിക ക്ഷേമ വകുപ്പ്
3. കേരള സംസ്ഥാന വികലാംഗ ക്ഷേമ കോർപറേഷൻ
4. ലോട്ടറി വെൽഫെയർ ബോർഡ്
5. ഫിഷറീസ് ഡിപ്പാർട്ട്മെന്റ്

വിദ്യാഭ്യാസ മേഖലയിൽ - ഐ.ടി (കെ.ഐ.റ്റി.ഇ / ഐ.ടി. @ സ്കൂൾ)

ജില്ലയിലെ സ്കൂളുകളിൽ എം.എൽ.എ / എം.പിമാരുടെ പ്രാദേശിക വികസന ഫണ്ട്. എൽ.എസ്.ജി. ഫണ്ട് തുടങ്ങിയവ ഉപയോഗിച്ചുള്ള ഉപകരണ വിന്യാസം ഐ ടി നയം ഉപയോഗിച്ചും സർക്കാർ ഉത്തരവുകൾ ഉപയോഗിച്ചുള്ള മാനദണ്ഡങ്ങൾപാലിച്ചു പ്രാവർത്തികമാക്കണം. പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി ജില്ലയിലെ ഗവൺമെന്റ്/എയ്ഡഡ് സ്കൂളുകളെ ഹൈടെക് ആക്കുന്നതിനുള്ള ഫണ്ട് കണ്ടെത്താനുള്ള പ്രവർത്തനറിപ്പോർട്ട് തയ്യാറാക്കി.

പദ്ധതി നടപ്പിലാക്കുന്ന ജില്ലയിലെ ആകെ സ്കൂളുകൾ വിഭാഗങ്ങൾ - 401

(എച്ച്.എസ്– എച്ച് എസ്.എസ്. – വി.എച്ച്.എസ്.എസ്. ഉൾപ്പെടെ)

ഇനം	ഫണ്ട് ലഭ്യത	ശതമാനം
ക്ലാസ്സ്മുറികൾ – സംവിധാനം ഒരുക്കുന്ന രീതി	സ്കൂൾ പി.ടി.എ/എസ്.എം.സി., സ്കൂളിനോട് താൽപര്യമുള്ള സ്ഥാപനങ്ങൾ	49
	31–03–2015 വരെയുള്ള സ്പെഷ്യൽ ഫീ, സഞ്ചിത നിക്ഷേപം ഉപയോഗിച്ച്	10
	സ്കൂൾ മാനേജ്മെന്റ്	27
	തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ	8
	മറ്റുള്ള	1
	ഫണ്ട് ലഭ്യതയില്ലാത്തതിനാലും ഹൈടെക് സംവിധാനം ഒരുക്കുന്നതിന് അനുയോജ്യമായ ക്ലാസ്സ്റൂം ഘടന ഇല്ലാത്തതിനാൽ പ്രവർത്തനം ആരംഭിച്ചിട്ടില്ലാത്തവർ	5

അടിസ്ഥാന സംവിധാനം ഒരുക്കുന്ന പ്രവർത്തനം ത്വരിതപ്പെടുത്തുന്നതിന് 14 നിയോജക മണ്ഡലങ്ങളിൽ ഓരോ സ്കൂൾ വീതം (എച്ച്.എസ് – എച്ച്.എസ്.എസ്. – വി.എച്ച്. എസ്.എസ്. ഉൾപ്പടെ) എം.എൽ.എ.മാരുടെ പ്രാദേശിക വികസന ഫണ്ടുപയോഗിച്ച് മികവിന്റെ കേന്ദ്രങ്ങളാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്.

നിലവിലെ കെ.ഐ.റ്റി.ഇ.ന്റെ വിവരങ്ങൾ അനുസരിച്ച് ജില്ലയിൽ 2 സ്കൂളുകളിലായി 90 ഹൈടെക് ക്ലാസ്സ്റൂമുകൾ സജ്ജീകരിച്ചു കഴിഞ്ഞു.

ആരോഗ്യമേഖലയിൽ ഐ ടി.

ഇ ഹെൽത്ത് പദ്ധതി ജില്ലയിൽ പരീക്ഷണാർത്ഥം നടത്തിവരുന്നു. ഇതിലേയ്ക്കായി 10 ആശുപത്രികളിലെ 500 ഓളം ജീവനക്കാർക്ക് ഐ.ടി. പരിശീലനം നടത്തി കഴിഞ്ഞു. അക്ഷയ മുഖേന ജില്ലയിലെ മെഡിക്കൽകോളേജിൽ പൊതുജന സൗകര്യാർത്ഥം ഓൺലൈൻ ഒ.പി ടിക്കറ്റ് സംവിധാനം ഇ–ഹെൽത്ത് പദ്ധതിയുടെ ഭാഗമായി തുടങ്ങുകയുണ്ടായി.

കൃഷി സംബന്ധിത മേഖലയിലെ വികസനത്തിന് ഐ.ടി

സോയിൽ ഹെൽത്ത് ന്യൂട്രിയന്റ് മാനേജ്മെന്റ് സിസ്റ്റം, സോയിൽ ഹെൽത്ത് കാർഡുകൾ, ക്രോപ് പെസ്റ്റ് സർവയലൻസുകൾ, മൊബൈൽ അധിഷ്ഠിത ഇൻഫർമേഷൻ പ്രചരണ സംവിധാനം, ജില്ലയുടെ കർഷക ഡാറ്റാബേസ്, കൃഷി എക്സ്റ്റൻഷൻ സേവനങ്ങൾ, സ്കീം മോണിറ്ററിങ് സിസ്റ്റം ഇവയെല്ലാം നടപ്പിലാക്കാൻ സാധിച്ചു.

സമഗ്ര നിർദ്ദേശങ്ങൾ – കീഴ്ത്തട്ട്

1. ജില്ലയിലെ വിവിധ മിഷൻ പ്രോജക്ടുകൾ വിവരങ്ങൾ, നിജസ്ഥിതി തുടങ്ങിയവ ജനങ്ങൾക്കും ജനപ്രതിനിധികൾക്കും ലഭ്യമാക്കുന്ന രീതിയിൽ ഒരു മൊബൈൽ ആപ്പ് വികസിപ്പിക്കാവുന്നതാണ്.
2. സൈബർ കുറ്റകൃത്യങ്ങളുടെ എണ്ണം വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ കുട്ടികളിൽ – സേഫ് ഇന്റർനെറ്റ് ഉപയോഗത്തെക്കുറിച്ചുള്ള ക്യാമ്പയിൻ അത്യന്താപേക്ഷിതമാണ്. നിലവിലെ കണക്കുകൾ പ്രകാരം 2017 ൽ ജില്ലയിൽ മാത്രം 47 കേസുകൾ റിപ്പോർട്ട് ചെയ്യപ്പെട്ടു.
3. 2012 മുതൽ 2016 വരെ റിപ്പോർട്ട് ചെയ്യപ്പെട്ട 1150 കേസുകളിൽ അധിക ശതമാനവും തലസ്ഥാനത്തു നിന്നു തന്നെ ക്യാമ്പയിനിംഗ് – കേരള സ്റ്റേറ്റ് ഐറ്റി മിഷൻ, സൈബർ പോലീസ് വിങ്ങ് ജില്ലാ ഇ–ഗവേണൻസ് സൊസൈറ്റി എന്നിവയുടെ നേതൃത്വത്തിൽ സ്റ്റുഡന്റ് പോലീസ് കേഡറ്റ്, എൻ.എസ്.എസ്., പി.റ്റി.എ യുടെ സഹായത്തോടെ നടത്താവുന്നതാണ്.
4. തിരുവനന്തപുരം കോർപ്പറേഷൻ സ്മാർട്ട് സിറ്റി പദ്ധതിയിൽ നഗരവികസനത്തിൽ ഐ.ടി / ഐ.ടി.ഇ.എസ് സംവിധാനങ്ങളുടെ സാധ്യത ഏറിയതാണ്.

❖ **സ്മാർട്ട് ട്രാഫിക് സിസ്റ്റം – സ്മാർട്ട് ബസ് സ്റ്റോപ്പ്സ്** : വേസ്റ്റ് ഡിസ്പോസൽ സർവെലൻസും മോണിറ്ററിംങ്ങും – ഐടി സംവിധാന സഹായത്തോടെ നടപ്പിലാക്കാനും, ഏകീകൃത ഓൺലൈൻ സേവന പ്ലാറ്റ്ഫോം, റെസ്പോൺസിബിൾ ഇ–ഗവേണൻസ് എന്നിവ കൊണ്ടുവരാനും സാധിക്കും.

❖ നിർദ്ദേശം : സ്മാർട്ട് സിറ്റി പദ്ധതിയുടെ സാധ്യതകൾ സിറ്റി പരിധികളിൽ മാത്രം അല്ലാതെ റൂറൽ വികസനത്തിനും സൗകര്യപ്പെടുത്താവുന്നതാണ്.

5. ഇ-വേസ്റ്റ് ബിൻ സംവിധാനം എല്ലാ സ്ഥാപനങ്ങളിലും, വിദ്യാഭ്യാസ സ്ഥാപനങ്ങളിലും ഏർപ്പെടുത്താം. തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ സഹായത്തോടുകൂടി സ്കൂളുകളിലും വീടുകളിൽ നിന്നും ഇ-വേസ്റ്റ് നീക്കം ചെയ്യുന്നതിനും, അത് നിർമ്മാർജ്ജനം ചെയ്യുന്നതിനും പ്രത്യേക പദ്ധതി ആവിഷ്കരിക്കേണ്ടതാണ്.
6. ജില്ലയിലെ എല്ലാ വാർഡുകളും ഡിജിറ്റൽ വാർഡായി പ്രഖ്യാപിക്കാൻ സാധിക്കും. ജില്ലയിലെ പാപ്പനംകോട് വാർഡ് - ബാങ്കിങ് കൂട്ടായ്മയുടെയും, ഐ.ടി.മിഷൻ, അക്ഷയ കൂട്ടായ്മയുടെയും സഹായത്തോടെ ഡിജിറ്റൽ വാർഡായി പ്രഖ്യാപിക്കപ്പെട്ടു. ഇതുപോലെ എല്ലാ വാർഡുകളും ഡിജിറ്റൽ പണമിടപാടുകളിലും സുരക്ഷിത ഡിജിറ്റൽ സേവന വിന്യാസത്തിലും ഇ/എം. ഗവേണൻസ് സേവന പര്യാപ്തരാക്കി തീർക്കുവാൻ സാധിക്കും.

മേൽത്തട്ട് നിർദ്ദേശങ്ങൾ

1. ജില്ലയിൽ ജില്ലാ ഇ-ഗവേണൻസ് സൊസൈറ്റി ശക്തമാക്കുകയും വിവിധ ഗവൺമെന്റ് ഡിപ്പാർട്ടുമെന്റുകളുടെ പങ്കാളിത്തത്തോടെ ഐ.ടി മേഖലയിൽ പ്രവർത്തിക്കുന്ന ഏജൻസികളായ എൻ.ഐ.സി, കെ.എസ്.ഐ.റ്റി.എം., സി.ഡിറ്റ്, ഐ.കെ.എം. തുടങ്ങിയവർ ചേർന്ന് ഏകീകരിച്ചു പ്രവർത്തിക്കേണ്ടതാണ്. അതിലേക്കായി ഒരു പ്രത്യേക ഓഫീസ് സംവിധാനവും ഏർപ്പെടുത്തേണ്ടതാണ്. വിവിധ വകുപ്പുകളുടെ സേവനങ്ങൾ നിലവിൽ ഏകീകൃതമില്ലാതെ പല ഏജൻസികൾ പല തട്ടിൽ ചെയ്തുവരുന്നു. വകുപ്പുകൾ ഏകീകരിച്ച് ചെയ്യേണ്ട പ്രവൃത്തികൾ പോലും ഇത് മൂലം ബാധിക്കപ്പെടും അതിനാൽ വിവിധ വകുപ്പുകൾക്ക് സംയുക്തമായി നൽകേണ്ട സേവനങ്ങളുടെ ഓൺലൈൻ പ്രവർത്തനങ്ങൾ നിരീക്ഷിക്കാൻ ഏകീകരണം അത്യന്താപേക്ഷിതമാണ്.
2. ജില്ലയിലെ എല്ലാ നിവാസികളെയും ഇ-ഗവേണൻസ് എം-ഗവേണൻസ് സേവനങ്ങളെക്കുറിച്ചും ഡിജിറ്റൽ പണം ഇടപാടുകളെ കുറിച്ചും സുരക്ഷിത ഇന്റർനെറ്റ് ഉപയോഗത്തെക്കുറിച്ചും ബോധവൽക്കരിക്കാൻ വേണ്ട ക്യാമ്പയിൻ പ്രവർത്തനം സൈബർ പോലീസ്, ഐ.ടി.മിഷൻ, അക്ഷയ, ഐ.സി.റ്റി അക്കാദമി, ഡിസ്ട്രിക്ട് ഐ.റ്റി.സെൽ തുടങ്ങിയവരുടെ സഹായത്തോടെ നടപ്പാക്കാവുന്നതാണ്. സ്കൂൾതലത്തിൽ കുട്ടികളെ പരിശീലിപ്പിച്ച് അവർ മുഖേന മറ്റുള്ളവരിലേയ്ക്ക് എത്തിക്കുവാനും സാധിക്കുന്നതാണ്.
3. എല്ലാ അക്ഷയ കേന്ദ്രങ്ങളും അതാത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായി ചേർന്ന് പ്രവർത്തിക്കുന്നവയാണ്. നിലവിൽ ഒരു പഞ്ചായത്തിൽ ശരാശരി 2 മുതൽ 3 വരെയും മുനിസിപ്പാലിറ്റിയിൽ 5 ഉം കോർപ്പറേഷനിൽ 40 ഉം അക്ഷയകേന്ദ്രങ്ങളും പ്രവർത്തിക്കുന്നുയെന്നിരിക്കെ അതാതു പഞ്ചായത്തുകളിൽ പ്രവർത്തിക്കുന്ന കേരള സർക്കാർ, തദ്ദേശ സ്ഥാപനങ്ങളുടെ ഐ.ടി ഹാർഡ്വെയർ മെയിന്റനൻസ് ആന്റ് റിപ്പയർ അക്ഷയ കേന്ദ്രങ്ങൾ മുഖേന നടത്താൻ സാധിക്കുന്നതാണ്. തദ്ദേശസ്ഥാപനങ്ങളും അക്ഷയ ജില്ലാ ഓഫീസ് സമഗ്രമായി പ്രവർത്തിച്ച് അതാത് ഭാഗങ്ങളിലെ ഒരു ഐ.ടി. ടാലന്റ് പൂൾ പ്രാവർത്തികമാക്കാൻ സാധിക്കും. അതിനാൽ വളരെ പെട്ടെന്ന് സുലഭമായി ചെറിയ നിരക്കിൽ കമ്പ്യൂട്ടർ ഇതര മെയിന്റനൻസ് വർക്കുകൾ അക്ഷയ മുഖേന നടത്തുവാൻ സാധിക്കും.
4. വിഭവങ്ങളുടെയും അസറ്റുകളുടെയും ജിയോ സ്പെഷ്യൽ മാപ്പിംഗ് : ഡിജിറ്റൽ മാപ്പിംഗ് സംവിധാനം നടത്തുന്നതിലൂടെ ജില്ലയിലെ മുഴുവൻ വിഭസമൃദ്ധിയും അടിസ്ഥാന സൗകര്യങ്ങളും പൈതൃക സമ്പത്തുകളും രേഖപ്പെടുത്തുവാൻ 2018 - 19 വർഷത്തോടുകൂടി സാധിക്കും
5. വെബ് അധിഷ്ഠിത ജി.ഐ.എസ്. ട്രാക്കിംഗ് സംവിധാനം ഏർപ്പെടുത്തുന്നതു വഴി ജില്ലയിലെ മുഴുവൻ വിഭവ സമൃദ്ധി, അടിസ്ഥാന സൗകര്യങ്ങൾ, വാസസ്ഥല സൗകര്യങ്ങൾ എന്നിവ രേഖപ്പെടുത്തുവാനും കൃത്യമായി നിരീക്ഷിക്കാനും സാധിക്കും. ഇതിനു വേണ്ടിയുള്ള വസ്തു വിവര രജിസ്റ്റർ തദ്ദേശ സ്ഥാപനങ്ങളിൽ നിന്നും എടുക്കുകയും, അവർ മുഖേന തന്നെ നിരീക്ഷിക്കാനും മറ്റു വകുപ്പുകളുമായി ചേർന്ന് വിവരങ്ങൾ ശേഖരിക്കാനും അവർക്കു കൈമാറുവാനും സാധിക്കും.

6. ജില്ലയിലെ സ്കൂളുകളിൽ എം.എൽ.എ./എം.പി. മാരുടെ പ്രാദേശിക വികസന ഫണ്ട്, എൽ.എസ്.ജി. ഫണ്ട് തുടങ്ങിയവ ഉപയോഗിച്ചുള്ള ഉപകരണ വിന്യാസം ഐ ടി നയം ഉപയോഗിച്ചും സർക്കാർ ഉത്തരവുകൾ ഉപയോഗിച്ചുള്ള മാനദണ്ഡങ്ങൾ പാലിച്ച് പ്രാവർത്തികമാക്കണം.
7. ജില്ലയിലെ ഒരു സുപ്രധാന സാന്നിദ്ധ്യം ആണ് കേരള സ്റ്റാർട്ട് അപ്പ് മിഷൻ. യുവ സംരംഭങ്ങളെ ഉയർത്തിക്കൊണ്ടു വരുന്നതിൽ സ്റ്റാർട്ട് അപ്പ് മിഷന്റെ പങ്ക് വളരെ വിലയേറിയതാണ്. സ്റ്റാർട്ട് അപ്പ് മിഷന്റെ സാന്നിദ്ധ്യവും സേവനങ്ങളും ജനങ്ങളിലേക്കും മികച്ച യുവജന സംരംഭങ്ങളിലേക്കും എത്തിക്കുവാൻ ജില്ലാപഞ്ചായത്തിന്റെ ആഭിമുഖ്യത്തിൽ തദ്ദേശ സ്ഥാപനങ്ങളുമായി ചേർന്നു ഒരു ടാലന്റ് സെർച്ച് നടത്തി അതു വഴി സ്റ്റാർട്ട് അപ്പ് പോളിസി കൂടുതൽ ജനങ്ങളിലേക്കു എത്തിക്കുവാൻ ജില്ലയ്ക്കു സാധിക്കും. തദ്ദേശസ്ഥാപനങ്ങളുടെ നേതൃത്വത്തിൽ സ്കൂൾ/കോളേജ് വിദ്യാർത്ഥികൾ മുതൽക്കേ – ബിസിനസ് സംരംഭകത്വ ഓറിയന്റേഷൻ ക്ലാസ്സുകൾ നടത്തുവാൻ സാധിക്കും.
8. എല്ലാ ലോക്കൽ ബോഡി പേയ്മെന്റുകളും ഡിജിറ്റൽ സംവിധാനത്തിൽ കൊണ്ടുവരുകയും അത് വഴി ജനങ്ങൾക്ക് സുതാര്യവും സൗകര്യാർത്ഥവുമായ സേവനങ്ങൾ നൽകുവാൻ കഴിയും. അക്ഷയ, കുടുംബശ്രീ എന്നിവയുടെ സഹായത്തോടുകൂടി എല്ലാ ജനങ്ങളെയും ഡിജിറ്റൽ സേവനങ്ങളിൽ പര്യാപ്തർ ആകുവാൻ കഴിയും
9. ജില്ലാപഞ്ചായത്തിന്റെ നേതൃത്വത്തിൽ എല്ലാ പൊതുസ്ഥലങ്ങളിലും, തദ്ദേശസ്ഥാപനങ്ങളിലും ഡിജിറ്റൽ സൈൻ ബോർഡ് സ്ഥാപിക്കണം. പൊതുജനതാല്പര്യാർത്ഥം പുറപ്പെടുവിപ്പിക്കുന്ന ഉത്തരവുകൾ, സ്കീമുകൾ, പദ്ധതികൾ, സേവനങ്ങൾ എല്ലാം അറിയുവാൻ സാധിക്കുന്ന സൈൻ ബോർഡ് പിപിപി മോഡൽ സ്ഥാപിക്കാം. ഇതിനോടൊപ്പം ദൃശ്യ–അച്ചടി, നവമാദ്ധ്യമങ്ങളിലൂടെ സർക്കാരിന്റെ വിവിധ പദ്ധതികളുടെ ബോധവൽക്കരണം നടത്താവുന്നതാണ്.
10. കോമൺവെഹിക്കിൾ സംവിധാനം: ജില്ലാ, താലൂക്ക്, തദ്ദേശ സ്ഥാപനങ്ങളിലെ ജീവനക്കാർക്ക് ഒരു പൊതുവായ യാത്രാ സംവിധാനം പ്രയോജപ്പെടുത്താവുന്നതാണ്.
11. ജില്ലയിൽ ജില്ലാപഞ്ചായത്തിന്റെ കീഴിലുള്ള കൃഷി ഫാമുകളിൽ ഉൽപാദിപ്പിക്കുന്ന നടീൽ വസ്തുക്കളുടെ ലഭ്യത ജില്ലയിലെ മുഴുവൻ ജനങ്ങൾക്ക് അറിയുന്നതിനും ഒരു ഓൺലൈൻ സംവിധാനത്തിലൂടെ വാങ്ങുന്നതിനും വേണ്ടി ഒരു വെബ് അധിഷ്ഠിത, മൊബൈൽ അധിഷ്ഠിത സംവിധാനം ഒരുക്കാവുന്നതാണ്. ഇതിലൂടെ ജില്ലാ കൃഷി ഫാമുകളിൽ ഉൽപാദിപ്പിക്കുന്ന മുഴുവൻ ഗുണമേന്മയുള്ള നടീൽ വസ്തുക്കളും ഗുണഭോക്താക്കൾക്ക് യഥാസമയം എത്തിക്കാവുന്നതാണ്. അതിനുവേണ്ടി ഐ.ഐ. ഐ.ടി.എം.കെ.യുടെ ആഭിമുഖ്യത്തിൽ കൃഷിവകുപ്പിനു വേണ്ടി കഴക്കൂട്ടം കോക്കനട്ട് നഴ്സറി നടപ്പിലാക്കിയ സംവിധാനം ഉപയോഗപ്പെടുത്താവുന്നതാണ്.

4.4. പ്രത്യേക പരിഗണന അർഹിക്കുന്ന വിഭാഗങ്ങൾ

4.4.1 സാമൂഹ്യനീതി–സാമൂഹ്യ സുരക്ഷിതത്വം

അസന്തുലിതമായ വർത്തമാനകാല സമൂഹത്തിൽ സാമൂഹികവും സാമ്പത്തികവും മാനസികവും ശാരീരികവും സാംസ്കാരികവുമായ ക്ലേശങ്ങൾ അനുഭവിക്കേണ്ടിവരുന്ന ഒരു വലിയ വിഭാഗമുണ്ട്. സമൂഹത്തിൽ കുട്ടികൾ, സ്ത്രീകൾ, വയോജനങ്ങൾ, ഭിന്നശേഷിയുള്ളവർ, ഭിന്നലിംഗക്കാർ, ദുർബ്ബല ജനവിഭാഗങ്ങൾ എന്നിങ്ങനെ ജീവിത അവകാശങ്ങൾ സംരക്ഷിക്കപ്പെടേണ്ടവരുടെ പട്ടിക വളരെ വലുതാണ്. ഇവരുടെ ക്ഷേമവും വികസനവും പുനരധിവാസവും ഉറപ്പു വരുത്തുക എന്നതാണ് നമ്മുടെ പ്രധാന കർത്തവ്യം. സാമൂഹ്യനീതിയിലധിഷ്ഠിതമായ പ്രവർത്തനങ്ങളിലൂടെ പൊതുനിലവാരത്തിൽ നിന്നും പിന്നാക്കം നിൽക്കുന്നവരെ ക്ഷേമജീവിതത്തിലേയ്ക്ക് നയിക്കുക എന്നതാണ് ലക്ഷ്യം.

I. കുട്ടികൾ

ത്വരിതഗതിയിൽ വളർന്നു വരികയും അത്യധികം ശ്രദ്ധയും പരിഗണനയും സഹായവും ആവശ്യമുള്ള ഒരു മേഖലയാണ് കുട്ടികളുടെ മേഖല. ഗർഭാവസ്ഥ മുതൽ ശൈശവ–ബാല–കൗമാര വേളകളിലൂടെയുള്ള കുട്ടികളുടെ ശാരീരിക മാനസിക വളർച്ചാ ഘട്ടങ്ങൾ അതീവ സൂക്ഷ്മതയോടെ കൈകാര്യം ചെയ്യേണ്ടതും ഇടപെടേണ്ടതുമായ ഒരു മേഖലയാണ്.

- ജെൻഡർ സ്റ്റാറ്റിസ്റ്റിസ് 2014–15 വർഷത്തെ കണക്കുകൾ പ്രകാരം ജില്ലയിൽ 0–19 വയസ്സ് പ്രായമുള്ള 1081021 കുട്ടികൾ ഉണ്ട്. ഇതിൽ 593598 ആൺകുട്ടികളും 533311 പെൺകുട്ടികളും ഉൾപ്പെടും.
- 3 മുതൽ 6 വയസ് പ്രായമുള്ള സ്ഥാപന സേവനം ഉപയോഗിക്കുന്ന കുട്ടികളിൽ 33 ശതമാനം മാത്രമാണ് അങ്കണവാടികളിൽ എത്തുന്നത്. അങ്കണവാടി അനുബന്ധ സേവനങ്ങൾ 66 ശതമാനം കുട്ടികൾക്ക് ലഭ്യമാകുന്നില്ല എന്നത് ശ്രദ്ധിക്കപ്പെടേണ്ടതാണ്.
- സാമൂഹ്യനീതി വകുപ്പിൻെറ കണക്കുകൾ പ്രകാരം ജില്ലയിൽ ആകെ 423 ക്രഷുകൾ ഉണ്ട്. അതിൽ 103 എണ്ണം ഗവൺമെന്റും 320 സ്വകാര്യസ്ഥാപനങ്ങളുമാണ്.

വിടവുകൾ

- നിലവിലെ ഐ.സി.ഡി.എസ് സേവനങ്ങൾ പ്രധാനമായും പ്രീ–സ്കൂൾ വിദ്യാഭ്യാസവും അനുബന്ധ സേവനങ്ങളും 33 ശതമാനം കുട്ടികൾക്ക് മാത്രമേ ലഭിക്കുന്നുള്ളു.
- നിലവിലെ സാമൂഹിക സാമ്പത്തിക സാഹചര്യവുമായി പെരുത്തപ്പെടാത്ത അങ്കണവാടികളിലെ ഭൗതിക സാഹചര്യങ്ങൾ
- പോഷണ കുറവുള്ള കുട്ടികളുടെ എണ്ണത്തിലുള്ള വർദ്ധനവ്
- പോഷണക്കുറവുള്ള കുട്ടികൾക്ക് വേണ്ടിയുള്ള പ്രത്യേക പദ്ധതികളുടെ അഭാവം
- കൗമാരപ്രായക്കാരായ പെൺകുട്ടികളിലെ വർദ്ധിച്ചുവരുന്ന പ്രജനന ആരോഗ്യപ്രശ്നങ്ങളെ അർഹിക്കുന്ന പ്രാധാന്യത്തോടെ നേരിടുന്ന പദ്ധതികളുടെ അഭാവം
- ശിശു/ ഭിന്നശേഷി സൗഹൃദമായ ഭൗതിക സാഹചര്യങ്ങളുടെ അഭാവം
- ഐ.സി.ഡി.എസ് കണക്കുകൾ പ്രകാരം പ്രതിമാസം തൂക്കം രേഖപ്പെടുത്തുന്ന 0–5 വയസ്സു വരെയുള്ള കുട്ടികളിൽ ആകെ കുട്ടികളുടെ 25 ശതമാനത്തോളം തൂക്കക്കുറവുള്ള കുട്ടികളാണെന്ന് കാണുന്നു.

പദ്ധതി നിർദ്ദേശങ്ങൾ

ഐ.സി.ഡി.എസ് പദ്ധതി സേവനങ്ങൾ 3–6 വയസ്സുവരെയുള്ള എല്ലാ കുട്ടികളിലേയ്ക്കും എത്തിക്കുന്നതിനായി പൈലറ്റ് അടിസ്ഥാനത്തിൽ ജില്ലയിലെ തെരെഞ്ഞെടുത്ത 10 പ്രൈവറ്റ്/ ഗവൺമെന്റ് പ്രീ–സ്കൂൾ അദ്ധ്യാപകർക്ക് ഐ.സി.ഡി.എസ് വിഭാവനം ചെയ്യുന്ന ശൈശവ പൂർവ്വകാല സംരക്ഷണവും വിദ്യാഭ്യാസവും പരിശീലനവും (ECCE) നൽകുകയും ആഴ്ചയിൽ ഒരു ദിവസമെങ്കിലും ഈ പദ്ധതി അതത് സ്കൂളുകിളിൽ നടപ്പിലാക്കുകയും ചെയ്യുക. ഈ സ്കൂളുകളിൽ 3–6 വരെ ഐ.സി.ഡി.എസ്–ന്റെ മറ്റ് സേവനങ്ങളും നടപ്പാക്കാവുന്നതാണ്.

മേൽതട്ട് നിർദ്ദേശങ്ങൾ

- അങ്കണവാടികളുടെ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്താനുള്ള പദ്ധതികൾ (ശിശു സൗഹൃദപരമായ കെട്ടിടങ്ങൾ, ഇൻഡോർ-ഔട്ട്ഡോർ കളിസ്ഥലങ്ങൾ, ശിശുസൗഹൃദ ശുചിമുറി, ചുറ്റുമതിൽ, നടപ്പാത, കുടിവെള്ളം, ഇലക്ട്രിസിറ്റി)
- ജീവിതശൈലിയിലുള്ള മാറ്റങ്ങൾ കൊണ്ടുണ്ടാകുന്ന പൊണ്ണത്തടി, Poli Cystic Ovairan Syndrom (PCOD), തൈറോയ്ഡ് മൂലമുണ്ടാകുന്ന പ്രശ്നങ്ങൾ (ഹൈപ്പർ & ഹൈപ്പോതൈറോയിഡിസം) എന്നിവ പരിഹരിക്കുന്നതിനായി ജീവിതശൈലി - ഇന്റർവെൻഷൻ പദ്ധതികൾ രൂപീകരിക്കാവുന്നതാണ്.

കീഴ്ത്തട്ട് നിർദ്ദേശങ്ങൾ

- പോഷണകുറവുള്ള കുട്ടികൾക്ക് വ്യക്തിഗത സംരക്ഷണവും ശ്രദ്ധയും പോലുള്ള നൂതന പദ്ധതികൾ ആവിഷ്ക്കരിക്കാവുന്നതാണ്. പ്രത്യേക ഇടപെടൽ ആവശ്യമുള്ള മേഖലകളിൽ ഉദാഹരണമായി ട്രൈബൽ, തീരദേശപ്രദേശങ്ങൾ, എസ്.സി കോളനികൾ എന്നിവിടങ്ങളിലെ കുട്ടികൾക്ക് പ്രത്യേക പോഷകാഹാര പദ്ധതികൾ നടപ്പിലാക്കാവുന്നതാണ്.
- ഐ.സി.ഡി.എസ്-ന്റെ സേവനങ്ങൾ നിലവിൽ കൗമാരപെൺകുട്ടികൾക്ക് ലഭിച്ചു വരുന്നുണ്ടെങ്കിലും കൗമാരപ്രായക്കാരായ ആൺകുട്ടികൾക്ക് ലഭിക്കുന്നില്ല. ആയതിനാൽ കൗമാരക്കാരായ ആൺകുട്ടികളുടെ ഇടയിൽ വർദ്ധിച്ച് വരുന്ന സാമൂഹിക - മാനസിക - വൈകാരിക പ്രശ്നങ്ങൾ നേരിടുന്നതിനുള്ള പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കേണ്ടതാണ്. പരീക്ഷണാടിസ്ഥാനത്തിൽ ആദ്യഘട്ടമായി തിരഞ്ഞെടുക്കപ്പെട്ട മൂന്ന് ബ്ലോക്കുകളിൽ നടപ്പിലാക്കാവുന്നതാണ്. (തീരദേശ പ്രദേശങ്ങൾ, ആദിവാസിമേഖലകൾ, എസ്.സി. കോളനികൾ എന്നിവയ്ക്ക് പ്രാമുഖ്യം നൽകേണ്ടതാണ്)
- അങ്കണവാടി, പ്രീ-സ്കൂൾ കുട്ടികളുടെ നിലവാരവും എണ്ണവും മെച്ചപ്പെടുത്തുന്നതിനായി വർക്കർമാരുടെ ഓണറേറിയത്തോടൊപ്പം മാനദണ്ഡങ്ങൾക്കനുസൃതമായി ഇൻസെന്റീവ് നല്കുന്ന പദ്ധതി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നടപ്പാക്കാവുന്നതാണ്.
- കൗമാരക്കാരായ പെൺകുട്ടികൾക്ക് മനോബലവും പ്രതികരണശേഷിയും വർദ്ധിപ്പിക്കുന്നതിനായി say no campaign പരിപാടി തിരഞ്ഞെടുക്കപ്പെട്ട അഞ്ച് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നടപ്പാക്കേണ്ടതാണ്.
- തദ്ദേശസ്വയംഭരണ സ്ഥാപനതലത്തിൽ Early Detection and Intervension പ്രവർത്തനം ആരോഗ്യവകുപ്പ്, സി.ഡി.സി എന്നിവയുമായി ചേർന്ന് സംയുക്തമായി നടപ്പാക്കാവുന്ന താണ്.

II.ഭിന്നശേഷിക്കാർ

- 2015 -ലെ അംഗപരിമിതർ സെൻസസ് പ്രകാരം 34254086 ഉള്ള കേരള ജനസംഖ്യയിൽ 793937 പേർ അംഗപരിമിതരാണ്.
- ജില്ലയിലെ ആകെ ജനസംഖ്യയായ 3301427 പേരിൽ 77164 പേർ അംഗപരിമിതരാണ്. ഇതിൽ 34823 സ്ത്രീകളും 42341 പേർ പുരുഷന്മാരുമാണ്. അതായത് ആകെ ജനസംഖ്യയുടെ 2.34 ശതമാനം അംഗപരിമിതരാണ്.

അവസ്ഥാ വിശകലനം

- നിലവിൽ ചലനവൈകല്യമുള്ളവരുടെ എണ്ണം മറ്റു വൈകല്യങ്ങൾ ഉള്ളവരെക്കാൾ കൂടുതലാണ്. പുരുഷന്മാരേക്കാൾ സ്ത്രീകളാണ് ചലനവൈകല്യം കൂടുതലായി അനുഭവിക്കുന്നത്.
- ഭിന്നശേഷിക്കാരായ അംഗങ്ങൾ ഉൾപ്പെടുന്ന കുടുംബങ്ങളുടെ എണ്ണം വർദ്ധിച്ചു വരുന്നു.
- ജില്ലയിൽ അംഗപരിമിതർക്കായി 47 സ്ഥാപനങ്ങൾ പ്രവർത്തിച്ചു വരുന്നു.

വിടവ്

- ജില്ലയിൽ 73 ഗ്രാമപഞ്ചായത്തുകൾ ഉണ്ടെങ്കിലും മൊത്തം 27 ബഡ്സ് സ്കൂളുകളാണ് പ്രവർത്തിച്ചുവരുന്നത്.
- പ്രവർത്തിച്ചുക്കൊണ്ടിരിക്കുന്ന ബഡ്സ് സ്കൂളുകളിൽ ഭൂരിഭാഗവും ഭിന്നശേഷി സൗഹൃദമല്ല.
- ബഡ്സ് സ്കുളുകളിൽ/ റിഹാബിലിറ്റേഷൻ സെന്ററുകളിൽ സ്പെഷ്യലിസ്റ്റുകളുടെ സേവനം ലഭ്യമല്ല.
- അംഗപരിമിതർക്ക് നൽകി വരുന്ന ഉപകരണങ്ങൾക്ക് മതിയായ വാറണ്ടി നൽകാത്തതിനാൽ അവ കേടായാൽ സർവ്വീസ് ചെയ്ത് എടുക്കുവാൻ ബുദ്ധിമുട്ട് നേരിടുന്നു.
- ജീവിതോപാധിക്കായി അംഗപരിമിതർക്ക് സ്വയം തൊഴിൽ പരിശീലനം ഗവൺമെന്റ് തലത്തിൽ മതിയായ രീതിയിൽ നൽകിവരുന്നില്ല

നിർദ്ദേശങ്ങൾ

- ജില്ലയിലെ 27 ബഡ്സ് സ്കൂളുകളിൽ പി.ഡബ്ല്യു.ഡി ആക്ട് പ്രകാരമുള്ള അടിസ്ഥാന സൗകര്യങ്ങളും മാർഗ്ഗനിർദ്ദേശപ്രകാരമുള്ള ടീച്ചറിനേയും ഹെൽപ്പറിനേയും നിർബന്ധിതമായും ലഭ്യമാക്കണം. ബഡ്സ് സ്കൂളുകളിൽ എത്തിച്ചേരാൻ കഴിയാത്ത അംഗപരിമിതർക്ക് വാഹന സൗകര്യം ഉറപ്പ് വരുത്തി ഇത്തരം സ്ഥാപനങ്ങളിൽ ഉള്ള സ്പീച്ച്, ഒക്കുപ്പേഷണൽ, ബിഹേവിയറൽ, ഫിസിയോതെറാപ്പിസ്റ്റ് എന്നിവരുടെ സേവനങ്ങൾ ലഭ്യമാക്കേണ്ടതാണ്.
- മാസത്തിലൊരിക്കൽ വൈദ്യപരിശോധനാ ക്യാമ്പ് ബഡ്സ് സ്കൂൾ/റിഹാബിലിറ്റേഷൻ സെന്ററുകളിൽ എന്നിവ കേന്ദ്രീകരിച്ച് ഗ്രാമപഞ്ചായത്ത് തലത്തിൽ സംഘടിപ്പിക്കുക. ട്രൈബൽ പ്രദേശങ്ങളിൽ പ്രവർത്തിക്കുന്ന ബഡ്സ് സ്ഥാപനങ്ങളിൽ എത്തേണ്ടവർക്ക് വാഹന സൗകര്യം ഗ്രാമപഞ്ചായത്ത് ലഭ്യമാക്കുക.
- ബഡ്സ് സ്കൂളുകളിൽ/ റീഹാബിലിറ്റേഷൻ സെന്ററുകളിൽ പ്രവർത്തിക്കുന്ന സ്പീച്ച്, ഒക്കുപ്പേഷണൽ, ബിഹേവിയറൽ, ഫിസിയോതെറാപ്പിസ്റ്റ് എന്നിവർക്ക് ദിവസ വേതനം 1000/– രൂപയാക്കി വർദ്ധിപ്പിക്കുക
- ഭിന്നശേഷിക്കാരിൽ 60 വയസ്സിന് മുകളിൽ ഉള്ള കിടപ്പുരോഗികൾ, ജന്മനാ കിടപ്പു രോഗികൾ, വീട്ടുകാർക്ക് കൈകാര്യം ചെയ്യാൻ കഴിയാത്ത മനോരോഗികൾ തുടങ്ങിയവരെ വീടുകളിൽ വന്ന് പരിചരിക്കുന്നതിന് കെയർ ടേക്കറെ നിയമിക്കുക. മിഡ് വൈഫറി കോഴ്സ് പഠിച്ചവർക്ക് മുൻഗണന നൽകുന്ന രീതിയിൽ രോഗികളെ പരിചരിക്കാൻ പരിശീലനം ലഭിച്ചിട്ടുള്ള വിദഗ്ദരെ നിയമിക്കേണ്ടതാണ്
- ഭിന്നശേഷിക്കാർക്ക് സ്കിൽ ട്രെയിനിംഗ് നൽകുക. ഗ്രാമപഞ്ചായത്ത് തലത്തിൽ ട്രെയിനിംഗ് നൽകുന്നതിനും സ്വയം തൊഴിൽ ചെയ്യുന്നതിനുള്ള പദ്ധതികൾ രൂപീകരിക്കുക.
- സന്നദ്ധ സംഘടനകൾ, കോളേജുകളിലെ എൻ.എസ്.എസ് യൂണിറ്റ് തുടങ്ങി ഭിന്നശേഷിക്കാർക്കിടയിൽ പ്രവർത്തിക്കുന്നവരെ അതീവ ശ്രദ്ധ ആവശ്യമുള്ള കുടുംബങ്ങളിൽ കെയർടേക്കർ എന്ന തലത്തിൽ ആഴ്ചതോറും/ മാസത്തിൽ സേവനം ലഭിക്കുന്ന രീതിയിൽ പ്രവർത്തനം നൽകുക.
- ഒന്നിൽകൂടുതൽ ഭിന്നശേഷിക്കാരുള്ള വീടുകൾ, പകൽ പരിപാലന കേന്ദ്രമായ ബഡ്സ് റീഹാബിലിറ്റേഷൻ സെന്ററുകൾ എന്നിവിടങ്ങളിൽ അടിസ്ഥാന സൗകര്യങ്ങളായ റാമ്പ്, യൂറോപ്പിയൻ ടോയ്ലെറ്റ്, വാഷ്ബെയിസിൻ എന്നിവ ഉറപ്പുവരുത്തുക (ഭിന്നശേഷി സൗഹൃദം).
- പ്രോജക്റ്റ് വഴി നൽകുന്ന ഭിന്നശേഷിക്കാരുടെ ഉപകരണങ്ങൾക്കുള്ള വാറണ്ടി കാർഡ് ഗുണഭോക്താവിന് നൽകുക. മെയിന്റനൻസ് ചാർജ്ജ് നൽകുകയും ചെയ്യുക.
- സാമൂഹ്യ നീതി വകുപ്പ് കാഴ്ചശക്തി ഇല്ലാത്തവർക്കായി ബി.പി.ഒ. ട്രെയിനിംഗ് നടത്തുന്നുണ്ട്. പിന്നാക്ക സാമ്പത്തിക അവസ്ഥ കാരണം ഇത്തരം സ്ഥാപനങ്ങളിൽ എത്തിച്ചേരാൻ കഴിയാത്തവർക്കും മറ്റ് സ്ഥാപനങ്ങളിൽ പഠനത്തിന് പോകുന്നവർക്കും കെയർ ജീവനക്കാർക്കും യാത്രാബത്ത നൽകുക

- വിവിധ തലങ്ങളിൽ നിന്നും ഭിന്നശേഷിക്കാർക്ക് ലഭിക്കുന്ന പഠനസഹായങ്ങൾ/ ഉപകരണങ്ങൾ എന്നിവ തദ്ദേശസ്വയംഭരണ സ്ഥാപനത്തിൽ ഏകോപിപ്പിച്ച് നടപ്പിലാക്കുക.

സംയുക്തമായി നടപ്പിലാക്കേണ്ടവ

- ബഡ്സ് സ്കൂൾ/ റീഹാബിലിറ്റേഷൻ സെന്ററുകൾക്ക് കൃഷി വകുപ്പിൽ നിന്നും ഗ്രോബാഗ്, പച്ചക്കറി വിത്ത്, തുടങ്ങിയവ നൽകുക
- അംഗപരിമിതരായ കുട്ടികളുടെ സംരക്ഷകർ/ രക്ഷകർത്താക്കൾക്ക് സ്വയം തൊഴിൽ പരിശീലനം, വായ്പ എന്നിവ നൽകുകയും അവർ നിർമ്മിക്കുന്ന ഉൽപ്പന്നങ്ങൾക്ക് വിപണന കേന്ദ്രവും ഉപഭോക്താക്കളെയും സർക്കാർ കണ്ടെത്തുകയും ചെയ്യുക.

നിർദ്ദേശങ്ങൾ

ഭിന്നശേഷിക്കാർ ഒന്നിൽകൂടുതൽ ഉള്ള കുടുംബം/ ഗുരുതര ഭിന്നശേഷിക്കാർ, മറ്റുള്ളവരുടെ സഹായം ആവശ്യമുള്ളവർ, മാനസിക വൈകല്യമുള്ളവർ തുടങ്ങിയ കുടുംബങ്ങളെ സഹായിക്കുന്നതിന് കെയർ ടേക്കർ എന്ന പോസ്റ്റ് സാദ്ധ്യമാക്കുക. ബ്ലോക്ക് തലത്തിൽ രോഗിപരിചരണത്തിന് പരിശീലനം ലഭിച്ച ആളുകളെ കണ്ടെത്തി ആവശ്യം വേണ്ട കുടുംബങ്ങളിൽ എത്തി പരിചരിക്കുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിക്കുക.

നൂതന ആശയങ്ങൾ

- ഓട്ടിസം/സി.പി., ഗുരുതരഭിന്നശേഷിയുള്ളവർ, 100 ശതമാനം കാഴ്ച്ച ശക്തി ഇല്ലാത്തവർ തുടങ്ങിയവരുടെ കെയർ ടേക്കറിന് സപ്പോർട്ടിംഗ് സ്കൂട്ടർ നൽകുന്ന പദ്ധതി.
- മാനസിക വൈകല്യമുള്ളവർക്ക് 18 വയസ് വരെയുള്ള സ്കോളർഷിപ്പ് എന്നത് 50 വയസ്സ് വരെ ബത്ത നൽകുന്ന രീതിയിലേക്ക് മാറ്റുക.
- ഹൈ സപ്പോർട്ട് കാറ്റഗറിയിൽപ്പെടുന്ന എല്ലാ ഭിന്നശേഷിക്കാർക്കും കെയർ ഗീവേഴ്സ് അലവൻസ് നൽകണം.
- ഉപേക്ഷിക്കപ്പെട്ടവരും ജീവിതമാർഗ്ഗം ഇല്ലാത്തവരുമായ ഭിന്നശേഷിക്കാരെ സംരക്ഷിക്കുന്നതിന് ജില്ലയിൽ സർക്കാർ തലത്തിൽ സംവിധാനമില്ല. ആയതിനാൽ ഇതിനാവശ്യമായ സംവിധാനം ഒരുക്കണം.
- മാനസിക വൈകല്യം ഭേദമായ വ്യക്തികളെ താമസിപ്പിക്കുന്നതിന് തൊഴിൽ പരിശീലനം നൽകുന്നതിനുമായി ജില്ലാപഞ്ചായത്തിന്റെ കീഴിൽ വെഞ്ഞാറമൂട് സ്ഥാപിച്ചിട്ടുള്ള കെയർ ഹോം പോലെ ജില്ലാ-ബ്ലോക്ക്-ഗ്രാമപഞ്ചായത്തുകളുടെ സംയുക്ത സംരഭമായി കെയർ ഹോമുകൾ സ്ഥാപിക്കുക.
- കുടുംബശ്രീ ജില്ലാമിഷനാണ് ബഡ്സ് സ്കൂൾ/റീഹാബിലിറ്റേഷൻ സെന്ററുകളുടെ പരിശീലനം നൽകുന്നത്. കൃത്യമായ മോണിട്ടറിംഗ് അത്യാവശ്യമായതിനാൽ നിർവ്വഹണ ഉദ്യോഗസ്ഥൻ ആരാവണമെന്നതിനെ സംബന്ധിച്ച് കൃത്യത ഉണ്ടാകണം.
- കേരളത്തിലെ ഓരോ ജില്ലയിലും മാനസിക വെല്ലുവിളികൾ നേരിടുന്നവരുടെ അമ്മമാരിൽ നല്ലൊരു ശതമാനം പേരും ഭർത്താവ് ഉപേക്ഷിക്കപ്പെട്ടവരോ, വിവാഹമോചിതരോ, വിധവകളോ ആണ്. ഇത്തരം അമ്മമാർക്ക് പ്രത്യേക സഹായ പദ്ധതി തുടങ്ങുകയും പരിചാരകരായ അമ്മമാർക്കുള്ള ബത്ത മാസംതോറും നൽകുകയും ചെയ്യുക.
- മാനസിക, ശാരീരിക വെല്ലുവിളികൾ നേരിടുന്ന വ്യക്തികളുടെ രക്ഷിതാക്കൾ ഭിന്നശേഷി മേഖലയിൽ നിലവിലുള്ള നിയമനങ്ങളെക്കുറിച്ചും ആനുകൂല്യങ്ങളെ കുറിച്ചും അജ്ഞരാണ്. അതിനാൽ അവർ ചൂഷണത്തിന് ഇരകളാകുന്നു. മാനസിക ശാരീരിക വെല്ലുവിളികൾ നേരിടുന്നവരെ സംബന്ധിക്കുന്ന എല്ലാ സഹായങ്ങളും ഒരു കുടക്കീഴിൽ ലഭ്യമാക്കാൻ ജില്ലാതലത്തിൽ/ബ്ലോക്ക് അടിസ്ഥാനത്തിൽ ഭിന്നശേഷി ശാക്തീകരണ കേന്ദ്രങ്ങൾ തുടങ്ങുകയും ഇതിനാവശ്യമായ ഭൗതിക സൗകര്യങ്ങൾ ഒരുക്കുകയും ചെയ്യുക. അംഗപരിമിത ഹെൽപ്പ്ഡെസ്ക്ക് ഇതിനോടൊപ്പം ആരംഭിക്കാം.

- മാനസിക വെല്ലുവിളികൾ നേരിടുന്നവർക്കും ശാരീരിക വെല്ലുവിളികൾ നേരിടുന്നവർക്കും അവരുടെ ശേഷി അനുസരിച്ചുള്ള വരുമാനദായകങ്ങളായ കോഴി വളർത്തൽ, മുയൽ വളർത്തൽ, ആട് വളർത്തൽ, ഔഷധസസ്യങ്ങൾ വളർത്തൽ, ഹോർട്ടികൾച്ചർ, മെഴുകുതിരി, നോട്ടുബുക്ക്, സോപ്പ് നിർമ്മാണം തുടങ്ങി അനേകം പ്രോജക്ടുകൾ കുടുംബശ്രീ വഴിയും പ്രത്യേക അയൽക്കൂട്ടങ്ങൾ വഴിയും ആരംഭിക്കുക. പഞ്ചായത്തിൽ പ്രോജക്ട് വയ്ക്കുമ്പോൾ ഭിന്നശേഷിക്കാർക്കായുള്ള തൊഴിൽ സംരംഭങ്ങൾ നടപ്പിലാക്കുന്നതിന് മുൻഗണന നൽകുക.
- ജില്ലയിലെ ഭിന്നശേഷി വിഭാഗത്തിന് സേവനം ചെയ്യുന്ന മുഴുവൻ കെയർ ഇൻസ്റ്റിറ്റ്യൂഷനുകളെയും ഏജൻസികളെയും ഉൾപ്പെടുത്തി ജില്ലാ പഞ്ചായത്തിന്റെ നേതൃത്വത്തിൽ ഒരു കെയർ ഗ്രൂപ്പ് രൂപീകരിക്കേണ്ടതാണ്. ഇവരുടെ സഹായത്തോടെ റീഹാബിലിറ്റേഷൻ പോളിസി തയ്യാറാക്കി നടപ്പിലാക്കണം.
- സംസ്ഥാന തലത്തിലും, ജില്ലാ തലത്തിലും, പഞ്ചായത്ത് തലത്തിലും നടപ്പിലാക്കുന്ന എല്ലാ കായിക-സാംസ്കാരിക പ്രവർത്തനങ്ങളിലും ഭിന്നശേഷി വിഭാഗത്തിൽപ്പെട്ടവരെ കൂടി ഉൾപ്പെടുത്താൻ പറ്റുന്ന ഘടകങ്ങൾ നിർബന്ധമായും ഉൾപ്പെടുത്തണം.
- 2015 -ലെ Right of persons with disability Act ൽ Private establishment, Public building, Public Sector എന്നിവ വ്യക്തമായി രേഖപ്പെടുത്തിയിട്ടുണ്ട്. പൊതുജന സമ്പർക്കമുള്ള എല്ലാ പൊതു-സ്വകാര്യ സ്ഥാപനങ്ങളും പൊതു ഇടങ്ങളും ടി നിർവ്വചനത്തിൽ വരുന്നതാണ്. ഈ ആക്ടിലെ സെക്ഷൻ 45 പ്രകാരം 5 വർഷത്തിനകം എല്ലാ പൊതു ഇടങ്ങളും കെട്ടിടങ്ങളും ഭിന്നശേഷി സൗഹൃദമാക്കണമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. ആയതിനാൽ അതാത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പരിധിയുള്ള എല്ലാ കെട്ടിടങ്ങളും പൊതുഇടങ്ങളും ഭിന്നശേഷിക്കാർക്ക് യഥേഷ്ടം ഉപയോഗിക്കാൻ കഴിയുന്നവിധം ഭിന്നശേഷി സൗഹൃദമാക്കണം.
- അംഗപരിമിത സർട്ടിഫിക്കറ്റ് ലഭ്യമല്ലാത്ത മുഴുവൻ ഭിന്നശേഷിക്കാരെയും കണ്ടെത്തി മെഡിക്കൽ സർട്ടിഫിക്കറ്റ് നൽകുന്നതിനുള്ള നടപടി ഊർജ്ജിതപ്പെടുത്തണം. പൂർണ്ണമായും ശയ്യാവലംബരായ ഭിന്നശേഷിക്കാർക്ക് വാട്ടർ ബെഡ്, പാഡ്, കത്തീറ്റർ, ആവശ്യമായ മരുന്ന് തുടങ്ങിയ ആവശ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ പ്രത്യേക ഫണ്ട് വകയിരുത്തി പദ്ധതി നടപ്പിലാക്കണം.
- ഭിന്നശേഷിക്കാർക്ക് വിവാഹധനസഹായമായി നൽകിവരുന്ന 10000/- രൂപ നിരക്ക് വർദ്ധിപ്പിച്ച് 50000/- രൂപയായി നൽകേണ്ടതാണ്.
- കെ.എസ്.ആർ.ടി.സി ബസുകളിൽ 50 ശതമാനം വൈകല്യമുള്ളവർക്ക് മാത്രമാണ് യാത്രാ ഇളവ് അനുവദിച്ചുവരുന്നത്. ഈ പ്രവണത അവസാനിപ്പിച്ച് പി.ഡബ്ല്യു.ഡി ആക്ട് പരിധിയിൽ വരുന്ന 40 ശതമാനത്തിന് മുകളിലുള്ള വൈകല്യമുള്ള എല്ലാ ഭിന്നശേഷിക്കാർക്കും യാത്രാ ഇളവ് അനുവദിക്കണം.

III. ഭിന്നലിംഗക്കാർ

ഭിന്നലിംഗക്കാർ പോളിസി ഇന്ത്യയിലാദ്യമായി നടപ്പിലാക്കിയ സംസ്ഥാനം കേരളമാണ്. 2015-16 ലെ സർവ്വേ പ്രകാരം കേരളത്തിലാകെ 1187 ട്രാൻസ്ജെന്റേഴ്സാണുള്ളത്.

വിടവ്

- ഭിന്നലിംഗക്കാരെ അംഗീകരിക്കാനുള്ള സമൂഹത്തിന്റെ വിമുഖത.
- സാമൂഹികമായി അംഗീകാരമില്ലായ്മയും അപകർഷതാബോധവും സാമ്പത്തികമായും, വിദ്യാഭ്യാസപരമായും ഭിന്നലിംഗക്കാരെ പിന്നിലാക്കുന്നു.
- സ്കൂൾ തലത്തിൽ കൊഴിഞ്ഞ്പോക്ക് വളരെ കൂടുതലായി കാണുന്നു.
- സാമൂഹിക വൈകാരിക പ്രശ്നങ്ങൾ കൂടുതൽ ആയതിനാൽ ഇവർ ഒരേ ജോലിയിൽ തുടർന്ന് പോവുക പ്രയാസമാണ്.

മേൽത്തട്ട് നിർദ്ദേശങ്ങൾ

- ➢ ഭിന്നലിംഗക്കാരെ അംഗീകരിക്കുന്ന രീതിയിലുള്ള നിയമങ്ങൾ കൊണ്ടുവരുക.
- ➢ എല്ലാ മേഖലയിലും സംവരണം ഉറപ്പാക്കുക.

- പൊതു സ്ഥാപനങ്ങളിലും ബസ് സ്റ്റോപ്പുകളിലും ഭിന്നലിംഗക്കാർക്ക് പ്രത്യേക ടോയ്‌ലെറ്റ് സംവിധാനം ഒരുക്കുക.

കീഴ്ത്തട്ട് നിർദ്ദേശങ്ങൾ

- ഭിന്നലിംഗ വിഭാഗത്തിൽപ്പെടുന്നവർക്ക് വേണ്ടിയുള്ള തൊഴിൽ പരിശീലന പദ്ധതികൾ നടപ്പിലാക്കുക.
- ജെന്റർ – താനി നടപ്പിലാക്കുന്നതിന്റെ ഭാഗമായി പഞ്ചായത്ത്/ ബ്ലോക്ക് തലത്തിൽ ഭിന്നലിംഗക്കാർക്ക് ഡ്രൈവിംഗ് പരിശീലനം നൽകുക.
- ഭിന്നലിംഗക്കാർക്ക് തൊഴിൽ ലഭിക്കാൻ സാധ്യതയുള്ളതും താല്പര്യമുള്ള മേഖലകളായ കാറ്ററിംഗ്, ഡാൻസ് സ്കൂൾ, ഡ്രൈവിംഗ്, ഫാഷൻ ടെക്നോളജി തുടങ്ങിയവയുടെ പരിശീലനവും തൊഴിൽസംരംഭങ്ങൾ തുടങ്ങുന്നതിനുള്ള വായ്പയും സബ്സിഡിയും നൽകുന്ന പദ്ധതികൾ രൂപീകരിക്കുക.

IV.വയോജനങ്ങൾ

മുതിർന്ന പൗരന്മാരുടെ എണ്ണം അതിശയകരമാം വിധം വർദ്ധിച്ചുവരികയാണ്. ആധുനിക സാങ്കേതിക വിദ്യകളുടെ അടിസ്ഥാനത്തിൽ വൈദ്യശാസ്ത്രത്തിൽ ഉണ്ടായിക്കൊണ്ടിരിക്കുന്ന വിപ്ലവകരമായ വളർച്ച മൂലം മനുഷ്യനെ ബാധിക്കുന്ന രോഗങ്ങൾക്ക് വളരെ വേഗം പരിഹാരം കാണുവാനും ആരോഗ്യസ്ഥിതി വേഗം വീണ്ടെടുക്കുവാനും സാധിക്കുന്നു. 2011 സെൻസസ് കണക്കുകൾ പരിശോധിച്ചാൽ കേരള ജനസംഖ്യയുടെ 13.29 ശതമാനം പേരും മുതിർന്ന പൗരന്മാരാണ്. നമ്മുടെ സംസ്ഥാനത്തിലെ 14 ജില്ലകളിൽ വച്ച് തിരുവനന്തപുരം ജില്ലയിലെ വയോജനങ്ങളുടെ നിരക്ക് 10.62 ശതമാനമാണ് (2011 –ലെ സെൻസസ്). ഈ നിരക്ക് മറ്റു ജില്ലകളെ അപേക്ഷിച്ച് കൂടുതലാണ്.

നിർദ്ദേശങ്ങൾ

- പഞ്ചായത്തുതലത്തിൽ അസസ്ഡ് ലിവിങ് സെന്റേഴ്സ് ആരംഭിക്കുക (പെയ്ഡ് & നോൺ പെയ്ഡ്)
- എല്ലാ പഞ്ചായത്തിലും വയോജനങ്ങൾക്കായി ഫോൺ ഇൻ കൗൺസിലിംഗ് ആരംഭിക്കുക.
- ഒറ്റക്ക് താമസിക്കുന്നവരും മൊബിലിറ്റി ഇല്ലാത്തവരുമായ വയോജനങ്ങൾക്ക് ഉച്ചയ്ക്കുള്ള ഭക്ഷണം എത്തിച്ച് കൊടുക്കുവാനുള്ള സംവിധാനം ഏർപ്പെടുത്തുക.
- മുതിർന്ന പൗരന്മാരുടെ കഴിവുകൾ പ്രയോജനപ്പെടുത്തി വരും തലമുറയ്ക്ക് ഉപകാര പ്രദമാകുന്നതരത്തിൽ ഒരു ജില്ലയിൽ ഏറ്റവും കുറഞ്ഞത് ഒരു വയോജന പാർക്ക് ആരംഭിക്കേണ്ടതാണ്. മുതിർന്ന പൗരന്മാർക്ക് ദിനവും അവിടെ വന്നുപോകുന്നതിനും താമസിക്കേണ്ടവർക്ക് അത്യാവശ്യം അവിടെ തങ്ങുവാനും വേണ്ട ഏർപ്പാടുകളൊരുക്കണം (വാഹനസൗകര്യം സഹിതം). മുതിർന്ന പൗരന്മാരുടെ കഴിവുകൾ പിൻ തലമുറയ്ക്ക് പകർന്ന് നൽകുവാൻ വേണ്ട ക്ലാസ് റൂം, പ്രായോഗിക പരിശീലനമുറികൾ തുടങ്ങിയവ സജ്ജമാക്കേണ്ടതുണ്ട്. കൂടാതെ മുതിർന്ന പൗരന്മാർക്ക് സാമ്പത്തിക നേട്ടം ഉണ്ടാക്കുന്ന തരത്തിൽ കൈത്തൊഴിലുകളുടെ നടത്തിപ്പിനും ഏർപ്പാടുകളുണ്ടാക്കണം. ഡോക്ടർ, നഴ്സ് തുടങ്ങിയവരുടെ സേവനവും വയോജന പാർക്കിൽ ഒരുക്കേണ്ടതാണ്.
- വയോമിത്രം പദ്ധതിയുടെ വ്യാപനം ഇപ്പോൾ സാമൂഹ്യ സുരക്ഷാമിഷൻ മുഖേന നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന വയോമിത്രം പദ്ധതി നഗരഗ്രാമ വ്യത്യാസമില്ലാതെ സംസ്ഥാനത്തുടനീളം വ്യാപകമാക്കണം.
- ബാലനീതി നിയമത്തിൽ ഉൾപ്പെടുത്തിയിട്ടുള്ള തരത്തിൽ അനാഥരും അഗതികളുമായ മുതിർന്ന പൗരന്മാരെ സംരക്ഷിക്കുവാൻ താല്പര്യമുള്ള കുടുംബങ്ങളിൽ വയോജനങ്ങളെ പാർപ്പിക്കുവാൻ വേണ്ട പദ്ധതികളുണ്ടാകണം. (അഡോപ്ഷൻ/ ഫോസ്റ്റർ കെയർ)
- വിധവകൾ/ ഭർത്താവ് ഉപേക്ഷിച്ചവർ/ വിവാഹം കഴിക്കാത്ത വനിതകൾ തുടങ്ങിയവർക്കായി പ്രത്യേക പദ്ധതികൾ.

- ഭർത്താവ് മരിക്കുകയോ ഉപേക്ഷിച്ചുപോകുകയോ വിവാഹം കഴിക്കാതിരിക്കുന്നതൊ ആയ വനിതകൾക്ക് മുതിർന്ന പൗരന്മാരുടെ ക്ഷേമവും സംരക്ഷണവും സംബന്ധിച്ച പദ്ധതികളിൽ പ്രത്യേക പരിഗണന അർഹിക്കുന്നു. സെൻസസ് കണക്കുകൾ പ്രകാരം ഇത്തരം വനിതകൾ ഏറെയാണ്. അതായത് വനിതാവയോജനങ്ങളിൽ പകുതിയിലേറെപ്പേർ ഈ വിഭാഗത്തിൽപ്പെടുന്നു. പഞ്ചായത്ത് തലത്തിൽ ഇത്തരക്കാർക്ക് ഒത്തുകൂടുന്നതിനും അവർക്ക് വരുമാനമുണ്ടാകുന്ന തരത്തിലുള്ള പദ്ധതികൾക്ക് രൂപം നൽകുന്നത് ഉചിതമായിരിക്കും (തുന്നൽ, കവർ നിർമ്മാണം, മെഴുകുതിരി നിർമ്മാണം തുടങ്ങിയ ലഘുവായ ജോലികൾ).
- വയോജന ക്ലബ്ബുകൾ വാർഡ്തലത്തിൽ രൂപീകരിക്കുകയും അവരുടെ മാനസികോല്ലാസത്തിന് സഹായമാകുന്ന വിനോദങ്ങൾക്കും സ്വയം തൊഴിൽ സംരംഭങ്ങൾക്കും ഫണ്ട് നൽകി പ്രോത്സാഹിപ്പിക്കുക.
- അംഗൻവാടികളിലൂടെ മുതിർന്ന പൗരന്മാർക്ക് പോഷകാഹാരം നൽകുക.
- എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും പ്രദേശത്തെ വയോജനങ്ങളുടെ കണക്കെടുത്ത് പാലിയേറ്റീവ് കെയർ ആവശ്യമായവർക്ക് സേവനം ലഭ്യമാകുന്ന വിധത്തിൽ ആവശ്യമായ മെഡിക്കൽ ടീം സജ്ജമാക്കേണ്ടതാണ്.
- സ്വന്തം കുടുംബങ്ങളിൽ നിന്നും സംരക്ഷണവും സുരക്ഷയും ലഭിക്കുന്നില്ലായെന്ന പരാതികളിൽ 24 മണിക്കൂറിനകം നടപടി സ്വീകരിക്കാനുള്ള സംവിധാനം ഒരുക്കണം
- എല്ലാ സർക്കാർ ആശുപത്രികളിലും ജെറിയാട്രിക് ക്ലിനിക്കുകൾ തുടങ്ങണം. ഇതിനായി ഡോക്ടർമാർ ഉൾപ്പെടെയുള്ള ആരോഗ്യപ്രവർത്തകർക്ക് പരിശീലനം നൽകുക. ആഴ്ചയിൽ ഒരു ദിവസം എന്ന നിലയ്ക്ക് ഈ ക്ലിനിക്കുകൾ പ്രവർത്തിക്കുക. സൗജന്യ ആരോഗ്യ-രോഗനിർണ്ണയ പരിശോധനകൾ, സൗജന്യ മരുന്നു വിതരണം, കൗൺസിലിംഗ് എന്നിവ നടത്തേണ്ടതാണ്. ഇതിനായുള്ള അടിസ്ഥാന-ഭൗതിക-മാനവ-വിഭവ ശേഷിയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പാക്കേണ്ടതാണ്.
- നിലവിലുള്ള പാലിയേറ്റീവ് കെയർ പദ്ധതി കാര്യക്ഷമമാക്കുക. മരുന്നുകൾ, ഡയപ്പർ തുടങ്ങിയവ സൗജന്യമായി നല്കുകയും കൗൺസിലിംഗ് സേവനങ്ങൾ ലഭ്യമാക്കാവുന്നതുമാണ്.
- വയോജനങ്ങൾക്കാവശ്യമായ സഹായ ഉപകരണങ്ങൾ സാങ്കേതിക വിദഗ്ദ്ധരെ ഉൾപ്പെടുത്തി ക്യാമ്പുകൾ സംഘടിപ്പിച്ച് അർഹരായവർക്ക് വിതരണം ചെയ്യുന്നതിനുള്ള പദ്ധതികൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വഴി നടപ്പാക്കാവുന്നതാണ്.
- തീരദേശമേഖലയിലുള്ള വയോജനങ്ങൾക്ക് പകർച്ചവ്യാധി നിയന്ത്രണ പരിപാടിയിൽ ഉൾപ്പെടുത്തി പ്രത്യേക മെഡിക്കൽ ക്യാമ്പുകൾ സംഘടിപ്പിക്കാവുന്നതാണ്.
- തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ വയോജനങ്ങൾക്കായി പ്രത്യേക അയൽക്കൂട്ടങ്ങൾ രൂപീകരിക്കാവുന്നതാണ്. 60 മുതൽ 69 വരെ പ്രായമുള്ള സ്ത്രീകൾക്കും പുരുഷന്മാർക്കും അവരുടെ വൈഗദ്ധ്യമുള്ള മേഖലകളിൽ ശാരീരിക സ്ഥിതി അനുസരിച്ച് തൊഴിൽ സംരംഭങ്ങൾ തുടങ്ങാനും അതിനായി കുടുംബശ്രീ മാതൃകയിൽ റിവോൾവിംഗ് ഫണ്ട് ഉപയോഗിച്ചു പദ്ധതികൾ നടപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാവുന്നതാണ്. ഉദാ: പേപ്പർ ബാഗ് നിർമ്മാണം, പാള ഉപയോഗിച്ചുള്ള വസ്തുക്കളുടെ നിർമ്മാണം തുടങ്ങിയവ.
- വർഷത്തിൽ ഒരു പ്രാവശ്യം വിനോദയാത്ര സംഘടിപ്പിക്കാവുന്നതാണ്. എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും ക്ലബ്ബുകൾ രൂപീകരിക്കുകയും അവർക്ക് ഒത്തുകൂടുവാനുള്ള ഭൗതിക സാഹചര്യം (കെട്ടിടങ്ങൾ, വിനോദോപാധികൾ, ലൈബ്രറി) സൃഷ്ടിക്കുകയും ചെയ്യുക.

V.വനിതകൾ

ഇന്ത്യയിലെ ഇതരസംസ്ഥാനങ്ങളെ അപേക്ഷിച്ച് കേരളം മാനവവികസന നേട്ടങ്ങൾകൊണ്ട് ശ്രദ്ധേയമാണ്. കേരളത്തിലെ സ്ത്രീകളുടെ ജീവിതാവസ്ഥയും ഏറെ മുൻപന്തിയിലാണ്. ലിംഗാനുപാതം (1000:1084), മാതൃമരണ നിരക്ക് (66), ആയുർ ദൈർഘ്യം (77 വയസ്സ്), പെൺകുട്ടികളുടെ വിവാഹ പ്രായം (24.4) കുറഞ്ഞ ശിശുമരണ നിരക്ക്(12)

തുടങ്ങിയ സൂചികകൾ ഏറെ മതിപ്പ് ഉളവാക്കുന്നതാണ്. ആശുപത്രികളിലെ പ്രസവം, ഗർഭിണികൾക്കും കുഞ്ഞുങ്ങൾക്കും ലഭ്യമാകുന്ന നല്ല പോഷകാഹാരം, ആരോഗ്യ പരിരക്ഷ, സ്ത്രീ സാക്ഷരത (92%), പെൺകുട്ടികളുടെ സ്കൂൾ പ്രവേശന നിരക്ക് (49.5%), തുടങ്ങിയവ യെല്ലാം രാജ്യത്തെ മറ്റു പ്രദേശങ്ങളിൽ നിന്ന് കേരളത്തെ വ്യത്യസ്തമാക്കുന്നു. കേരളത്തിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ സ്ത്രീകൾക്ക് 50% സീറ്റ് സംവരണം നൽകിയതിലൂടെ നയ രൂപീകരണത്തിലുള്ള പങ്കാളിത്തവും സാദ്ധ്യമാകുന്നു.

എന്നാൽ സ്ത്രീകളുടെ തൊഴിൽ പങ്കാളിത്തം, പാർലമെന്റിലെ സ്ത്രീ പ്രാതിനിധ്യം എന്നീ ലിംഗപദവി അസമത്വ സൂചികകൾ പരിശോധിച്ചാൽ അവ ദേശീയ ശരാശരിയേക്കാൾ താഴെയാണെന്ന് കാണാം. ഉന്നത വിദ്യാഭ്യാസ രംഗത്ത് 78.80 ശതമാനം പെൺകുട്ടികൾ പഠിക്കുമ്പോൾ സ്ത്രീകളുടെ തൊഴിൽ പങ്കാളിത്തം 22 ശതമാനം മാത്രമാണ്. സംസ്ഥാന നിയമസഭയിലേക്കും സംസ്ഥാനത്തു നിന്ന് ഇന്ത്യൻ പാർലമെന്റിലേക്കും തെരഞ്ഞെടുക്കപ്പെട്ട അംഗങ്ങളിൽ സ്ത്രീപ്രാതിനിധ്യം വളരെ കുറഞ്ഞ് ദേശീയ ശരാശരിയേക്കാൾ താഴെയാണുള്ളത്. ആരോഗ്യ വിദ്യാഭ്യാസ മേഖലകളിൽ കേരള വനിതകൾ മുൻപന്തിയിൽ നിൽക്കുമ്പോഴും വീടിനുള്ളിലും പൊതുസ്ഥലത്തും തൊഴിലിടങ്ങളിലും അതിക്രമങ്ങൾക്കിരയാകുന്നവരുടെ എണ്ണം വർദ്ധിച്ചു വരുന്നു.

തുല്യതയുമായി ബന്ധപ്പെട്ട ഇത്തരം പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുള്ള ഒട്ടേറെ ശ്രമങ്ങൾ അധികാര വികേന്ദ്രീകരണത്തിന്റെ ഭാഗമായി കേരളത്തിൽ നിയമത്തിന്റെ അടിസ്ഥാനത്തിൽ തന്നെ നടക്കുന്നുണ്ട്.

- തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളിലും അദ്ധ്യക്ഷ പദവികളിലും 50% സംവരണം.
- സ്റ്റാന്റിംഗ് കമ്മറ്റിയിലും ചെയർ പേഴ്സൺ സ്ഥാനത്തും സംവരണം.
- പട്ടികജാതി/പട്ടികവർഗ്ഗ സ്ത്രീകൾക്ക് അധ്യക്ഷ സ്ഥാനങ്ങളിലും പ്രതിനിധി സ്ഥാനത്തേക്കും സംവരണം.
- സ്ത്രീകളുടെ മാത്രം പ്രശ്നങ്ങൾ വിശകലനം നടത്തി പരിഹരിക്കാനായി പ്രത്യേക വനിതാഘടക പദ്ധതിക്കായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ പദ്ധതി വിഹിതത്തിന്റെ കുറഞ്ഞത് 10% തുക.
- ഗ്രാമസഭ, വികസന സെമിനാർ എന്നിവിടങ്ങളിൽ വനിതാപങ്കാളിത്തം, വനിതകളുടെ പ്രശ്നം കൃത്യമായി ഉന്നയിക്കാനും പരിഹാരം കാണാനുമായി പ്രത്യേക ഗ്രൂപ്പ്.
- വനിതകളുടെ മാത്രം സംഘടനയായ കുടുംബശ്രീ മിഷൻ കേരളത്തിൽ ശക്തമായ ഒരു സംവിധാനമായി മാറിയിട്ടുണ്ട്.
- തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ആസൂത്രണ പ്രക്രിയയിൽ പ്രധാന പങ്ക് വഹിക്കുന്ന ആസൂത്രണ സമിതിയിലും വർക്കിംഗ് ഗ്രൂപ്പിലും സ്ത്രീ പങ്കാളിത്തം നിർബന്ധം.
- കുട്ടികളുടെയും വനിതകളുടെയും ഇടമായി അങ്കണവാടികൾ.
- തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ സ്ത്രീകൾക്കും പെൺകുട്ടികൾക്കും എതിരെ ഉണ്ടാകുന്ന അതിക്രമം തടയാനായി ജാഗ്രത സമിതികൾ.
- സ്ത്രീകളുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ സഹായിക്കുന്നതിന് ജില്ല, ഗ്രാമ പഞ്ചായത്ത് തലങ്ങളിൽ ജെന്റർ റിസോഴ്സ് സെന്റർ ഉണ്ടാകണമെന്ന സർക്കാർ നിർദ്ദേശം.

ഇവ കൂടാതെ സർക്കാരിന്റെ വിവിധ സംവിധാനങ്ങളായ വനിതാ കമ്മിഷൻ, വനിതാ വികസന കോർപ്പറേഷൻ, നിർഭയ, ജെൻഡർ പാർക്ക്, ലീഗൽ സർവ്വീസ് അതോറിറ്റി, ഭൂമിക, വനിതാസെൽ, സാമൂഹ്യനീതീ വകുപ്പിന്റെ വിവിധ പ്രവർത്തനങ്ങൾ, സാമൂഹികസുരക്ഷാമിഷൻ തുടങ്ങിയവ വേറെയും. ഇവയുടെയെല്ലാം പ്രവർത്തനത്തിന്റെ ഭാഗമായി ഒട്ടേറെ നേട്ടങ്ങൾ കൈവരിക്കാൻ നമുക്ക് കഴിഞ്ഞിട്ടുണ്ട്. എന്നിട്ടും വനിതകൾ അനുഭവിക്കുന്ന പ്രശ്നങ്ങൾക്ക് ശാശ്വത പരിഹാരം കാണുന്നതിൽ വിജയിക്കാൻ നമുക്ക് കഴിയാതെ പോയത് എന്തെന്ന് നാം പരിശോധിക്കേണ്ടിയിരിക്കുന്നു.

കണക്കുകളിൽ ഏറ്റക്കുറച്ചിലുകളുണ്ടാകാമെങ്കിലും തുല്യപദവിയുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ ദേശീയ-അന്തർ ദേശീയ തലങ്ങളിലും നിലനിൽക്കുന്നുയെന്നത് യാഥാർത്ഥ്യമാണ്. അതിനാലാണ് ദാരിദ്ര്യം അവസാനിപ്പിക്കുക, ഭൂമിയെ സംരക്ഷിക്കുക,

എല്ലാവർക്കും സമൃദ്ധി എന്നീ ലക്ഷ്യങ്ങളോടെ ഐക്യരാഷ്ട്രസഭ 2015ൽ സുസ്ഥിരവികസന ലക്ഷ്യങ്ങൾ പ്രഖ്യാപിച്ചപ്പോൾ അവയിൽ അഞ്ചാമതായി ലിംഗസമത്വത്തെക്കുറിച്ച് പറഞ്ഞിരിക്കുന്നത്. താഴെ പറയുന്ന 9 പ്രത്യേക പ്രവർത്തന ലക്ഷ്യങ്ങളാണ് ലിംഗസമത്വവുമായി ബന്ധപ്പെട്ട് എസ്.ഡി.ജി യിൽ പ്രഖ്യാപിച്ചിട്ടുള്ളത്.

- സ്ത്രീകൾക്കും പെൺകുട്ടികൾക്കും നേരെയുള്ള എല്ലാതരം വിവേചനങ്ങളും അവസാനിപ്പിക്കുക
- സ്വകാര്യ, പൊതുയിടങ്ങളിൽ അവർക്ക് നേരെ നടക്കുന്ന എല്ലാതരം അതിക്രമങ്ങളും അവസാനിപ്പിക്കുക
- ശൈശവവിവാഹം, നിർബന്ധിതവിവാഹം, ഭഗശിശ്നിക ഛേദം എന്നിവ പൂർണമായും ഇല്ലാതാക്കുക
- സ്ത്രീകളുടെ ഗാർഹിക, പരിപാലന ജോലികളുടെ മൂല്യം തിരിച്ചറിയുകയും അംഗീകരിക്കുകയും ചെയ്യുക. ഇതിനായി പൊതു സേവനങ്ങൾ, സംവിധാനങ്ങൾ തുടങ്ങിയവ വഴി ഉത്തരവാദിത്തങ്ങൾ പങ്കിടേണ്ടതിന്റെ ആവശ്യകത ബോദ്ധ്യപ്പെടുത്തുക.
- തീരുമാനമെടുക്കുന്ന എല്ലായിടങ്ങളിലെയും നേതൃത്വങ്ങളിൽ സ്ത്രീകളുടെ പൂർണ്ണവും ഫലപ്രദവുമായ പങ്കാളിത്തവും തുല്യ അവസരവും ഉറപ്പ് വരുത്തുക
- ലൈംഗിക, പ്രത്യുല്പാദന ആരോഗ്യസേവനങ്ങൾ, പ്രത്യുല്പാദന അവകാശങ്ങൾ എന്നിവ സ്ത്രീകൾക്ക് ഉറപ്പാക്കുക
- സമ്പത്തിന്റേയും വരുമാനത്തിന്റേയും മേൽ സ്ത്രീകൾക്കുള്ള അവകാശവും നിയന്ത്രണാധികാരവും ഉറപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുക
- സ്ത്രീശാക്തീകരണത്തിനായി പുത്തൻ സാങ്കേതിക വിദ്യകളുടെ സാധ്യതകൾ ഉപയോഗപ്പെടുത്തുക
- ലിംഗതുല്യതയ്ക്കും സ്ത്രീകളുടേയും പെൺകുട്ടികളുടേയും ശാക്തീകരണത്തിനും വേണ്ടിയുള്ള നയങ്ങൾ പ്രഖ്യാപിക്കുകയും നിയമങ്ങൾ ഉണ്ടാക്കുകയും ചെയ്യേണ്ടതാണ്.

ഈ ലക്ഷ്യങ്ങൾ കൂടി മുൻനിർത്തിക്കൊണ്ടാണ് ജില്ലയുടെ വനിതാ വികസനനയവും സമീപനവും തുടർ പ്രവർത്തനങ്ങളും രൂപപ്പെടുത്തുന്നത്.

തിരുവനന്തപുരം ജില്ലയിലെ നിലവിലെ സ്ഥിതി

(സെൻസ് ഡാറ്റ, സ്റ്റേറ്റ് ഇക്കണോമിക് ആന്റ് സ്റ്റാറ്റിസ്റ്റിക്സ് വകുപ്പ് എന്നിവിടങ്ങളിൽ നിന്നും ശേഖരിച്ച വിവരങ്ങളെ അടിസ്ഥാനപ്പെടുത്തി)

- 2011 ലെ സെൻസസ് അനുസരിച്ച് ജില്ലയിലെ ആകെ ജനസംഖ്യ 3301427; സ്ത്രീകൾ 1719749, അതായത് 52.09% സ്ത്രീകളാണ്; സ്ത്രീ പുരുഷാനുപാതം 1087:1000 ആണ് (1901 മുതൽ 2011 വരെയുള്ള സ്ത്രീ പുരുഷാനുപാതത്തിന്റെ ചാർട്ട് കാണുക); 0–6 വയസ്സ് ഗ്രൂപ്പിൽ പെൺകുട്ടികളുടെ ശതമാനം 49.07 മാത്രമാണ്.



- ജന സാന്ദ്രത ചതുരശ്ര കിലോമീറ്ററിന് 1508 പേരാണ്; 8,36, 352 കുടുംബങ്ങളുണ്ട്.

- ജില്ലയിൽ ആകെ 1,94,388 പട്ടികജാതി വനിതകളും (പട്ടികജാതി ജനസംഖ്യയുടെ 52.12%), 14,135 പട്ടികവർഗ്ഗ വനിതകളും (പട്ടികവർഗ്ഗ ജനസംഖ്യയുടെ 52.82%) ഉണ്ട്.
- 10 മുതൽ 19 വയസ്സു വരെയുള്ള 5,18,559 കൗമാരക്കുട്ടികളിൽ 2,57,928 പേർ പെൺകുട്ടികളാണ്. ഇവരിൽ 30,134 പേർ പട്ടികജാതി പെൺകുട്ടികളും 2,575 പേർ പട്ടികവർഗ്ഗ പെൺകുട്ടികളുമാണ്.
- 60 വയസ്സിനു മുകളിലുള്ള 2,33,364 സ്ത്രീകളുണ്ട്; ഇവരിൽ 22,468 പേർ പട്ടികജാതിയിലും 1,440 പേർ പട്ടികവർഗ്ഗത്തിലും പെട്ടവരാണ്.
- 2011-ലെ കണക്ക് അനുസരിച്ച് ജില്ലയിൽ സ്ത്രീകളുടെ സാക്ഷരതാ നിരക്ക് 91.17 ശതമാനമാണ് (പട്ടികജാതി വനിതകളുടെത് 86.09%, പട്ടികവർഗ്ഗ വനിതകളുടെത് 87.23%).
- 2016 ൽ ജില്ലയിലെ വിദ്യാർത്ഥികൾ

സ്കൂൾ വിഭാഗം	എല്ലാ വിഭാഗം കുട്ടികളും		എസ് സി		എസ് ടി	
	ആൺ	പെൺ	ആൺ	പെൺ	ആൺ	പെൺ
ഗവണ്മെന്റ്	64,195	68,723	12,223	12,866	814	990
എയ്ഡഡ്	62,362	57,439	9,236	8,194	385	329
അൺ എയ്ഡഡ്	21,607	24,259	1,621	1,699	93	99

- 2015-16 ൽ ജില്ലയിൽ 2.5 കി.ഗ്രാം താഴെ തൂക്കത്തിൽ ജനിച്ച 7447 കുട്ടികളിൽ 2875 പേർ പെൺകുട്ടികളാണ്.
- ജില്ലയിൽ 2016-17 ൽ നടന്ന ആകെ പ്രസവങ്ങളുടെ 45% വും സി-സെക്ഷനുകളായിരുന്നു.
- ഇക്കാലയളവിൽ 13 മാതൃമരണങ്ങൾ നടന്നു. മാതൃമരണ നിരക്ക് - 0.3%
- ഗർഭസ്ഥ രോഗങ്ങൾ - 17162, സ്ത്രീകൾക്കുണ്ടാകുന്ന പ്രത്യേക രോഗങ്ങൾ - 6567
- എച്ച്.ഐ.വി ബാധിതർ - 1068 (കേരള സംസ്ഥാന എയ്ഡ്സ് നിയന്ത്രണ സൊസൈറ്റി)
- മറവി രോഗം ബാധിച്ചർ - 4794
- 2016-17 ൽ ജില്ലയിൽ ആകെ 8,590 കുടുംബാസൂത്രണ ശസ്ത്രക്രിയകൾ നടന്നതിൽ പുരുഷ വന്ധ്യംകരണം 61 എണ്ണം മാത്രമാണ്.
- 38945 ഭിന്നശേഷിക്കാരായ സ്ത്രീകൾ ജില്ലയിൽ ഉണ്ട്. കാഴ്ച വൈകല്യം (6290) കേഴ്വി വൈകല്യം (5862) മാനസിക രോഗം (3550) എന്നിവ പുരുഷന്മാരെ അപേക്ഷിച്ച് സ്ത്രീകളിലാണ് കൂടുതൽ. 7969 സ്ത്രീകൾ ചലനശേഷി ബുദ്ധിമുട്ട് അനുഭവിക്കുന്നു. ആകെ ഭിന്നശേഷിക്കാരായ സ്ത്രീകളിൽ 5095 പട്ടികജാതി സ്ത്രീകളും 416 പട്ടിക വർഗ്ഗ സ്ത്രീകളും ഉൾപ്പെടുന്നു.
- ജില്ലയിലെ സ്ത്രീകളുടെ തൊഴിൽ പങ്കാളിത്ത നിരക്ക് 19.3% ആണ്.
- 2015 ഡിസംബർ വരെയുള്ള കണക്ക് അനുസരിച്ച് ജില്ലയിൽ 5,20,553 തൊഴിൽ അപേക്ഷകർ ഉള്ളതിൽ 3,24,585 പേരും സ്ത്രീകളാണ്.
- തൊഴിലില്ലാത്ത സ്ത്രീകളുടെ എണ്ണം 2011 ലെ കണക്ക് അനുസരിച്ച് 65.33% ആണ്. സ്വയംതൊഴിൽ ചെയ്യുന്ന 1002 സ്ത്രീകൾ ഉണ്ട്. സർക്കാർ ജോലിക്കാരായ 31037 സ്ത്രീകളുണ്ട്. ഇത് ആകെ സർക്കാർ ജോലിക്കാരുടെ എണ്ണത്തിന്റെ 27.7% മാത്രമാണ്.
- ജില്ലയിലെ മത്സ്യവിപണനം ചെയ്യുന്നവരിൽ 56.3% വും സ്ത്രീകളാണ് (15,102 പേർ).
- 14-ാം നിയമസഭയിൽ ആകെ വനിതാ പ്രാതിനിധ്യം-8 (5.7%) ആണ്. തിരുവനന്തപുരത്ത് നിന്നും 14 പ്രതിനിധികൾ ഉള്ളതിൽ സ്ത്രീകൾ ആരും തന്നെയില്ല.
- 2015 ൽ ജില്ലയിലെ ആകെ സ്ത്രീ വോട്ടർമാർ 52.91% ആണ്.
- ജില്ലയിൽ 5 വനിതാ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർ ഉണ്ട് (പട്ടികജാതി വിഭാഗം-1); 73 ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാരിൽ 31 വനിതകളാണ് (പട്ടികജാതി വിഭാഗം-5, പട്ടികവർഗ്ഗ വിഭാഗം-1)
- സ്ത്രീകൾക്കെതിരെയുള്ള അതിക്രമത്തിന്റെ കാര്യത്തിൽ കേരളത്തിൽ ഒന്നാം സ്ഥാനം തിരുവനന്തപുരത്തിനാണെന്നാണ് 2016-ലെ കണക്കുകൾ സൂചിപ്പിക്കുന്നത്

ആകെ 1880 കേസുകളിൽ 204 ബലാത്സംഗ കേസുകളും 790 ശല്യപ്പെടുത്തൽ (ഐ പി സി 354) കേസുകളും ഉൾപ്പെടുന്നു.

- പൊതുസ്ഥലങ്ങളിൽ സ്ത്രീകൾ അനുഭവിക്കുന്ന ലൈംഗിക പീഡനങ്ങൾ ഭൂരിപക്ഷവും റിപ്പോർട്ട് ചെയ്യപ്പെടുന്നില്ല. സഖി സ്ത്രീ പഠന കേന്ദ്രം 2012 ൽ നടത്തിയ പഠനത്തിൽ പ്രതികരിച്ച മൂന്നിൽ രണ്ടു സ്ത്രീകളും കഴിഞ്ഞ ഒരു വർഷം കുറഞ്ഞതു രണ്ടു തവണയെങ്കിലും പൊതു ഇടങ്ങളിൽ ലൈംഗികാതിക്രമം നേരിട്ടിട്ടുണ്ട് എന്നു വെളിപ്പെടുത്തിയിരുന്നു.
- പൊതുയിടങ്ങളിലും തൊഴിലിടങ്ങളിലും വൃത്തിയും സുരക്ഷയുമുള്ള സ്ത്രീ സൗഹൃദ ശൗചാലയങ്ങളുടെ അഭാവം ജില്ലയിലെ സ്ത്രീകൾ നേരിടുന്ന പ്രധാന പ്രശ്നമായി പല പഠനങ്ങളും ചൂണ്ടിക്കാണിക്കുന്നു.
- വനിതാകമ്മിഷനിൽ 2016 ൽ ആകെ 2338 പരാതികൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഇതിൽ ഏറ്റവും കൂടുതൽ കുടുംബ പ്രശ്നങ്ങളാണ്. സ്ത്രീകളെ ശല്യം ചെയ്ത 342 പരാതികളും ഗാർഹിക പീഡനത്തിന്റെ 183 പരാതികളും വൃദ്ധകളുടെ 74 പരാതികളും തൊഴിൽ സ്ഥലത്തെ പീഡനത്തിന്റെ 69 പരാതികളും ഉൾപ്പെടുന്നു.
- കോടതികളിൽ ഫയൽ ചെയ്ത ഗാർഹികാതിക്രമ കേസുകൾ 839 ആണ്. (സി.ജെ.എം. കോടതിയിലെ കണക്കുകൾ)
- ജയിലിൽ കിടക്കുന്ന സ്ത്രീ തടവുകാരുടെ എണ്ണം 76 ആണ്.
- ജില്ലയിൽ (2015–16) ആകെ 21,515 കുടുംബശ്രീ അയൽക്കൂട്ടങ്ങളുണ്ട്. വനിത സ്വയംസഹായ സംഘങ്ങളുടെ എണ്ണം– 11,408.
- വനിതാ തൊഴിലുറപ്പു തൊഴിലാളികൾ – 3,79,607

പരിപ്രേക്ഷ്യം

ജില്ലയുടെ വികസന പരിപാടി എങ്ങനെയാകണമെന്ന പൊതു കാഴ്ചപ്പാടിന് രൂപം നൽകുമ്പോൾ . വനിതാവികസനവുമായി ബന്ധപ്പെട്ട് ജില്ലയിൽ നിലനിൽക്കുന്ന പ്രശ്നങ്ങളും പരിമിതികളും മനസ്സിലാക്കികൊണ്ട് സംസ്ഥാന സർക്കാരും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും എന്തൊക്കെ ഇടപെടലുകൾ നടത്തേണ്ടതുണ്ട്, കൂട്ടായി എന്തൊക്കെ പ്രവർത്തനങ്ങൾ ചെയ്യണം എന്നിങ്ങനെയുള്ള ആലോചനകളും നിർദ്ദേശങ്ങളുമാണ് ഇവിടെ സൂചിപ്പിക്കുന്നത്. ഓരോ മേഖലയിലും സ്ത്രീകളുടെ വികസനവുമായി ബന്ധപ്പെട്ട് എന്തൊക്കെ വിടവുകൾ നിലനിൽക്കുന്നുണ്ടെന്ന് കണ്ടെത്തി അവ പരിഹരിക്കാനുള്ള ശ്രമങ്ങൾ. ഇത്തരം വിടവുകൾ കണ്ടെത്താനായി ഓരോ പ്രശ്നങ്ങളെ സമീപിക്കുമ്പോഴും പദ്ധതികൾ വിഭാവനം ചെയ്യുമ്പോഴും ജന്റർ പ്രശ്നങ്ങളുടെ സൂക്ഷ്മതല പരിശോധന നടത്തേണ്ടത് അനിവാര്യമാണ്. ലഭ്യമായ കണക്കുകളും വിവരങ്ങളും വിശകലനം ചെയ്തുകൊണ്ട് ഓരോ കാര്യവും പ്രത്യേകിച്ചും സ്ത്രീകളെ എങ്ങനെ ബാധിക്കുന്നുയെന്ന് കണ്ടെത്തുകയാണ് ഇത്തരത്തിൽ ജെന്റർ ലെൻസ് ഉപയോഗിച്ചുള്ള വിശകലനത്തിൽ ചെയ്യുന്നത്. മറ്റു പല മേഖലകളിൽ നിന്നും വിഭിന്നമായി ഈ പരിഹാര നിർദ്ദേശങ്ങൾ അനുസരിച്ചുള്ള പദ്ധതികൾ നടപ്പാക്കിയാൽ മാത്രം നിശ്ചിത കാലയളവിനുള്ളിൽ വനിതാ വികസനം സാദ്ധമാകും എന്നു കരുതുക വയ്യ! കാരണം വനിതാ വികസനം എന്നത് മനോഭാവ മാറ്റം കൊണ്ടു കൂടി സംഭവിക്കേണ്ട ഒന്നാണ്– സ്ത്രീകളുടെ മനോഭാവം മാറണം, പുരുഷന്മാരുടെ മനോഭാവം മാറണം, കുട്ടികളുടെ മനോഭാവം മാറണം, അതുവഴി സമൂഹത്തിന്റെ ആകെയുള്ള മനോഭാവം മാറണം. ഇത്തരത്തിലുള്ള ഒരു മാറ്റം കൊണ്ടുമാത്രമേ ദീർഘകാലമായി ആണധികാര വ്യവസ്ഥയിൽ ജീവിക്കുന്ന ഒരു സമൂഹത്തിൽ യഥാർത്ഥ വനിതാ വികസനം സാദ്ധ്യമാകകുകയുള്ളൂ. വനിതാ ഘടക പദ്ധതിയിൽ കൂടി മാത്രം ഇത്തരം മാറ്റങ്ങൾ ഉണ്ടാകുകയില്ല. ഓരോ മേഖലയിലെയും വികസന വിടവുകൾ പരിഹരിക്കുന്നതിനോടൊപ്പം അതതു മേഖലയിലെ സ്ത്രീകളുമായി ബന്ധപ്പെട്ട വിടവുകളും പരിഹരിക്കുന്നതിന് അതതു മേഖലയിൽ തന്നെ ആസൂത്രണം നടക്കണം.

വിശകലനം

2011 ലെ സെൻസ് കണക്കുകൾ പരിശോധിച്ചാൽ, കേരളത്തിന്റെ പൊതു അവസ്ഥയിലെന്നതുപോലെ തിരുവന്തപുരത്തും മുതിർന്നവരിലെ സ്ത്രീ പുരുഷാനുപാതത്തിന്റെ കാര്യത്തിൽ സ്ത്രീകൾക്ക് അനുകൂലമായ സ്ഥിതി നിലനിൽക്കെ

0–6 പ്രായഗ്രൂപ്പിൽ 49.07% പെൺകുട്ടികൾ മാത്രമാണുള്ളത്. അതേ സമയം 2016 ൽ ആകെ നടന്ന 452 ശിശുമരണങ്ങളിൽ 257 ഉം ആൺകുട്ടികളാണ്. അതായത് ആൺകുട്ടികൾ മരണപ്പെടുന്നതുകൊണ്ടാണ് സ്ത്രീ പുരുഷാനുപാതം സ്ത്രീകൾക്ക് അനുകൂലമാകുന്നത്, മറിച്ച് പെൺകുട്ടികൾ കൂടുതൽ ജനിക്കുന്നതുകൊണ്ടല്ല എന്നു മനസ്സിലാക്കേണ്ടിയിരിക്കുന്നു. മാത്രമല്ല പെൺകുട്ടികളുടെ ജനനത്തിലെ കുറവ് സംഭവിക്കുന്നത് പെൺഭ്രൂണഹത്യകൊണ്ടാണോ എന്നും അന്വേഷിക്കേണ്ടിയിരിക്കുന്നു.

ജില്ലയിലെ ആകെ സ്ത്രീകളുടെ 15% കൗമാരപെൺകുട്ടികളും (10–19 വയസ്സ്) 13.6% വൃദ്ധകളും (60+) ആണെന്നതുകൊണ്ടുതന്നെ അവരുടെ സാമൂഹികവും ആരോഗ്യപരവുമായ ആവശ്യങ്ങൾക്ക് ജില്ലാപദ്ധതിയിൽ പ്രത്യേക ഊന്നൽ കൊടുക്കേണ്ടതുണ്ട്. പല കാരണങ്ങൾ കൊണ്ട് ഏകരായ സ്ത്രീകൾ ജില്ലയിൽ ഉണ്ട്. അവരുടെ മാനസിക ശാരീരിക സൗഖ്യം ഉറപ്പാക്കുകയെന്നത് വളരെയധികം പ്രധാന്യമർഹിക്കുന്നു.

ജില്ലയിലെ സ്ത്രീകളുടെ സാക്ഷരത നിരക്ക് സംസ്ഥാന ശരാശരിയിലും താഴ്ന്നതാണ് എന്നത് അടിയന്തിര ശ്രദ്ധയുണ്ടാകേണ്ട വിഷയമാണ്. സെക്കന്ററി തലം വരെയുള്ള സ്കൂൾ വിദ്യാഭാസത്തിൽ പെൺകുട്ടികൾക്ക് മേൽക്കൈ ഉണ്ട്. എന്നാൽ ഉന്നത–സാങ്കേതിക വിദ്യാഭ്യാസ രംഗങ്ങളിലെ സ്ഥിതി സംസ്ഥാനത്തിന്റേതിനു സമമാണോ എന്ന വിവരങ്ങൾ ലഭിച്ചില്ല. പല കാര്യങ്ങളിലും ഇത്തരത്തിൽ ജന്റർ സെഗ്രിഗേറ്റഡ് ഡേറ്റയുടെ അഭാവം നിലനിൽക്കുന്നുണ്ട്. അതുകൊണ്ടു തന്നെ സ്ത്രീകളുടെ പദവി സംബന്ധിച്ച കൃത്യമായ ഡേറ്റ ശേഖരിക്കുക എന്നത് ജില്ലാ പദ്ധതി ആസൂത്രണത്തിന്റെ മുന്നൊരുക്കങ്ങളിൽ പ്രധാനമാണ്.

ആരോഗ്യം എന്നത് രോഗമില്ലാത്ത അവസ്ഥ മാത്രമല്ല, ശാരീരിക–മാനസിക സ്വാസ്ഥ്യമുള്ള അവസ്ഥ കൂടിയാണ്. ജില്ലയിലെ ആരോഗ്യ സംബന്ധമായ കണക്കുകൾ പരിശോധിക്കുമ്പോൾ കഴിഞ്ഞ വർഷം ജില്ലയിൽ നടന്ന ആകെ പ്രസവങ്ങളിൽ 45%വും സി–സെക്ഷനുകളായിരുന്നുയെന്നത് ആശങ്കയുണർത്തുന്നു. അതേപോലെ ആകെ ഇൻപേഷ്യൻസിന്റെ 49% സ്ത്രീകളാണ് (22% കുട്ടികളും) എന്ന കണക്കും ഇവിടത്തെ സ്ത്രീകളുടെ ആരോഗ്യം സംബന്ധിച്ച് കൂടുതൽ ശ്രദ്ധ നൽകേണ്ടതുണ്ടെന്ന് ചൂണ്ടിക്കാണിക്കുന്നു. ജില്ലയിൽ മെഡിക്കൽ കോളജ് കൂടാതെ 2 ജില്ലാ ആശുപത്രികളും 2 ജനറൽ ആശുപത്രികളും സ്ത്രീകളുടെയും കുട്ടികളുടെയും 2 ആശുപത്രികളും കൂടാതെ ധാരാളം പ്രൈവറ്റ് ആശുപത്രികളും ഉണ്ടായിട്ടും 13 മാതൃമരണങ്ങളാണ് നടന്നത്. കേരളത്തിൽ കുടുംബാസൂത്രണ മാർഗ്ഗങ്ങൾ സ്വീകരിക്കാനുള്ള ഉത്തരവാദിത്തം എന്നും സ്ത്രീകൾക്കായിരുന്നു. ജില്ലയും ആ രീതി പിൻതുടരുന്നുയെന്നാണ് മനസ്സിലാക്കേണ്ടത്; 2016–17ൽ നടന്ന കുടുംബാസൂത്രണ ശസ്ത്രക്രിയകളിൽ വെറും 0.7% മാത്രമാണ് പുരുഷ വന്ധ്യംകരണം. ഈ സ്ഥിതി മാറേണ്ടതുണ്ട്. സ്ത്രീ വന്ധ്യംകരണത്തേക്കാൾ താരതമ്യേന എളുപ്പമുള്ള മാർഗ്ഗം എന്ന നിലയിലും തിരികെ പൂർവ്വസ്ഥിതിയിൽ എത്തിക്കുന്നതിന് പ്രയാസമില്ല എന്നതിനാലും പുരുഷ വന്ധ്യംകരണം പ്രോത്സാഹിപ്പിക്കേണ്ടതാണ്. ജില്ലയിലെ സ്ത്രീ ജനസംഖ്യയുടെ 2.3% ഭിന്നശേഷിക്കാരാണ് (ആകെ ഭിന്നശേഷിക്കാരിൽ 48.2%). സാധാരണ ഭിന്നശേഷിക്കാരായ സ്ത്രീകൾ വീടുകൾക്കുള്ളിൽ തന്നെ ഒതുക്കപ്പെടുന്നുയെന്നിരിക്കെ ജില്ലയിൽ ഇവരുടെ അവസ്ഥ എന്താണെന്ന പഠനങ്ങൾ ഉണ്ടാകണം. ജില്ലയിൽ 1000 ൽ അധികം വരുന്ന എച്ച്.ഐ.വി ബാധിതരായ സ്ത്രീകൾക്ക് വ്യത്യസ്തമായ പ്രശ്നങ്ങളും ആവശ്യങ്ങളുമാണ് ഉണ്ടാകുക. എങ്കിലും പൊതുവായി അവരുടെയും കുട്ടികളുടെയും വിദ്യാഭ്യാസം, സ്ഥിര വരുമാനം, സാമൂഹ്യ സ്വീകാര്യത തുടങ്ങിയ കാര്യങ്ങൾ ശ്രദ്ധിക്കേണ്ടതുണ്ട്.

സാക്ഷരതയുടെ കാര്യത്തിലെന്നപോലെ ജില്ലയിലെ സ്ത്രീകളുടെ തൊഴിൽ പങ്കാളിത്ത നിരക്കും സംസ്ഥാന ശരാശരിയെക്കാൾ താഴെയാണ്. അതേസമയം ജില്ലയിലെ തൊഴിൽ അന്വേഷകരിൽ സ്ത്രീകളാണ് കൂടുതൽ. പൊതു, സ്വകാര്യ, അസംഘടിത മേഖലകളിൽ തൊഴിലെടുക്കുന്ന സ്ത്രീകൾക്ക് അടിസ്ഥാന സൗകര്യങ്ങളും സുരക്ഷിതമായ തൊഴിലിടങ്ങളും ഉറപ്പാക്കേണ്ടതുണ്ട്. സ്ത്രീകൾ ചെയ്യുന്ന മിക്ക തൊഴിലുകളും അദൃശ്യമാണ്. കാരണം വീടുമായി ബന്ധപ്പെട്ടതോ അല്ലെങ്കിൽ വീട് തൊഴിലിടമാക്കുന്നതോ ആയ പ്രവർത്തനങ്ങളിലാണ് അവർ പലപ്പോഴും ഏർപ്പെടുന്നത്. ഇവയിൽ ചിലതിന് മൂല്യം നിശ്ചയിക്കാനും പ്രയാസമാണ്. അതുകൊണ്ടുതന്നെ അവർ വിപണിക്ക് പുറത്താണ്. വരുമാനം ലഭിക്കുന്ന തൊഴിൽ ചെയ്യുന്ന സ്ത്രീകൾക്കും പലപ്പോഴും അതിൽ നിന്നും കിട്ടുന്ന വരുമാനത്തിന്മേൽ നിയന്ത്രണമില്ലാത്ത അവസ്ഥയുമുണ്ട്. വേതനത്തിന്റെ കാര്യത്തിൽ

പ്രത്യേകിച്ചും അസംഘടിത മേഖലയിൽ നിലനിൽക്കുന്ന അസമത്വം പരിഹരിക്കപ്പെടേണ്ടതുണ്ട്. പരമ്പരാഗത തൊഴിലുകളിൽ പലതും യന്ത്രവൽകൃതമായതോടെ സ്ത്രീകൾ പുറംതള്ളപ്പെടുന്ന അവസ്ഥയുണ്ടായി; മത്സ്യ സംസ്കരണ മേഖല ഉദാഹരണമാണ്. ഇവർക്ക് ശേഷി വികസനത്തിന് അവസരമുണ്ടാകണം.

തീരുമാനമെടുക്കൽ വേദികളിലെ സ്ത്രീകളുടെ അസാന്നിദ്ധ്യം വനിതാ വികസനത്തിന് വലിയ വിലങ്ങുതടിയാണ്. വിവിധ മേഖലകളിൽ സ്ത്രീ സംവരണം വന്നതോടെ സ്ത്രീകൾ സംവരണത്തിനു മാത്രം അർഹരായ ഒരു വിഭാഗമാണെന്ന പൊതുധാരണ രൂപപ്പെട്ടിട്ടുണ്ട്. 53% സ്ത്രീ വോട്ടർമാരുള്ളപ്പോഴും കേരള നിയമ സഭയിൽ ജില്ലയിലെ സ്ത്രീകളുടെ പ്രതിനിധിയായി ഒരു വനിത പോലും ഇല്ല എന്നത് എടുത്തുപറയേണ്ട പോരായ്മ തന്നെയാണ്. രാഷ്ട്രീയ പാർട്ടികളുടെയും, ജാതി-മത-സാമുദായിക സംഘടനകളുടെയും മറ്റു സാമൂഹിക സംഘടനകളുടെയും യുവജന ക്ലബ്ബുകളുടെയും തീരുമാനമെടുക്കൽ സമിതികളിലെ സ്ത്രീ പ്രാതിനിധ്യവും ചർച്ചചെയ്യപ്പെടേണ്ടതുണ്ട്.

ജില്ലയിൽ സ്ത്രീകൾ നേരിടുന്ന പീഡനങ്ങൾ വിവിധ തലങ്ങളിലാണ്. വനിതാ ഹെൽപ് ലൈനും പിങ്ക് പോലീസുമെല്ലാം ഉള്ളപ്പോഴും സന്ധ്യ കഴിഞ്ഞാൽ പൊതുയിടങ്ങളിൽ സ്ത്രീകളുടെ സാന്നിദ്ധ്യം ഇല്ല തന്നെ. ഐ പി സി 498 (എ) അനുസരിച്ചു പോലീസ് സ്റ്റേഷനിലും ഗാർഹിക പീഡന നിയമമനുസരിച്ച് കോടതിയിലും എണ്ണത്തിൽ കുറവാണെങ്കിലും ഓഫീസുകളിൽ രൂപീകരിച്ചിട്ടുള്ള ഇന്റേണൽ കമ്മിറ്റികളിലും ലഭിക്കുന്ന പരാതികൾ ഏറെയാണ്. ലഭിച്ചവയെക്കാൾ ഏറെയാവും ലഭിക്കാത്തവ എന്നത് യാഥാർത്ഥ്യം. നമ്മുടെ നാട്ടിലെ ഓഫീസുകളും സ്ഥാപനങ്ങളുമെല്ലാം എത്രമാത്രം സ്ത്രീ സൗഹൃദപരമാണ് എന്നത് പഠനവിധേയമാക്കേണ്ടതാണ്.

ദാരിദ്ര്യ നിർമ്മാർജ്ജനവും സ്ത്രീ ശാക്തീകരണവും ലക്ഷ്യം വച്ച് പ്രവർത്തിക്കുന്ന ഇരുപതിനായിരത്തിലധികം കുടുംബശ്രീ അയൽക്കൂട്ടങ്ങൾ ജില്ലയിൽ പ്രവർത്തിക്കുന്ന സാഹചര്യത്തിൽ സമൂഹത്തിൽ നിലനിൽക്കുന്ന പുരുഷാധിപത്യ മൂല്യങ്ങൾ മനസ്സിലാക്കാനും അവയെ പ്രതിരോധിച്ചുകൊണ്ട് ഭരണഘടന വിഭാവനം ചെയ്യുന്ന സ്ത്രീ പുരുഷ തുല്യത എന്ന ലക്ഷ്യത്തിലെത്താനുമാവണം. എന്നാൽ 2018 ൽ പുറത്തിറക്കിയ നാലാമത് ദേശീയ കുടുംബാരോഗ്യ സർവ്വേയുടെ കണക്കുകൾ കാണിക്കുന്നത് കേരളത്തിലെ സ്ത്രീകൾ പൊതുവേ പുരുഷാധിപത്യ മൂല്യങ്ങൾ സ്വാംശീകരിക്കുന്നു എന്നാണ് (69% സ്ത്രീകൾ ഭർത്താക്കന്മാരുടെ, ഗുരുതരമല്ലാത്ത കാരണങ്ങളാലുള്ള പീഡനങ്ങളെ അനുകൂലിക്കുന്നു). ഇക്കാര്യത്തിൽ ജില്ലയിലെ സ്ത്രീകൾ എന്ത് കരുതുന്നു എന്ന് കണ്ടെത്തേണ്ടതുണ്ട്. കൂടാതെ സ്ത്രീകൾ തുടങ്ങുന്ന തൊഴിൽ സംരംഭങ്ങൾ മിക്കതും നിലനിൽക്കാത്തതിന്റെ യഥാർത്ഥ കാരണങ്ങളും കണ്ടെത്തേണ്ടതുണ്ട്. പലപ്പോഴും സ്ത്രീകൾക്ക് സ്വത്തിൻമേൽ പ്രാപ്യതയുണ്ടെങ്കിലും നിയന്ത്രണാധികാരങ്ങളില്ലായെന്ന് കാണാം. വീടിനു പുറത്ത് തൊഴിലെടുത്തുണ്ടാക്കുന്ന വരുമാനം അതേപടി ഭർത്താവിനെ ഏൽപ്പിക്കേണ്ടി വരുന്ന തരത്തിൽ സാമ്പത്തിക സ്വാതന്ത്ര്യമില്ലായ്മ അനുഭവിക്കുന്ന സ്ത്രീകൾ നമ്മുടെയിടയിൽ ഏറെയുണ്ട്. സ്ത്രീകളുടെ വിവിധ ശേഷി വികസനം എന്നത് പ്രധാന പ്രവർത്തനം ആകേണ്ടതുണ്ടെന്നാണ് ഇവയെല്ലാം സൂചിപ്പിക്കുന്നത്.

വനിതാ ഘടക പദ്ധതി

കേരളത്തിൽ 1996-97 ൽ ആരംഭിച്ച അധികാരവികേന്ദ്രീകരണത്തിന്റെയും വികേന്ദ്രീകൃതാസൂത്രണത്തിന്റെയും ഭാഗമായാണ് വനിതാഘടകപദ്ധതി ആരംഭിക്കുന്നത്. പ്രാദേശിക വികസനത്തിൽ സ്ത്രീ പങ്കാളിത്തവും സ്ത്രീപക്ഷ സമീപനവും നടപ്പാക്കാനുള്ള ശ്രമമായിരുന്നു ഇത്. വനിതാ ഘടക പദ്ധതിയെക്കുറിച്ചു വിവിധ ഏജൻസികൾ നടത്തിയ പഠനങ്ങൾ വ്യക്തമാക്കുന്നത് പ്രാദേശിക ആസൂത്രണത്തിലും വനിതാ ഘടക പദ്ധതിക്കായി പണം വകയിരുത്തുന്നതിലും പദ്ധതികൾ രൂപീകരിക്കുന്നതിലും തദ്ദേശഭരണസ്ഥാപനങ്ങൾ ഒരു പരിധിവരെ വിജയിച്ചിട്ടുണ്ടെന്നാണ്. ചെറുകിട വ്യവസായ മേഖലയിൽ സ്ത്രീകളുടെ കടന്നുവരവിന് ഇടയാക്കി, പ്രാദേശികാസൂത്രണ പ്രക്രിയയിൽ സ്ത്രീകളുടെ പങ്കാളിത്തം വർദ്ധിച്ചു, സ്ത്രീകളുടെ സംഘടനാശേഷി, വ്യക്തിപരമായ കഴിവ്, കൂട്ടായ്മ തുടങ്ങിയവ വർദ്ധിക്കാൻ ഇടയാവുകയും സാമ്പത്തിക വികസന പ്രവർത്തനങ്ങളിൽ സ്ത്രീകൾ കൂടുതൽ ഇടപെടാൻ തുടങ്ങുകയും പൊതുയിടങ്ങളിൽ സ്ത്രീകളുടെ ദൃശ്യത വർദ്ധിക്കുകയും ചെയ്തു. എന്നാൽ സാമ്പത്തികാവശ്യങ്ങൾ നിറവേറ്റുന്നതിലൂന്നിയ പദ്ധതികൾ സാമൂഹിക പദവി മാറ്റാൻ സഹായകരമായില്ല, കാർഷിക മേഖലയിലെ സംരംഭങ്ങളെല്ലാം തന്നെ വീട്ടുജോലിയുമായി ബന്ധിപ്പിച്ചുള്ളതായിരുന്നതിനാൽ സ്ത്രീകളുടെ ജോലിഭാരം

വർദ്ധിക്കാൻ കാരണമായി. സ്ത്രീകളുടെ സവിശേഷ പ്രശ്നങ്ങളായ ഗാർഹിക അതിക്രമം, സഞ്ചാര സ്വാതന്ത്ര്യമില്ലായ്മ, പ്രത്യുൽപ്പാദനസംബന്ധിയായ ആരോഗ്യ പ്രശ്നങ്ങളും അവകാശങ്ങളും, സ്വത്തവകാശമില്ലായ്മ തുടങ്ങിയവയൊന്നും മുഖ്യധാര വികസന ചർച്ചകളിൽ ഉയർന്ന് വരുകയോ അവയ്ക്ക് പ്രാധാന്യം കൊടുക്കുന്ന പദ്ധതികൾ ആസൂത്രണം ചെയ്യുകയോ ചെയ്തില്ല എന്നിങ്ങനെയുള്ള വളരെ ഗൗരവതരമായ പോരായ്മകൾ വനിതാ ഘടകപദ്ധതിക്ക് ഉണ്ട്.

മേൽത്തട്ട് നിർദ്ദേശങ്ങൾ

അതാത് പ്രദേശത്തെ സ്ത്രീ ജീവിതങ്ങളുടെ പ്രത്യേകതകൾ മനസ്സിലാക്കിക്കൊണ്ടുള്ള ഒരു വനിതാ വികസന നയം രൂപീകരിക്കാൻ ഓരോ തദ്ദേശസ്വയംഭരണ സ്ഥാപനവും മുൻകൈയെടുക്കണം. ഇതിനായി നിലവിലെ സ്ത്രീകളുടെ പദവി മനസ്സിലാക്കാൻ സഹായിക്കുന്ന വിശദമായ ഒരു ജെൻഡർ പദവി പഠന പരിപാടി നടത്തണം. ഇന്നത്തെ സ്ത്രീകളുടെ അവസ്ഥ, സ്ത്രീ സമൂഹത്തിന്റെ പ്രത്യേകതകൾ, വിഭവശേഷി, വൈവിദ്ധ്യം, നൈപുണ്യം, കാഴ്ചപ്പാടുകൾ, പ്രശ്നങ്ങൾ തുടങ്ങി ജില്ലയിലെ സ്ത്രീകളുടെ ജീവിതത്തെക്കുറിച്ചുള്ള ഒരു വിവരശേഖരം തയ്യാറാക്കുകയും അതിനെ അടിസ്ഥാനപ്പെടുത്തി വനിതാ നയം രൂപപ്പെടുത്തുകയും ആകാം.

ഓരോ വർഷാവസാനവും സ്ത്രീ വികസനവുമായി ബന്ധപ്പെട്ട അവസ്ഥാ വിശകലന റിപ്പോർട്ടും ബന്ധപ്പെട്ട സ്ഥാപനങ്ങളുടെ പെർഫോമൻസ് അവലോകന റിപ്പോർട്ടും പ്രസിദ്ധീകരിക്കണം.

നിലവിൽ പദ്ധതികൾ നടപ്പിലാക്കുന്നുണ്ടെങ്കിലും നൂതന ആശയമുള്ള പദ്ധതികൾ ഫലപ്രദമായി നടപ്പിലാക്കി വരുന്നില്ല. ആയതിലേയ്ക്കായി നിർവ്വഹണ ഉദ്യോഗസ്ഥർക്ക് സാങ്കേതിക പരിജ്ഞാനവും വിവിധ പരിശീലനങ്ങളും നൽകണം.

കീഴ്ത്തട്ട് നിർദ്ദേശങ്ങൾ

- ഓരോ തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെയും വരും വർഷങ്ങളിലെ വനിതാഘടക പദ്ധതി യുക്തിഭദ്രമായ അടിത്തറയിലൂന്നി തയ്യാറാകുകയും പ്രദേശത്തെ സ്ത്രീകളുടെ സാമൂഹിക പദവി ഉയർത്തുകയും ചെയ്യുന്നതിന് ലക്ഷ്യം വയ്ക്കണം.
- സ്ത്രീകളുടെ പദവിയുമായി ബന്ധപ്പെട്ട് നിലവിൽ ലഭ്യമായ ഡേറ്റ പലയിടങ്ങളിലും അവ്യക്തങ്ങളും അപൂർണ്ണങ്ങളുമാണ്. അതുകൊണ്ടുതന്നെ സ്ത്രീകളുടെ ജീവിതാവസ്ഥ മനസ്സിലാക്കാനായി സ്ത്രീ സമൂഹത്തിന്റെ പ്രത്യേകതകൾ, വിഭവശേഷി, വൈവിധ്യം, നൈപുണ്യം, കാഴ്ചപ്പാടുകൾ, പ്രശ്നങ്ങൾ തുടങ്ങിയവ മനസ്സിലാക്കുന്ന തരത്തിലുള്ള ഒരു വിവരശേഖരം നടത്തണം. ഗ്രമ പഞ്ചായത്ത്/ മുൻസിപ്പാലിറ്റി/ കോർപ്പറേഷൻ തലങ്ങളിൽ സ്ത്രീ പദവി പഠനം നടത്തുകയും അവ ജില്ലാതലത്തിൽ ക്രോഡീകരിക്കുകയും ചെയ്യുകയാണ് വേണ്ടത്. ഈ പഠന റിപ്പോർട്ട് അടിസ്ഥാനമാക്കിയാകണം ജില്ലാവനിതാവികസന രേഖയ്ക്ക് രൂപം നൽകേണ്ടത്. ഈ രേഖയിൽ ദീർഘകാലത്തും ഹ്രസ്വകാലത്തും ഓരോ തലത്തിലും ചെയ്യേണ്ട പരിപാടികൾ തീരുമാനിക്കണം.
- ഓരോ വർഷത്തെയും പ്രവർത്തനങ്ങളുടെ ഫലമായി സ്ത്രീകളുടെ പദവിയിൽ എന്ത് മാറ്റമാണുണ്ടായത് എന്ന് കൃത്യമായി അളക്കാൻ കഴിയുന്ന തരത്തിൽ പദവി പഠനത്തിന്റെ അടിസ്ഥാനത്തിൽ, മാനദണ്ഡങ്ങൾ ഉണ്ടാകണം.

  സ്ത്രീ–പുരുഷ തുല്യത ലക്ഷ്യം വച്ചുകൊണ്ട് തുല്യ നീതിയിലൂന്നിയ സമീപനത്തെ അടിസ്ഥാനമാക്കുന്നതാവണം ഓരോ പദ്ധതിയുടെയും രൂപരേഖ. ഓരോ പദ്ധതിയും സ്ത്രീ പദവിയെ എങ്ങനെ ബാധിക്കുന്നുയെന്ന പരിശോധന പദ്ധതി രൂപീകരണ വേളയിൽ തന്നെ ഉണ്ടാകണം.
- കുടുംബശ്രീമിഷൻ പ്രാദേശിക ആസൂത്രണ പ്രക്രിയയിൽ സ്ത്രീകളുടെ പങ്കാളിത്തം ഉറപ്പാക്കുകയും സ്ത്രീ ശാക്തീകരണ പ്രവർത്തനങ്ങൾക്ക് ഊന്നൽ നൽകുകയും വേണം.
- സ്ത്രീകളുടെ സംഘടനാ ശേഷി, വ്യക്തിപരമായ കഴിവ്, കൂട്ടായ്മ തുടങ്ങിയവ വർദ്ധിക്കുവാൻ വേണ്ടിയുള്ള സാമ്പത്തിക വികസന പ്രവർത്തനങ്ങളും ഉണ്ടാകണം.
- സ്ത്രീ സുരക്ഷ, പരിരക്ഷാ സംവിധാനങ്ങൾ, നിയമം, തുടങ്ങിയവയിൽ ബോധവൽക്കരണം അത്യാവശ്യമാണ്.

- വിധവകളുടെയും അവിവാഹിതരായ അമ്മമാരുടെയും പുനരധിവാസത്തിന് പ്രത്യേക സമഗ്ര പദ്ധതിക്ക് രൂപം നൽകേണ്ടതാണ്.
- ജില്ലാ തലത്തിൽ ജൻഡർ റിസോഴ്സ് സെന്ററിന് (ജി.ആർ.സി) രൂപം നൽകണം. ജില്ലയിലെ വനിതാ വികസനം സാദ്ധ്യമാക്കുന്നതിനുള്ള എല്ലാ പ്രവർത്തനങ്ങളുടെയും ചർച്ചകളുടെയും കേന്ദ്രമായി ഇത് മാറണം.

അദ്ധ്യാപക-രക്ഷകർതൃ സമിതികൾ, അയൽക്കൂട്ടങ്ങൾ, ഗ്രന്ഥശാലകൾ, റസിഡൻസ് അസോസിയേഷനുകൾ തുടങ്ങിയ പ്രാദേശിക സംഘടനാ സംവിധാനങ്ങളുടെ ഓരോ പ്രവർത്തനത്തിലും ജന്റർ ഉൾപ്പെട്ടിട്ടുണ്ടോയെന്ന് അളക്കാൻ കഴിയുന്ന മാനദണ്ഡങ്ങൾ രൂപപ്പെടുത്തുക, ഇത്തരം സംഘടനകളിലൂടെ ലിംഗ സമത്വവും ലിംഗ നീതിയും ഉറപ്പാക്കുന്ന പൗരബോധ പരിപാടികൾ ആവിഷ്ക്കരിക്കുക എന്നിവ ജി.ആർ.സി ക്ക് ചെയ്യാം.

പദ്ധതി പ്രവർത്തനങ്ങളിൽ ആസൂത്രണ നിർവ്വഹണ വൈദഗ്ദ്യം, കാര്യക്ഷമത, പങ്കാളിത്തം എന്നിവ വർദ്ധിപ്പിക്കാനാകും വിധം സ്ത്രീ ശാക്തീകരണം, ജെൻഡർ സമത്വം എന്നിവ ലക്ഷ്യമാക്കി പ്രവർത്തിക്കുന്ന സന്നദ്ധ സംഘടനകളെ ജി ആർ സി കളിലും അതുവഴി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും കണ്ണി ചേർക്കേണ്ടതാണ്.

സ്ത്രീകളുടെ സവിശേഷ പ്രശ്നങ്ങളായ ഗാർഹികാതിക്രമം, സഞ്ചാരസ്വാതന്ത്ര്യമില്ലായ്മ, പ്രത്യുത്പാദന സംബന്ധിയായ ആരോഗ്യ പ്രശ്നങ്ങൾ, സ്വത്തവകാശമില്ലായ്മ തുടങ്ങിയവയെക്കുറിച്ച് പഠിക്കുകയും ആവശ്യമായ പദ്ധതികൾ നടപ്പാക്കാൻ മുൻകൈ എടുക്കുകയും വേണം.

ഓരോ മേഖലകളിലുമുള്ള തൊഴിലിടങ്ങൾ സ്ത്രീ സൗഹാർദ്ദപരമാക്കാനുള്ള പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കണം.

സ്ത്രീകളുടെ ശാരീരിക മാനസിക പ്രശ്നങ്ങൾ ഉൾപ്പെടെയുള്ള പ്രത്യേക ആരോഗ്യ പ്രശ്നങ്ങൾ കണ്ടെത്തി അവ പരിഹരിക്കാനുള്ള പദ്ധതികൾക്ക് രൂപം നൽകണം.

സ്ത്രീകൾക്കും പെൺകുട്ടികൾക്കും കായിക പരിശീലനത്തിന് പ്രത്യേക ഇടങ്ങൾ ഉണ്ടാകേണ്ടതാണ്. നിലവിലുള്ള കളിസ്ഥലങ്ങൾ സ്ത്രീകൾക്കും കുട്ടികൾക്കും കൂടി ഉപയോഗിക്കാവുന്ന തരത്തിൽ സജ്ജമാക്കണം. സ്ത്രീകളുടെയും പെൺകുട്ടികളുടെയും കായിക ടീമുകൾക്കും കലാട്രൂപ്പുകൾക്കും രൂപം നൽകണം.

വിവിധ മേഖലകളിൽ വൈദഗ്ദ്ധ്യമുള്ള സ്ത്രീകളെ കണ്ടെത്തി അവരുടെ വൈദഗ്ദ്ധ്യം വർദ്ധിപ്പിക്കുന്നതും വരുമാനം സൃഷ്ടിക്കുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിക്കണം.

അതിക്രമങ്ങൾക്കിരയാകുന്ന സ്ത്രീകൾക്കായി ജില്ലാ കളക്ടറുടെ അദ്ധ്യക്ഷതയിലുള്ള വൺസ്റ്റോപ്പ് സെന്ററുകൾ കൂടുതൽ കാര്യക്ഷമമായി പ്രവർത്തിക്കണം.

അതിക്രമങ്ങൾക്കിരയാകുന്ന സ്ത്രീകൾക്ക് ആവശ്യമായ സഹായ സംവിധാനങ്ങളായ താൽക്കാലിക വാസസ്ഥലങ്ങൾ, കൗൺസിലിംഗ് സൗകര്യം തുടങ്ങിയവ സാമൂഹ്യ നീതി വകുപ്പും മറ്റു സാമൂഹിക സംഘടനകളുമായി ചേർന്ന് ഒരുക്കണം. നിലവിലുള്ള താൽക്കാലിക വാസസ്ഥലങ്ങളിൽ അഞ്ച് വയസ്സിനു മുകളിലുള്ള കുട്ടികളെ അനുവദിക്കില്ലായെന്നത് പങ്കാളിയിൽ നിന്നും അതിക്രമങ്ങൾ ഏറ്റുവാങ്ങേണ്ടി വരുന്ന സ്ത്രീയെ സംബന്ധിച്ച് വലിയ മാനസിക ബുദ്ധിമുട്ട് ഉണ്ടാക്കുന്നതാണ്. അതുകൊണ്ടു തന്നെ താൽക്കാലിക വാസസ്ഥലങ്ങൾ ഒരുക്കുമ്പോൾ കുട്ടികളെ അമ്മയിൽ നിന്ന് അകറ്റി നിർത്താത്ത തരത്തിലുള്ളവ രൂപകല്പന ചെയ്യേണ്ടതാണ്.

വിദ്യാർത്ഥികളുടെയും വനിതാ അദ്ധ്യാപകരുടെയും സുരക്ഷയ്ക്കും പരാതി പരിഹാരത്തിനും കൗൺസിലിംഗിനും സഹായകരമായ വിധത്തിൽ സ്കൂളുകളിൽ ജെന്റർ ഡെസ്ക് രൂപീകരിക്കേണ്ടതാണ്.

വിവാഹിതരായ സ്ത്രീകളിൽ കുടുംബപ്രശ്നങ്ങൾ ആത്മഹത്യയിലേക്ക് വരെ നയിക്കുന്ന കാരണമാണെന്ന് കണക്കുകൾ സൂചിപ്പിക്കുന്നു. ജില്ലയിൽ നിന്ന് 2015-ൽ വനിതാ കമ്മിഷന് ലഭിച്ച പരാതികളിൽ ഏറ്റവും കൂടുതൽ ഈ വിഭാഗത്തിലാണ്. അതുകൊണ്ടുതന്നെ നീതി പൂർവ്വമായി പ്രശ്നങ്ങൾ കൈകാര്യം ചെയ്യാൻ സ്ത്രീകളെ സഹായിക്കുന്ന ഫാമിലി കൗൺസിലർമാരുടെ സേവനം തദ്ദേശസ്വയംഭരണ സ്ഥാപന തലത്തിൽ സൗജന്യമായി ലഭ്യമാക്കേണ്ടതാണ്.

പ്രാദേശികമായി പണചെലവില്ലാതെ ഏറ്റവും വേഗത്തിൽ സ്ത്രീകൾക്ക് നീതി ലഭ്യമാകുന്ന ഇടങ്ങൾ എന്ന നിലയിൽ ജില്ലയിലെ എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും ജാഗ്രതാ സമിതികൾ കാര്യക്ഷമമായി പ്രവർത്തിക്കാനുള്ള സാഹചര്യം

ഉണ്ടാകണം.ജാഗ്രതാ സമിതിയിലൂടെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുവാൻ സംയുക്ത പ്രോജക്റ്റ് നടപ്പിലാക്കാവുന്നതാണ്. ഗ്രാമപഞ്ചായത്ത് തലത്തിൽ ജാഗ്രതാസമിതി കോ-ഓർഡിനേറ്റർ/കൗൺസിലറിനെ നിയമിക്കാവുന്നതാണ്. 15000 രൂപ മാസവേതനാടിസ്ഥാന ത്തിൽ കോൺട്രാക്ട് നിയമനം നടത്താം. ആയത് സംയുക്ത പ്രോജക്ടായി നടപ്പാക്കാം.

സമൂഹത്തിൽ സ്ത്രീകളും കുട്ടികളും കൗമാര പ്രായക്കാരും നേരിടുന്ന പ്രശ്നങ്ങൾക്ക് പരിഹാര മാർഗ്ഗമെന്ന നിലയിൽ ഒരു നൂതന ആശയമായി കമ്മ്യൂണിറ്റി റിസോഴ്സ് പേഴ്സൺ-നെ പഞ്ചായത്തിലെ ഓരോ വാർഡുകളിലും നിയോഗിക്കുന്നതിലേക്കായി ജില്ലാ - ബ്ലോക്ക് - ഗ്രാമ പഞ്ചായത്ത് തലത്തിൽ ഒരു സംയുക്ത പ്രോജക്ട് നടപ്പാക്കാവുന്നതാണ്. സേവന മനോഭാവം ഉള്ളവർക്ക് മുൻഗണന നൽകിയാവണം പഞ്ചായത്ത് കമ്മിറ്റി കമ്മ്യൂണിറ്റി റിസോഴ്സ് പേഴ്സൺ-നെ നിയമിയ്ക്കേണ്ടത്. പ്രതിമാസവേതനം കുറഞ്ഞത് 5000 രൂപയെങ്കിലും നിജപ്പെടുത്തി പഞ്ചായത്ത് നൽകേണ്ടതാണ്.

സ്ത്രീകൾക്കു നേരെയുള്ള അതിക്രമങ്ങൾ സംബന്ധിച്ച് നാളിതുവരെയുള്ള ബോധവൽക്കരണ പ്രവർത്തനങ്ങളെല്ലാം തന്നെ സ്ത്രീകളെ കേന്ദ്രീകരിച്ചുള്ളവയാണെന്ന് കാണാം. സ്ത്രീകളോട് അതിക്രമങ്ങൾ ചെയ്യുന്നവർ എന്ന നിലയിൽ പുരുഷൻമാരെ കേന്ദ്രീകരിച്ചുകൊണ്ടുള്ള ബോധവത്കരണ - പ്രചരണ പ്രവർത്തനങ്ങൾ തദ്ദേശസ്വയംഭരണ സ്ഥാപന തലത്തിൽ ജാഗ്രതാ സമിതികളുടെ നേതൃത്വത്തിൽ ചെയ്യേണ്ടതാണ്.

തൊഴിലിടങ്ങളിൽ സ്ത്രീകൾക്കു നേരെയുള്ള ലൈംഗികാതിക്രമങ്ങൾ പരാതിപ്പെടാനുള്ള ഇന്റേണൽ കമ്മിറ്റികൾ പ്രവർത്തിക്കുന്നുയെന്ന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഉറപ്പു വരുത്തണം.

തദ്ദേശസ്വയംഭരണ സ്ഥാപനം സമയക്രമം പാലിച്ചുകൊണ്ട് ഓരോ പദ്ധതികളുടെയും പ്രവർത്തനങ്ങളുടെയും ജന്റർ ഓഡിറ്റ് നടത്തണം.

വനിതാ ഘടകപദ്ധതി

വനിതാ ഘടക പദ്ധതിയുടെ കാര്യക്ഷമമായ നടത്തിപ്പിന്, ഫലപ്രദമായ രീതിയിൽ അവ അവലോകനം നടത്തേണ്ടതുണ്ട്. അതിലേക്കായി പദ്ധതി രൂപീകരണ സമയത്തുതന്നെ അവലോകന കമ്മറ്റിയുടെ ഘടന, അവലോകന രീതിയും സൂചികങ്ങളും നിശ്ചയിക്കേണ്ടതാണ്. പദ്ധതിയുടെ ലക്ഷ്യത്തിലധിഷ്ഠിതമായ മൂല്യ നിർണ്ണയ പഠനങ്ങൾ നടത്തുന്നതിനും ശ്രദ്ധ ചെലുത്തണം. എങ്കിൽ മാത്രമേ ഉദ്ദേശിച്ച രീതിയിൽ കാര്യക്ഷമമായി പദ്ധതി നിർവ്വഹണം നടത്താൻ കഴിയുകയുള്ളു.

പദ്ധതി നിർദ്ദേശങ്ങൾ

- ഗ്രാമ പഞ്ചായത്ത്, മുനിസിപ്പാലിറ്റി, കോർപ്പറേഷൻ, ജില്ലാ പഞ്ചായത്ത് എന്നീ തലങ്ങളിൽ ജന്റർ റിസോഴ്സ് സെന്ററുകൾ ആരംഭിക്കൽ.
- സ്ത്രീ പദവി പഠനം - ജന്റർ റിസോഴ്സ് സെന്ററിന്റെ നേതൃത്വത്തിൽ
- സ്ത്രീകളുമായി ബന്ധപ്പെട്ട വിവിധ വിഷയങ്ങളിൽ പഠനം - റിസോഴ്സ് സെന്ററിന്റെ നേതൃത്വത്തിൽ പദവി ഉയർത്തുന്ന തരത്തിലുള്ള പരിശീലനങ്ങൾ, തുടർ പ്രവർത്തനങ്ങൾ
- തൊഴിൽ സംരംഭങ്ങൾ - മുൻ പിൻ ബന്ധം ഉറപ്പാക്കിക്കൊണ്ട് സ്ത്രീകളുടെ കല, കായിക, സാഹിത്യ അഭിരുചികൾ പ്രോത്സാഹിപ്പിക്കുന്നതിനുള്ള പദ്ധതികൾ
- സ്ത്രീകൾക്ക് കൂടിയിരിക്കാനുതകുന്ന തരത്തിൽ അവരുടെ നിയന്ത്രണത്തിലുള്ള കെട്ടിടങ്ങൾ നിർമ്മിക്കൽ.
- വൈദഗ്ദ്ധ്യ പോഷണം
- ജാഗ്രതാ സമിതി പ്രവർത്തനങ്ങൾ
- സ്ത്രീകളുടെ ആരോഗ്യ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുതകുന്ന പദ്ധതികൾ
- സ്ത്രീകൾക്ക് നേരിട്ട് ഗുണം ലഭിക്കുന്ന പ്രോജക്ടുകൾ
- സാങ്കേതിക പരിജ്ഞാനം
- വരുമാനം ലഭിക്കുന്ന കാർഷിക പ്രവർത്തനങ്ങൾ
- നൂതന പ്രവർത്തനങ്ങൾ പരിചയപ്പെടുത്തൽ
- ചെയ്തുകൊണ്ടിരിക്കുന്ന തൊഴിൽ അഭിവൃദ്ധി പെടുത്തൽ

- നിയമങ്ങൾ, സാമൂഹിക സംവിധാനങ്ങൾ എന്നിവ പരിചയപ്പെടുത്തൽ
- സ്ത്രീകളുടെ വരുമാനം വർദ്ധിപ്പിക്കാനുതകുന്ന പദ്ധതികളും പാരമ്പര്യേതര പദ്ധതികളും വനിതാഘടകപദ്ധതിയുടെ ഭാഗമാകണം.(വനിതാ ട്രാൻസ്പോർട്ട്, മേസ്തിരി പരിശീലനം, കരാട്ടെ അഭ്യാസം, സൈക്ലിംഗ് പരിശീലനം, തെങ്ങുകയറ്റ പരിശീലനം, ജെൻഡർ വിദ്യാഭ്യാസ പരിശീലനം, ഗൃഹോപകരണങ്ങൾ നന്നാക്കൽ, കലാകായികമത്സരങ്ങൾ/ ട്രൂപ്പുകൾ തുടങ്ങിയവ)

വനിതാക്ഷേമ വികസന പ്രവർത്തനങ്ങൾ വളരെ കരുതലോടെ സമൂഹത്തോട് തൊട്ടുനിന്ന് അവരുടെ ഓരോരുത്തരുടെയും പ്രദേശത്തിന്റെയും സമുദായത്തിന്റെയും ജീവിത സാഹചര്യങ്ങളും ചുറ്റുപാടുകളും അവയുടെ പ്രത്യേകതകളും തിരിച്ചറിഞ്ഞുകൊണ്ട് വേണം ആസൂത്രണവും നിർവ്വഹണവും നടത്താൻ. ദീർഘവീക്ഷണത്തോടെ സമഗ്രതയിൽ പ്രശ്നങ്ങളെ കണ്ടുകൊണ്ട് കൂട്ടായി പരിഹാരങ്ങൾ കണ്ടെത്തേണ്ടത് എങ്ങനെ എന്നതായിരിക്കണം പൊതുസമീപനം. ഇതിൽ ഓരോ വ്യക്തിയും മുതൽ സർക്കാർ വരെ നീളുന്ന എല്ലാ സംവിധാനങ്ങൾക്കും പങ്കുണ്ട് എന്ന തിരിച്ചറിവിൽ ഊന്നി വേണം പ്രവർത്തനങ്ങൾ വിഭാവനം ചെയ്യാൻ.

4.4.2 പട്ടികജാതി വികസനം

ഇന്ത്യയിലെ ഇതര ജനവിഭാഗങ്ങളെ അപേക്ഷിച്ച് വളരെ പിന്നാക്കം നില്ക്കുന്ന ജനവിഭാഗമാണ് പട്ടികജാതിക്കാർ. കാലാകാലങ്ങളിൽ മാറിമാറി വന്ന സാമൂഹ്യ രാഷ്ട്രീയ സാഹചര്യങ്ങളുടെ ഫലമായി ഉദയംകൊണ്ട ജാതിവ്യവസ്ഥയുടെ ഇരകളെന്ന നിലയിൽ നിരവധിയായ അവകാശനിഷേധങ്ങൾക്ക് ഇവർ വിധേയരായതിനാൽ ഈ ജനവിഭാഗങ്ങളെ ഇന്ത്യയുടെ ഭരണഘടന പ്രത്യേക പരിരക്ഷ നൽകി സംരക്ഷണം നൽകുകയും സാമൂഹ്യ പുരോഗതി ഉറപ്പാക്കുകയും ചെയ്യുന്നു.

കേരളത്തിന്റെ സാമൂഹിക പരിഷ്ക്കരണത്തിന് ഗണ്യമായ സംഭാവന നൽകിയിട്ടുള്ള സാംസ്ക്കാരിക നവോത്ഥാന നായകരിൽ പ്രഥമസ്ഥാനീയനായ മഹാനായ അയ്യൻകാളിയുടെ ജന്മംകൊണ്ട് അനുഗ്രഹീതമായ ജില്ലയാണ് തിരുവനന്തപുരം. കൂടാതെ പട്ടികജാതിക്കാരുടെ സജീവവും സവിശേഷവുമായ സാന്നിദ്ധ്യം കൊണ്ട് ശ്രദ്ധയേമായ ജില്ല കൂടിയാണ് തിരുവനന്തപുരം.

പട്ടികജാതിക്കാരുടെ സമഗ്രമായ പുരോഗതി ലക്ഷ്യമാക്കി സാമൂഹിക, സാമ്പത്തിക, വിദ്യാഭ്യാസ, സാംസ്ക്കാരിക മേഖലകളിൽ പട്ടികജാതി വികസന വകുപ്പും മറ്റു വിവിധ വകുപ്പുകളും തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളും ഒട്ടനവധി പദ്ധതികൾ നാളിതുവരെ നടപ്പിലാക്കിയിട്ടുണ്ട്. ആയതിന്റെ ഫലമായി സാമൂഹികമായി ഒറ്റപ്പെട്ടും പാർശ്വവൽക്കരിക്കപ്പെട്ടും നിന്ന ഒരു ജനതയെ മുഖ്യധാരയിലേക്ക് കൊണ്ടുവരുന്നതിനും ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും വികസനത്തിന്റെ പാതയിലേക്കുള്ള മുന്നേറ്റങ്ങൾ സംജാതമാക്കുന്നതിനും സാധിച്ചിട്ടുണ്ട്. എന്നിരുന്നാലും സംസ്ഥാനത്തിന്റെ പല മേഖലകളിലുമുള്ള പട്ടികജാതി സങ്കേതങ്ങളിലെ അടിസ്ഥാന സൗകര്യ സാഹചര്യങ്ങളോടൊത്തു നിൽക്കുന്ന നിലവാരം ജില്ലയിലെ വിവിധ സങ്കേതങ്ങളിലുണ്ടെന്ന് അവകാശപ്പെടാൻ സാധിക്കുകയില്ല. ജില്ലാതലത്തിലുള്ള താരതമ്യത്തിലേക്ക് കടക്കുമ്പോഴാകട്ടെ മലയോര മേഖലയുടേതായ ഭൂമിശാസ്ത്രപരമായ പ്രത്യേകതകൾ ചില പ്രദേശങ്ങളിലെ പട്ടികജാതി സങ്കേതങ്ങളിൽ അടിസ്ഥാന സൗകര്യവികസനത്തിന് കൂടുതൽ ശ്രദ്ധ പതിപ്പിക്കേണ്ടതിലേയ്ക്കുള്ള ദിശാസൂചകമായി നിലനിൽക്കുകയും ചെയ്യുന്നുണ്ട്.

പട്ടികജാതി ഉപപദ്ധതിയുടെ കാഴ്ചപ്പാട്

പട്ടികജാതിക്കാരും ഇതരജനവിഭാഗങ്ങളും തമ്മിലുള്ള സാമ്പത്തിക വികസന അന്തരം ത്വരിതഗതിയിൽ പരിഹരിക്കുന്നതിനായുള്ള പ്രത്യേക സമഗ്രവികസന പദ്ധതിയായാണ് 1978 മുതൽ പ്രത്യേക ഘടക പദ്ധതി (പട്ടികജാതി ഉപപദ്ധതി) വിഭാവനം ചെയ്തത്. പട്ടികജാതിക്കാരുടെ സാമ്പത്തിക വികസനവും അവർക്കായി ആസ്തി സൃഷ്ടിക്കുകയുമാണ് പട്ടികജാതി ഉപപദ്ധതിയുടെ സുപ്രധാന ലക്ഷ്യം. സാമ്പത്തിക വികസനമെന്നാൽ മാന്യമായ തൊഴിലിലൂടെയുള്ള വരുമാന വർദ്ധനവാകുന്നു. വ്യക്തികൾക്കും കുടുംബങ്ങൾക്കും പട്ടികജാതി സങ്കേതങ്ങൾക്കും നേരിട്ട് പ്രയോജനം ലഭിക്കുന്ന പദ്ധതികളാണ് പട്ടികജാതി ഉപപദ്ധതിയുടെ കീഴിൽ ആവിഷ്ക്കരിക്കേണ്ടത്. വികസനവും സംരക്ഷണവും എന്ന ദ്വിമുഖ തത്വത്തിനൊപ്പം സുസ്ഥിര സാമ്പത്തിക വികസനത്തിലൂടെ സാമൂഹ്യ പുരോഗതി എന്ന ലക്ഷ്യത്തിന് പതിമൂന്നാം പഞ്ചവൽസര പദ്ധതിയിൽ ഊന്നൽ നൽകിക്കൊണ്ടുള്ള പദ്ധതികൾ ആവിഷ്ക്കരിക്കണം. തങ്ങൾക്ക് വേണ്ടി രൂപീകരിക്കുകയും നടപ്പിലാക്കുകയും ചെയ്യുന്ന പദ്ധതികളെക്കുറിച്ച് അറിയുവാനും വിലയിരുത്തുവാനും പട്ടികജാതിക്കാർക്ക് അവസരം ഉണ്ടായിരിക്കണമെന്നു മാത്രമല്ല പദ്ധതി രൂപീകരണ പ്രക്രിയയിലും അവർക്ക് മുൻതൂക്കം ലഭിക്കേണ്ടതാണ്.

വികസനം പുരോഗമിക്കുമ്പോൾ അവ സ്ഥാപനവൽക്കരിക്കപ്പെടുകയും ശാശ്വത പങ്കാളിത്തം, ആസൂത്രണം, നിർവഹണം, വിലയിരുത്തൽ എന്നീ മേഖലകളിൽ പട്ടികജാതിക്കാർക്ക് ചുവടുറപ്പിക്കുവാൻ കഴിയും വിധമായിരിക്കണം പദ്ധതികൾ ആവിഷ്ക്കരിക്കേണ്ടത്. പട്ടികജാതിക്കാരുടെ യഥാർത്ഥ ശാക്തീകരണവും സ്വാഭിമാനവും സാമൂഹ്യപുരോഗതിയും ഉറപ്പാക്കുവാൻ പട്ടികജാതി ഉപപദ്ധതി പ്രകാരം ആവിഷ്ക്കരിക്കുന്ന പദ്ധതികൾക്ക് കഴിയേണ്ടതാണ്.

ജില്ലയിലെ പട്ടികജാതിക്കാരുടെ സാമൂഹ്യ സാമ്പത്തിക സ്ഥിതിവിവരക്കണക്കുകൾ

പട്ടികജാതിക്കാരുടെ സാമൂഹ്യസാമ്പത്തിക നില വ്യക്തമാക്കുന്ന സ്ഥിതി വിവരക്കണക്കുകൾ ജനസംഖ്യ, സാക്ഷരത, തൊഴിൽനില, വിദ്യാഭ്യാസം, ആരോഗ്യം, എന്നീ

ശീർഷകങ്ങളിലായി തിരിച്ചിരിക്കുന്നു. 2011 ലെ സെൻസസ് റിപ്പോർട്ടാണ് പ്രധാനമായും ഇതിനായി ഉപയോഗപ്പെടുത്തിയിരിക്കുന്നത്.

ജനസംഖ്യ

ജില്ലയിലെ പട്ടികജാതിക്കാരുടെ ആകെ ജനസംഖ്യ 2011 സെൻസസ് പ്രകാരം 3,72,977 ആകുന്നു. ഇതിൽ 1,78,589 പേർ പുരുഷന്മാരും 1,94,388 പേർ സ്ത്രീകളുമാണ്. ജില്ലയിലെ എല്ലാ പ്രാദേശിക സർക്കാരുകളിലും പട്ടികജാതിക്കാർ അധിവസിക്കുന്നുണ്ട്.

സംസ്ഥാനത്തെ ആകെ പട്ടികജാതി ജനസംഖ്യയുടെ 12.27 ശതമാനം പേർ തിരുവനന്തപുരം ജില്ലയിലാണ് അധിവസിക്കുന്നത്. ജില്ലയുടെ മൊത്തം ജനസംഖ്യയിൽ 11.30 ശതമാനം പേർ പട്ടികജാതി വിഭാഗത്തിൽപ്പെട്ടവരാണ്. 2001 നെ അപേക്ഷിച്ച് 2011 ൽ പട്ടികജാതി ജനസംഖ്യയിൽ 0.57 ശതമാനത്തിന്റെ വർദ്ധനവുണ്ട്. ജില്ലയിൽ അധിവസിക്കുന്ന 5 പ്രധാന പട്ടികജാതി വിഭാഗക്കാർ പുലയൻ/ചേരമർ, കുറവൻ/സിദ്ധനർ, തണ്ടാൻ, സാംബവർ/പറയൻ, മണ്ണാൻ/ പതിയാൻ/ വണ്ണാൻ/ വേലൻ എന്നിവരാണ്. 2011 സെൻസെസ് പ്രകാരം ജില്ലയിലെ പട്ടികജാതി വിഭാഗക്കാരുടെ സാക്ഷരതാ നിരക്ക് 89.13 ശതമാനമാണ്. ഇത് സംസ്ഥാന ശരാശരി (88.73 ശതമാനം) യേക്കാൾ അധികമാണ്. പുരുഷൻമാരുടെ സാക്ഷരതാ ശതമാനം 92.48 ശതമാനവും സ്ത്രീകളുടെ 86.09 ശതമാനവുമാണ്. ജില്ലയിലെ തദ്ദേശഭരണസ്ഥാപനം തിരിച്ചുള്ള ജനസംഖ്യ ചുവടെ ചേർക്കുന്നു.

പട്ടിക 4.4.2.1

തദ്ദേശഭരണസ്ഥാപനം തിരിച്ചുള്ള പട്ടികജാതി ജനസംഖ്യ

പ്രാദേശിക സർക്കാർ	പേര്	എണ്ണം	ആകെ
കോർപ്പറേഷൻ	തിരുവനന്തപുരം	70688	70688
മുനിസിപ്പാലിറ്റി	ആറ്റിങ്ങൽ	4057	23466
	നെടുമങ്ങാട്	5752	
	നെയ്യാറ്റിൻകര	7772	
	വർക്കല	5885	
ബ്ലോക്ക് പഞ്ചായത്ത് – അതിയന്നൂർ	അതിയന്നൂർ	3599	20212
	കാഞ്ഞിരംകുളം	1510	
	കരുംകുളം	1357	
	കോട്ടുകാൽ	3884	
	വെങ്ങാനൂർ	6356	
	വിഴിഞ്ഞം	3506	
ബ്ലോക്ക് പഞ്ചായത്ത് ചിറയിൻകീഴ്	അഞ്ചുതെങ്ങ്	975	31400
	അഴൂർ	5245	
	ചിറയിൻകീഴ്	5072	
	കടയ്ക്കാവൂർ	4213	
	കിഴുവിലം	6656	
	മുദാക്കൽ	7416	
	വക്കം	1823	
ബ്ലോക്ക് പഞ്ചായത്ത് പോത്തൻകോട്	അണ്ടൂർക്കോണം	4883	24557
	കഠിനംകുളം	3915	
	മംഗലപുരം	7038	
	പോത്തൻകോട്	3218	
	അഴൂർ	5503	
ബ്ലോക്ക് പഞ്ചായത്ത് കിളിമാനൂർ	കരവാരം	5234	36999
	കിളിമാനൂർ	3948	
	മടവൂർ	3041	
	നഗരൂർ	5053	
	നാവായിക്കുളം	6963	
	പള്ളിക്കൽ	2012	
	പഴയകുന്നുമ്മേൽ	5124	
	പുളിമാത്ത്	5624	
ബ്ലോക്ക് പഞ്ചായത്ത് നെടുമങ്ങാട്	ആനാട്	2562	14363
	അരുവിക്കര	2188	
	കരകുളം	4638	
	പനവൂർ	1986	
	വെമ്പായം	2989	

ബ്ലോക്ക് പഞ്ചായത്ത് നേമം	ബാലരാമപുരം	3913	31342
	കല്ലിയൂർ	6689	
	മലയിൻകീഴ്	3803	
	മാറനല്ലൂർ	5458	
	പള്ളിച്ചൽ	6245	
	വിളപ്പിൽ	2655	
	വിളവൂർക്കൽ	2579	
ബ്ലോക്ക് പഞ്ചായത്ത് പാറശ്ശാല	ചെങ്കൽ	3736	17333
	കാരോട്	2277	
	കുളത്തൂർ	2281	
	പാറശ്ശാല	5452	
	പൂവാർ	2588	
	തിരുപുറം	999	
ബ്ലോക്ക് പഞ്ചായത്ത് പെരുങ്കടവിള	അമ്പൂരി	869	17955
	ആര്യങ്കോട്	2301	
	കള്ളിക്കാട്	878	
	കൊല്ലയിൽ	3870	
	കുന്നത്തുകാൽ	3884	
	ഒറ്റശേഖരമംഗലം1955		
	പെരുങ്കടവിള	1933	
	വെള്ളറട	2265	
ബ്ലോക്ക് പഞ്ചായത്ത് വാമനപുരം	കല്ലറ	2893	27184
	മാണിക്കൽ	4644	
	നന്ദിയോട്	2725	
	നെല്ലനാട്	3756	
	പാങ്ങോട്	4017	
	പെരിങ്ങമ്മല	3580	
	പുല്ലമ്പാറ	3647	
	വാമനപുരം	1922	
ബ്ലോക്ക് പഞ്ചായത്ത് വർക്കല	ചെമ്മരുതി	7626	27754
	ചെറുന്നിയൂർ	4449	
	ഇടവ	2473	
	ഇലകമൺ	4163	
	മണമ്പൂർ	4018	
	ഒറ്റൂർ	2988	
	വെട്ടൂർ	2037	
ബ്ലോക്ക് പഞ്ചായത്ത് വെള്ളനാട്	ആര്യനാട്	2759	19690
	കാട്ടാക്കട	4353	
	കുറ്റിച്ചൽ	1632	
	പൂവച്ചൽ	3602	
	തൊളിക്കോട്	976	
	ഉഴമലയ്ക്കൽ	1518	
	വെള്ളനാട	2050	
	വിതുര	2800	

(അവലംബം: സെൻസസ് 2011)

പട്ടികജാതിക്കാരുടെ ജനസംഖ്യയെ അടിസ്ഥാനമാക്കി ചുവടെ ചേർത്തിരിക്കുന്ന നിരീക്ഷണങ്ങൾ നടത്താവുന്നതാണ്.

- പട്ടികജാതി ജനസംഖ്യ കൂടുതൽ കിളിമാനൂർ ബ്ലോക്കിലും (36999) കുറവ് നെടുമങ്ങാട് ബ്ലോക്കിലുമാണ് (14363)
- തിരുവനന്തപുരം കോർപ്പറേഷനിൽ 70688 പട്ടികജാതിക്കാർ അധിവസിക്കുന്നു.
- മുനിസിപ്പാലിറ്റികളിൽ നെയ്യാറ്റിൻകരയിൽ പട്ടികജാതിക്കാർ ഏറ്റവും കൂടുതലും (7772) ഏറ്റവും കുറവ് ആറ്റിങ്ങലിലുമാണ് (4057).

- ഗ്രാമപഞ്ചായത്തുകളിൽ ഏറ്റവും കൂടുതൽ ജനസംഖ്യയുള്ളത് ചെമ്മരുതി ഗ്രാമപഞ്ചായത്തിലും (7626) ഏറ്റവും കുറവുള്ളത് അമ്പൂരി ഗ്രാമപഞ്ചായത്തിലുമാണ് (869).
- തിരുവനന്തപുരം കോർപ്പറേഷനൊഴികെ 5000–ത്തിനുമുകളിൽ 8000 വരെ ജനസംഖ്യയുള്ള 21 പ്രാദേശിക സർക്കാരുകളും 2000–ത്തിനും മൂവായിരത്തിനുമിടയിൽ ജനസംഖ്യയുള്ള 28 പ്രാദേശിക സർക്കാരുകളും ആയിരത്തിനും രണ്ടായിരത്തിനുമിടയിൽ ജനസംഖ്യയുള്ള 28 പ്രാദേശിക സർക്കാരുകളുമുണ്ട്. ആയിരത്തിനു താഴെ ജനസംഖ്യയുള്ള 5 പ്രാദേശിക സർക്കാരുകളുമുണ്ട്.

പട്ടികജാതി ജനസംഖ്യയുടെ ഗ്രാമ/നഗര പ്രാതിനിധ്യം, ദശവർഷവ്യതിയാനം, പ്രായഘടന അനുസരിച്ചുള്ള താരതമ്യം, കുടുംബങ്ങൾ, സാമുദായികാടിസ്ഥാനത്തിലുള്ള പ്രാതിനിധ്യം എന്നിവ ചുവടെ ചേർക്കുന്നു.

പട്ടിക 4.4.2.2

ജില്ലയിലെ പട്ടികജാതി ജനസംഖ്യ – ഗ്രാമം നഗരം തിരിച്ച്

മേഖല	ആകെ ജനസംഖ്യ	പട്ടികജാതി ജനസംഖ്യ	ആകെ ജനസംഖ്യയുടെ ശതമാനം
ആകെ	3301427	372977	11.3
ഗ്രാമം	1529831	179917	11.76
നഗരം	1771596	193060	10.9

(അവലംബം: സെൻസസ് 2011)

പട്ടിക 4.4.2.3

ജില്ലയിലെ പട്ടികജാതി ജനസംഖ്യ – ദശവർഷ വ്യതിയാനം

	1991	2001	വ്യതിയാന ശതമാനം (വർധനവ്/ കുറവ്)	2011	വ്യതിയാന ശതമാനം (വർധനവ്/ കുറവ്)
ആകെ ജനസംഖ്യ	343439	370857	7.98	372977	0.57
പുരുഷന്മാർ	167251	178718	6.86	178589	0.07
സ്ത്രീകൾ	176188	192139	9.05	194388	1.17

(അവലംബം: സെൻസസ് 2011)

പട്ടിക 4.4.2.4

ജില്ലയിലെ പട്ടികജാതിക്കാരുടെ
പ്രായഘടന അടിസ്ഥാനമാക്കിയുള്ള ജനസംഖ്യാവിതരണം 2011

വയസ്	ആകെ			ഗ്രാമം			നഗരം		
	ആകെ	പുരുഷൻ	സ്ത്രീ	ആകെ	പുരുഷൻ	സ്ത്രീ	ആകെ	പുരുഷൻ	സ്ത്രീ
0–4	24598	12354	12244	12408	6246	6162	12190	6108	6082
5–9	25118	12790	12328	12495	6331	6164	12623	6459	6164
10–14	30619	15396	15223	15152	7530	7622	15467	7866	7601
15–19	29507	14596	14911	14345	7086	7259	15162	7510	7652
20–24	31261	14993	16268	15351	7277	8074	15910	7716	8194
25–29	32816	15860	16956	16142	7725	8417	16674	8135	8539
30–34	30159	14524	15635	14373	6927	7446	15786	7597	8189
35–39	31866	14809	17057	15192	7005	8187	16674	7804	8870
40–44	27892	13248	14644	12933	6010	6923	14959	7238	7721
45–49	28302	13351	14951	13444	6282	7162	14858	7069	7789
50–54	21132	9970	11162	9791	4515	5276	11341	5455	5886
55–59	19893	9514	10379	9229	4332	4897	10664	5182	5482
60–64	14492	6645	7847	6699	3016	3683	7793	3629	4164
65–69	10641	4792	5849	5131	2240	2891	5510	2552	2958
70–74	6451	2665	3786	3114	1236	1878	3337	1429	1908
75–79	3766	1481	2285	1833	710	1123	1933	771	1162
80+	4134	1433	2701	2138	743	1395	1996	690	1306
*	330	168	162	147	69	78	183	99	84
ആകെ	372977	178589	194388	179917	85280	94637	193060	93309	99751

* വെളിപ്പെടുത്തിയില്ല

(അവലംബം: സെൻസസ് 2011)

പട്ടിക 4.4.2.5

പട്ടികജാതി കുടുംബങ്ങൾ – തിരുവനന്തപുരം ജില്ല

ആകെ	ഗ്രാമം	നഗരം
92,476	44,942	47,534

(അവലംബം: സെൻസസ് 2011)

പട്ടിക 4.4.2.6

പട്ടികജാതികുടുംബങ്ങൾ, ജനസംഖ്യ: സമുദായാടിസ്ഥാനത്തിൽ

സമുദായം	സങ്കേതങ്ങളിൽ				ഒറ്റപ്പെട്ട കുടുംബങ്ങളിൽ				ആകെ			
	കുടുംബങ്ങൾ	ജനസംഖ്യ			കുടുംബങ്ങൾ	ജനസംഖ്യ			കുടുംബങ്ങൾ	ജനസംഖ്യ		
		പുരുഷന്മാർ	സ്ത്രീകൾ	ആകെ		പുരുഷന്മാർ	സ്ത്രീകൾ	ആകെ		പുരുഷന്മാർ	സ്ത്രീകൾ	ആകെ
ആദി ദ്രാവിഡ	8	10	11	21	1	0	1	1	9	10	12	22
ആദി കർണ്ണാടക	1	3	1	4	0	0	0	0	1	3	1	4
അജില	2	5	3	8	1	2	3	5	3	7	6	13
അയ്യനവർ	1250	2330	2512	4842	589	1074	1118	2192	1839	3404	3630	7034
ബൈരാ	5	6	8	14	0	0	0	0	5	6	8	14
ഭാരതർ, പരവൻ	1086	2158	2304	4462	660	1381	1450	2831	1746	3539	3754	7293
ചക്കിലിയൻ	9	18	18	36	5	11	11	22	14	29	29	58
ചെറുമൻ	1	2	2	4	0	0	0	0	1	2	2	4
കാക്കാലൻ, കാക്കൻ	27	54	52	106	21	45	41	86	48	99	93	192
കള്ളാടി	1	2	3	5	0	0	0	0	1	2	3	5
കണക്കൻ, പടന്ന, പടന്നൻ	0	0	0	0	1	4	2	6	1	4	2	6
കവറ	0	0	0	0	8	19	17	36	8	19	17	36
കൂടൻ	2	3	3	6	1	1	1	2	3	4	4	8
കുറവൻ,സിദ്ധനർ, കുറവർ, കുറവ, സിദ്ധന	10538	20475	22760	43235	3262	6112	6958	13070	13800	26587	29718	56305
മണ്ണാൻ, പതിയാൻ, പെരുമണ്ണാൻ, വണ്ണാൻ, വേലൻ	861	1620	1686	3306	776	1447	1596	3043	1637	3067	3282	6349
നായാടി	1	2	1	3	1	1	2	3	2	3	3	6
പള്ളൻ	11	23	23	46	0	0	0	0	11	23	23	46
പുള്ളുവൻ	2	7	5	12	5	9	8	17	7	16	13	29
പാണൻ	146	313	323	636	122	235	275	510	268	548	598	1146

(അവലംബം: പട്ടികജാതി വികസന വകുപ്പ് 2012)

2001 നെ അപേക്ഷിച്ച് 2011 ൽ പട്ടികജാതി ജനസംഖ്യയിൽ 0.57 ശതമാനത്തിന്റെ വർദ്ധനവുണ്ട്. എന്നാലിത് 1991 നെ അപേക്ഷിച്ച് കുറവാണ്.

ജില്ലയിലെ പട്ടികജാതി കോളനികൾ

സംസ്ഥാനത്തിലെ വിവിധ പട്ടികജാതി സങ്കേതങ്ങളിലെ അടിസ്ഥാനസൗകര്യ സാഹചര്യങ്ങളോടൊത്ത് നിൽക്കുന്ന നിലവാരം ജില്ലയിലെ വിവിധ സങ്കേതങ്ങളിലുണ്ടെന്ന് അവകാശപ്പെടാൻ സാധിക്കുകയില്ല. ജില്ലാതലത്തിലുള്ള താരതമ്യത്തിലേക്ക് കടക്കുമ്പോഴാകട്ടെ മലയോര മേഖലയുടേതായ ഭൂമിശാസ്ത്രപരമായ പ്രത്യേകതകൾ ചില പ്രദേശങ്ങളിലെ പട്ടികജാതി സങ്കേതങ്ങളിൽ അടിസ്ഥാന സൗകര്യവികസനത്തിന് കൂടുതൽ ശ്രദ്ധപതിപ്പിക്കേണ്ടതിലേയ്ക്കുള്ള ദിശാസൂചകമായി നിലനിൽക്കുകയും ചെയ്യുന്നുണ്ട്. മാത്രവുമല്ല ജില്ലയുടെ പ്രവർത്തനമേഖലയുടെ വ്യാപ്തിയും തന്മൂലം ജനതയിലേക്ക് പരമാവധി ഇറങ്ങിച്ചെന്ന് പ്രവർത്തിക്കുന്നതിനുള്ള പരിമിതിയും വിപരീത ഘടകങ്ങളായി തുടരുന്നുണ്ട്. കൂടുതൽ പിന്നാക്കവസ്ഥയിലും ദുർബലാവസ്ഥയിലും കഴിയുന്നതും മാറ്റങ്ങളോടും പുരോഗതിയിലേക്കുള്ള പരിശ്രമങ്ങളോടും ജീവിതശൈലിയുടെയും സാഹചര്യങ്ങളുടെയും പ്രത്യേകതകൾ മൂലം വൈമുഖ്യം പുലർത്തുന്നതുമായ ഒരു നല്ല

ശതമാനം ജനതയുടെ സാന്നിദ്ധ്യം കൂടുതൽ ലക്ഷ്യബോധത്തോടെയും അർപ്പണമനോഭാവത്തോടെയുമുള്ള ശ്രമങ്ങൾ ആവശ്യപ്പെടുന്നുണ്ട്. ജില്ലയിലെ പട്ടികജാതി കോളനികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

പട്ടിക 4.4.2.7

ജില്ലയിലെ പട്ടികജാതികോളനികളുടെ എണ്ണം

പ്രാദേശിക സർക്കാർ	പേര്	കോളനി/ സങ്കേതങ്ങളുടെ എണ്ണം	കുടുംബങ്ങളുടെ എണ്ണം	ജനസംഖ്യ
കോർപ്പറേഷൻ	തിരുവനന്തപുരം	502	9155	36418
മുനിസിപ്പാലിറ്റി	ആറ്റിങ്ങൽ	44	673	2747
	നെടുമങ്ങാട്	39	1801	6831
	നെയ്യാറ്റിൻകര	79	1148	4346
	വർക്കല	33	841	4153
ബ്ലോക്ക് പഞ്ചായത്ത് – അതിയന്നൂർ	അതിയന്നൂർ	26	451	1664
	കാഞ്ഞിരംകുളം	24	460	1616
	കരുംകുളം	27	488	1593
	കോട്ടുകാൽ	29	587	2274
	വെങ്ങാനൂർ	41	793	3072
	വിഴിഞ്ഞം			
ബ്ലോക്ക് പഞ്ചായത്ത് ചിറയിൻകീഴ്	അഞ്ചുതെങ്ങ്	11	241	906
	അഴൂർ			
	ചിറയിൻകീഴ്	40	790	3439
	കടയ്ക്കാവൂർ	41	903	3871
	കിഴുവിലം	35	585	2699
	മുദാക്കൽ	47	801	3329
	വക്കം	7	313	1261
ബ്ലോക്ക് പഞ്ചായത്ത് പോത്തൻകോട്	അണ്ടൂർക്കോണം	25	925	4122
	കഠിനംകുളം	22	791	3380
	മംഗലപുരം	39	1107	5204
	പോത്തൻകോട്	28	654	2533
	അഴൂർ	30	960	4378
ബ്ലോക്ക് പഞ്ചായത്ത് കിളിമാനൂർ	കരവാരം	27	777	2999
	കിളിമാനൂർ	36	840	3128
	മടവൂർ	29	450	2015
	നഗരൂർ	54	893	3441
	നാവായിക്കുളം	37	974	4237
	പള്ളിക്കൽ	30	541	2032
	പഴയകുന്നുമ്മേൽ	30	592	2354
	പുളിമാത്ത്	49	1044	4243
ബ്ലോക്ക് പഞ്ചായത്ത് നെടുമങ്ങാട്	ആനാട്	28	640	2382
	അരുവിക്കര	27	421	1545
	കരകുളം	19	491	2012
	പനവൂർ	14	398	1466
	വെമ്പായം	13	297	1190
ബ്ലോക്ക് പഞ്ചായത്ത് നേമം	ബാലരാമപുരം	51	650	2618
	കല്ലിയൂർ	40	696	2735
	മലയിൻകീഴ്	44	833	3151
	മാറനല്ലൂർ	63	1100	3530
	പള്ളിച്ചൽ	56	758	3068
	വിളപ്പിൽ	46	580	2230
	വിളവൂർക്കൽ	21	370	1405
ബ്ലോക്ക് പഞ്ചായത്ത് പാറശ്ശാല	ചെങ്കൽ	46	1085	4337
	കാരോട്	41	728	2964
	കുളത്തൂർ	25	590	2408
	പാറശ്ശാല	42	812	3322

	പൂവാർ	35	695	2573
	തിരുപുറം	21	313	1162
ബ്ലോക്ക് പഞ്ചായത്ത് പെരുങ്കടവിള	അമ്പൂരി	17	459	1626
	ആര്യങ്കോട്	24	591	2237
	കള്ളിക്കാട്	17	270	969
	കൊല്ലയിൽ	27	698	2722
	കുന്നത്തുകാൽ	25	490	2045
	ഒറ്റശേഖരമംഗലം	22	656	2339
	പെരുങ്കടവിള	28	388	1518
	വെള്ളറട	21	940	3552
ബ്ലോക്ക് പഞ്ചായത്ത് വാമനപുരം	കല്ലറ	30	639	2400
	മാണിക്കൽ	38	519	2168
	നന്ദിയോട്	33	495	1782
	നെല്ലനാട്	16	386	1710
	പാങ്ങോട്	28	659	2863
	പെരിങ്ങമ്മല	44	679	2428
	പുല്ലമ്പാറ	19	341	1359
	വാമനപുരം	28	532	2059
ബ്ലോക്ക് പഞ്ചായത്ത് വർക്കല	ചെമ്മരുതി	56	1372	6098
	ചെറുന്നിയൂർ	25	563	2575
	ഇടവ	15	354	1693
	ഇലകമൺ	30	539	2388
	മണമ്പൂർ	18	455	1979
	ഒറ്റൂർ	26	629	2556
	വെട്ടൂർ	19	409	1832
ബ്ലോക്ക് പഞ്ചായത്ത് വെള്ളനാട്	ആര്യനാട്	40	572	2162
	കാട്ടാക്കട	59	693	2666
	കുറ്റിച്ചൽ	34	250	953
	പൂവച്ചൽ	28	401	1487
	തൊളിക്കോട്	29	280	1009
	ഉഴമലയ്ക്കൽ	23	301	1106
	വെള്ളനാട്	29	329	1213
	വിതുര	37	415	1436

(അവലംബം: പഞ്ചായത്ത് തല വിവരങ്ങൾ, എക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ് വകുപ്പ്)

ജില്ലയിലെ പട്ടികജാതി കോളനികളിലെ അടിസ്ഥാന സൗകര്യ വിശദാംശങ്ങൾ

സങ്കേതാധിഷ്ഠിതമായി കൂടുതൽ മെച്ചപ്പെട്ട അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കുന്നതിനായി ത്രിതല പഞ്ചായത്ത് സംവിധാനത്തിൽ ഒട്ടനവധി പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്. അപ്രകാരം നടപ്പിലാക്കിയ പദ്ധതികളിലൂടെ മിക്ക ഗ്രാമപഞ്ചായത്തുകളിലും ഗതാഗതം, കുടിവെള്ളം, വൈദ്യുതി, പാർപ്പിടം എന്നിങ്ങനെ അടിസ്ഥാനസൗകര്യങ്ങൾ ലഭ്യമാക്കേണ്ട സമസ്തമേഖലകളിലും എടുത്ത് പറയത്തക്ക പുരോഗതി നേടിയിട്ടുണ്ട്. ഗ്രാമപഞ്ചായത്തുകൾ മുഖേന കുടുംബാധിഷ്ഠിതമായ കൂടുതൽ ക്ഷേമപദ്ധതികൾ ഫലപ്രദമായ രീതിയിൽ നടപ്പിലാക്കിയിട്ടുമുണ്ട്.

പട്ടികജാതി വികസന വകുപ്പ് സാമൂഹിക, സാമ്പത്തിക, വിദ്യാഭ്യാസ സാംസ്കാരിക മേഖലകളിലായി ഒട്ടേറെ പദ്ധതികളുടെ കാര്യക്ഷമമായ നിർവ്വഹണത്തിലൂടെ ജില്ലയിലെ അർഹതയുള്ള പട്ടികജാതി കുടുംബങ്ങളിൽ സേവനം എത്തിച്ചുവരുന്നുണ്ട്.

ഗതാഗതസൗകര്യം

സങ്കേതങ്ങളിലേയ്ക്കുള്ള റോഡുകൾ ത്രിതല പഞ്ചായത്തുകളുടെ പദ്ധതികളിലൂടെ ഗതാഗതയോഗ്യമായിട്ടുണ്ടെങ്കിലും സങ്കേതങ്ങൾക്കുള്ളിലുള്ള പാതകൾക്കായി കൂടുതൽ പദ്ധതികൾ നിർദ്ദേശിച്ച് നടപ്പിലാക്കേണ്ടതുണ്ട്.

കുടിവെള്ള സൗകര്യം

പദ്ധതികൾ നടപ്പിലാക്കിയിട്ടുള്ള മേഖലകളിൽ പോലും വർഷകാലത്തൊഴികെ രൂക്ഷമായ ശുദ്ധജലദൗർലഭ്യം അനുഭവപ്പെടുന്നുണ്ട്. വർഷം മുഴുവനും ഉപയുക്തമാക്കാവുന്ന ജലസ്രോതസ്സിനെ അടിസ്ഥാനമാക്കി മാത്രം പദ്ധതികൾ ഏറ്റെടുത്ത് കൃത്യമായ കാഴ്ചപ്പാടോടെ നടപ്പിലാക്കുന്നതാണ് പരിഹാരമാർഗ്ഗം കൂടാതെ ഭാവിയിൽ

ഉപയോഗക്ഷമമാക്കാവുന്ന കുളങ്ങൾ, കിണറുകൾ, നീരുറവകൾ എന്നിവയെ കണ്ടെത്തി പുനരുദ്ധരിക്കുകയും ഭൂഗർഭജലസ്രോതസ്സിനെ ഉപയോഗപ്പെടുത്തുകയും ചെയ്യുന്നത് വഴി കുടിവെള്ളക്ഷാമത്തിന് ഒരു പരിധി വരെ പരിഹാരം കാണാവുന്നതാണ്. സങ്കേതങ്ങളിൽ മഴവെള്ളസംഭരണത്തിനുള്ള പരിപാടികൾ നടപ്പിലാക്കാവുന്നതും ഈ പ്രശ്നത്തിന് ഒരു പരിഹാരമാർഗ്ഗമായി നിർദ്ദേശിക്കുന്നു. ജില്ലയിലെ പട്ടികജാതിക്കാരുടെ കുടിവെള്ള ലഭ്യത ചുവടെ ചേർക്കുന്നു.

പട്ടിക 4.4.2.8

ജില്ലയിലെ പട്ടികജാതി സങ്കേതവാസികളുടെ കുടിവെള്ള ലഭ്യത

സ്രോതസിന്റെ ഇനം	കുടുംബങ്ങൾ	ജലലഭ്യത			
		യഥേഷ്ടം	ആറുമാസത്തിൽ കൂടുതൽ ലഭിക്കുന്നു	ആറുമാസത്തിൽ കുറവ് ലഭിക്കുന്നു	ജലക്ഷാമം നേരിടുന്നു
പൊതുകിണർ	4256	1693	1239	1243	81
പൊതു കുഴൽകിണർ	280	51	85	138	6
സ്വന്തം കിണർ/ കുഴൽ കിണർ	19966	11131	4678	3731	426
സ്വകാര്യ കിണർ/ കുഴൽ കിണർ	7314	3241	1630	2121	322
പൈപ്പ്ലൈൻ	8620	3670	2019	2793	138
മഴവെള്ള സംഭരണി	12	4	4	0	4
നീർച്ചാൽ	18	5	5	6	2
നീരുറവ	96	28	7	60	1
പുഴ/തോട്/കുളം	305	181	57	55	12
കേണി/ഓലി/ഊറ്റ്	62	24	32	6	0
ആകെ	**40929**	**20028**	**9756**	**10153**	**992**

(അവലംബം: പട്ടികജാതി വികസന വകുപ്പ് 2012)

പട്ടിക 4.4.2.9

ജില്ലയിലെ ഒറ്റപ്പെട്ടു താമസിക്കുന്ന പട്ടികജാതിക്കാരുടെ കുടിവെള്ള ലഭ്യത

സ്രോതസിന്റെ ഇനം	കുടുംബങ്ങൾ	ജലലഭ്യത			
		യഥേഷ്ടം	ആറുമാസത്തിൽ കൂടുതൽ ലഭിക്കുന്നു	ആറുമാസത്തിൽ കുറവ് ലഭിക്കുന്നു	ജലക്ഷാമം നേരിടുന്നു
പൊതുകിണർ	915	380	208	307	20
പൊതു കുഴൽകിണർ	39	5	24	8	2
സ്വന്തം കിണർ/ കുഴൽ കിണർ	10082	5658	2532	1720	172
സ്വകാര്യ കിണർ/ കുഴൽ കിണർ	2605	1140	710	653	102
പൈപ്പ്ലൈൻ	3565	1997	629	882	57
മഴവെള്ള സംഭരണി	9	0	5	4	0
നീർച്ചാൽ	4	1	1	1	1
നീരുറവ	61	25	6	30	0
പുഴ/തോട്/കുളം	125	56	31	36	2
കേണി/ഓലി/ഊറ്റ്	6	4	0	2	0
ആകെ	**17411**	**9266**	**4146**	**3643**	**356**

(അവലംബം: പട്ടികജാതി വികസന വകുപ്പ് 2012)

വൈദ്യുതീകരണം

വൈദ്യുതീകരിക്കാത്ത സങ്കേതങ്ങൾ ജില്ലയിൽ ഇല്ലായെങ്കിലും വൈദ്യുതി എത്തിച്ചേരാത്ത ഒറ്റപ്പെട്ട ഭവനങ്ങൾ സങ്കേതങ്ങളിൽ ഇപ്പോഴും ഉണ്ട്.

പാർപ്പിടം

ജില്ലയിൽ ഭൂരഹിതരും ഭവനരഹിതരുമായ 9950 കുടുംബങ്ങളും ഭൂമിയുണ്ടെങ്കിലും ഭവനരഹിതരായ 3371 കുടുംബങ്ങളും നിലവിലുണ്ട്. സങ്കേതങ്ങൾക്കുള്ളിലെ പട്ടികജാതി കുടുംബങ്ങളിൽ നല്ലൊരു പങ്കും വാസയോഗ്യമായ വീടുകളിലല്ല താമസിച്ച് വരുന്നത്. സാമ്പത്തികഭദ്രത ഇല്ലായ്മ സ്വന്തമായി ഒരു ഭവനം നിർമ്മിക്കുന്നതിൽ നിന്നും മിക്കവരെയും പിൻതിരിപ്പിക്കുന്നു. ആയതിനാൽ ഇത്തരം വാസയോഗ്യമല്ലാത്ത ഭവനങ്ങളിൽ താമസിക്കുന്ന

നിർധനരായ പട്ടികജാതി വിഭാഗക്കാരെ കണ്ടെത്തി ഭവന നിർമ്മാണ ധനസഹായം അനുവദിച്ച് നൽകി സമ്പൂർണ്ണഭവനം എന്ന ലക്ഷ്യം സാക്ഷാത്കരിക്കാൻ ത്രിതല പഞ്ചായത്തുകളുടെയും പട്ടികജാതിവികസന വകുപ്പിന്റെയും പ്രവർത്തനങ്ങൾ മുഖേന സാധിക്കണം. ധനസഹായം അനുവദിക്കപ്പെട്ട ഭവനങ്ങളിൽ ഗണ്യമായ ഒരു ശതമാനം വാസയോഗ്യമായ രീതിയിൽ പൂർത്തികരിക്കപ്പെടാതെ അവശേഷിക്കുന്നതും ഈ മേഖലയിലെ ഏറ്റവും പ്രധാന വെല്ലുവിളിയാണ്. ഗുണഭോക്താക്കളുടെ മനോഭാവത്തിൽ കാലാനുസൃതമായ പരിവർത്തനം ഉണ്ടാകാൻ ഉതകുന്ന രീതിയിലുള്ള ബോധവൽക്കരണ പ്രവർത്തനങ്ങളിൽ ശ്രദ്ധ പതിപ്പിക്കേണ്ട സാഹചര്യം ഉണ്ട്. മെച്ചപ്പെട്ടതും സൗകര്യങ്ങൾ ഉള്ളതുമായ ഒരു ഭവനം കുടുംബത്തിന് ലഭ്യമാക്കി വിദ്യാർത്ഥികളായ മക്കൾക്ക് പഠന സൗകര്യം ഒരുക്കേണ്ടത് അവരുടെ അവകാശമാണെന്ന ധാരണ രക്ഷിതാക്കളിൽ ഉറപ്പിക്കേണ്ടതുണ്ട്. താരതമ്യേന മെച്ചപ്പെട്ട ഭവന നിർമ്മാണ ധനസഹായ തുക അനുവദിക്കുന്നുണ്ടെങ്കിലും നിർമ്മാണ ചെലവിൽ ഉണ്ടായിട്ടുള്ള ക്രമാതീതമായ വർദ്ധനവ് ഗുണഭോക്താക്കളുടെ സാമ്പത്തിക ഭദ്രത ഇല്ലായ്മയുടെ പശ്ചാത്തലത്തിൽ ലക്ഷ്യപൂർത്തീകരണത്തിലുള്ള പ്രധാന വൈതരണിയായി അനുഭവപ്പെടുന്നുണ്ട്. ജില്ലയിലെ പട്ടികജാതിക്കാരുടെ ഭവനങ്ങളുടെ അവസ്ഥ, തദ്ദേശഭരണസ്ഥാപനം തിരിച്ചുള്ള ഭൂരഹിത, ഭവനരഹിതരുടെ എണ്ണം എന്നിവ ചുവടെ ചേർക്കുന്നു.

പട്ടിക 4.4.2.10

ജില്ലയിലെ പട്ടികജാതിക്കാരുടെ വീടുകളുടെ അവസ്ഥ

തദ്ദേശഭരണ സ്ഥാപനം	സങ്കേതത്തിൽ താമസിക്കുന്നവർ			ഒറ്റപ്പെട്ട് താമസിക്കുന്നവർ			ആകെ		
	കുടുംബങ്ങൾ	പൂർത്തീകരിച്ച ഗുണനിലവാരമുള്ള സ്വന്തം വീടുകൾ ഉള്ള കുടുംബങ്ങൾ	പൂർത്തീകരിക്കാത്തതോ പൂർത്തീകരിച്ചെങ്കിലും ഗുണനിലവാരമില്ലാത്തതോ ആയ സ്വന്തം വീടുകൾ ഉള്ള കുടുംബങ്ങൾ	കുടുംബങ്ങൾ	പൂർത്തീകരിച്ച ഗുണനിലവാരമുള്ള സ്വന്തം വീടുകൾ ഉള്ളകുടുംബങ്ങൾ	പൂർത്തീകരിക്കാത്തതോ പൂർത്തീകരിച്ചെങ്കിലും ഗുണനിലവാരമില്ലാത്തതോ ആയ സ്വന്തം വീടുകൾ ഉള്ള കുടുംബങ്ങൾ	കുടുംബങ്ങൾ	പൂർത്തീകരിച്ച ഗുണനിലവാരമുള്ള സ്വന്തം വീടുകൾ ഉള്ള കുടുംബങ്ങൾ	പൂർത്തീകരിക്കാത്തതോ പൂർത്തീകരിച്ചെങ്കിലും ഗുണനിലവാരമില്ലാത്തതോ ആയ സ്വന്തം വീടുകൾ ഉള്ള കുടുംബങ്ങൾ
ബ്ലോക്ക് പഞ്ചായത്തുകൾ									
വർക്കല	3332	1659	1416	989	490	362	4321	2149	1778
കിളിമാനൂർ	4556	2129	1843	1555	795	491	6111	2924	2334
ചിറയിൻകീഴ്	2516	1324	884	1117	335	293	3633	1659	1177
വാമനപുരം	3034	1546	1262	1216	647	416	4250	2193	1678
വെള്ളനാട്	2829	1287	959	412	136	154	3241	1423	1113
നെടുമങ്ങാട്	1412	536	623	835	367	329	2247	903	952
പോത്തൻകോട്	3238	2222	650	1199	621	459	4437	2843	1109
നേമം	3796	2143	1144	1191	640	331	4987	2783	1475
പെരുങ്കടവിള	2266	1288	671	2227	1282	642	4493	2570	1313
അതിയന്നൂർ	2268	992	827	511	259	164	2779	1251	991
പാറശ്ശാല	3031	1684	868	1192	661	341	4223	2345	1209
ആകെ (ബ്ലോക്ക് പഞ്ചായത്തുകൾ)	**32278**	16810	11147	12444	6233	3982	44722	23043	15129
നഗരസഭകൾ									
വർക്കല	636	203	365	205	121	66	841	324	431
ആറ്റിങ്ങൽ	399	183	201	274	120	107	673	303	308
നെടുമങ്ങാട്	506	225	217	1295	559	534	1801	784	751
നെയ്യാറ്റിൻകര	889	602	233	259	159	52	1148	761	285
ആകെ നഗരസഭകൾ	2430	1213	1016	2033	959	759	4463	2172	1775
തിരുവനന്തപുരം കോർപ്പറേഷൻ	6221	2871	2117	2934	1056	885	9155	3927	3002
ആകെ (തിരുവനന്തപുരം ജില്ല)	40929	20894	14280	17411	8248	5626	58340	29142	19906

(അവലംബം: പട്ടികജാതി വികസന വകുപ്പ് 2012)

പട്ടിക 4.4.2.11

പട്ടികജാതി വിഭാഗത്തിൽപ്പെട്ട ഭൂരഹിതഭവനരഹിതരുടെയും ഭൂമിയുള്ള ഭവനരഹിതരുടെയും എണ്ണം

തദ്ദേശസ്ഥാപനം	ഭൂരഹിത ഭവനരഹിതർ	ഭൂമിയുള്ള ഭവനരഹിതർ	ആകെ
തിരുവനന്തപുരം നഗരസഭ	2087	183	2270
നെയ്യാറ്റിൻകര മുൻസിപ്പാലിറ്റി	63	11	74
ആറ്റിങ്ങൽ മുൻസിപ്പാലിറ്റി	55	8	63
നാവായിക്കുളം	343	150	493
പെരിങ്ങമല	210	128	338
വെങ്ങാനൂർ	228	70	298
മാറനല്ലൂർ	177	102	279
അഴൂർ	181	95	276
കഠിനംകുളം	172	99	271
മംഗലാപുരം	237	29	266
കിളിമാനൂർ	156	107	263
വർക്കല	197	60	257
കല്ലിയൂർ	202	47	249
വിതുര	139	105	244
മാണിക്കൽ	111	133	244
ചിറയിൻകീഴ്	210	23	233
ചെമ്മരുത്തി	191	42	233
നഗരൂർ	168	61	229
അണ്ടൂർക്കോണം	167	58	225
പള്ളിച്ചൽ	166	57	223
മുദാക്കൽ	189	32	221
പുളിമാത്ത്	117	74	191
കടക്കാവൂർ	147	43	190
പുല്ലംപാറ	112	68	180
മണംമ്പൂർ	110	69	179
നന്ദിയോട്	93	85	178
അതിയന്നൂർ	159	18	177
ബാലരാമപുരം	138	39	177
കീഴുവിലം	127	43	170
ഇലങ്കം	133	35	168
കാട്ടാക്കട	119	49	168
നെല്ലനാട്	103	59	162
കരവാരം	110	50	160
കൊല്ലയിൽ	117	39	156
ചെറുന്നിയൂർ	85	69	154
കരകുളം	117	31	148
മടവൂർ	114	32	146
കല്ലറ	99	46	145
നെടുമങ്ങാട്	127	17	144
പാങ്ങോട്	80	58	138
കുന്നത്തുകാൽ	84	50	134
കോട്ടുകാൽ	112	17	129
പഴയകുന്നുമ്മേൽ	80	37	117
പനവൂർ	86	29	115
ആനാട്	86	23	109
വിളപ്പിൽ	79	27	106
മലയിൻകീഴ്	82	24	106
കാഞ്ഞിരംകുളം	82	22	104
ആര്യനാട്	61	41	102
വെള്ളനാട്	58	44	102
പോത്തൻകോട്	77	24	101
ആര്യൻകോട്	51	43	94
വിളവൂർക്കൽ	64	28	92

വെള്ളറട	71	21	92
പൂവച്ചൽ	67	25	92
വെട്ടൂർ	75	16	91
ഒട്ടൂർ	66	25	91
ഒറ്റശേഖരമംഗലം	74	16	90
ഇടവ	73	16	89
പള്ളിക്കൽ	69	13	82
വക്കം	55	23	78
അരുവിക്കര	60	18	78
വെമ്പായം	46	29	75
കരുംകുളം	56	16	72
പാറശ്ശാല	22	47	69
അഞ്ചുതെങ്ങ്	54	13	67
കുറ്റിച്ചൽ	35	28	63
ചെങ്കൽ	33	24	57
പെരുങ്കടവിള	43	10	53
കാരോട്	31	22	53
ഉഴമലക്കൽ	37	13	50
കുളത്തൂർ	42	8	50
പൂവാർ	25	18	43
വാമനാപുരം	26	13	39
കള്ളിക്കാട്	27	4	31
തൊളിക്കോട്	14	12	26
അമ്പൂരി	22	4	26
തിരുപ്പുറം	9	4	13

(അവലംബം: ലൈഫ് വെബ്സൈറ്റ്)

പട്ടികജാതിക്കാരുടെ കൈവശഭൂമി

ജില്ലയിലെ പട്ടികജാതിക്കാരുടെ കൈവശഭൂമിയും സങ്കേതങ്ങളിൽ വസിക്കുന്നവരുടെ കൈവശഭൂമിയും – വിശദാംശങ്ങൾ.

പട്ടിക 4.4.2.12

ജില്ലയിലെ പട്ടികജാതിക്കാരുടെ കൈവശഭൂമി (ഭൂമി വിസ്തൃതി : സെന്റ്)

തദ്ദേശഭരണ സ്ഥാപനം	സങ്കേതത്തിൽ താമസിക്കുന്നവർ		ഒറ്റപ്പെട്ടു താമസിക്കുന്നവർ		ആകെ	
	കുടുംബങ്ങൾ	കൈവശഭൂമി	കുടുംബങ്ങൾ	കൈവശഭൂമി	കുടുംബങ്ങൾ	കൈവശഭൂമി
ബ്ലോക്ക് പഞ്ചായത്തുകൾ						
വർക്കല	3332	20413	989	6899	4321	27312
കിളിമാനൂർ	4556	40155	1555	16878	6111	57032
ചിറയിൻകീഴ്	2516	15667	1117	6277	3633	21944
വാമനപുരം	3034	22859	1216	10417	4250	33276
വെള്ളനാട്	2829	15767	412	3100	3241	18867
നെടുമങ്ങാട്	1412	7170	835	5134	2247	12304
പോത്തൻകോട്	3238	41582	1199	8965	4437	50547
നേമം	3796	20314	1191	6819	4987	27133
പെരുങ്കടവിള	2266	19124	2227	21472	4493	40597
അതിയന്നൂർ	2268	12514	511	2755	2779	15268
പാറശ്ശാല	3031	23096	1192	10465	4223	33561
ആകെ	32278	238661	12444	99181	44722	337841
നഗരസഭകൾ						
വർക്കല	636	2043	205	1216	841	3260
ആറ്റിങ്ങൽ	399	2039	274	1486	673	3526
നെടുമങ്ങാട്	506	3174	1295	8078	1801	11252
നെയ്യാറ്റിൻകര	889	5061	259	1149	1148	6210
ആകെ	2430	12317	2033	11929	4463	24248
തിരുവനന്തപുരം കോർപ്പറേഷൻ	6221	21937	2934	8598	9155	30536
ആകെ (തിരുവനന്തപുരം)	40929	272917	17411	119709	58340	392626

(അവലംബം: പട്ടികജാതി വികസന വകുപ്പ് 2012)

പട്ടിക 4.4.2.13
ജില്ലയിലെ സങ്കേതവാസികളായ പട്ടികജാതിക്കാരുടെ
കൈവശഭൂമിയുടെ തരവും വിസ്തൃതിയും

തദ്ദേശഭരണ സ്ഥാപനം	വിസ്തൃതി (സെന്റ്)					
	വിനിയോഗത്തിലുള്ള കരഭൂമി (പുരയിടം)	വിനിയോഗത്തിലുള്ള നിലം (വയൽ)	പാറക്കെട്ട് /കുന്നിൻപുറം (വിനിയോഗയോഗ്യമല്ലാത്തത്)	വെള്ളക്കെട്ട് / ചതുപ്പ് (വിനിയോഗയോഗ്യമല്ലാത്തത്)	വിനിയോഗയോഗ്യമായ തരിശ്	ആകെ
ബ്ലോക്ക് പഞ്ചായത്തുകൾ						
വർക്കല	19315	119	124	37	818	20413
കിളിമാനൂർ	35229	608	1450	1	2866	40155
ചിറയിൻകീഴ്	12920	102	91	98	2456	15667
വാമനപുരം	20298	185	152	1	2223	22859
വെള്ളനാട്	14132	64	130	8	1433	15767
നെടുമങ്ങാട്	6408	45	100	29	588	7170
പോത്തൻകോട്	31733	23	1114	29	8683	41582
നേമം	17179	113	146	6	2870	20314
പെരുങ്കടവിള	16995	491	222	21	1394	19124
അതിയന്നൂർ	10383	234	27	0	1870	12514
പാറശ്ശാല	21939	474	45	30	608	23096
ആകെ	206531	2458	3601	260	25809	238661
നഗരസഭകൾ						
വർക്കല	1994	0	0	0	49	2043
ആറ്റിങ്ങൽ	1839	1	0	0	199	2039
നെടുമങ്ങാട്	2713	3	173	0	286	3174
നെയ്യാറ്റിൻകര	4703	0	16	4	338	5061
ആകെ	11249	4	189	4	872	12317
തിരുവനന്തപുരം കോർപ്പറേഷൻ	19408	108	190	12	2219	21937
ആകെ (തിരുവനന്തപുരം)	237190	2570	3982	276	28899	272917

(അവലംബം: പട്ടികജാതി വികസന വകുപ്പ് 2012)

തൊഴിലും പട്ടികജാതി വിഭാഗവും

കിലയും പട്ടികജാതി വികസന വകുപ്പും സംയുക്തമായി നടത്തിയ കണക്കെടുപ്പ് പ്രകാരം ജില്ലയിലെ പട്ടികജാതി വിഭാഗത്തിൽ 80% ൽ അധികം പേരും കാർഷിക മേഖലയിലും മറ്റ് നിർമ്മാണ മേഖലയിലും പണിയെടുക്കുന്ന ദിവസവേതന തൊഴിലാളികളാണ്. താരതമേന്യ ചെറിയ ഒരു ശതമാനമാണ് സർക്കാർ, അർദ്ധസർക്കാർ, മറ്റ് സംഘടിത തൊഴിൽ മേഖലകളിൽ ജോലി ചെയ്യുന്നവർ ഭക്ഷ്യവിളകൾ ഉൽപ്പാദിപ്പിക്കുന്ന കൃഷി സംബന്ധമായ പ്രവർത്തനങ്ങളിലും വ്യവസായ സംരംഭങ്ങളിലും നാമമാത്രമായ കുടുംബങ്ങൾ മാത്രമാണ് ഏർപ്പെട്ട് വരുന്നത്.

സർക്കാർ, അർദ്ധസർക്കാർ, മറ്റ് സംഘടിത മേഖലയിൽ തൊഴിൽ ആർജ്ജിക്കുന്നതിലേയ്ക്കും വരുമാനദായക സ്വയം തൊഴിൽ സംരംഭങ്ങൾ തുടങ്ങുന്നതിലേയ്ക്കും തദ്വാര കുടുംബങ്ങളുടെ സ്വയംപര്യാപ്തതയിലേയ്ക്കും നയിക്കുമെന്നുള്ളത് പട്ടികജാതി വികസന വകുപ്പിന്റെ തുടർപ്രവർത്തനങ്ങൾക്ക് ഏറെ മനോവീര്യം നൽകുന്നതും അർദ്ധശങ്കയ്ക്ക് ഇടവരാതെ പ്രവർത്തിക്കാൻ ഊർജ്ജം പകരുന്നതുമാണ്. ചെറുകിട കാർഷിക ഉൽപ്പന്ന അധിഷ്ഠിതവ്യവസായ മേഖലയിലേയ്ക്ക് പട്ടികജാതി വിഭാഗങ്ങളെ കൈപിടിച്ച് ഉയർത്തുവാൻ സാദ്ധ്യമാകണമെങ്കിൽ നിലവിലുള്ള ക്ഷേമകാര്യ പദ്ധതികൾക്കൊപ്പം പ്രൊഫഷണൽ സാമ്പത്തിക ഉന്നമന പരിപാടികളിലേയ്ക്ക് പ്രവർത്തനം വ്യാപിപ്പിക്കുകയെന്നത് കാലഘട്ടത്തിന്റെ അനിവാര്യതയായി കണക്കാക്കേണ്ടതാണ്. ജില്ലയിലെ പട്ടികജാതി തൊഴിൽ ഘടന പട്ടിക 4.4.2.14 ൽ ചുവടെ ചേർക്കുന്നു.

പട്ടിക: 4.4.2.14

തിരുവനന്തപുരം ജില്ലയിലെ പട്ടികജാതിക്കാരുടെ തൊഴിൽ

തൊഴിൽ മേഖല	സങ്കേതത്തിൽ താമസിക്കുന്നവർ			ഒറ്റപ്പെട്ടു താമസിക്കുന്നവർ			ആകെ		
	പുരുഷന്മാർ	സ്ത്രീകൾ	ആകെ	പുരുഷന്മാർ	സ്ത്രീകൾ	ആകെ	പുരുഷന്മാർ	സ്ത്രീകൾ	ആകെ
സ്ഥിരം തൊഴിൽ – സർക്കാർ	1176	643	1819	769	421	1190	1945	1064	3009
സ്ഥിരം തൊഴിൽ– അർദ്ധസർക്കാർ സ്ഥാപനത്തിൽ	55	28	83	18	13	31	73	41	114
സ്ഥിരം തൊഴിൽ – സ്വകാര്യസ്ഥാപനത്തിൽ	92	400	492	49	34	83	141	434	575
സ്ഥിരം തൊഴിൽ – സഹകരണമേഖല	3	0	3	2	2	4	5	2	7
താല്ക്കാലിക തൊഴിൽ – സർക്കാർ	103	114	217	26	39	65	129	153	282
താല്ക്കാലിക തൊഴിൽ–അർദ്ധ സർക്കാർ സ്ഥാപനത്തിൽ	32	15	47	10	4	14	42	19	61
താല്ക്കാലിക തൊഴിൽ – സ്വകാര്യസ്ഥാപനത്തിൽ	1046	1150	2196	603	396	999	1649	1546	3195
താല്ക്കാലിക തൊഴിൽ– സഹകരണമേഖല	4	0	4	0	0	0	4	0	4
സ്വയം തൊഴിൽ– മത്സ്യബന്ധനം	3	1	4	4	0	4	7	1	8
സ്വയം തൊഴിൽ– മത്സ്യവിപണനം	5	1	6	4	1	5	9	2	11
സ്വയം തൊഴിൽ– മൃഗപരിപാലനം	8	19	27	4	3	7	12	22	34
സ്വയം തൊഴിൽ– കാർഷികമേഖല	10	4	14	6	4	10	16	8	24
സ്വയം തൊഴിൽ– പരമ്പരാഗത മേഖല	164	222	386	64	52	116	228	274	502
മറ്റ് സ്വയം തൊഴിൽ	674	406	1080	375	175	550	1049	581	1630
കൂലിപ്പണി – കാർഷികേതര മേഖല	2688	947	3635	1142	522	1664	3830	1469	5299
കൂലിപ്പണി – കൃഷിയും അനുബന്ധരേഖകളും	28094	11715	39809	12487	4113	16600	40581	15828	56409
തൊഴിലാളി– മത്സ്യബന്ധനം	111	9	120	10	0	10	121	9	130
തൊഴിലാളി– മത്സ്യവിപണനം	16	5	21	7	3	10	23	8	31
തൊഴിലാളി– മൃഗപരിപാലനം	10	7	17	0	5	5	10	12	22
തൊഴിലാളി– പരമ്പരാഗത മേഖല	19	35	54	24	58	82	43	93	136
തൊഴിലാളി – കെട്ടിടനിർമ്മാണ മേഖല	4861	614	5475	1134	84	1218	5995	698	6693
ആകെ തൊഴിൽ ചെയ്യുന്നവർ	39174	16335	55509	16738	5929	22667	55912	22264	78176

(അവലംബം: പട്ടികജാതി വികസന വകുപ്പ് 2012)

തൊഴിൽ മേഖല

വ്യവസായിക യൂണിറ്റുകൾ

ജില്ലയിലെ വ്യവസായിക വകുപ്പിന് കീഴിലുള്ള തോന്നയ്ക്കൽ, വേളി, മൺവിള ഇൻഡസ്ട്രിയൽ എസ്റ്റേറ്റുകളിലെ 48 യൂണിറ്റുകൾ പട്ടികജാതി വിഭാഗത്തിൽപ്പെട്ടവരുടേതാണ്.

പട്ടിക: 4.4.2.15

ജില്ലയിലെ പട്ടികജാതിക്കാരുടെ വ്യവസായിക യൂണിറ്റുകൾ

സ്ഥലം	യൂണിറ്റുകൾ		
	വ്യക്തിഗതം	സംഘം	ആകെ
തോന്നയ്ക്കൽ	11	11	22
വേളി	13	..	13
മൺവിള	13	..	13
ആകെ	37	11	48

(അവലംബം. ജില്ലാ പട്ടികജാതി വികസന ഓഫീസ്)

വേളി, മൺവിള എന്നിവിടങ്ങളിലെ യൂണിറ്റുകൾ 900 സ്ക്വയർഫീറ്റ് വീതം വലിപ്പമുള്ളവയാണ്. സ്ക്വയർ ഫീറ്റിന് 50 പൈസ നിരക്കിൽ വാടക നൽകി വരുന്നു. തോന്നയ്ക്കലിലെ യൂണിറ്റുകൾ നിർമ്മിച്ചത് പട്ടികജാതി വികസന വകുപ്പിൽ നിന്നാണ്. പ്രവർത്തനത്തിന്റെ മേൽനോട്ടം വ്യവസായിക വകുപ്പിന്റെ നിയന്ത്രണത്തിലാണ്.

ജില്ലയിലെ പട്ടികജാതി സഹകരണ സംഘങ്ങൾ

1969 ലെ കേരള സഹകരണ നിയമം അദ്ധ്യായം മൂന്ന് വകുപ്പ് 16(2) ൽ പട്ടികജാതിയിലെ ആളുകളുടെ സാമ്പത്തിക ഉന്നമനത്തെ ലക്ഷ്യമാക്കി പ്രവർത്തിക്കുന്ന സഹകരണ സംഘങ്ങൾ രൂപീകരിച്ച് പ്രവർത്തിക്കുന്നതിനുള്ള വ്യവസ്ഥകൾ രേഖപ്പെടുത്തിയിട്ടുണ്ട്.

പട്ടിക: 4.4.2.16

ജില്ലയിലെ പട്ടികജാതി സഹകരണ സംഘങ്ങളും നിലവിലെ അവസ്ഥയും

സൊസൈറ്റിയുടെ തരം	സർക്കിളുകൾ				ആകെ	ഇവയിൽ		
	തിരുവനന്തപുരം	നെയ്യാറ്റിൻകര	നെടുമങ്ങാട്	ചിറയിൻകീഴ്		പ്രവർത്തിക്കുന്നവ	നിഷ്ക്രിയമായവ	നിർത്തലാക്കുന്നവ
ഷെഡ്യൂൾഡ് കോഓപ്പറേറ്റിവ് സൊസൈറ്റി	51	40	22	18	131	59	66	6

(അവലംബം: രജിസ്ട്രാർ ഓഫ് കോഒപ്പറേറ്റിവ് സൊസൈറ്റീസ്)

മുകളിൽ പറഞ്ഞ സഹകരണ സംഘങ്ങളിൽ ഭൂരിപക്ഷവും പ്രവർത്തനരഹിതമാണ്. പ്രവർത്തിക്കുന്നതിൽ തന്നെ വളളച്ചിറ സഹകരണം സംഘം ഒഴികെ ബാക്കിയെല്ലാം നഷ്ടത്തിലാണ് പ്രവർത്തിച്ചു വരുന്നത്.

വിദ്യാഭ്യാസം

വിദ്യാഭ്യാസത്തിലൂടെ മാത്രമേ ശാശ്വതമായ വികസനം സാധ്യമാകൂ എന്ന തിരിച്ചറിവും വിദ്യാഭ്യാസത്തിന്റെ പ്രാധാന്യവും മഹത്വവും പട്ടികജാതി വിഭാഗ ജനതയിൽ അരക്കിട്ടുറപ്പിക്കേണ്ടിയിരിക്കുന്നു. കൊഴിഞ്ഞു പോക്ക് ഇല്ലെങ്കിലും സ്കൂൾ വിദ്യാഭ്യാസ മേഖലയിൽ അടിസ്ഥാന വിജ്ഞാന നിലവാരം മെച്ചപ്പെട്ടതല്ലെന്ന അവസ്ഥ ഉണ്ട്. സെക്കൻഡറി തലത്തോട് കൂടി പഠനം അവസാനിപ്പിക്കുന്ന പ്രവണത ഇപ്പോഴും നിലനിൽക്കുന്നു. ഉന്നത വിദ്യാഭ്യാസം നൽകേണ്ടതിന്റെയും നേടേണ്ടതിന്റെയും പ്രാധാന്യം ഇനിയും പട്ടികജാതി വിഭാഗ ജനത ഉൾക്കൊള്ളേണ്ടിയിരിക്കുന്നു. ബിരുദ ബിരുദാനന്തര തലം വരെയെങ്കിലും പഠനം എത്തിക്കുന്നതിനും അതു വഴി ഉയർന്ന സാമൂഹിക കാഴ്ചപ്പാടും ജീവിത നിലവാരവും ആർജ്ജിക്കുന്നതിനും സാധിക്കുന്നതരത്തിൽ പ്രാഥമിക തലം മുതൽ തന്നെ വിദ്യാർത്ഥികളുടെയും രക്ഷിതാക്കളുടെയും ഇടയിൽ അവബോധം സൃഷ്ടിക്കാൻ കഴിയണം. കേരളത്തിന്റെ വിദ്യാഭ്യാസം വിജ്ഞാനതലസ്ഥാനം എന്ന നിലയിലേയക്ക് വികസിച്ചുകൊണ്ടിരിക്കുന്ന തിരുവനന്തപുരത്തിന്റെ ഭാവി സാധ്യതകളെ പൂർണ്ണമായും ഉപയോഗപ്പെടുത്താൻ കഴിയുന്ന തരത്തിൽ അടിത്തട്ട് വിഭാഗങ്ങളെ/പട്ടികജാതി വിഭാഗങ്ങളെ മാറ്റി തീർക്കുന്നതിനുള്ള പ്രയോഗിക വിദ്യാഭ്യാസ സമീപനം സ്വീകരിക്കേണ്ടതായിട്ടുണ്ട്. പട്ടികജാതിക്കാരുടെ വിവിധ വിദ്യാഭ്യാസ സ്ഥിതിവിവരങ്ങൾ ചുവടെ കൊടുക്കുന്നു.

സാക്ഷരത

പട്ടിക: 4.4.2.17

ജില്ലയിലെ പട്ടികജാതി സാക്ഷരത–സ്ത്രീ പുരുഷൻ

ഗ്രാമം/ നഗരം	സാക്ഷരർ			നിരക്ഷരർ		
	ആകെ	പുരുഷൻ	സ്ത്രീ	ആകെ	ആൺ	പെൺ
ആകെ	301,422	148,876	152,546	71,555	29,713	41,842
ഗ്രാമം	141,807	69,706	72,101	38,110	15,574	22,536
നഗരം	159,615	79,170	80,445	33,445	14,139	19,306

(അവലംബം: സെൻസസ് 2011)

സ്കൂൾ എൻറോൾമെന്റ്

പട്ടിക: 4.4.2.18

ജില്ലയിലെ പട്ടികജാതി വിദ്യാർത്ഥികളുടെ സ്കൂൾ എൻറോൾമെന്റ് (2015–16)

എല്ലാ സമുദായങ്ങളും			പട്ടികജാതി		
ആൺ കുട്ടികൾ	പെൺ കുട്ടികൾ	ആകെ	ആൺ കുട്ടികൾ	പെൺ കുട്ടികൾ	ആകെ
152850	151327	304177	23991	23806	47797

(അവലംബം: വിദ്യാഭ്യാസവകുപ്പ് 2015)

പട്ടികജാതി വിദ്യാർത്ഥികളുടെ സർക്കാർ–എയ്ഡഡ് ആർട്സ് ആന്റ് സയൻസ് എഞ്ചിനീയറിംഗ്, ടെക്നിക്കൽ കോഴ്സുകളുടെ എൻറോൾമെന്റ്

പട്ടിക: 4.4.2.19

ജില്ലയിലെ പട്ടികജാതി വിദ്യാർത്ഥികളുടെ സർക്കാർ–എയ്ഡഡ് ആർട്സ് ആന്റ് സയൻസ് കോളേജുകളിലെ എൻറോൾമെന്റ് (2015–16)

കോളേജിന്റെ പേര്	ആകെ			പട്ടികജാതി		
	ആൺ കുട്ടികൾ	പെൺ കുട്ടികൾ	ആകെ	ആൺ കുട്ടികൾ	പെൺ കുട്ടികൾ	ആകെ
ആർട്സ് കോളേജ്	232	411	643	42	50	92
വിമെൻസ് കോളേജ്	0	2481	2481	0	292	292
യൂണിവേഴ്സിറ്റി കോളേജ്	1334	1736	3070	209	262	471
ഗവ. കോളേജ് നെടുമങ്ങാട്	271	671	942	43	103	146
ഗവ. കോളേജ് കാര്യവട്ടം	257	356	613	56	43	99
സംസ്കൃത കോളേജ്	218	103	321	18	13	31
കെ.എൻ.എം കോളേജ്, കാഞ്ഞിരംകുളം	253	374	627	49	38	87
ഗവ. കോളേജ് ആറ്റിങ്ങൽ	137	455	592	31	71	102
എം.എം.എസ് കോളേജ്, മലയിൻകീഴ്	66	150	216	25	29	54
ഗവ. കോളേജ് നെയ്യാറ്റിൻകര	70	131	201	14	15	29
ആകെ		2838	6868	9706	916	1403

(അവലംബം: വിദ്യാഭ്യാസവകുപ്പ് 2015)

പട്ടിക: 4.4.2.20

ജില്ലയിൽ എഞ്ചിനീയറിംഗ്, ടെക്നിക്കൽ കോഴ്സുകൾക്കു പഠിക്കുന്ന പട്ടികജാതി കുട്ടികളുടെ എണ്ണം 2015 -16

പേര്	ആകെ	പട്ടികജാതി
എഞ്ചിനീയറിംഗ്കോളേജ്		
എഞ്ചിനീയറിംഗ്കോളേജ്, ബാർട്ടൺഹിൽ	359	20
എഞ്ചിനീയറിംഗ്കോളേജ്, മൺവിള	1134	57
പോളിടെക്നിക് കോളേജ്		
പോളിടെക്നിക്, വട്ടിയൂർക്കാവ്	585	0
വനിതാ പോളിടെക്നിക്, നെയ്യാറ്റിൻകര	680	14
പോളിടെക്നിക്, നെയ്യാറ്റിൻകര	751	53
പോളിടെക്നിക്, നെടുമങ്ങാട്	494	33
പോളിടെക്നിക്, ആറ്റിങ്ങൽ	535	66
ടെക്നിക്കൽ ഹൈസ്കൂൾ		
ടെക്നിക്കൽ ഹൈസ്കൂൾ,നെടുമങ്ങാട്	103	9
ടെക്നിക്കൽ ഹൈസ്കൂൾ, നെയ്യാറ്റിൻകര	119	7
ടെക്നിക്കൽ ഹൈസ്കൂൾ, ശ്രീകാര്യം	93	24
ആകെ	4853	283

(അവലംബം: സാങ്കേതികവിദ്യാഭ്യാസവകുപ്പ് 2015)

അംഗനവാടികൾ

ജില്ലയിലെ പട്ടികജാതി അംഗനവാടികളുടെ പട്ടികയും അവയുടെ അടിസ്ഥാന സൗകര്യ വിശദാംശങ്ങളും ചുവടെ ചേർക്കുന്നു.

പട്ടിക: 4.4.2.21

ജില്ലയിലെ പട്ടികജാതി അംഗനവാടികൾ

പേര്	പട്ടികജാതി സങ്കേതങ്ങളിലെ അംഗനവാടികളുടെ എണ്ണം	പട്ടികജാതി പ്രീ സ്കൂൾ കുട്ടികളുടെ എണ്ണം	പട്ടികജാതി പ്രീ സ്കൂൾ കുട്ടികളുടെ ശതമാനം
അതിയന്നൂർ	12	266	15
അതിയന്നൂർ അഡീഷണൽ	11	214	15
ചിറയിൻകീഴ്	10	279	21
ചിറയിൻകീഴ് അഡീഷണൽ	21	344	28
കിളിമാനൂർ	18	315	28
കിളിമാനൂർ അഡീഷണൽ	23	293	26
നെടുമങ്ങാട്	11	195	21
നെടുമങ്ങാട് അഡീഷണൽ	18	169	14
നേമം	17	228	18
നേമം അഡീഷണൽ	22	219	14
പാറശ്ശാല	17	246	9
പെരുങ്കടവിള	18	251	17
പെരുങ്കടവിള അഡീഷണൽ	13	165	16
പോത്തൻകോട്	31	428	21
തിരുവനന്തപുരം അർബൻ 1	3	323	12
തിരുവനന്തപുരം അർബൻ 2	8	300	16
തിരുവനന്തപുരം അർബൻ 3	13	313	21
തിരുവനന്തപുരം അർബൻ 4	11	310	18
വാമനപുരം	15	173	14
വാമനപുരം അഡീഷണൽ	17	277	25
വർക്കല	38	498	35
വർക്കല അഡീഷണൽ	17	265	23
വെള്ളനാട്	10	198	13
വെള്ളനാട് അഡീഷണൽ	24	223	18
ആകെ	398	6492	19

(അവലംബം: ഐ.സി.ഡി.എസ് 2015)

പട്ടിക: 4.4.2.22

ജില്ലയിലെ പട്ടികജാതി അംഗനവാടിയിലെ സൗകര്യങ്ങൾ

പേര്	സ്വന്തമായി കെട്ടിട മുള്ളവ	പ്രാഥമി കാവശ്യങ്ങൾ നിറവേറ്റാൻ സൗകര്യ മുള്ളവ	കുടി വെള്ള – സൗകര്യ മുള്ളവ	വൈദ്യു തി ഉള്ളവ	പാചകവാ തകം ഉള്ളവ
അതിയന്നൂർ	3	3	3	3	3
അതിയന്നൂർ അഡീഷണൽ	0	0	0	0	0
ചിറയിൻകീഴ്	13	12	13	13	13
ചിറയിൻകീഴ് അഡീഷണൽ	15	20	17	5	7
കിളിമാനൂർ	14	14	10	12	11
കിളിമാനൂർ അഡീഷണൽ	5	12	12	5	5
നെടുമങ്ങാട്	8	8	8	4	10
നെടുമങ്ങാട് അഡീഷണൽ	11	11	11	8	8
നേമം	0	2	2	0	3
നേമം അഡീഷണൽ	17	17	10	10	16
പാറശ്ശാല	8	8	8	3	16
പെരുങ്കടവിള	5	5	5	3	2
പെരുങ്കടവിള അഡീഷണൽ	6	3	3	1	1

പോത്തൻകോട്	26	26	23	24	32
തിരുവനന്തപുരം അർബൻ 1	7	9	15	11	18
തിരുവനന്തപുരം അർബൻ 2	0	0	0	0	0
തിരുവനന്തപുരം അർബൻ 3	3	2	2	2	3
തിരുവനന്തപുരം അർബൻ 4	20	31	31	31	31
വാമനപുരം	5	4	4	3	7
വാമനപുരം അഡീഷണൽ	19	19	19	19	19
വർക്കല	0	0	0	0	0
വർക്കല അഡീഷണൽ	10	9	4	7	8
വെള്ളനാട്	6	6	1	1	2
വെള്ളനാട് അഡീഷണൽ	13	11	6	0	3
ആകെ	214	232	207	165	218

(അവലംബം: ഐ.സി.ഡി.എസ് 2015)

ആരോഗ്യം

മിക്ക ഭവനങ്ങളിലും അവഗണിക്കാനാവാത്ത രീതിയിലുള്ള ആരോഗ്യ പ്രശ്നങ്ങൾ വികസനത്തിന് വെല്ലുവിളിയായി നിൽക്കുന്നുണ്ട്. പോഷകാഹാരക്കുറവ്, ചിട്ടയോടെ അല്ലാതെയുള്ള ജീവിതശൈലി, മദ്യം മുതലായ ലഹരി വസ്തുക്കളുടെ അനിയന്ത്രിതമായ ഉപയോഗം, രോഗ പ്രതിരോധം സംബന്ധിച്ച ധാരണയില്ലായ്മ, ശുചിത്വ സംബന്ധമായ പ്രശ്നങ്ങൾ, ശുദ്ധജല ദൗർല്ലഭ്യം, തൊഴിൽജന്യരോഗങ്ങൾ എന്നിങ്ങനെ രോഗാതുരതക്ക് കാരണങ്ങൾ ഒട്ടനവധിയുണ്ട്. വിവിധ പ്രശ്നങ്ങൾ നേരിടുന്നതിനുള്ള എളുപ്പവഴിയായും ശീലത്തിന്റെ ഭാഗമായും ലഹരിക്ക് അടിമപ്പെടുന്നതിലൂടെ വർദ്ധിച്ച പ്രശ്നങ്ങളുടെ ഊരാക്കുടുക്കിലേയ്ക്ക് അകപ്പെട്ട് പോകുന്ന പ്രവണത മിക്ക സങ്കേതങ്ങളിലും പ്രകടമാണ്. മാരകരോഗങ്ങളുടെ നൈരന്തര്യത്തിലേക്കും അനന്തമായ ചെലവുകളിലേയ്ക്കും കുടുംബബന്ധങ്ങളുടെ തകർച്ചയിലേക്കും പതിക്കുന്നതിലൂടെ വികസനത്തിന്റെ പാതയിൽ നിന്നും അകന്നുപോകുന്നതിന് ഇടവരുന്നു. മാരകമായ രോഗബാധയുള്ളവർക്ക് പട്ടികജാതി വികസനവകുപ്പ് മന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും ധനസഹായം അനുവദിച്ച് വരുന്നുണ്ട്. ത്രിതലപഞ്ചായത്ത് സംവിധാനവും വിവിധ സർക്കാർ വകുപ്പുകളും ഏകോപിപ്പിച്ച് നൂതനമായ പദ്ധതികളിലൂടെ സങ്കേതങ്ങളിലേയ്ക്ക് പ്രവർത്തനങ്ങൾ വ്യാപിപ്പിക്കേണ്ടതുണ്ട്. ആരോഗ്യവകുപ്പിന്റെ കൂടുതൽ പ്രവർത്തനങ്ങളും സങ്കേതങ്ങളിലേയ്ക്ക് എത്തിച്ചേരേണ്ടതുണ്ട്. ബോധവത്ക്കരണ പരിപാടികൾ, മെഡിക്കൽ ക്യാമ്പുകൾ, രോഗപ്രതിരോധ പ്രവർത്തനങ്ങൾ, ശുചീകരണപ്രവർത്തനങ്ങൾ എന്നിവ പ്രതിമാസ അടിസ്ഥാനത്തിൽ സങ്കേതങ്ങൾ കേന്ദ്രീകരിച്ച് നടപ്പിലാക്കുന്നത് വഴി മെച്ചപ്പെട്ട ആരോഗ്യ സാഹചര്യം സൃഷ്ടിക്കാൻ സാധിക്കും. ജില്ലയിൽ 10318 ഭിന്നശേഷിക്കാരായ പട്ടികജാതിക്കാർ ഉണ്ട്. ഇതിൽ 5223 പുരുഷൻമാരും 5095 സ്ത്രീകളും ഉണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

പട്ടിക: 4.4.2.23

ജില്ലയിലെ ഭിന്നശേഷിക്കാരായ പട്ടികജാതിക്കാരുടെ എണ്ണം

പ്രായം	ഭിന്നശേഷിക്കാരുടെ ആകെ എണ്ണം			കാഴ്ചശക്തിയിൽ			കേൾവിശക്തിയിൽ			സംസാരശേഷിയിൽ		
	ആകെ	പുരുഷൻ	സ്ത്രീ	ആകെ	പുരുഷൻ	സ്ത്രീ	ആകെ	പുരുഷൻ	സ്ത്രീ	ആകെ	പുരുഷൻ	സ്ത്രീ
ആകെ	10318	5223	5095	1534	695	839	1464	643	821	738	408	330
0–4	229	125	104	26	15	11	55	28	27	13	8	5
5–9	365	194	171	41	21	20	64	34	30	45	27	18
10–19	1009	564	445	117	65	52	158	81	77	108	65	43
20–29	1422	773	649	105	51	54	199	91	108	136	81	55
30–39	1566	813	753	147	70	77	215	94	121	115	61	54
40–49	1622	868	754	201	98	103	207	89	118	122	55	67
50–59	1522	787	735	262	125	137	185	72	113	106	63	43
60–69	1329	613	716	312	125	187	174	78	96	52	26	26
70–79	780	20	460	215	85	130	113	43	70	32	17	15
80–89	363	40	223	82	34	48	77	26	51	7	5	2
90+	99	1	78	23	6	17	17	7	10	1	0	1
*	12	5	7	3	0	3	0	0	0	1	0	1

*വെളിപ്പെടുത്തിയില്ല

(അവലംബം:സെൻസസ് 2011)

കല, സാസ്കാരികം, മറ്റുള്ളവ

കൗമാരക്കാരുടെയും അമ്മമാരുടെയും വിവിധ ആവശ്യങ്ങൾ നിറവേറ്റി നൽകുന്നതിലേക്കായും ശിശുക്കളുടെ പരിപാലനത്തിനുമായി അംഗൻ വാടികൾ ഇല്ലാത്ത പട്ടികജാതി സങ്കേതങ്ങൾക്കുള്ളിൽ അംഗൻവാടികളും വയോജനങ്ങൾക്കായുള്ള കേന്ദ്രങ്ങളും സ്ഥാപിക്കേണ്ടതുണ്ട്. പട്ടികജാതി മേഖലയിലെ കലാ സാസ്കാരിക പ്രവർത്തനങ്ങൾ പരിപോഷിപ്പിക്കുന്നതിന്റെ ഭാഗമായും സംഘടിപ്പിക്കുന്നതിലേക്കായും മാതൃകാ കമ്മ്യൂണിറ്റി ഹാളുകൾ സങ്കേതങ്ങളിൽ സ്ഥാപിക്കേണ്ടതാണ്. ചില സങ്കേതങ്ങളിൽ പദ്ധതി തുക ചെലവഴിച്ച് കമ്മ്യൂണിറ്റി ഹാളുകൾ നിർമ്മിച്ചിട്ടുണ്ടെങ്കിലും അവയുടെ നടത്തിപ്പിലും മറ്റും കാര്യക്ഷമവും ഗുണപരവുമായ തുടർ പ്രവർത്തനങ്ങൾ നടന്നിട്ടുള്ളതായി കരുതുവാൻ സാധിക്കുകയില്ല.

പട്ടികജാതി വിഭാഗ ജനതയുടെ അന്യം നിന്ന് പോകുന്ന തനത് കലാരൂപങ്ങളെയും അനുഷ്ഠാന കലകളെയും പരിപോഷിപ്പിക്കുന്നതിനും പുനരുജ്ജീവിപ്പിക്കുന്നതിനും ആവശ്യമായ പദ്ധതികൾ രൂപീകരിക്കേണ്ടതുണ്ട്. പട്ടികജാതി വിഭാഗ ജനതയുടെ കൈവശഭൂമി തുലോം കുറവാണെന്ന സാഹചര്യത്തിൽ പല കുടുംബങ്ങൾക്കും ശവസംസ്കാരത്തിനായി തങ്ങളുടെ ഭവനത്തിന്റെ ഒരു ഭാഗം പൊളിച്ച് മാറ്റേണ്ടി വന്നിട്ടുള്ള വളരെ ദുഖകരമായ അവസ്ഥ ഉണ്ടായിട്ടുണ്ട്. ഇത്തരം ഒരു സാഹചര്യം ഒഴിവാക്കുന്നതിലേക്കായി എല്ലാ പഞ്ചായത്തുകളിലും ശ്മശാന നിർമ്മാണം അടിയന്തിര പ്രാധാന്യത്തോടെ പരിഗണിക്കേണ്ടതാണ്.

വിജ്ഞാൻവാടികൾ

പട്ടികജാതി യുവജനങ്ങൾക്ക് ഇന്റർനെറ്റ് സൗകര്യവും ലൈബ്രറിയും സങ്കേതങ്ങൾക്കുള്ളിൽത്തന്നെ ലഭ്യമാക്കുക എന്ന ഉദ്ദേശ്യത്തോടെ വിജ്ഞാൻവാടികൾ സ്ഥാപിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്തിൽ നിന്നും ലഭ്യമായ സ്ഥലത്ത് പട്ടികജാതി വികസന വകുപ്പ് പണികഴിപ്പിച്ച കെട്ടിടത്തിൽ 25000 രൂപയോളം വില വരുന്ന പുസ്തകങ്ങളുടെ ശേഖരം, ബ്രോഡ് ബാൻഡ് ഇന്റർനെറ്റ് കണക്ഷനോട് കൂടിയ കംപ്യൂട്ടർ, പ്രിന്റർ, സ്കാനർ, ഇംഗ്ലീഷ് മലയാളം ദിനപത്രങ്ങൾ എന്നിവ സങ്കേത നിവാസികൾക്കായി ക്രമീകരിച്ചിരിക്കുന്നു.

പട്ടിക: 4.4.2.24

വിജ്ഞാൻവാടി കെട്ടിടങ്ങൾ

പാറശ്ശാല ബ്ളോക്ക്	ചെറുക്കുഴിക്കര കോളനി
	അറുമാനൂർ ലക്ഷം വീട് കോളനി
നേമം ബ്ളോക്ക്	ചെമ്പരി എസ് സി കോളനി
	കാവിൻപുറം പട്ടികജാതി കോളനി
	നിലമേൽ കോളനി വിളപ്പിൽൽശാല
വെള്ളനാട് ബ്ളോക്ക്	കരിക്കുറ്റി കോളനി
	മുമ്പാല കിഴക്കുംപുറം കോളനി
	കോട്ടയംകോളനി
	കള്ളിയൽ കോളനി കുറ്റിച്ചൽ
പോത്തൻകോട് ബ്ളോക്ക്	കോളിച്ചിറ പട്ടികജാതി കോളനി
നെടുമങ്ങാട് ബ്ളോക്ക്	അരുവിക്കര ബ്ലോക്ക് കോളനി
വാമനപുരം ബ്ളോക്ക്	മുളംകുത്തി കോളനി
	പറങ്കിമാംവിള കോളനി
തിരുവനന്തപുരം കോർപ്പറേഷൻ	എം.എസ് കെ നഗർ, ശിങ്കരത്തോപ്പ്
	രാജീവ് ഗാന്ധി മെമ്മോറിയൽ കമ്മ്യൂണിറ്റി ഹാൾ രാജാജി നഗർ
	അയ്യൻകാളി നഗർ കോളനി സാംസ്കാരിക നിലയം
	ഇളയംപള്ളിക്കോണം കോളനി, കുടപ്പനക്കുന്ന്
പെരുങ്കടവിളബ്ളോക്ക്	ചുള്ളിയൂർപട്ടികജാതി കോളനി, മാരായമുട്ടം
നെയ്യാറ്റിൻകര മുനിസിപ്പാലിറ്റി	പവിത്രാനന്ദപുരം കമ്മ്യൂണിറ്റി ഹാൾ
നെടുമങ്ങാട് മുനിസിപ്പാലിറ്റി	കരിങ്ങയിൽകോളനി വലിയമല

ജില്ലയിലെ പട്ടികജാതിക്കാരുടെ സാമൂഹിക സാമ്പത്തിക സ്ഥിതി വിവരക്കണക്കുകളുടെ സംഗ്രഹം.

ആകെ പട്ടികജാതി ജനസംഖ്യ	3,72,977
പട്ടികജാതി പുരുഷന്മാർ	1,78,589
പട്ടികജാതി സ്ത്രീകൾ	1,94,388
പട്ടികജാതി കുഞ്ഞുങ്ങളുടെ എണ്ണം (1–6 വയസ്സ്)	29811
ഗ്രാമ പ്രദേശത്ത് അധിവസിക്കുന്നവർ	1,79,917
നഗര പ്രദേശത്ത് അധിവസിക്കുന്നവർ	1,93,060
പട്ടികജാതി കുടുംബങ്ങൾ	92476
ക്ളേശ ഘടകങ്ങളുള്ള പട്ടികജാതി കുടുംബങ്ങളുടെ എണ്ണം	2725
പട്ടികജാതി കോളനികളുടെ എണ്ണം	2978
40 കൂടുതൽ കുടുംബങ്ങൾ ഉള്ള പട്ടികജാതി കോളനികൾ	101
കുടിവെള്ളം യഥേഷ്ടം ലഭ്യമല്ലാത്ത കുടുംബങ്ങൾ	29046
ഭൂരഹിതരും ഭവനരഹിതരുവുമായ കുടുംബങ്ങൾ	9950
ഭൂമിയുണ്ടെങ്കിലും ഭവനരഹിതരായകുടുംബങ്ങൾ	3371
പൂർത്തീകരിക്കാത്തതോ പൂർത്തീകരിച്ചെങ്കിലും ഗുണനിലവാരം ഇല്ലാത്തതോ ആയ സ്വന്തം വീടുകൾ ഉള്ള കുടുംബങ്ങൾ	19906
ആകെ കൈവശഭൂമി (സെന്റിൽ)	392626
ആകെ തൊഴിലെടുക്കുന്നവർ	163179
തൊഴിലെടുക്കുന്നവർ–പുരുഷൻ	10529
തൊഴിലെടുക്കുന്നവർ–സ്ത്രീ	57250
മെയിൻ വർക്കേഴ്സ്	114062
മാർജിനൽ വർക്കേഴ്സ്	49117
കൃഷിക്കാർ	1575
കർഷകത്തൊഴിലാളികൾ	13620
ഹൗസ്ഹോൾഡ് ഇൻഡസ്ട്രി വർക്കേഴ്സ്	1918
സ്ഥിരം തൊഴിൽ – സർക്കാർ	3009
താല്ക്കാലിക തൊഴിൽ – സർക്കാർ	282
സ്ഥിരം തൊഴിൽ – സ്വകാര്യസ്ഥാപനത്തിൽ	575
താല്ക്കാലിക തൊഴിൽ – സ്വകാര്യസ്ഥാപനത്തിൽ	3195
സ്വയം തൊഴിൽ– പരമ്പരാഗത മേഖല	502
മറ്റ് സ്വയം തൊഴിൽ	1630
കൂലിപ്പണി – കാർഷികേതര മേഖല	5299
കൂലിപ്പണി – കൃഷിയും അനുബന്ധരേഖകളും	56409
തൊഴിലാളി – കെട്ടിടനിർമ്മാണ മേഖല	6693
സൂക്ഷ്മ ചെറുകിട ഇടത്തരം സംരഭങ്ങൾ	500
വ്യവസായിക യൂണിറ്റുകൾ	48
ആകെ പട്ടികജാതി സഹകരണ സംഘങ്ങൾ	131
പ്രവർത്തിക്കുന്ന പട്ടികജാതി സഹകരണ സംഘങ്ങൾ	59
ആകെ സാക്ഷരർ	301422
സാക്ഷരർ–പുരുഷൻ	148876
സാക്ഷരർ– സ്ത്രീകൾ	152546
സ്കൂൾ എൻറോൾമെന്റ് (2015–16)	47797
സർക്കാർ–എയ്ഡഡ് ആർട്സ് ആന്റ് സയൻസ് കോളേജുകളിലെ എൻറോൾമെന്റ്(2015–16)	1403
എഞ്ചിനീയറിംഗ്, ടെക്നിക്കൽ കോഴ്സുകൾക്കു പഠിക്കുന്ന പട്ടിക ജാതി കുട്ടികളുടെ എണ്ണം (2015–16)	283
അംഗനവാടികൾ	398
പട്ടികജാതി പ്രീ സ്കൂൾ കുട്ടികളുടെ എണ്ണം	6492
സ്വന്തമായി കെട്ടിടമുള്ള അംഗൻവാടികൾ	214
ഭിന്നശേഷിക്കാരായ പട്ടികജാതിക്കാരുടെ എണ്ണം	10318
വിജ്ഞാൻവാടികൾ	20

(അവലംബം: സെൻസസ് 2011, പട്ടികജാതിവികസന വകുപ്പ്, ഐ.സി.ഡി.എസ്, സാങ്കേതിക വിദ്യാഭ്യാസ വകുപ്പ്, വിദ്യാഭ്യാസ വകുപ്പ്, രജിസ്ട്രാർ ഓഫ് കോഒപ്പറേറ്റിവ് സൊസൈറ്റീസ്, ലൈഫ് വെബ്സൈറ്റ്, പഞ്ചായത്ത്തല വിവരങ്ങൾ, എക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ് വകുപ്പ് എന്നിവരുടെ വിവിധ റിപ്പോർട്ടുകൾ)

വികസന വിടവുകൾ

ജില്ലയിലെ പട്ടികജാതിക്കാരുടെ ജനസംഖ്യ, ഭൂമി, പാർപ്പിടം, വിദ്യാഭ്യാസം, തൊഴിൽ, ആരോഗ്യം, സങ്കേതങ്ങളുടെ സ്ഥിതി, കുടിവെള്ളം, വൈദ്യുതി, ഗതാഗത സൗകര്യം തുടങ്ങിയ മേഖലകളിലെ സ്ഥിതിവിവരക്കണക്കുകൾ പരിശോധിച്ചതിൽ കണ്ടെത്തിയ പ്രധാന വികസന വിടവുകൾ ചുവടെ കൊടുക്കുന്നു.

- **പരിമിതമായ കൈവശഭൂമി**

2011 ലെ സെൻസസ് പ്രകാരം തിരുവനന്തപുരം ജില്ലയിൽ ആകെ 92,476 പട്ടികജാതി കുടുംബങ്ങളുണ്ട് (ഗ്രാമം 44,942, നഗരം 47,534). അവരുടെ ആകെ കൈവശഭൂമി 392626 സെന്റാണ്. അതായത് ഓരോ കുടുംബത്തിന്റേയും ശരാശരി കൈവശ ഭൂമി 4.24 സെന്റാണ്. കൈവശഭൂമിയുടെ അപര്യാപ്തത കാരണം കൃഷി, മൃഗസംരക്ഷണം, ക്ഷീരവികസനം, മൽസ്യവികസനം, വ്യവസായം തുടങ്ങിയ വകുപ്പുകൾക്ക് പട്ടികജാതിക്കാർക്കനുകൂലമായ വികസനപദ്ധതികൾ നടപ്പിലാക്കാൻ കഴിയാതെ പോകുന്ന സാഹചര്യം നിലനിൽക്കുകയാണ്. 2011 ലെ സെൻസസ് പ്രകാരം പട്ടികജാതിക്കാരിലെ കൃഷിക്കാരുടെ എണ്ണം 1575 (0.42%) മാത്രമാണെന്നത് ഈ വസ്തുതയെ ബലപ്പെടുത്തുന്നു.

- **വ്യവസായ സംരംഭങ്ങളുടേയും സൂക്ഷ്മ-ഇടത്തരം സംരംഭങ്ങളുടേയും കുറവ്**

ഈ ജില്ലയിലെ പട്ടികജാതിക്കാരിൽ തൊഴിലെടുക്കുന്നവരുടെ ആകെ എണ്ണം 163179 ആണ്. അതിൽത്തന്നെ 146066 പേരും (89.51%) മാർജിനൽ തൊഴിലാളികളോ (49117) മറ്റു തൊഴിലാളികളോ (96949) ആണ്. 37 വ്യക്തിഗത വ്യവസായ സംരംഭങ്ങൾക്കും 11 കൂട്ടായ സംരംഭങ്ങൾക്കുമടക്കം 48 വ്യവാസായ യൂണിറ്റുകളാണ് ജില്ലയിൽ പട്ടികജാതിക്കാർക്കായി ആകെ ഇതുവരെ അനുവദിച്ചിട്ടുള്ളത്. ഈ യൂണിറ്റുകളിൽ പലതും നല്ലനിലയിൽ പ്രവർത്തിക്കുന്നതുമില്ല. സൂക്ഷ്മ-ചെറുകിട സംരംഭങ്ങൾക്കായി 500 പേർ രജിസ്റ്റർ ചെയ്തിട്ടുണ്ടെങ്കിലും പകുതിയോളം യൂണിറ്റുകളും ഇപ്പോൾ പ്രവർത്തിക്കുന്നില്ല. പട്ടികജാതി സഹകരണസംഘങ്ങൾ 131 എണ്ണമുണ്ടെങ്കിലും 59 എണ്ണം മാത്രമേ പ്രവർത്തിക്കുന്നുള്ളൂ. തൊഴിൽമേഖലയിൽ യന്ത്രവൽക്കരണം വിപുലമായി വരുന്നതിനാൽ കായികാധ്വാനശേഷി മാത്രം കൈമുതലായി വച്ചുകൊണ്ടോ സർക്കാർ മേഖലയിലെ തൊഴിൽസാധ്യതയെ മാത്രം മുന്നിൽ കണ്ടുകൊണ്ടോ പട്ടികജാതിക്കാർക്ക് ജീവിതനിലവാരം ഉയർത്താൻ കഴിയാത്ത സാഹചര്യത്തിൽ വിജയകരമായ വ്യവസായ സംരംഭങ്ങളുടേയും സൂക്ഷ്മ-ഇടത്തരം സംരംഭങ്ങളുടേയും കുറവ് ഒരു വികസന വിടവായി നിലനിൽക്കുന്നു.

- **നൈപുണ്യവികസനം കൈവരിച്ചവരുടെ കുറവ്**

തലസ്ഥാന നഗരിയായ തിരുവനന്തപുരം ജില്ലയിൽ വിഴിഞ്ഞം തുറമുഖം,ടെക്നോസിറ്റി, ലൈഫ്സയൻസ് പാർക്ക് തുടങ്ങി നിരവധി വൻകിട പദ്ധതികൾ നടപ്പിലാക്കുന്നുണ്ടെങ്കിലും അതിനാവശ്യമായ പ്രത്യേക വൈദഗ്ദ്ധ്യം പട്ടികജാതിക്കാർക്ക് കുറവായതിനാൽ പുതിയ മേഖലകൾ ഉപയോഗിക്കാൻ കഴിയുന്നില്ല. സാങ്കേതിക വിദ്യാഭ്യാസ വകുപ്പിന്റെ 2015 ലെ കണക്കു പ്രകാരം ജില്ലയിൽ നിന്നും വിവിധ എഞ്ചിനീയറിംഗ് കോളേജുകൾ, പോളിടെക്നിക് കോളേജുകൾ, ടെക്നിക്കൽ ഹൈസ്ക്കൂളുകൾ എന്നിവയിൽ സാങ്കേതിക വിദ്യാഭ്യാസം നേടുന്ന പട്ടികജാതി വിദ്യാർത്ഥികളുടെ എണ്ണം 283 ആണ്. പട്ടികജാതി വികസനവകുപ്പിന്റെ 9 ഇൻഡസ്ട്രിയൽ ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ടുകൾ ജില്ലയിലുണ്ട്. പ്ലംബർ, സർവ്വേയർ, കാർപെന്റർ, ഇലക്ട്രീഷ്യൻ, ഇലക്ട്രോണിക്സ്, മെക്കാനിക്ക്, പെയിന്റർ, മോട്ടോർ മെക്കാനിക്ക് എന്നിങ്ങനെ 7 ട്രേഡുകളിലൂടെ 250 കുട്ടികളാണ് പ്രതിവർഷം തൊഴിൽ-സാങ്കേതിക പരിശീലനം നേടുന്നത്. ജില്ലയിൽ നടപ്പാക്കിക്കൊണ്ടിരിക്കുന്നതും മെട്രോറെയിൽ പോലെ വിഭാവനം ചെയ്യുന്നതുമായ വൻകിട വികസനമേഖലകളിലേയ്ക്ക് പ്രവേശിക്കുവാൻ ഇപ്പോൾ ലഭിക്കുന്ന സാങ്കേതിക വിദ്യാഭ്യാസം കൊണ്ട് മാത്രം മതിയാകുകയില്ല. പട്ടികജാതിക്കാരിലെ യുവതീയുവാക്കൾക്ക് ആധുനിക തൊഴിൽ മേഖലകളിലേയ്ക്ക് പരിഗണിക്കപ്പെടുവാൻ തക്കവിധം നൈപുണ്യവും സാങ്കേതികയോഗ്യതയുമുള്ള യുവതീ യുവാക്കൾ ജില്ലയിലെ പട്ടികജാതിക്കാർക്കിടയിൽ കുറവായിരിക്കുന്നത് ഒരു വികസന വിടവായി നിലനിൽക്കുന്നു.

- **പട്ടികജാതി സങ്കേതങ്ങളിലെ അടിസ്ഥാന സൗകര്യങ്ങളിലെ പരിമിതി**

ജില്ലയിൽ 2978 പട്ടികജാതി സങ്കേതങ്ങളുണ്ട്. അവയിൽ നാൽപ്പതിലധികം പട്ടികജാതി കുടുംബങ്ങൾ അധിവസിക്കുന്ന 101 സങ്കേതങ്ങളുമുണ്ട്. 51% സങ്കേതങ്ങളും യഥേഷ്ടം കുടിവെള്ളം ലഭിക്കുന്ന സ്ഥിതിയിലല്ല. ജില്ലയിൽ ഭൂരഹിതരും ഭവനരഹിതരുമായ

9950 കുടുംബങ്ങളും ഭൂമിയുണ്ടെങ്കിലും ഭവനരഹിതരായ 3371 കുടുംബങ്ങളും നിലവിലുണ്ട്. കോളനികൾക്കുള്ളിലെ ഗതാഗത സൗകര്യം ഇനിയും മെച്ചപ്പെടേണ്ടതുണ്ട്. 35% വീടുകളും പൂർത്തീകരിക്കാത്തതോ പൂർത്തീകരിച്ചെങ്കിലും ഗുണനിലവാരമില്ലാത്തതോ ആണ്. മെച്ചപ്പെട്ട അടിസ്ഥാനസൗകര്യങ്ങളുടെ അഭാവത്താൽ ജില്ലയിലെ പൊതുവികസന മണ്ഡലത്തിൽ പട്ടികജാതി സങ്കേതങ്ങൾ അവികസിതപ്രദേശങ്ങളായി നിലകൊള്ളുന്നത് ഒരു വികസന വിടവാണ്.

- **ഉന്നതവിദ്യാഭ്യാസമേഖലയിലെത്തുന്നവരുടെ കുറവ്**

വിദ്യാഭ്യാസ വകുപ്പിന്റെ കണക്കുപ്രകാരം 2015-16 കാലയളവിൽ 47797 പട്ടികജാതി വിദ്യാർത്ഥികൾ സ്കൂളിൽ എൻറോൾ ചെയ്തിട്ടുണ്ട്. ഇതേ കാലയളവിൽ സർക്കാർ-എയ്ഡഡ് ആർട്സ് ആന്റ് സയൻസ് കോളേജുകളിലെ വിദ്യാർത്ഥികളുടെ എണ്ണം 1403 ആണ്. മറ്റ് ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ സ്ഥിതിവിവരക്കണക്കുകൾ കണക്കിലെടുത്താലും ഉന്നത വിദ്യാഭ്യാസ മേഖലയിൽ എത്തുന്ന പട്ടികജാതി വിദ്യാർത്ഥികളുടെ എണ്ണം അവരുടെ സ്കൂൾ എൻറോൾമെന്റിന് ആനുപാതികമായി വരുന്നില്ല. ഇത് ഒരു വികസനവിടവായി നിലനിൽക്കുന്നു.

പരിഹാര നിർദ്ദേശങ്ങൾ

നിലവിലെ കേന്ദ്ര-സംസ്ഥാന പദ്ധതികൾക്ക് പരിഹരിക്കാൻ കഴിയാത്തതും വിവിധ വകുപ്പുകളുടെ സംയോജിത പദ്ധതിയിലൂടെ മാത്രം പരിഹരിക്കാൻ കഴിയുന്നതുമായ വികസന വിടവുകൾ പട്ടികജാതി വികസനമേഖലയിൽ നിലനിൽക്കുന്നുണ്ടെന്ന് ഭാഗം ഒന്നിലെ അവസ്ഥാവിശകലനത്തിന്റെ അടിസ്ഥാനത്തിൽ കണ്ടെത്തിട്ടുണ്ട്. ആ സൂചിപ്പിച്ച വികസന വിടവുകൾ പരിഹരിക്കുന്നതിനായുള്ള സംയോജിത-സംയുക്ത പ്രോജക്റ്റ് നിർദ്ദേശങ്ങൾ ചുവടെ ചേർക്കുന്നു.

നിർദ്ദേശം 1.പ്രത്യേക സാമ്പത്തിക വികസന മേഖലകൾ (വികസന വിടവ് 1 ന്റെ പരിഹാരമായി)

പട്ടികജാതിക്കാരുടെ കൈവശഭൂമി പരിമിതമായതിനാൽ കൃഷി, മൃഗസംരക്ഷണം, ക്ഷീരവികസനം, മൽസ്യവികസനം, വ്യവസായം തുടങ്ങിയ മേഖലകളിലെ സ്കീമുകൾ പ്രയോജനപ്പെടണമെങ്കിലും ആ മേഖലകളിൽ തൊഴിൽ സാധ്യത വികസിക്കണമെങ്കിലും ഓരോ മേഖലയ്ക്കും പ്രത്യേക സാമ്പത്തിക വികസന സോണുകൾ സൃഷ്ടിക്കേണ്ടത് അനിവാര്യമാണ്. അത്തരത്തിൽ പ്രത്യേക വികസന സോണുകൾ സ്ഥാപിക്കാൻ കഴിയുന്ന പ്രദേശങ്ങളും സംയോജിച്ച് പ്രവർത്തിക്കുവാൻ കഴിയുന്ന വകുപ്പുകളും ചുവടെ കൊടുക്കുന്നു.

പ്രത്യേക വികസന മേഖലകൾ	സംയോജിത പ്രോജക്റ്റിൽ പങ്കാളിയാകേണ്ട തദ്ദേശഭരണ സ്ഥാപനങ്ങൾ	സംയോജിത പ്രോജക്റ്റിൽ പങ്കാളിയാകേണ്ട മറ്റ് വകുപ്പുകൾ /ഏജൻസികൾ
പ്രത്യേക കൃഷി വികസന മേഖല	തിരുവനന്തപുരം ജില്ലാ പഞ്ചായത്ത് കിളിമാനൂർ, നേമം, അതിയന്നൂർ, വെള്ളനാട് ബ്ലോക്ക് പഞ്ചായത്തുകൾ	പട്ടികജാതി വികസന വകുപ്പ് കൃഷി വകുപ്പ് ജലസേചന വകുപ്പ് മണ്ണ്-ജലസംരക്ഷണം ആയുർവേദ വകുപ്പ് സ്റ്റേറ്റ് മെഡിസിനൽ പ്ലാന്റ് ബോർഡ് നാഷണൽ മിഷൻ ഓൺ മെഡിസിനൽ പ്ലാന്റ്സ് സ്റ്റേറ്റ് മെഡിസിനൽ പ്ലാന്റസ് ബോർഡ് സ്റ്റേറ്റ് ഹോർട്ടികൾച്ചർ മിഷൻ പ്ലാന്റേഷൻ കോർപ്പറേഷൻ ഓഫ് കേരള ലിമിറ്റഡ്
പ്രത്യേക പാൽ-മുട്ട-മാംസം ഉൽപ്പാദകമേഖല	തിരുവനന്തപുരം ജില്ലാ പഞ്ചായത്ത് വാമനപുരം, വെള്ളനാട് ബ്ലോക്ക് പഞ്ചായത്തുകൾ പെരിങ്ങമ്മല ഗ്രാമ പഞ്ചായത്ത്	പട്ടികജാതി വികസന വകുപ്പ് മൃഗസംരക്ഷണ വകുപ്പ് ക്ഷീരവികസന വകുപ്പ് ജലസേചന വകുപ്പ് കേരള വാട്ടർ അതോറിറ്റി കേരള ലൈവ്സ്റ്റോക്ക് ഡവലപ്മെന്റ് ബോർഡ് കേരള കോ ഓപ്പറേറ്റീവ് മിൽക്ക് മാർക്കറ്റിംഗ് ഫെഡറേഷൻ, കേരള സ്റ്റേറ്റ് പൗൾട്രി ഡവലപ്മെന്റ് കോർപ്പറേഷൻ, പ്ലാന്റേഷൻ കോർപ്പറേഷൻ ഓഫ് കേരള ലിമിറ്റഡ്

പ്രത്യേക മൽസ്യ ഉൽപ്പാദകമേഖല	തിരുവനന്തപുരം ജില്ലാ പഞ്ചായത്ത് വർക്കല മുനിസിപ്പാലിറ്റി പോത്തൻകോട്, ചിറയിൻകീഴ്, വർക്കല, അതിയന്നൂർ, പെരുങ്കടവിള വെള്ളനാട് ബ്ലോക്ക് പഞ്ചായത്തുകൾ	പട്ടികജാതി വികസന വകുപ്പ് മൽസ്യബന്ധന വകുപ്പ് സൊസൈറ്റി ഫോർ അസിസ്റ്റൻസ് ടു ഫിഷർ വുമൺ തീരദേശവികസന കോർപ്പറേഷൻ ജലകൃഷി വികസന ഏജൻസി (അഡാക്) മൽസ്യഫെഡ് കേരള വാട്ടർ അതോറിറ്റി
പ്രത്യേക വ്യവസായ വികസന മേഖല	തിരുവനന്തപുരം ജില്ലാ പഞ്ചായത്ത് തിരുവനന്തപുരം കോർപ്പറേഷൻ എല്ലാമുനിസിപ്പാലിറ്റികളും എല്ലാ ബ്ലോക്ക് പഞ്ചായത്തുകളും	പട്ടികജാതി വികസന വകുപ്പ് വ്യവസായവകുപ്പ് കേരള സംസ്ഥാന സ്വയം സംരഭക മിഷൻ ഡിപാർട്ട്മെന്റ് ഓഫ് ഇൻഡസ്ട്രീസ് ആന്റ് കൊമേഴ്സ് കേരള വാട്ടർ അതോറിറ്റി കയർവകുപ്പ് കൈത്തറി ആന്റ് ടെക്സ്റ്റയിൽ വകുപ്പ് ജില്ലാ വ്യവസായ കേന്ദ്രം ഗ്രാമീണ സ്വയംതൊഴിൽ പരിശീലന കേന്ദ്രം ഖാദിബോർഡ് സ്റ്റേറ്റ് റൂറൽ ലിവ്ലിഹുഡ് മിഷൻ നാഷണൽ എംപ്ലോയ്മെന്റ് സർവ്വീസസ് സോഷ്യോ ഇക്കണോമിക് യൂണിറ്റ് ഫൗണ്ടേഷൻ കേരള സ്റ്റേറ്റ് ഫെഡറേഷൻ ഓഫ് ഷെഡ്യൂൾഡ് കാസ്റ്റ് ആന്റ് ഷെഡ്യൂൾഡ് ട്രൈബ്സ് ഡവലപ്മെന്റ് കോപ്പറേറ്റീവ്സ് ലിമിറ്റഡ് പ്ലാന്റേഷൻ കോർപ്പറേഷൻ ഓഫ് കേരള ലിമിറ്റഡ്

നിർദ്ദേശം 2. ബിസിനസ്സ് പ്രമോഷൻ സെന്റർ (വികസന വിടവ് 2 ന്റെ പരിഹാരമായി)

വ്യവസായ വികസനത്തിനും സൂക്ഷ്മ–ഇടത്തരം സംരഭങ്ങളുടെ വികസനത്തിനും വേണ്ടി നിരവധി പദ്ധതികൾ നിലവിലുണ്ടെങ്കിലും അവ ഫലപ്രദമായി അറിയുന്നതിനോ ഉപയോഗപ്പെടുത്തുന്നതിനോ പട്ടികജാതിക്കാർക്ക് കഴിയുന്നില്ല. അതിൽ അവരെ സഹായിക്കുവാനും മാർഗ്ഗനിർദ്ദേശം നൽകുവാനും ഒരു സ്ഥാപനം നിലവിലില്ല. വിവിധ വകുപ്പുകളുടെയും ഏജൻസികളുടേയും വ്യവസായ വികസന പദ്ധതികളെയും വായ്പ ലഭ്യമാകുന്ന ധനകാര്യസ്ഥാപനങ്ങളേയും വ്യവസായ സംരഭകത്വത്തിനാവശ്യമായ മറ്റ് സാങ്കേതികാനുമതികൾ ലഭ്യമാക്കുന്ന വകുപ്പുകളേയും ഏജൻസികളേയും ഒരു കുടക്കീഴിൽ കൊണ്ടുവരാനും ഏകജാലക സംവിധാനത്തിലൂടെ 2017 ലെ കേരള വ്യവസായ നയത്തിന്റെ പൂർണ പ്രയോജനം പട്ടികജാതിക്കാർക്ക് ലഭിക്കുവാനും ഒരു ബിസിനസ് ഫെസിലിറ്റേഷൻ സെന്റർ ആവശ്യമാണ്.

സംയോജിത പ്രോജക്റ്റിൽ പങ്കാളിയാകേണ്ട തദ്ദേശഭരണ സ്ഥാപനങ്ങൾ	സംയോജിത പ്രോജക്റ്റിൽ പങ്കാളിയാകേണ്ട മറ്റ് വകുപ്പുകൾ/ ഏജൻസികൾ
തിരുവനന്തപുരം ജില്ലാ പഞ്ചായത്ത് തിരുവനന്തപുരം കോർപ്പറേഷൻ എല്ലാ മുനിസിപ്പാലിറ്റികളും എല്ലാ ബ്ലോക്ക് പഞ്ചായത്തുകളും	പട്ടികജാതി വികസന വകുപ്പ് വ്യവസായവകുപ്പ് കേരള സംസ്ഥാന സ്വയം സംരഭക മിഷൻ ഡിപ്പാർട്ട്മെന്റ് ഓഫ് ഇൻഡസ്ട്രീസ് ആന്റ് കൊമേഴ്സ് കേരള വാട്ടർ അതോറിറ്റി കയർവകുപ്പ് കൈത്തറി ആന്റ് ടെക്സ്റ്റയിൽ വകുപ്പ് ജില്ലാ വ്യവസായ കേന്ദ്രം ഗ്രാമീണ സ്വയംതൊഴിൽ പരിശീലന കേന്ദ്രം കേരള ഖാദി ആന്റ് വില്ലേജ് ഇൻഡസ്ട്രീസ് ബോർഡ് സ്റ്റേറ്റ് റൂറൽ ലിവ്ലിഹുഡ് മിഷൻ

	നാഷണൽ എംപ്ലോയ്മെന്റ് സർവ്വീസസ് സോഷ്യോ ഇക്കണോമിക് യൂണിറ്റ് ഫൗണ്ടേഷൻ പട്ടികജാതി പട്ടികവർഗ വികസന കോർപ്പറേഷൻ നബാർഡ് നാഷണൽ സ്മാൾ ഇൻഡസ്ട്രീസ് കോർപ്പറേഷൻ എല്ലാ ബാങ്കുകളുടേയും ധനകാര്യ സ്ഥാപനങ്ങളും കേരള സ്റ്റേറ്റ് കോപ്പറേറ്റീവ് ബാങ്ക് ലിമിറ്റഡ് കേരള സ്റ്റേറ്റ് കോപ്പറേറ്റീവ് അഗ്രിക്കൾച്ചർ ആന്റ് റൂറൽ ഡവലപ്മെന്റ് ബാങ്ക് ലിമിറ്റഡ് കേരള സ്റ്റേറ്റ് ഫെഡറേഷൻ ഓഫ് ഷെഡ്യൂൾഡ് കാസ്റ്റ് ആന്റ് ഷെഡ്യൂൾഡ് ട്രൈബ്സ് ഡവലപ്മെന്റ് കോപ്പറേറ്റീവ്സ് ലിമിറ്റഡ് കേരള സ്മാൾ ഇൻഡസ്ട്രീസ് ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ് കേരള സ്റ്റേറ്റ് ബാംബൂ കോർപ്പറേഷൻ കേരള സ്റ്റേറ്റ് ഇൻഡസ്ട്രീയൽ ഡെവലപ്മെന്റ് കോർപ്പറേഷൻ ഡവലപ്മെന്റ് അതോറിറ്റി (ട്രിഡ), തിരുവനന്തപുരം കേരള ടൂറിസം ഡെവലപ്മെന്റ് കോർപ്പറേഷൻ വിഴിഞ്ഞം ഇന്റർനാഷണൽ സീപോർട്ട് ലിമിറ്റഡ് (കേരളത്തിലെ മറ്റെല്ലാ പൊതുമേഖലാ സ്ഥാപനങ്ങളും)

നിർദ്ദേശം 3.കമ്യൂണിറ്റി സ്കിൽ എൻഹാൻസ്മെന്റ് പ്രോഗ്രാം (വികസന വിടവ് 3 ന്റെ പരിഹാരമായി)

പട്ടികജാതിക്കാർക്കിടയിൽ വളർന്നുവരുന്ന പ്രത്യേക തൊഴിൽ മേഖലകളിൽ സവിശേഷ നൈപുണ്യം സിദ്ധിച്ചവരുടെ അപര്യാപ്തതയ്ക്കൊപ്പം പ്ലംബിംഗ്, വയറിംഗ്, കാർപ്പെന്ററി, കെട്ടിടനിർമ്മാണം തുടങ്ങിയ അടിസ്ഥാന തൊഴിൽ മേഖലകളിൽ അതീവ വൈദഗ്ദ്ധ്യമുള്ളവർ അവർക്കിടയിൽ ഉണ്ടെങ്കിലും അവർക്ക് ആ വൈദഗ്ദ്ധ്യവുമായി ബന്ധപ്പെട്ട കോഴ്സ് സർട്ടിഫിക്കറ്റുകൾ ഇല്ലാത്തതിനാൽ ഇന്ത്യയ്ക്കകത്തും പുറത്തും തൊഴിൽ ലഭ്യമാകാനുള്ള സാധ്യത വിരളമാണെന്നത് ഇത്തരമൊരു പ്രോഗ്രാം ആവശ്യമാക്കിത്തീർക്കുന്നു. ഈ സ്കീമിലൂടെ ഏതു തൊഴിലും പട്ടികജാതിക്കാർക്ക് പഠിക്കുവാനും വൈദഗ്ദ്ധ്യമുള്ള തൊഴിൽമേഖലകളിൽ അംഗീകൃത സർട്ടിഫിക്കറ്റ് ലഭിക്കാനും കഴിയും.

സംയോജിത പ്രോജക്റ്റിൽ പങ്കാളിയാകേണ്ട തദ്ദേശഭരണ സ്ഥാപനങ്ങൾ	സയോജിത പ്രോജക്റ്റിൽ പങ്കാളിയാകേണ്ട മറ്റ് വകുപ്പുകൾ /ഏജൻസികൾ
തിരുവനന്തപുരം ജില്ലാ പഞ്ചായത്ത് തിരുവനന്തപുരം കോർപ്പറേഷൻ എല്ലാ മുനിസിപ്പാലിറ്റികളും എല്ലാ ബ്ലോക്ക് പഞ്ചായത്തുകളും എല്ലാ ഗ്രാമപഞ്ചായത്തുകളും	പട്ടികജാതി വികസന വകുപ്പ് സാങ്കേതിക വിദ്യാഭ്യാസ വകുപ്പ് കെൽട്രോൺ സി–ഡിറ്റ് ഐ.എച്ച്.ആർ.ഡി കേരള ബ്യൂറോ ഓഫ് ഇൻഡസ്ട്രിയൽ പ്രമോഷൻ കേരള ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ഓൻട്രപ്രണർഷിപ്പ് ഡെവലപ്മെന്റ് കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലേബർ ആന്റ് എംപ്ലോയ്മെന്റ് കേരള സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡിസൈൻ കേരള സ്റ്റേറ്റ് നിർമ്മിതി കേന്ദ്ര കുടുംബശ്രീ

	എൽ.ബി.എസ്. സെന്റർ ഫോർ സയൻസ് ആന്റ് ടെക്നോളജി സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് റൂറൽ ഡെവലപ്മെന്റ് ഹാൻഡിക്രാഫ്റ്റ്സ് ഡെവലപ്മെന്റ് കോർപ്പറേഷൻ ഓഫ് കേരള ലിമിറ്റഡ് കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ ഡവലപ്മെന്റ് അതോറിറ്റി (ടിഡ), തിരുവനന്തപുരം പട്ടികജാതി പട്ടികവർഗ വികസന കോർപ്പറേഷൻ വ്യവസായവകുപ്പ് കേരള സംസ്ഥാന സ്വയം സംരഭക മിഷൻ ഡിപാർട്ട്മെന്റ് ഓഫ് ഇൻഡസ്ട്രീസ് ആന്റ് കൊമേഴ്സ് വിഴിഞ്ഞം ഇന്റർനാഷണൽ സീപോർട്ട് ലിമിറ്റഡ് കേരള സെറാമിക്സ് ലിമിറ്റഡ് (കേരളത്തിലെ മറ്റെല്ലാ പൊതുമേഖലാ സ്ഥാപനങ്ങളും) കേരള അക്കാദമി ഫോർ സ്കിൽ എക്സലൻസ് സെന്റർ ഫോർ റിസർച്ച് ആന്റ് എഡ്യൂക്കേഷൻ ഫോർ സോഷ്യൽ ട്രാൻസ്ഫോർമേഷൻ

4.വരുമാനവീടുകൾ – വൺ ഹൗസ് വൺ ബിസിനസ്സ് പ്രോഗ്രാം (വികസന വിടവ് 4 ന്റെ പരിഹാരമായി)

ജില്ലയിലെ അവികസിത പ്രദേശങ്ങളെന്ന നിലയിൽ നിന്ന് പട്ടികജാതി സങ്കേതങ്ങൾ മാറണമെങ്കിൽ ഓരോ പട്ടികജാതി വീടും വരുമാനദായക ഇടവും കൂടിയായി മാറേണ്ടതിന്റെ ആവശ്യകത നിലനിൽക്കുന്നു. അതിനാൽ കേവലം താമസിക്കാനൊരിടം എന്നതിൽ നിന്നും വീട് ഒരു വ്യവസായ–സംരഭക യൂണിറ്റും കൂടിയാണ് എന്ന നിലയിലേയ്ക്ക് ഒരു സങ്കേതത്തിലെ എല്ലാ വീടുകളും മാറുമ്പോൾ സ്വാഭാവികമായും ആ പ്രദേശത്ത് അടിസ്ഥാന സൗകര്യമടക്കമുള്ള എല്ലാ വികസനവും സാധ്യമാകും.

സംയോജിത പ്രോജക്റ്റിൽ പങ്കാളിയാകേണ്ട തദ്ദേശഭരണ സ്ഥാപനങ്ങൾ	സംയോജിത പ്രോജക്റ്റിൽ പങ്കാളിയാകേണ്ട മറ്റ് വകുപ്പുകൾ /ഏജൻസികൾ
തിരുവനന്തപുരം ജില്ലാ പഞ്ചായത്ത് തിരുവനന്തപുരം കോർപ്പറേഷൻ എല്ലാ മുനിസിപ്പാലിറ്റികളും എല്ലാ ബ്ലോക്ക് പഞ്ചായത്തുകളും എല്ലാ ഗ്രാമപഞ്ചായത്തുകളും	പട്ടികജാതി വികസന വകുപ്പ് ലൈഫ് മിഷൻ കേരള ഹൗസിംഗ് ബോർഡ് കേരള സ്റ്റേറ്റ് നിർമ്മിതി കേന്ദ്ര കെ.എസ്.ഇ.ബി കേരള വാട്ടർ അതോറിറ്റി കേരളത്തിലെ എല്ലാ കമ്പനികളും പൊതുമേഖലാ സ്ഥാപനങ്ങളും കേരളത്തിലെ എല്ലാ വകുപ്പുകളും ബോർഡുകളും കോർപ്പറേഷനുകളും സഹകരണ സ്ഥാപനങ്ങളും സൊസൈറ്റികളും സർവ്വകലാശാലകളും വികസന അതോറിറ്റികളും വെൽഫയർ ഫണ്ട് ബോർഡുകളും തുടങ്ങിയവ

കേരളത്തിലെ കമ്പനികൾ, പൊതുമേഖലാ സ്ഥാപനങ്ങൾ തുടങ്ങി എല്ലാ സ്ഥാപനങ്ങളും അവർക്കാവശ്യമായതും സൂക്ഷ്മ–ഇടത്തരം സംരംഭങ്ങളിലൂടെ ഉൽപ്പാദിപ്പിക്കുവാനോ അസംബ്ൾ ചെയ്തെടുക്കാനോ കഴിയുന്ന ഉപകരണങ്ങളും ഉൽപ്പന്നങ്ങളും ഉണ്ടാക്കുവാൻ പട്ടികജാതി സങ്കേതങ്ങളിലെ അന്തേവാസികൾക്ക് പരിശീലനം

നൽകി അവരുടെ വീട് ബിസിനസ് യൂണിറ്റായി മാറ്റുക. പട്ടികജാതിക്കാർക്ക് പുതുതായി വീട് വയ്ക്കുമ്പോൾ അതിൽ ബിസിനസ് യൂണിറ്റും പ്രവർത്തിക്കാനുള്ള തരത്തിൽ പ്ലാൻ ചെയ്യുക.

5. സായാഹ്ന പഠനകേന്ദ്രം (വികസന വിടവ് 5 ന്റെ പരിഹാരമായി)

പട്ടികജാതിക്കാർക്കിടയിൽ പഠനം ഉപേക്ഷിക്കുന്ന വിദ്യാർത്ഥികളുടെ എണ്ണം അധികരിക്കുന്നതിന്റെ മുഖ്യകാരണം അവരുടെ വീടുകളിലും സങ്കേതങ്ങളിലും സ്വസ്ഥമായ പഠനാന്തരീക്ഷം ലഭിക്കാത്തതിനാൽ കൂടിയാണ്. അതിനാൽ എല്ലാദിവസവും വൈകിട്ട് 6 മുതൽ 8 വരെ വിദഗ്ദ്ധ മേൽനോട്ടത്തിൽ സ്വസ്ഥമായിരുന്ന് പഠിക്കാൻ പറ്റിയ ഒരു പഠനകേന്ദ്രം സങ്കേതങ്ങൾക്കടുത്ത് ഒരുക്കിക്കൊടുക്കേണ്ടതിന്റെ ആവശ്യകതയുണ്ട്. ഇതൊരു സംയുക്ത പ്രോജക്റ്റാണ്.

സംയുക്ത പ്രോജക്റ്റിൽ പങ്കാളിയാകേണ്ട തദ്ദേശഭരണ സ്ഥാപനങ്ങൾ	സംയുക്ത പ്രോജക്റ്റിൽ പങ്കാളിയാകേണ്ട മറ്റ് വകുപ്പുകൾ/ഏജൻസികൾ
തിരുവനന്തപുരം ജില്ലാ പഞ്ചായത്ത്, തിരുവനന്തപുരം കോർപ്പറേഷൻ, എല്ലാ മുനിസിപ്പാലിറ്റികളും എല്ലാ ബ്ലോക്ക് പഞ്ചായത്തുകളും എല്ലാ ഗ്രാമപഞ്ചായത്തുകളും	കേരളസംസ്ഥാന സാക്ഷരതാ മിഷൻ കായിക യുവജന കാര്യ വകുപ്പ് കേരള സ്റ്റേറ്റ് ലൈബ്രറി കൗൺസിൽ

സങ്കേതങ്ങൾക്കടുത്ത് ഒരു സായാഹ്നപഠനകേന്ദ്രം (വിജ്ഞാൻവാടിയുണ്ടെങ്കിൽ അതും പ്രയോജനപ്പെടുത്താം) തുറക്കുക. അവിടെ വിദ്യാർത്ഥികൾക്കാവശ്യമായ വിവിധ ഗൈഡുകൾ, വിദ്യാഭ്യാസ പ്രസിദ്ധീകരണങ്ങൾ തുടങ്ങിയവ ഒരുക്കിക്കൊടുക്കുക. പ്രദേശവാസിയായ ഒരു വിരമിച്ച അധ്യാപകനോ പ്രമോട്ടറോ ആയ ഒരാൾക്കോ മേൽനോട്ടച്ചുമതല നൽകുക. സ്ഥാപനത്തിന്റെ വാടക, വൈദ്യുതിചാർജ്ജ്, പ്രസിദ്ധീകരണങ്ങളുടെ വില, ഓണറേറിയം തുടങ്ങിയവ തദ്ദേശസ്ഥാപനങ്ങൾ വഹിക്കുക.

മേൽത്തട്ട്– കീഴ്ത്തട്ട് നിർദ്ദേശങ്ങൾ

കീഴ്ത്തട്ട് നിർദ്ദേശങ്ങൾ	മേൽത്തട്ട് നിർദ്ദേശങ്ങൾ
പ്രാദേശികസർക്കാരുകൾ അതാത് വർഷത്തെ സ്വന്തം പദ്ധതികൾ ആവിഷ്ക്കരിക്കുമ്പോൾ നിലവിലുള്ള കേന്ദ്ര–സംസ്ഥാനാവിഷ്കൃത പദ്ധതികൾക്കു സമാനമായ പദ്ധതികൾ ആവിഷ്ക്കരിക്കപ്പെടുന്നത് ഒഴിവാക്കേണ്ടതും പകരം അത്തരം പദ്ധതികളുമായ സംയോജിച്ചു പോകുന്ന തരത്തിൽ അധിക സഹായം നൽകാനുള്ള പദ്ധതികൾ ആവിഷ്ക്കരിക്കേണ്ടതുമാണ്.	പട്ടികജാതി വികസന വകുപ്പ് നേരിട്ട് നടപ്പിലാക്കുന്ന ഒരു പദ്ധതിയും പ്രാദേശിക സർക്കാരുകൾ വീണ്ടും ആവിഷ്ക്കരിക്കേണ്ടതില്ല എന്ന കർശന നിർദ്ദേശം നൽകുക.
പ്രാദേശിക സർക്കാരുകൾ തയ്യാറാക്കുന്ന പട്ടികജാതിക്കാരുടെ അവസ്ഥാവിശകലന റിപ്പോർട്ടുകൾ എല്ലാ വർഷവും പദ്ധതി രൂപീകരണത്തിനു മുമ്പ് അവിടെ പ്രവർത്തിക്കുന്ന വിവിധ കേന്ദ്ര–സംസ്ഥാന വകുപ്പുകളുടെയും ഏജൻസികളുടേയും ജില്ലാ–ബ്ലോക്ക്–താലൂക്ക് തല മേധാവികൾക്കു കൂടി നൽകുകയും പട്ടികജാതിക്കാർക്ക് പ്രയോജനപ്രദമാംവിധം പദ്ധതികൾ ആവിഷ്ക്കരിക്കുവാൻ ആവശ്യപ്പെടുകയും ചെയ്യുക.	തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് അനുവദിക്കുന്ന എസ്.സി.പി ഫണ്ടിൽ നിന്നും കുറഞ്ഞത് 50 % തുകയെങ്കിലും ഉൽപ്പാദന മേഖലയിൽത്തന്നെ ചെലവഴിക്കാൻ നിർദ്ദേശം നൽകുക.
പട്ടികജാതിക്കാർക്കായി സ്പെഷ്യൽ ഗ്രാമസഭകൾ മൂന്നുമാസത്തിലൊരിക്കൽ വിളിച്ചു ചേർക്കേണ്ടതാണ്. പട്ടികവർഗ ഉപപദ്ധതി പട്ടിക വർഗ ഊരുക്കൂട്ടങ്ങളുടെ തീരുമാനങ്ങൾക്ക് വിധേയമായിരിക്കുന്നതുപോലെ പട്ടികജാതി വികസനത്തിനായി പ്രാദേശിക സർക്കാരുകൾ കൈക്കൊള്ളുന്ന നടപടികളെല്ലാം പട്ടിക ജാതിക്കാരുടെ സ്പെഷ്യൽ ഗ്രാമസഭയുടെ തീരുമാനങ്ങൾക്ക് വിധേയമായിരിക്കുന്നതാണ്.	വികസനത്തിലെ സ്വയംഭരണാവകാശം പട്ടികജാതിക്കാർക്കും ഉറപ്പുവരുത്തുകയും പട്ടികജാതിവികസനത്തിനായി നിർമ്മിക്കുന്ന സ്ഥാപനങ്ങളുടെ ഉടമസ്ഥാവകാശം അർഹരായ പട്ടികജാതി സംഘടനകൾക്ക് നൽകാനുള്ള നടപടി സ്വീകരിക്കുക

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പരിധിക്കുള്ളിൽ നടപ്പിലാക്കുന്ന എല്ലാ കേന്ദ്ര-സംസ്ഥാനാവിഷ്കൃത പദ്ധതികളുടേയും സ്വന്തം പദ്ധതികളുടേയും സോഷ്യൽ ഓഡിറ്റിംഗിനായി പട്ടികജാതിക്കാരുടെ വികസനം ലക്ഷ്യമാക്കി പ്രവർത്തിക്കുന്ന എല്ലാ പ്രാദേശിക സംഘടനകളുടേയും വിവിധ സംഘടനകളുടെ പ്രാദേശിക യൂണിറ്റുകളുടേയും പങ്കാളിത്തം ഉറപ്പാക്കേണ്ടതാണ്.	ഭൂമിയുടേയും മൂലധനത്തിന്റേയും അഭാവത്താൽ സംരംഭകരാകാൻ ആഗ്രഹിക്കുന്ന പട്ടികജാതിക്കാർക്ക് മതിയായ സെക്യൂരിറ്റി നൽകാൻ കഴിയാത്ത തിനാൽ ബാങ്ക്വായ്പ ലഭ്യമാകാൻ ഇടയാകാത്ത സാഹചര്യത്തിൽ കുറഞ്ഞത് ആയിരം കോടിയുടെ ഒരു സെക്യൂരിറ്റി ഫണ്ട് ഉണ്ടാക്കുക. ആ ഫണ്ടിന്റെ ഈടിൻമേൽ ബാങ്ക് വായ്പ ലഭ്യമാക്കുക.
അതാത് പ്രാദേശിക സർക്കാരുടെ പരിധിയിൽ പ്രവർത്തിക്കുന്ന പട്ടികജാതിക്കാരുടെ വിവിധ സംഘടനകളെയും പട്ടികജാതി വികസനത്തിൽ താൽപര്യമുള്ള സംഘടനകളേയും തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളിൽ രജിസ്റ്റർ ചെയ്യിപ്പിക്കുകയും അവരെ പട്ടികജാതി വികസനത്തിന്റെ ഔദ്യോഗിക സ്റ്റേക്ക്ഹോൾഡർ ആയി അംഗീകരിച്ച് വികസന ചർച്ചകളിലും നടത്തിപ്പിലും പങ്കാളികളാക്കുകയും ചെയ്യുക.	രജിസ്റ്റർ ചെയ്തിട്ടുള്ള പട്ടിക ജാതി/പട്ടികവർഗ്ഗ സഹകരണ സംഘങ്ങൾ, പട്ടികജാതി വികസനത്തിനുവേണ്ടി പ്രവർത്തിക്കുന്ന സംഘടനകൾ, പട്ടികജാതിക്കാർ നടത്തുന്ന സ്ഥാപനങ്ങൾ എന്നിവയുടെ സുഗമമായ പ്രവർത്തനത്തിന് സഹായകരമായ പദ്ധതികൾ ആവിഷ്ക്കരിക്കാനുള്ള അനുവാദം തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് നൽകേണ്ടതാണ്.
പട്ടികജാതി പ്രമോട്ടറെ ഗ്രാമ-വാർഡ് സഭാ മീറ്റിംഗുകളിലെ കോ-ഓഡിനേറ്ററായി ചുമതലപ്പെടുത്തേണ്ടതാണ്.	പട്ടികജാതിക്കാരുടെ സാമൂഹ്യ-സാമ്പത്തിക സ്ഥിതിയും ആവശ്യങ്ങളും അറിയുന്നതിനായി സമഗ്രമായ സാമ്പത്തിക വികസന സെൻസസ് നടത്തുക. അതിന്റെയടിസ്ഥാനത്തിലുള്ള പദ്ധതി രൂപീകരണം തദ്ദേശഭരണസ്ഥാപനങ്ങളിൽ നടപ്പിലാകുന്നുവെന്ന് ഉറപ്പുവരുത്തുക
പട്ടികജാതി ഉപപദ്ധതിയിൻ കീഴിലുള്ള പദ്ധതികൾ, അനുവദിച്ച തുക, നിർവഹണ ഉദ്യോഗസ്ഥൻ, അപേക്ഷാഫോം, മാനദണ്ഡങ്ങൾ, ഗുണഭോക്താവിനെ തെരഞ്ഞെടുക്കുന്ന രീതി, തെരഞ്ഞെടുക്കപ്പെട്ട ഗുണഭോക്താക്കൾ തുടങ്ങിയവയെല്ലാം വെബ്സൈറ്റിൽ പരസ്യപ്പെടുത്തുക	പട്ടികജാതി ഉപപദ്ധതി പ്രകാരം ആവിഷ്ക്കരിക്കുന്ന പദ്ധതികൾ സമയബന്ധിതമായും പ്രയോജനകരമായും നടപ്പിലാകുന്നുയെന്നുറപ്പുവരുത്താൻ കേന്ദ്രീകൃത മോണിറ്ററിംഗ് ആന്റ് ഇവാല്യൂവേഷൻ സിസ്റ്റം ഏർപ്പെടുത്തുക

നൂതന ആശയങ്ങൾ

- സർക്കാർ ധനസഹായം ഉപയോഗിച്ച് കമ്പ്യൂട്ടർ ട്രെയിനിംഗ് സെന്ററുകൾ നടത്തുന്ന പട്ടികജാതി/പട്ടികവർഗ്ഗ സഹകരണ സംഘങ്ങൾക്ക് അക്ഷയ കേന്ദ്രങ്ങൾ തുടങ്ങാനാവശ്യമായ സഹായം ലഭ്യമാക്കുവാനുള്ള പദ്ധതികൾ ആവിഷ്ക്കരിക്കാവുന്നതാണ്.
- വിദ്യാഭ്യാസത്തെ ദീർഘകാല പദ്ധതി എന്ന നിലയിൽ കണ്ടുകൊണ്ട് പ്രീ-സ്കൂൾ, പ്രാഥമിക വിദ്യാഭ്യാസം (1 മുതൽ 7 വരെ), ഹൈസ്കൂൾ വിദ്യാഭ്യാസം (7-12), ഉന്നത വിദ്യാഭ്യാസം എന്നീ തലങ്ങളിൽ പ്രത്യേക ശ്രദ്ധയും പരിഗണനയും ലഭ്യമാകുന്ന തരത്തിലുള്ള പ്രവർത്തനങ്ങൾ ആവിഷ്കരിക്കണം.
- പ്രാഥമിക വിദ്യാഭ്യാസത്തിന് 100 ശതമാനം പ്രവേശനം ഉറപ്പാക്കുന്നതിനായി പ്രീ-പ്രൈമറി സ്കൂളുകൾ, അംഗനവാടികൾ, പ്രൈമറി സ്കൂൾ എന്നിവ ശിശു സൗഹൃദ കേന്ദ്രങ്ങളായി പരിവർത്തനപ്പെടുത്തുക. പ്രാഥമിക വിദ്യാഭ്യാസം ശക്തമാക്കുന്നതിനായി കുട്ടികൾ, അദ്ധ്യാപകർ, മാതാപിതാക്കൾ എന്നിവർ ഒന്നിച്ച് ചേർന്നുള്ള പ്രവർത്തനങ്ങൾക്കുള്ള അവസരങ്ങൾ വർദ്ധിപ്പിക്കുന്നതിനായുള്ള നടപടികൾ സ്വീകരിക്കുക.
- പ്രാഥമിക വിദ്യാഭ്യാസം (1 മുതൽ 8 വരെ) എന്ന നിലയിൽ പരിഗണിച്ച് ഗുണമേന്മയുള്ള വിദ്യാഭ്യാസം എല്ലാ വിഭാഗങ്ങളിലും പ്രദേശങ്ങളിലും ലഭ്യമാകുന്നു എന്ന് ഉറപ്പാക്കുന്നതിനായി 1 മുതൽ 8 വരെയുള്ള കുട്ടികളുടെ ഡേറ്റാ ബേയ്സ് തയ്യാറാക്കുകയും ഘട്ടംഘട്ടമായി പഠന നിലവാരം വിലയിരുത്തുകയും ചെയ്യുക.

- പ്രാഥമിക വിദ്യാഭ്യാസം ഗുണമേന്മാധിഷ്ഠിതമാക്കി തീർക്കുന്നതിനായി കുട്ടികൾക്ക് ഗണിതം, ശാസ്ത്രം, ഇംഗ്ലീഷ് ഭാഷ, മാതൃഭാഷ എന്നിവയിൽ അടിസ്ഥാന അറിവുകൾ വിലയിരുത്തുതിനും ആവശ്യമായ ഇടപെടലുകൾ നടത്തുന്നതിനുമായി വിദ്യാഭ്യാസ കർമ്മസേനകളുടെ പ്രവർത്തനങ്ങൾ ഉപയോഗപ്പെടുത്തുക.
- സ്കൂൾ വിദ്യാഭ്യാസ കാലം മുതൽ തന്നെ ഇംഗ്ലീഷ് ഭാഷ നൈപുണ്യം ആർജ്ജിക്കുന്നതിനായുള്ള പ്രത്യേക പദ്ധതികൾ ആവിഷ്ക്കരിക്കണം.
- ഉന്നത വിദ്യാഭ്യാസ സാധ്യതകൾ, തൊഴിൽ സാധ്യതകൾ എന്നിവയെക്കുറിച്ച് അവബോധം വളർത്തുന്നതിനായി ഗൈഡൻസ് ആന്റ് കൗൺസിലിംഗ്, കരിയർ ഡെവലപ്പ്മെന്റ് എന്നിവ ഹൈസ്കൂൾ ഹയർ സെക്കണ്ടറി വിദ്യാഭ്യാസ കാലത്ത് തന്നെ നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കണം.
- ജില്ലയിലെ ഭാവി സാധ്യതകൾ (തുറമുഖം, ഐ.ടി വിജ്ഞാന നഗരം, വിനോദ സഞ്ചാരം ഉപയോഗപ്പെടുത്താൻ കഴിയുന്ന തരത്തിൽ തൊഴിലധിഷ്ഠിത വിദിാഭ്യാസം, കോഴ്സുകൾ, പരിശീലനങ്ങൾ എന്നിവ പരിഷ്കരിക്കുക.
- ബി.ടെക്, എംടെക്ക്, എം.ബി.ബി.എസ് തുടങ്ങിയ സാങ്കേതിക തൊഴിലധിഷ്ഠിത കോഴ്സുകൾ പഠിക്കുന്നവരിൽ പഠനപിന്നാക്കാവസ്ഥയിലുള്ളവർക്കായി കോഴ്സ് ഘട്ടത്തിൽ തന്നെ റെമിഡിയൽ റ്റീച്ചീങ്, കണ്ടൻസ് റ്റൂ കോഴ്സ് എന്നിവ നടത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുക
- പ്രൊഫഷണൽ കോഴ്സുകൾ പഠിക്കുന്നവർക്കായി നൈപുണ്യ വികാസ പരിപാടി കോഴ്സ് ഘട്ടത്തിൽ തന്നെ നൽകുന്നതിനായുള്ള നടപടികളുണ്ടാകണം.
- രാജ്യത്തിനകത്തും വിദേശത്തുമുള്ള വ്യാവസായിക സാങ്കേതിക സ്ഥാപനങ്ങളിലെ തൊഴിലവസരങ്ങൾ ഉപയോഗപ്പെടുത്തതിനായുള്ള പ്രത്യേക പരിശീലനങ്ങൾ ആവശ്യമാണ്.
- കൗമാര വിദ്യാഭ്യാസം, ലഹരി വിരുദ്ധ മനോഭാവം എന്നിവയ്ക്കായുള്ള അവബോധക്ലാസ്സുകൾ താഴെത്തട്ടിൽ നടപ്പിലാക്കുക.
- നാഷണൽ റ്റാലന്റ് സെർച്ച്, വിജ്ഞാനപരീക്ഷകൾ എന്നിവയിൽ മികച്ച വിജയം നേടുന്ന വിദ്യാർത്ഥികൾക്ക് പ്രത്യേക പ്രോത്സാഹനങ്ങൾ നൽകി ഉന്നതനിലവാരം പുലർത്തുന്ന വിദ്യാഭ്യാസസ്ഥാപനങ്ങളിൽ പ്രവേശനത്തിനുള്ള പരിപാടികൾ ആവിഷ്കരിക്കണം.
- വിവിധ സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭങ്ങളിലേർപ്പെട്ട പട്ടികജാതിക്കാർക്ക് വിപണനത്തിനും നിലവാരമുയർത്തുന്നതിനുമാവശ്യമായ സഹായം നൽകുന്നതിനായി പദ്ധതികൾ ആവിഷ്ക്കരിക്കണം.

4.4.3 പട്ടിക വർഗ്ഗ വികസനം

ജില്ലയിൽ 14 ഗ്രാമപഞ്ചായത്തുകളിലായി 251 പട്ടികവർഗ്ഗ സങ്കേതങ്ങൾ നിലവിലുണ്ട്. കാണിക്കാർ എന്ന തദ്ദേശീയ സമുദായത്തിൽ ഉൾപ്പെട്ട പട്ടികവർഗ്ഗക്കാരാണ് ഈ സങ്കേതങ്ങളിൽ അധിവസിക്കുന്നത്. 2011 സെൻസസ് പ്രകാരം ജില്ലയിൽ 7,822 കുടുംബങ്ങളിലായി 12,624 പുരുഷൻമാരും 14,135 സ്ത്രീകളും അടക്കം 26,759 പട്ടികവർഗ്ഗക്കാർ അധിവസിക്കുന്നു. ജില്ലയിലെ പട്ടികവർഗ്ഗ ജനസമൂഹത്തിന്റെ വിദ്യാഭ്യാസം, ആരോഗ്യം, തൊഴിലും ഉപജീവനവും, അടിസ്ഥാന സൗകര്യങ്ങൾ, സാമൂഹ്യസുരക്ഷിതത്വം, ഭൂഉടമസ്ഥത, സംസ്കാരം, വനവുമായുള്ള പാരസ്പര്യം, ഒറ്റപ്പെട്ട ഊരുകൾ എന്നീ പ്രധാന വിഷയ മേഖലകളിലെ വികസനാവസ്ഥയുടെ സമഗ്ര വിശകലനവും പരിപ്രേക്ഷ്യവുമാണ് ജില്ലാ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്.

തദ്ദേശീയ ജനവിഭാഗം എന്ന് ഒരു സമൂഹത്തെ വിശേഷിപ്പിക്കുമ്പോൾ വിവക്ഷിക്കുന്നത് ഒരു നാടിന്റെ മൗലികജനവിഭാഗം എന്നാണ്. ആര്യാധിനിവേശത്തിന് കീഴടങ്ങാതെ അഗസ്ത്യ വനാന്തരങ്ങളിൽ അഭയം പ്രാപിച്ച ആദി ദ്രാവിഡരുടെ പിന്തുടർച്ചക്കാരാണ് ജില്ലയിലെ കാണിക്കാർ. ഇവരുടെ കൃഷിരീതികൾ, ശവസംസ്കാരം, വിവാഹചടങ്ങുകൾ, സമുദായക്രമം എന്നിവ സംഘകാല ദ്രാവിഡ സംസ്കാരത്തിന്റെ തുടർച്ചയാണ്. വനവും വനോൽപന്നങ്ങളേയും പരമ്പരാഗത കൃഷി രീതികളെയും ആശ്രയിച്ച് സ്വയാശ്രിത സമൂഹമായി ജീവിച്ചിരുന്നവരാണ് അര നൂറ്റാണ്ടിനപ്പുറമുള്ള കാണിക്കാർ ഗോത്രം. എന്നാൽ വനാവകാശനിയമം നിലവിൽ വന്ന ശേഷം മാറ്റ കൃഷിയും വേട്ടയും അവസാനിച്ചതോടെ മാറിയ ജീവിത സാഹചര്യം ഉണ്ടാക്കിയ സന്നിഗ്ദ്ധ ഘട്ടം മറികടക്കാനോ മുഖ്യധാരാ സമൂഹത്തിനൊപ്പം ഇഴുകിച്ചേരാനോ ഈ ഗോത്രസമൂഹത്തിന് ഇതുവരെയും പൂർണ്ണമായിക്കഴിഞ്ഞിട്ടില്ല. എന്നാൽ വിദ്യാഭ്യാസത്തോട് താൽപര്യവും മുഖ്യധാരാ സമൂഹത്തോട് ഇടകലർന്ന് ജീവിക്കാൻ സാഹചര്യവും ലഭിച്ച ഊരുകളിൽ വലിയ മാറ്റങ്ങൾ ഉണ്ടായിട്ടുണ്ട് എന്നത് നിസ്തർക്കമാണ്.

പട്ടികവർഗ്ഗ വികസനം ഓരോ തലത്തിലുള്ള സർക്കാരിന്റെയും ഭരണഘടനാപരമായ ഉത്തരവാദിത്വവും ലക്ഷ്യവുമാണ്. പ്രാദേശിക സർക്കാരുകളുടെ ഈ മേഖലയിലെ ഇടപെടലുകളും വികസന മേഖലയുമായി ഗോത്ര ജനതയെ കൂട്ടിയിണക്കുന്നതിനുള്ള സാധ്യതകളും ഇനിയും പൂർണ്ണമായി വിനിയോഗിക്കപ്പെട്ടിട്ടില്ല. അവരുടെ പൈതൃകവും പാരമ്പര്യാനുഷ്ഠാനങ്ങളും അറിവുകളും നിലനിർത്തിക്കൊണ്ട് തന്നെ ആധുനിക സമൂഹമാർജ്ജിച്ച വികസന മേഖലകൾ അവർക്കും സാധ്യമാക്കേണ്ടതുണ്ട്. ഊര് – കുടുംബ കേന്ദ്രീകൃതമായ സൂക്ഷ്മ പദ്ധതിയാസൂത്രണങ്ങളും സേവന – സൗഹാർദ്ദ സ്ഥിതിയിലധിഷ്ഠിതമായ നിർവ്വഹണ പരിപാടികളും പട്ടികവർഗ്ഗ മേഖലയിൽ അനിവാര്യമാണ്. ഒപ്പം വിവിധ സർക്കാർ വകുപ്പുകളുടെ ഫലപ്രദമായ ഏകോപനവും സംയുക്ത – സംയോജിത പദ്ധതികളും അത്യന്താപേക്ഷിതമാണ്.

വികസന പരിപ്രേക്ഷ്യത്തിന്റെ രൂപീകരണത്തിനായി മാനവ വികസന കാഴ്ചപ്പാടിനനുസൃതമായി വിദ്യാഭ്യാസം, ആരോഗ്യം, തൊഴിൽ, അടിസ്ഥാന സൗകര്യം, സാമൂഹ്യ സുരക്ഷിതത്വം തുടങ്ങിയ 8 വിഷയ മേഖലയ്ക്കു ബാധകമാകാവുന്ന പിന്നോക്കാവസ്ഥ നിർണ്ണയിക്കുന്നതിന് താഴെ പറയുന്ന മാനദണ്ഡങ്ങൾ ഉൾപ്പെടുത്തി.

1. വിദ്യാഭ്യാസം:–നിരക്ഷരത, പഠനം ഉപേക്ഷിച്ചവർ, ഉന്നത വിദ്യാഭ്യാസം ഉള്ളവർ, സാങ്കേതികവിദ്യാഭ്യാസം ഉള്ളവർ
2. ആരോഗ്യം:– ദീർഘകാല രോഗാവസ്ഥ, ശാരീരിക/മാനസിക ഭിന്നശേഷി, വയോജനസംഖ്യ, ആരോഗ്യ പരിചരണ കേന്ദ്രങ്ങളുടെ കുറവ്
3. തൊഴിൽ, ഉപജീവനം:– തൊഴിൽരഹിതർ, വിദ്യാഭ്യാസയോഗ്യതയുള്ള തൊഴിൽ അന്വേഷകർ, സാങ്കേതിക വിദ്യാഭ്യാസ യോഗ്യതയുള്ള തൊഴിൽ അന്വേഷകർ, സ്ഥിരവരുമാനം ഇല്ലാത്തവർ
4. അടിസ്ഥാന സൗകര്യങ്ങൾ:– ജീർണ്ണാവസ്ഥയിലുള്ള വീടുകൾ, സ്വന്തമായി വീടില്ലാത്തവർ, വൈദ്യുതി ഇല്ലാത്തവർ, കുടിവെള്ള സൗകര്യം ലഭ്യമല്ലാത്തവർ, കക്കൂസ് ഇല്ലാത്തവർ
5. സാമൂഹ്യ സുരക്ഷിതത്വവും ലിംഗപദവിയും:– അവിവാഹിതരായ അമ്മമാർ, കടബാദ്ധ്യത, വിവിധസാമൂഹ്യ പെൻഷനുകളുടെ ലഭ്യത (മാരകമായ അസുഖം ബാധിച്ചവർക്കും

ഭിന്നശേഷിക്കാർക്കും അടക്കം), കുടുംബശ്രീ പ്രവർത്തനങ്ങൾ, സ്വാശ്രയശീലത്തിന്റെയും സമ്പാദ്യത്തിന്റെയും അഭാവം

6. കലാ സാംസ്കാരികം:– സാംസ്കാരിക പ്രാവീണ്യ പദ്ധതികൾ, കലാ–കായിക സമിതികൾ – പ്രവർത്തനങ്ങൾ, യുവജനക്ഷേമ പ്രവർത്തനങ്ങൾ
7. വനാശ്രിതത്വം:– വനാവകാശ നിയമം, വനവുമായുള്ള പാരസ്പര്യ ജീവിതം, മനുഷ്യ–വന്യമൃഗ സംഘർഷം
8. അവികസിത മേഖലകൾ:– എല്ലാ തലത്തിലുള്ള പിന്നാക്കാവസ്ഥ, പ്രത്യേക പരിരക്ഷയുടെ അഭാവം, ഭൂമിശാസ്ത്രപരമായ ഒറ്റപ്പെടൽ

ജനസംഖ്യയും പൊതുവിവരങ്ങളും

പട്ടിക: 4.4.3.1

ജില്ലയിലെ പട്ടികവർഗ്ഗ ജനസംഖ്യ

വർഷം	ആകെ ജനസംഖ്യ	ആൺ	പെൺ	കുടുംബങ്ങളുടെ എണ്ണം
2011	26759	12624	14135	7822
2001	20893	9890	11003	5183

(അവലംബം: –സെൻസസ് റിപ്പോർട്ട് 2011)

പട്ടിക: 4.4.3.2

പട്ടികവർഗ്ഗ ജനസംഖ്യ– പ്രായാടിസ്ഥാനത്തിൽ

പ്രായം	0–3	4–5	6–15	16–17	18–59	60–100	ആകെ
ആകെ	1868	786	4560	991	15945	2609	26759
ശതമാനം	6.98	2.94	17.04	3.70	59.59	9.75	100

(അവലംബം: –സെൻസസ് റിപ്പോർട്ട് 2011)

വിശകലനം

- 2001 നും 2011 നും ഇടയിൽ 5866 ജനസംഖ്യ വർദ്ധിച്ചു. വർദ്ധനനിരക്ക് 28.08 ശതമാനമാണ്.
- 2001 ൽ ജില്ലയിലെ പട്ടികവർഗ്ഗ ജനസംഖ്യ അന്നത്തെ സംസ്ഥാന പട്ടികവർഗ്ഗ ജനസംഖ്യയുടെ 5.74% ആയിരുന്നത് 2011 ലേക്ക് എത്തുമ്പോൾ 5.52% ആയി കുറഞ്ഞു.
- 2001 ൽ നിന്നും 2011 ലേക്ക് എത്തുമ്പോൾ പട്ടികവർഗ്ഗ ജനസംഖ്യാവർദ്ധനവിൽ സംസ്ഥാനത്തെ വർദ്ധനാനിരക്ക് 33.13% ഉം ജില്ലയിൽ 28.08 % ഉം ആണ്.
- 0–17 പ്രായത്തിൽ ജനസംഖ്യയുടെ 30.66% പേരും 18–59 പ്രായത്തിൽ 59.59% പേരും 60–100 പ്രായത്തിൽ 9.75% പേരുമാണുള്ളത്.
- ജില്ലയിൽ 15 വയസ്സിനു താഴെയുള്ള പട്ടികവർഗ്ഗ ജനസംഖ്യ കുറഞ്ഞുവരുകയാണെന്നു കാണുന്നു. അതുപോലെ പട്ടികവർഗ്ഗക്കാരുടെ ആയുർദൈർഘ്യവും കുറഞ്ഞു വരുന്നു.
- ജില്ലയിലെ ജനസംഖ്യ വർദ്ധനക്കണക്ക് പരിശോധിച്ചാൽ (2011 സെൻസസ്) ഐ.റ്റി.ഡി.പി റിപ്പോർട്ടുകളുമായി ഒരപാകത ശ്രദ്ധയിൽപ്പെടുന്നു. വേടർ സമുദായം കൂടി കണക്കിൽ ഉൾപ്പെട്ടോ എന്ന് പരിശോധിക്കേണ്ടതാണ്.

പട്ടിക: 4.4.3.3

സെറ്റിൽമെന്റും കുടുംബവും– ബ്ളോക്ക്, ഗ്രാമപഞ്ചായത്ത് അടിസ്ഥാനത്തിൽ

ബ്ളോക്ക്	ഗ്രാമപഞ്ചായത്ത്	സെറ്റിൽമെന്റുകളുടെ എണ്ണം	കുടുംബങ്ങളുടെ എണ്ണം
വെള്ളനാട്	കുറ്റിച്ചൽ	27	523
	വിതുര	78	1644
	ആര്യനാട്	10	259
	തൊളിക്കോട്	14	1013
	വെള്ളനാട്	07	200
	കാട്ടാക്കട	4	12
	പൂവച്ചൽ	10	70
പെരുങ്കടവിള	കള്ളിക്കാട്	02	210
	അമ്പൂരി	12	536
	വെള്ളറട	18	121
നേമം	വിളപ്പിൽ	6	217

വാമനപുരം	പാങ്ങോട്	6	465
	പെരിങ്ങമ്മല	21	1358
	നന്ദിയോട്	25	885
	പുല്ലമ്പാറ	1	21
നെടുമങ്ങാട്	പനവൂർ	3	108
	വെമ്പായം	4	45
	ആനാട്	–	5
കിളിമാനൂർ	പഴയകുന്നുമ്മേൽ	1	20
	പുളിമാത്ത്	1	10
നെടുമങ്ങാട് മുനിസിപ്പാലിറ്റി		1	15
കോർപ്പറേഷൻ			85
	ആകെ	251	7822

(അവലംബം:– ഐ.റ്റി.ഡി.പി റിപ്പോർട്ട് 2017)

- വിതുര, പെരിങ്ങമ്മല, തൊളിക്കോട്, നന്ദിയോട് ഗ്രാമപഞ്ചായത്തുകളിലാണ് കൂടുതൽ ഊരുകളും കുടുംബങ്ങളുമുള്ളത്.
- സെറ്റിൽമെന്റുകളായി പട്ടികവർഗ്ഗക്കാർ താമസിക്കുന്ന 14 ഗ്രാമപഞ്ചായത്തുകൾക്കു പുറമേ വിവിധ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്ക് കീഴിലും അങ്ങിങ്ങായി താമസിക്കുന്ന പട്ടികവർഗ്ഗകുടുംബങ്ങളുണ്ട്.

പട്ടിക: 4.4.3.4

സ്ത്രീ – പുരുഷ അനുപാതം

സംസ്ഥാനതലം	തിരുവനന്തപുരം ജില്ലാതലം	തിരുവനന്തപുരം ജില്ല പട്ടികവർഗ്ഗം
1084	1087	1119

(അവലംബം:–:സെൻസസ് റിപ്പോർട്ട് 2011)

- സംസ്ഥാന ശരാശരിയെക്കാളും ഉയർന്ന സ്ത്രീ പുരുഷ അനുപാതമാണ് ജില്ലയിൽ കാണാൻ കഴിയുന്നത്.

പട്ടിക : 4.4.3.5

സമുദായ അടിസ്ഥാനത്തിലുള്ള കുടുംബങ്ങളുടെ എണ്ണം

പട്ടികവർഗ്ഗ കുടുംബങ്ങൾ സമുദായ അടിസ്ഥാനത്തിക്രമ നമ്പർ	സമുദായം	കുടുംബങ്ങളുടെ എണ്ണം
1	കാണിക്കാർ	7778
2	മലയരയർ	40
3	ഉള്ളാടൻ	1
4	മന്നാൻ	1
5	മലവേടൻ	1
6	ഇരുളർ	1
ആകെ		7822

(അവലംബം: –ഐ.റ്റി.ഡി.പി 2017)

- ജില്ലയിൽ തദ്ദേശീയ ജനവിഭാഗമായ ഗോത്ര സമുദായം 'കാണിക്കാർ' മാത്രമാണ്.
- തൊഴിലെടുക്കുന്നതിനായി ഇതര ജില്ലകളിൽ നിന്നും വന്ന് താമസിക്കുന്നവരാണ് ജില്ലയിലുള്ള മറ്റ് സമുദായത്തിൽ നിന്നുള്ള പട്ടികവർഗ്ഗ കുടുംബങ്ങൾ.

വിദ്യാഭ്യാസം

മാനവ വികസന സൂചികയിൽ പരമ പ്രധാനമായ ഒന്നാണ് വിദ്യാഭ്യാസ നിലവാരം. ഗോത്ര സമുദായങ്ങൾ മുഖ്യധാരയിലേയ്ക്കെത്തുന്നതിന്റെ പ്രധാന സൂചിക കൂടിയാണ് വിദ്യാഭ്യാസം.

സാക്ഷരത

പട്ടിക : 4.4.3.6

സാക്ഷരതയും നിരക്ഷരതയും–ജില്ലയിൽ

സാക്ഷരത				നിരക്ഷരത			
ആൺ	പെൺ	ആകെ	ശതമാനം	ആൺ	പെൺ	ആകെ	ശതമാനം
10316	11190	21506	80.36	2308	2945	5253	19.64

(അവലംബം:–സെൻസസ് റിപ്പോർട്ട് 2011)

- സംസ്ഥാനത്തെ പൊതു സാക്ഷരത 94 ശതമാനമാണ്.
- സംസ്ഥാനത്തെ ഗോത്രവർഗ്ഗവിഭാഗത്തിലെ സാക്ഷരത 75.81 ശതമാനമാണ്.
- ജില്ലയിലെ പൊതു സാക്ഷരത 93.02 ശതമാനമാണ്.
- ജില്ലയിലെ പട്ടികവർഗ്ഗ സാക്ഷരത 80.36 ശതമാനമാണ്.
- 5253 പ്രായപൂർത്തിയായവർ ജില്ലയിൽ നിരക്ഷരരാണ്.

പട്ടിക : 4.4.3.7

മേഖലയിലെ പ്രധാന സ്കൂളുകൾ

പഞ്ചായത്ത്	എൽ.പി. സ്കൂൾ	യു.പി. സ്കൂൾ	ഹയർ സെക്കന്ററി സ്കൂൾ
പനവൂർ	2	3	
വിളപ്പിൽ	3	2	2
വെള്ളറട	6	3	1
കള്ളിക്കാട്	4	3	1
അമ്പൂരി	4	1	1
പാങ്ങോട്	6	1	1
പെരിങ്ങമ്മല	8	7	1
നന്ദിയോട്	6	2	1
കുറ്റിച്ചൽ	3	2	1
വിതുര	5	5	1
ആര്യനാട്	4	3	1
തൊളിക്കോട്	6	2	1
വെള്ളനാട്	1	1	1
പൂവച്ചൽ	7	5	2

(അവലംബം:-ജനറൽ എഡ്യൂക്കേഷൻ ഡാറ്റ)

പട്ടിക : 4.4.3.8

പട്ടിക വർഗ്ഗ വിദ്യാർത്ഥികൾ പഠിക്കുന്ന മേഖലയിലെ പ്രധാന സ്കൂളുകളും കുട്ടികളുടെ എണ്ണവും

പഞ്ചായത്ത്	സ്കൂളിന്റെ പേര്	ട്രൈബൽ കുട്ടികളുടെ എണ്ണം	ആകെ കുട്ടികൾ	എസ്.റ്റി. കുട്ടികളുടെ ശതമാനം
വിതുര	ഗവ:എൽ.പി.എസ്, കല്ലാർ	13	17	76.5
	ഗവ.വി.എച്ച്.എസ്.എസ്, വിതുര	48	993	4.8
	ഗവ: യു.പി.എസ്, വിതുര	102	1438	7.09
	ഗവ.എൽ.പി.എസ്, തലത്തൂതക്കാവ്	31	32	96.8
ആര്യനാട്	ഗവ: ട്രൈബൽ ഹൈസ്ക്കൂൾ, മീനാങ്കൽ	176	549	32.05
	ഹാർവെസ്റ്റ് മിഷൻ സ്കൂൾ പറണ്ടോട്	24	327	7.33
	ഗവ: ട്രൈബൽ എൽ.പി.എസ്, ചെട്ടിയാംപാറ	21	21	100
	ഗവ.എൽ.പി.എസ്, തേവിയാരുകുന്ന്	30	66	45.45
	വി.കെ. കാണി, പനയ്ക്കോട്	86	643	13.3
പെരിങ്ങമ്മല	ഗവ: ട്രൈബൽ എൽ.പി.എസ്, താന്നിമൂട്	18	91	19.8
	ഇക്ബാൽ എച്ച്.എസ്.എസ്, പെരിങ്ങമ്മല	35	467	7.49
	ഗവ. ട്രൈബൽ എച്ച്.എസ്. എസ്., ഇടിഞ്ഞാർ	99	183	54.1
	ഗവ.എച്ച്.എസ് മടത്തറകാണി	31	710	4.36
	ഗവ. ട്രൈബൽ എൽ.പി.എസ്, കൊല്ലായി	11	199	5.5
കുറ്റിച്ചൽ	ഗവ: പഞ്ചായത്ത് യു.പി.എസ്, കോട്ടൂർ	85	168	50.5
	ഗവ.എൽ.പി.എസ്, പരുത്തിപ്പള്ളി	5	220	2.2
	ഗവ.വി.എച്ച്.എസ്.എസ് പരുത്തിപ്പള്ളി	8	741	1.07
	ഗവ. എച്ച്.എസ്.എസ്, ഉത്തരംകോട്	111	283	39.22
ഉഴമലയ്ക്കൽ	എസ്.എൻ.എച്ച്.എസ്, ഉഴമലയ്ക്കൽ	25	2316	1.07
	ഗവ: ട്രൈബൽ എൽ.പി.എസ്, വ്ളാവെട്ടി	33	58	56.89
നന്ദിയോട്	എസ്.കെ.വി.എച്ച്.എസ്, നന്ദിയോട്	97	1044	9.66
	ഗവ.എൽ.പി.എസ്, കുറുപുഴ	14	49	28.5
	ജി.യു.പി.എസ്, പാലുവള്ളി	41	89	46.06
വെള്ളനാട്	ഗവ.വി.എച്ച്.എസ്.എസ്, വെള്ളനാട്	31		

(അവലംബം: -ഐ.റ്റി.ഡി.പി റിപ്പോർട്ട് 2017)

പട്ടിക:4.4.3.9

ആകെ കുട്ടികൾ	പ്രൈമറി	സെക്കന്ററി	ഹയർ സെക്കന്ററി	ആകെ	ശതമാനം
4010	2116	881	522	3519	87.75

(അവലംബം: -സർവ്വെ റിപ്പോർട്ട് പട്ടികവർഗ്ഗ വികസന വകുപ്പ് 2012)

2008-10 ലെ പട്ടികവർഗ്ഗ വികസന വകുപ്പ് സർവ്വെ പ്രകാരം ജില്ലയിലുണ്ടായിരുന്ന 4010 കുട്ടികളിൽ 3519 പേർ (87.75%) മാത്രമേ പ്രൈമറി, സെക്കന്ററി, ഹയർ സെക്കന്ററി ക്ലാസ്സുകളിൽ ചേർന്നു പഠിക്കുന്നുള്ളൂ. ഇതിൽ നിന്നും ഒന്നാം ക്ലാസ്സിൽ ചേരുന്ന എല്ലാവരും 10-ാം ക്ലാസ്സിൽ എത്തുന്നില്ല എന്നും 10-ാം ക്ലാസ്സ് ജയിക്കുന്ന എല്ലാവരും മറ്റ് ഉപരിപഠന മേഖലയിൽ ചേർന്നു പഠിക്കുന്നില്ല എന്നു കാണാവുന്നതാണ്. അതായത് വിവിധ തലത്തിലായി 12.25% കൊഴിഞ്ഞുപോക്ക് ഉള്ളതായി കാണുന്നു.

പട്ടിക:4.4.3.10

മേഖലയിൽ പട്ടികവർഗ്ഗക്കാർ ആശ്രയിക്കുന്ന അംഗനവാടികൾ

പഞ്ചായത്ത്	അംഗൻ വാടി ഉള്ള ഊരുകൾ	ഇല്ലാത്ത ഊരുകൾ	സൗകര്യമായ സ്ഥലത്തുള്ള ഊരുകൾ	സൗകര്യമല്ലാത്ത സ്ഥലത്തുള്ള ഊരുകൾ	സമീപത്തുള്ള ഊരുകൾ	സമീപത്തു പോലും ഇല്ലാത്ത ഊരുകൾ
പനവൂർ	1	2	1		2	
വിളപ്പിൽ		4			4	0
വെള്ളറട		5			5	0
കള്ളിക്കാട്	1	1	1		1	
അമ്പൂരി	7	6	7	0	5	1
പാങ്ങോട്	3	6	3		3	3
പെരിങ്ങമ്മല	9	14	9		8	6
നന്ദിയോട്	5	10	5		8	2
കുറ്റിച്ചൽ	5	20	5		6	12
വിതുര	9	58	9		45	11
ആര്യനാട്	1	7	1		7	
തൊളിക്കോട്	5	12	4	1	12	
വെള്ളനാട്		3			3	
പൂവച്ചൽ	4	8	4		8	

(അവലംബം: -പട്ടികവർഗ്ഗ വികസന വകുപ്പിന്റെ സർവ്വെ റിപ്പോർട്ട് 2012)

ജില്ലയിൽ 4-5 പ്രായത്തിൽ 786 പട്ടികവർഗ്ഗ കുട്ടികളുണ്ട്. പട്ടികവർഗ്ഗ വികസന വകുപ്പ് തദ്ദേശസ്വയംഭരണ വകുപ്പിന്റെ സഹകരണത്തോടെ 2008-10 ൽ നടത്തിയ സർവ്വെ പ്രകാരം 4-5 പ്രായത്തിലെ കുട്ടികളിൽ 40.8 ശതമാനം പേർക്കു മാത്രമേ അംഗൻവാടി അടക്കം പ്രീപ്രൈമറി വിദ്യാഭ്യാസ സൗകര്യം ലഭിക്കുന്നുള്ളൂ, അതായത് 59.20 ശതമാനം കുട്ടികൾക്കും അംഗൻവാടി സൗകര്യം ലഭിക്കുന്നില്ല. ശൈശവഘട്ടത്തിലെ ഈ ന്യൂനത പട്ടികവർഗ്ഗ കുട്ടികളുടെ അദ്ധ്യയന നിലവാരത്തേയും സാരമായി ബാധിക്കുന്നു.

പട്ടിക:4.4.3.11

പട്ടികവർഗ്ഗക്കാർക്ക് പ്രത്യേകമായുള്ള വകുപ്പിന്റെ വിദ്യാഭ്യാസ സ്ഥാപനങ്ങൾ

സ്ഥാപനം	എത്ര കുട്ടികൾക്ക് സൗകര്യമുണ്ട്	നിലവിൽ എത്ര കുട്ടികൾ
ഡോ. അംബേദ്കർ മെമ്മോറിയൽ എം.ആർ.എസ്, കട്ടേല (പെൺകുട്ടികൾ)	354	350
ഡോ.അംബേദ്കർ വിദ്യാനികേതൻ എം.ആർ.എസ്, ഞാറനീലി (സി.ബി.എസ്.ഇ)	480	422
ജി.കാർത്തികേയൻ മെമ്മോറിയൽ എം.ആർ.എസ്, കുറ്റിച്ചൽ (സി.ബി.എസ്.ഇ)	120	74
മോഡൽ വെൽഫെയർ ട്രെയിനിംഗ് സെന്റർ	24	12

ഉല്പാദന പരിശീലന കേന്ദ്രം	12	12
കുട്ടമല ഐ.റ്റി.ഐ	21	27
മണലി കിന്റർ ഗാർട്ടൻ	30	29
വ്ളാവെട്ടി കിന്റർ ഗാർട്ടൻ	60	37
പ്രീമെട്രിക് ഹോസ്റ്റൽ, നന്ദിയോട് (ആൺകുട്ടികൾ)	40	40
പ്രീമെട്രിക് ഹോസ്റ്റൽ, ഞാറനീലി (പെൺകുട്ടികൾ)	75	75
പോസ്റ്റ് മെട്രിക് ഹോസ്റ്റൽ, പട്ടം (ആൺകുട്ടികൾ)	40	27

(അവലംബം: –ഐ.റ്റി.ഡി.പി റിപ്പോർട്ട് 2017)

പട്ടിക:4.4.3.12

2017 ലെ പത്താം ക്ലാസ്സും തുടർപഠനവും

വർഷം	എസ്.എസ്.എൽ.സി വിജയിച്ചവർ	+1 ചേർന്നവർ	ഡിപ്ലോമ/ ഐ.റ്റി. ഐ
2017	272	230	31

(അവലംബം:– ഐ.റ്റി.ഡി.പി റിപ്പോർട്ട് 2017)

പട്ടിക:4.4.3.13

എസ്.എസ്.എൽ.സി യോ അതിനു മുകളിലോ വിദ്യാഭ്യാസം നേടിയ ജില്ലയിലെ പട്ടികവർഗ്ഗക്കാർ

വിദ്യാഭ്യാസ യോഗ്യത	വിജയിച്ചവരുടെ എണ്ണം
എസ്.എസ്.എൽ.സി	567
പ്രീ ഡിഗ്രി/+2	304
ബിരുദം	246
ബിരുദാനന്തര ബിരുദം	36
തൊഴിലധിഷ്ഠിതം	68
ടെക്നിക്കൽ	6
എം.ഫിൽ/ പി.എച്ച്.ഡി	2
ആകെ	1229

(അവലംബം: –പട്ടികവർഗ്ഗ വികസന വകുപ്പിന്റെ സർവ്വെ റിപ്പോർട്ട് 2012)

വിശകലനം

- ജില്ലയിൽ 2308 പുരുഷൻമാരും 2945 സ്ത്രീകളും അടക്കം 5253 (19.67%) നിരക്ഷരരുണ്ട്.
- 4–5 പ്രായത്തിലെ കുട്ടികളിൽ 59.2% കുട്ടികൾക്കും സംയോജിത ശിശു വികസന പ്രോജക്ടിന്റെ സേവനം ലഭിക്കുന്നില്ല.
- 0–6 പ്രായത്തിലുള്ളവർ, കൗമാരപ്രായക്കാർ, ഗർഭിണികൾ, മുലയൂട്ടുന്ന അമ്മമാർ ഇവരിൽ ബഹുഭൂരിപക്ഷത്തിനും സംയോജിത ശിശു വികസന പ്രോജക്ടിന്റെ സേവനം പൂരക ഭക്ഷണമടക്കം ലഭിക്കുന്നില്ല.
- ജില്ലയിൽ ഒന്നാം ക്ലാസ്സിൽ ചേരുന്ന മുഴുവൻ പട്ടികവർഗ്ഗ കുട്ടികളും 10–ാം ക്ലാസ്സിൽ എത്തുന്നില്ല.
- എസ്.എസ്.എൽ.സി ജയിക്കുന്ന മുഴുവൻ പട്ടികവർഗ്ഗകുട്ടികളും +2 അടക്കം ഉന്നത വിദ്യാഭ്യാസത്തിനു ചേരുന്നില്ല.
- വാസസ്ഥലത്തുനിന്നും നിത്യവും പോയി വരാവുന്ന ദൂരത്തിൽ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ അഭാവം
- പട്ടികവർഗ്ഗ കുട്ടികൾക്കു രക്ഷിതാക്കളുടെ പിന്തുണ പഠനത്തിൽ ലഭിക്കുന്നില്ല. അവരുടെ നിരക്ഷരത, സ്ഥായിയായ വരുമാനമില്ലായ്മ ഇവയെല്ലാം ഘടകങ്ങളാണ്.
- വീട്ടിൽ സ്വതന്ത്രമായി ഇരുന്നു പഠിക്കുന്നതിനു സ്ഥല സൗകര്യമില്ലാത്തത്, വീട്ടിലെ ഭൗതിക അവസ്ഥ, വീട്ടിൽ നിന്നും പ്രഭാതഭക്ഷണം കഴിച്ചു പോകുവാനുള്ള സൗകര്യമില്ല.

- വീട് ഉൾപ്പെടുന്ന സങ്കേതത്തിൽ ഒത്തു ചേർന്ന് പരസ്പരം ആശയവിനിമയം നടത്തുന്നതിനും മുതിർന്നവരോടു സംശയങ്ങൾ നിവാരണം ചെയ്യുന്നതിനുമുള്ള സൗകര്യമില്ല.
- വീടും വിദ്യാഭ്യാസ സ്ഥാപനവുമായുള്ള ദൂരക്കൂടുതൽ നിത്യവും സ്കൂളിൽ പോകുന്നതിനു തടസ്സമാകുന്നു.
- അഭ്യസ്ത വിദ്യരായ യുവതീ–യുവാക്കൾക്ക് തൊഴിൽ ലഭിക്കാത്തത്.
- ഉന്നത വിദ്യാഭ്യാസത്തിന് സ്ഥാപനത്തിനടുത്ത് താമസ സൗകര്യത്തിന്റെ അഭാവം.
- സർക്കാർ അനുവദിക്കുന്ന സ്റ്റൈപ്പന്റ് തുക വിനിയോഗിച്ചു താമസ ഭക്ഷണ ചെലവും പഠന ചെലവും വഹിക്കുവാനാകുന്നില്ല.
- ഉന്നത വിദ്യാഭ്യാസ കോഴ്സുകൾക്കു പ്രവേശനം ലഭിക്കുമ്പോൾ വേണ്ടി വരുന്ന പ്രാരംഭ ചെലവുകൾ വഹിക്കുന്നതിനു നേരിടുന്ന സാമ്പത്തിക പ്രയാസം.
- പ്രൈമറി സ്കൂൾ വിദ്യാഭ്യാസത്തിലെ അദ്ധ്യായന നിലവാരക്കുറവ് മൂലം ഉന്നത വിദ്യാഭ്യാസ കോഴ്സുകളുമായി സമരസപ്പെടുന്നതിനുള്ള പ്രയാസം.
- പ്രൊഫഷണൽ കോഴ്സുകളെ കുറിച്ചുള്ള അവബോധക്കുറവും, പ്രവേശന പരീക്ഷയ്ക്കുള്ള പരിശീലനത്തിന്റെ തയ്യാറെടുപ്പിന്റെയും അഭാവം.
- ടെക്നിക്കൽ ഹൈസ്കൂൾ, ഐ.ടി.ഐ, പോളിടെക്നിക് തുടങ്ങിയ സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങളെ കുറിച്ചുള്ള അവബോധക്കുറവും അവയുടെ സമീപം താമസ സൗകര്യം ലഭിക്കാത്തതും.
- കേന്ദ്രീയ വിദ്യാലയങ്ങൾ, നവോദയ വിദ്യാലയം സൈനിക സ്കൂൾ എന്നിവിടങ്ങളിൽ ചേർന്നു പഠിക്കുന്നതിനുള്ള ധാരണയില്ലായ്മയും പ്രോത്സാഹനക്കുറവും.
- സ്കൂൾ യുവജനോത്സവം, സ്പോർട്സ് മീറ്റ്, ശാസ്ത്രമേള, ക്രാഫ്റ്റ് മത്സരം, ക്വിസ് മത്സരം, എൽ.എസ്.എസ്., യു.എസ്.എസ്, എൻ.റ്റി.എസ്.ഇ തുടങ്ങി മത്സര സ്വഭാവമുള്ളവയ്ക്ക് ചേരുന്നതിനുള്ള പ്രോത്സാഹനകുറവ്.
- പഠനം ഉപേക്ഷിക്കുന്നവരെ കണ്ടെത്തി പ്രശ്നങ്ങൾ അപഗ്രഥിച്ചു തിരിച്ച് സ്കൂളിൽ എത്തിക്കുന്നതിനുള്ള പരിപാടിയുടെ അഭാവം.

നിർദ്ദേശങ്ങൾ

- 14 പഞ്ചായത്തുകളിലും മാതൃകാ കിന്റർഗാർട്ടനുകൾ സ്ഥാപിക്കുക. (നിലവിൽ കള്ളിക്കാട്, വിതുര പഞ്ചായത്തുകളിൽ 30 കുട്ടികൾ വീതം പഠിക്കുന്ന ഓരോ കിന്റർഗാർട്ടനുകൾ (എൽ.കെ.ജി, യു.കെ.ജി) മാതൃകാപരമായി പട്ടികവർഗ്ഗവികസന വകുപ്പ് നടത്തുന്നു.)
- കൂടുതൽ പട്ടികവർഗ്ഗ വിദ്യാർത്ഥികൾ പഠിക്കുന്ന സ്കൂളുകൾ കേന്ദ്രീകരിച്ച് ഹോസ്റ്റലുകൾ ആരംഭിക്കുക.
- ട്രൈബൽ സ്കൂളുകളും പട്ടികവർഗ്ഗക്കാർ കൂടുതലായി പഠിക്കുന്ന വിദ്യാഭ്യാസ സ്ഥാപനങ്ങളും ഗോത്ര സൗഹൃദമാക്കുന്ന അന്തരീക്ഷം സൃഷ്ടിക്കുക. അധ്യാപകർക്കും ജീവനക്കാർക്കും അതിനുവേണ്ട പരിശീലനം നൽകുക.
- ഗോത്ര കുടുംബങ്ങളിൽ സാക്ഷരതായജ്ഞം പുനരാരംഭിക്കുക. വിദ്യാഭ്യാസ അവബോധം രക്ഷിതാക്കളിലും മുതിർന്നവരിലും സൃഷ്ടിക്കുന്ന തരത്തിലുള്ള സാക്ഷരതാ പരിപാടികൾ ആവിഷ്കരിക്കുക.
- നിലവിലുള്ള പട്ടികവർഗ്ഗ തൊഴിലധിഷ്ഠിത വിദ്യാഭ്യാസ സ്ഥാപനങ്ങൾ കാലാനുസൃത കോഴ്സുകൾ കൊണ്ട് ആധുനികവത്കരിക്കുകയും റസിഡൻഷ്യൽ സൗകര്യം ആരംഭിക്കുകയും ചെയ്യുക.
- പൂട്ടി പോകുന്ന ട്രൈബൽ സ്കൂളുകൾ അനുയോജ്യ മേഖലകളിലേയ്ക്ക് പുനക്രമീകരിക്കുക.
- സാമൂഹ്യ പഠനകേന്ദ്രങ്ങൾ (ട്യൂഷൻ, പൊതുവായനാ ഗ്രന്ഥശാല, നെറ്റ് കണക്ടിവിറ്റി, കമ്പ്യൂട്ടർ, ഫെസിലിറ്റേറ്റർ സംവിധാനങ്ങളോടു കൂടിയ) ദുർഘടവും ജനസംഖ്യ

ഏറിയതുമായ എല്ലാ ഊരുകളിലും ആരംഭിക്കുക. (2017 വർഷം പട്ടികവർഗ്ഗ വികസന വകുപ്പ് അഞ്ചിടങ്ങളിൽ പദ്ധതി ആരംഭിച്ചിട്ടുണ്ട്).

- കൊഴിഞ്ഞുപോക്ക് തടയുന്നതിന് ജില്ലാ ശിശു സംരക്ഷണ യൂണിറ്റ് 2017 ൽ കുറ്റിച്ചൽ ഗ്രാമപഞ്ചായത്തിൽ ആരംഭിച്ച 'അഗസ്ത്യന്റെ പൂമ്പാറ്റകൾ' പോലെയുള്ള ഇടപെടൽ പദ്ധതികൾ ആരംഭിക്കുക

ആരോഗ്യം

മുൻതലമുറയുടെ വനവുമായുള്ള പാരസ്പര്യം പല ഘടകങ്ങളാൽ പുലർത്താൻ കഴിയാത്തത് കൊണ്ടും സ്വയാശ്രിത കാർഷിക സംസ്കാരം നഷ്ടപ്പെട്ടതിനാലും ആരോഗ്യമേഖലയിലും ആയുർദൈർഘ്യത്തിലും ഗോത്ര മേഖല പിറകിലാണെന്ന് വ്യക്തമായി മനസിലാക്കാം.

പട്ടിക:4.4.3.14

ഭിന്നശേഷിയുള്ളവർ/നിത്യരോഗികൾ

വെല്ലുവിളികൾ സ്വഭാവം	എണ്ണം
അന്ധത	21
സെറിബ്രൽ പാൽസി	3
ക്രോണിക് ന്യൂറോളജിക്കൽ ഡിസോഡർ	5
എപ്പിലപ്സി(അപസ്മാരം)	19
കേൾവിത്തകരാറ്	51
ഇന്റലക്ചൽ ഡിസബിലിറ്റി	56
കിഫോസിസ്	8
പഠനവൈകല്യം	2
കുഷ്ഠ ബാധിതർ	4
ലോകോമോട്ടീവ് ഡിസബിലിറ്റി	283
കാഴ്ചക്കുറവ്	54
മസ്കുലാർ ഡിസ്ട്രഫി	3
മാനസിക വൈകല്യം	97
മൾട്ടിപ്പിൾ ഡിസബിലിറ്റി	121
ഡാർഫിസം	2
സ്പീച്ച് & ലാംഗ്വേജ് ഡിസബിലിറ്റി	26
ഹീമോഫീലിയ	1
മൾട്ടിപ്പിൾ സ്ക്ലീറോസിസ്	1
കിടപ്പു രോഗികൾ	69

(അവലംബം: –സോഷ്യൽ സെക്യൂരിറ്റി മിഷൻ റിപ്പോർട്ട് 2017)

പട്ടിക:4.4.3.15

ജില്ലയിൽ പട്ടികവർഗ്ഗക്കാർ ആശ്രയിക്കുന്ന ആരോഗ്യ കേന്ദ്രങ്ങൾ

ആശുപത്രിയുടെ പേര്	കിടക്കകളുടെ എണ്ണം	മുഴുവൻ സമയ സേവനം ലഭ്യമായ ആശുപത്രികൾ
ജില്ലാആശുപത്രി, നെടുമങ്ങാട്	225	ഉണ്ട്
താലൂക്ക് ആശുപത്രി, വിതുര	65	ഉണ്ട്
സി.എച്ച്.സി. പാലോട്	31	ഉണ്ട്
സി.എച്ച്.സി., വെള്ളനാട്.	22	ഉണ്ട്
സി.എച്ച്.സി, കാട്ടാക്കട	20	ഉണ്ട്
സി.എച്ച്.സി, വെള്ളറട	40	ഉണ്ട്
സി.എച്ച്.സി, വിളപ്പിൽ	16	ഉണ്ട്
സി.എച്ച്.സി, ആര്യനാട്	20	ഉണ്ട്
പി.എച്ച്.സി,ഉഴമലയ്ക്കൽ	–	ഇല്ല
പി.എച്ച്.സി കുറ്റിച്ചൽ	–	ഇല്ല
പി.എച്ച്.സി, കള്ളിക്കാട് (പഴയത്)	–	ഇല്ല
പി.എച്ച്.സി, കാട്ടാക്കട	–	ഇല്ല
പി.എച്ച്.സി,കള്ളിക്കാട് (പുതിയത്)	–	ഇല്ല

പി.എച്ച്.സി, വിളവൂർക്കൽ	–	ഇല്ല
പി.എച്ച്.സി, മാറനല്ലൂർ	–	ഇല്ല
പി.എച്ച്.സി, കല്ലിയൂർ	–	ഇല്ല
പി.എച്ച്.സി, പെരിങ്ങമ്മല	–	ഇല്ല
പി.എച്ച്.സി, മലയടി	–	ഇല്ല
പി.എച്ച്.സി, കുന്നത്തുകാൽ	–	ഉണ്ട്
പി.എച്ച്.സി,തൊളിക്കോട്	–	ഉണ്ട്

(അവലംബം: –ജില്ലാ മെഡിക്കൽ ഓഫീസ് 2017)

പട്ടിക:4.4.3.16

ആരോഗ്യ പരിപാലന സംവിധാനം ഊരുകളിൽ

പഞ്ചായത്ത്	ആരോഗ്യ സേവനത്തിന് പൊതു സംവിധാനം നിലവിലുള്ള ഊരുകൾ	പാരമ്പര്യ ചികിത്സാ സംവിധാനം നിലവിലുള്ള ഊരുകൾ
പനവൂർ	1	0
വിളപ്പിൽ	3	1
വെള്ളറട	4	1
കള്ളിക്കാട്	1	1
അമ്പൂരി	5	5
പാങ്ങോട്	9	0
പെരിങ്ങമ്മല	13	10
നന്ദിയോട്	6	2
കുറ്റിച്ചൽ	17	8
വിതുര	38	10
ആര്യനാട്	4	0
തൊളിക്കോട്	11	1
വെള്ളനാട്	1	0
പൂവച്ചൽ	7	0
ആകെ	120	39

(അവലംബം:–പട്ടികവർഗ്ഗവകുപ്പിന്റെ സർവ്വേ റിപ്പോർട്ട് 2012)

വിശകലനം

- ആരോഗ്യവകുപ്പ് നടത്തിയ ഇ–ഹെൽത്ത് സർവ്വേ വിവരങ്ങൾ പ്രസിദ്ധീകരിക്കുന്നതോടെ കൂടുതൽ കൃത്യമായ വിവരങ്ങൾ ലഭ്യമാകും.
- പര്യാപ്തമായ ആരോഗ്യ സബ് സെന്ററുകൾ/പി.എച്ച്.സി.–കൾ പിന്നാക്ക മേഖലകളിൽ നിലവിലില്ല.
- പിന്നാക്ക–ദുർഘട മേഖലകളിൽ പ്രത്യേക മൊബൈൽ യൂണിറ്റോ ആധുനിക സൗകര്യങ്ങളുള്ള ആമ്പുലൻസോ ഇല്ല.
- അംഗനവാടി സൗകര്യങ്ങളും പോഷണകിറ്റുകളും അപര്യാപ്തം.
- ലഹരി വിരുദ്ധ ബോധവത്ക്കരണ പ്രവർത്തനങ്ങൾക്ക് തുടർച്ചയില്ലാത്തതും യുവാക്കളെ ആകർഷിക്കാൻ കഴിയാത്തതും.
- പുകയില–മദ്യം എന്നിവയുടെ വ്യാപക ഉപഭോഗം.
- മാനസികാരോഗ്യമില്ലായ്മ– വർദ്ധിച്ച ആത്മഹത്യാ പ്രവണത
- ആധുനിക ശുചിത്വ അവബോധമില്ലായ്മ.
- ഒറ്റപ്പെട്ട വനാന്തര മേഖലകളിൽ വീട്ടുപ്രസവങ്ങൾ സംഭവിക്കുന്നു.
- ഭിന്നശേഷിക്കാർക്ക് സൗഹൃദമായ അന്തരീക്ഷവും വ്യക്തിഗത സേവനങ്ങളും ലഭിക്കുന്നില്ല.
- കിടപ്പുരോഗികളും രോഗികളായ അഗതികളും വർദ്ധിക്കുന്നത്.
- ആശാവർക്കർ സേവനങ്ങൾ യഥാസമയം ലഭിക്കാത്തത്.
- ആശുപത്രിയിൽ പോകാനുള്ള മാനസിക വൈമുഖ്യം.

നിർദ്ദേശങ്ങൾ

- കുറ്റിച്ചൽ, അമ്പൂരി ഗ്രാമപഞ്ചായത്തിലെ പട്ടികവർഗ്ഗക്കാർ ആശ്രയിക്കുന്ന പി.എച്ച്.സികൾ സി.എച്ച്.സി.കളായി ഉയർത്തുകയും പ്രസവ വിഭാഗമുൾപ്പടെ കിടത്തി ചികിത്സാ സൗകര്യങ്ങൾ ആരംഭിക്കുകയും ചെയ്യുക.
- പട്ടികവർഗ്ഗക്കാർ കൂടുതലായി ആശ്രയിക്കുന്ന സി.എച്ച്.സി കളിലും പി.എച്ച്.സി. കളിലും ഹെൽത്ത് പ്രമോട്ടർമാരെ നിയമിക്കുക.
- 'ട്രൈബൽ ആശാവർക്കർമാർ' എന്ന ആശയത്തിൽ ആരോഗ്യ വകുപ്പ് തന്നെ മേഖലയ്ക്ക് വേണ്ടി ടി വിഭാഗത്തിൽ നിന്നുള്ളവരെ പരിശീലനം കൊടുത്ത് നിയമിക്കണം.
- ഭിന്നശേഷി/നിത്യരോഗിയായുള്ളവരെ (കിടപ്പു) സർവ്വേ ചെയ്ത് വ്യക്തിഗത പരിപാലന പദ്ധതി തയ്യാറാക്കി സമഗ്ര പരിരക്ഷ ഉറപ്പാക്കാൻ പദ്ധതി രൂപീകരിക്കണം.
- പാരമ്പര്യ ചികിത്സാ അറിവുകൾ സംരക്ഷിക്കാനും പകരാനും പ്രത്യേക പദ്ധതി (ഗവേഷണ ചികിത്സാ വിഭാഗമുൾപ്പടെ) നടപ്പിലാക്കണം.
- ആധുനിക സൗകര്യങ്ങളുള്ള ആംബുലൻസുൾപ്പടെയുള്ള മൊബൈൽ മെഡിക്കൽ യൂണിറ്റുകളുടെ പ്രവർത്തനം സാധ്യമാക്കൽ
- വനാന്തര ഊരുകളിലെ കുട്ടികൾക്ക് പ്രത്യേക പോഷണകിറ്റുകളുടെ ഭക്ഷ്യസഹായ പദ്ധതി.
- തുടർച്ചയായുള്ളതും സൗഹാർദ്ദപരവുമായ ലഹരിവിരുദ്ധ ബോധവൽക്കരണ പ്രവർത്തനങ്ങൾ.
- വിവിധ ആരോഗ്യ വകുപ്പുകളുടെയും എക്സൈസ് വകുപ്പിന്റെയും ഏകോപനവും സംയുക്ത പദ്ധതി പ്രവർത്തനങ്ങളും അനിവാര്യം.
- ഒറ്റപ്പെട്ടതും ദുർഘടവുമായ ഊരുകളിൽ അമ്മമാരുടേയും കുട്ടികളുടേയും ആരോഗ്യ പരിചരണത്തിനായി മാതൃ ശിശു പരിപാലന കേന്ദ്രം ആരംഭിക്കുക. പ്രസ്തുത കേന്ദ്രം വഴി ഗർഭധാരണം മുതൽ പ്രസവം വരെയുള്ള ശുശ്രൂഷയും പ്രസവശേഷം അമ്മയ്ക്കും കുഞ്ഞിനും വേണ്ട പരിചരണവും ഉറപ്പാക്കാവുന്നതാണ്. ടി കേന്ദ്രത്തിൽ പരിശീലനം നേടിയ നഴ്സിന്റെ സേവനം ലഭ്യമാക്കുക.
- പഞ്ചായത്ത് തലത്തിൽ ഒരു മാനസിക ആരോഗ്യ പരിപാലന കേന്ദ്രം ആരംഭിക്കുക. ടി കേന്ദ്രത്തിൽ കൗൺസിലിംഗ്, മാനസിക രോഗ നിർണ്ണയം, ചികിത്സയ്ക്ക് വേണ്ട നിർദ്ദേശം, തുടർ പരിചരണം തുടങ്ങിയ സേവനങ്ങൾ ലഭ്യമാക്കുക. പ്രസ്തുത ആവശ്യങ്ങൾക്കായി സൈക്യാട്രിക് സോഷ്യൽ വർക്കറുടേയും, സൈക്കോളജിസ്റ്റിന്റേയും സേവനങ്ങൾ ടി കേന്ദ്രത്തിൽ ലഭ്യമാക്കാവുന്നതാണ്.
- വയോജന പരിപാലനത്തിനായി പ്രത്യേക പദ്ധതി തയ്യാറാക്കുക.
- സ്പെഷ്യാലിറ്റി മെഡിക്കൽ ക്യാമ്പ് സംഘടിപ്പിക്കുക.
- ട്രൈബൽ മേഖല കേന്ദ്രീകരിച്ച് ഒരു ഡി–അഡിക്ഷൻ സെന്റർ ആരംഭിക്കുക.
- അംഗനവാടികൾ വഴി അർഹരായ എല്ലാ കുട്ടികൾക്കും പരിധികളില്ലാതെ പോഷകാഹാരം ഉറപ്പാക്കുക.

തൊഴിൽ, ഉപജീവനം

ഒരു സമൂഹത്തിന്റെ പുരോഗതി ദാരിദ്ര്യത്തിന്റെ അളവുമായി ബന്ധപ്പെട്ടിരിക്കുന്നു. തൊഴിലും വരുമാനവും ഉറപ്പാക്കുന്നതിലൂടെ ദാരിദ്ര്യം നിർമ്മാർജ്ജനം ചെയ്യപ്പെടും. ഉല്പാദനപരമായ കാർഷിക വൃത്തിയാണ് ഗോത്രസമൂഹത്തിന്റെ നട്ടെല്ല്. പലവിധ കാരണങ്ങളാൽ അതിൽ ക്ഷതം സംഭവിച്ചിരിക്കുന്നു. ആധുനിക സമൂഹത്തിന്റെ മറ്റ് തൊഴിൽ വൃത്തികളിലേക്ക് കടന്നു കയറാൻ കഴിഞ്ഞിട്ടുമില്ലായെന്നത് യാഥാർത്ഥ്യമാണ്.

2008–10 വർഷത്തെ പട്ടികവർഗ്ഗ സാമൂഹ്യ സാമ്പത്തിക സർവ്വെ പ്രകാരം ജില്ലയിൽ പ്രൈമറി തലം മുതൽ ബിരുദാനന്തര ബിരുദം വരെ വിദ്യാഭ്യാസ യോഗ്യതയുള്ള 9058 പേർ ഉണ്ട്. വിശദമായ പട്ടിക ചുവടെ ചേർക്കുന്നു.

പട്ടിക:4.4.3.17

ജില്ലയിൽ പ്രൈമറി തലം മുതൽ ബിരുദാനന്തര ബിരുദം വരെ വിദ്യാഭ്യാസ യോഗ്യതയുള്ളവർ

യോഗ്യത	സ്ത്രീ	പുരുഷൻ	ആകെ
നിരക്ഷരർ	598	382	980
നവസാക്ഷരർ	64	47	111
പ്രൈമറി	1356	1256	2612
എസ്.എസ്.എൽ.സി ക്കു താഴെ	2144	2164	4308
എസ്.എസ്.എൽ.സി	666	586	1252
പ്രിഡിഗ്രി/പ്ലസ്ടു	405	252	657
ബിരുദം	125	81	206
ബിരുദാനന്തര ബിരുദം	11	4	15
മറ്റുള്ളവ	6	2	8
ആകെ	5375	4774	10149

(അവലംബം:-2008-10 ലെ സർവ്വെ പട്ടികവർഗ്ഗ വികസന വകുപ്പ്)

2008-10 ലെ സർവ്വെ പ്രകാരം വിദ്യാസമ്പന്നരായ 10149 പേരിൽ 3097 പേർ തൊഴിൽരഹിതരാണ്. എസ്.എസ്.എൽ.സിയും അതിനു മുകളിലും വിദ്യാഭ്യാസമുള്ള 2138 പേരിൽ 1254 പേരും തൊഴിൽരഹിതരാണ്. അഭ്യസ്തവിദ്യരിലെ വർദ്ധിച്ച തോതിലുള്ള തൊഴിലില്ലായ്മ പട്ടികവർഗ്ഗ യുവാക്കളിൽ അസംതൃപ്തി വളർത്തുന്നു എന്നു മാത്രമല്ല പുതിയ തലമുറയെ പഠനത്തിൽ താൽപര്യക്കുറവു ജനിപ്പിക്കുന്നതിനും വഴി തെളിക്കുന്നു. ജില്ലയിലെ 15-59 പ്രായത്തിലുള്ള തൊഴിൽരഹിതരുടെ വിദ്യാഭ്യാസ യോഗ്യതയടങ്ങുന്ന പട്ടിക ചുവടെ ചേർക്കുന്നു.

പട്ടിക:4.4.3.18

വിദ്യാഭ്യാസ യോഗ്യതയുടെ അടിസ്ഥാനത്തിലുള്ള തൊഴിൽ രഹിതർ

വിദ്യാഭ്യാസ യോഗ്യത	ജില്ലയിലാകെയുള്ള പട്ടികവർഗ്ഗ തൊഴിൽരഹിതർ	കാണിക്കാർ മാത്രം
നിരക്ഷരർ	164	162
നവസാക്ഷരർ	16	16
പ്രൈമറി	336	324
എസ്.എസ്.എൽ.സി ക്കു താഴെ	1507	1456
എസ്.എസ്.എൽ.സി	699	679
പ്രിഡിഗ്രി/പ്ലസ്ടു	429	420
ബിരുദം	115	108
ബിരുദാനന്തര ബിരുദം	6	4
മറ്റുള്ളവ	5	5
ആകെ	**3277**	**3176**

(അവലംബം:-2008-10 ലെ സർവ്വെ)

പട്ടിക:4.4.3.19

ഉന്നത വിദ്യാഭ്യാസ യോഗ്യതയുള്ള തൊഴിൽ രഹിതർ

വിദ്യാഭ്യാസ യോഗ്യത	വിജയിച്ചവരുടെ എണ്ണം
എസ്എസ്.എൽ.സി	567
+2	304
ബിരുദം	246
ബിരുദാനന്തര ബിരുദം	36
തൊഴിലധിഷ്ഠിതം	68
ടെക്നിക്കൽ	6
എം.ഫിൽ, പി.എച്ച്.ഡി	2

(അവലംബം: -ഐ.റ്റി.ഡി.പി റിപ്പോർട്ട് 2016)

പട്ടിക:4.4.3.20

തൊഴിലിന്റെ അടിസ്ഥാനത്തിൽ കുടുംബങ്ങളും വ്യക്തികളും

മുഖ്യ തൊഴിൽ	കുടുംബങ്ങളുടെ എണ്ണം(%)	വ്യക്തികൾ (%)
കൃഷി	12.59	7.03
വനവിഭവ ശേഖരണം	0.33	0.2
മൃഗപരിപാലനം	0.09	0.15
പരമ്പരാഗത ഉത്പന്നങ്ങളുടെ നിർമ്മാണം	1.08	0.87
ചെറുകിട കച്ചവടം	0.3	0.17
പച്ചമരുന്ന് ശേഖരണം	0.12	0.11
കർഷക തൊഴിലാളി	24.4	11.22
വനമേഖലയിലെ കൂലിപ്പണി	26.23	11.79
തൊഴിലുറപ്പ്	0.15	0.34
കാർഷികേതര തൊഴിലാളി	9.77	4.59
എസ്റ്റേറ്റ് തൊഴിലാളി	0.42	0.25
സർക്കാർ/അർദ്ധ സർക്കാർ	17.7	7.66
സ്വകാര്യ മേഖലയിൽ തൊഴിൽ (സ്ഥിരം)	1.23	0.70
വനമേഖലയിൽ സ്ഥിരം തൊഴിൽ	0.27	0.12
എസ്റ്റേറ്റ് മേഖലയിൽ സ്ഥിരം തൊഴിൽ	0.24	0.15
മറ്റുള്ളവ	1.74	0
സ്ഥിരവരുമാന മാർഗ്ഗമില്ല	3.34	54.58
ആകെ	100	100

(അവലംബം: –ഐ.റ്റി.ഡി.പി റിപ്പോർട്ട് 2017)

വിശകലനം

- തനത് പാരമ്പര്യ നൈപുണ്യങ്ങളിൽ നിന്നുമുള്ള പിൻവാങ്ങൽ.
- ഉയർന്ന / സാങ്കേതിക വിദ്യാഭ്യാസത്തിന്റെ അഭാവം.
- സ്വയം തൊഴിൽ / ജീവനോപാധി പദ്ധതികളുടെ അഭാവം.
- മത്സര തൊഴിൽ പരീക്ഷാ പരിശീലനത്തിന്റെ അഭാവം.
- തൊഴിലെടുക്കാൻ ശേഷിയുള്ളവരിലെ തൊഴിൽരാഹിത്യം.
- കാലാനുസൃത സ്റ്റാർട്ടപ്പുകളെ കുറിച്ചുള്ള അജ്ഞത.

നിർദ്ദേശങ്ങൾ

- ഉയർന്ന യോഗ്യതയുള്ളവരിൽ നിന്നും സ്പെഷ്യൽ റിക്രൂട്ട്മെന്റ് ഒഴിവുകൾ യഥാസമയം നികത്തുന്നതിനുള്ള നടപടികൾ.
- വനോത്പന്ന മൂല്യവർദ്ധിത ഉത്പന്നങ്ങളും ആധുനിക മുള ഉൽപന്നങ്ങളും നിർമ്മിക്കുന്നതിനുള്ള പരിശീലനവും തൊഴിൽ സാധ്യത പദ്ധതികളും ആവിഷ്കരിക്കുക.
- ജില്ലയിലെ പട്ടികവർഗ്ഗ യുവതീ യുവാക്കൾക്ക് കാർപ്പെന്ററി, കൽപ്പണി, ഗൃഹോപകരണങ്ങളുടെ അറ്റകുറ്റപണി, പ്ലംമ്പിംഗ്, വയറിംഗ് തുടങ്ങി താൽപര്യമുള്ള മേഖലകളിൽ നൈപുണ്യ വികസന പരിശീലനം നൽകി സ്വയം തൊഴിൽ സംരംഭങ്ങൾ കണ്ടെത്തുന്നതിന് അവസരം നൽകാവുന്നതാണ്.
- ഹോട്ടൽ മാനേജ്മെന്റ്, ഫുഡ് പ്രോസസിംഗ്, ടൂറിസം മാനേജ്മെന്റ്, മറ്റു സാങ്കേതിക, ഐ.ടി മേഖലകളിലെ തൊഴിൽ അവസരങ്ങൾ പ്രയോജനപ്പെടുത്തുന്ന തരത്തിൽ തൊഴിൽ പരിശീലനം ബന്ധപ്പെട്ട രംഗത്ത് മെച്ചപ്പെട്ട നിലയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട് നൽകുന്നതിനും അവരുടെ പ്ലേസ്മെന്റ് ഉറപ്പ് വരുത്തുന്നതിനും നടപടി സ്വീകരിക്കാവുന്നതാണ്.

കൃഷിയും അനുബന്ധ മേഖലയും

പട്ടിക:4.4.3.21

കൃഷിയോഗ്യമായ തരിശ് ഭൂമി

പഞ്ചായത്ത്	തരിശുഭൂമിയുള്ള ഊരുകളുടെ എണ്ണം	ഭൂമിയുടെ അളവ്
വിതുര	40	109 ഏക്കർ
തൊളിക്കോട്	2	2 ഏക്കർ

(അവലംബം: –ഐ.റ്റി.ഡി.പി റിപ്പോർട്ട് 2017)

പട്ടിക:4.4.3.22

പാട്ടവും കൈയ്യേറ്റവും ചൂഷണ കണക്കുകൾ

പഞ്ചായത്ത്	അന്യാധീനപ്പെട്ട ഭൂമിയുടെ എണ്ണം
തൊളിക്കോട്	123
വിതുര	48
പെരിങ്ങമ്മല	8
നന്ദിയോട്	6
കുറ്റിച്ചൽ	9
പനവൂർ	4
വെള്ളനാട്	1
ആര്യനാട്	1
ആകെ	200

(അവലംബം:– ഐ.റ്റി.ഡി.പി റിപ്പോർട്ട് 2015)

വിശകലനം

- വന്യമൃഗ ശല്യവും കാർഷിക വൃത്തിയിലെ പരാജയം.
- പാട്ടത്തിനെടുപ്പ്/ കൈയ്യേറ്റ ചൂഷണങ്ങൾ.
- പാരമ്പര്യ കാർഷിക വിജ്ഞാനത്തിന്റെ ശോഷണം.
- റബ്ബറിന്റെ വിലയിടിവ്.
- വർദ്ധിച്ച കടബാധ്യതകൾ.

നിർദ്ദേശങ്ങൾ

- കാർഷിക ഭൂമി വന്യമൃഗ ശല്യത്തിൽ നിന്നും സംരക്ഷിക്കുന്നതിനുള്ള സമഗ്രവും പ്രയോജനകരവുമായ പദ്ധതികൾ.
- ഭക്ഷ്യസഹായ പദ്ധതികൾ കാർഷിക ഉത്പാദന സഹായ പദ്ധതികളായി പരിവർത്തനം ചെയ്യണം. പട്ടികവർഗ്ഗക്കാരുടെ കൈവശഭൂമി പരമാവധി പ്രയോജനപ്പെടുത്തി സുസ്ഥിര വികസനം ഉറപ്പാക്കുന്നതോടൊപ്പം തൊഴിൽശേഷി വളർത്തി ശാശ്വത വരുമാനം ഉറപ്പു വരുത്തക്ക വിധം തൊഴിൽ ലഭ്യമാക്കുന്നതിനും നടപടി സ്വീകരിക്കാവുന്നതാണ്.
- പാട്ടവും കയ്യേറ്റവും ഒഴിപ്പിക്കുന്നതിനുള്ള നിയമപരമായ നടപടികളും ബോധവത്കരണവും
- ജില്ലയിലെ പട്ടികവർഗ്ഗക്കാരിൽ താരതമ്യേന കൂടുതൽ പേർക്കും ഒരു എക്കറോ അതിനു മുകളിലോ കൈവശഭൂമിയുള്ളവരാണ്. ഭക്ഷ്യ സുരക്ഷയും വരുമാനവും ഉറപ്പ് വരുത്തക്ക തരത്തിൽ ഭൂവിനിയോഗം കാര്യക്ഷമമാക്കാൻ കഴിയാത്ത അവസ്ഥ മറികടക്കേണ്ടതാണ്.
- തരിശായി കിടക്കുന്ന ഭൂമി ചെറുകിട വ്യവസായ സംരംഭങ്ങൾ ആരംഭിക്കത്തക്ക രീതിയിലുള്ള പ്രോജക്ടുകൾ വ്യവസായ വണിജ്യ വകുപ്പിന്റെ സാങ്കേതിക സഹായത്തോടെ ആവിഷ്കരിക്കാവുന്നതാണ്. അപ്രകാരം ആരംഭിക്കുന്ന യൂണിറ്റുകളുടെ പ്രവർത്തനത്തിനാവശ്യമായ നൈപുണ്യവികസനം സങ്കേതത്തിലെയും സമീപത്തേയും തൽപരരായ പട്ടികവർഗ്ഗ യുവതീയുവാക്കൾക്ക്

നൽകി അവർക്ക് ശാശ്വത വരുമാനം ഉറപ്പുവരുത്തുന്ന തൊഴിലവസരങ്ങളും സൃഷ്ടിക്കാവുന്നതാണ്.

അടിസ്ഥാന സൗകര്യങ്ങൾ

അടിസ്ഥാന ജീവിത സൗകര്യങ്ങളായ വീട്, കുടിവെള്ളം, വൈദ്യുതി, ശുചിത്വ സൗകര്യം എന്നിവ ഉറപ്പാക്കുന്നതാണ് സാമൂഹ്യ പുരോഗതിയുടെ പ്രധാന ലക്ഷണം. മേഖലയിലെ അടിസ്ഥാന സൗകര്യങ്ങളെക്കുറിച്ച് വ്യക്തമാക്കുന്നു.

പട്ടിക:4.4.3.23

ഭൂമിയും വീടും

ബ്ലോക്ക് പഞ്ചായത്ത്	പൂർത്തീകരിക്കാത്ത വീടുകൾ(നിർത്തിയത്)	ഭൂരഹിത കുടുംബങ്ങൾ	ഭവനരഹിത കുടുംബങ്ങൾ
വെള്ളനാട്	73	22	278
പെരുങ്കടവിള	37	10	277
വാമനപുരം	40	9	337
ആകെ	150	41	892

(അവലംബം: – പട്ടികവർഗ്ഗ വികസന വകുപ്പിന്റെ സർവ്വെ റിപ്പോർട്ട് 2012)

പട്ടിക:4.4.3.24

മറ്റ് അടിസ്ഥാന സൗകര്യ വികസനം

അടിസ്ഥാന സൗകര്യങ്ങൾ	വെള്ളനാട് ബ്ലോക്ക്	പെരുങ്കടവിള നേമം	വാമനപുരം	ആകെ
റോഡ് സൗകര്യമില്ലാത്ത ഊരുകൾ (N)	11	10	–	21
ഒറ്റപ്പെട്ട ഊരുകൾ	25	29	1	55
വൈദ്യുതി എത്താത്ത ഊരുകൾ (N)	1	–	–	1
വൈദ്യുതി ലഭിക്കാത്ത വീടുകൾ (N)	224	19	17	260
കക്കൂസില്ലാത്ത വീടുകൾ (N)	338	190	400	928

(അവലംബം:– ഐ.റ്റി.ഡി.പി റിപ്പോർട്ട് 2017)

പട്ടിക:4.4.3.25

ഊരുകളിലെ കുടിവെള്ള സ്രോതസ്സ്

പഞ്ചായത്ത്	ആവശ്യത്തിന് ജലം ലഭിക്കുന്നത്	ലഭിക്കാത്തത്	പുനരുദ്ധാരണം നടത്തി ജല ലഭ്യത ഉറപ്പാക്കാവുന്നത്
പനവൂർ	1	4	1
വിളപ്പിൽ	3	4	0
വെള്ളറട	7	4	2
കള്ളിക്കാട്	1	1	3
അമ്പൂരി	23	17	4
പാങ്ങോട്	12	9	2
പെരിങ്ങമ്മല	22	22	12
നന്ദിയോട്	24	25	8
കുറ്റിച്ചൽ	21	38	10
വിതുര	80	101	23
ആര്യനാട്	8	11	4
തൊളിക്കോട്	15	29	12
വെള്ളനാട്	2	3	0
പൂവച്ചൽ	7	29	8

(അവലംബം: –പട്ടികവർഗ്ഗ വികസന വകുപ്പിന്റെ സർവ്വെ റിപ്പോർട്ട്)

അവലോകനം

1. വീട്

- കൂട്ടുകുടുംബങ്ങളുടെ ബുദ്ധിമുട്ടുകൾ മൂലം വീടിന്റെ അഭാവം
- വീട് നിർമ്മാണത്തിൽ ഇടനിലക്കാരുടെ ചൂഷണം.
- കുറഞ്ഞ യൂണിറ്റ് കോസ്റ്റ്.
- ദുർഘട മേഖലകളിൽ ഉയർന്ന നിർമ്മാണ ചെലവ്
- വീടിന് വേണ്ടി അധ്വാനവും കരുതലും ഇല്ലാത്ത മനോഭാവം
- പൂർത്തീകരിക്കാതെ കയറി താമസിക്കുന്ന അവസ്ഥ.

2. ശുചിത്വം

- കക്കൂസ് പരിചയമില്ലാത്തത്.
- കാടും പരിസരവും കൂടുതലുള്ളത്
- കക്കൂസിൽ പൈപ്പ് സംവിധാനം വയ്ക്കാനാവാത്തത്.
- നിർമ്മാണത്തിന് സഹായപദ്ധതികൾ ഇല്ലാത്തത്.

3. വൈദ്യുതി

- വയറിംഗ് ചെയ്യുന്ന ഉയർന്ന ചെലവ്.
- ഒറ്റപ്പെട്ട വനാന്തര മേഖലകൾ.

4. കുടിവെള്ളം

- കാലാവസ്ഥാ വ്യതിയാനം
- സർക്കാർ പദ്ധതികൾ പൂർത്തിയാക്കാത്തത്.
- വൈദ്യുതി ചെലവ് വഹിക്കാൻ കഴിയാത്ത അവസ്ഥ.
- വനാന്തര വൈപുല്യം.

നിർദ്ദേശങ്ങൾ

- കക്കൂസ് ഇല്ലാത്ത മുഴുവൻ വീടുകൾക്കും നിർമ്മാണത്തിന് ശുചിത്വ മിഷൻ മുഖേന പ്രത്യേക പദ്ധതി നടപ്പിലാക്കുക.
- വയറിംഗ് നടത്തുന്നതിനുള്ള പദ്ധതികൾ പഞ്ചായത്ത് ഉപസമിതിയിൽ ഉൾപ്പെടുത്തി ഏറ്റെടുക്കുക.
- പൂർത്തീകരിക്കാത്ത കുടിവെള്ള പദ്ധതികൾ പൂർത്തീകരിക്കുക.
- കുടിവെള്ള പദ്ധതികളുടെ വൈദ്യുതിചാർജ്ജ് പഞ്ചായത്ത് ഫണ്ടിൽ നിന്നും അനുവദിക്കുക.
- നിർമ്മാണ മേഖലയിൽ പ്രവർത്തിക്കുന്ന പട്ടികവർഗ്ഗക്കാരെ ഉൾപ്പെടുത്തി ഒരു സൊസൈറ്റി രൂപീകരിക്കുക. ടി സൊസൈറ്റികൾക്ക് കാര്യശേഷി ഇല്ലാത്തവരുടെ വീട് നിർമ്മാണത്തിന് സഹായിക്കാൻ കഴിയും. ഇതുവഴി നിർമ്മാണ മേഖലയിൽ പ്രവർത്തിക്കുന്നവർക്ക് തൊഴിൽ ഉറപ്പാക്കുവാനും ഭവനനിർമ്മാണ മേഖലയിലെ ചൂഷണം തടയുവാനും സാധിക്കും.
- കേരള വാട്ടർ അതോറിറ്റിയുമായി ചേർന്ന് സാധ്യമാകുന്ന എല്ലാ വീടുകളിലും പൈപ്പ് കണക്ഷൻ ലഭ്യമാക്കുക.
- പ്രകൃതിദത്ത കുടിവെള്ളസ്രോതസ്സുകൾ സംരക്ഷിക്കുകയും ഉപയോഗ പ്രദമാക്കുകയും ചെയ്യുക.
- പ്രവർത്തനരഹിതമായ കുടിവെള്ള പദ്ധതികളുടെ പുനരുദ്ധാരണം പഞ്ചായത്ത് ഏറ്റെടുക്കുക.
- പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട് പട്ടികവർഗ്ഗക്കാരിൽ നിന്നും ഗുണഭോക്തൃ വിഹിതം പൂർണ്ണമായും ഒഴിവാക്കുക.
- വീടുകൾക്ക് ധനസഹായം നൽകുമ്പോൾ കുടുംബത്തിലെ അംഗങ്ങളുടെ എണ്ണവും കൂടി പരിഗണിക്കണം.

സാമൂഹ്യ സുരക്ഷിതത്വവും ലിംഗപദവിയും

സാമൂഹ്യ സുരക്ഷിതത്വത്തിന്റെയും ക്ഷേമത്തിന്റെയും നിലവാരത്തെ ആശ്രയിച്ചാണ് ഒരു ജനതയുടെ വികസന നിലവാരം അളക്കുന്നത്. ഗോത്ര വിഭാഗത്തിൽ വയോജനങ്ങൾ, വനിതകൾ, കുട്ടികൾ, ഭിന്നശേഷിയുള്ളവർ എന്നിവരുടെ ക്ഷേമത്തിന് പ്രത്യേക ഊന്നൽ ആവശ്യമാണ്.

പട്ടിക:4.4.3.26

പ്രത്യേക പരിഗണന അർഹിക്കുന്നവർ

ഗർഭിണികൾ	മുലയൂട്ടുന്ന അമ്മമാർ	കൗമാരക്കാരായ പെൺകുട്ടികൾ	6 വയസ്സിൽ താഴെയുള്ള കുട്ടികൾ			അവിവാഹിത അമ്മമാർ	അനാഥരായ കുട്ടികൾ	ഭിന്നലിംഗക്കാർ
			ആൺ	പെൺ	ആകെ			
123	106	1719	718	787	1505	84	17	2

(അവലംബം: –ഐ.സി.ഡി.എസ് റിപ്പോർട്ട് 2017)

പട്ടിക:4.4.3.27

പട്ടികവർഗ്ഗ മേഖലയിലെ കുടുംബശ്രീയൂണിറ്റുകൾ

പഞ്ചായത്ത്	കുടുംബശ്രീ യൂണിറ്റുകളുടെ എണ്ണം(2016)	കുടുംബശ്രീ യൂണിറ്റുകളുടെ എണ്ണം (2017)
പനവൂർ	6	6
വിളപ്പിൽ	0	1
വെള്ളറട	5	5
കള്ളിക്കാട്	5	5
അമ്പൂരി	19	20
പാങ്ങോട്	23	21
പെരിങ്ങമ്മല	51	42
നന്ദിയോട്	21	23
കുറ്റിച്ചൽ	24	22
വിതുര	74	74
ആര്യനാട്	9	9
തൊളിക്കോട്	41	40
വെള്ളനാട്	7	5
പൂവച്ചൽ	2	3
ആകെ	287	276

(അവലംബം: –ജില്ലാ കുടുംബശ്രീ മിഷൻ 2017)

പട്ടിക:4.4.3.28

കുടുംബങ്ങളും കടബാധ്യതയും

പഞ്ചായത്ത്	വായ്പയുടെ ശ്രോതസ്സ്									
	പ്രാഥമിക സഹകരണസംഘം	മറ്റ് സഹകരണസംഘം	ജില്ലാ/സംസ്ഥാന സഹകരണബാങ്ക്	മറ്റ് ബാങ്ക്	കുടുംബശ്രീ	സ്വകാര്യവ്യക്തി	സ്വകാര്യസ്ഥാപനം	ബന്ധുക്കൾ	മറ്റുള്ളവ	ആകെ
പനവൂർ	1	4	12	4	9	8	2	2	0	42
വിളപ്പിൽ	2	9	0	2	0	2	1	1	0	17
വെള്ളറട	3	3	4	2	6	10	10	1	0	39
കള്ളിക്കാട്	4	7	40	28	13	22	1	0	0	115
അമ്പൂരി	20	5	17	62	31	157	15	3	1	311
പാങ്ങോട്	2	22	9	9	29	10	4	0	1	86
പെരിങ്ങമ്മല	6	2	6	11	40	70	89	2	1	227
നന്ദിയോട്	12	30	28	31	12	32	4	3	2	157
കുറ്റിച്ചൽ	1	1	2	9	25	143	15	5	1	102
വിതുര	16	20	30	37	81	53	24	4	8	273
ആര്യനാട്	3	9	16	52	2	29	11	0	0	122
തൊളിക്കോട്	100	110	50	45	87	60	89	0	4	545
വെള്ളനാട്	18	5	2	4	9	3	0	0	0	41
പൂവച്ചൽ	2	5	7	14	1	1	0	0	0	30

(അവലംബം: –എസ്.റ്റി.ഡി.ഡി സർവ്വേ റിപ്പോർട്ട് 2012)

പട്ടിക:4.4.3.29

പെൻഷൻ കിട്ടുന്നവരുടെ വിവരം.

പഞ്ചായത്ത്	കർഷക പെൻഷൻ	വാർദ്ധക്യ പെൻഷൻ	വികലാംഗ പെൻഷൻ	50 വയസ്സിന് മുകളിൽ അവിവാഹിത	വിധവാ പെൻഷൻ	ആകെ
വിളപ്പിൽ	1	10	–	–	2	13
വെള്ളറട	–	26	–	–	6	32
കള്ളിക്കാട്	4	15	2	2	25	48
അമ്പൂരി	1	44	6	–	40	91
പാങ്ങോട്	2	29	1	–	24	56
പെരിങ്ങമ്മല	2	91	12	2	100	207
നന്ദിയോട്	8	61	23	6	50	148
കുറ്റിച്ചൽ	1	76	4	–	29	110
വിതുര	8	126	22	2	114	272
ആര്യനാട്	–	18	4	–	5	27
തൊളിക്കോട്	8	34	2	–	18	62
പൂവച്ചൽ	1	46	3	–	–	50
ആകെ	36	576	79	12	413	1116

(അവലംബം: –പഞ്ചായത്തുകളുടെ റിപ്പോർട്ട് 2017)

പട്ടിക:4.4.3.30

പട്ടികവർഗ്ഗക്കാർക്കെതിരെയുള്ള കുറ്റകൃത്യങ്ങൾ(2016)

	പി.ഒ.എ ആക്ട്
തിരു. അർബൻ (2016)	1
റൂറൽ (2016)	9
ആകെ	10

(അവലംബം: –സംസ്ഥാന ക്രൈം റെക്കോർഡ്സ് ബ്യൂറോ 2016)

വിശകലനം

- 60 % പേർക്ക് അർഹമായ സാമൂഹ്യക്ഷേമ പെൻഷനുകൾ ജില്ലയിൽ ലഭിക്കുന്നില്ല.
- ചൂഷണത്തിന് ഇരകളായ അവിവാഹിതരായ അമ്മമാർ 84 പേരുണ്ട്. ഇവർക്ക് ഫലപ്രദമായ പുനരധിവാസം സാധ്യമായിട്ടില്ല.
- പി.ഒ.എ ആക്ട്–ന്റെ കൃത്യമായ നിയമ നടപടികൾ പരിപാലിക്കപ്പെടുന്നില്ല.
- കുടുംബശൈഥില്യങ്ങൾ കാരണം ഉപേക്ഷിക്കപ്പെടുന്ന കുട്ടികളുടെ എണ്ണം വർദ്ധിക്കുന്നു.
- അനാഥ വാർദ്ധക്യങ്ങളും രോഗികളായ വൃദ്ധരുടേയും ഒറ്റപ്പെടൽ.
- ഭിന്നശേഷി ഉള്ളവർക്ക് സൗഹൃദമായ അന്തരീക്ഷവും വ്യക്തിഗത സഹായങ്ങളും ശരിയായി ലഭിക്കുന്നില്ല.

നിർദ്ദേശങ്ങൾ

- 50 വയസ്സിനു മുകളിലുള്ള അവിവാഹിതർ, 60 വയസ്സിനു മുകളിലുള്ള മറ്റ് പെൻഷനുകൾക്ക് അർഹതയുള്ളവർ– പ്രത്യേക വിവര ശേഖരണം നടത്തി അർഹരായ മുഴുവൻ പേർക്കും സാമൂഹ്യക്ഷേമ പെൻഷൻ ലഭ്യമാക്കുന്നതിന് പ്രത്യേക ക്യാമ്പെയിൻ (ഐ.റ്റി.ഡി.പി., എൽ.എസ്.ജി.ഡി., സാമൂഹ്യക്ഷേമവകുപ്പ് എന്നിവർ ചേർന്ന്) നടത്തണം.
- അവിവാഹിതരായ അമ്മമാരിൽ സാമൂഹ്യസുരക്ഷാമിഷന്റെ 'സ്നേഹ സ്പർശം' പെൻഷനിൽ നിന്നും 50 വയസ്സ് കഴിഞ്ഞ് പുറത്ത് പോകുന്നവർക്ക് പകരം സാമൂഹ്യക്ഷേമ പെൻഷൻ ഉറപ്പാക്കുന്നതിന് നടപടി.
- അവിവാഹിതരായ അമ്മമാരെ ഉചിതമായ തൊഴിലും അടിസ്ഥാന സൗകര്യങ്ങളും (വീട്) ഉറപ്പാക്കി പുനരധിവാസം നടത്തുന്നതിന് നടപടി.
- പി.ഒ.എ. ആക്ട്– നിയമസഹായം, ബോധവത്കരണം.
- നിലവിൽ ഉപേക്ഷിക്കപ്പെടുന്ന കുട്ടികളെ സംരക്ഷിക്കുന്നവർക്ക് വകുപ്പിന്റെ കൈത്താങ്ങ് പദ്ധതിയാനുകൂല്യം കാലാനുസൃതമായി വർദ്ധിപ്പിക്കുന്നതിനുള്ള

നടപടി. ഇത്തരം കുട്ടികൾക്ക് വകുപ്പിന്റെ മോഡൽ റസിഡൻഷ്യൽ സ്കൂളുകളിൽ പ്രത്യേക സീറ്റ് സംവരണം ചെയ്യാവുന്നതാണ്.

- പൊതു അഗതി മന്ദിരങ്ങൾ പ്രധാനപ്പെട്ട പഞ്ചായത്ത് ആസ്ഥാനങ്ങളിൽ പട്ടികവർഗ്ഗ മേഖലയോട് ചേർന്ന് നിർമ്മിക്കുന്നതിനുള്ള നടപടി.
- വിതുര ഗ്രാമപഞ്ചായത്തിൽ ആരംഭിക്കുന്ന നിർദ്ദിഷ്ട ഭിന്നശേഷി സൗഹൃദ പദ്ധതി മാതൃകയിൽ എല്ലാ പഞ്ചായത്തുകളിലും പദ്ധതി നടപ്പിലാക്കുക.
- അർഹരായിട്ടുള്ളവർക്ക് കാർഷിക കടാശ്വാസ പദ്ധതിയുടെ ആനുകൂല്യം ലഭ്യമാക്കുക.
- കുടുംബശ്രീ അയൽക്കൂട്ടങ്ങൾ പരിപാലിക്കുന്നതിന് പട്ടികവർഗ്ഗ പ്രൊമോട്ടർമാരെ ആവശ്യത്തിന് നിയമിക്കുക.
- വനാന്തര ഊരുകളിൽ അയൽക്കൂട്ട സംരംഭങ്ങൾ ആരംഭിക്കുന്നതിനും കുടുംബങ്ങളിലും 10 വയസ്സ് കഴിഞ്ഞ കുട്ടികളുൾപ്പെടെയുള്ളവരിലും സമ്പാദ്യശീലം വളർത്താൻ പ്രത്യേക പരിപാടി (കുട്ടികൾക്കെല്ലാം അക്കൗണ്ട്) ആവിഷ്കരിക്കുക.
- റേഷൻകാർഡില്ലാത്ത ഉപ കുടുംബങ്ങൾ ഉൾപ്പെടെ എല്ലാ കുടുംബങ്ങൾക്കും പ്രത്യേക അദാലത്ത് മുഖേന റേഷൻ കാർഡ് ഉറപ്പാക്കുക
- ഭിന്നലിംഗക്കാരുടെ വ്യക്തിഗത പരിപാലന പദ്ധതി തയ്യാറാക്കി സാമൂഹ്യ സുരക്ഷയും തൊഴിൽ പരിരക്ഷയും ഉറപ്പാക്കുക.

വനാശ്രിതത്വം

2006 ലെ വനാവകാശം അംഗീകരിക്കൽ ആക്ട് വിപ്ലവകരമായ ഒന്നായിരുന്നു.പക്ഷേ ഇതിന്റെ ഗുണഫലങ്ങൾ ആക്ട് വിഭാവനം ചെയ്യുന്ന തലത്തിൽ ജില്ലകൾക്ക് ലഭിച്ചിട്ടില്ല. പത്ത് വർഷങ്ങൾ കഴിഞ്ഞിട്ടും ഒരു സി.എഫ്.ആർ കമ്മിറ്റി പോലും രൂപീകരിക്കാനോ സാമൂഹികാവകാശം നൽകാനോ കഴിഞ്ഞിട്ടില്ല.

പട്ടിക:4.4.3.31

വനമേഖലയിൽ സ്ഥിതി ചെയ്യുന്ന ഊരുകൾ

പഞ്ചായത്ത്	റിസർവ്വ് വനം		വനത്തിന് സമീപം		മറ്റുള്ളവ		ആകെ	
	ഊര്	കുടുംബം	ഊര്	കുടുംബം	ഊര്	കുടുംബം	ഊര്	കുടുംബം
പനവൂർ	1	36	1	34	1	6	3	76
വിളപ്പിൽ	0	0	0	0	4	51	4	51
വെള്ളറട	0	0	0	0	5	63	5	63
കള്ളിക്കാട്	0	0	0	0	2	149	2	149
അമ്പൂരി	10	280	2	72	1	6	13	358
പാങ്ങോട്	5	107	3	171	1	58	9	336
പെരിങ്ങമ്മല	18	624	2	117	3	63	23	804
നന്ദിയോട്	7	165	3	116	5	177	15	458
കുറ്റിച്ചൽ	22	313	0	0	3	46	25	359
വിതുര	63	1176	3	42	1	29	67	1247
ആര്യനാട്	1	32	6	108	1	6	8	146
തൊളിക്കോട്	5	285	8	303	4	129	17	717
വെള്ളനാട്	0	0	0	0	3	64	3	64
പൂവച്ചൽ	0	0	0	0	12	93	12	93

(അവലംബം: –എസ്.റ്റി.ഡി.ഡി സർവ്വേ റിപ്പോർട്ട് 2012)

പട്ടിക:4.4.3.32

വനാവകാശം– പുരോഗതി വിവരം

എഫ്. ആർ.സി കളുടെ എണ്ണം	വ്യക്തിഗത അവകാശങ്ങൾ	സാമൂഹിക അവകാശങ്ങൾ	വികസന അവകാശങ്ങൾ
42	4633	0	143

(അവലംബം: –ഐ.റ്റി.ഡി.പി റിപ്പോർട്ട് 2017)

വിശകലനം

- വനാവകാശ നിയമം പൂർണ തോതിൽ നടപ്പിലാക്കിയിട്ടില്ല.
- സാമൂഹികാവകാശമോ സി.എഫ്.ആർ മാനേജ്മെന്റ് കമ്മിറ്റികളോ നിലവിൽ വന്നിട്ടില്ല.

- കൈവശഭൂമി പുറത്ത് നിന്നുള്ളവർ പാട്ടത്തിനെടുത്ത് ചൂഷണം ചെയ്യുന്നു.
- വന്യമൃഗശല്യം മൂലം ജീവനും സ്വത്തിനും നാശം.
- വനോത്പന്നങ്ങളുടെ ലഭ്യതക്കുറവ്.
- വനോത്പന്ന ശേഖരത്തിന് പ്രാവീണ്യക്കുറവ്
- കർശനമായ വനനിയമങ്ങളും നടപടികളും.
- കൃത്യമായ സർവ്വേയുടെ അഭാവം.

നിർദ്ദേശങ്ങൾ

- വ്യക്തിഗത അവകാശം ലഭിക്കാത്ത അർഹരായ ആളുകൾക്ക് അവകാശം ഉറപ്പുവരുത്തുക.
- വ്യക്തിഗത അവകാശം ലഭിച്ച ഭൂമിയുടെ അതിര് റീസർവ്വേ ചെയ്ത് അളന്ന് തിരിക്കുക.
- വനാവകാശ കമ്മിറ്റികൾ ശാക്തീകരിക്കുക.
- സാമൂഹ്യ വനാവകാശ കമ്മിറ്റികൾ (സി.എഫ്.ആർ മാനേജ്മെന്റ് കമ്മിറ്റികൾ) രൂപീകരിക്കുകയും നടപടികൾ പൂർത്തീകരിക്കുകയും ചെയ്യുക.
- വനസംരക്ഷണ പ്രവർത്തനങ്ങൾ വനാവകാശ കമ്മിറ്റികൾ മുഖേന നടപ്പിലാക്കുക.
- വന്യമൃഗശല്യത്തിന് ശാശ്വത പരിഹാരം കാണുക.
- വനവിഭവങ്ങൾ ശേഖരിക്കുന്നതിനും വിപണനത്തിനുമുള്ള സൗകര്യം.
- പട്ടികവർഗ്ഗ വികസന വകുപ്പ്, തദ്ദേശ സ്വയംഭരണ വകുപ്പ്, വനം, റവന്യൂ എന്നീ വകുപ്പുകളുടെ കൂട്ടായ ശ്രമം വനാവകാശ നിയമം നടപ്പിലാക്കുന്നതിന് അത്യാവശ്യമാണ്.
- വനാന്തര ഊരുകളും പിന്നോക്കാവസ്ഥയും ഏറ്റവും കൂടുതലുള്ള കുറ്റിച്ചൽ ഗ്രാമപഞ്ചായത്തിൽ വനാവകാശനിയമം നടപ്പിലാക്കിയിട്ടില്ല. പുതിയ സാഹചര്യത്തിൽ പ്രത്യേക ആക്ഷൻ പ്ലാൻ ഈ പഞ്ചായത്തിൽ നടപ്പിലാക്കുക.
- വന്യജീവി ആക്രമണത്തിന് (ആൾ നാശത്തിനും/കൃഷി നാശത്തിനും) അടിയന്തിര ദുരിതാശ്വാസം പട്ടികവർഗ്ഗ വികസന വകുപ്പ് മുഖേന നൽകുന്നതിന് പ്രത്യേക പദ്ധതി.
- പട്ടികവർഗ്ഗക്കാർക്ക് അനുകൂലമായ തരത്തിലുള്ള വനനിയമത്തിന്റെ വ്യാഖ്യാനവും പരിരക്ഷയും വനം വകുപ്പ് ഉറപ്പാക്കുക.
- കൈവശഭൂമി അതിര് കെട്ടി കാർഷിക/കുടുംബാംഗങ്ങൾക്ക് സംരക്ഷണവും സുരക്ഷിത ബോധവും വനം വകുപ്പ് ഉറപ്പ് വരുത്തുക.
- നിരന്തരമായ മനുഷ്യ–വന്യമൃഗ സംഘർഷത്തിന് പ്രായോഗികമായ പരിഹാരമുണ്ടാക്കാൻ വനം വകുപ്പിന്റെ ക്രിയാത്മക നടപടികൾ ഉറപ്പാക്കുക.
- വനാവകാശ കമ്മിറ്റികൾ ശാക്തീകരിക്കുകയും പ്രവർത്തനഫണ്ടും ആസ്തികളും സൃഷ്ടിക്കുക.

കലാ സാംസ്കാരികം

കേരളത്തിലെ പട്ടികവർഗ്ഗക്കാർ സമ്പന്നമായ സാംസ്കാരിക പാരമ്പര്യത്തിന്റെ ഉടമകളാണ്. സംസാരഭാഷ, ആചാരാനുഷ്ഠാനങ്ങൾ, കൃഷിരീതികൾ, ഭക്ഷണം, ചികിത്സ, ഭരണരീതി തുടങ്ങി സമസ്ത മേഖലകളിലും തങ്ങളുടേതായ രീതികൾ ഓരോ പട്ടികവർഗ്ഗക്കാരനുമുണ്ട്. പുതിയ തലമുറയിലേയ്ക്ക് അമൂല്യമായ അറിവുകൾ വേണ്ട രീതിയിൽ പകർന്ന് നൽകുന്നില്ലായെന്നത് പരിഗണിക്കപ്പെടേണ്ടതും പരമ്പരാഗതമായ അറിവുകളിലെ നന്മകൾ പരിപോഷിപ്പിക്കപ്പെടേണ്ടതുമാണ്.

പട്ടിക:4.4.3.33

പട്ടികവർഗ്ഗ മേഖലയിൽ പ്രവർത്തിക്കുന്ന സാംസ്കാരിക സ്ഥാപനങ്ങൾ

ഗ്രാമ പഞ്ചായത്ത്	സ്ഥാപനം	പ്രവർത്തനം
വിതുര	മലരണി, മൊട്ടമൂട്	ആർട്ട്സ് & സ്പോർട്സ്
	പുനർജ്ജനി കലാസമിതി	പാരമ്പര്യ കലാ പോഷണം
	ബോധി സാംസ്കാരിക വേദി, ആറ്റുമൺപുറം	ആർട്ട്സ് & സ്പോർട്സ്
	സംഘചേതന, കൊമ്പ്രാംകല്ല്	ആർട്ട്സ് & സ്പോർട്സ്
	ഉണർവ്, തലത്തൂതക്കാവ്	ലൈബ്രറി
	ഏകലവ്യ, ആറാനക്കുഴി	പാരമ്പര്യ കലാ കായിക പരിശീലന കേന്ദ്രം
	ബ്രദേഴ്സ്, കരിമ്പിൻകാല	ആർട്ട്സ് & സ്പോർട്സ്
തൊളിക്കോട്	ചങ്ങായീസ്, ആനപ്പെട്ടി	ആർട്ട്സ് & സ്പോർട്സ്
	ചാറ്റുപാട്ട്, ആനപ്പെട്ടി	കലാ പരിപോഷണ കേന്ദ്രം
	തെക്കൻസ്, ചമ്പോട്ടുംപാറ	ആർട്ട്സ് & സ്പോർട്സ്
കുറ്റിച്ചൽ	ഉറവ്, വാലിപ്പാറ	കലാ കായിക സാംസ്കാരിക കേന്ദ്രം, ഗ്രന്ഥശാല
	സമഭാവന, ചോനാംപാറ	ആർട്ട്സ് & സ്പോർട്സ്
	ചലഞ്ച്, പാങ്കാവ്	ആർട്ട്സ് & സ്പോർട്സ്
അമ്പൂരി	സൗഹൃദം കലാ സാംസ്കാരിക കേന്ദ്രം	ആർട്ട്സ് & സ്പോർട്സ്
	മലയിൽ , പുരവിമല	ആർട്ട്സ് & സ്പോർട്സ്
പെരിങ്ങമ്മല	ആദിവാസി കലാവേദി, ആലുംമൂട്	കലാ പരിപോഷണ കേന്ദ്രം
	ചിരിയോചിരി, ഇലഞ്ചിയം	ആർട്ട്സ് & സ്പോർട്സ്
	യുവ, വിട്ടിക്കാവ്,	ലൈബ്രറി
പാങ്ങോട്	ചലഞ്ചേഴ്സ്, കിടാരക്കുഴി	ആർട്ട്സ് & സ്പോർട്സ്
	പ്രിൻസ്, കിടാരക്കുഴി	ആർട്ട്സ് & സ്പോർട്സ്
	ഗിരിജന, വട്ടപ്പൻകാട്	ആർട്ട്സ് & സ്പോർട്സ്
	ബ്രദേഴ്സ്, വട്ടപ്പൻകാട്	ആർട്ട്സ് & സ്പോർട്സ്
	സെറ്റ് ബോയ്സ്, വട്ടപ്പൻകാട്	ആർട്ട്സ് & സ്പോർട്സ്
നന്ദിയോട്	സൂര്യ, അഞ്ചാനകുഴിക്കര	ആർട്ട്സ് & സ്പോർട്സ്
	അക്ഷര കല, വാഴോട്ടുകാല	ആർട്ട്സ് & സ്പോർട്സ്

(അവലംബം : –ഐ.റ്റി.ഡി.പി റിപ്പോർട്ട് 2017)

ജില്ലയിലെ സ്ഥിതി

ജില്ലയിലെ പ്രധാന പട്ടികവർഗ്ഗക്കാർ കാണിക്കാർ സമുദായത്തിൽപ്പെട്ടവരാണ്. കാണിക്കാർ സമുദായത്തിന്റെ ചാറ്റുപാട്ട്, തുങ്കിപ്പാട്ട്, കലണപ്പോർപാട്ട്, മയിലാട്ടം പാട്ട് തുടങ്ങി നിരവധി അനുഷ്ഠാന കലാപാട്ടുകളും അവരുടെ സംസ്കാരത്തെയും പാരമ്പര്യത്തെയും വെളിപ്പെടുത്തുന്നതാണ്. അവരുടേതായ കൃഷിരീതികളും ഭക്ഷണ സമ്പാദന മാർഗ്ഗങ്ങളും ചികിത്സാരീതികളുമൊക്കെ വലിയൊരളവോളം ആരോഗ്യപരമായ ജീവിതം നയിക്കുവാൻ അവരെ സഹായിച്ചിരുന്നതാണ്. വനവിഭവശേഖരണ രീതികളും ഉപജീവനമാർഗ്ഗമെന്ന നിലയിൽ ശ്രദ്ധേയമാണ്. പരമ്പരാഗതമായ ഈ അറിവുകൾ അഭ്യസ്തവിദ്യരായ പുതിയ തലമുറയ്ക്കു വേണ്ടത്ര കൈമാറുന്നില്ല.

കായികം

കായികമായി ശ്രേഷ്ഠമായ ശേഷിയും സിദ്ധിയുമുള്ളവരാണ് പട്ടികവർഗ്ഗ യുവതീയുവാക്കൾ. എന്നാൽ ഈ കഴിവുകൾ വേണ്ടത്ര പ്രോത്സാഹിക്കപ്പെടുന്നില്ല. കായിക പരിശീലനം നേടുന്നതിന് പട്ടികവർഗ്ഗ സങ്കേതങ്ങളിൽ സൗകര്യങ്ങളുമില്ല. കഴിവും പ്രാഗത്ഭ്യവുമുള്ളവരെ ചെറുപ്രായത്തിൽ തന്നെ കണ്ടെത്തി പ്രോത്സാഹിപ്പിച്ചാൽ അതൊരു ഉപജീവന മാർഗ്ഗമായി പരിവർത്തനം ചെയ്യാവുന്നതാണ്.

യുവജനക്ഷേമം

ജില്ലയിലെ പട്ടികവർഗ്ഗ സങ്കേതങ്ങളിൽ യുവതീയുവാക്കൾക്ക് ഒത്തുചേരുന്നതിനോ സംവദിക്കുന്നതിനോ മതിയായ സൗകര്യങ്ങളില്ല. ഈ പരിമിതി പലപ്പോഴും മദ്യം, മയക്കുമരുന്ന് തുടങ്ങിയ ലോബികളുടെ കൈകളിലേക്ക് പട്ടികവർഗ്ഗക്കാരായ യുവാക്കളെ നയിക്കപ്പെടുന്നു. 15 ൽ അധികം കുടുംബങ്ങൾ അധിവസിക്കുന്ന എല്ലാ സങ്കേതങ്ങളിലും

ഒഴിവുവേളകൾ ഫലപ്രദമായി ഉപയോഗിക്കാനാകുന്ന വിധത്തിൽ പൊതുസൗകര്യങ്ങൾ ഏർപ്പെടുത്തിയാൽ പട്ടികവർഗ്ഗ സമൂഹത്തിന്റെ അഭിവൃദ്ധിയ്ക്ക് ഉപകരിക്കുന്നതാണ്. പട്ടികവർഗ്ഗ യുവതീയുവാക്കളുടെ കലാവാസന പ്രോത്സാഹനമർഹിക്കുന്നു. ഈ രംഗത്തെ മിടുക്കരായ പട്ടികവർഗ്ഗ യുവതീയുവാക്കളെ പ്രോത്സാഹിപ്പിച്ച് അവരുടെ കഴിവ് ജീവനോപാധിയായി വികസിപ്പിക്കാവുന്നതാണ്. പട്ടികവർഗ്ഗക്കാരിലെ തൊഴിലില്ലായ്മ കൂടി പരിഗണിച്ച് അവരുടെ സംസ്കാരം, കലാകായികരംഗത്തെ കഴിവ്, പാരമ്പര്യ ഭക്ഷണ രീതി, പാരമ്പര്യ ചികിത്സ ഇവ പരിപോഷിപ്പിച്ച് ഉപജീവനമാർഗ്ഗമായി വികസിപ്പിക്കുന്നതിനുള്ള പദ്ധതികളും ആവിഷ്കരിക്കാവുന്നതാണ്.

നിർദ്ദേശങ്ങൾ

- നാടൻ കലാരൂപങ്ങളായ ചാറ്റുപാട്ട്, മറ്റ് മലമ്പാട്ടു രീതികൾ കോൽകളി, മുടിയാട്ടം, ചവിട്ടുകളി, ചോനാംകളി ഇവ പുതിയ തലമുറയ്ക്ക് പകർന്നുനൽകുന്നതിനും ജില്ലയിലെ പ്രധാനപ്പെട്ട ആഘോഷങ്ങളിലും സർക്കാർ സംഘടിപ്പിക്കുന്ന പരിപാടികളിലും അവതരിപ്പിക്കുന്നതിന് അവസരം നൽകണം.
- പട്ടികവർഗ്ഗക്കാരിലെ കായിക പ്രതിഭകളെ കണ്ടെത്തി ജില്ലാ സ്പോർട്സ് കൗൺസിൽ, ജി.വി.രാജ സ്പോർട്സ് സ്കൂൾ തുടങ്ങിയവയുടെ സഹായത്തോടുകൂടി അവരുടെ കഴിവ് വർദ്ധിപ്പിക്കുന്നതിന് അവസരം ഒരുക്കണം.
- പട്ടികവർഗ്ഗത്തിലെ കലാഭിരുചിയുള്ളവർക്ക് മതിയായ പരിശീലനവും പ്രോത്സാഹനവും നൽകുന്നതിനുള്ള പരിപാടികൾ ആവിഷ്കരിക്കണം.
- പട്ടികവർഗ്ഗ കുട്ടികളുടെ കലാ-കായിക ശേഷി വികസിപ്പിക്കുന്നതിന് പ്രധാനപ്പെട്ട പട്ടികവർഗ്ഗ സങ്കേതങ്ങളിൽ പൊതുസൗകര്യങ്ങൾ വികസിപ്പിക്കണം.
- പട്ടികവർഗ്ഗ യുവതീയുവാക്കളെ സംഘടിപ്പിച്ച് യൂത്ത് ക്ലബ്ബുകൾ രൂപീകരിച്ച് അവയുടെ പ്രവർത്തനം ചടുലമാക്കണം. അവയുടെ ആഭിമുഖ്യത്തിൽ ഇന്റർനെറ്റ് സൗകര്യത്തോടെയുള്ള ലൈബ്രറി, ആനുകാലികങ്ങൾ ലഭ്യമാക്കി റീഡിംഗ് റൂം, സ്കൂൾ വിദ്യാർത്ഥികൾക്കായി ട്യൂഷൻ സൗകര്യം എന്നിവ ഏർപ്പെടുത്തണം.
- സാമൂഹ്യപഠനകേന്ദ്രങ്ങൾ ഗ്രന്ഥശാലകളായും കലാകായിക സമിതികളായും പ്രവർത്തിക്കാൻ പദ്ധതിയൊരുക്കണം.
- സംരക്ഷിതനിയമങ്ങളുടെ നടത്തിപ്പ്, നിയമ സഹായം, വനാവകാശ കമ്മിറ്റികൾ, ഊരുകൂട്ടങ്ങൾ ഇവയുടെ വിലയിരുത്തലും പ്രവർത്തന സഹായവും നൽകാൻ ഇത്തരം സാംസ്കാരികസംഘങ്ങളെ പ്രാപ്തമാക്കുക.

അവികസിത മേഖലകൾ

ഭൂമിശാസ്ത്രപരമായ അവസ്ഥ മൂലം സാമൂഹ്യപരമായി ഒറ്റപ്പെട്ട് നിൽക്കുന്ന അവികസിത മേഖലകൾ ജില്ലയിലുണ്ട്. പ്രത്യേക പരിരക്ഷയും പദ്ധതികളും കൊണ്ട് മാത്രമേ അവരെ മുന്നിലേക്ക് ചലിപ്പിക്കാൻ കഴിയുകയുള്ളൂ. പിന്നാക്കാവസ്ഥയിലുള്ള അഞ്ച് ഗ്രാമപഞ്ചായത്തുകളിലെ സങ്കേതങ്ങൾ വികസിപ്പിക്കുന്നതിന് പ്രത്യേക പദ്ധതിയും പരിരക്ഷയും ആവശ്യമാണ്.

പട്ടിക:4.4.3.34

അവികസിത ഊരുകൾ മുൻഗണനാക്രമത്തിൽ

പഞ്ചായത്ത്	ഊരുകൾ	കുടുംബം
കുറ്റിച്ചൽ	27	523
അമ്പൂരി	12	536
വിതുര	78	1644
പെരിങ്ങമ്മല	21	1358
പാങ്ങോട്	6	465

(അവലംബം: -ഐ.റ്റി.ഡി.പി റിപ്പോർട്ട് 2017)

വിശകലനം

- ഇതര പട്ടികവർഗ്ഗ പഞ്ചായത്തുകളെ അപേക്ഷിച്ച് ഈ 5 പഞ്ചായത്തുകളിലെ മേഖലകളിലും വലിയ ദുർഘടാവസ്ഥയും, വനാശ്രിതത്വവുമാണ് നിലവിലുള്ളത്.

പട്ടിക:4.4.3.35

പൊതുകെട്ടിടങ്ങളുടെ അഭാവം

പഞ്ചായത്ത്	ഉപയോഗശൂന്യമായ കെട്ടിടങ്ങൾ/ ആസ്തികൾ ഉള്ള ഊരുകളുടെ എണ്ണം	പൊതു ഇടങ്ങൾ/കമ്മ്യൂണിറ്റി ഹാൾ ഇല്ലാത്ത ഊരുകൾ (25 കുടുംബത്തിൽ കൂടുതൽ)
അമ്പൂരി	0	4
പാങ്ങോട്	0	0
പെരിങ്ങമ്മല	0	0
കുറ്റിച്ചൽ	2	11
വിതുര	7	15

(അവലംബം: -ഐ.റ്റി.ഡി.പി റിപ്പോർട്ട് 2017)

പട്ടിക:4.4.3.36

വാഹനസൗകര്യമില്ലാത്ത ഊരുകൾ

ബ്ലോക്ക്	പഞ്ചായത്ത്	വാഹനമെത്താത്ത ഊരുകൾ	കുടുംബങ്ങളുടെ എണ്ണം
വെള്ളനാട്	വിതുര	കാരടി	5
		കല്ലുപാറ	20
		ദൈവക്കല്ല്	3
		പെണ്ണങ്കപ്പാറ	6
		വട്ടക്കരിക്കകം	5
	കുറ്റിച്ചൽ	അണകാൽ	21
		പാറ്റാമ്പാറ	7
പെരിങ്കടവിള	അമ്പൂരി	തെൻമ്മല	45
		കൊമ്പ	10

(അവലംബം: -ഐ.റ്റി.ഡി.പി റിപ്പോർട്ട് 2017)

പട്ടിക:4.4.3.37

പുനരധിവാസ മേഖല

സങ്കേതം	പഞ്ചായത്ത്	കുടുംബങ്ങൾ	നിലവിലുള്ള അവസ്ഥ
പൊടിയക്കാല	വിതുര	70	പേപ്പാറ ഡാമിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട് 1970 ൽ കുടിയൊഴിപ്പിച്ച കുടുംബങ്ങളാണ് നിലവിലെ താമസക്കാർ. അടിസ്ഥാന വികസനങ്ങൾ പൂർണ്ണമായിട്ടില്ല. നിലവിൽ വന്യമൃഗശല്യവും ആൾനാശവും കാർഷികനാശവും കാരണം വീണ്ടും ഫലപ്രദമായ പുനരധിവാസത്തിന് ആവശ്യമുന്നയിക്കുന്നു.

(അവലംബം: -ഐ.റ്റി.ഡി.പി റിപ്പോർട്ട് 2017)

പട്ടിക:4.4.3.38

മൊബൈൽ റേഞ്ച് കണക്ടിവിറ്റികൾ പൂർണ്ണമായും ഇല്ലാത്ത ഊരുകൾ

പഞ്ചായത്ത്	മൊബൈൽ റേഞ്ച് കണക്ടിവിറ്റികൾ പൂർണ്ണമായും ഇല്ലാത്ത ഊരുകൾ
കുറ്റിച്ചൽ	പൊടിയം, ചോനാംപാറ, വാലിപ്പാറ, പോത്തോട്, മുക്കോത്തിവയൽ തുടങ്ങിയ 21 ഊരുകളിലും
വിതുര	പൊടിയക്കാല, ചാത്തൻകോട്, ചെമ്പൻകാല, നെട്ടയം, ഈട്ടിമൂട്,അറവലക്കരിക്കകം
പെരിങ്ങമ്മല	ഇലഞ്ചിയം, പോട്ടോമാവ്
നന്ദിയോട്	കിടാരക്കുഴി, വലിയ വേങ്കോക്ക്കോണം
അമ്പൂരി	തെന്മല, കണ്ണമാമൂട്, കൊമ്പൈ

(അവലംബം: -ഐ.റ്റി.ഡി.പി റിപ്പോർട്ട് 2017)

നിർദ്ദേശങ്ങൾ

- പ്രത്യേക പദ്ധതിയും പരിരക്ഷയും ആവശ്യമുള്ള മേഖലകളായി പ്രഖ്യാപിക്കണം.
- അടിസ്ഥാനസൗകര്യമുള്ള വികസനത്തിന് പ്രഥമ പരിഗണന ഈ മേഖലയിൽ നൽകണം.
- പുനരധിവാസ മേഖലയായ പൊടിയക്കാലയ്ക്ക് യഥോചിതമായി പുനരധിവാസവും വികസന പ്രവർത്തനങ്ങളും പൂർണ്ണമാക്കണം.

- ഇനിയും വാഹനസൗകര്യമെത്താത്ത ഊരുകൾക്ക് പ്രത്യേക റോഡ് രൂപീകരണപദ്ധതികൾ
- വനം വകുപ്പിന്റെ പ്രത്യേക സംരക്ഷണവും സൗഹാർദ്ദ നടപടികളും ഉറപ്പാക്കുക.
- ജില്ലയിൽ വകുപ്പിന്റെ എം.ആർ.എസ്/സിബി.എസ്.ഇ സ്കൂളുകൾ/ ഹോസ്റ്റലുകൾ എന്നിവിടങ്ങളിൽ നിശ്ചിത ശതമാനം സീറ്റുകൾ ഈ മേഖലയ്ക്ക് മാത്രമായി സംവരണം ചെയ്യുക.
- മൊബൈൽ റേഞ്ച്/നെറ്റ് കണക്ട്വിറ്റിയില്ലാത്ത ഊരുകൾക്ക് അനുയോജ്യമാംവിധം ടവറുകൾ പുന:ക്രമീകരിക്കാൻ സേവനദാതാക്കളുമായി ഇടപെടൽ ഉറപ്പാക്കുക.

മേൽത്തട്ട് കീഴ്ത്തട്ട് നിർദ്ദേശങ്ങൾ

1. **വിദ്യാഭ്യാസം**

മേൽത്തട്ട്	കീഴ്ത്തട്ട്
അംഗനവാടി/പ്രീപ്രൈമറി കിന്റർഗാർട്ടനുകൾ ആരംഭിക്കുക. ഹോസ്റ്റലുകൾ ആരംഭിക്കുക. സ്കൂളുകൾ പുന:ക്രമീകരിക്കുക. പുതുതായി ആരംഭിക്കുക. (വിദ്യാഭ്യാസ അവകാശനിയമം) പ്രവേശന പരീക്ഷാ പരിശീലിന സ്ഥാപനങ്ങൾ ആരംഭിക്കുക. തൊഴിലധിഷ്ഠിത റസിഡൻഷ്യൽ പരിശീലന സ്ഥാപനങ്ങൾ ആരംഭിക്കുക.	സ്വയം തൊഴിലിനുള്ള പരിശീലനം നൽകൽ സാക്ഷരതാക്ലാസ്സുകളും തുല്യതാ പരീക്ഷകളും ഗോത്രസാരഥി പദ്ധതിയുടെ വ്യാപനം ബോധവത്കരണ ക്യാമ്പയിനുകൾ പ്രീ–പ്രൈമറി ബദൽ സംവിധാനങ്ങൾ സാമൂഹ്യ പഠന കേന്ദ്രങ്ങൾ ആരംഭിക്കുക. വ്യക്തിഗത പഠനോപകരണങ്ങൾ പ്രഭാത ഉച്ച ഭക്ഷണ പരിപാടികൾ നടപ്പിലാക്കുക.

2. **ആരോഗ്യം**

മേൽത്തട്ട്	കീഴ്ത്തട്ട്
ആരോഗ്യ സബ്സെന്ററുകൾ ആരംഭിക്കുക പി.എച്ച്.സി കളിൽ കിടത്തി ചികിത്സ ആരംഭിക്കുക. മൊബൈൽ മെഡിക്കൽ യൂണിറ്റുകൾ ആരംഭിക്കുക. പട്ടികവർഗ്ഗ ആശാവർക്കർമാരെ നിയോഗിക്കുക. ബൈസ്റ്റാൻഡേഴ്സ് ബാങ്ക് പദ്ധതി ഡി–അഡിക്ഷൻ സെന്ററുകൾ ആരംഭിക്കുക. സമഗ്ര ആരോഗ്യ സുരക്ഷാ പദ്ധതി വ്യാപിപ്പിക്കുക.	തുടർച്ചയായി മെഡിക്കൽ ക്യാമ്പുകൾ നടത്തുക. പാലിയേറ്റീവ് കെയർ പ്രവർത്തനങ്ങൾ വ്യാപിപ്പിക്കുകയും ഊർജ്ജിതമാക്കുകയും ചെയ്യുക. കിടപ്പു രോഗി, ഭിന്നശേഷി, മാനസിക വെല്ലുവിളി എന്നിവർക്ക് വ്യക്തിഗത പരിപാലന പ്ലാനും പദ്ധതിയും നടപ്പിലാക്കുക. ലഹരി വിമുക്തി ബോധവത്ക്കരണ പരിപാടികൾ.

3. **തൊഴിൽ, ഉപജീവനം**

മേൽത്തട്ട്	കീഴ്ത്തട്ട്
തൊഴിൽ പരിശീലന കേന്ദ്രങ്ങൾ (റസിഡൻഷ്യൽ സൗകര്യത്തോടുകൂടി) പാരമ്പര്യ ഗോത്ര കാർഷികരീതികൾ പുന:രുജ്ജീവിപ്പിക്കാൻ കൃഷി വകുപ്പിന്റെ പദ്ധതികൾ ആരംഭിക്കുക. അപ്പാരൽ പാർക്കുകൾ , സഹകരണ സംഘങ്ങൾക്ക് പ്രോത്സാഹനം നൽകുക. മത്സര പരീക്ഷകൾക്ക് സ്ഥിരം പരിശീലന സംവിധാനം വന്യമൃഗശല്യങ്ങളിൽ നിന്നും സ്വത്തിനും ജീവനും സംരക്ഷണം നൽകുന്നതിന് സ്ഥിരം സംവിധാനം.	ട്രൈബൽ കുടുംബശ്രീ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുക. സംരംഭകത്വ സംഘങ്ങൾ രൂപീകരിക്കുക. പാരമ്പര്യ കാർഷിക പദ്ധതികൾ പുനരുജ്ജീവിപ്പിക്കാൻ പദ്ധതികൾ ആരംഭിക്കുക. സ്വയം തൊഴിൽ പദ്ധതികൾ വ്യക്തിഗത സംരംഭപദ്ധതികൾ ആരംഭിക്കുക. മഹാത്മഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രവർത്തനങ്ങൾക്ക് പ്രത്യേക ഊന്നലും പദ്ധതികളും. മൃഗപരിപാലന പദ്ധതികൾ ആരംഭിക്കുക.

4. **അടിസ്ഥാന സൗകര്യ മേഖല**

മേൽത്തട്ട്	കീഴ്ത്തട്ട്
ലൈഫ് പദ്ധതി സമ്പൂർണമായി നടപ്പിലാക്കുക. സമ്പൂർണ വൈദ്യുതീകരണം വാട്ടർ അതോറിറ്റിയുടെ പദ്ധതി സാദ്ധ്യമായിടങ്ങളിൽ വ്യാപിപ്പിക്കുക. ഭൂരഹിതർക്ക് ഭൂമി നൽകുന്ന പദ്ധതി നടപ്പിലാക്കുക.	ഭവന പദ്ധതി– ലൈഫ് പദ്ധതി പൂർണ്ണമായി നടപ്പിലാക്കുക. ഭവന വൈദ്യുതീകരണം ഗ്രാമപഞ്ചായത്ത് റ്റി.എസ്.പി യിൽ ഉൾപ്പെടുത്തി പൂർത്തിയാക്കുക. വഴിവിളക്കുകൾ പദ്ധതികൾ ഉൾപ്പെടുത്തുക. ഉറവകളും കുളങ്ങളും സ്ഥിരമായി സംരക്ഷിക്കുന്ന പദ്ധതി. ഗ്രാവിറ്റി ഫോഴ്സ് ഉപയോഗിക്കുന്ന പദ്ധതികൾ പരിപാലിക്കുക. ശൗചാലയം ഇല്ലാത്ത എല്ലാ കുടുംബങ്ങൾക്കും ശൗചാലയം നൽകുന്ന പദ്ധതി നടപ്പിലാക്കുക.

5. **സംസ്ക്കാരം**

മേൽത്തട്ട്	കീഴ്ത്തട്ട്
ഉത്തരവാദിത്വ ടൂറിസം പദ്ധതികൾ ഗോത്ര മേഖലയുമായി സംയോജിപ്പിക്കുന്ന പരിപാടികൾ നടപ്പിലാക്കുക.	ഗോത്ര മേളകൾ സംഘടിപ്പിക്കുക. സ്ഥാപനങ്ങൾ ഗോത്ര സൗഹൃദമാക്കുന്ന പരിപാടികൾ (സ്കൂളുകൾ, ഓഫീസുകൾ, ഗോത്ര ബിംബങ്ങൾ ഉപയോഗിച്ച് ആകർഷകമാക്കൽ.) ട്രൈബൽ ലൈബ്രറി ആശയം. ട്രൈബൽ കലാകായിക സമിതികൾ ഊർജ്ജിതമാക്കുന്ന പരിപാടികൾ.

6. **സാമൂഹ്യ സുരക്ഷിതത്വം**

മേൽത്തട്ട്	**കീഴ്ത്തട്ട്**
അവിവാഹിതരായ അമ്മമാർക്ക് പുനരധിവാസ പദ്ധതി കടം എഴുതി തള്ളുന്നതിന് പദ്ധതി. അംഗനവാടികൾ ആരംഭിക്കൽ. വൃദ്ധപരിപാലന കേന്ദ്രങ്ങൾ ആരംഭിക്കൽ	സാമൂഹ്യ പെൻഷനുകൾക്ക് പ്രത്യേക കാമ്പയിൻ, എല്ലാവർക്കും കിട്ടുന്നുണ്ടെന്ന് ഉറപ്പ് വരുത്തൽ. ഭിന്നശേഷിക്കാർക്ക് വ്യക്തി പരിപാലന പ്ലാനും പദ്ധതി. അംഗനവാടികൾ ഇല്ലാത്തിടത്ത് ബദൽ സംവിധാനങ്ങൾ ഒരുക്കാവുന്നതാണ്.

പരിപ്രേക്ഷ്യത്തിന്റെയും നിർദ്ദേശങ്ങളുടേയും സംഗ്രഹം

പട്ടികവർഗ്ഗ വികസന പരിപ്രേക്ഷ്യം രൂപീകരിക്കുന്നതിന്റെ ഭാഗമായി ജില്ലയിലെ പട്ടികവർഗ്ഗക്കാർ നേരിടുന്ന പ്രശ്നങ്ങൾ 4 വിഷയ മേഖലകളിലായി (വിദ്യാഭ്യാസം, ആരോഗ്യം, തൊഴിൽ, അടിസ്ഥാന സൗകര്യം,) തിരിച്ച് അവലോകനത്തിന്റെ അടിസ്ഥാനത്തിൽ പ്രശ്നങ്ങളും പരിഹാര നിർദ്ദേശങ്ങളും പ്രതീക്ഷിക്കുന്ന നേട്ടങ്ങളുമാണ് ഈ ഭാഗത്തിൽ സംഗ്രഹിച്ചിരിക്കുന്നത്.

1. **വിദ്യാഭ്യാസമേഖല**

പ്രശ്നങ്ങൾ, കാരണങ്ങൾ, നിർദ്ദേശങ്ങൾ

മുഖ്യ പ്രശ്നം 1–പഠനം നിർത്തൽ	
കാരണം	പ്രശ്നപരിഹാര നിർദ്ദേശങ്ങൾ
സാമ്പത്തിക ബുദ്ധിമുട്ട്	സ്വയംതൊഴിലിനുള്ള പരിശീലനം നൽകുക
	എസ്.എസ്.എൽ.സി കഴിഞ്ഞ് പഠിക്കുന്ന കുട്ടികൾക്ക് തുടർ പഠനത്തിന് ഫണ്ട് അനുവദിക്കുക.
	തുല്യതാ പരീക്ഷ കോളനിയിൽ വ്യാപിപ്പിക്കുക
	ഊരുകളിലെ മാതാപിതാക്കൾക്ക് പ്രത്യേക ബോധവത്ക്കരണ ക്ലാസ്സ് നടത്തുക. ഒപ്പം തന്നെ അവർക്ക് വരുമാനത്തിന് വേണ്ടിയുള്ള തൊഴിൽ അവസരങ്ങളും സൃഷ്ടിക്കണം.

സീസണൽ ജോലിക്ക് പോകുന്നതിനാൽ സ്കൂളുകളിൽ കൃത്യമായി പോകുന്നില്ല.	സീസണൽ ജോലികളിൽ ഏർപ്പെടുത്തുന്നത് നിയന്ത്രിക്കണം.
	ലഹരി പദാർത്ഥങ്ങൾ നിർത്തലാക്കണം, ബോധവത്ക്കരണ സൗകര്യം ഏർപ്പെടുത്തണം.
വാഹന സൗകര്യം കുറവ്	ഗോത്രസാരഥി പദ്ധതി വ്യാപിപ്പിക്കുക, ഹോസ്റ്റൽ സൗകര്യവും വർദ്ധിപ്പിക്കുക.
മദ്യപാനം ഊരിൽ	ബോധവൽക്കരണ ക്ലാസ്സുകൾ കുട്ടികളെയും യുവാക്കളെയും ഫോക്കസ് ചെയ്യുക.
	കൂടുതൽ സഹകരണവും ശക്തമായ ഇടപെടലും സങ്കേതങ്ങളിൽ വേണം.
വാസസ്ഥലത്തിന്റെ ശോചനീയ അവസ്ഥ, പഠന സൗകര്യത്തിന്റെ കുറവ്	പഞ്ചായത്ത് വാർഷിക പദ്ധതി നടപ്പിലാക്കുമ്പോൾ വിദ്യാഭ്യാസത്തിന് പ്രത്യേക ഫണ്ട് മാറ്റിവെക്കുക. അടിസ്ഥാന സൗകര്യവും ഏർപ്പെടുത്തേണ്ടതാണ്.
കാട്ടുമൃഗങ്ങളുടെ ശല്യം കാരണം കുട്ടികൾ വിദ്യാലയത്തിൽ എത്തിപ്പെടുന്നില്ല.	ഹോസ്റ്റലുകളിൽ നിർത്തി പഠിപ്പിക്കാൻ സൗകര്യം ഏർപ്പാടാക്കുക. പ്രധാന സങ്കേതങ്ങൾ കേന്ദ്രീകരിച്ച് ഹോസ്റ്റലുകൾ സ്ഥാപിക്കുക.
ഇടയ്ക്ക് വെച്ച് പരാജയപ്പെട്ടാൽ പഠനം നിർത്തുന്ന ശീലം.	സ്കൂൾ അദ്ധ്യാപകർ വഴി പ്രോത്സാഹനവും ബോധവത്ക്കരണവും നൽകി പഠനം തുടരുവാൻ ശ്രമം നടത്തുക. മോണിറ്ററിംഗ് സംവിധാനം ശക്തിപ്പെടുത്തി ഉടനടി പരിഹാരം കാണുക.

മുഖ്യ പ്രശ്നം 2–പഠനം നിരക്ഷരർ

കാരണം	പ്രശ്നപരിഹാര നിർദ്ദേശങ്ങൾ
മാതാപിതാക്കളുടെ അറിവില്ലായ്മയും നിരക്ഷരതയും	സങ്കേതങ്ങൾ കേന്ദ്രീകരിച്ച് തുടർ വിദ്യാഭ്യാസ പരിപാടി നടപ്പിലാക്കണം. സാക്ഷരതാ യജ്ഞം പുനരാരംഭിക്കുക.
	സാക്ഷരതാ പ്രവർത്തകരെ ഊരിലേക്ക് അയയ്ക്കുക.
സ്കൂളിൽ പോകുവാൻ കുട്ടികൾക്ക് മടി	വാഹനസൗകര്യം ഏർപ്പെടുത്തുക, ബോധവത്ക്കരണം നടത്തുക.
ട്യൂഷൻ സംവിധാനം	ട്യൂഷൻ എടുക്കുന്നതിന് പഞ്ചായത്തിൽ നിന്നും ആനുകൂല്യങ്ങൾ നൽകുക. സാമൂഹ്യ പഠന കേന്ദ്രങ്ങൾ വ്യാപിപ്പിക്കുക.
തൊഴിലധിഷ്ഠിത കോഴ്സുകളുടെ അപര്യാപ്തത	തൊഴിലധിഷ്ഠിത കോഴ്സുകളുടെ സംരംഭം തുടങ്ങുക
	ആവശ്യാനുസരണം ഹോസ്റ്റലുകൾ.
വിദ്യാഭ്യാസ സ്ഥാപനത്തിലേക്കുള്ള ദൂരം	സങ്കേതങ്ങൾ കേന്ദ്രീകരിച്ച് വാഹനങ്ങൾ ഏർപ്പെടുത്തുക.
	ഊരുകൂട്ടത്തിലെ നിർദ്ദേശങ്ങൾ പരിശോധനാടിസ്ഥാനത്തിൽ മേൽനടപടിക്ക് വിടണം. ധനസഹായങ്ങളും അർഹമായ സ്ഥാനങ്ങളും നൽകി വിജയികളെ പ്രോത്സാഹിപ്പിക്കുക.
വിദ്യാഭ്യാസ സ്ഥാപനങ്ങൾ പട്ടിക വർഗ്ഗ സങ്കേതങ്ങളുടെ 5 കി.മീ. പരിധിയിൽ ഇല്ലാത്തത്	ഇതിനുവേണ്ടി ആവശ്യമായ വാഹന സൗകര്യം പഞ്ചായത്ത് നൽകുക. ഗോത്ര സാരഥി പദ്ധതി പഞ്ചായത്ത് മുഖേന നടപ്പിലാക്കുക.
	തുടർവിദ്യാഭ്യാസ പരിപാടി ആരംഭിക്കുക.
	യഥാസമയങ്ങളിൽ വിദ്യാഭ്യാസാനുകൂല്യങ്ങൾ

	ലഭ്യമാക്കുന്നതിന് മോണിറ്ററിംഗ് ചെയ്യുക.
	4,7,10, തുല്യത ക്ലാസ്സുകൾ നടത്തുക
	പഞ്ചായത്തിന്റെ നിയന്ത്രണത്തിൽ ലഹരി വിരുദ്ധ കമ്മിറ്റി രൂപീകരിച്ച് കോളനികളിൽ ലഹരി ഉപയോഗം തടയുക.
	പഞ്ചായത്ത് മെമ്പർ നേതൃത്വം വഹിച്ച് സ്കൂൾ സപ്പോർട്ട് ഗ്രൂപ്പ് ഉണ്ടാക്കണം.
മുഖ്യ പ്രശ്നം 3–ഉന്നത വിദ്യാഭ്യാസത്തിന്റെ കുറവ്	
കാരണം	പ്രശ്നപരിഹാര നിർദ്ദേശങ്ങൾ
സാമ്പത്തിക പിന്നാക്കാ വസ്ഥ	ആവശ്യമായിട്ടുള്ള ഫണ്ട് അനുവദിക്കുക, പഠനോപകരണങ്ങൾ അനുവദിക്കുക.
	ഊരുകൂട്ടം മുഖേന ബോധവൽക്കരണം
കമ്പ്യൂട്ടർ പഠനത്തിനുള്ള സൗകര്യക്കുറവ്	പ്രധാന സങ്കേതങ്ങളിൽ ഇന്റർനെറ്റ് സൗകര്യത്തോടുകൂലി ലൈബ്രറി ആരംഭിക്കുക.
വിദ്യാഭ്യാസ പ്രാധാന്യത്തെ കുറിച്ചുള്ള അറിവില്ലായ്മ	ബോധവൽക്കരണത്തിന് ഊരുകൂട്ടങ്ങൾക്ക് ധനസഹായം നൽകു.
അംഗവൈകല്യമുള്ള കുട്ടികൾക്ക് പ്രത്യേക പ്രോത്സാഹനമില്ലായ്മ	ഉപകരണങ്ങൾ നൽകുക, വ്യക്തിഗത പരിപാലന പദ്ധതി അനിവാര്യം.
	പഠന ഉപകരണങ്ങൾ നൽകൽ
സാമ്പത്തികമായി പിന്നാക്കം നിൽക്കുന്നവർക്ക് പ്രത്യേക പാക്കേജ് ഇല്ല	പഞ്ചായത്ത് തലത്തിൽ ഹൈസ്കൂൾ ക്ലാസ്സുകൾ മുതൽ കുട്ടികളുടെ സാമ്പത്തിക നിലവാരം വിലയിരുത്തി പ്രത്യേക പദ്ധതികൾക്ക് രൂപം നൽകുക.
	മദ്യവിമുക്ത ഗ്രാമങ്ങൾ സൃഷ്ടിക്കുക.
ഉയർന്ന വിദ്യാഭ്യാസ സ്ഥാപന ത്തിന്റെ കുറവ്, പ്രൊഫഷണൽ കോഴ്സുകൾ ഉള്ള സർക്കാർ കോളജുകൾ, ഹോസ്റ്റൽ സൗകര്യത്തോട് കൂടി നവീന രീതിയിൽ ഉള്ള കോഴ്സുകൾ ഉള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ കുറവ്	പ്രൊഫഷണൽ കോഴ്സുകളെ കുറിച്ച് അവബോധം വളർത്തണം
	താൽപ്പര്യമുള്ള യോഗ്യരായവർക്കു പ്രവേശന പരീക്ഷ എഴുതുന്നതിനു പരിശീലനം നൽകണം.
	പ്രവേശനം നേടുന്നവർക്ക് പ്രാഥമിക ചെലവ് വഹിക്കുന്നതിനും, താമസം, ഭക്ഷണ ചെലവ്, പഠന ചെലവ് എന്നിവ വഹിക്കുന്നതിനും സാമ്പത്തിക സഹായം നൽകണം.
	ഉയർന്ന വിദ്യാഭ്യാസത്തിന് ചേരുന്ന വിദ്യാർത്ഥികൾക്ക് ആവശ്യമായ പിന്തുണ സംവിധാനം ഏർപ്പെടുത്തണം.
പോസ്റ്റ്മെട്രിക് ഹോസ്റ്റൽ സൗകര്യം ഇല്ല	വിദ്യാഭ്യാസ അവകാശ നിയമം പഞ്ചായത്ത് കൂടി ഏറ്റെടുത്ത് നടപ്പിലാക്കുക. പോസ്റ്റ്മെട്രിക് ഹോസ്റ്റൽ ആരംഭിക്കുക.
തൊഴിൽ പരിശീലനങ്ങൾ വിദ്യാഭ്യാസത്തോടൊപ്പം നിലവിൽ ഇല്ല.	കമ്പ്യൂട്ടർ പരിശീലനം പത്താംക്ലാസ്സ് പാസ്സായ എല്ലാവർക്കും നൽകുവാനുള്ള പദ്ധതികൾ (ഉദാ: അക്ഷയ കേന്ദ്രം വഴി കമ്പ്യൂട്ടർ പരിശീലനത്തോടൊപ്പം തൊഴിൽ, പരിശീലനങ്ങളും നൽകുക. ഊരിൽ വിദ്യാഭ്യാസം ലഭിച്ചവർക്കായി അക്ഷയ കേന്ദ്രങ്ങളിലൂടെ പ്ലേസ്മെന്റ് വഴി തൊഴിൽ ലഭ്യമാക്കുന്നതിന് പഞ്ചായത്തിന്റെ സേവനം ലഭ്യമാക്കുക).
മദ്യപാനം	ലഹരിപദാർത്ഥങ്ങൾ നിർത്തലാക്കണം
	ബോധവത്ക്കരണ സൗകര്യം ഏർപ്പെടുത്തണം
	വ്യാജ വാറ്റുകൾക്കെതിരെ പഞ്ചായത്ത്,

	കുടുംബശ്രീ, സി.ഡി.എസ്. മുഖേന നടപടിയെടുക്കണം.
+2 പാസ്സായ കുട്ടികൾ ഉന്നത വിദ്യാഭ്യാസത്തിനു അകലെയുള്ള കോളേജുകളിൽ ചേരാതെ കൂലിപ്പണിക്ക് പോകുന്നു. കോളേജിൽ ചേർക്കാനോ യാത്രക്കോ അവരുടെ കയ്യിൽ പണമില്ല.	കരിയർ ഗൈഡൻസ് ക്ലാസ്സ് സാമൂഹ്യക്ഷേമ വകുപ്പിന്റെ സഹകരണത്തോടെ നടത്തി (ഐ.സി.ഡി.എസ്. വഴി) ഒപ്പം വിവിധ സ്കോളർഷിപ്പുകളെ കുറിച്ചും, സേവനങ്ങളും ക്ലാസ്സിൽ ഉൾപ്പെടുത്തി ഉന്നത പഠനത്തെ കുറിച്ചും, കോഴ്സുകൾ നടത്തുന്ന സ്ഥാപനങ്ങളെ പറ്റിയുള്ള ബോധവത്ക്കരണ ക്ലാസ്സ് പഞ്ചായത്തിന്റെ സഹായത്തോടെ നടപ്പിൽ വരുത്തുക. ഉന്നത പഠനം നടത്തുന്ന വിദ്യാർത്ഥികൾക്ക് സൗജന്യമായി ലാപ്ടോപ്പ് നൽകുക. മേശ, കസേര, എന്നിവ നൽകുക. അവകാശപ്പെട്ട വിദ്യാഭ്യാസാനുകൂല്യം അവരിൽ എത്തിക്കാൻ നടപടി സ്വീകരിക്കുക. താമസിച്ച് പഠിക്കുന്നതിന് സഹായം നൽകുക.
ഇംഗ്ലീഷ് ഭാഷയിലുള്ള പ്രാവീണ്യ കുറവ്	ഹൈസ്കൂൾ വിദ്യാർത്ഥികൾക്ക് ഇംഗ്ലീഷ് ട്യൂഷൻ നൽകുക. ഊരിലെ കൗമാര പ്രായക്കാരായ കുട്ടികളുടെ ക്ലാസ്സുകൾ രൂപീകരിച്ച് കൊണ്ട് (അഡോൾസെന്റ് ക്ലബ്ബ്) ഇംഗ്ലീഷ് ഭാഷയിൽ പ്രാവീണ്യം നേടുന്നതിന് പ്രായോഗിക ക്ലാസ്സുകൾ ഊരിൽ തന്നെ നൽകുക.(പ്രൊമോട്ടറുടെ നേതൃത്വത്തിൽ പഞ്ചായത്ത് ഫണ്ട് ഉപയോഗിച്ച്)
മുഖ്യ പ്രശ്നം 4– പ്രീ–പ്രൈമറി വിദ്യാഭ്യാസത്തിന്റെ കുറവ്	
കാരണം	പ്രശ്നപരിഹാര നിർദ്ദേശങ്ങൾ
അങ്കണവാടിയുടെ ഗുണനിലവാര കുറവ്	ആകർഷണീയമായ അങ്കണവാടികൾ ഒരുക്കുക ദൂരക്കൂടുതൽ മൂലം സങ്കേതങ്ങളിൽ നിന്നും എത്തിച്ചേരാൻ കഴിയാത്ത കുട്ടികൾക്ക് വാഹന സൗകര്യം നൽകുക. സ്പോൺസർഷിപ്പിലൂടെ അങ്കണവാടികൾക്ക് ആധുനിക സൗകര്യങ്ങൾ ഏർപ്പെടുത്തുക. ഇവയിലൂടെ കുട്ടികളുടെ സമഗ്രവികസനം സാധ്യമാക്കുക, പ്രത്യേകിച്ചും ആരോഗ്യ മേഖലയിൽ. ആധുനിക കിന്റർ ഗാർട്ടനുകൾ വകുപ്പ് ആരംഭിക്കുക.
മുഖ്യ പ്രശ്നം 5– സാങ്കേതിക വിദ്യാഭ്യാസത്തിന്റെ കുറവ്	
കാരണം	പ്രശ്നപരിഹാര നിർദ്ദേശങ്ങൾ
സാങ്കേതിക വിദ്യാഭ്യാസത്തെ കുറിച്ചുള്ള അവബോധമില്ലായ്മ (വിദ്യാർത്ഥികൾക്കും മാതാപിതാക്കൾക്കും)	പഠനവീട്, എല്ലാ കോളനികളിലും പ്രോത്സാഹന പരമായി ഓരോ മാസവും ക്ലാസ്സുകൾ
	ഹൈസ്കൂൾ വിദ്യാർത്ഥികൾക്ക് പഠന ഉപകരണം (മേശ, കസേര)
	കംപ്യൂട്ടർ നൽകുക, സംസ്കാരിക നിലയങ്ങൾ വഴി കസേര–മേശ എന്നിവ നൽകുക.
	ഉന്നത വിദ്യാഭ്യാസം ഉള്ള അദ്ധ്യാപകരെ ഊരിൽ അയച്ച് ബോധവത്ക്കരണം നൽകുക.
	പഠന ഉപകരണം വാങ്ങുന്നതിനുള്ള പ്രോജക്റ്റ് നടപ്പിലാക്കുക.
സങ്കേതങ്ങളിൽ നിന്ന് വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ എത്താനുള്ള യാത്രാ ക്ലേശങ്ങളും സാമ്പത്തിക	ജനറൽ ഫണ്ടിൽ അനുവദിച്ച് റോഡ് നൽകുക.
	പഞ്ചായത്തിലെ വർക്കിംഗ് ഗ്രൂപ്പ് ഈ അഭിപ്രായം മുഖവിലക്കെടുത്ത് തീരുമാനങ്ങൾ നടപ്പിലാക്കുക.
	യൂണിഫോം, പുസ്തകങ്ങൾ, കുട എന്നിവ

വികസന പ്രശ്നങ്ങളും	ജൂൺമാസം മുതൽ ലഭ്യമാക്കണം. കുടുംബശ്രീ കൗമാര ക്ലബ്ബുകൾ തുടങ്ങിയവരുടെ സഹായത്തോടെ ഊരിൽ തന്നെ കുട നിർമ്മാണം, നോട്ട് പുസ്തക നിർമ്മാണം തുടങ്ങിയ പരിശീലനങ്ങൾ നൽകുക.
	വിദഗ്ദ്ധരെ കൊണ്ട് ക്ലാസ്സ് നടത്തുന്നതിന് ഫണ്ട് അനുവദിക്കുക.
	ഊരുകളിലെ മാതാപിതാക്കൾക്ക് പ്രത്യേക ബോധവൽക്കരണ ക്ലാസ്സ് നടത്തുക.
	13–ാം പദ്ധതിയിൽ ഉപരിപഠനത്തിന് പ്രത്യേക പ്രോജക്റ്റുകൾ തയ്യാറാക്കി നടപ്പിലാക്കുക.
	തൊഴിൽവീഥി പോലുള്ള പ്രസിദ്ധീകരണങ്ങൾ കോളനിയിൽ ലഭ്യമാക്കുക.
കോച്ചിംഗ്, ട്രെയിനിംഗുകളുടെ അഭാവം.	പി.എസ്.സി, കമ്പ്യൂട്ടർ, മറ്റ് ട്രെയിനിംഗ് എന്നിവ നൽകുന്നതിന് ധനസഹായം നൽകുക.

ദീർഘകാല ലക്ഷ്യങ്ങൾ

പരിഹാര നടപടികളിലൂടെ വിദ്യാഭ്യാസ മേഖലയിൽ നേടാനാവുമെന്ന് പ്രതീക്ഷിക്കുന്ന നേട്ടങ്ങൾ പട്ടികയിൽ കൊടുത്തിരിക്കുന്നു.

ദീർഘകാല ലക്ഷ്യങ്ങൾ

ലക്ഷ്യസ്ഥാനം1– നിരക്ഷരത തുടച്ചു നീക്കുക.

നടപടികൾ/പ്രവർത്തനം

1. സാക്ഷരതാ പ്രവർത്തകരുടെ പ്രവർത്തനം ഉറപ്പുവരുത്തുക
2. 2019–ാം വർഷം ആകുമ്പോഴേക്കും നിരക്ഷരത പൂർണ്ണമായും ഇല്ലാതാക്കുക.
3. പഠിക്കുന്നതിനുള്ള സാമ്പത്തിക സഹായം നൽകുക.
4. ദാരിദ്ര്യമുള്ള കുടുംബങ്ങളെ വേർതിരിച്ച് സഹായിക്കുക.
5. 2019 ൽ 5253 പേരുടെ നിരക്ഷരത ഇല്ലായ്മ ചെയ്യുക.
6. സങ്കേതങ്ങളിൽ വിദ്യാസമ്പന്നരായ കുട്ടികളെ കണ്ടെത്തി ആ കോളനിയിലെ നിരക്ഷരത ഒഴിവാക്കുന്നതിന് പഠിപ്പിക്കുന്ന കുട്ടികൾക്ക് ഓണറേറിയം ഉൾപ്പെടുത്തി കൊടുക്കാൻ പഞ്ചായത്ത് തലത്തിൽ പദ്ധതി വേണം.
7. തുല്യതാ പരീക്ഷ എഴുതുന്നതിന് നടപടികൾ ആരംഭിക്കുക. 18 മുതൽ 44 വയസ്സ് വരെയുള്ളവരെ ഇതിൽ ഉൾപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുക.
8. പഞ്ചായത്ത് മുഖാന്തിരം ശക്തമായ നിർദ്ദേശം നൽകി പ്രാഥമിക വിദ്യാഭ്യാസം ഉറപ്പുവരുത്തുക.
9. ട്യൂഷൻ നൽകുന്നത് മൂലം പഠന നിലവാരം കൂട്ടാൻ സാധിക്കും
10. 2021 ഓടെ എല്ലാ എസ്.ടി പഞ്ചായത്തുകളിലും മാതൃകാ കിന്റർ ഗാർട്ടനുകൾ.

ലക്ഷ്യസ്ഥാനം 2– പ്രാഥമിക വിദ്യാഭ്യാസവും ഉന്നതവിദ്യാഭ്യാസവും ഉറപ്പ് വരുത്തുക

നടപടികൾ/പ്രവർത്തനം

1. സങ്കേതങ്ങളിൽ ഇന്റർനെറ്റ് അടക്കമുള്ള ട്യൂഷൻ സെന്റർ തുടങ്ങുക
2. സെക്കന്ററി വിദ്യാഭ്യാസം ലഭിക്കാനുള്ള കുട്ടികളെ കണ്ടെത്തി അവരെ തുടർന്ന് പഠിപ്പിക്കാനുള്ള നടപടി സ്വീകരിക്കുന്നതിന് പഞ്ചായത്ത് തലത്തിൽ നിന്നും ഡിപ്പാർട്ട്മെന്റിലേയ്ക്ക് ശുപാർശ ചെയ്യുക.
3. തോറ്റ വിഷയങ്ങൾ വീണ്ടും എഴുതുന്നതിന് പരീക്ഷ ഫീസ് നൽകുക.
4. പഠനം നിർത്തിയവരെ കണ്ടെത്തി തുടർന്ന് പഠിക്കാൻ പ്രോത്സാഹിപ്പിക്കുക.
5. ഉന്നത വിദ്യാഭ്യാസ സൗകര്യം ചെയ്തുകൊടുക്കുക.
6. ഉന്നത വിദ്യാഭ്യാസം ലഭിക്കുന്നതിന് മതിയായ ഹോസ്റ്റൽ സൗകര്യം ലഭ്യമാക്കുക.
7. ട്യൂഷൻ ഫീസ്, പരീക്ഷ ഫീസ് എന്നിവ നൽകുക.
8. ഉപജീവനമാർഗ്ഗ ഉപാധികൾ കണ്ടെത്താനുള്ള പ്രോജക്ടുകൾ വിദഗ്ദ്ധരുടെ സഹായത്തോടെ ആവിഷ്ക്കരിക്കുക.
9. വിദ്യാഭ്യാസ പരിപാടികളുടെ എല്ലാ പ്രവർത്തനങ്ങളും നിരന്തരമായി പരിശോധിച്ച് അപ്പപ്പോൾ പരിഹാരം കാണുന്നതിനുള്ള മോണിറ്ററിംഗ് സംവിധാനം ഒരുക്കുക.

2. ആരോഗ്യമേഖല

പ്രശ്നങ്ങൾ, കാരണങ്ങൾ, നിർദ്ദേശങ്ങൾ

മുഖ്യപ്രശ്നം 1 – സേവന ലഭ്യതയുടെ പോരായ്മകൾ.	
കാരണം	പ്രശ്നപരിഹാര നിർദ്ദേശങ്ങൾ
ഊരും ആരോഗ്യ സ്ഥാപനങ്ങളും തമ്മിലുള്ള അകലം	ദൂരക്കൂടുതലുള്ള ഊരുകളിൽ രാവിലെ 10 മണി മുതൽ ഉച്ചയ്ക്ക് 2 മണി വരെ മെഡിക്കൽ ക്യാമ്പുകൾ നടത്തുക.
പട്ടികവർഗ്ഗത്തിൽ നിന്ന് ആശാവർക്കർമാരെ തിരഞ്ഞെടുക്കുക.	പട്ടികവർഗ്ഗ സങ്കേതങ്ങളിൽ പട്ടികവർഗ്ഗത്തിൽ നിന്നുള്ള ആശാവർക്കർമാരെ നിയോഗിക്കുക.
മാരകരോഗങ്ങൾക്ക് വിദഗ്ദ്ധ ചികിത്സകളുടെയും മരുന്നുകളുടെയും അഭാവം	മൊബൈൽ യൂണിറ്റുകൾ ഏർപ്പെടുത്തുക.
	ഡോക്ടറും മരുന്നും എപ്പോഴും ഉണ്ടെന്ന് ഉറപ്പ് വരുത്തുക. വിദഗ്ധ ചികിത്സ ലഭ്യമാക്കുക.
ആശുപത്രിയുണ്ടെങ്കിലും ആവശ്യത്തിന് ജീവനക്കാരില്ല.	ജീവനക്കാരുടെ ലഭ്യത ഉറപ്പുവരുത്തുന്നതിന് പഞ്ചായത്തിന്റെ സഹകരണം ഉറപ്പുവരുത്തുക.
അസുഖം വരുന്നതിന് മുമ്പ് രോഗപ്രതിരോധത്തിനുള്ള മുൻഗണനയില്ല.	മതിയായ ഫീൽഡ് ഉദ്യോഗസ്ഥരെ ആരോഗ്യ വകുപ്പിൽ നിന്നും പട്ടികവർഗ്ഗ മേഖലകളിൽ നിയോഗിക്കണം.

മുഖ്യപ്രശ്നം 2 – ഭിന്നശേഷി.	
കാരണം	പ്രശ്നപരിഹാര നിർദ്ദേശങ്ങൾ
വൈവാഹിക ജീവിതത്തിലെ തകർച്ചമൂലം മൗനം പാലിച്ച് ഒറ്റപ്പെട്ട ജീവിതം നയിക്കുന്ന സ്ത്രീകൾ.	മാനസിക വെല്ലുവിളികൾ നേരിടുന്നയാളിന് പെൻഷൻ അനുവദിക്കാൻ നടപടിയെടുക്കണം വീൽചെയർ, ശ്രവണ സഹായി എന്നിവ നൽകുക. ഒറ്റപ്പെട്ട ജീവിതം നയിക്കുന്നവരെ സാമൂഹ്യമായി ഉൾച്ചേർക്കാനുള്ള പരിപാടികൾ സംഘടിപ്പിക്കുക. വ്യക്തിഗത പരിപാലന പദ്ധതി ആരംഭിക്കുക.
അടുത്തടുത്തുള്ള പ്രസവം, 2 ൽ കൂടുതൽ കുട്ടികൾ.	കൗമാര ക്ലബ്ബുകൾ രൂപീകരിക്കുക, ആരോഗ്യ ബോധവത്ക്കരണം നൽകുക.
	ഭിന്നശേഷിയുള്ളവർക്ക് ഹെൽത്ത് കാർഡ് നൽകുകയും ചികിത്സയും ഉപകരണങ്ങളും യഥാസമയത്ത് ലഭ്യമാക്കുകയും ചെയ്യുക.
	ഇത്തരത്തിലുള്ളവർക്ക് ബോധവൽക്കരണവും സംരക്ഷണവും നൽകുക.
	ചൂഷണം ആവർത്തിക്കാതിരിക്കാൻ പഞ്ചായത്ത് തല ജാഗ്രത സമിതി ഉണർന്ന് പ്രവർത്തിക്കണം.
പട്ടികവർഗ്ഗക്കാർക്കെതിരെയുള്ള അതിക്രമങ്ങൾ	അതിക്രമങ്ങൾ നടക്കുന്ന അവസരത്തിൽ തന്നെ പി.ഒ.ആക്ട് 1989(2016) പ്രകാരം കേസ് രജിസ്റ്റർ ചെയ്യുക
	മൊഴി തിരുത്തി പറയുന്നവരുടെ മേൽ നടപടി സ്വീകരിക്കുക.

മുഖ്യപ്രശ്നം 3 – സ്ഥിരം രോഗി	
കാരണം	പ്രശ്നപരിഹാര നിർദ്ദേശങ്ങൾ
പാരമ്പര്യമായ ചികിത്സ കാരണം ആധുനിക ചികിത്സയോടു മടി കാണിക്കുന്നു.	വൈദ്യസഹായം വീടുകളിൽ എത്തിക്കുക. ആധുനിക ചികിത്സയുടെ നേട്ടങ്ങളെക്കുറിച്ച് ബോധവത്ക്കരിക്കുക.
	എപ്പോഴും അവരെ ശ്രദ്ധിക്കാൻ ഊരുകളിൽ ഏർപ്പാട് ഉണ്ടാക്കുക.
	അവരുടെ ജീവിതസൗകര്യങ്ങൾ വർദ്ധിപ്പിക്കാൻ സഹായം നൽകുക.
അറിവില്ലായ്മ, ലഹരിവസ്തുക്കളുടെ ഉപയോഗം	ലഹരിവസ്തുക്കൾ നിർത്തലാക്കുക. കർശന നടപടികൾ തുടരുക.

പോഷാകാഹാരമില്ലായ്മ	അങ്കണവാടികൾ വഴി പോഷകാഹാരം എത്തിക്കാൻ വേണ്ട നടപടികൾ സ്വീകരിക്കുക. പ്രത്യേക പദ്ധതി ആരംഭിക്കുക.
ശുചിത്വമില്ലായ്മ, ശുദ്ധമായ കുടിവെള്ളമില്ലായ്മ	ഹെൽത്ത് ഇൻസ്പെക്ടർ കാര്യങ്ങൾ നേരിട്ട് മനസ്സിലാക്കി വേണ്ട നിർദ്ദേശം നൽകുക.
കൃത്യമായി ആരോഗ്യ പരിചരണത്തിൽ ശ്രദ്ധയില്ലായ്മ	മെഡിക്കൽക്യാമ്പ്, വയോമിത്രങ്ങൾക്ക് വീടുകളിൽ ചികിത്സാ ലഭ്യമാക്കുക.
	ശുചീകരണ പ്രവർത്തനം, ആരോഗ്യരംഗത്ത് പഞ്ചായത്ത് ഇടപെടുക.
പരിസരമലിനീകരണം	ബോധവൽക്കരണ ക്ലാസ്സ് നടത്തുക. ഊർ കമ്മിറ്റികൾക്ക് ചുമതലകളും നൽകുക.
ദൈവികമായ അന്ധവിശ്വാസം മൂലം ആശുപത്രികളിൽ പോകാതിരിക്കൽ, രോഗം പകരുന്നത്.	പട്ടികവർഗ്ഗത്തിൽപ്പെട്ട ആശാവർക്കർമാരുടെ ഇടപെടൽ പി.എച്ച്.സി.കളുടെ കോളനിയിൽ ഉള്ള ഇടപെടൽ. അന്ധവിശ്വാസങ്ങളുടെ അശാസ്ത്രീയത ബോദ്ധ്യപ്പെടുത്തുക.
	വിവിധ വകുപ്പുകളെ ഏകോപിപ്പിച്ചുകൊണ്ടുള്ള പ്രവർത്തനം.

മുഖ്യപ്രശ്നം 4 – ആയുർദൈർഘ്യം കുറയുന്നു	
കാരണം	പ്രശ്നപരിഹാര നിർദ്ദേശങ്ങൾ
ശരിയല്ലാത്ത ഭക്ഷണക്രമം	കിഴങ്ങ്, ഇലക്കറികൾ എന്നിവ കൃഷി ചെയ്ത് ഉപയോഗിക്കുവാനുള്ള പദ്ധതികൾ രൂപീകരിക്കുക.
മദ്യം, മയക്കുമരുന്ന് എന്നിവയുടെ ഉപയോഗം കാരണം പലരും മരണത്തിന് കീഴടങ്ങുന്നു.	ബോധവൽക്കരണ ക്ലാസ്സ് നടത്തുക
	കുടുംബശ്രീ മുഖേന ഊരുകളിൽ മദ്യവിൽപ്പന തടയുക.
	നല്ല മാതൃകാ കുടുംബങ്ങളെ ആദരിക്കൽ
	തൊഴിലുറപ്പ് പദ്ധതി മുഖേനെ ഊരുകൾ ശുചീകരിക്കുന്ന പ്രവൃത്തി
	ജനമൈത്രി പോലീസിന്റെ സഹായം തേടുക
	പഞ്ചായത്ത് തലത്തിൽ ജെ.പി.എച്ച്, ജെ.എച്ച്, പാലിയേറ്റീവ് സഹായം തേടുക.
പോഷകാഹാക്കുറവ്	അങ്കണവാടി, ആരോഗ്യകേന്ദ്രം വഴി പോഷകാഹാരം എത്തിക്കാനുള്ള സംവിധാനം, പച്ചക്കറിത്തോട്ടങ്ങൾ ഉണ്ടാക്കുന്നതിന് വേണ്ട പ്രോത്സാഹനം നൽകുക.
	പോഷാകാഹാരം അടങ്ങിയ ആഹാര കിറ്റുകൾ പഞ്ചായത്ത് നൽകുക.
	പഞ്ചായത്തിൽ നിന്ന് ലഭിക്കുന്ന വാക്സിനേഷൻ, മരുന്നുകൾ എന്നിവ ഹെൽത്ത് സെന്റർ മുഖേന നൽകുക.
	ഹോസ്പിറ്റലിൽ പോകുന്നതിന് യാത്രാബത്ത അനുവദിക്കുക.
ആഹാരപദാർത്ഥങ്ങളിൽ അമിതമായ കീടനാശിനി, വള പ്രയോഗം	കൃഷിഭവൻ മുഖേന ജൈവവളങ്ങൾ നൽകുക. ബോധവൽക്കരണം നടത്തുക.
	തദ്ദേശസ്വയംഭരണ വകുപ്പ്, എം.എൽ.എ, എം.പി.ഫണ്ട് എന്നിവ സംയോജിപ്പിച്ച് കൊണ്ട് പരിഹാരം കാണൽ
ആധുനിക ചികിത്സാ സംവിധാനം, സാമ്പത്തിക പരാധീനത മൂലം ലഭ്യമല്ല.	ആശുപത്രികളിൽ മെച്ചപ്പെട്ട ചികിത്സ നൽകുക. ചെലവേറിയ ചികിത്സക്ക് പ്രത്യേക സംവിധാനം ഏർപ്പെടുത്തുക.

മുഖ്യപ്രശ്നം 4 – അമിത മദ്യപാനം	
കാരണം	പ്രശ്നപരിഹാര നിർദ്ദേശങ്ങൾ
കൂലിപ്പണിക്കുപോകുന്നവർ പണി	മദ്യപാനത്തിന്റെ ദുഷ്യഫലങ്ങളെക്കുറിച്ച്

കഴിഞ്ഞു ഊരിലേക്ക് വരുമ്പോൾ മദ്യം വാങ്ങിക്കൊണ്ടു വന്നു കുടിക്കുകയും മറ്റുള്ളവർക്ക് വിൽക്കുകയും ചെയ്യുന്നു.	ഡോക്ടർമാർ, എക്സൈസ്/പോലീസ് അധികാരികൾ ക്ലാസ്സുകൾ നടത്തണം. കർശന നടപടികൾ സ്വീകരിക്കാൻ അധികാരികൾ ശ്രദ്ധിക്കണം. മദ്യപാനത്തിൽ അടങ്ങിയ ചൂഷണ ലക്ഷ്യങ്ങളെ തിരിച്ചറിഞ്ഞ് തന്ത്രങ്ങൾ ആവിഷ്ക്കരിക്കുക.

ദീർഘകാല ലക്ഷ്യങ്ങൾ

പരിഹാര നടപടികളിലൂടെ ആരോഗ്യ മേഖലയിൽ നേടാനാവുമെന്ന് പ്രതീക്ഷിക്കുന്ന നേട്ടങ്ങൾ താഴെ കൊടുക്കുന്നു.

ലക്ഷ്യസ്ഥാനം 1– സ്ഥിരം രോഗാവസ്ഥയിൽ നിന്ന് മോചനം

നടപടികൾ/പ്രവർത്തനം

1. ഊരുകൾ കേന്ദ്രീകരിച്ച് ബോധവത്ക്കരണം
2. ഊരുകൾ കേന്ദ്രീകരിച്ച് മെഡിക്കൽ ക്യാമ്പ്
3. ആരോഗ്യ കേന്ദ്രങ്ങളുടെ നവീകരണവും ക്രിയാത്മക പ്രവർത്തനവും
4. ഭിന്നശേഷിയുള്ളവർക്ക് സ്വയംതൊഴിൽ പരിശീലനകേന്ദ്രം നിർമ്മിക്കുക.
5. ഭിന്നശേഷിയുള്ളവരുടെ പരിചരണവും സംരക്ഷണവും
6. ഭിന്നശേഷിയുള്ളവരെ പരിചരിക്കുന്ന കുടുംബങ്ങൾക്ക് വേതനം
7. ഭിന്നശേഷിയുള്ളവരെ പൊതുസമൂഹത്തിൽ എത്തിക്കുന്നതിന് ഇവരുടെ കഴിവ് മനസ്സിലാക്കി, പഞ്ചായത്ത് അധികൃതരെ പ്രൊമോട്ടർ വിവരങ്ങൾ ധരിപ്പിക്കുക.
8. ഊര് കേന്ദ്രീകരിച്ച് രോഗനിർണ്ണയ ക്യാമ്പ്
9. പാലിയേറ്റീവ് കെയർ വഴി മരുന്ന് എത്തിക്കുന്നതിനും പരിചരണം ചെയ്യുന്നതിനും ശ്രമിക്കുക.
10. സ്ഥിരരോഗികൾക്ക് മരുന്നും പോഷകാഹാര കിറ്റും വിതരണം
11. മദ്യവും മയക്കുമരുന്നും ഉപയോഗം നിർത്തുന്നതിന് ബോധവത്ക്കരണം
12. മദ്യത്തിന്റെയും ലഹരി പദാർത്ഥങ്ങളുടെയും നിരോധനം

ലക്ഷ്യസ്ഥാനം 1– മെച്ചപ്പെട്ട ചികിത്സാ സൗകര്യം

നടപടികൾ/പ്രവർത്തനം

1. വ്യക്തി ശുചിത്വം, പരിസര ശുചിത്വം
2. പോഷകാഹാര കിറ്റ് വിതരണം ഊരുകളിൽ, പാരമ്പര്യ ജൈവകൃഷിയ്ക്ക് പ്രോത്സാഹാനം നൽകുക.
3. പ്രതിരോധ കുത്തിവെയ്പ് ഗർഭിണികൾക്കും കുട്ടികൾക്കും
4. സൗജന്യ മരുന്ന് വിതരണം
5. ആധുനിക വൈദ്യശാസ്ത്രത്തെക്കുറിച്ച് ബോധവത്ക്കരണം
6. ഊരുകളോട് ചേർന്ന് കൂടുതൽ ആരോഗ്യ കേന്ദ്രങ്ങൾ അനുവദിക്കുക.
7. ആശുപത്രികളിൽ കൂടുതൽ ചികിത്സാ വിഭാഗങ്ങൾ അനുവദിക്കുക.
8. ചെലവേറിയ ചികിത്സയ്ക്ക് ധനസഹായം സമയബന്ധിതമായി എത്തിക്കാൻ നടപടി സ്വീകരിക്കുക.
9. എല്ലാ പ്രവർത്തനങ്ങളും ഏകോപിപ്പിക്കുവാനും ശരിതെറ്റുകൾ തിരിച്ചറിഞ്ഞ് നടപടികൾ സ്വീകരിക്കുവാനുള്ള മോണിറ്ററിംഗ് സംവിധാനം എല്ലാതലങ്ങളിലും ഏർപ്പെടുത്തണം
10. പാരമ്പര്യ ചികിത്സ പ്രോത്സാഹിപ്പിക്കുക.

3. തൊഴിൽ/ഉപജീവനം

പ്രശ്നങ്ങൾ, കാരണങ്ങൾ, നിർദ്ദേശങ്ങൾ

മുഖ്യപ്രശ്നം–1– സ്ഥിരവരുമാനം ഇല്ലാത്ത തൊഴിൽ	
കാരണം	**പ്രശ്ന പരിഹാര നിർദ്ദേശങ്ങൾ**
പരമ്പരാഗത തൊഴിലിൽ നിന്നും വരുമാനം ലഭിക്കുന്നില്ല.	പാരമ്പര്യ കൃഷി പരമ്പരാഗത തൊഴിൽ പ്രോത്സാഹിപ്പിയ്ക്കുക, വരുമാനം ലഭിക്കാനുള്ള മാർഗ്ഗങ്ങൾ/പദ്ധതികൾ തയ്യാറാക്കുക.
	പാട്ടകൃഷി ഭൂമി പഞ്ചായത്ത് തലത്തിൽ ഏറ്റെടുത്ത് നൽകുക
	വന സംരക്ഷണത്തിൽ കൂടുതൽ പങ്കാളിത്തം, വന്യമൃഗ സംരക്ഷണം ഉറപ്പാക്കണം.

	2006ലെ വനാവകാശ നിയമം അനുസരിച്ചുള്ള സാമൂഹിക വനാവകാശ നിയമം നടപ്പാക്കി സാമൂഹിക വനാവകാശ മാനേജ്മെന്റ് കമ്മിറ്റി രൂപീകരിക്കുക.
സ്ഥിരവരുമാനമില്ലാത്ത തൊഴിലാളികൾ	
കാരണം	**പ്രശ്ന പരിഹാര നിർദ്ദേശങ്ങൾ**
തൊഴിലുറപ്പ് പദ്ധതിയിൽ കൂലി കുറവായതിനാൽ പുരുഷൻമാർ പോകുന്നില്ല. നിത്യവും വൈകുന്നേരം കൂലി കിട്ടാൻ തൊഴിലുറപ്പു പദ്ധതിയിൽ വ്യവസ്ഥയില്ല.	ഫോട്ടോ എടുപ്പിയ്ക്കാനും തൊഴിൽ കാർഡുകൾ കൊടുക്കാനും പ്രാദേശികമായി തൊഴിൽ കണ്ടെത്താനും നടപടി സ്വീകരിക്കുക. റിവോൾവീംഗ് ഫണ്ട് രൂപീകരിച്ച് കൂലി പ്രശ്നം പരിഹരിക്കുക. കൂലി വിതരണത്തിലെ കാലതാമസം ലഘൂകരിക്കുകയും വേണം.
വിദ്യാഭ്യാസപരമായ പിന്നാക്ക അവസ്ഥ	പഞ്ചായത്ത് വിദ്യാഭാസ സമിതി ഊർജിതമാക്കണം
സ്വയംതൊഴിലുകൾ അഭ്യസിക്കാനുള്ള സാഹചര്യം നിലവിൽ ഇല്ല.	സാദ്ധ്യതയുള്ള മേഖലകളിൽ തൊഴിൽ പരിശീലനം നൽകി തൊഴിൽ ഉറപ്പാക്കണം. സ്വയം തൊഴിൽ ചെയ്യുന്നതിന് വേണ്ടുന്ന സഹായം അനുവദിക്കുക.
കൈത്തൊഴിൽ ചെയ്യുന്നതിനുള്ള സാഹചര്യം ഇല്ല.	കൈത്തൊഴിൽ ചെയ്യുന്നതിന് വേണ്ടുന്ന സഹായം അനുവദിക്കുക. കൃഷി വകുപ്പ് നടപ്പാക്കുന്ന പദ്ധതികളുമായി ബന്ധപ്പെടുത്തുക.
കാർഷികമേഖലയിലെ പ്രതിസന്ധി	വിത്തും, വളവും ഊരുകൂട്ടം മുഖാന്തിരം ഈ മേഖലയിൽ എത്തിക്കുക
കൃഷിഭൂമിയുടെ അപര്യാപ്തത	നിലവിലുള്ള കൃഷിഭൂമി കൃഷിയ്ക്ക് അനുയോജ്യമാക്കുന്നതിനുള്ള നടപടി
ചെറുകിട വ്യവസായ സംരംഭങ്ങളുടെ കുറവ്	അനുയോജ്യമായ ചെറുകിട വ്യവസായങ്ങൾ കണ്ടെത്തുന്നതിനുള്ള നടപടി വ്യവസായ വകുപ്പ് മുഖേന സ്വീകരിക്കുക.
	വാർഷിക പദ്ധതികളിൽ ഉൾപ്പെടുത്തി പലവിധത്തിലുള്ള തൊഴിൽ പരിശീലനങ്ങൾക്ക് ഫണ്ട് വകയിരുത്തുക.
സ്ഥിരമായി ജോലി ലഭ്യമാക്കുന്നതിനുള്ള സ്ഥാപനങ്ങളുടെ അഭാവം	ചെറുകിട വ്യവസായ സംരംഭങ്ങൾ പ്രോൽസാഹിപ്പിക്കുക. മലയടി (തൊളിക്കോട് ഗ്രാമപഞ്ചായത്ത്) കൈത്തറി വ്യവസായ സഹകരണ സംഘം പോലുള്ള പദ്ധതികൾ പുനസംഘടിപ്പിച്ച് പ്രവർത്തനം സജ്ജമാക്കുക.
വിദ്യാഭ്യാസമുള്ള തൊഴിൽ രഹിതർ	
കാരണം	**പ്രശ്ന പരിഹാര നിർദ്ദേശങ്ങൾ**
പരിശീലന സ്ഥാപനങ്ങളുടെ അഭാവം	തൊഴിൽ പരിശീലന പരിപാടികൾ പ്രോൽസാഹിപ്പിക്കുക
സമൂഹവുമായി ഇടപഴകാനുള്ള മടി	കൗൺസിലിംഗ് നടത്തുക
വിദ്യാഭ്യാസം ഉണ്ടായിട്ടും തൊഴിലിന് വേണ്ടി ശ്രമിക്കുന്നില്ല. തൊഴിലിനെ കുറിച്ച് അവബോധമില്ലായ്മ	വിദ്യാസമ്പന്നരായവർക്ക് മത്സരപരീക്ഷകൾക്കു പരിശീലനം നേടുന്നതിന് സാമ്പത്തിക സഹായം നൽകുക.
സങ്കേതങ്ങൾ	യൂത്ത് ക്ലബുകൾ രൂപീകരിക്കുക, പ്രോത്സാഹനം നൽകുക, തൊഴിൽ നേടാനുള്ള അവബോധം നൽകുക.
	പെൺകുട്ടികളുടെ കൂട്ടായ്മ സംഘടിപ്പിക്കുക.
	മദ്യവും ലഹരി പദാർത്ഥങ്ങളും വിപണനം നടത്തുന്നതിനെതിരെ നടപടി സ്വീകരിക്കുക.

നിലവിൽ പട്ടികവർഗ്ഗ വികസന വകുപ്പിന്റെ കീഴിലുള്ള സ്ഥാപനങ്ങൾ കാര്യക്ഷമമായി പ്രവർത്തിക്കാത്തത്	പ്രവർത്തനങ്ങൾ വിലയിരുത്തി കാലോചിതമായ മാറ്റങ്ങൾ വരുത്തുക.
	സംസ്ഥാന സർക്കാരിലേയ്ക്ക് മാറ്റങ്ങൾക്ക് വേണ്ട ശുപാർശ നൽകുക.
തൊഴിൽ അവസരങ്ങൾ ശ്രദ്ധിയ്ക്കാൻ കഴിയാത്തത്.	ഊരിലെ എല്ലാവർക്കും തൊഴിലുറപ്പ് കാർഡ് നൽകുകയും തൊഴിൽ കൊടുക്കുകയും ചെയ്യുക.
	ലേബർബാങ്ക് ഉണ്ടാക്കി സീസണൽ കലണ്ടർ പ്രകാരം തൊഴിലുള്ള ദിനങ്ങൾ ക്രമീകരിക്കേണ്ടതും ജോലിക്ക് നിയോഗിക്കേണ്ടതുമാണ്.
ട്രെയിനിംഗ് സെന്ററിന്റെ കുറവ് (ഫിനിഷിംഗ് സ്കൂൾ)	വിദ്യാർത്ഥികൾക്ക് തൊഴിൽ നേടുന്നതിന് ഫിനിഷിംഗ് സ്കൂൾ സൗകര്യം നൽകുക.
	ഔഷധസസ്യകൃഷി പ്രോത്സാഹിപ്പിക്കുക.
വായ്പ ബാങ്കുകളിൽ നിന്ന് ലഭിയ്ക്കുന്നില്ല.	പൊതു പരീക്ഷകൾ നടത്തുമ്പോൾ യാത്രബത്ത മുൻകൂട്ടി നൽകുക
	ശാരീരിക വൈകല്യമുള്ള ദുരിതം അനുഭവിക്കുന്നവർക്ക് അവരുടെ താൽപര്യ പ്രകാരമുള്ള തൊഴിൽ സംരംഭങ്ങൾ തുടങ്ങുക.
വന്യമൃഗശല്യം	
കാരണം	**പ്രശ്ന പരിഹാര നിർദ്ദേശങ്ങൾ**
വന്യമൃഗങ്ങളുടെ ശല്യം കാരണം കോളനികളിൽ കൃഷി ചെയ്യാൻ സാധിക്കുന്നില്ല.	വന്യമൃഗശല്യം കാരണം കൃഷി നശിച്ചവർക്ക് പഞ്ചായത്ത് തലത്തിൽ അന്വേഷണം നടത്തി നഷ്ടപരിഹാരം ലഭിക്കുന്നതിനുള്ള സ്ഥിരം സംവിധാനങ്ങൾ ഏർപ്പെടുത്തുക.
വന്യമൃഗങ്ങൾ വരാതെ തടയാനുള്ള സംവിധാനമില്ല	ഇതിനുള്ള പദ്ധതി തയ്യാറാക്കി സർക്കാരിന് സമർപ്പിക്കുകയും അതിന്റെ തുടർ പ്രവർത്തനങ്ങൾ നടത്തുകയും ചെയ്യുക. സോളാർ ഫെൻസിംഗ് നടപ്പിലാക്കേണ്ടതാണ്.
	തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി ട്രഞ്ച് നിർമ്മിക്കുക, ജൈവവേലി പ്രോത്സാഹിപ്പിക്കുക
വയലുകൾ നികത്തുന്നതുമൂലം കൃഷി ചെയ്യാൻ സ്ഥലമില്ല	
കാരണം	**പ്രശ്ന പരിഹാര നിർദ്ദേശങ്ങൾ**
നെൽകൃഷി ലാഭകരമല്ലാത്തതിനാൽ നെൽകൃഷി ഉപേക്ഷിച്ച് നാണ്യവിള കൃഷി ചെയ്യുന്നു.	ആദായകരമായി നെൽകൃഷി / കരനെൽ കൃഷി നടത്തി ഭക്ഷ്യഭദ്രത ഉറപ്പാക്കുക.

ദീർഘകാല ലക്ഷ്യങ്ങൾ

പരിഹാര നടപടികളിലൂടെ തൊഴിൽ/ വരുമാന മേഖലയിൽ നേടാനാവുമെന്ന് പ്രതീക്ഷിക്കുന്ന നേട്ടങ്ങൾ

ലക്ഷ്യസ്ഥാനം 1– കാർഷിക രംഗത്തെ വികസനം

1. ഊരുകൾ കേന്ദ്രീകരിച്ച് ബോധവൽകരണം
2. തൊഴിലുറപ്പ് ഉൾപ്പെടുത്തി (കാലാവസ്ഥയ്ക്ക് അധീതമായി) തുടർസജ്ജീകരണം
3. ചെലവ് കുറഞ്ഞ യന്ത്രോപകരണത്തോടുകൂടി കാർഷിക വൃത്തി നടപ്പിലാക്കുക.
4. പാരമ്പര്യ കാർഷിക വിളകൾ ഉൽപ്പാദനം വർദ്ധിപ്പിക്കുക
5. കാർഷിക ഉൽപ്പന്നങ്ങൾക്ക് ഉയർന്ന വില ലഭ്യമാകത്തക്ക വിപണി കണ്ടെത്തുക
6. വന്യമൃഗശല്യങ്ങൾ ഒഴിവാക്കാൻ നടപടി സ്വീകരിക്കുക
7. ക്ഷീരമേഖല പ്രോൽസാഹിപ്പിക്കുക

ലക്ഷ്യസ്ഥാനം 2– കൂടുതൽ തൊഴിൽ/ സ്വയം തൊഴിൽ അവസരങ്ങൾ ലഭ്യമാക്കുക

1. വിദേശജോലിക്ക് ആവശ്യമായ ധനസഹായം നൽകുക
2. സ്വയം തൊഴിൽ സംരംഭങ്ങൾക്ക് ആവശ്യമായ ധനസഹായം അനുവദിക്കുക
3. പി.എസ്.സി കോച്ചിംഗ് വ്യാപകമാക്കുക
4. വിദേശജോലിക്കായി നടത്തുന്ന ഇൻറ്റർവ്യൂകളിൽ പട്ടികവർഗ്ഗക്കാരെ

ഉൾപ്പെടുത്താൻ സഹായകമായ പ്രവർത്തനം നടപ്പിലാക്കുക.

5. തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപെടുത്തി കാർഷിക മേഖലയിൽ കർഷകർക്ക് ആവശ്യമായ പണികൾ ചെയ്യുക.
6. ക്ഷീര കർഷകർക്ക് തീറ്റപുല്ല് കൃഷി തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തുക.
7. ഉയർന്ന വിദ്യാഭ്യാസമുള്ള വിദ്യാർത്ഥികളെ വിദേശത്ത് അയയ്ക്കാനുള്ള നടപടികൾ സ്വീകരിക്കുക.
8. ട്യൂഷൻ സെന്റർ എസ്.റ്റി ഊരുകളിൽ അനുവദിക്കുക
9. വിദ്യാഭ്യാസമില്ലാത്ത രക്ഷിതാക്കൾക്ക് ബോധവൽക്കരണം നൽകുക. പി.എസ്.സി. കോച്ചിംഗ് സെന്ററുകൾ നൽകുക.
10. വിദ്യാഭ്യാസത്തിനുവേണ്ടി പുതിയ തൊഴിൽ മേഖലകളിൽ പരിശീലനം നൽകുക.

1. അടിസ്ഥാന സൗകര്യമേഖല

അടിസ്ഥാന സൗകര്യമേഖലയിലെ പ്രശ്ന പരിഹാര നിർദ്ദേശങ്ങൾ കണ്ടെത്തുന്നതിനായി നിലനിൽക്കുന്ന പ്രശ്നങ്ങളും പ്രശ്നകാരണങ്ങളും നിർദ്ദേശങ്ങളും ചുവടെ കൊടുത്തിരിക്കുന്നു.

പ്രശ്നങ്ങൾ, കാരണങ്ങൾ, നിർദ്ദേശങ്ങൾ

മുഖ്യ പ്രശ്നം-1 വീടും സ്ഥലവും ഇല്ലാത്തവർ	
കാരണം	പ്രശ്നപരിഹാര നിർദ്ദേശങ്ങൾ
പട്ടികവർഗ്ഗകാരുടെ ഭൂമി പാട്ടം, ഒറ്റി നൽകുന്നത്	ഭൂമി, ഭൂമിയിലെ മേലാദായം ഇവ അന്യാധീന പ്പെടുത്തിയാൽ സ്വമേധയാ നടപടി സ്വീകരിക്കുക.
ഭൂമി രാഹിത്യം	ഭൂമിയില്ലാത്ത കുടുംബങ്ങൾക്ക് ഭൂമി കണ്ടെത്താനുള്ള ക്രമീകരണങ്ങൾ നടപ്പിലാക്കുക.
വനവകാശ നിയമം നടപ്പിലാക്കാത്തത്	നിലവിലുള്ള കൈവശഭൂമിയ്ക്ക് രേഖകൾ ലഭ്യമാക്കുക. സാമൂഹ്യ വനവിഭവ മാനേജ്മെന്റ് അവകാശം നൽകി അതിനനുസൃതമായ അവകാശ കമ്മിറ്റി രൂപീകരിക്കണം.
	പഞ്ചായത്തിലെ ബന്ധപ്പെട്ട അധികാരികൾ കൃത്യമായി വനാവകാശ ഊരുകൂട്ടത്തിൽ പങ്കെടുക്കുക
സ്ഥലം കൈവശം വെയ്ക്കുന്നതിന്റെ അറിവില്ലായ്മ, കൃത്യമായ രേഖകൾ ഇല്ലായ്മ	സ്ഥലം അളന്ന് അതാത് കുടുംബങ്ങൾക്ക് രേഖാമൂലം നൽകി ചുറ്റുവേലി കെട്ടി സംരക്ഷിക്കുക. റവന്യൂ വകുപ്പിൽ ഭൂരേഖ ഉണ്ടാകാനുള്ള വഴി ഒരുക്കുക.
മുഖ്യപ്രശ്നം-2 ജീർണ്ണാവസ്ഥയിലുള്ള വീടുകൾ	
കാരണം	**പ്രശ്നപരിഹാര നിർദ്ദേശങ്ങൾ**
അസൗകര്യമുള്ള വീടുകൾ	ജീർണ്ണാവസ്ഥയിലുള്ളവയ്ക്ക് പകരം പുതിയ വീടുകൾ നൽകുന്നു.അടിസ്ഥാന സൗകര്യങ്ങൾ ഉറപ്പുവരുത്തുക.
ഗുണമേന്മയില്ലാത്ത സാധന സാമഗ്രികൾ ഉപയോഗിച്ചുള്ള വീട് നിർമ്മാണം	ഗുണമേന്മയുള്ള സാധന സാമഗ്രികൾ പഞ്ചായത്തിൽ നിന്ന് കൊടുക്കാനുള്ള സംവിധാനം ഏർപ്പെടുത്തുക.
അറ്റകുറ്റപണി നടത്താൻ സാമ്പത്തികം ഇല്ലായ്മ	മെയിന്റനൻസ് തുക വർദ്ധിപ്പിക്കുക. അർഹതപ്പെട്ടവർക്ക് നൽകുക.
	യാത്രാക്ലേശമുള്ള കോളനികളിൽ വീട് നിർമ്മാണത്തിന് തുക കൂടുതൽ അനുവദിക്കുക.
	നിർമ്മാണപ്രവൃത്തിയിൽ താല്പര്യമുള്ള പട്ടിക വർഗ്ഗക്കാർക്ക് പരിശീലനം നൽകി നിർമ്മാണ പ്രവർത്തനം അവർ മുഖേന നിർവഹിക്കുക.. പട്ടികവർഗ്ഗ സങ്കേതങ്ങളിലെ വികസന പ്രവർത്തനങ്ങൾ ഊര് കൂട്ട സമിതി സംഘടിപ്പിച്ച് അവർ മുഖേന നടപ്പിലാക്കണം.

മുഖ്യപ്രശ്നം-3 കക്കൂസ് ഇല്ലാത്ത വീടുകൾ	
കാരണം	പ്രശ്നപരിഹാര നിർദ്ദേശങ്ങൾ
കക്കൂസ് നിർമ്മാണം നല്ല രീതിയിൽ അല്ല നടക്കുന്നത്	ഫണ്ട് വർദ്ധനവ് വരുത്തുക. മെച്ചപ്പെട്ടവ സുരക്ഷിതമായി സംരക്ഷിക്കാൻ നടപടി എടുക്കുക.
ഫണ്ടിന്റെ അപര്യാപ്ത	ട്രൈബൽ ഡിപ്പാർട്ട്മെന്റിന്റെ തുക വർദ്ധിപ്പിക്കുക.
മോശമായ രീതിയിലുള്ള കക്കൂസിന്റെ ഉപയോഗം	ജലസേചനസൗകര്യം ഏർപ്പെടുത്തുകയും ഉപയോഗത്തിന് ബോധവൽക്കരണം നടത്തുകയും വേണം
	വീട് നിർമ്മാണത്തിൽ കക്കൂസിനായി പ്രത്യേക പ്ലാൻ തയ്യാറാക്കുക
മുഖ്യപ്രശ്നം-4 വൈദ്യുതി ഇല്ലാത്ത വീടുകൾ	
കാരണം	**പ്രശ്നപരിഹാര നിർദ്ദേശങ്ങൾ**
വൈദ്യുതി എത്തിയിട്ടും വൈദ്യുതീകരിയ്ക്കാത്ത വീടുകൾ	എല്ലാ വീടും വൈദ്യുതീകരിക്കുക. ഊരിന് സമീപത്ത് കൂടി വൈദ്യുതിലൈൻ വലിയ്ക്കുക. വീടുകൾക്ക് വൈദ്യുതി നൽകുക
വൈദ്യുതീകരിയ്ക്കാൻ പറ്റാത്ത വീടുകൾ	പുതിയ വീടിന്റെ ലഭ്യത ഉറപ്പുവരുത്തുക
ഊരിൽ എത്തിയിട്ടും വീടുകളിൽ വൈദ്യുതി എത്തിയിട്ടില്ല.	പഞ്ചായത്ത് ഏറ്റെടുത്ത് തീരുമാനങ്ങൾ നടപ്പാക്കാം
ഇലക്ട്രിക് പോസ്റ്റിന്റെ കുറവ്	കെ.എസ്. ഇ.ബി യുമായി ബന്ധപ്പെട്ട് നടപടികൾ ത്വരിതപ്പെടുത്തണം.
സ്വകാര്യവ്യക്തികളുടെ അനുമതി ഇല്ലാത്തതുകൊണ്ട്	സാധ്യമായ മറ്റ് പോംവഴികൾ തേടുക.
	എം.എൽ.എ യുടെ ഫണ്ടുകൾ കൊണ്ട് വന്ന് പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് തയ്യാറാകുക.
ഊര് നിവാസികൾക്ക് ഓണർഷിപ്പ്, റേഷൻകാർഡ്, നികുതി ചീട്ട് ഇല്ലായ്മ.	സർക്കാരിന്റെ ശ്രദ്ധയിൽ പ്പെടുത്തുക. ഊര് തലത്തിൽ ഉദ്യോഗസ്ഥരുടെ ക്യാമ്പ് സംഘടിപ്പിച്ച് പരിഹാരം കാണുക.
മുഖ്യപ്രശ്നം-5കുടിവെള്ളം ലഭ്യമല്ല	
കാരണം	പ്രശ്നപരിഹാര നിർദ്ദേശങ്ങൾ
വെള്ളത്തിന്റെ കുറവ്	കുടിവെള്ള പദ്ധതി നടപ്പിലാക്കുക. ഗാർഹിക കണക്ഷൻ നൽകുക.
	കിണർ നിർമ്മിക്കുക.
ശുദ്ധമായ കുടിവെള്ളം കോളനികളിൽ ലഭിക്കുന്നില്ല. ശുദ്ധജലത്തിന്റെ കുറവ്	പദ്ധതികൾ നടപ്പിലാക്കി കുടിവെള്ളം എത്തിക്കുന്നതിനുള്ള പ്രവർത്തനം നടത്തണം
	മഴവെള്ള സംഭരണി നിർമ്മാണം
	കിണറുകൾക്ക് ചുറ്റും പ്ലാറ്റ്ഫോം നിർമ്മിക്കുക. വർഷംതോറും കിണറുകൾ ശുചിയാക്കുക.
	സ്വാഭാവിക ഉറവകൾ സംരക്ഷിക്കുകയും വൃത്തിയായി പരിപാലിക്കുകയും ഗ്രാവിറ്റി പൈപ്പ് കണക്ഷൻ സാധ്യമായിടങ്ങളിൽ പ്രസ്തുത പദ്ധതി പൂർണമാക്കുക.
	ഒ&എം. ചെലവ് ഗ്രാമപഞ്ചായത്തുകളുടെ തനത് ഫണ്ടിൽ നിന്നും അനുവദിക്കുക.
	വാട്ടർ അതോറിറ്റിയുടെ പൈപ്പ്ലൈൻ ഊരുകളിൽ എത്തിച്ച് ഗാർഹിക കണക്ഷൻ നൽകുക.
മുഖ്യപ്രശ്നം-6 റോഡിന്റെ ശോചനീയാവസ്ഥയും ഗതാഗത സൗകര്യമില്ലായ്മയും	
കാരണം	**പ്രശ്നപരിഹാര നിർദ്ദേശങ്ങൾ**
സങ്കേതങ്ങളിൽ ഗതാഗത സൗകര്യവും, നടപ്പാതയും ഇല്ലാത്തത് കൊണ്ട് കുട്ടികൾക്ക്	ട്രൈബൽ സബ് പ്ലാൻ ഫണ്ട് ഉപയോഗിച്ച് നടപ്പാതകൾ കോൺക്രീറ്റ് ചെയ്യുക. സങ്കേതങ്ങളിൽ റോഡ് നിർമ്മാണത്തിന് ഫണ്ട്

സ്കൂളിൽ പോകാൻ കഴിയുന്നില്ല. രോഗിയെ ഹോസ്പിറ്റലിൽ എത്തിക്കാൻ കഴിയുന്നില്ല.	അനുവദിക്കുക. സങ്കേതത്തിലേയ്ക്കുള്ള റോഡുകൾ പൊതുഫണ്ട് ചെലവഴിച്ച് നടപ്പിലാക്കുക.
മുഖ്യപ്രശ്നം-7 ഊരിന്റെ വികസനത്തിന് മൂപ്പനും പ്രൊമോട്ടറും സംയുക്തമായി പ്രവർത്തിക്കുന്നില്ല.	
കാരണം	**പ്രശ്നപരിഹാര നിർദ്ദേശങ്ങൾ**
മൂപ്പനും പ്രൊമോട്ടറും പലപ്പോഴും അലസത കാണിക്കുന്നു.	നല്ല മൂപ്പനും നല്ല പ്രൊമോട്ടർക്കും അവാർഡ് നൽകണം. ഊര് മൂപ്പന്മാർക്കും എസ്.റ്റി. പ്രൊമോട്ടർമാർക്കും പരിശീലനം നൽകണം.
മുഖ്യപ്രശ്നം-8 സംരക്ഷണ നിയമങ്ങൾ നടപ്പാക്കുന്നതിലെ വീഴ്ച	
കാരണം	**പ്രശ്നപരിഹാര നിർദ്ദേശങ്ങൾ**
സംരക്ഷണ നിയമങ്ങൾ നടപ്പാക്കുന്നതിൽ വീഴ്ച	അതിക്രമങ്ങൾ തടയൽ നിയമം, ഭൂമി അന്യാധീന പ്പെടുത്തുന്നത് തടയൽ നിയമം, വനാവകാശ നിയമം ഇവ ശരിയായ രീതിയിൽ നടപ്പാക്കണം.

ദീർഘകാല ലക്ഷ്യങ്ങൾ

പരിഹാര നടപടികളിലൂടെ അടിസ്ഥാന സൗകര്യ മേഖലയിൽ നേടാനാവുമെന്ന് പ്രതീക്ഷിക്കുന്ന നേട്ടങ്ങൾ പട്ടികയിൽ കൊടുത്തിരിക്കുന്നു.

ലക്ഷ്യ സ്ഥാനം 1– അടിസ്ഥാന സൗകര്യ വികസനം

1. എസ്റ്റിമേറ്റു പ്രകാരമുള്ള തുക അനുവദിക്കുക
2. വീടുകൾ റിപ്പയർ ചെയ്യുക
3. ഗുണനിലവാരമുള്ള വസ്തുക്കൾ ഉപയോഗിക്കുക.
4. വീട് നിർമ്മാണത്തിന് അംഗങ്ങളുടെ എണ്ണമനുസരിച്ചു സ്ഥലസൗകര്യത്തോടുകൂടി വീട് എസ്റ്റിമേറ്റ് തയ്യാറാക്കി അനുവദിക്കുക.
5. അടുക്കള നിർമ്മിച്ച് നൽകുക.
6. നിലവിൽ വളർത്തുമൃഗങ്ങളെ വളർത്തുന്നവർക്ക് തൊഴുത്ത് നിർമ്മിച്ച് നൽകുക.
7. എല്ലാ ഭൂരഹിതർക്കും ഒരേക്കർ ഭൂമി നൽകാൻ നടപടി സ്വീകരിക്കുക.
8. ഒറ്റപ്പെട്ട് താമസിക്കുന്നവർക്കും മറ്റുള്ളവർക്കും കുടിവെള്ളം ലഭ്യമാക്കണം. പൊതുടാപ്പുകൾ അനുവദിക്കുക.
9. എല്ലാ ഊരുകളിലെയും വീടുകളിൽ വൈദ്യുതീകരണം പൂർത്തിയാക്കുക.
10. കുടുംബങ്ങളിലേക്കുള്ള വഴികൾ വൃത്തിയാക്കുക.
11. പഞ്ചായത്തുകൾ നേരിട്ട് വീട് നിർമ്മാണ പ്രവർത്തനം നടത്തണം.
12. ഊര് മൂപ്പൻ അദ്ധ്യക്ഷത വഹിക്കുന്ന ഊരു വികസന സമിതിയ്ക്ക് രൂപം നൽകി ശക്തമായ മോണിറ്ററിംഗ് എന്ന സംവിധാനം ഏർപ്പെടുത്തുക.

നവീന ആശയങ്ങൾ/നിർദ്ദേശങ്ങൾ–സംയുക്ത പ്രോജക്ടുകൾക്കായി

1. **വെട്ടപ്പുര (വയോജന പരിപാലന പദ്ധതി):–** വാർദ്ധക്യം കൊണ്ടും രോഗങ്ങൾ കൊണ്ടും ഒറ്റപ്പെട്ടവരും അഗതികളുമായ നിരവധിയാളുകൾ എല്ലാ സങ്കേതങ്ങളിലുമുണ്ട്. അവരുടെ ശാരീരികവും മാനസികവുമായ ഉല്ലാസത്തിനും ആരോഗ്യ സംരക്ഷണത്തിനുമായുള്ള പരിപാടി.

നിർദ്ദേശങ്ങൾ

- സങ്കേതങ്ങൾക്കകത്തോ സമീപത്തോ തയ്യാറാക്കുന്ന പൊതുവിശ്രമസ്ഥലങ്ങൾ പരാമ്പരാഗത രീതിയിൽ തയ്യാറാക്കുന്ന 'പുരകൾ'
- കാർഷികവൃത്തി ചെയ്യാൻ കഴിവുള്ളവർക്ക് അതിനും മുളയുൽപ്പന്നങ്ങൾ ചെയ്യാനാവുന്നവർക്ക് അതിനുമുള്ള സൗകര്യങ്ങൾ.
- തുടർച്ചയായ മെഡിക്കൽ ക്യാമ്പുകളും ആരോഗ്യ പരിശോധനകളും
- പൊതുഅടക്കളയും പാചകവും
- ഒരു ഫെസിലിറ്റേറ്ററുടെ സഹായം.

2. **ഒപ്പം (ആശ്രിതരില്ലാത്ത രോഗികൾക്ക് കൂട്ടിരിപ്പിന് ആളെ നൽകൽ):–** നോക്കാനാളില്ലാത്ത രോഗികൾക്ക് ആശുപത്രികളിൽ കൂട്ടിരിക്കാൻ ആരുമില്ലാത്ത

സാഹചര്യം തുടർച്ചയായി റിപ്പോർട്ട് ചെയ്യപ്പെടാറുണ്ട്. ഇക്കാരണത്താൽ ആശുപത്രിയിൽ പോകാത്ത രോഗികളുമുണ്ട്. ആശ്രിതരില്ലാത്ത പട്ടികവർഗ്ഗ രോഗികൾക്ക് ആശുപത്രിയിൽ കൂട്ടിരിക്കാനും സഹായിക്കാനുമായി ബൈസ്റ്റാൻഡേഴ്സ് ബാങ്ക്. അതോടൊപ്പം നിയമസഹായം വേണ്ടവർക്ക് ഒപ്പം ചെല്ലാനും സാക്ഷിയാകാനും ഇത്തരക്കാരെ നിയോഗിക്കുവാനും കഴിയും.

നിർദ്ദേശങ്ങൾ

- പട്ടികവർഗ്ഗക്കാരായ യോഗ്യതയുള്ളവരെ ബൈസ്റ്റാൻഡേഴ്സ് ബാങ്കിലേയ്ക്ക് കണ്ടെത്തുന്നു. ആവശ്യമുള്ളിടങ്ങളിൽ 'ഹെൽത്ത് പ്രമോട്ടർമാർ' മുഖാന്തിരം എത്തിക്കുന്നു.
- സമഗ്ര ആരോഗ്യ സുരക്ഷാപദ്ധതിയുടെ ഭാഗമായി കൂട്ടിരിപ്പുകാർക്കുള്ള ആനുകൂല്യത്തിനൊപ്പം ഒരു വിഹിതം അധികമായി ദിനബത്തയായി അനുവദിക്കും.
- 'അതിക്രമങ്ങൾ തടയൽ ആക്ട് ഉൾപ്പെടെ നിരവധി നിയമസഹായങ്ങൾ വേണ്ടവർക്ക് പോലീസ് സ്റ്റേഷനിലും കോടതിയിലും ഒപ്പം പോകാനും സഹായിക്കാനുമായി ഇവരെ വിനിയോഗിക്കാം.

3. **ഗോത്രായനം (ഉത്തരവാദിത്വ ഗോത്ര ടൂറിസം):–** ജില്ലയിലെ പ്രധാനപ്പെട്ട ടൂറിസ്റ്റ് സ്പോട്ടുകൾ പട്ടികവർഗ്ഗ സങ്കേതങ്ങളുമായി ബന്ധപ്പെട്ട് സ്ഥിതി ചെയ്യുന്നു. പക്ഷേ പട്ടികവർഗ്ഗ കല, സംസ്കാരം, വന–പാരമ്പര്യ– കാർഷികോല്പന്നങ്ങൾ ഇതിന്റെ ഭാഗമാക്കാനോ പട്ടികവർഗ്ഗക്കാർക്ക് തൊഴിലവസരങ്ങൾ കിട്ടാനോ ഇതുവരെ സാഹചര്യമുണ്ടായിട്ടില്ല. ഉത്തരവാദിത്വ ടൂറിസത്തിന്റെ ഭാഗമായി ഗോത്രമേഖലയ്ക്ക് അവസരങ്ങൾ സൃഷ്ടിക്കുന്ന പ്രത്യേക പദ്ധതി.

നിർദ്ദേശങ്ങൾ

- കല്ലാർ–മൊട്ടമൂട് (പൊന്മുടി), കോട്ടൂർ (നെയ്യാർ– കാപ്പുകാട്), പേപ്പാറ, മങ്കയം തുടങ്ങിയ ടൂറിസ്റ്റ് സ്പോട്ടുകളിൽ പാരമ്പര്യ–അനുഷ്ഠാന കലാ പ്രദർശനങ്ങൾ, ഗോത്രപാരമ്പര്യ ചിഹ്നങ്ങൾ, ഉൾപ്പെടുന്ന മ്യൂസിയം.
- വംശീയഭക്ഷണം, വംശീയ ചികിത്സാ സൗകര്യങ്ങൾ
- ബാംബൂ ഉല്പന്നങ്ങൾ (ഉല്പാദനവും വിപണനവും)
- ഡി.റ്റി.പി.സി., കിർത്താഡ്സ് സഹകരണത്തോടെ ഉല്പന്നങ്ങളുടെ ബ്രാൻഡിംഗ് & മാർക്കറ്റിംഗ്

4. **കളം(ബദൽ അംഗനവാടി/കിന്റർഗാർട്ടനുകൾ):–** ഏതാണ്ട് 50% ഓളം 3–6 പ്രായമുള്ള കുട്ടികൾക്ക് ഗോത്രമേഖലയിൽ അംഗനവാടി സൗകര്യങ്ങളോ, പ്രീ–പ്രൈമറി സൗകര്യങ്ങളോ ജില്ലയിൽ ലഭിക്കുന്നില്ല. വനാന്തര ഊരുകളിൽ ഇത്രയും അംഗനവാടികൾ ആരംഭിക്കുന്നതിന് വളരെ കാലതാമസമുണ്ടാകും. അമ്മമാർക്കും കുഞ്ഞുങ്ങൾക്കും പോഷകാഹാരവും 3–6 പ്രായമുള്ള കുട്ടികൾക്ക് മെച്ചപ്പെട്ട പ്രീ–പ്രൈമറി വിദ്യാഭ്യാസം നൽകാനുമായി ഒരു സമാന്തര സ്ഥാപനം. ഭാവിയിൽ കിന്റർഗാർട്ടനുകളായി പരിവർത്തനം ചെയ്യാനാവും വിധം സജ്ജീകരിക്കാവുന്നതാണ്.

നിർദ്ദേശങ്ങൾ

- യോഗ്യതയുള്ള ഫെസിലിറ്റേറ്ററുടെ സേവനം
- ഭക്ഷണവും പാചകവും അമ്മമാരുടെ സമിതിയുടെ ചുമതല
- കുട്ടികൾക്ക് മെച്ചപ്പെട്ട അക്ഷര വിദ്യാഭ്യാസവും മാനസികോല്ലാസവും പ്രദാനം ചെയ്യുന്നു.
- അമ്മമാർക്കും കുഞ്ഞുങ്ങൾക്കും നൈപുണ്യവികസന സാഹചര്യങ്ങൾ.
- തുടർച്ചയായ ആരോഗ്യപരിശോധനയും പരിചരണവും.

5. **അപ്പാരൽ പാർക്ക് (ചെറുകിട വ്യവസായ നൈപുണ്യ പരിപാടികൾ) :–** നൈപുണ്യമുണ്ടായിട്ടും തൊഴിലവസരങ്ങളില്ലാത്ത പട്ടികവർഗ്ഗ വനിതകൾ എല്ലാ സങ്കേതങ്ങളിലുമുണ്ട്. തറിനെയ്ത്ത്, തയ്യൽ, ബാംബൂ ഉല്പന്നങ്ങളുടെ നിർമ്മാണം, പേപ്പർ ബാഗ് നിർമ്മാണം, ഫുഡ് പ്രോസ്സസിംഗ്, കുടനിർമ്മാണം, സാനിട്ടറി നാപ്കിൻ നിർമ്മാണം തുടങ്ങയവയിൽ പ്രാവീണ്യമുള്ള വനിതകൾക്കായി ഒരേ കുടകീഴിൽ വ്യവസായ പാർക്കുകൾ.

നിർദ്ദേശങ്ങൾ

- നിലവിൽ പ്രവർത്തനരഹിതമായതോ നാമമാത്രമായി പ്രവർത്തിക്കുന്നതോ ആയ പട്ടികവർഗ്ഗ സഹകരണ സംഘങ്ങൾ പരിവർത്തനം ചെയ്യാനുള്ള സാധ്യത.
- ആധുനിക അപ്പാരൽ പാർക്കുകളുടെ മാതൃകയിലുള്ള സംവിധാനങ്ങൾ.
- പരിശീലനത്തിനുള്ള പ്രത്യേക സംവിധാനം.
- ഉല്പാദനത്തിനും കച്ചവടത്തിനും സാധ്യതകൾ.

6. **അഗസ്ത്യന്റെ പൂമ്പാറ്റകൾ (വിദ്യാഭ്യാസ പ്രോത്സാഹന പദ്ധതി):–** 2017 ൽ കുറ്റിച്ചൽ പഞ്ചായത്തിലെ കോട്ടൂർ വനമേഖലയിലെ ഊരുകളിൽ ഇതുവരെ സ്കൂളിൽ എത്താത്ത കുട്ടികളെയും കൊഴിഞ്ഞുപോക്കിന് വിധേയമായ കുട്ടികളെയും സ്കൂളിൽ എത്തിക്കുന്നതിന് കുട്ടികൾക്കും രക്ഷാകർത്താക്കൾക്കും ഊരുവാസികൾക്കും ഫലപ്രദമായ ബോധവത്ക്കരണം നൽകുന്നതിന് സാമൂഹ്യനീതിവകുപ്പിന്റെ (ജില്ലാ ശിശുസംരക്ഷണയൂണിറ്റ്) വിജയകരമായ പ്രോജക്ടാണിത്. ജില്ലയിലെ അവികസിത ഗോത്രമേഖലകളിലാകെ തന്നെ മാതൃകയാക്കാവുന്ന നവീനമായൊരു ആശയവും ഇടപെടലുമാണിത്.

നിർദ്ദേശങ്ങൾ

- ഓരോ കുട്ടിക്കും വ്യക്തിഗത പരിപാലന പദ്ധതി
- എം.എസ്.ഡബ്ല്യു/ എം.എ സോഷ്യോളജി വിദ്യാർത്ഥികളുടെ സഹകരണം
- ഭിന്നശേഷിക്കാർക്ക് പ്രത്യേക പദ്ധതി
- അച്ഛനമ്മമാർക്കും കുട്ടികൾക്കും സഹവാസക്യാമ്പുകൾ.
- നിരന്തരമായ ഇടപെടലുകളും സഹായവും
- യുവജനസമിതിയും അമ്മമാരുടെ സമിതിയും രൂപീകരിക്കൽ

……..

ജില്ലാ പദ്ധതി

ഭാഗം– II

ജില്ലാ ആസൂത്രണസമിതി
തിരുവനന്തപുരം
മെയ് 2018

ഉള്ളടക്കം

5	കേന്ദ്ര, സംസ്ഥാന സർക്കാരുകൾ ജില്ലയിൽ നടപ്പാക്കുന്ന പദ്ധതികളുടെ അവലോകനവും അവ പരമാവധി പ്രയോജനപ്പെടുത്തുന്നതിനുള്ള മാർഗ്ഗ നിർദ്ദേശങ്ങളും	3– 47
6	തദ്ദേശഭരണസ്ഥാപനങ്ങളുടെ പദ്ധതി അവലോകനവും പദ്ധതികൾ മെച്ചപ്പെടുത്തുന്നതിനുള്ള മാർഗ്ഗ നിർദ്ദേശങ്ങളും	48–107
7	പരിപ്രേക്ഷ്യത്തിന്റേയും നിർദ്ദേശങ്ങളുടെയും സംഗ്രഹവും ഉപസംഹാരവും	108–235

5. കേന്ദ്ര,സംസ്ഥാന സർക്കാരുകൾ ജില്ലയിൽ നടപ്പിലാക്കുന്ന പദ്ധതികളുടെ അവലോകനവും അവ പരമാവധി പ്രയോജനപ്പെടുത്തുന്നതിനുള്ള നിർദ്ദേശങ്ങളും

കേന്ദ്ര, സംസ്ഥാന സർക്കാരുകൾ ജില്ലയിൽ നടപ്പിലാക്കുന്ന പദ്ധതികളുടെ അവലോകനവും അവ പരമാവധി പ്രയോജനപ്പെടുത്തുന്നതിനുള്ള നിർദ്ദേശങ്ങളും മേഖലാടിസ്ഥാനത്തിൽ ചുവടെ ചേർക്കുന്നു.

5.1.കൃഷിയും നീർത്തട പരിപാലനവും

(എ) കേന്ദ്രാവിഷ്കൃതപദ്ധതികൾ

100 ശതമാനം കേന്ദ്രസഹായ പദ്ധതികളും 60 ശതമാനം കേന്ദ്രസഹായ പദ്ധതികളും ജില്ലയിൽ നടപ്പിലാക്കി വരുന്നുണ്ട്. കൃഷി ഉന്നതിയോജന എന്ന സംയോജിത പദ്ധതിയാണ് കാർഷിക മേഖലയിലെ കേന്ദ്രാവിഷ്കൃത പദ്ധതി.

പട്ടിക:5.1.1

കേന്ദ്രാവിഷ്കൃത പദ്ധതികൾ

പദ്ധതിയുടെ പേര്	വകയിരുത്തിയ തുക (ലക്ഷത്തിൽ)		
	2015–16	2016–17	2017–18
ദേശീയ ബയോഗ്യാസ് വികസന പദ്ധതി (എൻ.ബി.ഡി.പി.)	14.11	13.26	11.81
സംസ്ഥാന ഹോർട്ടിക്കൾച്ചർ മിഷൻ പദ്ധതി (എസ്.എച്ച്.എം.)	276.53	280.16	246.82
ഷെഡ്യൂൾഡ് കാസ്റ്റ് സബ് പ്ലാൻ (എസ്.സി.എ. ടു എസ്.സി.എസ്.പി.)	24.73	18.71	4.18
രാഷ്ട്രീയ കൃഷി വികാസ് യോജന (ആർ.കെ.വി.വൈ.)	142.5	45.9	90
പരമ്പരാഗത കൃഷി വികാസ് യോജന (പി.കെ.വി.വൈ.)	0	49.04	0
സബ്മിഷൻ ഓൺ അഗ്രിക്കൾച്ചറൽ മെക്കനൈസേഷൻ (എസ്.എം.എ.എം.)	0	0	20.5
ദുരന്ത നിവാരണ ഫണ്ട് (എൻ.ഡി.ആർ.എഫ്./എസ്.ഡി.ആർ.എഫ്.)		150	173
ആകെ	**457.87**	**557.07**	**546.66**

നിലവിലുള്ള കേന്ദ്രാവിഷ്കൃത പദ്ധതികളൊക്കെയും ഉത്തരേന്ത്യൻ സംസ്ഥാനങ്ങൾക്കനുയോജ്യമായ രീതിയിലുള്ളതാണ്. ദേശീയ ബയോഗ്യാസ് പദ്ധതി പ്രകാരം ബയോഗ്യാസ് പ്ലാന്റിന് നൽകുന്ന 8000 രൂപ സബ്സിഡി എന്നത് വളരെ കുറവാണ്. 50,000 രൂപ നിർമ്മാണ ചെലവ് വരുന്ന പ്ലാന്റിന് കുറഞ്ഞത് 20,000 രൂപ എങ്കിലും സബ്സിഡി നൽകേണ്ടതാണ്.

സംസ്ഥാന ഹോർട്ടികൾച്ചർ മിഷൻ പദ്ധതി പ്രകാരം വാഴകൃഷി വ്യാപനത്തിന് ലഭിക്കുന്ന വിസ്തൃതി വളരെ കുറവാണ്. വാഴകൃഷിയുടെ സാധ്യത വച്ചുനോക്കുമ്പോൾ കൂടുതൽ പ്രദേശത്ത് വാഴകൃഷി ചെയ്യുന്നതിന് സഹായം നൽകാവുന്നതാണ്. ഉല്പാദനചെലവ് വാഴ ഒന്നിന് 250 രൂപയാണെന്നിരിക്കെ വാഴകൃഷിയ്ക്ക് നൽകി വരുന്ന ആനുകൂല്യം തുലോം കുറവാണ്. അതുപോലെ ടിഷ്യൂക്കൾച്ചർ വാഴ കൃഷിയ്ക്ക് നൽകുന്ന സഹായം വാഴ ഒന്നിന് കേവലം 15 രൂപയാണ്. ഇത് ഒരു ടിഷ്യൂക്കൾച്ചർ വാഴ വാങ്ങാൻ പോലും പര്യാപ്തമല്ല. ആയതിനാൽ ഇത്തരം പ്രോജക്ടുകൾക്ക് പൂരകമായി ജൈവ/രാസവളം കീടനിയന്ത്രണം മുതലായവയ്ക്ക് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ പ്രോജക്ട് വയ്ക്കുന്നത് കർഷകർക്ക് സഹായകരമായിരിക്കും.

പ്രകൃതിക്ഷോഭം മൂലം കൃഷിനാശം സംഭവിക്കുന്നതിന് ദേശീയ ദുരന്ത നിവാരണ ഫണ്ടിൽ നിന്നും ലഭിക്കുന്ന തുക വളരെ പരിമിതമാണ്. ഉദാഹരണത്തിന് ഒരു ഹെക്ടർ വാഴകൃഷിയ്ക്ക് 4,00,000 രൂപയ്ക്ക് മേൽ ചെലവ് വരുമ്പോൾ ദുരിതാശ്വാസമായി ലഭിക്കുന്നത് കേവലം 13,500 രൂപയാണ്. സംസ്ഥാന സർക്കാർ ദുരിതാശ്വാസ സഹായം വർദ്ധിപ്പിച്ചിട്ടുണ്ടെങ്കിലും യഥാസമയം ആവശ്യത്തിനുള്ള തുക ലഭിക്കാറില്ല.

(ബി) സംസ്ഥാനാവിഷ്കൃത പദ്ധതികൾ

വിള പരിപാലനം, മണ്ണിന്റെയും ചെടിയുടെയും ആരോഗ്യ പരിപാലനം, ഉത്പാദനോപാധികളും സേവന സംവിധാനവും, കാർഷിക വിജ്ഞാനവ്യാപനവും വാർത്താവിനിമയവും, റിസ്ക് മാനേജ്മെന്റ്, ജൈവ വൈവിധ്യ സംരക്ഷണം, വിപണനം മുതലായ പ്രധാന മേഖലകളിലായി ഒട്ടേറെ പദ്ധതികൾ സംസ്ഥാന സർക്കാർ ഫണ്ട് ഉപയോഗിച്ച് നടപ്പിലാക്കിവരുന്നു.

പട്ടിക: 5.1.2

സംസ്ഥാനാവിഷ്കൃത പദ്ധതികൾ

ക്രമ നം.	പദ്ധതിയുടെ പേര്	വകയിരുത്തിയ തുക (ലക്ഷത്തിൽ)		
		2015–16	2016–17	2017–18
I. വിള പരിപാലനം				
1	നെൽകൃഷി വികസനം	30.78	68.24	152.39
2	പച്ചക്കറി വികസന പദ്ധതി	382.01	372.15	503.33
3	തെങ്ങ് കൃഷി വികസന പദ്ധതി	309.11	241.18	268.71
4.	കിഴങ്ങ്/പയർ വർഗ്ഗ വികസനം	–	–	15.00
5	സുഗന്ധവ്യഞ്ജന വിള വികസനം	15.34	0.60	10.80
6	പുഷ്പ പഴവർഗ്ഗ ഔഷധ സസ്യ വികസന പദ്ധതി	–	–	–
II.മണ്ണിന്റേയും ചെടിയുടേയും ആരോഗ്യപരിപാലനം				
7	മണ്ണിന്റെയും വേരിന്റെയും ആരോഗ്യപരിപാലനം	52.58	29.82	41.92
8	വിള ആരോഗ്യപരിപാലനം	108.40	67.94	64.74
9	ജൈവകൃഷിയും ഉത്തമകൃഷിയും	19.47	76.83	48.50
III.ഉല്പാദനോപാധികളും സേവന സംവിധാനവും				
10	ഗുണമേന്മയുള്ള നടീൽ വസ്തുക്കളുടെ ഉല്പാദനവും വിപണനവും	55.69	58.59	167.93
11	ലബോറട്ടറികളുടെ ആധുനീകരണം	1.95	15.09	1.65
IV. കാർഷിക വിജ്ഞാന വ്യാപനവും വാർത്താവിനിമയവും				
12	കാർഷിക വിജ്ഞാന വ്യാപനം ശക്തിപ്പെടുത്തൽ	143.88	174.84	334.95
13.	മാനവശേഷി വികസനം	13.26	22.30	23.73
14.	കാർഷിക സേവന കേന്ദ്രങ്ങളും സേവന സംവിധാനങ്ങളും	7.00	100.31	109.00
V	വിപണി ശക്തിപ്പെടുത്തൽ	2.40	42.02	126.14
VI	മൂല്യവർദ്ധിതം	8.33	–	–
VII	പ്രകൃതിക്ഷോഭങ്ങൾ അഭിമുഖീകരിക്കുന്നതിനുള്ള അടിയന്തിര പരിപാടി	–	530	–
VIII	നാടൻ നെൽ വിത്തിനങ്ങളുടെ സംരക്ഷണവും പ്രോത്സാഹനവും	–	–	0.50
ആകെ		1150.20	1799.91	1870.29

വിള പരിപാലനം

വിള പരിപാലനത്തിന്റെ കീഴിൽ നെല്ല്, തെങ്ങ്, പച്ചക്കറി, കിഴങ്ങുവർഗ്ഗം, പയർ, സുഗന്ധവ്യഞ്ജനം, പുഷ്പം, പഴവർഗ്ഗം, ഔഷധസസ്യം എന്നീ വിളകളുടെ വികസനത്തിനായി ആറ് പദ്ധതികളാണ് നടപ്പിലാക്കി വരുന്നത്.

നെൽകൃഷി വികസനത്തിന് ഓരോ വർഷവും വകയിരുത്തിയിരിക്കുന്ന തുക വർദ്ധിപ്പിച്ചിട്ടുണ്ടെങ്കിലും കർഷകന് ലഭിക്കുന്ന സബ്സിഡി വളരെ കുറവാണ്. ഹെക്ടറിന് ഒരു ലക്ഷം രൂപ കൃഷി ചെലവ് വരുന്ന നെൽകൃഷിയ്ക്ക് കേവലം 1500 രൂപയാണ് സബ്സിഡി നൽകുന്നത്. അതുപോലെ നെല്ലുല്പാദന ബോണസ്സായി നൽകുന്നത് ഹെക്ടറിന് 1000 രൂപ മാത്രമാണ്. വർദ്ധിപ്പിച്ച കൂലിച്ചെലവും തൊഴിലാളി ദൗർലഭ്യവും പരിഗണിച്ച് നെൽകൃഷിയ്ക്ക് മൊത്തം ചെലവിന്റെ 50 ശതമാനം കുറഞ്ഞത് 50,000 രൂപ സബ്സിഡി നൽകേണ്ടതാണ്.

തെങ്ങ് കൃഷി വികസനത്തിന് 2015–16 വർഷം വകയിരുത്തിയ തുക വച്ച് നോക്കുമ്പോൾ ഇപ്പോൾ വകയിരുത്തിയിരിക്കുന്ന തുക കുറവാണെന്ന് കാണാം. ജില്ലയുടെ പ്രധാനവിള എന്ന നിലയ്ക്കും കർഷകന് സ്ഥിരവരുമാനം കിട്ടുന്ന ഒരു വിള എന്ന നിലയ്ക്കും നാളികേരോല്പാദനം വർദ്ധിപ്പിക്കേണ്ടത് വളരെ അത്യാവശ്യമാണ്. ജില്ലയിൽ ഒന്നോ രണ്ടോ പഞ്ചായത്തുകൾ തെരഞ്ഞെടുത്ത് നടപ്പിലാക്കുന്ന കേരഗ്രാമം വിജയിക്കണമെങ്കിൽ കുറഞ്ഞത് 5 വർഷമെങ്കിലും തുടർച്ചയായി തെങ്ങിന് പരിചരണം നൽകുന്ന തരത്തിലേയ്ക്ക് പദ്ധതി

നടപ്പിലാക്കേണ്ടതുണ്ട്. ജില്ലയിലെ മുഴുവൻ പഞ്ചായത്തുകളെയും കേരഗ്രാമം പദ്ധതിയിൻ കീഴിൽ കൊണ്ടുവരുന്നതിനും ത്രിതല പഞ്ചായത്തുകൾക്ക് സംയുക്ത പ്രോജക്ടുകൾ ആവിഷ്കരിക്കാവുന്നതാണ്.

പച്ചക്കറി വികസനം ലക്ഷ്യമാക്കി കഴിഞ്ഞ 5 വർഷമായി നടപ്പിലാക്കുന്ന പദ്ധതിയ്ക്ക് ഓരോ വർഷവും കൂടുതൽ തുക വകയിരുത്തുന്നുണ്ട്. 20–ൽപരം ഘടകങ്ങളും 50–ൽപരം ഉപഘടകങ്ങളും ഉൾപ്പെട്ട ഈ പദ്ധതിയിൽ ഒട്ടേറെ നൂതന പരിപാടികൾ നടപ്പിലാക്കുന്നുണ്ടെങ്കിലും ഇതിലെ പല ഘടകങ്ങളും സംയോജിപ്പിക്കാവുന്നതാണ്. വീട്ടുവളപ്പിലെ പച്ചക്കറി കൃഷി, സ്റ്റാഗേർഡ് ക്ലസ്റ്റർ, തരിശുഭൂമിയിലെ പച്ചക്കറി കൃഷി എന്നിവയ്ക്ക് കൂടുതൽ തുക വകയിരുത്തുന്നത് നന്നായിരിക്കും. കൂടാതെ വർഷം മുഴുവൻ പച്ചക്കറി ഉല്പാദനം ലഭിക്കുന്ന തരത്തിൽ പദ്ധതിയ്ക്ക് ഒരു പ്രൊഡക്ഷൻ പ്ലാൻ ഉണ്ടാകേണ്ടതും അത്യാവശ്യമാണ്.

കഴിഞ്ഞ കുറേ വർഷമായി കിഴങ്ങ്/പയർ വർഗ്ഗവിളകളുടെ വ്യാപനത്തിന് ഉതകുന്ന പദ്ധതികൾ ഇല്ലായിരുന്നു. എന്നാൽ നടപ്പുവർഷം 50 ഹെക്ടറിൽ പയർ കൃഷി വ്യാപിപ്പിക്കുന്നതിനും കഴക്കൂട്ടം, ചെങ്കൽ പ്രദേശത്തായി രണ്ട് സീഡ് വില്ലേജ് പദ്ധതി നടപ്പിലാക്കുക വഴി 66 ഹെക്ടർ സ്ഥലത്ത് കിഴങ്ങുവർഗ്ഗവിളകളുടെ വിത്തുല്പാദനം ലക്ഷ്യമിടുന്നു. പയർ/കിഴങ്ങുവർഗ്ഗവിളകളുടെ വ്യാപനത്തിനായി മിനികിറ്റുകൾ നൽകുന്നത് ഉചിതമായിരിക്കും.

സുഗന്ധവ്യഞ്ജനവിളകളുടെ വിസ്തൃതി ജില്ലയിൽ തുലോം കുറവാണ്. ഇതിനുവേണ്ടി വകയിരുത്തുന്ന തുക വളരെ കുറവാണ്. മലയോര മേഖലകളിൽ ഏറെ സാദ്ധ്യതയുള്ള വിളയാണ് കുരുമുളക്, ഇഞ്ചി, മഞ്ഞൾ, ജാതി, ഗ്രാമ്പു, കമുക്, പുളി മുതലായവ. കുരുമുളക് പുനരുദ്ധാരണത്തിന് നിലവിൽ പദ്ധതി ഇല്ല. വയനാട് പാക്കേജിൽ ഉൾപ്പെടുത്തിയിരിക്കുന്ന എല്ലാ ഘടകങ്ങളും ഉൾപ്പെടുത്തി സമഗ്ര സുഗന്ധവ്യഞ്ജനവിള പ്രോജക്ടുകളാണ് ആവശ്യം.

പുഷ്പ പഴവർഗ്ഗ, ഔഷധ സസ്യവികസനത്തിനും സംസ്ഥാന തലത്തിൽ ജില്ലയ്ക്ക് വളരെ കുറച്ച് തുക മാത്രമാണ് ലഭിച്ചിട്ടുള്ളത്. നിലവിൽ ഫാമുകളിൽ പ്രദർശനതോട്ടങ്ങൾ സ്ഥാപിക്കുന്നതിനുള്ള പദ്ധതിയാണുള്ളത്. കർഷകരുടെ വരുമാനം വർദ്ധിപ്പിക്കുന്നതിന് ഇത്തരം പ്രോജക്ടുകൾ സഹായകമായിരിക്കും.

മണ്ണിന്റേയും ചെടിയുടേയും ആരോഗ്യപരിപാലനം

ഈ പദ്ധതിയിൻ കീഴിൽ മൂന്നു പ്രധാന പ്രോജക്ടുകളാണ് ജില്ലയിൽ നടപ്പിലാക്കി വരുന്നത്. മണ്ണ് സമ്പത്തിലുണ്ടായ പോഷകമൂലകങ്ങളുടെ കുറവ് പരിഗണിച്ചുകൊണ്ട് കാർഷിക വിളകളുടെ ഉല്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിന് മണ്ണിന്റെ ആരോഗ്യം ഉയർത്തേണ്ടത് അത്യന്താപേക്ഷിതമാണ്. സൂക്ഷ്മമൂലകങ്ങളുടെ അളവ് ഉൾപ്പെടെ സമഗ്ര മണ്ണ് പരിശോധന നടത്തുന്നതിന് പഞ്ചായത്തുകളെ ദത്തെടുക്കുന്ന പ്രവർത്തനം കൂടുതൽ പഞ്ചായത്തുകളിൽ വ്യാപിപ്പിക്കേണ്ടതാണ്. നിലവിൽ കുമ്മായം സൂക്ഷ്മമൂലകങ്ങൾ എന്നിവയ്ക്ക് മാത്രമാണ് സബ്സിഡി നൽകുന്നത്. ജീവാണുവളങ്ങൾ, ജീവാണുകീടനാശിനികൾ ഉപയോഗിച്ച് വിത്ത് പരിപാലനം, ട്രൈക്കോ ടെർമയുടെ ഉപയോഗം, വി.എ.എം., ഫോസ്ഫേറ്റ് സോളുബ്ലൈസിംഗ് ബാക്ടീരിയ (പി.എസ്.ബി.) ജൈവവള പ്രയോഗം, പി.ജി.പി.ആർ. മുതലായവ ഉപയോഗിച്ച് വേരിന്റെ പരിപാലനത്തിനും വളർച്ചയ്ക്കും ആവശ്യമായ കൃഷിരീതികൾ പ്രോത്സാഹിപ്പിക്കേണ്ടതുണ്ട്.

സുസ്ഥിര കാർഷിക വികസനത്തിന് കീടരോഗ പരിപാലന തന്ത്രങ്ങൾ ഒരു പ്രധാന ഘടകമാണ്. വിള ആരോഗ്യകേന്ദ്രങ്ങൾ നിലവിൽ ബ്ലോക്കിൽ ഒന്നാണ് പ്രവർത്തിക്കുന്നത്. അത് എല്ലാ കൃഷി ഭവനുകളിലും ആരംഭിക്കുന്നതിന് പദ്ധതി ഉണ്ടാവണം.

വിവിധ വിളകളുടെ ജൈവകൃഷി, സർക്കാർ ഇതര സംഘടനകൾ, മറ്റ് ഇടപെടലുകൾ എന്നിവയിലൂടെ സംസ്ഥാനത്ത് നടന്നുവരികയാണ്. ജൈവ ഉല്പന്നങ്ങളുടെ കയറ്റുമതി ലോകമെമ്പാടും വർദ്ധിച്ചുകൊണ്ടിരിക്കുകയാണ്. നിലവിലുള്ള ജൈവകൃഷി പദ്ധതിയിൽ ക്ലസ്റ്ററുകൾക്ക് നൽകുന്ന പ്രോത്സാഹനസഹായം വളരെ കുറവാണ്. ജൈവകൃഷിയിലേയ്ക്ക് മാറുമ്പോൾ ഉണ്ടാകുന്ന ഉല്പാദനകുറവ് പരിഹരിക്കുന്നതിന് കർഷകർക്ക് കൂടുതൽ ധനസഹായം നൽകേണ്ടതുണ്ട്. ജൈവകൃഷിയുമായി ബന്ധപ്പെട്ട് പച്ചിലവള ഉല്പാദനവും, പ്രയോഗവും, ജൈവവളങ്ങളും ബയോ കൺട്രോൾ ഏജൻസും വളർച്ചാത്വരകങ്ങളും

തയ്യാറാക്കുന്ന മാതൃകാ യൂണിറ്റുകൾ, പങ്കാളിത്ത ഗ്യാരന്റി സർട്ടിഫിക്കേഷൻ, ഇന്റഗ്രേറ്റഡ് ഫാമിംഗ് എന്നീ പ്രവർത്തനങ്ങൾക്കുകൂടി പ്രാധാന്യം നൽകേണ്ടതുണ്ട്.

ഉല്പാദനോപാധികളും സേവന സംവിധാനവും

കൃഷി ഉല്പാദനരംഗത്തെ ഏറ്റവും അത്യന്താപേക്ഷിതവും അടിസ്ഥാനപരവുമായ ആവശ്യമാണ് ഗുണമേന്മയുള്ള നടീൽ വസ്തുക്കൾ. ജില്ലയിൽ രണ്ട് നെൽവിത്തുല്പാദന കേന്ദ്രം, രണ്ട് തെങ്ങിൻതൈ ഉല്പാദനകേന്ദ്രം, ഒരു ജില്ലാ ഫാം, ഒരു സ്പെഷ്യൽ ഫാം (വാഴ) ഉൾപ്പെടെ 6 സർക്കാർ ഫാമുകൾ പ്രവർത്തിക്കുന്നുണ്ടെങ്കിലും നടീൽ വസ്തുക്കളുടെ ലഭ്യത പൂർണ്ണതോതിൽ ഉറപ്പുവരുത്തുന്നതിന് സാധിച്ചിട്ടില്ല. ജില്ലാ പഞ്ചായത്തിന് കൈമാറിയ സ്ഥാപനങ്ങൾക്ക് ആവശ്യത്തിനുള്ള ഫണ്ട് ലഭിക്കുന്നുണ്ടെങ്കിലും സംസ്ഥാന സർക്കാരിന്റെ നേരിട്ട് നിയന്ത്രണത്തിലുള്ള സ്പെഷ്യൽ ഫാമായ ബനാന നഴ്സറിയ്ക്ക് ആവശ്യത്തിനുള്ള ഫണ്ട് കിട്ടുന്നില്ല എന്നത് പോരായ്മയാണ്.

മണ്ണ് പരിശോധനയും, വളം/കീടനാശിനി പരിശോധനയും ഉല്പാദനത്തേയും ഉല്പാദനക്ഷമതയേയും വളരെയധികം ബാധിക്കുന്ന ഘടകങ്ങളാണ്. ഭക്ഷ്യവസ്തുക്കളുടെ ഗുണമേന്മ ഉറപ്പുവരുത്തുന്നതിന് അഗ്മാർക്ക് ഗ്രേഡിംഗ് ലാബിന്റെ പ്രവർത്തനം വിപുലീകരിക്കേണ്ടതുണ്ട്. പാരസൈറ്റ് ബ്രീഡിംഗ് സ്റ്റേഷന്റെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് ജീവനക്കാരുടെ അഭാവം ഒരുപരിമിതിയായി കാണുന്നു.

കാർഷിക വിജ്ഞാന വ്യാപനവും വാർത്താവിനിമയവും

കാർഷികവിജ്ഞാനവ്യാപനം ശക്തിപ്പെടുത്തൽ, കാർഷികവിവര വിനിമയം, മാനവശേഷി വികസനം, കാർഷിക സേവനകേന്ദ്രങ്ങളും സേവനവും തുടങ്ങിയ പദ്ധതികളാണ് ഇതിന്റെ കീഴിൽ നടപ്പിലാക്കുന്നത്. കാർഷിക വിജ്ഞാന വ്യാപനം ശക്തിപ്പെടുത്തുന്നതിന് ഒട്ടേറെ പദ്ധതി പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിന് പ്രോജക്ട് വിഭാവനം ചെയ്യുന്നുണ്ടെങ്കിലും ജില്ലാതലത്തിൽ മാത്രമാണ് 'ആത്മ' പദ്ധതിയിൻ കീഴിൽ ജീവനക്കാർ ഉള്ളത്. കൃഷിഭവൻ തലത്തിൽ വിജ്ഞാനവ്യാപന പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിന് കൃഷി ഭവൻ ഉദ്യോഗസ്ഥർ വളരെ ബുദ്ധിമുട്ടുന്നുണ്ട്. അതുകൊണ്ട് വിജ്ഞാനവ്യാപനത്തിനായി ജില്ലാതലം മുതൽ കൃഷിഭവൻ തലംവരെ പ്രത്യേക സംവിധാനം ഏർപ്പെടുത്തേണ്ടതുണ്ട്.

അഗ്രോ സർവ്വീസ് സെന്റർ/കാർഷിക കർമ്മസേനകളുടെ പ്രവർത്തനം ഇനിയും ഏറെ മെച്ചപ്പെടുത്തേണ്ടതുണ്ട്. ജില്ലയിൽ പ്രവർത്തിക്കുന്ന രണ്ട് അഗ്രോ സർവ്വീസ് സെന്ററിൽ പാറശ്ശാല അഗ്രോസർവ്വീസ് സെന്ററിൽ പ്രവർത്തനം മാതൃകാപരമാണ്. ഒരു വർഷം ശരാശരി ഒരു കോടിയിൽപരം രൂപയുടെ ആകെ വരവാണ് ഈ സെന്ററിനുള്ളത്. സെന്ററിന്റെ ലാഭം മൂന്നര ലക്ഷം രൂപയാണ്. എന്നാൽ കഴക്കൂട്ടം അഗ്രോ സർവ്വീസ് സെന്ററിന്റെ പ്രവർത്തനം ഇപ്പോഴും ശൈശവദശയിലാണ്.

ജില്ലയിൽ 16 കാർഷിക കർമ്മസേനകൾ പ്രവർത്തിക്കുന്നുണ്ട്. ജില്ലയിലെ തൊഴിലാളി പ്രശ്നം പരിഹരിക്കുന്നതിന് കർമ്മസേനകൾ രൂപീകരിക്കേണ്ടതുണ്ട്. കർമ്മസേനകളെ ബ്ലോക്കുതലത്തിൽ പ്രവർത്തിക്കുന്ന അഗ്രോ സർവ്വീസ് സെന്ററുമായി ബന്ധിപ്പിക്കുന്നത് വലിയ യന്ത്രോപകരണങ്ങൾ കാര്യക്ഷമമായി ഉപയോഗിക്കുന്നതിനും കാർഷിക ഉല്പന്നങ്ങളും ഉല്പാദനോപാധികളും സംഘടിപ്പിച്ച് വിപണനം ചെയ്യുന്നതിനും സഹായകകരമായിരിക്കും. കൂടാതെ ജില്ലാതലത്തിൽ ഇവയെ ബന്ധിപ്പിച്ച് ഒരു അപ്പെക്സ് ബോഡി രൂപീകരിച്ച് വലിയ കാർഷിക യന്ത്രങ്ങൾ (കമ്പയിൻസ് ഹാർവെസ്റ്റർ) വാങ്ങി നൽകുന്നതും നന്നായിരിക്കും. കൂടാതെ ജില്ലാതലത്തിൽ അപ്പെക്സ് ബോഡിയുടെ കീഴിൽ ഒരു വർക്ക്ഷോപ്പ് പ്രവർത്തിപ്പിക്കേണ്ടതും അത്യാവശ്യമാണ്. അഗ്രോസർവ്വീസ് സെന്റർ ഇല്ലാത്ത എല്ലാ ബ്ലോക്കുകളിലും അഗ്രോസർവ്വീസ് സെന്ററും കാർഷിക കർമ്മസേന ഇല്ലാത്ത എല്ലാ ഗ്രാമപഞ്ചായത്തുകളിലും കാർഷിക കർമ്മസേനകളും രൂപീകരിക്കുക.

റിസ്ക് മാനേജ്മെന്റ്

പ്രകൃതിക്ഷോഭം മൂലമുണ്ടാകുന്ന കൃഷിനാശത്തിൽ നിന്നും കർഷകരെ സംരക്ഷിക്കുന്നതിന് സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കുന്നുണ്ട്. ഈ പദ്ധതി ചെറുകിടകർഷകർക്ക് ഏറെ ആശ്വാസം നൽകുന്ന ഒന്നാണ്. നാമമാത്ര പ്രീമിയം സ്വീകരിച്ച് സാമാന്യം ഭേദപ്പെട്ട സഹായം നൽകുന്ന ഈ പദ്ധതിയിൽ നടപ്പുവർഷം 12000–ൽപരം കർഷകർ അവരുടെ വിള 10 ലക്ഷത്തിൽപരം പ്രീമിയം അടച്ച് ഇൻഷർ ചെയ്തിട്ടുണ്ട്. 2017 നവംബറിൽ ഉണ്ടായ ഓഖി ചുഴലിക്കാറ്റിൽ കൃഷി നാശം സംഭവിച്ച കർഷകർക്ക് ധനസഹായമായി നൽകാൻ

2 കോടിയിൽപരം രൂപയാണ് ആവശ്യമായി വരുന്നത്. ഈ പദ്ധതിയുടെ പ്രയോജനം മുഴുവൻ കർഷകർക്കും ലഭിക്കുന്നതിന് ഉതകുന്ന പ്രോജക്ട് ആവിഷ്കരിക്കുന്നത് ഉചിതമായിരിക്കും.

ഇതിനുപുറമേ പ്രകൃതിക്ഷോഭങ്ങൾ അഭിമുഖീകരിക്കുന്നതിനുള്ള അടിയന്തിര പരിപാടി എന്ന രീതിയിൽ കൃഷിനാശം സംഭവിച്ച കർഷകർക്ക് നാമമാത്ര ധനസഹായം നൽകുന്നുണ്ട്. ഇതിന് പലപ്പോഴും യഥാസമയത്ത് ആവശ്യത്തിനുള്ള ഫണ്ട് ലഭിക്കുന്നില്ല എന്നതാണ് പ്രധാന പ്രശ്നം. കൃഷിനാശം സംഭവിച്ചാൽ ഒരു മാസത്തിനകം ധനസഹായം നൽകുന്നതരത്തിൽ ഫണ്ട് ലഭ്യമാക്കുന്നതിനുള്ള സംവിധാനം ഉണ്ടാകണം.

ജൈവവൈവിധ്യ സംരക്ഷണം

നാടൻ വിത്തിനങ്ങളുടെ ജൈവവൈവിധ്യം സംരക്ഷിക്കുന്നതിന് ലക്ഷ്യമിട്ട് കൊണ്ടുള്ളതാണ് ഈ പദ്ധതി. നിലവിൽ നെല്ലിന് മാത്രമാണ് പദ്ധതിയുള്ളത്. ഇത് മറ്റ് വിളകളായ പച്ചക്കറി, വാഴ, കിഴങ്ങുവർഗ്ഗവിളകൾ എന്നിവയ്ക്കുകൂടി വ്യാപിപ്പിക്കേണ്ടതുണ്ട്.

വിപണനം സംഭരണം

കാർഷിക ഉല്പന്നങ്ങളുടെ സംഭരണ വിപണനത്തിന് ജില്ലയിൽ 2 ഇ.ഇ.സി. മാർക്കറ്റുകളും 16 എക്കോഷോപ്പുകളും പ്രവർത്തിക്കുന്നുണ്ട്. ഇതുകൂടാതെ വി.എഫ്.പി.സി.കെ., ഹോർട്ടികോർപ്പ് എന്നീ സ്ഥാപനങ്ങളും സംഭരണ വിപണനം നടത്തുന്നുണ്ട്. ഇതിനുപുറമേ 19 എക്കോഷോപ്പുകളും 65 ആഴ്ച ചന്തകളും കുടുംബശ്രീകളുടെ സഹായത്തോടുകൂടി നടപ്പു വർഷം ആരംഭിക്കാൻ ലക്ഷ്യമിടുന്നു. ഗ്രാമ–ബ്ലോക്ക്–ജില്ലാതലം വരെ ബന്ധിപ്പിച്ചുകൊണ്ട് ഒരു മാർക്കറ്റിംഗ് ശൃംഖല ആരംഭിക്കുന്നത് കാർഷിക ഉല്പന്നങ്ങൾ മെച്ചപ്പെട്ടരീതിയിൽ വിപണനം നടത്തുന്നതിന് സഹായിക്കും. കൂടാതെ ഇ–മാർക്കറ്റിംഗ് സംവിധാനം ഏർപ്പെടുത്തുന്നതും കർഷകർക്ക് അവരുടെ ഉല്പന്നങ്ങൾക്ക് മെച്ചപ്പെട്ട വില ലഭിക്കുന്നതിന് സഹായിക്കും. വെള്ളനാട് കൃഷിഭവന്റെ നേതൃത്വത്തിൽ പ്രവർത്തിക്കുന്ന സ്വാശ്രയ വിപണി കാർഷിക വിപണന രംഗത്ത് ഒരു മാതൃകയാണ്.

മൂല്യവർദ്ധനവ്

വരുമാന വർദ്ധനവിനും തൊഴിൽ ലഭ്യത ഉറപ്പുവരുത്തുന്നതിനും മൂല്യവർദ്ധിത അഗ്രോ പ്രോസ്സസ്സിംഗ് സംരംഭങ്ങൾ ആരംഭിക്കേണ്ടിയിരിക്കുന്നു. ആത്മയുടെ കീഴിൽ ചെറിയ ചെറിയ പരിശീലനങ്ങൾ നൽകുന്നതൊഴിച്ചാൽ ജില്ലയിൽ കാര്യമായ മൂല്യവർദ്ധിത ഉല്പന്ന യൂണിറ്റുകൾ ഇല്ല എന്ന് തന്നെ പറയാം.

5.2 മണ്ണ്– ജലസംരക്ഷണം

(എ) കേന്ദ്രാവിഷ്കൃതപദ്ധതികൾ

മഴയെ ആശ്രയിച്ച് കൃഷി ചെയ്യുന്ന പ്രദേശങ്ങൾക്ക് വേണ്ടി നടപ്പിലാക്കിയിട്ടുള്ള കേന്ദ്രാവിഷ്കൃത പദ്ധതിയാണ് ദേശീയ നീർമറി വികസനപദ്ധതി. കേരളത്തിൽ 8–ാം പഞ്ചവത്സരപദ്ധതി കാലം മുതൽ ഈ പദ്ധതി നടപ്പിലാക്കിവരുന്നു. പ്രകൃതിവിഭവങ്ങളുടെ സംരക്ഷണവും വികസനവും, കാർഷികോല്പാദനത്തിലും കാർഷികോല്പാദനക്ഷമതയിലും സ്ഥായിയായ വർദ്ധനയുണ്ടാവുകയും, പരിസ്ഥിതി സംതുലനം വീണ്ടെടുക്കുന്നതിന് വൃക്ഷങ്ങൾ തുടങ്ങിയവ നട്ടുപിടിപ്പിക്കലും, ഗ്രാമീണ ദരിദ്രജനവിഭാഗങ്ങൾക്ക് സ്ഥിരമായ തൊഴിലവസരങ്ങൾ സൃഷ്ടിക്കുകയുമാണ് ഈ പദ്ധതിയുടെ പ്രധാന ഉദ്ദേശ്യലക്ഷ്യങ്ങൾ. ഈ പദ്ധതിയിൽ ഭൂവിഭവസംരക്ഷണം കൂടാതെ ഉത്പാദനപരിപാടികൾ ഭൂരഹിത കുടുംബങ്ങൾക്കുള്ള ജീവനോപാധികൾ മെച്ചപ്പെടുത്തുന്നതിനുള്ള പ്രവർത്തനങ്ങൾ എന്നിവയും ഉൾപ്പെടുന്നു. ഈ പദ്ധതിയിലൂടെ മണ്ണ് സംരക്ഷണ വിഭാഗം ജില്ലയിൽ 4 നീർത്തട പദ്ധതികൾ (അരുവിയോട്, അതിയന്നൂർ, വയ്യാക്കാവ്, മലയം) നടപ്പിലാക്കി 9160 ഹെക്ടർ പ്രദേശം സംരക്ഷിച്ചിട്ടുണ്ട്. പെരുങ്കടവിള ബ്ളോക്കിലെ വെള്ളറട പഞ്ചായത്തിലും അതിയന്നൂർ ബ്ളോക്കിലെ അതിയന്നൂർ പഞ്ചായത്തിലും നെയ്യാറ്റിൻകര മുനിസിപ്പാലിറ്റിയിലും വാമനപുരം നെടുമങ്ങാട് ബ്ളോക്കുകളിലെ പനവൂർ, പുല്ലമ്പാറ, ആനാട്, നന്ദിയോട് പഞ്ചായത്തുകളിലും, നേമം, വെള്ളനാട് ബ്ളോക്കുകളിലെ പൂവച്ചൽ, കാട്ടാക്കട, വിളവൂർക്കൽ, പള്ളിച്ചൽ, മാറനല്ലൂർ, വിളപ്പിൽ, മലയിൻകീഴ് എന്നീ പഞ്ചായത്തുകളിലുമാണ് ഈ പദ്ധതി നടപ്പിലാക്കിയിട്ടുള്ളത്.

2007–ൽ ആരംഭിച്ച പ്രത്യേക അനുബന്ധ കേന്ദ്രസഹായ പദ്ധതിയാണ് രാഷ്ട്രീയ കൃഷി വികാസ് യോജനാ (ആർ.കെ.വി.വൈ). പ്രാദേശിക ആവശ്യങ്ങൾ, ഭൂമിശാസ്ത്രപരമായ/ കാലാവസ്ഥ, ലഭ്യമായ പ്രകൃതി വിഭവങ്ങൾ/സാങ്കേതിക വിദ്യ, കൃഷി തുടങ്ങിയവയെ കുറിച്ചുള്ള വിവരങ്ങൾ സംയോജിപ്പിച്ച് കൃഷിയുടെ ഉത്പാദനക്ഷമത ഗണ്യമായി

വർദ്ധിപ്പിക്കുവാനും കാർഷികമേഖലയിലും അതിന്റെ അനുബന്ധമേഖലയിലും വരുമാനം വർദ്ധിപ്പിക്കുകയുമാണ് ലക്ഷ്യം. സംസ്ഥാന കൃഷിവകുപ്പാണ് ഈ പദ്ധതിയുടെ നോഡൽ വകുപ്പ്. മണ്ണ് സംരക്ഷണ വിഭാഗം ഈ പദ്ധതിയിലൂടെ പാറശ്ശാല ബ്ളോക്കിലെ ചെങ്കൽ പഞ്ചായത്തിലും കിളിമാനൂർ ബ്ളോക്കിലെ പുളിമാത്ത് പഞ്ചായത്തിലുമായി 103 ഹെക്ടർ പ്രദേശത്ത് നടപ്പിലാക്കിയിട്ടുണ്ട്. കനാൽ, പാർശ്വഭിത്തി നിർമ്മാണം, ഡ്രെയിനേജ് ലൈൻ പ്രൊട്ടക്ഷൻ, റാംപ്, ഫൂട്ട്സ്ളാബ്, കനാൽ ഫാം റോഡ് തുടങ്ങിയ പ്രവർത്തനങ്ങളാണ് ഈ പദ്ധതിയിലൂടെ നടപ്പിലാക്കിയിട്ടുള്ളത്.

2002 മുതൽ 2015 വരെ 30 നീർത്തട പദ്ധതികളിലായി 14452 ഹെക്ടർ പ്രദേശത്ത് പശ്ചിമഘട്ട വികസന പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. ഈ പദ്ധതി നീർത്തടാടിസ്ഥാനത്തിൽ പ്രകൃതി വിഭവ പരിപാലനത്തിനാണ് ഊന്നൽ നൽകുന്നത്. കൂടാതെ കൃഷി അനുബന്ധമേഖലയിൽ ജീവനോപാധി വികസനവും ഉൾപ്പെടുത്തി സമഗ്ര കാഴ്ച്ചപ്പാടോടു കൂടി നടപ്പിലാക്കിയ/നടപ്പിലാക്കി വരുന്ന പദ്ധതിയാണ്. ഈ പദ്ധതി ഗ്രാമപഞ്ചായത്തിന്റെ മേൽനോട്ടത്തിലാണ് നടപ്പിലാക്കുന്നതെങ്കിലും മണ്ണ് ജല സംരക്ഷണമേഖലയിൽ കാര്യമായ മാറ്റങ്ങൾ വരുത്താൻ കഴിഞ്ഞിട്ടില്ല. പദ്ധതി നീർത്തടാധിഷ്ഠിത വികസന കാഴ്ച്ചപ്പാടിന്റെ പൂർണ്ണമായ അന്തസത്ത ഉൾക്കൊള്ളുവാനോ പ്രദേശത്തിന്റെ സമഗ്ര വികസനം സാധ്യമാക്കാനോ സാധിച്ചിട്ടില്ലായെന്നാണ് വിലയിരുത്തുന്നത്. എന്നാൽ ലഭ്യമായ ഫണ്ട് പരമാവധി ചെലവഴിക്കാനുള്ള ശ്രമങ്ങൾ നടത്തിയിട്ടുണ്ട്. ആര്യൻകോട്, നെല്ലനാട്, വെള്ളനാട്, കുറ്റിച്ചൽ, പാങ്ങോട്, മലയിൻകീഴ്, വാമനപുരം, മാണിക്കൽ, കല്ലറ, മാറനല്ലൂർ, കരകുളം, അരുവിക്കര, ആര്യനാട്, വെമ്പായം, പൂവച്ചൽ, നന്ദിയോട്, വിതുര, ഉഴമലയ്ക്കൽ, പുല്ലമ്പാറ എന്നീ പഞ്ചായത്തുകളിലാണ് ഈ പദ്ധതി നടപ്പിലാക്കിയിട്ടുള്ളത്.

കേന്ദ്രാവിഷ്കൃത പദ്ധതിയായ സംയോജിത നീർത്തട പരിപാലന പരിപാടി പരിപൂർണ്ണ ജനപങ്കാളിത്തം ഉറപ്പാക്കി പഞ്ചായത്തീരാജ് സംവിധാനത്തിലൂടെയാണ് നടപ്പിലാക്കിയത്. തരിശുഭൂമി കൃഷിയോഗ്യമാക്കുക, ജലസ്രോതസ്സുകൾ സംരക്ഷിക്കുക, തരിശുരഹിത ഗ്രാമപഞ്ചായത്തുകൾ സൃഷ്ടിക്കുക, മണ്ണൊലിപ്പ് തടഞ്ഞ് മണ്ണിന്റെ ഫലഭൂയിഷ്ഠത വർദ്ധിപ്പിക്കുക. പ്രകൃതി വിഭവ അടിത്തറ ശക്തമാക്കുക. തൊഴിലവസരങ്ങൾ വർദ്ധിപ്പിക്കുക എന്നിവയാണ് ലക്ഷ്യങ്ങൾ. ഈ പദ്ധതിയിലൂടെ വാമനപുരം, ചിറയിൻകീഴ്, പോത്തൻകോട്, കിളിമാനൂർ എന്നീ ബ്ളോക്ക് പഞ്ചായത്തുകളിലായി 2662 ഹെക്ടർ പ്രദേശം സംരക്ഷിക്കപ്പെട്ടിട്ടുണ്ട്.

നീർത്തടാധിഷ്ഠിത വികസന പ്രക്രിയയിൽ പഞ്ചായത്തീരാജ് സ്ഥാപനങ്ങൾക്ക് ഉയർന്ന പങ്കാളിത്തം നൽകുന്നതിന് 01.04.2003-ൽ ഹരിയാലി പദ്ധതിയ്ക്ക് രൂപം നൽകി. പഞ്ചായത്തീരാജ് സ്ഥാപനങ്ങളെ ഭരണപരമായും ധനപരമായും ശാക്തീകരിക്കുക, സമഗ്രവും സുസ്ഥിരവുമായ വികസനത്തിന് വേണ്ട പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടപ്പാക്കുക എന്നിവയാണ് ഈ പദ്ധതിയുടെ അടിസ്ഥാന സമീപനം. ഒരു ഹെക്ടറിന് 6000 രൂപയാണ് ഹരിയാലി പദ്ധതിയിൽ അനുവദനീയമായ ചെലവിന്റെ പരിധി. ഒരു നീർത്തടത്തിലെ ഇടപെടൽ സാധ്യതയുള്ള ആകെ ഭൂവിസ്തൃതിയെ 6000 രൂപ കൊണ്ട് ഗുണിച്ചു കിട്ടുന്ന തുകയാണ് പ്രോജക്ടിന്റെ ഫണ്ട്. ഈ പദ്ധതിയിലൂടെ പാറശ്ശാല, പെരുങ്കടവിള എന്നീ ബ്ളോക്കുകളിലായി 1913 ഹെക്ടർ പ്രദേശം സംരക്ഷിക്കപ്പെട്ടിട്ടുണ്ട്.

ജലസംരക്ഷണത്തിനും അതിന്റെ മാനേജ്മെന്റിനും മുൻഗണന നൽകിക്കൊണ്ട് കൃഷി, മണ്ണ് സംരക്ഷണം, ജലസേചനം, ഹോർട്ടികൾച്ചർ മിഷൻ, ഗ്രാമവികസനവകുപ്പ്, ഭൂവികസന ബോർഡ് തുടങ്ങിയ വകുപ്പുകളെ സംയോജിപ്പിച്ചുകൊണ്ട് നടപ്പിലാക്കുന്നതിനായി ഭാരതസർക്കാർ ആവിഷ്ക്കരിച്ചിട്ടുള്ള പദ്ധതിയാണ് പ്രധാൻമന്ത്രി കൃഷി സിഞ്ചായീ യോജനാ. ഫീൽഡ് തലത്തിൽ ജലസേചനം കൂട്ടുക, ജലസേചന സൗകര്യം ഉറപ്പാക്കി കൃഷിഭൂമിയുടെ വിസ്തൃതി വർദ്ധിപ്പിക്കുക, ജലം പാഴാക്കൽ കുറയ്ക്കുന്നതിന് ജലലഭ്യതയുടെ കാര്യക്ഷമത വർദ്ധിപ്പിക്കുക, സൂക്ഷ്മ ജലസേചനം പ്രോത്സാഹിപ്പിക്കുക, ജലസ്രോതസ്സുകൾ പുനരുജ്ജീവിപ്പിക്കുക, സുസ്ഥിരമായ ജലസംരക്ഷണ രീതികൾ പരിചയപ്പെടുത്തുക തുടങ്ങിയവ ഈ പദ്ധതിയിൽ ഉൾപ്പെടുന്നു. മഴവെള്ളസംഭരണം, കൃഷി ആവശ്യങ്ങൾക്കുള്ള കുളങ്ങൾ, ജലവിതരണ സംവിധാനം, ചെറുകിട ചെക്ക്ഡാമുകൾ, കോണ്ടൂർ ബണ്ടിങ്ങ് തുടങ്ങിയ പ്രവർത്തനങ്ങൾ ഈ പദ്ധതിയിൽ നടപ്പിലാക്കാം.

ഈ പദ്ധതിയിലുൾപ്പെടുത്തി 108 കുളങ്ങൾ നവീകരിക്കുന്നതിനും 1006 ചെറുകിട ചെക്ക്ഡാമുകൾ നിർമ്മിക്കുന്നതിനും 4458 റിങ്ങ്പോണ്ടുകൾ നിർമ്മിക്കുന്നതിനും 550 നീരുറവകളുടെ സംരക്ഷണത്തിനും 2601 കിണർ റീച്ചാർജ്ജിങ്ങിനുമായി 49.81 കോടി രുപയുടെ പദ്ധതി തയ്യാറാക്കി ജില്ലാ ഇറിഗേഷൻ പ്ലാനിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

2017–18 ലേയ്ക്ക് പഴയകുന്നുമ്മേൽ, പുളിമാത്ത്, വെള്ളനാട്, ആര്യനാട് എന്നീ പഞ്ചായത്തുകളിൽ കിണർ റീച്ചാർജ്ജിങ്ങ്, റിങ്ങ്പോണ്ട് എന്നിവ ഉൾപ്പെടുത്തി ഒരു കോടി രൂപയുടെ എസ്റ്റിമേറ്റ് അനുമതിയ്ക്കായി സമർപ്പിച്ചിട്ടുണ്ട്.

(ബി) സംസ്ഥാനാവിഷ്കൃത പദ്ധതികൾ

ആർ.ഐ.ഡി.എഫ് പദ്ധതിയിൽ കാർഷികോത്പാദന വർദ്ധനവിനുതകുന്ന തൽസ്ഥല ജലസംരക്ഷണ പ്രവർത്തനങ്ങളാണ് നടപ്പിലാക്കുന്നത്. തീരദേശമേഖലകളിൽ നീർവാർച്ചാ സൗകര്യങ്ങൾ ഒരുക്കി വെള്ളപ്പൊക്ക നിവാരണത്തിനുള്ള പദ്ധതികൾ നടപ്പിലാക്കുകയും മണ്ണിന്റെ പരിമിതികളെ തരണം ചെയ്ത് കാർഷികോത്പാദനത്തിനുള്ള അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിനും ഈ പദ്ധതി ലക്ഷ്യമിടുന്നു. കഴിഞ്ഞ 10 വർഷങ്ങളിൽ മണ്ണ് സംരക്ഷണ വിഭാഗം 32 നീർത്തട പദ്ധതികൾ ഏറ്റെടുത്തിട്ടുണ്ട്. (18 എണ്ണം പൂർത്തിയായി, 14 എണ്ണം തുടരുന്നു). ഇവ മുഴുവൻ പൂർത്തിയാകുമ്പോൾ ജില്ലയിലെ 14947 ഹെക്ടർ പ്രദേശം മണ്ണ് ജല സംരക്ഷണ പ്രവർത്തനങ്ങൾ വഴി സംരക്ഷിക്കുന്നതാണ്. കിളിമാനൂർ ബ്ളോക്കിലെ നാവായിക്കുളം, നഗരൂർ, കിളിമാനൂർ, മടവൂർ, പള്ളിക്കൽ എന്നീ പഞ്ചായത്തുകളിലും പെരുങ്കടവിള ബ്ളോക്കിലെ അമ്പൂരി, വാഴിച്ചൽ, പെരുങ്കടവിള, ഒറ്റശേഖരമംഗലം, വെള്ളറട, കള്ളിക്കാട്, പൂവച്ചൽ എന്നീ പഞ്ചായത്തുകളിലും വാമനപുരം ബ്ളോക്കിലെ പാങ്ങോട്, വാമനപുരം, നന്ദിയോട്, എന്നീ പഞ്ചായത്തുകളിലും നേമം ബ്ളോക്കിലെ വിളപ്പിൽ, കാട്ടാക്കട എന്നീ പഞ്ചായത്തുകളിലും വെള്ളനാട് ബ്ളോക്കിലെ കാട്ടാക്കട, ആര്യനാട്, പൂവച്ചൽ, കുറ്റിച്ചൽ, വിതുര എന്നീ പഞ്ചായത്തുകളിലും, നെടുമങ്ങാട് ബ്ളോക്കിലെ അരുവിക്കര, കരകുളം, ഉഴമലയ്ക്കൽ, തൊളിക്കോട്, നെടുമങ്ങാട് മുനിസിപ്പാലിറ്റി എന്നിവിടങ്ങളിലുമാണ് പദ്ധതികൾ നടപ്പിലാക്കിയിട്ടുള്ളത്.

അരുവിക്കര ശുദ്ധജല വിതരണ പദ്ധതിയുടെ വൃഷ്ടി പ്രദേശത്ത് നിന്ന് മണ്ണൊലിച്ചിറങ്ങി എക്കൽ അടിയുന്നത് ഒഴിവാക്കാൻ വേണ്ടിയുള്ള പദ്ധതിയും നീർത്തടാടിസ്ഥാനത്തിൽ നടപ്പിലാക്കുന്നു. മണ്ണ് സംരക്ഷണത്തിനുള്ള കൃഷി സമ്പ്രദായങ്ങൾ, ജൈവിക മാർഗ്ഗങ്ങൾ ,നിർമ്മാണ പ്രവർത്തനങ്ങൾ ഇവയെല്ലാം ഒരുപോലെ ഉൾപ്പെടുത്തി നടപ്പിലാക്കുന്ന ഈ പദ്ധതിയിൽ ജില്ലയിലെ 2 നീർത്തടപദ്ധതിയിലൂടെ (പേരില, പുതുക്കുളങ്ങര) 1288 ഹെക്ടർ പ്രദേശം സംരക്ഷിക്കപ്പെടുന്നതാണ്. നെടുമങ്ങാട്, വെള്ളനാട് ബ്ളോക്കുകളിലെ ഉഴമലയ്ക്കൽ, തൊളിക്കോട്, വെള്ളനാട് പഞ്ചായത്തുകളിലും നെടുമങ്ങാട് മുനിസിപ്പാലിറ്റിയിലും ഈ പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്.

5.3.ജലസേചനം

(എ) കേന്ദ്രാവിഷ്കൃത പദ്ധതികൾ

ജലസേചന മേഖലയിൽ നിലവിലുള്ള പ്രധാനപ്പെട്ട കേന്ദ്രാവിഷ്കൃത പദ്ധതികൾ ചുവടെ ചേർക്കുന്നു.

- എ.ഐ.ബി.പി (ആക്സിലറേറ്റഡ് ഇറിഗേഷൻ ബനഫിറ്റ് പ്രോഗ്രാം)
- ആർ.ആർ.ആർ(റിപ്പയർ, റിനൊവേഷൻ ആന്റ് റീ സ്റ്റോറേഷൻ ഓഫ് വാട്ടർ ബോഡീസ്)
- പി.എം.കെ.എസ്.വൈ (പ്രധാനമന്ത്രി കൃഷി സിഞ്ചായി യോജന)
- എ.ഐ.ബി.പി

വൻകിട ജലസേചന പദ്ധതികളുടെ വേഗത്തിലുള്ള പൂർത്തീകരണവും നവീകരണവും ലക്ഷ്യമിട്ട് ആവിഷകരിച്ച പദ്ധതിയാണ് എ.ഐ.ബി.പി. കേരളത്തിൽ ജലസേചന വകുപ്പിന്റെ മേൽനോട്ടത്തിൽ മൂവാറ്റുപുഴ ജലസേചന പദ്ധതി, കാഞ്ഞിരപ്പുഴ ജലസേചന പദ്ധതി, ചിറ്റൂർ പുഴ ജലസേചന പദ്ധതി, കാരാപ്പുഴ ജലസേചന പദ്ധതി എന്നിവ എ.ഐ.ബി.പി സഹായത്തോടെ സംസ്ഥാനത്ത് നടന്നുവരുന്നു. മൂന്ന് തരത്തിലുള്ള പ്രവർത്തനങ്ങൾക്ക് എ.ഐ.ബി.പി പദ്ധതിയിൽ ഉൾപ്പെടുത്തി സംസ്ഥാനത്തിന് ഫണ്ട് ലഭ്യമാകുന്നത്.

നിലവിൽ നടന്നുകൊണ്ടിരിക്കുന്ന വൻകിട ഇടത്തരം ജലസേചന പദ്ധതികൾ

കേന്ദ്ര ധനകാര്യ കമ്മീഷന്റെ അനുമതി ലഭിച്ചതും അടുത്ത നാല് വർഷത്തിനുള്ളിൽ പൂർത്തീകരിക്കാനാവുന്നതുമായ പദ്ധതികളാണ് ഈ വിഭാഗത്തിൽ ഉൾപ്പെടുന്നത്. എന്നാൽ നിലവിൽ ഫണ്ട് ലഭ്യമായിക്കൊണ്ടിരിക്കുന്ന മേൽ സൂചിപ്പിച്ച ഏതെങ്കിലും പദ്ധതി പൂർത്തീകരിച്ച ശേഷം മാത്രമേ ഈ വിഭാഗത്തിൽ പുതിയ പദ്ധതികൾ എ.ഐ.ബി.പി പ്രകാരം ഏറ്റെടുക്കാൻ സാധിക്കുകയുള്ളൂ.

പൂർത്തീകരിച്ച പദ്ധതികളുടെ വിപുലീകരണം, പുനരുദ്ധാരണം, ആധുനികവൽക്കരണം എന്നിവ

കേന്ദ്ര ധനകാര്യ കമ്മീഷന്റെ അനുമതി ലഭിച്ചതും കുറഞ്ഞത് പത്ത് വർഷം മുമ്പെങ്കിലും പൂർത്തീകരിച്ചതുമായ വൻകിട ഇടത്തരം ജലസേചന പദ്ധതികളാണ് ഈ വിഭാഗത്തിൽപ്പെടുന്നത്. എന്നാൽ നിലവിൽ സംസ്ഥാനത്ത് നിന്നും ഫണ്ട് ലഭ്യമായിക്കൊണ്ടിരിക്കുന്ന ഏതെങ്കിലും പദ്ധതി പൂർത്തീകരിച്ചാൽ മാത്രമേ ഈ വിഭാഗത്തിലും പുതിയ പദ്ധതി ഏറ്റെടുക്കാൻ കഴിയുകയുള്ളൂ.

ഉപരിതല ചെറുകിട ജലസേചന പദ്ധതികൾ

ഈ വിഭാഗത്തിൽ പ്രത്യേക വിഭാഗത്തിലുള്ള സംസ്ഥാനങ്ങളിൽ (ഹിമാചൽ പ്രദേശ്, ജമ്മുകാശ്മീർ, ഉത്തരാഖണ്ഡ്, ഒറീസ്സയിലെ വർൾച്ചാ ബാധിത ജില്ലകൾ) ഒഴിച്ചുള്ള സംസ്ഥാനങ്ങളിൽ ആദിവാസി മേഖലകൾ, മരുഭൂപ്രദേശങ്ങൾ, വരൾച്ചാ ബാധിത പ്രദേശങ്ങൾ, നക്സൽ ബാധിത പ്രദേശങ്ങൾ എന്നിവയിൽ 50 ഹെക്ടറോളം ആയക്കെട്ട് ലഭ്യമാകുന്ന ചെറുകിട ജലസേചന പദ്ധതികൾ മാത്രമേ ഏറ്റെടുക്കാൻ സാധിക്കുകയുള്ളൂ.

നിലവിൽ സംസ്ഥാനത്ത് ഫണ്ട് ലഭ്യമായിക്കൊണ്ടിരിക്കുന്ന ഏതെങ്കിലും വൻകിട ഇടത്തരം ജലസേചനപദ്ധതികൾ പൂർത്തിയാകുന്ന മുറയ്ക്ക് നെയ്യാർ ജലസേചന പദ്ധതിയുടെ നവീകരണവും, പുനരുദ്ധാരണവും എ.ഐ.ബി.പി പദ്ധതിയിൽ സമർപ്പിക്കാവുന്നതാണ്. എന്നിരുന്നാൽ തന്നെ പദ്ധതി മാനദണ്ഡ പ്രകാരം സംസ്ഥാനത്തിന് മൊത്തം പദ്ധതി തുകയുടെ 25% മാത്രമേ ക്രേന്ദ്ര സഹായമായി ലഭിക്കുകയുള്ളൂ.

- ആർ.ആർ.ആർ (റിപ്പയർ, റിനൊവേഷൻ ആന്റ് റീസ്റ്റോറേഷൻ ഓഫ് വാട്ടർ ബോഡീസ്)

പാരമ്പര്യ ജലസ്രോതസ്സായ കുളങ്ങളുടെയും ടാങ്കുകളുടെയും രൂപികരണവും നവീകരണവും ലക്ഷ്യമിട്ട് 2005 ൽ ആരംഭിച്ച കേന്ദ്ര സഹായ പദ്ധതിയാണ് ആർ.ആർ.ആർ. കൃഷി, കുടിവെള്ളം, ഭൂഗർഭ ജലം, ടൂറിസവികസനം എന്നിവ ലക്ഷ്യമിട്ടാണ് ഈ പദ്ധതി ആവിഷ്കരിച്ചിട്ടുള്ളത്. പദ്ധതിയുടെ മാനദണ്ഡ പ്രകാരം ഓരോ പ്രവൃത്തികൾക്കും പദ്ധതി തുകയുടെ 25% മാത്രമേ കേന്ദ്ര സഹായം ലഭിക്കുകയുള്ളൂ.

പദ്ധതി മാനദണ്ഡ പ്രകാരം നഗര പ്രദേശത്തുള്ള ഒരു കുളം ഈ പദ്ധതി വഴി ഏറ്റെടുക്കണമെങ്കിൽ കുളത്തിന്റെ ജലവിസ്തൃത വിസ്തീർണ്ണം (വാട്ടർ സ്പ്രെഡ് ഏരിയ) 20,000 ചതുരശ്ര മീറ്റർ എങ്കിലും വേണം. ഗ്രാമ പ്രദേശത്ത് ഇത് 50,000 ചതുരശ്ര മീറ്റർ ആയാണ് നിഷ്കർഷിച്ചിട്ടുള്ളത്. ജില്ലയിലെ ഒരു കുളവും ഈ മാനദണ്ഡ മൂലം ആർ.ആർ.ആർ പദ്ധതി പ്രകാരം ഏറ്റെടുക്കാൻ സാധിക്കുകയില്ല.

- പി.എം.കെ.എസ്.വൈ (പ്രധാനമന്ത്രി കൃഷി സിഞ്ചായി യോജന)

കാർഷിക വികസനം ലക്ഷ്യമിട്ട് പ്രവർത്തിക്കുന്ന കൃഷി, ജലസേചനം, ഗ്രാമവികസനം, മണ്ണ് സംരക്ഷണം എന്നീ വകുപ്പുകളിലെ പദ്ധതികളെ ഒരു കുടക്കീഴിൽ അണിനിരത്തി അഞ്ച് വർഷത്തേയ്ക്കുള്ള ഒരു കർമ്മ പദ്ധതി തയ്യാറാക്കുക എന്നലക്ഷ്യത്തോടെ കേന്ദ്ര സർക്കാർ 2015 ൽ ആവിഷകരിച്ച പദ്ധതിയാണ് പി.എം.കെ.എസ്.വൈ. ഇത് പ്രകാരം ഓരോ ജില്ലയിലേയും ജലലഭ്യതയും ജല ആവശ്യകതയും (കൃഷി, കുടിവെള്ളം, കന്നുകാലി പരിപാലനം, വ്യവസായം, ഊർജ്ജം എന്നീ മേഖലകളിൽ ഉൾപ്പെടെ) കണക്കാക്കി അടുത്ത അഞ്ച് വർഷത്തിൽ എത്ര ജലം അധികമായി വേണ്ടിവരും എന്ന് കണക്കാക്കി ആയത് ലഭ്യമാക്കുന്നതിനാവശ്യമായ പദ്ധതി രൂപീകരണമാണ് ലക്ഷ്യമിട്ടിരിക്കുന്നത്. ഇത് പ്രകാരം ജില്ലയിലെ വിവിധ വകുപ്പുകൾ ഏകോപിപ്പിച്ചുകൊണ്ട് ജില്ലാ ജലസേചന പദ്ധതി തയ്യാറാക്കുകയും ആയത് കേന്ദ്രസർക്കാർ അനുമതിക്കായി സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. ഈ പദ്ധതിയിലും ജലവിഭവ വകുപ്പിൻ കിഴിൽ ഏറ്റെടുക്കാവുന്ന പദ്ധതികളായി കേന്ദ്രാവിഷ്കൃത പദ്ധതികളാണ് ഉൾപ്പെട്ടിരിക്കുന്നത്. നേരത്തെ സൂചിപ്പിച്ച പോലെ കേന്ദ്രാവിഷ്കൃത പദ്ധതിയിലെ മാനദണ്ഡങ്ങൾ സംസ്ഥാനത്തിന് അനുയോജ്യമല്ലാത്തതിനാൽ ആദ്യ വർഷത്തിൽ ജില്ലയിൽ നിന്നും സമർപ്പിച്ച 19 ഡി.പി.ആറുകൾക്കും കേന്ദ്ര ജല കമ്മീഷന്റെ അനുമതി ലഭിച്ചിട്ടില്ല.

(ബി) സംസ്ഥാന ആവിഷ്കൃത പദ്ധതികൾ

ചെറുകിട ജലസേചന പദ്ധതികൾ

ചെറുകിട ജലസേചനത്തിൽ താഴെ പറയുന്നവ സംസ്ഥാന പദ്ധതിയിൽ നടപ്പിലാക്കിവരുന്നു.

ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികൾ

പുഴകൾ, നദികൾ, കുളങ്ങൾ ഉൾപ്പെടെയുള്ള ജലസ്രോതസ്സുകളിൽ നിന്നും സ്വഭാവിക രീതിയിൽ ജലം ജലസേചനത്തിന് സാധ്യമാകാത്ത അവസരത്തിൽ പമ്പ് ഉപയോഗിച്ച് ലിഫ്റ്റ് ചെയ്ത് ജലസേചനത്തിനുപയോഗിക്കുന്ന പദ്ധതികളാണ് ഈ വിഭാഗത്തിൽ വരുന്നത്. കുറഞ്ഞത് 40.0 ഹെക്ടർ കൃഷി പ്രദേശത്തിന് പ്രയോജനകരമായ പദ്ധതികൾ ഈ വിഭാഗത്തിൽ ഉൾപ്പെടുത്താവുന്നതാണ്. ജില്ലയിൽ ജലസേചന വകുപ്പിൻെറ മേൽനോട്ടത്തിൽ ഇത്തരത്തിലുള്ള ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികൾ നിലവിലില്ല.

ചെറുകിട ജലസേചനം ക്ലാസ് I പദ്ധതികൾ

50 ഹെക്ടർ മുതൽ 2000 ഹെക്ടർ വരെയുള്ള കൃഷി പ്രദേശത്തിന് പ്രയോജനം ലഭിക്കുന്ന തരത്ത്ിൽ കുളങ്ങളുടെ നിർമമാണവും പുനരുദ്ധാരണവും തടയണകളുടെ നിർമ്മാണം, ക്രോസ്സ് ബാർ നിർമ്മാണം എന്നിവ ഈ വിഭാഗത്തിൽ പെടുന്നു.

ചെറുകിട ജലസേചനം ക്ലാസ് II പദ്ധതികൾ

50 ഹെക്ടറിൽ താഴെ വരുന്ന കൃഷി പ്രദേശത്തിന് പ്രയോജനം ലഭിക്കുന്ന തരത്തിൽ ചെറുകുളങ്ങൾ, തോടുകൾ, തടയണകൾ, ക്രോസ്സ് ബാർ എന്നിവയുടെ നിർമ്മാണം ഈ വിഭാഗത്തിൽപ്പെടുന്നു.

ചെറുകിട ജലസേചന നിർമ്മിതികളുടെ പുനരുദ്ധാരണ പദ്ധതികൾ

കാലപഴക്കം മൂലം നവീകരണം ആവശ്യമായ ക്രോസ്സ് ബാറുകൾ, തടയണകൾ, മറ്റ് ചെറുകിട ജലസേചന നിർമ്മിതികൾ എന്നിവയുടെ പുനരുദ്ധാരണം ഈ വിഭാഗത്തിൽ ഉൾപ്പെടുത്തി ഏറ്റെടുക്കാവുന്നതാണ്.

കുളങ്ങളുടെയും ചിറകളുടെയും നവീകരണം

നടപ്പു സാമ്പത്തിക വർഷത്തിൽ സംസ്ഥാന ആവിഷ്കൃത പദ്ധതികളിൽ കുളങ്ങളുടെയും ചിറകളുടെയും നവീകരണം എന്ന ശീർഷകത്തിൻകീഴിൽ 69 കുളങ്ങളുടെ നവീകരണത്തിനായി 204.10 ലക്ഷം രൂപയുടെ ഭരണാനുമതി ലഭ്യമായിട്ടുണ്ട്. പ്രസ്തുത പ്രവൃത്തികൾ യുദ്ധകാലാടിസ്ഥാനത്തിൽ ഏറ്റെടുത്ത് നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നുണ്ട്.

കൂടാതെ ചെറുകിട ജലസേചന നിർമ്മിതികളുടെ പുനരുദ്ധാരണ പദ്ധതികൾ എന്ന ശീർഷകത്തിൻ കീഴിൽ വി.സി.ബി കൾ ചെക്ക് ഡാമുകൾ എന്നിവയുടെ നവീകരണത്തിനായി 25 പ്രവൃത്തികൾക്ക് വേണ്ടി 1,07,26,000 രൂപയുടെ നിർദ്ദേശങ്ങളും സമർപ്പിച്ചിട്ടുണ്ട്.

സംസ്ഥാനാവിഷ്കൃത പദ്ധതികളിൽ മുൻവർഷങ്ങളെ അപേക്ഷിച്ച് നടപ്പു സാമ്പത്തിക വർഷത്തിൽ കൂടുതൽ പങ്കാളിത്തം നേടിയെടുക്കാൻ കഴിഞ്ഞിട്ടുണ്ട്. മേൽ സൂചിപ്പിച്ച രണ്ട് പദ്ധതികളിലുമായി ലഭിച്ച വിഹിതം മുൻവർഷങ്ങളേക്കാൾ വളരെ മെച്ചപ്പെട്ട നിലയിലാണ്.

5.4.മൃഗസംരക്ഷണം

(എ) കേന്ദ്രാവിഷ്കൃത പദ്ധതികൾ

- എസ്.സി.എ റ്റു എസ്.സി.പി ആട് വളർത്തൽ പദ്ധതി

  100 ഉപഭോക്താക്കൾക്ക് 5 ആടുകൾ വീതം 500 പെണ്ണാടുകളെ വിതരണം ചെയ്യുന്നതാണ് പദ്ധതി.

- നാഷണൽ ലൈവ് സ്റ്റോക്ക് മിഷൻ

  ഈ പദ്ധതി പ്രകാരം പശുക്കളെ പൊതു വിഭാഗത്തിന് പ്രീമിയത്തിന്റെ 50% എന്ന നിരക്കിലും എസ്.സി/എസ്.റ്റി വിഭാഗത്തിന് 70% എന്ന നിരക്കിലും സബ്സിഡി അനുവദിക്കുന്നു.

- ഗോരക്ഷാ പദ്ധതി

  കന്നുകാലികളിലെ കുളമ്പുരോഗത്തിനെതിരായി ഓരോ ആറുമാസം ഇടവിട്ട് പ്രതിരോധ കുത്തിവെപ്പ് നടത്തി വരുന്നു.

- അസ്ക്കാഡ് പദ്ധതി

നായ്ക്കളിലെ പേവിഷ പ്രതിരോധ കുത്തിവയ്പ്പ് (റാബീസ് ഫ്രീ കേരളവാക്സിനേഷൻ പ്രോഗ്രാം) കോഴികളിലും താറാവുകളിലും കാണപ്പെടുന്ന വസന്ത രോഗത്തിനെതിരെയുള്ള പ്രതിരോധ കുത്തിവയ്പ്പ് വർഷത്തിലൊരിക്കൽ നടത്തി വരുന്നു.

- ആട് വസന്ത പ്രതിരോധ പദ്ധതി

  ആടുകളിൽ ആട് വസന്തക്കെതിരെയുള്ള പ്രതിരോധ കുത്തിവയ്പ്പ് വർഷത്തിലൊരിക്കൽ നടത്തി വരുന്നു.

- ബ്രൂസല്ല രോഗ നിയന്ത്രണ പദ്ധതി

  കന്നുകാലികളിലെ ബ്രൂസല്ല രോഗത്തിനെതിരെയുള്ള പ്രതിരോധ കുത്തിവയ്പ്പ്. ഇതും വാർഷിക കാഫ് ഹുഡ് വാക്സിനേഷൻ നടത്താൻ പദ്ധതിയുണ്ട്.

നിർദ്ദേശങ്ങൾ

- നിലവിൽ വളരെക്കുറച്ച് കർഷകർക്കു മാത്രമേ നാഷണൽ ലൈവ് സ്റ്റോക്ക് മിഷൻ ആനുകൂല്യം ലഭിക്കുന്നുള്ളൂ. ഈ പദ്ധതി എല്ലാ കറവ പശുക്കൾക്കും ലഭിക്കത്തക്ക വിധം വ്യാപിപ്പിക്കേണ്ടതാണ്.
- ജില്ലയിൽ തിരഞ്ഞെടുക്കുന്ന വ്യക്തികൾക്ക് 19 പെണ്ണാടും ഒരു മുട്ടനാടും അടങ്ങുന്ന പ്രജനന യൂണിറ്റുകൾ കൂടുതൽ ഉത്തമമായിരിക്കും
- ജില്ലയിലെ മുഴുവൻ സ്കൂളിലും സ്കൂൾ പൗൾട്രി ക്ലബ് പദ്ധതി നടപ്പിലാക്കുക.
- ജനിച്ച പശുക്കുട്ടികളെ മുഴുവൻ ഗോവർദ്ധിനി, എസ്.എൽ.ബി.പി പദ്ധതിയിൽ ഉൾപ്പെടുത്തുക.
- മൃഗസംരക്ഷണ പരിശീലന കേന്ദ്രം വഴി സംരംഭകത്വ പരിശീലനം സംഘടിപ്പിക്കുകയും സന്നദ്ധതയുള്ള സംരംഭകർക്ക് ക്യാപ്പിറ്റൽ ഇൻവെസ്റ്റ്മെന്റ് സബ്സിഡി നൽകുകയും ചെയ്യുക.
- ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അനിമൽ ഹെൽത്ത് ആന്റ് വെറ്റിനറി ബയോളജിക്കൽസിലെ സൗകര്യങ്ങൾ മെച്ചപ്പെടുത്തി കുളമ്പ് രോഗ പ്രതിരോധ മരുന്ന് ഉല്പാദിപ്പിക്കുന്നതിനുള്ള നടപടികൾ.
- പ്രകൃതിക്ഷോഭങ്ങൾ മുലമുണ്ടാകുന്നതുൾപ്പെടെയുള്ള ദുരന്തങ്ങൾ സംഭവിക്കുമ്പോൾ സത്വര നടപടികൾ സ്വീകരിക്കുന്നതിന് മൃഗസംരക്ഷണ മേഖലയിൽ ജില്ലാതലത്തിൽ ഒരു ദുരന്ത നിവാരണ സെൽ രൂപീകരിക്കുക.

5.5 മത്സ്യ മേഖല

കേന്ദ്ര, സംസ്ഥാനാവിഷ്കൃത പദ്ധതികൾ

പന്ത്രണ്ടാം പദ്ധതി (2012–13 മുതൽ 2016–17) കാലയളവിൽ ജില്ലയിലെ മത്സ്യമേഖലാ വികസനത്തിനായി വിവിധ സ്രോതസ്സുകളിൽ നിന്നുള്ള അടങ്കൽ തുക 13460.07 ലക്ഷം രൂപയാണ്. ഇതിൽ 69 ശതമാനം തുക മാത്രമേ വിനിയോഗിച്ചിട്ടുള്ളു. പട്ടിക ചുവടെ ചേർക്കുന്നു.

പട്ടിക:5.5.1

പദ്ധതി അടങ്കലും വിനിയോഗവും – തിരുവനന്തപുരം മത്സ്യമേഖല

(തുക ലക്ഷം രൂപയിൽ)

ക്രമ നം.	സ്രോതസ്സ്	അടങ്കൽ						വിനിയോഗം	
		2012–13	2013–14	2014–15	2015–16	2016–17	ആകെ	ആകെ	%
1	കേന്ദ്രാവിഷ്കൃത പദ്ധതി	695.50	561.65	1009.25	582.53	191.98	3041.41	2520.48	82.87
2	പ്ലാൻ ഫണ്ട്	403.29	499.92	1176.43	1777.19	3839.38	7696.22	5591.46	72.65
3	തദ്ദേശസ്വയം ഭരണസ്ഥാപനങ്ങൾ								
	തീരദേശ ഗ്രാമ പഞ്ചായത്തുകൾ	133.88	120.12	92.61	93.33	83.25	523.19	335.39	64.0
	തീരദേശമല്ലാത്ത ഗ്രാമപഞ്ചായത്തുകൾ	23.45	29.44	53.19	90.75	133.98	330.81	133.96	40.00
	ആകെ ഗ്രാമപഞ്ചായത്തുകൾ	157.33	149.56	145.80	184.08	217.23	854.00	469.35	55.00
	ബ്ലോക്ക് പഞ്ചായത്തുകൾ	0	1.00	15.85	0	20.00	36.86	2.00	5.00
	ജില്ലാ പഞ്ചായത്തുകൾ	30.00	42.05	31.00	25.38	43.99	172.42	138.44	80.00

	മുനിസിപ്പാലിറ്റി	24.17	44.59	15.53	19.00	70.12	173.40	47.78	28.00
	കോർപ്പറേഷൻ	77.89	178.11	359.50	549.62	320.62	1485.75	471.02	32.00
	ആകെ (3)	289.39	415.31	567.68	778.08	671.96	2722.44	1128.59	41.00
4	ആകെ മൊത്തം[(1) + (2) + (3)]	1388.18	1476.88	2753.36	3137.80	4703.32	13460.07	9240.53	68.65
5	മത്സ്യത്തൊഴിലാളി ജനസംഖ്യ								1,70,114
6	ആളോഹരി തുക –രൂപ[(4) ÷ (5)]						7912.38	5431.96	68.65
7	ആളോഹരി പ്രതിവർഷ തുക – രൂപ [(7) ÷ (5)]						1582.48	1086.39	68.65

(അവലംബം : 1. മത്സ്യവകുപ്പ്, 2. ഐ.കെ.എം. – സുലേഖ സോഫ്റ്റ് വെയർ)

ഒരു മത്സ്യത്തൊഴിലാളിക്ക് ശരാശരി ഒരു വർഷം വകയിരുത്തിയിരുന്നത് 1582 രൂപയാണ്. അതിൽ ചെലവഴിച്ചത് 1086 രൂപ മാത്രം.

5.6 വാണിജ്യം, വ്യവസായം, സ്വയംതൊഴിൽ സംരംഭങ്ങൾ, സഹകരണ മേഖല

(എ) കേന്ദ്രാവിഷ്കൃതപദ്ധതികൾ

കേന്ദ്രാവിഷ്കൃത പദ്ധതികളായ പ്രധാനമന്ത്രിയുടെ തൊഴിൽദായക പദ്ധതി (പി.എം.ഇ.ജി.പി), വ്യവസായ ക്ലസ്റ്ററുകളുടെ രൂപീകരണം, സംരംഭങ്ങളുടെ രജിസ്ട്രേഷൻ (ഉദ്യോഗാധാർ ഫയലിംഗ്) എന്നിവ ജില്ലയിൽ നടപ്പിലാക്കി വരുന്നു.

➢ പ്രധാനമന്ത്രിയുടെ തൊഴിൽദായക പദ്ധതി (പി.എം.ഇ.ജി.പി)

സൂക്ഷ്മ സംരംഭങ്ങൾ ആരംഭിച്ചുകൊണ്ട് കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുക എന്ന ലക്ഷ്യത്തോടെ 2008–09 മുതൽ പ്രോജക്ട് തുകയുടെ 25% മുതൽ 35% വരെ മാർജിൻമണി അനുവദിച്ചുകൊണ്ട് പി.എം.ഇ.ജി.പി എന്ന പദ്ധതി നടപ്പിലാക്കി വരുന്നു. ജില്ലാവ്യവസായകേന്ദ്രം, ഖാദി ഗ്രാമ വ്യവസായ ബോർഡ് എന്നിവ വഴിയാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്. കഴിഞ്ഞ അഞ്ചുവർഷമായുള്ള ഈ പദ്ധതിയുടെ പുരോഗതി ചുവടെ ചേർക്കുന്നു.

Fig: 5. 1

പ്രധാനമന്ത്രിയുടെ തൊഴിൽദായക പദ്ധതി– വിശദാംശങ്ങൾ



അഭ്യസ്തവിദ്യരായ തൊഴിൽരഹിതരുടെ എണ്ണം വർദ്ധിച്ച് വരികയാണ്. കൂടാതെ ഗൾഫ് രാജ്യങ്ങളിൽ സ്വദേശിവത്കരണത്തിന്റെ ഭാഗമായി തൊഴിൽ നഷ്ടപ്പെട്ട പ്രവാസികളുടെ എണ്ണം അനുദിനം വർദ്ധിച്ചുവരുന്നു. ഈ സാഹചര്യത്തിൽ പി.എം.ഇ.ജി.പി. പദ്ധതിയിൽ ഇപ്പോൾ നൽകിയിട്ടുള്ള ജില്ലാതല ലക്ഷ്യം വർദ്ധിപ്പിക്കേണ്ടത് അനിവാര്യമാണ്. അംബേദ്കർ ഹസ്ത ശിൽപ്പവികാസ് യോജന ഹാന്റി ക്രാഫ്റ്റ്മെഗാ ക്ലസ്റ്റർ, മാർക്കറ്റിംഗ് സപ്പോർട്ട് &

സർവ്വീസ്, ഹാന്റീക്രാഫ്റ്റ് റിസർച്ച് & ഡെവലപ്മെന്റ് എന്നീ പദ്ധതികളിൽ മതിയായ പ്രവർത്തനം കാഴ്ചവയ്ക്കാൻ ജില്ലയ്ക്ക് കഴിഞ്ഞിട്ടില്ല. ഈ പദ്ധതികൾ ഫലപ്രദമായി നടപ്പിലാക്കുന്നതിനായി ബന്ധപ്പെട്ട ഏജൻസികൾ ഇക്കാര്യത്തിൽ മതിയായ ഇടപെടലുകൾ നടത്തി കേന്ദ്ര ഫണ്ടുകൾ ലഭ്യമാകുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

പി.എം.ഇ.ജി.പി യുടെ പദ്ധതി ചെലവിന്റെ പരിധി ഉൽപാദന മേഖലയ്ക്ക് 25 ലക്ഷത്തിൽ നിന്ന് 50 ലക്ഷത്തിലേക്കും സേവന മേഖലയ്ക്ക് 10 ലക്ഷത്തിൽ നിന്ന് 25 ലക്ഷത്തിലേക്കും ഉയർത്തുന്നത് കൂടുതൽ മെച്ചപ്പെട്ട സംരംഭങ്ങൾ ആരംഭിക്കുന്നതിന് സഹായകമാകും.

കൈത്തറി മേഖലയിലെ സംരംഭകരെയും സഹകരണ സംഘങ്ങളെയും സംയോജിപ്പിച്ചു കൊണ്ട് ബാലരാമപുരം കേന്ദ്രമാക്കി ഒരു കൈത്തറി ക്ലസ്റ്റർ പ്രവർത്തിച്ചു വരുന്നു. പപ്പട നിർമ്മാണ യൂണിറ്റുകളെ ഏകോപിപ്പിച്ചുകൊണ്ട് നെയ്യാറ്റിൻകര കേന്ദ്രമാക്കി ഒരു ക്ലസ്റ്റൽ രൂപീകരിക്കുന്നതിനുള്ള നടപടിക്രമങ്ങൾ പുരോഗമിച്ചു വരുന്നു. കൂടാതെ ജനറൽ എഞ്ചിനീയറിംഗ് മേഖലയിലും ക്ലസ്റ്റർ രൂപീകരിക്കുന്നതിനുള്ള സാധ്യത ഉണ്ട്. ഒരു പ്രത്യേക ഭൂപ്രദേശം കേന്ദ്രീകരിച്ച് രൂപീകരിക്കപ്പെടുന്ന ക്ലസ്റ്ററുകൾക്ക് കേന്ദ്രപദ്ധതിയുടെ ഭാഗമായി അസംസ്കൃത വസ്തുക്കളുടെ ബാങ്ക്, പൊതുസേവന കേന്ദ്രം, വിപണന കേന്ദ്രം എന്നിവയ്ക്ക് ധനസഹായം ലഭ്യമാകുന്നതാണ്.

സംരംഭങ്ങളുടെ രജിസ്ട്രേഷന് ഇപ്പോൾ ഉദ്യോഗാധാർ എന്ന ഓൺലൈൻ ഫയലിംഗ് സംവിധാനമാണുള്ളത്. എന്നാൽ ഇത് നിർബന്ധമല്ലാത്തതിനാൽ സംരംഭങ്ങളെ കുറിച്ചുള്ള മുഴുവൻ സ്ഥിതി വിവര കണക്കുകളും ലഭ്യമല്ല. ഉദ്യോഗാധാർ ഫയലിംഗ് നിർബന്ധമാക്കുന്നത് വിവര ശേഖരണത്തിന് കൂടുതൽ സഹായകരമാകും.

(ബി) സംസ്ഥാന പദ്ധതികൾ

സംസ്ഥാന പദ്ധതികളായി നടപ്പിലാക്കി വരുന്ന സംരംഭകത്വ സഹായ പദ്ധതി, ഇന്റൻസീവ് ഇൻഡസ്ട്രിയലൈസേഷൻ പ്രോഗ്രാം എന്നിവയാണ് സംരംഭകത്വ സഹായ പദ്ധതിയിലൂടെ ഉല്പാദന സംരംഭകങ്ങൾക്ക് സ്ഥിര നിക്ഷേപത്തിന്റെ 30% വരെ (പരമാവധി 30 ലക്ഷം രൂപ) നിക്ഷേപ സഹായമായി നൽകുന്നു. സംരംഭകത്വ സഹായ പദ്ധതി പ്രകാരം ഉൽപ്പാദന മേഖലയിൽ പ്രവർത്തിക്കുന്ന വിവിധ സംരംഭങ്ങൾക്കായി കഴിഞ്ഞ അഞ്ച് സാമ്പത്തിക വർഷങ്ങളിൽ താഴെ പറയും വിധം സബ്സിഡി അനുവദിച്ചു നൽകിയിട്ടുണ്ട്.

Fig: 5.2

സംരംഭകത്വ സഹായ പദ്ധതി പ്രകാരം ഉൽപ്പാദന മേഖലയിൽ പ്രവർത്തിക്കുന്ന വിവിധ സംരംഭങ്ങൾ



സംരംഭകത്വ സഹായ പദ്ധതിയുടെ പരിധിയിൽ നിന്ന് സേവന മേഖലയിൽ പ്രവർത്തിക്കുന്ന സംരംഭങ്ങളെ ഒഴിവാക്കിയിട്ടുണ്ട്. ഉൽപാദന മേഖലയിൽ പ്രവർത്തിക്കുന്ന സംരംഭങ്ങൾക്ക് മാത്രമേ ടി പദ്ധതി പ്രകാരം സാമ്പത്തിക സഹായത്തിന് അർഹതയുള്ളൂ. അർഹമായ സംരംഭങ്ങളെ കണ്ടെത്തുന്നതിന് ബുദ്ധിമുട്ട് അനുഭവപ്പെടുന്നുണ്ട്. രജിസ്ട്രേഷൻ സമ്പ്രദായം നിറുത്തലാക്കിയതിനാൽ പുതുതായി ആരംഭിക്കുന്ന സംരംഭങ്ങളെക്കുറിച്ചുള്ള

വിവരം ശേഖരിക്കാൻ ബുദ്ധിമുട്ടുണ്ട്. അപേക്ഷിക്കുന്നതിനുള്ള സങ്കീർണ്ണത പല സംരംഭകരെയും അപേക്ഷ സമർപ്പിക്കുന്നതിൽ നിന്ന് പിന്തിരിപ്പിക്കുന്നു.

ഐ. ഐ. പി– ഇന്റൻസീവ് ഇൻഡസ്ട്രിയലൈസേഷൻ പ്രോഗ്രാം

നിലവിൽ ജില്ലയിൽ വ്യവസായ വകുപ്പിന് കീഴിൽ പരിശീലന കേന്ദ്രങ്ങളൊന്നും പ്രവർത്തിക്കുന്നില്ലയെങ്കിലും ജില്ലാ വ്യവസായ കേന്ദ്രത്തിൽ വിവിധ പരിശീലന പദ്ധതികൾ നടപ്പിലാക്കുന്നുണ്ട്. അവയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

വ്യവസായ വികസനത്തിനായി നവസംരംഭകരെ സജ്ജരാക്കുന്നത് ഇന്റൻസീവ് ഇൻഡസ്ട്രിയലൈസേഷൻ പ്രോഗ്രാം എന്ന പേരിൽ വിവിധ പരിശീലന പരിപാടികൾ വ്യവസായ വകുപ്പ് വഴി നടപ്പാക്കി വരുന്നു.

ഇ. എ. പി– സംരംഭകത്വ ബോധവൽകരണ പരിപാടി

വിദ്യാർത്ഥികളിൽ സംരംഭകത്വ ആശയത്തെ കുറിച്ച് അറിവ് പകരുന്നതിനും സംരംഭകത്വ മനോഭാവം വളർത്തിയെടുക്കുന്നതിനുമായി സംസ്ഥാനത്തെ ആർട്സ് & സയൻസ് കോളേജുകൾ, പോളി ടെക്നിക്കുകൾ, ഐ.റ്റി.ഐ –കൾ എന്നിവിടങ്ങളിൽ സംരംഭകത്വ ബോധവത്കരണ പരിപാടികൾ 2016–17 മുതൽ സംഘടിപ്പിച്ച് വരുന്നു. വിദ്യാർത്ഥികളിൽ നിന്നും വളരെ നല്ല പ്രതികരണമാണ് ലഭിച്ചുവരുന്നത്.

എന്റർപ്രണർഷിപ്പ് ഡെവലപ്മെന്റ് ക്ലബുകൾ

വിദ്യാർത്ഥികളിൽ സംരംഭകത്വ മനോഭാവം വളർത്തിയെടുക്കുന്നതിനായി വിദ്യാലയങ്ങളിൽ ഇ. ഡി. ക്ലബ്ബുകൾ ആരംഭിച്ചു പ്രവർത്തിച്ചു വരുന്നു. കലാലയങ്ങളിലെ പ്രിൻസിപ്പൽ, പ്രോഗ്രാം കോർഡിനേറ്റർ എന്നിവരുടെ നേതൃത്വത്തിൽ സംരംഭക തല്പരരായി വിദ്യാർത്ഥികളെ ഉൾപെടുത്തി ക്ലബുകൾ രൂപീകരിച്ചു പ്രവർത്തിച്ചു വരുന്നു. ഈ ക്ലബുകളിലൂടെ സംരംഭകത്വ ബോധവത്കരണ ക്ലാസുകൾ, ചർച്ചകൾ, സെമിനാറുകൾ, വ്യവസായ യൂണിറ്റ് സന്ദർശനങ്ങൾ മുതലായവ നടത്തി വരുന്നു. ഇതിന്റെ ഓരോ ക്ലബിനും 6,000 രൂപ വീതം രണ്ടു ഗഡു അനുവദിച്ചു നൽകുന്നു. ഈ വർഷം മുതൽ ആയത് 10,000 രൂപ വീതമുള്ള രണ്ടു ഗഡുക്കളായി വർദ്ധിപ്പിച്ചിട്ടുണ്ട്.

നിക്ഷേപക സംഗമം

നവസംരംഭകരെ കണ്ടെത്തി പ്രോത്സാഹനം നൽകുന്നതിൽ താലൂക്ക് തലത്തിലും ജില്ലാ തലത്തിലും നിക്ഷേപക സംഗമങ്ങൾ നടത്തിവരുന്നു. മികച്ച സംരംഭകരെ കണ്ടെത്തി താലൂക്ക്തല നിക്ഷേപക സംഗമങ്ങൾ സംഘടിപ്പിക്കുന്നു. പ്രസ്തുത സംഗമങ്ങളിൽ നിന്നും തെരഞ്ഞെടുക്കപ്പെടുന്ന സംരംഭകരെ ഉൾപെടുത്തി ജില്ലാതല നിക്ഷേപകസംഗമങ്ങൾ നടത്തുന്നു. ഈ സംഗമങ്ങളിൽ വച്ച് സംരംഭകർ സമർപ്പിക്കുന്ന പ്രോജക്ടുകളുടെ സാമ്പത്തിക, സാങ്കേതിക സാധ്യതകൾ പരിശോധിക്കുകയും വായ്പാ അനുമതികൾ നൽകുകയും ചെയ്യുന്നു.

സംരംഭകത്വ വികസന പ്രോഗ്രാമുകൾ

നവസംരംഭകർക്ക് സംരംഭകത്വത്തിലും മാനേജ്മെന്റ് മേഖലയിലും ആവശ്യമായ പരിശീലനം നൽകി കൂടുതൽ കാര്യക്ഷമതയുള്ളവരാക്കുന്നതിന് രണ്ടാഴ്ച നീണ്ടു നിൽക്കുന്ന സംരംഭകത്വ വികസന പ്രോഗ്രാമുകൾ ജില്ലാതലത്തിൽ നടത്തി വരുന്നു.

ടെക്നോളജി ക്ലിനിക്കുകൾ

നിലവിൽ സംരംഭങ്ങൾ നടത്തുന്നവർക്ക് നവസംരംഭകർക്കും തങ്ങളുടെ മേഖലയിൽ കൂടുതൽ അറിവു പകരുന്നതിനായി ജില്ലാതലത്തിൽ രണ്ടു ദിവസത്തെ ടെക്നോളജി ക്ലിനിക്കുകൾ സംഘടിപ്പിച്ചു വരുന്നു. തെരഞ്ഞെടുത്ത മേഖലയിലെ വിദഗ്ദ്ധർ, വിജയികളായ സംരംഭകർ എന്നിവർ തങ്ങളുടെ അനുഭവങ്ങൾ പങ്കുവയ്ക്കുകയും സംരംഭകർക്കാവശ്യമായ സാങ്കേതിക അറിവ് പകരുകയും ചെയ്യുന്നു.

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ അദ്ധ്യക്ഷന്മാർക്കും സെക്രട്ടറിമാർക്കുമുള്ള ബോധവൽകരണ ശില്പശാല

വ്യവസായവൽകരണത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പങ്ക് വളരെ വലുതാണ്. വ്യവസായ വികസനത്തിലൂടെ നാടിന്റെ പുരോഗതി സാധ്യമാക്കുന്നതിനായി തദ്ദേശ സ്വയംഭരണ പ്രതിനിധികളുടെ സഹായവും സഹകരണവും ഉറപ്പുവരുത്തുന്നതിനായി അദ്ധ്യക്ഷന്മാർക്കും സെക്രട്ടറിമാർക്കുമായി സംസ്ഥാനത്തെ ഓരോ ജില്ലയിലും രണ്ടു

ബോധവത്കരണ ശില്പശാലകൾ വീതം ഈ വർഷം മുതൽ സംഘടിപ്പിക്കുന്ന പദ്ധതി ആരംഭിച്ചിട്ടുണ്ട്.

ഇൻകുബേഷൻ സെന്ററുകൾ

നൂതന ആശയങ്ങളുമായി വരുന്ന സംരംഭകർക്ക് ആവശ്യമായ പ്രാഥമിക സഹായങ്ങൾ നൽകി തങ്ങളുടെ ആശയങ്ങളെ വികസിപ്പിച്ച് സംരംഭങ്ങളാക്കി മാറ്റുന്നതിനായി ഇൻകുബേഷൻ സെന്ററുകൾ ആരംഭിച്ച് നടപ്പാക്കി വരുന്നു. പ്രാരംഭ ഘട്ടമായി എല്ലാ ജില്ലാ വ്യവസായ കേന്ദ്രങ്ങളോടും ചേർന്ന് മിനി ഇൻകുബേഷൻ സെന്ററുകൾ ആരംഭിച്ചിട്ടുണ്ട്. ഇവിടെയെത്തുന്ന സംരംഭകർക്ക് പ്രോജക്ട് തയ്യാറാക്കൽ, വായ്പാ ലഭ്യത, അസംസ്കൃത സാധനങ്ങളുടെ ലഭ്യത, സാങ്കേതികവിദ്യ എന്നിവയെ കുറിച്ചുള്ള അറിവ് നൽകുകയും ഇന്റർനെറ്റ് സൗകര്യം ലഭ്യമാക്കുകയും ചെയ്യുന്നു

കാഡ്കോ

കാർപ്പന്ററി, ബ്ലാക്ക്സ്മിത്ത്, ഗോൾഡ്സ്മിത്ത്, കോപ്പർ സ്മിത്ത്, ബെൽ മെറ്റൽ, പോട്ടറി, തുകൽ ഉൽപന്ന നിർമ്മാണം തുടങ്ങിയ മേഖലകളിൽ പണിയെടുക്കുന്നവർക്കാവശ്യമായ സഹായ സഹകരണങ്ങൾ നൽകുക, ഈ മേഖലയുടെ പുരോഗതിക്കായി പദ്ധതികൾ ആവിഷ്ക്കരിക്കുക എന്നീ ലക്ഷ്യത്തോടെ 1981-ൽ രൂപീകൃതമായ കേരള ആർട്ടിസാൻസ് ഡെവലപ്മെന്റ് കോർപ്പറേഷന്റെ (കാഡ്ക്കോ) ആസ്ഥാനം തിരുവനന്തപുരം ജില്ലയിലാണ്.

സുരഭി

കരകൗശല സഹകരണ സംഘങ്ങളുടെ അപ്പക്സ് സംഘമായ സുരഭിക്ക് സ്വന്തം ഉടമസ്ഥതയിൽ കോവളത്ത് മൂന്ന് നില കെട്ടിടത്തിൽ (5,000 സ്ക്വയർഫീറ്റിൽ താഴെ) ഒരു സെയിൽസ് കൗണ്ടർ മാത്രമേ പ്രവർത്തിക്കുന്നുള്ളൂ. 2, 3 നിലകൾ ഉപയോഗിക്കാതെ കിടക്കുന്ന അവസ്ഥയിലാണ്. 2-ാം നിലയിൽ ട്രെയിനിംഗ് സെന്ററും മൂന്നാം നിലയിൽ ട്രെയിനികൾക്ക് താമസസൗകര്യം ക്രമീകരിക്കുന്ന തരത്തിലുള്ള പ്രോജക്ട് ത്രിതല പഞ്ചായത്തുകളുടെ സംയുക്ത പ്രോജക്ടായി പരിഗണിച്ച് നടത്താവുന്നതാണ്. കോവളം ഒരു വിനോദസഞ്ചാര മേഖലയായതിനാൽ ഇവിടെയെത്തുന്ന വിനോദസഞ്ചാരികൾക്ക് ഉല്പന്ന നിർമ്മാണം നേരിട്ട് കണ്ട് ഉല്പന്ന വിപണനം നടത്താവുന്നതാണ്. ഇത് വിനോദ സഞ്ചാര മേഖലയിലും പുത്തനുണർവ്വ് ഉണ്ടാക്കുന്നതാണ്.

സംരംഭകത്വ സഹായ പദ്ധതിയിലുള്ള സഹായം സേവന സംരംഭങ്ങൾക്കും കൂടി ലഭ്യമാക്കേണ്ടതാണ്. കൂടാതെ നടപടി ക്രമങ്ങളും ലഘൂകരിക്കേണ്ടതുണ്ട്. പ്രത്യേകിച്ച് സമർപ്പിക്കേണ്ട രേഖകളുടെ എണ്ണം പരിമിതപ്പെടുത്തേണ്ടതുണ്ട്. സംരംഭകത്വ ധനസഹായ പദ്ധതി ഉൾപ്പെടെയുള്ള വ്യവസായ വകുപ്പിന്റെ സഹായ പദ്ധതികൾ അർഹരായ എല്ലാ സംരംഭകരിലും എത്തുന്നില്ല. ആയത് പരിഹരിക്കാൻ ബ്ലോക്കുപഞ്ചായത്തുകൾ/ മുനിസിപ്പാലിറ്റികൾ/കോർപ്പറേഷൻ എന്നിവ കേന്ദ്രീകരിച്ച് വ്യവസായ വികസന ഓഫീസർമാരുടെ ചുമതലയിൽ ആ പ്രാദേശിക സർക്കാരിന്റെ കീഴിൽ തുടങ്ങുന്ന എല്ലാത്തരം സംരംഭങ്ങളുടെയും വിവരങ്ങൾ ഫയൽ ചെയ്യപ്പെടുന്ന ഒരു ഡേറ്റാ സെന്റർ ആരംഭിച്ച് ആ വിവരങ്ങളുടെ അടിസ്ഥാനത്തിൽ വകുപ്പിന്റെ സഹായങ്ങൾ നൽകുവാൻ കഴിയും.

സഹകരണ മേഖല

കേന്ദ്ര-സംസ്ഥാന പദ്ധതികൾ

2016-17 വർഷങ്ങളായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ 163 (6572 ലക്ഷം രൂപ) പ്രോജക്ടുകൾ വായ്പബന്ധിതമായി തയ്യാറാക്കിയതിൽ 7 (47,17,690/-രൂപ) പ്രോജക്ടുകൾ മാത്രമാണ് സഹകരണ സ്ഥാപനങ്ങൾ വഴി നടപ്പിലാക്കിയത്. തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ വാർഷിക പദ്ധതിയിൽ സഹകരണ സ്ഥാപനങ്ങളെ കൂടി ഉൾപ്പെടുത്തി ആസൂത്രണം നടപ്പാക്കിയാൽ സമഗ്ര വികസന ലക്ഷ്യങ്ങൾ നേടാൻ കഴിയും

ജില്ലയിലെ സഹകരണ സംഘം രജിസ്ട്രാറുടെ കീഴിലുള്ള സഹകരണ സംഘങ്ങൾക്ക് 2017-18 കാലയളവിൽ ബഡ്ജറ്റ് വിഹിതമായി 623.5 ലക്ഷം രൂപ ലഭ്യമായിട്ടുണ്ട്.

പട്ടിക:5.6.1

ജോയിന്റ് രജിസ്ട്രാർ കോ-ഓപ്പറേറ്റീവ്സിന് കീഴിലുള്ള സഹകരണ സംഘങ്ങൾ- 2017-18 പദ്ധതി അവലോകനം (തുക ലക്ഷം രൂപയിൽ)

ജില്ലയിലെ ഫണ്ട് വിവരങ്ങൾ	അനുവദിച്ച തുക	ചെലവ്
100% കേന്ദ്രവിഹിതം (NCDA അസിസ്റ്റൻസ്)	30.00	30.00

കാർഷിക വായ്പാസംഘങ്ങൾ /ബാങ്കുകൾ എന്നിവയ്ക്കുള്ള വായ്പാ സഹായം	155.00	10.00
ഉപഭോക്തൃ സഹകരണ സംഘങ്ങൾക്കും നീതി സ്റ്റോറുകൾക്കും സഹായം	10.5	
പ്രാഥമിക ഭവന നിർമ്മാണ സഹകരണ സംഘങ്ങൾക്ക് ഓഹരി മൂലധനസഹായം	4.00	3.00
മറ്റു സഹകരണസംഘങ്ങൾക്കുള്ള ധനസഹായം	35.00	33.00
സഹകരണ സംഘങ്ങളുടെ വികസനത്തിനും പുനരുദ്ധാരണത്തിനുമുള്ള ധനസഹായം	30.00	
ആർ.ഐ.ഡി.എഫ്	200.00	
പട്ടികജാതി പട്ടികവർഗ്ഗ സഹകരണ സംഘങ്ങളുടെ വികസനം	109.00	63.12
മാതൃകാസഹകരണസംഘങ്ങൾക്കുള്ള സഹായം	25.00	
വിപണന സഹകരണ സംഘങ്ങൾക്കായുള്ള സഹായം	25.00	
ആകെ	623.5	149.5

(അവലംബം: സഹകരണ സംഘം രജിസ്ട്രാറുടെ കാര്യാലയം 2017)

പ്രാഥമിക കാർഷിക സഹകരണ സംഘങ്ങളുടെ സഹായത്തിനായി 155 ലക്ഷം രൂപയും പ്രാഥമിക ഭവന സഹകരണ സംഘങ്ങളുടെ മൂലധനത്തിനായി 4 ലക്ഷം രൂപയും കൺസ്യൂമർ സഹകരണ സംഘങ്ങൾക്കും നീതി സ്റ്റോറുകൾക്കുമായി 10.8 ലക്ഷം രൂപയും മറ്റ് സംഘങ്ങൾക്കായി 35 ലക്ഷം രൂപയും എസ്.സി/എസ്.റ്റി സഹകരണ സംഘങ്ങൾക്കായി 109 ലക്ഷം രൂപയും ആർ.ഐ.ഡി.എഫ് ൽ 200 ലക്ഷം രൂപയും മോഡൽ സഹകരണ സംഘങ്ങൾക്കായി 25 ലക്ഷം രൂപയും കാർഷിക വിപണനത്തെ സഹായിക്കുന്നതിന് പ്രാഥമിക മാർക്കറ്റിംഗ് സഹകരണ സംഘങ്ങൾക്ക് 25 ലക്ഷം രൂപയും സഹകരണ മേഖലയുടെ വികസനത്തിനായി 30 ലക്ഷം രൂപയും ഉൾപ്പെടുന്നു. 2017 നവംബർ മാസം വരെ എസ്.സി/എസ്.റ്റി സഹകരണ സംഘങ്ങൾ 54.45 ലക്ഷം രൂപയും പ്രാഥമിക കാർഷിക സംഘങ്ങൾ 6 ലക്ഷം രൂപയും പ്രാഥമിക ഹൗസിംഗ് സഹകരണ സംഘങ്ങൾ 3 ലക്ഷം രൂപയും മറ്റ് സഹകരണ സംഘങ്ങൾ 30.5 രൂപയും ഉൾപ്പെടെ ആകെ 94.45 ലക്ഷം (15.91%) രൂപയാണ് ചെലവഴിച്ചത്.

നിർവ്വഹണം

സഹകരണവകുപ്പിന്റെ ഭരണനിയന്ത്രണത്തിലുള്ള സഹകരണ സ്ഥാപനങ്ങൾക്ക് വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി അനുവദിക്കുന്ന സാമ്പത്തിക സഹായങ്ങൾക്ക് വേണ്ടിയുള്ള പ്രോജക്ടുകൾ സംഘം തലത്തിൽ തയ്യാറാക്കി താലൂക്ക് തലത്തിൽ അസിസ്റ്റന്റ് രജിസ്ട്രാർ പരിശോധിച്ച് സംഘത്തിന്റെ പ്രവർത്തനം വിലയിരുത്തി ശുപാർശയോട് കൂടി ജില്ലാതലത്തിൽ ജോയിന്റ് രജിസ്ട്രാർക്ക് സമർപ്പിക്കുകയും ജോയിന്റ് രജിസ്ട്രാർ പ്രോജക്ടിന്റെ ഫീസിബിലിറ്റി പരിശോധിച്ച് സാക്ഷ്യപ്പെടുത്തി ശുപാർശയോടെ സഹകരണ രജിസ്ട്രാർ സർക്കാരിലേക്ക് സമർപ്പിക്കുന്ന പ്രോജക്ടുകൾ അംഗീകരിച്ച് സാമ്പത്തിക സഹായങ്ങൾ അനുവദിക്കുകയും തുക സംഘങ്ങൾക്ക് അനുവദിച്ചിട്ടുള്ള ബാങ്ക് അക്കൗണ്ടുകളിലൂടെ പിൻവലിച്ച് സംഘം സർക്കാരുമായുണ്ടാക്കിയിട്ടുള്ള എഗ്രിമെന്റ്/ടൂൾസ് വ്യവസ്ഥകൾ പാലിച്ചുകൊണ്ട് വിനിയോഗിക്കുകയുമാണ് ചെയ്തുവരുന്നത്. ഇങ്ങനെ വിനിയോഗിക്കുന്ന പദ്ധതികളുടെ മോണിറ്ററിംഗ് താലൂക്ക് തലത്തിൽ യൂണിറ്റ് ഇൻസ്പെക്ടർ/അസിസ്റ്റന്റ് രജിസ്ട്രാർ നടത്തി വിനിയോഗ സർട്ടിഫിക്കറ്റ് സർക്കാരിലേക്ക് സമർപ്പിക്കുന്നു.

നിലവിൽ സഹകരണ മേഖലയിൽ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി സാമ്പത്തിക സഹായങ്ങൾ അനുവദിക്കുന്നതിന് നിശ്ചയിച്ചിട്ടുള്ള ചട്ടങ്ങളും മാനദണ്ഡങ്ങളും ദശാബ്ദങ്ങൾക്ക് മുമ്പ് അന്നത്തെ സാമൂഹ്യ സാമ്പത്തിക ചുറ്റുപാടുക്കൾക്ക് അനുസരിച്ച് നിശ്ചയിച്ചിട്ടുള്ളവയാണ്. അവയിൽ കാലാനുസൃതമായ മാറ്റങ്ങൾ വരുത്തി നിശ്ചയിക്കേണ്ടതാണ്. സഹകരണ സ്ഥാപനങ്ങൾക്ക് ഓരോ പദ്ധതിക്കും വേണ്ടി അനുവദിക്കാൻ നിശ്ചയിച്ചിട്ടുള്ള തുകകളും കാലാനുസൃതമായി മാറ്റം വരുത്തേണ്ടതാണ്. ഉദാ. എസ്.എച്ച്.ജി ഗ്രൂപ്പുകൾക്ക് നൽകുന്ന സബ്സിഡി വെറും 1000 രൂപയും സംഘങ്ങൾക്ക് നൽകുന്ന ഓഹരി 1,00,000 രൂപയും. ഇതിനുള്ള പ്രൊപ്പോസൽ തയ്യാറാക്കുന്നതിന് ചെലവഴിക്കേണ്ടി വരുന്ന സാമ്പത്തിക ചെലവും ജീവനക്കാരുടെ സമയനഷ്ടവും നോക്കുമ്പോൾ കോടികൾ നിക്ഷേപ ബാക്കി നിൽക്കുന്ന സഹകരണ സ്ഥാപനങ്ങൾ ഇത്തരം പ്രൊപ്പോസൽ തയ്യാറാക്കാൻ വിമുഖത കാട്ടുന്നത് പദ്ധതി തുക പൂർണ്ണമായും ചെലവഴിക്കാൻ കഴിയാതെ വരുന്നു.

പട്ടികജാതി/പട്ടികവർഗ്ഗ സഹകരണ സംഘങ്ങളിലെ സെക്രട്ടറിമാർക്ക് ശമ്പളചെലവ് വഹിക്കുന്നതിന് അനുവദിക്കുന്ന മാനേജിരിയൽ സബ്സിഡി, കെട്ടിട മെയിന്റനൻസ് ഗ്രാന്റ് മുതലായ സാമ്പത്തിക സഹായങ്ങൾ വളരെ തുച്ഛമായതിനാൽ പദ്ധതി ലക്ഷ്യം പൂർത്തീകരിക്കാൻ കഴിയാതെ വരുന്നു.

സാമ്പത്തിക സഹായങ്ങൾ അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ സംഘങ്ങളിലെ പ്രവർത്തന നഷ്ടത്തിന് ഒരു പ്രധാന കാരണമാണ്. നഷ്ടത്തിൽ പ്രവർത്തിക്കുന്ന സംഘങ്ങളെ സാമ്പത്തിക സഹായങ്ങൾ അനുവദിക്കുന്നതിന് പരിഗണിക്കാറില്ല.

നിലവിൽ നൽകി വരുന്ന വാർഷികപദ്ധതി സഹായങ്ങൾ തൊഴിൽദായകമല്ല. ആകയാൽ സ്വയം സഹായ ഗ്രൂപ്പുകൾ വഴി തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കാൻ കഴിയുന്ന ബൃഹത് പദ്ധതികൾക്ക് മതിയായ സാമ്പത്തിക സഹായങ്ങൾ നൽകുന്നതിന് സർക്കാർ തലത്തിൽ നടപടിയുണ്ടാകേണ്ടതാണ്.

5.7.ആരോഗ്യം

(എ) കേന്ദ്രാവിഷ്കൃതപദ്ധതികൾ

i. നാഷണൽ ഹെൽത്ത് മിഷൻ (എൻ.എച്ച്.എം) – ആരോഗ്യ കേരളം

തിരുവനന്തപുരം ജില്ലയിൽ വളരെ ഫലപ്രദമായ രീതിയിൽ ആരോഗ്യ മേഖലയിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന ഒരു കേന്ദ്ര പദ്ധതിയാണ്.

ii. നാഷണൽ പ്രോഗ്രാം ഫോർ പ്രിവൻഷൻ & കൺട്രോൾ ഓഫ് ഡഫ്നസ് (എൻ.പി.പി.സി.ഡി)

കേരളത്തിൽ 'ശ്രുതിതരംഗം' എന്ന പദ്ധതിയുമായി ബന്ധിപ്പിച്ചാണ് നടപ്പിലാക്കുന്നത്. ജില്ലയിൽ നല്ല രീതിയിൽ നടക്കുന്ന ഒരു പദ്ധതി കൂടിയാണിത്.

iii. നാഷണൽ പ്രോഗ്രാം ഫോർ കൺട്രോൾ ഓഫ് ബ്ലൈന്റ്നസ് (എൻ.പി.സി.ബി)

ജില്ലയിൽ ആരോഗ്യ മേഖലയിൽ ഒരു നോഡൽ ഓഫീസറുടെ കീഴിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന ഒരു കേന്ദ്ര പദ്ധതിയാണ്. പ്രാഥമികാരോഗ്യ കേന്ദ്ര തലത്തിൽ സേവനം എത്തിക്കാൻ പാകത്തിന് മൊബൈൽ യൂണിറ്റുകൾ ലഭ്യമല്ല. മരുന്നുകൾ അപര്യാപ്തമാണ്. മാത്രമല്ല ഓരോ പഞ്ചായത്തുകളിൽ നിന്നും കാഴ്ച വിശദമായി പരിശോധിച്ച് തിമിര ശസ്ത്രക്രിയയ്ക്ക് താലൂക്ക് ആശുപത്രി വരെ രോഗികളെ എത്തിക്കുന്നതിന് വിടവുകളുണ്ട്. ആവശ്യത്തിന് ഒപ്ടോമെട്രിസ്റ്റുകളുടെ സേവനം ഫീൽഡു തലത്തിൽ ലഭ്യമല്ല. സേവനം നൽകുന്ന ഒപ്ടോമെട്രിസ്റ്റുകൾക്കുള്ള ഉപകരണങ്ങളുടെ അപര്യാപ്തത. നിലവിലുള്ള മാർഗ്ഗ രേഖ പ്രകാരം ഉപകരണങ്ങൾ വാങ്ങുന്നതിന് പരിമിതികളുണ്ട്. എല്ലാ താലൂക്ക് ആശുപത്രികളിലും നേത്രശസ്ത്രക്രിയയ്ക്ക് ആവശ്യമായ തീയേറ്റർ സൗകര്യം ലഭ്യമല്ല. 3 താലൂക്ക് ആശുപത്രികളിലും ജില്ലാ ആശുപത്രികളിലും മാത്രമേ നേത്രശസ്ത്രക്രിയ സൗകര്യം നിലവിലുള്ളൂ. ആയതിനാൽ ജില്ലയിൽ പാറശ്ശാല, നെടുമങ്ങാട്, മലയിൻകീഴ്, ആറ്റിങ്ങൽ, വർക്കല, ഫോർട്ട്, നേമം എന്നിവിടങ്ങളിലും നേത്രശസ്ത്രക്രിയ സൗകര്യം ഒരുക്കേണ്ടതുണ്ട്.

iv. നാഷണൽ പ്രോഗ്രാം ഫോർ കൺട്രോൾ ഓഫ് നോൺ കമ്മ്യൂണിക്കബിൾ & കമ്മ്യൂണിക്കബിൾ ഡിസീസസ് (എൻ.വി.ബി.ഡി.സി.പി) + (എൻ.സി.ഡി.സി.പി)

എൻ.വി.ബി.ഡി.സി.പി. യുടെ കീഴിൽ പകർച്ചവ്യാധികൾക്ക് എതിരെയുള്ള പ്രതിരോധ പ്രവർത്തനങ്ങളും വെക്ടർ മുഖാന്തിരമുണ്ടാകുന്ന പകർച്ചവ്യാധികൾക്ക് വെക്ടർ കൺട്രോൾ പ്രോഗ്രാം – ഉറവിട നശീകരണ പ്രവർത്തനങ്ങൾ ശരിയാംവണ്ണം ചെയ്യുന്നതിലേക്കുള്ള പോരായ്മകൾ നിലനിൽക്കുന്നു. വായുജന്യ രോഗങ്ങൾ ഫലപ്രദമായി നിയന്ത്രിക്കാനായി സർവൈലൻസ് സംവിധാനങ്ങൾ ശക്തിപ്പെടുത്തുക. എല്ലാ വീടുകളിലും സാനിട്ടറി ടോയ്ലറ്റ്/ലാട്രിൻ സംവിധാനങ്ങൾ കൊണ്ടുവരേണ്ടതും ഭക്ഷ്യ വിഷബാധ നിയന്ത്രിക്കുന്നതിലേക്കായി സ്പോട്ട് ചെക്കിംഗ് സംവിധാനങ്ങൾ കൊണ്ടുവരികയും ഭക്ഷ്യസുരക്ഷ വിഭാഗം വഴി ഏകീകൃത നിലവാരം ഉയർത്തുന്നതിനുവേണ്ടിയുള്ള പ്രോട്ടോകോളുകൾ കൊണ്ടുവരികയും വേണം.

v.നാഷണൽ പ്രോഗ്രാം ഫോർ പ്രിവൻഷൻ & കൺട്രോൾ ഓഫ് ക്യാൻസർ, ഡയബറ്റിസ്, കാർഡിയോ വാസ്കുലാർ ഡിസീസസ് & സ്ട്രോക്ക് (എൻ.പി.സി.ഡി.സി.എസ്)

എൻ.പി.പി.പി പദ്ധതി വഴി സാമൂഹികമായും വിദ്യാഭ്യാസപരമായും ജനതയിൽ ആരോഗ്യപരമായ കാഴ്ചപ്പാടുകളുടെ പുതിയ ദിശാബോധം സൃഷ്ടിക്കുന്നതുവഴി ജീവിതശൈലിയിൽ മാറ്റം ഉണ്ടാക്കുക. കൂടാതെ സ്ഥിരമായി പകർച്ചേതര വ്യാധികളെ കണ്ടെത്തുന്നതിന് വേണ്ടിയിട്ടുള്ള സ്ക്രീനിംഗ് സംവിധാനം സൃഷ്ടിക്കുക. അതിലൂടെ പകർച്ചേതര വ്യാധികളുടെ നേരത്തെതന്നെയുള്ള രോഗനിർണ്ണയം നടത്തുകയും, ചികിത്സ നടപ്പിലാക്കുകയും ചെയ്യുന്നു. നിലവിൽ ആരോഗ്യ കുടുംബക്ഷേമ കേന്ദ്രങ്ങൾ വഴി രക്താതിമർദ്ദവും ബ്ലഡ് ഷുഗറും സ്ക്രീൻ ചെയ്യുന്ന സംവിധാനങ്ങൾ ഒരുവിധം നന്നായി ജില്ലയിൽ നടന്നുവരുന്നു.

vi. നാഷണൽ പൾസ് പോളിയോ പ്രോഗ്രാം (എൻ.പി.പി.പി) : എൻ.എച്ച്.എം. വഴി നടത്തപ്പെടുന്നു.

vii. രാഷ്ട്രീയ കിഷോർ സ്വാസ്ഥ്യ കാര്യക്രം (ആർ.കെ.എസ്.കെ):എൻ.എച്ച്.എം. വഴി നടത്തപ്പെടുന്നു.

viii. രാഷ്ട്രീയ ബാൽ സ്വാസ്ഥ്യ കാര്യക്രം (ആർ.ബി.എസ്.കെ): എൻ.എച്ച്.എം. വഴി നടത്തപ്പെടുന്നു.

ix.ജനനീ സുരക്ഷാ യോജന (ജെ.എസ്.വൈ)

ജില്ലയിൽ ഇപ്പോഴും വളരെ ചുരുക്കമായി പോലും വീടുകളിൽ പ്രസവം നടക്കുന്നതിനാൽ ഈ പദ്ധതി പൂർണ്ണമായിട്ടുള്ള വിജയം നേടുവാൻ സാധിച്ചിട്ടില്ല.

x. ജനനീ ശിശു സുരക്ഷാ കാര്യക്രം (ജെ.എസ്.എസ്.കെ)

ജില്ലയിലെ മുഴുവൻ പ്രസവ ചികിത്സാസൗകര്യമുള്ള സർക്കാർ ആശുപത്രികളിലും ഇത് നൽകി വരുന്നു.

xi.മിഷൻ ഇന്ദ്രധനുസ്സ്

പ്രതിരോധ കുത്തിവയ്പ് നൽകിയിട്ടില്ലാത്ത കുട്ടികളെ കണ്ടുപിടിച്ച് അവരുടെ പ്രായത്തിനനുസരിച്ചുള്ള എല്ലാ കുത്തിവയ്പുകളും സമയബന്ധിതമായി നൽകുന്ന പരിപാടിയാണിത്.

xii.നാഷണൽ പ്രോഗ്രാം ഫോർ ഹെൽത്ത് കെയർ ഫോർ എൽഡേർലി (എൻ.പി.എച്ച്.സി.ഇ)

ജില്ലയിൽ ജനറൽ ആശുപത്രിയിൽ മാത്രമാണ് വയോജനങ്ങൾക്ക് വേണ്ടിയുള്ള പ്രത്യേക ക്ലിനിക്കും വാർഡും നിലവിലുള്ളത്. ടി പദ്ധതി സാമൂഹികാരോഗ്യ കേന്ദ്രങ്ങളിലേക്ക് കൂടി വ്യാപിപ്പിക്കുകയും കുറഞ്ഞത് 10 കിടക്കകൾ ഉള്ള സംവിധാനങ്ങളുമായി മാറേണ്ടതുമാണ്. നിലവിൽ ടി പദ്ധതിക്ക് വേണ്ട പശ്ചാത്തല സംവിധാനങ്ങളുടേയും നിശ്ചിത യോഗ്യതയുള്ള സ്പെഷ്യലിസ്റ്റുമാരുടെയും അഭാവം ടി പദ്ധതിയെ പുറകോട്ട് നയിക്കുന്നു. ത്രിതല സംവിധാനങ്ങളുടെ സംയോജിത പദ്ധതികളിലൂടെ എൻ.പി.എച്ച്.സി.ഇ-യെ നല്ല രീതിയിൽ നടപ്പിലാക്കാവുന്നതാണ്.

നാഷണൽ ആയുഷ് മിഷൻ

ആരോഗ്യ മേഖലയിലെ വ്യത്യസ്ത ചികിത്സാ വിഭാഗങ്ങളെ ഏകോപിച്ചുകൊണ്ടുള്ള പരിപാടിയാണ് ഇത്.

പ്രധാനമന്ത്രി സുരക്ഷിത മാതൃത്വ അഭിയാൻ (പി.എം.എസ്.എ)

ജില്ലയിലെ വനമേഖലയോട് ചേർന്ന് കിടക്കുന്ന 4 പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിൽ എല്ലാ മാസവും 9-ാം തീയതി ഗർഭിണികൾക്ക് വേണ്ടിയുള്ള പരിശോധന ഗൈനക്കോളജിസ്റ്റിന്റെ നേതൃത്വത്തിൽ നൽകപ്പെടുന്നു. അവർക്ക് ആവശ്യമായ എല്ലാ ലാബ് പരിശോധനകളും സൗജന്യമായി നടത്തപ്പെടുന്നു.

നാഷണൽ പ്രോഗ്രാം ഫോർ പ്രിവൻഷൻ & കൺട്രോൾ ഓഫ് വൈറൽ ഹെപ്പറ്റൈറ്റിസ് (എൻ.പി.പി.സി.വി.എച്ച്)

ജില്ലാ മെഡിക്കൽ ഓഫീസർ തലത്തിൽ ഹെൽത്തി കേരള ക്യാംപെയ്ൻ മുഖാന്തിരം നടത്തപ്പെടുന്നു.

നാഷണൽ ടൊബാക്കോ കൺട്രോൾ പ്രോഗ്രാം (എൻ.റ്റി.സി.പി)

സേഫ് കേരളയുടെ ഭാഗമായി 'കോട്പ' ആക്ട് പ്രകാരം എല്ലാ പഞ്ചായത്തുകളിലും കൃത്യമായ ഇടവേളകളിൽ പരിശോധനകൾ നടന്നുവരുന്നു.

നാഷണൽ മെന്റൽ ഹെൽത്ത് പ്രോഗ്രാം (എൻ.എം.എച്ച്.പി)

തിരുവനന്തപുരം ജില്ലയിൽ പ്രത്യേകം നോഡൽ ഓഫീസറിന്റെ കീഴിൽ ജില്ലാ മാനസികാരോഗ്യ പരിപാടി നടന്നുവരുന്നു. എൻ.എം.എച്ച്.പി-യുടെ ഭാഗമായി ടി മേഖലയിൽ മാനവവിഭവശേഷി വർദ്ധിപ്പിക്കുന്നതിന് വേണ്ടി ബിരുദാനന്തര ബിരുദ കോഴ്സുകൾ ആരംഭിക്കുന്നതിനുള്ള പശ്ചാത്തല സംവിധാനങ്ങൾ പേരൂർക്കട മാനസികാരോഗ്യകേന്ദ്രത്തിൽ ഉണ്ടെന്നിരിക്കെ അതിനുവേണ്ട ഒരുക്കങ്ങളൊന്നും കാണുന്നില്ല.

നാഷണൽ പ്രോഗ്രാം ഫോർ പ്രിവൻഷൻ & കൺട്രോൾ ഓഫ് ഫ്ളൂറോസിസ് (എൻ.പി.പി.സി.എഫ്) നാഷണൽ ഓറൽ ഹെൽത്ത് പ്രോഗ്രാം (എൻ.ഒ.എച്ച്.പി)

ആരോഗ്യവകുപ്പിന് കീഴിൽ പ്രത്യേകം നോഡൽ ഓഫീസർ വഴി ഡെന്റൽ വിഭാഗം പ്രത്യേകം സ്ക്രീനിംഗ് ക്യാമ്പുകൾ വഴി അനുയോജ്യമായവരെ കണ്ടെത്തി വിദഗ്ദ്ധ ചികിത്സ നൽകിവരുന്നു.

ദേശീയ കുഷ്ഠരോഗ നിവാരണ പരിപാടി (എൻ.എൽ.പി.പി)

ജില്ലയിൽ പുതുതായി കണ്ടെത്തിയ ഗ്രേഡ് 2 വൈകല്യങ്ങളുടെ തോത് 19.4 ആണ്. ആയതിനാൽ പ്രത്യേകം പദ്ധതികൾ ആവിഷ്കരിക്കേണ്ടതാണ്. സമൂഹതല സ്ക്രീനിംഗ് എല്ലാ മേഖലയിലും ശക്തിപ്പെടുത്തേണ്ടതുണ്ട്. പ്രായ-ലിംഗ ഭേദമെന്യേ പഞ്ചായത്ത് തലത്തിൽ വർഷത്തിൽ രണ്ട് തവണയെങ്കിലും സ്ക്രീനിംഗ് പരിപാടികൾ നടത്തേണ്ടതാണ്. ബോധവൽക്കരണ പരിപാടികളിൽ മധ്യ-ഉപരിവർഗ്ഗ ജനങ്ങളിലേക്ക് എത്തിക്കേണ്ടതാണ്. ഇതര സംസ്ഥാന തൊഴിലാളികളുടെ ഇടയിൽ സ്ക്രീനിംഗ് പദ്ധതിയുടെ ഭാഗമായി നടത്തേണ്ടതാണ്. ഇത്തരത്തിൽ ഹൈ റിസ്ക് വിവരങ്ങളുടെ ഇടയിൽ പദ്ധതി ഊർജ്ജിതപ്പെടുത്താൻ വേണ്ട അയഞ്ഞ ചട്ടക്കൂടാണ് പദ്ധതിക്ക് ആവശ്യം. മാത്രമല്ല ഇതര സംസ്ഥാന തൊഴിലാളികൾക്ക് ബോധവൽക്കരണം അവരുടെ ഭാഷയിൽ നൽകേണ്ടതാണ്.

പുതുക്കിയ ക്ഷയ രോഗ നിയന്ത്രണ പരിപാടി (ആർ.എൻ.റ്റി.സി.പി)

ജില്ലയ്ക്ക് സ്വന്തമായി കെട്ടിടം നിലവിലില്ല. ടി.ബി. മരണ നിരക്ക് 1000 ൽ നിന്നും 650 ആയി കുറയ്ക്കുക എന്നതും പുതുതായി ടി.ബി. ബാധിക്കുന്നവരുടെ നിരക്ക് നിലവിലുള്ളതിൽ നിന്ന് 25% കുറയ്ക്കുയെന്നതും പ്രാവർത്തികമാക്കാൻ എല്ലാ ഗ്രാമപഞ്ചായത്തിനും മൈക്രോസ്കോപ്പിക് സെന്റർ അഥവാ ക്ഷയരോഗ നിർണ്ണയ യൂണിറ്റ് സ്ഥാപിക്കേണ്ടത് അത്യാവശ്യമാണ്. മാത്രവുമല്ല ദുർഘടമായ മേഖലകളിൽ നിന്നും കഫം ശേഖരിച്ച് നിർണ്ണയ കേന്ദ്രം വരെ എത്തിക്കേണ്ടതും അത്യാവശ്യമാണ്. ഇതിന് വേണ്ട തീരുമാനങ്ങൾ മേൽത്തട്ടിൽ നിന്ന് തുടങ്ങേണ്ടതാണ്. ക്ഷയരോഗ ചികിത്സ എടുക്കുന്നവരുടെ പരിപൂർണ്ണത സ്ഥാപനതലത്തിൽ ഉറപ്പുവരുത്തേണ്ടത് അത്യാവശ്യമാണ്. കുടുംബാരോഗ്യകേന്ദ്രങ്ങളായി പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ മാറുന്നതോടെ മേൽപ്പറഞ്ഞ പ്രശ്നങ്ങൾക്ക് ശാശ്വത പരിഹാരമാകും.

മന്ത് രോഗ നിയന്ത്രണ പരിപാടി

കൊതുകുനിർമ്മാർജ്ജനം സാദ്ധ്യമല്ലാത്ത അവസ്ഥയിൽ മന്ത് രോഗത്തിന്റെ പകർച്ച സാദ്ധ്യത വളരെ ഗൗരവത്തോടെ കാണേണ്ടതാണ്. നിലവിൽ ഡിസെബിലിറ്റി മാനേജ്മെന്റ് എന്ന നിലയ്ക്ക് മാത്രമാണ് ഫണ്ടുകൾ വിനിയോഗിച്ച് വരുന്നത്. ഹൈ റിസ്ക് ഗ്രൂപ്പിലെ പരിശോധനകൾക്ക് പ്രത്യേകം പ്രാധാന്യം നൽകേണ്ടതാണ്.

ദേശീയ മലമ്പനി നിവാരണ പദ്ധതി

ഇതര സംസ്ഥാന തൊഴിലാളികളുടെ പനി നിയന്ത്രണം കൊതുകു നിരീക്ഷണ നിയന്ത്രണ പ്രവർത്തനങ്ങൾ നേരത്തേയുള്ള കണ്ടെത്തൽ എന്നിവ വർഷാദ്യം മുതൽ വർഷാവസാനം വരെ ഊർജ്ജിതമായി നടത്തേണ്ടതുണ്ട്. ഇതര സംസ്ഥാന തൊഴിലാളികൾക്കിടയിൽ അവരുടെ ഭാഷയിൽ തന്നെ ആരോഗ്യ അവബോധ പ്രവർത്തനങ്ങൾ നടത്തി തുടങ്ങേണ്ടതാണ്. ഉറവിട നശീകരണം, ഫോഗിംഗ്, സ്പ്രേയിംഗ് തുടങ്ങിയ പ്രവർത്തനങ്ങൾ സമയബന്ധിതമായി പൂർത്തിയാക്കേണ്ടതുണ്ട്.

ഫിസിക്കൽ മെഡിസിൻ ആന്റ് റിഹാബിലിറ്റേഷൻ പ്രോഗ്രാം

കേന്ദ്രാവിഷ്കൃത പദ്ധതിയായ ഫിസിക്കൽ മെഡിസിൻ ആന്റ് റിഹാബിലിറ്റേഷൻ പ്രോഗ്രാം ജില്ലാ ആശുപത്രികളുടെ ഫിസിക്കൽ മെഡിസിൻ വകുപ്പ് വഴി നടത്തി വരുന്നു. ഇവർക്ക് ആവശ്യമായ ഉപകരണങ്ങൾ സമകാലിക മാറ്റങ്ങൾക്കനുസരിച്ചുള്ള മാർഗ്ഗരേഖ വ്യതിയാനങ്ങൾ എന്നിവ അപര്യാപ്തമാണ്. മാത്രമല്ല എൻ.എൽ.ഇ.പി പദ്ധതി വഴിയും മന്ത്

രോഗ നിവാരണ പദ്ധതി വഴി കണ്ടെത്തുന്ന രോഗികൾക്ക് കൃത്യമായും മുൻഗണനാടിസ്ഥാനത്തിൽ ഈ സേവനങ്ങൾ ലഭ്യമാകുന്നതായി കണ്ടു വരുന്നില്ല.

ദേശീയ എയ്ഡ്സ് കൺട്രോൾ പ്രോഗ്രാം

എ.ആർ.റ്റി പ്രോഗ്രാം വഴി എച്ച്.ഐ.വി കിറ്റുകൾ ലഭ്യമാകുന്നത് സുലഭമായി തുടർന്നാൽ പദ്ധതിയുടെ ലക്ഷ്യം കൈവരിക്കാൻ നിഷ്പ്രയാസം സാധിക്കും

ആർ.സി. എച്ച് പ്രോഗ്രാം

സംസ്ഥാനത്തിൻെറ സുസ്ഥിര വികസന ലക്ഷ്യത്തിൽ കൗമാരക്കാരുടെ ഗർഭധാരണം ഒഴിവാക്കലും ജനന ഭാരം കുറവുള്ള കുട്ടികൾ 14 % ത്തിൽ നിന്നും 10 % ആക്കലും പ്രസവകാല ഇടവേള കൂട്ടുകയും സിസേറിയൻെറ തോത് കുറയ്ക്കലും വൃദ്ധരായ സ്ത്രീകളുടെ ക്ഷേമം ഉറപ്പാക്കലും സ്ത്രീകൾക്കെതിരേയുള്ള അതിക്രമം തടയൽ എല്ലാം ഈ പദ്ധതിയുടെ ഭാഗമാക്കാവുന്നതാണ്. എന്നാൽ പഞ്ചായത്ത് തലത്തിലാണ് വേണ്ടത്ര പ്രചാരണങ്ങൾ വരേണ്ടത്. ഈ കേന്ദ്രാവിഷ്കരണ പദ്ധതിയുടെ ഭാഗമാകുക വഴി ഈ വിവരം കൃത്യമായി റിപ്പോർട്ട് ചെയ്യപ്പെടുന്നതായും ഉറപ്പുവരുത്തേണ്ടതാണ്.

യു.ഐ.പി പ്രോഗ്രാം കോൾഡ് ചെയിൻ പ്രോഗ്രാം

കൃത്യമായ വാക്സിൻ ഇൻജംഗ്ഷനുകൾ എന്നിവയുടെ ലഭ്യത ഉറപ്പുവരുത്തുക എന്നതിലപ്പുറം സുസ്ഥിരമായ സാഹചര്യത്തിൽ കുത്തിവയ്പ്പ് നടത്തുന്നതിനും ദുർഘട മേഖലയിലേക്ക് താമസംവിന പ്രതിരോധ കുത്തിവയ്പ്പ് എത്തിക്കാനും പദ്ധതിയുടെ മാർഗ്ഗരേഖകളിൽ കൃത്യമായ നിർദ്ദേശമില്ല. ഇതിന് വേണ്ടിയുള്ള ഫണ്ടും കാലികമായി ഉയർത്തുന്നില്ല.

ഇന്റഗ്രേറ്റഡ് സർവൈലൻസ് പ്രോജക്ട് (ഐ.ഡി.എസ്.പി)

ജില്ലയിലെ മുഴുവൻ പകർച്ചവ്യാധികളുടെയും കണക്കുകൾ ശേഖരിക്കുകയും പ്രതിരോധ പ്രവർത്തനങ്ങൾ നടത്തുന്നതിനായി അതാത് പ്രദേശത്തെ ആരോഗ്യ പ്രവർത്തകർക്ക് വിവരങ്ങൾ കൈമാറുകയും പകർച്ചവ്യാധി പ്രതിരോധത്തിനുള്ള മുന്നൊരുക്ക പ്രവർത്തനങ്ങൾ നടത്തുന്നതിന് ആവശ്യമായ നിർദ്ദേശങ്ങൾ നൽകുകയും ചെയ്യുന്ന പരിപാടിയാണിത്.

(ബി) സംസ്ഥാന പദ്ധതികൾ

ദേശീയ ആരോഗ്യ ദൗത്യം (ആരോഗ്യകേരളം) മുഖാന്തിരം നടപ്പിലാക്കുന്ന നയപരിപടികളും പദ്ധതികളും

ആതുരശുശ്രൂഷരംഗത്ത് മെച്ചപ്പെട്ട സേവനം ഉറപ്പാക്കുവാൻ ഉദ്ദേശിച്ച് ദേശീയതലത്തിൽ നടപ്പാക്കിവരുന്ന കർമപരിപാടിയാണ് ദേശീയ ആരോഗ്യദൗത്യം (എൻ.എച്ച്.എം).

ശിശുസുരക്ഷാ കാര്യക്രം

അമ്മയുടെയും കുഞ്ഞിന്റെയും ആരോഗ്യസംരക്ഷണത്തിനായി രാജ്യത്ത് ഏർപ്പെടുത്തിയ സൗജന്യ ചികിത്സാപദ്ധതിയാണ് അമ്മയും കുഞ്ഞും പദ്ധതി.

ജനനി സുരക്ഷ യോജന

ആശുപത്രിയിൽ നടക്കുന്ന പ്രസവങ്ങളെ പ്രോത്സാഹിപ്പിച്ച് മാതൃമരണവും ശിശുമരണവും കുറയ്ക്കാനുള്ള പദ്ധതിയാണ് ജനനി സുരക്ഷായോജന (ജെ.എസ്.വൈ). 19 വയസ്സിനുമുകളിലുള്ള ഗർഭിണികളായ സ്ത്രീകളാണ് ഇതിന്റെ ഗുണഭോക്താക്കൾ.

ന്യൂബോൺ സ്ക്രീനിങ് പരിപാടി

നവജാത ശിശുക്കളിൽ ജന്മനാലുണ്ടാകുന്ന മെറ്റബോളിക് അല്ലെങ്കിൽ ജനിതക മെറ്റബോളിക് രോഗങ്ങൾ കണ്ടുപിടിക്കുകയും, പ്രസ്തുത രോഗങ്ങൾ കൊണ്ടുണ്ടാകുന്ന ബുദ്ധിമാന്ദ്യം, ഓട്ടിസം, അപസ്മാരം എന്നിവ തക്കസമയത്തു നൽകുന്ന ചികിത്സയിലൂടെ ഒഴിവാക്കാനുമുള്ള പദ്ധതിയാണ് ഇത്.

രാഷ്ട്രീയ ബാല സ്വാസ്ഥ്യ കാര്യക്രം/വിദ്യാലയ ആരോഗ്യപദ്ധതി

ജനനവൈകല്യങ്ങൾ, പോഷകന്യൂനതകൾ, ശൈശവരോഗങ്ങൾ, കുട്ടിയുടെ വളർച്ചയിലും വികാസത്തിലുമുള്ള വൈകല്യങ്ങൾ എന്നീ വിഭാഗങ്ങളിൽപ്പെട്ട 30 ആരോഗ്യപ്രശ്നങ്ങളെ കാലേകൂട്ടി കണ്ടുപിടിക്കുന്നതിനും, വിദഗ്ദ്ധ ചികിത്സയും പരിചരണവും നൽകുന്നതിനുള്ള നൂതന പദ്ധതിയാണിത്.

ഡിസ്ട്രിക്റ്റ് ഏർളി ഇന്റർവെൻഷൻ സെന്റർ (ഡി.ഇ.ഐ.സി).

കുട്ടികളുടെ വളർച്ചയും വികാസവുമായി സംബന്ധിക്കുന്ന ആരോഗ്യപ്രശ്നങ്ങളേയും വൈകല്യങ്ങളേയും കാലേകൂട്ടി തിരിച്ചറിയാനും ഫലപ്രദമായ ചികിത്സയും സേവനങ്ങളും

ലഭ്യമാക്കുന്നതിലേയ്ക്കായി എല്ലാ ജില്ലകളിലും ആർ.ബി.എസ്.കെ പദ്ധതിയുടെ ഭാഗമായി നടപ്പിലാക്കിയ നൂതന സംവിധാനമാണ് ഡിസ്ട്രിക്റ്റ് ഏർളി ഇന്റർവെൻഷൻ സെന്റർ (ഡി.ഇ.ഐ.സി).

ഹൃദ്യം പദ്ധതി

18 വയസിന് താഴെയുള്ള ജന്മനാ ഹൃദയ വൈകല്യമുള്ള കുട്ടികൾക്ക് സൗജന്യ ചികിത്സ ഹൃദ്യം പദ്ധതിയിലൂടെ ലഭ്യമാക്കുന്നു.

മൊബൈൽ ഇന്റർവെൻഷൻ യൂണിറ്റ്

കേരള സോഷ്യൽ സെക്യൂരിറ്റി മിഷന്റെയും ദേശീയ ആരോഗ്യ ദൗത്യത്തിന്റെയും അനുയാത്രാ കാമ്പയിന്റെ ഭാഗമായി ഭിന്നശേഷിയുള്ള കുട്ടികളെ കണ്ടെത്തി ചികിത്സ ലഭ്യമാക്കുന്നതിന് ജനറൽ ആശുപത്രി നെയ്യാറ്റിൻകരയും സാമൂഹികാരോഗ്യ കേന്ദ്രം മണമ്പൂരും കേന്ദ്രീകരിച്ചുകൊണ്ട് മൊബൈൽ ഇന്റർവെൻഷൻ യൂണിറ്റുകളുടെ സൗജന്യ സേവനം ലഭ്യമാക്കുന്നു.

മൊബൈൽ ഹെൽത്ത് ടീം

വനമേഖലയിലെ കുട്ടികൾക്ക് വൈദ്യസഹായം നൽകുന്നതിനായി സാമൂഹികാരോഗ്യ കേന്ദ്രം വെള്ളറട, വിതുര, കല്ലറ, വെള്ളനാട് എന്നിവ കേന്ദ്രീകരിച്ച് മൊബൈൽ ഹെൽത്ത് ടീമിന്റെ സൗജന്യ സേവനം ലഭ്യമാക്കുന്നു.

കൗമാര ആരോഗ്യ പദ്ധതി

സ്വന്തം കഴിവുകൾ ജീവിത വിജയത്തിനായി പരമാവധി പ്രയോജനമാകും വിധം കൗമാരപ്രായക്കാരെ ശാക്തീകരിക്കുകയും, ശാരീരികവും മാനസികവുമായ പ്രശ്നങ്ങളെ നേരിടാൻ തക്കവണ്ണം അവബോധം നൽകുകയും അതിനായി അവരെ പ്രാപ്തരാക്കുകയും ചെയ്യുക എന്നതാണ് ഈ പദ്ധതിയുടെ ഉദ്ദേശം. 6 –ാം ക്ലാസ്സുമുതൽ 12 –ാം ക്ലാസ്സുവരെയുള്ള ആൺകുട്ടികൾക്കും പെൺകുട്ടികൾക്കുമാണ് എല്ലാ തിങ്കളാഴ്ചയും സ്കൂളുകൾ വഴി അയൺ ഫോളിക് ആസിഡ് ഗുളികകൾ വിതരണം ചെയ്യുന്നത്. സ്കൂളിൽ പോകാത്ത പെൺകുട്ടികൾക്ക് അംഗൻവാടി വഴി ഗുളികകൾ വിതരണം ചെയ്യുന്നു. ഇതിനു പുറമെ കേരളത്തിലൊട്ടാകെയുള്ള കൗമാരക്കാർക്ക് 24 മണിക്കൂറും പ്രവർത്തിക്കുന്ന പ്രശ്ന നിവാരണ/ടെലി കൗൺസലിംഗ് ദിശ 1056 എന്ന ഹെൽപ്പ്ലൈൻ വഴി സംയോജിച്ച് നടത്തുന്നു.

ആശാപദ്ധതി

ജില്ലയിൽ ഇപ്പോൾ 2812 ആശാ പ്രവർത്തകർ പ്രവർത്തിച്ചുവരുന്നു. പകർച്ചവ്യാധിനിയന്ത്രണ പരിപാടികൾ, കൊതുകുനിവാരണം തുടങ്ങിയ പ്രവർത്തനങ്ങളിൽ നേതൃത്വപരമായ പങ്കുവഹിക്കുക, പ്രാദേശിക ആരോഗ്യപ്രശ്നങ്ങൾ മനസ്സിലാക്കി അവ പരിഹരിക്കാൻ വാർഡ് ആരോഗ്യ–ശുചിത്വ കമ്മിറ്റികളുമായി ചേർന്ന് പ്രവർത്തിക്കുക, ഗർഭിണികൾക്കും കുട്ടികൾക്കുമുള്ള ആരോഗ്യസേവനങ്ങൾ ലഭ്യമാക്കുക തുടങ്ങിയവയാണ് ആശാപ്രവർത്തകരുടെ പ്രധാന ചുമതലകൾ.

ആശാകിരണം ആശാ ഇൻഷ്വറൻസ് പദ്ധതി

ജില്ലകളിൽ പ്രാദേശികമായുള്ള പകർച്ചവ്യാധി നിയന്ത്രണ പരിപാടികളിലും മറ്റും സജീവമായി പ്രവർത്തിച്ചുവരുന്ന ആശാ പ്രവർത്തകർക്ക് ഒരു ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കി വരുന്നു.

ആരോഗ്യകിരണം പദ്ധതി

18 വയസ്സിൽ താഴെയുള്ള കുട്ടികളുടെ സമഗ്ര ആരോഗ്യ സംരക്ഷണത്തിനുള്ള സേവനങ്ങൾ ഒരു കുടക്കീഴിൽ ഉറപ്പുവരുത്തുന്ന പദ്ധതിയാണ് ആരോഗ്യകിരണം. ഒ.പി.ടിക്കറ്റ് ചാർജ്, മരുന്നുകളുടെ വില, ലബോറട്ടറി പരിശോധനകൾ, ചികിത്സാചെലവ്, ഓപ്പറേഷൻ ചെലവ് തുടങ്ങി ചികിത്സയുമായി ബന്ധപ്പെട്ടുവരുന്ന എല്ലാ ചെലവുകളും ഈ പദ്ധതി പ്രകാരം എ.പി.എൽ, ബി.പി.എൽ വ്യത്യാസമില്ലാതെ സർക്കാർ തന്നെ സൗജന്യമായി വഹിക്കുന്നു.

ദിശ 1056

ദേശീയ ആരോഗ്യ ദൗത്യത്തിന്റെ ആഭിമുഖ്യത്തിൽ 24 മണിക്കൂറും ശാരീരിക–മാനസിക ആരോഗ്യ പ്രശ്നങ്ങൾക്ക് അടിയന്തിര സഹായം നൽകുന്ന ടെലി–ഹെൽത്ത് ഹെൽപ്പ് ലൈൻ.

ആർദ്രം ദൗത്യം

സമഗ്ര പുരോഗതി ലക്ഷ്യമിട്ട് രൂപീകൃതമായ നവകേരളമിഷന്റെ ആർദ്രം പദ്ധതി പ്രകാരം പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളെ നവീകരിക്കുകയും അധിക മനുഷ്യവിഭവശേഷി പ്രദാനം

ചെയ്തും ലബോറട്ടറി സൗകര്യങ്ങൾ വിപുലപ്പെടുത്തിയും വിവര സാങ്കേതികതകൾ ഉപയോഗിച്ച് വാർഡ്തല ആരോഗ്യ പരിചരണങ്ങൾ ശക്തിപ്പെടുത്തിയും പകർച്ച വ്യാധികൾക്കെതിരെ ബോധവത്കരണ പരിപാടികൾ സംഘടിപ്പിച്ചും ഇതിനായി ആരോഗ്യസേനയെ സജ്ജമാക്കിയും പ്രാഥമിക ചികിത്സാരംഗത്ത് മെച്ചപ്പെട്ട സേവനങ്ങൾ പ്രദാനം ചെയ്ത് ആരോഗ്യ-സുസ്ഥിര വികസനം ഉറപ്പാക്കുക എന്നതാണ് പദ്ധതികൊണ്ട് ഉദ്ദേശിക്കുന്നത്.

ഭൂമിക

ലിംഗപദവിയുമായി ബന്ധപ്പെട്ട അതിക്രമങ്ങൾക്ക് ഇരയാകുന്നവർക്ക് വൈദ്യസഹായവും കൗൺസലിങ്ങും നൽകുന്നതിനായി ജില്ലയിൽ 2 ജില്ലാ ആശുപത്രികളിൽ ഭൂമിക ജെൻഡർ ബേസ്ഡ് വയലൻസ് മാനേജ്മെന്റ് സെന്ററിന്റെ സേവനം ലഭ്യമാണ്. സെന്ററിന്റെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനായി ഒരു വനിതാകൗൺസിലർ/കോ-ഓർഡിനേറ്ററെ ഏർപ്പടുത്തിയിട്ടുണ്ട്.

ക്വാളിറ്റി അഷ്വറൻസ് പദ്ധതി

ക്വാളിറ്റി അഷ്വറൻസ് പദ്ധതിയുടെ ഭാഗമായി ആശുപത്രികളിൽ അണുബാധാനിയന്ത്രണം, രോഗികൾക്കും ആശുപത്രിയിലെ ജീവനക്കാർക്കും സുരക്ഷ ഉറപ്പാക്കുക, ആശുപത്രികളിലെ എല്ലാ പ്രവർത്തനങ്ങളും ഏകീകരിക്കുക, അടിസ്ഥാനസൗകര്യ വികസനം എന്നിവ നടപ്പിലാക്കി വരുന്നു.

ആയുഷ്

ആരോഗ്യ സംരക്ഷണത്തിലെ പ്രധാന മേഖലകളായ ആയുർവേദം, യൂനാനി, സിദ്ധ, ഹോമിയോ എന്നിവയെ സംയോജിപ്പിച്ച് നടപ്പിലാക്കുന്ന പദ്ധതിയാണ് ആയുഷ്. 50 ഓളം ഡോക്ടർമാർ ഈ പദ്ധതിയുടെ കീഴിൽ പ്രവർത്തിക്കുന്നു.

സമഗ്ര ആരോഗ്യ പദ്ധതി

കേരളത്തിലെ എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും ജനപങ്കാളിത്തത്തോടുകൂടി ആരോഗ്യ, ആരോഗ്യ അനുബന്ധപദ്ധതികൾ തയ്യാറാക്കുന്നതിനും നടപ്പിൽവരുത്തുന്നതിനും നിസ്തുലമായ സംഭാവനയാണ് സമഗ്ര ആരോഗ്യ പദ്ധതി നൽകിയത്.

നഗരാരോഗ്യപരിപാടി

തെരഞ്ഞെടുക്കപ്പെട്ട നഗരസഭകളുടെ സജീവ പങ്കാളിത്തത്തോടെ നഗരവാസികളായ ജനങ്ങളുടെ, വിശിഷ്യ, നഗരത്തിലെ പട്ടിണിപാവങ്ങളുടെയും പാർശ്വവൽകൃതരുടെയും ആരോഗ്യനില മെച്ചപ്പെടുത്തുകയും അത് ആശാവഹമായി നിലനിർത്തുകയും ചെയ്യുക എന്നതാണ് ഇത്തരം കേന്ദ്രങ്ങൾ മുഖേന നൽകിവരുന്ന സേവനങ്ങൾ

അമൃതം ആരോഗ്യം

ജീവിതശൈലി രോഗങ്ങൾ വർദ്ധിച്ചു വരുന്ന സാഹചര്യത്തിൽ അവ കാലേകൂട്ടി കണ്ടെത്തുന്നതിനും ചികിൽസിക്കുന്നതിനും ആരോഗ്യവകുപ്പ് നടപ്പിലാക്കിവരുന്ന പദ്ധതിയാണ് അമൃതം ആരോഗ്യം. രോഗനിർണ്ണയം, ചികിത്സ, രോഗപ്രതിരോധം, ബോധവത്ക്കരണം എന്നിവയ്ക്ക് തുല്യ പ്രാധാന്യം നൽകികൊണ്ടാണ് പദ്ധതി നടപ്പിലാക്കുന്നത്.

സമഗ്ര മാനസികാരോഗ്യ പദ്ധതി

മാനസികാരോഗ്യം നിയന്ത്രണവിധേയമായവരെയും ഭേദമായവരെയും തുടർ ചികിത്സയിലൂടെയും പരിശീലനങ്ങളിലൂടെയും സ്വയം പര്യാപ്തരാക്കുകയാണ് ഈ പദ്ധതിയുടെ ലക്ഷ്യം. തിരുവനന്തപുരം ജില്ലയിൽ സംസ്ഥാന പ്ലാൻ ഫണ്ടും ഉപയോഗിച്ചാണ് പ്രവർത്തിക്കുന്നത്.

ട്രൈബൽ ഹെൽത്ത്

വിദൂരമായ പ്രദേശങ്ങളിലും എത്തിപ്പെടാൻ ബുദ്ധിമുട്ടുള്ള പ്രദേശങ്ങളിലും താമസിക്കുന്ന ആദിവാസികൾക്ക് പ്രാഥമികാരോഗ്യശുശ്രൂഷ ലഭ്യമാക്കുന്നതിന് ട്രൈബൽ ഹെൽത്ത് യൂണിറ്റുകൾ പ്രവർത്തിച്ചുവരുന്നു.

സാന്ത്വന പരിചരണ പദ്ധതി

സർക്കാർ ആശുപത്രികൾ വഴി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ രോഗികൾക്ക് സാന്ത്വന പരിചരണം നൽകുന്നതും എൻ.വി.ബി.ഡി.സി.പി പദ്ധതി, മാനസികാരോഗ്യ പദ്ധതി, ദേശീയ എയിഡ്സ് നിയന്ത്രണ പദ്ധതി, ഐ.ഡി.എസ്.പി,

എൻ.സി.റ്റി.എസ്, എച്ച്.എം.ഐ.എസ് തുടങ്ങിയ ദേശീയ സംസ്ഥാന പരിപാടികളുടെ ലക്ഷ്യങ്ങൾ സാമൂഹികാരോഗ്യ കേന്ദ്രത്തിന്റെ കീഴിലുള്ള പ്രാഥമികാരോഗ്യകേന്ദ്രങ്ങൾ മുഖേനയാണ് നടപ്പിലാക്കുന്നത്. എന്നാൽ ഓരോ പദ്ധതിയുടേയും ശരിക്കുള്ള വിദഗ്ദ്ധ പരിശീലനത്തിന്റെ അഭാവത്താലും ജീവനക്കാരുടെ അഭാവം മൂലവും വ്യക്തമായ പരസ്യ സംവിധാനങ്ങളുടെ അഭാവവും പൊതുജനങ്ങളിലേയ്ക്ക് എത്തുന്നതിന് കാലതാമസം നേരിടുന്നു. ആകയാൽ ജില്ലാ നേതൃത്വം ഇടപെട്ടുകൊണ്ട് കേന്ദ്ര – സംസ്ഥാന പദ്ധതികളുടെ വിശദാംശങ്ങൾ അടങ്ങിയ ഒരു കൈപ്പുസ്തകം പൊതുജനങ്ങളിലേക്ക് എത്തിക്കുന്നത് ഉചിതമായിരിക്കും.

5.8.കുടിവെള്ളം

കേന്ദ്രാവിഷ്കൃത പദ്ധതികൾ

ജവഹർലാൽ നെഹ്റു അർബൻ റിന്യൂവൽ മിഷൻ

തിരുവനന്തപുരം നഗരത്തിലെയും സമീപ പഞ്ചായത്തുകളിലെയും ജലവിതരണ ശൃംഖല വിപുലീകരിക്കുന്നതിന് വേണ്ടിയുള്ള 87.16 കോടി രൂപയുടെ പദ്ധതിയാണ്. ഇതിലെ പത്ത് പാക്കേജുകളിലായി 497.61 കി.മി പൈപ്പ് ലൈനുകൾ സ്ഥാപിച്ചു. ഇവയിൽ 158.37 കി.മി പ്രവർത്തനക്ഷമമാക്കിയിട്ടുണ്ട്. 50.91 കോടി രൂപ ഇതുവരെ ചിലവഴിച്ചിട്ടുണ്ട്. ജൻറം പദ്ധതിക്കുള്ള ഫണ്ടിംഗ് നിർത്തലാക്കിയത് ടി പദ്ധതി മന്ദഗതിയിലാക്കിയിട്ടുണ്ട്. ബാക്കി പ്രവൃത്തികൾ സംസ്ഥാന പദ്ധതിയിൽപ്പെടുത്തി പൂർത്തീകരിച്ചുവരുന്നു.

അടൽ മിഷൻ ഫോർ റീജുവനേഷൻ ആന്റ് അർബൻ ട്രാൻസ്ഫർമേഷൻ

തിരുവനന്തപുരം അരുവിക്കരയിൽ 75 ദശലക്ഷം ലിറ്റർ ശേഷിയുള്ള ജലശുദ്ധീകരണശാല പണിയുന്നതിന് അമൃത് പദ്ധതിയിൽ 2017–18–ൽ 70 കോടി രൂപ അനുവദിച്ചിട്ടുണ്ട്. കൂടാതെ തിരുവനന്തപുരം നഗരത്തിലെ ജലവിതരണ ശൃംഖല നവീകരിക്കുന്നതിന് 17.50 കോടി രൂപയുടെ പദ്ധതിക്കും അനുമതി ലഭിച്ചിട്ടുണ്ട്.

5.9. ഊർജ്ജം

(എ) കേന്ദ്രാവിഷ്കൃത പദ്ധതികൾ

വിതരണമേഖല ശക്തിപ്പെടുത്തുന്നതിനും എല്ലാ വീടുകൾക്കും വൈദ്യുതി നൽകുന്നതിനുമായി കേന്ദ്രസർക്കാരിന്റെ സഹകരണത്തോടുകൂടി താഴെ പറയുന്ന പദ്ധതികൾ നടപ്പിലാക്കുന്നു.

1. ദീനദയാൽ ഉപദ്ധ്യായ ഗ്രാമീൺ ജ്യോതി യോജന

എല്ലാ ഗ്രാമങ്ങളിലും വൈദ്യുതി എത്തിക്കുക എന്ന ലക്ഷ്യത്തോട് കൂടി വിഭാവനം ചെയ്ത പദ്ധതിയാണ് ദീനദയാൽ ഉപദ്ധ്യായ ഗ്രാമീൺ ജ്യോതി യോജന. ജില്ലയിൽ 5.1.2016 ൽ ആരംഭിച്ച ടി പദ്ധതിയുടെ പൂർത്തീകരണ കാലാവധി 30.6.2018 ൽ അവസാനിച്ചു. ആകെ 53.53 കോടി രൂപ ചെലവഴിച്ച് 91 വില്ലേജുകളിലാണ് പദ്ധതി നടപ്പിലാക്കുന്നത്. ഇതിനോടകം 21 കോടി രൂപയുടെ പ്രവൃത്തികൾ നടത്തി കഴിഞ്ഞു. സംസ്ഥാന സർക്കാരിന്റെ എല്ലാ വീടുകളിലും വൈദ്യുതി എത്തിക്കുക (100% ഇലക്ട്രിഫിക്കേഷൻ) എന്ന പ്രവൃത്തിയുമായി ബന്ധപ്പെട്ട് ദീനദയാൽ ഉപദ്ധ്യായ ഗ്രാമീൺ ജ്യോതി യോജന പദ്ധതിയുമായി സഹകരിച്ച് ജില്ലയിൽ എല്ലാ വീട്ടിലും വൈദ്യുതി എന്ന ലക്ഷ്യപ്രാപ്തി കൈവരിച്ചു.

2. ഇന്റർഗ്രേറ്റഡ് പവർ ഡെവലപ്മെന്റ് സ്കീം

നഗരപ്രദേശങ്ങളിലെ വൈദ്യുതി വിതരണം, പ്രസരണ മേഖലകൾ ശക്തിപ്പെടുത്തുക, തടസ്സരഹിതമായ വൈദ്യുതി ജനങ്ങൾക്ക് എത്തിച്ചുകൊടുക്കുക എന്നീ ലക്ഷ്യങ്ങൾ മുൻനിർത്തി നടപ്പിലാക്കുന്ന കേന്ദ്രാവിഷ്കൃത പദ്ധതിയാണ് ഇന്റർഗ്രേറ്റഡ് പവർ ഡെവലപ്മെന്റ് സ്കീം. ജില്ലയിൽ 62 കോടി രൂപയുടെ പദ്ധതിവിഹിതവുമായി 2016 ജൂൺ മാസത്തിൽ ആരംഭിച്ച പദ്ധതി 2018 ഡിസംബർ മാസത്തിൽ അവസാനിക്കും. ഈ പദ്ധതി പ്രകാരം ജില്ലയിലെ തിരുവനന്തപുരം കോർപ്പറേഷൻ, ആറ്റിങ്ങൽ, വർക്കല, നെടുമങ്ങാട്, നെയ്യാറ്റിൻകര എന്നീ മുനിസിപ്പാലിറ്റികൾക്കാണ് പ്രയോജനം ലഭിക്കുന്നത്. പ്രവർത്തികൾ പുരോഗമിക്കുന്നു.

3. RAPDRP

നഗര പ്രദേശങ്ങളിലെ വൈദ്യുതി വിതരണ പ്രസരണമേഖലകൾ ശക്തിപ്പെടുത്തി ഗുണമേന്മയുള്ള വൈദ്യുതി നൽകുക, ആട്ടോമേഷൻ നടപ്പിലാക്കുക, ട്രാൻസ്ഫോർമറുകളിൽ മീറ്ററുകൾ സ്ഥാപിക്കുക തുടങ്ങിയ ലക്ഷ്യങ്ങളോടുകൂടി ആരംഭിച്ച 324 കോടി രൂപയുടെ കേന്ദ്രാവിഷ്കൃത പദ്ധതിയാണ് RAPDRP. 99% പ്രവൃത്തികളും പൂർത്തികരിച്ച് കഴിഞ്ഞു.

4. ഉദയ

പാരമ്പര്യേതര ഊർജ്ജ ശൃംഖല ശക്തിപ്പെടുത്തുക, സ്മാർട്ട് മീറ്റർ ഘടിപ്പിക്കുക, വിവിധ താരിഫുകൾ തമ്മിലുള്ള അന്തരം കുറയ്ക്കുക എന്നീ ലക്ഷ്യങ്ങൾ മുൻനിർത്തി കേന്ദ്രസർക്കാർ പ്രഖ്യാപിച്ച പദ്ധതിയാണ് ഉദയ് സ്കീം. പദ്ധതിയുടെ പ്രവർത്തനങ്ങൾ നടന്നുവരുന്നു.

5. സൗഭാഗ്യ

ഗ്രാമ–നഗര വ്യത്യാസമില്ലാതെ എല്ലാ വീടിനും വൈദ്യുതി എത്തിക്കുക എന്ന ലക്ഷ്യപ്രാപ്തിയുമായി 2018 ൽ ആരംഭിക്കാൻ പോകുന്ന കേന്ദ്രാവിഷ്കൃത പദ്ധതിയാണ് സൗഭാഗ്യ. കൂടാതെ വൈദ്യുതീകരിക്കാത്ത സ്കൂളുകൾ, പ്രാഥമിക ആരോഗ്യകേന്ദ്രം എന്നിവ വൈദ്യുതികരിക്കുന്നതിനും പദ്ധതിയുണ്ട്. ഇത് നടപ്പിലാക്കാനുള്ള നടപടികൾ പുരോഗമിക്കുന്നു.

(ബി) സംസ്ഥാനാവിഷ്കൃത പദ്ധതികൾ

ഊർജ്ജ രംഗത്ത് സംസ്ഥാനാവിഷ്കൃത ബൃഹത് പദ്ധതികൾ നിലവിൽ ഉണ്ട്. എന്നാൽ ജില്ലയിൽ ഊർജ്ജോത്പാദനരംഗത്തെ ചെറുകിട പദ്ധതികളാണ് ആസൂത്രണം ചെയ്ത് നടപ്പിലാക്കി വരുന്നത്. 2016–17, 2017–18 കാലഘട്ടത്തിൽ ഊർജ്ജരംഗത്ത് നടപ്പാക്കിയ ഒരു പ്രധാനമുന്നേറ്റമായിരുന്നു സമ്പൂർണ്ണ വൈദ്യുതീകരണം. ജില്ലയിൽ 18000 കുടുംബങ്ങൾക്ക് 16.217 കോടി രൂപ ചെലവഴിച്ച് വൈദ്യുതി നൽകി ഇതിൽ എം.എൽ.എ. മാരും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും കെ.എസ്.ഇ.ബി. യും തനത് ഫണ്ടുകൾ ചെലവഴിച്ചാണ് ഈ വലിയ നേട്ടം കൈവരിക്കാനായത്. ഇതോടൊപ്പം ഊർജ്ജോത്പാദന രംഗത്ത് സംസ്ഥാനവും കെ.എസ്.ഇ.ബി.യും ചേർന്ന് പൂവ്വാർ കടൽതീരത്ത് 1 മെഗാവാട്ട് സ്ഥാപിതശേഷിയുള്ള ചെറുകാറ്റാടിപ്പാടം സ്ഥാപിക്കാനുള്ള പദ്ധതി നടന്നുവരുന്നു. പരീക്ഷണാടിസ്ഥാനത്തിൽ മൂന്ന് മൈക്രോവിൻഡ് ടർബൈനുകൾ തിരുവനന്തപുരം വൈദ്യുതിഭവന് മുകളിലായി സ്ഥാപിച്ചിട്ടുണ്ട്. തിരുവനന്തപുരം കോളേജ് ഓഫ് എഞ്ചിനീയറിങ്ങിൽ 135 കെ.ഡബ്ല്യു.പി ശേഷിയുള്ള സോളാർ പ്ലാന്റ് സ്ഥാപിച്ചു. സമാനമായി 135 കെ.ഡബ്ല്യു.പി ശേഷിയുള്ള സോളാർ പ്ലാന്റ് സ്ഥാപിക്കുന്നതിനുള്ള ടെൻഡർ നടപടികൾ നടന്നുകൊണ്ടിരിക്കുന്നു. കൂടാതെ തിരുവനന്തപുരം മെഡിക്കൽകോളേജിൽ എനർജി ഓഡിറ്റ് നടത്തുകയും സോളാർ പ്ലാന്റ് സ്ഥാപിക്കുന്നതിനുള്ള നടപടികളുമായി മുന്നോട്ടുപോകുന്നു. കെ.എസ്.ഇ.ബി.യുടെ ഒരു ബ്രഹത് പദ്ധതിയായ പോത്തൻകോട് കെ.എസ്.ഇ.ബി.യുടെ സബ്സ്റ്റേഷൻ പരിസരത്ത് രണ്ട് മെഗാവാട്ടിന്റെ സൗരോർജ്ജപദ്ധതി പണികൾ പുരോഗമിക്കുന്നു. സമാനമായി ആറ്റിങ്ങൽ മുൻസിപ്പാലിറ്റി കെട്ടിടത്തിന്റെ മേൽക്കൂരയിൽ 27 എം.ഡബ്ല്യു.പി കളക്ടറേറ്റ് ബിൽഡിംഗിന് മുകളിൽ 53 കെ.ഡബ്ല്യു.പി. കൂടാതെ വൈദ്യുത ബോർഡിന്റെ ഉടമസ്ഥതയിലുള്ള സ്ഥലങ്ങളിലും കെട്ടിടങ്ങളിലും സാധ്യമായ രീതിയിൽ ഗ്രൗണ്ടിലോ, മേൽക്കൂരയിലോ സോളാർ പ്ലാന്റുകൾ സ്ഥാപിക്കുന്നതിന് നടപടി സ്വീകരിച്ചു.

പ്രസരണരംഗത്ത് വൈദ്യുതി ബോർഡ് ജില്ലയിൽ നടപ്പാക്കാനുദ്ദേശിക്കുന്ന ഹ്രസ്വകാല, ദീർഘകാല പദ്ധതികളെക്കുറിച്ചുള്ള വിവരണം ചുവടെ ചേർക്കുന്നു.

അനുമതി ലഭിച്ച പ്രസരണ രംഗത്തെ ഹ്രസ്വകാല പദ്ധതികൾ

- 110 കെ.വി.സബ് സ്റ്റേഷൻ, മുട്ടത്തറ, തിരുവനന്തപുരം
- 33 കെ.വി. സബ് സ്റ്റേഷൻ, വിളക്കുളം, ആറ്റിങ്ങൽ
- 33 കെ.വി. സബ് സ്റ്റേഷൻ, ആര്യനാട്
- 33 കെ.വി. സബ് സ്റ്റേഷൻ വൈദ്യുതി ഭവനം, തിരുവനന്തപുരം
- 33 കെ.വി. സബ് സ്റ്റേഷൻ, കച്ചേരി, ആറ്റിങ്ങൽ

ശേഷി വർദ്ധിപ്പിക്കൽ

- വേളി 66 കെ.വി. സബ് സ്റ്റേഷനിൽ നിന്നും 110 കെ.വി. സബ് സ്റ്റേഷൻ
- നെയ്യാറ്റിൻകര 66 കെ.വി. സബ് സ്റ്റേഷനിൽ നിന്നും 110 കെ.വി. സബ് സ്റ്റേഷൻ
- 33 കെ.വി. സബ് സ്റ്റേഷൻ വെഞ്ഞാറംമൂട്ടിലെ ട്രാൻസ്ഫോർമർ ശേഷി ഉയർത്തൽ
- അനുബന്ധ ലൈനുകളുടെ ശേഷി ഉയർത്തൽ ജോലികൾ

ദീർഘകാല പദ്ധതികൾ

- 110 കെ.വി. പന്തലക്കോട്, വെമ്പായം
- 110 കെ.വി. കവടിയാർ, തിരുവനന്തപുരം

- 110 കെ.വി. നേമം, തിരുവനന്തപുരം, കണിയാപുരം
- 33 കെ.വി. പുതുക്കുറിച്ചി, കണിയാപുരം
- 33 കെ.വി. കല്ലറ, വെഞ്ഞാറുംമൂട്
- 33 കെ.വി. കുളത്തൂർ, പാറശ്ശാല
- 33 കെ.വി. വെയിലൂർ, ആറ്റിങ്ങൽ

ശേഷി വർദ്ധിപ്പിക്കൽ

- ബാലരാമപുരം 66 കെ.വി. സബ് സ്റ്റേഷനിൽ നിന്നും 110 കെ.വി. സബ് സ്റ്റേഷൻ
- വിഴിഞ്ഞം 66 കെ.വി. സബ് സ്റ്റേഷനിൽ നിന്നും 220 കെ.വി. സബ് സ്റ്റേഷൻ

അനുബന്ധ ലൈനുകളുടെ ശേഷി ഉയർത്തൽ ജോലികൾ

പ്രസരണ രംഗം ശക്തിപ്പെടുത്തേണ്ടതിന്റെ ആവശ്യകത കണക്കിലെടുത്ത്, നിരവധി പദ്ധതികളുടെ സാധ്യതാ പഠനം നടന്നുവരുന്നു. താഴെപ്പറയുന്ന സബ് സ്റ്റേഷനുകളോടൊപ്പം അനുബന്ധ ലൈനുകളുടെയും നിർമ്മാണം പൂർത്തീകരിക്കേണ്ടതുണ്ട്.

- വെള്ളറടയിൽ 33 കെ.വി. സബ്സ്റ്റേഷന്റെ വോൾട്ടേജ് ശേഷി 110 കെ.വി.-ലേയ്ക്ക് ഉയർത്തുക.
- പൂവാർ 33 കെ.വി.സബ് സ്റ്റേഷന്റെ വോൾട്ടേജ്ശേഷി 110 കെ.വി.-ലേയ്ക്ക് ഉയർത്തുക.
- കടയ്ക്കാവൂർ 33 കെ.വി. സബ് സ്റ്റേഷന്റെ ശേഷി ഉയർത്തുക.
- അനുബന്ധ ലൈനുകളുടെ ശേഷി ഉയർത്തൽ ജോലികൾ

5.10.വിനോദസഞ്ചാരം

ജില്ലയിൽ ടൂറിസം വകുപ്പിന്റെ നേതൃത്വത്തിൽ ചെറുതും വലുതുമായ ടൂറിസം കേന്ദ്രങ്ങളെ കേന്ദ്രീകരിച്ച് 61 പദ്ധതികൾ നിലവിലുണ്ട്. ഇവയിൽ പതിനൊന്നെണ്ണം പൂർത്തീകരിച്ചിട്ടുണ്ട്. ശേഷിച്ച 50 പദ്ധതികളുടെ പ്രവർത്തനം വിവിധ ഘട്ടങ്ങളിലായി നടന്നുവരുന്നു.

പട്ടിക : 5.11.1

ടൂറിസം വകുപ്പിന്റെ നിലവിലെ പദ്ധതികൾ

പദ്ധതിയുടെ പേര്	സ്ഥലം	അവസ്ഥ
അറ്റകുറ്റ പണികൾ	വർക്കല ബീച്ച്	പൂർത്തീകരിച്ചു.
കുളിമുറി അറ്റകുറ്റ പണി	കോവളം	'
മൈതാനം വികസനം	**വർക്കല**	'
ടോയ്‌ലറ്റ് നവീകരണം	അരുവിക്കര	'
ടോയ്‌ലറ്റ് നവീകരണം	പൊന്മുടി	'
ടോയ്‌ലറ്റ് നിർമ്മാണം	അരുവിക്കര	'
മസ്ക്കറ്റ് ഹോട്ടൽ നവീകരണം	തിരുവനന്തപുരം	'
വൈദ്യുതീകരണം	കാപ്പിൽ ബീച്ച്	'
വൈദ്യുതീകരണം	ക്ഷേത്രറോഡ് വർക്കല	'
മാസ്റ്റ് ലൈറ്റ്	ശംഖുംമുഖം ബീച്ച്	'
ഡ്രെയിനേജ്	കനകക്കുന്ന് കൊട്ടാരം	'
ലാന്റ് സ്ക്കേപ്പിംഗ്	കാപ്പിൽ ബീച്ച്	പുരോഗമിക്കുന്നു
നടപ്പാത	വേളി ടൂറിസം ഗ്രാമം	'
കുളം നവീകരണം	വേളി	'
അറ്റകുറ്റ പണി	വർക്കല ബീച്ച്	'
സൗന്ദര്യ വത്കരണം	വർക്കല ബീച്ച്	'
വൈദ്യുതീകരണം	കോവളം	'
സുരക്ഷിതത്വം	കോവളം	'
ടോയ്‌ലറ്റ്	നെയ്യാർ	'
ടൂറിസം ഗ്രാമവികസനം	ആക്കുളം	'
പിൽഗ്രിം സർക്യൂട്ട്	കഴക്കൂട്ടം	'
ഹോട്ടൽ നവീകരണം	കോട്ടൂർ	'
ആന പുനരധിവാസ കേന്ദ്രം	കോട്ടൂർ	'
വൈദ്യുതീകരണം	കോവളം	'
ബീച്ച് വികസനം	ശംഖുംമുഖം	'
സോഷ്യൽ ടൂറിസം	സത്യസായി ഗ്രാമം	'
സൺബാത്ത് പാർക്ക് വികസനം	കോവളം	'

പിൽഗ്രിം സർക്യൂട്ട്	മൺവിള	‘
അറ്റകുറ്റപണി(വൈദ്യുതി)	കോവളം	‘
കുടിവെള്ളം	തിരുവനന്തപുരം	‘
വേസ്റ്റ് മാനേജ്മെന്റ്	വർക്കല	‘
കുളം നവീകരണം	ശംഖുംമുഖം	‘
ഗസ്റ്റ് ഹൗസ് നവീകരണം	വർക്കല	‘
ഗസ്റ്റ് ഹൗസ് പുതിയബ്ലോക്ക് നവീകരണം	വർക്കല	‘
വേസ്റ്റ് മാനേജ്മെൻറ്	കോവളം	‘
സംരക്ഷണ ഭിത്തി	കോവളം	ആരംഭിച്ചില്ല
ചുറ്റുമതിൽ	വേളി	‘
പിൽഗ്രിം സർക്യൂട്ട്	കുളങ്ങര	‘
റോക്ക് പാർക്ക്	നെയ്യാറ്റിൻകര	‘
ബീച്ച് വികസനം,സമുദ്ര	കോവളം	‘
കോട്ടേജ് നവീകരണം	പോന്മുടി	‘
ബീച്ച് വികസനം	പെരുമാതുറ	‘
ടൂറിസം കേന്ദ്ര വികസനം	തെക്കൻ കുരിശുമല	‘
നീന്തൽ കുളം	വേളി	‘
ടൂറിസം വികസനം	അന്തിയൂർ	‘
സൗന്ദര്യവത്ക്കരണം	പൊന്മുടി	‘
ഡെസ്റ്റിനേഷൻ വികസനം	മടവൂർപാറ	‘
അറ്റകുറ്റ പണി (ഗസ്റ്റ് ഹൗസ്)	തിരുവനന്തപുരം	‘
അറ്റകുറ്റ പണി (ഗസ്റ്റ് ഹൗസ്)	കോവളം	‘
വൈദ്യുതീകരണം	കോവളം	‘
വൈദ്യുതീകരണം	പൊന്മുടി	‘
ക്യാമറ (സി.സി.ടി.വി)	കനകക്കുന്ന്	‘
ബോട്ട് വാങ്ങൽ	ആക്കുളം	‘
സോളാർ പാനൽ	ടൂറിസം ഓഫീസ്	‘
ടൂറിസം ഡെസ്റ്റിനേഷൻ	നെയ്യാർ	‘
ഗസ്റ്റ് ഹൗസ് നവീകരണം	കോവളം	‘
റോഡ് നവീകരണം	കോവളം	‘
പൊതു സൗകര്യം	കോവളം	‘
സസ്പെൻഷൻ ബ്രിഡ്ജ്	ചൊവ്വര	‘
ബീച്ച് വികസനം	കാപ്പിൽ	‘
സ്വദേശി ദർശൻ (കേന്ദ്ര പദ്ധതി)	സ്പിരിചൽ സർക്യൂട്ട്	‘

(അവലംബം : ടൂറിസം വകുപ്പ്)

മാലിന്യ സംസ്ക്കരണം, ശൗചാലയങ്ങളുടെ നിർമ്മാണം, നടപ്പാത സൗന്ദര്യവത്ക്കരണം, അറ്റകുറ്റപണികൾ, തെരുവ് വിളക്ക് തുടങ്ങിയവയുമായി ബന്ധപ്പെട്ടതാണ് പദ്ധതികളിൽ ബഹുഭൂരിഭാഗവും. ഉത്പന്ന വികസനം, പാക്കേജുകളുടെ വികസനം തുടങ്ങിയവയുമായി ബന്ധപ്പെട്ട പദ്ധതികളുടെ രൂപീകരണത്തിന് കൂടുതൽ ശ്രദ്ധപതിപ്പിക്കേണ്ടതും ആവശ്യമാണ്.

5.11. സാമൂഹ്യനീതി – സാമൂഹ്യ സുരക്ഷിതത്വം (കുട്ടികൾ, ഭിന്നശേഷിക്കാർ, ഭിന്നലിംഗക്കാർ, വയോജനങ്ങൾ, വനിതകൾ)

സംസ്ഥാന പദ്ധതികൾ – നിർദ്ദേശങ്ങൾ

➢ ഭിന്നലിംഗക്കാരുടെ ക്ഷേമപദ്ധതി

ഭിന്നലിംഗക്കാരുടെ ക്ഷേമപദ്ധതി ബഡ്ജറ്റ് ഇനത്തിൽ വകയിരുത്തിയിരിക്കുന്നത് 6.5 ലക്ഷം രൂപയാണ്. കേരളത്തിന്റ 3500–ൽപരം ഭിന്നലിംഗക്കാരുണ്ട്. അവരുടെ സാമൂഹ്യപദവി ഉയർത്തേണ്ടത് അത്യന്താപേക്ഷിതമാണ്.

❖ അവർ നേരിടുന്ന മുഖ്യപ്രശ്നം പാർപ്പിട സൗകര്യം ഇല്ലായ്മയാണ്. ആയതിനാൽ പാർപ്പിട സൗകര്യം സജ്ജമാക്കുന്നതിനുള്ള പദ്ധതികൾ നടപ്പിലാക്കാവുന്നതാണ്.

- ❖ സാമ്പത്തിക സുരക്ഷിതത്വം ഉറപ്പുവരുത്തുന്നതിനായി ഭിന്നലിംഗക്കാർക്ക് അനുയോജ്യമായ തൊഴിൽ പരിശീലനങ്ങൾ നൽകി തൊഴിൽ ലഭ്യമാക്കാവുന്നതാണ്. ആയതിനാൽ സ്വകാര്യ സ്ഥാപനങ്ങളുടെ സേവനം കൂടി ലഭ്യമാക്കാവുന്നതാണ്.
- ❖ ഹോർമോൺ ട്രീറ്റ്മെന്റിനുള്ള സൗകര്യം എല്ലാ ജില്ലാആശുപത്രികളിലും ലഭ്യമാക്കേണ്ടതാണ്.

➢ **നിർഭയ**

നിർഭയാ പദ്ധതിയിലേക്കായി നടപ്പ് സാമ്പത്തിക വർഷത്തിൽ 139.6 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. മുൻ വർഷം 91 ലക്ഷം രൂപ മാത്രമാണ് ഇതിനായി നീക്കി വച്ചിട്ടുള്ളത്. എന്നിരുന്നാലും നിർഭയയുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിലേക്കായി വർദ്ധിപ്പിച്ച തുക മതിയാകുന്നില്ല. നിലവിൽ 25 അന്തേവാസികളെ പാർപ്പിക്കേണ്ട സൗകര്യത്തിൽ 40–45 അന്തേവാസികൾ തിങ്ങിപ്പാർക്കുന്ന അവസ്ഥയാണ്. 18 വയസ്സിന് താഴെയുള്ളവർക്ക് വേണ്ടിയാണ് പ്രസ്തുത സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നതെങ്കിലും 18 വയസ്സിന് മുകളിൽ ഉള്ളവരെയും പാർപ്പിക്കേണ്ട അവസ്ഥയാണ് നിലവിൽ ഉള്ളത്.

നിർദ്ദേശങ്ങൾ

- ❖ കേരളത്തിൽ എല്ലാ ജില്ലകളിലും ഷെൽട്ടർ ഹോം സംവിധാനം നടപ്പിലാക്കേണ്ടതുണ്ട്. അന്തേവാസികൾക്ക് പഠനമുറിയും അവരുടെ ശാരീരിക–മാനസിക ഉല്ലാസത്തിന് വേണ്ട സൗകര്യങ്ങളും ഒരുക്കേണ്ടതാണ്.
- ❖ അടിയന്തിര സഹായം ലഭ്യമാക്കുന്നതിലേക്കായി എമർജൻസി റസ്പോൺസ് ടീം രൂപീകരിക്കേണ്ടതാണ്
- ❖ അന്തേവാസികൾക്ക് വൊക്കേഷണൽ റീഹാബിലിറ്റേഷൻ ട്രെയിനിംഗുകൾ നടത്താവുന്നതാണ്.
- ❖ ഗ്രാമപഞ്ചായത്ത് തലത്തിൽ വൾറണബിൾ ഗ്രൂപ്പ് മാപ്പിംഗ് നടത്താവുന്നതാണ്.

➢ **വനിതകൾ**

കേന്ദ്രാവിഷ്കൃത പദ്ധതികൾ

- ❖ സ്വധാർ ഗൃഹ് : ജയിൽമോചിതർ, വിധവകൾ, അഗതികൾ, അതിക്രമങ്ങൾക്ക് ഇരയായവർ എന്നിങ്ങനെ നിർഭാഗ്യകരവും വിഷമകരവുമായ സാഹചര്യങ്ങളിൽ കഴിയുന്നതും സാമൂഹിക–സാമ്പത്തിക സംരക്ഷണം ലഭ്യമല്ലാത്തതുമായ 18 വയസ്സിനുമേൽ പ്രായമുള്ള സ്ത്രീകൾക്ക് താമസം, വസ്ത്രം, പുനരധിവാസം, തൊഴിൽ പരിശീലനം, കൗൺസിലിംഗ് എന്നിവ നൽകുന്ന കേന്ദ്രാവിഷ്കൃത പദ്ധതിയാണ് സ്വാധാർ ഗൃഹ്.

- ❖ ഉജ്ജ്വല: ലൈംഗിക ചൂഷണം തടയുകയും ഇരകളെ മോചിപ്പിക്കുകയും അവരെ പുനരധിവസിപ്പിക്കുകയും ചെയ്യുന്നതിന് ലക്ഷ്യം വയ്ക്കുന്ന സമഗ്രമായ ഒരു കേന്ദ്രാവിഷ്കൃത പദ്ധതിയാണ് ഉജ്ജ്വല. ലൈംഗിക ചൂഷണത്തിനിരയായവർക്കും ചൂഷണത്തിന് ഇരയാകാൻ സാധ്യതയുള്ളവർക്കും ഇതിന്റെ ഗുണം ലഭിക്കും. ചൂഷണങ്ങൾ തടയൽ, വിമോചനം, പുനരധിവാസം, പുനരേകീകരണം, സ്വന്തം വാസസ്ഥലത്തേയ്ക്കുള്ള തിരിച്ചുവരവ് എന്നിവയാണ് സ്കീമിന്റെ പ്രധാന ഘടകങ്ങൾ.

- ❖ രാജീവ്ഗാന്ധി സ്കീം ഫോർ എംപവർമെന്റ് ഓഫ് അഡോളസെന്റ് ഗേൾസ്സബല പദ്ധതിയുടെ പ്രധാന ഘടകങ്ങൾ– പൂരക പോഷകാഹാര വിതരണം, അയൺ ആന്റ് പോളിക്ക് ആസിഡ് പോരായ്മ നികത്തൽ, വൈദ്യപരിശോധനയും റഫറൽ സേവനവും, പോഷണ–ആരോഗ്യ വിദ്യാഭ്യാസം, കുടുംബക്ഷേമവുമായി ബന്ധപ്പെട്ട കൗൺസിലിംഗും മാർഗ്ഗനിർദ്ദേശവും, കൗമാര പ്രത്യുത്പാദന– ലൈംഗികാരോഗ്യം (അ.ആർ.എസ്.എച്ച്) ശിശുപരിചരണം, ജീവിതനൈപുണ്യശിക്ഷണവും പൊതു സേവനങ്ങളുടെ പ്രാപ്യതയും, ദേശീയ നൈപുണ്യ വികസന പരിപാടി (എൻ.എസ്.ഡി.പി) പ്രകാരം 16 വയസ്സിനുമേൽ പ്രായമുള്ള പെൺകുട്ടികൾക്ക് തൊഴിൽപരമായ പരിശീലനം എന്നിവയാണ്.
- ❖ ഇന്ദിരാഗാന്ധി മാതൃത്വസഹയോഗ് യോജന (കണ്ടിഷണൽ മെറ്റേർണിറ്റി ബനിഫിറ്റ് സ്കീം): ഐ.സി.ഡി.എസ്. പ്രോജക്ടുകൾ വഴി നടപ്പിലാക്കുന്ന ഈ പദ്ധതിയിൽ

ഗർഭിണികൾക്കും മുലയൂട്ടുന്ന അമ്മമാർക്കും നിബന്ധനകൾക്ക് വിധേയമായി ഗർഭസ്ഥ-മുലയൂട്ടൽ കാലയളവിൽ വിവിധ ഘട്ടങ്ങളായി 4000 രൂപവരെ ധനസഹായം നൽകുന്നു. ഗർഭിണികളുടെയും മുലയൂട്ടുന്ന അമ്മമാരുടെയും പോഷണ-ആരോഗ്യ സംരക്ഷണം ലക്ഷ്യമാക്കുന്ന ഈ ക്രേന്ദ്രാവിഷ്കൃത പദ്ധതി കേരളത്തിൽ പാലക്കാട് ജില്ലയിൽ മാത്രമാണ് ആദ്യഘട്ടത്തിൽ നടപ്പിലാക്കുന്നത്.

- ❖ ബേട്ടി ബചാവോ ബേട്ടി പഠാവോ: ഈ പദ്ധതിയിലൂടെ പെൺകുട്ടികളുടെ ജനനം ഒരു ആഘോഷമാക്കി മാറ്റുവാൻ ഉദ്ദേശിക്കുന്നു. ലിംഗനിർണ്ണയം അടിസ്ഥാനമാക്കി പെൺകുഞ്ഞുങ്ങളെ ജനിക്കാൻ പോലും അനുവദിക്കാതെ ഇല്ലായ്മ ചെയ്യുന്ന പ്രവണത തടയുന്നതും പെൺകുട്ടികളുടെ അതിജീവനവും സുരക്ഷയും വിദ്യാഭ്യാസവും ഉറപ്പാക്കുന്നതും പദ്ധതിയുടെ ലക്ഷ്യങ്ങളാണ്. സ്ക്കൂൾ തലത്തിലെ സാർവ്വത്രിക പ്രവേശനത്തിന്റെ തോത് ഉയർത്തുന്നതും, കൊഴിഞ്ഞുപോക്ക് നിരക്ക് കുറയ്ക്കുന്നതും, വിദ്യാലയങ്ങളിൽ പെൺകുട്ടികൾക്ക് ഹിതകരമായ അന്തരീക്ഷം സൃഷ്ടിക്കുകയും, പെൺകുട്ടികൾക്കായിട്ടുള്ള ശുചിമുറികൾ നിർമ്മിച്ച് ഉപയോഗ യോഗ്യമാക്കുന്നതും മറ്റു ചില പ്രവർത്തനങ്ങളാണ്.
- ❖ ദീൻദയാൽ ഉപാദ്ധ്യായ ഗ്രാമീണ കൗശല്യ യോജന: നാഷണൽ റൂറൽ ലൈവ്‌ലി ഹുഡ് മിഷന്റെ ഭാഗമായി പ്രവർത്തിക്കുന്ന ഈ പദ്ധതി ഗ്രാമീണ മേഖലയിലെ 18 മുതൽ 35 വയസ്സ് വരെ പ്രായമുള്ള ദരിദ്രരായ യുവജനങ്ങൾക്ക് വിദഗ്ദ്ധ പരിശീലനവും തുടർന്ന് പ്രതിമാസം വേതനമുള്ള തൊഴിലുകളും നൽകി അവരുടെ വരുമാന സാധ്യത വർദ്ധിപ്പിക്കുവാനാണ് ലക്ഷ്യമിടുന്നത്. രാജ്യത്തെ 610 ജില്ലകളിലായി 33 സംസ്ഥാനങ്ങളിലും കേന്ദ്ര ഭരണ പ്രദേശങ്ങളിലുമായി വ്യാപിപ്പിച്ചിരിക്കുന്ന ഈ പദ്ധതി ഗ്രാമീണ മേഖലയിലെ തൊഴിൽ രഹിതരായ 55 ദശലക്ഷം യുവജനങ്ങളെയാണ് ലക്ഷ്യം വച്ചിരിക്കുന്നത്. ത്രിതല നിർവ്വഹണ മാതൃകയാണ് പദ്ധതിക്കായി അവലംബിച്ചിരിക്കുന്നത്.

സംസ്ഥാനാവിഷ്കൃത പദ്ധതികൾ

- ❖ സ്നേഹസ്പർശം: സംസ്ഥാനത്തെ അവിവാഹിതരായ അമ്മമാരുടെ സാമൂഹ്യസുരക്ഷ ഉറപ്പുവരുത്തുന്നതിനും അവർക്ക് ആശ്വാസമരുളുന്നതിനും പ്രതിമാസം 10000 രൂപ അലവൻസായി നൽകുന്ന പദ്ധതിയാണിത്. കേരളത്തിലെ 8 ജില്ലകളിൽ നടപ്പിലാക്കുന്ന ഈ പദ്ധതി തുടക്കത്തിൽ പട്ടികവർഗ്ഗ വിഭാഗത്തിന് മാത്രമായി പരിമിതപ്പെടുത്തിയിരുന്നെങ്കിലും ഇപ്പോൾ എല്ലാ വിഭാഗങ്ങളിലേക്കും വ്യാപിപ്പിച്ചിരിക്കുന്നു. സാമൂഹ്യനീതി വകുപ്പിന്റെ നിയന്ത്രണത്തിലുള്ള സാമൂഹ്യസുരക്ഷാമിഷൻ ആണ് പദ്ധതി നടപ്പിലാക്കുന്നത്.
- ❖ തീരമൈത്രി-സൂക്ഷ്മസംരഭ പദ്ധതി : മത്സ്യബന്ധന മേഖലയിലെ സ്ത്രീകൾക്ക് സ്വയം തൊഴിൽ സംരഭങ്ങൾ ആരംഭിച്ച് സാമ്പത്തിക-സാമൂഹിക സ്വാശ്രയത്വം കൈവരിക്കാൻ സഹായകമായ ഒരു പദ്ധതിയാണ് തീരമൈത്രി-സൂക്ഷ്മസംരംഭ പദ്ധതി. സംസ്ഥാന മത്സ്യബന്ധന വകുപ്പിന്റെ നിയന്ത്രണത്തിലുള്ള സൊസൈറ്റി ഫോർ അസിസ്റ്റൻസ് ടു ഫിഷർവുമൺ എന്ന സംഘമാണ് പദ്ധതി നടപ്പിലാക്കുന്നത്. മത്സ്യബന്ധന മേഖലയിലെ സ്ത്രീകളെ കണ്ടെത്തുകയും അവർക്ക് പരിശീലനം നൽകുകയും ചെയ്യുക, സൂക്ഷ്മ സംരംഭങ്ങൾ ആരംഭിക്കുന്നതിന് വേണ്ട ധനസഹായവും റിവോൾവിംഗ് ഫണ്ടും ലഭ്യമാക്കുക, നിലവിലുള്ളതും പുതിയതുമായ ചെറുകിട സ്ഥാപനങ്ങൾക്ക് താങ്ങും തണലും നൽകുക, വിപണനത്തിന് സഹായിക്കുക എന്നിവയാണ് തീരമൈത്രി-സൂക്ഷ്മസംരംഭ പദ്ധതിയുടെ പ്രധാന പ്രവർത്തനങ്ങൾ.
- ❖ ഭൂമിക-ജെൻഡർ അധിഷ്ഠിത അതിക്രമ മാനേജ്മെന്റ് കേന്ദ്രം : സംസ്ഥാന ആരോഗ്യ വകുപ്പിന്റെ ആഭിമുഖ്യത്തിൽ ദേശീയ ആരോഗ്യ മിഷന്റെ സഹകരണത്തോടെ കേരളത്തിലെ എല്ലാ ജില്ലകളിലും ആരംഭിച്ച ഒരു പദ്ധതിയാണ് ഭൂമിക-ജെൻഡർ അധിഷ്ഠിത അതിക്രമ മാനേജ്മെന്റിന്റെ കേന്ദ്രം. ജെൻഡർ അധിഷ്ഠിത അതിക്രമങ്ങൾക്കും സാമൂഹിക അധിക്ഷേപങ്ങൾക്കും ഇരയാകുന്നവർക്കും ആവശ്യമായ വൈദ്യസഹായവും കൗൺസിലിംഗ് സൗകര്യവും ലഭ്യമാക്കുക അതിക്രമങ്ങളെ അതിജീവിച്ചവർക്ക് ആവശ്യമായ സൗകര്യങ്ങൾ ലഭ്യമാക്കുക അതിക്രമങ്ങളിലെ ഇരകൾക്കായി ആരോഗ്യ പരിപാലന രംഗത്ത് പ്രവർത്തിക്കുന്നവരുടെ ശേഷിയും

കാര്യക്ഷമതയും വർദ്ധിപ്പിക്കുന്നതിന് ആവശ്യമായ പരിശീലനങ്ങൾ നൽകുക എന്നിവയാണ് പദ്ധതിയുടെ പ്രധാന ലക്ഷ്യങ്ങൾ.

- ❖ വനിത ഹെല്പ്ലൈൻ സ്കീം: ആക്രമണങ്ങൾക്ക് ഇരയാകുന്ന സ്ത്രീകൾക്ക് പോലീസ്, ആശുപത്രി മുതലായവ മുഖേന 24 മണിക്കൂറും അടിയന്തിര സഹായം ലഭ്യമാക്കുകയും സർക്കാർ തലത്തിലുള്ള വനിതാ ശാക്തീകരണ പദ്ധതികളെക്കുറിച്ച് അവർക്ക് അറിവ് നൽകുകയും ചെയ്യുക എന്നതാണ് വനിതാ ഹെൽപ്പ് ലൈൻ സ്കീം എന്ന പദ്ധതിയുടെ ലക്ഷ്യം. ഇതിനായി വിവിധ സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്.
- ❖ സീതാലയം– വനിതകൾക്കുള്ള ആരോഗ്യ പരിചരണ കേന്ദ്രങ്ങൾ: സ്ത്രീ–സാന്ത്വനം ഹോമിയോപ്പതിയിലൂടെ എന്ന ലക്ഷ്യവുമായി സംസ്ഥാന ഹോമിയോപ്പതി വകുപ്പ് നടപ്പിലാക്കുന്ന പദ്ധതിയാണ് സീതാലയം. സ്ത്രീകൾക്ക് സമ്പൂർണ്ണ ശാരീരിക–മാനസിക–സാമൂഹിക അരോഗ്യം കൈവരിക്കാനുള്ള ചികിൽസാരീതിക്ക് ഇത് മുൻതൂക്കം നൽകുന്നു. സ്ത്രീകൾക്ക് എന്തും തുറന്നു പറയാവുന്ന അന്തരീക്ഷം സൃഷ്ടിക്കുകയും സ്ത്രീയിലൂടെ കുടുംബങ്ങൾക്കും സന്തോഷകരമാകുന്ന അവസ്ഥ സൃഷ്ടിക്കുകയും ചെയ്യുക എന്നതാണ് പദ്ധതിയുടെ പ്രവർത്തനശൈലി. നിയമം, സാമൂഹികനീതി, കുടുംബക്ഷേമം, അഭ്യന്തരം തുടങ്ങിയ വകുപ്പുകളുടെ സേവനവും പുനരധിവാസം ആവശ്യമുള്ള സ്ത്രീകൾക്ക് അതിനുള്ള മാർഗ്ഗ നിർദ്ദേശങ്ങളും സീതാലയത്തിലൂടെ ലഭിക്കുന്നു.
- ❖ വിധവാ വിവാഹ പ്രോൽസാഹന പദ്ധതി–മംഗല്യ: നിയമാനുസൃതമായി വിവാഹബന്ധം വേർപെടുത്തിയവരോ, വിധവകളോ ആയ 18 മുതൽ 50 വരെ പ്രായമുള്ള ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള സ്ത്രീകൾക്ക് പുനർവിവാഹത്തിന് 25000 രൂപ ധനസഹായം നൽകുന്ന സംസ്ഥാന സാമൂഹ്യനീതി വകുപ്പ് മുഖേന നടപ്പിലാക്കുന്ന പദ്ധതിയാണിത്.

5.12. പട്ടികജാതി വികസനം

നിലവിൽ കേന്ദ്ര–സംസ്ഥാന സർക്കാരുകൾ നിരവധി പദ്ധതികൾ വിവിധ മേഖലകളിലായി നടപ്പിലാക്കുന്നുവെങ്കിലും പട്ടികജാതിക്കാർ അവരുടെ വികസനത്തിനായി പൊതുവിൽ പട്ടികജാതി വികസന വകുപ്പിനേയും തദ്ദേശഭരണസ്ഥാപനങ്ങളിലെ എസ്.സി.പി വിഹിതത്തേയുമാണ് ആശ്രയിക്കുന്നത്. ഈ നിലമാറേണ്ടതും വിവിധ വകുപ്പുകൾ നടപ്പിലാക്കുന്ന വിവിധ വികസന–ക്ഷേമ പദ്ധതികളിൽ പട്ടികജാതിക്കാരെ ഗുണഭോക്താക്കളാക്കി മാറ്റേണ്ടതുമാണ്. നിലവിലുള്ള വിവിധ കേന്ദ്ര–സംസ്ഥാന പദ്ധതികളും അവ ഫലപ്രദമായി ഉപയോഗിക്കാൻ കഴിയുന്ന തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെക്കുറിച്ചുള്ള വിവരങ്ങളും **ഉ**ൽപ്പാദന– സേവന– പശ്ചാത്തല മേഖല തിരിച്ച് ചുവടെ കൊടുക്കുന്നു.

പട്ടിക :5.12.1

ഉൽപ്പാദന മേഖലയിലെ കേന്ദ്ര–സംസ്ഥാന പദ്ധതികൾ

1. കൃഷി

വകുപ്പ്/ഏജൻസി	വകുപ്പിന്റെ/ഏജൻസിയുടെ നിലവിലെ പദ്ധതി	സംയോജിത പ്രോജക്റ്റ് ഏറ്റെടുക്കാവുന്ന തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ
കൃഷി വകുപ്പ്	കരനെൽകൃഷി	വർക്കല, കിളിമാനൂർ, ചിറയിൻകീഴ്, വാമനപുരം, നെടുമങ്ങാട്, പോത്തൻകോട്, വെള്ളനാട്, പെരുങ്കടവിള, അതിയന്നൂർ, നേമം, പാറശ്ശാല എന്നീ ബ്ലോക്ക് പഞ്ചായത്തുകൾക്കും അവയിലുൾപ്പെട്ട തീരദേശങ്ങളിലല്ലാത്ത ഗ്രാമപഞ്ചായത്തുകൾക്കും.
	സമഗ്ര പച്ചക്കറികൃഷി വികസന പദ്ധതി	എല്ലാ ഗ്രാമ–ബ്ലോക്ക് പഞ്ചായത്തുകൾക്കും മുനിസിപ്പാലിറ്റികൾക്കും കോർപ്പറേഷനുകൾക്കും. കുളങ്ങളും നീർത്തടങ്ങളുമുള്ള അതിയന്നൂർ ബ്ലോക്കിലെ അതിയന്നൂർ, കോട്ടുകാൽ, വെങ്ങാനൂർ പഞ്ചായത്തുകൾ,
	വിവിധ വിള ഇൻഷുറൻസ് പദ്ധതികൾ	എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കും

	സുസ്ഥിര നെൽകൃഷി വികസനം	കോർപ്പറേഷൻ, മുനിസിപ്പാലിറ്റികൾ, തീരദേശമേഖലയിലെ പഞ്ചായത്തുകൾ എന്നിവയൊഴികെയുള്ള പഞ്ചായത്തുകൾക്ക്
	പഞ്ചായത്തുതല സുസ്ഥിര നെൽകൃഷി വികസന മുന്നേറ്റ പരിപ്രേക്ഷ്യം	
	സുഗന്ധവിള വികസനം	വാമനപുരം ബ്ലോക്കിലെ പെരിങ്ങമ്മല, നന്ദിയോട്, പാങ്ങോട്, കല്ലറ പഞ്ചായത്തുകൾ, വെള്ളനാട് ബ്ലോക്കിലെ വിതുര, ആര്യനാട്, കുറ്റിച്ചൽ പഞ്ചായത്തുകൾ, പെരുങ്കടവിള ബ്ലോക്കിലെ കള്ളിക്കാട്, അമ്പൂരി പഞ്ചായത്തുകൾ, കിളിമാനൂർ ബ്ലോക്കിലെ മടവൂർ പഞ്ചായത്ത്
	കുരുമുളക് കൃഷി വികസനം	

2.ജലസേചനം

വകുപ്പ്/ഏജൻസി	വകുപ്പിന്റെ/ഏജൻസിയുടെ നിലവിലെ പദ്ധതി	സംയോജിത പ്രോജക്റ്റ് ഏറ്റെടുക്കാവുന്ന തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ
ജലസേചന വകുപ്പ്	ജലസേചനം	എല്ലാ പ്രാദേശിക സർക്കാരുകൾക്കും
	നദീജലസംരക്ഷണം	
	നദീതട സംരക്ഷണ പദ്ധതി	
	തീരദേശ സംരക്ഷണം	പോത്തൻകോട് ബ്ലോക്കിലെ കഠിനംകുളം, മംഗലപുരം പഞ്ചായത്തുകൾ, ചിറയിൻകീഴ് ബ്ലോക്കിലെ അഴൂർ, ചിറയിൻകീഴ്, കടയ്ക്കാവൂർ, അഞ്ചുതെങ്ങ് പഞ്ചായത്തുകൾ, വർക്കല ബ്ലോക്കിലെ ചെറുന്നിയൂർ, മണമ്പൂർ പഞ്ചായത്തുകൾ പോത്തൻകോട് ബ്ലോക്കിലെ കഠിനംകുളം, മംഗലപുരം പഞ്ചായത്തുകൾ, ചിറയിൻകീഴ് ബ്ലോക്കിലെ അഴൂർ, ചിറയിൻകീഴ്, കടയ്ക്കാവൂർ, അഞ്ചുതെങ്ങ് പഞ്ചായത്തുകൾ, വർക്കല ബ്ലോക്കിലെ ചെറുന്നിയൂർ, മണമ്പൂർ, വെട്ടൂർ, ഇടവ പഞ്ചായത്തുകൾ, വർക്കല മുനിസിപ്പാലിററി, തിരുവനന്തപുരം കോർപ്പറേഷൻ, പാറശ്ശാല ബ്ലോക്കിലെ കാരോട്, കുളത്തൂർ, പൂവാർ പഞ്ചായത്തുകൾ, അതിയന്നൂർ ബ്ലോക്കിലെ വെങ്ങാനൂർ, കോട്ടുകാൽ, കാഞ്ഞിരംകുളം പഞ്ചായത്തുകൾ
	വെള്ളപ്പൊക്ക നിയന്ത്രണം	

3. മണ്ണ്–ജല സംരക്ഷണം

വകുപ്പ്/ഏജൻസി	വകുപ്പിന്റെ/ഏജൻസിയുടെ നിലവിലെ പദ്ധതി	സംയോജിത പ്രോജക്റ്റ് ഏറ്റെടുക്കാവുന്ന തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ
മണ്ണുസംരക്ഷണ–പര്യവേഷണ വകുപ്പ്	മണ്ണുജല സംരക്ഷണപദ്ധതി,	എല്ലാ പ്രാദേശിക സർക്കാരുകൾക്കും
	മണ്ണുപരിശോധന പദ്ധതി	
	മണ്ണ്ഭൂവിഭവ സംരക്ഷണം	
	നീർത്തട അറ്റ്ലസ് തയ്യാറാക്കൽ	
	മണ്ണ് സാമ്പിൾ ശേഖരണം	

4. മൃഗസംരക്ഷണം

വകുപ്പ്/ഏജൻസി	വകുപ്പിന്റെ/ഏജൻസിയുടെ നിലവിലെ പദ്ധതി	സംയോജിത പ്രോജക്റ്റ് ഏറ്റെടുക്കാവുന്ന തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ
മൃഗസംരക്ഷണ വകുപ്പ്	സംരഭക പരിശീലന പരിപാടികൾ,	
	ഫാം സ്കൂൾ പരിശീലനങ്ങൾ,	
	പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി,	
	വീടുമുറ്റത്തെ കോഴിവളർത്തൽ	എല്ലാ പ്രാദേശിക സർക്കാരുകൾക്കും
	ഫീൽഡ് സന്ദർശന–വിജ്ഞാന	എല്ലാ പ്രാദേശിക സർക്കാരുകൾക്കും

	വ്യാപന പരിപാടി,	
	പങ്കാളിത്ത പരിശീലന പദ്ധതി	എല്ലാ പ്രാദേശിക സർക്കാരുകൾക്കും
	പാൽ-മുട്ട-മാംസം ഉൽപ്പാദ വർദ്ധനവിനായുള്ള ഇന്റഗ്രേറ്റഡ് പൈലറ്റ് പ്രോജക്റ്റ്	വാമനപുരം ബ്ലോക്കിലെ പെരിങ്ങമ്മല, നന്ദിയോട്, പാങ്ങോട്, കല്ലറ പഞ്ചായത്തുകൾ, വെള്ളനാട് ബ്ലോക്കിലെ വിതുര, ആര്യനാട്, കുറ്റിച്ചൽ പഞ്ചായത്തുകൾ, പെരുങ്കടവിള ബ്ലോക്കിലെ കള്ളിക്കാട്, അമ്പൂരി പഞ്ചായത്തുകൾ, കിളിമാനൂർ ബ്ലോക്കിലെ മടവൂർ പഞ്ചായത്ത്
	സാറ്റലൈറ്റ് പന്നി യൂണിറ്റുകൾ പദ്ധതി	പാറശ്ശാല, വാമനപുരം ബ്ലോക്കിലെ പെരിങ്ങമ്മല, നന്ദിയോട്, പാങ്ങോട്, കല്ലറ പഞ്ചായത്തുകൾ, വെള്ളനാട് ബ്ലോക്കിലെ വിതുര, ആര്യനാട്, കുറ്റിച്ചൽ പഞ്ചായത്തുകൾ, പെരുങ്കടവിള ബ്ലോക്കിലെ കള്ളിക്കാട്, അമ്പൂരി പഞ്ചായത്തുകൾ, കിളിമാനൂർ ബ്ലോക്കിലെ മടവൂർ പഞ്ചായത്ത്.

5. ക്ഷീരവികസനം

വകുപ്പ്/ഏജൻസി	വകുപ്പിന്റെ/ഏജൻസിയുടെ നിലവിലെ പദ്ധതി	സംയോജിത പ്രോജക്റ്റ് ഏറ്റെടുക്കാവുന്ന തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ
ക്ഷീരവികസന വകുപ്പ്	തീറ്റപ്പുൽ വികസന പരിപാടി	
	ശാസ്ത്രീയമായ കറവ പരിശീലനം	എല്ലാ പ്രാദേശിക സർക്കാരുകൾക്കും
	മിൽക്ക് ഷെഡ് വികസന പദ്ധതി	എല്ലാ പ്രാദേശിക സർക്കാരുകൾക്കും, വിശിഷ്യ വാമനപുരം ബ്ലോക്കിലെ പെരിങ്ങമ്മല, നന്ദിയോട്, പാങ്ങോട്, കല്ലറ പഞ്ചായത്തുകൾ, വെള്ളനാട് ബ്ലോക്കിലെ വിതുര, ആര്യനാട്, കുറ്റിച്ചൽ പഞ്ചായത്തുകൾ, പെരുങ്കടവിള ബ്ലോക്കിലെ കള്ളിക്കാട്, അമ്പൂരി പഞ്ചായത്തുകൾ, കിളിമാനൂർ ബ്ലോക്കിലെ മടവൂർ പഞ്ചായത്ത്

6. മത്സ്യവികസനം

വകുപ്പ്/ഏജൻസി	വകുപ്പിന്റെ/ഏജൻസിയുടെ നിലവിലെ പദ്ധതി	സംയോജിത പ്രോജക്റ്റ് ഏറ്റെടുക്കാവുന്ന തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ
മൽസ്യബന്ധന വകുപ്പ്	മൽസ്യസമൃദ്ധി പദ്ധതി,	പോത്തൻകോട് ബ്ലോക്കിലെ കഠിനംകുളം, മംഗലപുരം പഞ്ചായത്തുകൾ, ചിറയിൻകീഴ് ബ്ലോക്കിലെ അഴൂർ, ചിറയിൻകീഴ്, കടയ്ക്കാവൂർ, അഞ്ചുതെങ്ങ് പഞ്ചായത്തുകൾ, വർക്കല ബ്ലോക്കിലെ ചെറുന്നിയൂർ, മണമ്പൂർ പഞ്ചായത്തുകൾ പോത്തൻകോട് ബ്ലോക്കിലെ കഠിനംകുളം, മംഗലപുരം പഞ്ചായത്തുകൾ, ചിറയിൻകീഴ് ബ്ലോക്കിലെ അഴൂർ, ചിറയിൻകീഴ്, കടയ്ക്കാവൂർ, അഞ്ചുതെങ്ങ് പഞ്ചായത്തുകൾ, വർക്കല ബ്ലോക്കിലെ ചെറുന്നിയൂർ, മണമ്പൂർ, വെട്ടൂർ, ഇടവ പഞ്ചായത്തുകൾ, വർക്കല മുനിസിപ്പാലിറ്റി തിരുവനന്തപുരം കോർപ്പറേഷൻ, പാറശ്ശാല ബ്ലോക്കിലെ കാരോട്, കുളത്തൂർ, പൂവാർ പഞ്ചായത്തുകൾ, അതിയന്നൂർ ബ്ലോക്കിലെ വെങ്ങാനൂർ, കോട്ടുകാൽ, കാഞ്ഞിരംകുളം പഞ്ചായത്തുകൾ
	മൽസ്യവിഭവ സംരക്ഷണവും പരിപാലനവും,	
സൊസൈറ്റി ഫോർ അസിസ്റ്റൻസ് ടു ഫിഷർ വുമൺ	തീരമൈത്രി	
തീരദേശവികസന കോർപ്പറേഷൻ	മൽസ്യവിഭവ സംരക്ഷണവും പരിപാലനവും,	
കേരള മൽസ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ്	ബോർഡിന്റെ വിവിധ പദ്ധതികൾ	

ജലകൃഷി വികസന ഏജൻസി (അഡാക്)	ചെമ്മീൻ കൃഷി	പോത്തൻകോട് ബ്ലോക്കിലെ കഠിനംകുളം, മംഗലപുരം പഞ്ചായത്തുകൾ, ചിറയിൻകീഴ് ബ്ലോക്കിലെ അഴൂർ, ചിറയിൻകീഴ്, കടയ്ക്കാവൂർ, അഞ്ചുതെങ്ങ് പഞ്ചായത്തുകൾ, വർക്കല ബ്ലോക്കിലെ ചെറുന്നിയൂർ, മണമ്പൂർ പഞ്ചായത്തുകൾ
	ശുദ്ധജല മൽസ്യകൃഷി	അതിയന്നൂർ ബ്ലോക്കിലെ വെങ്ങാനൂർ പഞ്ചായത്ത് (വെള്ളായണി), പെരുങ്കടവിള ബ്ലോക്കിലെ കള്ളിക്കാട്, അമ്പൂരി പഞ്ചായത്തുകൾ, വെള്ളനാട് ബ്ലോക്കിലെ വിതുര, ആര്യനാട് പഞ്ചായത്തുകൾ, വർക്കല ബ്ലോക്കിലെ ഇടവ, ഇലകമൺ പഞ്ചായത്തുകൾ

7. പരിസ്ഥിതി

വകുപ്പ്/ഏജൻസി	വകുപ്പിന്റെ/ഏജൻസിയുടെ നിലവിലെ പദ്ധതി	സംയോജിത പ്രോജക്റ്റ് ഏറ്റെടുക്കാവുന്ന തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ
ജലസേചന വകുപ്പ്	ജലസംരക്ഷണം	അതിയന്നൂർ ബ്ലോക്കിലെ വെങ്ങാനൂർ പഞ്ചായത്ത് (വെള്ളായണി), നേമം ബ്ലോക്കിലെ കല്ലിയൂർ പഞ്ചായത്ത് (വെള്ളായണി) പെരുങ്കടവിള ബ്ലോക്കിലെ കള്ളിക്കാട്, അമ്പൂരി പഞ്ചായത്തുകൾ
വനംവകുപ്പ്		വാമനപുരം ബ്ലോക്കിലെ പെരിങ്ങമ്മല, നന്ദിയോട്, പാങ്ങോട്, കല്ലറ പഞ്ചായത്തുകൾ, വെള്ളനാട് ബ്ലോക്കിലെ വിതുര, ആര്യനാട്, കുറ്റിച്ചൽ പഞ്ചായത്തുകൾ, പെരുങ്കടവിള ബ്ലോക്കിലെ കള്ളിക്കാട്, അമ്പൂരി പഞ്ചായത്തുകൾ, കിളിമാനൂർ ബ്ലോക്കിലെ മടവൂർ പഞ്ചായത്ത്

8. കാലാവസ്ഥാവ്യതിയാനം

വകുപ്പ്/ഏജൻസി	വകുപ്പിന്റെ/ഏജൻസിയുടെ നിലവിലെ പദ്ധതി	സംയോജിത പ്രോജക്റ്റ് ഏറ്റെടുക്കാവുന്ന തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ
വനംവകുപ്പ്		വാമനപുരം ബ്ലോക്കിലെ പെരിങ്ങമ്മല, നന്ദിയോട്, പാങ്ങോട്, കല്ലറ പഞ്ചായത്തുകൾ, വെള്ളനാട് ബ്ലോക്കിലെ വിതുര, ആര്യനാട്, കുറ്റിച്ചൽ പഞ്ചായത്തുകൾ, പെരുങ്കടവിള ബ്ലോക്കിലെ കള്ളിക്കാട്, അമ്പൂരി പഞ്ചായത്തുകൾ, കിളിമാനൂർ ബ്ലോക്കിലെ മടവൂർ പഞ്ചായത്ത്

9. വനവികസനം

വകുപ്പ്/ഏജൻസി	വകുപ്പിന്റെ/ഏജൻസിയുടെ നിലവിലെ പദ്ധതി	സംയോജിത പ്രോജക്റ്റ് ഏറ്റെടുക്കാവുന്ന തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ
വനംവകുപ്പ്		വാമനപുരം ബ്ലോക്കിലെ പെരിങ്ങമ്മല, നന്ദിയോട്, പാങ്ങോട്, കല്ലറ പഞ്ചായത്തുകൾ, വെള്ളനാട് ബ്ലോക്കിലെ വിതുര, ആര്യനാട്, കുറ്റിച്ചൽ പഞ്ചായത്തുകൾ, പെരുങ്കടവിള ബ്ലോക്കിലെ കള്ളിക്കാട്, അമ്പൂരി പഞ്ചായത്തുകൾ, കിളിമാനൂർ ബ്ലോക്കിലെ മടവൂർ പഞ്ചായത്ത്

10. വ്യവസായം വാണിജ്യം

വകുപ്പ്/ഏജൻസി	വകുപ്പിന്റെ/ഏജൻസിയുടെ നിലവിലെ പദ്ധതി	സംയോജിത പ്രോജക്റ്റ് ഏറ്റെടുക്കാവുന്ന തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ
വ്യവസായവകുപ്പ്	സംരഭകത്വസഹായ പദ്ധതി	എല്ലാ പ്രാദേശിക സർക്കാരുകൾക്കും
	റബ്ബറധിഷ്ഠിത വ്യവസായങ്ങൾ	
	കാർഷിക-ഭക്ഷ്യ സംസ്ക്കരണ വ്യവസായങ്ങൾ	എല്ലാ പ്രാദേശിക സർക്കാരുകൾക്കും
	റെഡിമെയ്ഡ് വസ്ത്ര നിർമ്മാണം	എല്ലാ പ്രാദേശിക സർക്കാരുകൾക്കും
	ജൈവ-വളം നിർമ്മാണ വ്യവസായങ്ങൾ,	എല്ലാ പ്രാദേശിക സർക്കാരുകൾക്കും
	പാരമ്പര്യേതര ഊർജ്ജോൽപ്പാദന ഉപാധികളുടെ നിർമ്മാണം	എല്ലാ പ്രാദേശിക സർക്കാരുകൾക്കും
	പ്ലാസ്റ്റിക് പുനരുപയോഗ നിർമ്മാണം	
	എന്റർപ്രണേർഷിപ്പ് ഡെവലപ്മെന്റ് ക്ലബ്ബ്	
	എസ്.സി ഡവലപ്മെന്റ് സ്കീം	
കേരള സംസ്ഥാന സ്വയം സംരംഭക മിഷൻ	ഗ്രൂപ്പ് സംരംഭക വികസന പദ്ധതി	എല്ലാ പ്രാദേശിക സർക്കാരുകൾക്കും
ഡിപാർട്ട്മെന്റ് ഓഫ് ഇൻഡസ്ട്രീസ് ആന്റ് കൊമേഴ്സ്	മാർജിൻമണി ലോൺ സ്കീം	എല്ലാ പ്രാദേശിക സർക്കാരുകൾക്കും
ഡിപാർട്ട്മെന്റ് ഓഫ് ഇൻഡസ്ട്രീസ് ആന്റ് കൊമേഴ്സ്	സ്ത്രീകൾക്കായുള്ള വ്യാവസായിക പദ്ധതി	എല്ലാ പ്രാദേശിക സർക്കാരുകൾക്കും
കയർവകുപ്പ്	മാർജിൻമണി വായ്പ	
കയർവകുപ്പ്	കയറിന്റേയും കയർ ഉൽപ്പന്നങ്ങളുടെയും വിൽപ്പനയ്ക്കുള്ള വിപണി സഹായം	
കൈത്തറി ആന്റ് ടെക്സ്റ്റയിൽ വകുപ്പ്	ഫ്ളാഗ്ഷിപ്പ് പരിശീലനം നേടിയ വിദഗ്ധ നെയ്ത്തുകാരായ പട്ടികജാതിക്കാർക്ക് ഉൽപ്പാദന യൂണിറ്റുകൾ തുടങ്ങുവാനുള്ള പദ്ധതി	
ജില്ലാ വ്യവസായ കേന്ദ്രം	പട്ടികജാതി പട്ടികവർഗ സംരംഭക വികസന പദ്ധതി	എല്ലാ പ്രാദേശിക സർക്കാരുകൾക്കും
ഗ്രാമീണ സ്വയം തൊഴിൽ പരിശീലന കേന്ദ്രം	സ്വയംതൊഴിൽ പരിശീലന പദ്ധതി	എല്ലാ പ്രാദേശിക സർക്കാരുകൾക്കും

കേന്ദ്ര-സംസ്ഥാന സർക്കാരുകളുടേയും പട്ടികജാതി വികസന വകുപ്പിന്റേയും സ്റ്റാർട്ടപ്പ് സംരഭങ്ങളിലേർപ്പെടുന്ന പട്ടികജാതിക്കാർക്ക് അധിക സഹായം ലഭ്യമാകാനുള്ള പദ്ധതികൾ ആവിഷ്ക്കരിക്കുക.

11. സ്വയംതൊഴിൽ സംരഭങ്ങൾ

വകുപ്പ്/ഏജൻസി	വകുപ്പിന്റെ/ഏജൻസിയുടെ നിലവിലെ പദ്ധതി	സംയോജിത പ്രോജക്റ്റ് ഏറ്റെടുക്കാവുന്ന തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ
ആയുർവേദ വകുപ്പ്	ഉഴിച്ചിൽ, കിഴിയിടൽ, മരുന്നു നിർമ്മാണം തുടങ്ങിയവ	എല്ലാ പ്രാദേശിക സർക്കാരുകൾക്കും
സ്റ്റേറ്റ് മെഡിസിനൽ പ്ലാന്റ്	പച്ചമരുന്നുകൃഷി	

ബോർഡ്		
ഖാദിബോർഡ്	പ്രത്യേക തൊഴിൽദാന പദ്ധതി	എല്ലാ പ്രാദേശിക സർക്കാരുകൾക്കും
	പ്രധാനമന്ത്രിയുടെ തൊഴിൽ ഉൽപ്പാദന പദ്ധതി	എല്ലാ പ്രാദേശിക സർക്കാരുകൾക്കും
ഖാദി വില്ലേജ് വ്യവസായ ബോർഡ്	മുഖ്യപദ്ധതി	എല്ലാ പ്രാദേശിക സർക്കാരുകൾക്കും
ജില്ലാ വ്യവസായ കേന്ദ്രം	പ്രധാനമന്ത്രിയുടെ തൊഴിൽ ഉൽപ്പാദന പദ്ധതി	എല്ലാ പ്രാദേശിക സർക്കാരുകൾക്കും
സ്റ്റേറ്റ് റൂറൽ ലിവ്‌ലിഹുഡ് മിഷൻ	ദേശീയ ഗ്രാമീണ ഉപജീവന മിഷൻ	എല്ലാ പ്രാദേശിക സർക്കാരുകൾക്കും
	സ്വർണ്ണജയന്തി ഗ്രാമസ്വരോജ്ഗർ യോജന	ഗ്രാമീണമേഖലയിലെ എല്ലാ പ്രാദേശിക സർക്കാരുകൾക്കും
	സ്വർണ്ണജയന്തി ശഹരി സ്വരോജ്ഗർ യോജന	നഗരമേഖലയിലെ എല്ലാ പ്രാദേശിക സർക്കാരുകൾക്കും
കൈത്തറി ആന്റ് ടെക്സ്റ്റയിൽ വകുപ്പ്	കൈത്തറിവികസന പദ്ധതി	
	കൈത്തറി മേഖലയിലെ സ്വയം തൊഴിൽ പദ്ധതി	
നാഷണൽ എംപ്ലോയ്മെന്റ് സർവ്വീസസ്	കെസ്റ്റു (കേരളസ്റ്റേറ്റ് സെൽഫ് എംപ്ലോയ്മെന്റ് സ്കീം ഫോർ ദി രജിസ്റ്റേഡ് അൺ എംപ്ലോയ്ഡ്)	എല്ലാ പ്രാദേശിക സർക്കാരുകൾക്കും
	മൾട്ടി പർപ്പസ് സർവ്വീസ് സെന്റേഴ്സ്/ജോബ് ക്ലബ്,	എല്ലാ പ്രാദേശിക സർക്കാരുകൾക്കും
	ശരണ്യ	
സോഷ്യോ ഇക്കണോമിക് യൂണിറ്റ് ഫൗണ്ടേഷൻ	വനിതാ മേസ്തിരി പരിശീലനം	എല്ലാ പ്രാദേശിക സർക്കാരുകൾക്കും
	ക്ലോറിനേഷൻ പരിശീലനം	എല്ലാ പ്രാദേശിക സർക്കാരുകൾക്കും
	ഗാർമെന്റ്സ് മേക്കിംഗ്	എല്ലാ പ്രാദേശിക സർക്കാരുകൾക്കും
	ചെറുകിട സംരംഭങ്ങൾക്കുള്ള പരിശീലനം	എല്ലാ പ്രാദേശിക സർക്കാരുകൾക്കും

സേവന മേഖലയിലെ കേന്ദ്ര-സംസ്ഥാന പദ്ധതികൾ

1. ആരോഗ്യം

വകുപ്പ്/ഏജൻസി	വകുപ്പിന്റെ/ഏജൻസിയുടെ നിലവിലെ പദ്ധതി	സംയോജിത പ്രോജക്റ്റ് ഏറ്റെടുക്കാവുന്ന തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ
ആരോഗ്യവകുപ്പ്	ഭിന്നശേഷി വികസന പദ്ധതികൾ,	എല്ലാ പ്രാദേശിക സർക്കാരുകൾക്കും
	സാന്ത്വനചികിൽസ,	
	കാൻസർ കെയർ പ്രോഗ്രാം,	
	ഗാർഹിക പീഡനങ്ങൾക്ക് ഇരയാകുന്നവർക്കുള്ള സംരക്ഷണം	
	പാവപ്പെട്ട രോഗികൾക്കുള്ള ചികിൽസാ ധനസഹായ പദ്ധതി	
	ഡീ അഡിക്ഷൻ സെന്ററുകൾ	
	മാനസികാരോഗ്യ കേന്ദ്രങ്ങൾ	കോർപ്പറേഷൻ, മുനിസിപ്പാലിറ്റി, ജില്ലാ-ബ്ലോക്ക് പഞ്ചായത്തുകൾക്ക്
ഹോമിയോപതി വകുപ്പ്	സദ്ഗമയ	എല്ലാ പ്രാദേശിക സർക്കാരുകൾക്കും
സാമൂഹ്യക്ഷേമ വകുപ്പ്	കിടപ്പുരോഗികൾക്കായുള്ള ആശ്വാസകിരണം പദ്ധതി,	എല്ലാ പ്രാദേശിക സർക്കാരുകൾക്കും
	ക്യാൻസർ സുരക്ഷാ പദ്ധതി,	
	താലോലം പദ്ധതി,	
	ശ്രുതി തരംഗം,	
	സ്നേഹപൂർവ്വം,	
	കാരുണ്യ ഡിപ്പോസിറ്റ് സ്കീം,	

	വയോമിത്രം	
	സൈക്കോ സോഷ്യൽ സർവീസസ് പദ്ധതി (കൗമാരക്കാരായ പെൺകുട്ടികളുടെ മാനസിക-ശാരീരിക-സാമൂഹ്യ അവസ്ഥകൾ മെച്ചപ്പെടുത്തുവാനായി)	
ദേശീയ ഗ്രാമീണ ആരോഗ്യ മിഷൻ	പുതുക്കിയ ദേശിയ ക്ഷയരോഗ നിയന്ത്രണ പദ്ധതി	എല്ലാ പ്രാദേശിക സർക്കാരുകൾക്കും
	അന്ധതാ നിവാരണ പദ്ധതി	
	കുഷ്ഠരോഗ നിവാരണ പദ്ധതി	
	അയഡിന്റെ അഭാവം മൂലമുള്ള രോഗ നിയന്ത്രണ പദ്ധതി	
	സംയോജിത രോഗ പര്യവേഷണ പരിപാടി	

2. കുടിവെള്ളം

വകുപ്പ്/ഏജൻസി	വകുപ്പിന്റെ/ഏജൻസിയുടെ നിലവിലെ പദ്ധതി	സംയോജിത പ്രോജക്റ്റ് ഏറ്റെടുക്കാവുന്ന തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ
ഭൂജല വകുപ്പ്	ഭൂജല പര്യവേഷണവും ഭൂജല വികസനവും -പദ്ധതികൾ	എല്ലാ പ്രാദേശിക സർക്കാരുകൾക്കും
	രാജീവ്ഗാന്ധി കുടിവെള്ള പദ്ധതി,	
	ഭൂജല സംരക്ഷണ പദ്ധതി	
	കൃത്രിമ ഭൂജല സംപോഷണ പദ്ധതി	
ജലനിധി	കേരള ഗ്രാമീണ ശുദ്ധജല വിതരണ പദ്ധതി 2	
കേരള വാട്ടർ അതോറിറ്റി	കുടിവെള്ള പദ്ധതി	
റവന്യൂ വകുപ്പ്	സ്റ്റേറ്റ് ഡിസാസ്റ്റർ റസ്പോൺസ് ഫണ്ട് വഴിയുള്ള വരൾച്ച ലഘൂകരണ, കുടിവെള്ള വിതരണ പദ്ധതികൾ	
ഠസാഷ്യോ ഇക്കണോമിക് യൂണിറ്റ് ഫൗണ്ടേഷൻ	ശുദ്ധജല വിതരണ പദ്ധതി	
	പട്ടികജാതി സ്വാശ്രയ കുടിവെള്ള പദ്ധതി	
	മഴവെള്ള സംഭരണി നിർമ്മാണം	
	ജലസ്രോതസ്സുകളുടെ പുനരുജ്ജീവനം	
	വീടുകൾക്ക് മഴവെള്ളം റീചാർജിംഗ്	

3. ശുചിത്വം/ മാലിന്യസംസ്ക്കരണം

വകുപ്പ്/ഏജൻസി	വകുപ്പിന്റെ/ഏജൻസിയുടെ നിലവിലെ പദ്ധതി	സംയോജിത പ്രോജക്റ്റ് ഏറ്റെടുക്കാവുന്ന തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ
ആരോഗ്യവകുപ്പ്	പകർച്ചവ്യാധി നിയന്ത്രണം,	എല്ലാ പ്രാദേശിക സർക്കാരുകൾക്കും
	കൊതുകജന്യ രോഗനിയന്ത്രണം	
	ജലജന്യരോഗ നിയന്ത്രണം	
	മദ്യപാനം, പുകവലി, ലഹരി ഉപയോഗം എന്നിവയ്ക്കെതിരെയുള്ള പ്രചാരണപദ്ധതികൾ	
സോഷ്യോ-ഇക്കണോമിക് യൂണിറ്റ് ഫൗണ്ടേഷൻ	ടോയ്‌ലറ്റ് നിർമ്മാണം	
	ബയോഗ്യാസ് പ്ലാന്റ് നിർമ്മാണം	
	മണ്ണിര കമ്പോസ്റ്റ്, പൈപ്പ് കമ്പോസ്റ്റ്, റിംഗ് കമ്പോസ്റ്റ് നിർമ്മാണം	

ദേശീയ ഗ്രാമീണ ആരോഗ്യ മിഷൻ	കൊതുകുജന്യരോഗ നിയന്ത്രണ പരിപാടി	

4. പാർപ്പിടം

വകുപ്പ്/ഏജൻസി	വകുപ്പിന്റെ/ഏജൻസിയുടെ നിലവിലെ പദ്ധതി	സംയോജിത പ്രോജക്റ്റ് ഏറ്റെടുക്കാവുന്ന തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ
സംസ്ഥാനതല പാർപ്പിട മിഷൻ	ലൈഫ് പദ്ധതി	എല്ലാ പ്രാദേശിക സർക്കാരുകൾക്കും
	ഇ.എം.എസ്. സമ്പൂർണ്ണ ഭവന പദ്ധതി	ഗ്രാമീണമേഖലയിലെ എല്ലാ പ്രാദേശിക സർക്കാരുകൾക്കും
	ഇന്ദിര ആവാസ് യോജന	
	പ്രധാനമന്ത്രി ആവാസ് യോജന (ഗ്രാമീൺ)	
	പ്രധാനമന്ത്രി ആവാസ് യോജന (നഗരം)	നഗരമേഖലയിലെ എല്ലാ പ്രാദേശിക സർക്കാരുകൾക്കും
	രാജീവ് ആവാസ് യോജന	
	ബേസിക് സർവ്വീസസ് ഫോർ അർബൻ പുവർ	
	സംയോജിത പാർപ്പിട ചേരി വികസന പരിപാടി	
കേരള ഭവന നിർമ്മാണ ബോർഡ്	എം.എൻ. ലക്ഷംവീട് പുനർ നിർമ്മാണ പദ്ധതി	എല്ലാ പ്രാദേശിക സർക്കാരുകൾക്കും
	സുരക്ഷാ ഭവന പദ്ധതി	
	ഇന്നൊവേറ്റീവ് (അത്താണി) ഭവന പദ്ധതി	
	സാഫല്യം ഭവന പദ്ധതി	
	സായൂജ്യം ഭൂവികസന പദ്ധതി	

5. സാമൂഹ്യക്ഷേമം

വകുപ്പ്/ഏജൻസി	വകുപ്പിന്റെ/ഏജൻസിയുടെ നിലവിലെ പദ്ധതി	സംയോജിത പ്രോജക്റ്റ് ഏറ്റെടുക്കാവുന്ന തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ
ഹോമിയോപതി വകുപ്പ്	സീതാലയം പദ്ധതി (വിധവകൾ, നാൽപ്പതു വയസ്സ് കഴിഞ്ഞ അവിവാഹികൾ, അവിവാഹിത അമ്മമാർ, ഭിന്ന ശേഷിയുള്ള വനിതകൾ, ശാരീരിക വൈകല്യമുള്ള വനിതകൾ, പുരുഷന്മാരില്ലാത്ത കുടുംബത്തിൽ ജീവിക്കുന്ന വനിതകൾ, ഭർത്താവുപേക്ഷിച്ചു പോയ വനിതകൾ തുടങ്ങിയവർ)	എല്ലാ പ്രാദേശിക സർക്കാരുകൾക്കും
സാമൂഹ്യക്ഷേമ വകുപ്പ്	ശാരീരികമായി വെല്ലുവിളികൾ നേരിടുന്ന പെൺകുട്ടികൾക്കും ശാരീരികമായി വെല്ലുവിളികൾ നേരിടുന്ന മാതാപിതാക്കളുടെ പെൺകുട്ടികൾക്കുമായുള്ള പദ്ധതി	എല്ലാ പ്രാദേശിക സർക്കാരുകൾക്കും
	ഫിനിഷിംഗ് സ്കൂൾ പദ്ധതി (വനിതാക്ഷേമ സ്ഥാപനങ്ങളിലെ അന്തേവാസികളായ പട്ടികജാതി വനിതകളുടെ പുനരധിവാസത്തിനായുള്ള പദ്ധതി)	
	വനിതകൾ ഗൃഹനാഥകളായ കുടുംബങ്ങളിലെ കുട്ടികൾക്കായി നടപ്പിലാക്കുന്ന പദ്ധതി	

സിവിൽ സപ്ലൈസ് വകുപ്പ്	രണ്ടു രൂപ നിരക്കിൽ ഭക്ഷ്യ ധാന്യം നൽകുന്ന പദ്ധതി	എല്ലാ പ്രാദേശിക സർക്കാരുകൾക്കും
	പഞ്ചസാര വിതരണ പദ്ധതി	
	ദരിദ്രർക്ക് 25 കിലോ അരിയും 8 കിലോ ഗോതമ്പും യഥാക്രമം ഒരു രൂപ, രണ്ടു രൂപ നിരക്കിൽ വിതരണം ചെയ്യുന്ന പദ്ധതി	
റവന്യൂ വകുപ്പ്	മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധി	എല്ലാ പ്രാദേശിക സർക്കാരുകൾക്കും

6. സാമൂഹ്യസുരക്ഷിതത്വം

വകുപ്പ്/ഏജൻസി	വകുപ്പിന്റെ/ഏജൻസിയുടെ നിലവിലെ പദ്ധതി	സംയോജിത പ്രോജക്റ്റ് ഏറ്റെടുക്കാവുന്ന തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ
സാമൂഹ്യക്ഷേമ വകുപ്പ്	വികലാംഗസ്കോളർഷിപ്പ്	എല്ലാ പ്രാദേശിക സർക്കാരുകൾക്കും
	വികലാംഗർക്കായുള്ള തൊഴിൽപരിശീലന കേന്ദ്രങ്ങൾ	
	തടവുകാരുടെ മക്കൾക്ക് വിദ്യാഭ്യാസ ധനസഹായം നൽകാൻ വേണ്ടിയുള്ള പദ്ധതി	
	വൃദ്ധസദനം പകൽവീട്	
	സ്ത്രീകൾക്കെതിരെയുള്ള അതിക്രമങ്ങൾക്കെതിരെ ലിംഗാവബോധ പരിപാടി	
	മുൻകുറ്റവാളികളുടെ പുനരധിവാസ പദ്ധതി	
ഓർഫണേജ് കൺട്രോൾ ബോർഡ്	അനാഥക്കുട്ടികൾക്ക് നൈപുണ്യ –സംരരംഭകത്വം പരിപോഷിപ്പിക്കുന്നതിനാവശ്യമായ പദ്ധതി.	എല്ലാ പ്രാദേശിക സർക്കാരുകൾക്കും
തൊഴിൽ വകുപ്പ്	മരം കയറ്റ തൊഴിലാളി ക്ഷേമ പദ്ധതി	എല്ലാ പ്രാദേശിക സർക്കാരുകൾക്കും
	മരംകയറ്റ തൊഴിലാളി അവശത പദ്ധതി	
	കർഷക തൊഴിലാളി പെൻഷൻ പദ്ധതി	
	കൈത്തൊഴിലാളി വിദഗ്ദ്ധ തൊഴിലാളി ക്ഷേമ പദ്ധതി	
	കള്ളുവ്യവസായ തൊഴിലാളി ക്ഷേമ പദ്ധതി	
	മോട്ടോർ തൊഴിലാളി ക്ഷേമ പദ്ധതി	
	ഓട്ടോ മൊബൈൽ വർക്ക്ഷോപ്പ് തൊഴിലാളി ക്ഷേമ പദ്ധതി	
	ആട്ടോ റിക്ഷോ തൊഴിലാളി പദ്ധതി	
	ചുമട്ടുതൊഴിലാളി ക്ഷേമ പദ്ധതി	
	തയ്യൽത്തൊഴിലാളി ക്ഷേമ പദ്ധതി	
	ചെറുകിട തോട്ടം തൊഴിലാളി ക്ഷേമ പദ്ധതി	
റവന്യൂ വകുപ്പ്	അവശകലാകാരന്മാർക്കുള്ള പെൻഷൻ	എല്ലാ പ്രാദേശിക സർക്കാരുകൾക്കും
	ദേശീയ കുടുംബക്ഷേമ പദ്ധതി	
	വാർദ്ധക്യകാല പെൻഷൻ	

പോലീസ് വകുപ്പ്	സ്കൂൾ പ്രൊട്ടക്ഷൻ ഗ്രൂപ്പ്	എല്ലാ പ്രാദേശിക സർക്കാരുകൾക്കും
	വിക്റ്റിം സപ്പോർട്ട് സ്കീം	
	സീനിയർ സിറ്റിസൺ ഹെൽപ്പ് ഡെസ്ക്	
	കമ്യൂണിറ്റി പോലീസിംഗ് ഇൻ കോസ്റ്റൽ ഏരിയ	
	ജനമൈത്രി സുരക്ഷ പദ്ധതി	
ഭാഗ്യക്കുറി വകുപ്പ്	കാരുണ്യ ബെനവലന്റ് ഫണ്ട്	എല്ലാ പ്രാദേശിക സർക്കാരുകൾക്കും
ലീഗൽ സർവ്വീസ് അതോറിറ്റി	നിയമസാക്ഷരത	എല്ലാ പ്രാദേശിക സർക്കാരുകൾക്കും
	ലോക് അദാലത്	
	സൗജന്യ നിയമസഹായം	

7. വിദ്യാഭ്യാസം (അംഗനവാടി ഉൾപ്പടെ)

വകുപ്പ്/ഏജൻസി	വകുപ്പിന്റെ/ഏജൻസിയുടെ നിലവിലെ പദ്ധതി	സംയോജിത പ്രോജക്റ്റ് ഏറ്റെടുക്കാവുന്ന തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ
കേരളസംസ്ഥാന സാക്ഷരതാ മിഷൻ	അടിസ്ഥാന സാക്ഷരതാ പദ്ധതി,	എല്ലാ പ്രാദേശിക സർക്കാരുകൾക്കും
	നാലാംതരം തുല്യതാ പദ്ധതി,	
	ഏഴാംതരം തുല്യതാ പരിപാടി,	
	പത്താംതരം തുല്യതാ കോഴ്സ്,	
	സമ്പൂർണ്ണ പ്രാഥമിക വിദ്യാഭ്യാസ കോഴ്സ്,	
	മാനസിക-ശാരീരിക സവിശേഷതയുള്ളവർക്കായുള്ള പ്രത്യേക തുല്യതാ പരിപാടി,	
	ചേരിനിവാസികൾക്കായുള്ള പ്രത്യേക തുല്യതാ പദ്ധതി,	
	ബ്രെയിൽ സാക്ഷരതാ തുല്യതാ പദ്ധതി,	
	ഹയർ സെക്കന്ററി തുല്യതാ പരിപാടി	
	സാങ്കേതിക തുല്യതാ പരിപാടി	
	തൊഴിൽ പരിശീലന പരിപാടി	
	കലാപരിശീലന പരിപാടി	
കായിക യുവജന കാര്യ വകുപ്പ്	പ്രചാരണം – കരിയർ ഗൈഡൻസ് പ്രോഗ്രാം	എല്ലാ പ്രാദേശിക സർക്കാരുകൾക്കും

8. സംസ്ക്കാരം

വകുപ്പ്/ഏജൻസി	വകുപ്പിന്റെ/ഏജൻസിയുടെ നിലവിലെ പദ്ധതി	സംയോജിത പ്രോജക്റ്റ് ഏറ്റെടുക്കാവുന്ന തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ
കേരള സ്റ്റേറ്റ് ലൈബ്രറി കൗൺസിൽ	മോഡൽ വില്ലേജ് ലൈബ്രറി	എല്ലാ പ്രാദേശിക സർക്കാരുകൾക്കും
	അക്കാദമിക് സ്റ്റഡി സെന്റർ	
	ഹെർമിറ്റേജ് ലൈബ്രറി	
കേരള ഫോക് ലോർ അക്കാദമി	നാടൻ കലാകാരന്മാർക്ക് ചികിൽസാ സഹായം	എല്ലാ പ്രാദേശിക സർക്കാരുകൾക്കും
	നാടൻ കലകളിൽ പ്രാവീണ്യമുള്ള വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്	

9. കായികം

വകുപ്പ്/ഏജൻസി	വകുപ്പിന്റെ/ഏജൻസിയുടെ നിലവിലെ പദ്ധതി	സംയോജിത പ്രോജക്റ്റ് ഏറ്റെടുക്കാവുന്ന തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ
കായിക യുവജന കാര്യ വകുപ്പ്	പ്ലേ എ ഗെയിം പ്ലേ ഫോർ ഫൺ പദ്ധതി	എല്ലാ പ്രാദേശിക സർക്കാരുകൾക്കും
	സ്വിം ആൻഡ് സർവൈവ്	എല്ലാ പ്രാദേശിക സർക്കാരുകൾക്കും പ്രത്യേകിച്ചും നദികളും കുളങ്ങളും നീന്തൽക്കുളങ്ങളുമുള്ള തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾ

	ക്ലബ്ബുകൾക്കും സ്കൂളുകൾക്കും കായിക ഉപകരണങ്ങൾ വാങ്ങുന്നതിനുള്ള പദ്ധതി	എല്ലാ പ്രാദേശിക സർക്കാരുകൾക്കും
	കായിക മൽസരങ്ങൾ സംഘടിപ്പിക്കുന്നതിന് സാമ്പത്തിക സഹായം	
	കായികതാരങ്ങൾക്ക് സാമ്പത്തിക സഹായം	
	കമ്യൂണിറ്റി സ്പോർട്സ്	
	മെയിന്റനൻസ് ഓഫ് പ്ലേ ഫീൽഡ്	
	വിവിധോദ്ദേശ്യ കളിസ്ഥല നിർമ്മാണം	
	സർക്കസ് കലാകാരന്മാർക്കുള്ള പെൻഷൻ പദ്ധതി	
	രാജീവ് ഗാന്ധി സ്പോർട്സ് മെഡിസിൻ സെന്റർ	ജില്ലാ പഞ്ചായത്ത് / കോർപ്പറേഷൻ

10. യുവജനകാര്യം

വകുപ്പ്/ഏജൻസി	വകുപ്പിന്റെ/ഏജൻസിയുടെ നിലവിലെ പദ്ധതി	സംയോജിത പ്രോജക്റ്റ് ഏറ്റെടുക്കാവുന്ന തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ
കേരള സംഗീത നാടക അക്കാദമി	കുട്ടികൾക്ക് കലാപരിശീലനത്തിന് ധനസഹായ പദ്ധതി	എല്ലാ പ്രാദേശിക സർക്കാരുകൾക്കും

പശ്ചാത്തല മേഖലയിലെ കേന്ദ്ര-സംസ്ഥാന പദ്ധതികൾ

1. ഊർജ്ജം/വൈദ്യുതി

വകുപ്പ്/ഏജൻസി	വകുപ്പിന്റെ/ഏജൻസിയുടെ നിലവിലെ പദ്ധതി	സംയോജിത പ്രോജക്റ്റ് ഏറ്റെടുക്കാവുന്ന തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ
അനർട്ട്	മെച്ചപ്പെട്ട അടുപ്പ് വ്യാപനം-പരിഷത്ത് അടുപ്പ് സ്ഥാപിക്കൽ	എല്ലാ പ്രാദേശിക സർക്കാരുകൾക്കും
	അടുപ്പ് സ്ഥാപിക്കൽ, ബയോഗ്യാസ് പ്ലാന്റ് സ്ഥാപിക്കൽ, സോളാർ ഇലക്ട്രോണിക് ഉപകരണ റിപ്പയർ പരിശീലന പദ്ധതി	എല്ലാ പ്രാദേശിക സർക്കാരുകൾക്കും
	സൗരവൈദ്യുത പദ്ധതി	എല്ലാ പ്രാദേശിക സർക്കാരുകൾക്കും
	സൗര വാട്ടർ ഹീറ്റർ സ്ഥാപിക്കൽ	എല്ലാ പ്രാദേശിക സർക്കാരുകൾക്കും
വൈദ്യുതി ബോർഡ്	രാജീവ് ഗാന്ധി ഗ്രാമീണ വൈദ്യുതീകരണ യോജന	എല്ലാ പ്രാദേശിക സർക്കാരുകൾക്കും

2. ഗതാഗതം

വകുപ്പ്/ഏജൻസി	വകുപ്പിന്റെ/ഏജൻസിയുടെ നിലവിലെ പദ്ധതി	സംയോജിത പ്രോജക്റ്റ് ഏറ്റെടുക്കാവുന്ന തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ
		എല്ലാ പ്രാദേശിക സർക്കാരുകളും വിശിഷ്യ പോത്തൻകോട് ബ്ലോക്ക് പഞ്ചായത്തിലെ പോത്തൻകോട്, അണ്ടൂർക്കോണം, കഠിനംകുളം, നെടുമങ്ങാട് ബ്ലോക്കിലെ അരുവിക്കര, കരകുളം, വെമ്പായം, നേമം ബ്ലോക്കിലെ ബാലരാമപുരം, വിളപ്പിൽ, വിളവൂർക്കൽ, മലയിൻകീഴ്, മാറനല്ലൂർ, കല്ലിയൂർ, പള്ളിച്ചൽ, വെള്ളനാട് ബ്ലോക്കിലെ കാട്ടാക്കട, വെള്ളനാട്, പെരുങ്കടവിള ബ്ലോക്കിലെ കൊല്ലയിൽ, കുന്നത്തുകാൽ, പാറശ്ശാല ബ്ലോക്കിലെ പാറശ്ശാല, അതിയന്നൂർ ബ്ലോക്കിലെ അതിയന്നൂർ, കാഞ്ഞിരംകുളം, വെങ്ങാനൂർ, കോട്ടുകാൽ, ചിറയിൻകീഴ് ബ്ലോക്കിലെ ചിറയിൻകീഴ്, വാമനപുരം ബ്ലോക്കിലെ നെല്ലനാട് പഞ്ചായത്തുകൾ

3. വാർത്താവിനിമയം

വകുപ്പ്/ഏജൻസി	വകുപ്പിന്റെ/ഏജൻസിയുടെ നിലവിലെ പദ്ധതി	സംയോജിത പ്രോജക്റ്റ് ഏറ്റെടുക്കാവുന്ന തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ
പൊതുമരാമത്ത് വകുപ്പ്		എല്ലാ പ്രാദേശിക സർക്കാരുകളും വിശിഷ്യ തിരുവനന്തപുരം കോർപ്പറേഷൻ, വർക്കല, ആറ്റിങ്ങൽ, നെടുമങ്ങാട്, നെയ്യാറ്റിൻകര മുനിസിപ്പാലിറ്റികൾ, വാമനപുരം ബ്ലോക്കിലെ പെരിങ്ങമ്മല, വെള്ളനാട് ബ്ലോക്കിലെ കാട്ടാക്കട, പാറശ്ശാല ബ്ലോക്കിലെ പാറശ്ശാല പഞ്ചായത്തുകൾ

4. വിനോദസഞ്ചാരം

വകുപ്പ്/ഏജൻസി	വകുപ്പിന്റെ/ഏജൻസിയുടെ നിലവിലെ പദ്ധതി	സംയോജിത പ്രോജക്റ്റ് ഏറ്റെടുക്കാവുന്ന തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ
വിനോദസഞ്ചാര വകുപ്പ്	വിവിധ വിനോദ സഞ്ചാര വികസന പദ്ധതികൾ	തിരുവനന്തപുരം കോർപ്പറേഷൻ, വർക്കല, നെടുമങ്ങാട് മുനിസിപ്പാലിറ്റി, പോത്തൻകോട് ബ്ലോക്കിലെ കഠിനംകുളം, മംഗലപുരം പഞ്ചായത്തുകൾ, ചിറയിൻകീഴ് ബ്ലോക്കിലെ അഴൂർ, ചിറയിൻകീഴ്, കടയ്ക്കാവൂർ, അഞ്ചുതെങ്ങ് പഞ്ചായത്തുകൾ, വർക്കല ബ്ലോക്കിലെ ചെറുന്നിയൂർ, മണമ്പൂർ, വെട്ടൂർ, ഇടവ പഞ്ചായത്തുകൾ, വർക്കല മുനിസിപ്പാലിററി, തിരുവനന്തപുരം കോർപ്പറേഷൻ, പാറശ്ശാല ബ്ലോക്കിലെ കാരോട്, കുളത്തൂർ, പൂവാർ പഞ്ചായത്തുകൾ, അതിയന്നൂർ ബ്ലോക്കിലെ വെങ്ങാനൂർ, കോട്ടുകാൽ, കാഞ്ഞിരംകുളം പഞ്ചായത്തുകൾ വാമനപുരം ബ്ലോക്കിലെ പെരിങ്ങമ്മല, നന്ദിയോട്, പാങ്ങോട്, കല്ലറ പഞ്ചായത്തുകൾ, വെള്ളനാട് ബ്ലോക്കിലെ വിതുര, ആര്യനാട്, കുറ്റിച്ചൽ പഞ്ചായത്തുകൾ, പെരുങ്കടവിള ബ്ലോക്കിലെ കള്ളിക്കാട്, അമ്പൂരി പഞ്ചായത്തുകൾ, കിളിമാനൂർ ബ്ലോക്കിലെ മടവൂർ പഞ്ചായത്ത്

കേന്ദ്ര–സംസ്ഥാന സർക്കാരുകൾക്ക് നൽകേണ്ട നിർദ്ദേശങ്ങൾ

1. ഓരോ പ്രാദേശിക സർക്കാരിന്റെ പരിധിയിൽ പ്രവർത്തിക്കുന്ന എല്ലാ കേന്ദ്ര–സംസ്ഥാന സർക്കാർ സ്ഥാപനങ്ങളും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ തയ്യാറാക്കുന്ന പട്ടികജാതിക്കാരുടെ സ്റ്റാറ്റസ് റിപ്പോർട്ട് അവരുടെ പ്രതിമാസ വിശകലന യോഗത്തിൽ ചർച്ചയ്ക്കുവയ്ക്കുകയും സാധ്യമായ മേഖലകളിൽ ഇടപെടൽ ഉറപ്പാക്കുകയും ചെയ്യുക
2. കേന്ദ്രസർക്കാരിന്റെ 2012 ലെ പ്രൊക്യൂർമെന്റ് പോളിസിപ്രകാരം പട്ടികജാതി വെണ്ടർമാരിൽ നിന്നും കേന്ദ്രസർക്കാർ വകുപ്പുകളും പൊതുമേഖലാ സ്ഥാപനങ്ങളും നാലുശതമാനം സാധനങ്ങൾ വാങ്ങുന്നുവെന്ന് ഉറപ്പാക്കുവാനുള്ള അവകാശം പ്രാദേശിക സർക്കാരിലെ ജനപ്രതിനിധികൾക്കും നൽകുക

5.13.പട്ടികവർഗ്ഗ വികസനം

കേന്ദ്ര സംസ്ഥാന ആവിഷ്കൃത പദ്ധതികളുടെ നൂതന –സമഗ്ര–സംയോജന സാദ്ധ്യതകൾ

അവസ്ഥാവിശകലനത്തിന്റെയും പരിപ്രേക്ഷ്യത്തിന്റേയും അടിസ്ഥാനത്തിൽ രൂപീകരിക്കുന്ന നിർദ്ദേശങ്ങളിൽ ഉയർന്നുവരുന്ന മേൽത്തട്ട് നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ കേന്ദ്രാവിഷ്കൃതപദ്ധതികളുടെ പ്രോജക്ടുകൾ യഥാസമയം തയ്യാറാക്കി നൽകുന്നതിന് നിലവിൽ സംസ്ഥാന തലത്തിൽ കഴിയുന്നില്ല. 2018–19 ലെ ജില്ലാതല പദ്ധതി രൂപീകരണത്തിന്റെ ഭാഗമായി തയ്യാറാക്കുന്ന മേൽത്തട്ട് നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ

കേന്ദ്രാവിഷ്കൃത പദ്ധതികൾക്കാവശ്യമായ പ്രായോഗികവും ഫലപ്രദവുമായ നിർദ്ദേശങ്ങൾ രൂപപ്പെടുത്തുന്നതിനു കഴിയുന്നതാണ്.

സമഗ്ര സംയോജിത പദ്ധതികളിലൂടെ പട്ടികവർഗ്ഗക്കാരുടെ സർവ്വതോന്മുഖമായ വികസനമാണ് പട്ടികവർഗ്ഗ ഉപപദ്ധതിയുടെ കാതൽ. പട്ടികവർഗ്ഗ മേഖലയുടെ പശ്ചാത്തല സൗകര്യങ്ങളുടെ അഭിവൃദ്ധി, പട്ടികവർഗ്ഗ മേഖലയിലുള്ള പൊതുസേവന സൗകര്യങ്ങളുടെ നിലവാരം മെച്ചപ്പെടുത്തൽ, ആരോഗ്യ–വിദ്യാഭ്യാസ, ഉപജീവന മേഖലകളുടെ പരിപോഷണം ഇവയ്ക്ക് ആവശ്യമായ നിർദ്ദേശങ്ങൾ ഉയർന്നുവരികയും അതിനനുസൃതമായ സമഗ്ര പദ്ധതികൾ സംയോജന സാദ്ധ്യതകൾ ഉൾക്കൊണ്ട് പദ്ധതി ആസൂത്രണ നിർവ്വഹണം നടക്കണം.

അടിസ്ഥാന സൗകര്യം

- പട്ടികവർഗ്ഗക്കാർക്ക് അനുവദിക്കുന്ന വീടുകൾ വൈദ്യുതീകരണം, കുടിവെള്ള സൗകര്യം, ശുചിത്വസംവിധാനം ഇവയോടു കൂടി യഥാസമയം പൂർത്തീകരിക്കുന്നുവെന്ന് ഗ്രാമപഞ്ചായത്ത് ക്ഷേമകാര്യസ്റ്റാന്റിംഗ് കമ്മിറ്റി ഉറപ്പു വരുത്തണം.
- പട്ടികവർഗ്ഗ സങ്കേതങ്ങളിലെ കുടിവെള്ള സൗകര്യങ്ങളുടെ ഓപ്പറേറ്റിംഗ് & മെയിന്റനൻസ് ചെലവ് ഗ്രാമപഞ്ചായത്തിന്റെ തനതു ഫണ്ടിൽ ഉൾപ്പെടുത്തി വഹിക്കുന്നതിന് കഴിയുന്ന തരത്തിൽ പദ്ധതി ആസൂത്രണം ചെയ്യേണ്ടതാണ്.
- ഭവന പുനരുദ്ധാരണം, അധിക സൗകര്യങ്ങൾ ഏർപ്പെടുത്തൽ ഉൾപ്പെടെ ഇത്തരം പ്രവർത്തനങ്ങൾ ലൈഫ് പ്രോജക്ടുമായി സംയോജിപ്പിച്ച് നടപ്പാക്കുന്നതിന് കഴിയണം.

വിദ്യാഭ്യാസം

- പട്ടികവർഗ്ഗ മേഖലയിലെ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതോടൊപ്പം സ്മാർട്ട് ക്ലാസ്സ് റൂം, ലൈബ്രറി, ലബോറട്ടറി സൗകര്യങ്ങൾ ഉറപ്പുവരുത്തി അദ്ധ്യയന നിലവാരം മെച്ചപ്പെടുത്തുന്നതിനും വേണ്ട സംയോജിത പ്രോജക്ടുകൾക്ക് രൂപം നൽകേണ്ടതാണ്.

- നിർദ്ധനരായ വിദ്യാർത്ഥികൾക്ക് പ്രഭാതഭക്ഷണം, പഠനം പിന്നാക്കം നിൽക്കുന്നവർക്ക് ട്യൂഷൻ, സ്പോർട്സ് കിറ്റുകൾ, മാനസിക വളർച്ചക്ക് ആവശ്യമായ കളിക്കോപ്പുകൾ, പഠനോപകരണങ്ങൾ എന്നിവ കൂടി സംയോജന സാദ്ധ്യതയിൽ ഉൾപ്പെടുത്തി അദ്ധ്യയനവർഷത്തിന്റെ തുടക്കത്തിൽ തന്നെ ആരംഭിക്കാനാകും വിധം ആവിഷ്കരിക്കണം.

- പ്രീ–പ്രൈമറി സൗകര്യം ലഭ്യമല്ലാത്ത പട്ടികവർഗ്ഗ മേഖലകളിൽ സംയോജിത ശിശുവികസന പ്രോജക്ടിന് കീഴിൽ മാനദണ്ഡമനുസരിച്ച് അംഗൻവാടികൾ ആരംഭിക്കാനാവില്ലെങ്കിൽ നിലവിലുള്ള വിടവ് പരിഹരിക്കുന്നതിന് പട്ടികവർഗ്ഗ ഉപപദ്ധതി പ്രകാരം കിന്റർ ഗാർട്ടൻ/ ബാലവാടി ആരംഭിക്കുന്നതിനും മോഡൽ റസിഡൻഷ്യൽ സ്കൂൾ കേന്ദ്രീയ വിദ്യാലയം എന്നിവിടങ്ങളിൽ പ്രവേശനം ലഭ്യമാക്കുന്നതിന് പട്ടികവർഗ്ഗവിദ്യാർത്ഥികളെ പ്രാപ്തരാക്കുന്ന തരത്തിൽ പ്രവർത്തനം ആവിഷ്കരിക്കേണ്ടതാണ്.

- അതിനുപരി 0–6 പ്രായത്തിലുള്ളവർക്കും കൗമാരപ്രായക്കാർക്കും 60 വയസ്സിനു മേൽ പ്രായമുള്ളവർക്കും പോഷകാഹാരം ലഭിക്കുന്നതിന് പ്രത്യേക പൂരക ഭക്ഷണ പരിപാടി ഈ സ്ഥാപനങ്ങൾ വഴി നൽകേണ്ടതുമാണ്. ഇതും ഒരു സംയോജന സാദ്ധ്യതയാണ്.

- പട്ടികവർഗ്ഗ വികസന വകുപ്പിലെ മോഡൽ റസിഡൻഷ്യൽ സ്കൂൾ/സി.ബി.എസ്.ഇ സ്കൂൾ, കരിക്കുലർ കോ– കരിക്കുലർ, എക്സ്ട്രാ കരിക്കുലർ ആക്ടിവിറ്റികൾ അനുയോജ്യമായി പരിഷ്കരിച്ച് അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയർത്തണം. അവിടെ പഠിച്ച എസ്.എസ്.എൽ.സി, +2 പാസ്സാകുന്നവർ ഉന്നതനിലവാരം പുലർത്തുന്ന ശാസ്ത്രസാങ്കേതിക, പ്രൊഫഷണൽ സ്ഥാപനങ്ങളിൽ ചേർന്ന് പഠിച്ച് മികവുറ്റ പൗരന്മാരായി വളർന്നുവരത്തക്കവിധം സംയോജിത പദ്ധതികൾ ആവിഷ്കരിക്കണം.

- മോഡൽ റസിഡൻഷ്യൽ സ്കൂളുകളിലെ എക്സിക്യൂട്ടീവ് കമ്മിറ്റികളുടെ ചെയർമാൻ ജില്ലാകളക്ടർ ആണ്. സമയബന്ധിതമായി ഈ കമ്മിറ്റി കൂടിയാൽ സ്കൂളിന്റെ എല്ലാത്തരം

പരിമിതികൾക്കും പ്രശ്നങ്ങൾക്കും പരിഹാരം ഉണ്ടാക്കാൻ കഴിയും. ഈ സ്കൂളുകളുടെ ഉപദേശക സമിതിയും യഥാസമയം കൂടേണ്ടതുണ്ട്.

- നാലാം ക്ലാസ്സു വിദ്യാർത്ഥികൾക്ക് എൽ.എസ്.എസ് പരീക്ഷയ്ക്ക് പരിശീലനം നൽകുന്നതോടൊപ്പം പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് പട്ടികവർഗ്ഗ വികസന വകുപ്പിൽ നിന്നും നടപ്പാക്കുന്ന അയ്യങ്കാളി മെമ്മോറിയൽ ടാലന്റ്സെർച്ച് ഡെവലപ്മെന്റ് സ്കീമിൽ തെരഞ്ഞെടുക്കപ്പെടുന്നതിനുള്ള പ്രവേശന പരീക്ഷയ്ക്ക് കൂടി പരിശീലനം നൽകേണ്ടതാണ്.

- അതുപോലെ യു.എസ്.എസ്, എൻ.റ്റി.എസ്.ഇ, കെ.വി.പി.വൈ. തുടങ്ങി സ്കൂൾ വിദ്യാഭ്യാസ കാലയളവിലെ മത്സര പരീക്ഷകൾക്ക് പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് പരിശീലനം നൽകുന്നതിനുള്ള പദ്ധതികൾ രൂപപ്പെടുത്തേണ്ടതാണ്. ഈ വിധത്തിൽ പരിശീലനം നടത്തുന്നതിനും പരിശീലനാർത്ഥികൾക്ക് ലൈറ്റ് റിഫ്രഷ്മെന്റ് അടക്കമുള്ള സംയോജിത പ്രോജക്ടുകൾ ആവിഷ്കരിക്കണം.

- ഉന്നതവിദ്യാഭ്യാസമേഖലകളിൽ പട്ടികവർഗ്ഗക്കാരുടെ പ്രാതിനിധ്യം പരിമിതമാണ്. വിശേഷിച്ച് സാങ്കേതിക വിദ്യാഭ്യാസ രംഗത്തും പ്രൊഫഷണൽ വിദ്യാഭ്യാസ രംഗത്തും മതിയായ പ്രാതിനിധ്യം ലഭിച്ചിട്ടില്ല. പ്രാരംഭ ചെലവുകൾ വഹിക്കുന്നതിനും താമസസ്ഥലത്ത് നിന്നും പോയി വരാനാകാത്ത സ്ഥലത്ത് ഹോസ്റ്റൽ സൗകര്യമില്ലാത്ത സ്ഥാപനങ്ങളിൽ ചേർന്ന് പഠിക്കാനാകാത്തതും പഠനച്ചെലവ് വഹിക്കുന്നതിന് സാമ്പത്തിക പ്രയാസം നേരിടുന്നതുമാണ് പ്രധാനമായും ഈ രംഗത്ത് പട്ടികവർഗ്ഗവിദ്യാർത്ഥികൾക്ക് കടന്നുവരാനാകാത്തത്. പ്രൊഫഷണൽ കോഴ്സുകൾക്കുള്ള പ്രവേശന പരീക്ഷയ്ക്ക് പരിശീലനം ലഭിക്കാത്തതും ആ രംഗത്തെ പിന്നാക്കാവസ്ഥയ്ക്കു കാരണമാകുന്നു. സ്കൂൾ വിദ്യാഭ്യാസത്തിലെ അധ്യായന നിലവാരക്കുറവ് പരിഹരിക്കുന്നതിനുള്ള പരിപാടികളും അനിവാര്യമാണ്. പട്ടികവർഗ്ഗ വികസന വകുപ്പ് നടപ്പാക്കുന്ന സമർത്ഥരായ പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കുള്ള പ്രോത്സാഹന ഗ്രാന്റ്, വിദ്യാഭ്യാസാനുകൂല്യങ്ങൾ അതിനു പുറമേ വേണ്ടുന്ന സാമ്പത്തിക സഹായം ഇവ സംയോജിത പ്രോജക്ടായി രൂപപ്പെടുത്തണം.

തൊഴിൽ, ഉപജീവനം

പട്ടികവർഗ്ഗക്കാർക്കിടയിലെ തൊഴിലില്ലായ്മ രൂക്ഷമാണ്. അഭ്യസ്തവിദ്യരായ പട്ടികവർഗ്ഗക്കാരുടെ തൊഴിലില്ലായ്മയും രൂക്ഷമാണ്.

- പട്ടികവർഗ്ഗക്കാരുടെ പരമ്പരാഗതമായ കരകൗശല കഴിവ് വികസിപ്പിച്ച് മൂല്യവർദ്ധിത ഉത്പന്നങ്ങൾ നിർമ്മിച്ച് വിപണനം നടത്തുന്നതിനുള്ള ക്രമീകരണം.

- പരമ്പരാഗത ചികിത്സ പ്രോത്സാഹിപ്പിക്കുന്നതിനും യുവതലമുറയെ ചികിത്സാരീതി സമ്പ്രദായത്തിലേയ്ക്ക് നിലവിലുള്ള പാരമ്പര്യവൈദ്യന്മാരുടെ സഹായികളായി നിയോഗിച്ച് പച്ചമരുന്ന് കൃഷി നടത്തുന്നതിനും, വനമേഖലയിൽ നിന്നും പച്ചമരുന്ന് ശേഖരിക്കുന്നതിനും മരുന്നുകൾ തയ്യാറാക്കുന്നതിനും പരിശീലനം നൽകുകയും കിർത്താട്സുമായി ബന്ധപ്പെട്ട് ഔപചാരിക പരിശീലനം നൽകി സർട്ടിഫിക്കറ്റുകൾ നൽകുന്നതിനും നടപടി സ്വീകരിക്കാവുന്നതാണ്. സന്നദ്ധരായ ചികിത്സകരെ കണ്ടെത്തി പ്രാദേശികസർക്കാരുകളുടെ മേൽനോട്ടത്തിൽ സംയോജിത പ്രോജക്ടുകൾ ആവിഷ്കരിക്കാവുന്നതാണ്.

- പട്ടികവർഗ്ഗക്കാരുടെ കലാ-സാംസ്കാരിക കഴിവുകൾ പ്രോത്സാഹിപ്പിക്കുന്നതിനും, ശിങ്കാരിമേളം, ചെണ്ടമേളം, വിൽപ്പാട്ട്, കക്കാരിശ്ശി നാടകം തുടങ്ങിയ കലാരൂപങ്ങൾ, പാരമ്പര്യ ഭക്ഷണം, പാരമ്പര്യവൈദ്യം ഇവ ഉപജീവന മാർഗ്ഗമാക്കി വികസിപ്പിക്കൽ.
- ഹോട്ടൽ മാനേജ്മെൻറും ഫുഡ്ക്രാഫ്റ്റ്, ഫ്രണ്ട് ഓഫീസ്, ടൂറിസ്റ്റ് ഗൈഡ് തുടങ്ങി തൊഴിൽ സാദ്ധ്യതയുള്ള രംഗങ്ങളിൽ പരിശീലനവും പ്ലേസ്മെന്റും.
- വ്യവസായസ്ഥാപനങ്ങളിലെ തൊഴിൽസാദ്ധ്യതയ്ക്ക് അനുയോജ്യമായ പരിശീലനവും പ്ലേസ്മെന്റും.

- പട്ടികവർഗ്ഗക്കാരുടെ കൈവശഭൂമി, തരിശായി കിടക്കുന്ന ഭൂമി, വനാവകാശം അനുസരിച്ച് ലഭിച്ച കൈവശഭൂമി ഇവ ഉപയോഗപ്പെടുത്തി വ്യവസായ വാണിജ്യ വകുപ്പിന്റെ സഹകരണത്തോടെ ചെറുകിട വ്യവസായ സംരംഭങ്ങൾ.
- വന്യമൃഗശല്യത്തെ പ്രതിരോധിച്ചുള്ള കാർഷിക അഭിവൃദ്ധിയുള്ള പ്രോജക്ടുകൾ.
- ഭക്ഷ്യസുരക്ഷയ്ക്കായി പരമ്പരാഗത കൃഷി, ജൈവകൃഷി ഇവ പ്രോത്സാഹിപ്പിക്കുക
- ക്ഷീരവികസനവകുപ്പും, പാൽസൊസൈറ്റി ഇവയുമായി ബന്ധപ്പെടുത്തി മുൻപിൻ ബന്ധത്തോടെ ക്ഷീരവികസന പ്രോജക്ടുകൾ.
- മൃഗസംരക്ഷണ വകുപ്പുമായി ബന്ധപ്പെടുത്തി പോത്തുക്കുട്ടി വളർത്തൽ, ആടുവളർത്തൽ, കോഴി വളർത്തൽ.
- ആശാരിപണി, കൽപണി, വയറിംഗ്, പ്ലംബിംഗ്, ഗാർഹിക ഉപരണങ്ങളുടെ റിപ്പയർ ഇവയ്ക്ക് കമ്മ്യൂണിറ്റി പോളിടെക്നിക്/IGOU–വിന്റെ കമ്മ്യൂണിറ്റി പ്രോജക്ട്/CMD ഇവ മുഖേന പരിശീലനവും സർട്ടിഫിക്കേഷനും നടത്തി തൊഴിൽ ഉറപ്പാക്കൽ
- ഐ.ടി. മേഖലയിലെ ഉയർന്നുവരുന്ന തൊഴിൽ സാധ്യത പ്രയോജനപ്പെടുത്തുന്നതിനുള്ള പരിശീലനം.
- അപ്പാരൽ മേഖലയിൽ വർദ്ധിച്ചുവരുന്ന തൊഴിൽ സാധ്യത പ്രയോജനപ്പെടുത്തുന്നതിനുള്ള പരിശീലനം.

ഇത്തരത്തിൽ തൊഴിലില്ലായ്മ പരിഹരിക്കുന്നതിനുള്ള പ്രോജക്ടുകൾ പട്ടികവർഗ്ഗവികസന വകുപ്പിന്റെ കോർപ്പസ്ഫണ്ട്/പൂൾഡ് ഫണ്ട്, അംബേദ്ക്കർ സെറ്റിൽമെന്റ് സ്കീം, പട്ടികവർഗ്ഗ ഉപപദ്ധതിയ്ക്കുള്ള പ്രത്യേക കേന്ദ്ര സഹായ പദ്ധതി ഇവയുമായി ബന്ധപ്പെട്ട വകുപ്പുകൾ / സ്ഥാപനങ്ങൾ ഇവയുടെ പദ്ധതി വിഹിതം സംയോജിപ്പിച്ച് ആവിഷ്കരിക്കാവുന്നതാണ്.

ആരോഗ്യം

- ഗർഭിണികൾക്കും മുലയൂട്ടുന്ന അമ്മമാർക്കും 0–6 പ്രായത്തിലുള്ളവർക്കും കൗമാര പ്രായക്കാർക്കും ന്യൂനപോഷണം പരിഹരിക്കുന്നതിന് സംയോജിത ശിശുവികസന പ്രോജക്ട് വഴിയുള്ള പൂരക ഭക്ഷണപദ്ധതി മതിയാകുന്നില്ല. ഇത് പരിഹരിക്കുന്നതിന് ഐ.സി.ഡി.എസ്. വഴിയുള്ള പൂരകഭക്ഷണ പദ്ധതിയും ഉപരിയായി 0–6 പ്രായത്തിലുള്ളവർക്കും കൗമാര പ്രായക്കാർക്കും ഗർഭിണികൾക്കും മുലയൂട്ടുന്ന അമ്മമാർക്കും പയർ, കടല, കശുവണ്ടിപരിപ്പ് തുടങ്ങി പോഷകമൂല്യമുള്ള വിഭവങ്ങൾ ഉൾപ്പെടുത്തി ഭക്ഷണകിറ്റ് വിതരണം ചെയ്യുന്നതിന് സംയോജിത പദ്ധതി ആവിഷ്കരിക്കണം.
- 60 വയസ്സിനുമേൽ പ്രായമുള്ളവർക്ക് ന്യൂനപോഷണ പരിഹാരത്തിനുള്ള സംയോജിത പ്രോജക്ടുകളും ആവശ്യമാണ്.
- പട്ടികവർഗ്ഗ വികസന വകുപ്പ് നടപ്പിലാക്കുന്ന സമ്പൂർണ്ണവും സമഗ്രവുമായ ആരോഗ്യപദ്ധതി പാലോട്, ആര്യനാട് കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിലും പരുത്തിപ്പള്ളി, തൊളിക്കോട്, പെരിങ്ങമ്മല, മടത്തറ, മലയടി, കുറ്റിച്ചൽ, അമ്പൂരി എന്നീ പ്രാഥമിക ആരോഗ്യകേന്ദ്രങ്ങളും കൂടി ഉൾപ്പെടുത്തണം.

വയോജനം

- സാമൂഹ്യക്ഷേമപെൻഷൻ ലഭിക്കാത്ത നല്ലൊരു ശതമാനം വയോജനങ്ങൾക്കും പ്രത്യേക ക്യാമ്പയിൻ നടത്തി യുദ്ധകാലാടിസ്ഥാനത്തിൽ അർഹമായ പെൻഷൻ ലഭ്യമാക്കുക.
- അഗതികളായ വയോജനങ്ങൾക്കും കുടുംബത്തിൽ ഒറ്റപ്പെടുന്ന വയോജനങ്ങൾക്കും പ്രത്യേക സംരക്ഷണ പദ്ധതികൾ സംയുക്തമായി നടപ്പിലാക്കുക.

പശ്ചാത്തല സൗകര്യം.

പട്ടികവർഗ്ഗ കേന്ദ്രങ്ങളിലേയ്ക്ക് സഞ്ചാരയോഗ്യമായ റോഡുകളില്ലാത്തത് കുട്ടികൾക്ക് സ്കൂളിൽ പോയി വരുന്നതിനും മുതിർന്നവർക്ക് അവരുല്പാദിപ്പിക്കുന്ന ഉൽപ്പന്നങ്ങൾ മാർക്കറ്റിലെത്തിച്ച് വിപണനം ചെയ്യുന്നതിനും അവർക്കാവശ്യമായ നിത്യപയോഗ സാധനങ്ങൾ വാങ്ങി വരുന്നതിനും രോഗബാധിതരെ ആശുപത്രികളിൽ എത്തിക്കുന്നതിനും നിർമ്മാണ

പ്രവർത്തനങ്ങൾക്ക് സാധനസാമഗ്രികൾ കൊണ്ടുപോകുന്നതിനും വളരെയധികം പ്രയാസം അനുഭവപ്പെടുന്നു. പട്ടികവർഗ്ഗ പ്രദേശങ്ങളുടെ പിന്നോക്കാവസ്ഥ അഭ്യസ്തവിദ്യരായ പട്ടികവർഗ്ഗയുവതീയുവാക്കളിൽ അസംതൃപ്തി വളർത്തുന്നതിനും ഇടയാക്കുന്നുണ്ട്. അതിനാൽ പട്ടികവർഗ്ഗ പ്രദേശങ്ങളിൽ പശ്ചാത്തലമേഖലയിൽ നിലനിൽക്കുന്ന പിന്നോക്കാവസ്ഥ സമയബന്ധിതമായി പരിഹരിക്കുന്നതിനു സമഗ്രമായ ഇടപെടലുകൾ ആവശ്യമാണ്.

MPLAD, MLA മാരുടെ പ്രാദേശിക വികസന ഫണ്ട്, നബാർഡിന്റെ ഗ്രാമീണ പശ്ചാത്തല മേഖലയുടെ വികസന ഫണ്ട്(RIDF) പട്ടികവർഗ്ഗ വികസന വകുപ്പിലെ കോർപ്പസ്/പൂൾഡ് ഫണ്ട് ഇവയുമായി സംയോജിപ്പിച്ച് ബൃഹത്പദ്ധതി ആവിഷ്കരിക്കണം.

സംരക്ഷിത നിയമങ്ങളുടെ നടത്തിപ്പ് : 1999 കേരള പട്ടികവർഗ്ഗ ഭൂമി അന്യാധീനപ്പെടുത്തുന്നത് നിയന്ത്രിക്കലും അന്യാധീനപ്പെട്ട ഭൂമി തിരിച്ചെടുത്ത് നൽകൽ നിയമം, 1989 ലെ പട്ടികജാതി-പട്ടികവർഗ്ഗ അതിക്രമങ്ങൾ തടയൽ നിയമം (2016 ൽ ഭേദഗതി ചെയ്തത്), 2006 ലെ വനാവകാശ നിയമം (2012 ഭേദഗതി ചെയ്തത്) എന്നീ നിയമങ്ങൾ കർശനമായി നടപ്പിലാക്കുന്നതിന് നടപടി സ്വീകരിക്കണം. ഇത് നടപ്പാക്കുന്നുവെന്ന് ഉറപ്പുവരുത്തുന്നതിന് ഗ്രാമപഞ്ചായത്ത് അടിസ്ഥാനത്തിൽ ഊരുമൂപ്പന്മാർ, എസ്.റ്റി. പ്രമോട്ടർമാർ, പട്ടികവർഗ്ഗ ജനപ്രതിനിധികൾ, സാമൂഹ്യപ്രവർത്തകർ, പട്ടികവർഗ്ഗ വികസന വകുപ്പ് പ്രതിനിധി എന്നിവരെ ഉൾപ്പെടുത്തി ജാഗ്രത സംവിധാനം ഏർപ്പെടുത്തണം.

2017-18 പ്ലാൻസ്പേയ്സ് വഴി ലഭ്യമായ പദ്ധതിപുരോഗതി റിപ്പോർട്ട് - സംഗ്രഹം

1. സംസ്ഥാന പദ്ധതി

2017-18 സാമ്പത്തിക വർഷം തിരുവനന്തപുരം ജില്ലയിൽ 58 വകുപ്പുകളാണ്. സംസ്ഥാന പദ്ധതി പുരോഗതി വിവരങ്ങൾ പ്ലാൻസ്പേസ് സോഫറ്റ്വെയർ മുഖാന്തിരം സമർപ്പിച്ചിരിക്കുന്നത്. ജില്ലയിൽ ആകെ 51699.51 ലക്ഷം രൂപ സംസ്ഥാന പദ്ധതി വിഹിതമായി ലഭിച്ചതിൽ 41392.48 ലക്ഷം രൂപ ചെലവഴിച്ചു. പുരോഗതി 80.06 ശതമാനമായി രേഖപ്പെടുത്തിയിട്ടുണ്ട്. ജില്ലയിലെ വിവിധ വകുപ്പുകളുടെ ജില്ലാതല ഓഫീസർമാർ മുഖാന്തിരം നിർവ്വഹണം നടത്തിയ സംസ്ഥാന പദ്ധതികളുടെ ഭൗതിക നേട്ടവും ചെലവ് വിശദാംശങ്ങളും ചുവടെ ചേർക്കുന്നു.

സംസ്ഥാന പദ്ധതി വിവിധ വകുപ്പുകൾ മുഖേന നടപ്പിലാക്കിയ പ്രവർത്തനങ്ങളുടെ പുരോഗതി റിപ്പോർട്ട് (2017-18)

ക്രമ നം	പേര്	അനുവദിച്ച തുക	ചെലവ്	ചെലവ് - ശതമാനത്തിൽ
1. കൃഷിയും അനുബന്ധമേഖലയും				
1	കൃഷി	1959.4966	1788.1615	91.26
2	മൃഗസംരക്ഷണം	1103.4189	1088.8568	98.68
3	ക്ഷീരവികസനം	790.8723	791.0548	100.02
4	ഫോഡർ ഫാം	10.956	10.956	100
5	ഡയറി ട്രെയിനിംഗ് സെന്റർ	13.2288	13.2136	99.89
6	മത്സ്യവികസനം	5615.3729	5615.3523	100
7	മണ്ണ് സംരക്ഷണ വകുപ്പ്	332.3795	332.379	100
8	മണ്ണ് പര്യവേക്ഷണം	2.1545	2.1539	99.97
9	മണ്ണ് സംരക്ഷണം, അരുവിക്കര	70.2441	67.6588	96.32
10	വനസംരക്ഷണം	373.24	366.47	98.19
11	ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ	965.1074	943.1805	97.73
12	സോഷ്യൽ ഫോറസ്ട്രി	141.05	140.8762	99.88
2. ജലസേചനം				
13	മേജർ ഇറിഗേഷൻ	277.3	276.3	99.64
14	മൈനർ ഇറിഗേഷൻ	449.4	57.436	12.78
3. വ്യവസായവും സഹകരണവും				
15	ജില്ലാ വ്യവസായ കേന്ദ്രം	617.1448	616.2878	99.86
16	കയർ	171.833	169.5199	98.65
17	ഖാദി	63.98	33.98	53.11
18	സഹകരണം	2834.451	458.12	16.16

4. മാനവശേഷി വികസനം				
19	വിദ്യാഭ്യാസ വകുപ്പ്	698.4735	588.8116	84.3
20	ഗവ. ആയുർവേദ കോളേജ്	1900	1035.0488	54.48
21	എംപ്ലോയ്മെന്റ് ഓഫീസ്	161.745	131.7405	81.45
22	സബ് റീജിണൽ എംപ്ലോയ്മെന്റ് ഓഫീസ്, തിരുവനന്തപുരം	5.6699	5.6699	100
23	സബ് റീജിണൽ എംപ്ലോയ്മെന്റ് ഓഫീസ് നെയ്യാറ്റിൻകര	7.17	7.17	100
24	ഡിവിഷണൽ എംപ്ലോയിമെന്റ് ഓഫീസ് പ്രാഫഷനൽ & എക്സി. എംപ്ലോയിമെന്റ് ഓഫീസ് തിരുവനന്തപുരം	0.145	0.145	100
25	യൂണിവേഴ്സിറ്റി എംപ്ലോയിമെന്റ് ഇൻഫോർമേഷൻ & ഗൈഡൻസ് ബ്യൂറോ, തിരുവനന്തപുരം	2.025	2.025	100
26	ലേബർ ഓഫീസ്	28.8549	16.99	58.88
5. ആരോഗ്യം				
27	ജില്ലാ മെഡിക്കൽ ഓഫീസ് (ആരോഗ്യം)	311.7343	235.9658	75.69
28	ജില്ലാ മെഡിക്കൽ ഓഫീസ് (ആയുർവേദം)	289.3062	289.1417	99.94
29	ജില്ലാ മെഡിക്കൽ ഓഫീസ് (ഹോമിയോ)	74.7397	74.7427	100
6. കുടിവെള്ളം				
30	ഭൂജലവകുപ്പ്	261.0903	260.2326	99.67
31	കേരള വാട്ടർ അതോറിറ്റി, ആറ്റിങ്ങൽ	212	194.0279	91.52
32	കേരള വാട്ടർ അതോറിറ്റി, പാറ്റൂർ	1200	350.02	29.17
33	കേരള വാട്ടർ അതോറിറ്റി, അരുവിക്കര	2012	370.93	18.44
34	കേരള വാട്ടർ അതോറിറ്റി നെയ്യാറ്റിൻകര	50	0	0
35	കേരള വാട്ടർ അതോറിറ്റി പി.എച്ച്. ഡിവിഷൻ നോർത്ത്	185	160.99	87.02
36	കേരള വാട്ടർ അതോറിറ്റി, പ്രോജക്ട്, ഡിവിഷൻ	5281	4676.396	88.55
37	കേരള വാട്ടർ അതോറിറ്റി പി.എച്ച്. ഡിവിഷൻ, സൗത്ത്	107	87.92	82.17
7. സാമൂഹിക ക്ഷേമം				
38	പട്ടിക ജാതി വികസന വകുപ്പ്	10814.539	10798.096	99.85
39	ജില്ലാ സാമൂഹിക നീതി വകുപ്പ് ഓഫീസ്	615.798	546.5714	88.76
40	പട്ടിക വർഗ്ഗ വികസന വകുപ്പ്	1659.5926	1663.4162	100.23
41	കുടുംബശ്രീ	1423.36	1422.3581	99.93
8. ഊർജ്ജ മേഖല				
42	കെ.എസ്.ഇ.ബി. നെടുമങ്ങാട്	1044.1405	647.4305	62.01
43	കെ.എസ്.ഇ.ബി. ഇലക്ട്രിക്കൽ ഡിവിഷൻ തിരുവനന്തപുരം	470.77	542.629	115.26
44	കെ.എസ്.ഇ.ബി. ആറ്റിങ്ങൽ	1904.345	884.0778	46.42
45	കെ.എസ്.ഇ.ബി. കഴക്കൂട്ടം	30.45	179.1077	588.2
46	ഇലക്ട്രിക്കൽ ഡിവിഷൻ, കാട്ടാക്കട	366.125	527.2732	144.01
47	കെ.എസ്.ഇ.ബി. നെയ്യാറ്റിൻകര	2896.03	1270.9034	43.88
9. ഗതാഗതം				
48	ഹാർബർ എൻജിനീയർ ഡിപ്പാർട്ട്മെന്റ്	194.2648	176.5472	90.88
49	പി.ഡബ്ല്യു.ഡി. എൻ. എച്ച് തിരുവനന്തപുരം	1035	986.929	95.36
10. മറ്റ് വിഭാഗങ്ങൾ				
50	ജില്ലാ പ്ലാനിംഗ് ഓഫീസർ, തിരുവനന്തപുരം	8.4248	6.1128	72.56
51	റീജണൽ ടൗൺ പ്ലാനർ,തിരുവനന്തപുരം	34.2	32.3026	94.45
52	ഡെപ്യൂട്ടി കമ്മീഷണർ, ജി.എ.റ്റി. ഡിപ്പാട്ട്മെന്റ് തിരുവനന്തപുരം	9.5	5.07	53.37

53	അസിസ്റ്റന്റ് കമ്മീഷണർ (ട്രെയിനിംഗ്) തിരുവനന്തപുരം	21.4	16.2315	75.85
54	അസിസ്റ്റന്റ് കമ്മീഷണർ –I GST തിരുവനന്തപുരം	41	40.59	99
55	ജില്ലാ കളക്ടർ തിരുവനന്തപുരം	228.75	67.2763	29.41
56	ജില്ലാ പോലീസ് ഓഫീസ് റൂറൽ	125.9216	123.311	97.93
57	ജില്ലാ പോലീസ് ഓഫീസ് സിറ്റി	193.144	193.1128	100
58	ഡെപ്യൂട്ടി ഡയറക്ടർ, എക്കണോമിക്സ് & സ്റ്റാറ്റിസ്റ്റിക്സ് തിരുവനന്തപുരം	3.2	3.2127	100.4
ആകെ		51699.51	41391.48	80.06

(അവലംബം: പ്ലാൻസ്പേയ്സ് സോഫ്റ്റ് വെയർ –31.03.2018)

2. കേന്ദ്രാവിഷ്കൃത പദ്ധതി

കേന്ദ്രാവിഷ്കൃത പദ്ധതി വിവിധ വകുപ്പുകൾ മുഖേന നടപ്പിലാക്കിയ പ്രവർത്തനങ്ങളുടെ പുരോഗതി റിപ്പോർട്ട് (2017–18)

ക്രമ നം	പേര്	അനുവദിച്ച തുക	ചെലവ്	ചെലവ് %
1.	പട്ടികജാതി വികസന വകുപ്പ	143.92	55.859	38.81
2.	മത്സ്യ വികസന വകുപ്പ്	1.105	1.105	100
3.	പട്ടികവർഗ്ഗ വികസന വകുപ്പ്	94.34	94.26	99.92
4	ജോയിന്റ് രജിസ്ട്രാർ, സഹകരണം	47.88	47.88	100
5	സാമ്പത്തിക സ്ഥിതി വിവര വകുപ്പ്	311.65	307.24	98.59
ആകെ		598.9	506.35	84.55

(അവലംബം: പ്ലാൻസ്പേയ്സ് സോഫ്റ്റ് വെയർ – 31.03.2018)

6. തദ്ദേശഭരണ സ്ഥാപനങ്ങളുടെ 2017–18 വാർഷിക പദ്ധതി അവലോകനവും പദ്ധതികൾ മെച്ചപ്പെടുത്തുന്നതിനുള്ള നിർദ്ദേശങ്ങളും

ഇതര സംസ്ഥാനങ്ങളിലേത് പോലെ കേരളത്തിലും പ്രാദേശികാസൂത്രണത്തിന് ശക്തി പകർന്നത് പാർലമെന്റ് 1992–ൽ പാസാക്കിയതും 1993–ൽ നിലവിൽ വരികയും യഥാക്രമം ഗ്രാമപഞ്ചായത്ത് നഗരപാലികാ സ്ഥാപനങ്ങളെക്കുറിച്ച് പ്രതിപാദിക്കുന്ന 73 ഉം 74 ഉം ഭരണഘടനാ ഭേദഗതികളാണ്. കേരളത്തിൽ അധികാര വികേന്ദ്രീകരണം പ്രായോഗികമായതും പങ്കാളിത്ത ആസൂത്രണത്തിന് തുടക്കം കുറിച്ചതും 9–ാം പദ്ധതിക്കാലയളവിൽ സർക്കാർ നടപ്പിലാക്കിയ ജനകീയാസൂത്രണത്തിലൂടെ (1996) തദ്ദേശഭരണസ്ഥാപനങ്ങൾ പദ്ധതികൾ തയ്യാറാക്കി നടപ്പിലാക്കിയത് വഴിയാണ്.

സംസ്ഥാന സർക്കാർ പ്രഖ്യാപിച്ച നാല് മിഷനുകളുടെ പ്രവർത്തനങ്ങളും വിവിധ വകുപ്പുകളുടേയും ഏജൻസികളുടേയും പരിപാടികളും സംയോജിപ്പിച്ച് പ്രാദേശിക സാമ്പത്തിക വികസനവും സാമൂഹിക നീതിയും പരിസ്ഥിതി സംരക്ഷണവും സദ്ഭരണവും ഉറപ്പ് വരുത്തി കേരളത്തെ വളർച്ചയുടെ ഉന്നത തലത്തിലേക്ക് എത്തിക്കുക എന്നതാണ് 'നവകേരളത്തിന് ജനകീയാസൂത്രണം' എന്ന പേരിൽ തുടക്കം കുറിച്ച 13–ാം പഞ്ചവൽസര പദ്ധതി (2017–22) ലക്ഷ്യമിടുന്നത്.

തദ്ദേശഭരണ സ്ഥാപനങ്ങളുടെ 13–ാം പഞ്ചവൽസര പദ്ധതിയിലെ ആദ്യ വാർഷിക പദ്ധതി തയ്യാറാക്കുന്നതിനുള്ള മാർഗ്ഗരേഖ 09.01.2017 ലെ സ.ഉ (എം.എസ്) 10/2017/തസ്വഭവ, സ.ഉ (എം.എസ്) 11/2017/തസ്വഭവ പ്രകാരവും, 23.09.2017 ലെ സ.ഉ (എം.എസ്) 72/2017/തസ്വഭവ, 03.04.2017 ലെ സ.ഉ (എം.എസ്) 79/2017/തസ്വഭവ, സ.ഉ (എം.എസ്) 80/2017/തസ്വഭവ എന്നീ ഉത്തരവുകൾ പ്രകാരം രണ്ട് ഘട്ടങ്ങളിലായും ത്രിതല പഞ്ചായത്തുകൾക്കും നഗരഭരണസ്ഥാപനങ്ങൾക്കും പ്രത്യേകമായും പുറപ്പെടുവിച്ചിട്ടുണ്ട്.

മുൻ പഞ്ചവൽസര പദ്ധതികളെ അപേക്ഷിച്ച് 13–ാം പദ്ധതിയിലെ വാർഷിക പദ്ധതി രൂപീകരണ മാർഗ്ഗരേഖ പദ്ധതി ആസൂത്രണത്തിൽ അഭികാമ്യവും അനിവാര്യവുമായ കാര്യങ്ങളിലും പദ്ധതിയിൽ ഏറ്റെടുക്കാവുന്നതും ഏറ്റെടുക്കാൻ പാടില്ലാത്തതുമായ പ്രോജക്ടുകളിലും വ്യക്തത നൽകുന്നതാണ്. തദ്ദേശഭരണ സ്ഥാപനങ്ങളുടെ പ്രാദേശിക പ്രശ്നങ്ങൾ വിശകലനം ചെയ്ത് അവ പരിഹരിക്കുന്നതിനായി നൂതന പ്രോജക്ടുകൾ രൂപീകരിക്കുന്നതിനുള്ള അവസരവും ആരോഗ്യകരമായ ഒരു കായിക സംസ്ക്കാരം വളർത്തിയെടുക്കുന്നതിനായി തദ്ദേശഭരണ സ്ഥാപനതല കായിക വികസനവും പ്രതിപാദിക്കുന്നതോടൊപ്പം പദ്ധതി രൂപീകരണത്തിലും വിഭവങ്ങളുടെ വകയിരുത്തലിലും തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് കൂടുതൽ സ്വാതന്ത്ര്യവും വാർഷിക പദ്ധതി രൂപീകരണ മാർഗ്ഗരേഖ നൽകുന്നുണ്ട്.

ജില്ലയിലെ പ്രാദേശിക ഭരണ സംവിധാനം 73 ഗ്രാമപഞ്ചായത്തുകളും 11 ബ്ലോക്ക് പഞ്ചായത്തുകളും ജില്ലാപഞ്ചായത്തും ഉൾപ്പെടുന്ന ത്രിതല പഞ്ചായത്ത് സംവിധാനവും 4 മുനിസിപ്പാലിറ്റികളും ഒരു മുനിസിപ്പൽ കോർപ്പറേഷനും ഉൾപ്പെടുന്ന നഗരപാലികാ സംവിധാനവും കൂടി ചേർന്നതാണ്.

6.1 2017–18 വാർഷിക പദ്ധതി അവലോകനം

13–ാം പഞ്ചവത്സര പദ്ധതിയിലെ തദ്ദേശഭരണസ്ഥാപനങ്ങളുടെ ആദ്യവാർഷിക പദ്ധതിയായ 2017–18 വാർഷിക പദ്ധതിയിലെ പദ്ധതി ആസൂത്രണ പ്രക്രിയ, വിഭവസമാഹരണം, വിഭവവിന്യാസം, സ്പിൽഓവർ പദ്ധതികൾ, മേഖലാ വകയിരുത്തലുകൾ, പ്രത്യേക പദ്ധതികൾ എന്നിവയുടെ അവലോകനമാണ് ചുവടെ ചേർക്കുന്നു.

6.1.1 പദ്ധതി ആസൂത്രണ പ്രക്രിയ

തദ്ദേശഭരണസ്ഥാപനങ്ങളുടെ പദ്ധതി രൂപീകരണ പ്രക്രിയ ആസൂത്രണ സമിതിയും വർക്കിംഗ് ഗ്രൂപ്പും രൂപീകരിക്കൽ/ പുന:സംഘടിപ്പിക്കൽ, ഗ്രാമസഭ/ വാർഡ്സഭ/ ഊരുകൂട്ട യോഗങ്ങൾ, വികസന സെമിനാർ സംഘടിപ്പിക്കൽ എന്നിവ ചേർന്നതാണ്.

(i) ആസൂത്രണസമിതി

13–ാം പദ്ധതിയിൽ പദ്ധതി ആസൂത്രണ/ രൂപീകരണത്തിനും നിർവ്വഹണത്തിനും പ്രാദേശിക സർക്കാരുകളെ സഹായിക്കുന്നതിനായി തദ്ദേശഭരണസ്ഥാപനതല ആസൂത്രണസമിതികൾ രൂപീകരിക്കാൻ 09.01.2017–ലെ ജി.ഒ(എം.എസ്)10/2017/തസ്വഭവ,

ജി.ഒ(എം.എസ്)11/2017/തസ്വഭവ എന്നീ സർക്കാർ ഉത്തരവുകൾ പ്രകാരം തദ്ദേശഭരണസ്ഥാപനങ്ങൾക്ക് അനുമതി നൽകിയിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ എല്ലാ തദ്ദേശഭരണസ്ഥാപനങ്ങളും ആസൂത്രണസമിതികൾ രൂപീകരിച്ചിട്ടുണ്ട്.

പദ്ധതി ആസൂത്രണ/രൂപീകരണവുമായി ബന്ധപ്പെട്ട് തദ്ദേശഭരണ സ്ഥാപനങ്ങളിൽ കൂടിയ ആസൂത്രണസമിതി യോഗങ്ങളുടെ വിശദാംശങ്ങൾ പട്ടിക: 6.1.1 (1) ൽ ചേർക്കുന്നു.

പട്ടിക: 6.1.1 (1)

ആസൂത്രണസമിതി യോഗങ്ങൾ

തദ്ദേശഭരണസ്ഥാപനം	തദ്ദേശഭരണസ്ഥാപനങ്ങളുടെ എണ്ണം/ യോഗങ്ങളുടെ എണ്ണം			
	1 മുതൽ 2 വരെ	3 മുതൽ 4 വരെ	5 മുതൽ 6 വരെ	7 മുതൽ 8 വരെ
ഗ്രാമപഞ്ചായത്ത്	26	39	4	4
ബ്ലോക്ക്പഞ്ചായത്ത്	3	7	–	1
മുനിസിപ്പാലിറ്റി	1	3	–	
കോർപ്പറേഷൻ	–	–	–	1
ജില്ലാ പഞ്ചായത്ത്	–	–	–	1

(അവലംബം: തദ്ദേശഭരണ സ്ഥാപനങ്ങളിൽ നിന്നും ലഭിച്ചത്)

- കിളിമാനൂർ, കൊല്ലയിൽ, മാണിക്കൽ, പോത്തൻകോട് എന്നീ ഗ്രാമപഞ്ചായത്തുകളിൽ പദ്ധതി രൂപീകരണവുമായി ബന്ധപ്പെട്ട് ആസൂത്രണസമിതിയുടെ 8 യോഗങ്ങൾ കൂടിയതായി കാണുന്നുണ്ട്. ഇതിൽ കൊല്ലയിൽ, പോത്തൻകോട് ഗ്രാമപഞ്ചായത്തുകളുടെ എല്ലാ യോഗങ്ങളിലും ഉപാദ്ധ്യക്ഷൻ പങ്കെടുത്തതായി കാണുന്നില്ല.
- തിരുവനന്തപുരം കോർപ്പറേഷനിൽ പദ്ധതി രൂപീകരണവുമായി ബന്ധപ്പെട്ട് ആസൂത്രണസമിതിയുടെ 7 യോഗങ്ങൾ കൂടിയതിൽ 4 എണ്ണത്തിൽ മാത്രമാണ് ആസൂത്രണസമിതി ഉപാദ്ധ്യക്ഷൻ പങ്കെടുത്തിട്ടുള്ളത്.
- അമ്പൂരി (1), കരകുളം (3), വെമ്പായം (3) ഗ്രാമപഞ്ചായത്തുകളുടെ ആസൂത്രണ സമിതി യോഗങ്ങളിൽ 100 ശതമാനം പങ്കാളിത്തം ഉള്ളതായി കാണുന്നു.

വർക്കിംഗ് ഗ്രൂപ്പ്

ജില്ലയിലെ എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളിലും 2017–18 വാർഷിക പദ്ധതി രൂപീകരണവുമായി ബന്ധപ്പെട്ട് സർക്കാർ നിർദ്ദേശിച്ച പ്രകാരം വർക്കിംഗ് ഗ്രൂപ്പുകൾ രൂപീകരിക്കുകയും/ പുന:സംഘടിപ്പിക്കുകയും ചെയ്തിട്ടുണ്ട്.

(ii) ഗ്രാമസഭ/ വാർഡ്സഭ

പ്രാദേശികാസൂത്രണത്തിന്റെ പ്രധാനമായ ഘട്ടം ഗ്രാമ/ വാർഡ്സഭാ യോഗങ്ങളാണ്. ഗ്രാമപഞ്ചായത്തുകളുടേയും നഗരസഭകളുടേയും ഗ്രാമസഭ/ വാർഡ്സഭാ യോഗങ്ങളുടെ ക്വാറം ആകെ വോട്ടർമാരുടെ 10 ശതമാനമാണ്. ഗ്രാമപഞ്ചായത്തുകളുടേയും മുനിസിപ്പാലിറ്റുകളുടേയും 2017–18 വാർഷിക പദ്ധതി രൂപികരണവുമായി ബന്ധപ്പെട്ട് ഗ്രാമ/ വാർഡ്സഭാ യോഗ പങ്കാളിത്ത വിശദാംശങ്ങൾ പട്ടിക: 6.1.1 (2) ൽ ചേർക്കുന്നു.

പട്ടിക: 6.1.1 (2)

ഗ്രാമസഭ/ വാർഡ്സഭ യോഗപങ്കാളിത്തം

തദ്ദേശഭരണ സ്ഥാപനങ്ങളുടെ പങ്കാളിത്തം

(% അടിസ്ഥാനത്തിൽ)

തദ്ദേശഭരണ സ്ഥാപനം	തദ്ദേശഭരണ സ്ഥാപനങ്ങളുടെ പങ്കാളിത്തം – ശതമാനടിസ്ഥാനത്തിൽ					
	10–12 (%)	12–14 (%)	14–16 (%)	16–18 (%)	18–20 (%)	20 ശതമാനത്തിൽ കൂടുതൽ
ഗ്രാമപഞ്ചായത്ത്	43	18	4	2	3	2
മുനിസിപ്പാലിറ്റി	1	2	–	–	1	–

(അവലംബം: തദ്ദേശഭരണ സ്ഥാപനങ്ങളിൽ നിന്നും ലഭിച്ചത്)

- 20 ശതമാനത്തിൽ കൂടുതൽ ഗ്രാമസഭ പങ്കാളിത്തം പുല്ലമ്പാറ (22.97%), മുദാക്കൽ (20.98%) എന്നി ഗ്രാമപഞ്ചായത്തുകൾക്കാണ്.
- ജില്ലയിലെ ശരാശരി ഗ്രാമസഭാ പങ്കാളിത്തം 12.35 ശതമാനവും വാർഡ്സഭ പങ്കാളിത്തം 11.46 ശതമാനവുമാണ്.

- മുനിസിപ്പാലിറ്റികളുടെ വാർഡ് സഭകളിൽ ഏറ്റവും കൂടുതൽ പങ്കാളിത്തം ആറ്റിങ്ങൽ മുനിസിപ്പാലിറ്റിക്കാണ് (19.88%).
- പദ്ധതി രൂപീകരണവുമായി ബന്ധപ്പെട്ട് ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകളിൽ ഗ്രാമസഭയ്ക്ക് സമാനമായ യോഗം കൂടിയിട്ടുണ്ട്.
- ബ്ലോക്ക് പഞ്ചായത്തുകളിലെ ഗ്രാമസഭയ്ക്ക് സമാനയോഗങ്ങളിൽ കൂടുതൽ പങ്കാളിത്തം ഉള്ളത് പാറശ്ശാല ബ്ലോക്കിനാണ് (136 അംഗങ്ങൾ) പങ്കാളിത്തം കുറവുള്ളത് നെടുമങ്ങാട് ബ്ലോക്കിനാണ് (65 അംഗങ്ങൾ). തിരുവനന്തപുരം ജില്ലാപഞ്ചായത്തിന്റെ ഗ്രാമസഭയ്ക്ക് സമാനമായ യോഗത്തിൽ 200 അംഗങ്ങൾ പങ്കെടുത്തിട്ടുണ്ട്. ഇതിൽ 90 പേർ വനിതകളാണ്.
- ഗ്രാമസഭകളിൽ ഏറ്റവും കൂടുതൽ വനിതാ പ്രാതിനിധ്യമുള്ളത് അഞ്ചുതെങ്ങ് ഗ്രാമപഞ്ചായത്തിനാണ് (89.84%).
- ജില്ലയിലെ 73 ഗ്രാമപഞ്ചായത്തുകളിൽ 56 ഗ്രാമപഞ്ചായത്തുകളിലും ഗ്രാമസഭയിൽ പങ്കെടുത്ത അംഗങ്ങളുടെ 50 ശതമാനത്തിലധികവും, 6 ഗ്രാമപഞ്ചായത്തുകളിൽ 80 ശതമാനത്തിലധികവും വനിതകളാണ്.
- വാർഡ് സഭകളിൽ ഏറ്റവും കൂടുതൽ വനിതാ പ്രാതിനിധ്യം നെടുമങ്ങാട് വാർഡ് സഭയ്ക്കാണ് (82.76%).
- ബ്ലോക്ക് പഞ്ചായത്തുകളിലെ ഗ്രാമസഭയ്ക്ക് സാമനയോഗങ്ങളിൽ വനിതാ പങ്കാളിത്തം കൂടുതൽ അതിയന്നൂർ ബ്ലോക്കിലും (67%) കുറവ് വെള്ളനാട് ബ്ലോക്ക് പഞ്ചായത്തിനുമാണ് (45%).

(iii) വികസന സെമിനാർ

2017–18 വാർഷിക പദ്ധതി രൂപികരണവുമായി ബന്ധപ്പെട്ട് എല്ലാ തദ്ദേശഭരണസ്ഥാപനങ്ങളും മാർഗ്ഗനിർദ്ദേശ പ്രകാരം ഏകദിന വികസന സെമിനാർ സംഘടിപ്പിച്ചിട്ടുണ്ട്. പദ്ധതി രൂപീകരണവുമായി ബന്ധപ്പെട്ട് വികസന സെമിനാറിലെ പങ്കാളിത്ത വിവരങ്ങൾ പട്ടിക: 6.1.1 (3) ൽ ചേർക്കുന്നു.

പട്ടിക: 6.1.1 (3)
വികസന സെമിനാർ പങ്കാളിത്തം

തദ്ദേശഭരണ സ്ഥാപനം	തദ്ദേശഭരണ സ്ഥാപനം/ പങ്കെടുത്തവരുടെ എണ്ണം					
	50–100	100–150	150–200	200–250	250–300	300 ൽ കൂടുതൽ
ഗ്രാമപഞ്ചായത്ത്	1	14	23	21	8	6
ബ്ലോക്ക് പഞ്ചായത്ത്	2	6	3			
മുനിസിപ്പാലിറ്റി	–	–	–	1	1	2
കോർപ്പറേഷൻ	–	–	–	–	–	1
ജില്ലാ പഞ്ചായത്ത്	–	–		–	–	1

(അവലംബം:– ഐ.കെ.എം, സുലേഖ സോഫ്റ്റ് വെയർ)

2017–18 വാർഷിക പദ്ധതി രൂപീകരണവുമായി ബന്ധപ്പെട്ട് വികസന സെമിനാർ പങ്കാളിത്തം കൂടുതലുള്ളതും കുറവുള്ളതുമായ തദ്ദേശഭരണസ്ഥാപനങ്ങളുടെ വിശദാംശങ്ങൾ പട്ടിക: 6.1.1 (4) ൽ ചേർക്കുന്നു.

പട്ടിക: 6.1.1 (4)
വികസന സെമിനാർ പങ്കാളിത്തം
കൂടുതലുള്ളതും കുറവുള്ളതുമായ തദ്ദേശഭരണസ്ഥാപനങ്ങൾ

തദ്ദേശഭരണ സ്ഥാപനം	വികസന സെമിനാർ പങ്കാളിത്തം			
	കൂടുതലുള്ളത്		കുറവുള്ളത്	
	ആകെ (എണ്ണം)	വനിത (ശതമാനം)	ആകെ (എണ്ണം)	വനിത (ശതമാനം)
ഗ്രാമപഞ്ചായത്ത്	പാങ്ങോട് (494)	അണ്ടൂർക്കോണം (81.59%)	ചെങ്കൽ (95)	പാങ്ങോട് (22.67%)
ബ്ലോക്ക് പഞ്ചായത്ത്	പെരുങ്കടവിള (187)	പോത്തൻകോട് (72%)	നേമം (66)	നേമം (39%)
മുനിസിപ്പാലിറ്റി	നെയ്യാറ്റിൻകര (339)	വർക്കല (60%)	നെടുമങ്ങാട് (232)	നെടുമങ്ങാട് (37.06%)

(അവലംബം:– ഐ.കെ.എം, സുലേഖ സോഫ്റ്റ് വെയർ)

- 43 ഗ്രാമപഞ്ചായത്തുകളുടെ വികസന സെമിനാറിൽ 50 ശതമാനത്തിലധികം വനിതാ പങ്കാളിത്തം ഉണ്ട്.
- 6 മുതൽ 8 വരെ നിർവ്വഹണ ഉദ്യോഗസ്ഥർ വികസന സെമിനാറിൽ പങ്കെടുത്തിട്ടുണ്ട്.
- ജില്ലാപഞ്ചായത്തിന്റെ വികസന സെമിനാറിലെ പങ്കാളിത്തം 450 ഉം തിരുവനന്തപുരം കോർപ്പറേഷനിലേത് 607 ഉം ആണ്. ഇതിൽ വനിതാ പങ്കാളിത്തം യഥാക്രമം 175 ഉം 265 ഉം ആകുന്നു.

(iv) ഊരുകൂട്ട യോഗം

ജില്ലയിൽ പട്ടികവർഗ്ഗ ഉപപദ്ധതി വിഹിതം ലഭിക്കുന്നതും പട്ടികവർഗ്ഗ ഊരുകൾ ഉള്ളതുമായ എല്ലാ ഗ്രാമപഞ്ചായത്തുകളിലും ഗ്രാമസഭയ്ക്ക് മുൻപായി ഊരുകൂട്ട യോഗങ്ങൾ കൂടിയിട്ടുണ്ട്. ഊരുകൂട്ട യോഗങ്ങളുടെ ക്വാറം ആകെ വോട്ടർമാരുടെ 50 ശതമാനമാണ്. ജില്ലയിൽ കൂടുതൽ പട്ടികവർഗ്ഗ വിഹിതം ലഭിക്കുന്ന 10 ഗ്രാമപഞ്ചായത്തുകളിലെ ഊരുകൂട്ടങ്ങളിലെ പങ്കാളിത്ത വിവരം പട്ടിക: 6.1.1 (5) ൽ ചേർക്കുന്നു.

പട്ടിക: 6.1.1 (5)
ഊരുകൂട്ട യോഗ വിശദാംശങ്ങൾ

തദ്ദേശഭരണ സ്ഥാപനം	പങ്കാളിത്തം(%)
പെരിങ്ങമ്മല ഗ്രാമപഞ്ചായത്ത്	80 – 98%
വിതുര ഗ്രാമപഞ്ചായത്ത്	50 – 55%
നന്ദിയോട് ഗ്രാമപഞ്ചായത്ത്	57 – 63%
തൊളിക്കോട് ഗ്രാമപഞ്ചായത്ത്	51 – 78%
അമ്പൂരി ഗ്രാമപഞ്ചായത്ത്	55 – 76%
കുറ്റിച്ചൽ ഗ്രാമപഞ്ചായത്ത്	51 – 79%
പാങ്ങോട് ഗ്രാമപഞ്ചായത്ത്	54 – 60%
ആര്യനാട് ഗ്രാമപഞ്ചായത്ത്	57%
കള്ളിക്കാട് ഗ്രാമപഞ്ചായത്ത്	54–55%
വെള്ളനാട് ഗ്രാമപഞ്ചായത്ത്	52%

(അവലംബം:– ഐ.കെ.എം, സുലേഖ സോഫ്റ്റ് വെയർ)

(v) മത്സ്യസഭാ യോഗം

2017–18 വാർഷിക പദ്ധതി രൂപീകരണവുമായി ബന്ധപ്പെട്ട് മത്സ്യവകുപ്പിന്റെ പ്രഖ്യാപിത മത്സ്യഗ്രാമങ്ങളുള്ള എല്ലാ തദ്ദേശഭരണസ്ഥാപനങ്ങളിലും ഗ്രാമസഭ/വാർഡ്സഭക്ക് മുൻപായി മത്സ്യസഭാ യോഗങ്ങൾ കൂടിയിട്ടുണ്ട്.

(vi) ഭിന്നശേഷി ഗ്രാമസഭ യോഗം

ഭിന്നശേഷി വിഭാഗക്കാരുടെ പ്രശ്നങ്ങൾ ചർച്ച ചെയ്ത് വികസന പ്രവർത്തനങ്ങൾക്ക് പദ്ധതി നിർദ്ദേശങ്ങൾ രൂപപ്പെടുത്തുന്നതിലേക്കായി എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും ഭിന്നശേഷി ഗ്രമസഭ യോഗം കൂടിയിട്ടുണ്ട്.

(vii) മെയിന്റനൻസ് പ്ലാൻ അംഗീകരിക്കുന്നതിനുള്ള യോഗം

2017–18 വാർഷികപദ്ധതി രൂപീകരണവുമായി ബന്ധപ്പെട്ട് ജില്ലയിലെ എല്ലാ തദ്ദേശഭരണസ്ഥാപനങ്ങളും തയ്യാറാക്കിയ മെയിന്റനൻസ് പ്ലാൻ അംഗീകരിക്കുന്നതിനായി ഘടകസ്ഥാപനങ്ങളുടെ മേധാവികളുടെ യോഗം കൂടിയിട്ടുണ്ട്.

(viii) സ്റ്റാറ്റസ് റിപ്പോർട്ട്

ജില്ലയിലെ എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളും സ്ഥിതിവിവര കണക്കുകളുടെ അടിസ്ഥാനത്തിൽ എല്ലാ മേഖലകളുടേയും സ്റ്റാറ്റസ് റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ട്. ജനകീയാസൂത്രണ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് ആദ്യമായിട്ടാണ് എല്ലാ സ്ഥാപനങ്ങളും സ്റ്റാറ്റസ് റിപ്പോർട്ട് തയ്യാറാക്കുന്നത്. വിവരങ്ങളുടെ അടിസ്ഥാനത്തിൽ മെച്ചപ്പെട്ട രീതിയിൽ സ്റ്റാറ്റസ് റിപ്പോർട്ട് തയ്യാറാക്കിയിട്ടുള്ളത് കുറച്ച് തദ്ദേശഭരണ സ്ഥാപനങ്ങൾ മാത്രമാണ്.

(ix) വികസന രേഖ/പദ്ധതി രേഖ

ജില്ലയിലെ എല്ലാ തദ്ദേശഭരണസ്ഥാപനങ്ങളും 2017–18 വാർഷിക പദ്ധതി രൂപീകരണവുമായി ബന്ധപ്പെട്ട് വികസന രേഖയും, പദ്ധതി രേഖയും സർക്കാർ നിർദ്ദേശിച്ചിട്ടുള്ള ഘടനയിൽ തയ്യാറാക്കിയിട്ടുണ്ട്.

വെള്ളനാട് ഗ്രാമപഞ്ചായത്ത് ഒഴികെയുള്ള ജില്ലയിലെ എല്ലാ തദ്ദേശഭരണസ്ഥാപനങ്ങൾക്കും സർക്കാർ നിശ്ചയിച്ചിരുന്ന സമയപരിധിക്കുള്ളിൽ വാർഷിക പദ്ധതിക്ക് ജില്ലാ ആസൂത്രണസമിതിയുടെ അംഗീകാരം നേടുന്നതിന് കഴിഞ്ഞിട്ടുണ്ട്. ഏതാനും ചില തദ്ദേശഭരണസ്ഥാപനങ്ങളിൽ ഒഴികെ മറ്റ് എല്ലാ തദ്ദേശഭരണസ്ഥാപനങ്ങളിലും തദ്ദേശഭരണസ്ഥാപനതല ആസൂത്രണ സമിതികൾ പദ്ധതി രൂപീകരണവുമായി ബന്ധപ്പെട്ട് ആവശ്യാനുസരണം യോഗം കൂടുകയും പദ്ധതി ആസൂത്രണത്തിൽ തദ്ദേശഭരണസ്ഥാപനങ്ങളെ സഹായിക്കുകയും ചെയ്തിട്ടുണ്ടെന്ന് കണക്കുകൾ സൂചിപ്പിക്കുന്നു. എന്നാൽ വികേന്ദ്രീകൃതാസൂത്രണത്തിലെ ജീവനാഡിയായ ഗ്രാമസഭകളിലെ ജനപങ്കാളിത്തം ഉയർത്തുന്നതിന് തദ്ദേശഭരണസ്ഥാപനങ്ങൾക്ക് സാധിച്ചിട്ടില്ല. ഗ്രാമസഭകളിലെ ശരാശരി പങ്കാളിത്തം 12.35 ശതമാനവും വാർഡ്സഭാ പങ്കാളിത്തം 11.46 ശതമാനവും മാത്രമാണ്.

6.1.2. 2017–18 വാർഷിക പദ്ധതി – പദ്ധതി വിഹിതം

ജില്ലയിലെ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് ലഭ്യമാകുന്ന ആകെ വികസന ഫണ്ടിന്റെ 38.86%, 9.37%, 8.40%, 33.98%, 9.38% വീതമാണ് യഥാക്രമം ഗ്രാമ, ബ്ലോക്ക് പഞ്ചായത്തുകൾ, മുനിസിപ്പാലിറ്റികൾ, കോർപ്പറേഷൻ, ജില്ലാ പഞ്ചായത്ത് എന്നിവയ്ക്ക് ലഭ്യമാകുന്നത്.

2017–18 വാർഷിക പദ്ധതി നിർവ്വഹണത്തിനായി തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് ലഭ്യമാകുന്ന തുക (വികസനഫണ്ടും മെയിന്റനൻസ് ഗ്രാന്റും മാത്രം) 98822.37 ലക്ഷമാണ്. ഇത് 2016–17 സാമ്പത്തിക വർഷത്തേക്കാൾ 10.22% കൂടുതലാണ്. വിശദാംശങ്ങൾ പട്ടിക: 6.1.2 (1) ലും 6.1.2 (2) ലും ചേർക്കുന്നു.

പട്ടിക: 6.1.2 (1)
പദ്ധതി വിഹിതം – 2016–17

(തുക ലക്ഷത്തിൽ)

തദ്ദേശഭരണ സ്ഥാപനം	വികസന ഫണ്ട്				മെയിന്റനൻസ് ഗ്രാന്റ്			ആകെ (വികസന ഫണ്ട്+ മെയിന്റൻസ് ഗ്രാന്റ്)
	ജനറൽ	എസ്.സി. എസ്.പി	റ്റി.എസ്. പി	ആകെ	റോഡിതരം	റോഡ്	ആകെ	
ഗ്രാമ പഞ്ചായത്ത്	22706.56	5060.56	511.32	28278.4	3147.08	7281.85	10428.93	38707.33
ബ്ലോക്ക് പഞ്ചായത്ത്	3986.75	1686.86	170.44	5844.04	619.75	0	619.75	6463.79
മുനിസിപ്പാലിറ്റി	5316.78	778.59	0	6095.37	541.6	692.55	1234.15	7329.52
കോർപ്പറേഷൻ	19198.51	3117.02	0	22315.53	1799.02	3185.97	4985	27300.53
ജില്ലാ പഞ്ചായത്ത്	3985.78	1686.85	170.45	5843.08	900.87	3117.72	4018.6	9861.68
ആകെ	55194.38	12329.88	852.21	68376.42	7008.32	14278.09	21286.43	89662.85

(അവലംബം:– ഐ.കെ.എം, സുലേഖ സോഫ്റ്റ് വെയർ)

പട്ടിക: 6.1.2 (2)
പദ്ധതി വിഹിതം –2017–18

(തുക ലക്ഷത്തിൽ)

തദ്ദേശഭരണ സ്ഥാപനം	വികസന ഫണ്ട്				മെയിന്റൻസ് ഗ്രാന്റ്			ആകെ (വികസന ഫണ്ട്+ മെയിന്റൻസ് ഗ്രാന്റ്)
	ജനറൽ	എസ്.സി. എസ്.പി	റ്റി.എസ്. പി	ആകെ	റോഡിതരം	റോഡ്	ആകെ	
ഗ്രാമ പഞ്ചായത്ത്	22869.45	5709.18	576.87	29155.5	3191.46	8980.83	12172.29	41327.79
ബ്ലോക്ക് പഞ്ചായത്ത്	4937.13	1903.06	192.29	7032.48	628.48	0	628.48	7660.96
മുനിസിപ്പാലിറ്റി	5428.66	878.39	0	6307.05	549.24	705.58	1254.82	7561.87
കോർപ്പറേഷൻ	21980.16	3516.51		25496.67	1825.71	3315.9	5141.61	30638.28
ജില്ലാ പഞ്ചായത്ത്	4935.96	1903.03	192.28	7031.27	913.58	3688.62	4602.2	11633.47
ആകെ	60151.36	13910.17	961.44	75022.97	7108.47	16690.93	23799.4	98822.37

{അവലംബം:– ഐ.കെ.എം, സുലേഖ സോഫ്റ്റ് വെയർ (30.11.2017 ൽ എടുത്ത ഡേറ്റാ)}

2017–18 വാർഷിക പദ്ധതിയുമായി ബന്ധപ്പെട്ട് ജില്ലയിൽ ഓരോ വിഭാഗത്തിലും പദ്ധതി വിഹിതം കൂടുതലും കുറവും ലഭ്യമായിട്ടുള്ള തദ്ദേശഭരണ സ്ഥാപനങ്ങളുടെ വിശദാംശങ്ങൾ പട്ടിക: 6.1.2 (3) ൽ ചേർക്കുന്നു.

പട്ടിക:6.1.2 (3)

പദ്ധതി വിഹിതം കൂടുതലും കുറവും ലഭ്യമാകുന്ന തദ്ദേശഭരണ സ്ഥാപനങ്ങൾ

(തുക ലക്ഷത്തിൽ)

തദ്ദേശഭരണ സ്ഥാപനം	പദ്ധതി വിഹിതം കൂടുതൽ ലഭിക്കുന്ന തദ്ദേശഭരണ സ്ഥാപനങ്ങൾ			പദ്ധതി വിഹിതം കുറവ് ലഭിക്കുന്ന തദ്ദേശഭരണ സ്ഥാപനങ്ങൾ		
	വികസന ഫണ്ട്	മെയിന്റനൻസ് ഗ്രാന്റ്	ആകെ	വികസന ഫണ്ട്	മെയിന്റനൻസ് ഗ്രാന്റ്	ആകെ
ഗ്രാമ പഞ്ചായത്ത്	പെരിങ്ങമ്മല (732.26)	പള്ളിച്ചൽ (399.14)	പള്ളിച്ചൽ (1031.39)	വക്കം (195.78)	കൊല്ലയിൽ (61.41)	ഒറ്റൂർ (281.51)
ബ്ലോക്ക് പഞ്ചായത്ത്	വാമനപുരം (881.52)	വെള്ളനാട് (79.29)	വാമനപുരം (956.74)	അതിയന്നൂർ (466.03)	വർക്കല (38.69)	അതിയന്നൂർ (509.82)
മുനിസിപ്പാലിറ്റി	നെയ്യാറ്റിൻകര (2278.8)	നെടുമങ്ങാട് (378.51)	നെയ്യാറ്റിൻകര (2587.68)	ആറ്റിങ്ങൽ (845.41)	വർക്കല (222.58)	ആറ്റിങ്ങൽ (1190.26)

{അവലംബം:– ഐ.കെ.എം, സുലേഖ സോഫ്റ്റ് വെയർ (30.11.2017 ൽ എടുത്ത ഡേറ്റാ)}

- സംസ്ഥാനത്ത് ഏറ്റവും കൂടുതൽ പദ്ധതി വിഹിതം ലഭ്യമാകുന്നത് തിരുവനന്തപുരം നഗരസഭയ്ക്കാണ്.

2017–18 വർഷം എസ്.സി.എസ്.പി – റ്റി.എസ്.പി വിഹിതം കൂടുതലും കുറവും ലഭ്യമായ തദ്ദേശഭരണ സ്ഥാപനങ്ങളുടെ വിശദാംശങ്ങൾ പട്ടിക: 6.1.2 (4) ൽ ചേർക്കുന്നു.

പട്ടിക:6.1.2 (4)

എസ്.സി.എസ്.പി – റ്റി.എസ്.പി വിഹിതം കൂടുതലും കുറവും ലഭ്യമായ തദ്ദേശഭരണ സ്ഥാപനങ്ങൾ

(തുക ലക്ഷത്തിൽ)

തദ്ദേശഭരണ സ്ഥാപനം	പദ്ധതി വിഹിതം കൂടുതൽ ലഭിക്കുന്ന തദ്ദേശഭരണ സ്ഥാപനങ്ങൾ		പദ്ധതി വിഹിതം കുറവ് ലഭിക്കുന്ന തദ്ദേശഭരണ സ്ഥാപനങ്ങൾ	
	എസ്.സി.എസ്.പി	റ്റി.എസ്.പി	എസ്.സി.എസ്.പി	റ്റി.എസ്.പി
ഗ്രാമ പഞ്ചായത്ത്	മുദാക്കൽ (158.65)	പെരിങ്ങമ്മല (114.08)	തിരുപുറം (21.25)	കോട്ടുകാൽ, കിഴുവിലം, കൊല്ലയിൽ, കിളിമാനൂർ (0.03)
ബ്ലോക്ക് പഞ്ചായത്ത്	കിളിമാനൂർ (264.15)	വെള്ളനാട് (84.24)	നെടുമങ്ങാട് (104.13)	ചിറയിൻകീഴ് (0.09)
മുനിസിപ്പാലിറ്റി	നെയ്യാറ്റിൻക(286.22)	–	ആറ്റിങ്ങൽ (141.37)	–

{അവലംബം:– ഐ.കെ.എം, സുലേഖ സോഫ്റ്റ് വെയർ (30.11.2017 ൽ എടുത്ത ഡേറ്റാ)}

- 13 ഗ്രാമപഞ്ചായത്തുകൾക്ക് 2017–18 സാമ്പത്തിക വർഷം റ്റി.എസ്.പി. വിഹിതം ലഭ്യമല്ല.
- റ്റി.എസ്.പി വിഹിതം ലഭ്യമായ 60 ഗ്രാമപഞ്ചായത്തുകളിൽ 32 ഗ്രാമപഞ്ചായത്തുകളുടെ റ്റി.എസ്.പി വിഹിതം 1 ലക്ഷം രൂപയിൽ താഴെയാണ്.
- നഗരഭരണസ്ഥാപനങ്ങൾക്ക് 2017–18 വർഷം റ്റി.എസ്.പി വിഹിതം ലഭ്യമായിട്ടില്ല.

13.12.2017 വരെ തദ്ദേശഭരണ സ്ഥാപനങ്ങളുടെ 155989.48 ലക്ഷം രൂപ അടങ്കൽ തുക വരുന്ന 20073 പദ്ധതികൾക്ക് ജില്ലാ ആസൂത്രണ സമിതി അംഗീകാരം നൽകിയിട്ടുണ്ട്. വിശദാംശങ്ങൾ പട്ടിക: 6.1.2 (5) ൽ ചേർക്കുന്നു.

പട്ടിക: 6.1.2 (5)

ജില്ലാ ആസൂത്രണ സമിതി അംഗീകാരം നൽകിയ പദ്ധതി അടങ്കൽ

(തുക ലക്ഷത്തിൽ)

തദ്ദേശഭരണ സ്ഥാപനം	പ്രോജക്ടുകളുടെ എണ്ണം	ഉത്പാദന മേഖല	സേവന മേഖല	പശ്ചാത്തല മേഖല	ആകെ
ഗ്രാമപഞ്ചായത്ത്	14320	11060.98	26375.48	26729.13	64165.59
ബ്ലോക്ക് പഞ്ചായത്ത്	1095	3114.13	6509.01	2318.12	11941.26
മുനിസിപ്പാലിറ്റി	1273	1173.79	6344.95	4255.82	11774.56
കോർപ്പറേഷൻ	2050	8841.49	21211.97	18471.67	48525.13
ജില്ലാ പഞ്ചായത്ത്	1335	2792.66	7838.97	8951.31	19582.94
ആകെ	20073	26983.05	68278.38	60726.11	155989.48

{അവലംബം:– ഐ.കെ.എം, സുലേഖ സോഫ്റ്റ് വെയർ (13.12.2017 ൽ എടുത്ത ഡേറ്റാ)}

2017–18 വാർഷിക പദ്ധതിയിൽ പദ്ധതി അടങ്കൽ കൂടുതലുള്ളതും കുറവുള്ളതുമായ തദ്ദേശഭരണസ്ഥാപനങ്ങളുടെ വിശദാംശങ്ങൾ പട്ടിക: 6.1.2 (6) ൽ ചേർക്കുന്നു.

പട്ടിക: 6.1.2 (6)
പദ്ധതി അടങ്കൽ കൂടിയതും കുറവുള്ളതുമായ തദ്ദേശഭരണ സ്ഥാപനങ്ങൾ
(തുക ലക്ഷത്തിൽ)

തദ്ദേശഭരണ സ്ഥാപനം	പദ്ധതി അടങ്കൽ കൂടുതൽ ഉള്ളത്	പദ്ധതി അടങ്കൽ കുറവുള്ളത്
ഗ്രാമ പഞ്ചായത്ത്	വെള്ളറട (1468.13)	കള്ളിക്കാട് (415.71)
ബ്ലോക്ക് പഞ്ചായത്ത്	വാമനപുരം (1416.24)	അതിയന്നൂർ (790.48)
മുനിസിപ്പാലിറ്റി	നെടുമങ്ങാട് (4694.23)	ആറ്റിങ്ങൽ (1589.53)

{അവലംബം:– ഐ.കെ.എം, സുലേഖ സോഫ്റ്റ് വെയർ (13.12.2017 ൽ എടുത്ത ഡേറ്റാ)}

(i) വിവിധ സ്രോതസ്സുകളിൽ നിന്നും ലഭ്യമാകുന്ന ഫണ്ടിന്റെ വിശദാംശങ്ങൾ

തദ്ദേശഭരണ സ്ഥാപനങ്ങളുടെ വാർഷിക പദ്ധതി അടങ്കലിന്റെ 60.22% വികസന ഫണ്ടും 22.38 ശതമാനവും മെയിന്റനൻസ് ഗ്രാന്റുമാണ്. വായ്പാബന്ധിത പ്രോജക്ടുകൾ പദ്ധതി അടങ്കലിന്റെ 4.63 ശതമാനവും ഗുണഭോക്തൃവിഹിതം 3.60 ശതമാനവുമാണ്. വിശദാംശങ്ങൾ ചിത്രം: 6.1.2 (1) ൽ രേഖപ്പെടുത്തിയിരിക്കുന്നു.

ചിത്രം: 6.1.2 (1)
വിവിധ സ്രോതസ്സുകളിൽ നിന്നും ലഭ്യമാകുന്ന ഫണ്ട്



{അവലംബം:– ഐ.കെ.എം, സുലേഖ സോഫ്റ്റ് വെയർ (13.12.2017 ൽ എടുത്ത ഡേറ്റാ)}

6.1.3. വിഭവ സമാഹരണം

(i) തനത് ഫണ്ട്

1994 ലെ കേരള പഞ്ചായത്തീരാജ് നിയമത്തിന്റേയും ബന്ധപ്പെട്ട ചട്ടത്തിലേയും വ്യവസ്ഥകൾ പ്രകാരം തനത്/ പൊതു ആവശ്യഫണ്ടിൽ നിന്ന് നിർവ്വഹിക്കേണ്ടതായ അനിവാര്യ ചെലവുകൾക്കും അനുവദനീയമായ മറ്റ് ചെലവുകൾക്കും ആവശ്യമായ തുക മാറ്റിവച്ച ശേഷം ബാക്കിയുള്ള തുക തനത് ഫണ്ട് എന്ന വിഭവ സ്രോതസ്സിൽ ഉൾപ്പെടുത്തി വാർഷിക പദ്ധതിയിൽ തദ്ദേശഭരണസ്ഥാപനങ്ങൾക്ക് വകയിരുത്താവുന്നതാണ്. 2016–17 വാർഷിക പദ്ധതിയിൽ ജില്ലയിലെ തദ്ദേശഭരണ സ്ഥാപനങ്ങൾ വകയിരുത്തിയതും ചെലവഴിച്ചതുമായ തനത് ഫണ്ടിന്റെ വിശദാംശങ്ങൾ പട്ടിക: 6.1.3 (1) ൽ ചേർക്കുന്നു.

പട്ടിക: 6.1.3 (1)
തനത്ഫണ്ട് ചെലവ് – 2016–17 – വിശദാംശങ്ങൾ

(തുക ലക്ഷത്തിൽ)

തദ്ദേശഭരണ സ്ഥാപനം	വകയിരുത്തിയ തുക	ചെലവഴിച്ച തുക	ചെലവ് ശതമാനം
ഗ്രാമ പഞ്ചായത്ത്	4132.15	1917.69	46.41
ബ്ലോക്ക് പഞ്ചായത്ത്	102.27	38.32	37.47
മുനിസിപ്പാലിറ്റി	180.46	22.07	12.22
കോർപ്പറേഷൻ	1178.33	0	0
ജില്ലാ പഞ്ചായത്ത്	604.58	396.06	65.51
ആകെ	6197.79	2374.14	38.30

(അവലംബം:– ഐ.കെ.എം, സുലേഖ സോഫ്റ്റ് വെയർ)

2016–17 വാർഷിക പദ്ധതിയിൽ തദ്ദേശഭരണ സ്ഥാപനങ്ങൾ വകയിരുത്തിയതും ചെലവഴിച്ചതുമായ തനത് ഫണ്ടിന്റെ ശതമാനാടിസ്ഥാനത്തിലെ കണക്കുകൾ പട്ടിക: 6.1.3 (2) ൽ ചേർക്കുന്നു.

പട്ടിക: 6.1.3 (2)
തനത്ഫണ്ട് – ചെലവ് – 2016–17

തദ്ദേശഭരണ സ്ഥാപനം	തനത് ഫണ്ട് ചെലവ് ശതമാനത്തിൽ/ തദ്ദേശഭരണ സ്ഥാപനങ്ങളുടെ എണ്ണം									
	0–10 %	10–20 %	20–30 %	30–40 %	40–50 %	50–60 %	60–70 %	70–80 %	80–90 %	90–100 %
ഗ്രാമ പഞ്ചായത്ത്	4	3	6	10	16	18	4	8	4	–
ബ്ലോക്ക് പഞ്ചായത്ത്	4	1	–	1	–	1	–	–	2	2
മുനിസിപ്പാലിറ്റി	2	1	–	–	–	–	–	–	–	–
കോർപ്പറേഷൻ	0	–	–	–	–	–	–	–	–	–
ജില്ലാ പഞ്ചായത്ത്	–	–	–	–	–	–	–	–	1	–

(അവലംബം:– ഐ.കെ.എം, സുലേഖ സോഫ്റ്റ് വെയർ)

- 2016–17 വാർഷിക പദ്ധതിയിൽ വകയിരുത്തിയ തനത് ഫണ്ടിൽ കൂടുതൽ ചെലവഴിച്ചിട്ടുള്ള ഗ്രാമപഞ്ചായത്ത് പൂവാറും (89.33%) ബ്ലോക്ക്പഞ്ചായത്ത് അതിയന്നൂരും (100%) നഗരസഭ നെടുമങ്ങാടുമാണ് (12.74%).
- തിരുവനന്തപുരം കോർപ്പറേഷൻ വാർഷിക പദ്ധതിയിൽ തനത് ഫണ്ട് വകയിരുത്തിരുന്നെങ്കിലും ചെലവ് രേഖപ്പെടുത്തിയിട്ടില്ല.
- ജില്ലാപഞ്ചായത്ത് വാർഷിക പദ്ധതിയിൽ വകയിരുത്തിയ തുകയുടെ 65.5% തുക ചെലവഴിച്ചിട്ടുണ്ട്.
- നഗരസഭകളിൽ ആറ്റിങ്ങൽ, വർക്കല നഗരസഭകളും വകയിരുത്തിയ തനത് ഫണ്ട് ചെലവഴിച്ചിട്ടില്ല. നെയ്യാറ്റിൻകര നഗരസഭ വാർഷിക പദ്ധതിയിൽ തനത് ഫണ്ട് വകയിരുത്തിയിരുന്നില്ല.

തനത് ഫണ്ട് ഇനത്തിൽ ഏറ്റവും കൂടുതൽ തുക നീക്കിവച്ച 10 ഗ്രാമപഞ്ചായത്തുകളുടെയും 3 ബ്ലോക്ക് പഞ്ചായത്തുകളുടെയും വകയിരുത്തലിന്റെയും ചെലവിന്റെയും വിശദാംശങ്ങൾ പട്ടിക: 6.1.3 (3) ൽ ചേർക്കുന്നു

പട്ടിക: 6.1.3 (3)
തനത്ഫണ്ട് ചെലവ് – വിശദാംശങ്ങൾ – 2016–17

(തുക ലക്ഷത്തിൽ)

തദ്ദേശഭരണ സ്ഥാപനത്തിന്റെ പേര്	വകയിരുത്തിയ തനത് ഫണ്ട്	ചെലവഴിച്ച തനത് ഫണ്ട്	ചെലവിന്റെ ശതമാനം
ഗ്രാമ പഞ്ചായത്ത്			
പാറശ്ശാല	187.56	100.99	53.84
കഠിനംകുളം	159.4	55.45	34.79
പൂവച്ചൽ	151.95	35.95	23.66
കരകുളം	148.09	55.82	37.69
കാട്ടാക്കട	145.58	41.65	28.61
പോത്തൻകോട്	129.86	66.71	51.37
കല്ലിയൂർ	126.46	70.52	55.76

അണ്ടൂർക്കോണം	122.59	63.5	51.80
പള്ളിച്ചൽ	119.27	60.72	50.91
മലയിൻകീഴ്	117.62	62.1	52.80
ബ്ലോക്ക് പഞ്ചായത്ത്			
പാറശ്ശാല	21.3	3.45	16.20
കിളിമാനൂർ	19.84	15.98	80.54
നെടുമങ്ങാട്	11.77	4.7	39.93

(അവലംബം:– ഐ.കെ.എം, സുലേഖ സോഫ്റ്റ് വെയർ)

- തദ്ദേശഭരണ സ്ഥാപനങ്ങൾ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തുന്ന തനത് ഫണ്ടിന്റെ 50 ശതമാനം പോലും ചെലവഴിക്കപ്പെടുന്നില്ല.

തനത് ഫണ്ട് വകയിരുത്തൽ പദ്ധതി അടങ്കലിന്റെ അടിസ്ഥാനത്തിൽ 2017–18 വാർഷിക പദ്ധതി

ജില്ലയിലെ 90 തദ്ദേശഭരണസ്ഥാപനങ്ങളിൽ നെയ്യാറ്റിൻകര മുനിസിപ്പാലിറ്റി ഒഴികെയുള്ള തദ്ദേശഭരണസ്ഥാപനങ്ങൾ തനത്ഫണ്ട് വാർഷികപദ്ധതിയിൽ ഉൾപ്പെടുത്തി പ്രോജക്ട് രൂപികരിച്ചിട്ടുണ്ട്. ഇതിൽ 17 തദ്ദേശഭരണസ്ഥാപനങ്ങൾ മുൻ വാർഷിക പദ്ധതിയിൽ ചെലവഴിച്ച തനത് ഫണ്ടിന്റെ 15 ശതമാനത്തിൽ അധികരിക്കാത്ത തുക നടപ്പ് വാർഷിക പദ്ധതിയിൽ തനത്ഫണ്ടായി വകയിരുത്തിയിട്ടുണ്ട്.

തദ്ദേശഭരണസ്ഥാപനങ്ങൾ വാർഷിക പദ്ധതിയിൽ വകയിരുത്തിയിട്ടുള്ള തനത്ഫണ്ടിന്റെ മേഖലാടിസ്ഥാനത്തിലുള്ള വിശദാംശങ്ങൾ പദ്ധതി അടങ്കലിന്റെ (ജില്ലാ ആസൂത്രണ സമിതി അംഗീകാരം നൽകിയ തുകയുടെ) ശതമാനാടിസ്ഥാനത്തിൽ പട്ടിക: 6.1.3 (4) ൽ ചേർക്കുന്നു.

പട്ടിക: 6.1.3 (4)

മേഖലാടിസ്ഥാനത്തിലുള്ള തനത് ഫണ്ട് വകയിരുത്തൽ – പദ്ധതി അടങ്കലിന്റെ ശതമാനത്തിൽ

(തുക ലക്ഷത്തിൽ)

തദ്ദേശഭരണ സ്ഥാപനം	ആസൂത്രണ സമിതി അംഗീകാരം നൽകിയ തുക				വകയിരുത്തിയ തനത് ഫണ്ട്				തനത് ഫണ്ട് ശതമാനം മേഖലാടിസ്ഥാനത്തിലെ അടങ്കലിൽ (ആകെ തനത് ഫണ്ടിന്റെ ശതമാനാടിസ്ഥാനത്തിൽ)			
	ഉത്പാദനം	സേവനം	പശ്ചാത്തലം	ആകെ	ഉത്പാദനം	സേവനം	പശ്ചാത്തലം	ആകെ	ഉത്പാദനം	സേവനം	പശ്ചാത്തലം	ആകെ
ഗ്രാമപഞ്ചായത്ത്	11190	26553	27457	65200	120	2109	1659.1	3938.4	1.07 (4.32)	7.94 (53.56)	6.04 (42.13)	6.04 (100.00)
ബ്ലോക്ക് പഞ്ചായത്ത്	3114.13	6509	2318.12	11941.3	12	53.73	29.93	95.66	0.39 (12.54)	0.83 (56.17)	1.29 (31.29)	0.80 (100.00)
മുനിസിപ്പാലിറ്റി	1173.79	6345	4255.82	11774.6	2	12.44	92.49	106.95	0.17 (1.87)	0.20 (11.63)	2.17 (86.50)	0.91 (100.00)
കോർപ്പറേഷൻ	8841.49	21207	18471.7	48519.7	0	621.47	117.2	738.67	0.00 (0.00)	2.93 (84.13)	0.63 (15.87)	1.52 (100.00)
ജില്ലാ പഞ്ചായത്ത്	2792.66	7838.5	8951.37	19582.5	186.8	350.59	27.99	565.33	6.69 (33.03)	4.47 (62.02)	0.31 (4.95)	2.89 (100.00)
ആകെ	27112.1	68452	61454	157018	320.8	3147.23	1926.71	5445.01	1.18 (6.81)	4.60 (58.80)	3.14 (35.38)	3.47 (100.00)

{ അവലംബം:– ഐ.കെ.എം, സുലേഖ സോഫ്റ്റ് വെയർ (13.12.2017 ൽ എടുത്ത ഡേറ്റാ)}

- മേഖലാടിസ്ഥാനത്തിലുള്ള അടങ്കൽ തുകയിൽ സേവനമേഖലയിലാണ് കൂടുതൽ തനത് ഫണ്ട് വകയിരുത്തിയിട്ടുണ്ട് 4.60% (3147.23 ലക്ഷം). ഏറ്റവും കുറവ് തനത് ഫണ്ട് വകയിരുത്തൽ ഉത്പാദന മേഖലയിലാണ് പദ്ധതി അടങ്കലിന്റെ 1.18% (320.8 ലക്ഷം). എന്നാൽ പദ്ധതി അടങ്കലിന്റെ അടിസ്ഥാനത്തിൽ മുനിസിപ്പാലിറ്റികളിൽ പശ്ചാത്തല മേഖലയിലെ വകയിരുത്തൽ കൂടുതലായി കാണാം (പദ്ധതി അടങ്കലിന്റെ 2.17%).
- ഗ്രാമപഞ്ചായത്തുകളിൽ പദ്ധതി അടങ്കലിന്റെ അടിസ്ഥാനത്തിൽ ഏറ്റവും കൂടുതൽ തനത് ഫണ്ട് വകയിരുത്തിയത് അണ്ടൂർക്കോണം ഗ്രാമപഞ്ചായത്താണ് 25.9 ശതമാനം.
- ഏറ്റവും കൂടുതൽ തുക തനത്ഫണ്ടായി വകയിരുത്തിയിട്ടുള്ള കരകുളം ഗ്രാമപഞ്ചായത്തിൽ തനത് ഫണ്ട് പദ്ധതി അടങ്കലിന്റെ 19.03% ആണ്. സേവന

പശ്ചാത്തല മേഖലകളിലെ അടങ്കലിന്റെ യഥാക്രമം 21.18 ശതമാനവും, 21.60 ശതമാനവും തനത് ഫണ്ട് വകയിരുത്തിയിട്ടുണ്ട്.

- കിളിമാനൂർ, മടവൂർ, പള്ളിക്കൽ, കള്ളിക്കാട് എന്നീ ഗ്രാമപഞ്ചായത്തുകൾ സേവന മേഖലയിൽ മാത്രമാണ് തനത് ഫണ്ട് വകയിരുത്തിയിട്ടുള്ളത്.
- തിരുവനന്തപുരം നഗരസഭ പദ്ധതി അടങ്കലിന്റെ 1.52% തനത് ഫണ്ടിനത്തിൽ വാർഷിക പദ്ധതിയിൽ വകയിരുത്തിയപ്പോൾ ഉത്പാദനമേഖലയിൽ തനത്ഫണ്ട് വകയിരുത്തിയതായി കാണുന്നില്ല. എന്നാൽ തിരുവനന്തപുരം ജില്ലാ പഞ്ചായത്ത് പദ്ധതി അടങ്കലിന്റെ 2.89% തുക വകയിരുത്തിയപ്പോൾ ഉത്പാദനമേഖലയിലെ അടങ്കലിന്റെ 6.69 ശതമാനവും തനത് ഫണ്ടിനത്തിൽ വകയിരുത്തിയിട്ടുണ്ട്. തനത്ഫണ്ടിന്റെ 33.03% ഉത്പാദനമേഖലയിൽ വകയിരുത്തിയിട്ടുണ്ട്.

പദ്ധതി അടങ്കലിന്റെ അടിസ്ഥാനത്തിൽ ഏറ്റവും കൂടുതലും കുറവും തനത് ഫണ്ട് വകയിരുത്തിയ തദ്ദേശഭരണ സ്ഥാപനങ്ങളുടെ വിശദാംശങ്ങൾ പട്ടിക: 6.1.3 (5) ൽ ചുവടെ ചേർക്കുന്നു.

പട്ടിക: 6.1.3 (5)
പദ്ധതി അടങ്കലിൽ ഏറ്റവും കൂടുതലും കുറവും തനത് ഫണ്ട് വകയിരുത്തിയ തദ്ദേശഭരണ സ്ഥാപനങ്ങൾ

തദ്ദേശഭരണ സ്ഥാപനം	തനത് ഫണ്ട് വകയിരുത്തൽ			
	കൂടുതൽ		കുറവ്	
	തനത് ഫണ്ട് (തുക ലക്ഷത്തിൽ)	തനത് ഫണ്ട് (പദ്ധതി അടങ്കലിൽ %)	തനത് ഫണ്ട് (തുക ലക്ഷത്തിൽ)	തനത് ഫണ്ട് (പദ്ധതി അടങ്കലിൽ %)
ഗ്രാമപഞ്ചായത്ത്	കരകുളം (264.82 ലക്ഷം)	അണ്ടൂർക്കോണം (25.99%)	കള്ളിക്കാട് (2.01 ലക്ഷം)	ഇലകമൺ (0.37%)
ബ്ലോക്ക് പഞ്ചായത്ത്	കിളിമാനൂർ (22.42 ലക്ഷം)	പോത്തൻകോട് (1.96%)	വാമനപുരം (0.41 ലക്ഷം)	വാമനപുരം (0.03%)
മുനിസിപ്പാലിറ്റി	നെടുമങ്ങാട് (102.2 ലക്ഷം)	നെടുമങ്ങാട് (2.18%)	ആറ്റിങ്ങൽ (0.61 ലക്ഷം)	ആറ്റിങ്ങൽ (0.04%)

{അവലംബം:– ഐ.കെ.എം, സുലേഖ സോഫ്റ്റ് വെയർ (13.12.217 ൽ എടുത്ത ഡേറ്റാ)}

തദ്ദേശഭരണസ്ഥാപനങ്ങളുടെ പദ്ധതി രൂപീകരണവുമായി ബന്ധപ്പെട്ട് വിഭവ സ്രോതസ്സായി തനത് വരുമാനത്തിലെ മിച്ചം യുക്തിസഹമായ രീതിയിൽ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്താവുന്നതാണെന്നിരിക്കെ ജില്ലയിലെ ഗ്രാമപഞ്ചായത്തുകളെ അപേക്ഷിച്ച് നഗരഭരണസ്ഥാപനങ്ങൾ തനത് ഫണ്ട് വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് പ്രാധാന്യം നൽകിയിട്ടില്ല എന്നുള്ള നിഗമനത്തിലെത്താവുന്നതാണ്.

(ii) വായ്പാബന്ധിത പ്രോജക്ടുകൾ

വാർഷിക പദ്ധതി രൂപീകരണവുമായി ബന്ധപ്പെട്ട് തദ്ദേശഭരണ സ്ഥാപനങ്ങൾ വായ്പാ സാധ്യതകളെപ്പറ്റി ബാങ്കുകളുമായും മറ്റ് ധനകാര്യ സ്ഥാപനങ്ങളുമായും ചർച്ച ചെയ്യുകയും ഇതിന്റെ അടിസ്ഥാനത്തിൽ വായ്പാബന്ധിത പ്രോജക്ടുകൾ തയ്യാറാക്കാവുന്നതുമാണെന്ന് പദ്ധതി രൂപീകരണ മാർഗ്ഗരേഖ അനുശാസിക്കുന്നുണ്ട്.

ജില്ലയിലെ 43 ഗ്രാമപഞ്ചായത്തുകൾ (103 പ്രോജക്ടുകൾ), 8 ബ്ലോക്ക് പഞ്ചായത്തുകൾ (15 പ്രോജക്ടുകൾ), 4 മുനിസിപ്പാലിറ്റികൾ (14 പ്രോജക്ടുകൾ), ജില്ലാ പഞ്ചായത്ത് (2 പ്രോജക്ടുകൾ), കോർപ്പറേഷൻ (29 പ്രോജക്ടുകൾ) ഉൾപ്പെടെ 57 തദ്ദേശഭരണ സ്ഥാപനങ്ങളുടെ 6571.64 ലക്ഷം രൂപ അടങ്കൽ തുക വരുന്ന 163 വായ്പാബന്ധിത പദ്ധതികൾക്ക് 2017–18 വാർഷിക പദ്ധതിയിൽ ജില്ലാ ആസൂത്രണ സമിതി അംഗീകാരം നൽകിയിട്ടുണ്ട്. വിശദാംശങ്ങൾ പട്ടിക: 6.1.3 (6) ൽ ചുവടെ ചേർക്കുന്നു.

പട്ടിക: 6.1.3 (6)
വായ്പാബന്ധിത പ്രോജക്ടുകൾ പദ്ധതി അടങ്കലിൽ

(തുക ലക്ഷത്തിൽ)

തദ്ദേശഭരണ സ്ഥാപനം	ആസൂത്രണസമിതി അംഗീകാരം നൽകിയ തുക				വായ്പാബന്ധിത പ്രോജക്ടുകളുടെ അടങ്കൽ തുക				വായ്പാബന്ധിത അടങ്കൽ മേഖലാ അടങ്കലിന്റെ ശതമാനത്തിൽ (വായ്പാബന്ധിത അടങ്കലിന്റെ ശതമാനത്തിൽ)			
	ഉത്പാദനം	സേവനം	പശ്ചാത്തലം	ആകെ	ഉത്പാദനം	സേവനം	പശ്ചാത്തലം	ആകെ	ഉത്പാദനം	സേവനം	പശ്ചാത്തലം	ആകെ
ഗ്രാമപഞ്ചായത്ത്	11061	26301	26718.2	64080	723.06	681.5	251.04	1656	6.54 (43.67)	2.59 (41.16)	0.94 (15.16)	2.58 (100)
ബ്ലോക്ക് പഞ്ചായത്ത്	3114.13	6509	2318.12	11941.3	544.75	0	0	544.8	17.49 (100)	0.00 (0.00)	0.00 (0.00)	4.56 (100)
മുനിസിപ്പാലിറ്റി	1173.79	6345	4255.82	11774.6	230.45	0	50	280.5	19.63 (82.17)	0.00 (0.00)	1.17 (17.83)	2.38 (100)
കോർപ്പറേഷൻ	8841.49	21207	18471.7	48519.7	4010.85	0	0	4011	45.36 (100)	0.00 (0.00)	0.00 (0.00)	8.27 (100)
ജില്ലാ പഞ്ചായത്ത്	2792.66	7838.5	8951.37	19582.5	80	0	0	80	2.86 (100)	0.00 (0.00)	0.00 (0.00)	0.41 (100)
ആകെ	26983	68200	60715	155898	5589.1	681	301	6572	20.71 (85.05)	1.00 (10.37)	0.50 (4.58)	4.22 (100)

{അവലംബം:– ഐ.കെ.എം, സുലേഖ സോഫ്റ്റ് വെയർ (13.12.2017 ൽ എടുത്ത ഡേറ്റാ)}

ജില്ലാ ആസൂത്രണസമിതി അംഗീകാരം നൽകിയ ആകെ പ്രോജക്ടുകളുടെ 0.008% മാത്രമാണ് വായ്പ ഉൾപ്പെട്ടു വരുന്ന പ്രോജക്ടുകൾ.

- തദ്ദേശഭരണ സ്ഥാപനങ്ങളുടെ 2017–18 വാർഷിക പദ്ധതി അടങ്കലിന്റെ 4.22% മാത്രമാണ് വായ്പാ ബന്ധിത പ്രോജക്ടുകൾ ഉൾപ്പെടുന്ന പ്രോജക്ടുകളുടെ അടങ്കൽ തുക.
- വായ്പാ ബന്ധിത പ്രോജക്ടുകളുടെ ആകെ പദ്ധതി അടങ്കൽ തുകയുടെ 85 ശതമാനവും ഉത്പാദന മേഖലയിലാണ് വകയിരുത്തിയിട്ടുള്ളത്.
- ബ്ലോക്ക് പഞ്ചായത്തുകളുടേയും, ജില്ലാപഞ്ചായത്തിന്റെയും, തിരുവനന്തപുരം നഗരസഭയുടെയും വായ്പാ ബന്ധിത പ്രോജക്ടുകൾ ഉൾപ്പെട്ടുവരുന്നത് പൂർണ്ണമായും ഉത്പാദന മേഖലയിലാണ്.
- ഇലകമൺ, കഠിനംകുളം, കല്ലിയൂർ, കാരോട്, കരുംകുളം എന്നീ ഗ്രാമപഞ്ചായത്തുകൾ സേവന മേഖലയിൽ വായ്പ ഉപയോഗിച്ച് പ്രോജക്ട് രൂപീകരിച്ചിട്ടുണ്ട്.
- വായ്പാബന്ധിത പ്രോജക്ടുകൾ രൂപീകരിച്ചിട്ടുള്ള 57 തദ്ദേശഭരണ സ്ഥാപനങ്ങളിൽ 7 ഗ്രാമപഞ്ചായത്തുകൾ മാത്രമാണ് സഹകരണ മേഖലയിൽ നിന്നുള്ള വായ്പ ഉപയോഗപ്പെടുത്തിയിട്ടുള്ളത്.
- വായ്പാബന്ധിത പ്രോജക്ടുകളുടെ 61.35 ശതമാനവും ഉത്പാദന മേഖലയിൽ വനിതാഘടക പദ്ധതിയിലാണ് രൂപീകരിച്ചിട്ടുള്ളത്. ഇതിൽ 86 ശതമാനം ഉത്പാദന മേഖലയിൽ സ്വയം തൊഴിൽ സംരംഭങ്ങളുമായി ബന്ധപ്പെട്ടതും 14 ശതമാനം മൃഗസംരക്ഷണ മേഖലയുമായി ബന്ധപ്പെടുത്തിയിട്ടുള്ളതുമാണ്.
- വാർഷിക പദ്ധതി രൂപീകരണവുമായി ബന്ധപ്പെട്ട് തദ്ദേശഭരണ സ്ഥാപനങ്ങൾ വായ്പാ സാധ്യത പ്രയോജനപ്പെടുത്തിയിട്ടില്ലായെന്ന് ഇത് വ്യക്തമാക്കുന്നു. പ്രത്യേകിച്ചും സഹകരണ മേഖലയിൽ നിന്നും.

പദ്ധതി രൂപീകരണ ഘട്ടത്തിൽ തദ്ദേശഭരണസ്ഥാപന പരിധിയിൽ പ്രവർത്തിക്കുന്ന സഹകരണസംഘ പ്രതിനിധികളുമായും സ്റ്റേക്ക്ഹോൾഡേഴ്സുമായും ആവശ്യമായ ചർച്ചകൾ നടന്നിട്ടില്ലായെന്നതാണ് ഇത് വ്യക്തമാക്കുന്നത്.

(iii) കേന്ദ്ര, സംസ്ഥാനാവിഷ്കൃത പദ്ധതികൾ

തദ്ദേശഭരണ സ്ഥാപനങ്ങളുടെ 2017–18 വാർഷിക പദ്ധതിയുമായി സംയോജിപ്പിച്ചിട്ടുള്ള കേന്ദ്ര, സംസ്ഥാനാവിഷ്കൃത പദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

എ) കേന്ദ്രാവിഷ്കൃത പദ്ധതി

സംയോജന സാധ്യതയുള്ള കേന്ദ്രാവിഷ്കൃത പദ്ധതികൾ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് വാർഷിക പദ്ധതിയുമായി സംയോജിപ്പിച്ച് നടപ്പിലാക്കാവുന്നതാണ്. ഇത്തരത്തിൽ 2017–18 വാർഷിക പദ്ധതിയിൽ കേന്ദ്രാവിഷ്കൃത ഫണ്ട് വകയിരുത്തി 4444.23 ലക്ഷം രൂപ അടങ്കൽ തുക വരുന്ന 233 പദ്ധതികൾക്ക് തദ്ദേശഭരണ സ്ഥാപനങ്ങൾ ജില്ലാ ആസൂത്രണ സമിതിയിൽ നിന്ന് അംഗീകാരം നേടിയിട്ടുണ്ട്. ഇത് ആകെ പദ്ധതി വിഹിതത്തിന്റെ 4.50 ശതമാനം ആണ്. വിശദാംശങ്ങൾ പട്ടിക: 6.1.3 (7) ൽ ചുവടെ ചേർക്കുന്നു.

പട്ടിക: 6.1.3 (7)

കേന്ദ്രാവിഷ്കൃത പദ്ധതി – പദ്ധതി വിഹിതത്തിൽ

(തുക ലക്ഷത്തിൽ)

തദ്ദേശഭരണ സ്ഥാപനം	പദ്ധതി വിഹിതം (വികസനഫണ്ട് + മെയിന്റനൻസ് ഗ്രാന്റ്)	കേന്ദ്രാവിഷ്കൃത പദ്ധതി		
		പ്രോജക്ടുകളുടെ എണ്ണം	തുക	പദ്ധതി വിഹിതത്തിന്റെ ശതമാനത്തിൽ
ഗ്രാമപഞ്ചായത്ത്	41327.79	175	1149.28	2.78
ബ്ലോക്ക് പഞ്ചായത്ത്	7660.96	28	1520.1	19.84
മുനിസിപ്പാലിറ്റി	7561.87	13	1056.16	13.97
കോർപ്പറേഷൻ	30638.28	6	185.81	0.61
ജില്ലാ പഞ്ചായത്ത്	11633.47	11	532.88	4.58
ആകെ	98822.37	233	4444.23	4.50

{അവലംബം:– ഐ.കെ.എം, സുലേഖ സോഫ്റ്റ് വെയർ (28.12.2017 ൽ എടുത്ത ഡേറ്റാ)}

- ബ്ലോക്ക് പഞ്ചായത്തുകളുടെ പദ്ധതി വിഹിതത്തിന്റെ 19.84% കേന്ദ്രാവിഷ്കൃത ഫണ്ട് ഉൾപ്പെടുത്തിയിട്ടുള്ള പദ്ധതികളാണ്.

വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള മേഖലാടിസ്ഥാനത്തിലുള്ള കേന്ദ്രാവിഷ്കൃത പദ്ധതിയുടെ വിശദാംശങ്ങൾ പട്ടിക: 6.1.3 (8) ൽ ചുവടെ ചേർക്കുന്നു

പട്ടിക: 6.1.3 (8)

കേന്ദ്രാവിഷ്കൃത പദ്ധതി – മേഖലാടിസ്ഥാനത്തിൽ

(തുക ലക്ഷത്തിൽ)

തദ്ദേശഭരണ സ്ഥാപനം	കേന്ദ്രാവിഷ്കൃത പദ്ധതി തുക				കേന്ദ്രാവിഷ്കൃത പദ്ധതി തുക ശതമാനത്തിൽ			
	ഉത്പാദനം	സേവനം	പശ്ചാത്തലം	ആകെ	ഉത്പാദനം	സേവനം	പശ്ചാത്തലം	ആകെ
ഗ്രാമപഞ്ചായത്ത്	75.4	163.66	910.22	1149.28	6.56	14.24	79.20	100.00
ബ്ലോക്ക് പഞ്ചായത്ത്	604	–	916.1	1520.1	39.73	0.00	60.27	100.00
മുനിസിപ്പാലിറ്റി	–	–	1056.16	1056.16	0.00	0.00	100.00	100.00
കോർപ്പറേഷൻ	–	20.81	165	185.81	0.00	11.20	88.80	100.00
ജില്ലാ പഞ്ചായത്ത്	56.21	80	396.59	532.8	10.55	15.02	74.44	100.00
ആകെ	735.61	264.47	3444.07	4444.15	16.55	5.95	77.50	100.00

{അവലംബം:– ഐ.കെ.എം, സുലേഖ സോഫ്റ്റ് വെയർ (28.12.2017 ൽ എടുത്ത ഡേറ്റാ)}

- കേന്ദ്രാവിഷ്കൃത ഫണ്ട് വകയിരുത്തി രൂപീകരിച്ചിട്ടുള്ള പദ്ധതികളുടെ അടങ്കൽ തുകയുടെ 77.5 ശതമാനവും സേവന മേഖലയിലാണ്.
- പൂർണ്ണമായും പശ്ചാത്തലമേഖലയിൽ ഉൾപ്പെട്ടുവരുന്ന പ്രോജക്ടുകൾക്കാണ് നഗരസഭകൾ കേന്ദ്രാവിഷ്കൃത ഫണ്ട് വകയിരുത്തിയിട്ടുള്ളത്.
- ബ്ലോക്ക് പഞ്ചായത്തുകൾ ഉത്പാദന മേഖലയിലാണ് കേന്ദ്രാവിഷ്കൃത ഫണ്ട് കൂടുതൽ വകയിരുത്തിയിട്ടുള്ളത് (39.73%).

ബി) സംസ്ഥാന പദ്ധതികൾ

2017–18 വാർഷിക പദ്ധതിയിൽ സംസ്ഥാനപദ്ധതികളുടെ ഫണ്ട് വകയിരുത്തി 1340.67 ലക്ഷം രൂപ അടങ്കൽ തുക വരുന്ന 101 പദ്ധതികൾക്ക് തദ്ദേശഭരണസ്ഥാപനങ്ങൾ ജില്ലാ ആസൂത്രണ സമിതി അംഗീകാരം നേടിയിട്ടുണ്ട്. വിശദാംശങ്ങൾ പട്ടിക: 6.1.3 (9) ൽ ചുവടെ ചേർക്കുന്നു.

പട്ടിക: 6.1.3 (9)
സംസ്ഥാന പദ്ധതികൾ – പദ്ധതി വിഹിതത്തിൽ

(തുക ലക്ഷത്തിൽ)

തദ്ദേശഭരണ സ്ഥാപനം	ആകെ പദ്ധതി വിഹിതം	സംസ്ഥാനാവിഷ്കൃത പദ്ധതി		
		പ്രോജക്ടുകളുടെ എണ്ണം	തുക	പദ്ധതി വിഹിതത്തിന്റെ ശതമാനത്തിൽ
ഗ്രാമപഞ്ചായത്ത്	41327.79	58	328.95	0.80
ബ്ലോക്ക് പഞ്ചായത്ത്	7660.96	3	87.6	1.14
മുനിസിപ്പാലിറ്റി	7561.87	14	581.63	7.69
കോർപ്പറേഷൻ	30638.28	0	0	0.00
ജില്ലാ പഞ്ചായത്ത്	11633.47	26	342.49	2.94
ആകെ	98822.37	101	1340.67	1.36

{അവലംബം:– ഐ.കെ.എം, സുലേഖ സോഫ്റ്റ് വെയർ (28.12.2017 ൽ എടുത്ത ഡേറ്റാ)}

- തദ്ദേശഭരണ സ്ഥാപനങ്ങളുടെ പദ്ധതി വിഹിതത്തിന്റെ 1.36% മാത്രമാണ് സംസ്ഥാനപദ്ധതികളുമായി ബന്ധപ്പെട്ട് വരുന്ന പ്രോജക്ടുകൾ.
- സംസ്ഥാനപദ്ധതികളുമായി ബന്ധപ്പെട്ട് വരുന്ന പ്രോജക്ടുകൾ കൂടുതലായി വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത് നഗരസഭകളാണ് (7.69%).
- സംസ്ഥാനാവിഷ്കൃത ഫണ്ട് ഉൾപ്പെടുത്തിയിട്ടുള്ള പ്രോജക്ടുകൾ തിരുവനന്തപുരം നഗരസഭ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടില്ല.

വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള മേഖലാടിസ്ഥാനത്തിലുള്ള സംസ്ഥാന പദ്ധതിയുടെ വിശദാംശങ്ങൾ പട്ടിക: 6.1.3 (10) ൽ ചുവടെ ചേർക്കുന്നു.

പട്ടിക: 6.1.3 (10)
സംസ്ഥാന പദ്ധതി – തുക മേഖലാടിസ്ഥാനത്തിൽ

(തുക ലക്ഷത്തിൽ)

തദ്ദേശഭരണ സ്ഥാപനം	സംസ്ഥാന പദ്ധതി തുക				സംസ്ഥാന പദ്ധതി തുക ശതമാനത്തിൽ			
	ഉത്പാദനം	സേവനം	പശ്ചാത്തലം	ആകെ	ഉത്പാദനം	സേവനം	പശ്ചാത്തലം	ആകെ
ഗ്രാമപഞ്ചായത്ത്	125.06	26.8	177.09	328.95	38.02	8.15	53.83	100.00
ബ്ലോക്ക് പഞ്ചായത്ത്	0	4.5	83.1	87.6	0.00	5.14	94.86	100.00
മുനിസിപ്പാലിറ്റി	69.81	0	511.82	581.63	12.00	0.00	88.00	100.00
കോർപ്പറേഷൻ	0	0	0	0	0.00	0.00	0.00	0.00
ജില്ലാ പഞ്ചായത്ത്	0	0	342.49	342.49	0.00	0.00	100.00	100.00
ആകെ	194.87	31.3	1114.5	1340.7	14.54	2.33	83.13	100.00

{അവലംബം:– ഐ.കെ.എം, സുലേഖ സോഫ്റ്റ് വെയർ (28.12.2017 ൽ എടുത്ത ഡേറ്റാ)}

- സംസ്ഥാന പദ്ധതിയിൽ ഉൾപ്പെട്ടു വരുന്ന പ്രോജക്ടുകളുടെ അടങ്കൽ തുകയുടെ 83.13 ശതമാനവും പശ്ചാത്തലമേഖലയിലാണ് ഉൾപ്പെടുന്നത്.
- ജില്ലാപഞ്ചായത്ത് സംസ്ഥാന പദ്ധതിയിൽ ഉൾപ്പെട്ടു വരുന്ന പ്രോജക്ടുകൾ പൂർണ്ണമായും പശ്ചാത്തലമേഖലയിലാണ് രൂപീകരിച്ചിട്ടുള്ളത്.
- ഗ്രാമപഞ്ചായത്തുകളുടെ സംസ്ഥാന പദ്ധതിയിൽ ഉൾപ്പെട്ട പ്രോജക്ടുകളുടെ അടങ്കലിന്റെ 38.02 ശതമാനവും ഉത്പാദന മേഖലയിലാണ്.

(iv) വാർഷിക പദ്ധതിയും ഗുണഭോക്തൃ വിഹിതവും

തദ്ദേശഭരണ സ്ഥാപനങ്ങളുടെ 2017–18 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള ഗുണഭോക്തൃ വിഹിതത്തിന്റെ വിശദാംശങ്ങൾ (ഗുണഭോക്താക്കൾ നേരിട്ട് ചെലവഴിക്കുന്നതും തദ്ദേശഭരണ സ്ഥാപനത്തിന് ലഭ്യമാക്കേണ്ടതുമായ) പട്ടിക: 6.1.3 (11) ൽ ചുവടെ ചേർക്കുന്നു.

പട്ടിക:6.1.3 (11)
ഗുണഭോക്തൃ വിഹിതം – പദ്ധതി വിഹിതത്തിൽ

(തുക ലക്ഷത്തിൽ)

തദ്ദേശഭരണ സ്ഥാപനം	പദ്ധതി വിഹിതം	ഗുണഭോക്തൃ വിഹിതം			ഗുണഭോക്തൃ വിഹിതം – പദ്ധതി വിഹിതത്തിന്റെ ശതമാനത്തിൽ		
		നേരിട്ട് ചെലവഴിക്കുന്നത്	സ്ഥാപനത്തിൽ അടയ്ക്കുന്നത്	ആകെ	നേരിട്ട് ചെലവഴിക്കുന്നത്	സ്ഥാപനത്തിൽ അടയ്ക്കുന്നത്	ആകെ
ഗ്രാമ പഞ്ചായത്ത്	41327.79	2570.49	948.73	3519.202	6.22	2.30	8.52
ബ്ലോക്ക് പഞ്ചായത്ത്	7660.96	223.76	13.95	237.71	2.92	0.18	3.10
മുനിസിപ്പാലിറ്റി	7561.87	125.18	350.84	476.02	1.66	4.64	6.30
കോർപ്പറേഷൻ	30638.28	877.33	312.47	1189.80	2.86	1.02	3.88
ജില്ലാ പഞ്ചായത്ത്	11633.47	440	3.45	443.45	3.78	0.03	3.81
ആകെ	98822.37	4236.76	1629.44	5866.20	4.29	1.65	5.94

{അവലംബം:– ഐ.കെ.എം, സുലേഖ സോഫ്റ്റ് വെയർ (28.12.2017 ൽ എടുത്ത ഡേറ്റാ)}

2017–18 വാർഷിക പദ്ധതിയിൽ, പദ്ധതി വിഹിതത്തിന്റെ അടിസ്ഥാനത്തിൽ ഗുണഭോക്തൃവിഹിതം കൂടുതലും കുറവുമായിട്ടുള്ള തദ്ദേശഭരണ സ്ഥാപനങ്ങളുടെ വിശദാംശങ്ങൾ പട്ടിക: 6.1.3 (12) ൽ ചേർക്കുന്നു.

പട്ടിക :6.1.3 (12)
ഗുണഭോക്തൃവിഹിതം കൂടുതലും കുറവുമായിട്ടുള്ള
തദ്ദേശഭരണ സ്ഥാപനങ്ങൾ – പദ്ധതി വിഹിതത്തിന്റെ ശതമാനം അടിസ്ഥാനത്തിൽ

തദ്ദേശഭരണ സ്ഥാപനം	ഗുണഭോക്തൃവിഹിതം	
	കൂടുതൽ	കുറവ്
ഗ്രാമ പഞ്ചായത്ത്	നാവായിക്കുളം (24.53)	കള്ളിക്കാട് (3.15)
ബ്ലോക്ക് പഞ്ചായത്ത്	അതിയന്നൂർ (8.58)	കിളിമാനൂർ (0.03)
മുനിസിപ്പാലിറ്റി	നെടുമങ്ങാട് (12.04)	നെയ്യാറ്റിൻകര (2.19)

{അവലംബം:– ഐ.കെ.എം, സുലേഖ സോഫ്റ്റ് വെയർ (28.12.2017 ൽ എടുത്ത ഡേറ്റാ)}

തദ്ദേശഭരണസ്ഥാപനങ്ങളുടെ വാർഷിക പദ്ധതിയിലെ വിഭവസമാഹരണവുമായി ബന്ധപ്പെട്ട് പ്രാദേശികമായി ലഭ്യമാകുന്ന ജനകീയസംഘടനാസംവിധാനങ്ങളിൽ നിന്നും, സാമൂഹ്യപ്രതിബന്ധതയുള്ള സ്ഥാപനങ്ങളിൽ നിന്നും സമാഹരിക്കാൻ കഴിയാവുന്ന വിഭവങ്ങൾ വേണ്ടവിധം സമാഹരിക്കുന്നതിനും വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനും തദ്ദേശഭരണസ്ഥാപനങ്ങൾക്ക് കഴിഞ്ഞിട്ടില്ല. വാർഷിക പദ്ധതി അടങ്കലിന്റെ 83 ശതമാനവും പദ്ധതി വിഹിതമാണ് വകയിരുത്തിയിട്ടുള്ളത്. കൂടാതെ സംയോജന സാധ്യതകൾ പ്രയോജനപ്പെടുത്തുന്നതിനും തദ്ദേശഭരണസ്ഥാപനങ്ങൾക്ക് കഴിഞ്ഞിട്ടില്ല.

6.1.4. പ്രോജക്ടുകളും വിഭവവിന്യാസവും

(i) പ്രോജക്ടുകളുടെ എണ്ണം – പദ്ധതി അടങ്കലിന്റെ അടിസ്ഥാനത്തിൽ

2017–18 വാർഷിക പദ്ധതിയിലെ തദ്ദേശഭരണ സ്ഥാപനങ്ങളുടെ മേഖലാടിസ്ഥാനത്തിലുള്ള പ്രോജക്ടുകളുടെ എണ്ണം പട്ടിക:6.1.4 (1)ൽ ചുവടെ ചേർക്കുന്നു.

പട്ടിക: 6.1.4 (1)
പ്രോജക്ടുകളുടെ എണ്ണം മേഖലാടിസ്ഥാനത്തിൽ

തദ്ദേശഭരണ സ്ഥാപനം	പ്രോജക്ടുകളുടെ എണ്ണം/ മേഖല			
	ഉത്പാദനം	സേവനം	പശ്ചാത്തലം	ആകെ
ഗ്രാമ പഞ്ചായത്ത്	1897	5907	7041	14845
ബ്ലോക്ക് പഞ്ചായത്ത്	160	578	360	1098
മുനിസിപ്പാലിറ്റി	121	462	717	1300
കോർപ്പറേഷൻ	218	474	1368	2060
ജില്ലാ പഞ്ചായത്ത്	111	563	661	1335
ആകെ	2507	7984	10147	20638

{അവലംബം:– ഐ.കെ.എം, സുലേഖ സോഫ്റ്റ് വെയർ (28.12.2017 ൽ എടുത്ത ഡേറ്റാ)}

പശ്ചാത്തല മേഖലയിലാണ് (ആകെ പ്രോജക്ടുകളുടെ 49.16 %) തദ്ദേശഭരണ സ്ഥാപനങ്ങൾ കൂടുതൽ പ്രോജക്ടുകൾ ഉൾപ്പെടുത്തിയിട്ടുള്ളത്. 2017–18 വാർഷിക പദ്ധതിയിൽ പ്രോജക്ടുകളുടെ എണ്ണം കൂടുതലുള്ളതും കുറവുള്ളതുമായ തദ്ദേശഭരണ സ്ഥാപനങ്ങളുടെ വിശദാംശങ്ങൾ പട്ടിക: 6.1.4 (2)ൽ ചേർക്കുന്നു.

പട്ടിക: 6.1.4 (2)
പ്രോജക്ടുകളുടെ എണ്ണം കൂടുതലുള്ളതും കുറവുള്ളതുമായ തദ്ദേശഭരണസ്ഥാപനങ്ങൾ
(സ്പിൽ ഓവർ ഉൾപ്പെടെ)

തദ്ദേശഭരണ സ്ഥാപനം	പ്രോജക്ടുകളുടെ എണ്ണം കൂടുതൽ ഉള്ളത്	പ്രോജക്ടുകളുടെ എണ്ണം കുറവുള്ളത്
ഗ്രാമ പഞ്ചായത്ത്	വെള്ളറട (325)	അഞ്ചുതെങ്ങ് (118)
ബ്ലോക്ക് പഞ്ചായത്ത്	വാമനപുരം (131)	അതിയന്നൂർ (76)
മുനിസിപ്പാലിറ്റി	നെടുമങ്ങാട് (383)	വർക്കല (274)

{അവലംബം:– ഐ.കെ.എം, സുലേഖ സോഫ്റ്റ് വെയർ (28.12.2017 ൽ എടുത്ത ഡേറ്റാ)}

(ii) പ്രോജക്ടുകളും വിഭവവിന്യാസവും – പദ്ധതി അടങ്കലിന്റെ അടിസ്ഥാനത്തിൽ

2017–18 വാർഷിക പദ്ധതിയിൽ തദ്ദേശഭരണ സ്ഥാപനങ്ങളുടെ പദ്ധതി അടങ്കലിന്റെ അടിസ്ഥാനത്തിലുള്ള വിഭവവിന്യാസം 8.02 ലക്ഷം രൂപയാണ്. ഇത് സംസ്ഥാന ശരാശരിയേക്കാൾ 5.82 ലക്ഷം രൂപ കൂടുതലാണ്. വിഭവ വിന്യാസത്തിൽ സംസ്ഥാന ശരാശരിയിൽ കുറവുള്ളത് ജില്ലാ പഞ്ചായത്തിനാണ്. വിശദാംശങ്ങൾ പട്ടിക: 6.1.4 (5) ൽ ചുവടെ ചേർക്കുന്നു.

പട്ടിക: 6.1.4 (5)
വിഭവ വിന്യാസം

(തുക ലക്ഷത്തിൽ)

തദ്ദേശഭരണ സ്ഥാപനം	പ്രോജക്ടുകൾ					
	ജില്ല			സംസ്ഥാനം		
	എണ്ണം	അടങ്കൽ	വിഭവ വിന്യാസം	എണ്ണം	അടങ്കൽ	വിഭവ വിന്യാസം
ഗ്രാമ പഞ്ചായത്ത്	14845	69482.1	4.68	187968	765078.2	4.07
ബ്ലോക്ക് പഞ്ചായത്ത്	1098	12436.05	11.33	15336	141887	9.25
മുനിസിപ്പാലിറ്റി	1300	12642.97	9.73	29535	213327.3	7.22
കോർപ്പറേഷൻ	2060	50846.25	24.68	12876	211933.8	16.46
ജില്ലാ പഞ്ചായത്ത്	1335	20052.89	15.02	7841	142503.7	18.17
ആകെ	20638	165460.3	8.02	253556	1474730	5.82

{അവലംബം:– ഐ.കെ.എം, സുലേഖ സോഫ്റ്റ് വെയർ (28.12.2017 ൽ എടുത്ത ഡേറ്റാ)}

- വിഭവ വിന്യാസത്തിൽ സംസ്ഥാന ശരാശരിയേക്കാൾ (5.82 ലക്ഷം രൂപ) കുറവുള്ള 65 ഗ്രാമപഞ്ചായത്തുകളും 1 മുനിസിപ്പാലിറ്റിയും ജില്ലയിലുണ്ട്.

2017–18 വാർഷിക പദ്ധതിയിൽ തദ്ദേശഭരണ സ്ഥാപനങ്ങളിൽ പദ്ധതി അടങ്കലിന്റെ ഉയർന്ന തോതിലും നേരിയ തോതിലും വിഭവ വിന്യാസം നടത്തിയിട്ടുള്ള തദ്ദേശഭരണ സ്ഥാപനങ്ങളുടെ വിശദാംശങ്ങൾ പട്ടിക :6.1.4 (6) ൽ ചേർക്കുന്നു.

പട്ടിക:6.1.4 (6)
വിഭവ വിന്യാസം ഉയർന്ന തോതിലും നേരിയ തോതിലും നടത്തിയിട്ടുള്ള
തദ്ദേശഭരണ സ്ഥാപനങ്ങൾ – പദ്ധതി അടങ്കലിന്റെ അടിസ്ഥാനത്തിൽ

(തുക ലക്ഷത്തിൽ)

തദ്ദേശഭരണ സ്ഥാപനം	വിഭവ വിന്യാസം	
	കൂടുതൽ	കുറവ്
ഗ്രാമ പഞ്ചായത്ത്	വെള്ളനാട് (9.56)	കുറ്റിച്ചൽ (2.82)
ബ്ലോക്ക് പഞ്ചായത്ത്	കിളിമാനൂർ (15.56)	പെരിങ്കടവിള (8.84)
മുനിസിപ്പാലിറ്റി	നെടുമങ്ങാട് (12.34)	ആറ്റിങ്ങൽ (5.74)

(അവലംബം:– ഐ.കെ.എം, സുലേഖ സോഫ്റ്റ് വെയർ)

(iii) വിഭവവിന്യാസം മേഖലാടിസ്ഥാനത്തിൽ

തദ്ദേശഭരണ സ്ഥാപനങ്ങളിലെ ഉത്പാദന, സേവന, പശ്ചാത്തല മേഖലകളിലെ വിഭവ വിന്യാസം പട്ടിക: 6.1.4 (7) ൽ ചേർക്കുന്നു

പട്ടിക : 6.1.4 (7)
മേഖലാടിസ്ഥാനത്തിലുള്ള വിഭവ വിന്യാസം

(തുക ലക്ഷത്തിൽ)

തദ്ദേശഭരണ സ്ഥാപനം	മേഖല								
	ഉത്പാദനം			സേവനം			പശ്ചാത്തലം		
	പ്രോജക്ടുകളുടെ എണ്ണം	അടങ്കൽ	വിഭവ വിന്യാസം	പ്രോജക്ടുകളുടെ എണ്ണം	അടങ്കൽ	വിഭവ വിന്യാസം	പ്രോജക്ടുകളുടെ എണ്ണം	അടങ്കൽ	വിഭവ വിന്യാസം
ഗ്രാമ പഞ്ചായത്ത്	1897	12171.37	6.42	5907	28128.25	4.76	7041	29182.48	4.14
ബ്ലോക്ക് പഞ്ചായത്ത്	160	3235.26	20.22	578	6835.01	11.83	360	2365.77	6.57
മുനിസിപ്പാലിറ്റി	121	1291.06	10.67	462	6794.15	14.71	717	4557.75	6.36
കോർപ്പറേഷൻ	218	9179.38	42.11	474	22790.7	48.08	1368	18876.16	13.80
ജില്ലാ പഞ്ചായത്ത്	111	3130.25	28.20	563	7971.27	14.16	661	8951.37	13.54
ആകെ	2507	29007.32	11.57	7984	72519.38	9.08	10147	63933.53	6.30

{അവലംബം:- ഐ.കെ.എം, സുലേഖ സോഫ്റ്റ് വെയർ (28.12.2017 ൽ എടുത്ത ഡേറ്റാ)}

- തദ്ദേശഭരണ സ്ഥാപനങ്ങളിൽ നേരിയ തോതിലുള്ള വിഭവ വിന്യാസം നടന്നിട്ടുള്ളത് പശ്ചാത്തല മേഖലയിലും വിഭവവിന്യാസം കൂടുതൽ ഉത്പാദന മേഖലയിലുമാണ്. തിരുവനന്തപുരം നഗരസഭയുടെ മേഖലാടിസ്ഥാനത്തിലുള്ള വിഭവ വിന്യാസത്തിൽ കൂടുതൽ ഉത്പാദന മേഖലയിലും (42.11 ലക്ഷം രൂപ), കുറവ് പശ്ചാത്തല മേഖലയിലുമാണ് (13.80 ലക്ഷം രൂപ).

2017-18 വാർഷിക പദ്ധതിയിൽ മേഖലാടിസ്ഥാനത്തിൽ ഉയർന്ന തോതിലും നേരിയ തോതിലും വിഭവ വിന്യാസം പദ്ധതി അടങ്കലിന്റെ അടിസ്ഥാനത്തിൽ നടത്തിയിട്ടുള്ള തദ്ദേശഭരണ സ്ഥാപനങ്ങളുടെ വിശദാംശങ്ങൾ പട്ടിക: 6.1.4 (8) ൽ ചേർക്കുന്നു.

പട്ടിക: 6.1.4 (8)
മേഖലാടിസ്ഥാനത്തിൽ ഉയർന്ന തോതിലും നേരിയ തോതിലും വിഭവ വിന്യാസം നടത്തിയിട്ടുള്ള തദ്ദേശഭരണസ്ഥാപനങ്ങൾ

(തുക ലക്ഷത്തിൽ)

തദ്ദേശഭരണ സ്ഥാപനം	വിഭവ വിന്യാസം					
	ഉത്പാദനം		സേവനം		പശ്ചാത്തലം	
	കൂടുതൽ	കുറവ്	കൂടുതൽ	കുറവ്	കൂടുതൽ	കുറവ്
ഗ്രാമ പഞ്ചായത്ത്	പൂവച്ചൽ (22.70)	വക്കം (2.26)	ഇലകമൺ (12.80)	വെട്ടൂർ (2.41)	വെള്ളനാട് (21.47)	കല്ലിയൂർ (2.49)
ബ്ലോക്ക് പഞ്ചായത്ത്	നെടുമങ്ങാട് (33.89)	വർക്കല (8.69)	കിളിമാനൂർ (17.71)	പോത്തൻകോട് (7.82)	നെടുമങ്ങാട് (8.84)	നേമം (5.44)
മുനിസിപ്പാലിറ്റി	വർക്കല (14.20)	ആറ്റിങ്ങൽ (5.22)	നെടുമങ്ങാട് (21.00)	ആറ്റിങ്ങൽ (7.22)	നെടുമങ്ങാട് (7.98)	വർക്കല (5.30)

{അവലംബം:- ഐ.കെ.എം, സുലേഖ സോഫ്റ്റ് വെയർ (28.12.2017 ൽ എടുത്ത ഡേറ്റാ)}

(എ) ഉത്പാദന മേഖല

- ഉത്പാദന മേഖലയിൽ 42 ഗ്രാമപഞ്ചായത്തുകളുടെ വിഭവവിന്യാസം ഗ്രാമപഞ്ചായത്തുകളുടെ ഉത്പാദന മേഖലാ ശരാശരിയേക്കാൾ (6.42 ലക്ഷം രൂപ) കുറവാണ്. ഉത്പാദന മേഖലാ വിഭവ വിന്യാസത്തിൽ ജില്ലാ ശരാശരിക്ക് (11.57 ലക്ഷം രൂപ) മുകളിലുള്ളത് പൂവച്ചൽ, ചെങ്കൽ, കാരോട്, നാവായിക്കുളം എന്നി ഗ്രാമപഞ്ചായത്തുകളാണ്.
- അഞ്ച് ബ്ലോക്ക് പഞ്ചായത്തുകളിൽ വിഭവ വിന്യാസം ബ്ലോക്ക് ശരാശരിയേക്കാൾ (20.22 ലക്ഷം രൂപ) കൂടുതലാണ്. ജില്ലാ ശരാശരിക്ക് (11.57 ലക്ഷം രൂപ) താഴെ വർക്കല ബ്ലോക്ക് മാത്രമാണ് ഉൾപ്പെടുന്നത്.
- ഉത്പാദനമേഖലയിൽ ജില്ലാ ശരാശരിയിലും (11.57 ലക്ഷം രൂപ) മുനിസിപ്പാലിറ്റികളുടെ ശരാശരിയിലും (10.67 ലക്ഷം രൂപ) കുറവ് വിഭവ വിന്യാസം ആറ്റിങ്ങൽ മുനിസിപ്പാലിറ്റിക്കാണ്.

(ബി) സേവനമേഖല

- 73 ഗ്രാമപഞ്ചായത്തുകളിൽ 39 ഗ്രാമപഞ്ചായത്തുകളുടെ സേവന മേഖലയിലെ വിഭവ വിന്യാസം ഗ്രാമപഞ്ചായത്തുകളിലെ (4.76 ലക്ഷം രൂപ) ശരാശരിയേക്കാൾ കുറവാണ്. ജില്ലാ ശരാശരിക്ക് (9.08 ലക്ഷം രൂപ) മുകളിൽ സേവന മേഖലയിൽ വിഭവ വിന്യാസം ഉള്ളത് ഇലകമൺ ഗ്രാമപഞ്ചായത്തിന് മാത്രമാണ്.
- വിഭവ വിന്യാസത്തിൽ 4 ബ്ലോക്ക് പഞ്ചായത്തുകൾ ജില്ലാ ശരാശരിയിലും (9.08 ലക്ഷം രൂപ) പിറകിലാണ്. ബ്ലോക്ക് ശരാശരിയിലും കുറവ് വിഭവവിന്യാസം ഉള്ളത് 6 ബ്ലോക്കുകൾക്കാണ്.
- സേവനമേഖലയിലെ വിഭവ വിന്യാസത്തിൽ ആറ്റിങ്ങൽ മുനിസിപ്പാലിറ്റി ജില്ലാ ശരാശരിക്കും താഴെയാണ് (9.08 ലക്ഷം രൂപ).

(സി) പശ്ചാത്തലമേഖല

- ഗ്രാമപഞ്ചായത്തുകളിലെ പശ്ചാത്തല മേഖലയിലെ വിഭവ വിന്യാസത്തിൽ 39 പഞ്ചായത്തുകൾ ഗ്രാമപഞ്ചായത്തുകളുടെ ശരാശരി (4.14 ലക്ഷം രൂപ) വിഭവ വിന്യാസത്തിൽ കുറവായിട്ടാണ് വിഭവ വിന്യാസം നടത്തിയിട്ടുള്ളത്. ജില്ലാ ശരാശരിക്ക് (6.30 ലക്ഷം രൂപ) മുകളിൽ വിഭവ വിന്യാസം ഉള്ളത് 6 ഗ്രാമപഞ്ചായത്തുകൾക്ക് മാത്രമാണ് (വെള്ളനാട്, പോത്തൻകോട്, നെല്ലനാട്, കഠിനംകുളം, കള്ളിക്കാട്, മംഗലപുരം).
- അഞ്ച് ബ്ലോക്ക് പഞ്ചായത്തുകൾ ജില്ലാ ശരാശരിയിലും (6.30 ലക്ഷം രൂപ), ബ്ലോക്ക് ശരാശരിയിലും (6.57 ലക്ഷം രൂപ) കുറവായിട്ടാണ് വിഭവ വിന്യാസം നടത്തിയിരിക്കുന്നത്.
- മുനിസിപ്പാലിറ്റികളിൽ നെടുമങ്ങാട് മുനിസിപ്പാലിറ്റി മാത്രമാണ് പശ്ചാത്തല മേഖലയിലെ വിഭവ വിന്യാസത്തിൽ ജില്ലാ ശരാശരിയിലും (6.30 ലക്ഷം രൂപ) മുനിസിപ്പാലിറ്റികളുടെ ശരാശരിയിലും (6.36 ലക്ഷം രൂപ) മുന്നിലുള്ളത്.

(iv) വിഭാഗ അടിസ്ഥാനത്തിലുള്ള വിഭവ വിന്യാസം – അടങ്കലിൽ

തദ്ദേശഭരണ സ്ഥാപനങ്ങളുടെ 2017–18 വാർഷിക പദ്ധതിയിലെ പൊതുവിഭാഗം, പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗം എന്നീ വിഭാഗങ്ങളിലായി വകയിരുത്തിയിരിക്കുന്ന വിഭവ വിന്യാസത്തിന്റെ വിശദാംശങ്ങൾ പട്ടിക: 6.1.4 (9) ൽ ചേർക്കുന്നു.

പട്ടിക: 6.1.4 (9)

വിഭവ വിന്യാസം – വിഭാഗാടിസ്ഥാനത്തിൽ

(തുക ലക്ഷത്തിൽ)

തദ്ദേശഭരണ സ്ഥാപനം	വിഭാഗം								
	ജനറൽ			എസ്.സി.എസ്.പി			റ്റി.എസ്.പി		
	എണ്ണം	തുക	വിഭവ വിന്യാസം	എണ്ണം	തുക	വിഭവ വിന്യാസം	എണ്ണം	തുക	വിഭവ വിന്യാസം
ഗ്രാമ പഞ്ചായത്ത്	13119	60158.17	4.59	1437	8401.21	5.85	294	932.6	3.17
ബ്ലോക്ക് പഞ്ചായത്ത്	889	9042.67	10.17	181	3180.41	17.57	28	212.98	7.61
മുനിസിപ്പാലിറ്റി	1202	11432.26	9.51	98	1210.7	12.35	0	0	0.00
കോർപ്പറേഷൻ	1893	44781.84	23.66	166	6063.4	36.53	1	1	1.00
ജില്ലാ പഞ്ചായത്ത്	1193	16858.2	14.13	118	2920.11	24.75	24	274.58	11.44
ആകെ	18296	142273.1	7.78	2000	21775.83	10.89	347	1421.16	4.10

{അവലംബം:– ഐ.കെ.എം, സുലേഖ സോഫ്റ്റ് വെയർ (28.12.2017 ൽ എടുത്ത ഡേറ്റാ)}

- പട്ടികജാതി വിഭാഗത്തിലെ പ്രോജക്ടുകളുടെ വിഭവ പരിധി പൊതുവിഭാഗം, പട്ടികവർഗ്ഗ വിഭാഗം എന്നീ വിഭാഗത്തിൽ വകയിരുത്തിയിരിക്കുന്നതിനേക്കാൾ കൂടുതലാണ്.

2017–18 വാർഷിക പദ്ധതിയിൽ വിഭാഗാടിസ്ഥാനത്തിൽ ഉയർന്ന തോതിലും നേരിയ തോതിലും വിഭവ വിന്യാസം പദ്ധതി അടങ്കലിന്റെ അടിസ്ഥാനത്തിൽ നടത്തിയിട്ടുള്ള തദ്ദേശഭരണ സ്ഥാപനങ്ങളുടെ വിശദാംശങ്ങൾ പട്ടിക: 6.1.4 (10) ൽ ചേർക്കുന്നു.

പട്ടിക: 6.1.4 (10)
വിഭാഗാടിസ്ഥാനത്തിൽ ഉയർന്ന തോതിലും നേരിയ തോതിലും വിഭവ വിന്യാസം നടത്തിയിട്ടുള്ള തദ്ദേശഭരണസ്ഥാപനങ്ങൾ

(തുക ലക്ഷത്തിൽ)

തദ്ദേശഭരണ സ്ഥാപനം	വിഭവ വിന്യാസം					
	പൊതുവിഭാഗം		പട്ടികജാതി വിഭാഗം		പട്ടികവർഗ്ഗ വിഭാഗം	
	കൂടുതൽ	കുറവ്	കൂടുതൽ	കുറവ്	കൂടുതൽ	കുറവ്
ഗ്രാമ പഞ്ചായത്ത്	വെള്ളനാട് (10.02)	വെട്ടൂർ (2.68)	ഇലകമൺ (24.71)	തിരുപുറം (2.03)	വെമ്പായം (10.50)	–
ബ്ലോക്ക് പഞ്ചായത്ത്	നെടുമങ്ങാട് (15.70)	പോത്തൻകോട് (8.20)	കിളിമാനൂർ (33.78)	നേമം (11.40)	വെള്ളനാട് (12.75)	–
മുനിസിപ്പാലിറ്റി	നെടുമങ്ങാട് (12.76)	ആറ്റിങ്ങൽ (5.43)	വർക്കല (32.94)	നെടുമങ്ങാട് (8.71)	–	–

{അവലംബം:– ഐ.കെ.എം, സുലേഖ സോഫ്റ്റ് വെയർ (28.12.2017 ൽ എടുത്ത ഡേറ്റാ)}

(എ) പൊതുവിഭാഗം

- ഗ്രാമപഞ്ചായത്തുകളിൽ പൊതുവിഭാഗത്തിലെ പ്രോജക്ടുകൾക്ക് കൂടുതൽ പരിധി നിശ്ചയിച്ചിരിക്കുന്നതും ജില്ലാ ശരാശരിക്ക് (7.78 ലക്ഷം രൂപ) മുകളിലുള്ളതും വെള്ളനാട് (10.02 ലക്ഷം രൂപ), പൂവച്ചൽ (8.51 ലക്ഷം രൂപ), കഠിനംകുളം (8.33 ലക്ഷം രൂപ) എന്നി ഗ്രാമപഞ്ചായത്തുകളുമാണ്.
- ബ്ലോക്ക് ശരാശരിയേക്കാൾ കൂടുതൽ തുക വകയിരുത്തിയിട്ടുള്ളത് 4 ബ്ലോക്ക് പഞ്ചായത്തുകളാണ്. പൊതുവിഭാഗത്തിലെ വിഭവവിന്യാസത്തിൽ എല്ലാ ബ്ലോക്ക് പഞ്ചായത്തുകളും ജില്ലാ ശരാശരിക്ക് മുകളിലാണ്.
- ആറ്റിങ്ങൽ മുനിസിപ്പാലിറ്റി ഒഴികെ മറ്റ് എല്ലാ മുനിസിപ്പാലിറ്റികളുടെയും പൊതുവിഭാഗത്തിലെ വിഭവ വിന്യസം ജില്ലാ ശരാശരിക്ക് മുകളിലാണ് (7.78 ലക്ഷം രൂപ).

(ബി) പട്ടികജാതി വിഭാഗം

- വിഭവവിന്യാസത്തിൽ ജില്ലാ ശരാശരിക്ക് (10.89 ലക്ഷം രൂപ) മുകളിലുള്ളത് 5 ഗ്രാമപഞ്ചായത്തുകളും ഗ്രാമപഞ്ചായത്തുകളുടെ ആകെ ശരാശരിക്ക് മുകളിലുള്ളത് 29 ഗ്രാമപഞ്ചായത്തുകളുമാണ്.
- എല്ലാ ബ്ലോക്ക് പഞ്ചായത്തുകളുടേയും എസ്.സി.എസ്.പി വിഭാഗത്തിലെ വിഭവ വിന്യാസം ജില്ലാ ശരാശരിക്ക് മുകളിലാണ് (10.89 ലക്ഷം രൂപ). ബ്ലോക്ക് പഞ്ചായത്തുകളുടെ ശരാശരിയ്ക്ക് മുകളിൽ (17.57 ലക്ഷം രൂപ) 4 ബ്ലോക്കുകളാണ് ഉള്ളത്.
- വിഭവ വിന്യാസത്തിൽ ജില്ലാ ശരാശരിക്ക് (10.89 ലക്ഷം രൂപ) മുകളിലുള്ളത് വർക്കല, നെയ്യാറ്റിൻകര, നഗരസഭകളാണ്. മുനിസിപ്പാലിറ്റികളുടെ ശരാശരിയിൽ (12.35 ലക്ഷം രൂപ) മുകളിൽ നിൽക്കുന്നത് വർക്കല നഗരസഭ മാത്രമാണ്.

(സി) പട്ടികവർഗ്ഗ വിഭാഗം

- പട്ടികവർഗ്ഗ വിഭാഗത്തിൽ വിഭവ വിന്യാസത്തിൽ മുന്നിൽ നിൽക്കുന്ന വെമ്പായം (10.50 ലക്ഷം രൂപ), പെരിങ്ങമ്മല (8.66 ലക്ഷം രൂപ) ഗ്രാമപഞ്ചായത്തുകളുടെ വിഭവ വിന്യാസം പ്രസ്തുത മേഖലയിലെ ജില്ലാ ശരാശരിക്കും (4.10 ലക്ഷം രൂപ) മുകളിലാണ്.
- ബ്ലോക്ക് പഞ്ചായത്തുകളിൽ വിഭവ വിന്യാസത്തിൽ ബ്ലോക്ക് ശരാശരിക്കും ജില്ലാ ശരാശരിക്കും മുകളിലുള്ളതും വെള്ളനാട്, വാമനപുരം ബ്ലോക്ക് പഞ്ചായത്തുകളാണ്.

തദ്ദേശഭരണ സ്ഥാപനങ്ങളുടെ വാർഷിക പദ്ധതിയിലെ വിഭവ വിന്യാസം കണക്കാക്കുമ്പോൾ മറ്റ് മേഖലകളെ അപേക്ഷിച്ച് വിഭവങ്ങളുടെ നേരിയതോതിലുള്ള വിന്യാസം പശ്ചാത്തല മേഖലയിലാണ്. പ്രോജക്ടുകളുടെ എണ്ണത്തിലുള്ള ബാഹുല്യം വിഭവം നേരിയതോതിൽ വിന്യസിക്കുന്നതിനുള്ള സാഹചര്യം സൃഷ്ടിക്കുകയും പ്രോജക്ടിന്റെ യഥാർത്ഥ ഉദ്ദേശ്യലക്ഷ്യങ്ങൾ കൈവരിക്കുന്നതിന് തടസ്സമാകുകയും പദ്ധതി നിർവ്വഹണത്തെ ദോഷകരമായി ബാധിക്കുകയും സ്പിൽഓവർ പ്രോജക്ടുകൾക്ക് വഴിതെളിക്കുകയും ചെയ്യുന്നു.

6.1.5. സ്പിൽഓവർ പ്രോജക്ടുകൾ

ജില്ലാ ആസൂത്രണസമിതി അംഗീകാരം നൽകിയതും മുൻ സാമ്പത്തിക വർഷം നിർവ്വഹണം ആരംഭിക്കാൻ സാധിക്കാത്തതോ പൂർത്തീകരിക്കാൻ കഴിയാത്തതോ ആയ പ്രോജക്ടുകൾ ഭരണസമിതി തീരുമാന പ്രകാരം തദ്ദേശഭരണസ്ഥാപനങ്ങൾക്ക് നടപ്പ് സാമ്പത്തിക വർഷം സ്പിൽഓവർ പ്രോജക്ടുകളായി വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്താവുന്നതാണ്.

(എ) സ്പിൽ ഓവർ പ്രോജക്ടുകൾ പദ്ധതി അടങ്കലിൽ

2017–18 സാമ്പത്തിക വർഷം ജില്ലയിലെ തദ്ദേശഭരണസ്ഥാപനങ്ങൾ 43581 ലക്ഷം രൂപ അടങ്കൽ തുക വരുന്ന 6216 പ്രോജക്ടുകൾ സ്പിൽ ഓവറായി വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഇത് വാർഷിക പദ്ധതി അടങ്കലിന്റെ 27.74% ആണ്. വിശദാംശങ്ങൾ പട്ടിക : 6.1.5 (1) ൽ ഉൾപ്പെടുത്തിയിരിക്കുന്നു.

പട്ടിക : 6.1.5 (1)
സ്പിൽ ഓവർ പ്രോജക്ടുകൾ പദ്ധതി അടങ്കലിന്റെ അടിസ്ഥാനത്തിൽ

(തുക ലക്ഷത്തിൽ)

തദ്ദേശഭരണ സ്ഥാപനം	പദ്ധതി അടങ്കൽ തുക					സ്പിൽഓവർ പ്രോജക്ടുകളുടെ തുക					സ്പിൽഓവർ മേഖലാ അടങ്കലിന്റെ ശതമാനത്തിൽ (ആകെ സ്പിൽ ഓവർ തുകയുടെ ശതമാനത്തിൽ)			
	പ്രോജക്ടുകളുടെ എണ്ണം	ഉത്പാദനം	സേവനം	പശ്ചാത്തലം	ആകെ	പ്രോജക്ടുകളുടെ എണ്ണം	ഉത്പാദനം	സേവനം	പശ്ചാത്തലം	ആകെ	ഉത്പാദനം	സേവനം	പശ്ചാത്തലം	ആകെ
ഗ്രാമ പഞ്ചായത്ത്	14456	11190	26628	27468.3	65286.3	4205	1297.7	4517.3	10130.7	15946	11.60 (8.14)	16.96 (28.33)	36.88 (63.53)	24.42 (100)
ബ്ലോക്ക് പഞ്ചായത്ത്	1095	3114.13	6509	2318.12	11941.27	253	206.49	679.88	776.17	1663	6.63 (12.42)	10.45 (40.89)	33.48 (46.69)	13.92 (100)
മുനിസിപ്പാലിറ്റി	1273	1173.79	6345	4255.82	11774.56	397	248.49	1246.64	1521.66	3017	21.17 (8.24)	19.65 (41.32)	35.75 (50.44)	25.62 (100)
കോർപ്പറേഷൻ	2050	8841.49	21212	18471.67	48525.13	821	3717.7	5227.94	6911	15857	42.05 (23.45)	24.65 (32.97)	37.41 (43.58)	32.68 (100)
ജില്ലാ പഞ്ചായത്ത്	1335	2792.66	7838.5	8951.37	19582.49	540	364.29	3229.36	3505.28	7099	13.04 (5.13)	41.20 (45.49)	39.16 (49.38)	36.25 (100)
ആകെ	20209	27112.1	68532	61465.28	157109.8	6216	5834.7	14901.12	22844.8	43581	21.52 (13.39)	21.74 (34.19)	37.17 (52.42)	27.74 (100)

{അവലംബം:– ഐ.കെ.എം, സുലേഖ സോഫ്റ്റ് വെയർ (13.12.2017 ൽ എടുത്ത ഡേറ്റാ)}

- 2017–18 വാർഷിക പദ്ധതി അടങ്കലിന്റെ 36.25 ശതമാനമാണ് ജില്ലാ പഞ്ചായത്തിന്റെ സ്പിൽഓവർ പ്രോജക്ടുകൾ. തിരുവനന്തപുരം നഗരസഭയിൽ ഇത് 32.68 ശതമാനമാണ്.
- 11 ഗ്രാമപഞ്ചായത്തുകളുടെ ആകെ സ്പിൽ ഓവർ തുക പദ്ധതി അടങ്കലിന്റെ 30 ശതമാനത്തിനും 40 ശതമാനത്തിനും ഇടയിലാണ്.
- മേഖല അടങ്കലിന്റെ അടിസ്ഥാനത്തിൽ പശ്ചാത്തലമേഖലയിലെ അടങ്കലിലാണ് സ്പിൽ ഓവർ കൂടുതലായും കാണുന്നത് – പശ്ചാത്തല മേഖല അടങ്കലിന്റെ 37.17 ശതമാനം (ആകെ സ്പിൽ ഓവർ തുകയുടെ 52.42%), കുറവ് ഉത്പാദന മേഖലയിലെ അടങ്കലിലും – ഉത്പാദന മേഖലാ അടങ്കലിന്റെ 21.52 ശതമാനം (ആകെ സ്പിൽ ഓവർ തുകയുടെ 13.39%).
- ബ്ലോക്ക് പഞ്ചായത്തുകളുടെ പദ്ധതി അടങ്കലിലെ സ്പിൽ ഓവർ ശതമാനം (13.92%) ജില്ലാ ശരാശരിയേക്കാൾ താഴെയാണ് (27.74%).
- തിരുവനന്തപുരം നഗരസഭയിൽ ഉത്പാദനമേഖലാ അടങ്കലിലാണ് സ്പിൽ ഓവർ കൂടുതലായിട്ടുള്ളത് (ഉത്പാദന മേഖലാ അടങ്കലിന്റെ 42.05%) എന്നാൽ തിരുവനന്തപുരം

ജില്ലാ പഞ്ചായത്തിന്റെ സേവനമേഖലാ അടങ്കലിലാണ് സ്പിൽഓവർ തുക കൂടുതലായിട്ടുള്ളത് (സേവനമേഖലാ അടങ്കലിന്റെ 41.20%). സ്പിൽ ഓവർ തുകയുടെ അടിസ്ഥാനത്തിൽ തിരുവനന്തപുരം നഗരസഭയിലും ജില്ലാ പഞ്ചായത്തിലും സ്പിൽ ഓവർ തുക കൂടുതൽ പശ്ചാത്തല മേഖലയിലാണ് യഥാക്രമം 43.58 ശതമാനം, 49.38 ശതമാനം.

പദ്ധതി അടങ്കലിന്റെ അടിസ്ഥാനത്തിൽ സ്പിൽ ഓവർ പ്രോജക്ടുകൾ കൂടുതലും കുറവുമുള്ള തദ്ദേശഭരണസ്ഥാപനങ്ങളുടെ വിശദാംശങ്ങൾ പട്ടിക: 6.1.5 (2) ൽ ചേർക്കുന്നു.

പട്ടിക: 6.1.5 (2)

പദ്ധതി അടങ്കലിന്റെ അടിസ്ഥാനത്തിൽ സ്പിൽ ഓവർ പ്രോജക്ടുകൾ കൂടുതലും കുറവുമുള്ള തദ്ദേശഭരണസ്ഥാപനങ്ങൾ

(തുക ലക്ഷത്തിൽ)

തദ്ദേശഭരണ സ്ഥാപനം	സ്പിൽ ഓവർ പ്രോജക്ടുകൾ പദ്ധതി അടങ്കലിൽ (ശതമാനം)	
	കൂടുതൽ	കുറവ്
ഗ്രാമ പഞ്ചായത്ത്	ആര്യങ്കോട് (42.20%)	ഇലകമൺ (9.41%)
ബ്ലോക്ക് പഞ്ചായത്ത്	പെരുങ്കടവിള (26.60%)	നെടുമങ്ങാട് (4.94%)
മുനിസിപ്പാലിറ്റി	വർക്കല (31.24%)	നെയ്യാറ്റിൻകര (21.43%)

{അവലംബം:- ഐ.കെ.എം, സുലേഖ സോഫ്റ്റ് വെയർ (13.12.2017 ൽ എടുത്ത ഡേറ്റാ)}

(ബി) സ്പിൽ ഓവർ പ്രോജക്ടുകൾ (കെ.എൽ.ജി.എസ്.ഡി.പി ഫണ്ട് ഒഴികെയുള്ള വികസന ഫണ്ടും മെയിന്റനൻസ് ഗ്രാന്റും വകയിരുത്തിയിട്ടുള്ള) പദ്ധതി വിഹിതത്തിൽ

സ്പിൽ ഓവർ പ്രോജക്ടുകളുടെ തുക നടപ്പ് സാമ്പത്തിക വർഷത്തേക്ക് ക്യാരിഓവർ ചെയ്യാത്തതിനാൽ തദ്ദേശഭരണസ്ഥാപനങ്ങൾക്ക് നടപ്പ് സാമ്പത്തിക വർഷത്തെ ഫണ്ടിൽ നിന്ന് സ്പിൽ ഓവർ പദ്ധതികൾക്ക് തുക കണ്ടെത്തേണ്ടതായിട്ടുണ്ട്. ആയതിനാൽ സ്പിൽ ഓവർ പദ്ധതികൾ നടപ്പ് സാമ്പത്തിക വർഷത്തിലെ പദ്ധതി വിഹിതത്തിലെ ബാധ്യതയായി നിലനിൽക്കപ്പെടുന്നു.

തദ്ദേശഭരണസ്ഥാപനങ്ങളുടെ 2017–18 വാർഷിക പദ്ധതി വിഹിതത്തിലുള്ള സ്പിൽ ഓവർ ബാധ്യതയുടെ വിശദാംശങ്ങൾ പട്ടിക: 6.1.5 (3) ൽ ചേർക്കുന്നു.

പട്ടിക: 6.1.5 (3)

സ്പിൽ ഓവർ ബാധ്യത പദ്ധതി വിഹിതത്തിൽ

(തുക ലക്ഷത്തിൽ)

തദ്ദേശഭരണ സ്ഥാപനം	ബഡ്ജറ്റ് വിഹിതം			സ്പിൽഓവർ തുക			സ്പിൽഓവർ തുക ശതമാനം		
	വികസന ഫണ്ട്	മെയിന്റനൻസ് ഗ്രാന്റ്	ആകെ	വികസന ഫണ്ട്	മെയിന്റനൻസ് ഗ്രാന്റ്	ആകെ	വികസന ഫണ്ട്	മെയിന്റനൻസ് ഗ്രാന്റ്	ആകെ
ഗ്രാമ പഞ്ചായത്ത്	29155.5	12172.29	41327.79	5754.58	5007	10761.58	19.74	41.13	26.04
ബ്ലോക്ക് പഞ്ചായത്ത്	7032.48	628.48	7660.96	1252.86	159.14	1412	17.82	25.32	18.43
മുനിസിപ്പാലിറ്റി	6307.5	1254.82	7562.32	1617	622.45	2239.45	25.64	49.60	29.61
കോർപ്പറേഷൻ	7031.27	4602.2	11633.47	2670.87	3134.94	5805.81	37.99	68.12	49.91
ജില്ലാ പഞ്ചായത്ത്	25496.67	5141.61	30638.28	9642.46	3726.57	13369.03	37.82	72.48	43.64
ആകെ	75023.42	23799.4	98822.82	20937.8	12650.1	33587.9	27.91	53.15	33.99

{അവലംബം:- ഐ.കെ.എം, സുലേഖ സോഫ്റ്റ് വെയർ (13.12.2017 ൽ എടുത്ത ഡേറ്റാ)}

- തദ്ദേശഭരണ സ്ഥാപനങ്ങളുടെ വികസന ഫണ്ടിലെ സ്പിൽ ഓവർ ബാധ്യതയേക്കാൾ (27.91%) കൂടുതൽ മെയിന്റനൻസ് ഗ്രാന്റിലെ സ്പിൽ ഓവർ ബാധ്യതയാണ് (53.15%).

തദ്ദേശഭരണ സ്ഥാപനങ്ങളുടെ പദ്ധതി വിഹിതത്തിലെ ശതമാനാടിസ്ഥാനത്തിലുള്ള സ്പിൽ ഓവർ ബാധ്യത പട്ടിക: 6.1.5 (4) ൽ ചേർക്കുന്നു.

പട്ടിക: 6.1.5 (4)
സ്പിൽ ഓവർ ബാധ്യത – പദ്ധതി വിഹിതത്തിൽ

തദ്ദേശഭരണസ്ഥാപനം	സ്പിൽഓവർ ബാധ്യത ശതമാനത്തിൽ/ തദ്ദേശഭരണസ്ഥാപനങ്ങളുടെ എണ്ണം					
	0–10 %	10–20 %	20–30 %	30–40 %	40–50 %	50% ൽ കൂടുതൽ
ഗ്രാമപഞ്ചായത്ത്	1	19	29	21	2	1
ബ്ലോക്ക് പഞ്ചായത്ത്	2	5	2	2	–	–
മുനിസിപ്പാലിറ്റി	–	1	1	2		–
കോർപ്പറേഷൻ	–	–	–	–	1	–
ജില്ലാ പഞ്ചായത്ത്	–	–	–	–	1	–

{അവലംബം:– ഐ.കെ.എം, സുലേഖ സോഫ്റ്റ് വെയർ (13.12.2017 ൽ എടുത്ത ഡേറ്റാ)}

പദ്ധതി വിഹിതത്തിന്റെ അടിസ്ഥാനത്തിൽ സ്പിൽ ഓവർ ബാധ്യത (കെ.എൽ.ജി.എസ്.ഡി.പി ഫണ്ട് ഉൾപ്പെടുത്തിയിട്ടില്ല) കൂടുതലും കുറവുമുള്ള തദ്ദേശഭരണസ്ഥാപനങ്ങളുടെ വിശദാംശങ്ങൾ പട്ടിക: 6.1.5 (5) ൽ ചേർക്കുന്നു.

പട്ടിക : 6.1.5 (5)
പദ്ധതി വിഹിതത്തിൽ സ്പിൽ ഓവർ ബാധ്യത കൂടിയതും കുറവുമുള്ള തദ്ദേശഭരണസ്ഥാപനങ്ങൾ

തദ്ദേശഭരണ സ്ഥാപനം	പദ്ധതി വിഹിതത്തിൽ സ്പിൽ ഓവർ ബാധ്യത (ശതമാനത്തിൽ)					
	കൂടുതൽ			കുറവ്		
	വികസന ഫണ്ട്	മെയിന്റനൻസ് ഗ്രാന്റ്	ആകെ	വികസന ഫണ്ട്	മെയിന്റനൻസ് ഗ്രാന്റ്	ആകെ
ഗ്രാമ പഞ്ചായത്ത്	കടയ്ക്കാവൂർ (42.96%)	ആര്യനാട് (72.37%)	കടയ്ക്കാവൂർ (51.12%)	പെരുങ്കടവിള (5.48%)	പൂവച്ചൽ (13.00)	പെരുങ്കടവിള (7.64%)
ബ്ലോക്ക് പഞ്ചായത്ത്	പെരുങ്കടവിള (32.71%)	വർക്കല (70.20%)	പെരുങ്കടവിള (34.40%)	നെടുമങ്ങാട് (3.38%)	നെടുമങ്ങാട് (0%) വെള്ളനാട് (0%)	നെടുമങ്ങാട് (3.07%)
മുനിസിപ്പാലിറ്റി	നെടുമങ്ങാട് (32.60%)	വർക്കല (77.33%)	വർക്കല (38.76%)	നെയ്യാറ്റിൻകര (16.45%)	ആറ്റിങ്ങൽ (19.45%)	നെയ്യാറ്റിൻകര (20.00%)

{അവലംബം:– ഐ.കെ.എം, സുലേഖ സോഫ്റ്റ് വെയർ (13.12.2017 ൽ എടുത്ത ഡേറ്റാ)}

- തദ്ദേശഭരണസ്ഥാപനങ്ങളിൽ സ്പിൽ ഓവർ ബാധ്യത പെതുവെ കുറഞ്ഞുനിൽക്കുന്നത് ബ്ലോക്ക്പഞ്ചായത്തുകൾക്കാണ്.
- ബ്ലോക്ക് പഞ്ചായത്തുകളിൽ നെടുമങ്ങാട്, വെള്ളനാട് എന്നീ ബ്ലോക്ക് പഞ്ചായത്തുകൾക്ക് 2017–18 വാർഷിക പദ്ധതിയിൽ മെയിന്റനൻസ് ഗ്രാന്റ് വിഹിതത്തിൽ സ്പിൽഓവർ ബാധ്യത ഒന്നും തന്നെ ഇല്ല.

തദ്ദേശഭരണ സ്ഥാപനങ്ങൾ വ്യക്തമായ ആസൂത്രണമില്ലാതെയും കൃത്യമായ വിവരാടിത്തറയുടെ അഭാവത്താലും പ്രശ്ങ്ങളുടെ ലഘുഗുരുത്വ സ്വഭാവം കണക്കിലെടുക്കാതെ പ്രോജക്ടുകൾ തയ്യാറാക്കുന്നത് സമയബന്ധിതമായി പദ്ധതികൾ പൂർത്തീകരിക്കുന്നതിന് തടസ്സം നേരിടുകയും പ്രോജക്ടുകൾ സ്പിൽ ഓവറായി മാറുന്നതിന് കാരണമാകുകയും ചെയ്യുന്നു. കൂടാതെ തദ്ദേശഭരണസ്ഥാപനങ്ങൾ ഏറ്റെടുക്കുന്ന പ്രോജക്ടുകളുടെ എണ്ണത്തിലുണ്ടാകുന്ന ബാഹുല്യം പ്രോജക്ടുകളുടെ നേരിയ വിഭവവിന്യാസത്തിനും പ്രോജക്ടുകൾ സ്പിൽ ഓവർ ആകുന്നതിനും കാരണമാകുന്നു. തദ്ദേശഭരണസ്ഥാപനത്തെ ഒറ്റ യൂണിറ്റായി കാണാതെ പ്രോജക്ടുകൾ തയ്യാറാക്കുന്നതും വാർഡ് അടിസ്ഥാനത്തിലെ ഫണ്ടിന്റെ വിഭജനവും കൂടുതൽ എണ്ണം പ്രോജക്ടുകളും പ്രത്യേകിച്ചും പശ്ചാത്തല മേഖലയിൽ വരുന്നതും പ്രാദേശിക പ്രശ്നങ്ങളും വാർഷിക പദ്ധതിയിലെ സ്പിൽ ഓവർ ബാധ്യത കൂട്ടുന്നതിന് കാരണമാകുന്നുണ്ട്.

6.1.6. മേഖലാ വകയിരുത്തൽ

2017–18 വാർഷിക പദ്ധതി രൂപീകരണ മാർഗ്ഗരേഖ പ്രകാരം തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് ലഭ്യമാകുന്ന ബഡ്ജറ്റ് വിഹിതത്തിലെ വികസന ഫണ്ടിന്റെ നിശ്ചിത ശതമാനം തുക ഉത്പാദന മേഖലയ്ക്കും, മാലിന്യസംസ്കരണത്തിനും, പ്രത്യേക പദ്ധതികൾക്കും, നിശ്ചിത ശതമാനത്തിൽ അധികരിക്കാത്ത തുക പശ്ചാത്തല മേഖലയ്ക്കും വകയിരുത്തേണ്ടതായിട്ടുണ്ട്.

(i) ഉത്പാദന മേഖല

2017–18 വാർഷിക പദ്ധതി രൂപീകരണ മാർഗ്ഗരേഖ പ്രകാരം ത്രിതല പഞ്ചായത്തുകൾ പൊതുവിഭാഗം വികസന ഫണ്ടിന്റെ (സാധാരണ വിഹിതം) 30 ശതമാനത്തിൽ കുറയാത്ത തുകയും നഗരഭരണ സ്ഥാപനങ്ങൾ 10 ശതമാനത്തിൽ കുറയാത്ത തുകയും ഉത്പാദന മേഖലയ്ക്ക് വകയിരുത്തേണ്ടതായിട്ടുണ്ട്.

ഉത്പാദന മേഖലയിൽ തദ്ദേശഭരണ സ്ഥാപനങ്ങൾ വകയിരുത്തേണ്ടതും വകയിരുത്തിയതുമായ തുകയുടെ വിശദാംശങ്ങൾ പട്ടിക :6.1.6 (1) ൽ ചുവടെ ചേർക്കുന്നു.

പട്ടിക :6.1.6 (1)

ഉത്പാദനമേഖല വകയിരുത്തൽ – പൊതുവിഭാഗം വികസന ഫണ്ട് (സാധാരണ വിഹിതം)

(തുക ലക്ഷത്തിൽ)

തദ്ദേശഭരണ സ്ഥാപനം	വകയിരുത്തേണ്ട തുക	വകയിരുത്തിയ തുക
ഗ്രാമ പഞ്ചായത്ത്	4696.92	5439.12
ബ്ലോക്ക് പഞ്ചായത്ത്	1579.79	1797.25
മുനിസിപ്പാലിറ്റി	311.40	594.24
കോർപ്പറേഷൻ	2158.35	3099.27
ജില്ലാ പഞ്ചായത്ത്	1639.18	1927.66

{അവലംബം:– ഐ.കെ.എം, സുലേഖ സോഫ്റ്റ് വെയർ (30.11.2017 ൽ എടുത്ത ഡേറ്റാ)}

ബഡ്ജറ്റ് വിഹിതത്തിന്റെ അടിസ്ഥാനത്തിൽ ഉത്പാദനമേഖലയിൽ വകയിരുത്തിയ തുകയുടെ ശതമാനാടിസ്ഥാനത്തിലുള്ള വിശദാംശങ്ങൾ പട്ടിക:6.1.6 (2) ൽ ചുവടെ ചേർക്കുന്നു.

പട്ടിക :6.1.6 (2)

ഉത്പാദനമേഖല വകയിരുത്തൽ – ബഡ്ജറ്റ് വിഹിതത്തിന്റെ ശതമാനടിസ്ഥാനത്തിൽ

തദ്ദേശഭരണ സ്ഥാപനം	തദ്ദേശഭരണ സ്ഥാപനങ്ങളുടെ എണ്ണം/ വകയിരുത്തിയ തുക ശതമാനാടിസ്ഥാനത്തിൽ				
	10–20 %	20–30 %	30–40 %	40–50 %	50 ശതമാനത്തിനു മുകളിൽ
ഗ്രാമ പഞ്ചായത്ത്	–	–	51	17	5
ബ്ലോക്ക് പഞ്ചായത്ത്	–	–	7	4	–
മുനിസിപ്പാലിറ്റി	1	2	1	–	–
കോർപ്പറേഷൻ	–	1	–	–	–
ജില്ലാ പഞ്ചായത്ത്	–	–	1	–	–

{ അവലംബം:– ഐ.കെ.എം, സുലേഖ സോഫ്റ്റ് വെയർ (30.11.2017 ൽ എടുത്ത ഡേറ്റാ)}

- ബഡ്ജറ്റ് വിഹിതത്തിന്റെ അടിസ്ഥാനത്തിൽ ഉത്പാദന മേഖലയിൽ 5 ഗ്രാമപഞ്ചായത്തുകൾ 50 ശതമാനത്തിൽ കൂടുതൽ തുക വകയിരുത്തിയിട്ടുണ്ട്.
- ആര്യങ്കോട് (55.52%), ഒറ്റൂർ (54.43%), കിഴുവിലം (54.04%), ചെറുന്നിയൂർ (53.79%), മാണിക്കൽ (53.69%) എന്നീ പഞ്ചായത്തുകളാണ് 50 ശതമാനത്തിൽ കൂടുതൽ തുക നീക്കിവച്ചിട്ടുള്ളത്.
- ഉത്പാദന മേഖലയിൽ ഏറ്റവും കൂടുതൽ തുക നീക്കിവച്ചിട്ടുള്ള ഗ്രാമപഞ്ചായത്ത് ആര്യൻകോടും (55.52%), ബ്ലോക്ക് പഞ്ചായത്ത് അതിയന്നൂരും (45.83%), നഗരസഭ ആറ്റിങ്ങലുമാണ് (31.12%).
- ഉത്പാദന മേഖലയിൽ 10 ഗ്രാമപഞ്ചായത്തുകൾ 30% തുക മാത്രം നീക്കിവച്ചിട്ടുണ്ട്.
- ഉത്പാദന മേഖലയിൽ ഏറ്റവും കുറവ് തുക നീക്കിവച്ചിട്ടുള്ള ബ്ലോക്ക് പഞ്ചായത്ത് പാറശ്ശാലയും (30.61%) നഗരസഭ നെടുമങ്ങാടുമാണ് (16.52%).
- ജില്ലാ പഞ്ചായത്ത് ഉത്പാദന മേഖലയിൽ 39.05% തുകയും തിരുവനന്തപുരം നഗരസഭ 28.25% വകയിരുത്തിയിട്ടുണ്ട്.
- 66 ഗ്രാമപഞ്ചായത്തുകളും 8 ബ്ലോക്ക് പഞ്ചായത്തുകളും നെയ്യാറ്റിൻകര മുനിസിപ്പാലിറ്റി ഒഴികെയുള്ള മുനിസിപ്പാലിറ്റികളും എസ്.സി.എസ്.പി ഫണ്ട് വിനിയോഗിച്ച് ഉത്പാദന മേഖലയിൽ പ്രോജക്ട് രൂപീകരിച്ചിട്ടുണ്ട്. (എസ്.സി.എസ്.പി ഫണ്ട് ഉത്പാദന മേഖലയിൽ വകയിരുത്തിയിട്ടുണ്ട്).

- തിരുവനന്തപുരം നഗരസഭ എസ്.സി.എസ്.പി ഫണ്ടിൽ നിന്നും 367.00 ലക്ഷം രൂപ അടങ്കൽ തുക വരുന്ന 12 പ്രോജക്ടുകളും ജില്ലാ പഞ്ചായത്ത് 530.00 ലക്ഷം രൂപ അടങ്കൽ തുക വരുന്ന 14 പ്രോജക്ടുകളും ഉത്പാദന മേഖലയിൽ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.
- 16 ഗ്രാമപഞ്ചായത്തുകളും വാമനപുരം ബ്ലോക്ക് പഞ്ചായത്തും ജില്ലാ പഞ്ചായത്തും റ്റി.എസ്.പി വിഹിതം ഉപയോഗിച്ച് ഉത്പാദന മേഖലയിൽ പ്രോജക്ട് രൂപീകരിച്ചിട്ടുണ്ട്.

(ii) പശ്ചാത്തല മേഖല

ഗ്രാമപഞ്ചായത്തുകൾക്ക് വാർഷിക പദ്ധതി രൂപീകരണ മാർഗ്ഗരേഖ പ്രകാരം പൊതുവിഭാഗം വികസന ഫണ്ട് (സാധാരണ വിഹിതം) എസ്.സി.എസ്.പി, റ്റി.എസ്.പി എന്നീ ഫണ്ടുകളുടെ 30 ശതമാനത്തിൽ അധികരിക്കാത്ത തുക പശ്ചാത്തല മേഖലയ്ക്ക് വകയിരുത്താവുന്നതാണ്. ബ്ലോക്ക് പഞ്ചായത്തുകൾക്ക് പൊതുവിഭാഗം വികസന ഫണ്ടിന്റെ 25 ശതമാനത്തിലും ജില്ലാ പഞ്ചായത്തിന് 40 ശതമാനത്തിലും നഗരഭരണ സ്ഥാപനങ്ങൾക്ക് 50 ശതമാനത്തിലും അധികരിക്കാത്ത തുകയും എസ്.സി.എസ്.പി, റ്റി.എസ്.പി ഫണ്ടുകളുടെ 30 ശതമാനത്തിൽ അധികരിക്കാത്ത തുകയും പശ്ചാത്തല മേഖലയ്ക്ക് വകയിരുത്താവുന്നതാണ്.

(എ) പശ്ചാത്തലമേഖല – ഗ്രാമപഞ്ചായത്തുകൾ

പശ്ചാത്തല മേഖലയിൽ ഗ്രാമപഞ്ചായത്തുകൾക്ക് വകയിരുത്താവുന്നതും വകയിരുത്തിയതുമായ തുകയുടെ വിശദാംശങ്ങൾ പട്ടിക: 6.1.6 (3) ൽ ചേർക്കുന്നു.

പട്ടിക: 6.1.6 (3)

പശ്ചാത്തലമേഖല വകയിരുത്തൽ – ഗ്രാമപഞ്ചായത്തുകൾ

ഫണ്ട് വിഭാഗം	തദ്ദേശഭരണ സ്ഥാപനങ്ങളുടെ എണ്ണം/ വകയിരുത്തിയ തുക ശതമാനാടിസ്ഥാനത്തിൽ					
	0–5%	5–10%	10–15%	15–20%	20–25%	25–30%
പൊതു വിഭാഗം വികസന ഫണ്ട്	43	13	11	5	–	1
എസ്.സി.എസ്.പി	17	8	10	7	9	22
റ്റി.എസ്.പി		1	1	2	1	9

{അവലംബം:– ഐ.കെ.എം, സുലേഖ സോഫ്റ്റ് വെയർ (30.11.2017 ൽ എടുത്ത ഡേറ്റാ)}

പൊതുവിഭാഗം വികസന ഫണ്ട് (സാധാരണ വിഹിതം)

- വിതുര ഗ്രാമപഞ്ചായത്ത് പൊതുവിഭാഗം വികസന ഫണ്ടിന്റെ (സാധാരണ വിഹിതം) 30 ശതമാനം തുകയും പശ്ചാത്തല മേഖലയിൽ വകയിരുത്തിയിട്ടുണ്ട്.
- കാരോട്, വിളപ്പിൽ, കാഞ്ഞിരംകുളം, മംഗലപുരം, ചെങ്കൽ, ചിറയിൻകീഴ് എന്നീ ഗ്രാമ പഞ്ചായത്തുകൾ പൊതുവിഭാഗം വികസന ഫണ്ടിന്റെ 15 ശതമാനത്തിൽ അധികം തുക പശ്ചാത്തല മേഖലയിൽ വകയിരുത്തിയിട്ടുണ്ട്.
- 9 ഗ്രാമപഞ്ചായത്തുകളുടെ പശ്ചാത്തല മേഖലാ വകയിരുത്തൽ പൊതുവിഭാഗം വികസന ഫണ്ടിന്റെ 0.24 ശതമാനത്തിനും 1 ശതമാനത്തിനും ഇടയിലാണ്.
- ചെമ്മരുതി, കല്ലറ, നഗരൂർ, നെല്ലനാട്, ഒറ്റശേഖരമംഗലം, പാങ്ങോട് എന്നീ ഗ്രാമപഞ്ചായത്തുകൾ പശ്ചാത്തല മേഖലയ്ക്ക് പൊതുവിഭാഗം വികസന ഫണ്ട് വകയിരുത്തിയിട്ടില്ല.

പട്ടികജാതി ഉപപദ്ധതിവിഹിതം

- 22 ഗ്രാമപഞ്ചായത്തുകൾ എസ്.സി.എസ്.പി ഫണ്ടിന്റെ 25 ശതമാനത്തിനും 30 ശതമാനത്തിനും ഇടയിൽ തുക പശ്ചാത്തല മേഖലയിൽ വകയിരുത്തിയിട്ടുണ്ട്.
- നന്ദിയോട്, ആര്യനാട്, ഒറ്റശേഖരമംഗലം, വെമ്പായം എന്നീ ഗ്രാമപഞ്ചായത്തുകൾ എസ്.സി.എസ്.പി ഫണ്ടിന്റെ 30 ശതമാനം തുകയും വാർഷിക പദ്ധതിയിൽ പശ്ചാത്തല മേഖലയ്ക്ക് വകയിരുത്തിയിട്ടുണ്ട്.
- 16 ഗ്രാമപഞ്ചായത്തുകൾ എസ്.സി.എസ്.പി ഫണ്ടിന്റെ 15 ശതമാനം മുതൽ 25 ശതമാനം വരെ തുക പശ്ചാത്തല മേഖലയ്ക്ക് വകയിരുത്തിയിട്ടുണ്ട്.

- അഞ്ചുതെങ്ങ്, ആനാട്, അതിയന്നൂർ, ഇടവ, മാണിക്കൽ, നാവായിക്കുളം, പെരുങ്കടവിള, നെല്ലനാട്, വക്കം, വെള്ളറട, വെങ്ങാനൂർ, വിളപ്പിൽ എന്നീ ഗ്രാമപഞ്ചായത്തുകൾ എസ്.സി.എസ്.പി വിഹിതം പശ്ചാത്തല മേഖലയിൽ വകയിരുത്തിയിട്ടില്ല.

പട്ടികവർഗ്ഗ ഉപപദ്ധതിവിഹിതം

- റ്റി.എസ്.പി വിഹിതം ലഭ്യമായ 60 ഗ്രാമപഞ്ചായത്തുകളിൽ 14 ഗ്രാമപഞ്ചായത്തുകൾ മാത്രമാണ് പശ്ചാത്തല മേഖലയ്ക്ക് റ്റി.എസ്.പി വിഹിതം വകയിരുത്തിയിട്ടുള്ളത്.
- നന്ദിയോട്, ആര്യനാട് ഗ്രാമപഞ്ചായത്തുകൾ റ്റി.എസ്.പി ഫണ്ടിന്റെ 30 ശതമാനം തുകയും പശ്ചാത്തല മേഖലയിൽ വകയിരുത്തിയിട്ടുണ്ട്.
- പശ്ചാത്തല മേഖലയിൽ റ്റി.എസ്.പി വിഹിതം വകയിരുത്തിയിട്ടുള്ള ഗ്രാമപഞ്ചായത്തുകളിൽ ഏറ്റവും കുറവ് തുക വകയിരുത്തിയിട്ടുള്ളത് പാങ്ങോട് ഗ്രാമപഞ്ചായത്താണ് (8.90%).

(ബി) പശ്ചാത്തലമേഖല – ബ്ലോക്ക് പഞ്ചായത്തുകൾ

ബ്ലോക്ക് പഞ്ചായത്തുകളുടെ 2017–18 വാർഷിക പദ്ധതിയിലെ പശ്ചാത്തല മേഖല വകയിരുത്തൽ വിശദാംശങ്ങൾ പട്ടിക: 6.1.6 (4) ൽ ചേർക്കുന്നു.

പട്ടിക: 6.1.6 (4)

പശ്ചാത്തലമേഖലാ വകയിരുത്തൽ – ബ്ലോക്ക് പഞ്ചായത്തുകൾ

ഫണ്ട് വിഭാഗം	തദ്ദേശഭരണ സ്ഥാപനങ്ങളുടെ എണ്ണം/ വകയിരുത്തിയ തുക ശതമാനാടിസ്ഥാനത്തിൽ					
	0–5%	5–10%	10–15%	15–20%	20–25%	25–30%
പൊതുവിഭാഗം വികസന ഫണ്ട്	–	–	1	4	6	–
എസ്.സി.എസ്.പി	1	–	5	–	1	4
റ്റി.എസ്.പി	–	1	–	–	–	1

{അവലംബം:– ഐ.കെ.എം, സുലേഖ സോഫ്റ്റ് വെയർ (30.11.2017 ൽ എടുത്ത ഡേറ്റാ)}

- ബ്ലോക്ക് പഞ്ചായത്തുകളിൽ ചിറയിൻകീഴ് ബ്ലോക്ക് പഞ്ചായത്ത് പൊതുവിഭാഗം സാധാരണ വിഹിതത്തിന്റെ 24.34 ശതമാനം തുക പശ്ചാത്തല മേഖലയിൽ വകയിരുത്തിയപ്പോൾ കിളിമാനൂർ ബ്ലോക്ക് പഞ്ചായത്ത് 13.42 ശതമാനം തുകയാണ് പശ്ചാത്തല മേഖലയിൽ വകയിരുത്തിയിട്ടുള്ളത്.
- അതിയന്നൂർ, പോത്തൻകോട്, വർക്കല, വെള്ളനാട്, വാമനപുരം എന്നീ ബ്ലോക്ക് പഞ്ചായത്തുകൾ പൊതുവിഭാഗം വികസന ഫണ്ടിന്റെ 20 ശതമാനത്തിനും 24 ശതമാനത്തിനും ഇടയിൽ തുക പശ്ചാത്തല മേഖലയ്ക്കായി വകയിരുത്തിയിട്ടുണ്ട്.
- അതിയന്നൂർ ബ്ലോക്ക് പഞ്ചായത്ത് എസ്.സി.എസ്.പി ഫണ്ടിന്റെ 28.71 ശതമാനവും പെരുങ്കടവിള ബ്ലോക്ക് പഞ്ചായത്ത് 28.03 ശതമാനവും വാമനപുരം ബ്ലോക്ക് പഞ്ചായത്ത് 28.03 ശതമാനവും വെള്ളനാട് ബ്ലോക്ക് പഞ്ചായത്ത് 27.55 ശതമാനവും പശ്ചാത്തല മേഖലയിൽ വകയിരുത്തിയിട്ടുണ്ട്. എന്നാൽ നെടുമങ്ങാട് ബ്ലോക്ക് പഞ്ചായത്ത് എസ്.സി.എസ്.പി വിഹിതത്തിന്റെ 4.38 ശതമാനം മാത്രമാണ് പശ്ചാത്തല മേഖലയിൽ വകയിരുത്തിയിട്ടുള്ളത്.
- വെള്ളനാട്, വാമനപുരം എന്നീ ബ്ലോക്ക് പഞ്ചായത്തുകൾ മാത്രമാണ് റ്റി.എസ്.പി വിഹിതം പശ്ചാത്തല മേഖലയിൽ വകയിരുത്തിയിട്ടുള്ളത്. വെള്ളനാട് ബ്ലോക്ക് പഞ്ചായത്ത് റ്റി.എസ്.പി വിഹിതത്തിന്റെ 27.52 ശതമാനം പശ്ചാത്തല മേഖലയിൽ വകയിരുത്തിയപ്പോൾ വാമനപുരം ബ്ലോക്ക് പഞ്ചായത്ത് റ്റി.എസ്.പി വിഹിതത്തിന്റെ 8.42 ശതമാനവുമാണ് വാർഷിക പദ്ധതിയിൽ പശ്ചാത്തല മേഖലയിൽ വകയിരുത്തിയിട്ടുള്ളത്.

(സി) പശ്ചാത്തലമേഖല – നഗരഭരണ സ്ഥാപനത്തിൽ

- മുനിസിപ്പാലിറ്റികളിൽ പശ്ചാത്തല മേഖലയിൽ പൊതുവിഭാഗം വികസന ഫണ്ടിന്റെ കൂടുതൽ വിഹിതം വാർഷിക പദ്ധതിയിൽ വകയിരുത്തിയിരിക്കുന്നത് നെടുമങ്ങാട് നഗരസഭയാണ് (21.50%). ഏറ്റവും കുറവ് വിഹിതം വകയിരുത്തിയിട്ടുള്ളത് ആറ്റിങ്ങൽ നഗരസഭയും (10.20%). തിരുവനന്തപുരം കോർപ്പറേഷൻ പൊതുവിഭാഗം വികസന ഫണ്ടിന്റെ (9.77%) വാർഷിക പദ്ധതിയിൽ പശ്ചാത്തല മേഖലയ്ക്ക് വകയിരുത്തിയിട്ടുണ്ട്.

- മുനിസിപ്പാലിറ്റികളിൽ എസ്.സി.എസ്.പി വിഹിതം വാർഷിക പദ്ധതിയിൽ പശ്ചാത്തല മേഖലയിൽ വകയിരുത്തിയിട്ടുള്ളത് നെടുമങ്ങാട് (27.87%), നെയ്യാറ്റിൻകര (20.60%) നഗരസഭകളാണ്. തിരുവനന്തപുരം കോർപ്പറേഷൻ എസ്.സി.എസ്.പി വിഹിതത്തിന്റെ 23.72% പശ്ചാത്തല മേഖലയ്ക്ക് വകയിരുത്തിയിട്ടുണ്ട്.
- തിരുവനന്തപുരം ജില്ലാ പഞ്ചായത്ത് പൊതുവിഭാഗം വികസന ഫണ്ടിന്റെ 25.08 ശതമാനവും എസ്.സി.എസ്.പി വിഹിതത്തിന്റെ 22.74 ശതമാനവും റ്റി.എസ്.പി വിഹിതത്തിന്റെ 16.54 ശതമാനവും വാർഷിക പദ്ധതിയിൽ പശ്ചാത്തല മേഖലയ്ക്ക് വകയിരുത്തിയിട്ടുണ്ട്.

(iii) മാലിന്യസംസ്കരണം

2017–18 വാർഷിക പദ്ധതി രൂപീകരണ മാർഗ്ഗരേഖ പ്രകാരം ത്രിതല പഞ്ചായത്തുകൾ വികസന ഫണ്ട് സാധാരണ വിഹിതത്തിന്റെ 10 ശതമാനം തുകയും നഗരഭരണ സ്ഥാപനങ്ങൾ 15 ശതമാനം തുകയും മാലിന്യസംസ്ക്കരണത്തിന് പ്രാധാന്യം നൽകുന്ന പ്രോജക്ടുകൾ രൂപീകരിക്കുന്നതിന് ഉപയോഗിക്കേണ്ടതായിട്ടുണ്ട്. പൊതുവിഭാഗം വികസന ഫണ്ടിൽ നിന്നും ഇപ്രകാരം കണക്കാക്കുന്ന തുകയ്ക്ക് പതിനാലാം ധനകാര്യ കമ്മീഷൻ ഗ്രാന്റും വിനിയോഗിക്കാവുന്നതാണ്. ജില്ലയിലെ തദ്ദേശഭരണ സ്ഥാപനങ്ങൾ മാലിന്യ സംസ്ക്കരണത്തിനായി വകയിരുത്തേണ്ടതും വകയിരുത്തിയതുമായ തുകയുടെ വിശദാംശങ്ങൾ പട്ടിക : 6.1.6 (5) ൽ ചേർക്കുന്നു.

പട്ടിക: 6.1.6 (5)
മാലിന്യസംസ്ക്കരണം വകയിരുത്തൽ

(തുക ലക്ഷത്തിൽ)

തദ്ദേശഭരണ സ്ഥാപനം	വകയിരുത്തേണ്ട തുക	വകയിരുത്തിയ തുക
ഗ്രാമ പഞ്ചായത്ത്	1839.91	1984.92
ബ്ലോക്ക് പഞ്ചായത്ത്	642.93	663.43
മുനിസിപ്പാലിറ്റി	596.57	755.71
കോർപ്പറേഷൻ	3653.00	3905.63
ജില്ലാ പഞ്ചായത്ത്	828.14	905.07

{ അവലംബം:– ഐ.കെ.എം, സുലേഖ സോഫ്റ്റ് വെയർ (30.11.2017 ൽ എടുത്ത ഡേറ്റാ)}

പൊതുവിഭാഗം സാധാരണ വിഹിതത്തിന്റെ അടിസ്ഥാനത്തിൽ തദ്ദേശഭരണ സ്ഥാപനങ്ങൾ മാലിന്യ സംസ്ക്കരണത്തിനായി വകയിരുത്തിയ തുകയുടെ ശതമാനാടിസ്ഥാനത്തിലുള്ള വിശദാംശങ്ങൾ പട്ടിക: 6.1.6 (6) ൽ ചേർക്കുന്നു.

പട്ടിക: 6.1.6 (6)
മാലിന്യസംസ്ക്കരണം വകയിരുത്തൽ – പൊതുവിഭാഗം വികസന ഫണ്ടിന്റെ ശതമാനാടിസ്ഥാനത്തിൽ

തദ്ദേശഭരണ സ്ഥാപനം	തദ്ദേശഭരണ സ്ഥാപനങ്ങളുടെ എണ്ണം/ വകയിരുത്തിയ തുക ശതമാനാടിസ്ഥാനത്തിൽ			
	10–15%	15–20%	20–25%	25 ശതമാനത്തിനു മുകളിൽ
ഗ്രാമ പഞ്ചായത്ത്	52	15	3	1
ബ്ലോക്ക് പഞ്ചായത്ത്	7	2	2	–
മുനിസിപ്പാലിറ്റി	–	1	–	3
കോർപ്പറേഷൻ	–	–	–	1
ജില്ലാ പഞ്ചായത്ത്	–	1	–	–

{അവലംബം:– ഐ.കെ.എം, സുലേഖ സോഫ്റ്റ് വെയർ (30.11.2017 ൽ എടുത്ത ഡേറ്റാ)}

- മാലിന്യസംസ്ക്കരണത്തിനായി വകയിരുത്തിയിരിക്കുന്ന തുക (പൊതുവിഭാഗം വികസന ഫണ്ട് സാധാരണ വിഹിതവും ധനകാര്യ കമ്മീഷൻ ഗ്രാന്റും) പൊതുവിഭാഗ വികസന ഫണ്ടിന്റെ ശതമാനാടിസ്ഥാനത്തിൽ കണക്കാക്കുമ്പോൾ ഗ്രാമപഞ്ചായത്തുകളിൽ കൂടുതൽ വകയിരുത്തൽ കടയ്ക്കാവൂർ ഗ്രാമപഞ്ചായത്തിനാണ് (40.72%). മാണിക്കൽ, കൊല്ലയിൽ, പെരിങ്ങമ്മല ഗ്രാമപഞ്ചായത്തുകൾ യഥാക്രമം 24.11%, 20.88%, 20.33% തുക വീതം വകയിരുത്തിയിട്ടുണ്ട്.

- ബ്ലോക്ക് പഞ്ചായത്തുകളിൽ പൊതുവിഭാഗം വികസന ഫണ്ടിന്റെ ശതമാനാടിസ്ഥാനത്തിൽ മാലിന്യസംസ്ക്കരണത്തിന് കൂടുതൽ തുക വകയിരുത്തിയിരിക്കുന്നത് കിളിമാനൂർ ബ്ലോക്ക് പഞ്ചായത്ത് 23.46%, പെരുങ്കടവിള ബ്ലോക്ക് പഞ്ചായത്ത് 20.76% തുകയാണ് വകയിരുത്തിയിട്ടുള്ളത്.
- ജില്ലാ പഞ്ചായത്ത് മാലിന്യസംസ്ക്കരണത്തിനായി പൊതുവിഭാഗം വികസന ഫണ്ടിന്റെ 18.33% തുക വകയിരുത്തിയിട്ടുണ്ട്.
- നഗരഭരണസ്ഥാപനങ്ങൾ മാലിന്യസംസ്ക്കരണത്തിനായി വകയിരുത്തിയിരിക്കുന്ന തുക (പൊതുവിഭാഗം വികസന ഫണ്ട് സാധാരണ വിഹിതവും ധനകാര്യ കമ്മീഷൻ ഗ്രാന്റും) പൊതുവിഭാഗ വികസന ഫണ്ടിന്റെ ശതമാനാടിസ്ഥാനത്തിൽ കണക്കാക്കുമ്പോൾ കൂടുതൽ ആറ്റിങ്ങൽ മുനിസിപ്പാലിറ്റിയ്ക്കാണ് (50.09%). ഏറ്റവും കുറവ് നെയ്യാറ്റിൻകര മുനിസിപ്പാലിറ്റിക്കും (17.13%). വർക്കല മുനിസിപ്പാലിറ്റിയുടെ പ്രസ്തുത വിഭാഗത്തിലെ വകയിരുത്തൽ തുക പൊതുവിഭാഗം വികസന ഫണ്ടിന്റെ 37.49% ആണ്. തിരുവനന്തപുരം നഗരസഭയിൽ ഇത് 35.60% ആകുന്നു.

6.1.7. ഉപമേഖലാ വകയിരുത്തൽ

തദ്ദേശഭരണ സ്ഥാപനങ്ങൾ 2017–18 വാർഷിക പദ്ധതിയിൽ ഉത്പാദന, സേവന, പശ്ചാത്തല മേഖലകളിലെ ഉപമേഖലകൾക്കായി വകയിരുത്തിയിരിക്കുന്ന തുകയുടെ വിശദാംശങ്ങൾ പട്ടിക: 6.1.7 (1) ൽ ചേർക്കുന്നു.

പട്ടിക: 6.1.7 (1)

ഉപമേഖല തിരിച്ചുള്ള വകയിരുത്തൽ വിശദാംശങ്ങൾ

(വകയിരുത്തൽ ശതമാനത്തിൽ)

മേഖല/ഉപമേഖല	തദ്ദേശഭരണസ്ഥാപനം					
	ഗ്രാമ പഞ്ചായത്ത്	ബ്ലോക്ക് പഞ്ചായത്ത്	മുനിസിപ്പാലിറ്റി	ജില്ലാ പഞ്ചായത്ത്	കോർപ്പറേഷൻ	ആകെ
ഉത്പാദന മേഖല	12.82	30.36	10.21	15.61	18.15	17.54
മൃഗസംരക്ഷണം	39.64	10.52	23.54	44.92	11.62	27.38
കൃഷി	24.82	16.97	19.38	26.92	11.38	19.68
ജലസേചനം	4.38	4.28	4.98	1.33	3.08	3.65
വ്യവസായം, സ്വയം തൊഴിൽ സംരംഭം	14.30	22.70	28.62	12.39	54.86	28.50
ക്ഷീരവികസനം	10.86	16.49	2.18	5.65	3.70	8.27
മണ്ണ് സംരക്ഷണം, പരിസ്ഥിതി, വനവൽക്കരണം	2.48	26.58	17.62	6.39	4.49	6.90
മത്സ്യബന്ധനം	2.99	0.74	0.05	0.00	10.20	4.57
ഊർജ്ജം	0.53	1.73	3.63	2.24	0.66	1.03
സർക്കാർ ഉത്തരവ് പ്രകാരം വിഹിതം നൽകൽ (ഉത്പാദനമേഖല)	0.01	0.00	0.00	0.16	0.00	0.02
ആകെ	100.00	100.00	100.00	100.00	100.00	100.00
സേവന മേഖല	56.44	47.44	53.75	39.75	44.52	43.78
കുടിവെള്ളം	5.85	7.22	3.53	4.82	11.68	9.32
വിദ്യാഭ്യാസം	6.77	3.20	12.35	36.17	9.62	13.36
ആരോഗ്യം	5.02	13.71	4.74	14.32	3.77	7.92
അംഗനവാടികൾ	3.48	3.57	2.70	0.13	5.68	4.86
ശുചിത്വം, മാലിന്യ സംസ്ക്കരണം	5.44	16.84	17.19	15.39	17.55	13.97
സാമൂഹ്യ സുരക്ഷിതത്വം, സാമൂഹ്യനീതി	52.78	15.05	3.84	12.44	8.29	9.26
കംമ്പ്യൂട്ടർവൽക്കരണം മുതലായവ	1.73	2.74	2.32	1.62	7.21	4.10
പാർപ്പിടം, വീട്, വൈദ്യുതീകരണം	10.14	31.20	40.51	0.25	25.47	21.44
കലാ സംസ്കാരികം, കായികം, യുവജനക്ഷേമം	0.82	3.30	1.77	7.56	2.73	2.68

സർക്കാർ ഉത്തരവ് പ്രകാരം വിഹിതം നൽകൽ	2.65	0.64	3.50	5.56	2.56	6.20
പോഷകാഹാരം	3.53	0.00	3.09	0.12	3.77	4.09
വായനശാലകൾ, ലൈബ്രറികൾ, ഗ്രാമകേന്ദ്രങ്ങൾ	0.23	0.31	0.25	0.44	0.52	0.42
തുടർ വിദ്യാഭ്യാസം	0.08	0.57	0.11	0.00	0.02	0.50
പദ്ധതി രൂപീകരണം, നിർവ്വഹണം, മോണിറ്ററിംഗ്	0.41	0.64	0.33	0.32	0.13	0.46
തൊഴിൽ വൈദഗ്ദ്ധ്യപോഷണം	0.06	0.26	0.12	0.24	0.56	0.28
സർക്കാർ ഉത്തരവ് പ്രകാരമുള്ള മറ്റ് പദ്ധതികൾ	0.31	0.06	1.22	0.00	0.21	0.41
ഉർജ്ജ സംരക്ഷണം, വിതരണം	0.18	0.69	1.21	0.00	0.09	0.32
വിനോദസഞ്ചാരം	0.00	0.00	0.00	0.63	0.13	0.11
വൈദ്യുതി ലൈൻ, ട്രാൻസ്ഫോമർ	0.53	0.00	1.22	0.00	0.00	0.28
ആകെ	100.00	100.00	100.00	100.00	100.00	100.00
പശ്ചാത്തല മേഖല	30.74	22.00	36.04	44.64	37.33	38.67
ഗതാഗതം	76.27	74.64	67.26	92.26	75.42	77.54
ഉല്പാദന, സേവന മേഖലകളിൽ ഉൾപ്പെടാത്ത പൊതുകെട്ടിടങ്ങൾ	15.31	20.57	26.07	6.97	13.17	14.48
തെരുവു വിളക്ക്, ഓഫീസ് വൈദ്യുതീകരണം	7.52	0.69	5.44	0.00	11.00	7.09
മറ്റ് നിർമ്മാണ പ്രവർത്തികൾ	0.54	3.75	0.96	0.69	0.23	0.63
വാഹനം വാങ്ങൽ	0.25	0.00	0.22	0.07	0.17	0.19
സർക്കാർ ഉത്തരവ് പ്രകാരം വിഹിതം നൽകൽ	0.00	0.35	0.04	0.00	0.00	0.02
സർക്കാർ ഉത്തരവ് പ്രകാരമുള്ള മറ്റ് പദ്ധതികൾ	0.11	0.00	0.00	0.00	0.00	0.05
ആകെ	100.00	100.00	100.00	100.00	100.00	100.00
ആകെ മൊത്തം	100.00	100.00	100.00	100.00	100.00	100.00

- തദ്ദേശഭരണ സ്ഥാപനങ്ങളുടെ 2017–18 വാർഷിക പദ്ധതി അടങ്കലിന്റെ 17.54%, ഉത്പാദന മേഖലയ്ക്കും, 43.78% സേവന മേഖലയ്ക്കും, 38.67% പശ്ചാത്തല മേഖലയ്ക്കുമായി വകയിരുത്തിയിരിക്കുന്നു.
- തദ്ദേശഭരണ സ്ഥാപനങ്ങൾ പദ്ധതി അടങ്കലിന്റെ കൂടുതൽ ശതമാനം തുക സേവന മേഖലയ്ക്കും കുറവ് ഉത്പാദന മേഖലയിലുമാണ് വകയിരുത്തിയിരിക്കുന്നത്.
- ഉത്പാദന മേഖലയ്ക്കായി ഗ്രാമപഞ്ചായത്തുകൾ, ബ്ലോക്ക് പഞ്ചായത്തുകൾ, ജില്ലാ പഞ്ചായത്ത്, മുനിസിപ്പാലിറ്റികൾ, കോർപ്പറേഷൻ എന്നിവ യഥാക്രമം പദ്ധതി അടങ്കിലന്റെ 12.82%, 30.36%, 10.21%, 15.61%, 18.15% തുക വകയിരുത്തിയിട്ടുണ്ട്.
- ഉത്പാദന മേഖലയിൽ തദ്ദേശഭരണ സ്ഥാപനങ്ങൾ വകയിരുത്തിയിരിക്കുന്ന അടങ്കൽ തുകയുടെ കൂടുതൽ ശതമാനവും ഉൾപ്പെടുന്നത് വ്യവസായവും സ്വയം തൊഴിൽ സംരംഭങ്ങൾക്കുമാണ് (28.50%).
- ഉത്പാദനമേഖലയിൽ മൃഗസംരക്ഷണത്തിനായി ഗ്രാമപഞ്ചായത്തും (39.64%), ജില്ലാ പഞ്ചായത്തും (44.92%) കൂടുതൽ തുക വകയിരുത്തിയപ്പോൾ വ്യവസായം, സ്വയംതൊഴിൽ സംരംഭങ്ങൾക്കായി മുനിസിപ്പാലിറ്റികളും (28.62%), കോർപ്പറേഷനും (54.86%), മണ്ണ്, പരിസ്ഥിതി വനവത്കരണത്തിനായി ബ്ലോക്ക് പഞ്ചായത്തുകളും (22.76%) കൂടുതൽ തുക വകയിരുത്തിയിരിക്കുന്നു.

- സേവനമേഖലയ്ക്കായി ഗ്രാമ, ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകൾ, മുനിസിപ്പാലിറ്റി, കോർപ്പറേഷൻ എന്നിവ പദ്ധതി അടങ്കലിന്റെ യഥാക്രമം 56.44%, 47.44%, 53.75%, 39.75%, 44.52% വീതം തുക വകയിരുത്തിയിട്ടുണ്ട്. ജില്ലയിലെ തദ്ദേശഭരണ സ്ഥാപനങ്ങൾ സേവന മേഖലയ്ക്ക് വകയിരുത്തിയിരിക്കുന്ന തുകയുടെ കൂടുതൽ ശതമാനവും ഉൾപ്പെടുന്നത് പാർപ്പിടം, വീട് വൈദ്യുതീകരണം എന്നിവയ്ക്കാണ് (21.44%). ഗ്രാമപഞ്ചായത്തുകൾ സാമൂഹ്യ സുരക്ഷിതത്വത്തിനും സാമൂഹ്യനീതിക്കും (52.78%), ബ്ലോക്ക് പഞ്ചായത്തുകളും മുനിസിപ്പാലിറ്റികളും കോർപ്പറേഷനും പാർപ്പിടത്തിനും വീട് വൈദ്യുതീകരണത്തിനും (യഥാക്രമം 31.20%, 40.41%, 25.47%), ജില്ലാ പഞ്ചായത്ത് വിദ്യാഭ്യാസത്തിനും (36.17%), സേവനമേഖലയിൽ കൂടുതൽ തുക വകയിരുത്തിയിരിക്കുന്നു.
- പശ്ചാത്തലമേഖലയ്ക്കായി ഗ്രാമ, ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകൾ, മുനിസിപ്പാലിറ്റി, കോർപ്പറേഷൻ എന്നിവ പദ്ധതി അടങ്കലിന്റെ യഥാക്രമം 30.74%, 22.00%, 36.04%, 44.64%, 37.33% തുക വീതം വാർഷിക പദ്ധതിയിൽ വകയിരുത്തിയിട്ടുണ്ട്.
- പശ്ചാത്തല മേഖലയിൽ തദ്ദേശഭരണ സ്ഥാപനങ്ങൾ വകയിരുത്തിയിരിക്കുന്ന അടങ്കലിന്റെ കൂടുതൽ ശതമാനവും ഉൾപ്പെടുന്നത് ഗതാഗത മേഖലയ്ക്കാണ് (77.54%). ഗ്രാമ, ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകൾ യഥാക്രമം പശ്ചാത്തല മേഖലാ അടങ്കലിന്റെ 76.27%, 74.64%, 92.26% തുക വീതവും മുനിസിപ്പാലിറ്റികളും കോർപ്പറേഷനും യഥാക്രമം 67.26%, 75.42% തുക വീതവും ഗതാഗത മേഖയ്ക്കായി വകയിരുത്തിയിട്ടുണ്ട്.
- ബ്ലോക്ക് പഞ്ചായത്തുകളുടെ പദ്ധതി അടങ്കൽ തുകയിൽ പശ്ചാത്തല മേഖലയ്ക്ക് (22.00%) വകയിരുത്തിയ തുകയേക്കാൾ കൂടുതൽ ഉത്പാദന മേഖലയ്ക്കാണ് (30.36%) വകയിരുത്തിയിരിക്കുന്നു.
- പൊതുവിഭാഗം വികസന ഫണ്ടിന്റെ 30.00% തുക ഉത്പാദന മേഖലയ്ക്ക് വകയിരുത്തേണ്ട ഗ്രാമപഞ്ചായത്തുകളുടെ പദ്ധതി അടങ്കലിലെ ഉത്പാദന മേഖലാ വകയിരുത്തൽ 12.52% തുകയാണ്. പദ്ധതി രൂപീകരണത്തിൽ ഉത്പാദന മേഖലയ്ക്ക് നൽകുന്ന കുറഞ്ഞ പ്രാധാന്യമാണ് ഇത് വ്യക്തമാക്കുന്നത്. ഉത്പാദന മേഖലയിൽ ബ്ലോക്ക് പഞ്ചായത്തുകൾ ഒഴികെ എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളും കാർഷിക മേഖലയേക്കാൾ പ്രാധാന്യം മൃഗസംരക്ഷണ മേഖലയ്ക്കാണ് നൽകിയിരിക്കുന്നത്.
- ഉപമേഖലാ വകയിരുത്തലിൽ മുനിസിപ്പാലിറ്റി പൊതുവേ ആരോഗ്യമേഖലയേക്കാൾ പ്രാധാന്യം നൽകിയിരിക്കുന്നത് വിദ്യാഭ്യാസ മേഖലയ്ക്കാണ്.

(i) പശ്ചാത്തലമേഖല – ഗതാഗതം

പശ്ചാത്തല മേഖലയിലെ ഗതാഗത മേഖലയിൽ ജില്ലയിലും തദ്ദേശഭരണ സ്ഥാപനത്തിലും കൂടുതൽ തുക വകയിരുത്തിയിരിക്കുന്നത് റോഡിനാണ്. ജില്ലയിൽ ഗതാഗത ഉപമേഖലാ അടങ്കലിന്റെ 92.01 ശതമാനവും റോഡിനായി 2017–18 വാർഷിക പദ്ധതിയിൽ വകയിരുത്തിയിട്ടുണ്ട്. വിശദാംശങ്ങൾ പട്ടിക: 6.1.7 (2) ൽ ചേർക്കുന്നു.

പട്ടിക :6.1.7 (2)

പശ്ചാത്തലമേഖല – ഉപമേഖലാ ഗതാഗതം വകയിരുത്തൽ

ഉപമേഖല	സൂക്ഷ്മ മേഖല	ഗ്രാമ പഞ്ചായത്ത്	ബ്ലോക്ക് പഞ്ചായത്ത്	മുനിസിപ്പാലിറ്റി	ജില്ലാ പഞ്ചായത്ത്	കോർപ്പറേഷൻ	ആകെ
ഗതാഗതം	റോഡ്	90.21	90.37	92.42	91.00	95.48	92.01
	നടപ്പാത	6.42	3.07	5.16	2.99	4.07	4.98
	പാലങ്ങൾ	0.82	5.63	0.43	4.19	0.42	1.42
	കലുങ്കുകൾ	1.29	0.92	1.60	0.81	0.04	0.86
	മറ്റുള്ളവ	1.25	0.00	0.38	1.01	0.00	0.73
	ആകെ	100.00	100.00	100.00	100.00	100.00	100.00

{അവലംബം:– ഐ.കെ.എം, സുലേഖ സോഫ്റ്റ് വെയർ (28.12.2017 ൽ എടുത്ത ഡേറ്റാ)}

- തിരുവനന്തപുരം നഗരസഭയുടെ 2017–18 വാർഷിക പദ്ധതിയിലെ പശ്ചാത്തലമേഖലയിലെ ഗതാഗത ഉപമേഖലയുടെ 95.48 ശതമാനം തുകയും റോഡിനായി വകയിരുത്തിയിരിക്കുന്നു.

6.1.8. പ്രത്യേക പദ്ധതികൾ

(i) വനിതാഘടക പദ്ധതി

സ്ത്രീകളുടെ സാമൂഹ്യ സാമ്പത്തിക പദവി ഉയർത്തുന്നതിനായി സ്ത്രീകളുടെ തൊഴിലും വരുമാനവും വർദ്ധിപ്പിക്കുന്ന പ്രവർത്തനങ്ങൾക്ക് പ്രാധാന്യം നൽകുന്ന ഒരു വനിതാ ഘടക പദ്ധതി എല്ലാ തദ്ദേശഭരണസ്ഥാപനങ്ങളും തയ്യാറാക്കേണ്ടതായിട്ടുണ്ട്.

2017–18 വാർഷിക പദ്ധതി രൂപീകരണ മാർഗ്ഗരേഖ പ്രകാരം പൊതുവിഭാഗം വികസനഫണ്ട് (സാധാരണ വിഹിതം), എസ്.സി.എസ്.പി, റ്റി.എസ്.പി ഫണ്ടുകളുടെ 10 ശതമാനത്തിൽ കുറയാത്ത തുക എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളും വനിതാഘടക പദ്ധതിക്കായി നീക്കി വയ്ക്കേണ്ടതായിട്ടുണ്ട്.

വനിതാഘടക പദ്ധതിക്കായി തദ്ദേശഭരണ സ്ഥാപനങ്ങൾ വകയിരുത്തേണ്ടതും വകയിരുത്തിയതുമായ തുകയുടെ വിശദാംശങ്ങൾ പട്ടിക :6.1.8 (1) ൽ ചുവടെ ചേർക്കുന്നു.

പട്ടിക : 6.1.8 (1)
വനിതാഘടകപദ്ധതി – വകയിരുത്തൽ

(തുക ലക്ഷത്തിൽ)

തദ്ദേശഭരണ സ്ഥാപനം	വകയിരുത്തേണ്ട തുക	വകയിരുത്തിയ തുക
ഗ്രാമ പഞ്ചായത്ത്	2373.10	2643.82
ബ്ലോക്ക് പഞ്ചായത്ത്	761.04	838.22
മുനിസിപ്പാലിറ്റി	404.57	416.31
കോർപ്പറേഷൻ	2356.10	2356.10
ജില്ലാ പഞ്ചായത്ത്	1048.65	1255.05

{അവലംബം: ഐ.കെ.എം, സുലേഖ സോഫ്റ്റ്‌വെയർ (30.11.2017 ൽ എടുത്ത ഡേറ്റാ)}

തദ്ദേശഭരണ സ്ഥാപനങ്ങൾ വനിതാഘടക പദ്ധതിയിൽ വകയിരുത്തിയ തുകയുടെ ശതമാനാടിസ്ഥാനത്തിലുള്ള വിശദാംശങ്ങൾ പട്ടിക: 6.1.8 (2) ൽ ചുവടെ ചേർക്കുന്നു.

പട്ടിക: 6.1.8 (2)
വനിതാഘടകപദ്ധതി – വകയിരുത്തൽ ശതമാനാടിസ്ഥാനത്തിൽ

തദ്ദേശഭരണ സ്ഥാപനം	തദ്ദേശഭരണ സ്ഥാപനങ്ങളുടെ എണ്ണം/ വകയിരുത്തിയ തുക ശതമാനാടിസ്ഥാനത്തിൽ					
	10–12 %	12–14 %	14–16 %	16–18 %	18–20 %	20 ശതമാനത്തിനു മുകളിൽ
ഗ്രാമ പഞ്ചായത്ത്	33	19	12	6	2	–
ബ്ലോക്ക് പഞ്ചായത്ത്	7	2	1	–	–	1
മുനിസിപ്പാലിറ്റി	1	2	–	1	–	–
കോർപ്പറേഷൻ	–	–	–	1	–	–
ജില്ലാ പഞ്ചായത്ത്	–	–	–	1	–	–

{അവലംബം: ഐ.കെ.എം, സുലേഖ സോഫ്റ്റ്‌വെയർ (30.11.2017 ൽ എടുത്ത ഡേറ്റാ)}

- അമ്പൂരി ഗ്രാമപഞ്ചായത്താണ് വനിതാഘടകപദ്ധതിക്ക് കൂടുതൽ തുക വകയിരുത്തിയിട്ടുള്ളത്. ഇത് വികസന ഫണ്ടിന്റെ (സാധാരണവിഹിതം + എസ്.സി.എസ്.പി + റ്റി.എസ്.പി) 19.69% ആണ്. മാണിക്കൽ, വക്കം, ഗ്രാമപഞ്ചായത്തുകൾ യഥാക്രമം 19.24%, 18.22% തുക വീതം വകയിരുത്തിയിട്ടുണ്ട്.
- വെട്ടൂർ, കോട്ടുകാൽ, ചെങ്കൽ എന്നീ ഗ്രാമപഞ്ചായത്തുകൾ 10% തുക മാത്രമാണ് വനിതാഘടകപദ്ധതിക്ക് വകയിരുത്തിയിട്ടുള്ളത്.
- ബ്ലോക്ക് പഞ്ചായത്തുകളിൽ അതിയന്നൂർ ബ്ലോക്ക് പഞ്ചായത്തും (21.79%) മുനിസിപ്പാലിറ്റികളിൽ ആറ്റിങ്ങൽ മുനിസിപ്പാലിറ്റിയും (16.22%) വികസന ഫണ്ടിന്റെ അടിസ്ഥാനത്തിൽ വനിതാഘടക പദ്ധതിയ്ക്ക് കൂടുതൽ തുക വകയിരുത്തിയ തദ്ദേശഭരണ സ്ഥാപനങ്ങളാണ്.
- വനിതാഘടകപദ്ധതിയിൽ വികസന ഫണ്ടിന്റെ അടിസ്ഥാനത്തിൽ എറ്റവും കുറവ് തുക വകയിരുത്തിയിരിക്കുന്ന ബ്ലോക്ക് പഞ്ചായത്ത് പാറശ്ശാലയും (10.03%) മുനിസിപ്പാലിറ്റികളിൽ നെയ്യാറ്റിൻകര മുനിസിപ്പാലിറ്റിയുമാണ് (10.54%).
- ജില്ലാ പഞ്ചായത്ത് വനിതാഘടകപദ്ധതിയിൽ വികസന ഫണ്ടിന്റെ 17.85% തുക വകയിരുത്തിയപ്പോൾ തിരുവനന്തപുരം നഗരസഭ 16.26% തുക വകയിരുത്തിയിട്ടുണ്ട്.

(ii) കുട്ടികൾ, ഭിന്നശേഷി ഉള്ളവർ, ഭിന്നലിംഗക്കാർ

2017–18 വാർഷിക പദ്ധതി രൂപീകരണ മാർഗ്ഗരേഖ 29.03.2017 ലെ ജി.ഒ (എം.എസ്) നം.72/2017.തസ്വഭവ പ്രകാരവും 03.04.2017 ലെ ജി.ഒ (എം.എസ്)നം.79/2017.തസ്വഭവ പ്രകാരവും ത്രിതല പഞ്ചായത്തുകളും നഗരഭരണ സ്ഥാപനങ്ങളും വികസന ഫണ്ട് സാധാരണ വിഹിതവും, എസ്.സി.എസ്.പി വിഹിതവും, റ്റി.എസ്.പി വിഹിതവും ഉൾപ്പെടുന്ന തുകയുടെ 5 ശതമാനം തുക കുട്ടികൾ, ഭിന്നശേഷി ഉള്ളവർ, ഭിന്നലിംഗക്കാർ എന്നിവർക്കു വേണ്ടിയുള്ള പ്രത്യേക പദ്ധതിക്കായി നീക്കി വയ്ക്കേണ്ടതായിട്ടുണ്ട്. പ്രസ്തുത പദ്ധതിക്കായി ജില്ലയിലെ തദ്ദേശഭരണ സ്ഥാപനങ്ങൾ വകയിരുത്തേണ്ടതും വകയിരുത്തിയിട്ടുള്ളതുമായ തുകയുടെ വിശദാംശങ്ങൾ പട്ടിക : 6.1.8 (3) ൽ ചുവടെ ചേർക്കുന്നു.

പട്ടിക: 6.1.8 (3)

കുട്ടികൾ, ഭിന്നശേഷി ഉള്ളവർ, ഭിന്നലിംഗക്കാർ – വകയിരുത്തൽ

(തുക ലക്ഷത്തിൽ)

തദ്ദേശഭരണ സ്ഥാപനം	വകയിരുത്തേണ്ട തുക	വകയിരുത്തിയ തുക
ഗ്രാമ പഞ്ചായത്ത്	1298.12	1665.25
ബ്ലോക്ക് പഞ്ചായത്ത്	459.18	600.64
മുനിസിപ്പാലിറ്റി	212.80	338.63
കോർപ്പറേഷൻ	959.55	2159.58
ജില്ലാ പഞ്ചായത്ത്	413.76	534.10

{അവലംബം: ഐ.കെ.എം, സുലേഖ സോഫ്റ്റ്‌വെയർ (30.11.2017 ൽ എടുത്ത ഡേറ്റാ)}

ബഡ്ജറ്റ് വിഹിതത്തിന്റെ അടിസ്ഥാനത്തിൽ തദ്ദേശഭരണസ്ഥാപനങ്ങൾ കുട്ടികൾ, ഭിന്നശേഷിയുള്ളവർ, ഭിന്നലിംഗക്കാർ എന്നിവർക്കായി വകയിരുത്തിയ തുകയുടെ ശതമാനാടിസ്ഥാനത്തിലുള്ള വിശദാംശങ്ങൾ പട്ടിക :6.1.8 (4) ൽ ചേർക്കുന്നു.

പട്ടിക :6.1.8 (4)

കുട്ടികൾക്കുള്ള പദ്ധതി വകയിരുത്തൽ ശതമാനാടിസ്ഥാനത്തിൽ

(തുക ലക്ഷത്തിൽ)

തദ്ദേശഭരണ സ്ഥാപനം	തദ്ദേശഭരണ സ്ഥാപനങ്ങളുടെ എണ്ണം/ വകയിരുത്തിയ തുക ശതമാനാടിസ്ഥാനത്തിൽ			
	5–10%	10–15%	15–20%	20 ശതമാനത്തിനു മുകളിൽ
ഗ്രാമ പഞ്ചായത്ത്	58	13	1	1
ബ്ലോക്ക് പഞ്ചായത്ത്	10	–	–	1
മുനിസിപ്പാലിറ്റി	2	2	–	–
കോർപ്പറേഷൻ	–	1	–	–
ജില്ലാ പഞ്ചായത്ത്	1	–	–	–

{അവലംബം: ഐ.കെ.എം, സുലേഖ സോഫ്റ്റ്‌വെയർ (30.11.2017 ൽ എടുത്ത ഡേറ്റാ)}

- കല്ലറ ഗ്രാമപഞ്ചായത്ത് കുട്ടികൾക്കായി വാർഷിക പദ്ധതിയിൽ വികസന ഫണ്ട് (സാധാരണവിഹിതം + എസ്.സി.എസ്.പി + റ്റി.എസ്.പി) വിഹിതത്തിന്റെ അടിസ്ഥാനത്തിൽ വകയിരുത്തിയിരിക്കുന്ന തുക 20.08 ശതമാനവും പള്ളിക്കൽ ഗ്രാമപഞ്ചായത്ത് വകയിരുത്തിയിരിക്കുന്ന തുക 16.25 ശതമാനവും ആണ്. പുല്ലമ്പാറ, മാണിക്കൽ, വക്കം, കരവാരം എന്നീ ഗ്രാമപഞ്ചായത്തുകൾ 5% തുക മാത്രമാണ് കുട്ടികൾക്കായി വകയിരുത്തിയിട്ടുള്ളത്.
- ബ്ലോക്ക് പഞ്ചായത്തുകളിൽ പെരുങ്കടവിള ബ്ലോക്ക് പഞ്ചായത്ത് വികസന ഫണ്ട് വിഹിതത്തിന്റെ 26.92% തുകയും അതിയന്നൂർ ബ്ലോക്ക് പഞ്ചായത്ത് 9.34% തുകയും കുട്ടികൾ, ഭിന്നശേഷി ഉള്ളവർ എന്നിവർക്കായി വകയിരുത്തിയിട്ടുണ്ട്. എന്നാൽ വാമനപുരം ബ്ലോക്ക്പഞ്ചായത്ത് 5.10% തുകയാണ് വകയിരുത്തിയിരിക്കുന്നത്.
- മുനിസിപ്പാലിറ്റികളിൽ നെയ്യാറ്റിൻകര മുനിസിപ്പാലിറ്റി വികസന ഫണ്ട് വിഹിതത്തിന്റെ 13.5% തുകയും വർക്കല മുനിസിപ്പാലിറ്റി 11.47% തുകയും കുട്ടികൾ, ഭിന്നശേഷിയുള്ളവർ, ഭിന്നലിംഗക്കാർ എന്നിവർക്കായി വകയിരുത്തിയിട്ടുണ്ട്.
- ആറ്റിങ്ങൽ മുനിസിപ്പാലിറ്റി വികസന ഫണ്ട് വിഹിതത്തിന്റെ 6.22% തുകയാണ് കുട്ടികൾ, ഭിന്നശേഷിയുള്ളവർ, ഭിന്നലിംഗക്കാർ എന്നിവർക്കായി വാർഷിക പദ്ധതിയിൽ വകയിരുത്തിയിരിക്കുന്നത്.
- തിരുവനന്തപുരം നഗരസഭ കുട്ടികൾ, ഭിന്നശേഷി ഉള്ളവർ, ഭിന്നലിംഗക്കാർ എന്നിവർക്കായി വകയിരുത്തിയിരിക്കുന്ന തുക വികസന ഫണ്ട് വിഹിതത്തിന്റെ

14.91 ശതമാനവും ജില്ലാ പഞ്ചായത്ത് വകയിരുത്തിയിരിക്കുന്ന തുക വികസന ഫണ്ട് വിഹിതത്തിന്റെ 7.6 ശതമാനവും ആണ്.

- ജില്ലയിലെ ഒരു തദ്ദേശഭരണ സ്ഥാപനവും ഭിന്നലിംഗക്കാർക്കായി വാർഷിക പദ്ധതിയിൽ പ്രത്യേകം പ്രോജക്ടുകൾ ഉൾപ്പെടുത്തിയിട്ടില്ല.

(iii) വൃദ്ധർ, പാലിയേറ്റീവ് കെയർ

2017–18 വാർഷിക പദ്ധതി രൂപീകരണ മാർഗ്ഗരേഖ പ്രകാരം ത്രിതല പഞ്ചായത്തുകളും നഗരഭരണ സ്ഥാപനങ്ങളും വികസന ഫണ്ട്, സാധാരണ വിഹിതം എസ്.സി.എസ്.പി വിഹിതം, റ്റി.എസ്.പി വിഹിതം എന്നിവ ഉൾപ്പെടുന്ന തുകയുടെ 5% തുക വൃദ്ധർ, പാലിയേറ്റീവ് കെയർ എന്നിവർക്കുള്ള പ്രത്യേക പദ്ധതിക്കായി വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തേണ്ടതായിട്ടുണ്ട്.

തദ്ദേശഭരണ സ്ഥാപനങ്ങൾ വൃദ്ധർ, പാലിയേറ്റീവ് കെയർ വിഭാഗത്തിൽ വാർഷിക പദ്ധതിയിൽ വകയിരുത്തേണ്ടതും വകയിരുത്തിയതുമായ തുകയുടെ വിശദാംശങ്ങൾ പട്ടിക: 6.1.8 (5) ൽ ചേർക്കുന്നു.

പട്ടിക: 6.1.8 (5)
വൃദ്ധർ, പാലിയേറ്റീവ് കെയർ – വകയിരുത്തൽ

(തുക ലക്ഷത്തിൽ)

തദ്ദേശഭരണ സ്ഥാപനം	വകയിരുത്തേണ്ട തുക	വകയിരുത്തിയ തുക
ഗ്രാമ പഞ്ചായത്ത്	1182.77	1347.33
ബ്ലോക്ക് പഞ്ചായത്ത്	399.64	408.04
മുനിസിപ്പാലിറ്റി	197.53	207.43
കോർപ്പറേഷൻ	1244.20	1245.03
ജില്ലാ പഞ്ചായത്ത്	531.77	532.20

{അവലംബം: ഐ.കെ.എം, സുലേഖ സോഫ്റ്റ്‌വെയർ (30.11.2017 ൽ എടുത്ത ഡേറ്റാ)}

വികസന ഫണ്ട് (സാധാരണവിഹിതം + എസ്.സി.എസ്.പി + റ്റി.എസ്.പി) വിഹിതത്തിന്റെ അടിസ്ഥാനത്തിൽ തദ്ദേശഭരണസ്ഥാപനങ്ങൾ വൃദ്ധർ, പാലിയേറ്റീവ് കെയർ വിഭാഗത്തിന് വകയിരുത്തിയ തുകയുടെ ശതമാനാടിസ്ഥാനത്തിലുള്ള വിശദാംശങ്ങൾ പട്ടിക: 6.1.8 (6) ൽ ചേർക്കുന്നു.

പട്ടിക: 6.1.8 (6)
വൃദ്ധർ, പാലിയേറ്റീവ് കെയർ – വകയിരുത്തൽ ശതമാനാടിസ്ഥാനത്തിൽ

തദ്ദേശഭരണ സ്ഥാപനം	തദ്ദേശഭരണ സ്ഥാപനങ്ങളുടെ എണ്ണം/ വകയിരുത്തിയ തുക ശതമാനാടിസ്ഥാനത്തിൽ			
	5–7%	7–9%	9–11%	11 ശതമാനത്തിനു മുകളിൽ
ഗ്രാമ പഞ്ചായത്ത്	50	14	9	–
ബ്ലോക്ക് പഞ്ചായത്ത്	9	2	–	–
മുനിസിപ്പാലിറ്റി	4	–	–	–
കോർപ്പറേഷൻ	–	1	–	–
ജില്ലാ പഞ്ചായത്ത്	–	1	–	–

{അവലംബം: ഐ.കെ.എം, സുലേഖ സോഫ്റ്റ്‌വെയർ (30.11.2017 ൽ എടുത്ത ഡേറ്റാ)}

- വൃദ്ധർ, പാലിയേറ്റീവ് കെയർ എന്നീ വിഭാഗക്കാർക്കായി പള്ളിക്കൽ ഗ്രാമപഞ്ചായത്ത് വാർഷിക പദ്ധതിയിൽ വകയിരുത്തിയിരിക്കുന്ന തുക വികസന ഫണ്ട് വിഹിതത്തിന്റെ 11.49% ആണ്. ഇലകമൺ ഗ്രാമപഞ്ചായത്തിന്റെ വകയിരുത്തൽ 10.94 ശതമാനവും ആര്യൻകോട് ഗ്രാമപഞ്ചായത്തിന്റെ വകയിരുത്തൽ 10.85% ആണ്. ജില്ലയിലെ 9 ഗ്രാമപഞ്ചായത്തുകളുടെ ഈ വിഭാഗത്തിലെ വകയിരുത്തൽ 5% മാത്രമാണ്.
- ബ്ലോക്ക് പഞ്ചായത്തുകളിൽ പാറശ്ശാല ബ്ലോക്ക് പഞ്ചായത്തിന്റെ വകയിരുത്തൽ വികസന ഫണ്ട് വിഹിതത്തിന്റെ 8.44 ശതമാനവും പെരുങ്കടവിള ബ്ലോക്കിന്റേത് 8.14 ശതമാനവും ആണ്. എന്നാൽ കിളിമാനൂർ, വർക്കല, പോത്തൻകോട്, വെള്ളനാട് ബ്ലോക്ക് പഞ്ചായത്തുകളുടെ വകയിരുത്തൽ 5% മാത്രമാണ്.
- മുനിസിപ്പാലിറ്റികളിൽ നെയ്യാറ്റിൻകര മുനിസിപ്പാലിറ്റി വയോജനങ്ങൾക്കായി വാർഷിക പദ്ധതിയിൽ വകയിരുത്തിയ തുക വികസന ഫണ്ട് വിഹിതത്തിന്റെ 6.91% ആണ്. എന്നാൽ നെടുമങ്ങാട് മുനിസിപ്പാലിറ്റിയുടെ വകയിരുത്തൽ 5.45% മാത്രമാണ്.

- തിരുവനന്തപുരം കോർപ്പറേഷൻ വയോജനങ്ങൾക്കായി വാർഷിക പദ്ധതിയിൽ വകയിരുത്തിയിരിക്കുന്ന തുക വികസന ഫണ്ട് വിഹിതത്തിന്റെ 8.59% ആണ്. ജില്ലാ പഞ്ചായത്തിന്റേത് 7.57 ശതമാനവും ആകുന്നു.

6.1.9. സംയുക്ത പ്രോജക്ട്

2017–18 വാർഷിക പദ്ധതി ആസൂത്രണ മാർഗ്ഗരേഖ നിർദ്ദേശം അനുസരിച്ച് തദ്ദേശഭരണസ്ഥാപനങ്ങളുടെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തേണ്ട സംയുക്ത പ്രോജക്ടുകളെക്കുറിച്ച് ചർച്ച ചെയ്യുന്നതിനായി തദ്ദേശഭരണസ്ഥാപന സെക്രട്ടറിമാരുടേയും അദ്ധ്യക്ഷൻമാരുടേയും പ്രത്യേക യോഗം ജില്ലാ ആസൂത്രണസമിതി വിളിച്ചുചേർക്കുകയും ചുവടെ പറയുന്ന പ്രോജക്ടുകൾ സംയുക്ത പ്രോജക്ടുകളായി വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് നിർദ്ദേശിക്കുകയും ചെയ്തു.

1. മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ്
2. പാലിന് സബ്സിഡി
3. ജലശ്രീ – ജലസംരക്ഷണ പ്രവർത്തനങ്ങൾ
4. ജൈവസമൃദ്ധി– ജൈവ പച്ചക്കറികൃഷി

ത്രിതല പഞ്ചായത്തുകൾ സംയുക്തമായി ജില്ലയിലെ മാനസിക വെല്ലുവിളി നേരിടുന്ന 2386 കുട്ടികൾക്ക് 2017–18 വർഷം 26500 രൂപ വീതം സ്കോളർഷിപ്പ് നൽകുന്നതിനായി ത്രിതലപഞ്ചായത്തുകൾ 6,32,29,000 രൂപയുടെ സംയുക്ത പ്രോജക്റ്റ് തയ്യാറാക്കിയിട്ടുണ്ട്. ഗ്രാമപഞ്ചായത്ത് 50 ശതമാനം തുകയും ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകൾ 25 ശതമാനം തുക വീതവും വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. പ്രോജക്ട് നിർവ്വഹണം ഗ്രാമപഞ്ചായത്തുകൾക്കാണ്. പ്രസ്തുത പദ്ധതിക്കായി ജില്ലാ പഞ്ചായത്ത് 1,58,07,250 രൂപ വാർഷിക പദ്ധതിയിൽ നീക്കിവച്ചിട്ടുണ്ട്.

ക്ഷീര സംഘങ്ങളിൽ പാൽ എത്തിക്കുന്ന ക്ഷീരകർഷകർക്ക് ഒരു ലിറ്റർ പാലിന് 3 രൂപ നൽകുന്ന പ്രോജക്ട് –(ഗ്രാമ–ബ്ലോക്ക്– ജില്ലാ പഞ്ചായത്തുകൾ ലിറ്ററിന് 1 രൂപ വീതം) പാലിന് സബ്സിഡി സംയുക്ത പ്രോജക്ടായി വാർഷിക പദ്ധതിയിൽ ഏറ്റെടുത്തിട്ടുണ്ട്. പ്രോജക്ട് നിർവ്വഹണം ഗ്രാമപഞ്ചായത്തുകൾക്കാണ്.

ജില്ലയിലെ തോടുകൾ, കുളങ്ങൾ, കിണറുകൾ എന്നിവയെ സംരക്ഷിക്കാൻ കിണർ റീ–ചാർജ്ജ് ചെയ്യൽ, ജലാശയങ്ങൾ സംരക്ഷിക്കൽ, നദികളിൽ തടയണകൾ നിർമ്മിക്കൽ തുടങ്ങിയ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിനായി ജലശ്രീ– ജലസംരക്ഷണം എന്ന പേരിൽ സംയുക്ത പ്രോജക്ട് ത്രിതല പഞ്ചായത്തുകളും നഗരഭരണസ്ഥാപനങ്ങളും സംയുക്തമായി നടപ്പിലാക്കുന്നതിനും വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

ജൈവ പച്ചക്കറികൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി ത്രിതല പഞ്ചായത്തുകൾ ജൈവസമൃദ്ധി എന്ന പേരിൽ ജൈവ പച്ചക്കറികൃഷി പ്രോജക്ട് സംയുക്ത പ്രോജക്ടായി വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

6.1.10. നൂതന പ്രോജക്ടുകൾ

തദ്ദേശഭരണസ്ഥാപനങ്ങൾക്ക് പ്രദേശിക വികസന പ്രശ്നങ്ങളുടെ പ്രത്യേകതകൾ വിശകലനം ചെയ്ത് പ്രശ്നപരിഹാരത്തിനായി അതാതിടങ്ങളിലെ വിഭവസാധ്യതകൾക്കനുസരിച്ച് പ്രോജക്ട് രൂപീകരിച്ച് വാർഷികപദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനുള്ള അവസരം 2017–18 വാർഷിക പദ്ധതി രൂപീകരണ മാർഗ്ഗരേഖ നൽകിയിരുന്നു. തദ്ദേശഭരണസ്ഥാപനങ്ങളുടെ വിഭവ സാധ്യതകൾക്കനുസരിച്ച് പ്രദേശിക പ്രശ്നങ്ങളുടെ പരിഹാരത്തിനായി നൂതന പ്രോജക്ടുകൾ രൂപീകരിക്കുന്നതിനുള്ള അവസരം നൽകിയിട്ടും തദ്ദേശഭരണസ്ഥാപനങ്ങൾ ഈ അവസരം ഒട്ടുംതന്നെ ഉപയോഗപ്പെടുത്തിയില്ല എന്ന് വിലയിരുത്താവുന്നതാണ്.

ജില്ലയിലെ താഴെ പറയുന്ന തദ്ദേശഭരണസ്ഥാപനങ്ങൾ മാത്രമാണ് നൂതന പ്രോജക്ട് തയ്യാറാക്കി ജില്ലാ ആസൂത്രണ സമിതിയുടെ അംഗീകാരം നേടിയിട്ടുള്ളത്. വിശദാംശങ്ങൾ പട്ടിക :6.1.10 (1) ൽ ചേർക്കുന്നു.

പട്ടിക: 6.1.10 (1)
നൂതന പ്രോജക്ട് തയ്യാറാക്കി ജില്ലാ ആസൂത്രണ സമിതി അംഗീകാരം നേടിയ തദ്ദേശഭരണസ്ഥാപനങ്ങൾ

തദ്ദേശഭരണ സ്ഥാപനത്തിന്റെ പേര്	പ്രോജക്ടിന്റെ പേര്	അടങ്കൽ തുക
വർക്കല നഗരസഭ	സമ്പൂർണ്ണ മാലിന്യ ശുചിത്വ പരിപാലന പദ്ധതി	68,59,500/-
വെള്ളനാട് ബ്ലോക്ക് പഞ്ചായത്ത്	തേൻ ഗ്രാമം	34,62,500/-
	ഗ്രോബാഗും തിരിനനയും	22,80,000/-
കൊല്ലയിൽ ഗ്രാമ പഞ്ചായത്ത്	പരാതി പരിഹാര അദാലത്ത്	50,000/-

(അവലംബം: ഐ.കെ.എം, സുലേഖ സോഫ്റ്റ്‌വെയർ)

6.1.11 തദ്ദേശഭരണസ്ഥാപനതല കായിക വികസനം

ആരോഗ്യകരമായ കായിക സംസ്കാരത്തിന്റെ വികസനം, യുവജനങ്ങളുടെ ശാരീരിക മാനസിക ആരോഗ്യം വർദ്ധിപ്പിക്കുക, യുവജനക്ലബ്ബുകൾ തമ്മിലുള്ള സഹകരണം വിപുലീകരിക്കുക, യൂത്ത് ക്ലബ്ബുകളും തദ്ദേശഭരണസ്ഥാപനങ്ങളും തമ്മിലുള്ള സഹകരണം സാധ്യമാക്കുക, ഗ്രാമ/ വാർഡ് സഭകളുടെ പ്രവർത്തനം മെച്ചപ്പെടുത്തുക എന്നീ ലക്ഷ്യത്തോടെ 2017-18 വാർഷിക പദ്ധതിയിൽ തദ്ദേശഭരണസ്ഥാപനതല കായിക വികസനം സാധ്യമാക്കുന്നതിനുള്ള പ്രോജക്ടുകൾ തദ്ദേശഭരണസ്ഥാപനങ്ങൾക്ക് രൂപീകരിക്കാവുന്നതാണെന്ന് പദ്ധതി രൂപീകരണ മാർഗ്ഗ രേഖ നിർദ്ദേശിച്ചിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ എല്ലാ തദ്ദേശഭരണസ്ഥാപനങ്ങളും തദ്ദേശഭരണസ്ഥാപനതല കായിക മത്സരം സംഘടിപ്പിക്കുന്നതിനും ടീം രൂപീകരിക്കുന്നതിനുമായി പ്രോജക്ടുകൾ 2017-18 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഇതിനോടനുബന്ധിച്ച് എല്ലാ തദ്ദേശഭരണസ്ഥാപനങ്ങളിലും യുവജന ഏകോപന സമിതികളും രൂപീകരിച്ചിട്ടുണ്ട്.

സംഗ്രഹം

- 12-ാം പദ്ധതിയെ അപേക്ഷിച്ച് തദ്ദേശഭരണസ്ഥാപനങ്ങൾ തയ്യാറാക്കിയ സ്റ്റാറ്റസ് റിപ്പോർട്ടിൽ മേഖലകളുടെ സ്ഥിതിവിവരക്കണക്കുകളും വിഷയമേഖലയുടെ നിലവിലെ അവസ്ഥയും പ്രശ്നങ്ങളും അവയുടെ ലഘുഗുരുത്വ സ്വഭാവവും ഉൾപ്പെടുത്തിയിട്ടുണ്ട്. എന്നാൽ അത് പൂർണ്ണതയിൽ എത്തിയിട്ടില്ല.
- ഗ്രാമസഭ/ വാർഡ്സഭ പങ്കാളിത്തം ഉയർത്തുന്നതിന് തദ്ദേശഭരണസ്ഥാപനങ്ങൾക്ക് കഴിഞ്ഞിട്ടില്ല. ഗ്രാമസഭകളിലെ ശരാശരി പങ്കാളിത്തം 12.35 ശതമാനവും വാർഡ് സഭകളിലേത് 11.46 ശതമാനവും ആണ്.
- തദ്ദേശഭരണസ്ഥാപനങ്ങളിൽ രൂപീകരിച്ചിട്ടുള്ള ആസൂത്രണസമിതികൾ പദ്ധതി രൂപീകരണവുമായി ബന്ധപ്പെട്ട് തദ്ദേശഭരണസ്ഥാപനങ്ങളെ സഹായിച്ചിട്ടുണ്ട്. വെള്ളനാട് ഗ്രാമപഞ്ചായത്ത് ഒഴികെയുള്ള എല്ലാ തദ്ദേശഭരണസ്ഥാപനങ്ങളും സർക്കാർ നിശ്ചയിച്ച തീയതിക്കുള്ളിൽ വാർഷിക പദ്ധതിക്ക് ജില്ലാ ആസൂത്രണസമിതിയിൽ നിന്നും അംഗീകാരം നേടിയിട്ടുണ്ട്.
- 2017-18 വാർഷിക പദ്ധതി രൂപീകരണത്തിൽ മറ്റ് സ്രോതസ്സുകളിൽ നിന്നുള്ള വിഭവങ്ങൾ കൂടുതലായി സമാഹരിക്കുന്നതിന് തദ്ദേശഭരണസ്ഥാപനങ്ങൾക്ക് കഴിഞ്ഞിട്ടില്ല. വാർഷിക പദ്ധതി അടങ്കലിന്റെ 83 ശതമാനവും ഉൾപ്പെടുന്നത് പദ്ധതി വിഹിതമാണ്.
- വായ്പാ ബന്ധിത പ്രോജക്ടുകളുമായി ബന്ധപ്പെട്ട് സഹകരണ സ്ഥാപനങ്ങളുടെ വിഭവങ്ങൾ വിനിയോഗിച്ച് പ്രദേശിക സാമ്പത്തിക വികസനം ത്വരിതപ്പെടുത്തുന്നതിന് തദ്ദേശഭരണസ്ഥാപനങ്ങൾക്ക് കഴിഞ്ഞിട്ടില്ല. 57 തദ്ദേശഭരണസ്ഥാപനങ്ങൾ മാത്രമാണ് വായ്പാ ബന്ധിത പ്രോജക്ടുകൾ രൂപീകരിച്ചിട്ടുള്ളത്. ഇതിൽ 7 എണ്ണം (ഗ്രാമപഞ്ചായത്തുകൾ) മാത്രമാണ് സഹകരണസ്ഥാപനത്തിൽ നിന്നുള്ള വായ്പ വിനിയോഗിച്ചിട്ടുള്ളത്.
- തദ്ദേശഭരണസ്ഥാപനങ്ങളുടെ വായ്പാ ബന്ധിത പ്രോജക്ടുകളുടെ 61.33 ശതമാനവും ഉൾപ്പെടുന്നത് ഉത്പാദനമേഖലയിൽ വനിതാ ഘടകപദ്ധതിയിലാണ്. ഇതിൽ 86% ഉത്പാദനമേഖലയിൽ സ്വയംതൊഴിൽ സംരംഭവുമായി ബന്ധപ്പെട്ടതും 14% മൃഗസംരക്ഷണമേഖലയുമായി ബന്ധപ്പെട്ടതുമാണ്.

- 2017–18 വാർഷിക പദ്ധതിയിൽ പദ്ധതി വിഹിതത്തിന്റെ യഥാക്രമം 4.5 ശതമാനവും 1.3 ശതമാനവും മാത്രമാണ് കേന്ദ്ര,സംസ്ഥാനാവിഷ്കൃത പദ്ധതികൾ ഉൾപ്പെടുന്നത്. തദ്ദേശഭരണസ്ഥാപനങ്ങൾ പദ്ധതി രൂപീകരണത്തിൽ സംയോജന സാധ്യതകൾ പൂർണ്ണമായും പ്രയോജനപ്പെടുത്തിയിട്ടില്ല എന്നതാണ് ഇത് വ്യക്തമാക്കുന്നത്.
- നെയ്യാറ്റിൻകര മുനിസിപ്പാലിറ്റി ഒഴികെയുള്ള എല്ലാ തദ്ദേശഭരണസ്ഥാപനങ്ങളും വാർഷിക പദ്ധതിയിൽ തനത്ഫണ്ട് വകയിരുത്തിയിട്ടുണ്ട്. ഇതിൽ 72 തദ്ദേശഭരണ സ്ഥാപനങ്ങൾ മുൻവാർഷിക പദ്ധതിയിൽ ചെലവഴിച്ച തനത് ഫണ്ടിന്റെ 15 ശതമാനത്തിൽ അധികരിച്ച തുകയാണ് തനത് ഫണ്ടായി 2017–18 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്.
- പദ്ധതി രൂപീകരണ മാർഗ്ഗരേഖപ്രകാരം ത്രിതല പഞ്ചായത്തുകൾക്കും നഗരഭരണസ്ഥാപനങ്ങൾക്കും സംയുക്തമായി പ്രോജക്ട് രൂപീകരിക്കാവുന്നതാണ്. ഇത്തരത്തിലുള്ള സംയുക്ത പ്രോജക്ടുകളുടെ സാധ്യത വാർഷിക പദ്ധതിയിൽ തദ്ദേശഭരണസ്ഥാപനങ്ങൾ പ്രയോജനപ്പെടുത്തിയിട്ടില്ല. ജില്ലാ ആസൂത്രണസമിതി നിർദ്ദേശിച്ച ജലശ്രീ ജലസംരക്ഷണ പ്രോജക്ടാണ് ഇത്തരത്തിൽ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള സംയുക്ത പ്രോജക്ട്.
- തദ്ദേശഭരണസ്ഥാപനങ്ങളുടെ മെയിന്റനൻസ് ഗ്രാന്റിലെ സ്പിൽഓവർ ബാധ്യത (53.15%) വികസന ഫണ്ടിനേക്കാൾ (27.91%) കൂടുതലാണ്. പദ്ധതി വിഹിതത്തിലെ ആകെ സ്പിൽ ഓവർ ബാധ്യത (വേൾഡ് ബാങ്ക് തുക ഒഴികെ) 33.39 ശതമാനമാണ്. പശ്ചാത്തല മേഖലയിലാണ് സ്പിൽഓവർ ബാധ്യത കൂടുതലായി കാണുന്നത് (മേഖലാ അടങ്കലിന്റെ 37.17%).
- തദ്ദേശഭരണ സ്ഥാപനങ്ങളിൽ സ്പിൽ ഓവർ ബാധ്യത പൊതുവേ കുറഞ്ഞ് നിൽക്കുന്നത് ബ്ലോക്ക് പഞ്ചായത്തുകൾക്കാണ്.
- തദ്ദേശഭരണസ്ഥാപനങ്ങളുടെ വിഭവവിന്യാസം (8.02 ലക്ഷം രൂപ) സംസ്ഥാന ശരാശരിയിലും (5.82 ലക്ഷം രൂപ) കൂടുതലാണ്. മറ്റ് മേഖലകളെ അപേക്ഷിച്ച് പശ്ചാത്തല മേഖലയിലാണ് നേരിയ തോതിൽ വിഭവങ്ങൾ വിന്യസിച്ചിരിക്കുന്നത് (6.30 ലക്ഷം രൂപ) പശ്ചാത്തല മേഖലയിലെ നേരിയ തോതിലുള്ള വിഭവവിന്യാസം പ്രസ്തുത മേഖലയിലെ പ്രോജക്ടുകളുടെ ബാഹുല്യത്തെ സൂചിപ്പിക്കുന്നു. ഇത് പദ്ധതി നിർവ്വഹണത്തെ സാരമായി ബാധിക്കുകയും സ്പിൽ ഓവർ പദ്ധതികൾ കൂടുന്നതിന് കാരണമാവുകയും ചെയ്യുന്നു. തദ്ദേശഭരണസ്ഥാപനത്തെ ഒറ്റയൂണിറ്റായികണ്ട് പ്രോജക്ടുകൾ രൂപീകരിക്കാതെ വാർഡ് അടിസ്ഥാനത്തിലുള്ള വിഭവ വിഭജനത്തെയാണ് നേരിയ തോതിലുള്ള വിഭവവിന്യാസം വ്യക്തമാക്കുന്നത്. ഇത് പ്രാദേശികാസൂത്രണത്തിന്റെ ഉദ്ദേശലക്ഷ്യങ്ങൾ കൈവരിക്കുന്നതിന് തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് കഴിയാതെ വരുന്നതിന് കാരണമാകുന്നു.
- എസ്.സി.എസ്.പി വിഭാഗത്തിലെ വിഭവവിന്യാസം (10.89 ലക്ഷം രൂപ) പൊതു വിഭാഗത്തേക്കാളും (7.87 ലക്ഷം രൂപ), റ്റി.എസ്.പി വിഭാഗത്തേക്കാളും കൂടുതലാണ് (4.10 ലക്ഷം രൂപ).
- തദ്ദേശഭരണ സ്ഥാപനങ്ങളുടെ വാർഷിക പദ്ധതി അടങ്കലിന്റെ കൂടുതൽ ശതമാനവും സേവന മേഖലയിലും (43.78%) കുറവ് ഉത്പാദന മേഖലയിലുമാണ് (17.54%) വകയിരുത്തിയിരിക്കുന്നത്. എന്നാൽ ബ്ലോക്ക് പഞ്ചായത്തുകൾ പശ്ചാത്തല മേഖലയ്ക്ക് വകയിരുത്തിയതിനേക്കാൾ (22%) കൂടുതൽ തുക ഉത്പാദന മേഖലയ്ക്ക് വകയിരുത്തിയിട്ടുണ്ട് (30.36%).
- തദ്ദേശഭരണസ്ഥാപനങ്ങൾ പദ്ധതി അടങ്കലിന്റെ 43.78% തുക സേവന മേഖലയിലാണ് വകയിരുത്തിയിരിക്കുന്നത്. ഉത്പാദനമേഖലയുടെ 28.50 ശതമാനവും ഉൾപ്പെടുന്നത് വ്യവസായം, സ്വയംതൊഴിൽ സംരംഭങ്ങൾക്കാണ്. പാർപ്പിടത്തിനും വീട് വൈദ്യുതീകരണത്തിനുമായി കൂടുതൽ തുക (21.44%) സേവനമേഖലയിലും ഗതാഗതത്തിനായി കൂടുതൽ തുക (77.54%) പശ്ചാത്തല മേഖലയിലും വകയിരുത്തിയിരിക്കുന്നു. ഗതാഗത മേഖലയിൽ വകയിരുത്തിയ തുകയുടെ 92 ശതമാനവും റോഡിനായിട്ടാണ് വകയിരുത്തിയിട്ടുള്ളത്.

- ഉത്പാദനമേഖലയുടെ 28.50 ശതമാനവും ഉൾപ്പെടുന്ന വ്യവസായം, സ്വയംതൊഴിൽ സംരംഭം എന്ന ഉപമേഖലയുടെ 23.66 ശതമാനവും ചെറുകിട വ്യവസായത്തിനായി നീക്കിവെച്ചിട്ടുണ്ട്. ഇത് ഉത്പാദന മേഖലാ അടങ്കലിന്റെ 6.74% മാത്രമാണ്.
- ഉത്പാദന മേഖലയിൽ കാർഷികമേഖലയേക്കാൾ പ്രാധാന്യം (19.61%) മൃഗസംരക്ഷണ മേഖലയ്ക്കാണ് (27.38%) നൽകിയിരിക്കുന്നത്.
- പൊതുവിഭാഗം വികസനഫണ്ടിന്റെ 30% തുക ഉത്പാദന മേഖലയ്ക്ക് വകയിരുത്തേണ്ട ഗ്രാമപഞ്ചായത്തുകളുടെ പദ്ധതി അടങ്കലിലെ ഉത്പാദന മേഖലാ വകയിരുത്തൽ 12.52 ശതമാനമാണ്. പദ്ധതി രൂപീകരണത്തിൽ ഉത്പാദന മേഖലയ്ക്ക് നൽകുന്ന കുറഞ്ഞ പ്രാധാന്യമാണ് ഇത് വ്യക്തമാക്കുന്നത്. ഉത്പാദന മേഖലയിൽ ബ്ലോക്ക്പഞ്ചായത്തുകൾ ഒഴികെ മറ്റ് എല്ലാ തദ്ദേശഭരണസ്ഥാപനങ്ങളും കാർഷിക മേഖലയേക്കാൾ പ്രാധാന്യം മൃഗസംരക്ഷണ മേഖലയ്ക്കാണ് നൽകിയിട്ടുള്ളത്.
- സേവനമേഖലയിൽ പാർപ്പിടം, വീട് വൈദ്യുതീകരണം (21.44%) കഴിഞ്ഞാൽ കൂടുതൽ തുക വകയിരുത്തിയിരിക്കുന്നത് മാലിന്യ സംസ്ക്കരണത്തിനാണ് (13.97%).
- ഉത്പാദന മേഖലയിലെ മേഖലാനിബന്ധന നിശ്ചയിച്ചിരിക്കുന്നത് പൊതുവിഭാഗം വികസന ഫണ്ടിലാണ്. എന്നിരുന്നാലും തദ്ദേശഭരണ സ്ഥാപനങ്ങൾ എസ്.സി.എസ്.പി, റ്റി.എസ്.പി ഫണ്ട് ഉപയോഗിച്ച് ഉത്പാദന മേഖലയിൽ പ്രോജക്ടുകൾ രൂപീകരിച്ചിട്ടുണ്ട്.

നിർദ്ദേശങ്ങൾ

(എ). പദ്ധതി രൂപീകരണം

- കൃത്യമായ വിവരാടിത്തറയുടെ അടിസ്ഥാനത്തിൽ പ്രശ്നങ്ങൾ വിശകലനം ചെയ്ത് പരിഹാരത്തിനായി പ്രോജക്ടുകൾ രൂപീകരിക്കുമ്പോഴാണ് പദ്ധതി കൃത്യമായി രൂപപ്പെടുത്താൻ കഴിയുന്നത്. അതിനായി തദ്ദേശഭരണ സ്ഥാപനങ്ങൾ സ്റ്റാറ്റസ് റിപ്പോർട്ട് കൃത്യമായ കണക്കുകളുടെ അടിസ്ഥാനത്തിൽ തയ്യാറാക്കേണ്ടതും വർഷാവർഷം പുതുക്കേണ്ടതുമാണ്.
- തദ്ദേശഭരണ സ്ഥാപനങ്ങളുടെ ചുമതല നൽകിയിട്ടുള്ള എക്നോമിക് & സ്റ്റാറ്റിസ്റ്റിക്സ് വകുപ്പിലെ ഉദ്യോഗസ്ഥർ പ്രാദേശികമായ ഡേറ്റാബേസ് തയ്യാറാക്കണമെന്നുള്ള നിർദ്ദേശം നൽകേണ്ടതാണ്.
- സാമ്പത്തിക വർഷാരംഭത്തിൽ തന്നെ തദ്ദേശഭരണ സ്ഥാപനങ്ങൾ പദ്ധതി അംഗീകാരം നേടേണ്ടതാണ്. ഇതിനായുള്ള നിർദ്ദേശങ്ങൾ യഥാസമയം തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് ലഭ്യമാക്കേണ്ടതുണ്ട്.
- വികസന സെമിനാറിൽ എല്ലാനിർവ്വഹണ ഉദ്യോഗസ്ഥരുടേയും പങ്കാളിത്തം ഉറപ്പ് വരുത്തേണ്ടതാണ്. എസ്.സി/എസ്.റ്റി പ്രോമോട്ടർമാർ, ആശാവർക്കർമാർ, യൂത്ത് കോ-ഓഡിനേറ്റർമാർ, സി.ഡി.എസ് പ്രതിനിധികൾ, ധനകാര്യസ്ഥാപന പ്രതിനിധികൾ എന്നിവരുടെ പങ്കാളിത്തം ഉറപ്പ് വരുത്തേണ്ടതാണ്.
- പദ്ധതി രൂപീകരണത്തിനായി പദ്ധതി വിഹിതത്തെ മാത്രം ആശ്രയിക്കാതെ പ്രാദേശികമായി ലഭ്യമാകുന്ന വിഭവങ്ങൾ സമാഹരിക്കുന്നതിനും (ഉദാഹരണം: തനത് ഫണ്ട്, ഗുണഭോക്തൃവിഹിതം, പുറമെ നിന്നുള്ള സഹായം, സന്നദ്ധ സഹായം, ബാങ്ക് വായ്പ തുടങ്ങിയവ) സംയോജന സാധ്യതകൾ പ്രയോജനപ്പെടുത്തുന്നതിനും തദ്ദേശഭരണ സ്ഥാപനങ്ങൾ ശ്രദ്ധിക്കേണ്ടതാണ്. ഇങ്ങനെ വിഹിതം കൂടുതൽ സമാഹരിക്കുന്ന തദ്ദേശഭരണ സ്ഥാപനങ്ങളെ സംസ്ഥാനതലത്തിൽ ആദരിക്കണം. ഇത് മികച്ച പഞ്ചായത്ത്/ നഗരസഭകളെ തെരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡം ആക്കുകയും വേണം.
- ബാങ്കുകളുടേയും സഹകരണ സ്ഥാപനങ്ങളുടേയും വിഭവങ്ങൾ സമാഹരിച്ച് പ്രാദേശിക സാമ്പത്തിക വികസനം ത്വരിതപ്പെടുത്തുന്നതിന് ഉതകുന്ന പ്രോജക്ടുകൾ തയ്യാറാക്കേണ്ടതും ആയതിനായി പദ്ധതി ആസൂത്രണ വേളയിൽ പ്രസ്തുത സ്ഥാപനങ്ങളുമായും സ്റ്റേക്ക് ഹോൾഡർമാരുമായും ഫലപ്രദമായ ചർച്ചകൾ തദ്ദേശഭരണ സ്ഥാപനങ്ങൾ സംഘടിപ്പിക്കേണ്ടതാണ്.

- വികേന്ദ്രീകൃതാസൂത്രണത്തിന്റെ ജീവനാഡികളായ ഗ്രാമസഭകളിലെ പങ്കാളിത്തം ഉയർത്തുന്നതിനായി തദ്ദേശഭരണസ്ഥാപനതലത്തിൽ രൂപീകരിച്ചിട്ടുള്ള യുവജന ഏകോപന സമിതികളുടേയും തദ്ദേശഭരണ സ്ഥാപന പ്രദേശത്തുള്ള യൂത്ത് ക്ലബുകളുടേയും സേവനവും നവമാധ്യമങ്ങളുടെ സാധ്യതയും പ്രയോജനപ്പെടുത്താവുന്നതുമാണ്.
- ഉത്പാദന മേഖലയിൽ തദ്ദേശഭരണ സ്ഥാപനങ്ങൾ മുൻതൂക്കം നൽകിയിരിക്കുന്നത് വ്യവസായം, സ്വയംതൊഴിൽ സംരംഭങ്ങൾക്കാണ്. വായ്പാബന്ധിത പ്രോജക്ടുകളുടെ 85 ശതമാനവും പ്രസ്തുത മേഖലയിലാണ് വരുന്നത്. എന്നാൽ പദ്ധതി നിർവ്വഹണത്തിൽ പ്രസ്തുത മേഖല പിന്നോക്കം നിൽക്കുന്നതായി മനസ്സിലാക്കാവുന്നതാണ്. ആയതിനാൽ വ്യാവസായിക മേഖല മെച്ചപ്പെടുത്തുന്നതിനും സ്വയംതൊഴിൽ സംരംഭങ്ങൾ മെച്ചപ്പെടുത്തുന്നതിനുമായി സ്റ്റേക്ക് ഹോൾഡർമാരുമായും ധനകാര്യ സ്ഥാപന പ്രതിനിധികളുമായും ഫലപ്രദമായ ചർച്ചകൾ പദ്ധതി ആസൂത്രണ വേളയിൽ സംഘടിപ്പിക്കാവുന്നതും നിർവ്വഹണ യോഗ്യമായ പ്രോജക്ടുകൾ രൂപീകരിക്കുന്നതിന് പ്രസ്തുത മേഖലയിലെ വിദഗ്ദ്ധരുടെ (പ്രാദേശികമായി ലഭ്യമാകുന്നതോ അല്ലാതയോ ഉള്ള) സേവനം നേടാവുന്നതാണ്. സംരഭകത്വ പ്രോജക്ടുകൾ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്താവുന്നതാണ്.
- ജില്ലാപദ്ധതി രൂപീകരണത്തിൽ നിന്ന് ലഭ്യമായ കീഴ്ത്തട്ട് നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ വിവിധ വകുപ്പുകളുടെ സഹകരണത്തോടെ കേന്ദ്രസംസ്ഥാന പദ്ധതികളും വാർഷിക പദ്ധതിയുമായി സംയോജിപ്പിക്കുന്നതിനും പ്രോജക്ടുകളുടെ ആവശ്യകതയും പ്രാധാന്യവും വിഭവവും കണക്കാക്കി സംയുക്ത പ്രോജക്ടുകൾ രൂപീകരിക്കുന്നതിനും വേണ്ട നിർദ്ദേശം ജില്ലാ ആസൂത്രണസമിതികൾ നൽകേണ്ടതാണ്.
- പ്രോജക്ടുകൾ സ്പിൽ ഓവർ ആകുന്ന സാഹചര്യം തദ്ദേശഭരണ സ്ഥാപനങ്ങൾ കഴിവതും ഒഴിവാക്കേണ്ടതാണ്.
- നിർവ്വഹണ യോഗ്യമല്ലാത്ത പ്രോജക്ടുകൾ ഒഴിവാക്കേണ്ടതും വിഭവങ്ങളുടെ നേരിയ തോതിലുള്ള വിന്യാസം ഒഴിവാക്കേണ്ടതുമാണ്. പ്രത്യേകിച്ചും പശ്ചാത്തലമേഖലയിൽ.
- എസ്.സി.എസ്.പി/ റ്റി.എസ്.പി ഫണ്ടുകൾ പ്രസ്തുത മേഖലയിലെ അടിസ്ഥാന പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും നിലവിൽ സ്റ്റാറ്റസ് റിപ്പോർട്ടിലും ജില്ലാ പദ്ധതിയിലും കണ്ടെത്തിയിട്ടുള്ള വിടവുകൾ നികത്തുന്നതിനും സാമൂഹിക പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും വിനിയോഗിക്കാവുന്നതാണ്.
- ഗ്രാമ – ബ്ലാക്ക് പഞ്ചായത്തുകളുടെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്താൻ ഉദ്ദേശിക്കുന്ന സംയുക്ത പ്രോജക്ടുകൾ പദ്ധതി രൂപീകരണ സമയത്തു തന്നെ ജില്ലാ ആസൂത്രണ സമിതിയിൽ അറിയിക്കേണ്ടതും അത്തരം സംയുക്ത പ്രോജക്ടുകൾക്ക് വാർഷിക പദ്ധതിയിൽ തുക വകയിരുത്തിയിട്ടുണ്ടെന്ന് ആസൂത്രണ സമിതി ഉറപ്പുവരുത്തേണ്ടതുമാണ്.

(ബി). പദ്ധതി നിർവ്വഹണം

- ഗുണഭോക്തൃ ലിസ്റ്റ് എല്ലാ വർഷവും മെയ് 15 നകം തദ്ദേശഭരണ സ്ഥാപനങ്ങൾ നിർവ്വഹണ ഉദ്യോഗസ്ഥർക്ക് കൈമാറുന്നതിനുള്ള നിർദ്ദേശം നൽകേണ്ടതാണ്.
- അധികാര വികേന്ദ്രീകരണ പ്രവർത്തനങ്ങൾ 21 വർഷം പിന്നിടുമ്പോഴും സ്റ്റാന്റിംഗ് കമ്മിറ്റികൾ പദ്ധതി രൂപീകരണത്തിലും നിർവ്വഹണത്തിലും അവരുടെ ചുമതലകൾ ഫലപ്രദമായി വിനിയോഗിക്കുന്നില്ലായെന്നാണ് മനസ്സിലാകുന്നത്. സർക്കാർ ഉത്തരവുകളെ സംബന്ധിച്ചുള്ള ധാരണ കുറവും സ്റ്റാന്റിംഗ് കമ്മിറ്റിയുടെ പ്രവർത്തനം മോണിറ്ററിംഗ് ചെയ്യുന്നതിനുള്ള സംവിധാനം ഇല്ലാത്തതുമാണ് ഇതിനുള്ള കാരണം. ഗ്രാമപഞ്ചായത്ത് പ്രൊഫോർമൻസ് ഓഡിറ്റ് ടീം തലത്തിലും ബ്ലോക്ക് നഗരസഭകൾക്ക് ജില്ലാതലത്തിലും സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻമാരുടെ പ്രതിമാസം യോഗം നടത്തുകയും നിർവ്വഹണ പുരോഗതി അവലോകനം ചെയ്യുകയുമാണെങ്കിൽ സ്റ്റാന്റിംഗ് കമ്മിറ്റികളുടെ ഇടപെടൽ നിർവ്വഹണ മോണിറ്ററിംഗ് പ്രവർത്തനങ്ങളിൽ സജീവമാക്കുവാൻ കഴിയും. ജില്ലാ ആസൂത്രണ സമിതിയുടെ സാന്നിദ്ധ്യത്തിൽ ആയിരിക്കണം ഈ പ്രവർത്തനം നടത്തേണ്ടത്.

- വാർഷിക പദ്ധതി നിർവ്വഹണ പുരോഗതി വിലയിരുത്തുന്നതിനായി 04.02.2012 ലെ 23/2016/തസ്വഭവ. നമ്പർ ഉത്തരവ് പ്രകാരം എല്ലാ മാസവും 6-ാം മത് പ്രവർത്തി ദിവസം തദ്ദേശഭരണ സ്ഥാപന അദ്ധ്യക്ഷന്റെ നേതൃത്വത്തിൽ നിർവ്വഹണ ഉദ്യോഗസ്ഥരുടെ അവലോകന യോഗം കൂടണമെന്നുള്ളതും തദ്ദേശഭരണ സ്ഥാപനത്തിന്റെ ചുമതല നൽകിയിട്ടുള്ള എക്നോമിക് & സ്റ്റാറ്റിസ്റ്റിക്സ് വകുപ്പിലെ ഉദ്യോഗസ്ഥരെ യോഗത്തിൽ പങ്കെടുപ്പിക്കണമെന്നുള്ളതും നിർബ്ബന്ധമാക്കേണ്ടതാണ്. തദ്ദേശഭരണ സ്ഥാപനതലത്തിൽ തയ്യാറാക്കുന്ന നിർവ്വഹണ കലണ്ടറിന്റെ അടിസ്ഥാനത്തിൽ പദ്ധതി നിർവ്വഹണ പുരോഗതി അവലോകനം ചെയ്യണമെന്നുള്ള നിർദ്ദേശവും നൽകേണ്ടതാണ്.
- ജില്ലാ അസൂത്രണസമിതി പദ്ധതി നിർവ്വഹണ പുരോഗതി അവലോകനം ചെയ്യുന്നതിനായി എല്ലാ മാസവും ബ്ലോക്ക്തല അവലോകന യോഗങ്ങൾ ജില്ലാ ആസൂത്രണസമിതി അംഗങ്ങളുടെ നേതൃത്വത്തിൽ സംഘടിപ്പിക്കേണ്ടതാണ്.

(സി). പദ്ധതി മോണിറ്ററിംഗ്

- പദ്ധതി നിർവ്വഹണത്തിലെ ഓരോ ഘട്ടങ്ങളിലെയും പ്രവർത്തനങ്ങൾ നിശ്ചിത സമയത്തിനുള്ളിൽ പൂർത്തിയാക്കുന്നുണ്ടെന്ന് വർക്കിംഗ് ഗ്രൂപ്പുകൾ ഉറപ്പുവരുത്തണമെന്നുള്ള നിർദ്ദേശം നിലവിൽ കൃത്യമായി പാലിക്കപ്പെടുന്നില്ല. ആയതിനാൽ പദ്ധതി മോണിറ്ററിംഗ് കാര്യക്ഷമമായി കാണിക്കുന്നതിനായി ജില്ലാ ആസൂത്രണസമിതി അംഗങ്ങളെ ചെയർമാൻമാരാക്കികൊണ്ട് ബ്ലോക്ക്തല മോണിറ്ററിംഗ് കമ്മിറ്റികൾ രൂപീകരിക്കേണ്ടതാണ്.
- സാമൂഹ്യാധിഷ്ഠിത ഓഡിറ്റ് നിർബന്ധമാക്കേണ്ടതാണ്.

  അധികാര വികേന്ദ്രീകരണത്തിന്റെ അടിസ്ഥാന തത്വങ്ങളിൽ പ്രധാനമായും സുതാര്യത, ഭരണപരമായ സ്വാതന്ത്ര്യം, വിവിധ തദ്ദേശഭരണസ്ഥാപനങ്ങൾ തമ്മിലുള്ള ഏകോപനം തുടങ്ങിയവയിൽ എല്ലാംതന്നെ ദീർഘവീക്ഷണത്തോടെ ഇടപെടാൻ കേരളത്തിന് സാധിച്ചിട്ടുണ്ടെങ്കിലും പദ്ധതി ആസൂത്രണത്തിലെ ജനപങ്കാളിത്തമില്ലായ്മയും, വിവരാടിത്തറയുടെ അഭാവവും, ഉത്പാദനമേഖലയുടെ ശോഷണവും വിവിധ പദ്ധതികൾ ഏകോപിപ്പിക്കുന്നതിനും സംയോജനസാധ്യതകൾ പ്രയോജനപ്പെടുത്തുന്നതിലുള്ള പരാജയവും പ്രാദേശികമായി ലഭ്യമാകുന്ന വിഭവസമാഹരണത്തിലെ താല്പര്യമില്ലായ്മയും തദ്ദേശഭരണസ്ഥാപനങ്ങളുടെ പദ്ധതി ആസൂത്രണത്തേയും നിർവ്വഹണത്തേയും ഉദ്ദേശിച്ച രീതിയിലുള്ള ഫലപ്രാപ്തിയിൽ എത്താൻ കഴിയാത്ത അവസ്ഥയിലെത്തിക്കുന്നു. ഈ പോരായ്മകൾ പരിഹരിക്കുന്നതിനും പദ്ധതി ആസൂത്രണത്തിന് ദിശാബോധം നൽകാൻ ഉദ്ദേശിക്കുന്നതുമാണ് ജില്ലാ പദ്ധതി.

6.2. വാർഷിക പദ്ധതി അവലോകനം-2017-18- മേഖലാടിസ്ഥാനത്തിൽ

6.2.1.കൃഷി - നീർത്തട വികസനം

കാർഷിക മേഖലയുടെ ഉന്നമനത്തിനായി ജില്ലാ പഞ്ചായത്ത് 268.27 ലക്ഷം രൂപയുടെ 19 പദ്ധതികൾക്കാണ് രൂപം നൽകിയിട്ടുള്ളത്. 11 ബ്ലോക്കുപഞ്ചായത്തുകളിലായി 418.87 ലക്ഷം രൂപയുടെ 59 പദ്ധതികൾ നടപ്പിലാക്കി വരുന്നു. 166.83 ലക്ഷം രൂപയുടെ 32 പദ്ധതികളാണ് നാല് മുനിസിപ്പാലിറ്റികളിലായി നടപ്പാക്കുന്നത്. 73 ഗ്രാമപഞ്ചായത്തുകളിലായി 1525 ലക്ഷം രൂപയുടെ 607 പദ്ധതികൾക്കാണ് നടപ്പുവർഷം അംഗീകാരം ലഭിച്ചിട്ടുള്ളത്. ഇതിൽ ഭൂരിഭാഗം പ്രോജക്ടുകളിലും അത്യാവശ്യം വേണ്ട വിവരങ്ങൾ രേഖപ്പെടുത്തിയിട്ടില്ല. ഉദാഹരണത്തിന് നിലവിലെ വിള വിസ്തൃതി, ഉല്പാദനം, ഉല്പാദന ക്ഷമത എത്രയെന്നോ, അവ എത്രയായി വർദ്ധിപ്പിക്കാമെന്നോ രേഖപ്പെടുത്തിയിട്ടില്ല. പദ്ധതിപ്രവർത്തനം ഏത് രീതിയിൽ ആര് എപ്പോൾ എങ്ങനെ നടത്തും എന്നും വ്യക്തമല്ല. വാങ്ങുന്ന സാധനങ്ങളെ സംബന്ധിച്ച് വ്യക്തതയില്ലാത്ത പ്രോജക്ടുകളാണ് ഭൂരിഭാഗവും. നിലവിൽ ഓരോ പഞ്ചായത്തിലേയും വിവിധ കാർഷിക പദ്ധതികൾ ഗ്രാമ, ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകൾ വഴി ആസൂത്രണം ചെയ്ത് നടപ്പിലാക്കുന്നുണ്ടെങ്കിലും, പദ്ധതിയ്ക്ക് അംഗീകാരം ലഭിക്കുമ്പോഴും ഉപഭോക്താക്കളെ കണ്ടെത്തുമ്പോഴും വിളകളുടെ സീസൺ കഴിയാറാണ് പതിവ്. അതുകൊണ്ട്

തന്നെ പദ്ധതികളുടെ ഉദ്ദേശലക്ഷ്യം പൂർണ്ണതോതിൽ കൈവരിക്കാൻ സാധിക്കാറില്ല. നിലവിൽ വിളകളുടെ ഉല്പാദനവും ഉല്പാദനക്ഷമതയും വർദ്ധിപ്പിക്കുന്നതിനുള്ള പദ്ധതികളാണ് കൂടുതലും ആവിഷ്കരിച്ച് നടപ്പിലാക്കുന്നത്. എന്നാൽ കാർഷിക ഉല്പന്നങ്ങളുടെ വിപണനം, മൂല്യവർദ്ധിത ഉല്പന്നങ്ങളുടെ നിർമ്മാണം എന്നിവ ലക്ഷ്യമാക്കിക്കൊണ്ടുള്ള പദ്ധതികൾ കുറവാണ്. കൃഷി അനുബന്ധമേഖലകളുടെ പദ്ധതികൾ വെവ്വേറെ തയ്യാറാക്കി നടപ്പിലാക്കുന്നതുകൊണ്ട് ജില്ലയിൽ സംയോജിത കൃഷി എന്ന ആശയം പ്രാവർത്തികമാക്കാൻ കഴിഞ്ഞിട്ടില്ല. വർദ്ധിച്ച കൂലി ചെലവ് കുറയ്ക്കുന്നതിന് ഉതകുന്ന പദ്ധതികളും ആവിഷ്കരിച്ച് നടപ്പിലാക്കാനായി സാധിച്ചിട്ടില്ല. അതുപോലെ നൂതന ആശയ പ്രോജക്ടുകളും കുറവാണ്. കേന്ദ്ര–സംസ്ഥാന പദ്ധതികളുടെയും തദ്ദേശ സ്വയം ഭരണ സ്ഥാപന പദ്ധതികളുടെയും സബ്സിഡി മാനദണ്ഡത്തിൽ ഉള്ള വ്യത്യാസം പദ്ധതി നിർവ്വഹണത്തെ ബാധിക്കാറുണ്ട്.

(എ). ഗ്രാമ പഞ്ചായത്ത് പ്രോജക്ടുകൾ

പട്ടിക: 6.2.1.1

ഗ്രാമ പഞ്ചായത്ത് പ്രോജക്ടുകൾ (തുക ലക്ഷത്തിൽ)

ഗ്രാമപഞ്ചായത്തിന്റെ പേര്	നെല്ല്	തെങ്ങ്	വാഴ	പച്ചക്കറി	കിഴങ്ങുവർഗ്ഗവിളകൾ	മറ്റുവിളകൾ	ജലസേചനം	യന്ത്രവത്കരണം	മറ്റുള്ളവ	ആകെ
പോത്തൻകോട് ബ്ലോക്ക് – ഗ്രാമപഞ്ചായത്ത് പ്രോജക്ടുകൾ										
അഴൂർ	3	0.05	4.87	2.383					2.56	12.87
മംഗലപുരം	3.12		1.87	5.06	8.75			1.08		19.88
കഠിനംകുളം				4.21	2.01	0.3	2.5		0.75	9.77
പോത്തൻകോട്	0.731	16.53		4.49	1.81		1		1.37	25.94
അണ്ടൂർക്കോണം	11.1	1.53		6.84		1.08				20.55
ആകെ	18	18.11	6.74	22.98	12.58	1.38	3.5	1.08	4.684	89.01
നെയ്യാറ്റിൻകര ബ്ലോക്ക് – ഗ്രാമപഞ്ചായത്ത് പ്രോജക്ടുകൾ										
അതിയന്നൂർ	0.5	4.65	4	6.90	1.5		1.7			19.25
കരുംകുളം		1.17	0.44	3.99			1		3	9.60
കാഞ്ഞിരംകുളം			3.26	3.75			3			10.00
കോട്ടുകാൽ		4.11	1.65	2.42				3.8		11.97
വെങ്ങാനൂർ				2.65	6	4.86				13.51
ആകെ	0.5	9.92	9.34	19.70	7.5	4.86	5.7	3.8	3	64.339
പാറശ്ശാല ബ്ലോക്ക് – ഗ്രാമപഞ്ചായത്ത് പ്രോജക്ടുകൾ										
പാറശ്ശാല	3.09	1.24	4.72	13.90	4.81	7.98	4.6		12.1	52.42
കാരോട്	1.15	5.61		2.98					1	10.74
ചെങ്കൽ	14.05			4.2						18.25
കുളത്തൂർ	4.63	4.06		5.24			4.00		2.43	20.36
തിരുപുറം	2.53			2.81						5.34
പൂവാർ	0.69	1.96		3.24		0.50	2.2		0.5	9.09
ആകെ	26.1	12.86	4.715	32.376	4.81	8.48	10.8	0	16.03	116.2
പുളിമാത്ത് ബ്ലോക്ക് – ഗ്രാമപഞ്ചായത്ത് പ്രോജക്ടുകൾ										
പുളിമാത്ത്	9.49			1.80			1.00	1.00		13.29
നഗരൂർ	22.37	1.32	1.25	3.24		2.71				30.88
കരവാരം	18.56	6.66		3.29	2.00	2.66		0.50		33.67
നാവായിക്കുളം	14.37	1.5	7.7	3.02	2.89		1.00			30.48
കിളിമാനൂർ	6.55		3.5	5.13	1.25			3.75		20.19
പള്ളിക്കൽ	9.20			3.26		2.1				14.56
മടവൂർ	13.85		2.42	4.67	1.7	2.51				25.14
പഴയകുന്നുമേൽ	4.35	1.04	10.00	7.83	1.71	2.80			0.57	28.28
ആകെ	98.7	10.51	24.87	32.23	9.548	12.8	2.00	5.25	0.57	196.48
കാട്ടാക്കട ബ്ലോക്ക് – ഗ്രാമപഞ്ചായത്ത് പ്രോജക്ടുകൾ										
വെള്ളനാട്		1.00		6.01	4.45	2.28	5.00		4.09	22.83
പൂവച്ചൽ		12.5	5.30	10.85	5.25	0.50	5.70		1.00	41.10
ആര്യനാട്		4.55		6.01	4.45	2.28	4.00		4.09	25.38
വിതുര		12.00	4.70	7.85		10.34		5.00	0.40	40.29
കുറ്റിച്ചൽ		0.25	0.25	3.25	0.25	1.75			1.50	7.25
ഉഴമലയ്ക്കൽ	1.74	2.80	2.20	1.98		0.75	0.75		0.84	11.06
തൊളിക്കോട്	1.57	2.42	3.05	9.56	2.63	5.25	1.00		0.50	25.98
കാട്ടാക്കട	3.00	3.00	2.50	3.10	3.50	1.00	1.00	3.00		20.10
ആകെ	6.31	38.52	18.00	48.61	20.53	24.20	17.45	8.00	12.42	193.99

നെടുമങ്ങാട് ബ്ലോക്ക് – ഗ്രാമപഞ്ചായത്ത് പ്രോജക്ടുകൾ										
കരകുളം	0.25	2.83	2.99	4.25	2.28	3.24	4.00			19.84
അരുവിക്കര	0.64	5.96	1.02	4.57	4.02	0.35			5.04	21.60
വെമ്പായം	1.36	1.25		4.65	11.31	3.00	5.00	0.59	0.30	27.46
ആനാട്	1.99	12.39	4.37	18.01	2.00	4.8				43.56
പനവൂർ		3.58	1.12	4.3		1.54	2.25		0.50	13.29
ആകെ	4.24	26.01	9.50	35.78	19.61	12.90	11.25	0.59	5.84	125.75
ആര്യങ്കോട് ബ്ലോക്ക് – ഗ്രാമപഞ്ചായത്ത് പ്രോജക്ടുകൾ										
വെള്ളറട	0.50		5.00	6.58			23.00	2.00	3.75	40.83
കുന്നത്തുകാൽ	0.77	1.53	17.00	3.00		1.00	2.70	1.80		27.8
കൊല്ലയിൽ	7.40			7.50		2.10				17.00
പെരുങ്കടവിള	0.34		1.80	2.98		2.00	3.20	10.80	0.50	21.62
ആര്യങ്കോട്			2.46	3.60		0.61	3.20			9.87
ഒറ്റശേഖരമംഗലം		2.87	3.40	7.60			12.00			25.87
കള്ളിക്കാട്	0.31			13.85			1.26		0.80	16.21
അമ്പൂരി			0.99	2.46	0.50	2.82			0.50	7.27
ആകെ	9.31	4.40	30.65	47.57	0.50	8.53	45.36	14.60	5.55	166.48
ആറ്റിങ്ങൽ ബ്ലോക്ക് – ഗ്രാമപഞ്ചായത്ത് പ്രോജക്ടുകൾ										
ചിറയിൻകീഴ്	6.60	3.38	0.56	3.50	1.00	0.50			0.35	15.89
കടയ്ക്കാവൂർ	5.47	6.06	1.26	3.30	1.30	0.37				17.76
വക്കം		1.89	0.81	9.59	0.90					13.19
അഞ്ചുതെങ്ങ്		8.62	2.12	4.73	1.90					17.37
കിഴുവിലം	23.86	5.75	4.64	3.24	1.93					39.42
മുദാക്കൽ	1.90	7.00	2.00	7.59		4.00	12.00			34.49
ആകെ	37.80	32.70	11.39	31.95	7.03	4.87	12.00	0	0.35	138.12
വർക്കല ബ്ലോക്ക് – ഗ്രാമപഞ്ചായത്ത് പ്രോജക്ടുകൾ										
വെട്ടൂർ		4.77	0.70	3.89	0.70	1.26	2.80		7.85	21.97
ചെറുന്നിയൂർ	3.07	0.50	1.20	3.99	1.40	0.50	0.50	0.86	1.50	13.52
ഇടവ	1.76	2.54		7.67		0.50		3.00	0.75	16.22
ഇലകമൺ	1.18	2.87	1.84	2.58					7.35	15.82
ചെമ്മരുതി	7.36	5.00	2.00	6.38		0.50			0.32	21.56
മണമ്പൂർ	7.26	3.10	0.48	5.06	2.24					18.14
ഒറ്റൂർ	8.80			3.38		1.00			1.87	15.05
ആകെ	29.40	18.78	6.22	32.95	4.34	3.76	3.30	3.86	19.64	122.28
പള്ളിച്ചൽ ബ്ലോക്ക് – ഗ്രാമപഞ്ചായത്ത് പ്രോജക്ടുകൾ										
മാറനല്ലൂർ	0.38	7.43	1.28	3.24	0.61	2.02			0.67	15.62
ബാലരാമപുരം	0.56	6.46	6.13	10.73						23.87
പള്ളിച്ചൽ		2.25	6.00	3.25		1.00	1.00		1.00	14.50
മലയിൻകീഴ്	1.76	1.78	1.50	4.76	4.00	0.56	2.00			16.37
വിളപ്പിൽ		2.94	0.79	4.29	0.50	0.02	2.00		1.35	11.89
വിളവൂർക്കൽ	0.58	2.18	3.39	4.73	0.25		3.40		0.80	15.32
കല്ലിയൂർ	3.51	0.45		2.76			14.92			21.63
ആകെ	6.79	23.49	19.08	33.76	5.36	3.60	23.32	0.00	3.82	119.21
വാമനപുരം ബ്ലോക്ക് – ഗ്രാമപഞ്ചായത്ത് പ്രോജക്ടുകൾ										
വാമനപുരം	2.30			4.12	2.00		10.00		7.50	25.91
കല്ലറ	0.93	5.50	4.08	11.47	5.14	8.00	4.50			39.62
പാങ്ങോട്	0.35	5.17		8.64	0.37	0.77				15.30
മാണിക്കൽ	1.83	12.14	5.21	4.52	1.05	1.64	2.50		2.00	30.89
പെരിങ്ങമല	5.14		7.59	3.24	3.00					18.97
നെല്ലനാട്	5.76	1.40	4.22	0.96		0.60	13.00		1.00	26.94
പുല്ലമ്പാറ	1.86	1.00	9.50	3.50		4.40		2.60	0.00	22.86
നന്ദിയോട്	2.89	2.43	0.90	4.87					1.40	12.49
ആകെ	21.06	27.64	31.49	41.32	11.56	15.41	30.00	2.60	11.90	192.98
ആകെ (11 ബ്ലോക്ക്)	258.29	222.96	172.00	379.24	103.36	100.74	164.68	39.78	83.80	1524.84

73 ഗ്രാമപഞ്ചായത്തുകളിലും ഉല്പാദന മേഖലയിൽ പ്രോജക്ട് വച്ചിട്ടുള്ളതായി കാണാം. നെല്ല്, തെങ്ങ്, വാഴ, പച്ചക്കറി, കിഴങ്ങുവർഗ്ഗം എന്നീ വിളകളുടെ വികസനം ലക്ഷ്യമാക്കിയുള്ള പ്രോജക്ടുകളാണ് മിക്ക പഞ്ചായത്തുകളും തയ്യാറാക്കിയിട്ടുള്ളത്. ഉല്പാദനോപാദികൾ വിതരണം ചെയ്യുന്നതുമായി ബന്ധപ്പെട്ടവയാണ് അവയിൽ മിക്കതും. സുഗന്ധവ്യഞ്ജനവിളകളുടെ വികസനത്തിന് പകുതിയോളം ഗ്രാമപഞ്ചായത്തുകൾ മാത്രമാണ് പ്രോജക്ടുകൾ വച്ചിട്ടുള്ളത്. അതുപോലെ 50 ശതമാനം പഞ്ചായത്തുകൾ ജലസേചന പ്രോജക്ടുകൾ വച്ചിട്ടുണ്ട്. യന്ത്രവല്ക്കരണവുമായി ബന്ധപ്പെട്ട് പതിനഞ്ചോളം പഞ്ചായത്തുകൾ മാത്രമാണ് പ്രോജക്ട് നടപ്പിലാക്കി വരുന്നത്. വാമനപുരം, മാണിക്കൽ, നെല്ലനാട്, പൂവച്ചൽ മുതലായ പഞ്ചായത്തുകൾ മാത്രമാണ് ഹരിതഭവനം പോലുള്ള നൂതന പ്രോജക്ടുകൾ വച്ചിട്ടുള്ളത്.

(ബി). ബ്ലോക്ക് പഞ്ചായത്ത് പ്രോജക്ടുകൾ

പട്ടിക:6.2.1.2

ബ്ലോക്ക് പഞ്ചായത്ത് പ്രോജക്ടുകൾ (തുക ലക്ഷത്തിൽ)

ബ്ലോക്കിന്റെ പേര്	നെല്ല്	പച്ചക്കറി	കശുമാവ്	മാതൃകാ കൃഷി	വിപണനം	മറ്റു വിളകൾ	കിണർ റീചാർജ്ജിംഗ്	കർമ്മസേന	നൂതനം	മറ്റുള്ളവ	ആകെ
പോത്തൻകോട്	3.74	1.02					11.00				15.76
അതിയന്നൂർ		14.67									14.67
പാറശ്ശാല	5.20	1.22				14.00		10.00			30.42
കിളിമാനൂർ	31.88	1.63			0.75						34.26
വെള്ളനാട്	0.28	1.63					31.16	46.80	40.76		120.63
നെടുമങ്ങാട്		14.36				4.23					18.59
വർക്കല	10.92	1.43	8.36	2.10	2.25		9.96	9.00			44.02
ചിറയിൻകീഴ്	2.98	1.22					6.25				10.45
വാമനപുരം	6.00		1.00					4.25			11.25
പെരുങ്കടവിള	2.30	1.63								50.00	53.93
നേമം	0.85	1.43		9.60			46.00			7.02	64.90
ആകെ	64.13	40.25	9.36	11.70	3.00	18.23	104.37	70.05	40.76	57.02	418.87

11 ബ്ലോക്ക് പഞ്ചായത്തുകളിലും നെല്ല്, പച്ചക്കറി വികസനത്തിന് സംയുക്ത പ്രോജക്ട് തയ്യാറാക്കിയിട്ടുണ്ട്. വർക്കല, നേമം ബ്ലോക്കുകളിൽ മാതൃക കൃഷിത്തോട്ടനിർമ്മാണത്തിനും കാർഷിക വിപണനവുമായി ബന്ധപ്പെട്ട് കിളിമാനൂർ, വർക്കല ബ്ലോക്കുകളും പ്രോജക്ടുകൾ തയ്യാറാക്കിയിട്ടുണ്ട്. കിണർ റീ ചാർജ്ജിംഗ്, ജലശ്രീ പ്രോജക്ടുകൾ പോത്തൻകോട്, വെള്ളനാട്, വർക്കല, ചിറയിൻകീഴ്, നേമം ബ്ലോക്കുകൾ നടപ്പിലാക്കാൻ ലക്ഷ്യമിടുന്നു. കർമ്മസേനകൾക്ക് കാർഷിക യന്ത്രങ്ങൾ വാങ്ങുന്നതിന് പാറശ്ശാല, വെള്ളനാട്, വർക്കല, ചിറയിൻകീഴ് ബ്ലോക്കുകൾ പദ്ധതി വിഹിതം വകയിരുത്തിയിട്ടുണ്ട്. നൂതന ആശയ പ്രോജക്ടുകളായി തേൻഗ്രാമവും തിരിനന കൃഷിയും വെള്ളനാട് ബ്ലോക്ക് നടപ്പിലാക്കി വരുന്നു. കൂടാതെ പെരുങ്കടവിള ബ്ലോക്ക് റിവോൾവിംഗ് ഫണ്ട് നൽകുന്നതിന് 50 ലക്ഷം രൂപയും വകയിരുത്തിയിട്ടുണ്ട്.

(സി). നഗരസഭാ പ്രോജക്ടുകൾ

പട്ടിക:6.2.1.3

നഗരസഭാ പ്രോജക്ടുകൾ

(തുക ലക്ഷത്തിൽ)

മുനിസിപ്പാലിറ്റി പേര്	നെല്ല്	തെങ്ങ്	വാഴ	പച്ചക്കറി	കിഴങ്ങുവർഗ്ഗവിളകൾ	മറ്റു വിളകൾ	ജലസേചനം	യന്ത്രവത്കരണം	മറ്റുള്ളവ	ആകെ
നെയ്യാറ്റിൻകര	1.50	3.60	30.89	1.00		3.00	1.70	3.00		44.69
നെടുമങ്ങാട്		7.50	12.37	8.50					46.75	75.12
ആറ്റിങ്ങൽ	3.14	0.81	4.01	11.18			1.55			20.69
വർക്കല	6.08	8.33		7.67		0.50		3.00	0.75	26.33
ആകെ	10.72	20.24	47.27	28.35	0	3.50	3.25	6.00	47.50	166.83

മുനിസിപ്പാലിറ്റി പ്രദേശത്തും കൂടുതലായി നെല്ല്, തെങ്ങ്, വാഴ, പച്ചക്കറി എന്നീ വിളകളുടെ ഉല്പാദന വർദ്ധനവിനുള്ള പ്രോജക്ടുകളാണ് തയ്യാറാക്കിയിട്ടുള്ളത്.

നെയ്യാറ്റിൻകര, ആറ്റിങ്ങൽ മുനിസിപ്പാലിറ്റികൾ ജലസേചന സൗകര്യം വർദ്ധിപ്പിക്കുന്നതിനുള്ള പ്രോജക്ടുകൾ നടപ്പിലാക്കുന്നുണ്ട്. നെടുമങ്ങാട് മുനിസിപ്പാലിറ്റി നല്ലൊരു തുക കിണർ റീ ചാർജ്ജിംഗ്, ഇക്കോഷോപ്പ്, പച്ചക്കറി കൃഷിയ്ക്ക് ഉല്പാദന ബോണസ് എന്നീ ഇനങ്ങൾക്ക് നീക്കി വച്ചിട്ടുണ്ട്. കിഴങ്ങുവർഗ്ഗവിളകൾക്ക് ഒരു മുനിസിപ്പാലിറ്റിയും പ്രോജക്ട് വച്ചതായി കാണുന്നില്ല.

(ഡി). കോർപ്പറേഷൻ പ്രോജക്ടുകൾ

പട്ടിക:6.2.1.4

കോർപ്പറേഷൻ പ്രോജക്ടുകൾ (തുക ലക്ഷത്തിൽ)

കോർപ്പറേഷൻ കൃഷി ഭവനുകൾ	നെല്ല്	തെങ്ങ്	വാഴ	പച്ചക്കറി	കിഴങ്ങുവർഗ്ഗവിളകൾ	മറ്റുവിളകൾ	ജലസേചനം	യന്ത്രവത്കരണം	മറ്റുള്ളവ	ആകെ
ഉള്ളൂർ		9.49	1.35	15.37	1.35	7.73	3.00		0.60	38.88
ശ്രീകാര്യം	21.75	4.75	18.96	1.50	5.00	3.00	5.50	1.13	0.60	62.19
ആറ്റിപ്ര	0.00	3.23	3.80	11.57	2.40	3.33	2.00			26.33
കഴക്കൂട്ടം	0.00	16.93	2.06	11.75	4.50	9.38	3.00			47.62
കടകംപള്ളി	0.00	5.68	2.20	17.04	1.50	8.00	2.00			36.42
വിഴിഞ്ഞം		12.63	4.75	21.83	3.00	8.00	2.50			52.70
തിരുവല്ലം		7.71	2.38	14.82	1.20	6.63	3.00			35.73
കുടപ്പനക്കുന്ന്	0.25	2.83	2.99	4.25	2.28	3.24	4.00			19.59
വട്ടിയൂർക്കാവ്		7.05	2.34	18.16	1.00	11.13				39.68
നേമം	3.00	8.59	1.07	13.63	1.05	1.13	2.50		6.88	34.84
സിറ്റി കോർപ്പറേഷൻ		6.53	4.75	117.66	16.20	44.55	3.00			192.69
ആകെ	25.00	85.41	46.65	247.58	39.48	106.10	30.50	1.13	8.08	586.66

കോർപ്പറേഷൻ പ്രദേശത്ത് 11 കൃഷി ഭവൻ ഉദ്യോഗസ്ഥരുടെ നേതൃത്വത്തിലാണ് പദ്ധതി നടപ്പിലാക്കുന്നത്. കോർപ്പറേഷൻ പ്രദേശത്ത് മാത്രം 500 ലക്ഷത്തിൽ പരം രൂപയുടെ പ്രോജക്ടുകളാണ് ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നത്. ഗ്രാമപഞ്ചായത്തുകളിലേതുപോലെ വിളവർദ്ധനവിനുള്ള പ്രോജക്ടുകളാണ് തയ്യാറാക്കിയിട്ടുള്ളത്. ജലസേചന സൗകര്യം വർദ്ധിപ്പിക്കുന്നതിന് മിക്ക കൃഷി ഭവനുകളും പ്രോജക്ട് തയ്യാറാക്കിയിട്ടുണ്ട്.

(ഇ). ജില്ലാ പഞ്ചായത്ത് പ്രോജക്ടുകൾ

പട്ടിക:6.2.1.5

ജില്ലാ പഞ്ചായത്ത് പ്രോജക്ടുകൾ

പദ്ധതിയുടെ പേര്	വകയിരുത്തിയ തുക (ലക്ഷത്തിൽ)
നെൽകൃഷി വികസനം	40.375
പച്ചക്കറി വികസനം	60.392
മാതൃകാ കൃഷിത്തോട്ടം	50
തരിശുകൃഷി	5
ജില്ലാ ഫാം വിപുലീകരണം	35
തെങ്ങിൻതൈ നേഴ്സി വിപുലീകരണം	34.5
വിത്തുല്പാദന കേന്ദ്ര വിപുലീകരണം	43
ആകെ	268.267

ഗ്രാമ/ബ്ലോക്ക് പഞ്ചായത്തുകളുമായി ചേർന്ന് നെൽകൃഷി വികസനത്തിന് 40.375 ലക്ഷം രൂപയും പച്ചക്കറി കൃഷി വികസനത്തിന് 60.392 ലക്ഷം രൂപയും വകയിരുത്തിയിരിക്കുന്നു. മാതൃകാ കൃഷി തോട്ടങ്ങൾ സ്ഥാപിക്കുന്നതിന് 50 ലക്ഷം രൂപയും തരിശുനില കൃഷിയ്ക്ക് 5 ലക്ഷം രൂപയും ഉൾക്കൊള്ളിച്ചിരിക്കുന്നു. ജില്ലാപഞ്ചായത്തിന് കൈമാറിയ അഞ്ച് ഫാമുകളുടെ വിപുലീകരണത്തിനായി 122.5 ലക്ഷം രൂപയാണ് വകയിരുത്തിയിരിക്കുന്നത്.

കാർഷിക മേഖലയിൽ ജില്ലയിൽ 2017–18 സാമ്പത്തിക വർഷം തയ്യാറാക്കിയിരിക്കുന്ന പദ്ധതികൾ കൂടുതലായും വിളവ്യാപനം/ ഉല്പാദന വർദ്ധനവ് ലക്ഷ്യമിട്ടുകൊണ്ടുള്ളതാണ്. കാട്ടാക്കട ബ്ലോക്ക് പഞ്ചായത്ത് ഏറ്റെടുത്ത തേൻഗ്രാമം, തിരിനന എന്നീ രണ്ട് നൂതന

പ്രോജക് ഒഴിച്ചാൽ മറ്റ് നൂതന പ്രോജക്ടുകൾ ഒരു തലത്തിൽ നിന്നും ഉണ്ടായിട്ടില്ല. വാമനപുരം, കാട്ടാക്കട ബ്ലോക്കുകളിലെ ചില പഞ്ചായത്തുകൾ ഹരിത ഭവനം പോലെയുള്ള സംയോജിത പ്രോജക്ടുകൾ നടപ്പിലാക്കുന്നത് ഒഴിച്ചാൽ മറ്റ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഒന്നും തന്നെ വ്യത്യസ്ഥവും നൂതനവുമായ പ്രോജക്ടുകൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നില്ല. കൂടാതെ സംയോജിത പ്രോജക്ടുകളും കുറവാണ്.

വികസന നിർദ്ദേശങ്ങൾ

കീഴ്ത്തട്ട് നിർദ്ദേശങ്ങൾ	മേൽത്തട്ട് നിർദ്ദേശങ്ങൾ
➢ മുഴുവൻ നെൽപ്പാടങ്ങളിലും നെൽകൃഷി പുനസ്ഥാപിച്ച് 2500 ഹെക്ടറിൽ നെൽകൃഷി സാധ്യമാക്കി നെല്ലിന്റെ ഉത്പാദന ക്ഷമത ഹെക്ടറിന് 3 ടണ്ണിൽ നിന്നും 5 ടണ്ണാക്കാൻ ലക്ഷ്യമിടുക. ➢ കേരഗ്രാമം പോലുള്ള പദ്ധതി എല്ലാ ഗ്രാമപഞ്ചായത്തുകളിലും നടപ്പിലാക്കി തെങ്ങിന്റെ നിലവിലെ ഉല്പാദനമായ 7432 തേങ്ങയിൽ നിന്നും 10000 തേങ്ങയായി വർദ്ധിപ്പിക്കുക ➢ മുഴുവൻ വാഴ കർഷകരെയും വിള ഇൻഷ്വറൻസ് പദ്ധതിയിൻ കീഴിൽ കൊണ്ടുവരിക ➢ എല്ലാ വിളകൾക്കും പഞ്ചായത്തു തല വിപണനം തയ്യാറാക്കുക ➢ ഗ്രാമപഞ്ചായത്തുതല മാർക്കറ്റുകളെ ഏകോപിപ്പിച്ച് ബ്ലോക്ക് തലത്തിൽ ഒരു കേന്ദ്രീകൃത മാർക്കറ്റ് ഒരുക്കുക. ➢ പഞ്ചായത്തുതല കാർഷിക കർമ്മ സേനകളെ ബ്ലോക്ക്തല അഗ്രോ സർവ്വീസ് സെന്ററുകളുമായി ബന്ധിപ്പിക്കുക. ➢ ബ്ലോക്ക് തല മാർക്കറ്റിംഗ് യൂണിറ്റുകളെ യോജിപ്പിച്ചുകൊണ്ട് ജില്ലാതലത്തിൽ കേന്ദ്രീകൃത മാർക്കറ്റിംഗ് സംവിധാനം ഏർപ്പെടുത്തുക. ➢ ഗുണനിലവാരമുള്ള നടീൽ വസ്തുക്കളുടെയും ഉല്പാദന ഉപാധികളുടെയും ലഭ്യത ഉറപ്പു വരുത്തുന്നതിന് ഘട്ടം ഘട്ടമായി എല്ലാ പഞ്ചായത്തുകളിലും വികേന്ദ്രീകൃത നഴ്സറികളിലും ഉല്പാദനോപാധി നിർമ്മാണ യൂണിറ്റുകളും സ്ഥാപിക്കുക. ➢ ജില്ലയുടെ തനതുവിളകളായ കോട്ടുകോണം മാങ്ങ, ചുവന്ന കപ്പ, വെള്ളായണി വരിക്ക, കോമാടൻ തെങ്ങ് എന്നിവയുടെ കയറ്റുമതി ലഭ്യമാക്കിയുള്ള വിള വ്യാപനത്തിന് വേണ്ടിയുള്ള പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുക. ➢ ജില്ലയിലെ ഫാമുകൾ കേന്ദ്രീകരിച്ച് ഫാം ടൂറിസം പദ്ധതി നടപ്പിലാക്കുക.	➢ നെൽകൃഷി പ്രോത്സാഹനത്തിനുവേണ്ടി നിലവിൽ നടപ്പിലാക്കുന്ന പ്രൊഡക്ഷൻ ബോണസ് ഉൾപ്പെടെ എല്ലാ പദ്ധതികളും സംയോജിപ്പിച്ച് മൊത്തം ചിലവിന്റെ 50 ശതമാനം കുറഞ്ഞത് ഹെക്ടറിന് 25000/- രൂപയെങ്കിലും സബ്സിഡി നൽകുന്ന രീതിയിൽ ഒറ്റ പദ്ധതിയായി നടപ്പിലാക്കുക. ➢ തരിശ് ഭൂമി ഏറ്റെടുത്ത് കൃഷി ചെയ്യുന്നതിന് വേണ്ട നിയമ നിർമ്മാണം. ➢ കേരഗ്രാമം പദ്ധതി നടപ്പിലാക്കിയ പഞ്ചായത്തുകളിൽ തുടർച്ചയായി 5 വർഷത്തേയ്ക്ക് ഐ.എൻ.എം., ഐ.പി.എം. ആനുകൂല്യങ്ങൾ നൽകുക. ➢ എല്ലാ ഗ്രാമപഞ്ചായത്തുകളിലും കാർഷിക കർമ്മസേനകളും വിള ആരോഗ്യ ക്ലിനിക്കുകളും സ്ഥാപിക്കുക. ➢ എല്ലാ ബ്ലോക്കിലും അഗ്രോ സർവ്വീസ് സെന്ററുകൾ സ്ഥാപിക്കുക. ➢ പെരിങ്ങമ്മല ബനാന നഴ്സറിയും ജില്ലാ ഫാമും കേന്ദ്രീകരിച്ച് ഫാം ടൂറിസം പദ്ധതി നടപ്പിലാക്കുക. ➢ ഇ-മാർക്കറ്റിംഗ് സംവിധാനം കൊണ്ടുവരിക. ➢ കാർഷിക വിജ്ഞാന വ്യാപനം ശക്തിപ്പെടുത്തുന്നതിനുവേണ്ടി റ്റി ആന്റ് വി മോഡൽ സംവിധാനം കൃഷി ഭവൻ തലത്തിൽ ജില്ലയിൽ നടപ്പിലാക്കുക.

6.2.2.മണ്ണ് – ജലസംരക്ഷണം

2017–18–ൽ ജില്ലയിൽ മണ്ണ് ജല സംരക്ഷണ മേഖലയിൽ ഗ്രാമപഞ്ചായത്തുകൾ നടപ്പിലാക്കുന്ന പ്രധാന പദ്ധതികൾ ജലശ്രീ കിണർ റീച്ചാർജ്ജിങ്ങും സസ്യതൈകൾ വച്ചു പിടിപ്പിക്കുന്നതുമാണ്. 2017–18 –ൽ ഗ്രാമപഞ്ചായത്തുകൾ മണ്ണ് ജല സംരക്ഷണ മേഖലയിൽ വകയിരുത്തിയ ആകെത്തുകയായ 203.65583 ലക്ഷത്തിൽ 33.06214 ലക്ഷം രൂപ ചെലവായിട്ടുണ്ട്.

ആറ്റിങ്ങൽ, വർക്കല, തുടങ്ങിയ മുനിസിപ്പാലിറ്റികൾ മഴവെള്ള സംഭരണി നിർമ്മാണത്തിനും ജലശ്രീ കിണർ റീച്ചാർജ്ജിങ്ങിനുമായി 7 ലക്ഷം രൂപ 2017–18 ൽ വകയിരുത്തിയിട്ടുണ്ട്.

ബ്ളോക്കുപഞ്ചായത്തുകൾ മണ്ണ് ജല സംരക്ഷണ മേഖലയിൽ വകയിരുത്തിയ 301.848 ലക്ഷം രൂപയിൽ 14 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്.

ഹരിതകേരളം പദ്ധതിയോടനുബന്ധിച്ച് ജില്ലാ പഞ്ചായത്ത് 2017–18 സാമ്പത്തിക വർഷം ജില്ലയിലെ 73 പഞ്ചായത്തുകളിലും മുനിസിപ്പൽ കോർപ്പറേഷൻ പ്രദേശങ്ങളിലുമായി നടപ്പിലാക്കുന്ന ബൃഹത് പദ്ധതിയാണ് ജലശ്രീ കിണർ റീച്ചാർജ്ജിങ്ങ്. മഴവെള്ളത്തിന്റെ പുനരുപയോഗം സാധ്യമാക്കുന്നതിന് ഭൂഗർഭജലനിരപ്പ് ഉയർത്തുന്നത് ലക്ഷ്യമാക്കി മേൽക്കൂരയിൽ നിന്നും ലഭ്യമാകുന്ന മഴവെള്ളം സംഭരിച്ച് പുനരുപയോഗത്തിനും അധികമുള്ള ജലം കിണറിന് സമീപത്ത് നിർമ്മിക്കുന്ന റിങ്ങ്പിറ്റുകളിലേയ്ക്ക് കിനിഞ്ഞിറങ്ങി കിണറിന് ജലം ലഭ്യമാകുന്നതാണ് ഈ പദ്ധതി. ജലസർവ്വേയും ഗുണനിലവാര പരിശോധനയും ഓരോ ഭവനങ്ങളിലും എത്താൻ കഴിയുന്ന ജലസാക്ഷരതാ ക്യാംപെയിൻ, പഞ്ചായത്ത് ജില്ലാതല ജലസാക്ഷരതാ സെമിനാറുകൾ, കിണർ റീച്ചാർജ്ജിങ്ങ് യൂണിറ്റുകളുടെ നിർമ്മാണം, പൊതുകുളങ്ങളുടെ പുനരുദ്ധാരണം മുതലായവ ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

6.2.3.ജലസേചനം

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ 2017–18 വാർഷിക പദ്ധതികൾ പരിശോധിച്ചതിൽ ജലസേചന മേഖലയ്ക്ക് വകയിരിക്കുന്ന പദ്ധതികൾ തീരെ അപര്യാപ്തമാണെന്ന് കാണാവുന്നതാണ്.

ജില്ലാപഞ്ചായത്തിന്റെതായാലും ബ്ലോക്ക് പഞ്ചായത്തുകളുടെതായാലും ഗ്രാമപഞ്ചായത്തുകളുടെതായാലും ജലസേചന മേഖലയ്ക്ക് അർഹിക്കുന്ന പരിഗണന പദ്ധതി നിർദ്ദേശങ്ങൾ തയ്യാറാക്കുന്ന സമയത്തും അതിന് അംഗീകാരം നൽകുന്ന സമയത്തും നൽകേണ്ടതാണ്. എന്നാൽ മാത്രമേ ജില്ലയിലെ ജലസേചന ജലലഭ്യത സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് കഴിയുകയുള്ളൂ.

6.2.4.മൃഗസംരക്ഷണം

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ മൃഗസംരക്ഷണ മേഖലയിൽ 2016–17 വർഷം നടപ്പിലാക്കിയ പദ്ധതികളുടെ സാമ്പത്തിക സ്ഥിതി വിവരണ കണക്കുകൾ.

പട്ടിക:6.2.4.1

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വാർഷിക പദ്ധതി ചെലവ് 2016–17

(ബ്ലോക്കടിസ്ഥാനത്തിൽ മേഖല തിരിച്ച്)

ബ്ലോക്ക്	പാൽ ഉൽപ്പാദനം	മാംസ ഉൽപ്പാദനം	മുട്ട ഉൽപ്പാദനം	അടിസ്ഥാന സൗകര്യ വികസനം	എ.ബി.സി + പേവിഷ നിയന്ത്രണം	ആകെ
പാറശ്ശാല	11792858	10872000	1171971	550000	332560	24719389
പെരുങ്കടവിള	1286589	71123000	584453	1055000	175492	21796539
അതിയന്നൂർ	10552081	4349000	119700	339000	307450	15667231
നേമം	17742753	11607432	2992695	1349898	136800	33829578
വെള്ളനാട്	12707790	7200250	1313710	1179927	149073	22550747
നെടുമങ്ങാട്	9037978	1228500	2954325	765000	215076	14200879
പോത്തൻകോട്	11338426	0	2114995	290000	420000	14163421
വാമനപുരം	8070000	5572300	3750195	989999	530000	18912494
കിളിമാനൂർ	9514592	3656600	3352270	884532	225325	17633319
വർക്കല	7610989	2436000	4230289	232950	143725	14653953
ചിറയിൻകീഴ്	11288577	3335930	2567400	878999	760982	18831888
തിരുവനന്തപുരം കോർപ്പറേഷൻ	1173160	480000	1373500	3000000	803333	6829993
ആകെ	123697998	57851012	26525503	11515302	4199816	223789431

പട്ടിക:6.2.4.2

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ക്ഷീരവികസന മേഖലയിൽ 2016-17 വർഷം നടപ്പിലാക്കിയ പദ്ധതികളുടെ സാമ്പത്തിക സ്ഥിതിവിവരണ കണക്കുകൾ

പദ്ധതിയുടെ പേര്	പദ്ധതി വിഹിതം	ചെലവായ തുക	സാമ്പത്തിക നേട്ടം
മിൽക്ക് ഇൻസെന്റീവ്	43043644	39360118	3311
കന്നുകുട്ടി വളർത്തൽ	1000000	100000	20
പശു വളർത്തൽ	12700400	999196	670
ക്ഷീര വർദ്ധിനി	3855716	2525627	102
കറവ പശു വിതരണം	18586459	16566459	441
ചാണക നിർജ്ജലീകരണ യൂണിറ്റ്	610000	610000	2
ക്ഷീര സമൃദ്ധി	1020000	1020000	10
കീടാരി വളർത്തൽ	1706500	1191500	279
തീറ്റപ്പുൽക്കൃഷി	150000	150000	2
ഗർഭിണി കിടാരി വളർത്തൽ (ജനറൽ)	225000		
ബയോഗ്യാസ് പ്ലാന്റ്	230000		
കാളക്കുട്ടി, പോത്തുക്കുട്ടി	265000	265000	350
റിവോൾവിംഗ് ഫണ്ട്	9000000	9000000	45
കാലിത്തീറ്റ സബ്സിഡി (കോർപ്പറേഷൻ)	10514189	1053160	5235 കി.ഗ്രാം
ആകെ	104567203	83887766	

ജില്ലയിൽ ഏറ്റവും കൂടുതൽ പാൽ ഉത്പാദനം നടത്തുന്നത് പെരുങ്കടവിള ബ്ലോക്കിലാണ്. അതിയന്നൂർ, പാറശ്ശാല, നേമം, വെള്ളനാട് എന്നീ ബ്ലോക്കുകൾ യഥാക്രമം 2,3,4,5 സ്ഥാനങ്ങളിലാണ്. തിരുവനന്തപുരം റൂറൽ, വർക്കല ബ്ലോക്ക് എന്നിവ പാൽ ഉത്പാദനത്തിൽ ഏറ്റവും പിന്നിലാണ്. ഉത്പാദനം കൂടുതലുള്ള ബ്ലോക്കുകളിലെ പഞ്ചായത്തുകളിൽ കൂടുതൽ തുക പാലുൽപാദനം പ്രോത്സാഹിപ്പിക്കുന്ന പദ്ധതികൾക്ക് വകയിരുത്തേണ്ടതാണ്. പദ്ധതികൾ വകയിരുത്തുന്ന തുകയിൽ താരതമ്യേന ചെറിയ അന്തരം മാത്രമേയുള്ളൂ. പശു, എരുമ എന്നീ മൃഗങ്ങൾ ഏറ്റവും കൂടുതലുള്ള ബ്ലോക്കുകളാണ് യഥാക്രമം പെരുങ്കടവിള, പാറശ്ശാല, കിളിമാനൂർ, വാമനപുരം, വെള്ളനാട്, അതിയന്നൂർ എന്നീ ബ്ലോക്കുകൾ. ആടുകളുടെ എണ്ണത്തിൽ കിളിമാനൂർ ബ്ലോക്കാണ് ഏറ്റവും മുൻപന്തിയിലുള്ളത്. പാറശ്ശാല, പെരുങ്കടവിള, വെള്ളനാട്, വാമനപുരം എന്നീ ബ്ലോക്കുകളാണ് യഥാക്രമം പിന്നിൽ ഉള്ളത്. പന്നികൾ ഏറ്റവും കൂടുതലുള്ളത് യഥാക്രമം വർക്കല, വെള്ളനാട്, പെരുങ്കടവിള എന്നീ ബ്ലോക്കുകളിലാണ്. കോഴി, താറാവ് മുതലായ വളർത്തുപക്ഷികൾ പെരുങ്കടവിള, അതിയന്നൂർ, വെള്ളനാട് ബ്ലോക്കുകളാണുള്ളത്.

മാംസ ഉൽപാദനത്തിനും ഏറ്റവും കൂടുതൽ സാധ്യതയുള്ള കിളിമാനൂർ ബ്ലോക്കിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഈ രംഗത്ത് ചെലവഴിച്ചിട്ടുള്ളത് പദ്ധതി വിഹിതം കുറവാണ് (ഏഴാം സ്ഥാനം). ജില്ലയിൽ മാംസ ഉൽപാദന മേഖലയിൽ ഒട്ടും തന്നെ തുക വിനിയോഗിക്കാത്ത പോത്തൻകോട് ബ്ലോക്കിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളാണ്. മുട്ട ഉൽപാദനത്തിൽ ഏറ്റവും കൂടുതൽ സാധ്യതയുള്ള ഈ ബ്ലോക്കുകളിൽ കഴിഞ്ഞ സാമ്പത്തിക വർഷം കോഴി വളർത്തൽ പദ്ധതികൾക്ക് ഏറ്റവും കുറഞ്ഞ തുകയാണ് ചെലവഴിച്ചിട്ടുള്ളത്. ആശുപത്രികൾക്ക് ആവശ്യമായ മരുന്നുകൾ വാങ്ങുന്നത് ഉൾപ്പെടെയുള്ള അടിസ്ഥാന സൗകര്യവികസനത്തിന് വർക്കല, പോത്തൻകോട്, അതിയന്നൂർ എന്നീ ബ്ലോക്കുകളിൽ താരതമ്യേന കുറവ് തുകയാണ് വിനിയോഗിച്ചിട്ടുള്ളത്.

തിരുവനന്തപുരം നഗരസഭയാണ് പാൽ ഉത്പാദനത്തിൽ ഏറ്റവും കൂടുതൽ തുക വിനിയോഗിച്ചിട്ടുള്ളത്. എ.ബി.സി. പദ്ധതിയിലൂടെ പേവിഷ നിയന്ത്രണം പദ്ധതി നടപ്പിലാക്കുന്നതിനായി ചെലവഴിച്ചിട്ടുള്ളത് തുകയിൽ ഏറ്റവും കുറവ് നേമം, പെരുങ്കടവിള, വർക്കല, വെള്ളനാട് ബ്ലോക്കുകളിലാണ്. തിരുവനന്തപുരം നഗരസഭയാണ് ഈ ഇനത്തിൽ ഏറ്റവും കൂടുതൽ തുക ചെലവഴിച്ചിട്ടുള്ളത്.

സ്ഥിതിവിവരക്കണക്കുകളുടെ അടിസ്ഥാനത്തിൽ ഓരോ മേഖലയിലും കൂടുതൽ സാധ്യതയുള്ള പ്രദേശങ്ങളിൽ കൂടുതൽ പദ്ധതികൾ നടപ്പിലാക്കുക വഴി പാൽ, മുട്ട, മാംസം എന്നിവ ഉത്പന്നങ്ങളുടെ ഉത്പാദനം ഗണ്യമായി വർദ്ധിപ്പിക്കാൻ കഴിയും.

നിർദ്ദേശങ്ങൾ

1. മൃഗസംരക്ഷണം

- ജില്ലയിലെ കന്നുകാലികൾക്കാവശ്യമായ പച്ചപ്പുല്ല്, പയർവർഗ്ഗങ്ങൾ, തീറ്റമരങ്ങൾ എന്നിവ തരിശ്ഭൂമിയിലും ഇടവിളയായും കൃഷി ചെയ്യുക.
- ബ്ലോക്ക്തലത്തിൽ പൊതുജനാരോഗ്യവും മൃഗചികിത്സയും ബന്ധപ്പെടുത്തിയുള്ള സെന്ററുകൾ സ്ഥാപിക്കൽ (എ.ബി.സി സെന്ററുകൾ, എപ്പിഡമോളജിക്കൽ യൂണിറ്റ്, ക്ലിനിക്കൽ ലാബ്, രാത്രിക്കാല മൃഗചികിത്സ.
- ഫാമുകളിലെ മലിനീകരണം നിയന്ത്രിക്കുന്നതിനുള്ള പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പാക്കുക.
- ലൈസൻസ് നടപടികൾ ലഘൂകരിക്കുന്നതിനായി ജില്ലാതല പരാതി പരിഹാര സെൽ രൂപീകരിക്കുക.
- ഫാമുകളിൽ നിന്നുള്ള അവശിഷ്ടങ്ങൾ ശേഖരിച്ച് കാർഷികാവശ്യത്തിന് ഉപയോഗിക്കുന്ന പദ്ധതികൾ.
- തിരുവനന്തപുരം ജില്ലാപഞ്ചായത്ത് നടപ്പിലാക്കുന്ന രീതിയിൽ എല്ലാ ബ്ലോക്കുകളിലും ന്യായവില മെഡിക്കൽ സ്റ്റോറുകൾ ആരംഭിക്കജശ.
- ബ്രോയിലർ റെൻഡറിംഗ് യൂണിറ്റ് ഫാമുകളിൽ നിന്നും ഡ്രെസ്സിംഗ് യൂണിറ്റുകളിൽ നിന്നും പുറന്തള്ളുന്ന അവശിട്ഷങ്ങൾ ശേഖരിച്ച് ഓമനമൃഗങ്ങൾക്കുള്ള തീറ്റയായും ജൈവവളമായും ബയോഡീസലായും മാറ്റി ഉപയോഗിക്കുന്നതിനുള്ള പദ്ധതികൾ.
- കന്നുകാലി ചന്തകളിൽ മേൽക്കൂര, കുടിവെള്ളം, മാലിന്യനിർമ്മാർജ്ജനം എന്നിവയ്ക്കുള്ള സംവിധാനം.
- ഗ്രാമപഞ്ചായത്തുകളിൽ മാംസവിപണന കേന്ദ്രങ്ങൾ തുടങ്ങുക.
- കോർപ്പറേഷനിലും എല്ലാ ബ്ലോക്ക് പഞ്ചായത്തുകളിലും അറവുശാലകൾ തുടങ്ങുക.
- കോഴികുഞ്ഞുങ്ങളെ വിരിച്ച് ആവശ്യക്കാർക്ക് വിതരണം ചെയ്യുന്നതിനുള്ള ഹാച്ചറി യൂണിറ്റുകൾ സ്വയംസഹായ സംഘങ്ങൾ/ക്ഷീരസഹകരണ സംഘങ്ങൾ/ മറ്റ് സഹകരണ സംഘങ്ങൾ വഴി നടപ്പിലാക്കുന്നത് ഒരു ദിവസം പ്രായമുള്ള മുട്ട/ഇറച്ചിക്കോഴി കുഞ്ഞുങ്ങളുടെ ദൗർല്ലഭ്യം പരിഹരിക്കുന്നതാണ്.

2. ക്ഷീരവികസനം

- ക്ഷീരകർഷകർക്കും ഊരുക്കൾക്കും ഇൻഷ്വറൻസ് പദ്ധതി ഏർപ്പെടുത്തുന്നതിനുള്ള പ്രോജക്ടുകൾ.
- പാൽസംഭരണം, വിപണനം, മൂല്യവർദ്ധിത ഉല്പന്നങ്ങൾ കൂടാതെ ജൈവകൃഷിയേയും ജൈവഉല്പന്നങ്ങളുടെ വിപണനവും നല്ല രീതിയിൽ നടത്തുന്നതിനാവശ്യമായ പ്രോജക്ടുകൾ.
- ജൈവകൃഷിയെ പ്രോത്സാഹിപ്പിക്കുന്നതിന് വളരെയേറെ സംഭാവന നൽകുന്ന ക്ഷീരകർഷകരെ സഹായിക്കുന്നതിന് ചാണകം സംഭരിച്ച് പായ്ക്ക് ചെയ്ത് വിപണനം നടത്തുന്നതിനാവശ്യമായ പദ്ധതികൾ രൂപീകരിക്കുക. ഇതിലേയ്ക്കായി സാങ്കേതിക പരിശീലനത്തിനും ധനസഹായത്തിനുമുള്ള പ്രോജക്ടുകൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തേണ്ടതാണ്.

മൃഗസംരക്ഷണ മേഖലയുടെ ശക്തമായ സാന്നിദ്ധ്യം കേരളത്തിലെ വികേന്ദ്രീകൃതാസൂത്രണ പ്രസ്ഥാനത്തിലെ മുഖമുദ്രയാണ്. ത്രിതല പഞ്ചായത്തുകളുടെ ആസൂത്രണ പ്രക്രീയയിൽ തുടക്കം മുതൽക്ക് തന്നെ ഈ മേഖലയ്ക്ക് ഗണ്യമായ പ്രാധാന്യം ലഭിച്ചിരുന്നു. പാൽ, മുട്ട, മാംസ്യം എന്നിവയുടെ ഉല്പാദനം പ്രാദേശികമായി ജില്ലയിൽ വർദ്ധിപ്പിക്കുന്നതിനാവശ്യമായ പദ്ധതികളാണ് ജില്ലാപ്ലാനിംഗ് ബോർഡ് ലക്ഷ്യമിടുന്നത്. ഉല്പാദനവർദ്ധനവിന് പുറമെ ദാരിദ്രനിർമ്മാർജ്ജനവും ഒപ്പം തൊഴിലവസരങ്ങളുടെ സാധ്യതയും മെച്ചപ്പെടുത്തുക എന്നതാണ് പ്രധാന ലക്ഷ്യം. പ്രാദേശിക

സാമ്പത്തികാസൂത്രണത്തിലൂടെ ഒരു വികസന സമീപനമാണ് ഇതിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. ഈ മേഖലയിലെ വിവിധ ഏജൻസികളുടെയും കർഷകരുടെയും സമഗ്രമായ ഇടപെടലിലൂടെ രൂപം കൊടുത്ത ഈ പദ്ധതി മൃഗസംരക്ഷണ മേഖലയ്ക്ക് ഒരു അടിസ്ഥാനമാണെന്ന കാര്യത്തിൽ സംശയമില്ല.

6.2.5.വ്യവസായം, വാണിജ്യം, സ്വയംതൊഴിൽ സംരംഭങ്ങൾ

ബ്ലോക്ക്, മുനിസിപ്പാലിറ്റി, കോർപ്പറേഷൻ, ജില്ലാ പഞ്ചായത്ത് തലങ്ങളിൽ ജില്ലയിൽ നടപ്പിലാക്കിയ പദ്ധതികൾ ചുവടെ ചേർക്കുന്നു.

പട്ടിക:6.2.5.1

ബ്ലോക്ക്, മുനിസിപ്പാലിറ്റി, കോർപ്പറേഷൻ, ജില്ലാ പഞ്ചായത്ത് തലങ്ങളിൽ ജില്ലയിൽ നടപ്പിലാക്കിയ പദ്ധതികൾ

(എ) ബ്ലോക്ക് തലം

വർഷം	തുക (ലക്ഷം)	പദ്ധതികൾ
2012–13	4.5	ചവിട്ടി നിർമ്മാണം
2014–15	9.25	ചവിട്ടിനിർമ്മാണം, പരമ്പരാഗത കരകൗശല തൊഴിലാളികൾക്ക് സഹായം
2015–16	6.00	പരമ്പരാഗത കരകൗശല തൊഴിലാളികൾക്ക് സഹായം
2016–17	17.25	പപ്പട നിർമ്മാണ യൂണിറ്റ്, പരമ്പരാഗത കരകൗശല തൊഴിലാളികൾക്ക് സഹായം, ആട്ടോറിക്ഷാ വാങ്ങി നൽകൽ

(ബി) മുനിസിപ്പാലിറ്റി

വർഷം	തുക (ലക്ഷം)	പദ്ധതികൾ
2013–14	5.5	പേപ്പർ ക്യാരിബാഗ് നിർമ്മാണ യൂണിറ്റ്
2014–15	10.45	ആട്ടോറിക്ഷാ പേപ്പർ പ്രോഡക്ട്സ്
2016–17	22.00	ആട്ടോറിക്ഷ

(സി) ജില്ലാ പഞ്ചായത്ത്

വർഷം	തുക (ലക്ഷം)	പദ്ധതികൾ
2012–13	5.07	കൈത്തറി സംഘങ്ങൾക്ക് നൂൽ നൽകൽ, ഈറ വ്യവസായ സംഘങ്ങൾക്ക് ഈറ നൽകൽ
2013–14	14.95	കൈത്തറി സംഘങ്ങൾക്ക് നൂൽ വിതരണം, കൈത്തറി സ്ക്കൂൾ, നെയ്ത്ത് പരിശീലനം
2014–15	19.45	കൈത്തറി സംഘങ്ങൾക്ക് നൂൽ വിതരണം
2016–17	20.00	കൈത്തറി സംഘങ്ങൾക്ക് നൂൽ വിതരണം, നെയ്ത്ത് പരിശീലനം, തറികളുടെ അറ്റകുറ്റപ്പണി, തറി നൽകൽ

(ഡി) തിരുവനന്തപുരം കോർപ്പറേഷൻ

വർഷം	തുക (ലക്ഷം)	പദ്ധതികൾ
2015–16	2.00	ആട്ടോറിക്ഷ
2016–17	56.00	ഭക്ഷ്യസംസ്ക്കരണം, പേപ്പർ ക്യാരി ബാഗ്, ആട്ടോറിക്ഷ, വെറ്റ് മിക്സ്, റെഡിമെയ്ഡ് ഗാർമെന്റ്സ്

പട്ടിക:6.2.5.2

2017– 18 കാലയളവിൽ ജില്ലയിൽ നടന്നുകൊണ്ടിരിക്കുന്ന പദ്ധതികൾ

തദ്ദേശ ഭരണ സ്ഥാപനത്തിന്റെ പേര്	പദ്ധതിയുടെ പേര്
തിരുവനന്തപുരം കോർപറേഷൻ	വനിതാ സ്വയം സഹായ സംഘങ്ങൾക്ക് ഭക്ഷ്യ സംസ്കരണ യൂണിറ്റ്, തീരദേശമേഖലയിലെ വനിതാ സ്വയം സഹായ സംഘങ്ങൾക്ക് മത്സ്യ സംസ്കരണ യൂണിറ്റ്, വനിതകൾക്ക് പേപ്പർ ക്യാരി ബാഗ് നിർമാണ യൂണിറ്റ്, പുരുഷന്മാർക്ക് ഓട്ടോറിക്ഷ വാങ്ങുന്നതിന്, വനിതകൾക്ക് ഓട്ടോറിക്ഷ വാങ്ങുന്നതിന്, പുരുഷന്മാർക്ക് സ്റ്റീൽ ഫർണിച്ചർ/ വെൽഡിങ് യൂണിറ്റ്, അലുമിനിയം ഫാബ്രിക്കേഷൻ/ ലെയ്ത്ത് വർക്ക്ഷോപ്പ്, വനിതകൾക്ക് ബേക്കറി നിർമാണ യൂണിറ്റ്, വനിതകൾക്ക് ബ്യൂട്ടി പാർലർ, വ്യക്തിഗത ഡി. റ്റി.പി/ ഫോട്ടോസ്റ്റാറ്റ് യൂണിറ്റ്, വ്യക്തിഗത വനിതകൾക്ക് വെറ്റ് മിക്സ് യൂണിറ്റ്, വനിതകൾക്ക് വസ്ത്രനിർമാണ യൂണിറ്റ്, പട്ടികജാതി യുവതികളുടെ സ്വയംസഹായ സംഘങ്ങൾക്ക് ഭക്ഷ്യ സംസ്കരണ യൂണിറ്റ്, ബ്യൂട്ടി പാർലർ സ്ഥാപിക്കുന്നതിന്, വസ്ത്ര നിർമാണ യൂണിറ്റ് ആരംഭിക്കുന്നതിന്, ഓട്ടോറിക്ഷ വാങ്ങുന്നതിന് എന്നിവയ്ക്കുള്ള ധനസഹായം.

നഗരസഭ	
നെയ്യാറ്റിൻകര	സ്വയംതൊഴിൽസംരംഭം(വ്യക്തിഗതം) – 50 എണ്ണം സ്വയംതൊഴിൽസംരംഭം(ഗ്രൂപ്പ്) –7 എണ്ണം പേപ്പർ ക്യാരി ബാഗ് നിർമ്മാണ യൂണിറ്റ് –5 എണ്ണം
നെടുമങ്ങാട്	പരമ്പരാഗത കരകൗശല വിദഗ്ദ്ധർക്ക് ധനസഹായം, ഓട്ടോറിക്ഷയ്ക്ക് സബ്സിഡി
ബ്ലോക്ക് പഞ്ചായത്ത്	
പാറശ്ശാല	സ്പിൽഓവർ പ്രോജക്ട് – വികലാംഗർക്ക് വ്യവസായയൂണിറ്റ്
	പേപ്പർ ബാഗ് നിർമ്മാണ യൂണിറ്റ് – വനിത ജനറൽ
വാമനപുരം	വനിതാ വ്യവസായ സ്വയം സഹായ സംഘങ്ങൾക്കുള്ള ധനസഹായം, സ്വയം തൊഴിലിന് ഇരുചക്രവാഹനം, സ്വയം തൊഴിലിന് ടാക്സി പിക്ക് അപ് വാൻ
നെടുമങ്ങാട്	ഭിന്നശേഷിക്കാർക്ക് സ്വയം തൊഴിൽസംരംഭം ആരംഭിക്കൽ (പരിശീലനവും റിവോൾവിംഗ് ഫണ്ട് നൽകലും), വനിതാഗ്രൂപ്പുകൾക്ക് സ്വയം തൊഴിലിന് സബ്സിഡി, ഹരിതകേരളം അഗ്രി ബിസിനസ് ഇൻകുബേഷൻ സെന്റർ, ഹരിത കേരളം കാർഷിക വിഭവ മൂല്യവർദ്ധിത ഉല്പന്ന നിർമാണ പരിശീലനം
വെള്ളനാട്	പരമ്പരാഗത കരകൗശല വിദഗ്ദ്ധർക്ക് ധനസഹായം, മൂല്യവർദ്ധിത ഉല്പന്നങ്ങൾ ഉണ്ടാക്കൽ
ഗ്രാമപഞ്ചായത്ത്	
കാരോട്	സ്വയംതൊഴിൽസംരംഭം
അതിയന്നൂർ	പേപ്പർ ക്യാരി ബാഗ് നിർമ്മാണം –ജനറൽ& എസ്.സി ഗ്രൂപ്പ്
കാഞ്ഞിരംകുളം	പേപ്പർ ക്യാരി ബാഗ് നിർമ്മാണം
കള്ളിക്കാട്	വനിതാകുടുംബശ്രീകാറ്ററിംഗ് , പ്ലാസ്റ്റിക്ക് ക്യാരി ബാഗ്

പോരായ്മകൾ

- ഉൽപ്പാദന മേഖലയിൽ വ്യവസായ സംരംഭങ്ങൾ ആരംഭിക്കുവാൻ കഴിഞ്ഞിട്ടില്ല.
- മുനിസിപ്പാലിറ്റി തലത്തിലും കോർപ്പറേഷൻ തലത്തിലും വ്യവസായവുമായി ബന്ധമില്ലാത്ത ആട്ടോറിക്ഷ നൽകുന്നതിനാണ് കൂടുതൽ തുകയും വിനിയോഗിച്ചിട്ടുള്ളത്.
- വകുപ്പ് പദ്ധതികൾ ആവശ്യത്തിന് ഉണ്ടായിട്ടും കൈത്തറി സംഘങ്ങൾക്ക് ആസ്തി വികസനത്തിലല്ലാതെയാണ് ജില്ലാപഞ്ചായത്ത് മുഖേന തുക നൽകിയിട്ടുള്ളത്. ഇത് ഒട്ടും ആശാസ്യമല്ല.
- വ്യവസായ സംരംഭങ്ങൾ ആരംഭിക്കുന്നതിനാവശ്യമായ പദ്ധതികൾ ഉദ്യോഗസ്ഥർ വ്യക്തിപരമായ താൽപര്യമെടുത്ത് നടപ്പിലാക്കേണ്ടതാണ്.
- ഒരു പദ്ധതി പോലും നടപ്പിലാക്കാത്ത വർഷങ്ങൾ ഉണ്ട്.

നിർദ്ദേശങ്ങൾ

- പുതുതായി ആരംഭിക്കുന്ന സംരംഭങ്ങൾ വ്യവസായ വാണിജ്യ വകുപ്പിൽ രജിസ്റ്റർ ചെയ്യപ്പെടുന്നതിന് പദ്ധതി ആവിഷ്ക്കരിക്കേണ്ടതുണ്ട്.
- അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ട അനുബന്ധരേഖകളുടെ സങ്കീർണ്ണത ലഘൂകരിച്ച് അപേക്ഷയുടെ നടപടിക്രമം കൂടുതൽ സൗഹാർദ്ദപരമാക്കേണ്ടതുണ്ട്. വ്യവസായ അധിഷ്ഠിത സേവന യൂണിറ്റുകൾക്കും ധനസഹായം നൽകണം

6.2.6.ആരോഗ്യം

2017–18 വർഷങ്ങളിലെ തിരുവനന്തപുരം ജില്ലയിലെ ആരോഗ്യ സംബന്ധിയായ പ്രോജക്റ്റുകളുടെ അവലോകനം ചുവടെ ചേർക്കുന്നു.

പട്ടിക:6.2.6.1

ഗ്രാമ, ബ്ലോക്ക്, മുനിസിപ്പാലിറ്റി, കോർപ്പറേഷൻ തലങ്ങളിൽ ജില്ലയിലെ ആരോഗ്യ സംബന്ധിയായ പ്രോജക്റ്റുകൾ

പദ്ധതിയുടെ പേര്	ഗ്രാമ പഞ്ചായത്ത്	ബ്ലോക്ക് പഞ്ചായത്ത്	മുനിസിപ്പാലിറ്റി	കോർപ്പറേഷൻ
എൻ.സി.ഡി	60 ലക്ഷം	5.5 ലക്ഷം	50 ലക്ഷം	
പകർച്ചവ്യാധി നിയന്ത്രണം	37ലക്ഷം	–	7ലക്ഷം	1 കോടി
മരുന്ന് വാങ്ങൽ	2.3കോടി	79.7 ലക്ഷം	72ലക്ഷം	20 ലക്ഷം
ഐ.ഇ.സി ബോധവൽക്കരണം	2.2 ലക്ഷം	5 ലക്ഷം		
നിർമ്മാണവും പരിപാലനവും	1.53 കോടി	92.5 ലക്ഷം	43.78 ലക്ഷം	67 ലക്ഷം

- പാലിയേറ്റീവ് പരിരക്ഷ ഗ്രാമപഞ്ചായത്തുകളിലും കർശനമായി നടപ്പിലാക്കി കൊണ്ടിരിക്കുന്ന പദ്ധതിയാണ്. എല്ലാ ഗ്രാമപഞ്ചായത്തുകളിലേക്കുമായി പാലീയേറ്റീവ് പദ്ധതികൾ നടപ്പിലാക്കുന്നതിലേക്കായി മൊത്തം തുകയായ 5,78,27,177 രൂപ അനുവദിച്ചിട്ടുണ്ട്. എന്നാൽ ബ്ലോക്കുപഞ്ചായത്ത് തലത്തിൽ പാലിയേറ്റീവ് പദ്ധതിക്കായി 7 ബ്ലോക്കുകൾക്ക് വേണ്ടി മൊത്തത്തിൽ 8,96,000 രൂപ നീക്കിവച്ചിട്ടുള്ളതാണ്. നിലവിൽ 13 ബ്ലോക്കുപഞ്ചായത്തുകളിലെ ചിറയിൻകീഴ്, കിളിമാനൂർ, നെടുമങ്ങാട്, നേമം, പോത്തൻകോട്, വർക്കല, വെള്ളനാട് എന്നി 7 പഞ്ചായത്തുകൾക്കാണ് പാലിയേറ്റീവ് പരിരക്ഷയ്ക്കായുള്ള പണം അനുവദിച്ച് കൊടുത്തത്. പ്രസ്തുത പ്രോജക്ട് നടപ്പിൽ വരുത്താൻ ഉദ്ദേശിക്കുന്ന ബ്ലോക്കുകൾക്കും മുനിസിപ്പാലിറ്റികൾക്കുമായി മൊത്തം 33.5 ലക്ഷം രൂപ പാലിയേറ്റീവ് പരിരക്ഷയ്ക്കായി പദ്ധതി വിഭാവനം ചെയ്തിരിക്കുന്നു.
- ജില്ലാപഞ്ചായത്ത് തലത്തിൽ കേവലം 40 ലക്ഷം രൂപമാത്രമാണ് പാലിയേറ്റീവ് പരിചരണത്തിനായി നീക്കി വച്ചിട്ടുള്ളത്. ഇത് പെരിങ്ങമ്മല പഞ്ചായത്തിൽ കീഴിൽ നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നതിന് വേണ്ടിയാണ്. കോർപ്പറേഷന്റെ പാലിയേറ്റീവ് പദ്ധതികളിൽ തണലിന് 48,58,000 രൂപ നീക്കി വെച്ചിട്ടുണ്ട്.
- ഓരോ മേഖലയിലും ആരോഗ്യസ്ഥിതി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് പ്രോജക്ട് തയ്യാറാക്കപ്പെടേണ്ടത്.
- പാലിയേറ്റീവ് സംരക്ഷണത്തിനായുള്ള പ്രോജക്ട് രൂപീകരിക്കുമ്പോൾ നേരിട്ടുള്ള രോഗീപരിചരണത്തിൽ ശ്രദ്ധ പതിപ്പിക്കേണ്ടതുണ്ട്. ഓരോ പഞ്ചായത്തിനും അനുവദിച്ചിട്ടുള്ള പ്രോജക്ട് തുക പാലിയേറ്റീവ് പരിചരണ വിഭാഗത്തിൽ പ്രസ്തുത പഞ്ചായത്തുകളിൽ രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുള്ള രോഗികളുടെ എണ്ണവുമായി താരതമ്യം പുലർത്തുന്നില്ല എന്നുള്ളത് ശ്രദ്ധേയമാണ്.
- പലപ്പോഴും കൂടുതൽ ഫണ്ടുകൾ മരുന്നുകൾക്കായി ചെലവാക്കപ്പെടുന്നതായും ഗൃഹസന്ദർശനം എന്നിത്യാദി നടപടികൾ അവഗണിക്കപ്പെടുന്നതായും കാണപ്പെടുന്നു. പാലിയേറ്റീവ് പരിചരണത്തിന്റെ പുനരധിവാസപരമായ ഘടകം വേണ്ടുംവിധം ശ്രദ്ധചെലുത്തി നടപ്പാക്കി കാണപ്പെടുന്നില്ല. പാലിയേറ്റീവ് കെയറിനായുള്ള ബിൽഡിംങ്/വാർഡ് നിർമ്മാണം രണ്ടാം തലത്തിലോ മൂന്നാംതലത്തിലോ ഉള്ള പരിചരണ കേന്ദ്രങ്ങളിൽ മാത്രമാണ് നടത്തപ്പെടേണ്ടതെന്നുള്ള കാര്യം ജില്ലാനേതൃത്വം ഉറപ്പുവരുത്തേണ്ടതാണ്.
- സാംക്രമിക രോഗങ്ങൾക്കായുള്ള കൺട്രോൾ പ്രോജക്ട്കൾക്കുള്ള ഫണ്ട് പ്രസ്തുത രോഗങ്ങൾ പരക്കെ കാണപ്പെടുന്ന മേഖലകളിലല്ല നൽകപ്പെട്ടിട്ടുള്ളത് എന്നത് പോരായ്മയാണ്. ആകയാൽ സാംക്രമിക രോഗങ്ങൾ കൂടുതലായി കാണുന്ന പ്രദേശങ്ങളെ ജില്ലാമെഡിക്കൽ ഓഫീസർ തലത്തിൽ കണ്ടെത്തുകയും ആ പ്രദേശങ്ങളിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായി ചേർന്ന് പദ്ധതികൾ ആവിഷ്കരിക്കുകയും ശാസ്ത്രീയമായ രീതിയിൽ നടപ്പിൽ വരുത്തേണ്ടതുമാണ്. അനുവദിക്കപ്പെടുന്ന ഫണ്ടുകൾ പലപ്പോഴും വിനിയോഗിക്കപ്പെടുന്നത് വൃത്തിയാക്കൽ നടപടികൾ, ഐ.ഇ.സി സാമഗ്രികളുടെ വിതരണം എന്നിവയ്ക്കാണ്.
- സാമൂഹികാരോഗ്യ സന്നദ്ധപ്രവർത്തകർ, ആരോഗ്യ സേന, വിദ്യാർത്ഥി ആരോഗ്യ സന്നദ്ധ പ്രവർത്തർ എന്നീ നിലകളിൽ ഉൾപ്പെടുത്തേണ്ടതുമാണ്. നിലവിലുള്ള ആശമാർക്ക് മുതൽകൂട്ടായി ഒരു പറ്റം ആരോഗ്യ പ്രവർത്തകരെ ഓരോ പ്രദേശത്തും അധികമായി നിയമിക്കുകയും അവർക്ക് ഔപചാരികമായ പരിശീലനം നൽകുകയും വേണം
- പാർശ്വവൽക്കരിക്കപ്പെട്ട സമൂഹങ്ങൾ അധിവസിക്കുന്ന തീരദേശം, ആദിവാസി മേഖല, ചേരി പ്രദേശങ്ങൾ എന്നിവിടങ്ങൾ ഉൾപ്പെടുന്ന പഞ്ചായത്തുകളിൽ അവരുടെ ആവശ്യങ്ങൾക്ക് ഉതകും വിധമുള്ള പ്രത്യേക പ്രോജക്ടാണ് രൂപം നൽകേണ്ടത്.
- പ്രത്യേക പരിചരണവും ശ്രദ്ധയും ആവശ്യം വരുന്ന വിഭാഗങ്ങളെ വയോജന വികലാംഗ, സ്കൂൾ കുട്ടികൾ, ട്രാൻസ്ജെൻഡർ, സ്ത്രീകളും കുട്ടികളും, കുടിയേറ്റ ജനസമൂഹങ്ങൾ എന്നീ വിഭാഗങ്ങൾ ഉൾപ്പെടുന്ന പഞ്ചായത്തുകളിൽ അവരുടെ ആവശ്യങ്ങൾ ഉൾക്കൊള്ളുന്നവയായിരിക്കണം പ്രോജക്ടുകൾ.

- ജീവിതശൈലീ രോഗങ്ങൾ നമ്മുടെ ജില്ലയിൽ വ്യാപകമായി കാണപ്പെട്ടുകൊണ്ടിരിക്കുകയാണ്. ആയതിലേക്കുള്ള പ്രത്യേകം പ്രോജക്ടുകളിൽ പ്രാഥമിക പരിരക്ഷ, രോഗ പ്രതിരോധം, രോഗസാധ്യത ഇല്ലാതാക്കൽ, പുനരധിവാസം എന്നിവയും പകർച്ചവ്യാധികളല്ലാത്ത രോഗങ്ങളുടെ കാര്യത്തിൽ വ്യായാമത്തിന് ഊന്നൽ കൊടുത്തുകൊണ്ടായിരിക്കണം എല്ലാ തലത്തിലുമുള്ള പ്രവർത്തനങ്ങൾ. ജിംനേഷ്യങ്ങൾ, യോഗ സെന്ററുകൾ, കളിസ്ഥലങ്ങൾ എന്നിവ ഉറപ്പുവരുത്തുകയും ആയവ ഉപയോഗിക്കുന്നതിലേക്കായി ജനങ്ങളെ പ്രോത്സാഹിപ്പിക്കുകയും വേണം. കൂടാതെ ഇവ സ്ത്രീ സൗഹാർദ്ദപരമായി സംഘടിപ്പിക്കപ്പെട്ടവയും അവ ഉപയോഗിക്കുവാനായി സൗകര്യപൂർവ്വമായ സമയക്രമങ്ങൾ ജനങ്ങൾക്ക് നൽകുകയും വേണം.
- മദ്യാസക്തി നമ്മുടെ യുവാക്കളെ കാർന്നു തിന്നുകൊണ്ടിരിക്കുകയാണ്. ആയതിനാൽ മദ്യത്തിന്റെ ഉപഭോഗം കുറയ്ക്കുന്നതിലേക്കായുള്ള സ്വയം സഹായ സംഘങ്ങൾ, ആരോഗ്യ സംഘങ്ങൾ എന്നിവയെ ഉപയോഗിച്ചുകൊണ്ടുള്ള പ്രോജക്ട് ത്രിതല പഞ്ചായത്തുകൾ ഏറ്റെടുക്കേണ്ടതാണ്. താലൂക്ക് തലത്തിൽ മദ്യാസക്തിയിൽ നിന്ന് വിടുതൽ ചെയ്യുന്നതിലേക്കായുള്ള ഡീ അഡിക്ഷൻ സേവനങ്ങൾ ഉറപ്പുവരുത്തേണ്ടതാണ്.
- മാനസികരോഗ്യ സേവനങ്ങൾ നിലവിൽ കേവലം ചില താലൂക്ക് ആശുപത്രികളിൽ മാത്രമാണ് ലഭ്യമായിട്ടുള്ളത്. ആയതിനാൽ മാനസികാരോഗ്യം ഉറപ്പു വരുത്തുന്നതിലേക്കും സാധാരണവും വ്യാപകവുമായി കാണുന്ന മാനസികാരോഗ്യ പ്രശ്നങ്ങൾ പരിഹരിക്കുന്നതിലേക്കായുമുള്ള പ്രോജക്ട് ശക്തിപ്പെടുത്തേണ്ടതായിട്ടുണ്ട്.
- നിലവിലുള്ള സ്കൂൾ ആരോഗ്യ സേവനങ്ങൾ എല്ലാ സ്കൂളുകളുടേയും ആവശ്യങ്ങൾ നിറവേറ്റാൻ പ്രാപ്തമല്ല. ഓരോ സ്കൂളിലേക്കും വേണ്ടി സ്കൂൾ ഹെൽത്ത് നേഴ്സ്/കൗൺസിലർമാരെ നിയമിക്കുവാനായുള്ള പ്രോജക്ട് ത്രിതല പഞ്ചായത്തുകൾക്ക് രൂപം കൊടുക്കാവുന്നതാണ്. സാധാരണയായി കാണപ്പെടുന്ന കാഴ്ചയാണ് സ്വകാര്യ സ്കൂളുകളിലെ കുട്ടികളുടെ ആരോഗ്യ പ്രശ്നങ്ങൾ അവഗണിക്കപ്പെടുന്നത്. ആയതിനാൽ അൺ എയിഡഡ് മേഖലയിലുള്ള കുട്ടികൾക്ക് എന്താണ് ആവശ്യമെന്നും അഭികാമ്യമെന്നുമുള്ള വിഷയത്തിൽ പ്രോജക്ട് ഉണ്ടാക്കപ്പെടേണ്ടതുണ്ട്.
- പൊതു സംയോജിത സേവന കേന്ദ്രങ്ങൾ ഉണ്ടാക്കുന്നതിലേക്കായി ത്രിതല പഞ്ചായത്തുകൾക്ക് അവരുടെ ഫണ്ടുകൾ വിനിയോഗിക്കാവുന്നതാണ്.
- പൊതുജനങ്ങൾക്ക് പ്രാപ്യമായ ഇടങ്ങളിൽ ഓരോ പഞ്ചായത്തിലും പരിശീലനം സിദ്ധിച്ച ആരോഗ്യ സന്നദ്ധപ്രവർത്തകരുടെ സഹായത്തോടുകൂടി ഗവൺമെന്റിന്റെ വിവിധ പദ്ധതികളെയും സ്കീമുകളേയും കുറിച്ച് അറിവ് നൽകുന്നതിലേക്കായി പൊതു സംയോജന സേവന കേന്ദ്രങ്ങൾ വർത്തിക്കേണ്ടതാണ്.

കേരള സർക്കാരിന്റെ ആരോഗ്യ മേഖലയെതന്നെ ഉടച്ചുവാർക്കുന്ന ആർദ്രം പദ്ധതിയിൽ തിരുവനന്തപുരം ജില്ലയിലെ എല്ലാ ആരോഗ്യ സ്ഥാപനങ്ങളെയും ഉൾപ്പെടുത്തി കാലോചിതമായ വികസന പ്രവർത്തനങ്ങൾ ഉണ്ടാകട്ടെ എന്ന് ആശിക്കുന്നു.

6.2.7. കുടിവെള്ളം

പട്ടിക:6.2.7.1

തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ വാർഷിക പദ്ധതി അവലോകനം – 2017–18

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ	പ്രവൃത്തികളുടെ എണ്ണം	നിക്ഷേപ തുക (ലക്ഷം)	പൂർത്തീകരിച്ച പ്രവൃത്തികൾ	നടന്നു വരുന്ന പ്രവൃത്തികൾ	ചിലവഴിച്ച തുക (ലക്ഷം)
തിരുവനന്തപുരം നഗരസഭ	5	414.44	–	5	
ജില്ല പഞ്ചായത്ത്	11	54.63	2	9	4.77
മുനിസിപ്പാലിറ്റി					
വർക്കല	3	25.08	1	2	18.74
ആറ്റിങ്ങൽ	2	3.99	2	–	2.90
ബ്ലോക്ക് പഞ്ചായത്ത്					
ചിറയിൻകീഴ്	2	4.50	–	2	

വർക്കല	1	1.00	1	–	0.92
വാമനപുരം	2	10	–	2	
ഗ്രാമ പഞ്ചായത്ത്					
പഴയകുന്നുമ്മേൽ	1	5	–	1	
ചിറയിൻകീഴ്	1	4.51	–	1	
നാവായികുളം	2	11.90	–	2	
ചെമ്മരുതി	2	20	–	2	4.21
അഞ്ചുതെങ്ങ്	1	4.38	1	–	
കഠിനംകുളം	1	22	–	1	
കിളിമാനൂർ	1	0.50	–	1	
വാമനപുരം	1	22.78	–	1	
മുദക്കൽ	9	114.75	–	9	
പുളിമാത്ത്	1	2.37	–	1	
അഴൂർ	1	22.53	–	1	
നെല്ലനാട്	2	43	–	2	
പോത്തൻകോട്	2	37.10	–	2	
കീഴ്വിലം	2	0.52	–	2	
മംഗലപുരം	2	8.19	–	2	
കരവാരം	2	29	–	2	

6.2.8.ഊർജ്ജം

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വാർഷിക പദ്ധതി പ്രകാരം തെരുവ് വിളക്കുകൾ സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് വൈദ്യുതി വകുപ്പിന് 2017–18 വർഷത്തിൽ ജില്ലയിൽ നിന്ന് 219 പ്രവർത്തികളിലായി 3.28 കോടി രൂപ ലഭിക്കുകയുണ്ടായി. ഇതിൽ 0.59 കോടി രൂപയുടെ പ്രവർത്തികൾ (65 എണ്ണം) പൂർത്തിയാക്കുകയും 2.69 കോടി രൂപയുടെ പ്രവൃത്തികൾ (154 എണ്ണം) പൂർത്തീകരിക്കാനുമുണ്ട്.

6.2.9.പട്ടികജാതി വികസനം

2016–17 വാർഷിക പദ്ധതി

2016–17 കാലയളവിൽ ജില്ലയിലെ പ്രാദേശിക സർക്കാരുകൾക്ക് പട്ടികജാതി ഉപപദ്ധതി പ്രകാരമുള്ള പദ്ധതിയുടെ വിശകലനം പ്രധാനമായും രണ്ടുതരത്തിലാണ് നടത്തിയിട്ടുള്ളത്. ധനവിനിയോഗത്തിന്റെ അടിസ്ഥാനത്തിലും, പദ്ധതികളുടെ ഗുണപരമായ അടിസ്ഥാനത്തിലും.

1. ധനവിനിയോഗത്തിന്റെ അടിസ്ഥാനത്തിലുള്ള വിശകലനം

ഇക്കാലയളവിൽ ജില്ലയിലെ വ്യത്യസ്ത പ്രാദേശിക സർക്കാരുകൾക്ക് പട്ടികജാതി ഉപ പദ്ധതിയിനത്തിൽ നൽകിയ തുകയുടേയും ചെലവഴിച്ച തുകയുടേയും വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

പട്ടിക:6.2.9.1

പ്രാദേശിക സർക്കാരുടെ എസ്.സി.പി.ധനവിനിയോഗം – 2016–17

(രൂപ ലക്ഷത്തിൽ)

പ്രാദേശിക സർക്കാർ	അലോട്ട്മെന്റ്	ചെലവ്	ചെലവ് %
ജില്ലാ പഞ്ചായത്ത് (1)	2260.87	1254.45	55.49
ബ്ലോക്ക് പഞ്ചായത്ത് (11)	1686.86	1442.68	85.52
ഗ്രാമപഞ്ചായത്ത് (73)	5974.14	3571.3	59.78
കോർപ്പറേഷൻ (1)	1686.85	1254.45	74.37
മുനിസിപ്പാലിറ്റി (4)	1032.29	629.16	60.95
ആകെ	**12329.88**	**8437.94**	**68.43**

(അവലംബം: സുലേഖ)

ഉപപദ്ധതി പ്രകാരം അനുവദിച്ച തുക പൂർണ്ണമായും പ്രാദേശിക സർക്കാരുകളൊന്നും തന്നെ ചെലവഴിച്ചിട്ടില്ല. ജില്ലാപഞ്ചായത്തിലാണ് ധനവിനിയോഗം ഏറ്റവും കുറവായി കാണുന്നത്. (55.49%) ഗ്രാമപഞ്ചായത്തുകളിലും മുനിസിപ്പാലിറ്റികളിലും അനുവദിച്ച തുകയുടെ 60 ശതമാനത്തോളം മാത്രമാണ് വിനിയോഗിച്ചതായി കാണുന്നത്. എന്നാൽ ബ്ലോക്ക് പഞ്ചായത്തുകളിലും കോർപ്പറേഷനിലും താരതമ്യേന ഉയർന്ന ധനവിനിയോഗം കാണുന്നു.

(എ) ഗ്രാമ പഞ്ചായത്ത്

2016–17 കാലയളവിൽ ജില്ലയിലെ ഗ്രാമ പഞ്ചായത്തുകളിലെ എസ്.സി.പി വിനിയോഗം ചുവടെ കൊടുക്കുന്നു.

പട്ടിക: 6.2.9.2

എസ്.സി.പി.ധനവിനിയോഗം – ഗ്രാമ പഞ്ചായത്ത് – 2016–17

(രൂപ ലക്ഷത്തിൽ)

ഗ്രാമ പഞ്ചായത്ത്	അനുവദിച്ച തുക	ചെലവഴിച്ചത്	ചെലവ് (%)
കടയ്ക്കാവൂർ	113.96	38.52	33.80
അഞ്ചുതെങ്ങ്	21.31	4.95	23.23
ആര്യങ്കോട്	78.34	22.21	28.35
കരുംകുളം	27.83	19.49	70.03
കിഴുവിലം	199.26	94.96	47.66
വെട്ടൂർ	46.73	15.09	32.29
ആര്യനാട്	77	33.59	43.62
പാങ്ങോട്	126.97	54.68	43.07
പോത്തൻകോട്	74.98	24.46	32.62
പുല്ലമ്പാറ	97.83	38.6	39.46
നന്ദിയോട്	66.7	33.49	50.21
പെരിങ്ങമ്മല	94.11	36.59	38.88
ചെറുന്നിയൂർ	103.35	52.62	50.91
ചിറയിൻകീഴ്	125.24	35.99	28.74
ആനാട്	75.92	41.33	54.44
നാവായിക്കുളം	174.68	83.42	47.76
തിരുപുറം	21.3	6.99	32.82
വെള്ളറട	53.56	36.92	68.93
പാറശ്ശാല	105.53	56.62	53.65
ചെമ്മരുതി	138.01	85.12	61.68
ആമ്പൂരി	42.32	18.57	43.88
തൊളിക്കോട്	20.68	10.88	52.61
കുറ്റിച്ചൽ	39.13	21.24	54.28
ചെങ്കൽ	83.49	56.49	67.66
ഒറ്റൂർ	61.35	26.33	42.92
വക്കം	69.4	38.83	55.95
പുളിമാത്ത്	128.91	74.23	57.58
അരുവിക്കര	68.26	25.91	37.96
കരകുളം	83.73	33.2	39.65
നെല്ലനാട്	114.41	44.93	39.27
പൂവാർ	58.71	43.51	74.11
കഠിനംകുളം	116.38	80.84	69.46
വെമ്പായം	62.62	30.91	49.36
കാഞ്ഞിരംകുളം	28.95	25.25	87.22
കുളത്തൂർ	43.87	34.59	78.85
വിളപ്പിൽ	70	23.14	33.06
കല്ലിയൂർ	130.95	108.72	83.02
മുദാക്കൽ	140.63	83.68	59.50
വിതുര	69.89	39.54	56.57
വെള്ളനാട്	43.7	22.31	51.05
കോട്ടുകാൽ	77.28	47.85	61.92
നഗരൂർ	121.01	86.16	71.20
പള്ളിക്കൽ	45.67	33.89	74.21
കള്ളിക്കാട്	19.56	12.95	66.21
കുന്നത്തുകാൽ	76.07	55.27	72.66
അതിയന്നൂർ	70.54	43.35	61.45
ഒറ്റശേഖരമംഗലം	45.09	24.57	54.49
ഉഴമലയ്ക്കൽ	34.29	13.53	39.46
അഴൂർ	132.02	82.04	62.14
പനവൂർ	43.52	35.89	82.47
ബാലരാമപുരം	77.69	47.69	61.38
പഴയകുന്നുമ്മേൽ	122.81	86.35	70.31
കരവാരം	100.85	73.61	72.99

കിളിമാനൂർ	70.58	42.93	60.82
പൂവച്ചൽ	100.49	68.89	68.55
കാരോട്	59.93	39.64	66.14
വെങ്ങാനൂർ	134.76	100.79	74.79
ഇലകമൺ	95.18	77.42	81.34
കല്ലറ	67.84	46.07	67.91
മടവൂർ	77.4	59.31	76.63
മാണിക്കൽ	95.64	89.17	93.24
മംഗലപുരം	158.82	115.41	72.67
കൊല്ലയിൽ	75.3	57.81	76.77
മലയിൻകീഴ്	73.23	42.08	57.46
ഇടവ	49.47	44.23	89.41
കാട്ടാക്കട	92.05	71.4	77.57
പള്ളിച്ചൽ	139.28	120.98	86.86
വാമനപുരം	42.81	27.99	65.38
വിളവൂർക്കൽ	45.38	20.25	44.62
മണമ്പൂർ	75.88	51.18	67.45
അണ്ടൂർക്കോണം	98.14	69.22	70.53
മാറനല്ലൂർ	118.63	88.95	74.98
പെരുങ്കടവിള	36.94	35.73	96.72
ആകെ	5974.14	3571.3	59.78

(അവലംബം: സുലേഖ)

പെരുങ്കടവിള ബ്ലോക്ക് പഞ്ചായത്തിലുൾപ്പെട്ട പെരുങ്കടവിള പഞ്ചായത്താണ് ഏറ്റവുമധികം തുക ചെലവഴിച്ചത് (96.72%). മാണിക്കൽ പഞ്ചായത്തും തൊണ്ണൂറു ശതമാനത്തിലധികം തുക ചെലവഴിച്ചു (93.24%). അഞ്ചുതെങ്ങ് (23.23%), ആര്യങ്കോട് (28.35%), ചിറയിൻകീഴ് (28.74%) പഞ്ചായത്തുകളാണ് ധനവിനിയോഗത്തിൽ ഏറ്റവും പിന്നിൽ നിൽക്കുന്നത്. 22 പഞ്ചായത്തുകൾ 50% പോലും തുക ചെലവഴിച്ചിട്ടില്ല.

(ബി) ബ്ലോക്ക് പഞ്ചായത്ത്

2016–17 കാലയളവിൽ ജില്ലയിലെ ബ്ലോക്ക് പഞ്ചായത്തുകളിലെ എസ്.സി.പി വിനിയോഗം പട്ടിക കൊടുക്കുന്നു.

പട്ടിക:6.2.9.3

എസ്.സി.പി.ധനവിനിയോഗം – ബ്ലോക്ക് പഞ്ചായ**ത്ത്** – 2016–17

(രൂപ ലക്ഷത്തിൽ)

ബ്ലോക്ക് പഞ്ചായത്ത്	അനുവദിച്ച തുക	ചെലവഴിച്ചത്	ചെലവ് %
പാറശ്ശാല	114.38	65.79	57.52
പെരുങ്കടവിള	122.13	77.26	63.26
ചിറയിൻകീഴ്	166.90	119.79	71.77
വർക്കല	173.81	173.72	99.95
നേമം	194.66	151.59	77.87
അതിയന്നൂർ	108.06	91.39	84.57
പോത്തൻകോട്	160.36	151.72	94.61
വെള്ളനാട്	129.45	125.58	97.01
കിളിമാനൂർ	234.14	234.1	99.98
വാമനപുരം	190.67	176.44	92.54
നെടുമങ്ങാട്	92.30	75.3	81.58
ആകെ	1686.86	1442.68	85.52

(അവലംബം: സുലേഖ)

ജില്ലയിലെ 11 ബ്ലോക്ക് പഞ്ചായത്തുകളിൽ 5 ബ്ലോക്ക്പഞ്ചായത്തുകൾ 90 ശതമാനത്തിലധികം തുകയും ചെലവഴിച്ചു. വർക്കല ബ്ലോക്ക് 99.95 ശതമാനം തുകയും ചെലവഴിച്ചത് അഭിമാനാർഹമായ നേട്ടമാണ്. എന്നാൽ പാറശ്ശാല ബ്ലോക്ക് പഞ്ചായത്തിന് 57.52 ശതമാനം തുക മാത്രമേ ചെലവഴിക്കാൻ കഴിഞ്ഞുള്ളൂ.

(സി) മുനിസിപ്പാലിറ്റി

2016–17 കാലയളവിൽ ജില്ലയിലെ മുനിസിപ്പാലിറ്റികളിലെ എസ്.സി.പി വിനിയോഗം ചുവടെ കൊടുക്കുന്നു.

പട്ടിക:6.2.9.4

എസ്.സി.പി.ധനവിനിയോഗം – മുനിസിപ്പാലിറ്റികളിൽ – 2016–17

(രൂപ ലക്ഷത്തിൽ)

മുനിസിപ്പാലിറ്റി	അലോട്ട്മെന്റ്	ചെലവ്	ചെലവ് (%)
വർക്കല	311.85	190.39	61.05
നെടുമങ്ങാട്	237.39	86.22	36.32
ആറ്റിങ്ങൽ	203.37	120.54	59.27
നെയ്യാറ്റിൻകര	279.68	232.01	82.96
ആകെ	1032.29	629.16	60.95

(അവലംബം: സുലേഖ)

തിരുവനന്തപുരം കോർപ്പറേഷനിൽ 74.37% തുക ചെലവഴിച്ചപ്പോൾ മുനിസിപ്പാലിറ്റികളിൽ നെയ്യാറ്റിൻകര മുനിസിപ്പാലിറ്റിയാണ് ഏറ്റവും കൂടുതൽ തുക ചെലവഴിച്ചത്. (82.96%). എന്നാൽ നെടുമങ്ങാട് മുനിസിപ്പാലിറ്റി 36.32% തുക മാത്രമേ ചെലവഴിച്ചിട്ടുള്ളൂ.

2. പദ്ധതികളുടെ ഗുണപരമായ അടിസ്ഥാനത്തിലുള്ള വിശകലനം

ജില്ലയിലെ വിവിധ പ്രാദേശിക സർക്കാരുകൾ അവർക്കു ലഭിച്ച എസ്.സി.പി തുക ഉപയോഗിച്ച് ഏതേത് തരത്തിലുള്ള പദ്ധതികളാണ് ആവിഷ്ക്കരിച്ചതെന്നാണ് ഈ വിശകലനത്തിലൂടെ പരിശോധിക്കുന്നത്. 2016–17 കാലയളവിൽ രൂപീകരിക്കപ്പെട്ട ആകെ പദ്ധതികളുടെ എണ്ണം ചുവടെ കൊടുക്കുന്നു.

പട്ടിക:6.2.9.5

പ്രാദേശിക സർക്കാരുകൾ എസ്.സി.പി.യിൽ

ആവിഷ്ക്കരിച്ച പദ്ധതികളുടെ എണ്ണവും മേഖലയും – 2016–17

പ്രാദേശിക സർക്കാർ	ആകെ പദ്ധതികൾ	ഉൽപ്പാദന മേഖല		സേവന മേഖല		പശ്ചാത്തല മേഖല		മറ്റുള്ള പദ്ധതികൾ	
		എണ്ണം	%	എണ്ണം	%	എണ്ണം	%	എണ്ണം	%
ജില്ലാ പഞ്ചായത്ത് (1)	145	1	0.7	20	13.79	26	17.93	98	67.59
ബ്ലോക്ക്പഞ്ചായത്ത് (11)	225	10	4.4	18	8.00	59	26.22	138	61.33
ഗ്രാമപഞ്ചായത്ത് (73)	1600	182	11.4	457	28.56	242	15.13	719	44.94
കോർപ്പറേഷൻ (1)	145	8	5.5	30	20.69	83	57.24	24	16.55
മുനിസിപ്പാലിറ്റി (4)	159	13	8.2	42	26.42	36	22.64	68	42.77
ആകെ	2274	214	9.4	567	24.93	446	19.61	1047	46.05

(അവലംബം: സുലേഖ)

സാമ്പത്തിക വികസനവും ആസ്തി വർദ്ധനവും എസ്.സി.പിയുടെ ലക്ഷ്യങ്ങളായിരിക്കവേ തന്നെ വരുമാനവും തൊഴിലും ഉറപ്പുവരുത്തുവാൻ കഴിയുന്ന ഉൽപ്പാദനമേഖലയിൽ പദ്ധതികൾ ആവിഷ്ക്കരിക്കുന്നത് തുലോം കുറവാണ് (9.41% മാത്രം). അതിൽ തന്നെ തിരുവനന്തപുരം ജില്ലാ പഞ്ചായത്താണ് ഏറ്റവും പിന്നിൽ നിൽക്കുന്നത് (0.7%). അൻപതു ശതമാനം പദ്ധതികളും പട്ടികജാതി ഉപപദ്ധതിയുടെ പ്രഖ്യാപിത ലക്ഷ്യങ്ങളെ സാക്ഷാത്ക്കരിക്കാൻ സഹായകരമല്ല എന്നത് തിരുത്തപ്പെടേണ്ട ഒരു വസ്തുതയാണ്. ഉപമേഖല തിരിച്ചുള്ള പദ്ധതികളുടെ എണ്ണം ചുവടെ കൊടുക്കുന്നു.

പട്ടിക:6.2.9.6

പ്രാദേശിക സർക്കാരുകൾ എസ്.സി.പി.യിൽ

ആവിഷ്ക്കരിച്ച പദ്ധതികളുടെ എണ്ണവും ഉപമേഖലയും – 2016–17

മേഖല	ഉപമേഖല	ജില്ലാ പഞ്ചായത്ത്	ബ്ലോക്ക് പഞ്ചായത്ത്	ഗ്രാമപഞ്ചായത്ത	കോർപ്പറേഷൻ	മുനിസിപ്പാലിറ്റി	ആകെ
ഉൽപ്പാദനം	കൃഷി	0	0	20	0	0	214
	ജലസേചനം	0	0	5	1	1	
	മണ്ണുജല സംരക്ഷണം	0	0	0	0	1	
	മൃഗപരിപാലനം	1	6	104	0	5	
	ക്ഷീരവികസനം	0	1	8	0	0	
	മൽസ്യകൃഷി	0	0	0	0	0	

	വ്യവസായം, സ്വയം തൊഴിൽ, സംരഭകത്വം, വിപണനം	0	3	45	7	6	
സേവനം	വിദ്യാഭ്യാസം	7	4	135	7	14	567
	തുടർവിദ്യാഭ്യാസം	0	0	0	0	0	
	വായനശാല, വായനാമുറി	0	0	0	1	0	
	കലാ കായിക സാംസ്ക്കാരികം	4	1	1	2	0	
	ആരോഗ്യം	0	0	7	0	1	
	കുടിവെള്ളം	9	7	135	4	9	
	ശുചിത്വം,മാലിന്യസംസ്ക്കരണം	0	1	12	4	1	
	ഭവനം, വൈദ്യുതീകരണം	0	5	167	12	17	
പശ്ചാത്തലം	ഊർജസംരക്ഷണം	0	0	0	0	0	446
	മറ്റ് നിർമ്മാണ പ്രവർത്തനങ്ങൾ	0	1	0	0	1	
	ഗതാഗതം	26	58	242	83	35	
	മറ്റു പദ്ധതികൾ	**98**	**138**	**719**	**24**	**68**	
ആകെ		145	225	1600	145	159	2274

(അവലംബം: സുലേഖ)

ഉൽപ്പാദന മേഖലയിൽ വ്യവസായം, സ്വയം തൊഴിൽ, സംരംഭകത്വം, വിപണനം എന്നീ ഉപമേഖലകളിലും സേവന മേഖലയിൽ തുടർവിദ്യാഭ്യാസം, കലാ കായിക സാംസ്ക്കാരികം, ശുചിത്വം, മാലിന്യ സംസ്ക്കരണം എന്നീ ഉപമേഖലകളിലും പശ്ചാത്തല മേഖലയിൽ ഊർജ്ജ സംരക്ഷണ ഉപമേഖലയിലും പ്രാദേശിക സർക്കാരുകൾ ഫലപ്രദമായ പദ്ധതികൾ ആവിഷ്ക്കരിക്കുന്നതായി കാണുന്നില്ല.

2017–18 വാർഷിക പദ്ധതി

പട്ടിക:6.2.9.7

പ്രാദേശിക സർക്കാരുടെ എസ്.സി.പി ധനവിനിയോഗം 2017–18

(രൂപ ലക്ഷത്തിൽ)

പ്രാദേശിക സർക്കാർ	അലോട്ട്മെന്റ്	ചെലവ്	ചെലവ് %
ജില്ലാ പഞ്ചായത്ത് (1)	2581.11	462	17.90
ബ്ലോക്ക്പഞ്ചായത്ത് (11)	2134.96	622.93	29.18
ഗ്രാമപഞ്ചായത്ത് (73)	6811.29	1550	22.76
കോർപ്പറേഷൻ (1)	4460.34	532.83	11.95
മുനിസിപ്പാലിറ്റി (4)	1058.31	127.2	12.02
ആകെ	17046.01	3295	19.33

(അവലംബം: സുലേഖ)

പദ്ധതികൾ രൂപീകരിക്കാൻ അവലംബിച്ച രീതി – ജനപങ്കാളിത്തം

കേരള പഞ്ചായത്തീരാജ്–നഗരപാലിക നിയമങ്ങളിലും അനുബന്ധ ചട്ടങ്ങളിലും നിഷ്ക്കർഷിച്ചിട്ടുള്ള രീതിയിൽ പദ്ധതിരൂപീകരണ പ്രക്രിയ നടക്കുന്നുവെങ്കിലും പട്ടികജാതിക്കാരുടെ പങ്കാളിത്തം പദ്ധതി രൂപീകരണ പ്രക്രിയയിൽ പ്രതീക്ഷിക്കുന്ന തരത്തിൽ ഉണ്ടാകുന്നില്ലായെന്നത് ഒരു വസ്തുതയാണ്. മാത്രമല്ല പൊതുവായ ഗ്രാമ–വാർഡ് സഭകളിൽ വിവിധ വിഷയങ്ങളിലൊരു വിഷയം മാത്രമായി പട്ടികജാതി വികസനം ചർച്ച ചെയ്യപ്പെടുമ്പോൾ പ്രത്യേക പരിഗണന അർഹിക്കുന്ന വിഭാഗങ്ങൾക്കുള്ള പദ്ധതിരൂപീകരണം എന്ന നിലയിലുള്ള പ്രാധാന്യം ലഭിക്കുന്നില്ല. കൂടാതെ മറ്റു വിഷയങ്ങളുടെ ചർച്ചകളിൽ പങ്കാളിയാകാൻ പട്ടികജാതിക്കാർക്ക് കഴിയുന്നുമില്ല എന്ന സാഹചര്യം നിലനിൽക്കുകയാണ്. അതിനാൽ അധികാരവികേന്ദ്രീകരണം ലക്ഷ്യം വയ്ക്കുന്ന പട്ടികജാതിക്കാരുടെ പങ്കാളിത്തം പ്രാദേശിക വികസനപ്രക്രിയയിൽ സാക്ഷാത്ക്കരിക്കണമെങ്കിൽ പ്രത്യേക പരിഗണന അർഹിക്കുന്ന വിഭാഗങ്ങൾക്ക് പ്രത്യേക നടപടിക്രമങ്ങൾ ചിട്ടപ്പെടുത്തേണ്ടത് അനിവാര്യമാണ്. അതിനായി ചില നിർദ്ദേശങ്ങൾ ചുവടെ കൊടുക്കുന്നു.

- പട്ടികജാതിക്കാർക്കായി സ്പെഷ്യൽ ഗ്രാമസഭകൾ മൂന്നുമാസത്തിലൊരിക്കൽ വിളിച്ചു ചേർക്കേണ്ടതാണ്.
- പട്ടികവർഗ ഉപപദ്ധതി പട്ടികവർഗ ഊരുക്കൂട്ടങ്ങളുടെ തീരുമാനങ്ങൾക്ക് വിധേയമായിരിക്കുന്നതുപോലെ പട്ടികജാതി വികസനത്തിനായി പ്രാദേശിക സർക്കാരുകൾ കൈക്കൊള്ളുന്ന നടപടികളെല്ലാം പട്ടികജാതിക്കാരുടെ സ്പെഷ്യൽ ഗ്രാമസഭയുടെ തീരുമാനങ്ങൾക്ക് വിധേയമായിരിക്കുന്നതാണ്.

- അതാത് പ്രാദേശിക സർക്കാരുകളുടെ പരിധിയിൽ പ്രവർത്തിക്കുന്ന പട്ടികജാതിക്കാരുടെ വിവിധ സംഘടനകളെയും പട്ടികജാതി വികസനത്തിൽ താൽപര്യമുള്ള സംഘടനകളേയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ രജിസ്റ്റർ ചെയ്യിപ്പിക്കുകയും അവരെ പട്ടികജാതി വികസനത്തിന്റെ ഔദ്യോഗിക സ്റ്റേക്ക്ഹോൾഡർ ആയി അംഗീകരിച്ച് വികസന ചർച്ചകളിലും നടത്തിപ്പിലും പങ്കാളികളാക്കുകയും ചെയ്യുക.
- പട്ടികജാതി പ്രമോട്ടറെ ഗ്രാമ-വാർഡ് സഭാ മീറ്റിംഗുകളിലെ കോ-ഓർഡിനേറ്ററായി ചുമതലപ്പെടുത്തേണ്ടതാണ്.
- പ്രാദേശിക സർക്കാരുകൾ തയ്യാറാക്കുന്ന പട്ടികജാതിക്കാരുടെ അവസ്ഥാവിശകലന റിപ്പോർട്ടുകൾ വിവിധ വകുപ്പുകളുടെയും ഏജൻസികളുടേയും ജില്ലാ-ബ്ലോക്ക്-താലൂക്ക്തല മേധാവികൾക്കുകൂടി നൽകുകയും പട്ടികജാതിക്കാർക്ക് പ്രയോജനപ്രദമാംവിധം പദ്ധതികൾ ആവിഷ്ക്കരിക്കുവാൻ അവശ്യപ്പെടുകയും ചെയ്യുക.

6.2.10.പട്ടികവർഗ്ഗ വികസനം

2017-18 വാർഷിക പദ്ധതി

ജില്ലയിലെ 14 ഗ്രാമപഞ്ചായത്തുകളുടെ പ്രോകജക്ടുകൾ വിലയിരുത്തി. പ്രധാന പ്രോജക്ടുകൾ താഴെ വിവരിക്കുന്നു.

- ഭവന നിർമ്മാണം(PMAY/IAY) വിഹിതം ഉൾപ്പെടെ)
- ഭവന പുനരുദ്ധാരണം.
- കിണർ നിർമ്മാണം/പുനരുദ്ധാരണം /പൊതു കുളം സംരക്ഷിക്കൽ, പൈപ്പു ലൈൻ നീട്ടൽ.
- വീടു വയറിംഗ്/സമ്പൂർണ ശൗചാലയം.
- ഇലക്ട്രിക്കൽ പോസ്റ്റു സ്ഥാപിക്കൽ/ മിനി ഹൈമാസ്റ്റ് /തെരുവു വിളക്ക്/ ഇൻവെർട്ടർ
- സൈക്കിൾ വിതരണം.
- കമ്പ്യൂട്ടർ/ലാപ്ടോപ്പ് വിതരണം.
- യൂണിഫോം, ഫർണിച്ചർ, പഠനോപകരണ വിതരണം, പഠനമുറി, എം.ജി.എൽ.സി യ്ക്ക് ചുറ്റുമതിൽ, പ്രോജക്ടർ
- ആടുവളർത്തൽ, കാലിതൊഴുത്ത് നിർമ്മാണം, മുട്ടക്കോഴി വളർത്തൽ, പശു വളർത്തൽ.
- വയോജനങ്ങൾക്ക് മെഡിക്കൽ ക്യാമ്പ്, കട്ടിൽ
- ഭിന്നശേഷിക്കാർക്കു പെട്ടിക്കട.
- അംഗൻവാടി പോഷകാഹാരം/കിന്റർഗാർട്ടൻ ഫർണിച്ചർ.
- ഓട്ടോറിക്ഷ വിതരണം.
- ഭൂരഹിതർക്കു ഭൂമിവാങ്ങൽ.
- ഗവ: ആയുർവേദ ആശുപത്രിയ്ക്കു മരുന്നു വാങ്ങൽ.
- സ്വയം തൊഴിലിന് ഇരുചക്രവാഹനം.
- ഇഞ്ചികൃഷി/കിഴങ്ങുകൃഷി, കരനെൽകൃഷി, കുരുമുളക്, കുറ്റികുരുമുളക്, ഇടവിളകൃഷി, വാഴകൃഷി.

ഈ പ്രോജക്ടുകൾ അവലോകനം നടത്തി വിലയിരുത്തൽ ചുവടെ ചേർക്കുന്നു.

- ഭവനനിർമ്മാണം, ഭവനപുനരുദ്ധാരണം, വയറിംഗ്, ശൗചാലയം, കിണർ നിർമ്മാണം, കിണർ പുനരുദ്ധാരണം, പൊതു കുളം സംരക്ഷിക്കൽ, പൈപ്പു ലൈൻ നീട്ടൽ തുടങ്ങിയ പ്രവർത്തികൾ യഥാസമയം പൂർത്തീകരിക്കുന്നുവെന്നു ഗ്രാമപഞ്ചായത്ത് ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഉറപ്പു വരുത്തുന്നില്ല.
- തെരുവു വിളക്ക് , മിനി ഹൈമാസ്റ്റ് ഇവയ്ക്ക് പട്ടികവർഗ്ഗ ഉപസമിതിയിൽ നിന്നും തുക വകയിരുത്തുന്നത് അഭികാമ്യമല്ല. പുറമേ വനത്തിനകത്തോ, വനത്തിനടുത്തോ സ്ഥിതി ചെയ്യുന്ന പട്ടികവർഗ്ഗ സങ്കേതങ്ങളിൽ പാരിസ്ഥിതിക പ്രശ്നങ്ങളും സൃഷ്ടിക്കുന്നു.

- പട്ടികവർഗ്ഗ മേഖലകൾ, വീടുകൾ ഇവ മതിയായ ഗതാഗത സൗകര്യം ഇല്ലാത്തതിനാൽ പൊതുവായി സൈക്കിൾ വിതരണം ചെയ്യുന്നത് ഗുണം ചെയ്യില്ല.
- പട്ടികവർഗ്ഗ വികസന വകുപ്പിൽ നിന്നും പ്രൊഫഷണൽ കോഴ്സ്, പി.ജി, എൽ.എൽ.ബി എന്നീ കോഴ്സുകൾക്ക് പഠിക്കുന്നവർക്ക് ലാപ്ടോപ്പ് നൽകുന്നു. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുഖേന ടി സഹായം നൽകുന്ന അവസരത്തിൽ പട്ടികവർഗ്ഗ വികസന വകുപ്പിൽ നിന്നും സഹായം ലഭിച്ചിട്ടില്ലായെന്ന് ഉറപ്പു വരുത്തണം.
- യൂണിഫോം, ഫർണിച്ചർ, പഠനോപകരണം ഇവ പല ഏജൻസികൾ വഴി നൽകുന്നു. ഒരാളിന് ഒന്നിലധികം ഏജൻസികളിൽ നിന്നും ഒരേ കാര്യത്തിന് സഹായം ലഭിക്കുന്നില്ലായെന്ന് ഉറപ്പുവരുത്തണം. വിദ്യാഭ്യാസ സംബന്ധിയായ ടി സഹായങ്ങൾ വിദ്യാഭ്യാസ വർഷാരംഭത്തിൽ തന്നെ നൽകണം. 2017–18 വർഷം ഇത്തരത്തിൽ ഒരു പദ്ധതിയും ഇതുവരെ നടപ്പാക്കിയിട്ടില്ല.
- പട്ടികവർഗ്ഗ സങ്കേതങ്ങളിൽ പഠനമുറി, ഭൂരഹിതർക്ക് ഭൂമി, ഗവ: ആയുർവേദ ഡിസ്പെൻസറിക്ക് മരുന്നുവാങ്ങൽ ഇവ പട്ടികവർഗ്ഗ വികസന വകുപ്പുമായി ബന്ധപ്പെട്ട് ഇരട്ടിപ്പുവരാത്തവിധം നിർവ്വഹിക്കണം.
- സ്വയംതൊഴിലിന് ഇരുചക്രവാഹനം, ഓട്ടോറിക്ഷ വിതരണം ഇവ ഫലപ്രദമായ ഉപയോഗിക്കുന്നുയെന്ന് ഉറപ്പുവരുത്തണം.
- മുട്ടക്കോഴി വളർത്തൽ, ആടു വളർത്തൽ, കറവ പശു വളർത്തൽ ഇവ മൃഗസംരക്ഷണ വകുപ്പ്, ക്ഷീര വികസന വകുപ്പ്, മിൽക്ക് സൊസൈറ്റികൾ, കുടുംബശ്രീ ഇവയുമായി സംയോജിപ്പിച്ച് ടി പദ്ധതികൾ സുസ്ഥിരമായ വരുമാനദായകമായ രീതിയിൽ നടപ്പാക്കാവുന്നതാണ്. ഇത്തരം പദ്ധതികൾക്ക് ഗുണഭോക്തൃ വിഹിതം ഒഴിവാക്കണം.
- കൃഷി വികസനത്തിന് നാമമാത്രമായ പദ്ധതികൾ മാത്രമേ ഉൾപ്പെടുത്തിയിട്ടുള്ളൂ. ജില്ലയിലെ പട്ടികവർഗ്ഗക്കാർ താരതമ്യേന കൈവശഭൂമിയുള്ളവരാണ്. വനമേഖലയിലാണ് അധികം സങ്കേതങ്ങളും എന്നതിനാൽ വരുമാനദായകമായ നിലയിൽ മുഴുവൻ ഭൂമിയും കൃഷി യോഗ്യമാക്കുക എന്നത് ദുഷ്കരമാണ്. എന്നിരുന്നാലും വന്യമൃഗ ശല്യത്തെ ചെറുത്ത് ആദായകരമായി നടത്താവുന്ന ഇഞ്ചി, മഞ്ഞൾ, കസ്തൂരി മഞ്ഞൾ ഇവ വാണിജ്യപരമായി കൃഷി ചെയ്യുന്നതിനും അതിന്റെ തണലിൽ മറ്റു ഭക്ഷ്യവിളകളും കൃഷി ചെയ്ത് ഭക്ഷ്യ സുരക്ഷയും വരുമാനവും ഉറപ്പു വരുത്താനാകുന്ന പ്രോജക്ടുകൾക്കു പ്രാമുഖ്യം നൽകണം.
- പട്ടികവർഗ്ഗക്കാർക്ക് മതിയായ ഭൂമി ഉള്ളതിനാൽ ടി ഭൂമി ഉപയോഗപ്പെടുത്തി വ്യവസായ വാണിജ്യ വകുപ്പിന്റെ സാങ്കേതിക സഹായത്തോട് കൂടി ചെറുകിട വ്യവസായ യൂണിറ്റുകൾ മതിയായ മുൻപിൻ ബന്ധങ്ങളോടും നൈപുണ്യ വികസന പരിശീലനത്തോടും കൂടി ആരംഭിക്കാനാകുന്ന പ്രോജക്ടുകൾക്ക് രൂപം നൽകണം.
- പട്ടികവർഗ്ഗക്കാരായ അഭ്യസ്തവിദ്യരായ യുവതീയുവാക്കളുടെ തൊഴിൽശേഷി വികസിപ്പിക്കുവാനാകും വിധമുള്ള പ്രോജക്ടുകൾക്ക് മുൻഗണന നൽകണം.
- പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ അദ്ധ്യായന നിലവാരം വർദ്ധിപ്പിക്കുന്നതിനും കൊഴിഞ്ഞുപോക്ക് നിശ്ശേഷം ഇല്ലാതാക്കുന്നതിനും ഉതകുന്ന പ്രോജക്ടുകൾ ആവിഷ്കരിക്കണം.
- പട്ടികവർഗ്ഗക്കാരായ വിദ്യാർത്ഥികളുടെ കലാകായിക കഴിവുകൾ പ്രോത്സാഹിപ്പിക്കുന്നതിനും എൽ.എസ്.എസ്, യു.എസ്.എസ്, എൻ.റ്റി.എസ്.ഇ, കെ.ബി.വി.പി.വൈ തുടങ്ങിയ സ്കോളർഷിപ്പുകൾ, ജി.വി.രാജ സ്പോർട്ട്സ് സ്കൂൾ, സൈനിക സ്കൂൾ, നവോദയ സ്കൂൾ, വിവിധ പ്രവേശന പരീക്ഷകൾക്കു പരിശീലനം എന്നിവ നൽകാനാകും വിധം പ്രോജക്ടുകൾ ഏറ്റെടുക്കുന്നതിനു തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കു അനുമതി ഉണ്ടാകണം.
- ടെക്നിക്കൽ സ്കൂൾ, ഐ.ടി.ഐ, പോളിടെക്നിക്ക് എന്നിവിടങ്ങളിൽ പട്ടികവർഗ്ഗ കുട്ടികൾ ചേർന്നു പഠിക്കുന്നതിനുവേണ്ട ഒത്താശകളും സാമ്പത്തിക സഹായങ്ങളും അനുവദിക്കുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് കഴിയണം.
- ഉന്നത വിദ്യാഭ്യാസത്തിന് പ്രവേശനം ലഭിക്കുന്ന പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് പ്രാരംഭ ചെലവുകൾ വഹിക്കുന്നതിന് സാമ്പത്തിക സഹായം, താമസ ഭക്ഷണം, ഒരുക്കുന്നതിനും

പഠനചെലവിന് സഹായം നൽകുന്നതിനുമുള്ള സ്വാതന്ത്ര്യം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകണം.

- പട്ടികവർഗ്ഗ മേഖലയിലെ കുടിവെള്ള വിതരണ പദ്ധതിയുടെ ചെലവ് ഗുണഭോക്തൃ സമിതികൾ വഹിക്കണമെന്നതിൽ നിന്നും പട്ടികവർഗ്ഗക്കാരെ ഒഴിവാക്കി ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്നും വിനിയോഗിക്കുന്നനിനും അനുമതി നൽകണം.
- പട്ടികവർഗ്ഗ മേഖലയിലെ എൽ.പി, യു.പി, ഹൈസ്കൂൾ, ഹയർസെക്കന്ററി സ്ക്കൂൾ എന്നിവിടങ്ങളിൽ സ്കൂൾ കുട്ടികൾക്ക് പ്രഭാതഭക്ഷണം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സഹായത്തോടെ നടപ്പാക്കുന്നതിന് കഴിയണം.
- പട്ടികവർഗ്ഗ ഉപസമിതി രൂപീകരണം, നിർവ്വഹണം, മോണിറ്ററിംഗ് ഇവ ഊരുകൂട്ടങ്ങളെ വിശ്വാസത്തിലെടുത്തുകൊണ്ടും അവരുടെ പങ്കാളിത്തത്തോടുകൂടി നടത്തുന്നതിനും പ്രാമുഖ്യം നൽകണം.

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പട്ടികവർഗ്ഗ പദ്ധതി നിർവ്വഹണം
സമഗ്ര സംയോജന സാധ്യതകളും പൊതു നിർദ്ദേശങ്ങളും

- പത്തും പതിനൊന്നും പഞ്ചവത്സര പദ്ധതികളിൽ പട്ടികവർഗ്ഗ ഉപപദ്ധതിയിൽ പരിഹാര വകയിരുത്തലുകൾ ഉണ്ടായിരുന്നു. അതായത് മുൻവർഷത്തിൽ പൊതുവികസന ഫണ്ടിന്റെ വിനിയോഗത്തെക്കാൾ കുറവാണ്. വർഷം പട്ടികവർഗ്ഗ ഉപപദ്ധതി ഫണ്ട് വിനിയോഗിക്കണമെങ്കിൽ തൊട്ടടുത്ത വർഷം പട്ടികവർഗ്ഗ ഉപപദ്ധതി ഫണ്ട് വകയിരുത്തുമ്പോൾ ഇതിന് ആനുപാതികമായ വർദ്ധനവ് വകയിരുത്തലിൽ ഉണ്ടാകുമായിരുന്നു. എന്നാൽ പന്ത്രണ്ടാം പഞ്ചവത്സരപദ്ധിയിൽ ഇത് ഉണ്ടായിട്ടില്ല. ഇത് പുന:സ്ഥാപിക്കാവുന്നതാണ്.
- തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ പട്ടികവർഗ്ഗ ഉപപദ്ധതി നടത്തിപ്പിൽ ശരിയായ മോണിറ്ററിംഗ് നടക്കുന്നില്ല. ഒരു നിശ്ചിത ശതമാനത്തിലധികം പട്ടികജാതി/ പട്ടികവർഗ്ഗ ജനസംഖ്യയുള്ള തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെങ്കിലും പട്ടികജാതി/ പട്ടികവർഗ്ഗ സ്റ്റാന്റിംഗ് കമ്മിറ്റികൾ രൂപീകരിക്കുന്നത് ഉചിതമായിരിക്കും.
- പട്ടികവർഗ്ഗ വികസന വകുപ്പും തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളും നടപ്പിലാക്കുന്ന പദ്ധതികൾ തദ്ദേശസ്വയംഭണ സ്ഥാപനം നടപ്പാക്കുമ്പോൾ ഡ്യൂപ്ലിക്കേഷൻ ഒഴിവാക്കുന്നതിനായി ജില്ലാപഞ്ചായത്ത്, ബ്ലോക്ക് പഞ്ചായത്ത്, ഗ്രാമപഞ്ചായത്ത് തലത്തിലുള്ള നിർവ്വഹണ ഉദ്യോഗസ്ഥന്മാരും ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർമാരും അടങ്ങുന്ന ഒരു കോ-ഓർഡിനേഷൻ സമിതിയുടെ നിരീക്ഷണത്തിലായിരിക്കണം ഗുണഭോക്താക്കളെ തെരെഞ്ഞെടുക്കേണ്ടതും പദ്ധതി നിർവ്വഹണം നടത്തേണ്ടതും. (ഉദാഹരണത്തിന് – വിവാഹധനസഹായം, കമ്പ്യൂട്ടർ വാങ്ങി നൽകൽ, വീട് നിർമ്മാണം, സ്കോളർഷിപ്പ് മുതലായവ പട്ടികവർഗ്ഗവികസന വകുപ്പ് നൽകുന്ന കോഴ്സുകൾ ഒഴിച്ച് ബാക്കിയുള്ളവയ്ക്ക് മാത്രം തദ്ദേശ സ്വയം ഭരണ വകുപ്പ് ലാപ്ടോപ്പ് വിതരണം നൽകിയാൽ മതിയാകും. വകുപ്പ് നൽകുന്ന സ്പെസിഫിക്കേഷൻ ഉറപ്പുവരുത്തണം. സംയുക്ത സംയോജിത പദ്ധതികളുടെ സാധ്യത ഈ കമ്മിറ്റിയ്ക്ക് പരിശോധിക്കാവുന്നതാണ്).
- തദ്ദേശ ഭരണ സ്ഥാപനങ്ങളും, പട്ടികവർഗ്ഗ വികസന വകുപ്പും പല പദ്ധതികളിലൂടെയും നടപ്പിലാക്കിയിട്ടുള്ള കുടിവെള്ള പദ്ധതി, കമ്മ്യൂണിറ്റി ഹാളുകൾ എന്നിവ വൈദ്യുതി ചാർജ്ജ് അടയ്ക്കാത്തതിനാൽ പ്രവർത്തനരഹിതമായിക്കിടക്കുന്നു. ഇത് അടയ്ക്കാൻ നിർവ്വാഹമില്ലാത്തതിനാൽ പട്ടികവർഗ്ഗക്കാർക്ക് പദ്ധതിയുടെ ഫലം ലഭിക്കാതെ പോകുന്നു. പഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്നും ഈ ചാർജ്ജ് അടയ്ക്കണം.
- തദ്ദേശ ഭരണ സ്ഥാപനങ്ങൾ ടി.എസ്.പി. ഫണ്ട് പലപ്പോഴും ഐ.എ.വൈ.ഹൗസിംഗ് പദ്ധതിക്കാണ് വകയിരുത്തുന്നത്. എന്നാൽ പലപ്പോഴും അതാത് വർഷങ്ങളിൽ വീടുകൾ പൂർത്തീകരിക്കാൻ കഴിയാത്തതിനാൽ പലപ്പോഴും എല്ലാ ഗഡുക്കളും കൊടുക്കാൻ കഴിയാത്ത സാഹചര്യത്തിൽ ടി.എസ്.പി. തുക പൂർണ്ണഗഡുക്കളും ചെലവഴിക്കാൻ കഴിയാതെ വരുന്നു. സ്ഥിരമായി വീടിനും റോഡിനുമാണ് റ്റി.എസ്.പി. വിഹിതം വകയിരുത്തി കാണുന്നത്. 2017-18 ൽ ഇതുവരെ അംഗീകരിച്ചിട്ടുള്ള തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി പരിശോധിച്ചാൽ പതിമൂന്നാം പദ്ധതിയിലും

തൽസ്ഥിതി തുടരുന്നതായി കാണാം. വികസനത്തിലുള്ള നിർണായക വിടവുകൾ (ക്രിട്ടിക്കൽ ഗ്യാപ്) പരിഹരിക്കുന്നതിനായിട്ടുള്ള ജീവനോപാധി ഉറപ്പ് വരുത്തുന്നതുപോലുള്ള പദ്ധതികൾ ഭാവിയിൽ ഉറപ്പുവരുത്തേതാണ്. വിവിധ വകുപ്പുകളെ ഏകോപിപ്പിച്ചുകൊണ്ട് ടി.എസ്.പി. നിർവ്വഹണത്തിനായി ഊരടിസ്ഥാനത്തിൽ മൈക്രോപ്ലാനുകൾ ഉണ്ടായിരിക്കുന്നത് നന്നായിരിക്കും.

- പട്ടികജാതി/പട്ടികവർഗ്ഗ സഹകരണ സംഘങ്ങൾ:– പന്ത്രാം പഞ്ചവത്സര പദ്ധതിയുടെ മാർഗ്ഗരേഖ പ്രകാരം കഴിഞ്ഞ മൂന്ന് വർഷമായി പ്രവർത്തിക്കുന്നതും ഓഹരി മൂലധനത്തിന്റെ (ഷെയർ ക്യാപ്പിറ്റൽ) 50 ശതമാനത്തിൽ കൂടുതൽ നഷ്ടമില്ലാത്തതുമായ സംഘങ്ങൾക്ക് ധനസഹായത്തിനുള്ള അർഹത ഉണ്ടായിരിക്കും. തൊഴിൽ നൽകുന്നതിനുള്ള പ്രോജക്ടുകൾക്ക് മൂലധന ചെലവിന്റെ 50% എന്ന പരിധിക്ക് വിധേയമായി ധനസഹായം നൽകാവുന്നതാണ് മാനേജീരിയൽ സബ്സിഡി നൽകാൻ പാടുള്ളതല്ല. ടി മാനദണ്ഡം പലപ്പോഴും പട്ടികവർഗ്ഗ സഹകരണ സംഘങ്ങളെ പുനരുജ്ജീവിപ്പിക്കാൻ വിഘാതം സൃഷ്ടിച്ചിരുന്നു. എന്നാൽ പതിമൂന്നാം പഞ്ചവത്സര പദ്ധതി മാർഗ്ഗരേഖ പ്രകാരം ലാഭത്തിൽ പ്രവർത്തിക്കുന്ന സംഘങ്ങൾക്ക് മാത്രമേ ധനസഹായം നൽകാൻ പാടുള്ളൂ. നിലവിൽ പട്ടികവർഗ്ഗ സംഘങ്ങളിൽ ബഹുഭൂരിപക്ഷവും നഷ്ടത്തിൽ പ്രവർത്തിക്കുന്നവയാണ്. പരിഹാരനടപടി ഉണ്ടാകണം.
- പട്ടികവർഗ്ഗ വികസന വകുപ്പ്, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ എന്നിവ വഴി നടപ്പിലാക്കുന്ന പട്ടികവർഗ്ഗക്കാർക്കായുള്ള എല്ലാ പദ്ധതികളും ജില്ലാ ആസൂത്രണ സമിതി പ്രത്യേകം വിലയിരുത്തേണ്ടതാണ്. ഫണ്ട് ദുരുപയോഗം ശ്രദ്ധയിൽപ്പെട്ടാൽ ആസൂത്രണ സമിതി മെമ്പർ സെക്രട്ടറിയായ ജില്ലാ കളക്ടർ തന്നെ അന്വേഷിച്ച് ബന്ധപ്പെട്ട ഉദ്യോഗസ്ഥന്റെ ബാധ്യതയായ കണക്കാക്കി നടപടി സ്വീകരിക്കാവുന്നതാണ്.
- ടി.എസ്.പി. വകയിരുത്തൽ ഉള്ളതിനാൽ തദ്ദേശഭരണ സ്ഥാപനങ്ങളുടെ ജനറൽ ഫണ്ടിന്റെ പ്രയോജനം ഒട്ടും തന്നെ പട്ടികവർഗ്ഗക്കാർക്ക് ലഭിക്കാത്ത സാഹചര്യം ഉണ്ട്. റ്റി.എസ്.പി. ഫണ്ടിനു പുറമേ ജനറൽ ഫണ്ടും കൂടി പട്ടികവർഗ്ഗക്കാർക്ക് വകയിരുത്തുന്ന സ്ഥിതി ഉണ്ടാകണം എന്നാൽ മാത്രമേ പട്ടികവർഗ്ഗക്കാർക്ക് വികസനം സാധ്യമാകുകയുള്ളൂ.
- തദ്ദേശ ഭരണ സ്ഥാപനത്തിന്റെ തനത് ഫണ്ടിൽ നിന്നും ഒരു നിശ്ചിത ഷെയർ പട്ടികവർഗ്ഗക്കാർക്കായി നീക്കി വയ്ക്കണം.
- ഊരുകൂട്ടങ്ങൾ യഥാവിധം കൂടുന്നുണ്ടോ എന്ന് മോണിറ്റർ ചെയ്യുന്നതിനായി ജില്ലാ ആസൂത്രണ സമിതി അംഗങ്ങളെ ചുമതലപ്പെടുത്തണം.
- വൈദ്യുതി, കുടിവെള്ളം എന്നീ പൊതുസൗകര്യ പ്രോജക്ടുകളുടെ ആകെ ഗുണഭോക്തൃ കുടുംബങ്ങളിൽ 50% ൽ അധികം പട്ടികജാതിക്കാരാണെങ്കിൽ മാത്രമേ പ്രത്യേക ഘടക പദ്ധതി വിഹിതം വകയിരുത്താവൂ. ഈ മാനദണ്ഡം പലപ്പോഴും പ്രസ്തുത ശതമാനത്തിൽ താഴെ ജനസംഖ്യയുള്ള പ്രദേശങ്ങളിൽ ടി.എസ്.പി. ഫണ്ട് ഉപയോഗിച്ചുള്ള അടിസ്ഥാനസൗകര്യ വികസനപ്രവർത്തികൾ നടപ്പിലാക്കാൻ കഴിയാതെ വരുന്നു. എന്നാൽ ജനറൽ ഫണ്ടും വകയിരുത്തുന്നതായി കാണുന്നില്ല. ആയതിനാൽ ടി.എസ്.പി. വകയിരുത്തലിൽ പ്രോറേറ്റാ അടിസ്ഥാനത്തിൽ വകയിരുത്തൽ ഉണ്ടാകുന്നത് നന്നായിരിക്കും.
- പട്ടികവർഗ്ഗ മേഖലകളിൽ കോൺക്രീറ്റ് നടപ്പാത, റോഡ് നിർമ്മാണം എന്നീ പ്രവർത്തികൾക്കുള്ള എസ്റ്റിമേറ്റ് എടുത്ത് നൽകുമ്പോൾ ഫോറസ്റ്റിന്റെ ക്ലിയറൻസ് ലഭിക്കുമോയെന്ന് തീർച്ചപ്പെടുത്താതെയാണ് പഞ്ചായത്ത് എഞ്ചിനീയർ സമർപ്പിക്കുന്നത്. പദ്ധതി അംഗീകരിച്ചതിനുശേഷം ഫോറസ്റ്റിന്റെ ക്ലിയറൻസ് ലഭിക്കാതെ പദ്ധതി തുക നഷ്ടപ്പെടുന്നത് സാധാരണമാണ്. ആയതിനാൽ കോർപ്പസ് ഫണ്ടിലും പഞ്ചാത്ത് ഫണ്ടിലും പരിഗണിക്കുന്നതിനായി ടി പദ്ധതികൾക്ക് സോഷ്യൽ മാപ്പ്, ഫീസിബിലിറ്റി സർട്ടിഫിക്കറ്റ് എന്നിവ സമർപ്പിക്കാവുന്നതുപോലെ ഫോറസ്റ്റിന്റെ ക്ലിയറൻസ് സർട്ടിഫിക്കറ്റും പ്രോജക്ടിനോടൊപ്പം സമർപ്പിക്കേണ്ടതാണെന്ന് മാർഗ്ഗരേഖയിൽ സൂചിപ്പിക്കേണ്ടതുണ്ട്.

- 51 ശതമാനത്തിൽ കൂടുതൽ പട്ടികവർഗ്ഗ കുട്ടികളുള്ള സ്കൂളുകളിൽ റ്റി.എസ്.പി. ഫണ്ട് ഉപയോഗിച്ചു തന്നെ പ്രഭാത ഭക്ഷണം ഒരുക്കാൻ നിർദ്ദേശിക്കാവുന്നതാണ്. 50% ൽ കുറവുള്ള സ്കൂളുകളിൽ പ്രോറേറ്റാ വ്യവസ്ഥയില്ല.
- ഉന്നത വിദ്യാഭ്യാസത്തിന് പ്രവേശനം ലഭിക്കുന്ന പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് പ്രാരംഭ ചെലവ് വഹിക്കുന്നതിന് സാമ്പത്തിക സഹായം, താമസം, ഭക്ഷണം, വസ്ത്രം യൂണിഫോം മുതലായവ അനുവദിക്കുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് പ്രോജക്ട് വയ്ക്കുന്നതിനുള്ള നിർദ്ദേശം നൽകാവുന്നതാണ്.
- പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ കലാകായിക കഴിവുകൾ പ്രോത്സാഹിപ്പിക്കുന്നതിന് എൽ.എസ്.എസ്., യു.എസ്.എസ്., സൈനിക സ്കൂൾ, നവോദയ, ജി.വി.രാജ സ്പോർട്സ് മുതലായ പ്രവേശന പരീക്ഷകൾക്ക് പരിശീലനം നൽകുന്ന വിധം പ്രോജക്ടുകൾ ഏറ്റെടുക്കാൻ അനുമതി നൽകാവുന്നതാണ്.
- വിദാഭ്യാസ സംബന്ധിയായ സഹായ പദ്ധതികളെല്ലാം വിദ്യാഭ്യാസ വർഷത്തിന്റെ ആദ്യപാതത്തിൽ തന്നെ നടപ്പിലാക്കുന്നതിന് നിർദ്ദേശം നൽകേണ്ടതാണ്.
- ഭൂമി ശാസ്ത്രപരമായി അനുയോജ്യമല്ലാത്ത പട്ടികവർഗ്ഗ മേഖലകളിൽ സ്കൂൾ വിദ്യാർത്ഥികൾക്കുള്ള സൈക്കിൾ വിതരണ പദ്ധതി ഒഴിവാക്കുന്നതാണ് അഭികാമ്യം.
- തെരുവ് വിളക്ക്, മിനി ഹൈമാസ്റ്റ് ലൈറ്റ് എന്നീ പരിപാടികൾക്ക് പട്ടികവർഗ്ഗ ഉപപദ്ധതി തുക ഉപയോഗിക്കാതെ ജനറൽ ഫണ്ട് ഉപയോഗിക്കാൻ നിർദ്ദേശം നൽകാവുന്നതാണ്.
- പട്ടികവർഗ്ഗ കുട്ടികളുടെ കൊഴിഞ്ഞു പോക്ക് തടയുന്നതിനും അദ്ധ്യയന നിലവാരം ഉയർത്തുന്നതിനും തുടർ വിദ്യാഭ്യാസത്തിനും പദ്ധതികൾ ഏറ്റെടുക്കുന്നതിന് തദ്ദേശ സ്ഥാപനങ്ങൾക്ക് അനുമതി നൽകാവുന്നതാണ്.
- സബ്സിഡി നൽകുന്നതിൽ നിയന്ത്രണം ഏർപ്പെടുത്തിയിട്ടുള്ള ചുവടെ പറയുന്ന ഇനങ്ങൾക്ക് പട്ടികവർഗ്ഗക്കാർക്ക് ഇളവ് നൽകണം.
    1. തയ്യൽ മെഷീൻ
    2. കോടാലി, പിക്കാസ്, മൺകോരി, മൺവെട്ടി, കത്തി (വനാശ്രിത സമൂഹമായതുകൊണ്ട്)
    3. എൽ.പി.ജി. കണക്ഷൻ
- വീടു വയറിംഗ് ഇല്ലാത്തതിനാൽ സമ്പൂർണ്ണ വൈദ്യുതികരണത്തിൽ ഉൾപ്പെടാത്ത ധാരാളം പട്ടികവർഗ്ഗ ഭവനങ്ങൾ ഉണ്ട്. വീടു വയറിംഗ് നിർബന്ധമായും ഉൾപ്പെടുത്തുന്നതിനുള്ള നിർദ്ദേശം നൽകണം.
- ഭവന നിർമ്മാണം, പുനരുദ്ധാരണം, വയറിംഗ്, ശുചിത്വം, കിണർ, കുടിവെള്ള പദ്ധതികൾ തുടങ്ങിയ അടിസ്ഥാനസൗകര്യ വികസന പ്രവർത്തനങ്ങൾ യഥാസമയം പൂർത്തീകരിക്കുന്നുവെന്ന് അതാത് ക്ഷേമകാര്യസ്റ്റാന്റിംഗ് കമ്മിറ്റികൾ ഉറപ്പുവരുത്തുന്നതിനാവശ്യമായ നിർദ്ദേശം രൂപപ്പെടുത്തണം.

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വാർഷിക പദ്ധതി –
നിലവിലെ പദ്ധതികളിലെ ഏകോപന – സംയോജന സാധ്യതകൾ

- ഗോത്രസാരഥി പദ്ധതി:–ത്രിതല പഞ്ചായത്തുകളുടെ സംയുക്ത പ്രോജക്ടാക്കി മാറ്റണം.
- വ്യക്തിഗത പഠനോപകരണ സഹായ പദ്ധതി :–ത്രിതല പഞ്ചായത്തുകളുടെ സംയുക്ത പ്രോജക്ടാക്കി മാറ്റണം.
- സാമൂഹ്യ പഠന മുറി:– പട്ടികവർഗ്ഗ വികസന വകുപ്പിന്റെയും ജില്ലാ/ബ്ലോക്ക് പഞ്ചായത്തുകളുടെ സംയുക്ത പ്രോജക്ടായി മാറ്റാവുന്നതാണ്.
- കുടുംബ പഠനമുറി:– ഗ്രാമപഞ്ചായത്തിന്റെ പ്രോജക്ടായി മാത്രം ഉൾപ്പെടുത്താവുന്നതാണ്.
- സൈക്കിൾ വിതരണം:– പ്രാദേശികമായി ഉപയോഗ സാധ്യത പരിഗണിച്ച് പഞ്ചായത്തുകൾക്ക് ഏറ്റെടുക്കാവുന്ന പ്രോജക്ടാക്കി മാറ്റണം.
- ലാപ്ടോപ്പ് വിതരണം :– വകുപ്പിന്റെയും തദ്ദേശഭരണസ്ഥാപനങ്ങളുടേയും മാർഗ്ഗനിർദ്ദേശങ്ങളും മാനദണ്ഡങ്ങളും ഏകീകരണം.

- എം.ജി.എൽ.സി (മൾട്ടി ഗ്രേഡ് ലേണിംഗ് സെന്റർ) : – വിദ്യാഭ്യാസ വകുപ്പിൽ നിന്നും പട്ടികവർഗ്ഗ വികസന വകുപ്പ് ഏറ്റെടുക്കുന്ന പ്രോജക്ടായി മാറ്റണം.
- പി.കെ കാളൻ കുടുംബക്ഷേമ പദ്ധതി: – ചിന്നിച്ചിതറി താമസിക്കുന്ന പട്ടികവർഗ്ഗക്കാരുടെ ക്ഷേമം, ഗ്രാമപഞ്ചായത്ത്/മുൻസിപ്പൽ കോർപ്പറേഷന്റെ പദ്ധതിയാക്കി മാറ്റണം.
- പെട്ടിക്കട/സ്വയം തൊഴിൽ പദ്ധതി: –വകുപ്പിന്റെയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ മാനദണ്ഡങ്ങൾ ഏകീകരണം.
- ജീവനോപാധി പദ്ധതികൾ:– സംയുക്ത പ്രോജക്ടാക്കി മാറ്റണം.

7. പരിപ്രേക്ഷ്യത്തിന്റെയും പദ്ധതി നിർദ്ദേശങ്ങളുടെയും സംഗ്രഹവും ഉപസംഹാരവും

ഭരണഘടനയുടെ അനുച്ഛേദം 243ZD പ്രകാരം രൂപീകരിക്കപ്പെട്ടിട്ടുള്ള ജില്ലാ ആസൂത്രണ സമിതിയുടെ മുഖ്യ ചുമതലയാണ് ജില്ലയ്ക്ക് മൊത്തത്തിൽ ബാധകമായ ജില്ലാപദ്ധതി തയ്യാറാക്കുക എന്നത്. പ്രത്യേകമായ വകയിരുത്തലോ സ്കീമുകളോ പ്രോജക്ടുകളോ ജില്ലാ പദ്ധതിയ്ക്ക് ഇല്ല. ജില്ലയുടെ വികസനം സംബന്ധിച്ച കാഴ്ചപ്പാട് വ്യക്തമാക്കുന്ന ആദ്യഭാഗവും കേന്ദ്ര സംസ്ഥാന സർക്കാർ പദ്ധതികളും തദ്ദേശഭരണ സ്ഥാപനങ്ങളുടെ നടപ്പ് വാർഷികപദ്ധതി (2017–18) വിശകലനം ചെയ്ത് ഭാവിയിൽ മെച്ചപ്പെടുത്തുന്നതിനുള്ള നിർദ്ദേശങ്ങളും അടങ്ങിയ രണ്ടാം ഭാഗവും ജില്ലാ പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നു.

1949 ജൂലൈ 1 നാണ് തിരുവനന്തപുരം ജില്ല നിലവിൽ വന്നത്. ജില്ലയിൽ രണ്ട് ലോകസഭാ മണ്ഡലങ്ങളും 14 നിയമസഭാമണ്ഡലങ്ങളും ഉണ്ട്. ജില്ലയിൽ 73 ഗ്രാമപഞ്ചായത്തുകൾ, 11 ബ്ലോക്ക് പഞ്ചായത്തുകൾ, 4 മുൻസിപ്പാലിറ്റികൾ, ജില്ലാപഞ്ചായത്ത്, മുൻസിപ്പൽ കോർപ്പറേഷൻ എന്നിങ്ങനെ 90 തദ്ദേശഭരണ സ്ഥാപനങ്ങളാണ് ഉള്ളത്. 2192 ച.കി.മീ ആണ് ആകെ ഭൂവിസ്തൃതി. 2011 ലെ സെൻസസ് പ്രകാരം ആകെ ജനസംഖ്യ 3301427 ആണ്. ഇത് സംസ്ഥാന ജനസംഖ്യയുടെ 9.8% മാണ്. സാക്ഷരതാനിരക്ക് 93.02% ആണ്. സംസ്ഥാനത്തെ ഏറ്റവും ജനസാന്ദ്രത കൂടിയ ജില്ല തിരുവനന്തപുരമാണ്. 2011 ലെ സെൻസസ് പ്രകാരം 828774 വീടുകൾ ജില്ലയിൽ ഉണ്ട്. ഭവനരഹിതരായ കുടുംബങ്ങളുടെ എണ്ണം 79225 ആണ്. 122305 പേർ ജില്ലയിൽ നിന്ന് പ്രവാസികളായുണ്ട്.

ജില്ലയുടെ വിസ്തൃതിയുടെ 58 ശതമാനമാണ് കൃഷി ഭൂമിയുടെ വിസ്തൃതി. ഏറ്റവും കൂടുതൽ സ്ഥലത്ത് കൃഷി ചെയ്യുന്ന വിള തെങ്ങും അതുകഴിഞ്ഞാൽ റബ്ബറുമാണ്. കൃഷി കഴിഞ്ഞാൽ മത്സ്യബന്ധനവും കന്നുകാലി വളർത്തലുമാണ് ജനങ്ങളുടെ മുഖ്യ ഉപജീവനമാർഗ്ഗങ്ങൾ.

വിദ്യാഭ്യാസരംഗത്ത് ജില്ലയ്ക്ക് എടുത്ത് പറയാവുന്ന പുരോഗതി ഉണ്ടായിട്ടുണ്ട്. എന്നാൽ ഇനിയും ബഹുദൂരം മുന്നോട്ട് പോകാനുണ്ട്.

കേരളത്തിൽ ഏറ്റവും കൂടുതൽ ചികിത്സാസൗകര്യങ്ങളുള്ള ജില്ലകളിൽ ഒന്നാണ് തിരുവനന്തപുരം. എന്നിരുന്നാലും ജീവിതശൈലീരോഗങ്ങളുടെ ആധിക്യവും പകർച്ചവ്യാധികളുടെ വ്യാപനവും കാര്യമായി ഉണ്ട്. സർക്കാർ ആവിഷ്കരിച്ചിട്ടുള്ള ആർദ്രം പദ്ധതി സർക്കാർ ആശുപത്രികളിലെ ചികിത്സയുടെ ഗുണനിലവാരം ഉയർത്തുന്നതിന് സഹായകരമാകും.

വ്യവസായരംഗത്ത് ജില്ലയുടെ സുവർണ്ണകാലം ശ്രീചിത്തിരതിരുനാളിന്റെ ഭരണകാലം മുതൽ ആരംഭിക്കുന്നു. കഴക്കൂട്ടത്തുള്ള ടെക്നോപാർക്ക് ഇൻഡ്യയിലെ തന്നെ ഐ.റ്റി വ്യവസായത്തിന്റെ നെടുംതൂണുകളിൽ ഒന്നാണ്. മാതൃകാപരമായി പ്രവർത്തിക്കുന്ന സഹകരണമേഖല ജില്ലയിലെ സാധാരണജനങ്ങളുടെ ജീവിതനിലവാരം ഉയർത്തുന്നതിനും സാമ്പത്തികാവശ്യങ്ങൾ നിറവേറ്റുന്നതിനും വലിയ സംഭാവനയാണ് നൽകുന്നത്.

റോഡ്, റെയിൽ, ജലഗതാഗതമാർഗ്ഗങ്ങൾക്ക് പുറമെ വ്യോമഗതാഗത സൗകര്യത്തിലും ജില്ല മുന്നിട്ട് നിൽക്കുന്നു. കെ.എസ്.ആർ.ടി.സി യുടെ ഏകദേശം 1300–ഉം സ്വകാര്യ മേഖലയുടെ ഏകദേശം 500–ഉം ബസുകൾ ജില്ലയിൽ സർവ്വീസ് നടത്തുന്നുണ്ട്. ഇത് ജനങ്ങളുടെ യാത്രാവശ്യങ്ങൾ ഏറക്കുറെ പരിഹരിക്കുന്നുണ്ട്. റെയിൽവേ മുഖേനയുള്ള യാത്രാസൗകര്യം ജില്ലയിലെ ഒരു ചെറുന്യൂനപക്ഷത്തിനുമാത്രമാണ് ഇപ്പോൾ ലഭിക്കുന്നത്. അതിനാൽ തിരുവനന്തപുരം, കിളിമാനൂർ, കൊട്ടാരക്കര, ചെങ്ങന്നൂർ റെയിൽപാതയും സബർബൻ റെയിൽവേയും ജില്ലയിലെ ജനങ്ങളുടെ ചിരകാല സ്വപ്നമാണ്.

വിദേശസഞ്ചാരികൾ ഏറെ ഇഷ്ടപ്പെടുന്ന ഇൻഡ്യൻ നഗരങ്ങളിൽ ഒന്നാണ് തിരുവനന്തപുരം. ഉയർന്ന തൊഴിൽ സാധ്യതയും വരുമാനവും ലഭ്യമാക്കുന്ന ടൂറിസം രംഗം പ്രത്യേക പരിഗണന അർഹിക്കുന്നു. ടൂറിസം വികസനത്തിനും ആരോഗ്യപൂർണ്ണമായ ജനജീവിതത്തിനും പരിസ്ഥിതിസംരക്ഷണം അത്യന്താപേക്ഷിതമാണ്. നിയമനിർമ്മാണവും ബോധവത്കരണവും ഒരേപോലെ നടപ്പിലാക്കേണ്ട മേഖലയാണ് പരിസ്ഥിതിസംരക്ഷണം. സംസ്ഥാനതലസ്ഥാനമായതിനാൽ തിരുവനന്തപുരം

നഗരത്തിലേയ്ക്കുള്ള കുടിയേറ്റം വൻതോതിലാണ്. ഇങ്ങനെ നഗരപരിധി അനുദിനം വികസ്വരമാകുന്നതിനാൽ ഉപനഗരങ്ങൾ രൂപപ്പെടുത്തേണ്ടത് അനിവാര്യമാണ്.

കേന്ദ്രഗവൺമെന്റ് മൂന്നാംഘട്ടമായി സ്മാർട്ട് സിറ്റി പദ്ധതിയിൽ 30 നഗരങ്ങൾ പുതുതായി ഉൾപ്പെടുത്തിയപ്പോൾ അതിൽ ഒന്നാമതായി പരിഗണിക്കപ്പെട്ടത് തിരുവനന്തപുരം നഗരത്തെയാണ്. ഈ പദ്ധതിയ്ക്ക് 1538 കോടി രൂപയാണ് വകയിരുത്തിയിട്ടുള്ളത്. ഇത് പൂർത്തിയാകുന്നതോടെ തിരുവനന്തപുരം നഗരഹൃദയം ലോകോത്തരനഗരങ്ങളോട് കിടപിടിക്കുന്നതാകും എന്നാണ് പ്രതീക്ഷിക്കുന്നത്.

കേന്ദ്ര സംസ്ഥാന സർക്കാരുകൾ, പ്രാദേശിക സർക്കാരുകൾ, സന്നദ്ധ സംഘടനകൾ എന്നിവയുടെയും എം.പി മാർ, എം.എൽ.എ മാർ, മറ്റു ജനപ്രതിനിധികൾ, പൊതുപ്രവർത്തർ, ഉദ്യോഗസ്ഥർ എന്നിവരുടേയും ഭാവനാപൂർണ്ണമായ പ്രവർത്തനങ്ങളിലൂടെ വികസന പ്രവർത്തനങ്ങൾക്ക് പ്രശംസാർഹമായ തുടർച്ചയാണ് നാളിതുവരെ ജില്ലയിലുണ്ടായിട്ടുള്ളത്. നേട്ടങ്ങൾ നിലനിർത്തുകയും വിപുലീകരിക്കുകയും ചെയ്യുന്നതോടൊപ്പം ഒരു പരിഷ്കൃത സമൂഹം കെട്ടിപ്പടുക്കുന്നതിനുള്ള ഭാവനാപൂർണ്ണമായ പ്രവർത്തനം നടത്തുകയാണ് കാലം നമ്മിൽ ഏല്പിച്ചിട്ടുള്ള ദൗത്യം.

7.2. വിഭവ ലഭ്യത

സസ്യസമ്പത്തിന്റെയും ജൈവവൈവിധ്യത്തിന്റെയും നാടെന്നറിയപ്പെടുന്ന കേരളം ഇന്ത്യയിലെ മറ്റേത് സംസ്ഥാനങ്ങളെക്കാളും ജാതി മതസമഭാവനയും സാമൂഹ്യനീതി ബോധവും കൂടുതലായി വച്ചുപുലർത്തുന്നു. ഭൂമിശാസ്ത്രപരമായ സ്ഥാനം, സമുദ്രനിരപ്പിൽ നിന്നുള്ള ഉയരം, സമുദ്ര സാമീപ്യം, പർവ്വതങ്ങൾ, മലകൾ, കാടുകൾ, കാറ്റ് എന്നിവയാൽ പ്രകൃതി കനിഞ്ഞ് അനുഗ്രഹിച്ച ഒരു സംസ്ഥാനം കൂടിയാണ്. കേരളത്തിന്റെ തെക്കേയറ്റത്ത് സ്ഥിതി ചെയ്യുന്ന തിരുവനന്തപുരം ജില്ല സംസ്ഥാനത്തിന്റെ തലസ്ഥാന നഗരം കൂടിയാണ്. കാർഷിക മേഖലയ്ക്ക് പ്രാധാന്യമുള്ള സമ്പത്ത് വ്യവസ്ഥയിൽ ആകെ ജനസംഖ്യയുടെ 50% പേരും കൃഷിയെ ആശ്രയിച്ചാണ് ജീവിക്കുന്നത്. നഗരവത്ക്കരണം, മാലിന്യസംസ്ക്കരണം, കുടിവെള്ളം, വിദ്യാസമ്പന്നരുടെ തൊഴിലില്ലായ്മ എന്നിവ ജില്ല അഭിമുഖീകരിക്കുന്ന അതീവ ഗുരുതര പ്രശ്നങ്ങളിൽ ചിലതാണ്. അന്യസംസ്ഥാന തൊഴിലാളികളുടെ അമിതമായ കുടിയേറ്റം എടുത്ത് പറയത്തക്ക മറ്റൊരു കാര്യമാണ്. ലഭ്യമായ മനുഷ്യ വിഭവങ്ങളേയും പരിമിതമായ പ്രകൃതി വിഭവങ്ങളേയും കൂട്ടി യോജിപ്പിച്ച് പരിപൂർണ്ണമായി വിനിയോഗിക്കത്തക്ക രീതിയിൽ (പ്രകൃതിയുടെ സന്തുലിതാവസ്ഥയ്ക്ക് കോട്ടം തട്ടാത്ത രീതിയിൽ) പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കി ജില്ലയുടെ വികസനത്തിന് ആക്കം കൂട്ടുവാൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ പ്രത്യേകം ശ്രദ്ധ ചെലുത്തേണ്ടതാണ്.

മനുഷ്യ വിഭവങ്ങൾ

(1) ജനസംഖ്യ

- ജനസംഖ്യയിൽ മലപ്പുറം ജില്ല കഴിഞ്ഞാൽ രണ്ടാം സ്ഥാനത്ത് നിൽക്കുന്ന തിരുവനന്തപുരം ജില്ല കേരളത്തിലെ ആകെ ജനസംഖ്യയുടെ 9.8 ശതമാനമാണ്. ജനസംഖ്യ വളർച്ച നിരക്ക് വർദ്ധനവ് കുറഞ്ഞ തോതിൽ മാത്രമാണ്.
- ജില്ലയിലെ താലൂക്കുകളിൽ തിരുവനന്തപുരം താലൂക്കിലാണ് 2011 സെൻസസ് പ്രകാരം ജനസംഖ്യ (34.5%) ഏറ്റവും കൂടുതലുള്ളത്. ഏറ്റവും കുറവ് ചിറയിൻകീഴ് താലൂക്കിലാണ് (19.2%).
- പാർശ്വവത്ക്കരിക്കപ്പെട്ടതും പ്രത്യേക പരിഗണന അർഹിക്കുന്നതുമായ ഒരു വിഭാഗമാണ് പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗം. ജില്ലയിൽ ആകെ ജനസംഖ്യയുടെ 11.92 ശതമാനം പട്ടികജാതി വിഭാഗക്കാരാണ്. 0.8 ശതമാനം മാത്രമാണ് പട്ടികവർഗ്ഗ ജനസംഖ്യ.
- ആകെ ജനസംഖ്യയുടെ 46.34 ശതമാനം ജനങ്ങൾ ഗ്രാമങ്ങളിലും 53.66 ശതമാനം ജനങ്ങൾ നഗരങ്ങളിലും വസിക്കുന്നു. നഗരപ്രദേശങ്ങളിൽ ജനസംഖ്യ വർദ്ധിക്കുന്നത് നഗരവത്ക്കരണത്തിന് ആക്കം കൂട്ടുന്നു.
- ജനസാന്ദ്രതനിരക്ക് സംസ്ഥാന ജനസാന്ദ്രതാ നിരക്കിനേക്കാൾ വളരെ ഉയർന്നതാണ്. താലൂക്കുകളിൽ തിരുവനന്തപുരം താലൂക്കിലാണ് ജനസാന്ദ്രത ഏറ്റവും കൂടുതൽ. ഏറ്റവും കുറവ് നെടുമങ്ങാട്. തീരദേശ മേഖലകളിലെ ജനസാന്ദ്രത നിരക്ക് ജില്ലയിലെ മറ്റ് ഭാഗങ്ങളെ അപേക്ഷിച്ച് വളരെ കൂടുതലാണ്.

- സ്ത്രീ–പുരുഷ അനുപാതം സംസ്ഥാനത്തും ജില്ലയിലും വർദ്ധിച്ചു വരുന്നു. 2011 ലെ സെൻസസ് പ്രകാരം ജില്ലയിലെ സ്ത്രീ–പുരുഷ അനുപാതം 1087 ആണ്. ജില്ലയിലെ ഗ്രാമ–നഗര പ്രദേശങ്ങളിലെ സ്ത്രീ–പുരുഷ അനുപാതവും വർദ്ധിക്കുന്നുണ്ട്.
- ബാലജനസംഖ്യ കുറഞ്ഞു വരുന്നതായാണ് കണക്കുകൾ സൂചിപ്പിക്കുന്നത്. 2001 ലെ കണക്കുകൾ പ്രകാരം ജില്ലയിൽ 11 ശതമാനമായിരുന്ന ബാലജനസംഖ്യ 2011 ൽ 9 ശതമാനമായി കുറഞ്ഞിട്ടുണ്ട്. കുട്ടികളുടെ ആൺ–പെൺ അനുപാതം സംസ്ഥാനത്തും ജില്ലയിലും ഏറെക്കുറെ സ്ഥിരമാണ്.
- ജില്ലയിൽ വൃദ്ധ ജനസംഖ്യ വർദ്ധിച്ചു വരുന്നു. 1961 ൽ 4.8 ശതമാനമായിരുന്നത് 1991 ൽ 8.6 ശതമാനവും 2011 ൽ 13.01 ശതമാനവുമായി ഉയർന്നിട്ടുണ്ട്. വൃദ്ധജനങ്ങളിൽ 38.7 ശതമാനം പേരും ജീവിത പങ്കാളിയോടൊപ്പം താമസിക്കുന്നവരാണ്. 3.6 ശതമാനം മാത്രം ഒറ്റയ്ക്ക് താമസിക്കുവരുമാണ്. ഒറ്റപ്പെട്ട് താമസിക്കുന്ന വൃദ്ധരായ സ്ത്രീകൾക്ക് സാമൂഹ്യ പരിരക്ഷ, ആരോഗ്യ പരിരക്ഷ, സാമ്പത്തിക പരിരക്ഷ എന്നിവ ഉറപ്പുവരുത്തേണ്ടത് വളരെ അത്യാവശ്യമാണ്.
- പ്രായഘടന പരിശോധിച്ചാൽ 15 മുതൽ 59 വയസ്സ് വരെയുള്ളവരുടെ എണ്ണത്തിൽ കുറഞ്ഞ നിരക്കിൽ വർദ്ധനവ് കാണിക്കുന്നുണ്ട്. എന്നാൽ 60 വയസ്സിനു മുകളിലുള്ള ആളുകളുടെ എണ്ണത്തിൽ ക്രമാതീതമായ വർദ്ധനവാണ് സൂചിപ്പിക്കുന്നത്.
- ജില്ലയിലെ വർക്കല, ആറ്റിങ്ങൽ, നെടുമങ്ങാട്, നെയ്യാറ്റിൻക്കര മുനിസിപ്പാലിറ്റികൾ, തിരുവനന്തപുരം കോർപ്പറേഷൻ എന്നിവയുൾപ്പെടുന്ന പ്രദേശങ്ങളിലെ ആകെ ജനസംഖ്യയായ 9,70,940 ൽ 26,475 ഉം ചേരി പ്രദേശങ്ങളിൽ താമസിക്കുന്നവരാണ്. വൃത്തിഹീനമായ ചുറ്റുപ്പാടുകൾ, അടിസ്ഥാന സൗകര്യങ്ങളുടെ അഭാവം, ദാരിദ്ര്യം തുടങ്ങിയവ ഈ വിഭാഗം ജനതയുടെ ആരോഗ്യത്തെയും സാമൂഹ്യ സാമ്പത്തിക സ്ഥിതിയെയും പ്രതികൂലമായി ബാധിക്കുന്നു.
- ശാരിരിക മാനസിക വെല്ലുവിളി നേരിടുന്നവരുടെ അംഗസംഖ്യ സ്ത്രീകളെ അപേക്ഷിച്ച് പുരുഷന്മാരിൽ കൂടുതലാണ്. 2011 ലെ കണക്കുകൾ പ്രകാരം ശാരിരിക മാനസിക വെല്ലുവിളി നേരിടുന്ന ആകെ ആളുകളുടെ എണ്ണം 80822 ആണ്. ഇതിൽ 41877 പുരുഷന്മാരും 38945 സ്ത്രീകളുമാണ്. നിലവിലെ കണക്കുകൾ സൂചിപ്പിക്കുന്നത് ചലനവൈകല്യം ബാധിച്ച ആളുകളുടെ എണ്ണം ജില്ലയിൽ വർദ്ധിച്ചു വരുന്നുയെന്നാണ്.

(2) സാക്ഷരത നിരക്ക് : സാക്ഷരത നിരക്ക് 93.02 ശതമാനമാണ്. ഇതിൽ പുരുഷന്മാരുടെ സാക്ഷരത നിരക്ക് (95.06%) സ്ത്രീകളുടെ സാക്ഷരത നിരക്കിനേക്കാൾ കൂടുതലാണ് (91.17%). ജില്ലയുടെ സാക്ഷരത നിരക്ക് കേരളത്തിലെ സാക്ഷരത നിരക്കിനേക്കാൾ കുറവാണ്.

(3) തൊഴിൽ പങ്കാളിത്ത നിരക്ക്

- തിരുവനന്തപുരത്തിന്റെ തൊഴിൽസേന പങ്കാളിത്ത നിരക്ക് സംസ്ഥാന ശരാശരിയേക്കാൾ പൊതുവിൽ കൂടുതലാണ്. ഗ്രാമപ്രദേശങ്ങളിൽ 40.5 ശതമാനവുമായി സംസ്ഥാനത്ത് 5–ാം സ്ഥാനത്തും നഗര പ്രദേശങ്ങളിൽ 41.6 ശതമാനവുമായി മൂന്നാം സ്ഥാനത്തുമാണ് ജില്ലയുടെ തൊഴിൽപങ്കാളിത്തനിരക്ക്.
- ഗ്രാമപ്രദേശങ്ങളിൽ സ്ത്രീകളുടെ തൊഴിൽപങ്കാളിത്തനിരക്ക് 26.5 ശതമാനമാണ്. ഇത് പുരുഷൻമാരുടേതിനേക്കാൾ 30.7 ശതമാനം കുറവാണ്. നഗരപ്രദേശങ്ങളിലെ സ്ത്രീകളുടെ തൊഴിൽപങ്കാളിത്തനിരക്ക് 30.3 ശതമാനമാണ്. തൊഴിൽപങ്കാളിത്ത നിരക്കിലെ സ്ത്രീ– പുരുഷ വിടവ് കൂടുതലായി നിലനിൽക്കുന്നതും ഗ്രാമ പ്രദേശങ്ങളിലാണെന്നും കാണാം.
- പ്രച്ഛന്ന തൊഴിലില്ലായ്മ വളരെ കൂടുതലാണ്. എൻ.എസ്.എസ്.ഒ യുടെ 66–ാം റൗണ്ട് അനുസരിച്ച് (കേന്ദ്ര –സംസ്ഥാന സംയുക്ത ഡേറ്റ) ജില്ലയിലെ പ്രച്ഛന്ന തൊഴിലില്ലായ്മ 70 ശതമാനമാണ്.
- ജില്ലയിലെ മൊത്തം തൊഴിലാളികളുടെ ഭൂരിഭാഗവും അസ്ഥിര തൊഴിലാളികളാണ്. ഗ്രാമീണമേഖലയിൽ അസ്ഥിരതൊഴിലിൽ ഏർപ്പെടുന്നവരുടെ മൊത്തം അനുപാതം 52 ശതമാനവും നഗരപ്രദേശങ്ങളിൽ 21.5 ശതമാനവുമാണ്. പുരുഷ തൊഴിലാളികളിൽ ഗ്രാമീണ മേഖലയിൽ 63 ശതമാനവും നഗരപ്രദേശങ്ങളിൽ 31.45 ശതമാനവും അസ്ഥിരതൊഴിലാളികളാണ്.

- സ്വകാര്യമേഖലയിലെ സ്ത്രീപങ്കാളിത്തം 56.6 ശതമാനവും പൊതുമേഖലയിൽ 29.01 ശതമാനവും ആണെന്ന് കാണാം. കേരളത്തിലെ മൊത്തം സംഘടിത തൊഴിലാളികളുടെ 13.33 ശതമാനവും തിരുവനന്തപുരം ജില്ലയിലാണ്.
- എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ പേര് രജിസ്റ്റർ ചെയ്തിട്ടുള്ള ആളുകളിൽ പൊതു തൊഴിൽ അന്വേഷകരിലും പ്രൊഫഷണൽ ജോലി അന്വേഷിക്കുന്നവരിലും കൂടുതൽ സ്ത്രീകളാണ്. ജില്ലയിൽ രണ്ടു ലക്ഷത്തോളം പുരുഷൻമാരും മൂന്ന് ലക്ഷത്തിലേറെ സ്ത്രീകളും തൊഴിൽ അന്വേഷകരായി എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ പേര് രജിസ്റ്റർ ചെയ്തിട്ടുണ്ട്.
- ജില്ലയിൽ നിരവധി അന്യസംസ്ഥാന തൊഴിലാളികൾ ജോലി ചെയ്യുന്നുണ്ട്.
- സമീപവർഷങ്ങളിൽ വിദേശത്തേക്കുള്ള കുടിയേറ്റം കുറഞ്ഞുവരുന്നതായും വിദേശത്ത് നിന്ന് തിരിച്ചുവരുന്നവരുടെ എണ്ണം കൂടുന്നതായും കാണാം. 1998 ൽ 118878 പേരാണ് തിരിച്ചുവന്നിരുന്നതെങ്കിൽ 2014 ആയപ്പോഴേക്കും തിരിച്ചുവന്ന വിദേശമലയാളികളുടെ എണ്ണം ഏകദേശം ഇരട്ടിയായതായി കാണാം (218945 എണ്ണം) അതേസമയം 2008 ൽ 308481 പേരിൽ നിന്ന് 2014 ൽ 241727 ആയി കുടിയേറ്റ തൊഴിലാളികളുടെ എണ്ണം കുറഞ്ഞതായും കാണാം. ഗൾഫ് മേഖലയിൽ പ്രത്യേകിച്ച് സൗദി അറേബ്യയിൽ നടപ്പിലാക്കിവരുന്ന സ്വദേശിവൽക്കരണവും (നിതാഖത്ത്) സാമ്പത്തിക മാന്ദ്യവും ഈ പ്രതിസന്ധിക്ക് കാരണങ്ങളാണ്.
- ആരോഗ്യ സൂചകങ്ങൾ പരിശോധിച്ചാൽ കേരളത്തിലെ മറ്റു ജില്ലകളെ അപേക്ഷിച്ച് തിരുവനന്തപുരം മിക്ക സൂചകങ്ങളിലും ഉന്നത നിലവാരം പുലർത്തുന്നു.

നിർദ്ദേശങ്ങൾ

1. ജില്ലയിൽ നഗരപ്രദേശങ്ങളിൽ ജനസംഖ്യ വർദ്ധിക്കുന്നതിന്റെ ഫലമായി നഗരവത്ക്കരണം ക്രമാതീതമാകുന്നു. ഇത് മാലിന്യ സംസ്ക്കരണം, വിവിധതരം മലിനീകരണം എന്നീ പ്രശ്നങ്ങൾക്ക് വഴിതെളിക്കുന്നു. ഇവ പരിഹരിക്കുന്നതിന് പ്രത്യേക പരിഗണന തദ്ദേശഭരണ സ്ഥാപനങ്ങൾ കൈക്കൊള്ളേണ്ടതാണ്.
2. വൃദ്ധജനസംഖ്യയുടെ വർദ്ധനവ് വൃദ്ധ സദനങ്ങൾ, അഗതി മന്ദിരങ്ങൾ എന്നിവയുടെ എണ്ണം ക്രമീതീതമായി വർദ്ധിക്കുന്നതിന് കാരണമാകുന്നു. ഇവരുടെ സംരക്ഷണവും പരിപാലനവും വളരെയധികം പ്രാധാന്യം അർഹിക്കുന്ന ഒന്നാണ്. അറിവും അനുഭവ സമ്പത്തും കൂടുതലുള്ള ഈ വിഭാഗം ആളുകളെ സമൂഹത്തോട് ബന്ധിപ്പിച്ച് കൊണ്ടു പോകേണ്ടത് വളരെ അത്യാവശ്യമാണ്. ഇതിനായി പ്രത്യേക പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ പ്രത്യേക പരിഗണന നൽകേണ്ടതാണ്.
3. ചേരിനിവാസികൾക്ക് പ്രത്യേക പരിഗണന നൽകി കൊണ്ട് അവരുടെ സാമൂഹിക സാമ്പത്തിക ആരോഗ്യ മേഖലകളിൽ ഉന്നതി കൈവരിക്കുന്നതിനായി നിരന്തരം ബോധവത്ക്കരണപരിപാടികൾ, സ്വയംതൊഴിൽ സംരംഭങ്ങൾ തുടങ്ങിയ പ്രവർത്തനങ്ങളിൽ നിർബന്ധമായും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുൻകൈ എടുക്കേണ്ടതാണ്.
4. വിദേശത്ത് നിന്ന് തിരിച്ചു വരുന്ന തൊഴിലാളികളുടെ കഴിവും വിദേശ മലയാളികളുടെ നിക്ഷേപ താത്പര്യങ്ങളും ഫലപ്രദമായി പ്രയോജനപ്പെടുത്തുന്നതിനുള്ള പദ്ധതികൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കുവാൻ മുന്തിയ പരിഗണന നൽകേണ്ടതാണ്.

പ്രകൃതി വിഭവങ്ങൾ

- ജില്ലയുടെ മൊത്തം ഭൂവിസ്തൃതിയായ 2192 ചതുരശ്ര കിലോമീറ്ററിൽ 18.39% വനമേഖലയാണ്.
- കഠിനമായ ചൂടും തുടർന്നു വരുന്ന മഴക്കാലവും ഉൾപ്പെടുന്ന ഉഷ്ണമേഖല ആർദ്ര കാലാവസ്ഥയാണ് ജില്ലയിൽ അനുഭവപ്പെടുന്നത്.
- 2016 ൽ ഏറ്റവും മഴകുറവുള്ള ജില്ലകളിൽ രണ്ടാമത്തേത് തിരുവനന്തപുരമായിരുന്നു. ആകെ ലഭിച്ച മഴയിൽ 583.7 മി.മീ. ഇടവപ്പാതിയിലും 543.5 മി.മീ. തുലാവർഷത്തിലുമാണ് ലഭിച്ചത്.

- ജനുവരി മുതൽ ഫെബ്രുവരി വരെയുള്ള കാലത്ത് ദീർഘകാല ശരാശരിയിൽ നിന്നും 83% മഴ കുറച്ച് ലഭിച്ചതായി കാണുന്നു. വേനൽക്കാലത്തും ഇടവപ്പാതിക്കാലത്തും യഥാക്രമം 37%, 34% മഴ കുറച്ച് മാത്രമാണ് ലഭിച്ചിട്ടുള്ളത്. തുലാവർഷക്കാലത്ത് ശരാശരിയേക്കാൾ 79 % മഴ കുറച്ച് മാത്രമാണ് ലഭിച്ചിട്ടുള്ളത്.
- മുൻവർഷത്തെ അപേക്ഷിച്ച് 2016 ൽ തുലാവർഷത്തിൽ 86 ശതമാനത്തിന്റെയും ഇടവപ്പാതിയിൽ 28 ശതമാനത്തിന്റെയും കുറവ് വന്നിട്ടുണ്ട്. വേനൽ മഴയിലും 22–31 % കുറവ് രേഖപ്പെടുത്തിയിട്ടുണ്ട്. മുൻവർഷത്തെ അപേക്ഷിച്ച് ശരാശരി വാർഷിക വർഷപാതത്തിൽ 46 % കുറവ് കാണുന്നു.
- ജില്ലയിലെ മണ്ണിനങ്ങൾ
  - പൂവാർ, കഴക്കൂട്ടം എന്നീ മൺശ്രേണികളിലായി 8486 ഹെക്ടറിൽ തിരുവനന്തപുരം, ചിറയിൻകീഴ്, നെയ്യാറ്റിൻകര എന്നീ താലൂക്കുകളിൽ തീരദേശമണ്ണ് കാണപ്പെടുന്നു.
  - ജില്ലയിൽ കരമന, നാഞ്ചല്ലൂർ, അമരവിള, കോരാണി, ശ്രീകാര്യം, കുറ്റിച്ചൽ, വെമ്പായം, മുദാക്കൽ എന്നീ മൺശ്രേണികളിലായി 11,039 ഹെക്ടറിൽ തിരുവനന്തപുരം, നെടുമങ്ങാട്, നെയ്യാറ്റിൻകര, ചിറയിൻകീഴ്, കാട്ടാക്കട എന്നീ താലൂക്കുകളിൽ എക്കൽ മണ്ണ് കാണപ്പെടുന്നു.
  - ജില്ലയിൽ തിരുവനന്തപുരം, വർക്കല, പാങ്ങപ്പാറ, വിഴിഞ്ഞം എന്നീ മൺശ്രേണികളിലായി 87440 ഹെക്ടറിൽ തിരുവനന്തപുരം, നെയ്യാറ്റിൻകര, ചിറയിൻകീഴ്, കാട്ടാക്കട താലൂക്കുകളിൽ വെട്ടുകൽമണ്ണ് കാണപ്പെടുന്നു.
  - തിരുവനന്തപുരം, നെയ്യാറ്റിൻകര താലൂക്കുകളിൽ ചെമ്മണ്ണ് കാണപ്പെടുന്നു. വെള്ളായണി ശ്രേണിയിൽപ്പെട്ട ഈ വർഗ്ഗം 4840 ഹെക്ടറിൽ കാണപ്പെടുന്നു.
  - വിളപ്പിൽ, മുക്കുന്നി, പാലോട് എന്നീ ശ്രേണികളിലായി 16300 ഹെക്ടറിൽ തിരുവനന്തപുരം, നെയ്യാറ്റിൻകര, നെടുമങ്ങാട്, കാട്ടാക്കട എന്നീ താലൂക്കുകളിൽ മലയോരമണ്ണ് കാണപ്പെടുന്നു
  - ജില്ലയിൽ കല്ലാർ, കോട്ടൂർ, പൊൻമുടി എന്നീ മൺശ്രേണികളിലായി 22520 ഹെക്ടറിൽ നെടുമങ്ങാട്, കാട്ടാക്കട താലൂക്കുകളിൽ വനമണ്ണ് കാണപ്പെടുന്നു.
- ജില്ലയിലെ ജലസ്രോതസ്സുകൾ
  - നദികൾ താരതമ്യേന നീളം കുറഞ്ഞവയാണ്. വാമനപുരം ആറ്, കരമനയാറ്, നെയ്യാറ്, മാമം ആറ് എന്നിവയാണ് പ്രധാന നദികൾ.
  - കാർഷികാവശ്യങ്ങൾക്കും ഇതരോപഭോഗങ്ങൾക്കും ഉതകുന്ന ജലസമൃദ്ധങ്ങളായ കുളങ്ങൾ ജില്ലയിലെമ്പാടും സംരക്ഷിക്കപ്പെട്ടു കാണാം. ആറുകളും അവയുടെ വിവിധ കൈവഴികളും അന്യഥായുള്ള ജലസമ്പന്നങ്ങളായ തോടുകളും ജില്ലയെ ജലശക്തമാക്കുന്നു.
  - തിരുവനന്തപുരം നഗരത്തിന്റെ ദക്ഷിണപ്രാന്തത്തിലുള്ള വെള്ളായണിക്കായലാണ് ജില്ലയിലെ ഏക ശുദ്ധജലതടാകം. കടലോരത്ത് തെക്കു നിന്നു വടക്കോട്ട് വേളികായൽ, കഠിനംകുളം കായൽ, അഞ്ചുതെങ്ങുകായൽ, ഇടവാനടയറക്കായൽ എന്നീ ജലാശയങ്ങൾ കാണാം. ഇവ മനുഷ്യ നിർമിത കനാലുകളിലൂടെ പരസ്പരം ബന്ധിപ്പിക്കപ്പെട്ടിരിക്കുന്നു.
  - തിരുവനന്തപുരം ജില്ല ഒരു കാർഷിക മേഖലയാണ്. നെല്ല്, മരച്ചീനി, പയറുവർഗ്ഗങ്ങൾ, പച്ചക്കറികൾ, കിഴങ്ങുവർഗ്ഗങ്ങൾ തുടങ്ങിയവയും റബ്ബർ, തെങ്ങ്, കുരുമുളക് എന്നീ നാണ്യവിളകളും നഗരാതിർത്തിക്കുള്ളിൽ പോലും വ്യാപകമായി കൃഷി ചെയ്യുന്നു.
  - കുളത്തുപുഴ, പാലോട്, പരുത്തിപ്പള്ളി എന്നീ മൂന്ന് റേഞ്ചുകളിലായി സംരക്ഷിത വനങ്ങളും നിക്ഷിപ്ത വനഭൂമിയുമാണ് അവശേഷിച്ചിട്ടുള്ളത്. നിത്യഹരിതം, അർദ്ധഹരിതം, ആർദ്രപത്രപാതി എന്നീ വിഭാഗങ്ങളിൽപ്പെടുത്താവുന്ന വനങ്ങളാണുള്ളത്.

- ജില്ലയുടെ 59 കി.മീ. നീളത്തിലുള്ള കടലോരമേഖല മത്സ്യസമൃദ്ധമാണ്. വർക്കല, അഞ്ചുതെങ്ങ്, പള്ളിത്തുറ, പൂന്തുറ, വിഴിഞ്ഞം, പൂവാർ എന്നിവിടങ്ങളാണ് പ്രധാന മത്സ്യബന്ധന കേന്ദ്രങ്ങൾ. ജില്ലയെമ്പാടുമുള്ള കുളങ്ങളിൽ മത്സ്യം വളർത്തി ഉൾനാടൻ മത്സ്യവികസനം പദ്ധതികൾ പുരോഗമിക്കുന്നു.
- ജില്ലയുടെ മൊത്തം വിസ്തൃതിയുടെ 1.23 % (2678.42 ഹെക്ടർ) തരിശുഭൂമിയാണ്.
- ജില്ലയുടെ മൊത്തം ഭൂവിസ്തൃതിയുടെ 4391.21 ഹെക്ടറിൽ പുഴ, തടാകങ്ങൾ, ജലസംഭരണികൾ, കായലുകൾ, മുതലായവ കണ്ടുവരുന്നു.

➢ ജില്ലയിലെ ധാതുക്കൾ

- ജില്ലയിൽ അനുവദിച്ചിട്ടുള്ള ക്വാറിയിങ്ങ് പെർമിറ്റ്, ക്വാറിയിങ്ങ് ലീസ് എന്നിവയുടെ അടിസ്ഥാനത്തിൽ ഖനനം നടത്തുന്ന ധാതുക്കൾ ഗ്രാനൈറ്റ് ബിൽഡിംഗ് സ്റ്റോൺ, ഗ്രാനൈറ്റ് ഡൈമൻഷൻ സ്റ്റോൺ, ചൈനാ ക്ലേ, ഇഷ്ടിക ചെളി, സാധാരണ മണൽ, സാധാരണ മണ്ണ്, വെട്ടുകല്ല് എന്നിവയാണ്.

ധനവിഭവങ്ങൾ

1. ബാങ്കുകൾ

➢ 2016–17 ൽ സ്റ്റേറ്റ് ബാങ്ക് ഗ്രൂപ്പിലെ ബാങ്കുകളുടെ 179 ശാഖകളും ദേശസാൽകൃത ബാങ്കുകളുടെ 299 ശാഖകളുമാണ് ജില്ലയിൽ ഉണ്ടായിരുന്നത്. പ്രാദേശിക ഗ്രാമീണ ബാങ്കുകളുടെ എണ്ണം 43 മാണ്. ജില്ലയിലെ ആകെ ശാഖകൾ 521. സ്വകാര്യ ബാങ്കുകളുടെ എണ്ണം 181 ആണ്. സഹകരണ ബാങ്കുകളുടെ ആകെ ശാഖകൾ 98 ആണ്.

➢ ജില്ലയിലെ ബാങ്കുകളിലുള്ള മൊത്തം നിക്ഷേപം എല്ലാവർഷവും ക്രമാനുഗതമായി വർദ്ധിക്കുന്നുണ്ട്. 2013 മാർച്ചിൽ ആകെ ആഭ്യന്തര നിക്ഷേപം 33029 കോടി രൂപയായിരുന്നത് 2017 മാർച്ചിൽ 54293 കോടി രൂപയായി വർദ്ധിച്ചു. ജില്ലയിലെ പ്രവാസി നിക്ഷേപം 2013 മാർച്ച് മുതൽ 2017 വരെയുള്ള 5 വർഷ കാലയളവിൽ 7675 കോടി രൂപയിൽ നിന്ന് 16420 കോടി രൂപയായി വർദ്ധിച്ചിട്ടുണ്ട്.

➢ വായ്പ നിക്ഷേപ അനുപാതം 2013 മാർച്ചിൽ 71% എന്നത് 2017 മാർച്ചിൽ 65% മായി കുറഞ്ഞു.

➢ കാർഷിക വായ്പ നീക്കിയിരിപ്പ് 2013–ൽ 6981 കോടി രൂപയായിരുന്നത് 2015 ൽ 10725 കോടി രൂപയായി വർദ്ധിച്ചു. എന്നാൽ 2017 മാർച്ചിൽ 6099 കോടി രൂപയായി കുറഞ്ഞു. കാർഷിക ആവശ്യങ്ങൾക്കുള്ള സ്വർണ്ണപ്പണയ വായ്പയുടെ വിതരണത്തിലുണ്ടായിരുന്ന മാനദണ്ഡങ്ങൾ കർശനമായി നടപ്പാക്കി തുടങ്ങിയതാണ് ഈ കുറവിന് കാരണം. യഥാർത്ഥ കാർഷിക വായ്പയുടെ ആവശ്യകത ജില്ലയില വർദ്ധിക്കുന്നില്ലായെന്നത് പ്രത്യേകം പ്രസ്താവ്യമാണ്.

➢ സൂക്ഷ്മ ചെറുകിട ഇടത്തര സംരംഭങ്ങളുടെ മേഖല (എം.എസ്.എം.ഇ) യിൽ 2013 മാർച്ചിൽ 3000 കോടി രൂപ വായ്പയുണ്ടായിരുന്നത് 2017 മാർച്ചിൽ 6030 കോടി രൂപയായി കൂടിയിട്ടുണ്ട്. നൈപുണ്യ സംരംഭകത്വ പരിശീലനം വ്യാപകമാക്കേണ്ടത് ഈ മേഖലയിലെ വായ്പാവിതരണം കൂടുതൽ വർദ്ധിപ്പിക്കാൻ ആവശ്യമാണ്.

➢ വിദ്യാഭ്യാസ വായ്പ നീക്കിയിരിപ്പ് 2013 മാർച്ചിൽ 695 കോടി രൂപയായിരുന്നത് 2017 മാർച്ചിൽ 819 കോടി രൂപയായി വർദ്ധിക്കുകയുണ്ടായി.

➢ മുൻഗണനാമേഖലയിലെ ആകെ വായ്പ നീക്കിയിരിപ്പ് 2013 മാർച്ചിൽ 13892 കോടി രൂപയായിരുന്നത് 2017 മാർച്ചിൽ 18526 കോടി രൂപയായി വർദ്ധിച്ചു.

➢ മുൻഗണനേതര മേഖലയിലെ വായ്പാ നീക്കിയിരിപ്പ് 2013 മാർച്ചിൽ 15003 കോടി രൂപയായിരുന്നത് 2017 മാർച്ചിൽ 18526 കോടി രൂപയായി വർദ്ധിച്ചു.

➢ ജില്ലയിലെ ബാങ്കുകളുടെ മുൻഗണനാ മേലഖയിലെ വാർഷിക വായ്പാ വിതരണം 2012–13 ൽ 6425 കോടി രൂപയായിരുന്നത് 2016–17 ൽ 9254 കോടി രൂപയായി വർദ്ധിച്ചു.

➢ കാർഷികവായ്പാ വിതരണം 2012–13 ൽ 2421 കോടി രൂപയായിരുന്നത് 2016–17 ൽ 4168 കോടി രൂപയായി വർദ്ധിച്ചു.

➢ എം.എസ്.എം.ഇ വായ്പാ വിതരണം 2012–13 ൽ 363 കോടി രൂപയായിരുന്നത് 2016–17 ൽ 1263 കോടി രൂപയായി വർദ്ധിച്ചു.

- മറ്റ് മുൻഗണനാമേഖലാ വായ്പകൾ 2012–13 ലെ 3641 കോടി രൂപയിൽ നിന്നും 2016–17 ൽ 3823 കോടി രൂപയായി വർദ്ധിച്ചു.

2. എം.പി ഫണ്ട്: ഒരു പാർലമെന്റ് അംഗത്തിന് അഞ്ച് കോടി രൂപ. കുടിവെള്ളം, വിദ്യാഭ്യാസം, ആരോഗ്യം, ശുചിത്വം, അടിസ്ഥാന സൗകര്യങ്ങൾ (റോഡ്, പാലങ്ങൾ എന്നിവ ഉൾപ്പെടെ) എന്നിങ്ങനെ വിവിധ മേഖലകളുടെ സമഗ്ര വികസനമാണ് ലക്ഷ്യമിടുന്നത്.
3. എം.എൽ.എ ഫണ്ട് (എം.എൽ.എ എസ്.ഡി.എഫ്): ഒരു കോടി രൂപയാണ് എം.എൽ.എ മാർക്ക് തങ്ങളുടെ നിയോജക മണ്ഡലത്തിലെ വികസന പ്രവർത്തനങ്ങൾക്ക് വിനിയോഗിക്കുന്നത് അനുവദിച്ചിട്ടുള്ളത്.
4. എൽ.എ.സി – അസറ്റ് ഡെവലപ്മെന്റ് ഫണ്ട്: ഒരു എം.എൽ.എ യ്ക്ക് ഒരു വർഷം 5 കോടി രൂപ വീതം നിയോജക മണ്ഡലത്തിലെ അടിസ്ഥാന സൗകര്യ വികസനത്തിനായി അനുവദിക്കുന്ന തുകയാണിത്.
5. കേന്ദ്ര–സംസ്ഥാന ഫണ്ടുകൾ: 2017–18 സാമ്പത്തിക വർഷത്തിൽ സംസ്ഥാനാവിഷ്കൃത പദ്ധതികൾക്കായി 20272.5 കോടി രൂപയാണ് സംസ്ഥാനത്ത് നീക്കിവച്ചിട്ടുള്ളത്. ഇതിൽ 9918.26 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. അതായത് 48.92 ശതമാനം. കേന്ദ്രാവിഷ്കൃത പദ്ധതികൾക്കായി 8038.95 കോടി രൂപ വകയിരുത്തിയിട്ടുള്ളതിൽ 2350.48 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. പദ്ധതി ചെലവ് 29.24 ശതമാനം. ജില്ലയിൽ സംസ്ഥാനാവിഷ്കൃത പദ്ധതികൾക്കായി 50870.5077 കോടി രൂപയാണ് നീക്കിവച്ചിട്ടുള്ളതിൽ 17148.2944 കോടി രൂപ ചെലവഴിച്ചിട്ടുണ്ട് (33.71%). 100% കേന്ദ്രാവിഷ്കൃത പദ്ധതികൾക്കായി 384.83 കോടി രൂപ നീക്കിവച്ചതിൽ 73.54% ചെലവഴിച്ചിട്ടുണ്ട്. മറ്റ് കേന്ദ്രാവിഷ്കൃത പദ്ധതികൾക്കായി 32207.6086 കോടി രൂപ നീക്കിവച്ചതിൽ 61.31% ചെലവഴിച്ചിട്ടുണ്ട്.
6. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി വിഹിതം: സംസ്ഥാനത്ത് 60227.5 കോടി രൂപയാണ് പ്രാദേശിക സർക്കാരുകൾക്കുള്ള വിഹിതമായി 2017–18 സാമ്പത്തിക വർഷത്തിൽ അനുവദിച്ചിട്ടുള്ളത്. വികസന ഫണ്ട്, 13–ാം ധനകാര്യ കമ്മീഷൻ, ലോക ബാങ്ക് വിഹിതം, സ്പെഷ്യൽ ഗ്രാന്റ്, അഡീഷണൽ റോഡ് ഫണ്ട്, മെയിന്റനൻസ് ഗ്രാന്റ് റോഡ്, മെയിന്റനൻസ് ഗ്രാന്റ് നോൺ റോഡ്, തനത് ഫണ്ട് എന്നിവയാണ് പ്രധാനമായും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ലഭ്യമാകുന്നത്.

നിർദ്ദേശങ്ങൾ

1. ത്രിതല പഞ്ചായത്തുകളും അതാത് പ്രദേശത്തെ ബാങ്കുകളും തമ്മിൽ പദ്ധതി രൂപീകരണത്തിന് മുമ്പുതന്നെ ബാങ്ക് വായ്പാ ലഭ്യമാക്കേണ്ട പ്രോജക്ടുകളെ സംബന്ധിച്ച് കൂടിയാലോചന ഉണ്ടാകേണ്ടതും വ്യക്തത വരുത്തേണ്ടതുമാണ്.
2. ജില്ലാപഞ്ചായത്തിന്റെയും തിരുവനന്തപുരം കോർപ്പറേഷന്റേയും ബാങ്ക് വായ്പാബന്ധിത പദ്ധതികൾ ജില്ലാതല ബാങ്കിംഗ് അവലോകന സമിതിയുടെയും, ബ്ലോക്ക് പഞ്ചായത്ത് തല പദ്ധതികൾ അതാത് ബ്ലോക്ക് തല ബാങ്കിംഗ് സമിതിയുടെയും അംഗീകാരത്തോടു കൂടി നടപ്പാക്കേണ്ടതാണ്.
3. ബാങ്ക് വായ്പാ ഉൾപ്പെടുത്തുന്ന പദ്ധതികളെ നിർബന്ധമായും സംരംഭകത്വ വികസന പരിശീലനം ഉറപ്പാക്കേണ്ടതാണ്. ഇതിനായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഒരു നിശ്ചിത തുക മാറ്റിവെക്കുന്നത് ഉചിതമായിരിക്കും.
4. നടപ്പിലാക്കുന്ന പദ്ധതികളിൽ അതാത് വകുപ്പുകളിലെ സാങ്കേതിക വിദഗ്ദ്ധരുടെ പിന്തുണ സംവിധാനം ഉറപ്പാക്കേണ്ടതാണ്.
5. മൃഗസംരക്ഷണ മേഖലയിലെ പദ്ധതികളിൽ ഗുണമേന്മയുള്ള കന്നുകാലികളെയും മറ്റും സുഗമമായി ലഭ്യമാക്കാനുള്ള ഹ്രസ്വ, ദീർഘകാല നടപടികൾ സ്വീകരിക്കേണ്ടതാണ്.
6. വായ്പാ തിരിച്ചടവ് സംസ്കാരം വളർത്തുവാൻ ഉതകുന്ന അവബോധന പരിപാടികൾക്ക് (ബോധവത്ക്കരണ ക്ലാസ്സുകൾ) രൂപം നൽകേണ്ടതാണ്.
7. പ്രാദേശിക സാമ്പത്തിക സാക്ഷരത–വായ്പാ കൗൺസിലർമാരുടെ സേവനം ഫലപ്രദമായി ഉപയോഗപ്പെടുത്തേണ്ടതാണ്.

7.3. വികസനത്തിന്റെ സ്ഥലമാനങ്ങൾ

'ദൈവത്തിന്റെ സ്വന്തം നാട്' എന്നറിയപ്പെടുന്ന കേരള സംസ്ഥാനത്തിന്റെ തെക്കേ അറ്റത്തായാണ് തലസ്ഥാന ജില്ലയായ തിരുവനന്തപുരം സ്ഥിതി ചെയ്യുന്നത്. ഭൂമിശാസ്ത്രപരമായ പ്രത്യേകതകൾ പരിഗണിക്കുമ്പോൾ സംസ്ഥാനത്തിന്റെ നേർഛേദം തന്നെയാണ് ഈ ജില്ലയിലും പ്രകടമാകുന്നത്, അറബിക്കടലിനോട് (ലക്ഷദ്വീപ് കടൽ) ചേർന്ന് വരുന്ന താഴ്ന്ന തീരപ്രദേശം, നിമ്നോന്നതമായ ഭൂമി ഘടന പ്രകടമാകുന്ന ഇടനാട്, പശ്ചിമഘട്ട മലനിരകളാൽ സമൃദ്ധമായ മലനാട് എന്നിങ്ങനെ ചിറയിൻകീഴ്, വർക്കല, തിരുവനന്തപുരം താലൂക്കുകൾ ഇടനാട്ടിലും തീരപ്രദേശത്തുമായി സ്ഥിതി ചെയ്യുന്നു. നെടുമങ്ങാട്, കാട്ടാക്കട താലൂക്കുകൾ ഇടനാട്ടിലും മലനാടിന്റെ ഭാഗത്തും നെയ്യാറ്റിൻകര താലൂക്ക് മേൽ സൂചിപ്പിച്ച മൂന്ന് മേഖലകളിലും ഉൾപ്പെട്ടു വരുന്നു. ജില്ലയിൽ വനമേഖല കൂടുതലുള്ളത് കാലാവസ്ഥയെ സ്വാധീനിക്കുകയും കൂടുതൽ മഴ ലഭ്യമാകുന്നതിന് കാരണമാകുകയും ചെയ്യുന്നുണ്ട്.

ജില്ലയുടെ ഉയർന്ന പ്രദേശങ്ങൾ മലനിരകളാൽ സമ്പന്നമാണ്. കേരളത്തിന്റെ തെക്കേ അറ്റത്തുള്ള നദിയായ നെയ്യാർ (56 കി.മീ) അഗസ്ത്യാർകൂട മലനിരകളിൽ നിന്നുത്ഭവിക്കുന്നു. ജില്ലയിലെ മറ്റു നദികളായ കരമനയാർ (67 കി.മീ) വഴുവന്തോളിൽ നിന്നും വാമനപുരം നദി പശ്ചിമഘട്ട മലനിരകളിലെ തന്നെ ചെമുഞ്ഞിമൊട്ടയിൽ നിന്നും ഉദ്ഭവിക്കുന്നു.

കൊല്ലം ജില്ലയുമായും തമിഴ്നാട് സംസ്ഥാനത്തെ തിരുനെൽവേലി, കന്യാകുമാരി ജില്ലകളുമായും തലസ്ഥാന ജില്ല അതിർത്തി പങ്കിടുന്നു. ഇവയെ ബന്ധിപ്പിച്ചുകൊണ്ട് വിപുലമായ റോഡ് – റെയിൽ ശൃംഖല ജില്ലയിലുണ്ട്.

സ്ഥലപര ഘടന

- സുസ്ഥിര വികസനം സാധ്യമാക്കും വിധം പരിസ്ഥിതി സംരക്ഷണത്തിന് ഊന്നൽ നൽകേണ്ടതാണ്. ഇതിനായി വികസന നിയന്ത്രിത മേഖലകളും, ഭാവി വികസന ഘടനയും ഏകോപിപ്പിച്ചു കൊണ്ടുള്ള ഒരു നയമാണു സ്വീകരിക്കുന്നത്.
- പരിസ്ഥിതി പ്രാധാന്യമുള്ള ഉയർന്ന ചരിവുള്ള പ്രദേശങ്ങൾ, താഴ്ന്ന പ്രദേശങ്ങൾ, തീരദേശ നിയന്ത്രണ മേഖലകൾ, ജലസ്രോതസ്സുകൾ എന്നിവയാണ് പരിഗണിച്ചിരിക്കുന്നത്. വികസന പരിപ്രേക്ഷ്യത്തിൽ, ഭാവി വികസന കേന്ദ്രങ്ങളിൽ നടപ്പിലാക്കേണ്ട വികസനം, പരിസ്ഥിതിലോല പ്രദേശങ്ങളെയും കണക്കിലെടുത്തുകൊണ്ടാകണം. ഇതിനായി വിശദമായ നീർത്തട പഠനങ്ങൾ, കാലാവസ്ഥാ വ്യതിയാന പഠനങ്ങൾ തുടങ്ങിയവ ആവശ്യമാണ്. ഇതിലൂടെ പ്രകൃതിയുമായി സന്തുലിതമായ ഒരു വികസനനയ രൂപീകരണം സാധ്യമാകുന്നതാണ്.

വികസന വീക്ഷണം

- സംസ്ഥാനത്തിന്റെ തലസ്ഥാന മേഖല എന്ന നിലയിലും ഭൂമി ശാസ്ത്രപരമായും കാലാവസ്ഥയിലുമുള്ള അനുകൂല സാഹചര്യങ്ങളെ പരമാവധി ഉപയോഗപ്പെടുത്തി കൊണ്ട് ഒരു മാനവ വിഭവ വികസന മേഖലയായും ഒരു സാമ്പത്തിക നിക്ഷേപ ആകർഷണ കേന്ദ്രമായും വളർത്തുക
- വികസന വീക്ഷണ സാക്ഷാത്കാരത്തിനായി പശ്ചാത്തലസൗകര്യങ്ങളുടെ വികസനവും ശുചിത്വമുള്ള പരിസരവും നൽകി ആരോഗ്യവും നൈപുണ്യവുമുള്ള ഊർജ്ജസ്വലമായ പൗരസഞ്ചയത്തെ സജ്ജീകരിക്കുക എന്ന കാഴ്ചപ്പാട് സ്വീകരിക്കുന്നു.

വികസന നയങ്ങൾ

1. വികസന നയങ്ങൾ
   - മാനവശേഷി വികസനത്തിലൂടെ സാമ്പത്തിക വികസനം
   - തൊഴിലുകളുടെ വൈവിധ്യകരണം
   - പരമ്പരാഗതവും നൂതനവുമായ തൊഴിലവസരങ്ങൾ സൃഷ്ടിക്കുക (ഉദാ: വിഴിഞ്ഞം, ടെക്നോപാർക്ക്, ടെക്നോസിറ്റി, ടൂറിസം)
2. അടിസ്ഥാന സൗകര്യ വികസനം
   - റോഡുകൾ
   - വൈദ്യുതി
   - ഖരമാലിന്യ സംസ്കരണം
   - ജലവിതരണം
   - സ്വിവറേജ്

3. പരിസ്ഥിതി സംരക്ഷണം
   - ജലാശയങ്ങളുടെയും താഴ്ന്ന പ്രദേശങ്ങളുടെയും
   - മലയോര മേഖലയുടെ / വനപ്രദേശത്തിന്റെ
   - മാലിന്യ സംസ്കരണം

പ്രാദേശിക വികസന പരിപ്രേക്ഷ്യം

നിർദ്ദിഷ്ട സ്ഥലപര ഘടനയുടെ അടിസ്ഥാനത്തിൽ രൂപീകരിച്ചിരിക്കുന്ന പ്രാദേശിക വികസന പരിപ്രേക്ഷ്യത്തിനെ കുറിച്ച് ഈ ഭാഗത്തിൽ വിശദീകരിച്ചിരിക്കുന്നു. തിരുവനന്തപുരം നഗരത്തെ കേന്ദ്ര പ്രദേശമായും സമീപത്തുള്ള ഉയർന്ന ശ്രേണിയിൽ പെടുന്ന പ്രദേശങ്ങളെ ഉപകേന്ദ്രങ്ങളായും താഴ്ന്ന ശ്രേണിയിൽപ്പെടുന്ന പ്രാന്തപ്രദേശങ്ങളെ പ്രാദേശിക ഉപകേന്ദ്രങ്ങളായും വികസിപ്പിക്കേണ്ട ഒരു കാഴ്ചപ്പാടാണ് സ്വീകരിച്ചിരിക്കുന്നത്. ഇതിൻ പ്രകാരം വർക്കല, ആറ്റിങ്ങൽ, നെല്ലനാട്, നെടുമങ്ങാട്, കാട്ടാക്കട, നെയ്യാറ്റിൻകര എന്നിവയെ നഗരത്തിന്റെ ഉപകേന്ദ്രങ്ങളായും; കാഞ്ഞിരംകുളം, വെള്ളനാട്, പഴയകുന്നുമ്മേൽ, പാറശ്ശാല, കുന്നത്തുകാൽ, വിതുര, നന്ദിയോട്, മംഗലാപുരം എന്നിവയെ ഉപകേന്ദ്രങ്ങളെ ആശ്രയിക്കുന്ന പ്രാദേശിക ഉപകേന്ദ്രങ്ങളായും നിശ്ചയിച്ചിരിക്കുന്നു.

പ്രാദേശിക ഉപകേന്ദ്രങ്ങളായ കാഞ്ഞിരംകുളം, ഉയർന്ന ശ്രേണിയിൽ ഉള്ള തിരുവനന്തപുരം നഗരത്തിനായോ, നെയ്യാറ്റിൻകര മുനിസിപ്പൽ പ്രദേശത്തിനെയോ ആശ്രയിച്ചു വർത്തിക്കുന്നു. ഇതേ മാതൃകയിൽ വെള്ളനാട്, നെടുമങ്ങാട് മുനിസിപ്പൽ പ്രദേശത്തിനെയോ, കാട്ടാക്കട ഉപകേന്ദ്രത്തിനെയോ ആശ്രയിക്കുന്നു.

ഇത്തരത്തിലുള്ള ഭരണനിർവ്വഹണകേന്ദ്രങ്ങളുടെ ഒരു വികസന ശ്രേണി രൂപീകരണത്തിലൂടെ ഈ കേന്ദ്രങ്ങളുടെ വികസന സാധ്യതകൾ നിർവ്വഹിക്കപ്പെടുന്നു.

വികസന പദ്ധതികൾ

ഗതാഗതം

(എ) റോഡ് ഗതാഗതം

റോഡ് ഗതാഗതം–മൂന്നു ശ്രേണികളിലൂടെ ജില്ലയെ മേഖലാതലത്തിലും പ്രാദേശികവുമായി ബന്ധിപ്പിച്ച് കൊണ്ടുള്ള ഒരു റോഡ് ശൃംഖല രൂപപ്പെടുത്തിയിരിക്കുന്നു.

- ഒന്നാം തലത്തിൽ ദേശീയപാതയും പ്രധാനപ്പെട്ട സംസ്ഥാന പാതയും ഉൾപ്പെടുന്നു. സംസ്ഥാന പാത 1, 2 എന്നിവ ഒന്നാം ശ്രേണിയായി വികസിപ്പിക്കുന്നതിലൂടെ ദേശീയ പാത 66 നു പുറമെ 744–മായി (കൊല്ലം–തെങ്കാശി) ജില്ലയെ ബന്ധിപ്പിക്കുന്നു. രണ്ടാം ശ്രേണിയിൽ നഗര ഉപകേന്ദ്രങ്ങളും, മൂന്നാം തലത്തിൽ പ്രാദേശിക ഉപകേന്ദ്രങ്ങൾ ബന്ധിപ്പിച്ചിരിക്കുന്നു.
- കാട്ടാക്കട ഉപകേന്ദ്രത്തിൽ നിന്നും കോട്ടൂർ–അംബാസമുദ്രം പാത പുനരുജ്ജീവിപ്പിക്കുവാനുള്ള പദ്ധതിയും നിർദ്ദേശിക്കുന്നു. പാലോട് നിന്നും കാരേറ്റ് വരെ പോകുന്ന മൂന്നാം തലത്തിൽ ഉള്ള റോഡ് ശ്രേണിയിൽ നിർദ്ദിഷ്ട മലയോര പാതയും ഉൾപ്പെടുത്തിയിരിക്കുന്നു. ഇതിനു പുറമെ മംഗലപുരം–വട്ടപ്പാറ–മാറനല്ലൂർ വഴി ബാലരാമപുരം ബന്ധിപ്പിക്കുന്ന 'ഔട്ടർ റിംഗ് റോഡ്' പദ്ധതിയും; പൂവാർ മുതൽ വർക്കല വരെ നീളുന്ന തീരദേശപാത പദ്ധതിയും റോഡ് വികസന പദ്ധതികളിൽ ഉൾപ്പെടുത്തിയിരിക്കുന്നു. വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്തിനെ ഒന്നാം ശ്രേണി റോഡുമായി ബന്ധിപ്പിച്ചിരിക്കുന്നു.
- ബസ് ടെർമിനലുകൾ–തിരുവനന്തപുരം നഗരത്തിൽ ഒരു കേന്ദ്രീകൃത മേഖലാതല ബസ് ടെർമിനൽ നിർദ്ദേശിക്കുന്നു, ഇതിനുപുറമെ വികേന്ദ്രീകൃത മാതൃകയിൽ ബസ് ടെർമിനലുകൾ സ്ഥാപിക്കുവാനും നിർദ്ദേശിക്കുന്നു. ഇവയെ ബന്ധിപ്പിച്ചുക്കൊണ്ട് ഉപകേന്ദ്രങ്ങളിലും പ്രാദേശിക ഉപകേന്ദ്രങ്ങളിലും ടെർമിനലുകൾ നിർദ്ദേശിക്കുന്നു.

(ബി) റെയിൽ ഗതാഗതം

നിലവിലെ റെയിൽ ശൃംഖല മെച്ചപ്പെടുത്തുന്നതിന് പുറമെ പ്രധാനപ്പെട്ട റെയിൽവേ സ്റ്റേഷനുകളുടെ വികസനവും നിർദ്ദേശിക്കുന്നു (പാറശ്ശാല, നെയ്യാറ്റിൻകര, ബാലരാമപുരം, നേമം, തിരുവനന്തപുരം, കൊച്ചുവേളി, ചിറയിൻകീഴ്, വർക്കല). മേഖലാതലത്തിൽ തമിഴ്നാട്ടിലേക്കുള്ള റെയിൽ പാത ഇരട്ടിപ്പിക്കേണ്ടതും വൈദ്യുതീകരിക്കേണ്ടതുമാണ്. ഇതിനു പുറമെ നിർദ്ദിഷ്ട ശബരി റെയിൽ നഗരവുമായി ബന്ധിപ്പിക്കുവാനും നിർദ്ദേശിക്കുന്നു. ഇതിന്റെ ഭാഗമായി നെടുമങ്ങാട് ഒരു റെയിൽവേ സ്റ്റേഷനും നിർദ്ദേശിക്കുന്നു. വിഴിഞ്ഞം

പദ്ധതിയുടെ ഭാഗമായി നിർദ്ദേശിച്ചിരിക്കുന്ന റെയിൽപാത ബാലരാമപുരം റെയിൽവേ സ്റ്റേഷനുമായി ബന്ധിപ്പിക്കുവാനും നിർദ്ദേശിക്കുന്നു.

(സി) വ്യോമ ഗതാഗതം

തിരുവനന്തപുരം അന്താരാഷ്ട്ര വിമാനത്താവളത്തിന്റെ വികസനത്തിനാവശ്യമുള്ള പദ്ധതികൾ തയ്യാറാക്കേണ്ടതും, 'എയ്റോപോളിസ്', പോലുള്ള വൻകിട പദ്ധതികളും നടപ്പിലാക്കേണ്ടതാണ്.

(ഡി) ജലഗതാഗതം

ദേശീയ ജലപാത–3 നെ ജില്ലയുമായി ബന്ധിപ്പിക്കുവാനുള്ള പദ്ധതികൾ ആവിഷ്ക്കരിക്കേണ്ടതാണ്. ജില്ലയിലെ റ്റി.എസ് കനാലിന്റെ ഭാഗവും, എ.വി.എം കനാലിന്റെ ഭാഗവും ദേശീയ ജലപാതയുമായി ബന്ധിപ്പിച്ച് ഒരു മേഖലാതല ജലഗതാഗത ശൃംഖല രൂപപ്പെടുത്താവുന്നതാണ്. ഇതിലേക്ക് ബന്ധിപ്പിച്ച് ഉൾനാടൻ ജലഗതാഗത സംവിധാനവും മെച്ചപ്പെടുത്തേണ്ടതാണ്.

വിനോദ സഞ്ചാരം

- **കടലോര/ബീച്ച് വിനോദ സഞ്ചാര മേഖല**: ഏകദേശം 70 കി.മീ വ്യാപ്തിയിൽ ജില്ലയിൽ കടലോര പ്രദേശമാണ്. വിനോദസഞ്ചാര പ്രദേശങ്ങളും (പ്രധാനമായും പൂവാർ, കോവളം, വർക്കല) മത്സ്യ ബന്ധന മേഖലകളും, കായൽ പ്രദേശങ്ങളും ഇടകലർന്ന രീതിയിലാണു കാണപ്പെടുന്നത്. ഇതിൽ വിനോദസഞ്ചാര മേഖലയായി സുസ്ഥിരമായി വികസിപ്പിച്ചിരിക്കുന്ന പ്രദേശങ്ങൾ നാമമാത്രമാണ്. ഈ മേഖലയുടെ വികസനത്തിന് ഉതകും വിധം ചില പദ്ധതികൾ വിശദീകരിച്ചിരിക്കുന്നു.
- **ബീച്ച് വികസനം**

  നിലവിലെ പ്രദേശങ്ങളുടെ വികസനം, ഇവയിൽ തന്നെ പ്രയോജനപ്പെടുത്താത്ത പ്രദേശങ്ങളുടെ വികസനം (ഉദാ: വർക്കല ബീച്ചിൽ നിലവിൽ ഉപയോഗിക്കാത്ത വിനോദസഞ്ചാര സാധ്യതയുള്ള ബീച്ച് പ്രദേശങ്ങളുണ്ട്, സൗകര്യങ്ങളുടെ അഭാവം മൂലം ഇവിടേക്കു സഞ്ചാരികൾ എത്തപ്പെടുന്നില്ല) എന്നിവയാണ് നിർദ്ദേശിക്കുന്നത്. സഞ്ചാരികൾക്ക് ലഭ്യമാകേണ്ട സൗകര്യങ്ങൾ നൽകുകയും; ഇവയിൽ അശാസ്ത്രീയ വികസനം ഒഴിവാക്കി, ഇവയുടെ നൈസ്സർഗികമായ ഭംഗി ചോർന്നു പോകാതെയുള്ള നിർമ്മാണ പ്രവർത്തികൾ നടത്തേണ്ടിയിരിക്കുന്നു. നിലവിലെ ബീച്ചുകളിൽ നടപ്പാതകളും നിർദ്ദേശിക്കുന്നു. ഇതിനു പുറമെ 'സ്ക്യൂബാ ഡൈവിങ്', മറ്റു സാഹസിക വിനോദ സാധ്യതകളും (ഉദാ:സർഫിങ്) നിർദ്ദേശിക്കുന്നു. കടലിനുള്ളിൽ സ്ഥിതിചെയ്യുന്ന 'മറൈൻ പാർക്ക്' വികസന പദ്ധതിയും ആവിഷ്ക്കരിക്കാവുന്നതാണ്.
- വർക്കല ബീച്ചിൽ നിലനിൽക്കുന്ന 'ക്ലിഫ്' നെ ലോക ഭൗമ പൈതൃക പ്രദേശമായി വികസിപ്പിക്കാനുള്ള പദ്ധതി ആവിഷ്ക്കരിക്കേണ്ടതാണ്.
- പൂവാർ മേഖല കേന്ദ്രീകരിച്ച് കണ്ടൽക്കാടുകളെയും, ദേശാടന പക്ഷികളുടെ സങ്കേതവും സംരക്ഷിച്ചുക്കൊണ്ട് വിനോദസഞ്ചാര സാധ്യതകൾ നടപ്പിലാക്കേണ്ടതാണ്.
- ജില്ലയിൽ വിവിധ പ്രദേശങ്ങളിൽ സ്ഥിതി ചെയ്യുന്ന കായൽ, പൊഴി തുടങ്ങിയ പ്രകൃത്യാലുള്ള വിനോദസഞ്ചാര സാധ്യതകളെ പ്രയോജനപ്പെടുത്തുകയും, ഇവയുടെ സംഗ്രഹവും സുസ്ഥിരവുമായ വികസനം നടപ്പിലാക്കാനുള്ള പദ്ധതികളും നിർദ്ദേശിക്കുന്നു. പ്രധാന കായലുകളായ കഠിംകുളം, വേളി, ആക്കുളം, കാപ്പിൽ, നടയറ എന്നിവയെ വിനോദസഞ്ചാര കേന്ദ്രങ്ങളായി വികസിക്കുകയും, ഇവയിൽ ബോട്ടിംഗ് സൗകര്യങ്ങൾ ഏർപ്പെടുത്തുകയും ചെയ്യാൻ നിർദ്ദേശിക്കുന്നു.
- **പൈതൃക വിനോദ സഞ്ചാര മേഖല**

  തിരുവിതാംകൂർ രാജവംശത്തിന്റെ ആസ്ഥാനമായി വർത്തിച്ച തിരുവനന്തപുരം ജില്ല, പൈതൃക വിനേദസഞ്ചാരത്തിന് സാധ്യതയുള്ള മേഖലയാണ്. ശ്രീ പത്മനാഭസ്വാമി ക്ഷേത്രം, തിരുവിതാംകൂർ കൊട്ടാരങ്ങൾ, മറ്റു കേന്ദ്ര സംസ്ഥാന പൗരാണിക പ്രാധാന്യമുള്ള സ്ഥലങ്ങൾ തുടങ്ങിയവയെ ബന്ധിപ്പിച്ചുക്കൊണ്ടുള്ള ഒരു പൈതൃക ഇടനാഴി വിഭാവനം ചെയ്യുന്നു. ഇതിലേക്കായി എല്ലാ പൈതൃക ജില്ലാതല പൈതൃക പ്രദേശങ്ങളുടെയും കെട്ടിടങ്ങളുടെയും സംരക്ഷണവും പരിപാലനവും ഉൾപ്പെടുത്തിയുള്ള ഒരു ജില്ലാതല പദ്ധതിയും ഇവയെ ഏകോപിപ്പിക്കുവാനായി ഒരു പ്രത്യേക സംവിധാനവും നിർദ്ദേശിക്കുന്നു.

നാടൻ കലകളുടെ പരിപോഷണത്തിനായി ജില്ലാതലത്തിൽ ഒരു 'കലാ ഗ്രാമം' വിഭാവനം ചെയ്യുന്നു. ഇതിനു പുറമെ കലാ–സാംസ്കാരിക പ്രദർശന, വിനിമയ (സിനിമ, ഫൈൻ ആർട്സ്, സംഗീതം, നൃത്തം) പ്രവർത്തനങ്ങളെ സമന്വയിപ്പിച്ചുക്കൊണ്ട് പല വേദികളിലായി നടത്താവുന്ന ഒരു കാലികമായ (biennale/triennale മാതൃകയിൽ) പ്രദർശനോത്സവം സംഘടിപ്പിക്കുവാനും നിർദ്ദേശിക്കുന്നു.

- **മലയോര വിനോദ സഞ്ചാര മേഖല**

മലയോര വിനോദ സഞ്ചാര പ്രവർത്തനങ്ങൾക്ക് അനുയോജ്യമായ നിരവധി പ്രദേശങ്ങൾ ജില്ലയിൽ സ്ഥിതി ചെയ്യുന്നു. ഈ പ്രദേശങ്ങൾക്കനുയോജ്യമായ ചില വികസന പദ്ധതികൾ വിശദീകരിക്കുന്നു. നിലവിലെ മലയോര ടൂറിസം പ്രദേശങ്ങളുടെ സമഗ്ര വികസനത്തിനുള്ള മാർഗ്ഗരേഖ തയ്യാറാക്കുകയും (ഉദാ: പൊന്മുടി മാസ്റ്റർപ്ലാൻ), ഇതിനനുസൃതമായ വികസന പദ്ധതികൾ രൂപീകരിക്കേണ്ടതുമാണ്. ഇക്കോ ടൂറിസം പദ്ധതികളും അതിനോട് അനുബന്ധിച്ചുള്ള ഇക്കോ വാക് വേ, റോപ് വേ, നിരീക്ഷണ ഗ്യാലറി തുടങ്ങിയവ സജ്ജമാക്കാവുന്നതാണ്. കൂടാതെ ഈ മേഖലയിൽ സാഹസിക വിനോദ സാധ്യതകൾ പരിശോധിച്ച് നടപ്പിലാക്കാവുന്നതാണ്.

വനമേഖല സംരക്ഷണത്തിന്റെ ഭാഗമായി ചെറുകിട വന്യജീവി സങ്കേതങ്ങൾ നിർദ്ദേശിക്കുന്നു. ജില്ലയിലുള്ള ഉപയോഗ ശൂന്യമായ നിരവധി പാറ മടകളെ, 'ക്വാറി പാർക്കുകളായി' വികസിപ്പിക്കാവുന്നതാണ്.

- **പരിസ്ഥിതി**

  - ഏകദേശം 25% ത്തോളം വരുന്ന വനപ്രദേശങ്ങളുടെ സംരക്ഷണം വികസന പദ്ധതികളിൽ മുൻതൂക്കം അർഹിക്കുന്നു. ഇതിനായി വിശദ പഠനങ്ങളിലൂടെ വനപ്രദേശങ്ങളെ വികസന നിയന്ത്രിത മേഖലകളായി പ്രഖ്യാപിക്കാവുന്നതാണ്. ടൂറിസവുമായി ബന്ധപ്പെടുത്തി വന്യജീവി സംരക്ഷണ കേന്ദ്ര പദ്ധതി നടപ്പിലാക്കാവുന്നതാണ്.
  - 70 കി.മീ. നീളത്തിൽ വ്യാപിച്ചു കിടക്കുന്ന കടലോര പ്രദേശത്തിന്റെ സംരക്ഷണത്തിനായി തീരദേശ പരിപാലന നിയമത്തിന് വിധേയമായ വികസന നിയന്ത്രണങ്ങൾ നടപ്പിലാക്കേണ്ടതുണ്ട്. സർവ്വെ നമ്പർ അടിസ്ഥാനത്തിൽ തീരദേശ പരിപാലന രൂപരേഖ തയ്യാറാക്കുകയും വികസന പ്രവർത്തനങ്ങൾ ഇതിനനുസൃതമായി നടപ്പിലാക്കേണ്ടതുമാണ്.
  - .എല്ലാ ജല സ്രോതസ്സുകളും, ജലാശയങ്ങളും, പ്രകൃത്യാലുള്ള നിർഗമന പാതകളും സംരക്ഷിക്കുന്നതിന്റെ ഭാഗമായി ഒരു ജില്ലാതല നീർത്തട പഠനവും, സൂക്ഷ്മ നിർത്തട പഠനവും നടത്തുകയും, ഇതിലൂടെ എല്ലാ ജലാശയങ്ങളുടെയും പരിപാലനത്തിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ രൂപപ്പെടുത്തുകയും ഇതിനെ നടപ്പിലാക്കേണ്ടതുമാണ്. ചെറുകിട ജലാശയങ്ങളെ ഉപയോഗപ്രദമാകും വിധം മത്സ്യകൃഷി, ജലവിതരണ പദ്ധതികൾ, വിനോദ ഉപയോഗങ്ങൾ എന്നീ പദ്ധതികൾ ആവിഷ്ക്കരിക്കേണ്ടതാണ്. ജില്ലയിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഈ വിവരങ്ങൾ ശേഖരിക്കുകയും ഇതിന്റെ അടിസ്ഥാനത്തിൽ കാലോചിതമായ പദ്ധതികൾ നടപ്പിലാക്കേണ്ടതുമാണ്.
  - ഭൂഗർഭ ജലവിതാനം ഉയർത്തുവാനും പ്രാദേശിക കാലാവസ്ഥയെ ഒരു പരിധി വരെ സ്വാധീനിക്കുവാനും താഴ്ന്ന ഭൂപ്രദേശങ്ങൾക്ക് സാധിക്കുന്നതാണ്. ഇവയുടെ പരിപാലനത്തിനായി ഒരു ജില്ലാതല പൊതുനയത്തിന് പുറമെ സ്ഥാനീയമായ പ്രത്യേകതകൾ കൂടി കണക്കിലെടുത്ത് വികസന പ്രവർത്തനങ്ങൾ ആവിഷ്ക്കരിക്കാവുന്നതാണ്.

- **സാമ്പത്തികം**

  - **മലയോര ടൂറിസം മേഖല:** ടൂറിസത്തിലൂടെ സാമ്പത്തിക നേട്ടം കൈവരിക്കാനുള്ള അവസരം ഇത്തരം പദ്ധതികളിലൂടെ സാധ്യമാകുന്നു.
  - **സുഗന്ധവ്യഞ്ജനങ്ങളുടെ വ്യാപാര കേന്ദ്രം:** മലയോര മേഖലയിൽ ഉല്പ്പാദിപ്പിക്കുന്ന സുഗന്ധവ്യഞ്ജനങ്ങളുടെ ഒരു മൊത്ത വ്യാപാര വിപണന കേന്ദ്രമായി വിഭാവനം ചെയ്തിരിക്കുന്നു.

- **സംസ്ഥാനതല ഔഷധ സസ്യത്തോട്ടവും ഗവേഷണ കേന്ദ്രവും:** ആയുഷ് മാതൃകയിലുള്ള ഒരു ഗവേഷണ കേന്ദ്രവും ഇതിനോടനുബന്ധിച്ചുള്ള ഒരു ഔഷധ സസ്യ കേന്ദ്രവും അഗസ്ത്യാർകൂട പ്രദേശത്തിന് സമീപമായി നിർദ്ദേശിക്കുന്നു
- **വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ മേഖല:** ജില്ലയുടെ വികസനത്തിന് ആക്കം കൂട്ടാൻ സാധിക്കുന്ന പദ്ധതിയാണ് വിഴിഞ്ഞം തുറമുഖം. ഇതിന്റെ ഭാഗമായി വരാൻ സാധ്യതയുള്ള വികസന പദ്ധതികൾ ഈ മേഖലയിൽ വിഭാവനം ചെയ്യുന്നു.
- **ബയോ-സയൻസ് പാർക്ക്:** ജൈവ സാങ്കേതിക വിദ്യയുടെ ഗവേഷണ കേന്ദ്രം.
- **ജില്ലാ മത്സ്യ ബന്ധന തുറമുഖം:** വിഴിഞ്ഞം തുറമുഖത്തിന് പുറമെ ഒരു മത്സ്യ ബന്ധന തുറമുഖത്തിനെ ജില്ലാതലത്തിൽ വികസിപ്പിക്കേണ്ടതാണ്.
- **ഗോത്ര വർഗ്ഗ വികസന കേന്ദ്രം:** മലയോര മേഖലയിലാണ് ഈ പദ്ധതി വിഭാവനം ചെയ്യുന്നത്. അവഗണിക്കപ്പെടുന്ന ഇത്തരം സമൂഹത്തിന്റെ ഉന്നമനത്തിനായി ഇത്തരം ഒരു കേന്ദ്രം വർത്തിക്കേണ്ടതാണ്. സാമൂഹിക സാമ്പത്തിക നേട്ടങ്ങൾ ഇവർക്ക് ലഭ്യമാക്കാനുതകും വിധമുള്ള പ്രവർത്തനങ്ങൾ ഈ കേന്ദ്രം വഴി നടപ്പിലാക്കേണ്ടതാണ്. ഇവരുടെ സാംസ്കാരിക മൂല്യങ്ങൾ പുറംലോകത്തിന് തിരിച്ചറിയുവാനുള്ള ഒരു വേദിയായും ഈ കേന്ദ്രത്തിനെ വളർത്താവുന്നതാണ്.
- **ഇലക്ട്രോണിക് ഹബ്ബ്:** നൂതന സാങ്കേതിക വിദ്യകളായ നാനോ ടെക്നോളജി, ആർട്ടിഫിഷ്യൽ ഇന്റലിജൻസ് മുതലായവയെ അടിസ്ഥാനമാക്കിയുള്ള ഒരു ഗവേഷണ കേന്ദ്രമാണ് വിഭാവനം ചെയ്തിട്ടുള്ളത്. ജില്ലയുടെ തെക്ക്-കിഴക്ക് ഭാഗത്തായാണ് ഈ പദ്ധതിയുടെ സ്ഥലം നിർണ്ണയിച്ചിരിക്കുന്നത്.
- **കോവളം-പൂവാർ ടൂറിസം മേഖല** : കോവളം-പൂവാർ ടൂറിസം മേഖലാ വികസനം.
- **ടെക്നോസോൺ** :ടെക്നോപാർക്ക്, നിർദ്ദിഷ്ട പദ്ധതിയായ ടെക്നോസിറ്റി, കിൻഫ്ര പാർക്ക് എന്നിവ ഉൾപ്പെടുന്ന ടെക്നോ സോൺ ജില്ലയിലെ വിവര സാങ്കേതികാധിഷ്ഠിത വികസന മേഖലയായി വിഭാവനം ചെയ്യുന്നു.
- **മറൈൻ ഫുട്പാർക്ക്:** മത്സ്യ വിഭവങ്ങളുടെ ശേഖരണം, സംസ്കരണം, മൂല്യവർദ്ധിത ഉല്പ്പന്നങ്ങളുടെ ഉല്പ്പാദനം, വിപണനം എന്നിവ ഈ കേന്ദ്രത്തിൽ വിഭാവനം ചെയ്യുന്നു.
- **മറൈൻ പാർക്ക്:** കടലിനുള്ളിൽ സ്ഥിതി ചെയ്യുന്ന ഒരു "മറൈൻ പാർക്ക്" വികസന പദ്ധതി വർക്കല പ്രദേശത്ത് നിർദ്ദേശിച്ചിരിക്കുന്നു.
- **മൾട്ടി മോഡൽ ഹബ്ബ്:** വായു, ജല, റോഡ്, റെയിൽ മാർഗ്ഗങ്ങളെ ഏകോപിപ്പിച്ച് കൊണ്ടുള്ള ഒരു നൂതന യാത്ര സംവിധാനമായ **"മൾട്ടി മോഡൽ ഹബ്ബ്"** പദ്ധതി വേളി ഭാഗത്തു നടപ്പിലാക്കേണ്ടതാണ്.

7.4. വികസനമേഖലകൾ

7.4.1.ഉല്പാദന മേഖല

7.4.1.1 നീർത്തടാധിഷ്ഠിത വികസനം

7.4.1.1(1) കൃഷി

നാഗരികവും ഗ്രാമീണവുമായ സവിശേഷതകൾ ഇഴചേർന്ന് നിൽക്കുന്ന തലസ്ഥാന ജില്ലയായ തിരുവനന്തപുരത്തിന് തനതായ കാർഷിക പാരമ്പര്യവും രീതികളും പ്രത്യേകതകളുമുണ്ട്. അഭ്യസ്തവിദ്യരായ കർഷകസമൂഹം, എല്ലാ സ്ഥലങ്ങളിലേയ്ക്കുമുള്ള ഗതാഗതസൗകര്യം, കാർഷിക കോളേജ്, കേന്ദ്ര കിഴങ്ങുവിള ഗവേഷണ കേന്ദ്രം, വിമാനത്താവളം, വിഴിഞ്ഞം കണ്ടെയ്നർ ടെർമിനൽ തുടങ്ങിയവ ജില്ലയെ കാർഷിക തലസ്ഥാനമാക്കി മാറ്റാൻ ഉതകുന്ന അനുകൂല ഘടകങ്ങളാണ്. പശ്ചിമഘട്ട പ്രദേശങ്ങളും തീരപ്രദേശങ്ങളും ഉൾപ്പെട്ട ഈ ജില്ലയിൽ എല്ലാതരം കൃഷി ചെയ്യുന്നതിനുള്ള അനുകൂല കാലാവസ്ഥയാണുള്ളത്.

- ജില്ലയുടെ ആകെ ഭൂവിസ്തൃതിയുടെ 58 ശതമാനം കൃഷിയോഗ്യമായ ഭൂമിയാണ്. ജില്ലയിൽ 2912 ഹെക്ടർ സ്ഥലം നിലവിൽ തരിശ്ശായി കിടപ്പുണ്ട്. ഇത് കൂടാതെ 1072 ഹെക്ടർ സ്ഥലം വർഷങ്ങളായി തരിശ് കിടക്കുന്നുണ്ട്.

- യഥാർത്ഥത്തിൽ കൃഷി ചെയ്യുന്ന ഭൂമിയുടെ വിസ്തൃതി മുൻവർഷങ്ങളേക്കാൾ കുറവാണെങ്കിലും ആകെ വിളവെടുക്കുന്ന സ്ഥലം വർദ്ധിച്ചിട്ടുണ്ട്. വിള തീവ്രതയിലും വർദ്ധനവ് കാണാവുന്നതാണ്.
- 2011-ലെ സെൻസസ് പ്രകാരം കർഷകരുടെ എണ്ണം 1991 നേക്കാൾ 3 മടങ്ങ് വർദ്ധിച്ചതായി കാണാം. എന്നാൽ കർഷകതൊഴിലാളികളുടെ എണ്ണം ഗണ്യമായി കുറയുകയാണ് ചെയ്തത്. ഇത് രൂക്ഷമായ തൊഴിലാളിദൗർല്ലഭ്യത്തിന് കാരണമായിട്ടുണ്ട്. കർഷക തൊഴിലാളി ദൗർല്ലഭ്യം ഏറ്റവുമധികം ബാധിച്ചിരിക്കുന്നത് നെൽകൃഷിയാണ്.
- 95 ശതമാനം ഭൂവുടമകളുടെയും ശരാശരി ഭൂവിസ്തൃതി 0.14 ഹെക്ടർ ആണ്. കേവലം 2735 പേർക്കാണ് 10 ഹെക്ടറിന് മുകളിൽ ഭൂമിയുള്ളത്. ജില്ലയിലെ ശരാശരി ഹോൾഡിംഗ് സൈസ് 0.22 ഹെക്ടർ (55 സെന്റ്) ആണ്.
- ജില്ലയിലെ നെൽകൃഷിയുടെ ഭൂവിസ്തൃതി 2010 മുതൽ 2013 വരെ കുറഞ്ഞ് വന്നിരുന്നെങ്കിലും തുടർന്നുള്ള വർഷങ്ങളിൽ കൃഷിസ്ഥലത്തിന്റെ വിസ്തൃതിയിൽ നേരിയ വർദ്ധനവ് ഉണ്ടായിട്ടുണ്ട്. തെങ്ങ് കൃഷിയുടെ ഭൂവിസ്തൃതിയിൽ വർദ്ധനവ് ഉണ്ടായതായി കാണാം. വാഴ, മരച്ചീനി എന്നീ വിളകളുടെ വിസ്തൃതിയിൽ നേരിയ ഏറ്റക്കുറച്ചിലുകൾ ഉണ്ടെങ്കിലും പൊതുവെ വിള വിസ്തൃതിയിൽ നേരിയ വർദ്ധനവ് കാണാം. സുഗന്ധവ്യഞ്ജനവിളകളുടെ കാര്യത്തിൽ കാര്യമായ മാറ്റം കാണുന്നില്ല.
- ആകെ കൃഷി സ്ഥലത്തിന്റെ 44 % സ്ഥലത്തും തെങ്ങാണ് കൃഷി ചെയ്യുന്നത്. റബ്ബർ 20% സ്ഥലത്ത് കൃഷി ചെയ്യുമ്പോൾ മരച്ചീനി, വാഴ യഥാക്രമം 9, 6% സ്ഥലത്ത് കൃഷി ചെയ്യുന്നു. നെല്ല് കേവലം 1.29 % സ്ഥലത്താണ് കൃഷി ചെയ്യുന്നത്.
- സംസ്ഥാനതല ഉല്പാദനക്ഷമതയുമായി താരതമ്യം ചെയ്യുമ്പോൾ തെങ്ങൊഴിച്ച് ജില്ലയിലെ മറ്റ് വിളകളുടെ ഉല്പാദനക്ഷമത കുറവാണെന്ന് കാണാം. തെങ്ങിന്റെ ഉല്പാദനക്ഷമത സംസ്ഥാന ശരാശരിയെക്കാളും കൂടുതലാണ്.
- വിവിധ ജലസ്രോതസ്സുകൾ വഴി ഏകദേശം 7689 ഹെക്ടർ സ്ഥലം മുഴുവനായും 7368 ഹെക്ടർ ഭാഗീകമായും ജില്ലയിൽ ജലസേചനം നടത്തുന്നുണ്ട്. ഇത് ആകെ കൃഷി സ്ഥലത്തിന്റെ 6 % വീതം മാത്രമാണ്.

പ്രധാന വിളകൾ -പ്രശ്നങ്ങൾ

1. **നെൽകൃഷി**
   - വർദ്ധിച്ച കൂലിചെലവും തൊഴിലാളി ദൗർലഭ്യവും കർഷകരെ ലാഭകരമായ മറ്റ് വിളകളായ വാഴ, പച്ചക്കറി, മരച്ചീനി മുതലായവ കൃഷി ചെയ്യാൻ പ്രേരിപ്പിക്കുന്നു.
   - ജലസേചന/നിർഗ്ഗമന സൗകര്യങ്ങളുടെ അപര്യാപ്തത കൃഷി ഇറക്കുന്നതിന് തടസ്സമാകുന്നു.
   - മഴയെ ആശ്രയിച്ചുള്ള കൃഷിയായതിനാൽ യഥാസമയം കൃഷി ഇറക്കാൻ സാധിക്കുന്നില്ല.
   - തുണ്ടുവല്ക്കരണം യന്ത്രവത്കരണ സാധ്യത കുറയ്ക്കുന്നു.
   - പാടശേഖര ഉടമകൾ സ്ഥലത്തില്ലാത്തതുകാരണം നിലം തരിശിടുന്നു.
   - നെല്ല് സംസ്കരണത്തിനുള്ള സംവിധാനങ്ങളുടെ അപര്യാപ്തത.
2. **നാളികേരം**
   - നാളികേര കൃഷി 90 ശതമാനവും മഴയെ ആശ്രയിച്ചുള്ളതാണ്. എന്നാൽ ജലസേചനത്തിലൂടെ മാത്രം തെങ്ങിന്റെ ഉത്പാദനം 50 ശതമാനം വർദ്ധിപ്പിക്കാൻ കഴിയും.
   - ഉത്പാദന ക്ഷമത കുറഞ്ഞതും പ്രായം ചെന്ന തെങ്ങുകളുമാണ് ജില്ലയിൽ കൂടുതലും.
   - ഇടവിള കൃഷിയുടെ അഭാവംമൂലം തെങ്ങിന് ലഭിക്കേണ്ട പരിചരണങ്ങൾ നൽകുന്നില്ല.
   - തെങ്ങ് കയറ്റ തൊഴിലാളികളുടെ ദൗർലഭ്യം തെങ്ങിന്റെ കീടരോഗ നിയന്ത്രണമാർഗ്ഗങ്ങൾ യഥാസമയം അവലംബിക്കുന്നതിന് തടസ്സമാകുന്നു.
   - പുരയിടകൃഷിയ്ക്ക് അനുയോജ്യമായ ചെറുയന്ത്രങ്ങളുടെ ലഭ്യത കുറവ്.
   - തൊഴിലാളി ദൗർലഭ്യവും വർദ്ധിച്ച കൂലി ചെലവും.

3. **ഫലവർഗ്ഗ വിളകൾ**

- വാഴക്കുലയ്ക്ക് ഓണം വിപണി ഒഴികെ പലപ്പോഴും കർഷകർക്ക് ന്യായവില ലഭിക്കുന്നില്ല
- മഴയെ ആശ്രയിച്ചുള്ള കൃഷിയായതിനാൽ വർഷം മുഴുവനും വാഴകൃഷിയിൽ നിന്നും സ്ഥായിയായ വരുമാനം കർഷകർക്ക് ലഭിക്കുന്നില്ല.
- രോഗവിമുക്തമായ വാഴക്കന്നുകളുടെ ലഭ്യത കുറവ്.
- വാണിജ്യാടിസ്ഥാനത്തിൽ വാഴകൃഷി ചെയ്യുന്നവരിൽ ഭൂരിഭാഗം പേരും പാട്ടഭൂമിയിലാണ് കൃഷി ചെയ്യുന്നത്. ഇത് കൃഷി ചെലവ് വർദ്ധിപ്പിക്കുന്നു.
- പ്രകൃതിക്ഷോഭം മൂലം ഏറ്റവും കൂടുതൽ നാശനഷ്ടമുണ്ടാവുന്ന വിളയാണ് വാഴ.
- സംയോജിത രോഗകീടനിയന്ത്രണത്തിന്റെ അഭാവം.
- സൂക്ഷ്മമൂലകങ്ങളടങ്ങിയ വളങ്ങളുടെ ലഭ്യത കുറവ്.

8. **പച്ചക്കറി**

- ഗുണമേന്മയുള്ള നടീൽവസ്തുക്കളുടെ ലഭ്യത കുറവ്
- ജലസേചന സൗകര്യത്തിന്റെ അപര്യാപ്തത
- ഓണവിപണി ലക്ഷ്യമാക്കിയുള്ള ചില ഇനങ്ങളായ പടവലം, വെള്ളരി എന്നിവയുടെ കൃഷി അമിത ഉത്പാദനത്തിനും വില തകർച്ചയ്ക്കും ഇടയാക്കുന്നു.
- കർഷകരുടെ ഉത്പന്നങ്ങൾ യഥാസമയം സംഭരിച്ച് വിപണനം നടത്തി വരുമാനം നൽകാനുള്ള സംവിധാനം ജില്ലയിൽ ഇപ്പോഴും അപര്യാപ്തമാണ്.
- ജില്ലയിലെ ഭൂരിഭാഗം പച്ചക്കറി കർഷകരും പാട്ടക്കൃഷിക്കാരായതിനാൽ ജലസേചനത്തിനും നൂതന കൃഷി സമ്പ്രദായങ്ങൾക്കും ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുവാൻ സാധിക്കുന്നില്ല.

9. **കിഴങ്ങുവർഗ്ഗവിളകൾ**

- ഗുണമേന്മയുള്ളതും ഉല്പാദന ക്ഷമതയുള്ളതുമായ നടീൽ വസ്തുക്കളുടെ ലഭ്യതക്കുറവ്.
- ശാസ്ത്രീയ കൃഷിമുറകളുടെ അഭാവവും
- കിഴങ്ങുവർഗ്ഗങ്ങളുടെ വിലയിലുണ്ടാകുന്ന ഏറ്റക്കുറച്ചിൽ
- മൂല്യവർദ്ധിത യൂണിറ്റുകളുടെ അഭാവം
- മാർക്കറ്റിംഗ് സംവിധാനത്തിന്റെ അപര്യാപ്തത
- ജൈവവളങ്ങളുടെ ലഭ്യതക്കുറവ്

10. **സുഗന്ധവ്യഞ്ജനവിളകൾ**

- ഗുണമേന്മയുള്ള നടീൽ വസ്തുക്കളുടെ അഭാവം
- കുറഞ്ഞ ഉത്പാദന ക്ഷമത
- രോഗകീടബാധ
- കാലാവസ്ഥാ വ്യതിയാനം
- വിളവെടുപ്പിനുശേഷമുള്ള നഷ്ടം
- വിപണിയിലെ വില സ്ഥിരത ഇല്ലായ്മ
- വിപണികളുടെഅഭാവം

11. **ഔഷധസസ്യ കൃഷി**

- ഗുണമേന്മയുള്ള നടീൽ വസ്തുക്കൾ മിതമായ വിലയ്ക്ക് ലഭ്യമല്ല
- ഉത്പാദിപ്പിക്കുന്ന ഔഷധ സസ്യങ്ങൾ മെച്ചപ്പെട്ട വില നൽകി വാങ്ങുന്നതിനുള്ള സംവിധാനം ഇല്ല
- കർഷകർ അസംഘടിതരും ചെറുകിട രീതിയിൽ കൃഷി ചെയ്യുന്നവരുമാണ്
- അന്യസംസ്ഥാനമായ തമിഴ്നാട്ടിൽ നിന്നും തുച്ഛമായ വിലയ്ക്ക് ഔഷധ സസ്യ ഉത്പന്നങ്ങൾ ലഭ്യമാണ്

ഫാമുകൾ – പ്രധാന പ്രശ്നങ്ങൾ

ജില്ലയിൽ 6 ഫാമുകൾ ഉള്ളതിൽ പെരിങ്ങമ്മല ബനാനാ നഴ്സറി ഒഴികെ ബാക്കി 5 ഫാമുകളും തിരുവനന്തപുരം ജില്ലാ പഞ്ചായത്തിന് കൈമാറിയവയാണ്.

- ഫാമുകളിൽ അടിസ്ഥാന ജലസേചന സൗകര്യങ്ങളുടെ അഭാവം.
- ഉള്ളൂർ നെല്ലുല്പാദന കേന്ദ്രത്തിലെ ചതുപ്പുനിലത്തിന് അനുയോജ്യമായ യന്ത്രങ്ങളുടെ അഭാവം.
- സമീപ പ്രദേശത്തെ വീടുകളിൽ നിന്നുള്ള മാലിന്യങ്ങൾ ഫാമിന്റെ വക തോടുകളിലേയ്ക്ക് ഒഴുക്കിവിടുന്നതിനാൽ തൊഴിലാളികൾക്ക് നിരന്തരം ത്വക്ക് രോഗങ്ങൾ ഉണ്ടാകുന്നു.
- ബനാനാ നഴ്സറി കൈമാറ്റം ചെയ്യപ്പെടാത്ത സ്ഥാപനമായതിനാൽ ആവശ്യമായ സർക്കാർ ഫണ്ടിന്റെ അപര്യാപ്തത.
- ജില്ലാ ഫാം, ബനാനാ നഴ്സറി എന്നിവിടങ്ങളിലെ വന്യമൃഗശല്യം.

ഏകോപന സംയോജന സാദ്ധ്യതയുള്ള പദ്ധതികൾ

നിർദ്ദേശങ്ങൾ	ആവശ്യകത	സംയുക്ത പ്രോജക്ട് പങ്കാളികളാകേണ്ട തദ്ദേശ ഭരണ സ്ഥാപനങ്ങൾ	സംയോജിത പ്രോജക്ട് പങ്കാളികളാകേണ്ട തദ്ദേശ ഭരണ സ്ഥാപനങ്ങൾ, മറ്റ് വകുപ്പുകൾ
കേദാര പ്രോജക്ട്	കിളിമാനൂർ, വർക്കല ബ്ലോക്കുകളെ തിരുവനന്തപുരം ജില്ലയുടെ നെല്ലറയാക്കി മാറ്റുക.	ത്രിതല പഞ്ചായത്തുകൾ, സംസ്ഥാന സർക്കാർ	കൃഷി വകുപ്പ്, മൈനർ ഇറിഗേഷൻ, ജലസംരക്ഷണ വകുപ്പ്, മണ്ണ് സംരക്ഷണവകുപ്പ്, മൃഗസംരക്ഷണ വകുപ്പ്, ഡയറി, ഫിഷറീസ് വകുപ്പ്, വ്യവസായം, കുടുംബശ്രീ, എം.എൻ.ആർ.ഇ.ജി.എസ്., എം.പി. /എം.എൽ.എ. ഫണ്ട്
അനന്തസമൃദ്ധി	തെരഞ്ഞെടുത്ത ഒരു പഞ്ചായത്തിന്റെ സമഗ്ര വികസന മാതൃകാപദ്ധതി	ത്രിതല പഞ്ചായത്തുകൾ, സംസ്ഥാന സർക്കാർ	കൃഷി വകുപ്പ്, മൈനർ ഇറിഗേഷൻ, ജലസംരക്ഷണ വകുപ്പ്, മണ്ണ് സംരക്ഷണവകുപ്പ്, മൃഗസംരക്ഷണ വകുപ്പ്, ഡയറി, ഫിഷറീസ് വകുപ്പ്, വ്യവസായം, കുടുംബശ്രീ, എം.എൻ. ആർ.ഇ.ജി.എസ്., എം.പി.ഫണ്ട്, എം.എൽ.എ. ഫണ്ട്
മൂല്യവർദ്ധിത ഉല്പന്ന യൂണിറ്റ്	ജില്ലയിൽ അധിക ഉല്പാദനമുള്ള മരച്ചീനി, ചക്ക മുതലായവയുടെ സംസ്കരണത്തിനുവേണ്ടി	ത്രിതല പഞ്ചായത്തുകൾ, സംസ്ഥാന സർക്കാർ	കൃഷി വകുപ്പ്, വ്യവസായം, കുടുംബശ്രീ, ശുചിത്വ മിഷൻ
അഗ്രോ സർവ്വീസ് സെന്റർ/കാർഷിക കർമ്മസേന കളുടെ ശാക്തീകരണം	ജില്ലകളിലെ കർഷക തൊഴിലാളി ക്ഷാമം പരിഹരിക്കുന്നതിനും കാർഷിക യന്ത്രങ്ങളുടെ ലഭ്യതയും സേവനവും ഉറപ്പുവരുത്തൽ	ത്രിതല പഞ്ചായത്തുകൾ, സംസ്ഥാന സർക്കാർ	കൃഷി വകുപ്പ്

വികസന നിർദ്ദേശങ്ങൾ

കീഴ്ത്തട്ട് നിർദ്ദേശങ്ങൾ	മേൽത്തട്ട് നിർദ്ദേശങ്ങൾ
➢ മുഴുവൻ നെൽപ്പാടങ്ങളിലും നെൽകൃഷി പുനസ്ഥാപിച്ച് 2500 ഹെക്ടറിൽ നെൽകൃഷി സാധ്യമാക്കി നെല്ലിന്റെ ഉത്പാദന ക്ഷമത ഹെക്ടറിന് 3 ടണ്ണിൽ നിന്നും 5 ടണ്ണാക്കാൻ ലക്ഷ്യമിടുക. ➢ കേരഗ്രാമം പോലുള്ള പദ്ധതി എല്ലാ ഗ്രാമപഞ്ചായത്തുകളിലും നടപ്പിലാക്കി	➢ നെൽകൃഷി പ്രോത്സാഹനത്തിനുവേണ്ടി നിലവിൽ നടപ്പിലാക്കുന്ന പ്രൊഡക്ഷൻ ബോണസ് ഉൾപ്പെടെ എല്ലാ പദ്ധതികളും സംയോജിപ്പിച്ച് മൊത്തം ചിലവിന്റെ 50 ശതമാനം കുറഞ്ഞത് ഹെക്ടറിന് 25000/– രൂപയെങ്കിലും സബ്സിഡി നൽകുന്ന രീതിയിൽ ഒറ്റപദ്ധതിയായി നടപ്പിലാക്കുക.

തെങ്ങിന്റെ നിലവിലെ ഉല്പാദനമായ 7432 തേങ്ങയിൽ നിന്നും 10000 തേങ്ങയായി വർദ്ധിപ്പിക്കുക ➢ മുഴുവൻ വാഴ കർഷകരെയും വിള ഇൻഷ്വറൻസ് പദ്ധതിയിൻ കീഴിൽ കൊണ്ടുവരിക ➢ എല്ലാ വിളകൾക്കും പഞ്ചായത്തുതല വിപണനം തയ്യാറാക്കുക ➢ ഗ്രാമപഞ്ചായത്തുതല മാർക്കറ്റുകളെ ഏകോപിപ്പിച്ച് ബ്ലോക്ക് തലത്തിൽ ഒരു കേന്ദ്രീകൃത മാർക്കറ്റ് ഒരുക്കുക. ➢ പഞ്ചായത്തുതല കാർഷിക കർമ്മസേനകളെ ബ്ലോക്ക്തല അഗ്രോസർവ്വീസ് സെന്ററുകളുമായി ബന്ധിപ്പിക്കുക. ➢ ബ്ലോക്ക് തല മാർക്കറ്റിംഗ് യൂണിറ്റുകളെ യോജിപ്പിച്ചുകൊണ്ട് ജില്ലാതലത്തിൽ കേന്ദ്രീകൃത മാർക്കറ്റിംഗ് സംവിധാനം ഏർപ്പെടുത്തുക. ➢ ഗുണനിലവാരമുള്ള നടീൽ വസ്തുക്കളുടെയും ഉല്പാദന ഉപാധികളുടെയും ലഭ്യത ഉറപ്പുവരുത്തുന്നതിന് ഘട്ടം ഘട്ടമായി എല്ലാ പഞ്ചായത്തുകളിലും വികേന്ദ്രീകൃത നഴ്സറികളിലും ഉല്പാദനോപാധി നിർമ്മാണ യൂണിറ്റുകളും സ്ഥാപിക്കുക. ➢ ജില്ലയുടെ തനതുവിളകളായ കോട്ടുകോണം മാങ്ങ, ചുവന്ന കപ്പ, വെള്ളായണി വരിക്ക, കോമാടൻ തെങ്ങ് എന്നിവയുടെ കയറ്റുമതി ലഭ്യമാക്കിയുള്ള വിള വ്യാപനത്തിന് വേണ്ടിയുള്ള പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുക. ➢ ജില്ലാ ഫാമുകൾ കേന്ദ്രീകരിച്ച് ഫാം ടൂറിസം പദ്ധതി നടപ്പിലാക്കുക.	➢ തരിശ് ഭൂമി ഏറ്റെടുത്ത് കൃഷി ചെയ്യുന്നതിന് വേണ്ട നിയമ നിർമ്മാണം. ➢ കേരഗ്രാമം പദ്ധതി നടപ്പിലാക്കിയ പഞ്ചായത്തുകളിൽ തുടർച്ചയായി 5 വർഷത്തേയ്ക്ക് ഐ.എൻ.എം., ഐ.പി.എം. ആനുകൂല്യങ്ങൾ നൽകുക. ➢ എല്ലാ ഗ്രാമപഞ്ചായത്തുകളിലും കാർഷിക കർമ്മ സേനകളും വിള ആരോഗ്യ ക്ലിനിക്കുകളും സ്ഥാപിക്കുക. ➢ എല്ലാ ബ്ലോക്കിലും അഗ്രോ സർവ്വീസ് സെന്ററുകൾ സ്ഥാപിക്കുക. ➢ പെരിങ്ങമ്മല ബനാന നഴ്സറിയും ജില്ലാ ഫാമും കേന്ദ്രീകരിച്ച് ഫാം ടൂറിസം പദ്ധതി നടപ്പിലാക്കുക. ➢ ഇ-മാർക്കറ്റിംഗ് സംവിധാനം കൊണ്ടുവരിക. ➢ കാർഷിക വിജ്ഞാന വ്യാപനം ശക്തിപ്പെടുത്തുന്നതിനുവേണ്ടി റ്റി ആന്റ് വി മോഡൽ സംവിധാനം കൃഷി ഭവൻ തലത്തിൽ ജില്ലയിൽ നടപ്പിലാക്കുക.

7.4.1.1(2). മണ്ണ് ജലസംരക്ഷണം

ഉയരം കൂടിയ കുന്നുകളേയും അവയ്ക്കിടയിലെ താഴ്വരകളെയും ഉൾക്കൊള്ളുന്ന മലനാട്, നിമ്നോന്നതമായിക്കിടക്കുന്ന ഇടനാട്, നിമ്നപ്രദേശമായ തീരമേഖല എന്നിങ്ങനെയാണ് ജില്ലയുടെ ഭൂപ്രകൃതി. മറ്റു ജില്ലകളെ അപേക്ഷിച്ച് തീരമേഖല നന്നേ വീതി കുറഞ്ഞതാണ്. ജില്ലയുടെ തെക്ക് അരികിലേക്ക് നീങ്ങുന്തോറും ഭൂമിയുടെ ചായ്മാനത്തിൽ കുറവുണ്ടായി ഏതാണ്ട് സമതല പ്രകൃതി കൈവരിക്കുന്നു. ഭൂജലനിക്ഷേപം സമൃദ്ധമായുള്ള ഒരു മേഖലയിലാണ് ജില്ലയുടെ കിടപ്പ്. കാർഷികാവശ്യങ്ങൾക്കും ഇതരോപഭോഗങ്ങൾക്കും ഉതകുന്ന ജലസമൃദ്ധങ്ങളായ കുളങ്ങൾ ജില്ലയിലെമ്പാടും നിലവിലുണ്ട്. ആറുകളും അവയുടെ വിവിധ കൈവഴികളും ജലസമ്പന്നങ്ങളായ തോടുകളും ജില്ലയെ ജലസമ്പുഷ്ടമാക്കുന്നു.

ലാറ്ററൈറ്റ് ഇനത്തിൽപ്പെട്ട മണ്ണാണ് ജില്ലയിൽ വ്യാപകമായി കാണപ്പെടുന്നത്. എക്കൽ മണ്ണ്, ചെളിമണ്ണ്, പശിമരാശിമണ്ണ് എന്നീ ഇനങ്ങളും ജില്ലയിൽ കാണപ്പെടുന്നു.

ജില്ലയിൽ 3 ബ്ളോക്കുകൾ ഭാഗീക/ഗുരുതരം എന്ന വിഭാഗത്തിലും ബാക്കി 8 ബ്ളോക്കുകൾ സുരക്ഷിത വിഭാഗത്തിലും ഉൾപ്പെടുന്നു. അതിയന്നൂർ, പാറശ്ശാല, ചിറയിൻകീഴ് എന്നീ ബ്ളോക്കുകളാണ് ഭാഗീക/ഗുരുതര വിഭാഗത്തിൽപ്പെടുന്നത്. ഈ ബ്ളോക്കുകളിൽ ജലസംരക്ഷണ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിന് മുന്തിയ പരിഗണന നൽകേണ്ടതുണ്ട്.

നെയ്യാറ്റിൻകര താലൂക്കിൽ മണ്ണൊലിപ്പ് മധ്യമമായി കാണപ്പെടുന്നു. താലൂക്കിന്റെ കിഴക്കുഭാഗത്തുള്ള പഞ്ചായത്തുകളായ പെരുങ്കടവിള, കുന്നത്തുകാൽ, വെള്ളറട എന്നിവിടങ്ങളിൽ മണ്ണൊലിപ്പ് കൂടുതലാണ്. കാട്ടാക്കട താലൂക്കിന്റെ ഭൂരിഭാഗം പ്രദേശങ്ങളിലും മണ്ണൊലിപ്പ് കൂടുതലാണ്. നെടുമങ്ങാട് താലൂക്കിലാണ് മണ്ണൊലിപ്പ് കൂടുതൽ മുതൽ – വളരെ കൂടുതൽ വരെ ഉള്ള പ്രദേശങ്ങൾ അധികമായി കാണപ്പെടുന്നത്. ചിറയിൻകീഴ് താലൂക്കിൽ മണ്ണൊലിപ്പ് മധ്യമമായി കൂടുതൽ സ്ഥലത്ത് കാണപ്പെടുന്നു.

കൂടാതെ മധ്യമം മുതൽ കൂടുതൽ വരെ എന്ന തോതിലും കാണപ്പെടുന്നു. തിരുവനന്തപുരം താലൂക്കിൽ കൂടുതൽ ഭാഗങ്ങളിലും മണ്ണൊലിപ്പ് മധ്യമം മുതൽ കൂടുതൽ വരെ എന്ന തോതിലാണ്.

നദികളും മുഖ്യപ്രശ്നങ്ങളും

- ❖ നെയ്യാർ നദി
  - ➢ നെയ്യാറ്റിൻകര താലൂക്കിലെ കൊമ്പൈകാണി ഗ്രാമത്തിൽ ഉരുൾപ്പൊട്ടൽ സാധ്യത.
  - ➢ ഉയർന്ന പ്രദേശങ്ങളിലെ തീവ്രമായ മണ്ണൊലിപ്പ്.
- ❖ കരമന നദി
  - ➢ വെള്ളനാട് ബ്ലോക്കിലെ കുറ്റിയിൽ, തൊളിക്കോട് വില്ലേജുകളിൽ ഉരുൾപൊട്ടൽ സാധ്യതയുണ്ട്.
  - ➢ ഉയർന്ന പ്രദേശങ്ങൾ രൂക്ഷമായ മണ്ണൊലിപ്പിന് വിധേയമാണ്.
  - ➢ മധ്യമേഖലയിലെ വനങ്ങൾ ശുഷ്കമാണ്.
  - ➢ നദിയുടെ മധ്യഭാഗങ്ങളിലും താഴേക്കുള്ള ഭാഗങ്ങളിലും നദിതീരമണ്ണൊലിപ്പ് വളരെ രൂക്ഷമാണ്.
- ❖ വാമനപുരം നദി
  - ➢ വാമനപുരം ബ്ലോക്കിലെ പാങ്ങോട്,പുല്ലമ്പാറ,കല്ലറ, പെരിങ്ങമ്മല വില്ലേജുകളിലും ചിറയിൻകീഴ് ബ്ലോക്കിലെ വെള്ളല്ലൂർ വില്ലേജുകളിലും ഉരുൾപൊട്ടൽ സാധ്യതയുള്ള പ്രദേശങ്ങൾ കാണപ്പെടുന്നു.
  - ➢ നദീതടത്തിൽ സാമാന്യം മണ്ണൊലിപ്പ് മുതൽ ശക്തമായ മണ്ണൊലിപ്പ് വരെ കണ്ടുവരുന്നു.
  - ➢ നദീതടത്തിലെ മദ്ധ്യഭാഗത്തിന് മുകളിലായി കാണപ്പെടുന്ന വനപ്രദേശങ്ങളിൽ ചില സ്ഥലങ്ങൾ നാശോന്മുഖമായി കൊണ്ടിരിക്കുന്നു.
  - ➢ നദിയോരങ്ങളിൽ ശക്തമായ മണ്ണിടിച്ചിൽ അനുഭവപ്പെടുന്നു. ഇതിന്റെ തീവ്രത മദ്ധ്യഭാഗത്തിന് പടിഞ്ഞാറാണ് കൂടുതലായി കാണപ്പെടുന്നത്.

മണ്ണ് ജല സംരക്ഷണ മേഖലയിലെ പ്രശ്നങ്ങൾ

- ➢ മണ്ണൊലിപ്പ് – ഫലഭൂയിഷ്ടമായ മേൽമണ്ണ് നഷ്ടപ്പെടുന്നു.
- ➢ വരൾച്ച– മണ്ണിലെ ആഴത്തിലുള്ള ജലാംശത്തിന്റെ അഭാവം.
- ➢ കാലാവസ്ഥാ വ്യതിയാനം –മഴയുടെ ഏറ്റക്കുറച്ചിൽ
- ➢ വനനശീകരണം, കുന്നിടിച്ചിൽ, മണ്ണിടിച്ചിൽ
- ➢ വെള്ളപ്പൊക്കം
- ➢ തോടുകളുടേയും ജലാശയങ്ങളുടേയും ജലസംഭരണശേഷിയിലെ കുറവ്.
- ➢ മണ്ണിലെ ജൈവാംശത്തിന്റെ ശോഷണം

വികസന പരിപ്രേക്ഷ്യം

കാർഷിക വികസന പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുമ്പോൾ പ്രഥമമായും പരിഗണിക്കപ്പെടേണ്ട ഘടകങ്ങളാണ് മണ്ണും ജലവും. കാർഷിക വികസനം, പരിസ്ഥിതി പുനരുദ്ധാരണം എന്നീ മേഖലകളിലെ വികസന പദ്ധതികളുടെ വിജയം ആത്യന്തികമായി ഈ വിഭവങ്ങളുടെ ഗുണകരമായ വിനിയോഗക്രമത്തെ ആശ്രയിച്ചിരിക്കുന്നു. അതുകൊണ്ടുതന്നെ മണ്ണിന്റേയും ജലത്തിന്റേയും സസ്യജന്തുസമ്പത്തിന്റേയും സ്വതസിദ്ധമായ പ്രകൃത്യാ വിശേഷങ്ങൾ സമരസപ്പെട്ടുണ്ടാകുന്ന ഒരവസ്ഥയെ ഉൾക്കൊള്ളുന്നതും പ്രകൃത്യാ തന്നെയുള്ള അതിർത്തികൾ കൊണ്ട് വേർതിരിക്കപ്പെടുന്നതുമായ നീർത്തടങ്ങൾ തന്നെയാണ് ശാസ്ത്രീയമായ കാർഷിക വികസന പ്രവർത്തനങ്ങൾക്ക് അനുയോജ്യമായ യൂണിറ്റെന്ന് നാം മനസ്സിലാക്കേണ്ട സമയം അധികരിച്ചിരിക്കുന്നു. അതിനാൽ ഇനിമേൽ നടപ്പിലാക്കുന്ന എല്ലാ കാർഷിക വികസന പദ്ധതികളും നീർത്തടാടിസ്ഥാനത്തിൽ തയ്യാറാക്കി സമഗ്ര വികസന കാഴ്ചപ്പാടോടുകൂടി നടപ്പിലാക്കേണ്ടത് അത്യന്താപേക്ഷിതമാണ്.

ജില്ലയിൽ ശരാശരി 1785 മി.മീ മഴ ലഭ്യമാകുന്നുണ്ടെങ്കിലും ഇക്കഴിഞ്ഞ വർഷം ലഭ്യമാകേണ്ട മഴയുടെ ലഭ്യതയിൽ കാലവർഷത്തിൽ 34% ഉം തുലാവർഷത്തിൽ 61% ഉം കുറവാണ് ലഭ്യമായത്. എന്നാൽ ലഭ്യമാകുന്ന മഴയുടെ 60% ത്തോളം ലാഭകരമായി നമുക്ക്

ഉപയോഗപ്പെടുത്താൻ കഴിയുന്നതാണ്. മഴവെള്ളം ഭൂമിയിൽ പതിച്ച് ഉപരിതല പ്രവാഹമായി ഒഴുകി ജലാശയങ്ങളിൽ എത്തിച്ചേരുന്നതിനുള്ള സമയദൈർഘ്യം വർദ്ധിപ്പിച്ച് പരമാവധി വെള്ളം ഭൂമിയിൽ ആഗീരണം ചെയ്യപ്പെടാൻ അവസരമൊരുക്കിയാൽ മാത്രമേ ഭൂഗർഭപാളികളിലും ഉറവകളിലും ഇത് ക്രമാനുഗതമായ ഉപയോഗത്തിന് ലഭ്യമാകുകയുള്ളൂ. എന്നാൽ ജലസംരക്ഷണ പ്രവർത്തനങ്ങളിലെ അശ്രദ്ധമൂലം അമൂല്യമായ ജലവും ഒപ്പം ഫലപുഷ്ടമായ മേൽമണ്ണും നമുക്ക് നഷ്ടപ്പെട്ടുകൊണ്ടിരിക്കയാണ്. മഴവെള്ളത്തെ തക്കസമയത്ത് വേണ്ടരീതിയിൽ അതിന്റെ ഒഴുക്കിന്റെ ദിശയും വേഗതയും മനസ്സിലാക്കി ശാസ്ത്രീയമായി തൽസ്ഥല ജലസംരക്ഷണപ്രവർത്തനങ്ങൾ നീർത്തടാടിസ്ഥാനത്തിൽ നടപ്പിലാക്കിയാൽ നമ്മുടെ ജില്ലയുടെ കാർഷികരംഗത്തെ സമഗ്രവികസനം ഉറപ്പാക്കുവാനും രൂക്ഷമായ കുടിവെള്ളക്ഷാമത്തിൽ നിന്നും നമുക്ക് ഒരു പരിധി വരെ രക്ഷനേടാനും സാധ്യമാകുന്നതാണ്.

ജില്ലയിലെ പ്രധാന നദികളായ കരമനയാർ, നെയ്യാർ, വാമനപുരം നദി എന്നിവയുടെ വൃഷ്ടിപ്രദേശങ്ങളെ ചെറുനീർത്തടങ്ങളായി തിരിച്ച് പഞ്ചായത്ത് അടിസ്ഥാനത്തിൽ ഓരോ ചെറുനീർത്തടങ്ങൾക്കും നീർത്തട ഗ്രാമസഭകൾ ചേർന്ന് വിശദമായ ചർച്ചകൾ നടത്തി നിലവിലുള്ള നീർത്തടമാസ്റ്റർ പ്ലാനിൽ ഒഴിവാക്കലുകളും കൂട്ടിച്ചേർക്കലുകളും ഉൾപ്പെടുത്തി ശാസ്ത്രീയമായി അപഗ്രഥിച്ച് മുൻഗണനാക്രമങ്ങൾ നിശ്ചയിച്ച് ഒരു സമഗ്രവികസന കാഴ്ച്ചപ്പാടോടുകൂടിയുള്ള പഞ്ചായത്തുതല നീർത്തട മാസ്റ്റർപ്ലാനുകൾ തയ്യാറാക്കേണ്ടതാണ്. ഇങ്ങനെ തയ്യാറാക്കുന്ന പഞ്ചായത്തുതല നീർത്തട മാസ്റ്റർപ്ലാനുകൾ ബ്ളോക്കുതലത്തിൽ ഒരു വിദഗ്ദ്ധ സംഘം പരിശോധിച്ച് വേണ്ട ഒഴിവാക്കലുകളോ കൂട്ടിച്ചേർക്കലുകളോ നടത്തി ശാസ്ത്രീയ അടിത്തറയോടുകൂടി ക്രോഡീകരിച്ച് ഒരു ബ്ളോക്കുതല നീർത്തട മാസ്റ്റർപ്ലാൻ തയ്യാറാക്കാവുന്നതാണ്. ഈ പ്ലാനുകൾ ജില്ലാപഞ്ചായത്ത് സമാഹരിച്ച് ജില്ലാതല വിദഗദ്ധ സമിതി പരിശോധിച്ച് ക്രോഡീകരണം നടത്തി യാഥാർത്ഥ്യബോധത്തോടെ ജില്ലയുടെ സമഗ്ര വികസന കാഴ്ച്ചപ്പാടോടുകൂടിയുള്ള ഒരു ജില്ലാനീർത്തടമാസ്റ്റർ പ്ലാൻ തയ്യാറാക്കാവുന്നതാണ്. ജില്ലാപഞ്ചായത്തിന്റെ വ്യക്തമായ നിർദ്ദേശങ്ങൾ എല്ലാ ഗ്രാമപഞ്ചായത്തുകൾക്കും ബ്ലോക്ക്പഞ്ചായത്തുകൾക്കും നല്കി സമയബന്ധിതമായി ഈ പ്രവർത്തനങ്ങൾ പൂർത്തീകരിച്ച് മുൻഗണനാക്രമത്തിൽ നീർത്തടങ്ങളെ തെരഞ്ഞെടുത്ത് നീർത്തടാടിസ്ഥാനത്തിൽ ഒരു സമഗ്ര വികസന മാതൃക ഉണ്ടാക്കേണ്ടത് ജില്ലയുടെ കാർഷികാഭിവൃദ്ധിയ്ക്കും ജലസുരക്ഷയ്ക്കും പ്രകൃതിവിഭവങ്ങളുടെ അവശ്യാധിഷ്ഠിത ഉപയോഗത്തിനും അതിലുപരി മാലിന്യസംസ്ക്കരണത്തിനും ഇത്തരം മാതൃകകൾ നമുക്ക് ഉപയോഗപ്പെടുത്താവുന്നതാണ്.

സ്ഥായിയായ വികസനം ലക്ഷ്യമാക്കി ഭൂവിഭവങ്ങളെ സംരക്ഷിക്കുകയും പരിപോഷിപ്പിക്കുകയും പരിസ്ഥിതിസന്തുലനത്തിന് കോട്ടംവരാത്ത രീതിയിൽ അവയെ ശാസ്ത്രീയമായി വിനിയോഗിക്കുകയും ചെയ്യേണ്ടതാണ്. മണ്ണ് ജലസംരക്ഷണം, ചെറുകിട ജലസേചനം, കാർഷിക വികസനം, ക്ഷീരവികസനം, മൃഗസംരക്ഷണം, മത്സ്യവികസനം, ചെറുകിടവ്യവസായം, സാമൂഹ്യ വനവത്ക്കരണം, ടൂറിസം തുടങ്ങി വിവിധ വിഷയ മേഖലകളിലെ വികസന സാധ്യതകൾ സംയോജിപ്പിച്ചുകൊണ്ടുള്ള സമഗ്രവികസനം ലക്ഷ്യമാക്കുന്നതാവണം നീർത്തട വികസന പരിപാടികൾ. പരിസ്ഥിതിയുടെ സന്തുലനം, വിഭവങ്ങളുടെ യുക്തിസഹമായ പരിപാലന വിനിയോഗങ്ങൾ, വരൾച്ചയ്ക്കും വെള്ളപ്പൊക്കത്തിനുമെതിരേയുള്ള പ്രതിരോധം എന്നിവയും നീർത്തട വികസനത്തിന്റെ ലക്ഷ്യങ്ങളാണ്. ഇങ്ങനെയുള്ള നീർത്തടാടിസ്ഥാനത്തിലുള്ള വികസനമാണ് കാർഷിക വികസനത്തിനുള്ള സ്ഥായിയായ മാതൃക.

ഒരു നീർത്തടത്തിന്റെ സമഗ്ര വികസനം എന്ന കാഴ്ച്ചപ്പാടിലേയ്ക്ക് എത്തണമെങ്കിൽ എല്ലാ വകുപ്പുകളും സ്ഥായിയായ നീർത്തടാടിസ്ഥാന വികസനത്തിലൂന്നിയ കാർഷിക വികസന മാതൃകാ പ്രവർത്തനങ്ങളിലേർപ്പെടേണ്ടതാണ്. എന്നാൽ മാത്രമേ ജലസംരക്ഷണം, ഉത്പാദനം, ഉത്പാദനക്ഷമത വർദ്ധിപ്പിക്കൽ തുടങ്ങിയ ഉദ്ദേശ്യലക്ഷ്യങ്ങൾ നേടാൻ സാധിക്കുകയുള്ളൂ. ഉപരിതലജലത്തിന്റേയും, അധോജലത്തിന്റേയും ഒഴുക്കിനെ അടിസ്ഥാനമാക്കി തൽസ്ഥല ജലസംരക്ഷണ പ്രവർത്തനങ്ങൾ നടത്തുകയും അതുവഴി കാർഷികമേഖലയെ പോഷിപ്പിക്കുകയും നീർത്തടപ്രദേശത്തെ ജനങ്ങൾക്ക് ജീവനോപാധികൾ നൽകി ആ പ്രദേശത്തെ ജനങ്ങളുടെ സാമ്പത്തിക, സാമൂഹിക ഉന്നമനത്തിലൂടെ സമഗ്ര വികസനം നേടാൻ സാധിക്കുകയും ചെയ്യുകയുള്ളൂ. ശരിയായ രീതിയിലുള്ള സമഗ്രനീർത്തടവികസനം ഇതുവരേയും സാധ്യമാകാത്തതിന്റെ പ്രധാന കാരണം

വിവിധ വകുപ്പുകളുടെ ഏകോപനമില്ലായ്മയാണ്. കൃഷി, ജലസേചനം, മൃഗസംരക്ഷണം, മത്സ്യക്കൃഷി, സാമൂഹ്യവനവത്ക്കരണം, മണ്ണ്സംരക്ഷണം തുടങ്ങിയ പ്രവർത്തനങ്ങൾ കൂട്ടിയിണക്കി മാത്രമേ ജില്ലയുടെ കാർഷിക രംഗത്തെ സുസ്ഥിര വികസനം സാധ്യമാക്കാൻ സാധിക്കൂ.

ഹരിതകേരളം മിഷനുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളുടെ ഏകോപന സാധ്യത

ഹരിതകേരള മിഷന് കീഴിലുള്ള കൃഷി വികസന ഉപമിഷൻ, ജലസംരക്ഷണ ഉപമിഷൻ, എന്നിവയുടെ പ്രവർത്തനങ്ങളുമായി ഏകോപന സാധ്യത ഏറെയുള്ള മേഖലയാണ് മണ്ണ് ജലസംരക്ഷണം. പരിസ്ഥിതി പരമായ സവിശേഷതകൾ പരിഗണിച്ചുകൊണ്ടും പ്രാഥമിക മേഖലകളെ ഒരുമിപ്പിച്ചുകൊണ്ടുമുള്ള നീർത്തടാധിഷ്ഠിത വികസന പരിപാടികൾ ഏറ്റെടുത്ത് നടപ്പിലാക്കാൻ കഴിയുന്നതാണ്. ഇത്തരത്തിൽ കാർഷിക പദ്ധതികൾ, മണ്ണ് സംരക്ഷണം, ജലസംരക്ഷണം, ജലസേചനം, മൃഗസംരക്ഷണം, മത്സ്യക്കൃഷി തുടങ്ങിയ പലവിധ വികസന പ്രവർത്തനങ്ങൾ സംയോജിപ്പിച്ചുകൊണ്ടുവേണം ഇത്തരം പരിപാടികൾ രൂപകല്പ്പന ചെയ്യേണ്ടത്. ജില്ലാ–ബ്ളോക്ക്തലങ്ങളിൽ വികസന പരിപാടികൾ ആവിഷ്ക്കരിക്കുമ്പോൾ പ്രത്യേക പദ്ധതികൾക്കുപകരം മറ്റ് ബന്ധപ്പെട്ട വികസന വകുപ്പുകളിലെ പദ്ധതികളും കൂടി ഉൾപ്പെടുത്തിയ സമഗ്രമായ നീർത്തടാധിഷ്ഠിത വികസന പദ്ധതികൾ വേണം തയ്യാറാക്കേണ്ടത്. ജലസ്രോതസ്സുകളുടെ ശുചീകരണവും സംരക്ഷണവും, തോടുകളും കനാലുകളും പുനരജ്ജീവിപ്പിക്കുക, തൽസ്ഥല മണ്ണ്ജല സംരക്ഷണ പ്രവർത്തനങ്ങൾ നടത്തുക തുടങ്ങിയവ നീർത്തടങ്ങളെ അധിഷ്ഠിതമാക്കി ആസൂത്രണം ചെയ്യേണ്ടതാണ്.

മേൽത്തട്ട് നിർദ്ദേശങ്ങൾ

- നദികളുടെ വൃഷ്ടിപ്രദേശങ്ങളെ ചെറുനീർത്തടങ്ങളായി തിരിച്ച് ഗ്രാമപഞ്ചായത്തിൽ മാത്രം ഉൾപ്പെട്ടത് അതാത് ഗ്രാമപഞ്ചായത്തും 1–2 പഞ്ചായത്തുകൾ ഉൾപ്പെട്ടത് ബ്ളോക്ക് പഞ്ചായത്തും മൂന്നോ അതിലധികമോ പഞ്ചായത്തുകൾ ഉൾപ്പെട്ടവ ജില്ലാപഞ്ചായത്തിന്റെ മേൽനോട്ടത്തിൽ ഫണ്ട് വകയിരുത്തി വിവിധ വകുപ്പ് പദ്ധതികൾ കൂടി പ്രയോജനപ്പെടുത്തി സമഗ്രവികസനം സാധ്യമാകാൻ ഉതകുന്ന പദ്ധതികളായിരിക്കണം ഭാവിയിൽ ഉണ്ടാകേണ്ടത്. വികസനത്തിന്റെ സൂക്ഷമേഖല നീർത്തടങ്ങളായിരിക്കണം.
- നെൽകൃഷിയ്ക്ക് മുഴുവൻ അല്ലെങ്കിൽ ഭൂരിഭാഗം തുകയും സബ്സിഡിയായി നൽകിയാൽ നെൽകൃഷി കൂടുതൽ പ്രദേശത്തേയ്ക്ക് വ്യാപിക്കുവാനും അത് ജല സംരക്ഷണത്തിന് പ്രയോജനകരമാവുകയും ചെയ്യും.
- പുതുതായി നിർമ്മിക്കുന്ന വീടുകൾക്ക് നിർമ്മാണ അനുമതിലഭിക്കണമെങ്കിൽ കിണർ റീച്ചാർജ്ജ്/മഴവെള്ളസംഭരണത്തിന് വേണ്ട സ്ഥായിയായ നിർമ്മിതി നിർബന്ധമാക്കണം.
- വിവിധ ഏജൻസികൾ നടപ്പിലാക്കുന്ന മണ്ണ്–ജലസംരക്ഷണ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കാൻ പ്രത്യേക ഏജൻസി ഉണ്ടാകണം. പ്രവർത്തനങ്ങളുടെ ഇരട്ടിപ്പ് ഒഴിവാക്കാനും സാധിക്കണം. ഇതിനായി മണ്ണ് പര്യവേഷണ – മണ്ണ് സംരക്ഷണ വകുപ്പിനെ ശാക്തീകരിക്കാവുന്നതാണ്.
- ജലസ്രോതസ്സുകൾ കൈയ്യേറുന്നതും മലിനമാക്കുന്നതും നിയമം മൂലം തടയണം. സ്വന്തം ഭൂമിയിൽ ലഭ്യമായ മണ്ണും ജലവും സംരക്ഷിക്കുന്നത് ഓരോരുത്തരുടേയും കടമയാണ്. കൃഷി അനുബന്ധമേഖലയിലെ ആനുകൂല്യങ്ങൾക്ക് മണ്ണ് ജലസംരക്ഷണം ഒരു പ്രധാന മാനദണ്ഡമായി ഉൾപ്പെടുത്തണം
- കേന്ദ്രസംസ്ഥാന സർക്കാരിന്റെ ഫണ്ട് ഉപയോഗിച്ച് വിവിധ ഏജൻസികൾ (ഗവേഷണ സ്ഥാപനങ്ങൾ ഉൾപ്പെടെ) നടത്തിയ പഠനറിപ്പോർട്ടും ഡാറ്റയും ഗ്രാമപഞ്ചായത്ത് തലത്തിൽ ലഭ്യമാക്കാൻ വേണ്ട നടപടികൾ ഉണ്ടാകണം.
- ജില്ലയിലെ സ്വകാര്യ–പൊതു ജലസ്രോതസ്സുകൾ ത്രിതല പഞ്ചായത്തുകളിൽ രജിസ്റ്റർ ചെയ്യുന്നതിനും വിശദമായ സർവ്വേ നടത്തി കൃത്യമായ എണ്ണവും അവയുടെ നിലവിലെ അവസ്ഥയും തയ്യാറാക്കാൻ വേണ്ട നടപടികൾ ഉണ്ടാകണം

എം.എൻ.ആർ.ഇ.ജി.എസ്സുമായി ബന്ധപ്പെട്ട മേൽത്തട്ട് നിർദ്ദേശങ്ങൾ

- എം.എൻ.ആർ.ഇ.ജി.എസ്സ് പ്രവർത്തനങ്ങൾക്കായി നീർത്തടമാസ്റ്റർപ്ലാൻ തയ്യാറാക്കേണ്ടതാണ്.
- വേതന നിരക്കിൽ ഇതര വകുപ്പുകളുമായി ഏകീകരണം ഉണ്ടാകണം.

- ഇതര വകുപ്പുകളുടെ സാങ്കേതിക വൈദഗ്ധ്യവും പദ്ധതികളുമായുള്ള സംയോജനം.
- തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ തൊഴിലുറപ്പ് ഇതര പദ്ധതികളിലൂടെ ഏറ്റെടുക്കുന്ന പ്രവൃത്തികളിൽ ഉൾപ്പെടുന്ന അവിദഗ്ദ്ധ തൊഴിലാളികളെ ഉപയോഗിച്ച് ചെയ്യാവുന്ന ഇനങ്ങൾക്ക് തൊഴിലുറപ്പ് പദ്ധതി പ്രകാരമുള്ള തൊഴിലാളികളെ ഉപയോഗിക്കാവുന്നതാണ്.

കീഴ്ത്തട്ട് നിർദ്ദേശങ്ങൾ

- നീർത്തടാടിസ്ഥാനത്തിൽ മണ്ണറിഞ്ഞും ജലഗതി മനസ്സിലാക്കിയുമുള്ള പ്രവർത്തനങ്ങൾ ആയിരിക്കണം 2018-19 വർഷത്തെ ത്രിതല പഞ്ചായത്തുകളുടെ പ്രകൃതി വിഭവ സംരക്ഷണ പദ്ധതികളിൽ മുൻഗണന നൽകേണ്ടത്. ഇതിൽ ഹരിതകേരളാ മിഷൻ ഉദ്ദേശ്യലക്ഷ്യങ്ങൾ സാധ്യമാക്കണം.
- എല്ലാ പദ്ധതികളുടേയും മുൻ-പിൻ അവസ്ഥ പഠിച്ച് നേട്ടങ്ങൾ അളക്കാൻ വേണ്ട നടപടി ഉണ്ടാകണം.
- ഓരോ പദ്ധതിയിലും സൃഷ്ടിക്കപ്പെടുന്ന ആസ്തികളുടെ പുനരുദ്ധാരണം/ പുനരുപയോഗം ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനം ഏറ്റെടുക്കണം. ജിയോ ടാഗിങ്ങ് നിർബന്ധമാക്കണം.
- പഞ്ചായത്തുതലത്തിൽ എല്ലാ വീടുകൾക്കും മേൽക്കൂര ജലസംഭരണ/റീച്ചാർജ്ജ് സംവിധാനം നിയമം മൂലം നിഷക്കർഷിക്കണം.
- മുനിസിപ്പാലിറ്റി/കോർപ്പറേഷൻ പ്രദേശത്തുള്ള ജലാശയങ്ങളും ജലസ്രോതസ്സുകളും സംരക്ഷിച്ച് മലിനീകരണം തടയാൻ നിയമം ഉണ്ടാകണം.
- സംരക്ഷിക്കപ്പെടുന്ന ജലസ്രോതസ്സുകളിലെ ജലത്തിന്റെ ഗുണമേന്മ 6 മാസത്തിലൊരിക്കലെങ്കിലും പരിശോധിച്ച് ഉറപ്പുവരുത്താൻ വേണ്ട പദ്ധതികൾ ആസൂത്രണം ചെയ്യണം.
- കുളങ്ങളും കിണറുകളും പുതിയതായി നിർമ്മിക്കുന്ന പദ്ധതികൾ പൊതുഉപയോഗത്തിന് മാത്രമായി നിജപ്പെടുത്തണം.
- കിണർ റീച്ചാർജ്ജിങ്ങ് പദ്ധതിയിലൂടെ ജില്ലയെ സമ്പൂർണ്ണ ജലസുരക്ഷാ ജില്ലയാക്കി മാറ്റാൻ വേണ്ട പദ്ധതികൾ ആവിഷ്ക്കരിക്കണം-ജലശ്രീ പദ്ധതി
- തീരദേശപഞ്ചായത്തുകളിൽ മേൽക്കൂര ജലസംഭരണവും കിണർ റീച്ചാർജ്ജിങ്ങ് സംവിധാനവും നടപ്പിലാക്കണം. കിണർ റീച്ചാർജ്ജിങ്ങിലൂടെ ഉപ്പുവെള്ളത്തിന്റെ സാന്നിധ്യം കുറയ്ക്കാൻ സാധിക്കും.
- സംരക്ഷിക്കപ്പെടുന്ന ഓരോ കുളത്തിനും ഓരോ ഉപഭോക്തൃ ഗ്രൂപ്പ് ഉണ്ടാക്കി കൈമാറി കുടിവെള്ളസ്രോതസ്സായി ഉപയോഗിക്കാത്ത സ്രോതസ്സുകളിൽ ഉപഭോക്തൃ ഗ്രൂപ്പുകളെ ഉപയോഗിച്ച് മത്സ്യക്കൃഷി സാധ്യത പഠിച്ച് പദ്ധതി രൂപീകരിക്കണം.
- കുളങ്ങളുടേയും തോടുകളുടേയും സംരക്ഷണത്തിൽ കയർ ഭൂവസ്ത്രത്തിന്റെ ഉപയോഗം പ്രോത്സാഹിപ്പിക്കുന്ന പദ്ധതികൾ ഉണ്ടാകണം.
- പ്രവർത്തനക്ഷമമല്ലാത്ത കുഴൽകിണറുകൾ റീച്ചാർജ്ജ് ചെയ്ത് പ്രവർത്തനക്ഷമമാക്കാനുള്ള നടപടികൾ സ്വീകരിക്കാവുന്നതാണ്.
- കുന്നുകളുടെ വശങ്ങളിൽ കാണുന്ന ഉറവകളെ സംരക്ഷിച്ച് ഉപയോഗപ്പെടുത്തണം.
- തണ്ണീർത്തടങ്ങളും ഖനനം കഴിഞ്ഞ പാറമടകളും മാലിന്യമുക്തമാക്കി ജലസംഭരണികളാക്കി സംരക്ഷിക്കണം.

സംയുക്ത/സംയോജിത പദ്ധതികൾ

ഗ്രാമ-ബ്ളോക്ക്-ജില്ലാപഞ്ചായത്തുകൾ സംയുക്തമായി പദ്ധതികൾ നടപ്പിലാക്കുന്നതിലൂടെ മാത്രമേ നീർത്തടാധിഷ്ഠിത വികസനം യാഥാർത്ഥ്യമാക്കാൻ സാധിക്കുകയുള്ളൂ. ജില്ലാപഞ്ചായത്ത് നടപ്പിലാക്കുന്ന ജലശ്രീ പദ്ധതി ത്രിതല പഞ്ചായത്തുകളുടെ സംയുക്ത പദ്ധതിയാണ്. ടി പദ്ധതിയെ ശാക്തീകരിക്കുന്നതിനുള്ള സംയുക്ത പദ്ധതികൾ ഏറ്റെടുക്കേണ്ടതാണ്.

സമഗ്ര വികസനത്തിനായി വിവിധ വകുപ്പുകളുടെ നീർത്തടാടിസ്ഥാനത്തിലുള്ള സംയോജനം അത്യാവശ്യമാണ്. എന്നാൽ മാത്രമേ മണ്ണ്-ജലസംരക്ഷണം, ഉൽപ്പാദനം,

ഉൽപ്പാദനക്ഷമത വർദ്ധിപ്പിക്കൽ തുടങ്ങിയ ഉദ്ദേശ്യലക്ഷ്യങ്ങൾ നേടാൻ സാധിക്കൂ. ശരിയായ രീതിയിലുള്ള സമഗ്ര നീർത്തട വികസനം ഇതുവരേയും സാധ്യമാകാത്തതിന്റെ പ്രധാന കാരണം വിവിധ വകുപ്പുകളുടെ ഏകോപനമില്ലായ്മയാണ്. വിവിധ വകുപ്പുകൾ ഏകോപിപ്പിച്ചുകൊണ്ട് സമഗ്രമായ നീർത്തടാധിഷ്ഠിത വികസന പദ്ധതികൾ ഏറ്റെടുക്കേണ്ടതാണ്. കുറ്റിച്ചൽ, നന്ദിയോട് ഗ്രാമപഞ്ചായത്തുകളിൽ തൊഴിലുറപ്പ് പദ്ധതിയുമായി ചേർന്ന് നീർത്തടാധിഷ്ഠിത മാസ്റ്റർപ്ലാനുകൾ തയ്യാറാക്കുന്നതിനും അതിനനുസരിച്ച് നീർത്തടാധിഷ്ഠിത വികസന പ്രവർത്തനങ്ങൾ നടത്തുന്നതിനും ലക്ഷ്യം വയ്ക്കുന്നു. കൂടാതെ ജില്ലയുടെ സമഗ്രമായ നീർത്തടാധിഷ്ഠിത മാസ്റ്റർപ്ലാൻ എല്ലാ വികസന വകുപ്പുകളുമായി ചേർന്ന് തയ്യാറാക്കുന്നതിനും ലക്ഷ്യം വയ്ക്കുന്നു.

നൂതന പദ്ധതികൾ

- കയർ ഭൂവസ്ത്രം ഉപയോഗിച്ചുള്ള മണ്ണ്–ജല സംരക്ഷണ പദ്ധതികൾ
- കാവുകളുടെ സംരക്ഷണ പദ്ധതികൾ
- കണ്ടൽ ചെടികൾ ഉപയോഗിച്ചുള്ള തോടുകളുടേയും പുഴകളുടേയും കായലുകളുടേയും സംരക്ഷണ പദ്ധതികൾ.
- രാമച്ചം ഉപയോഗിച്ചുള്ള കുളങ്ങളുടെ സംരക്ഷണം.
- പഞ്ചായത്ത്തലത്തിൽ മണ്ണ് സാമ്പിളുകൾ പരിശോധിച്ച് മൊബൈലിലൂടെ കർഷകരിൽ എത്തിക്കുന്നതിനുള്ള പദ്ധതി.

7.4.1.1(3). ജലസേചനം

സാമ്പത്തിക മൂല്യമുള്ള പൊതുപൈതൃകസമ്പത്ത് എന്ന നിലയിൽ ജലസംരക്ഷണം സമൂഹത്തിൽ പൊതുവായും ഓരോ വ്യക്തിയിലും നിക്ഷിപ്തമായിരിക്കുന്നു. ജലലഭ്യതയിലെ കുറവ് ജില്ലയിലെ കാർഷികോത്പാദനത്തെ കാര്യമായി ബാധിച്ചിട്ടുണ്ട്. ജില്ലയിൽ ലഭ്യമാകുന്ന മഴയിൽ 90% വും തെക്ക് പടിഞ്ഞാറൻ, വടക്ക് കിഴക്കൻ കാലവർഷങ്ങളിലൂടെയാണ്. ഇതു തന്നെ ജൂൺ മുതൽ നവംബർ വരെയുള്ള ആറ് മാസങ്ങളിലായി ചുരുങ്ങിയിരിക്കുന്നു. ഈ കാലയളവിൽ തന്നെ സെപ്തംബർ, ഒക്ടോബർ മാസങ്ങളിൽ വരണ്ട കാലാവസ്ഥയാണ്. ജൂൺ, ജൂലൈ മാസങ്ങളിൽ മഴയുടെ തീവ്രത വളരെ കൂടുതലും ഡിസംബർ മുതൽ മെയ് വരെയുള്ള മാസങ്ങളിൽ തീരെ മഴയില്ലാത്ത അവസ്ഥയുമാണ്.

പ്രവർത്തനങ്ങളും അവയിൽ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ പങ്കും

ജലസാന്നിധ്യം സ്രോതസ്സുകളിൽ എല്ലാ സമയവും ഉറപ്പാക്കാൻ ആവശ്യമുള്ള പ്രവർത്തനങ്ങൾ കണ്ടെത്തി നിർവ്വഹിക്കുന്നതിന് വകുപ്പുകളെയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെയും ഏകോപിച്ചുക്കൊണ്ട് മഴവെള്ള സംഭരണം, ഭൂജല പരിപോഷണം എന്നിവ ഉറപ്പാക്കുന്നതിന് താഴെപ്പറയുന്ന രീതിയിലുള്ള പ്രവർത്തനങ്ങൾ അടിയന്തിരമായി ഏറ്റെടുക്കേണ്ടതുണ്ട്

ഹ്രസ്വകാലത്തിനുള്ളിൽ നടപ്പിലാക്കേണ്ടപ്രവർത്തനങ്ങൾ

- കുളങ്ങൾ, ചിറകൾ, അരുവികൾ, തോടുകൾ എന്നിവ പുനരുദ്ധരിക്കണം. ഹരിത കേരളം പദ്ധതിയിൽ സംസ്ഥാന സർക്കാർ വിഭാവനം ചെയ്യുന്നത് പോലെ ജൈവ മാർഗ്ഗങ്ങൾക്ക് മുൻഗണന നൽകി വേണം പുനരുദ്ധാരണ പ്രവർത്തനങ്ങൾ നടപ്പിലാക്കുവാൻ. കുളങ്ങളിലും തോടുകളിലും അടിഞ്ഞുകൂടിയിട്ടുള്ള എക്കലും ചെളിയും കോരിമാറ്റി സംഭരണശേഷി വർദ്ധിപ്പിക്കാവുന്നതാണ്.
- മഴവെള്ള സംഭരണത്തിലൂടെ കിണറുകളിലെ ജലലഭ്യത ഉറപ്പാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ തദ്ദേശസ്വയംഭരണാടിസ്ഥാനത്തിൽ നടപ്പിലാക്കുക. ഇതിനായി ജില്ലാപഞ്ചായത്തിന്റെ നേതൃത്വത്തിൽ നടക്കുന്ന 'ജലശ്രീ' പദ്ധതിയുടെ സാധ്യത പരമാവധി പ്രയോജനപ്പെടുത്താൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ശ്രദ്ധിക്കേണ്ടതാണ്.
- മഴക്കുഴികൾ, കിണർ റീച്ചാർജ്ജിംഗ് എന്നിവയ്ക്ക് പൊതുജനങ്ങൾക്ക് 'ജലശ്രീ'ഭാഗമായി നൽകുന്ന പരിശീലനങ്ങൾ വാർഡ് അടിസ്ഥാനത്തിൽ ജലവിഭവ, ഭൂജല, മണ്ണ്സംരക്ഷണ, കൃഷി ഉദ്യോഗസ്ഥരെ കൂടി പങ്കെടുപ്പിച്ചുക്കൊണ്ട് വിപുലമാക്കി നടപ്പിലാക്കുക.

- ഉപയോഗശൂന്യമായിക്കിടക്കുന്ന ക്വാറികൾ, കുളങ്ങൾ, കളിമണ്ണ് ഖനനത്തോട് അനുബന്ധിച്ചുണ്ടായ കുളങ്ങൾ എന്നിവ നവീകരിച്ച് അവയിൽ സംഭരണശേഷി വർദ്ധിപ്പിക്കാവുന്നതാണ്.
- നെയ്യാർ ജലസേചന കനാലുകളിലൂടെ ഒഴുകി വരുന്ന ജലം സമീപത്ത് സാധ്യമായ കുളങ്ങളുമായി ബന്ധിപ്പിച്ച് വേനൽക്കാലത്ത് ജലലഭ്യത ഉറപ്പാക്കുന്ന പ്രവർത്തനങ്ങൾ ഏറ്റെടുക്കുക. ഇതിനായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, തൊഴിലുറപ്പ്, ജലവിഭവ വകുപ്പ് എന്നീ വകുപ്പുകളിലെ ഉദ്യോഗസ്ഥർ യോജിച്ച് പ്രവർത്തനങ്ങളിൽ ഏർപ്പെടുക.
- നെയ്യാർ ഉൾപ്പെടെയുള്ള അനുയോജ്യമായ സ്ഥലങ്ങൾ കണ്ടെത്തി നദിയിലെ ജലം പമ്പ് ചെയ്ത് നിലവിലുള്ള കനാൽ സംവിധാനത്തിലൂടെയോ വാട്ടർഷെഡിലൂടെയോ വിതരണം ചെയ്യുക.
- വറ്റിപ്പോയതോ പുനരുജ്ജീവിപ്പിക്കാൻ പറ്റിയതോ ആയ നീർത്തടങ്ങൾ കണ്ടെത്തി നദിയിൽ നിന്നോ കുളങ്ങളിൽ നിന്നോ പമ്പിംഗ് മുഖേന ജലം എത്തിക്കുക.
- നെയ്യാർ ജലസേചന കനാലിന് സമീപമുള്ള കുളങ്ങൾ അടിയന്തിരമായി നവീകരിച്ച് അവ തലക്കുളങ്ങളായി നിലനിർത്തി ജലസംഭരണം സാധ്യമാക്കുക.
- നെയ്യാർ കനാലുകളുടെ ജലവിതരണ നഷ്ടം കുറയ്ക്കുന്നതിനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കുക.
- ലഭ്യമായ ഉപരിതലജലവും, ഭൂജലവും മലിനമാകാതിരിക്കണമെങ്കിൽ മലിനീകരണ നിയന്ത്രണ വകുപ്പ്, ആരോഗ്യം, തദ്ദേശസ്വയം ഭരണവകുപ്പ് , ജലവിഭവവകുപ്പ് എന്നീ ഉദ്യോഗസ്ഥരുടെ കൂട്ടായ പ്രവർത്തനം നടത്തേണ്ടതുണ്ട്. ഇതിനായി തദ്ദേശസ്വയംഭരണസ്ഥാപനാടിസ്ഥാനത്തിൽ തന്നെ ഈ വകുപ്പുകളുടെ ഒരു കർമ്മസേന രൂപീകരിക്കാവുന്നതാണ്.
- ജലസ്രോതസ്സുകളുടെ പുനരുദ്ധാരണത്തിന് ശേഷം പ്രസ്തുത സ്രോതസ്സിന്റെ പരിപാലനം ജനകീയ കൂട്ടായ്മകൾ രൂപീകരിച്ച് കൈമാറുന്നത് നന്നായിരിക്കും. ഇതുമൂലം നവീകരണത്തിന് ശേഷം ജലസ്രോതസ്സ് വീണ്ടും മലിനമാകാതിരിക്കുന്നതിനും ഉദ്ദേശിച്ച ലക്ഷ്യം വേഗത്തിൽ കൈവരിക്കുന്നതിനും സാധിക്കുന്നു.

ദീർഘകാലാടിസ്ഥാനത്തിൽ നടപ്പിലാക്കേണ്ട പ്രവർത്തനങ്ങൾ

- ജലലഭ്യത വർദ്ധിപ്പിക്കുന്ന മണ്ണ്–ജല സംരക്ഷണ പ്രവർത്തനങ്ങൾ ചെറു നീർത്തടാടിസ്ഥാനത്തിൽ നിർവ്വഹിക്കുകയും അവയെ നദീതടാടിസ്ഥാനത്തിൽ സംയോജിപ്പിച്ച് ഓരോ നദിയിലേയും നീരൊഴുക്ക് വർദ്ധിപ്പിച്ച് സ്ഥായിയായി നിലനിർത്തുന്നതിനാവശ്യമായ പ്രവർത്തനങ്ങൾ വിവിധ വകുപ്പുകളുടെ സഹകരണത്തോടെ ദീർഘകാലാടിസ്ഥാനത്തിൽ നടപ്പിലാക്കേണ്ടതാണ്
- വാമനാപുരം നദിയിൽ ഒരു സ്റ്റോറേജ് ഡാമിന്റെ നിർമ്മാണം. അതുവഴി നദിയെ എല്ലാ സീസണിലും ജലസമ്പുഷ്ടമായി നിലനിർത്താൻ കഴിയുന്നതാണ്.
- അനുയോജ്യമായ ഇടങ്ങൾ കണ്ടെത്തി അടിയണകൾ നിർമ്മിച്ച് ഭൂജലപോഷണം സാധ്യമാക്കുക.
- കുളങ്ങൾ, തോടുകൾ, നദീതടങ്ങൾ എന്നിവയിലെ കൈയ്യേറ്റങ്ങൾ കണ്ടെത്തി അവ ഒഴിപ്പിക്കുക. ഭാവിയിൽ കൈയ്യേറ്റങ്ങൾ തടയുന്നതിനായി വാർഡ് തലത്തിൽ കർമ്മ സമിതികൾ രൂപീകരിക്കുക.
- തോടുകളുടെയും കുളങ്ങളുടെയും പാർശ്വസംരക്ഷണം ആവശ്യമുള്ളയിടങ്ങൾ കണ്ടെത്തി സംരക്ഷണഭിത്തികൾ നിർമ്മിച്ച് അവയെ സംരക്ഷിക്കുക.
- കൂടുതൽ പ്രവർത്തനക്ഷമതയുള്ള ജലസേചന രീതികളായ സ്പ്രിംഗ്ളർ ഇറിഗേഷൻ, ഡ്രിപ് ഇറിഗേഷൻ മുതലായ മാർഗ്ഗങ്ങൾ അവലംബിച്ച് ജലത്തിന്റെ ഉപഭോഗം കുറച്ചുക്കൊണ്ട് വരുന്നതിനായി ഇവ കൂടുതൽ ജനകീയമാക്കുകയും കർഷകർക്ക് ഇവ പരിചയപ്പെടുത്തുന്ന പരിശീലന പരിപാടികൾ സംഘടിപ്പിക്കുകയും ചെയ്യുക.
- അനുയോജ്യമായ സ്ഥലങ്ങൾ കണ്ടെത്തി ലിഫ്റ്റ് ഇറിഗേഷൻ സ്കീമുകൾ നടപ്പിലാക്കുന്നതിനുള്ള പര്യവേഷണ പ്രവർത്തനങ്ങളും തുടർ നടപടികളും.

- നെൽകൃഷി നിലനിന്നുവരുന്ന ഏലാകളിൽ നവീകരണ ആവശ്യമുള്ളവ കണ്ടെത്തി അവയുടെ ജലസേചന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ.
- വർഷകാലത്തിന് ശേഷവും നദികളിലും തോടുകളിലും ജലലഭ്യത ഉറപ്പ് വരുത്തുന്നതിനായി വനവൽക്കരണം, ജൈവമാർഗ്ഗങ്ങളിലൂടെയുള്ള തീരസംരക്ഷണം, അനുയോജ്യമായ സ്ഥലങ്ങളിൽ ചെക്ക്ഡാമുകൾ, റെഗുലേറ്ററുകൾ, വി.സി.ബി കൾ മുതലായവയുടെ നിർമ്മാണം എന്നിവ ഏറ്റെടുക്കുക.
- തൊഴിലുറപ്പ് പദ്ധതി, നബാർഡ് സഹായത്തോടുകൂടിയുള്ള പദ്ധതികൾ, ജലവിഭവം, മണ്ണ്സംരക്ഷണം, കൃഷി, ഭൂജലം തുടങ്ങിയ വകുപ്പുകളുടെ പദ്ധതികൾ, ജനകീയാസൂത്രണ പദ്ധതി എന്നിവയുടെ മാനദണ്ഡങ്ങളും, സാമ്പത്തിക ലഭ്യതയും പരിഗണിച്ച് മുൻഗണനാ പട്ടികയിൽ ഉൾപ്പെട്ട ഓരോ പ്രവൃത്തിയും ഏത് ഏജൻസി നിർവ്വഹിക്കുന്നതാണ് ഉത്തമം എന്ന് തീരുമാനിക്കുകയും അതത് ഏജൻസി പ്രവൃത്തികൾ ഏറ്റെടുക്കുകയും ചെയ്യുക.
- വെള്ളായണി കായൽ റിസർവോയർ ഭാഗം ഡ്രഡ്ജ് ചെയ്ത് കായലിന്റെ ആഴം വർദ്ധിപ്പിക്കണം 250 ഹെക്ടർ ഭാഗത്തെ ചെളി ഒരു മീറ്റർ ആഴത്തിൽ മാറ്റിയാൽ തന്നെ 250 ലക്ഷം ഘന മീറ്റർ (25000 ലക്ഷം ലിറ്റർ) വെള്ളം അധികമായി ശേഖരിക്കാൻ സാധിക്കും.
- നിലവിൽ കന്നുകാലിച്ചാൽ തോടിൽ വന്നു ചേരുന്ന പല തോടുകളും ഇപ്പോൾ മാലിന്യ വാഹിനികളാണ്. ഇത് വെള്ളായണി കായലുമായി കലരുന്നത് തടയാൻ വേണ്ടി ഒരു റെഗുലേറ്റർ വെള്ളായണി കായൽ കന്നുകാലിച്ചാലുമായി ചേരുന്ന മൗത്ത് ഭാഗത്ത് ചെയ്യേണ്ടതാണ്. ഇങ്ങനെ ചെയ്യുന്നത് വഴി വെള്ളായണി കായലിലെ ജലം തുടർന്ന് അധികം മലിനമാകാതെ സൂക്ഷിക്കാവുന്നതാണ്.
- കന്നുകാലിച്ചാലിലെ ചെളി മാറ്റുന്ന സമയത്ത് ഇവിടെ നിർമ്മിച്ചിട്ടുള്ള കാലപ്പഴക്കം ചെന്ന കരിങ്കൽ ഭിത്തികൾക്ക് ബലക്ഷയം ഉണ്ടാകാൻ സാധ്യതയുണ്ട്. അതിനാൽ സംരക്ഷണഭിത്തി ഇല്ലാത്ത ഭാഗത്ത് സംരക്ഷണഭിത്തി നിർമ്മിക്കുന്നതിനും, സംരക്ഷണഭിത്തി ഉള്ള സ്ഥലങ്ങളിൽ കോൺക്രീറ്റ് ലൈനിംഗ് നൽകി ബലപ്പെടുത്താവുന്നതുമാണ്.
- കായലിന് ചുറ്റും കൃഷിചെയ്യുവാൻ കഴിയാതെ വെള്ളത്താൽ മൂടിക്കിടക്കുന്ന നിലങ്ങൾ കൃഷിക്കാരിൽ നിന്നും ന്യായവില നൽകി ഏറ്റെടുത്ത് റിസർവോയറിന്റെ ഭാഗമായി നിലനിർത്തുക.
- ഇപ്പോൾ നിലവിലുള്ള പമ്പ് ഹൗസുകൾ നവീകരിക്കുകയും പമ്പുകളും മോട്ടോറുകളും 24 മണിക്കൂറും പ്രവർത്തനസജ്ജമാക്കി നിലനിർത്തുകയും ചെയ്യുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കുക.
- നെയ്യാർ കനാലുകളുടെ സമ്പൂർണ്ണ നവീകരണം ഒന്നാം പഞ്ചവത്സര പദ്ധതിയിൽ പൂർത്തിയാക്കിയ പ്രസ്തുത പദ്ധതിയുടെ ഇപ്പോഴത്തെ ശോച്യാവസ്ഥ പരിഹരിക്കുന്നതിനുള്ള നവീകരണ പദ്ധതികൾ നടപ്പിലാക്കുക.

7.4.1.2. മൃഗസംരക്ഷണവും ക്ഷീരവികസനവും

പാൽ ഉല്പാദന രംഗത്ത് നാലാം സ്ഥാനമാണ് ജില്ലക്കുള്ളത്. പാൽ, മുട്ട, മാംസം എന്നീ ഉല്പന്നങ്ങളുടെ കാര്യത്തിൽ സ്വയംപര്യാപ്തത കൈവരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ വകുപ്പുകളും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും നടത്തിവരുന്നു.

ക്ഷീരവികസനം– അവസ്ഥാ വിശകലനം

പ്രതിശീർഷ പാൽ ആവശ്യകത	– 300 gm/പ്രതിദിനം
പ്രതിശീർഷ പാൽ ലഭ്യത–ആഭ്യന്തര ഉല്പാദനാടിസ്ഥാനത്തിൽ	– 197 gm/പ്രതിദിനം
ആഭ്യന്തര പാലുൽപാദനത്തിന്റെ വിടവ്	– 121597.268 (M.T) 2016–17
ക്ഷീരസംഘങ്ങൾ വഴിയുള്ള പാൽ സംഭരണം	– 71227 (M.T) 2017–2018
ക്ഷീരസംഘങ്ങൾ	– 348
പാറശ്ശാല ചെക്ക് പോസ്റ്റ് വഴി ജില്ലയിൽ എത്തിയ പാൽ	– 28653.808 (M.T) 2016–17

തീറ്റപ്പുൽ കൃഷി

കൃഷിസ്ഥലത്തിന്റെ വിസ്തീർണ്ണം	– 300.18 ഹെക്ടർ
പോഷകാഹാര ആവശ്യകത	– 791000 M.T ഖരപദാർത്ഥ അടിസ്ഥാനത്തിൽ

പോഷകാഹാര ലഭ്യത – 100000 M.T ഖരപദാർത്ഥ അടിസ്ഥാനത്തിൽ
കുറവ് – 691000 M.T

പുൽകൃഷി വികസിപ്പിക്കേണ്ട സ്ഥലവിസ്തീർണ്ണം 16528 ഹെക്ടറും നിലവിലെ തരിശ്ഭൂമി 4000 ഹെക്ടറും ആണ്

പ്രശ്നങ്ങൾ

1. തീറ്റപ്പുല്ലിന് ദൗർല്ലഭ്യവും കാലിത്തീറ്റയുടെ നിത്യേനയുള്ള വിലവർദ്ധനവും.
2. വേനൽക്കാലത്തുള്ള ജലക്ഷാമം.
3. വർദ്ധിച്ചുവരുന്ന കന്നുകാലിരോഗങ്ങൾ, ചികിത്സാചെലവ്.
4. മൃഗചികിത്സാസേവനത്തിലെ അപര്യാപ്തത.
5. പാലിൽ വർദ്ധിച്ചുവരുന്ന ആന്റിബയോട്ടിക്, രാസപദാർത്ഥഘടകങ്ങൾ തന്മൂലമുള്ള പൊതുജനാരോഗ്യപ്രശ്നങ്ങൾ.
6. ഉൽപ്പാദനചെലവിനാനുപാതികമായി ഉല്പന്നത്തിന് വില ലഭിക്കുന്നില്ല.
7. മാലിന്യനിർമ്മാർജ്ജനത്തിനും സംസ്കരണത്തിനുമുള്ള സംവിധാനങ്ങളുടെ അപര്യാപ്തത.
8. തൊഴിലാളികളുടെ അപര്യാപ്തത.
9. നാടൻ പശുക്കളുടെ സംരക്ഷണത്തിന് വേണ്ട പദ്ധതികളുടെ അഭാവം.

മാംസോല്പാദന മേഖല – പ്രശ്നങ്ങൾ

1. മാംസാവശ്യത്തിനുള്ള ഉരുക്കളുടെ ദൗർലഭ്യം.
2. ആധുനികവും ശാസ്ത്രീയവുമായ അറവുശാലകളുടെ അഭാവം.
3. അടിസ്ഥാനസൗകര്യമുള്ള ചെക്ക്പോസ്റ്റുകളുടെയും കൂലിചന്തകളുടെയും അഭാവം.
4. പാറശ്ശാല ചെക്ക്പോസ്റ്റ് നവീകരിക്കുകയും അതിനോടനുബന്ധിച്ച് ആധുനിക അറവുശാല സ്ഥാപിക്കുകയും ഉപോൽപ്പന്ന നിർമ്മാണ വ്യവസായങ്ങൾ സ്ഥാപിക്കുകയും ചെയ്യുക.

മുട്ടയുൽപ്പാദന മേഖല – പ്രശ്നങ്ങൾ

1. മേൽത്തരം മുട്ടക്കോഴികളുടെ എണ്ണത്തിലെ കുറവ്.
2. വിരിയിക്കാവുന്ന കോഴിമുട്ടകളുടെ ദൗർലഭ്യം.
3. പേരന്റ് സ്റ്റോക്കിന്റെ അപര്യാപ്തത.
4. നഗരപ്രദേശങ്ങളിൽ സ്ഥലത്തിന്റെ ദൗർലഭ്യം.
5. ഗുണനിലവാരമുള്ള കോഴിതീറ്റയുടെ ദൗർല്ലഭ്യം.
6. കോഴിതീറ്റയുടെ നിത്യേനയുള്ള വിലക്കയറ്റം.
7. കോഴിതീറ്റയുടെ ഗുണനിലവാരം പരിശോധിക്കാനുള്ള സംവിധാനങ്ങളുടെ അപര്യാപ്തത.

ക്ഷീരവികസനം –പരിഹാരങ്ങൾ

ഗ്രാമപഞ്ചായത്ത്

1. തീറ്റപ്പുൽകൃഷി വ്യാപിപ്പിക്കുക.
2. കാലിത്തീറ്റയ്ക്ക് സബ്സിഡി എല്ലാ കന്നുകാലികൾക്കും ഏർപ്പെടുത്തുക.
3. ജനിക്കുന്ന എല്ലാ പശുക്കുട്ടികളെയും എസ്.എൽ.ബി.പി പദ്ധതിയിൽ ഉൾപ്പെടുത്തുക.
4. ഗർഭിണി പശുക്കൾക്ക് ഗർഭകാലതീറ്റ പദ്ധതി നടപ്പിലാക്കുക.
5. കന്നുകാലികൾക്കാവശ്യമായ കുടിവെള്ളവും ഫാമുകൾക്കാവശ്യമായ വെള്ളവും ടാങ്കറുകളിൽ എത്തിക്കുക.
6. തുമ്പൂർ–മൂഴി മോഡൽ എയ്റോബിക് കമ്പോസ്റ്റ്
7. ബയോഗ്യാസ് പ്ലാന്റ് എന്നിവ പ്രോത്സാഹിപ്പിക്കുക.
8. ഫാമുകളുടെ യന്ത്രവൽക്കരണത്തിനുള്ള (കറവയന്ത്രം, ചാഫ്കട്ടർ തുടങ്ങിയവ) പദ്ധതികൾ നടപ്പിലാക്കുക

ബ്ലോക്ക് പഞ്ചായത്ത്

1. മാലിന്യനിർമ്മാർജ്ജനത്തിന്റെ ഭാഗമായി മൊബൈൽ–ടാങ്കുകളുടെ സേവനം ഏർപ്പെടുത്തുക.
2. ക്ഷീരസംഘങ്ങളുടെ നവീകരണത്തിനുള്ള (ലാബ്, കൂളർ, പാൽപരിശോധനാമുറി തുടങ്ങിയവ) പദ്ധതികൾ നടപ്പിലാക്കുക.

ജില്ലാപഞ്ചായത്ത്

1. പാലിന് ഉൽപ്പാദന സബ്സിഡി നൽകുക.
2. ക്ഷീരസംഘങ്ങളിൽ കർഷകർ ഒഴിക്കുന്ന പാലിന് ഗുണനിലവാരമനുസരിച്ചുള്ള വില നിശ്ചയിക്കുന്നതിന് കമ്പ്യൂട്ടറൈസ്ഡ് സംവിധാനം ഏർപ്പെടുത്തുക.
3. ജില്ലാപഞ്ചായത്ത് ഫാമുകളിൽ നാടൻ പശുക്കളുടെ സംരക്ഷണത്തിന് വേണ്ട പദ്ധതികൾ നടപ്പിലാക്കുക.

മേൽത്തട്ട് നിർദ്ദേശങ്ങൾ

1. സമഗ്രകന്നുകാലി ഇൻഷുറൻസ് നടപ്പിലാക്കുക.
2. ക്ഷീരകർഷകർക്ക് ആരോഗ്യ, സാമൂഹികസുരക്ഷാ ഇൻഷുറൻസ് പദ്ധതി ഏർപ്പെടുത്തുക.
3. മാലിന്യപ്രശ്നങ്ങളുമായി ബന്ധപ്പെട്ട പരാതികൾ പരിഹരിക്കുന്നതിന് തദ്ദേശസ്വയംഭരണം, മൃഗസംരക്ഷണം, ക്ഷീരവികസനം, ആരോഗ്യം, മലിനീകരണ നിയന്ത്രണ ബോർഡ്, ആഭ്യന്തരം, റവന്യൂ വകുപ്പുകളുടെ ജില്ലാതല ഉദ്യോഗസ്ഥർ ഉൾക്കൊള്ളുന്ന തർക്ക പരിഹാര സമിതിയും പഞ്ചായത്ത് തല സമിതിയും.

മാംസോല്പാദന മേഖല –പരിഹാരങ്ങൾ

1. ആധുനിക അറവുശാലകൾ സ്ഥാപിക്കുക.
2. മാംസാവശ്യത്തിനുള്ള ഉരുക്കളുടെ ആഭ്യന്തര ഉൽപാദനം വർദ്ധിപ്പിക്കുക
   - കാളക്കുട്ടി, പോത്തുക്കുട്ടി പരിപാലന പദ്ധതി പരിപോഷിപ്പിക്കുക.
   - ഗോട്ട് ബ്രീഡിംഗ് യൂണിറ്റുകൾ സ്ഥാപിക്കുക.
   - ബ്രോയിലർ ഫാമിംഗ് പ്രോത്സാഹിപ്പിക്കുക.
   - പന്നിവളർത്തൽ പ്രോത്സാഹിപ്പിക്കുക.
3. ജില്ലാപഞ്ചായത്ത്

   മാമം, ആറാലുംമൂട്, കാട്ടാക്കട എന്നിവിടങ്ങളിടെ കന്നുകാലി ചന്തകൾ നവീകരിക്കുക.

മേൽത്തട്ട് നിർദ്ദേശം

- ബ്രോയിലർ റെൻഡറിംഗ് യൂണിറ്റുകൾ സ്ഥാപിക്കുക
- ഉപോൽപ്പന്ന നിർമ്മാണവ്യവസായങ്ങൾ സ്ഥാപിക്കുക.

മുട്ടയുൽപ്പാദന മേഖല

ഗ്രാമപഞ്ചായത്തുകൾ

അടുക്കള മുറ്റത്തെ കോഴി വളർത്തൽ പദ്ധതി പ്രോത്സാഹിപ്പിക്കുക

ബ്ലോക്ക് പഞ്ചായത്ത്

കുടുംബശ്രീ യൂണിറ്റുകൾ വഴി എഗ്ഗർനഴ്സറികൾ സ്ഥാപിക്കുക

ജില്ലാ പഞ്ചായത്ത്

- ജില്ലയിലെ മുഴുവൻസ്കൂളുകളിലും സ്കൂൾ പൗൾട്രിക്ലബ് പദ്ധതി നടപ്പിലാക്കുക.
- ഹാച്ചറികളുടെ എണ്ണം വർദ്ധിപ്പിക്കുക.

കോർപ്പറേഷൻ

നഗരങ്ങളിൽ മട്ടുപ്പാവിൽ കോഴി വളർത്തൽ പദ്ധതി പ്രോത്സാഹിപ്പിക്കുക

മേൽത്തട്ട് നിർദ്ദേശം

ജില്ലാപഞ്ചായത്ത് വെറ്ററിനറി സർവ്വകലാശാലയുടെ കീഴിലുള്ള പൗൾട്രി ഫാമുകൾ വിപുലീകരിച്ച് പാരന്റ് സ്റ്റോക്കിന്റെ എണ്ണം വർദ്ധിപ്പിക്കുക

സേവനമേഖല –മൃഗചികിത്സ മേഖല

ന്യൂനതകൾ

1. കർഷകർക്ക് മുഴുവൻ സമയസേവനം നൽകുന്ന സർക്കാർ സംവിധാനം നിലവിലില്ല.
2. രോഗനിർണ്ണയ ലബോറട്ടറികളുടെ അപര്യാപ്തത
3. വീട്ടുപടിക്കൽ മൃഗചികിത്സ സേവനം എത്തിക്കുന്നതിനുള്ള സംവിധാനങ്ങളുടെ അപര്യാപ്തത.
4. രോഗം ബാധിച്ച ഉരുക്കളെ മൃഗാശുപത്രിയിൽ എത്തിച്ച് ചികിത്സിക്കുന്നതിനുള്ള സംവിധാനങ്ങളുടെ അഭാവം.

5. തദ്ദേശസ്വയംഭരണസ്ഥാപനങ്ങളിലെ പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട ഉത്തരവാദിത്വങ്ങൾ ഡോക്ടർമാർ ചെയ്യേണ്ടിവരുന്നതിനാൽ കർഷകർക്ക് ആവശ്യമായ മൃഗചികിത്സാ സേവനം നൽകാൻ കഴിയാതെ വരുന്നു.
6. ആശുപത്രികളിൽ മൃഗചികിത്സയ്ക്കുള്ള അവശ്യമരുന്നുകളുടെ അപര്യാപ്തത.
7. മൃഗചികിത്സ സ്ഥാപനത്തിലെ അടിസ്ഥാന സൗകര്യങ്ങളുടെയും ജീവനക്കാരുടെയും അപര്യാപ്തത.
8. ആവശ്യമുള്ള സ്ഥലങ്ങളിൽ അധികം ജീവനക്കാരെ നിയമിക്കുന്നതിന് നടപടികൾ സ്വീകരിക്കുക. ബ്ലോക്ക് തലത്തിൽ രാത്രികാല മൃഗചികിത്സ സേവനത്തിന് ആവശ്യമുള്ള ബ്ലോക്കുകളിൽ ഒന്നിലധികം ഡോക്ടർമാരെ നിയമിക്കുക.
9. ടെലി വെറ്റിനറി യൂണിറ്റ്:- എഴുന്നേൽക്കാൻ സാധിക്കാതെ കിടക്കുന്ന മൃഗങ്ങളെ ഉയർത്തുന്നതിന് വേണ്ട സംവിധാനങ്ങളോടു കൂടിയ ആംബുലൻസ് സേവനം ഏർപ്പെടുത്തുക.

പരിഹാര നിർദ്ദേശങ്ങൾ

മേൽത്തട്ട് നിർദ്ദേശം

1. ജില്ലാവെറ്ററിനറി കേന്ദ്രം 24 മണിക്കൂർ സജ്ജമാക്കുക
2. വെറ്ററിനറി പോളിക്ലിനിക്കുകൾ ബ്ലോക്കടിസ്ഥാനത്തിൽ വിപുലീകരിക്കുകയും 2 ഷിഫ്റ്റ്സംവിധാനം നടപ്പിലാക്കുകയും ചെയ്യുക.
3. ബ്ലോക്കടിസ്ഥാനത്തിൽ സർജറി, ഗൈനക്കോളജി, വെറ്ററിനറി മെഡിസിൻ ഇവയിൽ ഏതെങ്കിലും സ്പെഷ്യലിസ്റ്റുകളെ നിയമിക്കുക.
4. രാത്രിക്കാല വെറ്ററിനറി സേവനം എല്ലാ ബ്ലോക്കുകളിലും വ്യാപിപ്പിക്കുക.
5. വെറ്ററിനറി ആംബുലൻസ് സർവ്വീസ് ഏർപ്പെടുത്തുക.
6. ബ്ലോക്കടിസ്ഥാനത്തിൽ ലാബ് സൗകര്യങ്ങളോടു കൂടിയ വെറ്ററിനറി പബ്ലിക് ഹെൽത്ത് സെന്ററുകൾ ആരംഭിക്കുക.
7. 250 ഓളം വരുന്ന ലൈവ് സ്റ്റോക്ക് ഇൻസ്പെക്ടർമാരെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ പദ്ധതി നിർവ്വഹണ ഉദ്യോഗസ്ഥൻമാരായി ചുമതലപ്പെടുത്തുക.
8. മൃഗോത്പ്പന്നങ്ങളുടെ വിപണനത്തിനും കാലിത്തീറ്റ പോലെയുള്ള സാധനങ്ങൾ വാങ്ങുന്നതിനും പഞ്ചായത്ത് തലത്തിൽ ഏകജാലകസംവിധാനം ഏർപ്പെടുത്തുക.
9. മരുന്നുകൾ വാങ്ങി നൽകുന്നതിൽ മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ മാതൃകയിൽ കേന്ദ്രീകൃത സംവിധാനം ഏർപ്പെടുത്തുക

ബ്ലോക്ക് പഞ്ചായത്ത്

കിടപ്പിലാകുന്ന വലിയ മൃഗങ്ങളെ എഴുന്നേൽപ്പിക്കുവാനുള്ള ആനിമൽ ലിഫ്റ്റിംഗ് ഡിവൈസ് സ്ഥാപിക്കുക.

ജില്ലാപഞ്ചായത്ത്

ന്യായവില മെഡിക്കൽ സ്റ്റോറുകൾ തുടങ്ങുക.

മൃഗസംരക്ഷണ വകുപ്പ് ഫാമുകൾ – മേൽത്തട്ട് നിർദ്ദേശം

1. ഇപ്പോൾ 21400 മുട്ടക്കോഴികുഞ്ഞുങ്ങളെ ഉല്പാദിപ്പിക്കുവാനുള്ള ശേഷിയാണ് ഉള്ളത്. ഇതിൽ ഏകദേശം 11000 പിടക്കോഴികുഞ്ഞുങ്ങൾ ഉണ്ടാകും. ജില്ല ഫാമിന്റെ മുഴുവൻ ഉല്പാദനശേഷിയും ഉപയോഗപ്പെടുത്തുകയാണെങ്കിൽ ഉല്പാദനം ഇരട്ടിയാക്കാൻ സാധിക്കും.
2. ജില്ലാകന്നുകാലി വളർത്തൽ കേന്ദ്രം- കുടപ്പനക്കുന്ന്, മേഖല കോഴി വളർത്തൽ കേന്ദ്രം- കുടപ്പനക്കുന്ന്, ആട് വളർത്തൽ കേന്ദ്രം-പാറശ്ശാല എന്നീ ഫാമുകൾ ജില്ലാപഞ്ചായത്തിന് കൈമാറേണ്ടതാണ്. ഇതുവഴി ഫാമുകളുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കാവുന്നതാണ്.

സ്ഥാപനങ്ങൾ- മേൽത്തട്ട് നിർദ്ദേശം

1. **ഇൻസ്റ്റ്യൂറ്റ് ഓഫ് അനിമൽ ഹെൽത്ത് ആന്റ് വെറ്ററിനറി ബയോളജിക്കൽസ്, പാലോട്**

   കന്നുകാലികളിലെ കുളമ്പുരോഗ പ്രതിരോധ കുത്തിവെയ്പ് പദ്ധതി ആവശ്യമായ വാക്സിൻ ഇപ്പോൾ ഇന്ത്യൻ ഇമ്മ്യൂണോളജിക്കൽസ് എന്ന സ്ഥാപനത്തിൽ നിന്നാണ് വാങ്ങുന്നത്. ഐബിയിലെ എച്ച് ആന്റ് വി.എ സൗകര്യങ്ങൾ മെച്ചപ്പെടുത്തി ഇവിടെത്തന്നെ കുളമ്പുരോഗപ്രതിരോധ മരുന്ന് ഉല്പാദിപ്പാക്കാവുന്നതാണ്.

2. **ലൈവ് സ്റ്റോക്ക് മാനേജ്മെന്റ് ട്രെയിനിംഗ് സെന്റർ**

മൃഗസംരക്ഷണ പരിശീലന കേന്ദ്രം വഴി സംരംഭകത്വ പരിശീലനം സംഘടിപ്പിക്കുകയും സന്നദ്ധതയുള്ള സംരംഭകർക്ക് ക്യാപ്പിറ്റൽ ഇൻവെസ്റ്റ്മെന്റ് സബ്സിഡി നൽകുകയും ചെയ്യുക.

➢ **സേവനമേഖല – ക്ഷീരവികസനം – മേൽത്തട്ട് നിർദ്ദേശം**

1. ജില്ലയിൽ തിരഞ്ഞെടുക്കുന്ന വ്യക്തികൾക്ക് 19 പെണ്ണാടും ഒരു മുട്ടനാടും അടങ്ങുന്ന പ്രജനന യൂണിറ്റുകൾ കൂടുതൽ ഉത്തമമായിരിക്കും.
2. മലബാറി ഇനത്തിൽപ്പെട്ട ആടുകളുടെ വംശവർദ്ധന, സംരക്ഷണം
3. നഴ്സറി യൂണിറ്റുകൾ സ്ഥാപിക്കുക വഴി വകുപ്പിന്റെയും പഞ്ചായത്തിന്റെയും വിവിധ സ്കീമുകൾ ലഭ്യമാക്കുന്നു.

പുതിയ പദ്ധതി നിർദ്ദേശങ്ങൾ

മൃഗസംരക്ഷണം

- പശുക്കൾക്ക് ഗർഭകാല പരിചരണവും കന്നുകുട്ടി പരിപാലനവും ഗർഭിണി പശുക്കൾക്ക് 7 മാസം മുതൽ സൗജന്യ നിരക്കിൽ കാലിതീറ്റ നൽകുക. 7 മാസം ഗർഭിണിയായ എല്ലാ പശുക്കളെയും മൃഗാശുപത്രിയിൽ രജിസ്റ്റർ ചെയ്യുക. പ്രസവിച്ച ഉടൻ കന്നുകുട്ടികളെ രജിസ്റ്റർ ചെയ്യുക. 4 മാസം വരെ കാഫ് സ്റ്റാർട്ടർ നൽകുക. 5 മാസം മുതൽ എസ്.എൽ.ബി.പി യിൽ ഉൾപ്പെടുത്തുക. കാളക്കുട്ടികൾക്ക് 1 വർഷം വരെ കാലിത്തീറ്റ സബ്സിഡി നിരക്കിൽ നൽകുക.
- ജില്ലാഫോഡർ പ്ലാൻ
  ജില്ലയിലെ കന്നുകാലികൾക്ക് ആവശ്യമായ പച്ചപുല്ല്, പയർ വർഗ്ഗങ്ങളും തീറ്റമരങ്ങളും തരിശുഭൂമിയിലും ഇടവിളയായും കൃഷി ചെയ്യുക.
- വെറ്ററിനറി പബ്ലിക് ഹെൽത്ത് സെന്ററുകൾ
- ബ്ലോക്ക്തലത്തിൽ പൊതുജനാരോഗ്യവും മൃഗചികിത്സയും ബന്ധപ്പെടുത്തിയുള്ള എ.ബി.സി സെന്റർ, എപ്പിഡെമോളജിക്കൽ യൂണിറ്റ്, ക്ലിനിക്കൽ ലാബ്, രാത്രികാല മൃഗചികിത്സ എന്നിവ നടപ്പിലാക്കുക.
- ഫാമുകളിലെ മലിനീകരണ നിയന്ത്രണ പദ്ധതി
- ലൈസൻസ് നടപടികൾ ലഘൂകരിക്കുക.
- ജില്ലാതല പരാതി പരിഹാര സെൽ രൂപീകരിക്കുക (ഏകജാലകം) ഫാമുകളിൽ നിന്നുള്ള അവശിഷ്ടങ്ങൾ ശേഖരിച്ച് കാർഷിക ആവശ്യത്തിന് ഉപയോഗിക്കുന്ന പദ്ധതി
- ന്യായവില മെഡിക്കൽ സ്റ്റോറുകൾ: തിരുവനന്തപുരം ജില്ലാപഞ്ചായത്ത് നടപ്പിലാക്കുന്ന രീതിയിൽ എല്ലാ ബ്ലോക്കിലും ന്യായവില മെഡിക്കൽ സ്റ്റോർ തുടങ്ങുക.
- ബ്രോയിലർ റെൻഡറിംഗ് യൂണിറ്റ് ഫാമുകളിൽ നിന്നും ഡ്രസിംഗ് യൂണിറ്റുകളിൽ നിന്നും പുറന്തള്ളുന്ന അവശിഷ്ടങ്ങൾ ശേഖരിച്ച് ഓമനമൃഗങ്ങൾക്കുള്ള തീറ്റയായും ജൈവവളമായും ബയോഡീസലായും മാറ്റി ഉപയോഗപ്പെടുത്തുക.
- അറവുശാലകളുടെ നവീകരണം: കോർപ്പറേഷനിലും എല്ലാ ബ്ലോക്കുകളിലും അറവുശാലകൾ തുടങ്ങുക. പഞ്ചായത്തുകളിൽ മാംസവിപണന കേന്ദ്രങ്ങൾ തുടങ്ങുക.
- ചെക്ക്പോസ്റ്റുകളുടെ ശാസ്ത്രീകരണം
- കന്നുകാലിചന്തകളുടെ നവീകരണം
- ചന്തകളിൽ മേൽക്കൂര കുടിവെള്ളം മാലിന്യനിർമ്മാർജ്ജനം എന്നിവയ്ക്കുള്ള സംവിധാനം

ഗോട്ട് ബ്രീഡിങ് യൂണിറ്റ് (ആട് പ്രജനന യൂണിറ്റ്)

പത്തൊമ്പത് പെണ്ണാടും ഒരു മുട്ടനാടും അടങ്ങുന്ന ഒരു അടിസ്ഥാന യൂണിറ്റ്, സ്ഥല ലഭ്യതയ്ക്കനുസരിച്ച് കൂടുതൽ യൂണിറ്റുകൾ തുടങ്ങുന്നതിന് സ്വയം സഹായ സംഘങ്ങൾ, ക്ഷീരസഹകരണ സംഘങ്ങൾ, മറ്റ് സഹകരണ സ്ഥാപനങ്ങൾ എന്നിവ വഴി നടപ്പിലാക്കാവുന്നതാണ്. ഇതു വഴി ആടിന് കുട്ടികളുടെ ലഭ്യത കൂട്ടാവുന്നതാണ്.

ഹാച്ചറി യൂണിറ്റുകൾ

കോഴികുഞ്ഞുങ്ങളെ വിരിച്ച് ആവശ്യക്കാർക്ക് വിതരണം ചെയ്യുന്നതിനുള്ള ഹാച്ചറി യൂണിറ്റുകൾ സ്വയംസഹായസംഘങ്ങൾ/ക്ഷീരസഹകരണ സംഘങ്ങൾ/മറ്റ് സഹകരണ സ്ഥാപനങ്ങൾ എന്നിവ വഴി നടപ്പിലാക്കാവുന്നത് വഴി ഒരു ദിവസം പ്രായമുള്ള മുട്ട/ഇറച്ചി കോഴി കുഞ്ഞുങ്ങളുടെ ദൗർല്ലഭ്യം പരിഹരിക്കാവുന്നതാണ്.

ക്ഷീരവികസനം

- ക്ഷീരകർഷകർക്കുള്ള സാമൂഹ്യ സുരക്ഷ ഇൻഷുറൻസ് പദ്ധതി
- ക്ഷീരകർഷകർക്കും ഉരുക്കൾക്കും ഇൻഷുറൻസ് പദ്ധതി പ്രോജക്ടുകളിൽ ഉൾപ്പെടുത്തേണ്ടതാണ്
- പാൽ സംഭരണം, വിപണനം, മൂല്യവർദ്ധിത ഉല്പന്നങ്ങൾ കൂടാതെ ജൈവകൃഷിയേയും ജൈവഉല്പന്നങ്ങളുടെയും വിപണനവും പ്രശംസാർഹമായ രീതിയിൽ നടത്തുന്നതിന് (മേൽകടയ്ക്കാവൂർ ക്ഷീര വ്യവസായ സംഘം പോലുള്ള) ആവശ്യമായ നീഡ് ബെയ്സ് പ്രോജക്ടുകളും പ്രാവർത്തികമാക്കാവുന്നതാണ്. സംരംഭകർക്കും പദ്ധതി നടപ്പിലാക്കാവുന്നതാണ്. ജൈവകൃഷിയെ പ്രോത്സാഹിപ്പിക്കുന്നതിന് വളരെയേറെ സംഭാവന നൽകുന്ന ക്ഷീരകർഷകരെ സഹായിക്കുന്നതിന് ചാണകം സംസ്ക്കരിച്ച് പായ്ക്ക് ചെയ്ത് ജൈവവളം പോലുള്ളവ നിർമ്മിച്ച് വിപണനം നടത്തുന്നതിന് ആവശ്യമായ സാങ്കേതിക പരിശീലനവും ധനസഹായ പ്രോജക്ടുകളും ഉൾപ്പെടുത്താവുന്നതാണ്.

സംയുക്ത പദ്ധതി നിർദ്ദേശങ്ങൾ

- **കാലിത്തീറ്റ സബ്സിഡി:** ഉല്പാദിപ്പിക്കുന്ന ഒരു ലിറ്റർ പാലിനും സംസ്ഥാന സർക്കാർ, ജില്ല, ബ്ലോക്ക്, ഗ്രാമപഞ്ചായത്തുകൾ സബ്സിഡി നൽകാവുന്നതാണ്. സബ്സിഡി കാലിത്തീറ്റയായി വിതരണം ചെയ്യുന്നതാണ് ഉത്തമം
- **പശുക്കളുടെ ഗർഭകാല (വറ്റുകാലം) തീറ്റ സബ്സിഡി:** കറവപശുക്കൾക്ക് ഗർഭക്കാലത്തിന്റെ അവസാന മൂന്ന് മാസം (7 മാസം മുതൽ 9 മാസം വരെ) 50% സബ്സിഡി നിരക്കിൽ കാലിത്തീറ്റ വിതരണം ചെയ്യുക. ഇതിന് ആവശ്യമായ തുക ജില്ല ഗ്രാമ, ബ്ലോക്ക് പഞ്ചായത്തുകൾ സംയുക്തമായി വഹിക്കുക.
- **ക്ഷീരകർഷകർക്കുള്ള സാമൂഹിക സുരക്ഷ ഇൻഷ്വറൻസ് പദ്ധതി:** ക്ഷീര കർഷകർക്കും പശുക്കൾക്കും ഇൻഷുറൻസ് പദ്ധതി ഏർപ്പെടുത്തി പ്രീമിയം തുകയുടെ 75% ജില്ല, ഗ്രാമപഞ്ചായത്തുകൾ സംയുക്തമായി വഹിക്കുക. 25% ഗുണഭോക്താവ് വഹിക്കേണ്ടതാണ്.
- **കാളക്കുട്ടി, പോത്തുകുട്ടി പരിപാലന പദ്ധതി:** കാളക്കുട്ടി, പോത്തുകുട്ടി നിലവിൽ വേണ്ടത്ര പരിചരണം ലഭിക്കാത്തതുമൂലം മരണപ്പെടുകയോ വളരെ ചെറിയ പ്രായത്തിൽ തന്നെ കശാപ്പ് ചെയ്യപ്പെടുകയോ ചെയ്യുന്ന അവസ്ഥയാണ് നിലവിലുള്ളത്. ഇവയ്ക്ക് ഒരു വർഷക്കാലം 50% സബ്സിഡി നിരക്കിൽ കാലിത്തീറ്റ നൽകുക വഴി കർഷകർക്ക് നല്ല വിലയ്ക്ക് വിൽക്കുവാനും വരുമാനം വർദ്ധിപ്പിക്കാനും ആഭ്യന്തര ഉല്പാദനം കൂട്ടുവാനും സാധിക്കും. ഇതിന് വേണ്ടിവരുന്ന സബ്സിഡി സംയുക്തമായി വഹിക്കേണ്ടതാണ്.

ശുപാർശകൾ

മൃഗസംരക്ഷണം

1. മുട്ടനാടുകളുടെ ദൗർല്ലഭ്യം, കൃത്രിമ ബീജാകരണത്തിന്റെ അഭാവം എന്നിവ കാരണം ആട് വളർത്തൽ മേഖലയിൽ ഇൻ ബ്രീഡിംഗ് ഉണ്ടാകാനും തന്മൂലം ഉല്പാദനക്കുറവും ഉണ്ടാകുന്നതിനുള്ള സാധ്യത നിലവിലുള്ളതിനാൽ ഇതിനെ കുറിച്ച് വെറ്ററിനറി സർവ്വകലാശാല മുഖേന പഠനം നടത്തുക
2. ജില്ലയിലെ കാലാവസ്ഥയ്ക്ക് കൂടുതൽ അനുയോജ്യമായ കന്നുകാലി ജനുസ്സുകൾ, പ്രാദേശികമായി ലഭ്യമായ തീറ്റ വസ്തുക്കളുടെ പോഷകമൂല്യം എന്നിവയെക്കുറിച്ചുള്ള പഠനം നടത്തുന്നതിനായി വെറ്ററിനറി സർവകലാശാലയോട് ശുപാർശ ചെയ്യുക.
3. ദുരന്തനിവാരണ സെൽ: പ്രകൃതിക്ഷോഭങ്ങൾ മൂലമുണ്ടാകുന്നത് ഉൾപ്പെടെയുള്ള ദുരന്തങ്ങൾ സംഭവിക്കുമ്പോൾ സത്വരനടപടികൾ സ്വീകരിക്കുന്നതിന് മൃഗസംരക്ഷണ മേഖലയിൽ ജില്ലാതലത്തിൽ ഒരു ദുരന്തനിവാരണ സെൽ രൂപീകരിക്കേണ്ടതാണ്.

ക്ഷീരവികസനം

- നിർവ്വഹണ ഉദ്യോഗസ്ഥരായ ഡയറി ഫാം ഇൻസ്ട്രക്ടർമാരെ തന്നെ എല്ലാപഞ്ചായത്തുകളിലെയും പാലിന് സബ്സിഡി പദ്ധതികളുടെ നിർവ്വഹണ ഉദ്യോഗസ്ഥരാക്കുക. ഇത് ആവർത്തനം ഒഴിവാക്കാനും സംയുക്തമായി പദ്ധതി നടപ്പിലാക്കാനും സഹായിക്കും.
- പാൽസംഭരണം, വിതരണം, ഫുഡ്സേഫ്റ്റി സ്റ്റാൻഡേർഡ് പാലിക്കുന്നതിനുള്ള അടിസ്ഥാന സൗകര്യങ്ങൾ പാൽ പരിശോധന മൂല്യവർദ്ധിത ഉല്പന്നങ്ങൾ വിപണനം എന്നിവയ്ക്കാവശ്യമായ പദ്ധതികൾ ഈ രംഗത്ത് മികവ് തെളിയിച്ചും ക്ഷീരസംഘങ്ങൾ മുഖേന നടപ്പിലാക്കുന്നതിന് പദ്ധതിയിൽ ഉൾപ്പെടുത്തുക.
- സംസ്ഥാനത്തെ 5 ചെക്ക് പോസ്റ്റുകളിൽ പാറശ്ശാല ചെക്ക് പോസ്റ്റ് തിരുവനന്തപുരം ജില്ലയിലാണ്. ഈ ചെക്ക് പോസ്റ്റിൽ പാൽ പരിശോധന സ്ഥിരം സംവിധാനം ഒരുക്കുന്നതിന് നടപടികൾ നടന്നുവരുന്നു. അതിന് ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഉള്ള പദ്ധതികൾ ആവശ്യമാണ്.

7.4.1.3. മത്സ്യമേഖല

ജില്ലയിലെ മത്സ്യബന്ധനം പ്രധാനമായും കടൽ മേഖലയെ ആശ്രയിച്ചുള്ളതാണ്. കേരളത്തിന്റെ തെക്ക്–പടിഞ്ഞാറ് ഭാഗത്ത് സ്ഥിതിചെയ്യുന്ന പരുത്തിയൂർ മുതൽ ചിലക്കൂർ വരെയുള്ള കടൽത്തീരത്തിന് 78 കിലോ മീറ്റർ ദൈർഘ്യമുണ്ട്. വീതികുറഞ്ഞ ഭൂഖണ്ഡ സോപാനവും ശക്തിയേറിയ തിരമാലയും മൂലം എല്ലാ കാലാവസ്ഥയിലും മത്സ്യമിറക്കാവുന്ന മത്സ്യഗ്രാമങ്ങൾ ജില്ലയിൽ കുറവാണ്. എന്നാൽ മത്സ്യവിഭവകളുടെയും മത്സ്യബന്ധന വൈദഗ്ദ്ധ്യത്തിന്റെയും കാര്യത്തിൽ വളരെയധികം വൈവിധ്യമുള്ള ജില്ലയാണ് തിരുവനന്തപുരം.

- ജില്ലയിൽ 48 കടൽ മത്സ്യഗ്രാമങ്ങളും 4 ഉൾനാടൻ മത്സ്യഗ്രാമങ്ങളും ഉണ്ട്. ജില്ലയിലെ ആകെ 43,230 കടൽ മത്സ്യത്തൊഴിലാളി കുടുംബങ്ങളിലായുള്ള ജനസംഖ്യ 1,69,153 പേർ ആണ്. എന്നാൽ ഉൾനാടൻ മേഖലയിൽ 70 കുടുംബങ്ങളിലായുള്ള ആകെ ജനസംഖ്യ 1,405 പേർ മാത്രമാണ്.
- മത്സ്യമേഖലയിലെ സ്ത്രീ–പുരുഷ അനുപാതം സ്ത്രീകൾക്ക് പ്രതികൂലമാണ്.
- കേരളത്തിലെ കടൽ മേഖലയിലെ കർമ്മോന്മുഖ മത്സ്യത്തൊഴിലാളികളിൽ 27 ശതമാനവും തിരുവനന്തപുരം ജില്ലയിലാണ്.
- ജില്ലയിൽ മത്സ്യ വിപണനത്തിൽ ഏർപ്പെടുന്ന സ്ത്രീകൾ 1607 പേരും പുരുഷന്മാർ 299 പേരും ആണ്.
- വിവിധയിനം ഗിൽനെറ്റുകൾ, കമ്പവല, തട്ടുമടി, ഡിസ്കോ വല, വിവിധയിനം ചൂണ്ടകൾ എന്നിവയാണ് ജില്ലയിലെ മത്സ്യബന്ധന ഉപകരണങ്ങൾ.
- സംസ്ഥാനത്തെ മൊത്തം കടൽ മത്സ്യോൽപ്പാദനത്തിന്റെ (അളവും വിലയും) 12 ശതമാനം തിരുവനന്തപുരം ജില്ലയുടെ സംഭാവനയാണ്. സംസ്ഥാനത്തെ മത്സ്യമേഖലയിൽ നിന്നുള്ള മൊത്തം ആഭ്യന്തര ഉൽപ്പാദനത്തിന്റെ 7 ശതമാനം ജില്ലയുടെ സംഭാവനയാണ്.
- ജില്ലയിലെ മൊത്തം മത്സ്യോൽപ്പാദനത്തിന്റെ 80 ശതമാനത്തിലേറെയും ചാള, പാര, അയല, ചൂര, നെത്തോലി, തിരണ്ടി, മാന്തൽ എന്നീ പത്തോളം മത്സ്യയിനങ്ങളിൽ നിന്ന് മാത്രമാണ്. ഇതിൽ തന്നെ 85 ശതമാനത്തോളം ഉപരിതല മത്സ്യങ്ങളാണ്. അടിത്തട്ട് മത്സ്യങ്ങൾ 15 ശതമാനമേയുള്ളു.

പ്രശ്നങ്ങൾ

- തീരദേശ ആവാസ വ്യവസ്ഥയുടെ അപകടകരമായ മാറ്റം
- കാലാവസ്ഥാ വ്യതിയാനവും പ്രകൃതി ദുരന്തവും
- കടൽ അപകടങ്ങൾ
- മലീമസമാകുന്ന ജലാശയങ്ങൾ
- മത്സ്യബന്ധനമേഖലയിലെ അടിസ്ഥാന സൗകര്യ കുറവ്

- ❖ സുരക്ഷിതമായ വാസസൗകര്യമില്ലാത്ത മത്സ്യത്തൊഴിലാളി കുടുംബങ്ങൾ
- ❖ വെല്ലുവിളികൾ നേരിടുന്ന മത്സ്യത്തൊഴിലാളി കുടുംബങ്ങൾ
- ❖ ദീർഘസ്ഥായി രോഗങ്ങൾ, ജലജന്യ രോഗങ്ങൾ, വായുജന്യരോഗങ്ങൾ എന്നിവയുടെ രൂക്ഷത അനുഭവിക്കുന്ന വിഭാഗമാണ് മത്സ്യത്തൊഴിലാളി ജനത.
- ❖ കുടിവെള്ള ക്ഷാമം
- ❖ ശുചിത്വമില്ലാത്ത പരിസരം
- ❖ വിദ്യാഭ്യാസ പിന്നോക്കാവസ്ഥ
- ❖ ഉൾനാടൻ മത്സ്യ ഉൽപ്പാദന സാധ്യതകൾ പ്രയോജനപ്പെടുത്തുന്നില്ല

കീഴ്ത്തട്ട്–മേൽത്തട്ട് നിർദ്ദേശങ്ങളും സംയോജന–ഏകോപന സാധ്യതകളും

ക്രമ. നം	ബൃഹദ് ലക്ഷ്യങ്ങൾ	കീഴ്ത്തട്ട് നിർദ്ദേശങ്ങൾ	മേൽത്തട്ട് നിർദ്ദേശങ്ങൾ
1.	മത്സ്യ ആവാസ വ്യവസ്ഥ സംരക്ഷിക്കുക	(i) തീരക്കടലിലെ സ്വാഭാവിക പാരുകളുടെ പട്ടിക/ഭൂപടം മത്സ്യത്തൊഴിലാളികളുടെ സഹായത്തോടെ തയ്യാറാക്കി അവ സംരക്ഷിക്കുവാനുള്ള നടപടികൾ അതത് തദ്ദേശ ഭരണ സ്ഥാപനങ്ങൾ സ്വീകരിക്കുക. (ii) തീരക്കടലിൽ നിക്ഷേപിച്ചിട്ടുള്ള കൃത്രിമ പാരുകളുടെ പട്ടിക/ഭൂപടം മത്സ്യത്തൊഴിലാളികളുടെ സഹായത്തോടെ തയ്യാറാക്കി അവ സംരക്ഷിക്കുവാനുള്ള നടപടികൾ അതത് തദ്ദേശഭരണ സ്ഥാപനങ്ങൾ സ്വീകരിക്കുക. (iii) ജൈവ വൈവിധ്യ രജിസ്റ്റർ സംസ്ഥാന ജൈവ വൈവിധ്യ ബോർഡിന്റെ സഹായത്തോടെ അതത് തദ്ദേശഭരണ സ്ഥാപനങ്ങൾ പരിഷ്ക്കരിക്കുക.	(i) സോഷ്യൽ ഫോറസ്ട്രി വകുപ്പിന്റെയും മത്സ്യവകുപ്പിന്റെയും ഹരിതകേരളം മിഷന്റെയും സംയുക്താഭിമുഖ്യത്തിൽ നിലവിലുള്ള കണ്ടൽക്കാടുകൾ സംരക്ഷിക്കുക. (ii) ഹാർബർ എഞ്ചിനീയറിംഗിന്റെയും മത്സ്യവകുപ്പിന്റെയും സംയുക്താഭിമുഖ്യത്തിൽ അഴിമുഖങ്ങൾ പുന:രുദ്ധരിച്ച് സംരക്ഷിക്കുക. (iii) ഹരിതകേരളം മിഷന്റെയും മത്സ്യവകുപ്പിന്റെയും സംയുക്താഭിമുഖ്യത്തിൽ തീരക്കടലിന്റെ അടിത്തട്ടിലുള്ള പ്ലാസ്റ്റിക് നിർമ്മാർജ്ജനം ചെയ്ത് തീരക്കടലിലെ മത്സ്യ ആവാസ വ്യവസ്ഥയെ സംരക്ഷിക്കുക.
2	ക ാലാവസ്ഥാ വ്യതിയാനം – മുൻകരുതൽ സ്വീകരിക്കുക	തീരപ്രദേശത്ത് സാധ്യമായ സ്ഥലങ്ങളിൽ കണ്ടൽ, പൂവരശ് തുടങ്ങി പ്രാദേശികമായി വളരുന്ന വൃക്ഷതൈകൾ വച്ചുപിടിപ്പിച്ച് തീരവും ആവാസ വ്യവസ്ഥയും സംരക്ഷിക്കുവാൻ ജില്ലാപഞ്ചായത്ത് മുൻകൈയ്യെടുക്കുക.	കാലാവസ്ഥാ വ്യതിയാനം മൂലം തീരദേശത്തും മത്സ്യമേഖലയിലും ഉണ്ടാകുന്ന ദൂഷ്യ ഫലങ്ങൾ ലഘൂകരിക്കുന്നതിനും മുൻകരുതലുകൾക്കും വേണ്ട കർമ്മ പദ്ധതികൾ ഡയറക്ടറേറ്റ് ഓഫ് ക്ലൈമറ്റ് ചേയ്ഞ്ചും ഹതിരകേരളം മിഷനും മത്സ്യവകുപ്പും സംയുക്തമായി ആവിഷ്കരിക്കുക.
3.	പ്രകൃതി ദുരന്തം – പ്രത്യാഘാത ലഘൂകരണവും പുന:രധിവാസവും ഉറപ്പാക്കുക	പ്രകൃതി ദുരന്ത മുൻകരുതലുകൾ, കടൽ സുരക്ഷാ തുടങ്ങിയവ സംബന്ധിച്ച് മത്സ്യഭവനുകൾ/ കമ്മ്യൂണിറ്റി മോട്ടിവേറ്റർമാർ സംവിധാനം പ്രയോജനപ്പെടുത്തി, ബോധവൽക്കരണവും നിരന്തര മോണിറ്ററിംഗും ഉറപ്പുവരുത്തുക.	(1) മുൻകരുതൽ **(എ)** മത്സ്യബന്ധന യാനങ്ങളുടെ രജിസ്ട്രേഷൻ നിർബന്ധമാക്കുക **(ബി)** രജിസ്റ്റർ ചെയ്ത യാനങ്ങൾക്ക് ജി.ഐ.എസ്. അടിസ്ഥിത 'വെസ്സൽ ട്രാക്കിംഗ് സിസ്റ്റം' മത്സ്യഭവനുകളുമായി ബന്ധിപ്പിച്ച് നടപ്പിലാക്കുക **(സി)** മത്സ്യഭവനുകളെ ദുരന്ത മുന്നറിയിപ്പ് കേന്ദ്രങ്ങളായി പ്രവർത്തിക്കാൻ പ്രാപ്തരാക്കുക. **(ഡി)** രജിസ്റ്റർ ചെയ്ത യാനങ്ങളിൽ മത്സ്യത്തൊഴിലാളി–സൗഹൃദ സുരക്ഷാ സംവിധാനങ്ങൾ ഏർപ്പെടുത്തുക. **(ഇ)** മത്സ്യത്തൊഴിലാളികളിൽ നിന്നുള്ള യുവാക്കളെ സ്കൂബ ഡൈവിംഗ്-ൽ പരിശീലിപ്പിച്ചെടുത്തുകൊണ്ട് പ്രധാന മത്സ്യബന്ധന ഗ്രാമങ്ങളിൽ സ്കൂബാ ഡൈവിംഗ് ടീമിനെ പ്രാദേശികമായി സജ്ജമാക്കുക. (എഫ്)സംസ്ഥാന ദുരന്തനിവാരണ അതോറിറ്റിയുടെ പ്രവർത്തനങ്ങൾ പുനർചിന്തനം ചെയ്തു കൊണ്ട് അവ

			കാര്യക്ഷമമാക്കുവാൻ വേണ്ട നടപടികൾ സംസ്ഥാന സർക്കാർ സ്വീകരിക്കുക **(ജി)** ദുരന്ത നിവാരണ അതോറിറ്റിയുടെ ജില്ലാ/പ്രാദേശിക സംവിധാനങ്ങൾ ക്രിയാത്മകമാക്കുവാൻ ജില്ലാകളക്ടർ നടപടികൾ സ്വീകരിക്കുക. **(എച്ച്)** മത്സ്യബന്ധന യാനങ്ങൾക്കു വേണ്ട പ്രത്യേക ഇൻഷുറൻസ് പരിരക്ഷ മത്സ്യഫെഡും മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡും സംയുക്തമായി ആവിഷ്ക്കരിക്കുക. അതിനുള്ള നയം സർക്കാർ രൂപീകരിക്കുക. **(ii)** പുന:രധിവാസ നടപടികളും രക്ഷാപ്രവർത്തനങ്ങളും **(എ)** കോസ്റ്റ് ഗാർഡിന്റെ പ്രവർത്തനങ്ങളിൽ മത്സ്യത്തൊഴിലാളികളിൽ നിന്നും നീന്തൽ/സ്കൂബ ഡൈവിംഗ് വൈദഗ്ദ്ധ്യമുള്ളവരെ ഉൾപ്പെടുത്തുവാൻ നടപടി സ്വീകരിക്കുക. **(ബി)** മറൈൻ ആംബുലൻസ് സൗകര്യം ഏർപ്പെടുത്തുക **(സി)** പുന:രധിവാസ പ്രവർത്തനങ്ങൾ മുൻകൂട്ടി ആസൂത്രണം ചെയ്യുക.
4.	ജലസ്രോതസ്സുകൾ സംരക്ഷിക്കുക	പഞ്ചായത്ത് കുളങ്ങൾ, പൊതു കിണറുകൾ, നീരുറവകൾ എന്നിവ അതത് തദ്ദേശഭരണ സ്ഥാപനങ്ങൾ പുന:രുദ്ധരിക്കുക.	(i) എ.വി.എം. കനാൽ ജലസേചന വകുപ്പിന്റെയും ഹരിതകേരളം മിഷന്റെയും ആഭിമുഖ്യത്തിൽ പുന:രുദ്ധരിച്ച്, സംരക്ഷിക്കുക (ii) ടി.എസ്. കനാൽ ജലസേചന വകുപ്പിന്റെയും ഹരിതകേരളം മിഷന്റെയും ആഭിമുഖ്യത്തിൽ പുന:രുദ്ധരിച്ച് സംരക്ഷിക്കുക
5.	തീരദേശ ശുചിത്വം	(i) ഖരമാലിന്യ നിക്ഷേപ സ്ഥലങ്ങൾ അതത് തദ്ദേശഭരണ സ്ഥാപനങ്ങൾ ശുചീകരിക്കുക (ii) മലീമസമായ ജലാശയം, പ്രത്യേകിച്ചും കരിച്ചൽ കായൽ, പാർവ്വതീ പുത്തനാർ എന്നിവ അതത് തദ്ദേശഭരണ സ്ഥാപനത്തിന്റെയും ജില്ലാ പഞ്ചായത്തിന്റെയും ആഭിമുഖ്യത്തിൽ പുന:രുദ്ധരിച്ച് സംരക്ഷിക്കുക (iii) അഴുക്കുചാൽ സംരക്ഷണം	പുറമേ നിന്നുള്ള (മെഡിക്കൽ കോളേജ്, ആശുപത്രികൾ, ഹോട്ടലുകൾ തുടങ്ങിയ) മാലിന്യങ്ങൾ തീരദേശത്ത് പുറന്തള്ളാതിരിക്കാനുള്ള സംവിധാനം ഹരിതകേരളം മിഷന്റെ ആഭിമുഖ്യത്തിൽ സ്വീകരിക്കുക.
6.	മത്സ്യ വിപണന സ്ത്രീകളുടെ തൊഴിൽ സുരക്ഷ	(i) പ്രാദേശിക മാർക്കറ്റുകൾ വനിതാ സൗഹൃദങ്ങളാക്കുക; മാർക്കറ്റുകളിൽ ശുചിമുറി, റെസ്റ്റ് റൂം, വിൽപ്പന കൗണ്ടർ, കോൾഡ് സ്റ്റോറേജ് എന്നിവ ഏർപ്പെടുത്തുക.	പ്രാദേശിക ചന്തകളിലെ മത്സ്യവിപണന സ്ത്രീകളെ സംഘടിപ്പിച്ചുകൊണ്ടുള്ള മാർക്കറ്റിംഗ് സൊസൈറ്റികൾ രൂപീകരിച്ചുകൊണ്ട് മത്സ്യഫെഡ് അഫിലിയേറ്റ് ചെയ്ത് തുടർ പ്രവർത്തനങ്ങൾ നടപ്പിലാക്കുക.
7.	മത്സ്യത്തൊഴിലാളി–സൗഹൃദ കരയ്ക്കടുപ്പിക്കൽ കേന്ദ്രങ്ങൾ		പ്രധാന മത്സ്യഗ്രാമങ്ങളിൽ കരയ്ക്കടുപ്പിക്കുന്നതിനും അനുബന്ധ സൗകര്യങ്ങൾക്കുള്ള നടപടി മത്സ്യവകുപ്പ് സ്വീകരിക്കുക.
8.	ജില്ലാ മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്കും വാസയോഗ്യമായ ഭവനം ഉറപ്പുവരുത്തുക		ലൈഫ് മിഷന്റെ ആഭിമുഖ്യത്തിൽ മത്സ്യത്തൊഴിലാളികളുടെ ആവാസത്തിനായി പ്രത്യേക പാക്കേജ് – 'കോസ്റ്റൽ ഹാബിറ്റേറ്റ്' രൂപകല്പന ചെയ്യുക; മാതൃകാ മത്സ്യഗ്രാമങ്ങൾ സ്ഥാപിക്കുക.

9.	ക്ലേശ ഘടകങ്ങൾ കുറയ്ക്കുക	മത്സ്യത്തൊഴിലാളി കുടുംബങ്ങളിലെ ക്ലേശ ഘടകങ്ങൾ കുറയ്ക്കുന്നതിന് "മത്സ്യത്തൊഴിലാളി വികസന ഉപപദ്ധതി" അതത് തദ്ദേശഭരണ സ്ഥാപനങ്ങൾ തയ്യാറാക്കുക	
10.	ജനസൗഹൃദ ആരോഗ്യ കേന്ദ്രം	തീരദേശത്തെ പി.എച്ച്.സി./ സി.എച്ച്.സി., അംഗൻവാടികളിൽ ടോട്ടൽ ക്വാളിറ്റി മാനേജ്മെന്റ് നടപ്പിലാക്കി ഐ.എസ്.ഒ 9001 : 2015 കരസ്ഥമാക്കുവാൻ അതത് തദ്ദേശഭരണ സ്ഥാപനങ്ങൾ നടപടികൾ സ്വീകരിക്കുക.	(i) ആർദ്രം പദ്ധതിയിൽ ഉൾപ്പെടുത്തി തീരദേശ പി.എച്ച്.സി, സി.എച്ച്.സി എന്നിവയെ കുടുംബ ആരോഗ്യ കേന്ദ്രങ്ങൾ ആക്കി മാറ്റുവാൻ നടപടികൾ സ്വീകരിക്കുക. (ii) പി.എച്ച്.സി കളിൽ 'ഗൈനക്ക്' സൗകര്യം ഉറപ്പു വരുത്തുക.
11.	മത്സ്യത്തൊഴിലാളികൾക്ക് കുടിവെള്ളം ഉറപ്പു വരുത്തുക.		ജല അതോറിറ്റിയും ഹരിത കേരള മിഷന്റ് ഉപമിഷനുമായ ജലമിഷനും സംയുക്തമായി തീരദേശത്തിന് പ്രത്യേക കുടിവെള്ള പദ്ധതി ആവിഷ്ക്കരിച്ച് നടപ്പിലാക്കുക
12.	തീരദേശത്ത് തുല്യതയും ഗുണപരവും ആയ വിദ്യാഭ്യാസം ഉറപ്പാക്കുക	(i) തീരദേശ വിദ്യാലയങ്ങളിലെ അടിസ്ഥാന സൗകര്യങ്ങളും ഭൗതിക സാഹചര്യങ്ങളും മെച്ചപ്പെടുത്തുക (ii) മത്സ്യത്തൊഴിലാളി കുട്ടികളെ കേന്ദ്രീകരിച്ച് പരിഹാര വിദ്യാഭ്യാസ സംവിധാനം ഏർപ്പെടുത്തുക (iii) കമ്മ്യൂണിറ്റി സെന്ററുകൾ കേന്ദ്രീകരിച്ച് പഠന സൗകര്യങ്ങൾ ഏർപ്പെടുത്തുക (iv) കലാ-കായികപരമായ (ഫുട്ബോൾ, നീന്തൽ, സ്കൂബ ഡൈവിംഗ്,) അഭിരുചിയുള്ള മത്സ്യത്തൊഴിലാളികുട്ടികളെ കണ്ടെത്തി പ്രോത്സാഹനം നൽകാനുള്ള പ്രത്യേക പാക്കേജുകൾ ബ്ലോക്ക് പഞ്ചായത്തുകൾ തയ്യാറാക്കുക.	(i) സ്കൂൾതല കൊഴിഞ്ഞു പോക്ക് ഇല്ലാതാക്കുന്നതിനും വിദ്യാഭ്യാസ നിലവാരം ഉയർത്തുന്നതിനും 'വിദ്യാഭ്യാസ സംരക്ഷണ യജ്ഞ'ത്തിൽ തീരദേശ വിദ്യാഭ്യാസ വികസനത്തിന് ഊന്നൽ നൽകി പ്രത്യേക പരിപാടികൾ രൂപകല്പന ചെയ്യുക. (ii) തീരദേശ വിദ്യാലയങ്ങളിൽ മത്സ്യത്തൊഴിലാളി കുട്ടികളുടെ സാഹചര്യങ്ങളും അവയുണ്ടാക്കുന്ന പ്രശ്നങ്ങളും മനസ്സിലാക്കി ഉചിതമായ ഇടപ്പെടൽ നടത്തുന്നതിന് 'കൗൺസലിംഗ്' സമ്പ്രദായം നടപ്പിലാക്കുക. (iii) തീരദേശത്തെ അക്ഷയ കേന്ദ്രങ്ങളെ പ്രയോജനപ്പെടുത്തി മത്സ്യ ത്തൊഴിലാളികളുടെ കമ്പ്യൂട്ടർ സാക്ഷര തയും കമ്പ്യൂട്ടർ വൈദഗ്ദ്ധ്യവും ഉറപ്പുവരുത്തുന്ന തരത്തിൽ പ്രത്യേക പാക്കേജുകൾ മത്സ്യവകുപ്പ് തയ്യാറാക്കുക.
13.	തീരദേശ ടൂറിസം പ്രാദേശിക മായി വികസി പ്പിക്കുക		(i) പൂവാറിലെ പൊഴിക്കരയിലെ ദേശാടന പക്ഷികൾ വരുന്ന സ്ഥലം പക്ഷി നിരീക്ഷണ സങ്കേതമായി ഡി.റ്റി.പി.സി. യുടെ സഹായത്തോടെ വികസിപ്പിക്കുക. (ii) കണ്ടൽക്കാടുകൾ ഉള്ള സ്ഥലങ്ങളിൽ കണ്ടൽ പാർക്കുകൾ ഡി.റ്റി.പി.സി.-യുടെ സഹായത്തോടെ സ്ഥാപിക്കുക.
14.	ഉൾനാടൻ മത്സ്യ ഉല്പാ ദനം വർദ്ധിപ്പി ക്കൽ	(i) ഗ്രാമപഞ്ചായത്ത്/ കോർപ്പറേഷൻ/മുനിസിപ്പാലിറ്റി ജലസ്രോതസുകൾ നവീകരിച്ച് മത്സ്യകൃഷിയ്ക്ക് ഉപയുക്തമാക്കുക (ii) നൂതന മത്സ്യ കൃഷി രീതികളായ അക്വാപോണിക്സ്, ഒരു ജലാശയങ്ങളിൽ കൂട്ടു കൃഷി എന്നിവ പ്രോത്സാഹിപ്പിക്കുവാൻ വേണ്ട നടപടി സ്വീകരിക്കുക.	

സംയുക്ത സംയോജിത പ്രോജക്ട്

ക്രമ നം	നിർദ്ദേശങ്ങൾ	ആവശ്യകത	സംയുക്ത പ്രോജക്ട് പങ്കാളികളാകേണ്ട തദ്ദേശഭരണ സ്ഥാപനങ്ങൾ	സംയോജിത പ്രോജക്ട് പങ്കാളികളാകേണ്ട തദ്ദേശഭരണ സ്ഥാപനങ്ങൾ, മറ്റ് വകുപ്പുകൾ
1.	കണ്ടൽക്കാടുകൾ സംരക്ഷിക്കുക	മത്സ്യ ആവാസ വ്യവസ്ഥ സംരക്ഷിക്കുക	കുളത്തൂർ ഗ്രാമപഞ്ചായത്ത് പൂവ്വാർ ഗ്രാമപഞ്ചായത്ത് കോട്ടുകാൽ ഗ്രാമപഞ്ചായത്ത് തിരുവനന്തപുരം കോർപ്പറേഷൻ അഞ്ചുതെങ്ങ് ഗ്രാമപഞ്ചായത്ത്	സോഷ്യൽ ഫോറസ്ട്രി വകുപ്പ് ഹരിതകേരളം മിഷൻ
2.	അഴിമുഖങ്ങൾ പുന:രുദ്ധരിച്ച് സംരക്ഷിക്കുക	മത്സ്യ ആവാസ വ്യവസ്ഥ സംരക്ഷിക്കുക	ജില്ലാ പഞ്ചായത്ത്	ഹാർബർ എഞ്ചിനീയറിംഗ്
3.	ജൈവ വൈവിധ്യ രജിസ്റ്റർ പരിഷ്ക്കരിക്കുക	മത്സ്യ ആവാസ വ്യവസ്ഥ സംരക്ഷിക്കുക	തീരദേശത്തെ 11 തദ്ദേശഭരണ സ്ഥാപനങ്ങൾ	ജൈവ വൈവിധ്യ ബോർഡ്
4.	കാലാവസ്ഥാ വ്യതിയാനം – മുൻകരുതൽ കർമ്മപദ്ധതി തയ്യാറാക്കുക	കാലാവസ്ഥാ വ്യതിയാനം മൂലമുള്ള പ്രത്യാഘാതം ലഘൂകരിക്കുക	തീരദേശത്തെ 11 തദ്ദേശഭരണ സ്ഥാപനങ്ങൾ	ഡയറക്ടറേറ്റ് ഓഫ് ക്ലൈമറ്റ് ചേയ്ഞ്ച് ഹരിതകേരളം മിഷൻ
5.	പ്രകൃതി ദുരന്തം – മുൻകരുതൽ സ്വീകരിക്കുക	പ്രകൃതി ദുരന്ത പ്രത്യാഘാതം ലഘൂകരിക്കുക	തീരദേശത്തെ 11 തദ്ദേശഭരണ സ്ഥാപനങ്ങൾ	ഐ.എസ്.ആർ.ഒ. മത്സ്യവകുപ്പ് ദുരന്ത നിവാരണ അതോറിറ്റി
6.	പ്രകൃതി ദുരന്തം – പുന:രധിവാസം	പ്രകൃതി ദുരന്ത പ്രത്യാഘാതം ലഘൂകരിക്കുക	തീരദേശത്തെ 11 തദ്ദേശഭരണ സ്ഥാപനങ്ങൾ	ദുരന്ത നിവാരണ അതോറിറ്റി കോസ്റ്റ് ഗാർഡ് ഐ.എസ്.ആർ.ഒ. മത്സ്യവകുപ്പ്
7.	എ.വി.എം. കനാലും, റ്റി.എസ്. കനാലും പുന:രുദ്ധരിച്ച് സംരക്ഷിക്കുക	ജലസ്രോതസ്സുകളുടെ സംരക്ഷണം	ജില്ലാ പഞ്ചായത്ത്	ജലസേചന വകുപ്പ്
8.	പുറമേ നിന്നുള്ള മാലിന്യങ്ങൾ തീരത്ത് പുറം തള്ളാതിരിക്കാനുള്ള സംവിധാനം ഉൾപ്പെടുത്തുക	തീരദേശ ശുചിത്വം	ജില്ലാ പഞ്ചായത്ത്	ഹരിതകേരളം മിഷൻ
9.	മത്സ്യ വിപണന സ്ത്രീകളുടെ മാർക്കറ്റിംഗ് സൊസൈറ്റിയും അതിലൂടെ അടിസ്ഥാന സൗകര്യങ്ങളും ഉറപ്പു വരുത്തുക	മത്സ്യത്തൊഴിലാളി തൊഴിൽ സുരക്ഷ	ജില്ലാ പഞ്ചായത്ത്	മത്സ്യഫെഡ് മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ് മത്സ്യവകുപ്പ്
10.	പ്രധാന മത്സ്യ ഗ്രാമങ്ങളിൽ സുരക്ഷിത കരയ്ക്കടുപ്പിക്കൽ കേന്ദ്രങ്ങളും അനുബന്ധ സൗകര്യങ്ങളും	മത്സ്യത്തൊഴിലാളി സൗഹൃദ കരയ്ക്കടുപ്പിക്കൽ കേന്ദ്രങ്ങൾ	ജില്ലാ പഞ്ചായത്ത്	ഹാർബർ എഞ്ചിനീയറിംഗ് മത്സ്യവകുപ്പ്
11.	മത്സ്യത്തൊഴിലാളി ആവാസ വ്യവസ്ഥയ്ക്കായി പ്രത്യേക പാക്കേജും, മാതൃകാ മത്സ്യഗ്രാമങ്ങളും ഉറപ്പാക്കുക		തീരദേശത്തെ 11 തദ്ദേശഭരണ സ്ഥാപനങ്ങൾ	ലൈഫ് മിഷൻ മത്സ്യവകുപ്പ്

12.	പി.എച്ച്.സി./ സി.എച്ച്.സി. എന്നിവയെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കുകയും 'ഗൈനക്ക്' സൗകര്യം ഉറപ്പുവരുത്തുകയും ചെയ്യുക	മത്സ്യത്തൊഴിലാളി ജനസൗഹൃദ ആരോഗ്യ കേന്ദ്രം		ആരോഗ്യ വകുപ്പ് ആർദ്രം മിഷൻ
13.	തീരദേശത്ത് പ്രത്യേക കുടിവെള്ള പദ്ധതി നടപ്പിലാക്കുക	മത്സ്യത്തൊഴിലാളികളുടെ കുടിവെള്ള പ്രശ്നത്തിന് പരിഹാരം	തീരദേശത്തെ 11 തദ്ദേശഭരണ സ്ഥാപനങ്ങൾ	ജല അതോറിറ്റി ജലമിഷൻ (ഹരിതകേരളം മിഷൻ)
14.	തീരദേശ വിദ്യാഭ്യാസ ഉന്നതിക്ക് ഊന്നൽ	തീരദേശത്ത് തുല്യതയും ഗുണപരവും ആയ വിദ്യാഭ്യാസം	തീരദേശത്തെ 11 തദ്ദേശഭരണ സ്ഥാപനങ്ങൾ	വിദ്യാഭ്യാസ സംരക്ഷണ യജ്ഞം മത്സ്യവകുപ്പ്
15.	പൂവ്വാറിലെ പൊഴിക്കര പക്ഷി നിരീക്ഷണ സങ്കേതത്തെ വികസിപ്പിക്കുക	തീരദേശ ടൂറിസ വികസനം	പൂവ്വാർ ഗ്രാമപഞ്ചായത്ത്	ഡി.റ്റി. പി.സി.
16.	കണ്ടൽ പാർക്കുകൾ സ്ഥാപിക്കുക	തീരദേശ ടൂറിസം വികസനവും പ്രകൃതി വിഭവ സംരക്ഷണവും	കുളത്തൂർ, പൂവ്വാർ, കോട്ടുകാൽ, ചിറയിൻകീഴ് അഞ്ചുതെങ്ങ് ഗ്രാമ പഞ്ചായത്തുകൾ, തിരുവനന്തപുരം കോർപ്പറേഷൻ	ഡി.റ്റി. പി.സി.
17.	ഉൾനാടൻ മത്സ്യകൃഷി പ്രോത്സാഹിപ്പിക്കുക	ഉൾനാടൻ മത്സ്യോല്പാദന വർദ്ധനവ്	തിരുവനന്തപുരം കോർപ്പറേഷൻ ചിറയിൻകീഴ്, വെങ്ങാനൂർ,കല്ലിയൂർ ഗ്രാമ പഞ്ചായത്തുകൾ	അഡാക്ക്

7.4.1.4.പരിസ്ഥിതി – വനവികസനം, ജൈവവൈവിധ്യം

രാജ്യത്തിന്റെ ഇതരഭാഗങ്ങളെപോലെ പലവിധ പരിസ്ഥിതി പ്രശ്നങ്ങൾ നേരിടുന്ന സംസ്ഥാനമാണ് കേരളം. ദൈർഘ്യമേറിയ തീരപ്രദേശം, നദികൾ ഉൾപ്പെടെയുള്ള ജലവ്യവസ്ഥ തുടങ്ങിയവയുടെ പാരിസ്ഥിതിക ആരോഗ്യം നിലനിർത്തുക എന്നിവയാണ് ഇന്നത്തെ പ്രധാന വെല്ലുവിളി. പരിസ്ഥിതി സംരക്ഷണത്തിലൂടെ പ്രകൃതിവിഭവങ്ങളായ ഭൂമിയും ജലവും പരിപാലിക്കുകയും സംരക്ഷിക്കുകയും ചെയ്യുക എന്നത് നമ്മുടെ ഭാരതീയ സംസ്ക്കാരത്തിന്റെ അവിഭാജ്യഘടകമാണ്.

പരിസ്ഥിതി നേരിടുന്ന വെല്ലുവിളികൾ

1. ശുദ്ധജല ദൗർലഭ്യവും ജലമലിനീകരണവും
2. വനനശീകരണം
3. കാലാവസ്ഥാ വ്യതിയാനം –
4. ആണവമലിനീകരണങ്ങൾ
5. ഖനനത്തിനുവേണ്ടി മണ്ണ് നീക്കം ചെയ്യുന്നത്

പദ്ധതിനിർദ്ദേശങ്ങൾ

- **നദീതീര മാപ്പിംഗ്–കഡസ്ട്രൽ ലെവൽ**

റിവർ മാനേജ്മെന്റ് (നദീപരിപാലന നിധി) ഫണ്ടിൽ നിന്ന് കിട്ടുന്ന തുക സാധാരണയായി ചെക്കുഡാമുകൾ നിർമ്മിക്കാനാണ് പുഴയോര പഞ്ചായത്തുകൾ ഉപയോഗിക്കുന്നത്. 2010–ലെ കേരള നദീതട സംരക്ഷണത്തിൻെറയും മണൽ വാരൽ നിയന്ത്രണത്തിന്റെയും നിയമങ്ങൾ അനുസരിച്ച് നദികളുടെ പുനരുജ്ജീവനത്തിനും സംരക്ഷണത്തിനുമാണ് ഈ ഫണ്ട് ഉപയോഗിക്കേണ്ടത്. നദിയുടെ ഉത്ഭവസ്ഥാനം മുതൽ പതനസ്ഥലം വരെ ഒരു യൂണിറ്റാക്കി കണക്കാക്കി കഡസ്ട്രൽ ലെവലിലുള്ള ഒരു നദീതീര മാപ്പ് ഉണ്ടാക്കാവുന്നതാണ്. ഉപഗ്രഹ ചിത്രത്തിന്റെ സഹായത്തോടെ നദിയുടെ ക്യാച്മെന്റ് ഏരിയയിൽ ഉള്ള വ്യതിയാനങ്ങൾ, കയ്യേറ്റം എന്നിവ മനസ്സിലാക്കുന്നതിന് ഇത് സഹായിക്കും. നദിയുടെ പുനരുദ്ധാരണ/പുനർനിർമ്മാണ പ്രവർത്തനങ്ങൾക്ക് ഇത് അത്യന്താപേക്ഷിതമാണ്.

- **നദികൾ/കായലുകൾ/കുളങ്ങൾ എന്നിവയുടെ പുനർനിർമ്മാണം/പുനരുദ്ധാരണം/ പുനരുജ്ജീവനം**
  1. നദികളുടെ തീരത്തുള്ള മലിനീകരണസ്രോതസ്സുകളും അവയുടെ ഉറവിടവും ഉപഗ്രഹചിത്രത്തിന്റെ സഹായത്തോടെ കണ്ടെത്തി അവയുടെ ഡേറ്റാബേസ് തയ്യാറാക്കൽ. മലിനീകരണ സാദ്ധ്യത കൂടുതലുള്ള സ്ഥലങ്ങൾക്ക് മുൻഗണന നൽകിയുള്ള പദ്ധതികൾ എന്നിവ ആസൂത്രണം ചെയ്യേണ്ടതാണ്.
  2. ഓരോ തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെ അധീനതയിലുള്ള ജലസ്രോതസ്സുകളുടെ (കുളം, കിണർ, പുഴ, അരുവി തുടങ്ങിയവ) എണ്ണം, ഇപ്പോഴത്തെ ഉപയോഗം തുടങ്ങിയവ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള ഡാറ്റാബാങ്ക് തയ്യാറാക്കലും, തുടർ പരിപാലനവും. ജില്ലയിലെ പുഴയോര പഞ്ചായത്തുകൾ ഇത്തരം പദ്ധതികൾക്ക് മുൻഗണന നൽകേണ്ടതാണ്.
  3. മലിനീകരണ ഉറവിടങ്ങളിൽ ട്രീറ്റ്മെന്റ് സിസ്റ്റം നൽകുക.
  4. നദികളിലെ മാലിന്യ നിക്ഷേപം കുറയ്ക്കുന്നതിനായി ഓൺ സൈറ്റ് സെപ്റ്റിക് സിസ്റ്റം നിർമ്മിച്ച് പരിപാലിക്കുക.
  5. പുഴയോരങ്ങളിൽ ആവാസവ്യവസ്ഥക്ക് ഹാനികരമല്ലാത്ത തനതു സസ്യങ്ങൾ നട്ടുപിടിപ്പിച്ച് വനവൽക്കരണം നടപ്പാക്കുക.
  6. നദീതടങ്ങളിലെ കയ്യേറ്റം ഒഴിപ്പിച്ച് ആവാസവ്യവസ്ഥ പുനസ്ഥാപിക്കുക.
  7. മണ്ണൊലിപ്പ് തടയുന്നതിനുവേണ്ടി അനുയോജ്യമായ ലാന്റ് സ്കേപ്പ് പ്ലാൻ തയ്യാറാക്കുക.
  8. റിവർ കോറിഡോർ നിർമ്മിച്ച് തുടർ പരിപാലനം നടത്തുന്നതിനുള്ള പദ്ധതികൾ.
  9. റിസർവോയർ, നദികൾ, കായലുകൾ തുടങ്ങിയവ ഡീസിൽറ്റേഷൻ നടത്തി നദിയുടെ വാട്ടർ ഹോൾഡിംഗ് കപ്പാസിറ്റി വർദ്ധിപ്പിക്കുന്നതിനുള്ള പദ്ധതികൾ.
  10. നദിയുടെ ജലത്തിന്റെ ഗുണനിലവാര പരിശോധന നടത്തുന്നതിനുള്ള പദ്ധതികൾ. ഇതിനായി സ്കൂളിലേയും കോളേജിലേയും വിദ്യാർത്ഥികളെ പങ്കെടുപ്പിക്കുന്നതുവഴി പാരിസ്ഥിതിക അവബോധം വിദ്യാർത്ഥികളിൽ വളർത്തുന്നതിന് സഹായകരമാകും. നദികളിലെ ജൈവവൈവിധ്യത്തിന്റെ ഡാറ്റാബാങ്ക് (ജലസസ്യങ്ങൾ, ഔഷധസസ്യങ്ങൾ, പക്ഷികൾ, മൽസ്യം തുടങ്ങിയവ) തയ്യാറാക്കണം.
  11. തണ്ണീർതടങ്ങൾ നിർമ്മിക്കുക (കൺസ്ട്രക്റ്റഡ് വെറ്റ്ലാന്റ്).
  12. മഴവെള്ള സംഭരണം
  13. പൊതു ജലാശയ സംരക്ഷണ പദ്ധതി
  14. ജലഗുണനിലവാര പരിശോധനയും സുരക്ഷയും
  15. ജലസംരക്ഷണ പരിപാടികൾ, പരിസ്ഥിതി ബോധവൽക്കരണപരിപാടികൾ, പരിസ്ഥിതി നിയമങ്ങൾ നടപ്പിലാക്കൽ.
  16. ഭൂഗർഭ ജലത്തിന്റെ അളവ് വർദ്ധിപ്പിക്കുന്നതിനുതകുന്ന പദ്ധതികൾ
  17. ഖരമാലിന്യ സംസ്കരണത്തിന് വേണ്ടിയുള്ള പദ്ധതികൾ.

തീരപ്രദേശ ശോഷണം (കോസ്റ്റൽ ഇറോഷൻ)

തീരപ്രദേശ ശോഷണം തടയുന്നതിന് കണ്ടൽ പുതുതായി വച്ചുപിടിപ്പിക്കുന്നതിനും നിലവിലുള്ളവ സംരക്ഷിക്കുന്നതിനുമുള്ള പദ്ധതികൾ ആസൂത്രണം ചെയ്യേണ്ടതാണ്.

ഫ്ളഡ്പ്ലയിനിന്റെ പരിപാലനം

1. നദികളിൽ വെള്ളപ്പൊക്കം ഉണ്ടാകുന്ന സ്ഥലങ്ങൾ മാപ്പ് ചെയ്ത് തരംതിരിക്കുന്ന പദ്ധതികൾ.
2. നദിയുടെ ഇക്കോളജി പരിപോഷിപ്പിക്കുന്നതരം പദ്ധതികൾ.

വായുമലിനീകരണം –പരിഹാര മാർഗ്ഗങ്ങൾ

- മരങ്ങൾവച്ചുപിടിപ്പിക്കുക .
- ഓരോ തദ്ദേശസ്വയംഭരണസ്ഥാപനങ്ങളും അവയുടെ ഭൂവിസ്തൃതിയുടെ അടിസ്ഥാനത്തിൽ ഒരു നിശ്ചിതഭാഗം 'ഗ്രീൻ ബെൽറ്റ്' നിർമ്മാണത്തിനായി മാറ്റിവയ്ക്കേണ്ടതാണ്.

കാലാവസ്ഥ വ്യതിയാനം –പരിഹാര നിർദ്ദേശങ്ങൾ

- തദ്ദേശഭരണ പ്രദേശത്തെ എല്ലാ സ്ഥാപനങ്ങളും ഉൾപ്പെടെ എല്ലാവരുടെയും നിലവിലുള്ള 'ഹരിതപാദ മുദ്ര' (Carbon foot print) കണ്ടുപിടിച്ച് കഴിഞ്ഞാൽ അത് കുറയ്ക്കുവാനുള്ള നടപടികളിലേക്ക് അതാത് വ്യക്തികൾക്കും സ്ഥാപനങ്ങൾക്കും കുടുംബങ്ങൾക്കും കടക്കുവാൻ കഴിയും. ഇതിൽ,
    - മരങ്ങൾ വച്ചുപിടിപ്പിക്കുക
    - ബയോഗ്യാസ് പ്ലാന്റ് സ്ഥാപിക്കുക
    - പാരമ്പര്യ ഊർജ്ജ ബദലുകളായ സൗരോർജ്ജ ഉപയോഗത്തിലേക്ക് കൂടുതലായി മാറുക.
    - ഹരിത വാതകമുണ്ടാക്കുന്ന പ്രവർത്തനങ്ങളായ കാറുകൾ, റഫ്രിജറേറ്റർ, എ.സി മുതലായവയുടെ ഉപയോഗം പരമാവധി കുറയ്ക്കുക.
    - ഖരമാലിന്യങ്ങൾ കത്തിക്കുന്നത് ഒഴിവാക്കുക.
- പരിസ്ഥിതി കാലാവസ്ഥ വ്യതിയാന വകുപ്പിനെ ശക്തിപ്പെടുത്തുകയും ആ വകുപ്പിന് റവന്യു, കൃഷി, ദുരന്തനിവാരണമുൾപ്പെടെയുള്ള സ്റ്റേക്ക് ഹോൾഡർ വകുപ്പുകളുമായി കൂടിച്ചേർന്ന് പദ്ധതികൾ നടപ്പിലാക്കാനുള്ള അധികാരം കൊടുക്കുകയും ചെയ്യുക. അതായത് വിവിധ വകുപ്പുകളോട് ചേർന്ന് നടപ്പിലാക്കുന്ന പദ്ധതികളുടെ ഏകോപനത്തിനുള്ള അധികാരം ഈ വകുപ്പിനോ വകുപ്പിന്റെ നിർദ്ദേശം അനുസരിച്ച് ആസൂത്രണവകുപ്പിനോ നൽകാവുന്നതാണ്. ഈ വകുപ്പിനെ ശക്തിപ്പെടുത്തുന്നതിനുള്ള ഒരു പ്രധാന കാര്യം കേന്ദ്ര പരിസ്ഥിതി നിയമം അനുസരിച്ച് രൂപീകൃതമായി പ്രവർത്തിക്കുന്ന സ്റ്റാറ്റ്യൂട്ടറി അതോറിറ്റികളായ പരിസ്ഥിതി ആഘാത നിർണ്ണയ അതോറിറ്റി, തണ്ണീർത്തട പരിപാലന അതോറിറ്റി, തീരദേശ പരിപാലന അതോറിറ്റി എന്നിവയുടെ ശക്തിപ്പെടുത്തലാണ്. ഇപ്പോൾ നിലവിലുള്ളതും ഉടൻ തന്നെ പുതുക്കുന്നതുമായ 'State Action Plan on Climate Change' ന്റെ ചുവടുപിടിച്ച് ഒരു സമഗ്ര ജില്ലാതല കാലാവസ്ഥാ വ്യതിയാന കർമ്മ പരിപ്രേക്ഷ്യം ഉണ്ടാക്കിയെടുക്കണം. അതിൽ കാലാവസ്ഥാ വ്യതിയാനം, അഭയാർത്ഥി പ്രശ്നം കൂടി ചേർത്ത് വൻദുരന്തങ്ങളെ നേരിടാനുള്ള പദ്ധതികൾ കൂടി ഉൾപ്പെടുത്തി ജി.ഡി.പി.യുടെ ഒരു ശതമാനമെങ്കിലും ഒരോ വർഷവും ചെലവാക്കുന്ന മട്ടിൽ തയ്യാറാക്കണം
- കാലാവസ്ഥാ, കാലാവസ്ഥാ–വ്യതിയാന സാക്ഷരത നേടിയെടുക്കുന്നതിനുള്ള പ്രത്യേക പദ്ധതികളും ഇക്കൂട്ടത്തിൽ ഉൾപ്പെടുത്തണം. IPCC (Intergovernmental Panel on Climate Change) റിപ്പോർട്ടുകൾ പാരീസ് ഉടമ്പടി എന്നിവ പോലെയുള്ള പ്രധാന റിപ്പോർട്ടുകളെല്ലാം മലയാളത്തിലേക്ക് തർജ്ജമ ചെയ്ത് എല്ലാവരിലും എത്തിക്കുകയും സ്കൂൾ, കോളേജ് തുടങ്ങിയ തലങ്ങളിലുള്ള ഔദ്യോഗിക വിദ്യാഭ്യാസ പരിപാടികളുടെയും കോഴ്സുകളുടെയും ഭാഗമാക്കണം.
- അതാത് ജില്ലയിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലുള്ള ജനപ്രതിനിധികളെയും ഉദ്യോഗസ്ഥരെയും പദ്ധതികൾ രൂപീകരിക്കുമ്പോൾ കാലാവസ്ഥാ വ്യതിയാനത്തിനന് അനുസൃതമായി എപ്രകാരം ചെയ്യണം എന്നതിൽ കഴിവ് വികസിപ്പിക്കുന്നതിനുള്ള പ്രത്യേക പരിപാടികൾ കിലയുടെയും സംസ്ഥാന കാലാവസ്ഥാ വ്യതിയാന ഇൻസ്റ്റിറ്റ്യൂട്ടിന്റെയും സഹായ സഹകരണത്തോടെ നടപ്പാക്കണം.
- ഒരോ ജില്ലക്കും അവരുടെ പ്രദേശത്തെ എത്രമാത്രം കാലാവസ്ഥാ വ്യതിയാനം ബാധിക്കും എന്ന് വ്യക്തമായി ഭൂവിവര വ്യവസ്ഥ അടിസ്ഥാനമാക്കിയുള്ള സ്ഥലകാല മോഡൽ ഔട്ട്പുട്ട് ഉണ്ടാക്കിത്തരാൻ സംസ്ഥാന കാലാവസ്ഥാ വ്യതിയാന വകുപ്പിനോടും ഇൻസ്റ്റിറ്റ്യൂട്ടിനോടും ആവശ്യപ്പെടുകയും അതനുസരിച്ച് സൂക്ഷ്മ തലത്തിലുള്ള നിയന്ത്രണങ്ങളും തയ്യാറെടുപ്പുകളും നടത്താം. ഈ ഭൂവിവര വ്യവസ്ഥ പൊതുജനങ്ങൾക്കും ജനപ്രതിനിധികൾക്കും ഉദ്യോഗസ്ഥർക്കും ഒരു പോലെ പെട്ടെന്ന് മനസ്സിലാക്കാനും അവരവരുടെ ആവശ്യമനുസരിച്ച് ഉപയോഗിക്കാൻ പറ്റുന്ന രീതിയിലും ആയിരിക്കണം.

- കാലാവസ്ഥാ വ്യതിയാനത്തിനനുസരിച്ച് ജില്ലയിലെ നദികളിൽ കൂടിയും നേരിട്ടുള്ള മഴയിൽ കൂടിയും പെട്ടെന്ന് ഉയർന്നുപൊങ്ങി വരാൻ സാധ്യതയുള്ള ജലത്തിന്റെ അളവും നിരപ്പും തോതും മനസ്സിലാക്കി ആ പ്രളയ ജലത്തിന് കയറിക്കിടക്കുവാൻ പാകത്തിനുള്ള മറ്റു വികസനങ്ങൾ ഒന്നും നടത്താൻ പാടില്ലാത്ത കുറെ പൊതുതുറസ്സായ സ്ഥലങ്ങളും സ്വതന്ത്രമായി ഒഴുകി മാറുവാൻ പറ്റുന്ന ജലനിർഗ്ഗമന പാതകളും പ്രത്യേകമായി കണ്ടെത്തി മാറ്റി വയ്ക്കണം. ഈ കാര്യങ്ങളെല്ലാം പരിഗണിച്ചുള്ള ഒരു സമഗ്ര ജില്ലാതല സൂക്ഷ്മ ഭൂവിനിയോഗ പ്ലാനും നിയന്ത്രണവും കൊണ്ടു വന്ന് അതിൽ ജനങ്ങളുടെ തെളിവോടുകൂടിയ ആക്ഷേപങ്ങളും പരിഗണിച്ച് നോട്ടിഫൈ ചെയ്ത് നടപ്പിലാക്കണം. മാത്രമല്ല ഇതിൽ ഭൂവിനിയോഗ നിയന്ത്രണം കൂടാതെ ഒരോ വ്യക്തികളുടെയും ഭൂഉടമസ്ഥത മനസ്സിലാക്കാൻ പറ്റുന്ന സർവ്വെ പാഴ്സലും നമ്പരും വ്യക്തമായി രേഖപ്പെടുത്തിയിരിക്കണം.

ജൈവവൈവിധ്യം

തിരുവനന്തപുരം ജില്ലയിലെ പഞ്ചായത്തുകളുടെ നിർദ്ദേശമനുസരിച്ച് കണ്ടെത്തിയ ജൈവവൈവിധ്യ സമ്പന്ന പ്രദേശങ്ങൾ ജൈവവൈവിധ്യ സംരക്ഷണ കേന്ദ്രങ്ങളാക്കി മാറ്റാം.

- പുളിമാത്ത് പഞ്ചായത്തിലെ താളിക്കുഴി എന്ന സ്ഥലത്ത് 8 ഏക്കറിൽ വ്യാപിച്ചു കിടക്കുന്ന കടലുകാണിപാറ ഇക്കോടൂറിസം പദ്ധതിക്ക് അനുയോജ്യമാണ്.
- കുന്നത്തുകാൽ പഞ്ചായത്തിലെ മണവാരി (വാർഡ്–2) വാർഡിൽ കാണപ്പെടുന്ന കക്കോട്ടുപാറ. ഈ പ്രദേശം വനയാത്രയ്ക്ക് അനുയോജ്യമാണ്.
- 250 ഏക്കർ സ്ഥലത്ത് വെള്ളറട, അമ്പൂരി പഞ്ചായത്തുകളിലായി വ്യാപിച്ചു കിടക്കുന്ന കൊണ്ടകെട്ടി കുന്നിച്ചി മലനിരകൾ അതീവ ജൈവവൈവിധ്യ പ്രാധാന്യമുള്ളതാണ്.
- പൂവാർ പഞ്ചായത്തിലുൾപ്പെടുന്ന തോണിക്കടവ് മുതൽ പൊഴിക്കര വരെയുള്ള ഭാഗം ടൂറിസം പദ്ധതി ഉള്ള സ്ഥലമാണ്. ഇവിടെ അത്യപൂർവ്വ കണ്ടൽ സസ്യങ്ങളും അനുബന്ധ സസ്യങ്ങളും ധാരാളമായി കാണുന്നു. കോവളം പൂവ് / സമുദ്രക്കായ എന്നറിയപ്പെടുന്ന കണ്ടൽ സസ്യം ഇവിടെ മാത്രം കാണുന്നതാണ്.
- പെരുങ്കടവിള പഞ്ചായത്തിൽ ഏകദേശം $3^1/_2$ ഏക്കർ സ്ഥലത്തായി പഞ്ചപാണ്ഡവൻമാർ വനവാസകാലത്ത് ഇവിടെ വന്നു താമസിച്ചുയെന്ന ഐതീഹ്യവുമായി ബന്ധപ്പെട്ട പാണ്ഡവൻപാറ സ്ഥിതിചെയ്യുന്നു.
- മാണിക്കൽ പഞ്ചായത്തിലും പോത്തൻകോട് പഞ്ചായത്തിലുമായി സ്ഥിതി ചെയ്യുന്ന നയനമനോഹരമായ വെള്ളാണിക്കൽപാറ ഇക്കോടൂറിസത്തിന് അനുയോജ്യമായ പ്രദേശമാണ്. ഇവിടെ അത്യപൂർവ്വമായ ഔഷധസസ്യങ്ങൾ കാണപ്പെടുന്നു.
- കേരളത്തിലെ ജൈവവൈവിധ്യ സമ്പന്നമേഖലയായ ശുദ്ധജലതടാകങ്ങളിൽ ഒന്നാണ് വെള്ളായണി തടാകം. കായൽ ഉൾകൊള്ളുന്ന പഞ്ചായത്തുകളുടെ പദ്ധതി രൂപീകരണത്തിൽ കായലിന്റെ ജൈവവൈവിദ്ധ്യസംരക്ഷണത്തിന് ഉതകുന്ന നിർദ്ദേശങ്ങൾ ഉൾകൊള്ളിക്കേണ്ടതുണ്ട്.

പാറമടകൾ

- ഉപയോഗശൂന്യമായ പാറമടകൾ മഴവെള്ള കൊയ്ത്തിനായി ഉപയോഗിക്കാം. പാറമടക്കു ചുറ്റും രാമച്ചം നട്ടുപിടിപ്പിക്കാവുന്നതാണ്.
- ഔഷധ സസ്യതോട്ടം, ശലഭ പാർക്ക് എന്നിവയുടെ നിർമ്മാണം ഇതിനോടനുബന്ധിച്ചുള്ള പ്രദേശങ്ങളിൽ നടത്താവുന്നതാണ്.
- ഉപേക്ഷിക്കപ്പെട്ടസ്ഥലം പാർക്കുകളുടെ നിർമ്മാണത്തിന് ഉപയോഗിക്കാവുന്നതാണ്.

കാവുകളുടെയും കണ്ടൽക്കാടുകളുടെയും സംരക്ഷണം

കാവുകളുടെയും കണ്ടൽക്കാടുകളുടെയും പുനരുദ്ധാരണത്തിനായി ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന് പദ്ധതികൾ രൂപീകരിക്കാവുന്നതാണ്. ഇതിന്റെ മേൽനോട്ടം ജൈവവൈവിധ്യ പരിപാലന സമിതിയുടെ ചുമതലയിൽ നടത്തണം. ജില്ലയിൽ 73 പഞ്ചായത്ത്, 4 മുനിസിപ്പാലിറ്റി 1 കോർപ്പറേഷൻ എന്നിവിടങ്ങളിലായി 827 കാവുകളാണുള്ളത്.

തീരദേശ ജൈവവൈവിധ്യ സംരക്ഷണം–പദ്ധതി നിർദ്ദേശങ്ങൾ

- റസിഡൻസ് അസോസിയേഷന്റെ സഹായത്തോടെ കുളങ്ങൾ നവീകരിക്കുക
- കുളത്തിന് ചുറ്റും തദ്ദേശയിനം സസ്യങ്ങൾ നട്ടുപിടിപ്പിക്കുക
- കുളത്തിൽ തദ്ദേശയിനം മത്സ്യങ്ങളെ നിക്ഷേപിക്കുക.

നഗര ജൈവവൈവിധ്യം–നിർദ്ദേശിക്കപ്പെടുന്ന ഇടപെടലുകൾ

- ജൈവവൈവിധ്യപരിപാലന സമിതികളുടെ ശാക്തീകരണം നടത്തി പരിസ്ഥിതി കാവൽ സംഘമായി പ്രവർത്തിക്കുന്നതിന് ബി.എം.സി യെ സജ്ജമാക്കുക.
- പഞ്ചായത്തുതല സംരക്ഷണ പ്രവർത്തനങ്ങൾ ബി.എം.സിയുടെ നേതൃത്വത്തിൽ കർമ്മ പദ്ധതി ഉണ്ടാക്കി സംരക്ഷിക്കേണ്ടതാണ്.
- പരിസ്ഥിതി ഗ്രാമസഭകൾ കൂടേണ്ടത് അത്യാവശ്യമാണ്.

ഔഷധ സസ്യ വ്യാപനവുമായി ബന്ധപ്പെട്ട നിർദ്ദേശങ്ങൾ

- തിരുവനന്തപുരം ജില്ലയിലെ തരിശായി കിടക്കുന്ന യുക്തമായ മേഖലകളിൽ ഔഷധസസ്യ കൃഷിയ്ക്കും സംരക്ഷണത്തിനും ഊന്നൽ നൽകുക.
- അണക്കെട്ടുകളോട് ബന്ധപ്പെട്ട് കിടക്കുന്ന മേഖലകൾ, തോട്ട മേഖലകൾ എന്നീ പ്രദേശങ്ങളിൽ വിപുലമായ രീതിയിൽ ഔഷധസസ്യങ്ങൾ നട്ടു വളർത്തുക. ഇത് ആയുഷ് ഔഷധ നിർമ്മാണ വ്യവസായത്തിന് വളരെ ഗുണപ്രദമാണ്. സംസ്ഥാന ഔഷധ സസ്യബോർഡ്, ജൈവവൈവിദ്ധ്യ ബോർഡ്, വനം വകുപ്പ് എന്നിവയുടെ സംയുക്ത സഹകരണത്തോടെ നടപ്പിലാക്കുക.
- ജില്ലയിലെ എല്ലാ ഭവനങ്ങളിലും പ്രാഥമിക ആരോഗ്യ സംരക്ഷണവുമായി ബന്ധപ്പെട്ട് 5–10 വരെ ഔഷധ സസ്യങ്ങളെങ്കിലും നട്ടു വളർത്തുവാനുള്ള നടപടി സ്വീകരിക്കുക. ഇതിനായി സംസ്ഥാന ഔഷധസസ്യ ബോർഡ് സഹകരിക്കുന്നതാണ്.
- കൂടാതെ വിദ്യാലയങ്ങൾ, ഭക്ഷണശാലകൾ, ആതുരാലയങ്ങൾ, ആരാധനാലയങ്ങൾ, പാർക്കുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവിടങ്ങളിലെ തിരഞ്ഞെടുത്ത സ്ഥലങ്ങളിൽ ഔഷധ സസ്യങ്ങൾ നട്ടു വളർത്തുക.
- ഫ്ളാറ്റുകൾക്കും, ഹൗസിംഗ് കോളനികൾക്ക് ചുറ്റും ആര്യവേപ്പ്, കറിവേപ്പ്, കരിനൊച്ചി, നെല്ലി, ആടലോടകം, ഇലഞ്ഞി, കണിക്കൊന്ന, മുരിങ്ങ, കൊടംപുളി മുതലായ ആരോഗ്യത്തിനും ആഹാരത്തിനും ഗുണം ചെയ്യുന്ന ഔഷധമരങ്ങൾ ഗ്രീൻ ബൽറ്റായി വെച്ച് പിടിപ്പിക്കുക.
- സംസ്ഥാന വനം വകുപ്പ്, ജൈവവൈവിദ്ധ്യ ബോർഡ്, ഔഷധ സസ്യ ബോർഡ്, ഗവേഷണ സ്ഥാപനങ്ങൾ എന്നിവരുടെ മേൽനോട്ടത്തിൽ പദ്ധതികൾ സമർപ്പിക്കുകയും സമയബന്ധിതമായി നടപ്പിലാക്കുവാനുമുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്യുക.
- പദ്ധതി വിഹിതത്തിൽ ഔഷധസസ്യവ്യാപനത്തിന് പ്രത്യേകം തുക അനുവദിക്കേണ്ടതാണ്.

ജില്ലാ പദ്ധതി പരിപ്രേക്ഷ്യം

ജില്ലയിൽ വനാതിർത്തി പങ്കിടുന്ന 13 പഞ്ചായത്തുകളും അതിനോട് ചേർന്നുള്ള മറ്റ് പഞ്ചായത്തുകളിലും പദ്ധതികൾ നടപ്പിലാക്കാൻ തദ്ദേശഭരണസ്ഥാപനങ്ങളോ മറ്റ് സർക്കാർ ഏജൻസികളോ തയ്യാറെടുക്കുമ്പോൾ താഴെ പറയുന്ന വസ്തുതകൾ വിലയിരുത്തണം.

1. തദ്ദേശീയരായ ജനങ്ങളുടെ പങ്കാളിത്തം ഉറപ്പുവരുത്തുകയും നടപ്പിലാക്കുന്ന പദ്ധതികളിലെ ഒരു ഘടകം തദ്ദേശീയരായ ജനങ്ങളുടെ വനാശ്രയത്വം കുറച്ച് ഉപജീവനമാർഗ്ഗം വർദ്ധിപ്പിക്കുന്ന തരത്തിലാകണം.
2. വനം വകുപ്പുമായി ചേർന്ന് കാട്ടുതീ തടയുന്നതിന് സംവിധാനങ്ങൾ സ്ഥാപിക്കുന്നതിന് അതാത് തദ്ദേശ ഭരണ സ്ഥാപനം മുൻകൈ എടുക്കുന്നത് ഉചിതമാവും.
3. പദ്ധതികളിലെ ഒരു ഘടകം പൊതുജനങ്ങളിൽ വനസംരക്ഷണത്തെക്കുറിച്ചുള്ള അവബോധം സൃഷ്ടിക്കുന്ന ക്ലാസ്സുകൾ, സെമിനാറുകൾ എന്നിവ നടത്തുന്നതായിരിക്കണം.

4. മനുഷ്യ-വന്യമൃഗ സംഘർഷം നിലനിൽക്കുന്ന മേഖലകളിൽ സ്വീകരിക്കേണ്ട കൃഷി രീതി, വിളകൾ എന്നിവ സംബന്ധിച്ച് കർഷകരിൽ അവബോധം സൃഷ്ടിക്കാൻ ഉതകുന്ന നടപടികൾ കൈകൊള്ളണം.
5. വനാതിർത്തി പങ്കിടുന്ന മേഖലകളിലെ തദ്ദേശഭരണ സ്ഥാപനങ്ങൾ പുതുതായി പദ്ധതികൾ രൂപീകരിക്കുമ്പോൾ വനംവകുപ്പുമായി കൂടിയാലോചന നടത്തുന്നത് ഉചിതമായിരിക്കും.
6. വനാതിർത്തി പങ്കിടുന്നതോ അല്ലാത്തതോ ആയ ഗ്രാമപഞ്ചായത്തുകൾ/മുനിസിപ്പാലിറ്റി /കോർപ്പറേഷൻ എന്നിവിടങ്ങളിൽ പുതിയ വികസന പദ്ധതികൾ നടപ്പിലാക്കുമ്പോൾ സാധ്യമായ മേഖലകളിൽ വൃക്ഷത്തൈ വച്ച് പിടിപ്പിച്ച് വളർത്തുന്ന ഒരു ഘടകം ഉൾപ്പെടുത്താവുന്നതാണ്. ഇത്തരത്തിൽ വൃക്ഷതൈ വച്ചുപിടിപ്പിക്കുമ്പോൾ ചുരുങ്ങിയത് 5 വർഷമെങ്കിലും പരിപാലിക്കുന്നതിനുള്ള ചെലവുകൾ പദ്ധതിയിൽ വിഭാവനം ചെയ്യാവുന്നതാണ്.
7. വനാതിർത്തി പങ്കിടുന്നതോ അല്ലാത്തതോ ആയ പഞ്ചായത്തുകൾ/മുനിസിപ്പാലിറ്റി/ കോർപ്പറേഷൻ എന്നിവിടങ്ങളിൽ ലഭ്യമായ സ്ഥലങ്ങളിൽ വൃക്ഷതൈ വച്ചുപിടിപ്പിച്ച് പരിപാലിക്കുന്നതിന് പൊതുജനങ്ങൾക്ക് പ്രോത്സാഹനം നൽകുന്നതിനായി ഇൻസെന്റീവ് നൽകാവുന്നതാണ്.
8. സ്കൂളുകൾ, ആശുപത്രികൾ മറ്റ് സർക്കാർ സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ ലഭ്യമായ സ്ഥലത്ത് പരമാവധി വൃക്ഷതൈകൾ വച്ച് പിടിപ്പിച്ച് പരിപാലിക്കുന്നതിന് തദ്ദേശഭരണ സ്ഥാപനങ്ങൾ പദ്ധതി തയ്യാറാക്കി നടപ്പിലാക്കാവുന്നതാണ്.
9. സ്കൂളുകളിൽ പരിസ്ഥിതി സംരക്ഷണത്തിന്റെ ഭാഗമായി നടപ്പിലാക്കുന്ന പദ്ധതികളുടെ ഭാഗമായി ''**ഹരിത ക്ലാസ്റൂം**'' പദ്ധതി പരിഗണിക്കാവുന്നതാണ്. സാധ്യമായ സമയത്ത് മരത്തിന്റെ തണലിൽ ക്ലാസ്സുകൾ എടുക്കുന്ന രീതിയാണ് ഇതിലൂടെ വിഭാവനം ചെയ്യുന്നത്. ഇതിനായി വർഷത്തിൽ ഒരു തദ്ദേശഭരണ സ്ഥാപനം ഒരു സ്കൂളിൽ ഒരു പുതിയ ഹരിത ക്ലാസ് തുടങ്ങുന്നത് നല്ലതായിരിക്കും.
10. പദ്ധതികൾ തയ്യാറാക്കുമ്പോൾ ജില്ലയിലെ നിലവിലെ കണക്കുകൾ പ്രകാരം ലഭ്യമായ ഏകദേശം 149 കി.മീ. തരിശുഭൂമിയിൽ സാധ്യമായ സ്ഥലങ്ങളിൽ വൃക്ഷതൈകൾ വച്ച് പിടിപ്പിക്കുന്നതിനായി ഒരു ഘടകം ഉൾപ്പെടുത്താവുന്നതാണ്.
11. സ്വകാര്യഭൂമിയിൽ തൈകൾ വെച്ച് പിടിപ്പിച്ച് വളർത്തിയെടുക്കുന്നതിന് ഇൻസെന്റീവ് നൽകുന്ന പദ്ധതി നടപ്പിലാക്കുകയോ മറ്റേതെങ്കിലും പദ്ധതിയിലെ ഒരു ഘടകമായി ഇത് ഉൾപ്പെടുത്തുകയോ ചെയ്യാവുന്നതാണ്.

അർബൻ ഫോറസ്ട്രി

1. വഴിയോരങ്ങളിൽ ഉചിതമായ ഇനം വൃക്ഷതൈകൾ വച്ച് പിടിപ്പിക്കുന്നതിനുള്ള ഒരു ഘടകം പദ്ധതികളിൽ ഉൾപ്പെടുത്താവുന്നതാണ്.
2. കോർപ്പറേഷനിലും/മുനിസിപ്പാലിറ്റികളിലും ഓരോ അർബൻ ഫോറസ്ട്രി യൂണിറ്റ് സ്ഥാപിക്കുന്നതിനെ കുറിച്ച് ആലോചിക്കാവുന്നതാണ്. ഈ യൂണിറ്റിന്റെ പ്രധാന ദൗത്യം 20 മുതൽ 30 വർഷം വരെയുള്ള വികസനം മുന്നിൽ കണ്ട് വഴിയോര വൃക്ഷതൈ നടീൽ, വൃക്ഷങ്ങൾ മാറ്റി സ്ഥാപിക്കുക, വൃക്ഷങ്ങളുടെ ശിഖരങ്ങൾ ആവശ്യാനുസരണം മുറിച്ച് മാറ്റുക, കൃത്യമായ ഇടവേളകളിൽ പ്രൂണിംഗ് നടത്തുക, നഗരമേഖലകളിൽ വനം വകുപ്പിന്റെ സഹകരണത്തോടെ കുട്ടിവനങ്ങൾ വെച്ച് പിടിപ്പിക്കുക എന്നിവയൊക്കെയാകാം.
3. ടെക്നോപാർക്ക്, ടെക്നോസിറ്റി, മറ്റ് സ്വകാര്യ കോർപ്പറേറ്റ് സ്ഥാപനങ്ങൾ, ബാങ്കുകൾ, ഫ്ളാറ്റുകൾ, മറ്റ് വൻകെട്ടിട സമുച്ചയങ്ങൾ എന്നിവയിൽ നിർബന്ധമായും Tree landscaping ഉണ്ടാവണമെന്നതും പരമാവധി Interior plants/vertical garden എന്നിവ പ്രോത്സാഹിപ്പിക്കുകയും ചെയ്യാവുന്നതാണ്. പൊതുസ്ഥാപനങ്ങളിൽ തദ്ദേശഭരണ സ്ഥാപനങ്ങൾ പുതിയ പദ്ധതികൾ രൂപീകരിച്ച് നടപ്പിലാക്കുമ്പോഴും ഇത് പരിഗണിക്കാവുന്നതാണ്.
4. നദീതട സംരക്ഷണത്തിനായി തദ്ദേശഭരണ സ്ഥാപനങ്ങൾ തദ്ദേശീയരായ വിദ്യാർത്ഥികൾ/എൻ.ജി.ഒ കൾ എന്നിവരുടെ സഹായത്തോടെ നദീതീരങ്ങളിൽ ഉചിതമായ തൈകൾ വെച്ചുപിടിപ്പിക്കുക എന്നത് ഇതുമായി ബന്ധപ്പെട്ട് അംഗീകരിക്കുന്ന

പദ്ധതികളിൽ ഉൾപ്പെടുത്താവുന്നതാണ്. ഇത് കേരളസർക്കാർ നടപ്പിലാക്കി വരുന്ന ഹരിതകേരളം മിഷനുമായി ഒത്തുപോകുന്ന പദ്ധതിയായി കാണേണ്ടതാണ്.

5. തദ്ദേശഭരണ സ്ഥാപനങ്ങൾ നടപ്പിലാക്കുന്ന പദ്ധതികളിൽ കാവുകളുടെയും കുളങ്ങളുടെയും മറ്റ് ജലസ്രോതസ്സുകളുടെയും സംരക്ഷണം ഒരു പ്രധാന ഘടകമാക്കാവുന്നതാണ്.
6. സംസ്ഥാനത്ത് തന്നെ ഇതുവരെ വേരുപിടിച്ചിട്ടില്ലാത്ത ഒരു പദ്ധതിയാണ് Organized tree farming. തമിഴ്നാട്ടിലും ഇതര സംസ്ഥാനങ്ങളിലും വ്യാപകമായി ചെയ്തുവരുന്ന ഇത്തരം tree faming ലൂടെ തടിയധിഷ്ഠിത വ്യവസായങ്ങൾക്ക് ആവശ്യമായി വരുന്ന തടി നൽകുവാനും അതിലൂടെ ഇത്തരം വ്യവസായങ്ങൾ പ്രോത്സാഹിപ്പിക്കുവാനും കഴിയും. തടി ഉൽപ്പന്നങ്ങൾ ഉപയോഗിക്കുന്നത് കാർബൺ ആഗീകരണത്തിന് സഹായിക്കുമെന്നതിനാൽ ഭാവിയിൽ തടി ഉൽപ്പന്നങ്ങളുടെ ഉപയോഗം കൂടാനാണ് സാധ്യത.
7. തദ്ദേശഭരണ സ്ഥാപനങ്ങൾ മുഖാന്തിരം തദ്ദേശിയരായ ജനങ്ങളിൽ നിന്നും താൽപ്പര്യമുള്ളവരെ തെരഞ്ഞെടുത്ത് പരിശീലിപ്പിച്ച് വനംവകുപ്പിന് വേണ്ടി wildlife rescuers ആയി നിയമിക്കുന്നത് വനംവകുപ്പുമായി ആലോചിച്ച് തീരുമാനിക്കാവുന്നതാണ്.
8. കടലോര മേഖലകളിൽ നടപ്പിലാക്കുന്ന പദ്ധതികളിൽ തീരപ്രദേശത്ത് അനുയോജ്യമായ വൃക്ഷതൈകൾ വെച്ച് പിടിപ്പിക്കുന്നതിനും കടലിൽ കാണപ്പെടുന്ന ജീവജാലങ്ങൾക്ക് നാശം സംഭവിക്കുന്നില്ലായെന്ന് ഉറപ്പു വരുത്തുന്ന ഘടകങ്ങളും ഉൾപ്പെടുത്താവുന്നതാണ്.
9. മനുഷ്യൻ വന്യമൃഗ സംഘർഷം തടയുന്നതിനായി രൂപീകരിച്ചിട്ടുള്ള ജനജാഗ്രത സമിതിയുടെ പ്രവർത്തനം ഊർജ്ജിതപ്പെടുത്താനും മെച്ചപ്പെടുത്താനും ഇതുമായി ബന്ധപ്പെട്ട പദ്ധതികളായ കിടങ്ങുകൾ, സൗരോർജ്ജ വേലികൾ, സംരക്ഷണഭിത്തികൾ എന്നിവ ആസൂത്രണം ചെയ്ത് വനംവകുപ്പിന്റെ അനുമതിയോടെ നടപ്പാക്കാവുന്നതാണ്.

പരിപ്രേക്ഷ്യം നടപ്പിലാക്കിയാൽ ഉണ്ടാകുന്ന ദീർഘകാല ഫലങ്ങൾ

പരിപ്രേക്ഷ്യത്തിൽ ഊന്നി പദ്ധതികൾ നടപ്പിലാക്കിയാൽ താഴെ പറയുന്ന ദീർഘകാല ഫലങ്ങൾ ഉണ്ടാകുമെന്നാണ് കണക്കാക്കുന്നത്.

1 വനത്തിന് പുറത്തുള്ള വൃക്ഷാവരണം വർദ്ധിക്കുകയും അത് മൂലം ശുദ്ധവായു, വെള്ളം എന്നിവയുടെ ലഭ്യത കൂടുകയും മലിനീകരണം കുറയുകയും ചെയ്യും.

2 മനുഷ്യ വന്യജീവി സംഘർഷം ലഘൂകരിക്കപ്പെടും.

3 കൂടുതൽ പച്ചപ്പാർന്ന വാസയോഗ്യമായ തലസ്ഥാന നഗരിയും ജില്ലയും.

4 ദീർഘകാല വീക്ഷണത്തോടെയുള്ള ദീർഘകാല ആസൂത്രണംമൂലം വനം പരിസ്ഥിതിക്ക് ഉണ്ടാകുന്ന ദോഷം വൻതോതിൽ കുറക്കാൻ കഴിയും.

5 തടിയതിഷ്ഠിത വ്യവസായങ്ങൾക്കാവശ്യമായ തടികൾ വനത്തിനുപുറത്തുനിന്നുതന്നെ ലഭ്യമാക്കുന്നതുവഴി വനാശ്രയത്വം കുറഞ്ഞുവരും.

6 വനത്തിനുള്ളിലെ കാലിമേച്ചിൽ ഒഴിവാക്കുന്നതോടെ വനങ്ങളും, തോട്ടങ്ങളും പുഷ്ടി പ്രാപിക്കും.

7.4.1.5. (എ) വ്യവസായം, വാണിജ്യം, സ്വയംതൊഴിൽ സംരംഭങ്ങൾ

കേരളത്തിന്റെ ഭരണ സിരാകേന്ദ്രം സ്ഥിതിചെയ്യുന്ന ജില്ലയുടെ സാമ്പത്തികവും ഭൗതികവുമായ പുരോഗതിയിൽ വ്യവസായ വാണിജ്യ മേഖലയ്ക്ക് സുപ്രധാന പങ്ക് ഉണ്ട്. ചെറുകിട വ്യവസായ വാണിജ്യ വികസനത്തിന് ഉപയുക്തമായ വളരെയധികം സ്ഥാപനങ്ങൾ ഈ ജില്ലയിൽ പ്രവർത്തിച്ച് വരുന്നുണ്ട്. പൊതുവ്യവസായം, വാണിജ്യം, കൈത്തറി, കയർ, ഖാദി, കരകൗശലം എന്നീ മേഖലകളിലായി നിരവധി സംരംഭങ്ങൾ ആരംഭിച്ചിട്ടുണ്ട്. ഈ മേഖലകളിൽ സർക്കാർ, അർദ്ധ സർക്കാർ, സ്വകാര്യ സംരംഭങ്ങളിലൂടെ ഉല്പാദന സേവന മേഖലകളിൽ ധാരാളം നിക്ഷേപവും അതുവഴി തൊഴിലവസരങ്ങളും സൃഷ്ടിക്കപ്പെട്ടിട്ടുണ്ട്.

വികസന കാഴ്ചപ്പാട്

2022 ഓടെ ജില്ലയുടെ സുസ്ഥിരമായ വ്യവസായ വികസനം വഴി ത്വരിതഗതിയിലുള്ള സാമ്പത്തിക വളർച്ച സാധ്യമാകുന്ന വിധത്തിൽ ജില്ലയിലെ സംരംഭകരെ സജ്ജരാക്കുക.

ഹ്രസ്വകാല വികസന പരിപ്രേക്ഷ്യം

ജില്ലയുടെ സമഗ്രവും സുസ്ഥിരവുമായ വ്യവസായ വികസനം ലക്ഷ്യമിട്ട് ഇവിടെ ലഭ്യമാകുന്ന വിഭവങ്ങളെ അടിസ്ഥാനമാക്കി അടുത്ത 5 വർഷത്തിനകം 15000 ൽ അധികം എണ്ണം സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭങ്ങൾ ആരംഭിക്കുക.

ദീർഘകാല വികസന പരിപ്രേക്ഷ്യം

- വിഴിഞ്ഞത്ത് ഒരു വ്യവസായ പാർക്ക് സ്ഥാപിക്കാനുള്ള സാദ്ധ്യതയും കാണുന്നുണ്ട്.
- പൗഡിക്കോണം പ്രദേശത്ത് ഒരു കാർഷിക വ്യവസായ കേന്ദ്രം
- ജില്ലയ്ക്കുള്ളിൽ ഒരു സ്ഥിരം വ്യാവസായിക പ്രദർശന – വ്യാപാര കേന്ദ്രം
- കിൻഫ്രയ്ക്കുള്ളിൽ ഒരു അന്താരാഷ്ട്ര ഫിലിം നഗരം
- ആക്കുളം, വേളി കായലുകൾ, വിഴിഞ്ഞം തുറമുഖം, ടെക്നോപാർക്ക് എന്നിവ ഉൾപ്പെടുത്തി വിനോദ സഞ്ചാര ഹബ് വികസനവും ടി സ്ഥലങ്ങൾ ബന്ധപ്പെടുത്തി സ്ഥിരം വ്യാപാര കേന്ദ്രവും ആരംഭിക്കാവുന്നതാണ്.
- കോവളം – ആറ്റിങ്ങൽ എൻ എച്ച് ബൈപാസ്സ് കേന്ദ്രീകരിച്ച് വ്യവസായ വ്യാപാര ഇടനാഴിക്ക് വളരെയധികം സാധ്യതയുണ്ട്.

പ്രതികൂല ഘടകങ്ങൾ

- വ്യവസായം തുടങ്ങുവാൻ അനുയോജ്യമായ സ്ഥലത്തിന്റെ ദൗർലഭ്യം
- ഭൂമിയുടെ ഉയർന്ന വില
- ഉയർന്ന തോതിലുള്ള ജനസാന്ദ്രത
- അടിസ്ഥാന സൗകര്യങ്ങളുടെ അപര്യാപ്തത
- ലൈസൻസ്/ക്ലിയറൻസ് തുടങ്ങിയവ ലഭിക്കുന്നതിനുള്ള ബുദ്ധിമുട്ടുകളും കാലതാമസവും
- വായ്പകൾ ലഭിക്കുന്നതിനുള്ള തടസ്സങ്ങൾ
- സംരംഭക മനോഭാവത്തിന്റെ അഭാവം
- തൊഴിലാളിക്ക് ലഭ്യമായ കുറഞ്ഞ വേതനം
- വിപണന സംബന്ധമായ പ്രശ്നങ്ങൾ
- ബന്ധപ്പെട്ട വകുപ്പുകൾ തമ്മിലുള്ള ഏകോപനമില്ലായ്മ.
- ഉല്പന്ന വൈവിധ്യവൽക്കരണം നടത്തുന്നതിനുള്ള വിമുഖതയും പ്രായോഗിക വിഷമതകളും
- അടിസ്ഥാന സൗകര്യങ്ങളുടെ കുറവ്
- അസംസ്കൃത വസ്തുവായ ചകിരിയുടെ ദൗർലഭ്യം
- പുതു തലമുറ തൊഴിലാളികളുടെ അഭാവം
- ഉൽപ്പാദന മേഖലയിൽ വ്യവസായ സംരംഭങ്ങൾ ആരംഭിക്കുവാൻ കഴിഞ്ഞിട്ടില്ല.

മേൽത്തട്ട് നിർദ്ദേശങ്ങൾ

- നിയുക്ത വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്തിന്റെ പ്രവർത്തനം മുന്നിൽ കണ്ട് അവിടത്തേക്ക് അനുയോജ്യമായ അനുബന്ധ വ്യവസായ സംരംഭങ്ങൾ ആരംഭിക്കുന്നതിന് ഒരു വ്യവസായ പാർക്ക്/എസ്റ്റേറ്റ് ആരംഭിക്കാവുന്നതാണ്.
- ഓരോ ബ്ലോക്ക് പ്രദേശത്തും കുറഞ്ഞത് ഒരേക്കറെങ്കിലുമുള്ള മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റുകൾ സ്ഥാപിക്കുക.
- ജില്ലയിൽ ജില്ലാപഞ്ചായത്തിന്റെ നേതൃത്വത്തിൽ അഗ്രോ ഫുഡ് പാർക്ക് സ്ഥാപിക്കുക.
- ഗ്രാമസഭകൾ വഴി ഗുണഭോക്താക്കളുടെ ലിസ്റ്റ് നൽകുന്ന രീതി അവസാനിപ്പിക്കുക. വ്യവസായം ആരംഭിക്കാൻ താൽപ്പര്യമുള്ളവർക്കും സാങ്കേതിക പരിശീലനം നേടിയവർക്കും മുൻഗണന നൽകി വ്യവസായ വികസന ഓഫീസർമാരുടെ നേതൃത്വത്തിൽ ഗുണഭോക്തൃ ലിസ്റ്റ് തയ്യാറാക്കുക.

- സബ്സിഡി നൽകുന്നതിന് പകരം അടിസ്ഥാന സൗകര്യങ്ങൾ നൽകുന്നതിന് കൂടുതൽ തുക വകയിരുത്തുക.
- സർക്കാർ നൽകുന്ന ധനസഹായങ്ങൾ വേണ്ട രീതിയിൽ സുതാര്യമായി വിനിയോഗിക്കപ്പെടുന്നോയെന്നുള്ള പരിശോധനയ്ക്കായി ഒരു ജില്ലാതല മോണിട്ടറിഗ് കമ്മിറ്റി.
- മൂല്യവർദ്ധിത ഉല്പന്നങ്ങൾ/വൈവിധ്യവൽക്കരണം എന്നിവയ്ക്ക് മുൻഗണന നൽകണം.
- ബാലരാമപുരം കേന്ദ്രമാക്കി ടൂറിസം സാധ്യതകൾ കണക്കിലെടുത്ത് ഒരു 'കൈത്തറി ഗ്രാമം' രൂപകല്പന ചെയ്യണം.
- സംരംഭക ക്ലബ് പദ്ധതിയിൽ ബ്ലോക്ക് പഞ്ചായത്തുകളെ ഉൾപ്പെടുത്തണം. ബ്ലോക്ക് പഞ്ചായത്തിനും വ്യക്തിഗത സംരംഭങ്ങൾ തുടങ്ങുവാൻ സബ്സിഡി അനുവദിക്കണം. ബ്ലോക്കിലെ ചെറുകിട വ്യവസായ പദ്ധതികൾക്ക് ആവശ്യമായ ഗുണഭോക്താക്കളെ ബ്ലോക്ക് പഞ്ചായത്ത് കമ്മിറ്റി വഴി തെരഞ്ഞെടുക്കണം
- ഗ്രൂപ്പ് സംരംഭങ്ങൾക്ക് 6 മാസത്തെ ഗ്രേഡിംഗ് ഒഴിവാക്കുന്നത് ഗുണഭോക്താക്കളെ എളുപ്പത്തിൽ ലഭിക്കുന്നതിന് സാധിക്കും.
- പരമ്പരാഗത വ്യവസായ ഉല്പന്നങ്ങൾക്ക് വിനോദ സഞ്ചാരം/ കയറ്റുമതി എന്നീ മേഖലകളുമായി ബന്ധപ്പെടുത്തി വിപണന സൗകര്യം സജ്ജമാക്കുക.
- സ്റ്റാർട്ട് അപ്പുകളെ പ്രോത്സാഹിപ്പിക്കുവാൻ ഇന്നവേഷൻ & റിസർച്ച് സെന്റർ സ്ഥാപിക്കുക.
- രാജ്യത്തെ മികച്ച ബിസിനസ് സ്കൂളുകളുമായി ചേർന്ന് മാർക്കറ്റിംഗ് സ്റ്റാർട്ട് അപ്പുകൾ തുടങ്ങുക.
- സംരംഭകത്വ വികസനം സ്കൂൾ തലംമുതൽ പാഠ്യ പദ്ധതിയിൽ ഉൾപെടുത്തുക.

കീഴ്ത്തട്ടുനിർദ്ദേശങ്ങൾ

- നൈപുണ്യവികസന കേന്ദ്രങ്ങളും കോമൺ ഫെസിലിറ്റി സെന്ററുകളും സംയുക്ത പ്രോജക്ടുകളായി നടപ്പിലാക്കുക
- കയർ ഭൂവസ്ത്രനിർമ്മാണത്തിനും അതിന്റെ ഉപയോഗം സംബന്ധിച്ച പരിശീലനവും നൽകേണ്ടതാണ്. ഇവയുടെ ഉപയോഗം പ്രോത്സാഹിപ്പിക്കുന്നതിനുള്ള പദ്ധതികൾ ത്രിതലപഞ്ചായത്ത് തലത്തിൽ നടപ്പിലാക്കേണ്ടതാണ്.
- ഖാദിബോർഡിന്റെ നിയന്ത്രണത്തിലുള്ള കെട്ടിടങ്ങളിൽ ചിലത് ഒഴിഞ്ഞ് കിടപ്പുണ്ട്. അവിടെ പരിസ്ഥിതി സൗഹൃദ ഉൽപ്പന്നങ്ങളായ പേപ്പർ ക്യാരി ബാഗ്, ഫയൽ ബോർഡ് എന്നിവയുടെ ഉൽപ്പാദന യൂണിറ്റുകൾ ആരംഭിക്കാവുന്നതാണ്.
- നിലവിലുള്ള എള്ളെണ്ണ ഉൽപ്പാദന യൂണിറ്റ്, നോട്ട് ബുക്ക് നിർമ്മാണ യൂണിറ്റ് എന്നിവ വിപുലീകരിക്കാൻ ഉദ്ദേശിക്കുന്നു.
- ജില്ലയിൽ തേനീച്ച കർഷകർ ധാരാളമുള്ളതിനാൽ തേനീച്ചപ്പെട്ടി നിർമ്മാണയൂണിറ്റും തേൻ സംസ്ക്കരണ യൂണിറ്റും ആരംഭിക്കുന്നത് നല്ലതാണ്
- ഖാദിമേഖല സിൽക്കിന്റെ ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിനായി പുതിയ സിൽക്ക് നെയ്ത്ത് യൂണിറ്റുകൾ ആരംഭിക്കേണ്ടതുണ്ട്. റെഡിമെയ്ഡ് പാവ് നിർമ്മാണ യൂണിറ്റ് ജില്ലയിൽ ആവശ്യമാണ്
- നെയ്യാറ്റിൻകര താലൂക്ക് ആസ്ഥാനമായി കൈത്തറിക്ക് പ്രീ-ലൂം പ്രോസസിസ് ആവശ്യമായ പൊതു സേവന കേന്ദ്രങ്ങൾആരംഭിക്കേണ്ടതാണ്.
- ഖാദി ഗ്രാമവ്യവസായ വികസനത്തിനും പരിപോഷണത്തിനുമായി പ്രീ-ലൂം പ്രോസസിനായി പൊതു സേവന കേന്ദ്രങ്ങൾ ആരംഭിക്കേണ്ടതാണ്.
- ജില്ലയിൽ ഉല്പാദനമില്ലാത്തതും കയർ ഭൂവസ്ത്ര നിർമാണത്തിന് ഉപയോഗിക്കുന്നതുമായ വൈക്കം കയർ നിർമിക്കുന്നതിനും (പിരിക്കുന്നതിനും) ആവശ്യമായ പരിശീലന പദ്ധതി ത്രിതല പഞ്ചായത്ത് വഴി നടപ്പാക്കേണ്ടതാണ്.

- ജില്ലയിൽ വളരെയധികം ലഭ്യമായതും പരിസ്ഥിതിക്ക് ആഘാതമുണ്ടാക്കുന്നതുമായ കരിക്കിൻതൊണ്ട് സംസ്കരിച്ച് ഹാന്റ് മെയ്ഡും പേപ്പർ, സ്ട്രോ ബോർഡ് എന്നിവ ഉല്പാദിപ്പിക്കുന്നതിനു ള്ള പദ്ധതി ത്രിതല പഞ്ചായത്ത് വഴി നടപ്പാക്കേണ്ടതാണ്.
- തെരഞ്ഞെടുക്കപ്പെട്ട സ്കൂളുകളിൽ മിനി ഫ്യൂച്ചർ ലാബുകൾ സ്ഥാപിക്കുന്നതിനുള്ള പദ്ധതി.

മറ്റു നിർദ്ദേശങ്ങൾ

മൂല്യവർദ്ധിത ഉത്പ്പന്നങ്ങൾ: ജില്ലയുടെ എല്ലാ മേഖലകളിലും (പ്രത്യേക തീരദേശ മേഖല) നാളികേര ഉത്പാദനത്തിലും, കിഴക്കൻ മേഖല പ്രകൃതിദത്ത റബ്ബറിന്റെ ഉത്പാദനത്തിലും മുന്നിട്ട് നിൽക്കുന്നു. ടി കാർഷിക വിഭവങ്ങളിൽ നിന്ന് മൂല്യ വർദ്ധിത ഉത്പ്പന്നങ്ങൾ നിർമ്മിക്കുന്നതിന് ഈ മേഖലയിലെ കർഷകരെ ഉൾപ്പെടുത്തി ഫാർമേഴ്സ് പ്രൊഡ്യൂസ് കമ്പനികൾ ആരംഭിക്കാവുന്നതാണ്. ചക്ക, വാഴപ്പഴം തുടങ്ങിയ കാർഷിക വിഭവങ്ങളിൽ നിന്നുള്ള മൂല്യവർദ്ധിത ഉത്പ്പന്നങ്ങൾ നിർമ്മിക്കുന്നതിനുള്ള ഇൻകുബേഷൻ സെന്റർ.

ഇൻകുബേഷൻ സെന്ററുകൾ : ബ്ലോക്ക്തലത്തിൽ ഇൻകുബേഷൻ സെന്ററുകൾ സ്ഥാപിക്കുക. കുറഞ്ഞത് 5 തരം സംരംഭങ്ങൾക്കാവശ്യമായ ആധുനിക യന്ത്രങ്ങളും അവ പ്രവർത്തിപ്പിക്കുന്നതിനും മെയിന്റനൻസിനും സ്ഥിരമായി ഒരു നടത്തിപ്പുകാരൻ, അസംസ്കൃത വസ്തുക്കൾ, പ്രവർത്തനമൂലധനം എന്നിവയ്ക്കുള്ള തുകയും വകയിരുത്തേണ്ടതാണ്. പരിശീലനാർത്ഥികളിൽ നിന്ന് മിതമായ ഫീസ് ഈടാക്കാവുന്നതാണ്. എല്ലാ ബ്ലോക്കുകളിലും ഇത്തരം സെന്ററുകൾ സ്ഥാപിക്കുകയും അവയെല്ലാം വ്യത്യസ്തമായ സംരംഭങ്ങളുമാകുമ്പോൾ സംരംഭക മേഖലയിൽ പുത്തൻ ഉണർവ് ഉണ്ടാകും. കൂടാതെ ട്രെയിനിംഗ് ഇല്ലാത്ത സമയത്ത്, ഉൽപാദനത്തിനായി ഇവ സംരംഭകർക്ക് വാടകയ്ക്ക് നൽകുകയും ചെയ്യാം.

അടൽ ടിങ്കറിംഗ് ലാബുകൾ : മാതൃകകൾ സൃഷ്ടിക്കുന്നതിനായുള്ള അടൽ ടിങ്കറിംഗ് ലാബുകൾ തെരഞ്ഞെടുത്ത സ്കൂളുകളിൽ സ്ഥാപിക്കുന്ന കേന്ദ്ര സർക്കാരിന്റെ പദ്ധതി ആരംഭിച്ചിട്ടുണ്ട്. പട്ടം കേന്ദ്രീയ വിദ്യാലയം ഉൾപ്പെടെ ജില്ലയിലെ ചില സ്കൂളുകളിൽ അടൽ ടിങ്കറിംഗ് ലാബുകൾ ഇതിനകം സ്ഥാപിച്ചുകഴിഞ്ഞു. ആദ്യ വർഷം അഞ്ച് സൂകൂളുകളിൽ പരീക്ഷണാർത്ഥം തുടങ്ങുന്ന പദ്ധതി തുടർന്നുള്ള വർഷങ്ങളിൽ വർദ്ധിപ്പിച്ച് 15 വർഷം കൊണ്ട് 125 ഓളം സ്കൂളുകളിൽ ഈ പദ്ധതി നടപ്പിലാക്കാൻ കഴിയാത്ത സാഹചര്യത്തിൽ പദ്ധതിക്കായി മുന്നോട്ട് വരുന്ന സ്വകാര്യ സ്കൂളുകളെയും എയ്ഡഡ് സ്കൂളുകളെയും സർക്കാർ സ്കൂളുകളോടൊപ്പം പദ്ധതിയ്ക്കായി പരിഗണിക്കാവുന്നതാണ്. ആദ്യവർഷം പദ്ധതിക്കും അനുബന്ധ സൗകര്യങ്ങൾക്കുമായി ഒരു കോടി രൂപ ജില്ലാപഞ്ചായത്ത് വകയിരുത്തേണ്ടതുണ്ട്.

റൂറൽ ഇന്നവേഷൻ ഹബ്ബ്: കൃഷി, ഫിഷറീസ്, വ്യവസായം തുടങ്ങിയ മേഖലകളിൽ ലോകോത്തര നിലവാരമുള്ള സാങ്കേതിക കർഷകർക്കും മറ്റ് ബന്ധപ്പെട്ടവർക്കും നേരിട്ട് അനുഭവിച്ച് പരിജ്ഞാനം നേടുകയും പ്രാവർത്തികമാക്കുകയും ചെയ്യുവാൻ സാധിക്കുന്നതിനുള്ള സംവിധാനമാണ് ഈ പദ്ധതിയിലൂടെ വിഭാവനം ചെയ്യുന്നത്. സ്റ്റാർട്ടപ്പ് സംരംഭങ്ങൾ തുടങ്ങുമ്പോൾ പ്രവാസികളെ കൂടി ഉൾപ്പെടുത്തി സംരംഭങ്ങൾ തുടങ്ങാൻ പ്രവാസികളെ പ്രോത്സാഹിപ്പിക്കണം.

നവീന ആശയങ്ങൾ

1. വിദ്യാലയങ്ങളിൽ പ്രവർത്തിക്കുന്ന ഇ.ഡി. ക്ലബ്ബുകളിൽ സാമൂഹിക പ്രതിബദ്ധതയുള്ള വിഷയങ്ങളിൽ ഇടപെടാൻ താത്പര്യമുള്ള (ഉദാ: മാലിന്യ സംസ്കരണം, പരിസ്ഥിതി സംരക്ഷണം, നീർതടാധിഷ്ഠിത വികസനം മുതലായവ) ഇ. ഡി. ക്ലബുകളെ ജില്ലാവ്യവസായ കേന്ദ്രങ്ങളുടെ വിലയിരുത്തലിന്റെ അടിസ്ഥാനത്തിൽ സ്കെയിൽ അപ് ചെയ്യുന്നതിനുള്ള പദ്ധതികൾ ത്രിതല പഞ്ചായത്തുകൾ ആവിഷ്കരിച്ച് നടപ്പിലാക്കേണ്ടതാണ്
2. വിഴിഞ്ഞം പ്രോജക്ട്, ലൈറ്റ് മെട്രോ, സ്മാർട്ട് സിറ്റി എന്നിവ സ്ഥാപിക്കുന്നത് സംബന്ധിച്ച് ഉടലെടുക്കാവുന്ന പുതിയ സംരംഭങ്ങൾ ആരംഭിക്കുന്നതിന് ആവശ്യമായ പദ്ധതികൾ
3. ജില്ലയിലെ ലഭ്യമായ വിവിധ ഉൽപന്നങ്ങളുടെ ഗുണമേന്മ നിർണ്ണയിക്കുന്നതിനും ഉറപ്പാക്കുന്നതിനും ആവശ്യമായ ഗുണമേന്മാ പരിശോധന കേന്ദ്രങ്ങൾ ത്രിതല പഞ്ചായത്തുകൾ, സംസ്ഥാന സർക്കാർ സംയുക്ത സംരംഭമായി ആരംഭിക്കേണ്ടതാണ്.

4. വിഴിഞ്ഞം തുറമുഖം, തിരുവനന്തപുരം അന്തർദേശീയ വിമാനത്താവളം എന്നിവയുടെ സാമീപ്യം കൂടുതൽ ഉൽപന്നങ്ങളുടെ കയറ്റുമതിക്ക് പ്രോത്സാഹനപരമാണ്. കോവളം – ആറ്റിങ്ങൽ എൻ.എച്ച് ബൈപാസ്സ് കേന്ദ്രീകരിച്ച് വ്യവസായ വ്യാപാര ഇടനാഴിക്ക് വളരെയധികം സാധ്യതയുണ്ട്.
5. ഒരു നിശ്ചിത വിസ്തൃതിയിൽ കൂടുതൽ അളവുകളുള്ള കെട്ടിടങ്ങളിൽ (വീടുകളിലും, കച്ചവടസ്ഥാപനങ്ങളിലും, ഫ്ളാറ്റുകളിലും നിർബന്ധമായും സോളാർ വൈദ്യുതി ഉൽപ്പാദിപ്പിക്കുവാനുള്ള സംവിധാനമൊരുക്കേണ്ടതും, ഈ വൈദ്യുതി കെ.എസ്.ഇ.ബി–യുടെ പവ്വർ ഗ്രിഡ് വഴി വിതരണം ചെയ്യുവാനുള്ള സംവിധാനമൊരുക്കണം. ഇത്തരം ഉത്പ്പാദകർക്ക് ഗ്രീൻ എനർജി എന്ന പരിഗണനയിൽ ഇൻസെന്റീവ് നല്കാവുന്നതും അതു വഴി ഓരോ വീടും അക്ഷരാർത്ഥത്തിൽ 'ഊർജ്ജഭവനങ്ങൾ' ആയി മാറുന്നതും അതുവഴി വ്യവസായത്തിനുള്ള വൈദ്യുതിയുടെ ലഭ്യത ഉറപ്പാക്കാവുന്നതുമാണ്.
6. സാങ്കേതിക സ്ഥാപനങ്ങളിൽ നിന്ന് പഠിച്ചിറങ്ങുന്ന വിദ്യാർത്ഥികളെ വ്യവസായ യൂണിറ്റുകളിൽ പരിശീലനത്തിന് നിയോഗിക്കുന്നതിനുവേണ്ടി ഇത്തരം സ്ഥാപനങ്ങളുമായി അസോസിയേഷനുകൾ ഉൾപ്പെടെ ധാരണ ഉണ്ടാക്കുകയാണെങ്കിൽ അത് അവരിൽ നൈപുണ്യ വികസനത്തിന് വഴി തെളിയിക്കും.

7.4.1.5. (ബി) സഹകരണമേഖല

ജില്ലയിൽ വിവിധ മേഖലകളിലായി സഹകരണസംഘം രജിസ്ട്രാറുടെ കീഴിൽ 15428 സംഘങ്ങളുണ്ട്. ഇതിനുപുറമേ ക്ഷീരം, കയർ, മത്സ്യം, ഹാൻറ്ലൂം, വ്യവസായം, ഖാദി മേഖലകളിലായി 4102 സഹകരണ സംഘങ്ങൾ പ്രവർത്തിക്കുന്നു. 422 പ്രാഥമിക ക്ഷീര സംഘങ്ങളും, 105 കയർ സംഘങ്ങളും, 82 ഫിഷറീസ് സഹകരണ സംഘങ്ങളും, 394 സംഘങ്ങൾ വ്യവസായം കൈത്തറി മേഖലകളിലുമായി ജില്ലയിൽ പ്രവർത്തിച്ച് വരുന്നു.

പ്രശ്നങ്ങൾ

- നിലവിൽ സഹകരണ മേഖലയിൽ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി സാമ്പത്തിക സഹായങ്ങൾ അനുവദിക്കുന്നതിന് നിശ്ചയിച്ചിട്ടുള്ള ചട്ടങ്ങളും മാനദണ്ഡങ്ങളും ദശാബ്ദങ്ങൾക്ക് മുമ്പ് അന്നത്തെ സാമൂഹ്യ സാമ്പത്തിക ചുറ്റുപാടുക്കൾക്ക് അനുസരിച്ച് നിശ്ചയിച്ചിട്ടുള്ളവയാണ്. അവയിൽ കാലാനുസൃദമായ മാറ്റങ്ങൾ വരുത്തി നിശ്ചയിക്കേണ്ടതാണ്.
- സഹകരണ സ്ഥാപനങ്ങൾക്ക് ഓരോ പദ്ധതിക്കും വേണ്ടി അനുവദിക്കാൻ നിശ്ചയിച്ചിട്ടുള്ള തുകകളും കാലാനുസൃതമായി മാറ്റം വരുത്തേണ്ടതാണ്.
- പട്ടികജാതി/പട്ടികവർഗ്ഗ സഹകരണ സംഘങ്ങളിലെ സെക്രട്ടറിമാർക്ക് ശമ്പളചെലവ് വഹിക്കുന്നതിന് അനുവദിക്കുന്ന മാനേജിരിയൽ സബ്സിഡി, കെട്ടിട മെയിന്റനൻസ് ഗ്രാന്റ് മുതലായ സാമ്പത്തിക സഹായങ്ങൾ വളരെ തുച്ഛമായതിനാൽ പദ്ധതി ലക്ഷ്യം പൂർത്തീകരിക്കാൻ കഴിയാതെ വരുന്നു.
- സാമ്പത്തിക സഹായങ്ങൾ അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ സംഘങ്ങളിലെ പ്രവർത്തനനഷ്ടം ഒരു പ്രധാന പ്രശ്നമാണ്. നഷ്ടത്തിൽ പ്രവർത്തിക്കുന്ന സംഘങ്ങൾക്ക് സാമ്പത്തിക സഹായങ്ങൾ അനുവദിക്കുന്നതിന് പരിഗണിക്കാറില്ല.
- നിലവിൽ നൽകി വരുന്ന വാർഷികപദ്ധതി സഹായങ്ങൾ തൊഴിൽദായകമല്ല. ആകയാൽ സ്വയം സഹായ ഗ്രൂപ്പുകൾ വഴി തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കാൻ കഴിയുന്ന ബൃഹത്പദ്ധതികൾക്ക് മതിയായ സാമ്പത്തിക സഹായങ്ങൾ നൽകുന്നതിന് സർക്കാർ തലത്തിൽ നടപടിയുണ്ടാകേണ്ടതാണ്.

മേൽത്തട്ട് നിർദ്ദേശങ്ങൾ

- തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾ തയ്യാറാക്കുന്ന വൻകിട വികസന പദ്ധതികൾ സാമ്പത്തികമായും സാമൂഹികമായും വാണിജ്യപരമായും വിജയകരമായി നടത്തുവാൻ കഴിയുമെന്ന് ബോധ്യമായാൽ ജില്ലാസഹകരണ ബാങ്കുകളുടെ നേതൃത്വത്തിൽ പ്രാഥമിക വായ്പാ സംഘങ്ങളുടെ കൺസോർഷ്യം ഉപയോഗിച്ച് വായ്പ നൽകാൻ കഴിയും
- ലാഭത്തിൽ പ്രവർത്തിക്കുന്ന സഹകരണസംഘങ്ങളിലെ പൊതുനന്മഫണ്ട് ഉപയോഗപ്പെടുത്തുന്നതിന് നിയമ നിർമ്മാണം നടത്താവുന്നതാണ്.

- നിലവിൽ പ്രവർത്തിക്കുന്ന പട്ടികജാതി/പട്ടികവർഗ്ഗ സഹകരണ സംഘങ്ങൾ നാളിതുവരെ തരംതിരിച്ചിട്ടില്ലാത്ത സംഘങ്ങളെ തരംതിരിച്ച് അധിക തസ്തികകൾ സൃഷ്ടിച്ച് സംഘം പ്രവർത്തനം സുഗമമാക്കേണ്ടതാണ്. നിലവിൽ മിക്ക സംഘങ്ങളിലും ഒരു ജീവനക്കാരൻ മാത്രമാണ് ഉള്ളത്. ഇത് സംഘത്തിന്റെ ദൈനംദിന പ്രവർത്തനങ്ങളെ ബാധിക്കുന്നുണ്ട്.
- സംഘങ്ങളുടെ വായ്പാവിതരണം കാര്യക്ഷമമാക്കുന്നതിന് സംഘങ്ങളും തദ്ദേശസ്വയംഭരണ സ്ഥാപനവും ചേർന്ന് ഒരു തദ്ദേശഭരണ സ്ഥാപനതല സഹകരണ ക്രെഡിറ്റ് പ്ലാൻ തയ്യാറാക്കുക. ഇതിനനുസരണമായി സഹകരണ സംഘങ്ങൾ വായ്പാ പദ്ധതിയും തദ്ദേശസ്ഥാപനങ്ങൾ വികസന പ്രോജക്ടുകളും തയ്യാറാക്കുക.
- തദ്ദേശ ഭരണ സ്ഥാപനത്തിലെ ചില പ്രോജക്ടുകളുടേയെങ്കിലും നിർവഹണ ഏജൻസിയായി സഹകരണ സംഘങ്ങളെ നിയമനിർമാണത്തിലൂടെ വ്യവസ്ഥ ചെയ്യണം.
- തദ്ദേശഭരണ സ്ഥാപനത്തിന്റെ ബാങ്കായി സഹകരണ ബാങ്കുകളെ നിയമ നിർമാണത്തിലൂടെ വ്യവസ്ഥ ചെയ്യണം.
- നാളിതുവരെ രജിസ്റ്റർ ചെയ്തിട്ടുള്ള പട്ടികജാതി/പട്ടികവർഗ്ഗ സഹകരണ സംഘങ്ങളിൽ വാടക കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന സംഘങ്ങൾക്ക് ആഫീസ് കെട്ടിട നിർമ്മാണത്തിന് വസ്തുവാങ്ങുന്നതിനും ആഫീസ് കെട്ടിടം നിർമ്മിക്കുന്നതിനും വേണ്ടിവരുന്ന തുക ഗ്രാന്റായി അനുവദിക്കേണ്ടതാണ്.
- പട്ടികജാതി/പട്ടികവർഗ്ഗ സഹകരണ സംഘങ്ങൾക്ക് നൽകി വരുന്ന മാനേജീരിയൽ സബ്സിഡി, ബിൽഡിംഗ്മെയിന്റനൻസ് ഗ്രാന്റ് മുതലായ സാമ്പത്തിക സഹായങ്ങൾ തുലോം തുച്ഛമാണ്. ആയവയ്ക്കുള്ള ചെലവുകൾക്കനുസരിച്ച് കാലോചിതമായി പരിഷ്ക്കരിച്ച് അനുവദിക്കേണ്ടതാണ്.
- നിലവിൽ നഷ്ടത്തിൽ പ്രവർത്തിക്കുന്ന പട്ടികജാതി/പട്ടികവർഗ്ഗ സഹകരണ സംഘങ്ങൾക്ക് സർക്കാർ സഹായം ലഭിക്കാൻ അർഹതയില്ല. പട്ടികജാതി/ പട്ടികവർഗ്ഗ സഹകരണ സംഘങ്ങൾക്ക് സാമ്പത്തിക സഹായം നൽകുന്നതിന് നിലവിലുള്ള സർക്കാർ ഉത്തരവുകളും ബന്ധപ്പെട്ട റൂളുകളും കാലോചിതമായി പരിഷ്ക്കരിച്ച് സംഘങ്ങൾ ഗുണപ്രദമായ മാറ്റങ്ങൾ വരുത്തേണ്ടതാണ്.
- പ്രാഥമിക സഹകരണസംഘങ്ങളിൽ സർക്കാരിന്റേതു പോലെ 'ബി' ക്ലാസ്സ് ഓഹരി എടുക്കുന്നതിന് ആവശ്യമായ ദേഭഗതികൾ, ബൈല, നിയമം എന്നിവയിൽ ഭേദഗതികൾ വരുത്തണം.

കീഴ്ത്തട്ട് നിർദ്ദേശങ്ങൾ

ജില്ലാപഞ്ചായത്ത്

- സഹകരണവകുപ്പിന്റെ വാർഷികപദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ള വികസന പദ്ധതികളെ സഹായിക്കുന്ന തരത്തിലുള്ള പദ്ധതികളായ എൻ.സി.ഡി.സി പദ്ധതി, ഐ.ആർ.ഡി.പി പദ്ധതികൾ, കാർഷികസേവന കേന്ദ്രം, വിപണന സംഘങ്ങൾ എന്നിങ്ങനെയുള്ള അനുപൂരക പദ്ധതികൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ സംയോജിപ്പിച്ച് നേട്ടം വർദ്ധിപ്പിക്കണം.
- കുടുംബശ്രീ, എസ്.എച്ച്.ജി എന്നിവയിലൂടെ നിർമ്മിക്കുന്ന ഉൽപ്പന്നങ്ങളുടെ വിപണനം കൺസ്യൂമർ കേന്ദ്രങ്ങൾ വഴി നടത്തണം.
- സഹകരണ സംഘങ്ങളുടെ നിക്ഷേപ സമാഹരണത്തെ സഹായിക്കാൻ തദ്ദേശഭരണസ്ഥാപന പ്രതിനിധികൾ തയ്യാറാകണം.
- സഹകരണ വിദ്യാഭ്യാസ സ്ഥാപനങ്ങൾ (KICMA, CAPE എന്നീ മാതൃകയിലുള്ള) ആരംഭിച്ച് വിദ്യാഭ്യാസത്തിന് അവസരം സൃഷ്ടിക്കുക.
- തദ്ദേശഭരണസ്ഥാപനത്തിന്റെ വിഭവ സമാഹരണത്തിൽ സഹകരണ സംഘങ്ങൾക്ക് പങ്കാളിയാകാൻ കഴിയും. ഇത്തരത്തിൽ പരസ്പരം പോഷിപ്പിക്കുന്ന സ്ഥാപനങ്ങളായി മാറ്റാൻ കഴിയണം.
- തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സഹായത്തോടെ സാമൂഹ്യക്ഷേമ പ്രവർത്തനങ്ങളും അനുബന്ധന സേവനങ്ങളും ആരംഭിക്കുക.

ബ്ലോക്ക് പഞ്ചായത്ത്

- സഹകരണസംഘങ്ങളുടെയും ക്ഷീരസഹകരണ സംഘങ്ങളുടെയും ഗ്രാമപഞ്ചായത്തുകളുടെയും കൂട്ടായ സംരംഭമായി ചില്ലിംഗ് പ്ലാന്റ്, ഡയറി ഫാം തുടങ്ങിയവ ആരംഭിക്കണം. പ്രവർത്തനമൂലധനം കുറഞ്ഞ വനിതാ സഹകരണ സംഘങ്ങളെ പുനരുജ്ജീവിപ്പിക്കുക.
- കൃഷി, ക്ഷീരം, മൃഗസംരക്ഷണം എന്നീ മേഖലകളിൽ സഹകരണ ബാങ്കിന്റെ സ്വാശ്രയ സംഘങ്ങൾ വഴി ഗുണഭോക്തൃ വിഹിതം അടക്കമുള്ള പ്രവർത്തനങ്ങളിൽ സഹകരണ ബാങ്കുകൾക്ക് പങ്കാളിത്തം ഉറപ്പാക്കുന്ന രീതിയിൽ പദ്ധതി രൂപീകരിക്കുക.
- തദ്ദേശസ്വയംഭരണസ്ഥാപനങ്ങളിലെ പഴം, പച്ചക്കറി, ക്ഷീരം സ്വയംസഹായ സംഘങ്ങളുടെ സംരംഭകത്വ പ്രോജക്ടുകൾക്ക് സഹകരണ സ്ഥാപനങ്ങളിലെ വായ്പ പിന്തുണ ലഭ്യമാക്കുക.
- തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ കാർഷികമേഖല പദ്ധതികളിൽ ആശയ രൂപീകരണം, പദ്ധതി നിർവ്വഹണം എന്നിവയിൽ കാർഷികമേഖലയിലെ സഹകരണ സംഘങ്ങളെ ഉൾപ്പെടുത്തുക
- മൂല്യവർദ്ധിത നിർമ്മാണത്തിനും സംഭരണത്തിനും സഹായിക്കുന്ന പദ്ധതികൾ ആവിഷ്ക്കരിച്ച് മാർക്കറ്റിംഗ് പ്രോസസിംഗ് സംഘങ്ങളെ ഉൾപ്പെടുത്തി പദ്ധതി രൂപീകരിക്കണം.
- വ്യവസായ സഹകരണസംഘങ്ങളുടെ തൊഴിശാല നവീകരണത്തിനും വൈവിധ്യവൽക്കരണത്തിനും ഗ്രാന്റും അനുവദിക്കാം. സ്ത്രീ ജീവനക്കാർ കൂടുതൽ പണിയെടുക്കുന്ന കയർ, കൈത്തറിസംഘങ്ങൾക്ക് ക്രെഷ്, നഴ്സറി എന്നിവ ആരംഭിക്കുന്നതിന് സഹായം നൽകാം.
- ആശുപത്രികളും അനുബന്ധ സ്ഥാപനങ്ങളും സ്ഥാപിച്ച് കുറഞ്ഞ ചെലവിൽ ആരോഗ്യസേവനം, നീതിമെഡിക്കൽ സ്റ്റോർ, ലബോറട്ടറി, ഡയാലിസിസ് സെന്റർ, തുടങ്ങിയവ ആരംഭിക്കുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പ്രോജക്ടുകളിൽ ആരോഗ്യ രംഗത്തെ സഹകരണസംഘങ്ങളെ കൂടി ഉൾപ്പെടുത്തുക.
- വിവിധ ഐ.റ്റി ലേബർ കോൺട്രാക്റ്റ് സൊസൈറ്റികൾ അതാത് മേഖലയിൽ പരിശീലനം നൽകുക. പ്രവർത്തനം ഇല്ലാത്ത സംഘങ്ങളെ പുനരുജ്ജീവിപ്പിക്കുന്നത് തദ്ദേശസ്വയം ഭരണസ്ഥാപനങ്ങളുടെ പശ്ചാത്തല മേഖലയിലെ പദ്ധതി നിർവ്വഹണത്തിൽ ഉൾപ്പെടുത്തുക.

ഗ്രാമപഞ്ചായത്ത്

- തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, അയൽക്കൂട്ടങ്ങൾ, കുടുംബശ്രീ എന്നിവയുടെ പങ്കാളിത്തത്തോടെ പരമ്പരാഗത പ്രവർത്തന ശൈലിയിൽ നിന്നും മാറി വൈവിധ്യമാർന്ന പദ്ധതികൾ രൂപപ്പെടുത്തി വനിതാസംഘങ്ങളുടെ സഹായത്തോടുകൂടി നടപ്പിൽ വരുത്തേണ്ടതാണ്.
- വിപണനസംഘം, കൂട്ടുകൃഷി സംഘം, ഫാർമേഴ്സ് സംഘം, മറ്റ് കാർഷിക സംഘം, ക്ഷീരം, മത്സ്യം എന്നീ സംഘങ്ങളിൽ നഷ്ടത്തിൽ പ്രവർത്തിക്കുന്ന സംഘങ്ങൾ പുനരുജ്ജീവിപ്പിക്കുക.
- കാർഷിക വളർച്ചയ്ക്ക് ആവശ്യമായ വളം, കാർഷിക ഉപകരണങ്ങൾ, കാർഷിക യന്ത്രങ്ങൾ എന്നിവ കർഷകർക്ക് വിതരണം ചെയ്യുന്നതിന് കാർഷിക സഹകരണ ബാങ്കുകൾ കർഷക സേവനകേന്ദ്രങ്ങൾ രൂപീകരിക്കുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ പദ്ധതി ആസൂത്രണം ചെയ്യേണ്ടതാണ്.
- ക്ഷീരകർഷകർക്ക് കാലിത്തീറ്റ, പ്രതിരോധ മരുന്ന് എന്നിവ കുറഞ്ഞ വിലയ്ക്ക് ലഭ്യമാക്കുന്നതിനും പ്രോസസിംഗ് സെന്റർ ആരംഭിക്കുന്നതിനും സംഘങ്ങളെ ഉൾപ്പെടുത്തി പദ്ധതി ആവിഷ്ക്കരിച്ചു.
- പൗൾട്രി സംഘങ്ങൾ പുനരുജ്ജീവിപ്പിച്ച് മുട്ടസംഭരണം നടത്തുന്നതിനും, കോഴിക്കുഞ്ഞ് ഉൽപ്പാദന വിതരണത്തിനും പ്രാപ്തമാക്കുക.

- സർക്കാർ ധനസഹായം ഉപയോഗിച്ച് കമ്പ്യൂട്ടർ ട്രെയിനിംഗ് സെന്ററുകൾ നടത്തുന്ന പട്ടികജാതി/പട്ടികവർഗ്ഗ സഹകരണ സംഘങ്ങൾക്ക് 'അക്ഷയ കേന്ദ്രങ്ങൾ' അനുവദിച്ച് വരുമാന മാർഗ്ഗം ഉണ്ടാക്കുന്ന നടപടി സ്വീകരിക്കേണ്ടതാണ്.
- സ്കൂൾ, കോളേജ് സഹകരണ സംഘങ്ങളെ കുട്ടികളുടെ പങ്കാളിത്തത്തോടുകൂടി പുന:സംഘടിപ്പിക്കേണ്ടതാണ്.
- കൺസ്യൂമർ സംഘങ്ങൾ, നീതി സ്റ്റോറുകൾ എന്നിവയെ ശക്തിപ്പെടുത്തി പ്രാദേശിക ഉൽപ്പന്നങ്ങളെ പ്രോത്സാഹിപ്പിക്കുക.
- ക്ഷീരസഹകരണ സംഘങ്ങൾ, ക്ഷീരവകുപ്പ്, സർവ്വീസ് സഹകരണ ബാങ്ക്, പഞ്ചായത്ത് എന്നിവയുടെ കൂട്ടായസംരംഭത്തിലൂടെ ഉൽപ്പാദനം വർദ്ധിപ്പിക്കണം.
- മത്സ്യബന്ധന ഉപാധികളുടെ വിതരണം, മത്സ്യവിതരണം എന്നീ പ്രവർത്തനങ്ങൾ പഞ്ചായത്തടിസ്ഥാനത്തിൽ ഏറ്റെടുത്ത് നടത്താനുള്ള ചുമതല പഞ്ചായത്തുകൾക്ക് മത്സ്യസഹകരണസംഘങ്ങളെ ഏൽപ്പിക്കാവുന്നതാണ്. ഇത്തരം പദ്ധതികൾ പഞ്ചായത്തുകളുടെ വാർഷികപദ്ധതിയിൽ ഉൾപ്പെടുത്തുകയും അവയുടെ നിർവ്വഹണ ഏജൻസിയായി മത്സ്യസംഘങ്ങളെ ചുമതലപ്പെടുത്താവുന്നതാണ്.

നൂതനാശയങ്ങൾ

കേരളത്തിൽ സർവസാധാരണമല്ലാത്തതും സാധ്യതയുള്ളതുമായ താഴെ പറയുന്ന സഹകരണസംഘങ്ങൾ രൂപീകരിച്ച് പ്രവർത്തിക്കുന്നതിനുള്ള സാദ്ധ്യതകൾ പരിശോധിക്കേ ണ്ടതാണ്.

- **ദ്രവമാലിന്യ സംസ്ക്കരണം:** ജലക്ഷാമം പരിഹരിക്കുന്നതിന് ജലസംരക്ഷണം ഉറപ്പാക്കിയും മലിനജലം സംസ്ക്കരിച്ചും ഉപയോഗയോഗ്യമാക്കുക, ഉപ്പ് വെള്ളം സംസ്ക്കരിച്ച് ഉപയോഗയോഗ്യമാക്കാനുള്ള സംവിധാനങ്ങളും ബോട്ടലിംഗ് പ്ലാന്റും ഒരുക്കുന്നതിന് സഹകരണമേഖലയുടെ സാദ്ധ്യതകൾ പ്രയോജനപ്പെടുത്തുക.
- **മാലിന്യ ശേഖരണ റീസൈക്ലിംഗ്:** മാലിന്യം ശേഖരിക്കുന്നതിനും പുനരുപയോഗിക്കുന്നതിനും അനുയോജ്യമായ ശാസ്ത്ര സാങ്കേതിക വിദ്യകൾ ഉപയോഗിക്കുന്നതിനും സഹകരണ സംഘങ്ങളുടെ സാദ്ധ്യതകൾ പ്രയോജനപ്പെടുത്തുക.
- **റിന്യൂവബിൾ എനർജി വ്യാപരണം:** റിന്യൂവബിൾ എനർജി സാദ്ധ്യതകളായ സൗരോർജ്ജം ഉപയോഗപ്പെടുത്തുന്നതിന് സോളാർ പാനലുകൾ നിർമ്മിച്ചും ആവശ്യാനുസരണം സ്ഥാപിച്ചും കാര്യക്ഷമത കൂടിയ ഉപകരണങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിന് സഹകരണ സംഘത്തിന്റെ സാദ്ധ്യതകൾ പ്രയോജനപ്പെടുത്തുക.
- **പ്രകൃതി വിഭവ പരിപാലനം:** മണ്ണും ജലവും ജൈവസമ്പത്തും പരിസ്ഥിതിക്കിണങ്ങുന്ന വിധം ഉപയോഗപ്പെടുത്തി നമ്മുടെ ഓരോ പുരയിടവും, സംരക്ഷിച്ചും ഹരിതഗ്രഹ വാതകങ്ങളുടെ അളവ് ക്രമീകരിച്ച് സന്തുലനം നിലനിർത്തുന്നതിന് അനുയോജ്യമായ ശാസ്ത്രസാങ്കേതികവിദ്യ പ്രോത്സാഹിപ്പിക്കുന്നതിന് സഹകരണമേഖലയുടെ സാദ്ധ്യതകൾ ഉപയോഗപ്പെടുത്തുക.
- **ജൈവ മാലിന്യ സംസ്ക്കരണം:** ജൈവ മാലിന്യങ്ങൾ ശേഖരിച്ച് സംസ്ക്കരിക്കുന്നതിനും അത് ജൈവവളമാക്കി മാറ്റി മാലിന്യത്തെസമ്പത്തായി മാറ്റുന്നതിന് സഹകരണമേഖലയുടെ സാദ്ധ്യതകൾ ഉപയോഗപ്പെടുത്തുക.
- **സംരംഭകത്വ നൈപുണ്യ വികസനം:** വ്യാവസായിക വികസനത്തിന് സംരംഭകത്വ നൈപുണ്യവും മനുഷ്യ സഹജമായ മറ്റ് കഴിവുകളും വളർത്തിയെടുത്ത് ഒരു പുതിയ അവബോധം സൃഷ്ടിക്കാനുതകുന്ന പരിശീലനങ്ങൾ ആധുനിക സാങ്കേതിക വിദ്യയുടെ സഹായത്തോടെ നടത്തുകയും സഹകരണ സ്ഥാപനങ്ങളുടെ പ്രൊഫഷണൽ മാനേജ്മെന്റ് എന്ന സങ്കല്പം സാദ്ധ്യമാകുന്നതിന് സഹകരണമേഖലയുടെ സാദ്ധ്യതകൾ ഉപയോഗപ്പെടുത്തുക.

7.4.2.സേവനമേഖല

7.4.2.1 ആരോഗ്യം

തിരുവനന്തപുരം ജില്ല ആരോഗ്യരംഗത്ത് നേരിടുന്ന പ്രധാന ഭീഷണികൾ, പകർച്ചവ്യാധികളുടെ പുനരാവിർഭാവത്തോടൊപ്പം പകർച്ചേതര വ്യാധികളുടെ ഭയാനകമായ വളർച്ചയും വ്യാപനവുമാണ്. ശുദ്ധമായ കുടിവെള്ളത്തിന്റെ ലഭ്യതക്കുറവ്, അശാസ്ത്രീയമായ ഖര-ദ്രവ-മാലിന്യ പരിപാലനം, ആരോഗ്യകരമല്ലാത്ത ഭക്ഷണരീതിയും ജീവിത ശൈലിയും, വ്യായാമക്കുറവ്, പൊതുയിടങ്ങളിലെ ശുചിത്വമില്ലായ്മ, ലഹരിവസ്തുക്കളുടെ ഉപയോഗം, മരുന്നുകളുടെ ദുരുപയോഗം, വ്യാജ ചികിത്സകരുടെ ഇടപെടൽ, ചികിത്സാരംഗത്ത് വർദ്ധിച്ചുവരുന്ന ചെലവുകൾ തുടങ്ങിയ ഒട്ടേറെ പ്രശ്നങ്ങൾ ഇതിന് കാരണങ്ങളാണ്. ഇതിനുപുറമെ പ്രായമായവർ അനുഭവിക്കുന്ന ആരോഗ്യ പ്രശ്നങ്ങളും, മാനസികാരോഗ്യ പ്രശ്നങ്ങളും റോഡപകടങ്ങളും നാം അഭിമുഖീകരിക്കുന്നുണ്ട്. ആരോഗ്യ മേഖലയിലെ പ്രവർത്തനങ്ങൾ കാര്യക്ഷമവും പ്രാമാണികവും ആകുന്നതോടൊപ്പം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ആരോഗ്യ - ഇതര മേഖലകളിലുള്ള ഇടപെടലുകൾ ശക്തമാകേണ്ടത് പ്രശ്നപരിഹാരത്തിന് അത്യന്താപേക്ഷിതമാണ്.

വിടവുകൾ

1. ജില്ലയിൽ മാതൃകാ ജില്ലാആശുപത്രിയായ തിരുവനന്തപുരം ജനറൽ ആശുപത്രി നാളിതുവരെ ഒരു തദ്ദേശസ്വയംഭരണ സ്ഥാപനത്തിനും കൈമാറപ്പെട്ടിട്ടില്ല ആയതിനാൽ നടത്തിപ്പ്/ പ്രവർത്തനം എന്നിവയിൽ നിലവാരമോ ഏകോപനമോ സാധ്യമായിട്ടില്ല.
2. ജില്ലയിൽ ഏറ്റവും ജനസാന്ദ്രതയുള്ള കോർപ്പറേഷൻ വാർഡുകൾക്ക് കുടുംബക്ഷേമ ഉപകേന്ദ്രതല സേവനങ്ങൾ ലഭ്യമല്ല. ആരോഗ്യപ്രവർത്തകർ ഇതര തൊഴിലുകൾ ചെയ്തുവരുന്നു.
3. സി.ഡി. ബ്ലോക്കുകളും, ഹെൽത്ത് ബ്ലോക്കുകളും ഒന്നല്ലാത്തതിനാൽ പല ബ്ലോക്കുകൾക്കും ഒന്നിലേറെ സാമൂഹികാരോഗ്യ കേന്ദ്രങ്ങളുടെ ചുമതലയുണ്ട്.
4. പകർച്ചവ്യാധി, പകർച്ചേതര വ്യാധികൾ എന്നിവയുടെ രീതിക്രമം, ചികിത്സാമാനദണ്ഡങ്ങൾ, സെറോളജി എന്നിവയുടെ അക്കാദമിക് വിടവുകൾ നികത്താനായി പ്രാദേശിക പഠനങ്ങൾ നിർബന്ധമാക്കുക.
5. ക്യാൻസർ സമഗ്രചികിത്സ റേഡിയേഷൻ/ കീമോതെറാപ്പി ഉൾപ്പെടെ ജില്ലയിൽ ആരോഗ്യവകുപ്പിന് കീഴിൽ ലഭ്യമല്ല.
6. സാമൂഹികാരോഗ്യ കേന്ദ്രങ്ങളുടെ ബാക്കിനില്ക്കുന്ന കുടുംബാരോഗ്യ കേന്ദ്രങ്ങളുടെയും നിലവാര ഉയർച്ച തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നേരിട്ട് തന്നെ നടപ്പിലാക്കിയതുണ്ട്. ഇവയിൽ തസത്കികൾ മാത്രമാണ് സർക്കാർ സൃഷ്ടിച്ചു നടപ്പാക്കുവാൻ സാധ്യതയുള്ളത്.

ജില്ലാ ആരോഗ്യ നയ രൂപികരണ നിർദ്ദേശങ്ങൾ 2018-2030

- എല്ലാ ആരോഗ്യ സ്ഥാപനങ്ങളും 'ക്യാഷ്' (കേരള അക്രഡിറ്റേഷൻ സ്റ്റാൻഡേർഡ്സ് ഫോർ ഹോസ്പിറ്റൽസ്) നിലവാര ഉയർച്ചയ്ക്ക് വേണ്ടിയുള്ള പദ്ധതികൾ അതാത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സഹായത്തോടെ രൂപവത്കരിക്കുക.
- ആരോഗ്യമേഖലയിലെ അലോപ്പതി-ആയുർവേദ-ഹോമിയോ-സിദ്ധ-യൂനാനി തുടങ്ങിയ വിഭാഗങ്ങളിലെ എല്ലാ ആരോഗ്യ സ്ഥാപനങ്ങളും 'ആർദ്രം' പദ്ധതിയിൽ ഉൾപ്പെടുത്തി രോഗീ സൗഹൃദ സ്ഥാപനങ്ങളായി മാറ്റുന്നതിന് വേണ്ടി പദ്ധതികൾ ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണസ്ഥാപനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതാണ്.
- ആരോഗ്യ മേഖലയിലെ സ്വന്തമായി സ്ഥലവും കെട്ടിടവും ഇല്ലാത്ത ആരോഗ്യ സ്ഥാപനങ്ങൾ - ഹോമിയോപ്പതി വിഭാഗത്തിലെ വട്ടിയൂർക്കാവ്, ബീമാപള്ളി, പോത്തൻകോട്, വിതുര, പൂവച്ചൽ, പാങ്ങോട്, വെട്ടുകാട് ആശുപത്രികൾക്കും ആയുർവേദ വിഭാഗത്തിലെ അരുവിക്കര, വിളവൂർക്കൽ, പേരയം, പെരിങ്ങമ്മല, കടകം, പള്ളിക്കൽ, കരകുളം, പൂവാർ, ചെറുന്നിയൂർ, വെട്ടൂർ, പോത്തൻകോട്, മംഗലപുരം എന്നീ ആശുപത്രികൾക്കും അലോപ്പതി വിഭാഗത്തിൽ ഉള്ളൂർ പി.എച്ച്.സി.യും നിരവധി കുടുംബക്ഷേമ കേന്ദ്രങ്ങൾക്കും സ്ഥലവും കെട്ടിടവും ലഭ്യമാക്കുന്നതിനുള്ള പദ്ധതികൾ ബന്ധപ്പെട്ട തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതാണ്.

- ജില്ലയിലെ പ്രധാന പ്രശ്നമായ പകർച്ചവ്യാധികൾ തടയുന്നതിന് വേണ്ടിയുള്ള പ്രതിരോധ പ്രവർത്തനങ്ങൾക്ക് (ഉറവിട നശീകരണം, മാലിന്യ സംസ്കരണം, ബോധവത്കരണം, ശുദ്ധജലലഭ്യത ഉറപ്പുവരുത്തൽ, ശുചിമുറി, പ്രതിരോധ മരുന്ന് വിതരണം, ധൂപന ഔഷധങ്ങളുടെ വിതരണം) ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണസ്ഥാപനങ്ങൾ ആസൂത്രണം ചെയ്ത് നിർബന്ധിത പദ്ധതികളായി നടപ്പിലാക്കേണ്ടതാണ്. തിരുവനന്തപുരം കോർപ്പറേഷൻ പ്രദേശത്താണ് കൂടുതലായും മാലിന്യ സംസ്കരണത്തിന്റെ അഭാവത്താൽ പകർച്ചവ്യാധികൾ അധികമായി കാണപ്പെടുന്നത്. ആകയാൽ കോർപ്പറേഷൻ ഹെൽത്ത് ഓഫീസറെയും ഫീൽഡ് വിഭാഗം ജീവനക്കാരെയും ജില്ലാ മെഡിക്കൽ ഓഫീസറുടെ കീഴിൽ സംയോജിതമായിട്ടുള്ള ഒരു ടീംവർക്കിന് രൂപം കൊടുക്കുക.
- പകർച്ചവ്യാധികളുടെ ചികിത്സയ്ക്ക് വേണ്ടി വരുന്ന ഔഷധങ്ങൾ, ഉപകരണങ്ങൾ, മറ്റ് അനുബന്ധ സൗകര്യങ്ങൾ എന്നിവയുടെ ലഭ്യത ത്രിതല പഞ്ചായത്ത് സംവിധാനത്തിലൂടെ ഉറപ്പ് വരുത്തുക.
- ജീവിതശൈലീരോഗങ്ങൾ (പകർച്ചേതര വ്യാധികൾ) – പ്രമേഹം, രക്താധിമർദ്ദം, അമിതവണ്ണം, പക്ഷാഘാതം, ശ്വാസകോശ രോഗങ്ങൾ, ഹൃദ്രോഗം മുതലായവ മുൻകൂർ കണ്ടെത്തുന്നതിനും പ്രതിരോധിക്കുന്നതിനും സമയബന്ധിതമായി ചികിത്സിക്കുന്നതിനും രോഗസങ്കീർണതകൾ തടയുന്നതിനും വേണ്ടിയുള്ള പദ്ധതികൾ എല്ലാ ആരോഗ്യ സ്ഥാപനങ്ങളിലും ലഭ്യമാക്കുക.
- എല്ലാ ആരോഗ്യ സ്ഥാപനങ്ങളിലും ഭിന്നശേഷി – ബാല – വയോജന – സ്ത്രീ – ആദിവാസി സൗഹൃദ സ്ഥാപനങ്ങളാക്കുക.
- എല്ലാ വിഭാഗം ആരോഗ്യ സ്ഥാപനങ്ങളും ഇ–ഹെൽത്ത് സംവിധാനത്തിലേക്ക് മാറുവാൻ അനുയോജ്യമായ പദ്ധതികൾ ത്രിതല പഞ്ചായത്ത് തലത്തിൽ സംയോജിത പദ്ധതിയായി നടപ്പിലാക്കുക.
- ആദിവാസി മേഖലകളായ വിതുര, കുറ്റിച്ചൽ, അമ്പൂരി, പെരിങ്ങമ്മല പ്രദേശങ്ങളിൽ അടിയന്തിര ചികിത്സാസംവിധാനങ്ങൾ നടപ്പിൽ വരുത്തുവാൻ വേണ്ടി ഫോർ വീൽ ഡ്രൈവ് സംവിധാനത്തോടെയുള്ള ആംബുലൻസ് സൗകര്യം ഏർപ്പെടുത്തുക. പാലോട് സാമൂഹികാരോഗ്യ കേന്ദ്രത്തിലും കുറ്റിച്ചൽ ആരോഗ്യകേന്ദ്രത്തിലും പ്രസവ സംവിധാനങ്ങൾ കാലോചിതമായി പരിഷ്കരിക്കുക. ആദിവാസി മേഖലയിൽ പ്രവർത്തിക്കുന്ന ഇടിഞ്ഞാർ, ചെട്ടിയാംപാറ എന്നീ 2 ആയുർവേദ ഡിസ്പെൻസറികളെ മിനിമം 30 കിടക്കകളുള്ള ആശുപത്രികൾ ആയി ഉയർത്തുക. കുറ്റിച്ചൽ പ്രാഥമികാരോഗ്യ കേന്ദ്രത്തിൽ പുതുതായി പ്രസവ ചികിത്സാസൗകര്യം ഏർപ്പെടുത്തുന്നത് ദുർഘട മേഖലയായ കോട്ടൂർ വനമേഖലയിലെ 27 സെറ്റിൽമെന്റിലുമുള്ള ആദിവാസികൾക്ക് വളരെ പ്രയോജനപ്രദമാകും. ശിശുരോഗവിഭാഗവും ഉറപ്പ് വരുത്തേണ്ടതുണ്ട്. അർബുദ നിയന്ത്രണ പരിപാടികൾ ആദിവാസി കോളനികളിൽ കൃത്യമായി നടപ്പിലാക്കുക. ഹോമിയോ ഡി.എം.ഒ. യുടെ കീഴിൽ ആദിവാസി മേഖലകളിൽ (എസ്.റ്റി) ഹോമിയോ ചികിത്സാ സ്ഥാപനങ്ങൾ നടപ്പിൽ വരുത്തുക.

ആയൂർവ്വേദ പദ്ധതികൾ

- തീരദേശ മേഖലയിൽ മത്സ്യ തുറമുഖ വകുപ്പുകളുമായി സംയോജിപ്പിച്ച് വിഴിഞ്ഞത്ത് 50 കിടക്കകളുള്ള ആയുർവേദ ആശുപത്രി നിർമ്മിക്കുക.
- ആയുഷ് വകുപ്പും ടൂറിസം വകുപ്പും തദ്ദേശ സ്വയംഭരണവകുപ്പുമായി സംയോജിപ്പിച്ച് വിദേശികൾക്ക് കൂടി ചികിത്സ ലഭിക്കുന്ന തരത്തിൽ അന്താരാഷ്ട്ര നിലവാരത്തിലുള്ള ആയുർവേദ സെന്ററുകൾ കോവളം, വർക്കല, പൂവ്വാർ എന്നിവിടങ്ങളിൽ ആരംഭിക്കുക.
- ഔഷധ സസ്യകൃഷി പ്രോത്സാഹിപ്പിക്കുക – വഴിയോരത്ത് ഒരു വരവൃക്ഷം എന്ന പദ്ധതിയും തരിശിടങ്ങളിൽ ഔഷധകൃഷിയും പ്രോത്സാഹിപ്പിക്കുക.
- എല്ലാ ബ്ലോക്കിലും കിടത്തി ചികിത്സാസൗകര്യം – മിനിമം 4 സ്പെഷ്യാലിറ്റികളും 50 കിടക്കകളും ഉള്ള ആശുപത്രികൾ സജ്ജമാക്കുക. 10 കിടക്കകൾ ഉള്ള ആശുപത്രികളെ 30 കിടക്കകളുള്ള ആശുപത്രികളായി ഉയർത്തുക.

- 'സ്പോർട്സ് ആയുർവേദ' എന്ന പ്രോജക്ടിൻ കീഴിൽ ആയുർവേദ സൂപ്പർസ്പെഷ്യാലിറ്റി ആശുപത്രികൾ സ്ഥാപിക്കുകയും നിലവിലുള്ള സ്പോർട്സ് സ്കൂളുകളിൽ ദിവസേന ഒ.പി. ക്ലിനിക്കുകൾ നടപ്പിൽ വരുത്തുക.
- ആദിവാസി മേഖലയിൽ പ്രവർത്തിക്കുന്ന ഇടിഞ്ഞാർ, ചെട്ടിയാംപാറ എന്നീ 2 ആയുർവേദ ഡിസ്പെൻസറികളെ മിനിമം 30 കിടക്കകൾ ഉള്ള ആശുപത്രികളായി ഉയർത്തുക.
- പാലിയേറ്റീവ് കെയറിൽ ചികിത്സയിലുള്ള രോഗികൾക്ക് ആയുഷ് വകുപ്പിന്റെ സേവനങ്ങൾ കൂടി ഉൾപ്പെടുത്താൻ വേണ്ട നടപടികൾ
- ഭിന്നശേഷിക്കാരായ കുട്ടികൾക്ക് വേണ്ടി നിലവിൽ നടന്നുവരുന്ന പദ്ധതികൾ വിപുലീകരിക്കാനും എല്ലാ ഗ്രാമപഞ്ചായത്തുകളിലേയ്ക്കും എത്തിക്കാനും വേണ്ട നടപടികൾ

ഹോമിയോപ്പതി

- ജില്ലാ ആശുപത്രിയെ 24 മണിക്കൂറും പ്രവർത്തിക്കുന്ന ആശുപത്രി ആയി ഉയർത്തുക.
- പ്രത്യേക പദ്ധതികൾക്ക് (ജനനി, സീതാലയം, ലഹരി മോചനം) ഐ.പി. സൗകര്യം ഒരുക്കുക.
- തീരദേശ മേഖലയിൽ തൈറോയ്ഡ് ക്യാൻസർ രോഗം പ്രതിരോധിക്കുന്നതിന് ഹോമിയോ ആശുപത്രികൾ സ്ഥാപിക്കുക.
- ഹോമിയോപ്പതിയിൽ നടന്നുവരുന്ന സവിശേഷ പദ്ധതികൾ താലൂക്ക് ആശുപത്രികളിലേക്കും വ്യാപിപ്പിക്കുക.
- ഹോമിയോ ഡി.എം.ഒ. യുടെ കീഴിൽ ആദിവാസി മേഖലകളിൽ (എസ്.റ്റി) ഹോമിയോ ചികിത്സാ സ്ഥാപനങ്ങൾ നടപ്പിൽ വരുത്തുക.

റോഡ് അപകടങ്ങൾ

- ദ്വിതല ട്രോമാ കെയർ സംവിധാനം, ഫാസ്റ്റ് എന്നിവ നടപ്പിലാക്കുക.
- 24 മണിക്കൂറും പ്രവർത്തിക്കുന്ന ഹെൽപ്പ് ലൈൻ സംവിധാനത്തിൽ ആശുപത്രികളെയും ആംബുലൻസിനെയും സംയോജിപ്പിച്ച് നടപ്പിലാക്കുക.
- നിലവിലുള്ള 108 ശൃംഖലയെ മറ്റ് 24*7 പ്രവർത്തന ശേഷിയുള്ള ആംബുലൻസുകളുമായി ജില്ലാപഞ്ചായത്ത് മുഖേന കരാർ അടിസ്ഥാനത്തിൽ ബന്ധിപ്പിച്ച് അടിയന്തിര സേവനം ഉറപ്പ് വരുത്തുക
- റോഡ് അപകടമരണം കുറയ്ക്കുന്നതിലേയ്ക്കായി ജില്ലയിലെ അനുയോജ്യമായ സ്ഥലങ്ങൾ കേന്ദ്രീകരിച്ച് ഒരു മോഡേൺ ട്രോമാകെയർ സംവിധാനം ഏർപ്പെടുത്തുക.
- അന്യസംസ്ഥാന തൊഴിലാളികളുടെ ആരോഗ്യ പ്രശ്നങ്ങൾ നേരിടുന്നതിന് സ്ഥിരം സംവിധാനം ഒരുക്കുക. (ഹെൽത്ത് കാർഡ് സംവിധാനം എല്ലാ മേഖലയിലെയും തൊഴിലാളികൾക്ക് നിർബന്ധമാക്കുക)
- അന്യസംസ്ഥാന തൊഴിലാളികളുടെ താമസസ്ഥലങ്ങൾ, പ്രതിരോധ കുത്തിവയ്പുകൾ, മാലിന്യ സംസ്കരണം, കുടിവെള്ളം, വ്യക്തിശുചിത്വം, പകർച്ചവ്യാധി നിയന്ത്രണം (ക്ഷയം, കുഷ്ഠം, മലേറിയ, മന്ത് തുടങ്ങിയവയുടെ വർദ്ധിച്ച തോത്), പകർച്ചേതര വ്യാധി നിയന്ത്രണം (വർദ്ധിച്ച പുകയില ഉപഭോഗവും അർബുദ തോതും) പ്രത്യേക പരിഗണന നൽകി പദ്ധതികൾ ആസൂത്രണം ചെയ്യുകയും നിർബന്ധമായും നടപ്പിലാക്കുകയും ചെയ്യണം.
- എൻ.എച്ച്/എം.സി. റോഡുമായി അടുത്ത് നിൽക്കുന്ന സ്ഥാപനങ്ങൾ കേന്ദ്രീകരിച്ച് ആധുനിക സംവിധാനങ്ങളോടുകൂടിയ (FAST, Blood Bank, Ventillatory support) കന്യാകുളങ്ങര, നെടുമങ്ങാട്, കേശവദാസപുരം ട്രോമാ കെയർ കേന്ദ്രങ്ങളായി ഉയർത്തുക.

മേൽത്തട്ട് നിർദ്ദേശങ്ങൾ

1. തിരുവനന്തപുരം ജില്ലാ ജനറൽ ആശുപത്രിയെ ജില്ലാ പഞ്ചായത്തിന് കൈമാറുകയും വിടവുള്ള വിഭാഗങ്ങൾക്കുള്ള അനുമതി, മാനവവിഭവശേഷി ഉറപ്പു വരുത്തുക
2. ജില്ലാ മാനസികാരോഗ്യ പരിപാടി, ജില്ലാ അർബുദനിർണ്ണയ പരിപാടി എന്നിവയുടെ നിലനിൽപ് ഉത്തരവുകളിലൂടെ ഉറപ്പ് വരുത്തുക.

3. പകർച്ചവ്യാധി പ്രതിരോധ പ്രവർത്തനത്തിന് പൊതുജനപങ്കാളിത്തവും ഉത്തരവാദിത്തവും ഉറപ്പുവരുത്താനുള്ള നിയമനിർമ്മാണം.
4. കോർപ്പേറേഷൻ ഹെൽത്ത് സ്റ്റാഫുകളുടെ ഉത്തരവാദിത്വങ്ങൾ ആരോഗ്യ കുടുംബക്ഷേമ പകർച്ചവ്യാധി പ്രതിരോധ പ്രവർത്തനങ്ങൾക്കൂന്നൽ നൽകി പുനർ നിർവചിക്കുക.
5. കേരള സർക്കാർ ആരോഗ്യവകുപ്പിന് കീഴിൽ ഒരു 4 വീൽ ഡ്രൈവുള്ള ആംബുലൻസ് സൗകര്യത്തോടെ ട്രൈബൽ മൊബൈൽ യൂണിറ്റ്, രണ്ടു ഡോക്ടർ, 2 ഫാർമസിസ്റ്റ്, രണ്ട് സ്റ്റാഫ് നേഴ്സ്.

കീഴ്ത്തട്ട് നിർദ്ദേശങ്ങൾ

- ആരോഗ്യമേഖലയിലെ ഭൗതികസാഹചര്യം മെച്ചപ്പെടുത്താനായി ആർദ്രം പദ്ധതിയിലുൾപ്പെടുന്ന കുടുംബാരോഗ്യ കേന്ദ്രങ്ങളുടെ മാതൃക അനുകരിക്കുകയും ഉപകേന്ദ്രതല പ്രവർത്തനങ്ങൾ ഉറപ്പുവരുത്തുകയും വേണം. മാതൃക താലൂക്കാശുപത്രികളുടെ ഭൗതിക സാഹചര്യവികസനത്തിനായുള്ള പദ്ധതികൾ – ആർദ്രം
- കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കുന്നതും ആവശ്യമായ മാനവവിഭവശേഷി (ഉത്തരവ് പ്രകാരം) വാഹനസൗകര്യം ഫീൽഡ് പ്രവർത്തനങ്ങൾക്കായി നിർബന്ധിത പദ്ധതികളാക്കുക.
- പകർച്ചവ്യാധി, പകർച്ചേതരവ്യാധി കുടുംബക്ഷേമ പ്രതിരോധത്തിനായി ഓരോ വാർഡിലും ഓരോ സബ്സെന്റർ പ്രവർത്തനം ഉറപ്പുവരുത്തണം. സ്വന്തം/വാടക കെട്ടിടം ഇതിലേക്കായി കൃത്യമായി കണ്ടത്തേണ്ടതാണ്.
- കൈമാറപ്പെട്ട സ്ഥാപനങ്ങളിൽ ഏറ്റവും മുതിർന്ന ഉദ്യോഗസ്ഥൻ പകർച്ചവ്യാധി/ പകർച്ചേതരവ്യാധി/ കുടുംബക്ഷേമ പ്രവർത്തനങ്ങളുടെ അവലോകനവും പ്രവർത്തനക്ഷമത ഉറപ്പ് വരുത്തലും ചെയ്യേണ്ടതാണ്.
- സർക്കാർ സ്ഥാപിച്ച ട്രോമകെയർ യൂണിറ്റിന്റെ പ്രവർത്തനവിടവുകൾ കാലികമായി പരിഹരിക്കുകയും (ജി.എച്ച്. നെയ്യാറ്റിൻകര, വിഴിഞ്ഞം/ആറ്റിങ്ങൽ) എം. സി. റോഡ് കേന്ദ്രീകരിച്ച് കന്യാകുളങ്ങര, കേശവദാസപുരം, നെടുമങ്ങാട് എന്നിവിടങ്ങളിലേക്ക് പുതുതായി സ്ഥാപിക്കാനും മുൻകൈ എടുക്കേണ്ടതാണ്.
- എല്ലാ താലൂക്കാശുപത്രികളിലും, ഡെലിവറി പേഷ്യന്റ്സ് ട്രോമ കെയർ സെന്ററും പ്രവർത്തനമാരംഭിക്കേണ്ടതാണ്.
- 2030 ഓടെ എല്ലാ സാമൂഹികാരോഗ്യ കേന്ദ്രങ്ങളിലും പ്രസവ/ അനുബന്ധ സേവനങ്ങൾ ഉറപ്പ് വരുത്തേണ്ടത്. എന്നാൽ കുറ്റിച്ചൽ ആദ്യ ഘട്ടത്തിൽ തന്നെ പ്രസവ/ അനുബന്ധ സേവനങ്ങൾ നടപ്പിലാക്കേണ്ടതുണ്ട്. ട്രൈബൽ സ്പെഷ്യാലിറ്റി ആശുപത്രിയായി കുറ്റിച്ചലിനെ ഉയർത്തേണ്ടതുണ്ട്.
- വന്ധ്യതചികിത്സ സൗജന്യമായി ഉറപ്പുവരുത്തുന്ന ഒന്നിലധികം സ്ഥാപനങ്ങളുടെ ആവശ്യകതയുണ്ട്. പൊതുവിതരണ സംവിധാനം എല്ലാ കോളനികളിലും ലഭ്യമാക്കുക. കുടിവെള്ള ലഭ്യത ഉറപ്പാക്കുക
- ഓരോ പഞ്ചായത്തിലും ആരോഗ്യപ്രവർത്തനങ്ങൾ വാർഡ് തലത്തിലും, വാർഡ് തലത്തിൽ നടക്കുന്ന പ്രവർത്തനങ്ങൾ ഉപകേന്ദ്രതലത്തിലും ഉപകേന്ദ്രതലത്തിൽ നടക്കുന്ന പ്രവർത്തനങ്ങൾ പഞ്ചായത്ത് തലത്തിലും ഏകോപിപ്പിക്കേണ്ടതുണ്ട്. അവയുടെ നിലവാരമുയർത്തുകയും സാങ്കേതിക സഹായം നൽകുകയും ചെയ്യണം. ഉദാ. സന്നദ്ധ പ്രവർത്തകർക്കും മറ്റു ലഘുസേവനദാതാക്കൾക്കും ആവശ്യമായ സാങ്കേതിക സഹായവും പരിശീലനങ്ങളും നൽകുക.
- ഉപകേന്ദ്രങ്ങൾ സേവനകേന്ദ്രങ്ങൾ ആയി മാറണം, എല്ലാത്തരം പ്രാഥമികാരോഗ്യ സേവനങ്ങളും നൽകുവാൻ കഴിയുന്ന കേന്ദ്രങ്ങളായി മാറണം. ആയതിനാവശ്യമായ സാധന സാമഗ്രികൾ, ഡ്രസിംഗ്, കുടുബക്ഷേമ സേവനങ്ങൾക്കുള്ളവ, മരുന്നുകൾ, എയർബെഡ്, വീൽചെയർ, വാക്കർ, എല്ലാത്തരം അപേക്ഷാഫോറങ്ങളും ട്രെയിനിംഗ് സാമഗ്രികൾ, പകർച്ചവ്യാധി നിയന്ത്രണത്തിനാവശ്യമായ സാധനസാമഗ്രികൾ കമ്പ്യൂട്ടർ, ഇന്റർനെറ്റ് കണക്ടിവിറ്റി തുടങ്ങിയവ.

സംയോജന ഏകോപന സാധ്യതകൾ

- പട്ടികവർഗ്ഗ വകുപ്പുമായി സംയോജിച്ച് ട്രൈബൽ മേഖലയിലുള്ള എല്ലാ കോളനികളെയും കേന്ദ്രീകരിച്ച് സമഗ്ര ആരോഗ്യപദ്ധതി തയ്യാറാക്കുക. കുറ്റിച്ചൽ ആശുപത്രിയെയും പാലോട് സാമൂഹികാരോഗ്യ കേന്ദ്രത്തെയും സ്പെഷ്യാലിറ്റി ആശുപത്രികളായി വികസിപ്പിക്കുക. 4 വീൽ ആംബുലൻസ് നൽകുക.
- സ്ഥാപനങ്ങളിലുള്ള തരിശുഭൂമി കൃഷി/ഹോർട്ടികൾച്ചർ എന്നിവയ്ക്കുപയോഗിക്കാനും ഹരിതകേരളം പദ്ധതി സ്ഥാപനതലത്തിൽ പരിപൂർണ്ണമായി നടപ്പിലാക്കുക (മഴവെള്ളസംഭരണി, സൗരോർജ്ജ് പ്ലാന്റ്, ബയോഗ്യാസ് പ്ലാന്റ് സഹിതം)
- പോലീസ്വകുപ്പുമായി സഹകരിച്ച് ദേശീയ ആരോഗ്യമിഷൻ 108, 24*7 ആംബുലൻസുകൾ എന്നിവ ഉൾപ്പെടെ ജില്ലാ പഞ്ചായത്തിന്റെ ഒരു ട്രോമകെയർ പ്ലാൻ.
- ആയുഷ് ടൂറിസം വകുപ്പുകൾ ഏകോപിച്ച് സർക്കാർ മേഖലയിൽ ആയുർവേദ ടൂറിസത്തിനായി ഒരു സ്ഥാപനം തുടങ്ങുക.
- വിദ്യാഭ്യാസവകുപ്പും ആരോഗ്യവകുപ്പും സഹകരിച്ച് കുട്ടികളിലെ ജീവിതശൈലി രോഗസാധ്യത പഠനവും ഇടപെടലും ആയുർവേദവകുപ്പിൽ യോഗപരിശീലനസാധ്യതയും.
- ആർദ്രം ഗ്രാമപഞ്ചായത്തുകൾ– ഹരിത കേരളം പദ്ധതിയുടെ എല്ലാ സാധ്യതകളും കുടുംബാരോഗ്യ കേന്ദ്രങ്ങൾ വിഭാവനം ചെയ്ത ഗ്രാമപഞ്ചായത്തുകളിൽ ഉടനടി നടപ്പിലാക്കുക. സ്ഥാപനതല മാലിന്യസംസ്കരണം (ഹരിതകേരളം), മഴവെള്ള സംഭരണം, പച്ചക്കറി (അഗ്രികൾച്ചർ), ആരോഗ്യസേന/ ഹരിതസേന/ വിദ്യാർത്ഥിസേന/എന്നിവയുടെ ഗ്രാമപഞ്ചായത്തുതല ആരോഗ്യ അനുബന്ധ വിഷയങ്ങളിലുള്ള ഇടപെടലുകൾ (നടത്തക്കൂട്ടം, വായനക്കൂട്ടം, സംസാരകൂട്ടം, യോഗകൂട്ടം. കഷായകൂട്ടം, കളിക്കൂട്ടം, കൃഷികൂട്ടം), ലൈഫ് മിഷൻ ആദ്യഘട്ടം ആർദ്രം ഗ്രാമപഞ്ചായത്തുകളിൽ ത്വരിതപ്പെടുത്തുക, ഒരു സ്കൂൾ എങ്കിലും പൊതുവിദ്യാഭ്യാസ യഞ്ജമാതൃകയിൽ ഉയർത്തുക.
- ഗ്രാമപഞ്ചായത്തുകൾ വിഭാവനം ചെയ്യുന്ന ആരോഗ്യ പകർച്ചവ്യാധി പ്രതിരോധ, കുടുംബക്ഷേമ പരിപാടികളിൽ ആയൂർവ്വേദ, ഹോമിയോ, സ്കൂൾ, കൃഷി, പോലീസ് വകുപ്പുകൾ വഴി പൊതുജനങ്ങളിലെത്തിക്കുക.
- ആഭ്യന്തരം, എക്സൈസ്, ആരോഗ്യം എന്നീ വകുപ്പുകളുടെ സംയോജിത പദ്ധതികളിലൂടെ ലഹരിവസ്തുക്കളുടെ ഉപയോഗത്തിലൂടെ ഉണ്ടാകുന്ന ശാരീരിക, മാനസിക രോഗങ്ങളുടെ വ്യാപനം തടയുക.
- സ്കൂളുകൾ കേന്ദ്രീകരിച്ച് സ്റ്റുഡന്റ് പോലീസ് കേഡറ്റുകളുടെ സഹായത്തോടെ ലഹരി ഉപയോഗിക്കുന്ന കുട്ടികളെ കണ്ടത്തെുകയും ഇവർക്ക് വേണ്ട മാനസിക, ആരോഗ്യ പിന്തുണ തുടരെ നൽകുകയും വേണ്ടപക്ഷം പുനരധിവാസ സാധ്യതകൾ ഒരുക്കുകയും ചെയ്യണം.
- സഞ്ചരിക്കുന്ന പൊതുവിതരണസംവിധാനം ട്രൈബൽ കോളനികൾ കേന്ദ്രീകരിച്ച് നടപ്പിലാക്കുക.

നൂതനാശയങ്ങൾ

- കമ്മ്യൂണിറ്റി ഡി അഡിക്ഷൻ പ്രോഗ്രാം – പട്ടികവർഗ്ഗമേഖല, തീരദേശമേഖല
- ജീവിതശൈലി രോഗനിയന്ത്രണവും മാനസികാരോഗ്യവും മുൻനിർത്തി കോർപ്പറേഷൻ പരിധിയിൽ പാർക്കുകൾ ബന്ധിപ്പിച്ചും ബീച്ചുകൾ ബന്ധിപ്പിച്ചും സൈക്കിൾ പാതകൾ തുടങ്ങുകയും സൈക്കിൾ തുച്ഛമായ വാടകയ്ക്ക് നല്കുകയും ചെയ്യുക.

7.4.2.2. കുടിവെള്ളം

ജില്ലയിൽ കുടിവെള്ളത്തിനായി നഗരമേഖലകളിൽ പ്രധാനമായും പൈപ്പുവെള്ളത്തെയും ഗ്രാമീണമേഖലകളിൽ കിണർ വെള്ളത്തെയുമാണ് ആശ്രയിക്കുന്നത്. ജില്ലയിൽ 71.87% പേർക്ക് നഗരപ്രദേശങ്ങളിലും, ഗ്രാമീണമേഖലകളിലുമായി നിലവിലുള്ള

കുടിവെള്ള പദ്ധതികൾ വഴി ജലം ലഭ്യമാക്കുന്നുണ്ട്. ഇത് നഗരമേഖലയിൽ 76.44% വും ഗ്രാമീണ മേഖലയിൽ 66.56% ആണ്.

കുടിവെള്ള മേഖല നേരിടുന്ന പ്രധാന പ്രശ്നങ്ങൾ

- ജല മലിനീകരണം
- വരൾച്ചയും കുടിവെള്ളക്ഷാമവും
- ജലസ്രോതസ്സുകളുടെ നാശവും കൈയ്യേറ്റവും.
- വയലുകൾ, തണ്ണീർത്തടങ്ങൾ എന്നിവയുടെ വ്യാപ്തിയിലുണ്ടാകുന്ന കുറവ്.
- നദികളിലെ നീരൊഴുക്ക് കുറയുന്ന അവസ്ഥ
- ഏകോപനമില്ലായ്മ
- ജലദുർവിനിയോഗവും ചൂഷണവും

ജലമേഖലയിലെ വികസന പരിപ്രേക്ഷ്യം

- ഉപരിതല സ്രോതസ്സുകൾ പരമാവധി പ്രയോജനപ്പെടുത്തി നിലവിലെ കുടിവെള്ള പദ്ധതികളുടെ നവീകരണവും വിപുലീകരണവും.
- ഭൂഗർഭ ജലസ്രോതസ്സുകളുടെ ഉപയോഗം പരമാവധി പരിമിതപ്പെടുത്തുക.
- പരമ്പരാഗത ജലസ്രോതസ്സുകളുടെ സംരക്ഷണവും പരിപാലനവും
- ഘട്ടംഘട്ടമായി ജലാശയങ്ങളിലെ കൈയേറ്റം കുറയ്ക്കുന്നതിനായി ദീർഘകാല മാസ്റ്റർ പ്ലാൻ തയ്യാറാക്കുക.

വിവിധ തദ്ദേശസ്വയംഭരണസ്ഥാപനങ്ങളിലെ കുടിവെള്ള പദ്ധതികളുമായി ബന്ധപ്പെട്ട മേൽത്തട്ട്/കീഴ്ത്തട്ട് നിർദ്ദേശങ്ങൾ

1. നെടുമങ്ങാട് ബ്ലോക്ക്

കീഴ്ത്തട്ട് നിർദ്ദേശങ്ങൾ

- ആനാട് പഞ്ചായത്തിലേക്ക് വേണ്ടിയുള്ള സമഗ്ര കുടിവെള്ള പദ്ധതിയുടെ പ്രവർത്തനങ്ങൾ നടന്നു വരുന്നു. ഇത് സമയബന്ധിതമായി പൂർത്തികരിക്കുന്നതിന് മുൻഗണന നൽകണം. കൂടാതെ പദ്ധതി പൂർത്തിയാകുന്ന മുറയ്ക്ക് പഞ്ചായത്തിൽ വിവിധ ഭാഗങ്ങളിലേയ്ക്ക് ജലവിതരണ ശൃംഖല വിപുലീകരിക്കുന്നതിന് പദ്ധതികൾ തയ്യാറാക്കാവുന്നതാണ്.
- പനവൂർ, വെമ്പായം പഞ്ചായത്ത് പ്രദേശങ്ങളിൽ ജലഅതോറിറ്റിയുടെ വിതരണ ശൃംഖലയിലെ പഴയ എ.സി. പെപ്പുകൾക്ക് പകരം ശേഷി കൂടിയ പുതിയ പൈപ്പുകൾ മാറ്റി സ്ഥാപിക്കുന്നത് ഈ പഞ്ചായത്തുകളിലെ ജലലഭ്യത മെച്ചപ്പെടുത്താൻ സഹായിക്കും. ഇതിന് ആവശ്യമായ പദ്ധതികൾ ഈ പഞ്ചായത്തുകൾക്ക് തയ്യാറാക്കാവുന്നതാണ്.
- നെടുമങ്ങാട് ബ്ലോക്കിന് കീഴിൽ 67 കുളങ്ങൾ നിലവിലുണ്ട്. ഇവ സംരക്ഷിക്കുന്നതിനും ആവശ്യമെങ്കിൽ നവീകരിക്കുന്നതിനും മുൻഗണന നൽകണം.
- കേന്ദ്ര ഭൂഗർഭജല ബോർഡിന്റെ റിപ്പോർട്ട് പ്രകാരം നെടുമങ്ങാട് ബ്ലോക്ക് അർദ്ധ സുരക്ഷിത വിഭാഗത്തിൽപ്പെടുന്നതിനാൽ ഭൂഗർഭ ജലചൂഷണം ഒഴിവാക്കുന്നതിന് ഈ മേഖലയിൽ നിയന്ത്രണം കൊണ്ടുവരേണ്ടതാണ്.
- അരുവിക്കര പഞ്ചായത്തിലെ രൂക്ഷമായ ജലക്ഷാമമുള്ള കരുമരക്കോട്, സലാമത്ത് നഗർ, മണമ്പൂർ ഭാഗങ്ങളിൽ കുടിവെള്ള വിതരണം മെച്ചപ്പെടുത്തുന്നതിന് പദ്ധതി തയ്യാറാക്കണം.

മേൽത്തട്ട് നിർദ്ദേശങ്ങൾ

- കരകുളം പഞ്ചായത്തിലെ 4.5 ദശലക്ഷം ലിറ്റർ ശേഷിയുള്ള നിലവിലെ പ്ലാന്റ് അപര്യാപ്തമാണ് ഇതിന്റെ വിപുലീകരണം അടിയന്തരമായി ചെയ്യുന്നതിന് മുൻഗണന നൽകണം. കരകുളം, അരുവിക്കര പഞ്ചായത്തുകളിലെ ജലവിതരണം മെച്ചപ്പെടുത്തുന്നതിനായി കേരള വാട്ടർ അതോറിറ്റി കരമന നദി സ്രോതസ്സായി 10 ദശലക്ഷം ലിറ്റർ ശേഷിയുള്ള പദ്ധതി തയ്യാറാക്കിയിട്ടുണ്ട്. ഇത് നടപ്പിലാക്കുന്നതിന് പ്രാമുഖ്യം നൽകണം.

2. വാമനപുരം ബ്ലോക്ക്

കീഴ്ത്തട്ട് നിർദ്ദേശങ്ങൾ

- കല്ലറ, പാങ്ങോട്, പുല്ലമ്പാറ പഞ്ചായത്തുകളിൽ നിലവിലുള്ള കുടിവെള്ള പദ്ധതിയുടെ ട്രാൻസ്മിഷൻ ലൈനുകൾക്ക് പകരമായി പ്രത്യേക ട്രാൻസ്മിഷൻ ലൈൻ സ്ഥാപിച്ചാൽ

ഈ പഞ്ചായത്തുകളിലെ ജലവിതരണം മെച്ചപ്പെടുത്താൻ സാധിക്കും. ഇതിന് അനുയോജ്യമായ പദ്ധതികൾ തയ്യാറാക്കാവുന്നതാണ്..

- നന്ദിയോട് പഞ്ചായത്തിനുവേണ്ടിയുള്ള സമഗ്ര കുടിവെള്ളപദ്ധതി നടന്നുവരുന്നു. പദ്ധതിയിൽ നിന്നും പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിലേക്ക് വിതരണ ശൃഖല വിപുലികരണത്തിന് പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിന് മുൻഗണ നൽകണം.
- വാമനപുരം ബ്ലോക്കിന് കീഴിൽ 89 കുളങ്ങളുണ്ട്. ഇവ സംരക്ഷിക്കുന്നതിനും ആവശ്യമെങ്കിൽ നവീകരിക്കുന്നതിനും മുൻഗണന നൽകണം.

മേൽത്തട്ട് നിർദ്ദേശങ്ങൾ

- മാണിക്കൽ, വാമനപുരം, നെല്ലനാട് എന്നീ പഞ്ചായത്തുകൾക്ക് വാമനപുരംനദി സ്രോതസ്സായി ഒരു സമഗ്ര പദ്ധതി തയ്യാറാക്കേണ്ടതാണ്.
- പെരിങ്ങമ്മല പഞ്ചായത്തിലെ ഗ്രാമീണ കുടിവെള്ള പദ്ധതിയിൽ ജലശുദ്ധീകരണശാല സ്ഥാപിക്കുന്നതിന് മുൻഗണന കൊടുക്കണം.

3. വെള്ളനാട് ബ്ലോക്ക്

കീഴ്ത്തട്ട് നിർദ്ദേശങ്ങൾ

- വിതുര, തൊളിക്കോട് പഞ്ചായത്തുകൾക്കുള്ള സമഗ്ര കുടിവെള്ളപദ്ധതി നിർമ്മാണ ഘട്ടത്തിലാണ്. ഇത് സമയബന്ധിതമായി പൂർത്തികരിക്കുന്നതിന് മുൻഗണന നൽകണം. പദ്ധതി പൂർത്തീകരിക്കുന്ന മുറയ്ക്ക് ഈ പഞ്ചായത്തുകളിലെ ജലവിതരണ ശൃംഖല വിപുലീകരിക്കുന്നതിന് പദ്ധതി തയ്യാറാക്കാവുന്നതാണ്.
- പൂവച്ചൽ, കുറ്റിച്ചൽ പഞ്ചായത്തുകൾക്കുള്ള സമഗ്ര കുടിവെള്ളപദ്ധതി നിർമ്മാണ ഘട്ടത്തിലാണ്. ഇത് പൂർത്തികരിക്കുന്ന മുറയ്ക്ക് ഈ പഞ്ചായത്തുകളിലെ ജലവിതരണ ശൃംഖല വിപുലീകരിക്കുന്നതിന് പദ്ധതികൾ തയ്യാറാക്കാവുന്നതാണ്.
- വെള്ളനാട് പഞ്ചായത്തിൽ നിലവിലെ ഗ്രാമീണ ശുദ്ധജല പദ്ധതിയിൽ വിതരണം ചെയ്യുന്ന ജലത്തിന്റെ ഗുണനിലവാരം വർദ്ധിപ്പിക്കാൻ പ്രഷർ ഫിൽട്ടർ പോലുള്ള ഹ്രസ്വകല സംവിധാനങ്ങൾ ഏർപ്പെടുത്താവുന്നതാണ്.
- ആര്യനാട് ഈഞ്ചപ്പുരിയിലെ പമ്പുഹൗസ് പ്രദേശം മഴവെള്ള സംരക്ഷണം നടപ്പിലാക്കാൻ അനുയോജ്യമായ പ്രദേശമാണ്.
- വെള്ളനാട് ബ്ലോക്കിന് കീഴിൽ 91 കുളങ്ങളുണ്ട്. ഇവ സംരക്ഷിക്കുന്നതിനും ആവശ്യമെങ്കിൽ നവീകരിക്കുന്നതിനും മുൻഗണന നൽകണം.
- കാട്ടാക്കട പഞ്ചായത്തിലെ എല്ലാ പ്രദേശങ്ങളിലും ജലലഭ്യത ഉറപ്പാക്കുന്നതിന് നിലവിലെ ജലവിതരണ ശൃംഖല വിപുലീകരിക്കേണ്ടതാണ്.
- ആര്യനാട് പഞ്ചായത്തിലെ തേവിയാർകുന്ന് മേഖലകളിൽ കുടിവെള്ളം ലഭ്യമാക്കാൻ പുതിയ പദ്ധതി തയ്യാറാക്കണം.
- വിതുരയിലെ പട്ടിക വിഭാഗ കോളനികളിലേക്ക് കുടിവെള്ള വിതരണത്തിന് ലഭ്യമായ സ്രോതസ്സുകൾ പ്രയോജനപ്പെടുത്തി സമഗ്ര പദ്ധതി തയ്യാറാക്കണം.

മേൽത്തട്ട് നിർദ്ദേശങ്ങൾ

- നെടുമങ്ങാട് മുനിസിപ്പാലിറ്റി വെള്ളനാട് പഞ്ചായത്ത് എന്നിവിടങ്ങളിലേക്ക് ജലവിതരണം നടത്തുന്നതിന് 26 ദശലക്ഷം ലിറ്റർ ശേഷിയുള്ള കുടിവെള്ള പദ്ധതി കേരള വാട്ടർ അതോറിറ്റി തയ്യാറാക്കിയിട്ടുണ്ട്. ഇത് നടപ്പിലാക്കുന്നതിന് മുൻഗണന നൽകണം.
- ആര്യനാട്, ഉഴമലയ്ക്കൽ പഞ്ചായത്തുകൾക്ക് വേണ്ടി പുതിയ സമഗ്ര കുടിവെള്ളപദ്ധതി തയ്യാറാക്കേണ്ടതാണ്.
- ഉഴമലയ്ക്കൽ കുടിവെള്ള പദ്ധതിയിലെ സ്രോതസ്സിനോടനുബന്ധിച്ച് തടയണ നിർമ്മിച്ചാൽ വേനൽക്കാലത്തെ ജലക്ഷാമം ഒഴിവാക്കാൻ കഴിയും.

4. ചിറയിൻകീഴ് ബ്ലോക്ക്

കീഴ്ത്തട്ട് നിർദ്ദേശങ്ങൾ

- നിലവിലെ കുടിവെള്ള പദ്ധതികൾ വഴി മുദാക്കൽ ഒഴികെയുള്ള പഞ്ചായത്തുകളിൽ ഒന്നിടവിട്ടുള്ള ദിവസങ്ങളിലാണ് ജലവിതരണം നടത്തുന്നുണ്ട്. നിലവിലെ ജലവിതരണ

ശൃംഖല വിപുലീകരിച്ചാൽ കൂടുതൽ കാര്യക്ഷമതയോടെ ജലവിതരണം നടത്താവുന്നതാണ്. ഇതിനായുള്ള പദ്ധതികൾ ആവിഷ്ക്കരിക്കാവുന്നതാണ്.

- ചിറയിൻകീഴ് ബ്ലോക്കിന് കീഴിൽ ഏകദേശം 91 കുളങ്ങളുണ്ട്. ഇവ സംരക്ഷിക്കുന്നതിനും ആവശ്യമെങ്കിൽ നവീകരിക്കുന്നതിനും മുൻഗണന നൽകണം.

മേൽത്തട്ട് നിർദ്ദേശങ്ങൾ

- ചിറയിൻകീഴിലെ തീരദേശ പഞ്ചായത്തുകളിലേക്ക് ജലവിതരണം നടത്തുന്നതിനായി വാമനപുരം നദി സ്രോതസ്സായി 15 ദശലക്ഷം ലിറ്റർ ശേഷിയുള്ള കുടിവെള്ള പദ്ധതി കേരള വാട്ടർ അതോറിറ്റി തയ്യാറാക്കിയിട്ടുണ്ട്. ഇത് നടപ്പിലാക്കുന്നതിന് മുൻഗണന നൽകണം.
- തീരദേശപഞ്ചായത്തായ അഞ്ചുതെങ്ങിൽ രൂക്ഷമായ കുടിവെള്ളക്ഷാമം അനുഭവപ്പെടുന്നു. ഡീസാലിനേഷൻ പ്ലാന്റ് സ്ഥാപിച്ച് കുടിവെള്ളവിതരണം മെച്ചപ്പെടുത്തുന്നതിന് പദ്ധതി തയ്യാറാക്കാവുന്നതാണ്.
- വലിയക്കുന്നിൽ സ്ഥാപിച്ചിട്ടുള്ള നിലവിലെ ജലശുദ്ധീകരണശാലയുടെ ശേഷി വർദ്ധിപ്പിച്ചില്ലായെങ്കിൽ വരും വർഷങ്ങളിൽ ഈ പദ്ധതികളിൽ നിന്നും ജലം ലഭ്യമാകുന്ന പഞ്ചായത്തുകളിൽ ജലക്ഷാമം രൂക്ഷമാകും.

5. കിളിമാനൂർ ബ്ലോക്ക്

കീഴ്ത്തട്ട് നിർദ്ദേശങ്ങൾ

- കിളിമാനൂർ, പഴയകുന്നുമ്മേൽ, മടവൂർ എന്നീ പഞ്ചായത്തുകളിലേക്ക് വേണ്ടിയുള്ള കുടിവെള്ള പദ്ധതി സമീപഭാവിയിൽ തന്നെ പ്രവർത്തനമാരംഭിക്കുന്നതാണ്. ഇതോടനുബന്ധിച്ച് നിലവിലെ ജലവിതരണ ശൃംഖല വിപുലീകരിക്കുന്നതിനും നവീകരിക്കുന്നതിനും പദ്ധതികൾ വിഭാവനം ചെയ്യേണ്ടതാണ്.
- ജില്ലയിൽ ഏറ്റവും കൂടുതൽ കുളങ്ങളുള്ള ബ്ലോക്കാണ് കിളിമാനൂർ ബ്ലോക്ക്. 212 കുളങ്ങൾ നിലവിലുണ്ട്. ഇവ സംരക്ഷിക്കുന്നതിനും ആവശ്യമെങ്കിൽ നവീകരിക്കുന്നതിനും മുൻഗണന നൽകണം.

മേൽത്തട്ട് നിർദ്ദേശങ്ങൾ

- നഗരൂർ, പുളിമാത്ത്, കരവാരം എന്നീ ഗ്രാമപഞ്ചായത്തുകൾക്കുവേണ്ടി ഒരു സമഗ്ര കുടിവെള്ള പദ്ധതി കേരള വാട്ടർ അതോറിറ്റി തയ്യാറാക്കിയിട്ടുണ്ട്. ഇത് നടപ്പിലാക്കുന്നതിന് മുൻഗണന നൽകണം.
- മടവൂർ, പള്ളിക്കൽ പഞ്ചായത്തുകളിലേക്കായി ഇത്തിക്കര നദിയെ സ്രോതസ്സാക്കി പദ്ധതി കേരള വാട്ടർ അതോറിറ്റി തയ്യാറാക്കിയിട്ടുണ്ട്. ഇത് നടപ്പിൽ വരുത്തുന്നതിന് പ്രാമുഖ്യം നൽകണം.

6. കഴക്കൂട്ടം ബ്ലോക്ക്

കീഴ്ത്തട്ട് നിർദ്ദേശങ്ങൾ

- മംഗലപുരം, പോത്തൻകോട്, അണ്ടൂർക്കോണം, കഠിനംകുളം, പഞ്ചായത്തുകൾക്ക് സമഗ്ര കുടിവെള്ള പദ്ധതി നിലവിൽ വന്നെങ്കിലും ജലവിതരണ ശൃംഖല എല്ലാ മേഖലകളിലും എത്തിയിട്ടില്ല. ഇത് വിപുലീകരിക്കുന്നതിന് പദ്ധതികൾ അതാത് പഞ്ചായത്തുകൾക്ക് നടപ്പിലാക്കാവുന്നതാണ്.
- കഴക്കൂട്ടം ബ്ലോക്കിലെ 64 കുളങ്ങൾ സംരക്ഷിക്കുന്നതിനും നവീകരിക്കുന്നതിനും മുൻഗണന നൽകണം.

മേൽത്തട്ട് നിർദ്ദേശങ്ങൾ

- തീരദേശ പഞ്ചായത്തായ കഠിനംകുളത്തെ ജലക്ഷാമത്തിന് ശാശ്വത പരിഹാരം എന്ന നിലയ്ക്ക് ഒരു ഡിസാലിനേഷൻ പ്ലാന്റ് സ്ഥാപിക്കേണ്ടതിന്റെ സാധ്യത പരിശോധിക്കണം.

7. വർക്കല ബ്ലോക്ക്

കീഴ്ത്തട്ട് നിർദ്ദേശങ്ങൾ

- നിലവിലെ 17.00 ദശലക്ഷം ലിറ്റർ ശേഷിയുള്ള വർക്കല ശുദ്ധജല വിതരണ പദ്ധതി അപര്യാപ്തമായതിനാൽ പ്ലാന്റിന്റെ ശേഷി വർദ്ധിപ്പിക്കുന്നതിനുള്ള പദ്ധതി ബ്ലോക്ക് പഞ്ചായത്തിന്റെ നേതൃത്വത്തിൽ തയ്യാറാക്കേണ്ടതാണ്. വർക്കല ബ്ലോക്കിൽ ഉൾപ്പെട്ട 104 കുളങ്ങൾ സംരക്ഷിക്കുന്നതിനും നവീകരിക്കുന്നതിനും മുൻഗണന നൽകണം.

മേൽത്തട്ട് നിർദ്ദേശങ്ങൾ

- തീരദേശപഞ്ചായത്തിലെ ഇടവയിൽ ഒരു ഡിസാലിനേഷൻപ്ലാന്റ് സ്ഥാപിക്കാവുന്നതാണ്.
- ഇലകമൺ പഞ്ചായത്തിലെ ലഭ്യമായ പ്രകൃതി സ്രോതസ്സുകൾ ഉപയോഗപ്പെടുത്തണം.

8. നേമം ബ്ലോക്ക്

കീഴ്ത്തട്ട് നിർദ്ദേശങ്ങൾ

- നിലവിൽ പള്ളിച്ചൽ, മലയിൻകീഴ്, വിളവൂർക്കൽ, ബാലരാമപുരം പഞ്ചായത്തുകൾക്കായി 15.50 ദശലക്ഷം ലിറ്റർ ശേഷിയുള്ള സമഗ്ര കുടിവെള്ള പദ്ധതി വഴി ജല വിതരണം നടത്തുന്നുണ്ട്. പുതിയ പദ്ധതി നിലവിൽ വന്നെങ്കിലും ഈ പഞ്ചായത്തുകളിൽ ജലവിതരണ ശൃംഖല എല്ലാ മേഖലകളിലും എത്തിയിട്ടില്ല. ജലവിതരണ ശൃംഖല വിപുലീകരിക്കുന്നതിനും ചൂഴാറ്റുകോട്ട പമ്പ്ഹൗസിലെ പമ്പിംഗ് ശേഷി വർദ്ധിപ്പിക്കുന്നതിനുമുള്ള പദ്ധതികൾക്ക് പഞ്ചായത്തുകൾ മുൻഗണന നൽകണം.
- നിലവിലെ ശേഷി കുറഞ്ഞ ജലവിതരണ പൈപ്പുകൾ ഘട്ടം ഘട്ടമായി മാറ്റി പുതിയവ സ്ഥാപിക്കുന്നതിന് പദ്ധതി ആസൂത്രണം ചെയ്യാവുന്നതാണ്.
- മലയിൻകീഴ് പഞ്ചായത്തിലെ ജലദൗർല്ലഭ്യം പരിഹരിക്കുന്നതിന് പുതിയ ജലസംഭരണി നിർമ്മിക്കേണ്ടാതായുണ്ട്.
- മാറനല്ലൂർ പഞ്ചായത്തിൽ നിലവിൽ കാളിപ്പാറ ജലവിതരണ പദ്ധതി വഴിയാണ് ജലം വിതരണം നടത്തുന്നത്. നിലവിൽ പഞ്ചായത്തിലെ ജലവിതരണ ശൃംഖല വിപുലീകരിക്കുന്നതിനും കാലപ്പഴക്കം ചെന്ന പൈപ്പുകൾ ഘട്ടം ഘട്ടമായി മാറ്റുന്നതിനും പദ്ധതി തയ്യാറാക്കേണ്ടതാണ്.

മേൽത്തട്ട് നിർദ്ദേശങ്ങൾ

- വിളവൂർക്കൽ പഞ്ചായത്തിലുള്ള നിലവിലെ ഗ്രാമീണ ശുദ്ധജലപദ്ധതി ജലശുദ്ധീകരണ ശാല സ്ഥാപിച്ച് നവീകരിക്കുന്നതിനുള്ള പദ്ധതി പരിഗണിക്കാവുന്നതാണ്.
- പിടാരത്ത് പുതിയതായി നിർമിക്കുന്ന ഉന്നത ജലസംഭരണി പൂർത്തീയാകുന്ന മുറയ്ക്ക് ജലവിതരണ ശൃംഖല പഞ്ചായത്തിലെ എല്ലാ ഭാഗത്തേയ്ക്കും വിപുലീകരിക്കുന്നതിനുള്ള പദ്ധതി തയ്യാറാക്കേണ്ടതാണ്.
- വിളപ്പിൽ പഞ്ചായത്തിൽ നിലവിലുള്ള 3.30 ദശലക്ഷം ലിറ്റർ ശേഷിയുള്ള ജലവിതരണ പദ്ധതിയിൽ പുതിയ ജല ശുദ്ധീകരണശാല നിർമ്മിച്ച് ജലവിതരണം മെച്ചപ്പെടുത്തുന്നതിന് മുൻഗണന നൽകേണ്ടതാണ്.
- മാറനല്ലൂർ പഞ്ചായത്തിൽ നിലവിൽ കാളിപ്പാറ ജലവിതരണ പദ്ധതി വഴിയാണ് ജലം വിതരണം നടത്തുന്നത്. നിലവിൽ പഞ്ചായത്തിലെ ജലവിതരണ ശൃംഖല വിപുലീകരിക്കുന്നതിനും കാലപ്പഴക്കം ചെന്ന പൈപ്പുകൾ ഘട്ടം ഘട്ടമായി മാറ്റുന്നതിനും പദ്ധതി തയ്യാറാക്കേണ്ടതാണ്.

9. പാറശ്ശാല ബ്ലോക്ക്

കീഴ്ത്തട്ട് നിർദ്ദേശങ്ങൾ

- നിലവിൽ പാറശ്ശാല പഞ്ചായത്തിലുള്ള ഗ്രാമീണ ശുദ്ധജല പദ്ധതി വഴിയാണ് ജലവിതരണം നടത്തുന്നത്. ഈ പദ്ധതി നവീകരിച്ച് ജലശുദ്ധീകരണശാലയും ജലവിതരണ ശൃംഖല വിപുലീകരണവും നടന്നുവരുന്നു. എന്നാൽ പഞ്ചായത്തിൽ പൂർണ്ണതോതിൽ ജലവിതരണം ഉറപ്പാക്കുന്നതിന് കാളിപ്പാറ പദ്ധതിയിൽ വിഭാവനം ചെയ്തതനുസരിച്ച് ജലം പാറശ്ശാല പഞ്ചായത്തിൽ എത്തിക്കുന്നതിനുള്ള പദ്ധതികൾ ആവിഷ്ക്കരിക്കേണ്ടതാണ്. ഇതോടനുബന്ധിച്ച് നിലവിലെ ജലവിതരണ ശൃംഖല വിപുലീകരിക്കുന്നതിനും നവീകരിക്കുന്നതിനും പദ്ധതികൾ വിഭാവനം ചെയ്യേണ്ടതാണ്.
- കാഞ്ഞിരംകുളം, പൂവാർ, തിരുപുറം പഞ്ചായത്തുകൾക്കുള്ള സമഗ്ര കുടിവെള്ള പദ്ധതിയുടെ നിർമ്മാണം പുരോഗമിക്കുന്നുണ്ട്. ഇത് പൂർത്തിയാകുമ്പോൾ നിലവിലുള്ള ജലവിതരണ ശൃംഖല നവീകരിക്കുന്നതിനും വിപുലപ്പെടുത്തുന്നതിനും പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട്.

മേൽത്തട്ട് നിർദ്ദേശങ്ങൾ

- കാരോട്, ചെങ്കൽ, കുളത്തൂർ പഞ്ചായത്തുകളിൽ നിലവിൽ ഗ്രാമീണ ശുദ്ധജല പദ്ധതികളാണ് ഉള്ളത്. ഈ പഞ്ചായത്തുകൾക്ക് പൂർണ്ണതോതിൽ ജലവിതരണം നടത്താൻ

ഇവ പര്യാപ്തമല്ല. നെയ്യാർ സ്രോതസ്സായി പുതിയ സമഗ്ര കുടിവെള്ള പദ്ധതി ഈ പഞ്ചായത്തുകൾക്കായി ആസൂത്രണം ചെയ്യേണ്ടതാണ്. കൂടാതെ നിലവിലെ ഗ്രാമീണ ശുദ്ധജല പദ്ധതികൾ ശുദ്ധീകരണശാല നിർമ്മിച്ച് നവീകരിക്കുന്നതിനും പദ്ധതി ആസൂത്രണം ചെയ്യേണ്ടതാണ്.

- തിരുപുറം, പൂവ്വാർ പഞ്ചായത്തിൽ നിലവിൽ ഗ്രാമീണ ശുദ്ധജല പദ്ധതിയാണ് നിലവിലുള്ളത്. തീരപ്രദേശമായ പൂവ്വാർ പഞ്ചായത്ത് കടുത്ത ജലക്ഷാമം നേരിടുന്നു. ഈ പ്രദേശത്തെ പരമ്പരാഗത ജലസ്രോതസ്സുകളുടെ ഗുണനിലവാരം കുടിവെള്ളത്തിന് യോഗ്യമല്ല. പൂവ്വാർ പഞ്ചായത്തിന് മാത്രമായി പുതിയ കുടിവെള്ള പദ്ധതി നെയ്യാർ സ്രോതസ്സായി നടപ്പിലാക്കുക.

10. പെരുങ്കടവിള ബ്ലോക്ക്

കീഴ്ത്തട്ട് നിർദ്ദേശങ്ങൾ

- വെള്ളറട, അമ്പൂരി, കള്ളിക്കാട്, ഒറ്റശേഖരമംഗലം പഞ്ചായത്തുകൾക്കായുള്ള കാളിപ്പാറ കുടിവെള്ള പദ്ധതി നിലവിൽ വന്നെങ്കിലും ജലവിതരണ ശൃംഖലയുടെ അപര്യാപ്തത മൂലം ഇതു പൂർണ്ണമായും പ്രയോജനം ചെയ്യുന്നില്ല. നിലവിൽ പഴയ ഗ്രാമീണ ശുദ്ധജല പദ്ധതിയുടെ വിതരണ ശൃംഖലകളാണ് കൂടുതൽ പ്രദേശത്തും നിലവിലുള്ളത്. ഈ പഞ്ചായത്തുകളിൽ ജലവിതരണശൃംഖല വിപുലീകരിക്കുന്നതിനും നവീകരിക്കുന്നതിനും മുൻഗണന നൽകി പദ്ധതി തയ്യാറാക്കണം.
- അമ്പൂരി, വെള്ളറട പഞ്ചായത്തിലെ ഉയർന്ന പ്രദേശങ്ങളിൽ കുടിവെള്ളം ലഭ്യമാക്കാൻ, താഴ്ന്ന പ്രദേശങ്ങളിൽ സംഭരണികളിൽ നിർമ്മിച്ച് പമ്പിംഗ് നടത്തി ജലവിതരണം നടത്തുന്നതിനുള്ള പദ്ധതികൾ ആസൂത്രണം ചെയ്യാവുന്നതാണ്.
- കൊല്ലയിൽ പഞ്ചായത്തിൽ ധനുവച്ചപുരത്തുള്ള ബോർവെൽ സ്രോതസ്സായുള്ള കുടിവെള്ള പദ്ധതിയാണ് നിലവിലുള്ളത്. കാളിപ്പാറ ശുദ്ധജല പദ്ധതിയിൽ നിന്നും ഈ പഞ്ചായത്തിലേക്ക് ജലം എത്തിക്കുന്നതിനുള്ള പദ്ധതിക്ക് മുൻഗണന നൽകണം. അതോടൊപ്പം നിലവിലെ ജലവിതരണ ശൃംഖല ഈ പദ്ധതിക്ക് അനുയോജ്യമായി നവീകരണത്തിനും വിപുലീകരണത്തിനും ഉള്ള പദ്ധതികൾ തയ്യാറാക്കുന്നു.

മേൽത്തട്ട് നിർദ്ദേശങ്ങൾ

- പെരുങ്കടവിള പഞ്ചായത്തിൽ നിലവിൽ മാരായമുട്ടത്തും കൊടിതൂക്കി മലയിലുള്ള ഗ്രാമീണ ശുദ്ധ ജലവിതരണ പദ്ധതികളാണ് ഉള്ളത്. പെരുങ്കടവിള പഞ്ചായത്തിലേക്ക് മാത്രമായി നെയ്യാർ സ്രോതസ്സായി പുതിയ പദ്ധതി തയ്യാറാകേണ്ടതാണ്. നിലവിലുള്ള ഗ്രാമീണ ശുദ്ധ ജലപദ്ധതിയുടെ പമ്പിംഗ് ശേഷി വർദ്ധിപ്പിക്കുന്നതിനും ജല വിതരണ ശൃംഖല നവീകരിക്കുന്നതിനും പദ്ധതി തയ്യാറാക്കി നടപ്പിലാക്കേണ്ടതാണ്.
- കുന്നത്തുകാൽ പഞ്ചായത്തിൽ മണവാരിയിലുള്ള 5.50 ദശലക്ഷം ലിറ്റർ ശേഷിയുള്ള കുടിവെള്ള പദ്ധതി നിലവിൽ വന്നിട്ടുണ്ട്. എന്നാൽ ജലവിതരണം കാര്യക്ഷമമാക്കുന്നതിന് ജലസംഭരണികൾ നിർമ്മിക്കേണ്ടതുണ്ട്. ഇതിന് മുൻഗണന കൊടുത്ത് പദ്ധതി തയ്യാറാക്കണം. കൂടാതെ നിലവിലെ ജലവിതരണ ശൃംഖല നവീകരിക്കുന്നതിനും വിപുലീകരിക്കുന്നതിനും പദ്ധതി തയ്യാറാക്കി ഘട്ടം ഘട്ടമായി നടപ്പിൽ വരുത്തണം.
- പെരുങ്കടവിള, ആര്യങ്കോട് പഞ്ചായത്തിൽ നെയ്യാർ സ്രോതസ്സായി ഒരു ഗ്രാമീണ ശുദ്ധജല പദ്ധതിയാണ് നിലവിലുള്ളത്. ഈ പദ്ധതിയിലെ ജലവിതരണം ഈ പഞ്ചായത്തിൽ അപര്യാപ്തമാണ്. നെയ്യാർ സ്രോതസ്സായി പുതിയ സമഗ്രകുടിവെള്ള പദ്ധതി വിഭാവനം ചെയ്യേണ്ടതാണ്. കൂടാതെ നിലവിലെ ജലവിതരണ ശൃംഖല വിപുലീകരിക്കുന്നതിനും നവീകരിക്കുന്നതിനും പദ്ധതികൾ തയ്യാറാക്കാവുന്നതാണ്.

11. അതിയന്നൂർ ബ്ലോക്ക്

കീഴ്ത്തട്ട് നിർദ്ദേശങ്ങൾ

- കാഞ്ഞിരംകുളം, കരുംകുളം പഞ്ചായത്തുകൾക്കുള്ള സമഗ്ര കുടിവെള്ള പദ്ധതിയുടെ നിർമ്മാണം പുരോഗമിച്ചുവരുന്നു. എന്നാൽ നിലവിൽ ഗ്രാമീണ ശുദ്ധജല പദ്ധതിയിൽ സ്ഥാപിച്ചിട്ടുള്ള ജലവിതരണ ശൃംഖല പുതിയ പദ്ധതിക്ക് അപര്യാപ്തമാണ്. അതിനാൽ ഈ പഞ്ചായത്തുകളിൽ ജലവിതരണ ശൃംഖല നവീകരിക്കുന്നതിനും വിപുലീകരിക്കുന്നതിനും പദ്ധതികൾ മുൻകൂട്ടി വിഭാവനം ചെയ്യാവുന്നതാണ്.

- വെങ്ങാനൂർ പഞ്ചായത്തിൽ നിലവിൽ പുതിയതായി ആരംഭിച്ച സമഗ്ര കുടിവെള്ള പദ്ധതിയിലൂടെ ജലവിതരണം നടത്തുന്നത്. പഞ്ചായത്തിന്റെ എല്ലാ ഭാഗത്തും ജലവിതരണ ശൃംഖല എത്തിയിട്ടില്ലാത്തതിനാൽ ജലവിതരണ ശൃംഖല വിപുലീകരിക്കുന്നതിന് ആവശ്യമായ പദ്ധതികൾക്ക് മുൻഗണന നൽകണം.

മേൽത്തട്ട് നിർദ്ദേശങ്ങൾ

- അതിയന്നൂർ പഞ്ചായത്തിൽ നിലവിൽ രണ്ട് ഗ്രാമീണ ശുദ്ധ ജലപദ്ധതി മുഖേനയും നെയ്യാറ്റിൻകര ശുദ്ധജല പദ്ധതി മുഖേനയുമാണ് ജലവിതരണം നടത്തുന്നത്. ഇത് നിലവിൽ അപര്യാപ്തമായതിനാൽ നെയ്യാർ സ്രോതസ്സായി പുതിയ പദ്ധതി തയ്യാറാക്കാവുന്നതാണ്. നിലവിലെ ജലസംഭരണികൾ ഈ പദ്ധതിക്ക് വേണ്ടി പ്രയോജനപ്പെടുത്താം.
- കോട്ടുകാൽ പഞ്ചായത്തിൽ നിലവിൽ അഞ്ചോളം ഗ്രാമീണ ശുദ്ധജല പദ്ധതി വഴിയാണ് ജലവിതരണം നടത്തുന്നത്. എന്നിരുന്നാലും ജലവിതരണം പര്യാപ്തമല്ല. കോട്ടുകാൽ പഞ്ചായത്തിലേക്ക് മാത്രമായി ഒരു സമഗ്ര കുടിവെള്ള പദ്ധതി നെയ്യാർ സ്രോതസ്സായി വിഭാവനം ചെയ്യാവുന്നതാണ്. നിലവിലെ ജലവിതരണ ശൃംഖലയും ജലസംഭരണികളും നവീകരിച്ച് ഇതിനായി പ്രയോജനപ്പെടുത്താവുന്നതാണ്.

മുനിസിപ്പാലിറ്റികൾ

1. നെടുമങ്ങാട് മുനിസ്സിപ്പാലിറ്റി

കീഴ്ത്തട്ട് നിർദ്ദേശങ്ങൾ

- മുനിസിപ്പൽ പ്രദേശത്ത് നിലവിലുള്ള എ.സി. പൈപ്പുകൾക്ക് പകരം പുതിയ പൈപ്പുകൾ സ്ഥാപിച്ചും ചെറിയ പൈപ്പുകൾക്ക് പകരം വലിയ പൈപ്പുകൾ സ്ഥാപിച്ചും ഉയർന്ന പ്രദേശങ്ങളിൽ ജലലഭ്യത കൂട്ടാൻ കഴിയും. ഇതിനായുള്ള പദ്ധതികൾ തയ്യാറാക്കാവുന്നതാണ്.
- മുനിസ്സിപ്പാലിറ്റിയിലെ ചുടുകാടുമുകൾ, പാളയത്തിൻമുകൾ പോലുള്ള ഭാഗങ്ങളിലെ ജലവിതരണത്തിന് പുതിയ പദ്ധതി തയ്യാറാക്കണം.

മേൽത്തട്ട് നിർദ്ദേശങ്ങൾ

- 13.75 ദശലക്ഷം ലിറ്റർ ശേഷിയുള്ള നിലവിലെ പ്ലാന്റ് സംവിധാനം മുനിസിപ്പാലിറ്റിലെ മുഴുവൻ ഭാഗത്തും വിതരണത്തിന് പര്യാപ്തമല്ല. ആയതിനാൽ ഇത് വിപുലികരിക്കുന്നതിനായി 26 ദശലക്ഷം ലിറ്റർ ശേഷിയുള്ള പുതിയ പദ്ധതി തയ്യാറാക്കിയിട്ടുണ്ട്. ഇത് നടപ്പിലാക്കുന്നതിന് മുൻഗണന നൽകണം.

2. വർക്കല മുനിസ്സിപാലിറ്റി

കീഴ്ത്തട്ട് നിർദ്ദേശങ്ങൾ

- നിലവിലെ 19.75 ദശലക്ഷം ലിറ്റർ ശേഷിയുള്ള വർക്കലയിലെ കുടിവെള്ള പദ്ധതി പര്യാപ്തമല്ലാത്തതുകാരണം എല്ലാ ദിവസങ്ങളിലും മുഴവൻ പ്രദേശങ്ങളിലും ജലവിതരണം നിലവിൽ നടക്കുന്നില്ല. ആയതിനാൽ പദ്ധതി വിപൂലീകരണം നടത്തുന്നതിനായുള്ള പദ്ധതി ആസൂത്രണം ചെയ്യേണ്ടതാണ്.

മേൽത്തട്ട് നിർദ്ദേശങ്ങൾ

- മുനിസ്സിപ്പാലിറ്റിയുടെ തീരപ്രദേശങ്ങളിൽ ജലവിതരണം മെച്ചപ്പെടുത്തുന്നതിന് ഡിസാലിനേഷൻ പദ്ധതികൾ ആവിഷ്കരിക്കാവുന്നതാണ്.

3. നെയ്യാറ്റിൻകര മുനിസ്സിപാലിറ്റി

കീഴ്ത്തട്ട് നിർദ്ദേശങ്ങൾ

- മുനിസിപ്പൽ മേഖലയിലെ പഴയ ജലവിതരണ പൈപ്പുലൈനുകൾക്ക് പകരം ശേഷി കൂടിയ പുതിയ പൈപ്പുലൈനുകൾ സ്ഥാപിച്ചാൽ ഉയർന്ന മേഖലകളിൽ ജലലഭ്യത കൂട്ടുവാൻ കഴിയും.

മേൽത്തട്ട് നിർദ്ദേശങ്ങൾ

- നിലവിൽ നെയ്യാറ്റിൻകര മുനിസിപ്പാലിറ്റിയിൽ ജലവിതരണം നടത്തുന്നത് 4.50 ദശലക്ഷം ലിറ്റർ ശേഷിയുള്ള നെയ്യാറ്റിൻകര ശുദ്ധജല വിതരണ പദ്ധതിയിൽ നിന്നാണ്. ഏറെ പഴക്കം ചെന്ന ഈ പദ്ധതി പര്യാപ്തമല്ലാത്തതിനാൽ കേരള വാട്ടർ

അതോറിറ്റി 15 ദശലക്ഷം ലിറ്റർ ശേഷിയുള്ള വിപുലീകരണ പദ്ധതി തയ്യാറാക്കിയിട്ടുണ്ട്. ഇത് നടപ്പിലാക്കുന്നതിന് മുൻഗണന നൽകണം.

4. ആറ്റിങ്ങൽ മുനിസ്സിപ്പാലിറ്റി

കീഴ്ത്തട്ട് നിർദ്ദേശങ്ങൾ

- മുനിസിപ്പൽ പ്രദേശങ്ങളിൽ നിലവിലുള്ള പഴയ ജലവിതരണ പൈപ്പുകൾക്ക് പകരം കൂടുതൽ വ്യാസമുള്ള പുതിയ പൈപ്പുകൾ സ്ഥാപിക്കുന്നതിനുള്ള പദ്ധതി തയ്യാറാക്കണം.

മേൽത്തട്ട് നിർദ്ദേശങ്ങൾ

- 25 വർഷത്തിലേറെ കാലപ്പഴക്കമുള്ള ആറ്റിങ്ങൽ കുടിവെള്ള പദ്ധതിയുടെ ശുദ്ധജല വിതരണ സംവിധാനത്തിലെ ഗുണമേൻമ മെച്ചപ്പെടുത്തുന്നതിനായി പ്ലാന്റ് സംവിധാനങ്ങൾ നവീകരിക്കുന്നതിന് പദ്ധതി തയ്യാറാക്കണം.

തിരുവനന്തപുരം കോർപ്പറേഷൻ

കീഴ്ത്തട്ട് നിർദ്ദേശങ്ങൾ

- തിരുവനന്തപുരം കോർപ്പറേഷനിൽ അവസാനമായി കൂട്ടിചേർത്ത കഴക്കൂട്ടം, കുടപ്പനക്കുന്ന്, വിഴിഞ്ഞം എന്നീ പഞ്ചായത്തുകളിലും, പള്ളിത്തുറ, പൗണ്ട്കടവ്, വലിയതുറ എന്നീ തീരദേശ മേഖലകളിലെ എല്ലാ ഭാഗത്തും ജലവിതരണ ശൃംഖല എത്തിയിട്ടില്ലാത്തതിനാൽ ജലവിതരണ ശൃംഖല വിപുലീകരിക്കുന്നതിന് ആവശ്യമായ പദ്ധതികൾക്ക് മുൻഗണന നൽകണം.
- കരമന നദിയാണ് തിരുവനന്തപുരം നഗരത്തിന്റെ പ്രധാന ജലസ്രോതസ്സ്. ഇതിലെ മലിനീകരണം തടയുന്നതിന് പ്രാമുഖ്യം നൽകണം. നിലവിലെ സ്വീവറേജ് സംവിധാനങ്ങൾ വിപുലീകരിച്ചാൽ കക്കൂസ് മാലിന്യങ്ങൾ മൂലമുള്ള മലിനീകരണം കുറയ്ക്കാൻ സാധിക്കും. മലിനീകരണത്തിന് മറ്റൊരു പ്രധാന കാരണം ഖരമാലിന്യങ്ങൾ നദിയിൽ നിക്ഷേപിക്കുന്നതാണ്. തിരുവനന്തപുരം നഗരത്തിൽ ഖരമാലിന്യം സംസ്കരണത്തിന് ആവശ്യമായ പദ്ധതികൾ തയ്യാറാക്കേണ്ടതാണ്.
- ഫ്ളാറ്റുകളുടെ അതിപ്രസരം അമിത ഭൂഗർഭ ജലചൂഷണത്തിന് കാരണമാവുന്നുണ്ട്. കേന്ദ്ര ഭൂഗർഭജല ബോർഡിന്റെ റിപ്പോർട്ട് പ്രകാരം തിരുവനന്തപുരം ബ്ലോക്ക് അർദ്ധ സുരക്ഷിത വിഭാഗത്തിൽപെടുന്നതിനാൽ ഭൂഗർഭ ജലചൂഷണം ഒഴിവാക്കുന്നതിന് ഈ മേഖലയിൽ നിയന്ത്രണം കൊണ്ട് വരേണ്ടതാണ്.
- കാലപഴക്കം ചെന്ന പഴയ പൈപ്പുകൾ മാറ്റി ജലവിതരണ ശൃംഖല ഘട്ടം ഘട്ടമായി നവീകരിക്കുന്നതിനുള്ള പദ്ധതികൾ തയ്യാറാക്കാവുന്നതാണ്.

മേൽത്തട്ട് നിർദ്ദേശങ്ങൾ

- വർദ്ധിച്ചു വരുന്ന നഗരവൽക്കരണത്തിന്റെ ഭാഗമായി നഗരത്തിലേക്ക് ആവശ്യമായ കുടിവെള്ളത്തിന്റെ തോത് ഓരോ വർഷവും കൂടിവരുന്നു. ഇത് മുൻകൂട്ടി കണ്ട് നഗരത്തിലേക്ക് പുതിയ കുടിവെള്ള പദ്ധതി തയ്യാറാക്കിയിട്ടുണ്ട്. ഇത് നടപ്പിലാക്കുന്ന തിന് മുൻഗണന നൽകണം.

7.4.2.3. ശുചിത്വം

കേരളത്തിന്റെ വളരുന്ന സാമൂഹ്യ സാമ്പത്തിക സ്ഥിതി, നഗര വത്ക്കരണം, ജനസംഖ്യാ വർദ്ധനവ്, പാർപ്പിട സംസ്ക്കാരവും അതിന്റെ ഭാഗമായി വർദ്ധിച്ചുവരുന്ന പാർപ്പിടങ്ങൾ, പാർപ്പിട സമുച്ചയങ്ങൾ, വ്യാപാര കേന്ദ്രങ്ങൾ, ഉപഭോഗ സംസ്ക്കാരം എന്നിവ വിവിധ തരത്തിലുള്ള മാലിന്യങ്ങളുടെ അളവുകൾ ദൈനംദിനം കൂടുന്നതിന് കാരണമായിട്ടുണ്ട്. അശാസ്ത്രീയമായ നിർമ്മാണ രീതികൾ, ശാസ്ത്രീയമായ മാലിന്യ നിർമ്മാർജ്ജന മാർഗ്ഗങ്ങളുടെ അഭാവം, മാലിന്യ നിർമ്മാർജ്ജനത്തിൽ സമൂഹത്തിന്റെ പങ്കാളിത്ത കുറവ്, തെറ്റായ സമീപന രീതി തുടങ്ങിയവ പൊതുജനാരോഗ്യം, കുടിവെള്ളസ്രോതസ്സ്, അന്തരീക്ഷ മലിനീകരണം, കാലാവസ്ഥ, ആവാസവ്യവസ്ഥ എന്നിവയെ പ്രതികൂലമായി ബാധിച്ചിരിക്കുകയാണ്. ഇത് പാരിസ്ഥിതിക തകർച്ചയ്ക്കും സമൂഹത്തിന്റെ വർദ്ധിച്ച രോഗാവസ്ഥയ്ക്കും കാരണമാകുന്നു.

1. ശൗചാലയങ്ങൾ (വ്യക്തിഗതം)

ജില്ലാശുചിത്വമിഷന്റെ കണക്കുകൾ പ്രകാരം തിരുവനന്തപുരം നഗരത്തിലെ 16% വീടുകൾ മാത്രം സുരക്ഷിതമായ സ്വിവറേജ് പദ്ധതിയുമായി ബന്ധിപ്പിച്ചിരിക്കുന്നു. 43% വീടുകൾക്ക് സെപ്റ്റിക് ടാങ്ക് സൗകര്യവും ബാക്കി 41% വീടുകൾക്ക് വിവിധതരത്തിലുള്ള (ഇരട്ടക്കുഴി, ഒറ്റക്കുഴി, തുറന്നകുഴി) ശൗചാലയ സൗകര്യങ്ങളുമാണുള്ളത്.

2. പൊതുശൗചാലയങ്ങൾ

നഗര-ഗ്രാമ പ്രദേശങ്ങളിലെ പൊതുസ്ഥലങ്ങളിലും ആവശ്യമായ പൊതുശൗചാലയങ്ങളുടെ ആവശ്യകത വർദ്ധിച്ചിരിക്കുകയാണ്. സർക്കാർ ആശുപത്രികൾ, ബസ്കാത്തിരിപ്പ് കേന്ദ്രങ്ങൾ, പാർക്കുകൾ, നാഷണൽ സ്റ്റേറ്റ് ഹൈവേകളുടെ ഓരം, വിനോദ കേന്ദ്രങ്ങൾ, ജനങ്ങൾ തിങ്ങിപാർക്കുന്ന തീരദേശപ്രദേശങ്ങൾ, ചേരികൾ, ചന്തകൾ, പൊതുജനങ്ങൾക്ക് സുരക്ഷിതമായി ഉപയോഗിക്കാവുന്നതും ആവശ്യമായ അറകൾ (യൂണിറ്റുകൾ) ഉള്ളതും, വൃത്തിയുള്ളതുമായ പൊതുശൗചാലയങ്ങൾ നിർമ്മിക്കേണ്ടതാണ്. സ്കൂളുകൾ മറ്റ് സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ പൊതുശൗചാലയങ്ങൾ നിർമ്മിക്കുന്നതിനും പരിപാലിക്കുന്നതിനുമുള്ള പദ്ധതികൾ ജില്ലയിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ആവിഷ്ക്കരിക്കേണ്ടതുണ്ട്. സ്വകാര്യ സ്ഥാപനങ്ങൾ ഈ സൗകര്യം ഉറപ്പുവരുത്തുകയും ചെയ്യണം. ദേശീയപാതയിൽ 2 കി.മീ. അകലത്തിലുള്ളതെങ്കിലും ഒരു പൊതുശൗചാലയ സൗകര്യം ഉണ്ടാകേണ്ടതുണ്ട്.

നിർദ്ദേശങ്ങൾ

1. നിലവിലുള്ള കുഴി കക്കൂസുകൾ (കുഴികൾ) ശരിയായ സോക്കേജ് പിറ്റുള്ള സെപ്റ്റിക് ടാങ്കായി മാറ്റുന്നതിന് അടിയന്തിര പ്രാധാന്യം നൽകി കൊണ്ട് മാറ്റൽ പ്രക്രിയ നടപ്പാക്കുക.
2. തിരുവനന്തപുരം കോർപ്പറേഷന്റെ കീഴിലുള്ള ഭൂരിഭാഗം വീടുകളെയും പൊതുപൈപ്പ് സ്വിവറേജ് സംവിധാനവുമായി ബന്ധിപ്പിക്കുക.
3. ജലസ്രോതസ്സായ പുഴകളുടെ ഇരുവശവുമുള്ള വീടുകളുടെ കക്കൂസുകളിലെ മാലിന്യങ്ങളും അഴുക്കുവെള്ളവും പുഴയിലേയ്ക്ക് ഒഴുക്കുന്നത് തടയുന്നതിന് വേണ്ട അടിയന്തിര നടപടി സ്വീകരിക്കുക.
4. ജില്ലയിലെ എല്ലാ മാർക്കറ്റുകൾ, പാർക്കുകൾ, ബസ്സ്റ്റേഷനുകൾ, സർക്കാർ ഓഫീസുകൾ, ആശുപത്രികൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ സ്ത്രീകൾക്കും, പുരുഷന്മാർക്കും, ഭിന്നലിംഗകാർക്കും, അംഗപരിമിതിയുള്ളവർക്കും ഉപയോഗപ്രദവും സൗകര്യമുള്ളതുമായ ശൗചാലയങ്ങൾ ശുചിത്വപരിപാലന സംവിധാനത്തോടെ നടപ്പിലാക്കുക.
5. സെപ്റ്റിക് ടാങ്കിലെ മാലിന്യം ശാസ്ത്രീയമായി നിർമ്മാർജ്ജനം ചെയ്യാൻ വേണ്ട പ്ളാന്റുകൾ പൊതു-സ്വകാര്യ സംവിധാനത്തോടെ ജില്ലയിൽ നടപ്പിലാക്കുക.

ജൈവമാലിന്യ സംസ്കരണം

മാലിന്യ സംസ്കരണത്തിനായി കൂടുതൽ പേരും ആശ്രയിക്കുന്നത് പലവിധ കമ്പോസ്റ്റിംഗ് രീതികളെയാണ്. ജില്ലയിൽ 36 ശതമാനം ആളുകൾക്കും 3 സെന്റിൽ താഴെ മാത്രം സ്ഥലമുള്ളവരാണ് എന്നുള്ളത് വലിയ പരിമിതിയാണ്.

നിർദ്ദേശങ്ങൾ

- ശാസ്ത്രീയ മാലിന്യ സംസ്ക്കരണത്തിന്റെ പ്രാധാന്യം, ഉത്തമ സംസ്ക്കരണ രീതികൾ, ഉറവിടത്തിൽ തരംതിരിക്കലിന്റെ അവശ്യകത തുടങ്ങിയ കാര്യങ്ങളിൽ പൊതുജനങ്ങൾക്ക് അറിവും അവബോധവും പരിശീലനവും അടിയന്തിരമായി നൽകേണ്ടതാണ്. അതുകൊണ്ട് വിദ്യാഭ്യാസസ്ഥാപനങ്ങൾ, റസിഡൻസ് അസോസിയേഷനുകൾ, അയൽകൂട്ടങ്ങൾ തുടങ്ങിയവ കേന്ദ്രീകരിച്ച് നിരന്തരമായ പ്രവർത്തനം നടത്തേണ്ടതാണ്. ഇതിനുവേണ്ടി മുഴുവൻ സമയ പരിശീലകരെത്തന്നെ നിയോഗിക്കേണ്ടതാണ്.
- ഗ്രാമപ്രദേശങ്ങളിൽ ആവശ്യത്തിന് സ്ഥലമുള്ള വീടുകൾക്ക് അനുയോജ്യമായ സംസ്ക്കരണ രീതികൾ (കമ്പോസ്റ്റ് കുഴി തുടങ്ങിയവ) തെരഞ്ഞെടുത്ത് പ്രാവർത്തികമാക്കാൻ പ്രോത്സാഹിപ്പിക്കുക. തീരെ സ്ഥലമില്ലാത്തവർക്ക് വേണ്ടി പഞ്ചായത്ത് നേരിട്ട് പൊതുസംസ്ക്കരണ യൂണിറ്റുകൾ സ്ഥാപിച്ച് മാലിന്യ സംസ്ക്കരണം ഫലപ്രദമായി നടപ്പാക്കുക.
- മുനിസിപ്പാലിറ്റികളിലും കോർപ്പറേഷനുകളിലും വീടുകളിൽ സ്വന്തമായി മാലിന്യ സംസ്ക്കരണ സംവിധാനം ഒരുക്കാൻ പരമാവധി പ്രോത്സാഹിപ്പിക്കുകയും വാർഡുകൾ

കേന്ദ്രീകരിച്ച് പൊതുസംസ്ക്കരണ യൂണിറ്റുകൾ സ്ഥാപിക്കുകയും വേണം. പൊതുസംസ്ക്കരണ സംവിധാനങ്ങളിൽ പരസ്പര പൂരകങ്ങളായ സംസ്ക്കരണ രീതികൾ കുറഞ്ഞത് മൂന്നെണ്ണമെങ്കിലും അവലംബിക്കുക. ഇവയുടെ പ്രവർത്തനം സ്വകാര്യ ഏജൻസികളെയോ കുടുംബശ്രീ പ്രവർത്തകരേയോ കോൺട്രാക്റ്റ് അടിസ്ഥാനത്തിൽ ഏൽപ്പിക്കുകയും അവ കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുകയും ചെയ്യുക.

- പൊതുസ്ഥാപനങ്ങൾ, കച്ചവടസ്ഥാപനങ്ങൾ, വ്യവസായസ്ഥാപനങ്ങൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, ഓഫീസുകൾ, ഓഡിറ്റോറിയങ്ങൾ, ചന്തകൾ, ഫ്ളാറ്റുകൾ തുടങ്ങിയവയ്ക്ക് സ്വന്തമായി മാലിന്യ സംസ്ക്കരണ സംവിധാനം ഉണ്ടായിരിക്കണമെന്ന് നിഷ്ക്കർഷിക്കുകയും അവർ മാലിന്യസംസ്ക്കരണം കാര്യക്ഷമമായി നടപ്പാക്കുന്നുണ്ടെന്ന് ഉറപ്പാക്കുകയും ചെയ്യുക.
- ഉല്പാദിപ്പിക്കുന്ന ജൈവവളം ഫലപ്രദമായി ഉപയോഗിച്ച് കൃഷി വ്യാപിപ്പിക്കുക. പൊതു സ്ഥാപനങ്ങളിലും മറ്റും സ്ഥലം തരിശിടാതെ കൃഷി ചെയ്യാൻ പ്രേരിപ്പിക്കുക. വീട്ടുവളപ്പിലേയും മട്ടുപ്പാവിലേയും കൃഷി പ്രോത്സാഹിപ്പിക്കും.
- ഉല്പാദിപ്പിക്കുന്ന ജൈവവളം ഉപയോഗിക്കാൻ കഴിയാത്തവരുടെ പക്കൽ നിന്നും ഏറ്റെടുത്ത് പൊതുവിപണന ഏജൻസികൾ (അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ/ സഹകരണ സംഘങ്ങൾ/ഇക്കോഷോപ്പുകൾ/സ്വയംസഹായ സംഘങ്ങൾ/കർഷക സമിതികൾ തുടങ്ങിയവ) വഴി വിപണനം സാധ്യമാക്കുക.
- മാലിന്യ സംസ്ക്കരണവും അനുബന്ധമായി പച്ചക്കറി ഉല്പാദനവും സ്വയംതൊഴിൽ മാർഗ്ഗം എന്ന രീതിയിൽ വളർത്തിയെടുക്കുക.
- ഇ.പി.ആർ (Extended Producer Responsibity) നിയമങ്ങൾ സംസ്ഥാനതലത്തിൽ നടപ്പിലാക്കുക.

അജൈവമാലിന്യ പരിപാലനം

പേപ്പർ, പ്ളാസ്റ്റിക്, തുകൽ, റബ്ബർ, തടി, ലോഹങ്ങൾ ചില്ല് ഗ്ളാസ്, ഇലക്ട്രോണിക് മാലിന്യങ്ങൾ എന്നിവയെല്ലാം അടങ്ങിയ അജൈവമാലിന്യ കുടുംബത്തെ മെരുക്കാനും ഒതുക്കാനും കൃത്യമായും ചിട്ടയായുമുള്ള മുന്നൊരുക്കവും ആസൂത്രണവും ആവശ്യമാണ്. ബോധവൽക്കരണത്തിന്റെ തലത്തിൽ നിന്നും ശീലവൽക്കരണത്തിലേക്കുള്ള മാറ്റമാണ് ഇതിൽ പ്രധാനം.

ജില്ലയിലെ അജൈവ മാലിന്യ സംസ്ക്കരണ രംഗത്ത് ഏറ്റെടുക്കേണ്ടവ പ്രധാന ശുപാർശകൾ

- ഓരോ തദ്ദേശസ്വയംഭരണ സ്ഥാപനത്തിലും 2500–3000 വീടുകൾക്ക് ഒരു എം.സി.എഫ് നിലവിൽ വരിക.
- ഒരു ബ്ളോക്കിൽ ഒന്ന് എന്ന നിലയിലെങ്കിലും ആർ.ആർ.സി സ്ഥാപിക്കുക
- നഗരസഭകളിലും ആവശ്യമെങ്കിൽ ആർ.ആർ.സി–കൾ സ്ഥാപിക്കുകയും പ്രവൃത്തിക്കുകയും ചെയ്യുക.
- ആർ.ആർ.സി–കളുടെ പ്രവർത്തനം ക്ലീൻ കേരള കമ്പനി/മറ്റ് ലിസ്റ്റ് ചെയ്യപ്പെട്ട ഏജൻസികളെയോ ഏല്പിക്കുക
- തദ്ദേശസ്വയംഭരണ സ്ഥാപനതലത്തിൽ ചുരുങ്ങിയത് 500 വീടുകൾക്ക് ഒരാൾ എന്ന നിലയിലുള്ള ഫീൽഡ് പ്രവർത്തകരെയും അവരുടെ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്ന സൂപ്പർവൈസർമാരെയും (510 പേർക്ക് 1 ആൾ) ഹരിത കർമ്മസേനയിൽ ഉൾപ്പെടുത്തുകയും അവർക്ക് ചിട്ടയായ പരിശീലനം നൽകുകയും ചെയ്യുക.
- എം.സി.എഫ്–കളിലും തുടർന്ന് ആർ.ആർ.സി–കളിലും എത്തുന്ന അജൈവ മാലിന്യങ്ങൾ അതാത് സമയങ്ങളിൽ പുന:ചംക്രമണത്തിന് കൈമാറുക എന്നതിനാവശ്യമായ ക്രമീകരണം വളരെ പ്രധാനമാണ്.
- തദ്ദേശസ്വയംഭരണ തലത്തിലും, ബ്ളോക്കുതലങ്ങളിലും, ജില്ലയിലാകെയും തയ്യാറാക്കുന്ന ഐ.ഇ.സി. പ്രവർത്തനങ്ങൾ ശക്തമായി നടപ്പാക്കേണ്ടത്.
- ജില്ലയിൽ പ്രവൃത്തിക്കുന്ന സ്ക്രാപ്പ് ഡീലർമാരെ അജൈവമാലിന്യ പരിപാലന പദ്ധതിയുമായി ബന്ധപ്പെടുത്തേണ്ടതാണ്.

- സംസ്ഥാന ശുചിത്വമിഷന്റെ നിർദ്ദേശമനുസരിച്ച് വർക്കല നഗരസഭ ബീക്കൺ മുനിസിപ്പാലിറ്റിയായി പ്രവർത്തനങ്ങൾ ഏറ്റെടുക്കുകയും ഒരു പ്രൊഫഷണർ പാർട്ട്ണറുടെ സഹായത്തോടെ നൂതന മാലിന്യനിർമ്മാർജ്ജന പദ്ധതി ഏറ്റെടുത്ത് നടപ്പാക്കുന്നത് മറ്റുള്ളവർക്ക് മാതൃകയായി സ്വീകരിക്കാവുന്നതാണ്.

ദ്രവമാലിന്യം

നിർദ്ദേശങ്ങൾ

- തിരുവനന്തപുരം നഗരസഭയിൽ 30% സ്ഥലങ്ങളിൽ മാത്രമാണ് നിലവിൽ സ്വിവറേജ് സംവിധാനമുള്ളത്. അത് ഇപ്പോൾ ആവിഷ്ക്കരിച്ചിട്ടുള്ള പദ്ധതികൾ അടിയന്തിരമായി പൂർത്തിയാക്കി എല്ലാ സ്ഥലങ്ങളിലേയ്ക്കും എത്തിക്കേണ്ടതാണ്.
- ജില്ലയിൽ നഗരത്തിന് പുറത്ത് മറ്റ് മുനിസിപ്പാലിറ്റികളിലും പഞ്ചായത്തുകളിലും നിലവിൽ സ്വിവറേജ് സംവിധാനമില്ല. ഇവിടങ്ങളിൽ സ്വിവറേജ് സംവിധാനമൊരുക്കുന്നതിന് പുതിയ പദ്ധതികൾ ആസൂത്രണം ചെയ്യേണ്ടതുണ്ട്.
- ആറ്റിങ്ങൽ, വർക്കല, നെടുമങ്ങാട്, നെയ്യാറ്റിൻകര എന്നീ നഗരസഭകളിൽ വരുന്ന 3 വർഷത്തിനുള്ളിൽ മലിനജലം ശേഖരിക്കുവാനും പരിപാലിക്കുവാനുമുള്ള സംവിധാനം സൃഷ്ടിക്കപ്പെടണം. അതോടൊപ്പം കിളിമാനൂർ, വെഞ്ഞാറമൂട്, വെള്ളനാട്, കാട്ടാക്കട, ബാലരാമപുരം, പോത്തൻകോട്, നന്ദിയോട്, വിതുര, കുറ്റിച്ചൽ തുടങ്ങിയ ചെറുപട്ടണങ്ങളും മലിനജല പരിപാലന പദ്ധതിയുടെ ഭാഗമാക്കേണ്ടതാണ്.
- മറ്റു പ്രദേശങ്ങളിൽ ഗാർഹിക സോക്കേജ്പിറ്റുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികളും തദ്ദേശസ്വയംഭരണ സ്ഥാപന തലത്തിൽ ആവിഷ്ക്കരിക്കപ്പെടണം.

സംയോജന സാധ്യതകൾ

എ) എം.ജി.എൻ.ആർ.ഇ.ജി.എസ്:– മഹാത്മാഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതിയുമായി ബന്ധപ്പെടുത്തി ജൈവമാലിന്യ സംസ്ക്കരണ രംഗത്ത് 2 പ്രധാന പ്രവർത്തനങ്ങൾ ആവിഷ്ക്കരിക്കാവുന്നതാണ്.

1. എല്ലാ വീടുകളിലും മലിനജലക്കുഴി (സോക്ക് പിറ്റ്)
2. സ്ഥലലഭ്യതയുള്ള വീടുകളിൽ കമ്പോസ്റ്റ് പിറ്റ്

ഈ രണ്ട് പ്രവർത്തനങ്ങളും ഗ്രാമപഞ്ചായത്തുകളുടെ പദ്ധതിയിലേയ്ക്ക് കൊണ്ടു വരുകയും വരുന്ന രണ്ട് വർഷത്തിനുള്ളിൽ ഇവ പൂർത്തിയാക്കുകയും ചെയ്യാവുന്നതാണ്.

ബി) കുടുംബശ്രീ:– ഹരിതകേരളം മിഷൻ വിഭാവനം ചെയ്യുന്ന ഹരിതകർമ്മസേന രൂപീകരണം തുടർനടത്തിപ്പും കുടുംബശ്രീ മിഷൻ വഴി സംഘടിപ്പിക്കാവുന്നതാണ്. ഇപ്പോൾ ഹരിതകർമ്മസേനാ പരിശീലനം കുടുംബശ്രീയാണ് ഏറ്റെടുത്തിട്ടുള്ളത്.

സി) കാർഷിക സർവ്വകലാശാല & കൃഷി വകുപ്പ്:– കാർഷിക സർവ്വകലാശാല വികസിപ്പിച്ചിട്ടുള്ള ബയോ കമ്പോസ്റ്റർ ഉപയോഗപ്പെടുത്തി ഫ്ളാറ്റുകൾ, ഓഫീസ് സമുച്ചയങ്ങൾ തുടങ്ങിയ ഇടങ്ങളിൽ ജൈവ മാലിന്യ പരിപാലനം സാധ്യമാക്കാം. ഇങ്ങനെ ഉല്പാദിപ്പിക്കപ്പെടുന്ന കമ്പോസ്റ്റ് കൃഷി വകുപ്പ് വഴി കർഷകർക്ക് വിതരണം ചെയ്യാവുന്നതാണ്.

ഡി) കെ.എസ്.ഇ.ബി:– മാർക്കറ്റുകൾ, വലിയ ഓഫീസ് സമുച്ചയങ്ങൾ എന്നിവിടങ്ങളിൽ ബയോഗ്യാസ്പ്ളാന്റ് സ്ഥാപിക്കുകയും ഇതിൽനിന്നും ഉണ്ടാകുന്ന ഗ്യാസ് ഉപയോഗപ്പെടുത്തി വൈദ്യുതി ഉല്പാദിപ്പിച്ച് സ്ട്രീറ്റ് ലൈറ്റുകളും മറ്റ് ലൈറ്റുകളും പ്രകാശിപ്പിക്കാവുന്നതാണ്. നിലവിൽ ചില മാർക്കറ്റുകളിൽ ഇവ സ്വകാര്യ ഏജൻസികളുടെ സഹായത്തോടെ നടപ്പാക്കിയിട്ടുണ്ടെങ്കിലും തുടർ നടത്തിപ്പിനുള്ള സംവിധാനത്തിന്റെ അഭാവവും മോണിട്ടറിംഗിന്റെ കുറവും പ്രത്യേകം ശ്രദ്ധ നൽകേണ്ടതാണ്.

7.4.2.4. പാർപ്പിടം

ജില്ലയിൽ ആകെ 8,28,774 ഭവനങ്ങളാണ് നിലവിലുള്ളത്. കഴിഞ്ഞ 5 വർഷക്കാലത്തെ ഭവനനിർമ്മാണം – വിവിധ പദ്ധതികൾ പ്രകാരം അനുവദിച്ച വീടുകളിൽ 18.27% പൂർത്തീകരിക്കാൻ അവശേഷിക്കുന്നു. ഇതിൽ 47.28 ശതമാനം എസ്.സി മേഖലയിലും 8 ശതമാനം എസ്.റ്റി മേഖലയിലും 9 ശതമാനം ന്യൂനപക്ഷവും ആണെന്നുള്ളത് ശ്രദ്ധേയമാണ്. അതായത് പൂർത്തീകരിക്കേണ്ട വീടുകളിൽ 64 ശതമാനം പിന്നാക്ക ദുർബല വിഭാഗങ്ങളിലാണ്. ജില്ലയിൽ ആകെ എസ്.സി ഭവനങ്ങളുടെ 15.2 % വും എസ്.റ്റി ഭവനങ്ങളുടെ 6.8% വും ജീർണ്ണാവസ്ഥയിലുള്ള ഭവനങ്ങളാണ്. എസ്.സി വിഭാഗത്തിന്റെ ഭവനങ്ങളിൽ

17% ഒറ്റമുറി വീടുകളും എസ്.റ്റി യുടേത് 20% വുമാണ്. അടുക്കളയില്ലാത്ത 7325 എസ്.സി ഭവനങ്ങളും 705 എസ്.റ്റി ഭവനങ്ങളുമുണ്ട്. ഇക്കാര്യങ്ങളിൽ ഗ്രാമ – നഗരങ്ങൾ തമ്മിൽ വലിയ വ്യത്യാസം കാണുന്നില്ല.

ജില്ലയിൽ ഭവനരഹിതരുടെയും ഭൂരഹിത – ഭവനരഹിതരുടെയും എണ്ണം എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും ഒരേ നിരക്കിലല്ല. ഇത് മലയോര പ്രദേശങ്ങളിലും തീരദേശ മേഖലയിലും വളരെ കൂടുതലാണ്. ആയതിനാൽ പ്രസ്തുത പ്രദേശങ്ങളിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് കൂടുതൽ പരിഗണനയും വിഭവലഭ്യതയും ഉറപ്പ് വരുത്തേണ്ടത് അനിവാര്യമാണ്.

ജില്ലയിൽ സർക്കാർ സഹായം ലഭിച്ചിട്ടും വീടുകൾ നിശ്ചിത സമയത്തിനുള്ളിൽ പൂർത്തീയാക്കാൻ കഴിയാത്തതിന്റെ കാരണങ്ങൾ താഴെ പറയും പ്രകാരമാണ്.

- ഗതാഗതസൗകര്യം ഇല്ലാത്തതിനാൽ നിർമ്മാണ സാമഗ്രികൾ ദീർഘദൂരത്ത് നിന്ന് സ്ഥലത്ത് എത്തിക്കുന്നതിന് നല്ലൊരു ശതമാനം തുക ചെലവഴിച്ചതിനാൽ 35% ഗുണഭോക്താക്കളുടെ വീടുകൾ പൂർത്തീകരിച്ചിട്ടില്ല.
- 23 ശതമാനം ഗുണഭോക്താക്കൾ അനുവദനീയ പ്ലാനിൽ ആഗ്രഹത്തിനനുസരിച്ച് മാറ്റം വരുത്തിയത് കാരണം നിർമ്മാണ ചെലവ് കൂടുകയും നിർമ്മാണം തടസ്സപ്പെടുകയും ചെയ്തു.
- 14% ഗുണഭോക്താക്കൾ വീട് നിർമ്മിക്കാൻ അനുവദിച്ച തുക വിവാഹം പോലുള്ള മറ്റ് സ്വകാര്യ ആവശ്യങ്ങൾക്ക് ഉപയോഗിച്ചതിനാൽ നിർമ്മാണം യഥാസമയം പൂർത്തീകരിക്കാൻ കഴിഞ്ഞിട്ടില്ല.
- ഭൂമിയുടെ കിടപ്പ്, ചരിവ്, പ്രതികൂലമായ കാലാവസ്ഥ, പ്രകൃതിക്ഷോഭം എന്നിവ കാരണം നിർമ്മാണ ചെലവ് വർദ്ധിക്കുകയും വീട് നിർമ്മാണം തടസ്സപ്പെടുകയും ചെയ്ത ഗുണഭോക്തൃ കുടുംബങ്ങളുടെ എണ്ണം 20 ശതമാനത്തോളം വരും. 7 ശതമാനത്തോളം ഗുണഭോക്താക്കളുടെ ഭൂമി വീട് നിർമ്മാണത്തിന് അനുയോജ്യമല്ല.
- നിർമ്മാണ സാമഗ്രികളുടെ ഉയർന്ന നിരക്ക്, ബദൽ സാങ്കേതിക വിദ്യകളുടെ വ്യാപനമില്ലായ്മ എന്നിവയും, മേൽനോട്ടത്തിന്റെയും സാങ്കേതിക സഹായങ്ങളുടെയും അഭാവവും സാധന സാമഗ്രികളുടെ വിലയായി 60 ശതമാനത്തോളം തുക ചെലവഴിക്കേണ്ട സാഹചര്യമുണ്ടാക്കുന്നു.
- ഗുണഭോക്താക്കളെ കണ്ടെത്തുന്നതിൽ വരുന്ന അപാകത, സമയബന്ധിതമായി പദ്ധതി നടത്തിപ്പിൽ വരുന്ന കാലതാമസം എന്നിവ നിർമ്മാണ പൂർത്തീകരണത്തെ ബാധിച്ചു.
- ഭവനനിർമ്മാണത്തിന് വകുപ്പുകൾ വ്യത്യസ്ത യൂണിറ്റ് കോസ്റ്റാണ് നിശ്ചയിച്ചിരുന്നത്. ഇത് കുറഞ്ഞ തുക നൽകുന്ന വകുപ്പുകളുടെ ഭവനനിർമ്മാണ പൂർത്തീകരണത്തെ സാരമായി ബാധിച്ചു.

മേൽത്തട്ട് നിർദ്ദേശങ്ങൾ

- ദാരിദ്ര്യരേഖയ്ക്ക് മുകളിലുള്ള പരിമിത വരുമാനക്കാർക്ക് തിരിച്ചടവ് ശേഷിയുള്ള കുടുംബങ്ങൾക്ക് ഹൗസിംഗ് പലിശ സബ്സിഡി പദ്ധതി
- ദാരിദ്ര്യരേഖയ്ക്ക് മുകളിലുള്ള പരിമിത വരുമാനക്കാർക്കായി ഹൗസിംഗ് – ഇന്ററസ്റ്റ് സബ്സിഡി സ്കീം രൂപീകരിക്കുക
- ഫണ്ട് ലഭ്യതകാലാനുസൃതമായി ഉറപ്പുവരുത്തുക. വരുമാനം കുറഞ്ഞ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് അധികസഹായം അനുവദിക്കുക
- സാങ്കേതിക സ്ഥാപനങ്ങൾ/ഏജൻസികളുടെ പങ്കാളിത്തം ഉറപ്പുവരുത്തുന്നതിനുള്ള നിർദ്ദേശങ്ങൾ നൽകുക
- സംയോജന സാധ്യതകൾ ഉറപ്പുവരുത്തുന്നതിനുള്ള നിർദ്ദേശങ്ങൾ
- ലൈഫ് മിഷൻ മാനദണ്ഡങ്ങൾ പ്രകാരം കണ്ടെത്തിയ കുടുംബങ്ങളെ എസ്.ഇ.സി.സി ലിസ്റ്റിൽ ചേർക്കുന്നതിനുള്ള അനുമതി കേന്ദ്ര സർക്കാരിൽ നിന്നും ലഭ്യമാക്കുക.
- സോഷ്യൽ ഓഡിറ്റിംഗിന് വ്യവസ്ഥാപിത സംവിധാനം
- ഭവന ഇൻഷ്വറൻസ് സ്കീം നടപ്പിലാക്കുക.

കീഴ്തട്ട് നിർദ്ദേശങ്ങൾ

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ

- പൂർത്തീകരിക്കാത്ത വീടുകളുടെ പൂർത്തീകരണത്തിനായി വാർഷിക പദ്ധതി തയ്യാറാക്കുക
- ഏകീകൃത ഗുണഭോക്തൃ ലിസ്റ്റ് തയ്യാറാക്കൽ
- ഭൂരഹിതർക്ക് പാർപ്പിട സമുച്ചയത്തിനുള്ള സ്ഥലം കണ്ടെത്തൽ
- തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ ഭവന സാക്ഷരതാ യജ്ഞം, ഐ.ഇ.സി പ്ലാൻ ചെലവ് കുറഞ്ഞ സാങ്കേതിക വിദ്യയുടെ വ്യാപനം
- വിവിധ പദ്ധതികളുടെ സമന്വയത്തിലൂടെ അധിക വിഭവ സമാഹരണം, ഗുണഭോക്തൃ സേവനങ്ങൾ ഉറപ്പാക്കൽ
- കെട്ടിടനിർമ്മാണവുമായി ബന്ധപ്പെട്ട സാങ്കേതിക തൊഴിലാളികളെ ഉൾപ്പെടുത്തി ലേബർ ഗ്രൂപ്പുകളും ഹൗസിംഗ് സൊസൈറ്റികളും രൂപീകരിക്കുന്നതിന് മുൻകൈയെടുക്കുക.
- ഖരജലമാലിന്യ സംസ്കരണത്തിന് പദ്ധതി തയ്യാറാക്കുക
- മൈക്രോപ്ലാൻ (ഗുണഭോക്തൃ/വാർഡ് തലത്തിൽ) തയ്യാറാക്കൽ
- വാർഷിക കർമ്മപദ്ധതി തയ്യാറാക്കൽ
- സോഷ്യൽ ഓഡിറ്റിനുള്ള ക്രമീകരണങ്ങൾ ചെയ്യുക

ബ്ലോക്ക് പഞ്ചായത്ത്

- ഗ്രാമ പഞ്ചായത്ത്തല പദ്ധതികളുടെ ക്രോഡീകരണം
- ബ്ലോക്ക്തല ഐ.ഇ.സി പ്ലാൻ തയ്യാറാക്കൽ
- വിവിധ വികസന വകുപ്പുകളും/ഏജൻസികളും കേന്ദ്രപദ്ധതികളുമായുള്ള സമന്വയം ഉറപ്പാക്കൽ
- ലേബർ ഗ്രൂപ്പുകൾക്ക് മേസ്തിരി പരിശീലനം, വിന്യാസം
- മുൻപിൻ ബന്ധങ്ങൾ, സഹായസംവിധാനങ്ങൾ എന്നിവ ഉറപ്പാക്കൽ
- സാങ്കേതിക സ്ഥാപനങ്ങളേയും, എഞ്ചിനിയറിംഗ് വിദഗ്ധരേയും ഉൾപ്പെടുത്തി ചെലവു കുറഞ്ഞ സാങ്കേതിക വിദ്യയുടെ വ്യാപനം
- ബ്ലോക്കുതല ലേബർ കോൺട്രാക്ട് സൊസൈറ്റികൾ രൂപീകരിക്കുക
- സോഷ്യൽ ഓഡിറ്റിംഗ്
- നിർമ്മാണ സാമഗ്രികളുടെ ലഭ്യത ഉറപ്പുവരുത്തുക
- ഗ്രാമപഞ്ചായത്തുകളിലെ സഹായ സംവിധാനങ്ങൾ ബ്ലോക്ക്തലത്തിൽ ഏകോപിപ്പിക്കുക

ജില്ലാ പഞ്ചായത്ത്

- ബ്ലോക്ക്തല പദ്ധതികളുടെ ക്രോഡീകരണം
- ജില്ലയുടെ സമഗ്ര–സംയോജിത ഭവന നിർമ്മാണ പദ്ധതി രൂപീകരണം
- സാങ്കേതിക സ്ഥാപനങ്ങൾ/ഏജൻസികൾ/സാങ്കേതിക പ്രവർത്തകർ എന്നിവരെ ഉൾപ്പെടുത്തി ജില്ലതല വിഭവസേന രൂപീകരിക്കുക
- കേന്ദ്രപദ്ധതികളുടെ വിവിധ വകുപ്പുകളുമായുള്ള സമന്വയം ഉറപ്പാക്കുക
- പിൻതുണാ സംവിധാനങ്ങൾ ഏകോപിപ്പിക്കുക
- ഭവനസമുച്ചയ നിർമ്മാണത്തിനുള്ള ഭൂമി ലഭ്യത ഉറപ്പാക്കുക
- ജില്ലയിലെ ഭവന നിർമ്മാണത്തിനുള്ള വിഭവ ലഭ്യത ഉറപ്പാക്കുക
- ചെലവുകുറഞ്ഞ ടെണ്ടർ സാങ്കേതിക വിദ്യകളുടെ വ്യാപനത്തിനായി ഇടപെടൽ നടത്തുക
- നിർമ്മാണ സാമഗ്രികളുടെ ലഭ്യതയും വില നിയന്ത്രണവും ഉറപ്പാക്കുക

- പ്രാദേശികവിഭവസമാഹരണത്തിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ സഹായിക്കുക
- മോണിറ്ററിംഗ് ശക്തിപ്പെടുത്തുന്നതിന് ഇടപെടൽ നടത്തുക
- സോഷ്യൽ ഓഡിറ്റ് റിപ്പോർട്ടിൻ മേൽ തുടർനടപടികൾ സ്വീകരിക്കുക

7.4.2.5. വിദ്യാഭ്യാസം

- ഗുണമേന്മയുള്ള വിദ്യാഭ്യാസം കുട്ടികളുടെ അവകാശം എന്ന മുദ്രാവാക്യത്തിലൂന്നി 2030-ഓടെ കേരളം സമഗ്രവികസനത്തിന്റെ ഏറ്റവും സന്തുലിതമായ അവസ്ഥയിൽ എത്തിചേരുമെന്നാണ് നാം വിഭാവന ചെയ്യുന്നത്. ലോകത്തിനാകെ ഇപ്പോൾ തന്നെ മാതൃകയായ ഈ സംസ്ഥാനം 'സ്വാവലംബിത വികസന സമീപന'മാണ് കാഴ്ചപ്പാടായി സ്വീകരിച്ചിരിക്കുന്നത്. നമ്മുടെ വിദ്യാലയങ്ങളെയും കുട്ടികളെയും അധ്യാപകരെയും അന്താരാഷ്ട്ര നിലവാരത്തിലേക്ക് എത്തിക്കുന്നതിനുവേണ്ടി പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞവുമായി കേരളം മുന്നോട്ട് കുതിക്കുകയാണ്. മാനവശേഷി വികസനം ഏറ്റവും കുടുതൽ ഉപയോഗപ്പെടുത്തുന്ന ഈ മേഖലയിൽ 2017-ലെ വിവര സൂചിക നൽകുന്ന ഉയർച്ച 2030 ലേക്കുള്ള പ്രയാണത്തിന് അടിത്തറ പാകുന്നു.
- ജില്ലയിൽ ആകെ 988 സ്കൂളുകളാണുള്ളത്. ഇതിൽ 531 ഗവൺമെന്റ് സ്കൂളുകളും 360 എയ്ഡഡ് സ്കൂളുകളും 97 അൺ എയ്ഡഡ് സ്കൂളുകളുമാണ്.
- ഗവൺമെന്റ് തലത്തിൽ 126 ഹൈസ്കൂളുകളും 98 യു.പി സ്കൂളുകളും 307 എൽ.പി സ്കൂളുകളും ഉണ്ട്. എയ്ഡഡ് തലത്തിൽ 94 ഹൈസ്കൂകളും 94 യു.പി സ്കൂളുകളും 172 എൽ.പി സ്കൂളുകളും ഉണ്ട്.
- ജില്ലയിൽ എല്ലാ വിഭാഗത്തിൽ നിന്നുമായി 578075 കുട്ടികൾ പഠനം നടത്തുന്നു (പ്രീപ്രൈമറി മുതൽ 12 വരെയുള്ള ക്ലാസ്സുകളിലെ കുട്ടികളുടെ സ്ഥിതി വിവരം)
- ആകെയുള്ള കുട്ടികളിൽ 1.75% കുട്ടികൾ പ്രത്യേക പരിഗണന അർഹിക്കുന്ന വിഭാഗത്തിൽപ്പെടുന്നു. ഇത്തരം കുട്ടികളുടെ പഠനസൗകര്യങ്ങൾ സ്കൂളുകളിൽ ഒരുങ്ങേണ്ടതായിട്ടുണ്ട്.
- ജില്ലയിൽ 15 ഏകാധ്യാപക വിദ്യാലയങ്ങളിലായി 143 വിദ്യാർത്ഥികൾ പഠിക്കുന്നു.

പ്രീ-പ്രൈമറി

- ജില്ലയിൽ 7 ഗവ. പ്രീ-പ്രൈമറി സ്കൂളുകൾ മാത്രമാണ് നിലവിലുള്ളത്. 384 പ്രീ-പ്രൈമറി സ്കൂളുകൾ പി.ടി.എ യുടെ നേതൃത്വത്തിൽ പ്രവർത്തിക്കുന്നു. 28,573 ആൺകുട്ടികളും 29330 പെൺകുട്ടികളും അടക്കം 57903 കുട്ടികൾ ഈ വിഭാഗത്തിൽ പഠിക്കുന്നുവെങ്കിലും കുട്ടികളുടെ ആവശ്യാനുസരണം സ്കൂളുകൾ നിലവിലില്ല. ക്രഷുകൾ, ഡേകെയറുകൾ ഇവ യാതൊരു രജിസ്ട്രേഷനുമില്ലാതെ തുടങ്ങുന്നു. മോണിട്ടറിംഗ് സമ്പ്രദായത്തിന് പുറത്താണ് ഈ സ്ഥാപനങ്ങൾ.

നിലവിലെ അവസ്ഥ

- കെട്ടിടമോ, സുരക്ഷയോ, ശിശുപരിചരണ സൗകര്യങ്ങളോ ഇല്ല.
- ഭക്ഷണശീലങ്ങൾ, പോഷകങ്ങൾ, സമയക്രമം എന്നിവ ഉറപ്പാക്കുന്നില്ല.
- ശിശുമാനസിക ശാരീരിക വികാസത്തിനനുയോജ്യമായ കളി ഉപകരണങ്ങൾ കുറവ്.
- പരിശീലനം നേടിയ അദ്ധ്യാപകരെ ശിശു പരിചരണമേറ്റെടുക്കൽ എന്നത് ജോലി മാത്രമായി കാണാൻ പ്രേരിപ്പിക്കുന്നു.
- സർക്കാർ തയ്യാറാക്കിയ സിലബസ് നിലവിലുള്ളപ്പോൾ മിക്ക സ്കൂളുകളിലും കുട്ടികൾ അനംഗീകൃത തരം സിലബസിന്റെ ഭാരം പേറാൻ ബാദ്ധ്യസ്ഥരാകുന്നു.
- ആരോഗ്യകരമായ ഗൃഹസംവിധാനം വിദ്യാലയത്തിന്റെ പരിധിയിൽ വരുന്നില്ല.
- കുട്ടികളുടെ എണ്ണം കൂടുതൽ പരിചരണത്തെ ബാധിക്കുന്നു.
- പ്രീ-സ്കൂൾ ബോധനത്തെക്കുറിച്ച് അദ്ധ്യാപകർക്ക് വിദഗ്ദ്ധ രീതിയിലുള്ള പരിശീലനം ലഭ്യമാകുന്നില്ല. കലാകായിക പ്രവർത്തനങ്ങളിൽ ഈ കുട്ടികളുടെ വികാസം കാര്യമായി പരിഗണിക്കപ്പെടുന്നില്ല.

പ്രൈമറി വിഭാഗം

നിലവിലെ അവസ്ഥ

- ശിശുകേന്ദ്രികൃത വിദ്യാഭ്യാസ ബോധന പ്രക്രിയ ചിലപ്പോഴെങ്കിലും നടപ്പാക്കുന്നില്ല.
- കലാകായിക പ്രവൃത്തിപഠന വിദ്യാഭ്യാസത്തിൽ ധാരാളം വിടവുകൾ ഉണ്ട്. മാതൃഭാഷയുടെ പ്രാധാന്യം ഉറപ്പാക്കാൻ കഴിയുന്നില്ല. വിദ്യാർത്ഥികളുടെ എണ്ണം കൂടുതൽ ക്ലാസ് പ്രവർത്തനങ്ങൾ തടസ്സമാകുന്നു.
- കളിസ്ഥലങ്ങളുടെ അപര്യാപ്തത
- നിലവാരമില്ലാത്ത ശുചിമുറികൾ
- പരിസ്ഥിതി സൗഹൃദ അന്തരീക്ഷം നിലനിർത്താൻ കഴിയാതിരിക്കുക.
- ശുദ്ധജലലഭ്യത കുറവ്
- കുട്ടികളുടെ സുരക്ഷ വീട്ടിൽ ഉറപ്പാക്കാൻ കഴിയാതെ വരുന്നു
- ലഹരി പദാർത്ഥങ്ങളുടെ ഉപയോഗത്തിന് കുരുന്നിലേ അടിമപ്പെട്ടുപോകുന്നത് തടയാൻ കഴിയുന്നില്ല.
- ഫലപ്രദമായ കൗൺസലിംഗിന്റെ അഭാവം
- ലബോറട്ടറി, ലൈബ്രറി സൗകര്യങ്ങൾ കുട്ടിയുടെ സൗകര്യത്തിനനുസരിച്ച് ഉറപ്പാക്കാൻ കഴിയുന്നില്ല.
- ഭിന്നശേഷിക്കാരായ കുട്ടികൾക്ക് ഹോംട്യൂഷൻ പോലുള്ള സംവിധാനങ്ങൾ ഫലപ്രദമാകുന്നില്ല.
- റിസോഴ്സ് അദ്ധ്യാപകരുടെ ഇടപെടൽ അപര്യാപ്തമാണ്.
- കായികമായ കഴിവുകൾ വികസിപ്പിക്കുന്നതിൽ അങ്ങേയറ്റം പ്രതിബന്ധങ്ങൾ നേരിടുന്നു.
- പോക്സോ പോലുള്ള നിയമങ്ങൾ, വിദ്യാഭ്യാസ അവകാശ നിയമം ഇവയൊന്നും പൂർണ്ണ അർത്ഥത്തിൽ പാലിക്കപ്പെടുന്നില്ല.
- രക്ഷാകർതൃബോധവൽക്കരണ പ്രക്രിയ ഫലവത്താകുന്നില്ല.

ഹൈസ്കൂൾ വിഭാഗം

നിലവിലെ അവസ്ഥ

- അവരവരുടെ ജന്മസിദ്ധമായ കഴിവുകൾ എന്ത് എന്ന് തിരിച്ചറവ് നേടാനാകുന്നില്ല.
- പാഠ്യപദ്ധതി വിഭാവനം ചെയ്യുന്ന കഴിവുകൾ കുട്ടികൾക്ക് പൂർണ്ണമായും ലഭിക്കുന്നില്ല.
- ശിശുകേന്ദ്രീകൃതമെന്ന് പറയുമ്പോഴും അദ്ധ്യാപക കേന്ദ്രീകൃതമായ പഠനമാണിപ്പോഴും നടക്കുന്നത്.
- അദ്ധ്യാപക–വിദ്യാർത്ഥി അനുപാതം 1:45 ആണ്. ഇത് കൂടുതൽ ആണ്.
- പാഠ്യേതര പദ്ധതികൾ പരിപോഷിപ്പിക്കപ്പെടുന്നില്ല.
- അദ്ധ്യാപകരുടെ പരിശീലനം ഫലപ്രദമാകുന്നില്ല.

ഹയർ സെക്കണ്ടറി വിഭാഗം

നിലവിലെ അവസ്ഥ

- തിങ്ങിനിറയുന്ന ക്ലാസ്സ്മുറികൾ, ഓരോ ക്ലാസ്സിലും 60 ഉം അതിലേറെയും കുട്ടികൾ
- കൗമാരപ്രായത്തിന്റെ പാരമ്യത്തിൽ എത്തിനിൽക്കുന്ന ഹയർ സെക്കണ്ടറി വിദ്യാർത്ഥികൾക്ക് കായിക വിദ്യാഭ്യാസം നിക്ഷേധിക്കപ്പെടുന്ന അവസ്ഥ.
- വേണ്ടത്ര ലൈബ്രറി, റീഡിംഗ് റൂം, ലബോറട്ടറി എന്നിവയുടെ കുറവ്
- പാഠ്യേതര പ്രവർത്തനങ്ങളുടെ ഗുണം മുഴുവൻ കുട്ടികൾക്ക് ലഭ്യമാകുന്നില്ല.
- സ്കൂളുകളിൽ രാഷ്ട്രീയം നിരോധിക്കപ്പെട്ട അവസ്ഥയിൽ അവരിൽ പൗരബോധം വളർത്തിയെടുക്കാനുള്ള സംവിധാനം ഇല്ല. സ്കൂൾ പാർലമെന്റ് പ്രവർത്തനസജ്ജമല്ല.
- മാതൃഭാഷാപഠനം, ഇംഗ്ലീഷ് ഭാഷാ പഠനം എന്നിവ കാര്യക്ഷമമല്ല.
- അദ്ധ്യാപക ശാക്തീകരണ പരിപാടികൾ കാര്യക്ഷമമല്ല.
- മോണിറ്ററിംഗ് സംവിധാനം കാര്യക്ഷമമല്ല.

വി.എച്ച്.എസ്.സി മേഖല

നിലവിലെ അവസ്ഥ

- പ്രാദേശിക/ദേശീയ സാദ്ധ്യതകൾക്കനുസൃതമായ കോഴ്സുകൾ തെരഞ്ഞെടുക്കാൻ വേണ്ട ഗൈഡൻസിന്റെ അവാഭം
- നിലവിലെ സാമ്പ്രദായിക ക്ലാസ്റൂം സങ്കൽപം തൊഴിലധിഷ്ഠിത വിദ്യാഭ്യാസത്തിന് അനുയോജ്യമല്ല.
- പരീക്ഷണശാലകൾ സുസജ്ജമല്ല.
- പ്രൊഡക്ഷൻ-കം-ട്രെയിനിംഗ് സെന്ററുകൾ എല്ലാ സ്കൂളുകളിലും ഇല്ല.
- അപ്രന്റീസ്ഷിപ്പ് സൗകര്യങ്ങളും പര്യാപ്തമല്ല.
- പ്ലെയിസ്മെന്റ് സൗകര്യങ്ങൾ ഇല്ല.
- ഫിനിഷിംഗ് സ്കൂൾ സംവിധാനം ഇല്ല.
- സംരംഭകത്വം-സംരംഭകത്വം പ്രോത്സാഹിപ്പിക്കുന്നതിനുള്ള പദ്ധതികൾ ഇല്ല.

സാങ്കേതിക വിദ്യാഭ്യാസം

- ജില്ലയിൽ 2 സർക്കാർ എഞ്ചിനീയറിംഗ് കോളേജുകളും 3 സർക്കാർ നിയന്ത്രിത എഞ്ചിനീയറിംഗ് കോളേജുകളും 5 സർക്കാർ പോളിടെക്നിക്കുകളും ഒരു സ്വകാര്യ പോളിടെക്നിക്കും 8 സർക്കാർ ഐ.ടി.ഐ കളും 1 കൊമേഴ്സ്യൽ ഇൻസ്റ്റിറ്റ്യൂട്ടും 3 ടെക്നിക്കൽ ഹൈസ്കൂളുകളും നിലവിലുണ്ട്.

നിലവിലെ അവസ്ഥ

- സ്വകാര്യ എഞ്ചിനീയറിംഗ് കോളേജുകൾ അടച്ചുപൂട്ടൽ ഭീഷണി നേരിടുമ്പോഴും പോളിടെക്നിക്കുകളിലും ഐ.ടി.ഐ കളിലും പഠിക്കാനായി വരുന്ന കുട്ടികളുടെ എണ്ണത്തിൽ ഇടിവുണ്ടായിട്ടില്ല അക്കാദമിക് മാസ്റ്റർ പ്ലാനിന്റെ അഭാവം നിലനിൽക്കുന്നു.
- ഫിനിഷിംഗ് സ്കൂളുകൾ, സ്കിൽ ട്രെയിനിംഗ് സെന്ററുകൾ മറ്റടിസ്ഥാന പരിശീലനങ്ങൾ എന്നിവയുടെ അഭാവം.
- കരിയർ ഗൈഡൻസ് യൂണിറ്റുകൾ എല്ലാ സ്ഥാപനങ്ങളിലും ഇല്ല.
- സ്ഥാപനങ്ങളുടെ ഓഫീസുകളിൽ ഇ-ഗവേണൻസ് സംവിധാനം ഇല്ല.
- ലൈബ്രറി സംവിധാനം പര്യാപ്തമല്ല.
- എൻ.എസ്.ക്യൂ.എഫ് ന്റെ കോഴ്സുകൾ നടത്തുന്നതിനാവശ്യമായ ഫാക്കൽറ്റി ട്രെയിനിംഗ് സെന്ററുകൾ ഇല്ല.

ഇവിടെ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് നൂറുശതമാനം പ്ലേസ്മെന്റ് ലഭിക്കുന്നില്ല. പഠനത്തോടൊപ്പം സ്കിൽ ലെവൽ വർധിപ്പിക്കാനാവശ്യമായ പരിശീലനത്തിനായി അക്കാദമിക് മാസ്റ്റർപ്ലാൻ നിലവിലില്ല. സാമൂഹിക പ്രതിബന്ധതമുള്ള പ്രോജക്ടുകളും മിനി പ്രോജക്ടുകളും ആവശ്യത്തിനില്ല. ടെക്നോളജി ട്രാൻസ്ഫർ നടത്താനാവശ്യമായ സൗകര്യങ്ങളില്ല.

അദ്ധ്യാപക വിദ്യാഭ്യാസം

പ്രധാന പ്രശ്നങ്ങൾ

- പാഠ്യപദ്ധതി പരിഷ്ക്കരണം കാലാനുസൃതമല്ല.
- സ്കൂളുകളിൽ നടപ്പാക്കുന്ന പഠനതന്ത്രങ്ങളുടെ ട്രൈ ഔട്ട് കേന്ദ്രങ്ങളാകാൻ കഴിയുന്നില്ല.
- മികച്ച ലാബ്, ലൈബ്രറി സംവിധാനങ്ങൾ അപര്യാപ്തമാണ്
- ഇന്റേണൽ അസ്സെസ്സ്മെന്റ് സമ്പ്രദായത്തിൽ നിലനിൽക്കുന്ന പോരായ്മകൾ
- അഭിരുചി നിർണ്ണയം നടത്താതെയുള്ള വിദ്യാർത്ഥി പ്രവേശനം
- ഐ.സി.ടി മേഖലയിലുള്ള പരിചയക്കുറവ്
- വ്യക്തിത്വവികസനത്തിനുള്ള കൂടുതൽ അവസരങ്ങൾ ലഭിക്കുന്നില്ല.
- കലാകായിക പ്രവർത്തനങ്ങൾ വിരളം

- ശാരീരിക മാനസിക ആരോഗ്യ വിദ്യാഭ്യാസത്തിൽ ഉയർന്ന ശേഷികൾ ലഭ്യമാകുന്നില്ല.
- കളിസ്ഥലങ്ങൾ ഇല്ലാത്ത സ്ഥലപരിമിതി
- ആധുനിക വിദ്യാഭ്യാസത്തിന് ചേരാത്ത കെട്ടിട സംവിധാനം
- തൊഴിലിൽ വിന്യസിക്കപ്പെടാനുള്ള കാലതാമസം
- പൊതു വിദ്യാഭ്യാസത്തിൽ ഏർപ്പെട്ടിരിക്കുന്ന മറ്റു ഏജൻസികളുമായുള്ള ഏകോപനം
- മൂല്യാധിഷ്ഠിത അധ്യാപനം എന്നതിലേക്കുള്ള വളർച്ചക്കുറവ്
- റിസോർസ് സെന്ററുകളുടെ അഭാവം
- പ്രത്യേക പരിഗണന അർഹിക്കുന്ന അദ്ധ്യാപക വിദ്യാർത്ഥികൾക്ക് വേണ്ട സൗകര്യങ്ങൾ ഇല്ല.
- പാരിസ്ഥിതിക അവബോധം ഒട്ടും ഇല്ലാത്ത കാമ്പസ്
- ലിംഗസമത്വ പാഠങ്ങൾ ഇല്ലാത്ത സിലബസ്സും പ്രയോഗവും
- മികവുകൾ അളക്കലും മെച്ചപ്പെടുത്തലും നിരന്തര പ്രക്രിയ ആകാത്ത അവസ്ഥ.

സാക്ഷരതയും തുടർവിദ്യാഭ്യാസവും

പരിമിതികൾ

- നിരക്ഷരരെ കണ്ടെത്തി സാക്ഷരരാക്കാനും തുല്യതാപഠിതാക്കളെ കണ്ടെത്താനും സമഗ്ര സാക്ഷരതാ സർവ്വെ നടത്താൻ കഴിഞ്ഞില്ല.
- അനൗപചാരിക വിദ്യാഭ്യാസമെന്ന ലക്ഷ്യം പൂർണ്ണതയിൽ എത്തിയിട്ടില്ല.
- സാക്ഷരതാ പ്രവർത്തനം കൂടാതെ 4, 7, +1, +2 തുല്യതാ പരിപാടികൾക്ക് വേണ്ടത്ര പ്രാമുഖ്യം നൽകാൻ കഴിയുന്നില്ല.

വികസന ലക്ഷ്യം

2018–19 ൽ സമ്പൂർണ്ണ ഏഴാംതരം തുല്യത, 2019–20 സമ്പൂർണ്ണ പത്താംതരം തുല്യത, 2021–22 ൽ സമ്പൂർണ്ണ ഹയർ സെക്കണ്ടറി തുല്യത എന്നിവ കൈവരിക്കുന്ന ജില്ലയായി തിരുവനന്തപുരം മാറണം.

ആവശ്യങ്ങൾ

ഭൗതികം	അക്കാഡമിക്	സാമൂഹ്യം
മുഴുവൻ വിദ്യാകേന്ദ്രങ്ങൾക്കും കെട്ടിടം. ജില്ലാ സാക്ഷരതാഭവൻ സാക്ഷരതാ മ്യൂസിയം. മുഴുവൻ വിദ്യാകേന്ദ്രങ്ങൾക്കും ഇന്റർനെറ്റ് ഉൾപ്പെടെ കമ്പ്യൂട്ടർ പ്രിന്റർ. സാക്ഷരതാ തുടർവിദ്യാഭ്യാസം – രജിസ്ട്രേഷൻ ഫീസ്, കോഴ്സ് ഫീസ്, പരീക്ഷാ ഫീസ്	വിവിധ ഘട്ടങ്ങളിലുള്ള പരിശീലനം. വിഭവലഭ്യത വിവര സാങ്കേതിക വിദ്യ പഠനോപകരണങ്ങൾ.	തൊഴിൽ പരിശീലനം ഉൾപ്പെടുത്തൽ, തൊഴിലവസരം നൽകാൻ കലാസാംസ്കാരിക പ്രവർത്തനങ്ങളിലെ ഇടപെടൽ ഉറപ്പാക്കൽ.

പ്രത്യേക പരിഗണന അർഹിക്കുന്നവരുടെ വിദ്യാഭ്യാസം

നിലവിലുള്ള പ്രശ്നങ്ങൾ

- റിസോഴ്സ് അദ്ധ്യാപകരുടെ സേവനം പൂർണ്ണമായും ഫലപ്രദമാക്കാൻ കഴിയുന്നില്ല.
- കൗൺസിലറുടെ സേവനം ലഭ്യമല്ല.
- നിരവധിപേർ മുഖ്യധാരയിൽ എത്തപ്പെടാനാകാതെ അവശേഷിക്കുന്നു.
- തൊഴിൽ പരിശീലനവും തൊഴിൽ സാധ്യതയും വേണ്ടത്ര ലഭിക്കുന്നില്ല.
- ഇത്തരം കുട്ടികളെ പിന്തുടരാനുള്ള സംവിധാനങ്ങൾ നിലവിലില്ല.
- രക്ഷിതാക്കൾക്ക് വരുമാനവും അറിവും തുച്ഛമായതിനാൽ ഒട്ടനവധി വീഴ്ചകൾ സംഭവിക്കുന്നു.
- ലൈംഗികാതിക്രമത്തിന് വിധേയമാകുന്നു.

- സംയോജിത വിദ്യാഭ്യാസത്തിൽ ഉൾക്കൊള്ളിച്ചിട്ടുള്ള പഠനബോധന പ്രക്രിയ ഫലപ്രദമാകുന്നില്ല.
- അവർക്കാവശ്യമായ പ്രത്യേക പഠനോപകരണങ്ങൾ തയ്യാറായിട്ടില്ല.
- പഞ്ചായത്തുതലത്തിലുള്ള കണക്കുകളിൽപ്പെടാതെ ഇനിയും ഈ വിഭാഗം കുട്ടികൾ അവശേഷിക്കുന്നു.
- പ്രശ്നങ്ങളിൽ ഒട്ടേറെ വൈവിധ്യമുള്ളതിനാൽ വ്യക്തിഗതശ്രദ്ധ പൂർണ്ണമാക്കാനാവുന്നില്ല.
- പഠനബോധന പ്രക്രിയകളെ വിലയിരുത്താനുള്ള സാങ്കേതിക മാർഗങ്ങൾ നിലവിലില്ല.
- ആരോഗ്യ, ശുചിത്വ സംരക്ഷണവും തൃപ്തികരമല്ല.
- ഇവർക്ക് സൗകര്യപ്രദമായ ടോയ്‌ലറ്റുകളും റാമ്പ് സൗകര്യവും നിലവിൽ ഉണ്ട്. എന്നാൽ അത് അപര്യാപ്തവും പല പോരായ്മകൾ നിറഞ്ഞതുമാണ്.

മേൽത്തട്ട്/കീഴ്ത്തട്ട് നിർദ്ദേശങ്ങൾ

ക്രമ നം	നിർദ്ദേശങ്ങൾ	ചുമതല	കാല ദൈർഘ്യം
1	ജില്ലാതല കലാകായിക ഇൻസ്റ്റിറ്റ്യൂട്ട് ഗവേഷണാടിസ്ഥാനത്തിൽ നിർമ്മിക്കുക. സ്കൂളുകളിലെ ക്ലബ് പ്രവർത്തനങ്ങളുടെ ഏകീകരണം കായിക പരിശീലനങ്ങളുടെ കലണ്ടർ രൂപീകരണം, ഏകീകരണം പഞ്ചായത്തുതല(സ്കൂൾ) കലാകായികക്ലബ് പ്രവർത്തനങ്ങളുടെ വിലയിരുത്തൽ	ജില്ലാ പഞ്ചായത്ത്	2023
2	മികച്ച അദ്ധ്യാപകരെ കണ്ടെത്തൽ ഗ്രാമപഞ്ചായത്തുകളിൽ സോഷ്യൽ ഓഡിറ്റു വഴി മികച്ച അദ്ധ്യാപകരെ കണ്ടെത്തൽ, അംഗീകാരം നൽകൽ	ഗ്രാമ പഞ്ചായത്ത്	2018
3	ജന്റർ സെന്റർ നിർമ്മിക്കുക കരിക്കുലവുമായി ബന്ധപ്പെട്ട് പാഠ്യപദ്ധതിയിൽ ചേർക്കാനാവശ്യമായ ജന്റർ പാഠങ്ങൾ രൂപീകരിക്കുക പ്രാദേശികമായ വായന കാർഡുകൾ, പുസ്തകങ്ങൾ, ചരിത്ര രചന ഇവ പ്രസിദ്ധീകരിക്കുക	ജില്ലാ പഞ്ചായത്ത് ഗ്രാമ പഞ്ചായത്ത്	2020 2018
4	സി.എസ്.ഡബ്ല്യു.എൻ കുട്ടികൾക്കാവശ്യമായ അനുരൂപീകരണ പാഠങ്ങൾ (പ്രാദേശികം) നിർമ്മിക്കുക. ഷോർട്ട് ഫിലിം, ഡോക്യൂമെന്ററി എന്നിവ നിർമ്മിക്കുന്നതിന് അക്കാദമിക് ലക്ഷ്യങ്ങൾ മുൻനിർത്തിയുള്ളവർക്ക് ധനസഹായം നൽകുക	ജില്ലാ പഞ്ചായത്ത്	2020
5	ജീവിതശൈലി രോഗ വിമുക്തി, ലഹരി വിരുദ്ധ ജീവിതം, പ്ലാസ്റ്റിക് വിമുക്ത പരിസരം ഇവ വിദ്യാലയങ്ങളിൽ പൂർണ്ണമാക്കുക ആരോഗ്യകാർഡ് പഞ്ചായത്തടിസ്ഥാനത്തിൽ കുട്ടികൾക്കു നൽകുക ആരോഗ്യ ഇൻഷുറൻസ് കുട്ടികൾക്ക് പൂർത്തിയാക്കുക സ്കൂളുകൾ തമ്മിൽ ബന്ധിപ്പിച്ച് കുട്ടികളുടെ ആരോഗ്യ കേന്ദ്രങ്ങൾ സ്ഥാപിക്കുക. കുട്ടികളിൽ കാണുന്ന പല രോഗങ്ങളും ചിലപ്പോൾ അവഗണിക്കപ്പെടാറുണ്ട്. സമയത്തിനു ചികിൽസയും ലഭിക്കാറില്ല. ഇതു പരിഹരിക്കപ്പെടാൻ കുട്ടികളുടെ ആരോഗ്യ കേന്ദ്രങ്ങൾ സഹായിക്കും.	ഗ്രാമ പഞ്ചായത്ത് ജില്ലാ പഞ്ചായത്ത് ബ്ലോക്ക് പഞ്ചായത്ത് ഗ്രാമ പഞ്ചായത്ത്	2030 2025
6	ഗാന്ധി ഗ്രാം യൂണിറ്റ് സ്ഥാപിക്കുക. ഗാന്ധിയൻ ആദർശങ്ങൾ വളരെ ചെറുതിലേ തന്നെ കുട്ടികളിൽ വിശ്വമാനവ ബോധം ഉറപ്പിക്കും. അതിനാൽ ചർക്ക, ഗാന്ധിയൻ ബുക്സ് വീഡിയോകൾ ഇവയടങ്ങിയ യൂണിറ്റ് സ്കൂളിൽ പ്രവർത്തനമാരംഭിക്കണം.	ഗ്രാമ പഞ്ചായത്ത്	2020
7	ജില്ലാതല ശാസ്ത്ര-ചരിത്ര-ഗണിത മ്യൂസിയങ്ങളുടെ പ്രവർത്തനം. പഞ്ചായത്തുതലത്തിൽ സ്ഥാപിക്കുന്ന ശാസ്ത്ര-ചരിത്ര-ഗണിത- ശില്പചിത്ര മ്യൂസിയത്തിന്റെ നേതൃത്വത്തിൽ പ്രവർത്തിക്കുന്ന തരത്തിൽ ജില്ലാ കേന്ദ്രം വേണം. അത് ഗവേഷണ പ്രദർശന ഇടമായി നിലനിന്നാൽ ബാലപ്രതിഭകൾക്ക് വലിയ സഹായമാകും.	ജില്ലാ പഞ്ചായത്ത്	2022 2025

8	ജില്ലാ ലൈബ്രറി ഇ-ജേർണലുകൾ, ദേശീയ അന്താരാഷ്ട്ര പുസ്തകങ്ങൾ, റഫറൻസ് ഗ്രന്ഥങ്ങൾ, പ്രൊജക്ടർ സൗകര്യമുള്ള വായനമുറി എന്നിവ ഉൾപ്പെടുത്തി ജില്ലാതല ലൈബ്രറി സ്ഥാപിക്കണം. സ്കൂൾ ലൈബ്രറി, ജില്ലാ ലൈബ്രറി കൗൺസിൽ എന്നിവയുടെ സഹായത്തോടെ പുസ്തക സമാഹരണം, വായന കൂട്ടായ്മകൾ, പുസ്തക പ്രസിദ്ധീകരണം എന്നിങ്ങനെയുള്ള പരിപാടികൾ നടപ്പാക്കണം.	ജില്ലാ പഞ്ചായത്ത് ബ്ലോക്ക് പഞ്ചായത്ത്	2023
9	പൂർവ്വ വിദ്യാർത്ഥികളുടെ പുനരധിവാസം, കൊഴിഞ്ഞു പോകുന്നതും തൊഴിൽ കണ്ടെത്താനാകാത്തതുമായ പൂർവ്വ വിദ്യാർത്ഥികളെ ആവശ്യമായ പരിശീലനം നൽകി പഞ്ചായത്തുതല വിദ്യാലയങ്ങളിൽ മെന്റർമാരായി നിയമിക്കണം.	ഗ്രാമ പഞ്ചായത്ത് ജില്ലാ പഞ്ചായത്ത്	2030
10	വിദ്യാർത്ഥികൾക്ക് റസിഡൻഷ്യൽ സൗകര്യം പല പ്രശ്നങ്ങളാൽ വീട്ടിൽ കഴിയാൻ പ്രയാസമായി വരുന്ന കുട്ടികൾക്ക് താല്കാലികമായി റസിഡൻഷ്യൽ സൗകര്യം അവർ പഠിക്കുന്ന വിദ്യാലയങ്ങളിൽ ഏർപ്പെടുത്തണം.	ജില്ലാ പഞ്ചായത്ത്	2025

ക്രമ നം.	മേഖല / ഉപമേഖല	കീഴ്ത്തട്ട് നിർദ്ദേശങ്ങൾ	മേൽത്തട്ട് നിർദ്ദേശങ്ങൾ
1	**അക്കാദമികം** ഹൈടെക് ക്ലാസ്സ്മുറികൾ- പ്രൊജക്ടർ, ലാപ്ടോപ്പ്, ഇന്റർആക്ടീവ് റോളിംഗ് ബോർഡ്, ഇലക്ട്രിഫിക്കേഷൻ, കബോർഡ്, ക്ലാസ്സ് ലൈബ്രറികൾ, ശിശു സൗഹൃദ ഫർണിച്ചറുകൾ	ഗ്രാമ/ ജില്ലാ പഞ്ചായത്തുകൾ	
2	**ലൈബ്രറി** ലൈബ്രറി കെട്ടിടം പുസ്തകങ്ങൾ ആവശ്യമായ ഫർണിച്ചറുകൾ ലൈബ്രേറിയന്റെ സേവനം	ഗ്രാമ/ ജില്ലാ പഞ്ചായത്തുകൾ	കുട്ടികൾ കൂടുതലുള്ള സ്കൂളിലെങ്കിലും ലൈബ്രറിയന്മാരെ നിയമിക്കുക
3	**വിഷയാടിസ്ഥാന ലാബ്** ശാസ്ത്ര ലാബിനാവശ്യമായ മുറികളും ശാസ്ത്ര പരീക്ഷണത്തിനും നിരീക്ഷണത്തിനും ആവശ്യമായ വസ്തുക്കളും ഗണിത ലാബിനാവശ്യമായ മുറികളും ഗണിതോപകരണങ്ങളും ഐ-റ്റി ലാബിന് ആവശ്യമായ കമ്പ്യൂട്ടറുകൾ ലാംഗേജ് ലാബിന് ആവശ്യമായ വായനാസാമഗ്രികൾ വിവരസാങ്കേതികവിദ്യ ഉപയോഗപ്പെടുത്തുന്നതിന് ആവശ്യമായ കമ്പ്യൂട്ടറുകൾ	ഗ്രാമ/ ജില്ലാ പഞ്ചായത്തുകൾ	
4	ഭിന്നശേഷി കുട്ടികൾക്കായി മുഴുവൻ സമയ പ്രത്യേക പരിശീലനം ലഭിച്ച അദ്ധ്യാപകരുടെ നിയമനം		എല്ലാ സ്കൂളിലേക്കും വിദഗ്ദ്ധ അദ്ധ്യാപകരുടെ സേവനം ലഭ്യമാക്കണം
5	**കലാകായിക വിദ്യാഭ്യാസം** പഞ്ചായത്തടിസ്ഥാനത്തിൽ സാംസ്ക്കാരിക കേന്ദ്രങ്ങൾ അത് സ്കൂളുമായി ബന്ധിപ്പിക്കൽ സ്കൂളുകൾ കലാഗ്രാമം എന്ന സങ്കൽപത്തിലേക്ക് പ്രീ-പ്രൈമറി മുതലുള്ള കുട്ടികൾക്ക് നീന്തൽ പരിശീലനത്തിനുള്ള സൗകര്യം ഒരുക്കൽ കലാകായിക രംഗത്ത് പ്രാഗൽഭ്യം തെളിയിച്ചിട്ടുള്ള തൊഴിൽ രഹിതർക്ക് മെന്റർ ആയി നിയമനം എല്ലാ സ്കൂളിലും കലാകായിക അദ്ധ്യാപക നിയമനം	ഗ്രാമ/ ജില്ലാ പഞ്ചായത്തുകൾ	എല്ലാ സ്കൂളിലും കലാകായിക അദ്ധ്യാപക നിയമനം നടത്തൽ
6	**കക്കൂസ്** ഓട്ടോമാറ്റിക് സെൻസർ ഫ്ളഷ് സിസ്റ്റമുള്ള കക്കൂസുകൾ ഗേൾസ് ഫ്രണ്ട്ലി ടോയ്ലെറ്റുകൾ	ഗ്രാമ/ ജില്ലാ പഞ്ചായത്തുകൾ	ഒഴിവുള്ള പി.റ്റി.സി.എം/ എഫ്.റ്റി.സി.എം

	ഇൻസിനേറ്റർ സംവിധാനമുള്ള കക്കൂസുകൾ പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികൾക്കായുള്ള കക്കൂസുകൾ		തസ്തികയിലേക്കുള്ള നിയമനം നടത്തുക
7	**കുടിവെള്ളം** **ചൂട്/തണുത്ത വെള്ളം** ലഭ്യമാക്കുന്നതിനാവശ്യമായ കൂളർ/ഹീറ്ററുകൾ സ്ഥാപിക്കുക എല്ലാ സ്കൂളിലും മഴവെള്ളസംഭരണികൾ സ്ഥാപിക്കുക/ കേടുപാടുകൾ സംഭവിച്ചവ അറ്റകുറ്റപണികൾ നടത്തി ഉപയോഗയോഗ്യമാക്കുക കുട്ടികളുടെ പൊക്കത്തിനനുസൃതമായ രീതിയിൽ ടാപ്പുകൾ സ്ഥാപിക്കുക 1:23 എന്ന അനുപാതത്തിൽ ടാപ്പുകൾ സ്ഥാപിക്കുക	ഗ്രാമ/ ജില്ലാ പഞ്ചായത്തുകൾ	
8	**കളിസ്ഥലം** വിദ്യാലയത്തിനോട് ചേർന്ന് കളിസ്ഥലത്തിനായി സ്ഥലം കണ്ടെത്തൽ മിനിസ്റ്റേഡിയം ഇൻഡോർ/ഔട്ട്ഡോറിന് ആവശ്യമായ കളിയുപകരണങ്ങൾ പഞ്ചായത്ത്/ ജില്ലാടിസ്ഥാനത്തിൽ പ്രത്യേക പരിശീലനം	ഗ്രാമ/ ജില്ലാ പഞ്ചായത്തുകൾ	വിദ്യാലയത്തോട് ചേർന്ന് കളിസ്ഥലത്തിനായി കൂടുതൽ സ്ഥലം ഏറ്റെടുക്കാനും മിനി സ്റ്റേഡിയങ്ങൾ നിർമ്മിക്കുകയും വേണം.
9	**അടുക്കള/ ഡൈനിംഗ് ഹാൾ** ആധുനിക സജ്ജീകരണത്തോടു കൂടിയായ അടുക്കളയും അടുക്കള ഉപകരണങ്ങളും ശുചിത്വ പൂർണ്ണമായ ഡൈനിംഗ് ഹാൾ	ഗ്രാമ/ ജില്ലാ പഞ്ചായത്തുകൾ	
10	**പരിസ്ഥിതി സൗഹൃദ പരിസരം** ജൈവവൈവിധ്യ പാർക്കുകൾ ഫലവൃക്ഷാലംകൃത ക്യാമ്പസ്സ് കൃഷി പ്ലാസ്റ്റിക് വിമുക്ത പരിസരം മാലിന്യ സംസ്ക്കരണം മാലിന്യ നിർമ്മാർജ്ജനം	ഗ്രാമ/ ജില്ലാ പഞ്ചായത്തുകൾ	
11	**പാഠ്യപദ്ധതി**		6-ാം ക്ലാസ്സ് മുതൽ പാഠ്യപദ്ധതിയിൽ കുട്ടികളെ സമൂഹവുമായി ബന്ധപ്പെടുന്നതിന് ഫീൽഡ് വർക്ക് നിർബന്ധമാക്കുക.

സംയുക്ത സംയോജിത പ്രോജക്ട്

ക്രമ നം	നിർദ്ദേശങ്ങൾ	ആവശ്യകത	സംയുക്ത പ്രോജക്ട്-പങ്കാളികളാകേണ്ട തദ്ദേശഭരണ സ്ഥാപനങ്ങൾ	പങ്കാളികളാകേണ്ട സ്ഥാപനങ്ങൾ/വകുപ്പുകൾ
1	ഹൈടെക് ക്ലാസ്മുറികൾ പൂർണ്ണ തോതിൽ സജ്ജീകരിക്കുക	ആധുനിക സാങ്കേതികവിദ്യ പ്രകാരമുള്ള വിദ്യാഭ്യാസം ഓരോ കുട്ടിയിലും എത്തിക്കുക	ഗ്രാമ/ജില്ലാ പഞ്ചായത്തുകൾ	എസ്.എസ്.എ, ആർ.എം.എസ്.എ, ഐ.റ്റി വകുപ്പ്
2	വിഷയാടിസ്ഥാന ലാബ്	ഓരോ വിഷയത്തിലും പ്രത്യേക താല്പര്യം ഉണർത്തുന്നതിനും ഗവേഷണാത്മപഠനത്തിന് പ്രാധാന്യം നൽകുന്നതിനും		എസ്.എസ്.എ, ആർ.എം.എസ്.എ
3	ലൈബ്രറി			എസ്.എസ്.എ, ആർ.എം.എസ്.എ, ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്

4	ഭിന്നശേഷി കുട്ടികൾക്ക് മുഴുവൻ സമയം പ്രത്യേകം പരിശീലനം ലഭിച്ച അദ്ധ്യാപകരുടെ സേവനം	പ്രത്യേക ശ്രദ്ധയും പരിചരണവും ലഭ്യമാക്കുന്നതിന്. 103/222 ഹൈസ്കൂളുകൾക്കുമാത്രം സേവനം ലഭിക്കുന്നു.		എസ്.എസ്.എ, ആർ.എം.എസ്.എ,
5	കലാകായിക വിദ്യാഭ്യാസം	കുട്ടികളിൽ കലാപരവും കായികപരവുമായ കഴിവുകൾ വികസിപ്പിക്കുന്നതിന് മികച്ച പരിശീലനം നൽകുന്നതിന്		എസ്.എസ്.എ, ആർ.എം.എസ്.എ, കായിക വകുപ്പ്
6	കക്കൂസുകൾ ഗേൾസ് ഫ്രണ്ട്ലി ടോയ്ലെറ്റുകൾ ഇൻസിനേറ്റർ സംവിധാനമുള്ള കക്കൂസുകൾ പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികൾക്കായുള്ള കക്കൂസുകൾ	1:20 എന്ന അനുപാതത്തിൽ കക്കൂസുകൾ നിലവിലില്ല. 907 സ്കൂളുകളിൽ 270 സ്കൂളുകൾ മാത്രമാണ് പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികൾക്കായി കക്കൂസുകൾ ഉള്ളത്. ഗേൾസ് ഫ്രണ്ട്ലി ടോയ്ലെറ്റുകൾ പൂർണ്ണമായും ഇല്ല. അന്താരാഷ്ട്ര സൂചകം അനുസരിച്ചുള്ള വൃത്തിയും നിലവാരവുമുള്ള കക്കൂസുകൾ സ്ഥാപിക്കുക		എസ്.എസ്.എ, ആർ.എം.എസ്.എ
7	കളിസ്ഥലത്തിന് സ്ഥലം ഏറ്റെടുക്കുകയും ആധുനിക സൗകര്യമുള്ള കളിസ്ഥലം നിർമ്മിക്കുകയും ചെയ്യുക	കുട്ടികളുടെ കായികവും മാനസികവുമായ വികാസത്തിന് വേണ്ടി കളിസ്ഥലം. കളിസ്ഥലമില്ലാത്ത 266 സ്കൂളുകൾ നിലവിലുണ്ട്.		കായിക വകുപ്പ്
8	ചുറ്റുമതിൽ	ഒരു സാമൂഹ്യസ്ഥാപനം എന്ന നിലയിൽ സ്കൂൾ സുരക്ഷിതമാകേണ്ടതുണ്ട്. നിലവിൽ 168 സ്കൂളുകൾക്ക് ചുറ്റുമതിൽ പണിയേണ്ടതുണ്ട്		എസ്.എസ്.എ, ആർ.എം.എസ്.എ
9	അടുക്കള/ഡൈനിംഗ് ഹാൾ	വൃത്തിയും പോഷക സമൃദ്ധവുമായ ആഹാരം പാകം ചെയ്യുന്നതിനും അത് ശുചിത്വ പൂർണ്ണമായ അന്തരീക്ഷ ത്തിലിരുന്ന് കഴിക്കുന്നതിനും ആവശ്യമായ സൗകര്യം ഒരുക്കണം. ഡൈനിംഗ് ഹാൾ 171 സ്കൂളുകൾക്ക് മാത്രമാണുള്ളത്. അടുക്കള എല്ലാ സ്കൂളുകൾക്കും ഉണ്ടെങ്കിലും മികച്ചതാക്കേണ്ടതുണ്ട്.		എസ്.എസ്.എ, ആർ.എം.എസ്.എ
10	പരിസ്ഥിതി സൗഹൃദ പരിസരം	സ്കൂൾ എന്നത് ഒരു പാഠപുസ്തകമാക്കി മാറ്റുക. കുട്ടികളെ കൃഷിയുമായി കൂടുതൽ അടുപ്പിക്കുക. പ്ലാസ്റ്റിക് വിമുക്ത ക്യാമ്പസ്സ് നിർമ്മിക്കുക		എസ്.എസ്.എ, ആർ.എം.എസ്.എ, ജില്ലാ ശുചിത്വ മിഷൻ

7.4.2.6 കായികം-യുവജനക്ഷേമം, കല-സംസ്ക്കാരം

ജില്ലയ്ക്ക് കായികരംഗത്തും യുവജനക്ഷേമ മേഖലയിലും അത്യുജ്ജ്വലമായ ഒരു പാരമ്പര്യമുണ്ട്. ഗ്രാമങ്ങളിൽ നിലനിന്നിരുന്ന കളിത്തട്ട്കളി, കബഡി, കുട്ടിയും കോലും, സെവന്റീസ്, നാടൻപന്ത് കളി തുടങ്ങിയ പരമ്പരാഗത കായിക ഇനങ്ങിൽ നിന്നുമാറി ക്രിക്കറ്റിലേക്കും ഫുട്ബോളിലേക്കും ആധുനിക തലമുറയുടെ താൽപര്യം വളർന്നിട്ടുണ്ട്. ഇന്ത്യയുടെ ദേശീയ ഫുട്ബോൾ മേളയായ സന്തോഷ് ട്രോഫി, അന്താരാഷ്ട്ര ഫുട്ബോൾ ടൂർണമെന്റായ നെഹ്റുകപ്പ് എന്നിവയ്ക്ക് അനന്തപുരി ആതിഥ്യം വഹിച്ചിട്ടുണ്ട്. ഹോക്കിയുടെയും രഞ്ജിട്രോഫി ക്രിക്കറ്റിന്റെയും ദേശീയ മത്സരങ്ങൾ വേദിയായിട്ടുണ്ട്.

ഹ്രസ്വകാല പരിപ്രേക്ഷ്യം

ജില്ലയിലെ മുഴുവൻ സ്കൂളുകളിലെയും കായികശേഷിയുള്ള വിദ്യാർത്ഥികളെ തദ്ദേശസ്വയംഭരണ സ്ഥാപനാടിസ്ഥാനത്തിൽ പരിശീലിപ്പിച്ച് 2022 ഒളിമ്പിക്സിന് ജില്ലയിൽ നിന്നും 100 പേരെയെങ്കിലും പങ്കെടുപ്പിക്കാൻ പ്രാപ്തമാക്കണം.

ദീർഘകാല പരിപ്രേക്ഷ്യം

ജില്ലാപഞ്ചായത്തിന് ഒരു ഇന്റർ നാഷണർ സ്റ്റേഡിയവും ബ്ലോക്ക് അടിസ്ഥാനത്തിൽ ഒരു ഇൻഡോർ സ്റ്റേഡിയവും ഗ്രാമപഞ്ചായത്ത് തലത്തിൽ എല്ലാവിധ സജ്ജീകരണങ്ങളോടും കൂടിയ കളിസ്ഥലം നിർമ്മിക്കുന്നതിന് പ്രാധാന്യം നൽകണം.

പ്രശ്നങ്ങൾ

- ജീവിത ശൈലീ രോഗങ്ങൾ
- പോഷകാഹാരക്കുറവ്
- ഭിന്നശേഷി/ ഭിന്നലിംഗക്കാർക്കായുള്ള മത്സരങ്ങൾ
- സ്ത്രീ സുരക്ഷ
- അടിസ്ഥാനസൗകര്യം
- ജില്ലാസ്പോർട്സ് കൗൺസിലിന്റെ കീഴിലുള്ള മുരുക്കുംമ്പുഴ, നന്ദിയോട് പരിശീലന കേന്ദ്രങ്ങളിൽ ഹോസ്റ്റൽ സൗകര്യത്തിന്റെ അഭാവം ഉണ്ട്.
- ചെമ്പഴന്തി, വെള്ളായണി എന്നിവിടങ്ങളിൽ ഹോസ്റ്റൽ നിർമ്മിക്കുന്നതിന് ആവശ്യമായ നടപടി ഉണ്ടാകേണ്ടതാണ്.
- ജില്ലയിൽ 147 ഗവ. എൽ.പി സ്കൂളുകളിലും 52 ഗവ. യു.പി. സ്കൂളുകളിലും 44 ഗവ.ഹൈസ്കൂളുകളിലും ഉൾപ്പെടെ 243 ഗവൺമെന്റ് സ്കൂളുകൾക്കും 44 എയ്ഡഡ് സ്കൂളുകൾക്കും മതിയായ കളിസ്ഥലത്തിന്റെ അഭാവമുണ്ട്.
- അത്‌ലറ്റിക്സിൽ ജില്ലയ്ക്ക് സ്കൂൾ തലത്തിൽ മതിയായ പ്രാധാന്യം ലഭിക്കുന്നില്ല.
- ജില്ലയിലെ കോളേജുകളിൽ നിന്നും ഇന്റർകോളേജിയേറ്റ് മത്സരങ്ങൾക്കുള്ള പങ്കാളിത്തം ഉണ്ടാകാറുണ്ടെങ്കിൽ ജില്ലാതലത്തിൽ കടന്നുകൂടാൻ കഴിയുന്നത് വളരെ ചുരുക്കം ചിലർക്ക് മാത്രമാണ്
- അത്‌ലറ്റിക്സ്, ഫുട്ബോൾ, ക്രിക്കറ്റ്, ബാഡ്മിന്റൻ, വോളിബോൾ, കബഡി, ഖോ-ഖോ എന്നീ കായിക മത്സര ഇനങ്ങൾ കോളേജ് തലത്തിൽ പ്രോത്സാഹിപ്പിക്കപ്പെടുന്നില്ല
- സ്ഥലലഭ്യത കുറവ്, അടിസ്ഥാന സൗകര്യങ്ങളുടെ അപര്യാപ്തത, കൺസ്യൂമബിൾ സ്പോർട്സ് ഉപകരണങ്ങളുടെ അഭാവവും വിദ്യാഭ്യാസകേന്ദ്രങ്ങളിലെ കായിക മേഖലയെ പ്രതിസന്ധിയിലാക്കുന്നു.
- സ്പോർട്സിന് ആവശ്യമായ ദൈനംദിന പ്രവർത്തനങ്ങളുടെ ഫണ്ടിന്റെ അപര്യാപ്തതയും ഈ മേഖലയിലെ പ്രധാന പ്രശ്നങ്ങളാണ്.
- കായികമത്സരങ്ങൾ സംഘടിപ്പിക്കുന്നതിന് തദ്ദേശസ്വയംഭരണസ്ഥാപന അടിസ്ഥാനത്തിലുള്ള കളിസ്ഥലങ്ങളുടെ അഭാവം ഗ്രാമീണ മേഖലയിലെ കായിക വളർച്ചയ്ക്ക് തടസ്സം നിൽക്കുന്നു.

മേൽത്തട്ട് നിർദ്ദേശങ്ങൾ

- പാരാലിംഫിക്സ് മത്സരങ്ങൾ സംഘടിപ്പിക്കുന്നതിനും അവർക്ക് പരിശീലനം നൽകുന്നതിനും പ്രത്യേകം ഏജൻസി ആവശ്യമാണ്.
- ഗ്രാമീണ മേഖലയിലെ 10 വയസ്സ് മുകളിൽ പ്രായമായ കുട്ടികൾക്ക് അത്‌ലറ്റിക്സിന് പ്രാധാന്യം നൽകികൊണ്ട് ഒളിമ്പിക്സിന് തയ്യാറാക്കുന്ന വിധത്തിൽ പരിശീലനം നൽകുന്നതിന് ഉതകുന്ന തരത്തിൽ മാർഗ്ഗരേഖയിൽ മാറ്റം വരുത്തുക.
- കായികമേഖലയിലേക്ക് സ്വകാര്യസംഘടനകളുടെയും വ്യക്തികളേയും ആകർഷിക്കുന്ന തരത്തിൽ ക്ലബുകൾ രൂപീകരിച്ച് മത്സരം സംഘടിപ്പിക്കണം.
- തദ്ദേശസ്വയംഭരണസ്ഥാപനതലത്തിൽ കായിക ഉപകരണങ്ങൾ നിർമ്മിക്കുന്നതിന് കായികതാരങ്ങൾക്ക് സംരംഭകത്വ പ്രോജക്ട് വഴി ധനസഹായം നൽകുക.
- കായികവുമായി ബന്ധപ്പെട്ട് വിവിധ വകുപ്പുകളിൽ ഉദ്യോഗത്തിൽ ഇരിക്കുന്ന യുവാക്കൾക്ക് സ്പെഷ്യൽ കാഷ്യൽ ലീവ് അനുവദിക്കുക.
- എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളെ ആധുനീകരിച്ച് യുവജനങ്ങളുടെ കഴിവും വൈദഗ്ദ്ധ്യവും വിദ്യാഭ്യാസയോഗ്യതയും തിരിച്ചുള്ള ഡാറ്റാ ബേസ് കേന്ദ്രങ്ങളാക്കി സ്വകാര്യ മേഖലയിലെ തൊഴിലവസരങ്ങളിലും നിയമനം.

- വിവരസാങ്കേതികവിദ്യയുടെയും ബയോടെക്നോളജിയുടെയും നേട്ടങ്ങൾ കാർഷികമേഖലയിൽ ഉപയോഗപ്പെടുത്തുന്നതിനും സംരംഭകത്വ സ്വഭാവമുള്ള കാർഷിക സാങ്കേതിക വിദ്യകളിലേയ്ക്ക് യുവജനങ്ങളെ ആകർഷിക്കുകയും ശാക്തീകരിക്കുന്നതിനുമുള്ള പദ്ധതികൾ.

കീഴ്ത്തട്ട് നിർദ്ദേശങ്ങൾ

- ജില്ലയിൽ പ്രവർത്തിച്ചുവരുന്ന അമ്പതോളം റോളർ സ്കേറ്റിംഗ് ക്ലബുകൾക്ക് പോണ്ടിച്ചേരി മാതൃകയിൽ കേന്ദ്രീകൃതമായി പരിശീലന സൗകര്യം ഒരുക്കുക
- ജില്ലാ അത്‌ലറ്റിക്ടീമിനെ വാർത്തെടുക്കുക. തീരദേശ കായിക വികസനം പ്രോത്സാഹിപ്പിക്കുക. ഹൈറേഞ്ച് കേന്ദ്രീകരിച്ച് അഡ്വഞ്ചർ സ്പോർട്സ് പരിപോഷിപ്പിക്കുക
- തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ രൂപീകരിച്ച യുവജനക്ലബുകളെ യുവജനക്ഷേമ ബോർഡുമായി ഏകോപിപ്പിച്ച് തദ്ദേശസ്വയംഭരണ സ്ഥാപനാടിസ്ഥാനത്തിൽ പ്രവർത്തനം ആരംഭിക്കുക
- തൊഴിൽ നഷ്ടപ്പെടുന്ന പ്രവാസികൾക്ക് ജില്ലാവ്യവസായ കേന്ദ്രത്തിന്റെയും യുവജനക്ഷേമ ബോർഡിന്റെയും നോർക്കയുടെയും സഹായത്തോടുകൂടി സ്റ്റാർട്ടപ്പ് സംരംഭങ്ങൾ തുടങ്ങുന്നതിനുള്ള സാങ്കേതിക-സാമ്പത്തിക സഹായം ലഭ്യമാക്കണം
- പെൺകുട്ടികളുടെ കായിക പരിശീലനം ഉറപ്പാക്കുക. കരാട്ടേ, ജൂഡോ, കളരി തുടങ്ങിയ ആയോധനകലകൾ പോലീസ് ഡിപ്പാർട്ട്മെന്റിന്റെയും കുടുംബശ്രീയുടെയും സഹായത്തോട് കൂടി പരിശീലിപ്പിക്കുക.
- ലഹരി വിരുദ്ധ പ്രവർത്തനങ്ങൾക്കായുള്ള പദ്ധതികൾ. ബ്ലോക്കുതലത്തിൽ കൗൺസിലിംഗ് സെന്ററുകൾ ആരംഭിക്കുന്നതിനുള്ള പദ്ധതികൾ.
- യുവജനങ്ങൾക്കായി പരമ്പരാഗത തൊഴിൽമേഖലയെ ആധുനിക സാങ്കേതികവിദ്യയുടെ സഹായത്തോടെ ശക്തിപ്പെടുത്തുന്നതിനുള്ള പദ്ധതികൾ.
- യുവജനങ്ങൾക്കിടയിൽ രക്തദാനം, അവയവദാനം എന്നിവ പ്രോത്സാഹിപ്പിക്കുന്നതിനുള്ള പദ്ധതികൾ.
- സാമ്പത്തികമായി പിന്നോക്കാവസ്ഥ നേരിടുന്ന ഓരോ പ്രദേശത്തിന്റെയും സാധ്യതക്കനുസരിച്ച് കലാ-കായിക പരിശീലന പദ്ധതികൾ രൂപീകരിക്കുക
- സാമൂഹിക സാമ്പത്തിക കാരണങ്ങളാൽ പഠനം ഉപേക്ഷിക്കേണ്ടി വന്ന യുവജനങ്ങൾക്ക് തുടർ പഠനത്തിനുള്ള പദ്ധതികൾ
- വിദ്യാഭ്യാസസ്ഥാപനങ്ങളും തൊഴിൽ സംരംഭസ്ഥാപനങ്ങളുമായി ഏകോപനം സാധ്യമാക്കികൊണ്ട് നൈപുണ്യവികസനം, സ്വയം സംരഭകത്വ പരിശീലനം എന്നിവ കാര്യക്ഷമമാക്കുന്നതിനുള്ള പദ്ധതികൾ
- ഗ്രാമീണമേഖലയിൽ ഗ്രൗണ്ടുകളെ ഉന്നതനിലവാരമുള്ള സ്റ്റേഡിയങ്ങളാക്കുക. മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതി കൂടി ഉപയോഗപ്പെടുത്തി മികച്ച മാതൃകാസ്റ്റേഡിയങ്ങൾ വിവിധ സ്പോർട്സ് മത്സരങ്ങൾക്ക് അനുയോജ്യമായി നിർമ്മിക്കുക. ഉദാഹരണമായി മുദാക്കൽ ഗ്രാമപഞ്ചായത്തിന്റെ ചെമ്പൂര് മാർക്കറ്റ് ഗ്രൗണ്ട് ഉപയോഗയോഗ്യമാക്കി ഷട്ടിൽ, വോളിബോൾ, ഖോ-ഖോ എന്നിവയ്ക്ക് പരിശീലനം നൽകാവുന്നതാണ്.
- കുളങ്ങൾ നവീകരിച്ച് നീന്തൽക്കുളങ്ങളാക്കി ജില്ലയിലെ മുഴുവൻ കുട്ടികൾക്കും നീന്തൽ പരിശീലനം നൽകുക. സാഹസിക മനോഭാവമുള്ള കുട്ടികളെ കണ്ടെത്തി കടൽ വിനോദങ്ങൾക്ക് ആവശ്യമായ പരിശീലനം നൽകുക. ഉദാഹരണമായി മുദാക്കൽ ഗ്രാമപഞ്ചായത്തിലെ പാറയടി, ചിറ, മുദ്ദാക്കൽ, പേരാൽ ചിറ എന്നിവ നീന്തൽ പരിശീലനത്തിന് അനുയോജ്യമായ രീതിയിൽ പുനരുദ്ധരിക്കാവുന്നതാണ്.
- തീരദേശത്തെ കുട്ടികൾക്ക് സ്കൂബെ ഡൈവിംഗ്, കനോയിംഗ് കയാഖിംഗ് പോലെയുള്ള പരിശീലനങ്ങൾ നൽകുന്നതിന് പ്രോജക്ടുകൾ തയ്യാറാക്കുക.
- വൃദ്ധജനങ്ങൾക്കും സ്ത്രീകൾക്കും ആവശ്യമായ മാനസിക ശാരീരിക ക്ഷമത

വർദ്ധിപ്പിക്കുന്നതിനുതകുന്ന കായിക വിനോദങ്ങൾ ഏർപ്പെടുത്തി ജീവിതശൈലീ രോഗങ്ങളുടെ തോത് ഗണ്യമായി കുറയ്ക്കുക. അയൽക്കൂട്ടതലം മുതൽ യോഗ പരിശീലന പരിപാടി നടപ്പിലാക്കുക.

- ആദിവാസിമേഖലയിലെ സ്കൂളുകളിൽ സ്പോർട്സിന് പ്രത്യേക മുൻഗണന നൽകണം.
- കാരോട് ഗ്രാമപഞ്ചായത്തിലെ വരാലി കബഡി ഗ്രൗണ്ട് പരിശീലനത്തിനുതകുന്ന രീതിയിൽ നിർമ്മിക്കേണ്ടതാണ്.

➢ അത്‌ലറ്റിക്സ് ഇനങ്ങളിൽ തിരുവനന്തപുരം ജില്ല മറ്റ് ജില്ലകളെ അപേക്ഷിച്ച് പിന്നിലാണ്. എന്നാൽ മികച്ച നിലവാരം പുലർത്തുകയും ദേശീയതാരങ്ങളെ സൃഷ്ടിക്കുകയും ചെയ്യുന്ന സ്കൂളുകൾക്ക് മതിയായ സഹായം ഇല്ലാത്തതിനാൽ കായികപരിശീലനത്തിൽ ബുദ്ധിമുട്ട് നേരിടുന്നുണ്ട്. ഇത് പരിഹരിക്കുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സഹായത്തോടുകൂടി സ്കൂളുകളിൽ പരിശീലനോപകരണങ്ങൾ നൽകാവുന്നതാണ്. ഉദാഹരണമായി പൂവാർ ഗ്രാമപഞ്ചായത്തിലെ എം.വി ഹയർ സെക്കന്ററി സ്കൂളിൽ കുട്ടികൾക്ക് കാര്യക്ഷമമായ രീതിയിൽ അത്‌ലറ്റിക്സ് പരിശീലനം നടക്കുന്നുണ്ട്. പക്ഷേ അത്‌ലറ്റിക്സുമായി ബന്ധപ്പെട്ട സ്പോർട്സ് ഉപകരണങ്ങളുടെ അഭാവം പരിശീലനത്തെ കാര്യമായി ബാധിക്കുന്നു.

➢ കാഞ്ഞിരംകുളം പി.കെ.എച്ച്.എസ് സ്കൂളിലെ കുട്ടികൾക്ക് അത്‌ലറ്റിക്സ് പരിശീലനത്തിനാവശ്യമായ സ്പോർട്സ് ഉപകരണങ്ങളായ ഹർഡിൽസ്– 50, സ്റ്റാർട്ടിംങ് ബ്ലോക്ക്– 5, ത്രോസ് ജാവലിൻ ത്രോ, പോൾവാൾട്ട് നെറ്റ്, ഷോട്ട് പുട്ട്, ഡിസ്ക്കസ് ത്രോ, ഹൈജമ്പ് നെറ്റ് തുടങ്ങിയവ തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ സഹായത്തോടെ ലഭ്യമാക്കാവുന്നതാണ്.

➢ പൂഴനാട് എം.ജി.എം എച്ച്.എസ് ൽ റസിലിംഗിന് പരിശീലനം നൽകുന്നുണ്ട്. അവിടെ പരിശീലനത്തിനാവശ്യമായ റസിലിംഗ് മാറ്റ് വിത്ത് കവറിന്റെ അഭാവം നേരിടുന്നതിനാൽ തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ സഹായത്തോടെ ലഭ്യമാക്കേണ്ടതാണ്.

➢ ആര്യങ്കോട് ഗ്രാമപഞ്ചായത്തിലെ ഗവ.എച്ച്.എസ് കിഴാറൂർ സ്കൂളിൽ പോൾവാൾട്ട്, ഹാർഡിൽസ്, ഹാമർ, ഹൈജമ്പ്, ക്രോസ് ബാർ, ഹൈജമ്പ് സ്റ്റാന്റ് എന്നിവയുടെ അഭാവം നേരിടുന്നുണ്ട്. എന്നിവ തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ സഹായത്തോടെ ലഭ്യമാക്കാവുന്നതാണ്.

➢ ആര്യനാട് ഗ്രാമപഞ്ചായത്തിലെ ഗവ.എച്ച്.എസ്.എസ് ൽ കബഡി, റെക്കി, ഹാർഡിൽസ് എന്നിവയ്ക്ക് വേണ്ടുന്ന ഉപകരണങ്ങൾ തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ സഹായത്തോടെ ലഭ്യമാക്കാവുന്നതാണ്.

സംയോജന സാധ്യതകൾ

- കാർഷികോൽപ്പാദനങ്ങളെ മൂല്യവർദ്ധിത ഉൽപ്പന്നങ്ങളാക്കുന്നതിനുള്ള അറിവും സാങ്കേതിക പരിശീലനവും നൽകുകയും വിപണന സൗകര്യങ്ങൾ യുവജനങ്ങൾക്കും സ്ത്രീകൾക്കും ഒരുക്കുന്നതിന് കൃഷിവകുപ്പിന്റെയും ജില്ലാവ്യവസായ കേന്ദ്രത്തിന്റെയും സഹകരണത്തോട് കൂടി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ പദ്ധതികൾ രൂപീകരിക്കുകയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ബ്രാൻഡ് നെയിമിൽ ഇ–മാർക്കറ്റിംഗ് ഉപയോഗപ്പെടുത്തുകയും ചെയ്യാവുന്നതുമാണ്.
- യുവജന കൂട്ടായ്മയിലൂടെ സഹകരണ കൃഷി, കൂട്ടുകൃഷി, ഫാം കൺസൾട്ടൻസി സർവ്വീസ് എന്നിവ സംബന്ധിച്ച പദ്ധതികൾ കൃഷി വകുപ്പിന്റെ സഹകരണത്തോട് കൂടി രൂപീകരിക്കാവുന്നതാണ്.
- മത്സ്യകൃഷി, അലങ്കാര മത്സ്യകൃഷി, മുയൽ വളർത്തൽ, പക്ഷി വളർത്തൽ, തേനീച്ച വളർത്തൽ, ആടു വളർത്തൽ എന്നിവയ്ക്കുള്ള പദ്ധതികൾ യുവജനങ്ങൾക്കായി ബന്ധപ്പെട്ട വകുപ്പുകളുടെ സഹായത്തോടു കൂടി രൂപീകരിക്കാവുന്നതാണ്.
- തീരദേശമേഖലയിലെ/ടൂറിസം പ്രദേശങ്ങളിൽ അഭ്യസ്തവിദ്യരായിട്ടുള്ളവർക്ക് ഡി.റ്റി.പി.സിയുടെ സഹായത്തോടെ ടൂറിസ്റ്റ് ഗൈഡ് ആകുന്നതിനുള്ള പരിശീലനം നൽകാവുന്നതാണ്.

കല–സംസ്ക്കാരം

മേൽത്തട്ട് നിർദ്ദേശങ്ങൾ

- നാഗാലാന്റിലെ 'ഹോൺബിൽ ഫെസ്റ്റിവെൽ', മണിപ്പൂരിലെ 'സാംഗായ് ഫെസ്റ്റിവെൽ' എന്നിവയെ പോലെ ജില്ലയിലെ ഗോത്രവർഗ്ഗകലകളെയും ആചാരങ്ങളെയും ജീവിതരീതിയെയും അറിവുകളെയും പരിചയപ്പെടുത്തുന്ന തരത്തിൽ ആഘോഷങ്ങൾ സംഘടിപ്പിക്കണം.
- ആദിവാസി–പട്ടികജാതി ജനവിഭാഗങ്ങൾക്കിടയിൽ നിലനിൽക്കുന്ന ഗോത്രകലകൾ, ആചാരങ്ങൾ, വൈദ്യം, കൃഷി എന്നീ മേഖലകളിലെ സാംസ്ക്കാരികയിനങ്ങൾ (അന്യം നിന്നതും നിലവിലുള്ളതുമായ) കണ്ടെത്തുവാനും സംസ്ക്കാരത്തെയും പ്രോത്സാഹിപ്പിക്കാനും ഡോക്യുമെന്റ് ചെയ്യാനും പദ്ധതികൾ ഉണ്ടാകണം.
- നാടൻകലാരൂപങ്ങളായ ചാറ്റുപ്പാട്ട്, കോൽകളി, മുടിയാട്ടം, ചോനാംകളി തുടങ്ങിയവ പുതിയ തലമുറയ്ക്ക് പകർന്നുകൊടുക്കുന്നതിനായി ജില്ലയിലെ പ്രധാനപ്പെട്ട ആഘോഷങ്ങളിലും സർക്കാർ സംഘടിപ്പിക്കുന്ന പ്രധാന പരിപാടികളിലും അവതരിപ്പിക്കുന്നതിന് അവസരം നൽകേണ്ടതാണ്.
- സാമ്പത്തികമായി പിന്നോക്കാവസ്ഥ നേരിടുന്ന ഓരോ പ്രദേശത്തിന്റെയും സാധ്യതക്കനുസരിച്ച് കലാപരിശീലന പദ്ധതികൾ രൂപീകരിക്കുക
- സർക്കാർ പ്രസിദ്ധീകരണങ്ങൾ ഗ്രന്ഥശാലകൾക്ക് സൗജന്യമായി നൽകുക
- പുരാതന തറവാടുകൾ, വീടുകൾ, ആരാധനാലയങ്ങൾ, ചരിത്ര സ്മാരകങ്ങൾ എന്നിവയുടെ പ്രാദേശിക മാപ്പിംഗ് നടത്തുകയും എഴുത്തുകാരുടെ കൈപ്പടകൾ, താളിയോലകൾ, ഗ്രന്ഥങ്ങൾ എന്നിവ ഏറ്റെടുത്ത് സംരക്ഷിക്കുകയും ചെയ്യേണ്ടതാണ്.

കീഴ്ത്തട്ട് നിർദ്ദേശങ്ങൾ

- സർഗ്ഗാത്മകതയെ പരിപോഷിപ്പിക്കുന്നതിന് തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾ മാഗസീനുകൾ, ബ്ലോഗുകൾ , വെബ്സൈറ്റുകൾ എന്നിവ തയ്യാറാക്കുക
- ഓപ്പൺഎയർ തീയേറ്ററുകൾ, മിനിതിയേറ്ററുകൾ എന്നിവയുടെ നിർമ്മാണം, ആയോധനകലകൾ പ്രോത്സാഹിപ്പിക്കൽ എന്നിവയ്ക്കായി പദ്ധതികൾ തയ്യാറാക്കുക.
- ശിലാസനങ്ങൾ, ശിലാക്ഷേത്രങ്ങൾ എന്നിവ സംരക്ഷിക്കുന്നതിനും പഞ്ചായത്തുകളുമായി ബന്ധപ്പെട്ട ഐതിഹ്യം, കഥകൾ, ചരിത്രങ്ങൾ, വായ്മൊഴികൾ എന്നിവ ഡോക്യുമെന്റ് ചെയ്യുന്നതിനും പദ്ധതികൾ തയ്യാറാക്കുക.
- പ്രാദേശിക ഭാഷയിലുള്ള വരമൊഴിയായും വാമൊഴിയായുമുള്ള സാഹിത്യരൂപങ്ങൾ ശേഖരിക്കുകയും ഡിജിറ്റലൈസ് ചെയ്ത് സംരക്ഷിക്കുകയും ചെയ്യുക.
- കാളീസങ്കല്പങ്ങൾ, കതിരുകാള, മുടിയേറ്റ്, ഗരുഡൻതൂക്കം, കുത്തിയോട്ടം, ഭദ്രക്കാളിപ്പാട്ട്, കോലാട്ടം, ചരടുപിന്തികളളി, കമ്പടവുകളി, കാക്കാരിശ്ശി നാടകം എന്നിവ നെടുമങ്ങാട് ബ്ലോക്കിൽ നിൽക്കുന്ന കലാരൂപങ്ങളാണ്. ഇവയെ പരിപോക്ഷിപ്പിക്കുന്നതിന് പ്രോജക്ടുകൾ രൂപീകരിക്കാവുന്നതാണ്.
- നാടൻകലകൾ, നാടൻ പാട്ടുകൾ, പ്രാദേശിക ചരിത്രം, പ്രാദേശികകലകൾ, അനുഷ്ഠാന കലകൾ എന്നിവയെ കുറിച്ച് ഡോകുമെന്റേഷൻ തയ്യാറാക്കുക.
- സ്കൂൾ/കോളേജ് തലങ്ങളിൽ നാടക കളരികൾ, കലാക്യാമ്പുകൾ തുടങ്ങിയവ സംഘടിപ്പിക്കുക
- ഓരോ പഞ്ചായത്തിലും പ്രദേശത്തിന്റെ പ്രത്യേകതകൾ രേഖപ്പെടുത്തിയ ചരിത്ര പ്രാധാന്യം വിളിച്ചോതുന്ന ഫലകങ്ങൾ സ്ഥാപിക്കുക. അരുവിപ്പുറം വിപ്ലവത്തിന്റെ ചരിത്രപ്രാധാന്യത്തെ കുറിച്ച് ഫലകങ്ങൾ സ്ഥാപിക്കാവുന്നതാണ്.
- ഓരോ വാർഡിലും സാംസ്ക്കാരിക സർവ്വെ നടത്തി കലാ–കായിക സമിതിയുടെയും സാംസ്ക്കാരിക പ്രതിഭകളുടെയും പട്ടിക തയ്യാറാക്കുക.
- മദ്ധ്യവേനലവധിക്ക് കുട്ടികൾക്കും യുവാക്കൾക്കും കല/കായിക/ചരിത്ര പ്രത്യേകതകൾ മനസിലാക്കുന്നതിന് ക്യാമ്പുകൾ സംഘടിപ്പിക്കുകയും ക്ലബുകൾ രൂപീകരിക്കുകയും ചെയ്യുക.

- സ്കൂൾതല ലൈബ്രറികളുടെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിന് സ്കൂൾതലത്തിൽ വായനാമത്സരങ്ങൾ സംഘടിപ്പിക്കുക
- ഗ്രന്ഥശാലകൾ ആധുനികവത്കരിക്കുകയും അവ കേന്ദ്രീകരിച്ച് കലാസാംസ്ക്കാരിക സമിതികൾ രൂപീകരിക്കണം. ഈ സമിതികളിലൂടെ കല-സാംസ്ക്കാരം എന്നിവയെ പരിപോഷിപ്പിക്കുന്നതിനുള്ള അവതരണങ്ങൾ, സെമിനാറുകൾ, ചർച്ചകൾ എന്നിവ സംഘടിപ്പിക്കണം. പ്രശസ്തരുടെ കൈപ്പടകൾ ശേഖരിക്കുകയും സംരക്ഷിക്കുകയും വേണം.
- പൈതൃകങ്ങളെ ബന്ധിപ്പിച്ചുക്കൊണ്ട് പൈതൃകയാത്രകൾ സംഘടിപ്പിക്കണം വിദ്യാർത്ഥികൾക്കായി പൈതൃക സംരക്ഷണ യാത്ര സംഘടിപ്പിക്കണം.
- ഗ്രന്ധശാലകളിൽ ഫിലിം ക്ലബ്ബുകൾ രൂപീകരിക്കണം. പുസ്തകങ്ങൾ വീടുകളിൽ എത്തിക്കുവാനുള്ള സംവിധാനമൊരുക്കണം.
- ഗ്രന്ഥശാലകൾ കേന്ദ്രീകരിച്ച് പ്രാദേശിക സാംസ്കാരിക സാമൂഹിക പ്രവർത്തനങ്ങൾ സംഘടിപ്പിക്കണം. ഉദാഹരണമായി 'യുണൈറ്റഡ് ലൈബ്രറി, ഇരിഞ്ചയം സംഘടിപ്പിക്കുന്ന മഴനടത്തം'.

സംയോജന സാധ്യത

തദ്ദേശസ്വയംഭരണസ്ഥാപനത്തിന്റെയും ഡി.റ്റി.പി.സിയുടെയും സഹകരണത്തോടെ നാടകം, സാഹിത്യം, സിനിമ, നാടൻകല എന്നീ മേഖലകളിൽ ക്യാമ്പുകൾ, സാംസ്കാരിക ഉത്സവങ്ങൾ, ഷോട്ട് ഫിലിം, ഡോക്യുമെന്റേഷൻ പ്രദർശനങ്ങൾ എന്നിവ സംഘടിപ്പിക്കണം. പ്രാദേശികമായി നിലകൊള്ളുന്ന കലകൾക്ക് പ്രാധാന്യം നൽകണം

7.4.3 പശ്ചാത്തലമേഖല

7.4.3.1.ഊർജ്ജം

2011 സെൻസസ് പ്രകാരം 33 ലക്ഷം ജനങ്ങൾ വസിക്കുന്ന തിരുവനന്തപുരം ജില്ലയിൽ 12.83 ലക്ഷം ഉപഭോക്താക്കൾ വൈദ്യുതി ഉപയോഗിച്ചു വരുന്നു. ഇതിന്റെ ഭൂരിഭാഗം വൈദ്യുതി ഉപഭോഗവും കെ.എസ്.ഇ.ബി. ലിമിറ്റഡ് മുഖേനയാണ് നിർവഹിക്കുന്നത്. ജില്ലയുടെ ഇപ്പോഴുള്ള വൈദ്യുതി ആവശ്യകത 450 മെഗാവാട്ട് (500 MVA) ആണ്. പ്രതിദിന ശരാശരി വൈദ്യുതി ഉപഭോഗം 6.6 മില്യൻ യൂണിറ്റും പ്രതിമാസ ഉപഭോഗം 197 മില്യൻ യൂണിറ്റുമാണ്. ആഭ്യന്തരമായി 6.5 മെഗാവാട്ട് ജലവൈദ്യുതിയും 5.78 MWP സൗരോർജ്ജ വൈദ്യുതിയും ഇപ്പോൾ ഉത്പാദിപ്പിക്കപ്പെടുന്നു. ബാക്കിയുള്ള ഉപഭോഗ ആവശ്യകത നിറവേറ്റുന്നത് മറ്റു ജില്ലകളിൽ നിന്നുള്ള വൈദ്യുതിയും കേന്ദ്രവിഹിതവും പുറമേ നിന്നും വാങ്ങുന്ന വൈദ്യുതിയും ഉപയോഗിച്ചാണ്.

ഊർജ്ജ മേഖലയുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ

- ഊർജ്ജോത്പാദനത്തിൽ സ്വയം പര്യാപ്തത നേടുക.
- ഉത്പാദനം ചെയ്യപ്പെടുന്ന വൈദ്യുതി തടസ്സം കൂടാതെ ഉപഭോക്താക്കൾക്ക് എത്തിക്കുക. ഇടയ്ക്കിടെ ഉണ്ടാകുന്ന വൈദ്യുത അപകടങ്ങൾ
- റോഡുകൾ പുനർ നിർമിക്കുമ്പോൾ മാറ്റി സ്ഥാപിക്കേണ്ടി വരുന്ന ഭൂഗർഭ കേബിളുകൾ
- പ്രകൃതി ക്ഷോഭമൂലമുണ്ടാകുന്ന വൈദ്യുതി തകരാറുകൾ.

നിർദ്ദേശങ്ങൾ

- വൈദ്യുതി ദുരുപയോഗം തടയുക.
- സുരക്ഷ മുൻനിറുത്തി വൈദ്യുതി പ്രതിഷ്ഠാപനങ്ങൾ കൈകാര്യം ചെയ്യുമ്പോഴുണ്ടാകുന്ന അപകടങ്ങളെക്കുറിച്ച് പൊതുജനങ്ങളെ ബോധവത്കരിക്കുക.
- പാരമ്പര്യ-പാരമ്പര്യേതര ഊർജ്ജസ്രോതസുകളുപയോഗിച്ച് വൈദ്യുതി ഉത്പാദിപ്പിക്കുന്നവർക്ക് വേണ്ടുന്ന പ്രോത്സാഹനവും സഹായവും നൽകുക.
- ഊർജ്ജ സ്രോതസുകളെ സംരക്ഷിക്കുക
- ഊർജ്ജക്ഷമത കൂടിയ ഉപകരണങ്ങൾ ഉപയോഗിക്കുന്നതിനുവേണ്ടുന്ന ബോധവത്കരണം നടപ്പിലാക്കുക.

- പാരമ്പര്യ–പാരമ്പ്യേതര ഊർജ്ജ ഉത്പാദനത്തിന് അനുയോജ്യമായ പദ്ധതി പ്രദേശങ്ങൾ നിർദ്ദേശിക്കുക.

ഏകോപന– സംയോജന സാദ്ധ്യതയുള്ള പദ്ധതികൾ

- വൈദ്യുതി എത്തിക്കാൻ സാധിക്കാത്ത സ്ഥലങ്ങളിൽ സോളാർ പാനൽ സ്ഥാപിച്ച് വൈദ്യുതി നല്കുകയും വാർഷിക അറ്റകുറ്റപണികൾ ഉൾപ്പെടെയുള്ള ചെലവുകൾ ഉൾപ്പെടുത്തി നടപ്പാക്കുന്നതിനുള്ള തീരുമാനം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ കൈക്കൊള്ളുക.
- ഊർജ്ജസംരക്ഷണത്തിന്റെയും സുരക്ഷയുടെയും ഭാഗമായി എല്ലാ വ്യവസായ/ വ്യവസായേതര /സർക്കാർ സ്ഥാപനങ്ങളിലും എനർജി ആഡിറ്റിംഗ് നിർബന്ധമാക്കുക.
- വൈദ്യുതി തടസ്സങ്ങൾ ഒഴിവാക്കുന്നതിന് അറ്റകുറ്റപ്പണികൾ നടത്തുന്നതിനുള്ള സൗകര്യത്തിനും ലൈനുകൾ മൂലം പൊതുജനങ്ങൾക്ക് ഉണ്ടാകുന്ന അസൗകര്യം ഒഴിവാക്കുന്നതിനും പുരയിടങ്ങളിലൂടെ കടന്നുപോകുന്ന വൈദ്യുതിലൈനുകൾ പൊതുനിരത്തിന്റെ വശങ്ങളിലേക്ക് മാറ്റി സ്ഥാപിക്കുന്നതിനും നൂതന സാങ്കേതിക വിദ്യ നടപ്പിലാക്കുന്നതിനും വേണ്ടുന്ന സഹായ സഹകരണങ്ങൾ അതാത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, ജനപ്രതിനിധികളുടെ പ്രാദേശിക വികസന ഫണ്ട് എന്നിവ മുഖേന ലഭ്യമാക്കുക.
- ഓൺലൈൻ പേയ്മെന്റ്, വൈദ്യുതി കണക്ഷൻ ലഭിക്കുന്നതിനുള്ള അപേക്ഷ ഉൾപ്പെടെയുള്ള വൈദ്യുതി ബോർഡിന്റെ വിവിധ ഓൺലൈൻ സംരംഭങ്ങൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ അധീനതയിൽ വരുന്ന അക്ഷയസെന്റർ പോലുള്ള സ്ഥാപനങ്ങൾ മുഖേന പൊതുജനങ്ങൾക്ക് ലഭ്യമാക്കുന്നതിന് വേണ്ടുന്ന പ്രചാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നൽകുക.
- റോഡ് നിർമ്മിക്കുമ്പോൾ കേബിൾ ട്രഞ്ചുകൾ സ്ഥാപിക്കുന്നതിലേക്കായി യഥാസമയം പൊതുമരാമത്ത് വകുപ്പ്, വൈദ്യുതി ബോർഡുമായി ധാരണയിലെത്തുക.

നൂതനാശയങ്ങൾ

- തിരുവനന്തപുരം കോർപ്പറേഷനിലെ സ്വീവേജ് ഉപയോഗിച്ച് കോർപ്പറേഷൻ പരിധിയിൽ വരുന്ന മുഴുവൻ സ്ട്രീറ്റ് ലൈറ്റും പ്രകാശിപ്പിക്കാൻ വേണ്ടുന്ന വൈദ്യുതി ലഭ്യമാകുന്ന ഒരു ബയോഗ്യാസ് പ്ലാന്റ് സ്ഥാപിക്കുക. കൂടാതെ സാധ്യമായ സ്ഥലങ്ങളിൽ ബയോഗ്യാസ് പ്ലാന്റുകൾ സ്ഥാപിക്കുക. അതുവഴി മാലിന്യ സംസ്കരണവും തെരുവ് വിളക്കുകൾ പ്രകാശിപ്പിക്കുക മുതലായ വലിയ നേട്ടങ്ങൾ പ്രാപ്തമാക്കുക.
- റോഡുകൾ നിർമ്മിക്കുമ്പോൾ തന്നെ വൈദ്യുതി, വാർത്താവിനിമയം എന്നിവയ്ക്ക് വേണ്ടുന്ന ട്രഞ്ചുകൾ സ്ഥാപിക്കുക. വൈദ്യുതി തടസ്സം, ഇടയ്ക്കിടെ റോഡ് കുഴിക്കുന്നത് ഒഴിവാക്കുക, ലാഭകരമായി കേബിളുകൾ സ്ഥാപിക്കുക, അപകടങ്ങൾ ഒഴിവാക്കുക, സൗകര്യപ്രദമായി കൈകാര്യം ചെയ്യുക എന്നിവയ്ക്ക് വേണ്ടി വൈദ്യുതി ട്രഞ്ചുകൾ സ്ഥാപിക്കേണ്ടത് വളരെ അത്യാവശ്യമാണ്.
- വൈദ്യുതി സുരക്ഷ, അപകടങ്ങൾ എന്നിവയെ മുൻനിർത്തി കെ.എസ്.ഇ.ബി. നടപ്പിലാക്കി കൊണ്ടിരിക്കുന്ന ബോധവത്കരണ പരിപാടികൾക്ക് പുറമെ പൊതുജനങ്ങളുടെ ഇടയിൽ, ത്രിതല പഞ്ചായത്ത് തലങ്ങളിൽ ബോധവത്കരണം നടപ്പിലാക്കുക.
- മലിനീകരണം ഒഴിവാക്കുക, ഊർജ്ജസംരക്ഷണം എന്നിവയുടെ ലക്ഷ്യപ്രാപ്തിക്കായി ഇന്ധനത്തിലും വൈദ്യുതിയിലും പ്രവർത്തിക്കുന്ന വാഹനങ്ങളുടെ ഉപയോഗം വ്യാപകമാക്കുക.

7.4.3.2.ഗതാഗതം, വാർത്താവിനിമയം

ജില്ലയിൽ ചരക്ക് ഗതാഗതത്തിന്റെ 65%വും മൊത്തം യാത്രക്കാരുടെ 85% ഉം ഗതാഗതത്തിനായി റോഡ് ശൃംഖലയെയാണ് ആശ്രയിക്കുന്നത്. റോഡ് വഴിയുള്ള ഗതാഗതം പ്രതിവർഷം 7 മുതൽ 10% വരെ കൂടുന്നു എന്ന വസ്തുത രാജ്യത്തിന്റെ വളർച്ച സാധ്യമാക്കുന്നതിലും അത് നിലനിർത്തുന്നതിലും റോഡ് ശൃംഖലയ്ക്കുള്ള പ്രാധാന്യം എടുത്തുകാണിക്കുന്നു. റോഡ് ഗതാഗത സാന്ദ്രത പരിശോധിച്ചാൽ രാജ്യത്തിന്റെത് 100 ച.കി.മീറ്ററിന് 387 കി.മീറ്ററും സംസ്ഥാനത്തിന്റേത് 529 കി.മി. ഉം ആണെന്നിരിക്കെ

ജില്ലയുടേത് 556 കി.മീ.ആണ്. ഇത് കാണിക്കുന്നത് ജില്ലയുടെ ഗതാഗത ശൃഖല മികച്ച നിലവാരം പുലർത്തുന്നുയെന്നാണ്.

നിലവിലുള്ള പലവിധ റോഡുകൾ, പാലങ്ങൾ, റെയിൽവേകൾ, വിമാനത്താവളം, തുറമുഖങ്ങൾ, കായലുകൾ, നദികൾ, പോസ്റ്റൽ സൗകര്യങ്ങൾ, ടെലികമ്മ്യൂണിക്കേഷൻ സാധ്യതകൾ കൂടുതൽ കാര്യക്ഷമമാക്കുക, നിലവിലുള്ള പോരായ്മകൾ പരിഹരിക്കുക, മികവുകളെ നിലനിറുത്തുക, ആധുനികവൽക്കരിക്കുക, പരമാവധി വികസനോന്മുഖമാക്കി മാറ്റുക തുടങ്ങിയ പ്രവർത്തനങ്ങളിലൂടെ ഗതാഗത വാർത്താവിനിമയ മേഖലകളുടെ വികസനമാണ് ലക്ഷ്യമിടുന്നത്.

ജില്ലയിലെ ഗതാഗത വാർത്താവിനിമയ വികസനം നടപ്പിലാക്കുന്നതിന് താഴെപ്പറയുന്ന വസ്തുതകൾക്ക് ഊന്നൽ നൽകേണ്ടതാണ്.

1. ഗതാഗതകുരുക്ക് നിയന്ത്രണം
2. വാഹന സാന്ദ്രത കുറയ്ക്കൽ
3. പാതയോരങ്ങളിലെ പാർക്കിംഗുകൾ നീക്കം ചെയ്യൽ
4. റോഡ് സുരക്ഷാസംവിധാനങ്ങൾ– കാൽനടയാത്രക്കാർക്കും മോട്ടോർ വാഹന യാത്രക്കാർക്കും ഒരുക്കുക
5. ഗതാഗത ക്രമീകരണം ശാസ്ത്രീയവും സുരക്ഷിതവുമാക്കുക
6. ആധുനിക രീതിയിലുള്ള റെയിൽവേ ലൈൻ വികസനം
7. വ്യോമഗതാഗതം മറ്റ് ഗതാഗതസംവിധാനങ്ങളും കൂട്ടിയോജിപ്പിക്കൽ
8. ഉൾനാടൻ ജലഗതാഗതം ദേശീയ നിലവാരത്തിലേയ്ക്ക് ഉയർത്തുക
9. റോഡ് സുരക്ഷാ സംവിധാനങ്ങൾ സംബന്ധിച്ച അവബോധം ജനങ്ങളിൽ വളർത്തണം.
10. നൂതന സാങ്കേതികസംവിധാനങ്ങൾ ഉപയോഗിച്ച് പൊതുഗതാഗത നിയന്ത്രണം നടത്തണം.
11. വാർത്താവിനിമയ സംവിധാനങ്ങൾ ബലപ്പെടുത്തുന്നതിന് പ്രസരണികളുടെ ശേഷി വർദ്ധിപ്പിക്കുക

ജില്ലയ്ക്കുള്ള വികസന നിർദ്ദേശങ്ങൾ

കേന്ദ്രാവിഷികൃത പദ്ധതികളുമായി ബന്ധപ്പെട്ടുള്ള വികസന നിർദ്ദേശങ്ങൾ

- പ്രധാന സംസ്ഥാന പാതയായ തിരുവനന്തപുരം–തെന്മലറോഡ് ദേശീയപാതയായി വികസിപ്പിക്കുക.
- തിരുവനന്തപുരം–നാഗർകോവിൽ റെയിൽവേപാത ഇരട്ടിപ്പക്കലും വൈദ്യുതീകരണവും
- വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ വികസനത്തോടനുബന്ധിച്ച് ചരക്ക് ഗതാഗതത്തിന് മാത്രമായി ഒരു റെയിൽവേപ്പാതയുടെ നിർമ്മാണം.
- ലൈറ്റ് മെട്രോപാത കൂടുതൽ സ്ഥലങ്ങളിലേയ്ക്ക് വ്യാപിപ്പിക്കുക.
- ചെങ്ങന്നൂർ മുതൽ കന്യാകുമാരി വരെയുള്ള സബർബൻ റെയിൽവേ സംവിധാനം നടപ്പിലാക്കൽ.
- തിരുവനന്തപുരം –കൊട്ടാരക്കര–ശബരിമല റെയിൽപാതയുടെ നിർമ്മാണം.
- വിവിധ പൊതുഗതാഗത സംവിധാനങ്ങൾ ആയ റോഡ്, റെയിൽ, ഉൾനാടൻ ജലപാത എന്നിവ ബന്ധിപ്പിച്ചുകൊണ്ടുള്ള വിവിധോദ്ദേശ്യ ടെർമിനൽ നിലവിലുള്ള അന്താരാഷ്ട്ര വിമാനത്താവളത്തിനോടനുബന്ധിച്ച് നിർമ്മിക്കുക.
- ദേശീയ ജലപാതയുടെ നിലവാരത്തിൽ നിലവിലുള്ള കനാലുകൾ വികസിപ്പിക്കുന്നത് ടൂറിസം മേഖലയ്ക്ക് ഉണർവ് പകരുന്നതാണ്. ഇതിനായി ജില്ലയിലെ നടയറ കനാലും, കുളച്ചൽ കനാലും ദേശീയ നിലവാരത്തിൽ ഉയർത്തേണ്ടതാണ്.
- ജില്ലയിലെ ഒരു അന്താരാഷ്ട്ര നിലവാരത്തിലുള്ള തുറമുഖം സമീപകാലത്ത് തന്നെ പ്രവർത്തന ക്ഷമമാക്കേണ്ടതാണ്.

സംസ്ഥാന സർക്കാർ പദ്ധതികളുമായി ബന്ധപ്പെട്ടുള്ള വികസന നിർദ്ദേശങ്ങൾ

- സിറ്റി റോഡ്സ് ഇംപ്രൂവ്മെന്റിന്റെ ഭാഗമായി രണ്ടാം ഘട്ട വികസനം തിരുവനന്തപുരം നഗരത്തിൽ റോഡ് ശൃംഖല ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി നടപ്പിലാക്കണം.
- ജില്ലയിലെ സാറ്റലൈറ്റ് ഠൗണുകളായ കഴക്കൂട്ടം, വെഞ്ഞാറമൂട്, നെടുമങ്ങാട്, കാട്ടാക്കട, നെയ്യാറ്റിൻകര എന്നിവിടങ്ങളെ ബന്ധിപ്പിച്ചുക്കൊണ്ട് കടന്നുപോകുന്ന ഒരു റിംഗ് റോഡ് നിർമ്മിക്കേണ്ടതുണ്ട്. ഈ റോഡിലേക്ക് ഉൾനാടൻ പ്രദേശങ്ങളിലുള്ള

ചെറുറോഡുകളെ ബന്ധിപ്പിക്കേണ്ടതാണ്. ഇത്തരത്തിൽ ജില്ലയിലെ റോഡ് പൊതുഗതാഗത സംവിധാനം ശക്തിപ്പെടുത്താവുന്നതാണ്.

- ഗതാഗത സംവിധാനം മെച്ചപ്പെടുത്തുന്നതിലേയ്ക്കായി ഗ്രാമതലങ്ങൾ മുതൽ ജില്ലയുടെ സകല വിവരങ്ങൾ ഉൾക്കൊള്ളിച്ച് കൊണ്ടുള്ള ഒരു ഡേറ്റാ ബാങ്ക് സംവിധാനം ആവിഷ്ക്കരിക്കേണ്ടതുണ്ട്. കൂടാതെ ഒരു റോഡ് സേഫ്റ്റി ആഡിറ്റ് എല്ലാവർഷവും സംസ്ഥാന സർക്കാരിന്റെ നേതൃത്വത്തിൽ എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും നടത്തേണ്ടതാണ്. ഇതിന്റെ കണ്ടെത്തലുകൾക്കാസ്പദമാക്കി റോഡ് സുരക്ഷ പദ്ധതികൾ എല്ലാ തലത്തിലും ആവിഷ്ക്കരിക്കേണ്ടതാണ്.
- എല്ലാ റെയിൽവേ സ്റ്റേഷനുകളുമായി കെ.എസ്.ആർ.ടി.സി കണക്ഷൻ സർവ്വീസ് നടത്തേണ്ടതാണ്.
- ഇപ്പോഴും യാത്രയ്ക്കായി കടത്തുകളെ ആശ്രയിക്കുന്ന പല സ്ഥലങ്ങളും ജില്ലയിലുണ്ട്. ഈ കടത്തുകളിലെല്ലാം പാലം പണിയുന്നതിനുള്ള പദ്ധതി സംസ്ഥാന സർക്കാർ ആവിഷ്ക്കരിക്കേണ്ടതാണ്.

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതിയുമായി ബന്ധപ്പെട്ട വികസന നിർദ്ദേശങ്ങൾ

- റോഡ് കൈയ്യേറ്റങ്ങളും അനധികൃതപാർക്കിംഗുകൾ തടയുക, പരസ്യബോർഡുകൾ നീക്കം ചെയ്യൽ മുതലായ സർക്കാർ സ്വത്ത് സംരക്ഷിക്കുന്ന പ്രവർത്തികൾക്കായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുഖേന കമ്മിറ്റി രൂപീകരിക്കുകയും അവ നടപ്പിലാക്കുന്നതിനായി പ്രോജക്ടുകൾ ആവിഷ്ക്കരിക്കുകയും ചെയ്യണം.
- റോഡിന് ഇരുവശങ്ങളിലുള്ള ഓടകളുടെ നീരൊഴുക്ക് സുഗമമാക്കുന്നതിന് ഒരു സ്ഥിരം സംവിധാനം തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾ ഉറപ്പാക്കുന്നതിനായി പദ്ധതി രൂപീകരിക്കേണ്ടതാണ്. കൂടാതെ റോഡ് പുറമ്പോക്കിലുള്ള കാടുകൾ നീക്കം ചെയ്യുന്നതിനും പദ്ധതി ഉൾപ്പെടുത്തേണ്ടതാണ്.
- ട്രാൻസ്പോർട്ട് സംവിധാനത്തിലെ സുരക്ഷാ സംബന്ധിച്ചുള്ള ക്ലാസ്സുകൾ, സെമിനാറുകൾ, ബോധവൽക്കരണം മുതലായവ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുഖേന നടപ്പിലാക്കുന്നതിനായി പ്രോജക്ടുകൾ ആവിഷ്ക്കരിക്കണം. ഇത്തരത്തിലുള്ളവ സ്കൂളുകൾ, കോളേജുകൾ, പൊതുസ്ഥലങ്ങൾ എന്നിവിടങ്ങളിൽ സംഘടിപ്പിക്കേണ്ടതുണ്ട്.
- റോഡ് യാത്രക്കാരുടേയും കാൽനടയാത്രക്കാരുടേയും സുരക്ഷയ്ക്കായി ദിശാബോർഡുകളും റോഡ് മാർക്കിംഗുകളും ക്രാഷ് ബാരിയറുകളും ഗ്രാമീണ റോഡുകളിൽ സ്ഥാപിക്കുന്നതിനുള്ള പദ്ധതി ആവിഷ്ക്കരിക്കേണ്ടതാണ്. കൂടാതെ കാൽനടയാത്രക്കാരുടെ സുരക്ഷയ്ക്കായി ഗ്രാമീണ റോഡുകളിൽ ഫുട്ട്പാത്ത് നിർമ്മിക്കണം.
- റെയിൽവേസ്റ്റേഷനുകളും ബസ്സ്റ്റേഷനുകളുമായി ബന്ധപ്പെട്ട് പ്രീ-പെയ്ഡ് ഓട്ടോ/കാർ സംവിധാനം തദ്ദേശസ്ഥാപനങ്ങൾ മുഖാന്തിരം നടപ്പിലാക്കാവുന്നതാണ്. കൊച്ചുവേളി, കഴക്കൂട്ടം, നെയ്യാറ്റിൻകര, വർക്കല എന്നീ സ്ഥലങ്ങളിൽ ഇവ ഉടൻ നടപ്പിലാക്കേണ്ടതുണ്ട്.
- റോഡ് യാത്ര സുരക്ഷയുടെ ഭാഗമായി എല്ലാ തദ്ദേശസ്ഥാപനങ്ങളും മാലിന്യം റോഡിലേയ്ക്ക് നിക്ഷേപിക്കുന്നതിനെതിരെ കർശന നിയന്ത്രണം ഏർപ്പെടുത്തണം. ഇതിന്റെ ഭാഗമായി മാലിന്യം ശേഖരിക്കുന്നതിനുള്ള ബിന്നുകൾ റോഡരികിൽ സ്ഥാപിക്കണം. അവ സമയബന്ധിതമായി നീക്കം ചെയ്യാനും സംസ്കരിക്കാനുമുള്ള പദ്ധതി ആവിഷ്ക്കരിക്കണം. ഇത് കുടുംബശ്രീ മുഖേന നടപ്പിലാക്കാവുന്നതാണ്.
- വരും വർഷങ്ങളിൽ തദ്ദേശസ്വയംഭരണ വകുപ്പിന്റെ പദ്ധതികളിൽ വാർത്താവിനിമയ സംവിധാനങ്ങൾ കൂടുതൽ ജനങ്ങളിലേയ്ക്ക് എത്തിക്കുന്നതിനായി നെറ്റ് വർക്കിംഗ് സംവിധാനങ്ങൾ ബലപ്പെടുത്തുന്നതിനുള്ള പദ്ധതികൾ ഉൾക്കൊള്ളിക്കണം.

നൂതന ആശയങ്ങൾ

- ഷെയർ പാർക്കിംഗ് സംവിധാനം സ്വാതി തിരുനാൾ സംഗീത കോളേജ്, ധന്യ/രമ്യ തീയേറ്റർ, എസ്.എൻ.തീയേറ്റർ, വി.ജെ.ടി ഹാൾ, പബ്ലിക് ലൈബ്രറി, പട്ടം എൽ.ഐ.സി കോമ്പൗണ്ട്, പബ്ലിക് ഓഫീസ് കോമ്പൗണ്ട് മുതലായ സ്ഥലങ്ങളിൽ നടപ്പിലാക്കാവുന്നതാണ്.
- കൺജക്ഷൻ പ്രൈസിംഗ് എന്ന പ്രവേശന നികുതി സംവിധാനം ഏർപ്പെടുത്തി നഗരത്തിലെ ഗതാഗതകുരുക്ക് ഒഴിവാക്കുന്നതിനുള്ള സംവിധാനം തദ്ദേശസ്വയംഭരണ വകുപ്പ് മുഖാന്തിരം നടപ്പിലാക്കാവുന്നതാണ്.
- പ്രധാന റെയിൽവേ സ്റ്റേഷനുകളിൽ മൾട്ടിലെവൽ പാർക്കിംഗ് സംവിധാനം ഉൾപ്പെടെയുള്ള നൂതന പെയ്ഡ് പാർക്കിംഗ് സംവിധാനങ്ങളിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ നടപ്പിലാക്കണം.
- കാർ പൂളിംഗ് സംവിധാനം ആവശ്യമുള്ള സ്ഥലങ്ങളിൽ വാഹന സാന്ദ്രത കുറയ്ക്കുന്നതിന് അവലംബിക്കാവുന്നതാണ്.

സംയോജിത പദ്ധതികളുടെ നിർദ്ദേശങ്ങൾ

- പെരിഫറൽ പാർക്കിംഗ് സംവിധാനം നഗരത്തിന്റെ ഉപഗ്രഹ നഗരങ്ങളായ കണിയാപുരം, പരുത്തിപ്പാറ, വഴയില, തിരുമല, വട്ടിയൂർക്കാവ്, പാപ്പനംകോട് എന്നിവിടങ്ങളിൽ നടപ്പിലാക്കാവുന്നതാണ്. ഇതിനായി റോഡ് സുരക്ഷയുമായി ബന്ധപ്പെട്ട എല്ലാ വകുപ്പുകളുടേയും ഏകോപനം ആവശ്യമാണ്.
- ജില്ലയിലെ വിനോദസഞ്ചാരകേന്ദ്രങ്ങളെ ബന്ധിപ്പിച്ച് പ്രധാന യാത്രാമാർഗ്ഗങ്ങളായി റെയിൽ, റോഡ് ശൃംഖല ആധുനികവത്ക്കരിക്കേണ്ടതാണ്. ഇതിനായി ഒരു സംയുക്ത പദ്ധതി പഞ്ചായത്തുതലത്തിലും, ബ്ലോക്ക്തലത്തിലും ജില്ലാതലത്തിലും സംസ്ഥാനതലത്തിലും ആവിഷ്ക്കരിക്കേണ്ടതാണ്. കൂടാതെ വിനോദസഞ്ചാര മേഖലയിൽ നിലവിലുള്ള സംവിധാനം മെച്ചപ്പെടുത്തേണ്ടതുമാണ്. റോഡ് യാത്രാ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി എല്ലാ അടിസ്ഥാന സൗകര്യങ്ങളും ഉൾക്കൊള്ളിച്ചുകൊണ്ടുള്ള വിശ്രമകേന്ദ്രങ്ങളുടെ പദ്ധതി എല്ലാ തദ്ദേശ സ്ഥാപനങ്ങളും രൂപീകരിക്കണം. ഈ കേന്ദ്രങ്ങളിൽ നൂതന സാങ്കേതിക ആശയ വിനിമയ സംവിധാനങ്ങളും ഭക്ഷണശാലകളും മറ്റു സൗകര്യങ്ങളും വാണിജ്യാടിസ്ഥാനത്തിൽ ഉൾപ്പെടുത്താവുന്നതാണ്. ഇത്തരത്തിലുള്ള കേന്ദ്രങ്ങളുടെ നടത്തിപ്പുചുമതല കുടുംബശ്രീ യൂണിറ്റുകൾക്ക് നൽകാവുന്നതാണ്. ഇത്തരം കേന്ദ്രങ്ങളിൽ ആരോഗ്യ വകുപ്പിന്റെ നേതൃത്വത്തിലുള്ള ഒരു പ്രാഥമിക കേന്ദ്രവും പോലീസ് വകുപ്പിന്റെ ഒരു യൂണിറ്റും ഉണ്ടാകണം.

തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെ അടിസ്ഥാന സൗകര്യ വികസനം

തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾ അടിസ്ഥാന സൗകര്യ വികസനവുമായി ബന്ധപ്പെട്ട് പ്രധാനമായും പരിഗണിക്കുന്നത് റോഡ്, സ്കൂളുകൾ, കുളങ്ങൾ, പൊതു ശ്മശാനങ്ങൾ, ടോയ്‌ലറ്റ് സംവിധാനങ്ങൾ, മെറ്റീരിയൽ റിക്കവറി സംവിധാനങ്ങൾ, പ്രാദേശിക വിനോദസഞ്ചാര കേന്ദ്രങ്ങളുടെ വികസനം എന്നിവയാണ്.

1. റോഡുകൾ–പ്രശ്നങ്ങൾ

- ലഭ്യമായ വിഭവം വാർഡടിസ്ഥാനത്തിൽ വീതിക്കുക
- വീതിച്ചു കിട്ടുന്ന വിഭവം ഉപയോഗിച്ച് അശാസ്ത്രീയമായ പ്രവർത്തനങ്ങൾ
- ഒരു റോഡ് പൂർണ്ണമായും ഏറ്റെടുക്കാൻ സാധിക്കാത്ത അവസ്ഥ സംജാതമാകുക
- പുതിയ സാങ്കേതിക വിദ്യകളോട് മുഖം തിരിയ്ക്കുന്ന നിലപാടുകൾ.

നിർദ്ദേശങ്ങൾ

മുൻഗണന നിശ്ചയിച്ച് സമീപകാലങ്ങളിൽ ചെയ്യാവുന്നതും ദീർഘകാലയളവിൽ ചെയ്യാവുന്നതുമായ റോഡുകളെ പട്ടികപ്പെടുത്തണം.

മുൻഗണനാ മാനദണ്ഡം

1. പൊതുമരാമത്ത് റോഡുകളുമായി ബന്ധപ്പെടുന്ന റോഡുകൾ
2. ആശുപത്രികളുമായി ബന്ധപ്പെടുന്ന റോഡുകൾ
3. സ്കൂളുകളുമായി ബന്ധപ്പെടുന്ന റോഡുകൾ

4. വ്യവസായം, മത്സ്യബന്ധനം എന്നീ കേന്ദ്രങ്ങളെ മറ്റ് നിരത്തുകളുമായി ബന്ധിപ്പിക്കുന്ന റോഡുകൾ
5. വിനോദസഞ്ചാര കേന്ദ്രങ്ങളെ മറ്റ് പ്രധാന റോഡുകളുമായി ബന്ധിപ്പിക്കുന്ന റോഡുകൾ
6. റസിഡൻഷ്യൽ കോളനികളുമായി ബന്ധപ്പെടുന്ന റോഡുകൾ
7. പാർശ്വവല്കൃത വിഭാഗങ്ങൾ താമസിക്കുന്ന ഇടങ്ങളുമായി ബന്ധിപ്പിക്കുന്ന റോഡുകൾ
8. കൃഷിയിടങ്ങളെ ബന്ധിപ്പിക്കുന്ന റോഡുകൾ

വികസന പരിപ്രേക്ഷ്യം – ഹ്രസ്വകാലം

- ആശുപത്രികൾ, സ്കൂളുകൾ തുടങ്ങിയ സ്ഥാപനങ്ങൾക്ക് മുന്നിൽ കൂടി പോകുന്ന റോഡുകൾ പലപ്പോഴും അമിതമായ വാഹനഗതാഗതം കാരണം ഗതാഗത സ്തംഭനം വരെ ഉണ്ടാകാറുണ്ട്. ഇതു കാരണം രോഗികൾക്ക് യഥാസമയം ആശുപത്രിയിൽ എത്തുന്നതിന് സാധിക്കുന്നില്ല. അതുപോലെ അമിത വാഹന ഗതാഗതം കാരണം സ്കൂളുകൾക്ക് മുന്നിലും ഗതാഗതകുരുക്ക് അനുഭവപ്പെടാറുണ്ട്. ഹ്രസ്വകാല ഇടപെടലുകൾ കൊണ്ട് ഈ റോഡുകൾ 7 മീറ്റർ വീതിയിൽ ടാർ ചെയ്തു രണ്ടുലെയിൻ റോഡുകളായി മാറ്റണം.
- മിക്ക ഗ്രാമീണ റോഡുകളും ഇപ്പോൾ 3 മീറ്റർ വീതയ്ക്കാണ് ടാർ ചെയ്യുന്നത്. അതുകൊണ്ടു തന്നെ എതിരെ ഒരു വണ്ടി വരികയാണെങ്കിൽ രണ്ടു വണ്ടികളും ടാർ ചെയ്ത പ്രതലം കഴിഞ്ഞ് വശത്തേയ്ക്ക് ഇറങ്ങേണ്ടി വരുന്നു. അതുകാരണം ടാർ റോഡിന്റെ വശം പൊളിഞ്ഞു പോയി റോഡ് നശിക്കാൻ തുടങ്ങുന്നു. ഹ്രസ്വകാല സമീപനം എന്ന നിലയിൽ ഗ്രാമീണ റോഡുകൾ 4 മീറ്റർ വീതിയിൽ ടാർ ചെയ്യണം.

വികസന പരിപ്രേക്ഷ്യം – ദീർഘകാലം

- ആശുപത്രികൾ, സ്കൂളുകൾ എന്നിവയുടെ സമീപത്തുകൂടി പോകുന്ന റോഡുകൾക്ക് നടപ്പാതയുൾപ്പെടെ 10 മീറ്റർ വീതി ഉണ്ടാകണം. മറ്റ് റോഡുകൾക്ക് 8 മീറ്ററെങ്കിലും ആകെ വീതിയുണ്ടാകണം. കൂടാതെ റോഡിന്റെ ദൈർഘ്യം സൂചിപ്പിക്കുന്ന കല്ലുകൾ, സൈൻ ബോർഡുകൾ, വേസ്റ്റ് ബിന്നുകൾ, തണൽ മരങ്ങൾ, സോളാർ സ്ട്രീറ്റ് ലൈറ്റുകൾ തുടങ്ങിയവയും റോഡിന്റെ അനുബന്ധഘടകങ്ങളായി ഉണ്ടാകണം.
- എല്ലാത്തരം റോഡുകളിലും ആസൂത്രിത റോഡ് എന്ന കാഴ്ചപ്പാടിൽ പൈപ്പ് ലൈൻ, കേബിൾ എന്നിവ സ്ഥാപിക്കുന്നതിന് conduit pipe –കൾ മുൻകൂട്ടി സ്ഥാപിക്കണം. റോഡുകൾ സന്ധിക്കുന്ന സ്ഥലങ്ങളിൽ ജംഗ്ഷൻ വികസനം ആസൂത്രിതമായി തന്നെ നടപ്പാക്കണം.

വികസന കാഴ്ചപ്പാട്

- **അരുവിക്കര പഴനിലം റോഡ്**

അരുവിക്കര പഴനിലം റോഡ് റിസർവോയറിന്റെ വശത്തുകൂടി കൂവക്കുടി പാലത്തിനടുത്ത് എത്തിച്ചാൽ പ്രദേശത്തിന്റെ വികസന സാധ്യതകൾ.

(i) പ്രദേശത്തുകാർക്ക് റോഡ് കണക്ടിവിറ്റി.

(ii) ടൂറിസം സാധ്യത – ഫണ്ടിനും സാധ്യത.

(iii) പരോക്ഷമായ തൊഴിൽ സാധ്യത.

(iv) പ്രാദേശികമായ വികസനം.

(v) ഗ്രാമപഞ്ചായത്തിന് വരുമാനം.

സംയോജന സാധ്യതകൾ – പങ്കാളികളാകേണ്ടവർ

(i) റോഡ് – ഗ്രാമപഞ്ചായത്ത്.

(ii) വിശ്രമകേന്ദ്രം – ജില്ലാ പഞ്ചായത്ത്.

(iii) ടൂറിസം വികസനം – ടൂറിസം വകുപ്പ്.

- **പൂവാർ ബീച്ച് റോഡ്**

വികസന സാധ്യതകൾ

(i) പ്രാദേശിക ടൂറിസത്തിന് പുത്തൻ ഉണർവ്.

(ii) പ്രാദേശികമായ വികസനം.

(iii)പരോക്ഷമായ തൊഴിൽ സാധ്യത.

(iv)പ്രകൃതിയേയും കണ്ടൽകാടുകളെയും മനസ്സിലാക്കുന്നതിന് വിദ്യാർത്ഥികൾക്കും പഠിതാക്കൾക്കും അവസരം.

(v) ഗ്രാമപഞ്ചായത്തിന് വരുമാനം.

സംയോജന സാധ്യതകൾ –പങ്കാളികളാകേണ്ടവർ

(i) റോഡ് – ഗ്രാമപഞ്ചായത്ത്.

(ii) വിശ്രമകേന്ദ്രം – ജില്ലാപഞ്ചായത്ത്.

➢ ബോണക്കാട് പോസ്റ്റ് ഓഫീസ് യു.പി. സ്കൂൾ ജംഗ്ഷൻ റോഡ്

പ്രദേശത്തിന്റെ സിംഹഭാഗവും മഹാവീർ പ്ലാന്റേഷന്റെ ഉടമസ്ഥതയിലാണ്. 8 മീറ്റർ വീതിയിലുള്ള പ്രസ്തുത റോഡ് ഗ്രാമപഞ്ചായത്ത് സംരക്ഷിക്കുന്നു.

വികസന സാധ്യതകൾ

ഹ്രസ്വകാല സാധ്യതകൾ

700 മീറ്റർ ദൂരം റോഡ് ടാറിംഗ്.

ദീർഘകാല സാധ്യതകൾ

(i) മികച്ച ടൂറിസം സാധ്യത.

(ii) ചെറുകിട ജലവൈദ്യുത പ്രോജക്ടിന് സാധ്യത.

(iii) വിതുര ഗ്രാമപഞ്ചായത്തിന് ആകെ ആവർത്തനചെലവില്ലാതെ കുടിവെള്ളം ലഭിക്കും.

(iv) പ്രദേശത്തിന്റെ സമഗ്രവികസനത്തിന് സാധ്യത.

(v) ബോണക്കാട് യു.പി. സ്കൂളിന് പുത്തൻ ഉണർവ്.

സംയോജന സാധ്യതകൾ – പങ്കാളികളാകേണ്ടവർ

(i) റോഡ് – ജില്ലാപഞ്ചായത്ത്.

(ii) ചെറുകിട ജലവൈദ്യുത പ്രോജക്ട് – കേരള സംസ്ഥാന വിദ്യുച്ഛക്തി ബോർഡ്.

(iii)കുടിവെള്ളം – ജില്ലാപഞ്ചായത്ത്, കേരള വാട്ടർ അതോറിറ്റി.

2. കുളങ്ങൾ – പ്രശ്നങ്ങൾ

➢ നിലവിലുള്ള ജലാശയങ്ങൾ ഒന്നുംതന്നെ വേണ്ടവിധം സംരക്ഷിക്കപ്പെടുന്നില്ല. അത് പൂർണ്ണമായും നിലനിർത്തുന്നതിനും സംരക്ഷിക്കപ്പെടുന്നതിനും കീഴ്ത്തട്ടുതലത്തിലും മേൽത്തട്ടുതലത്തിലും പദ്ധതികൾ രൂപീകരിക്കേണ്ടതാണ്.

➢ വെള്ളായണി കായലും കന്നുകാലിചാൽ തോടും സംരക്ഷിക്കുന്നതിനുള്ള അടിയന്തര നടപടികൾ എടുക്കണം.

നിർദ്ദേശങ്ങൾ

➢ ആന്ധ്രാപ്രദേശിൽ വിജയിച്ച 'വാട്ടർ യൂസേഴ്സ് അസോസിയേഷൻ' മോഡൽ കുളങ്ങളെ സംബന്ധിച്ചും അവലംബിക്കാവുന്നതാണ്. കുളങ്ങളെ അതാത് പ്രദേശത്തെ ഗുണഭോക്തൃ സമിതികൾക്ക് കീഴിലാക്കി ചുമതല നൽകാവുന്നതാണ്.

➢ സർക്കാരിന്റെ/പഞ്ചായത്തിന്റെ ഒറ്റത്തവണ ഇടപെടലിനുശേഷം കൈമാറൽ/ തുടർനടത്തിപ്പ് വാട്ടർ യൂസേഴ്സ് അസോസിയേഷനായിരിക്കും. വാട്ടർ യൂസേഴ്സ് അസോസിയേഷന് മഴവെള്ളത്തെ ഫലപ്രദമായി നിയന്ത്രിച്ച് വെള്ളപ്പൊക്കം നിയന്ത്രിക്കുന്നതിന് കഴിയും.

1) **സ്കൂളുകൾ**

സ്കൂളുകളിലെ കെട്ടിടങ്ങൾ മിക്കവയും കാലപ്പഴക്കത്താൽ ജീർണ്ണിച്ചവയാണ്. എൽ.പി/യു.പി സ്കൂളുകൾക്ക് ടോയ്‌ലറ്റ് ഉൾപ്പെടെ ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ കുറവാണ്. സ്കൂളുകളുടെ യഥാർത്ഥ അവസ്ഥ നിർണ്ണയിക്കുന്നതിന് താഴെത്തട്ടിൽ ഫീൽഡ് പരിശോധന നടത്തി വിവരങ്ങൾ ശേഖരിച്ച് ക്രോഡീകരിക്കണം. ഈ നടപടിയിൽ തന്നെ അതാത് സ്കൂളുകൾക്ക് മാസ്റ്റർ പ്ലാനുകൾ തയ്യാറാക്കേണ്ടതാണ്. അതിനുശേഷം മാത്രം പുതിയ നിർമ്മാണ പ്രവൃത്തികൾ ഏറ്റെടുക്കാവൂ. കുട്ടികളുടെ മാനസികവും ശാരീരികവുമായ

വളർച്ചയ്ക്ക് കെ.ഇ.ആർ പ്രകാരം ആവശ്യമായ പ്ലേ ഗ്രൗണ്ട് ഉറപ്പുവരുത്തേണ്ടതാണ്. കൂടാതെ ആവശ്യത്തിന് മരങ്ങൾ, പൂന്തോട്ടം തുടങ്ങിയവയും ഉറപ്പു വരുത്തേണ്ടതാണ്.

നിലവിലെ അവസ്ഥ

(i) ചെറിയ ചെറിയ കെട്ടിടങ്ങൾ/ടോയ്‌ലെറ്റുകൾ എന്നിവ കൊണ്ട് സ്കൂൾ കോമ്പൗണ്ട് നിറഞ്ഞു നിൽക്കുന്നു.

(i) ക്ലാസ് മുറികൾ കാലാനുസൃതമായി പരിഷ്ക്കരിച്ചിട്ടില്ല.

(ii) മാലിന്യം കൂടിക്കിടക്കുന്നു.

(iii) കുടിവെള്ളത്തിന്റെ കുറവ്.

(iv) വൈദ്യുതിയുടെ അപര്യാപ്തത.

ഹ്രസ്വകാല കാഴ്ചപ്പാട്

(i) ക്ലാസ് മുറികൾ ഹൈടെക് ആക്കുന്നതിന്റെ ഭാഗമായി പൊടി ഒഴിവാക്കുന്നതിന് ടൈൽസ്.

(ii) പലഭാഗങ്ങളിൽ സ്ഥിതിചെയ്യുന്ന ചെറിയ ചെറിയ കെട്ടിടങ്ങൾ/ ടോയ്‌ലെറ്റുകൾ തുടങ്ങിയവ പൊളിച്ചു മാറ്റി കാലാനുസൃതമായിട്ടുള്ള ബഹുനില കെട്ടിടങ്ങൾ.

(iii) മാലിന്യ നിർമ്മാർജ്ജന പാർക്കുകൾ – എല്ലാവിധ മാലിന്യ നിർമ്മാർജ്ജന സംവിധാനങ്ങളുടെയും പ്രദർശനം.

(iv) മഴവെള്ള റീചാർജ്ജിംഗ്.

(v) ഓപ്പൺ എയറിൽ മരത്തിന് ചുറ്റും ക്ലാസ്.

ദീർഘകാല കാഴ്ചപ്പാട്

(i) ഓട്/ഷീറ്റ് മേഞ്ഞ കെട്ടിടങ്ങൾ പൊളിച്ചുമാറ്റി ബഹുനില കെട്ടിടങ്ങൾ.

(ii) ഹൈടെക് ക്ലാസ് മുറികൾ.

(iii) ക്യാന്റീൻ/ഡൈനിംഗ് ഹാൾ

(iv) ആധുനിക ടോയ്‌ലെറ്റ്

(v) കുടിവെള്ളം

(vi) ഇൻഡോർ സ്റ്റേഡിയം

(vii) ഓഡിറ്റോറിയം.

(viii) സൗരോർജ്ജ പ്ലാന്റ്

പ്ലാൻ ഫണ്ട്, സർക്കാർ ഫണ്ട്, എൽ.എൽ.എ./എം.പി.ഫണ്ട്, നബാർഡ് ഫണ്ട്, കേന്ദ്രാവിഷ്കൃത ഫണ്ടുകൾ, പി.റ്റി.എ. യുടെ ഫണ്ട്, പൂർവ്വ വിദ്യാർത്ഥികളുടെ സഹായം, കമ്പനികളുടെ സി.എസ്.ആർ ഫണ്ട് എന്നിവ പ്രയോജനപ്പെടുത്താവുന്നതാണ്.

ഭാവിയിലെ സാധ്യതകൾ

അവധി ദിവസങ്ങളിൽ ഓഡിറ്റോറിയം/സ്റ്റേഡിയം തുടങ്ങിയവ വാടകയ്ക്ക് നൽകാവുന്നതാണ്. വരുമാനം തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്.

ഗ്രാമപഞ്ചായത്ത് ഓഫീസുകൾ

നിലവിലെ സ്ഥിതി

പ്രാദേശിക ഭരണത്തിന്റെ സെക്രട്ടേറിയറ്റ് എന്ന നിലയിൽ ഗ്രാമപഞ്ചായത്ത് ഓഫീസുകളുടെ അടിസ്ഥാന സൗകര്യങ്ങൾ ഇനിയും മെച്ചപ്പെടുത്തേണ്ടതുണ്ട്. ജില്ലയിലെ 90 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ 12 സ്ഥാപനങ്ങൾക്ക് മാത്രമേ ഐ.എസ്.ഒ സർട്ടിഫിക്കറ്റ് ലഭിച്ചിട്ടുള്ളൂ.

ലക്ഷ്യം

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ഐ.എസ്.ഒ സർട്ടിഫിക്കേഷൻ ലഭിക്കുന്നതോടുകൂടി അവയുടെ അടിസ്ഥാന സൗകര്യ പ്രശ്നങ്ങൾ പരിഹരിക്കപ്പെടും.

ജി.ഐ.എസ്/വെബ് അധിഷ്ഠിത റോഡ് കണക്ടിവിറ്റി മാപ്പിംഗും അസറ്റ് ഡേറ്റാ ബാങ്ക് തയ്യാറാക്കലും

ജില്ലയിലെ എല്ലാ റോഡുകളും വിവിധ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ അധീനതയിലുള്ള ആസ്തികളുടെയും വിവരങ്ങൾ സംക്ഷിപ്ത രൂപത്തിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ, ജനപ്രതിനിധികൾ, പൊതുജനങ്ങൾ എന്നിവർക്ക് അവരവരുടെ തലത്തിലുള്ള

ആവശ്യങ്ങൾക്കനുസരിച്ച് ലഭ്യമാക്കുന്നതിനും അതുവഴി മികച്ച ആസൂത്രണം നടത്തി നൂതനമായ പദ്ധതികൾ രൂപപ്പെടുത്തുന്നതിനുമായി ജി.ഐ.എസ് സഹായത്തോടെ വെബ് അധിഷ്ഠിതമായ റോഡ് കണക്ടിവിറ്റി മാപ്പിംഗ് ആന്റ് അസറ്റ് ഡേറ്റാ ബാങ്ക് തയ്യാറാക്കുന്നതിനുള്ള നടപടികൾ ജില്ലാതലത്തിൽ സ്വീകരിക്കേണ്ടതാണ്. ഇതിനായി കേരള റിമോട്ട് സെൻസിംഗ് ആന്റ് എൻവിറോൺമെന്റ് സെന്ററിന്റെ സഹായം തേടാവുന്നതാണ്. ഇതിനുള്ള സോഫ്റ്റ്‌വെയർ, മൊബൈൽ ആപ്ലിക്കേഷൻ, വെബ് അധിഷ്ഠിത interface എന്നിവ കേരള റിമോട്ട് സെൻസിംഗ് ആന്റ് എൻവിറോൺമെന്റ് സെന്റർ നൽകും. ഇതിലേയ്ക്കായി ഒരു തദ്ദേശസ്വയംഭരണ സ്ഥാപനത്തിന് 12000 രൂപയിൽ താഴെ മാത്രമേ ചെലവ് വരുകയുള്ളൂ. ഡേറ്റാ ശേഖരണം തദ്ദേശസ്വയംഭരണസ്ഥാപന എൻജിനീയറിംഗ് വിഭാഗം, തൊഴിലുറപ്പ് എൻജിനീയറിംഗ് വിഭാഗം എന്നിവരെ ഉൾപ്പെടുത്തിക്കൊണ്ട് ചെയ്യിക്കാവുന്നതാണ്.

7.4.3.3.വിനോദ സഞ്ചാരം

ജില്ലയുടെ വികസനത്തിൽ കാര്യമായ മുതൽക്കൂട്ട് നടത്തുവാൻ കഴിയുന്ന ഒരു മേഖലയാണ് വിനോദസഞ്ചാരം. വിനോദസഞ്ചാരവികസനത്തെ പ്രത്യക്ഷമായും പരോക്ഷമായും സഹായിക്കുവാൻ കഴിയുന്ന ജില്ലയുടെ പ്രത്യേകതകളാണ് ടൂറിസം പരിസ്ഥിതിയെ നിർണ്ണയിക്കുന്നത്.

പ്രശ്നങ്ങൾ

പൂവ്വാർ കേന്ദ്രീകരിച്ച് പുതിയ ടൂറിസം ഡെസ്ററിനേഷന് മതിയായ അടിസ്ഥാന സൗകര്യങ്ങളില്ല. വർക്കല, വർക്കല ബീച്ച്, പാപനാശം, ക്ലിഫ് എന്നീ പ്രദേശങ്ങൾ കാര്യമായ തോതിൽ ടൂറിസം കാഴ്ച്ചപ്പാടിൽ വികസിച്ചിട്ടില്ല. ട്രക്കിംഗ് പ്രധാന ആകർഷണമായ അഗസ്ത്യമലയിൽ ട്രക്കിംഗിനാവശ്യമായ ഉപകരണങ്ങൾ ലഭ്യമല്ല.

പ്രധാന പൊതുപ്രശ്നങ്ങൾ

- ❖ റോഡുകളുടെ ശോച്യാവസ്ഥ
- ❖ നടപ്പാതകളുടെ അഭാവം/ പരിപാലനമില്ലായ്മ
- ❖ പാർക്കിംഗ് സൗകര്യത്തിന്റെ കുറവ്
- ❖ തിരക്കുള്ള സ്ഥലങ്ങളിൽ പാർക്കിംഗ് നിയന്ത്രിക്കുവാനുള്ള സംവിധാനമില്ലായ്മ
- ❖ ഇൻഫർമേഷൻ കൗണ്ടർ/ടിക്കറ്റ് കൗണ്ടർ എന്നിവയുടെ അഭാവം. ഉള്ളത് വേണ്ടവിധം പ്രവർത്തിപ്പിക്കുന്നില്ല.
- ❖ സൈനേജിന്റെ അഭാവം
- ❖ തെരുവ് വിളക്ക് ഇല്ല /പ്രകാശിക്കുന്നില്ല.
- ❖ ഇരിപ്പിടങ്ങളുടെ അഭാവം
- ❖ പകൽ യാത്രികർക്ക് വേണ്ടത്ര ലഘുഭക്ഷണ സൗകര്യമല്ല
- ❖ മാലിന്യ നിർമ്മാർജ്ജനം നടക്കുന്നില്ല
- ❖ കടൽ/കായൽ തീരങ്ങളിൽ സെക്യൂരിറ്റി ഗാർഡുകളുടെ അഭാവം
- ❖ ശൗചാലയങ്ങളുടെ അഭാവം/ ഉള്ളത് വേണ്ടവണ്ണം പരിപാലിക്കപ്പെടുന്നില്ല.
- ❖ പരിശീലനം ലഭിച്ച ജീവനക്കാരുടെ അഭാവം
- ❖ വിവിധ വകുപ്പുകൾ തമ്മിൽ ഏകോപനമില്ലായ്മ
- ❖ സന്ദർശ മാനേജ്മെന്റില്ലായ്മ

മേൽത്തട്ട്/കീഴ്ത്തട്ട് നിർദ്ദേശങ്ങൾ

- സഞ്ചാരികളെ ആകർഷിക്കുന്നതിന്റെ ഭാഗമായി കോവളം ടൂറിസം മേഖലയിൽ കൂടുതൽ ശൗചാലയം, വിശ്രമകേന്ദ്രം, സൈൻ ബോർഡുകൾ, വാട്ടർ കിയോസ്കുകൾ, സി.സി.ടിവി എന്നിവ സ്ഥാപിക്കാം. സാഹസിക ജലകേളി, ബോട്ടിംഗ് എന്നിവയും ആരംഭിക്കാം.
- കുട്ടികൾക്കും മുതിർന്നവർക്കും വേണ്ടി കായിക-കല-വിനോദ പരിപാടികൾ ആരംഭിക്കുന്നതും ഗ്രാമീണ ടൂറിസം പാക്കേജുകൾ ആരംഭിക്കുന്നതും പ്രോജക്ടുകൾ തയ്യാറാക്കുക.

- സഞ്ചാരികൾക്ക് സൗകര്യം ലഭ്യമാക്കുന്നതിന്റെ ഭാഗമായി തദ്ദേശീയരുടെ പങ്കാളിത്തത്തോടെ പാർക്കിംഗ് സൗകര്യം, ഹോംസ്റേറ സൗകര്യങ്ങൾ എന്നിവ പ്രോത്സാഹിപ്പിക്കാവുന്നതാണ്.
- പൂവാർ ബീച്ച് പ്രദേശത്ത് അടിയന്തിരമായി ലൈഫ് ഗാർഡുകളുടെ സേവനം, പൊതു ശൗചാലയം, മാലിന്യ നിർമ്മാർജ്ജന പരിപാടികൾ, സുരക്ഷാ സേനയുടെ ലഭ്യത, തെരുവുവിളക്ക്, ഇൻഫർമേഷൻ സെന്റർ, നാടൻ ഭക്ഷണശാല, ഹോംസ്റേറ സൗകര്യങ്ങൾ എന്നിവ വികസിപ്പിക്കണം.
- പൂവ്വാർ കേന്ദ്രീകരിച്ച് ഗ്രാമീണ വിനോദസഞ്ചാര പാക്കേജുകൾ, ജലാധിഷ്ഠിത വിനോദ-സാഹസിക പരിപാടികൾ എന്നിവ ലഭ്യമാക്കുന്നത് കൂടുതൽ സഞ്ചാരികളെ ഈ പ്രദേശത്തേയ്ക്ക് ആകർഷിക്കുകയും കോവളത്തെ സമ്മർദ്ദം കുറയ്ക്കുകയും ചെയ്യും.
- വർക്കല ബീച്ചിൽ എത്തുന്ന സഞ്ചാരികൾക്ക് കാപ്പിൽ, ഇടവ, ഹരിഹരപുരം എന്നിവിടങ്ങളിലെ കായൽ, കഥകളി കേന്ദ്രം, പ്രകൃതി ചികിത്സാ കേന്ദ്രം, അക്വേറിയം, ജനാർദ്ദന സ്വാമിക്ഷേത്രം, ശിവഗിരി മഠം, അഞ്ചുതെങ്ങ് കോട്ട, കായിക്കര ആശാൻ സ്മാരകം എന്നിവ കേന്ദ്രീകരിച്ച് പുതിയ ആകർഷണങ്ങൾ വികസിപ്പിക്കുന്നതോടൊപ്പം പാരാഗ്ലൈഡിംഗിന്റെ സാധ്യതകളും പ്രയോജനപ്പെടുത്താവുന്നതാണ്.
- വർക്കല മുനിസിപ്പാലിററിയുടെ നേതൃത്വത്തിൽ കൂടുതൽ പൊതു ശൗചാലയങ്ങൾ, ലൈഫ്ഗാർഡുകളുടെ സേവനം, മാലിന്യ നിർമ്മാർജ്ജനം, തെരുവുവിളക്ക്, സെക്യൂരിററി/ലൈഫ്ഗാർഡ് ജീവനക്കാരുടെ ലഭ്യത എന്നിവ ഉറപ്പാക്കാം
- പ്രകൃതി ചികിത്സാ കേന്ദ്രം, കഥകളി കേന്ദ്രം, കായൽ എന്നിവയെ അടിസ്ഥാനമാക്കി കൂടുതൽ വിനോദ-ആരോഗ്യ പരിപാടികൾ നടപ്പാക്കുന്നതിന് വർക്കല മുനിസിപ്പാലറ്റിക്ക് മുൻകൈ എടുക്കാവുന്നതാണ്.
- ഗ്രാമീണ ടൂറിസം പാക്കേജുകളുടെ വികസനം, ശിവഗിരി, ജനാർദ്ദനസ്വാമി ക്ഷേത്രം എന്നിവയുമായി ബന്ധപ്പെട്ട പ്രത്യേക പാക്കേജുകൾ എന്നിവ സഞ്ചാരികളുടെ വരവ് കൂടുതൽ പ്രോത്സാഹിപ്പിക്കും.
- ട്രാവൽ കണക്ടിവിററിയും നിലവിലുള്ള ആകർഷണങ്ങളും സൗകര്യങ്ങളും ക്രമീകരിച്ച് വൈവിധ്യമാർന്ന പാക്കേജുകൾ (അരദിവസം/ഒരു ദിവസം) തിരുവനന്തപുരം നഗരത്തിൽ ഡി.റ്റി.പി.സി യുടെ സഹായത്തോടെ തിരുവനന്തപുരം കോർപ്പറേഷന്റെ സഹായത്തോടെ നടപ്പിലാക്കാവുന്നതാണ്
- ബഹുഭാഷാ പ്രാവീണ്യമുള്ള ടൂർ ഗൈഡുകൾ, ടൂർ ഓപ്പറേററർമാർ, യാത്രാ സൗകര്യങ്ങൾ എന്നിവ വികസിപ്പിക്കേതുണ്ട്.
- ശംഖുമുഖം, വേളി, ആക്കുളം, മ്യൂസിയം, പത്മനാഭസ്വാമി ക്ഷേത്രം തുടങ്ങിയ സ്ഥലങ്ങളിൽ വരുന്ന സഞ്ചാരികളുടെ എണ്ണം ശേഖരിക്കുന്നതിനും പ്രത്യേക സംവിധാനം ഉണ്ടാക്കണം.
- ഈ നഗരത്തിലെ പ്രധാന ടൂറിസം ആകർഷണങ്ങൾ കേന്ദ്രീകരിച്ച് പൊതു സൗകര്യങ്ങളായ ശൗചാലയം, പാർക്കിംഗ്, കഫറ്റേരിയ, നാടൻ ഭക്ഷണശാല, ഗൈഡുകളുടെ സേവനം എന്നിവ ഉറപ്പാക്കുന്നത് കൂടുതൽ തൊഴിൽ സൗകര്യം സൃഷ്ടിക്കുന്നതിന് സഹായകമാകും.
- കള്ളിക്കാട് പഞ്ചായത്തിൽ വരുന്ന നെയ്യാർ വന്യജീവി സങ്കേതത്തിൽ വനം വകുപ്പ്, ജലസേചന വകുപ്പ്, വിനോദ സഞ്ചാര വകുപ്പ് എന്നിവയുടെ സംയോജനം വഴി നാടൻ ഭക്ഷണ ശാലകൾ, സൈക്കിൾ, ഓട്ടോ ടാക്സി സൗകര്യങ്ങൾ, ഹോം സ്റേറ സൗകര്യം, ഇൻഫർമേഷൻ സെന്റർ, സെക്യൂരിററി ജീവനക്കാരുടെ സേവനം, ഗ്രാമീണ ടൂറിസം പാക്കേജുകൾപദ്ധതികൾ നടപ്പാക്കേണ്ടതാണ്.
- കോട്ടൂർ ആന പുനരധിവാസ കേന്ദ്രത്തിൽ ആദിവാസി ഊരുകളിലേയ്ക്കുള്ള സന്ദർശനം, തനത് കലാരൂപങ്ങളുടെ പ്രദർശനം, ഗ്രാമീണ-വന ആകർഷണ പാക്കേജുകൾ എന്നിവയും ടൂറിസം പദ്ധതിയുടെ ഭാഗമായി ആലോചിക്കാം.

- പേപ്പാറ വന്യജീവി സങ്കേതത്തിൽ സഞ്ചാരികൾക്ക് സഹായകമായി പ്രാദേശിക തലത്തിൽ യാത്രാ സൗകര്യങ്ങൾ, ഗുണമേന്മയുള്ള ഭക്ഷണശാലകൾ, വനഉൽപ്പന്നങ്ങളെ അടിസ്ഥാനമാക്കി സ്മരണികകൾ, ട്രക്കിംഗിനും ക്യാമ്പിംഗിനും വേണ്ടി സഹായം നൽകുന്ന പരിശീലനം ലഭിച്ച ടൂർ ഗൈഡുകൾ, നാച്യുറലിസ്റ്റുകളുടെ സേവനം, ഫോട്ടോ ഗ്രാഫർമാരുടെ സേവനം എന്നിവ ഉറപ്പാക്കുന്നത് കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കും.
- ട്രക്കിംഗിന് പ്രധാന ആകർഷണമായ അഗസ്ത്യമലയിൽ പ്രദേശത്തിന്റെ ആവാസവ്യവസ്ഥ കണക്കിലെടുത്ത് സസ്യലതാദികൾ, മൃഗങ്ങൾ എന്നിവയെ പരിചയപ്പെടുത്തുന്നതിനുവേണ്ടി നാച്യുറലിസ്റ്റുകൾ, ഫോട്ടോഗ്രാഫർമാർ എന്നിവരുടെ സേവനങ്ങളെ അടിസ്ഥാനമാക്കി പ്രത്യേക പദ്ധതികൾ നടപ്പാക്കാം.
- ശരാശരി അഞ്ഞൂറോളം സഞ്ചാരികൾ എത്താറുള്ള പെരിങ്ങമ്മല ഗ്രമപഞ്ചായത്തിന്റെ കീഴിൽ വരുന്ന കല്ലാർ വിനോദസഞ്ചാരകേന്ദ്രം തദ്ദേശപങ്കാളിത്തത്തോടെ താമസ സൗകര്യങ്ങൾ ഗുണമേന്മയോടെ ലഭ്യമാക്കുന്നതിനുള്ള പദ്ധതികൾ ആവിഷ്ക്കരിക്കണം.

പഞ്ചായത്തുകൾക്ക് ഏറ്റെടുത്ത് നടപ്പാക്കാവുന്ന പദ്ധതികൾ

1. അടിസ്ഥാന സൗകര്യങ്ങൾ ഉറപ്പുവരുത്തുന്നതിൽ വിവിധ വകുപ്പുകളുമായുള്ള ഏകോപനം അനിവാര്യമാണ്. അതുപോലെ അടിയന്തിരമായ പരാതി പരിഹാരത്തിനും അറ്റകുറ്റപ്പണികൾക്കും പ്രത്യേക സംവിധാനം ഉറപ്പാക്കേണ്ടതാണ്.
2. പഞ്ചായത്തുകളുടെ നേതൃത്വത്തിൽ ഡി.റ്റി.പി.സി.യുടെ സഹകരണത്തോടുകൂടി ഡെസ്റ്റിനേഷൻ മാനേജ്മെന്റ് കൗൺസിലുകളുടെ പ്രവർത്തനം ശക്തിപ്പെടുത്തണം. സീസൺ ആരംഭിക്കുന്നതിന് മുമ്പ് തന്നെ ടൂറിസം കേന്ദ്രങ്ങൾ ഒരുക്കി നിർത്തുന്നതിന് ആവശ്യമായ നടപടികൾ ഡി.റ്റി.പി.സി ഏറ്റെടുക്കണം. പൊതുജനങ്ങൾ, ടൂറിസം സംരംഭകർ, ടൂറിസം വകുപ്പ് തുടങ്ങിയവയുടെ പങ്കാളിത്തത്തോടെ ഇത് നടപ്പാക്കാം.
3 അറ്റകുറ്റപ്പണികൾക്കാവശ്യമായ ചെലവ് എത്രയെന്ന് തിട്ടപ്പെടുത്തി ടൂറിസം സംരംഭകരും ടൂറിസം വകുപ്പും ചേർന്ന് നൽകുന്ന (മാച്ചിംഗ് ഗ്രാന്റ്) സംവിധാനം ഓരോ ഡെസ്റ്റിനേഷനിലും നടപ്പാക്കുന്നത് കൂടുതൽ പങ്കാളിത്തവും മെച്ചപ്പെട്ട മേൽനോട്ടവും ഉറപ്പാക്കും.

നൂതന ആശയങ്ങൾ

ലോകോത്തര നിലവാരമുള്ള പ്രത്യേക താല്പര്യാധിഷ്ടിത ടൂറിസം കേന്ദ്രമായി ജില്ലയെ മാറ്റുക എന്നതാണ് അടിസ്ഥാന ലക്ഷ്യം. നിലവിലുള്ള ബീച്ച്, ഇക്കോ ടൂറിസം ഉത്പന്നങ്ങൾക്ക് ഉപരിയായി ടൂറിസം ഉത്പന്ന വികസന രംഗത്ത് കണ്ടെത്തിയ 12 മേഖലകളാണ് ജലാധിഷ്ഠിത ടൂറിസം, പൈതൃക ടൂറിസം, മ്യൂസിയം, വെൽനസ് ടൂറിസം, സാംസ്ക്കാരിക ടൂറിസം, തീർത്ഥാടന ടൂറിസം, ഫെസ്റ്റിവൽ ടൂറിസം, ഫാം ടൂറിസം, മെഡിക്കൽ വാല്യു ട്രാവൽ, എഡ്യൂക്കേഷൻ ടൂർ, സ്പോർട്സ് ടൂറിസം, എന്റർടെയിൻമെന്റ് & ഷോപ്പിംഗ്.

7.4.3.4.ദുരന്ത നിവാരണം

2011 സെൻസസ്സ് പ്രകാരം ജില്ലയിൽ ഒരു ച.കി.മീറ്ററിൽ 1509 പേർ താമസിക്കുന്നു. അതേ സമയം തിരുവനന്തപുരം നഗരത്തിൽ 4500 ആൾക്കാരാണ് ഒരു ച.കി.മിറ്ററിൽ താമസിക്കുന്നത്. ജനസാന്ദ്രതകൂടിയ ഇത്തരം പ്രദേശങ്ങളിൽ ചെറിയ തോതിലുള്ള ദുരന്തങ്ങൾ പോലും ധാരാളം ജനങ്ങളെ ബാധിക്കുന്നു. ജില്ലയിൽ സംഭവിക്കാൻ സാദ്ധ്യതയുള്ള ദുരന്തങ്ങളെ അവ സംഭവിക്കാൻ സഹായിക്കുന്ന കാരണങ്ങളെ അടിസ്ഥാനമാക്കി തരംതിരിക്കാം.

- കാലാവസ്ഥയുമായി ബന്ധപ്പെട്ട് ഉണ്ടാകുന്ന ദുരന്തങ്ങൾ.
- ഭൗമപ്രതിഭാസങ്ങളുമായി ബന്ധപ്പെട്ട് ഉണ്ടാകുന്ന ദുരന്തങ്ങൾ
- ജൈവപരമായ കാരണങ്ങളാൽ ഉണ്ടാകുന്ന ദുരന്തങ്ങൾ
- മനുഷ്യ ഇടപെടലുകൾ മൂലം ഉണ്ടായേക്കാവുന്ന ദുരന്തങ്ങൾ

നിർദ്ദേശങ്ങൾ

- നദികൾ, തോടുകൾ, കനാലുകൾ എന്നിവയുടെ തീരങ്ങൾ കയ്യേറി നിർമ്മിച്ചിരിക്കുന്ന നിർമ്മിതികൾ 2005 ലെ ദുരന്ത നിവാരണ നിയമം പ്രകാരം നീക്കം ചെയ്യേണ്ടതിന്

ആവശ്യമായ നടപടികൾ സ്വീകരിക്കുവാൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കും റവന്യൂവകുപ്പിനും നിർദ്ദേശം നൽകുക.

- തിയേറ്ററുകളിലും, ദൃശ്യമാധ്യമങ്ങളിലും 101 ന്റെയും ദുരന്തനിവാരണ സേനയുടെയും നമ്പർ പ്രദർശിപ്പിക്കാൻ വേണ്ട നടപടി സ്വീകരിക്കേണ്ടതാണ്.
- ദുരന്തനിവാരണ അതോറിറ്റിയുടെ വരൾച്ച, വെള്ളപ്പൊക്കം നേരിടാനുള്ള നടപടിക്രമങ്ങൾ തദ്ദേശസ്ഥാപനങ്ങളുടെ പദ്ധതികളിൽ ഉൾപ്പെടുത്തുക
- തീരമേഖലയിലെ നിർമ്മാണ പ്രവർത്തനങ്ങൾ നിയന്ത്രിച്ച് ദുരന്തത്തിന്റെ ആഘാതം കുറയ്ക്കുവാനായി തീരദേശനിയമം നടപ്പാക്കുക. ജനസാന്ദ്രതയും ആസ്തിയും കാലക്രമേണ കുറച്ചു കൊണ്ടുവരുവാൻ നടപടികളെടുക്കുക.
- എല്ലാ നിയോജകമണ്ഡലങ്ങളിലും ഫയർ & റെസ്ക്യൂ സർവ്വീസസ് സ്ഥാപിക്കേണ്ടതണ്.
- തീരദേശ നിയന്ത്രണ വിജ്ഞാപനത്തിനനുസരിച്ച് തയ്യാറാക്കിയിട്ടുള്ള പ്ലാനുകൾ പരിസ്ഥിതി വകുപ്പിൽ നിന്നും ലഭ്യമാക്കി തീരദേശവാസികളെ ബോധവൽക്കരിക്കുക.
- സുനാമി വെള്ളക്കയറ്റസാദ്ധ്യതാ മാപ്പുകൾ ദുരന്ത മാനേജ്മെന്റ് അതോറിറ്റിയിൽ നിന്നും ലഭ്യമാക്കി അതാത് പ്രദേശങ്ങളിലെ ജനങ്ങളെ മുൻകരുതലുകൾ എടുക്കാൻ പ്രാപ്തരാക്കുക
- തീരപ്രദേശത്തെ റോഡുകൾ വീതികൂട്ടി ഗതാഗതയോഗ്യമാക്കാനും റോഡ് ശൃംഖല ശക്തമാക്കാനുമുള്ള പദ്ധതികൾ തയ്യാറാക്കുകയും നടപ്പാക്കുകയും ചെയ്യുക.
- മഴക്കാല പൂർവ്വ തയ്യാറെടുപ്പുകൾ നടത്തുന്നതിനും വെള്ളപ്പൊക്കത്തെ തടയുന്നതിനും ആവശ്യമായ മുന്നൊരുക്കത്തിന് കൂടുതൽ പ്രാധാന്യം നൽകുക. മഴവെള്ളം ഒഴുകിപ്പോകേണ്ട ചാലുകളിലെ മാലിന്യം, ചെളി എന്നിവ സമയബന്ധിതമായി നീക്കം ചെയ്യാൻ ഇറിഗേഷൻ വകുപ്പും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും മുൻകൈയെടുക്കുക.
- കെട്ടിടസമച്ചയങ്ങൾ, ഫാക്ടറികൾ തുടങ്ങിയ ഇടിമിന്നലിൽ നിന്നും സംരക്ഷിക്കുവാൻ ലൈറ്റ്നിംഗ് കണ്ടക്ടറുകൾ സ്ഥാപിക്കേണ്ടതുണ്ട്. BISA അംഗീകരിച്ചിട്ടുള്ള നിബന്ധനസൃതമായിരിക്കണം ഇവ സജ്ജീകരിക്കേണ്ടത്.
- ജില്ലയിലുള്ള പ്രവർത്തിച്ചുകൊണ്ടിരിക്കുന്നതോ, പ്രവർത്തനമില്ലാതെ നിലനില്ക്കുന്നതോ ആയ സ്വിമ്മിംഗ് പൂളുകൾ ഫയർ ആന്റ് റെസ്ക്യൂ സർവ്വീസസിന് ലഭ്യമാക്കുക
- മത്സ്യത്തൊഴിലാളികളുടെ കടലിലെ വൈദഗ്ദ്ധ്യവും കൂടി കണക്കിലെടുത്ത് തിരുവനന്തപുരത്തെ മത്സ്യത്തൊഴിലാളികൾക്ക് വേണ്ടി മാത്രമായ കാലാവസ്ഥാ മുന്നറിയിപ്പുകൾ നൽകാൻ കേന്ദ്രഭൗമ ശാസ്ത്രമന്ത്രാലയത്തോടും, കേന്ദ്ര കാലാവസ്ഥാ വകുപ്പിനോടും കേരള സർക്കാർ പ്രത്യേകിച്ചും ഫിഷറീസ് വകുപ്പും ദുരന്തനിവാരണ അതോറിറ്റിയും റവന്യൂ വകുപ്പും ആവശ്യപ്പെടണം.
- ഉപഗ്രഹബന്ധിതമായ വയർലസ് വാർത്താവിനിമയ സംവിധാനങ്ങൾ മത്സ്യത്തൊഴിലാളികൾക്ക് ലഭ്യമാക്കുക.
- കടലാക്രമണം രൂക്ഷമായ പ്രദേശങ്ങളിൽ ഇപ്പോൾ നിലവിലുള്ള കടൽഭിത്തികളും പുലിമുട്ടുകളും സംരക്ഷിച്ചു നിലനിർത്തുക. ജനവാസമുള്ള മേഖലകളിൽ ചാക്കുകളിൽ മണൽ നിറിച്ച് താല്ക്കാലിക സംരക്ഷണം നടത്താനുള്ള സംവിധാനം എല്ലാ വർഷവും കാലവർഷത്തിന് മുമ്പായി തയ്യാറാക്കുകയും ശോഷണത്തിന്റെ ആരംഭദശയിൽ തന്നെ ഉപയോഗിക്കുകയും ചെയ്യുക.
- തീരമേഖലയിൽ കൃത്രിമ അവസാദകള്ളികൾ നിർമ്മിച്ച് അവയിൽ തീരമണൽ നിലനിർത്തിയുള്ള തീരസംരക്ഷണം ദീർഘകാലാടിസ്ഥാനത്തിൽ ആസൂത്രണം ചെയ്യുക
- ചെറുവള്ളങ്ങൾ ഉൾപ്പെടെയുള്ള ചെറുകിട മത്സ്യബന്ധനയാനങ്ങൾക്ക് ഉപഗ്രഹബന്ധിതമായ വയർലെസ് വാർത്താ–വിനിമയ സംവിധാനങ്ങൾ ലഭ്യമാക്കുക. തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾ, ഫിഷറീസ്, തുറമുഖ, ശാസ്ത്രസാങ്കേതിക വകുപ്പുകളുമായി സഹകരിച്ച് ഇത് നടപ്പാക്കുക.

- ഫിഷിംഗ് ഗ്യാപ്പുകളിൽ ഉണ്ടാകുന്ന തീവ്ര വെള്ളക്കയറ്റം നിയന്ത്രിക്കാൻ താല്ക്കാലിക സംവിധാനങ്ങൾ ഇറിഗേഷൻ വകുപ്പ് തദ്ദേശസ്വയം ഭരണസ്ഥാപനങ്ങളുടെ സഹകരണത്തോടെ തയ്യാറാക്കുക.
- കടലിന്റെ തൽസ്ഥിതി കൂടി കണക്കിലെടുത്ത് അടിയന്തര നിർദ്ദേശങ്ങൾ നല്കാനായി മത്സ്യതൊഴിലാളികളെക്കൂടി ഉൾപ്പെടുത്തി പ്രാദേശിക സമിതികൾ ദുരന്തനിവാരണ അതോറിറ്റിയുടെ നേതൃത്വത്തിൽ രൂപീകരിക്കണം
- തിരുവനന്തപുരം കേന്ദ്രീകരിച്ച് പ്രവർത്തനങ്ങൾ നടത്തിവരുന്ന സ്കൂബാടീമിന് ഉപകരണങ്ങളുടെ (സ്കൂബാസെറ്റ്) അഭാവം, വാഹന ലഭ്യതക്കുറവ് എന്നിവ മൂലം കൃത്യസമയത്ത് എത്തി ശരിയായി പ്രവർത്തിക്കുന്നതിന് തടസ്സം നേരിടുന്നു.
- 6 പേർക്ക് ഇരുന്ന് യാത്ര ചെയ്യാവുന്നതും റബ്ബർ ഡിങ്കി തരത്തിലുള്ള വാഹനം ലഭ്യമായാൽ കേരളത്തിലുണ്ടാകുന്ന ദുരന്തങ്ങളിൽ നേവിയുടെ സഹായം ആവശ്യമില്ലാതെ തന്നെ കേരള ഫയർ ഫോഴ്സിനും ദുരന്തനിവാരണസേനയ്ക്കും പെട്ടെന്ന് ഇടപെടാനാവുന്നതാണ്.
- തിരമുറിക്കടൽ ഉൾപ്പെടെയുള്ള പ്രതിഭാസങ്ങളെ മുൻകൂട്ടി പ്രവചിച്ച് മുൻകരുതലെടുക്കുവാനുള്ള സൗകര്യങ്ങൾ ഇപ്പോൾ നിലവിലുണ്ട്. NIO, INCOIS, NCESS തുടങ്ങിയ സ്ഥാപനങ്ങളുടെ സഹായം ഇതിനായി തേടാവുന്നതാണ്. ഡിസ്ട്രിക് ടൂറിസം കൗൺസിലും ജില്ലാ പഞ്ചായത്തും സംയുക്തമായി ഈ പദ്ധതി നടപ്പാക്കാവുന്നതാണ്.
- High Rise Buildings, തിയേറ്ററുകൾ, സൂപ്പർമാർക്കറ്റുകൾ, ഷോപ്പിംഗ് മാളുകൾ എന്നിവയുടെ രണ്ട് വശങ്ങളിലെങ്കിലും 5 മീറ്റർ വീതി നിലനിർത്തേണ്ടതാണ്. വലിയ ഫയർ എഞ്ചിനുകൾക്ക് യഥേഷ്ടം കടന്നുചെല്ലാൻ ഇതുമൂലം കഴിയും.
- മൂന്ന് നിലകൾക്ക് മുകളിലുള്ള പഴയ കെട്ടിങ്ങളിൽ Fire Extinguisher സ്ഥാപിച്ച് അഗ്നിസുരക്ഷ ഉറപ്പുവരുത്തേണ്ടതും പ്രാഥമിക അഗ്നിരക്ഷ ഉപകരണങ്ങൾ സ്ഥാപിക്കേണ്ടതുമാണ്.

7.4.3.5. വിവര സാങ്കേതിക വിദ്യ

സംസ്ഥാന തലസ്ഥാനം എന്ന രീതിയിൽ വിവരസാങ്കേതിക വിദ്യയുടെ വളർച്ചയ്ക്ക് തിരുവനന്തപുരം നഗരം വലിയ പങ്ക് വഹിച്ചിട്ടുണ്ട്. ടെക്നോപാർക്ക് മുതൽ ടെക്നോസിറ്റി വരെ നീണ്ടു നിൽക്കുന്ന ഐ ടിയുടെ ഇടനാഴിയും സ്റ്റാർട്ട്പ്പ് മിഷൻ തുടങ്ങി ഐ ടി ജോലി സാധ്യതകളിലേക്കും നീളുന്ന സംരംഭങ്ങൾ വരെ നമ്മുടെ തലസ്ഥാന നഗരിയുടെ അഭിമാനമായി നിലകൊള്ളുന്നു. ജനങ്ങളിലേയ്ക്ക് ഓൺലൈൻ സേവനങ്ങൾ എത്തിക്കുന്നതിൽ ഐ.ടി മിഷൻ, അക്ഷയ, ഐ.കെ.എം, എൻ.ഐ.സി തുടങ്ങി സർക്കാർ ഐ.ടി സംരംഭങ്ങളുടെ സാന്നിധ്യം ജില്ലയിൽ വലിയ പങ്ക് വഹിച്ചിട്ടുണ്ട്.

നിർദ്ദേശങ്ങൾ

1. ജില്ലയിലെ ഒരു ജില്ലാ ഇ-ഗവേണൻസ് സൊസൈറ്റി ശക്തമാക്കുകയും വിവിധ ഗവൺമെന്റ് ഡിപ്പാർട്ടുമെന്റുകളുടെ പങ്കാളിത്തത്തോടെ ഐ.ടി മേഖലയിൽ പ്രവർത്തിക്കുന്ന ഏജൻസികളായ എൻ.ഐ.സി, കെ.എസ്.ഐ.റ്റി.എം., സി.ഡിറ്റ്, ഐ.കെ.എം. തുടങ്ങിയവർ ചേർന്ന് ഏകീകരിച്ച് പ്രവർത്തിക്കേണ്ടതാണ്.
2. ജില്ലയിലെ എല്ലാ നിവാസികളെയും ഇ-ഗവേണൻസ്, എം-ഗവേണൻസ് സേവനങ്ങളെ കുറിച്ചും ഡിജിറ്റൽ പണം ഇടപാടുകളെ കുറിച്ചും സുരക്ഷിത ഇന്റർനെറ്റ് ഉപയോഗത്തെ കുറിച്ചും ബോധവൽക്കരിക്കാൻ വേണ്ട ക്യാമ്പയിൻ പ്രവർത്തനം സൈബർ പോലീസ്, ഐ.ടി.മിഷൻ, അക്ഷയ, ഐ.സി.റ്റി അക്കാദമി, ഡിസ്ട്രിക്ട് ഐ.റ്റി.സെൽ തുടങ്ങിയവരുടെ സഹായത്തോടെ നടപ്പാക്കാവുന്നതാണ്.
3. ജില്ലയിലെ വിവിധ മിഷൻ പ്രോജക്ടുകളുടെ വിവരങ്ങൾ, നിജസ്ഥിതി തുടങ്ങിയവ ജനങ്ങൾക്കും ജനപ്രതിനിധികൾക്കും ലഭ്യമാക്കുന്ന രീതിയിൽ ഒരു മൊബൈൽ ആപ്പ് വികസിപ്പിക്കാവുന്നതാണ്.
4. സൈബർ കുറ്റകൃത്യങ്ങളുടെ എണ്ണം വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ കുട്ടികളിൽ സേഫ് ഇന്റർനെറ്റ് ഉപയോഗത്തെക്കുറിച്ചുള്ള ക്യാമ്പയിൻ അത്യന്താപേക്ഷിതമാണ്.
5. കേരള സർക്കാർ തദ്ദേശ സ്ഥാപനങ്ങളുടെ ഐ.ടി ഹാർഡ്വെയർ മെയിന്റനൻസ് ആന്റ് റിപ്പയർ അക്ഷയ കേന്ദ്രങ്ങൾ മുഖേന നടത്താൻ സാധിക്കുന്നതാണ്.

തദ്ദേശസ്ഥാപനങ്ങളും അക്ഷയ ജില്ലാ ഓഫീസും സമഗ്രമായി പ്രവർത്തിച്ച് അതാത് ഭാഗങ്ങളിലെ ഒരു ഐ.ടി. ടാലന്റ് പൂൾ പ്രാവർത്തികമാക്കാൻ സാധിക്കും. അതിനാൽ വളരെ പെട്ടെന്ന് സുലഭമായി ചെറിയ നിരക്കിൽ കമ്പ്യൂട്ടർ ഇതര മെയിന്റനൻസ് വർക്കുകൾ അക്ഷയ മുഖേന നടത്തുവാൻ സാധിക്കും.

6. ഡിജിറ്റൽ മാപ്പിംഗ് സംവിധാനം നടത്തുന്നതിലൂടെ ജില്ലയിലെ മുഴുവൻ വിഭവ സമൃദ്ധിയും അടിസ്ഥാന സൗകര്യങ്ങളും പൈതൃക സമ്പത്തുകളും രേഖപ്പെടുത്തുവാൻ 2018–19 വർഷത്തോടുകൂടി സാധിക്കും
7. വെബ് അടിസ്ഥിത ജി.ഐ.എസ്. ട്രാക്കിംഗ് സംവിധാനം ഏർപ്പെടുത്തുന്നത് വഴി ജില്ലയിലെ മുഴുവൻ വിഭവ സമൃദ്ധി, അടിസ്ഥാന സൗകര്യങ്ങൾ, വാസസ്ഥല സൗകര്യങ്ങൾ എന്നിവ രേഖപ്പെടുത്തുവാനും കൃത്യമായി നിരീക്ഷിക്കാനും സാധിക്കും.
8. തിരുവനന്തപുരം കോർപ്പറേഷൻ സ്മാർട്ട് സിറ്റി പദ്ധതിയിൽ വേസ്റ്റ് ഡിസ്പോസൽ സർവെലൻസും മോണിറ്ററിംങ്ങും ഐടി സംവിധാന സഹായത്തോടെ നടപ്പിലാക്കാനും, ഏകീകൃത ഓൺലൈൻ സേവന പ്ലാറ്റ്ഫോം, റെസ്പോൺസിബിൾ ഇ–ഗവേണൻസ് കൊണ്ടുവരാനും സാധിക്കും.
9. ജില്ലയിലെ സ്കൂളുകളിൽ എം.എൽ.എ./എം.പി. മാരുടെ പ്രാദേശിക വികസന ഫണ്ട്, എൽ.എസ്.ജി. ഫണ്ട് തുടങ്ങിയവ ഉപയോഗിച്ചുള്ള ഉപകരണ വിന്യാസം ഐ ടി, സർക്കാർ ഉത്തരവുകൾ പ്രകാരമുള്ള മാനദണ്ഡങ്ങൾ പാലിച്ച് പ്രാവർത്തികമാക്കണം.
10. ഇ–വേസ്റ്റ് ബിൻ സംവിധാനം എല്ലാ സ്ഥാപനങ്ങളിലും വിദ്യാഭ്യാസ സ്ഥാപനങ്ങളിലും ഏർപ്പെടുത്താം. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സഹായത്തോടു കൂടെ സ്കൂളുകളിലും വീടുകളിൽ നിന്നും ഇ–വേസ്റ്റ് നീക്കം ചെയ്യുന്നതിനും അത് നിർമ്മാർജ്ജനം ചെയ്യുന്നതിനും പ്രത്യേക പദ്ധതി ആവിഷ്കരിക്കേണ്ടതാകുന്നു. തിരുവനന്തപുരം ജില്ല ഇതിന് ഒരു മാതൃക ആകാം.
11. ജില്ലയിലെ ഒരു സുപ്രധാന സാന്നിദ്ധ്യം ആണ് കേരള സ്റ്റാർട്ട് അപ്പ് മിഷൻ. തദ്ദേശ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ സ്കൂൾ/കോളേജ് വിദ്യാർത്ഥികൾക്ക് ബിസിനസ് സംരംഭകത്വ ഓറിയന്റേഷൻ ക്ലാസ്സുകൾ നടത്തുവാൻ സാധിക്കും.
12. ജില്ലയിലെ എല്ലാ വാർഡുകളും ഡിജിറ്റൽ വാർഡായി പ്രഖ്യാപിക്കാൻ സാധിക്കും. ജില്ലയിലെ പാപ്പനംകോട് വാർഡ് – ബാങ്കിങ് കൂട്ടായ്മയുടെയും, ഐ.ടി.മിഷൻ, അക്ഷയ കൂട്ടായ്മയുടെയും സഹായത്തോടെ ഡിജിറ്റൽ വാർഡ് ആയി പ്രഖ്യാപിക്കപ്പെട്ടു.
13. എല്ലാ ലോക്കൽ ബോഡി പേയ്മെന്റുകളും ഡിജിറ്റൽ സംവിധാനത്തിൽ കൊണ്ടുവരുകയും അത് വഴി ജനങ്ങൾക്ക് സുതാര്യവും സൗകര്യാർത്ഥവുമായ സേവനങ്ങൾ നൽകുവാൻ കഴിയും. അക്ഷയ, കുടുംബശ്രീ എന്നിവയുടെ സഹായത്തോടുകൂടി എല്ലാ ജനങ്ങളെയും ഡിജിറ്റൽ സേവനങ്ങളിൽ പര്യാപ്തർ ആകുവാൻ കഴിയും
14. ജില്ലയിലെ എല്ലാ പ്രൈമറി ഹെൽത്ത് സെന്ററുകളും ജില്ലാ താലൂക്ക് ആശുപത്രികളും ഓൺലൈൻ അധിഷ്ഠിത സേവനങ്ങൾ ജനങ്ങൾക്ക് നൽകുവാൻ സജ്ജരാകണം. മൊബൈൽ മുഖേന ഒ.പി. ടിക്കറ്റ് രജിസ്ട്രേഷനും, റിസൾട്ട് അറിയുവാനുള്ള സാദ്ധ്യതകൾ, അറിയിപ്പുകൾ രോഗിക്കും, ഡോക്ടർക്കും, ആശുപത്രി അധികൃതർക്കും അടുത്ത ഒരു വർഷകാലയളവിൽ എത്തിക്കുവാൻ സാധിക്കണം.
15. ജില്ലാപഞ്ചായത്തിന്റെ നേതൃത്വത്തിൽ എല്ലാ പൊതുസ്ഥലങ്ങളിലും, തദ്ദേശ സ്ഥാപനങ്ങളിലും ഡിജിറ്റൽ സൈൻ ബോർഡ് സ്ഥാപിക്കണം. പൊതുജനതാല്പര്യാർത്ഥം പുറപ്പെടുവിപ്പിക്കുന്ന ഉത്തരവുകൾ, സ്കീമുകൾ, പദ്ധതികൾ, സേവനങ്ങൾ എന്നിങ്ങനെ എല്ലാം അറിയുവാൻ സാധിക്കുന്ന സൈൻ ബോർഡ് പിപിപി മോഡലിൽ സ്ഥാപിക്കാം.
16. ജില്ലയിൽ ജില്ലാപഞ്ചായത്തിന്റെ കീഴിലുള്ള കൃഷി ഫാമുകളിൽ ഉൽപാദിപ്പിക്കുന്ന നടീൽ വസ്തുക്കളുടെ ലഭ്യത ജില്ലയിലെ മുഴുവൻ ജനങ്ങൾക്കും അറിയുന്നതിനും ഓൺലൈൻ സംവിധാനത്തിലൂടെ വാങ്ങുന്നതിനും ഒരു വെബ് അധിഷ്ഠിത, മൊബൈൽ അധിഷ്ഠിത സംവിധാനം ഒരുക്കാവുന്നതാണ്. അതിനുവേണ്ടി ഐ.ഐ.ടി.എം.കെ.യുടെ ആഭിമുഖ്യത്തിൽ കൃഷിവകുപ്പിനുവേണ്ടി കഴക്കൂട്ടം കോക്കനട്ട് നഴ്സറി നടപ്പിലാക്കിയ സംവിധാനം ഉപയോഗപ്പെടുത്താവുന്നതാണ്

7.4.4 പ്രത്യേക പരിഗണന അർഹിക്കുന്ന വിഭാഗങ്ങൾ

7.4.4.1. സാമൂഹ്യനീതി – സാമൂഹ്യസുരക്ഷിതത്വം (കുട്ടികൾ, ഭിന്നശേഷിക്കാർ, ഭിന്നലിംഗക്കാർ, വയോജനങ്ങൾ, വനിതകൾ)

അസന്തുലിതമായ വർത്തമാന കാലസമൂഹത്തിൽ സാമൂഹികവും സാമ്പത്തികവും മാനസികവും ശാരീരികവും സാംസ്കാരികവും ആയ ക്ലേശങ്ങൾ അനുഭവിക്കേണ്ടിവരുന്ന വലിയ ഒരു വിഭാഗമുണ്ട്. സമൂഹത്തിൽ കുട്ടികൾ, സ്ത്രീകൾ, വയോജനങ്ങൾ, ഭിന്നശേഷിയുള്ളവർ, ട്രാൻസ്ജെന്റർ വിഭാഗത്തിലുള്ളവർ, ദുർബ്ബലജനവിഭാഗങ്ങൾ എന്നിങ്ങനെ ജീവിത അവകാശങ്ങൾ സംരക്ഷിക്കപ്പെടേണ്ടവരുടെ പട്ടിക വളരെ വലുതാണ്. ഇവരുടെ ക്ഷേമവും വികസനവും പുനരധിവാസവും ഉറപ്പുവരുത്തുക എന്നതാണ് നമ്മുടെ പ്രധാന കർത്തവ്യം. സാമൂഹ്യനീതിയിലധിഷ്ഠിതമായ പ്രവർത്തനങ്ങളിലൂടെ പൊതുനിലവാരത്തിൽ നിന്നും പിന്നാക്കം നിൽക്കുന്നവരെ ക്ഷേമജീവിതത്തിലേയ്ക്ക് നയിക്കുക എന്നതാണ് ലക്ഷ്യം.

1. കുട്ടികൾ

ത്വരിതഗതിയിൽ വളർന്നു വരികയും അത്യധികം ശ്രദ്ധയും പരിഗണനയും സഹായവും ആവശ്യമുള്ള ഒരു മേഖലയാണ്. കുട്ടികളുടെ മേഖല. ഗർഭാവസ്ഥമുതൽ ശൈശവ ബാല കൗമാര വേളകളിലൂടെയുള്ള കുട്ടികളുടെ ശാരീരിക മാനസിക വളർച്ചാ ഘട്ടങ്ങൾ അതീവ സൂക്ഷ്മതയോടെ കൈകാര്യം ചെയ്യേണ്ടതും ഇടപെടേണ്ടതുമായ ഒരു മേഖലയാണ്.

- ജെൻഡർ സ്റ്റാറ്റിസ്റ്റിസ് 2014–15 വർഷത്തെ കണക്കുകൾ പ്രകാരം ജില്ലയിൽ 0–19 വയസ്സു പ്രായമുള്ള 1081021 കുട്ടികൾ ഉണ്ട്. ഇതിൽ 593598 ആൺകുട്ടികളും 533311 പെൺകുട്ടികളും ഉൾപ്പെടും.
- 3 മുതൽ 6 വയസ് പ്രായമുള്ള സ്ഥാപന സേവനം ഉപയോഗിക്കുന്ന കുട്ടികളിൽ 33% മാത്രമാണ് അങ്കണവാടികളിൽ എത്തുന്നത്.
- സാമൂഹ്യനീതി വകുപ്പിൻെറ കണക്കുകൾ പ്രകാരം ജില്ലയിൽ ആകെ 423 ക്രഷുകൾ ഉണ്ട്. അതിൽ 103 എണ്ണം ഗവൺമെന്റും 320 സ്വകാര്യം സ്ഥാപനങ്ങളുമാണ്.

വിടവുകൾ

- നിലവിലെ ഐ.സി.ഡി.എസ് സേവനങ്ങൾ പ്രധാനമായും പ്രീ–സ്കൂൾ വിദ്യാഭ്യാസവും അനുബന്ധ സേവനങ്ങളും 33% കുട്ടികൾക്ക് മാത്രമേ ലഭിക്കുന്നുള്ളു.
- നിലവിലെ സാമൂഹിക സാമ്പത്തിക സാഹചര്യവുമായി പെരുത്തപ്പെടാത്ത അങ്കണവാടികളിലെ ഭൗതിക സാഹചര്യങ്ങൾ
- പോഷണ കുറവുള്ള കുട്ടികളുടെ എണ്ണത്തിലുള്ള വർദ്ധനവ്
- പോഷണക്കുറവുള്ള കുട്ടികൾക്ക് വേണ്ടിയുള്ള പ്രത്യേക പദ്ധതികളുടെ അഭാവം
- കൗമാരപ്രായക്കാരായ പെൺകുട്ടികളിലെ വർദ്ധിച്ചുവരുന്ന പ്രജനന ആരോഗ്യ പ്രശ്നങ്ങളെ അർഹിക്കുന്ന പ്രാധാന്യത്തോടെ നേരിടുന്ന പദ്ധതികളുടെ അഭാവം
- ശിശു/ ഭിന്നശേഷി സൗഹൃദമായ ഭൗതിക സാഹചര്യങ്ങളുടെ അഭാവം
- ഐ.സി.ഡി.എസ് കണക്കുകൾ പ്രകാരം പ്രതിമാസം തൂക്കം രേഖപ്പെടുത്തുന്ന 0–5 വയസ്സുവരെയുള്ള കുട്ടികളിൽ ആകെ കുട്ടികളുടെ 25% ത്തോളം തൂക്കക്കുറവുള്ള കുട്ടികളാണെന്ന് കാണുന്നു.

പദ്ധതി നിർദ്ദേശങ്ങൾ

- ഐ.സി.ഡി.എസ് പദ്ധതി സേവനങ്ങൾ 3–6 വയസ്സുവരെയുള്ള എല്ലാ കുട്ടികളിലേയ്ക്കും എത്തിക്കുന്നതിനായി പൈലറ്റ് അടിസ്ഥാനത്തിൽ ജില്ലയിലെ തെരെഞ്ഞെടുത്ത 10 പ്രൈവറ്റ്/ഗവൺമെന്റ് പ്രീ–സ്കൂൾ അദ്ധ്യാപകർക്ക് ഐ.സി.ഡി.എസ് വിഭാവനം ചെയ്യുന്ന ശൈശവ പൂർവ്വകാല സംരക്ഷണവും വിദ്യാഭ്യാസവും പരിശീലനവും നൽകുകയും ആഴ്ചയിൽ ഒരു ദിവസമെങ്കിലും ഈ പദ്ധതി അതത് സ്കൂളുകളിൽ നടപ്പിലാക്കുകയും ചെയ്യുക. ഈ സ്കൂളുകളിൽ 3–6 വരെ ഐ.സി.ഡി.എസ് –ന്റെ മറ്റ് സേവനങ്ങളും നടപ്പാക്കാവുന്നതാണ്.

മേൽത്തട്ട് നിർദ്ദേശങ്ങൾ

- അങ്കണവാടികളുടെ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്താനുള്ള പദ്ധതികൾ (ശിശു സൗഹൃദപരമായ കെട്ടിടങ്ങൾ ഇൻഡോർ – ഔട്ട്ഡോർ കളിസ്ഥലങ്ങൾ, ശിശുസൗഹൃദ ശുചിമുറി, ചുറ്റുമതിൽ, നടപ്പാത, കുടിവെള്ളം, ഇലക്ട്രിസിറ്റി) നടപ്പിലാക്കുക.
- ജീവിതശൈലിയിലുള്ള മാറ്റങ്ങൾ കൊണ്ടുണ്ടാകുന്ന പൊണ്ണത്തടി, Poli Cystic Ovairan Syndrom (PCOD), തൈറോയിഡുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ (ഹൈപ്പർ/ഹെപ്പോ തെറോയിഡിസം) എന്നിവ പരിഹരിക്കുന്നതായി ജീവിതശൈലി – ഇന്റർവെൻഷൻ പദ്ധതികൾ രൂപീകരിക്കാവുന്നതാണ്.
- അംഗനവാടികളെ ക്രഷുകളായി ഉയർത്തുകയും സമയക്രമം രാവിലെ 8 മണി മുതൽ വൈകിട്ട് 8 മണിവരെയായി ക്രമീകരിക്കുകയും ചെയ്യുക.

കീഴ്ത്തട്ട് നിർദ്ദേശങ്ങൾ

- പോഷണകുറവുള്ള കുട്ടികൾക്ക് വ്യക്തിഗത സംരക്ഷണവും ശ്രദ്ധയും പോലുള്ള നൂതന പദ്ധതികൾ ആവിഷ്ക്കരിക്കാവുന്നതാണ്. പ്രത്യേക ഇടപെടൽ ആവശ്യമുള്ള മേഖലകളിൽ ഉദാഹരണമായി, ട്രൈബൽ, തീരദേശപ്രദേശങ്ങൾ, എസ്.സി കോളനികൾ എന്നിവിടങ്ങളിലെ കുട്ടികൾക്ക് പ്രത്യേക പോഷകാഹാര പദ്ധതികൾ നടപ്പിലാക്കാവുന്നതാണ്.
- ഐ.സി.ഡി.എസ്–ന്റെ സേവനങ്ങൾ നിലവിൽ കൗമാരപെൺകുട്ടികൾക്ക് ലഭിച്ചുവരുന്നുണ്ടെങ്കിലും ലഭിക്കുന്നില്ല. ആയതിനാൽ കൗമാരപ്രായക്കാരായ ആൺകുട്ടികളുടെ ഇടയിൽ വർദ്ധിച്ചു വരുന്ന സാമൂഹിക – മാനസിക – വൈകാരിക പ്രശ്നങ്ങൾ നേരിടുന്നതിനുള്ള പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കേണ്ടതാണ്. പരീക്ഷണാടിസ്ഥാനത്തിൽ ആദ്യഘട്ടമായി തിരഞ്ഞെടുക്കപ്പെട്ട മൂന്ന് ബ്ലോക്കുകളിൽ നടപ്പിലാക്കാവുന്നതാണ്. (തീരദേശ പ്രദേശങ്ങൾ, ആദിവാസിമേഖലകൾ, എസ്.സി. കോളനികൾ എന്നിവയ്ക്ക് പ്രാമുഖ്യം നൽകേണ്ടതാണ്)
- അങ്കണവാടി, പ്രീ–സ്കൂൾ കുട്ടികളുടെ നിലവാരവും എണ്ണവും മെച്ചപ്പെടുത്തുന്നതിനായി വർക്കർമാരുടെ ഓണറേറിയത്തോടൊപ്പം മാനദണ്ഡങ്ങൾക്കനുസൃതമായി ഇൻസെന്റീവ് നല്കുന്ന പദ്ധതി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നടപ്പാക്കാവുന്നതാണ്.
- കൗമാരക്കാരായ പെൺകുട്ടികൾക്ക് മനോബലവും പ്രതികരണശേഷിയും വർദ്ധിപ്പിക്കുന്നതിനായി Say No Campaign പരിപാടി തിരഞ്ഞെടുക്കപ്പെട്ട അഞ്ച് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നടപ്പാക്കേണ്ടതാണ്.
- തദ്ദേശസ്വയംഭരണ സ്ഥാപനതലത്തിൽ Early Detection and Intervension പ്രവർത്തനം ആരോഗ്യവകുപ്പ്, സി.ഡി.സി, എന്നിവയുമായി ചേർന്ന് സംയുക്തമായി നടപ്പാക്കാവുന്നതാണ്.

2. ഭിന്നശേഷിക്കാർ

- 2015 –ലെ അംഗപരിമിതർ സെൻസസ് പ്രകാരം 34254086 ഉള്ള കേരള ജനസംഖ്യയിൽ 793937 പേർ അംഗപരിമിതരാണ്.
- ജില്ലയിലെ ആകെ ജനസംഖ്യയായ 3301427 പേരിൽ 77164 പേർ അംഗപരിമിതരാണ്. ഇതിൽ 34823 സ്ത്രീകളും 42341 പേർ പുരുഷന്മാരുമാണ്. ആകെ ജനസംഖ്യയുടെ 2.34% അംഗപരിമിതരാണ്.

അവസ്ഥാ വിശലനം

- നിലവിൽ ചലനവൈകല്യം ഉള്ളവരുടെ എണ്ണം മറ്റു വൈകല്യങ്ങൾ ഉള്ളവരെക്കാൾ കൂടുതലാണ്, പുരുഷന്മാരേക്കാൾ സ്ത്രീകളാണ് ചലനവൈകല്യം അനുഭവിക്കുന്നത്.
- ഭിന്നശേഷിയായ അംഗങ്ങൾ ഉൾപ്പെടുന്ന കുടുംബങ്ങളുടെ എണ്ണം വർദ്ധിച്ചുവരുന്നു.

വിടവ്

- നിലവിൽ ജില്ലയിൽ 73 പഞ്ചായത്തുകൾ ഉണ്ടെങ്കിലും മൊത്തം 27 ബഡ്സ്കൂളുകളാണ് പ്രവർത്തിച്ചുവരുന്നത്.

- പ്രവർത്തിച്ചുക്കൊണ്ടിരിക്കുന്ന ബഡ്സ്കൂളുകളിൽ ഭൂരിഭാഗവും ഭിന്നശേഷി സൗഹൃദമല്ല.
- ബഡ്സ്കുളുകളിൽ/റിഹാബിലിറ്റേഷൻ സെന്ററുകളിൽ സ്പെഷ്യലിസ്റ്റുകളുടെ സേവനം ലഭ്യമല്ല.
- അംഗപരിമിതർക്ക് നൽകിവരുന്ന ഉപകരണങ്ങൾക്ക് മതിയായ വാറണ്ടി നൽകാത്തതിനാൽ ഉപകരണങ്ങൾ കേടായാൽ സർവ്വീസ് ചെയ്ത് എടുക്കുവാൻ ബുദ്ധിമുട്ട് നേരിടുന്നു.
- ജീവിതോപാധിക്കായി അംഗപരിമിതർക്ക് സ്വയം തൊഴിൽ പരിശീലനം ഗവൺമെന്റ് തലത്തിൽ മതിയായ രീതിയിൽ നൽകിവരുന്നില്ല.

നിർദ്ദേശങ്ങൾ

- ജില്ലയിലെ 27 ബഡ്സ് സ്കൂളുകളിൽ പി.ഡബ്ല്യു.ഡി. ആക്ട് പ്രകാരമുള്ള അടിസ്ഥാന സൗകര്യങ്ങളും മാർഗ്ഗനിർദ്ദേശ പ്രകാരമുള്ള ടീച്ചറിനേയും ഹെൽപ്പറിനേയും നിർബന്ധിതമായും ലഭ്യമാക്കണം. ബഡ്സ് സ്കൂളുകളിൽ എത്തിച്ചേരാൻ കഴിയാത്ത അംഗപരിമിതർക്ക് വാഹനസൗകര്യം ഉറപ്പ് വരുത്തി സ്പീച്ച്, ഒക്കുപ്പേഷണൽ, ബിഹേവിയറൽ, ഫിസിയോതെറാപ്പിസ്റ്റ് എന്നിവരുടെ സേവനങ്ങൾ ലഭ്യമാക്കേണ്ടതാണ്.
- മാസത്തിലൊരിക്കൽ വൈദ്യപരിശോധനാ ക്യാമ്പ് ബഡ്സ്സ്കൂൾ/ റിഹാബിലിറ്റേഷൻ സെന്ററുകൾ എന്നിവ കേന്ദ്രീകരിച്ച് ഗ്രാമപഞ്ചായത്തുതലത്തിൽ സംഘടിപ്പിക്കുക. ട്രൈബൽ പ്രദേശങ്ങളിൽ പ്രവർത്തിക്കുന്ന ബഡ്സ് സ്ഥാപനങ്ങളിൽ എത്തേണ്ടവർക്ക് വാഹന സൗകര്യം ഗ്രാമപഞ്ചായത്ത് ലഭ്യമാക്കുക.
- ബഡ്സ് സ്കൂളുകളിൽ/ റീഹാബിലിറ്റേഷൻ സെന്ററുകളിൽ പ്രവർത്തിക്കുന്ന സ്പീച്ച്, ഒക്കുപ്പേഷണൽ, ബിഹേവിയറൽ, ഫിസിയോതെറാപ്പിസ്റ്റ് എന്നിവർക്ക് ദിവസ വേതനം 1000/– രൂപയാക്കി വർദ്ധിപ്പിക്കുക
- ഭിന്നശേഷിക്കാരിൽ 60 വയസ്സിന് മുകളിൽ ഉള്ള കിടപ്പുരോഗികൾ, ജന്മനാ കിടപ്പുരോഗികൾ, വീട്ടുകാർക്ക് കൈകാര്യം ചെയ്യാൻ കഴിയാത്ത മനോരോഗികൾ തുടങ്ങിയവരെ വീടുകളിൽ വന്ന് പരിചരിക്കുന്നതിന് കെയർ ടേക്കറെ നിയമിക്കുക. മിഡ് വൈഫറി കോഴ്സ് പഠിച്ചവർക്ക് മുൻഗണന നൽകുന്ന രീതിയിൽ / രോഗികളെ പരിചരിക്കാൻ പരിശീലനം ലഭിച്ചിട്ടുള്ള വിദഗ്ദരെ നിയമിക്കേണ്ടതാണ്
- ഭിന്നശേഷിക്കാർക്ക് സ്കിൽ ട്രെയിനിംഗ് നൽകുക. ഗ്രാമപഞ്ചായത്ത് തലത്തിൽ ട്രെയിനിംഗ് നൽകുന്നതിനും സ്വയം തൊഴിൽ ചെയ്യുന്നതിനുള്ള പദ്ധതികൾ രൂപീകരിക്കണം.
- സന്നദ്ധ സംഘടനകൾ, കോളേജുകളിൽ എൻ.എസ്.എസ്. യൂണിറ്റ്, തുടങ്ങി ഭിന്നശേഷിക്കാർക്കിടയിൽ പ്രവർത്തിക്കുന്നവരെ അതീവ ശ്രദ്ധ ആവശ്യമുള്ള കുടുംബങ്ങളിൽ കെയർടേക്കർ എന്ന തലത്തിൽ ആഴ്ചതോറും/ മാസത്തിൽ സേവനം ലഭിക്കുന്ന രീതിയിൽ പ്രവർത്തനം നൽകുക.
- ഒന്നിൽകൂടുതൽ ഭിന്നശേഷിക്കാരുള്ള വീടുകൾ, പകൽ പരിപാലന കേന്ദ്രങ്ങളായ ബഡ്സ് റീഹാബിലിറ്റേഷൻ സെന്റർ എന്നിവിടങ്ങളിൽ അടിസ്ഥാന സൗകര്യങ്ങളായ റാമ്പ്, യൂറോപ്പിയൻ ടോയ്ലെറ്റ്, വാഷ്ബെയിസിൻ തുടങ്ങിയവ ഉറപ്പുവരുത്തുക (ഭിന്നശേഷി സൗഹൃദം)
- പ്രോജക്റ്റ് വഴി നൽകുന്ന ഭിന്നശേഷിക്കാരുടെ ഉപകരണങ്ങൾക്ക് വാറണ്ടി കാർഡ് ഗുണഭോക്താവിന് നൽകുക. മെയിന്റനൻസ് ചാർജ്ജ് നൽകുകയും ചെയ്യുക.
- സാമൂഹ്യ നീതി വകുപ്പ് കാഴ്ചശക്തി ഇല്ലാത്തവർക്കായി ബി.പി.ഒ. ട്രെയിനിംഗ് നടത്തുന്നുണ്ട്. പിന്നാക്ക സാമ്പത്തിക അവസ്ഥ കാരണം ഇത്തരം സ്ഥാപനങ്ങളിൽ എത്തിച്ചേരാൻ കഴിയാത്തവർക്കും മറ്റ് സ്ഥാപനങ്ങളിൽ പഠനത്തിന് പോകുന്നവർക്കും കെയർ ജീവനക്കാർക്കും യാത്രാബത്ത നൽകുക
- വിവിധ തലങ്ങളിൽ നിന്നും ഭിന്നശേഷിക്കാർക്ക് ലഭിക്കുന്ന പഠനസഹായങ്ങൾ/ ഉപകരണങ്ങൾ എന്നിവ തദ്ദേശസ്വയംഭരണ സ്ഥാപനത്തിൽ ഏകോപിപ്പിച്ച് നടപ്പിലാക്കുക

സംയുക്തമായി നടപ്പിലാക്കേണ്ടവ

- ബഡ്സ് സ്കൂൾ/റീഹാബിലിറ്റേഷൻ സെന്ററുകൾക്ക് കൃഷി വകുപ്പിൽ നിന്നും ഗ്രോബാഗ്, പച്ചക്കറി വിത്ത് തുടങ്ങിയവ നൽകുക
- അംഗപരിമിതരായ കുട്ടികളുടെ സംരക്ഷകർ/ രക്ഷകർത്താക്കൾക്ക് സ്വയം തൊഴിൽ പരിശീലനം, വായ്പ എന്നിവ നൽകുകയും ഉൽപ്പന്നങ്ങൾക്ക് വിപണന കേന്ദ്രവും ഉപഭോക്താക്കളെയും സർക്കാർ കണ്ടെത്തുകയും ചെയ്യുക.

മേൽത്തട്ട് നിർദ്ദേശങ്ങൾ

- ഭിന്നശേഷിക്കാർ ഒന്നിൽകൂടുതൽ ഉള്ള കുടുംബം/ഗുരുതര ഭിന്നശേഷിക്കാർ, മറ്റുള്ളവരുടെ സഹായം ആവശ്യമുള്ളവർ, എം. ആർ തുടങ്ങിയ കുടുംബങ്ങളെ സഹായിക്കുന്നതിന് കെയർ ടേക്കർ എന്ന പോസ്റ്റ് സാദ്ധ്യമാക്കുക. ബ്ലോക്ക് തലത്തിൽ രോഗീപരിചരണത്തിന് പരിശീലനം ലഭിച്ച ആളുകളെ കണ്ടെത്തി ആവശ്യം വേണ്ട കുടുംബങ്ങളിൽ എത്തി പരിചരിക്കുന്നതിനുള്ള പദ്ധതി.

നൂതന ആശയങ്ങൾ

- ഓട്ടിസം/സി.പി, ഗുരുതരഭിന്നശേഷിക്കാർ, 100% കാഴ്ചവൈകല്യം ബാധിച്ചവർ എന്നിവരുടെ കെയർ ടേക്കറിന് സപ്പോർട്ടിംഗ് സ്കൂട്ടർ നൽകുന്ന പദ്ധതി.
- മാനസിക വൈകല്യമുള്ളവർക്ക് 18 വയസ് വരെയുള്ള സ്കോളർഷിപ്പ് എന്നത് 50 വയസ്സ് വരെ ബത്ത നൽകുന്ന രീതിയിലേക്ക് മാറ്റുക.
- ഹൈ സപ്പോർട്ട് കാറ്റഗറിയിൽപ്പെടുന്ന എല്ലാ ഭിന്നശേഷിക്കാർക്കും കെയർ ഗീവേഴ്സ് അലവെൻസ് നൽകണം.
- ഉപേക്ഷിക്കപ്പെട്ടവരും ജീവിതമാർഗ്ഗം ഇല്ലാത്തവരുമായ ഭിന്നശേഷിക്കാരെ സംരക്ഷിക്കുന്നതിന് ജില്ലയിൽ സർക്കാർ തലത്തിൽ സംവിധാനമില്ല. ആയതിനാൽ ഇതിനാവശ്യമായ സംവിധാനമൊരുക്കണം.
- മാനസികാരോഗ്യം ഭേദമായ വ്യക്തികളെ താമസിപ്പിക്കുന്നതിനും, തൊഴിൽ പരിശീലനം നൽകുന്നതിനുമായി ജില്ലാപഞ്ചായത്തിന്റെ കീഴിൽ വെഞ്ഞാറമൂട് സ്ഥാപിച്ചിട്ടുള്ള കെയർ ഹോം പോലെ ജില്ലാ-ബ്ലോക്ക് ഗ്രാമപഞ്ചായത്തിന്റെ സംയുക്ത സംരംഭമായി കെയർ ഹോമുകൾ സ്ഥാപിക്കുക.
- കുടുംബശ്രീ ജില്ലാമിഷനാണ് ബഡ്സ് സ്കൂൾ/റീഹാബിലിറ്റേഷൻ സെന്ററുകളുടെ പരിശീലനം നൽകുന്നത്. കൃത്യമായ മോണിട്ടറിംഗ് അത്യാവശ്യമായതിനാൽ നിർവ്വഹണ ഉദ്യോഗസ്ഥൻ ആരാവണമെന്നതിനെ സംബന്ധിച്ച് കൃത്യത ഉണ്ടാകണം.
- കേരളത്തിലെ ഓരോ ജില്ലയിലും മാനസിക വെല്ലുവിളികൾ നേരിടുന്നവരുടെ അമ്മമാരിൽ നല്ലൊരു ശതമാനം പേരും ഭർത്താവ് ഉപേക്ഷിക്കപ്പെട്ടവരോ വിവാഹമോചിതരോ, വിധവകളോ ആണ്. ഇത്തരം അമ്മമാർക്ക് പ്രത്യേക സഹായ പദ്ധതി തുടങ്ങുകയും പരിചാരകരായ അമ്മമാർക്കുള്ള ബത്ത മാസംതോറും നൽകുകയും ചെയ്യുക.
- മാനസിക, ശാരീരിക വെല്ലുവിളികൾ നേരിടുന്ന വ്യക്തികളുടെ രക്ഷിതാക്കൾ ഭിന്നശേഷി മേഖലയിൽ നിലവിലുള്ള നിയമനങ്ങളെക്കുറിച്ചും ആനുകൂല്യങ്ങളെ കുറിച്ചും അജ്ഞരാണ്. അതിനാൽ അവർ ചൂഷണത്തിന് ഇരകളാകുന്നു. മാനസിക ശാരീരിക വെല്ലുവിളികൾ നേരിടുന്നവരെ സംബന്ധിക്കുന്ന എല്ലാ സഹായങ്ങളും ഒരു കുടക്കീഴിൽ ലഭ്യമാക്കാൻ ജില്ലാതലത്തിൽ/ബ്ലോക്ക് അടിസ്ഥാനത്തിൽ ഭിന്നശേഷി ശാക്തീകരണ കേന്ദ്രങ്ങൾ തുടങ്ങുകയും ഇതിനാവശ്യമായ ഭൗതിക സൗകര്യങ്ങൾ ഒരുക്കുകയും ചെയ്യുക. അംഗപരിമിത ഹെൽപ്പ്ഡെസ്ക് ഇതിനോടൊപ്പം ആരംഭിക്കാം.
- മാനസിക വെല്ലുവിളികൾ നേരിടുന്നവർക്കും ശാരീരിക വെല്ലുവിളികൾ നേരിടുന്നവർക്കും അവരുടെ ശേഷി അനുസരിച്ചുള്ള വരുമാനദായകങ്ങളായ കോഴി വളർത്തൽ, മുയൽ വളർത്തൽ, ആട് വളർത്തൽ, ഔഷധസസ്യങ്ങൾ വളർത്തൽ, ഹോർട്ടികൾച്ചർ, മെഴുകുതിരി, നോട്ടുബുക്ക്, സോപ്പ് നിർമ്മാണം തുടങ്ങി അനേകം പ്രോജക്ടുകൾ കുടുംബശ്രീ വഴിയും പ്രത്യേക അയൽക്കൂട്ടങ്ങൾ വഴിയും

ആരംഭിക്കുക. പഞ്ചായത്തിൽ പ്രോജക്ട് വയ്ക്കുമ്പോൾ ഭിന്നശേഷിക്കാർക്കായുള്ള തൊഴിൽ സംരംഭങ്ങൾ നടപ്പിലാക്കുന്നതിന് മുൻഗണന നൽകുക.

- ജില്ലയിലെ ഭിന്നശേഷി വിഭാഗത്തിന് സേവനം ചെയ്യുന്ന മുഴുവൻ കെയർ ഇൻസ്റ്റിറ്റ്യൂഷനുകളെയും ഏജൻസികളെയും ഉൾപ്പെടുത്തി ജില്ലാ പഞ്ചായത്തിന്റെ നേതൃത്വത്തിൽ ഒരു കെയർ ഗ്രൂപ്പ് രൂപീകരിക്കേണ്ടതാണ്. ഇവരുടെ സഹായത്തോടെ റീഹാബിലിറ്റേഷൻ പോളിസി തയ്യാറാക്കി നടപ്പിലാക്കണം.
- സംസ്ഥാനതലത്തിലും ജില്ലാ തലത്തിലും പഞ്ചായത്ത് തലത്തിലും നടപ്പിലാക്കുന്ന എല്ലാ കായിക-സാംസ്ക്കാരിക പ്രവർത്തനങ്ങളിലും ഭിന്നശേഷി വിഭാഗത്തിൽപ്പെട്ടവരെ ഉൾപ്പെടുത്താൻ പറ്റുന്ന ഘടകങ്ങൾ നിർബന്ധമായും ഉൾപ്പെടുത്തണം.
- 2015 -ലെ Right of persons with disability Act ൽ Private establishment, Public building, Public Sector എന്നിവ വ്യക്തമായി രേഖപ്പെടുത്തിയിട്ടുണ്ട്. പൊതുജനസമ്പർക്കമുള്ള എല്ലാ സ്ഥാപനങ്ങളും പൊതുയിടങ്ങളും ഈ നിർവ്വചനത്തിൽ വരുന്നതാണ്. ഈ ആക്ടിലെ സെക്ഷൻ 45 പ്രകാരം 5 വർഷത്തിനകം എല്ലാ പൊതുയിടങ്ങളും കെട്ടിടങ്ങളും ഭിന്നശേഷി സൗഹൃദമാക്കണമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. ആയതിനാൽ അതാത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയും പരിധിയുള്ള എല്ലാ കെട്ടിടങ്ങളും പൊതുയിടങ്ങളും ഭിന്നശേഷിക്കാർക്ക് യഥേഷ്ടം ഉപയോഗിക്കാൻ കഴിയുന്നവിധം ഭിന്നശേഷി സൗഹൃദമാക്കണം.
- അംഗപരിമിത സർട്ടിഫിക്കറ്റ് ലഭ്യമല്ലാത്ത മുഴുവൻ ഭിന്നശേഷിക്കാരെയും കണ്ടെത്തി മെഡിക്കൽ സർട്ടിഫിക്കറ്റ് നൽകുന്നതിനുള്ള നടപടി ഊർജ്ജിതപ്പെടുത്തണം. പൂർണ്ണമായും ശയ്യാവലംബരായ ഭിന്നശേഷിക്കാർക്ക് വാട്ടർ ബെഡ്, പാഡ്, കത്തീറ്റർ, ആവശ്യമായ മരുന്ന് തുടങ്ങിയ ആവശ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ പ്രത്യേക ഫണ്ട് വകയിരുത്തി പദ്ധതി നടപ്പിലാക്കണം.
- ഭിന്നശേഷിക്കാർക്ക് വിവാഹധനസഹായമായി നൽകിവരുന്ന 10000/- രൂപ നിരക്ക് വർദ്ധിപ്പിച്ച് 50000/- രൂപയായി നൽകേണ്ടതാണ്.
- കെ.എസ്.ആർ.ടി.സി. ബസുകളിൽ 50% വൈകല്യമുള്ളവർക്ക് മാത്രമാണ് യാത്രാ ഇളവ് അനുവദിച്ചുവരുന്നത്. ഈപ്രവണത അവസാനിപ്പിച്ച് പി.ഡബ്ല്യു.ഡി. ആക്ട് പരിധിയിൽ വരുന്ന 40%-ന് മുകളിലുള്ള വൈകല്യമുള്ള എല്ലാ ഭിന്നശേഷിക്കാർക്കും യാത്രാ ഇളവ് അനുവദിക്കണം.

3. ഭിന്നലിംഗക്കാർ

- ട്രാൻസ്ജെന്റേഴ്സ് പോളിസി ഇന്ത്യയിലാദ്യമായി നടപ്പിലാക്കിയത് കേരളമാണ്. 2015-16 -ലെ സർവ്വേപ്രകാരം 1187 ട്രാൻസ്ജെന്റേഴ്സ് കേരളത്തിലുണ്ട്.

വിടവ്

- ട്രാൻസ്ജെന്റേഴ്സിനെ അംഗീകരിക്കാനുള്ള സമൂഹത്തിന്റെ വിമുഖത.
- സാമൂഹികമായി അംഗീകാരമില്ലായ്മയും അപകർഷതാ ബോധവും സാമ്പത്തികമായും വിദ്യാഭ്യാസപരമായും ട്രാൻസ്ജെന്റേഴ്സിനെ പിന്നിലാക്കുന്നു.
- സ്കൂൾ തലത്തിൽ കൊഴിഞ്ഞ്പോക്ക് വളരെ കൂടുതലായി കാണുന്നു.
- സാമൂഹിക വൈകാരിക പ്രശ്നങ്ങൾ കൂടുതൽ ആയതിനാൽ ഇവർ ഒരേ ജോലിയിൽ തുടർന്ന് പോവുക പ്രയാസമാണ്.

മേൽത്തട്ട് നിർദ്ദേശങ്ങൾ

- ട്രാൻസ്ജെന്റേഴ്സിനെ അംഗീകരിക്കുന്ന രീതിയിലുള്ള നിയമങ്ങൾ കൊണ്ടുവരുക.
- എല്ലാ മേഖലയിലും സംവരണം ഉറപ്പാക്കുക.
- പൊതുസ്ഥാപനങ്ങളിലും, ബസ് സ്റ്റോപ്പുകളിലും ട്രാൻസ്ജെന്റേഴ്സിന് പ്രത്യേക ടോയ്ലെറ്റ് സംവിധാനം ഒരുക്കുക.

കീഴ്ത്തട്ട് നിർദ്ദേശങ്ങൾ

- ട്രാൻസ്ജെന്റേഴ്സ് വിഭാഗത്തിൽപ്പെടുന്നവർക്ക് വേണ്ടിയുള്ള തൊഴിൽ പരിശീലന പദ്ധതികൾ നടപ്പിലാക്കുക.
- ജെന്റർ – താനി നടപ്പിലാക്കുന്നതിന്റെ ഭാഗമായി പഞ്ചായത്ത്/ ബ്ലോക്ക് തലത്തിൽ ട്രാൻസ്ജെന്റേഴ്സിന് ഡ്രൈവിംഗ് പരിശീലനം നൽകുക.
- ട്രാൻസ്ജെന്റേഴ്സിന് തൊഴിൽ ലഭിക്കാൻ സാധ്യതയുള്ളതും, താല്പര്യമുള്ള മേഖലകളായ കാറ്ററിംഗ്, ഡാൻസ് സ്കൂൾ, ഡ്രൈവിംഗ്, ഫാഷൻ ടെക്നോളജി തുടങ്ങിയവയുടെ പരിശീലനവും തൊഴിൽസംരംഭങ്ങൾ തുടങ്ങുന്നതിനുള്ള വായ്പയും സബ്സിഡിയും നൽകുന്ന പദ്ധതികൾ രൂപീകരിക്കുക.

4. വയോജനങ്ങൾ

മുതിർന്ന പൗരന്മാരുടെ എണ്ണം അതിശയകരമാം വിധം വർദ്ധിച്ചുവരികയാണ്. 2011 സെൻസസ് കണക്കുകൾ പരിശോധിച്ചാൽ കേരള ജനസംഖ്യയുടെ 13.29% പേരും മുതിർന്ന പൗരന്മാരാണ്. നമ്മുടെ സംസ്ഥാനത്ത് 14 ജില്ലകളിൽ വച്ച് തിരുവനന്തപുരം ജില്ലയിലെ വയോജനങ്ങളുടെ നിരക്ക് 10.62% മാണ് (2011 –ലെ സെൻസസ്) ഈ നിരക്ക് മറ്റു ജില്ലകളെ അപേക്ഷിച്ച് കൂടുതലാണ്.

നിർദ്ദേശങ്ങൾ

- പഞ്ചായത്തുതലത്തിൽ അസസ്ഡ് ലിവിങ് സെന്റേഴ്സ് ആരംഭിക്കുക (പെയ്ഡ് & നോൺ പെയ്ഡ്)
- എല്ലാ പഞ്ചായത്തിലും വയോജനങ്ങൾക്കായി ഫോൺ ഇൻ കൗൺസിലിംഗ് ആരംഭിക്കുക.
- ഒറ്റക്ക് താമസിക്കുന്നവരും മൊബിലിറ്റി ഇല്ലാത്തവരുമായ വയോജനങ്ങൾക്ക് ഉച്ചയ്ക്കുള്ള ഭക്ഷണം എത്തിച്ച് കൊടുക്കുവാനുള്ള സംവിധാനം ഏർപ്പെടുത്തുക
- മുതിർന്ന പൗരന്മാരുടെ കഴിവുകൾ പ്രയോജനപ്പെടുത്തി വരുംതലമുറയ്ക്ക് ഉപകാരപ്രദമാകുന്നതരത്തിൽ ഒരു ജില്ലയിൽ ഏറ്റവും കുറഞ്ഞത് ഒരു വയോജന പാർക്ക് ആരംഭിക്കേണ്ടതാണ്. മുതിർന്ന പൗരന്മാർക്ക് ദിനവും അവിടെ വന്നുപോകുന്നതിനും താമസിക്കേണ്ടവർക്ക് അത്യാവശ്യം അവിടെ തങ്ങുവാനും വേണ്ട ഏർപ്പാടുകളൊരുക്കണം (വാഹനസൗകര്യം സഹിതം). മുതിർന്ന പൗരന്മാരുടെ കഴിവുകൾ പിൻ തലമുറയ്ക്ക് പകർന്നുനൽകുവാൻ വേണ്ട ക്ലാസ് റൂം, പ്രായോഗിക പരിശീലനമുറികൾ തുടങ്ങിയവ സജ്ജമാക്കേണ്ടതുണ്ട്. കൂടാതെ മുതിർന്ന പൗരന്മാർക്ക് സാമ്പത്തിക നേട്ടം ഉണ്ടാക്കത്തക്കതരത്തിൽ കൈത്തൊഴിലുകളുടെ നടത്തിപ്പിനും ഏർപ്പാടുകളുണ്ടാക്കണം. ഡോക്ടർ, നഴ്സ് തുടങ്ങിയവരുടെ സേവനവും വയോജന പാർക്കിൽ ഒരുക്കേണ്ടതാണ്.
- വയോമിത്രം പദ്ധതിയുടെ വ്യാപനം: ഇപ്പോൾ സാമൂഹ്യ സുരക്ഷാമിഷൻ മുഖേന നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന വയോമിത്രം പദ്ധതി നഗരഗ്രാമ വ്യത്യാസമില്ലാതെ സംസ്ഥാനത്തുടനീളം വ്യാപകമാക്കണം.
- ബാലനീതി നിയമത്തിൽ ഉൾപ്പെടുത്തിയിട്ടുള്ളതരത്തിൽ അനാഥരും അഗതികളുമായ മുതിർന്ന പൗരന്മാരെ സംരക്ഷിക്കുവാൻ താല്പര്യമുള്ള കുടുംബങ്ങളിൽ വയോജനങ്ങളെ പാർപ്പിക്കുവാൻ വേണ്ട പദ്ധതികളുണ്ടാകണം. (അഡോപ്ഷൻ/ ഫോസ്റ്റർ കെയർ)
- വിധവകൾ/ഭർത്താവ് ഉപേക്ഷിച്ചവർ/വിവാഹം കഴിക്കാത്ത വനിതകൾ തുടങ്ങിയവർക്ക് ഉള്ള പദ്ധതി
- ഭർത്താവ് മരിക്കുകയോ ഉപേക്ഷിച്ചുപോകുകയോ വിവാഹം കഴിക്കാതിരിക്കുന്നതോ ആയ വനിതകൾക്ക് മുതിർന്ന പൗരന്മാരുടെ ക്ഷേമവും സംരക്ഷണവും സംബന്ധിച്ച പദ്ധതികളിൽ പ്രത്യേക പരിഗണന അർഹിക്കുന്നു. സെൻസസ് കണക്കുകൾ പ്രകാരം ഇത്തരം വനിതകൾ ഏറെയാണ്. വനിതാവയോജനങ്ങളിൽ പകുതിയിലേറെപ്പേർ ഈ വിഭാഗത്തിൽപ്പെടുന്നു. പഞ്ചായത്ത് തലത്തിൽ ഇത്തരക്കാർക്ക് ഒത്തുകൂടുന്നതിനും അവർക്ക് വരുമാനദായകമായ പദ്ധതികൾക്ക് രൂപം നൽകുന്നത് ഉചിതമായിരിക്കും (തുന്നൽ, കവർ നിർമ്മാണം, മെഴുകുതിരിനിർമ്മാണം തുടങ്ങിയ ലഘുവായ ജോലികൾ).

- വയോജന ക്ലബ്ബുകൾ വാർഡ്തലത്തിൽ രൂപീകരിക്കുകയും അവരുടെ മാനസികോല്ലാസത്തിന് സഹായമാകുന്ന വിനോദങ്ങൾക്കും സ്വയംതൊഴിൽ സംരംഭങ്ങൾക്കും ഫണ്ട് നൽകി പ്രോത്സാഹിപ്പിക്കുക.
- അംഗൻവാടികളിലൂടെ മുതിർന്ന പൗരന്മാർക്ക് പോഷകാഹാരം നൽകുക.
- എല്ലാ തദ്ദേശസ്വയംഭരണസ്ഥാപനങ്ങളും പ്രദേശത്തെ വയോജനങ്ങളുടെ കണക്കെടുത്ത് പാലിയേറ്റീവ് കെയർ ആവശ്യമായവർക്ക് സേവനം ലഭ്യമാക്കുന്ന വിധത്തിൽ ആവശ്യമായ മെഡിക്കൽ ടീം സജ്ജമാക്കേണ്ടതാണ്.
- സ്വന്തം കുടുംബങ്ങളിൽ നിന്നും സംരക്ഷണവും സുരക്ഷയും ലഭിക്കുന്നില്ലായെന്ന പരാതികളിൽ 24 മണിക്കൂറിനകം നടപടി സ്വീകരിക്കാനുള്ള സംവിധാനം ഒരുക്കണം
- എല്ലാ സർക്കാർ ആശുപത്രികളിലും ജെറിയാട്രിക് ക്ലിനിക്കുകൾ തുടങ്ങണം. ഇതിനായി ഡോക്ടർമാർ ഉൾപ്പെടെയുള്ള ആരോഗ്യപ്രവർത്തകർക്ക് പരിശീലനം നൽകുക. ആഴ്ചയിൽ ഒരു ദിവസം എന്ന നിലയ്ക്ക് ടി ക്ലിനിക്കുകൾ പ്രവർത്തിക്കുക. സൗജന്യ ആരോഗ്യ പരിശോധന രോഗനിർണ്ണയ പരിശോധനകൾ, സൗജന്യ മരുന്നു വിതരണം, കൗൺസിലിംഗ് എന്നിവ നടത്തേണ്ടതാണ്. ഇതിനായുള്ള അടിസ്ഥാനഭൗതിക മാനവ വിഭവശേഷിയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പാക്കേണ്ടതാണ്.
- നിലവിലുള്ള പാലിയേറ്റീവ് കെയർ പദ്ധതി കുറച്ചുകൂടി കാര്യക്ഷമമാക്കുക. മരുന്നുകൾ, ഡയപ്പർ തുടങ്ങിയവ സൗജന്യമായി നല്കുകയും കൗൺസിലിംഗ് സേവനങ്ങൾ ലഭ്യമാക്കാവുന്നതുമാണ്.
- വയോജനങ്ങൾക്കാവശ്യമായ സഹായ ഉപകരണങ്ങൾ സാങ്കേതിക വിദഗ്ദ്ധരെ ഉൾപ്പെടുത്തി ക്യാമ്പുകൾ സംഘടിപ്പിച്ച് അർഹരായവർക്ക് വിതരണം ചെയ്യുന്നതിനുള്ള പദ്ധതികൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾവഴി നടപ്പാക്കാവുന്നതാണ്.
- തീരദേശമേഖലയിലുള്ള വയോജനങ്ങൾക്ക് പകർച്ചവ്യാധി നിയന്ത്രണ പരിപാടിയിൽ ഉൾപ്പെടുത്തി പ്രത്യേക മെഡിക്കൽ ക്യാമ്പുകൾ സംഘടിപ്പിക്കാവുന്നതാണ്.
- തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ വയോജനങ്ങൾക്കായി പ്രത്യേക അയൽക്കൂട്ടങ്ങൾ രൂപീകരിക്കാവുന്നതാണ്. 60 മുതൽ 69 വരെ പ്രായമുള്ള സ്ത്രീകൾക്കും പുരുഷന്മാർക്കും അവരുടെ വൈഗദ്ധ്യമുള്ള മേഖലകളിൽ ശാരീരിക സ്ഥിതി അനുസരിച്ച് തൊഴിൽ സംരംഭങ്ങൾ തുടങ്ങാനും അതിനായി കുടുംബശ്രീ മാതൃകയിൽ റിവോൾവിംഗ് ഫണ്ട് ഉപയോഗിച്ച് പദ്ധതികൾ നടപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാവുന്നതാണ്. ഉദാ: പേപ്പർ ബാഗ് നിർമ്മാണം, പാള ഉപയോഗിച്ചുള്ള വസ്തുക്കളുടെ നിർമ്മാണം തുടങ്ങിയവ.
- വർഷത്തിൽ ഒരു പ്രാവശ്യം വിനോദയാത്ര സംഘടിപ്പിക്കാവുന്നതാണ്. എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും ക്ലബ്ബുകൾ രൂപീകരിക്കുകയും അവർക്ക് ഒത്തുകൂടുവാനുള്ള ഭൗതിക സാഹചര്യം (കെട്ടിടങ്ങൾ, വിനോദോപാധികൾ, ലൈബ്രറി) സൃഷ്ടിക്കുക.

സംസ്ഥാന പദ്ധതികൾ – നിർദ്ദേശങ്ങൾ

- ഭിന്നലിംഗം

ഭിന്നലിംഗക്കാരുടെ ക്ഷേമപദ്ധതി

ബഡ്ജറ്റ് ഇനത്തിൽ വകയിരുത്തിയിരിക്കുന്നത് 6.5 ലക്ഷം രൂപയാണ്. കേരളത്തിൽ 3500–ൽപരം ഭിന്നലിംഗക്കാരുണ്ട്. അവരുടെ സാമൂഹ്യപദവി ഉയർത്തേണ്ടത് അത്യന്താപേക്ഷിതമാണ്.

- അവർ നേരിടുന്ന മുഖ്യപ്രശ്നം പാർപ്പിട സൗകര്യം ഇല്ലായ്മയാണ്. ആയതിനാൽ പാർപ്പിട സൗകര്യം സജ്ജമാക്കുന്നതിനുള്ള പദ്ധതികൾ നടപ്പിലാക്കാവുന്നതാണ്.
- സാമ്പത്തിക സുരക്ഷിതത്വം ഉറപ്പുവരുത്തുന്നതിനായി ഭിന്നലിംഗക്കാർക്ക് അനുയോജ്യമായ തൊഴിൽ പരിശീലനങ്ങൾ നൽകി തൊഴിൽ ലഭ്യമാക്കാവുന്നതാണ്. ഇതിലേയ്ക്കായി സ്വകാര്യ സ്ഥാപനങ്ങളുടെ സേവനം കൂടി ലഭ്യമാക്കാവുന്നതാണ്.
- ഹോർമോൺ ട്രീറ്റ്മെന്റിനുള്ള സൗകര്യം എല്ലാ ജില്ലാ ആശുപത്രികളിലും ലഭ്യമാക്കേണ്ടതാണ്.

➢ **നിർഭയ**

നിർഭയാ പദ്ധതിയിലേക്കായി നടപ്പ് സാമ്പത്തിക വർഷത്തിൽ 139.6 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. മുൻ വർഷം പദ്ധതിക്കായി നീക്കിവെക്കപ്പെട്ടത് 91 ലക്ഷം രൂപയാണ്. മുൻ സാമ്പത്തിക വർഷത്തേക്കാൾ വിഹിതം വർദ്ധിപ്പിച്ചിട്ടുണ്ട് എന്നിരുന്നാലും നിർഭയയുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിലേക്കായി വർദ്ധിപ്പിച്ച തുക മതിയാകുന്നില്ല. നിലവിൽ 25 അന്തേവാസികളെ പാർപ്പിക്കേണ്ട സൗകര്യത്തിൽ 40–45 അന്തേവാസികൾ തിങ്ങിപ്പാർക്കുന്ന അവസ്ഥയാണ്. 18 വയസ്സിന് താഴെയുള്ളവർക്കുവേണ്ടിയാണ് പ്രസ്തുത സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നതെങ്കിലും 18 വയസ്സിന് മുകളിൽ ഉള്ളവരെയും പാർപ്പിക്കേണ്ട അവസ്ഥയാണ് നിലവിൽ ഉള്ളത്.

നിർദ്ദേശങ്ങൾ

- ❖ കേരളത്തിൽ എല്ലാ ജില്ലകളിലും ഷെൽട്ടർ ഹോം സംവിധാനം നടപ്പിലാക്കേണ്ടതുണ്ട്. അന്തേവാസികൾക്ക് പഠനമുറിയും അവരുടെ ശാരീരിക മാനസിക ഉല്ലാസത്തിനായി വേണ്ട സൗകര്യങ്ങളും ഒരുക്കേണ്ടതാണ്.
- ❖ അടിയന്തിര സഹായം ലഭ്യമാക്കുന്നതിലേക്കായി എമർജൻസി റസ്പോൺസ് സ്കീമിനെ രൂപീകരിക്കേണ്ടതാണ്
- ❖ അന്തേവാസികൾക്ക് വൊക്കേഷണൽ റീഹാബിലിറ്റേഷൻ ട്രെയിനിംഗുകൾ നടത്താവുന്നതാണ്.
- ❖ പഞ്ചായത്തുതലത്തിൽ വൾറണബിൾ ഗ്രൂപ്പ്മാപ്പിംഗ് നടത്താവുന്നതാണ്.

5. വനിതകൾ

ഇന്ത്യയിലെ ഇതരസംസ്ഥാനങ്ങളെ അപേക്ഷിച്ച് കേരളം മാനവവികസന നേട്ടങ്ങൾകൊണ്ട് ശ്രദ്ധേയമാണ്. കേരളത്തിലെ സ്ത്രീകളുടെ ജീവിതാവസ്ഥയും ഏറെ മുൻപന്തിയിലാണ്. ലിംഗാനുപാതം (1000:1084), മാതൃമരണ നിരക്ക് (66), ആയുർ ദൈർഘ്യം (77 വയസ്സ്), പെൺകുട്ടികളുടെ വിവാഹ പ്രായം (24.4) കുറഞ്ഞ ശിശുമരണ നിരക്ക്(12) തുടങ്ങിയ സൂചികകൾ ഏറെ മതിപ്പ് ഉളവാക്കുന്നതാണ്. ആശുപത്രികളിലെ പ്രസവം, ഗർഭിണികൾക്കും കുഞ്ഞുങ്ങൾക്കും ലഭ്യമാകുന്ന നല്ല പോഷകാഹാരം, ആരോഗ്യ പരിരക്ഷ, സ്ത്രീ സാക്ഷരത (92%), പെൺകുട്ടികളുടെ സ്കൂൾ പ്രവേശന നിരക്ക് (49.5%) തുടങ്ങിയവയെല്ലാം രാജ്യത്തെ മറ്റു പ്രദേശങ്ങളിൽ നിന്ന് കേരളത്തെ വ്യത്യസ്തമാക്കുന്നു. കേരളത്തിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ സ്ത്രീകൾക്ക് 50% സീറ്റ് സംവരണം നൽകിയതിലൂടെ നയ രൂപീകരണത്തിലുള്ള പങ്കാളിത്തവും സാദ്ധ്യമാകുന്നു.

എന്നാൽ സ്ത്രീകളുടെ തൊഴിൽ പങ്കാളിത്തം, പാർലമെന്റിലെ സ്ത്രീ പ്രാതിനിധ്യം എന്നീ ലിംഗപദവി അസമത്വ സൂചികകൾ പരിശോധിച്ചാൽ അവ ദേശീയ ശരാശരിയേക്കാൾ താഴെയാണെന്ന് കാണാം. ഉന്നത വിദ്യാഭ്യാസരംഗത്ത് 78.80 ശതമാനം പെൺകുട്ടികൾ പഠിക്കുമ്പോൾ സ്ത്രീകളുടെ തൊഴിൽപങ്കാളിത്തം 22 ശതമാനം മാത്രമാണ്. സംസ്ഥാന നിയമസഭയിലേക്കും സംസ്ഥാനത്തുനിന്ന് ഇന്ത്യൻ പാർലമെന്റിലേക്കും തെരഞ്ഞെടുക്കപ്പെട്ട അംഗങ്ങളിൽ സ്ത്രീപ്രാതിനിധ്യം വളരെ കുറഞ്ഞ് ദേശീയ ശരാശരിയേക്കാൾ താഴെയാണുള്ളത്. ആരോഗ്യ–വിദ്യാഭ്യാസമേഖലകളിൽ കേരള വനിതകൾ മുൻപന്തിയിൽ നിൽക്കുമ്പോഴും വീടിനുള്ളിലും പൊതുസ്ഥലത്തും തൊഴിലിടങ്ങളിലും അതിക്രമങ്ങൾക്കിരയാകുന്നവരുടെ എണ്ണം വർദ്ധിച്ചു വരുന്നു.

- ➢ 2011–ലെ സെൻസ് കണക്കുകൾ പരിശോധിച്ചാൽ കേരളത്തിന്റെ പൊതുഅവസ്ഥയിലെന്നതുപോലെ തിരുവനന്തപുരത്തും മുതിർന്നവരിലെ സ്ത്രീ–പുരുഷാനുപാതത്തിന്റെ കാര്യത്തിൽ സ്ത്രീകൾക്ക് അനുകൂലമായ സ്ഥിതി നിലനിൽക്കെ 0–6 പ്രായഗ്രൂപ്പിൽ 49.07% പെൺകുട്ടികൾ മാത്രമാണുള്ളത്.
- ➢ 2016 ൽ ആകെ നടന്ന 452 ശിശുമരണങ്ങളിൽ 257ഉം ആൺകുട്ടികളാണ്. അതായത് ആൺകുട്ടികൾ മരണപ്പെടുന്നതുകൊണ്ടാണ് സ്ത്രീ–പുരുഷാനുപാതം സ്ത്രീകൾക്ക് അനുകൂലമാകുന്നത് മറിച്ച് പെൺകുട്ടികൾ കൂടുതൽ ജനിക്കുന്നതുകൊണ്ടല്ല എന്ന് മനസ്സിലാക്കേണ്ടിയിരിക്കുന്നു. മാത്രമല്ല പെൺകുട്ടികളുടെ ജനനത്തിലെ കുറവ് സംഭവിക്കുന്നത് പെൺഭ്രൂണഹത്യകൊണ്ടാണോ എന്നും അന്വേഷിക്കേണ്ടിയിരിക്കുന്നു.

- ജില്ലയിലെ ആകെ സ്ത്രീകളുടെ 15% കൗമാരപെൺകുട്ടികളും (10–19 വയസ്സ്) 13.6% വൃദ്ധകളും (60+) ആണെന്നതുകൊണ്ടുതന്നെ അവരുടെ സാമൂഹികവും ആരോഗ്യപരവുമായ ആവശ്യങ്ങൾക്ക് പ്രത്യേക ഊന്നൽ കൊടുക്കേണ്ടതുണ്ട്.
- പല കാരണങ്ങൾ കൊണ്ട് ഏകരായ സ്ത്രീകൾ ജില്ലയിൽ ഉണ്ട്. അവരുടെ മാനസിക ശാരീരിക സൗഖ്യം ഉറപ്പാക്കുകയെന്നത് വളരെയധികം പ്രധാന്യമർഹിക്കുന്നു.
- ജില്ലയിലെ സ്ത്രീകളുടെ സാക്ഷരതനിരക്ക് സംസ്ഥാന ശരാശരിയിലും താഴ്ന്നതാണ് എന്നത് അടിയന്തിര ശ്രദ്ധയുണ്ടാകേണ്ട വിഷയമാണ്. സെക്കന്ററി തലം വരെയുള്ള സ്കൂൾ വിദ്യാഭാസത്തിൽ പെൺകുട്ടികൾക്ക് മേൽക്കൈ ഉണ്ട്. എന്നാൽ ഉന്നത–സാങ്കേതിക വിദ്യാഭ്യാസരംഗങ്ങളിലെ സ്ഥിതി സംസ്ഥാനത്തിന്റേതിന് സമമാണോ എന്ന വിവരങ്ങൾ ലഭിച്ചില്ല. പല കാര്യങ്ങളിലും ഇത്തരത്തിൽ ജന്റർ സെഗ്രിഗേറ്റഡ് ഡേറ്റയുടെ അഭാവം നിലനിൽക്കുന്നുണ്ട്.
- ജില്ലയിലെ ആരോഗ്യ സംബന്ധമായ കണക്കുകൾ പരിശോധിക്കുമ്പോൾ കഴിഞ്ഞ വർഷം ജില്ലയിൽ നടന്ന ആകെ പ്രസവങ്ങളിൽ 45%വും സി–സെക്ഷനുകളായിരുന്നുയെന്നത് ആശങ്കയുണർത്തുന്നു.
- ആകെ ഇൻപേഷ്യൻസിന്റെ 49% സ്ത്രീകളാണെന്ന് (22% കുട്ടികളും) കണക്ക് ഇവിടത്തെ സ്ത്രീകളുടെ ആരോഗ്യം സംബന്ധിച്ച് കൂടുതൽ ശ്രദ്ധ നൽകേണ്ടതുണ്ടെന്ന് ചൂണ്ടിക്കാണിക്കുന്നു.
- ജില്ലയിൽ മെഡിക്കൽ കോളജ് കൂടാതെ 2 ജില്ലാ ആശുപത്രികളും 2 ജനറൽ ആശുപത്രികളും സ്ത്രീകളുടെയും കുട്ടികളുടെയും 2 ആശുപത്രികളും കൂടാതെ ധാരാളം പ്രൈവറ്റ് ആശുപത്രികളും ഉണ്ടായിട്ടും 13 മാതൃമരണങ്ങളാണ് നടന്നത്.
- ജില്ലയിലെ സ്ത്രീ ജനസംഖ്യയുടെ 2.3% ഭിന്നശേഷിക്കാരാണ് (ആകെ ഭിന്നശേഷിക്കാരിൽ 48.2%). സാധാരണ ഭിന്നശേഷിക്കാരായ സ്ത്രീകൾ വീടുകൾക്കുള്ളിൽ തന്നെ ഒതുക്കപ്പെടുന്നുയെന്നിരിക്കെ ജില്ലയിൽ ഇവരുടെ അവസ്ഥ എന്താണെന്ന പഠനങ്ങൾ ഉണ്ടാകണം.
- ജില്ലയിൽ 1000 ൽ അധികം വരുന്ന എച്ച്.ഐ.വി ബാധിതരായ സ്ത്രീകൾക്ക് വ്യത്യസ്തമായ പ്രശ്നങ്ങളും ആവശ്യങ്ങളുമാണ് ഉണ്ടാകുക. എങ്കിലും പൊതുവായി അവരുടെയും കുട്ടികളുടെയും വിദ്യാഭ്യാസം, സ്ഥിര വരുമാനം, സാമൂഹ്യ സ്വീകാര്യത തുടങ്ങിയ കാര്യങ്ങൾ ശ്രദ്ധിക്കേണ്ടതുണ്ട്.
- സാക്ഷരതയുടെ കാര്യത്തിലെന്നപോലെ ജില്ലയിലെ സ്ത്രീകളുടെ തൊഴിൽപങ്കാളിത്ത നിരക്കും സംസ്ഥാന ശരാശരിയെക്കാൾ താഴെയാണ്. അതേസമയം ജില്ലയിലെ തൊഴിൽ അന്വേഷകരിൽ സ്ത്രീകളാണ് കൂടുതൽ. പൊതു–സ്വകാര്യ–അസംഘടിത മേഖലകളിൽ തൊഴിലെടുക്കുന്ന സ്ത്രീകൾക്ക് അടിസ്ഥാന സൗകര്യങ്ങളും സുരക്ഷിതമായ തൊഴിലിടങ്ങളും ഉറപ്പാക്കേണ്ടതുണ്ട്.
- തീരുമാനമെടുക്കൽ വേദികളിലെ സ്ത്രീകളുടെ അസാന്നിദ്ധ്യം വനിതാ വികസനത്തിന് വലിയ വിലങ്ങുതടിയാണ്.
- 53% സ്ത്രീ വോട്ടർമാരുള്ളപ്പോഴും കേരള നിയമസഭയിൽ ജില്ലയിലെ സ്ത്രീകളുടെ പ്രതിനിധിയായി ഒരു വനിത പോലും ഇല്ല എന്നത് എടുത്തുപറയേണ്ട പോരായ്മ തന്നെയാണ്.
- ജില്ലയിൽ സ്ത്രീകൾ നേരിടുന്ന പീഡനങ്ങൾ വിവിധ തലങ്ങളിലാണ്. വനിതാ ഹെൽപ് ലൈനും പിങ്ക് പോലീസുമെല്ലാം ഉള്ളപ്പോഴും സന്ധ്യ കഴിഞ്ഞാൽ പൊതുയിടങ്ങളിൽ സ്ത്രീകളുടെ സാന്നിദ്ധ്യം ഇല്ല തന്നെ. നമ്മുടെ നാട്ടിലെ ഓഫീസുകളും സ്ഥാപനങ്ങളുമെല്ലാം എത്രമാത്രം സ്ത്രീ സൗഹൃദപരമാണ് എന്നത് പഠന വിധേയമാക്കേണ്ടതാണ്.
- ദാരിദ്ര്യ നിർമ്മാർജ്ജനവും സ്ത്രീശാക്തീകരണവും ലക്ഷ്യം വച്ച് പ്രവർത്തിക്കുന്ന ഇരുപതിനായിരത്തിലധികം കുടുംബശ്രീ അയൽക്കൂട്ടങ്ങൾ ജില്ലയിൽ പ്രവർത്തിക്കുന്ന സാഹചര്യത്തിൽ സമൂഹത്തിൽ നിലനിൽക്കുന്ന പുരുഷാധിപത്യ മൂല്യങ്ങൾ മനസ്സിലാക്കാനും അവയെ പ്രതിരോധിച്ചുകൊണ്ട് ഭരണഘടന വിഭാവനം ചെയ്യുന്ന സ്ത്രീ പുരുഷ തുല്യത എന്ന ലക്ഷ്യത്തിലെത്താനുമാവണം.

മേൽത്തട്ട് നിർദ്ദേശങ്ങൾ

- അതാത് പ്രദേശത്തെ സ്ത്രീ ജീവിതങ്ങളുടെ പ്രത്യേകതകൾ മനസ്സിലാക്കിക്കൊണ്ടുള്ള ഒരു വനിതാ വികസന നയം രൂപീകരിക്കാൻ ഓരോ തദ്ദേശസ്വയംഭരണ സ്ഥാപനവും മുൻകൈയെടുക്കണം. ഇതിനായി നിലവിലെ സ്ത്രീകളുടെ പദവി മനസ്സിലാക്കാൻ സഹായിക്കുന്ന വിശദമായ ഒരു ജെൻഡർ പദവി പഠന പരിപാടി നടത്തണം. ഇന്നത്തെ സ്ത്രീകളുടെ അവസ്ഥ, സ്ത്രീ സമൂഹത്തിന്റെ പ്രത്യേകതകൾ, വിഭവശേഷി, വൈവിദ്ധ്യം, നൈപുണ്യം, കാഴ്ചപ്പാടുകൾ, പ്രശ്നങ്ങൾ തുടങ്ങി ജില്ലയിലെ സ്ത്രീകളുടെ ജീവിതത്തെക്കുറിച്ചുള്ള ഒരു വിവരശേഖരം തയ്യാറാക്കുകയും അതിനെ അടിസ്ഥാനപ്പെടുത്തി വനിതാ നയം രൂപപ്പെടുത്തുകയും ആകാം.
- ഓരോ വർഷാവസാനവും സ്ത്രീ വികസനവുമായി ബന്ധപ്പെട്ട അവസ്ഥാ വിശകലന റിപ്പോർട്ടും ബന്ധപ്പെട്ട സ്ഥാപനങ്ങളുടെ പെർഫോമൻസ് അവലോകന റിപ്പോർട്ടും പ്രസിദ്ധീകരിക്കണം.
- നിലവിൽ പദ്ധതികൾ നടപ്പിലാക്കുന്നുണ്ടെങ്കിലും നൂതന ആശയമുള്ള പദ്ധതികൾ ഫലപ്രദമായി നടപ്പിലാക്കി വരുന്നില്ല. ആയതിലേയ്ക്കായി നിർവ്വഹണ ഉദ്യോഗസ്ഥർക്ക് സാങ്കേതിക പരിജ്ഞാനവും വിവിധ പരിശീലനങ്ങളും നൽകണം.
- അതിക്രമങ്ങൾക്കിരയാകുന്ന സ്ത്രീകൾക്ക് ആവശ്യമായ സഹായ സംവിധാനങ്ങളായ താൽക്കാലിക വാസസ്ഥലങ്ങൾ, കൗൺസിലിംഗ് സൗകര്യം തുടങ്ങിയവ സാമൂഹ്യ നീതി വകുപ്പും മറ്റു സാമൂഹിക സംഘടനകളുമായി ചേർന്ന് ഒരുക്കണം. നിലവിലുള്ള താൽക്കാലിക വാസസ്ഥലങ്ങളിൽ അഞ്ച് വയസ്സിനുമുകളിലുള്ള കുട്ടികളെ അനുവദിക്കില്ലായെന്നത് പങ്കാളിയിൽ നിന്നും അതിക്രമങ്ങൾ ഏറ്റുവാങ്ങേണ്ടി വരുന്ന സ്ത്രീയെ സംബന്ധിച്ച് വലിയ മാനസിക ബുദ്ധിമുട്ട് ഉണ്ടാക്കുന്നതാണ്. അതുകൊണ്ടു തന്നെ താൽക്കാലിക വാസസ്ഥലങ്ങൾ ഒരുക്കുമ്പോൾ കുട്ടികളെ അമ്മയിൽ നിന്ന് അകറ്റി നിർത്താത്ത തരത്തിലുള്ളവ രൂപകല്പന ചെയ്യേണ്ടതാണ്.

കീഴ്ത്തട്ട് നിർദ്ദേശങ്ങൾ

- ഓരോ തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെയും വരും വർഷങ്ങളിലെ വനിതാഘടക പദ്ധതി യുക്തിഭദ്രമായ അടിത്തറയിലൂന്നി തയ്യാറാകുകയും പ്രദേശത്തെ സ്ത്രീകളുടെ സാമൂഹിക പദവി ഉയർത്തുകയും ചെയ്യുന്നതിന് ലക്ഷ്യം വയ്ക്കണം.
- സ്ത്രീകളുടെ പദവിയുമായി ബന്ധപ്പെട്ട് നിലവിൽ ലഭ്യമായ ഡേറ്റ പലയിടങ്ങളിലും അവ്യക്തങ്ങളും അപൂർണ്ണങ്ങളുമാണ്. അതുകൊണ്ടുതന്നെ സ്ത്രീകളുടെ ജീവിതാവസ്ഥ മനസ്സിലാക്കാനായി സ്ത്രീസമൂഹത്തിന്റെ പ്രത്യേകതകൾ, വിഭവശേഷി, വൈവിധ്യം, നൈപുണ്യം, കാഴ്ചപ്പാടുകൾ, പ്രശ്നങ്ങൾ തുടങ്ങിയവ മനസ്സിലാക്കുന്ന തരത്തിലുള്ള വിവരശേഖരം നടത്തണം. ഗ്രാമപഞ്ചായത്ത്/മുൻസിപ്പാലിറ്റി/കോർപ്പറേഷൻ തലങ്ങളിൽ സ്ത്രീപദവി പഠനം നടത്തുകയും അവ ജില്ലാതലത്തിൽ ക്രോഡീകരിക്കുകയും ചെയ്യുകയാണ് വേണ്ടത്. ഈ പഠനറിപ്പോർട്ട് അടിസ്ഥാനമാക്കിയാകണം ജില്ലാവനിതാവികസന രേഖയ്ക്ക് രൂപം നൽകേണ്ടത്. ഈ രേഖയിൽ ദീർഘകാലത്തും ഹ്രസ്വകാലത്തും ഓരോ തലത്തിലും ചെയ്യേണ്ട പരിപാടികൾ തീരുമാനിക്കണം.
- ഓരോ വർഷത്തെയും പ്രവർത്തനങ്ങളുടെ ഫലമായി സ്ത്രീകളുടെ പദവിയിൽ എന്ത് മാറ്റമാണുണ്ടായത് എന്ന് കൃത്യമായി അളക്കാൻ കഴിയുന്ന തരത്തിൽ പദവി പഠനത്തിന്റെ അടിസ്ഥാനത്തിൽ, മാനദണ്ഡങ്ങൾ ഉണ്ടാകണം. സ്ത്രീ–പുരുഷ തുല്യത ലക്ഷ്യം വച്ചുകൊണ്ട് തുല്യനീതിയിലൂന്നിയ സമീപനത്തെ അടിസ്ഥാനമാക്കുന്നതാവണം ഓരോ പദ്ധതിയുടെയും രൂപരേഖ. ഓരോ പദ്ധതിയും സ്ത്രീ പദവിയെ എങ്ങനെ ബാധിക്കുന്നുയെന്ന പരിശോധന പദ്ധതി രൂപീകരണ വേളയിൽ തന്നെ ഉണ്ടാകണം.
- കുടുംബശ്രീമിഷൻ പ്രാദേശിക ആസൂത്രണ പ്രക്രിയയിൽ സ്ത്രീകളുടെ പങ്കാളിത്തം ഉറപ്പാക്കുകയും സ്ത്രീ ശാക്തീകരണ പ്രവർത്തനങ്ങൾക്ക് ഊന്നൽ നൽകുകയും വേണം. സ്ത്രീകളുടെ സംഘടനാ ശേഷി, വ്യക്തിപരമായ കഴിവ്, കൂട്ടായ്മ തുടങ്ങിയവ വർദ്ധിക്കുവാൻ വേണ്ടിയുള്ള സാമ്പത്തിക വികസന പ്രവർത്തനങ്ങളും ഉണ്ടാകണം.
- സ്ത്രീ സുരക്ഷ, പരിരക്ഷാ സംവിധാനങ്ങൾ, നിയമം തുടങ്ങിയവയിൽ ബോധവൽക്കരണം അത്യാവശ്യമാണ്.

- വിധവകളുടെയും അവിവാഹിതരായ അമ്മമാരുടെയും പുനരധിവാസത്തിന് പ്രത്യേക സമഗ്ര പദ്ധതിക്ക് രൂപം നൽകേണ്ടതാണ്.
- ജില്ലാതലത്തിൽ ജൻഡർ റിസോഴ്സ് സെന്ററിന് (ജി.ആർ.സി) രൂപം നൽകണം. ജില്ലയിലെ വനിതാവികസനം സാദ്ധ്യമാക്കുന്നതിനുള്ള എല്ലാ പ്രവർത്തനങ്ങളുടെയും ചർച്ചകളുടെയും കേന്ദ്രമായി ഇത് മാറണം.
- അദ്ധ്യാപക-രക്ഷകർതൃ സമിതികൾ, അയൽക്കൂട്ടങ്ങൾ, ഗ്രന്ഥശാലകൾ, റസിഡൻസ് അസോസിയേഷനുകൾ തുടങ്ങിയ പ്രാദേശിക സംഘടനാ സംവിധാനങ്ങളുടെ ഓരോ പ്രവർത്തനത്തിലും ജന്റർ ഉൾപ്പെട്ടിട്ടുണ്ടോയെന്ന് അളക്കാൻ കഴിയുന്ന മാനദണ്ഡങ്ങൾ രൂപപ്പെടുത്തുക, ഇത്തരം സംഘടനകളിലൂടെ ലിംഗസമത്വവും ലിംഗനീതിയും ഉറപ്പാക്കുന്ന പൗരബോധ പരിപാടികൾ ആവിഷ്ക്കരിക്കുക എന്നിവ ജി.ആർ.സി ക്ക് ചെയ്യാം. പദ്ധതി പ്രവർത്തനങ്ങളിൽ ആസൂത്രണ നിർവ്വഹണ വൈദഗ്ദ്ധ്യം, കാര്യക്ഷമത, പങ്കാളിത്തം എന്നിവ വർദ്ധിപ്പിക്കാനാകും വിധം സ്ത്രീശാക്തീകരണം, ജെൻഡർ സമത്വം എന്നിവ ലക്ഷ്യമാക്കി പ്രവർത്തിക്കുന്ന സന്നദ്ധ സംഘടനകളെ ജി.ആർ.സി കളിലും അതുവഴി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും കണ്ണി ചേർക്കേണ്ടതാണ്.
- സ്ത്രീകളുടെ സവിശേഷ പ്രശ്നങ്ങളായ ഗാർഹികാതിക്രമം, സഞ്ചാരസ്വാതന്ത്ര്യമില്ലായ്മ, പ്രത്യുത്പാദന സംബന്ധിയായ ആരോഗ്യ പ്രശ്നങ്ങൾ, സ്വത്തവകാശമില്ലായ്മ തുടങ്ങിയവയെക്കുറിച്ച് പഠിക്കുകയും ആവശ്യമായ പദ്ധതികൾ നടപ്പാക്കാൻ മുൻകൈ എടുക്കുകയും വേണം.
- സ്ത്രീകളുടെ ശാരീരിക-മാനസിക പ്രശ്നങ്ങൾ ഉൾപ്പെടെയുള്ള പ്രത്യേക ആരോഗ്യ പ്രശ്നങ്ങൾ കണ്ടെത്തി അവ പരിഹരിക്കാനുള്ള പദ്ധതികൾക്ക് രൂപം നൽകണം.
- സ്ത്രീകൾക്കും പെൺകുട്ടികൾക്കും കായിക പരിശീലനത്തിന് പ്രത്യേക ഇടങ്ങൾ ഉണ്ടാകേണ്ടതാണ്. നിലവിലുള്ള കളിസ്ഥലങ്ങൾ സ്ത്രീകൾക്കും കുട്ടികൾക്കും കൂടി ഉപയോഗിക്കാവുന്നതരത്തിൽ സജ്ജമാക്കണം.സ്ത്രീകളുടെയും പെൺകുട്ടികളുടെയും കായിക ടീമുകൾക്കും കലാട്രൂപ്പുകൾക്കും രൂപം നൽകണം.
- വിവിധ മേഖലകളിൽ വൈദഗ്ദ്ധ്യമുള്ള സ്ത്രീകളെ കണ്ടെത്തി അവരുടെ വൈദഗ്ദ്ധ്യം വർദ്ധിപ്പിക്കുന്നതും വരുമാനം സൃഷ്ടിക്കുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിക്കണം.
- അതിക്രമങ്ങൾക്കിരയാകുന്ന സ്ത്രീകൾക്കായി ജില്ലാ കളക്ടറുടെ അദ്ധ്യക്ഷതയിലുള്ള വൺസ്റ്റോപ്പ് സെന്ററുകൾ കൂടുതൽ കാര്യക്ഷമമായി പ്രവർത്തിക്കണം.
- വിദ്യാർത്ഥികളുടെയും വനിതാ അദ്ധ്യാപകരുടെയും സുരക്ഷയ്ക്കും പരാതി പരിഹാരത്തിനും കൗൺസിലിംഗിനും സഹായകരമായ വിധത്തിൽ സ്കൂളുകളിൽ ജെന്റർ ഡെസ്ക് രൂപീകരിക്കേണ്ടതാണ്.
- വിവാഹിതരായ സ്ത്രീകളിൽ കുടുംബപ്രശ്നങ്ങൾ ആത്മഹത്യയിലേക്ക് വരെ നയിക്കുന്ന കാരണമാണെന്ന് കണക്കുകൾ സൂചിപ്പിക്കുന്നു. ജില്ലയിൽ നിന്ന് 2015-ൽ വനിതാ കമ്മിഷന് ലഭിച്ച പരാതികളിൽ ഏറ്റവും കൂടുതൽ ഈ വിഭാഗത്തിലാണ്. അതുകൊണ്ടുതന്നെ നീതിപൂർവ്വമായി പ്രശ്നങ്ങൾ കൈകാര്യം ചെയ്യാൻ സ്ത്രീകളെ സഹായിക്കുന്ന ഫാമിലി കൗൺസിലർമാരുടെ സേവനം തദ്ദേശസ്വയംഭരണ സ്ഥാപനതലത്തിൽ സൗജന്യമായി ലഭ്യമാക്കേണ്ടതാണ്.
- പ്രാദേശികമായി പണചെലവില്ലാതെ ഏറ്റവും വേഗത്തിൽ സ്ത്രീകൾക്ക് നീതി ലഭ്യമാകുന്ന ഇടങ്ങൾ എന്ന നിലയിൽ ജില്ലയിലെ എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും ജാഗ്രതാ സമിതികൾ കാര്യക്ഷമമായി പ്രവർത്തിക്കാനുള്ള സാഹചര്യം ഉണ്ടാകണം. ജാഗ്രതാ സമിതിയിലൂടെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുവാൻ സംയുക്തപ്രോജക്റ്റ് നടപ്പിലാക്കാവുന്നതാണ്. ഗ്രാമപഞ്ചായത്ത് തലത്തിൽ ജാഗ്രതാ സമിതി കോ-ഓർഡിനേറ്റർ/കൗൺസിലറിനെ നിയമിക്കാവുന്നതാണ്. 15000 രൂപ മാസവേതനാടിസ്ഥാനത്തിൽ കോൺട്രാക്ട് നിയമനം നടത്താം. ആയത് സംയുക്ത പ്രോജക്ടായി നടപ്പാക്കാം.
- സ്ത്രീകൾക്ക് നേരെയുള്ള അതിക്രമങ്ങൾ സംബന്ധിച്ച് നാളിതുവരെയുള്ള ബോധവൽക്കരണപ്രവർത്തനങ്ങളെല്ലാം തന്നെ സ്ത്രീകളെ കേന്ദ്രീകരിച്ചുള്ളവയാണെന്ന്

കാണാം. സ്ത്രീകളോട് അതിക്രമങ്ങൾ ചെയ്യുന്നവർ എന്ന നിലയിൽ പുരുഷൻമാരെ കേന്ദ്രീകരിച്ചുകൊണ്ടുള്ള ബോധവത്കരണ പ്രചാരണ പ്രവർത്തനങ്ങൾ തദ്ദേശസ്വയംഭരണ സ്ഥാപനതലത്തിൽ ജാഗ്രതാ സമിതികളുടെ നേതൃത്വത്തിൽ ചെയ്യേണ്ടതാണ്.

- തൊഴിലിടങ്ങളിൽ സ്ത്രീകൾക്ക് നേരെയുള്ള ലൈംഗികാതിക്രമങ്ങൾ പരാതിപ്പെടാനുള്ള ഇന്റേണൽ കമ്മിറ്റികൾ പ്രവർത്തിക്കുന്നുയെന്ന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഉറപ്പു വരുത്തണം.
- തദ്ദേശസ്വയംഭരണ സ്ഥാപനം സമയക്രമം പാലിച്ചുകൊണ്ട് ഓരോ പദ്ധതികളുടെയും പ്രവർത്തനങ്ങളുടെയും ജന്റർ ഓഡിറ്റ് നടത്തണം.
- സമൂഹത്തിൽ സ്ത്രീകളും കുട്ടികളും കൗമാരപ്രായക്കാരും നേരിടുന്ന പ്രശ്നങ്ങൾക്ക് പരിഹാരമാർഗ്ഗമെന്ന നിലയിൽ ഒരു നൂതന ആശയമായി കമ്മ്യൂണിറ്റി റിസോഴ്സ് പേഴ്സൺ-നെ പഞ്ചായത്തിലെ ഓരോ വാർഡുകളിലും നിയോഗിക്കുന്നതിലേക്കായി ജില്ലാ-ബ്ലോക്ക്-ഗ്രാമപഞ്ചായത്ത്തലത്തിൽ ഒരു സംയുക്തപ്രോജക്ട് നടപ്പാക്കാവുന്നതാണ്. സേവന മനോഭാവം ഉള്ളവർക്ക് മുൻഗണന നൽകിയാവണം പഞ്ചായത്ത് കമ്മിറ്റി കമ്മ്യൂണിറ്റി റിസോഴ്സ് പേഴ്സൺ-നെ നിയമിക്കേണ്ടത്. പ്രതിമാസവേതനം കുറഞ്ഞത് 5000 രൂപയെങ്കിലും നിജപ്പെടുത്തി പഞ്ചായത്ത് നൽകേണ്ടതാണ്.

പദ്ധതി നിർദ്ദേശങ്ങൾ

- ഗ്രാമപഞ്ചായത്ത്, മുനിസിപ്പാലിറ്റി, കോർപ്പറേഷൻ, ജില്ലാ പഞ്ചായത്ത് എന്നീ തലങ്ങളിൽ ജന്റർ റിസോഴ്സ് സെന്ററുകൾ ആരംഭിക്കൽ.
- സ്ത്രീ പദവി പഠനം- ജന്റർ റിസോഴ്സ് സെന്ററിന്റെ നേതൃത്വത്തിൽ
- സ്ത്രീകളുമായി ബന്ധപ്പെട്ട വിവിധ വിഷയങ്ങളിൽ പഠനം- റിസോഴ്സ് സെന്ററിന്റെ നേതൃത്വത്തിൽ പദവി ഉയർത്തുന്ന തരത്തിലുള്ള പരിശീലനങ്ങൾ, തുടർ പ്രവർത്തനങ്ങൾ
- തൊഴിൽ സംരംഭങ്ങൾ- മുൻ പിൻ ബന്ധം ഉറപ്പാക്കിക്കൊണ്ട് സ്ത്രീകളുടെ കല, കായിക, സാഹിത്യ അഭിരുചികൾ പ്രോത്സാഹിപ്പിക്കുന്നതിനുള്ള പദ്ധതികൾ
- സ്ത്രീകൾക്ക് കൂടിയിരിക്കാനുതകുന്ന തരത്തിൽ അവരുടെ നിയന്ത്രണത്തിലുള്ള കെട്ടിടങ്ങൾ നിർമ്മിക്കൽ.
- വൈദഗ്ദ്ധ്യ പോഷണം
- ജാഗ്രതാ സമിതി പ്രവർത്തനങ്ങൾ
- സ്ത്രീകളുടെ ആരോഗ്യ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുതകുന്ന പദ്ധതികൾ
- സ്ത്രീകൾക്ക് നേരിട്ട് ഗുണം ലഭിക്കുന്ന പ്രോജക്ടുകൾ
- സാങ്കേതിക പരിജ്ഞാനം
- വരുമാനം ലഭിക്കുന്ന കാർഷിക പ്രവർത്തനങ്ങൾ
- നൂതന പ്രവർത്തനങ്ങൾ പരിചയപ്പെടുത്തൽ
- ചെയ്തുകൊണ്ടിരിക്കുന്ന തൊഴിൽ അഭിവൃദ്ധിപ്പെടുത്തൽ
- നിയമങ്ങൾ, സാമൂഹിക സംവിധാനങ്ങൾ എന്നിവ പരിചയപ്പെടുത്തൽ
- സ്ത്രീകളുടെ വരുമാനം വർദ്ധിപ്പിക്കാനുതകുന്ന പദ്ധതികളും പാരമ്പര്യേതര പദ്ധതികളും വനിതാഘടകപദ്ധതിയുടെ ഭാഗമാകണം.(വനിതാ ട്രാൻസ്പോർട്ട്, മേസ്തിരി പരിശീലനം, കരാട്ടെ അഭ്യാസം, സൈക്ലിംഗ് പരിശീലനം, തെങ്ങുകയറ്റ പരിശീലനം, ജെൻഡർ വിദ്യാഭ്യാസ പരിശീലനം, ഗൃഹോപകരണങ്ങൾ നന്നാക്കൽ, കലാകായികമത്സരങ്ങൾ/ട്രൂപ്പുകൾ തുടങ്ങിയവ)

സംസ്ഥാന പദ്ധതികൾ – നിർദ്ദേശങ്ങൾ

വനിതാവികസനത്തിന്റെ ഭാഗമായി 2017-18 സാമ്പത്തിക വർഷത്തെ പ്രവർത്തനങ്ങൾക്കായി 18 കോടി ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. ജെൻഡർ അടിസ്ഥാനമാക്കിയ അതിക്രമങ്ങൾ തടയുന്നതിനുള്ള ബൃഹത്തായ ആക്ഷൻപ്ലാൻ രൂപീകരണം മുതിർന്ന സ്ത്രീകൾക്കുള്ള ഡേ-കെയർ സെന്റർ തുടങ്ങുന്നതിനുള്ള സൗകര്യം ഏർപ്പെടുത്തൽ, വനിതാ ഗൃഹനാഥരായുള്ള കുടുംബങ്ങളിലെ കുട്ടികൾക്ക് വിദ്യാഭ്യാസ

ധനസഹായം, രക്ഷിതാക്കളിൽ ഒരാൾ നഷ്ടപ്പെട്ടതോ രണ്ടുപേരും നഷ്ടപ്പെട്ട കുട്ടികൾക്കായുള്ള വിദ്യാഭ്യാസ ധനസഹായം, അധിക്ഷേപം തടയുന്നതിനായി വനിതാശാക്തീകരണത്തിനുള്ള അവബോധ ക്ലാസ്സുകൾ, ഹോം നഴ്സുമാർക്കുള്ള പരിശീലനം, ലീഗൽ ഫ്രെയിം വർക്ക് രൂപീകരണം, അഭയസ്ഥാനമില്ലാത്ത വിധവകൾക്ക് അഭയവും, കുടുംബചുറ്റുപാടും നൽകുന്ന ബന്ധുക്കൾക്കുള്ള സഹായം.

മേൽപരാമർശിച്ച പദ്ധതികളുടെ സമഗ്രനടത്തിപ്പിനായുള്ള നിർദ്ദേശങ്ങൾ

- ജെൻഡർ അടിസ്ഥാനമാക്കിയ അതിക്രമങ്ങൾ തടയുന്നതിനായി ആക്ഷൻ പ്ലാൻ തയ്യാറാക്കൽ എന്നതിലുപരി ടി പ്രോജക്ട് തെരഞ്ഞെടുക്കപ്പെട്ട പഞ്ചായത്തുകളിൽ ജെൻഡർ ഫ്രെയിം മാപ്പിങ്ങ് നടത്തുകയും ജെൻഡർ പോളിസി ശക്തമാക്കാവുന്നതുമാണ്. രണ്ടാം ഘട്ടത്തിൽ ടി പ്രോജക്ട് എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും നടത്താവുന്നതാണ്.
- മുതിർന്ന വനിതകൾക്കുള്ള പകൽവീട് പദ്ധതി തെരഞ്ഞെടുക്കപ്പെട്ട പഞ്ചായത്തുകളിൽ ആരംഭിച്ചിട്ടുണ്ട്. പകൽവീടിനൊപ്പം വായനാമുറിയും അവിടെ എത്തുന്ന മുതിർന്ന വനിതകൾക്ക് അവരുടെ അഭിരുചിക്ക് അനുയോജ്യമായ തൊഴിൽപരിശീലനവും നൽകാവുന്നതാണ്.

7.4.4.2.പട്ടികജാതി വികസനം

ഇന്ത്യയിലെ ഇതരജനവിഭാഗങ്ങളെ അപേക്ഷിച്ച് വളരെ പിന്നോക്കം നിൽക്കുന്ന ജനവിഭാഗമാണ് പട്ടികജാതിക്കാർ. പട്ടികജാതിക്കാരുടെ സമഗ്രമായ പുരോഗതി ലക്ഷ്യമാക്കി സാമൂഹിക, സാമ്പത്തിക, വിദ്യാഭ്യാസ, സാംസ്ക്കാരിക മേഖലകളിൽ പട്ടികജാതി വികസന വകുപ്പും മറ്റു വിവിധ വകുപ്പുകളും തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളും ഒട്ടനവധി പദ്ധതികൾ നാളിതുവരെ നടപ്പിലാക്കിയിട്ടുണ്ട്. ആയതിന്റെ ഫലമായി സാമൂഹികമായി ഒറ്റപ്പെട്ടും പാർശ്വവൽക്കരിക്കപ്പെട്ടും നിന്ന ഒരു ജനതയെ മുഖ്യധാരയിലേക്ക് കൊണ്ടു വരുന്നതിനും ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും വികസനത്തിന്റെ പാതയിലേക്കുള്ള മുന്നേറ്റങ്ങൾ സംജാതമാക്കുന്നതിനും സാധിച്ചിട്ടുണ്ട്. എന്നിരുന്നാലും സംസ്ഥാനത്തിന്റെ പല മേഖലകളിലുമുള്ള പട്ടികജാതി സങ്കേതങ്ങളിലെ അടിസ്ഥാനസൗകര്യ സാഹചര്യങ്ങളോടൊത്തു നിൽക്കുന്ന നിലവാരം തിരുവനന്തപുരം ജില്ലയിലെ വിവിധ സങ്കേതങ്ങളിലുണ്ടെന്ന് അവകാശപ്പെടാൻ സാധിക്കുകയില്ല. ജില്ലാതലത്തിലുള്ള താരതമ്യത്തിലേക്ക് കടക്കുമ്പോഴാകട്ടെ മലയോര മേഖലയുടേതായ ഭൂമിശാസ്ത്രപരമായ പ്രത്യേകതകൾ ചില പ്രദേശങ്ങളിലെ പട്ടികജാതി സങ്കേതങ്ങളിൽ അടിസ്ഥാന സൗകര്യ വികസനത്തിന് കൂടുതൽ ശ്രദ്ധപതിപ്പിക്കേണ്ടതിലേയ്ക്കുള്ള ദിശാസൂചകമായി നിലനിൽക്കുകയും ചെയ്യുന്നു.

- ജില്ലയിലെ പട്ടികജാതിക്കാരുടെ ആകെ ജനസംഖ്യ 2011 ലെ സെൻസസ് പ്രകാരം 3,72,977 ആകുന്നു. ഇതിൽ 1,78,589 പേർ പുരുഷന്മാരും 1,94,388 പേർ സ്ത്രീകളുമാണ്. ജില്ലയിലെ എല്ലാ പ്രാദേശിക സർക്കാരുകളിലും പട്ടികജാതിക്കാർ അധിവസിക്കുന്നുണ്ട്.
- ജില്ലയിൽ അധിവസിക്കുന്ന 5 പ്രധാന പട്ടികജാതി വിഭാഗക്കാർ പുലയൻ/ചേരമർ, കുറവൻ/ സിദ്ധനർ, തണ്ടാൻ, സാംബവർ/പറയൻ, മണ്ണാൻ/ പതിയാൻ/ വണ്ണാൻ/ വേലൻ എന്നിവരാണ്.
- പട്ടികജാതി ജനസംഖ്യ കൂടുതൽ കിളിമാനൂർ ബ്ലോക്കിലും (36999) കുറവ് നെടുമങ്ങാട് ബ്ലോക്കിലുമാണ് (14363)
- തിരുവനന്തപുരം കോർപ്പറേഷനിൽ 70688 പട്ടികജാതിക്കാർ അധിവസിക്കുന്നു.
- മുനിസിപ്പാലിറ്റികളിലിൽ നെയ്യാറ്റിൻകരയിൽ പട്ടികജാതിക്കാർ ഏറ്റവും കൂടുതലും (7772) ഏറ്റവും കുറവ് ആറ്റിങ്ങലിലുമാണ് (4057).
- ഗ്രാമപഞ്ചായത്തുകളിൽ ഏറ്റവും കൂടുതൽ ജനസംഖ്യയുള്ളത് ചെമ്മരുതി ഗ്രാമപഞ്ചായത്തിലുമാണ് (7626). ഏറ്റവും കുറവുള്ളത് അമ്പൂരി ഗ്രാമപഞ്ചായത്തിലുമാണ് (869).
- തിരുവനന്തപുരം കോർപ്പറേഷനൊഴികെ 5000–ത്തിനുമുകളിൽ 8000–വരെ ജനസംഖ്യയുള്ള 21 പ്രാദേശിക സർക്കാരുകളും 2000–ത്തിനും 3000–ത്തിനുമിടയിൽ ജനസംഖ്യയുള്ള 28 പ്രാദേശികസർക്കാരുകളും ആയിരത്തിനും

രണ്ടായിരത്തിനുമിടയിൽ ജനസംഖ്യയുള്ള 28 പ്രാദേശിക സർക്കാരുകളുമുണ്ട്. ആയിരത്തിനു താഴെ ജനസംഖ്യയുള്ള 5 പ്രാദേശിക സർക്കാരുകളുമുണ്ട്.

- കിലയും പട്ടികജാതി വികസന വകുപ്പും സംയുക്തമായി നടത്തിയ കണക്കെടുപ്പ് പ്രകാരം ജില്ലയിലെ പട്ടികജാതി വിഭാഗത്തിൽ 80% ൽ അധികം പേരും കാർഷിക മേഖലയിലും മറ്റ് നിർമ്മാണ മേഖലയിലും പണിയെടുക്കുന്ന ദിവസ വേതന തൊഴിലാളികളാണ്. താരതമേന്യ ചെറിയ ഒരു ശതമാനമാണ് സർക്കാർ, അർദ്ധസർക്കാർ, മറ്റ് സംഘടിത തൊഴിൽ മേഖലകളിൽ ജോലി ചെയ്യുന്നവർ ഭക്ഷ്യവിളകൾ ഉൽപ്പാദിപ്പിക്കുന്ന കൃഷി സംബന്ധമായ പ്രവർത്തനങ്ങളിലും വ്യവസായ സംരംഭങ്ങളിലും നാമമാത്രമായ കുടുംബങ്ങൾ മാത്രമാണ് ഏർപ്പെട്ട് വരുന്നത്.
- ജില്ലയിലെ വ്യവസായിക വകുപ്പിന്റെ കീഴിലുള്ള തോന്നയ്ക്കൽ, വേളി, മൺവിള ഇൻഡസ്ട്രിയൽ എസ്റ്റേറ്റുകളിലെ 48 യൂണിറ്റുകൾ പട്ടികജാതി വിഭാഗത്തിൽപ്പെട്ടവരുടേതാണ്.
- ജില്ലയിൽ 118 പട്ടികജാതി സഹകരണ സംഘങ്ങൾ പ്രവർത്തിക്കുന്നു. 118 പട്ടികജാതി സംഘങ്ങൾ ജില്ലയിൽ നിലവിലുള്ളതിൽ ഒരെണ്ണം(0.84%) മാത്രമാണ് ലാഭത്തിലുള്ളത്. സംസ്ഥാനത്തിലും പട്ടികജാതി സഹകരണസംഘങ്ങളിൽ ലാഭത്തിൽ പ്രവർത്തിക്കുന്നവ 3.97% മാത്രമാണ്.
- മിക്ക ഭവനങ്ങളിലും അവഗണിക്കാനാവാത്ത രീതിയിലുള്ള ആരോഗ്യ പ്രശ്നങ്ങൾ വികസനത്തിന് വെല്ലുവിളിയായി നിൽക്കുന്നുണ്ട്. പോഷകാഹാരക്കുറവ്, ചിട്ടയോടെ അല്ലാതെയുള്ള ജീവിതശൈലി, മദ്യം മുതലായ ലഹരി വസ്തുക്കളുടെ അനിയന്ത്രിതമായ ഉപയോഗം, രോഗ പ്രതിരോധം സംബന്ധിച്ച ധാരണയില്ലായ്മ, ശുചിത്വ സംബന്ധമായ പ്രശ്നങ്ങൾ, ശുദ്ധജല ദൗർലഭ്യം, തൊഴിൽ ജന്യരോഗങ്ങൾ എന്നിങ്ങനെ രോഗാതുരതക്ക് കാരണങ്ങൾ ഒട്ടനവധിയുണ്ട്. വിവിധ പ്രശ്നങ്ങൾ നേരിടുന്നതിനുള്ള എളുപ്പവഴിയായും ശീലത്തിന്റെ ഭാഗമായും ലഹരിക്ക് അടിമപ്പെടുന്നതിലൂടെ വർദ്ധിച്ച പ്രശ്നങ്ങളുടെ ഊരാക്കുടുക്കിലേയ്ക്ക് അകപ്പെട്ട് പോകുന്ന പ്രവണത മിക്ക സങ്കേതങ്ങളിലും പ്രകടമാണ്. മാരകരോഗങ്ങളുടെ നൈരന്തര്യത്തിലേക്കും അനന്തമായ ചെലവുകളിലേയ്ക്കും കുടുംബ ബന്ധങ്ങളുടെ തകർച്ചയിലേക്കും പതിക്കുന്നതിലൂടെ വികസനത്തിന്റെ പാതയിൽ നിന്നും അകന്നു പോകുന്നതിന് ഇടവരുന്നു.
- ജില്ലയിൽ 10318 ഭിന്നശേഷിക്കാരായ പട്ടികജാതിക്കാർ ഉണ്ട് ഇതിൽ 5223 പുരുഷൻമാരും 5095 സ്ത്രീകളും ഉണ്ട്.
- കൗമാരക്കാരുടെയും അമ്മമാരുടെയും വിവിധ ആവശ്യങ്ങൾ നിറവേറ്റി നൽകുന്നതിലേക്കായും ശിശുക്കളുടെ പരിപാലനത്തിനുമായി അംഗൻവാടികൾ ഇല്ലാത്ത പട്ടികജാതി സങ്കേതങ്ങൾക്കുള്ളിൽ ആയവയും വയോജനങ്ങൾക്കായുള്ള കേന്ദ്രങ്ങളും സ്ഥാപിക്കേണ്ടതുണ്ട്. പട്ടികജാതി മേഖലയിലെ കലാ-സാസ്കാരിക പ്രവർത്തനങ്ങൾ പരിപോഷിപ്പിക്കുന്നതിന്റെ ഭാഗമായും സംഘടിപ്പിക്കുന്നതിലേക്കായും മാതൃകാ കമ്മ്യൂണിറ്റി ഹാളുകൾ സങ്കേതങ്ങളിൽ സ്ഥാപിക്കേണ്ടതാണ്
- എല്ലാ പഞ്ചായത്തുകളിലും ശ്മശാന നിർമ്മാണം അടിയന്തിര പ്രാധാന്യത്തോടെ പരിഗണിക്കേണ്ടതാണ്.

പ്രധാന വികസനവികടവുകൾ.

1. പരിമിതമായ കൈവശഭൂമി
2. വ്യവസായ സംരഭങ്ങളുടേയും സൂക്ഷ്മ-ഇടത്തരം സംരംഭങ്ങളുടേയും കുറവ്
3. നൈപുണ്യവികസനം കൈവരിച്ചവരുടെ കുറവ്
4. പട്ടികജാതി സങ്കേതങ്ങളിലെ അടിസ്ഥാന സൗകര്യങ്ങളിലെ പരിമിതി.
5. ഉന്നതവിദ്യാഭ്യാസമേഖലയിലെത്തുന്നവരുടെ കുറവ്

പരിഹാര നിർദ്ദേശങ്ങൾ

പ്രത്യേക സാമ്പത്തിക വികസന മേഖലകൾ (വികസന വിടവ് 1 ന്റെ പരിഹാരമായി)

ആവശ്യകത: പട്ടികജാതിക്കാരുടെ കൈവശഭൂമി പരിമിതമായതിനാൽ കൃഷി, മൃഗസംരക്ഷണം, ക്ഷീരവികസനം, മൽസ്യവികസനം, വ്യവസായം തുടങ്ങിയ മേഖലകളിലെ സ്കീമുകൾ പ്രയോജനപ്പെടണമെങ്കിലും ആ മേഖലകളിൽ തൊഴിൽസാധ്യത

വികസിക്കണമെങ്കിലും ഓരോ മേഖലയ്ക്കും പ്രത്യേക സാമ്പത്തിക വികസന സോണുകൾ സൃഷ്ടിക്കേണ്ടത് അനിവാര്യമാണ്. അത്തരത്തിൽ പ്രത്യേക വികസന സോണുകൾ സ്ഥാപിക്കാൻ കഴിയുന്ന പ്രദേശങ്ങളും സംയോജിച്ച് പ്രവർത്തിക്കുവാൻ കഴിയുന്ന വകുപ്പുകളും ചുവടെ കൊടുക്കുന്നു.

പ്രത്യേക വികസന മേഖലകൾ	സംയോജിത പ്രോജക്റ്റിൽ പങ്കാളിയാകേണ്ട തദ്ദേശ ഭരണ സ്ഥാപനങ്ങൾ	സംയോജിത പ്രോജക്റ്റിൽ പങ്കാളിയാകേണ്ട മറ്റ് വകുപ്പുകൾ /ഏജൻസികൾ
പ്രത്യേക കൃഷി വികസന മേഖല	തിരുവനന്തപുരം ജില്ലാ പഞ്ചായത്ത് കിളിമാനൂർ, നേമം, അതിയന്നൂർ,വെള്ളനാട് ബ്ലോക്ക് പഞ്ചായത്തുകൾ	പട്ടികജാതി വികസന വകുപ്പ്, കൃഷി വകുപ്പ്, ജലസേചന വകുപ്പ് മണ്ണ്–ജലസംരക്ഷണം, ആയുർവേദ വകുപ്പ്, സ്റ്റേറ്റ് മെഡിസിനൽ പ്ലാന്റ് ബോർഡ്, നാഷണൽ മിഷൻ ഓൺ മെഡിസിനൽ പ്ലാന്റ്സ് സ്റ്റേറ്റ് മെഡിസിനൽ പ്ലാന്റസ് ബോർഡ് സ്റ്റേറ്റ് ഹോർട്ടികൾച്ചർ മിഷൻ പ്ലാന്റേഷൻ കോർപ്പറേഷൻ ഓഫ് കേരള ലിമിറ്റഡ്
പ്രത്യേക പാൽ–മുട്ട–മാംസം ഉൽപ്പാദകമേഖല	തിരുവനന്തപുരം ജില്ലാ പഞ്ചായത്ത്, വാമനപുരം, വെള്ളനാട് ബ്ലോക്ക് പഞ്ചായത്തുകൾ പെരിങ്ങമ്മല ഗ്രാമ പഞ്ചായത്ത്	പട്ടികജാതി വികസന വകുപ്പ് മൃഗസംരക്ഷണ വകുപ്പ് ക്ഷീരവികസന വകുപ്പ് ജലസേചന വകുപ്പ് കേരള വാട്ടർ അതോറിറ്റി കേരള ലൈവ്സ്റ്റോക്ക് ഡവലപ്മെന്റ് ബോർഡ് കേരള കോ ഓപ്പറേറ്റീവ് മിൽക്ക് മാർക്കറ്റിംഗ് ഫെഡറേഷൻ, കേരള സ്റ്റേറ്റ് പൗൾട്രി ഡവലപ്മെന്റ് കോർപ്പറേഷൻ, പ്ലാന്റേഷൻ കോർപ്പറേഷൻ ഓഫ് കേരള ലിമിറ്റഡ്
പ്രത്യേക മൽസ്യ ഉൽപ്പാദകമേഖല	തിരുവനന്തപുരം ജില്ലാ പഞ്ചായത്ത് വർക്കല മുനിസിപ്പാലിറ്റി പോത്തൻകോട്, ചിറയിൻകീഴ്, വർക്കല അതിയന്നൂർ, പെരുങ്കടവിള വെള്ളനാട് ബ്ലോക്ക് പഞ്ചായത്തുകൾ	പട്ടികജാതി വികസന വകുപ്പ് മൽസ്യബന്ധന വകുപ്പ് സൊസൈറ്റി ഫോർ അസിസ്റ്റൻസ് ടു ഫിഷർ വുമൺ തീരദേശവികസന കോർപ്പറേഷൻ ജലകൃഷി വികസന ഏജൻസി (അഡാക്), മൽസ്യഫെഡ് കേരള വാട്ടർ അതോറിറ്റി
പ്രത്യേക വ്യവ സായ വികസന മേഖല	തിരുവനന്തപുരം ജില്ലാ പഞ്ചായത്ത് തിരുവനന്തപുരം കോർപ്പറേഷൻ എല്ലാ മുനിസിപ്പാലിറ്റികളും എല്ലാ ബ്ലോക്ക് പഞ്ചായത്തുകളും	പട്ടികജാതി വികസന വകുപ്പ് വ്യവസായവകുപ്പ് കേരള സംസ്ഥാന സ്വയം സംരംഭക മിഷൻ, ഡിപ്പാർട്ട്മെന്റ് ഓഫ് ഇൻഡസ്ട്രീസ് ആന്റ് കൊമേഴ്സ് കേരള വാട്ടർ അതോറിറ്റി, കയർവകുപ്പ് കൈത്തറി ആന്റ് ടെക്സ്റ്റയിൽ വകുപ്പ് ജില്ലാ വ്യവസായ കേന്ദ്രം ഗ്രാമീണ സ്വയംതൊഴിൽ പരിശീലന കേന്ദ്രം, ഖാദിബോർഡ് സ്റ്റേറ്റ് റൂറൽ ലിവ്ലിഹുഡ് മിഷൻ നാഷണൽ എംപ്ലോയ്മെന്റ് സർവ്വീസസ് സോഷ്യോ ഇക്കണോമിക് യൂണിറ്റ് ഫൗണ്ടേഷൻ കേരള സ്റ്റേറ്റ് ഫെഡറേഷൻ ഓഫ് ഷെഡ്യൂൾഡ് കാസ്റ്റ് ആന്റ് ഷെഡ്യൂൾഡ് ട്രൈബ്സ് ഡെവലപ്മെന്റ് കോർപ്പറേറ്റീവ്സ് ലിമിറ്റഡ് പ്ലാന്റേഷൻ കോർപ്പറേഷൻ ഓഫ് കേരള ലിമിറ്റഡ്

ബിസിനസ്സ് പ്രമോഷൻ സെന്റർ (വികസന വിടവ് 2 ന്റെ പരിഹാരമായി)

ആവശ്യകത: വ്യവസായ വികസനത്തിനും സൂക്ഷ്മ-ഇടത്തരം സംരംഭങ്ങളുടെ വികസനത്തിനും വേണ്ടി നിരവധി പദ്ധതികൾ നിലവിലുണ്ടെങ്കിലും അവ ഫലപ്രദമായി അറിയുന്നതിനോ ഉപയോഗപ്പെടുത്തുന്നതിനോ പട്ടികജാതിക്കാർക്ക് കഴിയുന്നില്ല. അതിൽ അവരെ സഹായിക്കുവാനും മാർഗനിർദ്ദേശം നൽകുവാനും ഒരു സ്ഥാപനം നിലവിലില്ല. വിവിധ വകുപ്പുകളുടെയും ഏജൻസികളുടേയും വ്യവസായ വികസന പദ്ധതികളെയും വായ്പ ലഭ്യമാകുന്ന ധനകാര്യസ്ഥാപനങ്ങളേയും വ്യവസായ സംരംഭകത്വത്തിനാവശ്യമായ മറ്റ് സാങ്കേതികാനുമതികൾ ലഭ്യമാക്കുന്ന വകുപ്പുകളേയും ഏജൻസികളേയും ഒരു കുടക്കീഴിൽ കൊണ്ടുവരാനും ഏകജാലക സംവിധാനത്തിലൂടെ 2017 ലെ കേരള വ്യവസായ നയത്തിന്റെ പ്രയോജനം പൂർണ്ണമായും പട്ടികജാതിക്കാർക്ക് ലഭിക്കുവാനും ഒരു ബിസിനസ് ഫെസിലിറ്റേഷൻ സെന്റർ ആവശ്യമാണ്.

സംയോജിത പ്രോജക്റ്റിൽ പങ്കാളിയാകേണ്ട തദ്ദേശഭരണ സ്ഥാപനങ്ങൾ	സംയോജിത പ്രോജക്റ്റിൽ പങ്കാളിയാകേണ്ട മറ്റ് വകുപ്പുകൾ/ ഏജൻസികൾ
തിരുവനന്തപുരം ജില്ലാ പഞ്ചായത്ത് തിരുവനന്തപുരം കോർപ്പറേഷൻ എല്ലാ മുനിസിപ്പാലിറ്റികളും എല്ലാ ബ്ലോക്ക് പഞ്ചായത്തുകളും	പട്ടികജാതി വികസന വകുപ്പ്, വ്യവസായവകുപ്പ് കേരള സംസ്ഥാന സ്വയം സംരംഭക മിഷൻ ഡിപ്പാർട്ട്മെന്റ് ഓഫ് ഇൻഡസ്ട്രീസ് ആന്റ് കൊമേഴ്സ് കേരള വാട്ടർ അതോറിറ്റി, കയർവകുപ്പ് കൈത്തറി ആന്റ് ടെക്സ്റ്റയിൽ വകുപ്പ്, ജില്ലാ വ്യവസായ കേന്ദ്രം ഗ്രാമീണ സ്വയംതൊഴിൽ പരിശീലന കേന്ദ്രം കേരള ഖാദി ആന്റ് വില്ലേജ് ഇൻഡസ്ട്രീസ് ബോർഡ് സ്റ്റേറ്റ് റൂറൽ ലിവ്ലിഹുഡ് മിഷൻ നാഷണൽ എംപ്ലോയ്മെന്റ് സർവ്വീസസ് സോഷ്യോ ഇക്കണോമിക് യൂണിറ്റ് ഫൗണ്ടേഷൻ പട്ടികജാതി പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ, നബാർഡ് നാഷണൽ സ്മാൾ ഇൻഡസ്ട്രീസ് കോർപ്പറേഷൻ എല്ലാ ബാങ്കുകളുടേയും ധനകാര്യ സ്ഥാപനങ്ങളും കേരള സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് ബാങ്ക് ലിമിറ്റഡ് കേരള സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് അഗ്രിക്കൾച്ചർ ആന്റ് റൂറൽ ഡെവലപ്മെന്റ് ബാങ്ക് ലിമിറ്റഡ് കേരള സ്റ്റേറ്റ് ഫെഡറേഷൻ ഓഫ് ഷെഡ്യൂൾഡ് കാസ്റ്റ് ആന്റ് ഷെഡ്യൂൾഡ് ട്രൈബ്സ് ഡെവലപ്മെന്റ് കോ-ഓപ്പറേറ്റീവ്സ് ലിമിറ്റഡ് കേരള സ്മാൾ ഇൻഡസ്ട്രീസ് ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ് കേരള സ്റ്റേറ്റ് ബാംബൂ കോർപ്പറേഷൻ കേരള സ്റ്റേറ്റ് ഇൻഡസ്ട്രീയൽ ഡെവലപ്മെന്റ് കോർപ്പറേഷൻ ഡെവലപ്മെന്റ് അതോറിറ്റി (ട്രിഡ), തിരുവനന്തപുരം കേരള ടൂറിസം ഡെവലപ്മെന്റ് കോർപ്പറേഷൻ വിഴിഞ്ഞം ഇന്റർനാഷണൽ സീപോർട്ട് ലിമിറ്റഡ് (കേരളത്തിലെ മറ്റെല്ലാ പൊതുമേഖലാ സ്ഥാപനങ്ങളും)

കമ്യൂണിറ്റി സ്കിൽ എൻഹാൻസ്മെന്റ് പ്രോഗ്രാം (വികസന വിടവ് 3 ന്റെ പരിഹാരമായി)

ആവശ്യകത: പട്ടികജാതിക്കാർക്കിടയിൽ വളർന്നുവരുന്ന പ്രത്യേക തൊഴിൽ മേഖലകളിൽ സവിശേഷ നൈപുണ്യം സിദ്ധിച്ചവരുടെ അപര്യാപ്തയ്ക്കൊപ്പം പ്ലംബിംഗ്, വയറിംഗ്, കാർപ്പെന്ററി, കെട്ടിടനിർമ്മാണം തുടങ്ങിയ അടിസ്ഥാന തൊഴിൽ മേഖലകളിൽ അതീവ വൈദഗ്ദ്ധ്യമുള്ളവർ അവർക്കിടയിൽ ഉണ്ടെങ്കിലും അവർക്ക് ആ വൈദഗ്ദ്ധ്യവുമായി ബന്ധപ്പെട്ട കോഴ്സ് സർട്ടിഫിക്കറ്റുകൾ ഇല്ലാത്തതിനാൽ ഇന്ത്യയ്ക്കകത്തും പുറത്തും തൊഴിൽ ലഭ്യമാകാനുള്ള സാധ്യത വിരളമാണെന്നത് ഇത്തരമൊരു പ്രോഗ്രാം ആവശ്യമാക്കിത്തീർക്കുന്നു. ഈ സ്കീമിലൂടെ ഏതു തൊഴിലും പട്ടികജാതിക്കാർക്ക് പഠിക്കുവാനും വൈദഗ്ദ്ധ്യമുള്ള തൊഴിൽമേഖലകളിൽ അംഗീകൃത സർട്ടിഫിക്കറ്റ് ലഭിക്കാനും കഴിയും.

സംയോജിത പ്രോജക്റ്റിൽ പങ്കാളിയാകേണ്ട തദ്ദേശഭരണ സ്ഥാപനങ്ങൾ	സംയോജിത പ്രോജക്റ്റിൽ പങ്കാളിയാകേണ്ട മറ്റ് വകുപ്പുകൾ /ഏജൻസികൾ
തിരുവനന്തപുരം ജില്ലാ പഞ്ചായത്ത് തിരുവനന്തപുരം കോർപ്പറേഷൻ എല്ലാ മുനിസിപ്പാലിറ്റികളും എല്ലാ ബ്ലോക്ക് പഞ്ചായത്തുകളും എല്ലാ ഗ്രാമപഞ്ചായത്തുകളും	പട്ടികജാതി വികസന വകുപ്പ് സാങ്കേതിക വിദ്യാഭ്യാസ വകുപ്പ് കെൽട്രോൺ സി-ഡിറ്റ് ഐ.എച്ച്.ആർ.ഡി കേരള ബ്യൂറോ ഓഫ് ഇൻഡസ്ട്രിയൽ പ്രമോഷൻ കേരള ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ഓൻട്രപ്രണർഷിപ്പ് ഡെവലപ്മെന്റ് കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലേബർ ആന്റ് എംപ്ലോയ്മെന്റ് കേരള സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡിസൈൻ കേരള സ്റ്റേറ്റ് നിർമ്മിതി കേന്ദ്ര കുടുംബശ്രീ എൽ.ബി.എസ്. സെന്റർ ഫോർ സയൻസ് ആന്റ് ടെക്നോളജി സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് റൂറൽ ഡെവലപ്മെന്റ് ഹാൻഡിക്രാഫ്റ്റ്സ് ഡവലപ്മെന്റ് കോർപ്പറേഷൻ ഓഫ് കേരള ലിമിറ്റഡ് കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ ഡവലപ്മെന്റ് അതോറിറ്റി (ടിഡ), തിരുവനന്തപുരം പട്ടികജാതി പട്ടികവർഗ വികസന കോർപ്പറേഷൻ വ്യവസായവകുപ്പ് കേരള സംസ്ഥാന സ്വയം സംരംഭക മിഷൻ ഡിപ്പാർട്ട്മെന്റ് ഓഫ് ഇൻഡസ്ട്രീസ് ആന്റ് കൊമേഴ്സ് വിഴിഞ്ഞം ഇന്റർനാഷണൽ സീപോർട്ട് ലിമിറ്റഡ് കേരള സെറാമിക്സ് ലിമിറ്റഡ് (കേരളത്തിലെ മറ്റെല്ലാ പൊതുമേഖലാ സ്ഥാപനങ്ങളും) കേരള അക്കാദമി ഫോർ സ്കിൽ എക്സലൻസ് സെന്റർ ഫോർ റിസർച്ച് ആന്റ് എഡ്യൂക്കേഷൻ ഫോർ സോഷ്യൽ ട്രാൻസ്ഫോർമേഷൻ

വരുമാനവീടുകൾ – വൺ ഹൗസ് വൺ ബിസിനസ്സ് പ്രോഗ്രാം (വികസന വിടവ് 4 ന്റെ പരിഹാരമായി)

ആവശ്യകത: ജില്ലയിലെ അവികസിത പ്രദേശങ്ങളെന്ന നിലയിൽ നിന്ന് പട്ടികജാതി സങ്കേതങ്ങൾ മാറണമെങ്കിൽ ഓരോ പട്ടികജാതി വീടും വരുമാനദായക ഇടവും കൂടിയായി മാറേണ്ടതിന്റെ ആവശ്യകത നിലനിൽക്കുന്നു. അതിനാൽ കേവലം താമസിക്കാനൊരിടം എന്നതിൽ നിന്നും വീട് ഒരു വ്യവസായ-സംരംഭക യൂണിറ്റും കൂടിയാണ് എന്ന നിലയിലേയ്ക്ക് ഒരു സങ്കേതത്തിലെ എല്ലാ വീടുകളും മാറുമ്പോൾ സ്വാഭാവികമായും ആ പ്രദേശത്ത് അടിസ്ഥാനസൗകര്യമടക്കമുള്ള എല്ലാ വികസനവും സാധ്യമാകും.

സംയോജിത പ്രോജക്റ്റിൽ പങ്കാളിയാകേണ്ട തദ്ദേശഭരണ സ്ഥാപനങ്ങൾ	സംയോജിത പ്രോജക്റ്റിൽ പങ്കാളിയാകേണ്ട മറ്റ് വകുപ്പുകൾ /ഏജൻസികൾ
തിരുവനന്തപുരം ജില്ലാ പഞ്ചായത്ത് തിരുവനന്തപുരം കോർപ്പറേഷൻ എല്ലാ മുനിസിപ്പാലിറ്റികളും എല്ലാ ബ്ലോക്ക് പഞ്ചായത്തുകളും എല്ലാ ഗ്രാമപഞ്ചായത്തുകളും	പട്ടികജാതി വികസന വകുപ്പ് ലൈഫ് മിഷൻ കേരള ഹൗസിംഗ് ബോർഡ് കേരള സ്റ്റേറ്റ് നിർമ്മിതി കേന്ദ്ര കെ.എസ്.ഇ.ബി കേരള വാട്ടർ അതോറിറ്റി കേരളത്തിലെ എല്ലാ കമ്പനികളും പൊതുമേഖലാ സ്ഥാപനങ്ങളും കേരളത്തിലെ എല്ലാ വകുപ്പുകളും ബോർഡുകളും കോർപ്പറേഷനുകളും സഹകരണസ്ഥാപനങ്ങളും സൊസൈറ്റികളും, സർവ്വകലാശാലകളും വികസന അതോറിറ്റികളും വെൽഫയർ ഫണ്ട് ബോർഡുകളും

കേരളത്തിലെ കമ്പനികൾ, പൊതുമേഖലാ സ്ഥാപനങ്ങൾ തുടങ്ങി എല്ലാ സ്ഥാപനങ്ങളും അവർക്കാവശ്യമായതും സൂക്ഷ്മ-ഇടത്തരം സംരംഭങ്ങളിലൂടെ ഉൽപ്പാദിപ്പിക്കുവാനോ അസംബ്ൾ ചെയ്തെടുക്കാനോ കഴിയുന്ന ഉപകരണങ്ങളും ഉൽപ്പന്നങ്ങളും ഉണ്ടാക്കുവാൻ പട്ടികജാതി സങ്കേതങ്ങളിലെ അന്തേവാസികൾക്ക് പരിശീലനം നൽകി അവരുടെ വീട് ബിസിനസ് യൂണിറ്റായി മാറ്റുക. പട്ടികജാതിക്കാർക്ക് പുതുതായി വീട് വയ്ക്കുമ്പോൾ അതിൽ ബിസിനസ് യൂണിറ്റും പ്രവർത്തിക്കാനുള്ള തരത്തിൽ പ്ലാൻ ചെയ്യുക.

സായാഹ്ന പഠനകേന്ദ്രം (വികസന വിടവ് 5 ന്റെ പരിഹാരമായി)

ആവശ്യകത: പട്ടികജാതിക്കാർക്കിടയിൽ പഠനം ഉപേക്ഷിക്കുന്ന വിദ്യാർത്ഥികളുടെ എണ്ണം അധികരിക്കുന്നതിന്റെ മുഖ്യകാരണം അവരുടെ വീടുകളിലും സങ്കേതങ്ങളിലും സ്വസ്ഥമായ പഠനാന്തരീക്ഷം ലഭിക്കാത്തതിനാൽ കൂടിയാണ്. അതിനാൽ എല്ലാദിവസവും വൈകിട്ട് 6 മുതൽ 8 വരെ വിദഗ്ദ്ധ മേൽനോട്ടത്തിൽ സ്വസ്ഥമായിരുന്ന് പഠിക്കാൻ പറ്റിയ ഒരു പഠനകേന്ദ്രം സങ്കേതങ്ങൾക്കടുത്ത് ഒരുക്കിക്കൊടുക്കേണ്ടതിന്റെ ആവശ്യകതയുണ്ട്. ഇതൊരു സംയുക്ത പ്രോജക്റ്റാണ്.

സംയുക്ത പ്രോജക്റ്റിൽ പങ്കാളിയാകേണ്ട തദ്ദേശഭരണ സ്ഥാപനങ്ങൾ	സംയുക്ത പ്രോജക്റ്റിൽ പങ്കാളിയാകേണ്ട മറ്റ് വകുപ്പുകൾ/ഏജൻസികൾ
തിരുവനന്തപുരം ജില്ലാ പഞ്ചായത്ത്, തിരുവനന്തപുരം കോർപ്പറേഷൻ, എല്ലാ മുനിസിപ്പാലിറ്റികളും എല്ലാ ബ്ലോക്ക് പഞ്ചായത്തുകളും എല്ലാ ഗ്രാമപഞ്ചായത്തുകളും	കേരളസംസ്ഥാന സാക്ഷരതാ മിഷൻ കായിക യുവജന കാര്യ വകുപ്പ് കേരള സ്റ്റേറ്റ് ലൈബ്രറി കൗൺസിൽ

സങ്കേതങ്ങൾക്കടുത്ത് ഒരു സായാഹ്നപഠനകേന്ദ്രം (വിജ്ഞാൻവാടിയുണ്ടെങ്കിൽ അതും പ്രയോജനപ്പെടുത്താം) തുറക്കുക. അവിടെ വിദ്യാർത്ഥികൾക്കാവശ്യമായ വിവിധ ഗൈഡുകൾ, വിദ്യാഭ്യാസ പ്രസിദ്ധീകരണങ്ങൾ തുടങ്ങിയവ ഒരുക്കിക്കൊടുക്കുക. പ്രദേശവാസിയായ ഒരു വിരമിച്ച അധ്യാപകനോ പ്രമോട്ടറോ ആയ ഒരാളെ മേൽനോട്ടച്ചുമതല നൽകുക. സ്ഥാപനത്തിന്റെ വാടക, വൈദ്യുതിചാർജ്ജ്, പ്രസിദ്ധീകരണങ്ങളുടെ വില, ഓണറേറിയം തുടങ്ങിയവ തദ്ദേശസ്ഥാപനങ്ങൾ വഹിക്കുക.

മേൽത്തട്ട്- കീഴ്ത്തട്ട് നിർദ്ദേശങ്ങൾ

കീഴ്ത്തട്ട് നിർദ്ദേശങ്ങൾ	മേൽത്തട്ട് നിർദ്ദേശങ്ങൾ
പ്രാദേശിക സർക്കാരുകൾ അതാത് വർഷത്തെ സ്വന്തം പദ്ധതികൾ ആവിഷ്ക്കരിക്കുമ്പോൾ നിലവിലുള്ള കേന്ദ്ര-സംസ്ഥാനാവിഷ്കൃത പദ്ധതികൾക്കു സമാനമായ പദ്ധതികൾ ആവിഷ്ക്കരിക്കപ്പെടുന്നത് ഒഴിവാക്കേണ്ടതും പകരം അത്തരം പദ്ധതികളുമായി സംയോജിച്ചുപോകുന്ന തരത്തിൽ അധിക സഹായം നൽകാനുള്ളപദ്ധതികൾആവിഷ്ക്കരിക്കേണ്ടതുമാണ്.	പട്ടികജാതി വികസന വകുപ്പ് നേരിട്ട് നടപ്പിലാക്കുന്ന ഒരു പദ്ധതിയും പ്രാദേശിക സർക്കാരുകൾ വീണ്ടും ആവിഷ്ക്കരിക്കേണ്ടതില്ല എന്ന കർശന നിർദ്ദേശം നൽകുക.
പ്രാദേശിക സർക്കാരുകൾ തയ്യാറാക്കുന്ന പട്ടികജാതിക്കാരുടെ അവസ്ഥാവിശകലന റിപ്പോർട്ടുകൾ എല്ലാ വർഷവും പദ്ധതി രൂപീകരണ ത്തിനു മുമ്പ് അവിടെ പ്രവർത്തിക്കുന്ന വിവിധ കേന്ദ്ര-സംസ്ഥാന വകുപ്പുകളുടെയും ഏജൻസികളുടേയും ജില്ലാ-ബ്ലോക്ക്-താലൂക്ക് തല മേധാവികൾക്കു കൂടി നൽകുകയും പട്ടികജാതിക്കാർക്ക് പ്രയോജന പ്രദമാം വിധം പദ്ധതികൾ ആവിഷ്ക്കരിക്കുവാൻ അവശ്യപ്പെടുകയും ചെയ്യുക.	തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് അനുവദിക്കുന്ന എസ്.സി.പി ഫണ്ടിൽ നിന്നും കുറഞ്ഞത് 50 % തുകയെങ്കിലും ഉൽപ്പാദന മേഖല യിൽത്തന്നെ ചെലവഴിക്കാൻ നിർദ്ദേശം നൽകുക.
പട്ടികജാതിക്കാർക്കായി സ്പെഷ്യൽ ഗ്രാമസഭകൾ മൂന്നുമാസത്തിലൊരിക്കൽ വിളിച്ച് ചേർക്കേണ്ടതാണ്. പട്ടികവർഗ ഉപപദ്ധതി പട്ടികവർഗ ഊരുക്കൂട്ടങ്ങളുടെ തീരുമാനങ്ങൾക്ക് വിധേയമായിരിക്കുന്നതുപോലെ പട്ടികജാതി വികസനത്തിനായി പ്രാദേശിക സർക്കാരുകൾ കൈക്കൊള്ളുന്ന നടപടികളെല്ലാം പട്ടികജാതിക്കാരുടെ സ്പെഷ്യൽ ഗ്രാമസഭയുടെ തീരുമാനങ്ങൾക്ക് വിധേയമായിരിക്കുന്നതാണ്.	വികസനത്തിലെ സ്വയം ഭരണാവകാശം പട്ടികജാതി ക്കാർക്കും ഉറപ്പു വരുത്തുകയും പട്ടികജാതിവികസനത്തിനായി നിർമ്മിക്കുന്ന സ്ഥാപനങ്ങളുടെ ഉടമസ്ഥാവകാശം അർഹരായ പട്ടികജാതി സംഘടനകൾക്ക് നൽകാനുള്ള നടപടി സ്വീകരിക്കുക
തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പരിധിക്കുള്ളിൽ നടപ്പിലാക്കുന്ന എല്ലാ കേന്ദ്ര- സംസ്ഥാനാവിഷ്കൃത പദ്ധതികളുടേയും സ്വന്തം പദ്ധതികളുടേയും	ഭൂമിയുടേയും മൂലധനത്തിന്റേയും അഭാവത്താൽ സംരംഭകരാകാൻ ആഗ്രഹിക്കുന്ന പട്ടികജാതിക്കാർക്ക്

സോഷ്യൽ ഓഡിറ്റിംഗിനായി പട്ടികജാതിക്കാരുടെ വികസനം ലക്ഷ്യമാക്കി പ്രവർത്തിക്കുന്ന എല്ലാ പ്രാദേശിക സംഘടനകളുടേയും വിവിധ സംഘടനകളുടെ പ്രാദേശിക യൂണിറ്റുകളുടേയും പങ്കാളിത്തം ഉറപ്പാക്കേണ്ടതാണ്.	മതിയായ സെക്യൂരിറ്റി നൽകാൻ കഴിയാത്തതിനാൽ ബാങ്ക്വായ്പ ലഭ്യമാകാൻ ഇടയാകാത്ത സാഹചര്യത്തിൽ കുറഞ്ഞത് ആയിരം കോടിയുടെ ഒരു സെക്യൂരിറ്റി ഫണ്ട് ഉണ്ടാക്കുക. ആ ഫണ്ടിന്റെ ഈടിൻമേൽ ബാങ്ക് വായ്പ ലഭ്യമാക്കുക.
അതാത് പ്രാദേശിക സർക്കാരുടെ പരിധിയിൽ പ്രവർത്തിക്കുന്ന പട്ടികജാതിക്കാരുടെ വിവിധ സംഘടനകളെയും പട്ടികജാതി വികസനത്തിൽ താൽപര്യമുള്ള സംഘടനകളേയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ രജിസ്റ്റർ ചെയ്യിപ്പിക്കുകയും അവരെ പട്ടികജാതി വികസനത്തിന്റെ ഔദ്യോഗിക സ്റ്റേക്ക്ഹോൾഡർ ആയി അംഗീകരിച്ച് വികസന ചർച്ചകളിലും നടത്തിപ്പിലും പങ്കാളികളാക്കുകയും ചെയ്യുക.	രജിസ്റ്റർ ചെയ്തിട്ടുള്ള പട്ടികജാതി/പട്ടികവർഗ്ഗ സഹകരണ സംഘങ്ങൾ, പട്ടികജാതി വികസന ത്തിനുവേണ്ടി പ്രവർത്തിക്കുന്ന സംഘടനകൾ, പട്ടികജാതിക്കാർ നടത്തുന്ന സ്ഥാപനങ്ങൾ എന്നിവയുടെ സുഗമമായ പ്രവർത്തനത്തിന് സഹായകരമായ പദ്ധതികൾ ആവിഷ്ക്കരിക്കാനുള്ള അനുവാദം തദ്ദേശഭരണസ്ഥാപന ങ്ങൾക്ക് നൽകേണ്ടതാണ്.
പട്ടികജാതി പ്രമോട്ടറെ ഗ്രാമ–വാർഡ് സഭാ മീറ്റിംഗുകളിലെ കോ–കോഡിനേറ്ററായി ചുമതലപ്പെടുത്തേണ്ടതാണ്.	പട്ടികജാതിക്കാരുടെ സാമൂഹ്യ–സാമ്പത്തികസ്ഥിതിയും ആവശ്യങ്ങളും അറിയുന്നതിനായി സമഗ്രമായ സാമ്പത്തിക വികസന സെൻസസ് നടത്തുക. അതിന്റെ അടിസ്ഥാനത്തിലുള്ള പദ്ധതി രൂപീകരണം തദ്ദേശഭരണ സ്ഥാപനങ്ങളിൽ നടപ്പിലാകുന്നു വെന്ന് ഉറപ്പുവരുത്തുക
പട്ടികജാതി ഉപപദ്ധതിയിൻ കീഴിലുള്ള പദ്ധതികൾ, അനുവദിച്ച തുക, നിർവ്വഹണ ഉദ്യോഗസ്ഥൻ, അപേക്ഷാഫോം, മാനദണ്ഡങ്ങൾ, ഗുണഭോക്താവിനെ തെരഞ്ഞെടുക്കുന്ന രീതി, തെരഞ്ഞെടുക്കപ്പെട്ട ഗുണ ഭോക്താക്കൾ തുടങ്ങിയവയെല്ലാം വെബ്സൈറ്റിൽ പരസ്യപ്പെടുത്തുക	ഉപപദ്ധതി പ്രകാരം ആവിഷ്ക്കരി ക്കുന്ന പദ്ധതികൾ സമയബന്ധിത മായും പ്രയോജനകരമായും നടപ്പിലാകുന്നുവെന്ന് ഉറപ്പ് വരുത്താൻ കേന്ദ്രീകൃത മോണിറ്ററിംഗ് & ഇവാല്യൂവേഷൻ സിസ്റ്റം ഏർപ്പെടുത്തുക

നൂതന ആശയങ്ങൾ

- സർക്കാർ ധനസഹായം ഉപയോഗിച്ച് കമ്പ്യൂട്ടർ ട്രെയിനിംഗ് സെന്ററുകൾ നടത്തുന്ന പട്ടികജാതി/പട്ടികവർഗ്ഗ സഹകരണ സംഘങ്ങൾക്ക് അക്ഷയ കേന്ദ്രങ്ങൾ തുടങ്ങാൻ ആവശ്യമായ സഹായം ലഭ്യമാക്കുവാനുള്ള പദ്ധതികൾ ആവിഷ്ക്കരിക്കാവുന്നതാണ്.
- വിദ്യാഭ്യാസത്തെ ദീർഘകാല പദ്ധതി എന്ന നിലയിൽ കണ്ടുകൊണ്ട് പ്രീ–സ്കൂൾ, പ്രാഥമിക വിദ്യാഭ്യാസം (1 മുതൽ 7 വരെ) ഹൈസ്കൂൾ വിദ്യാഭ്യാസം (7–12) വരെ ഉന്നത വിദ്യാഭ്യാസം എന്നീ തലങ്ങളിൽ പ്രത്യേക ശ്രദ്ധയും പരിഗണനയും ലഭ്യമാകുന്ന തരത്തിലുള്ള പ്രവർത്തനങ്ങൾ ആവിഷ്കരിക്കണം.
- പ്രാഥമിക വിദ്യാഭ്യാസത്തിന് 100 ശതമാനം പ്രവേശനം ഉറപ്പാക്കുന്നതിനായി പ്രീ–പ്രൈമറി സ്കൂളുകൾ, അംഗനവാടികൾ, പ്രൈമറിസ്കൂൾ എന്നിവ ശിശു സൗഹൃദ കേന്ദ്രങ്ങളായി പരിവർത്തനപ്പെടുത്തുക. പ്രാഥമിക വിദ്യാഭ്യാസം ശക്തമാക്കുന്നതിനായി കുട്ടികൾ, അദ്ധ്യാപകർ, മാതാപിതാക്കൾ എന്നിവർ ഒന്നിച്ചുചേർന്നുള്ള പ്രവർത്തനങ്ങൾക്കുള്ള അവസരങ്ങൾ വർദ്ധിപ്പിക്കുന്നതിനായുള്ള നടപടികൾ സ്വീകരിക്കുക.
- പ്രാഥമിക വിദ്യാഭ്യാസം (1 മുതൽ 8 വരെ) എന്ന നിലയിൽ പരിഗണിച്ച് ഗുണമേന്മയുള്ള വിദ്യാഭ്യാസം എല്ലാ വിഭാഗങ്ങളിലും പ്രദേശങ്ങളിലും ലഭ്യമാകുന്നുവെന്ന് ഉറപ്പാക്കുന്നതിനായി 1 മുതൽ 8 വരെയുള്ള കുട്ടികളുടെ വിവര ശേഖരണം തയ്യാറാക്കുകയും ഘട്ടംഘട്ടമായി പഠന നിലവാരം വിലയിരുത്തുയും ചെയ്യുക.

- പ്രാഥമിക വിദ്യാഭ്യാസം ഗുണമേന്മാധിഷ്ഠിധമാക്കി തീർക്കുന്നതിനായി കുട്ടികൾക്ക് ഗണിതം, ശാസ്ത്രം, ഇംഗ്ലീഷ് ഭാഷ, മാതൃഭാഷ, എന്നിവയിൽ അടിസ്ഥാന അറിവുകൾ വിലയിരുത്തുതിനും ആവശ്യമായ ഇടപെടലുകൾ നടത്തുന്നതിനുമായി വിദ്യാഭ്യാസ കർമ്മസേനകളുടെ പ്രവർത്തനങ്ങൾ ഉപയോഗപ്പെടുത്തുക.
- സ്കൂൾ വിദ്യാഭ്യാസ കാലം മുതൽ തന്നെ ഇംഗ്ലീഷ് ഭാഷ നൈപുണ്യ ആർജ്ജിക്കുന്നതിനായുള്ള പ്രത്യേക പദ്ധതികൾ ആവിഷ്ക്കരിക്കണം.
- ഉന്നത വിദ്യാഭ്യാസ സാധ്യതകൾ, തൊഴിൽ സാധ്യതകൾ എന്നിവയെക്കുറിച്ച് അവബോധം വളർത്തുന്നതിനായി ഗൈഡൻസ് ആന്റ് കൗൺസിലിംഗ്, കരിയർ ഡെവലപ്പ്മെന്റ് എന്നിവ ഹൈസ്കൂൾ ഹയർസെക്കണ്ടറി വിദ്യാഭ്യാസ കാലത്ത് തന്നെ നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കണം.
- ജില്ലയിലെ ഭാവി സാധ്യതകൾ (തുറമുഖം, ഐ.ടി വിജ്ഞാന നഗരം, വിനോദ സഞ്ചാരം) ഉപയോഗപ്പെടുത്താൻ കഴിയുന്ന തരത്തിൽ തൊഴിലധിഷ്ഠിത വിദിാഭ്യാസം, കോഴ്സുകൾ, പരിശീലനങ്ങൾ എന്നിവ പരിഷ്കരിക്കുക.
- ബി.ടെക്, എംടെക്ക്, എം.ബി.ബി.എസ് തുടങ്ങിയ സാങ്കേതിക തൊഴിലധിഷ്ഠിത കോഴ്സുകൾ പഠിക്കുന്നവരിൽ പഠനപിന്നാക്കാവസ്ഥയിലുള്ളവർക്കായി കോഴ്സ് ഘട്ടത്തിൽ തന്നെ റെമിഡിയൽ റ്റീച്ചീങ്, കണ്ടൻസ് റ്റൂ കോഴ്സ് എന്നിവ നടത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുക
- പ്രൊഫഷണൽ കോഴ്സുകൾ പഠിക്കുന്നവർക്കായി നൈപുണ്യ വികാസ പരിപാടി കോഴ്സ് ഘട്ടത്തിൽ തന്നെ നൽകുന്നതിനായുള്ള നടപടികളുണ്ടാകണം.
- രാജ്യത്തിനകത്തും വിദേശമുള്ള വ്യവസായിക സാങ്കേതിക സ്ഥാനങ്ങളിലെ തൊഴിലവസരങ്ങൾ ഉപയോഗപ്പെടുത്തതിനായുള്ള പ്രത്യേക പരിശീലനങ്ങൾ ആവശ്യമാണ്.
- കൗമാര വിദ്യാഭ്യാസം, ലഹരി വിരുദ്ധ മനോഭാവം എന്നിവയ്ക്കായുള്ള അവബോധ ക്ലാസ്സുകൾ താഴെത്തട്ടിൽ നടപ്പിലാക്കുക.
- നാഷണൽ റ്റാലന്റ് സെർച്ച്, വിജ്ഞാനപരീക്ഷകൾ എന്നിവയിൽ മികച്ച വിജയം നേടുന്ന വിദ്യാർത്ഥികൾക്ക് പ്രത്യേക പ്രോത്സാഹനങ്ങൾ നൽകി ഉന്നതനിലവാരം പുലർത്തുന്ന വിദ്യാഭ്യാസസ്ഥാപനങ്ങളിൽ പ്രവേശനത്തിനുള്ള പരിപാടികൾ ആവിഷ്കരിക്കണം.
- വിവിധ സൂക്ഷ്മ ചെറുകിട ഇടത്തരം സംരഭങ്ങളിലേർപ്പെട്ട പട്ടികജാതിക്കാർക്ക് വിപണനത്തിനും നിലവാരമുയർത്തുന്നതിനുമാവശ്യമായ സഹായം നൽകുന്നതിനായി പദ്ധതികൾ ആവിഷ്ക്കരിക്കണം.

7.4.4.3 പട്ടികവർഗ്ഗ വികസനം

ജില്ലയിൽ 14 ഗ്രാമപഞ്ചായത്തുകളിലായി 251 പട്ടികവർഗ്ഗ സങ്കേതങ്ങൾ നിലവിലുണ്ട്. കാണിക്കാർ എന്ന തദ്ദേശീയ സമുദായത്തിൽ ഉൾപ്പെട്ട പട്ടികവർഗ്ഗക്കാരാണ് ഈ സങ്കേതങ്ങളിൽ അധിവസിക്കുന്നത്. 2011 സെൻസസ് പ്രകാരം ജില്ലയിൽ 7822 കുടുംബങ്ങളിലായി 12624 പുരുഷൻമാരും 14135 സ്ത്രീകളും അടക്കം 26759 പട്ടികവർഗ്ഗക്കാർ അധിവസിക്കുന്നു. പട്ടികവർഗ്ഗ വികസനം ഓരോ തലത്തിലുള്ള സർക്കാരിന്റെയും ഭരണഘടനാപരമായ ഉത്തരവാദിത്വവും ലക്ഷ്യവുമാണ്. പ്രാദേശിക സർക്കാരുകളുടെ ഈ മേഖലയിലെ ഇടപെടലുകളും വികസന മേഖലയുമായി ഗോത്രജനതയെ കൂട്ടിയിണക്കുന്നതിനുള്ള സാധ്യതകളും ഇനിയും പൂർണ്ണമായി വിനിയോഗിക്കപ്പെട്ടിട്ടില്ല. അവരുടെ പൈതൃകവും പാരമ്പര്യാനുഷ്ഠാനങ്ങളും അറിവുകളും നിലനിർത്തിക്കൊണ്ട് തന്നെ ആധുനിക സമൂഹമാർജ്ജിച്ച വികസന മേഖലകൾ അവർക്കും സാധ്യമാക്കേണ്ടതുണ്ട്. ഊര് – കുടുംബ കേന്ദ്രീകൃതമായ സൂക്ഷ്മ പദ്ധതിയാസൂത്രണങ്ങളും സേവന–സൗഹാർദ്ദ സ്ഥിതിയിലധിഷ്ഠിതമായ നിർവ്വഹണ പരിപാടികളും പട്ടികവർഗ്ഗ മേഖലയിൽ അനിവാര്യമാണ്. ഒപ്പം വിവിധ സർക്കാർ വകുപ്പുകളുടെ ഫലപ്രദമായ ഏകോപനവും സംയുക്ത – സംയോജിത പദ്ധതികളും അത്യന്താപേക്ഷിതമാണ്.

പട്ടികവർഗ്ഗ വികസനം – വിദ്യാഭ്യാസമേഖല
പ്രശ്നങ്ങൾ

- പഠനം നിർത്തൽ
- നിരക്ഷരർ
- ഉന്നത വിദ്യാഭ്യാസത്തിന്റെ കുറവ്
- പ്രീ–പ്രൈമറി വിദ്യാഭ്യാസത്തിന്റെ കുറവ്
- സാങ്കേതിക വിദ്യാഭ്യാസത്തിന്റെ കുറവ്
- സേവന ലഭ്യതയുടെ പോരായ്മകൾ

പ്രശ്നപരിഹാര നിർദ്ദേശങ്ങൾ

- 14 പഞ്ചായത്തുകളിലും മാതൃകാ കിന്റർ ഗാർട്ടനുകൾ സ്ഥാപിക്കുക. (നിലവിൽ കള്ളിക്കാട്, വിതുര പഞ്ചായത്തുകളിൽ 30 കുട്ടികൾ വീതം പഠിക്കുന്ന ഓരോ കിന്റർഗാർട്ടനുകൾ (എൽ.കെ.ജി, യു.കെ.ജി) മാതൃകാപരമായി പട്ടിക വർഗ്ഗ വികസന വകുപ്പ് നടത്തുന്നു.)
- കൂടുതൽ പട്ടികവർഗ്ഗ വിദ്യാർത്ഥികൾ പഠിക്കുന്ന സ്കൂളുകൾ കേന്ദ്രീകരിച്ച് ഹോസ്റ്റലുകൾ ആരംഭിക്കുക.
- ട്രൈബൽ സ്കൂളുകളും പട്ടികവർഗ്ഗക്കാർ കൂടുതലായി പഠിക്കുന്ന വിദ്യാഭ്യാസ സ്ഥാപനങ്ങളും ഗോത്ര സൗഹൃദമാക്കുന്ന അന്തരീക്ഷം സൃഷ്ടിക്കുക. അദ്ധ്യാപകർക്കും ജീവനക്കാർക്കും അതിനുവേണ്ട പരിശീലനം നൽകുക.
- ഗോത്ര കുടുംബങ്ങളിൽ സാക്ഷരതായജ്ഞം പുനരാരംഭിക്കുക. വിദ്യാഭ്യാസ അവബോധം രക്ഷിതാക്കളിലും മുതിർന്നവരിലും സൃഷ്ടിക്കുന്ന തരത്തിലുള്ള സാക്ഷരതാ പരിപാടികൾ ആവിഷ്കരിക്കുക.
- നിലവിലുള്ള പട്ടികവർഗ്ഗ തൊഴിലധിഷ്ഠിത വിദ്യാഭ്യാസ സ്ഥാപനങ്ങൾ കാലാനുസൃത കോഴ്സുകൾ കൊണ്ട് ആധുനികവത്ക്കരിക്കുകയും റസിഡൻഷ്യൽ സൗകര്യം ആരംഭിക്കുകയും ചെയ്യുക.
- പൂട്ടി പോകുന്ന ട്രൈബൽ സ്കൂളുകൾ അനുയോജ്യ മേഖലകളിലേയ്ക്ക് പുനക്രമീകരിക്കുക.
- സാമൂഹ്യ പഠനകേന്ദ്രങ്ങൾ (ട്യൂഷൻ, പൊതുവായനാ ഗ്രന്ഥശാല, നെറ്റ് കണക്ടിവിറ്റി, കമ്പ്യൂട്ടർ, ഫെസിലിറ്റേറ്റർ സംവിധാനങ്ങളോടു കൂടിയ) ദുർഘടവും ജനസംഖ്യ ഏറിയതുമായ എല്ലാ ഊരുകളിലും ആരംഭിക്കുക. (2017 വർഷം പട്ടികവർഗ്ഗ വികസന വകുപ്പ് അഞ്ചിടങ്ങളിൽ പദ്ധതി ആരംഭിച്ചിട്ടുണ്ട്).
- കൊഴിഞ്ഞുപോക്ക് തടയുന്നതിന് ജില്ലാ ശിശു സംരക്ഷണ യൂണിറ്റ് 2017 ൽ കുറ്റിച്ചൽ പഞ്ചായത്തിൽ ആരംഭിച്ച 'അഗസ്ത്യന്റെ പൂമ്പാറ്റകൾ' പോലെയുള്ള ഇടപെടൽ പദ്ധതികൾ ആരംഭിക്കുക.

ആരോഗ്യമേഖല
പ്രശ്നങ്ങൾ

- പര്യാപ്തമായ ആരോഗ്യ സബ് സെന്ററുകൾ/പി.എച്ച്.സി. കൾ പിന്നാക്ക മേഖലകളിൽ നിലവിലില്ല.
- പിന്നാക്ക–ദുർഘട മേഖലകളിൽ പ്രത്യേക മൊബൈൽ യൂണിറ്റോ ആധുനിക സൗകര്യങ്ങളുള്ള ആമ്പുലൻസോയില്ല.
- അംഗനവാടി സൗകര്യങ്ങളും പോഷണകിറ്റുകളും അപര്യാപ്തം.
- ലഹരി വിരുദ്ധ ബോധവത്ക്കരണ പ്രവർത്തനങ്ങൾക്ക് തുടർച്ചയില്ലാത്തതും യുവാക്കളെ ആകർഷിക്കാൻ കഴിയാത്തതും.
- വർദ്ധിക്കുന്ന പുകയില–മദ്യം വ്യാപക ഉപഭോഗം.
- മാനസികാരോഗ്യമില്ലായ്മ– വർദ്ധിച്ച ആത്മഹത്യാ പ്രവണത

- ആധുനിക ശുചിത്വ അവബോധമില്ലായ്മ.
- ഒറ്റപ്പെട്ട വനാന്തര മേഖലകളിൽ വീട്ടു പ്രസവങ്ങൾ സംഭവിക്കുന്നു.
- ഭിന്നശേഷിക്കാർക്ക് സൗഹൃദമായ അന്തരീക്ഷവും വ്യക്തിഗത സേവനങ്ങളും ലഭിക്കുന്നില്ല.
- കിടപ്പു രോഗികളും രോഗികളായ അഗതികളും വർദ്ധിക്കുന്നത്.
- ആശാവർക്കർ സേവനങ്ങൾ യഥാസമയം ലഭിക്കാത്തത്.
- ആശുപത്രിയിൽ പോകാനുള്ള മാനസിക വൈമുഖ്യം

പ്രശ്നപരിഹാര നിർദ്ദേശങ്ങൾ

- കുറ്റിച്ചൽ, അമ്പൂരി ഗ്രാമപഞ്ചായത്തിലെ പട്ടികവർഗ്ഗക്കാർ ആശ്രയിക്കുന്ന പി.എച്ച്.സികൾ, സി.എച്ച്.സി.കളായി ഉയർത്തുകയോ പ്രസവ വിഭാഗമുൾപ്പടെ കിടത്തി ചികിത്സാ സൗകര്യങ്ങൾ ആരംഭിക്കുക.
- പട്ടികവർഗ്ഗക്കാർ കൂടുതലായി ആശ്രയിക്കുന്ന സി.എച്ച്.സി കളിലും പി.എച്ച്.സി. കളിലും ഹെൽത്ത് പ്രമോട്ടർമാരെ നിയമിക്കുക.
- 'ട്രൈബൽ ആശാവർക്കർമാർ' എന്ന ആശയത്തിൽ ആരോഗ്യ വകുപ്പ് തന്നെ മേഖലയ്ക്ക് വേണ്ടി ടി വിഭാഗത്തിൽ നിന്നുള്ളവരെ പരിശീലനം കൊടുത്ത് നിയമിക്കണം.
- ഭിന്നശേഷി/നിത്യരോഗി (കിടപ്പു) യായുള്ളവരെ സർവ്വേ ചെയ്ത് വ്യക്തിഗത പരിപാലന പദ്ധതി തയ്യാറാക്കി സമഗ്ര പരിരക്ഷ ഉറപ്പാക്കാൻ പദ്ധതി രൂപീകരിക്കണം.
- പാരമ്പര്യ ചികിത്സാ അറിവുകൾ സംരക്ഷിക്കാനും പകരാനും പ്രത്യേക പദ്ധതി (ഗവേഷണ ചികിത്സാ വിഭാഗമുൾപ്പടെ) നടപ്പിലാക്കണം.
- ആധുനിക സൗകര്യങ്ങളുള്ള ആംബുലൻസുൾപ്പടെയുള്ള മൊബൈൽ മെഡിക്കൽ യൂണിറ്റുകളുടെ പ്രവർത്തനം സാധ്യമാക്കൽ
- വനാന്തര ഊരുകളിലെ കുട്ടികൾക്ക് പ്രത്യേക പോഷണകിറ്റുകളുടെ ഭക്ഷ്യസഹായ പദ്ധതി.
- തുടർച്ചയായുള്ളതും സൗഹാർദ്ദപരവുമായ ലഹരിവിരുദ്ധ ബോധവൽക്കരണ പ്രവർത്തനങ്ങൾ.
- വിവിധ ആരോഗ്യ വകുപ്പുകളുടെയും എക്സൈസ് വകുപ്പിന്റെയും ഏകോപനവും സംയുക്ത പദ്ധതി പ്രവർത്തനങ്ങളും അനിവാര്യം.
- ഒറ്റപ്പെട്ടതും ദുർഘടവുമായ ഊരുകളിൽ അമ്മമാരുടേയും കുട്ടികളുടേയും ആരോഗ്യ പരിചരണത്തിനായി മാതൃ ശിശു പരിപാലന കേന്ദ്രം ആരംഭിക്കുക. പ്രസ്തുത കേന്ദ്രം വഴി ഗർഭധാരണം മുതൽ പ്രസവം വരെയുള്ള ശുശ്രൂഷയും പ്രസവശേഷം അമ്മയ്ക്കും കുഞ്ഞിനും വേണ്ട പരിചരണവും ഉറപ്പാക്കാവുന്നതാണ്. ഈ കേന്ദ്രത്തിൽ പരിശീലനം നേടിയ നഴ്സിന്റെ സേവനം ലഭ്യമാക്കുക.
- പഞ്ചായത്തുതലത്തിൽ ഒരു മാനസിക ആരോഗ്യ പരിപാലന കേന്ദ്രം ആരംഭിക്കുക. ഈ കേന്ദ്രത്തിൽ കൗൺസിലിംഗ്, മാനസിക രോഗ നിർണ്ണയം, ചികിത്സയ്ക്ക് വേണ്ട നിർദ്ദേശം, തുടർ പരിചരണം തുടങ്ങിയ സേവനങ്ങൾ ലഭ്യമാക്കുക. പ്രസ്തുത ആവശ്യങ്ങൾക്കായി സൈക്യാട്രിക് സോഷ്യൽ വർക്കറുടേയും, സൈക്കോളജിസ്റ്റിന്റേയും സേവനങ്ങൾ ഈ കേന്ദ്രത്തിൽ ലഭ്യമാക്കാവുന്നതാണ്.
- വയോജന പരിപാലനത്തിനായി പ്രത്യേക പദ്ധതി തയ്യാറാക്കുക.
- സ്പെഷ്യാലിറ്റി മെഡിക്കൽ ക്യാമ്പ് സംഘടിപ്പിക്കുക.
- ട്രൈബൽ മേഖല കേന്ദ്രീകരിച്ച് ഒരു ഡി-അഡിക്ഷൻ സെന്റർ ആരംഭിക്കുക.
- അംഗനവാടികൾ വഴി അർഹരായ എല്ലാ കുട്ടികൾക്കും പരിധികളില്ലാതെ പോഷകാഹാരം ഉറപ്പാക്കുക.

തൊഴിൽ/ഉപജീവനം

പ്രശ്നങ്ങൾ

- തനത് പാരമ്പര്യ നൈപുണ്യങ്ങളിൽ നിന്നുമുള്ള പിൻവാങ്ങൽ.
- ഉയർന്ന / സാങ്കേതിക വിദ്യാഭ്യാസത്തിന്റെ അഭാവം.
- സ്വയം തൊഴിൽ / ജീവനോപാധി പദ്ധതികളുടെ അഭാവം.
- മത്സര തൊഴിൽ പരീക്ഷാ പരിശീലനത്തിന്റെ അഭാവം.
- തൊഴിലെടുക്കാൻ ശേഷിയുള്ളവരിലെ തൊഴിൽരാഹിത്യം.
- കാലാനുസൃത സ്റ്റാർട്ടപ്പുകളെ കുറിച്ചുള്ള അജ്ഞത.

പ്രശ്ന പരിഹാര നിർദ്ദേശങ്ങൾ

- ഉയർന്ന യോഗ്യതയുള്ളവരിൽ നിന്നും സ്പെഷ്യൽ റിക്രൂട്ട്മെന്റ് ഒഴിവുകൾ യഥാസമയം നികത്തുന്നതിനുള്ള നടപടികൾ.
- വനോത്പന്ന മൂല്യവർദ്ധിത ഉത്പന്നങ്ങളും ആധുനിക മുള ഉൽപന്നങ്ങളും നിർമ്മിക്കുന്നതിനുള്ള പരിശീലനവും തൊഴിൽ സാധ്യത പദ്ധതികളും ആവിഷ്കരിക്കുക.
- ജില്ലയിലെ പട്ടികവർഗ്ഗ യുവതീ യുവാക്കൾക്ക് കാർപ്പെന്ററി, കൽപ്പണി, ഗൃഹോപകരണങ്ങളുടെ അറ്റകുറ്റപണി, പ്ലമ്പിംഗ്, വയറിംഗ് തുടങ്ങി താൽപര്യമുള്ള മേഖലകളിൽ നൈപുണ്യ വികസന പരിശീലനം നൽകി സ്വയം തൊഴിൽ സംരംഭങ്ങൾ കണ്ടെത്തുന്നതിന് അവസരം നൽകാവുന്നതാണ്.
- ഹോട്ടൽ മാനേജ്മെന്റ്, ഫുഡ് പ്രോസസിംഗ്, ടൂറിസം മാനേജ്മെന്റ്, മറ്റു സാങ്കേതിക, ഐറ്റി മേഖലകളിലെ തൊഴിൽ അവസരങ്ങൾ പ്രയോജനപ്പെടുത്തുന്ന തരത്തിൽ തൊഴിൽ പരിശീലനം ബന്ധപ്പെട്ട രംഗത്ത് മെച്ചപ്പെട്ട നിലയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട് നൽകുന്നതിനും അവരുടെ പ്ലേസ്മെന്റ് ഉറപ്പ് വരുത്തുന്നതിനും നടപടി സ്വീകരിക്കാവുന്നതാണ്.

കൃഷിയും അനുബന്ധ മേഖലയും– പ്രശ്നങ്ങൾ

- വന്യമൃഗ ശല്യവും കാർഷിക വൃത്തിയിലെ പരാജയം.
- പാട്ടത്തിനെടുപ്പ്/ കൈയ്യേറ്റ ചൂഷണങ്ങൾ.
- പാരമ്പര്യ കാർഷിക വിജ്ഞാനത്തിന്റെ ശോഷണം.
- റബ്ബറിന്റെ വിലയിടിവ്.
- വർദ്ധിച്ച കടബാധ്യതകൾ.

നിർദ്ദേശങ്ങൾ

- കാർഷിക ഭൂമി വന്യമൃഗ ശല്യത്തിൽ നിന്നും സംരക്ഷിക്കുന്നതിനുള്ള സമഗ്രവും പ്രയോജനകരവുമായ പദ്ധതികൾ.
- ഭക്ഷ്യസഹായ പദ്ധതികൾ കാർഷിക ഉത്പാദന സഹായ പദ്ധതികളായി പരിവർത്തനം ചെയ്യണം. പട്ടികവർഗ്ഗക്കാരുടെ കൈവശഭൂമി പരമാവധി പ്രയോജനപ്പെടുത്തി സുസ്ഥിര വികസനം ഉറപ്പാക്കുന്നതോടൊപ്പം തൊഴിൽ ശേഷി വളർത്തി ശാശ്വത വരുമാനം ഉറപ്പ് വരുത്തക്കവിധം തൊഴിൽ ലഭ്യമാക്കുന്നതിനും നടപടി സ്വീകരിക്കാവുന്നതാണ്.
- പാട്ടവും കയ്യേറ്റവും ഒഴിപ്പിക്കുന്നതിനുള്ള നിയമപരമായ നടപടികളും ബോധവത്കരണവും
- ജില്ലയിലെ പട്ടികവർഗ്ഗക്കാരിൽ താരതമ്യേന കൂടുതൽ പേർക്കും ഒരു എക്കറോ അതിനു മുകളിലോ കൈവശഭൂമിയുള്ളവരാണ്. ഭക്ഷ്യ സുരക്ഷയും വരുമാനവും ഉറപ്പ് വരുത്തക്ക തരത്തിൽ ഭൂവിനിയോഗം കാര്യക്ഷമമാക്കാൻ കഴിയാത്ത അവസ്ഥ മറികടക്കേണ്ടതാണ്.
- തരിശായി കിടക്കുന്ന ഭൂമി ചെറുകിട വ്യവസായ സംരംഭങ്ങൾ ആരംഭിക്കത്തക്ക രീതിയിലുള്ള പ്രോജക്ടുകൾ വ്യവസായ വണിജ്യ വകുപ്പിന്റെ സാങ്കേതിക സഹായത്തോടെ ആവിഷ്കരിക്കാവുന്നതാണ്. അപ്രകാരം ആരംഭിക്കുന്ന യൂണിറ്റുകളുടെ പ്രവർത്തനത്തിനാവശ്യമായ നൈപുണ്യ വികസനം സങ്കേതത്തിലേയും

സമീപത്തേയും തൽപരരായ പട്ടികവർഗ്ഗ യുവതീയുവാക്കൾക്കു നൽകി അവർക്ക് ശാശ്വത വരുമാനം ഉറപ്പു വരുത്തുന്ന തൊഴിലവസരങ്ങളും സൃഷ്ടിക്കാവുന്നതാണ്.

അടിസ്ഥാന സൗകര്യമേഖല

പ്രശ്നങ്ങൾ

വീട്

- കൂട്ടുകുടുംബങ്ങളുടെ ബുദ്ധിമുട്ടുകൾ മൂലം വീടിന്റെ അഭാവം
- വീട് നിർമ്മാണത്തിൽ ഇടനിലക്കാരുടെ ചൂഷണം.
- കുറഞ്ഞ യൂണിറ്റ് കോസ്റ്റ്.
- ദുർഘട മേഖലകളിൽ ഉയർന്ന നിർമ്മാണ ചെലവ്
- വീടിന് വേണ്ടി അധ്വാനവും കരുതലും ഇല്ലാത്ത മനോഭാവം
- പൂർത്തീകരിക്കാതെ കയറി താമസിക്കുന്ന അവസ്ഥ.

ശുചിത്വം

- കക്കൂസ് പരിചയമില്ലാത്തത്.
- കാടും പരിസരവും കൂടുതലുള്ളത്
- കക്കൂസിൽ പൈപ്പ് സംവിധാനം വയ്ക്കാനാവാത്തത്.
- നിർമ്മാണത്തിന് സഹായപദ്ധതികൾ ഇല്ലാത്തത്.

വൈദ്യുതി

- വയറിംഗ് ചെയ്യുന്ന ഉയർന്ന ചെലവ്.
- ഒറ്റപ്പെട്ട വനാന്തര മേഖലകൾ.

കുടിവെള്ളം

- കാലാവസ്ഥാ വ്യതിയാനം
- സർക്കാർ പദ്ധതികൾ പൂർത്തിയാക്കാത്തത്.
- വൈദ്യുതി ചെലവ് വഹിക്കാൻ കഴിയാത്ത അവസ്ഥ.
- വനാന്തര വൈപുല്യം.

നിർദ്ദേശങ്ങൾ

- കക്കൂസ് ഇല്ലാത്ത മുഴുവൻ വീടുകൾക്കും നിർമ്മാണത്തിന് ശുചിത്വ മിഷൻ മുഖേന പ്രത്യേക പദ്ധതി നടപ്പിലാക്കുക.
- വയറിംഗ് നടത്തുന്നതിനുള്ള പദ്ധതികൾ പഞ്ചായത്ത് ഉപസമിതിയിൽ ഉൾപ്പെടുത്തി ഏറ്റെടുക്കുക.
- പൂർത്തീകരിക്കാത്ത കുടിവെള്ള പദ്ധതികൾ പൂർത്തീകരിക്കുക.
- കുടിവെള്ള പദ്ധതികളുടെ വൈദ്യുതി ചാർജ്ജ് പഞ്ചായത്ത് ഫണ്ടിൽ നിന്നും അനുവദിക്കുക.
- നിർമ്മാണ മേഖലയിൽ പ്രവർത്തിക്കുന്ന പട്ടികവർഗ്ഗക്കാരെ ഉൾപ്പെടുത്തി ഒരു സൊസൈറ്റി രൂപീകരിക്കുക. ടി സൊസൈറ്റികൾക്ക് കാര്യശേഷി ഇല്ലാത്തവരുടെ വീട് നിർമ്മാണത്തിന് സഹായിക്കാൻ കഴിയും. ഇതുവഴി നിർമ്മാണ മേഖലയിൽ പ്രവർത്തിക്കുന്നവർക്ക് തൊഴിൽ ഉറപ്പാക്കുവാനും ഭവനനിർമ്മാണ മേഖലയിലെ ചൂഷണം തടയുവാനും സാധിക്കും.
- കേരള വാട്ടർ അതോറിറ്റിയുമായി ചേർന്ന് സാധ്യമാകുന്ന എല്ലാ വീടുകളിലും പൈപ്പ് കണക്ഷൻ ലഭ്യമാക്കുക.
- പ്രകൃതിദത്ത കുടിവെള്ള സ്രോതസ്സുകൾ സംരക്ഷിക്കുകയും ഉപയോഗപ്രദമാക്കുകയും ചെയ്യുക.
- പ്രവർത്തനരഹിതമായ കുടിവെള്ള പദ്ധതികളുടെ പുനരുദ്ധാരണം പഞ്ചായത്ത് ഏറ്റെടുക്കുക.
- പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട് പട്ടികവർഗ്ഗക്കാരിൽ നിന്നും ഗുണഭോക്തൃ വിഹിതം പൂർണ്ണമായും ഒഴിവാക്കുക.
- വീടുകൾക്ക് ധനസഹായം നൽകുമ്പോൾ കുടുംബത്തിലെ അംഗങ്ങളുടെ എണ്ണവും കൂടി പരിഗണിക്കണം

.

സാമൂഹ്യ സുരക്ഷിതത്വവും ലിംഗപദവിയും

പ്രശ്നങ്ങൾ

- 60 % പേർക്ക് അർഹമായ സാമൂഹ്യ ക്ഷേമ പെൻഷനുകൾ ജില്ലയിൽ ലഭിക്കുന്നില്ല.
- ചൂഷണത്തിന് ഇരകളായ അവിവാഹിതരായ അമ്മമാർ 84 പേരുണ്ട്. ഇവർക്ക് ഫലപ്രദമായ പുനരധിവാസം സാധ്യമായിട്ടില്ല.
- പി.ഒ.എ ആക്ട്–ന്റെ കൃത്യമായ നിയമ നടപടികൾ പരിപാലിക്കപ്പെടുന്നില്ല.
- കുടുംബശൈഥില്യങ്ങൾ കാരണം ഉപേക്ഷിക്കപ്പെടുന്ന കുട്ടികളുടെ എണ്ണം വർദ്ധിക്കുന്നു.
- അനാഥ വാർദ്ധക്യങ്ങളും രോഗികളായ വൃദ്ധരുടേയും ഒറ്റപ്പെടൽ.
- ഭിന്നശേഷി ഉള്ളവർക്ക് സൗഹൃദമായ അന്തരീക്ഷവും വ്യക്തിഗത സഹായങ്ങളും ശരിയായി ലഭിക്കുന്നില്ല.

നിർദ്ദേശങ്ങൾ

- 50 വയസ്സിന് മുകളിലുള്ള അവിവാഹിതർ, 60 വയസ്സിന് മുകളിലുള്ള മറ്റ് പെൻഷനുകൾക്ക് അർഹതയുള്ളവർ– പ്രത്യേക വിവര ശേഖരണം നടത്തി അർഹരായ മുഴുവൻ പേർക്കും സാമൂഹ്യക്ഷേമ പെൻഷൻ ലഭ്യമാക്കുന്നതിന് പ്രത്യേക കാമ്പയിൻ (ഐ.റ്റി.ഡി.പി., എൽ.എസ്.ജി.ഡി., സാമൂഹ്യക്ഷേമവകുപ്പ്) നടത്തണം.
- അവിവാഹിതരായ അമ്മമാരിൽ സാമൂഹ്യ സുരക്ഷാ മിഷന്റെ 'സ്നേഹ സ്പർശം' പെൻഷനിൽ നിന്നും 50 വയസ്സ് കഴിഞ്ഞ് പുറത്ത് പോകുന്നവർക്ക് പകരം സാമൂഹ്യ ക്ഷേമ പെൻഷൻ ഉറപ്പാക്കുന്നതിന് നടപടി.
- അവിവാഹിതരായ അമ്മമാരെ ഉചിതമായ തൊഴിലും അടിസ്ഥാന സൗകര്യങ്ങളും (വീട്) ഉറപ്പാക്കി പുനരധിവാസം നടത്തുന്നതിന് നടപടി.
- പി.ഒ.എ. ആക്ട്– നിയമസഹായം, ബോധവത്കരണം.
- നിലവിൽ ഉപേക്ഷിക്കപ്പെടുന്ന കുട്ടികളെ സംരക്ഷിക്കുന്നവർക്ക് വകുപ്പിന്റെ കൈത്താങ്ങ് പദ്ധതിയാനുകൂല്യം കാലാനുസൃതമായി വർദ്ധിപ്പിക്കുന്നതിനുള്ള നടപടി. ഇത്തരം കുട്ടികൾക്ക് വകുപ്പിന്റെ മോഡൽ റസിഡൻഷ്യൽ സ്കൂൾകളിൽ പ്രത്യേക സീറ്റ് സംവരണം ചെയ്യാവുന്നതാണ്.
- പൊതു അഗതി മന്ദിരങ്ങൾ പ്രധാനപ്പെട്ട പഞ്ചായത്ത് ആസ്ഥാനങ്ങളിൽ പട്ടികവർഗ്ഗ മേഖലയോട് ചേർന്ന് നിർമ്മിക്കുന്നതിനുള്ള നടപടി.
- വിതുര ഗ്രാമപഞ്ചായത്തിൽ ആരംഭിക്കുന്ന നിർദ്ദിഷ്ട ഭിന്നശേഷി സൗഹൃദ പദ്ധതി മാതൃകയിൽ എല്ലാ പഞ്ചായത്തുകളിലും പദ്ധതി നടപ്പിലാക്കുക.
- അർഹരായിട്ടുള്ളവർക്ക് കാർഷിക കടാശ്വാസ പദ്ധതിയുടെ ആനുകൂല്യം ലഭ്യമാക്കുക.
- കുടുംബശ്രീ അയൽക്കൂട്ടങ്ങൾ പരിപാലിക്കുന്നതിന് പട്ടികവർഗ്ഗ ആനിമേറ്റർമാരെ ആവശ്യത്തിന് നിയമിക്കുക.
- വനാന്തര ഊരുകളിൽ അയൽക്കൂട്ട സംരംഭങ്ങൾ ആരംഭിക്കുന്നതിനും കുടുംബങ്ങളിലും 10 വയസ്സ് കഴിഞ്ഞ കുട്ടികളുൾപ്പെടെയുള്ളവരിലും സമ്പാദ്യശീലം വളർത്താൻ പ്രത്യേക പരിപാടി (കുട്ടികൾക്കെല്ലാം അക്കൗണ്ട്) ആവിഷ്കരിക്കുക.
- റേഷൻകാർഡില്ലാത്ത ഉപ കുടുംബങ്ങൾ ഉൾപ്പെടെ എല്ലാ കുടുംബങ്ങൾക്കും പ്രത്യേക അദാലത്ത് മുഖേന റേഷൻ കാർഡ് ഉറപ്പാക്കുക
- ഭിന്നലിംഗക്കാരുടെ വ്യക്തിഗത പരിപാലന പദ്ധതി തയ്യാറാക്കി സാമൂഹ്യ സുരക്ഷയും തൊഴിൽ പരിരക്ഷയും ഉറപ്പാക്കുക.

വനാശ്രിതത്വം – പ്രശ്നങ്ങൾ

- വനാവകാശ നിയമം പൂർണ്ണതോതിൽ നടപ്പിലാക്കിയിട്ടില്ല.
- സാമൂഹികാവകാശമോ സി.എഫ്.ആർ മാനേജ്മെന്റ് കമ്മിറ്റികളോ നിലവിൽ വന്നിട്ടില്ല.
- കൈവശ ഭൂമി പുറത്ത് നിന്നുള്ളവർ പാട്ടത്തിനെടുത്ത് ചൂഷണം ചെയ്യുന്നു.
- വന്യമൃഗശല്യം മൂലം ജീവനും സ്വത്തിനും നാശം.
- വനോത്പന്നങ്ങളുടെ ലഭ്യതക്കുറവ്.

- വനോത്പന്ന ശേഖരത്തിന് പ്രാവീണ്യക്കുറവ്
- കർശനമായ വനനിയമങ്ങളും നടപടികളും.
- കൃത്യമായ സർവ്വേയുടെ അഭാവം.

നിർദ്ദേശങ്ങൾ

- വ്യക്തിഗത അവകാശം ലഭിക്കാത്ത അർഹരായ ആളുകൾക്ക് അവകാശം ഉറപ്പുവരുത്തുക.
- വ്യക്തിഗത അവകാശം ലഭിച്ച ഭൂമിയുടെ അതിര് റീസർവ്വേ ചെയ്ത് അളന്ന് തിരിക്കുക.
- വനാവകാശ കമ്മിറ്റികൾ ശാക്തീകരിക്കുക.
- സാമൂഹ്യ വനാവകാശ കമ്മിറ്റികൾ (സി.എഫ്.ആർ മാനേജ്മെന്റ് കമ്മിറ്റികൾ) രൂപീകരിക്കുകയും നടപടികൾ പൂർത്തീകരിക്കുകയും ചെയ്യുക.
- വനസംരക്ഷണ പ്രവർത്തനങ്ങൾ വനാവകാശ കമ്മിറ്റികൾ മുഖേന നടപ്പിലാക്കുക.
- വന്യമൃഗശല്ല്യത്തിന് ശാശ്വത പരിഹാരം കാണുക.
- വനവിഭവങ്ങൾ ശേഖരിക്കുന്നതിനും വിപണനത്തിനുമുള്ള സൗകര്യം.
- പട്ടികവർഗ്ഗ വികസന വകുപ്പ്, തദ്ദേശ സ്വയംഭരണ വകുപ്പ്, വനം, റവന്യൂ എന്നീ വകുപ്പുകളുടെ കൂട്ടായ ശ്രമം വനാവകാശ നിയമം നടപ്പിലാക്കുന്നതിന് അത്യാവശ്യമാണ്.
- വനാന്തര ഊരുകളും പിന്നാക്കാവസ്ഥയും ഏറ്റവും കൂടുതലുള്ള കുറ്റിച്ചൽ ഗ്രാമപഞ്ചായത്തിൽ വനാവകാശനിയമം നടപ്പിലാക്കിയിട്ടില്ല. പുതിയ സാഹചര്യത്തിൽ പ്രത്യേക ആക്ഷൻ പ്ലാൻ ഈ പഞ്ചായത്തിൽ നടപ്പിലാക്കുക.
- വന്യജീവി ആക്രമണത്തിന് (ആൾ നാശത്തിനും/കൃഷി നാശത്തിനും) അടിയന്തിര ദുരിതാശ്വാസം പട്ടികവർഗ്ഗ വികസന വകുപ്പ് മുഖേന നൽകുന്നതിന് പ്രത്യേക പദ്ധതി.
- പട്ടികവർഗ്ഗക്കാർക്ക് അനുകൂലമായ തരത്തിലുള്ള വനനിയമത്തിന്റെ വ്യാഖ്യാനവും പരിരക്ഷയും വനം വകുപ്പ് ഉറപ്പാക്കുക.
- കൈവശഭൂമി അതിര് കെട്ടി കാർഷിക/കുടുംബാംഗങ്ങൾക്ക് സംരക്ഷണവും സുരക്ഷിത ബോധവും വനം വകുപ്പ് ഉറപ്പു വരുത്തുക.
- നിരന്തരമായ മനുഷ്യ-വന്യമൃഗ സംഘർഷത്തിന് പ്രായോഗികമായ പരിഹാരമുണ്ടാക്കാൻ വനം വകുപ്പിന്റെ ക്രിയാത്മക നടപടികൾ ഉറപ്പാക്കുക.
- വനാവകാശ കമ്മിറ്റികൾ ശാക്തീകരിക്കുകയും പ്രവർത്തന ഫണ്ടും ആസ്തികളും സൃഷ്ടിക്കുക.

കലാ സാംസ്കാരികം

നിർദ്ദേശങ്ങൾ

- നാടൻ കലാരൂപങ്ങളായ ചാറ്റുപാട്ട്, മറ്റ് മലമ്പാട്ടു രീതികൾ കോൽകളി, മുടിയാട്ടം, ചവിട്ടുകളി, ചോനാംകളി ഇവ പുതലമുറയ്ക്ക് പകർന്നു നൽകുന്നതിനും ജില്ലയിലെ പ്രധാനപ്പെട്ട ആഘോഷങ്ങളിലും സർക്കാർ സംഘടിപ്പിക്കുന്ന പരിപാടികളിലും അവതരിപ്പിക്കുന്നതിന് അവസരം നൽകണം.
- പട്ടികവർഗ്ഗക്കാരിലെ കായിക പ്രതിഭകളെ കണ്ടെത്തി ജില്ലാ സ്പോർട്സ് കൗൺസിൽ, ജി.വി.രാജ സ്പോർട്സ് സ്കൂൾ തുടങ്ങിയവയുടെ സഹായത്തോടുകൂടി അവരുടെ കഴിവ് വർദ്ധിപ്പിക്കുന്നതിന് അവസരം ഒരുക്കണം.
- പട്ടികവർഗ്ഗത്തിലെ കലാ അഭിരുചിയുള്ളവർക്ക് മതിയായ പരിശീലനവും പ്രോത്സാഹനവും നൽകുന്നതിനുള്ള പരിപാടികൾ ആവിഷ്കരിക്കണം.
- പട്ടികവർഗ്ഗ കുട്ടികളുടെ കലാ-കായിക ശേഷി വികസിപ്പിക്കുന്നതിന് പ്രധാനപ്പെട്ട പട്ടികവർഗ്ഗ സങ്കേതങ്ങളിൽ പൊതുസൗകര്യങ്ങൾ വികസിപ്പിക്കണം.
- പട്ടികവർഗ്ഗ യുവതീയുവാക്കളെ സംഘടിപ്പിച്ച് യൂത്ത് ക്ലബ്ബുകൾ രൂപീകരിച്ച് അവയുടെ പ്രവർത്തനം ചടുലമാക്കണം. അവയുടെ ആഭിമുഖ്യത്തിൽ ഇന്റർനെറ്റ് സൗകര്യത്തോടെയുള്ള ലൈബ്രറി, ആനുകാലികങ്ങൾ ലഭ്യമാക്കി റീഡിംഗ് റൂം, സ്കൂൾ വിദ്യാർത്ഥികൾക്കായി ട്യൂഷൻ സൗകര്യം ഇവ ഏർപ്പെടുത്തണം.

- സാമൂഹ്യ പഠനകേന്ദ്രങ്ങൾ ഗ്രന്ഥശാലകളായും കലാകായിക സമിതികളായും പ്രവർത്തിക്കാൻ പദ്ധതിയൊരുക്കണം.
- സംരക്ഷിത നിയമങ്ങളുടെ നടത്തിപ്പ്, നിയമ സഹായം, വനാവകാശ കമ്മിറ്റികൾ, ഊരുകൂട്ടങ്ങൾ ഇവയുടെ വിലയിരുത്തലും പ്രവർത്തന സഹായവും നൽകാൻ ഇത്തരം സാംസ്കാരിക സംഘങ്ങളെ പ്രാപ്തമാക്കുക.

മേൽത്തട്ട് കീഴ്ത്തട്ട് നിർദ്ദേശങ്ങൾ

വിഷയം: മേൽത്തട്ട്	കീഴ്ത്തട്ട്
വിദ്യാഭ്യാസം	
അംഗനവാടി/പ്രീപ്രൈമറി,കിന്റർഗാർട്ടനുകൾ ആരംഭിക്കുക. ഹോസ്റ്റലുകൾ ആരംഭിക്കുക. സ്കൂളുകൾ പുന:ക്രമീകരിക്കുക. പുതുതായി ആരംഭിക്കുക. (വിദ്യാഭ്യാസ അവകാശനിയമം) പ്രവേശന പരീക്ഷാ പരീലിന സ്ഥാപനങ്ങൾ ആരംഭിക്കുക. തൊഴിലധിഷ്ഠിത റസിഡൻഷ്യൽ പരിശീലന സ്ഥാപനങ്ങൾ ആരംഭിക്കുക.	സ്വയം തൊഴിലിനുള്ള പരിശീലനം നൽകൽ സാക്ഷരതാക്ലാസ്സുകളും തുല്യതാ പരീക്ഷകളും ഗോത്രസാരഥി പദ്ധതിയുടെ വ്യാപനം ബോധവത്കരണ ക്യാമ്പയിനുകൾ പ്രീ-പ്രൈമറി ബദൽ സംവിധാനങ്ങൾ സാമൂഹ്യ പഠന കേന്ദ്രങ്ങൾ ആരംഭിക്കുക. വ്യക്തിഗത പഠനോപകരണങ്ങൾ പ്രഭാത ഉച്ച ഭക്ഷണ പരിപാടികൾ നടപ്പിലാക്കുക.
ആരോഗ്യം	
ആരോഗ്യ സബ്സെന്ററുകൾ ആരംഭിക്കുക പി.എച്ച്.സി കളിൽ കിടത്തി ചികിത്സ ആരംഭിക്കുക. മൊബൈൽ മെഡിക്കൽ യൂണിറ്റുകൾ ആരംഭിക്കുക. പട്ടികവർഗ്ഗ ആശാവർക്കർമാരെ നിയോഗിക്കുക. ബൈസ്റ്റാൻഡേഴ്സ് ബാങ്ക് പദ്ധതി ഡി-അഡിക്ഷൻ സെന്ററുകൾ ആരംഭിക്കുക. സമഗ്ര ആരോഗ്യ സുരക്ഷാ പദ്ധതി വ്യാപിപ്പിക്കുക.	തുടർച്ചയായി മെഡിക്കൽ ക്യാമ്പുകൾ നടത്തുക. പാലിയേറ്റീവ് കെയർ പ്രവർത്തനങ്ങൾ വ്യാപിപ്പിക്കുക, ഊർജ്ജിതമാക്കുക. കിടപ്പു രോഗി, ഭിന്നശേഷി, മാനസിക വെല്ലുവിളി എന്നിവർക്ക് വ്യക്തിഗത പരിപാലന പ്ലാനും പദ്ധതിയും നടപ്പിലാക്കുക. ലഹരി വിമുക്തി ബോധവത്ക്കരണ പരിപാടികൾ.
തൊഴിൽ, ഉപജീവനം	
തൊഴിൽ പരിശീലന കേന്ദ്രങ്ങൾ (റസിഡൻഷ്യൽ സൗകര്യത്തോടെ) സ്ഥിരം പദ്ധതി. പാരമ്പര്യ ഗോത്ര കാർഷികരീതികൾ പുന:രുജ്ജീവിപ്പിക്കാൻ കൃഷി വകുപ്പിന്റെ പദ്ധതികൾ ആരംഭിക്കുക. അപ്പാരൽ പാർക്കുകൾ , സഹകരണ സംഘങ്ങൾക്ക് പ്രോത്സാഹനം നൽകുക. മത്സര പരീക്ഷകൾക്ക് സ്ഥിരം പരിശീലന സംവിധാനം വന്യമൃഗശല്യങ്ങളിൽ നിന്നും സ്വത്തിനും ജീവനും സംരക്ഷണം നൽകുന്നതിന് സ്ഥിരം സംവിധാനം.	ട്രൈബൽ കുടുംബശ്രീ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുക. സംരംഭകത്വ സംഘങ്ങൾ രൂപീകരിക്കുക. പാരമ്പര്യ കാർഷിക പദ്ധതികൾ പുനരുജ്ജീവിപ്പിക്കാൻ പദ്ധതികൾ ആരംഭിക്കുക. സ്വയം തൊഴിൽ പദ്ധതികൾ വ്യക്തിഗത സംരംഭപദ്ധതികൾ ആരംഭിക്കുക. എം.ജി.എൻ.ആർ.ഇ.എസ് പ്രവർത്തനങ്ങൾക്ക് പ്രത്യേക ഊന്നലും പദ്ധതികളും. മൃഗപരിപാലന പദ്ധതികൾ ആരംഭിക്കുക.
അടിസ്ഥാന സൗകര്യ മേഖല	
ലൈഫ് പദ്ധതി സമ്പൂർണമായി നടപ്പിലാക്കുക. സമ്പൂർണ വൈദ്യുതീകരണം വാട്ടർ അതോറിറ്റിയുടെ പദ്ധതി സാദ്ധ്യമായിടങ്ങളിൽ വ്യാപിപ്പിക്കുക. ഭൂരഹിതർക്ക് ഭൂമി നൽകുന്ന പദ്ധതി നടപ്പിലാക്കുക.	ഭവന പദ്ധതി- ലൈഫ് പദ്ധതി പൂർണ്ണമായി നടപ്പിലാക്കുക. ഭവന വൈദ്യുതീകരണം ഗ്രാമപഞ്ചായത്ത് റ്റി.എസ്.പി യിൽ ഉൾപ്പെടുത്തി പൂർത്തിയാക്കുക. വഴി വിളക്കുകൾ പദ്ധതികൾ ഉൾപ്പെടുത്തുക. ഉറവകളും കുളങ്ങളും സ്ഥിരമായി സംരക്ഷിക്കുന്ന പദ്ധതി. ഗ്രാവിറ്റി ഫോഴ്സ് ഉപയോഗിക്കുന്ന പദ്ധതികൾ പരിപാലിക്കുക. കക്കൂസ് ഇല്ലാത്ത എല്ലാ കുടുംബങ്ങൾക്കും നൽകുന്ന പദ്ധതി നടപ്പിലാക്കുക.

സംസ്ക്കാരം	
ഉത്തരവാദിത്വ ടൂറിസം പദ്ധതികൾ ഗോത്ര മേഖലയുമായി സംയോജിപ്പിക്കുന്ന പരിപാടികൾ നടപ്പിലാക്കുക.	ഗോത്ര മേളകൾ സംഘടിപ്പിക്കുക. സ്ഥാപനങ്ങൾ ഗോത്ര സൗഹൃദമാക്കുന്ന പരിപാടികൾ (സ്കൂളുകൾ, ഓഫീസുകൾ, ഗോത്ര ബിംബങ്ങൾ ഉപയോഗിച്ച് ആകർഷകമാക്കൽ.) ട്രൈബൽ ലൈബ്രറി ആശയം. ട്രൈബൽ കലാകായിക സമിതികൾ ഊർജ്ജിതമാക്കുന്ന പരിപാടികൾ.
സാമൂഹ്യ സുരക്ഷിതത്വം	
അവിവാഹിതരായ അമ്മമാർക്ക് പുനരധിവാസ പദ്ധതി കടം എഴുതി തള്ളുന്നതിന് പദ്ധതി. അംഗനവാടികൾ ആരംഭിക്കൽ. വൃദ്ധപരിപാലന കേന്ദ്രങ്ങൾ ആരംഭിക്കൽ	സാമൂഹ്യ പെൻഷനുകൾക്ക് പ്രത്യേക ക്യാമ്പയിൻ, എല്ലാവർക്കും കിട്ടുന്നുണ്ടെന്ന് ഉറപ്പ് വരുത്തൽ. ഭിന്നശേഷിക്കാർക്ക് വ്യക്തി പരിപാലന പ്ലാനും പദ്ധതിയും. അംഗനവാടികൾ ഇല്ലാത്തിടത്ത് ബദൽ സംവിധാനങ്ങൾ ഒരുക്കാവുന്നതാണ്.

നവീന ആശയങ്ങൾ/നിർദ്ദേശങ്ങൾ–സംയുക്ത പ്രോജക്ടുകൾക്കായി

ക്രമ നം	ആശയങ്ങൾ	നിർദ്ദേശങ്ങൾ
1	**വെട്ടപ്പുര** **(വയോജന പരിപാലന പദ്ധതി)** – വാർദ്ധക്യം കൊണ്ടും രോഗങ്ങൾ കൊണ്ടും ഒറ്റപ്പെട്ടവരും അഗതികളുമായ നിരവധിയാളുകൾ എല്ലാ സങ്കേതങ്ങളിലുമുണ്ട്. അവരുടെ ശാരീരികവും മാനസികവുമായ ഉല്ലാസത്തിനും ആരോഗ്യ സംരക്ഷണത്തിനുമായുള്ള പരിപാടി:	സങ്കേതങ്ങൾക്കകത്തോ സമീപത്തോ തയ്യാറാക്കുന്ന പൊതു വിശ്രമസ്ഥലങ്ങൾ പരാമ്പരാഗത രീതിയിൽ തയ്യാറാക്കുന്ന 'പുരകൾ' കാർഷികവൃത്തി ചെയ്യാൻ കഴിവുള്ളവർക്ക് അതിനും മുളയുൽപ്പന്നങ്ങൾ ചെയ്യാനാവുന്നവർക്ക് അതിനുമുള്ള സൗകര്യങ്ങൾ. തുടർച്ചയായ മെഡിക്കൽ ക്യാമ്പുകളും ആരോഗ്യ പരിശോധനകളും പൊതു അടുക്കളയും പാചകവും ഒരു ഫെസിലിറ്റേറ്ററുടെ സഹായം.
2	**ഒപ്പം** **(ആശ്രിതരില്ലാത്ത രോഗികൾക്ക് കൂട്ടിരിപ്പിന് ആളെ നൽകൽ)–** നോക്കാനാളില്ലാത്ത രോഗികൾക്ക് ആശുപത്രികളിൽ കൂട്ടിരിക്കാൻ ആരുമില്ലാത്ത സാഹചര്യം തുടർച്ചയായി റിപ്പോർട്ട് ചെയ്യപ്പെടാറുണ്ട്. ഇക്കാരണത്താൽ ആശുപത്രിയിൽ പോകാത്ത രോഗികളുമുണ്ട്. ആശ്രിതരില്ലാത്ത പട്ടികവർഗ്ഗ രോഗികൾക്ക് ആശുപത്രിയിൽ കൂട്ടിരിക്കാനും സഹായിക്കാനുമായി ബൈസ്റ്റാൻഡേഴ്സ് ബാങ്ക്. അതോടൊപ്പം നിയമസഹായം വേണ്ടവർക്ക് ഒപ്പം ചെല്ലാനും സാക്ഷിയാകാനും ഇത്തരക്കാരെ നിയോഗിക്കുവാനും കഴിയും.	പട്ടികവർഗ്ഗക്കാരായ, യോഗ്യതയുള്ളവരെ ബൈസ്റ്റാൻഡേഴ്സ് ബാങ്കിലേയ്ക്ക് കണ്ടെത്തുന്നു. ആവശ്യമുള്ളിടങ്ങളിൽ 'ഹെൽത്ത് പ്രമോട്ടർമാർ' മുഖാന്തിരം എത്തിക്കുന്നു. സമഗ്ര ആരോഗ്യ സുരക്ഷാപദ്ധതിയുടെ ഭാഗമായി കൂട്ടിരിപ്പുകാർക്കുള്ള ആനുകൂല്യത്തിനൊപ്പം ഒരു വിഹിതം അധികമായി ദിനബത്തയായി അനുവദിക്കും. അതിക്രമങ്ങൾ തടയൽ ആക്ട് ഉൾപ്പെടെ നിരവധി നിയമസഹായങ്ങൾ വേണ്ടവർക്ക് പോലീസ് സ്റ്റേഷനിലും കോടതിയിലും ഒപ്പം പോകാനും സഹായിക്കാനുമായി ഇവരെ വിനിയോഗിക്കാം.
3.	**ഗോത്രായനം.** **(ഉത്തരവാദിത്വ ഗോത്ര ടൂറിസം)** ജില്ലയിലെ പ്രധാനപ്പെട്ട ടൂറിസ്റ്റ് സ്പോട്ടുകൾ പട്ടികവർഗ്ഗസങ്കേതങ്ങളുമായി ബന്ധപ്പെട്ട് സ്ഥിതി ചെയ്യുന്നു. പക്ഷേ പട്ടികവർഗ്ഗ കല, സംസ്കാരം, വന–പാരമ്പര്യ–കാർഷികോല്പന്നങ്ങൾ ഇതിന്റെ ഭാഗമാക്കാനോ പട്ടികവർഗ്ഗക്കാർക്ക് തൊഴിലവസരങ്ങൾ കിട്ടാനോ ഇതുവരെ സാഹചര്യമുണ്ടായിട്ടില്ല. ഉത്തരവാദിത്വ ടൂറിസത്തിന്റെ ഭാഗമായി ഗോത്രമേഖലയ്ക്ക് അവസരങ്ങൾ സൃഷ്ടിക്കുന്ന പ്രത്യേക പദ്ധതി.	കല്ലാർ–മൊട്ടമൂട് (പൊന്മുടി), കോട്ടൂർ (നെയ്യാർ–കാപ്പുകാട്), പേപ്പാറ, മങ്കയം തുടങ്ങിയ ടൂറിസ്റ്റ് സ്പോട്ടുകളിൽ പാരമ്പര്യ–അനുഷ്ഠാന കലാ പ്രദർശനങ്ങൾ, ഗോത്രപാരമ്പര്യ ചിഹ്നങ്ങൾ, ഉൾപ്പെടുന്ന മ്യൂസിയം. വംശീയഭക്ഷണം, വംശീയ ചികിത്സാ സൗകര്യങ്ങൾ ബാംബൂ ഉല്പന്നങ്ങൾ (ഉല്പാദനവും വിപണനവും) ഡി.റ്റി.ഡി.സി., കിർത്താഡ്സ് സഹകരണത്തോടെ ഉല്പന്നങ്ങളുടെ ബ്രാൻഡിംഗ് & മാർക്കറ്റിംഗ്

4	**കളം (ബദൽ അംഗനവാടി/ കിന്റർഗാർട്ടനുകൾ)** ഏതാണ്ട് 50% ഓളം 3–6 പ്രായമുള്ള കുട്ടികൾക്ക് ഗോത്രമേഖലയിൽ അംഗനവാടി സൗകര്യങ്ങളോ, പ്രീ–പ്രൈമറി സൗകര്യങ്ങളോ ജില്ലയിൽ ലഭിക്കുന്നില്ല. വനാന്തര ഊരുകളിൽ ഇത്രയും അംഗനവാടികൾ ആരംഭിക്കുന്നതിന് വളരെ കാലതാമസമുണ്ടാകും. അമ്മമാർക്കും കുഞ്ഞുങ്ങൾക്കും പോഷകാഹാരവും 3–6 പ്രായമുള്ള കുട്ടികൾക്ക് മെച്ചപ്പെട്ട പ്രീ–പ്രൈമറി വിദ്യാഭ്യാസം നൽകാനുമായി ഒരു സമാന്തര സ്ഥാപനം. ഭാവിയിൽ കിന്റർഗാർട്ടനുകളായി പരിവർത്തനംചെയ്യാനാവും വിധം സജ്ജീകരിക്കാവുന്നതാണ്.	യോഗ്യതയുള്ള ഫെസിലിറ്റേറ്ററുടെ സേവനം ഭക്ഷണവും പാചകവും അമ്മമാരുടെ സമിതിയുടെ ചുമതല കുട്ടികൾക്ക് മെച്ചപ്പെട്ട അക്ഷര വിദ്യാഭ്യാസവും മാനസികോല്ലാസവും പ്രദാനം ചെയ്യുന്നു. അമ്മമാർക്കും കുഞ്ഞുങ്ങൾക്കും നൈപുണ്യവികസന സാഹചര്യങ്ങൾ. തുടർച്ചയായ ആരോഗ്യപരിശോധനയും പരിചരണവും.
5	**അപ്പാരൽ പാർക്ക് (ചെറുകിട വ്യവസായ നൈപുണ്യ പരിപാടികൾ)** നൈപുണ്യമുണ്ടായിട്ടും തൊഴിലവസരങ്ങളില്ലാത്ത പട്ടികവർഗ്ഗ വനിതകൾ എല്ലാ സങ്കേതങ്ങളിലുമുണ്ട്. തറിനെയ്ത്ത്, തയ്യൽ, ബാംബൂ ഉല്പന്നങ്ങളുടെ നിർമ്മാണം, പേപ്പർ ബാഗ് നിർമ്മാണം, ഫുഡ് പ്രോസ്സസിംഗ്, കുടനിർമ്മാണം, സാനിട്ടറി നാപ്കിൻ നിർമ്മാണം തുടങ്ങിയവയിൽ പ്രാവീണ്യമുള്ള വനിതകൾക്കായി ഒരേ കുടകീഴിൽ വ്യവസായ പാർക്കുകൾ.	നിലവിൽ പ്രവർത്തനരഹിതമായതോ നാമമാത്രമായി പ്രവർത്തിക്കുന്നതോ ആയ പട്ടികവർഗ്ഗ സഹകരണ സംഘങ്ങൾ പരിവർത്തനം ചെയ്യാനുള്ള സാധ്യത. ആധുനിക അപ്പാരൽ പാർക്കുകളുടെ മാതൃകയിലുള്ള സംവിധാനങ്ങൾ. പരിശീലനത്തിനുള്ള പ്രത്യേക സംവിധാനം. ഉല്പാദനത്തിനും കച്ചവടത്തിനും സാധ്യതകൾ.
6	**അഗസ്ത്യന്റെ പൂമ്പാറ്റകൾ (വിദ്യാഭ്യാസ പ്രോത്സാഹന പദ്ധതി)** 2017 ൽ കുറ്റിച്ചൽ പഞ്ചായത്തിലെ കോട്ടൂർ വനമേഖലയിലെ ഊരുകളിൽ ഇതുവരെ സ്കൂളിൽ എത്താത്ത കുട്ടികളെയും കൊഴിഞ്ഞുപോക്കിന് വിധേയമായ കുട്ടികളെയും സ്കൂളിലെത്തിക്കുന്നതിന് കുട്ടികൾക്കും രക്ഷാകർത്താക്കൾക്കും ഊരുവാസികൾക്കും ഫലപ്രദമായ ബോധവത്ക്കരണം നൽകുന്നതിന് സാമൂഹ്യനീതിവകുപ്പിന്റെ (ജില്ലാ ശിശുസംരക്ഷണയൂണിറ്റ്) വിജയകരമായ പ്രോജക്ടാണിത്. ജില്ലയിലെ അവികസിത ഗോത്ര മേഖലകളിലാകെ തന്നെ മാതൃകയാക്കാവുന്ന നവീനമായൊരു ആശയവും ഇടപെടലുമാണിത്.	ഓരോ കുട്ടിക്കും വ്യക്തിഗത പരിപാലന പദ്ധതി എം.എസ്.ഡബ്ല്യു/എം.എ സോഷ്യോളജി വിദ്യാർത്ഥികളുടെ സഹകരണം ഭിന്നശേഷിക്കാർക്ക് പ്രത്യേക പദ്ധതി അച്ഛനമ്മമാർക്കും കുട്ടികൾക്കും സഹവാസ ക്യാമ്പുകൾ. നിരന്തരമായ ഇടപെടലുകളും സഹായവും യുവജനസമിതിയും അമ്മമാരുടെ സമിതിയും രൂപീകരിക്കൽ

ജില്ലയുടെ സമഗ്ര വികസനം പദ്ധതി നിർദ്ദേശങ്ങൾ

1. കൃഷി

വിളവിസ്തൃതി കുറഞ്ഞു വരുന്ന സാഹചര്യത്തിൽ കുറഞ്ഞ സ്ഥലത്ത് നിന്നും കൂടുതൽ വിളവ് ഉല്പാദിപ്പിക്കുക എന്നതാവണം മുഖ്യലക്ഷ്യം. ഈ ലക്ഷ്യം കൈവരിക്കുന്നതിനായി ജില്ലയിൽ മാതൃകയായി 'കേദാര', 'അനന്തസമൃദ്ധി' എന്നീ പദ്ധതികൾ നടപ്പിലാക്കാവുന്നതാണ്.

(എ) കേദാര പ്രോജക്ട്

ജില്ലയിൽ ഏറ്റവും കൂടുതൽ നെൽകൃഷി ഉള്ളതും ഏറ്റവും കൂടുതൽ കനൽപാടം തരിശു കിടക്കുന്നതുമായി കിളിമാനൂർ, വർക്കല ബ്ലോക്കുകളെ ജില്ലയുടെ നെല്ലറയായി മാറ്റുക. ഇതിനായി താഴെ പറയുന്ന പ്രവർത്തനങ്ങൾ നടപ്പിലാക്കുക.

- പദ്ധതിപ്രദേശത്തെ മുഴുവൻ നെൽപ്പാടങ്ങളുടെയും ഭൂഉടമകളെയും ഉൾപ്പെടുത്തി നിലവിലുള്ള പാടശേഖരസമിതികളുടെ നേതൃത്വത്തിൽ യോഗം ചേർന്ന് പദ്ധതി വിശദീകരിക്കുക.
- പദ്ധതിപ്രദേശത്തെ തലക്കുളം, തോട്, റാമ്പ് മുതലായ അടിസ്ഥാന സൗകര്യങ്ങൾ പുനരുദ്ധരിക്കുകയോ പുതുതായി നിർമ്മിക്കുകയോ ചെയ്യുക.
- പരമാവധി മഴവെള്ളം തലക്കുളങ്ങളിൽ എത്തിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ സമീപപ്രദേശങ്ങളിൽ നടപ്പിലാക്കുക.
- പരസ്പര പൂരകമെന്നോണം പദ്ധതി പ്രദേശത്ത് കന്നുകാലി, കോഴി വളർത്തൽ പ്രോത്സാഹിപ്പിക്കുക.
- സാദ്ധ്യതമായ കുളങ്ങളിൽ മത്സ്യകൃഷി ആരംഭിക്കുക.
- ജലസേചനം വർദ്ധിപ്പിക്കുന്നതിന് പമ്പ് സെറ്റ് സ്ഥാപിക്കുക.
- സംയോജിത കൃഷിരീതിയും സംയോജിത കീടരോഗ നിയന്ത്രണം ഉറപ്പുവരുത്തുന്നതിനായി നൂതന കൃഷിമുറകളായ ട്രാപ്പ് ക്രോപ്പ്, പയർകൃഷി, അസോള കൃഷി, താറാവ് കൃഷി, ട്രൈകോകാർഡ് മുതലായവ നടപ്പിലാക്കുക.
- അത്യാധുനിക രീതിയിലുള്ള റൈസ് മില്ല് സ്ഥാപിച്ച് ജില്ലയിൽ ഉല്പാദിപ്പിക്കുന്ന മുഴുവൻ നെല്ലും ബ്രാന്റഡ് അരിയും മറ്റ് മൂല്യവർദ്ധിത ഉല്പന്നങ്ങളാക്കി മാറ്റി വിപണനം നടത്തുക.

പങ്കാളികളാകേണ്ട തദ്ദേശ ഭരണ സ്ഥാപനങ്ങൾ:

ത്രിതല പഞ്ചായത്തുകൾ, സംസ്ഥാന സർക്കാർ

പങ്കാളികളാകേണ്ട വകുപ്പുകൾ

കൃഷി വകുപ്പ്, മൈനർ ഇറിഗേഷൻ, ജലസംരക്ഷണ വകുപ്പ്, മണ്ണ് സംരക്ഷണവകുപ്പ്, മൃഗസംരക്ഷണ വകുപ്പ്, ഡയറി, ഫിഷറീസ് വകുപ്പ്, വ്യവസായം, കുടുംബശ്രീ, എം.എൻ.ആർ.ഇ.ജി.എസ്, എം.പി.ഫണ്ട്, എം.എൽ.എ. ഫണ്ട്

(ബി) അനന്തസമൃദ്ധി

നീർത്തടാധിഷ്ഠിത വികസനം ലക്ഷ്യമാക്കി ജില്ലയിൽ കാർഷികപരമായി പിന്നാക്കം നിൽക്കുന്ന ഒരു പഞ്ചായത്തിനെ തെരഞ്ഞെടുത്ത് ഇന്റഗ്രേറ്റഡ് ഫാമിംഗ് നടപ്പിലാക്കി മാതൃക പഞ്ചായത്ത് ആക്കി മാറ്റുക എന്നതാണ് ഈ പ്രോജക്ടുകൊണ്ട് ഉദ്ദേശിക്കുന്നത്. ഇതിന്റെ ഭാഗമായി

- തെരഞ്ഞെടുത്ത പഞ്ചായത്തിന്റെ ഫാം പ്ലാൻ തയ്യാറാക്കുക.
- പഞ്ചായത്തിൽ കണ്ടെത്തിയ നീർത്തടങ്ങൾ അടിസ്ഥാനപ്പെടുത്തിയാവണം പ്ലാൻ തയ്യാറാക്കാൻ.
- ഫാം പ്ലാനിന്റെ അടിസ്ഥാനത്തിൽ ഓരോ വീട്ടുവളപ്പിലും സാധ്യമായ സമഗ്ര കാർഷിക വികസന പ്രവർത്തനങ്ങൾ നടപ്പിലാക്കുക.
- ഓരോ സ്ഥലത്തേയും സാദ്ധ്യതയനുസരിച്ച് കന്നുകാലി, ആട്, കോഴി, താറാവ്, മത്സ്യം മുതലായവ സംയോജിപ്പിച്ചുവേണം ഫാം പ്ലാൻ രൂപപ്പെടുത്താൻ.

- ജല–മണ്ണുസംരക്ഷണ പ്രവർത്തനങ്ങൾ ഉറപ്പാക്കിയുള്ള കൃഷിമുറകൾ പ്രാവർത്തികമാക്കുക.
- പാഴ്ജലം ഉപയോഗപ്പെടുത്തി കൃഷി ചെയ്യുന്നതിനും, ജൈവാവശിഷ്ടങ്ങൾ സംസ്കരിച്ച് വളമാക്കി മാറ്റുന്നതിനും പരിപാടികൾ ആസൂത്രണം ചെയ്യുക.
- ചെറുതേൻ ഉൾപ്പെടെയുള്ള തേൻകൃഷി, കുമിൾ കൃഷി മുതലായ പ്രവർത്തനങ്ങളും ഉൾപ്പെടുത്തുക.
- തൊഴിലുറപ്പ് പദ്ധതിയുമായി സംയോജിപ്പിച്ച് തരിശുഭൂമിയിലും പൊതുസ്ഥലങ്ങളിലും നാടൻപുളി, കുടംപുളി, മാവ്, പ്ലാവ്, വേപ്പ് മുതലായവ വച്ചു പിടിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുക.
- കുടുംബശ്രീയുമായി ചേർന്ന് ജൈവവളങ്ങൾ ജൈവകീടനാശിനികൾ, മൂല്യവർദ്ധിത ഉല്പന്നങ്ങൾ എന്നിവയുടെ നിർമ്മാണ യൂണിറ്റുകൾ ആരംഭിക്കുന്നതിനും വിപണന ശൃംഖല ഉണ്ടാക്കുന്നതിനുള്ള പരിപാടികൾ ഉൾക്കൊള്ളിക്കുക.
- മേൽ പറഞ്ഞ പദ്ധതിപ്രവർത്തനങ്ങളിലൂടെ പഞ്ചായത്തിനെ സ്വയം പര്യാപ്തതയിലേയ്ക്ക് എത്തിക്കുകയാണ് ഈ പ്രോജക്ടുകൊണ്ട് ഉദ്ദേശിക്കുന്നത്.

പങ്കാളികളാകേണ്ട തദ്ദേശ ഭരണ സ്ഥാപനങ്ങൾ:

ത്രിതല പഞ്ചായത്തുകൾ, സംസ്ഥാന സർക്കാർ

പങ്കാളികളാകേണ്ട വകുപ്പുകൾ

കൃഷി വകുപ്പ്, മൈനർ ഇറിഗേഷൻ, ജലസംരക്ഷണ വകുപ്പ്, മണ്ണ് സംരക്ഷണവകുപ്പ്, മൃഗസംരക്ഷണ വകുപ്പ്, ഡയറി, ഫിഷറീസ് വകുപ്പ്, വ്യവസായം, കുടുംബശ്രീ, എം.എൻ.ആർ.ഇ.ജി.എസ്., എം.പി.ഫണ്ട്, എം.എൽ.എ. ഫണ്ട്

2. ആരോഗ്യം

- കമ്മ്യൂണിറ്റി ഡി അഡിക്ഷൻ പ്രോഗ്രാം – പട്ടികവർഗ്ഗമേഖല, തീരദേശമേഖല
- ജീവിതശൈലി രോഗനിയന്ത്രണവും മാനസികാരോഗ്യവും മുൻനിർത്തി സൈക്കിൾ പാതകൾ കോർപ്പറേഷൻ പരിധിയിൽ പാർക്കുകൾ ബന്ധിപ്പിച്ചും ബീച്ചുകൾ ബന്ധിപ്പിച്ചും തുടങ്ങുകയും സൈക്കിൾ തുച്ഛ വാടകയ്ക്ക് നല്കുകയും ചെയ്യുക.
- എല്ലാ ആരോഗ്യ സ്ഥാപനങ്ങളും 'ക്യാഷ്' (കേരള അക്രഡിറ്റേഷൻ സ്റ്റാൻഡേർഡ്സ് ഫോർ ഹോസ്പിറ്റൽസ്) നിലവാര ഉയർച്ചയ്ക്ക് വേണ്ടിയുള്ള പദ്ധതികൾ അതത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സഹായത്തോടെ രൂപവത്കരിക്കുക.

3. മണ്ണ് സംരക്ഷണം

➢ ജലശ്രീ – സമ്പൂർണ്ണ ജലസുരക്ഷാ പദ്ധതി

ജില്ലയെ സമ്പൂർണ്ണ ജലസുരക്ഷാ ജില്ലയാക്കി മാറ്റുന്നതിനായി ഹരിതകേരളം പദ്ധതിയോടനുബന്ധിച്ച് ജലസംരക്ഷണവും ജലസാക്ഷരതയും ജലസുരക്ഷയും ശുദ്ധജലസ്രോതസ്സുകളുടെ പരിപാലനവും ലക്ഷ്യമാക്കി ജില്ലാ ആസൂത്രണസമിതിയുടെ നേതൃത്വത്തിൽ ആവിഷ്ക്കരിച്ചിരിക്കുന്ന ഒരു ബൃഹത് പദ്ധതിയാണ് ജലശ്രീ പദ്ധതി. ജില്ലയിലെ സമസ്ത ജനവിഭാഗങ്ങൾക്കും കൂടുതൽ നല്ല വെള്ളം ലഭ്യമാക്കുക എന്ന ഉദ്ദേശ്യത്തോടെയാണ് ജലശ്രീ ജലസുരക്ഷാ പദ്ധതി വിഭാവനം ചെയ്തിരിക്കുന്നത്.

പങ്കാളികളാകുന്ന തദ്ദേശ ഭരണ സ്ഥാപനങ്ങൾ

ഗ്രാമപഞ്ചായത്തുകൾ, ബ്ളോക്ക് പഞ്ചായത്തുകൾ, ജില്ലാ പഞ്ചായത്ത്

പങ്കാളികളാകുന്ന വകുപ്പുകൾ

കൃഷി വകുപ്പ്, ഭൂജല വകുപ്പ്, കേരളാ ജലഅതോറിറ്റി, ശുചിത്വമിഷൻ എന്നിവയുടെ ജലശുചിത്വ പരിപാടികൾ ഈ പദ്ധതിയുമായി ഏകോപിപ്പിച്ച് ഒരേ കാലയളവിൽ നടപ്പിലാക്കുന്നതാണ്.

ഫണ്ട്

ജില്ലയിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ പദ്ധതി വിഹിതം, തൊഴിലുറപ്പ് പദ്ധതി എന്നിവയാണ് പ്രധാനമായും ഈ പദ്ധതിയിൽ സംയോജിപ്പിച്ച് നടപ്പിലാക്കുന്നത്.

പ്രധാന പ്രവർത്തനങ്ങൾ

മുന്നൊരുക്ക പരിപാടികൾ, അവബോധ/പ്രചരണ/വിദ്യാഭ്യാസ പരിപാടികൾ, പരിശീലനങ്ങൾ, ജലസർവ്വേ, ജലകൂട്ടായ്മകൾ, ജലസഭ (വാർഡ്തലം), ജലപഞ്ചായത്ത് (പഞ്ചായത്ത് തലം), ജലമഹാസഭയും (ജില്ലാതലം) ജലശ്രീ പദ്ധതി സമാരംഭവും, ഗുണനിലവാര പരിശോധന, ജലസ്രോതസ്സുകളുടെ സംരക്ഷണം, വിവിധ നിർമ്മാണ പ്രവർത്തനങ്ങൾ, നീർത്തട മാസ്റ്റർപ്ളാൻ മുന്നൊരുക്ക പരിപാടികൾ, ഡോക്യുമെന്റേഷൻ, ജലശ്രീ സമ്മേളനവും ദിനാചരണവും (മാർച്ച്–22, 2018 ലോകജലദിനം) എന്നിവയാണ്.

4. പട്ടികവർഗ്ഗ വികസനം

➢ കളം

വിദ്യാഭ്യാസത്തിലധിഷ്ഠിതമായ സാമൂഹ്യ മുന്നേറ്റം ലക്ഷ്യമാക്കുന്ന സമഗ്ര പദ്ധതി.

സാഹചര്യം

- ജില്ലയിലെ പട്ടികവർഗ്ഗ സങ്കേതങ്ങളിൽ 50% കുട്ടികൾക്ക് അംഗനവാടി സൗകര്യങ്ങളോ പ്രി–പ്രൈമറി പഠന സൗകര്യങ്ങളോ ലഭിക്കുന്നില്ല.
- പ്രി–പ്രൈമറി വിദ്യാഭ്യാസം ലഭിക്കാത്തതുക്കൊണ്ടും ഭൗതിക സാഹചര്യങ്ങളും പ്രോത്സാഹനങ്ങളും ഇല്ലാത്തതുക്കൊണ്ടും സ്കൂളിൽ പോകാത്ത സാഹചര്യവും കൊഴിഞ്ഞു പോക്കും നിലവിലുണ്ട്.
- വിദ്യാഭ്യാസം നേടിയ ചെറുപ്പക്കാരിൽ നേതൃത്വശേഷി വ്യക്തിത്വ വികസനം എന്നിവയുടെ അഭാവം പ്രകടമായിട്ടുണ്ട്. തുടർച്ചയായ ഇടപെടലിലൂടെ മേൽ പ്രശ്നങ്ങൾക്ക് പരിഹാരമുണ്ടാക്കി 10 വർഷത്തിനകം ലക്ഷ്യം പൂർത്തീകരണം.

ലക്ഷ്യം

- മുഴുവൻ പട്ടികവർഗ്ഗ സങ്കേതങ്ങളിലും സമാന്തര പ്രി–പ്രൈമറി സൗകര്യങ്ങളും, അമ്മമാർക്കും കുഞ്ഞുങ്ങൾക്കും പോഷകാഹാരവും ലഭ്യമാക്കുക.
- സ്കൂൾ വിദ്യാർത്ഥികളുടെ പഠന താത്പര്യം പ്രോത്സാഹിപ്പിക്കുക, പഠന സഹായം നൽകുക, കൊഴിഞ്ഞു പോക്ക് യഥാസമയം തടയുക.
- വിദ്യാഭ്യാസം നേടിയവർക്ക് തുടർച്ചയായ നേതൃ പരിശീലനവും ശാക്തീകരണവും നൽകുക. അവർക്ക് സംരംഭകത്വ പദ്ധതികൾ ആരംഭിക്കുന്നതിന് സഹായം നൽകുക.

പദ്ധതി നടപ്പിലാക്കൽ

മേൽ പറഞ്ഞ മൂന്ന് ആശയങ്ങളും ഒരേ പദ്ധതിയിൻ കീഴിൽ നടപ്പിലാക്കാവുന്നതാണ്. സങ്കേതത്തിലെ നിലവിലുള്ള ഒരു പൊതു ഇടം ഇതിനായി തെരഞ്ഞെടുക്കാം.

- അമ്മമാർക്കും കുഞ്ഞുങ്ങൾക്കും പോഷകാഹാരവും 3–6 പ്രായമുള്ള കുട്ടികൾക്ക് വിദ്യാഭ്യാസ താല്പര്യവും അക്ഷരജ്ഞാനവും പകരുന്ന സെന്റർ. ഊരിലെ സമാന്തര കിന്റർ ഗാർട്ടൻ പോലെ സംഘടിപ്പിക്കണം. ഭക്ഷണവും പാചകവും അമ്മമാരുടെ ചുമതല. വൈദ്യപരിശോധനയും പരിചരണവും ഉറപ്പാക്കേണ്ടതാണ്.
- പ്രി–പ്രൈമറി പരിശീലനം നേടിയ ഒരു ഫെസിലിറ്റേറ്ററുടെ സേവനം.
- ഈ പ്രവർത്തനം ഉച്ചവരെ ഉണ്ടായിരിക്കുന്നതാണ്. ഇതേ സെന്റർ വൈകുന്നേരം 'വനജ്യോതി' എന്ന പേരിൽ ഊരിലെ സ്കൂൾ വിദ്യാർത്ഥികളുടേയും അഭ്യസ്ഥ വിദ്യരായ ചെറുപ്പക്കാരുടേയും വൈകുന്നേര കൂട്ടായ്മ അഥവാ രാത്രികാല സാമൂഹ്യ പഠന കേന്ദ്രമായി പ്രവർത്തിക്കുന്നു.
- സ്കൂൾ കുട്ടികൾക്ക് ട്യൂഷൻ സഹായവും ലഘു ഭക്ഷണവും.
- വിദ്യാഭ്യാസം നേടിയവരുടെ ഒരു വോളന്റിയർ ടീം അവർക്കായി വ്യക്തിത്വ വികസനം, ആശയ വിനിമയ ശേഷി, നേതൃത്വപാടവം, ആരോഗ്യ സുരക്ഷ, ലഹരിവിമുക്തി എന്നിവയിൽ അവബോധം നൽകുക. ഓരോ കുട്ടിയ്ക്കും വ്യക്തിഗത പരിപാലനം നൽകുക. എം.എസ്.ഡബ്ല്യൂ., എം.എ സോഷ്യോളജി വിദ്യാർത്ഥികളുടെ സേവനം ഉറപ്പാക്കുക.

- ഗ്രാമ–ബ്ലോക്ക് പഞ്ചായത്തുകൾക്ക് വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി പദ്ധതി നടപ്പിലാക്കുക. പട്ടികവർഗ്ഗ വികസന വകുപ്പ്, സാമൂഹ്യ നീതി വകുപ്പ് എന്നിവയുടെ സംയുക്ത ഇടപെടലുകൾക്കും സാദ്ധ്യത.

  വകയിരുത്തലുകൾ

  1. പഠനോപകരണങ്ങൾ
  2. ഭക്ഷണപദാർത്ഥങ്ങൾ
  3. കളിക്കോപ്പുകൾ
  4. ഫെസിലിറ്റേറ്ററുടെ സേവനം
  5. ക്യാമ്പുകൾ, ട്രെയിനിംഗ്
  6. ലൈബ്രറി

5. വ്യവസായം

➢ ഹരിത പുന:ചംക്രമണ പാർക്കുകൾ

ജില്ല നേരിടുന്ന പ്രധാനപ്പെട്ട പ്രശ്നങ്ങളിൽ ഒന്നാണ് വിവിധ തരത്തിലുണ്ടാകുന്ന മാലിന്യങ്ങൾ സംസ്കരിച്ച് ഉല്പാദനമേഖലയിലൂടെ പുനർ നിർമാണത്തിന് സഹായിക്കുന്ന തിന് വേണ്ട സൗകര്യങ്ങളുടെ അപര്യാപ്തത. ആയതിനായി പ്രത്യേക പ്രാമുഖ്യം നൽകി സ്ഥലം, കെട്ടിടം, വൈദ്യുതി, ജലം, സാമ്പത്തികം, വിപണനം എന്നിവ നൽകുന്ന പദ്ധതി തയ്യാറാക്കുക. ഖരമാലിന്യത്തിൽ ഗ്ലാസ്സ്, പ്ലാസ്റ്റിക്, ഇലക്ട്രോണിക്സ്, ബാറ്ററി എന്നിവ ഉൾപെടുന്നു. ഇവ ശേഖരിച്ച് സംസ്കരണത്തിലൂടെ വിവിധ നിർമാണസാമഗ്രികൾ/ ഉല്പന്നങ്ങൾ എന്നിവ ഉണ്ടാക്കാനായി പദ്ധതികൾ തയ്യാറാക്കാം. ഇതിനായി സ്ഥലം/ ഏജൻസികൾ എന്നിവ നിർണയിക്കണം. ഇതിനായി 25 ഏക്കറിൽ കുറയാത്ത സ്ഥലം കണ്ടെ ത്തി ഖരമാലിന്യ സംസ്കരണത്തിനുള്ള വ്യവസായ പാർക്ക് അടിസ്ഥാന സൗകര്യങ്ങൾ ഉൾപ്പെടെ സജ്ജീകരിച്ച് സംരംഭകർക്ക് അനുവദിക്കാവുന്നതാണ്.

പങ്കാളികളാകുന്ന തദ്ദേശ ഭരണ സ്ഥാപനം

ജില്ലാപഞ്ചായത്ത്

പങ്കാളികളാകുന്ന വകുപ്പുകൾ

ജില്ലാ ശുചിത്വമിഷൻ, വ്യവസായവകുപ്പ് എന്നിവർ ചേർന്ന് സംയോജിതമായി നടത്താവുന്നതാണ്.

➢ അഗ്രി ബിസിനസ്സ് ഇൻകുബേഷൻ സെന്റർ

വിവിധയിനം കാർഷിക വിഭവങ്ങൾ കൊണ്ട് സമ്പന്നമാണ് തിരുവനന്തപുരം ജില്ല. നാളികേരം, മരച്ചീനി, വാഴപ്പഴം, ചക്ക, കുരുമുളക്, കൈതച്ചക്ക മുതലായവ ഇവിടെ സുലഭമായി ലഭിക്കുന്നുണ്ട്. എന്നാൽ ഇവയുടെ മൂല്യവർദ്ധനവിനോ, അതുവഴി കർഷകന് ഉയർന്ന വിലയോ ലഭിക്കുന്നതിനുള്ള യാതൊരു സംവിധാനവും നിലവിൽ ജില്ലയിൽ ലഭ്യമല്ല. ഈ കുറവ് പരിഹരിക്കുന്നതിന് ഇത്തരം ഉത്പന്നങ്ങളെ മൂല്യവർദ്ധിത ഉത്പന്നങ്ങൾ ആക്കുന്നതിനും അതുവഴി അന്യസംസ്ഥാനങ്ങളിലേയ്ക്ക് കൊണ്ടുപോകുന്ന ഉത്പന്നങ്ങളുടെ ഒഴുക്ക് തടയുന്നതിനും കർഷകർക്ക് അധികവരുമാനം ഉറപ്പാക്കുന്നതിനും സാധിക്കുന്നു. അതിനായി ഇവയുടെ മൂല്യവർദ്ധനവിന് വേണ്ട പരിശീലനത്തോടൊപ്പം കർഷകർക്കും സംരംഭകർക്കും പ്രായോഗിക പരിശീലനം നൽകുന്നതിനും അതിനാവശ്യമായ മെഷിനറികളും മറ്റ് അനുബന്ധ സംവിധാനങ്ങളും സ്ഥാപിച്ച് അവരെ സംരംഭക മേഖലയിലേയ്ക്ക് കൊണ്ടുവരുന്നതിനും തുടർന്ന് ബാങ്ക് വായ്പ, സാങ്കേതിക സഹായം, വിപണന സഹായം, ബാങ്കിംഗ് മുതലായ ഹാന്റ് ഹോൾഡിംഗ് സഹായങ്ങൾ നൽകുന്നതിനായി ജില്ലാതലത്തിൽ ഒരു അഗ്രി ബിസിനസ്സ് ഇൻകുബേഷൻ സെന്റർ ആരംഭിക്കാവുന്നതാണ്.

തിരുവനന്തപുരം ജില്ലാ പഞ്ചായത്തിന്റെ നേതൃത്വത്തിൽ മേൽപറഞ്ഞ സെന്റർ സ്ഥാപിച്ച് പ്രവർത്തിക്കാവുന്നതാണ്. അതുവഴി ജില്ലയിലെ വിവിധ ഗ്രാമപഞ്ചായത്തിലെയും ബ്ലോക്ക് പഞ്ചായത്തിലെയും തത്പരരായ കർഷകർക്കും, കർഷക ഗ്രൂപ്പുകൾക്കും, സംരംഭകർക്കും ഈ കേന്ദ്രത്തിന്റെ സേവനം ഉറപ്പു വരുത്താവുന്നതാണ്. പരിശീലനത്തിനുശേഷം കേന്ദ്രത്തിൽ നിന്നും കൂടുതൽ പ്രായോഗിക പരിചയം

നേടുന്നതിനും പരിശീലകർക്ക് തങ്ങളുടെ ഭാവനയ്ക്ക് അനുസൃതമായ ഉത്പന്നങ്ങൾ നിർമിക്കുന്നതിനും ഈ കേന്ദ്രത്തിൽ സൗകര്യം ഉണ്ടായിരിക്കും.

- **ഗ്രീൻ പ്രോജക്ട് പാർക്ക്**

തിരുവനന്തപുരം കോർപറേഷൻ, ജില്ലയിലെ വിവിധ മുനിസിപ്പാലിറ്റികൾ കേന്ദ്രീകരിച്ച് ഗ്രീൻ പ്രോജക്ട് പാർക്ക് ആരംഭിക്കാവുന്നതാണ്. ഇതിനായി അഞ്ച് ഏക്കറിൽ കുറയാത്ത സ്ഥലം കണ്ടെത്തണം.

നിലവിൽ കെ. എസ്. ഐ. ഡി. സി യുടെ തോന്നയ്ക്കലെ 200 ഏക്കർ ബയോ ലൈസൻസ് പാർക്കിൽ നിന്നും 50 ഏക്കർ സ്ഥലം ഇതിനായി മാറ്റാൻ സർക്കാർ തലത്തിൽ നിർദ്ദേശം നൽകാൻ നടപടി സ്വീകരിക്കണം. അതോടൊപ്പം ജില്ലയിലെ ഉപയോഗിക്കാത്ത സ്ഥലം കണ്ടെത്തി ഗ്രീൻ പ്രോജക്ട് പാർക്ക് ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കണം.

6.സാമൂഹ്യനീതി – സാമൂഹ്യസുരക്ഷിതത്വം (കുട്ടികൾ, ഭിന്നശേഷിക്കാർ, ഭിന്നലിംഗക്കാർ, വയോജനങ്ങൾ, വനിതകൾ)

- **ഭിന്നശേഷിക്കാർക്കും വയോജന പരിപാലനത്തിനുമായി ജില്ലാതല പരിശീലന കേന്ദ്രം സ്ഥാപിക്ക**ൽ (District Training Institute for Disability Management and Geriatric Care)

- **ഭിന്നശേഷിക്കാർ**

ഭിന്നശേഷിക്കാരുടെ സ്ഥാപനസംരക്ഷണവും നൈപുണ്യ വികസനവും പുനരധിവാസവും ലക്ഷ്യമിട്ട് പ്രവർത്തിക്കുന്ന നിരവധി സ്ഥാപനങ്ങൾ നിലവിൽ ജില്ലയിൽ പ്രവർത്തിക്കുന്നുണ്ട്. എന്നാൽ ഇത്തരം സ്ഥാപനങ്ങൾക്ക് മതിയായ രീതിയിൽ കുട്ടികളെ പരിശീലിപ്പിക്കുന്നതിനുള്ള പരിശീലകരെ കണ്ടെത്താൻ പലപ്പോഴും സാധിക്കുന്നില്ല. വിദഗ്ദ്ധ പരിശീലനം ലഭിച്ചവരുടെ അഭാവം ഈ മേഖലയിലെ വെല്ലുവിളിയായി നിലനിൽക്കുന്നു. ഈ സാഹചര്യത്തിൽ ഇത്തരം പരിശീലകരെ വാർത്തെടുക്കുന്നതിനായുള്ള ഒരു ട്രെയിനിംഗ് സെന്റർ ജില്ലാതലത്തിൽ രൂപീകരിക്കേണ്ടത് അനിവാര്യമാണ്. താഴെ പറയും മേഖലകളിലാണ് പരിശീലനം നൽകേണ്ടത്.

- ഒക്യുപേഷണൽ തെറാപ്പി
- ബിഹേവിയറൽ തെറാപ്പി
- ഡെവലപ്മെന്റൽ തെറാപ്പി
- സ്പീച്ച് തെറാപ്പി
- എ.എസ്.ഡി സ്പെഷ്യൽ തെറാപ്പി
- ഡിസ്എബിലിറ്റി ടീച്ചർ ട്രെയിനിംഗ് കോഴ്സ്

- വയോജന പരിപാലനം

വയോജനക്ഷേമം ലക്ഷ്യമിട്ട് പകൽ പരിപാലന കേന്ദ്രങ്ങളും വൃദ്ധസദനങ്ങളും ജില്ലയിൽ പ്രവർത്തനം ആരംഭിച്ചുതുടങ്ങിയെങ്കിലും വയോജന പരിപാലനത്തിൽ പരിശീലനം ലഭിച്ചവർ വളരെ വിരളമാണ്. നിലവിൽ കേരളത്തിൽ ഒരു സ്ഥാപനങ്ങളിലും വയോജന പരിപാലനത്തിനായി ഒരു പാഠ്യപദ്ധതിയും ഇല്ല.

ഈ അവസരത്തിൽ വയോജനങ്ങളുടെ പരിപാലനത്തിൽ പരിശീലനം നൽകുന്നതിനായി ഒരു സെന്റർ കൂടി ജില്ലാതലത്തിൽ ആരംഭിക്കേണ്ടത് വളരെ അത്യാവശ്യമാണ്.

പ്രസ്തുത പ്രവർത്തനങ്ങളിൽ പങ്കാളികളാകേണ്ട വകുപ്പുകൾ

1. ആരോഗ്യ വകുപ്പ്
2. സാമൂഹ്യ നീതി
3. ചൈൽഡ് ഡെവലപ്മെന്റ് സെന്റർ

പങ്കാളികളാകേണ്ട തദ്ദേശഭരണ സ്ഥാപനം:–ജില്ലാപഞ്ചായത്ത്

ഫണ്ട് :– എം.പി/എം.എൽ.എ, പഞ്ചായത്ത് വിഹിതം

7. ഗതാഗതം, വാർത്താവിനിമയം

➢ വാക്ക്‌വേയും സൈക്കിൾട്രാക്കും

ആരോഗ്യപ്രദമായ യുവജനതയെ വളർത്തിയെടുക്കുക എന്ന ദീർഘവീക്ഷണത്തോടെ കാൽനടസവാരിയും സൈക്കിൾസഞ്ചാരവും പ്രോൽസാഹിപ്പിക്കേണ്ടത് കാലഘട്ടത്തിന്റെ ആവശ്യകതയാണ്. തിരക്കുള്ള ജീവിതശൈലിയിൽ ശാരീരികക്ഷമതയും ആരോഗ്യവും പലപ്പോഴും അന്യം നിന്നുപോകുന്ന അവസ്ഥയാണുള്ളത്. ഇതിന് പരിഹാരമെന്ന നിലയിൽ പേരൂർക്കടയിൽ നിന്നും അരുവിക്കര വരെ 1.5 മീറ്റർ വീതിയിൽ കാൽനടപ്പാതയും സൈക്കിൾട്രാക്കും നിർമ്മിക്കാൻ ലക്ഷ്യമിട്ടുള്ളതാണ് പദ്ധതി. ജലഅതോറിറ്റിയുടെ കൈവശം ഉള്ളതും നിലവിൽ യാതൊരു പ്രവർത്തികൾക്കും വിനിയോഗിക്കാതെ കിടക്കുന്നതുമായ പേരൂർക്കടയിൽ– അരുവിക്കര മേഖലയിലെ 12 കിലോമീറ്റർ സ്ഥലത്താണ് നടപ്പാതയും സൈക്കിൾട്രാക്കും നിർമ്മിക്കുവാൻ ഉദ്ദേശിക്കുന്നത്.

➢ കാർ പൂളിംഗ് സംവിധാനം

കാർ പൂളിംഗ് അഥവാ കാർ ഷെയറിംഗ് എന്നത് നൂതന ആശയമായി ഗതാഗത സംവിധാനത്തിൽ ഉൾക്കൊള്ളിക്കാവുന്നതാണ്. പല വ്യക്തികൾ ഒന്നിച്ചു കാറിൽ യാത്ര ചെയ്ത് ലക്ഷ്യ സ്ഥാനത്ത് എത്തുക എന്നതാണ് ഇതുകൊണ്ട് ഉദ്ദേശിക്കുന്നത്. ഒരേ ദിശയിലേയ്ക്ക് പല വാഹനങ്ങൽ ഓരോ വ്യക്തികൾക്കുവേണ്ടി ഓടുന്നതിനു പകരം ഒരു വാഹനത്തിൽ ഒരേ ദിശയിലേയ്ക്ക് പോകുന്ന പല വ്യക്തികൾ ഒന്നിച്ചു യാത്ര ചെയ്ത് ലക്ഷ്യ സ്ഥാനത്തിൽ എത്തുക എന്നതാണ്. ശരാശരി നാലു പേർക്ക് ഒരു കാർ എന്ന തോത് ഇതിന് ആവിഷ്ക്കരിക്കാവുന്നതാണ്. ഈ നൂതന ആശയം വരുംകാല ഗതാഗത സംവിധാനം ക്രമീകരിക്കുന്നതിൽ ഏറെ പ്രാധാന്യം അർഹിക്കുന്നുണ്ട്. കൂടാതെ കേരളത്തിന്റെ തലസ്ഥാനമായ തിരുവനന്തപുരം ജില്ലയിലാണ് സർക്കാർ/സർക്കാരേതിര ആസ്ഥാന ഓഫീസുകൾ ഏറിയ പങ്കും സ്ഥിതി ചെയ്യുന്നത്. ആയതിനാൽ ഈ ജില്ലയിൽ മറ്റ് ജില്ലകളെ അപേക്ഷിച്ച് പലവിധ ആവശ്യങ്ങൾക്കായി യാത്ര ചെയ്യുന്ന ഉദ്യോഗസ്ഥരുടേയും ജനങ്ങളുടേയും എണ്ണം കൂടുതലാണ്. ഇവിടെയാണ് ഈ നൂതന ആശയം ഗതാഗത്തിൽ ഉൾക്കൊള്ളിക്കുമ്പോൾ ഉണ്ടാകുന്ന കാര്യക്ഷമത പ്രകടമാകുന്നത്.

പൊതുഗതാഗതം ശക്തിപ്പെടുത്തൽ, സാമ്പത്തിക ലാഭം, മലിനീകരണ നിയന്ത്രണം, സൗഹൃദം ശക്തിപ്പെടുത്തൽ, വാഹന സാന്ദ്രത കുറയ്ക്കൽ, ഇന്ധന ലാഭം, യാത്രാവിരസത ഒഴിവാക്കൽ, സുരക്ഷിതത്വം മുതലായവ ഈ നൂതന ആശയത്തിന്റെ പ്രധാന ഗുണങ്ങൾ ആകുന്നു. ഈ ആധുനിക യുഗത്തിൽ ഇതിനായി ജില്ലയ്ക്ക് ഒരു മൊബൈൽ ആപ്ലിക്കേഷൻ ആവിഷ്ക്കരിക്കാവുന്നതാണ്. ഇത് ഉപയോഗിക്കുന്ന ഏതൊരാൾക്കും ഈ സേവനം ഉപയോഗിക്കത്തക്കവണ്ണം ഒരു സൗഹൃദ സോഫ്റ്റ് വെയർ ഇതിനായി വികസിപ്പിക്കണം. ഇത് രജിസ്ട്രേഷൻ നടത്തി ഉപയോഗിക്കുന്ന ഒരു പദ്ധതി ആകണം. ഇത്തരത്തിൽ രജിസ്റ്റർ ചെയ്യുന്നതവർക്കേ ഈ സംവിധാനം ഉപയോഗിക്കാൻ നിർവ്വാഹമുള്ളൂ എന്ന കർശന നിയന്ത്രണം നടപ്പിലാക്കേണ്ടതാണ്. ഈ സംവിധാനം ജില്ലയിൽ നടപ്പിലാക്കുന്നതിനായി സർക്കാർ /സർക്കാരേതിര നെറ്റ് വർക്കിംഗ് ഏജൻസികളുടെ സേവനം ആവശ്യമാണ്.

8. ഊർജ്ജം

➢ കാർബൺ രഹിത സ്ഥാപനങ്ങൾ / ഓഫീസുകൾഓഫീസുകളിലും, പബ്ലിക് പ്രൈവറ്റ് സ്ഥാപനങ്ങളിലും ശൃംഖലാബന്ധിത സൗരോർജ്ജ പദ്ധതി.

ഈ പദ്ധതി പ്രകാരം 2 kwp മുതൽ 500 kwp വരെ ശേഷിയുള്ള വൈദ്യുതനിലയങ്ങൾ സ്ഥാപിക്കാവുന്നതാണ്. ഇത് കെട്ടിടങ്ങളുടെ മേൽക്കൂരയിലോ തുറസ്സായ സ്ഥലങ്ങളിലോ സ്ഥാപിക്കാവുന്നതാണ്. 1 kwp നിലയത്തിൽ നിന്നും പ്രതിദിനം ഏകദേശം 3 മുതൽ 4 യൂണിറ്റുവരെ വൈദ്യുതി ലഭിക്കുന്നതാണ്. ഉപഭോക്താവിന് അധികം ഉത്പാദിപ്പിക്കുന്ന വൈദ്യുതിയ്ക്ക് വില ലഭിക്കുകയോ മറ്റ് ഏതെങ്കിലും സ്ഥലത്ത് ഉപയോഗിക്കുന്നതിനോ സാധിക്കും. നിലവിൽ ഇത് പ്രകാരം ജില്ലയിൽ 794 kwp ശേഷിയുള്ള വൈദ്യുത നിലയങ്ങൾ ഉണ്ട്. 1 kwp സൗരോർജ്ജനിലയം സ്ഥാപിക്കുന്നതിന് 10 sq.m സ്ഥലം

ആവശ്യമാണ്. 10 kwp വരെയുള്ള നിലയം സ്ഥാപിക്കുന്നതിന് 70000 രൂപയും 100 kwp വരെ 65000 രൂപയും 500 kwp വരെ 60000 രൂപയുമാണ് ചെലവ് വരുന്നത്. ഗ്രൗണ്ട് മൗണ്ടഡ് 1 mwp നിലയം സ്ഥാപിക്കുന്നതിന് 5 ഏക്കർ സ്ഥലവും 5.3 കോടി രൂപയും ആവശ്യമായുണ്ട്. ഇത് സ്ഥാപിക്കുന്നതിനുവേണ്ടി കെ.എസ്.ഇ.ബി.യെയൊ, അനർട്ടിനെയൊ സമീപിക്കാവുന്നതാണ്. MNRE പ്രകാരമുള്ള സബ്സിഡിയും ലഭ്യമാകുന്നതാണ്.

9. വിദ്യാഭ്യാസം

➢ ജില്ലാലൈബ്രറി

ഇ-ജേർണലുകൾ, ദേശീയ അന്താരാഷ്ട്ര പുസ്തകങ്ങൾ, റഫറൻസ് ഗ്രന്ഥങ്ങൾ, പ്രൊജക്ടർ സൗകര്യമുള്ള വായനമുറി എന്നിവ ഉൾപ്പെടുത്തി ജില്ലാതല ലൈബ്രറി സ്ഥാപിക്കണം. സ്കൂൾ ലൈബ്രറി, ജില്ലാ ലൈബ്രറി കൗൺസിൽ എന്നിവയുടെ സഹായത്തോടെ പുസ്തക സമാഹരണം, വായന കൂട്ടായ്മകൾ, പുസ്തക പ്രസിദ്ധീകരണം എന്നിങ്ങനെയുള്ള പരിപാടികൾ നടപ്പിലാക്കുകയും ചെയ്യേണ്ടതാണ്.

2018-19 വാർഷിക പദ്ധതിയിൽ ജില്ലാആസൂത്രണസമിതി നിർദ്ദേശിക്കുന്ന സംയുക്ത പ്രോജക്ടുകൾ

1. **സ്നേഹസ്പർശം**
   - ❖ ജില്ലയിലെ മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികൾക്ക് മാർഗ്ഗരേഖയിൽ പറയുന്ന മുഴുവൻ തുകയും സ്കോളർഷിപ്പ് നൽകുന്നതിന്.
   - ❖ ഗ്രാമ-ബ്ലോക്ക്-ജില്ലാപഞ്ചായത്തുകളുടെ സംയുക്ത പ്രോജക്ട്
   - ❖ ഗ്രാമ-ബ്ലോക്ക്-ജില്ലാപഞ്ചായത്തുകൾ 50:25:25 എന്ന ക്രമത്തിൽ തുക വകയിരുത്തിയിരിക്കുന്നു.
   - ❖ നിർവ്വഹണം ഗ്രാമപഞ്ചായത്ത്

2. **ജലശ്രീ- കിണർ റീചാർജ്ജിംഗ്**
   - ❖ ലഭ്യമാകുന്ന പൊതുവിഭാഗം വികസന ഫണ്ടിന്റെ അടിസ്ഥാനത്തിൽ ഗ്രാമപഞ്ചായത്തുകൾ 50 മുതൽ 250 വരെ കിണറുകൾ റീചാർജ്ജ് ചെയ്യൽ
   - ❖ ലഭ്യമാകുന്ന എസ്.സി/എസ്.പി വിഹിതത്തിന്റെ അടിസ്ഥാനത്തിൽ ഗ്രാമപഞ്ചായത്തുകൾ 10 മുതൽ 50 വരെ കിണറുകൾ റീചാർജ്ജ് ചെയ്യൽ
   - ❖ ഗ്രാമ-ബ്ലോക്ക്-ജില്ലാപഞ്ചായത്തുകളുടെ സംയുക്ത പ്രോജക്ട്
   - ❖ ഗ്രാമ-ബ്ലോക്ക്-ജില്ലാപഞ്ചായത്തുകൾ 50:20:30 എന്ന ക്രമത്തിൽ തുക വകയിരുത്തിയിരിക്കുന്നു.
   - ❖ നിർവ്വഹണം ഗ്രാമപഞ്ചായത്ത്

3. **ജലശ്രീ- കിളളിയാർ സംരക്ഷണ പ്രോജക്ട്**
   - ❖ ഹരിത കേരള മിഷനുമായി സംയോജിപ്പിച്ച് കിളളിയാറിനെ സംരക്ഷിക്കൽ
   - ❖ ഗ്രാമ-ബ്ലോക്ക്- ജില്ലാപഞ്ചായത്ത് - മുനിസിപ്പാലിറ്റിയുടെ സംയുക്ത പ്രോജക്ട് (3 ഗ്രാമപഞ്ചായത്ത്, ഒരു മുനിസിപ്പാലിറ്റി, ജില്ലാപഞ്ചായത്ത്

4. **പാലിന് സബ്സിഡി**
   - ❖ ക്ഷീരസംഘങ്ങളിൽ പാൽ എത്തിക്കുന്ന ക്ഷീര കർഷകർക്ക് ഒരു ലിറ്റർ പാലിന് 3 രൂപ
   - ❖ ഗ്രാമ-ബ്ലോക്ക്-ജില്ലാപഞ്ചായത്തുകളുടെ സംയുക്ത പ്രോജക്ട്
   - ❖ നിർവ്വഹണം ഗ്രാമപഞ്ചായത്ത്

5. **ക്യാഷ് അക്രഡിറ്റേഷൻ സ്റ്റാൻഡേർഡ്**
   - ❖ ജില്ലയിലെ ഹോമിയോ- ആയുർവേദ ആശുപത്രികളിൽ (10 എണ്ണം വീതം)
   - ❖ ഗ്രാമ-ജില്ലാപഞ്ചായത്തുകളുടെ സംയുക്ത പ്രോജക്ട്
6. **തരിശ്ശ് ഭൂമി കൃഷി**
   - ❖ ഗ്രാമപഞ്ചായത്തുകളിൽ തരിശ്ശായി കിടക്കുന്ന ഭൂമിയിൽ അനുയോജ്യമായ കൃഷി
   - ❖ ഗ്രാമ-ബ്ലോക്ക്-ജില്ലാപഞ്ചായത്തുകളുടെ സംയുക്ത പ്രോജക്ട്
   - ❖ നിർവ്വഹണം ഗ്രാമപഞ്ചായത്ത്
   - ❖ നഗരഭരണ സ്ഥാപനങ്ങൾക്ക് പ്രത്യേകം പ്രോജക്ട്
7. **ഹരിത ഭവനം**
   - ❖ മാർഗ്ഗരേഖ പ്രകാരം വീട്ട് വളപ്പിൽ പരിസ്ഥിതി സൗഹൃദമായി ചെയ്യാൻ കഴിയുന്ന പ്രവർത്തനങ്ങൾ സംയോജിപ്പിച്ച് വീടുകൾ ഹരിതഭവനമാക്കൽ
   - ❖ ലഭ്യമാകുന്ന വികസന ഫണ്ടിന്റെയടിസ്ഥാനത്തിൽ ഗ്രാമപഞ്ചായത്തുകളിൽ 40 മുതൽ 80 വരെ വീടുകൾ ഹരിതഭവനമാക്കുന്നതിന്
   - ❖ ഗ്രാമ-ബ്ലോക്ക്-ജില്ലാപഞ്ചായത്തുകളുടെ സംയുക്ത പ്രോജക്ട്
   - ❖ നഗരഭരണ സ്ഥാപനങ്ങൾക്ക് പ്രത്യേകം പ്രോജക്ട്
8. **വാക് വേയും സൈക്കിൾ ട്രാക്കും**
   - ❖ പേരൂർക്കട മുതൽ അരുവിക്കര വരെ
   - ❖ ജലഅതോറിറ്റിയുടെ കൈവശമുള്ളതും നിലവിൽ യാതൊരു പ്രവൃത്തികൾക്കും വിനിയോഗിക്കാതെ കിടക്കുന്നതുമായ ഭൂമി
   - ❖ തിരുവനന്തപുരം നഗരസഭയും ജില്ലാപഞ്ചായത്തും കരകുളം, അരുവിക്കര ഗ്രാമപഞ്ചായത്തുകളും സംയുക്തമായി
9. **കുട്ടികൾക്കായി ജില്ലാറഫറൻസ് ലൈബ്രറി**
   - ❖ ഇ-ജേർണലുകൾ, റഫറൻസ് ഗ്രന്ഥങ്ങൾ, വായനമുറി, ദേശീയ അന്താരാഷ്ട്ര പുസ്തകങ്ങൾ ലഭ്യമാക്കൽ
   - ❖ ജില്ലാപഞ്ചായത്ത് തിരുവനന്തപുരം നഗരസഭയും സംയുക്തമായി

ഉപസംഹാരം

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലൂടെ ജില്ലയുടെ സമഗ്ര വികസനം ലക്ഷ്യമാക്കി ജില്ലാ ആസൂത്രണ സമിതിയുടെ നേതൃത്വത്തിൽ ആരംഭിച്ച ജില്ലാപദ്ധതിയുടെ തയ്യാറാക്കൽ പ്രക്രിയ പൂർത്തീകരിച്ചു. ജില്ലയുടെ പൊതുവിലെ അവസ്ഥയും വിവിധ മേഖലകൾ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങളും വിശദമായി വിവിധ അദ്ധ്യായങ്ങളിൽ പ്രതിപാദിച്ചിട്ടുണ്ട്. അതോടൊപ്പം ഓരോ മേഖലയില പ്രശ്നങ്ങളും പരിഹരിക്കുന്നതിനുള്ള നിർദ്ദേശങ്ങളും രേഖപ്പെടുത്തിയിട്ടുണ്ട്. വരും വർഷങ്ങളിൽ പദ്ധതി രൂപീകരണ പ്രക്രിയുടെ വേഗതയ്ക്ക് ആക്കം കൂട്ടുവാൻ പ്രസ്തുത രേഖ സഹായിക്കുമെന്നുള്ളത് എടുത്തു പറയേണ്ട ഒന്നാണ്. ലഭ്യമായതും എന്നാൽ പരിമിതവുമായ വിഭവങ്ങളെ പരിപൂർണ്ണമായി പ്രയോജനപ്പെടുത്തി വികസന പ്രവർത്തനങ്ങളുടെ ഗതിവേഗം കൂട്ടുന്നതിനുള്ള നടപടികൾ തദ്ദേശസ്വയഭരണ സ്ഥാപനങ്ങൾ സ്വീകരിക്കേണ്ടതാണ്. മെച്ചപ്പെട്ട സാഹചര്യങ്ങൾ ഒരുക്കി ഓരോ പ്രദേശത്തിന്റെയും സാമൂഹിക-സാമ്പത്തിക വികസനം പരമാവധി ഉയർത്തി ജില്ലയുടെ സമഗ്ര വികസനം സാധ്യമാക്കുന്നതിനുള്ള പ്രവർത്തനങ്ങൾക്ക് എല്ലാ തദ്ദേശസ്വയഭരണ സ്ഥാപനങ്ങളുടെയും കൂട്ടായ പ്രവർത്തനം അത്യാവശ്യമാണ്. അതിലേക്കായി നമ്മുക്ക് ഒരുമിച്ച് പരിശ്രമിക്കാം.

.....